ശബ്ദതാരാവലി.

വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ മുതലായവ അടങ്ങിയ ഒരു

മലയാളനിഘണ്ടു.

കൂടുതൽ വാക്കുകളും വിവരണങ്ങളും ചിത്രങ്ങളും

മറ്റും ചേർത്തു പരിഷ്കരിച്ച

രണ്ടാം പതിപ്പു്.

രണ്ടാം വാല്യം.

ധ മുതൽ ഴ വരെ

ഗ്രന്ഥകർത്താവു്

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള.

പ്രകാശകൻ

പി. ചന്ദ്രശേഖരൻനായർ.

—:o:—

പ്രതി ൨൦൦൦.

"ഭാസ്കര" പ്രസ്സ്—തിരുവനന്തപുരം.

൧൯൨൯.

വില ബ്രി. രൂപ 7.

(പകുപ്പുവകാശം പ്രകാശകനിലും മറ്റും)

☞ ഒന്നാംവാല്യത്തിന്റെ ആദ്യവും രണ്ടാംവാല്യത്തിന്റെ ഒടുവിലും പ്രസാധകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

ധ

ധ-ഹല്ലുകളിൽ പത്തൊൻപതാം അക്ഷരം. ദന്ത്യങ്ങളിൽ ഒന്ന്. ഒരു ശ്ലോകാക്ഷരം. സപ്തസ്വരങ്ങളിൽ ഒന്ന്.

ധടം-തുലാസ്സ്, ത്രാസ്സ്.

ധടി, ധടികാ-പഴയ വസ്ത്രം (ഉടുപ്പ്)

ധത്തൂരം-ഒരു ചെടി, ഉമ്മത്ത്. രസാദി സപ്തധാതുക്കളെ ക്ഷയിപ്പിക്കുന്നതെന്നർത്ഥം.

ധൻ-പ. ബ്രഹ്മാവ്. പു. കുബേരൻ.

ധനകേളി-കുബേരൻ.

ധനക്ഷയം-ദ്രവ്യനാശം.

ധനച്ഛത്രു-വരുണൻ.

ധനഞ്ജയൻ-പ. അഗ്നി. ധനത്തെ ജയിക്കുന്നവനെന്നർത്ഥം. യാഗം മുതലായവകൊണ്ടു ധനവാന്മാരെ ധനവ്യയമുണ്ടാക്കിത്തീർക്കുന്നവൻ എന്നു താൽപര്യം. പു അർജ്ജുനൻ. രാജസൂയയാഗത്തിനുവേണ്ടി അനേകം ധനം സമ്പാദിക്കയാലും ധനത്തിങ്കൽ ആഗ്രഹമില്ലായ്കയാലും അർജ്ജുനന് ഈ പേർ വന്നു എന്നും കാണുന്നു. നാ. പ്രാണാദിവായുക്കളുടെ അവാന്തരഭേദങ്ങളിൽ ഒന്ന്.

ധനഞ്ജയൻ എന്ന വായു സർവ്വവ്യാപിയാണ് മരിച്ചുകഴിഞ്ഞാലും ദേഹത്തെ വിട്ടുപോകയില്ല. ശരീരം മണ്ണിനുടെ ചോനോ അഗ്നിയിൽ ദഹിച്ചോ മറ്റോ നശിക്കുന്നതുകൊണ്ട് അതിനെ നാശം വരും.

ഭ. നീർമരുത്ത്. @ കൊടുവേലി. യു. വ്യക്ഷം.

ധനഞ്ജയവിജയ-ഒരു ചെറിയ നാടകം.

വിരാടദേശത്തുവച്ച് അർജ്ജുനൻ ചെയ്ത പ്രവൃത്തികളും ഇതിൽ അടങ്ങിയിരിക്കുന്നു.

ധനദ-വി. ദ്രവ്യത്തെ കൊടുക്കുന്ന.

ധനദൻ-വൈശ്രവണൻ. ധനത്തെ രക്ഷിക്കുന്നവൻ എന്നർത്ഥം. (ദേങ് പാലനേ)

ധനത്തെ ദാനംചെയ്യുന്നവൻ എന്നുള്ള വാസ്തവവിരുദ്ധമായ വ്യാഖ്യാനത്തെ ഞാൻ സ്വീകരിക്കുന്നില്ല.

ധനദം-നീർക്കടമ്പ്.

ധനധാനി-ഖജനാവ്, ഭണ്ഡാരപ്പുര.

ധനനാശചതുഷ്ടയം-ദേവന്മക്കും ബ്രാഹ്മണക്കും ബന്ധുക്കൾക്കും തനിക്കും വേണ്ടി ചെലവാക്കാതെ നേടിവച്ച ധനത്തെ ജലവും ശത്രുവും രാജാവും കള്ളനും കൊണ്ടുപോവുക.

ധനപതി-പ വൈശ്രവണൻ. പു. സ്രാപ്പ്, ഖജാൻജി, ഭണ്ഡാരവിചാരകൻ.

ധനപ്രിയ-വി. ധനത്തിൽ അഗ്രഹമുള്ള

ധനപ്രിയ-ഒരുവക ചീര.

ധനം-ദ്രവ്യം, സമ്പത്ത്. പര്യായങ്ങൾ-ദ്രവ്യം, വിത്തം, സ്വാപതേയം, രിക്ഥം, ധനം, വസു, രിക്ഥം, ഹിരണ്യം, ദ്രവിണം, ദ്യുമ്നം, അർത്ഥം, വിഭവം.

ധനം എന്ന സംജ്ഞാരണ പറയുന്നതിന്റെ അർത്ഥം അനുഭവത്തിനു സ്വാധീനമുള്ള മുതൽ, നിത്യോപയോഗത്തിനു സൌകര്യപ്പെടുന്ന സാധനം, പണം ഉണ്ടാക്കുന്നതിന് ഉപകരിക്കുന്ന സാധനം എന്നൊക്കെയാകുന്നു. ധനാദിസമൃദ്ധിയുടെ പേർ=സമ്പത്ത്, സമൃദ്ധി, ശ്രീ, ലക്ഷ്മി. മാനംചെയ്യാതിരിക്കുക, അനുഭവിക്കാതിരിക്കുക ഇവ രണ്ടുമാത്രം ധനനാശകാരണദ്വയം.

ധനവൽ-വി. സമ്പത്തുള്ള.

ധനവാൻ-വളരെ ധനമുള്ളവൻ. പര്യായം-ഇഭ്യൻ, ആഢ്യൻ, ധനി.

ധനവൃദ്ധി-ദ്രവ്യപുഷ്ടി.

ധനസ്ഥാനം-പ. രണ്ടാമിടം. ഉ. ഖജനാവ്, ഭണ്ഡാരപ്പുര.

ധനസ്യൂകം-ചെറിയ ഞെരിഞ്ഞിൽ.

ധനഹര-വി. മോഷ്ടിക്കുന്ന.

ധനഹരൻ-കള്ളൻ.

ധനഹരം-അടവിക്കച്ചോലം.

ധനഹരി-ഒരു തെറ്റ, കാട്ടുകച്ചോലം. തമിഴിൽ-കരുങ്കച്ചോലം, ചെറുകച്ചോലം എന്നും പറയുന്നുണ്ട്. അധികം വിലയുള്ളതിനാൽ ധനത്തെ ഹരിക്കുന്നതെന്നർത്ഥം.

ധനഹാരി, ധനഹരി-വി. കൈക്കലാക്കുന്ന ധനത്തിന്നവകാശമുള്ള.

ധനാവൽ-പറയൻകിഴങ്ങ്.

ധനാഗമം-ദ്രവ്യലാഭം.

ധനാഢ്യൻ-പ ധനവാൻ. ഉ. വൈശ്രവണൻ.

ധനാധാരം-ഖജനാവ്, ഭണ്ഡാരപ്പുര.

ധനാധിപൻ-വൈശ്രവണൻ.

ധനാശി-ഒരു രാഗം.

ധനാശിപാട്ടുക-അവസാനിക്ക. (ശൈവ).

ധനി-വി. ധനമുള്ള, സമ്പത്തുള്ള.

ധനിക-വി. ധനമുള്ള.

ധനികൻ-പ. ധനവാൻ. ഉ. ഒരു സംസ്കൃതകവി, വിഷ്ണുപുത്രൻ, കാവ്യനിർണ്ണയം, ദശരൂപാവലോകം ഇവ നിർമ്മിച്ചു.

ധനികം-കൊത്തമ്പാലയരി.

ധനികാ-പ. യൌവനമുള്ളവൾ ഉ. ഞാഴൽ.

ധനിഷ്ഠ-അവിട്ടം. ഈ നക്ഷത്രത്തിൽ ജനിച്ചവർ ധനവാന്മാരായിത്തീരുന്നതിനാൽ ഈ പേരുണ്ടായി. ഇതിനെ സേവിക്കുന്നവർ ധനവാന്മാരും പ്രസിദ്ധന്മാരുമായിത്തീരും എന്നുമാവാം.

ധനിഷ്ഠ-വി. വളരെ ധനമുള്ള.

ധനീ-പ. ധനവാൻ, ധാരാളം ധനമുള്ളവൻ. മറ്റു പര്യായങ്ങൾ-ഇഭ്യൻ, ആഢ്യൻ. ഉ. കൊത്തമ്പാലയരി.

ധനീ, ധനീകാ-ചെറുപ്പക്കാരി.

ധനീയകം-കൊത്തമ്പാലരി.

ധനു-പ. ധനുരാശി. ഉ. ധനുമാസം. ന. മുരിങ്ങമരം. ഭ. മണൽക്കര.

ധനുക്രുദ്-മൂലവും പൂരാടവും ഉത്രാടത്തിൽ കാലും.

ധനുർഗ്രഹൻ, ധനുർഗ്രാഹൻ-വില്ലാളി

ധനുഞ്ജയർ-ധനുമാസം.

ധനുദ്രുമം-മുള.

ധനുർധരൻ-വില്ലാളി.

ധനുർമാസം-മാർകഴിമാസം.

ധനുരാശി-ഒൻപതാമത്തെ രാശി.

ധനുർലാഷം-ചെറുഞാറണാലി.

ധനുർദ്ധരൻ, ധനുർഗ്രഹൻ-വിൽപ്പിടുത്തക്കാരൻ, വില്ലാളി.

ധനുർന്യാസം-കൊടുത്തുവെപ്പ്.

ധനുർവൃക്ഷം-മുള.

ധനുർവ്വേദം-വില്ലുപ്രയോഗത്തിനുള്ള വിദ്യ, ആയുധശാസ്ത്രം, യജുർവ്വേദത്തിന്റെ ഉപവേദം.

ധനുർവ്വേദി-പ ധനുർവേദം അറിയാവുന്ന ആൾ. ഉ. ശിവൻ.

ധനുഷ്കൻ-വില്ലാളി. ധനുസ്സു പ്രഹരണമായിട്ടുള്ളവൻ എന്നർത്ഥം.

ധനുഷ്പടം-മുരിങ്ങവൃക്ഷം. ഒരു വില്ലിന്റെ വിസ്താരമുള്ളതെന്നർത്ഥം.

ധനുഷ്പാണി-കൈയിൽ വില്ലു ധരിച്ചവൻ.

ധനുഷ്മാൻ-വില്ലാളി. ധനുസ്സുള്ളവനെന്നർത്ഥം.

ധനുസ്സ്-പ. വില്ല്. ഉ. ധനുരാശി.

ധനൂ-വില്ല്.

ധനേയകം-കൊത്തമ്പാലയരി.

ധനേശൻ-കുബേരൻ.

ധന്യ-വി. ക. ഭാഗ്യമുള്ള. ൨. ധനമുള്ള. ന. മഹതിയുള്ള.

ധന്യൻ-ക. സുകൃതമുള്ളവൻ. ൨. ഭാഗ്യവാൻ. ന. ഉത്തമൻ. ര. അനുഗ്രഹീതൻ (ധനം ലഭിച്ചവൻ).

ധന്യം-ക. കൊത്തമ്പാലയരി. ൨. പെരുമരുത്ത്.

ധന്യശീല-വി. സുകൃതമുള്ള, നല്ല ശീലമുള്ള.

ധന്യാ-ക. കൊത്തമ്പാലയരി. ൨. നെല്ലി. ന. തുവരമ്പയറ്.

ധന്യാകം-കൊത്തമ്പാലയരി. ക്ഷീണാർത്തികം നല്ലതെന്നു പറയുന്നതെന്നർത്ഥം

ധന്വന്തരി-ക. വിഷ്ണുവിന്റെ ഒരവതാരസ്വരൂപം, സപ്തർഷിമാരിലേ ഒരുവൈദ്യൻ. പാലാഴിയിൽ നിന്നുണ്ടായി.

പാലാഴി കടഞ്ഞപ്പോൾ ധന്വന്തരി കൈയിൽ അമൃതവുംകൊണ്ടു ജലത്തിൽ നിന്നു കയറി, അതിനാലാണു 'സുധാപാണി' എന്ന പേരുണ്ടായതു്. 'അമൃതൻ' എന്ന പേരും കാണുന്നുണ്ടു്.

൨. വിക്രമാദിത്യസദസ്സിലേ നവരത്നങ്ങളിൽ ഒരാളായ ഒരു വൈദ്യൻ.

ധന്വന്തരം-തൊണ്ണൂറുറുപ്പംഗുലം നീളം.

ധന്വനം-ഒരു വൃക്ഷം.

ഈ വൃക്ഷം ഏറെ വലുതും നീളമുള്ളതുമാണു്. ഇലന്തയിലപോലെ കറുത്ത വലുതായിരിക്കും. തടി വീടുപണിക്കു നന്നു്. ഇതിന്റെ പഴുത്ത കായ് മലത്തെ തടുക്കും. കഫവാതങ്ങളെ ശമിപ്പിക്കും.

ധന്വം-വില്ലു്. ശബ്ദിക്കുന്നതെന്നർത്ഥം.

ധന്വയാഷം, ധന്വയാസം-ഒരു മരുന്നു്, കൊടുത്തൂവ.

ധന്വാവു്-ക. മരുഭൂമി, നിർജ്ജലഭൂമി. പിപാസമൂലം ഇതിൽനിന്നു കാട്ടുന്നു എന്നർത്ഥം. ൨. വില്ലു്.

ധന്വിനം-പന്നി.

ധന്വീ-ക. വില്ലാളി. വില്ലുള്ളവൻ എന്നർത്ഥം. ൨. ചെങ്കൊടിത്തൂവ. ന. ഇലഞ്ഞി. ര. നീർമരുതു്. ങ. ശിവൻ. ന. വിഷ്ണു. ൭. അർജ്ജുനൻ.

ധം-ധനം.

ധമകൻ-കൊല്ലൻ.

ധമൻ-ക. ചന്ദ്രൻ. ൨. കൃഷ്ണൻ. ന. യമൻ. ര. ബ്രഹ്മാവു്.

ധമന-വി. ക. ഊതുന്ന, വീർക്കുന്ന. ൨. ക്രൂരമായ.

ധമനം-ക. വേഴം, വേഴൽപുല്ലു്. ശബ്ദിക്കുന്നതെന്നർത്ഥം. ൨. ഉരുക, ഉരുള്ളു്.

ധമനി-ക. ഞരമ്പു്. കുഴൽപോലെയുള്ളതെന്നർത്ഥം.

'ധമനീസമുദായസതതഗാത്രന്മാരായ്'
(ഭാരതം)

൨. കുഴൽ. ന. പവിഴക്കാടി. സുഷിരങ്ങൾ ഉള്ളതിനാൽ കാറ്റു തട്ടുന്ന സമയം ഊതുന്നതു് (ശബ്ദിക്കുന്നതു്) എന്നർത്ഥം. ര. നളി എന്ന ശബ്ദദ്രവ്യം ങ. മഞ്ഞൾ. ന. ഓരില. ൭. തൊണ്ട. വ. കുഴൽ.

ധമിക്കുന്നു-ഊതുന്നു.

ധമ്മില്ലം-കൊണ്ടകെട്ടു്, കെട്ടിവച്ച തലമുടി, മുണ്ടുമാല മുതലായതുകൊണ്ടു കൂട്ടിക്കെട്ടിയ തലമുടി. മാല മുതലായവയുടെ സംയോജനത്തിലുണ്ടാകുന്ന ശബ്ദത്തോടേ കൂടിച്ചേരുന്നതെന്നർത്ഥം. ധമ്മല്ലം, ധമ്മിലം എന്ന പാഠങ്ങളും കാണുന്നു

'മുല്ലായുധൻ തഴയ്ക്കുല്ലൽനൽകുന്ന ധമ്മില്ലവുംചന്ദ്രനേവെല്ലും മുഖാബ്ജവും'
(കല്യാണസൌഗന്ധികം തുള്ളൽ)

ധയ-(പദാന്തത്തിൽ) കുടിക്കുന്ന, വലിച്ചു കുടിക്കുന്ന. ഉ-ം, സ്തനംധയ.

ധർ-വി. ധരിച്ച.

ധരണ-വി. വഹിക്കുന്ന, എടുക്കുന്ന.

ധരണൻ-സൂര്യൻ.

ധരണം-ക്രി. എടുക്കുക. ഉ. എരിക്ക്. നാ. പർവ്വതത്തിന്റെ അരിക്. ര ഭൂമി. ഇ. സ്ത്രീകളുടെ നെഞ്ച്. ന്യ. അരി, ധാന്യം. ഏ ഹിമാലയപർവ്വതം.

ധരണി, ധരണീ-ക്രി. ഭൂമി. വിശ്വത്തെ ധരിക്കുന്നത്, പർവ്വതങ്ങളും മുള്ളുള്ളത്, അനന്തരാദി ക്രമമാളികളാൽ ധരിക്കപ്പെട്ടിരുന്നത് ഇങ്ങിനെ അർത്ഥം. ഉ. നിലം. നാ. ഇലവ്. ര. പരശുരാമന്റെ ഭാര്യ.

ധരണിജൻ-ക്രി. ചൊവ്വാഗ്രഹം. ഉ. നരകാസുരൻ.

ധരണിജാ-സീത.

ധരണിധരൻ-ക്രി. വിഷ്ണു. ഉ. ശേഷൻ.

ധരണിധരം-ക്രി. പർവ്വതം. ഉ. ആമ.

ധരണിസുതൻ-ക്രി. നരകാസുരൻ. ഉ. ചൊവ്വാഗ്രഹം.

ധരണിസുതാ-സീത.

ധരണീകന്ദം-വെങ്കായം, നിലക്കിഴങ്ങ്

ധരണീകീലകം-ക്രി. പർവ്വതം. ഉ. ആമ.

ധരണീതലം-ഭൂമി.

ധരണീധരൻ-ക്രി. ശേഷൻ. ഉ. വിഷ്ണു. നാ. രാജാവ്.

ധരണീധരം-ക്രി. പർവ്വതം. ഉ. ആമ.

ധരണീനിർജ്ജരൻ-ബ്രാഹ്മണൻ.

ഭൂമി എന്നതിന്റെ പര്യായപദങ്ങളോട് ദേവൻ എന്നർത്ഥം വരുന്ന ശബ്ദങ്ങളും ചേർത്താൽ ബ്രാഹ്മണൻ എന്ന അർത്ഥമുണ്ടാകും.

ധരണീപതി-ക്രി. രാജാവ്. ഉ. വിഷ്ണു

ധരണീപൂരം-സമുദ്രം.

ധരണീപ്ലവം-കടൽ.

ധരണീഭൃത്ത്-ക്രി. പർവ്വതം. ഉ. രാജാവ് നാ. വിഷ്ണു. ര. ശേഷൻ.

ധരണീമണ്ഡലം-ഭൂഗോളം.

ധരണീയ-വി. ക്രി. ധരിക്കേണ്ടുന്ന. ഉ. വഹിക്കേണ്ടുന്ന. നാ. രക്ഷിക്കേണ്ടുന്ന.

ധരണീരമണൻ-രാജാവ്.

ഭൂമിയുടെ പര്യായങ്ങളിൽ ഏതിലെങ്കിലും ഭർത്താവ് എന്നുള്ള പദംകൂടി (പിന്നാലെ) ചേർത്താൽ രാജാവ് എന്നുള്ള അർത്ഥം വരും.

ധരണീശ്വരൻ-ക്രി. രാജാവ്. ഉ. വിഷ്ണു

ധരണീസുത-സീത.

ധരണീസുതൻ-ക്രി. നരകാസുരൻ. ഉ. ചൊവ്വാഗ്രഹം.

ധരം-പർ ം. ഭൂമിയേ ധരിക്കുന്നതെന്നർത്ഥം.

ധരാ-ക്രി. ഭൂമി. (ശബ്ദാർത്ഥത്തിനു ധരണി എന്നതു നോക്കുക). ഉ. മജ്ജ. നാ. ഗർഭപാത്രം. ര. മേഘം.

ധരാതലം-ഭൂമി.

ധരാത്മജാ-സീത.

ധരാത്മജൻ-ക്രി. നരകാസുരൻ. ഉ. ചൊവ്വാഗ്രഹം.

ധരാദേവൻ-ബ്രാഹ്മണൻ.

ധരാധരൻ-ക്രി. വിഷ്ണു, കൃഷ്ണൻ ഉ. ശേഷൻ.

ധരാധരം-പർവ്വതം.

'അയിശൗണധരാധരാധിശ! രമാജ്ഞേയം'

(ലങ്കാമർദ്ദനം തുള്ളൽ)

ധരാപതി-ക്രി. രാജാവ്. ഉ. വിഷ്ണു.

ധരാപുത്രൻ-ക്രി. ചൊവ്വാ. ഉ. നരകാസുരൻ.

ധരാഭൃത്ത്-ക്രി. രാജാവ്. ഉ. പർവ്വതം.

ധരാമരൻ-ബ്രാഹ്മണൻ.

ധരാസുതൻ-ക്രി നരകാസുരൻ. ഉ. ചൊവ്വാഗ്രഹം.

ധരാസുരൻ-ബ്രാഹ്മണൻ.

ധരാസൂനു-ക്രി. നരകാസുരൻ. ഉ. ചൊവ്വാഗ്രഹം.

ധരിക്കുന്നു-ക്രി. വഹിക്കുന്നു, എടുക്കുന്നു. ഉ. അറിയുന്നു. (കാ. ക്രി. ധരിപ്പിക്കുന്നു).

ധരിത്രി-ഭൂമി. (ശബ്ദാർത്ഥത്തിനു ധരണി എന്നതു നോക്കുക)

ധരിമ-ആകൃതി.

ധരേന്ദ്രൻ-ഹിമവാൻ, പർവതശ്രേഷ്ഠൻ.

ധർത്തൂരം-ഉമ്മത്തു്.

ധർമ്മകർത്താവു്-ധർമ്മംചെയ്യുന്നവൻ.

ധർമ്മകാര്യം-ഗുണത്തെ സംബന്ധിച്ചുള്ള പ്രവൃത്തി.

ധർമ്മകീലം-ഒരു ധർമ്മാസനത്തിനു കീഴുള്ള രാജ്യം, ഒരു ന്യായവിചാരസ്ഥലത്തിന്റെ കീഴിലുള്ള ദിക്കു്.

ധർമ്മകൃത്തു്-ധർമ്മം ചെയ്യുന്നവൻ.

ധർമ്മകെഞ്ഞി-കഞ്ഞിവച്ചു ധർമ്മമായിട്ടു കൊടുക്കുക.

ധർമ്മക്കാരൻ-ഭിക്ഷാടനം നടക്കുന്നവൻ.

ധർമ്മക്കാരി-ഭിക്ഷാടനം നടക്കുന്നവൾ.

ധർമ്മക്കൊള്ളി—ശേഷക്കാരില്ലാത്തവൻ മരിച്ചാൽ മറ്റു വല്ലവരും ശവത്തെ ദഹിപ്പിക്കുക.

ധർമ്മക്ഷേത്രം-പ. ഭാരതഭൂമി. ര. പുണ്യസ്ഥലം.

ധർമ്മഗുപ്തൻ-വിഷ്ണു.

ധർമ്മഗ്ലു-തന്നി.

ധർമ്മചാരി-വി. ധർമ്മത്തെ ചെയ്യുന്ന.

ധർമ്മചാരിണി-പ നല്ല മര്യാദപ്രകാരം ഇരിക്കുന്നവൾ. ര. ഭാര്യ, പതിവ്രതയായ ഭാര്യ.

ധർമ്മചിന്ത, ധർമ്മചിന്തനം-ധർമ്മത്തെക്കുറിച്ചുള്ള വിചാരം മറ്റൊരു പര്യായം-ഉപാധി.

ദുഃഖമുള്ളവനേ വാസ്തവമായി ധർമ്മചിന്ത ഉണ്ടാവുകയുള്ളു.

ധർമ്മജ്ഞ-വി. ധർമ്മത്തെ അറിയുന്ന.

ധർമ്മണം-പാമ്പു്.

ധർമ്മതത്വം-ആചാരാദികളുടെ പരമാർത്ഥം.

ധർമ്മതോണി-പരോപകാരത്തിനായിട്ടു് ഇട്ടിരിക്കുന്ന കടവുവള്ളം.

ധർമ്മദാരങ്ങൾ - വിവാഹംചെയ്തുണ്ടായ ഭാര്യ

ധർമ്മദൈവം - വംശപാരമ്പര്യമായിട്ടു സേവിക്കപ്പെട്ടുവരുന്ന ഈശ്വരൻ.

ധർമ്മദ്രോഹി-പ ധർമ്മത്തെ ദ്രോഹിക്കുന്നവൻ. ര. അസുരൻ. ന. രാക്ഷസൻ.

ധർമ്മദ്വയം-പ്രവൃത്തി, നിവൃത്തി ഇവ രണ്ടും.

ധർമ്മദ്വേഷം-ആചാരം മുതലായ ധർമ്മങ്ങളെ നിന്ദിക്കുക.

ധർമ്മദ്വേഷി-തന്നി.

ധർമ്മധ്വജൻ-സൂര്യൻ.

ധർമ്മധ്വജി-കപടഭക്തിക്കാരൻ. ധർമ്മചിഹ്നം മാത്രമുള്ളവനെന്നർത്ഥം.

ധർമ്മൻ-പ. യമൻ, ധർമ്മരാജാവു്. ര. സോമയാഗം ചെയ്തവൻ (ചോമതിരി). ന. ഒരു ഋഷി.

ഈ ഋഷി പ്രജാപതികളിൽ ഒരുവനാണെന്നു് അഭിപ്രായം കാണുന്നു. ദക്ഷന്റെ പുത്രിമാരെ വേളികഴിച്ചു. അവരിൽ അനേകം മക്കളുണ്ടായിട്ടുണ്ടു്.

ര ധർമ്മപുത്രൻ.

ധർമ്മനന്ദനൻ-ധർമ്മരാജാവിന്റെ മകൻ.

ധർമ്മനിഷ്ഠ-ധർമ്മത്തിങ്കലേ ഉറപ്പു്, ധർമ്മത്തിലുള്ള താൽപര്യം.

ധർമ്മനേത്രൻ-ഹേഹയരാജാവു്.

ധർമ്മന്യായം-ധർമ്മാചാരത്തോടു ക്ലേശിയുള്ള മര്യാദ.

ധർമ്മപത്നി - പ്രധാനഭാര്യ, അഗ്നിസാക്ഷികമായു് വേൾക്കപ്പെട്ട ഭാര്യ, ഭാര്യ.

അഗ്നിസാക്ഷിയായി വിവാഹം ചെയ്ത ഭാര്യയുടെ പേർ = പത്നി, പാണിഗ്രഹീതി, ദ്വിതീയ, സഹധർമ്മിണി, ഭാര്യ, ജായ, ദാരങ്ങൾ.

ധമ്മപത്തനം-പ്ര. യമന്റെ ഗൃഹം. ഉ. കരുമുക്. ധമ്മപത്തന (മലയാളദേശ) ത്തിലുണ്ടായതെന്നർത്ഥം.

ധമ്മപഥം-സദാചാരത്തോടുകൂടിയ ജീവിതമാർഗ്ഗം.

ധമ്മപാലനം-ആചാരമര്യാദകളെ രക്ഷിക്കുക.

ധമ്മപുത്രൻ-പ്ര. ധമ്മരാജാവിന്റെ മകൻ, യുധിഷ്ഠിരൻ.

ധമ്മപുത്രർ-ശ്രീമഹാഭാരതത്തിലെ കഥാനായകനാണ്. പാണ്ഡുവായ അച്ഛൻ മരിച്ചതിന്റെശേഷം ശതശൃംഗപർവ്വതത്തിൽനിന്നു ഇദ്ദേഹം ഹസ്തിനാപുരിയിലെത്തി. അനന്തരം വലിയച്ഛനായ ധൃതരാഷ്ട്രർ തന്റെ പുത്രരോടൊന്നിച്ചു ധമ്മപുത്രാദികളേയും കൃപാചാര്യരുടെ അടുക്കൽ വിദ്യാഭ്യാസംചെയ്യിച്ചു. മാതുലപുത്രനായ ശ്രീകൃഷ്ണന്റെ സഹായത്തോടുകൂടി രാജസൂയയാഗം ചെയ്തു. ചൂതുകളിയിൽ ഇദ്ദേഹം തന്റെ സർവ്വസ്വവും അനുജന്മാരേയും താനെയും ഭാര്യയേയും കൂടി പണയംവച്ചു കാട്ടുകേറി. ഇദ്ദേഹത്തിന്റെ ക്ഷമ, ധമ്മബുദ്ധി, നീതി, ധൈര്യം, സത്യനിഷ്ഠ, വാഗ്മിത്വം, ഔദാര്യം, ദയാലുത്വം, മരണശക്തി, പ്രജാവാത്സല്യം, വംശസ്നേഹം, ലോകമര്യാദ മുതലായവ ഓരോന്നും ഓരോ പ്രവൃത്തികൾകൊണ്ടു വെളിപ്പെടുന്നുണ്ട്. വസ്ത്രാക്ഷേപസന്ദർഭത്തിൽ മൌനംഭീക്ഷിച്ചതിനെക്കാളും കീചകൻ ഹേതുവായിട്ടു പാഞ്ചാലി സങ്കടം അനുഭവിച്ച അവസരത്തിൽ ഇദ്ദേഹം ക്ഷമിച്ചതു നോക്കുമ്പോൾ ഇദ്ദേഹത്തിന്റെ സഹനശക്തി വെളിപ്പെടുന്നു. ധമ്മവിരോധങ്ങളായ ആലോചനകൾ കൊണ്ടു താൻ വരുത്തിക്കൂട്ടിയ ഏതാനും സംഗതികൾ മഹാപാപകരങ്ങളെന്നു ഒരിയ്ക്കൽ ധമ്മപുത്രർ തന്നെ പശ്ചാത്തപിച്ചിട്ടുണ്ട്. അശ്വമേധയാഗം സംബന്ധിച്ചു അസിധാരാവ്രതാനുഷ്ഠാനം മൂലം ഇദ്ദേഹത്തിന്റെ ഇന്ദ്രിയനിഗ്രഹം, ധൈര്യം, കർമ്മത്തിലുള്ള ശ്രദ്ധ ഇവ സ്പഷ്ടമാകുന്നു. ഇദ്ദേഹം മുപ്പത്താറുവർഷം രാജ്യം ഭരിച്ചു. ഭീമസേനന്റെ മുള്ളുവാക്കു നിമിത്തം താൻ വാനപ്രസ്ഥവൃത്തിയിൽ ഇരുന്നു. വീണ്ടും ഹസ്തിനാപുരിയിൽ വന്നു. കുറച്ചുകഴിഞ്ഞു പരീക്ഷിത്തിനെ രാജാവാക്കീട്ടു അനുജന്മാരോടും പാഞ്ചാലിയോടും മഹാപ്രസ്ഥാനം ചെയ്തു. ഇവിടെ മറവുള്ളവർ ഓരോരുത്തരായി മരിച്ചുവീണു. ധമ്മപുത്രർ ദേവദൂതൻ കൊണ്ടുവന്ന വിമാനത്തിൽ കയറി. ഉടലോടെ സ്വർഗ്ഗം പ്രാപിച്ചു.

ഉ. ജ്ഞാനശീലമുള്ളവൻ. (ശൈലി).

ധമ്മഫലം-പുണ്യം ചെയ്യുമ്പോളുണ്ടാകുന്ന ഫലം.

ധമ്മബുദ്ധി-പ്ര. ധമ്മത്തിങ്കലേ മനസ്സ്. ഉ. ധമ്മത്തിൽ മനസ്സുള്ളവൻ.

ധമ്മഭഗിനി-നേരെയുള്ള സഹോദരി.

ധമ്മഭണകൻ-ഭാരതം ഭാഗവതം മുതലായ വിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കയോ അവ സംബന്ധിച്ചു പ്രസംഗം ചെയ്കയോ ചെയ്യുന്നവൻ.

ധമ്മഭാഗിനി-സൽഗുണമുള്ള മനുഷ്യ

ധമ്മം-പ്ര പുണ്യം. മറവ പശ്ചായങ്ങൾ-പുണ്യം, ശ്രേയസ്സ്, സുകൃതം, പുണ്യം. ഉ. ന്യായം, സ. ആചാരം. ര. നീതി. ള. സദ്ഭാവം. ന ക്ഷേമം. ഴ. വേദത്താൽ വിധിക്കപ്പെട്ട യാഗാദികർമ്മം. വ ജ്ഞാനം. ൻ. ചെയ്യേണ്ടും മുറ. പ്ര. കല്പങ്ങളിൽ മൂന്നുഭാഗങ്ങൾ ഉള്ളതിൽ ഒന്ന്. ഇതിൽ ലോകനീതികളെപ്പറ്റി പറയുന്നു. മറ്റേവ-ശ്രുതം, ഗുഹ്യം.

ധമ്മയുഗം-കൃതയുഗം.

ധർമ്മയുദ്ധം–ചതിവുകൂടാതെ പറഞ്ഞു സമ്മതിച്ചു നേരെ ചെന്നു യുദ്ധംചെയ്ക.

ധർമ്മയൂപൻ–വിഷ്ണു.

ധർമ്മരഹസ്യം–ധർമ്മശാസ്ത്രങ്ങളുടെ സാരമായ അർത്ഥം.

ധർമ്മരാജൻ–പ. യമൻ. ഉ. ബുദ്ധമുനി. ന. ജിനദേവൻ. ര യുധിഷ്ഠിരൻ. ധർമ്മംകൊണ്ടു ശോഭിക്കുന്നവൻ, ധർമ്മിഷ്ഠരല്ലാത്തവരെ ശാസിച്ചു ധർമ്മസംരക്ഷണം ചെയ്യുന്നവൻ ഇങ്ങനെ ശബ്ദാർത്ഥം.

ധർമ്മലക്ഷണം – നാലുവിധം. വേദം, സ്മൃതി, സദാചാരം, ആത്മഹിതം.

'വേദഃസ്മൃതിസ്സദാചാരഃ
സ്വസ്യച പ്രിയമാത്മനഃ'

ധർമ്മവൽ–വി. ധർമ്മമുള്ള.

ധർമ്മവാസരം–വെള്ളത്തവാവ്.

ധർമ്മവാഹനൻ–ശിവൻ.

ധർമ്മവാഹനം–പോത്ത്. (യമന്റെ വാഹനം.)

ധർമ്മവിചാരം– ഗുണമായുള്ളതിനെ കുറിച്ചുള്ള വിചാരം.

ധർമ്മവിൽ–ധർമ്മത്തെ അറിയുന്നവൻ.

ധർമ്മവിരുദ്ധ–വി. ന്യായമല്ലാതുള്ള.

ധർമ്മവൃക്ഷം–അരയാൽ.

ധർമ്മവ്യാധൻ–പന്നിയുടെയും പോത്തിന്റെയും മാംസം വിറ്റുനടന്ന ഒരു വേടൻ.

ബ്രാഹ്മണന്ന് ആവശ്യമുള്ള ജ്ഞാനവും വേദത്തിൽ നല്ല പരിജ്ഞാനവും ഉണ്ടായിരുന്നു. കാരണം കഴിഞ്ഞ ജന്മത്തിൽ ബ്രാഹ്മണനായിരുന്നതാണത്രേ.

ധർമ്മശാല–വഴിയാട്ടുപുര, വഴിയമ്പലം.

ധർമ്മശാലി–വി. ധർമ്മമുള്ള.

ധർമ്മശാസ്ത്രം, ധർമ്മശാസനം–മര്യാദയും ആചാരവും മറ്റും അറിയുന്നതിനുള്ള ശാസ്ത്രം. (രാജനീതി.)

മനുഷ്യരുടെ നടത്തയുടെ ഗുണദോഷങ്ങളെക്കുറിച്ചു വിവരിക്കുന്ന ശാസ്ത്രമാകുന്നു. ചിലതെല്ലാം നല്ലതു് മറ്റു ചിലതെല്ലാം ചീത്ത എന്നുമാത്രം പറഞ്ഞാൽ അതു ശാസ്ത്രമായില്ല. സൽപ്രവൃത്തികളിൽ അന്തർഭവിച്ചിരിക്കുന്ന നിയമങ്ങളെ വിശദീകരിക്കയാണു് ധർമ്മശാസ്ത്രത്തിന്റെ കൃത്യം.

ധർമ്മശീല–വി. ധർമ്മമാകുന്നു പതിവായിച്ചിട്ടുള്ള, ധർമ്മംകൊണ്ടുകൂടുന്ന സ്വഭാവമുള്ള.

ധർമ്മശീലം–ധർമ്മസ്വഭാവം.

ധർമ്മസഭ–ആസ്ഥാനമണ്ഡപം, രാജാവിന്റെ ന്യായം വിചാരിക്കുന്ന സ്ഥലം.

ധർമ്മസംഗീതി–ആലോചനസഭ.

ധർമ്മസംസ്കാരം–ശേഷക്രിയാരില്ലാത്തവരുടെ ശവം ദഹിപ്പിക്കുക.

ധർമ്മസംഹിത–മനു പരാശരൻ മുതലായവർ ഉണ്ടാക്കീട്ടുള്ള സ്മൃതിഗ്രന്ഥങ്ങളും പതിനെട്ടും, മനുസ്മൃതി മുതലായ ധർമ്മശാസ്ത്രങ്ങളും ധർമ്മോപദേശാർത്ഥം രചിക്കപ്പെട്ട സംഹിത എന്നർത്ഥം.

ധർമ്മസാക്ഷി–വിസ്താരങ്ങളിൽ നേരുള്ള സാക്ഷിക്കാരൻ.

ധർമ്മസാവർണ്ണി–പതിനാലാമന്വന്തരമായ മനു

ധർമ്മസുതൻ–ധർമ്മപുത്രൻ.

ധർമ്മസൂ–കുടുമച്ചുരത്തൻ.

ധർമ്മസൂക്ഷ്മം–ധർമ്മശാസ്ത്രങ്ങളിൽ പറയുന്നതിന്റെ ചുരുക്കമായിട്ടുള്ള സാരം.

ധർമ്മസ്ഥൻ–പ. ധർമ്മമുള്ളവൻ. ഉ. ന്യായാധിപതി.

ധർമ്മസ്ഥാപനം–ധർമ്മത്തെ ഉറപ്പിക്കുക.

ധർമ്മസ്ഥിതി–ധർമ്മത്തിന്റെ ഉറപ്പ്.

ധർമ്മാത്മജൻ–ധർമ്മപുത്രൻ.

ധർമ്മാത്മാവ്–പ. ധർമ്മബുദ്ധിയുള്ളവൻ. ഉ. ധർമ്മസ്വഭാവം.

ധർമ്മാദ്ധ്യക്ഷൻ-ന്യായാധിപതി, ജഡ്ജി.
ധർമ്മാധർമ്മങ്ങൾ-ധർമ്മവും അധർമ്മവും
ധർമ്മാധികരണം-നീതിന്യായക്കോടതി.
ധർമ്മാധികരണികൻ-പ. ജഡ്ജി. ഉ. മജിസ്ട്രേട്ട്.
ധർമ്മാധികാരി- ധർമ്മം നടത്തേണ്ടവൻ, ന്യായാധിപതി, ജഡ്ജി, മജിസ്ട്രേട്ട്.
ധർമ്മാധിഷ്ഠാനം- ന്യായം കേൾക്കുന്ന സ്ഥലം, കോടതി.
ധർമ്മാംഗം-കൊക്ക്.
ധർമ്മാസനം-ന്യായസ്ഥലം.
ധർമ്മാനുഷ്ഠാനം-ധർമ്മത്തെ ചെയ്കുക.
ധർമ്മി-വി. ധർമ്മത്തെ അറിയുന്ന, ധർമ്മം ചെയ്യുന്ന.
ധർമ്മിണി-പ. ധർമ്മം ചെയ്യുന്നവൾ ഉ. അരേണുകം.
ധർമ്മിഷ്ഠ-വി. ധർമ്മമുള്ള, സുകൃതവും മറവുമുള്ള.
ധർമ്മിഷ്ഠ-ധർമ്മമുള്ളവൾ, സുകൃതവും മറവുമുള്ളവൾ.
ധർമ്മേശൻ-യമൻ.
ധർമ്മോപദേശകൻ, ധർമ്മോപദേഷ്ടാവ്-ആചാരാദികളെ ഗ്രഹിപ്പിക്കുന്നവൻ.
ധർമ്മോൽപ്രേക്ഷ - ഉൽപ്രേക്ഷാലങ്കാരങ്ങളിൽ ഒരിനം.
ധർമ്മ്യ-വി. ധർമ്മസംബന്ധമായുള്ള, ധർമ്മമായുള്ള, ഉത്തമമായുള്ള.
ധർമ്മ്യോൽപ്രേക്ഷ- ഉൽപ്രേക്ഷാലങ്കാരങ്ങളിൽ ഒരിനം.
ധൃഷ്-വി. നിർഭയമുള്ള, അഹംഭാവമുള്ള.
ധൃഷ്കൻ-പ. വശീകരക്കാരൻ. ഉ. പരസ്ത്രീസംഗക്കാരൻ. ന. ആട്ടക്കാരൻ.
ധൃഷ്ണം, ധൃഷ്ണാ-പ. പരിഭവം. ഉ. അഹങ്കാരം. ന. വിരോധം. ര. അതിക്രമം. ഇ. ദൈര്യം.
ധൃഷ്ണി-കാമചാരിണി, ദുർനടത്തക്കാരി, വ്യഭിചാരിണി.
ധൃഷ്ൻ-പ. നപുംസകൻ. ഉ. അഹമ്മതിക്കാരൻ.
ധൃഷ്ം-പ. ധൈര്യം. ഉ. പരിഭവം. ന. ദൈര്യം. ര. അധിക്ഷേപം. ഇ. വശീകരണം. ന. ഉപദ്രവം. ഒ. നിരോധം.
ധൃഷ്ിക്കുന്ന-തന്റെ ദൈര്യമോ ബുദ്ധിയോ കൊണ്ടു അന്യന്റെ ദൈര്യത്തെ അല്പമാക്കുന്ന, തന്റെ ദൈര്യംകൊണ്ടു ഒരു അതി ഗംഭീരനെ സമീപിക്കയോ വല്ലതും ചെയ്കയോ സ്വാധീനമാക്കുകയോ ചെയ്യുന്ന.
ധൃഷ്ിണി-വ്യഭിചാരിണി. സാമർത്ഥ്യമുള്ളവൾ, പുരുഷന്റെ മർമ്മഭേദത്തെ കളയിക്കുന്നവൾ എന്നർത്ഥം.
ധൃഷ്ിത-വി. ധൃഷ്ിക്കപ്പെട്ട.
ധവൻ-പ. ഭർത്താവ്. സ്ത്രീയെ ഇളക്കി അഭിക്കുന്നവൻ. സ്ത്രീകൾക്കു ഭർത്താവു വന്നുകഴിഞ്ഞാൽ അതുവരെയുള്ള നിലയിൽ നിന്നു ഒരിളക്കമുണ്ടാകുന്നതു പതിയാണല്ലോ. ഉ. മനുഷ്യൻ. ന. വഞ്ചകൻ, കള്ളൻ.
ധവം-പ. വൃക്ഷവിശേഷം, തെമ. ഉ. ഇളക്കം, ചലനം.
ധവള-വി. വെളുത്ത.
ധവള-വെളുത്ത നിറമുള്ളവൾ. ഉ. വെളുത്ത നിറമുള്ള പശു.
ധവളഗിരി-ഹിമവാന്റെ ഒരു കൊടുമുടി
ധവളപക്ഷം-അരയന്നം.
ധവളം-പ. വെള്ളപ്പുനിറം. ശുഭ്രമാക്കുന്നതു് എന്നർത്ഥം. ധവത്തെ (ഇളക്കത്തെ-ചലനത്തെ) ദാനം ചെയ്യുന്നതു എന്നുമാവാം. ഉ. ചീനക്കർപ്പൂരം. ന. വെളുത്തമുളക. ര. ശംഖ്. ഇ. നീർമരുതു്. ന. തെമ.

ധവളപാംഗി-കപണമയിൽ. മയിലിന്റെ കണ്ണിന്റെ അറ്റം വെളുത്തിരിക്കുന്നതിനാൽ ഈ പേർ വന്നു.

'കാട്ടിൽപ്പോകുന്നളവുധവളപാംഗിമാർ കണ്ടുകൂടി'

(മയൂരസന്ദേശം)

ധവളി-പ്ര. വെളുത്ത പശു. ഉ. വെളുത്തവർണം.

ധവളിമ-വെണ്മ.

ധവാണകൻ-വായു.

ധവിത്രം-പ്ര. വിശറി, ആലവട്ടം. ഉ. യാഗത്തിൽ അഗ്നിയെ വീശിക്കത്തിക്കുന്നതിനു മാൻതോലുകൊണ്ടുണ്ടാക്കി മുള കൊണ്ടു തണ്ടിട്ട വിശറി. ഇതുകൊണ്ടു വീശുന്നതിനാൽ ഈ പേർ വന്നു.

ധാ

ധാകം-പ്ര. കാള. ഉ. കലവറ. ന. ചോറ. ര. തുണ്ട്.

ധാടി-പ്ര. ഭയംകൂടാതെ ശത്രുവിന്റെ നേരെ ചെല്ലുക. ഉ. പ്രൌഢി. ന. സാമർത്ഥ്യം.

ധാതകം-ഒരു മരുന്നു.

ധാതകി-ഒരു മരുന്ന്, താതിരി. പുഷ്പങ്ങളെ ധരിക്കുന്നതു എന്നർത്ഥം.

ധാതാവു്-പ്ര. ബ്രഹ്മാവു്. സകലത്തേയും ധരിക്കുന്നവൻ, പോഷിപ്പിക്കുന്നവൻ, ലോകസൃഷ്ടാവു് ഇങ്ങിനെ ശബ്ദാർത്ഥം. ഉ. ദൈവം.

ധാതു-പ്ര. മനോല മുതലായി പർവ്വതത്തിൽ നിന്നുണ്ടാകുന്നവ.

'സുവർണ്ണരൂപ്യതാമ്രാണി
ഹരിതാലം മനശ്ശിലാ
ഒഗരികാഞ്ജനകാസീസ
സീസലോഹാസ്സഹിംഗുളം
ശുക്ലകോളകഇത്യാദ്യാ
ധാതവോഗിരിസംഭവാഃ'

സ്വർണ്ണം, വെള്ളി, ചെമ്പു്, അരിതാരം, മനോല, കാവിമണ്ണു, അഞ്ജനം, കാരിയ്യം, ഇയ്യം, ഈയ്യം, ഇരിമ്പു്, ചായില്യം, ശുക്ലകം, അഭ്രം മുതലായവ പർവ്വതത്തിൽനിന്നുണ്ടാകുന്ന ധാതുക്കളാകുന്നു. ഉ. ധാത്വർത്ഥങ്ങൾ വിളയുന്ന സ്ഥലം. ന. ക്രിയാപദങ്ങളുടെ മൂലം. ധാതു എന്നാൽ ക്രിയയെ കുറിക്കുന്ന ശബ്ദം അല്ലെങ്കിൽ പ്രകൃതി. ര. ത്രിദോഷങ്ങൾ (വാതം, പിത്തം, കഫം) ല. സപ്തധാതുക്കൾ (രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം). ന പഞ്ചഭൂതങ്ങൾ (ഭൂമി, ജലം, അഗ്നി, വായു, ആകാശം). ഒ. കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും (ശബ്ദം, രസം, രൂപം, സ്പർശം, ഗന്ധം. കണ്ണു, മൂക്കു, ചെവി, നാവു, തൊലി). വ. കാവിമണ്ണു്. ൻ. സ്വർണ്ണം. ഹം. ഇരിമ്പു്. ഫ. ചെമ്പു്. ഫഫ. ഉത്ഭവസ്ഥാനം (മൂലം).

ധാതുകാസീസം-കാതീരം, അന്നഭേദി, അന്നഭേദി.

വാതം, കഫം, ചൊറി, അശ്മരി, മൂത്രകൃച്ഛ്രം, നേത്രരോഗം, ശിരസ്സിലും മുതലായവയിലെ നന്നു. ക്ഷയകഫത്തെ ശമിപ്പിക്കും. വ്രണത്തെ വറ്റും. മേഹകാന്തിയെ ഉണ്ടാക്കും. ജോനകനാരങ്ങനീരിൽ സേചനയന്ത്രത്തിൽ പാചിച്ചു കൂട്ടുകവള്ളത്തിൽ കഴുകി ഉണക്കിയാൽ ശുദ്ധമാകും. സം കാസീസം ഇം. Sulphate of iron, Green vitriol സൽഫേറ്റ് ഓഫ് അയേൺ, ഗ്രീൻവിട്രിയൽ.

ധാതുവല്ലി-കാടി.

ധാതുജം-പ്ര. ധാതുവിൽ ജനിക്കുന്നതു്. ഉ. വ്യാകരണപ്രകാരം അവ്യയങ്ങളെ ഉച്ചരിച്ചു പ്രമാണിച്ചു നാലായി പിരിച്ചതിൽ ഒന്നു്. ഉ-ം, 'മുറച്ചു' സംസാരിക്കുന്നു.

ധാതുദ്രവ്യം-സ്വർണ്ണം മുതലായത്.

ധാതുപുഷ്പികാ-താതിരി മരം. കാവിമണ്ണിനോട് തുല്യനിറമുള്ള പൂവുള്ളത് എന്നർത്ഥം.

ധാതുമലം-കാരീയം.

ധാതുമാരിണി-പൊൻകാരം.

ധാതുവാദി-രസവാദി.

ധാതുവൈരി-ഗന്ധകം.

ധാത്രിപുഷ്പികാ-താതിരി. ശോഭയെ ധരിക്കുന്നതായ പൂവുള്ളത് എന്നർത്ഥം.

ധാത്രികാ-നെല്ലി.

ധാത്രീ-പ്ര ഭൂമി. ര. വളർത്തമ്മ.

'എൻപ്രാണരക്ഷണം ധാത്രീഗളതലമതു'

(അമരുകശതകം)

ന. നെല്ലി, നെല്ലിക്ക. പാനംചെയ്യപ്പെടുന്നവർ, അനുഭവിക്കപ്പെടുന്നത് ഇങ്ങിനെ ശബ്ദാർത്ഥം.

ധാത്രീകഥ-അതിബാല്യത്തിൽ ശിശുക്കൾക്ക് കേട്ടു രസിക്കാനുള്ള കഥ.

ധാത്രീദേവൻ-ബ്രാഹ്മണൻ,

ധാത്രീപതി-രാജാവ്.

ധാത്രീപത്രം-താലീസപത്രം.

ധാത്രീഫലം-നെല്ലി.

ധാത്രേയിക-വളർത്തമ്മയുടെ പുത്രി.

'കാന്തുധാത്രേയികയാം-ശ്രുശ്രൂമതുനേരം'

(ഭാരതം)

ധാതുക്ഷരങ്ങൾ—യ, ര,ല,വ ശ,ഷ, സ, ഹ.

ധാന-പ്ര മുത്തങ്ങ മലർ. ര. യവം വറുത്തുപൊടിച്ചത്. ന. അരി മുതലായത് വറുത്തു പൊടിച്ചത്. ര കൊത്തമ്പാലയരി. ധനധാന്യങ്ങളെ പോഷിപ്പിക്കുന്നത് എന്നർത്ഥം.

ധാനകം-കൊത്തമ്പാലയരി.

ധാനി-ഇരിപ്പിടം.

ധാനുഷ്കൻ-വില്ലാളി. ധനുസ്സുപ്രഹരണമായിട്ടുള്ളവൻ എന്നർത്ഥം.

ധാനുഷ്യം-മുള.

ധാന്യകം-കൊത്തമ്പാലയരി.

ധാന്യകോഷ്ഠം-പ്ര. കളപ്പുര. ര. വല്ലം

ധാന്യതക്കു-ധാന്യങ്ങളുടെ തൊലി, ഉമി.

ധാന്യം-പ്ര. നെല്ല് ചാമ പയറ മുതലായവ. ര. കൊത്തമ്പാലയരി. ധനത്തിൽ സാധു എന്നർത്ഥം.

[നെല്ല് യവം മുതലായ ധാന്യസാമാന്യത്തിന്റെ പേർ=ധാന്യം, വ്രീഹി, സ്തംബകരി]

ധാന്യരാജൻ-യവം.

ധാന്യവല്ശനം-പൊലികടം.

ധാന്യവീരം-ഉഴുന്ന്.

ധാന്യവൃത്തി-പ്ര നിറം. ര. പൊലികടം.

ധാന്യശൂകം-നെല്ലിന്റെ ഓക്.

ധാന്യസാരം-മെതിച്ചെടുത്ത നെല്ല്.

ധാന്യാകം-കൊത്തമ്പാലയരി,

ധാന്യാമ്ലം-വെപ്പുകാടി, ചെന്നെല്ലും മറ്റും കൊണ്ടുണ്ടാക്കിയ കാടി.

ധാന്യാരി-എലി.

ധാന്യാർത്ഥം-ധാന്യസമ്പത്ത്.

ധാന്യാൽക്ഷേപണം-നെല്ല കാറ്റത്തിടുക.

ധാന്യോത്തമം-ചെന്നെല്ല്.

ധാമനിധി-സൂര്യൻ. തേജസ്സിന്നിരിപ്പിടം എന്നർത്ഥം.

ധാമം-പ്ര ഗൃഹം, ഇരിപ്പിടം; വാസസ്ഥാനം. ര. ദേഹം. ന. ശോഭ, തേജസ്സ്. ര. പ്രഭാവം, കീർത്തി. [ണേ'

'സമമുടനൽഗിരന്തിപരധാമസമക്രമ

(ഞാനപ്പാനശകുന്തമാം)

@ സ്ഥലം. ന ജനനം. ധരിക്കുന്നത്, ധരിക്കപ്പെടുന്നതെന്നർത്ഥം.

ധാമാഗ്ലവം-ഫ. വലിയ കടലാടി, ഏഹത്തെ ശുദ്ധിവരുത്തുന്നത്. (ഇതുകൊണ്ടു ചൂൽ കെട്ടിയുണ്ടാക്കി ഭവനം അടിച്ചുനന്നാക്കുന്നു) പ. പീരകം. നാ. വരിപ്പീച്ചിൽ. ര. ആനപ്പീച്ചിൽ. വഴിയിൽ ചുറ്റിപ്പിണഞ്ഞു കിടക്കുന്നതെന്നർത്ഥം. തേങ്ങസ്സുള്ളതു് എന്നുമാവാം. ഇ. ചെറിയ കടലാടി. നു. ദേവതാളി.

ധായ്-വി. തനിക്കുള്ള, അവകാശമുള്ള.

ധായ്യാ-അഗ്നിയെ പ്രജ്വലിപ്പിക്കുവാനുള്ള ഋക്കുമന്ത്രം. അഗ്നി ഇതുകൊണ്ടു പുഷ്ടിയെ പ്രാപിക്കുന്നു എന്നർത്ഥം.

'ഉൽബുധ്യസ്വാഗ്നേ.....' ഇത്യാദിയത്രേ മന്ത്രം.

ധാര-ഫ ഇടവിടാതെയുള്ള മഴ. പ. ഒരു ഭാരത്തിലെ മറെറാരു ക്രൂരി വർണ്ണംകറഞ്ഞു ഇടവിടാതെ ചോരുക. നാ. ചിലദീനക്കാർക്കു എണ്ണ മുതലായതുകൊണ്ടു ധാരചെയ്യുക. ര. വാളിന്റെ മൂർച്ച. ഇ. കുതിരയുടെ നടപ്പു്. ആസുന്ദിതാദികളായ അഞ്ചു് അശ്വഗതി വിശേഷങ്ങൾക്കു പൊതുവിലുള്ള പേർ. നു. കടം. ഒ. ജലം. വ്യ. ജലധാര, അവിച്ഛിന്നമായ ജലപ്രവാഹം.

ധാരകം-ഫ പാത്രം. പ. ചെപ്പടി. നാ. ജലപാത്രം.

ധാരക്കിടാരം-ധാരചെയ്യുന്നതിനുള്ള ചെമ്പുപാത്രം

ധാരച്ചട്ടി-ധാരവീഴ്ത്തുന്നതിനുള്ള പാത്രം, ധാരക്കിടാരം.

ധാരണ-ഫ. നിലനില്പു്, മനുഷ്യ, ന്യായമാർഗ്ഗത്തിൽനിന്നു തെറ്റാതിരിക്കുന്നതെന്നർത്ഥം. പ. ധാരണാശക്തി, ധീരത. നാ. യോഗവിദ്യയുടെ ഒരു സമ്പ്രദായഭേദം. അഷ്ടാംഗയോഗത്തിൽ ഒന്നു്. നാഭിചക്രം, നാസാഗ്രം മുതലായ ചില സ്ഥലങ്ങളിൽ മനസ്സിനെ നിറുത്തുന്നതാകുന്നു ധാരണ. ധ്യേയവസ്തുവിൽനിന്നു ചിത്തവൃത്തി സ്ഥിരമായി ബന്ധിച്ചുവെച്ചുകൊണ്ടിരിക്കുന്ന അവസ്ഥ. ര. ഓർമ്മ. ഇ. കടം.

ബുദ്ധിക്കു മൂന്നു ശക്തികളുണ്ടു്. അവ താഴെ വിവരിക്കുന്നു. ഫ. ഗ്രഹണം-പറയുന്നതു കേട്ടമാത്രയിൽ മനസ്സിലാക്കുന്നതു്. പ. ധാരണ-മനസ്സിലാക്കിയതിനെ ഉറപ്പായി വച്ചു് ആവശ്യംപോലെ അനുമാനാദികളെ ഉപയോഗിച്ചു കാര്യങ്ങളെ അറിയുന്നതു്. നാ. സ്മരണ-പഠിച്ചതുമാത്രം ഓർമ്മിക്കുന്നതു്.

ധാരണകൻ-കടക്കാരൻ, കടമുള്ളവൻ.

ധാരണത്തോണി - ധാരചെയ്യുന്നതിനു കിടപ്പാനുള്ള തോണി.

ധാരണം-ധരിക്കുക, എടുക്കുക.

ധാരണാവൽ-വി. ധാരണയുള്ള.

ധാരണാവതി-ബുദ്ധി.

ധാരണാശക്തി - മനസ്സിലാക്കിയതെന്നും മറക്കാതിരിക്കുന്ന ശക്തി.

ധാരൻ-വിഷ്ണു.

ധാരപ്പാത്തി-ധാരത്തോണി.

ധാരാ-ഫ മഴവെള്ളം. പ. താണസ്ഥലം. നാ. അതിര്. ര ഒരുവക കല്ലു്. ഇ. ആചിപ്പുഴം.

ധാരയിടുന്നു - ധാരകോരുന്നു, ധാരവീഴ്ത്തുന്നു.

ധാരയിത്രീ-ഭൂമി.

ധാരാ-ക്ഷീരകാകോളി.

ധാരാടം-കുതിര.

ധാരാധരം-ഫ. മേഘം. ജലധാരയെ ധരിക്കുന്നു് എന്നർത്ഥം. പ. വാരം.

'ധാരാധരാസിമേഘയോഃ'

(മേദിനി)

ധാരാങ്കുരം-ഫ. ആലിപ്പഴം, കരകം. പ. ചാറൽമഴ.

ധാരായന്ത്രം-ജലം മുകളിൽ കൊണ്ടുവന്നു കീഴ്പ്പോട്ടു ചൊരിയിക്കുന്ന യന്ത്രം.

ധാരാവാഹി-രീതികളിൽ ഒന്ന്.

നിരന്തരമായ ധാടിയോടു കൂടെ ശംഖപ്രവാഹം പോലെ സ്ഥൂലസ്ഥൂലമായമനസ്സോടി പറയുന്ന വാഗ്ധോരണിയത്രേ ധാരാവാഹി. വാസനയുള്ളവന്റെ വാക്ക ധാരാവാഹിയായിരിക്കും. ഇതിനു വിപരീതം - ക്ലിഷ്ടം. (സാഹിത്യസാഹ്യം.)

ധാരാസമ്പാതം-പെരുമഴ, ധാരമുറിയാതെയുള്ള മഴ. ജലധാരകളും ഒരുമിച്ചു കൂടി ഇടയില്ലാതെ വീഴുക എന്നർത്ഥം. മറ്റൊരു പര്യായം-ആസാരം.

ധാരാള-വി. വെള്ളത്തോടുകൂടിയിരിക്കുന്ന

ധാരാളം- ലോഭം കൂടാതെയുള്ളത്, ഒരു ഓഹ്യം.

'ധാരാളമാക്കുമുലവാംതണലത്തുറക്കം'

(അഭിജ്ഞാനശാകുന്തളം)

ധാരാളം വെക്കുന്നു- മടികൂടാതെ മുതൽ ചെലവിടുന്നു.

ധാരി-ഉകമരം.

ധാരി-വി. ധരിക്കുന്ന.

ധാരിണി-അഗ്നിമിത്രന്റെ മഹിഷി.

ധാരിണി-പ്ര. ഇലവ്. ര. ഭൂമി.

ധാർത്തരാഷ്ട്രം-പ്ര കൗരവന്മാരുടെ മുഴുവൻ അയനം. ധൃതരാഷ്ട്രഭരത്തിലുള്ളത് എന്നർത്ഥം. ര. പാണ്ഡു.

ധാർമ്മപത്തനം- നല്ലമുളക്, കൊടിമുളക്.

ധാർമ്മിക-വി. ധർമ്മമുള്ള.

ധാർയ്യ-വി ധരിക്കപ്പെടുവാൻ യോഗ്യമായ 'അനഘാവക്ഷസി ധാർയ്യമായരത്നം'

(അഭിജ്ഞാനശാകുന്തളം)

ധാർഷ്ട്യക്കാരൻ-ധാർഷ്ട്യം (ധൃഷ്ടത) യുള്ളവൻ.

ധാർഷ്ട്യം-പ്ര. കാര്യം അറിവോ ബുദ്ധിയോ ഉള്ളതിനെ അധികം തോന്നിക്കുക, അറിവില്ലാത്തവൻ അറിവുണ്ടെന്നു ഭാവിക്കുക, ലജ്ജയില്ലായ്ക, വലിപ്പം ഭാവിക്കുക. ര. സാഹസം, ക്രൂരൽകൃത്യത്തെയുള്ള പ്രവൃത്തി.

'ദുർമ്മുഖ! നിന്നുടെധാർഷ്ട്യമിതല്ലാ-
മെന്നുടെനേരേകൊണ്ടുവരേണ്ടാ'

(ലങ്കാമർദ്ദനം തുള്ളൽ)

ധാവക-വി. പ്ര. ഓടുന്ന. ര. ഒലിക്കുന്ന. ന. വേഗമുള്ള. ര. കഴുകുന്ന.

ധാവകൻ-പ്ര. ഓടുന്നവൻ. ര. പൂത്തിയാക്കുന്നവൻ. ന. അലക്കുകാരൻ ര. ശ്രീഹർഷരാജാവിനുവേണ്ടി 'രത്നാവലി' എന്ന ഗ്രന്ഥം രചിച്ച ഒരു കവി.

ധാവതിചെയ്യുന്നു,ധാവതിവയ്ക്കുന്നു -പോകുന്നു, ഓടുന. [ധൃ'

'ധാവതിപ്പിച്ചുമങ്ങോടിങ്ങോട്ടുംപലവി

(ഭാഗവതം)

'എന്തുഭോഷ്കമിതെന്നുഗോപികാ-
ഭ്രന്തികത്തിൽവരുംവിധൗ
ഹന്തചാടിനടന്നുധാവതിവയ്ക്കുന്നു'

(ഭാഗവതംഇരുപത്തൊന്നാമ്പുവൃത്തം)

ധാവനം-പ്ര. ഓട്ടം. ര. ശുദ്ധിവരുത്തുക ന. കഴുകിനന്നാക്കുക.

ധാവനി-പ്ര. ഒരു ചെടി, മുച്ചില. വ്യാപിക്കുന്നത് എന്നർത്ഥം. ശുദ്ധിയെ ചെയ്യുന്നത് എന്നുമാവാം. ര. ഓരില ന. പെരുമല്ലി. ര. കണ്ടകാരിച്ചുണ്ട, കിലുകിലുപ്പ്.

ധാവനിക-ഒരു ചെടി, ചെറുവഴുതിന.

ധാവല്യ-വെളുപ്പ്.

ധാവിത-വി. ശുദ്ധീകരിക്കപ്പെട്ട.

ധി

ധിക്-അ. നിന്ദിക്കുക, കഷ്ടം, അപകീർത്തിശബ്ദങ്ങളെഉരുക്കാണ്ടു മെയുണ്ടാക്കുക.

ധിക്കുധിക്ക്-അ. കഷ്ടം കഷ്ടം.

ധിക്കരിക്കുന്നു-നിന്ദിക്കുന്നു.

ധിക്കാരം-നിന്ദ.

ധിക്കാരി-നിന്ദകാട്ടുന്നവൻ

ധിക്കൃത-വി നിന്ദിക്കപ്പെട്ട.

ധിക്കൃതൻ ധിക്കരിക്കപ്പെട്ടവൻ. ധിക് എന്നു പറഞ്ഞു നിന്ദിക്കപ്പെട്ടവൻ എന്നർത്ഥം. (ധിക്കരിക്ക=നിന്ദിക്ക) മറെറാരു പയ്യായം-അപഭ്രാന്തൻ.

ധിക്കൃതി-നിന്ദ.

ധിഷണ-പ. ബുദ്ധി. അർത്ഥംധരിക്കുന്നതിനുള്ളതു്, ജനങ്ങളെ പ്രാഗൽഭ്യമാരാക്കിത്തീർക്കുന്നതു് ഇങ്ങിനെ അർത്ഥം. ഉ. ഭൂമി.

ധിഷണൻ-പ. വ്യാഴം, ബൃഹസ്പതി. ഉ. പ്രാഗൽഭൻ, പ്രശസ്തമായ ബുദ്ധിയുള്ളവൻ.

'അയിപട്ട ധിഷണം നിന്നാശയം
[തെവലാരനെ'
(അഭിജ്ഞാനശാകുന്തളം)

ധിഷണം-ഭവനം.

ധിഷ്ണ്യൻ-അസുരഗുരുവായ ശുക്രൻ.

ധിഷ്ണ്യം-പ. ഭവനം. ഉ. സ്ഥാനം. ന. അഗ്നി പ്രസിദ്ധപ്പെട്ടതെന്നർത്ഥം. ഭ. നക്ഷത്രം. ഇ. ശക്തി.

ധീ

ധീ-ബുദ്ധി. ധ്യാനിക്കുന്നതിനുള്ളതെന്നർത്ഥം. ധ്യാനിക്കുന്നു് എന്നർത്ഥം (ധ്യൈ ചിന്തായാം).

ധീഗുണങ്ങൾ-ബുദ്ധിഗുണങ്ങൾ.

'ശുശ്രൂഷാ ശ്രവണംചൈവ
ഗ്രഹണം ധാരണംതഥാ
ഊഹാപോഹോർത്തവിജ്ഞാനം
തത്ത്വജ്ഞാനഞ്ച ധീ ഗുണാഃ'

ധീന്ദ്രിയം-മനസ്സ് കണ്ണ് മുതലായതു്. (ധീ=ജ്ഞാനം. ജ്ഞാനേന്ദ്രിയം)

'മനഃകർണ്ണശ്ച തഥാനേത്രം
രസനാ ചർമ്മചാസഹ
നാസികാ'ചേതി ചൈതാനി
ധീന്ദ്രിയാണി പ്രചക്ഷതേ'

മനസ്സ്, ചെവി, കണ്ണ്, രസന, ത്വക്, നാസിക ഇവ ആറും ജ്ഞാനേന്ദ്രിയങ്ങളാം. കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും അയ്യഞ്ചാകണമെന്നും കാണുന്നുണ്ട്. അവിടെ മനസ്സിനെ ഇന്ദ്രിയങ്ങളുടെ കൂട്ടത്തിൽ ഗണിക്കുന്നില്ല. ഇതു സംബന്ധിച്ചു യോഗശാസ്ത്രാദികളിൽ നിന്നും കൂടുതൽ വിവരം ഗ്രഹിക്കാം.

ധീമൽ-വി ബുദ്ധിയുള്ള.

ധീമതി-ബുദ്ധിയുള്ളവൾ, ബുദ്ധിമതി; അലൌകികങ്ങളായ വസ്തുക്കളിൽ കൂടി അറിവുള്ളവൾ.

ധീമാൻ-വിദ്വാൻ. ബുദ്ധിയുള്ളവനെന്നർത്ഥം

ധീര-വി മനസ്സിനുറപ്പുള്ള, ബുദ്ധിയുള്ള.

ധീരൻ-ധൈര്യമുള്ളവൻ. ഉ. വിദ്വാൻ. ബുദ്ധിയെ ദാനംചെയ്യുന്നവനെന്നർത്ഥം. എല്ലുക്കായ്ത്തിലും മനസ്സിനുത്തി പ്രവർത്തിക്കുന്നവനെന്നുമാവാം.

ധീരപ്രസന്നൻ-നാടകത്തിലേ ഒരു നായകൻ.

ധീരം-പ. കനമം. ശൌര്യത്തെ ധരിക്കുന്നതെന്നർത്ഥം. ഉ. ഇടവകം. ന. കടൽ.

ധീരപ്രശാന്തൻ-നാടകത്തിലേ നാലുവിധം നായകന്മാരിൽ ഒരുവൻ.

'സംമാന്യഗുണൈർയ്യുക്തോ
മഹിജാദികോധീരശാന്തഃസ്യാൽ'
(സാഹിത്യപ്പണം)

ഉ-ം മാലതീമാധവത്തിലേ മാധവൻ മുതലായവർ.

ധീരലളിതൻ-നാടകത്തിലേ നാലുവിധം നായകന്മാരിൽ ഒരുവൻ.

'നിശ്ചിന്തോമൃദുരനിശം
കലാപരോധീരലളിതഃ സ്യാൽ'
(സാഹിത്യദർപ്പണം)

ഉ-ം, രത്നാവലിയിലെ വത്സരാജൻ മുതലായവർ.

ധീരസ്സന്ദം-പോത്തു്

ധീരാ-പ്ര. ചിറകുള്ളു്. ക. കുകോളി. ന. വലിയ വാലുഴവം ശ. ഇരിവുരിമരം.

ധീരോദാത്ത-വി. ധൈര്യം ഉന്മേഷം മുതലായ സൽഗുണങ്ങളും തികഞ്ഞിട്ടുള്ള, നായകഗുണത്തോടുകൂടിയ.

ധീരോദത്തൻ-നാടകത്തിലേ നാലുവിധം നായകന്മാരിൽ ഒരുവൻ.

'അവികത്ഥനക്ഷമാവ-
നതിഗംഭീരോമഹാസത്വഃ
സ്ഥിരനിഗൂഢമാനോ
ധീരോദാത്തോ ദൃഢവ്രതഃ കഥിതഃ'
(സാഹിത്യദർപ്പണം)

ഉ-ം രാമൻ യുധിഷ്ഠിരൻ മുതലായവർ.

ധീരോദ്ധതൻ—നാടകത്തിലേ നാലുവിധം നായകന്മാരിൽ ഒരുവൻ.

'മായാപരഃ പ്രചണ്ഡ-
ശ്ചപലോഹംകാരദർപ്പിതയിഷ്ണുഃ
ആത്മശ്ലാഘാനിരതോ
ധീരോദ്ധതോനരോത്തമഃ കഥിതഃ'
(സാഹിത്യദർപ്പണം)

ഉ-ം ഭീമസേനൻ മുതലായവർ.

ധീവരകൻ-മുക്കുവൻ.

ധീവരൻ-പ്ര. മുക്കുവൻ. മത്സ്യത്തെ പിടിക്കുന്നവനെന്നർത്ഥം. ക. ബുദ്ധിമാൻ

കൌശലംകൊണ്ടു മത്സ്യത്തെ പിടിക്കുന്നവനാകയാൽ ബുദ്ധികൊണ്ടു ശ്രേഷ്ഠൻ എന്ന അർത്ഥവും വന്നു.

ധീവാ-കുന്നൻ.

ധീശക്തി—ബുദ്ധിശക്തി, ബുദ്ധിസാമർത്ഥ്യം.

ധീസഖൻ-മന്ത്രി.

ധീസചിവൻ-പ്രധാന മന്ത്രി. ബുദ്ധികൊണ്ടു സഹായിക്കുന്നവനെന്നർത്ഥം. ബുദ്ധിയുള്ള മന്ത്രി എന്നുമാവാം.

ധു

ധുത-വി ഉപേക്ഷിക്കപ്പെട്ട ക. കുറഞ്ഞതും ഇളക്കപ്പെട്ട

ധുത്തൂര-ഉമ്മത്തു്.

ധുനി-നദി, പുഴ. സന്തോഷിപ്പിക്കുന്നതു് എന്നർത്ഥം. [ചൂഡം'

'അമൃതകരകരോടീസചല്പുനീഖലാ
(മണ്ണുനീലീസന്ദേശം)

ധുന്ധു-ഒരസുരൻ.

ഇയാൾ മണലിൽ ഒളിച്ചിരുന്നു. കുവലയാശ്വരാജാവു തന്റെ 21000 മക്കളും കൂടി ചെന്നു് അയാളെ കുഴിച്ചെടുപ്പാൻ നന്നേ ശ്രമിച്ചു മൂന്നുപേരൊഴിച്ചു ശേഷം എല്ലാവരും ഇതുമൂലം ദഹിച്ചു പല്ലു വിധവും ഒടുവിൽ കുവലയാശ്വൻ അയാളെ പുറത്താക്കി വധിച്ചു]

ധുന്ധുമാരൻ-കുവലയാശ്വരാജാവു്.

ധുന്ധുമാരം-പ്ര. ഒരുവക പുഴു (കൃമി), ഇന്ദ്രഗോപം ക. ഗുഹത്തിലുള്ള പുക.

ധുരന്ധരൻ-ഭാരത്തെ വഹിക്കുന്ന കാള. ഉപചാരാൽ മറ്റു ഭാരവാഹികൾക്കും പറയാം.

ധുരന്ധര-വി. ഭാരത്തെ വഹിക്കുന്ന, ഭാരം കയ്യേറ്റു തനിച്ചു ചെയ്യുന്ന.

ധുരന്ധരം-നെല്ല.

ധുര-പ്ര. ഭാരം, ചുമട്ടു്. ക. വിചാരം. ന. രഥത്തിന്റെ മുൻ തണ്ടു്.

ധുരാ-ചുമട്ടു്.

ധുരീണ-വി. ഭാരത്തെ വഹിക്കുന്ന

ധുരീണൻ-ഭാരത്തെ വഹിക്കുന്ന കാള, പൊതിക്കാള. (ഉപചാരത്താൽ മറ്റു ഭാര വാഹികൾക്കും പറയാം.)

ധുരീയം-കാള.

ധുർത്തൂരാ-ഉമ്മത്ത്.

ധുദ്ധൂരം-ഉമ്മത്ത്.

ധൂയ്യ-വി. ഭാരത്തെ വഹിക്കുന്ന.

ധുയ്യൻ-ഭാരത്തെ വഹിക്കുന്ന കാള, പൊതിക്കാള. (ഉപചാരത്താൽ മറ്റു ഭാര വാഹികൾക്കും പറയാം) കനത്ത എന്ന അർത്ഥവും കാണുന്നു.

'അഥയന്തരമാദിശ്യ
ധുയ്യാൻവിത്രാമയേതിസഃ'

(രഘുവംശം)

ഇവിടെ ധുയ്യാൻ എന്നതിനു കനത്ത കാള എന്നർത്ഥം.

ധുര്യ-പ. കാള. ഉ. ഇടവകം.

ധുർവ്വഹ-വി. ഭാരത്തെ വഹിക്കുന്ന.

ധുർവ്വഹൻ-ഭാരം വഹിക്കുന്നവൻ, പൊതിക്കാള.

ധൂവനം-അഗ്നി.

ധൂവിത്ര-വിശറി, ആലവട്ടം. (ധവിത്രത്തിന്റെ പാഠം)

ധുസ്തൂരം-ഉമ്മത്ത്.

ധുസ്തൂരാ-ഉമ്മത്ത്.

ധൂ

ധൂകം-പ. വായു. ഉ. വഞ്ചകൻ.

ധൂത-വി. പ. ഇളക്കപ്പെട്ട. ഉ. നിന്ദിക്കപ്പെട്ട, ഉപേക്ഷിക്കപ്പെട്ട.

ധൂനന-ഇളക്കം, ഇളക്കുക.

ധൂനികം-ചെമ്പല്യം.

ധൂപക്കാൽ-ധൂപക്കറി.

ധൂപക്കറി-ധൂപിക്കുന്നതിനുള്ള പാത്രം.

ധൂപനം-കുന്തുരുക്കം.

ധൂപഭൃദ്രുമം-ഗ്രന്ഥപ്പു.

ധൂപം-പ. സുഗന്ധദ്രവ്യങ്ങളിട്ട പുകയ്ക്കുക. ഉ. ധൂമം, പുക.

ധൂപവസ്ത്രം-ധൂപിപ്പാനുള്ള വസ്ത്രക്കഷ്ണം.

ധൂപവൃക്ഷം-ചന്ദനം.

ധൂപാംഗം-തിരുവട്ടപ്പശ.

ധൂപായിത-വി. പുട്ട പിടിപ്പിക്കപ്പെട്ട, സന്തപിപ്പിക്കപ്പെട്ട, ഉണ്ണിച്ച.

ധൂപാരാധന-ധൂപംകൊണ്ടു പൂജിക്കുക.

ധൂപിക്കുന്നു-പുകയ്ക്കുന്നു.

ധൂപിത-വി. ധൂപിക്കപ്പെട്ട. പുട്ടപിടിപ്പിക്കപ്പെട്ട, സന്തപിപ്പിക്കപ്പെട്ട, ഉണ്ണിച്ച.

ധൂമകേതു-പ. ദുർന്നിമിത്തസൂചകമായ വാൽനക്ഷത്രം. ഉ. അഗ്നി. ൨, അഗ്നിയാലുണ്ടാക്കപ്പെട്ട ഉപദ്രവം. (അപത്ത്) ൪ ഗ്രഹണസന്ദർഭത്തിൽ അഗ്നിമണ്ഡലത്തിൽ നിന്നുണ്ടാകുന്ന ഉൽപാതസൂചകമായ തേജസ്സ്. പര്യായങ്ങൾ-അഗ്ന്യുൽപാതം, ഉപഗ്രഹിതം, ധൂമമാകുന്ന ചിഹ്നത്താടുകൂടിയതു എന്നർത്ഥം.

ചില ശോളങ്ങൾ സൂര്യന്റെ പുറം വൃത്തത്തിൽ പുറത്തുവയും, ചിലതു അണ്ഡാകൃതിയിൽ സഞ്ചരിക്കുന്നവയും മറ്റുചിലതു ഇരിമ്പുകുടിലിന്റെ ആകൃതിയിൽ സഞ്ചരിക്കുന്നവയും ആയിട്ടുണ്ടു്. ധൂമകേതുവർഗ്ഗം മേല്പറഞ്ഞ ആകൃതികളിലെല്ലാം ഗതിചെയ്യുന്ന വകക്കാരാണു്. ഈ ധൂമകേതുക്കളെല്ലാം സൂര്യനെ വളഞ്ഞു പുറത്തു. ഇപ്പോൾ ഏകദേശം ഇരുന്നൂറിൽ ചിലപക്ഷം ധൂമകേതുക്കളുടെ ഗമനമാർഗ്ഗങ്ങൾ കണക്കിട്ടിട്ടുണ്ടു്. ഈ ധൂമകേതുക്കൾ മണിക്കൂറിൽ മൂന്നുകോടി ഇരുപതുലക്ഷം നാഴികവരെ ഗതി വേഗത്തോടുകൂടിയവയാകുന്നു. ഒന്നുമുതൽ

എഴുപത്തഞ്ചുവരെ കൊല്ലങ്ങളെക്കൊണ്ടു സൂര്യനെ ഒരു വട്ടം ചുറ്റിമറിഞ്ഞു മറയുന്നു. ഭൂമിയുടെയും ധൂമകേതുവിന്റെയും ശമനമാർഗ്ഗങ്ങൾ ഇടയുന്ന ദിക്കിൽവച്ചു ധൂമകേതുവും ഭൂമിയും തമ്മിൽ കൂട്ടി മുട്ടുന്നതായാൽ ഭൂമി നശിച്ചു വെണ്ണീറായി എന്നേക്കുടെ വന്നേക്കാം.

ധൂമജം-പ. മുത്തങ്ങ. പ. മേഘം.

ധൂമദ്ധ്വജൻ-അഗ്നി.

ധൂമപത്രം-പുകയില.

ധൂമപത്രാ-പുകയില.

ധൂമം-പുക.

ധൂമയോനി- മേഘം. ധൂമത്തിൽനിന്നുണ്ടായതു് എന്നർത്ഥം.

ധൂമവർണ്ണൻ-ഒരു നാഗരാജാവു്.

യദുവിനെ ബലാൽ പിടിച്ചു തലസ്ഥാനത്തു കൊണ്ടുചെന്നു തന്റെ അഞ്ചു പുത്രിമാരേയും അയാളേക്കൊണ്ടു വിവാഹം ചെയ്യിച്ചു.

ധൂമള-വി. കരിച്ചെമപ്പുനിറമുള്ള.

ധൂമളം-കറുപ്പും ചെമപ്പും കൂടിയ നിറം, ധൂമ്രവർണ്ണം. പുകയുടെ നിറത്തെ അനുകരണം ചെയ്യുന്ന എന്നർത്ഥം. പുകയുടെ നിറത്തോടുതുല്യം.

ധൂമാഭ-വി. പുകയുടെ നിറംപോലെ നിറമുള്ള.

ധൂമാഭം-പുകനിറം.

ധൂമാവലി-പുകക്കൂട്ടം.

ധൂമിക-പ. ആവി. പ. മഞ്ഞു്, മൂടൽമഞ്ഞു്. ന. പുക.

ധൂമ്രയമന്നാ-യമന്റെ ഭാര്യ.

ധൂമ്രാ-പുകക്കൂട്ടം.

ധൂമ്രാടം-ചെറുകരികിൽപക്ഷി, കൂടുമച്ചാത്തൻ. പുകപോലെ സഞ്ചരിക്കുന്നതു് എന്നർത്ഥം.

ധൂമ്ര-വി ധൂമ്രവർണ്ണമുള്ള.

ധൂമ്ര(കം)-ഒട്ടകം.

ധൂമ്രൻ-ശിവൻ.

ധൂമ്രം-പ. കറുപ്പും ചെമപ്പും കൂടിയനിറം. പുകയുടെ നിറത്തെ അനുകരണം ചെയ്യുന്നതു് എന്നർത്ഥം പുകയുടെ നിറത്തോടു സദൃശം. ര. അറബിക്കുന്തുരുക്കം. ന. പാപം. ര. ദൌഷ്ട്യം.

ധൂമ്രവർണ്ണ-വി. കറുപ്പും ചെമപ്പും കൂടിയ നിറമുള്ള.

ധൂമ്രവർണ്ണം-കറുപ്പും ചെമപ്പും കൂടിയ നിറം. പര്യായങ്ങൾ-ധൂമ്രം, ധൂമളം, കൃഷ്ണലോഹിതം.

ധൂമ്രശുകം-ഒട്ടകം.

ധൂമ്രാ-ദുർഗ്ഗാ.

ധൂർ-ചുമടു്.

ധൂർജ്ജടി-ശിവൻ. ചുമടായ ജടയുള്ളവൻ, വളരെ വലിപ്പമുള്ള ജടയുള്ളവൻ എന്നർത്ഥം.

ധൂർത്ത-വി, ചതിവുള്ള.

ധൂർത്തകൻ-പ. കൂർക്കൻ. പ. കള്ളൻ.

ധൂർത്തനർത്തകം - ശൈവസന്ന്യാസികളെ പരിഹസിച്ചു സാമരാജദീക്ഷിതർ ഉണ്ടാക്കിയ ഒരു നാടകം.

ധൂർത്തൻ-പ. ചതിയൻ. പ. ചൂതുകളിക്കുന്നവൻ. ഹിംസിക്കുന്നവൻ, മുതൽ നശിപ്പിക്കുന്നവൻ എന്നർത്ഥം. ന. കള്ളൻ. ര. താന്തോന്നി.

ധൂർത്തം- പ. ചൂത്തു്. ഹിംസിക്കുന്നതു് എന്നർത്ഥം പ. വിളയുപ്പു്. ന. ഇരിമ്പിൻകിട്ടം, ര. അടവിക്കുറ്റിച്ചോലം. ഇ. ഗുല്ലു.

ധൂർത്തത-ചതിവു്, താന്തോന്നിത്തം

ധൂർത്തസമാഗമം-ഒരു നാടകം.

ഹാസ്യരസപ്രധാനമാണു്. വിശേഷഗുണമൊന്നുമില്ല. കർത്താവു് ജ്യോതിരീശ്വരനാകുന്നു.

ധൂർവ്വഹ-വി. ചുമടിനെ വഹിക്കുന്ന.

ധൂർവ്വഹൻ-ഭാരത്തെ വഹിക്കുന്ന കാള. (ഉപചാരത്താൽ മറ്റു ഭാരവാഹികൾക്കും പറയാം)

ധൂലകം-വിഷം.

ധൂലികാ-മഞ്ഞുകട്ടി.

ധൂലിജംഘം-കാക്ക.

ധൂസര-വി. ക. ഒട്ടവെളുത്തനിറമുള്ള, മഞ്ഞകലർന്നനിറത്തോടുകൂടിയ. ഖ. പൂഴിപോലെ നിറമുള്ള. ഗ. കാന്തിയോടുകൂടിയ.

'മമത്തുംവൃഥാചീരജോധൂസരസുരഭിലമോരന്തരാളം'

(ഉത്തരരാമായണം ചമ്പു)

'പാംസുക്കളെറിട്ടുധൂസരമായുള്ള'

(കൃഷ്ണഗാഥ)

ധൂസരാ-ക. കഴുത. ഖ. ഒട്ടകം. ഗ. പ്രാവ്. ഘ. കുട്ടകരിക്കിൽ.

ധൂസരം- ഒട്ടവെളുത്തനിറം, ചാരനിറം. മഞ്ഞകലർന്നതോടുകൂടിയവെളുപ്പ് (അല്പമായ വെളുപ്പ്), അല്പം മഞ്ഞകൂടിച്ചേർന്ന വെളുപ്പ്. ചിത്തത്തെ ഇളക്കുന്നത് എന്നർത്ഥം, കാന്തിയെ കൊടുക്കുന്നത് എന്നുമാവാം.

ഈ നിറം ബകപുഷ്പത്തിന്റെ നിറത്തോടു തുല്യമാണെന്നു കൂടി പറയുന്നു. ധൂസരസ്സുസിതഃ പീതലേശവാൻ ബകപുഷ്പവിഭ എന്ന ശബ്ദാർണ്ണവം.

ധൂസരി-കിന്നരസ്ത്രീ.

ധൂസരിത-വി ധൂസരമാക്കപ്പെട്ട, മലിനമാക്കപ്പെട്ട.

ധൂസ്തൂരം-ഉമ്മത്ത്.

ധൂർ-പൊടി, ധൂളി. നേരിയപൊടി.

ധൂളി-ക. പൊടി. നേരിയപൊടി. ഇളക്കിത്തീർക്കുന്നത് എന്നർത്ഥം.

'തുരഗഖുരപുടത്താഡ്യമാനം ധൂളിജാലം'

(അഭിജ്ഞാനശാകുന്തളം)

ഘ. വ്യഭിചാരമുള്ള സ്ത്രീ.

'അഹോകഷ്ടമിന്നുധൂളി
നമ്മുടെ നാട്ടിലും വന്നു'

(നാളായണീചരിതം തുള്ളൽ)

ങ. കാന്തിയെ കൊടുക്കുന്ന. ച. ഒരു മന്ത്രി പട്ടണം ഭരിക്കുവാനുള്ള പഞ്ചി. ഛ. ഒരു വലിയ സംഖ്യ.

'ലക്ഷകോട്യർബുദധൂളീപരാർദ്ധവും'

(കല്യാണസൗഗന്ധികം തുള്ളൽ)

ധൂളിക-മഞ്ഞു്.

ധൂളികുട്ടിമം-വാടം.

ധൂളിക്കുന്നു-ക. പറപ്പിക്കുന്നു. ഖ. പൊടിക്കുന്നു. ങ. തൂവുന്നു ച. തുള്ളിയായി വീഴ്ത്തുന്നു.

ധൂളിത്വം-വ്യഭിചാരസ്വഭാവം.

ധൂളിപ്പിക്കുക-പറപ്പിക്കുക (പാറ്റിക്കുക)

ധൂളിപ്പെണ്ണു്-വ്യഭിചാരംചെയ്യുന്നസ്ത്രീ.

ധൂളിമാനം-പൊടി.

ധൂളിമെത്ത-അധികം മാർദ്ദവമുള്ള മെത്ത

ധൂളിയാക്കുന്നു-പൊടിയാക്കുന്നു.

ധൂളുന്നു പറപ്പിക്കുന്നു.

ധൃ

ധൃത-വി. ക. ധരിക്കപ്പെട്ട ഖ. പിടിക്കപ്പെട്ട. ങ അറിയപ്പെട്ട.

ധൃതഗതി അവിവേകമായ രീതി, ആലോചിക്കുവാനിടയാക്കാതെയുള്ള പോക്ക്, കുരുക്ക്.

ധൃതഗതിക്കാരൻ-ധൃതഗതിയുള്ളവൻ.

ധൃതദീധിതി-അഗ്നി

ധൃതദോഷൻ-ദോഷത്തെ കൊടുക്കുന്നവൻ

'വിധിതാനെന്നിൽ ധൃതദോഷനായ'

(അമരുകശതകം)

ധൃതരാഷ്ട്രൻ-പ. ചന്ദ്രവംശത്തിൽ ജനിച്ച കുരുടനായ ഒരു രാജാവു്.

'കൃഷ്ണദ്വൈപായനനാം മാമുനി വേദവ്യാസൻ വിഷ്ണുതാൻ തന്നെനന്നു ചിന്നഭിവ്യക്തി*സേജേരൻ മുമ്പിൽ വേട്ടോരമ്പികാ ഗൃഹന്തന്നിൽ ആദരവോടുചെന്നാനാകുന്തവേഷത്തോടു* വേഷഭേദവൈരൂപ്യമൊന്നു ഗന്ധവും സഹിയാഞ്ഞു യോക്ഷമാർ മണിയാകുമംബികയ്ക്കുന്നേരം*കണ്ണുകൾ മ്മിപ്പുണ്ടാളുകാരണമായിക്കണ്ണുകുടാതെ പിറന്നീടിനാൻ കുമാരനാം'. (ഭാരതം)

വിചിത്രവീര്യന്റെ ഭാര്യയായ അംബികയിൽ വ്യാസനുണ്ടായവൻ. പാണ്ഡുവിന്റെ സഹോദരൻ. ഗാന്ധാരിയുടെ ഭർത്താവു്. ഗാന്ധാരിയിൽ ധൃതരാഷ്ട്രനു ദുര്യോധനൻ മുതലായി നൂറു പുത്രന്മാരും, ദുശ്ശള എന്ന ഒരു പുത്രിയുമുണ്ടായി. ധൃതരാഷ്ട്രർ കുരുടനും പാണ്ഡു പാണ്ഡുനിറത്തോടുകൂടിയവനും ആയിരുന്നു പാണ്ഡു ഭാര്യമാരൊന്നിച്ചു വനത്തിൽ പോയി. ധൃതരാഷ്ട്രർ രാജ്യം ഭരിച്ചു ധൃതരാഷ്ട്രരുടെ പുത്രരായ കൌരവരും പാണ്ഡുവിന്റെ പുത്രരായ പാണ്ഡവരും ക്രമേണയിരുന്ന മഹാഭാരതയുദ്ധം നടത്തിയതു. പാണ്ഡവർ വിജയം പ്രാപിച്ചു ധൃതരാഷ്ട്രർ ഭാര്യയുന്നിച്ചു കാട്ടുതീയിൽ നശിച്ചു

ധൃതരാഷ്ട്രൻ-കവരുന്ന കൊടുക്കുന്ന ശക്തിയുള്ള ഒരു മഹാസർപ്പം. പ. പാത്ത.

തനയനും* അച്ഛനൻ തനിക്കു നൽകീട്ടു
വനെന്നാരു പെണ്ണും ഇജ്ജനത്തിനു ലഭി
ച്ചീടുവാൻ തക്കതൊരു* യജ്ഞം ചെയ്യേ
ണമെന്നുമാമുനിമാരെന്നോക്കി വിജ്ഞാ
നമുള്ളുപൻ പറഞ്ഞൊരനന്തരം* യാ
ഗവും തുടങ്ങിനാരഗ്നിമറിഞ്ഞവരാഗ
മിച്ചിതു വിണ്ണോരാഹുതിമുഖമിപ്പാനായ്*
കുണ്ഡത്തിൽനിന്നുനേരേ പൊങ്ങിനാ
നൊരുപുമാൻ ചണ്ഡരോഷവിനു നേരാ
കിയ കാന്തിയോടും* ഖഡ്ഗശരാപേക്ഷു
കിരീടാദിവമ്മങ്ങളോടു മുൽഗമിച്ചതു
കണ്ടു തെളിഞ്ഞാരെല്ലാവരും രണ്ടാമതൊ
രുപെണ്ണുണ്ടായിരുവരുംകണ്ടാൽ തണ്ടാർ
മാനിനിയെന്നുകൊണ്ടാടിപ്പറഞ്ഞീടാം*
പിന്നെയുമാണാ പെണ്ണുമല്ലാതെയെന്നു
ണ്ടായി മുന്നമപ്പുരുഷനിൽ ജ്യേഷ്ഠയുണ്ടാ
യപോലെ* ധൃഷ്ടദ്യുമ്നനും നല്ല കൃഷ്ണയും
ശിഖണ്ഡിയും പുഷ്ടകൌതുകത്തോടും വ
ന്നുതുടങ്ങിനാർ'.

(ഭാരതം)

ധൃഷ്ടൻ-പ. ധൈര്യമുള്ളവൻ. ക. ലജ്ജ
യില്ലാത്തവൻ. ന. വിശ്വാസമില്ലാത്ത
ത്തരവു്. പ്രഗൽഭൻ എന്നർത്ഥം. നവ
രസങ്ങളിൽ സ്വാത്മനാ പ്രാധാന്യം വ
ഹിക്കുന്ന ശൃംഗാരത്തിനു വിഷയീ
ഭൂതനായ നായകന്മാരിൽ
ഒരാൾ.

ധൃഷ്ടാ-പ. ധൈര്യമുള്ളവൾ. ക. വിശ്വാ
സമില്ലാത്ത ഭാര്യ.

ധൃഷ്ണുക-ലജ്ജയില്ലാത്തവൻ.

ധൃഷ്ണു-രശ്മി, പ്രഭ.

ധൃഷ്ണു-വി. ധൈര്യമുള്ള, ലജ്ജയില്ലാത്ത

ധേ

ധേനം-കടൽ.

ധേനാ-നദി.

ധേനി-പ. കൊത്തമ്പാലരി. ക. നദി.

ധേനു-പ. പശു. ക. കറക്കുന്ന പശു. അ
ടുത്ത കാലത്തു പ്രസവിച്ച പശു. മുലം
കുടിക്കുന്നവൾ എന്നർത്ഥം. മരുന്നായ
പയ്യായം-നവസൂതികാ.

ധേനുക-പ. പിടിയാന. ധേനുതുല്യ എ
ന്നർത്ഥം. ക. കറക്കുന്ന പശു, പശു
ന. ചുരിക. ര. സമ്മാനം.

ധേനുകൻ-ഒരു അസുരൻ. (ബലരാമ
നാൽ വധിക്കപ്പെട്ടു).

[ബാലരായ രാമകൃഷ്ണന്മാർ കുട്ടരാ
ന്നിച്ചു ധേനുകന്റെ താലവനത്തിൽ ക
രിമ്പനനിറഞ്ഞ കാവിൽനിന്നു പഴങ്ങൾ
പറിക്കുവ അവൻ ഒരു കഴുതയുടെ രൂ
പത്തിയിൽ വന്നു ബലരാമനെ ചവിട്ടുന്ന
തിനു തുടങ്ങിച്ചു. ഉടൻ അദ്ദേഹം കാ
ലിനു പിടിച്ചുകുടി ചുഴറ്റി എറിഞ്ഞു. മൃ
തനായി അവൻ ഒരു പനയുടെ മുകളിൽ
പതിച്ചു. അവന്റെ സഹായികളെയും
ബലരാമൻ അപ്രകാരം തന്നെ ചെയ്തു.

ധേനുകസൂദനൻ-ബലരാമൻ.

ധേനുജിഹ്വാ-കൊഴുപ്പ.

ധേനുമൽ-വി. പശുവുള്ള.

ധേനുഷ്യ-കെട്ടിനിൽക്കുന്ന പശു, കറ
വിലയ്ക്കു കൊടുത്ത പശു.

കടം തീരുന്നതുവരെ കുറെന്നടക്കുവാ
നുള്ള അനുവാദത്തോടുകൂടെ ഉത്തമർണ്ണ
ന്റെ ഗൃഹത്തിൽ നിവർത്തിയ പശു.

ധേയ-വി. പ വഹിക്കുന്ന, ഏല്പിക്കുന്ന.
ക. വഹിക്കത്തക്ക. ന. വളർത്തുക്ക.

ധൈനുകാ-പശുവിനെ സംബന്ധിച്ച

ധൈനുകാ-പശുക്കൂട്ടം.

ധൈര്യപ്പെടുത്തുന്ന ഉപ്പു വരുത്തുന്ന

ധൈര്യം-പ ധീരത, ഉറപ്പു്. ക. നായി
കാനായകന്മാരുടെ പതിവു അലങ്കാരങ്ങളിൽ
ഒന്നു്, ആത്മപ്രശംസകൂടാതേയും ഒരു

പ്രകാരത്തിലും ഇളകാതെയുമുള്ള മനോവൃത്തിയത്രേ ധൈര്യം. ശീലഗുണാദികളെ ലംഘിക്കാതിരിക്കുക (വിചാരം നോക്കുക)

ധൈര്യവൽ-വി. ധീരതയുള്ള.

ധൈര്യവതി-ധീരതയുള്ളവൾ.

ധൈര്യവാൻ-ധീരതയുള്ളവൻ.

ധൈര്യശാലി-ധൈര്യമുള്ളവൻ.

ധൈര്യശാലിനി-ധൈര്യമുള്ളവൾ

ധൈവതം-ആറാമത്തെ സ്വരം, വീണയുടെ കമ്പികളിൽ നിന്നും കണ്ണത്തിൽ നിന്നും പുറപ്പെടുന്ന സപ്തസ്വരങ്ങളിൽ ഒന്ന്. നാഭ്യാദിസ്ഥാനങ്ങളിൽ നില്ക്കുന്നതു എന്നർത്ഥം. ധീമന്മാരാൽ-ബുദ്ധിമന്മാരാൽ-ഗാനം ചെയ്യപ്പെടുന്നതു 'ധൈവതം'. ആറാമത്തേതായ അജ്ഞാചക്രത്തിൽ-ഭ്രൂമദ്ധ്യത്തിൽ ധരിക്കപ്പെടുന്നതാകയാൽ 'ധൈവതം' എന്നുമാവാം.

അശ്വം ധൈവതസ്വരത്തെ അനുസരിച്ചു ശബ്ദിക്കുന്നു-അശ്വസ്യധൈവതംരൈതി.

ധൈവത്യാ-സാമർത്ഥ്യം.

ധോയ്കവിരാജൻ-ജയദേവരുടെ കാലികന്മാരായ കവികളിൽ ഒരാൾ.

ധോരണം-ഫ. വാഹനം, പരമ്പരയാ വഹിക്കപ്പെടുന്ന വാഹനം. ഭംഗിയായി ഗമിക്കുന്നതു എന്നർത്ഥം. തേരിനു കെട്ടുന്ന കാള മുതലായതു ക. കുതിരയുടെ നടപ്പിൽ കരുമാതിരി ഭേദം (യാത്രക്കാൾനട. Trot)

ധോരണി-ഫ പാരമ്പര്യന്യായം, പാരമ്പര്യം ക. പരിചയം ന. ന്ര ര. വഴി @ ആരെയും ശങ്കയ്ക്കായ്ക. ന. ഒഴുക്ക്. തടവില്ലായ്ക. ഒ. ഡംഭ്.

ധോരണിക്കാരൻ-ധോരണിയുള്ളവൻ, ആരെയും ക്ലിക്കാതെ ഡംഭുകാട്ടി നടക്കുന്നവൻ.

ധോരിതകം — അശ്വഗതിവിശേഷം. (ധൌരിതകം എന്നതിന്റെ പാഠം)

ധൌ

ധൌത-വി. കഴുകപ്പെട്ട, ശുദ്ധീകരിക്കപ്പെട്ട. നിർമ്മലമായ.

ധൌതകൌശേയം-വെള്ളപ്പട്ടു, അലക്കിയ പട്ടു്, അഴുക്കുകളഞ്ഞ പട്ടു്.

ധൌതം-വെള്ളി.

ധൌതശിലം-സ്ഫടികം.

ധൌതേയം-ഇന്തുപ്പു്.

ധൌമ്യൻ-പാണ്ഡവരുടെ കുലഗുരു.

ഉപമന്യു, ആരുണി, പാഞ്ചാലൻ, വൈദൻ എന്നവർ ഇദ്ദേഹത്തിന്റെ ശിഷ്യന്മാരാകുന്നു.

ധൌരിതകഗതി-ചാട്ടുകൊണ്ടു കുടിയ നേരത്തുള്ള (കുതിരയുടെ) നടപ്പു്.

ധൌരിതകം-കുതിരയുടെ ഒരുമാതിരി നടപ്പു്.

കീരി, കഴു, മയിൽ, പന്നി എന്നവയുടെ ഗതിപോലെ ഭംഗിയുള്ള അശ്വഗതി വിശേഷം.

ധൌരേയ-വി. ചുമടെടുക്കുന്ന, ഭാരം വഹിക്കുന്ന

ധൌരേയൻ-ഭാരത്തെ വഹിക്കുന്ന കാള, പോതിക്കാള. (ഉപചാരത്തിൽ മറ്റു ഭാരവാഹികൾക്കും പറയാം.)

ധ്മാകാരൻ-കൊല്ലൻ.

ധ്മാത-വി. ഊതപ്പെട്ട.

ധ്മാങ്ക്ഷ-ഫ. കാക്ക. ക. കൊക്കു്.

ധ്മാങ്ക്ഷപുഷ്പാ-കയിൽ

ധ്മാനം-ഊത്തു്.

ധ്മാങ്ക്ഷാരാതി-ഗൂമൻ.

ധ്യ

ധ്യാത-വി. ധ്യാനിക്കപ്പെട്ട.

ധ്യാതം-ധ്യാനം.

ധ്യാനനിഷ്ഠ-വി. വിചാരത്തിൽ നല്ല ഉറപ്പുള്ള.

ധ്യാനം-പ്ര. വിചാരം. ഉ. മനസ്സുകൊണ്ടുള്ള ആരാധനം, മനസ്സു മറെറാരിടത്തു പോകാതെ ഈശ്വരന്റെ സ്വരൂപത്തെ തന്നെ വിചാരിക്കു, നിരന്തരസ്മരണം.

ധ്യാനം-അഷ്ടാംഗയോഗങ്ങളിൽ ഒന്ന്. നാഭിചക്രം നാസാഗ്രം മുതലായ ചില സ്ഥലങ്ങളിൽ മനസ്സിനെ നിറുത്തുന്നതു ധാരണ. അങ്ങിനെയുള്ള ധാരണ നിരന്തരമായി നടന്നുകൊണ്ടിരിക്കുന്നതു ധ്യാനം.

ധ്യാനമൂകൻ-ഏകചിന്തയിൽ ഏർപ്പെട്ടിരിക്കുക നിമിത്തം ഒന്നും മിണ്ടാതെ നാക്കില്ലാത്തവനെപ്പോലെയിരിക്കുന്നവൻ

ധ്യാനശക്തി-ഓരോ സങ്കല്പങ്ങളെ മനസ്സിൽ ഉറപ്പിക്കുവാനുള്ള കഴിവു്.

ധ്യാനിക്കുന്നു-പ്ര. ഈശ്വരസ്വരൂപത്തെ മനസ്സുകൊണ്ടു കാണുന്നു. ഉ. വിചാരിക്കുന്നു.

ധ്യാനം-നാവുകൊപ്പുല്ല്. പശുക്കളാൽ ധ്യാനിക്കപ്പെടുന്നതെന്നർത്ഥം.

ധ്യായമാനം-വി. ധ്യാനിക്കുന്ന.

ധ്യേയ-വി. ധ്യാനിക്കപ്പെടേണ്ടുന്ന, വിചാരിക്കപ്പെടുവാനുള്ള

—:o:—

ധ്രു

ധ്രീചി-സഖി.

ധ്രുവ-വി. പ്ര നിത്യമായുള്ള. ഉ. ഇളക്കമില്ലാത്ത

ധ്രുവ-പ്ര. വയ്യങ്കരകൊണ്ടുള്ള ഹോമപാത്രം. ഉ ഓരില. നു. മൂവില,

ധ്രുവദീപ്തി-ധ്രുവങ്ങം സംബന്ധിച്ച ദീപ്തി.

ഭൂഗോളത്തിന്റെ ഉത്തരദക്ഷിണധ്രുവങ്ങളിലും അയൽ രാജ്യങ്ങളിലുമുള്ള വായുമണ്ഡലത്തിൽ സാധാരണ കണ്ടു വരുന്ന ഒരുമാതിരി പ്രഭാപൂരത്തിനു ധ്രുവദീപ്തി എന്നു പേർ.

ധ്രുവൻ-പ്ര. സ്വായംഭുവമനുവിനു പിറന്ന ഉത്താനപാദന്റെ പുത്രനായ ഒരു രാജാവു്.

ഉത്താനപാദനു രണ്ടു ഭാര്യമാർ. ഒരുവൾ സുനീതി. മറെറാരുവൾ സുരുചി. സുനീതിയുടെ മകനത്രേ ധ്രുവൻ. സുരുചിയുടെ മകൻ ഉത്തമൻ. ഉത്താനപാദൻ സുരുചിയിൽ വശനായി. ധ്രുവനും തന്റെ അമ്മയും സുരുചിയുടെ ക്രൂരകൃത്യങ്ങളാൽ സന്തപിച്ചു കാലയാപനം ചെയ്തുവരുമ്പോൾ നാരദമുനിയുടെ ഉപദേശപ്രകാരം ധ്രുവൻ വിഷ്ണുവിനെ ഉദ്ദേശിച്ചു തപസ്സു ചെയ്തു വിഷ്ണുപ്രീതിയെ സമ്പാദിച്ചു. വിഷ്ണു അദ്ദേഹത്തെ ധ്രുവനക്ഷത്രമായി ആകാശത്തിൽ സ്ഥാപിച്ചു. ധ്രുവനു ഉത്താനപാദി, ഗ്രഹാധാരൻ ഈ നാമങ്ങളും കാണുന്നുണ്ടു്.

ഉ. ഇളക്കമില്ലാത്തതായിട്ടു വടക്കു കാണുന്ന ഒരു നക്ഷത്രം. എന്നും സ്ഥിരമായി നില്ക്കുന്നവനെന്നർത്ഥം. മറെറാരുപേരു്-ഔത്താനപാദി.

ഉത്താനപാദൻ എന്ന രാജാവിന്റെ പുത്രനായ ധ്രുവൻ ദേവൽകൃപ ഹേതുവായിട്ടു കല്പാന്തകാലത്തിലും നാശമില്ലാത്ത വിധത്തിൽ ജ്യോതിശ്ചക്രത്തിനും മേൽഭാഗത്തു നക്ഷത്രരൂപത്തിൽ നില്ക്കുന്ന ഏന്നും പുരാണം.

നു. വിഷ്ണു. ര. ശിവൻ. ഇ. ബ്രഹ്മാവു്.

ധ്രുവങ്ങം-ഭൂഗോളത്തിന്റെ തെക്കേ അററവും വടക്കേ അററവും.

ധ്രുവം-പ. നിശ്ചയം, ഉ. കറി ഇലയും കൊയ്യും കവരവും ഇല്ലാത്ത മരം, മരക്കറി. ഇളക്കമില്ലാത്തമട്ടിൽ ഉറച്ചുനില്ക്കുന്നതെന്നർത്ഥം. ന. ഒരു താളം. ര. ദേശം. ഇ. നിത്യമായുള്ളത്. ന നക്ഷത്രവിശേഷം. ഒ. പേരാൽ. വൃ. താറാവ്. ൻ. ആകാശം. പ്രാ. സ്വർഗ്ഗം.

ധ്രുവാ-മഹത്വമുള്ള സ്ത്രീ.

ധ്രുവാ-പ. മുവില. ഉ. ഹോമപാത്രം. ന. പെരുങ്കുമ്പ.

ധ്രുവാക്ഷരൻ-വിഷ്ണു.

ധ്രുവാവൃക്ഷം-വയ്യങ്കതമരം. സ്രുവംവൃക്ഷം എന്നതിന്റെ പാഠാന്തരം.

—:o:—

ധ്വ

ധ്വജദ്രുമം-പന.

ധ്വജൻ-പ. പ്രസിദ്ധൻ, പ്രധാനി. ഉ-, കലിധ്വജൻ. ഉ. മദ്യവും മറവും ഉണ്ടാക്കി വില്ക്കുന്നവൻ.

ധ്വജപടം-കൊടി.

ധ്വജപ്രതിഷ്ഠ-കൊടിമരം നിറുത്തുക.

ധ്വജപ്രഹരണൻ-വായു.

ധ്വജം-പ. കൊടി. ഉ. കൊടിമരത്തിന്റെ മുകളിലുള്ള അടയാളം, കൊടിക്കൂറ. ശമിക്കുന്നത്-പറക്കുന്നത് എന്നർത്ഥം. ന. അടയാളം. ര. ശിശ്നം. ഇ. കരിമ്പന.

ധ്വജമണ്ഡപം-കൊടിമരത്തറ.

ധ്വജവൽ-വി. ധ്വജമുള്ള, അടയാളമുള്ള

ധ്വജവതി-ധ്വജമുള്ളവൾ, അടയാളമുള്ളവൾ.

ധ്വജവാൻ-പ. ധ്വജമുള്ളവൻ, അടയാളമുള്ളവൻ. ഉ. കൊടിക്കാരൻ.

ധ്വജി-വി. ധ്വജമുള്ള.

ധ്വജിനി-സേന. ധ്വജങ്ങൾ ഉള്ളത് എന്നർത്ഥം.

ധ്വജീ-പ. കതിര. ഉ. പായ്. ന. മയിൽ ര. പർവ്വതം ഇ. വഞ്ചി.

ധ്വജീ-പ ബ്രാഹ്മണൻ. ഉ. തെരുവിലുണ്ണുവൻ. ന. മദ്യം വില്ക്കുന്നവൻ

ധ്വനം-പ. ശബ്ദം. ഉ. ധ്വംകാരം.

ധ്വനി-പ. ശബ്ദം. ഉ. കവിതകളിലേ ഒരു അർത്ഥവിശേഷം, ന. ഉത്തമകാവ്യം

ധ്വനിക്കുന്നു-പ. ശബ്ദിക്കുന്നു. ഉ. ഒരു കാര്യം പറയുമ്പോൾ ഗൂഢവും സാരവുമായിരിക്കുന്ന വേറെ ഒരർത്ഥംകൂടി പുണ്ണുമായി തോന്നുന്നു. (സ. ക്രി. ധ്വനിപ്പിക്കുന്നു)

ധ്വനിത-വി. ശബ്ദിക്കപ്പെട്ട, ശബ്ദിച്ച.

ധ്വനിതം-പ ഒച്ചപ്പെട്ടത്തപ്പെട്ടത്. ഉ. ശബ്ദിച്ചത്.

ധ്വന്യാലോകം-ഒരു ഗ്രന്ഥം.

ൻ-ം നൂറാണ്ടിന്റെ അവസാനം കാശ്മീരരാജ്യം പരിപാലിച്ചിരുന്ന അവന്തിവർമ്മരാജാവിന്റെ സമാനകാലീനനെന്നു രാജതരംഗിണിമുഖം വിചാരിക്കപ്പെട്ടുവരുന്ന ആനന്ദവർദ്ധനാചാര്യർ ഉണ്ടാക്കിയതാണ് ഈ ഗ്രന്ഥം.

ധ്വംസനം-നാശം, മുടിവ്.

ധ്വംസിക്കുന്നു-നശിപ്പിക്കുന്നു, കൊല്ലുന്നു

ധ്വസ്ത-വി. നശിപ്പിക്കപ്പെട്ട, നശിച്ച, വീണുപോയ.

ധ്വാനം-ഇരട്ട്. ശബ്ദിപ്പിക്കുന്നത് എന്നർത്ഥം.

ഇതുണ്ടായിരുന്നാൽ ജനങ്ങൾ വഴികാണുന്നതിനിമിത്തവും സപ്പുങ്ങളുടേയും മറവും ഭീതികൊണ്ടും കൈമുഖം ഇവകൊണ്ടു ശബ്ദത്തെച്ചെയ്യുന്നതു പതിവുണ്ട്.

ധ്വാനധ്വടി-ശബ്ദാഡംബരം

ധ്വാനം-ഒച്ച, ശബ്ദം.

ധ്വാംക്ഷം-പ. കാക്ക. ഘോരമായി ശബ്ദിക്കുന്നതെന്നർത്ഥം. ഉ. നീർക്കാക്ക. ന. കൊക്ക്. ര. കയിൽ.

ധ്വാംക്ഷൻ-പ. ധിക്കാരി, ഉ. ആശാരി.
ധ്വാങ്ക്ഷവൃക്ഷം-കരിങ്ങാലി.
ധ്വാങ്ക്ഷാരാതി-ഊമൻ.

ന

ന-ഹല്ലുകളിൽ ഇരുപതാം അക്ഷരം. ഒരു ദന്ത്യം, ചില്ലുകളിൽ ഒന്ന്, ഒരു വ്യഞ്ജനം.

ന-അ. ഇല്ല, അല്ല.

നം-പ. ഗണേശൻ. ഉ. ബുദ്ധൻ.

നം-പ. മുന്ന്. ഉ. ധനം. ന. യുദ്ധം. ര. സമ്മാനം.

നക-പ. രത്നം. ഉ. ആഭരണം. (നക = ചിരിക്ക, പ്രകാശിക്ക. തമിഴ് കണ്ണാടകം മുതലായതിൽ.)

നകട്ടുന്ന-ഇളക്കിമറിക്കുന്ന. (പ-മ.)
നകരു-രൊക്കം. (അറബിഭാഷ.)
നകർ-നഗരം.
നകാരം-പ. ന എന്നുള്ള അക്ഷരം. ഉ. പെരുമ്പറ.
നകുചം-അയിനി.
നകുടം-മൂക്ക്.
നകുല-വി. കുലത്തിൽ നിന്നു തള്ളപ്പെട്ട.
നകുലൻ-പ. പാണ്ഡവന്മാരിൽ നാലാമൻ.

മാദ്രിയുടെ ഒരു പുത്രൻ. അജ്ഞാതവാസത്തിൽ 'ദാമഗ്രന്ഥി' എന്ന പേരോടുകൂടി വിരാടരാജ്ഞിയിന്റെ കുതിരകളെ പാലിച്ചുവന്നു. നകുലൻ ദ്രോണനിൽ നിന്നു അശ്വശാസ്ത്രം പഠിച്ചു. ഓയ്-കുരേണ (ചേദിരാജകുമാരി.). പുത്രൻ- നിരമിത്രൻ. അജ്ഞാതവാസത്തിൽ നകുലനു 'ജയത്സേനൻ' എന്ന പേർ കൂടിയുള്ള പ്രകാരം കാണുന്നു.

ഉ. പുത്രൻ. ന. ശിവൻ.

നകുലപ്രിയ-പേരരത്ത.
നകുലം-പ. കീരി. ഉ. കുങ്കുമം.
നകുലി-പ. ഒരു വൃക്ഷം. ഉ. പട്ടപഞ്ഞി മരം. ന. ഇലവ്. ര. മഞ്ഞി. ഉ. കീരിവള്ളി.
നകുലോഷ്ടാ-അരത്ത, ചിറ്റരത്ത. കീരി കഠിനമെന്നു ഇഷ്ടമായിട്ടുള്ളതു് എന്നർത്ഥം.
നക്കൽ-പ. നക്കുക. ഉ. അടിച്ചും ആലോചിച്ചു ചുരുക്കമായിട്ടും പിഴ തീരാത്തതായിട്ടും എഴുതിയ വാചകം. (അറബിഭാഷ.)
നക്കി-പ. തെണ്ടുന്നവൻ, ഇരപ്പാളി. ഉ. നക്കുന്നവൻ. (സ്ത്രീലിംഗം-നക്കിച്ചി.)
നക്കുന്നു-നാക്കുകൊണ്ടു നക്കി തുടച്ചുവൃത്തിയാക്കുന്നു. (കാ. ക്രി. നക്കിക്കുന്നു.) തെലുങ്കിൽ നാക് = നക്കുക.
നകുതകാല-പ. വിയർപ്പു തുടയ്ക്കുന്നതിനും മറ്റുമായി കൈയിൽ വെച്ചുകൊണ്ടിരിക്കുന്ന വസ്ത്രഖണ്ഡം (ടവൽ). ചുഴുപ്പിക്കുന്നതു്, രാത്രിയിൽ സുഖമുള്ളതു് ഇങ്ങിനെ അർത്ഥം. പകൽ കൊണ്ടുനടപ്പാൻ കൊള്ളുന്നതാണു് എന്നു താൽപര്യം. ഉ. പഴയ വസ്ത്രം.

ചകുതകം എന്നും പാഠം കാണുന്നു.

നകുതചാരൻ-ഊമൻ.
നകുതചാരം-പൂച്ച.
നകുതഞ്ചര-വി. രാത്രിയിൽ സഞ്ചരിക്കുന്ന.
നകുതഞ്ചരൻ-പ. രാക്ഷസൻ. ഉ. കള്ളൻ. ന. മൂങ്ങ. ര. ഗുഗ്ഗുലു.
നകുതഞ്ചരി-രാക്ഷസി.
നകുതന്ദിവാ-രാപ്പകൽ.

'നകുതന്ദിവംജീവിതാവധികേരംക്കിലും'
(രാമായണം)

നകുതഭോജനം-അത്താഴം.
നകുതഭോജി-വാവൽ.

നക്തം–അ. രാത്രിയിൽ. മറ്റൊരർത്ഥപദ്ധ്യം–ദോഷം.

നക്തമാലം – ഉങ്ങുമരം. രാത്രികാലത്തു ശോഭിക്കുന്നതെന്നർത്ഥം. രക്തമാലം എന്ന പാഠവും കാണുന്നു.

നക്തമുഖ–മഞ്ഞൾ.

നക്തരാ–മേത്തോന്നി.

നക്താന്ധ്യം–മാലക്കണ്ണ്.

നക്രദംഷ്ട്രികാ–തേക്കിട.

നക്രം–പ. മുതല. ഭൂമിയിൽ പാദമെടുക്കുമ്പോൾ പാദം ചെയ്യുന്നതു്. കാലുകൊണ്ടു നടക്കുന്നു അധികം ദൂരത്തേയ്ക്കു പോകാത്തതു് എന്നർത്ഥം. ൨. ചീങ്കണ്ണി. ൩. ഒരു വാദ്യം, നകാരം.

നക്രമദ്ദളം–നകാരം (ഒരുമാതിരി കൊട്ടുന്ന വാദ്യം). (അറബിഭാഷ)

നക്രാഹാരകം–മുതല.

നക്രാ–മൂക്ക്.

നക്ഷത്രദർശകൻ–ജ്യോതിഷക്കാരൻ, ഗണിതക്കാരൻ.

നക്ഷത്രനാഥൻ–ചന്ദ്രൻ.

നക്ഷത്രനേമി–ചന്ദ്രൻ.

നക്ഷത്രപതി–ചന്ദ്രൻ.

നക്ഷത്രപഥം–ആകാശം.

നക്ഷത്രപൻ–ചന്ദ്രൻ.

നക്ഷത്രപാഠകൻ–ജ്യോതിഷക്കാരൻ.

നക്ഷത്രം–പ. അശ്വതി മുതലായ ഇരുപത്തേഴു നാം ക്ഷത്രമില്ലാത്തതെന്നർത്ഥം. പര്യായങ്ങൾ–ഋക്ഷം, ഭം, താര, താരകാ, ഉഡു (നക്ഷത്രം=ഗമനശീലം, ഹിംസാശീലമല്ലാത്തതു്) തന്നെ സേവിപ്പവർക്കു ഗുണം ചെയ്യുന്നതു് എന്നതാൽപര്യം.

നക്ഷത്രങ്ങൾ ഇരുപത്തേഴുള്ളതിൽ ഒന്നുകൂടി ചേർത്തിട്ടുണ്ടു്. അതത്രേ 'അഭിജിത്തു്'.

നക്ഷത്രങ്ങളുടെ പേർ.

പ. അശ്വിനി–അശ്വതി. ൨. ഭരണി. ൩. കൃത്തിക–കാർത്തിക. ൪. രോഹിണി. ൫. മൃഗശിരസ്സു്–മകയിരം. ൬. ആർദ്ര–തിരുവാതിര. ൭. പുനർവ്വസു–പുണർതം. ൮. പുഷ്യം–പൂയം. ൯. ആശ്ലേഷം–ആയില്യം. പ൦. മഘം–മകം. പപ. പൂവം–പൂരം. പ൨. ഉത്തര–ഉത്തര. പ൩. ഹസ്തം–അത്തം. പ൪. ചിത്ര–ചിത്തിര. പ൫. സ്വാതി–ചോതി. പ൬. വിശാഖം. പ൭. അനിഷ്ടം–അനിഴം. പ൮. ജ്യേഷ്ഠ–കേട്ട. പ൯. മൂലം. ൨൦. പൂർവ്വാഷാഢം–പൂരാടം. ൨പ. ഉത്തരാഷാഢം–ഉത്രാടം. ൨൨. ശ്രവണം–തിരുവോണം. ൨൩. ധനിഷ്ഠ–ഓട്ടം. ൨൪. ശതഭിഷക്–ചതയം. ൨൫. പൂർവ്വാഭദ്രം–പൂരുട്ടാതി. ൨൬. ഉത്തരാഭദ്രം–ഉത്തരട്ടാതി. ൨൭ രേവതി. (൨൮–മതു് അഭിജിത്തു്)

നമ്പർ.	പേർ.	ആകൃതി.	എണ്ണം.
പ.	അശ്വതി	അശ്വമുഖം	൩
൨.	ഭരണി	അടുപ്പു്	൩
൩.	കാർത്തിക	കൈവട്ടക	൬
൪.	രോഹിണി	ഒറാൽ	൬
൫.	മകയിരം	തേങ്ങാക്കണ്ണു	൩
൬	തിരുവാതിര	തീക്കനൽ	പ
൭.	പുണർതം	പുഴത്തോണി	൬
൮	പൂയം	വാൽക്കണ്ണാടി	൮
൯.	ആയില്യം	അമ്മി	൪
പ൦.	മകം	നകം	൪
പപ	പൂരം	തൊട്ടിൽകാൽ	൨
പ൨.	ഉത്രം	ടി	൨
പ൩.	അത്തം	ആവനാഴി	൫
പ൪.	ചിത്തിര	ചിരവ	൬
പ൫.	ചോതി	ഒപ്പൻകെട്ട	പ
പ൬.	വിശാഖം	വക്കിടിഞ്ഞ വട്ടക്കിണ്ണം	൯

൧൭.	അനിഴം	യില്ല്	ൻ
൧൮.	കേട്ട	കന്തം	ന
൧൯.	മൂലം	കാഹളം	ര
൨൦.	പൂരാടം	മുറം	ര
൨൧.	ഉത്രാടം	മുറം	ര
൨൨.	തിരുവോണം	മുഴക്കോൽ	ന
൨൩.	അവിട്ടം	ആട്ടിൻതല	ന
൨൪.	ചതയം	വട്ടത്തിൽ	ന
൨൫.	പൂരുരുട്ടാതി	കട്ടിൽക്കാൽ	ൟ
൨൬.	ഉത്രട്ടാതി	ടി	ൟ
൨൭.	രേവതി	മിഴാവു	ന

൨൮ മുത്തു്.

നക്ഷത്രം എണ്ണിക്ക – ബുദ്ധിമുട്ടിക്ക. (ശൈലി.)

നക്ഷത്രമണ്ഡലം – ൧. നക്ഷത്രബിംബം. ൨. നക്ഷത്രമാർഗ്ഗം. ൩. നക്ഷത്രക്കൂട്ടം.

നക്ഷത്രമാല- ൧. ഇരുപത്തേഴു മുത്തുകോർത്ത മാല. നക്ഷത്രസംഖ്യമായ കണ്ണുവുള്ള മാലയെന്നർത്ഥം. ൨. നക്ഷത്രക്കൂട്ടം.

നക്ഷത്രരാജൻ-ചന്ദ്രൻ.

നക്ഷത്രവിദ്യ-ജ്യോതിഷം, ഗണിതം.

നക്ഷത്രവീഥി- നക്ഷത്രഗമനത്തിന്റെ വഴി.

നക്ഷത്രേശൻ-൧. ചന്ദ്രൻ. നക്ഷത്രങ്ങളുടെ നാഥനെന്നർത്ഥം. ൨. കർപ്പൂരം.

നക്ഷത്രേശ്വരൻ-ചന്ദ്രൻ.

നഖച്ചുറു്-നഖത്തിനു പുറമിരുന്ന ദീനം, വിരൽച്ചുറു്.

നഖം-൧. വിരലിന്റെ അറ്റത്തു നീണ്ടു നില്ക്കുന്നതു്. സൂക്ഷ്മമില്ലാത്തതു് എന്നർത്ഥം. മറു പയ്യായങ്ങൾ-പുനർഭവം (പുനർഭവം), കരജഹം, നഖരം. ൨. നാഗ്രണം. ൩. പുലിച്ചുവടി.

നഖരന്ധ്രം-നഖത്തിന്റെ വിടവു്.

നഖരം-൧. വിരലിന്റെ അറ്റത്തു നീണ്ടു നില്ക്കുന്നതു്, നഖം. ൨. നാഗ്രണം.

നഖരായുധം-൧. പുലി. ൨. വ്യാഘ്രം. ൩. സിംഹം. ൪. കോഴി. ൫. കടുവ.

നഖരീ-൧. നാഗ്രണം. ൨. പുലിച്ചുവടി.

നഖരേഖ-നഖംകൊണ്ടുണ്ടാക്കിയ വര.

നഖായുധൻ-൧. വ്യാഘ്രം. ൨. സിംഹം ൩. പൂവൻകോഴി.

നഖവ്രണം-നഖംകൊണ്ടുണ്ടായ വ്രണം.

നഖശാഖ(കി)ം-തെറ്റഞ്ഞു്.

നഖക്ഷതം- നഖംകൊണ്ടു മുറിഞ്ഞതു്, പോറൽ.

നഖാങ്കം-പുലിച്ചുവടി.

നഖാംഗം-നാഗ്രണം.

നഖാശീ-ഉഴമൻ.

നഖി-വി. നഖമുള്ള.

നഖി-൧. നഖം നീണ്ടുള്ളവർ. ൨. മരം. ൩. കടുവാ. ൪. നാഗ്രണം ൫. സിംഹം. ൬ പെരുമ്പുഴി.

നഗജം-ആന

നഗജാ-പാർവ്വതി

നഗജാനാഥൻ-ശിവൻ. (നഗം = പർവ്വതം. നഗജാ = പർവ്വതപുത്രി. നാഥൻ = ഭർത്താവു്.)

നഗണം-൧. പുണ്യശാസ്ത്രപ്രകാരം എട്ടു ഗണങ്ങളും ഉള്ളതിൽ ഒന്നു്. ൨. ഒരു നേത്രരോഗം.

നഗണം എന്ന രോഗം ഇമയ്ക്കുള്ളിൽ ഉണ്ടാകുന്നതാകുന്നു. പോളയിൽ തടിച്ചിട്ടും വേദനയില്ലാതെയും പഴുക്കാതെയും കട്ടപ്പുമായിട്ടും ഉണ്ടാകുന്ന മുഴയാണു്.

നഗൻ-സൂര്യൻ.

നഗർഭിണി-കയിൽപേടി.

നഗാ-൧. പർവ്വതം. ൨ വൃക്ഷം. ൩. സർപ്പം. ൪. ഏഴു് എന്ന അക്കം.

നഗരഘാതം-ആന.

നഗരം–പട്ടണം.

മോക്ഷപ്രദങ്ങളായ ഏഴ് നഗരങ്ങൾ–അയോദ്ധ്യാ, മഥുരാ, ഹരിദ്വാരം (മായാ), കാശി, കാഞ്ചി, അവന്തികാ, ദ്വാരകാ.

നഗരവാസി–നഗരത്തിൽ വസിക്കുന്ന (പാർക്കുന്ന).

നഗരശോധന–വല്ലതും അറിയുന്നതിനു പട്ടണത്തിൽ ശോധന കഴിക്കുക.

നഗരാവു്–പടഹം, ഒരുമാതിരി പറ.

ഇതു ഹിന്ദുസ്ഥാനി പദമാണ്–നകരാ.

നഗരി–സ്ത്രീ. പട്ടണം. പ. രാജധാനിയുള്ള നഗരം, മൂലനഗരം, തലസ്ഥാനം. ക്രീഡാർത്ഥകങ്ങളായ നഗങ്ങളും (വൃക്ഷങ്ങളും, പർവ്വതങ്ങളും) പർവ്വതസദൃശങ്ങളായ പ്രാസാദങ്ങളും ഇവയുള്ളതിനാൽ ഈ പേർ വന്നു. നഗരം എന്നുമാവാം. ന. ശരീരം. വൃക്ഷം വാസസ്ഥാനമായിട്ടുള്ളതു് എന്നർത്ഥം. ര. കാക്ക.

നഗരീകാകം–കൊക്ക്.

നഗരോത്ഥം–പെരുമുത്തങ്ങ.

നഗരൗഷധി–വയഴ.

നഗാടനം–കുരങ്ങു്.

നഗാധിപൻ, നഗാധിരാജൻ, നഗേന്ദ്രൻ–സ്ത്രീ. ഹിമാലയപർവ്വതം, പ. സുമേരു.

നഗാരി–ഇന്ദ്രൻ.

നഗാവാസം–മയിൽ

നഗൗകം–സ്ത്രീ, പക്ഷി. പ. സിംഹം. ന. ശരീരം.

നഗ്ന–വി. വസ്ത്രമില്ലാത്ത.

നഗ്നത–വസ്ത്രമില്ലായ്മ.

നഗ്നൻ–സ്ത്രീ. വസ്ത്രം ഉടുക്കാത്തവൻ, ലജ്ജിക്കുന്നവൻ എന്നർത്ഥം. മറ്റു പര്യായങ്ങൾ–അവാസസ്സു, ദിഗംബരൻ. പ. അർഹതൻ.

നഗ്നയായി നടക്കുന്നവൾ = നഗ്നികാ, കോടി (ട്ട) വി.

നഗ്നാഹ്വ–സ്ത്രീ വറുത്ത എള്ളും യവവും പൊടിച്ചു തൈർ ചേർത്തുണ്ടാക്കുന്ന മദ്യം. അനേക ദ്രവ്യങ്ങളെക്കൊണ്ടുണ്ടാക്കിയ സുരാബീജം. നഗ്നന്മാരാൽ (മദ്യപാനമദോന്മത്തന്മാരാൽ) ആഹ്വാനം ചെയ്യപ്പെടുന്നതു് എന്നർത്ഥം. പ. കള്ളുകുടിച്ചു മദിച്ചവർ നഗ്നരായി ക്രീഡിക്കുക. 'നഗ്നഹു' എന്നുമാവാം.

ഏതു ദ്രവ്യം കൊണ്ടാണോ മദ്യം ഉണ്ടാക്കുന്നതു അതത്രേ 'സുരാബീജം'.

നഗ്നികാ–സ്ത്രീ. വസ്ത്രം ഉടുക്കാത്ത സ്ത്രീ. കാണുന്നവർക്കു ലജ്ജയുണ്ടാക്കുന്നവൾ എന്നർത്ഥം. പ. പത്തു വയസ്സിനു താഴെയുള്ള സ്ത്രീ, തിരളാത്തവൾ. ലജ്ജയില്ലാത്തവൾ എന്നർത്ഥം.

നങ്കു–ഒരുവക മീൻ. (തമിഴിൽ–നൻകു = അഴകു്.)



നങ്കൂരം–കപ്പലിന്റെ ചീനി.

നങ്ങു–ഒരുവക പുല്ലു്. (നങ്കു–തമിഴിൽ ഭംഗി എന്നർത്ഥം.

നങ്ങച്ചിപ്പുല്ലു്–ഒരുമാതിരി പുല്ലു്.

നങ്ങപ്പിള്ള–കല്യാണം കഴിയാത്ത ബ്രാഹ്മണകന്യക.

നങ്ങിയാരു്, നങ്ങ്യാർ–നമ്പ്യാർ ജാതിയിലുള്ള സ്ത്രീ. നമ്പ്യാർ > < നങ്ങ്യാർ.

നങ്ങീച്ച–കണ്ണീച്ച. (an eye fly).

നചികേതസ്സ്–സ്ത്രീ. അഗ്നി. പ. വാജശ്രവസ്സിന്റെ പുത്രൻ.

മോക്ഷലാഭത്തിനായി വാജശ്രവസ്സു വളരെ യാഗങ്ങൾ കഴിക്കയും ബ്രാഹ്മണർക്കു വേണ്ടുവോളം ദാനങ്ങൾ ചെയ്കയും ചെയ്തപ്പോൾ പുത്രൻ അച്ഛനോടു 'എല്ലാം കൊടുത്തില്ല, ഞാനൊരുവൻ ശേഷിച്ചിട്ടുണ്ടു; എന്നെ ആർക്കു

കൊടുപ്പാനാണ് നിശ്ചയിച്ചിട്ടുള്ളതു്' എന്നു ചോദിച്ചു ഇതിനുത്തരമായി യാജ്ഞവല്ക്യൻ കോപാന്ധനായിട്ടു 'യമനു്' എന്നു മറുപടി പറഞ്ഞു. അതനുസരിച്ചു് അയാൾ യമനെ പ്രാപിച്ചു യമനിൽ നിന്നു ആത്മജ്ഞാനം ലഭിച്ചതിൽ പിന്നീടു യമൻ നൽകിയ വരം കൊണ്ടു് തിരിയെ ഭൂമിയിലേക്കു വന്നു പിതാവൊന്നിച്ചു സ്നേഹപൂരസ്സരം സൌഖ്യമായി പാർത്തു.

നച്ചുക്കഴൽ, നച്ചുക്കോൽ-കളിമണ്ണുണ്ട മുതലായതു വച്ചു പക്ഷികളേയും മറ്റും തെറ്റെന്നതിനുള്ള സാധനം.

നച്ചു-പറയർ പശുവിനെ കൊല്ലുന്നതിനു ചാണ്ടുന്ന വിഷമുള്ള ഒരു സൂചി.

നച്ചെലി-ഒരുമാതിരി ചെറിയ എലി.

ഇതിന്റെ മാംസം എലിമാംസത്തിനൊത്തതാണ്. തമിഴിൽ മൂഞ്ചൂറ് (ങ്ക്) ഇം-(musk-rat) മസ്ക്രാറ്റ്.

നഞ്ചു്-വിഷം. (നഞ്ചുക എന്നാൽ തൊലുങ്കിലും കണ്ണാടകത്തിലും രുചിയേടെതിനുക എന്നർത്ഥം) തമിഴിൽ-നഞ്ചു.

നഞ്ചക്കല്ലു്-കടുന്നഴുന്നതിനു കൊള്ളുന്ന ഒരു നീലക്കല്ലു്.

നഞ്ചുവൃക്ഷം-ഒരുവക വിഷവൃക്ഷം.

നഞ്ചറുപ്പു-ഒരു പച്ചമരുന്നു്.

നഞ്ചറുമൂപ്പു-ഒരു പച്ചമരുന്നു്.

നജർ- കാഴ്ചദ്രവ്യം, ഇനാം. (അറബി ഭാഷ.)

നഞ്ഞു്-ഗ. വിഷം, നഞ്ചു് ക. ചുരുക്കമുള്ള വേല.

നഞ്ഞൻ-ദുഷ്ടനുമുള്ള മനുഷ്യൻ.

നഞ്ഞനാടി-നിലം കഴിച്ചു ചുറും കല്ലുകൊണ്ടു കെട്ടി മണ്ണുകൊണ്ടു മൂടുക.

നട-ഗ. ഗൃഹത്തിൽ കേറുന്നതിനുള്ള കല്പടി, വാതിൽ. ക ക്ഷേത്രം ന കാലുകൊണ്ടു പോകയും വരികയും ചെയ്യുക. ര. ആറിന്റെ കുളത്തിന്റെ ഇറങ്ങുന്നതിനു കല്ലുകൊണ്ടു പണിതതു്. ഇ. പലകപ്പുരയുടെ. കാറടിക്കുമ്പോൾ ഇളകിക്കൊണ്ടിരിക്കുന്നതു് എന്നർത്ഥം ന്യ. വേഴൽ. ഭ. മലങ്കാര. വ്യ അശോകം.

നടകൻ-നടൻ.

നടകാവൽ-ഗ. ക്ഷേത്രത്തിന്റെ നടയിൽ കാത്തുനിൽക്കുന്ന ജോലി. ക. നടയിൽ കാത്തുനിൽക്കുക

നടകൊൾക-പോവുക.

നടക്കല്ലു്-ഗൃഹവാതിലിൽ ചവിട്ടിക്കയറുന്നതിനുള്ള കല്ലു്.

നടക്കല്ലുപറിക്ക-ദരിദ്രനാവുക (ശൈലി.)

നടക്കാവു്-വഴിക്കു രണ്ടുഭാഗത്തും വച്ചുപിടിപ്പിക്കുന്ന വൃക്ഷങ്ങൾ.

നടക്കുന്നു-ഗ. നടന്നുപോകുന്നു ക. കാര്യങ്ങൾ വീഴ്ചകൂടാതെ ആകുന്നു. ന. കപ്പൽ, വള്ളം, വണ്ടി മുതലായതു സഞ്ചരിക്കുന്നു. ര. നാണിഭം എല്ലാവരും പെരുമാറുന്നു. (സ. ക്രി. നടത്തുന്നു. ക. ക്രി. നടത്തിക്കുന്നു) ഇ. ഇളകുന്നു.

നടതള-ആനയുടെ ചമയക്കോപ്പുകളിൽ ഒന്നു്.

നടത്ത-ഗ. നടവടി. ക. നടപ്പു്, ഗതി.

നടത്തം-ഗ. നടപ്പു്. ക. കാര്യവിചാരം.

നടത്തൽ-ഗ. കാര്യം വിചാരിക്കുക. ക. നടത്തുക.

നടത്തുക-ഗ. പായിക്കുക. ക. സാധിക്കുക.

നടത്തുചൊല്ലുന്നു-യാത്രയുടെ ക്ഷേമത്തിനായിട്ടു നടനടയോ എന്നു മൂന്നുപ്രാവശ്യം ശബ്ദിക്കുന്നു.

നടനടെ, നടാടെ-അ. മുമ്പേ ക. ആദിയിൽ

നടൻ-ഗ. (നാടകത്തിലെ) വേഷക്കാരൻ പര്യായങ്ങൾ-ശൈലാലിനൻ, ശൈലൂഷൻ, ജായാജീവൻ, കുശാശ്വി, ഭരതൻ.

'രംശാവതാരീശൈലൂഷോ
നടോഭരതമേരതെ'

(വാചസ്പതി)

ക. ചാക്യാത്ത്. ന. ആട്ടക്കാരൻ, നാട്ടുവിദ്യക്കാരൻ

നടനം-ആട്ടം, കൂത്ത്, തുള്ളൽ, നാട്യം. നടിക്കുക എന്നർത്ഥം.

നടനാഥം-ഒരുവർഷം തീണ്ടാരി കഴിഞ്ഞു തിരിയെ വേലയിൽ പ്രവേശിക്കുന്ന ദിവസം.

നടപടി-നടപ്പ്, അവസ്ഥ, പെരുമാറ്റം, കഴിച്ചിലിന്റെ ഭാവം. (നടവടി എന്നതു നന്ന്.)

നടപ്പ്-ക്രി. നടക്കുക. ക. സ്വഭാവം. ന. യാത്ര. ര പ്രവൃത്തി. ങ. നാണിഭ നടപ്പ്. ന കൃഷിനടപ്പ്. ഒ. സമ്മതം. വ. വിചാരിക്കുന്ന കാര്യങ്ങൾ മനോഭിലാഷം പോലെ വേണ്ടുവോളം സാധിക്കുന്ന സ്ഥിതി.

നടപ്പന്തൽ-നടയിലുള്ള പന്തൽ, നടപ്പുര.

നടപ്പാക്കുന്നു-പ്രസിദ്ധമാക്കുന്നു, സമ്മതമാക്കുന്നു. (സ. ക്രി. നടപ്പാക്കുന്നു.)

നടപ്പുകാരൻ-ക്രി. എല്ലാവക്കും അറിവുള്ളവൻ. ക. വളരെ നടക്കുന്നവൻ. ന. അന്വേഷക്കാരൻ. ര. ജയം കൊള്ളുന്നവൻ. ങ. കൃഷിക്കാരൻ

നടപ്പുകേട്-ദുർനടപ്പ്, പ്രവൃത്തിദോഷം.

നടപ്പുദീനം-സാംക്രമികരോഗം, വിഷൂചിക മുതലായത്, പകരുന്ന വ്യാധി.

നടപ്പുദോഷം-ചെയ്യാക്രമത്തിലുള്ള ദോഷം.

നടപ്പുനിലം— കൃഷിയിറക്കിയിരിക്കുന്ന വയൽ.

നടപ്പുഭാഷ-അന്യാനുഭവിക്കിൽ എല്ലാവരും അറിയുന്ന വാക്ക്.

നടപ്പുര-നടപ്പന്തൽ.

നടപ്പുവഴി-നാട്ടുവഴി, എല്ലാവരും അധികം നടക്കുന്ന വഴി.

നടഭ്രഷ്ടണം-അതിതാരം.

നടം-ക്രി. പലകപ്പെയ്യുന്നി. ക. ആട്ടം. ന. വേഴൽ. ര. മലങ്കാര. ങ. അശോകം.

നടമടക്കുന്നു-ആനയും മറ്റും കാൽ മടക്കി നിലത്തു ചേരുന്നു.

നടമണ്ഡനം- പൊന്നരിതാരം, അരിതാരം.

നടമാടം-നടപ്പ്, സഞ്ചാരം.

നടമാടുന്നു-ക്രി. സഞ്ചരിക്കുന്നു. ക. നൃത്തംചെയ്യുന്നു.

നടമാളി-തെരുവ്.

നടമിട്ട്-നൃത്തമാടിയാലും.

നടമിഴാവ്-ഒരുവക വാദ്യം.

നടമുഖം-ക്ഷേത്രത്തിലും മറ്റും കേറുവാനുള്ള പ്രധാന വാതിൽ.

നടയൻ-നടപ്പിനു വിശേഷമുള്ള കുതിര

നടയിട-അ. കാലുകളുടെ നടുവിലെ ഭാഗം.

നടയുമ്മരം-നടവാതിൽ.

നടയ്ക്കുവയ്ക്കുന്നു-ക്ഷേത്രത്തിലോ പള്ളിയിലോ നേർച്ചവയ്ക്കുന്നു.

നടരാജൻ-ശിവൻ (പ്രദോഷകാലത്തിലുള്ള ശിവന്റെ അവതാരം).

'നൃത്തവസാനേനടരാജരാജഃ'

നടവടി-നടപടി. (നടപടി എന്നതു നോക്കുക)

നടവരമ്പ്-കെട്ടുവരമ്പ്, നടപ്പാൻതക്ക വരമ്പ്.

നടവരവ്-നേർച്ചവകയായിട്ടു ക്ഷേത്രത്തിന്റെ നടയിൽ വരുന്ന പണം മുതലായത്.

നടവാതിൽ-പുരയുടെ നേരെയുള്ള വാതിൽ.

നടവാഴി-സാമൂതിരിയുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥൻ.

നടവെടി-രാജയാത്രയിലും മറ്റുമുള്ള പീരങ്കിവെടി.

നടസംജ്ഞകം-അതിതാരം.

നടാന്തടേ-അ. ഒന്നിനു പുറകേ ഒന്നായിട്ട
നടി-ഫ. നാട്യവിദ്യക്കാരി, ആട്ടക്കാരി, നാടകത്തിലേ വേഷക്കാരി. ഉ. നങ്ങിയാത്ത്. ന. പവിഴക്കൊടി. കാറ്റിനു സ്വരൂപം നൃത്തംചെയ്യുന്നതെന്നർത്ഥം. ര. നവനീതം.
നടിക്കുന്ന-ഭാവിക്കുന്ന, നട്യം കാട്ടുന്ന. (കാ. ക്രി. നടിപ്പിക്കുന്ന)
നടിച്ചിൽ-ഫ. നടുക ഉ. നടിക്കുക.
നടിപ്പ്-ഫ. ഭാവം. ഉ. നാട്യം.
നടീലു-നടുക.
നടു-ഫ. നടുവ്, മദ്ധ്യം. ഉ. ഇട, അര. ന. നടുക. ര. മുതുകു, കവക്കു. ങ. പക്ഷഭേദമില്ലായ്ക.
നടുക്കുറ്റ്-വൃക്ഷം നട്ടുണ്ടാക്കിയവന്നുള്ള ഒരു അവകാശം
നടുക്കടൽ-സമുദ്രത്തിന്റെ മദ്ധ്യം.
നടുക്കം-ഞെട്ടൽ, ചഞ്ചലഭാവം.
നടുക്കാണി-വസ്തു കൈമാറുമ്പോൾ ജന്മിയുടെ അവകാശിക്കും സാക്ഷികൾക്കും കൊടുക്കുന്ന ഫീസു. (അതിൽ പകുതിയോളം ജന്മിക്കും എഴുത്തുകാരനും കിട്ടണം).
നടുക്കാരൻ-പഞ്ചായക്കാരൻ, മദ്ധ്യസ്ഥൻ.
നടുക്കുട്ടം-പഞ്ചായത്തു്.
നടുക്കെട്ട്-ഫ. അരയിലേ ഒരുമാതിരി കെട്ട്. ഉ. ഭവനത്തിന്റെ നടുവിലേ ഒരു പണി. ന. വില്ലയുള്ളവർ ര. മൂന്നാമനേ എഴുന്നിക്കുക.
നടുങ്ങൽ-ഞെട്ടൽ, പേടി.
നടുങ്ങുന്ന-ഞെട്ടുന്ന, പേടിക്കുന്ന. (സ. ക്രി. നടുക്കുന്ന).
നടുതല-ഫ. നടുന്നവസ്തു, ചേനകിഴങ്ങു മുതലായ കറിസ്സാമാനം, ആണ്ടിലൊരിക്കൽ ഫലമെടുക്കാവുന്ന കാപ്പിൽ മുതലായവ. ഉ. ഒരു ദേശത്തിലേ നടന്നതേഞ്ഞ വഴി.
നടുതലപ്പണി-നടുതല നടുന്നതിനു വേണ്ടിയുള്ള വേല
നടുത്തരം-വി. നടുവിലത്തേ.
നടുത്തരം-ഏടത്തരം, രണ്ടാംതരം.
നടുത്തല-ഉച്ചി, നിറുകൻതല, നെറുക, മൂർദ്ധാവു്.
നടുത്തുണ്ടം-മദ്ധ്യത്തുള്ള തുണ്ടം.
നടുന്തുണ്ട്-നടുവിലത്തേ തുണ്ട്.
നടുനടേ-അ. നടുനടേ, മധ്യേ, ആദിയിൽ, പണ്ടുപണ്ടേ.
നടുനന-നട്ടുനനച്ചു വളർത്തേണ്ടതു്.
നടുനായകം-ആഭരണത്തിന്റെ നടുവിൽ ചേർക്കുന്ന രത്നം.
നടുനിവിർത്തുക-വിശ്രമിക്കുക.
നടുന്ന-മുളച്ചുവരുന്നതിന്നായി കഴിച്ചുവയ്ക്കുന്ന. (സ. ക്രി. നടുവിക്കുന്ന, നടിയിക്കുന്ന)
നടുപ്പടവ്-ഫ. പുഴയിന്റെ നടുഭാഗം. ഉ. കണ്ടത്തിന്റെ നടുഭാഗം.
നടുപ്പന്ത്-നടുക്കുള്ള വരി.
നടുപ്പാട്ടം-നിലം പുരയിടങ്ങൾക്കു അവകാശത്തർക്കം വന്നാൽ തർക്കം തീരുന്നതുവരെ മൂന്നാമനെ ഏല്പിക്കുക.
നടുപ്പാതി-നേർപാതി.
നടുപ്പെട്ടസ്ഥലം-നടുമദ്ധ്യം.
നടുമദ്ധ്യം-ഒത്ത നടു, മദ്ധ്യഭാഗം.
നടുമുറ്റം-ഫ. നാലുകെട്ടു പുരയുടെ നടുവിലേ മുറ്റം, ഭവനത്തിന്റെ നടുവിലേ മുറ്റം.
നടുയാമം-അർദ്ധരാത്രി.
നടുവു-മദ്ധ്യപ്രദേശം.
നടുവൻ-ഫ. പ്രധാനമായി മധ്യത്തിൽ നില്ക്കുന്നവൻ, മധ്യസ്ഥൻ. ഉ. ന്യായാധിപതി. ന. ചിട്ടിമുമ്പൻ, ചിട്ടി കൂടുന്നതിന്റെ മുന്നാമൻ.
നടുവൽ-നടുക, നടൽ.
നടുവാക-ജന്മം കൊടുക്കുക.

നടുവാടി-പുറന്തിണ്ണ, വീട്ടിൻതളം.

നടുവിരൽ-നടുവിലുള്ള വിരൽ. കഴുവിരൽ പര്യായം-മധ്യമം.

നടുവിരിക്കുന്നു-പ്രസവിക്കുന്നവരുടെ സഹായിച്ചു പുറകിൽ ചാരിയിരിക്കുന്നു

നടുവിൽ-അ മധ്യേ.

നടുവിഥി-ഗ്രാമമധ്യത്തിലുള്ള പ്രധാനവീഥി. പര്യായങ്ങൾ-രഥ്യാ, പ്രതോളി, വിശിഖ.

നടുവുകഴയ്പു്-അരയ്ക്കുമേൽ അടുത്തു പിൻഭാഗത്തുണ്ടാകുന്ന ഒരു വേദന.

നടുവെഴുത്തു്-ഉരുക്കണക്ക്, ദേശത്തെ ആധാരമെഴുത്തുകാരന്റെ വേല.

നടുവേ-അ. നടുവിൽക്കൂടെ.

നടുസ്ഥാനം-മദ്ധ്യസ്ഥലം, മദ്ധ്യസ്ഥം, പഞ്ചായത്തു്.

നടേ-അ. മുമ്പേ,

'നടേതാരനാരുനാളുമേ കേളുത
(സന്ദേശഗോപാലം പാന)

പണ്ടേ, ഇനിയും ഇനിയും

നടേതിലും-അ. മുന്നിലേക്കാൾ.

നടേനടേ-അ. മുമ്പേമുമ്പേ.

നടേശൻ-നടരാജൻ.

നട്ടപ്പാതിരാ-അർദ്ധരാത്രി.

നട്ടം-ഗ്ര നാശം (നഷ്ടം എന്നതിന്റെ രൂപഭേദം). ക. തലകുത്തിയുള്ള നില

നട്ടംകുത്തുന്നു-തലകുത്തിനില്ക്കുന്നു.

നട്ടംതിരിച്ചിൽ-ഗ്ര. ബുദ്ധിമുട്ടു്, കഷ്ടപ്പാടു്. (ശൈലി). ക. ചുറ്റൽ.

നട്ടംതിരിയുന്നു-ഗ്ര. ബുദ്ധിമുട്ടുന്നു. ക. അലഞ്ഞുനടക്കുന്നു, ഉഴലുന്നു.

നട്ടാണി-തലയുടെ നടുവു്.

നട്ടാമുട്ടി-ഉരുവിച്ചു ലക്ഷണം പറക.

നട്ടുച്ച-പകലിന്റെ മദ്ധ്യം, ഉച്ചനേരം.

നട്ടുവൻ-തേവിടിശ്ശി ആട്ടത്തിന്റെ ആശാൻ.

നട്ടെരിയാനുച്ച-മദ്ധ്യാഹ്നം. (പ.മ)

നഡപ്രായ-വി വേഴൽ എന്ന ഒരുവക വലിയ പുല്ലുകൊണ്ടു നിറഞ്ഞ.

നഡം-വേഴൽപുല്ലു്.

നഡമീനം-ചെമ്മീൻ.

നഡഹ-വി. ഗ്ര. സൌന്ദര്യമുള്ള, സ്നേഹമുള്ള.

നാഡിനി-താമരപ്പൂവു്.

നഡ്യ-വേഴൽ എന്ന ഒരുമാതിരി പുല്ലിന്റെ കൂട്ടം.

നഡവൽ-വി. വേഴൽ എന്ന ഒരുമാതിരി പുല്ലുകൊണ്ടു നിറഞ്ഞ.

നഡവല-വേഴൽ എന്ന ഒരുമാതിരി പുല്ലുള്ള സ്ഥലം.

നണിച്ചു-അ ഗ്ര ഇപ്പോൾ ക. മുമ്പേ.

നണ്ണുന്നു-ഗ്ര വിചാരിക്കുന്നു, ധ്യാനിക്കുന്നു ക. വിശ്വസിക്കുന്നു.

ഈ ശബ്ദം ആധുനികമലയാളത്തിൽ നടപ്പില്ല.

നണ്ടു്-ഞണ്ടു്.

നത-വി. നമസ്കരിച്ച, വളഞ്ഞ, കുനിഞ്ഞ.

നതനാസിക-വി. പതിമൂക്കുള്ള.

നതനാസികൻ-പതിമൂക്കൻ.

നതനാസികം-പതിമൂക്കു്.

നതം-ഗ്ര വളഞ്ഞതു്, നമിച്ചതു്. ക. തകരം (ഒരങ്ങാടിമരുന്നു്)

നതാംഗി-ഗ്ര സുന്ദരി. ക. കക്കടശ്ശാംഗി.

നതി-വണക്കം, കുമ്പിടൽ, കുനിച്ചിൽ, വളച്ചിൽ.

നതോന്നത-വി താണും ഉയർന്നുമുള്ള.

നതോന്നതം-ഒരു വൃത്തത്തിന്റെ പേർ (വഞ്ചിപ്പാട്ടുവൃത്തം).

നത്തു്-ഗ്ര. ഒരുവക പക്ഷി. പര്യായങ്ങൾ-ഭാരദ്വാജം, കാളകർണ്ണം.

തമിഴിൽ-നച്ചുക്കുരുവി. ഇം-Gallinule ശാലിനൽ

ഉ. ചിലയാതിസ്ത്രീകളും മൂക്കിലിടുന്ന ഒരാഭരണം.

ഇത് ആഭരണം വള്ളിക്കുടുക്കൻ പോലെയിരിക്കും. അലുക്കുത്തുപോലെയും തോന്നും.

നത്ത-ജലത്തിൽ ജീവിക്കുന്ന ഒരു ജന്തു.

നത്തക്കക്കാ-വെള്ളത്തിൽ ജീവിക്കുന്ന ഒരു ജന്തുവായ നത്തയുടെ പുറത്തെ കട്ടിത്തോട്.

നത്തുക-ഇഴയുക.

നദൻ-ഉക്തി.

നദനു-ഫ. സിംഹം. ഉ. യുദ്ധം. ന. മേഘം.

നദപതി-കടൽ.

നദം-ഫ. വലിയ ആറ് (സിന്ധുവും മറ്റുംപോലെ).

പശ്ചിമാഭിമുഖമായി ഒഴുകുന്നതിനു നദമെന്നും പൂർവ്വാഭിമുഖമായി ഒഴുകുന്നതിനു നദി എന്നും പേർ.

ഉ. ഒഴുക്ക, പ്രവാഹം. ന. കടൽ. ഭം കുതിര (വേഗത്തിൽ പ്രയോഗം). ഇ. മേഘം. നു. ആനാവ്.

നദരാജൻ-കടൽ.

നദി-ആറ്, പുഴ. അവ്യക്തമായി ശബ്ദിക്കുന്നതു എന്നർത്ഥം. മറ്റു പര്യായങ്ങളും സരിത്തു്, തരംഗിണി, ശൈവലിനി, തടിനി, ഹ്രദിനി, ധുനി, സ്രോതസ്വിനി, ദീപവതി, സ്രവന്തി, നിമ്നഗാ, അപഗാ.

നദിഷ്ണു-ശബ്ദിക്കുന്നു.

നദിജാ-ആറ്റുമരം.

നദീകാന്തൻ-കടൽ.

നദീകാന്താ-ഫ. നീക്കടമ്പ്. ഉ. നൊച്ചി

നദീകാന്താ-ആറ്റുഞാവൽ.

നദീജൻ-ഭീഷ്മൻ.

നദീജം-ഫ. നീർക്കടമ്പ്. ഉ. നീർമരുത്. ന. സ്രോതോഞ്ജനം. ഭ. ആറ്റുമരം.

നദീതീരം-ആറ്റിൻകര, ആറ്റുവക്ക്.

നദീതീർത്ഥം-ആറ്റുവെള്ളം.

നദീതോയം-ആറ്റുവെള്ളം.

നദീനം-കടൽ.

നദീപതി-കടൽ.

നദീപുഷ്പി-നദിയുടെ പ്രവാഹം, പ്ലവയം.

നദീഭവം-ഇന്തുപ്പു.

നദീമാതൃക-വി. ആറ്റുവെള്ളംകൊണ്ടു നിറയുന്ന.

ഒരുദേശത്തു രണ്ടുവിധം കൃഷിസ്ഥലങ്ങളും കാണപ്പെടുന്നു. കൈത്തോടു വഴിയായും മറ്റും പുഴവെള്ളം തിരിച്ചുവിട്ടു കൃഷി നടത്തുന്നേടം 'നദീമാതൃകം'. മഴവെള്ളം തന്നെ കൃഷിക്കു ആശ്രയമായി വരുന്നേടം-'ദേവമാതൃകം'.

നദീമുഖസ്ഥലം—നദി ചെന്നുവീഴുന്ന സ്ഥലം. Delta.

നദീശത്രു-കടൽ.

നദീസഞ്ജം-നീർമരുത്, പുഴയെ ആശ്രയിച്ചു നിൽക്കുന്ന മരുത്.

നദ്യംബു-ആറ്റുവെള്ളം.

നദ്ധ-വി. കെട്ടപ്പെട്ട.

നദ്ധ്രി-തോൽവാർ. ഇതുകൊണ്ടു ബന്ധിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. മറ്റു പര്യായങ്ങളും-വദ്ധ്രി, വരത്രാ, കയർ എന്നും കാണുന്നുണ്ടു്.

നൽ-(പദങ്ങളുടെ മുമ്പിൽ വരുമ്പോൾ) നല്ല. ഉ-ം, നൽപാത്രം; നന്മുഖം, നന്മധുരം ഇത്യാദി. (ൽ + മ = ന്മ.)

നൻ-നാലു്.

നന-നനക്ക, വെള്ളംപിരട്ടുക, ജലംപിരളുക.

നനച്ചിൽ-ജലം പിരട്ടൽ, നനക്ക, നനക.

നനഞ്ഞത്ത് എന്നതിനു പര്യായങ്ങളും -ആർദ്രം, സദ്രം, ക്ലിന്നം, തിമിതം, സ്തിമിതം, സമുന്നം, ഉന്ന.

നനന്ദാ-നാത്തൂൻ, തോഴിയിന്റെ സഹോദരി. സന്തോഷമില്ലാത്തവൾ, മറ്റുള്ളവരുടെ സന്തോഷത്തിനു വിഘ്നം ചെയ്യുന്നവൾ എന്നർത്ഥം. 'ന.നന്ദാ' എന്നും പാഠം.

നനന്ദാതുസ്വസാപത്യ
ന്നനന്ദാനന്ദിനീചസം'

(രഭസൻ)

നനപ്പുമുണ്ട്, നനമുണ്ട് — കുളിക്കുമ്പോൾ തോർത്തുന്നമുണ്ട്.

നനയ്ക്ക-ജലം പിരട്ടുക.

നനയാശീല-നനപ്പാൻ ആവശ്യമില്ലാത്ത വസ്തു, ചായം കേറിയ പട്ടുമുതലായത്.

നനയുന്ന-പ. മഴവെള്ളം മേൽവീഴുന്ന. ഉ. ഈറനാകുന്ന. ന. കുളിക്കുന്ന. (സകർ. നനക്കുന്ന.)

നനവ്-നനച്ചിൽ.

നനാന്ദാ-തോഴിയിന്റെ പെങ്ങൾ, നാത്തൂൻ. ('നനന്ദാ' എന്നതു നോക്കുക.)

നന്ത-നരക്ക്, തകരപ്പു, ചെമ്പു.

നന്ത-അ. വിരോധത്തിലും ചോദ്യത്തിലും എങ്ങിനെ, എന്തു് എന്നുള്ള അർത്ഥങ്ങൾ വരും.

നന്ത-പ്രസ്തം മുതലായ അർത്ഥങ്ങളിൽ വർത്തിക്കുന്നു. അതായതു് ആക്ഷേപം. പരിപ്രശ്നം, പ്രത്യക്ഷത, അവധാരണം ഇവയിൽ.

നന്തനേ-അ. കൊച്ചുകുഞ്ഞായി, നേമ്മയായി.

'കന്തുകനെച്ചിന്തുംകുനിരന്തുന്മൽ
നന്തനപൊപ്പൊടിഞ്ഞൊരുപൊടിപറ്റി'

(മാഘം)

നന്തുണി-ഒരുമാതിരി വീണ.

'സാരംഗം, നന്തുണി, നിറമെഴുന്തണ്ണി വീണാപിനാകം'

(ഉണ്ണുനീലീസന്ദേശം)

നന്ത്യാർവട്ടം-ഒരുമാതിരി പൂച്ചെടി.

നന്ദ-പ്രഥമ, ക്ഷയി, ഏകാദശി.

നന്ദകം-പ. വിഷ്ണുവിന്റെ വാൾ. ബന്ധുക്കളെ സന്തോഷിപ്പിക്കുന്നതു് എന്നർത്ഥം. ദേവന്മാരെ സന്തോഷിപ്പിക്കുന്നതു് എന്നുമാവാം. ഉ. തവള.

നന്ദകി-തിപ്പലി.

നന്ദഗോപർ - ശ്രീകൃഷ്ണന്റെ വളർത്തച്ഛൻ.

നന്ദഗോപിതാ-അരത്ത.

നന്ദൻ-പ. ശ്രീകൃഷ്ണന്റെ വളർത്തച്ഛനായ നന്ദഗോപർ എന്ന രാജാവു്. ഉ. മഗധരാജാവു്. (ചന്ദ്രഗുപ്തനാൽ തോല്പിക്കപ്പെട്ട.) ന. വിഷ്ണു.

നന്ദനജം-ഹരിചന്ദനം.

നന്ദനൻ-പ. പുത്രൻ. ഉ. വിഷ്ണു. ന. ശിവൻ.

നന്ദനം-പ. ഇന്ദ്രന്റെ പൂന്തോട്ടം, സന്തോഷിപ്പിക്കുന്നതെന്നർത്ഥം. ഉ. തവള. ന. ചന്ദനം.

നന്ദനവനം-ഇന്ദ്രന്റെ പൂന്തോട്ടം.

നന്ദനാ-പ. മകൾ. ഉ. അറുപതിൽ ഒരു വർഷം.

നന്ദനീ-ഞാഴൽ.

നന്ദനോദ്യാനം-ഇന്ദ്രന്റെ ഉദ്യാനം.

നന്ദി-പ ഉപകാരസ്മരണ ഉ. സന്തോഷം. ന. ശിവന്റെ കാള. ര. ഭൂതങ്ങളുടെ പ്രധാനി.

വായുപുരാണപ്രകാരം സുരഭിയിൽ കശ്യപന്റെ പുത്രൻ. നാദിദേഹൻ എന്നും താണ്ഡവതാലികൻ എന്നും കൂടി പേരുണ്ട്.

ഇ. കാള. ന. മംഗലപാഠകൻ. ഭ. പ്രിയം. വ. വിഷ്ണു. ൻ. ശിവൻ.

നന്ദികൻ-ശിവഗണത്തിലെ ഒരു പാർഷദൻ.

നന്ദികം-പ പുല്ലുകരണ. ക. ഒരു ചെറിയ ജലപാത്രം, ന. സന്തോഷം.

നന്ദികെട്ടവൻ-ഉപകാരം ചെയ്തതിനെക്കുറിച്ചു സന്തോഷമില്ലാത്തവൻ.

നന്ദികേട്-ഉപകാരസ്മരണ ഇല്ലായ്ക.

നന്ദികേശ്വരൻ-പ. ശിവഗണത്തിലെ പ്രധാനികളിൽ ഒരു പ്രധാനി. ക. കാള.

നന്ദിഗ്രാമം-രാമചന്ദ്രന്റെ വനവാസകാലത്തു ഭരതൻ താമസിച്ച ഗ്രാമം.

നന്ദിഘോഷം-അർജ്ജുനന്റെ രഥം.

നന്ദിത-വി. ബഹുമാനിക്കപ്പെട്ട, കൈക്കൊള്ളപ്പെട്ട.

നന്ദിതരു-ഞെമ.

നന്ദിനി-പ. പുത്രി. ക. കാമധേനുവിന്റെ പുത്രിയായ ഒരു പശു, ചോദിക്കുന്നതെല്ലാം കൊടുക്കുന്ന വസിഷ്ഠന്റെ പശു. ന. കടുക്ക. ര. അരേണുകം. ള. ഗംഗാനദി.

നന്ദി(ന്ദീ)പാദപം-പുല്ലുകരണ.

നന്ദിപാരലകം-ഒരു മത്സ്യം (സമുദ്രമത്സ്യമാണ്).

നന്ദിപുരാണം-അഷ്ടാദശോപപുരാണങ്ങളിൽ ഒന്നു.

നന്ദി(ന്ദീ)മുഖം-പാത്തം.

നന്ദിക്കുന്നു-സന്തോഷിക്കുന്നു. (സ ക്രി നന്ദിപ്പിക്കുന്നു)

നന്ദിവർദ്ധനൻ-ശിവൻ.

നന്ദീ-പ പുല്ലുകരണ. ക. കല്യാൺ. ന പേരാൽ. ര. ഉഴുന്ന്.

നന്ദീകം-കോഴി.

നന്ദീകാരൻ-മംഗലപാഠകൻ.

നന്ദീമാഷകം-കളിച്ചിരിച്ചേയ്ക്കു.

നന്ദീവൃക്ഷം-പ. പുല്ലുകരണ. (ഇകണ).

ആനകൾക്കു സൂചിക്ഷതത്തെ ചെയ്യുന്ന വൃക്ഷം എന്നർത്ഥം നന്ദിവൃക്ഷം എന്നുമാവാം. 'പൂവരശ്ശു' എന്നും കാണുന്നു. ക. ചിറ്റരയാൽ. ന. ആട്ടകൊട്ടപ്പാല.

നന്ദീശൻ, നന്ദീശ്വരൻ-ശിവൻ.

പാർവ്വതിയും പരമേശ്വരനുംകൂടി കൈലാസത്തിൽ ഇരിക്കുന്ന കാലത്തു ഒരിക്കൽ രാവണൻ ശരവണത്തിലേക്ക് യാത്രതുടങ്ങി. അപ്പോൾ വാനരരൂപം ധരിച്ചു അവിടെ കാവൽ നിന്നിരുന്ന ശിവൻ (നന്ദീശ്വരൻ) രാവണനെത്തടുത്തു. ഭഗവാനും ദേവിയും എഴുന്നെള്ളിയിരിക്കുന്നതുകൊണ്ടു അങ്ങോട്ടു പോകാൻ പാടില്ലെന്നു പറഞ്ഞു. എന്നിട്ടു രാവണൻ അതു വകവയ്ക്കാതെ അതിലേതന്നെ പോകാൻ മുറച്ചു നന്ദീശനെ പരിഹസിച്ചു. ഉടൻ നിന്നെ കൊല്ലുന്നതിനു വാനരന്മാരെപ്പോലെയുള്ള വാനരന്മാർ തന്നെ ഉണ്ടാകുമെന്നു നന്ദീശ്വരൻ പറഞ്ഞു, അപ്പോൾ രാവണൻ കോപാന്ധനായി ശിവൻ എന്നവൻ ആര എന്നു പറഞ്ഞുംകൊണ്ടു പർവ്വതത്തെ പറിച്ചു റിഞ്ഞുകളയുന്നതിനായി എടുത്തുയർത്തി. പെട്ടെന്നു പാർവ്വതി ഭയപ്പെട്ടു ഭർത്താവിനെച്ചെന്നു ആലിംഗനംചെയ്തു. ഉടൻ മഹാദേവൻ പെരുവിരൽകൊണ്ടു പർവ്വതത്തെ ചവിട്ടിത്താഴ്ത്തി രാവണന്റെ കരത്തിൽവെച്ചമർത്തി. വേദന സഹിക്കാഞ്ഞു ദശഗ്രീവൻ കരഞ്ഞുകൊണ്ടു ആയിരം വർഷം ശിവസ്തോത്രം ചെയ്തുവാണു അനന്തരം ശിവൻ കാലെടുത്തു. രാക്ഷസാധിപതി കരയുകകൊണ്ടു രാവണൻ എന്നു പേരുണ്ടായി.

നന്ദ്യ—വി. ബഹുമാനിക്കപ്പെടുവാൻതക്ക.

നന്ദ്യാവർത്തം-പ ഒരുമാതിരി ഭേനപ്പണി. ക. ക്രീഡാഭൂമി. ന. ഒരുവക വലിയ കടൽമീൻ ര. നന്ദ്യാർവട്ടം.

ഇ. ദേവാലയവക ഭേദങ്ങളുടെ പ്രത്യേകപ്പേർ, വട്ടശ്രീകോവിൽ (വട്ടത്തിലുള്ള ശ്രീകോവിൽ). കണ്ടാൽ സന്തോഷത്തെ ജനിപ്പിക്കുന്ന വട്ടത്തോടുകൂടിയതെന്നർത്ഥം.

നൻപു്, നമ്പു്-ക്രി. തുഴ. ഉ. വീണകിടക്കുന്ന നെല്ലു്. നു. മുള, പൊടിപ്പു്. ര. ക്രയു്.

നന്മ-ക്ര. ഗുണദോഷം. ഉ. വിശേഷം.

നന്മകാരം-ക്ര. പരിഷ്കാരങ്ങൾ. ഉ. നല്ല മകൾ.

നന്നു്-വി. നല്ല, കൊള്ളാവുന്ന.

നന്നം-നാറ്റം, ഗന്ധം, ഉ-ം, നന്നം 'അറിയുന്നനായ്'

നന്നാ-അ അധികം, വളരെ.

നന്നാകുന്നു-നല്ലതാകുന്നു, കുറ്റംതീരുന്നു. (കാ. ക്രി. നന്നാക്കുന്നു).

നന്നാറി-നർനീണ്ടി.

നന്നി-നന്മ.

നന്നി-ചെറുപ്പൻ

നന്നിമിക-നന്മ അധികമുള്ള (പഴയ മലയാളം).

"രഥാപ്പൊഴുതു നിരുത്തീരുമലൻ
നന്നിമികം ഭീഷ്മദ്രോണാദികൾ"

(ഭഗവൽഗീത-മാധവപ്പണിക്കർ)

നന്നിലം-നല്ലനിലം.

നന്നേ-അ വളരെ.

നപുംസകം-ആണും പെണ്ണും അല്ലാത്തതു്, വിശേഷബുദ്ധിയില്ലാത്ത സ്ഥാവരങ്ങളേ കുറിക്കുന്നതു്. ശബ്ദങ്ങളിൽ സ്ത്രീലിംഗവും പുല്ലിംഗവും അല്ലാത്തതു്. മറ്റു പക്ഷ്യാദികളും തൃതീയപ്രകൃതി, ഷണ്ഡൻ, ക്ലീബൻ, പണ്ഡൻ

[നപുംസകം രണ്ടുവിധം. ക പൂന്ന പുംസകം=പുരുഷലക്ഷണങ്ങളും അധികവും സ്ത്രീലക്ഷണങ്ങൾ കുറച്ചുമുള്ളതു. ഉ. സ്ത്രീനപുംസകം=സ്ത്രീലക്ഷണങ്ങളും അധികവും പുരുഷലക്ഷണങ്ങൾ കുറച്ചുമുള്ളതു്]

നപ്പു്-ക്ര. ഗന്ധം, നാറ്റം. ഉ. കള്ളന്റെ പുറകെ പോലീസുകാർ നപ്പുപിടിച്ചു.

നപ്പുക-ക്രി. മണത്തുനോക്കുക, ഗന്ധം പിടിക്കുക. ഉ. കള്ളന്റെ പുറകെ പോലീസുകാർ നപ്പുകയാണു്.

നപ്പുകാവു്-പൌത്രൻ, മകന്റേയോ മകളുടേയോ മകൻ. ഇവനുണ്ടായാൽ പിന്നെ പിതൃക്കൾ നരകത്തിൽ വീഴുന്നില്ലായ്കയാൽ ഈ പേരുണ്ടായി.

നപ്തി-പൌത്രി, മകന്റേയോ മകളുടേയോ മകൾ.

മകളുടെ മകളെമാത്രം പറകയാണെങ്കിൽ 'ദൌഹിത്രി'.

നഭഃക്രാന്തി-സിംഹം.

നഭം-ആകാശം.

നഭശ്ചര-വി. ആകാശത്തുകൂടി സഞ്ചരിക്കുന്ന.

നഭശ്ചരൻ-ക്ര. ദേവതം. ഉ. പക്ഷിമുതലായവ. നു. മേഘം. ര. കാറ്റു്.

നഭസം-ആകാശം(നഭസ്സു് എന്നതിന്റെ പാഠം)

നഭസ്സു്-ക്ര. ആകാശം. ഉ. കടൽ.

നഭസംഗമം-പക്ഷി. ആകാശത്തെ ഗമിക്കുശീലമായിട്ടുള്ളതു എന്നർത്ഥം.

നഭസ്ഥലം-ആകാശപ്രദേശം.

നഭസ്യം-പ്രോഷ്ഠപദമാസം (കന്നിമാസം). വർഷകാലമാകയാൽ മേഘങ്ങളോടുകൂടിയതു എന്നർത്ഥം.

നഭസ്വാൻ-വായു. ആകാശം ആശ്രയമായിട്ടുള്ളവൻ എന്നർത്ഥം.

നഭസ്സു്-ക്ര ആകാശം മേഘങ്ങളുള്ളപ്പോഴുണ്ടാകുന്ന പ്രകാശക്കുറവിനോടിരിക്കുന്നതു് എന്നർത്ഥം. മേഘങ്ങളാൽ മറയ്ക്കപ്പെട്ടതു്. ഉ. ശ്രാവണമാസം, ചിങ്ങമാസം. വിരഹികളെ ഹിംസിക്കുന്നതെന്നർത്ഥം. നു. മേഘം. ര. ജലം. ങ. വയസ്സു്. ന. മഴ.

നഭാ – തുപ്പുപ്പടിക്കം, തുപ്പുന്നതിനുള്ള പാത്രം.

നഭോകൻ-രാഹു.

നഭോകം-ഇരട്ട്.
നഭോവു-നവാബ്. (Nawab)
നഭോചക്ഷുസ്സ്-സൂര്യൻ.
നഭോചന്ദ്രൻ-ചന്ദ്രൻ.
നഭോദീപം-ചന്ദ്രൻ.
നഭോപാന്ഥൻ-സൂര്യൻ.
നഭോമണി-ഫ. ആദിത്യൻ. ഉ. ഏരിക്ക്
നഭോംബുപം-വേഴാമ്പൽപക്ഷി.
നഭോരജസ്സ്-ഇരട്ട്.
നഭോരേണു-മഞ്ഞുകട്ടി.
നഭോലയം-പുക.
നഭോവാക്ക്-അശരീരിവാക്ക്.
നഭോശ്വാസം-കാറ്റ്.
നമത-വി. വളഞ്ഞ.
നമതൻ-ഫ. നടൻ. ഉ: യമധർമനൻ.
നമഞ്ഞി-ഞമഞ്ഞി.
നമനം-ഫ. നമസ്കാരം. കുമ്പിടുക. ഉ. മുങ്ങൽ
നമൻ-യമൻ (പ. മ.)
നമസ്സ്-നമസ്കാരം.
നമസ്സുബ്ബയോഗത്തിൽ ചതുത്ഥിവരം. ഉം, നമോനമഃകംസനിഷ്ക്രമനായ.
നമസിത-വി. പൂജിക്കപ്പെട്ട, നമസ്കരിക്കപ്പെട്ട.
നമസ്കരിക്കുന്ന-വന്ദിക്കുന്ന.
നമസ്കാരം-വന്ദനം.
നമസ്കാരി-ഫ. മുക്കറി, തൊട്ടുവാട്ടി. താണനിലക്കുന്നതു എന്നർത്ഥം. ഉ. പടർച്ചുണ്ട.
(കറിച്ചുണ്ട, വാളച്ചുണ്ട് എന്ന പേരുകളും കാണുന്നുണ്ട്)
നമസ്കൃതി, നമസ്കരണം-നമസ്കാരം.
നമസ്തന്ന്-അ. ആദ്യമായി (ശൈലി).
നമസ്യ-നമസ്കാരം, പൂജ.
നമസ്യ-വി. ഫ. ബഹുമാനമുള്ള. ഉ. വിനയമുള്ള.
നമിക്കുന്ന-നമസ്കരിക്കുന്ന, കുനിയുന്ന.
നമിത-വി. നമസ്കരിക്കപ്പെട്ട, നമസ്കരിച്ച. ഉ. കുനിപ്പിക്കപ്പെട്ട, വളയ്ക്കപ്പെട്ട.
നമുചി-ഒരു അസുരൻ.

ഇന്ദ്രൻ അസുരന്മാരെ ജയിച്ചപ്പോൾ നമുചി ഒരേഴ്ച്ചുണ്ടാക്കി എതിർത്തു ഇന്ദ്രനെ പിടിച്ചുവെച്ചു. തക്കം നോക്കിയതുകൊണ്ടോ ഉണങ്ങിയതുകൊണ്ടോ രാത്രിയോ പകലോ കൊല്ലുകയില്ലെന്നു വാക്കു ചെയ്താൽ വിട്ടയക്കാമെന്നു നമുചി ഇന്ദ്രനോടു പറഞ്ഞു ഇന്ദ്രൻ അതു സമ്മതിച്ചു് വാക്കുചെയ്തു ഉടൻ ഇന്ദ്രനെ വിട്ടയച്ചു. എന്നാൽ ഇന്ദ്രൻ സന്ധ്യാസമയത്തു് ജലത്തിന്റെ പതകൊണ്ടു-ഉണങ്ങിയതും നനഞ്ഞതുമല്ലല്ലോ-നമുചിയുടെ തല ഖണ്ഡിച്ചു. നമുചിയുടെ തല 'ഇന്ദ്രന്റെ ദുഷ്ടനായ ഘാതകാ!' എന്നു വിളിച്ചുകൊണ്ടു ഇന്ദ്രനെ പിന്തുടർന്നു എന്നുകൂടി മഹാഭാരതത്തിൽ കാണുന്നുണ്ടു്.

നമുചിസൂദനൻ - ദേവേന്ദ്രൻ. നമുചി എന്ന അസുരനെ കൊന്നവൻ എന്നർത്ഥം
നമേരു ഫ. സുമേരുപർവ്വതം. ഉ. ചരളം.
നംകുലം-നമ്മുടെ കുലം.
നമ്പർ-ഫ. എണ്ണം. ഉ. കോടതിയിലെ കേസ്.
നമ്പഷ്യാതിരി-ക്ഷത്രിയരിൽ ഒരു ജാതിക്കാരുടെ സ്ത്രീ.
നമ്പി-ഫ. വിശ്വസിക്കപ്പെട്ടവൻ. ഉ. വിശ്വസിക്കപ്പെട്ടവൻ യേശുവിൽ. നു. ഈശ്വരനിൽ വിശ്വസിക്കുന്നവൻ ര. ബ്രാഹ്മണരിൽ താണ ഒരു ജാതി. അമ്പലവാസി, ഇളയതു്. @ വൈഷ്ണവാചാര്യൻ (തമിഴ്, തെലുങ്ക്, കന്നഡം ഈ ഭാഷകളിൽ). നു. നടൻ. സ്ത്രീ-നമ്പിച്ചി
നമ്പിടി-അമ്പലവാസികളിൽ ഒരു ജാതി
നമ്പിയച്ഛൻ, നമ്പ്യച്ഛൻ-നമ്പിയുടെ ബഹുമാനപ്പേർ.

നമ്പിയാർ-പ. നമ്പ്യാർ. ൨. ഏവനാട്ടിലെ രാജാക്കന്മാർക്കുള്ള ബഹുമാനപ്പേർ ന. ക്ഷേത്രത്തിലേ ഒരു വിചാരിപ്പുകാരൻ. രാജാക്കന്മാർ കല്പിച്ചുകൊടുക്കുന്ന ഒരു സ്ഥാനപ്പേർ. ഒരു ജാതിയിൽപെട്ട പുരുഷൻ.

നമ്പുക-വിശ്വസിക്കുക.

നമ്പുന്ന-ആശ്രയിക്കുന്ന, വിശ്വസിക്കുന്ന

നമ്പുവേട്ടുവർ-വടക്കേ കണ്ണാടകത്തിലേ ഒരു കള്ളർക്കൂട്ടം.

നമ്പൂതിരി, നമ്പിതിരി-മലയാളബ്രാഹ്മണരിൽ ഒരു ജാതി.

നമ്പി, തിരി എന്ന ഈ രണ്ടുവാക്കുകളും കൂടിയതാകുന്നു നംപൂതിരി. നാം-പൂ-തിരി ഇങ്ങിനെ മൂന്നുവാക്കുകളും കൂടിയതാണെന്നു മറെറാരഭിപ്രായവും കാണുന്നു. 'തിരി' എന്നതു ബഹുമാനസൂചകമാണു്. സംസ്കൃതത്തിൽ പൂ=പുരം, നഗരം = നാംപുരം പൂ = രക്ഷാധികാരി എന്നു തല്പര്യം = 'നാം കൂടിയേറിപ്പാർക്കുന്ന പ്രദേശത്തിന്റെ ആധിപത്യം നമുക്കു കിട്ടണം' എന്ന ആശയത്തോടുകൂടി കേരളത്തിലേക്കു വന്നവർ നംപൂരിമാർ. സ്ത്രീലിംഗം-അത്തൊല്ലു].

നംപൂതിരിപ്പട്ടു്-നംപൂതിരിയിൽ പ്രധാനി, നംപൂതിരി.

നമ്പൂരി-നമ്പൂതിരി.

നമ്പ്യാതിരി-നമ്പൂരിയിൽ ഒരു വിശേഷപ്പേർ.

നമ്പ്യാൻ-ഒരു ജാതിക്കാരൻ, നമ്പ്യാർ. സ്ത്രീലിംഗം-നങ്ങ്യാർ.

നമ്പ്യാരു-പ നാട്ടുഭാഷയിൽ ഏർപ്പെട്ടുവന്ന ഒരു ജാതിക്കാർ. ൨. പുഷ്പകജാതിക്കാരുടെ സ്ഥാനപ്പേർ. നമ്പ്യാർ > <നങ്ങ്യാർ.

നമ്മടം-ഞാനും നീയും അല്ലെങ്കിൽ നിങ്ങളും.

നമ്മ്യ-വി. പ. നമസ്കരിപ്പാൻ തക്ക. ൨. വണക്കുള്ള.

നമ്ര-വി. പ. വണഞ്ഞ. ൨. വണക്കമുള്ള. ന. നമസ്കരിക്കുന്ന.

നമ്രത, നമ്രതാ-വണക്കം.

നമ്ര(ക)ം-വഞ്ചി, ഒരു വന്യവൃക്ഷം.

നയ-വി. ചേർച്ചയുള്ള.

നയ-മുതലയേയും മറ്റും പിടിക്കുന്നതിനുള്ള ഒരുമാതിരി ചൂണ്ടലോടുകൂടിയ ഇര.

നയകൻ-ഒരു സമർത്ഥനായ കാര്യസ്ഥൻ

നയകോവിദ-വി. നീതിയിൽ സമർത്ഥതയുള്ള.

നയക്കാരൻ-ഒരു കാര്യത്തെ പരിഷ്കരിക്കുന്നവൻ.

നയജ്ഞ-വി. നീതി അറിഞ്ഞ.

നയനം-കണ്ണ്. പദാർത്ഥങ്ങളെ അറിവിൽ പെടുത്തുന്നതു എന്നർത്ഥം.

നയനഗോചര-വി. കാണ്മാൻതക്കവണ്ണമുള്ള.

നയനാ(നയനീ)-കണ്ണിന്റെ കൃഷ്ണമണി

നയനാനന്ദം-കണ്ണിന്റെ സന്തോഷം.

നയനാമൃത-വി. കണ്ണിനു സന്തോഷമുണ്ടാക്കുന്ന.

നയനൌഷധം-പുഷ്പകാസീസം.

നയഭയം-മാർദ്ദവവും കർക്കശവുമായ വഴി (കഴിവു്) ഉം നയഭേദമായിട്ടു പറഞ്ഞു ബോധിപ്പിച്ചു.

നയം-വി പ. വിലകുറഞ്ഞ. ൨. പ്രയോജനമുള്ള. ന. സാവധാനമുള്ള.

നയം-പ. നടത്തൽ. ൨. യോഗ്യം. ന. നീതി, ന്യായം ർ. ഭയ. ൪. ഉപായം ന. കർത്തവ്യം.

നയവു്-പ. കൊള്ളാകുന്നതു. ൨. പ്രയോജനം. ലാഭം. ന. ദയിക്ക. ർ. നയം.

നയവാക്കു്-നല്ലവാക്കു്, മൃദുവായ വാക്കു്

നയവിദൻ-നയജ്ഞൻ.

നയശീല-വി, ക്ര സാവധാനശീലമുള്ള. ഉ. നീതിയുള്ള.

നയശീലം-കഠിനമില്ലാത്ത സ്വഭാവം.

നയാണ്ടാ-മുഖം വീർപ്പിക്കുക, മുഖക്കോട്ടം.

നയാണ്ടിക്ക-പരിഹസിക്കുക.

നയിക്കുന്ന-ക്ര. കഴിച്ചുകൂട്ടുന്ന. ഉ. പ്രേരിപ്പിക്കുന്ന. ന. കൊണ്ടുനടത്തുന്ന. (കാം ക്രി. നയിപ്പിക്കുന്ന.)

നയുക്കി-ഞെക്കി, ഞെരുക്കി. (പ-മ.)

നയോപായം-ക്ര. നീതി, ന്യായം ഉ. ഒരു കക്ഷായയോഗം.

നയ്യാണ്ടി-നിസ്സാരമായ ഉപദ്രവം (പ-മ)

നര-രോമം വെളുക്കുക, നരയ്ക്കുക. വാർദ്ധക്യം നിമിത്തം തലമുടി മീശരോമം ഇവയിലുണ്ടാകുന്ന വെളുപ്പ് (പലിതം)

നരകക്കുഴി-ക്ര. പാപികളെ ഇട്ടുന്ന സ്ഥലം. ഉ. വീണുകിടക്കുന്ന സ്ഥലം.

നരകദേവത-നിർൃതി എന്നുള്ള ഒരു ദേവത.

നരകൻ-നരകാസുരൻ, നരകൻ എന്ന അസുരൻ.

മഹാഭാരതവും വിഷ്ണുപുരാണവും അനുസരിച്ചു നരകൻ പ്രാഗ്ജ്യോതിഷത്തിലെ രാജാവായിരുന്നു. ഭൂമിദേവിയുടെ കുണ്ഡലങ്ങളെയും മറ്റും മോഷ്ടിച്ചുകൊണ്ടു നരകൻ പ്രാഗ്ജ്യോതിഷം എന്ന കോട്ടയിൽ ചെന്നിരുന്നപ്പോൾ ദേവന്മാരുടെ പ്രാർത്ഥനാഹേതുവായിട്ടു കൃഷ്ണൻ അവനെയുദ്ധംചെയ്തു ആഭരണങ്ങളെ തിരിയെ കൊണ്ടുവന്നു. (മഹാഭാരതപ്രകാരം നരകൻ ഒരു അനുയുടെ വക്ഷത്തിൽ വിശ്വകർമ്മാവിന്റെ പുത്രിയെ അപഹരിച്ചു മാനഭംഗംചെയ്തു. ഇതുകൂടാതെ ഗന്ധർവ്വർ, ദേവകന്യ, മനുഷ്യർ മുതലായവരുടെ സ്ത്രീകളെയും ഹനുമാൻ പോലെ പിടിച്ചുകൊണ്ടുപോയി കോട്ടയിൽ പാർപ്പിച്ചു. വളരെ വിലപിടിച്ച ആഭരണങ്ങളും മറ്റും കൂടി പലരിൽ നിന്നും കൈക്കലാക്കി. അതിക്രൂരനായ ഇവനെ ശ്രീകൃഷ്ണൻ വധിച്ചു. സ്ത്രീകളെ നരകന്റെ അന്തഃപുരത്തിൽനിന്നു താൻ മോചിപ്പിച്ചു ദ്വാരകയിലേക്കു കൊണ്ടുപോയി. നരകാസുരന്റെ ഒരു ഇരട്ടപേരു മുരൻ.

നരകം-പാപികളെ ഇട്ടുന്ന ഒരു ലോകം. പാപികളെ സ്വസമീപത്തേക്കു വരുത്തുന്നതു എന്നർത്ഥം. പാപംചെയ്ത മനുഷ്യർ ദുഃഖത്തോടെ ശബ്ദിക്കുന്നേടം എന്നുമാവാം. പര്യായങ്ങൾ നാരകം, നരകം, നിരയം, ദുർഗ്ഗതി.

നരകഭേദങ്ങൾ=തപനം, അവീചി, മഹാരൌരവം, രൌരവം, സംഘാതം, കാലസൂത്രം മുതലായവ. നരകത്തിലെ നദി-വൈതരണി. നരകദേവത=നിർൃതി. നരകങ്ങൾ ഉ.ക്ര എന്നും ഓരോന്നിൽ ഓരോമാതിരി ശിക്ഷയുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു.

നരകഭേദം.

'കരതലോക്യത്തിനു തരക്കേഴ് ഭൂമിക്കുതാഴെ സരോജാലയാണ്ഡംമോനിധിതന്മീതേനരകങ്ങൾ* ഇരുപത്തൊന്നാകുന്നിതെന്നു ചൊല്ലുന്നചിലർ ഇരുപത്തെട്ടുണ്ടെന്നു ചൊല്ലുന്നചിലരെല്ലാം*താമിസ്രമെന്നു ചൊല്ലും മുമ്പിലേതുനേന്ധതാമിസ്രം രണ്ടാമതും രൌരവം മൂന്നാമതും* നാലാമതല്ലോ മഹാരൌരവം കാളീപാകം കാലസൂത്രവുമസിപത്രാരണ്യവും പിന്നെ*സൂകരമുഖമന്ധകൂപവും പത്താമതു അകൃഷ്ണതരം കൃമിഭോജനം സന്ദംശവും*ദുർജ്ജനമനസ്താപവുമോദം സപ്തസൂചീമുഖകണ്ടകമായ ശാല്മലി രൌതരണി*പൂയോദം സപ്തശ്ലോഹം മാലോഹം പ്രതോദവും മായാമന്നിരയ വിശസനവും ലാലഭക്ഷം*സാരമേയാദനവുമിത

പരത്തുന്നതുമായ മാരുതൻ തേടുമവീചി രയഃ പാനമെന്നും * ക്ഷുരകല്പം രക്ഷോ ഗണഭോജനം മഹാക്രൂരം ശ്രുവപ്രോതം മന്ദമൃകവുംപിന്നെ * അവിടെ നിരോധനം പുനരുത്ഥാനവും കേളുവധിസൂചീമുഖമെഴാമതറിഞ്ഞാലും * ഇതുപത്തെട്ടാകുന്നിതിങ്ങിനെ പാപികൾക്ക നരകമുഖമനുഭവിപ്പാനനുദിനം'.

(ഭാഗവതം)

നരകമഥനൻ-വിഷ്ണു.

നരകഹതൻ-പാപി.

നരകാന്തകൻ-വിഷ്ണു. നരകാസുരനെ കൊന്നവനെന്നർത്ഥം.

നരകാരി-വിഷ്ണു. നരകാസുരന്റെ ശത്രു എന്നർത്ഥം.

നരകാസുരൻ-നരകൻ എന്ന അസുരൻ. (നരകൻ എന്നതു നോക്കുക.)

നരകി-വി. നരകത്തിനു യോഗ്യതയുള്ള.

'നരകികളായുള്ളോരിവരെല്ലാം
ചത്തുവീഴുംനരകത്തിൽ'

(കേരളോൽപ്പത്തി രാമായണം)

നരകിക്കുന്നു-അതിവേദന അനുഭവിക്കുന്നു.

നരകു-നരകം. (നരകത്തിന്റെ തത്ഭവമാണ് നരകു പഴയപ്രയോഗം)

'പോയെക്കുമഹാനരകെയ്തുവർ'

(ഭഗവൽഗീത-മാധവപ്പണിക്കർ)

നരച്ച-വി. നരയുള്ള.

നരജന്മം-മനുഷ്യജന്മം

നരദേവൻ രാജാവു്.

നരധി-ഭൂലോകം.

നരന്ത-ഒരുതരം തിര. മരുന്നുവള്ളി.

നരൻ-പു. മനുഷ്യൻ. മറ്റെല്ലാറ്റിനേയും തന്റെ വശത്താക്കുന്നവൻ എന്നർത്ഥം. പു. നരമഹർഷി. നു. അർജ്ജുനൻ. ര. ശിവൻ, നിത്യൻ. ഇ. കുതിര.

'നര' എന്ന ശബ്ദത്തോടു ചേർന്നാൽ പതി, അധിപൻ, നാഥൻ, ഇന്ദ്രൻ മുതലായവ ചേർന്നാൽ 'രാജാവു്' എന്നർത്ഥമുണ്ടാകും.

നരനാരായണന്മാർ-വിഷ്ണുവിന്റെ അവതാരമൂർത്തികളായ രണ്ടു മഹർഷിമാർ.

ആദ്യം ഒരാളായിരുന്നു. പുരാണകാലങ്ങളിൽ അർജ്ജുനകൃഷ്ണന്മാരുടെ പേരായി ഗണിച്ചുവരുന്നു. ഇവർ രണ്ടുപേരും (നരനാരായണന്മാർ) ഒരിക്കൽ ഹിമാലയത്തിൽ അതികഠിനമായ തപസ്സു ചെയ്യുമ്പോൾ ഇന്ദ്രൻ പേടിച്ചു തപോവിഘ്നത്തിനു് അനേകം ദേവസ്ത്രീകളെ പറഞ്ഞയച്ചു. എന്നാൽ നാരായണൻ അതിസൌന്ദര്യവതിയായ ഉർവ്വശിയെ സൃഷ്ടിച്ചു് മറ്റവരെ ഭയപ്പിച്ചു മടക്കിയയച്ചു. നാരായണന്റെ തുടയിൽ ഇരുന്നിരുന്ന ഒരു പുഷ്പത്തിൽനിന്നാണ് ഉർവ്വശിയുണ്ടായതെന്നും കാണുന്നുണ്ടു്.

'പേരായിരമുള്ളരവിന്ദാക്ഷൻ
നാരായണനും നരനുമതായി
രണ്ടായവനിയിലവതരിപ്പുനരു-
രുണ്ടായവനെവധിപ്പാനൊപ്പോരും'

(കൃഷ്ണാർജ്ജുനവിജയം തുള്ളൽകഥ)

നരപതി-രാജാവു്.

നരപശു-മനുഷ്യനെപ്പോലെയുള്ള ഒരു മൃഗം.

നരപാലൻ-രാജാവു്.

നരപ്രിയം-കുതിരമരം

നരപുംഗവൻ-നരശ്രേഷ്ഠൻ.

നരബലി-മനുഷ്യനെ വെട്ടിക്കൊന്നുള്ള ഒരു ബലിക്രിയ.

നരം-പു. പച്ചക്കർപ്പൂരം. ഉ. കുതിര.

നരമൃഗം-നരസിംഹം.

നരമേധം-നരബലി.

നരയൻ-നരച്ചവൻ.

നരയാത്തതാച്ചി-സ്ത്രീകളുടെ മുറിയിൽ വേലചെയ്യുന്നവൾ

നരയ്ക്കുന്നു-തലയിലും മറ്റും രോമംവെളുക്കുന്നു.

നരൽ,നർ-ക്ലേശം.

നരവരൻ-രാജാവു്.

നരവാഹന-വി. മനുഷ്യരാൽ എടുക്കപ്പെടുന്ന.

നരവാഹനൻ-കുബേരൻ. മനുഷ്യൻവാഹനമായിട്ടുള്ളവൻ എന്നർത്ഥം.

നരവാഹ്യം-വി. മനുഷ്യരാൽ വഹിപ്പാൻതക്ക.

നരവീരൻ-രാജാവു്.

നരസഖൻ-നാരായണൻ.

നരസിംഹപുരാണം-അഷ്ടാദശോപപുരാണങ്ങളിൽ ഒന്നു്.

നരസിംഹം-പു. വിഷ്ണുവിന്റെ ഒരു അവതാരം. (അവതാരം എന്ന ശബ്ദത്തിൽ ദശാവതാരം (൪) നോക്കുക). വി. മനുഷ്യശ്രേഷ്ഠൻ.

നരസ്തുതി-മനുഷ്യനെ സ്തോത്രംചെയ്കു.

നരഹരി-നരസിംഹമൂർത്തി.

നരഹരി-ഒരു സംസ്കൃതകവി ശൃംഗാരശതകമുണ്ടാക്കി, എല്ലാ പദ്യങ്ങളിലും സ്വനാമമുദ്രയുണ്ടു്. ബാണാദികവികൾക്കു ശേഷം ജീവിച്ചിരുന്നിരിക്കണം.

നരാധമൻ-മനുഷ്യരിൽ നിന്ദ്യൻ, ചീത്തമനുഷ്യൻ.

നരാധാര-ഭൂമി.

നരാധിപൻ-രാജാവു്.

നരാധീശൻ-രാജാവു്.

നരായണൻ-വിഷ്ണു നരന്മാക്കു് സായുജ്യാവസ്ഥയിൽ പ്രാപ്തിസ്ഥാനം എന്നർത്ഥം.

'അഥനാരായണാഖ്യവിഷ്ണു
സ്തച്ചകമ്മാനരായണൻ'

(ശബ്ദാർണ്ണവം)

നരാവതാരം-മനുഷ്യനായി ജനിക്കുക.

നരാശൻ-രാക്ഷസൻ

നരി-പു. കുറുക്കൻ. കണ്ണാടകം തമിഴ് തുളു ഈ ഭാഷകളിൽ 'നരങ്ങ'-രന്തടവിപ്പിടുക. വി. കടുവാ. സ്ത്രീ. സ്ത്രീ.

നരിക്കുന്നു-അ. വേഗത്തിൽ, ധൃതപ്പെടുന്നു

നരിച്ചീറു്(ൽ) - ഒരുമാതിരി പക്ഷി, ചെറിയ വാവൽ. പര്യായങ്ങൾ-പാരേഷ്ടി, തൈലപായികാ.

നരിച്ചീറിന്റെ മാംസം-വാതം, ക്ഷയം, നേത്രരോഗം, ഹൃദ്രോഗം ഇവയുള്ളവർ തിന്നരുതു്. തമിഴിൽ-കരപ്പു. നരിച്ചീർ. വാവലിന്റെ ജാതിയിൽ ഒരുവക തന്നെ. നരിച്ചീറിനും വാവലിനുമായി അഹോവൃത്തിയുടെ ഭേദമേയുള്ളു. ഈ ജാതിയിലുള്ള ചില പ്രാണികൾ കൂകുനികൾ തിന്നു കാലക്ഷേപം ചെയ്യുന്നു. ചിലതു മാംസം തിന്നു ഉപജീവനം കഴിക്കുന്നു. നാം കാണുന്ന വാവൽ അത്രേ പറഞ്ഞശേഖരത്തിലും നരിച്ചീർ രണ്ടാമതു പറഞ്ഞശേഖരത്തിലുമാകുന്നു. വാവൽവർഗ്ഗത്തിലുള്ള എല്ലാപ്രാണികളും രാത്രിയിൽ സഞ്ചരിച്ചു ഇരതേടുന്നു. സൂര്യരശ്മിയുള്ളപ്പോൾ അവയുടെ കണ്ണുകൾക്കു കാഴ്ചയില്ലാ. അതിനാൽ പകൽ സമയം അവ ഇരുട്ടുള്ള ഗുഹകളിലും തട്ടിൻപുറത്തും മാറും തൂങ്ങിക്കിടക്കുന്നു.

നരിത്തല, നരിത്തലവാതം-കാലിന്റെ മുട്ടിൽവരുന്ന ഒരു നീരു്.

നരിപ്പച്ച-ഒരുമാതിരി തൈ (കഞ്ഞാവു പോലെ ഉപയോഗിക്കുന്നു.)

നരിമീൻ-ഒരുവക മത്സ്യം, കോര എന്നു ചിലർ പറയുന്നു.

നരിമീനും കോരയും രണ്ടിനംതന്നെയാണു്.

നരിമൂളി-ശബ്ദംകൊണ്ടു ഭയപ്പെടുത്തി മൃഗങ്ങളെ ഓടിക്കുന്നതിനുള്ള ഒരു സൂത്രം.

നരിയടിയൻ-രവൈദ്യൻകമ്പളങ്ങ, ചൂരിക്കമ്പളങ്ങ.
നരിയാണ്ടി-കാഷിന്റെ കണ്ണ്.
നരിവെങ്കായം-കാട്ടുവെങ്കായം.
നരേന്ദ്രൻ-പ. രാജാവ്. ഉ. വിഷ്ണുവൈദ്യൻ.
നരേന്ദ്രമാതാ-പൂളിയംരൽ.
നരേശൻ-രാജാവ്.
നരോത്തമൻ-മനുഷ്യരിൽ നല്ലവൻ.
നരോൽക്കരം-മനുഷ്യരുടെ കൂട്ടം.
നർത്തകൻ-പ. നൃത്തംചെയ്യുന്നവൻ, ആട്ടക്കാരൻ, ചാക്യാർ. ഉ. രാജാവ്. ന. ശിവൻ. ഘ. സ്തുതിപാഠകൻ.
നർത്തകം-പ. വേഴൽപ്പുല്ല്. ഉ. ആന. ന. മയിൽ.
നർത്തകി-പ. ആട്ടക്കാരി. നൃത്തംചെയ്യുന്നവൾ എന്നർത്ഥം. ഉ. പവിഴക്കൊടി. ന. പിടിയാന. ഘ. പെൺമയിൽ.
നർത്തനപ്രിയൻ-ശിവൻ.
നർത്തനം-ആട്ടം, കൂത്ത്. ചാടിക്കളിക്കുക എന്നർത്ഥം.
നട്ടനം-അലച്ച്.
നർമ്മഠൻ-പ നേരമ്പോക്കുകാരൻ, കളിവാക്കുപറയുന്നവൻ. ഉ. താന്തോന്നി. ന. സ്ത്രീലോലൻ.
നർമ്മഠം-പ. താടി. ഉ. മുലക്കണ്ണ്. ന. ക്രീഡ, സംഗം, സംയോഗം.
നർമ്മദ-വി. പ. നർമ്മത്തെ കൊടുക്കുന്ന. ഉ. ഉല്ലസിപ്പിക്കുന്ന, സുഖത്തെ കൊടുക്കുന്ന.
നർമ്മദാ-പ. രേവാനദി. പയ്യിയെങ്ങൾ=രേവാ, നർമ്മദാ, സോമോദ്ഭവാ, മേഖലകന്യകാ. കേളിയെ ഉണ്ടാക്കുന്നതെന്നർത്ഥം.

നർമ്മദാനദി മേഖലപർവ്വതത്തിൽനിന്നു പുറപ്പെട്ട കലിംഗദേശത്തിൽ അമരകണ്ടകം എന്ന പർവ്വതത്തിന്റെ സമീപത്തുകൂടിയൊഴുകി പടിഞ്ഞാറേ സമുദ്രത്തിൽ വീഴുന്നു. ജലം എല്ലാ ദേശങ്ങൾക്കും നന്ന്.

'കലിംഗദേശേപശ്ചിമേഭാഗേ
പർവ്വതോമരകണ്ടകഃ
പുണ്യോ ച ത്രിഷുലോകേഷു
രമണീയോമനോരമഃ
നർമ്മദാസരിതാംശ്രേഷ്ഠാ
സർവ്വപാപപ്രണാശനീ
താരയേൽസർവ്വഭൂതാനി
സ്ഥാവരാണിചരാണി ച'
(മത്സ്യപുരാണം)

ഉ. ചോനകപ്പുല്ല്.
നർമ്മം-പ. നേരമ്പോക്ക്, വിനോദം, കളിവചനം, ക്രീഡ. ഉ. സ്ത്രീപുരുഷന്മാർ പരസ്പരം പ്രേമാതിശയം ഹേതുവായിട്ടു ചെയ്യുന്ന പരിഹാസം. ന. സുഖം.
നർമ്മസചിവൻ- രാജാവിനോടു നേരമ്പോക്കു പറയുന്ന ഒരു സേവകൻ.
നർമ്മസൂഹൃത്ത്-വളരെ അടുപ്പമുള്ള ഇണ്ടൻ.
നലകം-മലങ്കടല.
നല-നല്ല.
നലനല-നല്ലനല്ല. (പഴയ മലയാളം.)

'ല്ല' എന്ന വർണ്ണത്തിന്റെ ഭിന്നരൂപം പലപ്പോഴും നിരണകവികളും തമിഴ് സമ്പ്രദായത്തെ അനുസരിച്ചു ലേഖിപ്പിക്കുന്നുണ്ട്.

'സംസ്കൃതപദ്യങ്ങളിനൽനലനല
ഞാനാർത്ഥങ്ങളരുത്തു'
(ശൈവൽഗീത-മാധവപ്പണിക്കർ)

നലം-അ. വേഗം.
നലം-പ. വേഴൽ. ഉ. മംഗളാശംസ, നന്മ, ഗുണം, നല്ലത്.
നലമീനാ-ചെമ്മീൻ.
നല്ക, നൽക-കൊടുക്കുക. (നൽ=നല്ലത്.) നല്ലതായിരിക്ക അല്ലെങ്കിൽ നല്ലതു കൊടുക്കുക എന്നർത്ഥം. ഇപ്പോൾ 'കൊടുക്കുക' എന്ന അർത്ഥം മാത്രമേയുള്ളൂ.

നല്കുന്ന-കൊടുക്കുന്ന.

നൽകേൻ-തരികയില്ല, നൽകയ്യില്ല.

നല്ലരിമ്പു്-കരിമ്പിൻഭേദം.

കരിമ്പിന്റെ ഗുണംതന്നെ ഇതിനുമുള്ളതു്. മൂത്രപ്രമാണ് ഒരു വിശേഷത പിത്തത്തിനും ചുട്ടുനീറലിനും നന്നു്. രുചികരമാകുന്നു.

നല്പു്-നന്നു്. (നല്പു് > <തില്പു്.)

നല്ലു്-നന്നു്. (നല്ലു് > <കല്ലു.)

നല്ല-വി. നന്മയുള്ള.

നല്ലജാതി-നല്ലവക.

നല്ലൻ-നല്ലവൻ, ഗുണവാൻ, സമർത്ഥൻ.

നല്ലപ്പോഠം-അ. നല്ല സമയത്തു്. ഉ. ഒന്നാമതു്, മുമ്പേ.

നല്ലാ-നലം, നല്ലതായ.

'നല്ലമുടയകലം'

(വൈരംഗ്യചന്ദ്രോദയം)

നല്ലമുളകു്-കൊടിമുളകു്.

നല്ലവണ്ണം-അ. ശ്രമമേയിട്ടു്, ഉപേക്ഷകൂടാതെ

നല്ലവൻ-സ്വഭാവഗുണമുള്ളവൻ.

നല്ലവഴി-ഗുണമായി വരുവാനുള്ള ഒരു ആരംഭം, നല്ലനടപ്പു്.

നല്ലാർ-സ്ത്രീകൾ, നല്ലസ്ത്രീകൾ.

നല്ലി-ഒരുതരിത്തുകാരി.

നല്ലിരിക്ക-ഔഷധം സേവിച്ചുകഴിഞ്ഞാൽ പിന്നീടു പഥ്യമായിരിക്ക

നല്ലുവാതിൽ-കല്യാണംകഴിച്ചു വന്നാൽ ഭർത്തൃഭ്രാതൃകന്മാർ ഭാര്യയുടെ ശ്രേഷ്ഠക്കാർ പാർക്കുന്ന വീട്ടിൽ മുമ്പു ചെല്ലുന്നതു്.

നല്ലെണ്ണ-എള്ളാട്ടി എടുക്കുന്ന തൈലം, എള്ളെണ്ണ.

നല്ലെണ്ണ കുടിച്ചാൽ വാതം, കഫം, ചിരങ്ങു്, ചൊറി, വ്രണം, കൃമി ഇവ കുറയുന്നു. തൽക്ഷണത്തെ ചെയ്യും. കണ്ണിനു ഹിതമല്ല. രക്തദോഷത്തെ ഉണ്ടാക്കും. മലമൂത്രങ്ങളെ തടുക്കും. ഏറ്റവും ചെറിയ നാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെ ശമിപ്പിക്കും. ഒലിഞ്ഞവരെ തടിപ്പിക്കും. തടിച്ചവരെ മെലിയിക്കും. ബലത്തെ വർദ്ധിപ്പിക്കും ഗർഭാശയശുദ്ധിയെ ചെയ്യും. തേച്ചാൽ-കണ്ണുരോഗം, ശിരോരോഗം, പ്രമേഹം, യോനിരോഗം ഇവകൾ നന്നു്. വ്രണത്തെ വറ്റും. അഗ്നിയെ വർദ്ധിപ്പിക്കും ഓജസ്സിനെ നൽകും. ശരീരത്തിനു മിനുസം വരുത്തും. കണ്ണിനു നന്നു്. മുടിയെ നന്നാക്കും വേറെയും പല ഗുണങ്ങളും ഉണ്ടു്. എണ്ണ സേവിച്ചുണ്ടാകുന്ന അജീർണ്ണത്തിൽ പിണ്ണാക്കുഭക്ഷിക്കുക തഴിഞ്ഞിൽ-എള്ളിൻ നെയ്. ഇംഗ്ലീഷിൽ Sesamum-oil സിസമം ഓയിൽ

നല്ലാർ-നല്ല ആളുകൾ.

നൽവിന-ധർമ്മം, സുകൃതം. (നൽവിന തീവിന = ധർമ്മാധർമ്മരൂപമായ കർമ്മബന്ധം. തീവിന = അധർമ്മം, പാപം.)

നലം-നാനൂറുമുഴം.

'കേരത്തോട്ടംപനസവനവും
പൂകുന്നാലഞ്ചുനലവും'

(മയൂരസന്ദേശം)

നലം-നൂറുമുഴം കൂടിയതാണ് എന്നും അഭിപ്രായം കാണുന്നുണ്ടു്.

'നലംഹസ്തശതം' എന്നു (കാത്യൻ)

നവ-വി. പുതിയ.

നവ-വി. ഒൻപതു്.

നവകം-വി ഒൻപതുസംഖ്യയുടെ ഒരു കൂട്ടം

നവകമ്മങ്ങൾ-ശമം, ദമം, ക്ഷമ, അവക്രത, തപം, ശൌചം, ആസ്തിക്യം, അജ്ഞാനം, വിജ്ഞാനം.

നവകമ്മസാക്ഷികം-സൂര്യൻ, ചന്ദ്രൻ, ആകാശം, വായു, യമൻ, കാലം, ജലം, ഭൂമി, അഗ്നി-ഈ ൻ-ം.

നവകാരികാ, നവകാലികാ, നവഹവികാ–പുത്രനായി വിവാഹംകഴിച്ച സ്ത്രീ, തീണ്ടാരി ആരംഭിച്ചുവരം.

നവകീർത്താ–ഒരു മന്ത്രം.

നവഖണ്ഡപതികാം–പൂർവ്വചിത്തി എന്ന അപ്സരസ്സിയുടെ പുത്രന്മാർ.

നവഖണ്ഡാ– ഒൻപതുഖണ്ഡം, ജംബൂദ്വീപിലുള്ള ഭൂഖണ്ഡം ഒൻപതും. (ഭാരതകൂടം എന്നതു നോക്കുക)

നവഗ്രഹങ്ങാം–സൂര്യൻ മുതലായ ഗ്രഹങ്ങാം ഒൻപതും. ആദിത്യൻ, ചന്ദ്രൻ, ചൊവ്വാ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു–ഇങ്ങിനെ ൻ. (ഗ്രഹചാരം എന്നതു നോക്കുക.)

'സൂര്യശ്ചന്ദ്രാമംഗശ്ച
ബുധശ്ചാപിബൃഹസ്പതിഃ
ശുക്രഃശനൈശ്ചരോരാഹുഃ
കേതുശ്ചേതിഗ്രഹാനവ'

നവചതാരിംശ–നാല്പത്തിൻപതു്.

നവചതാരിംശത്തു്–നാല്പത്തിരണ്ടു്

നവചന്ദ്രൻ–കറുത്തവാവു കഴിഞ്ഞു് ഒട്ടുത്തദിവസങ്ങളിൽ കാണപ്പെടുന്ന ചന്ദ്രൻ, ചന്ദ്രകല

നവജ്വരാ–പനി തുടങ്ങിയാൽ പത്തുദിവസത്തോളം പറയുന്ന ഒരു പേർ.

നവഞ്ഞു–കുശുക്കി, വിരകി. (പ–മ)

നവടി–കുശുക്കി, മർച്ചു (പ–മ.)

നവത–രണ്ടു സംഖ്യയെ ഒട്ടുകൂടിയ ഒരു കൂട്ടം

നവതാരുണ്യ–ഒരു വൃക്ഷത്തിന്റെ പേർ.

നവതി–തൊണ്ണൂറ്.

നവത്രിംശ–വി. മുപ്പത്തിരണ്ടു.

നവത്രിംശത്തു്–മുപ്പത്തിരണ്ടു്.

നവദളം–താമരപ്പൂവിന്റെ അകത്തെ ഇതളം, താമരപ്പൂ മുതലായതിന്റെ പൂതിയ ഇതളം.

നവദുർഗ്ഗാ–രണ്ടുതുരുപത്തിലുമുള്ള ദുർഗ്ഗാം.

നവദോഷാം–ഗ്രന്ഥികൻ, വിഷ്ടി, ശണ്ഡാന്തം, വിഷാം, മുഷ്ടാം, ഏകാർത്ഥാം, സപ്തശിരസ്സു, ലാടാം, വൈഘ്നാം.

നവദ്രവ്യങ്ങാം–ഭൂമി, ജലം, തേജസ്സു, വായു, വ്യോമം, കാലം, ദിക്ക്, ആത്മാവു്, മനസ്സു് ഇവ–ൻ–ം.

നവദ്വാര–വി. ഒൻപതു ദ്വാരങ്ങാമുള്ള.

നവദ്വാരം–ചെവി മുതലായ ശരീരസുഷിരങ്ങാം ഒൻപതും.

ശ്രോത്രങ്ങാം (ചെവികാം), ലോചനങ്ങാം (കണ്ണുകാം), ഘ്രാണങ്ങാം (മൂക്കിൻദ്വാരങ്ങാം), വായ്, ഗുദം, ഗുഹ്യം ഇങ്ങിനെ ൻ

നവധാ–അ. ഒൻപതുവിധം.

നവധാതുക്കാം–ഒമ്പതുധാതുക്കാം (ധാതു എന്നതു നോക്കുക.)

'ഹേമതാരരനാഗാശ്ച
താമ്രവംഗൌചതിക്ഷ്ണകം
കാംസ്യകംകന്തലോഹശ്ച
ധാതവോനവകീർത്തിതാഃ'

നവധാന്യാം–യവം മുതലായ ഒൻപതുവിത്തുകാം (ധാന്യങ്ങാം).

യവം, ഗോതമ്പു്, കടല, എള്ളു്, തുവരൻപരിപ്പു്, പയർ, ഉഴുന്നു്, കാണം (മുതിര) മെച്ചക്കൊട്ട ഇവ ൻ–ം.

നവനദികാം – സരസ്വതി, വൈതരണി, മധുസ്രവ, അമ്പുനദി, ആപഗാ, മന്ദാകിനി, കൌശികി, ഹിരണ്വതി, ഋക്ഷവതി.

നവനിധി–മഹാപത്മം മുതലായ കുബേരന്റെ നിക്ഷേപം ഒൻപതും.

നവനിധികാം = മഹാപത്മം, പത്മം, ശംഖം, മകരം, കച്ഛപം, മുകുന്ദം, കുന്ദം, നീലം, ചർമ്മം ഇവ ൻ–ം.

ക. മഹാപത്മം–മഹത്തായ പത്മം.

ഖ. പത്മം– എല്ലാവരാലും സേവിക്കപ്പെടുന്നതു്.

ന. ശംഖം-വ്യസനത്തെ കളയുന്നത്.
ഭ. മകരം- മുതലയോപ്പോലെ പിടിക്കാൻ പ്രയാസമുള്ളത്.
ഇ. കച്ഛപം-ആമയെപ്പോലെയിരിക്കുന്നത്.
ണ. മുകുന്ദം-മനോഹരമായിരിക്കുന്നത്
ഒ. കുന്ദം- ടി
വ. നീലം-ഏറെവും സ്തുതിക്കപ്പെടുന്നതു
ൻ. ചഷ്ടം-സ്തുതിക്കപ്പെടുന്നത്.

നവനീ-വെണ്ണ.

നവനീതം-പ. പുതിയ വെണ്ണ, വെണ്ണ നെയ്യ്, പുതുതായി കടഞ്ഞെടുത്തതും ഉരുക്കാത്തതുമായ നെയ്യ്. പുതുതായി എടുക്കപ്പെടുന്നതെന്നർത്ഥം.

നവപാഠകൻ-പുതിയ അദ്ധ്യാപകൻ.

നവഫലിക-കല്യാണപ്പെണ്ണ്.

നവം-പ. നുതനം, പുതിയത്. ഉ. ചെമന്നതഴുതാമ.

നവംനവം-അ. പുത്തൻപുത്തനായി.

നവമ-വി. ഒൻപതാമത്തേത.

നവമല്ലിക, നവമാലിക-പ. രുചരപിച്ചുകം. സ്തുതിക്കപ്പെടുവാൻ തക്ക മാലയുണ്ടാക്കുന്നതെന്നർത്ഥം. ഇതു തുശിമുല്ലയാണെന്നും അഭിപ്രായം കാണുന്നു. ഉ. കാമദേവന്റെ ബാണങ്ങളിലൊന്ന്.

നവമാലിക-പ. ഒരു പുത്തന്റെ പേർ. ഉ. നവമല്ലിക.

നവമാലിനീ-തുശിമുല്ല.

നവമി-ഒൻപതാംതിഥി.

നവയോഗികർ-രേതശ്ശോതാക്കന്മാർ.

നവയോഗികർ-കവി, ഹരി, അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിഹോത്രൻ, ദ്രമിഡൻ, ചമസൻ, കരഭാജനൻ ഇവരാണെന്നും, ഇവർ മിഥിലാരാജ്യാധിപനായ നിമിരാജാവിനു ഭാഗവതധർമ്മങ്ങളും മറ്റും പറഞ്ഞു ഉപദേശിച്ചിട്ടുണ്ടെന്നും ഭാഗവതം ഏകാദശസ്കന്ധത്തിൽ കാണുന്നു

നവയൌവനം — യൌവനകാലത്തിന്റെ ആദി.

നവയൌവനാ-യൌവനം തുടങ്ങിയ സ്ത്രീ.

നവര-ഒരുമാതിരി നെല്ല്.

നവര മുതലായ നെല്ല് = അരുണ, വ്രീഹി, പാടലം.

നവരക്കിഴി-വാതചികിത്സയ്ക്കു വേണ്ടുന്ന ഒരുമാതിരി ചോറുകിഴി.

നവരങ്ങം-ഗൃഹം. ഉ-ം, നവരങ്ങസഭാം.

നവരത്നങ്ങർ-പ. പവിഴം മുതലായ ഒൻപതുതരം കല്ലുകൾ.

'മുക്താമാണിക്യവൈഡൂര്യ
ഗോമേദംവജ്രവിദ്രുമം
പദ്മരാഗോമരതകം
നീലശ്ചേതിയഥാക്രമം'

മുത്ത്, മാണിക്യം, വൈഡൂര്യം, ഗോമേദകം, വജ്രം, പവിഴം, പദ്മരാഗം, മരതകം, നീലം.

ഉ. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങർ.

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു
വേതാളഭട്ടഘടകർപ്പരകാളിദാസാഃ [യാം
ഖ്യാതോവരാഹമിഹിരോനൃപസ്സഭാ
രത്നാനിവൈവരുചിർന്നവവിക്രമസ്യ'

ധന്വന്തരി ക്ഷപണകൻ, അമരസിംഹൻ, ശങ്കു, വേതാളഭട്ടൻ, ഘടകർപ്പരൻ, കാളിദാസൻ, വരാഹമിഹിരൻ, വരരുചി ഇവർ വിക്രമാദിത്യസഭയിലെ ഒൻപതു ഗ്രന്ഥകർത്താക്കന്മാരാകുന്നു.

നവരത്നങ്ങളം, സ്ഫടികം, വല്ലവരാഗം, ചന്ദ്രകാന്തം ഇവയും കൂടിയതു ഭാഗശരത്നങ്ങർ

നവരനെല്ല്-ഒരുവക നെല്ല്.

വാതം, പിത്തം, ജ്വരം, കഫം ഇവയ്ക്കു നന്ന്. രുചിയെ ഉണ്ടാക്കും. മലം പിടിക്കും. ചെന്നല്ലിന്റെ ഗുണങ്ങളും കൂടെയുണ്ടെന്നും അഭിപ്രായമുണ്ട്. ഈ പറഞ്ഞതു വെളുത്തതിന്റെ ഗുണമാണ്. കറുത്തനിറത്തിലുമുണ്ട്. അതിനു ഗുണം അതുതന്നെ. പക്ഷെ കാച്ചു കുറയും. സം-ഷഷ്ടികം.

നവരസം-ഫ. ശൃംഗാരാദിരസങ്ങൾ ഒൻപതും.

ശൃംഗാരം, ഹാസ്യം, കരുണം, രൌദ്രം, വീരം, ഭയാനകം, ബീഭത്സം, അദ്ഭുതം, ശാന്തം ഇവ ഒൻപതും.

('വാത്സല്യം' എന്നു ഒന്നുകൂടിയുണ്ടെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.)

നവരസങ്ങളുടെ സ്ഥായീഭാവങ്ങളും രൌദ്രികരിക്കുന്ന രാഗങ്ങളും.

രസങ്ങൾ.	സ്ഥായീഭാവങ്ങൾ.	ചേർന്ന രാഗങ്ങൾ.
ഫ. ശൃംഗാരം	രതി	തോടി, കാംബോജി മുതലായവ
ബ. കരുണം	ശോകം	ആനന്ദഭൈരവിയും മറ്റും
ന. ഹാസ്യം	ഹാസം	പന്നുവരാളിയും മറ്റും
ഭ. ഭയാനകം	ഭയം	നാഥനാമക്രിയയും മറ്റും
മ. ബീഭത്സം	ജുഗുപ്സം (അറപ്പ്)	അംഭോജവും മറ്റും
യ. രൌദ്രം	ക്രോധം	ആഹിരിയും മറ്റും
ര. വീരം	ഉത്സാഹം	രാമക്രിയയും മറ്റും
ല. അദ്ഭുതം	വിസ്മയം	നവരസവും മറ്റും
വ. ശാന്തം	ശമം (നിർവികാരത്വം)	ദേവഗാന്ധാരവും മറ്റും

ഫ ഒരു രാഗം.

നവരാത്രം, നവരാത്രി - ആശ്വതമുതൽ (കന്നി) മാസത്തിൽ ശുക്ലപ്രതിപദം മുതൽ ഒൻപതുദിവസം.

നവരി-മന്തി. (പ-മ.)

നവലക്ഷ്മി-പുതിയ ഐശ്വര്യം, സമ്പത്ത്.

നവവല്ലഭം-എണ്ണയകിൽ.

നവവ്യാകരണജ്ഞന്മാർ - ഒൻപതു വ്യാകരണം പഠിച്ചിട്ടുള്ളവർ. ആദിത്യൻ, ഹനുമാൻ, വ്യാസൻ ഈ മൂന്നുപേരും

നവവ്യൂഹൻ-വിഷ്ണു.

നവശായകർ-ഒൻപതു അധമജാതികൾ

'ശ്വപചോമാലീതഥാഭേദകീ
തന്ത്രീമോദകവാദ്യജീ
കലാലഃ കർമ്മകാരശ്ച
നാപിതോനവശായകഃ'

നവസാരം- വെപ്പുപണിക്കാർക്കു മറവു വേണ്ടുന്ന ഒരുവക ക്ഷാരം, നവക്ഷാരം

നവസൂതികാ-ഫ. കടിഞ്ഞൂൽ പ്രസവിച്ചവൾ. ക. പ്രസവിച്ചിട്ട് ഏറെനാളും കഴിയാത്ത പശുവും പുതുതായി പെറ്റവളും എന്നർത്ഥം.

നവാന്നം-ഫ. പുത്തരി. ക. പുതിയ ഭക്ഷണവസ്തു. ന. ചോറുണ്ടിയന്ത്രം.

നവാബ് - മഹമ്മദീയരാജാക്കന്മാരുടെ സ്ഥാനപ്പേർ. ഉ-ം, ആക്കാട്ടിലെ നവാബ്.

നവാംഗി-സ്ത്രീ.

നവാംബരം- കോടിവസ്ത്രം. കനയിത്തറിയിൽ നിന്നു അടുത്തകാലത്തെടുത്തതും മുറിക്കാത്തതും അലക്കാത്തതുമായ വസ്ത്രം. പുതിയ വസ്ത്രം എന്നർത്ഥം.

നവാംശകം-(ജ്യോതിഷത്തിൽ) ഒരു രാശിയെ ഒൻപതായി ഭാഗിച്ചതു്.

നവാലി-ഫ. ക്ഷൌരക്കത്തി. (നാവാലി എന്നും കാണുന്നു) ക. മടക്കുകത്തി.

നവാശീതി-എൺപത്തിരണ്ടു്.

നവിപുരം-ഒരു വൃത്തത്തിന്റെ പേർ.

നവീകരണം പുതുതാക്കൽ.

നവീന-വി. പുതിയ.

നവോഢ-വിവാഹം കഴിഞ്ഞിട്ടു ഏറെ നാളാം കഴിയാത്തവൾ.

നവോദ്ധൃതം-വെണ്ണ, നെയ്, വെണ്ണ. (നവനീതം എന്നതു നോക്കുക.)

നവ്യ-വി. ക. പുതിയ. ഖ. ഇമ്പമുള്ള.

നവ്യം-ക. സ്തുതി. ഖ. പുതിയതു്, നൂതനം. ന. ചെമന്ന തഴുതാമ.

നശിക്കുന്നു-ക്ഷയിക്കുന്നു. (സ. ക്രി. നശിപ്പിക്കുന്നു.)

നശിപ്പു്-നാശം, ക്ഷയം.

നശീകരണം-നാശകരം, നശിപ്പിക്കുന്നതു്.

നശീകരം-നശിപ്പാൻ കാരണമായതു്, നശീകരണം.

നശീകരിക്കുന്നു-നാശം വരുത്തുന്നു.

നശീകൃതം-നശിപ്പിക്കപ്പെട്ടതു്.

നഷ്ടുവലു്-ചുഷ്ടു്, ചവറു്. (പ-മ.)

നശ്യ-വി. നശിപ്പാൻതക്ക.

നശ്യൽ-വി. ക്രമേണ നശിക്കുന്ന.

നശ്വര-വി. നാശമുള്ള.

നശ്വരം-നശിച്ചുപോകുന്നതു്.

നഷ്ട-വി. ക. മറഞ്ഞ. ഖ. നശിച്ച.

നഷ്ടക്കാരൻ-ക. അഴിമതിക്കാരൻ, ധാരാളക്കാരൻ. ഖ. ഭാഗ്യക്കുറിപറയുന്നവൻ, വരുംഫലം പറയുന്നവൾ.

നഷ്ടചതുഷ്ടയം-

'അസന്തുഷ്ടോദ്വിജോനഷ്ട
സ്സന്തുഷ്ടക്ഷത്രിയസ്തഥാ,
സലജ്ജാഗണികാനഷ്ടാ
നിർല്ലജ്ജാതുകുലാംഗനാ'

അസന്തുഷ്ടനായ ദ്വിജനും സന്തുഷ്ടനായ ക്ഷത്രിയനും, ലജ്ജയുള്ള ഗണികയും ലജ്ജയില്ലാത്ത കുലാംഗനയും കീഴ്പോട്ടു പതിക്കും.

നഷ്ടചേഷ്ട-വി. ചേഷ്ടയില്ലാത്ത, മോഹാലസ്യമുള്ള.

നഷ്ടചേഷ്ടിത-മോഹാലസ്യം. ചേഷ്ടയില്ലാത്തവന്റെ ഭാവം എന്നർത്ഥം. മൂർച്ഛകൊണ്ടു ഇളക്കമില്ലാതെയുള്ള കിടപ്പു്.

ഹർഷശോകാദിഭേദങ്ങളാൽ അധികരിപ്പിക്കൊണ്ടു ഹൃദയം പുഷ്പാകുലമാകുമ്പോൾ ഉണ്ടാകുന്ന അവസ്ഥ.

നഷ്ടജാതകം-മതിയായ പഠിപ്പുള്ള ജ്യോത്സ്യനോടു ഒരാളുടെ ജാതകം എഴുതികിട്ടണമെന്നുമാത്രം പറഞ്ഞാൽ ജനനത്തിന്റെ തീയതിമുതലായ വിവരം ഒന്നും കൊടുത്തില്ലെങ്കിലും അയാളുടെ പഠിപ്പിന്റെ ഗുണംകൊണ്ടു ജനിച്ച അണ്ടമാസം തീയതി ആഴ്ച, പക്ഷം രാശി മുതലായതും ജനനം മുതൽ മരണംവരെയുള്ള അനുഭവസ്ഥിതികളും വിവരിച്ചെഴുതുണ്ടാക്കിയതു്.

നഷ്ടത-നാശം.

നഷ്ടദാരിദ്ര്യം-അധികമായ ദാരിദ്ര്യം.

നഷ്ടദൃഷ്ടി-പൊട്ടക്കണ്ണു്.

നഷ്ടൻ-ക. ഒളിച്ചുവൻ. കാണാതായവൻ എന്നർത്ഥം. ഖ. നശിച്ചുവൻ. ന. ലക്ഷണംപറയുന്നവൻ, ജ്യോതിശ്ശാസ്ത്രജ്ഞൻ.

നഷ്ടപ്രശ്നം-മറഞ്ഞിരിക്കുന്നതിനെ ലക്ഷണംനോക്കിപ്പറക.

നഷ്ടപ്രായ-വി നശിച്ചതിനു തുല്യമായി.

നഷ്ടമാകുന്നു-നശിക്കുന്നു. (സ. ക്രി. നശിപ്പിക്കുന്നു).

നഷ്ടം-ക ചോരം. ഖ. നശിച്ചതു്, ചെപ്പേയതു്.

നഷ്ടംതിരിച്ചിൽ, നട്ടംതിരിച്ചിൽ-നിർവ്വൃത്തിയില്ലാതെയുള്ള വലച്ചിൽ.

നഷ്ടശത്രു-ശത്രു നശിച്ചുവൻ.

നഷ്ടസംഗ-വി. ലോകസംബന്ധമായുള്ള തൊക്കെയും ഉപേക്ഷിച്ച.

നഷ്ടാഗ്നി-ഏതൊരാഗ്നിഹോത്രിയുടെ അഗ്നിയാണോ പ്രമാദം ഹേതുവായിട്ട നശിച്ചുപോയതു അയാൾ അഗ്നികർമ്മം ഉപേക്ഷിച്ചു ബ്രാഹ്മണൻ എന്നും കാണുന്നു.

അഗ്നിഹോത്രിക്കും പത്നിക്കും ക്രമേണ ഒരു അവസരത്തിൽ ഔപാസനാഗ്നിയുള്ള ദേശംവിട്ട പോകുന്നതിനു പാടില്ലെന്നുള്ള നിയമം ഇപ്രകാരം അഗ്നി നശിച്ചുപോയെങ്കിലോ എന്നുള്ള പേടികൊണ്ടായിരിക്കണം.

നഷ്ടാപത്നിസുതം-കയ്യച്ച.

നഷ്ടാമുട്ടി, നട്ടാമുട്ടി-ഉപേക്ഷിച്ച ലക്ഷണം പറയുക.

നഷ്ടി-ഫ. നഷ്ടം, നാശം. ക. ചേതം.

നസാ-മൂക്ക്, നസാ എന്നതിന്റെ പാഠം

നസ്തം-ഫ. മൂക്ക്. ക. മൂക്കിപ്പൊടി, തുമ്മുന്ന ഒരു മരുന്ന്.

നസ്തിതൻ-മൂക്കിൽ തുളച്ച കയറിട്ട കാള, നസ്തം (കടിലത) ഇവനെ ചെയ്യപ്പെട്ടതുകൊണ്ടു ഈ പേർ വന്നു.

നസ്യം-കണ്ണിലോ മൂക്കിലോ ചെയ്യുന്ന ഒരു ചികിത്സ.

നസ്യാ-മൂക്ക് നാസാ എന്നതിന്റെ പാഠം

നസ്യാതൻ-മൂക്കിൽ തുളച്ച കയറിട്ടകാള

നാസ്യാതൻ എന്നുമാവാം കയറുകൊണ്ടു കോർക്കപ്പെട്ട മൂക്കുള്ളവൻ എന്നർത്ഥം. നസ്യ = നാസാരന്ധ്രം

നസ്യാഞ്ജി-മലയാളത്തിലുള്ള സൂര്യാഞ്ജിക്കാരുടെ ഒരു പേർ.

നാഥി-അ. ഇല്ല, അല്ല.

നഹുഷൻ-ആയുവിന്റെ (ആയുസ്സിന്റെ എന്നും പറയുന്നുണ്ട്) പുത്രനും യയാതിയുടെ പിതാവുമാകുന്നു.

ആയു പുരൂരവസ്സിന്റെ പുത്രനാണ്. ബ്രഹ്മഹത്യാഭയത്താൽ ഇന്ദ്രൻ അദൃശ്യനായപ്പോൾ നഹുഷനു ഇന്ദ്രപദം ലഭിച്ചു. ഇന്ദ്രാണീകാമുകനായിട്ട് ഇദ്ദേഹം അഗസ്ത്യാദി വംശ്യമായ വാഹനത്തിൽ കയറിപ്പോയപ്പോൾ മന്ദഗാമിയായ അഗസ്ത്യനോടു 'സർപ്പ സർപ്പ' എന്നു പറഞ്ഞു. അഗസ്ത്യൻ ശപിക്കയാൽ നഹുഷൻ സർപ്പമായിത്തീർന്നു. ഒടുവിൽ യുധിഷ്ഠിരനാണു നഹുഷനെ ശാപത്തിൽ നിന്നു മോചനം ചെയ്തതു. ഭക്തി, ഔദാര്യം, വീര്യം മുതലായ ഗുണങ്ങളെക്കൊണ്ടു ത്രിലോകാധിപനായിരുന്നു.

നഹുഷം-ഫ തകരം. ക. പായ്.

നളകം-മുഴങ്കാലെല്ല്.

നളകൂബരൻ വൈശ്രവണന്റെ മകൻ, നളന്റെ കൂബരംപോലെ കൂബരത്തോടു (രഥാവയവത്തോടു) കൂടിയവൻ എന്നർത്ഥം. ലക്ഷ്മിയാൽ ഇച്ഛിക്കപ്പെടുന്നവൻ എന്നുമാവാം. നളം (തൃണവിശേഷം) കൂബരം (നകംകെട്ടുവനായി തേരിന്മേൽ കെട്ടുന്നതു) ആയിട്ടുള്ളവൻ, നളകു = ലക്ഷ്മി = സമ്പത്തു. സമ്പത്തിനാൽ വരിക്കപ്പെടുന്നവൻ, ധനവാൻ ഇങ്ങിനെയും അർത്ഥം കാണുന്നു.

വൈശ്രവണനു 'നളൻ' എന്നും 'കൂബരൻ' എന്നും രണ്ടു പുത്രന്മാരുണ്ടെന്നു കാണുന്നു. 'പുത്രൗ തു നളകൂബരൗ' എന്നു ത്രികാണ്ഡശേഷം. വൈശ്രവണനു 'നളകൂബരൻ' എന്നും 'മണിഗ്രീവൻ' എന്നും രണ്ടു പുത്രന്മാരുണ്ടെന്നു ഭാഗവതത്തിലും കാണുന്നു—

'നളകൂബരമണിഗ്രീവാവിതിഭ്യാതയേ
ശ്രിയാനിതയേ'

നളചരിതം–നിഷധരാജാവായിരുന്ന നളന്റെ കഥ

ഇതു ഭാരതത്തിൽ വനപർവ്വത്തിൽ നിന്നെടുത്തതാണു ഈ കഥ പൂർണ്ണമായി കാട്ടിൽ താമസിക്കുന്ന പാണ്ഡവന്മാരെ ഓരോ കഥ പറഞ്ഞു പലേ മഹർഷിമാരും ആശ്വസിപ്പിച്ചുപോന്നു. ഉദ്യമിച്ചക്കട്ടത്തിൽ 'ബൃഹദശ്വൻ' എന്ന മുനി അവരെ കേൾപ്പിച്ചതാകുന്നു. അതായതു്–. 'പണ്ടു നിഷധരാജ്യത്തു വീരസേനന്റെ പുത്രനായിട്ടു നളൻ എന്നും രാജാവുണ്ടായി. അക്കാലത്തു വിദർഭരാജാവായ ഭീമന്റെ മകളായ ദമയന്തി രൂപലാവണ്യംകൊണ്ടു ലോകപ്രസിദ്ധി നേടി. ദമയന്തീനളന്മാർക്കു പരസ്പരശ്രവണനിമിത്തം ബാല്യത്തിൽ തന്നെ പരോക്ഷമായ അനുരാഗം ഭവിച്ചു. അക്കാലത്തു ഒരിക്കൽ ഉദ്യാനത്തിൽവെച്ചു നളൻ ഒരു ഹംസത്തെ പിടിച്ചു. അതിനെ അദ്ദേഹം കൊല്ലാതെ വിട്ടയയ്ക്കയാൽ അന്നം ഒരു പ്രത്യുപകാരം ചെയ്യാമെന്നു രാജാവിനോടു പറഞ്ഞു. അതു ദമയന്തിയോടു ചെന്നു പറയാമെന്നു കയ്യേറ്റതായിരുന്നു അതിൻവണ്ണം അരയന്നം കുണ്ഡിനപുരിയിൽചെന്നു നളനെ പുകഴ്ത്തി. അവൾ മനസ്സുകൊണ്ടു നളനെ വരിച്ചിരിക്കുന്നു എന്ന വിവരം നളനോടു വന്നുപറഞ്ഞു. പിന്നീടു ഭീമരാജാവു് ദമയന്തിക്കു സ്വയംവരം നിശ്ചയിച്ചു രാജാക്കന്മാരെ ക്ഷണിപ്പാൻ ദൂതന്മാരെ അയച്ചു. ഈ അവസരത്തിൽ ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ ഇവരും സ്വയംവരത്തിന്നായി പുറപ്പെട്ടു. വഴിയിൽവെച്ചു നളനെ കണ്ടെത്തി നളനെത്തന്നെ അവർ ദൂതനായി ദമയന്തിയുടെ സമീപത്തയച്ചു. അദ്ദേഹം ദമയന്തിയെ വിവരംധരിപ്പിച്ചു തന്റെ വരനായ നളൻ അന്യന്റെ ദൂതനായി വരികയാൽ ദമയന്തി വ്യസനിക്കയുണ്ടായി എന്നാൽ നളൻ സമാധാനപ്പെടുത്തി. ഒടുവിൽ ദമയന്തി 'എന്നാൽ ഇന്ദ്രാദികളും സ്വയംവരസമയത്തിൽ വരട്ടെ; അവരുടെ സമക്ഷം തന്നെ ഞാൻ അങ്ങയെ വരിച്ചുകൊള്ളാം' എന്നു തീർച്ചപറഞ്ഞു. ഈ വിവരം നളൻ തിരിയെ വന്ന് ഇന്ദ്രാദികളെ ധരിപ്പിച്ചു. അനന്തരം സ്വയംവരമണ്ഡപത്തിൽ ദമയന്തി നളാകൃതിയിൽ അഞ്ചുപേരെ കണ്ടു വിഭ്രമിച്ചു ദേവന്മാരെ മനസ്സിൽ ധ്യാനിച്ചു. അവരുടെ കൃപകൊണ്ടു നളനെ തിരിച്ചറിഞ്ഞു മാലയിട്ടു. ദേവന്മാർ പ്രസാദിച്ചു നളനു് ഓരോരുത്തരും ഓരോരോ വരംവീതം നൽകി മറഞ്ഞു. നളൻ ദമയന്തിയെന്നിച്ചു സ്വരാജ്യത്തു പോയി സുഖമായി പാർത്തു. അക്കാലത്തു് അവർക്ക് ഇന്ദ്രസേനൻ എന്നൊരു പുത്രനും ഇന്ദ്രസേന എന്നൊരു പുത്രിയും ഉണ്ടായി.

ഇന്ദ്രാദികൾ സ്വയംവരംകഴിഞ്ഞു സ്വർഗ്ഗത്തേക്കു മടങ്ങുമ്പോൾ വഴിക്കു ദ്വാപരനേയും കലിയേയും കണ്ടു വിവരം പറഞ്ഞു. അവർ വിവാഹത്തിനായി വരികയായിരുന്നു. അവർക്ക് ഇച്ഛാഭംഗമാണ് അപ്പോളുണ്ടായതു്. ധർമ്മികനായ നളനെ ദ്രോഹിക്കുന്നവർക്ക് അധഃപതനം ഉണ്ടാകുമെന്നും ദേവന്മാർ പറഞ്ഞു കലിയെ വിലക്കി. അതും അവർ വകവെച്ചില്ല. നളനെ ദമയന്തിയിൽ നിന്നു പിരിക്കണമെന്നു തീർച്ചയാക്കി കലി കൂട്ടുകാരനെന്നിച്ചു നിഷധപുരിക്കു പുറപ്പെട്ടു. പന്ത്രണ്ടു വർഷം കാത്തിരുന്നു കലി നളനെ ബാധിച്ചു അനന്തരം അനുജനായ പുഷ്കരനുമായി നളൻ ചൂതുകളിച്ചു സർവ്വം പണയം കൊടുത്തു് ഒടുവിൽ ദമയന്തിയെന്നിച്ചു വനാന്തരം പ്രാ

പിച്ചു. കുഞ്ഞുങ്ങളെ കുണ്ഡിനപുരത്തി ലേക്കയയ്ക്കയുണ്ടായി. ഏകവസ്ത്രനാ യിട്ടാണ നളൻ രാജധാനിക്ക പുറത്തിറ ങ്ങിയതു. വനത്തിൽ രാത്രി തളർച്ചനിമി ത്തം ഉറങ്ങിയ അവസരത്തിൽ നളൻ ഉപേക്ഷിച്ചു കടന്ന ദമയന്തി ഉണർന്ന പ്പോൾ ഭർത്താവിനെ കാണ്മില്ല വളരെ വ്യസനിച്ചു. ഒരു രൂപത്തെ കാലിൽ പിടിക്കുടി. ഉടൻ നളനെ വിളിച്ചു കര ഞ്ഞു. അതുകേട്ട ഒരു കാട്ടാളൻ വന്ന പാമ്പിനെ രക്ഷിച്ച ദമയന്തിയെ രക്ഷി ച്ചു. അവന്റെ ന്യായരഹിതമായ അ ഗ്രഹം ഹേതുവായിട്ട ദമയന്തി ശപിച്ചു സ്തംഭിക്കി. പിന്നീട ചില കച്ചവടക്കാ രരന്നിച്ചു ചേദിരാജ്യം പ്രാപിച്ചു് രാജ ധാനീയിൽപാർത്തു അക്കാലത്തു കുട്ടിൽ വെച്ചു നളൻ ഒരു കാക്കോടകനെ അ ഗ്നിയിൽ നിന്ന രക്ഷിച്ചു. നളന്റെ ശ്ര ണത്തിനായി കാക്കോടകൻ കടിച്ചു. ഉടൻ നളൻ വിരൂപനായി. കടിച്ചതു കലിബാധയൊഴിയുന്നതിനാണെന്നും രൂ പം മാറിയതു തല്ക്കാലം ആരും അറി യാതെയിരിപ്പാനാണെന്നും നളനോട കാക്കോടകൻ പറഞ്ഞു. കൊടുത്ത വസ്ത്ര യുഗ്മത്തിൽ, തന്നെ സ്മരിച്ചുംകൊണ്ട ഒരു ടത്താൽ സ്വന്തരൂപം വീണ്ടും പ്രാപി ക്കുമെന്നുകൂടി നളനോട പറകയുണ്ടായി. ബാഹുകനാമവനായ സൂതൻ എന്നു പ റഞ്ഞു ഋതുപർണ്ണനെ സേവിച്ചാൽ അക്ഷ ഹൃദയ വിദ്യയറിയുന്നതിനും തന്നിമി ത്തം ഭൂതാവേശം നീങ്ങി ദമയന്തീ സം ഗമം ലഭിപ്പാനും ഇടയാകുമെന്നുള്ള കാ ക്കോടകന്റെ ഉപദേശപ്രകാരം നളൻ ഋതുപർണ്ണനെ പ്രാപിച്ചു് അവിടെ താമ സിച്ചു. പിന്നീട രാജകല്പന നിമിത്തം സുദേവൻ എന്ന ബ്രാഹ്മണൻ വന്ന ദമ യന്തിയെ ചേദിപുരിയിൽ നിന്നും സ്വ രാജ്യത്തിലേക്ക കൂട്ടിക്കൊണ്ടു പോയി. നളനെതിരയുന്നതിന ഉടനെ ബ്രാഹ്മ ണരെ കല്പിച്ചയച്ചു. പർണ്ണാദൻ എന്ന ബ്രാഹ്മണൻ ഋതുപർണ്ണനെ പ്രാപിച്ചു. ദമ യന്തിയുടെ സ്വയം വരഭ്രമംകൊണ്ടു ഋതു പർണ്ണൻ രഥം ഓടിക്കുവാൻ തന്നെ തിരിച്ചതു ബാഹുകനായിരുന്നു. കുണ്ഡിനത്തിൽ ചെല്ലുന്നതു നളനും വളരെ സന്തോഷ മായിരുന്നു. വഴിമദ്ധ്യേ അക്ഷഹൃദയവും ഋതുപർണ്ണൻ നളനുപദേശിച്ചു. അസ്തമന ത്തിനു മുമ്പു രഥം കുണ്ഡിനപുരിയിൽ എത്തി. രാജാവു ഋതുപർണ്ണനെ സല്ക്കരി ച്ചു. വിവാഹവൃത്താന്തം ഒന്നും അവിടെ കാണാഞ്ഞു സൈഹോർത്തംകൊണ്ടു സന്ദ ർശിപ്പാൻ വന്ന എന്നു ഋതുപർണ്ണൻ പറ ഞ്ഞു. അനന്തരം നളനെ അകത്തുചെ ന്നു വരുത്തി ദമയന്തി വേണ്ട പരിശോധന ചെയ്തു. ബാഹുകൻ അതു വസ്ത്രം ഉടുത്ത പ്പോൾ നളനായിരുന്നു. എല്ലാവർക്കും അതു മനസ്സിലായി. ഋതുപർണ്ണൻ നള നോട മാപ്പുചോദിച്ചു. നളൻ ഋതുപർണ്ണ നു അശ്വഹൃദയം ഉപദേശിച്ചു് അയോ ധ്യത്തിന്റെ പുറത്തിലേക്കയച്ചു. നളൻ പുഷ്കരനെ ചൂതിൽ തോല്പിച്ചു മാപ്പുകൊ ടുത്തു. അയോധ്യ സപരിവാരത്തെ പ്രാപിച്ചു ഭാര്യയോടും കുഞ്ഞുങ്ങളോടും കൂടി പൂർവ്വ ധികപ്രൗഢിയോടെ സുഖമായി പാർത്തു.

നളപാകിലം രാമച്ചം, അരുചുതേച്ചിട്ടുള്ളതു്.

'കൊങ്കയിൽ നളപാകിലം'

(അഭിജ്ഞാനശാകുന്തളം)

നളപ -ൻ രാമച്ചവേർ. ഗന്ധത്തെ ദമനം ചെയ്യുന്നതു എന്നർത്ഥം. 2. ഒരു പൂ ന്തേൻ. 3. മഞ്ഞി. 4 ലാമജ്ജകം

നളൻ-ൻ ഒരു കീർത്തിപ്പെട്ട രാജാവു്, നി ഷധാധിപതി (നളചരിതം എന്നതു നോ ക്കുക). 2. വിശ്വകർമ്മാവിന്റെ പുത്ര നായ ഒരു വാനരൻ.

ഇത് നളൻ എന്ന വാനരനാണ് നള സേതു-ലങ്കയിലേക്കുള്ള പാലം-പണിയിച്ചത്. കല്ലുകളെ ജലത്തിൽ പൊക്കിക്കിടത്തുന്നതിനുള്ള ശക്തിയുണ്ടായിരുന്നു

നളപാകം-കറിവകകളും മറ്റും പാകം ചെയ്യുന്ന വളരെ നന്നായിരുന്നാൽ 'നള പാകമായി' എന്നും പറയും.

അന്യൂനത്വമില്ലാത്ത ചേഷ്ടയോടു കൂടിയത് എന്നും അർത്ഥം കാണുന്നു.

നളം-പ. വേഴൽപ്പുല്ല്. ക. ആമ്പൽ. ന. മുഴുകാലെല്ല്. ര. പദ്മം.

നളമീനം-ചെമ്മീൻ. വേഴൽപുല്ലിൽ കളിക്കുന്ന മത്സ്യം എന്നർത്ഥം. വേഴൽപുല്ലിനോടു തുല്യമായ മത്സ്യം എന്നുമാവാം.

നളി-അഹമ്മതി.

നളികഗളിക-വലിയ തോക്കിലേ ഉണ്ട.

നളികം-വലിയതോക്ക്, തോക്ക്.

നളികരന്ധ്രമാർഗം-വലിയ തോക്ക വയ്ക്കുന്നതിനു കോട്ടയിൽ ഉണ്ടാക്കീട്ടുള്ള ദ്വാരങ്ങൾ.

നളികാ-പ. വേലിപ്പത്തി. ക. വേഴയുല്ല്.

നളിനബന്ധു-ആദിത്യൻ.

നളിനം-പ. താമരപ്പൂവ്. സുഗന്ധമുള്ളതു എന്നർത്ഥം. ക. അമരി. ന. ജലം, ര. വണ്ടാരം കോഴി ള. പെരും കുറുവ്.

നളിനശരൻ-കാമദേവൻ.

നളിനാക്ഷി-വി. താമരപ്പൂപോലെ കണ്ണുള്ള.

നളിനാക്ഷൻ-വിഷ്ണു.

നളിനാക്ഷി-സുന്ദരി.

നളിനായുധൻ-കാമദേവൻ.

നളിനാസനൻ-ബ്രഹ്മാവ്.

നളിനീ-പ. താമരക്കൂട്ടം. ക. താമരപ്പൊയ്ക നളങ്ങൾ (പദ്മങ്ങൾ) ഉള്ളതു എന്നർത്ഥം, നളിനങ്ങൾ ഉള്ളതു എന്നുമാവാം. ന. പവിഴക്കൊടി. ര. തെങ്ങ്.

നളിനീരുഹം-താമരവളയം.

നളിനോത്ഭവൻ-ബ്രഹ്മാവ്.

നളിർ-ജലംകൊണ്ടുള്ള മയക്കം.

നളീ-മനയോല.

നളീ-പ. പവിഴക്കൊടി, ഗന്ധമുള്ളതു എന്നർത്ഥം. ക. എട്ടുകാലി. ന. മനയോല.

നളോത്തമം-വലിയവേഴൽ.

നളോദയം-നളനു വീണ്ടും രാജ്യം ലഭിച്ചതിനെക്കുറിച്ചുള്ള ഒരു കാവ്യം.

നളോദയത്തിന്റെ കർത്താവു കാളിദാസൻ എന്നു കാണുന്നു. ശാകുന്തളം മുതലായവ നിർമ്മിച്ച വിശ്വവിശ്രുതനായ കാളിദാസൻ അല്ല.

നളോപാഖ്യാനം-നളന്റെ കഥ ഭാരതത്തിൽ ഒരുഭാഗം.

നറുണ്ടു-മുറുണ്ടു, വളച്ചിയില്ലാതെയായി.

നറു-വി പ. സൌരഭ്യമുള്ള (പദാർത്ഥത്തിൽ ചേർന്ന വസ്തുവാം) ക. മായമില്ലാത്ത ഉ-ം, 'നറുനെയ്യ്'. ന. മധുരമുള്ള. ര. ഭംഗിയുള്ള ള. പുതിയ.

നറുക്ക്-പ. വല്ലതും വെട്ടി എടുത്തതിന്റെ നറുക്ക് ക എഴുതീട്ടുള്ള ചെറിയ ഓലയും മറ്റും ന കുമ്മത്തോലുണ്ട്. ര. ചിട്ടിക്കുള്ള ചീട്ട്.

നറുങ്ങാണിത്തം-തണ്ടുതപ്പിത്തം, അഹമ്മതി.

നറുക്കോല ചെറുതായി മുറിച്ച ഉല.

നറുങ്ങാണി-പ. തെറിപറക. ക. പുഴുക്കടി.

നറുനീറ്റു ചെറുതാക്കി നറുക്കുന്നു, കത്രികകൊണ്ടും മറ്റും കണ്ടിക്കുന്നു.

നറുഞ്ഞാര-കുകലരുത്ത ചേര, പുത്തൂഞ്ഞേര.

നറുഞ്ഞണ്ണ-ഒരുമാതിരി കുവ.

നറുഞ്ഞെന്നല്ല്-ഒരുവക നെല്ല്.

നറുഞ്ഞെന്നല്ലിനും സാമാന്യം ശാലിയുടെ ഗുണങ്ങളും ഉണ്ട്. സംസ്കൃതത്തിൽ-സുഗന്ധികം.

നറുന്തൊലം-ചടാമാഞ്ചിയെയണ്ണ.

നറുനീണ്ടി-ഒരു പച്ചമരുന്ന്, നന്നാറി. പര്യായങ്ങൾ-ശേഫീ, ശ്യാമാ, ശാരിബാ, അനന്താ, ഉപ്പലശാരിബാ.

(ആദ്യത്തെ ന-ം, വെളുത്തതിന്റെയും പിന്നത്തെ രണ്ടും കറുത്തതിന്റെയും പേരാണെന്നും കാണുന്നുണ്ട്.)

നറുനീണ്ടി കറുത്തതും വെളുത്തതും ഉണ്ട് കറുത്തതിനു സൌരഭ്യം കൂടുതൽ കാണും. ചന്ദനത്തിന്റെ ഗന്ധം ഉണ്ട്. കറുത്തത് എന്നാൽ കറുത്ത പൂവുള്ളത് എന്നു താൽപര്യം. സം-ഉൽപലശാരിബാ. തമി-ഉത്തമാകാളി. ഇംഗ്ലീ-Indian Sarsaparilla ഇൻഡ്യൻ സാർസപാരിലാ. വെളുത്ത നറുനീണ്ടി എന്നത് വെളുത്ത പൂവുള്ളതാകുന്നു. ഈ ദേശങ്ങളിലുള്ളത് മഞ്ഞപ്പൂവുള്ളതാണ്. സം-സാരിബാ. ത-നന്നാരി.

നറുനെല്ല്-ഒരുവക നെല്ല്.

ഇതിനു നവരയോടടുത്ത ഗുണമുണ്ട്. സം-മുദ്ഗരം.

നറുനൈ-പശുവിന്റെ തെരട് കലക്കി എടുക്കുന്ന നെയ്

നറുന്തെളി-അമൃതം, പീയൂഷം.

'നറുന്തെളിയൊത്തചൊല്ലാൾ'.

(രാമചരിതം)

നറുന്തൻ നല്ല ചെറുതൻ.

നറുപീലി-തേങ്ങിയുള്ള മയിൽത്തൂവൽ.

നറുമ്പശ-ഒരങ്ങാടിമരുന്ന്, പഞ്ചമംപഴുക്ക, മീറ. പര്യായങ്ങൾ-ബോലം, ഗന്ധരസം, ഗന്ധപ്രാണം, പിണ്ഡം, ഗോപം, രസം.

നറുവരി എന്ന വൃക്ഷത്തിന്റെ കായിൽ നിന്നെടുക്കുന്നതായിരിക്കണം ഇതു പശ. കഫം, പിത്തം, രക്തദോഷം, കഷ്ടം മുതലായവയ്ക്ക നന്ന്. മീറതന്നെ കറക്കിയെടുക്കുന്നതിനു 'പഞ്ചമംപഴുക്ക' എന്നു പേർ. സം-പോളം. ത-രത്തപോളം.

നറുമ്പാണൽ-ഒരു കാട്ടുചെടി.

നറും-നല്ല.

നറുംപാണ്ടിനെല്ല്-ഒരുവക നെല്ല്.

ഇതിനു നവരയോടടുത്ത ഗുണമുണ്ട്.

നറുമ്പാൽ-പശുവിന്റെ പാൽ.

നറുംചോര-കൂട്ടുകലരാത്ത ചോര.

നറുംപിച്ചകം-ചെറുപിച്ചകം.

നറുമഞ്ഞൾ-നല്ലകുവ.

ഇതിനു ചെറുകച്ചോലത്തിന്റെ ഗുണമുണ്ട്. വാതം, പിത്തം, കൃമി, ചർദ്ദി മുതലായവയ്ക്ക നന്ന്. സം-ഗന്ധപത്രം.

നറുമലർ-വാസനയുള്ള പൂവ്.

നറുമാഞ്ചി-മഞ്ചിയുടെ വകഭേദം.

കഫം, പിത്തം, രക്തദോഷം മുതലായവയ്ക്ക നന്ന്. മഞ്ചിയെക്കാൾ ചെറുതാണ്. ഗന്ധം ഏറും. സംസ്കൃ-ഗന്ധമാംസീ. തമി-ചടാമഞ്ചിൽ.

നറുമിണി-പൊടി, നറുക്ക്. (പ-മ)

നറുവയമ്പ്-നല്ല ഗന്ധമുള്ള വയമ്പ്, കോലിഞ്ചി.

സ്വരത്തെ നന്നാക്കും. വാതം, കഫം, കൃമി, മുഖരോഗം ഇവയ്ക്കു നന്ന്.

നറുവരി-ഒരുമാതിരി ചെടി പര്യായങ്ങൾ-ശേലു, ശ്ലേഷ്മാതകം, ശീതം, ഉദ്ദാലം, ബഹുവാരകം.

ഈ വൃക്ഷത്തിന്റെ കായിൽനിന്നെടുക്കുന്നതായിരിക്കണം നറുമ്പശ. നറുവരിയുടെ തൊലി മുതലായവ കഫം, പിത്തം, രക്തദോഷം മുതലായവയ്ക്ക

നന്ന്. ഇതിന്റെ തൊലികൊണ്ടു തൈമസ്സൂർമുതലായ രോഗങ്ങളിൽ കയറുണ്ടാക്കുന്നു. തമി-നവുളി.

നവിട്ടാണം-പൊടിയായ (ചവറായ) വസ്തു. (പ-മ.)

നവുണ-നൽത്തുണ. (പ-മ.)

നാ

നാ-നരൻ, മനുഷ്യൻ.

നാ, നായ്-പ്ര. പട്ടി. ഉ. കഴുനാ, കടൽനാ.

നാകദന്തി-പ്ര. ഒരു പച്ചമരുന്ന്. ഉ. സ്വർഗ്ഗത്തിലുള്ള ആന. (ഐരാവതം.)

നാകനാഥൻ-ഇന്ദ്രൻ.

നാകനായകൻ-ഇന്ദ്രൻ.

നാകപ്പൂവ്-ഒരങ്ങാടിമരുന്ന് (നാകമരത്തിന്റെ പൂവ്).

നാകമരത്തിന്റെ പര്യായങ്ങൾ-ചാമ്പേയം, കേസരം, നാഗകേസരം, കാഞ്ചനാഹ്വയം. നാഗപ്പൂവ് പുന്നാഗവൃക്ഷത്തിന്റെ പുഷ്പമെന്നും നാഗചമ്പകത്തിന്റെ പുഷ്പമെന്നും കരുവായുടെ പുഷ്പമെന്നും പലേ അഭിപ്രായങ്ങൾ കാണുന്നു. ഇതു കിട്ടുന്നതെവന്നാൽ പകരം താമരയല്ലി ചേർക്കാം. ഇ ശ്ലീ-Mesua Roxburghii മെസ്വാറോക്സ്ബർഗ്ഗീ

നാകം-പ്ര. സ്വർഗ്ഗം. (ന=ഇല്ല: അകം=ദുഃഖം.)=ഉഷ്ണം, ശീതം, വിശപ്പ്, ക്ഷീണം ഈ ദുഃഖങ്ങളും ഇല്ലാത്ത സ്ഥലം. കം=സുഖം. അകം=ദുഃഖം. ദുഃഖമില്ലാത്തതേതോ. കഃ ബ്രഹ്മാ. ബ്രഹ്മാവിനോടു വേർപെടാത്തതു്. ഉ. അകാരം. നാകസ്ത്രീഭിരിവേംബരേ. സ. ഒരു മോഹം.

നാകം എന്ന മോഹം കഫം പിത്തം പ്രമേഹം വായുമൂർച്ഛ പാണ്ഡു ഇവയ്ക്കു നന്ന്. കണ്ണിനു അത്യുത്തമം. തെങ്ങു നാകരമെന്നും കട്ടിനാകരമെന്നും രണ്ടുവിധമുണ്ട്. മലയിൽ ഉണ്ടാകുന്നു. ഗുളിയും മരണവും ശരിയാകാതെ ഇരിക്കുന്ന നാകം അറിയാതെ ഭക്ഷിച്ചാലുണ്ടാകുന്ന വികാരത്തിനു ഏഴുദിവസം പ്രാതലത്തിൽ ത്രിഫലാചൂർണ്ണം സേവിക്കുക.

നാകമണ്ണപ്പറവ-ഒരുവക പക്ഷി.

നാകലോകം-സ്വർഗ്ഗലോകം.

നാകവനിത-ദേവസ്ത്രീ, അപ്സരസ്ത്രീ.

നാകവാസി-വി. പ്ര. നാകത്തിൽ വസിക്കുന്ന, സ്വർഗ്ഗത്തിൽ പാർക്കുന്ന. ഉ. ആകാശത്തു പാർക്കുന്ന.

നാകവാഹിനി-ഗംഗ.

നാകാപഗാ-ദേവഗംഗ.

നാകികം-ദേവകം.

'നാകികളേറ്റപൊരുതാനതരം'
(ഭാഗവതം)

നാക്കു-പുറവ്, പാമ്പിന്റെ ഇരിപ്പിടം. നേരേ വളരുന്നതെന്നർത്ഥം

'നിശ്ചമിച്ചീടിനേനാശുനാക്കുരാൽ'
(രാമായണം)

നാക്കുണം-ഒരു മരുന്ന്. പര്യായങ്ങൾ-ഹനു, ഹട്ടവിലാസിനി, ശ്രുക്തി, ശംഖം, ഖുരം, കോലമേളം, നഖം.

നാക്കുലി-പ്ര. അരത്ത. കീരികാന്തിക്കു പ്രിയം, ആകുലഭാവത്തെ കളയുന്നതു് ഇങ്ങിനെ അർത്ഥം. ഉ. ചെമ്മന്ന അമൽപ്പൊരി. സ. കീരിവള്ളി.

നാക്കുരം-പുറിന്റെ അന്തർഭാഗം.

നാകേശൻ, നാകേശ്വരൻ-ദേവേന്ദ്രൻ.

നാകൊകസ്സ്-ദേവൻ.

നാക്ക്-പ്ര. നാവ്. ഉ. ത്രാസിന്റെ മേലത്തെ സൂചിയും മണിനാക്കും മറവും.

നാക്കട്ടപ്പം-കരിനാക്ക്.

നാക്കില-ത്രിശനില. നാക്കില> <മുതുവില.

നാക്കോപാനു്-ഞാഞ്ഞൂൽ.

നാക്കുമീൻ-ഒരുവക മത്സ്യം, കരിമീൻ.

നാക്ഷത്ര-വി. നക്ഷത്രങ്ങളെ സംബന്ധിച്ച.

നാക്ഷത്ര-ഇരുപത്തഴ ദിവസമായിട്ടു പറഞ്ഞുവരുന്ന ഒരു മാസം.

നാഗകന്ദം-മാറാമ്പു്.

നാഗകിഞ്ജില്ക്കം-നാഗപ്പൂവു്.

നാഗകുമാരികാ-പ്ര. നാഗകന്യ. ഉ. മഞ്ചട്ടി. ന. ചിറമുത്തു്.

നാഗകേസരം-നാഗപ്പുമരം. സപ്തത്തിന്റെ പര്യായങ്ങളെക്കൊണ്ടു പറയപ്പെടുന്ന കേസരം മുള്ളതെന്നത്ഥം. നാഗങ്ങൾക്ക (ഗജങ്ങൾക്ക്, സപ്തങ്ങൾക്ക്) ഇഷ്ടമായ കേസരമുള്ളതു് എന്നുമാവാം.

സപ്തത്തിന്റെ പര്യായങ്ങളെല്ലാം നാഗപ്പൂവിന്റേയും പര്യായമാകുന്നു.

നാഗഗന്ധാ-ചിറമരുത.

നാഗഗർഭം-സിന്ദൂരം.

നാഗങ്ങൾ-ഒരുവക സർപ്പപ്രധാനികൾ. മറ്റൊരു പര്യായം-കാദ്രവേയന്മാർ.

വാസുകി, തക്ഷകൻ, കാർക്കോടകൻ, ശംഖൻ, ശ്വേതൻ, പദ്മൻ, മഹാപദ്മൻ, അനന്തൻ-ഇവരത്രേ അഷ്ടനാഗങ്ങൾ.

ഈ സർപ്പശ്രേഷ്ഠന്മാർ വാല്യം ഫണവുമുള്ളവരും ബാക്കി മനുഷ്യാകൃതികളും ദേവയോനികളും നിഗ്രഹാനുഗ്രഹശക്തിയുള്ളവരുമാകുന്നു. നാഗത്തിങ്കൽ (ചന്ദനവൃക്ഷത്തിങ്കൽ-പവിത്രത്തിങ്കൽ) ഭവിച്ചവർ എന്നത്ഥം. നാഗസ്ത്രീകൾ സുന്ദരികളായിരുന്നതിനാൽ മനുഷ്യർ അവരെ പരിഗ്രഹിക്ക പതിവുണ്ടായിരുന്നു. അർജ്ജുനന്റെ ഭാര്യയായ ഉലൂപി ഒരു നാഗസ്ത്രീയായിരുന്നു. നാഗങ്ങൾ പാതാളത്തിൽ വസിക്കുന്നതിനായി കദ്രുവിനു കശ്യപനിലുണ്ടായവരാകുന്നു.

നാഗചൂഡൻ-ശിവൻ.

നാഗച്ചെമ്പു്-ഒരുതരം ചെമ്പും ചെമ്പും കൂടിയുണ്ടാക്കിയതു്, തമ്പാക്കു്.

നാഗജം-പ്ര. സിന്ദൂരം. ഉ. വെള്ളത്തീയം.

നാഗജിഹ്വാ-മനയോല.

നാഗജിഹ്വികാ-മനയോല. നാഗങ്ങളുടെ ജിഹ്വപോലെയുള്ളതെന്നത്ഥം.

നാഗജീവനം-വെള്ളത്തീയം.

നാഗതാളി-വിഷത്തിനുള്ള ഒരു മരുന്നു്.

നാഗതാളി-വിഷത്തെ നശിപ്പിക്കും. ചുരുങ്ങിയ മുഖരോഗത്തെ കടിപ്പിക്കും. സം-സപ്പിണി.

നാഗതാൻ-സർപ്പത്താൻ, സർപ്പം.

'നാഗതാന്മാർവലിയവടമൂലത്തിൽ'

(മയൂരസന്ദേശം)

നാഗദന്തം, നാഗദന്തകം-പ്ര. (ആന) ദന്തം. ഉ: തടങ്ങുപലക, വല്ലത്തും തുക്കുന്നവകയ്ക്കു ചുവരിൽ നിന്നു തള്ളിനിൽക്കുന്ന മരയാണി അരഭിത്തികൾ കോരി.

നാഗദന്തി-പ്ര. ഒരു മരുന്നു്, നാകദന്തി. പര്യായങ്ങൾ-മക്രുലകം, നികുംഭം, ഭദന്തികം, പ്രത്യക്ശ്രേണി, ഉദുംബരപർണ്ണി

ഇതു കഫവാതരോഗങ്ങൾ, മുഖക്കുരു, മഹോദരം, വ്രണങ്ങൾ, വിഷം, ശ്രുഖം, ചർദ്ദി, ഗുല്മം, കൃമി, അശ്മരി, വയറിൽ വേദന, ആമദോഷം, രക്തദോഷം, അഗ്നിമാന്ദ്യം ഇവകളെ നന്നു. ശല്യവിശോധനത്തെ ചെയ്യും. അത്യധികം വിരേചനകർമ്മമുണ്ടു്. പൂവു് വെള്ളത്തിരിക്കും. നാഗദന്തിതന്നെ ഭദന്തി (ചെറിയതു്) എന്നും ദ്വഭന്തി (വലിയതു്) എന്നും രണ്ടുതരം ഉള്ളതിനാൽ ഭാഷയിൽ തിരിച്ചു പറയുന്നതു വളരെ നന്നു്. ദ്വഭന്തി എന്നതു 'നീർമ്മരം' ആണെന്നും അഭിപ്രായമുണ്ടു്.

ക. വലിയ കാട്ടരുവള്ളരി. ന. വേലിപ്പത്തി.

നാഗദമനി-പ. കാട്ടുപാവൽ. ക. സപ്പ്പ്പോള.

നാഗദമനി (സപ്പ്പ്പോള)- ത്രിദോഷം, മൂത്രകൃച്ഛ്രം, വ്രണം മുതലായവക്ക നന്ന്. സപ്പ്വിക്ഷത്തിന വിശേഷം. മൂത്രവിരേചനീയദ്രവ്യമണ്ട്, കിഴങ്ങള്ള ചെറിയ പോളയാകുന്നു. ഇല വളരെ കനത്തിരിക്കും. വെള്ളത്ത പുള്ളികണ്ടും. പൂവ് ചെമന്ന പുത്തമായിരിക്കും.

നാഗദ്രു-ചതുരക്കള്ളി.

നാഗൻ-പ്രാണാദിവായുക്കളുടെ അവാന്തരഭേദങ്ങളിൽ ഒന്ന്. ഇതു വാക്കപുറപ്പെട്ടന്നേടത്തു സ്ഥിതിചെയ്യുന്നു.

നാഗന്മാർ-സപ്പാരാധനം മുഖ്യമെന്നു വിചാരിച്ചുവന്ന ഒരുകൂട്ടം മലയാളികൾ

പരശുരാമൻ ബ്രാഹ്മണരെ കേരളത്തിൽ കൊണ്ടുവന്നപ്പോൾ നാഗന്മാരെ പേടിച്ചു് ഓടിപ്പോകുന്നതിനു ശ്രമിച്ചു. അനന്തരം പരശുരാമൻ രഞ്ജിപ്പിച്ചു നാഗന്മാക്ക് ഏതാനും ഭൂമി കൊടുത്തു നാഗന്മാരുടെ പിൻഗാമികൾ 'കിരിയത്തുനായന്മാർ' 'ഇല്ലക്കാർ' ഇവരാകുന്നു

നാഗനാമകം-കാരീയം.

നാഗനാമാ-തുളസി.

നാഗപടാ-പ. പാമ്പിന്റെ പത്തി. ക. ഒരുമാതിരി ആഭരണം.

നാഗപട്ടണം-കിഴക്കേ സമുദ്രതീരത്തുള്ള ഒരു പട്ടണം.

നാഗപത്നി-തിരുതാളി.

നാഗപതി-ശേഷൻ.

നാഗപാശം-പ. വരുണന്റെ ഒരു ആയുധം. ക. നാഗാസ്ത്രം.

നാഗപുരം-ഒരു നഗരം, ഹസ്തിനാപുരം.

നാഗപുഷ്പം-പ. ചായമിടുന്നതിനുള്ള ഒരു വൃക്ഷം. ക. നാഗപ്പൂവ്. ന. പുന്ന. ര. ചമ്പകം.

നാഗപ്പച്ച - വിലയേറിയ ഒരുമാതിരി രത്നം.

നാഗപ്പുറവ്-പാമ്പിരിക്കുന്ന പുറവ്.

നാഗപ്പൂവ്-ഒരു അങ്ങാടിമരുന്ന്, നാഗമരത്തിന്റെ പൂവ്.

നാഗപ്രതിഷ്ഠ-സപ്പത്തിന്റെ രൂപമുണ്ടാക്കിയിരുത്തുക.

നാഗബന്ധം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്

നാഗബന്ധു-അരയാൽ.

നാഗബല-ആനക്കുറന്തോട്ടി. ആനകബലത്തെ കെടുക്കുന്നത് എന്നർത്ഥം.

നാഗബലൻ-ഭീമൻ.

നാഗഭസ്മം-നാകം പുടംവെച്ചുള്ള ഭസ്മം.

നാഗഭ്രക്ഷണൻ-ശിവൻ.

നാഗം-പ. പാമ്പ്. (നാഗം, നാഗത്താൻ, നാഗത്തി) ക. ആന. ന+അഗ= പർവ്വതമല്ലാത്തത്; അതുപോലെ വലിപ്പമുള്ളത് എന്നർത്ഥം. നഗത്തിൽ (പർവ്വതത്തിൽ) ഉണ്ടായത് എന്നുമാവാം. ന. നാഗവൃക്ഷം: ര. ഒരു ലോഹം, കാരീയം. ഭ. വെള്ളത്തീയം. മു. മുത്തങ്ങ. യ. പുന്ന. വ സിന്ദൂരം. പർവ്വതത്തിൽ ഉണ്ടായത് എന്നർത്ഥം. ൻ. നാകപ്പൂവ്. പ്രാ. വെറ്റിലക്കൊടി. പ്രപ്ര. കറിയാട്ട്. പ്രക. വത്സനാഭം. പ്രന. ഏഴ് എന്ന അക്കം.

നാഗം എന്ന ശബ്ദം ഉത്തരപദത്തിൽ സ്ഥിതിചെയ്യുമ്പോൾ ശ്രേഷ്ഠാർത്ഥം വരും. ഉ-ം, മനുഷ്യനാഗം

നാഗമാതാ-പ. കദ്രു. ക. മനയോല.

നാഗമുത്തങ്ങാ-ഒരുവക മുത്തങ്ങ. പട്ടുനാഗയങ്ങം-ഭദ്രമുസ്തകം, ഗ്രന്ഥം.

നാഗര-വി. മിടുക്കുള്ള.

നാഗരകം-സിന്ദൂരം.

നാഗരത്നം-വിലയേറിയ ഒരു കല്ല്.

നാഗരൻ-പ. നഗരത്തിലുള്ളവൻ, പരിഷ്കൃതൻ. ഉ. ഭർത്താവിന്റെ അനുജൻ. ന. പ്രാസംഗികൻ.

നാഗരം-പ. ചുക്ക്. നഗരത്തിൽ ഭവിച്ചത് എന്നർത്ഥം, ഉ. നഗരമഴത്ത്. ന. പെരുമുത്തങ്ങ. ര. ഇന്ത്രി. ള. നാരകം, നാരങ്ങ. ന. ക്ഷീണം.

നാഗരംഗം-നാരകം. ആനക്കിഷ്ടമായിട്ടുള്ളത്. നാഗം (സിന്ദൂരം) പോലെ രക്തവർണ്ണം. നാരംഗം എന്നും പറയും. 'നാഗരംഗേതുനാരംഗഃ' (വാചസ്പതി). മറെറാരുപേയ്യായം-'ഐരാവതം'. ആനവണക്കി, ആനവളർ ഇങ്ങനെയും അർത്ഥം കാണുന്നു.

നാഗരാജൻ-ശേഷൻ. ഉ. ഒരു വലിയ ആന.

നാഗരാഷ്ടം-ചുക്ക്.

നാഗരിക-വി. പ. നഗരത്ത സംബന്ധിച്ച. ഉ. നഗരത്തിൽ പാർക്കുന്ന.

'കാനോനാഗരികാംഗനാരസികനാ-
മെന്നെഭ്രമിപ്പിക്കുവാൻ'
(അഭിജ്ഞാനശാകുന്തളം)

നാഗരി-ചതുരക്കള്ളി.

നാഗരികൻ-പ. നഗരപ്രമാണി. ഉ. നഗരത്തിൽ പാർക്കുന്നവൻ.

നാഗരികം-പ. ഒരു വൃത്തത്തിന്റെ പേർ. ഉ. മേടി. ന. വിവേകം. (ഗ്ര-ന. നാഗരികത്വം, നാഗരീകത്വം)

നാഗരമാർ-പ. നഗരത്തിലുള്ള സ്ത്രീകൾ. ഉ. പരിഷ്കൃതകൾ.

നാഗരു-പ. സപ്തധാതുവിൽ കല്ലുകൊണ്ടുണ്ടാക്കി വയ്ക്കുന്ന ബിംബം. ഉ. ചില ജാതി സ്ത്രീകൾ തലയിൽ ചൂടുന്ന ഒരു ആഭരണം. (പാമ്പുപോലെയിരിക്കും.)

നാഗരുകം-നാരകം.

നാഗരേണു-സിന്ദൂരം.

നാഗലതാ-വെറ്റിലക്കൊടി.

നാഗലോകം-പാതാളം, സപ്തങ്ങളുടെ ലോകം എന്നർത്ഥം.

ഇവിടെ പാതാളം എന്നു പറഞ്ഞതു ഭൂമിയുടെ ചുവട്ടിലുള്ള അതലം മുതലായ ഏഴു ലോകങ്ങളുടേയും ഉപലക്ഷണമാണെന്നറിക.

നാഗവല്ലി-വെറ്റിലക്കൊടി. നാഗലോകത്തിൽ നിന്നു കൊണ്ടുവന്ന വള്ളി എന്നർത്ഥം.

ഐരാവതത്തിന്റെ ബന്ധനസ്തംഭത്തിലുണ്ടായിരുന്ന വള്ളിയാകയാലാണ് ഈ പേരുണ്ടായതെന്നു സ്കാന്ദപുരാണത്തിൽ പറഞ്ഞിരിക്കുന്നു.

നാഗവാരികം-പ. മയിൽ. ഉ. ഗരുഡൻ.

നാഗവായി-ഒരുവക മുള്ള്.

നാഗശായി-വിഷ്ണു.

നാഗസംഭവം-സിന്ദൂരം (ചിന്തൂരം). ഇയ്യത്തിൽ നിന്നുണ്ടായതു് എന്നർത്ഥം.

നാഗസംഭൃതാ-സിന്ദൂരം.

നാഗസിന്ദൂരാ-നാഗപുടംചെയ്തുള്ള ഒരു ഭസ്മം.

നാഗസുഗന്ധാ-ചിറ്റരത്ത.

നാഗസ്വരം-ഒരുമാതിരി ഊതുന്ന വാദ്യം

'നാഗസ്വരവിസ്മരകാകളീകേകിരുതേ!
(മയൂരസന്ദേശം)

നാഗാഖ്യം-നാകപ്പൂവ്.

നാഗാധിപൻ-ശേഷൻ.

നാഗാന്തകൻ-ഗരുഡൻ. സർപ്പങ്ങളുടെ ശത്രു എന്നർത്ഥം.

നാഗാന്തകം-പ. മയിൽ. ഉ. സിംഹം.

നാഗാനന്ദം-ശ്രീഹർഷദേവന്റെ നാടകത്രയത്തിൽ ഒന്ന്.

കരുണരസം പ്രധാനം. കഥാവസ്തു നിസർഗ്ഗമധുരമാണ്. കഥാവസ്തുസംക്ഷേപം-ജീമൂതവാഹനൻ എന്ന വിദ്യാധരരാജാവ് രാജ്യഭോഗം തന്റെ പുത്രനായ ജീമൂതവാഹനനെ ഏൽപ്പിച്ചിട്ട് തപസ്സു ചെയ്യാൻ മലയപർവ്വതത്തെ പ്രാപിച്ചു. പുത്രൻ ആ ഭാരം മന്ത്രിപുംഗവന്മാരെ ഏൽപ്പിച്ച് അച്ഛന്റെ പിറകെ തിരിച്ചു. ഇതിനു കാരണം പിതൃശുശ്രൂഷാതൽപരതയാകുന്നു. പിതൃശുശ്രൂഷ ചെയ്തു വനത്തിൽ പാർക്കുന്ന കാലത്തു യദൃച്ഛയാ ഒരിക്കൽ മലയവതിയെ കണ്ടു. അവളുടെ സൌന്ദര്യം ഹേതുവായിട്ടു മോഹപരവശനായിത്തീർന്ന ജീമൂതവാഹനൻ അവളെ വിവാഹം കഴിച്ചു. തന്റെ പത്നിയുടെ സഹോദരനായ മിത്രാവസു ഒന്നിച്ചു ഒരിക്കൽ അദ്ദേഹം മലയപർവ്വതത്തിൽ നടക്കാനായി ഗമിച്ചു. അനന്തരം അവിടെ ഒരു വലുതായ അസ്ഥിക്കൂട്ടം കാണുകയും അതു ഗരുഡന്റെ ക്രൂരകർമ്മഫലമാണെന്നു ഗ്രഹിക്കയും ചെയ്തു. ഇതു അദ്ദേഹത്തിനു വളരെ വ്യസനത്തെയും കരുണയേയും ജനിപ്പിച്ചു. അവിടെ തനിച്ചു നടക്കവെ ഒരു സർപ്പത്തെ കാണ്മാനിടയായി. ഇതു ഗരുഡനു ശരീരത്തെ ഭക്ഷണാർത്ഥം കൊടുപ്പാൻ വന്നതായിരുന്നു. തന്നെത്താൻ ഗരുഡനു ആഹാരമായിത്തീരാൻ അദ്ദേഹം ഗരുഡന്റെ വരവിനെ കാത്തു ഇരിപ്പായി. പതിവനുസരിച്ചു ഗരുഡൻ വന്നു തിന്നുതുടങ്ങി. അല്പം കഴിഞ്ഞപ്പോൾ ഗരുഡൻ വസ്തുവും മനസ്സിലാക്കി പശ്ചാത്തപിച്ചു. പിന്നെ ദേവലോകത്തുചെന്ന് അമൃതു കൊണ്ടുവന്നു ജീമൂതവാഹനനെയും മറ്റു സർപ്പങ്ങളെയും ജീവിപ്പിച്ചു. അനന്തരം ഇനിമേൽ സർപ്പഹിംസ ചെയ്കയില്ലെന്നു ഗരുഡൻ സത്യംചെയ്തു. ഇതുനിമിത്തം കീർത്തിമാനായ ചക്രവർത്തി രാജ്യത്തുചെന്നു സുഖമായി വളരെക്കാലം വാണരുളി. നാഗങ്ങൾക്ക് ആനന്ദം നൽകുകയാൽ നാഗാനന്ദം എന്ന പേരുണ്ടായി.

നാഗാഹ്വം-ഹസ്തിനാപുരം.

നാഗാഭരണൻ-ശിവൻ.

നാഗാരാതി-പ്ര. മയിൽ. ഉ. സിംഹം. ന. കാട്ടുപാവൽ. ഭ. ഗരുഡൻ.

നാഗാരി-പ്ര. ഗരുഡൻ. ഉ. കീരിയും മയിലും മറ്റും. ന. കാട്ടുപാവൽ.

നാഗാശനൻ-ഗരുഡൻ.

നാഗേന്ദ്രൻ-പ്ര. ഐരാവതം, ഉ. ശേഷൻ.

നാഗേശൻ-പ്ര. ശേഷൻ. ഉ. പരിഭാഷേന്ദുശേഖരം മുതലായ പുസ്തകങ്ങളുടെ കർത്താവ്. ന. പതഞ്ജലി.

നാഗിനി-കാമശാസ്ത്രത്തിൽ പറയുന്ന ലക്ഷണത്തിൽ ഒരു ലക്ഷണമുള്ള സ്ത്രീ.

നാഗ്നം-ഒരു ഗന്ധദ്രവ്യം.

വാതം, കഫം, രക്തദോഷം മുതലായതിനു നന്ന്. പുകയ്ക്കുന്നതിനും അരച്ചു പൂശുന്നതിനും കൊള്ളാം. ആകൃതി ചന്തയിലപോലെയിരിക്കും. ഇതു ഉള്ളിൽ കൊടുക്കരുതു്. ഇതു കിട്ടുഞ്ഞാൽ പകരം കരയാംപൂവു ചേർക്കാം. തമിഴ്-ശംഖനഖമെൻകിറ ഗന്ധദ്രവ്യം.

നാങ്ങ്-വി. നാലു്.

നാങ്ങു-ഒരു മരം.

നാജർ-പരിശോധകൻ, കോടതിയിലെ ഒരു ഉദ്യോഗസ്ഥൻ.

നാഞ്ചരപ്പുല്ല്, നാഞ്ചരമുച്ച്-ഒരു വിഷമുള്ള മരുന്നു്.

നാഞ്ചി-നാഞ്ചിക്കാരവൻ.

നാഞ്ചിനാട്-നാഞ്ഞനാട്ടുദേശം. തോവാള, അഗസ്തീശ്വരം ഈ രണ്ടു താലൂക്കുകൾക്കും കൂടിയുള്ള പേർ.

നാഞ്ചിൽ-ഒരുവക മത്സ്യം.

നാഞ്ഞൂൽ-പ. ഞാഞ്ഞൂൽ. വ. നായുണ്ണി.

നാട്ട്-രാജ്യം, മിക്ക്.

നാട-കച്ച, ആട്ടക്കാരുടെ തലയിൽ കെട്ടുന്ന ഒരു സാധനം.

നാടക-വി. നടിക്കുന്ന, നൃത്തംചെയ്യുന്ന.

നാടകത്രയം - അഭിജ്ഞാനശാകുന്തളം, വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം. (ഇവ സം-ം-കാളിദാസകൃതികളാണ്.)

നാടകമാടുന്ന-നൃത്തംചെയ്യുന്ന.

നാടകൻ-ആട്ടക്കാരൻ.

നാടകം-ശാകുന്തളം മുതലായ കവിതകളും, രൂപകങ്ങളും പത്തുള്ളതിൽ ഒന്ന്. (രൂപകങ്ങളും ക്രമേ നോക്കുക.)

നാടകം-ദൃശ്യകാവ്യങ്ങളിൽ നാട്യം, നൃത്യം, നൃത്തം ഇങ്ങനെ മൂന്നുവിധമുണ്ട്. അവയിൽ ആദ്യത്തേതിൽ ഉൾപ്പെട്ടതാണ് നാടകം. ഇതു പത്തുവിധം രൂപകങ്ങളിൽ ചേർന്നതാകുന്നു. നാടകത്തിൽ ഒന്നുമുതൽ പതിനാറു വരെ അങ്കങ്ങളും ഉണ്ടാകാം. അങ്കങ്ങളും പരസ്പരം കൂട്ടിച്ചേർക്കുന്നതിനു വിഷ്കംഭം, പ്രവേശകം, ചൂളിക, അങ്കാസ്യം, അങ്കാവതാരം എന്നിപ്രകാരം അഞ്ചു അർത്ഥോപക്ഷേപകങ്ങളും കല്പിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞതും വരാൻപോകുന്നതുമായ കഥാംശങ്ങളെ വിവരിച്ചു പൂർവ്വാങ്കത്തോടു ഉത്തരാങ്കത്തെ സംയോജിപ്പിക്കുന്നവയത്രേ അർത്ഥോപക്ഷേപകങ്ങൾ. കഥ പ്രസിദ്ധിയുള്ളതായിരിക്കണം. മുഖം, പ്രതിമുഖം മുതലായ പഞ്ചസന്ധികളും വിലാസം മുതലായ നായകഗുണങ്ങളും അനുസ്യൂതങ്ങളായിരിക്കണം. നിർവ്വഹണസന്ധിയിൽ അദ്ഭുതരസം കൂടിയേ കഴിയൂ. കുലീനനും പ്രതാപിയും ധീരോദാത്തനുമായ രാജർഷിയോ മറ്റൊരു നായകനായിരിക്കണം. നായകൻ ശ്രീകൃഷ്ണനെപ്പോലെ മിശ്രനോ ദുഷ്ക്ഷന്തനെപ്പോലെ അമിശ്രനോ ശ്രീരാമനെപ്പോലെ മിശ്രാമിശ്രനോ ആയ മൂന്നിനങ്ങളിൽ ഒന്നിൽ പെട്ടിരിക്കണം. രസങ്ങളിൽ ശൃംഗാരമോ വീരമോ പ്രധാനമായിരിക്കണം. ഉദാഹരണം-ശാകുന്തളം. നാടകങ്ങൾക്കു പൊതുവെ 'രൂപകങ്ങൾ' എന്ന പേർ പറയാറുണ്ടെന്നതാണ്. നാടകം പ്രേക്ഷകന്മാർക്ക് ആലോചിച്ചു രസിക്കത്തക്കതായ ഒരു മിശ്രകൃതിയാകുന്നു. പദ്യങ്ങൾ ചുരുങ്ങിയിരിക്കണം. ഉദാ: ഹാനം, വധം, യുദ്ധം, വിപ്ലവം, വിവാഹം, ഭോജനം, ശാപം, മൃത്യു, സുരതം മുതലായ ലജ്ജാവഹകൃത്യങ്ങളും നംഗത്തു പാടില്ല.

നാടകലക്ഷണം.

'ശൃംഗാരവീരയോരേക
പ്രധാനംയത്രവർണ്യതേ,
പ്രഖ്യാതനായകോപേതം
നാടകംതദ്ദോഹൃതം'

നാടകപൂർവ്വാംഗങ്ങൾ ൫ വിധം.

പ. വിഷ്കംഭം. വ. പ്രവേശകം. ന. ചൂളിക. ര അങ്കാസ്യം (അങ്കത്തിലേ അവസാനപാത്രങ്ങളെക്കൊണ്ടു തന്നെ വരുന്ന അങ്കത്തിലേ കഥ സൂചിപ്പിക്കുന്നതു്). ൫. അങ്കാവതാരം. (അർത്ഥവിവരണം ചെയ്തിട്ടില്ലാത്ത പദത്തിനു താഴെ നോക്കിക്കൊള്ളുക.)

നാടകാകർത്തികൾ ൫ വിധം.

ആത്മഗതം, പ്രകാശം, ജനാന്തികം (സ്വകാര്യം പറയുക), അപവാര്യം (പ്രത്യേകിച്ചു് അഭിപ്രായം പറയുക), അകാശഭാഷിതം.

നാടകത്തിലെ അഞ്ചു സന്ധികൾ.

മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവ്വഹണം.

'നാനാർത്ഥരസമൻപുള്ള
ബീജോപ്പെത്തിയതാംമുഖം

കാണിച്ചുംകാട്ടിടാതെയും
ബീജത്തെവെളിവാക്കുകിൽ
രണ്ടാമതായ് പ്രതിമുഖ
മെന്നോതുംസന്ധിയായിട്ടും

ബീജത്തിൻറെസമുത്തേദം
ലാഭവുംപിന്നെനഷ്ടവും
പിന്നീടുമനേഷണവും
ചൊല്ലുംഗർഭ്വസന്ധിയിൽ

ബീജാഗമിയിൽകോപദ്ദേ
പ്രലോഭനേമിവറിനാൽ
ഗർഭനിർഭിന്നമംസന്ധി
നാലാമതുവിമർശമാം

ബീജത്തോടൊത്തങ്ങുമിങ്ങും
ചൊന്നതാംനാലുസന്ധിയും
പൂർണ്ണമായഫലംചേരും
സന്ധിനിർവ്വഹണാഖ്യമാം'

സന്ധിയുടെ അഞ്ചു് അവസ്ഥകൾ.

ക ആരംഭം (മഹത്തായ ഫലപ്രാപ്തിക്കുള്ള ആശമാത്രം). ഖ. യത്നം (അൽപ്പയത്നം). ന പ്രത്യാശ (പ്രയത്നിച്ചുകൊണ്ടിരിക്കവേ ഫലം വരുമോ എന്നുള്ള സന്ദേഹം) ർ നിയതാപ്തി (വിഘ്നങ്ങൾ തീർന്നു സന്ദേഹനിവൃത്തിവരുന്നതു്) ൽ ഫലാഗമം (ഒടുക്കത്തെ ഉദ്ദിഷ്ടകാര്യസിദ്ധി).

അഞ്ചുവിധം അർത്ഥപ്രകൃതികൾ.

ബീജം, ബിന്ദു, പതാക, പ്രകരി, കാര്യം.

'ആദ്യത്തിലുള്ളമായാലും
പിന്നെനന്നായ്പുരസ്സരൻ
കാര്യപ്രധാനഹേതുത്വ
മുദ്വഹിപ്പതുബീജമാം

കഥാഗതിക്കുമദ്ധ്യത്തിൽ
തടസ്സംനേരിട്ടുംവിധം
അതുകൂടിയിണക്കുന്ന
ബന്ധഹേതുരിബിന്ദുവാം

പ്രസംഗാൽവന്നതായാലും
നീണ്ടുനിന്നൊടുവോളവും
പ്രകൃതത്തിനുതകീടും
കഥാഭാഗംപതാകയാം.

പ്രസ്തുതത്തിൽകാര്യവശാ-
ലൊരിടത്തന്യവൃത്തകം
പെട്ടെന്നുരയ്ക്കുണ്ടിവരും
ഭാഗംപ്രകരിയാഖ്യമാം.

നായകോല്ലംഘ്യമാമുന്നാ
മുപസംഹൃതിസന്ധിയിൽ
ചൊല്ലുമുദ്ദിഷ്ടകാര്യത്തിൽ
സിദ്ധിതാൻകാര്യമായതു'.

അങ്കലക്ഷണം.

ഇതിൽ കഥാനായകന്റെ ഒരു ദിവസത്തെ ചരിത്രത്തെ പ്രതിപാദിക്കണം. പ്രധാനജനത്തെ ആശ്രയിച്ചു വിദൂഷകൻ മുതലായി മൂന്നു നാലു പാത്രങ്ങളും ഉണ്ടായിരിക്കണം. അങ്കത്തിൽ പ്രവേശിച്ചിട്ടുള്ള പാത്രങ്ങളുടെ നിഷ്ക്രമപ്രകാരത്തെ പറയണം.

(പ്രസ്താവന, നാന്ദി, സൂത്രധാരൻ, വിദൂഷകൻ മുതലായ നാടകസംബന്ധമായ പദങ്ങൾക്കുള്ള അർത്ഥവിവരണത്തിനു അതാതു ശബ്ദങ്ങളെ നോക്കിക്കൊള്ളുക.)

നാടകശാല നാട്യപ്രയോഗസ്ഥലം.

നാടകശാലാകാരി-ഒരുമാതിരി തേവിടിശ്ശി.

നാടകീയ-വി നാടകത്തെ സംബന്ധിച്ച

നാടൻ-നാട്ടുനടപ്പായിട്ടുള്ള. അതാതു നാട്ടിലുണ്ടായ.

നാടൻപുഴ-തെരുവിൻപുഴ.

നാടൻമട്ട്-പഴയ സമ്പ്രദായത്തിലുള്ളത്

നാടം-ക്രി ആട്ടം, നടിക്കുക, അഭിനയിക്കുക. പ. കല്ലാടകദേശം.

നാടാൻ ചന്നാന്മാരിലുള്ള ഒരു സ്ഥാനപ്പേർ.

നാടാല-ശ്രോതാക്കളുടെ മുറി (പൂര).

നാടി-ക്രി. ഒരുവക കാട്ടാമൂൻ, നായാടി. പ. നാഡി.

നാടിക-ഉപശ്രുപകങ്ങളിൽ ഒന്ന്.

നാടിക്കരണം- കഴിക്കാണതിനുമുമ്പേ മൂലധനം.

നാടിപ്പറയുന്ന-കൈകാണിച്ചുപറയുന്ന, സംശയിച്ചുപറയുന്ന.

നാടിമേഥമം-നാടിക്കുള്ളിലുള്ള ഒരു മർമ്മം.

നാടുക-തേടുക, തുടരുക, വിചാരിക്കുക.

നാടുകാണി-മലയുടെ മുകളിലുള്ളതും സഞ്ചരിക്കാവുന്നതും താഴ്ന്നദേശം കാണാവുന്നതുമായ സ്ഥലം.

നാടുകിൽ-വിചാരിക്കുമ്പോൾ.

'ഞാനൊരുകാലവുമഴിയുംവിധമയ്
നാടുകിലരിയചരാചരത്രയ്'

(ഭഗവൽഗീത-മാധവപ്പണിക്കർ)

നാടുനീങ്ങുന്ന. മരിക്കുന്ന. (രാജാക്കന്മാരുടേയും മറ്റും കാര്യത്തിൽ ഉപയോഗിക്കേണ്ട ഒരു ആചാരവാക്ക്.)

നാടുവാഴി-ക്രി. രാജാവ്. പ ഇടപ്രഭു.

നാടുവാഴുന്ന-രാജ്യം ഭരിക്കുന്ന.

നാടുവാഴ്ച-രാജ്യഭരണം.

നാടേയൻ, നാടേരൻ- നാടിപുത്രൻ, ദേശവാസിയുടെ പുത്രൻ.

നാടോടി-വി. നാട്ടിൽ നടപ്പായുള്ള.

നാടോടിഭാഷ-അതാതു ദിക്കിലെ സംസാരം

നാടോടെ-അതാതു ദിക്കോടെ, രാജ്യത്തോടെ.

നാട്ട-ക്രി. ഒരു രാഗം. പ കാറി, കാൽ, മുണ്ട്.

നാട്ടകത്തിനിലയ്ക്കുന്ന-കുഴിച്ചിടുന്നിടുന്ന.

നാട്ടക്കല്ല്-ഓർമ്മയ്ക്കു നാട്ടീട്ടുള്ള കല്ല്.

നാട്ടക്കറിഞ്ഞി-ഒരു രാഗം.

നാട്ടക്കോൽ-സസ്യങ്ങൾക്കു സഹായമായിട്ടു നാട്ടുന്ന തുണ്ട്, മുണ്ട്.

നാട്ടം-ക്രി. അന്വേഷണം, വിചാരണ, പരിശോധന. പ. അഭ്യുദയം.

'നാട്ടമറന്തസ്ഥികംപോലെ'

(കൈവല്യനവനീതം)

നാട്ടൽ-വല്ലതും കഴിച്ചു നാട്ടിനിറുത്തുക.

നാട്ടാചാരം-നാട്ടിലെ നടപ്പ്, നാട്ടിലെ മര്യാദ.

നാട്ടാണ്മ-പ്രഭുത്വം.

നാട്ടാണ്മക്കാരൻ-പ്രഭു.

നാട്ടാന-പിടിച്ചിണക്കിയ ആന.

നാട്ടാനടുതല-ക്ഷേണസാധനകൃഷി.

നാട്ടാർ-ലോകർ, ഭിഗ്വാസികൾ, നാട്ടുകാർ

നാട്ടി-ക്രി. നാട്ട. പ. വിത, നാട്ടിപ്പണി.

നാട്ടുകാരൻ-നാട്ടിലുള്ളവൻ.

നാട്ടുകൂട്ടം-ജനങ്ങളുടെ കൂട്ടം.

നാട്ടുനടപ്പ്- രാജ്യത്തെ മര്യാദ, ദേശമര്യാദ.

നാട്ടുന്ന-കഴിച്ചു നിറുത്തുന്ന.

നാട്ടുപടവലം-ഒരു കൈപ്പുള്ള ഔഷധവള്ളി.

നാട്ടുപട്ടർ- അമ്പലവാസികളിൽ ഒരു ജാതി.

നാട്ടുപന്നി-പോക്ക്.

നാട്ടുപുറം, നാട്ടിൻപുറം-ക്രി. നാട്ടിൻപുറത്തിലെ ദേശം. പ. ദേശത്തിൻപുറം, അന്യമിക്ക്.

നാട്ടുപോത്തു്-നാട്ടിലുള്ള കന്ന്.

നാട്ടുഭാഷ-അതാതു ദേശത്തെ ഭാഷ.

നാട്ടുമാവ്-സാമാന്യം മാവ്.

നാട്ടുമുട്ട-ഒരുമാതിരി കതിര.

നാട്ടുവഴി-നിരത്തി ഉറപ്പിച്ച വഴി.

നാട്ടുവാലായ്മ, നാട്ടുബാലായ്മ–രാജാവുമരിച്ചാൽ പ്രജകളുടെ ഒരു അചാരദുഃഖം.

നാട്ടുവെളിച്ചം–സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മുള്ള മങ്ങിയ വെളിച്ചം (നക്ഷത്രത്തിന്റെ വെളിച്ചം).

നാട്യാകൃതി–ശ്ലോകങ്ങളുടെ അവാന്തരവിഭാഗങ്ങളിൽ ഒന്ന്.

രസംസംവ്പ്രധാനവും അതായതു ഭാവരസത്തിനനുസരണങ്ങളായ അഭിനയം ഇടയ്ക്കിടയ്ക്കും ഉള്ള നാടകം മുതലായ കൃതികൾ.

നാട്യക്കാരൻ–ചാക്യാരും അമ്മക്കാരും മറവൻ.

നാട്യപ്രിയ–വി. നാട്യത്തിൽ താൽപര്യമുള്ള.

നാട്യം–നൃത്തം. നടന്റെ കർമ്മം എന്നർത്ഥം.

നാട്യം–അഭിനയം പാട്ട് കൊട്ട് ഇവയുൾപ്പെടുന്നതും കൂടി കൂടിയതു്. (കഥകളി, നാടകം മുതലായവയിൽ ചേരുവാനുള്ളതെല്ലാം ചേർന്നുകളിക്കുന്ന കളി).

നാഡി–പ്രാ. ഞരമ്പ്. ചിലപ്പോൾ നിലയിൽ നിന്നു തെറിപ്പിക്കുന്നതു് എന്നർത്ഥം. നാഡികം ഒടിഞ്ഞു. പു. കഴൽ സ്ത്രീ. നാഴിക. (ആറക്ഷണം കൂടിയ കാലം.) ശമിക്കുന്നതു് എന്നർത്ഥം. ര. നാഡിവ്രണം. ള. മീൻകണ്ണിക്കറുക. ന്യൂ. തണ്ട്, തുണ്ടികളുടെ കായ്. ഗന്ധമുള്ളതു് എന്നർത്ഥം. മറവ പയ്യോയങ്ങൾ–നാളം, കാണ്ഡം.

നാഡിക–നാഴിക.

വ്യാകരണപ്രകാരം 'ഡ' 'ശ' ഈ അക്ഷരങ്ങൾക്കു ക്രമമായി ഴ, ച, ഈ അക്ഷരങ്ങൾ ആദേശം വരും. ഉ–ം–നാഡികം–നാഴിക. ഈശ്വരൻ–ഈച്ചരൻ.

നാഡികേരം–നാളികേരം.

നാഡിത്രയം–ഇഡ, പിംഗല, സുഷുമ്ന.

നാഡിന്ധമൻ–തട്ടാൻ. മുളങ്കുഴലുകൊണ്ടു് ഊതുന്നവൻ എന്നർത്ഥം.

നാഡീപരീക്ഷ–രോഗികളുടെ നാഡി പിടിച്ചു നോക്കുക.

നാഡീശാകം–തണ്ടൻചീര.

നാഡീവ്രണം–പ്രാ. എപ്പോഴും ചലം ഒലിച്ചുകൊണ്ടിരിക്കുന്ന ഒരു രോഗം. പ. ദ്വാരം കറഞ്ഞുണ്ടാകുന്ന പുണ്ണ്.

നാഡിവ്രണം വാതംകൊണ്ടും പിത്തംകൊണ്ടും കഫംകൊണ്ടും സന്നിപാതംകൊണ്ടും ശല്യംകൊണ്ടും ഉണ്ടാകുന്നതാകയാൽ അഞ്ചുവിധം എന്നു പറയപ്പെടുന്നു.

നാഡീസൂത്രം–പ്രാ. നാഴിക അറിവാനുള്ള യന്ത്രം. പ. ഞരമ്പു്.

നാണകം–നാണയം.

നാണക്കേടു്–ലജ്ജയില്ലായ്മ.

നാണപ്പെടുത്തുക–പ്രാ. കിക്കിളിയാക്കുക. പ. ലജ്ജിപ്പിക്കുക.

നാണം–ലജ്ജ.

നാണംകുണുങ്ങി–സംകോചമുള്ളവൻ, ലജ്ജാശീലൻ.

നാണയം, നാണിയം–പ്രാ. ദ്രവ്യം, പണം മുതലായതു്. പ. നടപ്പു്, സമ്മതം. ന. ബഹുമാനം. ര പ്രസിദ്ധം. ള. നേത്ര്.

നാണിക്കുന്നു–ശങ്കിക്കുന്നു, ലജ്ജിക്കുന്നു. (സ ക്രി. നാണിപ്പിക്കുന്നു)

നാണിയക്കാരൻ–പരമാർത്ഥി, വിശ്വസിക്കപ്പെടുവാൻ തക്കവൻ

നാണിയക്കേടു്–മര്യാദയല്ലാത്ത പ്രവൃത്തി.

നാണിയമാകുന്നു–നടപ്പാകുന്നു, പ്രസിദ്ധമാകുന്നു. (സ. ക്രി. നാണയമാകുന്നു)

നാണീയസ്സ്-വി. വലുത്, ഒട്ടും ചെറുതല്ലാത്തത്.

ന + അണീയസ്സ് =അല്പമല്ലാത്ത, അണു =ചെറുത്. അണീയസ്സ് = വളരെ ചെറുത്. അണിഷ്ഠം=ഏറ്റവും ചെറുത്. രണ്ടു വസ്തുക്കളെ ഒത്തുനോക്കുമ്പോൾ ഒന്നിനെ മേന്മ പറയുന്നതിനായി പദത്തോടു 'ഈയസ്സ്' 'തര' ഈ പ്രത്യയങ്ങളും ചേർക്കും. അനേകവസ്തുക്കളെ ഒത്തുനോക്കി അവയിൽ ഒന്നിനെ മേന്മകല്പിക്കുന്നതിനെ 'ഇഷ്ഠം, തമ' എന്നീ പ്രത്യയങ്ങളെ ചേർക്കും.

നാണു-ഒരു പേർ.

നാരായണൻ എന്നതു ചുരുങ്ങി 'നാണു' എന്നും നാരായണി എന്നത് ചുരുങ്ങി 'നാണി' എന്നുമായി.

നാണെന്നു-ലജ്ജിക്കുന്നു, നാണിക്കുന്നു.

'നാണി അകത്തു പുക്കാൾ'
(രാമചരിതം)

നാണുവം-ഒരു പക്ഷി, നാരാണപ്പക്ഷി.

നാണ്യം-നാണയം, കള്ളനാണ്യം.

നാതിചിര-വി. അധികം നീളത്തിൽ അല്ലാത്ത.

നാതിദൂര-വി. അധികം ദൂരെ അല്ലാത്ത.

നാത്തൂൻ-ഭർത്താവിന്റെ മൂടപ്പിറന്നവൾ.

നാത്രൻ-പ്ര. ശിവൻ. പു. മുനി.

നാത്രീ-പ്ര സ്തുതി. പു. ആശ്ചര്യം.

നാഥ-പ്ര. രക്ഷിക്കുന്നവൾ പു. ഭാര്യ.

നാഥൻ-പ്ര. രക്ഷിക്കുന്നവൻ. പു. ഭർത്താവ്. നു. രാജാവ്.

നാഥരാമാക്രി-ഒരു രാഗം.

നാഥവൽ-വി. നാഥനുള്ള, ആശ്രയിച്ചു പാർക്കുന്ന (പും-നാഥവാൻ. സ്ത്രീ-നാഥവതി).

നാഥവാൻ-അന്യന്റെ ചൊല്പടിക്കു നടക്കുന്നവൻ. നാഥനുള്ളവൻ എന്നർത്ഥം.

നാദം-ശബ്ദം.

നാദേയ-വി. നദിയിലുണ്ടായ.

നാദേയം-പ്ര. ഉപ്പ്. പു. അഞ്ജനം. നു. ആറാവഞ്ഞി. ര. വഞ്ഞി. ള. കരിക്കരിമ്പു. ന പുഴമുഞ്ഞ.

നാദേയീ-പ്ര. നീർവഞ്ഞി. നദിയിലുണ്ടായതു് എന്നർത്ഥം. പു. നിലഞാവൽ. നു. മധുരനാരകം. ര. പുഴമുഞ്ഞ, തഴുതാവൽ. ള. ആറ്റുഞാവൽ. ന. (ഒരുകപ്പുകറഞ്ഞ) പടവലം. റ. ചെമ്പരത്തി.

നാദലക്ഷ്യം-നാദം കൊണ്ടു ലക്ഷിക്കപ്പെടുന്നതു്. (ശബ്ദഗ്രഹണകമകോശം എന്ന പ്രസിദ്ധം).

നാദവിദ്യാത്മകൻ-നാദബ്രഹ്മമെന്നും ശബ്ദബ്രഹ്മമെന്നും മുള്ള രൂപത്തോടു കൂടിയവൻ.

നാനലം-നായിന്റെ നലം (നന്മ, ഗുണം).

നാനാ-അ. പ്ര. അനേകം. പു. വേറെ. നു. ക്രൂരതെ, ര. ഇരട്ട.

നാനാധ്വനി-പലമാതിരി ശബ്ദം.

നാനാനം-അ. വെവ്വേറെ.

നാനാപ്രകാരം-വി. പലവിധത്തിലുള്ള.

നാനാരൂപ-വി. പല സ്വരൂപമുള്ള, ബഹുവിധമായ.

നാനാർത്ഥം-വി. പ്ര. പല അർത്ഥമുള്ള. പു. അനേകം പ്രയോജനമുള്ള. നു അസംഖ്യം സമ്പത്തുള്ള. ര പല വസ്തുവുള്ള.

നാനാവർണ്ണ-വി. പല നിറമുള്ള.

നാനാവിധ വി. പ്ര. പലവിധമുള്ള. പു. ഉസ്സാമർത്ഥ്യമുള്ള നു വെടിപ്പില്ലാത്ത

നാനാവിധക്കാരൻ-പ്ര. പലമാതിരിക്കാരൻ. പു. ഉണ്ണിലക്കാരൻ.

നാനാഴി-ഒരിടങ്ങഴി.

നാനാഷ്ടേയ-വി, ചെയ്യരുതാത്ത, മര്യാദയല്ലാത്ത.

നാന്തല-ഫ. നാക്കിന്റെ തുമ്പ് (മുന). ഉ. തുമ്പുള്ള നാവ്.

നാന്തുക-നന്തുക.

'നാന്തുകപ്പൊഴുതാവും'
(രാമചരിതം)

നാന്ദകം-വിഷ്ണുവിന്റെ വാൾ.

നാന്ദി-നാടകത്തിന്റെ ആരംഭത്തിലുള്ള ചടങ്ങ്, ആരംഭം. (നന്ദിപ്പിക്കുന്നതുനിമിത്തം ഈ പേർ വന്നു).

നാടകം ആരംഭിക്കുന്നതിനു രംഗവിഘ്നശമനത്തിനായി നടന്മാർ അണിയറയിൽവെച്ചു ചിലതൊക്കെ നടത്തുക പതിവുണ്ട്. നാടകത്തിനു പൂർവ്വമായി പ്രയോഗിക്കുവാനുള്ള രംഗമാകയാൽ നാട്യശാസ്ത്രകാരകന്മാർ അതിനു 'പൂർവ്വരംഗം' എന്നു അഭിധാനംചെയ്തിരിക്കുന്നു. ഈ പൂർവ്വരംഗത്തിനു പ്രത്യേകരംഗം മുതലായ പല അംശങ്ങളും നാട്യശാസ്ത്രത്തിൽ വിധിച്ചിട്ടുണ്ട്. നാന്ദി അതിൽ പ്രധാനവും അപരിത്യാജ്യവുമാണു്. ഒരിക്കൽ നന്ദി എന്ന കാള ആകാശത്തിൽ പരമേശ്വരന്റെ നടനരംഗമായി തീർന്നു. ആ രംഗത്തെ ഉദ്ഘാടനം ചെയ്യുന്ന പൂജയത്രേ നാന്ദി എന്നും കാണുന്നു.

'ആശീർന്നമസ്ക്രിയാരൂപഃ
ശ്ലോകഃ കാവ്യാർത്ഥസൂചകഃ'

നാന്ദീതികഥ്യതേ-എന്നുള്ള പ്രമാണവാക്യമനുസരിച്ചു ആശീസ്സ്രൂപമായോ നമസ്ക്രിയാരൂപമായോ ഉള്ളതും കാവ്യാർത്ഥത്തെ സൂചിപ്പിക്കുന്നതുമായ ശ്ലോകമാണു് നാന്ദി എന്നും പറയുന്നുണ്ട്. നാന്ദി ശ്ലോകത്തിൽ മംഗളസൂചകങ്ങളും താഴെ പ്രസ്താവിക്കുന്നവയുമായ ഏതെങ്കിലും ഒരുപദം കൂടിയേകഴിയൂ-'ശംഖം, ചന്ദ്രൻ, അബ്ജം, കോകം, കൈരവം'.

നാന്ദീകരൻ, നാന്ദീവാദി-നാടകത്തിന്റെയും മറ്റും ആരംഭിയിൽ കഥയുടെ ആരംഭമിടുന്നവൻ, നാന്ദിയെ ചെയ്യുന്നവൻ.

നാന്നാങ്ക്-പതിനാറ്.

നാറ്റൻ, നാറ്റക്കൽ-നാവിലുണ്ടാകുന്ന ഒരു രോഗം (പത).

നാന്മ-അഞ്ചിൽനാല്.

നാന്മടങ്ങ്-നാലിരട്ടി.

നാന്മറ-നാലുവേദം. (ഋക്, യജുസ്സ്, സാമം, അഥർവ്വണം)

നാനുകപ്പുല്ല്-സംഭാരപ്പുല്ല്, ചെങ്കണ, കൊതിപ്പുല്ല്, കാവട്ടംപുല്ല്. പര്യായങ്ങൾ-കത്തുണം, ഉപഗരം, ഗന്ധശേഖരികം, ധൂപനം, ദേവനന്ദാശകം, രൌഹിഷം. കഫം, പിത്തം, രക്തദോഷം മുതലായവ നശിക്കും. വലുതും ചെറുതും രണ്ടു തരമുണ്ട്. രണ്ടിൽ നിന്നും തൈലം എടുക്കുന്നു. തമി-മാന്തപ്പുൽ. ഇം-Lemon-grass ലെമൺഗ്രാസ്സ്.

നാനുഖൻ-ബ്രഹ്മാവ്.

നാന്മുന്ന-പന്ത്രണ്ട്. (4×3=12).

നാപിതൻ-ക്ഷൌരക്കാരൻ, അസ്പൃശ്യനാകയാൽ അടുത്തുവരാത്തവൻ എന്നർത്ഥം.

നാപിതശാല-ക്ഷൌരപ്പുര.

നാപിതായനി-ക്ഷൌരകന്റെ പുത്രൻ.

നാപിയത്തി-ക്ഷൌരക്കാരി.

നാഭകൻ-ഒരവയസപരമനുവിന്റെ ഒരു പുത്രൻ

നാഭാഗൻ-ഒരു സൂര്യവംശരാജാവു്, ഇദ്ദേഹത്തിന്റെ പുത്രനത്രേ അംബരീഷൻ.

നാഭി-ഫ. പൊക്കിൾ. ഉ. കസ്തൂരി. വിസ്തരിച്ചെടുക്കുന്നതു എന്നർത്ഥം. ന. തേർവണ്ടിയുടെ നടുഭാഗം, ചക്രക്കുടം, (ചക്രത്തിന്റെ മദ്ധ്യത്തിൽ അല്ലികളെല്ലാം

ചെന്ന ചേതനനായ ഉത്തമ ഒരു സംധനം). ര. ഒരു രാജാവു്. ഇ. ക്ഷത്രിയൻ. ഹിംസിക്കുന്നവൻ എന്നത്ഥം.

നാഭികമലം-പൊക്കിൾ.

നാഭിജൻ, നാഭിജന്മാ, നാഭിഭൂ-ബ്രഹ്മാവു്.

നാഭിനാളം, നാഭിസൂത്രം-പൊക്കിൾ കൊടി.

നാഭിസ്ഥാനം-നാഭിപ്രദേശം.

നാം-ഞങ്ങൾ എന്നതിന്റെ പര്യായം.

നാമ-അ. നിശ്ചയത്തിലും കോപത്തിലും, നിന്ദ, പ്രതിജ്ഞ, ഖേദം, ആശ്ചര്യം, പ്രകാശ്യം, സംഭാവ്യം, ഉപഗമം ഇത്യാദികളിലും സംബന്ധിച്ചു വരും.

നാമകരണം-പേരിടുക.

ഇതിനു ജന്മനാമം വഴങ്ങിക്കണം.

നാമകീർത്തനം-നാമം ചൊല്ലുക.

നാമജപം-ഈശ്വരനാമങ്ങളെ പതുക്കെ പ്പറക.

നാമധാതുക്കൾ-(വ്യാകരണത്തിൽ) സ്വതേയുള്ള ധാതുക്കൾ കൂടാതെ മറ്റു ശബ്ദങ്ങളിൽ നിന്നും ധാതുക്കളെ സൃഷ്ടിക്കുമുണ്ടു്. ഈ വക ധാതുക്കളിൽ മിക്കവയും നാമങ്ങളാകയാൽ ഇവക്കു നാമധാതുവെന്നു പേർ.

നാമധാരണം-വിഷ്ണുവിന്റെ ചില അടയാളങ്ങളെ ധരിക്ക.

നാമധാരീ-വിഷ്ണുവിന്റെ ചില അടയാളങ്ങളെ ധരിക്കുന്നവൻ

നാമധേയം-പേർ.

നാമനിമ്മായി-(വ്യാകരണത്തിൽ) തദ്ധിതത്തിലെ ഒരു പിരിവു്.

നാമഭാഷി-പേരുകൊണ്ടുണ്ടാക്കീട്ടുള്ള ഒരു ഭാഷ.

നാമം-ക. പേർ. പര്യായങ്ങൾ-ആഹ്വയം, ആഖ്യാ, ആഹ്വാ, അഭിധാനം, നാമധേയം. ഉ. വിഷ്ണുവന്ദനക്കിരുടെ അടയാളം. ന. (വ്യാകരണത്തിൽ) ഒരു വൃത്തിന്റെയും ഗുണത്തിന്റെയും ക്രിയയുടേയും പേരിനെ കുറിയ്ക്കുന്ന ശബ്ദം.

നാമമാല-അക്ഷരമാലപ്പുസ്തകം, നിഘണ്ടു.

നാമവാക്യം-(വ്യാകരണത്തിൽ) നാമത്തിനു തുല്യമായ വാക്യം.

നാമവാൻ-പേരോടുകൂടിയവൻ.

നാമശേഷ-വി. മരിച്ച.

നാമാങ്കിത-വി. പേരുകൊണ്ടു അടയാളമിട്ടിട്ടുള്ള.

നാമാന്തരകരണം-വേറെ പേരിടുക.

നാമാവ്യയം-(വ്യാകരണത്തിൽ) നാമവും വ്യയവും എന്നു പറയുന്ന പേരെച്ചംതന്നെ ഭേദകമായിത്തീർന്നതു്.

നാമാവു് - ഇതു് ഒരേ നാമങ്ങളുടെ പിൻ ചേർക്കുമ്പോൾ അതാതു പേരുള്ള എന്നു അർത്ഥം വരും.

നാമാവശേഷം-പേരുമാത്രം ശേഷിച്ചിട്ടുള്ളതു്, വംശത്തിൽ നശിച്ചതു്.

നാമ്പു്-ക. തളിർ, ക്രമു. ക. തീജ്ജാലയും മറവും. ന. അഗ്രം.

നാമ്പില-തളിരിനോടടുത്തുള്ള ഇല.

നായ്-പട്ടി.

ഇതിന്റെ മാംസത്തിനു ചെന്നായുടെ മാംസത്തോടടുത്ത ഗുണമുണ്ടു്. പട്ടി കടിച്ചു് മുറിപ്പെട്ടാൽ കോഴിക്കാഷ്ഠം ശർക്കരയും എണ്ണയും ഏരിക്കിൻപാലും കൂട്ടി മർദ്ദിച്ചു ലേപനംചെയ്യുക. പേപ്പട്ടി കടിച്ചുണ്ടാകുന്ന വികാരത്തിങ്കൽ കറവ വാഴനീരിൽ ഇന്തുപ്പു ചേർത്തു് മന്ദോഷ്ണമാക്കി മൂന്നുദിവസം കുടിക്ക. അല്ലെങ്കിൽ ചെറിയ കമ്പളത്തിൻവേരും മുക്കുറ്റിയും കൂടി ചൂടുവെള്ളത്തിൽ അരച്ചു കലക്കി സേവിക്ക. കടിപെട്ടാൽ അപ്പോൾ

തന്ന കോപംവായ് ലോഹശലാകകൊണ്ട് മഹിപ്പിക്കുക അധികം നന്ന്.

നായകക്കല്ല്-മലയ്ക്കും മറവും ചേരുന്ന പ്രധാനക്കല്ല്.

നായകചതുഷ്ടയം-പ. ധീരോദാത്തൻ, ധീരോദ്ധതൻ, ധീരലളിതൻ, ധീരശാന്തൻ ഇവർ സർവരസസാധാരണന്മാരായ നാടകനായകന്മാരാകുന്നു.

ധീരോദാത്തൻ-ആത്മപ്രശംസ ചെയ്യാതേയും, സുഖദുഃഖങ്ങളെക്കൊണ്ട് ഇളക്കമില്ലാതേയും ക്ഷമ, ഗാംഭീര്യം, സ്ഥിരത ഇതുകളോടുകൂടിയും തന്റെ അഭിമാനത്തെ പുറത്തുകാട്ടാതേയും ദൃഢവ്രതനായും ഇരിക്കുന്ന നായകനാകുന്നു.

ധീരോദ്ധതൻ - ചപലത, ചാപല്യം, കോപം, അഹങ്കാരം, ആത്മപ്രശംസ മുതലായതുകളോട് കൂടിയവനാകുന്നു.

ധീരലളിതൻ-നിശ്ചിന്തനും മൃദുശീലനും കലാവിദ്യകളിൽ തൽപരനുമായ നായകനാകുന്നു.

ധീരപ്രശാന്തൻ-നായകന്റെ സാമാന്യ ഗുണങ്ങളോടുകൂടിയ ബ്രാഹ്മണനാകുന്നു.

പ. ദക്ഷിണൻ, ധൃഷ്ടൻ, അനുകൂലൻ, ശഠൻ.

ദക്ഷിണനായകൻ-സ്ത്രീകളിൽ ഒരുപോലെ അനുരക്തിയോടു പെരുമാറുന്ന രസികൻ.

ധൃഷ്ടൻ-വകതിരിവ്, മാനം, നാണം ഇവ തീരെയില്ലാത്തവൻ.

അനുകൂലൻ-ഒരേ നായികയിൽ അനുഗ്രഹത്തോടു കൂടിയവൻ.

ശഠൻ-ഒരു സ്ത്രീയെ ഉള്ളുകൊണ്ടു സ്നേഹിച്ചിട്ടു മറ്റൊരുത്തിയിൽ പുറമേ സ്നേഹംഭാവിച്ച് അവളെ ദ്രോഹിക്കുന്നവൻ.

പൂർവരാഗാവസ്ഥയിൽ അഭിലാഷം സിദ്ധിച്ചിട്ടില്ലാത്ത നായികാനായകന്മാർക്കുണ്ടാകാവുന്ന പത്തു അവസ്ഥകൾ.

പ. അഭിലാഷം-അഭീഷ്ടം സാധിപ്പാനുള്ള ആഗ്രഹം.

ര. ചിന്തനം-പ്രേയസ്സിനെപ്പറ്റിയുള്ള മതലായ മനോരാജ്യം.

ന. സ്മൃതി-മനസ്സിനെ മന്മഥവിക്ഷയത്തിൽ മാത്രം ഏകാഗ്രമാക്കി ചിന്തയോടു ദീർഘനിശ്വാസം ചെയ്യുക.

ഭ. ഗുണകഥനം-രസജ്ഞന്മാരിൽ ഗുണപ്രശംസ.

ങ. ഉദ്വേഗം-തനിക്കു വേണ്ടവരെ കൂടി ഖേദത്തിലാക്കുക.

ന (സം) പ്രലാപം-മനം വട്ടംചുറ്റുകകൊണ്ടു ആകെക്കൊണാകെ മുറുമുറുക്കുക.

ഒ. ഉന്മാദം- ചേതനാചേതനവിവേചനരാഹിത്യം നിമിത്തവും മറവും ഭ്രാന്തുകാണിക്കുക.

വ. വ്യാധി- നെടുവീർപ്പ്, വിളർച്ച, ദേഹകാശ്യം മുതലായതു്.

ൻ. ജഡത-ജഡത.

ഫ. മരണം-(രസവിച്ഛേദംകൊണ്ടു നാടകങ്ങളിലും മറവും നല്ലവണ്ണം വിവരിച്ചു കാണുന്നില്ല)

'അഭിലാഷശ്ചിന്താസ്മൃതി
ഗുണകഥനോദ്വേഗസമ്പ്രലാപശ്ച
ഉന്മാദോഥവ്യാധി
ർജ്ജഡതാമൃതിരിതി ദശരൂപകാമദശാഃ'

നായകസാഹായികചതുഷ്ടയം-പീഠമർദ്ദൻ (പ്രധാനനായകന്റെ ദക്ഷനും അനുചരനും സമർത്ഥനുമായിരിക്കും. പ്രധാനനായകന്റെ ഗുണങ്ങളും തികച്ചുകാണുകയില്ല) വിടൻ, ചേടൻ, വിദൂഷകൻ.

നായകൻ-പ. പ്രഭുത്വമുള്ളവൻ. നയിക്കുന്നവൻ, കൊണ്ടുനടക്കുന്നവനെന്നർത്ഥം. ഉ. മന്ത്രവു്. നു. സൈന്യാധിപൻ. ര. നാടകങ്ങളിലേയും കാവ്യങ്ങളിലേയും പ്രധാന പുരുഷൻ. (സ്ത്രീ-നായിക.)

നായകന്മാർ മൂന്നുവിധം-പ്രധാനനായകൻ, പതാകാനായകൻ, പ്രതിനായകൻ.

നായകം-മാലയുടേയും മറവും നടുവിൽ വയ്ക്കുന്ന കല്ലു്.

നായകമണി-പ. നടുനായകം. (സം-ഉരുമ്പം.) ഉ. മുത്തുമാലയുടെ നടുവിലുള്ളതും മറ്റു മണികളെക്കാളും വലിപ്പമുള്ളതുമായ രത്നം.

നായൻ-നായകൻ. (ബഹുവചനം-നായർ)

നായനാർ-പ. യജമാനൻ, നാഥൻ. ഉ. ക്ഷേത്രത്തിലേ പ്രധാന ഉടമസ്ഥൻ.

നായം-പ. വഴികാണിക്ക. ഉ. നീതി.

നായർ-ദ്രാവിഡവർഗ്ഗക്കാരിൽപ്പെട്ട ഒരു പ്രാതൃക ജാതിക്കാർ.

നായർവെണ്ണ-ഒരു മരുന്നുതൈലം, അട്ടനാറിവേള. പര്യായങ്ങൾ-ബർബരം, കബരീ, തുംഗീ, ഖരപുഷ്പാ, അജഗന്ധിക.

ഗുണങ്ങൾ. കഫം, കൃമി, ശൂലം, അരുചി, ശ്വാസം, അഗ്നിമാന്ദ്യം, ചൊവിക്കുത്തു്, ജ്വരം, വ്രണം ഇവയ്ക്കു നന്നു്. മഞ്ഞപ്പുവുള്ളതു് നേത്രരോഗത്തിനുംകൂടി കൊള്ളാം. അഗ്നിയെ വലിപ്പിക്കും. മലത്തെ തടുക്കും. കറികളിൽ ചേർത്താൽ നല്ല ഗന്ധംകൊണ്ടും. രുചികരമാണു്. ഫലവും ബീജവും കരിങ്കടുകിനെപ്പോലെയിരിക്കും. തമിഴിൽ-നായർവേളൈ.

നായർവേള-നായർവെണ്ണ, അട്ടനാറിവേള.

നായാടി-പ. ഒരുവക കാട്ടാളജാതി. ഉ. നായാട്ടുകാരൻ.

നായാടുന്നു-വേട്ടചെയ്യുന്നു, കാട്ടുമൃഗങ്ങളെ കൊല്ലുന്നു.

നായാട്ടു്-വേട്ട, കാട്ടുമൃഗങ്ങളെ കൊല്ലുക. പര്യായങ്ങൾ-ആഖേടനം, മൃഗവ്യം, ആഖേടം, മൃഗയാ.

നായാട്ടുനായ് = വിശേഷിച്ചു്. നായാട്ടു നാലുപ്രകാരമെന്നും ആറുപ്രകാരമെന്നും രണ്ടുപക്ഷമുണ്ടു്. പ. അയ്യൻപടികറിച്ചു നായാട്ടു്. ഉ. അഞ്ജനൻപടിവിളിച്ചു നായാട്ടു്. നു. വേടൻവഴി ക്രൂരനേ നോക്കുക. ര. കാട്ടാളൻവഴി ക്രൂരനെ പന്നികൊല്ലുക. ഇങ്ങിനെ നാലെന്നും; പ. കറിനായാട്ടു്. ഉ. വിളിനായാട്ടു്. നു. പള്ളിവേട്ടനായാട്ടു്. ര. ക്രൂരിയതും വെറുമുറം. ഋ. കണ്ടതും ഓമ്മിക്ക. ൠ. എളകിയതും. ഇങ്ങിനെ ആറെന്നും രണ്ടുവിധം പറയുന്നു.

നായാട്ടുനായ്-നായാട്ടിനു സഹായിപ്പാൻ സാമർത്ഥ്യമുള്ള പട്ടി.

നായാട്ടുപട്ടി-വേട്ടപ്പട്ടി.

നായാട്ടുവല-വേട്ടയിൽ മൃഗങ്ങളെ ചാടിപ്പാനുള്ള വല.

നായാട്ടുവിളി-നായാട്ടുകാരുടെ വിളിച്ചുകൂകൽ.

നായാണ്ടിക്ക-പരിഹസിക്ക.

നായിക-പ. ഭാര്യ. ഉ. രക്ഷിക്കുന്നവൾ, പ്രമാണമായുള്ളവൾ.

നായികാഭേദങ്ങൾ

പ. സ്വാധീനഭർതൃക-ഭർത്താവു രതിഗുണാകൃഷ്ടനായിട്ടു യാതൊരുവളെ വേർപിരിയുന്നില്ലയോ വിചിത്രവിഭോഗസക്തയായ അവളുടെ സ്വാധീനഭർതൃക.

ഉ. ഖണ്ഡിത-ഭർത്താവു് അന്യസംയോഗചിഹ്നിതനായി യാതൊരുത്തി

തുടെ പാശ്ചത്തിലേക്ക വരുന്നവോ ഈ ഷ്ട്രകേക്ഷയിതയായ അവം ഖണ്ഡിത.

൨. അഭിസാരിക-മന്മഥ വശംവദ യായി യാതൊരുത്തിയാണ് കാന്തനെ അഭിസരണസ്ഥാനത്തേക്ക വരുത്തുക യൊ താൻ നേരിട്ട് ആ സ്ഥാനത്തേക്ക ചെല്ലുകയൊ ചെയ്യുന്ന അവം അഭി സാരിക.

൩. കലഹാന്തരിത-ചാടുകാരൻ (ന ല്ലവാക്ക പറയുന്നവൻ) ആണെങ്കിലും യാതൊരുത്തി രോഷംകൊണ്ട് അപ്രകാ രമുള്ള ഭർത്താവിനെ ധിക്കരിച്ചു പറഞ്ഞ തിൽ പിന്നീട പശ്ചാത്താപത്തെ പ്രാ പിക്കുന്നവൊ അവം കലഹാന്തരിത

൪. വിപ്രലബ്ധ-കരിസ്ഥലം മുൻകൂട്ടി ഉറപ്പിച്ചതിന്റെ ശേഷം ആ നിശ്ചയ പ്രകാരം പ്രിയതമൻ അവിടെ എത്തി ച്ചേരാതെ യാതൊരുത്തിയെ ചതിച്ചു വൊ അത്യന്തം അവമാനിതയായ അ വം വിപ്രലബ്ധ.

൫ പ്രോഷിതഭർതൃക-കാന്തൻ ദൂര ദേശത്തേക്ക പോയ സമയം യാതൊരു ത്തി വിവർണ്ണയും മലിനയും കൃശയുമായി ട്ട ഭർത്താവിന്റെ വരവിനെത്തന്നെ കാ ത്തുകൊണ്ടിരിക്കുന്നവൊ അവം പ്രോ ഷിതഭർതൃക.

൬. വാസകസജ്ജ-ഉറക്കറയിൽ തല്പം തട്ടിക്കൂടഞ്ഞുവിരിച്ചു സുഗന്ധമാക്കി പി ന്നേയും ഭർത്താവു വന്നാൽ ചെയ്യാനുള്ള വിധികളെ ശരിയാക്കിട്ടു പ്രിയസമാഗമ ത്തെത്തന്നെ കാത്തുകൊണ്ടിരിക്കുന്നവം വാസകസജ്ജ (വാത്സ്യായനമഹർഷി യുടെ അഭിപ്രായം.)

൭. വിരഹോൽകണ്ഠിത-വരുമെന്നതന്നെ കൃതനിശ്ചയമാണെങ്കിലും കാ ര്യാന്തരവ്യഗ്രത ഹേതുവായിട്ട ഭർത്താവി ന വരുന്നതിന സൌകര്യം ലഭിക്കാതി രിക്കുന്നസമയം അയാം വരായ്കകൊ ണ്ടുള്ള ദുഃഖംകൊണ്ട പരവശയായിരി ക്കുന്നവം വിരഹോൽകണ്ഠിത.

(നായികാസഹായിനികാം ൻ വി ധം-ദൂതി, ഭാസി, സഖി, ചേടി, ധാ ത്രേയി, പ്രാതിവേശിനി, ലിംഗിനി, ശില്പിനി, സന്ന്യാസിനി.)

നായികാജാതിചതുഷ്ടയം-(സ്ത്രീ എ ന്നതു നോക്കുക.)

നായികാനായകന്മാർ-നായികയും നാ യകനും.

സംസ്കൃതമനുസരിച്ചു സാധുവല്ല. ഏ കവചനം എന്ന സമ്പ്രദായം മാക്ഷയിലി ല്ലാത്തതുകൊണ്ട ഭാഷയിൽ ഈ പ്രയോ ഗം സാധുവാണെത്രെ.

നായിക്കൊരുണ-നായ്ക്കരണ.

നായിക്കുണ-നായ്ക്കരിയ്ക്ക.

നായിച്ചീര-ഒരു പത്രശാകം.

ചൊറിക്കും പ്രണ്ണത്തിനും നന്ന്. സംസ്കൃതം-ശുനകചില്ലീ.

നായിട്ടുക നായാട്ടുക.

നായിനാർ-പു. യജമാനൻ, നാഥൻ. ൨. ക്ഷേത്രത്തിലെ പ്രധാനമുടമസ്ഥൻ.

നായിബ് (പ്പ്)-പകരക്കാരൻ. (അറ ബിഭാഷ)

നായ്കൻ-പു. കാരാഗൃഹത്തിൽപ്രമാണി. ൨ ഒരു ജാതിക്കാരൻ. ൩. പാട്ടാളത്തിൽ പത്തുപേർക്ക നായകൻ.

നായ്ക്കുൻ നായുടെ വേലക്കാരൻ. (ഒ രു ശകാരവാക്ക്)

നായ്ക്കരിനിവ്-നായ്ക്കണ

നായ്ക്കല്ല-കല്ല.

നായ്ക്കാപ്പു, നായ്ക്കാട്ടം-പട്ടിയുടെതീട്ടം

നായ്ക്കുരണ-ഒരു ഔഷധവള്ളി. പാമ്പായ ങ്ങൾ-അതിമധുരം, ഇഡാം, അവ്യണ്ഡാം

കന്ദുരാ, പ്രാവുക്കായണീ, ഉക്ഷ്യാപ്രാക്തോ, ശ്രുകശിംബി, കപികച്ഛു, മക്കടി.

ഇതു വൃക്ഷ്യമാണ്. വാതം, ചുമ, പിത്തം, കഫ, വായുഗുല്മ, രക്തപിത്തം, ദുഷ്ടവ്രണം, ക്ഷയരോഗം ഇവക്കു നന്ന്. ദേഹത്തെ തടിപ്പിക്കും. ഇതിന്റെ ചെറിയുന്ന ഉപാടി ശർക്കരയിൽ പൊതിഞ്ഞു സേവിച്ചാൽ കൃമിഹരമാകുന്നു തമിഴിൽ -പൂനൈക്കാലി.

നായ്ക്കുട്ടി-ഒരുതരം പുല്ലു പുട്ടി.

നായ്കുണ-നായ്ക്കുരിയു്.

നായ്പുട-പുട്ടികളുടെ ശബ്ദം.

നായ്പുള്ള-പ്രാ. പുട്ടിക്കുട്ടി. പു. ഒരുമാതിരി ഒരുതരം.

നായ്മ-യജമാനത്വം, നാഥത്വം.

നായ്വെണ്ണ-നായ്വെണ്ണ.

നായ്വെള്ള-കന്നുകാലികൾക്കുള്ള ഒരുമാതിരി നിറം. (വെളുത്ത മുടിയും തൊലിയും കാണും.)

നാരു്-പനയുടെയോവാഴയുടെയോ നാരു്.

നാർ-വി. മനുഷ്യരെ സംബന്ധിച്ചു.

നാരക-വി. നരകത്തെ സംബന്ധിച്ചു.

നാരകൻ മഹാപാപി.

നാരകം-നരകം പാപികളെ സ്വസമീപത്തിലേയ്ക്കു വരുത്തുന്നതെന്നർത്ഥം.

നാരകം-നാരങ്ങയുണ്ടാകുന്ന ചെറിയ വൃക്ഷം. പ്രാ. ജ്ഞാനകനാരകം. പു. മാതളനാരകം. നപു. വാളിനാരകം. ര. നിലനാരകം ഇ. വട്ടകപ്പുളിനാരകം ന. മധുരനാരകം. ഒ. കൈപ്പൻനാരകം. വൃ. പാമ്പിളിനാരകം. ൻ ചെറുനാരകം. പ്രാ. ഇരുമ്പിനാരകം.

വട്ടകപ്പുളിനാരങ്ങ-വാതം, ആമദോഷം, കൃമി, ശൂലം, തലപ്പു, അരോചകം ഇവയെ കളയും. വിശദവും ദുർജ്ജരവുമാകുന്നു. പത്യായങ്ങളും - ഒറ്റരാവതും, നാരങ്ങാരംഗം (നാരംഗം)

നാരകീയ-വി. നരകത്തെ സംബന്ധിച്ചു, നരകത്തിലുള്ള, ദുരിതകരമായ.

നാരങ്ങമുറി-ഉത്തമി, കുട്ടകം, കിടാരം.

ഇതിന്റെ ആകൃതി ഒരു നാരങ്ങയുടെ പാതിപോലെയിരിക്കും. ഇതിൽ നാലിടങ്ങഴി അരിയോളം വേവിക്കാം.

നാരങ്ങാ-നാരകത്തിന്റെ കായ്. (നാരകം എന്നതു നോക്കുക.)

നാരഞ്ഞപ്പുല്ല്-ഒരുമാതിരി പുല്ല്.

ഇതു മലബാറിലും കൊച്ചിയിലും ബർമ്മയിലും കണ്ടുവരുന്നു. ഇതിൽ നിന്നു തൈലമെടുത്തു ലണ്ടനിൽ വിറ്റുവരുന്നു. ഇം-Lemon grass.

നാരദൻ-ഏഷണിക്കാരൻ. (ശൈലി.)

നാരദൻ- ഒരു മഹർഷി, ദേവമുനി. കലഹപ്രിയനാകയാൽ മനുഷ്യക്കുട്ടത്തെ ഭേദിക്കുന്നവൻ, മനുഷ്യധർമ്മത്തെ ഉപദേശിക്കുന്നവൻ, പിതൃകർമ്മം മുതലായ ദാനംചെയ്യുന്നവൻ ഇങ്ങിനെ അർത്ഥം.

സംഗീതവിദ്വാനും സ്മൃതികാരനുമാണ്. നാരദന്റെ വീണ = മഹതി. നാരദൻ കശ്യപന്റെ പുത്രനെന്നും കണ്വകലത്തിൽ ജനിച്ചവനെന്നും മറ്റും പലവിധം പറയുന്നുണ്ട്. ലോകത്തിൽ ജനങ്ങളെ സൃഷ്ടിക്കുവാൻ ബ്രഹ്മൻ ചെയ്ത ശ്രമത്തിനു ഹാനിവരുത്തി, അതിനാൽ രണ്ടു പ്രാവശ്യം നാരദൻ സ്രീയിൽ നിന്നു ജനിക്കണമെന്നു ബ്രഹ്മൻ ശപിച്ചു. ബ്രഹ്മാവു മധ്യസ്ഥതയേറ്റ ബ്രഹ്മന്റെ ഒരു പുത്രിയിൽ ബ്രഹ്മപുത്രനായി ജനിച്ചു. ഇതിനാലത്രേ ബ്രാഹ്മൻ, ദേവബ്രഹ്മാവു് എന്ന പേരുകളും ലഭിച്ചിട്ടുള്ളത്. നാരദൻ സ്രീജിതനായി വിഷയാസക്തനായി ഭവിക്കരുതെന്നു ബ്രഹ്മാവു് ഒരിക്കൽ നാര

മനെ ശപിച്ചിട്ടുണ്ട്. ഇതിനു കാരണം ഒരിക്കൽ ബ്രഹ്മാവ് നാരദനോടു അയാൾ വിവാഹം ചെയ്യണമെന്നു പറഞ്ഞപ്പോൾ ഭാര്യത്തിനുള്ള മാർഗ്ഗം കൃഷ്ണന്റെ സേവയാകയാൽ ബ്രഹ്മാവ് ഒരു കള്ളസ്ത്രീവാണെന്നു പറഞ്ഞു നിന്ദിച്ചതാകുന്നു. ബ്രഹ്മാവ് സപത്നിയിൽ ആശവച്ചു പുത്രനെ അനഹ്നായിത്തീരട്ടെന്നു നാരദൻ ബ്രഹ്മാവിനേയും ശപിച്ചിട്ടുണ്ട്. (നാരദപഞ്ചരാത്രം നോക്കുക). അന്യോന്യം ദ്വേഷപ്പെടുത്തുന്നതിനു അതിസമർത്ഥനാകയാൽ കലികാരകൻ എന്ന പേരുണ്ടായി. കവിവക്ത്രൻ, പിത്രനൻ ഇങ്ങനെയും വിളിക്കും. നാരദൻ നിർമ്മിച്ചതത്രേ നാരദീയപുരാണം. നാരദൻ കൃഷ്ണന്റെ അവതാരത്തെക്കുറിച്ചു കംസനു മുന്നറിവു കൊടുത്തിട്ടുണ്ട്. ബ്രഹ്മാവിന്റെ പുത്രമാനസികപുത്രന്മാരിൽ ഒരാളാണ്. ബ്രഹ്മാവിന്റെ തുടയിൽ (തൊറിയിൽ) നിന്നു പുറപ്പെട്ടു എന്നു കാണുന്നു. ഇദ്ദേഹം ദേവന്മാരുടേയും മറവും ഇടയിൽ ദൂതവൃത്തിയെ കൈക്കൊണ്ടിരുന്നു. ഇദ്ദേഹം വീണയെ കണ്ടുപിടിച്ചു ഗന്ധർവന്മാരുടെ ഗുരുവായി. ഗന്ധർവന്മാർസ്വർഗ്ഗത്തിലെ സംഗീതക്കാരാണ്. ഒരിക്കൽ പാതാളത്തിൽ ചെന്നു എല്ലാം കണ്ടു സന്തോഷത്തിൽ മുഴുകി.

'ഞാനൊരു ശൂദ്രൻ പണ്ടു ബ്രഹ്മവേഷമായ ഞാനും മാനസകന്യാ സന്യാസികളെ സ്പൃഹിക്കയാൽ * കാരുണ്യം വളർന്നഗ്രഹിച്ചാരവരുടെ കാരണമാത്മജ്ഞാനതല്പരനായോരെന്റെ * മാതാവു മരിച്ചതു ദൈവാനുഗ്രഹമെന്നോർത്തുമേ മനസ്സാപമതികലുണ്ടാകാതെ * കേവലം ശേഷക്രിയ ചെയ്തടൻ പുറപ്പെട്ട ഭാവനവശാൽ സർവ്വം ജയിച്ചു ജിതേന്ദ്രിയ * ഗോവത്സ്യനാത്താട്ടുകുടീവവനം പുക്ക ഗോവത്സനാരുതനായ് വാഴുംകാലം * ധ്യാനവിസ്മൃതിനാമീശ്വരഗ്രഹണത്രുപം കാണാഞ്ഞു പരിഭ്രമിച്ചീടിനോരനിക്കൊരു * വാണിചെഞ്ചമേ കേൾക്കുന്നിതു നിനക്കെന്നെ കാണണമെങ്കിലവകാശമില്ലിഴജന്മത്തിൽ * താനേ വരുന്നതുമേലിലെന്നതു കേട്ടനേരം ആനന്ദസമുദ്രത്തിൽ വീണടൻ മുഴുകി ഞാൻ * മനസക്ഷ്യാഗോവത്സ്യശസ്സുകളേയും ഗാനം ചെയ്തെങ്ങും നടന്നായുസ്സക്ഷത്താലുള്ള * കാലങ്ങളും കഴിച്ചേഴാംബ്രഹ്മനന്ദനനിപ്പോൾ കാലാത്മാകാലംകൊണ്ടു സർവ്വം സാധിപ്പിക്കും'.

(ഭാഗവതം)

നാരദപുരാണം-വിഷ്ണുവിൽഭക്തിയുണ്ടാവുന്നതിനു പുത്രനായുണ്ടാക്കിയ ഒരു പുസ്തകം.

(ഇതു സാക്ഷാൽ പുരാണമല്ല-നാമമാത്രം).

നാരദീയം-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

നാരൻ-വി. നരനുള്ള.

നാരൻവട്ട-ഒരുമാതിരി പട്ടവസ്ത്രം.

നാരദം-മേഘം.

നാരം-പ്ര. ജനക്കൂട്ടം. ഉ. വെള്ളം നു. കൂട്ടം.

നാരംഗം-പ്ര നാരങ്ങ, നാരകം. ഉ. മഞ്ഞമുള്ളുള്ളതു.

നാരസിംഹൻ-വിഷ്ണു.

നാരസിംഹം-പ്ര നരസിംഹത്തെ സംബന്ധിച്ചതു. ഉ. ഒരു അസുരനാമം. നു. പുരാണങ്ങളിൽ ഒന്ന്. ഘ. ഉപനിഷത്തുക്കളിൽ ഒന്ന്.

നാരാചം-പ്ര കോൽക്കൂടെ ഇരുമ്പായുള്ള അസ്ത്രം. (നാരം=നരസമൂഹം). നരസമൂഹത്തെ നശിപ്പിക്കുന്നതു എന്നർത്ഥം. ഉ. നീരാന.

നാരാചികാ-ഒരു വൃത്തത്തിന്റെ പേർ.

നാരാചീ-പ. ഒരുതരം തുരുമ്പ. ഉ. നാരായുക്കൾ. ന. തുരുമ്പിന്റെ നാരായം. ചെറിയ നാരായം (ഖണ്ഡത്തുല്യമായ തുരി) ഉള്ളതെന്നർത്ഥം. മറ്റൊരുപേർ-ഏക്ഷണികാ.

നാരായക്കൊമ്പു്-പ്രധാനമായകൊമ്പു്

നാരായക്കോൽ-തുരുമ്പുകോൽ.

നാരായണകവചം-ഒരു മന്ത്രം.

ഇന്ദ്രനെ പുരോഹിതനായ വിശ്വരൂപൻ കൊടുത്തതാണ്. ഇന്ദ്രനേയും ഐരാവതത്തേയും വൃത്രാസുരൻ വിഴുങ്ങിയപ്പോൾ ഇതുകൊണ്ടാണു രക്ഷപ്പെട്ടതു്.

നാരായണപണ്ഡിതാചാര്യൻ-ഒരു സംസ്കൃതകവി. ലിംഗചലസൂരിയുടെ പുത്രൻ. ശിവസ്തുതിയുടെ കർത്താവു്.

നാരായണൻ(ഭട്ട) — വേണീസംഹാരത്തിന്റെ കർത്താവു്.

ക്രിസ്താബ്ദം ൯-൦നൂറാണ്ടിനു മുമ്പായി ജീവിച്ചിരുന്നു.

നാരായണൻ-പ. വിഷ്ണു. ശബ്ദശാസ്ത്രൻ, അവതാരങ്ങളിൽ മനുഷ്യശരീരത്തെ കൈക്കൊള്ളുന്നവൻ; നരം=ജനസമൂഹം. മനുഷ്യരുടെ ഇരിപ്പിടമായവൻ; നാരത്തിൽ (വെള്ളത്തിൽ) ശയിക്കുന്നവൻ; ജീവാത്മസമൂഹത്തിൽ പ്രവേശിക്കുന്നവൻ; അന്തരാത്മാക്കളായ അകാശാദികളിൽ പ്രവേശിക്കുന്നവൻ; നരഃ=ശബ്ദാ അയന്തേ=നിശ്ചയന്തേ യസ്മാൽ സ നരായണഃ. നരായണനല്ലാത്തവൻ അനരായണൻ അനായണോ ന ഭവതീതി നാരായണഃ അതിശബ്ദമായ വേദത്തിനുല്പത്തിസ്ഥാനമെന്നർത്ഥം. നരകൃതമായ ശ്രുതിശാസ്ത്രത്തെ അറിയുന്നവൻ എന്നുമാവാം. നരായണൻ എന്നും പാഠമുണ്ട്. നരന്മാർക്കു സംസ്കൃതാവസ്ഥയിൽ പ്രാപ്തിസ്ഥാനം എന്നർത്ഥം.

'അഥനാരായണോ വിഷ്ണു
ർശുകർമ്മാനരായണഃ'

(ശബ്ദാർണ്ണവം)

ഉ. പ്രസിദ്ധനായ ഒരു മുനി.

ഉർവ്വശിയുടെ ജനനം നാരായണമഹർഷിയുടെ തുടയിൽ നിന്നാണ്.

നാരാ(യ)ണപ്പക്ഷി — മീവൽപക്ഷി, നീലനിറമുള്ള ഞാറപ്പക്ഷി.

നാരായണപ്രിയം-പീതചന്ദനം.

നാരായണമംഗലത്തടി-നാരായണമംഗലത്തു ഭൂതന്റെ, നാരായണഭൂതന്റെ.

നാരായണി-പ. ദുർഗ്ഗാഭഗവതി. ഉ. ശതാവരി. നാരായണങ്കൽ നിന്നുണ്ടായതു എന്നർത്ഥം. ന. ലക്ഷ്മി. ഭ. മഞ്ഞച്ചന്ദനം.

നാരായണീയം-പ. നാരായണനെ സംബന്ധിച്ചതു്. ഉ. ഒരു ഗ്രന്ഥം.

നാരായപ്പടി-നാരായത്തിന്റെ മൂർച്ച വരുത്തുവാനുള്ള മുഖവാരി മുറി.

നാരായം-പ. എഴുത്താണി. ഉ. ഒരുവക അളവു സാധനം. ന. തലനാരുപോലെയുള്ള സൂചി, ഭ. തേനീച്ചയുടെ കൊമ്പു്. (കുത്തുന്ന സാധനം).

നാരായവേർ-പ. അങ്ങേ അറത്തുള്ള മൂർച്ച വേർ. ഉ. തലമുടിയോളമുള്ള വേർ, പ്രധാന വേർ, തായ്വേർ.

നാരി-പ സ്ത്രീ. ഗർഭകാലങ്ങളെ കൊണ്ടു നടത്തുന്നവൾ എന്നർത്ഥം. ഉ. ഒരു വൃത്തത്തിന്റെ പേർ.

നാരിക-വി. ജലത്തെ സംബന്ധിച്ച.

നാരികേരം-നാളികേരം, തെങ്ങു്.

നാരികേളം-നാളികേരം, തെങ്ങു്.

നാരികേളി-നാളികേരം, തെങ്ങു്.

നാരിതപം-സ്ത്രീതപം.

നാരിയാരം-സ്ത്രീ

നാരീകേളം-നാളികേരം, തെങ്ങ്.

നാരീകേളീ-നാളികേരം, തെങ്ങ്.

നാരീക്ഷീര-മുലപ്പാൽ.

നാരീതരംഗകൻ-പ്ര. ജാരൻ. ഉ. സ്ത്രീലോലൻ.

നാരീമണി-ഒസൗന്ദര്യമുള്ള സ്ത്രീ.

നാരീഷ്ടാ-വള്ളിമുല്ല.

നാർഗ്രം-നരകം.

നാലംഗപ്പട-ചതുരംഗപ്പട. ആന, കുതിര, തേർ, കാലാൾ ഇവ ൪-ം കൂടിയ ഒസൈന്യം.

നാലമ്പലം-ശ്രീകോവിലിനു ചുറ്റുമുള്ള അമ്പലം

നാലർ, നാലവർ-നാലുപേർ

നാലവംശം-വേഴൽ.

നാലാങ്കൂളി-പ്ര കല്യാണം കഴിഞ്ഞ ദിവസംമുതൽ നാലാംദിവസമുള്ള കൂളി. ഉ. തീണ്ടാർ നാഴികൻറ അന്നത്തെ കൂളി, നാലുകൂളിക്ക

നാലാംനാൾ-വരുവാനുള്ളതെങ്കിലും കഴിഞ്ഞതെങ്കിലുമായ നാലമത്തെ ദിവസം.

നാലാംനീർ-നാലുകുളി, നാലാങ്കൂളി.

നാലാമ്പനി-നാലാമ്മുറപ്പനി, നന്നാലു ദിവസം കഴിയുമ്പോൾ വരുന്ന പനി.

നാലാമ്പാട്ട്-നാലാമിടം.

നാലാമത്ത്-അ. മൂന്നുകഴിഞ്ഞതിൻറ ശേഷം.

നാലാമത്തെവി. മൂന്നിൻറ ശേഷമുണ്ടായ.

നാലാമൻ-നാലാമത്തെ ആൾ

നാലാമിടം-പ്ര ഉദയരാശിയുടെ നാലാമത്തെ രാശി ഉ. ഭവനം ന. ദേവത, ഭവനദേവത.

നാലാശ്രമം-ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്ന്യാസി ഇവരുടെ ആശ്രമം ൪-ം.

നാലാശ്രമി-ബ്രാഹ്മണൻ.

നാലിലക്കടങ്ങൽ-ഒരു തരം.

നാലുകറി-എരിശ്ശേരി, പുളിശ്ശേരി, മധുരക്കറി, ഉപ്പേരി ഇവ ൪-ം.

നാലുകളി-നാലാങ്കൂളി.

നാലുകെട്ട്-നാലുപുര കൂട്ടിക്കെട്ടി നടുവിൽ മുറ്റമുള്ള ഒരു ഭവനം.

നാലുജാതി-ബ്രാഹ്മണൻ, ക്ഷത്രിയൻ, ഒവൈശ്യൻ, ശൂദ്രൻ ഈ നാലും.

നാലുദിക്ക്-കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ഇവ ൪-ം.

നാലുപന്തി-ശ്രുതിസ്ത്രീകളും മറ്റും കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

നാലുപാട്ടം-അ. നാലുവശവും.

നാലുപാടാ-പ്ര. ദീപപ്രദക്ഷിണം. ഉ. നാലു കാലു്.

നാലുപായം-സാമം, ദാനം, ഭേദം, ദണ്ഡം ഇവ നാലും.

നാലുപുര-നാലുപുര കൂടിയത്, നാലുകെട്ട്. പഞ്ചായങ്ങൾ-സഞ്ജീവനം, ചതുസ്സാലം.

നാലുവർണ്ണം-നാലു ജാതി.

നാലുവേദം-ഋക്, യജുസ്സ്, സാമം, അഥർവ്വണം ഇവ നാലും.

നാല്പണം-നാലുവിധമുള്ള ദ്രവ്യം.

'നാല്പണത്തോടുകൂടി മാനവൻ ജനിക്കുന്നു നാലും വീട്ടിയേ ഗതി വന്നീടുള്ളവനു നൂനാം* ആസ്തിക്യത്തോടു യജ്ഞം കൊണ്ടു ദേവകർമ്മം കടം സ്വാദ്ധ്യായത്താ പസ്സുകൊണ്ടൃഷികർമ്മങ്ങളുള്ളകടം ശ്രാദ്ധാദിപുത്രോല്പത്ത്യാ പിതൃകർമ്മങ്ങളുള്ളകടം മനുഷ്യർക്കുള്ളകടമാനൃശംസേനവീട്ടിയേണം മനുഷ്യന്മാർക്കു സൽഗതി വന്നീടുവാൻ'. (ഭാരതം)

നാല്ലുവലവഴി-നാലു വഴികളും ഒരുമിച്ചുകൂടുന്ന സ്ഥലം.

നാല്ലോലി-പശുക്കളും മുതലായ മൃഗജാതി.

നാല്ക്കൂട്ടരുവഴി-നാലു വഴികളും കൂടിയ സ്ഥലം. പര്യായങ്ങൾ-ശൃംഗാടകം, ചതുഷ്പഥം.

നാല്ലൊമ്പനാന-നാലു കൊമ്പുള്ള ആന, ഐരാവതം.

നാല്ലൊല്ലുകൊന്ന-കറുത്ത കൊന്ന, ഒരുങ്ങിടിമരത്തു്. പര്യായങ്ങൾ-ശ്യാമം, പാരിഭദ്രി, സുഷേണികം, കാമ്പു, മസൂരവിത്തു, അല്പചന്ദ്രം, കാമ്പുമേഷ്കികം.

ഇതു കൃമി, കഫരോഗം, മഹോദരം, ജ്വരം, കുഷ്ഠം, രക്തദോഷം, വ്രണം, പാണ്ഡുരോഗം ഇവയ്ക്കു നന്നു്. വിരേചനത്തിനു ഉത്തമം. തൃകോല്പുകൊന്നയിൽ കറുത്ത ഗുണമേ ഇതിനുള്ളു. ഗ്രഹണികയശമിപ്പിക്കും. സം-കൃഷ്ണത്രിവൃതാ. തമി-കരിങ്കിവഴെ.

നാല്ലോലപ്പെരുവഴി-നാല്ലുവല വഴി

നാല്ലോണ്-നാലുകോണ്.

നാല്പാ(ൽ)മരം-അരയാൽ, പേരാൽ, അത്തി, ഇത്തി ഇവ ർ-ം.

നാല്പാടി-കുഴിക്കാരൻ, റൗമം അധികാരി. (പാടു=വശം).

നാല്പൂ-നാലുകെട്ടു്, നാലാമ്പാടു്.

നാവടക്കം-പ. ഒരു ക്ഷുദ്രം ഉ. മൌനം.

നാവനം-നസ്യം.

നാവൽഗ്രഹചതുഷ്ടയം-കഥാബന്ധം, പാത്രപ്രകടനം, രസപുഷ്ടി, ശയ്യരീതി.

നാവാലി-ക്ഷൌരക്കത്തി, മടക്കുകത്തി.

നാവി-അണ്ണാക്കു്, തൊണ്ട. (പ-മ).

നാവിക-വി. വള്ളത്തെ സംബന്ധിച്ച.

നാവികക്കയ്യർ-ദുഷ്ടരായ വള്ളക്കാർ.

'വഞ്ചിഞ്ഞരന്തെഴുമരയരം
നാവികക്കയ്യരനീ'
(മയൂരസന്ദേശം)

നാവികൻ-തോണിയിൽ കടത്തുന്നവൻ, ഊന്നുകാരൻ, അമരക്കാരൻ, തുഴക്കാൻ പിടിക്കുന്നവൻ. തോണികൊണ്ടു നടത്തുന്നവൻ എന്നർത്ഥം.

നാവികബലം, നാവികസൈന്യം-കപ്പൽപട.

നാവിൻദോഷം-നാക്കിന്റെ ദോഷം, വാക്കുനിമിത്തമുണ്ടാകുന്ന ദീനമോ കുറമോ.

നാവിൻപാറ-കാണാപ്പാറ.

നാവു്-നാക്കു്. പര്യായങ്ങൾ-രസജ്ഞാ, രസനാ, ജിഹ്വാ.

നാവുക-അരിയിലേ കല്ലുകളഞ്ഞു നന്നാക്കുക.

നാവുക്കാരം, നാവുക്ഷാരം-കഠിനഭാഷ.

നാവുക്കിടാവു്-മുലകുടിക്കുന്ന ശിശു.

നാവേറു്-കൊതി, നാവിൻദോഷം.

നാവ്യ-വി. വള്ളത്തെസംബന്ധിച്ച.

നാവ്യൻ-പ. പുതുമ. ഉ. തോണികൊണ്ടു കടപ്പാൻ യോഗ്യമായ പ്രദേശം.

നാശക-വി. നാശം വരുത്തുന്ന.

നാശകര-വി. നശിപ്പിക്കുന്ന.

നാശകാരണചതുഷ്ടയം-യൌവ്വനം, ധനസമ്പത്തി, പ്രഭുത്വം, അവിവേകത ഇവ ർ-ം.

'പ്രഭുത്വമറിവില്ലായ്മ
യൌവ്വനം ധനമെന്നതിൽ
മനുഷ്യനൊരുമനർത്ഥത്തി-
ന്നൊന്നിച്ചാൽ പറയേണമോ'

നാശചതുഷ്ടയം-മടികൊണ്ടു കാര്യങ്ങൾക്കു, ധനക്ഷയംകൊണ്ടു ബുദ്ധിയ്ക്കു, യാചനകൊണ്ടു അഭിമാനത്തിനു്, അത്യാത്തികൊണ്ടു് കുലത്തിനു് ഈ നാലും

നാശന-വി നശിപ്പിക്കുന്ന

നാശമാർഗ്ഗചതുഷ്ടയം-പ. അനുചിതകർമ്മം, സംഘവിരോധം, ബലവാനോടെതിർക്കൽ, സ്ത്രീകളെ വിശ്വസിക്കൽ ഇവ നാലും.

പ. പ്രേതം, അറിവില്ലായ്മ, ദയവ്വനം, ധനം ഇവ നാലും.

'ദയവ്വനം ധനസമ്പത്തിഃ
പ്രേതതമവിവേകിതാ
ഏതേകകമപ്യനർത്ഥായ
കിമു യത്ര ചതുഷ്ടയം'

നാശം-പ. നശിപ്പ്, ക്ഷയം, ഇല്ലാതെയാക. പ. മരണം. കാണാതാവുക എന്നർത്ഥം.

നാശരഹിത-വി. ക്ഷയമില്ലാത്ത, മരിക്കാത്ത.

നാസത്യന്മാർ-അശ്വിനീദേവന്മാർ, ദേവവൈദ്യന്മാർ അസത്യമില്ലാത്തവർ, കപടമില്ലാത്തവർ എന്നർത്ഥം.

നാസാ-പ മൂക്ക്. ശബ്ദിക്കുന്നതു എന്നർത്ഥം. പ. പുരയുടെ ഒരു മേൽപടി, കട്ടിളയുടെ മുകളിലുള്ള കമ്പടിയുടെ, വാതലിന്റെ മുകളിലേ ആറങ്ങാൽ തിരിയുന്നതിനു തുളച്ചുണ്ടാക്കി കമ്പടിയോടു ചേർത്തു ഉടമതിയന്റെ, മുകളിലെ മിത്തിയെ താങ്ങുന്ന കവുത്തിയുടെ പേർ. ശബ്ദിക്കുന്നതു എന്നർത്ഥം

നാസാദാരു-കതകിന്റെ കട്ടളയുടെ മുകളിലേ പലക.

നാസാദ്വാരം-മൂക്കിന്റെ ഓട്ട.

നാസാപതി-ഫലവർഗ്ഗത്തിൽപ്പെട്ട ഒരു ദ്രവ്യം

നാസാപതി മൂന്നാലാക്ഷങ്ങളെയും ശമിപ്പിക്കും. ഈ പേർ കുമ്പൂർ മുതലായ ദേശങ്ങളിൽ നടപ്പുള്ളതാണ്. ക്രുവളക്കായുടെയും ചെറിയ ചുരക്കയുടെയും ആകൃതികളിൽ രണ്ടുതരമുണ്ട്.

നാസാപരിശോഷം-ഒരു രോഗം.

ഈ രോഗത്തിൽ മേലല്പട്ടം കീഴ്പെട്ടം പ്രയാസപ്പെട്ട് ശ്വാസംവിടുന്നതായിവരും.

നാസാപാകം-ഒരു രോഗം.

പിത്തം മൂക്കിൽനിന്നിട്ട അവിടെ വ്രണവും പഴുപ്പുമുണ്ടാക്കും. ആ പഴുപ്പ് ദുർഗ്ഗന്ധത്തോട് ഒലിക്കും.

നാസാപുടം-മൂക്കിന്റെ ദ്വാരം.

നാസാമണി-മൂക്കുത്തി.

നാസാമലം-കണ്ണുമലം, ചെയിപ്പീ.

നാസാരന്ധ്രം-മൂക്കിന്റെ ദ്വാരം.

നാസാസംവേദനം-ചങ്ങലംപരണ്ട.

നാസാസ്രാവം-ഒരു രോഗം.

കഫം മൂക്കിൽനിന്നു കട്ടയായിട്ടോ മഞ്ഞളിച്ചിട്ടോ വെളുത്തിട്ടോ നേർത്തിട്ടോ സ്രവിക്കും.

നാസി, നാസിക-പ. മൂക്ക്. പ. തുമ്പിക്കൈ ന. അശ്വിനീദേവി, ഭ. പുറത്തോട്ടുള്ള തള്ളൽ.

നാസികാചൂർണ്ണം - മൂക്കിൽ ഇടാനുള്ള പൊടി.

നാസികാദ്വാരം-മൂക്കിന്റെ തുള.

നാസികാമലം-മൂക്കിര, മൂക്കിട്ട.

നാസിക്യം-നാസിക് എന്ന സ്ഥലം.

നാസീരം-സേനയുടെമുൻഭാഗം, മുന്നണി.

നാസ്തി-അ. ഇല്ല.

നാസ്തികത-കാണപ്പെടാത്തതൊന്നും ഇല്ലെന്നുള്ള ഭാവം, നാസ്തികന്റെ ഭാവം, പരലോകാദികളില്ലെന്നുള്ള ബുദ്ധി. മറെറാരു പര്യായം-മിത്ഥ്യാദൃഷ്ടി.

നാസ്തികൻ-കാണപ്പെടാത്തതിൽ വിശ്വസിക്കാത്ത ഒരു മതക്കാരൻ, വാസ്തവത്തിൽ ഉള്ളതായ പരലോകം, ഈശ്വരൻ മുതലായവയെയൊന്നും ഇല്ലെന്നു വാദിക്കുന്നവൻ.

നാസ്തികൃം-നാസ്തികമതം, കാണപ്പെടാ അതൊന്നും ഇല്ലെന്നുള്ള മതം.

നാസ്തിചതുഷ്ടയം-പ. ദ്രോഗസമംശത്രു, വിദ്യുദ്ധ്വാസസമം മിത്രം, പുത്രനിലുള്ള പോലെ അൻപു, ദൈവത്തിനേക്കാളും ബലം. ഉ, സമസ്ത്രനഭാരം, വണിക്കിനു ദൂരം, യിഷ്ടനു വിദ്വേശം, പ്രിയയു ളിക്കു ശത്രു. ന. ക്ഷമയ്ക്കു തുല്യം തപസ്സ്, സന്തോഷത്തിനു തുല്യം സുഖം, തൃഷ്ണയ്ക്കു തുല്യം രോഗം, ദയയ്ക്കു തുല്യം ധർമ്മം. ര. വിദ്യയ്ക്കു തുല്യം നേത്രം, സത്യത്തിനുതുല്യം തപസ്സ്, രാഗത്തിനു തുല്യം ദുഃഖം, ജ്ഞാനത്തിനു തുല്യം സുഖം.

നാസ്തിദം-മരവ് (വൃക്ഷം).

നാഥം-പ. കണി, കൂട്ടുക്ക്. ഉ. മലബന്ധം.

നാഹുഷൻ, നാഹുഷി-യയാതി. നഹുഷന്റെ പുത്രൻ എന്നർത്ഥം

നാള-നാമ്പ്.

നാളകം-തെങ്ങ്.

നാളകിനീ-താമരപ്പെണ്ണ്.

നാളത്ത്-അ. മുമ്പിൽ പറഞ്ഞ ദിവസം, അന്ന്, അടുത്തദിവസം.

നാളതാർ-നാളത്തോട്ട് (തണ്ടോട്ട) കൂടിയ പൂവ്, താമര.

നാളം-പ. തണ്ട്. 'പങ്കജനാളസൂത്രം' ഉ. തണ്ടൻചീര. ന. വേഴൽ. ര. താമരവളയം

നാളവതി-തെങ്ങ്.

നാളാഗമം-ഓരോരോ കാലത്തിലേ ചരിത്രം, ഗ്രന്ഥവരി.

നാളായണി-പാഞ്ചാലിയുടെ പൂർവ്വജന്മത്തിലേ പേർ. ഇന്ദ്രസേനാ എന്നും ഉണ്ട്

നാളി-പ. തണ്ട്. ഉ. തണ്ടൻചീര

നാളികം-പ. പോത്ത്. ഉ. താമര.

നാളികാ-പ. അകത്തു ചോരമുള്ള തണ്ട്. ഉ. ആനക്കന്തം. ന തണ്ടൻചീര.

നാളികേരപാകം-"അകാമകൃതേ സാരാംശങ്ങളെ ഗ്രഹിപ്പാൻ ക്ലേശത്തോടുകൂടിയ മാനസമായ പരിപാകവിശേഷത്തോടുകൂടിയ മാനസത്തെ പ്രയോഗിക്കുന്നത്."

നാളികേരം-തെങ്ങ്, തേങ്ങാ. ഗന്ധമുള്ളതും വായുവിനാൽ പ്രേരിപ്പിക്കപ്പെട്ടതും എന്നർത്ഥം.

നാളികേരജലം-ലഘുവാണ്ട്, ബലത്തെ ഉണ്ടാക്കും. ശീതളവും മധുരവും ഗുരുവുമാകുന്നു. പിത്തം, പീനസം, തണ്ണീർദാഹം, ശ്രമം, ചുട്ടനീറൽ, ക്ഷീണം, ശോഷം ഇവയ്ക്കു നന്ന്. സുഖത്തെ ജനിപ്പിക്കും.

നാളീ-പ. താമര. ഉ. മീൻകണ്ണിക്കുരുക.

നാളീകനേത്രൻ-വിഷ്ണു.

നാളീകബാണൻ-കാമൻ.

നാളീകബാന്ധവൻ-സൂര്യൻ.

നാളീകം-പ. താമരപ്പൂവ്. ഉ. അമ്പ്. ന. കന്തം

നാളീകളായം-കരിമ്പിൻകാട്.

നാളീകാസനൻ-ബ്രഹ്മാവ്.

നാളീവ്രണം-വട്ടം കുറഞ്ഞ് കുഴിയേറിയ പുണ്ണ്.

നാളേ, നാളേയ്ക്ക്-അ പ. അടുത്ത ദിവസം. ഉ. പിന്നെ.

നാളേയ്ക്കുനാളെ-അ. മറെറന്നാൾ.

നാളോക്കം-നാളെ പക്കവും അറിവാനുള്ള കവിടിക്രിയ.

നാൾ-പ. അശ്വതി മുതലായവ. ഉ. ദിവസം.

നാൾക്കേട്-പ ഒടുവിലത്തെ ദിവസം. ഉ. ദിവസത്തിന്റെ ഒടുവിലത്തെ ഭാഗം

നാൾക്കുനാൾ-യി. ദിവസംതോറും.

നാൾതോറും-അ. ദിവസംപ്രതി.

നാൾനിക്കം-അശ്വതി മുതലായ ദിവസങ്ങളുടെ ഏറക്കുറച്ചിൽ.

നാൾവഴി-വരവിനും ചെലവിനും മറും ദിവസംപ്രതി എഴുതുന്ന കണക്ക്.

നാഴി-ഇടങ്ങഴിയിൽ നാലിലൊന്നു്. പ
ര്യായം-കുഡുപം (കുഡവം).

നാഴിക-അറുപതു വിനാഴിക കൂടിയതു്.

നാഴി(ക)ക്കിടം-താഴികക്കുടം.

'നാഴികക്കുടങ്ങൾകാണായി'
(കുമാരാഹരണം കഥ)

നാഴികവച്ചിരട്ട-നാഴികവട്ട(ക).

നാഴികമണി-നേരം അറിവാനുള്ള ഒരു
സൂത്രം.

നാഴികവട്ട(ക)-നടുവിലുള്ള ചെറിയ
ഭാരത്തിൽ കൂടെ വെള്ളം കേറി ഒരു
നാഴികകൊണ്ടു മുങ്ങുന്ന ഒരു പാത്രം
(സമയം അറിയാനുള്ളതു്.)

നാറാണക്കല്ലുവയ്ക്കുക—ന ശി ക്ക ക.
(ശൈലി.)

നാറാവുള്ളി ക്ര. മണമില്ലാത്ത ഒരുമാതി
രി ഉള്ളി. ഉ. വെള്ളുള്ളി.

നാറുന്നു-നാറ്റം വരുന്നു. ദുർഗ്ഗന്ധം ഉണ്ടാ
കുന്നു. (സ ക്രി. നാറനം. കാ. ക്രി.
നാറിക്കുന്നു.)

നാറ്റം-ക്ര. ദുർഗ്ഗന്ധം ഉ. ഗന്ധം, മണം.

നി

നിഃ-അ ഇതു പദങ്ങളിൽ ചേരുമ്പോൾ
നിശ്ചയമായിട്ടു് എങ്കിലും നിഷേധമായി
ട്ടെങ്കിലുമുള്ള അർത്ഥത്തോടുകൂടി വരും.

നികക്കുന്നു, നികരുന്നു-ക്ര. വെള്ളത്തി
ന്റെ മീതെ വന്നുപൊങ്ങുന്നു. ഉ. നിറയു
ന്നു, നിറഞ്ഞുതീരുന്നു, നിവിരുന്നു, നീ
ന്തിസ്സഞ്ചരിക്കുന്നു. (സ ക്രി. നിക
ത്തുന്നു.)

നികട-വി. സമീപത്തുള്ള.

നികടം-സമീപം.

നികട്ടുന്നു, നകട്ടുന്നു-വമൂപറയുന്നു.

നികപ്പു്-നിറവു്, നിരപ്പായിത്തീരുക.

നികർ, നികരു-തുല്യത, പോരെ. ഉ-ം
'ഇടിനികർ'.

നികർ-തുല്യൻ.

'അവനുനികർമന്നിലിനിയാരേ'
(ശിവൽഗീത-മാധവപ്പണിക്കർ)

നികഷ്ണം-ക്ര. നഗരത്തോടടുത്തു കളി
ക്കുന്നതിനുള്ള വെളിമ്പ്രദേശം (കളിത്തട്ട
കം). ഉ. ഗൃഹത്തിനു നല്ല സ്ഥലം.
ന. പട്ടണങ്ങികളിൽ ഗൃഹനിർമ്മാണത്തി
നു വേറെ വച്ചുകെട്ടുന്ന വരപ്പു്. കൃ
ഷിക്കുപയോഗപ്പെടുത്താത്ത സ്ഥലം എ
ന്നർത്ഥം. ര. ഉഴവു്.

നികരം-ക്ര. കൂട്ടം, നാലുഭാഗത്തും വ്യാ
പിച്ചതു് എന്നർത്ഥം. ഉ. സാരം, ന.
തുല്യത.

നികഷഃ-ക്ര. ഉരക്കല്ലു്, സ്വർണ്ണം മാറ്റു
നോക്കുന്നതിനുള്ള ഉരക്കല്ലു്. ഉ. കണ്ടി
കടയുന്ന ചാണ, ഉരയ്ക്കുന്നതു എന്നർത്ഥം.

നികഷാ-ഒരു രാക്ഷസസ്ത്രീ, രാക്ഷസ
രിൽ ഒരുകൂട്ടക്കാരുടെ അമ്മ, രാവണ
ന്റെ അമ്മ എന്നും കാണുന്നു.

നികഷാ-അ. ക്ര. സമീപത്തു്. ഉ. മ
ദ്ധ്യത്തു്.

നികഷാത്മജൻ-നികഷയുടെ പുത്രൻ.
രാക്ഷസൻ.

നികഷിക്കുന്നു-ഉരയ്ക്കുന്നു.

നികഷോപലം-സ്വർണ്ണം മാറ്റുനോക്കു
നുള്ള ഉരക്കല്ലു്.

നികളിക്കുന്നു-അഹങ്കരിക്കുന്നു. ആത്മ
പ്രശംസയാൽ ഉയരുന്നു.

നികളം-അഹംഭാവം, ഞെളിയുക.

നികളിക-ഞെളിയുക.

നികാമം-അ. ക്ര. ഏറവും. ഉ. മന
സ്സോടെ.

നികാമം എന്നതു 'യഥേഷ്ടം' എന്ന അർത്ഥത്തിൽ ക്രിയാവിശേഷണമായി പ്രയോഗിക്കപ്പെടുന്നു.

നികായം-പ്ര. സമൂഹം

"ചോളപോലെചിതറിവിതറീ
താരകാണാംനികായം'
(ഉണ്ണുനീലിസന്ദേശം)

നികായം എന്നതു സമാനമായ ധർമ്മത്തോടുകൂടിയവരുടെ സമൂഹത്തിന്റെ പേരെന്നും അർത്ഥം കാണുന്നു.

യോഗം, സമാനധർമ്മികളായ പ്രാണികളുടെ സമൂഹം; നല്ലവണ്ണം പുഴുങ്ങിപ്പെട്ടതു് എന്നർത്ഥം. പ. ഭവനം. നു. ലാക്ക്, ലക്ഷ്യം.

നികായ്യം-ഭവനം. നെല്ലും വിത്തും മറ്റു സാധനങ്ങളും ധാരാളമായി വഹിച്ചുകൊണ്ടിരിക്കുന്നോടം എന്നർത്ഥം.

നികാരം-പ്ര. പൊഴി, പതിരുപിടിക്കുക. പ. അപകാരം നികൃഷ്ടമായ് ചെയ്യുക എന്നർത്ഥം. നു. ചതിവു്. ര. ഉപദ്രവം, വിരോധം, ദോഷം. ള. കൊല. ന. ശകാരം, ശണ്ഠ. ഫ. അപമാനം. വ. എതിർക്കുക. ൻ. നെല്ലുകാറ്റത്തിടുക (ചെറുക). ഉൽക്ഷേപിക്കുക എന്നർത്ഥം. ക്ര. പതി.

നികാരണം-കൊല, വധം.

നികാശ-വി. തുല്യമായുള്ള

നികാശ്യം-പ്ര. കാഴ്ച. പ്രകാശം. പ. സന്നിധാനം, സമീപത. നു. തുല്യത.

നികിതി-നികുതി.

നികുതിവിത്തു-ഒരു വയലിലെക്കുറവു ശ്യമുള്ള വിത്തിന്റെ വരി.

നികുമ്പ-അയനി.

നികുഞ്ചകം-പ്ര മുഴക്കു്, വളരെ ചെറിയതു എന്നർത്ഥം. (നികുഞ്ചനം എന്നും പാഠം)

നാഴിയുടെ നാലിൽ ഒന്നു്. ഒരു ഫലത്തോടു തുല്യം.

പ. അറുപതു്.

നികുഞ്ജം-പ്ര ലതാഗൃഹം, വള്ളിക്കുടിൽ. ഭൂമിയിൽ ജനിക്കുന്നതു എന്നർത്ഥം. മറ്റൊരു പര്യായം-കുഞ്ജം.

നികുഞ്ജം എന്നതു ഉള്ളിലുള്ള സ്ഥലത്തിനു പുറമേ വള്ളിച്ചുറ്റിപ്പിണഞ്ഞു മറച്ചുകൊണ്ടിരിക്കുന്ന വള്ളിക്കുടിൽ ആകുന്നു.

പ. മലയിലേ ഗ്രഹ. നു. കല്ലറ, നിലവറ.

നികുഞ്ജികാ-ഇഞ്ച.

നികുംഭൻ-പ്ര. കുംഭകർണ്ണന്റെ പുത്രൻ, ഒരു രാക്ഷസൻ. പ. ശിവന്റെ ഒരു ഭൃത്യൻ. നു. സുന്ദോപസുന്ദന്മാരുടെ പിതാവായ ഒരു അസുരൻ.

കുംഭകർണ്ണന്റെ പുത്രനായ നികുംഭൻ ശ്രീരാമനോടു യുദ്ധംചെയ്തു മരിച്ചു.

കുംഭൻ എന്ന അസുരൻ വിഷ്ണുവല്ലാതെ തന്നെ ആരും കൊല്ലുകില്ലാഎന്നു ബ്രഹ്മാവിൽ നിന്നു വരംവാങ്ങി. ഇയാൾ ഒരേസമയം തന്നെ പലേ രൂപങ്ങൾ ധരിച്ചുവന്നു. ഇതു മന്ത്രശക്തികൊണ്ടായിരുന്നു ബ്രഹ്മദത്തന്റെ പുത്രിമാരെ മോഹിച്ചു. ഇതു ഓരോ രൂപത്തിലായിരുന്നു. അപ്പോഴൊക്കെയും കൊല്ലപ്പെട്ടു. അവസാനത്തിൽ കൃഷ്ണൻ ആകപ്പാടെ വധിച്ചു.

നികുംഭം-നാശമെന്തി. ഭൂമിയെ ഏറ്റവും ഭരിക്കുന്നതു എന്നർത്ഥം. ചെറിയ മന്തി എന്നും കാണുന്നു.

വജ്രമന്തിയുടെ പേരെന്നും അഭിപ്രായം ഉണ്ടു്.

നികുംഭില-പ്ര. രാവണന്റെ പുത്രനായ ഇന്ദ്രജിത്തു് എന്ന രാക്ഷസൻ യാഗം കഴിച്ച ഗ്രഹസ്ഥലം

'ശംഭോപ്രസാദം വരുത്തുവാനായ്ചെന്നു
ജംഭാരിയിത്തും നികുംബില പൂക്കിതു'
(അദ്ധ്യാത്മരാമായണം)

ര. ലംകയുടെ പടിഞ്ഞാറുവശമുള്ള ഒരു ഭദ്രകാളിരൂപം.

നികുരുംബാ, നികുരംബം-ക്രൂട്ടം, സമൂഹം. ഏറവും ശബ്ദിക്കുന്നതു എന്നത്ഥം.

'സുപ്രസൂനനികുരുംബവും'
(അന്യാപദേശശതകം)

നികൃതീനികാ- ജാതിക്ക് ഉചിതമായ വിദ്യ, അല്ലെങ്കിൽ തൊഴിൽ.

നികൃത-വി. ക. ശഠതയുള്ള. ര. നീക്കപ്പെട്ട. ന. വഞ്ചിക്കപ്പെട്ട. ര. നിന്ദ്യമായ. ങ. വിരോധം ചെയ്യപ്പെട്ട.

നികൃതൻ-ക. ഉപദ്രവിക്കപ്പെട്ടവൻ. നികാരണംചെയ്യപ്പെട്ടവൻ എന്നത്ഥം. മറെറാരു പയ്യായം-വിപ്രകൃതൻ. ര. മനസ്സിനു കടിലതയുള്ളവൻ. നികൃന്തനംചെയ്യുന്നവൻ, അന്യനെ കെടുക്കുന്നവൻ എന്നത്ഥം. മറവു പയ്യായങ്ങൾ-അനുജ്ഞ, ശഠൻ.

നികൃതി-ക. ശാഠ്യം. ര. നീക്കം. ന. നിന്ദ. ര. ചതിവു്.

നികൃത്ത- വി. ഛേദിക്കപ്പെട്ട, മുറിക്കപ്പെട്ട.

നികൃന്തനം-ക. ഛേദനം.

'ദന്തിവരാസുരകൃന്തനംചെയ്തതും'
(ഭക്ഷയാഗം കഥകൾ)

ര. മുറിയ്ക്കുന്നതിനുള്ള ഒരായുധം.

നികൃഷ്ട-വി. ഹീനമായ, ജാത്യാചാരകുലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ട. നികൃഷ്ടിക്കപ്പെട്ട (നീക്കംചെയ്യപ്പെട്ട) എന്നത്ഥം.

നികൃഷ്ടകർമ്മം-ദുഷ്പ്രവൃത്തി.

നികൃഷ്ടത-ഹീനത.

നികൃഷ്ടം- ക. ജാത്യാചാരകുലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടതു്. നികൃഷ്ടം > <ഉൽകൃഷ്ടം. ര. അടുപ്പം, സന്നിധാനം.

നികേതായം-തുരുതുരെ കൂട്ടമായി കൂട്ടുക.

നികേതനം-ഭവനം. വിശേഷമായ പാർപ്പിടം എന്നത്ഥം.

നികേത(ക)ം-ക. ഭവനം. ര. കടലാസിന്റെ അടിയിൽക്കൂടെ കൈയെഴുതീട്ടു ഉറപ്പുവരുത്തുക.

നികോചകം-ക. അങ്കോലമരം. അത്യുച്ചമായി ശബ്ദിക്കുന്നതു് അല്ലെങ്കിൽ തൊടുന്നവരെ മുള്ളുകുത്തി നിലവിളിപ്പിക്കുന്നതു് എന്നത്ഥം. ര. വാർമുഖിൻ കായ്.

നികോചനം-ക. ചുരുങ്ങൽ, കോച്ചൽ, ചുളുക്കം. ര. അമുക്കൽ, ഞെരുക്കൽ, മുറുക്കം.

നികോഠകം-അഴിഞ്ഞിൽ.

നിക്കണ്ടം - നിഷ്പന്ദം, സിദ്ധാന്തം. (പ-മ.)

നികൃണം, നികൃാണം-ക. വീണാദി സകല വാദ്യധ്വനികളുടെയും പേർ. ഏറവും ശബ്ദിക്കുന്നതു എന്നത്ഥം. ര. ശബ്ദം.

ഭിക്ഷണാധ്വനിയുടെ പേരെന്തും അഭിപ്രായം കാണുന്നു.

നിക്ഷണം-ചുംബനം.

നിക്ഷിപ്ത-വി. ക. വയ്ക്കപ്പെട്ട. ര. ഇടപ്പെട്ട. ന. ത്യജിക്കപ്പെട്ട ര. പണയംവെക്കപ്പെട്ട. ങ നിക്ഷേപിക്കപ്പെട്ടിട്ടുള്ള, സൂക്ഷിച്ചുവെക്കപ്പെട്ടിട്ടുള്ള.

നിക്ഷുഭ-ക. സൂര്യന്റെ പത്നി. ര. ബ്രാഹ്മണി.

നിക്ഷേപണം-ക. വയ്ക്കുക, വെപ്പു്. ര. എറിയുക.

നിക്ഷേപം-പ. ധനം, ഭൂമിയിൽ കഴിച്ചുവെച്ചത്. ഉ. സൂക്ഷിച്ചുവെപ്പ്. ന. പണയം. ര ത്യാഗം.

നിക്ഷേപിക്കുന്നു-പ. ധനം സൂക്ഷിച്ചുവയ്ക്കുന്നു. ഉ. ഇടുന്നു.

നിഖനനം-പ. കഴിക്കുക ഉ. നാട്ടുക, അറക്കുക.

നിഖർവ്വ് വി. നീളംകുറഞ്ഞത.

നിഖർവ്വം-ഖർവ്വം പത്തുകുടിയത്, പന്ത്രണ്ടാംസ്ഥാനം.

നിഖാതം-വി. പ. കഴിക്കപ്പെട്ട. ഉ. നാട്ടിയ. ന. കഴിച്ചിടപ്പെട്ട.

നിഖില-വി. മുഴുവനായ, എല്ലാം, സകലം.

നിഗഡ(ള)ം-പ. ആനത്തുടൽ, മരമുലത്താൽ നനക്കപ്പെടുന്നത് എന്നർത്ഥം. ഉ. ചങ്ങല, വിലങ്ങ്.

നിഗഡനം- വിലങ്ങിടുക, ചങ്ങലയിടുക.

നിഗഡിത-വി. വിലങ്ങിട്ട, ചങ്ങലയിട്ട

നിഗണം-യാഗധൂമം.

നിഗദം-പ. വാക്ക്, പറക. ഉ. ഏറവും വ്യക്തമായി പറയുക. മറെറാരു പയ്യായം-നിഗാദം. ന. ഉറക്കെ ഉച്ചരിച്ച പ്രാർത്ഥന. ര. പ്രസംഗം. @ അർത്ഥം ഗ്രഹിക്കാതെ പഠിക്കുക.

നിഗദിക്കുന്നു-പറയുന്നു.

നിഗമൻ-കച്ചവടക്കാരൻ. (നൈഗമൻ എന്നതിൻെറ പാഠം.)

നിഗമനം-യാത്ര.

നിഗമം-പ. വേദം, ഉ. ചന്ദ്രൻ. ന. നഗരം, രാജധാനി. ര. കച്ചവടം. @. പെരുവഴി. ന നിശ്ചയം. ൈ. തർക്കശാസ്ത്രം. വ. യാത്രപോകുന്ന വ്യാപാരികളുടെ കൂട്ടം. ൻ. മുഖ്യനഗരം. രാജധാനിയുള്ള നഗരം, തലസ്ഥാനം. ജനങ്ങൾ ഇവിടെ വേണ്ടുവോളം ശമിക്കുന്നു എന്നർത്ഥം.

നിഗമീ-വി. വേദത്തെ അറിയുന്ന.

നിഗരണം-പ. വിഴുങ്ങൽ. ഉ. തൊണ്ട.

നിഗരണംചെയ്ക-വിഴുങ്ങുക.

നിഗരം-വിഴുങ്ങൽ.

നിഗള(ഡ)ം-പ. അഹംഭാവം. ഉ. വിലങ്ങ്, ചങ്ങല. ന. ആനച്ചങ്ങല. അയയുന്നത് അല്ലെങ്കിൽ അയയാത്തത് എന്നർത്ഥം.

നിഗളിക്കുന്നു-അഹങ്കരിക്കുന്നു.

നിഗാദം-പറയുക, സംസാരം.

നിഗാരം-മിഴുങ്ങൽ. നിഗരണം ചെയ്യുക എന്നർത്ഥം.

നിഗാര(ല)കം-വി. വിഴുങ്ങുന്ന, തിന്നുന്ന

നിഗ്രാളം-പ. കുതിരയുടെ കഴുത്തിൻെറയും ജത്രുവിൻെറയും സന്ധിഭാഗത്തിൻെറയും പേർ. ഇതിൻെറ ഉള്ളിലൂടെ ശ്വാസം കഴിക്കുന്നതിനാൽ ഈ പേരുണ്ടായി ഉ. മിഴുങ്ങൽ.

നിഗീർണ്ണം-വി. പ. വിഴുങ്ങിയ. ഉ. മറയ്ക്കപ്പെട്ട.

നിഗ്രുഢ-വി. പ. മറയ്ക്കപ്പെട്ട. ഉ. ഒളിയ്ക്കപ്പെട്ട

നിഗ്രുഢം-മറഞ്ഞിരിക്കുന്നത്.

'ശമധനരായമാമുനിജനേഷു
നിഗ്രുഢമഹോ'
(അഭിജ്ഞാനശാകുന്തളം)

നിഗ്രുഢാ-അ. രഹസ്യമായിട്ട്.

നിഗ്രഹനം-ഒളിപ്പ്.

നിഗൃഹീത-വി. പ. പിടിക്കപ്പെട്ട. ഉ തടുക്കപ്പെട്ട. ന. യുദ്ധത്തിൽ തോൽപ്പിക്കപ്പെട്ട ര. എതിർക്കപ്പെട്ട.

നിഗ്രന്ഥനം-കൊല.

നിഗ്രഹണം-പ കീഴടക്കുക, അമർത്തുക. ഉ. ശിക്ഷ. ന. തോൽവി.

നിഗ്രഹം-പ. കൊല ൨. ശിക്ഷ. ന. അനിഷ്ടം. ര. നിരോധം. ൪ തടവിലാക്കൽ, കാരാഗൃഹത്തിലാക്കുക. ൫ നാശം ൬ ഭീനം, വശീയാക്കൽ. ൭ അതിത്തി.

നിഗ്രഹിക്കുന്നു-പ. കൊല്ലുന്നു. ൨. ശിക്ഷിക്കുന്നു.

നിഗ്രാഹം-പ ശിക്ഷ. ൨. ശപഥം.

നിഘ-വി, വീതിയുള്ള തക്കപൊക്കമുള്ള.

നിഘണ്ടു-അഭിധാനഗ്രന്ഥം.

നിഘം-പ. ഉന്നം. ൨. വട്ടം. ന. സമചതുരമായും കയ്യുന്നതിനുള്ളതുമായ ഒരായുധം. ഇതുകൊണ്ടു നിയതമായി ഹനിക്കുന്നതിനാൽ ഈ പേർ വന്നു. ര. പാപം.

നിഘഷ്ണു-പ. ഉരച്ചിൽ. ൨. തിരുമ്മൽ,

നിഘൃണ - ഭക്ഷണം, ക്ഷീണസാധനങ്ങൾ, ക്ഷീണിക്കുക, ആഹാരം.

നിഘാതം-ഇടി, അടി.

നിഘാതി-ഇരിയുഗദ.

നിഘൃഷ്ടം-ശബ്ദം.

നിഘൃഷ്ടം-വി. പ. കീഴടക്കപ്പെട്ട. ൨. ഉരയ്ക്കപ്പെട്ട. ന. തിരുമ്മപ്പെട്ട.

നിഘ്ന-വി. അധീനമായുള്ള.

നിങ്ങടം-പ. ആരാട്ട പറയുന്നവരോ അയാൾ. ൨ ഒരാൾ തനിയ്ക്കുള്ള എന്നു വരികിൽ അയാളെ ബഹുമാനപൂർവ്വം നിർദ്ദേശിക്കുന്ന സർവ്വനാമം. ന പറയുന്നതു പലരോടുമാണെങ്കിൽ അവരെല്ലാം.

നിചയം-പ. കൂട്ടം. ൨. ശേഖരിപ്പുസ്ഥലം. ന. നിശ്ചയം.

നിചായം-കൂട്ടം.

നിചികി-ഒരു നല്ല ജനത്തിലുള്ള പുരു

നിചിത-വി. പ പൂരിക്കപ്പെട്ട ൨. മൂടപ്പെട്ട

നിചുംപുണം-കടൽ.

നിചുളകം മരക്കുവചം, ഉരസ്സുണ്ണം.

നിചുളൻ-കാളിദാസന്റെ സമാനകാലീനനും ബന്ധുവുമായ ഒരു കവി.

നിചുളം-പ നീർക്കടയ്, നീർപ്പുത്തി. ജലത്തിൽനിന്നു പൊങ്ങിനില്ക്കുന്നതു എന്നർത്ഥം. ൨. മൂടവസ്ത്രം. ന. വഞ്ചി, ആറുവഞ്ചി.

നിചോള(ള)കം- മൂടവസ്ത്രം, മുഴുക്കുപ്പായം. ഏറ്റവും പൊങ്ങിനില്ക്കുന്നതു എന്നർത്ഥം. നീചോളി എന്നും കാണുന്നു. മറ്റൊരു പയ്യായം-പ്രച്ഛദപടം.

മെത്തവിരിപ്പിനും വീണമുതലായതിന്റെ ഉറയ്ക്കും ഈ പേർ പറയുമെന്നു കാണുന്നു.

നിചോളം-പ. മൂടുപടം, മൂടവസ്ത്രം.

'ധ്വാന്തംനീലനിചോളചാരു'

(ഗീതാഗോവിന്ദം)

'നീലനിചോളേനന്ദ്ഹന്തമെങ്കിലും'

(രാവണവിജയം കഥകളി)

൨. മെത്തവിരിപ്പു് (ഉറ). ന. ചില്ലുകൂട്ടുന്ന വസ്ത്രം (ഭോഗികാവരണം).

നിച്ചം-അ. നിത്യം, ദിവസംപ്രതി.

നിച്ചലം-നിത്യവും (പഴയപ്രയോഗം.)

'നിച്ചലത്തെപ്പോലെനന്നായ്

ച്ചെല്ലുന്നിനാൻ'

(കൃഷ്ണലീല തുള്ളൽ)

നിച്ചാത്തം-ദിവസംപ്രതിയുള്ള ശ്രാദ്ധം.

നിച്ചിരവി-ക്ഷത്രിയരിൽനിന്നു കീഴ്പതിച്ച ഒരു ജാതി.

നിജ-വി. പ. തന്നെസംബന്ധിച്ച. ൨. നിശ്ചയമായുള്ള. ന. നിത്യമായുള്ള. നിയതമായി ജനിക്കുന്ന എന്നർത്ഥം. ര. വിശേഷമായ. ൪. തുടച്ചയായ.

നിജം-ഫ. തന്നെ സംബന്ധിച്ചത്. ര. യഥാർത്ഥം.

നിജാധീന-വി സ്വാധീനമായുള്ള.

നിജാവന്തി-ഒരു രാഗം.

നിടലക്കഴി-തലയോടുകൂടിയ കഴി.

നിടലം-നെറ്റി.

നിടലാക്ഷൻ-ശിവൻ.

നിടിയ-വി. വലിയ.

നിടിയോൻ-ഒരു വള്ളി (നരന്ത)

നിടിലതടം-നെറ്റി.

നിടിലം-നെറ്റി.

നിടിലാക്ഷൻ-ശിവൻ.

നിട്ട-വി. നീളമുള്ള.

നിട്ടുകൺ-വലിയ കണ്ണ്.

നിഡീനം-പക്ഷികളുടെ കീഴ്പെട്ടുള്ള ചാപ്പ്.

നിണപ്പുഴ-രക്തപ്പുഴ.

നിണം-ഫ. ചോര. ര. മഞ്ഞളും അരിയും ചേർത്തു അരച്ചുകലക്കി ചുണ്ണാമ്പും ചേർത്തിളക്കി ചോരപോലെ ഉണ്ടാക്കിയത്. കുങ്കുമം. ന. ചോരക്കട്ട.

നിണമണിയുന്നു-നിണം കൊണ്ടലങ്കരിക്കുന്നു.

നിണ്ണ-വി. ഒളിച്ച, രഹസ്യമായുള്ള

നിണ്ണയം-രഹസ്യം.

നിതംബം-ഫ. കടിപ്രദേശം. ര. സ്ത്രീകളുടെ അരക്കെട്ടിന്റെ പിൻഭാഗം സുരതസമയത്ത് കൊണ്ടു ക്ഷീണിക്കുന്നത് പുരുഷന്മാരാൽ അത്യന്തം അനുഗ്രഹിക്കപ്പെടുന്നത് ഇങ്ങിനെ അർത്ഥം.

'സോല്ലാസംശനകൈർന്നിതംബമുത്ത',

(അഭിജ്ഞാനശാകുന്തളം)

ന. മലച്ചരിവിന്റെ നടുപ്രദേശം, പർവതത്തിന്റെ മദ്ധ്യപ്രദേശത്തിന്റെ പേർ.

നിതംബവതി-സ്ത്രീ.

നിതംബിനി-ഫ സുന്ദരി. നല്ല നിതംബത്തോടു കൂടിയവൾ എന്നർത്ഥം. ര. സ്ത്രീ.

നിതരാം-അ. ഏറ്റവും, നിശ്ചയമായിട്ട്, മുഴുവനും, തുടച്ചയായി.

നിതലം-കീഴ്ലോകങ്ങളിൽ ഒന്ന്.

നിതാന്തം-വി. പെരുകിയ, ഏറ്റവും.

നിത്തം-നില. (തമിഴിൽ-നിറൽ)

'എനിക്കു നിന്നോടുള്ള നിത്തവും, ഇരുന്നോടുള്ള ഇരുത്തവും, കിടന്നോടുള്ള കിടത്തവും കൊള്ളുന്നില്ല'

നിത്യ-വി. ഫ എപ്പോഴുമുള്ള, നിത്യമായുള്ള ര. സ്ഥിരതയുള്ള.

നിത്യകർമ്മം-ദിവസംപ്രതി ചെയ്യേണ്ടുന്ന കർമ്മം.

നിത്യകല്യാണൻ-ദൈവം.

നിത്യകൃത്യം-നിത്യകർമ്മം.

നിത്യക്ലാതം-ദിവസംപ്രതിയുള്ള ക്ലേശം

നിത്യച്ചെലവു-ദിവസംപ്രതിയുള്ളചെലവു.

നിത്യത, നിത്യതാ-ഫ. കാലക്ഷേപം. ര. ആവശ്യം. ന. ദൈവതത്വം, ശാശ്വതത്വം.

നിത്യദാ-അ. എന്നും

നിത്യദാനം-ദിവസവും ചെയ്യുന്ന ദാനം.

നിത്യൻ-ഫ എപ്പോഴുമുള്ളവൻ, ഈശ്വരൻ ര. സമുദ്രം.

നിത്യനിദാനം-നിത്യവൃത്തി.

നിത്യപൂജ്യചതുഷ്ടയം-ഭർത്താവ്, സന്ന്യാസികം, ദേവകം, അതിഥികം.

നിത്യപ്രളയം-നിദ്ര.

നിത്യം-അ. ഫ. എന്നും. ര. ദിവസംപ്രതി, ന എപ്പോഴും. ഭ കടൽ.

നിത്യമുക്ത-വി. എന്നും മുക്തിയുള്ള

നിത്യയോഗം-ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന വിഷ്കംഭാദിയോഗങ്ങൾ.

നിത്യയെഴുന്നാ-ദ്രവ്യം.

നിത്യരക്ഷാചതുഷ്ടയം-മന്ത്രാവ്, ചിന്താവ്, ആചാര്യൻ, അഗ്നി. (സ്വഗൃഹത്തിൽവച്ചു എന്നും രക്ഷിക്കണം.)

നിത്യവഴുതിന-എന്നും കായ്ക്കുന്ന ഒരു മാതിരി വഴുതിന, ചുണ്ടവഴുതിന.

നിത്യവും-അ. ദിവസംപ്രതി.

നിത്യവൃത്തി-ദിവസവൃത്തി, കഴിച്ചിൽ.

നിത്യശ്രാദ്ധം-നിച്ചാത്തം.

നിത്യസാന്നിദ്ധ്യം-ഫ. എപ്പോഴുമുള്ള അടുപ്പം. ഉ. ദൈവത്തിന്റെ ഇരിപ്പ്.

നിത്യസ്വരൂപ, നിത്യസ്വരൂപി-വി. സ്ഥിരരൂപമുള്ള.

നിത്യാ-ദ്രവ്യം.

നിത്യാനന്ദ-വി എന്നും സന്തോഷമുള്ള.

നിത്യാനന്ദം-നിത്യസന്തോഷം.

നിത്യാനിത്യം-നിത്യവും അനിത്യവും.

നിത്യാനിത്യവിവേകം-നിത്യത്തിന്റെയും അനിത്യത്തിന്റെയും തിരിച്ചറിവ്.

നിദം-വിക്കം.

നിദർശക-വി. കാണിച്ചുകൊടുക്കുന്ന.

നിദർശന-സാഹിത്യശാസ്ത്രത്തിൽ ഒരു അലങ്കാരത്തിന്റെ പേർ.

'വാക്യാർത്ഥയോസ്സദൃശയോരൈക്യം
രേപോപനിദർശനാ'

(കുവലയാനന്ദം)

ഏതാൻധർമ്മങ്ങളുള്ള ഒരു പ്രകൃതമായ ധർമ്മിക്കും ആ ധർമ്മങ്ങൾക്കു പ്രതിബിംബിതങ്ങളായ മറ്റു ധർമ്മങ്ങളുള്ള ഒരു അപ്രകൃതധർമ്മിക്കും അഭേദം കല്പിച്ചു ഒന്നിനെ മറ്റതാക്കുന്നു.

'വിശിഷ്ടധർമ്മികരൂപൈക്യ-
മാരോപിച്ചാൽനിദർശന
ദാനശീലന്തൊടുമൃതപാ
തങ്കത്തിന്നുസുഗന്ധമാം'

(ഭാഷാഭൂഷണം)

നിദർശനം-ഫ. കാണിച്ചുകൊടുക്കുക എന്നുള്ളതു. ഉ. കാഴ്ച. സ. രേഖ. ര. ഉദാഹരണം. ഇ. വിവരണം. ന. രീതി, ക്രമം.

നിദാഘകരൻ-സൂര്യൻ.

നിദാഘൻ-പുലസ്ത്യന്റെ പുത്രനായ ഒരു ബ്രാഹ്മണൻ, ദ്രുഹ്യുവിന്റെ ശിഷ്യൻ.

നിദാഘം-ഫ. ഉഷ്ണം. ഉ. വിയർപ്പ്. സ. വേനൽ, ഗ്രീഷ്മകാലം. ഏറ്റവും രഹിപ്പിക്കുന്ന കാലം എന്നർത്ഥം.

നിദാനം-ഫ ആദ്യമുള്ള കാരണം, മുഖ്യകാരണം. ഉ. ഭൈഷജ്യശാസ്ത്രത്തിൽ ഒരു ഭാഗം. സ. കയറ്. ര. അവസാനം. ഇ. ശ്രുതി.

നിദാനമാകുന്ന-ഫ. കാരണമാകുന്ന. ഉ. തീച്ചവരുത്തുന്ന.

നിദാനവൃത്തി-നിത്യവൃത്തി, ദിവസംപ്രതിയുള്ള കഴിച്ചിൽ.

നിദാനിക്കുന്ന-തീച്ചയാക്കുന്ന.

നിദിശ്യ-വി. ഫ. പൂശപ്പെട്ട, തേയ്ക്കപ്പെട്ട. ഉ. ഒന്നിച്ചുകൂട്ടിയ. സ. ഉരുട്ടപ്പെട്ട.

നിദിശ്യം-പുഷ്ടിയെ പ്രാപിപ്പിച്ചതു. പുഷ്ടിയെ പ്രാപിച്ചതു എന്ന അർത്ഥത്തിലും പ്രയോഗം കാണുന്നുണ്ട്.

(പുഷ്ടിയെ പ്രാപിച്ചതു് എന്നതിനു ഉദാഹരണം.)

'ഉപചിതമിവമാഗധേയമക്ഷ്ണാ-
മരസിജമോരമുദാരമുപഹരന്തീ'

(മഴമംഗലം)

നിദിശ്യാ-ഫ. ചിറ്റേലം. ഉ. കണ്ടകാരിച്ചുണ്ട.

നിദിശ്യിക-ചെറുവഴുതിന, കണ്ടകാരി

ച്ചുണ്ട, പുത്തരിച്ചുണ്ട കൊയ്യും മുള്ളിയുമായി പടൻപിടിച്ചു വരുന്നത് എന്നർത്ഥം.

നിദിധ്യാസനം-ഉന്നിധ്യാചാരം.

നിദേശം-പ. കല്പന, ശാസന, ആജ്ഞ ക. പുത്തുറന്തം, വർത്തമാനം. ന. അയൽ, സമീപസ്ഥലം ര. പാത്രം.

നിദേശിക്കുന്നു-കല്പിക്കുന്നു, ആജ്ഞാപിക്കുന്നു.

നിദേശിനി-പ. ദിക്ക്, രാജ്യം, നാട്ട്. ക. ചൂണ്ടിക്കാണിക്കുന്നത്.

നിദ്ര-ഉറക്കം. ഇന്ദ്രിയങ്ങൾ ഇതിൽ കസ്തികമായി ഗമിക്കുന്നതിനാൽ ഈ പേരുണ്ടായി.

നിദ്ര ബ്രഹ്മാവിന്റെ സ്ത്രീരൂപമെന്നു ചിലതും, പാലാഴിമഥനത്തിൽ ഉണ്ടായതെന്നു വേറെ ചിലതും പറയുന്നു.

നിദ്ര വരാത്തവർ ഇ വിധം-പ. ബലവാൻ എതിർത്ത ബലഹീനൻ, ക. യുക്തിസാധനവിഹീനൻ, ന. ഏതുദ്രവ്യൻ, ര. അതികാമി, ങ. തസ്കരൻ.

(ഉറക്കത്തിൽ ൭ പേരെ ഉണർത്തണം -വിദ്യാർത്ഥി, ക്ഷുധാർത്തൻ, പാന്ഥൻ, ഭീതൻ, മാണ്ഡക്കെട്ടുകാരൻ, രാജസേവകൻ, കാവൽക്കാരൻ ഇങ്ങിനെ ൭.)

നിദ്രാഗൃഹം-ഉറങ്ങുവാനുള്ള പുര, കിടക്കപ്പുര.

നിദ്രാണ-വി. ഉറങ്ങുന്ന, ഉറങ്ങിയ.

നിദ്രാമയക്കം-ഉറക്കം.

നിദ്രാമാന്ദ്യം-നിദ്രാമയക്കം.

നിദ്രാരി-ഉത്തരകിരിയാത്ത്.

നിദ്രാവതാ-ഉറക്കം.

നിദ്രാവൃക്ഷം-ഇരട്ട്.

നിദ്രാശീലൻ-നിദ്രചെയ്യ ശീലമായിട്ടുള്ളവൻ. പര്യായങ്ങൾ-സപ്തകൻ, ശയാളു, നിദ്രാളു.

നിദ്രാലു-വി. അധികം ഉറക്കമുള്ള.

നിദ്രാ(ലു)ളു-പ. നിദ്രാശീലൻ. ക. വിഷ്ണു. ന. തക്കരേവഴുതിന. ര. കാട്ടു ചെറുതുളസി.

നിദ്രിക്കു-ഉറങ്ങുക

നിദ്രിത-വി. ഉറങ്ങിയ.

നിധനത-ദാരിദ്ര്യം.

നിധനൻ-ബ്രഹ്മാവു്.

'നാഭിജന്മാണ്ഡജഃ പൂർവ്വം-
നിധനഃ കമലോത്ഭവഃ'
(മഹേശ്വരടീക)

നിധനം-പ. നാശം. ക. മരണം. ധനസംബന്ധത്തെ ഉപേക്ഷിക്കുന്നത് എന്നർത്ഥം. ന. വംശം. ര. ജാതി.

നിധാ-പ. വലം. ക. കണ്ണി, കൂടുക്ക്. (വേദത്തിൽ പ്രയോഗം).

നിധാനം-പ. നിക്ഷേപം. ക. രഹസ്യം. ന. ആശ്രയം.

നിധി-പ. നിക്ഷേപം. ഏറ്റവും രക്ഷിക്കപ്പെടുന്നതെന്നർത്ഥം. മറ്റൊരു പര്യായം-ശേവധി. ക. ഇരിപ്പിടം. ന. വസ്തുക്കളെ സൂക്ഷിച്ചുവയ്ക്കുന്ന സ്ഥലം. ര. യജ്ഞമാവു്. ങ. നവനിധി. ഏം സമുദ്രം. ൭. വിഷ്ണു. ൮ സുശീലൻ. (നവനിധി എന്നതു നോക്കുക).

നിധിനാഥൻ-കുബേരൻ.

നിധിപതി-പ. നിക്ഷേപം രക്ഷിക്കുന്നവൻ, ധനവാൻ. ക. കുബേരൻ.

നിധിവച്ചു പിച്ചയിരക്കുക-വല്ലതും ധാരാളമുള്ളവൻ ഒരു ചെലവാക്കാതെ സൂക്ഷിച്ചുവച്ചു പരാപേക്ഷയിൽ കാലം കഴിക്കുന്നതിനു ശ്രമിക്കുക. (ശൈലി).

നിധീശൻ-വൈശ്രവണൻ.

നിധുവനം-പ. സ്ത്രീസംഗം. ഹസ്തം പാദം മുതലായ അവയവങ്ങളെ ഏറ്റവും

ഇളക്കിത്തീർക്കുന്നതെന്നർത്ഥം. ഉ. ഇളക്കം. നു. സന്തോഷം. ർ. ഉല്ലാസം. ഇ. വിനോദം. ന്യ. ക്രീഡ.

നിധ്യാത-വി. നിധ്യാനംചെയ്യപ്പെട്ട, വിചാരിച്ച.

നിധ്യാനം-കാഴ്ച, മൽനം. ആലോചിച്ചു നോക്കുക എന്നർത്ഥം

നിധ്യാനം-ഒച്ച, ശബ്ദം.

നിൻ—മദ്ധ്യമപുരുഷനിലുള്ള. സർവ്വനാമശബ്ദം, (പദാരംഭത്തിൽ) നിന്റെ എന്നർത്ഥം. ഉ-ം, നിന്നടി, നിന്നങ്കം, നിൻകൈ ഇത്യാദി.

നിനച്ചിരിയാതെ-അ. നിരൂപിച്ചിരിക്കാതെ

നിനദം-പ. ശബ്ദം. അക്ഷരവ്യക്തിയില്ലാത്തതു എന്നർത്ഥം. ഉ. വണ്ടിയുടെയോ രഥത്തിന്റേയോ ഒച്ചപോലെയുള്ള ഒച്ച. നു. ഈമ്മകളുടെ ശബ്ദംപോലെയുള്ള ശബ്ദം. നിനാദം എന്നുമാവാം.

നിനദിക്കുന്നു-ശബ്ദിക്കുന്നു.

നിനംക്ഷു-വി. പ. മരിപ്പാനാഗ്രഹിക്കുന്ന. ഉ. തപ്പിപ്പിഴപ്പാൻആഗ്രഹിക്കുന്ന.

നിനയ്ക്കാതെ-അ. വിചാരിക്കാതെ, ഓർക്കാതെ.

നിനയ്ക്കുന്നു-വിചാരിക്കുന്നു, ഓർക്കുന്നു.

നിനയനം-പ. അനുഷ്ഠാനം, നടത്തൽ. ഉ. ഒഴിക്കുക.

നിനയുക-വിചാരിക്കുക.

നിനവ്-ഓർമ്മ, വിചാരം, അഭിപ്രായം, ഓർമ്മയുള്ള ഒരെഴുത്തു്.

നിനവുകേട്-ഓർമ്മക്കുറവു്, വിചാരക്കേടു്, മറവി.

നിനവുകൊടുക്കുന്നു-പ. ഓർമ്മിപ്പിക്കുന്നു. ഉ. ഓർമ്മയ്ക്കായിട്ടു ഒരെഴുത്തുകൊടുക്കുന്നു.

നിനാദം-ശബ്ദം. (നിനദം എന്നതു നോക്കുക.)

നിന്നത്ത-വി. ആവർത്തിച്ച.

നിന്നത്തി-ആവർത്തനം.

നിന്ദ, നിന്ദനം-പ. അപമാനിക്കുക. ഉ. നിന്ദിച്ചുപറക പദ്ധ്യായങ്ങൾ-അവർണ്ണം, ആക്ഷേപം, നിർവ്വാദം, പരിവാദം, അപവാദം, ഉപക്രോശം, ജുഗുപ്സാ, കുത്സാ, നിന്ദാ, ഗർഹണം.

നാട്യവഴിപ്പകാരം പദ്ധ്യായങ്ങൾ-അനാദരം, പരിഭവം, പരിഭവം, തിരസ്ക്രിയാ, ലീഡാ, അവമാനനാ, അവജ്ഞാ, അവഹേളനം, അസൂക്ഷണം.

നിന്ദനം-നിന്ദിക്കുക, ആക്ഷേപിക്കുക. വന്ദനം> <നിന്ദനം.

നിന്ദാവചനം-ധിക്കാരവാക്കു്.

നിന്ദാവാക്കു്-നിന്ദിച്ചുള്ള വചനം.

നിന്ദാശീല-വി. ധിക്കാരസ്വഭാവമുള്ള.

നിന്ദാസ്തുതി-നിന്ദയിൽ പര്യവസാനിക്കുന്ന സ്തുതി, കൊള്ളിവാക്കു്.

കേൾക്കുമ്പോൾ നിന്ദിച്ചും, വിചാരിച്ചാൽ ബഹുമാനിച്ചും പറഞ്ഞതായിട്ടുള്ള അർത്ഥം തോന്നുന്ന വാക്കു്.

നിന്ദിക്കപ്പെട്ടതു്-അവമാനിക്കപ്പെട്ടതു്

ജാത്യാചാരകുലാദികളുള്ളൊരുണ്ടു നിന്ദിക്കപ്പെട്ടതു് എന്നതിന്റെ പര്യായങ്ങൾ-നികൃഷ്ടം, പ്രതികൃഷ്ടം, രേഫം, യാപ്യം, അവമാ, അധമം, കുപ്യം, കുത്സിതം, അവദ്യം, ഖേടം, ഗർഹ്യം, അണകം.

നിന്ദിക്കുന്നു-അവമാനിക്കുന്നു. (കാ. ക്രി. നിന്ദിപ്പിക്കുന്നു.)

നിന്ദിത-വി. ധിക്കരിക്കപ്പെട്ട.

നിന്ദു-ചന്ദ്രകലയെ വഹിക്കുന്ന സ്ത്രീ.

നിന്ദ്യ-വി. നിന്ദിക്കപ്പെടേണ്ടുന്ന.

നിന്നിമികം-നന്മയധികമുള്ള. (പ-മ.)

നിന്നീടിയ-നിന്ന.

ഇക്കാലത്തു 'നിന്നീടിന' എന്നല്ലാതെ കവികളും 'നിന്നീടിയ' എന്നു പ്രയോഗിക്കാറില്ല.

'സച്ചിൽസുഖമായ് നിന്നീടിയ
പരമാത്മാനന്ദതൊഴുന്നേൻ'

(ഭാഗവൽഗീത-മാധവപ്പണിക്കർ)

നിപഠം-പാഠം, വായന, പഠനം.

നിപതനം-ക്രി. വീഴ്ച, ഉ. ഇറക്കം.

നിപതിക്കുന്നു-ക്രി. വീഴുന്നു. ഉ. ഇറങ്ങുന്നു.

നിപതിപ്പിക്കുന്നു-താഴ്ത്തുന്നു.

നിപത്യാ-ക്രി. വഴക്കുന്നനിലം (തറ) ഉ. രണാങ്കണം.

നിപാ-ക്രി. കടം. ഏറ്റവും മുമ്പു കടിക്കുന്നതു് എന്നർത്ഥം. ഉ. കടന്നുവുക്ഷം.

നിപാകം-പാകംവരിക, പഴുക്കുക.

നിപാഠം-വായന, പാഠം.

നിപാതകം-ക്രി. പാപം. ഉ. ദുർവൃത്തി.

നിപാതജം-(വ്യാകരണത്തിൽ) അവ്യയാധികാരത്തിലെ ഒരു പിരിവു്. ഉ-ം, പൊട്ടനു, പിന്നെ, വേറെ ഇത്യാദി.

നിപാതനം-ക്രി. വീഴിപ്പിക്കുക. ഉ. വീഴ്ച. നു. താഴ്ത്തുക. കീഴ്പ്പെട്ട കൊണ്ടുവരിക എന്നർത്ഥം. നിയാതനം എന്നും പാഠം കാണുന്നു. ൾ. അടി. ങ. നാശം വരുത്തുക, കൊല്ലുക.

നിപാതം-ക്രി. വീഴ്ച, ഉ. മരണം. നു. യാദൃച്ഛികസംഭവം. ൾ. (വ്യാകരണത്തിൽ) സ്വയം ഒരർത്ഥത്തേയും കറിക്കാതെ ഓരോരോ അർത്ഥത്തിന്റെ തോന്നൽ ഉണ്ടാക്കുന്ന ശബ്ദം. 'കല്യാണിയും പാർവതിയും വിദ്യാർത്ഥിനികളാകുന്നു'. ഇതിൽ 'ഉം' നിപാതമാണു്.

നിപാനം-ക്രി. കിണറുകരെയുള്ള കൽത്തൊട്ടി. നിയതമായി ഇതിൽ ജലം പാനംചെയ്യപ്പെടുന്നതിനാൽ ഈ പേരുണ്ടായി.

പാലുക്കാരും കടിപ്പാനായി കിണറുകളും മുതലായതിനരികെ കല്ലുതൊട്ടി വയ്ക്കുക പതിവാണല്ലൊ.

ഉ. കടിക്കുക: നു. കിണറു്, ൾ. പാൽ കറക്കുന്ന പാത്രം.

നിപീഡന(ം)-ക്രി. ഞെക്കുക, പിഴിയുക. ഉ. ഉപദ്രവിക്കുക.

നിപീഡിത-വി. ക്രി. ഞെക്കപ്പെട്ട. ഉ. പിഴിയപ്പെട്ട. നു. ഉപദ്രവിക്കപ്പെട്ട. ൾ. ആലിംഗനം ചെയ്യപ്പെട്ട.

നിപീത-വി. നിപാനം ചെയ്യപ്പെട്ട, കുടിച്ച.

നിപീതി-കുടിക്കുക.

നിപുണ-വി. സാമർത്ഥ്യമുള്ള.

നിപുണത,നിപുണത്വം-സാമർത്ഥ്യം, സമർത്ഥത.

നിപുണൻ- സമർത്ഥൻ. ശൂദ്രകർമ്മത്തിൽ പ്രവർത്തിക്കുന്നവൻ എന്നർത്ഥം.

നിബദ്ധ-വി. ക്രി. കെട്ടിമുറുക്കിയ. ഉ. കെട്ടപ്പെട്ട, കവിതകെട്ടപ്പെട്ട.

നിബന്ധനം-ക്രി. കെട്ടു്. ഉ. കവിത. നു. ചേർത്തുണ്ടാക്കുക. ൾ. പണിയുക. ങ. നിരോധം. ന്യ. ഉറപ്പു്, താങ്ങു്. ൧ സംബന്ധം, ചേർച്ച. വ. ആദിമൂലം, കാരണം. ൻ. യാദൃച്ഛികം. ക്രം. ഇരിപ്പിടം. ക്രക്ര. ചട്ടം. ക്രഉ. ഗ്രന്ഥരചനയുടെ പ്രാരംഭശൈലി. ക്രഊ. വീണയുടെ കമ്പി. കെട്ടിമുറുക്കുവാനുള്ള പ്രദേശം എന്നർത്ഥം. ക്രർ. താക്കോൽ. ക്രൠ. വിലങ്ങു്, ചങ്ങല. ക്രന്യ. വസ്തുദാനം.

നിബന്ധൻ-ക്രി. ചട്ടം. ഉ. കെട്ടു്, വിലങ്ങു്.

നിബന്ധം-പ. കെട്ട്, മുറപ്പിപ്പ്. ഉ. മഹോത്സാഹം. നു. കവിതകെട്ടുക, ഗ്രന്ഥമെഴുതുക. ര. നിരോധം. ഇ. മൂത്രം അടയ്പ്. ന്യ. വിലങ്ങ്, ചങ്ങല. ഒ. ആമിമൂലം, കാരണം. വ്യ. പാട്ട്, പാട്ടക. ൻ. സംക്ഷേപം, സംഗ്രഹം. ഫം. വസ്തുനേം. ഫഫ. മലമൂത്രനിരോധം. ഫഉ. മേൽവയർ വീപ്പ്.

നിബന്ധിക്കുന്നു-പ. കെട്ടുന്നു. ഉ. കവിതയുണ്ടാക്കുന്നു.

നിബർഹണം-കൊല, വധം, നാശം.

നിബിഡ, നിബിഡീശ, നിബിഡീസ-വി. പ. ഇടതിങ്ങിയ. ഉ. കടുപ്പമുള്ള. നു. പ്രയംസമുള്ള.

നിബിഡിത-വി. ഇടതിങ്ങപ്പെട്ട.

നിബിരം-പടകടി.

നിബിരീസം-തിങ്ങിയത്.

നിഭ-വി. തുല്യമായ.

നിഭം-പ. വ്യാജം. ഉ. തുല്യം. നു. പ്രകാശം, പ്രത്യക്ഷത. ര. നടിപ്പ്. ഇ. ചതിവ്.

നിശബ്ദം ഉത്തരപദത്തിൽ സ്ഥിതചെയ്യു തുല്യവാചകമാകും. സമാസത്തിന ശേഷമേ പ്രയോഗിക്കാവു. ഒറ്റയ്യായി പ്രയോഗം കാണുന്നില്ല. 'ജനകനിഭ ജനയഃ' (പിതൃതുല്യൻ). മാതൃനിഭ സുതാ, ദേവനിഭമേപത്യം-ഇപ്രകാരം മൂന്നു ലിംഗങ്ങളിലും വരും.

നിഭാലനം-പ. ആത്മജ്ഞാനം. ഉ. മനോഭാവം. നു. ഉണർവ്. ര. കാഴ്ച.

നിഭൃത-വി. പ. അത്യന്തം യോജിപ്പെട്ട. ഉ. കഴിഞ്ഞ.

നിഭൃത-വി. പ. ശബ്ദമില്ലാത്ത, അടക്കമുള്ള ഉ. വിനയം (താഴ്ച) ഉള്ള നു. ഇട്ട, വെച്ച. ര. മന്ദമായ. ഇ. പണയംവെച്ച. ന്യ. ഒളിച്ച, കാണാതായ. ഒ. ശാന്തതയുള്ള. വ്യ. മുറപ്പുള്ള. ൻ നന്ദിയുള്ള. ഫം. സത്യമുള്ള ഫഫ. (വാതിൽപോലെ) അടയ്ക്കപ്പെട്ട.

നിഭൃതഗതി-പ. മന്ദഗതി. ഉ. ഒളിച്ച സ്ഥിതി.

നിഭൃതൻ-വിനയം (താഴ്ച) ഉള്ളവൻ. നിശ്ചയമായും ഭരിക്കപ്പെട്ടവൻ എന്നർത്ഥം. മറുപടിയുണ്ടാകും-വിനീതൻ, പ്രശ്രിതൻ

നിഭൃതം-അ. പ. രഹസ്യമായിട്ട്. ഉ. സാവധാനത്തിൽ.

നിഭൃതം-വിനയം.

നിമഗ്ന-വി. മുങ്ങിയ

നിമജ്ജനം-പ. മുങ്ങൽ. ഉ. കളി.

നിമഥനം-പ. കൊല്ലുക. ഉ. കലക്കുക.

നിമന്ത്രണം-പ. ക്ഷണിക്കൽ. ഉ. അറിയിച്ചു വരുത്തുക.

നിമം-ആണി, കുറി.

നിമയം-ഒന്നു കൊടുത്തു മറ്റൊന്നു വാങ്ങുക, മാറ്റം. 'വിമയം' എന്നുമാവാം

നിമാനം-പ. വില. ഉ. അളവ്.

നിമി-ഇക്ഷ്വാകുരാജാവിന്റെ ഒരു പുത്രൻ.

ഇദ്ദേഹം മിഥില അല്ലെങ്കിൽ വിദേഹവംശസ്ഥാപകനാണ്. പഠാഠ വർഷം വേണ്ടിവരുന്ന ഒരു യാഗം ചെയ്യാൻ നിമി നിശ്ചയിച്ച് വസിഷ്ഠനെ ഹോതാവായി വരിച്ചു. ൧൦൦ വർഷം വേണ്ടിവരുന്ന ഒരു യാഗത്തിലേക്ക് ഇന്ദ്രൻ തന്നെ മുമ്പേതന്നെ വരിച്ചുപോയി. അതുകഴിഞ്ഞുവന്ന് ആവാം എന്നു വസിഷ്ഠൻ പറഞ്ഞുംവെച്ചു പോയി. നിമി അതിനാൽ ഗൌതമമഹർഷിയെക്കൊണ്ടു യാഗം തുടങ്ങി നടത്തിവരവെ വസിഷ്ഠൻ ചെന്നുചേർന്നു. യാഗം ഗൌതമനെക്കൊണ്ടു നടത്തിക്കുന്നതു കണ്ട് വസിഷ്ഠൻ

വിദേഹനായിപ്പോകെന്നു ശപിച്ചു. യാഗശേഷസമയത്തിൽ ദേവന്മാർ വന്നു വേറേ വരം കൊടുക്കാമെന്നു പറഞ്ഞു. ദേഹം വേണ്ടാ എന്നു നിമി ശഠിച്ചു. ഒടുവിൽ ജീവജാലങ്ങളുടെ നേത്രങ്ങളിൽ കടി കൊള്ളുവാൻ അനുഗ്രഹിക്കണമെന്നു നിമി അപേക്ഷിച്ചു. ദേവന്മാർ നിമിയുടെ അപേക്ഷപ്രകാരം നേത്രങ്ങളിൽ ഇരുന്നുകൊള്ളുവാൻ അനുഗ്രഹിച്ചു. നിമി ഇരിക്കുന്നതിനാലാണ് ജീവജാലങ്ങൾ ഇന്നും ഇമകൾ അടയ്ക്കുയും തുറക്കയും ചെയ്യുന്നതു്.

നിമിത്തകാരണം, നിമിത്തഹേതു-കാര്യങ്ങൾക്കു മൂന്നു കാരണങ്ങളും ഉള്ളതിൽ ഒന്നു്.

നിമിത്തകൃത്തു്-കാക്ക.

നിമിത്തജ്ഞ-വി. കാരണത്തെ അറിയുന്ന.

നിമിത്തജ്ഞാനം-കാരണത്തെ അറിയുക.

നിമിത്തം-പ. കാരണം. ഉ. ലക്ഷ്യം, അടയാളം. ക്രൂരിച്ചേന്നിരിക്കുന്നതു് എന്നർത്ഥം. നു. മാർക്ക്. ര. ലക്ഷണം, ശകുനം.

നിമിത്തമായിട്ടു്-വി. കാരണമായിട്ടു്.

നിമിഷൻ-വിഷ്ണു.

നിമിഷം-പ. കണ്ണിമപ്പു്. ഉ. മാത്ര, കണ്ണുചിമ്മി മിഴിപ്പാൻ സാധിക്കുന്ന സമയം. നു. പുഷ്പങ്ങളെ ക്രയുക.

നിമീല, നിമീലിക-പ. കണ്ണിമയ്ക്കുക. ഉ. കണ്ണടയ്പു്. നു. ചതിവു്.

നിമീലനം-പ. മരണം. ഉ. കണ്ണിമയ്പു്, കണ്ണടയ്പു്. നു. മരണസമയം ഉള്ള കണ്ണടയ്പു്. ര. ഗ്രഹണകാലം.

നിമീലിക-പ. കണ്ണിമ. ഉ. വ്യാജം.

നിമീലിത-വി. പ. നിമീലനംചെയ്ത, അടച്ച. ഉ. ഇരട്ടിയ. നു. കാണാതായ. ര. അസ്തമിച്ച.

നിമീലിതാക്ഷ-വി. അടഞ്ഞകണ്ണുള്ള.

നിമൂലം-അ. വേരോടും.

നിമേയം-തെകമാറാറം, ഒന്നുകൊടുത്തു മറെറാന്നു വാങ്ങിക്ക.

നിമേഷകൃത്തു്-മിന്നൽ.

നിമേഷം-പ. കണ്ണിമയ്ക്കുക. ഉ. കണ്ണിമയ്ക്കുന്നേടത്തോളം സമയം, മാത്ര, ക്ഷണനേരം.

അ, ഇ, ഉ എന്നിങ്ങനെയുള്ള ലഘ്വക്ഷരം ഉച്ചരിപ്പാൻ വേണ്ടി വരുന്ന സമയത്തിനു 'മാത്ര' എന്നു പേർ. ഇതേ സമയംകൊണ്ടു കണ്ണു ചിമ്മിമിഴിപ്പാൻ സാധിക്കുന്നതിനാൽ 'നിമേഷം' എന്നു പേരുണ്ടായി.

നു. കണ്ണടച്ചാൽ തുറക്കാൻ കഴിയാതെ വരുന്ന ഒരു നേത്രരോഗം.

നിമ്ന-വി. ആഴമുള്ള, താഴ്ചയുള്ളം നിമ്നം > < ഉന്നതം.

നിമ്നഗ-വി. ആഴത്തിലേക്കു പോകുന്ന

നിമ്നഗ-നദി, ആറു്. ചാരെലടത്തെത്താഴുകുന്നതു് എന്നർത്ഥം.

നിമ്നത-ആഴം, താഴ്ച.

നിമ്നം-താഴ്ചയുള്ള പ്രദേശം. മറവു പറ്റുമായങ്ങൾ-ഗഭീരം, ഗംഭീരം. താഴ്ചയെ അഭ്യസിക്കുന്നതു് എന്നു ശബ്ദാർത്ഥം.

നിമ്നാ-താണനിലം.

നിമ്നോന്നത-വി. ഉയർന്നു താണുമുള്ള.

നിമ്ലോചനി-വരുണന്റെ രാജധാനി.

നിംബതരു-മുരിക്കു്. നനയ്ക്കുപ്പെട്ടുന്നതു് എന്നർത്ഥം. (മുരുമുരിക്കു്.)

പവിഴമല്ലി എന്നും കാണുന്നുണ്ടു്. എന്റെ പരിശോധനയിൽ ഞാൻ അതിനെ യോജിക്കുന്നില്ല.

നിംബപഞ്ചാംഗം-പഞ്ചനിംബം, വേപ്പിന്റെ സമൂഹം.

'നിംബസ്യപത്രപുഷ്പ
ഫലമൂലത്വക്കിമിശ്രിതൈഃ
പഞ്ചനിംബമിതിഖ്യാതം
സർവ്വകുഷ്ഠഹരംപരം'

(അഷ്ടാ)

'നിംബവൃക്ഷസ്യപഞ്ചാംഗം
രക്തമോക്ഷഹരംപരം
പിത്തംകണ്ഡൂംവ്രണംകുഷ്ഠം
ദാഹത്തെചവിനാശയേൽ'

നിംബബീജം-വേപ്പിൻകുരു.

നിംബം-വേപ്പുവൃക്ഷം. രോഗികൾക്ക സ്വസ്ഥതയെ നൽകുന്നതു എന്നർത്ഥം.

നിം(ബൂ)ബൂകം-ജോനകനാരകം, വടകപ്പുളിനാരകം.

നിമ്മളം-സംശയം. (പ-മ)

നിമ്മിൽ-നിങ്ങൾ (രണ്ടുപേരും) തമ്മിൽ.

നിയത-വി. ക്രമീകരിക്കപ്പെട്ട. ൨. നിശ്ചയിക്കപ്പെട്ട. ൩. തീർക്കപ്പെട്ട ൪. ശ്രദ്ധയുള്ള. ൫ സ്ഥിരപ്പെടുത്തിയ.

നിയതം-ക്ഷപ്പാ.

നിയതം-അ. ക്രമം ഇടവിടാതെ, സമം, എല്ലാപ്പോഴും. ൨. നിശ്ചയമായിട്ട.

നിയതി-ക്രി. ദൈവം, ഈശ്വരൻ.

'മുട്ടാതെല്ലാം നിയതി മുറപോൽ'

(മയൂരസന്ദേശം)

൨. ഭാഗ്യം. ൩. പൂർവ്വജന്മങ്ങളിൽ ചെയ്ത ശുഭാശുഭകർമ്മം. ൪ ശുഭകർമ്മം. അവരവർക്ക അതാതു ഫലങ്ങളെ കൃത്യപ്പെടുത്തുന്നതു എന്നർത്ഥം. അതിനാലെ നിയമിക്കപ്പെട്ടതു എന്നുമാവാം. ൫. പൂർവ്വജന്മകൃതമായ പുണ്യം. ൬. ദൈവകർത്തൃത്വപ്രവൃത്തി. ൭. തലയിലെഴുത്തു. വും നിയമം.

നിയതീച്ഛ-ദൈവമതം.

നിയന്ത്രു-വി. നടത്തുന്ന.

നിയന്താവു്-ക്രി. നടത്തുന്നവൻ, ൨. രക്ഷിതാവു്, നാഥൻ ൩. തേർ തെളിക്കുന്ന സൂതൻ. രഥത്തെ വേണ്ടപ്പോലെ നിറുത്തുന്നവൻ എന്നർത്ഥം. ൪. ദൈവം. ൫. ശിക്ഷിക്കുന്നവൻ.

നിയന്ത്രണം-ക്രി. നിയമംകൊണ്ടു തടുക്കപ്പെട്ടിരിക്കുന്നതു. ൨. ബന്ധനം. ൩. പാഴ്മിരിപ്പു്.

നിയന്ത്രിക്ക-അടക്കുക.

നിയന്ത്രിത-വി. അടക്കപ്പെട്ട, തിരിക്കപ്പെട്ട, കെട്ടപ്പെട്ട, നിയമിക്കപ്പെട്ട.

നിയമം-ക്രി. അംഗീകാരം. ഇന്നപ്രകാരം എന്നു തീർച്ചപ്പെടുത്തൽ എന്നർത്ഥം, ൨. വ്രതം. ശാസ്ത്രത്താൽ ഇന്നയിന്ന വിധമെന്നു നിയമിക്കപ്പെട്ടതെന്നർത്ഥം. ൩. പതിവായിട്ടുള്ളതു്. ൪. അനിത്യമായി ആഗന്തുകങ്ങളായ വസ്തുക്കളെക്കൊണ്ടു സാധിക്കേണ്ടതായിട്ടുള്ള കർമ്മം. പുരുഷനെ നിയമിക്കുന്നതെന്നർത്ഥം. ൫. സന്ധ്യോപാസനം, ശൌചം, തപസ്സു്, നിത്യകർമ്മം, ഈശ്വരസേവ ഇവ അഞ്ചും. ൬. കീഴടക്കുക. ൭. തടസ്സം വു. ചട്ടം. ൯ ക്രമം ൧൦. നിശ്ചയം. ൧൧. ഏർപ്പാടു്, വാശാനം. ൧൨. അവശ്യം. ൧൩. കർത്തവ്യകർമ്മം. ൧൪. മനസ്സടക്കം. ൧൫. അഷ്ടാംഗയോഗത്തിലെ രണ്ടാമത്തേതു്. ൧൬. പ്രതിജ്ഞ.

'ശൌചമിജ്യാതപോദാനം
സ്വാധ്യായോപസ്ഥനിഗ്രഹഃ
വ്രതമൌനോപവാസംച
സ്നാനം ചേതിയമേദശ'.

(മോക്ഷകാരണത്തിൽ നിയമിക്കുന്നതു (ഏർപ്പെടുത്തുന്നതു) നിയമം).

നിയമങ്ങം–ദിവസേന ചെയ്യേണ്ടുന്ന സന്ധ്യാവന്ദനാദികർമ്മം

(ശൌചം, ജപം, തീർത്ഥാദിസ്നാനം, തപം, ഹോമം, അതിഥ്യം, ശ്രാദ്ധം, പരോപകാരകാംക്ഷ, സന്തോഷം, ഹരിപൂജ, ഗുരുസേവ, ദാനം ഇങ്ങിനെ നിയമങ്ങൾ പല വിധം).

നിയമനം–പ്ര. ഏല്പിക്കൽ, ഏല്പാട്ട്, ക്രമമാക്കൽ. പ. വേല. നാ. കീഴടക്കം, വണക്കം ര. മരണം. ഇ. ക്രമം, ന്യ. കെട്ടുക.

നിയമനിഷ്ഠ–നിയമങ്ങളിലെ ഉറപ്പ്.

നിയമപഞ്ചകം–ശൌചം, സന്തോഷം, തപസ്സ്, സ്വാദ്ധ്യായം, ഈശ്വരപ്രണിധാനം.

നിയമവതി–തീണ്ടായിരിക്കുന്ന സ്ത്രീ, രജസ്വല.

നിയമവിധി–നിയമങ്ങളുടെ മുറ.

നിയമവെടി–പതിവായിട്ടുള്ള വെടി.

നിയമവ്രതം–എഴുതിയ ഉടമ്പടി.

നിയമി–യോഗി, തപസ്വി.

നിയമിയ്ക്കുകിൽ–തടുക്കുമെങ്കിൽ.

'സപദിനിയമിയ്കുമെന്നിലെന്നാപ്തവാക്യം' (മയൂരസന്ദേശം).

നിയമിക്കുന്നു–പ്ര. ഏല്പിക്കുന്നു, ആക്കുന്നു. പ. നടത്തുന്നു. നാ. ഭരിക്കുന്നു.

നിയമിത–വി. നിയമിക്കപ്പെട്ട, ക്രമമാക്കപ്പെട്ട, അടയ്ക്കപ്പെട്ട, ഭരിക്കപ്പെട്ട, കെട്ടപ്പെട്ട.

നിയാതനം–താഴ്ത്തുക (നിപാതനം എന്നതു നോക്കുക.)

നിയാമക–വി. പ്ര. നടത്തുന്ന, ഭരിക്കുന്ന, കീഴടക്കുന്ന. പ. വഴികാണിക്കുന്ന.

നിയാമകൻ–പ്ര. നടത്തുന്നവൻ. പ. തോണിയും കപ്പലും മറ്റും നടത്തുന്നവൻ, രേണുകത്തോവ്. പോതത്തെക്കാണ്ടു നടക്കുന്നവനെന്നർത്ഥം. നാ. തേർ തെളിക്കുന്നവൻ.

(മലയാളത്തിന്റെ നട്ടവിലുള്ള പാമരത്തിലും മറ്റ് ഉയർന്ന ഇടങ്ങളിലും സ്ഥിതിചെയ്ത് എതിരാളികളുടേയും ദുഷ്ടമൃഗങ്ങളുടേയും വരവിനെ നോക്കിയറിയുന്നവൻ എന്നും അർത്ഥം കാണുന്നു)

നിയാമൻ–വള്ളക്കാരൻ.

നിയാമം–പ്ര. അടക്കം. പ. വ്രതം.

നിയുക്ത–വി. നിയോഗിക്കപ്പെട്ട, പറഞ്ഞയക്കപ്പെട്ട.

നിയുതം–പ്ര. നൂറായിരം, ലക്ഷം.

'ശതംസഹസ്രമയുതം
നിയുതം പ്രയുതം മതം'
സ്ത്രീ കോടിരർബുദമിതി–
ക്രമാദ്ദശഗുണോത്തരം.

(രത്നകോശം)

പ. പത്തുലക്ഷം. നാ. പതിനായിരം കോടി.

നിയുദ്ധം–ബാഹുയുദ്ധം, കൈകൊണ്ടുള്ള യുദ്ധം. തമ്മിൽ പിടിക്കുടിയയുദ്ധം എന്നർത്ഥം.

നിയോഗം–പ്ര. കല്പന. പ. ഭ്രാതൃവിന്റെ കളത്രത്തിൽ ഭ്രാതൃവിന്റെ മരണശേഷം സന്തതിയുണ്ടാക്കുമെന്നു മനു മുതലായ സ്മൃതികാരന്മാർ അനുവദിച്ച പ്രമാണമാണ്. ആ ക്രിയയ്ക്കു 'നിയോഗം' എന്നും ഇപ്രകാരം ജനിക്കുന്ന കുട്ടിക്കു 'ക്ഷേത്രജൻ' എന്നും പേർ.

'ദേവരാദ്വാ സപിണ്ഡാദ്വാ സ്ത്രിയാ സമ്യങ് നിയുക്തയാ പ്രജേപ്സിതാധിഗന്തവ്യാസന്താനസ്യപരിക്ഷയേ' (മനു)

നിയോഗിക്കുന്നു–കല്പിക്കുന്നു, കല്പിച്ചയക്കുന്നു

നിയോജകം–(വ്യാകരണത്തിൽ) 'പ്രകാരം' എന്നതിലെ ഒരുവിധം

നിയോജനം-കല്പന.

നിയോജ്യ-വി. പറഞ്ഞയക്കപ്പെടേണ്ടുന്ന.

നിയോജ്യൻ-പ്ര. ദാസൻ. പ്രവൃത്തികളിൽ നിയോഗിക്കപ്പെട്ടവൻ എന്നർത്ഥം. ഭൃത്യൻ. പ. ശിഷ്യൻ.

നിയോദ്ധാ-കേഴി.

നിയോധകൻ-പോരാളി.

നിർ,നിഃ-അ. പ്ര. നിശ്ചയം, പ. നിഷേധം.

നിര-പ്ര. പന്തി, വരി. പ. പുരയ്ക്കു പലകകൊണ്ടുള്ള ഭിത്തി, സൈന്യങ്ങളുടെ അണി. നു. ക്രമം.

നിരക്ക്-ചില ചരക്കുകൾക്കു നടപ്പായിട്ടുള്ള വില.

നിരക്കണ്ണ്-കണ്ണിൻക്രമം.

നിരക്കുക-ഇരിക്കുന്ന സ്ഥിതിയിൽ മാറുക, ചന്തികുത്തിയിരുന്നു നിങ്ങുക, നിരങ്ങുക.

നിരക്കെ-അ. പ്ര. അണിയായി, വരയായി. പ. നേരെ.

നിരക്കുന്നു-പ്ര. നിരന്നു നില്ക്കയും മറ്റും ചെയ്യുന്നു. പ. സമ്മതമാകുന്നു, ഇണങ്ങുന്നു, സന്ധിക്കുന്നു. നു. സമമാകുന്നു. (സം. ക്രി. നിരത്തുന്നു).

നിരക്കുവരിയോല-ചരക്കുകളുടെ അന്നന്നു വില്ക്കുന്ന വിലയുടെ വിവരം എഴുതിയ കണക്ക്.

നിരക്കെ-അ. പരക്കെ.

നിരക്ഷദേശം-സൂര്യരശ്മി സദാ തുല്യമായും രാത്രിയും പകലും മിക്കവാറും തുല്യമായിരിക്കുന്നതായി ഭൂമധ്യരേഖക്കടുത്ത ഭൂഭാഗം

നിരക്ഷരകുക്ഷി-കഷ്ടം വിദ്യാഭ്യാസമില്ലാത്തവൻ, എഴുത്തു പഠിച്ചിട്ടില്ലാത്തവൻ.

നിരങ്കുശ-വി. തടവില്ലാത്ത, സ്വാതന്ത്ര്യമുള്ള, സ്വയമേവ.

നിരങ്കുശത്വം-തടവില്ലായ്മ.

നിരഘ-വി. പ്ര. പാപമില്ലാത്ത. പ. കറയില്ലാത്ത.

നിരങ്ങൽ-ചന്തികുത്തിയിരുന്നു നീങ്ങുക.

നിരങ്ങുന്നു-ഇരിക്കുന്ന സ്ഥിതിയിൽ മാറുന്നു, ഇരുന്നു നിരങ്ങുന്നു. (സം. ക്രി-നിരക്കുന്നു.)

നിരച്ചിൽ-പുരയുടെ നിര തെറ്റിക്കുക, നിരയ്ക്കൽ.

നിരജിന-വി. തോലിയില്ലാത്ത.

നിരഞ്ജന-വി. നിർമ്മലതയുള്ള, തെളിവുള്ള.

നിരഞ്ജനൻ-ദൈവം.

നിർ + അഞ്ജനൻ, അഞ്ജനം=(താൽപര്യംകൊണ്ട്. മഷി=കളങ്കം) നിർമ്മലൻ എന്നു സാരം.

രഞ്ജനയില്ലാത്തവൻ എന്നു വ്യാഖ്യാനിക്കുമ്പോൾ 'നിർ' എന്നതു ഉപസർഗ്ഗയോഗത്തിൽ നിരഞ്ജനൻ എന്നു വന്നേക്കാം. നിർ അഭാവാർത്ഥം താൽപര്യം കൊണ്ടു കല്പിച്ചു ക്ലേശിക്കുന്നതായാൽ ആ അർത്ഥവും ഗ്രാഹ്യമാകുന്നു.

നിരഞ്ജനാ-പ്ര. പെരുങ്കുറിഞ്ഞി. പ. ദുർഗ്ഗ.

നിരട്ട്-പ്ര. കെട്ട്. പ. വസ്ത്രത്തിന്മേൽ ഞൊറ്റ് തുടങ്ങിയതു കെട്ടുകയും വളരെയുള്ള തുണി.

നിരതം-വി. താൽപര്യമുള്ള.

നിരതി-അധികമായ താൽപര്യം, ആസ്ഥ,

നിരതിശയ-വി. എതിരില്ലാത്ത.

നിരത്തൽ-പ്ര. സമമാക്കുക. പ. ഇണക്കുക.

നിരത്ത്-രാജവീഥി, നടക്കാവ്.

നിരത്തുക-വി. വഴി തെറ്റിയ.

നിരനിരപ്പ്-തുല്യത.

നിരന്ത, നിരന്തക-വി. അന്തകനില്ലാത്ത, നാശമില്ലാത്ത.

നിരന്തണൻ-രാക്ഷസൻ.

നിരന്തര-വി. ക. നിറഞ്ഞിരിക്കുന്ന, ഇടക്കുടാതെ തിങ്ങിയ, ഇടതൂർന്ന ഖ. ഇടയിടാതെ, എപ്പോഴുമുള്ള. ന. മറവില്ലാത്ത. ഘ. ഭേദമില്ലാത്ത.

നിരന്തരം-ഇടതൂർന്നത്.

നിരന്തരാളം-ഇടതൂർന്നത്.

നിരപത്രപ-വി. ക. ലജ്ജയില്ലാത്ത. ഖ. ധൈര്യമുള്ള.

നിരപരാധൻ-കുറ്റം ചെയ്യാത്തവൻ.
'നിരപരാധനായരാമൻ'
(രാമചരിതം മഹാകാവ്യം)

നിരപരാധം-കുറ്റമില്ലായ്മ.

നിരപലക-പുരയ്ക്കുമേലും നിരപ്പണിയുന്നതിനായിട്ടും പണിതതായിട്ടുമുള്ള മരപ്പലക.

നിരപ്പ്-സമം, പ്പം, ചേർച്ച.

നിരപ്പൻ-ചീപ്പ്.

നിരപ്പാക്കുന്നു-ക. സമമാക്കുന്നു. ഖ. തമ്മിൽ ചേർച്ചയാക്കുന്നു. ന. മിനുസമാക്കുന്നു. (സ. ക്രി. നിരപ്പാക്കുന്നു.)

നിരപ്പുകേട്-നീരസം, യോജിപ്പില്ലായ്മ, തമ്മിൽ സമ്മതമില്ലായ്മ.

നിരപ്പെ-അ. നടപ്പായിട്ട്, എല്ലാടവും.

നിരംബര-വി. നഗ്നമായ.

നിരയം-നരകം, ശ്രാദ്ധാദിവിധിയില്ലാത്തത്.

നിരയുന്നു-നിരത്തൊട്ടാകുന്നു. (കാ. ക്രി. നിരയ്ക്കുന്നു, നിരപ്പിക്കുന്നു.)

നിരർഗ്ഗള-വി. ക. തടവില്ലാത്ത. അർഗ്ഗള (പ്രതിബന്ധം) ഇല്ലാത്തത് എന്നർത്ഥം. മറ്റൊരു പര്യായം=അബാധം. ഖ. സംക്ഷയില്ലാത്ത.

നിരർത്ഥ(ക)-വി. അർത്ഥമില്ലാത്ത, പ്രയോജനമില്ലാത്ത.

നിരർത്ഥകൻ-വിഡ്ഢി.

നിരവ്-നേർവര.

നിരവഗ്രഹ-വി. ക. തന്നിഷ്ടമായുള്ള. ഖ. സ്വതിക്ഷമായുള്ള. ന. പ്രതിബന്ധമില്ലാത്ത.

നിരവഗ്രഹൻ-സ്വതന്ത്രൻ. പ്രതിബന്ധമില്ലാത്തവൻ എന്നർത്ഥം.

നിരവദ്യ-വി. നിർദ്ദോഷമായ.

നിരവധി-വി. അവധിയില്ലാത്ത.

നിരവധികം-അസംഖ്യം.

നിരവയവം-ക. രൂപകം എന്ന അലങ്കാരത്തിൽ ഒരു വിധം. ഖ. അവയവമില്ലാത്തത്.

നിരവശേഷം-വി. ശേഷിപ്പില്ലാതെ, മുട്ടുക്ക്, മുഴുവനും, പൂർണ്ണമായ.

നിരവഷ്ടാനി(ലി)കാ-വേലി, വേലിയിലേ ചുവര്.

നിരവ്യയ-വി. നിത്യമായ ചെലവ്.

നിരഷ്ട-വി. ക. ചിതറിപ്പോയ. ഖ. അടിക്കളഞ്ഞ.

നിരഷ്ടം-വി. ഇരുപത്തുനാലുവയസ്സായ കതിര.

നിരസന-വി. നിരസിക്കുന്ന, തള്ളിക്കളയുന്ന, ഇടിച്ചുപറയുന്ന.

നിരസനം-നിഷേധം, തള്ളൽ, നിന്ദ, ഇടിച്ചുപറക. നിരസിക്കുക എന്നർത്ഥം.

നിരസം-രസമില്ലായ്മ.

നിരസിക്കുന്നു-നിഷേധിക്കുന്നു, നിന്ദിക്കുന്നു, തള്ളുന്നു.

നിരസ്ത-വി. ക. നിരസിക്കപ്പെട്ട, നിഷേധിക്കപ്പെട്ട. ഖ. ഏറിയപ്പെട്ട. ന. എയ്തപ്പെട്ട. ഘ. ഉഴറിപ്പോടപ്പെട്ട.

നിരസ്സം-പ. ബലാൽപ്പെട്ട പറയുന്നവാക്ക്. മറെറാരു പയ്യായം- 'പ്രതിരോധിതം'. നിരസ്സം എന്നാൽ ബലാൽപ്പാടുകൊണ്ടിരുപേക്ഷിക്കപ്പെട്ട അക്ഷരപദങ്ങളോടു കൂടിയതു് എന്നർത്ഥം. ഉ. തൊട്ടുത്തുവിട്ട അമ്പു്. അയയ്ക്കപ്പെട്ടതു് എന്നർത്ഥം.

നിരഹംകാരം-അഹങ്കാരമില്ലായ്മ.

നിരാകരണം-ധിക്കാരം, ഉപേക്ഷ.

നിരാകരിക്കുന്നു-ഉപേക്ഷിക്കുന്നു, നിരസിക്കുന്നു.

നിരാകരിച്ചു-വി. നിരാകരിക്കുന്ന.

നിരാകരിച്ചു-ഉപേക്ഷിക്കുശീലമായിട്ടുള്ളവൻ. മറെറാരു പയ്യായം-ക്ഷിപ്നു (ക്ഷിപ്ണു).

നിരാകാര-വി. ആകൃതിയില്ലാത്ത.

നിരാകാരൻ-ഭഗവാൻ.

നിരാകാരം-തള്ളൽ, ആക്ഷേപം.

നിരാകാശ-പ. സ്ഥലം നിറഞ്ഞ. ഉ. മതിയായ സ്ഥലം (ഇടം) ഇല്ലാത്ത.

നിരാകുല-വി. ആകുലംകൂടാത്ത.

നിരാകൃത-വി. പ. നിരാകരിക്കപ്പെട്ട, തള്ളപ്പെട്ട. ഉ. നിന്ദിക്കപ്പെട്ട. ന. കളയപ്പെട്ട.

നിരാകൃതി-വി. പ. ആകൃതിയില്ലാത്ത, രൂപമില്ലാത്ത. ഉ. വേഷം നല്ലവണ്ണം പഠിച്ചിട്ടില്ലാത്ത, വേഷാലങ്കാരമില്ലാത്ത.

നിരാകൃതി-പ. ഉപേക്ഷ. ഉ. നിന്ദ.

നിരാക്രന്ദ-വി. കരയാത്ത.

നിരാഗ-വി. രാഗമില്ലാത്ത, വികാരശൂന്യമായ.

നിരാഘാട-വി. അതിതീക്ഷ്ണതയില്ലാത്ത.

നിരാചാര-വി. ആചാരമില്ലാത്ത.

നിരാതങ്ക-വി. പ. ഭയമില്ലാത്ത. ഉ. രോഗമില്ലാത്ത.

നിരാതപ-വി. പ. വെയിലില്ലാത്ത. ഉ. ചൂടുവെയിലില്ലാത്ത.

നിരാദര-വി. ആദരവില്ലാത്ത.

നിരാദിക-വി. ആദിയില്ലാത്ത, ഈശ്വരതുല്യമായ.

നിരാലേശം-കടം മുഴുവൻ വീട്ടുക.

നിരാധാര-വി. ആധാരമില്ലാത്ത, അടിയിൽ താങ്ങില്ലാത്ത.

നിരാനന്ദ-വി. ആനന്ദം (സന്തോഷം) ഇല്ലാത്ത.

നിരാമം-പ. ഒരു നേത്രരോഗം.

ചൊറിച്ചിൽ, കണ്ണുകൾക്കു മന്ദതയായ വേദന മുതലായതുണ്ടായിരിക്കും.

ഉ. ഒരുവക ജ്വരം.

ജ്വരം തുടങ്ങി ഏഴു കഴിഞ്ഞാൽ അതിനു നിരാമജ്വരമെന്നു പേർ.

നിരാമയ-വി. പ. ദുഃഖമില്ലാത്ത, പരിശുദ്ധമായ. ഉ. രോഗം മാറി സുഖപ്പെട്ട.

നിരാമാലു-വ്യക്ഷവിശേഷം.

നിരാലംബ-വി. ആശ്രയമില്ലാത്ത.

നിരാലംബാ-ആകാശമാണ്ടി.

നിരാശ-വി. ആശയില്ലാത്ത, ആഗ്രഹമില്ലാത്ത.

നിരാശ്രയ-വി. സഹായമില്ലാത്ത.

നിരാസം-നിരസനം, നിഷ്കാസനം.

നിരാഹാര-വി. ഭക്ഷിക്കാത്ത.

നിരിംഗിണീ(നീ)-മൂടുപടം.

നിരീക്ഷണം-നല്ലവണ്ണമുള്ള നോട്ടം.

നിരീക്ഷിക്കുന്നു-നല്ലവണ്ണം നോക്കുന്നു.

നിരീക്ഷിത-വി. നോക്കപ്പെട്ട, കാണപ്പെട്ട.

നിരീശം, നിരീഷം-കൊഴു. (കരിയറ യുടെ പേരെന്നും അഭിപ്രായമുണ്ട്.)

നിരീശ്വര-വി. ഈശ്വരൻ ഇല്ലെന്നുള്ള, നാസ്തികമായ.

നിരീഹ-വി. ഒന്നിലും ഇച്ഛയില്ലാത്ത, ആഗ്രഹമില്ലാത്ത.

നിരീഹത, നിരീഹതാ-ആഗ്രഹമില്ലായ്മ.

നിരുക്ത-വി. പറയപ്പെട്ട, വിസ്തരിച്ചു പറയപ്പെട്ട.

നിരുക്തം-പ. ആറംഗങ്ങളിൽ ഒന്ന്. ര. വിവരണം.

നിരുക്തം എന്ന വേദാംഗം വേദത്തിലെ കഠിനപദങ്ങളുടെ വ്യാഖ്യാനം കൊടുക്കുന്ന ഒരു നിഘണ്ടു ആകുന്നു.

നിരുക്തി-വേദാംഗം.

നിരുച്ഛ്വാസ-വി. ശ്വാസമില്ലാത്ത.

നിരുത്സവ-വി. ഉത്സവമില്ലാത്ത.

നിരുൽസാഹ-വി. ഉൽസാഹമില്ലാത്ത.

നിരുൽസുക-വി. പ്രതിപത്തിയില്ലാത്ത.

നിരുതി-നിർഋതി.

നിരുത്തര-വി. ഉത്തരമില്ലാത്ത.

നിരുദക-വി. ജലമില്ലാത്ത.

നിരുദ്ധ-വി. പ. തടുക്കപ്പെട്ട. ര. പാരവിലാക്കപ്പെട്ട.

നിരുദ്ധഗുദാ-ഒരു ക്ഷുദ്രരോഗം.

ഈ രോഗത്തിൽ മലം വളരെ പണിപ്പെട്ടു പോകും.

നിരുദ്ധപ്രകാശം-ഒരു ക്ഷുദ്രരോഗം.

ഈ രോഗത്തിൽ മൂത്രം വേദനയോടുകൂടി തുള്ളിതുള്ളിയായി വീഴും.

നിരുദ്ധി-നിരോധം.

നിരുദ്യോഗ-വി. കാരണമില്ലാത്ത.

നിരുപദ്രവ-വി. ഉപദ്രവമില്ലാത്ത

നിരുപധി-വി. ചതിവില്ലാത്ത, കപടമില്ലാത്ത, നേരുമാർഗ്ഗമുള്ള.

നിരുപപ്ലവ-വി. നാശമില്ലാത്ത.

നിരുപമ-വി. തുല്യമില്ലാത്ത.

നിരുപേക്ഷ-ഉപേക്ഷയില്ലായ്മ.

നിരുദ്ധ-വി. സഹായത്തമായുള്ള, അന്യത്രവിച്ചു നിൽക്കുന്ന.

നിരൂപണം-പ. വിചാരം. ര. നിശ്ചയം. ന. കാഴ്ച.

നിരൂപിക്കുന്നു-വിചാരിക്കുന്നു.

നിരൂപിത-വി. വിചാരിക്കപ്പെട്ട.

നിരൂഹണം-പ. നിർണ്ണയം. ര. എണ്ണക്കുടാത്ത വസ്തിപ്രയോഗം.

നിരൃണാ-അവകാശപ്പെടുത്തത്.

നിരൃതി-പ. ലോകത്തിന്റെ തെക്കുപടിഞ്ഞാറെ കോണിലുള്ള ദിക്പാലകൻ. രാക്ഷസന്മാരുടെ പതി. ര. ജീർണ്ണത, നാശം. ന. ആപത്ത്, ശാപം. ർ. നരകദേവത, ജ്യേഷ്ഠാദേവതി, അലക്ഷ്മി. കൃപയില്ലാത്തത്, ശുഭമില്ലാത്തത്, സന്മാർഗ്ഗത്തിൽ നിന്നു ഒഴിഞ്ഞത് ഇങ്ങനെ ശബ്ദാർത്ഥം.

നിരൃതി എന്നതിനു മരണം എന്നർത്ഥം കാണുന്നു. അധർമ്മത്തിന്റെ ഭാര്യയാണെന്നും പുത്രിയാണെന്നും കൂടി പറയപ്പെട്ടുന്നുണ്ട്.

നിരൃതികോണ്-തെക്കുപടിഞ്ഞാറേ ദിക്ക്.

നിരോധാ, നിരോധനം-പ. തടവ്. ര. വിരോധം. ന. അറപ്പ്. ർ. ഉപദ്രവം. ൽ. വിനാശം ന അപ്രിയം. ൾ. ഇച്ഛാഭംഗം.

നിരോധിക്കുന്നു-തടുക്കുന്നു, നഗരത്തിനു മാറും ചുറ്റും സൈന്യങ്ങൾ വളയുന്നു.

നിർഗ്ഗത-വി. പുറപ്പെട്ട.

നിർഗ്ഗതി-വി. ഗതിയില്ലാത്ത.

നിർഗ്ഗതി-ദാരിദ്ര്യം, ഗതികേട്.

നിർഗ്ഗന്ധ-വി. മണമില്ലാത്ത.
നിർഗ്ഗന്ധനം-കൊല, ഹിംസ.
നിർഗ്ഗന്ധപുഷ്പി-ഇലവ്.
നിർഗ്ഗന്ധം-വെൺചന്ദനം.
നിർഗ്ഗമ(ന)ം-പുറപ്പാട്.
നിർഗ്ഗമിക്കുന്ന-പുറപ്പെടുന്ന, പോകുന്ന.
നിർഗ്ഗർവ്-വി. ഗർവ്വമില്ലാത്ത.
നിർഗ്ഗവാക്ഷ-വി. മനസില്ലാത്ത.
നിർഗ്ഗുണ്ഡീ(ണ്ഡീ)- പ. കരിനൊച്ചി. ര. നൊച്ചി.
നിർഗ്ഗുണ-വി. ഗുണമില്ലാത്ത
നിർഗ്ഗുണത്വം-ഗുണമില്ലായ്മ.
നിർഗ്ഗുണൻ-ദൈവം. മായാസംബന്ധമായ ഗുണമില്ലാത്തവൻ എന്നർത്ഥം.
നിർഗ്ഗുണ്ടി-പ. കരിനൊച്ചി. ര. ചേമന്തി
നിർഗ്ഗുണ്ഡീ-പ. വെളുത്ത നൊച്ചി. ര. താമരക്കിഴങ്ങ്. ന. ചേമന്തി.
നിർഗ്ഘരവ-വി. ഘർഘരവമില്ലാത്ത.
നിർഗ്രഥൻ-ബുദ്ധിശൂന്യൻ.
നിർഗ്രന്ഥ-വി. കെട്ടഴിഞ്ഞ.
നിർഗ്രന്ഥകൻ-സമർത്ഥൻ.
നിർഗ്രന്ഥനം-കൊല, ഹിംസ.
നിർഘാടം-പ. കൂട്ടം. ര. സൂചീപത്രം. ന. മനസ്സുറപ്പുള്ള ചന്ത.
നിർഘാതം-ഇടിമുഴക്കം.
നിർഘൃണ-വി. പ. ദയയില്ലാത്ത. ര. സ്നേഹമില്ലാത്ത, നന്ദികെട്ട.
നിർഘൃണത-പ. ദയയില്ലായ്മ, ര. സ്നേഹമില്ലായ്മ, നന്ദികേട്.
നിർഘോഷം-പ. ഒച്ച. ര. ഒച്ചയില്ലായ്മ, ന. ശാന്തമായ.
നിർജ്ജനദേശം-മനുഷ്യരില്ലാത്ത മിക്ക്.
നിർജ്ജനം-വി. ജനമില്ലാത്ത.
നിർജ്ജയം-തോൽവി.
നിർജ്ജര-വി. പ. ജരയില്ലാത്ത. ര. മരണമില്ലാത്ത, നാശമില്ലാത്ത.
നിർജ്ജരദീവ്പികാ-ആകാശഗംഗ.
നിർജ്ജരൻ-ദേവൻ. ജരാകൃതിയില്ലാത്തവനെന്നർത്ഥം.
നിർജ്ജരാ-പ ചിറ്റാമൃത്. ര. നിലപ്പന.
നിർജ്ജരാരി-അസുരൻ
നിർജ്ജരേന്ദ്രൻ-ദേവേന്ദ്രൻ.
നിർജ്ജരൌഘം-ദേവക്കൂട്ടം.
നിർജ്ജലം-വി. വെള്ളമില്ലാത്ത.
നിർജ്ജാതം-വി: കാണപ്പെട്ട, വന്ന.
നിർജ്ജിത-വി. ജയിക്കപ്പെട്ട.
നിർജ്ജിതേന്ദ്രിയ-വി. ഇന്ദ്രിയങ്ങളെ ജയിച്ച.
നിർജ്ജിവഹം-തവള.
നിർജ്ജീവ-വി. ചത്ത, മോഹാലസ്യമോ ഭയമോ നിമിത്തം ചത്തപോലെ കിടക്കുന്ന.
നിർജ്ജ്വര-വി. പനിയില്ലാത്ത.
നിർദ്ധര-പ. അരിവിത്തറ, കപ്പൽ, മുറവ്. ര. മുറുകഴി. ക്രമത്തിൽ കുറഞ്ഞു കുറഞ്ഞു വരുന്നതെന്നർത്ഥം.
നിർദ്ധരി, നിർദ്ധരിണി-അരിവിയത്തറ, നദി.
നിർണ്ണയപാദം-തീർപ്പ്, വിധി.
നിർണ്ണയ(ന)ം-നിശ്ചയം, നിശ്ചയാത്മകജ്ഞാനം (നിർ+നയം) ബുദ്ധിയുടെ മറുകരയെ നല്ലവണ്ണം നയിക്കുന്നത് എന്നർത്ഥം.

നിശ്ചയമുണ്ടാകണമെങ്കിൽ ബുദ്ധിയുടെ പരമകാഷ്ഠയിൽ പ്രവേശം സിദ്ധിക്കണമല്ലോ.

നിർണ്ണയിക്കുന്ന-നിശ്ചയിക്കുന്ന.

നിണ്ണായനം-നിശ്ചയം.

നിണ്ണിക്തം-വി. തെളിയിക്കപ്പെട്ട, ചളികളഞ്ഞു തുടച്ചുവെടിപ്പാക്കിയ.

നിണ്ണിത-വി. നിശ്ചയിക്കപ്പെട്ട.

നിണ്ണേകം-ക്ര. കഴുകുക, തുടയ്ക്കുക. ക. സ്നാനം.

നിണ്ണേജകൻ- അലക്കുകാരൻ. വസ്ത്രങ്ങൾ തുടച്ചുവെടിപ്പാക്കുന്നവൻ എന്നർത്ഥം. മറ്റൊരു പര്യായം-രജകൻ.

നിണ്ണേജനം-ക്ര. അലക്ക്, കഴുകൽ ക, പാപനിവൃത്തി, പ്രായശ്ചിത്തം.

നിത്തശ്ശ-വി. ക്ര. എരിച്ചു. ക. എരിക്കാത്ത. ന. ദഹിച്ചു, ദഹിപ്പിക്കപ്പെട്ട.

നിത്തട(ഡ)-വി. ക്ര. ഭയമില്ലാത്ത. ക. അസൂയയുള്ള ന. തലക്കു ലഹരിയുള്ള ഭ. പ്രയോജനമില്ലാത്ത.

നിത്തയ-വി. കരുണയില്ലാത്ത.

നിത്തര-വി. ക്ര. കടപ്പെടാത്ത. ക. ലജ്ജയില്ലാത്ത. ന. കനിവില്ലാത്ത

നിത്തരി-ക്ര. ഉഴുക. ക. വെള്ളപ്പാച്ചിൽ.

നിത്തലനം-ക്ര. പിളർക്കുക, ഉടയ്ക്കുക. ക. നശിപ്പിക്കുക.

നിത്തശ-വി. പത്തുനാൾചെന്ന.

നിത്താരിത-വി. ക്ര. കീറിയ. ക. പിളർന്ന. ന. ചീന്തപ്പെട്ട. ഭ. പിളർക്കപ്പെട്ട.

നിത്തിശ്ശ-വി. ക്ര. പുഴുതുള്ള. ക. പൂശിയ, പൂരട്ടിയ.

നിത്തിഷ്ട-വി. ക്ര. കല്പിച്ചയക്കപ്പെട്ട, അയക്കപ്പെട്ട. ക. ചൂണ്ടിക്കാണിക്കപ്പെട്ട. ന. വിശേഷാൽ ചൊല്ലപ്പെട്ട, വകതിരിക്കപ്പെട്ട. ഭ. വിവരിക്കപ്പെട്ട. ഫ. സ്ഥാപിക്കപ്പെട്ട.

നിത്തേവതാ-ദേവന്മാർ ഇല്ലാതുള്ള സ്ഥിതി.

നിത്തേശകം-(വ്യാകരണത്തിൽ) 'പ്രകൃതം' എന്നതിൽ തെറ്റിയിടം.

നിത്തേശം-ക്ര. ആജ്ഞ, കല്പന ഇന്നിന്ന പ്രകാരമെന്നു ഉപദേശിക്കപ്പെടുന്നതെന്നർത്ഥം. ക. ചൂണ്ടിക്കാണിക്ക. ന. ഉപദേശം. ഭ. വ്യവസ്ഥിതി. ഫ അന്തികം, സമീപസ്ഥലം. ബ. വകതിരിവ്. ഭ. വിവരണം. വ. സ്ഥാപനം.

നിത്തേശികവിഭക്തി-പ്രഥമവിഭക്തി.

നിത്തേശിക്കുന്നു-കല്പിക്കുന്നു, പ്രത്യേകമായിട്ടു ചൂണ്ടിക്കാണിക്കയോ പറകയോ ചെയ്യുന്നു.

നിത്തേഷ്ടാവു്-കാണിക്കുന്നവൻ, നിർദ്ദേശിക്കുന്നവൻ.

നിത്തോഷ-വി. ദോഷമില്ലാത്ത, കുറവില്ലാത്ത.

നിത്തോഷി-ദോഷമില്ലാത്തവൻ.

നിത്തോഷിണി-ദോഷമില്ലാത്തവൾ.

നിർദ്ധന-വി ധനമില്ലാത്ത.

നിർദ്ധാര(ണ)ം-ക്ര നിശ്ചയം. ക. വകതിരിപ്പു(വു്).

നിർദ്ധാരിത-വി. തിരിച്ചറിയപ്പെട്ട.

നിർദ്ധായ്യ-വി. ക്ര. ധീരതയുള്ള. ക. ഉത്സാഹമുള്ള.

നിർദ്ധായ്യൻ-ദുഃഖാദികളിൽ യാതൊന്നു ദേവദേവനുണ്ടാകാത്ത ഏതയത്നത്തോടെ കർത്തവ്യകർമ്മങ്ങളെ യഥാവസരം ചെയ്യുന്നവൻ. നിർവ്വാണൻ എന്നതിന്റെ പര്യായം.

നിർദ്ധാരു-വി. ക്ര. ധീരതയുള്ള ക. ഉത്സാഹമുള്ള.

നിർദ്ധൂത-വി. ക്ര. തൃജിക്കപ്പെട്ട. ക. കടയപ്പെട്ട, ഇളക്കപ്പെട്ട ന. ഉടയ്ക്കപ്പെട്ട. ഭ. എറിയപ്പെട്ട.

നിർദ്ധൂതൻ-മിത്രങ്ങളും ബന്ധുക്കളും അപേക്ഷിച്ചു തെറ്റിയവൻ.

നിഷ്ക്രമം-വി. പുകയില്ലാത്ത.
നിഷ്ക്രിയ-തീരെ (നന്നായി) പൊടിയായ
നിർഘൃത-വി. ക. നന്നായി വെളുപ്പിക്കപ്പെട്ട. ഖ. കഴുകപ്പെട്ട.
നിർദ്വന്ദ്വൻ-ഈശ്വരൻ, രണ്ടെന്നില്ലാത്തവൻ (പരമാത്മാവൊന്നല്ലാതെ ലോകത്തിൽ രണ്ടുമായി ഒന്നുംതന്നെ ഇല്ലെന്നുള്ളവൻ).
നിർന്നിമേഷം-മീൻ. കണ്ണടയ്ക്കാത്തത് എന്നു വ്യുൽപ്പത്തി.
നിർബന്ധം-ക. ക്രൂടിയേ കഴിയൂ എന്നു തീർത്തുപിടിക്കുക. ഖ. വഴക്ക്. ന. ശാഠ്യം. ര. അലട്ട്, മുട്ടിപ്പ്.
നിർബന്ധിക്കുന്നു - തീർത്തുപിടിക്കുന്നു, സ്വാധീനിക്കുന്നു.
നിർബന്ധിതം-നിർബന്ധിക്കപ്പെട്ടത്.
നിർബാധ-വി. ഉപദ്രവം ക്രൂടാത്ത.
നിർഭഗ-വി. ഒടിച്ചു, തകർത്ത.
നിർഭര-വി. മുഴുപ്പുള്ള.
നിർഭർത്സനം(നാ)-ക. ചീത്തവാക്ക്, അപകാരശബ്ദങ്ങളെക്കൊണ്ടുള്ള ഭയപ്പെടുത്തൽ, നിന്ദിച്ചു പറക, നിന്ദ. ഖ. കഠിനമായ അരാക്ക്.
നിർഭർത്സിക്കുന്നു-ശകാരിക്കുന്നു, നിന്ദിക്കുന്നു
നിർഭർത്സിത-വി നിന്ദിക്കപ്പെട്ട.
നിർഭയ-വി. ഭയമില്ലാത്ത.
നിർഭര-വി. അധികമായ, പൊതുകിയ.
നിർഭരം-അ. ഏറ്റവും.
നിർഭാഗ്യ-വി ഭാഗ്യമില്ലാത്ത.
നിർഭാസൻ-ശോഭിക്കുന്നവൻ.
നിർഭിന്ന-വി. ഒടിക്കപ്പെട്ട, നാശമാക്കപ്പെട്ട, ഉടയ്ക്കപ്പെട്ട.
നിർമ്മഗ്ന-വി. ക. വളയ്ക്കപ്പെട്ട. ഖ. വിശ്വാസമാക്കപ്പെട്ട ന. നേരുള്ള
നിർഭേദം-വി. ഭേദമില്ലാതെ, നിഷ്പക്ഷപാതമായി.
നിർമ്മഗ്നൻ-നിശ്ലേഷം മുങ്ങിയവൻ.
'നിർമ്മഗ്നനായ്ക്കണ്ടു വിസ്മയം തേടിനാൻ'. (രാമായണം)
നിർമ്മത്സരത-തമ്മിൽ മത്സരമില്ലായ്മ,
നിർമ്മത്സരൻ-മത്സരമില്ലാത്തവൻ.
നിർമ്മത്സരം-തമ്മിൽ മത്സരമില്ലാതെ.
നിർമ്മദ-വി. അഹംകാരമില്ലാത്ത.
നിർമ്മദൻ-ക. മദമില്ലാത്തവൻ, ഖ. മദം അടങ്ങിയ ആന.
നിർമ്മക്ഷ്യാ-പഴഞ്ചൊല്ലാടി.
നിർമ്മന്ഥദാരു-അരണി.
നിർമ്മമ-വി. ക. ഒന്നിലും അഭിമാനമില്ലാത്ത, ഖ. സ്നേഹമില്ലാത്ത.
നിർമ്മുദ, നിർമ്മുദം-വി. അപമുദ, ക്രമക്കേട്.
നിർമ്മല-വി. ക ദോഷമില്ലാത്ത ഖ. അഴുക്കില്ലാത്ത, ചെളിയില്ലാത്ത ന പാപമില്ലാത്ത. ര. തെളിഞ്ഞ.
നിർമ്മലത-ക. ദോഷമില്ലായ്മ. ഖ. പാപമില്ലായ്മ. ന തെളിവ്, അഴുക്കില്ലായ്മ.
നിർമ്മഥൻ-ക പരിത്രാണൻ. ഖ അലക്കുന്നവൻ.
നിർമ്മലം-ക. പരിത്രാണം. ഖ. നിർമ്മാല്യം.
നിർമ്മലോപലം-സ്ഫടികം.
നിർമ്മാണം-ക. സൃഷ്ടി, ഉണ്ടാക്കുക. ഖ. നഗ്നഭാവം (നിർമ്മാനം) ന. മുണ്ടുടുക്കുട്ടുവുതൽ.
നിർമ്മാണി-വി ദരിദ്രതയുള്ള.
നിർമ്മാതാവു്-ഉണ്ടാക്കുന്നവൻ, നിർമ്മിക്കുന്നവൻ.
നിർമ്മാർജ്ജനം തുത്തും തുടച്ചും വൃത്തിയാക്കുക
നിർമ്മായ-വി. വ്യാജമില്ലാത്ത.

നിർമ്മാല്യം-തലേദിവസം പൂജിച്ച പൂവും മറ്റും.

നിർമ്മാല്യാ-തോണിക്കപ്പല്ല്.

നിർമ്മിക്കുന്ന-ഉണ്ടാക്കുന്ന.

നിർമ്മിത-വി. ഉണ്ടാക്കപ്പെട്ട, നിർമ്മിക്കപ്പെട്ട.

നിർമ്മിതി-ഉണ്ടാക്കുക, സൃഷ്ടി.

നിർമ്മുക്ത-വി. ഫ. വിടുവിക്കപ്പെട്ട ര. ഉപേക്ഷിക്കപ്പെട്ട.

നിർമ്മുക്തൻ-ഫ. വിടുവിക്കപ്പെട്ടവൻ. ര. ഉപേക്ഷിക്കപ്പെട്ടവൻ, ന. പടം കഴിച്ച പാമ്പ്, വളയഴിച്ച പാമ്പ്. നിശ്ചയമായും മോചിക്കപ്പെട്ട (കഞ്ചുകത്തോട് കൂടിയ)വൻ എന്നർത്ഥം.

നിർമ്മുക്തം-ഫ. വിടുവിക്കപ്പെട്ടത്. ര ഉപേക്ഷിക്കപ്പെട്ടത്. ന. വളയഴിച്ച പാമ്പ്.

നിർമ്മുക്തി-ഫ. സ്വാതന്ത്ര്യം. ര. മോചനം.

നിർമ്മൂല-വി വേരടിയില്ലാത്ത, കാരണമില്ലാത്ത.

നിർമ്മൂലനം-വേരോടെ പറിച്ചുകളയുക, നശിപ്പിക്കുക.

നിർമ്മൂലനാശം-വംശോച്ഛേദം, വേരോടെ നശിക്കുക.

നിർമ്മൂല്യം-അ. അശേഷം, ഒന്നൊഴിയാതെ.

നിർമ്മോകം-പാമ്പിൻപടം, പാമ്പിൻവള (ചട്ട). നിശ്ചയമായും മോചിക്കപ്പെട്ടുന്നത് (വിടപ്പെടുന്നത്) എന്നർത്ഥം.

നിർയ്യാണം-ഫ. മരണം. ര. മോക്ഷം. ന. ആനയുടെ കണ്ണിനടുത്ത ഒരു മർമ്മം (കടക്കൺ പ്രദേശം) ർ. ശമനം.

നിർയ്യാതനം-ഫ. പകവീട്ടുക, വൈരശുദ്ധി (ഇങ്ങോട്ടു ചെയ്ത ഉപദ്രവത്തിനു തക്കവിധം അങ്ങോട്ടു പകരം വീട്ടുക). ര. ദാനം. ന. കൊല്ലുക. ർ. നിക്ഷേപം കൊടുക്കുക. ൽ. കടം വീട്ടുക. ൻ. സൂക്ഷിപ്പുകാരൻ തന്ന സാധനം ഉടമസ്ഥനു മടക്കിക്കൊടുക്കുക. പകരം വീട്ടുക എന്നു ശബ്ദാർത്ഥം. ൎ. കനകാഭികളെ കൊടുന്ന കയവ്. ൟ. ഇരിയ്ക്കുക.

നിർയ്യാതം-നിർഗ്ഗമം, പോയതു്,

'വളകളിടവിടംതന്നുനിർയ്യാതമായി'
(അമരുകശതകം)

നിർയ്യാതി-നിർഗ്ഗമനം, ഒരു സ്ഥലത്തുനിന്നുള്ള പുറപ്പാട്.

നിർയ്യാപണം-പുറത്താക്കുക, ആട്ടിക്കളകുക.

നിർയ്യാമകൻ-തോണിക്കാരൻ.

നിർയ്യാസം-ഫ. കഷായം. ര. വല്ല വൃക്ഷത്തിൻറെയും പശ. ന. കറ. ർ നീര് (ചാറ്). ഒരു ഔഷധത്തിനും ഈ പേർ പറയുന്നു.

നിർയ്യൂഥം-ഫ. മുടി, കിരീടം, ശിരോഭൂഷണം. ര. കഷായം. ന. ഉമ്മറവാതിൽ. ർ. (വല്ലതും തൂക്കിയിടുന്നതിനു) ചുമരിന്മേൽ തറയ്ക്കുന്ന ആണി. ഇതിലൂടെ ഗമിക്കുന്നതിനാൽ ഈ പേർ വന്നു. ൽ. മത്തവാരണങ്ങളും (ചാരിയിരിപ്പാനായി തറയ്ക്കുന്ന പലകകളിന്മേൽ അധികാരങ്ങളായ ചരിഞ്ഞ കാലുകളും)

നിർല്ലക്ഷണ-വി. ലക്ഷണമില്ലാത്ത.

നിർല്ലജ്ജ-വി. ലജ്ജയില്ലാത്ത.

നിർല്ലീന-വി. ഒന്നായിച്ചേർന്ന.

നിർല്ലീനത-ചേർച്ച.

നിർല്ലുന-വി. മുറിക്കപ്പെട്ട.

നിർല്ലേപ-വി. ഫ. പൂശിയ ര. രാഗമിദ്ധോക്തമില്ലാത്ത.

നിർവ്വാഹം-നടപടി.

നിർവ്വചനം-ഫ. പഴഞ്ചൊല്ല്. ര. സൂചീപത്രം. ന. ഉച്ചാരണം ർ. തുറന്നുകാണിയ്ക്കാത്ത വിവരണം.

നിവ്ചിക്ക-നന്നായി വിചാർച്ചു പറക.

നിവ്ചിക്കുന്ന-പറയുന്ന, ഏറക്കുറവില്ലാതെ വിവരിക്കുന്ന.

നിവ്പണം, നിവ്വാപണം, നിവ്വാപം- ദാനം. സുകൃതത്തിന്റെ വിത്തു വിതയ്ക്കുക എന്നത്ഥം.

നിവ്ണ്ണനം-ദർശനം, കാഴ്ച. സൂക്ഷിച്ചു നോക്കുക എന്നത്ഥം.

നിവ്ഹണം-പ. സമാപ്തി. ഉ. വഹിക്കുക.

നാടകത്തിന്റെ 'മുഖം പ്രതിമുഖം ഗർഭോ വിമർശ ഉപസംഹൃതിഃ' എന്ന അഞ്ചു സന്ധികളും ഉള്ളതിൽ അഞ്ചാമത്തേതായ ഉപസംഹൃതിയത്രേ നിവ്ഹണം.

നിവ്ഹിക്കുന്ന-സാധിക്കുന്ന, നിവർത്തിക്കുന്ന.

നിവ്ാണ-വി. പ. മരിച്ച. ഉ. കെട്ട. ന. പോയ. ർ. അസ്തമിച്ച.

നിവ്ാണൻ-ശാന്തനായ മുനി.

നിവ്ാണം-പ. മോക്ഷം. സകല ദുഃഖങ്ങളും ശോഷിക്കുന്ന സ്ഥിതി എന്നത്ഥം. അപുനർഭവം ഇതിൽനിന്നു നിഷ്ക്രമിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു എന്നുമാവാം. ഉ. അഗ്നിയുടെ കെടൽ. ന. കാണാതാവുക. ർ. മരണം. ള. ഒരുമ, യോജിപ്പ്. ഴ. ശാന്തമായ അഗ്നി.

നിവ്ാത-വി. കാറില്ലാത്ത.

നിവ്ാതാ-പ. ശാന്തത. ഉ. കാറില്ലാത്തിടം.

നിവ്ാദൻ-മൂകൻ, സംസാരിക്കാത്തവൻ.

നിവ്ാദം-പ. നിന്ദ. ചീത്തയായ വചനം എന്നത്ഥം. ഉ. അപവാദം, ഇല്ലാത്ത ദോഷത്തെ പറക. ന. തർക്കമില്ലായ്മ.

നിവ്ാനംചെയ്ക-ശമിക്കുക.

നിവ്ാപണം-പ. കെടുത്തുക, ശമിപ്പിക്കൽ.

'നിർവ്ാപണേ ന ഖലു യസ്യ പരം സമർത്ഥഃ' (കിമ്മീരവധം)

ഉ. കൊല, ഹിംസ. ന. വിതയ്ക്കുക, ചിതയ്ക.

നിവ്ാപം-പ. പിതൃപൂജ. ഉ. കെടുത്തുക, കെടുക്കുക (തീയെപ്പോലെ). ന. ഭിക്ഷ, ധർമ്മം, ദാനം.

നിവ്ായ്യ-വി. തടുത്തുകൂടാത്ത.

നിവ്ായ്യൻ-ദുഃഖാദികളിൽ യാതൊരു ഭാവഭേദവും സംഭവിക്കാത്ത ഹൃദയത്തോടു കൂടിയവനായി കർത്തവ്യകർമ്മങ്ങളെ യഥാവസരം നടത്തുന്നവൻ.

നിവ്ാസം-അന്യദേശവാസം.

നിവ്ാസനം-കൊല, വധം.

നിവ്ാഹം-ഒഴിച്ചിൽ, സാധിപ്പാനുള്ളവഴി

നിവ്കല്പ-വി. ഒരിക്കലും ഭേദം വന്നുപോകാത്ത, സംശയമറ.

നിവ്കല്പൻ-ഭേദമില്ലാത്തവൻ.

നിവ്കാര-വി. മാറമില്ലാത്ത, സ്വാഭാവികമായുള്ള.

നിവ്കിഞ്ചനം-വി. തടസ്സമില്ലാത്ത; തടസ്സമില്ലാതെ.

നിവ്കിചാരം-വി. വിചാരമില്ലാത്ത; വിചാരമില്ലാതെ.

നിവ്ിണ്ണ-വി. ബുദ്ധിമടിച്ച, ബുദ്ധി ക്ഷയിച്ച, വിരക്തിയുള്ള.

നിവ്ിണ്ണൻ-പ ബുദ്ധി മടിച്ചവൻ.

'കാന്തൻ നിവ്ിണ്ണനായ് സന്തപ്തനസരണിയുപേക്ഷിച്ചുദാസീനനാകേ'

(അമരുകശതകം)

ഉ. മുഷിഞ്ഞവൻ, വൈരാഗ്യബുദ്ധിയോടുകൂടിയവൻ.

നിവ്ിവാദം-വി. തർക്കമില്ലാത്ത.

നിവ്ിശങ്കാ-(ക്രി-വി.) വിശങ്ക (സംശയം) കൂടാതെ.

നിവ്ിശേഷം-അ. വിശേഷഗതിയില്ലാതെ, ഒരുപോലെ. ഉ-ം, പൂരുനിർവ്ിശേഷം (പൂരുനെപ്പോലെ തന്നെ).

നിവ്ിഷ-മഞ്ഞൾ, കസ്തൂരിമഞ്ഞൾ.

നിവിക്ഷാ എന്നതിനെ നിവേശിയെന്ന ഭാഷ കാണുന്നു. നിവേശി-വാതം കഫം, വ്രണം, രക്തദോഷം, നാനാപ്രകാരമുള്ള വിക്ഷാ ഇവയ്ക്കു നന്ന്. ഇല മുത്തങ്ങയുടെയുപോലെയും കിഴങ്ങ് അതിവിടയംപോലെയുമിരിക്കും. വെളുത്ത കിഴങ്ങുള്ളതിനെ പാൽനിവേശിയെന്നും കറുത്ത കിഴങ്ങുള്ളതിനെ നീലനിവേശി എന്നും പറയുന്നു.

നിവിഷ്ടാ-വി. ക. അനുഭവിച്ച, പ്രാപിച്ച, പരിചയിച്ച. ഉ. ക്രിയായിട്ടു ലഭിച്ച. ന. വിവാഹം ചെയ്യപ്പെട്ട.

നിവീര്യ-വി. വീര്യമില്ലാത്ത.

നിർവൃത-വി. സുഖമുള്ള, തൃപ്തിപ്പെട്ട.

നിർവൃതൻ-ക. ആനന്ദമയൻ. ഉ. തൃപ്തൻ.

'പരമാനന്ദസുനിർവൃതം നളേയം'
(നളചരിതം കഥകളി)

നിർവൃതി-ക ആനന്ദം, സുഖം. ഉ. മരണം. ന. പുറപ്പാട്.

നിർവൃത്ത-വി. ക. അവസാനിച്ച, സാധിക്കപ്പെട്ട, ചമയ്ക്കപ്പെട്ട. ഉ. സംസാരകാര്യത്തിൽ നിന്ന് ഒഴിഞ്ഞ,

നിർവൃത്തം-നിവർത്തിക്കപ്പെട്ടത്, സാധിക്കപ്പെട്ടത്, അവസാനിക്കപ്പെട്ടത്.

നിർവൃത്തി-ക. സിദ്ധി, പൂർത്തീകരണം. ഉ. അവസാനം.

നിവേദം-ക. വിനയം. ഉ. ആലസ്യം ന. വെറുപ്പ്, സുഖക്കേട്.

നിവേശം-ക. അനുഭവം. ഉ. അലങ്കാരം ന. ശബ്ദം. ഇതുനിമിത്തം ഭൃത്യന്മാർ ഉറച്ചു നില്ക്കുന്നതിനാൽ ഈ പേർ വന്നു. ര. മോഹാലസ്യം.

നിവേശി-ഒരു ഔഷധി. നിവിഷ എന്നതു നോക്കുക.

നിവ്യഥ-വി ദുഃഖമൊഴിഞ്ഞ.

നിവ്യഥനം-ക. ഭയം, സങ്കടം വരുത്തുവിപ്പിക്കുന്നസ്ഥലം, ഭയം ജനിക്കുന്നതു് ഇങ്ങിനെ അർത്ഥം. ഉ. ഒന്നിനേയും മില്ലായ്മ. ന. വലിയദുഃഖം.

നിവ്യസനം-വി. ദുഃഖംകൂടാത്ത.

നിവ്യളീക-അത്യാശ, ചതിവില്ലാത്ത

നിവ്യാജ-വി. വ്യാജം കൂടാത്ത.

നിവ്യാജം-പരമാർത്ഥം.

നിവ്യൂഢ-വി. ക. ഉപേക്ഷിക്കപ്പെട്ട ഉ. നിഗ്രഹിക്കപ്പെട്ട. ന. വർദ്ധിപ്പിക്കപ്പെട്ട. ര. പൂർത്തിയാക്കപ്പെട്ട.

നിഷ്ഠരിക്കുന്നു-ക. പുറത്തുകളയുന്നു. ഉ. മലമൂത്രാദികളെ കളയുന്നു.

നിഷ്ഠാദം-ഒഴിവാക്കുക, വയറിളക്കുക.

നിഷ്ഠാരം-ക. മലമൂത്രാദികളെ കളയുക, പുറത്താക്കുക. ഉ. അസ്ത്രം മുതലായവ തറച്ചാൽ അവയെ ഉപായത്തിൽ പുറത്തെയ്യെടുക്കുക, പുറത്തേയ്യെടുക്കുക.

നിഷ്ഠാരി-വി. ക. നിഷ്ഠരിക്കുന്ന ഉ. പലവകമണമുള്ള.

നിഷ്ഠാരി-ദൂരവ്യാപിയായ ശസ്ത്രത്തോടുകൂടിയവസ്തു. ഹൃദയത്തെ തുളച്ചു കടക്കുന്നതു് എന്നർത്ഥം.

നിഷ്ഠ്യൂത-ശബ്ദം.

നില-(ധാതു) വ്യവസ്ഥിതമാകുക, അവസാനിക്കുക.

നില-ക. നില്പ്, നില്ക്കുക. ഉ. അടക്കം. ന. സ്ഥിരത. ര. മട്ടുമര്യാദ. ങ. മാളികയുടെ തട്ട്, മാളിക യുടെ അകത്തിലോ പുറത്തോ ഒരാൾ ഇറങ്ങിനിന്നാൽ അയാളെ മൂടുന്നതിനു മാത്രം ജലമില്ലാതിരിക്കുന്ന സ്ഥിതി. ച. ആയുധാഭ്യാസികളുടെ നില്പിന്റെ ഭാവം. ഛ വഴിയിൽ ഏല്പിന്റെ സ്ഥലം ജ. കായ്യസ്ഥത. ഝ പ്രമാണം ഞ ത്തിൽ ഏകമനസ്സ്. ട. നില്ക്കുന്ന സ്ഥലം.

ക്രി. പാർക്കുന്ന സ്ഥലം. ക്ര കട്ടിള ക്കാൽ. ക്ര ഒരാളും രണ്ടുകയും കൂടിയ പൊക്കം. 'നിലതെറ്റുക=ശ്ലേഷം'. ക്രി. മുറ. ക്ര. വേണ്ടതു്.

നിലകട-നിലനില്പു്.

നിലകെട്ടവൻ-അസ്ഥിരൻ, ഒരിടത്തു നടക്കുന്നവൻ, ഒരുറപ്പുമില്ലാത്തവൻ, നിലയില്ലാത്തവൻ.

നിലകേട്ടു്-സ്ഥിരക്കേടു്, ക്ഷമയില്ലായ്ക, ചാപല്യം, പരിഭ്രമം.

നിലക്കടമ്പു്-ഒരുകടയു്.

കടമ്പിനുള്ള ഗുണമുണ്ടു്. വിശേഷിച്ചു പ്രമേഹത്തിനു നന്നു്. ചെറിയ വൃക്ഷമാണു്. ചെറിയ പൂവും കായും. സം-ഭൂമികദംബം.

നിലക്കടല-ഒരുമാതിരി എണ്ണക്കുരു. ഇതിന്റെ എണ്ണയെ പാണ്ടിയിൽ നല്ലെണ്ണപോലെ ഉപയോഗിക്കുന്നു. വറുത്താൽ പരിപ്പു തിന്മാൻ വളരെ സ്വാദുള്ളതാണു്.

നിലക്കരി ഒരുതരം കല്ക്കരി.

നിലക്കഴി-ക്ര. നിലത്തുള്ള കഴി, കണ്ടത്തിലെ കഴി, ഉരലും മറവും ഇട്ടുകനിമിത്തം ഉണ്ടാകുന്ന കഴി.

നിലക്കുറു്-ക്ര. നില്ക്കുന്ന സ്ഥലം. ഉ. നിലത്തിന്റെ സ്വഭാവം.

നിലച്ചീര-ഒരുമാതിരി ഇലക്കറി സാധനം

നിലച്ചുര-ഒരു ഫലശാകം.

ഇതു വയറിലും മറവുണ്ടാകുന്ന സന്നിപാതം, ദുരാരോഗം മുതലായവയ്ക്കു നന്നു്. ചുരയ്ക്കപോലെ ചെറുതായിരിക്കും. സം-ഭൂതുംബി.

നിലഞാവൽ-ഒരു പച്ചമരുന്നു്. നിലത്തോടു പറ്റിക്കിടക്കുന്ന ഞെവൽ. പര്യായങ്ങൾ-നാദേയീ, ഭൂമിജംബുകം.

നിലത്താമര-കരിലത്താമര.

നിലത്തെഴുത്തു്-എഴുത്തു പഠിപ്പാനായിട്ടു മണലിൽ എഴുതുക.

നിലനാരകം-ഒരു പച്ചമരുന്നു്.

നിലനിരപ്പു്-നിലത്തോടു സമം, സമഭൂമി, തറയുടെ നിരപ്പു്.

നിലനില്ക്കുന്നു-ക്ര. ഉറപ്പായി നില്ക്കുന്നു, ഇളകാതെ നില്ക്കുന്നു. ഉ. ഏറക്കാലം നില്ക്കുന്നു, സ്ഥിരമായി നില്ക്കുന്നു.

നിലനില്പു്-സ്ഥിരമായി നില്ക്കുക, ഉറച്ചു നില്ക്കുക.

നിലനിറുത്തുന്നു, നിലനിത്തുന്നു-അടക്കം വരുത്തുന്നു.

നിലനോക്കുന്നു-ക്ര. നദിയിലും മറവും ഇറങ്ങിക്കയറുന്നതിനു ജലം എത്രയുണ്ടെന്നു നോക്കുന്നു. ഉ. വല്ലതിന്റേയും ദോഷവും മറവും നോക്കുന്നു.

നിലന്തല്ലി-പുരത്തറയും മറവും അടിച്ചുറപ്പിക്കുന്നതിനായിട്ടു മരംകൊണ്ടുണ്ടാക്കുന്ന സാധനം.

നിലപാടു്-ക്ര. നില്ക്കുന്ന സ്ഥലം.

'അർജ്ജുനന്റെ നിലപാടം കാണായി'
(കുമാരാഹരണം പാന)

ഉ. നടപാടു്, ന. ന്ല്പു്.

നിലപാടുനില്ക്കുക-മാമങ്കത്തിൽ പെരുമാക്കന്മാർ സ്ഥാനാരോഹണംചെയ്തു നില്ക്കുന്നതിനു പറയുന്ന പേർ.

ആ സ്ഥലത്തിനു 'നിലപാടുതറ' എന്നു പേർ.

നിലപുല്ലു്-ഒരുമാതിരി തൈ.

നിലപ്പന-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-മുസലീ, താലമൂലികാ.

ഇതു് മധുരവും ശീതവും സ്നിഗ്ധവുമായി കരവുമതാണു്. പുഷ്ടിയേയും ബലത്തേയും ഉണ്ടാക്കും. കഫകരവുമാകുന്നു. വാതം, പിത്തരോഗങ്ങൾ, ചുട്ടുനീറൽ, രക്തദുഷ്ടി മുതലായവയ്ക്കു നന്നു്. വെളുപ്പു് ചെമപ്പു് ഇത്യാദി പലമാതിരിയിലുണ്ടു്. അതുകളെ പൂവിന്റെ നിറഭേദംകൊണ്ടു

റിയം. മെഴുത്തും കറുത്തും രണ്ടുതരമേയുള്ളൂ എന്നു മറ്റൊരഭിപ്രായം.

നിലപ്പുഴ–ഭവനത്തിന്റെ തറയിൽ ഉണ്ടാകുന്ന ഒരുവക ചെറിയ പ്രാണി.

നിലമ–സ്വഭാവം, സ്ഥിതി.

നിലമരം–നിലംപറ്റുന്ന മരം.

നിലമരി–വയറിളക്കുന്ന ഒരു മരുന്ന്.

നിലമാങ്ങ–ആണ്ടിലൊരിക്കൽ ഉണ്ടാകുന്ന ഒരുവക സസ്യം (ശാകഭേദം).

നിലമാടം–കൃഷിസ്ഥലങ്ങളിൽ കാവൽ കാക്കുന്നതിനായി ഉണ്ടാക്കുന്ന ചെറിയ കുടിൽ.

നിലമാളി–ഒരു ജാതിക്കാർക്കുള്ള ദേവത, ദേവി.

നിലമാറാൻ–ഒരുവക ചൊറിയുന്ന കിഴങ്ങുള്ള ചെടി.

നിലം–പ്ര. ഭവനത്തിന്റെ അകത്തും പുറവും തല്ലി നിരപ്പാക്കി നന്നാക്കീട്ടുള്ള സ്ഥലം. ഉ. കണ്ടം. സ. ഭൂമി.

നിലംകൃഷി–കണ്ടത്തിൽ മുഴുവിത്തു വിതയ്ക്കുയും മറ്റും ചെയ്യുന്നതു്.

നിലംപണ–നെല്ലുകുത്തുന്നതിനും ഉരലിടുന്നതിനുമായിട്ടു് ഉറപ്പിച്ചുണ്ടാക്കീട്ടുള്ള സ്ഥലം.

നിലംപരിചു്–വി. ഭൂമിയോടു ചേർന്നു, നിലനിരപ്പുള്ള.

നിലംപരണ്ട–പ്ര നിലത്തു പറ്റിയുണ്ടാകുന്ന ഒരു പച്ചുരുന്നു് ഉ. നിലമ്പാല. സ. മക്കിപ്പു.

നിലംപാതിരി–ഒരു ചെടി.

ഇതിന്റെ പൂവു ചെമന്നിരിക്കും. സം–ഭൂപാടലി.

നിലമ്പാല–പ്ര. മക്കിപ്പു ഉ. ഒരു ചെടി.

നിലപൂച്ച–മണ്ണിന്റെ അടിവഴി തുരന്നു സഞ്ചരിക്കുന്ന ഒരു ചെറിയ പ്രാണി.

നിലംപൊത്തുന്ന–താണ ജാതിക്കാർ ഉയർന്ന ജാതിക്കാരോടു 'കിടക്കുന്നു' എന്നും 'ഇരിക്കുന്നു' എന്നും പറയുന്ന ഒരുമാതിരി വാക്കു്.

നിലയകം–അകത്തെ മുറി, വാസസ്ഥാനം.

നിലയങ്കി–കാലിന്റെ അടിവരെയും എത്തുന്ന മുഴുക്കുപ്പായം.

നിലയ(ന)ം–ഭവനം. സുഖമായിട്ടു് ഇരിപ്പാനുള്ള സ്ഥലം എന്നർത്ഥം.

'നിശിപോയ് നിലയേവാഴ്കഭവാൻ'

(നളചരിതം കഥകളി)

നിലയം–പ്ര. ഭവനം. ഉ. പ്രയം, നാശം. സ. അസ്ഥിമനം. ശ. ഒളിക്കുന്ന സ്ഥലം. ഇ. ഒളിപ്പു്.

നിലയഴിവു്–തോഴി.

നിലയറ–നിലവറ. തട്ടുപുരയ്ക്കു കീഴിലുള്ള അറ (മുറി).

നിലയാകുന്ന–പ്ര. വരവുനില്ലുന്നു. ഉ. അവസാനിക്കുന്നു.

നിലയാവര–ചെറിയ അവര.

കുമി, ജ്വരം, കുഷ്ഠം, ചുമ, വിഷം മുതലായവയ്ക്കു നന്നു്. മലത്തെ ഇളക്കും.

നിലയ്ക്കുന്ന–പ്ര ഇല്ലാതെയാകുന്നു. ഉ. അവസാനിക്കുന്നു, നില്ലുമാറാകുന്നു.

നിലയ്പു്–നില, അവസാനം.

നിലവരം–പ്ര. വ്യവസ്ഥ. ഉ. ഉറപ്പു്. സ. തീർച്ച.

നിലവരുത്തുക–തീർച്ച ഉണ്ടാക്കുക.

നിലവറ–പുരമുറിയിൽ താഴെ തട്ടുള്ളതിന്റെ അടിയിലുള്ളസ്ഥലം. (സം–ഗുഹ)

നിലവാക–പ്ര ഒരുമാതിരി താളി. ഉ. ഒരു പച്ചുരുന്നു്.

നിലവാട്ടു–പ്ര. തറവാട്ടു. ഉ. നിലപാടു്

നിലവാട്ടുതറ–ക്ഷേത്രങ്ങളിൽ ബിംബം ആനപ്പുറത്തെഴുന്നള്ളിച്ചു നിറുത്തുവാനുള്ള സ്ഥലം.

നിലവിടുന്നു-അവനവൻ നില്ക്കുണ്ട നിലയിൽ നിന്നും മറ്റൊന്നു, വിവേകശക്തിയില്ലാതെ തെറിപ്പോകുന്നു.

നിലവിതാനം-നിരപ്പു്, താനിരപ്പു്.

നിലവിളക്കു്-തറയിൽ വയ്ക്കുന്നതിനുള്ള ഒട്ടുവിളക്കു്.

നിലവിളി-വലിയ വേദനയോ ഭയമോ ഉണ്ടാകുമ്പോൾ ഉറച്ചു പുറപ്പെടുവിക്കുന്ന ശബ്ദം.

നിലവിളിക്കുന്നു-ക്രി. ഉറക്കെ കരയുന്നു. ഉ. കരയുന്നു. നാ. ആവ്വായിടുന്നു (സംക്ഷി.) നിലവിളിപ്പിക്കുന്നു.

നിലവു്-ബാക്കി, കടിശ്ശിക, ചെലവു മിച്ചം.

നിലവെപ്പു്-ചട്ടം നിശ്ചയിക്കുക.

നിലവേപ്പു്-ക്രി. ഒരു പച്ചമരുന്നു്. ഉ. പുത്തരിച്ചുണ്ട. കിരിയാത്തു് എന്നും പറയുന്നു.

കഫം, പിത്തം രക്തദോഷം മുതലായവക്കു നന്നു്. സം-ക്ലിനിംബം. തമിഴിൽ നിലവേമു്. ഇം-Chirata 'ചിരെട'

നിലാത്തിരി-തീരെകാറ്റുത്തുമ്പോൾ നിലാവുപോലെ പ്രകാശിക്കുന്ന വെടിമരുന്നുകൊണ്ടുള്ള ഒരുമാതിരി തിരി.

നിലാമതി-ചന്ദ്രൻ.

നിലാമുറ്റം-വെൺകളിമാടം.

നിലാവു്-ചന്ദ്രന്റെ പ്രഭ. പ്രായേണ-ചന്ദ്രിക, കൌമുദി, മ്യൂൺലൈറ്റ്.

[നിലാവുമാളിക=ചന്ദ്രശാല, ശിരോഗൃഹം. നിലാവോടുകൂടിയ രാത്രി=മ്യൂൺലൈറ്റി. പദ്യങ്ങളിൽ നിലാവു് എന്നുപയോഗിക്കാറുണ്ടു്.]

'നിലാവെൻ കണ്ണിനുനീതാൻ'

(ഉത്തരരാമചരിതം)

നിലാവെളിച്ചം-ചന്ദ്രപ്രഭകൊണ്ടുള്ള ദിക്കു തെളിവു്, നിലാവിന്റെ വെളിച്ചം.

നിലിമ്പർ-ദേവകൾ.

നിലിമ്പാ, നിലിമ്പിക-പാർവ്വതി.

നിലീന-വി. ക്രി. ലയിച്ചിരിക്കുന്ന, അടങ്ങിയിരിക്കുന്ന, ചേർന്നുപറിയ. ഉ. മറഞ്ഞു. നാ. ഒളിച്ചു.

നിലോടി, നിലവടി-തെയ്ത്തുകാർ തിരിക്കുന്ന യന്ത്രത്തിന്റെ അടി.

നില്ക്കുവേ, നില്ക്കെ-അ. നില്ക്കുന്ന സമയത്തു്.

നില്ക്കുന്ന-വി. ക്രി. എഴുന്നേറ്റ. ഉ. ഇളകാത്ത. നാ. പാർക്കുന്ന, സ്ഥിതിചെയ്യുന്ന. ര. ഉള്ള. ഇ. അവസാനിക്കുന്ന.

നില്ക്കുന്നു-ക്രി. പാർക്കുന്നു, സ്ഥിതിചെയ്യുന്നു. ഉ. ഇളകാതെയാകുന്നു. നാ. നടക്കാതെ താമസിക്കുന്നു. ര. അവസാനിക്കുന്നു. ഇ. താമസിക്കുന്നു.

നില്പു്-നില, അവസാനം, പാർപ്പു്, താമസം.

നില്പിക്കുന്നു-നിറുത്തുന്നു. (പ്രയോഗമില്ല)

നില്ലാ-വി. നില്ക്കുയില്ലാത്ത, മറ്റൊരുള്ള.

നില്ലാ-നില്ക്കുന്നതല്ല, സഹിക്കുന്നില്ല.

'കേവലം പ്രിയരനവേർപിരിഞ്ഞാധിനില്ലാ'

(നളചരിതം കഥകളി)

നില്ലാത-വി. നില്ക്കാത്ത, അവസാനിക്കാത്ത, വലിച്ചു.

'നല്ലാരിൽ മൌലിയുക്കനില്ലാ തരംഗമെടു്'

(സംഗീതസദാരാമനാടകം)

നിവദനം-ക്രി. ചിതറൽ, ഏറിയുക. ഉ. വിതയ്ക്കുക. നാ. വിതറുപ്പണം. ര. ഉദകക്രിയ.

നിവർത്തനം-ക്രി. തിരിയെപ്പോരിക, ചിന്തിരിച്ചിൽ. ഉ. നിവൃത്തി.

നിവർത്തിക്കുന്നു-ക്രി. തിരിയെപ്പോരുന്നു, മടങ്ങിപ്പോരുന്നു. ഉ. നിവൃത്തിവരുത്തു

ന്നു, തീർച്ചവരുത്തുന്നു. ന. അവസാനിപ്പിക്കുന്നു. ര. സാധിക്കുന്നു.

നിവൻ-വി, നേരേയാക്കുക, വളുവുതീർന്ന.

നിവർണ്ണം-കൊല, നാശം.

നിവസതി-ഭവനം.

നിവസത്രം-പ. ഗൃഹം. ഉ. ഭവനം.

നിവസനം-പ. ഭവനം. ഉ. വസ്ത്രം.

'നീരാളമേ! നിവസനമിദം ചാർത്തു'

നിവസിക്കുന്നു-പാർക്കുന്നു.

നിവഹൻ-പ ഏഴു വായുക്കളിൽ ഒന്ന്. ഉ. അഗ്നിയുടെ ഏഴു നാവുകളിൽ ഒന്ന്.

നിവഹം-കൂട്ടം. സ്വസംബന്ധികളെ ഒന്നിച്ചു ചേർക്കുന്നതെന്നർത്ഥം.

നിവാ-തിങ്ങൽ, ഞെരുക്കം.

നിവാകം-ധാന്യാദികൾക്കു ക്ഷാമം വരുമെന്നു തോന്നുന്ന സമയം അവയിൽ ജനങ്ങൾ കരുതിവെക്കുന്ന ആഭരണാതിശയം. (നീവാകം എന്നതിന്റെ പാഠം).

നിവാക്ക-വി. സംസാരിക്കാത്ത, നിശ്ശബ്ദമായ.

നിവാത-വി. പ. കാറ്റുകേറാത്ത. ഉ. ഉപദ്രവം തട്ടാത്ത.

നിവാതകവചർ-സമുദ്രത്തിൽ ജീവിക്കുന്ന ഒരുകൂട്ടം ദൈത്യർ. ന൦,൦൦൦,൦൦൦ പേർ ഉണ്ടായിരുന്നു. അർജ്ജുനനാൽ നശിപ്പിക്കപ്പെട്ടു.

നിവാതം-പ. വാതം (കാറ്റ്) കടക്കാത്ത അല്ലെങ്കിൽ ഇല്ലാത്ത സ്ഥലം. ഉ. വാസസ്ഥാനം. ന. ആയുധം എല്ക്കാത്ത പട്ട.

നിവാപകൻ-പ. വിതയ്ക്കുന്നവൻ. ഉ. ചിതയന്നവൻ.

നിവാപം-പ. പിതൃപൂജ, പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന ദാനം, സപിണ്ഡിക്കു ശേഷം പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യുന്ന ദാനം. തിലോദകം മുതലായത്.

'ഇക്കാലമെന്നുടെ പിതൃക്കൾ നിവാപമേറാൻ'

(മലയാള ശാകുന്തളം)

ഉ. ഇലകൊണ്ടുള്ള കർമ്മം. ന. വിത്ത്, ധാന്യം.

നിവാരണം-തടുക്കുക, തടവ്.

നിവാരം-പ. വരിനെല്ല്. ഉ. തടുക്കുക, തടവ്.

നിവാരിത-വി. തടുക്കപ്പെട്ട.

'വിനയനിവാരിത പ്രസരനായെ-
രെൻ ക്രുധുനാ'

(അഭിജ്ഞാനശാകുന്തളം)

നിവാസം-പ. ഭവനം. ഉ പാർപ്പ്. ന. രാത്രി കഴിച്ചുകൂട്ടുക. ര. ഉടുപ്പ്. ഉ. കലവാ.

നിവി(ബി)ഡീശം, നിവിരീസം- വി. ഇടതിങ്ങിയത്, നിബിഡം.

നിവിദ്ധം മുറിവുണ്ടാക്കപ്പെട്ടത്.

നിവിര-കൈകരം പൊക്കി (പ-മ.)

നിവിരുന്നു-പ. നേരെ ആകുന്നു. ഉ. മേൽപെട്ട നിൽക്കുന്നു. നിവിർത്തുന്നു, നിവിക്കുന്നു.

'നിവിർന്നനങ്ങാതഥതോരുകനിച്ചും'

(മോക്ഷാകുമാരസംഭവം)

നിവിരേ-അ. നേരെ.

നിവിർപ്പു-നിവിരുക.

നിവിഷ്ട-വി. പ. വെക്കപ്പെട്ട, വെച്ച. ഉ. നിവേശിപ്പിക്കപ്പെട്ട, ചേർക്കപ്പെട്ട. ന. ഇരുന്ന.

നിവീതം-പ രണ്ടു കക്ഷത്തിലും തട്ടാതെ കഴുത്തിൽനിന്നു നേരേ കീഴ്പെട്ട തുക്കിയിട്ട പൂണൂൽ. കീഴ്പോട്ടിടുന്ന തെന്നർത്ഥം.

ശവം എടുക്കുമ്പോഴും മറവും പൂണൂലും ധരിക്കുന്നതു് ഇപ്രകാരമാണു്. 'നിവീതീപ്രേതമുദ്വഹേൽ' (ലഘുധർമ്മപ്രകാശിക.)

ക. മൂടുന്ന വസ്ത്രം. മറയ്ക്കുന്നതെന്നർത്ഥം മറവസ്ത്രപര്യായം—പ്രാവൃതം.

നിവൃത്ത-വി. ചുറ്റപ്പെട്ട.

നിവൃതം-ഗ. മൂടപ്പെട്ടവ, മറയ്ക്കപ്പെട്ടതു്. ക. കട മുതലായതിനാൽ മറയ്ക്കപ്പെട്ടതു്, മതിൽ കിടങ്ങു മുതലായതിനാൽ ചുറ്റപ്പെട്ടതു്. മറവസ്ത്രപര്യായം-പരിക്ഷിപ്തം

നിവൃത്ത-വി. നിവർത്തിച്ച. ക. തിരിച്ചുപോന്ന. ന. മതിയാക്കിയ, നിർത്തിയ. ര. ഒന്നിലും സംശയം ഇല്ലാത്ത. നിവൃത്തൻ> <പ്രവൃത്തൻ.

നിവൃത്തി-ഗ. തീർച്ച. ക. അവസാനം. ന. സാധിപ്പു്. ര. പിന്തിരിവു്.

നിവേദനൻ-ശിവൻ.

നിവേദനം-ഗ. അറിയിപ്പു്. ക. ഏല്പിപ്പു്. ന. ഭക്ഷണവസ്തുക്കളെ ദൈവത്തിന്റെ മുമ്പിൽ വച്ചു കൈകൊണ്ടു കാട്ടുക

നിവേദിക്കുന്ന-ഗ. അറിയിക്കുന്ന ക. ഏല്പിക്കുന്ന. ന. ഭക്ഷണവസ്തുക്കൾ ദൈവത്തിന്റെ മുമ്പിൽവച്ചു കൈകൊട്ടുന്ന.

നിവേദിത-വി. ഗ. അറിയിക്കപ്പെട്ട, പറയപ്പെട്ട. ക. ഏല്പിക്കപ്പെട്ട. ന. ഈശ്വരന്നു് അർപ്പിക്കപ്പെട്ട.

നിവേദ്യം-ദൈവത്തിനായിട്ടുള്ള ഭക്ഷണവസ്തു. നിവേദിക്കത്തക്കതു്, പൂജയ്ക്കുള്ള സാധനം.

നിവേശനം-ഗ. ഭവനം. സുഖമായിക്കിടന്നുറങ്ങുവാനുള്ള സ്ഥലം എന്നർത്ഥം. ക. വെയ്പു്, ചെലുത്തുക. ന. വിവാഹം. ര. പടകടി, പാളയം. ഭവനം.

നിവേശം-ഗ. പടകടി, സൈന്യങ്ങളുടെ വാസസ്ഥലം. ക. ഭവനം. ന. പ്രവേശനം. ര. വെക്കുക, ചെല്ലുക.

യുദ്ധത്തിനായി പോകുമ്പോഴും മറവും സൈന്യങ്ങൾക്കു താമസിക്കുന്നതിനുണ്ടാക്കുന്ന പടകടി മുതലായ പാർപ്പിടമാണു് നിവേശം.

നിവേശിക്കുന്ന-ഗ. വയ്ക്കുന്ന. ക. പ്രവേശിക്കുന്ന, കേറുന്ന.

നിവേശിത-വി. ഗ. വയ്ക്കപ്പെട്ട. ക. പ്രവേശിക്കപ്പെട്ട.

നിവേശിനീ-ഭൂമി.

നിവേഷ്ടം-മൂടി, മറ, ഏഴുത്തടക്കംചെയ്യുന്ന കൂടു് (കവർ). [Envelope]

നിവേഷ്ടിത-വി. ചുറ്റപ്പെട്ട.

നിശ-ഗ. രാത്രി. സകല വ്യാപാരങ്ങളേയും ചുരുക്കുന്നതു് എന്നർത്ഥം. ക. മഞ്ഞൾ. ന. മരമഞ്ഞൾ. ര. സ്വപ്നം.

നിശഠ-വി. യോഗ്യതയുള്ള, കപടമില്ലാത്ത.

നിശമനം-ഉറക്കുക.

നിശമ്യ-അ. കേട്ടിട്ടു്.

നിശരണം-കൊല. (നിശാരണമെന്നതിന്റെ പാഠം).

നിശാകരൻ-ഗ. ചന്ദ്രൻ. ക. പൂവൻകോഴി, കോഴി.

നിശാകരം-കർപ്പൂരം.

നിശാഖ്യ-ഗ. മഞ്ഞൾ. ക. മരമഞ്ഞൾ.

നിശാചര-വി. രാത്രിയിൽ സഞ്ചരിക്കുന്ന

നിശാചരൻ-ഗ. രാക്ഷസൻ ക. മൂങ്ങ. ന. കള്ളൻ. ര. കുറുക്കൻ. ങ. അടവിക്കോഴിപ്പോലും. ന. പാമ്പു്.

നിശാചരം-മൂങ്ങ.

നിശാചരി-ഗ. രാക്ഷസി. ക. മൂങ്ങപ്പുള്ളു് ന. ടിട്ടിപ്പക്ഷി, കൂമൻകോഴി. ര. മഞ്ഞി.

നിശാജലം-മഞ്ഞുവെള്ളം.
നിശാടകം-ഗുഗ്ഗുലു.
നിശാടനൻ-പ. രാക്ഷസൻ. ഉ. മൂങ്ങ.
നിശാത-വി. പ. മൂർച്ചകൂട്ടപ്പെട്ട. ഉ. മീനക്കൂരപ്പെട്ട.
നിശാദശി-ഉഴമൻ, ക്രമൻ, മൂങ്ങ.
നിശാധീശൻ-ചന്ദ്രൻ.
നിശാനം-മൂർച്ചകൂട്ടുക.
നിശാനാഥൻ-ചന്ദ്രൻ.
നിശാനി-കൊടി.
നിശാന്ത-വി. ശാന്തമായ.
നിശാന്തനാരി-കുടുംബിനി.
നിശാന്തം-പ. രാത്രിയുടെ അവസാനസമയം. ഉ. ഭവനം. രാത്രിയിൽ ഗമിക്കുന്നേടം എന്നർത്ഥം. പകൽ പല കാര്യങ്ങൾക്കുമായിട്ടു പുറത്തു പോയിരുന്നാലും രാത്രി വേനത്തിൽ വരിക തീർച്ചയാണല്ലോ; അതിനാൽ ഈ പേരുണ്ടായി എന്നു താൽപര്യം.
നിശാന്ധ-വി. രാത്രി കണ്ണുകാണാത്ത.
നിശാന്ധം-കരിങ്കുഴമ്പ.
നിശാപതി-പ. ചന്ദ്രൻ. ഉ. കർപ്പൂരം.
നിശാപുഷ്പം-ആമ്പൽ.
നിശാബലം-(ജ്യോതിഷത്തിൽ) ഇടവം, മേടം, ധനു, കർക്കടകം, മിഥുനം, മകരം. ഈ ആറു രാശികളുടെ പേർ. (മിഥുനത്തെ ഒഴിച്ചു ശിഷ്ടങ്ങളും പുരുഷരാശികൾ).
നിശാമണി-പ. ചന്ദ്രൻ. ഉ. കർപ്പൂരം
നിശാമനം-പ. കാണ്മു. ഉ. കേൾപ്പിക്കുക. ന. നിഘണ്ടു.

'ശ്രുതിർദൃഷ്ട്യോർന്നിശാമനം' എന്നുള്ളതുകൊണ്ടു 'കാണുക' എന്നതിനും 'കേൾപ്പിക്കുക' എന്നതിനും 'നിശാമനം' എന്ന വാക്കുപയോഗിക്കാം. 'നിശമനം' എന്നാൽ 'കേൾക്കുക' എന്നേ അർത്ഥമുള്ളൂ.

നിശാമം-കാണ്മു.
നിശാമുഖം-രാത്രിയുടെ ആരംഭം.
നിശാമൃഗം-ഉഴമൻ, കറുക്കൻ.
നിശാരണൻ-കൊലപാതകൻ
നിശാരണം-പ. കൊല. ഉ. രാത്രിയിലെ യുദ്ധം.
നിശാരത്നം-പ. ചന്ദ്രൻ. ഉ. കർപ്പൂരം.
നിശാരാശികം-(ജ്യോതിഷത്തിൽ) മേടം, ഇടവം, മിഥുനം, കർക്കടകം, ധനു, മകരം.
നിശാവനം-ചണ, ചണനാര്, വക്കനാര്.
നിശാവിഹാരൻ-രാക്ഷസൻ
നിശാവേദി-പൂവൻകോഴി, കോഴി.
നിശാഹസം-പ. വെളുത്ത ചെങ്ങഴിനീർപൂവ്. (രാത്രി വിടർന്നതു.) ഉ. ആമ്പൽ.
നിശാഹ്വാ-മഞ്ഞൾ രാത്രിയുടെ പേരോടു കൂടിയതു് എന്നർത്ഥം.
നിശിചര-വി. രാത്രിയിൽ സഞ്ചരിക്കുന്ന.
നിശിചരൻ-രാക്ഷസൻ.
നിശിചരി-രാക്ഷസി.
നിശിത-വി. മൂർച്ചകൂട്ടപ്പെട്ട
നിശിതം-പ. ഇരിമ്പു്, ഉരുക്കു്. ഉ. ചാണയ്ക്കുവച്ചും മാറും മൂർച്ചകൂട്ടപ്പെട്ടതു്. ന. മൂർച്ചകൂടിയ ശസ്ത്രം മുതലായതു്. മനകനം കുറച്ചതു് എന്നർത്ഥം ര സൂക്ഷ്മം.
നിശിതാ-രാത്രി.
നിശീഥം-പ. അർദ്ധരാത്രി ഇതിങ്കൽ നിയതമായി ശയിക്കുന്നതിനാൽ ഈ പേർ വന്നതു. നിശ്ചയമായും ശയിക്കുന്ന സമയം എന്നുമാവാം. ഉ. ഉറക്കത്തിനുള്ള സമയം.
നിശീഥിനി-പ. രാത്രി, നിശീഥം (അല്പരാത്രം) ഉള്ളതു് എന്നർത്ഥം ഉ. മഞ്ഞൾ,

നിശുംഭൻ-ഒരസുരൻ (ദുർഗ്ഗയാൽ വധിക്കപ്പെട്ട).
നിശുംഭനം-കൊല.
നിശുംഭമർദ്ദിനീ, നിശുംഭമഥനീ—ദുർഗ്ഗ.
നിശേശൻ-ചന്ദ്രൻ.
നിശോത്സർഗ്ഗം-രാത്രിയുടെ അവസാനം, പ്രഭാതം.
നിശ്ചഞ്ചല-വി. ഇളക്കമില്ലാത്ത.
നിശ്ചഞ്ചലത-ഇളക്കമില്ലായ്മ.
നിശ്ചയം-ഉറപ്പ്, നിശ്ചയജ്ഞാനം. ബുദ്ധിയെ ഉറപ്പിച്ചു വിടാതെ ഏകാഗ്രമായി ചേർത്തുകൊണ്ടിരിക്കുന്നത് എന്നർത്ഥം. മറ്റൊരു പര്യായം-നിർണ്ണയം.
നിശ്ചയിക്കുന്നു-വിചാരിച്ചുറപ്പിക്കുന്നു.
നിശ്ചല-വി. ഇളക്കമില്ലാത്ത.
നിശ്ചലത, നിശ്ചലത്വം — ഇളക്കമില്ലായ്മ.
നിശ്ചലത്വം-ആത്മജ്ഞാനം.
നിശ്ചലാ-പ്ര. ഭൂമി. ര. മൂവില.
നിശ്ചലാംഗം-കൊക്ക്. ദേഹം ചലിപ്പിക്കാത്തത് എന്നർത്ഥം.
നിശ്ചാരകം-പ്ര. കാറ്റ്, വായു. ര. ഉഴുന്ന, മരട്ടുശീലം, വാശി.
നിശ്ചിത-വി. നിശ്ചയിക്കപ്പെട്ട.
നിശ്ചിതം- നിശ്ചയം, നിശ്ചയിക്കപ്പെട്ടത്.
നിശ്ചിതി-നിശ്ചയം, തീർച്ചയാക്കൽ.
നിശ്ചിന്ത-വി. വിചാരമില്ലാത്ത.
നിശ്ചേഷ്ട-വി. പ്രവൃത്തിയില്ലാത്ത, ബോധമില്ലാത്ത.
നിശ്രയണി-കോണി.
നിശ്രീകൻ-പ്ര. ഭാഗ്യഹീനൻ. ര. സൌന്ദര്യമില്ലാത്തവൻ.
നിശ്രേണി-പ്ര. കോവണി, കോണി. നിയതമായ ശ്രേണിയോടു കൂടിയത് ശ്രേണി=പംക്തി. കോണിയുടെ ഓരോ കവിയ്ക്കും (പടിക്കും) പറയുകയും സമമാകയാൽ ഈ പേർ വന്നു. മറ്റൊരു പര്യായം-അധിരോഹണി. ര. ഈണി.

നിശ്രേണി എന്നും ന്യശ്രേണി എന്നും നിശ്രേണീ എന്നും നിശ്രയണി എന്നും കാണാറുണ്ട്.

നിശ്രേയസം-മോക്ഷം, രസായനം. ഇളക്കമില്ലാത്ത ശ്രേയസ്സ് എന്നർത്ഥം.
നിശ്വസനം — ശ്വാസംവിടുക, നെടുവീർപ്പ്.
നിശ്വസിക്കുന്നു-ശ്വാസം വിടുന്നു.
നിശ്വസിത-വി. ശ്വാസംവിട്ട, നെടുവീർപ്പിട്ട.
നിശ്വാസം-ദീർഘശ്വാസം, നെടുവീർപ്പ്. ശ്രമപ്പെട്ട ജോലിചെയ്താലുണ്ടാകുന്ന ശ്വാസോച്ഛ്വാസം.
നിഷ്കങ്കം-അ. സംശയംകൂടാതെ.
നിഷ്കലാകം-വിജനപ്രദേശം. ശാരികകൾ കൂടിയില്ലാത്ത സ്ഥലം. അത്രപോലും വിജനമെന്നർത്ഥം.
നിഷ്കൃഷ്ടം-അ. അശേഷം, മുഴുവനും, സർവ്വം, ഒട്ടുംശേഷിയാതെ.
നിഷ്ക്രിയ-വി. ശോധനചെയ്യപ്പെടേണ്ടാത്ത.
നിഷ്ക്രിയം-ചലിക്കുഞ്ഞു ശുദ്ധിവരുത്തിയത്.
നിഷണ്ണ-വി. ഇരുന്ന. ര. സങ്കടപ്പെട്ട.
നിഷണ്ണകം-ഇരിപ്പ്.
നിഷദിക്കുന്നു-പ്ര ഉരുണ്ടു കളിക്കുന്നു. ര. ഉറച്ചിരിക്കുന്നു, ഇരിക്കുന്നു.
നിഷദ്വര-പ്ര. ചന്ത, പീടിക, തെരുവ്. കച്ചവടക്കാർ വില്പനയ്ക്കുള്ള സാധനങ്ങളെ നിരത്തി ഇരിക്കുന്നിടം എന്നർത്ഥം. മറ്റൊരു പര്യായം-ആപണം ര. പെരുവഴി
നിഷദ്വരൻ-കാഴ്ചവെൻ.

നിഷദചരം–ചളി. സുകരം മുതലായ മൃഗങ്ങൾ ഇതിൽ ഉരുണ്ടു കളിക്കുന്നതിനാൽ ഈ പേർ വന്നു.

നിഷദചരീ–പ്ര. രാത്രി. പ. മഞ്ഞൾ.

നിഷധൻ–ഒരു രാജാവ്.

നിഷധാ–പ്ര. ഹിമാലയത്തിനു വടക്കുള്ള ഒരു പർവ്വതം. ദേവന്മാർ ഇതിൽ നിഷേധിക്കുന്നതിനാൽ ഈ പേർ വന്നു. പ. ഇപ്പോഴത്തെ ഗ്വാളിയറിൽ ഉൾപ്പെട്ടിരുന്ന ഒരു പുരാതനദേശം, നളന്റെ രാജ്യം, ഗുജറാറിനു വടക്കുഭാഗത്തുള്ള ബിൽജാതിക്കാരുടെ ദേശം. ന. നിഷാദസ്വരം.

നിഷംഗാ–പ്ര. ആവനാഴി, ശരങ്ങൾ ഇതിൽ ഏറ്റവും സജ്ജീകരിക്കുന്നതിനാൽ ഈ പേർവന്നു. പ. ചേമ്പ്. ന. വാരം

നിഷംഗി–പ്ര. വില്ലാളി, ആവനാഴിയെ ധരിച്ചവൻ. പ. ഖഡ്ഗപാണി.

നിഷാണം–ഒരു വാദ്യം, ഡക്ക.

നിഷാദൻ–പ്ര. ചണ്ഡാലൻ. ഇവർകൾ പാപം സ്ഥിതിചെയ്യുന്നതുകൊണ്ട് ഈ പേർ വന്നു. പ. മുക്കോൻ.

നിഷാദൻ–വേനന്റെ തുടയിൽ നിന്നുൽഭവിച്ച ഒരു ഹീനജാതി. ബ്രാഹ്മണരാൽ ശൂദ്രസ്ത്രീകളുടെ മക്കൾ എന്നും അർത്ഥം കാണുന്നു.

ന. കാട്ടാളൻ.

നെടിയകുട-വലിയ കുട, കാൽ നീളമുള്ള കുട.

നെടിയരി-മുഴത്തരി, കൊട്ടണത്തരി നെടിയരി > < പൊടിയരി.

നെടിയവൻ-നീളമധികമുള്ളവൻ, ഭീഷ്മൻ.

നെടിയിരിപ്പുസ്വരൂപം—

"കൊല്ലവർഷാരംഭത്തിൽ സാമൂതിരിമഹാരാജാവു് അറബിക്കാരുടെ സഹായത്തോടുകൂടി പൊന്നാനിക്കും വടക്കൻ കൊല്ലത്തിനും ഇടയ്ക്കുള്ള പ്രദേശന്മാരെ അതൃയും ജയിച്ചു കപ്പംവാങ്ങി നെടിയിരിപ്പുസ്വരൂപം എന്ന പേരുംധരിച്ചു് വളരെ പ്രബലനായ ഒരു മഹാരാജാവായിത്തീർന്നു" (മ. രാ. ച.) (നെടുവിരിപ്പു സ്വരൂപം നോക്കുക.)

നെടിയില-നീളമുള്ള ഇല.

നെടു-വി. ക്രി. നീളമുള്ള. ഉ. പൊക്കമുള്ള. (ഇതു് സമാസത്തിലേവരൂ).

നെടുകേ-അ. നീളത്തിൽ, നീണ്ടു്.

നെടുക്കം-നീളം, പൊക്കം.

നെടുങ്കണ്ണി-സുന്ദരി. നീണ്ട കണ്ണുള്ളവൾ എന്നർത്ഥം.

'സന്ധ്യാപാത്രവിനെക്കുഞ്ഞു നെടുവീപ്പോടെ നെടുങ്കണ്ണിയാൾ'

(അമരുകശതകം)

നെടുങ്കൻ-നീളമുള്ളവൻ, നെടിയവൻ.

നെടുങ്കയം-അധികം നീളത്തിൽ ആഴമുള്ള ജലാശയം.

നെടുങ്കാലം-ഏറിയ വത്സരം, വളരെ സമയം.

നെടുങ്കുട-വണ്ണിച്ച നീണ്ടകാലുള്ള വലിയ കുട. ഇതു് പ്രദേശന്മാരുടെ പണ്ടത്തെ സ്ഥാനചിഹ്നമായിരുന്നു

നെടുങ്കോട്ടി-വലുതായുള്ള ഇലഭേദം, വലിയചിറ. പഴുപ്പായുധം-വാപ്പി, ഭീഷ്മികാ.

നെടുങ്കൊട്ടിൽ-നെടുമുര, വിശേഷാലുള്ള ആവശ്യത്തിന്നായിട്ടു വലുതായി കെട്ടിയുണ്ടാക്കുന്ന പുര.

നെടുങ്കോണി-നീളം അധികമായ കോവണി.

നെടുങ്ങാടി-സാമന്തന്മാർക്ക് ഒരു ദേശത്തു പറയുന്ന പേർ. [നെടുങ്ങനാട്ട് (നെടുങ്ങനനാട്ട്) അത്രേ സ്വദേശം].

നെടുഞ്ചുട്ടം-കട്ടിലിന്റെയും മറ്റും ഭീണ്ടവശത്തെ തടി.

നെടുഞ്ചാൺ-ചെറുവിരലും പെരുവിരലും കൂടിയ അളവു്.

നെടുഞ്ചൂഴിക-ചുവരിന്മേൽ ചേർത്തു പണിയുന്ന ഒരു പലക.

നെടുഞ്ഞെരുഞ്ഞ്-ക്രി. ഒരു തൈ. ഉ. നീളത്തിൽ ചെത്തുക.

നെടുത്തു്-നീളമുള്ളതു്, പൊക്കമുള്ളതു്.

നെടുതാക്കുന്നു-നീളുന്നു. (സ. ക്രി. നെടുതാക്കുന്നു.)

നെടുന്തരം-അധികം അകലം.

നെടുനാർ-ഒരു വൃക്ഷം.

നെടുനാൾ-അ. വളരെ ദിവസം.

നെടുനീളം-നീളത്തോടു നീളം, വളവുകുടാതെ, ഇടവിടാതെ, അധികനീളം.

നെടുന്തറിശു-കൃഷിക്കുടാതെ കാടും പുല്ലും ചിടിച്ചു് ഏറിയ കാലമായിട്ടു കിടക്കുന്ന കണ്ടം.

നെടുന്തുടി-ഒരു വാദ്യം.

നെടുന്നനേ-അ. ചൊവ്വേ, നീളത്തിൽ.

നെടുപ്പു്, നെടുപ്പം-ക്രി. നീളം. ഉ. ഉയരം.

നെടുമ, നെടുമാനം-പൊക്കം.

നെടുമൻ-പൊക്കമുള്ളവൻ.

നെടുമംഗല്യം - ഭർത്താവിനോടും കുടി ഏറിയ കാലം ജീവിച്ചിരിക്കുന്ന സ്ത്രീയുടെ അവസ്ഥ.

നെടുമുളം-നടുവിരൽ കുട്ടി അളക്കുന്ന മുഴം.

നെടും-നീണ്ട. (സമാസത്തിലല്ല വരുന്നു.)

നെടുമ്പു്-ഡംഭം.

നെടുമ്പക-പണ്ടുപണ്ടേയുള്ള വിരോധം.

നെടുമ്പാമ്പൽ-നെടുമ്പാട്ടം.

നെടുമ്പുര-വിശേഷാലുള്ള ആവശ്യത്തിനായിട്ടു വലുതായി കെട്ടിയുണ്ടാക്കുന്ന പുര.

നെടുവട്ടം-ദീർഘവൃത്തം, മൊട്ടയുടെ ആകൃതി.

നെടുവരിയൻ-ഒരു കാട്ടുമൃഗം, കടുവാ. തെങ്ങോലവരിയൻ എന്നും പറയും. ഉ. നിഘണ്ടുവിൽ വരിയുള്ളതു്.

നെടുവാലി-നീണ്ട വാലുള്ള ഒരു ജന്തു

നെടുവാലിച്ചാവി-നെടുവാലിച്ചെന്നല്ലു്. (സംസ്കൃതം-ദീർഘശുകം).

നെടുവി-നീണ്ടു.

നെടുവിരിപ്പുസ്വരൂപം-കോഴിക്കോട്ടു രാജാവിന്റെ വംശത്തിനു പറഞ്ഞുവരുന്ന ഒരു സ്ഥാനപ്പേർ. (നെടിയിരിപ്പു സ്വരൂപം നോക്കുക)

ഒടുവിലത്തെ പെരുമാളായ ഭാസ്കരരവിവർമ്മനെന്ന ചേരമാൻപെരുമാൾ നാടു കൊള്ളുമ്പോഴും രാജ്യം ഒരിപ്പുടിന്റെ ശേഷം കേരളമെന്ന പേരു രണ്ടംശങ്ങളായി ഭാഗിച്ചു മക്കൾക്കും മരുമക്കൾക്കും വേണ്ടുവോളം കൊടുത്തു കുട്ടിക്കാൽ പ്രധാനപ്പെട്ടവയായിരുന്ന പെരുമ്പടപ്പു്, തുപ്പുപ്പുഴു്, നെടുവിരിപ്പു് എന്നീ മൂന്നു സ്വരൂപങ്ങൾക്കു ചേർന്ന രാജ്യങ്ങൾ

നെടുവിരിപ്പു്-പ. നീണ്ടുള്ള വിരിപ്പു്. ഉ. ഒരു സ്വരൂപം. വ. വളരെ നീളത്തിൽ ശേഖരമായിക്കിടക്കുന്ന വിരിപ്പു നിലങ്ങൾ.

നെടുവിളിയാൻ-ഒരുവക രാക്ഷസി. (നെടുമാൻ എന്നും പറയും.)

നെടുവീർപ്പു്-ദീർഘശ്വാസം.

നെട്ട-(വി) നീളമുള്ള, പൊക്കമുള്ള.

നെട്ടത്തെങ്ങു്-നീണ്ടു വളർന്നു് അനവധം കായ്ഞ്ഞ തെങ്ങു്.

നെട്ടൻ-നീളമുള്ളവൻ.

നെട്ടനരി-നെടിയരി.

നെട്ടനെ-നിവിൻ്റെ.

നെട്ടാണി-നെറുക, മുടി, നട്ടാണി.

നെട്ടുന്തോട്ടി-വി. നീണ്ടു കനംകുറഞ്ഞതു്.

നെട്ടായം-പ. ആറുകളിലുംമറ്റും വെള്ളമില്ലാത്ത ഭാഗം. ഉ. കെട്ടിടങ്ങൾ കെട്ടുമ്പോൾ ആ വേലക്കാർ കല്ലു് നീളത്തിൽ വച്ചു കെട്ടുക.

നെട്ടിത്തൊട്ടാവാടി— വെള്ളത്തിലുള്ള ഒരു ചെടി.

നെട്ടർപ്പെട്ടി-മുക്കിർ പലകകൊണ്ടുണ്ടാക്കി ചായം പിടിപ്പിച്ച ഒരുമാതിരി പെട്ടി. ഇതു് നെട്ടർ എന്ന സ്ഥലത്തുനിന്നുണ്ടാക്കി വന്നതുകൊണ്ടു ഈ പേരുണ്ടായി.

നെട്ടോട്ടം - നെടുംപാച്ചൽ, നൊട്ടോട്ടം > < കറിയോട്ടം.

നെൻപു്-നിനവു്. (കണ്ണാടകഭാഷ.)

നെൽക്കുക-നക്കുക.

നെൽത്തുക-നക്കുക, ഇഴയുക.

നെന്മണി-പ അരിയുള്ള നെല്ലു്. ഉ. നെല്ലിട.

നെന്മണിക്കൃഷ്ണം - നെല്ലിൽ വിളയുന്ന കറുത്തമാതിരി രോഗം.

നെന്മേനിവാക-ഒരുവക വൃക്ഷം. പര്യായങ്ങൾ-ശിരീഷം, കപീതനം, ഭണ്ഡിലം.

ഇതു് ചൊറി, കയ്പു്, ചിരങ്ങു് മുതലായ എല്ലാ രോഗശമനങ്ങളേയും നീക്കം ചെയ്യുന്നു. വിഷത്തെ ശമിപ്പിക്കും. ശിരീഷപഞ്ചാംഗം കൊണ്ടു് വിഷചികിത്സയിൽ പലേ പ്രയോഗങ്ങളുമുണ്ടു്. നെല്ലിപോലെ ചെറിയ ഇലയുള്ളതാണു്. ഗ്രീഷ്മകാലത്തിൽ പൂക്കുന്ന പൂവു് അല്പം മഞ്ഞനിറവും പച്ചനിറവുമുള്ള കേസരങ്ങളോടു കൂടിയതും മനോഹരമായിട്ടുള്ളതുമാകുന്നു. [സ-വാരകെ ഇം-Acacia Sirissa അക്കേകിയാ സിറിസ്സം.]

നെയ്യ്-പ്ര. പാൽകാച്ചി ഉറച്ച തൈരു കലക്കി എടുത്ത വെണ്ണ ഉരുക്കിയതു്. ഉ വെണ്ണനെയ്, പന്നിനെയ്, മീൻനെയ്, തേങ്ങാനെയ് മുതലായവ നാ ചില ഔഷധങ്ങളും ഇട്ടു കാച്ചുന്ന നെയ്.

[നെയ്യ് = ഘൃതം, ആജ്യം, ഹവിസ്സു്, സർപ്പിസ്സു്. ഒരാട്ടുപാത്രത്തിൽ പത്തു ദിവസമിരുന്നിട്ടുള്ള നെയ്യ് വിഷത്തോടു തുല്യമാകയാൽ ക്ഷിക്കരുതു്.]

നെയ്ക്കലം-നെയ്യൊഴിച്ചു വല്ലതും വറുക്കുന്നതിനുള്ള പാത്രം.

നെയ്ക്കുറവി-നെ ഒഴിച്ചു വയ്ക്കുന്നതിനുള്ള ഒരുവക പാത്രം.

നെയ്ത്തൽ-പ്ര. നെയ്യുമ്പൽ. ഉ. ഉപ്പുരസമുള്ള നിലം. നാ. കടലും കടൽ വാരവും

നെയ്ത്തട്ടു്-നെയ്പ്പാത്രം.

നെയ്ത്തു്-വസ്ത്രവും മേറവും നെയ്യുന്നതു്.

[നെയ്ത്തു് = ഉൗതൽ.]

നെയ്ത്തുകോൽ — നെയ്യുന്നതിനുള്ള കോൽ.

നെയ്ത്തുതറി-നെയ്യുന്നതിനുള്ള യന്ത്രം.

നെയ്പു്-മണൽ പ്രദേശങ്ങളിൽ ധാന്യമിട്ടു മൂടിവിടുന്നതിനുപയോഗിക്കുന്ന വലിയ പായ്.

നെയ്യാട-കാച്ചിയ പാലിനു മുകളിൽ ഉണ്ടാകുന്ന പാട.

നെയ്യീൻ-ഒരുവക മത്സ്യം.

നെയ്യല-മനുഷ്യരുടെ ഉള്ളിൽ പാടപോലെയിരിക്കുന്ന കൊഴുപ്പു്.

നെയ്യപ്പം-നെയ്യിൽ വറുത്തുണ്ടാക്കുന്ന ഒരുതരം പലഹാരം.

നെയ്യമൃതം-ക്ഷേത്രങ്ങളിലെ നെയ്വഴിപാടു്.

നെയ്യൽ-നെയ്ത്തു്.

നെയ്യാട്ടം-പശുവിൻനെയ്കൊണ്ടു് അഭിഷേകം ചെയ്യുക.

നെയ്യാമ്പൽ-വെള്ളത്തിലുണ്ടാകുന്ന ഒരുമാതിരി ചെടി

നെയ്യുണ്ണി-ഒരുമാതിരി വള്ളി.

നെയ്യുന്നു-വസ്ത്രവും മേറവും ഉണ്ടാക്കുന്നു.

നെയ്യുരുപ്പു്-ഒരുവക ചെറിയ ഉരുപ്പു്.

നെയ്യൂക്കു്-തടിപ്പു്.

നെരിക്കുന്നു-ഞെക്കുന്നു.

നെരിപ്പു്-ഞെക്കൽ.

നെരിയുക-ഞെരിയുക, ഞെങ്ങുക.

നെരുക്കുന്നു-പ്ര. തള്ളിമാറ്റുന്നു. ഉ. അടുപ്പിക്കുന്നു.

നെരുങ്ങുന്നു-തിങ്ങുന്നു.

നെരുപ്പു്-തീയു് (ഇതാണു് ശരി. അതുകൊണ്ടു്-'നെരിപ്പോടു്' എന്നല്ല 'നെരുപ്പോടു്' എന്നാണു്.

നെരുപ്പോടു്-തീച്ചട്ടി, തീക്കലം പയ്യും യന്ത്രം അംഗാരധാനിക, അംഗാരശകടി, ഹസന്തീ, ഹസനീ.

നെൽ-നെല്ലു്.

നെല്ലരിച്ചി-നെല്ലിന്റെ പീലി, വയ്ക്കോൽ.

നെല്ലുതിർ-നെല്ലിന്റെ കല. പയ്യുയങ്ങൾ-കണിശം, സസ്യമഞ്ജരീ.

നെല്ക്കുഴി-നെല്ലു കുഴിച്ചെയ്യുന്നതു്.

നെല്ലെണ്ണിയൻ-പ. മുണ്ടൻ. ഉ. നെല്ല പതുക്കെ പതുക്കെ തിന്നുന്നവൻ.

നെല്ലിത്തണ്ട്-നെല്ലിന്റെ തണ്ട്.

നെല്ലിട്ട്-നെല്ല ചുമക്കുന്നതിനായിട്ട് ഒരു മാതിരി നാരുകൊണ്ടുണ്ടാക്കുന്ന ഒരു പാത്രം.

നെല്ലുതിർ-പ. നെല്ലിന്റെ പതിർ. ഉ. താണ ജാതിക്കാർ നെല്ലിനെ പറയുന്ന പേർ.

നെല്ലും-ഒരുവക നെല്ല് (ചോരൻ)

നെല്ലുവിശ-കടംവാങ്ങിച്ച നെല്ലിനെ കൂട്ടിക്കൊടുക്കുന്ന നെല്ല്.

നെല്ലുര-നെല്ല സൂക്ഷിക്കുന്നതിനുള്ള കെട്ടിടം.

നെല്ല്-പ്രധാനമായ ഒരു ധാന്യവും അതിന്റെ ചെടിയും.

നെല്ലുരി-നെല്ലിനെകുത്തുന്ന കുന്ത, അരി.

നെല്ലുറ-നെല്ലിടുന്ന പ്രധാനപ്പുരമുറി.

നെല്ലി-ഒരുവക വൃക്ഷം. പര്യായങ്ങൾ-തിക്ഷ്ണഫലം, ആമലകി, അമൃതാ, വയസ്ഥാ, നെല്ലിക്ക പുളിരസമാകയാൽ വാതത്തെ കളയും. മധുരവും ശീതവുമായതുകൊണ്ട് പിത്തത്തിനെ നന്ന്. രൂക്ഷവും കഷായരസവുമാകയാൽ കഫത്തെ ശമിപ്പിക്കും ഇതുകൊണ്ട നെല്ലിക്ക ത്രിദോഷശമനമാണെന്നു തെളിയുന്നു. ഇതു രസായനശ്രേഷ്ഠമത്രെ.

നെല്ലിക്കാ-നെല്ലിമരത്തിന്റെ കായ്)

നെല്ലിക്കായെക്കുറിച്ചു മദനപാലൻ ഇങ്ങനെ പറയുന്നു:—

"കടുമധുരകഷായം കിഞ്ചിദുഷ്ണാകഫഘ്നം തമികരമതിശീതാ ഹന്തി പിത്താസ്രതാപം, ശ്രമവമനവിബന്ധാധ്മാനവിഷ്ണംഭദോഷപ്രശമനമുതാമം ചാമലക്യാഃ ഫലം സ്യാത്". പര്യായങ്ങൾ-ആമലകീ വയസ്ഥാ ശ്രീഫലാ ധാത്രികാ തഥാ, അമൃതാ ച ശിവാ ശാന്താ ശീതാ മൃതഫലാ തഥാ; ജാതിഫലാ ച ധാത്രേയീ ജ്ഞേയാധാത്രീ ഫലാ തഥാ; പുഷ്യാവൃത്തഫലാ ചൈവാരാചനീച ചതുർദ്ദശ".

നെല്ലിയുടെ കായ് പാലിനോടൊത്തു മിച്ചു ഭക്ഷിക്കരുത്. തമി-നെല്ലി. ഇം-Emblicmyrobalan നെല്ലിക്ക അരച്ചു പുറത്തു തേച്ചാൽ ജര നര, ഉഷ്ണം, മേദോരോഗം, വിഷം, ത്രിദോഷകോപം ഇവയൊന്നും ബാധിക്കുകയില്ല. ജീവനത്തെ നീട്ടും. കാന്തിയെ വർദ്ധിപ്പിക്കും

നെല്ലിക്കാഗന്ധകം-ഗന്ധകക്കല്ലുകളും പലമരുന്നുകളുമായുള്ളതിൽ ഒന്ന്.

നെല്ലിക്കാക്കാഴി-വയലിലെ ഒരു പക്ഷി.

നെല്ലിക്കാട-പ. ഒരു നെല്ലിന്റെ കനം. ഉ. ഒരു നെല്ല ചേർപ്പാൻ മാത്രമുള്ള സ്ഥലം

നെല്ലിക്കാത്താളി-ഒരു വൃക്ഷം.

നെല്ലിക്കാപ്പടി-നെല്ലിപ്പലക.

നെല്ലിക്കാപ്പലക കിണറിലെ ജലം സുഭോനന്നായിക്കിടപ്പാൻ വേണ്ടി നെല്ലിമരത്തിന്റെ പലക ജലത്തിന്റെ ചുവട്ടിൽ ഇടുന്നു.

നെല്ലിക്കാപ്പുളി-ഒരുമാതിരി ചെറിയവൃക്ഷം. ഇതിന്റെ തടികൊണ്ടു കപ്പിക്കുടയും ഗോവും അടപ്പു് ഉണ്ടാക്കുന്നു

നെല്ലിക്കാപ്പൂ-നെല്ലിമരത്തിന്റെ പൂവ്.

നെല്ലിക്കാപ്പൊള്ള-ശാകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യം

നെല്ലിക്കുത്തു-ഉലക്കകൊണ്ടു ഇടിച്ചു തൊലിച്ചു നെല്ലിലെ അരിയെടുക്കുക.

നെല്ലുമി-നെല്ലിന്റെ അരി എടുക്കുമ്പോൾ വേർതിരിയുന്ന തൊലി, ഉമി.

നെല്ലുളി - ചിത്രരേഖാഭൂഷണങ്ങൾക്ക് ഉപയോഗിക്കുന്ന ഒരുമാതിരി ഉളി.

നെല്ലോക്ക് - നെന്മണിയുടെ അറ്റത്തുകനംകുറഞ്ഞു നീണ്ടു സൂചിപോലെ നില്ക്കുന്ന അരമുള്ള വസ്തു.

നെല്ലോല നെൽച്ചെടിയുടെ ഓല (ഇല)

നെവി,നിവി,നിവ്യൻ-ഒരു ഭീഷ്മർ. (അറബിഭാഷ).

നൈഷ്ഠത്തം-ഭണ്ഡം, ശിക്ഷ (അറബിഭാഷ.)

നെറി-പ്ര. മുറ. ഉ. സമ്പ്രദായം. ന. നീതി. ര. നേര്. ള. മാനം, മാനം ഹേതുവായിട്ടുണ്ടാകുന്ന ലജ്ജ.

'ഒട്ടുപണിപെട്ട നെറികെട്ടധരിത്രീ,
(ഭാഗവതം ൮൪ വൃത്തം)

ന. നേർവഴി, സന്മാർഗ്ഗം. ഴ. ഭംഗി. വ. നന്മ.

നെറികെട്ട്-ബുദ്ധിമുട്ടി.

നെറികെട്ടവൻ-മാനവും നാണവും ഇല്ലാത്തവൻ, ബുദ്ധികെട്ടവൻ.

നെറികേട് - മാനക്കേട്, സ്ഥിരതയില്ലായ്മ.

നെറിമിക്കഴ-അധികം നന്മയുള്ള.

നെറിയ-അ. നേരെ.

'നെറിയേ ചെയ്തീടുന്നവർ കർമ്മം'
(ഭഗവൽഗീത-മാധവപ്പണിക്കർ)

നെറിവ്-മാനം, മാനം കാരണമായുണ്ടാകുന്ന ലജ്ജ

നെറുക,നെറുകന്തല-തലയുടെനടുവ്

നെറ്റി-കണ്ണുകളുടെ മുകൾഭാഗം. പുരികങ്ങൾ, ലലാടം, അളികം, ശോഭി.

നെറ്റിക്കുനിര-നെറ്റിയുടെ മുകളിൽ നേരെ നിരന്ന ഭംഗിയിൽ നില്ക്കുന്ന ചെറിയ തലമുടി.

[നെറ്റിക്കുനിര = അളികം, ഘുണ്ഡകം].

നെറ്റിചുളിക്കുന്ന - ഭാവഭേദംകൊണ്ട് നെറ്റിയിൽ ചുളിവുണ്ടാക്കുന്ന

നെറ്റിചുളിച്ചൽ - കോപത്തിനേയും മറ്റും ഭാവഭേദത്തെ തോന്നിപ്പാൻ നെറ്റിയിലുണ്ടാക്കുന്ന ചുളിവ്.

നെറ്റിച്ചുളിക്കൽ-നെറ്റിമേൽ ഉണ്ടാകുന്ന ഞൊറിവ്.

നെറ്റിത്തടം-നെറ്റി.

നെറ്റിപ്പട്ടം-നെറ്റിമേൽ കെട്ടുന്ന ഒരു ആഭരണം. പത്തുമുഖങ്ങൾ-പത്തുപാശ്വം, ലലാടിക.

നെറ്റിപ്പുറം - മേൽപ്പുരയുടെ കുറിയ വശം.

നേ

നേജകൻ-വെള്ളത്തേടൻ.

നേജനം-കഴുകൽ, വൃത്തിയാക്കൽ.

നേഞ്ഞിൽ-കലപ്പച്ചിടി.

നേടുന്ന-സമ്പാദിക്കുന്ന, ഉണ്ടാക്കിസൂക്ഷിക്കുന്ന

നേടി-കണ്ടെത്തി. (പ-മ)

നേട്ടം-സമ്പാദിച്ച മുതൽ.

നേതാ-പ്ര. വേപ്പ്. ഉ. നെച്ചി.

നേതാവ്-പ്ര. നായകൻ, ഉടയക്കാരൻ. ഉ. പതിനാറ് ജാതിക്കകളിൽ ഒരാൾ, (ജാതിക്കകളുടെ യംഗക്രിയ ചെയ്യുന്നവർ) ന പ്രഭുത്വമുള്ളവൻ.

നേതൃ-വി. നയിക്കുന്ന, നടത്തുന്ന, കൊണ്ടുപോകുന്ന,

നേതൃത്വം നയിക്കുന്ന പ്രവൃത്തി. പ്രധാനത്വം.

നേത്രകനീനിക-കൃഷ്ണമണി, കണ്മണി.

നേത്രഗോചര-വി. കാണ്മാൻ തക്കവണ്ണം നില്ക്കുന്ന.

നേത്രചികിത്സകൻ-കണ്ണുവൈദ്യൻ.

നേത്രച്ഛദം-കണ്ണിന്റെ പോള, കൺപീലി.

നേത്രജം-കണ്ണുനീർ.

നേത്രജലം-കണ്ണുനീർ.

നേത്രദോഷം-പ്ര. കണ്ണിന്റെ കേടു. ര. കണ്ണിലെ മീനം.

നേത്രനിമീലനം-കണ്ണടയ്പ്പ്.

നേത്രപഥം-ഓടുന്ന എത്തുന്ന വഴി, കണ്ണിനു നേർക്കുള്ള ദിക്ക്.

നേത്രപിണ്ഡം-പുരുവം.

നേത്രപുഷ്കരം-തുടിപ്പടം.

നേത്രമലം-കണ്ണിലെ മലം, പീള.

നേത്രമീലം-കീരിവള്ളി.

നേത്രം-പ്ര കണ്ണ്. ര. പട്ടുശീല, വസ്ത്രം. ന. വൃക്ഷത്തിന്റെ (വീട്ടു) വേർ. ര. രഥം, വണ്ടി. ഇ. രണ്ട് എന്ന സംഖ്യ. നേത്രം=നയിക്കുന്നത് എന്നർത്ഥം.

നേത്രയോനി-പ്ര. ദേവേന്ദ്രൻ ര. ചന്ദ്രൻ.

ഇന്ദ്രന് നേത്രയോനി എന്ന പേരുണ്ടാവാൻ കാരണം ഗൗതമന്റെ ശാപമാണ്.

നേത്രരഞ്ജനം-അഞ്ജനം, മഷി.

നേത്രരോഗി-കണ്ണിനു രോഗം പിടിപെട്ടവൻ.

നേത്രരോഗം-കണ്ണിലുണ്ടാകുന്ന രോഗം.

നേത്രവസ്ത്രം-കൺപോള.

നേത്രവാരി-കണ്ണുനീർ.

നേത്രസംജ്ഞ-പറയുന്നതിനു പകരം കണ്ണുകൊണ്ടു കാണിക്കുക.

നേത്രസാഫല്യം-കണ്ണിനുള്ള സംതൃപ്തി

നേത്രാന്തം-കണ്ണിന്റെ അറ്റം, കടക്കണ്ണ്.

നേത്രാന്തസംജ്ഞ-പറയുന്നതിനു പകരം കണ്ണുകൊണ്ടു കാണിക്കുക.

നേത്രാഭിഷ്യന്ദം-ഒരുവക നേത്രരോഗം

നേത്രാംബു-കണ്ണുനീർ. (നേത്രം=കണ്ണ്. അംബു=ജലം)

നേത്രാംബുജം-കണ്ണ്, കണ്ണാകുന്ന താമരപ്പൂവ്, താമരപ്പൂപോലെയുള്ള കണ്ണ്

നേത്രാംഭസ്സ്-കണ്ണുനീർ

നേത്രാരി-ചതുരക്കള്ളി

നേത്രി-പ്ര. നായിക. ര. ലക്ഷ്മി. ന. നദി. ര. മർമ്മം, ജീവസ്ഥാനം.

നേത്രികം-പ്ര. തവി. ര. മുഴുത്തകുഴൽ.

നേത്രേന്ദ്രിയം-കണ്ണ്. കണ്ണിനു കാഴ്ച നല്കുന്ന ഇന്ദ്രിയം. ഇന്ദ്രിയങ്ങളിൽ അദൃശ്യങ്ങളാണ്. അവ സ്ഥിതിചെയ്യുന്ന അവയവങ്ങളെയാണ് നാം കാണുന്നത്.

നേത്രോന്മീലനം-കണ്ണുതുറക്കുക.

നേത്രോല്പലം-കരിങ്കുവളപ്പൂപോലെയുള്ള കണ്ണ്, ഭംഗിയുള്ള കണ്ണ്.

നേത്ര്യം-തേറാമ്പരൻ.

നേദിഷ്ഠ-വി. ഏറ്റവും അടുത്ത, അടുത്തുകൊണ്ടുവരപ്പെട്ട

നേദിഷ്ഠം-ഏറ്റവും അടുത്തത്. അത്യന്തം അന്തികം എന്നർത്ഥം. അത്യന്തസമീപം. അടുത്തുകൊണ്ടുവരപ്പെട്ടത്

നേന്ത്രക്കാ-ഒരുമാതിരി വാഴയുടെ കായ്, ഏത്തക്കാ.

ഇതിന്റെ ഉണ്ടാക്കാ, ഗുണവാണ്. ദോഷഹരവും സരവുമാകുന്നു.

നേന്ത്രവാഴ—ഏത്തവാഴ. (സം-മഹാമോചാ).

നേപഥ്യം-പ്ര. ആഭരണം. ര. വസ്ത്രമാല്യാദികളെക്കൊണ്ടുള്ള അലങ്കാരം. ന. അലങ്കാരജനനിമിത്തമായ ശോഭ. നേത്രങ്ങൾക്കു പഥ്യം (കാണ്മാൻ ഭംഗിയുള്ളത്) എന്നർത്ഥം. നൈപഥ്യം എന്ന പാഠവും കാണുന്നു. ര. വേഷംകെട്ടുന്ന സ്ഥലം, അണിയറ.

നേപഥ്യവിധാനം-അണിയറയിലെ ഒരുക്കങ്ങൾ.

നേപൻ-കലഹപ്രിയൻ.

നേപം-ജലം.

നേപാഖ്യൻ, നേപാലജാതാ-മനയോല. നേപാളരാജ്യത്തു് ഉണ്ടായതു് എന്നു വ്യുൽപ്പത്തി.

നേപാലി-പ്ര. മനയോലം. വ. തുരിമുല്ല.

നേപാളം-പ്ര. ഹിമവാൻറെ തെക്കുവശത്തുള്ള ഒരു രാജ്യം. വ. ചെമ്പു്.

നേപാളകം-ചെമ്പു്.

നേപാളമൂലകം-മുള്ളങ്കിക്കിഴങ്ങു്.

നേമം-പ്ര. സമയം, കാലം. വ. നിയമം, നടപ്പടി, പതിവു്. ന. അതിർത്തി. ര. തിരുവിതാംകൂറിൽ തെയ്യാറ്റിൻകരതാലൂക്കിലെ ഒരു പകുതി. ള. മിഞ്ഞിയുടെ അസ്ഥിവാരം. ന്യ. വേലി, ചുറ്റിയടപ്പു്. ം വഞ്ചന, ചതി. വ്യ. വൈകുന്നേരം. ൻ. കിടങ്ങു്, ദ്വാരം. ഫാ. വേർ. ഫാ നൃത്തം. ഫാ. മുകൾഭാഗം.

നേമവെടി-സമയത്തിനുള്ള വെടി, നിയമവെടി.

നേമി, നേമീ-പ്ര. തേരുരുളും, വണ്ടിച്ചക്രം, രഥചക്രം.

'മാതലേ! ജലശീകരാർദ്രിത-
നേമിയാംവേതോരഥം'

(ശാകുന്തളം)

വ. തേർവണ്ടിയുടെ വിളുമ്പു്. ന. നെല്ലിപ്പലക. ര. ഇടി, കിണറ്റിൽനിന്നും വെള്ളം കോരുന്നതിനുള്ള യന്ത്രം. മറ്റൊരു പര്യായം-ത്രികാ. ള. തൊട്ടികാര. ന്യ. വാക്കു്. ം ഭൂമി. വ്യ ചുറ്റളവു്. ൻ തിരികല്ലിന്റെ യന്ത്രം. ഫാ. ഇടിവാരം.

നേമിക്കുന്നു-നിയമിക്കുന്നു, നിശ്ചയിക്കുന്നു.

നേമ്പുക-നാവുക, ചോദിക (നെല്ലു പറയുക.)

നേയാത്മാ-കാവ്യത്തിൽ പഞ്ചദോഷങ്ങളിൽ ഒന്നു്.

അർത്ഥം ശ്രവണമാത്രത്താൽ സ്പഷ്ടമാകാതെ ലക്ഷണംകൊണ്ടും മറ്റും ഊഹിച്ചെടുക്കേണ്ടതായി വരുന്നതു്. 'കരണക്കാരി തകർത്തിടാതൊരുങ്ങുക=ഇയിക്കു'.

നേരത്തു്-അ. പ്ര. സമയത്തു്. വ. ഉച്ചയ്ക്കു മുമ്പിൽ. ന. സൂര്യൻ ഉദിച്ച സമയത്തു്, പ്രഭാതകാലത്തു്.

നേരത്തേ-അ. പ്ര. ക്രമപ്പെട്ട സമയത്തിനു അല്പം മുമ്പേ. വ. ഉച്ചയ്ക്കു മുമ്പേ. ന. കാലത്തേ വെളിച്ചപ്പെടുമ്പോഴേ ഉടനേ.

നേരം-സമയം.

നേരകം-നേക്കാതെ നിന്നുള്ള യുദ്ധം (ശബ്ദ).

നേരാപോക്കു്-പ്ര സന്തോഷമായിട്ടു സമയം പോക്കുന്നതിനുള്ള പാട്ടോ കളിയോ മറ്റോ. വ. കളിക്കുളിവചനം. ന. കേൾക്കുമ്പോഴും കാണുമ്പോഴും ചെയ്യുമ്പോഴും ചിരി വന്നുപോകുന്ന കാര്യം.

നേരലർ-ശത്രുക്കൾ.

നേരസ്ഥൻ-നേരുള്ളവൻ.

നേരാകുന്നു-പ്ര. പരമാർത്ഥം തെളിയുന്നു. വ. നേരെയാകുന്നു. (സ. ക്രി.) നേരാക്കുന്നു.

നേരാംവണ്ണം-അ. നല്ലപോലെ, വേണ്ടുംപ്രകാരം, മര്യാദപ്രകാരം.

നേരായവർ-തുല്യരായുള്ളവർ.

നേരിടയാൾ-നേത്ത (ഒതുങ്ങിയ) ഇട (അര) ഉള്ളവൾ, സുന്ദരി.

നേരിടുന്നു-നേരെ ചെല്ലുന്നു, എതിർക്കുന്നു, തടുക്കുന്നു.

നേരിട്ടെതിർക്കുന്നവൻ = അഭിമുഖൻ, അഭിമുഖീയൻ, അഭിമുഖീനൻ.

നേരിയ-വി. കനംകുറഞ്ഞ, നേർമ്മയുള്ള, കട്ടിയില്ലാത്ത.

നേരിയത്തു്-പ്ര കട്ടികുറഞ്ഞൊരു മാതിരി തുണ്ടു്. വ. തോളിൽ ഇടുന്ന നേത്ത

വസ്ത്രം. നു. നേത്തുന്നു. (നേയ്ക്കുന്നു എന്നും പറയുന്നുണ്ടു് ഏഴുത്തിലും തൊഴിലിലും).

നേത്ത്–ഗ. സത്യം ഉ. വടുവില്ലായ്ക, ചൊവ്വ്. നു. പരമാർത്ഥം.

നേത്രകാരൻ–സത്യമുള്ളവൻ, നേരസ്ഥൻ.

നേത്രകേട്–നേരില്ലായ്ക, അസത്യം.

നേത്രുന്നു–ഗ പ്രാർത്ഥിക്കുന്നു. ഉ ചോദ്യങ്ങളിലും മറ്റും വല്ലതും വഴിപാടായി കൊടുക്കാമെന്നു തീർച്ചയായിട്ടു പറയുന്നു

നേരൊത്തുക–തുല്യമാവുക.

നേരേ–അ ഗ വഴിപോലെ ഉ. പ്രത്യക്ഷമായിട്ടു്. നു. സംശയംകൂടാതെ, ചാഞ്ഞുപോകാതെ, വടുവില്ലാതെ, ചതിവുകൂടാതെ, കോട്ടം വരാതെ. ങ. നേരിട്ടു്. ന. മറ്റുമായിട്ടു്

നേരേജ്യേഷ്ഠൻ–ഒരമ്മയിൽ നിന്നുണ്ടായ മൂത്ത സഹോദരൻ.

നേരേറിച്ച–ഭ. പറഞ്ഞതിനെ ചെയ്തതിനെ വിപരീതമായിട്ടു്.

നേരേയനുജൻ–അടുത്ത ഇളയ സഹോദരൻ.

നേരേവിരോധം—പ്രത്യക്ഷമായ വിരോധം.

നേരൊത്ത–വി. ഗ. നേരായ ഉ. തുല്യമായ.

നേർ–'പോലെ' എന്നുള്ള അർത്ഥത്തിൽ പദങ്ങളിൽ ചേർത്തു പ്രയോഗിക്കുന്നു. ഉ–ം മധുനേർവാണി (മധുവിനെപ്പോലെയുള്ള വാക്കു).

നേർ–ഗ. തുല്യം, തുല്യം. ഉ. സത്യം നു. ചൊവ്വ്.

നേർകാണ–വീടു പണിയുന്നതിൽ കഴുക്കോൽ ചായാതെ ഇറക്കുന്ന മരത്തിരി പണി.

നേർക്കാറു്–നേരെ വരുന്ന കാറു്, എതിർത്തുള്ള കാറു്.

നേർക്കുനേർ അ. മുന്നിന നേരെനേരെ നിന്നു മറ്റൊന്നു്.

നേർക്കുന്നു–ഗ. എതിർക്കുന്നു നേരെ വരുന്നു. ഉ. നേരിട്ടു തടുക്കുന്നു. നു. കുനം കാണുന്നു. ങ. കുറഞ്ഞൊന്നു അടക്കം വരുന്നു. ച. കൊഴുപ്പുപറയുന്നു. ന. പൊടിഞ്ഞും മാറും തരിക്കുറവായാകുന്നു. (സ ക്രി.) നേർപ്പിക്കുന്നു.

നേർവ്വു–വഴിപാടു്, ക്ഷേത്രത്തിലും മറ്റും കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതു്.

നേർവ്വുക്കാരൻ — നേർവ്വുകഴിക്കുന്നവൻ, നേർന്നവൻ

നേർത്ത–വി. ഗ. കനം കുറഞ്ഞ, ഉ. നേർമ്മയുള്ള. നു. എതിർത്ത ങ. തരിയില്ലാതെ പൊടിഞ്ഞ.

നേർവടം–കനം കുറവുള്ള വസ്ത്രം, നേർമ്മയുള്ള വസ്ത്രം.

നേർവലിശ–ക്രമപ്രകാരമുള്ള പലിശ.

നേർവാട്ടുവീട്ടു്–നിലം പുരയിടം മുതലായതു് കൂടിയാനവന്മാരെ പാട്ടത്തിനേർപ്പിക്കുന്ന സമയം എഴുതിക്കൊടുക്കുന്ന ആധാരം

നേർവാട്ടം–പുരയിടത്തിൻറെയും മറ്റും ക്രമമായ കരം, കണ്ടവാട്ടം.

നേർവാട്ടയോല–നേർവാട്ടുവീട്ടു്.

നേർവാതി–ഒരുപോലെ രണ്ടായി പകുത്തതു്.

നേർവെടുന്നു–ഗ. നേരിടുന്നു. ഉ. ഇന്നിയോടു നേരെ ആധാരം എഴുതിപ്പിടിക്കുന്നു.

നേവ്വു–ഗ. നേക്കുക ഉ. നേമ്മ, മിനുസം നു. വെള്ളമാകുക.

നേമ്മ–ഗ. കട്ടിയില്ലായ്ക ഉ. മാർദ്ദവം.

നേമ്മിക്കുന്നു–മാർദ്ദവം വരുത്തുന്നു. നന്നായി പൊടിക്കുന്നു.

(നേവ്വിക്കുന്നു എന്നതിലും നന്നു് ഇതു രൂപമാണു്)

നേവ്വട്ടം–മുന്നിന പത്തുവീതമുള്ള വിളവു്

നേർവ്വഴി-ക്ര. നേരെയുള്ള വഴി. ഉ. ന ന്നായി നടപ്പാനുള്ള ഒരു ക്രമം. ന. വ്യാജമില്ലാത്ത ഒരു ഉപദേശം.

നേർവ്വാട്ട്-ചൊല്ലിച്ചൊഴുത്ത്.

നേർവ്വാതൽ - മുൻവാതുത്ത വാതൽ.

നേർവ്വാതിൽ> <കളിവാതിൽ.

നേർവ്വാദം - നേരിട്ടുള്ള സംഭാഷണം (തർക്കം)

നേർവ്വാളം-ക്ര ഒരു രോഗം, നെയ്യ്. ന ഞ്ചൻ കരു.

കഫം, പിത്തം മഹോദരം, കൃമി ഇ വയ്ക്കു നന്ന്. വിരേചനാജ്ഞയും ഛർദ്ദി യേയും ഉണ്ടാക്കും. ഒരു വിരേചനീയദ്ര വ്യമാകുന്നു. ഇതു ഭക്ഷിച്ചാലുണ്ടാകുന്ന വികാരത്തിൽ കൊത്തമ്പാലരി പൊടി ച്ചു നെയ്യിൽ കലക്കി പഞ്ചസാരയും ചേർത്തു സേവിക്കുക. സം-ജയപാലം ത-നേർവാളക്കൊരോട്ട ഇം-Croten plant ക്രോടൻപ്ലാൻറ്.

നേർവ്വാരം-വളവില്ലാത്തതായ വാരം

നേർവ്വി-ഒരുവൻ മറ്റൊരുവന്റെ പറ മ്പിൽ വൃക്ഷംവയ്ക്കുകയും മറവു ചെയ്താൽ അതു കൊണ്ടു ഭോഗിച്ചുവരുന്ന കൊടുക്കുന്ന അന്ത രം.

നേർവ്വിടുക-ക്ര. ഉടമ്പടി വേർപിരിക്കുക ഉ. നെരെചൊല്ലുക.

നേർവ്വില-നേരെ കാണുന്ന വില.

നേശൻ-സ്നേഹിതൻ.

നേഷ്ടാവു്-പതിനാറു സ്മൃതികാരന്മാരിൽ ഒരാൾ.

നേറി-ക്ര. തഴക്കം, പതിവു്. ഉ. ഭാവ

നൈ

നൈകടീക-വി. സമീപമുള്ള

നൈകടീകൻ-ഭിക്ഷു

നൈകധാ-അ. നാനാപ്രകാരം.

നൈകൻ-വിഷ്ണു.

നൈകഭേദ വി. പലവിധമായുള്ള.

നൈകഭേദം-അനേകപ്രകാരം. ഏക ഭേദമല്ലാത്തതു് (അനേകഭേദങ്ങളുള്ളതു്) എന്നർത്ഥം മറ്റൊരു പര്യായം ഉച്ചം വചം.

നൈകഷേയർ-രാവണന്റെ മാതാവാ യ നികഷയിൽ നിന്നുത്ഭവിച്ച മംസ ഭോജികളായ പിശാചുക്കളും, രാക്ഷസർ.

നൈകൃതിക-വി. ക്ര. കളവുള്ള, നേര കേടുള്ള. ഉ. ദുഷ്ടതയുള്ള.

നൈഗമൻ-ക്ര. കച്ചവടക്കാരൻ. ഉ. ന ഗരവാസി, പട്ടണത്തിൽ പാർക്കുന്നവൻ. നിഗമത്തിൽ ജീവിച്ചവൻ. കച്ചവടശാ സ്ത്രപ്രകാരം കച്ചവടം കൊണ്ടു നടക്ക ന്നവൻ എന്നർത്ഥം.

നഗരത്തിൽ പാർക്കുന്നതു് ഒരു ബ്രാഹ്മ ണനാണെങ്കിൽ അഭിപ്രായമായി 'നൈ ഗമൻ' എന്നു പ്രയോഗിച്ചുകൂടാ. അതു കൊണ്ടു് ബ്രാഹ്മണേതരനായ നഗരവാ സീ എന്നേ ഇതിനർത്ഥം പറയാവൂ എ ന്നു് അഭിപ്രായം കാണുന്നു.

നൈഗമം-ക്ര. നടത്തുക ഉ. വഴി.

നൈച-നീചനെ സംബന്ധിച്ചതു്.

നൈച്ചികം-കാളത്തലവ.

നൈചികി-ലക്ഷണമുള്ള പശു, നല്ല പശു. പതുക്കെ സഞ്ചരിക്കുന്നവൾ എ ന്നർത്ഥം. പ്രഭുസ്തമായ കണ്ണ ശിരോദേശ ത്തോടു കൂടിയവൾ എന്നുമാവാം.

നൈച്യ-നീചത്വം.

നൈജ-വി. ഒരുവന്റെ സ്വന്തമായ, തന്നെ സംബന്ധിച്ച.

നൈതൽപുഷ്പ-നൈതൽ പൂവ്, നെ യ്യാമ്പൽ, പദ്മമെങ്കിലും ഉൽപലം, കു വലയം.

ഇവ രണ്ടും ചെങ്ങഴിനീർപ്പൂവെന്നു ചിലർ പറയുന്നു. താമര, ആമ്പൽ, മുതലായതിന്റെ സാമാന്യമായ പേരാണെന്നു മറ്റൊരഭിപ്രായം. ഇന്ദീവരമെന്നും അഭിപ്രായം ഇല്ലെന്നില്ല.

'നെനൽപ്പൂവിൻദള മുദ്രതരെര-
രങ്കരിക്കും നവാരെഴുൽ'
(ഉണ്ണുനീലിസന്ദേശം)

നൈത്തിയാർ-കൊച്ചിയിൽ രാജാവിന്റെ ഭാര്യയെ പറയുന്ന ഒരു പേർ.

നൈത്രികാമ്ലം-പാക്യജനകവും അമ്ലജനകവും കൊണ്ടുണ്ടാകുന്ന ഒരു ദ്രാവകം. (Nitric Acid.)

നൈദാഘം-ഗ്രീഷ്മകാലം. നിദാഘത്തെ (വേനലിനെ) സംബന്ധിച്ചതു് എന്നർത്ഥം.

നൈപാല-തുളസിമുല്ല.

നൈപാല(ള)ം-വെണ്ണീറുകരിംപു്.

നൈപാലം-ക. ചെമ്പു്. ഗ. ഉത്തരകിരിയാത്തു്.

നൈപാള, നേപാള-നേപാളരാജ്യത്തുണ്ടായതു്.

നൈപാളി-ക. പിച്ചകം. ഗ. ചെമന്തി. ന. അമരി. ര. മനയോലം. നേപാളരാജ്യത്തിലുണ്ടാകുന്നതു് എന്നർത്ഥം. ഇ. അരത്ത. ന തുളസിമുല്ല.

നൈപുണ്യം, നൈപുണം-ക. സാമർത്ഥ്യം, നിപുണത, മിടുക്കു്. ഗ. സംപൂർത്തി, തികവു്. ന. തുട്ടം.

നൈപ്പാവൽ-ഒരു ഫലശാകം. അഗ്നിയെ വർദ്ധിപ്പിക്കും. അത്യന്തം രുചികരമാണു്. രക്തദോഷത്തേയും കൃമികോപത്തേയും ഉണ്ടാക്കും.

നൈമന്ത്രണകം-വിരുന്നു്, സദ്യ.

നൈമയൻ-കച്ചവടക്കാരൻ.

നൈമാലി-കസ്തൂരി.

നൈമിത്തിക-വി. കാരണംകൊണ്ടുണ്ടാകുന്ന.

നൈമിത്തികൻ-ജ്യോതിഷക്കാരൻ.

നൈമിത്തികപ്രളയം-ബ്രഹ്മാവിന്റെ ഒരു പകൽ കഴിയുമ്പോൾ അതുവരെ സൃഷ്ടിച്ചിട്ടുള്ളതെല്ലാം നശിക്കുന്നതിനു പറയുന്ന പേർ.

നൈമിത്തികം-കാരണത്താൽ ഉണ്ടാകുന്നതു്, കാരണം സംബന്ധിച്ചതു്.

നൈമിശം, നൈമിഷം-ഒരു വനം.

ഈ വനത്തിൽവച്ചാണു് ഉഗ്രശ്രവസ്സു് എന്ന സൂതൻ ശൗനകാദി മഹാമുനികൾക്കു മഹാഭാരതം ഉപദേശിച്ചതു്. ഇതു ശോണതീരത്തിലാകുന്നു.

നൈമിശാരണ്യം-നൈമിശവനം.

[ശൗനകാദി മഹർഷിമാരുടെ വാസസ്ഥലം]

നൈമേയം-ഒന്നുകൊടുത്തു മറ്റൊന്നു വാങ്ങുക. (ഒവ്വമേയം എന്നും പാഠം കാണുന്നു).

നൈയഗ്രോധം-പേരാൽക്കരു.

നൈയായികൻ-ന്യായശാസ്ത്രത്തെ അറിയുന്നവൻ. മറ്റൊരുപായം-അക്ഷപാദൻ.

നൈരന്തര്യം-അന്തരമില്ലായ്മ, ഇടതിങ്ങൽ, ഇടവിടാതെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതി.

നൈരം-ക വെള്ളം. ഗ. കരിമ്പായൽ.

നൈരയികൻ-നരകത്തിൽ കിടക്കുന്നവൻ.

നൈരാശ്യക്കാരൻ-ആശയില്ലാത്ത സ്വഭാവക്കാരൻ.

നൈരാശ്യം-ആശയില്ലായ്മ, ആഗ്രഹമില്ലായ്മയാൽ ഒരു നിശ്ചയമായുള്ള ഭാവം.

'ആധിവ്യാധിക്കുമെല്ലും ശമനമതുഭവി-
ക്കാഞ്ഞു നൈരുജ്യമേടെ'
(ഭാഷാകർണ്ണരസായനം)

നൈരുജ്യം – രോഗരാഹിത്യം. രുജ (ദുഃഖം, രോഗം) ഇല്ലാത്ത സ്ഥിതി എന്നർത്ഥം.

നൈർഋത-വി. നിർഋതിയെ സംബന്ധിച്ച

നൈർഋതൻ-(നിർഋതിവംശജനായ) രാക്ഷസൻ.

നൈർഋതി-പ്ര. ഒരു ദിക്കുപേടിഞ്ഞാറേക്കാണ്. പ. നരകദേവത, ജ്യേഷ്ഠാദേവതി, അഭാഗ്യം.

നൈർഗുണ്യം-നിർഗ്ഗുണത, ഗുണമില്ലായ്മ

നൈർഘൃണ്യം-ദയയില്ലായ്മ, ക്രൂരത.

നൈർദ്ദേശികൻ-ഭൃത്യൻ.

നൈർദ്ധന്യം-നിർദ്ധനത, ധനമില്ലാത്ത സ്ഥിതി.

നൈർമ്മല്യം-പ. നിർമ്മലത, മലമില്ലായ്മ, സച്ഛുത തെളിവ്. പ. ദോഷമില്ലായ്മ, പാപമില്ലായ്മ.

നൈവമേയഗ്രഹം-ഒരു രോഗം.

ഛർദ്ദി, വിറയൽ, തൊണ്ടയും വായും ഉണങ്ങുക, പല്ലുകടി, കീഴ്ം മേലുമുള്ള നോട്ടം, ദുർഗ്ഗന്ധം ഇത്യാദിയത്രെ ലക്ഷണം.

നൈവേദ്യ – കെട്ടിടം പുത്തനായുണ്ടാക്കുമ്പോൾ ദുഷ്ടിദോഷം ഉണ്ടാകാതെയിരിപ്പാൻ കരങ്ങിന്റെയും ധനുഷ്കൃതുടെയും രൂപമുണ്ടാക്കി വെക്കുക (നൈവേദ്യം)

നൈവല-ചില നാല്ക്കാലിമൃഗങ്ങളുടേയും മറ്റും ഉള്ളിൽ നെയ് ഇരിക്കുന്നതായി പാടമോലെയിരിക്കുന്ന വസ്തു, ചവ്വ്.

നൈവിലാമ്പൽ-ഒരുവക ചെറിയ ആമ്പൽ.

നൈവേദ്യം-ദേവന്മാക്ക് നിവേദിക്കുന്നതിനുള്ള ചോറും പഴവും മറ്റും.

നൈശ-വി. നിശയെ (രാത്രിയെ) സംബന്ധിച്ച, രാത്രിയോട് ചേർന്ന.

നൈഷധ-വി നിഷധനെ സംബന്ധിച്ച. നിഷധം എന്ന രാജ്യത്തെ സംബന്ധിച്ച.

നൈഷധകം-വേഴച്ചെന്നെല്ല്.

നൈഷധൻ-നിഷധരാജ്യത്തെ രാജാവ്, നളൻ.

നൈഷധം-ഒരു കാവ്യം. ശ്രീഹർഷൻ ഉണ്ടാക്കിയത്ത് (നളചരിതം).

നൈഷാദൻ – നിഷാദജാതിയിൽ ജനിച്ചവൻ, ചണ്ഡാലൻ, കാട്ടാളൻ.

നൈഷ്കിക-വി. വിലയ്ക്കു വാങ്ങപ്പെട്ട.

നൈഷ്കികൻ – കമ്മട്ടവിചാരക്കാരൻ, വെള്ളിമുതലായതിരിക്കുന്ന ഭണ്ഡാരത്തിലേ അധികൃതൻ. നിഷ്കത്തിൽ (സ്വർണ്ണത്തിൽ) അധികൃതൻ എന്നർത്ഥം.

നൈഷ്ഠിക-വി. പ്ര. നിഷ്ഠയെ സംബന്ധിച്ച പ. വ്രതങ്ങളിലും മറ്റും സ്ഥിരതയുള്ള. ന നിശ്ചയമുള്ള. ര. അവസാനത്തിലുള്ള.

നൈഷ്ഠികൻ-ഗുരുവിനോടുകൂടി നിന്നു വേദം പഠിക്കുന്ന ഒരു ബ്രാഹ്മണൻ.

നൈഷ്ഠുര്യം-നിഷ്ഠുരത, കഠിനത.

നൈസർഗ്ഗിക-വി. സ്വാഭാവികമായത്, സാധാരണമായി ഉള്ളത്

നൈസാം – മഹമ്മദീയരാജാക്കന്മാരുടെ സ്ഥാനപ്പേർ. ഇ-ാ ദൈദരാബാദിലേ നൈസാം മുകിലചക്രവർത്തിമാരുടെ കാലത്ത് അവരുടെ രാജപ്രതിനിധി എന്നർത്ഥമുള്ള ഈ പേരിനെ ഹൈദരാബാദിലെ മഹമ്മദീയ രാജാവിനു അവർ നല്കിയതാണ്.

നൈസ്സ്വിംശികൻ-വാൾ എടുത്തവൻ, ഖഡ്ഗം ആയുധമായിട്ടുള്ളവൻ. (നിസ്സ്വിംശം = വാൾ)

നൊ

നൊക്കുന്നു-ഞെരുങ്ങി മറുപുറം കടക്കുന്നു.

നൊങ്ങു്, ഞൊങ്ങു്-കിളിച്ച തേങ്ങയുടെ ഉള്ളിൽ നിറഞ്ഞുകാണുന്ന മാർദ്ദവമുള്ള വസ്തു (കരുപ്പു്).

നൊങ്ങണംപുല്ലു്-ഒരുവക പുല്ലു്.

നൊച്ചൻ-ഒരുവക എലി.

നൊച്ചി-ഒരു മരുന്നു തൈ.

നൊച്ചി കഫം, ശ്രമം, വീക്കം, ജ്വരം, വ്രണം, ക്ഷയം മുതലായവയ്ക്കു നന്നു്. കണ്ണിനു നന്നാണു്. ഒരു ജ്വരമുള്ളവയ്ക്കുമാണു്. ത-നൊച്ചിലു. കരിനൊച്ചി, വെളുത്തനൊച്ചി ഇങ്ങിനെ രണ്ടു തരമുണ്ടു്.

നൊച്ചെലി-ഒരുവക എലി. പയ്യിനെയുടെ പേരും-ചുചുന്ദരീ, ഗന്ധമൂഷ്കീ.

നൊടി, ഞൊടി-കൈയുടെ പെരുവിരലും നടുവിരലും കൂട്ടിയുണ്ടാക്കുന്ന ശബ്ദം.

നൊടിക്കുന്നു, ഞൊടിക്കുന്നു-കൈയുടെ പെരുവിരലും നടുവിരലും കൂട്ടി ശബ്ദിപ്പിക്കുന്നു.

നൊടിഞ്ഞാനിയം — ചാടുവചനം. (പ. മ.)

നൊടിപ്പു്, ഞൊടിപ്പു്-നൊടി.

നൊടിയളവു്-ഒരു നൊടിയുടെ സമയം.

നൊടിയിട-ഒരു നൊടിയുടെ സമയം.

നൊട്ട, ഞൊട്ട-കൈകാലുകളുടെ സന്ധിയിൽനിന്നുള്ള ശബ്ദം.

നൊട്ടങ്ങാ-ഒരുവക തൈ.

നൊട്ടൽ-പ്രവൃത്തി.

നൊട്ടാനൊടിയൻ-ഒരു ചെറു ചെടി

നൊട്ടുന്നു, ഞൊട്ടുന്നു ചെയ്യുന്നു.

നൊണ്ടൽ-മുടന്തൽ.

നൊണ്ടി-മുടന്തി നടക്കുന്നവൻ.

നൊണ്ടിനാടകം-പാണ്ടിക്കാരുടെ ഒരു കഥപ്പാട്ടു്.

നൊണ്ടുന്നു-മുടന്തി നടക്കുന്നു, മേലിക്കുമേലെ നടക്കുന്നു.

നൊണ്ണു്-പ. കുട്ടികളുടെ പല്ലു മുളയ്ക്കുന്നും ഇടം, തൊണ്ണു്. വ. വയസ്സുന്മാരുടെ പല്ലുപോയ ഇടം.

നൊണ്ണൻ, നൊണ്ണി-പല്ലില്ലാത്തവൻ. (സ്ത്രീ-നൊണ്ണിച്ചി).

നൊത്തുന്നു-തുളയിൽക്കൂടയോ തുളഞ്ഞോ മറുപുറത്തു കടക്കുന്നു.

നൊമ്പരം, നൊമ്പലം-പ, വേദന. വ. ദുഃഖം.

നൊമ്മലം-നോവു, നമ്മലു.

നൊയ്യൻ-ബലഹീനൻ.

നൊയ്യുവർ-നിസ്സഹന്മാർ.

നൊള്ളാപ്പു്-ഉപദ്രവം, ശല്യം. (പ. മ)

നോ

നോ-അ. ഇല്ല, അല്ല.

നോക്കു്-കാഴ്ച. വ. കണ്ണു്. ന. നോട്ടം.

നോക്കുക-പ. നോക്കുക, സൂക്ഷിക്കുക. വ. ഭംഗി. ന. കണ്ണു്.

നോക്കുൽ-നോട്ടം, നോക്കു്.

നോക്കുന്നു-പ. എന്തെങ്കിലും കാണ്മാൻ നേരെ കണ്ണുതുറക്കുന്നു. വ. അന്വേഷിക്കുന്നു, സൂക്ഷിക്കുന്നു.

നോക്കുമരം-പ. ഈയാടു് എഴുതി തൂക്കിയിരിക്കുന്ന തുണ്ടു്. വ. കയറികഴൽ കണ്ണാടിവച്ചു നോക്കുന്നതിനു നാട്ടിയ മരം.

നോക്കുവിദ്യ-ഒരുമാതിരി ചെപ്പടിവിദ്യ.

നോങ്ങൽ-ഒരുവക മത്സ്യം.

നോചേൽ-അ, അല്ലെങ്കിൽ.

നോട്ടന്ന-കൈവിരൽ മടക്കി തലയിൽ തട്ടി വേദനപ്പെടുത്തുന്ന.

നോട്ടക്കഴിപ്പ്-നോക്കിത്തള്ളപ്പെട്ടത്.

നോട്ടക്കാരൻ-ക. പണം നോക്കുന്നതിനും മറ്റും വശമുള്ളവൻ. ഖ. നോക്കുന്നവൻ.

നോട്ടക്കുറവ്-ക. വിചാരക്കുറവ്. ഖ. നോക്കിയതിന്റെ തെറ്റ്.

നോട്ടം-ക കാഴ്ച. ഖ. നോക്ക്. ന. പണം നോക്കുകയും മറ്റും.

നോട്ടമുള്ളവൻ-ക. പണംനോട്ടം, മറ്റിനോട്ടം മുതലായവയിൽ ശീലമുള്ളവൻ ഖ. ബുദ്ധി വിസ്താരമുള്ളവൻ.

നോട്ടീസ്-അറിയപ്പെടുത്തൽ. (ഇംഗ്ലീഷ് ഭാഷ).

നോണ്ടൽ, ഞോണ്ടൽ-നോടുക, കിഴക്കുക, പിച്ചുക.

നോണ്ടുന്ന, ഞോണ്ടുന്ന-കിഴക്കുന്ന, നുള്ളുന്ന, നോടുന്ന.

നോന്നാവര-ഒരു വൃക്ഷം.

നോദനം-ക. ഉരത്തൽ. ഖ. പിളർപ്പ്. ന. ധ്വംസനം ര. ഛേദനം. ങ. പ്രേരണം.

നോദം-പ്രേരണം.

നോമ്പ്-ഏകാദശിവ്രതം മുതലായ ഉപവാസം.

നോമ്പുകാരൻ-നോമ്പുള്ളവൻ.

നോം-ക. ഞാൻ. (ബഹുവചനരൂപം). ഖ. നാം, നമ്മൾ.

നോല്ക്കുന്ന-വ്രതം അനുഷ്ഠിക്കുന്ന, കാത്തിരിക്കുന്ന, ഉപവസിച്ചിരിക്കുന്ന. (കാ. ക്രി. നോല്പിക്കുന്ന).

'തിങ്കളിൽ രണ്ടു പ്രദോഷം വരുമതു
നിങ്ങടെ മക്കളെ നോല്പിക്കേണം'
(പ്രദോഷമാഹാത്മ്യം പുള്ളുപ്പാട്ട്)

നോയ് ദുഃഖം. (പഴയ മലയാളമാണ്).

'നോയകലവേ തെളിഞ്ഞു'
(ഭഗവൽഗീത-മധുവപ്പണിക്കർ)

നോവൽ-ആഖ്യായിക.

നോവൽ-കഥാസംഘടനയിലും പാത്രസൃഷ്ടിയിലും സംഭാഷണത്തിലും വർണ്ണനയും അനുഭവരസവും വരുത്തിട്ടുള്ള സംഭാഷണങ്ങളിലും സന്ദർഭങ്ങളിലും വർണ്ണനകളിലും ലോകതത്വങ്ങളുടെ യഥാർത്ഥസ്ഥിതിയെ സരസമനോഹരവർണ്ണം ഏതുവിധമെങ്കിലും കാട്ടിക്കൊടുക്കുകയാണ് പ്രധാനം. യഥാർത്ഥത്തിൽ സംഭവിച്ചിട്ടില്ലാത്തതാണെങ്കിലും വാസ്തവത്തിൽ സംഭവിക്കാവുന്നതും, 'പ്ലോട്ട്' അല്ലെങ്കിൽ വിചിത്രമായ കഥാവസ്തുക്കളോടുകൂടിയതുമായ ഒരു കഥയെ നോവൽ എന്നു പറയാം. പ്ലോട്ട് ഒന്നുമില്ലാത്ത വേറെ കഥകളെ സാധാരണ സംഭവിക്കാവുന്നതായിത്തന്നെയിരുന്നാൽത്തന്നെയും ആദ്യം നോവൽ എന്ന ശേഖരത്തിൽപ്പെടുത്താറില്ല. നോവലിൽ ഒരു നായകനും നായികയും ക്രമേയെ കഴിയും. നോവലിന്റെ മുഖ്യോദ്ദേശം ജ്ഞാനപ്രദാനമാണ്. രാജ്യകാര്യങ്ങളും, സമുദായ കാര്യങ്ങളും, സദാചാരതത്വങ്ങളും എന്നിവ പൊതുവായ ജ്ഞാനത്തിന്റെ വകഭേദങ്ങളാകുന്നു. മലയാളത്തിൽ ഇദംപ്രഥമമായി ഉണ്ടായ നോവൽ കുന്ദലതയാണ്. ഇതു രാജ്യകാര്യസംബന്ധമായതിൽ ഒന്നാകുന്നു ഒരു യഥാർത്ഥ നോവലിന്റെ ഉദ്ദേശം ഒരു സമുദായത്തിന്റെ ആചാര നടപടിക്രമങ്ങൾ, ചില പ്രത്യേക കുടുംബങ്ങളുടെ സ്വഭാവവിശേഷങ്ങൾ, ഏതു തരക്കാരുള്ള വായനക്കാരെയും അനുമോദനീയമായി രസിപ്പിക്കണം. അവരെക്കൊണ്ട് ആവശ്യംപോലെ ചിരിപ്പിക്കുകയും കരയിക്കുകയും, ഇടക്കിടക്ക ഔചിത്യമായ ആലോചന ചെയ്യിക്കയും, അവരുടെ ഹൃദയത്തിൽ നാനാപ്രകാ

കാരണം സ്നേഹങ്ങളും ഉണ്ടാക്കുകയും അതുകപ്പാടെ അത്യന്തം തൃപ്തികരമായ ഒരു അനുഭവം ജനിപ്പിക്കയും ചെയ്യുന്നു. ഇവയെല്ലാം അങ്ങിനെയെങ്കിലത്തെ ഒരു യഥാർത്ഥനോവൽ ആകയുള്ളൂ. ഉ-ഇന്ദുലേഖ.

നോവാളി-മീനക്കാരൻ.

നോവു്-ക്രി. വേദന, വ്യഥ. ഉ. പ്രസവവേദന മുതലായതു്.

'പാരമകംതനായ്ത സംരസ്യവാണിയിൽ'
(ഭാഗവതം)

നോവുന്നു-വേദനയുണ്ടാകുന്നു. (കർ. ക്രി. നോവിക്കുന്നു.)

നോള-ക്രി. ഫലങ്ങളും, മത്സ്യങ്ങളും മുതലായവയിലുള്ള ഒരുമാതിരി ഒട്ടുന്ന ദ്രാവകം (മലം പോലെയുള്ള വസ്തു). ഉ. കതിരയുടെ വായിലുള്ള പത (ചാള്ളവ). നു. വായിൽനിന്നു് ഒലിക്കുന്ന ഉമിനീർ (ഞൊള).

—:0:—

ന്യൗ

ന്യൗ(വു്)-തോണി, വള്ളം. പ്രേരിപ്പിക്കപ്പെടുന്നതെന്നർത്ഥം.

ന്യൗക-തോണി, വള്ളം.

ന്യൗകാദണ്ഡം - തോണിക്കഴുക്കോൽ, തുഴ. തോണിയെ പ്രേരിപ്പിക്കുന്ന കോൽ എന്നർത്ഥം.

ന്യൗതായ്യം-പുഴക്കടവു്, വള്ളക്കടവു്, കടത്തുകടവു്.

—:0:—

ന്യ

ന്യക്-വി. ക്രി. കുറിയ. നിന്ദിക്ക എന്നർത്ഥം. ഉ. നിന്ദ്യമായ.

ന്യക്കാരം-നിന്ദ.

ന്യക്ഷ-വി. ക്രി. അതികലം, എല്ലാം. ഉ. നികൃഷ്ടമായ.

ന്യക്ഷൻ-അധമൻ.

ന്യക്ഷം-ക്രി. ഏതുമല്പമുള്ളു. ഉ. പോത്തു്. നു. മുഴുവൻ. ർ. നികൃഷ്ടമായ വസ്തു. ഇതിങ്കൽ ഇന്ദ്രിയങ്ങളും നിയതങ്ങളും (നികൃതങ്ങളും) ആകുന്നു.

ന്യഗ്രോധം-ക്രി. പേരാൽ. വഴിയെ തടസ്ഥപ്പെടുത്തുന്നതെന്നർത്ഥം. ഉ. ഒരു മരം. നു. വന്നി.

ന്യഗ്രോധി-ക്രി. ഏലിച്ചെവി. വിലങ്ങത്തിൽ പടരുന്നതെന്നർത്ഥം. ഉ. വലിയമന്തി.

ന്യഗ്രോധികാ-ഏലിച്ചെവിയൻ.

ന്യങ്കു-കരിമാൻ, കടമാൻ. തലവളച്ചു കൊണ്ടോടുന്നതു് എന്നർത്ഥം.

ന്യങ്കുഭ്രുരഥം-പലകപ്പയ്യാനി.

ന്യച്ഛം-ഒരു ക്ഷുദ്രരോഗം.

കരുവാളിച്ചിട്ടും മറവും ദേഹത്തിൽ കാണുന്ന മണ്ഡലമാകുന്നു ന്യച്ഛം.

ന്യസനം-ക്രി. വെക്കുക. ഉ. ഉപേക്ഷിക്കുക. നു. ധനയം.

ന്യസിക്കുന്നു-ക്രി. വയ്ക്കുന്നു. ഉ. തൊടുന്നു. നു. അംഗങ്ങളിലോരോന്നിൻറെയും രക്ഷക്കായി ഓരോ ദേവതമാരെ മന്ത്രപൂർവ്വകമായി കല്പിക്കുന്നു.

ന്യസ്തം-വയ്ക്കപ്പെട്ടതു്. ന്യസിക്കപ്പെട്ടതു് എന്നർത്ഥം. മറെറാരുപചാരയം-നിസൃഷ്ടം

ന്യാദം-ഭക്ഷണം.

ന്യായക്കേടു്-മുറക്കേടു്, മര്യാദക്കേടു്, ക്രമത്തെറവു്.

ന്യായദർശനം-ന്യായശാസ്ത്രം. കർത്താവു് ഗൗതമമഹർഷി.

ന്യായപ്രമാണം-ക്രി. നേരിൻറേയും നല്ലനടപ്പിൻറേയും മറവു ഒരു സാക്ഷി

പുസ്തകം ൨. നീതിയെക്കുറിച്ചുള്ള ഒരു പരിഷ്കരം. ൩. ചട്ടത്തെ സംബന്ധിച്ചുള്ള ഒരു ദൃഷ്ടാന്തം.

ന്യായം-വി. നേരായുള്ള, യോഗ്യമായുള്ള

ന്യായം-പ്ര. സത്യം ൨ യുക്തം. ൩. മര്യ്യാദ, നല്ലനടപ്പ്, ചട്ടംവെപ്പ്, ക്രമം. ൪. നീതി. ൫. ശാസ്ത്രങ്ങളിൽ പറയുന്ന ഓരോ മുറ, സംസ്കൃതഭാഷയിലുള്ള പഴമൊഴി. നിയമേന നടത്തപ്പെടുന്നത് എന്നർത്ഥം.

ചില ന്യായങ്ങൾ-അന്ധഗോലാംഗൂലന്യായം, അന്ധചടകന്യായം, അന്ധപംഗ്വന്യായം, അന്ധപരമ്പരാന്യായം, അന്ധഹസ്തിന്യായം, അശോകവനികാന്യായം, ഉഷ്ട്രകണ്ടകഭോജനന്യായം, കദംബഗോളകന്യായം, കരകങ്കണന്യായം, കാകദന്തഗവേക്ഷണന്യായം, കാകാക്ഷിന്യായം, ക്രപയന്ത്രഘടികാന്യായം, ക്രമ്മാംഗന്യായം, കൈമുതികന്യായം, ഖലേകപോതകന്യായം, ഗ്രഡ്ഡരികാന്യായം, ഘട്ടകുടീപ്രഭാതന്യായം, ദശപത്രന്യായം, ദണ്ഡചക്രാദിന്യായം, ദണ്ഡാപൂപന്യായം, ദേഹലീദീപന്യായം, നൂപനാപിതപുത്രന്യായം, പങ്കപ്രക്ഷാളനന്യായം, പിഷ്ടപേഷണന്യായം, ബീജാംകുരന്യായം, ലൂതാതന്തുന്യായം, ലോഹവൃംഖലകന്യായം, വഹ്നിധൂമന്യായം, വിഷകൃമിന്യായം, വിഷവൃക്ഷന്യായം, ശംഖവേലാന്യായം, ശാലിനീന്യായം, സിംഹാവലോകന ന്യായം, സൂചീകടാഹന്യായം, സ്ഥവിരലഗ്രഡന്യായം, സ്ഥാലീപുലാകന്യായം.

ന്യായമാർഗ്ഗം-ന്യായമായ വഴി.

ന്യായവിധി-ന്യായത്തെ വിചാരിച്ചു നിശ്ചയിക്കുന്ന കല്പന, തീർപ്പ്.

ന്യായവിരോധം-മര്യ്യാദയുടെയും മുറയുടെയും തെറ്റ്.

ന്യായവിസ്താരം-ന്യായസ്ഥലത്തെ ചോദ്യോത്തരം മുതലായത്, നേരോ മര്യ്യാദയോ മുറയോ അറിയുന്നതിനു വേണ്ടി ചെയ്യുന്ന വ്യവഹാരം.

ന്യായശാസ്ത്രം-ന്യായം അറിയുന്നതിനുള്ള തർക്കശാസ്ത്രം. തർക്കശാസ്ത്രം, നീതിശാസ്ത്രം മുതലായത്.

'ഹിന്ദുക്കളുടെ തർക്കശാസ്ത്രം ഉണ്ടാക്കിയത് ഗൌതമമഹർഷിയാകുന്നു. അദ്ദേഹം ജീവിച്ചിരുന്നത് കപിലാചാര്യൻ ജീവിച്ചിരുന്നതിനു ഒന്നോ രണ്ടോ ശതാബ്ദങ്ങൾ കഴിഞ്ഞിട്ടാകുന്നു അദ്ദേഹം ഉണ്ടാക്കിയ ന്യായസൂത്രം എന്ന തർക്കശാസ്ത്രം അഞ്ചു ഭാഗങ്ങളായിട്ടാണ് വിഭാഗിക്കപ്പെട്ടിട്ടുള്ളത്. ന്യായശാസ്ത്രത്തിൽ ഒന്നാമതായി പറയുന്നത് പ്രസ്താവ്യവിഷയങ്ങളെപ്പറ്റിയാകുന്നു. ആ വിഷയങ്ങളിൽ പ്രധാനമായിട്ടുള്ളവ പ്രമാണവും പ്രമേയവുമാകുന്നു.'-(പ്രാചീനഭൂഗോളവൃത്തം).

ന്യായശാസ്ത്രി-പ്ര. ന്യായശാസ്ത്രം അറിഞ്ഞവൻ. ൨. ന്യായസ്ഥലത്തെ ശാസ്ത്രി, കോടതിയിലെ ശാസ്ത്രി.

ന്യായസ്ഥലം-കോടതി, കച്ചേരി മുതലായ സ്ഥലം.

ന്യായാധിപതി-ന്യായസ്ഥലത്തെ പ്രമാണി. മജ്ജി മുതലായ ഉദ്യോഗസ്ഥന്മാരിൽ ഒരാൾ. പര്യായങ്ങൾ പ്രാഡ്വിവാകൻ, അക്ഷദർശകൻ.

ന്യായാസനം-ന്യായാധിപതിയുടെ ഇരിപ്പിനുള്ള സ്ഥാനം.

ന്യായ്യം-ന്യായമായി കിട്ടുന്നതിന്റെ പേർ ന്യായത്തിൽ നിന്നു വേർപെടാത്തതെന്നർത്ഥം.

ന്യാസം-പ്ര. വെക്കുക.

'അതിമൂഢ പദന്യാസമെസയ്യുന്നീ'
(രാവണവിജയം ആട്ടക്കഥ)

ക. മുപേക്ഷിക്കുക. ന. പണയം. ര. സൂക്ഷിപ്പാൻ കൊടുത്തത്. ന്യസിക്കപ്പെടുന്നതെന്നർത്ഥം.

ന്യൂബ്ജ-വി. കുനുള്ള, വളവുള്ള. പൊവിപ്പിലുണ്ടെന്നർത്ഥം.

വാതം മുതലായ രോഗങ്ങൾകൊണ്ടു മുതുകു വളഞ്ഞു തലകീഴ്പൊട്ടയിട്ടുള്ള കുനനു് 'ന്യൂബ്ജൻ' എന്നു പേർ.

ന്യൂബ്ജം – ആരൻപുളിങ്ങ, ഇലിമ്പ, കൈരംപുളിങ്ങ.

ന്യൂംഖ-വി. ഇഴുമുള്ള.

ന്യൂംഖം-സംമവേഭം, മന്ത്രവിശേഷം.

ന്യൂന-വി. കുറവുള്ള, നിന്ദ്യമായ.

ന്യൂനചിഹ്നം-കുറയ്ക്കുണമുള്ള രണ്ടു സംഖ്യകളുടെ മദ്ധ്യേ വിലങ്ങത്തിൽ ഇടുന്ന വര(ഇ — ഉ). ഇതിനെ അഞ്ചു് ന്യൂനം രണ്ടു് എന്നു വായിക്കുന്നു.

ന്യൂനത-കുറവു്.

ന്യൂനൻ-ഗ. അല്പൻ. ഉ. നിന്ദ്യൻ.

ന്യൂനപദം-കാവ്യഭോക്തൃങ്ങളിൽ ഒന്നു്, അവശ്യപ്പെടുന്ന പദങ്ങളെ പ്രയോഗിക്കാതെയിരിക്കുക.

ന്യൂനം-കുറവു്, കുറയ്ക്കുണമെന്നു കാണിക്കുന്ന അടയാളം.

ന്യസ്തമാലി-ശിവൻ.

പ

പ-ഗ ഹല്ലുകളിൽ ഉ ഗ-ാം അക്ഷരം.

ഒരു വ്യഞ്ജനം, വരങ്ങളിൽ ഒന്നു്.

'പ' എന്നതു് പദാന്തത്തിൽ വരുമ്പോൾ കടിക്കുക; രക്ഷിക്കുക എന്നീ അർത്ഥങ്ങൾ വരും.

ഉ. സപ്തസ്വരങ്ങളിൽ ഒന്നു്, പഞ്ചമസ്വരം.

പം-ഗ. കുറവു്. ഉ. ഇല. ന. മുട്ട. ര. സ്വർണ്ണം.

പക-(ധാതു). ഗ. സംഭരിക്കുക. ഉ. വിരോധപ്പെടുക.

പക-വൈരം, വിരോധം, ഉ. ഭിന്നത.

പകച്ച-വി. ഗ. വിരോധപ്പെട്ട. ഉ. വേറെ വേറെയായ. ന. നടുങ്ങിയ.

പകട്ട്-ഗ. ചെറുതുണ്ടു്. ഉ. ഉപയോഗമില്ലാത്തതു്.

പകപ്പു്-ഗ. വിരോധം. ഉ. ഭിന്നത. ന. ശത്രുത. ര. അകലം. ങ. വ്യത്യാസം. ണ. അത്ഭുതം.

പകയൻ(ർ)-ശത്രു(ക്കൾ).

പകയുക-ഭോഗിക്കുക.

പകയ്ക്കുന്ന-ഗ. വെറുക്കുന്ന. ഉ. നടുങ്ങുന്ന. ന. വേറെവേറെയാകുന്ന.

പകരം- ഒന്നിനു മറ്റൊന്നു്.

പകരി-ഗ. ഒരു മത്സ്യം. ഉ. പുറൻ.

പകരികൊണ്ടിരിക്ക — പുറിച്ചുകൊണ്ടിരിക്ക.

പകരുന്ന-ഗ. വെച്ചുമാറുന്ന, ഒഴിക്കുന്ന, ഒന്നിൽ നിന്നു മറ്റൊന്നിലേക്കു് ആക്കുന്ന. ഉ. ഭാവഭേദംവരുത്തുന്ന. ന. ചില രോഗങ്ങൾ ഒരുവനിൽ നിന്നു മറ്റൊരുവനിലാകുന്ന. ര. മാറുന്ന.

പകച്ചു-ഗ. പകരുക, പകർന്നു്. ഉ. മാറ്റം. ന. ഒരാളിനു് പ്രത്യേകമായി കൊടുത്തയക്കുന്ന സദ്യവിശേഷങ്ങൾ.

പകച്ചുക്കാരൻ-ഗ. ചോറും മറ്റും പകർന്നു കൊടുക്കുന്നവനും മേടിക്കുന്നവനും. ഉ. വിളമ്പുകാരൻ.

പകച്ചുവ്യാധി-പകരുന്ന രോഗം. മസൂരി, വിക്ഷ്ചികാ മുതലായവ.

പകർത്തൽ-പകർത്തി എഴുതുക, ഒന്നിനെക്കണ്ടു അതുപോലെ എഴുതുക.

പകർത്തിയെഴുത്ത്-വിദ്യാർത്ഥികൾ പുസ്തകത്തിലെ പാഠം നോക്കി എഴുതിക്കൊണ്ടു വരുന്നത്.

പകർത്തുന്നു-പകർത്തി എഴുതുന്നു, ഒന്നിനെക്കണ്ടു അതുപോലെ എഴുതുന്നു. (കാ. ക്രി. പകർത്തിക്കുന്നു).

പകർപ്പിക്ക-പകർത്തിയെഴുതിക്ക (പ്രയോഗം ചുരുക്കം.)

പകർപ്പ് - ഒന്നിനെക്കണ്ടു അതുപോലെ എഴുതിയതു്, ചേർപ്പ്.

പകർപ്പെഴുത്ത്-കച്ചേരികളിൽ അവശ്യപ്പെടുന്ന രേഖകളുടെ പകർപ്പ് എഴുതിക്കൊടുക്കുന്ന വകുപ്പ്. അങ്ങനെ എഴുതിക്കൊടുക്കുന്ന ജോലിക്കും ഈ പേർ പറയും.

പകർപ്പെഴുത്തുഗുമസ്തൻ - പകർപ്പെഴുതാൻ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ. (Copyist.)

പകലവൻ-ഗ. സൂര്യൻ. പ. എരിക്ക്.

പകലാമ്മാറ്-അ. പകലെ.

പകലേ-അ പകൽസമയത്ത്.

പകലോൻ-ആദിത്യൻ. പ. എരിക്ക്.

പകൽ-സൂര്യനുദിക്കുമുതൽ അസ്തമനംവരെയുള്ള സമയം. പര്യായങ്ങൾ-ഘസ്രം, ദിനം, അഹസ്സ്, ദിവസം, വാസരം (മുഴുവൻ ദിവസത്തിന്റെ വാചകമായിട്ടും ധാരാളം പ്രയോഗങ്ങളും കാണാവുന്നതാണ്).

പകൽമണി, പകൽമണിയൻ-ഗ. ഒരു തരം, നട്ടുതല. പ. സൂര്യൻ.

പകൽവിളക്ക് സൂര്യൻ.

പകവീട്ടുക-വിരോധം തീർക്കുക. പര്യായങ്ങൾ-വൈരശുദ്ധി, പ്രതീകാരം, വൈരനിര്യാതനം.

പകവീഴ്ച-മുമ്പിലേയുള്ള വൈരം തീർക്ക

പകഴി-ഒരു മത്സ്യം.

പകഴി-അമ്പ്, ബാണം.

പകഴി-വി. നല്ലതായ.

പകാരം-'പ' എന്ന അക്ഷരം.

പകിട-ഗ ചൂതുകളിയിൽ ഉരുട്ടിക്കളിക്കുന്നതിനുള്ളവസ്തു. പ. വൃഷ്ണം, അണ്ഡം.

പകിടകളി-പകിടകൊണ്ടുള്ള കളി.

പകിടി-ഗ. ഉപായം പ. പകിട്ട്. ന. വഞ്ചന. ര. വലിയ തലപ്പാവ്. ള. നേരമ്പോക്ക്.

'പകിടിവാക്കു പറഞ്ഞുരകൊണ്ടു രസിക്കയും'

(പഞ്ചേന്ദ്രോപാഖ്യാനം ഉള്ളൂർ)

'നിന്നുടെ പകിടികളൊന്നാടുകുടം'

(ചങ്കാമർദ്ദനം ഉള്ളൂർ)

പകിട്ട്-ഗ. ഉപായം. പ. വഞ്ചന. ന. മിരട്ട്, ഭീഷിപ്പിക്കുന്ന വാക്ക്. ര. വസ്ത്രം, ആഭരണം മുതലായവയുടെ ശോഭ. ള. മേടി, ആഡംബരം.

പകിട്ടുന്നു-ഗ. വഞ്ചിക്കുന്നു. പ. ഇണങ്ങിയും പിണങ്ങിയും സ്വാധീനപ്പെടുത്തുന്നു. ന. മിരട്ടുന്നു. ര. മേടികാട്ടി നടക്കുന്നു.

പകിരി-ഒരു മത്സ്യം (പകരി അല്ലെങ്കിൽ പകഴി എന്നുമാവാം.)

പകിഴം-പവിഴം.

പകുക്കുന്നു-പങ്കിടുന്നു. (കാ. ക്രി. പകുപ്പിക്കുന്നു).

പകുന്ന- മലശോധനക്കുള്ള ഒരുതരത്തിന്റെപേർ ത്രികോല്പക്കൊന്ന.

പകുതി-ഗ പങ്ക്, ഓഹരി. പ. രണ്ടു സമഭാഗങ്ങളിൽ ഒന്ന്. ന. തുക്കടി. ര. ഒരു താലൂക്കിന്റെ ഒരു ഭാഗം.

പകുപ്പ്-പങ്കിടുക.

പക്കക്കാരൻ-ഗ. ഭൃത്യൻ, പക്കത്തുള്ള ഉണ്ണകഴിക്കുന്നവൻ. പ. അരിവെപ്പുകാരൻ. ന. വശത്തുള്ളവൻ.

പക്കക്കാളൻ–രാജാവിന്റെ ഭൃത്യന്മാർക്ക് ണ്ടാക്കുന്ന കറി, പക്കത്തിലേ കറി

പക്കച്ചൊല്ല്–യദൃച്ഛയാ കേൾക്കാനിട യാകുന്ന വാക്ക്.

പക്കച്ചോറ്–രാജാവിന്റെ ഭൃത്യന്മാർക്ക ള്ള ചോറ്, പക്കത്തിലേ ചോറ്.

പക്കണം–കാട്ടാളപ്പുര, കാട്ടാളക്കുടി. പാചിക്കുകയും കലഹിക്കുകയും മാത്രമാ യിട്ടുള്ള സ്ഥലം എന്നർത്ഥം. മഹാറാത്ത പ്പായം–ശബരാലയം.

'കാട്ടാളൻ തന്നുടെ പക്കണത്തിൽ ചെന്ന്' (കൃഷ്ണഗാഥ)

പക്കത്തുഭക്ഷണം—പക്കത്തിലുള്ള ഭ ക്ഷണം.

പക്കത്തുണ്ട്–ഫ. (പക്കത്ത്+ഉണ്ട) പക്കത്ത് ഉണ്ടായിരുന്നത്. ഉ. (പക്ക+ത്തുണ്ട) പുരയുടെ വശങ്ങളിലുള്ള തുണ്ട്.

പക്കം–ഫ. തിഥി, പ്രതിപദംമുതൽ വാവു വരെയുള്ള ദിവസങ്ങളിൽ. ഉ. രാജാവി ന്റെ സേവകന്മാർക്ക് ഭക്ഷണം കൊടു ക്കുന്ന സ്ഥലം. നാ. പക്ഷം, വശം, ഭാഗം.

പക്കൽ–അം. അടുക്കൽ, വശത്ത്, കൈ ക്കൽ.

പക്കവാതം–പക്ഷവാതം.

പക്കശൻ–ചണ്ഡാലൻ.

പക്കാളി–ഫ. വെള്ളം സൂക്ഷിപ്പാനുള്ള തോൽസഞ്ചി. ഉ. വെള്ളംകൊടുക്കാൻ ഏർപ്പാടുചെയ്യപ്പെട്ടവൻ

പക്കി–നാനാജാതിയായ ചിറകുകളുള്ള ചെ റിയ ജന്തു (പക്ഷി എന്നതാണ് പക്കി യായത്).

പക്കീരി, പക്കീർ–മഹമ്മദീയരിൽ ഭി ക്ഷയെടുത്തു നടക്കുന്നവൻ, സന്ന്യാസി.

പക്കൽ–ഫ. വശം, പുറം. ഉ. വണ്ണം.

പകുതി–പാകംചെയ്ത, വേവിയ്ക്ക, പാകം (ഫലം).

പകപ–വി. പാകംവന്ന, പഴുത്ത.

പകപകുത്തു–വേവ്പ്.

പകപത–പാകത്തിന്റെ വരവ്.

പകപം–ഫ. പാകംവന്നത്. ഉ. നശി പ്പാൻ അടുത്തത്. നാ. കാലവശത്താൽ പരിപാകത്തെ പ്രാപിച്ച ബുദ്ധിമുതലാ യത്.

പകപമാകുന്നു–ഫ. പഴുക്കുന്നു. ഉ. വേ വുന്നു, പാകംവരുന്നു. (സം. ക്രി. പക പമക്കുന്നു).

പകപരസം–മദ്യം.

പകപവാരി–കാടി.

പകപാശയം–അടിവയറ്.

മഹാനേന്ദ്രിയങ്ങളിൽ ഒന്ന്. കടവയ റായ പൊക്കിളിന്റെ താഴത്തെ പ്ര ദേശം.

പക്ഷകം–ഫ. സാധാരണ രണ്ടു കീറുവാ തിലുള്ള ദ്വാരം. ഉ. ഇരുഭാഗങ്ങളിലുമുള്ള വാതിൽ, നാ. പിൻ പുറത്തെ വാതിൽ.

പക്ഷിഗമം–പറപ്പ്, പറക്കുക.

പക്ഷഗ്രഹണം–ഒരു പക്ഷക്കാരെ തിര ഞ്ഞെടുക്കുക.

പക്ഷചതുഷ്ടയം–ആരംഭം, വൃദ്ധി, പ രിണാമം, വിവർത്തം.

പക്ഷചരൻ–ഫ. ചന്ദ്രൻ. ഉ. പരിചാ രകൻ.

പക്ഷചരം–ആന, കൂട്ടത്തിൽനിന്നു തെ റിയ ആന.

പക്ഷച്ഛിത്ത്–ഇന്ദ്രൻ.

പക്ഷജൻ–ചന്ദ്രൻ.

പക്ഷത–സ്നേഹം, ഔദാര്യം ചേർന്നിരി ക്കുക.

പക്ഷതി–ഫ. രണ്ടു പക്ഷത്തിലേയും പ്ര തിപദം. പക്ഷത്തിന്റെ മുഖം. (ശുക്ല കൃഷ്ണ പക്ഷങ്ങളുടെ പ്രാരംഭം). ഉ. ചി റകിന്റെ മൂലം, രണ്ടുചിറകിന്റെയും കൂടെ.

പക്ഷപാതം–പ. കൃഷ്ണപക്ഷം (മുന്നിരുട്ടുള്ളതു്), ശുക്ലപക്ഷം (മുൻ നിലാവുള്ളതു). കൃഷ്ണപക്ഷം പിതൃക്കൾക്കു പകലും, ശുക്ലപക്ഷം രാത്രിയുമാണു്. ഉ. രണ്ടുചിറകുകൾ

പക്ഷപാതാരം–പ. സാധാരണ രണ്ടു കീഴ്വാതിലുള്ള ദ്വാരം ഉ. ഇരുഭാഗങ്ങളിലുമുള്ള വാതിൽ. ചിറകുപോലെയുള്ള (ഇരട്ടയായ) ദ്വാരം (വാതിൽ) എന്നർത്ഥം. ന. പിൻപുറത്തെ വാതിൽ.

പക്ഷിധരൻ–ചന്ദ്രൻ.

പക്ഷിധരം–പക്ഷി.

പക്ഷപാതം–പ. ഒരംശം. ഉ. ഒരു മേട്ടു ചേരുക. ന. ആഗ്രഹം. ർ. സ്നേഹം. ൽ. ഇഷ്ടം.

പക്ഷപാതി–ഒരംശക്കാരൻ.

പക്ഷപാലി–രഹസ്യവാതിൽ.

പക്ഷപുടം–ചിറകുമൂടി, ചിറക്.

പക്ഷഭാഗം–പ. രണ്ടുവശവും. ഉ. ആനയുടെ പാർശ്വഭാഗം. പുറത്തുകയറുന്നവരെ ഇതുകൊണ്ടു സഹിക്കുന്നതിനാൽ ഈ പേരുണ്ടായി.

പക്ഷപ്രകൃതി–സൂര്യൻ ഒരുപക്ഷം (൧൫ ദിവസം) കൊണ്ടു സഞ്ചരിച്ചു മാറ്റം

പക്ഷഭേദം– വ്യത്യാസം; ഒരംശം.

പക്ഷം–പ. പ്രതിപദം തുടങ്ങി പാവുവരെയുള്ള ൧൫ ദിവസം.

[ദേവന്മാരാൽ അല്ലെങ്കിൽ പിതൃക്കളാൽ പരിഗ്രഹിക്കപ്പെടുന്നതു്. ഒരുമാസം ഗമിക്കണമെങ്കിൽ അതിനു രണ്ടുപക്ഷമുണ്ടായിരിക്കും. അതുകൊണ്ടു പക്ഷം (ചിറക) പോലെയുള്ളതു് എന്നതാൽപര്യം. 'പഞ്ചദശതേ അഹോരാത്രാഃ' = ആ അഹോരാത്രങ്ങളും ൧൫ കൂടിയ കാലം 'പക്ഷം' 'പക്ഷയു പൂർവ്വപരയുമുള്ളവയാണു; പക്ഷങ്ങളും "പൂർവ്വാപരങ്ങളും = പൂർവ്വവും അപരവും' പൂർവ്വം = ആദ്യത്തേതു്. അപരം = ഒടുക്കത്തേതു്. ശുക്ലകൃഷ്ണങ്ങളും–ശുക്ലവും കൃഷ്ണവും. ശുക്ലം = വെളുത്തതു്. കൃഷ്ണം = കറുത്തതു്. പക്ഷങ്ങളും രണ്ടുകൂടിയ കാലം–മാസം.]

ഉ. അമ്പിന്റെ തൂവൽ, അമ്പിനു വേഗമുണ്ടാവാനായി അതിന്റെ കടയ്യൽ ചേർത്തു കെട്ടുന്ന തൂവൽ. ഋ ചിറക്, എപ്പോഴും വിദഗ്ദ്ധരെ സഹായികരിക്കപ്പെട്ടതു എന്നർത്ഥം ർ. ചേർച്ച. ൽ. ഭാഗം, വശം. ന. ഇഷ്ടം. ൻ. കൂട്ടു്. യു. ഭയം. ൻ. സ്നേഹം. ക്ഷ. ക്രൂ, കൂട്ടിച്ചേർക്കപ്പെട്ടതു്, കൂട്ടം. ക്ഷ. ഭൃത്യം, തോഴൻ. ക്ഷ. സേനയുടെ പാർശ്വഭാഗം. ക്ഷ. എന്തിന്റെ എങ്കിലും പാതി. ക്ഷ. പക്ഷി, ൧൫. സ്ഥിതി, മാതിരി. ക്ഷ. ശരീരം. ൧൫ ശരീരത്തിലെ അവയവം. ക്ഷ. രാജാവിന്റെ ആന. ക്ഷൻ, സൈന്യം. ൦൨. രണ്ടു് എന്ന അക്കം. ൨൫ ചുവന്നു്. ൨൨. പ്രതിബന്ധം. ൨൩. വിരോധം, എതിർ. ൨൪. പ്രത്യുത്തരം. ൨൫. അതിത്തി. ൨൬. അയൽ. ൨൭. ഭവനം. ൨൮. അഭിപ്രായം.

പക്ഷമൂലം–രണ്ടു ചിറകിന്റേയും കട, പക്ഷത്തിന്റെ (ചിറകിന്റെ) മൂലം എന്നർത്ഥം.

പക്ഷവാതം–ശരീരത്തിന്റെ ഒരുവശം മുഴുവൻ തളർന്നുപോകുന്ന ഒരുമാതിരി വാതരോഗം.

പക്ഷവാദം–ഒരംശവാദം, ഒരു ഭാഗത്തേക്കു വേണ്ടി പറയുന്നതു്.

പക്ഷവാദി – പക്ഷംപിടിച്ചു പറയുന്നവൻ.

പക്ഷവാഹനൻ–പക്ഷി.

പക്ഷസ്സു്–പ. ചിറക്. ഉ. വണ്ടിയുടെ പാർശ്വഭാഗം. (പക്ഷം എന്നതിന്റെ ഒരു പാഠമാണു്).

'പക്ഷസീമസ്മൃതൌ പക്ഷൌ'.

(ശ്രുതിരത്നാകരൻ)

പക്ഷസുന്ദരം-പാച്ചോറി.

പക്ഷാഘാതം — പക്ഷവാതം എന്ന രോഗം.

പക്ഷാന്തം-വാവ്. ശുക്ലകൃഷ്ണപക്ഷങ്ങളുടെ അവസാനം എന്നർത്ഥം.

പക്ഷാന്തരം-മറെറാരു പ്രകാരം, മറെറാരു പക്ഷം, മറെറാന്ത് അഭിപ്രായം, എതിരഭിപ്രായം.

പക്ഷാഭാസം-പ്ര. വഞ്ചനയുള്ള തർക്കം. ര. കള്ള ന്യായം.

പക്ഷാലു-പക്ഷി.

പക്ഷി-പ്ര. പക്ഷമുള്ളത്, പറന്നു സഞ്ചരിക്കുന്ന ജന്തു. പര്യായങ്ങൾ-ഖഗം, വിഹംഗം, വിഹഗം, വിഹായസ്സ്, ശകുന്തി, പക്ഷി, ശകുനി, ശകുന്തം, ശകുനം, ദ്വിജം, പതത്രീ, പത്രീ, പതഗം, പതത്ത്, പത്രരഥം, അണ്ഡജം, നഭോഗകസ്സ്, വാജീ, വികിരം, വിട്, വിഷ്കിരം, പതത്രി, നീഡോത്ഭവം, ശകുന്തമത്ത്, പിശുനത്ത്, നഭസംഗമം-ഈ ഒരോ പക്ഷിയുടെ സ്വരൂപസ്വഭാവങ്ങളെ പേർ. ര. ശരം, അമ്പ്. സം. ശിവൻ.

പക്ഷികളെ കൊല്ലുന്നവന്റെ പേർ-ജീവന്തകൻ, ശാകുനികൻ.

പക്ഷിക്കൂട്ട്- പക്ഷിയെ ഇട്ടുന്ന കൂട്ട്.

പക്ഷിണി-പ്ര. പെടപ്പക്ഷി, പെൺപക്ഷി. ര. ഒരു രാവും രണ്ടു പകലും കൂടിയത്. വരാൻപോകുന്നതായും നടക്കുന്നതായുമുള്ള പകുപകലും ചിറകുകളെ പ്പോലെ ഇരിന്നിരിക്കുന്നതിനാൽ ഈ പേർ വന്നു. (ഉദിച്ചാൽ പിറേറന്നാൾ അസ്തമിക്കുന്നതുവരെയുള്ള കാലമത്രേ പക്ഷിണി)

പക്ഷിണി എന്നാൽ രണ്ടു പകലും ഒരു രാത്രിയും കൂടിയ ഒന്നരദിവസം

ൻറം-നാഴിക എന്നർത്ഥം. പക്ഷിണി എന്നതു 'രണ്ടുദിവസം' അതെന്നർത്ഥം അഭിപ്രായം കാണുന്നു.

സം. അമ്പ്.

പക്ഷിദോഷം-പക്ഷിക്കുറവ്, കുട്ടികൾക്കുണ്ടാകുന്ന ഒരു സുഖക്കേട്.

പക്ഷിപതി-സമ്പാതി. പ്ര. ഗരുഡൻ.

പക്ഷിപുംഗവൻ-ഗരുഡൻ. പ്ര. ഗരുഡൻ.

പക്ഷിപ്രവരൻ-പ്ര. ഗരുഡൻ. ര. പക്ഷിശ്രേഷ്ഠൻ.

പക്ഷിബാധ-കൊച്ചു കുട്ടികൾക്കുണ്ടാകുന്ന ഒരു ദീനം.

പക്ഷിമല്ലം-പിരാന്തിപ്പുല്ല്.

പക്ഷിമുനി-ചെമ്പോത്ത്.

പക്ഷിരാജൻ, പക്ഷിരാജാവ്-ഗരുഡൻ.

പക്ഷിലൻ-വാത്സ്യായനൻ.

പക്ഷിവേട്ട-പക്ഷികളെ പിടിക്കൽ.

പക്ഷിശാല-പക്ഷികളെ ഇട്ടു സൂക്ഷിക്കുന്ന കെട്ടിടം.

പക്ഷിസിംഹൻ-ഗരുഡൻ.

പക്ഷിസ്വാമി-ഗരുഡൻ.

പക്ഷീന്ദ്രൻ-ഗരുഡൻ.

പക്ഷീയ-(പരാന്നഭോജിത്തിൽ) വശത്തുള്ള, കക്ഷിയിൽപ്പെട്ട.

പക്ഷേ-അസംശയത്തെ സൂചിപ്പിക്കുന്ന ഒരു വാക്ക്, അല്ലെങ്കിൽ

പക്ഷ്മകോപം, പക്ഷ്മപ്രകോപം-പ്ര. കൺപോളയിലെ രോമം അകത്തേക്കു തിരിഞ്ഞുവന്നു മുറിവുണ്ടാക്കുന്ന ഉപദ്രവം, ഒരു നേത്രരോഗം.

അക്ഷിരോമങ്ങൾ വായുപ്രചലിതങ്ങളായി കണ്ണിന്റെ ഉള്ളിൽ വീണിട്ട് പിന്നെയും പിന്നെയും കണ്ണിനെ ഉരച്ചു

അതുമൂലം ശുക്ലമണ്ഡലത്തിനുകൂടും കൃഷ്ണമണ്ഡലത്തിനുകൂടും നീരുണ്ടാകും.

ഉ. രോമം വളഞ്ഞു കണ്ണിൽ കുത്തുക. നു. പോള അന്തർമുഖമായിട്ടു വരുക.

പക്ഷ്മശാതം–ഒരു നേത്രരോഗം.

അക്ഷിരോമങ്ങളുടെ അധോഭാഗത്തിലിരിക്കുന്ന രോമങ്ങളെ പൊഴിക്കും. ചൊറിവും ചൂടും ഉണ്ടാക്കും.

പക്ഷ്മളൻ–വി. ഉറപ്പും നീളവും (ഭംഗിയും) കൂടിയ കൺപീലികളുള്ള.

പക്ഷ്മം–ക. കണ്ണിന്റെ പോളകളിന്മേലുള്ള രോമം. ഉ. പൂവിന്റെ അല്ലി. നു. തൂവിന്റെ തുമ്പ്, ഏറ്റവും ചെറുതായ തൂൽ മുതലായതിന്റെ അംശം.

'പക്ഷ്മസൂത്രാദിസൂക്ഷ്മാംശേ
കിഞ്ജല്ക്കേ നേത്രലോമനി'

(വിശ്വം)

ര. താമരയല്ലി. @ ചിറക്.

പക്ഷ്മാൻ–ക. പക്ഷക്കാരൻ. പക്ഷം ചേർന്നവൻ. ഉ. പിന്തുടരുന്നവൻ. നു. സ്നേഹിതൻ ര. ഇഷ്ടൻ.

പക്ഷ്മാമണ–വി. വശംപറ്റി, കക്ഷിപിടിച്ച.

പങ്കക്രീഡ–പന്നി.

പങ്കച്ഛിത്തു്–തേറ്റാമ്പരൽ വൃക്ഷം.

ഇതിന്റെ കായ് ജലം തെളിയുന്നതിനു നന്ന്.

പങ്കജനാഭൻ–വിഷ്ണു. പങ്കജം (താമരപ്പൂവ്) നാഭിയിൽ (പൊക്കിളിൽ) ഉള്ളവൻ എന്നർത്ഥം.

പങ്കജന്മാ–ബ്രഹ്മാവ് കോഴി.

പങ്കജബന്ധു, പങ്കജബാന്ധവൻ–സൂര്യൻ. താമരയ്ക്കു ബന്ധുവായിരിക്കുന്നവൻ എന്നർത്ഥം. പകലാണ് താമര വിടർന്നുനിൽക്കുന്നു; അതുകൊണ്ടു ഈ പേരുണ്ടായി.

പങ്കജബാണൻ–കാമദേവൻ.

പങ്കജമകഠം–ലക്ഷ്മിദേവി.

പങ്കജമുഷ്ടികാ–ചോനകപ്പുല്ല്.

പങ്കജയോനി–ബ്രഹ്മാവ്. താമര ഉത്ഭവസ്ഥാനമായവൻ എന്നർത്ഥം.

പങ്കജശരൻ–കാമദേവൻ.

പങ്കജസഖി–സൂര്യൻ.

പങ്കജസംഭവൻ–ബ്രഹ്മാവ്.

പങ്കജാക്ഷി– വി. താമരപ്പൂപോലെ കണ്ണുള്ള.

പങ്കജാക്ഷൻ–. വിഷ്ണു. ഉ. താമരപ്പൂപോലെ കണ്ണുള്ളവൻ. (സ്ത്രീ. പങ്കജാക്ഷി.)

പങ്കജിനി–ക. താമരപ്പൊയ്ക. ഉ. താമരക്കൂട്ടം.

പങ്കജോത്ഭവൻ–ബ്രഹ്മാവ്.

പങ്കജം–താമര. പങ്കത്തിൽ (ചളിയിൽ) ഉണ്ടാകുന്നത് എന്നർത്ഥം.

പങ്കണം–പക്കണം, കാട്ടാമ്പൂര.

പങ്കപ്പാട്–ദേഹദുഃഖം, ഉപദ്രവം. ഉ. അപമാനം.

പങ്കപ്രക്ഷാളനന്യായം — ഒരുവകന്യായം.

'പ്രക്ഷാളനാദ്ധിപങ്കസ്യദൂരാദസ്പർശനം വരം'

'ചളിയാക്കീട്ടു കഴുകിക്കളയുവാൻ പുറപ്പെടുന്നതിനേക്കാൾ നല്ലതു് ആദ്യമേ ചളിയാക്കാതിരിക്കുന്നതാണ്. സന്ദർഭം സ്പഷ്ടം'.

പങ്കം–ക. ചളി. വിസ്താരത്തെ പ്രാപിക്കുന്നതു് എന്നർത്ഥം. ഉ. പാപം. ദുഃഖത്തെ ഒഴിവാക്കുന്നതു് (വർദ്ധിപ്പിക്കുന്നതു) എന്നർത്ഥം. സംസർഗ്ഗംകൊണ്ടു വിസ്താരത്തെ പ്രാപിക്കുന്നതു് എന്നുമാവാം.

'പങ്കംപൊക്കുന്ന കാളിന്ദിയിൽ മുഴുകിടുംപോൽ'

(ഭക്തിയോഗം കഥകളി).

ന. അപമാനം, കറുപ്പ്. ര. ചെളി
ക്കഴി, ഈഠൻനിഘം. ഇ. തൈലം, കഴ
യ്. ന. അഴുക്ക്.

പങ്കമണ്ഡൂകം-ഞമഞ്ഞു്.

പങ്കരുഹം-താമര.

പങ്കവാസം-ഞണ്ടു്.

പങ്കശുകതി-കക്കം.

പങ്കശു(സൂ)രണം-താമരക്കിഴങ്ങു്.

പങ്കാ-മുകളിൽ കെട്ടിത്തൂക്കത്തക്കതും വീ
ശി കാറ്റുവരുത്തുവാൻ ഉപകരിക്കുന്നതു
മായ യന്ത്രം. (ഹിന്ദുസ്ഥാനിഭാഷ).

പങ്കാൻ-തുഴ.

പങ്കായം-തുഴ.

പങ്കാരം-പ. കരിംപായൽ. ഉ. ചിറ,
അണ, മട. ന. കോണിപ്പടി.

പങ്കിടൽ-ഒഹരിവെക്കൽ.

പങ്കില-വി. ചളിയുള്ള.

പങ്കിലീകൃത-വി. ചെളിയുള്ളതാക്കപ്പെട്ട

പങ്കിലം-പ. ചെളിമയമായ പ്രദേശം.
ഉ. തോണി. ന. അരച്ചുതേച്ചതു്.
'കൊങ്കയിൽ നളദപങ്കിലം'
(അഭിജ്ഞാനശാകുന്തളം)

പങ്കു്-ഓഹരി.

പങ്കുവീതം-ഓരോ ഓഹരി.

പങ്കേജം-താമര.

പങ്കേരുഹം-പ. താമര. ചളിയിൽ മുള
ച്ചു പൊങ്ങുന്നതു് എന്നർത്ഥം. ഉ. വണ്ടാ
രംകോഴി.

പംക്തി-പ. വരി, സമൂഹം. ഉ. പത്തു
ക്ഷരംവീതം നാലുവരിയുള്ള ശ്ലോകം
ന. ക്രൂരം ര. പത്തു്. ഇ. ഇടതൂർന്നു
ള്ളതായ മരക്കൂട്ടം, വൃക്ഷം മുതലായവയെ
വ്യക്തമാക്കിച്ചെയ്യുന്നതു് എന്നർത്ഥം.
(പംക്തീ എന്നുമാവാം.) ന. ഉകുതു
തൽക്ക പാത്രാമാത്രമായ ഛന്ദസ്സു്.

പംക്തികണ്ഠകം-വലിയ കടലാടി.

പംക്തികണ്ഠൻ-രാവണൻ.

പംക്തികന്ദം-മാലക്കിഴങ്ങു്.

പംക്തികാ-വരി.

പംക്തിഗ്രീവൻ-രാവണൻ.

പംക്തിചരം-അന്നിൽപക്ഷി.

പംക്തിബീജകം-ചെറുകൊന്ന.

പംക്തിബീ(വീ)ജം-ചെറുവേലം.

പംക്തിമുഖൻ-പത്തു മുഖമുള്ളവൻ, രാ
വണൻ.

പംക്തിരഥൻ-ദശരഥൻ. പത്തു ദിക്കി
ലുംരഥത്തിൽ സഞ്ചരിക്കാവുന്നവൻ എ
ന്നർത്ഥം.

പംക്തിരഥാത്മജൻ-ശ്രീരാമൻ.

പംക്തിസ്യന്ദനൻ-ദശരഥൻ.

പംഖാ-പങ്കം, വീശുന്നതിനായി തൂക്കി
ക്കെട്ടീട്ടുള്ള തുണി വീശറി.

പംഗു-വി. രണ്ടു കാലിനും മുടന്തുള്ള.

പംഗു-പ. മുടന്തൻ. ഇരുകാൽ മുടവൻ.
ഉ. ശനി. മുടന്തുള്ളതുകൊണ്ടു് ഈ പേർ
വന്നു. ന. മുഴുകാലില്ലാത്തവൻ. കഷ്ടമേ
എന്ന മുറുങ്ങളാൽ പറയപ്പെടുന്നവൻ
ആകകൊണ്ടു് ഈ പേർ വന്നു.

പാംഗുഗ്രാഹം-പ. മുതല. ഉ. ചീങ
ങ്ങ. ന. മകരമത്സ്യം.

പംഗുലം-വെള്ളിപോലെ വെളുപ്പുള്ള
കുതിര.

പച-വി. പചിക്കുന്ന, വേവിക്കുന്ന.

പചകൻ-പാകംചെയ്യുന്നവൻ, വെയ്പു
കാരൻ.

പചന-വി. പാകംചെയ്യുന്ന, വേവിക്കുന്ന

പചനൻ-പ. അഗ്നി, തീ. ഉ. കൊട്ട
വേലി.

പചനം-പാകം.

പചപചൻ-ശിവൻ.

പചാ-പാകംചെയ്ക.

പചംപച - ഒരങ്ങാടിമരുന്ന്, മരമഞ്ഞൾ രോഗങ്ങൾക്ക പാകം വരുത്തുന്നതു് എന്നർത്ഥം.

പചാ-പാകം ചെയ്യുക (വെങ്കട). പചിക്കുക എന്നർത്ഥം.

പചി-പ്ര. അഗ്നി. ഉ. പാകമാക്കൽ, ന. അശ്വനകം (പ്രാണവായു).

പചിക്കുന്നു-പാകംചെയ്യുന്നു. (കം-ക്രി. പച്പ്പിക്കുന്നു).

പചു-വി. പ്ര. ഇളയ. ഉ. പുതിയ. ന. പശയുള്ള.

പചേലിമ-വി പ്ര. തനിയെ പഴുക്കാറായ. ഉ. തിരളാറായ.

പചേലിമൻ-പ്ര. സൂര്യൻ. ഉ. അഗ്നി.

പചേളകൻ-വെയ്പ്പുകാരൻ.

പച്ച-വി. പ്ര. പഴുക്കാത്ത. ഉ. ഇളയ. ന. പുതിയ. ര. വേവിക്കാത്ത®. പച്ചനിറമുള്ള.

പച്ച-പ്ര. പച്ചനിറം. പഞ്ചായങ്ങളിൽ-പലാശാ, ഹരിതം, ഹരിത്ത്. ഉ. മരതകക്കല്ല്. ന. ഒരുമാതിരി തുളസി. ര. ജീവൻ, ചൊട്ടി. ® സ്വത്ത്.

പച്ചകുത്തു്-ദേഹത്തു തൊലിക്കുള്ളിൽ പച്ചനിറം കുത്തിവെക്കുന്നതു്, സ്ത്രീകളുടെ സ്തനകപോലാദികളിൽ കസ്തൂരികുംകുമാദികളുകൊണ്ടു വിലാസാർത്ഥം മകരികാദ്യാകാരമായി എഴുതപ്പെടുന്ന പത്തിക്കീറിന്റെ പേർ പഞ്ചായങ്ങൾ-പത്രലേഖാ, പത്രാംഗുലി.

പച്ചക്കർപ്പൂരം-ഒരങ്ങാടിമരുന്ന്. വിലകൂടിയ ശുദ്ധമായകർപ്പൂരമാണ്. ഇതിനിറം തൂവെള്ളയാകുന്നു.

പച്ചക്കല്ലാ-ചുടാത്തകല്ലാ.

പച്ചക്കല്ല്-മരതകക്കല്ല്.

പച്ചക്കാ (യ്)-പഴുക്കാത്തകായ്. (ശലാടു എന്ന സംസ്കൃതം).

പച്ചച്ചായം-പച്ചനിറമുള്ള ചായം.

പച്ചച്ചിരിചിരിക്കുന്നു-വിസ്മയിക്കുന്നു (ശൈലി.)

പച്ചച്ചോറു-കറയില്ലാത്ത ചോറു്.

പച്ചടി-ഒരുകറി.

പച്ചനാഭി-വിഷമുള്ള ഒരു വേർ.

പച്ചനിറം-വി. മരതകനിറമുള്ള

പച്ചനിറം-മരതകനിറം.

പച്ചപിടിക്കുന്നു- ക്ഷീണാവസ്ഥവിട്ടു് ശരീരം ക്രമേണ നന്നായി വരുന്നു

പച്ചപ്പട്ടു്-പച്ചനിറമുള്ളപട്ടു്.

പച്ചപ്പയർ-ചെറുപയർ.

പച്ചപ്പരമാർത്ഥി-പ്ര. അധികംസ്നേഹമുള്ളവൻ. ഉ. ഭോഷൻ. ന. അന്യരെപറ്റുന്നതും വിശ്വസിക്കത്തക്കവണ്ണം സാധുശീലൻ, ചതിഅറിയാത്തവൻ.

പച്ചപ്പല്ലൻ-വെറുതിലമുറുക്കി പല്ലു ചുവപ്പിക്കാത്തവൻ.

പച്ചപ്പാൽ-കാച്ചാത്തപാൽ.

പച്ചപ്പുള്ള-ചെകുക്കുഞ്ഞു്.

പച്ചപ്പുല്ലു്-ഉണങ്ങാത്തപുല്ലു്, ഇളയപുല്ലു്.

പച്ചപ്പുഴു-മെരുകിൻപുഴു.

[വാതം, കഫം, കൃമി, ഭ്രമം, ജ്വരം, വിഷം, വ്രണം, ശിരോരോഗം മുതലായവയ്ക്കുനന്നു്. മുടിയെ നന്നാക്കും. കണ്ണിനു ഹിതം. ചർദ്ദിയെ ഉണ്ടാക്കും. (സം-മയൂരി. ഇം-Civet സിവറ്റ്)

പച്ചപ്പൊടമാവു്-അ. പച്ചയാകുന്നതുവണ്ണം, കൃത്രിമമായിട്ടു്.

'മച്ചകംതന്നിലേ പച്ചപ്പൊടമാവു'

(കൃഷ്ണഗാഥ)

പച്ചപ്പൊട്ടു്-നെറ്റിയിൽ പച്ചനിറത്തിൽ തൊടുന്ന തിലകം.

പച്ചപ്രാവു്-ഒരുവക പക്ഷി.

പച്ചമണ്ണു്-പൂതമണ്ണു്. നനവുള്ള മണ്ണു്.

പച്ചമത്സ്യം, പച്ചമീൻ – ഉണങ്ങാത്ത മീൻ.

പച്ചമാങ്ങ–പഴുക്കാത്ത മാങ്ങ.

പച്ചമാംസം–വേവിക്കാത്ത ഇറച്ചി.

പച്ചരാമത്തുളസി–തിരുനീറ്റുപ്പച്ച.

വാതരോഗം, ഗ്രഹപീഡ, വ്രണം, വിഷം മുതലായവയ്ക്കു നന്ന്.

പച്ചരി–പ്ര. ഉണക്കലരി. പ. വേവിക്കാത്ത അരി.

പച്ചലിക്ക–പച്ചയായിത്തീരുക

പച്ചവടം, പച്ചോടം, പച്ചവടം–പ്ര. ഒരുമാതിരി കമ്പിളി. പ. പുറങ്കുപ്പായം. സ. ഇണപ്പടവ.

പച്ചവെള്ളം–പൂടപിടിപ്പിക്കാത്ത ജലം.

പച്ചവെള്ളം വറ്റിച്ചുകുടിക്കുന്നു–നിസ്സങ്കോചമായിരിക്കുന്നു

പച്ചശരീരം–സ്ത്രീ പ്രസവിച്ചാൽ ഇത്രപത്തെട്ടു ദിവസത്തിനു മുമ്പുള്ള ശരീരം.

പച്ചളിപ്പുവ്–പച്ചിലപ്പുയ്യ്, ചിത്രസ്തൂപം, പഞ്ചായേങ്ങാദം–മാലുധനം, മാതുലാഹി.

പച്ചിരിമ്പ്–പണിയാത്ത ഇരിമ്പ്.

പച്ചില–സമൂഹപ്പച്ച

പച്ചില കഫവാതരോഗങ്ങൾ, വിഷം, വസ്തിപ്രദേശത്തുള്ള ചൊറി, മുഖരോഗം, നെഞ്ചുകഫിപ്പ്, അരോചകം അൾസ്സ് മുതലായവയ്ക്കു നന്ന്.

ഒരു ഗന്ധദ്രവ്യം; ഒരു ഔഷധമാണ്. പണ്യവസ്തുത്തിൽ ചേർന്നു്. വസ്ത്രപഞ്ചായങ്ങളെല്ലാം ഇതിനു പേരാകുന്നു.

[സം–പത്രം. ത–പച്ചിലയെ ഇം–Folia Malabathy (ഫോലിയം മലബാത്രി).]

പച്ചിലമരം–തമാലവൃക്ഷം.

ഈ വൃക്ഷം ഏറയും അരുവാ, അഷ്ടമി ഇവ നദിതീരങ്ങളിൽ ഉണ്ടാകുന്നു. മുഖം മുതൽ നീലനിറമാകുന്നു. പൂ ചെമന്നിരിക്കും. ഇല ഇടിയുടെ ഇലപോലെയാണ്. കഫം, പിത്തം, ചൂടുനീർ, ചുഴൽപ്പു, തണ്ണീർദാഹം, വീക്കം, വിസ്ഫോടം ഇവയ്ക്കു നന്ന്.

പഞ്ചായേങ്ങാദം–താപിഞ്ഛം, കാളസ്കന്ധം, തമാലം.

പച്ചിലനിറമുള്ളി–ഒരുമാതിരി ഉള്ളി.

പച്ചിലപ്പാമ്പ്, പച്ചോലപ്പാമ്പ്, പച്ചിളപ്പാമ്പ്–പച്ചനിറമുള്ള ഒരുമാതിരി പാമ്പ്. (പച്ചളിപ്പുയ്യ് എന്നതു നോക്കുക).

പച്ചിലപ്പുരുമാർഗം–ഒരു പച്ചമരുന്ന്.

പച്ചോടം–പ്ര. പുരപ്പു്. പ. കപ്പുഷേം.

പച്ചോന്തു്–പച്ചനിറമുള്ള ഒരുമാതിരി ജന്തു.

പഞ്ച–വി. അഞ്ചു്.

പഞ്ച–കണ്ടം.

പഞ്ചക–വി. പ്ര. അഞ്ചു്. പ. അഞ്ചിനെ സംബന്ധിച്ച, അഞ്ചുകൊണ്ടുണ്ടാക്കിയ. സ. നൂറിന്റെ അഞ്ചുവീതം എട്ടു കൂന്നം.

പഞ്ചകന്യകകൾ–അഹല്യ, ദ്രൗപദി, സീത, താര, മണ്ഡോദരി ഇവർ അഞ്ചും.

'അഹല്യാ ദ്രൗപദീ സീതാ
താരാ മണ്ഡോദരീ തഥാ
പഞ്ചകന്യാഃ സ്മരന്നിത്യം
മഹാപാതകനാശിനീഃ'

പഞ്ചകം–പ്ര. യുഗ്മരാശി. പ. അഞ്ചു സംഖ്യയായുള്ള ഒരുകൂട്ടം. സ. യന്ത്രം അറിയേണ്ടുന്ന ക്രമം.

'താരവാരതിഥിലഗ്നസംയുതം
ധ്യേനകേന്ദ്രമഥ പൂർവപൂർവജേ

മൃത്യുവഹ്നിനൃപതസ്കരാമരെയഃ
പീഡിതോത്ര ശമനേ ഭവേന്നരഃ'

യാത്രസമയത്തെ നക്ഷത്രം, വാരം, തിഥി, ലഗ്നം ഇവയുടെ സംഖ്യകളെ കൂട്ടി ഒമ്പതിൽ ഹരിച്ചുവരുന്ന ശിഷ്ടം മൃ=മൃത്യുപഞ്ചകം; വ=അഗ്നിപഞ്ചകം; ര=രാജപഞ്ചകം; സ=ചോരപഞ്ചകം; പ=രോഗപഞ്ചകം. ശിഷ്ടം സു-ധ-ര-ൻ-ഇവ നിഷ്പഞ്ചകം. ഇതു യാത്രയ്ക്ക് ഉത്തമം.

൪. തന്ത്രശാസ്ത്രപ്രകാരം ഒരു ശ്രീചക്രലക്ഷം. ൫. ഇരുപത്തിനാലു കടലാസ്സു കൂടിയ ഒരട്ടക്ക്. ഇതിന് പഞ്ചം എന്നും പേരുണ്ട്.

പഞ്ചകരണീ-പഞ്ചേന്ദ്രിയം. കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക് (തൊലി) ഇവ ൫-ം.

പഞ്ചകർമ്മങ്ങൾ-അഞ്ചുവിധം ചികിത്സകൾ. വമനം, രേചനം, നസ്യം, അനുവാസനം, നിരൂഹം ഇവ അഞ്ചും.

പഞ്ചകർമ്മേന്ദ്രിയങ്ങൾ-വാക്ക്, പാദം, പാണി, പായു, ഉപസ്ഥം-ഇവ ൫-ം.

പഞ്ചകർമ്മേന്ദ്രിയവിഷയങ്ങൾ—വചനം, ഗമനം, ദാനം, വിസർഗ്ഗം, ആനന്ദം.

പഞ്ചകല്യാണം-സ്വർണ്ണം.

പഞ്ചകീർത്ത്യുപചാരങ്ങൾ—നീരാജനം, പുഷ്പാഞ്ജലി, സമ്പ്രദ്ക്ഷണം, ക്ഷമാപണം, ഉപചോസനം ഇവ ൫-ം.

പഞ്ചകൃഷ്ടികൾ-കൃഷിപ്പണി ചെയ്യുന്ന അഞ്ചു ജാതിക്കാർ.

പഞ്ചകോണം-അഞ്ചു കോണായി വരച്ച ചക്രം, അഞ്ചു പട്ടം. അഞ്ചു വശങ്ങളുള്ള ഒരു രൂപം. (ചിത്രമെഴുത്തു).

പഞ്ചകോലം, പഞ്ചകോലകം-തിപ്പലി, തിപ്പലിമൂലം, ചെവിയം, കൊട്ടവേലി, ചുക്ക് ഇവ ൫-ം.

'പിപ്പലീ പിപ്പലീമൂലം
ചവ്യ ചിത്രക നാഗരം
ഏകത്ര മിശ്രിതൈരേഭിഃ
പഞ്ചകോലക മുച്യതേ'

പഞ്ചകോശങ്ങൾ- ആത്മാവിനെ ചുറ്റിട്ടുള്ള, അന്നമയകോശം, (സ്ഥൂലശരീരം), പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം ഇവ അഞ്ചും.

പഞ്ചഗണദേശങ്ങൾ- മേരോപുരം, വാമദേവം, സുദാമനം, സുസങ്കടം, ഉത്തരമുലൂകം ഇവ ൫-ം.

പഞ്ചഗവ്യം — പശുവിന്റെ പാലും, തൈരും, നെയ്യും, മൂത്രവും, ചാണകവും കൂടിയത്.

'ക്ഷീരം ദധിതഥാചാജ്യം
മൂത്രംഗോമയമേവച'

പഞ്ചഗീത്യംഗങ്ങൾ-കൊട്ട്, പാട്ട്, നൃത്തം, വിളക്കുകടാക്ഷണം, പുരാണവായന ഇവ ൫-ം.

പഞ്ചഗുണങ്ങൾ- രൂപം, രസം, ഗന്ധം, സ്പർശം, ശബ്ദം. (ഇവയെ പഞ്ചതന്മാത്രം)

പഞ്ചഗുണീ-ഭൂമി.

പഞ്ചഗുപ്തം-ഒരു ജലജന്തു, ആമ. നാലു കാലും തലയും ഒളിച്ചുവെച്ച് രക്ഷപ്പെടാൻ കഴിയുന്നതുകൊണ്ട് ഈ പേരുണ്ടായി.

പഞ്ചഗുപ്തിരസാ-ചോനകപ്പുല്ല്.

പഞ്ചഗോചരങ്ങൾ-ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവ ൫-ം.

പഞ്ചചാമരം-ക. രാമായണം വൃത്തത്തിലെ ൩-ാംവൃത്തം. ഖ. ഒരു വൃത്തം.

'ചഞ്ചുർഗ്ഗണൻനിരന്തരം യദാസ പഞ്ച ചാമരഃ'

(വൃത്തരത്നാകരം)

പഞ്ചചൂഡാ-രംഭാ.

പഞ്ചജനങ്ങൾ-ദേവകൾ, മനുഷ്യർ, ഗന്ധർവ്വർ, നാഗങ്ങൾ, പിതൃക്കൾ ഈ ൫-ം. ൨. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, നിഷാദർ ഈ അഞ്ചും.

പഞ്ചജനാഃ-പഞ്ചഭൂതങ്ങളിൽ നിന്നു ജനിക്കുന്നവർ, പിതാവിന്റെ സ്ഥാനത്തു അഞ്ചു ജനങ്ങൾ ഉള്ളവർ ഇങ്ങിനെ അർത്ഥം. ജനിപ്പിച്ചവനും, ഉപനയിച്ചവനും, വിദ്യ പഠിപ്പിച്ചവനും, ചോറു തന്നു വളർത്തിയവനും, അത്യാപത്തിൽ നിന്നു രക്ഷിച്ചവനും (ഇവർ അഞ്ചും) പിതാക്കന്മാർ ആകുന്നു.

"ജനിതാ ചോപനേതാച
യശ്ചവിദ്യാം പ്രയച്ഛതി,
അന്നദാതാ ഭയത്രാതാ
പഞ്ചൈതേപിതരഃ സ്മൃതാഃ"

മാതാവായിട്ടും ഒരുവനു അഞ്ചുപേരുണ്ട്. ഗുരുവിന്റെ ഭാര്യ, രാജാവിന്റെ ഭാര്യ, ജ്യേഷ്ഠഭ്രാതാവിന്റെ ഭാര്യ, തന്റെ ഭാര്യയുടെ അമ്മ, തന്റെ പെറ്റമ്മ ഇവരാകുന്നു. ആദ്യത്തെ അഞ്ചുപേരെയും അച്ഛനെപ്പോലെയും പിന്നത്തെ അഞ്ചുപേരെയും അമ്മയെപ്പോലെയും വിചാരിക്കേണ്ടതാണ്.

പഞ്ചജനൻ-൧. മനുഷ്യജാതിയിലുള്ള ഒരു രാക്ഷസൻ. ൨. മനുഷ്യൻ. ൩. ആത്മാവു്. ൪. ഒരു ശംഖിന്റെ രൂപത്തിൽ സമുദ്രത്തിൽ വസിച്ചിരുന്ന ഒരു അസുരൻ.

കൃഷ്ണന്റെ ഗുരുവായ സാന്ദീപിനി മഹർഷിയുടെ മകനെ പിടിക്കുവാൻ കൃഷ്ണൻ കൊന്ന ഈ അസുരന്റെ അസ്ഥികൊണ്ടാണ് പാഞ്ചജന്യം എന്ന ശംഖു ഉണ്ടായിട്ടുള്ളതു്.

പഞ്ചജനി-ശുക്രപുത്രനായ ഭരതന്റെ പത്നി.

പഞ്ചജനീനൻ-൧. നടൻ. ൨. വിഷ്ണുകൻ.

പഞ്ചജ്ഞാനേന്ദ്രിയങ്ങൾ-കണ്ണു്, മൂക്കു്, ചെവി, നാവു്, തൊലി (ഇവയെ ശ്രോത്രാദ്യേന്ദ്രിയങ്ങൾ.).

പഞ്ചജ്ഞാനേന്ദ്രിയവിഷയങ്ങൾ-ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം.

പഞ്ചത, പഞ്ചത്വം-൧. മരണം. ൨. അഞ്ചിന്റെ ഭാവം.

'പഞ്ചതയേട്ട ചേർത്തു ക്രമത്തൊലേ'
(ഭാഗവതം ൬ാ൦ വൃത്തം)

'പഞ്ചത്വം തനുതേതുഭൂതനിവഹൈഃ'
(കരുണപഞ്ചകം)

പഞ്ചഭൂതങ്ങൾ അഞ്ചും ചേർന്നു ശരീരം ഉണ്ടാകുന്നു. ശരീരം നശിക്കുമ്പോൾ അതിലുള്ള അഞ്ചു ഭൂതങ്ങളും വേറിട്ടു അതാതു മഹാഭൂതങ്ങളിൽതന്നെ ലയിക്കുന്നു.

പഞ്ചതത്വങ്ങൾ-൧. പൃഥിവി, അപ്പു്, തേജസ്സു്, വായു, ആകാശം ഇവ ൫-ം ൨. പഞ്ചമകാരങ്ങൾ. ൩. താന്ത്രികത്തിൽ തത്വന്യാസത്തിൽ ഒന്നു്.

പഞ്ചതന്ത്രം - വിഷ്ണുശർമ്മാവുണ്ടാക്കിയ ഒരു കഥാപുസ്തകം.

(മിക്ക ഭാഷകളിലും തർജ്ജമ ചെയ്തിട്ടുണ്ടു്)

പഞ്ചതന്മാത്രം-ശബ്ദം, രൂപം, സ്പർശം, രസം, ഗന്ധം-ഇവ ൫-ം.

പഞ്ചതപസ്സു്-൧. ഗ്രീഷ്മകാലത്തു പഞ്ചാഗ്നിമദ്ധ്യേ തപസ്സുചെയ്യുന്ന ഒരു ഋഷി. ൨. വേനലിൽ പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സുചെയ്യുന്നവൻ.

പഞ്ചതീർത്ഥങ്ങൾ-അഗസ്ത്യതീർത്ഥം, സൈന്ധവം, പൈതലോമം, കൗരന്ധമം, ഔരഭ്രാജം ഇവ ൫-ം.

'അഗസ്ത്യതീർത്ഥം സൈരേയം
പൊരേരുമഞ്ചസുപാവനം
കരേന്ധമം പ്രസന്നാഖ്യ-
മെയമേയഫലങ്ങൾ
രേരെപാജേസ്യതീർത്ഥംതു
പാപപ്രശമനം മഹൽ
ഗുണംനിപഞ്ചതീർത്ഥാനി
മഹർപുത്രാഷ്ടോത്തമം'

(ഭാരതം മുലം)

പഞ്ചത്രം-ക്ര. കാക്ക. ഉ. കയിൽ.

പഞ്ചദശ-വി. പതിനഞ്ച്.

പഞ്ചമി-ക്ര. വെളുത്തവാവ്. ഉ. കറുത്തവാവ്.

ചതുർദ്ദശി, അഷ്ടമി, അമാവാസ്യ, പൂർണ്ണിമ, രവിസംക്രമി ഇങ്ങിനെയും കാണുന്നു.

പഞ്ചദിവാരാത്രികർമ്മം-പ്രാതഃകാലം, സംഗവം, മദ്ധ്യാഹ്നം. അപരാഹ്നം, സായാഹ്നം. (പകലിന്റെ ഇ ഘട്ടങ്ങളാകുന്നു.)

പഞ്ചദേവതാകർമ്മം-പഞ്ചദൈവതങ്ങൾ.

പഞ്ചദൈവതങ്ങൾ-ആദിത്യൻ, ഗണനാഥൻ, ദേവി, രുദ്രൻ, കേശവൻ, ഇവ ഇ-ം.

'ആദിത്യംഗണനാഥഞ്ച
ദേവീം രുദ്രഞ്ച കേശവം
പഞ്ചദൈവതമിത്യുക്തം
സർവ്വകർമ്മസുപൂജയേൽ'

പഞ്ചദ്രാവിഡം-തമിഴ്, തെലുങ്ക്, കന്നഡകം, തുളു, മലയാളം, ഇവ ഇ-ം.

പഞ്ചദ്രവ്യാസ്യൻ-രാവണൻ.

പഞ്ചധാ-അ. അഞ്ചുപ്രകാരം.

പഞ്ചനഖം-ക്ര. കടുവാ. ഉ. ആന. ന. ആമ. ര. ഉടുമ്പ്. ഇ. മുയൽ. ന്യ. സിംഹം. ഒ. അഞ്ചുനഖമുള്ള ഏതു മൃഗവും.

'പഞ്ചപഞ്ചനഖാഭക്ഷ്യാഃ'

പഞ്ചനഖി-ഉടുമ്പ്.

പഞ്ചനദം-ഇപ്പോഴത്തെ 'പഞ്ചാബ്' ദേശം.

പഞ്ചനിംബം-വേപ്പിന്റെ സമൂഹം.

പഞ്ചനീരാജനം-വിളക്ക്, കണ്ണാടി, വസ്ത്രം; മണി, വെറ്റില ഇവ ഇ-ം.

ദേവന്മാർക്കുമാത്രം ഉഴിച്ചിലിനുപയോഗം.

പഞ്ചപകാരം-(മദ്യപാനം സംബന്ധിച്ചുവ) പകുലത്തു്, പലത്തു്, പിണ്ണാക്കു്, പാലത്തു്, പഴത്തു് ഇവ ഇ-ം.

പഞ്ചപക്ഷി-അഞ്ചു പക്ഷികൾ: കഴുകിയും, ചെമ്പോത്തു്, കാക്ക, പൂങ്കോഴി, മയിൽ ഇവ അഞ്ചും.

പഞ്ചപക്ഷിപ്രയോഗം-ശകുനനോട്ടം, ലക്ഷണനോട്ടം.

പഞ്ചപാത്രം-പറയൻ കിഴങ്ങു്.

പഞ്ചപാണ്ഡവന്മാർ-പാണ്ഡുവിന്റെ പുത്രന്മാരായ ധർമ്മപുത്രൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ ഇവർ അഞ്ചുപേരും.

പഞ്ചപാതകം-കൊല, മോഷണം, മദ്യപാനം, വ്യഭിചാരം, ഭോഷ്കു് (അസദാചാരങ്ങളും പാരുഷ്യവും) ഇവ അഞ്ചും.

പഞ്ചപാത്രം-ക്ര. ശ്രാദ്ധത്തിനു പ്രത്യേകം വേണ്ടുന്ന പാത്രങ്ങൾ അഞ്ചും. ഉ. ഒരു കൊച്ചു ലോഹപാത്രം.

പഞ്ചപാപങ്ങൾ-(പഞ്ചമഹാപാതകങ്ങൾ നോക്കുക)

പഞ്ചപാപി-മഹാദുഷ്ടൻ.

പഞ്ചപിതാക്കൾ-പിതാവ്, പത്നിയുടെ പിതാവ്, വിദ്യപഠിപ്പിക്കുന്ന പുരുഷൻ, അന്നദാതാവ്, ഭയത്രാതാവ് ഇങ്ങിനെ 5. അഞ്ചു പിതാക്കന്മാർ (ജനിപ്പിച്ചവൻ, ഉപനയിച്ചവൻ, വിദ്യ പഠിപ്പിച്ചവൻ, ചോറുതന്നു വളർത്തിയവൻ, അത്യാപത്തിൽ നിന്നു രക്ഷിച്ചവൻ.)

'ജനിതാചോപനേതാച-
യശ്ച വിദ്യാംപ്രയച്ഛതി
അന്നദാതാഭയത്രാതാ
പഞ്ചൈതേ പിതരഃ സ്മൃതാഃ'

(മനു).

പഞ്ചപുച്ഛം-ശരീരത്തിന്റെ അഞ്ചു ഭാഗം.

[ക. രണ്ടു കൈ, വായ്, മൂക്ക്, ഗുഹ്യം ഇവ അടക്കി നിൽക്കുക. ഖ. മുൻവശത്തു ഖ-ം, പിറകിൽ ക-ം, ഇടത്തും വലത്തും ഖ-ം ഉംപ്പടെ അഞ്ചു സ്ഥാനങ്ങളിലായി സോമന്റെ തുമുകം കുത്തിയുടക്കുക]

പഞ്ചപുച്ഛമടക്കുന്നു-വായും മറവും രോമത്തിപ്പിടിച്ചു ബഹുമാനിച്ചുംതുങ്ങി നിൽക്കുന്നു.

'ഭൂരവേ പഞ്ചപുച്ഛമടക്കിക്കൊണ്ടുചെന്നിട്ട്' (ത്രിപുരദഹനം തുള്ളൽ)

പഞ്ചപ്പാട്ട്-പഞ്ഞപ്പാട്ട്.

പഞ്ചപ്രാണങ്ങൾ-ശരീരത്തിലേ വായുക്കൾ അഞ്ചും. (പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ).

പഞ്ചപ്രാസാദം-നാലുഭാഗത്തും ഓരോ ഗോപുരവുമുള്ള ഒരു വിശേഷപ്പെട്ട ക്ഷേത്രം.

പഞ്ചബന്ധു-ശിവൻ.

പഞ്ചബാണങ്ങൾ- അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോല്പലം ഇവ 5-ം, (ഉന്മാദനം, താപനം, ശോഷണം, സ്തംഭനം, സമ്മോഹനം)

'അരവിന്ദമശോകഞ്ച
ചൂതഞ്ചനവമാലികം
നീലോല്പലഞ്ചപഞ്ചൈതേ
പഞ്ചബോണസ്യസായകാഃ'
'സമ്മോഹനോന്മാദനൗച
ശോഷണസ്താപനസ്തഥാ
സ്തംഭനശ്ചേതികാമസ്യ
പഞ്ചബോണാഃ പ്രകീർത്തിതാഃ'

പഞ്ചബാണൻ-കാമദേവൻ.

പഞ്ചബാഹു-ശിവൻ.

പഞ്ചഭദ്ര-വി. ക. ദുഷ്ടിലുമുള്ള ഖ. അഞ്ചു നല്ല ലക്ഷണമുള്ള.

പഞ്ചഭദ്രൻ-നെഞ്ച്, മുതുക്, മുഖം, പാർശ്വഭാഗം ഇവയിൽ അഞ്ചു ലക്ഷണമുള്ള കുതിര.

പഞ്ചഭീർല്ലവണം-വിളഞ്ഞുപ്പ്, മരക്കലയുപ്പ്, കാരുപ്പ്, വെടിയുപ്പ്, ചീരുപ്പ് ഇവ അഞ്ചും.

പഞ്ചഭൂമജം-അഞ്ചുപട്ടാ. (ക്ഷേത്രഗണിതത്തിൽ) അഞ്ചു വശമുള്ള ഒരു രൂപം.

പഞ്ചഭൂതങ്ങൾ-പൃഥിവി (ഭൂമി), അപ്പ് (ജലം), തേജസ്സ് (അഗ്നി), വായു, ആകാശം ഇവ അഞ്ചും.

തമോഗുണം വിക്ഷേപം എന്നും അവാണം എന്നും രണ്ടു ശക്തികളായി പിരിഞ്ഞു. വിക്ഷേപത്തിൽ നിന്നു ആകാശം, അതിൽനിന്നു വായു, അതിൽ നിന്നു അഗ്നി, അതിൽനിന്നു അപ്പ്, അതിൽനിന്നു ഭൂമി ഇവയുണ്ടായി.

	പഞ്ചഭൂതങ്ങൾ	ഗുണങ്ങൾ	ശരീരാംശങ്ങൾ
ക.	ഭൂമി (മണ്ണ്)	ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം.	അസ്ഥി, മാംസം, ത്വക്ക്, രോമം.
ഖ.	അപ്പ് (ജലം)	ശബ്ദം, സ്പർശം, രൂപം, രസം.	രക്തം, കഫം, മൂത്രം, ശുക്ലം, വിയർപ്പ്.
ഗ.	തേജസ്സ് (അഗ്നി)	ശബ്ദം, സ്പർശം, രൂപം.	വിശപ്പ്, ദാഹം, ക്ഷീണം, ഉറക്കം, കോപം.
ങ.	വായു	ശബ്ദം, സ്പർശം.	ഏമ്പക്കം, ഇളക്കം, ശ്വാസോച്ഛ്വാസം, വാതകം, വ്യായാമം.
ച.	ആകാശം	ശബ്ദം.	കാമം, ക്രോധം, ലോഭം, മോഹം.

പഞ്ചഭൂതാത്മകം-ശരീരം. പഞ്ചഭൂതങ്ങളെക്കൊണ്ടുണ്ടാക്കപ്പെട്ടത് എന്നർത്ഥം. ഉ-ം പഞ്ചഭൂതാത്മകമായ ദേഹവും ദേഹിയുമില്ല. (ത്രിപുരമഹാത്മ്യം ഉത്തരം)

പഞ്ചഭൂതി-ഒരു മന്ത്രം.

പഞ്ചം-ക. പഞ്ചമം. ഉ. ഇരുപത്തിനാലു കടലാസുകൂടിയ ഒരടുക്ക്.

പഞ്ചമ-വി. ക. അഞ്ചാമത്തെ. ഉ. സംമന്ത്രിയുള്ള. ന. അഴകുള്ള.

പഞ്ചമകാരം-മദ്യം, മാംസം, മത്സ്യം, മുദ്ര, മൈഥുനം ഇവ ഉ-ം.

തന്ത്രികർമ്മങ്ങൾ അവരുടെ പൂജകൾ അവശ്യമുള്ളവയും മകാരത്തിൽ തുടങ്ങുന്നവയുമായ അഞ്ചു വസ്തുക്കളാണ്.

പഞ്ചമൻ-ക. പറയൻ. അഞ്ചാമത്തെ വർഗ്ഗക്കാരൻ. ഉ. അഞ്ചാമത്തവൻ.

പഞ്ചമം-ക. ഏഴു സ്വരങ്ങളിൽ അഞ്ച്, പഞ്ചമസ്വരം. നാഭി, ഉരസ്സ്, ഹൃദയം, കണ്ണ്, മൂർദ്ധാവ് ഇവ അഞ്ചുസ്ഥാനങ്ങളിൽ തട്ടി പുറപ്പെടുന്നതു് എന്നർത്ഥം.

വസന്തസമയങ്ങളിൽ കുയിൽ പഞ്ചമസ്വരത്തിൽ പാടുന്നു.

ഉ. കുയിൽ. ന. മൈഥുനം. ന. (മണിദീപികപ്രകാരം) അനന്തനാസികത്തിനുള്ള മറ്റൊരു പേർ.

പഞ്ചമനമ്പഴക്ക-കരണ്ടിമരുന്ന്.

പഞ്ചമരാഗം-അഞ്ചാമത്തെ സ്വരം.

പഞ്ചമഹാകവികൾ - കാളിദാസൻ, ശ്രീഹർഷൻ, ഭാരവി, ഭട്ടി, മാഘൻ.

പഞ്ചമഹാകാവ്യങ്ങൾ-മാഘം, നൈഷധം, രഘുവംശം, കുമാരസംഭവം, കിരാതാർജ്ജുനീയം.

പഞ്ചമഹാപാതകൻ-മഹാദുഷ്ടൻ.

പഞ്ചമഹാപാതകം-ബ്രഹ്മഹത്യ, സുരാപാനം, മോഷണം, ഗുരുജനങ്ങളുടെ കളത്രപ്രാപ്തി, തൽസംസർഗ്ഗം.

'ബ്രഹ്മഹത്യാസുരാപാനം
സ്തേയം ഗുർ്വംഗനാഗമം
മഹാന്തിപാതകാന്യാഹു-
സ്തൽസംസർഗ്ഗശ്ചപഞ്ചമം'

പഞ്ചമഹാപാതകി-പഞ്ചമഹാപാതകങ്ങൾ ചെയ്തവൻ.

പഞ്ചമഹാപാപി-മഹാദുഷ്ടൻ.

പഞ്ചമഹായജ്ഞങ്ങൾ-ക. പാഠം, ഹോമം, അതിഥിസൽക്കാരം, തർപ്പണം, ബലി ഇവ ഉ-ം.

'പാഠോഹോമശ്ചാതിഥീനാം
സപര്യാതർപ്പണംബലിഃ
ഏതേപഞ്ചമഹായജ്ഞാ
ബ്രഹ്മയജ്ഞാദി നാമകാഃ'
(അമരം).

ക. പഠനം-വേദാധ്യയനവും വേദാധ്യാപനവും. ഇതാണ് ബ്രഹ്മയജ്ഞം.

ഖ. ഹോമം-ദേവന്മാരെ ഉദ്ദേശിച്ചു ചെയ്യുന്ന ഔപാസനരൂപമായ ശ്രൗതാഗ്നിഹോത്രാദി ഹോമം. ഇതു ദേവയജ്ഞം.

ഗ. അതിഥിസപര്യ-അതിഥിസൽക്കാരം. ഇതു മനുഷ്യയജ്ഞം.

ഘ. തർപ്പണം-ബോധായനീയസ്സ്നാനം മുതലായത്. ഇതു പിതൃയജ്ഞം.

ങ. ബലി-പക്ഷിക്കും പുല്ലുകൊടുക്കുക മുതലായത്. പൂച്ചയ്ക്ക് ചോറു കൊടുക്കുക, പ്രാവിനു അരികൊടുക്കുക, തുമ്പിക്ക് പാൽകൊടുക്കുക മുതലായതും ഇതിൽ ചേരും. ഇതു ഭൂതയജ്ഞം.

ഗൃഹസ്ഥനായവൻ ഇവയെ നിത്യവും അനുഷ്ഠിച്ചുകൊണ്ടിരുന്നാൽ എല്ലാം പാപങ്ങളിൽനിന്നും നിവർത്തിച്ചു സദ്ഗതിയെ പ്രാപിക്കും. സകല യജ്ഞങ്ങളേക്കാളും ഇതിനു പ്രാധാന്യം കൂടുകനിമിത്തം മഹായജ്ഞം എന്ന പേർ സിദ്ധിച്ചു. ഉരൽ ഉലക്ക മുതലായത്, അമ്മി കഴവി മുതലായത്, അടുപ്പ്, ജലം കോരിവെക്കുന്ന പാത്രം, മുറം ചൂല് മുതലായത് ഇവ ങ-ം ഹിംസാസ്ഥാനങ്ങളാണ്. ഇവ ഗൃഹസ്ഥനെ സദാ പീഡിപ്പിച്ചുകൊണ്ടു ബാധിക്കുകയാണ്. ഈ പാപങ്ങൾ നശിച്ച് പരിശുദ്ധി വരുന്നതിനു വേണ്ടിയാകുന്നു പഞ്ചമഹായജ്ഞങ്ങൾ വിധിക്കപ്പെട്ടത്. അതിഥിലക്ഷണം മുതലായവ അറിയുന്നതിനു സ്മൃതിഗ്രന്ഥങ്ങൾ നോക്കുക

'അധ്യാപനം ബ്രഹ്മയജ്ഞഃ
പിതൃയജ്ഞസ്തർപ്പണം
ഹോമോദൈവോബലിർഭൗതോ
നൃയജ്ഞോതിഥിപൂജനം'

(മനു)

ച. പിതൃശുശ്രൂഷ, ഭർതൃപരിചരണം, വിഷ്ണുഭക്തി, മിത്രസ്നേഹം, സമഭാവന.

പഞ്ചമാതാക്കൾ-ഗുരുവിന്റെ ഭാര്യ, രാജാവിന്റെ ഭാര്യ, ജ്യേഷ്ഠഭ്രാതാവിന്റെ ഭാര്യ, ഭാര്യയുടെ അമ്മ, തന്റെ പെറ്റമ്മ.

'ഗുരുപത്നീരാജപത്നീ
ജ്യേഷ്ഠപത്നി തഥൈവ ച
പത്നീമാതാസ്വമാതാച
പഞ്ചൈതേമാതരഃസ്മൃതാഃ'

പഞ്ചമാസ്യം-കയിൽ.

പഞ്ചമി-ക. അഞ്ചാമതായ പക്കം. ഖ. അഞ്ചാംവിഭക്തി ന: പാഞ്ചമി.

പഞ്ചമുഖൻ-ക. സിംഹം ഖ. ശിവൻ.

പഞ്ചമുഖം-സിംഹം.

പഞ്ചമുഖി-ആടലോടകം.

പഞ്ചമൂലം— അഞ്ചുവേരുമരുന്നുകൂടിയ ഒരു യോഗം.

കുമിഴ്, ക്രുവളം, പൂപ്പുതിരി, പല കപ്പയ്യാനി, മുഞ്ഞ ഇവ ങ-ം. മഹൽപഞ്ചമൂലം, ഹ്രസ്വപഞ്ചമൂലം, മധ്യമപഞ്ചമൂലം, ജീവനപഞ്ചമൂലം, തൃണപഞ്ചമൂലം ഇങ്ങിനെ പഞ്ചമൂലം അഞ്ചുവിധം.

(കുമ്പേരിട്ടിവേർ, തഴുതാമവേർ, ആവണക്കിൻവേർ, കാട്ടുഴുന്നിൻവേർ, കാട്ടുപയറിൻവേർ ഇവയത്രെ മധ്യമപഞ്ചമൂലം.)

പഞ്ചമൂർത്തികം-പഞ്ചദൈവതങ്ങൾ

പഞ്ചയാമം-ദിവസം.

പഞ്ചരത്നങ്ങൾ-നീലം, വജ്രം, പദ്മരാഗം, മുത്ത്, പവിഴം ഇവ ങ-ം.

[ക. 'നീലകം വജ്രകംചേതി
പദ്മരാഗശ്ചമൌക്തികം
പ്രവാളം ചേതിവിജ്ഞേയം
പഞ്ചരത്നം മനീഷിഭിഃ.'

ഉ. 'സുവർണ്ണം രജതം മുക്താ-
രാജാവർത്തം പ്രവാളകം
രത്നപഞ്ചകമാഖ്യാതം
ശ്രീക്ഷിതീശ പൂർവ്വശിഖിഃ.'

ന. 'കനകം ഹീരകം നീലം
പദ്മരാഗശ്ച മൈക്തികം
പഞ്ചരത്നമിദം പ്രോക്തം
ശ്രീക്ഷിതീശ പൂർവ്വശിഖിഃ'
'വിദ്രുമം ഹീരകം നീലം
മൈക്തികം പദ്മരാഗവും
ഇവയ്ക്കൊന്നായ പേരത്രേ
പഞ്ചരത്നം ഗ്രഹിക്കണം'
എന്നുമുണ്ട്]

ഉ. മഹാഭാരതത്തിലേ അഞ്ചു പ്രധാന കഥകരം.

ന. ലക്ഷ്മണരാജസഭസ്സിലെ പഞ്ചരത്നങ്ങരം-ശോവൽമനൻ, ചരണൻ, ജയദേവൻ, ഉമാപതി, കവിരാജൻ.

പഞ്ചരപ്പു-പാത്രം, ജലപാത്രം.

പഞ്ചരസാ-നെല്ലി.

പഞ്ചരാജീഫലം-കൈപ്പൻപടവലം.

പഞ്ചലക്ഷണം-ക, പുരാണം. ഉ. സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മനവന്തരം, വംശാനുചരിതം ഇവ ൫-ം.

'സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച
വംശോ മനവന്തരാണി ച
വംശാനുചരിതഞ്ചൈവ
പുരാണം പഞ്ചലക്ഷണം'

ക. സർഗ്ഗം-സാത്വികി, രാജസി, താമസി എന്ന മൂന്നു ശക്തികരം മഹാലക്ഷ്മി, മഹാസരസ്വതി, മഹാകാളി എന്ന മൂന്നു സ്ത്രീകളായി ഭേദിച്ചു. ഇതൽ സൂക്ഷ്മാർത്ഥം മേൽപ്പറയപ്പെട്ട മൂന്നു ശക്തികളുടെ മഹോദാരണരൂപമായ ലക്ഷണത്തെ പണ്ഡിതന്മാർ 'സർഗ്ഗം' എന്നു പറയുന്നു.

ഖ. പ്രതിസർഗ്ഗം-പരിപാലനം, സൃഷ്ടി, സംഹാരം ഈ ക്രിയകൾക്കായിക്കൊണ്ടു വിഷ്ണുബ്രഹ്മരുദ്രന്മാരുടെ ഉൽപ്പത്തി ഭേദിക്കുന്നതാകുന്നു.

ന. വംശം-ദേവാദികളുടെ വംശക്രമം.

ഘ. മനവന്തരം-സ്വായംഭുവൻ തുടങ്ങിയുള്ള ൧൪ മനുക്കളുടെ വർണ്ണനത്തിനും അവരുടെ കാലനിർണ്ണയത്തിനും ഉള്ള പേർ.

ങ. വംശാനുചരിതം-സ്വായംഭുവമനുക്കളുടെ വംശപാരമ്പര്യത്തെ പറയുന്നതു്.

പഞ്ചലവണം-ക. അഞ്ചുമാതിരി ഉപ്പു്. കാചകം, സൈന്ധവം, സാമുദ്രം, ബീഡം, സൌവർച്ചലം. ഉ. വിളയുപ്പു്, മരക്കലയുപ്പു്, കാരുപ്പു്, വെടിയുപ്പു്, ഇന്തുപ്പു്.

പഞ്ചലാംഗലകം-മഹാദാനം (അഞ്ചു കലപ്പകൊണ്ടു ചെയ്യത്തക്കവണ്ണമുള്ള ഭൂമിയെ ദാനം ചെയ്യുക).

പഞ്ചലോഹങ്ങൾ-ക പൊന്നു്, വെള്ളി, ചെമ്പു്, ഇരിമ്പു, ഈയം ഇവ അഞ്ചും.

ചെമ്പു് പിച്ചള തകരം ഈയം ഇരിമ്പു് എന്നും പൊന്നു, വെള്ളി, ചെമ്പു്, വെള്ളീയം, നാകം എന്നും കാണുന്നു

(പഞ്ചലോഹം = ചെമ്പും പിച്ചളയും തകരവും ഈയവും ഇരിമ്പും ചേർത്തുണ്ടാക്കുന്നതു്.)

ഉ. വെള്ളോട്ടു്.

പഞ്ചവക്ത്രൻ-ശിവൻ. ഉ. സിംഹം.

പഞ്ചവടം - യജ്ഞോപവീതം (പൂണൂൽ).

പഞ്ചവടി-ക. ദണ്ഡകവനത്തിന്റെ ഒരുഭാഗം.

ഗോമഠവരിനടി ഇവിടെനിന്നുതുടങ്ങുന്നു. ശ്രീരംഗൻ സീതയേയും ലക്ഷ്മണനേയും ഇവിടെ വളരെ നാൾ വസിച്ചിട്ടുണ്ട്. നസിക്ക് എന്ന സ്ഥലത്തു നിന്നു 2 നാഴിക ദൂരം വന്നു. ഇപ്പോഴത്തെ ബാംബെ നഗരത്തിൽനിന്നു ഏകദേശം 40 മയിൽസ് അകലെയാണ്.]

പ. അശ്വത്ഥം, വിലപം, വടം, ധാത്രീ, അശോകം ഇവ ൫-ം.

പഞ്ചവൻകാട്ട് – കള്ളിയങ്കാട്ട്. തെക്കൻ തിരുവിതാംകൂറിൽ നാഗർകോവിലിൽ ഒരു സ്ഥലം. (നീലിക്കഥ ഇവിടെ നടന്നപ്രകാരം കാണുന്നു).

പഞ്ചവർണ്ണക്കിളി–അഞ്ചുനിറമുള്ളകിളി

ഇതിന്റെ മാംസത്തിനു തത്തയുടെ മാംസഗുണം തന്നെ. സം–ശാരിക.

പഞ്ചവർണ്ണം–കറുപ്പ്, വെളുപ്പ്, ചെമപ്പ്, പച്ച, മഞ്ഞ, ഇവ അഞ്ചും.

പഞ്ചവല്ക്ക(ല)ം–പ. ന്യഗ്രോധം, ഉദുംബരം, അശ്വത്ഥം, പ്ലക്ഷം, വേതസം ഇവ ൫-ന്റെയും പട്ട (തൊലി). പ. നാല്പാമരത്തൊലിയും കല്പാലിൻതൊലിയും.

പഞ്ചവാദ്യം–അഞ്ചുതരം വാദ്യം.

'തതമഞ്ചവിതതമെഞ്ചവ
ഘനം സുഷിരമേവച
ഗാനമഞ്ചവുമുപരഞ്ചാത
പഞ്ചവാദ്യപ്രകീർത്തിതാഃ'

തതം, വിതതം, ഘനം, സുഷിരം, ഗാനം. (വാദ്യം എന്നതു നോക്കുക).

പഞ്ചവാനരന്മാർ – സുഗ്രീവൻ, ഹനുമാൻ, ജാംബവാൻ, ജ്യോതിർമുഖൻ, വേഗദർശി.

പഞ്ചവായുക്കൾ – പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ ഇവ ൫-ം.

'പ്രാണപ്രാണോഗുദേപാനഃ
സമാനോനാഭിസംസ്ഥിതഃ
ഉദാനഃകണ്ഠദേശസ്ഥോ–
വ്യാനസ്സർവ്വശരീരഗഃ'

പ. പ്രാണവായു–ഹൃദയത്തിങ്കലിരുന്ന് ഉള്ളിൽ ആഹാരാദികളെ പ്രവേശിപ്പിക്കുന്നു.

പ. അപാനവായു–ഗുഹ്യസ്ഥാനത്തിലിരുന്നു മലമൂത്രാദികളെ അധോമുഖങ്ങളാക്കിരുപ്പിക്കുന്നു.

സ. സമാനവായു–നാഭിയിലിരുന്നു അന്നാദികളെ ജരിപ്പിക്കുന്നു.

ഭ. ഉദാനവായു–കണ്ഠസ്ഥാനത്തിലിരുന്നു വാക്ക മുതലായവയെ ഉണ്ടാക്കുന്നു.

൫. വ്യാനവായു–ശരീരം മുഴുവനും വ്യാപിച്ചു വിയർപ്പ് രക്തം നിമേഷം ഇവയെ ഉണ്ടാക്കുന്നു.

മേൽപ്പറയപ്പെട്ട പഞ്ചവായുക്കളും ശരീരത്തിങ്കൽ സ്ഥിതിചെയ്യുന്നവയാകുന്നു.

പ്രാണാദിപഞ്ചവായുക്കളുടെ അവാന്തരഭേദങ്ങളും പ്രവൃത്തിഭേദങ്ങളും.

'നാഗഃക്രൂർമ്മഃകൃകരോ(ലോ)
ദേവദത്തോധനഞ്ജയഃ
വായോഃപരേനാഗ ആദ്യുതഃ
ക്രൂർമ്മഉന്മീലനേസ്മൃതഃ
കൃകരാച്ഛുക്ഷുതംജ്ഞേയം
ദേവദത്താജിഭൃംഭണം
നാദഹാതിമുഖം വാപി
സർവ്വവ്യാപീധനഞ്ജയഃ'

(ഗരുഡപുരാണപ്രബോധിക)

പ. നാഗൻ–വായു പുറപ്പെട്ടുന്നേടത്തു സ്ഥിതിചെയ്യുന്നു. പ. കൂർമ്മൻ–ഇമച്ചുമിഴിക്കുന്നേടത്തു സ്ഥിതിചെയ്യുന്നു. സ. കൃകരൻ–തുമ്മുന്നേടത്തു സ്ഥിതിചെയ്യുന്നു. ഭ. ദേവദത്തൻ–കോട്ടുവായിടുന്നേടത്തു

സ്ഥിതി ചെയ്യുന്നു. ധനഞ്ജയൻ-സവ്യസാചി.

ജീവികം മരിച്ചാൽപോലും ധനഞ്ജയൻ അവന്റെ ദേഹത്തെ വിട്ടുപോകയില്ല. അതു നശിക്കണമെങ്കിൽ ശരീരം തീയിൽ ദഹിച്ചോ മണ്ണോട് ചേർന്നോ മറ്റോ നശിക്കണം.

പഞ്ചവിധാനങ്ങൾ-(പഞ്ചാഭ്യേയഹേതുക്കൾ നോക്കുക)

പഞ്ചവിംശതി-വി. ഇരുപത്തഞ്ച്.

പഞ്ചവിഷയം-ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവ ൫-൰.

പഞ്ചവൃക്ഷങ്ങൾ-(സ്വർഗ്ഗത്തിലെ) മന്ദാരം, പാരിജാതകം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം.

പഞ്ചശരൻ-കാമദേവൻ. അഞ്ച് അസ്ത്രമുള്ളവനെന്നർത്ഥം (അരവിന്ദം, അശോകം, ചൂതം, നവമല്ലിക, നീലോല്പലം ഇവ ൫-ം).

'ഉന്മാദനസ്താപനശ്ച
ശോഷണഃ സ്തംഭനസ്തഥാ
സംമോഹനശ്ചകാമസ്യ
പഞ്ചബാണാഃ പ്രകീർത്തിതാഃ'

എന്നിപ്രകാരം അഞ്ച് ബാണങ്ങൾക്കും പ്രത്യേകം പ്രത്യേകം യോഗശുദ്ധിയായ പേർ കാണുന്നു.

പഞ്ചശാഖം-പ. കൈയ്പടം അല്ലെങ്കിൽ ഉള്ളംകൈയ്.

'പഞ്ചശാഖസ്യയോഗിനി' എന്ന അമരം ശാഖാതുല്യങ്ങളായ ൫ വിരലുള്ളതെന്നർത്ഥം. ൨. അനന.

പഞ്ചശിഖൻ-പ. സിംഹം ൨. ഒരുമുനി.

പഞ്ചശിഖം-സിംഹം.

പഞ്ചശൂന്യം-അഞ്ചുവക ശൂന്യം.

വെട്ടുക, അരയ്ക്കുക, പൊടിക്കുക, വേവിക്കുക, ചവയ്ക്കുക ഇവ അഞ്ചും.

പഞ്ചസാക്ഷികം-അഞ്ചു ഇന്ദ്രിയങ്ങളും കണ്ട സാക്ഷികളോട് കൂടിയത്.

പഞ്ചസാര-കരിമ്പിൻനീരുകൊണ്ടുണ്ടാക്കുന്ന മധുരദ്രവ്യം, പഞ്ചാര. പര്യായങ്ങൾ-സിത, ശർക്കര.

പഞ്ചസാര പൂവ്കാലത്തിൽ അധികവും കരിമ്പിൽനിന്നുതന്നെ എടുക്കുന്നുവെങ്കിലും ഇപ്പോൾ പലദേശങ്ങളിൽ നിന്നും പല വസ്തുക്കളിൽ നിന്നും പലവിധം എടുക്കുന്നുണ്ട്. ഒരുകാലത്തിനു കരിമ്പിൽനിന്നുതന്നെടുക്കുന്നതു തന്നെ. ഇതു കിട്ടാതായാൽ കല്ലുണ്ടം ചേർക്കാം. ഇതു കൂട്ടുതലായി ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ തേൻ തന്നെയോ പഞ്ചസാര ചേർത്തോ സേവിക്കണം. വാതം, പിത്തം, ഛർദ്ദി, മൂർഛ, ശ്രമം, ജ്വരം, ഭ്രമം, തണ്ണീർമാഹം, ചുമ, ശ്വാസ, രക്തദോഷം, സർവ്വംശസന്താപം, വിഷം, മൂത്രദോഷം, ക്ഷതം, ക്ഷയം, ഇവയ്ക്കുനന്ന്. ബലത്തെ വർദ്ധിപ്പിക്കും. ഏറ്റവും രുചികരമാകുന്നു.

പഞ്ചസാരാ-ഒരുവക പാനകം.

മുന്തിരിങ്ങാപ്പഴം, ഇരിപ്പുക്കാതൽ, ഇരട്ടിമധുരം, ചന്ദനക്കുരു, താമിരാരത്തിൻകായ് ഇവ സമം കൂട്ടിയരച്ചു വെള്ളത്തിൽ കലക്കി ഒരുരാത്രി മൂടിവെച്ചു അനന്തരം അരിച്ചു കരടുകളഞ്ഞാൽ അതിനു പേർ പഞ്ചസാരാ.

പഞ്ചസിദ്ധാന്തങ്ങൾ-പൈതാമഹം, സൌരം, വാസിഷ്ഠം, രോമകം, പൌലിശം (ജ്യോതിഷ വിഷയങ്ങളാണ്.)

പഞ്ചസുഗന്ധം-കരയാമ്പു, ജാതിക്കാ, പത്രി, കർപ്പൂരം, ഏലം ഇവ അഞ്ചു സുഗന്ധവസ്തുക്കളും കൂടിയത്.

പഞ്ചസ്കന്ധം-ബൌദ്ധ ശാസ്ത്രാംഗീകൃതമായ രൂപ, വേദനാ, വിജ്ഞാന, സംജ്ഞാ, സംസ്കാരങ്ങൾ.

പഞ്ചസ്നേഹം-നല്ലെണ്ണ, ആവണക്കെണ്ണ, വേപ്പെണ്ണ, പാലുവിൻതൈ, പന്നിതൈ ഇവ അഞ്ചും.

പഞ്ചാക്ഷരം-ഫ. ന, മ, ശി, വാ, യ ഇവ ര-ം. ഉ. അഞ്ചു് അക്ഷരങ്ങൾ അടങ്ങീട്ടുള്ള ഒരു മന്ത്രമന്ത്രം. സ. വകതിരിവു്.

പഞ്ചാഗ്നി-നാലുപുറത്തും തീയും മുകളിൽ ആദിത്യനും ക്രിയയു്.

തൃപുരന്തരത്തെ തപസ്സു് പഞ്ചാഗ്നി മദ്ധ്യത്തിലായിരുന്നു.

പഞ്ചാഗ്നികർമ്മം-ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി, ആഹവനീയാഗ്നി, സഭ്യം, ആവസത്ഥ്യം ഇവ ര-ം.

പഞ്ചാങ്കുരം-വെട്ടിത്തളിർ, ഞാറത്തളിർ, പാച്ചോറ്റിത്തളിർ, ചെത്തിമൊട്ടു്, കറകനായു് ഇവ ര-ം.

പഞ്ചാംഗ-വി. അഞ്ചു് അവയവങ്ങളോടു കൂടിയ.

പഞ്ചാംഗപ്രപഞ്ചൻ-ആമ.

പഞ്ചാംഗജ്യോതിഷ്കർമ്മം-നക്ഷത്രം തിഥി, വാരം, യോഗം, കരണം ഇവ ര-ം

പഞ്ചാംഗൻ-ഫ. ആമ. ഉ. കതിര.

പഞ്ചാംഗം-ഫ. നാം അറിയുന്നതിനുള്ള ഒരു കണക്കു്. അഞ്ചംഗങ്ങളോടുകൂടിയതെന്നർത്ഥം.

'തിഥിവാരർക്ഷനക്ഷത്രം
യോഗംകരണമേവച
ഏതാനിയത്രവർണ്ണ്യന്തെ
തൽപഞ്ചാംഗമിതീര്യതെ'

തിഥി, വാരം, നക്ഷത്രം, യോഗം, കരണം ഇവഅഞ്ചും പഞ്ചാംഗത്തിന്റെ അംഗങ്ങൾ.

പഞ്ചാംഗത്തിനു് ഇംഗ്ലീഷിലുള്ള 'അൽമനാക്കു്' എന്ന പേർ അറബിഭാഷയിൽ നിന്നു കിട്ടിയതാകുന്നു. 'അൽമനാഹ്' എന്ന അറബിവാക്കിന്റെ അർത്ഥം എണ്ണുക, ഗണിക്കുക എന്നാണു്.

(ഒരു പഴയ മാസിക)

പഞ്ചാമ. ആമ. ന. അസ്ഥിവാരം.

പഞ്ചാംഗുല-വി. അഞ്ചുവിരൽ അളവുള്ള.

പഞ്ചാംഗുലം-ഒരു പച്ചമരുന്നു്, ആവണക്കു്. അഞ്ചു വിരലുള്ളതെന്നർത്ഥം. (ഇവിടെ ഇലയെ കൈപ്പടമായും തണ്ടിനെ വിരലായും കല്പിക്കണം). ഒവെളുത്ത ആവണക്കു്.

പഞ്ചാംഗോപാസനാകർമ്മം — ജപം, ഹോമം, തർപ്പണം, അഭിഷേകം, വിപ്രഭോജനം ഇവ ര-ം.

പഞ്ചാതി-വേദം പഠിക്കുന്നതിനു മുമ്പു കയ്യുത്തിനുവേണ്ടി കല്പിച്ചിട്ടുള്ള ഒരു ഭാഗം. (ഈ പദങ്ങൾ തിരിച്ചു പറയുന്നതു്) ഇതു് യജുസ്സിലാണു പ്രസിദ്ധം.

പഞ്ചാത്മകം-ശരീരം.

പഞ്ചാനനൻ-ഫ. സിംഹം. ഉ. ശിവൻ.

പഞ്ചാനനം-ഫ. അഞ്ചു മുഖമുള്ള രുദ്രാക്ഷം. ഉ. സിംഹം.

പഞ്ചാനം കൊണ്ടിരിക്ക — ക്ഷീണിച്ചിരിക്ക. (പ. മ).

പഞ്ചാപ്സരസ്സു്-മനുകണ്ഡുമുനി സൃഷ്ടിച്ച ഒരു തടാകം.

പഞ്ചാഭ്യുദയഹേതുക്കർമ്മം-ധൃതി, ക്ഷമ, ദമം, ശൗചം, ഭോജനകുലീനം, കാലാനുകൂല്യം ഇവ ര-ം.

പഞ്ചാമൃതം—പാൽ, തൈർ, നെയ്, തേൻ, പഞ്ചസാര ഇവ അഞ്ചും.

'ദുഗ്ധം ച ശർക്കരാചൈവ
ഘൃതം ദധി തഥാമധു',

പഞ്ചായക്കാരൻ-മദ്ധ്യസ്ഥനായിട്ട് കാര്യം വിസ്തരിക്കുന്നവൻ.

പഞ്ചായതനങ്ങൾ-ശാന്തി, അതീത ശാന്തി, പരാപരയായ വിദ്യ, പ്രതിഷ്ഠ, നിവൃത്തി.

പഞ്ചായത്തു്, പഞ്ചായം-പഞ്ചായക്കാരുടെ (അഞ്ചുപേരുടെ) കൂട്ടം, പഞ്ചായത്തുകോടതികൂടം.

പഞ്ചായവിധി-മദ്ധ്യസ്ഥന്മാർ നിശ്ചയിച്ച തീർപ്പ്.

പഞ്ചായവിസ്താരം-പഞ്ചായക്കാർ തമ്മിലുള്ള വ്യവഹാരം.

പഞ്ചായുധൻ-കാമദേവൻ.

പഞ്ചാരാധിതപത്രം-കടം കൊടുക്കുന്നവനും, വാങ്ങുന്നവനും, രണ്ടു സാക്ഷിക്കാരും, എഴുത്തുകാരനും ഇങ്ങിനെ അഞ്ചുപേരാൽ സമ്മതിക്കപ്പെട്ടെഴുതിയ എഴുത്തു്, ആധാരം.

പഞ്ചാരി-ഒരു താളം.

[ചമ്പ, ചെമ്പട, അടന്ത, മുറിയടന്ത, പഞ്ചാരി മുതലായവ കഥകളിയിൽ കാണുക സാധാരണമാണെല്ലൊ]

പഞ്ചാലർ-ഒരുവക യോദ്ധാക്കൾ.

പഞ്ചാലാ-ഒരു രാജ്യം.

പഞ്ചാലികാ-വസ്ത്രം, ആനകൾക്കുമൂടുതലായതുകൊണ്ടുണ്ടാക്കിയ പാവ.

['പാഞ്ചാലികാ' എന്ന ശബ്ദത്തിനാണ് പ്രാധാന്യം കൂടുതൽ.]

പഞ്ചാലീ-പ്രാ. പാവ ര. ഒരുമരം പാട്ട്.

പഞ്ചാവടാ-പൂന്തൽ.

പഞ്ചാവയവങ്ങൾ-തർക്കത്തിൽ പ്രതിജ്ഞ, ഹേതു, ദൃഷ്ടാന്തം, ഉപനയം, നിഗമനം ഇവ അഞ്ചും.

പഞ്ചാശത്തു്-വി. അൻപതു്.

പഞ്ചാസ്യൻ-പ്രാ. ശിവൻ.

ശിവന്റെ അഞ്ചു മുഖത്തിൽ നിന്നു ഓരോ ആത്മായം പുറപ്പെട്ടു.

ര. സിംഹം. സിംഹത്തിനു നാലു കാലും മുഖവുംകൂടി അഞ്ചെണ്ണം മുഖംപോലെ യുദ്ധോപയുക്തമായിട്ടുള്ളതാകയാൽ ഈ പേർ വന്നു.

'സിംഹോ മൃഗേന്ദ്രഃ പഞ്ചാസ്യഃ'

(അമരം.)

പഞ്ചാസ്യം-സിംഹം. വിസ്തൃതമായ മുഖത്തോടുകൂടിയതെന്നർത്ഥം.

പഞ്ചികാ-പ്രാ. ഒരു വ്യാഖ്യാനഗ്രന്ഥം. ര. ഐതരേയബ്രാഹ്മണത്തിലേ ഓരോ പുസ്തകവും. ന. അഞ്ചു പകിടകൊണ്ടുള്ള ഒരു കളി. ഭ. യമൻ മനുഷ്യരുടെ പുണ്യപാപികളെ കുറിച്ചുവയ്ക്കുന്ന ഒരു ബുക്ക്. ഇ. വർത്തമാനപ്പത്രം.

പഞ്ചീകരണം-അഞ്ചാക്കിത്തീർക്കൽ.

പഞ്ചേന്ദ്രിയങ്ങൾ-നേത്രേന്ദ്രിയം, ശ്രോത്രേന്ദ്രിയം, ഘ്രാണേന്ദ്രിയം, രസനേന്ദ്രിയം, ത്വഗിന്ദ്രിയം ഇവയാണ്. ഇവയെ പ്രതിഷ്ഠിച്ചിരിക്കുന്ന അവയവങ്ങളാണ്-കണ്ണ്, ചെവി, മൂക്ക്, നാക്ക്, തൊലി എന്നുള്ളവ. ഇന്ദ്രിയങ്ങൾ അദൃശ്യങ്ങളും അവയെ സ്ഥാപിച്ചിരിക്കുന്ന അവയവങ്ങൾ ദൃശ്യങ്ങളുമാണ്.

പഞ്ചേന്ദ്രിയവിഷയങ്ങൾ-(പഞ്ചവിഷയങ്ങൾ നോക്കുക).

പഞ്ചേഷു-കാമൻ.

പഞ്ചൊളാദി-പഞ്ചഭൂതം. (ഇള = ഭൂമി.)

പഞ്ചോപചാരം-ഗന്ധം, പുഷ്പം, ധൂപം, ദീപം, നിവേദ്യം ഇവ അഞ്ചും

പഞ്ചോഷ്ണം-പഞ്ചകാലകം.

പഞ്ജരകം-കൂട്.

പഞ്ജരം-പ്രാ. പക്ഷിക്കൂട്. ര. അസ്ഥിക്കൂട്. ന. വാരിയെല്ല്. ഭ. ശരീരം. ഇ. കലിയുഗം. ണ സ്വർണ്ണം. 'പിഞ്ജരം' എന്നും കാണാറുണ്ട്. ഒ. പക്ഷികളെ സംബന്ധിച്ച ഒരടിയന്തരം.

പഞ്ജരാഖേടം–മീൻ പിടിപ്പാനുള്ള ഒരു വല അല്ലെങ്കിൽ കൂട.

പഞ്ജുലം–വലിയ കാട്ടുള്ളിപോലെയുള്ള ഒരുവക കന്ദം.

പഞ്ജി–ഫ. തൽതെറ്റുന്ന പഞ്ഞി. ഫ. പഞ്ചാംശം, സ. പട്ടോല, വരിച്ചുരുട്ട്

പഞ്ജി(ഞ്ജീ)കാര(ക)ൻ–ഫ. ഗ്രമസ്ഥൻ. ഫ. പഞ്ചാംശം ഉണ്ടാക്കുന്നവൻ.

പഞ്ജിക–ഫ. സംസ്കൃതപുസ്തകങ്ങൾക്കുള്ള ഒരു വ്യാഖ്യാനം, സകല പദവ്യാഖ്യയുടെ പേർ. ഫ. വരവുചെലവു കണക്ക്. 'പഞ്ചിക' എന്നുമാവാം. സ. മനുഷ്യരുടെ പ്രയുക്തികളെ കുറിപ്പാൻ യമൻ വച്ചിട്ടുള്ള ഒരു കണക്കുപുസ്തകം.

പഞ്ജികാകാര കൻ–കണക്കെഴുത്തുകാരൻ.

പഞ്ഞക്കാരൻ–യാചകൻ.

പഞ്ഞപ്പാട്ട്–ഇരപ്പാട്ടിപ്പാട്ട്, ദരിദ്രന്മാരുടെ ഒരുമാതിരിപാട്ട്, സാരമില്ലാത്ത പാട്ട്. ഒരു വകയുമില്ലെന്നു സദാ പുലയുന്നതു്.

പഞ്ഞപ്പുല്ല്–ക്രൂരം എന്ന ഒരുവക ധാന്യം, ക്രൂരവ്, ക്രുവരക്, കേഴവരക്, കേപ്പ. സം–രാഗിണി. (മുത്താറി എന്നും കാണുന്നു).

പിത്തത്തിനും രക്തദോഷത്തിനും നന്നു്. ബുദ്ധിയെ വർദ്ധിപ്പിക്കും. ഇതു് ഭോജ്യവസ്തുക്കളിൽ ചേർത്ത തൃണധാന്യമാകുന്നു.

പഞ്ഞം–ക്ഷാമം, ദാരിദ്ര്യം.

പഞ്ഞാ–വൃത്തികെട്ടു്, വകയ്ക്കു കൊള്ളാത്തതു്, ചേപ്പറ.

പഞ്ഞി–ഫ. കിടക്കപ്പഞ്ഞി. ഫ. തൽപ്പഞ്ഞി. പര്യായങ്ങൾ–തൂവു, തൂലം.

പഞ്ഞിക്കാ–ഫ. പഞ്ഞിമരത്തിന്റെ കായു്, പരുത്തിക്കാ. ഫ. ഇലവിൻകാ.

പഞ്ഞിക്കുരു–പഞ്ഞിക്കായുടെ കുരു.

പഞ്ഞിനൂൽ–പഞ്ഞി നൂറ്റി ഉണ്ടാക്കിയ നൂൽ.

പഞ്ഞിപ്പാളി–മെത്തയിൽ പഞ്ഞിയിട്ടവൻ തിരിച്ചു കുത്തിയ അറ.

പഞ്ഞിമരം–പഞ്ഞിക്കായുണ്ടാകുന്ന വൃക്ഷം. പരുത്തി, ഇലവു്.

പട–(ധാതു) ഫ. പാരും മാറിപ്പുകയ്ക്കുക. ഫ. വറുത്തിച്ച ചോറു് കോരികയിലിട്ടു പടയ്ക്കുക.

പട–ഫ. യുദ്ധം, ഫ. സൈന്യം. സ. വഴക്കു്. ര. കൽത്തൂൺ. ങ. ചോര പടച്ചതു്.

[പടപുറപ്പാടു് = ആസാരം, പ്രസരണം]

പടകം–ഫ. പാളയം. ഫ. പഞ്ഞിത്തുണി.

പടകമ്മം–നെയ്ത്തു്.

പടകാരൻ–ഫ. വസ്ത്രം നെയ്തുകാരൻ. ഫ. ചായം ഇടുന്നവൻ.

പടകുടി–ഫ. തുണികൊണ്ടുണ്ടാക്കിയ വീടു്, കൂടാരം. ഫ. സൈന്യങ്ങളും പാർക്കുന്ന സ്ഥലം, പടവീടു്. പര്യായങ്ങൾ–ശിബിരം. നിവേശം.

യുദ്ധാർത്ഥം പോകുമ്പോഴും മറ്റും സൈന്യങ്ങൾക്കു താമസിപ്പാനായിട്ടുണ്ടാകുന്ന പന്തിട്ടമാത്ര പടകുടി.

പടക്കുടുന്നൽ–യുദ്ധത്തിൽ ചേരുക, യുദ്ധം ചെയ്യുക.

പടക്കുട്ടി–ഒരുമാതിരി പാമ്പു്.

പടക്കുടുന്നൽ–യുദ്ധം ചെയ്യിക്കുന്നു, സൈന്യത്തെ നടത്തുന്നു, സൈന്യം ശേഖരിക്കുന്നു.

പടകേറുക–ഒരു സൈന്യങ്ങൾ ആക്രമിക്കുക.

പടകേറൽ–പടകേറുന്നതു, ആക്രമണം.

പടക്കപ്പൽ–യുദ്ധത്തിനായുള്ള കപ്പൽ.

പടക്കം-ഛ വെടി പൊട്ടിക്കുന്നതിനുള്ള ഒരു ചെറിയ വസ്തു. ഉ. തോപ്പടക്കം.

പടക്കളം-യുദ്ധഭൂമി.

പടക്കുതിര-യുദ്ധത്തിനുള്ള കുതിര.

പടക്കുന്താ-യുദ്ധത്തിനുള്ള കുന്തം.

പടക്കുറി-യുദ്ധത്തിനു നെറ്റിമേലിടുന്ന പൊട്ട്.

പടക്കൂട്ടം-സൈന്യക്കൂട്ടം.

പടക്കൊടി-യുദ്ധത്തിലേ കൊടിക്കൂറ.

പടക്കോട്ട-യുദ്ധത്തിനുള്ള കോട്ട.

പടക്കോപ്പ് - യുദ്ധത്തിനുള്ള ഉപകരണം.

പടങ്ങ്, പടങ്ങുതടി-കൈക്കോൽ, തടി തല്ലുന്നതിനു അതിന്റെ അടിയിലിടുന്ന തടി.

പടങ്ങ്-ഛ. കൈക്കോൽ. ഉ. ക്രൂരം, ലോകം കാറാത്തു ഇളകിപ്പോകാതിരിക്കുന്നതിന് മേച്ചിൽപ്പുറത്ത് മുളകീറ കൊണ്ടുണ്ടാക്കുന്ന വരിച്ചിൽപ്പണി. ഇതിനെ 'പടങ്ങിടുക' എന്നു പറയുന്നു.

പടച്ചട്ട-യുദ്ധത്തിൽ ധരിക്കുന്ന ചട്ട.

പടച്ചമപ്പ്-യുദ്ധസന്നാഹം.

പടച്ചയം-യുദ്ധോപകരണം, ആയുധം മുതലായത്.

പടച്ചവൻ-കള്ളൻ. (പാടച്ചവൻ എന്നതിനാണ് അധികം പ്രാധാന്യം)

പടച്ചുരം-പഴയവസ്ത്രം. മറ്റൊരു പഴ്യാത്തം-പഴയവസ്ത്രം. പണ്ടു നല്ലതായിരുന്നത് എന്നത്ഥം.

പടച്ചെലവു-യുദ്ധത്തിനുള്ള ചെലവു.

പടജ്ജനം സൈന്യം.

'അവധേയപടജ്ജനമഭ്യധ്വാരം'

(ശ്രീകൃഷ്ണചരിതം)

പടത്തുകവൻ-കള്ളൻ.

പടത, പടതി-യവനസ്ത്രീ.

പടത്തക്കം-യുദ്ധത്തിനുള്ള തരം.

പടത്തഞ്ചം-യുദ്ധത്തിൽ സൈന്യങ്ങളുടെ നിലപാട്.

പടത്തലവൻ-സേനാപതി.

പടത്തായം-തന്ത്രം, കൃത്രിമം, ചതിവ്.

പടത്തൊപ്പി-യുദ്ധത്തിൽ ധരിക്കുന്ന തൊപ്പി.

പടന-ഉപ്പുവിളയുന്ന സ്ഥലം.

പടനയുപ്പ്-പടനയിൽവിളയുന്ന ഉപ്പു.

പടനായകൻ-സേനാപതി.

പടനായർ-ഛ. സേനാപതി. ഉ. ഭടൻ, പടയാളി.

പടനിരക്കൽ-സൈന്യം നിരക്കുക.

പടനിരക്കുന്നു-സൈന്യം നിരക്കുന്നു. (സ ക്രി. പടനിരത്തുന്നു).

പടനിലം-യുദ്ധഭൂമി.

പടനിറുത്തൽ, പടനിർത്തൽ-ഛ. യുദ്ധത്തിനു സൈന്യത്തെ നിറുത്തുക. ഉ. യുദ്ധം അവസാനിപ്പിക്കുക,

പടനിറുത്തുന്നു, പടനിർത്തുന്നു-ഛ. യുദ്ധത്തിനു സൈന്യത്തെ നിറുത്തുന്നു. ഉ. യുദ്ധത്തെ അവസാനിപ്പിക്കുന്നു.

പടന്ന-ഛ. ഓർനിലം പാടിയെങ്കിലും-ഊഷരവാൻ, ഊഷരം. ഉ. ഉപ്പുവിളയുന്ന സ്ഥലം. ന. വലിയ മൺവെട്ടി, (തുമ്പാ).

പടപട-കടുന്തറയിൽ എന്തെങ്കിലും മറിഞ്ഞുവീഴുന്ന ശബ്ദം, വെടിയുടെ ശബ്ദം.

പടപറയുന്നു വെറുതെ വളരെ പറയുന്നു.

പടപ്പാടിച-യുദ്ധത്തിനുള്ള പരിച.

പടപ്പു-ഛ. കാടുപിടിച്ച സ്ഥലം, ഉഴപ്പുകാട്, കരുങ്കാട്. ഉ. സൃഷ്ടി. ന. പാപ്പു. ര. പടപ്പുതടി.

പടപ്പുതടി-വസ്ത്രംനെയിത്തുകാർക്ക് ഉപകരിക്കുന്ന ഒരു തടി.

പടഭണ്ഡാരം-ഏ. പടക്കോപ്പുവയ്ക്കുന്ന സ്ഥലം. ഉ. പടക്കോപ്പ്.

പടഭംഗം-വസ്ത്രം മുറിക്കുക.

'പടഭേദോസ്തു ഖേദമെന്നിനില്ല'.
(നളചരിതം കഥകളി)

പടം-ഏ. വസ്ത്രം. വിശേഷപ്പെട്ട വസ്ത്രം. വിസ്താരമുള്ളതു് എന്നർത്ഥം. ഉ. അച്ചടിശ്ശീല. ന. മരപ്പലക. ഘ. ഉടുപ്പു്. ങ. മൂടുപടം. ന. എഴുതുന്നതിനോ ചായമിടുന്നതിനോ ഉള്ള തുണി. ഒ. വാരി, മേൽക്കുട്ട്, മേല്പുര. വ. മേനിവസ്ത്രിയ എന്തെങ്കിലും വസ്ത്രം. ശ. പറപ്പിക്കുന്ന കടലാസ്സ്. ഷ. പമ്പിന്റെ തൊലി. ഷഷ. കാലിന്റെയും കൈയുടെയും അകം. ഷഉ. ചിത്രം ഷന. പൂതുകളിപ്പലക.

പടംകാട്ടുക, പടം കാണിക്കുക-(നൂതനശൈലി.) പറഞ്ഞുപതിക്കുക, കാര്യം സാധിക്കുമെന്നു പറഞ്ഞു സന്തോഷിപ്പിച്ചിട്ടു് സാധിപ്പിച്ചു കൊടുക്കാതിരിക്കുക.

ഇതു് സിനിമയിലെ ചിത്രപ്രദർശനത്തിൽ നിന്നു വന്നതാണു്. ഓരോ പടവും ദൃശ്യമാകയും, അടുത്ത നിമിഷത്തിൽ മറയുകയും ഒടുവിൽ പടത്തിന്റെ മാത്രം പഴയപോലെ ശേഷിക്കയും ചെയ്യുന്ന കാഴ്ചയിൽ നിന്നാണു് ഈ പ്രയോഗം നടപ്പായതു്.

പടമണ്ഡപം-ക്ഷേത്രം.

പടമയ-വി. വസ്ത്രം കൊണ്ടുണ്ടാക്കിയ.

പടമയം-ക്ഷേത്രം.

പടമൂലനായർ-ചേരമാൻ പെരുമാളുടെ കാര്യസ്ഥൻ

പടമുഖം-മുൻപട.

പടമെടുക്കുന്നു- ചതുരംഗസൈന്യത്തിലെ മുഖ്യനായ മനുഷ്യന്റെയും മറ്റും രൂപം (പ്രതിച്ഛായ) എടുക്കുന്നു.

പടമെട്ടുപ്പുകാരൻ-പ്രതിച്ഛായ എടുക്കുന്ന ആൾ.

പടമെഴുത്തുകാരൻ - ചിത്രമെഴുത്തുകാരൻ.

പടയ്ക്കുന്നു- കോരിക്കൊണ്ടു ചോറുമുതലായതു പങ്കിടുന്നു.

പടയ്പ്പു്-കോരികകൊണ്ടു ചോറുമുതലായതു പങ്കിടുക.

പടയണി-സൈന്യത്തിന്റെ നിര(പ്പു്).

പടയാളി-പട്ടാളക്കാരൻ, യോദ്ധാവു്.

പടയോട്ടം-ഏ. യുദ്ധത്തിൽ തോറ്റോടുക. ഉ. യുദ്ധത്തേക്കു ഭയപ്പെട്ടു് ഓടുക. ന. സൈന്യങ്ങളുടെ ആക്രമണം.

പടരുന്നു-ഏ. പരക്കുന്നു. ഉ. വൃക്ഷങ്ങൾക്കു് നാലുപുറവും നീണ്ടു കൊമ്പുകളുണ്ടാകുന്നു. ന. പുഴക്കരടി മുതലായതു മേഘത്തിൽ വ്യാപിക്കുന്നു. ഘ. വള്ളികളും വൃക്ഷങ്ങളിലും മറ്റും ചുറ്റി വളരുന്നു.

പടർ-ദുഃഖം.

'ചൊല്ലീടിയ പടരില്ലാഞ്ഞാനും'
(ഗീത; മാധവപ്പണിക്കർ)

പടർകായ്, -പടരുവാഴയുടെ കായ്.

പടവ്-പടരുക.

പടർത്തുന്നു-പരന്നു വരുവാൻ തക്കവണ്ണം ആക്കുന്നു.

പടവ്-ഏ. പടവു്. ഉ. കരുങ്കാടു്.

പടൽ-ഏ. പടവു്, കരുങ്കാടു്.

'പടലിൽകണ്ടതു പന്നിയതെന്നാൽ'
(കിരാതം തുള്ളൽ)

ഉ. പടങ്ങു്. ന. സസ്യങ്ങൾക്കു പടരാനുള്ള പന്തൽ.

പടൽ-നിരപ്പില്ലാത്ത പല്ലിത്തടി.

പടല-ഏ. പത്തും പതിനാലും കായ്കളായിട്ടു വാഴക്കുലയിൽ തിങ്ങുന്ന ഓരോ കൂട്ടം. ഉ. നിരപ്പില്ലാത്ത പല്ലിത്തടി.

പടലപ്രാന്തം-ക. പൂരയുടെ ഇറമ്പ്. ഉ. വാമടയുടെ താഴെ തറയ്ക്കുന്ന തൂവ്വൽപ്പലക. പടലത്തിന്റെ അഗ്രഭാഗം എന്നർത്ഥം.

പടലം-കണ്ണിലുണ്ടാകുന്ന ഒരു രോഗം. ഉ. പൂരമെയുവാനുള്ള ഓല, ഓട്ട്, ചെമ്പു പലക, പുല്ല്, വയ്ക്കോൽ മുതലായതു്. വസ്ത്രത്തിന്റെ പ്രയോജനമായ (മറയ്ക്കുക എന്നതിനെ) ചെയ്യുന്നതു് എന്നർത്ഥം. മഴവെള്ളത്തെ തടുക്കുന്നതു് എന്നുമാവാം. ന. ചില പുസ്തകങ്ങളിലെ അദ്ധ്യായം, കാണ്ഡം. ര. സമൂഹം.

'പൊടിപടലത്തിലൊളിച്ചു ഭാനുബിംബം'
(ശ്രീകൃഷ്ണചരിതം)

ള. അടുക്കു. ന. മേൽക്കൂട്ട്, മേൽപ്പുര. ഴ. മൂടി. വ. മൂടുപടം. ൻ. കട. ക്ഷ. വൃക്ഷം. ക്ഷ. ദേഹത്തിൽ നെറ്റിയിലൊക്കെ ഉള്ള ഒരു അടയാളം.

പടലവിരിയുന്നു-വാഴച്ചുണ്ടിന്റെ പോള പൊളിഞ്ഞു കായ് പുറത്തു വരുന്നു.

പടലി-ക. കൂട്ടം. ഉ. പൂപ്പാതിരി.

പടലിടുന്നു-മേച്ചിലിന്നു് പടങ്ങു് ഉണ്ടാക്കുന്നു. ഉ. വള്ളിയായ സസ്യങ്ങൾക്കു് പടരാൻ പന്തലിടുന്നു.

പടല്ലോട്ട്-തുരുമ്പായ കോട്ട്, പടപ്പു നിറഞ്ഞ കോട്ട്.

പടവർദ്ധനം-ഏലി.

പടവലങ്ങാ-പടവലം എന്ന സസ്യത്തിന്റെ കായ് (കറിസ്സാമാനമാണ്).

പടവലം-ഒരു മരുന്നുവള്ളി; പടവലങ്ങ ഉണ്ടാകുന്ന വള്ളി.

പടവാക്കി-പടപ്പറക

പടവാദ്യം-പടയിൽ കൊട്ടുന്ന വാദ്യം, തമ്പേരം മറ്റും.

പടവാവാ-ക്രൂരം.

പടവായൻ-പ്രയോജനമില്ലാത്ത വിധം ക്രമംവിട്ടു സംസാരിക്കുന്നവൻ.

പടവാ(യ്)പറക-വൃഥാ അധികം സംസാരിക്ക.

പടവാസകം-വസ്ത്രത്തിനു സുഗന്ധമുണ്ടാക്കുന്നതിനായി ഉപയോഗപ്പെടുത്തുന്ന ഒരുതരം ചൂർണ്ണം (പൊടി). വസ്ത്രത്തെ ആസ്പദിച്ചതെന്നർത്ഥം. മറ്റൊരു പര്യായം-പിഷ്ടാതം.

പടവാസം-ക. അർച്ചല്ലുടം, സ്ത്രീകളുടെ അകത്തെ ഉടുപ്പ്. ഉ. ക്രൂരം. ന. സുഗന്ധപ്പൊടി.

പടവില്ല്-യുദ്ധത്തിനുള്ള വില്ല്.

പടവിളി-ക. സൈന്യത്തെ യിളിച്ചുകൂട്ടുന്നതു്. ഉ. നിലവിളി.

പടവീട്-സൈന്യങ്ങൾ പാർക്കുന്ന സ്ഥലം., ക്രൂരം.

പടവീരൻ-യുദ്ധസാമർത്ഥ്യമുള്ളവൻ.

പടവു്-ക. ചെറിയ കപ്പൽ. ഉ. തീരമിടുക. ന. തീരം. ര. കല്പടകെട്ടുക.

പടവെട്ട്-യുദ്ധം.

പടവേഗം-ക്രൂരം.

പടസേന-യുദ്ധത്തിനുള്ള സൈന്യം.

പടഹധ്വനി-പെരുമ്പറകൊട്ടുന്ന ശബ്ദം

പടഹം-ക. പെരുമ്പറ, തപ്പട്ട. മറ്റൊരു പര്യായം-ആനകം. പടംകൊണ്ടു ഹനിക്കപ്പെടുന്നതു്. 'പട' എന്ന ശബ്ദത്തെ വിടുന്നതു്. ഇങ്ങിനെ അർത്ഥം.

[യുദ്ധാരംഭത്തിൽ പെരുമ്പറ കൊട്ടുന്നതിന്റെ പേർ പടഹം. യുദ്ധം നിറുത്തുമ്പോൾ കൊട്ടുന്നതിന്റെ പേർ ഏനമാവാം. പടത്തെ ഹനിക്കുന്നതു്. പടതുല്യമായ വാദ്യമുഖം എന്നർത്ഥം.]

ഉ. കൊല. ന. കലഹം.

പടറി-ഒരുമാതിരി വാഴ.

പടറിക്കായ്, പടറുകായ്-പടറിവാഴയുടെ കായ്.

പടാ-ഗ. പട്ടകയില്ലും, നശിക്കയില്ലും. ക. കെട്ടുകയില്ലും.

പടാകം-പക്ഷി.

പടാച്ചി-മുഖസ്തുതി. ക. ഭീക്ഷണിവാക്ക്.

പടാച്ചിക്കാരൻ—മുഖസ്തുതി ചെയ്യുന്നവൻ

പടാതിരിക്കുക-വൃക്ഷങ്ങളുടെ വളർച്ച നശിക്കാതിരിക്കുക.

പടാതെ-അ. പട്ടുപോകാതെ,

പടാലുകാ-അട്ട.

പടാവ്-വലിയ എണ്ണത്തുണി.

പടി- ഗ. ഒരളവ്. ക. കോലണി, ന. പൊന്നുമുതലായതു തൂക്കുന്നതിനു ഇടയിടുന്ന കട്ടി, ര. കട്ടിളയുടെ പൂഴിപ്പടി. ങ. പടിവാതൽ. ന. വഴിച്ചെലവു് ഒ. നിരപ്പടി. വ. വങ്കം മറവും. ൻ. വള്ളപ്പടി. ഗം. ഏട്ടുപടി. ഗഗ. നാരായപ്പടി. ക്ക. ആഭരണത്തിന്റെ പടി. ഗന്ധ. റാന്തപ്പടി. പടി(ടീ) സം- ഗര. വസ്തു. ഗങ. ജലത്തിലുണ്ടാകുന്ന ഒരു തരം. ഗന്ധ. ചെറുകമിഴ്. ഗഒ. മലം പുരണ്ടു. ഗവ. തിരുമ്മീടം. ഗൻ. രട്ടു തീലം, കട്ടിത്തുണി. ഡം. കയറ്. ഡഗ ചവിട്ടുപടി. ഡക. സ്ഥാനം.

പടി-(അ) പോലെ, വണ്ണം. (അപ്പടി = അവ്വണ്ണം). പ്രകാരത്തിൽ. ഉ-ം, ഒരുപടി = ഒരുപ്രകാരത്തിൽ.

പടികം-ഗ. ഒരു തൂക്കം. ക. നദിയിലെ ഒരുമത്സ്യം.

പടികക്കാരം-ഒരുകാരം.

ഇതു രസായനസംബന്ധവസ്തുക്കളിൽ ചേർന്ന ഒരു ഉപരസദ്രവ്യമാണ്. ഈ അങ്ങാടിമരുന്നു് ചായത്തിനു ഉപയോഗിക്കുന്നതായൊന്നും കാണുന്നു. ഇതു് വാതം, വ്രണം, വിസർപ്പം, കഫം, പിത്തം, മഷി മുതലായതിനു നന്നു്. സം-സ്ഫടികാരി.

പടിക്കം-ചെറിയ കോലുമ്പി, തുപ്പുന്നതിനുള്ളതായ പാത്രം.

പടിക്കൽ-(അ) ഭവനത്തിനു പുറമുള്ള വേലിയുടേയും മറവും വാതൽക്കൽ, പടിവാതല്ക്കൽ.

പടിക്കൽ-പടിക്കല്ലു്, വാതിലിനു മുമ്പിലിട്ടിരിക്കുന്ന കല്ലു്. തണ്ണാന്മതിക്കാർ മറവുള്ളയാളുടെ വീട്ടിനു 'പടിക്കൽ' എന്നു പറയുന്നു.

പടിക്കാരം-ഒരുങ്ങാടിമരുന്നു്, ഉപ്പുകാരം, ചീനക്കാരം.

പടിക്കാൽ-പടിവാതല്ക്കൽമറവും നിലത്തുന്ന കാൽ.

പടിക്കുപ്പാതി-ഗ. തുകയിൽ അരിയും (പാതി). ക. നേർപാതി.

പടിക്കോണി-കയറുന്നതിനുള്ള ഏണി.

പടി(ടീ)ക്ഷേപം-തിരുമ്മീല ഇടുക.

പടിഞ്ഞാറു്-ആദിത്യൻ അസ്തമിക്കുന്ന ദിക്കു്. സം-പ്രതീചി. പട്ടി+ഞയർ =പടിഞ്ഞായർ എന്നതു മാറിയാണു് പടിഞ്ഞാറു് ആയതു്. ഞയർ (സൂര്യൻ) പടിയു (അസ്തമിക്ക)ന്നദിക്കു് എന്നർത്ഥം.

പടിഞ്ഞാറൻകാറു്- പടിഞ്ഞാറനിന്നു വരുന്ന കാറു്.

പടിഞ്ഞാറേ, പടിഞ്ഞാറേറ-പടിഞ്ഞാറുള്ള.

പടിഞ്ഞാറോട്ടു്, പടിഞ്ഞാട്ടു-അ. പടിഞ്ഞാറേ ദിക്കിലേക്കു്.

പടിത്തരം-പതിവു്, ചട്ടം, നടപ്പു്.

പടിപ്പുര-പടിക്കലേ പുര, പടിവാതൽ.

പടിമാ-വി. സാമർത്ഥ്യമുള്ള.

പടിമാവു്-സാമർത്ഥ്യം.

പടിയരഞ്ഞാൺ, പടിയരഞ്ഞാലം-സ്ത്രീകൾ അരയിൽ കെട്ടുന്ന വീതിയുള്ള ഒരുമാതിരി അരഞ്ഞാണം.

പടിയളക്കുന്നു-ദിവസംപ്രതിയുള്ള ചെലവിനു നെല്ലു് അളന്നുകൊടുക്കുന്നു.

പടിയളവു്-ദിവസംപ്രതിയുള്ള ചെലവിനു നെല്ലു് അളന്നുകൊടുക്കുക.

പടിയിക്കുന്നു-കിടത്തുന്നു.

പടിയുന്നു-ക്രി. ശീലം വരുന്നു, ഉ. ക്രമേണ കൊണ്ടുവരുന്നു. നാ. ആനയെപ്പോലെ കിടക്കുന്നു. ര. ആന ചരിയുന്നു. ഭ. പടിഞ്ഞിരിക്കുന്നു, താണിരിക്കുന്നു.

പടിയേറ്റം-തിരുവിതാംകൂർ ഇളമുറരാജാവു് തിരുമുമ്പേപോകുന്ന കർമ്മം. ഉ. സ്ഥാനാരോഹണം.

പടിയോല-ചട്ടം നിശ്ചയിച്ചെഴുതിവച്ച ഓല.

പടിവു്-ക്രി. കീഴടക്കം, കീഴ്പ്പെട്ടത്തൽ ഉ. പതിവു്, വഴക്കം.

പടിവട്ടം-വീട്ടിന്റെ മുൻവശം.

പടിവാതൽ-പടിക്കലുള്ള വാതൽ, വെളിയിലേ വാതൽ.

പടീ-പതക്കൻവസ്തു.

പടീയസ്സ്-വി. ഏറവും സാമർത്ഥ്യമുള്ള.

പടീര-വി. ക്രി. ഭംഗിയുള്ള, ഉ. സ്നേഹമുള്ള.

പടീരജന്മാ-ചന്ദനവൃക്ഷം.

പടീരൻ-കാമദേവൻ.

പടീരം-ക്രി. ചന്ദനം. ഉ. മുള്ളങ്കി നാ. കരിങ്ങാലി. ര കുവന്നൂവ്. ഭ വന്മതൽ ന്യ. മേഘം. ഠ. വാതം എന്ന ദീനം. വ്യ. അരിപ്പു്, മുറം. ൻ. വയറു്. ക്രി. ജലദോഷം. ക്രി. ഉന്നതസ്ഥിതി.

പട്ട-വി. ക്രി. സാമർത്ഥ്യമുള്ള, മടിക്കുടാതെ കാര്യങ്ങളിൽ പ്രവർത്തിക്കുന്ന, അല്പനല്ലാത്ത. ഉ. ജാഗ്രതയുള്ള നാ. ചൊടിയുള്ള ര. സുഖമുള്ള. ഭ. ഭയമില്ലാത്ത ന്യ. കുശാഗ്രബുദ്ധിയുള്ള. ഠ. ഗംഭീരമായ. വ്യ. കൌശലമുള്ള ൻ. വാക്ചാതുര്യമുള്ള. ക്രി. മുറട്ടായ. ക്രി ഏകദേശം. ക്രി. നേരംകരമായ.

പട്ട- ക്രി. ചീന്തു്. ഉ. അഴുകിയതു്. (മലയാളം). നാ. ഉപ്പു്, പൊളിയുപ്പു്, ഇന്തുപ്പു്. ര. പട്ടവലം. രോഗങ്ങളെ പാടനംചെയ്യുന്നതു് എന്നർത്ഥം. ഭ. ക്ലേ. ന്യ ചീനക്കർപ്പൂരം ഠ. ക്ഷുരകർമ്മം. വ്യ അടവിക്കാച്ചിലേം, ചെങ്ങലം പരണ്ട. ൻ. ഉപ്പുരസം.

പട്ടക-വൃക്ഷങ്ങളുടെ വളർച്ച് അവസാനിക്ക, നശിക്ക ഉ. മരിക്കുക.

പട്ട(കം)-ഒരുകപ്പൻപടവലം.

പട്ടകരണ-ഒരു വൃക്ഷം.

[ഇതു് ഏകദേശം ആവിലിന്റെ ആകൃതിപോലെയിരിക്കും. ആനകൾക്കു് ആഹാരമായിട്ടുള്ളതാണ്. ഈ വൃക്ഷത്തിനു വളരെ വണ്ണവും നീളവുമുണ്ട്. മിക്ക വാറും വനങ്ങളിലും മരുഭൂമിയിലും ഉണ്ടാകുന്നു. ഇതു് വേപ്പിലപോലെ കറ വലുതാണ്. പൂവിന്റെ നിറം ഒരളപ്പാകുന്നു. വളരെ ചെറുതായിരിക്കും. ഇതു് കഫം, പിത്തം, വിഷം, വ്രണം, ശിരോരോഗം മുതലായവയ്ക്കു നന്നു്. സം-ത്രുണീ. ത-പട്ടകരഞ്ജ.

പട്ടകാൽ, പട്ടകാലം- സുഖമില്ലായ്മ, ഉ. ദോഷകാലം.

[ഇതു് ഒരുപചാരവാക്കാകുന്നു.]

പട്ടകിണർ-പൊട്ടക്കിണർ.

പട്ടകിഴവൻ-തീരെ വയസ്സൻ.

പട്ടകുത്തൻ-ജലദോഷം.

പട്ടകുഴി-ക്രി. ആനക്കുഴി. ഉ. വലിയ കുഴി.

പട്ടക്ക-ക്രി. കിടക്കുന്ന സ്ഥലം. ഉ. അതിനുള്ള വിരിപ്പു്. നാ. മെത്ത.

പട്ടകുന്നു-ക്രി. കല്ലുകൊണ്ടു് കൈയാല മുതലായതു വെയ്ക്കുന്നു. ഉ. വീർത്തുന്നു.

ന. കിടക്കുന്ന. വീട്ടിന്റെ തറയിൽ (തട്ടത്തിൽ) തറയോടോ മറ്റോ പാകുന്നു.

പട്ടജലം-മുപ്പുവെള്ളം.

പട്ടഞായം-സാധാരണ പറയുന്ന സ്ഥിതി

പട്ടത,പട്ടതാ-പ. സാമർത്ഥ്യം, മിടുക്ക്. ഉ. കൽസാമർത്ഥ്യം.

പട്ടതാ-തിരശ്ശീല, കർട്ടൻ (Curtain)

പട്ടതാമര-ഒരുമാതിരി പുഴക്കടി.

പട്ടതി-സ്വഭാവം, അവസ്ഥ, നടപ്പ്.

പട്ടതിരി-പ. പട്ടുന്നൽ, സാധാരണ തയ്യൽ. ഉ. കെടാറായ തിരി.

പട്ടതീ-കാട്ടുതീ, എഴുന്തീ. യാദൃച്ഛികമായി പിടിപെടുന്ന തീയെന്നും കാണുന്നു.

പട്ടതോര-പ. കൂറയവം. ഉ. പകുതി വെന്ത യവം മുതലായത്. ന. ഓവില്ലാത്ത യവം. പര്യായങ്ങൾ-യവകം, കന്മഷം. ത-കാരമണി. യവത്തിൽ കറുത്ത ഗുണമേ ഇതിനുള്ളൂ.

പട്ടത്തിരിക്ക-കട്ടികൊണ്ടിരിപ്പാനുള്ള തടുക്ക് (ചെറിയ പായ്.)

പട്ടത്തു്-വിചാരിച്ചു. (പ-മ)

പട്ടന്ന-പ. നശിക്കുന്നു. ഉ. വൃക്ഷം മുതലായവ നശിക്കുന്നു. ന. മരിക്കുന്നു. ര. ഒടുങ്ങുന്നു. ള. സംഭവിക്കുന്നു. ന്യ. കുരുക്കിൽ ആകുന്നു. ഴ. ആകുന്നു. വ്യ. ലഭിക്കുന്നു.

പട്ടപാണ്ണി-ഒരു മരുന്ന്, ഏരുമക്കള്ളി, ഏരുമത്താളി, മലഏരുമ. നല്ല ഇലകൾ ഉള്ളത് എന്നർത്ഥം.

പട്ടപാഴൻ-കൈശലക്കള്ളൻ, മുന്നിനും കൊള്ളരുതാത്തവൻ.

പട്ടപ്പു-മെത്ത.

പട്ടഭാഷ-നീചഭാഷ.

പട്ടഭൂമി-ഫലംതരാത്ത ഭൂമി.

പട്ടമതി-സാമർത്ഥ്യമുള്ള ബുദ്ധിയോടുകൂടിയവൻ, ബുദ്ധിമാൻ.

പട്ടമൻ-ഭോഷൻ.

പട്ടമപ്പണി-ഭോഷന്റെ വേല.

പട്ടമരം-കാട്ടുമരം.

പട്ടമുള-താനേയുണ്ടാകുന്ന മുള (നായ്)

പട്ടമുളക്കാരൻ-പ. കള്ളൻ. ഉ. കൂലടം പുരുൻ.

പട്ടമൂട്-പ. തന്നത്താൻ വളരുന്ന തെറ്റ ഉ. ക്രൂരമുതലായ ചില നട്ടാലകാം പറിച്ചാൽ അതിന്റെ ചുവട്ടിൽനിന്നും മറ്റും പിന്നത്തെയുണ്ടിൽ കിളിർത്തു്.

പട്ടവങ്കൻ-ഒന്നിനും കൊള്ളരുതെങ്കിലും വലിയവനെന്നഭാവിക്കുന്നവൻ.

പട്ടവൻ-ഒരു ഭീനം.

പട്ടവൻ(നീരു്)-ഒരുമാതിരി നീര്.

പട്ടവല്ലായ്ത്തം-സുഖമില്ലായ്ക. (രാജാക്കന്മാരോടുമറ്റും ഉപചാരമായി പറയുന്നതു്).

പട്ടവാക്കു്-സാരമില്ലാത്ത വാക്ക്.

പട്ടവാർം-നിസ്സാരൻ, മുറടൻ.

പട്ടവാഴ-സാധാരണവാഴ.

പട്ടവിത്തു്-താനേ വീണു കിളിർത്തവിത്തു്.

പട്ടത്തമം-ഇത്തപ്പു്.

പടേണി-ഒരുമാതിരി കളി. ഇതു് പണ്ടത്തെ യുദ്ധരീതിയായ പടയണിയെ അനുകരിച്ചു ഒരുകളിയാണ്.

പടോടജം-പ. ക്രൂൺ. ഉ. ക്രൂരം.

പടോളയം-കമ്പിപ്പാല.

പടോലകം-ഞെമഞ്ഞി.

പടോലം-പ. ഒരു പച്ചമരുന്നു്, കയ്പൻ പടവലം. പര്യായങ്ങൾ-ജ്യോൽസ്നി, പടോലിക, ജാനീ.

ഇതു് വാതരോഗം, രക്തപിത്തം, കഫരോഗം, ചൊറി, കുഷ്ഠം, രക്തദോഷം, ജ്വരം, മുട്ടുനീർ മുതലായതിനു

തന്ത്- കൈപ്പൻപടോലത്തെ കുറിച്ചാണ് ഇവ പറഞ്ഞതെങ്കിലും, ഇനി ഒരുതരമുണ്ട്. അതിനു 'സ്വാദു പടോലി' എന്നു പേർ. പടോലത്തിന്റെ പഴുപ്പായങ്ങളുടെ തുമ്പിയിൽ സ്വാദുശംബും ചേർത്താൽ ഇതിന്റെ പഴുപ്പായമാകും. ഇതു് അരോചകം, ഭ്രമം, അഗ്നിമാന്ദ്യം മുതലായവയ്ക്കു നന്ന്. ബലപ്രദവും, പുഷ്ടികരവും, പഥ്യവുമാകുന്നു. ഇതാണ് നാം കുറിക്കു് ഉപയോഗിച്ചുവരുന്ന പടവലം. പഴുപ്പായങ്ങൾ-കാളകം, പടോലം, തിക്തകം, പട്ട.

ഉ. അച്ചടിഭാഷ.

പടോലിക, പടോലി-പ്ര. പടോലം, ചെറുകുമ്മട്ടി. ഉ. പിച്ചി. പടോലിക എന്നുള്ള പേരിൻ പിടിക്കുന്നതെന്നർത്ഥം.

പട്ട്-പീതവർണ്ണമുള്ള മുതലായ വിശേഷവസ്ത്രം. പട്ടുപുഴുവിന്റെ കൂട്ടു പാകപ്പെടുത്തിയെടുക്കുന്ന നൂലുകൊണ്ടുണ്ടാക്കിയ വസ്ത്രം.

പട്ട-പ്ര. മരത്തിന്റെ തൊലി. ഉ. ശിപായിമാരുടെ വില്ല. സ. വസ്ത്രങ്ങളുടെ ഒരുമാതിരി കര. ര. തെങ്ങിന്റെയും മറ്റും കുലമടൽ. ഇ. വണ്ടിച്ചക്രത്തിന്റെ പുറനിൽ ഇടുന്ന ഇരിമ്പുപുറവ്. ന. പട്ട്. ഒ. അരയിൽ കെട്ടുന്ന സാധനം, അരപ്പട്ട.

പട്ടക്കാരൻ-പ്ര. പട്ടം ഏറവൻ, ക്രിസ്ത്യാനികളുടെ വൈദികൻ. ഉ. വില്ലയുള്ള ശിപായി. സ. കൊട്ടാരത്തിലെ ശിപായി.

പട്ടച്ചായം-പലതരം പട്ടകളും വാറുകളുണ്ടാക്കുന്ന ഒരുതരം ചായം. കരിവേലത്തിൻപട്ടയും കരിപ്പുകട്ടിയും ക്രമത്തിൽ വെള്ളത്തിലിട്ടു പുളിപ്പിച്ചു് ആ വെള്ളം വാറിനുണ്ടാക്കിച്ചേർക്കുന്നതാണ് പട്ടച്ചായം.

പട്ടച്ചാവൽ-ഒരുമാതിരി പക്ഷി.

പട്ടത്തിച്ചാമാന്തിരി - ബ്രാഹ്മണരിൽ ഒരു ന്യായാധിപതി.

പട്ടട-പ്ര ശവം ചുടുന്ന സ്ഥലം, ചേക്ക. ഉ. ശവം കഴിച്ചിടുന്നസ്ഥലം, മുടുകാട്. സ. ചിത. ര. (പട്ട + അട)-പാട്ടകൊണ്ടുള്ള ആവരണം മുറം, മെഴുകിയട, കണ്ണട മുതലായവ.

പട്ടണക്കാരൻ-നഗരത്തിൽ പാർക്കുന്നവൻ.

പട്ടണം-നഗരം, ശ്രീരംഗപട്ടണവും മറ്റും (സം-പട്ടനം, പത്തനം).

പട്ടണംമിരട്ട്-പുതിയമാതിരി പിത്തളപാട്ടം.

പട്ടണവാസി-നഗരത്തിൽ പാർക്കുന്നവൻ.

പട്ടത്താനം-രാജാവിന്റെ പ്രധാന ആന.

പട്ടത്താനം-പ്ര. മലയാളത്തിൽ ചില രാജാക്കന്മാരാൽ കഴിക്കപ്പെടുന്ന ഒരു പ്രായശ്ചിത്ത കർമ്മം. ഉ. നാടുനീങ്ങിയ മഹാരാജാക്കന്മാരുടെ ശ്രാദ്ധം.

പട്ടത്തിരി-നമ്പൂതിരിമാരിൽ ഉയർന്ന തരക്കാർ. (വളരെ പഠിപ്പുള്ളവരായിരിക്കും)

പട്ടമഹിഷി-പട്ടമഹിഷി.

പട്ടൻ-പ്ര. ഭട്ടൻ. ഉ. ബ്രാഹ്മണർക്കു പൊതുവായി പറയുന്ന ഒരു പേർ.

പട്ടനം, പട്ടനീ-രാജസ്ഥാനം. (പത്തനം എന്നതിന്റെ പാഠം.)

പട്ടപ്പേർ-മാനിച്ചുകൊടുക്കുന്ന ഒരു പേർ.

പട്ടബന്ധവസനം-പട്ടവസ്ത്രം.

പട്ടബന്ധം-മുടിചൂടൽ.

പട്ടം-പ്ര. രാജാക്കന്മാർക്കും പ്രധാനമന്ത്രികൾക്കും ക്രിസ്ത്യാനി വൈദികന്മാർക്കും ഉള്ള സ്ഥാനം. ഉ. വസ്ത്രം. സ. പട്ട്. ര. പട്ടണം. ഇ തലപ്പാവ്. ന രാജാക്കന്മാർ ചെയ്തുകിട്ടിൽ എഴുതിക്കൊടുക്കുന്ന ഉടമ്പടി. ഒ. പരിച. വ് ലഭ്യം

ക്ഷണം. ൻ. നല്ലൊരുവലവഴി. ക്ര. കല്പകം, എഴുത്തുമരം. ക്ര. കസേര, പീഠം. ക്ര. തിരുകക്കല്ല്. ക്രി. വശം. ക്രി. കാറ്റുള്ളപ്പോൾ കടലാസു കൊണ്ടുള്ള സാധനം.

പട്ടംകെട്ടുന്നു-ക്ര. രാജാവാകുന്നു. ക. കിരീടംധരിക്കുന്നു.

പട്ടം തേയ്ക്കുന്നു-രത്നങ്ങളും ചാണയിൽ ഉരയ്ക്കുന്നു, രൂപപ്പെടുത്തുന്നു.

പട്ടമന-ബ്രാഹ്മണഭവനം.

പട്ടമഹിഷി-രാജ്ഞിയെന്ന പട്ടം ലഭിച്ചിട്ടുള്ള രാജപത്നി, പട്ടാഭിഷേകസമയത്തിൽ ഭർത്താവിനോടൊന്നിച്ചു സിംഹാസനത്തിൽ ഇരുന്ന് അഭിഷിക്തയായ രാജപട്ടമഹിഷി (ദേവി).

പട്ടമിടുക-രത്നാദിരത്നമായതു ചതുരത്തിൽ കോണായി വെട്ടിമുറിച്ചു നന്നാക്കുന്ന സമ്പ്രദായം, രത്നം മുതലായതു ചാണയിൽ ഉരച്ചു നന്നാക്കുക

പട്ടയം-നിലം പുരയിടങ്ങൾക്ക് സർക്കാരിൽ നിന്നു കൊടുക്കുന്ന കരാധാരം.

പട്ടയ്ക്കുന്നു-അധികവളംകൊണ്ടു നെല്ലിന്റെയും മറ്റും തണ്ട് കനത്തുനീണ്ടു ഫലം കുറഞ്ഞതായിത്തീരുന്നു.

പട്ടരഞ്ഞക(ന്ന)ം-പത്തംശം.

പട്ടരംശം-പത്തംശം.

പട്ടരാജ്ഞി-പട്ടമഹിഷി

പട്ടർ, പട്ടൻ-ക്ര. തമിഴ് ബ്രാഹ്മണൻ ക. ചോഴിയൻ ന. മൂക്കാണിയൻ. ര. അയ്യപ്പട്ടർ.

പട്ടവിചാരിപ്പുകാരൻ-പട്ടക്കാരന്മാരുടെ മേലധികാരി.

പട്ടവിചാരിപ്പ്-പട്ടവിചാരിപ്പുകാരന്റെ ഉദ്യോഗം

പട്ടസം-ഒരുമാതിരി കന്തം.

'ഖഡ്ഗപട്ടസബാണങ്ങൾ'

(ദേവീമാഹാത്മ്യം)

പട്ടസം എന്നതിനു 'പട്ടയം' എന്ന പര്യായവും കാണുന്നു.

'പെരിയപട്ടയം പരിശകരം നല്ല'

(വാല്മീകിരാമായണം)

പട്ടാങ്ങ്-സത്യം, പരമാർത്ഥം.

പട്ടാണി-മഹമ്മദീയരിൽ ഒരു ജാതി. (ഹിന്ദുസ്ഥാനിഭാഷ).

പട്ടാദാരൻ-പട്ടയം കിട്ടിയവൻ.

പട്ടാപ്പകൽ-നട്ടുച്ച.

പട്ടാഭിഷിക്ത-വി. പട്ടത്തിനായിട്ട് അഭിഷേകം ചെയ്യപ്പെട്ട.

പട്ടാഭിഷേകം-രാജാക്കന്മാർക്കു മുപ്പുരയ്ക്കുന്ന നാമം ചെയ്യുന്ന അഭിഷേകം.

പട്ടാംഗം-പട്ടാങ്ങ്.

പട്ടാംബരം-പട്ടവസ്ത്രം.

പട്ടാസ്സ്-പടക്കം.

പട്ടാളക്കാരൻ-പട്ടാളത്തിലുള്ള ശിപായി, കുഞ്ഞുകുട്ടക്കാരൻ പര്യായം-സൈനികൻ.

പട്ടാളം-യുദ്ധത്തിനുള്ള ശിപായിമാരുടെ കൂട്ടം, ശിപായിക്കൂട്ടം. (ഹിന്ദുസ്ഥാനിഭാഷ).

പട്ടാളശ്ശിപായി— പട്ടാളത്തിലെ ശിപായി.

പട്ടാളിച്ചുപോക - കായില്ലാതെ ഇലയോടുകൂടി മാത്രം അധികമായി വളരുക

പട്ടി-വി. ക്ര. ബലമില്ലാത്ത ക. ശൈത്യമില്ലാത്ത. ന. അരിഷ്ടസ്ഥിതിയിലുള്ള ര. വകയ്ക്കുകൊള്ളാതെയുള്ള.

പട്ടി(ട്ടീ), പട്ടിക, പട്ടികാഖ്യം-ചെമന്ന പാഷാണഭേദം.

പട്ടി-ക്ര. നായ്-പര്യായങ്ങൾ കൈതേയകം, സാരമേയം, കൃമിരം, മൃഗദംശകം, ശുനകം, ഭഷകം, ശ്വാ (ശുനി,

ശ്വാനൻ). പട്ടിയുടെ കുറഞ്ഞ ജീവിതകാലം വർഷം ക്ര-ക്ര. കൂടിയത് ഉ൫ വർഷം. ഉ. തൊഴുത്ത്. ന. ക്രൂരസ്ഥലം ൫. വേലൻ.

പട്ടിക-ക്ര. ഓട്ടുമുതലായതു മേയുന്നതിന് കനം കുറച്ചു അറുത്ത് കഴുക്കോലിൽ തറക്കുന്ന മരം. ഉ. ഒരാധാരം. ന. പേരെഴുതിയ കണക്ക്. ൫ വരിട്ട് (വരച്ച്) എഴുതിയുണ്ടാക്കുന്നത്. ഇ. മാനനഷ്ടം. ന്യ മലങ്കവുങ്ങ്.

പട്ടികയാണി-ചട്ടിക തറയ്ക്കുന്ന ആണി

പട്ടികയോട്-പട്ടികയിൽ മേയുന്നഓട്

പട്ടിക്കാട്-തൃശ്ശൂരിനും പാലക്കാട്ടിനും മദ്ധ്യേയുള്ള ഒരു സ്ഥലം.

പട്ടിക്കതിര-ഒരുവക ചെറിയ കതിര, ചീരക്കതിര.

പട്ടിച്ചാൽ-വയലിൽ വളമിട്ടതിന്റെ ശേഷം ചതുരമാക്കുക.

പട്ടിച്ചെവി-ഒരു പച്ചമരുന്ന്.

പട്ടിണി-ഉപവാസം, ഭക്ഷിക്കായ്ക.

പട്ടിത്തുടി-തൊഴുത്തിന്റെ വാതൽ.

പട്ടിപ്പുലി-വള്ളിപ്പുലി, ചെറിയമാതിരി പുലി.

പട്ടിൽ-മുള, മുളക്കൂട്ടം.

പട്ടിലൻ-ക്ഷൗരക്കാരൻ.

പട്ടി(ട്ടീ)ശം(സം)-ആയുധവിശേഷം, കുത്ത വക്കുള്ള കുന്തം, മുനയുള്ള കുന്തം (പട്ടസം).

പട്ടിരുപ്പടുപ്പ്-മുളംകൂട്ടം.

പട്ടി-നെറിക്കുള്ള ഒരാഭരണം.

പട്ടിൽ-ഓട്ട മുതലായതു മേയുന്നതിന് കനംകുറച്ചു അറുത്ത് കഴുക്കോലിൽ തറയ്ക്കുന്ന മരം, വരിച്ചിലിന മുപായമാമുപ്പട്ടുന്ന വിധം അറുത്ത മരം.

പട്ടീസ്-കണങ്കാലിൽ ചുറ്റുന്നതിനുള്ള വീതി കുറഞ്ഞ ഒരുതരം രോമവസ്ത്രം.

പട്ടുകച്ച-അരയിൽ കെട്ടുന്ന വീതികുറഞ്ഞ ഒരുമാതിരി വസ്ത്രം.

പട്ടുകുട-പട്ടുകൊണ്ടുള്ള കുട.

പട്ടുകോസടി-കിടക്കുന്നതിനായിട്ടു പട്ടുകൊണ്ടു തയ്പിച്ചു പഞ്ഞി നിറച്ചത്, പട്ടുമെത്ത.

പട്ടുചരട്-പട്ടുനൂൽകൊണ്ടു പിരിച്ച ചരട്.

പട്ടുചേല-പട്ടുവസ്ത്രം, പട്ട്.

പട്ടുട-ക്ര. പട്ടുവസ്ത്രം. ഉ. മുടുക്കുന്ന വസ്ത്രം. ന. പട്ടുടുക്കുക.

പട്ടുടയാട-മുടുക്കുന്നതിനുള്ള പട്ട്.

പട്ടുതലയണ-പട്ടുകൊണ്ടുള്ള തലയണ.

പട്ടുനൂൽ-ക്ര. പട്ടു നെയ്യുന്നതിനുള്ള നൂൽ. ഉ. നേത്ത നൂൽ.

പട്ടുനൂല്ലുകാരൻ-ക്ര. പട്ടുനൂലുണ്ടാക്കുന്നവൻ. ഉ. ഒരുമാതിരി നേത്ത വസ്ത്രം. ന. പട്ടുനൂൽകൊണ്ടും മറ്റും വസ്ത്രം നെയ്യുന്ന ഒരു ജാതിക്കാരൻ.

പട്ടുനൂൽച്ചുണം - പട്ടുനൂലുണ്ടാക്കുന്നതിനുള്ള ഒരുമാതിരി ചുണം.

പട്ടുനൂൽപ്പാവ്-ക്ര. പട്ടുനൂൽ ചുറ്റിയ നാട്ട്. ഉ. നേത്ത വസ്ത്രം.

പട്ടുനൂൽപ്പുഴു, പട്ടുപ്പുഴു - പട്ടുനൂലെടുക്കുന്ന കൂടുനെയ്യുന്ന ഒരു ജാതിപ്പുഴു.

പട്ടുവസ്ത്രം-പട്ടുനൂലുകൊണ്ടുള്ള വസ്ത്രം.

പട്ടുമാൽ-പട്ടു കൈലേസ്.

പട്ടേരി-മലയാളബ്രാഹ്മണരിൽ പഠിത്തമുള്ളവൻ, നമ്പൂതിരിമാരിൽ ചിലർ താമസിക്കുന്ന ഒരു സ്ഥാനപ്പേർ.

പട്ടേൽ-അധികാരി. (പട്ടേലന്മാർ = അധികാരികൾ)

പട്ടോപഭ്രംശം-പട്ടുതുമ്പത്തകരം
പട്ടോല-ക്ര. പതിവുകണക്ക്. ഉ. തിരട്ട്
പട്ടോലക്കാരൻ-കണക്കെഴുത്തുകാരൻ.

[തിരുവിതാംകൂറിൽ-പണ്ടാരപ്പിള്ള. കൊച്ചിയിൽ പാലിയത്തുമേനോൻ. കോഴിക്കോട്ടിൽ-മങ്ങാട്ടച്ചൻ. കോലത്തിൽ-പുതുശ്ശേരിമേനവൻ].

പട്ടോലമേനവൻ— കണക്കെഴുത്തുകാരൻ.
പട്ടോലിക-പട്ടയം.
പട്ടി-സാമർത്ഥ്യമുള്ളവൾ.
പഠകൻ-വായനക്കാരൻ.
പഠനം-വായിക്കുക, പാഠം, അഭ്യാസം.
പഠായനി-പട്ടാണി.
പഠി-വായന, വായിച്ചുനോക്കുക, പഠിക്കുക.
പഠിക്കുന്ന-വായിക്കുന്ന, പഠിയുന്ന, അഭ്യസിക്കുന്ന. (കാ. ക്രി. പഠിപ്പിക്കുന്ന).
പഠിത-വി വായിക്കപ്പെട്ട, പഠിയപ്പെട്ട, അഭ്യസിക്കപ്പെട്ട, പഠിക്കപ്പെട്ട.
പഠിപ്പിച്ചേക്കാം-അനുഭവിപ്പിച്ചേക്കാം (വ്യംഗ്യാർത്ഥവാചകം).
പണക്കിഴി-ക്ര. വിദഗ്ദ്ധപരീക്ഷയിൽ ജേതാവിനു നല്കുന്നതിനു നിശ്ചയിച്ച സമ്മാനത്തുക. ഉ. കന്നായി കെട്ടിവച്ചിരിക്കുന്ന പണത്തുക.
പണത, പണതാ-വില.
പണത്തുട്ടു-ഒരു പൊൻപണത്തിന്റെ ഇട, ഒരു ചക്രത്തിന്റെ ഇട.
പണത്തൊള-ണ. ഒരു പണത്തിന്റെ വലിപ്പത്തോളമേ, തൂക്കത്തോളമേ.
പണനം-ക്ര. വില്ക്കുക. ഉ. വാങ്ങുക. ന. ചരക്കിനു ചരക്കുമാറുക, വിലയ്ക്കു വാങ്ങുക. ര. വ്യാപാരം.
പണപരം-ഉഭയരാശിയുടെ രണ്ടാമത്തെയും അഞ്ചാമത്തെയും എട്ടാമത്തെയും പതിനൊന്നാമത്തെയും രാശികൾ.
പണപ്പുല്ലക-പണവും മറ്റും എണ്ണുന്ന കഴിപ്പുലക.
പണപ്പെട്ടി — മുതൽ സൂക്ഷിക്കാനുള്ള പെട്ടി.
പണപ്രിയ-പണത്തിലുള്ള ആഗ്രഹം.
പണം-ക്ര. മുൻകഴഞ്ചു ചെമ്പുകൊണ്ടുണ്ടാക്കിയ ഒരു നാണയം. ഉ. (കലിയൻ പണം) തിരുവിതാംകൂറിൽ ര ചക്രം കൂടിയ ഒരു നാണയം. ഉപയുക്തസാധനങ്ങളെ ക്രയവിക്രയം ചെയ്യുന്നതിനുള്ള സൌകര്യത്തിനുവേണ്ടി സാംകേതികമായ വിലയാടുകൂടെ അതതു ഗവർമ്മെൻറിൽ നിന്നു നിർമ്മിച്ച ഒരു ഉപകരണമാകുന്ന പണം. ന. വെള്ളികൊണ്ടുള്ള നാണയം. പൊന്നുകൊണ്ടുള്ള നാണയം. ര. ധനം (നാണ്യവിശേഷം), പൊൻപണം, വെള്ളിപ്പണം. ഭ. ശമ്പളം, ഇരു എന്നു ക്ലിപ്തപ്പെടുത്തിയതെന്നർത്ഥം. ന സമ്പത്തു്. ൈ വില. വ്യ. ദ്രവ്യം. ൻ. പണയം ക്രാ. കളി. ക്രഫ. പകിടകളി, പൂതു്. ക്രഫ. പൂതുകളിയിൽ വാതുപറഞ്ഞു പണയം കെട്ടുക. ഇതുകൊണ്ടു വ്യവഹരിക്കുന്നു എന്നർത്ഥം.

[മുമ്പു നടപ്പുണ്ടായിരുന്ന ഏതാനും പണങ്ങൾ-രാശിപ്പണം (പാർത്തുരാമസ്യഷ്ടം). വീരരായൻ പണം (പുതിയ പണം ര അണ ൈ പൈസ) പഴയ പണം (ര അണ) വെള്ളിപ്പണം-(ന അണ ര പൈ). [ഫാ കവിടി കൂടിയതു് ഒരു കാകിണി. ര കാകിണികൂടിയതു് ഒരു പണം എന്നു ഭാസ്കരാചാര്യർ].
പണമാത്രം-അ പണത്തോളം.
പണമാല-പൊൻപണത്തിൽ കഴകവച്ചു മാലയാക്കിയതു്.
പണമിട-പണത്തൂക്കം.

പണയക്കാരൻ— പണയം കൊടുത്തവൻ ൨. പണയം വാങ്ങിച്ചവൻ.

പണയച്ചീട്ട്-വസ്തു പണയമായി എഴുതിക്കൊടുത്ത പ്രമാണം.

പണയപ്പാട്ട്-പണയമായി വെച്ച വസ്തു, വസ്തു പണയപ്പെടുത്തിയിരിക്കുന്ന സ്ഥിതി.

പണയപ്പെടുത്തുക-വസ്തുവിനെ പണത്തിനു ഉറപ്പായി കൊടുക്കുക.

പണയം-വാങ്ങിക്കുന്ന മുതലിന്റെ ഉറപ്പിനായിട്ടു മുതലുടയക്കാരനു കൊടുക്കുന്ന വസ്തു.

പണയമെടുക്കുക-പണയത്തെ തിരിച്ചെടുക്കുക.

പണയംവയ്ക്കുക-ആഭരണമോ മറ്റോ പണത്തിനു ഉറപ്പിനായി കൊടുക്കുക.

പണയുക-പൊടികളയുക, പതിർപിടിക്കുക, ചേറുക.

പണവക-വി. പണത്തെ സംബന്ധിച്ച.

പണവക-ഭണ്ഡാരം.

പണവകക്കണക്ക് - വരവുചെലവുകണക്ക്. ൨. വരവുചെലവു എഴുതുന്ന ഉദ്യോഗം (ഉദ്യോഗസ്ഥൻ)

പണവം-പ ഒരു വാദ്യം, മിഴാവ്, നടമിഴാവ്. ൨. മൂഢത്വം. സ്തുതിക്കപ്പെടുന്നതു്, വ്യവഹാരത്തെ ഗമിക്കുന്നതു് ഇങ്ങിനെ അർത്ഥം.

[ശരി എന്നും കാണുന്നു.]

പണവീ-ശിവൻ.

പണശം-പൂജാവു്.

പണസം-പൂജാവു്. (പനസത്തിന്റെ പാഠം).

പണസ്സഞ്ചി-പണം സൂക്ഷിക്കുന്നതിനുള്ള സഞ്ചി.

പണായ-പ. തനതു ജോലിക്കായ്ങ്ങളും മറവും. ൨. ചന്തസ്ഥലം. ന. കച്ചവടലാഭം ൪. കീർത്തി, യശസ്സു, സ്തുതി.

പണായിത,പനായിത-വി. പ. സ്തുതിക്കപ്പെട്ട. ൨. നിർവഹിക്കപ്പെട്ട.

പണാപ്പണം-ഉടമ്പടി.

പണാന്ധികം-കവടി.

പണി-പ. വേല. ൨. പ്രയത്നം. ന. ഉദ്യോഗം. ൪. കൌശലം. ൫. കായ്മം. ന. ഉപായം. ൭. പ്രയാസം. ൮. ജീവനം. ൯. ദുഃഖം. ൧൦. പ്രയോജനം. ൧൧. അവസ്ഥ. ൧൨. നടപ്പു്.

പണി-പ. മുണ്ടൻ. ൨. ഉമ്മാറ്റുക്കാരൻ.

പണികയറുന്ന - വേലകഴിഞ്ഞു പോകുന്ന.

പണിക്കത്തി-കമ്മാളസ്ത്രീ.

പണിക്കൻ-കമ്മാളൻ. ൨. ചോറുകൊന്നാക്കു കൊടുക്കുന്ന ഒരു സ്ഥാനപ്പേർ.

പണിക്കർ-ശൂദ്രക്കുള്ള ഒരു സ്ഥാനപ്പേർ. ൨. ജ്യോതിഷക്കാരൻ. ന. ക്ഷുരക്കാരൻ

പണിക്കാരൻ-പ. വേലക്കാരൻ. ൨. ഭൃത്യൻ, ന. സൂത്രപ്പണിക്കാരൻ. ൪. ഉപായി, സമ്പ്രദായക്കാരൻ.

പണിക്കുറ-വേല മുഴുവനാകായ്ക. ൨. വേലയുടെ ബാക്കി.

പണിക്കുറവ-വേലയുടെ തെറ്റു്.

പണിക്കുറവംപിഴയ്ക്കുക-ചാവുക. (രാജാക്കന്മാരോടുംമറ്റും പറയുന്ന ഉപചാരവാക്കു്).

പണിക്കുലി-വേലക്കൂലി.

പണിക്കൊട്ടിൽ(ല്)- വേലചെയ്യുന്നതിനായി കെട്ടിയുണ്ടാക്കീട്ടുള്ള സ്ഥലം.

പണിക്കോൽ-നെയ്ത്തുകാരുടെ ഒരു സാമഗ്രി, നെയ്ത്തിനെ പരത്തുന്നതിനുള്ള ഒന്നിപ്പിച്ച പടികം.

പണിക്കോപ്പു്-അതാതു വേലയ്ക്കു വേണ്ടുന്ന ഉപകരണം.

പണിത, പതിത–വി. സ്തുതിക്കപ്പെട്ട.

പണിതവ്യ–വി. വില്പാനുള്ള, വില്പാൻ കൊള്ളാവുന്ന.

പണിത്തരം–പണിതുണ്ടാക്കിയ വസ്തു. ക. നല്ലവേല. ന. വേലയുടെ ഉപായം. ഴ. വഞ്ചന. ങ. വേലയുടെ മാതിരി.

പണിത്തല–വേലചെയ്യുവത്തന്ന സ്ഥലം.

പണിപ്പാട്ട്–ക. പണിതുണ്ടാക്കിയ വസ്തു. ക. വേല.

പണിപ്പുര–വേലചെയ്യാനുണ്ടാക്കിയപുര [ആശാരി, കരുവാൻ, തട്ടാൻ, മൂശാരി, കമ്മാളൻ മുതലായ കൈവേലക്കാരുടെ പണിപ്പുരക്ക (ആലക്ക) പേർ= ആവേശനം, ശില്പിശാലം]

പണിപ്പെടുന്ന–ക. പ്രയാസപ്പെടുന്ന. ക. ഭുഞ്ജിക്കുന്ന.

പണിപ്പെൺ–വീട്ടുവേലക്കാരി

പണിപ്പൊന്ന്–ആഭരണങ്ങളും തീർക്കുന്നതിനുള്ള പൊന്ന്.

പണിമാൻ–നാലു കുടിക്കാർ, കരിയാട്ടിലേ വീട്ട്, ഒരു ജാതിക്കാർ. (പണ്ട് ഈ ഴവരുടേയും കമ്മാളരുടേയും ക്ഷൌരകർ).

പണിയൻ–മലംപ്രദേശങ്ങളിലെ ഒരു ജാതി കൃഷിക്കാരൻ.

പണിയുന്ന–ക. വേലചെയ്യുന്ന. ക വസ്ത്രിക്കുന്ന. ന. പ്രയോഗിക്കുന്ന (കാ. കി പണിയിക്കുന്ന.)

പണിവിചാരിപ്പ്— വേലക്കാരിലുള്ള അധികാരം

പണിസ്ഥലം–വേലസ്ഥലം.

പണ്ടകം–ഒരു വാദ്യം.

പണ്ടകശാല, പണ്ടികശാല–സർക്കാർ വകക്കും മറവും ചരക്കുകളും ശേഖരിച്ചു വയ്ക്കുന്ന സ്ഥലം.

പണ്ടത്തേത–അ. പണ്ടേയുള്ള, മുമ്പിനാലേയുള്ള.

പണ്ടത്തെത്ത്–ക. പണ്ടു കഴിഞ്ഞതായിരിക്കുന്നു, പഴയത്.

പണ്ടമുരുപ്പ്— വിസ്താരമായിട്ടുണ്ടാക്കിയത്.

പണ്ടം–ക. ക്ഷണവസ്തു. ക. വസ്തു, സാധനം. ന. ആഭരണം. ഴ. ചരക്ക്. ങ. പാത്രങ്ങളും മറ്റും. ഞ. ധനം. ഩ. കായ്സാരം.

പണ്ടാരക്കരം–കരിയാണ്ടവന്മാർ സർക്കാരിനു കൊടുക്കേണ്ട കരം.

പണ്ടാരക്കായ്ച്ചം–സർക്കാർകാര്യം.

പണ്ടാരക്കിഴി–പള്ളിവകയായ കാണിക്കയിടുവാനായി സ്ഥാപിച്ചിട്ടുള്ള കുഴി.

പണ്ടാരത്തി–പണ്ടാരത്തിന്റെ സ്ത്രീ.

പണ്ടാരം–ഭണ്ഡാഗാരം, ഭണ്ഡാരം.

പണ്ടാരം–വി. രാജാവിനെ സംബന്ധിച്ച 'പണ്ടാരമായുള്ള സിംഹാസനങ്ങളിൽ' (ധ്രുവചരിതം തുള്ളൽ)

പണ്ടാരം–ഭിക്ഷയാചിച്ചു നടക്കുന്ന മനുഷ്യൻ. (പണ്ടാരമായി=തരണ്ടിയായി). ക. ഭണ്ഡാരം. ന. വസൂരിവന്നു ചത്ത ശവം. ഴ. വസൂരികൊണ്ടുള്ള മരണം.

പണ്ടാരക്കാ(ക്കോ)ഴി–ജലത്തോടു സംബന്ധപ്പെട്ടു നില്ക്കുന്ന ഒരു പക്ഷി. നീർക്കാക്ക എന്നു ചിലർ പറയുന്നു. പദ്മരാഗങ്ങൾ–പുഷ്പരാഗം, സൌഗന്ധികം.

പണ്ടാരമാക്കുക–പുറമ്പോക്കായി കിടക്കുക

പണ്ടാരവക–സർക്കാർവക.

പണ്ടാരി–ക. ശൂദ്രരിൽ ഒരു താണജാതിക്കാരൻ. ഇവർ പാലും തെങ്ങും വിറ്റു ഉപജീവിക്കുന്നു. ക. ധനധാന്യസൂക്ഷിക്കുന്ന അറ, ശ്രാപ്പ്.

പണ്ടാല – സാമന്തന്മാർക്കുള്ളതിൽ ഒരു പേർ.

പണ്ടി–ക. വയറ്, കീഴ്വയറ്. ക. കടവയറ്.

പണ്ടിക-ക്ര. ഉത്സവം. ക. സദ്യ. ന. വിത്തു്.

പണ്ടിവയറൻ-കടവയറുള്ളവൻ.

പണ്ടു്-അ. തുലോംമുമ്പു്, കഴിഞ്ഞകാലത്തു്.

[പണ്ടുള്ളതിന്റെ പേർ-പുരാണം, പ്രതനം, പ്രത്നം, പുരാതനം, ചിരന്തനം]

പണ്ടുപണ്ടേ-അ. മുമ്പിനാലെ.

പണ്ടുള്ളവർ-തുലോം മുൻപെയുള്ളവർ, പൂർവ്വന്മാർ.

പണ്ടേ-അ. മുമ്പേ, മുമ്പിനാലേ.

പണ്ടേയുള്ള, പണ്ടത്തെ-വി. മുൻപേയുള്ള, മുമ്പിനാലേയുള്ള.

പണ്ടേപ്പോലെ-അ. മുമ്പേ കഴിഞ്ഞകാലത്തേപോലെ.

പണ്ഡ-ക്ര. ജ്ഞാനം. ക. വിദ്യ, അറിവു്, പഠിപ്പു്.

പണ്ഡൻ-ആണാംപെണ്ണുമല്ലാത്തവൻ(നപുംസകൻ). ലജ്ജാനിമിത്തം നാടുവിട്ടുപോകുന്നവൻ എന്നർത്ഥം.

പണ്ഡാവൽ-വി. ബുദ്ധിയുള്ള.

പണ്ഡിതകൻ-വിദ്വാൻ.

പണ്ഡിതൻ-വിദ്വാൻ, വിശേഷബുദ്ധിയുള്ളവൻ.

പണ്ഡിതമ്മന്യൻ, പണ്ഡിതമാനി-വി. വിദ്വാൻ എന്നു നടിക്കുന്നവൻ.

പണ്ഡിതം-ക്ര. സമർത്ഥം. ക. അറിഞ്ഞുതന്നെ.

പണ്ണുക-ചെയ്യുക, പ്രവർത്തിക്കുക, ഉണ്ടാക്കുക. ഇതു് തമിഴിൽനിന്നു വന്നതാണു് (ഇതിനു മലയാളത്തിൽ സംഭോഗം ചെയ്യുക എന്നും ഒരർത്ഥമുണ്ടു്).

പണ്യ-വി. വില്ക്കപ്പെടേണ്ടുന്ന.

പണ്യസ്ഥാ-ഒരുതരം പുല്ലു്.

ആയുധംകൊണ്ടുള്ള സദ്യോവ്രണം. ഉടൻ വരട്ടം. മലത്തെ ഇളക്കം.

പണ്യം-വില്ക്കുന്നതായ സാധനം.

പണ്യവിലാസിനി-നഗ്നത്വം.

പണ്യവീഥി, പണ്യവീഥിക-പീടിക, അങ്ങാടിത്തെരുവു്, വരിവരിയായ കച്ചവടസ്ഥാനം എന്നർത്ഥം.

പണ്യശാല-ക്ര. കച്ചവടസ്ഥലം, തെരുവു്. ക. പീടിക.

പണ്യാ-ചെലവുള്ള, വാല്യമുള്ള. കച്ചവടംചെയ്യപ്പെടുന്നതെന്നർത്ഥം. (വാല്യം+ഉവു് എന്ന തമിഴ് വ്യാഖ്യാനം).

പണ്യാംഗന-തെരുവിടിച്ചി.

പണ്യാജീവൻ-കച്ചവടക്കാരൻ. പണ്യ (കച്ചവടം)ഉപജീവനമാർഗ്ഗമായിട്ടുള്ളവൻ എന്നർത്ഥം.

പണ്യാജീവം-തെരുവു്.

പണ്യാന്ധാ-ഒരുതരം പുല്ലു്. (പണ്യസ്ഥ എന്നതു നോക്കുക).

പത-വി. പാലിക്കപ്പെട്ട, രക്ഷിക്കപ്പെട്ട

പത-നര.

പതക-വി. പതിക്കുന്ന, വീഴുന്ന.

പതകം-ക്ര നിന്ദ. ക. വിവാഹം. ന. (സം). ഗണിതശാസ്ത്രത്തിലെ ഒരുമാതിരി കണക്കു്.

പതകരി-ഒരുവക കുഷ്ഠരോഗം. (പദകരി) പതസരി-എന്നും കാണുന്നു.

പതകിക്കുന്നു-ക്ര. നിന്ദിക്കുന്നു. ക വിവരിക്കുന്നു.

പതക്കം-കല്ലുവെച്ച ഒരുമാതിരി ആഭരണം. (പദകം എന്നതിന്റെ തത്ഭവം)

പതക്കു്-അരക്കുട്ടു്, ഏക്കി.

പതഗം-പക്ഷി. പതം (പക്ഷം-ചിറകു്) കൊണ്ടു ഗമിക്കുന്നതു് എന്നർത്ഥം.

പതച്ചിൽ-നരവരിക.

പതഞ്ജലി-ഒരു മഹർഷി, യോഗസിദ്ധാന്തകർത്താവു്.

സ്വർഗ്ഗത്തിൽനിന്നു പാണിനിയുടെ ഉള്ളങ്കൈയിൽ ഒരു ചെറിയ സർപ്പമായി വീഴുകയാൽ ഈ പേരുണ്ടായി. രണ്ടായിരത്തി അറുപതുകൊല്ലം മുമ്പു ജീവിച്ചിരുന്നു. ഇദ്ദേഹം യോഗം സ്ഥാപിച്ചു. വ്യാകരണമഹാഭാഷ്യത്തിന്റെ കർത്താവാണു്.

പതൽ(ത്തു്)- പക്ഷി. ഗമിക്കുന്നതെന്നർത്ഥം.

പതൽഗ്രഹം-ക. കോളാമ്പി. വീഴുന്നതിനെ ഗ്രഹിക്കുന്നതെന്നർത്ഥം. മറ്റൊരു പര്യായം-പ്രതിഗ്രഹം.

'ഭ്രമേ പതൽഗ്രഹഃ' (കാമസൂത്രം)

ഉ. സൈന്യങ്ങളെ ശേഖരിക്കുക.

പതൽപ്രകൃതിഃ-കാവ്യത്തിൽ വാക്യദോഷങ്ങളിൽ ഒന്നു്.

എടുപ്പിലുള്ള ഔജ്ജ്വല്യം ക്രമേണ ക്ഷയിക്കുന്നതാണു് ഇതിന്റെ ലക്ഷണം.

പതൽഭീരു-പുള്ളു്, രാജാളി.

പതത്രം-ക. ചിറകു്. പറക്കുന്നവനെ രക്ഷിക്കുന്നതു് എന്നർത്ഥം.

'വിനാപതത്രം വിനതാതനുരെജേ' (ശ്രീഹർഷൻ)

ഉ. വാഹനം.

പതത്രി-പക്ഷി. പതിക്കുന്നതെന്നർത്ഥം. പറക്കുന്നതെന്നുമാവാം.

പതത്രീ-ക. പക്ഷി. ചിറകുള്ളതു് എന്നർത്ഥം. ഉ. ശരം ന. കുതിര.

പതത്രികേതനൻ-വിഷ്ണു.

പതത്രിരാജൻ-ഗരുഡൻ.

പതദ്ഗൃഹം-ക കോളാമ്പി. ഉ. സൈന്യത്തിന്റെ പിൻപു്.

പതന-വി. പതിക്കുന്ന, വീഴുന്ന.

പതനം-ക. വീഴ്ച.

[പതനശീലന്റെ പേർ-പതയാലു, പാതുകൻ].

ഉ. ആളേറ്റി. ന. നടക്കല്ലു്. ര. പറക്കുക. ഇ. കീഴ്പെട്ട വരിക, ഇറങ്ങുക. ന. ഉരിക്കുക. ഒ. നരകത്തിൽ വീഴുക. വ. താഴ്ന്നനിലയിലാവുക. ൻ. നശിക്കുക. ക0. മരണം. കക. ഗർഭസ്രാവം. കഉ. വ്യവകലനം (കുറയ്ക്കുക) കന. നദി ചെന്നുചേരുന്നതു്.

പതനവേഗം-വീഴുന്നതിന്റെ വേഗം (ശക്തി).

പതനസ്ഥലം—നദിചെന്നു ചേരുന്ന സ്ഥലം.

പതാനി-അക്കാനിയുടെ രൂപാന്തരം.

തെങ്ങു്, പന മുതലായ വൃക്ഷങ്ങളിൽ നിന്നു് എടുക്കുന്ന മധുവിനു് അക്കാനി എന്ന പേർ. ക്രമുകം തല്ലി അഗ്രം മുറിച്ചു മുണ്ണാമുതേച്ചു് അതിൽ നിന്നു് അക്കാനി എടുക്കുന്നു. ഇതിനെ കാച്ചി കരിപ്പെട്ടിയാക്കുന്നു. ഇതിന്റെ രൂപാന്തരമായി പതനിയും അതിന്റെ രൂപാന്തരമായി പനംകൽക്കണ്ടും ഉണ്ടാക്കുന്നു. മേൽപറഞ്ഞതിനുണ്ണാംതന്നെ ക്രമുകളെ തല്ലിച്ചെത്തി താളിതേച്ചു് എടുക്കുന്ന മധുവത്രെ കള്ളു്. ഇതിനെ പുളിപ്പിച്ചു വാറ്റുന്നതാണു് ചാരായം.

പതനീയ-വി. പതിക്കത്തക്ക, വീഴത്തക്ക.

പതപത-അ. ക. പതുക്കെ. ഉ. നരവരിക.

പതപാകം-നല്ലനിലവു.

പതപ്പു്-ഉച്ചി. പത (ചലി)ക്കുന്നതു് എന്നർത്ഥം. കൈകാൽത്തുങ്ങളുടെ ഉച്ചി പരിശോധിച്ചാൽ ചലിക്കുന്നതു കാണാം.

പതം-ക. മയം. ഉ. കൊയ്ത്തുകാർക്കു കൊടുക്കുന്ന അവകാശം. ന. സാവധാനം. ര. സമയം. ഇ. താഴ്മ. ന. അവ

സ്ഥ. ൦. ക്രമം. വ്യ ക്ഷീണം. ൻ നിർവ്വാഹം. ഫ്രാ ഒപ്പം. ഫ്രഫ. (സം) യീ ട്ടീ. ഫ്രാ. പാപ്പ്. ഫ്രന്ത. പോകുക. ഫ്രർ. വീഴുക. ഫ്രങ്ങ. ഇറങ്ങുക. ഫ്രന്ത നേ ൽക്ക. ഫ്രൈ. ചിറക്.

പതാ-പടം (പ-മ)

പതംകഴിക്കുന്ന-മുക്കുവന്മാർ ഒരു വെ റിയ കടൽ മുഴുവൻ സൂക്ഷ്മമായി തുഴ ഞ്ഞു പോവുന്ന.

പതംഗൻ-ഫ. ആദിത്യൻ. ഫ. കൃഷ്ണൻ.

പതംഗമം-പക്ഷി.

പതംഗം-ഫ. പക്ഷി. പൊട്ടിപ്പുറപ്പെട്ട ന്ന തെന്നത്ഥം. ഫ. പാറവ. ന. രസം. ർ. ഒരുമാതിരി ചന്ദനം. ങ. പന്ത്. ന്യ. കിളികൊള്ളിച്ചെന്നല്ല്. ൦. തീ പ്പൊരി (വേദത്തിൽ പ്രയോഗം). വ്യ പത്തങ്ങം. ൻ. എരിക്ക്. ഫ്രം. നീരിരിപ്പ്. ഫ്രഫ. പൂച്ച.

പതാഗിക-ഒരുവക തേനീച്ച. പറക്കുന്ന തെന്നത്ഥം. മറവരത്ത പയ്യിയേം-പുത്തികം.

ചിറവീച്ച എന്നും കാണുന്ന. ഇതു സരസ്വതിയെക്കാളും ചെറുതായിരിക്കും. ചെറുതേനീച്ച എന്ന് ഇതിനെ പറയുന്നതു നന്നായിരിക്കും. ഇതിന്റെ തേൻ മൃതതുല്യമാകുന്ന.

പതാഗീ-പക്ഷി, ഫ. മരിച്ചുന്നി

പതാചിക-ഞാങ്ങൽ

പതാവ്-കൊയ്ത്തുകാർക്ക് കൊടുക്കുന്ന പതം. കുറവമെതിച്ച് നെന്മണി ഉതിർത്തു കൊടുക്കുന്നതിന്റെ കൂലി.

പതമൻ-ചന്ദ്രൻ. ഫ. പക്ഷി. ന. ശലഭം.

പതയൽ-നരകം.

പതയാലു-വി. വീഴുന്ന, പതനശീലമുള്ള

പതയുന്ന-നരകത്തുന്ന, പതയുള്ളതായിത്തീരുന്ന.

പതയ്ക്കുന്ന-നരകത്തുന്ന ഫ, നീക്കുന്ന.

പതയ്പ്പ്-നരകയുണ്ടാക്കുക.

പതർ-ഫ. പതിർ, നെല്ലിലും അരിയിലും കൊള്ളാത്തതതെ (ചീത്തയായി)കിടക്കുന്നത്, പറന്നുകൊണ്ടിരിക്കുന്നത്. ഫ. ബദ്ധപ്പാട്.

പതപ്പ്-ഫ. ബദ്ധപ്പാട്. ഫ. ചിന്തിപ്പ്. ന. ചേഷ്ടകേട്. ർ. എന്തു ചെയ്യണമെന്നറിയാതെ വിക്ഷമിക്കുന്നത്. ങ. പഠിപ്പിക്കൽ.

പതമ്മ-ഫ. ബദ്ധപ്പാട്. ഫ. പതിരിന്റെ സ്ഥിതി.

പതവാരം-ഭൂമി സംബന്ധിച്ചു രാജാവിന ചെല്ലേണ്ടതായ നികുതി.

'പതവാരം' എന്ന നികുതി തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന.

പതസൻ-ചന്ദ്രൻ. ഫ. പക്ഷി. ന. ശലഭം.

പതസരി-ആനയുടെ പ്രത്യേകമായ ഒരു പ്രായത്തെ കാണിക്കുന്ന (നെറ്റിയിലുള്ള വെളുത്ത പുള്ളികൾ) ചിഹ്നം. സം. പത്മകം.

പതറൽ-ഫ. ബദ്ധപ്പാട്. ഫ. ചിന്തിപ്പ്. ന. ചേഷ്ടകേട്. ർ. പറപ്പിക്കൽ. ങ. ചിതറൽ.

പതറിക്ക-ഫ. ഭീരുത്വം കാണിക്ക, ചിന്തിക്ക. ഫ. പഠിപ്പിക്ക. ന. കഴപ്പുത്തിലാക്കുക. ർ. ബദ്ധപ്പെടുത്തുക ങ ചിതറിക്കുക. ന്യ. പറയുക.

പതറിക്കലഞ്ഞു-ഭയപ്പെട്ട വിറച്ചു

പതറുന്ന-ഫ. ബദ്ധപ്പെടുന്ന, ഭയപ്പെടുന്ന. ഫ. ചിന്തുന്ന.

പതാക-പ. കൊടിക്കൂറ. ചിഹ്നത്തെ കൊണ്ടിരിക്കുന്നതെന്നർത്ഥം. ഉ. വലിയ ഉപകഥ. ന. അടയാളം. ര. രസഭേദം. ല. കൊടിമരം. ഴ. നാടകാംഗം.

പതാകാഗ്രകം-കൊടിക്കൂറ.

'കേതോഃ പതാകാഗ്രകമെന്നപോലെ'

(അഭിജ്ഞാനശാകുന്തളം)

പതാകാവ്യൂഹം-വ്യൂഹഭേദം. (വ്യൂഹം എന്നാൽ രണസൈന്യത്തെ നിശ്ചിതസ്ഥലത്തു നിറുത്തുക എന്നർത്ഥം).

പതാകാസ്ഥാനകം-നാടകത്തിലെ ഒരു വേഷവിശേഷം.

'യത്രാർത്ഥേ ചിന്തിതേന്യസ്മിം
സ്തല്ലിംഗേനൈവ പ്രയുജ്യതേ,
അഗത്യാകേന ഭാവേന
പതാകാസ്ഥാനകം തു തത്'

(സാഹിത്യദർപ്പണം)

പതാകി-കൊടിക്കൂറയുള്ളവൻ. പതാകയുള്ളവനെന്നർത്ഥം.

പതാകിക-വി. പതാകയുള്ള.

പതാകിനീ-കൈസന്യം.

പതാരപതാ-വി. പ. പോകുന്ന. ഉ. വീഴാനായി ഭവിയ്ക്കുന്ന.

പതി-പ. ഭർത്താവ്. രക്ഷിക്കുന്നവൻ എന്നർത്ഥം. മറ്റു പര്യായങ്ങൾ-ധവൻ, പ്രിയൻ, ഭർത്താവ്. ഉ. പ്രഭു. ന. ഉടയക്കാരൻ. ര. അധികൃതൻ. ല. ഒടുപ്പ്. ഴ. നഗരം. ള. മലകളിൽ പാർപ്പാനുള്ള സ്ഥലം. വ. കടിയിരിപ്പ്. ൻ. അനക്കം, പോക്ക്. ൻ. പറപ്പ്. ൻ. ഉടയക്കാരി. ൻ. യജമാനസ്ത്രീ. പതി-പാലനം ചെയ്യുന്നവൻ. പാലനം ചെയ്യുക-രക്ഷിക്കുക. ബുദ്ധിയായിട്ട-പതി = ഭർത്താവ്. ഫ്ന. സ്വാമി.

പതി-ഗൃഹം (ഭൂമി എന്നർത്ഥം-ദ്രവിഡം)

'പതിപാർമേലൊരുമിവരെയന്നകരേ'

(ഗീത)

പതി-പ. ഇല്ല്. ഉദാ-പതിനൊന്ന്, പതിനാറ് മുതലായവ.

പതിക്കുന്ന-പ. വീഴുന്ന. ഉ. കണക്കിൽ എഴുതുന്ന. ന. അച്ചിൽ കെട്ടിക്കുന്ന. ര. ഉറപ്പിക്കുന്ന. ല. കെട്ടിക്കുന്ന. ഴ. വിലയിനെ ഒരാളിന്റെ പേർക്ക് കൊടുക്കുന്ന. (കാ. ക്രി. പതിപ്പിക്കുന്ന)

പതിഘ്നി-ഭർത്താവിനെ കൊല്ലുന്നവൾ.

പതിച്ചൽ-പ. പതിയുക, പതിപ്പ്. ഒട്ടിച്ചേരുകയും മറവും. ഉ. അച്ചിൽ ഒട്ടിക്കുക. ന. കണക്കിൽ എഴുതുക. ര. വീഴുക (വീഴ്ച).

പതിഞ്ഞ-വി. പ. സാവധാനമുള്ള. ഉ. താഴ്മയുള്ള. ന. ഒട്ടിച്ചേർന്ന.

പതിഞ്ഞനില-സാവധാനം. ഉ. താഴ്മ.

പതിഞ്ഞവാക്കം-സാവധാനം.

പതിത-വി. പ. പതിക്കപ്പെട്ട, വീഴപ്പെട്ട. ഉ. തോൽപ്പിക്കപ്പെട്ട. ന. ഭ്രഷ്ടായ.

പതിതത്വം-പ. വീഴ്ച. ഉ. ഭ്രഷ്ട്.

പതിതൻ-ഭ്രഷ്ടൻ, കീഴ് പതിച്ചവൻ, പിഴകിയവൻ.

പതിതസാവിത്രികൻ-ഉപനയനകർമ്മം നടത്താത്തവനോ, വിധിക്കു വിപരീതമായി നടത്തിയവനോ ആയ ബ്രാഹ്മണനോ, ക്ഷത്രിയനോ, വൈശ്യനോ.

പതിതോല്പന്ന-വി. ഭ്രഷ്ടജീനം.

പതിത്വം-പ. അധികാരം. ഉ. കർത്തൃത്വം. ന. (മലയാളം) ഭ്രഷ്ട്.

പതിദേവതാ, പതിദേവാ-ഭർത്താവിനെ ദൈവത്തെപ്പോലെ വിചാരിക്കുന്നവൾ, പതിവ്രത.

പതിനഞ്ചു്-പത്തും അഞ്ചും കൂടിയ തുക

പതിനായിരം-പത്തുതവണ ആയിരം കൂടിയ തുക.

പതിനാലുലോകങ്ങൾ-കീഴിൽ ൭, മുകളിൽ ൭ ഇങ്ങിനെ ലോകങ്ങൾ ൧൪.

മേൽലോകങ്ങൾ.

൧. ഭൂലോകം } ആകാശഗ്രഹങ്ങളു
൨. ഭുവർല്ലോകം } ടെ ഇരിപ്പിടം.

൩. സ്വർല്ലോകം-ദേവേന്ദ്രന്റെ ഇരിപ്പിടം.

൪. മഹർല്ലോകം-വിഷ്ണുവിന്റെ ഇരിപ്പിടം.

൫. ജനലോകം-മനുഷ്യരുടെ ഇരിപ്പിടം

൬. തപോലോകം-ഋഷികളുടെ ഇരിപ്പിടം.

൭. സത്യലോകം-ബ്രഹ്മാവിന്റെ ഇരിപ്പിടം.

കീഴ്ലോകങ്ങൾ.

൧. അതലം-യമമൂർത്തന്റെ (വലന്റെ) ഇരിപ്പിടം.

൨. വിതലം-പരമേശ്വരന്റെ ഇരിപ്പിടം.

൩. സുതലം-മഹാബലിയുടെ ഇരിപ്പിടം

൪. രസാതലം-രാക്ഷസന്മാരുടെ ഇരിപ്പിടം.

൫. തലാതലം-മായാമയിയുടെ ഇരിപ്പിടം.

൬. മഹാതലം-സർപ്പത്തിന്റെ ഇരിപ്പിടം.

൭. പാതാളം-നാഗങ്ങളുടെ ഇരിപ്പിടം.

[മേല്പറയപ്പെട്ട ലോകങ്ങൾ വിരാൾപുരുഷന്റെ ഓരോ അംഗങ്ങളായി കല്പിക്കപ്പെട്ടിരിക്കുന്നു.]

പതിനാഴി-൧. പത്തു നാഴികൊണ്ടിയ അളവു്. ൨. അഗ്രശാലപ്പുര, വലിയ ഇടങ്ങഴിക്കു പത്തിടങ്ങഴി കൊള്ളുന്ന പുര.

പതിനാഴിപ്പുര-അഗ്രശാലപ്പുര.

പതിനാറു്-പത്തും ആറും കൂടിയ തുക.

പതിനെട്ടവുകരം-മുത്തിരം, കടകം, ചട്ടലം, മണ്ഡലം, വൃത്തലകം, സൂകങ്കുളം, വിജയം, വിശ്വമോഹനം, തിവ്വങ്മണ്ഡലം, ഗദയാഖേടഗഹനരം, ശത്രുഞ്ജയം, രസൗഭദ്രം, പടലം, പൂരഞ്ജയം, കായവൃദ്ധി, ശിലാഖണ്ഡം, ഗദാശസ്ത്രം, അനന്തമം ഇവ ൧൮-ം.

പതിനെട്ടു്-പത്തും എട്ടും കൂടിയ തുക.

പതിനെണ്ണായിരം-പതിനെട്ടു് ആയിരം കൂടിയ തുക.

പതിനേഴു്-പത്തും ഏഴും കൂടിയ തുക.

പതിനൊന്നു്-പത്തും ഒന്നും കൂടിയതുക.

പതിന്നാങ്കു്-പതിനാലാമത്തെ പക്കം.

പതിന്നാലു്-പത്തും നാലും കൂടിയ തുക.

പതിന്മ്പറ-പത്തുപറ.

പതിന്മടങ്ങു്-വി. പത്തിരട്ടിച്ചു്.

പതിപതനിമാർ-ഭർത്താവും ഭാര്യയും.

പതിപത്നീ—ഭർത്താവുള്ളവൾ, സുമംഗലീ. മറെറാരുപയോഗം-സതീത്വം.

[ഭർത്താവൊന്നിച്ചിരിക്കണമെന്നില്ല; ഭർത്തൃത്വം ഉണ്ടായാൽ മതി]

പതിഘാതിനി-ഭർത്താവിനെ കൊല്ലുന്നവൾ.

പതിപ്പായിനില്ക്കു-ഉറച്ചു നില്ക്കുക.

പതിപ്പിക്കുന്നു-പതിക്കാൻ ഇടയാക്കുന്നു, വീഴ്ത്തുന്നു.

പതിപ്പു്-൧. പതിക്കുക, പതിച്ചുൽ. ൨. വീഴ്ച.

പതിപ്രാണാ-പതിവ്രതാ.

പതിമരം-൧. വാതിലിന്റെ മുകളിലത്തെ കട്ടിളപ്പടി. ൨. പല്ലിത്തടി.

പതിമുകം-ഒരു വലിയ വൃക്ഷം.

കാണ്ടാകുന്ന വൃക്ഷമല്ല. ഇതു് അധികവും ഞാവൽപാശ്ചത്തിലും കേദാരത്തിലും ഉണ്ടാകുന്നു ഈ വൃക്ഷത്തിന്റെ തടി പാടലവർണ്ണവും പത്മഗന്ധവുമുള്ളതാണ്, കഫം, പിത്തം, വിസർപ്പം, വിസ്ഫോടം, വ്രണം, വിഷം, രക്തദോഷം, ചുട്ടനീറൽ . മുതലായവയ്ക്കു നന്നു്. സം-പത്മകം.

പതിമുക്കഴഞ്ഞു്-പതിമൂന്നു കഴഞ്ഞു്.

പതിമുഖം-ഫ. കരുതിക്കൂട്ടി മറച്ചുവെച്ചിരുന്ന അപകടം. ക. തേങ്ങാവിന്റെ മുഖം

പതിമൂക്കൻ-പതിഞ്ഞ മൂക്കുള്ളവൻ.

പതിമൂക്കി-പതിഞ്ഞ മൂക്കുള്ളവൾ.

പതിമൂക്കു്-പതിഞ്ഞമൂക്കു്.

പതിമൂന്നു്-പത്തും മൂന്നും ചേർന്ന സംഖ്യ.

പതിവ്രാ-ഫ. സേച്ഛയാ ഒരു തേങ്ങാവിനെ വരിപ്പാൻ തുടങ്ങുന്നവൾ, തനിക്കൊത്ത തേങ്ങാവിനെ താൻ തന്നെ വരിക്കുന്നവൾ. പതിയെ വരിക്കുന്നവൾ എന്നർത്ഥം. മറവ പയ്യോയങ്ങൾ സ്വയംവരാ, വയ്യാ. ക. കരിഞ്ചീരകം.

പതിയൻ-ഫ. സാവധാനക്കാരൻ. ക. ഒരുമാതിരി ശർക്കര.

പതിയൻശർക്കര-ഒരുമാതിരി ശർക്കര, പതിയുന്ന ശർക്കര.

പതിയാൻ-ഫ. പരവൻ. ക. എണ്ണ ആട്ടിപ്പിഴിയുന്ന ഒരുവക ജാതിക്കാരൻ.

പതിയിരിക്കുന്നു-ഒളിച്ചിരിക്കുന്നു, പാത്തിരിക്കുന്നു. (സ. ക്രി-പതിയിരുത്തുന്നു)

പതിയിരിപ്പു്-ഒളിച്ചിരിപ്പു്, പാത്തിരിപ്പു്.

പതിയുന്നു-ഫ. ചേർന്നു പറ്റുന്നു. ക. കണക്കിലുംപ്പെടുന്നു. ന. ഉറപ്പാകുന്നു (സ. ക്രി-പതിക്കുന്നു.)

പതിർ-(വി) കൊള്ളരുതാത്തതു്.

പതിർ-അരിവെക്കാത്തനെല്ലു്, ചാഴി, ചണ്ടു്, പയ്യോയങ്ങൾ-കഡുംകരം, ബുസം

പതിർപിടിത്തം-നെല്ലിലേ പതിർ കളക.

പതിമ്മ-പത്തമ, പതിരിന്റെ സ്ഥിതി.

പതിവു്-ഫ. നിലം പുരയിടങ്ങൾക്കുസർക്കാരിൽ നിന്നും കൊടുക്കുന്ന ഒരുധാരം ക. ചട്ടം. ന. സാധാരണ സ്ഥിതി, ര ഏർപ്പാടു്.

പതിവായിട്ടു്-അ. ദിവസം പ്രതി.

പതിവുകാരൻ-ദിവസന്തോറും വേല ചെയ്യുന്നവനും മറവും. ക. എന്നും ഉള്ളവൻ. ന. വസ്തുക്കൾ പേരിൽ പതിഞ്ഞു കിട്ടിയവൻ.

പതിവേദൻ-ശിവൻ.

പതിവ്രത-ഭർത്തൃശുശ്രൂഷയാകുന്ന വ്രതത്തോടു കൂടിയവൾ. മറവപയ്യോയങ്ങൾ-സുചരിത്രാ, സതീ, സാദ്ധ്വീ.

[ഇവിടെ പതിശബ്ദത്തിനു ലക്ഷണയാ പതിശുശ്രൂഷ എന്നു താൽപ്പര്യം]

പതിറടി-പത്തു് അടിനീളം, പത്തു വീതിയുള്ളതു്.

പതിറ്റിപ്പത്തു്-കേരളത്തിൽ നിന്നിരുന്ന പുരാതനമായ ഒരു തമിഴ് ഗ്രന്ഥം.

പതീയന്തീ-ഭർത്താവിനു യുക്തയായവൾ

പതു-പത്തു്.

പതുക്കം-ഫ. അമർച്ച. ക. ഒളിപ്പു്. ന. മറയ്ക്കൽ. ര. ഞെരിപ്പു്. ള. പിടുങ്ങൽ. ന്ന. മാർദ്ദവം.

പതുക്കവേ, പതുക്കെ-അ. സാവധാനമായി.

പതുക്കുന്നു-ഒളിച്ചുവയ്ക്കുന്നു, മറയ്ക്കുന്നു.

പതുങ്ങൽ-ഫ. അമർച്ച. ക. ഒളിപ്പു്, ഒളിച്ചിരിപ്പു്. ന. മറയ്ക്കൽ. ര. പിടുങ്ങൽ. ള. ഞെരിപ്പു്.

പതുങ്ങുന്നു-ഫ. ഒളിക്കുന്നു. ക. ഞെരിയുന്നു. ന. പിടുങ്ങുന്നു. ര. അമരുന്നു.

ക്രി. മറയുന്നു. (സം-ക്രി. പതുക്കുന്നു).

പതുത്ത-വി. മൃദുവായ.

പതുത്തു-മന്ദിച്ചു.

പതുപതുപ്പ്-മാർദ്ദവം.

പതുപതേ-അ. മാർദ്ദവമായി.

പതുപ്പുത്തു്-പത്തുവീതമായ.

പതുപ്പിക്കുന്നു-മാർദ്ദവം വരുത്തുന്നു.

പതുപ്പു്-ദ്ര. മാർദ്ദവം. ഉ. വിനയം, താഴ്മ. നി. ഇല്ലായ്മ.

'പതുപ്പൊട്ടക്ഷാന്തിയുമടയവരായേ'

(ഗീത-മാധവപ്പണിക്കർ)

പതുമ-മാർദ്ദവം.

പതുമുകൾ-ഒരുങ്ങടിമരുന്നു്.

പതുർ-വി. ദ്ര. പറക്കുന്ന. ഉ. വീഴുന്ന. ന. പോകുന്ന, നീങ്ങുന്ന.

പതുരം-ദ്ര. പക്ഷി. ഉ. കഴി. ന. ഒരു ഉഴവു്.

പതുരി-പതുസരി (ഇതു് പതുസരിയുടെ തത്ഭവമാണു്)

പതുങ്ങം-ചപ്പുങ്ങം.

ഇതു് ഒരു ചന്ദനഭേദമാണു്. കഫം, പിത്തം, രക്തദോഷം, മുതലായവയ്ക്കു നന്നു്. ഇതിന്റെ കാതൽ രക്തചന്ദനമാണു്. വസൂരിക്കുത്തിനു് ഉപയോഗപ്പെടുത്തുന്നു. സം-പതംഗം, തമിഴിൽ-ചപ്പങ്കി.

പതുതുത്തു്-വളരെ.

പതുനപ്പുടി-വീട്ടുവാതിൽ.

പതുമ്പുത്തു്-കുറെ.

പതുനം-ദ്ര. ഭവനം. ഉ. പട്ടണം, രാജധാനിയുള്ള നഗരം, രാജസ്ഥാനം. അങ്ങുമിങ്ങും നിന്നു ജനങ്ങൾ ഇവിടെ പതുന്നി (വന്നുചേരുന്നു). അതിനാൽ ഈ പേരുണ്ടായി.

പതുനാടി-ഗൃഹിണി, ഭാര്യ. വീട്ടിൽ സഞ്ചരിക്കുന്നവൾ എന്നർത്ഥം.

പതുരംഗം-പതുങ്ങം.

പതുൽ-വേലി കെട്ടുവാൻ കുഴിച്ചു നാട്ടുന്ന കോൽ.

പത്തക്കു്-ഒരുവക നാണയം.

[ഒപാൻപത്തക്കു്, വെള്ളിപ്പത്തക്കു്, തടിപ്പത്തക്കു്, തലപ്പത്തക്കു് മുതലായവ].

ഇതു് റോമൻരാജ്യത്തുള്ള ഒരു നാണയമാകുന്നു. കേരളത്തിൽ വന്നതു് അവിടെനിന്നാണു്.

പത്തമത്തു്-അ. പത്തുമതേ.

പത്താം, പത്താമത്തേ-വി. ഒമ്പതു് മത്തേതു കഴിഞ്ഞാൽ വരുന്ന.

പത്തായക്കാരൻ-നെല്ലു വേണ്ടുവോളം നേടി വച്ചിട്ടുള്ളവൻ.

പത്തായക്കെട്ടു്-പല പത്തായങ്ങൾ ഒരുമിച്ചു ചേർത്തു പണിതതു്.

പത്തായപ്പുര-പല പത്തായങ്ങളും ഉള്ള പുര, നെൽപ്പുര.

പത്തായം, പത്തായഴം-ധാന്യങ്ങളും മറ്റും ശേഖരിക്കുന്നതിനുള്ള മരക്കൂടു്.

പത്തായിരം-വി. അനവധി; എണ്ണമില്ലാത്ത.

പത്തി-ദ്ര. പാമ്പിന്റെ ഫണം. ഉ. കൈത്തലം. ന. സൈന്യവിഭാഗം. സവിശേഷം ഗമിക്കുന്നതു് എന്നർത്ഥം. അക്ഷൗഹിണി എന്നതു നോക്കുക)

'ഏകേഭരഥപത്ത്യശ്വാ
പത്തിഃ പഞ്ചപദാതികാ'

(അമരം).

ഒരു ആനയും, ഒരു തേരും, മൂന്നു കുതിരയും, അഞ്ചു കാലാൾപടയും ചേർന്നതു് ഒരു പത്തി.

'ഏകോരഥോ ഗജശ്ചൈകോ
നരഃ പഞ്ച പദാതയഃ
ത്രയശ്ചതുരഗാസ്തച്ചൈതേ
പത്തിരിതൃഭിധീയതേ'

ര. കാലാള്. ഇ. നടപ്പ്, ഗമനം. ന്യ. ഇല. (പത്രി എന്നതിന്റെ തത്ഭവം) ഒ. മുറിമരുന്ന്. വ. വീരൻ. ൻ. ശൂരൻ ഫം. വരി, നിര.

പത്തിക-വി. കാൽകൊണ്ട നടക്കുന്ന

പത്തിക്കാൽ-നിരക്കാൽ.

പത്തിക്കീറ്-സുഗന്ധവസ്തുക്കളെക്കൊണ്ടുള്ള അലങ്കാരം, സ്ത്രീകളുടെ സ്തനകപോലാദികളിൽ കസ്തൂരികുങ്കുമാദികളെക്കൊണ്ടു വിലാസാത്മകമകരികാദ്യാകാരമായി എഴുതപ്പെടുന്നത്. പര്യായങ്ങൾ-പത്രലേഖ, പത്രാംഗലേഖി.

പത്തിരട്ടി-പതിന്മടങ്ങ്.

പത്തിരി-ഫ. ഒരുമാതിരി അപ്പം, പൂളിപ്പിക്കുന്ന സാധനം ചേർക്കാത്ത ഒരുവക അപ്പം, മാമ്പഴം, മാവുകൊണ്ടുള്ള അപ്പം. ഉ. ജാതിക്കയുടെ പുറത്തിരിക്കുന്ന സാധനം.

പത്തിരുപത്-കരേ.

പത്തിൽ-ഒരുമാതിരി അപ്പം.

പത്തിവാൾ-ഒരായുധം, ചെറിയ വാൾ.

പത്തിസാഹതി-ഫ. കാലാൾ (പത്തിപ്പടിക്കൂട്ടം. ഉ. സൈന്യവിഭാഗക്കൂട്ടം.

പത്തീറ്-മാവുകൊണ്ടുള്ള ഒരുമാതിരി അപ്പം (പത്തിര്).

പത്തു്-ഫ. രണ്ടു അഞ്ചുകൂടിയ തുക. ഉ. കാലു് (ചരണം). നടക്കുന്നത് എന്നർത്ഥം 'പദം' എന്നുമാവാം.

'പദാനിലാക്ഷാരസചാടലാനി'

പത്തു്-ചെലവു്.

പത്തുദിക്കാൽ-നാലുദിക്കുകളും അവയുടെ മൂലകളും ആകാശവും ഭൂമിയും.

പത്തുവ-മഹമ്മദുജഡ്ഡിമതത്തെ വിധി. (അറബിഭാഷ).

പത്തൂരം-മീനാങ്ങാണി.

പത്തേമാരി-കടലിൽക്കൂടി അടുത്ത പ്രദേശങ്ങളിൽ സാമാനം കയറ്റിയെറക്കാണ്ടു പോകുവാനുള്ള വലിയ തോണി.

പത്ഥ്യം-ഫ. ഇഷ്ടം, പ്രിയം. ഉ. ഔഷധത്തിനും ശരീരത്തിനും ഹിതമല്ലാത്തവ ഉപയോഗിക്കാതിരിക്കുന്ന സ്ഥിതി.

പത്ഥ്യാവക്ത്രം-ഒരു വൃത്തം.

'ഒന്നുങ്ങളിൽ തരംപോലെ
വിപുലാലക്ഷണങ്ങളും
ചേർത്തു പത്ഥ്യാവക്ത്രവൃത്തം
പ്രയോഗിക്കുന്നു സൂരികൾ'
(വൃത്തമഞ്ജരി)

പത്നീ-ഫ. ഭാര്യ. ഉ. അഗ്നിസാക്ഷികമായി വിവാഹംചെയ്ത ഭാര്യ. യാഗാദികർമ്മങ്ങളിൽ ഭർത്താവോടുകൂടി തുടർന്നിരിക്കുന്നവളെന്നർത്ഥം. മറ്റു പര്യായങ്ങൾ-പാണിഗ്രഹീതീ, ദ്വിതീയാ, സഹധർമ്മിണി, ഭാര്യ, ജായ, ദാരങ്ങൾ.

പത്നീകൻ-ഭാര്യയുള്ളവൻ.

പത്നീപ്രണയം-ഫ. ഭാര്യയുടെ സ്നേഹം. ഉ. ഭാര്യയോടുള്ള സ്നേഹം.

പത്നീസഹായൻ-ഭർത്താവു്.

പദ്മകം-ഫ. ആനയുടെ പതകരി, ആനയുടെ മുഖാദികളിൽ കാണുന്ന പൂട്ടിക്കെട്ടു്. ഉ. ഒരങ്ങാടിമരുന്ന്, പതുമുകം. ന. താമരയുടെ രീതിയിൽ നിൽക്കുന്ന സൈന്യം ര. കൊട്ടം

പദ്മകരൻ-വിഷ്ണു. കൈയിൽ താമരപ്പൂവുള്ളവൻ.

പദ്മകരാ-ലക്ഷ്മി.

പദ്മകല്പം - ബ്രഹ്മാവിന്റെ കടവിൽ കഴിഞ്ഞ കല്പവർഷം.

പദ്മകീ-ആന.

പദ്മകേസരാ-താമരയല്ലി.

പത്മഗന്ധി-പത്മകം.

പത്മഗർഭൻ-പ. ബ്രഹ്മാവ്. ഉ. വിഷ്ണു. ന. ശിവൻ. ര. സൂര്യൻ.

പത്മഗർഭാ-പുണ്യാഹത്തിനായ് രാജാക്കന്മാർ കഴിക്കുന്ന ഒരു അഭിഷേകതീർത്ഥം, താമരയിൽ കുടിയുള്ള ലക്ഷ്മീദേവിയുടെ നാമം.

പത്മഗുണാ-ലക്ഷ്മി.

പത്മഗൃഹാ-ലക്ഷ്മി.

പത്മചാരിണി-കരത്താമര, ഒരിലത്താമര, ഒരിതൾത്താമര, നിലത്താമര, പത്മംപോലെ ചരിക്കുന്നതെന്നർത്ഥം.

പത്മജൻ-ബ്രഹ്മാവ്.

പത്മജാതൻ-ബ്രഹ്മാവ്.

പത്മതന്തു-താമരവളയം, താമരനൂൽ.

പത്മദർശനം-ചെങ്കല്യം.

പത്മൻ-പ. അഞ്ചുനാഗങ്ങളിൽ ഒന്ന്. ഉ. ചക്രവർത്തികളിൽ ഒന്ന്. ഗ. രാമൻ. ര. ഒരു അസുരൻ.

പത്മനാഭൻ, പത്മനാഭി-വിഷ്ണു. നാഭിയിൽ പത്മമുള്ളവൻ എന്നർത്ഥം.

പത്മനാഭോദ്ഭവൻ-പരമേശ്വരൻ.

പത്മനാളം-താമരത്തണ്ട്.

പത്മപത്രം-താമരയില.

പത്മപത്രം, പത്മപർണ്ണം-പ. ഒരു മരുന്നുചെടി, പുഷ്കരമൂലം. താമരപോലെയുള്ള ഇലകൾ ഉള്ളത് എന്നർത്ഥം. ഉ. മേട്ടിത്തകര (സ്ഥലപദ്മം)

പത്മപാണി-പ. ബ്രഹ്മാവ്. ഉ. വിഷ്ണു. ന. സൂര്യൻ.

പത്മപാദർ-ശ്രീശങ്കരാചാര്യസ്വാമിയുടെ പ്രധാന ശിഷ്യൻ.

പത്മപുരാണം-പുരാണങ്ങളിൽ ഒന്ന്. ഇതിൽ വിഷ്ണുവിന്റെ ഗുണങ്ങളെ ശിവൻ പാർവ്വതിയോട് വർണ്ണിച്ചു പറയുന്നു.

പത്മബന്ധം-ചിത്രം എന്നതിൽപ്പെട്ട ഒരു അലങ്കാരം.

പത്മബന്ധു-പ. സൂര്യൻ. ഉ. എരിക്ക്. ന. രത്നനീച്ച.

പത്മഭവൻ-ബ്രഹ്മാവ്.

പത്മഭാസൻ-ശിവൻ.

പത്മഭൂവ്-ബ്രഹ്മാവ്.

പത്മം-പ. താമര. ഉ. വൈശ്രവണന്റെ നവനിധികളിൽ ഒന്ന്. ശ്രീക്കിരിപ്പിടം എന്നർത്ഥം. ന. പത്മകം, ആനയുടെ പരുകരി, പുള്ളി. ര. ഒരു മരുന്ന്. ള. ക്ഷീരീയം. ഴ. പുഷ്കരമൂലം. ഒ. പത്മകം. വ. പായ്, ൻ. താമരയുടെ മദ്ധ്യഭാഗത്തിലുള്ള ഒരു ആഭരണം. ഫം. താമരയുടെ ആകൃതിയിൽ നിർത്തിയ സൈന്യം. ഫഫ. ഒരു വലിയ സംഖ്യ (One thousand billions) ഫവ. മനുഷ്യശരീരത്തിലുള്ള ഒരു അടയാളം. ഫന. ഒരുമാതിരി ക്ഷേത്രം. ഫര. ആന. ഫള ഒരുമാതിരി സംയോഗം.

പത്മയോനി-ബ്രഹ്മാവ്.

പത്മരജസ്സ് - താമരയല്ലി, താമരപ്പൂമ്പൊടി.

പത്മരാഗം-ചെമന്ന രത്നം. പത്മത്തുല്യമായ രാഗത്തോടുകൂടിയത് എന്നർത്ഥം. പദ്മരാഗമണി.

പത്മത്രുപാ-ലക്ഷ്മി, സമ്പൽസമൃദ്ധിണി.

പത്മലാഞ്ഛനാ-പ. ലക്ഷ്മി. ഉ. സരസ്വതി. ന. രതി

പത്മലാഞ്ഛനൻ-പ. കാമൻ. ഉ. ബ്രഹ്മാവ്. ന. സൂര്യൻ. ര. രാജാവ്.

പത്മലോചനൻ-താമരപ്പൂപോലെ മനോഹരമായ കണ്ണുള്ളവൻ. (സ്ത്രീ-പദ്മലോചനാ.)

പത്മവാസാ-ലക്ഷ്മി.

പദ്മവ്യൂഹം -സൈന്യത്തെ താമരയുടെ ആകൃതിയിൽ അണിനിരത്തുന്നത്.

പദ്മസംഭവൻ-ബ്രഹ്മാവ്.

പദ്മസമാസനൻ-ബ്രഹ്മാവ്.

പദ്മസ്ഥാ-പ. ഗംഗ. ഉ. ലക്ഷ്മി. സ. ദുർഗ്ഗാ.

പദ്മഹസ്തൻ-വിഷ്ണു.

പദ്മഹാസൻ-വിഷ്ണു.

പദ്മാ-പ. ലക്ഷ്മി. താമരപ്പൂവിനെ ധരിച്ചവൾ എന്നർത്ഥം. ഉ. ചെമ്പരത്തി. പദ്മസദൃശമായ പൂവുള്ളതെന്നർത്ഥം. സ. ഓരിലത്താമര. ര. തിരുതാളി. ള. മഞ്ഞൾ. ന. ഇലവങ്ങപ്പൂവ്.

പദ്മാകരം-താമരപ്പൊയ്ക, താമരക്കിരിപ്പിടം എന്നർത്ഥം.

പദ്മാക്ഷൻ-പ. വിഷ്ണു. ഉ. സൂര്യൻ. പദ്മംകൊണ്ടു കളിക്കുന്നവൻ എന്നർത്ഥം. സ. സുന്ദരൻ.

പദ്മാക്ഷം-താമരക്കുരു.

പദ്മാക്ഷി-താമരപ്പൂപോലെ മനോഹരമായ കണ്ണുള്ളവൾ, സുന്ദരി.

പദ്മാടം-തകര. പദ്മത്തെപ്പോലെ ശമിക്കുന്നത് എന്നർത്ഥം.

പദ്മാനന്ദകാവ്യം-ഒരു സംസ്കൃതകവിയാണ്. ജൈനൻ. വൈരാഗ്യശതകത്തിന്റെ കർത്താവ്.

പദ്മാലയൻ-ബ്രഹ്മാവ്.

പദ്മാലയാ-ലക്ഷ്മി. താമരപ്പൂവിലിരിക്കുന്നവൾ എന്നർത്ഥം.

പദ്മാവതീ-പ. ലക്ഷ്മി. ഉ. വിന്ധ്യപർവ്വതത്തിലുള്ള ഒരു നഗരം. സ. ഓരിലത്താമര.

പദ്മാസനൻ-പ. ബ്രഹ്മാവ്. ഉ. ശിവൻ.

പദ്മാസനം - യോഗികൾ ധ്യാനിക്കുമ്പോഴും മറ്റും ഇരിക്കുന്ന ഒരുമാതിരി ഇരിപ്പ്.

വീരാസനത്തിൽ ഇരുന്ന് പിൻഭാഗത്തുകൂടി വലത്തുകൈകൊണ്ടു ഇടത്തു തുടമേലിരിക്കുന്ന വലത്തു കാൽ പെരുവിരലിനേയും അപ്രകാരം ഇടത്തുകൈകൊണ്ടു വലത്തു തുടമേലിരിക്കുന്ന ഇടത്തു കാൽ പെരുവിരലിനേയും പിടിച്ചു താടിയെ തൊണ്ടക്കുഴിക്കു താഴെ വെച്ച് നാസാഗ്രത്തെ നോക്കിയുള്ള ഇരിപ്പ്. ഈ ആസനം യോഗികളുടെ വ്യാധിയെ ശമിപ്പിക്കും.

പദ്മാസനാ-സരസ്വതി.

പദ്മി- ആന. ശരീരത്തിന്മേൽ പദ്മങ്ങൾ (പുള്ളികൾ) ഉള്ളത് എന്നർത്ഥം.

പദ്മിനി-പ. താമരപ്പൊയ്ക, താമരപ്പൂവുള്ളത് എന്നർത്ഥം. ഉ. സ്ത്രീകൾ നാലു തരമുള്ളതിൽ ഒന്നാമത്തേവൾ.

'ഭവതികമലനേത്രാ നാസികാക്ഷുദ്രരന്ധ്രാ
അവിരളകുചയുഗ്മാ ചാരുകേശീകൃശാംഗീ
മൃദുവചന സുശീലാ ഗീത വാദ്യാനുരക്താ
സകലതനുസുവേശാപദ്മിനീപദ്മഗന്ധാ'
(രതിമഞ്ജരി)

സ. പിടിയാന. ര. താമരവളയം. ള. താമരപ്പൂക്കൂട്ടം. ന. പതിവ്രതയും ധീരയുമായ രജപുത്രരാജ്ഞി. തന്റെ ഭർത്താവും രാജ്യവും ആയ ഭീമസിംഹനെ ഈ സ്ത്രീരത്നം അല്ലാവുദ്ദീന്റെ ക്രൂരത്തിൽനിന്നു രക്ഷപ്പെടുത്തി.

പദ്മിനീപതി-പ. സൂര്യൻ. പദ്മിനിയുടെ ഭർത്താവ് എന്നർത്ഥം.

സൂര്യോദയത്തിൽ താമരപ്പൂ വിടർന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.
ഉ. എരിക്ക്.

പദ്മിനീപുടം- താമരയിലകൊണ്ടുണ്ടാക്കപ്പെട്ട വിശറി.

പദ്മിനീവല്ലഭൻ-ആദിത്യൻ.

പദ്മിനീഖ(ഖ)ണ്ഡം-പ. താമര നിറഞ്ഞ സ്ഥലം. ഉ. താമരക്കൂട്ടം.

ചില ദേശങ്ങളിൽ ഷകാരത്തിനു പകരം ഖകാരം ഉച്ചരിച്ചു വരുന്നു. ഉദാഹരണം-പാക്ഷണ്ഡൻ, പാഖണ്ഡൻ.

പത്മേശൻ-വിഷ്ണു.

പത്മോത്തരം-കയിംപു.

പത്ര്യംശം-സേനയുടെ പങ്കു് (ഭാഗം).

പത്രകം-പ്ര. ഇല. ഉ. ലവങ്കമരത്തിന്റെ ഇല. നാ. പത്തിക്കീറു്. ര പച്ചില. ഭേ. കറവായില.

പത്രതരു-പീനാറി.

പത്രദാരകം-അറപ്പുവാൾ.

പത്രപരശു-ഒരുമാതിരി ചെറിയ അരം, കത്തിരി, പൊടിക്കവട്ടിക്കത്തിക, സ്വർണ്ണം മുതലായവ മുറിപ്പാനുള്ള ആയുധം. പത്രതുല്യമായ (ഇലയോളം കനമുള്ള) പരശു എന്നർത്ഥം. മറെറാരു പദ്ധ്യായം-വൃശ്ചനം.

പത്രപാലം-കത്തി.

പത്രപാലി-കത്രിക.

പത്രപാശ്യാ- നെറിപ്പട്ടം, ഒരു ഇല പോലെ പരന്ന ബന്ധനസാധനം എന്നർത്ഥം. മറെറാരു പദ്ധ്യായം-ലലാടിക

പത്രപിശാചിക-ഇലകൊണ്ടുള്ളതൊപ്പി

പത്രപുഷ്പം-തുളസി.

പത്രപ്രവർത്തനം- പത്രം നടത്തുന്ന പ്രവൃത്തി

പത്രബന്ധം-പൂഷ്പംകൊണ്ടുണ്ടാക്കുന്ന അലങ്കാരിക്കൽ

പത്രശാലം-തുഴ, അടനയ്യു്.

പത്രബീജം-ഇലമുളച്ചുൽ, വിശേഷതരമായ ഒരു തൈ.

പത്രഭംഗം, പത്രഭംഗി- പത്തിക്കീറു്

'ഗണ്ഡസ്ഥലങ്ങളിൽ പത്രഭംഗം'

(ശിവപുരാണം)

പത്രം-പ്ര. ഇലം വൃക്ഷത്തിൽനിന്നു വീണുപോകുന്നതു് എന്നർത്ഥം. ഉ. ചിറകു്, പറക്കുവാനുള്ള കരണം എന്നർത്ഥം. നാ. അമ്പിൻതുവൽ. ര. വർത്തമാനക്കടലാസ്. ഭേ. എഴുത്തു്. ന. വാഹനം. ഇതു കൊണ്ടു് ഗമിക്കുന്നതിനാൽ ഈ പേരുണ്ടായി. ഒ. ഇലവങ്കവൃക്ഷത്തിന്റെ ഇല. വ. തൊടുകറി. ൻ. കത്തി. പ്രാ പച്ചില. പ്രപ്ര. ആധാരം മുതലായവ എഴുതുന്നതിനു് സർക്കാരിൽനിന്നു് ഏർപ്പെടുത്തീട്ടുള്ള മുദ്രപ്പത്രം.

പത്രംപചാ-മരമഞ്ഞൾ.

പത്രമാനം-പ്ര. ഒപ്പനിരപ്പു്. ഉ. അടിസ്ഥാനം.

പത്രരചന-പത്തിക്കീറു്, പത്തിക്കീറെഴുതുന്നതു്.

പത്രരഥാ-പ്ര. പക്ഷി. ചിറകുകളുകൊണ്ടു രഥമുള്ളതു് എന്നർത്ഥം. ഉ. ചക്രവാകപ്പക്ഷി.

പത്രരേഖാ-പ്ര. പത്തിക്കീറു്. ഉ. പത്തിയിലെ ലക്ഷ്യം.

പത്രലതാ-ഒരു വൃത്തം.

പത്രലേഖ-പത്തിക്കീറു്. സ്ത്രീകളുടെ സ്തനകപോലോദികളിൽ കസ്തൂരി, കുങ്കുമം മുതലായവകൊണ്ടു് വിലാസാർത്ഥം മകരികാദ്യാകാരമായി എഴുതപ്പെടുന്നതു്, പച്ചകുത്തു്. മറെറാരു പദ്ധ്യായം-പത്രാംഗുലി.

പത്രലേഖകൻ- വർത്തമാനക്കടലാസ്സിലേക്കു് എന്തെങ്കിലും എഴുതുന്നവൻ.

പത്രലേഖനം-പ്ര. ഓലയിലും മറ്റും എഴുതുക. ഉ. പത്തിക്കീറെഴുതുന്നതു്. നാ. വർത്തമാനപ്പത്രങ്ങളിൽ എഴുതുന്നതു്. ര. പത്രത്തിലുള്ള ലേഖനം.

പത്രവല്ലീ-പ്ര. പത്തിക്കീറു്.

'ഉന്മീലൽപത്രവല്ലീപുളകകചരുചം'

(ഉത്തരാസ്വയംവരം കഥകളി)

ഉ. പലാശി. നാ. തുച്ചടം.

പത്രവില-പ്ര. പത്രത്തിന്റെ വില ഉ. വർത്തമാനക്കടലാസ്സിന്റെ മാന്യത.

പത്രശ്രേഷ്ഠം-കുവളം.

പത്രാഖ്യം-ന. പച്ചില. ര. താലീസപത്രം.

പത്രാധിപത്യം-പത്രാധിപന്റെ ജോലി (സ്ഥാനം).

പത്രാധിപൻ - പത്രം നടത്തുന്ന പ്രധാനി.

പത്രാംഗം-ന. ചെമന്ന ചന്ദനം, രക്തചന്ദനം. പത്തിക്കീറ മുതലായതിൽ ഉപയോഗപ്പെട്ടന്നത് എന്നത്ഥം. ര. പത്രാംഗം (പതിമുകം). ഇതിന്റെ അംശത്തിൽ പത്രങ്ങൾ ഉള്ളതിനാൽ ഈ പേർ വന്നു.

പത്രാംഗുലി-പത്തിക്കീറ്.

പത്രായം-തിപ്പലിമൂലം.

പത്രാലയം-പത്രത്തെ സംബന്ധിച്ച കാര്യങ്ങൾ നടത്തുന്ന സ്ഥലം.

പത്രാവലി-ന. കാവിമണ്ണ്. ര. ഇലകളുടെ കൂട്ടം. ന. പത്തിക്കീറ്.

പത്രാസ്സ്-പകിട്ട്, ആഡംബരം, ശൃംഗാരം. (അറബിഭാഷ.)

പത്രാസ്സുകാരൻ-ശൃംഗാരക്കാരൻ.

പത്രി-വി. ന. ചിറകുള്ള. ര. തൂവലുള്ള.

പത്രി-ന. പക്ഷി. ര. ജാതിപത്രി.

പത്രിക-ന. എഴുത്ത്. ര. ഇല. ന ജാതിപത്രി. ർ. പ്രതിഭാഗത്തുനിന്നു കോർട്ടിൽ ബോധിപ്പിക്കുന്ന വാദം.

പത്രികാവാദം-എഴുത്തു മുഖാന്തരമായ വ്യവഹാരം.

പത്രികാവാഹകൻ-എഴുത്തുകൊണ്ടു നടക്കുന്നവൻ.

പത്രിണീ-ന. മുള, അങ്കുരം, കിളുന്ത്. ര. പെൺപക്ഷി.

പത്രീ-ന. പരുന്ത്. പ്രശസ്തങ്ങളായ ചിറകുകൾ ഉള്ളതു് എന്നത്ഥം. ര പക്ഷി. ന. ശരം.

പത്രീ-ന. എഴുതുക ര. മക്കിപ്പൂവ്. ന. പച്ച. ർ. കർമ്പന.

പത്രീന്ദ്രൻ-ഗരുഡൻ.

പത്രോണ്ണം-ന. പലകപ്പയ്യനേ. ഇലകളിൽ വരയുള്ളതു് എന്നത്ഥം. ര. ഒരു തെയ്യട്ടത്ത പാട്ട്.

പത്സലം-വഴി, പന്ഥാവു്.

പഥം-വഴി.

പഥി-വഴി.

പഥി-വഴിയിൽ.

പഥിക-വി. ന. വഴിനടക്കുന്ന. ര. വഴിയറിയുന്ന.

പഥികൻ-വഴിപോക്കൻ. നിത്യം വഴി നടക്കുന്നവൻ എന്നത്ഥം.

പഥികാ-ചെമന്ന പഴമുള്ള ഒരുമാതിരി മുന്തിരി, വലിയ മുന്തിരി.

പഥിദ്രുമം-കരിങ്ങാലി.

പഥിലൻ-വഴിപോക്കൻ.

പഥ്യ-ന കടുക്ക. ര. കാട്ടുപാവൽ. ന. വെളുത്ത ചെറിയ വെള്ളരി. ർ. ഒരു മാത്രാവൃത്തം.

പഥ്യ-വി. ന. യോഗ്യമായ. ര. ഇഷ്ടമായ.

പഥ്യക്കാരൻ-വിരോധമായിട്ടുള്ള പ്രവൃത്തികളും ഒന്നും കൂടാതെയിരിക്കുന്നവൻ.

പഥ്യക്കേട്-അപഥ്യം.

പഥ്യപ്പിഴ-പാകപ്പിഴ.

പഥ്യം-ന. ഇഷ്ടം. ര. യോഗ്യത. ന. വിരോധമായിട്ടുള്ള പ്രവൃത്തികളും ഒന്നും കൂടാതെയുള്ള ഇരിപ്പു്, മരുന്നു സേവിച്ചാലുള്ള പഥ്യം. ർ. ഇന്തുപ്പു്. ൽ. കടുക്കമരം. ന. മുതിര.

പഥ്യാവാക്യം-ഒരു വൃത്തത്തിന്റെ പേർ.

പദകം-ന. പതക്കം (ഒരാഭരണം). ര. സ്ഥാനം, സ്ഥലം.

പദകമലം-താമരപ്പൂപോലെ ഭംഗിയുള്ള കാൽ പുവട്ട്, കാൽച്ചുവടിനെ മാനിച്ചു പറയുന്ന ഒരു പേർ.

പദകരി-ദേഹത്തിൽ ഒരുതരം വെള്ളപ്പു വരുത്തുന്ന കുഷ്ഠരോഗത്തിന്റെ വക ഭേദം.

പദക്രമം-പ. കാൽച്ചുവട്ട വയ്ക്കുക, നടപ്പ്, കാൽവെപ്പ്. ഉ. വാക്കുകളുടെ ക്രമം.

പദഗ-വി. കാൽനടയായി സഞ്ചരിക്കുന്ന

പദഗൻ-നടക്കുന്ന യോദ്ധാവ്, കാലാൾ

പദഗം-കാലാൾപ്പട. പദംകൊണ്ടു ഗമിക്കുന്നതിനാൽ ഈ പേർ വന്നു.

പദചാരകൻ-കാൽനടയായി പോകുന്നവൻ.

പദച്ഛേദം-ശ്ലോകത്തിലെ പദം മുറിക്കുക (പിരിച്ചു പറയുക).

പദതളിർ-തളിരുപോലെ മൃദുത്വമുള്ള കാൽച്ചുവട്ട്, കാൽച്ചുവടിനു ബഹുമാനത്തിൽ പറയുന്ന ഒരു പേർ

പദതാർ-പുഷ്പംപോലെ ഭംഗിയുള്ള കാൽച്ചുവട്ട്.

പദത്രാണം-ചെരിപ്പ്

പദഭഞ്ജിക-പഞ്ചാംഗം.

പദം-പ. കാൽച്ചുവട്ട്. ഉ. കാലുവെച്ച അടയാളം, കാലടി പതിഞ്ഞത്, പാട്ട്. 'നിശാകരജപദം' (അമരുകശതകം) ന. കാൽ ര. വാക്ക്. ങ. മൊഴി. ണ രക്ഷ. ത. അടയാളം വ രശ്മി. ൻ. വ്യാജം. ഫാ. സ്ഥാനം. ഫാ ഉത്സാഹം. ഫാ. വസ്തു ഉറച്ചുനില്ക്കുന്നതെന്നത്ഥം. ഫന. ഗാനം, പാട്ട്.

പദമഞ്ജരി-കാശിക എന്ന വ്യാകരണഗ്രന്ഥത്തിന്റെ വ്യാഖ്യാനം.

പദവി-പ. വഴി. ഇതിൽ കൂടെ ഗമിക്കുന്നതിനാൽ ഈ പേർ വന്നു. ഉ. സ്ഥാനം, ഉയർന്നസ്ഥാനം. ന. കാലടി പതിഞ്ഞുകാണുന്നേടം. പദവീ എന്നുമാവാം.

പദവിധി-ശബ്ദരചന.

'ദേവസ്ത്രീമണികളുണിഞ്ഞവസ്ത്രശോഭ
യ്ക്കുവരുത്തീ പദവിധിയെത്തുഗാനയോഗ്യം' (ശാകുന്തളം)

പദവിന്യാസം-കാൽച്ചുവട്ട വെയ്ക്കൽ, നടപ്പ്.

പദാജി കാലാൾപ്പട.

പദാതി-കാലാൾപ്പട. കാൽകൊണ്ടു നടക്കുന്നവൻ എന്നത്ഥം.

പദാതികൻ-കാലാൾ.

പദാതീയൻ-കാലാൾ.

പദാംബുജം-കാലടി, പദതാർ.

പദാരം-കാലിലെ പൊടി.

പദാർത്ഥത്രയം-(വേദാന്തപ്രകാരം) സത്ത്, അസത്ത്, മിഥ്യ.

പദാർത്ഥദീപിക-ചില കാവ്യങ്ങളുടെ വ്യാഖ്യാനത്തിനു പറയുന്ന ഒരു പേർ.

പദാർത്ഥം-പ. പദത്തിന്റെ അർത്ഥം. ഉ. വസ്തു

പദിക-വി. കാൽനടയായി നടക്കുന്ന.

പദികൻ-കാലാൾ.

പദികം-പ കാലാൾപ്പട. ഉ. കാലിന്റെ അഗ്രം.

പദ്കി-കാൽ നടയായി നടക്കുന്നവൾ.

പദ്ഗൻ-കാലാൾ

പദ്ഗം-കാലാൾപട.

പദ്യതി-പ. വഴി. പാദത്താൽ ഹനിക്കപ്പെടുന്നത് എന്നത്ഥം. ഉ വരി. ന. കമ്മക്രമം [ട്ടം'

'പദ്യതിരേഷ്യപരമോദ്യതരണുദ്ധിയോ
(അദ്ധ്യാത്മരാമായണം)

പദ്യ-വി. പ. പാദത്തെ മുട്ടുകയോ, ഉപദ്രവിക്കുകയോ ചെയ്യുന്ന. ഉ. പദത്തെ സംബന്ധിച്ച. ന കാലടി സംബന്ധിച്ച. ര. വാക്കിനെ സംബന്ധിച്ച.

പദ്യകാരൻ-പദ്യമെഴുതുന്നവൻ, കവി.

പദ്യകാവ്യം-പദ്യത്തിൽ എഴുതപ്പെട്ട ഉത്തമ ഗ്രന്ഥം

പദ്യകൃൽ(ത്തു്)-കവി.

പദ്യകൃതി-പദ്യഗ്രന്ഥം.

പദ്യക്കാരൻ-ശ്ലോകം ഉണ്ടാക്കുന്നവൻ.

പദ്യഗ്രന്ഥം-പദ്യ (ശ്ലോക) മായി എഴുതീട്ടുള്ള പുസ്തകം.

പദ്യൻ-ശൂദ്രൻ.

പദ്യം-സം. കവികളുടെ കൃതി. പാദങ്ങൾ ഉള്ളതു് എന്നർത്ഥം. പാദ ശബ്ദത്തിനു പദാദേശം. നാലു പാദങ്ങൾ ഉള്ളതു് ശ്ലോകം,

അക്ഷരം മാത്ര ഇവയുടെ ക്രമത്തോടു കൂടിയ പാദങ്ങൾ ഉള്ളതു് പദ്യം. പ. കീർത്തി. ന. ഭംഗ്യന്തരം.

പദ്യരചനം-ശ്ലോകം ഉണ്ടാക്കൽ.

പദ്യസാഹിത്യം-പദ്യത്തിലുള്ള സാഹിത്യം.

പദ്ധ്യാ-സം. വഴി, പാമരന്നു ഹിതം എന്നർത്ഥം. പ. കീർത്തി, ന. പഞ്ചസാര.

പദ്മഥൻ-കാലാഗ്നി.

പദ്മം-ഗ്രാമം, കുടിക്കൂട്ടം.

പദ്മം-സം. ശ്രീലാകം, പ. വണ്ടി, ന. വഴി.

പന-ഒരു വൃക്ഷം.

ഒറ്റത്തടിയായി വളരുന്നു. കരിമ്പന, മൂന്നുപ്പന, കുടപ്പന മുതലായവ.

പനങ്കാണ്ടൻ പനന്തണ്ട, ഒരുവക കിളി. ഇതു ധാന്യങ്ങളെ നശിപ്പിക്കുന്നതാണ്.

പനങ്കല്ലുണ്ട-കരിമ്പനക്കള്ളു കരക്കിയുണ്ടാക്കിയ കല്ലുണ്ട.

പനങ്കള്ളു-പനങ്കുല ചെത്തിക്കെട്ടുത്ത കള്ളു്.

പനങ്കരിക്കു്-പനയുടെ കരിക്കു്.

പനങ്കാ-പനയുടെ കായു്.

പനങ്കാലാ-പനകൊണ്ടു ധാരാളമുള്ള വലിയ പുരയിടം.

പനങ്കുരണ്ടി-പനമ്പഴം.

പനങ്കുരു-പനങ്കായു്, പനങ്ങ.

പനങ്കുല-പനയുടെ കുല.

പനങ്കൂമ്പു്-പനയുടെ നാമ്പു്.

പനങ്ങ-പനയുടെ കായു്.

പനച്ചകം-ഒരു വൃക്ഷം.

പനച്ചി, പനഞ്ഞി, പനിച്ചി-ഒരു വൃക്ഷം. പര്യായങ്ങൾ-തിന്ദുകം, സ്ഫൂർജ്ജകം, കാളസ്കന്ധം, ശിതിസാരകം.

പച്ചപ്പനച്ചിക്കായു് മലബന്ധത്തെയുണ്ടാക്കും. വാതകോപത്തെച്ചെയ്യും. പഴം മധുരവും, കഫ, പിത്തം, രക്തദോഷം, പ്രമേഹ ഇവയെ ശമിപ്പിക്കുന്നതുമാണ്. വയറടപ്പുണ്ടാക്കും. തൊലി മുതലായവ വാതത്തിനും വ്രണത്തിനും നന്നു്. കാതൽ പിത്തത്തിനു നന്നു്. ഇംഗ്ലീ-(Ebony) എബനി.

പനഞ്ചക്കര - പനങ്കള്ളു കരക്കിയുണ്ടാക്കിയ ചക്കര.

പനഞ്ഞിൽ-മത്സ്യത്തിന്റെ അകത്തിരിക്കുന്ന മൊട്ടയുടെ കൂട്ടം.

പനട്ടൽ-കോഴി മൊട്ടയിടാറാകുമ്പോൾ പുറപ്പെടുവിക്കുന്ന ഒരുമാതിരി ശബ്ദം

പനട്ടുന്നു-പിടക്കോഴി മുട്ടയിടുന്നതിനുള്ള സമയം അടുക്കുമ്പോൾ ഒരുമാതിരി ശബ്ദിക്കുന്നു-പിനറുന്നു.

പനനാർ-പനയുടെ നാരു്.

പനനൂർ - പനയുടെ അകത്തെപ്പോളി (മാവു്).

പനന്തോങ്ങ-കരിമ്പനയുടെ ഫലം.

പനമ്പഴം-പനയുടെ പഴം.

പനമ്പാത്തി- പനയുടെ തടി നടുവേ പിളർന്നു ചെത്തിയുണ്ടാക്കിയതു്.

പനമ്പുവള്ളി-ഒരുമാതിരി വള്ളി.

പനംപൂ-പനയുടെ പൂവ്.

പനയൻ-ഒരുമാതിരി വലിയ പാമ്പ്.

പനയിത്തിരം-പനവാഴ. കരിമ്പനയുടെ ഇത്തിരം.

പനയേറി-ഫ. ഒരുവക മത്സ്യം. പനയിൽ കയറുന്നവൻ, ചാന്നാൻ.

പനയോല-പനയുടെ ഇല.

പനയ്ക്ക-ഉരൂക, ചോരുക, ദ്രവിക്ക, ഒലിക്ക.

പനയ്ക്കുന്ന-കാലുന്ന.

പനവാഴയ്ക്കാ(യ്)-പനയുടെ കായ്.

പനവാഴ-കരിമ്പനയുടെ ഇത്തിരം എന്നു കാണുന്നു.

പനവിരൽ-പനവാഴയ്ക്കാ.

പനവെറി-ഫ. ഒരുവക വസൂരി. വ. ഞെരി.

പനസൻ-രാമായണത്തിൽ പറയുന്ന ഒരു കുരങ്ങ്.

പനസം-ഫ. പുലാവ്. സ്തുതിക്കപ്പെടുന്നതു് എന്നർത്ഥം. വ. ചക്ക നാ. മുള്ളു്.

പനസി, പനസാ-ഫ. പെൺകുരങ്ങ്. വ. ഒരു രാക്ഷസി.

പനസികാ-ഫ. കാതിലും കഴുത്തിലുമുണ്ടാകുന്ന ഒരുവക കുരു. വ. ഒരു ക്ഷുദ്രരോഗം.

ഇതു് ചെവിയുടെ അകത്തുണ്ടായി വളരെ വേദനയോടും ഉള്ളിൽ പഴുപ്പോടും കൂടി സ്ഥിരമായിരിക്കുന്ന കുരുവാകുന്നു. ചിലർ ചെവിയുടെ പുറത്തുമുണ്ടാകുമെന്നു പറഞ്ഞുകാണുന്നു.

പനററി-പല്ലിത്തടി, ഞവരി.

പനററുന്ന-മുട്ടയിടാറാകുന്ന സമയത്തു ശബ്ദിക്കുന്ന.

പനായിത, പനിത-വി. സ്തുതിക്കപ്പെട്ട.

പനി-ഫ ജ്വരം.

ദേഹത്തിനു സ്വസ്ഥതയിലധികം കൂടുണ്ടായിക്കഴിഞ്ഞാൽ എന്തെങ്കിലും സുഖക്കേടുണ്ടെന്നും, ഫാനു മുതൽ ഫാരി വരെയായാൽ നല്ല പനിയാണെന്നും, ഫാരി മുതൽ ഫാവു വരെ കാണുന്ന പക്ഷം അപകടമുള്ളതാണെന്നും, ഫാവു മുതൽ ഫാൻ വരെ കണ്ടാൽ മരണം ഒട്ടുറപ്പു എന്നും മനസ്സിലാക്കേണ്ടതാണ്. പക്ഷേ കുറച്ചുനേരം മാത്രമേ കവിഞ്ഞ ഡിഗ്രിയിൽ കൂടുണ്ടായുള്ളു എങ്കിൽ പനി അപകടകരമാണെന്നു വിചാരിപ്പാൻ പാടില്ലതാനും. മലംപനി മുതലായി വിട്ടുപനിക്കുന്ന തരങ്ങളിൽ കുറച്ചുനേരം കലശലായ കൂടുണ്ടായിരുന്നാലും അതു രോഗത്തിന്റെ കാഠിന്യമാണെന്നു കരുതുകയുമരുതു്. "ധനചന്ദ്രി."

പനിയ്ക്കും അജീർണ്ണത്തിനും ആരംഭത്തിൽ ഉപവാസം വളരെ നല്ലതാണ്. വ. മഞ്ഞു്.

പനിക്കട്ടി-മഞ്ഞുകട്ടി.

പനിക്കുന്ന-ജ്വരിക്കുന്ന, പനിയുണ്ടാകുന്ന

പനിക്കൂർക്ക-ഒരു പച്ചമരുന്നു്. നവര എന്നും കാണുന്നു.

പനിച്ചി, പനച്ചി-ഒരു വൃക്ഷം.

പനിഞ്ഞി-ഒരു വൃക്ഷം.

പനിനീർ-ഫ. ഒരുമാതിരി സുഗന്ധവെള്ളം. വ. അരിച്ച ജലം.

പനിനീർച്ചുണ്ണാമ്പു-പനിനീരിന്റെ മണമുള്ള ഒരുമാതിരി വെളുത്ത പൂവുണ്ടാകുന്ന ഒരു വൃക്ഷം.

പനിനീർപ്പൂ(വു്)-ഒരുമാതിരി സുഗന്ധമുള്ള പൂവു്.

പനിമതി-ഫ. ചന്ദ്രൻ. വ. കർപ്പൂരം.

പനിമല-ഹിമവാൻ പർവ്വതം.

പനിയൻ-പനി മൂത്തീകരിച്ചവൻ.
'മുക്കണ്ണൻതന്നുടെ വൻപനിയൻ'
(കൃഷ്ണഗാഥ)

പന്തവൽ-ശാസ്ത്രം, വിദ്യ. [ബുദ്ധം'
'ചൊല്ലിയഞാനപ്പനവൽ മുകന്ദപാദം
(ഭഗവൽഗീത-മാധവപ്പണിക്കർ)

പന്തക്കാൽ-പന്തലിന്റെ തൂണ്.

പന്തക്കഴാ-പന്തം ഇട്ടു മുറപ്പിക്കുന്നതിനായിട്ട് മുട്ടുകൊണ്ട് വാങ്ങുണ്ടാക്കിയ ഒരുമാതിരി കഴൽ.

പന്തക്കറി-പന്തക്കഴയിൽ എണ്ണയൊഴിക്കുന്ന പാത്രം.

പന്താ-പ്ര. കോലിൽ തുണിചുറ്റി തീകൊളുത്തിയത്. ഉ. ഒരു കാവിൽനിന്നു മറ്റൊരു കാവിലേക്ക് ചൊവ്വാ വെള്ളി ഈ ആഴ്ചകളിൽ പായുന്നതായിക്കണ്ടു വരുന്ന തേജഃപുഞ്ജം. സ. കീൽ.

പന്തമുട്ടി-കെട്ടുകല്യാണത്തിനും മറ്റും ഉപയോഗിക്കുന്ന ഒരുതരം വിളക്ക്.
ഇതു് ആനയുടെ ആകൃതിയിലിരിക്കും

പന്തയം-പണയം, വാതു്.

പന്തലിക്കുന്നു-പ്ര. വൃക്ഷത്തിന്റെ കൊമ്പുകളും പടർന്നു നില്ക്കുന്നു. ഉ. ചാരയോ മറ്റോ കെട്ടുമ്പോൾ ക്രമമായരീതിയിൽ ചരിവുവരാതെ കുറെ പൊന്തി നിവിന്നു പോകുന്നു.

പന്തൽ- വെയിൽ കൊള്ളാതെയിരിപ്പാനായിട്ടു കെട്ടിയുണ്ടാക്കുന്നതു്.

പന്ത(ൽ)ക്കാവൽ- അടിമകളും ധാന്യങ്ങളെ കാക്കുന്നതിനു കൊടുക്കാവുള്ള ക്രയവിപ്രണം.

പന്താട്ട-ചെണ്ടുകളി.

പന്തി-പ്ര ഭക്ഷിപ്പാനുള്ളവരുടെ നിരന്നിരിപ്പു്. ഉ. ക്രമം. സ. ചേർപ്പു്, ഭംഗിർ. വരി. ൪ വെടിപ്പു്. ന വഴി. ൬. ആശ്രയം വ്യ. കുതിരയുടെ അണി. ൻ. കൂട്ടം.

പന്തികേടു്-പ്ര. ക്രമമില്ലായ്മ. ഉ. ഭംഗിയില്ലായ്മ. സ. വശമു്.

പന്തിക്കാർ-ഒരു പന്തിയിലിരുന്നു ഉണ്ണുകഴിക്കുന്നവർ.

പന്തിക്കൊട്ടിൽ-ലയം.
ആനകളെ കെട്ടുന്നതിനുള്ളതെന്നു മുഖ്യമായി വിചാരിച്ചുവരുന്നു.

പന്തിപിടിക്കുന്നു-ഓരോരോരോ വരിയായിട്ടു ക്ഷിപ്പാനിരിക്കുന്നു.

പന്തിപ്പുലക - ഭക്ഷിക്കുന്നവക്കു ഇരിപ്പാൻ പന്തിയിൽ നീളത്തിലിട്ടിരിക്കുന്ന പലകം

പന്തിപ്പായു്-പന്തിയിൽ ഇരിക്കാനുള്ള നീളമുള്ള പായു്.

പന്തിഭോജനം-ഒരുമിച്ചുള്ള ഭക്ഷണം, ക്ലബ് ഭക്ഷണം.

പന്തിയാക്കുന്നു-വൃത്തിയാക്കുന്നു, ക്രമമാക്കുന്നു.

പന്തിരണ്ടു്, പന്ത്രണ്ടു്-പത്തും രണ്ടും കൂടിയതു്.

പന്തിരണ്ടുടയമണ്ഡലം-പണ്ടു് ഇൻഡ്യയെ പന്ത്രണ്ടായി ഭാഗിച്ചു ഭരണം നടത്തിയിരുന്നതിനാൽ ഈ പേർ വന്നു. (കേരളോല്പത്തി രാമായണം).

പന്തീരടി-പ്ര. അഞ്ചുനാഴികപ്പകൽ വിടിയുന്ന ഒരുമാതിരി പൂവു്. ഉ. ക്ഷേത്രങ്ങളിൽ ഉച്ചപ്പൂജയ്ക്കു മുമ്പുള്ള ഒരു പൂജ.

പന്തീരാണ്ടു്-ചന്ദ്രനുള്ള വത്സരം.

പന്തു്-പ്ര കളിപ്പാനുള്ള ഒരു ഉരുണ്ട വസ്തു. പര്യായങ്ങൾ-കന്ദുകം (ദാമോദരൻ), കന്ദുകം. ഉ. നാടുണ്ട. സ. വഞ്ചന.

പന്തുകളി-പന്തുകൊണ്ടുള്ള കളി.

പന്തുവരാടി-ഒരു മാംസം.

പന്ഥാനക്കെട്ട്, പന്ഥാനക്കോപ്പ്, പന്ഥാനങ്ങൾ-മര്യ്യും പുത്രന്മാരും ഭവനവും മറ്റും, കുടുംബം.

പന്ഥാവ്-വഴി.

പന്ന-വി വീണുപോയ, പ്രാപിച്ച, തറയിൽ ഇഴയുന്ന.

പന്ന-ഒരുമാതിരി വള്ളി, തീപ്പന്ന.

പന്നകം-പ. വള്ളുത്തിന്റെ മൂടി. ര. പല്ലക്കിന്റെ മൂടി.

പന്നക്കിഴങ്ങ്-ഒരുമാതിരി ചെടി.

പന്നഗകേസരം-നാഗപ്പൂവ്.

പന്നഗഭ്രക്ഷണൻ-ശിവൻ.

പന്നഗം-പ. പാമ്പ്. പാമ്പുകൾകൊണ്ടു ഗമിക്കുന്നതു്, ഇഴഞ്ഞു നടക്കുന്നതു്. ര. കാരീയം. ന. പത്തുമുകം. ർ. പന്നകം.

പന്നഗമാതാവ്-സർപ്പങ്ങളുടെ അമ്മ, കദ്രു.

പന്നഗരാജൻ-പ അനന്തൻ. ര. മഹാസുകി.

പന്നഗലോകം-പാതാളം.

പന്നഗവൈരി-ഗരുഡൻ.

പന്നഗശായി-പ. വിഷ്ണു. ര. വള്ളുക്കാരൻ. പന്നഗത്തിൽ കിടക്കുന്നവൻ എന്നർത്ഥം.

പന്നഗാഭരണൻ-ശിവൻ.

പന്നഗാരി-ഗരുഡൻ.

പന്നഗാശനൻ-ഗരുഡൻ. സർപ്പങ്ങളെ ഭക്ഷിക്കുന്നവൻ, സർപ്പങ്ങൾ ഭക്ഷണമായിട്ടുള്ളവൻ എന്നർത്ഥം.

പന്നഗീ-നാഗതാളി.

പന്നഗോശ്വരൻ-അനന്തൻ.

പന്നഞാല-പപ്പരത്തല.

പന്നഭൃഗീ-ഭൃഗരിപ്പ്.

പന്നം-വീണതു്, പതിരു്.

പന്നൽ-ഒരുമാതിരി ചെടി.

ഇതിനെ 'പന്ന' എന്നും പറയും. ഇതു് അലങ്കാരത്തിനുപയോഗിക്കുന്നു.

പന്നവള്ളി-പന്ന, തീപ്പന്ന.

പന്നാ-പ്രയോജനമില്ലാത്തതു്. (പ-മ)

പന്നാ(ര)-ഉപയോഗമില്ലാത്ത. (പ-മ.)

പന്നാറ്റീറ-തീരെക്കീറിയതു്. (പ-മ.)

പന്നാട-പ. ഒരുമാതിരി ചുക്കിലി. ര. അടിച്ചിപ്പാര.

പന്നാടൻ-പഴകി ഉപയോഗമില്ലാതായതു്. (പ-മ.)

പന്നി-ഒരു കാട്ടുമൃഗം. പര്യായങ്ങൾ-വരാഹം, സൂകരം, ഘൃഷ്ടി, കോലം, പോത്രീ, കിരി, കിടി, ഡിംഭ്ടീ, ഘോണീ, സ്തബ്ധരോമാ, ക്രോഡം, ക്ഷിതിരോമാ.

പന്നിക്കരണം-(ജ്യോതിഷത്തിൽ) ഒരോ പക്ഷങ്ങളിലേയും ദിവസപ്പകുതി. പന്നികളുടെ പ്രാർത്ഥനയോടുകൂടി വല്ലതും വിതയ്ക്കുക.

പന്നിക്കല്ല്-പ. മുഖരിന്മേലുള്ള ചിത്രം കാരക്കല്ലുകൾ. ര. കിണറിന്റെ മുകളിൽ അല്പം താഴെയായിട്ടുള്ള കല്ലുകൾ.

പന്നിക്കാച്ചിൽ-ഒരുമാതിരി കിഴങ്ങ്.

പന്നിക്കിഴങ്ങ്-മലയിലുണ്ടാകുന്ന ഒരു തരം കിഴങ്ങ്.

വാതം, കഫം, പ്രമേഹം, കൃമി, അർശ്സ്, വിഷം, ശൂലം, മൂത്രകൃച്ഛ്രം ഇവയ്ക്കു നന്നു്. സ്വരത്തെ നന്നാക്കും. ഇതു ചിലദേശം കാച്ചിലിന്റെപോലെയിരിക്കും. കിഴങ്ങിന്റെ പുറത്തു് പന്നിയുടെ രോമങ്ങൾ പോലെ ഉറപ്പുള്ള വേരുകൾകാണും. തമിഴിൽ-മരുർക്കിഴങ്ങ്.

പന്നിക്കുഞ്ചം-പന്നിയുടെ രോമം.

പന്നിക്കുട്ടൻനെല്ല്-ഒരുവക ധ്രീഹി.

ഇതിനു നവരയുടെ ഗുണമുണ്ടു്.

പന്നിക്കുട്ടി-പന്നിയുടെ കുഞ്ഞു്.

പന്നിക്കുഴി-പന്നിയെ പിടിക്കുന്നതിനുള്ള കുഴി.

പന്നിത്തേററ-പന്നിയുടെ മംഷ്ടം.

പന്നിപ്പുല്ല്-ഒരുമാതിരി പുല്ല്.

പന്നിമീൻ-ഒരു മത്സ്യം, കടപ്പന്നി.

പന്നിയിറച്ചി-പന്നിയുടെ മാംസം.

പന്നിയെലി-പെരിച്ചാഴി.

പന്നിവാൽ-ചീനന്മാർ പിൻകട്ടമ സ്ഥാനത്തു വയ്ക്കുന്ന മുടി.

പപി-ചന്ദ്രൻ.

പപീ-ഫ. സൂര്യൻ. ഉ. ചന്ദ്രൻ

പപീഹം-വേഴാമ്പൽപ്പക്ഷി.

പപു-വളത്തമ്മ.

പപു-വി. വളത്തുന്ന.

പപ്പടച്ചെട്ടി-അപ്പം ഉണ്ടാക്കുന്ന ഒരുവകജാതിക്കാർ (ജിനന്മാരിൽ പെട്ടവർ), തുളിപ്രദേശത്തിൽ ഉണ്ടെന്നറിയുന്നു.

പപ്പടം-പപ്പടം.

'വാഴുത്തുവെനിന്നതകയുഴുന്ന
പച്ചയുടച്ചുതോടും
പോക്കിയിടിച്ചുനുറുതുമേൽ
വന്നുസമയത്തെടുത്തു
ചേർത്തുകുഴച്ചുകാരവുമുപ്പും
ചേരുവതിനുപിന്നും
തിറമെടിടിച്ചുകമ്പിവലി-
ച്ചുരുത്തുശേഖരിച്ചു
നേർത്തുസുവൃത്തമായുരുവാൻ
നിരത്തിയുരുപ്പെടുത്തി
നേരമടുത്തയുണിനുകേര
തൈലമതിൽപ്പൊരിച്ചു
പാത്തിരിയാതെവട്ടിയിലാക്കി
പന്തലകത്തുവന്നു
പരന്നാടിയെവിളമ്പുകയി
പ്പരിപ്പിനുയോഗ്യമാമേ'

(ഒരുപഴയകവി)

പപ്പാതി, പപ്പാതിച്ച-പാതിപ്പാതിയായുള്ള.

പപ്പ്-തുവൽ.

പഫണം-ഒരു വൃക്ഷം, പാവട്ട.

പമ്പകടക്കുന്നു-വേഗത്തിൽ ദൂരദേശം പ്രാപിക്കുന്നു. (വ്യംഗ്യാർത്ഥപ്രയോഗം). (ദേശി).

പമ്പരം-ചുറ്റിച്ചുകളിപ്പാൻ മരംകൊണ്ടോ മറ്റോ ഉണ്ടാക്കുന്ന കളിസ്സാമാനം. (ഏവപമ്പരം വട്ടപ്പമ്പരം മുതലായവ).

പമ്പരം ചുറ്റിയ്ക്കുന്നു-പരിഭ്രമിപ്പിച്ചു കഷ്ടപ്പെടുത്തുന്നു. (വ്യംഗ്യാർത്ഥവാചകം). (ദേശി).

പമ്പാ-ഫ. ഒരു നദി. ഉ. ദണ്ഡകവനത്തിലെ ഒരു തടാകം. ന. ഒരു നഗരം. ര. ഇൻഡ്യയുടെ തെക്കുള്ള ഒരു നദി.

(രാമലക്ഷ്മണന്മാർ സീതയെ അന്വേഷിച്ചു നടന്നു പമ്പാതീരത്തിൽ എത്തിയപ്പോൾ അ സരസ്സിന്റെ മംഗികാണിച്ചുകൊടുത്തു രാമൻ ലക്ഷ്മണനോടു പറയുന്ന മാഗം നോക്കുക)

പമ്പിരി-ഫ. ലഹരി, കിറുക്കം, ചൊരുക്ക്. ഉ. വളരെ അധികം.

പമ്പിരികൊള്ളുന്നു-നന്നായി ലഹരി പിടിക്കുന്നു.

പമ്പിളിവയറൻ-വി. കടവയറൻ.

പമ്പ്-സത്യക്കുറി, തിളച്ചുകിടക്കുന്ന നെയ്യിൽ കൈ മുക്കി സത്യംചെയ്യാൻ സമ്മതമുള്ളവർക്കു രാജാവിങ്കൽ നിന്നു കൊടുക്കുന്ന ഏഴുത്തു്.

പമ്മാട്ട്-വഞ്ചന.

പമ്മുന്നു-പതുങ്ങുന്നു. (ദ്രുതകാലം=പമ്മി) (പ-മ.)

പയൻ്-ഒരു വൃക്ഷം.

പയൻ-പശു, കറ.

പയന്നംകറ-കന്നുകാലി.

പയൽ-പുലയൻ, പറയൻ മുതലായ ഹീനജാതിക്കാരെ വിളിക്കുന്നതിനുപയോഗിക്കുന്ന ഒരു വാക്ക്.

പയസ്-വി. ബലമുള്ള (അഞ്ജിരോക്ഷ).

പയൽമാൻ, പയൽമാൻ-പ. ഗ്രന്ഥി പിടിത്തം അഭ്യസിച്ചിട്ടുള്ളവൻ. ഉ. ബലവാൻ.

പയസ്യ-വി. പാലിൽനിന്നുണ്ടായ.

പയസ്യ-പ. പയസ്സിന്റെ വികാരം. നെയ്യ്, തൈര്, മോര്, വെണ്ണ മുതലായതിന്റെ സാമാന്യനാമധേയം. ഉ. പൂച്ച.

പയസ്യാ-പ. ഒരു പച്ചമരുന്ന്, അടകൊതിയൻ. ഉ. ക്ഷീരകാകോളി. ന. മഞ്ഞപ്പാലുള്ള മലഞരുമ. ര. കിണികിണിപ്പുല. ങ. ഒരു ചെടി. (കടുംബിനി എന്നതു നോക്കുക.)

പയസ്വല-വി. വളരെ പാലുള്ള.

പയസ്വിനീ-പ. കറക്കുന്ന പശു. ഉ. രാത്രി. ന. ഒരാവ്. ര. മഞ്ഞണാട്ട്. ങ. അടപതിയൻ. ന. പാൽമുതക്ക്. ഒ. ക്ഷീരകാകോളി. വ. മുതക്ക്. ൻ. പാൽച്ചുര. ഫ. പശു.

പയസ്സ്-പ. പാൽ. ഉ. വെള്ളം. ഗമിക്കുന്നത്, പാനം ചെയ്യപ്പെടുന്നത് എന്നർത്ഥം. ന. രാത്രി. (വേദത്തിൽ പ്രയോഗം). ര. ആഹാരം. ങ. ശക്തി.

പയർ-ഒരുവക ധാന്യം.

കൊച്ചിയിൽ വിളയുന്ന ചെറുപയർ, ചെമ്പയർ മുതലായവ.

പയറങ്ങ-പയറുചെടിയുടെ ഇളംകായ്

പയറടപ്പം-പയറുകൊണ്ടുണ്ടാക്കിയ പലഹാരം.

പയററിക്കുന്നു-പ. ആയുധവിദ്യ പഠിപ്പിക്കുന്നു. ഉ. വഞ്ചിക്കുന്നു.

പയററ്-പ. ആയുധാഭ്യാസം. ഉ. വഞ്ചന.

പയററുന്നു-ആയുധവിദ്യ പഠിക്കുന്നു, യുദ്ധം അഭ്യസിക്കുന്നു, വശമാക്കുന്നു.

പയററുപാട്ട്-ഇടങ്ങഴിപ്പയറു വിതയ്ക്കുന്ന സ്ഥലം.

പയററുപാട്ടം-പയറുവിതയ്ക്കുള്ള കരം.

പയറോല-വരിയോല.

പയിക്കം-വി. പ. വിശപ്പുള്ള. ഉ. ഹീനമായ.

പയിങ്ങ-പാകമാകാത്ത പാക്ക്. (ത പച്ചുങ്കായി)

പയിണ്ണച്ചുള-ഒരു തരം.

പയിൻ-ഒരു വൃക്ഷം.

ഇതു് മലത്തെ പിടിക്കും. തീപ്പൊള്ളി വ്രണത്തിനു നന്ന്. മറ്റു വ്രണങ്ങളെയും വരട്ടും. ഇതിന്റെ കറയാണ് കന്തുതക്കം.

പയിപ്പിക്കുന്നു-ഭയപ്പിക്കുന്നു.

പയിമ്പ-പ. ഭാണ്ഡം, സഞ്ചി. ഉ. ഭക്ഷണപാത്രം.

പയിർ-പച്ചധാന്യം.

പയിലുന്നു-പ. പഠിക്കുന്നു.

'നാനാവിധമാനവിദ്യകളും പയിന്നവൻ'
(രാമചരിതം)

ഉ. സംസാരിക്കുന്നു.

'മന്ത്രിൽനിന്നുപയിലെപാരം മുതലാ'
(രാമചരിതം)

പയോഗലം-ആലിപ്പഴം.

പയോഘനം-ആലിപ്പഴം.

പയോജന്മാ-മുത്തങ്ങ.

പയോജം-താമരപ്പൂ.

പയോദം-പ. മേഘം ഉ. മുത്തങ്ങ.

പയോധരം-പ. മേഘം. ഉ. നാളികേരം. ന. മുല. ര. മുത്തങ്ങ. ങ. കടൽ. ന. നീർമുത്തങ്ങ.

പയോധി-സമുദ്രം.

പയോധിക ജ ം-കടൽനീര.

പയോനിധി-സമുദ്രം.

പയോമുക്-മേഘം.

പയോരാശി-സമുദ്രം.

പയോവാഹം-മേഘം.

പായംഷ്ണിജാതാ-സരസ്വതീനദി.

പായോഷ്ണീ-സരസ്വതീനദി.

പായംഷ്ണീ നദി വിന്ധ്യനിൽ നിന്നു പുറപ്പെട്ടു ജലം പരിശുദ്ധമാണ്, സർവ്വരോഗഹരമാകുന്നു.

പായ്-പത്തു. ഇതിന്റെ നായാട്ടുപേർ കൊയ്കുകുമ്പൻ.

പായ-സാവധാനം.

പായത്തി-ഒരുവക മീൻ.

പായൻ-ആൺകുട്ടി, ഒപ്പരൻ.

പായന്നൂർ-കേരളത്തിന്റെ ഒരു കഴകം.

കലിവർക്കം ചിറാ-നിപ്പുറം ആയ്ച്ച ബ്രാഹ്മണർ കേരളത്തെ കഴകങ്ങളായി വിഭാഗിച്ചതിൽ ഒന്ന്-കഴകം നോക്കുക.

പായവൻ-ഫ. ബ്രഹ്മാവു്. ര. യിശന്നവൻ.

പായവേ-അ. ഫ. പതുക്കെ. ര. സ്വകായ്ത്തിൽ.

പായാനി-ഒരു വൃക്ഷം.

പായാനിപ്പുളവൻ-ഒരു പായു്.

പായാനിമുക്കുവൻ-ഒരു പായു്.

പായെ-അ ഫ. പതുക്കെ. ര സ്വകായ്ത്തിൽ.

പാർ-(ധാതു.) ചുറ്റും വ്യാപിക്കുക.

പരകായപ്രവേശം-ഒരുത്തന്റെ ആത്മാവു് മറ്റൊരുത്തന്റെ ശരീരത്തിൽ പ്രവേശിക്കുക

പരകായ്യം-പരന്റെ കായ്യം, അന്യന്മാരുടെ കായ്യം.

പരകീയ-വി. മറ്റൊരുത്തന്റെ, മറ്റൊരുത്തനേ സംബന്ധിച്ച.

പരകീയപദങ്ങൾ-മേടിക്കും അന്തസ്സിനും പ്രൌഢിക്കും ഗാംഭീര്യത്തിനും വേണ്ടി ചിലർ പ്രസിദ്ധിയുള്ള മലയാള പദങ്ങളെ ഉപേക്ഷിച്ചു് അതുകളുടെ സ്ഥാനത്തു് ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ.

പരകീയ പദങ്ങളെ ഉപയോഗിക്കുന്നതു് വളരെ കരുതിവേണം-സാഹിത്യ സാഹ്യം.

പരക്കം-പരുങ്ങൽ.

പരക്കവേ, പരക്കെ-അ. എല്ലായിടത്തും അറിക്കേ, വിസ്താരമായി, നടപ്പായി, എല്ലായിടത്തും.

പരക്കഴി-വി. കൂട്ടത്തിൽ നിന്നു തള്ളപ്പെട്ട.

പരക്കുന്നു ഫ വിസ്താരമാകുന്നു, നിരക്കുന്നു. ര. പ്രസിദ്ധമാകുന്നു. ന. ചിന്നുന്നു (സ. ക്രി. പരത്തുന്നു)

പരക്കുക എന്നതിന്റെ പേർ-പ്രസരം, വിസർപ്പണം.

പരഗതി-ഫ. മോക്ഷപ്രാപ്തി. ര. സ്വർഗ്ഗപ്രാപ്തി.

പരചക്രം-പരന്റെ ചക്രം, അന്യരാജാവും മറ്റും, ശത്രുസൈന്യം.

പരചിൽപദം-പരബ്രഹ്മം.

പരച്ചന്ദ-വി. മറ്റൊരുത്തനധീനമായ.

പരജനം-ഫ. മറ്റുള്ളവർ. ര. ശത്രുക്കൾ.

പരജന്മം-മറ്റൊരു ജന്മം.

പരജാത-വി മറ്റൊരുത്തനു ജനിച്ച.

പരജാതൻ-മനസ്സില്ലാമനസ്സോടെ അന്യനാൽ വളർത്തപ്പെട്ടവൻ.

പരജാതി-മറ്റൊരു ജാതിക്കാരൻ, പുറജാതിക്കാരൻ.

പരജ്ഞാൻ-അന്യനെ(ആത്മാന്തരം) അറിയുന്നവൻ.

പരഞ്ജനൻ-വരുണൻ.

പരഞ്ജയൻ-വരുണൻ.

പരഞ്ജം-ഇന്ദ്രന്റെ വാഹം.

പരണി-ഒരുവക മൺപാത്രം.

പരണിക്കിണ്ണം-പിഞ്ഞാണം.

പരണ്ട-ഫ. അടുപ്പിനു മീതേ കെട്ടിയുണ്ടാക്കുന്ന ചേര്. ര. മേത്തട്ട്.

പരണ്ട-വി. ചെറിയ, താണതായ.

പരണ്ടൽ-ക്രി. മാന്തൽ. ഉ. കരഞ്ചൽ.

പരണ്ടുന്നു-ക്രി. മാന്തുന്നു. ഉ. കരളുന്നു.

പരതന്ത്ര-വി. മറ്റൊരാളെക്കൊണ്ടധീനമായ, അന്യന്റെ ചൊല്പടിക്കു നടക്കുന്ന.

പരതന്ത്രൻ എന്നതിനു അന്യൻ പ്രധാനമായിട്ടുള്ളവൻ എന്നു ശബ്ദാർത്ഥം.

പരതര-വി. ഏറ്റവും അധികമായ.

പരതരുണി-ക്രി. അന്യസ്ത്രീ. ഉ. ശത്രുവിന്റെ ഭാര്യ.

പരതീരം-അക്കര, ആറിന്റെയും മറ്റും മറുകര.

പരതുന്നു-ക്രി. തപ്പുന്നു.

'പരതമില്ലാത്തവൻ പരതിനടക്കും'

(പഴമൊഴി)

ഉ. മീതേകിടക്കുന്നവയെ കൈകൊണ്ടു തടവിത്തെടുക്കുന്നു. ന. കണ്ണിൽ വളരുന്ന മാംസത്തെ മുറിച്ചുകളയുന്നു.

പരതൃഷ്ണി-മറ്റുള്ളവരുടെ സമ്പത്തിനോടുള്ള അത്യാഗ്രഹം.

പരത്തൽ-വിസ്താരമാക്കുക, നിവിർക്കുക, നിരത്തൽ.

പരത്തി-പരവന്റെ സ്ത്രീ.

പരത്തുന്നു-നിരത്തുന്നു, നിവിർക്കുന്നു.

പരത്രം-മറുലോകത്തു്, സ്വർഗ്ഗത്തു്.

പരത്രാണം-അന്യരെ രക്ഷിക്കയെന്നുള്ളതു്.

പരത്വം-ക്രി. വേറൊന്നു്, വ്യത്യാസം. ഉ. ഉൽക്കർഷം.

പരദണ്ഡം-ശത്രുശിക്ഷ.

പരദാരഗമനം-മറ്റൊരുത്തന്റെ ഭാര്യയിൽ പുരുഷൻ ചെയ്യുന്ന വ്യഭിചാരം.

പരദുഃഖം-മറ്റൊരാളുടെ ദുഃഖം.

പരദൂഷണം-മറ്റൊരാളുടെ ദൂഷണം, ഏഷണി, അപവാദം, കുറ്റം.

പരദേവത-കുടുംബദേവതയല്ലാത്ത ദേവം.

പരദേശം-അന്യരിക്കു്.

പരദേശി-അന്യദേശത്തുള്ളവൻ.

പരദൈവം-കുടുംബദേവതയല്ലാത്ത ദേവം.

പരദോഷം-മറ്റൊരാളുടെ കുറ്റം.

പരദ്രവ്യം-മറ്റൊരാളുടെ ധനം.

പരദ്രവ്യാനിച്ഛ-അന്യന്റെ മുതലിൽ അഗ്രഹമില്ലായ്മ.

പരദ്രവ്യേച്ഛ-അന്യന്റെ മുതലിലുള്ള അഗ്രഹം.

പരദ്രോഹം-പരോപദ്രവം.

പരദ്രോഹിയുടെ പേർ-നൃശംസൻ, ഘാതുകൻ, ക്രൂരൻ, പാപൻ.

പരദ്വേഷി-മറ്റുള്ളവരെ പകയ്ക്കുന്നവൻ

പരധനം-മറ്റൊരാളുടെ ദ്രവ്യം.

പരനാരി-മറ്റൊരുത്തന്റെ സ്ത്രീ.

പരൻ-ക്രി. മറ്റൊരുവൻ, അന്യൻ. ഉ. ശത്രു. മോക്ഷത്തെ പൂരിപ്പിക്കുന്നവനെന്നർത്ഥം. ന. ശ്രേഷ്ഠൻ. ര. ദൂരത്തുള്ളവൻ, ൪. ഈശ്വരൻ. ന പരമാത്മാവായുള്ളവൻ. (മായാസൃഷ്ടമായപ്രപഞ്ചത്തിൽ നിന്നു അന്യനായവൻ). ൬. സർവ്വോൽകൃഷ്ടൻ.

പരന്തപ-വി. ശത്രുക്കളെ ദുഃഖിപ്പിക്കുന്ന.

പരന്തപൻ-ജയശാലി, ശത്രുക്കളെ തപിപ്പിക്കുന്നവൻ.

'അനന്തഗുണനിധിപരന്തപൻ-ഇവനവന്തിജനപദപുരന്ദരൻ'

(നളചരിതം കഥകളി)

പരന്തിരിയസ്സു്-ഫ്രഞ്ചുഭാഷ.

പരന്തു-അ. പിന്നയോ?.

പരന്തുമാൻ-ദൈവം.

പരൻപൊരുൾ-ദൈവം.

പരൻപുരുഷൻ-ദൈവം, സർവ്വോൽകൃഷ്ടനായ പുരുഷൻ.

പരന്നനേ-അ. പരക്കെ.

പരപിണ്ഡം-മറ്റൊരാൾക്കു കൊടുക്കുന്ന അന്നം.

പരപിണ്ഡാദ-വി. മറ്റൊരാളിന്റെ അന്നം വാങ്ങിച്ചു ഭക്ഷിച്ചുപജീവിക്കുന്ന.

പരപീഡ-മറ്റൊരാളിന്റെ ദുഃഖം.

പരപുരുഷൻ-ഏ. മറെറാരുത്തൻ. ഉ. വിഷ്ണു.

പരപുഷ്ട-വി. അന്യനാൽ പോഷിപ്പിക്കപ്പെട്ട.

പരപുഷ്ടാ-കയിൽ എന്ന പക്ഷി. പരനാൽ (അന്യനാൽ, കാകനാൽ) പോഷിപ്പിക്കപ്പെടുന്നതുകൊണ്ട് ഈ പേർ വന്നു.

പരപൂവ്-രണ്ടാമതു് ഒരു സ്ത്രീയെ സ്വീകരിച്ചവൻ.

പരപ്പൻ-വി. പരന്ന.

പരപ്പൻ-അവിൽ.

പരപ്പിൽ-അം. വിസ്താരമായി.

പരപ്പു്-ഏ. വിസ്താരം. ഉ. വീതി.

പരന്നതിന്റെ പേർ-വിസൃതം, വിസ്തൃതം, തതം.

പരപ്പുവർ-ഏ. പള്ളിച്ചന്മാർ. ഉ. പരസ്യമാക്കൽ.

പരപ്രത്യയനേയബുദ്ധി-അന്യനിലുള്ള വിശ്വാസംകൊണ്ടു് വശപ്പെട്ടതപ്പെടാവുന്നവൻ, മൂഢൻ.

പരപ്രത്യയം - മറെറാരുത്തനെക്കുറിച്ചുള്ള ബഹുമാനം.

പരപ്രേരണ-അന്യന്റെ പ്രേരണ (പ്രോത്സാഹിപ്പിക്കൽ).

പരബലം-ഏ. അന്യശക്തി. ഉ. ശത്രുബലം.

പരബാധ-പരപീഡ.

പരബോധം-മറുള്ളവരുടെ സമ്മതം.

പരബ്രഹ്മമൂർത്തി, പരബ്രഹ്മം-ദൈവം, എങ്ങും നിറഞ്ഞു ചലനമോ വികാരമോ ഒന്നുമില്ലാത്ത അനന്തമായ വസ്തു. സർവ്വജീവകർമ്മങ്ങൾക്കും ജീവനായി, വാങ്മനസാതിവിദൂരനായി, സർവ്വേന്ദ്രിയങ്ങൾക്കും നാഥനായി സ്വയം പ്രകാശിക്കുന്ന ജ്യോതിസ്സു്.

പരഭാഗം-ഏ. മറെറാന്നിന്റെ പങ്കു്. ഉ. കൂട്ടുകലയ്ക്കു യോഗ്യത. ന. ഒന്നിന്റെ കറവു് മറെറാന്നിൽ തീർക്കുക, ഒന്നിനു വിപരീതഗുണമായ മറെറാന്നിനോടുള്ള സമ്പർക്കത്തിൽ ഉണ്ടാകുന്ന ഗുണോൽകർഷം. ര. വെളുപ്പിൽ കറുപ്പു ചേർന്ന നിറം.

പരഭാഷ്യ-ഏ. അന്യന്റെ ഭാഷ്യം. ഉ. ശത്രുഭാഷ്യം.

പരരക്ഷിത-വി. അന്യനാൽ രക്ഷിക്കപ്പെട്ട.

പരരക്ഷിതം-കയിൽ. അന്യനാൽ രക്ഷിക്കപ്പെടുന്നതു് എന്നർത്ഥം. കയിൽ കാക്കക്കൂട്ടിൽ മുകുന്തവെക്കുന്ന കുട്ടികളെ കാക്ക തന്റെ കുട്ടികളെന്നു കരുതി വളർത്തും. പറക്കാറാകുമ്പോൾ പറന്നു തങ്ങളുടെ കൂട്ടിൽ ചെന്നുചേരും.

'സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സംലക്ഷ്യതേകിമുതയാഃപ്രതിബോധവത്യാം
പ്രാഗന്തരിക്ഷഗമനാൽസ്വമപത്യജാത-
മന്യൈഃഖരൈഃപരഭൃതാഃഖലുപോഷയന്തി' (ശാകുന്തളം)

പരരതികം-പെൺകയിൽ.

പരരന്ധ്രം-കാക്ക. അന്യനെ രമിക്കുന്നതു്. കയിലിന്റെ കുഞ്ഞിനെ വളർത്തുകയാൽ ഈ പേരുണ്ടായി.

പരരൂപരിതം-രൂപകം എന്ന അലങ്കാരത്തിന്റെ ഒരു പിരിവു്.

പരമ-വി. ഏ. ശ്രേഷ്ഠമായ, ഉ. പ്രധാനമായ. ന. വളരെ നല്ലതായ. ര. വലിച്ച.

പരമകാഷ്ഠ-ഏ. അങ്ങേ അറ്റത്തെ അവസ്ഥ, ശ്രേഷ്ഠത. ഉ. ആധിക്യം. ന. അതിശക്തി.

പരമഗതി-മോക്ഷം.

പരമഗുരു-പ്രധാനഗുരു.

പരമണ്ഡലം-ഏ. അന്യപ്രദേശം, അന്യരാജ്യം. ഉ. ശത്രുരാജ്യം.

പരമരഹസ്യം-ഏറ്റവും രഹസ്യമായുള്ളത്

പരമഹംസൻ-അത്യുത്തമസന്ന്യാസി.

പരമാണു-ത്രസരേണുവിൽ മുപ്പതിൽ ഒരു പങ്ക്.

പരമാണുജീവി- പരമാണുപ്രായത്തിൽ ജീവിക്കുന്ന ജന്തു.

പരമാത്മാവു്- ദൈവം, പ്രധാനമായ ആത്മാവു്, ശ്രേഷ്ഠമായ ചൈതന്യശക്തി, സചരാചരങ്ങൾക്കും ജീവനായിരിക്കുന്ന ചൈതന്യം.

പരമാനന്ദം-പ്ര. മഹാസന്തോഷം, ഭാഗ്യം. ഉ. ദൈവം.

പരമാനന്ദമൂർത്തി - ആനന്ദസ്വരൂപം, ദൈവം.

പരമാനന്ദിക്കുന്നു- അധികം സന്തോഷിക്കുന്നു.

പരമാന്നം-പായസം, ക്ഷീരാന്നം.

പരമാർത്ഥജ്ഞാനം, പരമാർത്ഥബോധം-നേരിനെ അറിക.

പരമാർത്ഥം-സത്യം, നേര്.

പരമാർത്ഥവസ്തു-സത്യമായ വസ്തു, ദൈവം.

പരമാർത്ഥി-സത്യമുള്ളവൻ, നേരുള്ളവൻ

പരമാസ്ത്രം-പാശുപതാസ്ത്രം.

'കട്ടക്കെന്നരുതരിഞ്ഞുപുരന്തകൻ
പരമാസ്ത്രമെടുത്തിങ്ങുതന്നതും'
(സന്താനഗോപാലം പാന)

പരമേശ്വരൻ-പ്ര. ശിവൻ. ഉ. ദൈവം ന. വിഷ്ണു. ര. ഇന്ദ്രൻ. ഇ. പരബ്രഹ്മം.

പരമേശ്വരി-പ്ര. പാർവ്വതി. ഉ. ദേവി.

പരമേഷ്ഠീ-പ്ര. ബ്രഹ്മാവു്. ഏറ്റവും ശ്രേഷ്ഠമായ സ്ഥാനത്തിൽ (ലോകത്തിൽ) ഇരിക്കുന്നവൻ, പരമത്രികൾ (ത്രിഭാകാശത്രികൾ-ബ്രഹ്മപദത്രികൾ) സ്ഥിതി ചെയ്യുന്നവൻ, എല്ലാ ലോകങ്ങളിലും ശ്രേഷ്ഠമായ സത്യലോകത്തിൽ ഇരിക്കുന്നവൻ ഇങ്ങിനെ ശബ്ദാർത്ഥം. ഉ. വിഷ്ണു. ന. ശിവൻ. ര. ഗരുഡൻ. ഇ. അഗ്നി.

പരമോപദേശം-സാരമായ ഉപദേശം.

പരമ്പു്-പ്ര. നെല്ലു ചിക്കവാനായിട്ടു് ഒട്ടല്ല കീറി നെയ്തുണ്ടാക്കിയ വസ്തു, പായു്, പായ്യായങ്ങം-കടം, കിളിഞ്ഞകം. ഉ. കിടക്കുന്നതിനു് കൈതയോല, പനയോല മുതലായതുകൊണ്ടുണ്ടാക്കിയ വസ്തു.

പരമ്പദം-എല്ലാറ്റിലും മീതെയുള്ള സ്ഥാനം, വൈകുണ്ഠം.

പരമ്പര-വി. തുടർന്തുടർന്നുള്ള, തലമുറതലമുറയായുള്ള.

പരമ്പര-പ്ര. പാരമ്പര്യം. ഉ. സന്തതി. ന. ക്രമം. ര. തലമുറ. ഇ. നിര. ഉം. ശൃംഗപരമ്പര.

പരമ്പരൻ-പ്ര. വംശത്തിലുള്ളവൻ. ഉ. ഒരുവകമാൻ.

പരമ്പരാകർമ്മം-യാഗത്തിനായിട്ടു പശുവിനെ കൊല്ലുക. പ്രാണപരമ്പരയിൽ ചെയ്യുന്ന കടിച പ്രവൃത്തി എന്നർത്ഥം.

മൂക്കും വായും മറവും കൂട്ടിപ്പിടിച്ചു ശ്വാസം മുട്ടിച്ചും ശ്വാസം മുഴച്ചുവരുമ്പോൾ ആ സ്ഥലങ്ങളിൽ അടിച്ചു അഴുത്തിയും മറവുചെയ്തു ഹിംസിക്കുകയാണു് ഈ കടിച പ്രവൃത്തി.

പരമ്പരാവാഹനം-പരമ്പരയാ വഹിക്കപ്പെടുന്ന വാഹനം. പര്യായം-വൈനീതകം.

തേർ, വണ്ടി മുതലായവയെവഹിക്കുന്ന കുതിര, കാള മുതലായവയ്ക്കും; ശിബിക മുതലായതിനെ വഹിക്കുന്ന പുരുഷന്മാർക്കും ഒരു നിശ്ചിതസ്ഥലത്തു് എത്തുന്ന സമയം മാറുമുണ്ടാവുകയും, ആ തരത്തിലുള്ള മറ്റു ചില വാഹകന്മാർ ആ വാഹനത്തെ വഹിക്കുകയും ചെയ്യുന്നു എങ്കിൽ അതിനു വൈനീതകം എന്നു പേർ.

പരമ്പരോപദേശം- പാരമ്പര്യോപദേശം

പരയുവതി മറ്റൊരുവന്റെ ഭാര്യ.

പരരാജ്യം-അന്യരാജ്യം.

പരലോകപ്രാപ്തി-മറ്റൊരു ലോകത്തു ചെല്ലുക, മരണം.

പരലോകം-അന്യലോകം, സ്വർഗ്ഗം മുതലായവ.

പരലോകവാസം-അന്യ ലോകത്തിൽ പാർക്കുക.

പരൽ-പ്ര. കവടി. ര. ഒരുവക മത്സ്യം. ഈ മത്സ്യം നാടോടുമാണ്. സം-കലാടം.

നു. ചരൽ.

പരൽപ്പേരു്, പരപ്പേരു്- അക്ഷരങ്ങൾകൊണ്ടു സംഖ്യ അറിയുന്നതിനുള്ള ഒരു കണക്കു്. (അക്ഷരസംഖ്യ നോക്കുക).

പരവ-പ്ര. ഒരുവക മത്സ്യം. ര. കടൽ, സമുദ്രം. പരപ്പുനിമിത്തം ഈ പേർ വന്നു. നു. പടരുന്ന ഒരു ചെടി.

പരവക്രിയാ— അല്പസമവൃത്തങ്ങളിൽ ഒന്നു്.

പരവൽ-വി. മറ്റൊരാളുടെ അധീനമായ, നാഥനുള്ള.

പരവതരം-സമുദ്രത്തിനു തുല്യമായി.

പരവതാനി-ഒരുവക രത്നക്കമ്പിളി.

പരവതി-മറ്റൊരാളുടെ അധീനമായതു്, നാഥനുള്ളതു്.

പരവധു-പ്ര. അന്യന്റെ ഭാര്യ. ര. ശത്രുഭാര്യ. നു. അന്യസ്ത്രീ.

പരവൻ-പ്ര, ഒരു താണജാതിക്കാരൻ. (ഇവന്റെ സ്ത്രീ-പരത്തി.) ര. ചില സമുദ്രതീരങ്ങളിൽ പാർക്കുന്ന ഒരു ജാതിക്കാർ. നു. ഒരുവക മുക്കുവർ. ഭ. ഒരു മാതിരി കല്ലാശാരി. ഇ. അരയൻ. ന. നളയൻ. ഒ, മനസ്സു നിലവാസി.

പരവശ-വി. പ്ര. മറ്റൊരാളുടെ അധീനമായ, ആശ്രയിച്ചു ജീവിക്കുന്ന. ര. ക്ഷീണിച്ച. നു. പ്രയാസപ്പെടുന്ന ഭ. ദരിദ്രമുള്ള. ഇ. ദീനം പിടിച്ച

പരവശത-പ്ര. പാരവശ്യം. ര. ക്ഷീണത. നു. ദീനം. ഭ. ദാരിദ്ര്യം. ഇ. പ്രയാസം.

പരവശൻ-സ്വയമേ ഒന്നും ചെയ്യാൻ വയ്യാത്തവൻ.

പരവശപ്പെടുന്നു-പ്ര. ഞെരുങ്ങുന്നു. ര. ക്ഷീണിക്കുന്നു.

പരവാണി-കാർത്തികേയന്റെ മയിൽ.

പരവാൻ-അന്യന്റെ ചൊല്പടിക്കു നടക്കുന്നവൻ. അന്യനായ സ്വാമിയുള്ളവനെന്നർത്ഥം.

പരവുന്നു-പരക്കുന്നു.

പരശാസ്ത്രം-അന്യശാസ്ത്രം

പരശു-വെണ്മഴു. ശത്രുവിനെ ഹിംസിക്കുന്നതു് എന്നർത്ഥം.

പരശുധരൻ-ഒരു മഹർഷി, പരശുരാമൻ.

പരശുപാണി-പ്ര. പരശുരാമൻ. ര. ഗണേശൻ. നു. ശിവൻ. ഭ. ശിവന്റെ ഭടന്മാരിൽ ഒരുത്തൻ.

പരശുരാമൻ-ജമദഗ്നിമഹർഷിയുടെ പുത്രൻ, പരശുധരൻ.

ഇദ്ദേഹം വിഷ്ണുവിന്റെ ആറാമത്തെ അവതാരപുരുഷനാകുന്നു. കാർത്തവീര്യൻ മുതലായ ക്ഷത്രിയരാജാക്കന്മാരെ നിഗ്രഹിച്ചു ധർമ്മസംരക്ഷണം ചെയ്യുന്നതിനാണ് ഇദ്ദേഹം അവതരിച്ചത്. അച്ഛൻ ജമദഗ്നിമഹർഷി. അമ്മ രേണുക. ത്രേതായുഗത്തിന്റെ ആരംഭത്തിലാണ് അവതരണം. ബാല്യത്തിൽ ആയുധശാസ്ത്രം പഠിപ്പിച്ചതു ശിവനാണ്. അദ്ദേഹത്തിൽനിന്നും ഒരു പരശു സമ്മാനം കിട്ടീട്ടുണ്ട്. ഇതുകൊണ്ടത്രേ പരശുരാമൻ എന്നു വിളിക്കപ്പെടുന്നതു്. പിതൃനിയോഗപ്രകാരം ഒരിക്കൽ ഇദ്ദേഹം മാതാവിനെ കൊന്നു, പിന്നീട് പിതാവിനെക്കൊണ്ടുതന്നെ ആ മാതാവിനെ ജീവിപ്പിച്ചു. ക്ഷത്രബന്ധുത്വത്തെ ഒരിക്കൽ ഇദ്ദേഹം പിളർന്നു. ഇതിനു കാരണം സുബ്രഹ്മണ്യനോടുള്ള മത്സരമായിരുന്നു. ഇദ്ദേഹം ഇരുപത്തൊന്നുതവണ ക്ഷത്രിയരാജാക്കന്മാരെ വധിച്ചു. ഇതിന്റെ ഹേതു ഇദ്ദേഹം കാർത്തവീര്യനെ വധിച്ചതിനു കാർത്തവീര്യന്റെ പുത്രന്മാർ ജമദഗ്നിയെ കൊലപ്പെടുത്തിയതുമായിരുന്നു. ക്ഷത്രിയരാജാക്കന്മാരുടെ ചോരകൊണ്ടു പരശുരാമൻ 'സമന്തപഞ്ചകം' എന്ന തടാകങ്ങളും നിറച്ചു എന്നാണ് പറയപ്പെട്ടിട്ടുള്ളതു്. സീതാവിവാഹം കഴിഞ്ഞു ശ്രീരാമൻ ഭാർഗ്ഗവൻ മുതലായവരെ നിസ്സാരവർത്തമാനംകൊണ്ടു പരിഹസിച്ചു വശംകെടുത്തി. ഇദ്ദേഹം തുടർന്നു പക്ഷേ രാമചന്ദ്രൻതന്നെ ജയിച്ചു. പരശുരാമൻ 'നൃക്ഷൻ' 'ഖണ്ഡപരശു' ഇങ്ങിനെ രണ്ടു പേരുകൂടി കാണുന്നുണ്ട്. ഇദ്ദേഹം ഇപ്പോഴും മഹേന്ദ്രഗിരിയിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്നതായിട്ടാണ് ഊഹിക്കപ്പെട്ടിരിക്കുന്നു. പരശുരാമൻ ത്രേതായുഗത്തിൽ മാതൃഹത്യാദോഷം പരിഹരിക്കുന്നതിനായി ഏഴു പ്രാവശ്യം ക്ഷത്രിയരാജാക്കന്മാരെ കൊല്ലുകയാൽ സംഭവിച്ച വീരഹത്യാപാപനിവൃത്തിക്കു് ഭൂമി അഖിലം ബ്രാഹ്മണർക്കു ദാനംചെയ്യപ്പെട്ടുകൊണ്ടു് തന്റെ വാസത്തിനായി ഏഴു യോജന നീളവും ഏഴു യോജന വീതിയുമുള്ളതും, ശോകക്ലേശം മുതൽ കന്യാകുമാരിവരെ സഹ്യപർവ്വതത്തിനു പടിഞ്ഞാറുഭാഗം കിടക്കുന്നതുമായ കേരളത്തെ സൃഷ്ടിച്ചു.

പരശുരാമപ്രതിഷ്ഠ-വേഴാമ്പൽ.

പരസ്ത്രീ-അന്യസ്ത്രീ.

പരശ്വധം-വെണ്മഴു, കോടാലി. ശത്രുവിന്റെ അഭിവൃദ്ധിയെ കളയുന്നതെന്നർത്ഥം.

പരശ്വരി-അ. മറ്റൊന്നാം.

പരശ്രുതം-വി. നാലിൽ അധികമുള്ള.

പരസുഖം-ഫ. അന്യന്മാരുടെ സുഖം. ഉ. പരമാനന്ദം.

'പൂരിതപരസുഖനാരദമുനിവര'
(നളചരിതം കഥകളി)

രണ്ടർത്ഥവും ഇതിലുണ്ട്.

പരസ്ത്രീ-അന്യന്റെ സ്ത്രീ.

പരസ്ത്രീസംഗം-മറ്റൊരുത്തന്റെ സ്ത്രീയെ പ്രാപിക്ക

പരസ്പരം-വി. അന്യോന്യമായുള്ള.

പരസ്മൈപദം-വേറൊരുത്തന്റെ വിഷയത്തിൽ പ്രയോഗിക്കേണ്ടപദം.

പരസ്യപ്പെടുത്തുന്നു.— പ്രസിദ്ധപ്പെടുത്തുന്നു.

പരസ്യം-ഫ വിളംബരം. ഉ. പ്രസിദ്ധം.

പരസ്വധം-വെണ്മഴു. (പരശ്വധം എന്നതിന്റെ പാഠം).

പരസ്വം-മറെറാരുവന്റെ മുതൽ.
'പരസ്വമത്രൈകലകന്യകാജനം'
(അഭിജ്ഞാനശാകുന്തളം നാടകം)

പരസ്സഹസ്രം-വി. ആയിരത്തിലധിക മുള്ള.

പരഹിത-വി. മറവുള്ളവക്ക് ഹിതമായ

പരഹിതം-ഒരുമാതിരി ഗണിതം.

പരള-വരളി, ഉണക്കിയ ചാണകം.

പരാ-അ. ഇതു ചില സംസ്കൃതപദങ്ങളുടെ ആദിയിൽ വരുമ്പോൾ പ്രാധാന്യം, അതിക്രമം, മടക്കം ഇങ്ങിനെ പല അർത്ഥങ്ങളും വരും.

പരാ-നാലുവിധം ശബ്ദങ്ങളിൽ ഒന്നാമത്തേതു്.
ഒന്നാമത്തേതായ ഈ ശബ്ദം മൂലാധാരത്തിൽ ബ്രഹ്മസച്ചുപേണ ഇരിക്കുന്നു. മറവു മൂന്നു ശബ്ദങ്ങളും-പശ്യന്തി, മധ്യമ, വൈഖരി.

പരാകം-യാഗകർമ്മം.

പരാക്രമം-പ്ര. ശക്തി. പരന്മാരെ ആക്രമിക്കുന്നതു് എന്നർത്ഥം. മറവു പര്യായങ്ങളും-ഭുവിണം, തരസ്സു്, സഹസ്സു്, ബലം, ശൌര്യം, സ്ഥാമാവു്, ശുഷ്മം, ശക്തി, പ്രാണം. ക. മത്സരം. ന. വീര്യം.

പരാക്രമി-ശക്തിയുള്ളവൻ

പരാഗം-പ്ര. പൂമ്പൊടി, പൂവിലെപ്പൊടി. കാറ്റിനെ അനുസരിച്ചു് പാറിപ്പോകുന്നതു് എന്നർത്ഥം. മറെറാരു പര്യായം സുമനോരജസ്സു്. ക. പൊടി. ന. കളകഴിഞ്ഞാൽ ശരീരത്തിൽ പിരട്ടുന്ന ഒരു സുഗന്ധപ്പൊടി, കളിപ്പാനുള്ള ഗന്ധദ്രവ്യം മുതലായതു്.

പരാങ്മുഖ-വി. പിൻതിരിഞ്ഞ, മുഖം തിരിച്ച.

പരാചിത-വി. അന്യനാൽ രക്ഷിക്കപ്പെട്ട.

പരാചിതൻ-മനസ്സില്ലാമനസ്സോടെ അന്യനാൽ വളത്തപ്പെട്ടവൻ. [പരനാൽ (അന്യനാൽ,) ആചിതൻ (വളത്തപ്പെട്ടവൻ)]. പരാജിതൻ എന്നും പാഠമുണ്ടു്

പരാചീന-വി. പിൻതിരിഞ്ഞ.

പരാജയം-തോലി, മടക്കം.

പരാജിത-വി. പ്ര. ജയിക്കപ്പെട്ട. ക. തോല്പിക്കപ്പെട്ട. (അന്യന്മാരാൽ ജയിക്കപ്പെടുന്നവൻ = പരാജിതൻ)

പരാജിതൻ-തോറ്റവൻ. ശത്രുക്കളാൽ അഭിഭവിക്കപ്പെട്ടവൻ എന്നർത്ഥം.

പരാൽ-അ. വളത്തു്.

പരാതി-പ്ര. അപവാദം, ദൂഷണം. ക. (മലയാളം) സങ്കടം.

പരാതിക്കാരൻ — സങ്കടമറിയിക്കുന്നവൻ.

പരാതീതൻ-സർവ്വത്തെയും അതിക്രമിച്ചവൻ, പരമാത്മാവു്. സർവ്വോൽകൃഷ്ടൻ എന്നർത്ഥം.

പരാധീന-പ്ര. മറെറാരുവനെ സേവിക്കുന്ന, അന്യന്റെ ചൊല്പടിക്കു നടക്കുന്ന. ക. പ്രയാസപ്പെടുന്ന.

പരാധീനപാത്തന്മാർ-അന്യന്റെ അധീനതയെ പാലിക്കുന്ന ദുഃഖികൾ.

പരാധീനപ്പെടുന്നു-പ്രയാസപ്പെടുന്നു.

പരാധീനം-പ്ര. ആശ്രയം. ക. പ്രയാസം.

പരാനന്ദം-അധികമായ സന്തോഷം.

പരാനുകൂലം-മറെറാരുത്തന്റെ അനുകൂലം.

പരാനെ-വേഗത്തിൽ. (പ-മ)

പരാന്നഭോജി, പരാന്നൻ-മറെറാരുവന്റെ അന്നം കൊണ്ടുപജീവിക്കുന്നവൻ. മറെറാരു പര്യായം-പരപിണ്ഡാദൻ.

പരാന്നം — മറെറാരുവൻ കൊടുക്കുന്ന ചോറു്.

പരാപര-വി. നല്ലതും ചീത്തയുമായ, അതിയും അന്തവുമായ.

പരാപരവസ്തു – ആദ്യന്തമായ വസ്തു, ദൈവം.

പരാപവാദം-പരനിന്ദ.

പരാപേക്ഷ – മറെറാരുവനെ ആശ്രയിക്ക.

പരാഭവം-പ. മടക്കം, തോൽവി. ക. അവമാനം. ന. നാശം. ര. പ്രഭവാദി അറുപതു വർഷങ്ങളിൽ ഒമ്പതാമത്തെ വത്സരം.

പരാഭൂത-വി പ. തോല്പിക്കപ്പെട്ട, തോററ. ക. അവസാനിക്കപ്പെട്ട. ന. തിരസ്കരിക്കപ്പെട്ട.

പരാഭൃതി-പ. അവമാനം. ക. ഉൽകൃഷ്ടമായ ഐശ്വര്യം. ന. നല്ല ഭസ്മം.

പരാമർശ(ന)ം – പ. വിചാരം. ക. സൂക്ഷ്മം.

പരാമർശിക്കുന്നു-പ. പ്രധാന സംഗതികളെപ്പററി പ്രസ്താവിച്ചു മൊത്തത്തിൽ ചിന്തിക്കുന്നു. ക. സംബന്ധിച്ചുപറയുന്നു.

പരാമർഷം-അധികം കോപം.

പരാമൃഷ്ട-വി. സ്പർശിക്കപ്പെട്ട.

പരായണ-വി. ആസക്തിയുള്ള, താൽപര്യമുള്ള.

പരായണം-മതസംബന്ധമായുള്ള ക്രമം, പരമ്പരാചാരം. ക. മോക്ഷം. ന. ആസക്തിസ്ഥാനം.

പരായുതം-പതിനായിരത്തിലധികമുള്ള.

പരാരി-അ. രണ്ടാമൻ.

പരാർദ്ധം-പ. ഒരു വലിയ തുക.

൧൦൦,൦൦൦,൦൦൦,൦൦൦,൦൦൦.

'ലക്ഷകോട്യബ്ജമുളീപരാർദ്ധവും'

(കല്യാണസൗഗന്ധികം തുള്ളൽ)

ക. പതിനെട്ടാമത്തെ സ്ഥാനം. ന. മറെറപ്പക്ഷി.

പരാർദ്ധ്യ-വി. ശ്രേഷ്ഠതയുള്ള.

പരാർദ്ധ്യം-ശ്രേഷ്ഠം. പരമായ (ശ്രേഷ്ഠമായ) അർത്ഥത്തിൽ ഭേദിച്ചുതെന്നത്ഥം.

പരാവർത്തനം-പ. അതേ സംഗതിയെത്തന്നെ വേറൊരുവിധത്തിൽ പ്രസ്താവിക്കുകയെന്നത്. ക. പദ്യത്തിന്റെ അർത്ഥം ഏറക്കുറവുകൂടാതെ ശ്ലോകത്തിലാക്കുന്ന സമ്പ്രദായം.

പരാവൃത്ത-വി പ. ഒട്ടിപ്പോയ. ക. തിരിച്ചുവന്ന.

പരാശരൻ-ഒരു മഹർഷി.

പിതാവ് 'ശക്തി'. മാതാവ് 'അദൃശ്യന്തി'. പിതാവായ ശക്തി കമ്മഷപാദരാജാവിനെ ശപിച്ചു രാക്ഷസനാക്കി. ഇതിനു കാരണം വഴിയിൽനിന്നു മാറിനില്ക്കാത്ത കോപമയിരുന്ന ശക്തിയെ രാജാവു തല്ലുകൊട്ടി ചെയ്തു. രാക്ഷസനായ മാതൃയിൽതന്നെ ശക്തിയെ ഭക്ഷിച്ചു. അനന്തരം ശക്തിയുടെ ഭാര്യയായ അദൃശ്യന്തി പരാശരനെ പ്രസവിച്ചു. താതോദന്തം കേട്ട പരാശരൻ രാക്ഷസവംശോന്മൂലനാശത്തിനായി ഒരു യാഗം ആരംഭിച്ചു. വസിഷ്ഠൻ മുതലായവർ തടയുകയാൽ അതു നടന്നില്ല.

പരാശ്രയ-വി. അന്യനെആശ്രയിക്കുന്ന.

പരാശ്രയം – മറെറാരുവനെ ആശ്രയിക്കുക.

പരാശ്രയാ-ഒരു ദേവത.

പരാസനം-കൊല, വധം. ക്ഷേപിക്കുക എന്നത്ഥം.

പരാസു-മരിച്ചവൻ. പ്രാണൻ പോയവനെന്നത്ഥം.

'സുരാൽപരാസോരനിമേക്ഷലോചനാൽ

(ദശാവതാരം)

പരാസുത, പരാസുതാ-മരണം.

പരാസുന്ദരി-പ. കള്ളൻ. അന്യന്മാരെ

കഴക്കുന്നവനെന്നത്ഥം. ര. അന്യനെ വ്യംപിക്കുന്നവൻ.

പരാഹത-വി. ക. ആക്രമിക്കപ്പെട്ട് ര. അടിക്കപ്പെട്ട.

പരാഹ്നം-ഉച്ചയ്ക്കു പിന്നീടുള്ള ദിവസം, ഉച്ചതിരിഞ്ഞിട്ടുള്ള പകൽഭാഗം.

പരി-വി. അഴകുള്ള. [കം'

'പഴിയില്ലാദിത്യനെയാദിത്യൻപരിരശ്മി

(ശിവൽഗീത-മാധവപ്പണിക്കർ)

പരി-അ. ഇതു ചില മൊഴികളോടു ചേരുമ്പോൾ ചുറ്റും, വിട്ടൊഴിവ്, പങ്ക്, അവസാനം, വിഭാഗം, ദിനം, ബഹു, ക്ഷമചോദിക്കുക, സൽക്കാരം, ആലിംഗനം, ആഭരണം, തള്ളിക്കളയുക, വിസ്താരം, തടവ്, അടയാളം, ദുഃഖം, സത്യം ഇങ്ങിനെ പല അർത്ഥങ്ങൾ വരും.

പരി-കൃതി.

'പരികരിതേർകലാളൊട്ടനാമും'

(ശിവൽഗീത-മാധവപ്പണിക്കർ)

പരികഥ-കള്ളക്കഥ.

പരികമ്പം-ക. ഭയം. ര. വിറയൽ.

പരികമ്പിത-വി. ഇളക്കപ്പെട്ട.

പരികര-വി. സഹായിക്കുന്ന.

പരികരം-ക. കട്ടിൽ. ര. മെത്ത. ന. കാപ്പ്. ഘ. ആരംഭം. ങ. ആശ്ലേഷം. ശരീരത്തോടു ചേർന്നുള്ള വസ്ത്രം, പരിചാരകജനം. ഞ. പുരുഷാരം. ഛ. സാഹിത്യശാസ്ത്രത്തിൽ ഒരലങ്കാരത്തിന്റെ പേർ.

അഭിപ്രായഗർഭങ്ങളായ വിശേഷണങ്ങളെ ചെയ്യുന്നതു പരികരാലങ്കാരം ഉം, 'അമ്പിളിക്കലചൂടുന്നതുമുരാന്തകപദാശ്രയൻ'.

വ്യ. അരയും തലയും മുറുക്കി കെട്ടുക എന്ന സമ്പ്രദായം.

പരികത്തനം-ക. മുറിക്കൽ, കണ്ടിക്കൽ. ര. പുത്തരിയിൽ കണ്ടിക്കൽ. ന. സൂചികൊണ്ടു കുത്തുന്നതുപോലെയുള്ള വേദന.

പരികമ്മം-ക. ശുശ്രൂഷ. ര. ആഭരണങ്ങൾകൊണ്ടും മറ്റും ദേഹത്തിൽ അലങ്കരിക്കുക.

പരികമ്മാവ്-ഭർത്താവ്.

പരികമ്മി-അടിമക്കാരൻ, വേലക്കാരൻ

പരികമ്മി-വി. അലങ്കരിക്കുന്ന. (സ്ത്രീ-പരികമ്മിണി.)

പരികല്പനം-ചതി.

പരികല്പിതം-വി. ക. നിശ്ചയിക്കപ്പെട്ട. ര. ഉണ്ടാക്കപ്പെട്ട.

പരികല്പിക്കുന്ന-സ്ഥിരപ്പെടുത്തുന്ന.

പരികാംക്ഷിതൻ-സന്ന്യാസി.

പരികീർണ്ണം-വി. ക. പരന്ന, ചിതറപ്പെട്ട. ര. ചുറ്റുമുള്ള, തിങ്ങിയ, നിറഞ്ഞ.

പരികീർത്തിതം-വി. ക. പ്രസിദ്ധപ്പെടുത്തിയ. ര. വെളുപ്പെടുത്തിയ. ന. പറയപ്പെട്ട, അറിയിക്കപ്പെട്ട.

പരിക്രുടം-കോട്ട, കിടങ്ങ്.

പരികേട്ട് - കറച്ചിൽ, നാണക്കേട്. (പ-മ.)

പരിക്ക-ക. ഇന്നപ്പോൾ പണം കൊടുത്തുകൊള്ളാമെന്നു ഒരു സക്കാരദ്രോഹസ്ഥന്റെ മുമ്പാകെ ഒരു ഉടമ്പടി ചെയ്യൽ. ര. ശപഥം, പ്രതിജ്ഞ.

പരിക്കൽ, പരുക്കൽ-ക. മുറിവ്. ര. ഒരു വൃക്ഷം. ന. തഴമ്പ്.

പരിക്രമ(ണ)ം-ക. ചുറ്റും നടക്കൽ. ര. നടക്കുക, പാദസഞ്ചാരം.

'സുരാംഗനാനാമവനൌപരിക്രമഃ'

പരിക്രമത്തിനു പാദസഞ്ചാരം എന്നും ക്രീഡാസഞ്ചാരം എന്നും പേരായം.

പരിക്രമസഹം-ആട്ട്.

പരിക്രമിക്കുന്ന-ചുറ്റും നടക്കുന്ന.

പരിക്രയ(ണ)ം-വിലയ്ക്കു വാങ്ങിക്ക.

പരിക്രാന്ത-വി. ചുറ്റും നടക്കപ്പെട്ട.

പരിക്രിയ-ഫ. പരിജനങ്ങൾ മുതലായവർ വന്നു ചുറ്റും നില്ക്കുക. പരികരണം എന്നർത്ഥം. ക. വീണ്ടെടുപ്പ്.

പരിക്ഷതം-മുറിവുപെട്ടത്.

പരിക്ഷാ-ചക്കി, തൊലി.

പരിക്ഷിപ്ത-വി. ചുറ്റപ്പെട്ട, മതിൽ കിടങ്ങു മുതലായതിനാൽ ചുറ്റപ്പെട്ട.

പരിക്ഷീ(വ)ബ-വി. നല്ലവണ്ണം ലഹരി പിടിച്ച.

പരിക്ഷേപം-ചുറ്റൽ, ചുറ്റ്.

പരിഖ-കിടങ്ങ്, കഴി, കോട്ടയുടെ ചുറ്റും കാണപ്പെടുന്ന കിടങ്ങ്. നാലുപുറവും കഴിച്ചുണ്ടാക്കപ്പെട്ടത് എന്നർത്ഥം.

പരിഖാത-വി. കഴിക്കപ്പെട്ട.

പരിഖിന്ന-വി. ദുഃഖിക്കപ്പെട്ട.

പരിഖേദം-ദുഃഖം.

പരിഖ്യാതി-കീർത്തി.

പരിഗണനം-പൂർണ്ണമായിത്തിട്ടപ്പെടുത്തുക.

പരിഗണനീയം— വിചാരിക്കപ്പെടേണ്ടത്.

പരിഗണിക്കുക-എണ്ണുക, വിചാരിക്കുക, ചേർക്കുക, ബഹുമാനിക്കുക.

പരിഗണിത-വി. എണ്ണപ്പെട്ട, വിചാരിക്കപ്പെട്ട, ചേർക്കപ്പെട്ട, ബഹുമാനിക്കപ്പെട്ട

പരിഗാഹ്യ-വി. വിചാരിക്കത്തക്ക.

പരിഗത-വി. വ്യാപിച്ചിരിക്കുന്ന, ചുറ്റിയിരിക്കുന്ന.

പരിഗമ-ഫ. ചുറ്റുംനടക്ക. ക. അന്വേഷിച്ചുനടക്കുക. ന. അറിക, നിശ്ചയപ്പെടുത്തുക.

പരിഗർജ്ജനം-മുഴക്കം, ചുറ്റും ശബ്ദംകൊണ്ടുള്ള നിറപ്പ്.

പരിഗർജ്ജിക്കുന്ന-മുഴക്കുന്ന, ചുറ്റും ശബ്ദംകൊണ്ടു നിറയ്ക്കുന്ന.

പരിഗൃഹ്യ-വി. രക്ഷകർക്കാളുകളെപ്പെടുവാൻ തക്ക.

പരിഗൃഹ്യ-വിവാഹം ചെയ്യപ്പെട്ടസ്ത്രീ.

പരിഗ്രഹണം-സ്വീകാരം.

പരിഗ്രഹം-ഫ. കൈക്കൊള്ളുക. ക. കുടുംബം. ന. ശാപം, ആണ. ർ. പത്നി. ങ. പരിചാരകജനം. നു. പേർ.

പരിഗ്രഹിക്കുന്ന — രക്ഷകർക്കാളുന്ന, സ്വീകരിക്കുന്ന.

പരിഗൃഹീതാവ്—ഭർത്താവ്.

പരിഘ്നം-ഫ. ഇരുമ്പുലക്ക, ചുറ്റും ഹനിക്കുന്നത് എന്നർത്ഥം. ക. കൊല. ന. സംക്ഷി.

പരിഘ്നാതനം-ഫ. ഇരുമ്പുലക്ക. ക. വധം (കൊല).

പരിഘ്നാതം-വധം, കൊല.

പരിച,പരിശ-വെട്ടും മറ്റും തടുപ്പാൻ തോലുകൊണ്ടുണ്ടാക്കുന്ന ഒരു വസ്തു.

പരിചപ്പിടി = സംഗ്രഹം.

'വെട്ടംകുത്തും പരിശയ്ക്കുതെ
കിട്ടും വിത്തുപണിക്കരേക്കുന്നം'

(സ്യമന്തകം തുള്ളൽ)

പരിചനം-പരിചയം. (പ-മ.)

പരിചയം-ശീലം, അറിവ്, അഭ്യാസം, അടയാളം. മറ്റൊരു പര്യായം- സംസ്തവം.

പരിചയം എന്നത് ഒരു വസ്തുവിനോടുകൂടെ വളരെക്കാലം കൂടിയിരിക്ക അതുകൊണ്ടു

പരിചയാത്മകം-സഹവാസസൈഖ്യം.

പരിചയിക്കുന്ന-ശീലിക്കുന്ന, അഭ്യസിക്കുന്ന.

പരിചരണം-ശുശ്രൂഷ.

പരിചരൻ-പ്ര. അകമ്പടിക്കാരൻ. ഉ. ശുശ്രൂഷക്കാരൻ. ന. സേനയുടെ മുറവും നടന്നു സൈന്യങ്ങളുടെ അറകുറങ്ങളും നോക്കിക്കണ്ടറിയുന്നവൻ. ര. യുദ്ധസമയത്തിൽ സാമന്തന്മാരെ കൊണ്ടു നടക്കുന്നവൻ.

പരിചരിക്കുന്നു-ശുശ്രൂഷിക്കുന്നു.

പരിചര്യ-ശുശ്രൂഷ, പരിചരിക്കുക. എപ്പോഴും സമീപത്തിൽ തന്നെ ഉണ്ടായിരിക്കുക എന്നർത്ഥം.

പരിചാരകത്വാദിചതുഷ്ടയം- രോഗിയോടും വൈദ്യനോടും ദൃഢസ്നേഹം, സദാചാരം, ക്രിയാസാമർത്ഥ്യം, ബുദ്ധിമത്വം ഇവ ര-ം.

പരിചാരകൻ-ശുശ്രൂഷക്കാരൻ, ഭൃത്യൻ. സ്വാമിയെ പരിചരിക്കുന്നവനെന്നർത്ഥം

പരിചാരിക-ശുശ്രൂഷക്കാരി.

പരിചായ്-വി. ശുശ്രൂഷിപ്പാൻ തക്ക, വന്ദിപ്പാൻ തക്ക.

പരിചിൽ-പ്ര. ഭംഗിയായി. ഉ. ഏറെവും

പരിചിത-വി. പരിചയിക്കപ്പെട്ട, അറിയപ്പെട്ട.

പരിചിതി - ജ്ഞാനം, അറിവ്, അഭ്യാസം.

പരിചു്-അ. പ്ര. യുക്തമായി. ഉ. തുല്യമായി.

പരിചു്-പ്ര. പ്രകാരം. ഉ തുല്യത. ന. യോഗ്യത. ര. വിധം.

പരിചൊട്-എന്നതിലേ പരിച് എന്നതിനു നല്ലമാതിരി, ഭംഗി, പ്രകാരം എന്നീ അർത്ഥങ്ങൾ ഉണ്ട്. പരിചുകെടുക്ക=മടയനാക്കുക, തോൽപ്പിക്ക.

പരിചൊട്-അ. വേണ്ടുപോലെ, ഭംഗിയിൽ.

പരിച്ഛദം-പ്ര. അകമ്പടിക്കാരും മറ്റും, പരിജനം ഉ. കുടുംബം.

പരിച്ഛന്നം-വി. പ്ര. മൂടപ്പെട്ട, വസ്ത്രം ധരിക്കപ്പെട്ട. ഉ. പടർന്ന. ന. പരിവാരത്താൽ ചുറ്റപ്പെട്ട. ര. ഒളിക്കപ്പെട്ട

പരിച്ഛിന്ന-വി. പ്ര. നിശ്ചയിക്കപ്പെട്ട. ഉ. മുറിക്കപ്പെട്ട.

പരിച്ഛേത്താവു്- പ്ര. മുറിക്കുന്നവൻ. ഉ. നിശ്ചയിക്കുന്നവൻ.

പരിച്ഛേദൻ - നിശ്ചയത്തോടു കൂടിയവൻ.

പരിച്ഛേദം-പ്ര. ചില പുസ്തകങ്ങളിലെ വകുപ്പു്. ഉ. മുറിക്ക. ന. നിശ്ചയം.

പരിച്ഛേദിക്കുന്നു- പ്ര. വിഭാഗിക്കുന്നു. ഉ. മുറിക്കുന്നു. ന. നിശ്ചയിക്കുന്നു. ര. ക്ലിപ്തപ്പെടുന്നു.

പരിച്ഛേദ്യ-വി പ്ര. മുറിക്കപ്പെടുവാൻ തക്ക. ഉ. നിശ്ചയിക്കപ്പെടുവാൻ തക്ക.

പരിജനം-ഭൃത്യകൂട്ടം.

പരിജ്ഞാത-വി. അറിയപ്പെട്ട.

പരിജ്ഞാനം-പരിചയം, അറിവു്.

പരിണത-വി. പ്ര. പഴുത്ത, പാകംവന്ന, പരിപക്വമായ. ഉ. പഴയ. ന. വളഞ്ഞ. ര. പൂർണ്ണമായ.

'പരിണതശശമൃഗധരബിംബം'

(ഭാരതം)

പരിണതൻ-പ്ര പരിപൂർണ്ണൻ. ഉ. പഴയവൻ. ന. താഴ്ന്നു പോകുന്നവൻ.

പരിണതം-പ്ര കുഞ്ഞുവാനായിട്ടു കനിയുന്ന അന്ന. ഉ. മൂലധനം. ന. പാകംവന്നതു്. ര. കാലവശത്താൽ പരിപാകത്തെ പ്രാപിച്ച ബുദ്ധി മുതലായതിന്റെ പേർ. പരിണമിച്ചതു (അവസ്ഥാന്തരത്തെ) പ്രാപിച്ചതു് എന്ന ശബ്ദാർത്ഥം.

പരിണതരവി-സന്ധ്യാസമയത്തെ സൂര്യൻ.

പരിണതി-രൂപാന്തരം, പരിണാമം, അവസാനം. [രിണതി'

'സംബന്ധങ്ങൾ; അതുചുരുക്കുക പറകപ (നളചരിതം കഥകളി)

പരിണമത്തു്-വി. അസ്തമനമുഖമായ.

പരിണാമനം-അവസാനം.

പരിണാമിക്കുന്നു-അവസാനിക്കുന്നു. (കാ ക്രി. പരിണമിപ്പിക്കുന്നു.) [നാമം-പരിണമനം, പരിണാമം.]

പരിണായ(ന)ം-വിവാഹം. കൂട്ടിക്കൊണ്ടു വരുക എന്നർത്ഥം.

പരിണായിക്കുന്നു-വിവാഹം കഴിക്കുന്നു.

പരിണാമഗുപ്തി-ക. അവസാനംവരെ സൂക്ഷിക്കുക. ഉ. (സാഹിത്യസാഹ്യത്തിൽ) അവസാനം വരെ ജിജ്ഞാസ ശമിപ്പിക്കാതെ സൂക്ഷിക്കുന്ന കഥാഗുണം

പരിണാമം-ക. അവസ്ഥാഭേദം, ഒരു സ്വഭാവമുള്ളതു മറ്റൊന്നായിത്തീരുക. (പാൽ അവസ്ഥാഭേദംകൊണ്ടു് മറ്റൊന്നായിത്തീരുന്നതു നോക്കുക). പരിണതിയെ (രൂപാന്തരത്തെ) പ്രാപിക്കുക എന്നർത്ഥം.

ഉ. പാകം. ന. അവസാനം. ര. ഒരലങ്കാരം.

പരിണാമി-അവസാനത്തോടടുക്കുന്നതു്.

പരിണായം-ക. ചൂതുപോർ, എണ്ണം നോക്കി ചൂതുവെക്കുക. പരിതഃ=ഇടത്തും വലത്തും ഉള്ള നയനാ നയിപ്പിക്കുക, ഉ. ചുറ്റിനടത്തിക്കുക.

പരിണാഹം-വീതി. എല്ലുടവും ബന്ധിക്കപ്പെട്ടുന്നതു് എന്നർത്ഥം. മറ്റൊരു പര്യായം-വിസ്താരം, വിശാലത.

'പരിണാഹം മൂന്നുമെരുപോലെതന്നെ'

(ഭാരതം കർണ്ണപർവ്വം)

പരിണിനീഷിതാ-വിവാഹം ചെയ്യാനായി ഇച്ഛിക്കപ്പെട്ടവൾ.

പരിണീതം-വിവാഹം ചെയ്യപ്പെട്ട.

പരിണീതാ-വിവാഹംചെയ്യപ്പെട്ട സ്ത്രീ.

പരിണേതാവു്-ഭർത്താവു്.

പരിതപിക്കുന്നു-ദുഃഖിക്കുന്നു.

പരിതപ്ത-വി. ക. ദുഃഖിച്ചു. ഉ. ചൂടുപിടിപ്പിക്കപ്പെട്ട.

പരിതസ്സു്-അ. ചുറ്റും, എല്ലാടവും.

പരിതാപം-ക. ദുഃഖം, സങ്കടം. ഉ. ചൂടു്.

പരിതാപഹം-ദുഃഖത്തെ കളയുന്നതു്.

പരിതുഷ്ട-വി. സന്തോഷിച്ച.

പരിതുഷ്ടി-സന്തോഷം.

പരിതോഷം-സന്തോഷം.

പരിത്തി-ക. നൽപഞ്ഞിമരം. ഉ. നൽപ്പഞ്ഞി.

പരിത്തിക്കുരു-നൽപ്പഞ്ഞിക്കുരു.

പരിത്തിനൂൽ-പഞ്ഞിനൂൽ.

പരിത്യക്ത-വി. ഉപേക്ഷിക്കപ്പെട്ട.

പരിത്യജിക്കുന്നു-ഉപേക്ഷിക്കുന്നു.

പരിത്യാഗം-ഉപേക്ഷിക്കുക.

പരിത്യാഗിനി-ഉപേക്ഷിക്കുന്നവൾ.

പരിത്യാഗി-ഉപേക്ഷിക്കുന്നവൻ.

പരിത്യാജ്യ-വി. ഉപേക്ഷിക്കപ്പെടുവൻ തക്ക.

പരിത്രസ്ത-വി. ഭയപ്പെട്ട

പരിത്രാണം-ക. രക്ഷ. ഉ. കൊല്ലുവാനൊരുങ്ങിവരുന്നവനെ തടുക്കുക.

പരിത്രാതാവു്-രക്ഷിക്കുന്നവൻ.

പരിത്രായി-രക്ഷിക്കുന്നവൾ.

പരിത്രായു വി. രക്ഷിക്കുന്ന.

പരിദരം-ഒരു മന്ദരോഗം.

ലക്ഷണം-പല്ലുകളുടെ മാംസം ചീഞ്ഞുപോവുക, രക്തം തുപ്പുക.

പരിദാനം–തകെകമാറ്റം, തന്ന കൊടുത്തു മറ്റൊന്നു വാങ്ങുക.

പരിദൃയമാന–വി. സന്തപിച്ചുകൊണ്ടിരിക്കുന്ന.

പരിദേവിക്കുന്നു–കരയുന്നു.

പരിദേവിതം–വിലാപം, കരച്ചിൽ.

പരിദേവനം–കരച്ചിൽ, വിലാപം, ദുഃഖസമയത്തിൽ വിചാരിച്ചു വിചാരിച്ചു കരഞ്ഞുപറയുക. ഓർത്തോർത്തു നിലവിളിക്കുക എന്നർത്ഥം.

പരിധാനം–ഉടുക്കുന്ന വസ്ത്രം. ധരിക്കപ്പെടുന്നത് എന്നർത്ഥം.

പരിധാവി–പ്രഭവാദി സംവത്സരങ്ങളിൽ ഒന്നു–മമത്തെ സംവത്സരം.

പരിധി–പ്ര. സൂര്യചന്ദ്രന്മാരുടെ ചുറവും ചിലപ്പോൾ കാണാവുള്ള പരിവേഷം നാലുഭാഗവും ചുറ്റിയിരിക്കുന്നത് എന്നർത്ഥം. ഗോളത്തിനു ചുറവുമുള്ള വൃത്തം. ര. പരിധിവെക്കുന്ന ചമത, പ്ലാശ്ശ് അത്തി മുതലായ മരങ്ങളുടെ കോൽ (ചെറിയകൊമ്പ്) മുറിച്ചു ഹോമാഗ്നിയുടെ ചുറവും വെക്കുവാനുണ്ടാക്കുന്ന ചമത. ന. ചുറവ്, ഒരു വൃത്തത്തിന്റെ അതിരായ വട്ടം.

പരിധിച്ചമത–പരിധിവെയ്ക്കുന്നചമത.

പരിധിസ്ഥൻ–പ്ര. അകമ്പടിക്കാരൻ. ര. സേനയുടെ ചുറവും നടന്നു സൈന്യങ്ങളുടെ അറകറവും നോക്കിക്കൊണ്ടറിയുന്നവൻ. ന. യുദ്ധസമയത്തിൽ സാമന്തന്മാരെക്കൊണ്ടു നടക്കുന്നവൻ. സേനയുടെ അവസാനത്തിൽ നില്ക്കുന്നവൻ എന്നർത്ഥം.

പരിധൂസരാ–മലിനം.

പരിധൃത–വി. ധരിക്കപ്പെട്ട, സഹിച്ച.

പരിന്ന, പരുന്തു–ഒരു പക്ഷി.

പരിപക്വ–വി. പ്ര. നല്ലവണ്ണം പാകം വന്ന. ര. നല്ലവണ്ണം വെന്ത, ഭക്ഷിച്ച, പഴുത്ത.

പരിപക്വത–പ്ര. പാകം. ര. വേവ്.

പരിപന്നം–മൂലധനം. മുതൽ വർദ്ധിപ്പാൻ വേണ്ടി ഉപയോഗപ്പെടുത്തുന്നത് എന്നർത്ഥം.

പരിപതനം–പീഠ.

പരിപന്ഥി–ശത്രു. ദോഷം പറഞ്ഞുനടക്കുന്നവൻ എന്നർത്ഥം.

പരിപാകം–പ്ര പക്വത, പാകം ര. അടക്കം. ന. പൂർണ്ണത.

പരിപാകത–മനസ്സിന്റെ നൈരാശ്യം അല്ലെങ്കിൽ വിഷണ്ണതയും അഹങ്കാരത്തിനും ഒരുപോലെ വിപരീതമായുള്ളതും രണ്ടിനും മദ്ധ്യേ മിതമായ നിലയിൽ നില്ക്കുന്നതുമായ സമചിത്താവസ്ഥ

പരിപാകിനി–ത്രികോല്പക്കൊന്ന.

പരിപാടി(ടീ)–ക്രമം, അനുക്രമം, കൃത്യമായ ക്രമം. ര. സ്വാധ്യായക്രമം.

പരിപാണ്ഡു–വി. നല്ലപോലെ വെളുത്ത.

പരിപാതം–പീഠ.

പരിപാലക–വി. പ്ര. രക്ഷിക്കുന്ന. ര. ഭരിക്കുന്ന ന. സൂക്ഷിക്കുന്ന.

പരിപാലനം–പ്ര. രക്ഷ ര. ഭരണം

പരിപാലിക്കുന്നു–പ്ര. രക്ഷിക്കുന്നു. ര. ഭരിക്കുന്നു. ന. കാക്കുന്നു.

പരിപാലിത–വി. പ്ര രക്ഷിക്കപ്പെട്ട. ര. ഭരിക്കപ്പെട്ട. ന. കാത്തു സൂക്ഷിക്കപ്പെട്ട.

പരിപിണ്ഡകം–കാരീയം.

പരിപീഡനം–ഉപദ്രവിക്കുക.

പരിപീഡിത–വി. ഉപദ്രവിക്കപ്പെട്ട.

പരിപീത-വി. ഫ. കടിക്കപ്പെട്ട. ഉ. മഞ്ഞനിറമായ.

പരിപീതകം-കങ്കുമം.

പരിപൂതം-വി. ഫ. ശുദ്ധിയാക്കപ്പെട്ട. ഉ. പരിശേഷം കളഞ്ഞ.

പരിപൂർണ്ണ-വി. നിറഞ്ഞ, തികഞ്ഞ.

പരിപൂർണ്ണത-നിറവ്, തികവ്, സമ്പൂർണ്ണത. മരണാന്തര പ്രായശ്ചിത്തം-അന്ത്യോദകം.

പരിപൂർത്തി-നിറവ്, തൃപ്തി.

പരിപൂരിത-വി. നിറഞ്ഞ, തികഞ്ഞ.

പരിപേല(വ)ം-ഒരു മരുന്ന്, കഴിമുഞ്ഞ. എള്ളും മർദ്ദമുള്ളതെന്നർത്ഥം.

പരിപോടകം-ഒരു കണ്ണ്രോഗം.

ലക്ഷണങ്ങൾ-കണ്ണ്പാളിയിൽ വേദനയോടും പൊള്ളലുകളോടും കൂടിയ നീരുണ്ടാകും. ചെറുപ്പത്തിൽ കാതു വളർത്താതെ പിന്നീട് പെട്ടെന്നു വളർത്തുന്നതാണ് ഈ രോഗത്തിനു കാരണം.

പരിപ്പ്-ഫ തൊലികളഞ്ഞ പയറ്. ഉ. തൊലികളഞ്ഞ പയറുകൊണ്ടുണ്ടാക്കിയ ഒരു കറി.

പരിപ്പുകാരൻ-ഊട്ടുപുരയിൽ വിചാരക്കാരൻ.

പരിപ്പുതേങ്ങ-ഒരു പലഹാരം.

ചെറുപരിപ്പിലും കടലപ്പരിപ്പിലും ഉണ്ടാക്കാം.

പരിപ്ലവ-വി. ഫ. ഇളകുന്ന. ഉ. സ്ഥിരമില്ലാത്ത.

പരിപ്ലവം-ഫ. കൂടി. ഉ. ഞെരുക്കം, ക്രൂരത.

പരിപ്ലവിക്ക-ഇളകുക.

പരിപ്ലുത-വി. ഫ ഇളക്കപ്പെട്ട. ഉ. നനവുതട്ടിയ.

പരിപ്ലുതം-മദ്യം.

പരിപ്ലുഷ്ട-വി. ചുടപ്പെട്ട.

പരിബർഹം-ഫ. പരിവാരം. ഉ. രാജചിഹ്നം, രാജാർഹമായ വെൺകറക്കുട, ചാമരം മുതലായവ. പ്രധാന്യമുള്ളതെന്നർത്ഥം.

പരിഭഗ്നം-മുറിക്കപ്പെട്ടത്.

പരിഭവം-ഫ. നിന്ദ. ഉ. ഇടിവ്. ന. അവമാനം. ർ. സങ്കടം. @. തോൽവി.

പരിഭവിക്കുന്നു-ഫ. നിന്ദിക്കുന്നു. ഉ. തോല്പിക്കുന്നു.

പരിഭാവം-അവമാനം, നിന്ദ.

പരിഭാഷ-പൊരുൾ തിരിപ്പ്.

പരിഭാഷണം-ഫ. സംസാരം, സംഭാഷണം. ഉ. ധിക്കാരം. ന. നിയമം, ഉടമ്പടി, ർ. ചട്ടം. @ നിന്ദയോടുകൂടിയ ഉപാലംഭം. തെറ്റുതിരുത്തുക മോക്ഷോപായമെന്നുള്ള വാക്ക് എന്നർത്ഥം.

ഗുണവിഷ്കരണപൂർവ്വകം എന്നും നിന്ദാപൂർവ്വകം എന്നും ഉപാലംഭം രണ്ടുവിധം. 'നീ വിദ്വാനായ ഒരാളിന്റെ മകനല്ലെ. നിനക്ക് ഈ നന്നോ' = ഗുണവിഷ്കരണപൂർവ്വകം. 'വിദ്യാവിഹീനനായ നിനക്ക് ഇതു് അടുത്തതന്നെ' = നിന്ദാപൂർവ്വകം. 'പരിഭാഷ' എന്നും പാഠം കാണുന്നു.

പരിഭാഷിക്കുന്നു-ഫ. സംസാരിക്കുന്നു. ഉ. ധിക്കരിക്കുന്നു.

പരിഭാഷിത-വി. ഫ പറയപ്പെട്ട, സംസാരിക്കപ്പെട്ട. ഉ. ധിക്കരിക്കപ്പെട്ട. ന. പൊരുൾ തിരിക്കപ്പെട്ട.

പരിഭുക്ത-വി ഫ. പഴയ. ഉ. പൊതുമറിയ.

പരിഭുഗ്ന-വി. വളക്കപ്പെട്ട.

പരിഭ്രത-വി. നിന്ദിക്കപ്പെട്ട, അവമാനിക്കപ്പെട്ട.

പരിഭ്രഷണ-ഒരു രാജ്യത്തെ നികുതി മുഴുവൻ കൊടുത്തിട്ടു കിട്ടുന്ന സമാധാനം.

പരിഭ്രഷിത-വി. അലങ്കരിക്കപ്പെട്ട.

പരിഭോക്തൃ-വി. ഭക്ഷിക്കുന്ന, അനുഭവിക്കുന്ന.

പരിഭോഗം-പ. അനുഭവം. ക. സംഭോഗം.

പരിഭ്രംശം-വീഴ്ച.

പരിഭ്രമം-പ. ഹർഷം മുതലായതുനിമിത്തം കർത്തവ്യകർമ്മങ്ങളിലുള്ള ത്വരാവിശേഷം, ആകുലം, ഉഴൽച്ച, കഴപ്പം. ക. തിടുക്കം. ന. ഭയം. (സം) ര. ചുറ്റിസ്സഞ്ചരിക്കുക പര്യായങ്ങൾ-സംവേഗം, സംഭ്രമം.

പരിഭ്രമിക്കുന്നു-പ്ര. ആകുലപ്പെടുന്നു, ഉഴലുന്നു, അന്ധാളിക്കുന്നു. ക. തിടുക്കപ്പെടുന്നു. ന. ഭയപ്പെടുന്നു. (സം) ര. ചുറ്റിസ്സഞ്ചരിക്കുന്നു.

പരിഭ്രഷ്ട-വി. പ. വീണുപോയ. ക. ജാതിയിൽ നിന്നു പോയ.

പരിഭ്രാജൽ-വി. വല്ലവണ്ണം ശോഭിക്കുന്ന.

പരിഭ്രാന്തി-പ. അറിവില്ലായ്മ. ക. ചുറ്റംനടക്കൽ. ന. ഒന്നിനെ മറ്റൊന്നായിട്ടു വിചാരിക്കൽ.

പരിമഗ്ന-വി. മുങ്ങിയ.

പരിമണ്ഡലം-വൃത്തം, ഉരുണ്ട വസ്തു.

പരിമർദ്ദനം-പ. തിരുമ്മൽ, പൊടിക്കൽ. ക. ആലിംഗനം ചെയ്യൽ. ന. ഞെരുക്കുക.

പരിമർദ്ദിക്കുന്നു-പ്ര. അരയ്ക്കുന്നു. ക. തിരുമ്മുകയും മറ്റും ചെയ്യുന്നു.

പരിമളക്കുഴമ്പു്-സുഗന്ധമുള്ള കുഴമ്പു്.

പരിമളത്തൈലം-പരിമളമുള്ള തൈലം, നല്ല മണമുള്ള എണ്ണ.

പരിമളം-പ. സുഗന്ധവിശേഷം കൊണ്ടുണ്ടായ മാല്യഗന്ധികളുടേയും, കർപ്പൂരാദി ജന്യമായ ചന്ദനാദിയുടേയും, മനസ്സിനെ ആകർഷിക്കത്തക്കതായ ഗന്ധം. ധരിക്കപ്പെടുന്നതു്, സ്വഭാവസൗരഭ്യത്തെ നിലനിർത്തിക്കൊണ്ടു പോകുന്നതു്, മനോമനസ്സുകളെ ധരിക്കുന്നതു്. ഇങ്ങനെ ശബ്ദാർത്ഥം. ക. സുഗന്ധം. ന. കുങ്കുമാദികളായ സൗരഭ്യ വസ്തുക്കളെ മട്ടിക്കുക. ഗന്ധം പരത്തുക എന്നർത്ഥം. ര. വിലാസം. ഉ. ഒരു വൃത്തം.

'വിമർദ്ദോത്ഥപരിമളോ
ഗന്ധോജനമനോഹരേ'

(അമരം)

വിമർദ്ദോത്ഥ (വിമർദ്ദത്താൽ ഉണ്ടായതായും) ജനമനോഹര (ജനങ്ങളുടെ മനസ്സിനെ അപഹരിക്കുന്നതായും ഉള്ള) ഗന്ധേ (ഗന്ധത്തിങ്കൽ) പരിമളശബ്ദോ വർത്തതേ (പരിമളശബ്ദം വർത്തിക്കുന്നു) വിമർദ്ദോത്ഥ എന്നു പറഞ്ഞതിനാൽ ജനമനോഹരമാണെങ്കിലും മുല്ലപ്പൂ, മല്ലികപ്പൂ മുതലായതിന്റെ സ്വാഭാവികമായ ഗന്ധത്തിനു ഈ പേർ പറയുമാറില്ലെന്നു തെളിയുന്നു. വിമർദ്ദോത്ഥമല്ലെങ്കിലും ജനമനോഹരമാണെങ്കിൽ ആ ഗന്ധത്തിനും പരിമളം എന്നു പര്യായമെന്നും കാണുന്നു.

പരിമളിക്കുന്നു-സൗരഭ്യമുണ്ടാകുന്നു.

പരിമാണം-അളവു്, വലിപ്പം.

പരിമാർജ്ജനം-ശുദ്ധിയാക്കുക, വെടിപ്പാക്കുക.

പരിമാറുന്നു-പ്രയോഗിക്കുന്നു.

പരിമാറ്റം-പ്രയോഗം.

പരിമി-ഒരുമാതിരി വലിയ കൊട്ട. (പരമൻ എന്നും പറയാറുണ്ടു്.)

പരിമിത-വി. പ. അളക്കപ്പെട്ട. ക. ചെക്കപ്പെട്ട. ന. ഇത്രയുണ്ടെന്നു തീർച്ചയാക്കപ്പെട്ട.

പരിമിതി-പരിച്ഛേദം, പരിമാണം.

പരിമിളിത-വി. നല്ലവണ്ണം ചേർന്ന, തമ്മിൽ ക്ലിടിയ.

പരിമൃജ്യ-വി. ക. വെടിപ്പാക്കപ്പെടേണ്ടുന്ന ഉ. തൊടുവാൻ തക്ക.

പരിമ്ലാനം-വി. വാടിയ.

പരിമ്ലായീ-ഒരു നേത്രരോഗം.

ഇതു തിമിരത്തിൽ ഒരിനമാണ്. ലക്ഷണം-ഇതു വന്നാൽ മിക്കകാലും മഞ്ഞളിച്ചിട്ടു കാണപ്പെടും.

പരിയാട്ടാട്-ബ്രാഹ്മണന്റെ അടിമവേലക്കാരനായ ശൂദ്രന്റെ അവസ്ഥ.

പരിയപ്പെടുന്നു-അടിമപ്പെടുന്നു.

പരിയപ്പെട്ടവൻ-അടിമപ്പെട്ടവൻ.

പരിയം-വീട്ടിന്റെ പുറത്തെ സ്ഥലം.

പരിരക്ഷണം-രക്ഷ.

പരിരംഭ(ണ)ം-ആലിംഗനം, വേഗത്തിൽ മുറുകെ ചെയ്യുന്നതു എന്നർത്ഥം.

പരിരംഭിക്കുന്നു-ആലിംഗനം ചെയ്യുന്നു.

പരിലസിക്കുന്നു-ശോഭിക്കുന്നു.

പരിലസിത-വി. ക. ശോഭിച്ച. ഉ. ചുറപ്പെട്ട.

പരിലാളനം-വാത്സല്യത്തോടെ വളർത്തുക.

പരിലാളിക്കുന്നു-വാത്സല്യത്തോടെ വളർത്തുന്നു.

പരിലേഖം-ക. വര. ഉ. ചതുരംഗക്കളിക്കു കരു നിരത്തുന്ന വര.

പരിലേഹി-ഒരു കണ്ണുരോഗം.

ലക്ഷണം-ചെവിയുടെ അകത്തെത്തട്ടും കണ്ണുപാളിയും നിമ്നോന്നതമാവും കഫരക്തങ്ങളിൽ നിന്നുണ്ടാകുന്ന കൃമികൾ അവിടവിടെ വ്യാപിച്ചിട്ടുണ്ട് ഇങ്ങനെ ചെയ്യുന്നതു്.

പരിവട്ടം-ക. ചിലരാജാക്കന്മാർ ഉടുക്കുന്ന വസ്ത്രത്തിനുപറയുന്നഒരുമാനപ്പേർ. ഉ. തലപ്പാവു്. ന. തൽചുറ്റുന്ന റോട്ടു്.

പരിവർജ്ജനം-ക. വധം, കൊല. ഉത്തമന്മാരാൽ വർജ്ജിക്കപ്പെടുന്നതു എന്നർത്ഥം. ഉ. ഉപേക്ഷിക്കൽ.

പരിവർജ്ജിത-വി. ഉപേക്ഷിക്കപ്പെട്ട.

പരിവർജ്ജ്യചതുഷ്ടയം-കളിച്ചുവരുന്ന കുതിര, മരിച്ചുവരുന്ന ആന, കാമിച്ചു നടക്കുന്ന കാള, ദുഷ്ടനായ വിപ്രൻ ഇവരോടു അടുക്കരുതു്.

പരിവർത്തനം-ക തമ്മിൽ മാറൽ. ഉ. ചുറ്റിത്തിരിക, ചുറ്റിനടപ്പു്. ന. പിൻതിരിക.

പരിവർത്തം-ക. തമ്മിൽമാറൽ. ഉ. തോറോടുക. ന. ലോകനാശം ർ. ചുറ്റിത്തിരിക.

പരിവർത്തികാ-ഒരു ക്ഷുദ്രരോഗം.

ലക്ഷണം-ലിംഗത്തിലേ തൊലി പിറകോട്ടു മാറി മണിയുടെ താഴെ മുഴപോലെ തൂങ്ങുകയും വേദന കാണുകയും ചെയ്യും.

പരിവർത്തിക്കുന്നു-ക. തമ്മിൽ മാറുന്നു ഉ. തോറോടുന്നു. ന. ചുറ്റിനടക്കുന്നു.

പരിവഹൻ-ഒരു വായു.

ആകാശഗംഗയേയും സപ്തർഷിമണ്ഡലങ്ങളെ ചുറ്റിത്തിരിച്ചു കാണിച്ചും പ്രവർത്തിപ്പിക്കുന്ന ആറാംവായുമണ്ഡലത്തിലേ വായു.

പരിവാദകൻ-ക. ആവലാതിക്കാരൻ, ഉ. അപവാദം പറയുന്നവൻ.

പരിവാദം-ക. നിന്ദ. ഉ. അപവാദം. ന. വീണയുടെ കമ്പി.

പരിവാദിനി-ഏഴുകമ്പിയുള്ള വീണ. സപ്തസ്വരങ്ങളെ സ്പഷ്ടമായി പുറപ്പെടുവിക്കുന്നതു എന്നർത്ഥം.

പരിവാപനം-ക്ഷൌരം

പരിവാപം-പ. ക്ഷൗരം. ഉ. കളം. ന. പരിജനം.

പരിവാപിത-വി. ക്ഷൗരം ചെയ്യപ്പെട്ട.

പരിവാപിതം-രോമം കളഞ്ഞ (ക്ഷൗരംചെയ്യിച്ച) ശിരസ്സുമുതലായതു. പരിവപനം ചെയ്യപ്പെട്ടതെന്നർത്ഥം.

പരിവാരം-പ. ഭൃത്യൻ, അകമ്പടിക്കാരൻ, സേവകൻ മുതലായ ജനം. ഉ. വണ്ടിക്കാർ. ന. ഉപകരണം.

പരിവാഹം-പ. ഒഴുക്ക്. വെള്ളമുകവിച്ചൽ. ഉ. വെള്ളം കൊണ്ടു പോകുന്നതിനുള്ള കൈവഴി.

പരിവാഹി-നിഷ്പ്രയോജനമായി പദസംഖ്യ വർദ്ധിപ്പിക്കുന്ന വാക്യം. (സംഹിതൃസംഗ്രഹം).

പരിവിതം-വി ചുറ്റും വളയപ്പെട്ട.

പരിവിത്തി-അനുജൻ വേട്ടിട്ടും താൻ വേൾക്കാത്ത ജ്യേഷ്ഠൻ. സ്മാർത്തന്മാരിൽ വർജ്ജിക്കപ്പെട്ടവൻ എന്നർത്ഥം.

പരിവൃഢൻ-പ്രഭുത്വമുള്ളവൻ, അധിപൻ. എല്ലാം വർദ്ധിച്ചുകൊണ്ടിരിക്കുന്നവൻ എന്നർത്ഥം.

പരിവൃത-വി. പ. ചുറ്റും വളയപ്പെട്ട. ഉ. മൂടുവസ്ത്രം ലഭിച്ച.

പരിവൃത്തം-വാസ്തവോക്തൃലംകാരത്തിൽ പെട്ട ഒരു അലംകാരം.

പരിവൃത്തി-പ. ഒന്നു കൊടുത്തു മറ്റൊന്നു വാങ്ങിക്കുക. ഉ. ചുറ്റിലും വളയുക. ന. അവസാനം. ര. അനുജൻ വേട്ടിട്ടും താൻ വേൾക്കാത്ത ജ്യേഷ്ഠൻ. ങ. ഒരലങ്കാരം.

സമത്തെ കൊടുത്തു സമത്തേയോ ന്യൂനത്തെ കൊടുത്തു അധികത്തേയോ അധികത്തെ കൊടുത്തു ന്യൂനത്തേയോ വാങ്ങുന്നത്-പരിവൃത്തി എന്ന അലങ്കാരം.

പരിവേകം-പരിവേഷം (പ-മ)

പരിവേത്താവ് - ജ്യേഷ്ഠനേക്കാളും മുമ്പിൽ വേട്ട അനുജൻ. ജ്യേഷ്ഠനെവിട്ട് മറ്റൊരു സ്ത്രീയെ സ്വീകരിച്ചവൻ എന്നർത്ഥം.

പരിവേദനം-പ. അതിവേദന. ഉ. വിവാഹം ന. വിവാഹം.

പരിവേദം-പൂണ്ണൂനൂലായ ജ്ഞാനം.

പരിവേദീ-വി. പ മനസ്സിലാക്കുന്ന. ഉ. അറിയുന്ന. (സ്ത്രീ-പരിവേദിനി).

പരിവേഷകൻ-വിളമ്പുകാരൻ.

പരിവേഷം-പ. സൂര്യചന്ദ്രന്മാരുടെ ചുറ്റും ചില സമയം കണ്ടുവരുന്ന വളയം പരിവേശം എന്നും പറയാം. പരിധി, ഉപസൂര്യകം, മണ്ഡലം.

ഇതു് ഒരു ഉൽപാതസൂചകമാണെന്നു കാണുന്നു.

ഉ. വൃത്തത്തെ ചുറ്റുക. ന. ചോറു കറി മുതലായവ വിളമ്പുക.

പരിവേഷ്ടനം-ചുറ്റുക.

പരിവേഷ്ടിക്കുന്നു-ചുറ്റുന്നു.

പരിവേഷ്ടിത-വി. ചുറ്റപ്പെട്ട.

പരിവ്യാധം-പ. കൊങ്ങുമരം. ചോരകൊന്ന. വായുവിനാൽ ഇളക്കപ്പെടുന്നതു് എന്നർത്ഥം. ഉ. ആറാവണ്ണിവൃക്ഷം. ജലത്തിനാൽ താഡിക്കപ്പെടുന്നതെന്നർത്ഥം.

പരിവ്യാപ്ത-വി. വ്യാപിക്കപ്പെട്ട, പരക്കപ്പെട്ട.

പരിവ്രജ്യ-സന്ന്യാസിയുടെ അവസ്ഥ.

പരിവ്രാജകൻ-സന്ന്യാസി, നാലാമത്തെ ആശ്രമത്തിൽ പ്രവേശിച്ച ഒരു ബ്രാഹ്മണൻ.

പരിവ്രാജിക-സന്ന്യാസിനി.

പരിവ്രാട്ട്-സന്ന്യാസി, സർവ്വം ഉപേക്ഷിച്ചു പോകുന്നവൻ എന്നർത്ഥം.

പരിശ-ചെമ്പുകൊണ്ടുണ്ടാക്കിയ തട്ടുപ്പാൻ തൊലുകൊണ്ടുണ്ടാക്കിയ ഒരു വസ്തു. (പരിച എന്നും നോക്കുക).

പരിശിഷ്ട-വി. ശേഷിക്കപ്പെട്ട.

പരിശിഷ്ടം-ഒടുക്കം ശേഷിയത്.

പരിശീലനം-ശീലിക്കുക.

പരിശുദ്ധ-വി. പ. ശുദ്ധമുള്ള. ര. കുറവില്ലാത്ത.

പരിശുദ്ധാത്മാവ്-പുണ്യാത്മാവ്.

പരിശുദ്ധി-പ. പുണ്യം. ര. കുറവില്ലായ്മ.

പരിശുഷ്ക-വി. നല്ലവണ്ണം ഉണങ്ങിയ.

പരിശുഷ്കം-തൊലിയിൽ വരുത്ത മാംസം.

പരിശേഷം-ശിഷ്ടം ശേഷിയത്, പരിശിഷ്ടം.

പരിശോധനം-ശോധനചെയ്കം.

പരിശോധിക്കുന്നു-പ. ശോധനചെയ്യുന്നു. ര. നന്നാക്കുന്നു.

പരിശോഷം-ഉണങ്ങുക.

പരിശോഷിത-വി. ഉണക്കപ്പെട്ട.

പരിശ്രമം-പ. അദ്ധ്വാനം. ര. ക്ഷീണം

പരിശ്രമിക്കുന്നു-പ അദ്ധ്വാനിക്കുന്നു. ര. ക്ഷീണിക്കുന്നു.

പരിശ്രയം-പ. ആശ്രയം, സ്ഥലം. ര. കൂട്ടം

പരിശ്രാന്ത-വി. തളർന്ന, വാടിയ.

പരിശ്രാന്തി-അദ്ധ്വാനം. ര. തളർച്ച.

പരിശ്രാവ്യ-വി. കേൾക്കപ്പെടുവാൻ തക്ക.

പരിശ്രുത-കേൾക്കപ്പെട്ടത്

പരിശ്ലിഷ്ട-വി. ആലിംഗനംചെയ്യപ്പെട്ട

പരിഷ-ജനസമൂഹം, കൂട്ടം.

പരിഷത്ത്-പ. സഭ. നാലുപുറത്തുനിന്നും ആൾ വരുന്ന സ്ഥലം എന്നർത്ഥം, ര. കൂട്ടം.

പരിഷദൻ, പരിഷദ്ധ്യൻ, പരിഷദ്ബലൻ-സഭാവാസി.

പരിഷധൻ-കൂട്ടത്തിൽ മരത്തൻ.

പരിഷ്കന്ദൻ-മനസ്സില്ലാമനസ്സോടെ അന്യനാൽ വലുത്തപ്പെട്ടവൻ.

പരിഷ്കരിക്കുന്നു- പ. അലങ്കരിക്കുന്നു. ര. മിനുസമാക്കുന്നു. ന. വെടിപ്പാക്കുന്നു.

പരിഷ്കാരം-പ. അലങ്കാരം, ആഭരണം. ര. മിനുക്കുക, തെളിവാക്കുക. ന. ശുദ്ധിയാക്കുക. ഭ. മുമ്പിലത്തെ സ്ഥിതിയിൽ നിന്നും കുറെക്കൂടി നല്ലസ്ഥിതിയിൽ കൊണ്ടുവരുക

പരിഷ്കൃത-വി അലങ്കരിക്കപ്പെട്ട.

പരിഷ്കൃതി-അലങ്കാരം.

പരിഷ്യന്ദം- വസ്ത്രാഭരണാദികളുടെ ഭംഗി ചമയുക. (പരിസ്പന്ദത്തിന്റെ പാഠം.)

പരിഷ്വജിക്കുന്നു - ആലിംഗനം ചെയ്യുന്നു.

പരിഷ്വാംഗം-ആലിംഗനം.

പരിസംഖ്യ-പ. കണക്കുകൂട്ടുക. ര. ഒരലങ്കാരം. (വാസ്തവോക്ത്യലങ്കാരത്തിൽപെട്ടത്.)

അനേക വസ്തുക്കളിൽ ചേരാവുന്ന ധർമ്മത്തെ അതിലല്ല ഇതിലാണെന്നു നിൎണ്ണയിച്ചുറപ്പിക്കുന്ന നിയമനം ചെയ്യുന്നത്-പരിസംഖ്യ.

പരിസരം-പ. ആറുകരയ്ക്കും മലകരയ്ക്കും അടുത്ത സ്ഥലം. നാലുപാടും സഞ്ചരിക്കാവുന്നേടം എന്നർത്ഥം. ര. മരണം. ന. തൊട്ടടുത്ത്, വക്ക്. ഭ. ഭാഗം. ഉ-ം, ക്ഷോണീപരിസരം.

പരിസർപ്പം-പ. ചുറ്റിനടക്കുക. ര. ഗമനം. ന. ഒഴുകുക, പിന്നാലെ പോകുക. ഭ. പരിജനങ്ങൾ മുതലായവർ

വന്ന ചുറവം നില്ലുക. ചുറവുള്ള സസ്പ്ണം എന്നത്ഥം.

പരിസയ്ത്-ക്രി. എല്ലായിടത്തും നടക്കുക. ഉ. അടുത്ത വരവ്.

പരിസ്പന്ദൻ-മനസ്സില്ലാമനസ്സോടെ അന്യന്മാൽ വളത്തപ്പെട്ടവൻ. ഉഴന്നവൻ എന്നത്ഥം. പരിഷ്പന്ദൻ എന്നുമാവാം.

പരിസ്പന്ദം-ചുറ്റിനടക്കുക.

പരിസ്പാരം-ആഭരണം. പരിഷ്പാരം എന്നതിന്റെ പാഠം.

പരിസ്പൃത-വി. അലങ്കരിക്കപ്പെട്ട (പരിഷ്പൃതത്തിന്റെ പാഠം)

പരിസ്പോടം-ക്രി. ആനപ്പുറത്തു വിരിക്കുന്ന കമ്പിളി, ചെമ്പാലിപ്പടം. ഉ. രത്നക്കമ്പിളി. സ്തുതിക്കപ്പെടുന്നത് എന്നത്ഥം. നാ. മേൽവിരിപ്പ്.

പരിസ്പന്ദം-വസ്ത്രാഭരണാദികളെക്കൊണ്ടു ചമയുക. ഗുണാധാനത്തിന്നായിക്കൊണ്ടു പിന്നെയും പിന്നെയുമുള്ള ചലനം എന്നത്ഥം. ഉ. കൂട്ടി. നാ. പൂചൂടുക.

പരിസ്പന്ദിക്കുന്നു-ക്രി. കൂട്ടിക്കുന്നു. ഉ. പൂ ചൂടുന്നു.

പരിസ്പൃന്ദം-വസ്ത്രാഭരണാദികളെക്കൊണ്ടു ചമയുക. (പരിസ്പന്ദത്തിന്റെ പാഠം)

പരിസ്രുത-വി. ഇറ്റിറവീഴുന്ന, ഒഴുകുന്ന.

പരിസ്രുത-വാറ്റിയെടുത്ത മദ്യം, മദ്യം.

പരിസ്രുത്തു-ക്രി. മദ്യം. ചുറവം ഒലിക്കുന്നത് എന്നത്ഥം. ഉ. തുള്ളിയായിട്ടു വീഴുക.

പരിഹരണം-ക്രി. പ്രതിക്രിയ. ഉ. നീക്കിക്കളയുക.

പരിഹരിക്കുന്നു- ക്രി. നീക്കിക്കളയുന്നു. ഉ. സൌഖ്യമാക്കുന്നു.

പരിഹസിക്കുന്നു-ക്രി. നിന്ദിക്കുന്നു. ഉ. ചിരിക്കുന്നു.

പരിഹസിത-വി. ക്രി. നിന്ദിക്കപ്പെട്ട. ഉ. ചിരിക്കപ്പെട്ട.

പരിഹസ്തം-കൈമോതിരം.

പരിഹാരം-ക്രി. പ്രായശ്ചിത്തം ഉ. നീക്കുപോക്ക്. നാ. തള്ളിക്കളക. പരിഹായ്-പരിഹരിക്കപ്പെട്ടവൻതന്നെ

പരിഹായ്യം-ക്രി. പൊൻവള. ഉ. ഉപേക്ഷിക്കാവുന്നത്.

പരിഹാസം-ക്രി. നിന്ദ. ഉ. ചിരി. നാ. സന്തോഷം, ഉല്ലാസം, നേരംപോക്ക്, ക്രീഡ.

പരിഹാസവചനം= സോല്ലുണ്ണനം, സോൽപ്രാസം.

'പാരംപരിഹസിച്ചീടുന്നവർകഠിനം
ഘോരനരകമെന്നുണ്ടുവേദോക്തികഠം'

(ഭാരതം-സഭാചാരവാക്യം)

പരിഹൃത-വി. ക്രി. ഉപേക്ഷിക്കപ്പെട്ട. ഉ. പരിഹസിക്കപ്പെട്ട.

പരീക്ഷ-പഠിത്തവും മറവും ശോധനചെയ്യുക.

പരീക്ഷക-വി. പരീക്ഷിക്കുന്ന, ഗുണദോഷം അറിയുന്ന.

പരീക്ഷകൻ-ക്രി പരീക്ഷിക്കുന്നവൻ. ചുറവം നോക്കിക്കാണുന്നവൻ എന്നത്ഥം. മറെറാരു പര്യായം-കാരണികൻ. ഉ. പ്രമാണങ്ങളെക്കൊണ്ടു പദാർത്ഥത്തെ നിശ്ചയിക്കുന്നവൻ.

പരീക്ഷകാ-ശോധനചെയ്യുന്നവരം.

പരീക്ഷണം-ശോധന.

പരീക്ഷിക്കുന്നു-ശോധനചെയ്യുന്നു.

പരീക്ഷിക്കുന്നവൻ = പരീക്ഷകൻ, കാരണികൻ.

പരീക്ഷിത-വി. ശോധനചെയ്യപ്പെട്ട.

പരീക്ഷിതൻ-ക്രി. ശോധന ചെയ്യപ്പെട്ടവൻ. ഉ. അഭിമന്യുവിന്റെ പുത്രന്റെ പുത്രൻ. (പരീക്ഷിത്തു് എന്നും പാഠം).

പരീക്ഷിത്തു്-ഒരു രാജാവു്, അഭിമന്യുവിന്റെ പുത്രൻ.

ഇദ്ദേഹം യുധിഷ്ഠിരന്റെ ശേഷം ഹസ്തിനാപുരത്തിൽസിംഹാസനാരൂഢനായിട്ടു ശമീശാപത്താൽ ഒരു പാമ്പു കടിച്ചു മരിച്ചു. ഇദ്ദേഹത്തിന്റെ രാജ്യഭാരകാലത്തോടു കൂടി കലിവർഷം തുടങ്ങി. പരീക്ഷിത്തു് അഭിമന്യുപുത്രനായ അർജ്ജുനപുത്രനായ അഭിമന്യുവിന്റേയും വിരാടപുത്രിയായ ഉത്തരയുടേയും പുത്രനാകുന്നു. ഉത്തരയുടെ ഗർഭത്തിൽ കിടന്നിരുന്നപ്പോൾ പരീക്ഷിത്തിനെ അശ്വത്ഥാമാവു ബ്രഹ്മാസ്ത്രം പ്രയോഗിച്ചു കൊന്നു കലം അറുപോകാതെയിരിപ്പാൻ ശ്രീകൃഷ്ണൻ ഉജ്ജീവിപ്പിച്ചു. അതിനാലാണു് 'വിഷ്ണുരാതൻ' (വിഷ്ണുവിനാൽ കൊടുക്കപ്പെട്ടവൻ) എന്ന പേരുണ്ടായതു്. പരിക്ഷിത്തു എന്നും കാണുന്നുണ്ടു്. പരീക്ഷിത്തിന്റെ ജനനം ശാപം മുതലായതിനെ ഭാഗവതം പ്രഥമസ്കന്ധം നോക്കുക.

പരീക്ഷ്യ - വി. പരിശോധിക്കുന്നതിനു യോഗ്യമുള്ള, പരിശോധിച്ചു ഗ്രഹിക്കേണ്ടതായ.

പരീണാഹൻ-ശിവൻ.

പരീണാഹം-പരിണാഹം, വിശാലത.

പരീത-വി. ചുറ്റപ്പെട്ട, വ്യാപിക്കപ്പെട്ട.

പരീതത്തു്-കടൽമാല.

പരീതം-ചുറ്റപ്പെട്ടതു്.

പരീഭാവം-നിന്ദ

പരീരണം-പ്ര ആഗ. ക. ഉടപ്പു്. ന. വടി.

പരീരംഭം-ആലിംഗനം

'പരീരംഭകേളീപരാണാംനരാണാം'

പരീവർത്തം-തമ്മിൽ മാറ്റം, ഒന്നു കൊടുത്തു മറ്റൊന്നു വാങ്ങുക.

പരീവാദം-പ്ര. നിന്ദ, ആക്ഷേപം, ക. അപവാദം പറക.

പരീവാപം-പ്ര. ക്ഷുരം മുതലായ ഉപകരണം. ക. വിത്തു വിതയ്ക്കുക. ന. ജലം നില്ക്കുക.

പരീവാരം-പ്ര. വാളർ. ക. പരിജനം. ന. ഉപകരണം. ഇതിനാൽ ചുറ്റപ്പെട്ടുനടക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

പരീവാഹം-പ്ര ജലം ഒലിക്കുന്ന ചാൽ. ക. വെള്ളം കവിഞ്ഞു് ഒഴുകുക. ന. ഒഴുക്കു്, പരിവാഹം.

പരീക്ഷി-പ്ര. അന്വേഷണം. ക. ശ്രദ്ധാപൂർവ്വമായ ക്രിയകളാൽ യോഗ്യന്മാരായിട്ടുള്ളവരെ അന്വേഷിക്കുക ന. ബഹുമാനം, പൂജിക്കുക.

പരീസാരം-പ്ര. ചുറ്റിനടപ്പു്, എല്ലാടവും സഞ്ചരിക്കുക. ചുറ്റുമുള്ള ഗമനം എന്നർത്ഥം. ക. അടുത്ത വരവു്.

പരീഹാസം-ഉല്ലാസം, സന്തോഷം, കളിക്കുക, ക്രീഡ. ചിരി പ്രധാനമായിട്ടുള്ളതെന്നർത്ഥം.

പരു-ശരീരത്തിൽ ഉണ്ടു കുടി പൊട്ടുന്ന ഒരു ഭീനം. (സം) പ്ര. കരിമ്പു്, ചൂരൽ മുതലായവയുടെ മുട്ടു്. ക. മൃഗത്തുടെ കയ്യു്. ന സമുദ്രം. ര. പർവ്വതം.

പരു-വി. പ്ര. ആസകലം. ക വലുതായ.

പരുകുന്നു-പ്ര. ആസന്നമാകുന്നു. ക. തടവുന്നു.

പരുക്കു്, പാറിക്കു്-പ്ര. മുറിവു്. ക. ഒരു വൃക്ഷം. ന. തഴമ്പു്.

പരുക്കുക-തടിക്കുക, വണ്ണംവെക്കുക.

പരുങ്ങൽ-പ്ര. ഇന്നതു ചെയ്യണമെന്നറിയാതെ വ്യസനിക്കുക, ഭയം, പരിഭ്രമം. ക. പുല്ലു പറിക്ക.

പരുങ്ങുന്നു-പ്ര. ഇന്നതു ചെയ്യണമെന്നറിയാതെ വ്യസനിക്കുന്നു ക. പുല്ലു പറിക്കുന്നു.

പരുത്തു്-അ. കഴിഞ്ഞ സംവത്സരം എന്ന അർത്ഥത്തിൽ പ്രയോഗം.

പരുത്ത-വി. ക്ര. വലിയ. ഉ. ഉദ്ദേശമില്ലാത്ത.

പരുത്തി-പഞ്ഞി. പര്യായങ്ങൾ-തുണ്ഡികേരി, സമുദ്രാന്തം, കാർപ്പാസീ, ബദരം.

പരുത്തി-ഇതു നാനാവിധവുകളിൽ പ്രധാനമാകുന്നു. ഇതിൽനിന്നു തുണിയും എണ്ണയും ഉണ്ടാക്കുന്നു. കാലികൾക്കു തീറ്റിക്കുകൊള്ളാം.

പരുദ്ഭാരം-കനിര.

പരുന്ത്-ഒരു പക്ഷി, പരുന്ത്. പര്യായങ്ങൾ-ശശാദനം, പത്രീ, ശ്യേനം.

ഇതിന്റെ മാംസം പഴകിയ അൾസ്സിനും മറവും നന്ന്. സം-ശ്യേനം. ത-പറന്ത്.

പരുന്ത്-ഒരു പക്ഷി, പരുന്ത്.

പരുപരുക്കുന്ന-മിനുസമില്ലാതാകുന്ന.

പരുപരുപ്പ്-മിനുസമില്ലായ്മ.

പരുപരെ-അ. മിനുസമില്ലാതെ.

പരുമാറാ-പ്രയോഗം.

പരുമുടവ-മിനുസമില്ലാത്ത (പരുപരുപ്പുള്ള) പൂവേ.

പരുൽ-അ. കീഴ്ഭാഗം.

പരുലം-കനിര.

പരുവ-ക്ര. ഒരുവക വള്ളി. ഉ. ഒരുവക വൃക്ഷം. ന. ഇല്ലിക്കൂട്ടം.

പരുവക്കിഴങ്ങ്-പരുവ വള്ളിയുടെ കിഴങ്ങ്.

പരുവം-ക്ര. പാകം. ഉ. അവസരം. ന. പഴുപ്പ്. ര. യൌവനം. ള. വയസ്സ്.

പരുഷ-വി. ക്ര. കഠിനമായ. ഉ. പലതിനുമുള്ള.

പരുഷാക്ഷരം-കണ്ണുകടോരമായ വാക്കുകളും.

പരുഷൻ-നിഷ്ഠുരകൻ.

പരുഷം-കഠിനവാക്ക്. മറ്റൊരു പര്യായം-നിഷ്ഠുരം. മതി എന്നു തോന്നിക്കുന്നതു് എന്നർത്ഥം. ഉ. ഒരു വൃക്ഷം. ന. സാഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്ന്. ര. മാർദ്ദവമില്ലാത്തതു്.

പരുഷവചനം-കഠിനവാക്ക്.

പരുസ്സ്-അ. കഴിഞ്ഞവർഷം.

പരുസ്സ്-ക്ര. കരിയു മുതലായവയുടെ മുട്ട്. ഉ. മുഖത്തെ കയ്യ്. നിറയ്ക്കുന്നതു്, രക്ഷിക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥം. ന. മുടിച്ചു്, ചെപ്പ്.

പരുഷ(ക)ം-ചിറവീന്തൽവൃക്ഷം.

ഇതിനു ചിറവീന്തൽ എന്നുള്ള പേരു ചേരുന്നതല്ലെന്നു അഭിപ്രായം കാണുന്നു. ഇതിന്റെയുടെ മാതിയിൽ പെട്ടതല്ലെന്നാണ് അവരുടെ പക്ഷം. ഇതിന്റെ ഇല ക്രുവളയിലത്തിന്റെ നടുവിലുള്ള ഇലയിലും കുറച്ചുകൂടി വലുതാണ്. കായ്ക്കു ചെറുനാരങ്ങയുടെ മുഴുപ്പിരിക്കും. ഇതിന്റെ പഴം ഭുജിച്ചുണ്ടാകുന്ന അജീർണ്ണത്തിനു മുക്കുവെള്ളം ഇന്തുപ്പു ചേർത്തു കുടിക്കുക വിശേഷം.

പരോക്ഷജ്ഞൻ-അന്യാഭിപ്രായം അറിയുന്നവൻ.

പരോക്ഷ-വി. മരിച്ച.

പരോക്ഷൻ മരിച്ചവൻ. പരമായ ലോകത്തെ പ്രാപിച്ചവൻ എന്നർത്ഥം.

പരോക്ഷം-മരിച്ചവന്റെ ആത്മാവു്.

പരോക്ഷരാട്ട്-അന്തകൻ, യമൻ. പരോക്ഷന്റെ (പ്രേതത്തിന്റെ) രാട്ട് (രാജാവു്). മരിച്ചുപോയവരുടെ അപരാധങ്ങളെക്കുറിച്ചു ചിന്തിച്ചു ശിക്ഷ കല്പിക്കുന്നവൻ എന്നർത്ഥം.

പരോദ്യവി-അ. പിറേന്നാൾ, പരമായിരിക്കുന്ന ദിവസത്തിൽ.

പരേഷ്ടക-വളരെ പ്രസവിച്ച പശു. അന്യന്മാരാൽ ഇഷ്ടിക്കപ്പെട്ടവൻ എന്നർത്ഥം

പരൈധിത-വി. അന്യനാൽ വളർത്തപ്പെട്ട

പരൈധിതാ-ഒരു പക്ഷി, കരിൽ.

പരോക്ഷ-വി. അപ്രത്യക്ഷമായ.

പരോക്ഷ-കാണ്മാൻ വഹിയായ്ക, മറവ്

പരോക്ഷജ്ഞാനം- അപ്രത്യക്ഷജ്ഞാനം.

പരോക്ഷൻ-സന്യാസി

പരോപകാരം-അന്യന്മാർക്ക ചെയ്തുകൊടുക്കുന്ന ഉപകാരം.

പരോപകാരി-വി. പരോപകാരം ചെയ്യുന്ന.

പരോപകാരിണീ-പരോപകാരം ചെയ്യുന്നവൾ.

പരോപകാരീ- പരോപകാരം ചെയ്യുന്നവൻ.

പരോപദ്രവം-പരന്മാരെ ഉപദ്രവിക്ക

പരോക്ഷീ-ഫ. നരിച്ചീർ. ക. വാവൽ. തണുപ്പ് അസഹ്യമാകയാൽ ഉഷ്ണം പ്രധാനമായിട്ടുള്ളത്, ശത്രുഭയം നിമിത്തം സദാ ഒളിച്ചിരിക്കുന്നത് എന്നർത്ഥം. ന. പാറ.

പക്കടം-ഫ. ഞാറപ്പക്ഷി. ക. ആകുലം, വ്യാകുലം.

പക്കടി-ഫ. ഇത്തിയാൽ. ക. ചിറാൽ. പരസ്പരം ചേർന്നു നില്ക്കുന്നത് എന്നർത്ഥം.

പഞ്ജനി-ഒരുങ്ങോടിമരുന്ന്, മരമഞ്ഞാം. കഴുക മുതലായ ശരീരങ്ങളിൽ നിന്നു രക്ഷിക്കുന്നത് എന്നർത്ഥം. പരന്മാർക്ക സ്വസ്ഥതയെ ജനിപ്പിക്കുന്നത് എന്നുമാവാം.

പഞ്ജന്യ-മരമഞ്ഞാം

പഞ്ജന്യവൻ-ഫ ഇന്ദ്രൻ. (മലയുടെ ദേവൻ) ക വിഷ്ണു.

പഞ്ജന്യം-ഫ. ഇടിവെട്ടുന്ന മേഘം. ക. മേഘശബ്ദം. ന. മേഘം. ഭ. മുഴക്കം.

പണ്ണചീരപടൻ-ശിവൻ.

പണ്ണഭോജനം-തുട്ട്.

പണ്ണം-ഫ. ഇല. വൃക്ഷത്തെ രക്ഷിക്കുന്നത് എന്നർത്ഥം. ക. ചിറക്. ന. അസ്ത്രത്തിനെ കെട്ടുന്ന തുവൽ. ഭ. പ്ലാശുവൃക്ഷം. വൃതസ്ഥന്മാരെ സന്തോഷിപ്പിക്കുന്നത് എന്നർത്ഥം. ര പച്ചില. ശ. വെറ്റില.

പണ്ണമണി-മരതകം.

പണ്ണലതാ-വെറ്റിലക്കൊടി.

പണ്ണശാല-ഇലക്കുടിഞ്ഞിൽ, മഹർഷിമാരുടെ പുര. തൃണപർണ്ണാദിനിർമ്മിതമായ ശാല എന്നർത്ഥം. മറാഠരുടെ പദ്ധായം-ഉടമ.

പണ്ണാദൻ-ദമയന്തിയുടെ പുത്രനായിരുന്ന ഒരു ബ്രാഹ്മണൻ

പണ്ണാസം-തുളസി, ചെറുതുളസി. ഇല കളെക്കൊണ്ടു ശോഭിക്കുന്നത് എന്നർത്ഥം.

പപ്പടകക്കാരം-പപ്പടകത്തിനു ചേർക്കുന്ന കാരം.

പപ്പടകപ്പുല്ല്-ഒരു പച്ചമരുന്ന്.

മലം പിടിക്കും. വാതവർദ്ധനകരമാണ്. തണ്ണീർദാഹം, ചുഴൽച്ച, അരുചി മുതലായവക്ക നന്ന്.

പപ്പടകം-ഫ. പപ്പടം. ക (നാ) പപ്പടകപ്പുല്ല്.

പപ്പടപ്പൂട്ട്-ഉഴുന്നു പൊടിച്ചു കഴച്ച് ഇടിച്ചുണ്ടാക്കുന്ന വസ്തു.

പപ്പടക്കാരം-ഫ. ഉഴുന്നു പൊടിച്ചു കാരവും ഉപ്പും കൂട്ടിയുണ്ടാക്കുന്ന ഒരു ഭക്ഷണവസ്തു (പപ്പടം എന്ന ശബ്ദം നോക്കുക) ക. ഒരുമാതിരി സുഗന്ധം.

'പപ്പടം' എന്നു പറയുന്നതിനേക്കാൾ ദോഷമില്ല 'പപ്പടം' എന്നു പറയുന്നതാണ് നന്നെന്നു അഭിപ്രായക്കാരുണ്ട്. 'പടപട' പൊടിയുന്നതിനാലായിരിക്കണം 'പപ്പടം' എന്നു പേരുണ്ടാകാൻ കാരണം. 'പറപറ' പൊടിയുക എന്നതു യുക്തിക്കു ചേരുന്നതുമല്ല. 'പറപറ' കീറുക എന്നു വന്നേക്കാം. ഇവിടെ ഇങ്ങിനെയാണ് അപേക്ഷക്കാരുടെ പിടിവാശി. പരിപ്പ് + അട = എന്നും വരാമല്ലോ. പപ്പടകം, ഏതേതു വസ്തുക്കൊണ്ടുണ്ടാക്കുന്നുവോ അതിന്റെ ഗുണം കാണിക്കും. പച്ചനിറമുള്ള ചെറുപയറുകൊണ്ടുണ്ടാക്കുന്നതു പഥ്യമായിരിക്കും. ത-അപ്പുള്ളം.

പപ്പടവൃക്ഷം-ഒരു വൃക്ഷം, പൊരിയൽ. വാതം, ജ്വരം, വിഷം, രക്തപിത്തം, കൃമി മുതലായതിനു നന്ന്. സം-കംഭീ.

പപ്പടീ-ഫ. കരിങ്കുരുവേലം. വ. പപ്പടം.

പപ്പം-ഫ. ഇളംപുല്ല്. വ. വീട്.

പപ്പരീകൻ-ഫ. സൂര്യൻ. വ. അഗ്നി.

പപ്പരീകം-ഫ. കുളം, തൊട്ടി. വ. എരിക്ക്.

പപ്പുകം-ഫ. കട്ടിൽ(ടം). ഉപയോഗശേഷം ഒരുമിച്ചുകൂട്ടി അടയാളപ്പെടുത്തുന്നതു എന്നർത്ഥം. വ. പല്ലക്ക്.

പപ്പുടനം-സഞ്ചാരം, ഭിക്ഷാർത്ഥമായും മറ്റും അവിടവിടെ സഞ്ചരിക്കുക.

പപ്പുന്തപർവ്വതങ്ങളം-ഉയർന്ന പർവ്വതങ്ങളുടെ മുകൾ കാണപ്പെടുന്ന ചെറുതരം കുന്നുകൾ.

പപ്പുന്തഭൂമി-താഴ്വരകൾക്കും മലകൾക്കും അടുത്തുള്ള സ്ഥലം. നാലുപുറവുമുള്ള ഭൂമി എന്നർത്ഥം.

പപ്പുന്നം-ഫ. അതിഞ്ഞി. വ. അവസാനം. സ. ഭൂമി.

പപ്പുഷ്പി-വിണ്ണുവിത.

പപ്പുയണം-ഫ. പുറന്നടപ്പ്. വ. കതിരജീനി.

പപ്പുയം-ഫ. പുറമൽ, പരിവൃത്തം. വ. മറവ്. സ. കഴപ്പം. ര. ജോലിയിലുള്ള ഉപേക്ഷ. ള. വണ്ടിച്ചക്രം.

പപ്പുവരോധം-തടവ്, വിരോധം, മുടക്കം.

പപ്പുവസാനം-ഒടുക്കത്തെ അവസാനം.

പപ്പുവസ്ഥ-വിരോധം, വിരോധനം. എല്ലാംകൊണ്ടിലും സ്ഥിതിചെയ്യുക, ശത്രുവിന്റെ സകല കരുക്കളിലും തകരാറുചെയ്യുക എന്നു ഫലിതാർത്ഥം.

പപ്പുസ്ത-വി. ഫ. പുറപ്പെട്ട. വ. ചിതറിയ. സ. നശിച്ച.

പപ്പുസ്താപഹ്നുതി-ഒരു അലങ്കാരം. (പരിസംഖ്യാലങ്കാരത്തിന്റെ വകഭേദം)

പപ്പുസ്ഥിക-കിടക്ക.

പപ്പുകുലം-വി. ഫ. കലങ്ങിയ. വ. ഭയപ്പെട്ട സ. നിറഞ്ഞ.

പപ്പുകുലം-ദുഃഖം.

പപ്പുണ-ജീനി.

പപ്പുത്ത-വി. ഫ. പ്രേരിച്ച. വ. ത്രാണിയുള്ള, ശക്തിയുള്ള. സ. തികഞ്ഞ, മതിയാകുന്ന.

പപ്പുത്താ-അ ഫ വേഗത്തിൽ വ. തൃപ്തിയായി സ. ശക്തിയായി. ര. മതിയായി.

യഥേഷ്ടം എന്ന അർത്ഥത്തിൽ ക്രിയാവിശേഷണമായി പ്രയോഗിക്കപ്പെടുന്നു. തികഞ്ഞത് എന്നു ശബ്ദാർത്ഥം.

പപ്പുത്തി-ഫ. അവസാനം. വ. കൊല്ലുവാനൊരുങ്ങിവരുന്നവനെ തടുക്കുക, രക്ഷിക്കുക.

പപ്പുപായം-ഫ. ക്രമം, ശരിയായ ക്രമം. വ. വിധം. സ. ഒരു വാക്കിനു പകരമാ

യുള്ള വാക്ക്. ഭ. ഒരേ അർത്ഥത്തെ പറയുന്നത്. ഇ. അവസരം. ന. ഉണ്ടാക്കുക. ഒ. ഗ്രഹണം. വ ഒരലങ്കാരം (വാസ്തവോക്തൃലങ്കാരത്തിൽ പെട്ടത്).

ഒരു വസ്തു ഒന്നിനെ വിട്ട മറ്റൊന്നിനെ എന്ന മുറക്കു പല വസ്തുക്കളെ പ്രാപിക്കുന്നതായോ അല്ലെങ്കിൽ പല വസ്തുക്കളും ഒരോന്നായി ഒന്നിനെ പ്രാപിക്കുന്നതായോ പറയുന്നത് പര്യായാലങ്കാരം–ഭാക്ഷാലക്ഷണം.

ൻ. അതിക്രമം (ക്രമംവിട്ട പ്രവൃത്തി).

പര്യായശയനം–തവണവെച്ചു മാറിമാറി ഉറങ്ങുക.

പര്യായോക്തം–ഒരലങ്കാരം. (വാസ്തവോക്തൃലങ്കാരത്തിൽപെട്ടത്).

പര്യായോക്തം എന്നാൽ ചമൽക്കാരത്തിനു വേണ്ടി ചെയ്യുന്ന വളച്ചുകെട്ട്. അതായത് ചമൽക്കാരത്തിനായിട്ടു വളച്ചുകെട്ടി പറയുക എന്നർത്ഥം.

പര്യാസം–ഭ. അവസാനം. ഒ. ചുറ്റൽ

പര്യാഹാരം–ഭ. കാവടി. ഒ. ചുമട്.

പര്യുത്സുക–വി. ഭ. ദുഃഖമുള്ള. ഒ. ഏറവും ആഗ്രഹമുള്ള. ന. മനസ്സിളകിയ.

പര്യുദഞ്ചനം–കടം. കാലാന്തരത്തിൽ മടങ്ങിവരുന്നതെന്നർത്ഥം.

പര്യുപാസനം–ഒരുമിച്ചിരിക്ക.

പര്യുപ്ത–വി ഭ. വിണ്ടു വിരക്കപ്പെട്ട. ഒ. രത്നം പതിക്കപ്പെട്ട.

പര്യേഷണം–ഭ. അന്വേഷണം. ഒ. ശ്രദ്ധാഭക്തി ക്രിയകൾക്കു യോഗ്യന്മാരായിട്ടുള്ളവരെ അന്വേഷിക്കുക. ചുഴലവും മുറിനടക്കുക എന്നർത്ഥം.

പർവ്വകം–ഭ. ചെറുതേക്ക്. ഒ. കാൽ മുട്ടിന്റെ സന്ധി.

പർവ്വകാലം–അഷ്ടമി, ചതുർദ്ദശി, കറുത്ത വാവ്, വെളുത്ത വാവ് ഈ നാളുകൾ.

പർവ്വതകന്യക–പാർവ്വതി.

പർവ്വതകാകൻ – മലങ്കാക്ക, കാവതിക്കാക്ക.

പർവ്വതജ–ഭ. പാർവ്വതി. ഒ. നദി.

പർവ്വതൻ–നാരദന്റെ സ്നേഹിതനായ ഒരു യക്ഷി.

പർവ്വതപക്ഷച്ഛിത്തു്–ഇന്ദ്രൻ.

പർവ്വതപുത്രി–പാർവ്വതി.

പർവ്വതം–ഭ. മല. സന്ധിയുള്ളതു്, ഭൂമിയെ നിറയ്ക്കുന്നതെന്നർത്ഥം. മറ്റു പർവ്വതങ്ങൾ–മഹീധ്രം, ശിഖരി, കൂപ്പുള്ളതു്, അഗഹ്യം, ധരം, അദ്രി, ശൈലം, ഗിരി (ന–പു), അചലം, ശൈലം, ശിലോച്ചയം. ഒ. ഒരു വക ചീര. ന. ഒരു വക മീൻ. ഭ. പാറ, കന്ത്. ഇ. ഏഴ് എന്ന അക്കം. ന. പുരുഷൻ.

പർവ്വതവാസിനി–ദുർഗ്ഗ.

പർവ്വതാത്മജ–പാർവ്വതി.

പർവ്വതാരി–ഇന്ദ്രൻ.

പർവ്വതാശയം–മേഘം.

പർവ്വതാശ്രയം–ശരഭം, എട്ടുകിമാൻ.

പർവ്വം–ഭ. മുട്ട്. ഒ. വാവു്. ന. അദ്ധ്യായം, ഭാരതത്തിലെ ഓരോ പങ്കുകൾ. ഭ. ഭാരതം കിളിപ്പാട്ട്. ഇ. വിഷുവും മറ്റും. ന. ഉത്സവം. ഒ. അയനസംക്രമം, സംക്രമം. വ. അവസരം. ൻ. ക്ഷണം. ഫ്ര. കറുത്തതും വെളുത്തതുമായ വാവു്. പൂരിപ്പിക്കുന്നതെന്നർത്ഥം.

പർവ്വസന്ധി–വാവും പ്രതിപദവും കൂട്ടുന്ന സന്ധി.

പർശു, പർശ്വധം–ഭ. വെണ്മഴു. (പരശു, പരശ്വധം ഇവയുടെ പാഠം). ഒ. ആയുധം.

പർശുകാ–വാരിയെല്ലു്. ശയനാദികളിൽ സ്പർശിക്കപ്പെടുന്നതെന്നർത്ഥം.

പർത്തൃപാണി – പ. പരശുരാമൻ. പ. ഗണേശൻ.

പല–വി. വളരെ, അനേകം.

പലക–പ. കനംകൊച്ചു വീതിയിൽ അറുത്ത മരം. പ. ഇരിക്കുന്നതിനുള്ള ചെറിയ പലക. കരണ്ടി. ന. പരിച. (ഫലകം എന്നതാണു 'പലക' ആയതു്).

പലകനാക്കി–ചൂരൽ.

പലകപ്പയ്യാനി–ഒരു വൃക്ഷം. പയ്യിനെങ്കം–മധുകപർണ്ണം, പാത്രപർണ്ണം, നടം, കടപ്രിയം, ഡുണ്ഡുകം, സ്യോനാകം, ശ്രീകനാസം, ശ്രീക്ഷം, ഭീരുവൃന്തം, കടന്നടം, ശോണകം, അരളു, (പയ്യഴഞ്ഞി, പയ്യഞ്ഞി ഇങ്ങിനേയും പറയും)

വാതം, പിത്തം, കഫം, ക്ഷതം, വ്രണം, കൃമി മുതലായവ നശിപ്പിക്കുന്നു. ഒരു കഫസ്തംഭവൃദ്ധിമാണ്. ത–പെരുവാരകം.

പലകമീൻ–ഒരുവക സമുദ്രമത്സ്യം.

പലകാരം–അപ്പം. (ഫലഹാരമാണു് പലഹാരമായതു്).

പലങ്കഷ – പ ഒരു മരുന്നു്, രത്നരിത്തിൽ. മുള്ളുകൊണ്ടു മാംസത്തെ കഷണംചെയ്യുന്നതെന്നർത്ഥം. പ. ഒരു വൃക്ഷം, കമ്പിളം. ന. പ്ലാശു്. ർ. അരത്ത. ി. അരക്കു്. ു. ഗുഗ്ഗുലു. ൊ ചെറിയ അമര.

പലങ്കഷം–പ: ഗുഗ്ഗുലു. പ. സിംഹം.

പലഗണ്ഡൻ–കല്യാശേരി, നിലം ചുമന്നു മുതലായതു ചെത്തിത്തേയ്ക്കുന്നവൻ. പലം = മാംസം. ഗണ്ഡം = കവിൾത്തടം. മാംസസദൃശമായ മണ്ണു് കണ്ണായം മുതലായതുകൊണ്ടു് കവിൾത്തടമെന്നവണ്ണം മിനുമിനുത്ത ശില്പങ്ങളെ ചെയ്യുന്നവനെന്ന ലക്ഷണികമായ അർത്ഥം മറന്നു പയ്യായം–ലേപകൻ.

പലണ്ടു–ചുകന്നുള്ളി, ചീരുള്ളി. (പലാണ്ടു എന്നതിന്റെ പാഠം).

പലതു്–വി. അനേകം.

പലപല–വി. അനേകം.

പലപ്പോഴും–അ. കൂടക്കൂടെ.

പലപ്രിയം–കാക്ക.

പലം–പ. ഇരുപതെണ്ണം കഴഞ്ചു കൂടിയതു്. (നാലു കഴഞ്ചിന്റെ–നൂറ് തുലൃ മാഷകത്തിന്റെ–പേർ എന്നുമുണ്ടു്.)

പലം = രണ്ടു് ഔൺസ്. ഇതിനു മലയാളത്തിൽ മനം, തവി, തുടം എന്നൊക്കെ പറയും.

പ. മാംസം. അറിയപ്പെടുന്നതെന്നർത്ഥം.

പലർ, പലരും–വി. അനേകംപേർ.

പലലം–പ. മാംസം. രോഗത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നതെന്നർത്ഥം.

'പലലമതുപരിചിനൊടുണക്കുവാൻ'
(അദ്ധ്യാത്മരാമായണം)

പ. എള്ളുണ്ട. ന. ചളി, പങ്കം.

പലലാശയം–ഒരു ദീനം, തൊണ്ടവീക്കം.

പലലാശി–രാക്ഷസൻ. മാംസം ഭക്ഷിക്കുന്നവനെന്നർത്ഥം.

പലവക–വി. പലമാതിരി.

പലവിധം–വി. പലപ്രകാരമുള്ള.

പലവും–അ. പലതും.

പലവുരു–അ. പല പ്രാവശ്യം.

പലവൂട്ട്–അ. പല പ്രാവശ്യം.

പലവൃക്ഷിപൻ–പല ദേശത്തിന്നധികാരി.

പലവുരം–വി. പല പ്രാവശ്യവും.

പലവെഞ്ഞനക്കടമ – തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന ഒരു നികുതി.

പലവ്യഞ്ജനം–കടുക് ജീരകം മുളകു മുതലായതു്.

പലഹാരം–അപ്പം, അട, റൊട്ടി മുതലായ ക്ഷണവസ്തു.

പലഹാരക്കച്ചവടക്കാരൻ=ക്ഷേകാരൻ, ക്ഷ്യകാരൻ.

പലാംഗി-പിത്തം.

പലാംഗം-ചീങ്കണ്ണി.

പലാണ്ഡു-ഒരു അങ്ങാടിമരുന്ന്, വൃകന്നുള്ളി, ചീരുള്ളി. (പലണ്ഡു എന്നുമാവും). ഭക്ഷിക്കുന്നത് എന്നർത്ഥം. ഉ വലിയ രവുള്ളുള്ളി.

പലാത്തെല്ല്-എട്ടപ്പ്.

പലായനം-ഓടിപ്പോക്ക്, ഓട്ടം.

'പാരാകമംപോലെപലായനംചെയ്കയും (കല്യാണസൗഗന്ധികം തുള്ളൽ)

പലായമാനം-ഓടുന്നത്.

പലാലഭോഹടം-മാവ്.

പലാലം-വയ്ക്കോൽ. പറക്കുന്നത്, കനമില്ലാത്തത് എന്നർത്ഥം.

പലാശ-വി. ഫ. പച്ചനിറമായ. ഉ. ക്രൂരതയുള്ള. (സ്ത്രീലിംഗം-പലാശി).

പലാശ(ക)ം-ഫ. പ്ലാശ്. ഉ. രചനകച്ചോലം.

പലാശകാ-മുതുക്ക്.

പലാശൻ-രാക്ഷസൻ.

പലാശം-ഫ. ഇല. പരന്നിരുന്നതിൽ (ശീർണ്ണപർണ്ണശേന വൃതപരന്നിരുന്നയ യോഗികളാൽ) ഭക്ഷിക്കപ്പെടുന്നത് എന്നർത്ഥം. പലം (മാംസം) ഇലകളിൽ വച്ചു ഭക്ഷിക്കുന്നതുകൊണ്ടു പലാശം എന്നുമാവും. ഉ പ്ലാശുവൃക്ഷം. പുണ്യങ്ങളായ ഇലകളും ഉള്ളതു എന്നർത്ഥം. പൂക്കളോടു കൂടിയതാകയാൽ മാംസം ഭുജിക്കുന്നതുപോലെയിരിക്കുന്നതു എന്നുമാവും. ന. രചനകച്ചോലം. മാംസത്തിൽ ആശയുള്ളതു എന്നർത്ഥം. ഭ. പച്ചനിറം. ങ. പച്ചില.

പലാശാന്താ-നവമഞ്ഞൾ.

പലാശി-ഫ. വൃക്ഷം. ഇലകളും ഉള്ളതു എന്നർത്ഥം. ഉ. രാക്ഷസൻ. ന. രചനകച്ചോലം. ഭ. അരക്ക്.

പലിക്നീ-നരച്ചവൾ. പലിതം (നര) ഉള്ളവൾ എന്നർത്ഥം. മറ്റൊരാളുടെ പുണ്യം-പുണ്യം.

പലിത-വി. നരച്ച.

പലിതം-ഫ. നര. ഇതുകൊണ്ടു ദേഹത്തിനു യൗവനവും ഇല്ലാതാകുന്നതിനാൽ ഈ പേർ വന്നു.

പലിതം എന്നതു ഒരു ക്ഷുദ്രരോഗമാണ്. ഇതു കോപം, ദുഃഖം, ശ്രമം ഇവയിൽ ഏതെങ്കിലും കൊണ്ടുണ്ടായ ദേഹച്ചൂടു തലയിൽ കയറി തലമുടിയെ പഴുപ്പിക്കുന്നതാകുന്നു.

ഉ. അലങ്കരിച്ച തലമുടി. ന. ക്ഷേലേയം.

പലിശ-നെല്ലോ പണമോ വായ്പകൊടുത്താൽ കൂട്ടിക്കിട്ടുന്നതു

പലിശ കൊണ്ടുപജീവിക്കുന്നതിന്റെ പേർ=അർത്ഥപ്രയോഗം, കുസീദം, വൃദ്ധിജീവികാ അർത്ഥപ്രയോഗം എന്നതു ധനം കടം കൊടുത്തു വാങ്ങുന്നതിന്റെയും, കുസീദം എന്നതു പലിശയുടേയും, വൃദ്ധിജീവികാ എന്നതു് ആ പലിശകൊണ്ടു ഉപജീവിക്കുന്നതിന്റെയും പേരെന്നും അഭിപ്രായം കാണുന്നു. പലിശകൊണ്ടുപജീവിക്കുന്നവനു 'കുസീദികൻ' എന്നു പേർ.

പലേടത്ത്, പലേടവും-അ. പല സ്ഥലത്തു.

പല്ല്-ഫ. വായിൽ രണ്ടു വരിയായിട്ടു നില്ക്കുന്ന കട്ടിയുള്ള സാധനം. പല്ലിന്റെ പേർ=രദനം, ദശനം, ദന്തം, രദം. (അടിത്തോൽ മോണ ഇവ നോക്കുക). ഉ. ചിരവയുടേയും അറപ്പുവാളിന്റെയും മറവും കുത്തോടുകളും. ന. താക്കോൽ പുല്ലും.

രാജാക്കന്മാർ പല്ലുതേക്കുന്നതിനു 'തിരുമുള്ളു വിളക്കുക' എന്നു പറയും. പല്ല

തേക്കുന്നതു രാവിലേയും ഭക്ഷണം കഴിഞ്ഞതിന്റെ ശേഷവും വേണ്ടതാണ്. ആമരോക്ഷം, മുട്ടി, ശ്വാസം, കാസം, പനി, അരിതം എന്ന വാതവ്യാധി, തുണ്ണി, അസ്യപാകം, ഹൃദ്രോഗം, നേത്രരോഗം, ശിരോരോഗം, കർണ്ണരോഗം ഇവയിൽ ഏതെങ്കിലുമുള്ളവൻ പല്ലുതേക്കരുതു്.

പല്ലക്ക്–മനുഷ്യരുള്ള ചില ആളുകൾ കേറി സഞ്ചരിക്കുന്നതിനുള്ള ഒരുമാതിരി വാഹനം.

പല്ലാക്ക്, പല്ലങ്കി എന്നും കാണുന്നുണ്ട്. പല്ലക്ക് എന്നതു പല്യങ്കം എന്നതിന്റെ തദ്ഭവമായിരിക്കും.

പല്ലക്കുകാരൻ–പല്ലക്കു ചുമക്കുന്നവൻ, പോണ്ടൻ.

പല്ലൻ–വലിയ നീണ്ടപല്ലുള്ളവൻ

പല്ലരണ്ട— പല്ലു സംബന്ധിച്ചുണ്ടാകുന്ന ഭീനം.

പല്ലവകൻ–വിടൻ.

പല്ലവടു–അശോകം.

പല്ലാറ–തളിർ. കാറകൊണ്ടിളകുന്നതും കരിമേഘം കണ്ണാലകരത്തിന്നായിട്ടും മറവും ചേരിക്കുന്നതും എന്നർത്ഥം.

പല്ലവിത–വി. ക. തളിതള്ളി. ഉ. തളിർക്കപ്പെട്ട.

പല്ലവിതം–കോലരക്ക്.

പല്ലവിനി–ഒരു വൃത്തം.

രമരായണം വർ വൃത്തത്തിലേ ക്രമം വൃത്തം നോക്കുക.

പല്ലാങ്കുഴി–ചുറ്റുമായി പതിനാലു ചെറിയ കുഴിയും നടുവിൽ രണ്ടു വലിയ കുഴിയുമുള്ള ഒരുമാതിരി കളിപ്പലക

പല്ലി–ക. ഗൊല്ലി. ഉ, നഗരം. ന, ഇറച്ചി കുത്തിയെടുക്കുന്ന മുള്ളു്. ര. വണ്ടി. മ. ഗൃഹം.

പല്ലിടക്കുത്തി–പല്ലുകോൽ.

പല്ലിത്തടി–മരംകൊണ്ടോ ഇരിമ്പുകൊണ്ടോ പല്ലുപോലെ നിരത്തിത്തറച്ചുണ്ടാക്കിയ മരമോ ഇരിമ്പോ, പരുത്തി, നിലം നിരപ്പാക്കുന്നതിനുള്ള ഒരു യന്ത്രം (തടി).

പല്ലിത്തടി എന്നതു മരംകൊണ്ടുള്ള ചട്ടയിൽ പല്ലുപോലെ ആണിതറച്ചു ഒരു യന്ത്രമാണു്. ഇതു് ഉഴുത മണ്ണു നിരത്തും. കട്ട ഉടക്കും. മണ്ണിൽ മറിഞ്ഞ കളകളെ മുകളിൽ കൊണ്ടുവരും.

പല്ലിളി–പല്ലുകാട്ടുക

പല്ലിളിക്കുന്നു–പല്ലുകാട്ടുന്നു.

പല്ലിറുമ്മൽ–പല്ലുകൾ തമ്മിൽ കൂട്ടിക്കടിക്കൽ.

പല്ലിറുമ്മുന്നു–ചിലർ കോപിക്കുമ്പോഴോ ഉറങ്ങുമ്പോഴോ പല്ലുകൾകൂട്ടിക്കടിക്കുന്നു.

പല്ലീ–പഞ്ചസാര

പല്ലുകടി–പല്ലുകൂട്ടിക്കടിക്കൽ, പല്ലിറുമ്മൽ.

പല്ലുകുത്തി–പല്ലിന്റെ ചുവട്ടിലുണ്ടാകുന്ന ഒരു വേദന.

പല്ലുതടി–പല്ലിത്തടി.

പല്ലുളി–പല്ലുകത്തി.

പല്ലേരി–മോണ, മോന്ത.

പല്ല്യങ്കം–കട്ടിൽ(ഡം). ഉപഭോഗാർഹമായ ഉടയാടകളെപ്പെട്ടു(ത്തു)ന്നതു് എന്നർത്ഥം.

'പല്ല്യങ്കത്തിൽപരിചൊടുപവേ-
ശിച്ചുപോകുമഹാക്ഷീം'

പലപല–ക. കാച്ചുമാത്രം കഴുത്തുമുള്ള പൊയ്ക, അല്പസരസ്സ്. ഉ ചിറക്കഴി. ന പർവ്വതങ്ങളിൽ കാണപ്പെടുന്ന ഒരു ചെടി, ചോല മുതലായ സല്പജലാശയം. സുകരം മുതലായതു് ഇതിൽ ഗമിക്കുന്നതിനാൽ ഈ പേർ ചേർന്നു.

പലപലാവാസം–ആമ.

പവൻ-പതിനഞ്ചു ഗ്രിട്ടീങ്ക്രൂപം വില യുള്ള ഒരു സ്വർണ്ണനാണയം.

ഈ നാണയത്തിന്റെ വില ചില പ്പോൾ കൂടുകയും ചിലപ്പോൾ കുറയുക യും ചെയ്യാറുണ്ട്.

പവന-വി. സ്വച്ഛതയുള്ള, വെടിപ്പുള്ള.

പവനതനയൻ-പ്ര. ഹനുമാൻ. പ. ഭീമൻ. ന. അഗ്നി.

പവനൻ-പ്ര. വായു, കാറ്റ്. ശുദ്ധമാക്കിച്ചെയ്യുന്നവനെന്നർത്ഥം. പ. വിഷ്ണു.

പവനഭുക്ക്-സർപ്പം.

പവനം-പ്ര. പതിർപിടിഞ്ഞം, നെല്ല് മുത ലായതു ചേറുക. ഏറ്റവും ശുദ്ധിവരു ത്തുക എന്നർത്ഥം. പ. ശുദ്ധിയാക്കുക. ന. കുശവന്റെ ആല. ര. ജലം. ള. മഞ്ജരം എന്ന ഒരുവക പുല്ല്. ന. പ വിത്രം.

പവനവാഹനൻ-അഗ്നി.

പവനവ്യാധി-പ്ര. ഉലുവൻ.

ഉലുവർ കൃഷ്ണന്റെ ഇഷ്ടജനം മന്ത്രി യുമാണ്.

പ. വാതരോഗം.

പവനസഖൻ-അഗ്നി.

പവനാശനൻ-പാമ്പ്. പവനം (കാ റ്റിനെ) അശിക്കുന്നത് (ഭക്ഷിക്കുന്നത്). വായു ഭക്ഷണമായുള്ളവൻ എന്നു താൽ പർയ്യം.

ഒരു ഭക്ഷണവസ്തുവും ഔഷധകാലമായ ഒരു കിട്ടിയില്ലെങ്കിലും പാമ്പിനു കാറ്റി നെ തിന്നു ജീവിച്ചിരിക്കാം, സുഖമായു വീശുമ്പോൾ സർപ്പങ്ങൾ അതിനെ ആ സ്വദിച്ചു രസിക്കാറുണ്ട്.

പവനാശ(ന)ം-പാമ്പ്.

പവനാശനാശൻ-പ്ര. മയിൽ. പ. ഗരുഡൻ.

പവനാളം-ചോളം.

പവനീ-ചൂൽ, തുറപ്പ.

പവം-പ്ര. പതിർപിടിഞ്ഞം, നെല്ല് മുത ലായതു ചേറുക. ഏറ്റവും ശുദ്ധിവരു ത്തുകയെന്നർത്ഥം. പ. ശുദ്ധി.

പവമാനൻ-വായു. ശുദ്ധമാക്കിച്ചെയ്യു ന്നവൻ എന്നർത്ഥം.

പവാകാ-ചൂഴലിക്കാറ്റ്.

പവി-പ്ര. വജ്രം, ഇന്ദ്രന്റെ ഒരായുധം, വൈരത്തെ ശുദ്ധിയാക്കുന്നതെന്നർത്ഥം, പകവീട്ടുന്നതെന്നു താൽപ്പർയ്യം. പ. കരിയ്ക്ക്.

പവിത്രം-മുളക്.

പവിത്ര-വി. ശുദ്ധിയുള്ള.

പവിത്രകം-പ്ര. കയറാവല, പവിത്രം (ഉപവീതം) പോലെ ഉള്ളതെന്നർത്ഥം. മറ്റൊരു പർയ്യായം-ശണസൂത്രം. പ. മീൻകുട്ട. ന. മക്കിപ്പൂവ്. ര. പച്ചനിറമുള്ള മദ്യം. ള. അരയാല്. ന. അത്തിയാല്.

പവിത്രധാന്യം-യവം.

പവിത്രൻ-ശുദ്ധിവന്നവൻ.

പവിത്രം-പ്ര. രസം, മദ്യം. ശുദ്ധിയെ ചെയ്യുന്നതെന്നർത്ഥം. പ. വെള്ളം. ന. അഷ്ടപാത്രം. ര. ചെയ്യ്. ള. പുണ്ണരൽ. ന. ശുദ്ധിയുള്ളത്. ഠ. നെയ്യ്. വ. തൈര്. ൻ. തേൻ. ഫാ. എള്ള്. ഫ്ര. പുത്തിലഞ്ഞി. ഫാ ചന്ദനം. ഫന. അസ്സും ഫർ. മഴ.

പവിത്രമോതിരം-കൽശുദ്ധിക്കായിട്ട് കൈയിലിടുന്ന മോതിരം.

പവിത്രവിരൽ-അണിവിരൽ.

പവിത്രസ്ഥലം-ശുദ്ധസ്ഥലം.

പവിത്രാ-പ്ര. തുളസി. പ. ചിറ്റരയൽ. ന. വെളുത്ത മക്കീരക്കല്ല്. ര. മഞ്ഞൾ. ള. വന്നി.

പവിഴക്കൊടി-ഒരു പച്ചമരുന്ന്. പ
ഞ്ചേന്ദ്രിയങ്ങൾ-സുക്കിരം, വിഴുമലതം, ക
പോതാംഘ്രി, നടി, നളീ, ധമനീ, അ
ഞ്ജനകേശീ.

മഹോദരം, അൽസ്സ്, രക്തദോഷം
മുതലായവക്ക നന്ന്.

പവിഴക്കൊമ്പ്-നീളത്തിലുള്ളപവിഴം

പവിഴപ്പുറ്റ്-ഒരുങ്ങാടിമരുന്ന്, ഒരുമാ
തിരി പുറ്റ്.

പവിഴം-ഒരുവക രത്നം. പഞ്ചേന്ദ്രിയങ്ങൾ-
വിഴുമം, പ്രവാളം.

പവിഴം-കഫം, പിത്തം, വിഷം,
ഗുമ, ക്ഷയം, രക്തദോഷം ഇവയ്ക്ക നന്ന്. കണ്ണിന ഹിതം നല്ല പവിഴത്തി
ന്റെ ലക്ഷണം-നല്ല ചെമപ്പു നിറമി
രിക്കും. ഘനവും ഗുരുവും മിനുപ്പും കാ
ണും. സിരകളും കാണുകയില്ല നമ്മുടെ
തയും ഉറപ്പും ഇരിക്കും. ശോധനമാരണ
ങ്ങളും വൈരത്തിനൊപ്പം തന്നെ. അതു
ശരിയാംകാരതയിരിക്കുന്ന പവിഴം അറി
യാതെ ഉള്ളിലാക്കി വികാരമുണ്ടായാൽ
പശുവിൻപാലിൽ തേനും പഞ്ചസാര
യും ചേർത്തു സേവിക്കുക. ത-പവിളം.

പവിഴമണി-പവിഴം എന്ന പേരുള്ള
രത്നം, പവിഴം ശോധനചെയ്തുണ്ടാക്കിയത്.

പവിഴമല, പവിഴാദ്രി - കിഴക്കൻ
പർവ്വതനിര.

പവിഴമാല-പവിഴംകൊണ്ടുള്ള മാല.

പവുളി-ഉത്സാഹം. (പ മ.)

പശക്കൊട്ടമരം-ഉവക്കുമരം.

പശ-പ. ഒട്ടുന്ന വസ്തു. പ. ലാഭ.

പശകൻ-ചെറുക്കൻ, പയ്യൻ.

പശമണ്ണ്-ചെളി.

പശി-വിശപ്പ്.

പശിമ-മാർദ്ദവം.

പശിമമണ്ണ്-കളിമണ്ണ്.

പശു-പ. ഗോക്കളിൽ സ്ത്രീ. പ. ജീവൻ.
ന. യാഗത്തിനു കൊല്ലുന്ന ആടും മ
റ്റും. ഭ. അധമൻ, ഭോക്തൻ. ഇ കു
ഞ്ഞു്, കട്ടി. പര്യായങ്ങൾ-മഹേയീ,
ഋസൂരഭേയീ, ഗൌ, ഉസ്രാ, മാതാ
(ഉ-സ്ത്രീ), ശൃംഗിണീ, അഘ്ന്യാ, അ
ഘ്ന്യാ, രോഹിണീ. ന. സാധാരണ
ജന്തു.

പശു എന്ന ശബ്ദം ഭീരുത്വത്തെ ദ്യോ
തിപ്പിക്കാറുണ്ട്. പശുവിന്റെ കുറഞ്ഞ
ജീവിതകാലം വർഷം ൧൫-൨൦ കൂടിയ
ജീവിതകാലം വർഷം ൪൦.

പശുക-ഏതെങ്കിലും ചെറിയ ജന്തു.

പശുക്കയറ്-പശുവിനെ കെട്ടുന്ന കയറ്.

പശുക്കുടൽ-പശുഭക്ഷണം.

പശുക്കൂട്ടം-പശുക്കളുടെ കൂട്ടം.

പശുഗായത്രി-ബലികഴിക്കാൻ പോകു
ന്ന മൃഗത്തിന്റെ ചെവിയിൽ ചൊല്ലി
ക്കൊടുക്കുന്ന ഒരു മന്ത്രം.

പശുചര്യാ-ക്രീഡാ, സംയോഗം.

പശുജാതികൾ-മൃഗജാതികൾ. ഗന്ധ
വ്വം, ശാരം, രാമം, സുരഭം, ഗവയം,
ശരഭം ഇവയും, സിംഹം മുതൽ ചമരി
മൃഗംവരെയുള്ളവയും, പശു, ആന,
കുതിര മുതലായവയും പശുജാതികളാ
കുന്നു.

പശുതാ-മൃഗസ്വഭാവം

പശുതിന്നി-പറച്ചെറുക്കൻ.

പശുപാനം-പശുവിനെ ദാനംചെയ്ക.

പശുപാലൻ-ശിവൻ.

പശുപതി-ശിവൻ. ഗണങ്ങളുടെ ര
ക്ഷിതാവെന്നർത്ഥം ജീവജാലങ്ങളെ സം
സാരയേത്തിൽ നിന്നും രക്ഷിക്കുന്നവൻ
എന്നുമാവാം.

പശുപാലൻ-ഇടയൻ.

പശുപാശം-പ. പശുവിന്റെ പാശം. ര. മായയാത്മം. ന. സംസാരബന്ധം.

'ശതനാശം അതിക്ലേശം
പശുപാശം ജഗദീശം'

(നളചരിതം കഥകളി)

പശുപാശി-ഒരുവക മരുന്ന്.

പശുപുല്ല്-പശുക്കൾക്ക തിന്നാൻ യോഗ്യമായ പുല്ല്. പശ്വായങ്ങം-ഘാസം, യവസം.

പശുപ്രായ-വി. മൃഗസ്വഭാവമുള്ള, പശുവിനോട് തുല്യമായ.

പശുപ്രേരണം-പശുവിനെ തെളിക്കുക.

പശുബന്ധം-പശുവിനെ കെട്ടുക.

പശുയോനി-മൃഗാദികളുടെ യോനി.

പശുരക്ഷ-പശുക്കയർ, പശുവിനെ കെട്ടുന്ന കയർ.

പശുരാജൻ-സിംഹം.

പശുവത്സൻ-പശുക്കിടാവ്.

പശുഹരീതകീ-അമ്പഴങ്ങ.

പശ്ചാൽ-അ. പ. പിൻപുറം. ര. ശേഷം. ന. പിന്നെ. ഭ. പടിഞ്ഞാവ്.

പശ്ചാത്താപ-താൻ ചെയ്ത ദോഷത്തെ വിചാരിച്ചു പിന്നീടുണ്ടാകുന്ന ദുഃഖം. മറ്റ പശ്വായങ്ങം-അനുതാപം, വിപ്രതീസാരം.

പശ്ചാൽ-പ. പടിഞ്ഞാവ വശം. ര. മറഞ്ഞ ഭാഗം, ന. പിണത്തെ പകുതി ഭാഗം.

പശ്ചിമ-വി. പ. പടിഞ്ഞാവുള്ള, ര. പുറകെയുള്ള.

പശ്ചിമദിക്ക്-പടിഞ്ഞാറേ ദിക്ക്.

പശ്ചിമഭാഗ-പടിഞ്ഞാവുഭാഗം.

പശ്ചിമം-പ. പടിഞ്ഞാവ്. ര. പിൻപ്. ന. ഒടുവിലുള്ളത്, ഒടുവിലുണ്ടായത്. പിന്നെ ഉണ്ടായത് എന്ന ശബ്ദാർത്ഥം

പശ്ചിമോത്തര-പടിഞ്ഞാവടക്ക്.

പശ്യൽ-വി. പ നോക്കുന്ന. ര. കാണുന്ന. (സ്ത്രീ-പശ്യന്തി, പു-പശ്യൻ)

പഷ്പുഹി-പ. കടിഞ്ഞൂൽ ചെനയുള്ള പശു. ര. രണ്ടാപ്രത്തിലെ ചെനച്ച പശു. (പ്രഷ്ഠുഹീ എന്നതിന്റെ പാഠമാണ്.)

പഷ്ണി-പട്ടിണി. [ഈ പ്രയോഗത്തിനു ശ്രുതിയില്ല]

പസ്ത്യൻ-മനുഷ്യൻ. വേദത്തിൽ പ്രയോഗം.

പസ്ത്യം-പ. ഭവനം. മനുഷ്യരും ഒന്നിച്ചു കൂടുക.

'നിശാന്തം സമനാ പസ്ത്യ-
മഗാരം മന്ദിരം പുരം'

(രാഘവപാണ്ഡവീയം)

ര. കുടുംബം.

പസ്ത്യാ-ഗൃഹകാര്യം സംബന്ധിച്ചു മേലധികാരമുള്ള ദേവി.

പാഠ്ളവർ, പാഠ്ള്കർ-മഹാഭാരതപ്രകാരം വസിഷ്ഠന്റെ പശുവിന്റെ വാലിൽ നിന്നും, രാമായണപ്രകാരം അവളുടെ ശ്വാസത്തിൽ നിന്നും ഉണ്ടായ ഒരു ജാതി.

പളക്ക്-വെള്ളം.

പളങ്ക്-സ്ഫടികവും മറ്റും.

പള്ള-പ. അടയാളം, ലക്ഷ്യം. ര. അവസരം, സമയം.

പള്ളങ്ങുന്ന-പ. കനിയുന്ന, താഴുന്ന. ര. ചുളുങ്ങുന്ന. ന. പ്രകാശിക്കുന്ന. ഭ. ചതവുപറ്റുന്ന. (ആരേഹണം മുതലായവയിൽ)

പള്ള-പ. വയൽ, ര. വാരിപ്പുറം. ന. വലിയ പോള്. ഭ. വലിയ കാട്. ങ. ആഴമുള്ള കഴി.

പള്ള-വി. വലിയ.

പള്ളത്തി-ഒരുവക മത്സ്യം (വട്ടത്തിലിരിക്കും.)

പള്ളം-പ. നഷ്ടം. ക. കഴി.

പള്ളയം-പ. കഴികിണ്ണം. ക, കൈയും മുഖവും കഴുകുന്നതിനുള്ള പാത്രം.

പള്ളവില്ലി-മലയന്മാരിൽ ഒരു വകക്കാർ.

പള്ളാട്ട്, പള്ളയാട്ട്-ഒരുതരം ആട്ട്.

പള്ളി-പ. കുസ്തന്ത്യാനികളും മുഹമ്മദീയരുടെ ദേവാലയത്തിനു പറയുന്ന പേർ. ക. എഴുത്തുകളരി. ന. രാജാക്കന്മാരേയും ബ്രാഹ്മണരേയും ദൈവത്തേയും സംബന്ധിച്ചു പറയുന്ന വാക്കുകളുടെ മുമ്പെ ബഹുമാനത്തിന്നായിട്ടു ചേർത്തു പറയുന്ന ഒരു വാക്ക്.

'പള്ളിക്രീഡാതൽപരന്മാകിന'
(കിരാതം തുള്ളൽ)

പള്ളിക്കട്ടിൽ-രാജാവിന്റെ കട്ടിൽ.

പള്ളിക്കുടി-രാജാവിന്റെ കുടി.

പള്ളിക്കുറിപ്പ്-രാജാക്കന്മാരുടെ (ദൈവത്തിന്റെ) ഉറക്കം.

'പള്ളിക്കുറിപ്പുണർന്നാശു മുകുന്ദനും'
(ഭാരതം)

പള്ളിക്കൂടം-പാഠശാല.

പള്ളിക്കെട്ട്-രാജസ്ത്രീകളുടെ വിവാഹം. (പള്ളി എന്നുള്ള ശബ്ദം നോക്കുക)

പള്ളിച്ചാൻ-പോണ്ടൻ, കേരളത്തിൽ ഒരു ജാതിക്കാരുടെ പേർ.

പള്ളിച്ചിറുക്കുടം - കോലത്തിരിയുടെ കൊട്ടാരം.

പള്ളിച്ചിയാൻ-പോണ്ടൻ.

പള്ളിഞായൽ-പ. പാക്കനിലം, ഞാറടി, കുന്നിക്കുന്ന്.

പള്ളിതിരിയുന്ന-ഭ്രമിക്കുന്ന.

പള്ളിത്തണ്ട്-രാജാക്കന്മാരുടെ പല്ലക്ക്.

പള്ളിത്തേവാരം-രാജാക്കന്മാരുടെ നിത്യ കർമ്മം.

പള്ളിപ്പലക-രാജാക്കന്മാർ ഇരിക്കുന്ന പലക.

പള്ളിപ്പേപ്പ്-ക്ഷുദ്രപ്രയോഗം മാറുന്നതിനു ക്ഷേത്രങ്ങളിൽ ചെയ്യുന്ന ഒരു കർമ്മം.

പള്ളിബ്രാഹ്മണപ്പെരുമാൾ- കേരളത്തിൽ ഒരു പരദേശമതം സ്ഥാപിച്ച ഭരണം ധിക്കുതൻ.

പള്ളിമ്പോട്ട്, പള്ളിയോടം-രാജാക്കന്മാർ കയറിപ്പോകുന്ന ഓടം.

പള്ളിമാടമ്പ്-രാജാക്കന്മാർക്കു പുണ്യത്തിടുന്ന കർമ്മം.

പള്ളിമാളിക-പള്ളിയുടെ മുകൾത്തട്ട്.

പള്ളിമാറാട്ടം-രാജാക്കന്മാരെ അടക്കുന്ന സ്ഥലം.

പള്ളിമെത്ത-രാജാക്കന്മാരുടെ മെത്ത.

പള്ളിയടക്കം-രാജാക്കന്മാരുടെ ശവസംസ്കാരം.

പള്ളിയമ്പു-പ. രാജാവിന്റെ അസ്ത്രം. ക. കൈത.

പള്ളിയവണ-അവണപ്പലക.

പള്ളിയറ-രാജാക്കന്മാർ കിടക്കുന്ന മുറി.

പള്ളിയറക്കാരൻ-പള്ളിയറയിലെ വേലക്കാരൻ.

പള്ളിയാൽ-ജലത്തിന്റെ സഹായം കൂടാതെ എള്ളുപ്പുണ്ടാകുന്ന നെല്ല്.

പള്ളിയാൽ ഉണ്ടാക്കുക - കൃഷിക്കുപയോഗമായും തുക്കായും കാണുന്ന കുന്നിൻചെരുവുകളെ കൃഷിക്ക് അസൗകര്യപ്പെടുത്തുവാൻ ഓരോ നിലകളാക്കി താഴ്ത്തി നിരപ്പാക്കിചെയ്യുക.

പള്ളിയുറക്കം-രാജാക്കന്മാരുടെ ഉറക്കം

പള്ളിവായന-രാജാക്കന്മാരുടെ വിദ്യാഭ്യാസം.

പള്ളിവിളക്ക് - രാജാക്കന്മാരുടെ വിളക്ക്.

പള്ളിവേട്ട-ഫ. രാജാക്കന്മാരുടെ നായാട്ട്. ഉ. ക്ഷേത്രങ്ങളിൽ ഉത്സവം തുടങ്ങിയാൽ ആറാട്ടിന്റെ തലേദിവസമുള്ള ഒരടിയന്തരം.

പഴകൽ. പഴകുക.

പഴകുന്ന-ഫ കുറെക്കാലം കഴിയുന്ന. ഉ. പഴയതായിത്തീരുന്ന. ന. പരിചയിക്കുന്ന.

പഴക്കാ-പഴത്തിനുള്ള വാഴയ്ക്ക.

പഴക്കം-വി. ഫ. വളരെക്കാലം മുമ്പേയുള്ള, പഴയതായ. ഉ. പരിചയിച്ച.

പഴനിലം-കൃഷിചെയ്യാത്ത നിലം, കൃഷി നടപ്പുള്ള നിലം ചില കാലം കൃഷി ചെയ്യാതെ ഇരുന്നാൽ അതിനു പറയുന്ന പേർ.

പഴനെല്ല്-പഴകിയ നെല്ല്.

പഴന്തള്ള - രാജാക്കന്മാരോടു മനങ്ങാതെ അമ്മ എന്നതിനു പകരം പറയുന്ന ഉപചാരവാക്ക്.

പഴന്തുളുവർ - സപ്തഭീതിയാൽ കേരളത്തിൽ നിന്നു പരദേശത്തേക്ക് ഓടിപ്പോയി തിരിയെ വന്നുപാർത്ത കേരളബ്രാഹ്മണർക്ക് പഴന്തുളുവർ എന്നും തുളുനമ്പികൾ എന്നും പേർ വന്നു.

പഴപ്രഥമൻ-നെന്തുപ്പഴം കൊണ്ടുണ്ടാക്കിയ ഒരു മധുരക്കറി.

പഴമ-ഫ. പഴക്കം. ഉ. വൃദ്ധത. ന. പണ്ടത്തെ അറിവ്.

പഴമക്കാരൻ-ഫ വയസ്സുചെന്നവൻ, വൃദ്ധൻ. ഉ. പണ്ടത്തെ പല കാര്യങ്ങളും അറിഞ്ഞിട്ടുള്ളവൻ.

പഴമുണ്ടാല-ഒരു വൃക്ഷം പര്യായങ്ങൾ-രാജാദനം, ഫലാധ്യക്ഷം, ക്ഷീരികാ.

ഇതു രസത്തിൽ മധുരവും പാകത്തിൽ അമ്ലരസവുമാകുന്നു. വാതപിത്തരോഗങ്ങൾക്കും പ്രമേഹത്തിനും നന്ന്. രുചിയെ ചെയ്യും. ഹൃദ്യവും ശുക്ലവൃദ്ധികരവുമാണ്. ഈ വൃക്ഷം വമ്പുള്ള ഉയരുള്ളതുമാകുന്നു. ഇല തുരിമുല്ലയുടേതുപോലെയിരിക്കും. ത-പഴമുണ്ണിപ്പാരെല, തീമ്പാരെല.

പഴമൂട്ട്-പറിക്കാതെ കിടന്നു പിന്നത്തെ ആണ്ടിൽ കിളുത്ത ചേമ്പ് കിഴങ്ങു മുതലായവ.

പഴം-വാഴയുടെ കായും മറ്റും പഴുത്തത്.

പഴംപക-പൂർവ്വവിരോധം.

പഴയത്, പഴകിയത്-ഫ. പഴഞ്ചൊൽ. ഉ. പഴയോല. ന. പണ്ടുള്ളത്.

പഴയതു, പഴകിയതു (പണ്ടുള്ളതു്) എന്നതിനു പര്യായങ്ങൾ-പുരാണം, പ്രതനം, പ്രത്നം, പുരാതനം, ചിരന്തനം.

പഴങ്കഞ്ഞി, തലേദിവസത്തെ കഞ്ഞി.

പഴമ്പായ്-പെറപെറെ വയർ ഒട്ടിയവൾ.

'അഞ്ചെട്ടുപെറപഴമ്പായ്ച്ചിയായപ്പോൾ
വള്ളുവനാടരെന്നെത്തള്ളുട്ടു'

പഴയ, പഴേ-വി. ഫ. പഴകിയ. ഉ. പണ്ടേയുള്ള.

പഴയപാട്ടുകാരൻ-ഫ. തീയാട്ടും കളമെഴുത്തും പാട്ട്. ഉ. ബ്രാഹ്മണിപ്പാട്ട്. ന. കോലംകെട്ടി ക്രുത്യാട്ടുപാട്ട്. ഭ. യക്ഷിക്കളിപ്പാട്ട്. ഞ. ഭദ്രകാളിപ്പാട്ട്. ട. തോറ്റമ്പാട്ട്. ഠ. ദേവേന്ദ്രപ്പള്ള വുസപ്പ്പാട്ട്. ൻ. ശാസ്താൻപാട്ട്. ഫ നിഴൽകുത്തുപാട്ട്. ഫഫ. കുങ്കിപ്പാട്ട്. ഫബ. അമ്മനപ്പാട്ട്. ഫന. കോഴിപ്പാട്ട്. ഫഭ. രാമകഥപ്പാട്ട്. ഫമ. തമുരാൻപാട്ട്. ഫയ. ഉലകടയപെരുമാൾപാട്ട്. ഫഠ. നന്തുണിപ്പാട്ട്. ഫയ. കല്യാണക്കളിപ്പാട്ട്. ഫൻ. തച്ചോളിപ്പാട്ട്.

ഉ. നെണപ്പാട്ട്. ഏ. എലിപ്പാട്ട് ഓ. കിരംതപ്പാട്ട്. ഔ. കടിയാറപ്പാട്ട്. ക. വള്ളപ്പാട്ട്. ഖ. കൈകൊട്ടിപ്പാട്ട്.

പഴയരി-പഴനെല്ലിൻറ അരി പുഴുക്കലരി രണ്ടുതരമായി പറഞ്ഞുവരുന്നതിൽ ചെറിയ മാതിരി അരി.

പഴയിട-പഴങ്കഥ.

പഴവർ-ഹീനജാതികം കാരണവരെന പറയുന്ന പേർ, രാജാക്കന്മാരോട് മറവള്ള ഏതാനും ജാതിക്കാർ കാരണവരെന പറയുന്ന പേർ.

പഴി-ദ്രു. കുറ്റം. ഉ അപവാദം. ന. നിന്ദ. ർ. ദുഷ്യം.

പഴിക്കുന്ന-നിന്ദിച്ചു പറയുന്ന, നിന്ദിക്കുന്ന, കുറ്റപ്പെടുത്തുന്ന.

പഴിച്ചു-ന് ക്ഷോഭിച്ച്.

പഴിദോഷം-ദ്രു. നാണ, കുരള. ഉ. കുറ്റം.

പഴിപ്പു-പഴിച്ചുപറക. ശകാരം.

പഴിവാക്ക്-അസത്യവാക്ക്, നിന്ദാവാക്ക്; ഇല്ലാത്ത ദോഷത്തെ പറക.

പഴുക്കാ പഴുത്ത അടയ്ക്കാ.

പഴുക്കാപ്പുലി-ഒരുവക കാട്ടുമൃഗം പുലി പല തരമുള്ളതിൽ ചെമപ്പു നിറമുള്ളത്.

പഴുക്കുന്ന-ദ്രു. പഴമായിത്തീരുന്ന. ഉ. ചവയ്ക്കുന്ന. (സ. ക്രി. പഴുപ്പിക്കുന്ന)

പഴുതു-ദ്രു ദ്വാരം. ഉ സമയം, തക്കം. ന. ഒഴികഴിവു. ർ. വ്യർത്ഥം.

പഴുതാകുന്ന-ഫലമില്ലാതാകുന്ന (സ. ക്രി. പഴുതാക്കുന്ന.)

പഴുതാര-ഉള്ളൊക്കാലും വിഷവുമുള്ള ഒരു ചെറിയ ഇഴജന്തു.

ദ്രു. പഴുതാര കടിച്ചാൽ മഞ്ഞളും കറുകനാമ്പും ക്കുടി അരച്ചു കടിച്ചുടത്തു പുരട്ടുക.

ഉ അരിതാരം മാതളനാരങ്ങാനീരിൽ അരച്ചു തേക്കുക. വിഷം തീരും. വേദനയും മാറും.

ന. കടുക്കാത്തോട്, മഞ്ഞൾ, വയമ്പു, കറുകനാമ്പു ഇവ സമം പനിനീരിൽ അരച്ചു പിരട്ടുക. നീരുവന്നെങ്കിൽ പുക്ക ക്കുടി ചേർത്തു കാടിവെള്ളത്തിൽ അരച്ചിടുക.

ർ. ഇന്തുപ്പു പൊടിച്ചു കിഴികെട്ടി തനയ്ക്കു മൂപ്പിച്ചു ഒറവിടുക.

ൽ. വയമ്പു, വേപ്പില, കടമഞ്ഞ, വെളുത്തുള്ളി ഇവ മക്ഷിപോലെ അരച്ചു പിരട്ടുക.

പഴുത്തിൽ, പഴുതേ-അ. വെറുതെ.

പഴുപ്പു-പാകം, പഴുക്കുക.

പറ-ദ്രു. പത്തിടങ്ങഴി കൊള്ളുന്ന ഒരളവു പാത്രം. ഉ. ഒരു വാദ്യം. (ഡിണ്ഡിമം) ഡിണ്ഡിമം എന്നു ചെണ്ടക്കു പറയാം

പറ-(ധാതു). ദ്രു. സംസാരിക്കുക. ഉ. ആകാശത്തിൽ സഞ്ചരിക്കുക.

പറക്കൽ-പറന്നു പോക.

പറക്കള്ളി-പറയൻറ സ്ത്രീ.

പറക്കൊക്ക-കാവതികാക്ക. കടക്കാക്ക.

പറക്കുടി-പറമാടം.

പറക്കുന്ന-പക്ഷി പഞ്ചി മുതലായവ ആകാശത്തുകൂടി സഞ്ചരിക്കുന്നു, പറന്നു പോകുന്നു. (പറത്തുന്നു. പറപ്പിക്കുന്നു. സ. ക്രി.)

പറക്കുംക്രുത്തു-ഒരു നാടകത്തിലുള്ളതിൽ ഒരു കഥ, വേഷം കെട്ടിപ്പറക്കുന്ന ഒരു ക്രുത്തു.

പറക്കൊട്ട-ഒരു പറകൊള്ളുന്ന കൊട്ട (കുട്ട).

പറങ്കി-പോർത്തുഗൽ ദേശക്കാരൻ.

പറങ്കിച്ചക്ക-ഒരുതരം ചക്ക.

പറങ്കിത്തായ്-ഒരുമാതിരി ഉരുണ്ട തായ്.

പറങ്കിപ്പാഷാണം-പാഷാണം പലമാതിരി ഉള്ളതിൽ ഒന്ന്.

പറങ്കിപ്പുണ്ണ്-ഒരു രോഗം.

പറങ്കിപ്പൂട്ട്-പറങ്കിത്തായ്.

പറങ്കിമാവ്-പറങ്കികൾ അവരുടെ ദേശത്തുനിന്ന് കൊണ്ടുവന്ന നട്ടുണ്ടാക്കിയ ഒരുവക മാവ്, കപ്പൽമാവ്.

പറങ്കിമുളക്-പറങ്കികൾ കപ്പലിൽ കൊണ്ടുവന്നുണ്ടാക്കിയ ഒരുമാതിരി മുളക്, കപ്പൽമുളക്.

പറങ്കിയണ്ടി-ക. പറങ്കിമാങ്ങയുടെ അണ്ടി ൟ. കപ്പലണ്ടി.

പറങ്കിവാക്ക്-പറങ്കിഭാഷ.

പറങ്കിവേർ-മീനപ്പാവ്.

പറങ്കിസ്ത്രീപ്രാണി- കുന്തുരുക്കം, സാമ്പ്രാണി.

പറച്ചി-പറക്കുള്ളി

പറച്ചിപെറമഹാന്മാർ-(പാക്കനാർ നോക്കുക).

പറച്ചുണ്ട-ഒരു രോഗം.

പറച്ചേരി-പറക്കൂടി.

പറജാതി-പക്ഷി.

പറട്ട-വി. മേല്പുതയുള്ള.

പറട്ടപറക-തെറിപറക.

പറണ്ട-ഇരുണ്ടപ്പക്ഷി.

പറന്തല-ക. ചുട്ടകുട്ട്. ൟ. പറന്തിയിടുന്ന തലമുടി.

പറമ്പ്-പുരയ്ക്കുന്നതിനും മറ്റും വേണ്ടി വെട്ടിത്തിരിച്ച സ്ഥലം.

പറമ്പത്തെ മരം = വൃക്ഷങ്ങളിലെ ഫലങ്ങൾ.

പറമ്പത്തീസ്സൻ, പറമ്പടത്തയ്യൻ-പുള്ള, ആർക്കോട്ടി.

പറമ്പുപാട്ടം- പറമ്പിനു കൊടുക്കുന്ന പാട്ടം, കരം.

പറവ്-പറക്കുക.

പറവനായർ-പുള്ളിച്ചൻ.

പറാമാടം-പറക്കൂടി.

പറയൻ-ക. ഒരു മഹാ നീചജാതി, ചണ്ഡാലൻ. ൟ. തുള്ളൻപാട്ടിൽ ഒരു ഇനം. ഇതു് ഓട്ടൻ, ശീതങ്കൻ എന്നിവയിലും പതിഞ്ഞ മട്ടാണ്.

പറയൻകിഴങ്ങ്-ഉള്ളൂടൻ കാച്ചിൽ.

പറയി-പറക്കുള്ളി, പറയരുടെ സ്ത്രീ.

പറയുന്ന-വാക്കുകൊണ്ടറിയിക്കുന്ന.

പറയോന്ത്-ക. പറക്കുന്ന മന്ത്രം. ൟ. പറക്കുന്ന ഒരുമാതിരി പാമ്പ്.

പറവ-പക്ഷി.

പറവജാതി-പറക്കുന്ന ജന്തു.

പറവാശി- ഒരുതരം പറകൊണ്ടു അളക്കുന്നതിൽ വരുന്ന ഏറ്റക്കുറച്ചിൽ.

പറി-(ധാതു) ബന്ധംവിടുക.

പറി-ക. കീറൽ. ൟ ബലപ്രയോഗം, ണ. വൃക്ഷണം.

പറിപ്പ്-പറിക്കുക

പറിയുന്ന-ക. ഫലങ്ങളും മറ്റും വൃക്ഷങ്ങളും മുതലായവയിൽ നിന്നു വേർപെടുന്നു ൟ പിഴുന്നു നു കയറോ മറ്റോ പൊട്ടുന്നു, വേർപെടുന്നു. (പറിക്കുന്ന. സ. ക്രി., പറിപ്പിക്കുന്നു കാ, ക്രി.)

പറിവ്-ഒഴുക്ക്, പ്രവാഹം.

പറു-വി. കഠിനമായ. (പത്ത).

പറുക്കൻ-ചതിയൻ, കൃത്രിമമുള്ളവൻ.

പറുക്ക്-ചതി, കൃത്രിമം.

പറുക്കുന്ന-(കണക്കുകളിൽ) ചതിക്കുന്ന.

പറുതല-പറന്തല, പറഞ്ഞിയിട്ട തല, ക മക്കെടായിട്ട് ഇട്ടിട്ടുള്ള തലമുടി.

പറുപറുക്കുന്നു - കുഞ്ഞുമായ് പോകുന്നു. ഉ-ം, മൂത്രം പറുപറുത്തുപോകുന്നു.

പറുപറെ-അ. തുണി വലിച്ചുകീറുമ്പോ ഴത്തെ ശബ്ദം പോലെ, മയമില്ലാതെ.

പറു്-പ. സ്നേഹം. ഉ. ആഗ്രഹം. ന. ചേന്നിരിപ്പു്. ഭ. കൊള്ളുക. ഇ. ചേപ്പു്. ണ. കായ്പു്. ഒ. വാങ്ങിക്ക. വ. മൂപ്പു്. ൻ. വരവു്. ഫം. പറമ്പടി. ഫപ. പുരാപ്പു. ഫഉ. മുഖപരിചയം. ഫന. ലഹരിപിടിത്തം. ഫഭ. വല്പന. ഫങ. താൽപര്യം. ഫന്ത. ചോപ്പു്. ഫഒ. കൂട്ടം.

പറപ്പറെ-അ. കഞ്ഞിച്ചു്.

പറലർ-ശത്രുക്കൾ. പറവു് (സ്നേഹം) ഇല്ലാത്തവർ.

പറാ വുന്ന-മുഴുവനുമാവുന്ന.

'ഇന്നിയുപറാ റവുപറിയു'

(രാമചരിതം)

പറാറെ-തീർച്ചയായി, ഖണ്ഡിതമായി (പ-മ.)

പറാണി-രണ്ടറ്റത്തും മൂപ്പുള്ള ആണി

പറാന-താപ്പന.

പറി-അ കറിച്ചു്, സംബന്ധിച്ചു്.

പറിക്കുന്നു-പ. കൂട്ടിച്ചേർക്കുന്നു. ഉ. ഒട്ടിക്കുന്നു. ന. തീ കത്തിക്കുന്നു.

പറിച്ചുവിടുന്നു-ചതിച്ചുയക്കുന്നു.

പറിനിലു്-കൊടിൽ, പറകൊടിൽ.

പറിൽ-അ. പക്കൽ.

പറുകുട്ടൻ-പുരുഷന്മാരുടെ കാതിലിടുന്ന ഒരാഭരണം.

പറുകാരൻ-ശേവുകക്കാരൻ.

പറുകൊടിൽ-പൊൻപണിക്കു് ഉപകരിക്കുന്ന ഒരു മാതിരി കൊടിൽ.

പറുപിട്ടു്-കരം മുതലായതു് ഒടുക്കിച്ചു കൊണ്ടു കൊടുക്കുന്ന ഒരെഴുത്തു്, ശമ്പളപ്പണം വാങ്ങുന്നതിനു കൊടുക്കുന്ന രസീതു്.

പറുതല-വായ്ത്തല.

പറുതാഴു്-അമത്തുഴു്.

പറുന്നു-പ. ചേരുന്നു. ഫ. ഒട്ടുന്നു. ന. വാങ്ങിക്കുന്നു. ഭ. ലഭിക്കുന്നു. ഇ. കൊള്ളുന്നു. ണ. കായ്പും സംഭിക്കുന്നു. ഒ. വലിക്കുന്നു. വ. ലഹരി പിടിക്കുന്നു. ൻ. താൽപര്യപ്പെടുന്നു. ഫറ. തീപിടിക്കുന്നു. ഫപ. തികയുന്നു. ഫഉ. മൂപ്പാകുന്നു. ഫന. ചെരുന്നത്തുന്നു. ഫഭ. അറിയുന്നു. ഫങ. പിണയുന്നു. ഉ-ം അമ്പലം പറിപ്പോവുക. (നാമം-പറൽ, പറു്.)

പറുപടി-വാങ്ങിച്ചതിനുള്ള കണക്കു്.

പറുമാനം-പ. പറുപടി. ഫ. സ്നേഹം.

പറുമുറി-പറുപടി.

പറുശീട്ടി(ട്ടു്)-രസീതു, പുറുപടി.

പറുളൻ-ബന്ധു.

പറെറ-മുഴുവൻ.

പാ

പാ(യു്)-കിടക്കുന്നതിനും മറ്റും തഴപ്പുല്ല മുതലായതു കൊണ്ടു നെയ്തുണ്ടാക്കുന്ന വസ്തു.

പാകം-വി പ ചെറിയ. ഫ. വിലപിടിച്ച. ന. യോഗ്യതയുള്ള.

പാകപ്പിഴ-പൊരുത്തക്കുറവു്.

പാകപ്പെടു്-പ. പാകമില്ലായ്ക. ഫ. പാകമല്ലായ്ക.

പാകപ്പെടുത്തുക-പാകമുള്ള അവസ്ഥ.

പാകത എന്നു പ്രയോഗിക്കുന്നതു കൊള്ളുന്നതെന്നു ചിലർക്കു അഭിപ്രായമുണ്ടു്. പാകശബ്ദം ധർമ്മിഷ്ഠമായിട്ടു ഒരവസ്ഥിക

സംസ്കൃതത്തിൽ കാണുന്നതിനാൽ പാകത്രയ ത്തിനു മറ്റൊരു രഹസ്യവുമില്ല.

പാകത്രയം-ക്ഷീരനീരപാകം, ലാക്ഷാപാകം, നാളികേരപാകം. (പാലും വെള്ളവും എന്നപോലെ ചേർന്നിരിക്കുന്ന പദാർത്ഥങ്ങളും സംസ്കൃതപദങ്ങളും യോജിപ്പിക്കുന്നതു ക്ഷീരനീരപാകം-ശേഷം ഓരോന്നും നോക്കുക.)

പാകൻ-പ്ര. ഒരസുരൻ.

പാകാസുരൻ ഇന്ദ്രനാൽ വധിക്കപ്പെട്ടു.

ഉ. കട്ടി. കലത്തെ രക്ഷിക്കുന്നതു എന്നർത്ഥം. മുലകുടിക്കുന്നതെന്നുമാവാം. (കട്ടി എന്ന അർത്ഥത്തിൽ പാകം എന്നു് അകാരാന്തമായും കാണുന്നു).

പാകപ്പിഴ-പാകക്കേടു്.

പാകഭാജനം-പാകംചെയ്യുന്ന പാത്രം.

പാകം-പ്ര. ക്രമം. ഉ. അടക്കം. ന. തുല്യം. ര. ശീലം. ള. പഥ്യം. ന ഇഷ്ടം. ഴ വേവു്. വ. ഫലാവസ്ഥ. ൻ. ധാന്യം. റ. വൃദ്ധതനിമിത്തം നരച്ച മുടി. റ്റ. മൂങ്ങ. റ്റ. കുഞ്ഞു റ്റ പാത്രം.

പാകംചെയ്യുന്നു-പചിക്കുന്നു വേവിക്കുന്നു. പച്യമാനങ്ങൾ-പചാ, പാകം.

പാകയജ്ഞം-ഗൃഹ്യയജ്ഞം.

പാകരസത്രയം-കട്ടു, അമ്ലം, മധുരം.

പാകൽ-പാവുക.

പാകലു-വി. പാകംവരുത്തുന്ന.

പാകല(ള)ം-പ്ര. അനക്കമുള്ള പനി. ഉ. കൊട്ടം. പാകത്തിലെടുക്കാപ്പെടുന്നതു് എന്നർത്ഥം. ന. കരിര. ര. അഗ്നി. ള. വായു.

പാകശാല-അടുക്കളപ്പുര.

പാകശാസനൻ-ഇന്ദ്രൻ. പാകാസുരനെ കൊന്നവൻ എന്നർത്ഥം. ദിതിയുടെ ഗർഭത്തെ (മരുത്തുക്കളെ) ശിക്ഷിച്ചവൻ എന്നുമാവാം

ഈ പാകൻ വൃത്രാസുരന്റെ അനുജ (ഗ)നാണു്.

പാകശാസനി-പ്ര. ഇന്ദ്രന്റെ പുത്രൻ, ജയന്തൻ ഉ. ബാലി. ന. അർജ്ജുനൻ.

പാകശീലൻ-പ്ര. അടുക്കളക്കാരൻ ഉ. സാവധാനശീലമുള്ളവൻ.

പാകസ്ഥാനം-അടുക്കള. വെയ്പിന്റെ സ്ഥാനം എന്നർത്ഥം.

പാകസ്ഥാനാദ്ധ്യക്ഷൻ-വെപ്പുകാരൻ

പാകാരി-ഇന്ദ്രൻ.

പാകി-ഉറച്ചു്.

'തൂകിത്തുടങ്ങീതങ്ങാകാശംതന്നിലേ പാകിനിന്നീടിന മേഘമെല്ലാം'

(കൃഷ്ണഗാഥ)

പാകിനിലയ്ക്കുന്നു-ഉറച്ചുനില്ക്കുന്നു.

പാകുന്നു-പ്ര വിതയ്ക്കുന്നു. ഉ. പറിച്ചുനടുന്നതിനായിട്ടു വിത്തു അടുപ്പിച്ചു വിതയ്ക്കുന്നു. ഉ. വസ്ത്രം നെയ്യുന്നതിനു നീളത്തിൽ നൂലിടുന്നു, നൂലു പാകുന്നു ന. നിരക്കുന്നു

പാക്കു്-പ്ര. അടയ്ക്കുന്നു. ഉ. പാകിക്കിളുത്ത നെല്ലു്. ന. കളിയടയ്ക്കു,

പാക്കനാർ-കേരളവിഭാഗത്തിലുള്ള ഒരു പറയൻ, പന്ത്രണ്ടാമത്തേവൻ 'വായില്ലാക്കുന്നിലപ്പൻ.'

'പാക്കനാരുടെ വംശമാകിന പാല്ലൂടൽ ഞാനിറന്നഞാൻ.'

(നാരായണീചരിതം തുള്ളൽ)

പറച്ചിപ്പാറ മഹാന്മാർ.

(പറച്ചിപ്പാറ പന്തിരുകുലം)

വരരുചിയുടെ പറച്ചിയിൽ ഉണ്ടായവർ.

പ്ര. അഗ്നിഹോത്രി-(ബ്രാഹ്മണൻ വളർത്തിയ ബാലൻ)

ഉ. രജകൻ.

ന. ചൊമ്മാൻതിരുമനി-(ചെമ്മാൻ വളർത്തിയതു്)

ഭ. ഉമിയനൂർ പെരുന്തച്ചൻ-(കമ്മാളൻ വളർത്തിയതു്)

ങ. തിരുവരങ്കത്തു പാണനാർ-(വള്ളുവൻ വളർത്തിയതു്)

ന. ഉപ്പുകുറവൻ.

ഒ. നാരായണനെന്ന ബ്രാഹ്മണൻ-(മൃഗവുണ്ണാക്കിയ വിപ്രോൻ)

പ. വടുതലനായർ.

ൻ. കാരയ്ക്കൽ അമ്മ.

ഫ. അകവൂർ ചാത്തൻ.

ഫഫ പാക്കനാർ.

ഫഅ. വായില്ലാക്കുന്നിലപ്പൻ.

'മേലുത്തോടഗ്നിഹോത്രിരങ്കനുമിയനൂർ
തച്ചനും പിന്നവള്ളോൻ,
വായില്ലാക്കുന്നിലപ്പൻ വടുതലമന്നവും
നായർ കാരയ്ക്കലമ്മ;
ചോമ്മേകേളപ്പുകുറവൻ പെരിയതിരുവര
ങ്കത്തഴും പാണനാരും
നേരേ നാരായണബ്രാഹ്മനുമടനകവൂർ
ചാത്തനും പാക്കനാരും"

[പാക്കനാർ മുറം ഉണ്ടാക്കി യിറന്നിയതിനു കാലക്ഷേപം എന്ന നാട്യം. പുണ്ണ്യജ്ഞാനവും മാഹാത്മ്യവും നിമിത്തം എവിടെയും ചെല്ലുമായിരുന്നു. പാക്കനാരോടു ആലോചിക്കാതെ ആരും ഒരു കാര്യവും നടത്തിവന്നില്ല. ഇദ്ദേഹത്തിനെറ പാട്ടു് ഇപ്പോഴും പ്രസിദ്ധമാണു്.]

പാക്കാൽ – കാഞ്ഞിപ്പുഴയിൽ മുക്കിയതു്.

പാക്കുണ്ണാറു് – പാകിക്കിഴുപ്പിച്ച ധാന്യങ്ങളുടെ കെട്ട.

പാക്കുനിലം–വിത്തുപാകുന്ന നിലം.

പാക്കുവെട്ടി–അടയ്ക്കാക്കത്തി.

പാക്കുഴ–പാല്പാത്രം.

പാക്യ–വി. പാകംചെയ്യപ്പെടുവാൻതക്ക

പാക്യജനകം–ഒരു വാതകം (Nitrogen).

പാക്യം–ഫ. ചമച്ചു ഉപ്പു്. ര. കഷായം.

പാകംചെയ്യണ്ണാക്കുന്നതു എന്നു ശബ്ദാർത്ഥം.

പാക്യം എന്നതു വിളയുപ്പുണ്ടു് വെറെ ചില ഉപ്പുകളും പാകംചെയ്യണ്ണാക്കുന്നതാണു് ഈ ഉപ്പു്. ക്ഷാരമൃത്തികയെ പചിച്ചുണ്ടാക്കുന്ന ഉപ്പെന്നു ചിലരുടെ അഭിപ്രായം.

ന. ഉവർപ്പിലുപ്പു്. ഭ. പൊടിയുപ്പു്. ങ. ചവക്കാരം.

പാങ്കിണർ–പ്രയോജനമില്ലാത്ത കിണർ, പൊട്ടക്കിണർ.

പാങ്കു്–ഫ. നില. ര. സ്ഥിതി. ന. സമ്പ്രതി.

പാങ്കു്–വി. പ്രയോജനമില്ലാത്ത, പാഴായ

പാങ്കുഴി–പ്രയോജനമില്ലാത്ത കഴി, ഒഴിഞ്ഞ കഴി, പായുകിടക്കുന്ന കഴി.

പാങ്ങു്–ഫ. നിവ്വാഹം. ര. വഴി. ന. അവസരം. ഭ. സഹായം. ങ. സ്വാധീനം. ന. ഒഴികഴിവു്. ഒ. പക്ഷം.

പാങ്ങൻ–സ്നേഹിതൻ. (സ്ത്രീ–പാങ്ങി)

പാങ്ങാകുന്നു–ഫ. തരത്തിലാകുന്നു, ചേലാകുന്നു. ര. അവസരമാകുന്നു.

പാങ്ങുകേടു്–ഫ. നിവ്വാഹക്കേടു്. ര. അവസരക്കേടു്.

പാചക–വി. പാകംവരുത്തുന്ന, പചിക്കുന്ന.

പാചകൻ–ഫ. അടുക്കളക്കാരൻ, വെപ്പുകാരൻ. (പാചകസ്ത്രീ=പാചകി). ര. അഗ്നി.

പാചകം–പിത്തം.

പാചന–വി. പചിക്കുന്ന.

പാചന(കം)–ചെമന്ന ആവണക്കു്.

പാചനകം–പൊൻകാരം.

പാചനൻ-അഗ്നി.

പാചനം-പ. കഷായം, ഉ. ദഹനം. ന. പുളിരസം

പാചനീ-കട്ടക്ക.

പാച്ച-മടിശ്ശീല, പണം ഇട്ടുന്നതിനുള്ള സഞ്ചി.

പാച്ചൻ-പുരുഷന്റെ ഒരു ചെല്ലപ്പേർ, പാച്ചു എന്നും (വിളിക്കും)

പാച്ചം-കഞ്ഞുങ്ങൾ പാലിനെ പറയുന്ന പേർ.

പാച്ചമടഞ്ഞു - ഉപയോഗമില്ലാതായി. (പ. മ.)

പാച്ചൽ-പ. അതിവേഗമായുള്ള ഓട്ടം. ഉ. കയ്യേറ്റം.

പാച്ചല്ലക്കാരൻ-ദൂതൻ.

പാച്ചി-പ സ്ത്രീയുടെ ഒരു ചെല്ലപ്പേർ. ഉ. കുട്ടികൾ പാലിനെ പറയുന്ന വാക്ക്, പാച്ചും എന്നും പറയും.

പാച്ചിക-പകിട, ചൂതുകണി. പാശകം എന്നതിന്റെ തത്ഭവം.

പാച്ചിക്കൊൾക-ചെയ്യുക.

പാച്ചു-പുരുഷന്റെ ഒരു ചെല്ലപ്പേർ, പാച്ചൻ എന്നുമുണ്ട്.

പാച്ചുക-പ പായുക. ഉ. തള്ളിക്കേറുക, തിക്കുക.

പാച്ചോറ്റി-ഒരു മരുന്നുചെടി. പഴുപ്പയങ്ങൾ ശീലവം, ശാബരം, ലോധ്രം, തിരീടം, തിലകം, മാഴ്ജനം.

കഫം, പിത്തം, രക്തപിത്തം, വിഷം, നേത്രരോഗം, ദാഹം മുതലായവയ്ക്കു നന്ന്. കുന്നിനു ഹിതം. മഴം പടിപ്പിക്കും ഇം-Symplocosracemosa സിംപ്ലോകോസ് റാസ്മോസാ ത-വെള്ളലോത്തി.

പാഞ്ചജന്യം-പ. വിഷ്ണുവി(കൃഷ്ണ)ന്റെ ശംഖ്.

പാഞ്ചജനൻ എന്ന പേരായും ശംഖരൂപിയായും ഒരു അസുരൻ ഉണ്ടായിരുന്നു. അവനെ വധിച്ചു അവന്റെ അസ്ഥി ശേഷൻ തൃക്കൈയിൽ ധരിച്ചു ഈ കഥ സുപ്രസിദ്ധമാണ്. പാഞ്ചജന ശബ്ദത്തിനു 'പാതാളം' എന്നർത്ഥമുണ്ടെന്നും പാതാളത്തിലുണ്ടായതാകയാൽ ഈ പേരുണ്ടായി എന്നുമാണു ക്ഷീരസ്വാമിയുടെ അഭിപ്രായം.

ഉ. വേഴൽ ന. ശംഖു ര. അഗ്നി.

പാഞ്ചനദന്മാർ-പഞ്ചനദിയിലുള്ളവർ.

പാഞ്ചാലൻ-പ. ഒരു രാജാവ്, ബഭ്രുമഹർഷിയുടെ ശിഷ്യനാണ്. ഉ., കാമശാസ്ത്രപ്രകാരം ഹസ്തിനീപ്രിയൻ.

പാഞ്ചാലം-പ ഒരു രാജ്യം.

പാഞ്ചാലം എന്നു പറയുന്നതു ഇപ്പോൾ 'റോഹിൽക്കണ്ട്' മുതലായ രാജ്യങ്ങളാണ്.

ഉ സൂത്രപ്പണിക്കാരുടെ ക്ലൂപ്തം.

പാഞ്ചാലി-പ. പാണ്ഡവന്മാരുടെ ഭാര്യ (ദ്രൗപദി എന്ന ശബ്ദം നോക്കുക)

പാഞ്ചാലി കീചകന്റെ ചവിട്ടും ഇടിയും കുത്തുംകൊണ്ടു സങ്കടപ്പെട്ടു വിരാടസഭയിൽ ചെന്നു ആവലാതി പറകയുണ്ടായിട്ടുണ്ട്.

ഉ. പാവ

പാഞ്ചാലിക-പാവ. അഞ്ചുനിറംകൊണ്ടു (പഞ്ചവർണ്ണച്ചായംകൊണ്ടു) അലങ്കരിക്കപ്പെട്ടതു എന്നർത്ഥം.

പാഞ്ചി-പ അഞ്ചുരൂപാ വിലയുള്ള ഒരു നാണയം. ഉ. ഒരു തൈ.

പാട്ട-ആദരവു കാണിക്കുന്നതിനായി ചേർക്കുന്ന ഒരു സ്ഥാനപ്പേർ. ഉ-ം നമ്പൂരിപ്പാട്ട്, കാരണവപ്പാട്ട്. ര (ജ്യോതിഷത്തിൽ) രാശിദോഷം.

പാട്ട്-ഇന്നഇന്നഗ്രഹങ്ങൾക്കു ഇന്ന ഇന്ന രാശികൾ ഉച്ചസ്ഥാനമെന്നു മഹർഷിശാസ്ത്രത്തിൽനിയമിച്ചിട്ടുണ്ട്. 'പാട്ട' എന്നതു മറവുള്ള ഗ്രഹങ്ങൾക്കു സൂര്യനോടടുക്കുമ്പോൾ ഉണ്ടാകുന്ന ഒരു ന്യൂനതയുടെ പേരാകുന്നു. എല്ലാ ഗ്രഹങ്ങൾക്കും ഉച്ചസ്ഥാനത്തു വരുമ്പോൾ ബലം കുറയും. പാടില്ലാതെ ഏതെങ്കിലും ഒരു ഗ്രഹ

ങ്ങും ഉച്ചസ്ഥാനത്തിൽ നില്ക്കുമ്പോൾ ജനിക്കുന്നവർ മഹാശൂരവീരന്മാരായിരിക്കും.

പാട്ട–ഗ്ര. കഷ്ടത, കഷ്ടപ്പാടേവം, ഞെരുക്കം, ആപത്ത്. ഉ. കഴമ്പ്. ന. വടുക്. ഴ. നിവ്വാഹം. ങ. പക്ഷം. ന. വശം. ഒ. മനിപ്പ്. വ. അതിര്. ൻ. അവസരം. ഗ്ര നീക്കുപോക്ക്. ഗ്രഗ്ര പ്രാപ്തി. ഗ്രഉ. ക്രമം. ഗ്രന. വേല. ഗ്രഴ. മറ്റുള്ള. ഗ്രങ. സ്വാധീനം.

പാട–ഗ്ര. നര. ഉ. ഒരു മരുന്നുവള്ളി.

പാട–കഫം, പിത്തം, ജ്വരം, ഛർദ്ദി, വിഷം, കൃമി, ശൂലം മുതലായവയ്ക്കു നന്ന്. രുചിയെ ഉണ്ടാക്കും. പണ്ടവസ്തുക്കളിൽ പെട്ട സംഗ്രാഹിദ്രവ്യമാണ് പത്രശാഖവസ്തുക്കളിൽ ചേർന്നതെന്നും അഭിപ്രായമുണ്ട്. വലുതും ചെറുതുമായി രണ്ടുതരം കാണുന്നു ചെറിയ വിഷത്തിന് അധികം നന്ന്. ത പാടെ. ഇം– Parera root പാരേരാവേര്. ന. ചക്രക്കുരുവിന്റേയും മറ്റും പുറത്തെതൊലി ഴ ക്രമം, തരാതരമായമുറ.

പാടകൻ–പങ്കിടുന്നവൻ.

പാടകം–ഗ്ര. ഒരു വാദ്യവിശേഷം. ഉ. പെൺകെട്ടികൾ കാലിൽ ഇടുന്ന ഒരാഭരണം, പാദകടകം, കാൽച്ചിലമ്പ്. ന. കര, തീരം. ഴ. മുതൽനാശം ങ. ഗ്രാമത്തിൽ പകുതി.

പാടക്കിഴങ്ങ്–ഒരു പച്ചമരുന്ന്.

പാടച്ചുരൻ–ഗ്ര. കള്ളൻ. ഉ. തട്ടിയെടുക്കുന്നവൻ.

'മൂഢമതേരണനാടകമാടുക പാടച്ചുരകീട'
(കീചകവധം കഥകളി)

പാടനം–പിളർപ്പ്.

പാടം–ഗ്ര. കണ്ടം. ഉ. കോടിവസ്ത്രം, അടിച്ചു മിനുസം വരുത്തുക. ന. (സം) വീതി, വിസ്താരം.

പാടല–വി. വെള്ളച്ചുവപ്പുനിറമായ.

പാടല–ഗ്ര. പാതിരിമരം, പൂപ്പാതിരി, പാടലവർണ്ണമുള്ള പൂവോടുകൂടിയതെന്നർത്ഥം. ഉ. ഒരാഭരണം.

ഈ ആഭരണം പൊൻ തകിട്ടുകൊണ്ടു കഴുപ്പാതിരി ഉണ്ടാക്കുന്നതാണ്. മുകളിൽ മുഖപ്പിൽ ഒരു തട്ടു കാണും. ന. ചെമന്ന പാമ്പോറി. ഴ. പശു. ങ. ദുർഗ്ഗ.

പാടലം–ഗ്ര. വെള്ളച്ചുവപ്പുനിറം, ശ്വേതരക്തം, ഈഷദ്രക്തമായത്.

'ശ്വേതരക്തസ്യ പാടലം'

പാടലം എന്നതു വെളുപ്പും ചെമപ്പും കൂടി കലർന്നതും പാതിരിപ്പൂവിന്റെ നിറത്തോടു തുല്യവുമായ നിറമാകുന്നു. ഉ. പൂപ്പാതിരി. ന. പാതിരിപ്പൂവർണ്ണൻ നെല്ല്, നവരമുതലായ നെല്ല്, ധ്രീഹി.

പാടലവർണ്ണ–വി. വെള്ളച്ചുവപ്പുനിറമുള്ള.

പാടലവർണ്ണം–വെള്ളച്ചുവപ്പുനിറം, പാടലം.

പാടലാധരി–സുന്ദരി, ഈഷദ്രക്തമായ അധരമുള്ളവൾ.

പാടലി–രവൺപാതിരിവൃക്ഷം.

പാടലികം–വി. അന്യന്റെ രഹസ്യങ്ങളെ അറിയുന്ന

പാടലിപുത്രം–മഗധയുടെ പ്രധാന നഗരം. (ഇപ്പോൾ പാറ്റ്നാ)

മഗധരാജ്യത്തിന്റെ മുഖ്യ പട്ടണം. പാടലിപുത്രനഗരത്തിന് ഒമ്പതുനാഴിക നീളവും എട്ടുനാഴിക വീതിയും ഉണ്ടായിരുന്നു. നന്ദരാജാക്കന്മാരുടെയും മൌര്യന്മാരുടെയും പ്രധാനനഗരം. പുഷ്പപുരം എന്നും കുസുമപുരം എന്നും പേരുകളും ഉണ്ട്

പാടവം–വി. സാമർത്ഥ്യമുള്ള.

പാടവം–ഗ്ര സാമർത്ഥ്യം. ഉ. വൈകൃതം. മർത്ഥ്യം. ന. അരോഗ്യം.

പാടവള്ളി-പാടത്തുള്ളി, പിള്ളത്തുള്ളി.

പാടവിക-വി. സാമർത്ഥ്യമുള്ള.

പാടി-ഗ്രാ. ഒരു രാഗം ക. നഗരത്തിന്റെ ഒരു ഭാഗം.

പാടിക്കുന്നു-ഗ്രാ. പാട്ടുചൊല്ലിക്കുന്നു, ക പിളക്കുന്നു.

പാടിച്ചു-വി. നിരപ്പുവരുത്തിയ.

പാടിത-വി. പിളക്കപ്പെട്ട.

പാടിരിക്കുന്നു-കടം ഇടാംക്കാനായി കടക്കാരന്റെ വീട്ടിൽ പട്ടിണികിടക്കുന്നു.

പാടീ-ഗ്രാ. ഒരു മത്സ്യം. ക. കുമന്തോട്ടി.

പാടീരം-ഗ്രാ. ചന്ദനം, ചന്ദനക്കുട്ടം. ക. കണ്ടം, നിലം. ന. ചല്ലട. ര. രണ്ടാമത്തീയം. ഇ. മുള്ളങ്കി. ന. ക്രവന്തവ്. ഒ. വിളവുനിലം. വ. മേഘം.

പാടുക്രുട്ടുന്നു-പാടിരിക്കുന്നു.

പാടുക്രുട്ടുന്നു-ബലപ്പാടുണ്ടാക്കുന്നു.

പാട്ടകേട്ട്-ഗ്രാ. മുറകേട്ട്. ക. അന്യോന്യത. ന. തട്ടസ്സം. ര. അലോചനം.

പാട്ടുന്നു-പാട്ടുചൊല്ലുന്നു.

പാട്ടുപെടുന്നു-അലോചനപ്പെടുന്നു, ബുദ്ധിമുട്ടുന്നു. (സ. ക്രി. പാടുപെടുത്തുന്നു).

പാടേ-അ. ഗ്രാ. മുഴുവനേ. ക. ചൊവ്വേ.

പാട്ട്-ഗ്രാ. പാടുന്നതിനായിട്ടുണ്ടാക്കിയ കവിത ക. സംഗീതം. പഞ്ചായങ്ങം-ഗീതം, ഗാനം. ന. പാടുക.

പാട്ട-പണ്ട ഒരുതവണ ഇട്ടുന്ന ചാണകത്തിനു ചേർത്തു പറയുന്ന പേർ.

പാട്ടക്കണ്ടം-ദ്രവ്യം കൊടുക്കാതെ എഴുതിവാങ്ങിച്ച നിലം.

പാട്ടക്കാണം-കൊഴുവൻ മുതലാളുന്നു കൊടുക്കുന്ന കരം.

പാട്ടക്കാരൻ-മറ്റൊരുവന്റെ കണ്ടമോ പറമ്പോ പാട്ടത്തിനായി എഴുതി വാങ്ങിച്ചവൻ.

പാട്ടക്കുടിശ്ശിക-അണ്ടുതോറും കൊടുപ്പാനുള്ള പാട്ടം മുഴുവനും കൊടുക്കാതെ കിടക്കുന്ന മുതൽ.

പാട്ടക്കുറി-പാട്ടച്ചീട്ട്.

പാട്ടച്ചീട്ട്-പാട്ടം നിശ്ചയിച്ചു എഴുതി കൊടുക്കുന്ന എഴുത്ത്.

പാട്ടൻ-ഗ്രാ. മൂത്തോൻ. ക. ബന്ധുവായ വയസ്സൻ.

പാട്ടനിലം-പാട്ടക്കണ്ടം.

പാട്ടനെല്ല്-പാട്ടക്കാരൻ മുതലാളുന്നു കൊടുക്കുന്ന നെല്ല്.

പാട്ടപ്പറ-പതിമൂന്നിടങ്ങഴി കൊള്ളുന്ന പറ.

പാട്ടപ്പുറമ്പ്-പാട്ടം കൊടുത്തുകൊള്ളാമെന്നവണ്ണം സമ്മതിച്ചെഴുതി വാങ്ങിച്ചിട്ടുള്ള പറമ്പ്.

പാട്ടപ്രവൃത്തി-ക്ഷേത്രത്തിലെ കരം പിരിക്കുന്ന ഒരു അധികാരം.

പാട്ടം-ഗ്രാ. കുടിയാൻ സർക്കാരിലേക്കും മറ്റും കൊടുക്കേണ്ടുന്ന കരം. ക. കൂലി ന. ഉടമ്പടി.

പാട്ടമാളി-പാട്ടാളി.

പാട്ടയോല, പാട്ടയോലക്കരണം-പാട്ടച്ചീട്ട്.

പാട്ടാളി-ചില ക്ഷേത്രത്തിലെ ഒരധികാരി.

പാട്ടി-തയ്യക്കാരന്റെ സ്ത്രീ. ക. ബന്ധുവായ വൃദ്ധസ്ത്രീ. ന. പ്രസവമെടുക്കുന്ന വശം.

പാട്ടിൽ-അ. കീഴിൽ, സ്വാധീനത്തിൽ

'പാട്ടിൽ പാപ്പിച്ചിടുവതിതുവ-
ക്കാകിലുത്സാഹകാലം'

(മയൂരസന്ദേശം)

പാട്ടുകാരൻ-ഗ്രാ. പാട്ടു പഠിച്ചവൻ ക. പാടുന്നവൻ.

പാഠകക്കാരൻ, പാടവക്കാരൻ-നല്ല വസ്ത്രം ഉടുത്തു തലയിൽ കെട്ടി ജനമദ്ധ്യേ നിന്നു ശ്ലോകംചൊല്ലി കഥ പറയുന്നവൻ.

പാഠകക്കൈ-കഥപറയുമ്പോൾ കാട്ടുന്ന കൈ.

പാഠകൻ-കഥ പറയുന്നവൻ.

പാഠകം-കഥ.

പാഠകശാല-എഴുത്തുപള്ളി, അക്ഷരവിദ്യ അഭ്യസിപ്പിച്ചുവരുന്ന സ്ഥലം.

പാഠമാടുന്നു-ചൊല്ലിപ്പഠിക്കുന്നു.

പാഠവപ്പുറവ്വൽ-ക്ഷേത്രങ്ങളിൽ പാഠം പറയുക.

പാഠം-പ. പഠിക്കുകയും പഠിപ്പിക്കുകയും. ര. ബ്രഹ്മയജ്ഞം. ന. വേദാധ്യയനവും വേദാധ്യാപനവും. (പഞ്ചമഹായജ്ഞങ്ങളും എന്നതു നോക്കുക). ഭ. ക്രിസ്ത്യാനികളുടെ ദിവ്യാരാധനയിൽ വായിക്കുന്ന വിശുദ്ധ വേദഭാഗം

പാഠമഞ്ജരി-പഞ്ചവർണ്ണക്കിളി.

പാഠശാല-പള്ളിക്കൂടം.

പാഠശാലിനി-പഞ്ചവർണ്ണക്കിളി.

പാഠാ-പാടക്കിഴങ്ങ്, ഒരു പച്ചമരുന്ന് പല രോഗങ്ങളിലും വ്യക്തമായി ഉപയോഗപ്പെടുന്നതു് എന്നർത്ഥം.

പാഠി-കൊടുവേലി അഗ്നിയുടെ പര്യായങ്ങളിൽ പഠിക്കുന്നതെന്നർത്ഥം

പാഠീനം-പ. ഏട്ടമീൻ, ആയിരംപല്ലി മത്സ്യം. പാഠീ=പുഷ്യം പുഷ്യത്തെ വഴിയുന്നവൻ എന്നർത്ഥം.

പാഠീ=ചിങ്ങൻ. ബ്രാഹ്മണരാൽ അപേക്ഷിക്കപ്പെടുന്നതു്. ഈ മത്സ്യം ഹവ്യകവ്യങ്ങളിൽ പ്രശസ്തമാണു്. ആര്യന്മാർ പണ്ടു ഹവ്യകവ്യങ്ങളിൽ മാംസം ഉപയോഗിച്ചിരുന്നതായി കേൾവിയുണ്ടെങ്കിലും സാധാരണയിൽ അധികം പല്ലുള്ള 'വാള' മുതലായ മത്സ്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ര. ഗുഗ്ഗുലു. ന. കൊടുവേലി. ഭ. മീൻ

പാഡിനീ-മൺപാത്രം.

പാണത്തി-പാണന്റെ സ്ത്രീ.

പാണനാർ — തൊണ്ടൈനാടിയിലെ ഒരു രാജാവു്.

പാണൻ - തയ്യൽക്കാരൻ, തയ്യൽവേല ചെയ്യുന്ന ഒരു ജാതിക്കാരൻ

പാണം-പ. കച്ചവടം, ര. സ്തുതി. ന. രൂപക

പാണൽ-ഒരു പച്ചമരുന്ന്, പാഞ്ചി.

പാണൽപ്പുഴം കൊഴുക്കെ നല്ല മംഗിയുള്ളതാണു്.

പാണി-പ. രൂപക. ര. കൈപ്പടം, ഉള്ളങ്കൈ. കൊടുത്തുവാങ്ങൽ ചെയ്യുന്നതെന്നർത്ഥം. ന. ഛന്ദ

പാണിക-പ. തവി. ര. തുഴ.

പാണികൻ-കച്ചവടക്കാരൻ.

പാണിഗൃഹീതാ-നേരംപോക്കിനായിട്ടു പാണിഗ്രഹണം ചെയ്യപ്പെട്ടവൾ.

പാണിഗൃഹീതി-മറ്റു പാണിഗ്രഹണം ചെയ്യപ്പെട്ടവൾ എന്നർത്ഥം.

മന്ത്രം-'മിത്രോസി ഹ്വേണാമി തേ സൗഭഗത്വായഹസ്തം മയാ പത്യാ ജരദഷ്ടിർയ്ഥാസഃ; ഭഗോര്യ്യമാസവിതാ പുരന്ധിർമ്മഹ്യം ത്വാദുർഗ്ഗാർഹപത്യായ ദേവാഃ' യാതൊരുത്തിയുടെ പാണിയെ ഒരു വരൻ ഈ മന്ത്രത്തോടുകൂടി ഗ്രഹിച്ചുവോ അവളത്രേ പാണിഗൃഹീതി.

പാണിഗ്രഹണം-വിവാഹം.

പാണിഘ്നൻ-രൂകൈത്താളക്കാരൻ. പാണിയെ ഹനിക്കുന്നവൻ എന്നർത്ഥം.

പാണിജം-രൂകൈനഖം.

പാണിതലം - ഉള്ളങ്കൈ.

പാണിന്ധമ-വി. പ. കൈകൊണ്ടു വീശുന്ന. ര. കൈകൊട്ടുന്ന.

പാണിനി-ഒരു വലിയ വിദ്വാൻ, ഒരു മഹർഷി. സംസ്കൃതഭാഷയുടെ പ്രധാനവ്യാകരണമായ പാണിനീയത്തിന്റെ കർത്താവു്. വ്യാകരണം ശിവനോടൊന്നു പഠിച്ചുതു്.

പാണിനീയ-വി. പാണിനിയെ സംബന്ധിച്ച.

പാണിനീയസൂത്രം – പാണിനിയുണ്ടാക്കിയ വ്യാകരണം, ഇപ്പോൾ നടപ്പായിരിക്കുന്ന സംസ്കൃതവ്യാകരണ പുസ്തകങ്ങൾക്കെല്ലാക്കെയും മൂലമായിരിക്കുന്ന ഒരു പഴയ പുസ്തകം. (അഷ്ടാധ്യായി).

പാണിപത്രകം–വെള്ളത്താമരയുടെ ഇല.

പാണിപാദം–കൈയും കാലും.

പാണിപിടിക്കുന്നു–വിവാഹം ചെയ്യുന്നു, കൈപിടിക്കുന്നു.

പാണിപീഡനം–വിവാഹം, പാണിഗ്രഹണം.

പാണിപ്രണയിനീ–മേയ്യ.

പാണിമുക്ക്–അത്തിയാലു്.

പാണിമുട്ടം–കൈമുട്ടുവു്.

പാണിരുഹം–കൈവിരൽ.

പാണിലാഘവം–കൈമിടുക്ക്.

പാണിവാദൻ — കൈകൊണ്ടു കൊട്ടുന്നവനെന്നർത്ഥം. നാടകം തുടങ്ങുന്നതിനു കൊട്ടുന്ന ഒരു മദ്ദളക്കാരൻ, നമ്പ്യാത്ത്.

പാണ്ഡ–കലയുടെ പുറത്തുള്ള പാള.

പാൺ–പാഴ്.

പാൺകുഴി–പൊട്ടക്കുഴി.

പാണ്ടു–ഒരുവക മീനം, ദേഹത്തിലുണ്ടാകുന്ന ഒരുമാതിരി വെളുപ്പു പുള്ളി. പാണ്ഡുരോഗം–കുഷ്ഠം, ശ്വിത്രം.

പാണ്ടൻ–പാണ്ടുള്ളവൻ.

പാണ്ടം–തേങ്ങാനാര്, ചകിരി.

പാണ്ടി–പ പാണ്ടിരാജ്യം. ഉ. പാണ്ടുള്ളവൻ. ന. പല നിറമുള്ള പട്ടുരു ചങ്ങാടം, പൊങ്ങുതടി. ഭ. ഒരുവക കളി.

പാണ്ടികുഷ്ഠം വാഴപ്പോള വട്ടത്തിലൊ ചതുരത്തിലൊ മറ്റൊരു ചമച്ചു അതിന്മേൽ കോൽത്തിരി ഉഴിഞ്ഞിട്ടിട്ടു ഉണക്കലരിയും മറ്റും ഇട്ടു കത്തിച്ചതുകൊണ്ടുണ്ടാക്കി പോളമേൽ കത്തിയാൽപാണ്ടി.

പാണ്ടികശാല–പണ്ടികശാല, ശേഖരിപ്പുസ്ഥലം, നെല്ലുര.

പാണ്ടിക്കുഴി–പ. പഴയശവക്കുഴി. ഉ. പയ്യാരം ഉണ്ടാകുന്ന കുഴി.

പാണ്ടിപ്പുടവലം–നീളത്തിൽ കായുണ്ടാകുന്ന ഒരുവക കറിസ്സാധനവള്ളി.

പാണ്ടിപ്പാവൽ–ഒരുമാതിരി പാവൽ.

പാണ്ടിപ്പെരുമാറം–പാണ്ഡ്യരാജാവു്.

പാണ്ടിയൻ, പാണ്ടിയാൻ–പ. പാണ്ടിരാജാവു്. ഉ. പാണ്ടിക്കാരൻ.

പാണ്ടിയാലൻ–ഒരു പക്ഷി.

പാണ്ടിയാവണക്ക്–ഒരുമാതിരി ആവണക്ക്.

പാണ്ടിവാദ്യം– നാഗസ്വരം, അതിന്റെ ശ്രുതി, തകിൽ, കിടുപിടി, കൈമണി ഇവ അങ്ങിനെയും കൂടി പറയുന്നു പേർ.

പാണ്ഡ്യൻ–പാണ്ടിരാജാവു്.

പാണ്ഡര–വി. പ. വെളുത്ത നിറമുള്ള. ഉ. വിളർച്ചയുള്ള.

പാണ്ഡരഫലി–ഒരു മരുന്നു്. (ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നതു്).

പിത്തം, മൂത്രകൃച്ഛ്രം, രക്തദോഷം, മൂത്രത്തടവു് ഇവകൾ നന്നു്. ബലവർദ്ധകമാണു്.

പാണ്ഡര–പ. വെളുപ്പു്, വെളുത്തതു്, വെളുപ്പുനിറം. മനസ്സു ഇതിൽ ഗമിക്കുന്നതിനാൽ ഈ പേർ വന്നു. ഉ. കായിമണ്ണു്. ന. കരുക്കത്തിമുല്ലപ്പൂവു്. ഭ. കർപ്പൂരതുളസി. ഇ. വിളർച്ച.

പാണ്ഡവൻ-പാണ്ഡു എന്ന രാജാവിന്റെ പുത്രൻ.

പാണ്ഡവന്മാർ- പ. ധർമ്മപുത്രൻ, ര. ഭീമൻ, ന. അർജ്ജുനൻ, ഴ. നകുലൻ, ങ. സഹദേവൻ ഇവർ ങ-ം. ആദ്യത്തെ മൂന്നുപേരുടേയും അമ്മ-കുന്തി. മറ്റ രണ്ടുപേരുടേയും മാതാവ്-മാദ്രി. അർജ്ജുൻ-പാണ്ഡു. എന്നാൽ ഇവർ പാണ്ഡുവിന്റെ മനുഷ്യരല്ല.

പാണ്ഡവൻപാറ- തിരുവിതാംകൂറിൽ ചെങ്ങന്നൂർ താലൂക്കിലുള്ള ഒരു പാറ.

ഒരു ഐതിഹ്യം-പാണ്ഡവന്മാർ വേഷപ്രച്ഛന്നരായി സഞ്ചരിച്ച കാലത്തുണ്ടായതാണ് ഈ പാറ. അവരുടെ തപസ്സിനു പണികഴിപ്പിച്ചുതാങ്ങിയതാണ്. കേരവരും പാണ്ഡവരും ഇവിടെവച്ചു ഗോഷ്ഠിയുദ്ധം നടത്തിയിട്ടുണ്ട്. ഇതിനു സമീപം 'നാരുവൻപാറ' എന്നു പേരുള്ള തായി നാറുപേരുടെ പാറയും കാണുന്നുണ്ട്. രണ്ടു കൂട്ടരും പോയതിൽ പിന്നീട് ഇവരുടെ വാസസ്ഥലങ്ങൾക്ക് ഈ പേർ സിദ്ധിച്ചതായിരിക്കണം.

പാണ്ഡവവർഷം, പാണ്ഡവാബ്ദം- പാണ്ഡവന്മാരുണ്ടായ സംവത്സരം. (മലയാളവർഷം ക്രാൻഴ്-നു ങ്ഠ0-ങ്ഠ൬).

പാണ്ഡവായനൻ-കൃഷ്ണൻ.

പാണ്ഡവീയ-വി. പാണ്ഡവരെ സംബന്ധിച്ച

പാണ്ഡിത്യദർപ്പം-പഠിച്ചവനാണെന്നുള്ള അഹങ്കാരം.

പാണ്ഡിത്യം-വിദ്യ, പഠിപ്പിന്റെ തികവ്.

പാണ്ഡു-വി. പ. വെള്ളനിറമായ, ര. വിളർച്ചയുള്ള.

പാണ്ഡു-പ. വെളുപ്പുനിറം. ര. വിളർച്ച. ന. ഒരു രോഗം. ഴ. പണ്ടുണ്ടായിരുന്ന ഒരു രാജാവ്.

പാണ്ഡു വ്യാസനെ വിചിത്രവീര്യന്റെ ഒരു ഭാര്യയായ അംബാലികയിലുണ്ടായ പുത്രനാണ്. ജനിച്ചപ്പോഴേ പാണ്ഡുനിറമുണ്ടായിരുന്നു; അതിനാലാണ് ഈ പേർ സിദ്ധിച്ചത്. മക്കളുണ്ടാവാൻ പാടില്ലാത്ത വിധത്തിൽ പാണ്ഡുവിനു ഒരു ശാപം കിട്ടീട്ടുണ്ട്. ഈ ശാപം ഒന്നു വിചാരിക്കാതെ ഒരുദിവസം അ

പാണ്ഡവന്മാരുടെ പുത്രന്മാർ

ക്രമം	പാണ്ഡവന്മാർ	ദ്രൗപദിയുടെ പുത്രന്മാർ	സുഭദ്രയുടെ പുത്രൻ	ചിത്രാംഗദയുടെ പുത്രൻ	ഉലൂപിയുടെ പുത്രൻ	മണിപൂരകത്തിലെ രാജാവിന്റെ പുത്രി	ദ്വാരകയിലെ രാജാവിന്റെ പുത്രി	മദ്രരാജാവിന്റെ പുത്രി	കാശിരാജാവിന്റെ പുത്രിമാർ	അനന്തരവകാശം	രാജ്യം	അനുജന്മാർ
പ	ധർമ്മപുത്രൻ	പ്രതിവിന്ധ്യൻ								അനന്തവിജയം	ധർമ്മൻ	
ര	ഭീമൻ	ശ്രുതസേനൻ								ഭൈരവം	വായു	
ന	അർജ്ജുനൻ	ശ്രുതകീർത്തി								ദേവദത്തം	ഇന്ദ്രൻ	
ഴ	നകുലൻ	ശതാനീകൻ								സുഘോഷം	അശ്വിനീദേവന്മാർ	
ങ	സഹദേവൻ	ശ്രുതകർമ്മാവ്								മണിപുഷ്പകം		

ദേഹം മറ്റിരയ അഭിംഗനം ചെയ്യുന്നതിൽ ഉടൻ വീണ മര ച്ചു.
ര. മഞ്ഞയും വെളുപ്പും സമം ക്കുടിക്കുമ്പോലുള്ള നിറം. ഇ. കാട്ടുഴുന്ന്. ന. വെളുത്ത ആന.

പാണ്ഡുകൻ-പാണ്ഡു

പാണ്ഡുകംബെളം-വെള്ളക്കുമ്പിളി.

പാണ്ഡുകംബെളീ — വെള്ളക്കരിമ്പടം കൊണ്ടു മറയ്ക്കപ്പെട്ട തേർ.

പാണ്ഡുനാഗം-പുന്ന.

പാണ്ഡുപക്ഷതി-ചെമ്പോത്ത്.

പാണ്ഡുഫലം-പടവലം.

പാണ്ഡുമൃത്ത്-വെള്ളമണ്ണ്.

പാണ്ഡുമുത്തിക-ഒരു രത്നം.

പാണ്ഡുരം-ക. മഞ്ഞയും വെളുപ്പും ചേർന്നനിറം. ഉ. വെളുപ്പ്. ന. ഞമ. ര. കർപ്പൂരതുളസി.

പാണ്ഡുരാ-കാട്ടുഴുന്ന്.

പാണ്ഡുര-വി. ക മഞ്ഞയും വെളുപ്പും സമം കുടിക്കുമ്പോലുള്ള നിറമുള്ള. ഉ. വെളുപ്പുനിറമുള്ള.

പാണ്ഡവന്മാർ - ചിത്രകൂടം എന്ന ചെറിയ രാജ്യത്തിൽ താമസിക്കുന്ന ആളുകളുടെ പേർ.

പാണ്ഡ്യരാജ്യം-പാണ്ടിരാജ്യം.

പാണ്യ-വി. സ്തുത്യർഹമായ.

പാത-വി. പാലിക്കപ്പെട്ട.

പാത-വഴി.

പാതക-വി. നശിപ്പിക്കുന്ന.

പാതകൻ-ക. പാപി. ഉ. നാശകൻ.

പാതകം-പാപം. പതിപ്പിക്കുന്നതെന്നർത്ഥം.

പാതകിനി-പാപമുള്ളവൾ.

പാതകീ-പാപമുള്ളവൻ.

പാതഗ്രഹങ്ങൾ-രാഹുവും കേതുവും. (ഇവ സമ്പാതത്രപങ്ങളാകയാൽ ഈ പേർ വന്നു).

പാതനൻ-വീഴിച്ചവൻ.

പാതം-ക. വീഴ്ച. ഉ. രാഹു മ. നാശം. ര അടി. ഇ. സംഭവം ന. തോൽവി. ഒ ഏവ്, മേറിയുക.

പാതംഗി-ക. ശനി. ഉ. കണ്ണൻ. മ. യമൻ. ര. സുഗ്രീവൻ.

പാതാൾ-പാതത്തിനും മറവും കീഴുള്ളതുണ്ട്.

പാതാളഗരുഡകൊടി-പാതാളമൂലി.

വാതം, പിത്തം, ചുട്ടനീർ, വിഷം, രക്തദോഷം ഇവക്കു നന്ന്. സ്വല്പം കഫവർദ്ധനകരമാണ്. രുചിയെ ഉണ്ടാക്കും. ധാതുപുഷ്ടിയെ ചെയ്യും. ഇതിനേറ വള്ളിക്കു വളരെ ഉറപ്പും നീളവുമുണ്ട്. സം-പാതാളഗരുഡീ.

പാതാളഗ്രഹണം- ഭൂമിയിൽ കാണപ്പെടാത്ത ഗ്രഹണം, മൂന്നാമത്തെ ഗ്രഹണം, ചക്രവാളത്തിനു കീഴുള്ള ഒരു ഗ്രഹണം.

പാതാളം-ക. കീഴ്ലോകം. പാപികൾ പാപശക്തിയാൽ ഇതിൽ പതിക്കുന്നതിനാൽ ഈ പേർ വന്നു. പാതാളങ്ങൾ-അധോഭുവനം, ബലിസദ്മം, രസാതലം, നാഗലോകം ഉ. ബന്ധുവംഗി. സമുദ്രജലം ഇതിൽ ഗമിക്കുന്നതിനാൽ ഈ പേരുണ്ടായി.

നാഗങ്ങൾ, ദൈത്യർ, യക്ഷർ മുതലായവരുടെ പാർപ്പിടമാണ്. വിഷ്ണുപുരാണമനുസരിച്ചു ഭൂമിക്കു താഴെ ഏഴു ലോകങ്ങൾ ഉണ്ടെന്നു കാണുന്നു. അവ അതലം, വിതലം, നിതലം, ശങ്കസ്ഥിതി, മഹാതലം, സുതലം, പാതാളം ഇവയാണത്രേ. പുരാണങ്ങൾ പലതിലും പലവിധം പേരുകൾ കാണുന്നുണ്ട്.

അതലം, വിതലം, സുതലം, രസാതലം, തലാതലം, മഹാതലം, പാതാളം എന്ന ലോകങ്ങളും കാണുന്നു. പാതാളത്തെ നാരദൻ ഇന്ദ്രസഭയ്ക്കുതുല്യമായി വിശേഷിച്ചു പറയുന്നു. അദ്ദേഹം പാതാളം കണ്ടിട്ടുണ്ട്.

പാതാളമൂലി–ഒരു വേർ, പാതാളശതഡകത്തിൽ.

പാതാളലോകം–കീഴ്ലോകം.

പാതാളവാസി–പാതാളത്തിൽപാർക്കുന്ന

പാതാളവിദ്യ–ഇന്ദ്രജാലം.

പാതി–ഒന്നിനെ തുല്യമായി രണ്ടാക്കുമ്പോൾ ഉണ്ടാകുന്ന ഒരു പങ്ക് (ഭാഗം) പ. നാഥൻ, ഭർത്താവ്. നു പക്ഷി

പാതികം–ചീങ്കണ്ണി

പാതിക്കാരൻ, പാതിക്രയകാരൻ–ഒരു വസ്തുവിന്റെ പാതിക്ക് അവകാശമുള്ളവൻ.

പാതിച്ചുവണ്ണം — പകുതിയുംകൊത്തക്കവണ്ണം.

പാതിത–വി. താഴ്ത്തപ്പെട്ട, തോല്പിക്കപ്പെട്ട.

പാതിത്യം–ഫ. വീഴ്ച. പ. ഭ്രഷ്ട്.

പാതിപ്പങ്ക്–രണ്ടായി പകുത്തതിന്റെ ഒരു ഭാഗം.

പാതിപ്പാട്ട്–മനർപാട്ട്.

പാതിരാ, പാതിരാത്രി–അർദ്ധരാത്രി.

പാതിര്–ഫ. ഒരു വൃക്ഷം (പാതിരിമരങ്ങൾ ശീതകാലത്തു പൂക്കുന്നവയാകുന്നു)

ത്രിരോക്ഷം, അത്തി, വായുമുട്ടി, വയമവീപ്പ്, വീരം, സുസ്ഥിരദാരു, രക്തരോക്ഷം, ഛത്രി, ഇക്കിരം, ഭൂമി ഉപക്ഷ നന്ദ്. ഇതു ഉത്തരസഹ്യത്തിൽ ധാരാളം കാണുന്നു. ഇതിന്റെ തടി ചുവന്നതും കടുപ്പമുള്ളതുമാണ്. ഈ വൃക്ഷം മധ്യമാകാരമായിരിക്കും. ഇല കുവളത്തിനേറ്റുപോലെയാകുന്നു. പൂവിനു മങ്ങിയ ചുമപ്പുനിറമാണുള്ളത്. ഒരു രഭ്യവുമുണ്ട്. തമി–പാതിരി. സംസ്കൃതം–പാടലം. ഇം–Trumpet Flowertree, Bignonia Suaveolens.

പ. ക്രിസ്ത്യൻ പുരോഹിതൻ.

പാതിലി–ഫ. വല. പ. ചെറിയ മൺപാത്രം.

പാതിവാരച്ചീട്ട–കാണുന്ന വിളവിൽ പാതി കൊടുക്കുന്നതിനു വിവരം കാണിച്ചെഴുതിയ ചീട്ട്.

പാതിവാരം–കാണുന്ന വിളവിൽ പാതി കൊടുക്കുക.

പാതിവ്രത്യം–ഭർത്താവിനെ ഒഴിഞ്ഞു മറെറാരുവനെ കാംക്ഷിക്കയില്ലെന്നുള്ള ദൃഢനിഷ്ഠ.

പാതുക–മലയുടെ ചരിവ്.

പാതുകൻ–പതനശീലൻ.

പാതുകം–വി. വീഴുന്ന.

പാതുകം–ഫ. അധോമുഖമായസ്ഥലം. പ. നീരാന.

പാത്ത–ഒരു പക്ഷി.

പാത്തയുടെ മാംസം രക്തദോഷത്തിനും വാതത്തിനും നന്ന്. കഫം, ബലം, പിത്തം ഇവയെ വർദ്ധിപ്പിക്കും. പിത്തശമനമെന്നും കാണുന്നു. മലമൂത്രങ്ങളെ പുറത്തു കളയും. ഇതു അപ്പചരവർഗ്ഗത്തിൽപെട്ട അനുപമാംസമാണ്. സംനന്ദീമുഖം, നന്ദീമുഖി. ഇം–ഗ്ലസ് Goose

പാത്തി–ഫ. ഓക്, വെള്ളച്ചാല്. പ. ധാരത്തോണി. നു തേക്കിന്റെ പിടി.

ർ. ഒരുങ്ങളുടെ മദ്ധ്യത്തുള്ള കഴി (ഭാരം) ത. മരത്തൊട്ടി.

പാത്തി-വി. പൊള്ളയുള്ള.

പാത്തിക്കോരിക-കരമാരിരി വലിയ മരത്തവി.

പാത്തിമരവി-ഒരു മരപ്പാത്രം.

പാത്തുന്ന-ക്രി. കവച്ചു നടക്കുന്നു, കവയ്ക്കുന്നു, വീഴ്ത്തുന്നു. ഉ-ം, നിന്നെ മൂത്രം പാത്തുന്നു. (മഹമ്മദുരംക്ഷ).

പാത്തുമ്മ-മഹമ്മദൻ സ്ത്രീ.

പാത്തുമ്മാ-പതിനെട്ടുപുരാണങ്ങളിൽ ഒന്ന്.

പാത്രടീരം-ക്ര. കരക്ക. ഉ. കങ്കുപക്ഷി.

പാത്രത്താ, പാത്രത്വം-യോഗ്യത.

പാത്രപ്രവേശനം- നാടകമാടുമ്പോൾ വേഷക്കാരുടെ വരവ്.

പാത്രം-വി. യോഗ്യമായ, യോഗ്യനായ യോഗ്യയായ.

പാത്രം-ക്ര. ഭോജനം പയ്യായങ്ങൾ-അനുവപനം, ഭോണ്ഡം, അമത്രം, ഭാജനം. ഉ. സ്വാഭാവികമായ പൊതുവിലുള്ള പേർ. ന. യോഗ്യം. ർ. രണ്ടു കരയുടേയും നടുവ്. ഇവിടെ ജലം പാനം ചെയ്യുന്നതിനാൽ ഈ പേരുണ്ടായി. ഘ. ശരീരം. ന. മന്ത്രി. ഒ. നാടകങ്ങളിലെ ഏതെങ്കിലും വേഷം. വ. കാരണദ്രവ്യം.

പാത്രശുദ്ധി-ക്ര. പാത്രങ്ങളുടെ ശുദ്ധി. ഉ. അമ്മയുടെ ചാരിത്രശുദ്ധി.

പാത്രാപാത്രവിശേഷം-യോഗ്യമായതിനേയും അയോഗ്യമായുള്ളതിനേയും തമ്മിലുള്ള ഭേദം.

പാത്രി-ക്ര. നെരിപ്പോട്. ഉ. പാത്രം. ന. ഋ.

പാത്രീവം-യജ്ഞപാത്രവിശേഷം. (ഭാക=പാത്രിക).

പാത്രസമിതൻ-നല്ല ഊണുകാരൻ.

പാഥം-ജലം, വെള്ളം.

പാഥസ്സ്-ജലം, വെള്ളം. രക്ഷാശീലം എന്നർത്ഥം.

പാഥി-കടൽ.

പാഥേയം-വഴിച്ചോറ്, വഴിയിൽ ചെലവിനും മറ്റും ഉപകരിക്കുന്ന വസ്തു.

പാഥേയവത്ത്-വി. പാഥേയമുള്ള.

പാഥോജം-ക്ര. താമര. ഉ. ശംഖ്.

പാഥോദം-മുത്തങ്ങ.

പാഥോധി-സമുദ്രം.

പാഥോനാഥൻ-സമുദ്രം.

പാഥോനിധി-സമുദ്രം.

പാഥോരുഹം-താമര.

പാദകടകം-കാൽച്ചിലമ്പ്, തള. കാലിന്റെ വള എന്നർത്ഥം.

പാദകം-അടിസ്ഥാനം.

പാദകുറ്റ്-മരച്ചെരിപ്പ്.

പാദക്കുടം-തുണിന്റെ മൂടുപട്ട്.

പാദ(പ്ര)ക്ഷാളനം-കാൽ കഴുകുക.

പാദഗ്രഹണം-ക്ര. കാൽ പിടിക്കുക. ഉ. പാദത്തിങ്കൽ വന്ദിക്കുക, അഭിവാദ്യം.

പാദങ്ങൾ-വലിയ പർവ്വതങ്ങളുടെ ചുറ്റും കാണപ്പെടുന്ന ചെറുതരം കുന്നുകൾ.

പാദചതുരം-ക്ര. ആടു്. ഉ. അരയാല്.

പാദചതുരം-ക്ര. അരയാൽ. ഉ. മണൽത്തിട്ട. ന. ആടു്. ർ. ആലിപ്പഴം.

പാദചാരം-കാൽനട.

പാദചാരി-കാലാൾ.

പാദജൻ-ശൂദ്രൻ.

പാദതീർത്ഥം - മഹർഷിമാർ സന്ന്യാസികൾ മുതലായ മഹത്തുക്കൾ കാൽ കഴുകിയാൽ ഒഴുകുന്ന വെള്ളം.

പാദത്രം,പാദത്രു,പാദത്രാണം=ചെരിപ്പ്.

പാദനഖൻ-കാക്കൽ വീണവൻ.

പാദനിപീഡനം-കാൽ പിടിക്കുക, കാൽ തിരുമ്മുക.

പാദന്യാസം-പാദം വെയ്പ്പ്.

പാദപതീതൻ-കാക്കൽ വീണിരിക്കുന്നവൻ.

പാദപത്മം-താമരപ്പൂപോലെ ഒംഗിയുള്ള കാൽച്ചുവട്ട്.

പാദപം-വൃക്ഷം. വേരുകൊണ്ടു മലാദി യെയും പോഷണപദാർത്ഥത്തെ പാനം ചെയ്യുന്നതു എന്നർത്ഥം. അവൻറെ വേരുകളെക്കൊണ്ടു തന്നെത്താൻ രക്ഷിക്കുന്നതു.

പാദനോദനാ – കാൽകൊണ്ടുള്ള പ്രേരണ.

പാദപാംസു-കാലിലെ പൊടി.

പാദപീഠാ-ഇരിക്കുമ്പോൾ കവിട്ടുന്നതിനുള്ള ചെറിയ പീഠം.

പാദപൂജനം-കാലിൻറെ മുകളിൽ പൂജിക്കയും മറ്റും.

പാദപൂരണം – ശ്ലോകത്തിനും മറ്റും പോരാത്ത അക്ഷരമോ പദമോ തികയ്ക്കുക.

പാദപ്രപാതം-ക. കാലുകൊണ്ടുള്ളതൊഴി. ഉ. താഴികകൊണ്ടുണ്ടാകുന്ന വീഴ്ച. ങ. മുകളിൽ ചെന്നുള്ള വീഴ്ച.

പാദപ്രഹ(ാ)രം-കാൽകൊണ്ടു പ്രഹരിക്കുക (തൊഴിക്കുക).

പാദബന്ധനം-പശു, എരുമ, ആട് മുതലായതു. പാദത്തിൽ ബന്ധനമുള്ളതു എന്നർത്ഥം.

പാദമർദ്ദനം-ക. കാൽകൊണ്ടു മർദ്ദിക്കുക. ഉ. കാൽ തിരുമ്മുക.

പാദമൂലം-കാൽമുവട്ട്, കാലടി.

പാദം-ക. കാൽ. നടക്കുന്നതു എന്നർത്ഥം. ഉ. ശ്ലോകത്തിൻറെ നാലു വകുതികളിൽ ഒരോരുന്നും. ന. നാലിൽ ഒന്ന്. ഗ. വൃക്ഷത്തിൻറെ മുവട്ട്. ങ. രശ്മി. ന്യ. പർവ്വതത്തിൻറെ അടിവാരം. ഛ. തൂണിൻറെ മുവട്ട്. ഝ. പർവ്വതപർവ്വതം.

പാദങ്ങഠം-വലിയപർവ്വതങ്ങളുടെ മുകൾഭാഗം കുണപ്പെട്ടുന്ന ചെറുതരം കുന്നുകൾ.

പാദയുഗ്മം-രണ്ടുകാൽ.

പാദരക്ഷ-ചെരിപ്പ്.

പാദരഥം-ചെരിപ്പ്.

പാദരോഹം-പേരാൽ.

പാദർ-ബഹുമാനസൂചകമായി ഉപയോഗിക്കുന്ന ഒരു വാക്ക്. ഉ-ം, താതപാദർ (അച്ഛൻ), മാതുലപാദർ (അമ്മാവൻ).

പാദലഗ്നൻ-കാലിൽ പിടിച്ചുവൻ.

പാദവത്മീകം-ചെരുങ്കാൽ എന്ന ഭീനം, പെരുങ്കാൽ.

പാദവികൻ-വഴിപോക്കൻ.

പാദവൃക്ഷം-അരയാൽ.

പാദവ്യഥ-കാൽവേദന.

പാദശബ്ദം-കാലൊച്ച.

പാദശാഖ-കാൽവിരൽ.

പാദശുശ്രൂഷ-പരിചാരകപ്രവൃത്തി.

പാദസരം-കാലിൽ അണിയുന്ന ഒരു കിലുക്കാരണം.

പാദസരി-കാലിൻറെ അടിക്കുള്ള ഒരു ഭീനം.

പാദസേവ-ക. പാദത്തെ സേവിക്കുക. ഉ. കാലിൽ അണിയുന്ന ഒരു കിലുക്കാരണം.

പാദസ്ഫോടം-കാൽവിള്ളൽ എന്ന ഭീനം. ഉള്ളുകാലിനെ വിടിയ്ക്കുന്നതു എന്നർത്ഥം.

പാദാഗ്രം-കാലിൻറെ പുറവടി.

പാദാംഗദം-കാൽച്ചിലമ്പു. പാദത്തിനു അംഗദം പോലെയുള്ളതു എന്നർത്ഥം. പാദമാകുന്ന അംഗത്തെ രക്ഷിക്കുന്നതു എന്നുമാവാം.

പാദാംഗുലി-കാൽവിരൽ.
പാദാംഗുഷ്ഠം-കാലിന്റെ പെരുവിരൽ.
പാദാതൻ-കാലാൾ.
പാദാതം-കാലാൾ ക്കൂട്ടം.
പാദാതികം-കാലാൾപട.
പാദാദികേശം-അ. അടി മുതൽ മുടി വരെ.
പാദാന്തികം-സമീപ്യം, മുമ്പടിന്നടുത്തുള്ള സ്ഥലം.
പാദാവികം-കാലാൾപട. (പാദാതികം എന്നതിന്റെ പാഠം).
പാദുക-ചെരിപ്പ്. ഇതുകൊണ്ടു ഗമിക്കുന്നതിനാൽ ഈ പേർ വന്നു. പാദകരട്ട്, പാദരക്ഷ, മെതിയടി.

'പാദുകം ദേഹിരാജേന്ദ്രരാജ്യായതേ'
(രാമായണം)

പാദുക-വി. കാൽനടയായി പോകുന്ന.
പാദുകാകാരൻ-ചെരുപ്പുകുത്തി.
പാദുകാകൃത്ത്-ചെരിപ്പുകുത്തി, തോൽ രക്ഷാലുൻ. പാദുവിനെ (ചെരിപ്പിനെ) ഉണ്ടാക്കുന്നവൻ എന്നർത്ഥം.
പാദുകക്കല്ല്-ഒരു ഗൃഹത്തിന്റെ അടിവാരത്തിന്മീതെ കാണുന്ന ഭാഗം. ചെരുപ്പുകല്ല് എന്നും പറയും.
പാദ്മി-ചെരിപ്പ്, മെതിയടി.
പാദോദകം-കാൽകഴുകിയ വെള്ളം.
പാദോദരം-സപ്പ്.
പാദ്യ-വി. കാലിനെ സംബന്ധിച്ച.
പാദ്യം-കാൽകഴുകാനുള്ള വെള്ളം.
പാന-പ്ര. ഒരുമാതിരി മൺപാത്രം. ര. ഒരുമാതിരി പാട്ട്. ന. ഒരുവക തുള്ളൽ. ഭ. ഒരു രാശി.
പാനകം-കുടിപ്പാനായിട്ട ശർക്കരയും മറ്റും ഇട്ടു കലക്കിയ വെള്ളം.
പാനക്കാരൻ-പാനം ഉള്ളുന്നവൻ.
പാനക്കൊമ്പു-പാനക്കാരൻ കൈയിൽ പിടിക്കുന്ന കൊമ്പു്.
പാനഗോഷ്ഠി, പാനഗോഷ്ഠിക-മദ്യപാനം ചെയ്യുന്ന സ്ഥലം.
പാനപാത്രം-പ്ര. വല്ലതും ഒഴിച്ചു കുടിപ്പാനുള്ള പാത്രം. ര. മദ്യപാനത്തിനുള്ള ഒരു പാത്രം.
പാനപ്പാറ-പാനയ്ക്കു കൊട്ടുന്ന വാദ്യം.
പാനഭാജനം-പാനപാത്രം, പാൽ മുതലായതു കുടിക്കാനുള്ള പാത്രം, വട്ടക (കിണ്ണം എന്നും കാണുന്നുണ്ടു്).
പാനഭ്രുവ്-കുടിക്കാനുള്ള മുറി.
പാനമത്ത-വി. മദ്യപാനംചെയ്തു മദിച്ചു
പാനം-പ്ര. കുടിക്കുക. ര. മദ്യംകുടിക്കുക. ന. മദ്യഗൃഹം, കള്ളുഷാപ്പു്. ഇവിടെവച്ചു മദ്യം പാനംചെയ്യുന്നതിനാൽ ഈ പേരുണ്ടായി. ഭ. കുടിക്കുന്നപാത്രം. ഉ. മൂച്ചുകുട്ടൽ. ന. പരിരക്ഷണം. ഒ. തേട്ട്, ചാൽ.
പാനമണ്ഡലം-കുടിക്കുന്നവരുടെ കൂട്ടം.
പാനസക്ത-വി. കുടിപ്പാൻ അത്യുത്സാഹമുള്ള.
പാനസപാത്രം-പിലാവില.
പാനി-പ്ര. കുടിയൻ. ര. കലം. ന. കള്ളുകൊക്കിയുണ്ടാക്കിയ വസ്തു. ഭ. നീർശർക്കര, പതിയൻശർക്കര.

പാനി (നീർശർക്കര)-വാതം, പിത്തം, മൂത്രത്തടവു്, ശ്രമം ഇവയ്ക്കു നന്നു്. മേഹത്തെ തടിപ്പിക്കും. ഇതു രസവർഗ്ഗത്തിൽപ്പെട്ടതാണു്. സം- ഫാണിതം. ഇംഗ്ലീഷ്-Thickened Juice of Sugar-Cane; Sirup.

പാനികൻ-ചാരായം വില്പുന്നവൻ.
പാനിലം-പാനപാത്രം.
പാനീയ-വി. പ്ര. കുടിപ്പാൻതക്ക, ര. കുടിക്കേണ്ടുന്ന.
പാനീയകാകികം-നീർക്കാക.

പാനീയചൂർണ്ണിക-മണൽ.
പാനീയനകുലം-നീർപ്പൂച്ച.
പാനീയവർണ്ണിക-മണൽ.
പാനീയാലു-നീർച്ചേമ്പ്.
പാനീയം-വെള്ളം. പാനം ചെയ്യത്തക്കവണ്ണം യോഗ്യമായത്.
പാനീയശാലിക, പാനീയശാല-തണ്ണീർപന്തൽ.
പാന്ഥം-കാലയുടെ നാമം.
പാന്ഥൽ-ചളിയുള്ളസ്ഥലം.
പാന്ഥൽചേറ്-ഈറനിലം, ചളിക്കഴി.
പാന്ഥസ്സ്-വഴിപോക്കൻ, കൈവിളക്ക്. (അറബിഭാഷ).
പാന്ഥൻ-പ്ര. വഴിപോക്കൻ. നിത്യം വഴിനടക്കുന്നവൻ എന്നർത്ഥം. (സ്ത്രീലിംഗം പാന്ഥാ.)

'പ്രിയാംശപാന്ഥാകുചയോർന്നിവൃത്യ
നിവൃത്യലോലാനമുദക് പ്രയന്തീ'
(നൈഷധം)

പ. സൂര്യൻ.
പാപ-വി. ദുഷ്ടതയുള്ള, ദോഷംചെയ്യുന്ന.
പാപകർമ്മം-ദുഷ്പ്രവൃത്തി.
പാപകാരി-വി. പാപം ചെയ്യുന്ന. (സ്ത്രീ-പാപകാരിണി.)
പാപകൃത്ത്-പാപം ചെയ്യുന്നവൻ.
പാപഗ്രഹങ്ങൾ-ക്ഷീണിച്ച ചന്ദ്രൻ, സൂര്യൻ, ചൊവ്വാ, ശനി, പാപസംബന്ധിയായ ബുധൻ, രാഹു, കേതു. (ഇവർ).

'ക്ഷീണേന്ദുചക്രമഹിസൂതഭാർക്കതനയാ
പാപാ ബുധശ്ചേത്യുദിതാഃ'-എന്നതനുസരിച്ചു ക്ഷീണചന്ദ്രൻ, സൂര്യൻ, ചൊവ്വാ, ശനി ഇവരും ഇവരോടു ചേരുന്ന പക്ഷം ബുധനും പാപഗ്രഹങ്ങളാകുന്നു.

പാപഘ്നം-എള്ള്.
പാപചേലി-ചാടി. പാപത്തെ കളയുന്നത് എന്നർത്ഥം. വായുവിനെ പ്രേരിപ്പിക്കുന്നത് എന്നുമാവാം.
പാപജാലം-പാപത്തിന്റെ കൂട്ടം.
പാപനാശനൻ-പ്ര. പാപത്തെ നശിപ്പിക്കുന്നവൻ. പ. ശിവൻ. സ. വിഷ്ണു.
പാപനാശനം-മുളപ്പിരുത്ത്.
പാപനാശനം-പാപഹരം.
പാപനാശി-വി. പാപത്തെ നശിപ്പിക്കുന്ന (സ്ത്രീ-പാപനാശിനി.)
പാപനിവാരണം-പാപത്തെ തടുക്കുക.
പാപനിവൃത്തി-പാപത്തെ മാറുക.
പാപൻ-പാപമുള്ളവൻ, പരദ്രോഹം ചെയ്യുന്നവൻ, ദുഷ്ടൻ, ദുർബുദ്ധി.
പാപപതി-വിടൻ.
പാപപരിഹാരം-പാപനിവൃത്തി.
പാപപുരുഷൻ-എല്ലാത്തരം പാപങ്ങളുടെയും ഒരു മൂർത്തി.

തല ബ്രഹ്മഹത്യ, ഉദരം ഭ്രൂണഹത്യ, മൂക്ക് സ്ത്രീഹത്യ മുതലായ അവയവങ്ങളുണ്ട്.

പാപഫലം-പാപം ചെയ്യുകകൊണ്ടുണ്ടാകുന്ന അനുഭവം.
പാപബന്ധം-പാപത്തിന്റെ സംബന്ധം.
പാപഭയം-പാപത്തിങ്കലുള്ള പേടി (ഭീതി).
പാപഭീരു-വി. പാപത്തെക്കുറിച്ചു ഭയമുള്ള.
പാപം-പ്ര. ദോഷം, ദൈവവിരോധമായ പ്രവൃത്തി, ഹിംസ മുതലായവ. ഇതിൽ നിന്നു ആത്മാവിനെ രക്ഷിക്കുന്നതിനാൽ ഈ പേർ വന്നു. കർത്താവിനെ ഭക്ഷിക്കുന്നത് എന്നുമാവാം. പര്യായങ്ങൾ-പങ്കം, പാപ്മാ, കിൽബിഷം, കന്മഷം, കല്മഷം, വൃജിനം, എനസ്സ്,

അഘം, അംഹസ്സ്, ദുരിതം, ദുഷ്കൃതം. ഉ. കറ.

പാപമോചനം-പാപത്തിൽ നിന്നൊഴിക, പാപം പോക.

പാപരോഗം-വസൂരി, ഞരമ്പ്സ്സ്, കുഷ്ഠം.

പാപവൃദ്ധി-നശയാട്ട്.

പാപവ്രം-ഒരുവക അളവ്.

പാപശമനി-വന്നി.

പാപശാന്തി-പാപശമനം.

പാപശീല-വി. പാപമുള്ള.

പാപശേഷം-പ. വ്യാധി. ഉ. ദാരിദ്ര്യം.

പാപഹര-വി. പാപത്തെ കളയുന്ന.

പാപാത്മാവ്-പ. ദുഷ്ടൻ. ഉ. കാട്ടാളൻ.

പാപി-വി. പാപമുള്ള. ഉ. കറയുള്ള.

പാപിഷ്ഠ-വി. പാപത്തിൽ ഇരിക്കുന്ന.

പാപീയസി-മഹാപാപി.

പാപോദയം-പ. പാപഗ്രഹങ്ങൾ ഉദിക്കുക. ഉ. പാപത്തിന്റെ ഉദയം.

പാപ്പാ-റോമൻകാത്തോലിക്ക ക്രിസ്ത്യാനികളുടെ ശ്രേഷ്ഠമേലദ്ധ്യക്ഷൻ.

പാപ്പാൻ-പ. ബ്രാഹ്മണരെ ചിലർ പഠയുന്ന ഒരു പേർ. ഉ. ബ്രാഹ്മണവേഷമായിട്ടു യാചിച്ചു നടക്കുന്നവൻ. (സ്ത്രീ-പാപ്പാത്തി).

പാപ്പാസ്സ്-രചരിപ്പ്.

പാപ്പിനി-ഒരുവക താണതരം ബ്രാഹ്മണയ്ത്തം

പാപ്പുക്കോയി ൻ-പാപ്പൂർ സ്വരൂപം.

പാപ്പൂർ-ഒരു കഴകം. (കഴകം എന്നതു നോക്കുക)

പാപ്മാവ്-പാപം. ലോകത്തെ വ്യാപിക്കുന്നതെന്നർത്ഥം. നരകത്തിൽ വീഴുന്നതു് എന്നുമാവാം.

പാപ്പസ്സ്-ഇരുവേലി.

പാമഗ്നി-കടുരോഹിണി.

പാമല്ലം-ഗന്ധകം.

പാമനാ-വി. ചിരങ്ങുള്ള.

പാമം-ചിരങ്ങ്.

പാമര-വി. പ. ഹീനമായ. ഉ. മൂഢതയുള്ള. ന. സഹായമില്ലാത്ത.

പാമരൻ-പ. നീചൻ. ധർമ്മത്തെ നശിപ്പിക്കുന്നവൻ എന്നർത്ഥം. ചൊറിയുള്ളവൻ എന്നുമാവാം. ഉ. മൂഢൻ. ന. സഹായമില്ലാത്തവൻ.

പാമരം-കപ്പലിന്റെ കൊടിമരം, വള്ളത്തിന്റെ പായമരം. പയ്യ്യങ്ങൾം-ക്രൂപകം, ഗുണവൃക്ഷകം.

'ക്രൂരത്തേവിട്ടൊരു തരണിതൻ
പാമരത്തിൽ കരേറി'
(മയൂരസന്ദേശം)

പാമാ-ചിരങ്ങ്. ശരീരത്തെ ശോഷിപ്പിക്കുന്നതെന്നർത്ഥം.

പാമാരി-ഗന്ധകം.

പാംശവം-പൊടിയുപ്പ്.

പാംശു-പാംസു.

പാംശു(സു)-പ. പൊടിയുപ്പ്. ഉ. ഭീമസേന കർപ്പൂരം. ന. പഞ്ചസാരകല്ലുപ്പ്.

പാംസന-വി. ദോഷമുള്ള, പാപമുള്ള

പാംസവം-പൊടിയുപ്പ്.

പാംസു-പ. പൊടി. ഉ. വളം ന. പൊടിച്ചുമിനെല്ല. ര. പാപം ഉ. ഒരുവക കർപ്പൂരം. ന. കരയിൽ ഇറക്കിയ വസ്തു.

പാംസുകാ-തീണ്ടാരിയുള്ള സ്ത്രീ.

പാംസുകാസീസം - ധാതുകാസീസം.
Sulphate of iron.

പാംസുക്രുല-പെരുവഴി, രാജമാർഗ്ഗം.

പാംസുചന്ദനൻ-ശിവൻ.

പാംസുജാലികൻ-വിഷ്ണു.

പാംസുല-വി. പൊടിയണിഞ്ഞ, മലിനമായ.

പാംസുല-പ്ര. പാതിവ്രത്യമില്ലാതെ ഇഷ്ടം പോലെ നടക്കുന്നവൾ, വ്യഭിചാരിണി. പാപമുള്ളവൾ എന്നർത്ഥം. ചീത്ത നടപടിയുള്ളവൾ എന്നുമാവാം. പു. ദുഷ്ടയായ സ്ത്രീ. സം. ഭൂമി. ര. പൂരക്കൊതു.

പാംസുലൻ-പ്ര. ശിവൻ. പു. സ്ത്രീലോലൻ.

പാംസുലം-ശിവന്റെ ആയുധങ്ങളിൽ ഒന്ന്.

പാംസൂത്രം-ഒരു പോടിയുപ്പ്.

പാമ്പ്-സർപ്പം. പര്യായങ്ങൾ-സർപ്പം, പന്നഗം, ഭുജഗം, ഭുജംഗം, അഹി, ദ്വിജിഹ്മം, ആശീവിഷം, വിഷധരം, ചക്രീ, വ്യാളം, സരീസൃപം, കുണ്ഡലീ, ഗൂഢപാത്തു്, ചക്ഷുശ്രവസ്സ്, കാകോദരം, ഫണി, ഭോഗീകരം, ദീർഘപൃഷ്ഠം, ദന്ദശൂകം, വിലേശയം, ഉരഗം, പന്നഗം, ഭോഗീ, ദ്വിജിഹ്മഗം, പവനാശനം, ലേഖിഹാനം, ഭുജിസനം, ഗോകർണ്ണം, കഞ്ചുകീ കുടീനസം, ഫണധരം, ഹരി, ഭോഗധരം.

(പാമ്പിനെ നായാട്ടുപേർ-ഉരഗത്തിനെ വായ് പിടിയൻ)

പാമ്പ് വിലേശയവർഗ്ഗത്തിൽ പെട്ട ഇഴജന്തുവാണ്. ഇതിന്റെ മാംസം വാതം, കൃമി, അർശ്സ്, വായുമുട്ടൽ, ചുമ, നേത്രരോഗം, ദൃഷ്ടിവിഷം ഇവക്ക് നന്ന്. ഇതിന്റെ വിഷംകൊണ്ടുണ്ടാകുന്ന മൂർച്ഛയിൽ കാട്ടുപാവലിന്റെ കിഴങ്ങു നെരിക്കി ആട്ടിൻമൂത്രത്തിൽ പല പ്രാവശ്യവും മുക്കി ഉണക്കിയോ അരച്ചു ഗുളികയാക്കിയോ കാടിയിൽ അരച്ചു നസ്യംചെയ്യുക. തൃഫല, ചന്ദനം, കൊട്ടം, ഇഞ്ചി ഇവ നെയ്യിലരച്ചു സേവിക്കയും കോലംവായിൽ തേക്കുകയും ചെയ്യുന്നതും ഗുണമാണ്. കൊഴുപ്പ, കാട്ടവെള്ളരി നുറൻകിഴങ്ങ് ഇവ ഓരോന്നിന്റേയും സ്വരസം കൊട്ടുകുന്നതും ഹിതമാകുന്നു. തുരിശ്ശ, മലങ്കാരയ്യ, വയമ്പ് ഇവ പാലിൽ അരച്ചുകലക്കി കുടിപ്പിക്കുന്നതും നന്നാണ്. മുളകരച്ചോടി നെയ്യ് ചേർത്ത് സേവിക്കുന്നതും കൊള്ളാം. സംസർപ്പം. ത-പായ്: ഇം-Snake സ്നെക്. പാമ്പുകളെക്കുറിച്ചു വിജ്ഞാനവൃദ്ധന്മാരിൽ ഇപ്രകാരം പറയുന്നുണ്ട്. ഇപ്പോൾ കാണപ്പെടുന്ന സർപ്പങ്ങൾ മൂലവംശജാതിയിൽ ഉൾപ്പെട്ടവയാകുന്നു.

പ്ര. മൂർഖൻ-ഇവയ്ക്കു ഫണമുള്ളതു അവാന്തരജാതിയുണ്ട്. കടിച്ചാൽ വാതം കോപിക്കും.

പ്ര. മണ്ഡലീ-ഫണമില്ലാത്തവയാണ്. ഇതു അവാന്തരജാതിയുണ്ട്. കടിച്ചാൽ പിത്തം കോപിക്കും.

പ്ര. രാജിലം-ഫണമില്ലാത്തവയാണ് ഇതു അവാന്തരജാതികളുണ്ട്. കടിച്ചാൽ കഫം കോപിക്കും.

ര. വേന്തിരൻ-മൂർഖജാതിയിലേ പുരുഷസർപ്പത്തിനു മണ്ഡലിയിലോ രാജിലത്തിലോ ഉള്ള സ്ത്രീജാതിയിലുൽപ്പെട്ടിച്ചുണ്ടാകുന്ന സന്താനമാണത്രേ. കടിച്ചാൽ ത്രിദോഷം കോപിക്കും.

ഒന്നുമുതൽ മൂന്നുവരെയുള്ളവക്ക് ശർദ്ദി ധാനകാലം പ്രായേണ കർക്കടകം മുതൽ തുലാംവരെയാകുന്നു വേന്തിരജാതിക്കു മാത്രം ഈ കണിശമില്ല. പാമ്പുകൾ ഏഴോ ഒൻപതോ മുട്ടകൾ ഇടും. മഞ്ഞനിറമുള്ള മുട്ടകളിൽ പുരുഷനും, ചെമന്നതിൽ സ്ത്രീയും, മിശ്രവർണ്ണത്തിൽ നപുംസകവുമായിരിക്കും. മുട്ടകളിൽ മൂന്നെണ്ണം ഒഴിച്ചു ശേഷം തള്ളതന്നെ തിന്നും. മുട്ട പിരിഞ്ഞു കുട്ടിയാകുന്നതിനു ഏതാ ദിവസം വേണം. അക്കാലത്തു തള്ളപ്പാമ്പിനെ ഈറ (പൊറ) പാമ്പെ

ന്നു വിളിക്കുന്നു. മുട്ട രണ്ടോട്ടിയാലുടൻ ആ ണ്ടാംദിവസം നീളമിരിക്കും. അപ്പോൾ തല കറുത്തിരിക്കും. ശരീരമാസകലം ചെമ ന്നുകാണും. ഏഴിനു കണ്ണു പുറക്കും. ആ ഞ്ചു ദിവസംകൂടി കഴിയുമ്പോൾ ബോധം വരുന്നു. ഇരുപതു ദിവസം കഴിയുമ്പോൾ മുപ്പത്തിരണ്ടു പല്ലുകളും ഉണ്ടാകുന്നു. ആ യവയിൽ ഇടത്തും വലത്തും കാണുന്ന ഇരുരണ്ടെണ്ണം വിക്കവീറ്റുമുള്ളവയാകു ന്നു. ഇവയെ രണ്ടിനും കരാളി, മകരി എന്നും വലത്തെ രണ്ടിനും കാളരാത്രി, യമദൂതി എന്നും പേരുകളും കാണുന്നു. ഇവക്കു ക്രമേണ വിക്കവീറ്റും ഏറിയിരി ക്കും. ഒരുമാസം തള്ളയൊന്നിച്ചു സഞ്ച രിക്കും. പിന്നീടു പിരിയുന്നു. ആറുമാ സം ചെന്നാൽ തൊലി പൊളിഞ്ഞു ച ട്ട കഴറിക്കളയും. ഇവക്കു അതിസൂക്ഷ്മ ങ്ങളായ ഒര് കാലുകളുണ്ടെന്നു പറയ പ്പെടുന്നു. കാണുന്നതിനും കേൾക്കുന്നതി നും ഒരംഗമേയുള്ളു. ഇവക്കു കേൾക്കു മ്പോൾ കാണുന്നതിനും കാണുമ്പോൾ കേൾക്കുന്നതിനും സാധിക്കുന്നില്ല. ഇതു കൊണ്ടൊരു ചക്ഷുശ്രവണൻ എന്ന പേ രിതിനുണ്ടായിട്ടുണ്ട്. നാലു രണ്ടായി കീരി നീണ്ടിരിക്കും. സദാ ക്രോധമുള്ളവയാകു ന്നു. കീരി, മയിൽ, പൂച്ച, പന്നി, ചെ ന്നായ്, ചകോരം, പരുന്തു് എന്നീ ശ ത്രുക്കളും ഇവയെ കൊല്ലാതിരുന്നാൽ ഇ വക്കു ഏഴു-വർഷം ജീവിച്ചിരിപ്പാൻ സാധിക്കും.

പാമ്പുവിഷം-വെളുത്ത കന്നിയിലെ അരച്ചു പുണ്യാഹച്ചുണ്ടങ്ങാ പ്രമാണം ൪ ദിവസം മുഴയത്തിൽ തിന്നുന്നതു യാൽ പാമ്പു കടിക്കയോ കടിച്ചുലച്ചും വിഷം കയറുകയോ ചെയ്യുന്നതല്ല. ശേ ഷിച്ചു ദേഹം കടിയ്ക്കും. കളിച്ചിട്ടേ തി ന്നാവൂ പാടുള്ളൂ.

പാമ്പൻ-പ. കടൽ സംബന്ധിച്ച ഒരു വക പുഴു. ഉ. രാമേശ്വരത്തിനും ഇൻ ഡ്യക്കും മദ്ധ്യത്തുള്ള കടലിടുക്ക്.

പാമ്പടം-ഒരു ആഭരണം.

ഇതു സ്ത്രീകൾ കാതിലിടുന്ന ആഭ രണമാണ്. കടുക്കൻ, മോതിരം ഇവയെ പ്പോലെ വൃത്താകാരമായിരിക്കും. ഇതു് ഒന്നും മന്നിലധികവും കാതിലിടുക പതിവാണ്.

പാമ്പാട-ഒരു മത്സ്യം.

പാമ്പാട്ടുന്നു-പാമ്പു കളിക്കുന്നു. (സ. ക്രി. പമ്പാടിക്കുന്നു.)

പാമ്പാട്ടം-പാമ്പിന്റെ കളി.

പാമ്പാട്ടി-പാമ്പിനെ കളിപ്പിക്കുന്നവൻ, പാമ്പിനെ പിടിക്കുന്നവൻ പര്യായങ്ങൾ-വ്യാളഗ്രാഹി, ആഹിതുണ്ഡികൻ.

പാമ്പിൻകാവു്-സർപ്പക്കാവു്.

പാമ്പുവിരൽ-നടുവിരൽ, കഴുവിരൽ.

പാമ്പൂട്ടുക-പ്രേതം ശമിപ്പിപ്പാനുള്ള ഒരു ടിയന്തരം.

പാമ്പൂരി, പാമ്പുവരി-പ. കിണറിന്റെ അരഞ്ഞാണം ഉ. ഒരു ചുവരിന്റെ മുന്നോട്ടു തള്ളിയ താങ്ങുഭാഗം. സ. ഗൃഹത്തിനു ചുറ്റും മണ്ണുകൊണ്ടു ണ്ടാക്കിയ താണതായ അതിര്.

പായക-വി. കുടിക്കുന്ന

പായണ്ടി-പ ജാമ്യം. ഉ. പകിടശാല കാക്കുന്നവൻ, ചൂതുകളിസ്ഥലം കാക്കു ന്നവൻ.

പായന-വി. പ. കുടിപ്പിക്കൽ. ഉ. മൂപ്പു കൂട്ടുക.

പായയം-ജലം.

പായൽ-വെള്ളത്തിലെ ചണ്ടി.

പായസം-പ. ക്ഷീരാന്നം. പാലിൽ ഉ ണ്ടാക്കിയതെന്നർത്ഥം. സദ്യയ്ക്കുള്ള ഒരു

മയുക്കിറി. ശക്കരപ്പായസം, പാൽപ്പായസം, റവപ്പായസം, പഞ്ചാരപ്പായസം, ചവ്വരിപ്പായസം മുതലായവ. ൨. ഒരുമാതിരി എണ്ണ. ന. തിരുവട്ടപ്പശ, സരളദേവതാരത്തിന്റെ കറ. ർ. പാൽ.

പായികൻ-കാലാമം.

പായു-മലശോധനയുണ്ടാക്കി ശരീരത്തെ രക്ഷിക്കുന്നത് എന്നർത്ഥം.

പായുന്ന-ക്രി. ഓടുന്ന (സ. ക്രി. പായിക്കുന്ന.) ൨. ഒലിക്കുന്ന. ന. ചാടുന്ന.

പായൂരം-പാമരം.

പായ്യ-വി. താണ, ഹീനമായ.

പായ്യം-ക്രി. അളവുകോൽ, മാനം. ഇതുകൊണ്ടു മാനംചെയ്യുന്നതിനാൽ ഈ പേരുണ്ടായി.

മാനം എന്നാൽ ത്രാസ്സ്, മുഴക്കോൽ, പറ മുതലായവ കൊണ്ടു പറയുന്ന പേരാകുന്നു. തുലാസ്സ് മുതലായതു് = പൊ(യെ)തവം, നാഴി മുതലായതു് = ദ്രവയം, കോൽ മുതലായതു = പായ്യം. എന്നു മറ്റൊരു പക്ഷം.

൨. വെള്ളം. ന. തൊഴിൽ, പണി.

പായ്-ക്രി. ലോകം. പരന്നുകിടക്കുന്നത് എന്നർത്ഥം. ൨. ഒരുതരം അരി.

പാര-ക്രി. ഇരുമ്പുകൊണ്ടും മറ്റും അറക്കുപ്പിച്ചു വലുതായിട്ടുണ്ടാക്കുന്ന സാധനം, ഇരുമ്പുപാര, കട്ടപ്പാര ഇത്യാദി ൨ ഒരാം. ന. ഒരുവക മത്സ്യം ർ. അടിച്ചിപാര

പാരകി-സ്വർണ്ണം.

പാരക്രുലം-മറുകര.

പാരക്യ-വി. ക്ര. മറ്റൊന്നിനെ സംബന്ധിച്ച. ൨. പരലോകത്തിനുഹിതമായ.

പാരക്യൻ-ശത്രു.

പാരക്യം-വരാനുള്ള സുഖത്തിനായി വല്ലതും ചെയ്കുക.

പാരഗ, പാരംഗത-വി. മറുകര കടക്കുന്ന.

പാരജായികൻ-പരസ്ത്രീസംഗക്കാരൻ.

പാരടീട(ന)ം-പാറ, കല്ല്.

പാരണം-ക്ര. ഉപവാസാനന്തരം ചെയ്യുന്ന പ്രഥമഭോജനം.

'പാരണംചെയ്തീടേണമിന്നതിനെ-
നിക്കിപ്പോൾ'
(അദ്ധ്യാത്മരാമായണം)

'ചാന്ദ്രതരം മമ പാരണവിധിനം'
(കിമ്മീരവധം കഥകളി)

പാരണം എന്നും കാണുന്നുണ്ട്.

'സത്യം ഭരതരഥേ ശരസ്യ ന ഭവേ-
ദാത്മോചിതാ പാരണം'
(ഭോജചമു)

൨. മേഘം. ന. തൃപ്തി ർ. വായന വായിച്ചുനോക്കുക. ങ. ഒരു പുസ്തകത്തിന്റെ മൂലം

പാരതന്ത്ര്യം-മറ്റൊരുവന്റെ ഇഷ്ടപ്രകാരമിരിക്കുന്ന അവസ്ഥ, അസ്വാധീനത

പാരതം-മഹാരസങ്ങളിൽ ഒന്ന്.

പാരത്രികം-വി. ഇനിയുള്ള ലോകത്തെ സംബന്ധിച്ച.

ഇതു 'പരത്ര' എന്ന അവ്യയത്തിൽ നിന്നുണ്ടായതാണ്.

പാരത്ര്യം-പരലോകത്തിൽ ലഭിക്കുന്ന ഭാഗ്യം

പാരദാ-രസം പാരത്തെ ദാനംചെയ്യുന്നതു്, രോഗത്തിൽ കിടന്നുഴലുന്നവരുടെ രോഗം മാറുന്നതു് എന്നർത്ഥം.

പാരദാരികത-പരഭാര്യയെ ഗമിക്കുന്ന വനായ്കു എന്നുള്ള അവസ്ഥ.

പാരദാരികൻ-വ്യഭിചാരംചെയ്യുന്നവൻ

പാരദാര്യ-വ്യഭിചാരം, അന്യന്റെ ഭാര്യയെ പ്രാപിക്ക.

പാരട്ടകി(ക്കി)-മകര കണ്ടവൻ.

പാരട്ടശാ-അക്കര കണ്ടവൻ.

പാരന്തി-ചെത്തി.

പാരപക്ഷ്യം-പക്ഷപാത സഭാവം, തെ കക്ഷിപിടിച്ചുള്ള നില.

പാരമർശം-വിചാരം.

പാരമാത്മികഗുണം - (എട്ട് വിധം.) സംഖ്യാദിപഞ്ചകം, ബുദ്ധി, ഇച്ഛ, പ്രയത്നം.

പാരമാർത്ഥിക-വി. നേരുള്ള.

പാരമാർത്ഥികൻ-തത്വജ്ഞാനി.

പാരമിക-വി. മുഖ്യമായ, പ്രധാനമായ.

പാരമിത-വി. അക്കര കടന്ന.

പാരമേഷ്ട്യം - ബ്രഹ്മത്വം, ഈശ്വരത്വം.

പാരാ-വളരെ, ഏറവും.

പാരാ-ഫ മകര, അക്കര, തോണി തുഴയുന്ന പ്രവൃത്തി മതിയാക്കുന്നേടം എന്നർത്ഥം.

പാരാഗതൻ-അക്കര കടന്നവൻ, മുക്തൻ.

പാരമ്പര്യന്യായം-കീഴ്മേൽപ്രകാരമുള്ള നടപ്പ്.

പാരമ്പര്യം-പണ്ടുപണ്ടെയുള്ള പിതാക്കന്മാരിൽ നിന്നോ ഗുരുക്കന്മാരിൽ നിന്നോ ഗ്രഹിച്ചു ക്രമേണ നടന്നുവരുന്ന ഒരു മുറ.

പാരമ്പര്യോപദേശം-കീഴ് മേൽക്രമെ പഠിപ്പിക്കുക, പാരമ്പര്യമായ പഠിപ്പിക്കുക, ഐതിഹ്യം.

പാരലൗകിക-വി പരലോകസംബന്ധമുള്ള.

പാരവതം-മാടപ്രാവ്.

പാരവശ്യം-ഫ. പരവശത ൨. ക്ഷീണത. ൩. പ്രയാസം. ൪. ഭീനം. ൫. ദാരിദ്ര്യം. ൬. അന്യന്റെ അധീനതയിൽ ആവുക.

പാരശവ-വി. പരശുവിൽ നിന്നുണ്ടായ.

പാരശവൻ-ഫ. ബ്രാഹ്മണന് ശൂദ്രസ്ത്രീയിൽ ഉണ്ടാകുന്ന പുത്രൻ.

"യംബ്രാഹ്മണസ്തൂദ്രായാം
കാമാദുൽപാദയേത്സുതം,
സപാരയന്നേവശവ
സ്തസ്മാൽ പാരശവസ്മൃതഃ"

൨. വയ്യർ. ൩. പരശു എന്ന ആയുധവിശേഷത്തിന്റെ പേർ. പരന്മാരെ ഹിംസിക്കുന്നതു എന്ന ശാസ്ത്രപക്ഷത്തിൽ, പരസ്ത്രീയുടെ അപത്യം എന്നർത്ഥം. ൪. കലടംപുത്രൻ.

പാരശവം-ഫ. വെണ്മഴു. ൨. ഉരുക്ക്. ൩. മുത്തു്.

പാരശീ(സീ)കം-പാരസീകദേശത്തിൽ (പെർഷ്യയിൽ) ജനിച്ച കതിര.

പാരശവധ-വെണ്മഴു.

പാരശവധികൻ-വെണ്മഴു ധരിച്ചവൻ.

പാരസികം-ഫ പെർഷ്യ. (Persia) ൨. പെർഷ്യയിലെ കതിര.

പാരസികൻ-പാരസികരാജ്യത്തുള്ളവൻ പെർഷ്യക്കാരൻ.

പാരസീ-പെർഷ്യൻ ഭാഷ.

പാരസ്കരൻ-ഗൃഹ്യസൂത്രങ്ങളുടെകർത്താവു്

പാരസ്ത്രൈണേയൻ-പരസ്ത്രീ പുത്രൻ ഒരുവന്റെ ഭാര്യയിൽ മറൊരുത്തനുണ്ടാകുന്ന പുത്രൻ എന്ന വിവേകം.

പാരസ്പര്യം-തമ്മിൽ തമ്മിലുള്ള ഭാവം.

പാരസ്യകുലീന-വി. അന്യ കുലത്തിൽ ജനിച്ച.

പാരാട്ടുന്നു-ഫ. പുകഴ്ത്തുന്നു, സ്തുതിക്കുന്നു. ൨. ലാളിക്കുന്നു.

പാരാതീതാ-അതിരില്ലാത്തതു്.

പാരാതെ-അ. വേഗം. ൨. ധൈര്യം.

പാരാപതം-ക്രി. ചെറുനാരകം. പ. പ്രാവല്ലൻ നെല്ല്.

പാരാവാരം-സമുദ്രം. അപാരമായ പാരമുള്ളതു എന്നർത്ഥം.

പാരായ്-കണ്ണാടി. (പ-മ).

പാരായണം-ക്രി. പഠനം. പ. മുഴുവൻ. നാ. വേദാദ്ധ്യാസം.

പാരായണംചെയ്യുക-പഠിക്കുക.

പാരായണികൻ-ക്രി. ശിഷ്യൻ. പ. പ്രാസംഗികൻ.

പാരാവതകം-പുറംപുറത്തി നെല്ല.

പാരാവതഘ്നീ-സരസ്വതീ നദി.

പാരാവതം-ക്രി. പ്രാവ് എന്ന പക്ഷി, മാടപ്രാവ്.

[പാരം=ജീവൻ. ജീവാത്മാവിനെ സംസാരത്തിൽനിന്നു രക്ഷിക്കുന്നവൻ=ഭരദ്വാജൻ. ഭരദ്വാജന്റെ പുത്രൻ എന്നിവിടെ അർത്ഥം. ഭഗവാൻ കപോതസ്വരൂപിയായിട്ടു ഭരദ്വാജനു ജ്ഞാനോപദേശം ചെയ്തതു പ്രസിദ്ധമാണല്ലൊ. പാരാവതം എന്ന ശബ്ദവും കാണുന്നുണ്ട്.]

പ. ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം. നാ. ഒരു പർവ്വതം. ർ. പർവ്വതം.

പാരാവതാഘ്നീ-പാലുഴവം എന്ന മരുന്ന്

പാരാവാരം-ക്രി. സമുദ്രം. പാരത്തെ അവധരണം ചെയ്യുന്നതു, രണ്ടു കരകളും ഉള്ളതു. പ. പുഴ മുതലായതിന്റെ ഇരുകരയുടേയും പേർ. (പാരം=അക്കര. അവാരം=ഇക്കര).

പാരാശരൻ-വ്യാസൻ.

പാരാശരി-സന്ന്യാസി. പാരാശര്യപ്രോക്തമായ ഭിക്ഷുസൂത്രത്തെ അദ്ധ്യയനം ചെയ്യുന്നവൻ എന്നർത്ഥം.

പാരാശര്യൻ-വേദവ്യാസൻ. പരാശരൻ എന്ന മഹർഷിയുടെ പുത്രൻ എന്നർത്ഥം.

പാരി-ക്രി. പാല്പുഴ. പ. ജലം. നാ. പാൽപ്പുഞ്ഞം. (തമിഴിൽ നല്ല തുണി എന്നർത്ഥം).

പാരികാംക്ഷി-ബ്രഹ്മചര്യാദി വിഹിത തപസ്സുള്ളവൻ. പാരി=പാരമുള്ളതു്. ബ്രഹ്മജ്ഞാനത്തിനെ കാംക്ഷിക്കുന്നവൻ എന്നർത്ഥം.

പാരിക്ഷിതൻ-ജനമേജയൻ.

പാരിക്കുന്നു-വലിക്കുന്നു, വളരുന്നു, ഭാരിക്കുന്നു.

പാരിഗ്രാമിക-വി. ഗ്രാമത്തിനു പുറമുള്ള.

പാരിച്ഛത്രാടി-കൊട്ടത്തുമ്പടി.

പാരിജാത(ക)ം-ക്രി. ഒരു ദേവവൃക്ഷം, പാരി=സമുദ്രം, തസ്മാൽ ജാതം=പാരിജാതം. സമുദ്രത്തിൽ നിന്നുണ്ടായതു് എന്നർത്ഥം. പ. പവിഴമല്ലിക.

പാരിജാതം പാലാഴിമഥനത്തിൽ കിട്ടിയ വൃക്ഷമാണ്. സത്യഭാമ ആഗ്രഹിക്കയാൽ കൃഷ്ണൻ ഇതിനെ ഭൂമിയിലേക്കു കൊണ്ടുവന്നു. പാരിജാതം നിമിത്തം കൃഷ്ണനും ഇന്ദ്രനും തമ്മിൽ യുദ്ധം നടന്നു. ഇന്ദ്രൻ തോറ്റു. കൃഷ്ണൻ പാരിജാതത്തെ സത്യഭാമയുടെ തോട്ടത്തിൽ നട്ടു. കൃഷ്ണൻ ഉത്തരായണം പ്രാപിച്ചതിന്റെ ശേഷം ഇതു മടങ്ങി സ്വർഗ്ഗത്തേക്കുതന്നെ പോയി. മന്ദാരം, പാരിജാത(ക)ം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം ഇവ ഓരോന്നും ദേവവൃക്ഷങ്ങളുടെ പേർ, ഒന്നു മറ്റൊന്നിന്റെ പര്യായമല്ല.

നാ. മുരിക്ക്. നടി, തടാകം മുതലായ വയുടെ വക്കത്തുണ്ടാകുന്നതു എന്നർത്ഥം. ർ. സുഗന്ധം.

പാരിടം-ഭൂമി.

പാരിതത്ഥ്യ-നെറ്റിമേൽ കെട്ടുന്ന ഒരാഭരണം, സീമന്തരേഖയിൽ ക്രമേണ കെട്ടുന്ന സ്വർണ്ണപട്ടം. (ദേശ്യ = മയിർപട്ടം). തലമുടിയിൽ ചൂഡം അതേമാതിരി ശോഭിക്കുന്നതു എന്നർത്ഥം.

പാരിതോഷികം - അഭിനന്ദിച്ചുകൊടുക്കുന്ന സമ്മാനം.

പാരിന്ദ്രം-സിംഹം.

പാരിപന്ഥികൻ-പ. ശത്രു. ഉ. കള്ളൻ.

പാരിപാത്രം, പാരിയാത്രം-വിന്ധ്യപർവ്വതത്തിൽ ഇന്ദ്രനും കൃഷ്ണനും തമ്മിൽ യുദ്ധമുണ്ടായ സ്ഥലം.

പാരിപാർശ്വികൻ-ക്രമേണ നടക്കുന്നവൻ

പാരിപ്പിക്കുന്നു-മുഴുപ്പിക്കുന്നു.

പാരിപ്ലവ-വി. ഇളക്കമുള്ള.

പാരിപ്ലവം, പരിപ്ലവം-പ. ഇളകുന്നതു്. പരിപ്ലവിക്കുന്നതെന്നർത്ഥം. ഉ. വള്ളം. ന. സുഖഹീനത.

പാരിപ്ലവ്യം-പ. പിടപ്പുണ്ട. ഉ. വിഷാദം, അമളി.

പാരിഭദ്ര(ക)ം - പ ദേവതാരുവൃക്ഷം. ഉ. മുരിക്കു്. എല്ലാടവും മംഗളമായിട്ടുള്ളതെന്നർത്ഥം. ന. വേപ്പു്.

പാരിഭദ്രകം-പ. കൊട്ടം. ഉ. ചന്ദനം.

പാരിഭാവ്യം-പ. ഒരു മരുന്നു്, കൊട്ടം. മലത്തിനു സമീപമുണ്ടാകുന്നതെന്നർത്ഥം. ഉ. മാമ്പഴം.

പാരിഭാഷികം-പരിഭാഷപ്പെടുത്തിയതു, വ്യാഖ്യാനത്രുപത്തിലുള്ളതു്.

പാരിമാണികം - പ. പരിമാണത്തെ (അളവിനെ)കുറിക്കുന്നതു്. ഉ. (വ്യാകരണത്തിൽ) പരിമാണത്തെ കുറിക്കുന്ന ഒരു ഭേദകം. ഉ-ം, അത്ര, ഇത്ര ഇത്യാദി.

പാരിമാണ്ഡ്യം-ചുറ്റളവു്.

പാരിമിത്യം-അതിന്നി, അധമി.

പാരിമുഖിക-വി. സമക്ഷത്തുള്ള, മുൻവശമുള്ള.

പാരിമുഖ്യം-സന്നിധി, സമക്ഷം

പാരിയാത്രികം-ഒരു പർവ്വതം. ഏവിടെ നടന്നാലും കാണുന്നതു്, നാലു ഭാഗത്തേക്കും നീണ്ടു കിടക്കുന്നതു് ഇങ്ങിനെ അർത്ഥം.

ഈ പാരിയാത്ര പർവ്വതം ഭാരതവർഷത്തിലെ ഒരു കുലപർവ്വതമാകുന്നു. 'പാരിയാത്രികം' എന്നു ചിലർ പഠിക്കുന്നു. പാരിപാത്രം എന്നും അപൂർവ്വം കാണുന്നുണ്ടു്.

പാരിയാനികം-യാത്രക്കുള്ള വണ്ടി.

പാരിരകൻ-സന്ന്യാസി.

പാരിരക്ഷികൻ-മഹർഷി.

പാരിശം-കല്ലുമ്മു്.

പാരിഷദ-വി. സമൂഹത്തോടു ചേർന്ന.

പാരിഷദൻ-പരിജനം.

പാരിഷദന്മാർ-ശിവാനുചരന്മാർ. പരിക്ഷത്തിങ്കൽ (സഭയിൽ) സാധുക്കൾ (യോഗ്യന്മാർ) എന്നർത്ഥം.

ഇവർ ചണ്ഡീശ്വരനന്ദിമഹാകാളഭൃംഗാദികളാകുന്നു. പാരിക്ഷത്ര്യന്മാർ, പാർഷ്ദ്യന്മാർ, പാർഷദന്മാർ ഇങ്ങിനെയും പാഠം കാണുന്നു.

പാരിഹാരിക-വി. പരിഹരിക്കുന്ന, പിടിക്കുന്ന.

പാരിഹാരികൻ-പ പൂമാല കെട്ടുന്നവൻ. ഉ. വള്ളുവനാകുന്നവൻ.

പാരിഹാരികീ-ഒരു വക കടംകഥ.

പാരിഹാര്യം-ക്ര. വ്യ. വഴിയാത്രയിൽ ഭോരഭയംകൊണ്ടു പരിഹരിക്കപ്പെടുന്നതു്. ഉ. പിടിച്ചുപറിപ്പു്.

പാരീ-ക്ര. പാൽ കറക്കുന്ന പാത്രം. ഉ. ആനയുടെ കാൽ കെട്ടുന്ന കയർ (ചങ്ങല) ന. തെരു കടയുന്ന ദ്രുതപ്പാത്രം.

പാരീചരം-ഒരു ജലജന്തു.

പാരീണ-വി. നിറവേറുന്ന, മുഴുവനാക്കുന്ന, സാധിക്കുന്ന.

പാരുണ്ഡൻ-ക്ര. സിംഹം. ഉ. പെരുമ്പായു്.

പാരീരണം-ക്ര ആമ. ഉ. വടി. ന. ഉപ്പു്.

പാരു-ക്ര. ഏരിക്കു്. ഉ. സൂര്യൻ. ന. അഗ്നി.

പാരുഷ്യം-ക്ര. അപ്രിയവചനം (മുഖത്തു പറയുന്ന വാക്കു്) പരുഷത്തിന്റെ ഭാവം=പാരുഷ്യം. മറ്റൊരു പര്യായം-അതിവാദം. ഉ. വാക്പാരുഷ്യം. ന. ഗന്ധപാരുഷ്യം. ഘ. കർക്കശ്യം. ങ. മാർദ്ദവമില്ലായ്മ.

പാരോക്ഷ-വി. മുമ്പേപ്പുത്തിൽ അറിയാവുന്നതല്ലാത്ത, തെളിയില്ലാത്ത.

പാരോക്ഷ്യം-രഹസ്യം.

പാരോവര്യം-പാരമ്പര്യം.

പാർക്കുന്നു-ക്ര. വസിക്കുന്നു. ഉ. താമസിക്കുന്നു. ന. കാണുന്നു. ഘ. വിചാരിക്കുന്നു. ങ. സഹിക്കുന്നു. ഞ. ശ്രദ്ധിക്കുന്നു.

പാർജ്ജന്യം - പർജ്ജന്യനെ (ഇന്ദ്രനെ) സംബന്ധിച്ചതു്.

പാർണ്ണ-വി. പർണ്ണത്തെ (ഇലയെ) സംബന്ധിച്ച.

പാർത്തലം-ഭൂമി.

പാർത്ഥക്യം-വേർപാടു്.

പാർത്ഥൻ - പൃഥയുടെ (കുന്തിയുടെ) പുത്രൻ, ധർമ്മപുത്രൻ, ഭീമൻ, അർജ്ജുനൻ.

സഹദേവനും നകുലനും കുന്തിയുടെ പുത്രന്മാരല്ലെങ്കിലും അവരേയും പാർത്ഥന്മാരെന്നു പറയാറുണ്ടു്. പാർത്ഥൻ എന്നു അധികമായി വിളിച്ചുവരുന്നതു് അർജ്ജുനനെയാണു്.

ഉ. രാജാവു്. ന. നീർമരുതു്.

പാർത്ഥവം-രക്തപ്പിത്തം.

പാർത്ഥസാരഥി-കൃഷ്ണൻ.

പാർത്ഥിവ-വി. ക്ര. ഭൂമിയെ സംബന്ധിച്ച. ഉ. ഭൂമിയെ ഭരിക്കുന്ന.

പാർത്ഥിവൻ-ക്ര. രാജാവു്. ഉ. ഭൂമിയിൽ നിവസിക്കുന്ന ഒരുവൻ.

പാർത്ഥിവം-ഒരു മൺപാത്രം.

പാർത്ഥിവീ(വി)-ക്ര. സീത. ഉ. ലക്ഷ്മി.

പാർത്ഥോദനം-കന്നിരാശി.

പാർപ്പു്-ക്ര. വാസം. ഉ. താമസം. ന. വിചാരം ഘ. ശ്രദ്ധ. ങ. ഒരുവക മീൻ കൂട്ടം, മത്സ്യക്കൂട്ടി.

പാർപ്പുരൻ-യമൻ.

പാർപ്പുരം-ക്ര. ഒരു കൈയിൽ കൊള്ളുന്ന ആരി. ഉ. ക്ഷയരോഗം. ന. ചാമ്പൽ.

പാർപ്പിക്കുന്നു-ക്ര. താമസിപ്പിക്കുന്നു. ഉ. വസിപ്പിക്കുന്നു. ന. ഒളിപ്പിക്കുന്നു. ഘ. തടവിലാക്കുന്നു.

പാർമാതു്-ഭൂമേവി.

പാർശ്വികം-വി. ഒടുക്കമുള്ള, തീർച്ചയുള്ള.

പാർവ്വണം-പർവ്വത്തെ സംബന്ധിച്ച.

പാർവ്വണേന്ദു-പൂർണ്ണചന്ദ്രൻ.

പാർവ്വത-വി. പർവ്വതത്തിൽ നിന്നുണ്ടായ.

പാർവ്വതം-ക്ര. വെൺചുഴവു. ഉ. വെൺചുള്ള ഉപ്പു.

പാർവ്വതീ(തി)-പ്ര. ശിവന്റെ ഭാര്യ. പർവ്വതത്തിൽ നിന്നുണ്ടായവൾ എന്നർത്ഥം. ര. ഇടച്ചി, പണ്ണ മേയ്ക്കുന്നവൾ. ന. ഒരുപെരി.

പാർവ്വതീനന്ദനൻ-പ്ര. സുബ്രഹ്മണ്യൻ. ര. ഗണേശൻ.

പാർവ്വതീശൻ-ശിവൻ.

പാർവ്വതീശ്ലോകം-അരം.

പാർവ്വതേയ-വി. പർവ്വതത്തെ സംബന്ധിച്ച.

പാർവ്വതേയം-അഞ്ജനക്കല്ല്.

പാർവ്വത്യകാരൻ-പ്രവൃത്തിയിൽ കാര്യം വിചാരിക്കുന്നവൻ, ഒരു സക്കാര്യമന്ത്രിയുദ്യോഗസ്ഥൻ.

പാർവ്വത്യം-പാർവ്വത്യകാരന്റെ അധികാരം.

പാൽവു്-മുഖരോഗചക്രവർത്തി.

പാൽശി-ഒപെഷ്യൻഭാഷ.

പാർശ്വകൻ-വഞ്ചകൻ, കള്ളൻ.

പാർശ്വകം-വാരിയെല്ല്.

പാർശ്വഗ-വി. കൂടെ നടക്കുന്ന.

പാർശ്വതഃ-അ. സമീപത്തു്.

പാർശ്വപരിവർത്തനം-വിഷ്ണുതന്റെ ഉറക്കത്തിൽ ഒരു ഭാഗം തിരിഞ്ഞുകിടക്കുന്നതിനെ കൊണ്ടാടുന്ന ഒരു ഉത്സവം.

പാർശ്വഭാഗം - മനുഷ്യരുടേയും മറ്റും ഒരുകക്ഷത്തിന്നു താഴെയുള്ള ശരീരഭാഗം; അരാംവാരി, വിലാപ്പുറം.

പാർശ്വം-പ്ര. വിലാപ്പുറം. ര. പക്ഷം. ന. ഭാഗം. ര. വഞ്ചന ൫. സമീപം.

പാർശ്വവർത്തി-വി സമീപത്തിരിക്കുന്ന, അടുക്കൽ നില്ക്കുന്ന. (ഈ ശബ്ദം നകാരാന്തമാണ്. സ്ത്രീലിംഗം- പാർശ്വവർത്തിനി.)

പാർശ്വസ്ഥ-വി. സമീപത്തു നില്ക്കുയോ ഇരിക്കുയോ ചെയ്യുന്ന.

പാർശ്വസ്ഥലം-പ്ര. പാർശ്വഭാഗം. ര. സമീപത്തുള്ള സ്ഥലം.

പാർശ്വാസ്ഥി-വാരിയെല്ല്.

പാർശ്വിക-വി. പാർശ്വത്തോടു സംബന്ധിച്ച.

പാർശ്വികൻ-പ്ര. ക്ഷുരക്കാരൻ. ര. കൃഷ്ണകാരൻ.

പാൎഷ്ണൻ-പ്ര. പാണ്ഡ്യരാജാവു്, ദുര്യോധനൻ. ര. ധൃഷ്ടദ്യുമ്നൻ.

പാൎഷ്ണീ(ണി)- പ്ര. പാണ്ഡ്യരാജപുത്രി, പാണ്ഡ്യാണി. ര. ദുർഗ്ഗ.

പാഷ്ടൻ-പ്ര. സഭയിൽ ഒരുവൻ ര. ശിവന്റെ ഭൂതങ്ങളിൽ ഒരുവൻ.

പാർഷ്ണി-പ്ര. കതികാൽ. ര. പിൻപട. ന. പുറം.

പാർഷ്ണിഗ്രാഹൻ-പ്ര പിൻപടയെ രക്ഷിക്കുന്നവൻ. ര. പിൻപടയിൽ ശത്രു.

ശത്രുവിനോടു യുദ്ധത്തിനായി ഒരു രാജാവു് ഒരുമ്പെടുമ്പോൾ അ അവസരം നോക്കി പിറകേ കൂടിക്കടന്നു ഭയിപ്പാൻ ആഗ്രഹിക്കുന്ന രാജാവിന്റെ രാജ്യം അടക്കുവാൻ നോക്കുന്ന രാജാവിന്റെ പേരത്രേ പാർഷ്ണിഗ്രാഹൻ. നേരിട്ടു യുദ്ധത്തിനു ഇയാൾക്കു ധൈര്യമില്ല. തക്കം നോക്കി ചതിക്കുന്നവനാകുന്നു. ഒരു രാജാവു് യുദ്ധത്തിനു പോകുമ്പോൾ പിറകേനിന്നു സഹായിക്കുന്ന രാജാവു് എന്നും അഭിപ്രായം കാണുന്നു

പിൻഭാഗത്തെ ഗ്രഹിക്കുന്നവൻ എന്നർത്ഥം.

പാൎസി-ഒപെഷ്യൻഭാഷ.

പാല-വി. രക്ഷിക്കുന്ന.

പാല-പ്ര. ഒരു വൃക്ഷം. ര. ബോട്ടു്.

പാലക-വി. പാലിക്കുന്ന, രക്ഷിക്കുന്ന.

പാലകൻ-പ്ര. രക്ഷിക്കുന്നവൻ. ര. കുതിരക്കാരൻ.

പാലകാ-കൊടുവേലി.

പാലകാപ്യൻ-പ. ഒരു മഹർഷി. ഉ. ധന്വന്തരമൂർത്തി.

കരേണുവിന്റെ പുത്രനായ ഒരു ഋഷിയാണ്. പാലകാപ്യൻ ഒരു വൈദ്യപുസ്തകം (ഗജശാസ്ത്രം) ഉണ്ടാക്കീട്ടുണ്ട്. ധന്വന്തരിയുടെ ഒരു അവതാരമാണെന്നും പറയും.

പാലകാപ്യം-ഗജശാസ്ത്രം.

പാലകി-കന്നുതൊക്കം.

പാലക്കാട്-ഒരു ദേശം. മലബാറിലുള്ള ഒരു താലൂക്ക്.

പാലക്കാട്ടുശേരി-ഒരു നഗരം.

പാലക്കാമോതിരം-പെൺകുട്ടികളുടെ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

പാലക്യം-ചെഞ്ചീര.

പാലക്യാ-പ. കന്നുതൊക്കം. ഉ. ചെഞ്ചീര.

പാലങ്കാ-പ. ഈന്തിൽ. ഉ. ചെഞ്ചീര. ന. പനയ്ക്ക്.

പാലങ്കി-പ. കന്നുതൊക്കം. ഉ. ചെഞ്ചീര.

പാലങ്ക്യ-പ. കന്നുതൊക്കം. ഉ. ചെഞ്ചീര.

പാലഷ്ണ-ക്ഷുദ്ര.

പാലഷ്ണം-കടപ്പുല്ല്.

ഇതു് ജലത്തിലുണ്ടാകുന്നു. വയമ്പിന്റെ ഇലപോലെയുള്ള ഇല കാണാം.

പാലട-പ. ഒരു ഭക്ഷണസാധനം. ഉ. പാലും തെരെരെ കാച്ചുമ്പോൾ അടയ്ക്കുന്ന ഒരു പലക.

പാലൻ-പ. രക്ഷിക്കുന്നവൻ. ഉ. രാജാവു്.

പാലനം-രക്ഷ.

പാലനികാ-പ. ഭൂമി. ഉ. കൽക്കത്തൽ.

പാലം-പ. ആറ്, വരാട് മുതലായവയിൽ കരകടക്കുന്നതിനു കല്ല്, മരം മുതലായവകൊണ്ടു പണിയുണ്ടാക്കിയതു്. ഉ. മൂക്കിന്റെ പാലം. ന. കിണറിന്റെ വക്കോടുചേർത്തിടുന്ന തടി അല്ലെങ്കിൽ കല്ല്.

പാലം ഭോരാശി-പാല്പൂടൽ.

പാലറ-പാൽപ്പുര.

പാലാശ-വി. പ. പച്ചനിറമുള്ള. ഉ. പ്ലാശുവൃക്ഷത്തെ സംബന്ധിച്ചു.

പാലാശം-പച്ചില.

പാലാശം-പ. പച്ചനിറം. പലാശത്തിന്റെ (പച്ചിലയുടെ) നിറംപോലെയുള്ള നിറം എന്നർത്ഥം. ഉ. പ്ലാശുവൃക്ഷത്തെ സംബന്ധിച്ചതു്.

പാലാഴി-പാൽക്കടൽ.

പാലാഴിമഥനം-പാൽക്കടൽ മഥനം. (അമൃതമഥനം എന്നതു നോക്കുക.)

പാലാഴിമാതു്-ലക്ഷ്മീദേവി.

പാലി-സംസ്കൃതത്തിന്റെ ഒരു തത്ഭവഭാഷ, ബുദ്ധമതക്കാരുടെ ഒരു വൈദികഭാഷ.

ഭാരതീയ കാലത്തിൽ ഉത്തരഹിന്ദുസ്ഥാനിൽ അശ്ശൂന്മാർക്കും അനാശ്ശൂന്മാർക്കും പൊതുവിലുണ്ടായിരുന്ന ഒരു വ്യവഹാരഭാഷ. പിന്നെ പാലിയിൽ നിന്നു മഹാരാഷ്ട്രി, ശൌരസേനി, പൈശാചി, മാഗധി മുതലായ പ്രാകൃതഭാഷകളും ഉണ്ടാകയും ഒടുവിൽ ആ പ്രാകൃതഭാഷകളും അനേകങ്ങളായി പിരിഞ്ഞു പഞ്ചാബി, ഹിന്ദി, ബംഗാളി, മഹാരാഷ്ട്രം, ഗുജറാത്തി, ഉർദു മുതലായ ഉപഭാഷകളായി തീരുകയും ചെയ്തു.

പാലി, പാലീ-പ. വയൽ. ഉ. മുറ്റിയ ഭൂപ്രദേശം. ന. അതിർത്തി. ര. ചുറാമുറ്റു്.

പാലിക-പ. ആയുധത്തിന്റെ വായ്ത്തല. ഉ. ഒരുമാതിരി തവി. ന. ഒരു മാതിരി ചെറിയ പാത്രം.

പാലിക്കുന്ന-രക്ഷിക്കുന്ന.

പാലിത–വി. രക്ഷിക്കപ്പെട്ട.

പാലിത–ഒരു വൃക്ഷം.

പാലിത്യം–വാർധക്യം കൊണ്ടുള്ള നര.

പാലിന്ദം–കണ്ണുതക്കം.

പാലിന്ദി–ക്ര. നാല്പെപ്പെക്കൊന്ന. ഉ. കരിന്തുവര. സ. തുമ്പ.

പാലിനി–ക്ര. നാൽക്കാപ്പെക്കൊന്ന. ഉ. കരിന്തുവര.

പാലീയം – തകരം എന്ന അങ്ങാടിമരുന്ന്.

പാലുണ്ണി–ദേഹത്തിലുണ്ടാകുന്ന ഒരുവക കുരു.

പാലുള്ളി–ഒരുവക വലിയ രവള്ളുള്ളി.

പാലുള്ളി പിത്തത്തിനും രക്തദോഷത്തിനും നന്ന്. രുചികരമാണ്. ഇതു മറ്റേ രവള്ളുള്ളിയേക്കാളും വളരെ രവള്ളത്തും കാഴ്ചക്ക് ഭംഗിയുള്ളതുമാകുന്നു. സം–ക്ഷീരപലാണ്ഡു.

പാലൂഴവം–ഒരു മരുന്ന്.

പാലൂരി–ഒരുവക വസൂരിഭീനം.

ഫവ–ൽ ഒന്നാണ്. പതിനെട്ടാം മി വസം കളിപ്പിക്കാം.

പാലേറി–ക്ര. ഒരുവക കാട്ടുവാസിജനം. ഉ. കടഞ്ഞിരാജാവിന്റെ കൊട്ടാരം.

പാലൈനിലം–ജലവും തണലും ഇല്ലാത്ത ഉഷ്ണമേറിയ നിലം.

പാൽ–ക്ര. മുലയിൽ നിന്നു പിഴിഞ്ഞെടുക്കുന്ന വിശേഷമായ വെളുത്ത സാധനം. ഉ. തേങ്ങ ചുരകി പിഴിഞ്ഞെടുക്കുന്ന സാധനം. സ. വൃക്ഷങ്ങളുടെ കറ. ര. മഞ്ഞൾ ചതച്ചു പിഴിഞ്ഞ രവള്ളം. ള. പശുവിൻപാലും മറ്റും.

പശുവിൻപാൽ– വാതം, പിത്തം, പുരാണജ്വരം, ഉന്മാദം തുടങ്ങിയുള്ള മാനസരോഗങ്ങളെയും മൂർച്ച, ചുഴൽച്ച, ചുട്ടനീറൽ, ഗ്രഹണി, തണ്ണീർദാഹം, ശൂലം, അതിസാരം, ക്ഷയം, അർശ്ശസ്സ്, യോനിരോഗം, ഗുല്മം, മഹോദരം, ശുക്രസ്രാവം മുതലായവയേയും ശമിപ്പിക്കും. ആയുസ്സ്, ബുദ്ധി, ധാതുക്കൾ, കഫം, ബലം ഇവയെ വർദ്ധിപ്പിക്കും ദേഹത്തെ തടിപ്പിക്കും. മലത്തിനു അയവു വരുത്തും. യൌവനത്തെ നിലനിർത്തും. മറിവിനെ കൂട്ടിപ്പിടിപ്പിക്കും. എല്ലാ ശരീരങ്ങൾക്കും ചേരുന്നതും ജീവനമായിട്ടുള്ളതുമാകുന്നു. കുട്ടികൾക്കും വൃദ്ധന്മാർക്കും അടി രവട്ട് മുതലായവരെക്കൊണ്ടു ക്ഷീണം വരിച്ചവർക്കും വിശപ്പുകൊണ്ടും മൈഥുനം കൊണ്ടും തളർന്നവർക്കും വളരെ നല്ലതു്. ജ്വര, പിത്തം മുതലായവയെ നശിപ്പിക്കും. വിരേചിപ്പിക്കും, ഛർദ്ദിപ്പിക്കും, വസ്തിപിടിക്കും ഈ കാര്യങ്ങളിൽ ഒരുപോലെ ഉപയോഗിക്കാം ജീവനീയങ്ങളിൽ വച്ചു ശ്രേഷ്ഠമാണ്. പാൽ കറന്ന കാച്ചാതെയിരുന്നാൽ അരനാഴികക്കുമേൽ ഗുണം ഇല്ലാതാകും, പാൽ പുളിയുള്ള എല്ലാ പദാർത്ഥങ്ങളുണ്ടാക്കിച്ചും ഉപ്പിനോടൊത്തുമിച്ചും ഉപയോഗിക്കരുതു്. വിരുദ്ധമാണ്. പാലുകുടിച്ചതിന്റെ ശേഷം പുളിയുള്ള പഴം തിന്നുന്നതും നന്നല്ല. കുമ്പളങ്ങ ചുരക്ക മുതലായ വല്ലീഫലങ്ങളും ക്രൂര മൃഗങ്ങളുടെ അമ്പഴങ്ങ മുതലായ പുളിയധികമുള്ള ഫലങ്ങളും എള്ളിൻപിണ്ണാക്ക് ഒരുതരം എണ്ണ മുതിര അരിപ്പൊടി വറവലുകളും മദ്യം മത്സ്യം പന്നിമാംസം ഇവയോടൊന്നിനോടൊത്തുമിച്ചും കുടിക്കുന്നതും വിരുദ്ധമാണ്. പാൽ സേവിച്ചുണ്ടാകുന്ന അജീർണ്ണത്തിങ്കൽ പഞ്ചസാരയോ ചുക്കുവെള്ളമോ രണ്ടും കൂടിയോ സേവിക്കുക.

പശുവിൻപാലിനു പര്യായങ്ങൾ – ഉശീരം, ക്ഷീരം, പയസ്സ്.

പാലിലെ വെള്ളം.

ഒരു പരീക്ഷണം.

പാലിൽ വെള്ളം കൂട്ടീട്ടുണ്ടോ എന്നറിയാൻ ദുർഭ്രാശോധിനി ഉപയോഗിക്കയാണല്ലോ പതിവു്. എന്നാൽ അതിലും എളുപ്പത്തിൽ വേറെ ഒരു സൂത്രമുണ്ടു്. സാധാരണ തുന്നുന്ന തരത്തിലുള്ള ഒരു സൂചിയെടുത്തു പാലിൽ മുക്കി നേരെ (കുത്തനേ) പൊന്തിയ്ക്കുക. തനിച്ചു പാലാണെങ്കിൽ സൂചിയുടെ അഗ്രത്തിൽ പാൽ അല്പം തങ്ങിനില്ക്കുന്നതു കാണാം. കൂട്ടുണ്ടെങ്കിൽ ഒരു ലേശവും അതിൽ നില്ക്കയില്ല. "ധനചന്തരി."

പാല്ക്കഞ്ഞി – പാൽ ചേർത്തുണ്ടാക്കിയ കഞ്ഞി.

പാല്ക്കടൽ–പാൽ സമുദ്രം.

പാല്ക്കലം, പാക്കലം–പാലു കറക്കുന്ന പാത്രം.

പാൽക്കള്ളി–ചന്ദ്രിക.

പാല്ക്കാരൻ–ഹ. പാൽ കറക്കുന്നവൻ. ഉ. പാൽ വിൽക്കുന്നവൻ.

പാൽക്കാരി–പാൽ കറക്കയും മറ്റും ചെയ്യുന്നവൾ.

പാല്ക്കുരു, പാക്കുരു–ഹ. പാലുണ്ണി. ഉ. കുട്ടികളുടെ ദേഹത്തിലുണ്ടാകുന്ന ഒരു മാതിരി കുരു.

പാല്ക്കുരുമ്പ–ഒരുവക മരുന്നുവള്ളി. പയ്യോണങ്ങൾ–മോരടം, കീഴ്ക്കുപുഷ്പം, പീലുപത്രം, മധുസ്രവം, ഘനമൂലം, ദീർഘമൂലം, പൂരുക്ഷം, ക്ഷീരമോരടം.

പാല്ക്കുരുമ്പ–കഫം, പിത്തം, ചുട്ടുനീറൽ, അരുചി, ജ്വരം, തണ്ണീർദാഹം ഇവയ്ക്കു നന്നു്. ബലത്തെ വർദ്ധിപ്പിക്കും. പൊരുംകുരുമ്പയെക്കാൾ അധികം പാലുണ്ടു്. മന്ത്രവാദം സംബന്ധിച്ചു അഭിചരണ വിധി, വശ്യവിധി, വേക്കംമാറ്റം തുടങ്ങിയുള്ള ഏതാനും ക്ഷുദ്രപ്രയോഗങ്ങളിൽ പാൽക്കുരുമ്പയെ പുരുഷനായിട്ടും പൊരുംകുരുമ്പയെ സ്ത്രീയായിട്ടും സങ്കല്പിച്ചു അനേകം കർമ്മങ്ങൾ വിധിക്കപ്പെട്ടിട്ടുണ്ടു്. തണ്ടിനേറയും വിത്തുകളും മുളപ്പിച്ചുണ്ടാക്കി അതിലേ ചില ദേവതകളെ കൊണ്ടു ദേവതാബന്ധനിവൃത്തി മുതലായി അനേകം കാര്യങ്ങൾ സാധിക്കും. ഏതായാലും ഇതു ഒരു ദിവ്യൌഷധമെന്നതിനു സംശയമില്ല.

പാല്ക്കുറി–പാൽ കറക്കുന്ന പാത്രം.

പാല്ക്കുഴ, പാക്കുഴ–പാൽകറക്കുന്ന പാത്രം.

പാല്ക്കുഴമ്പു്–പാൽ കുറുക്കി കുഴമ്പാക്കിയതു്.

പാല്ഗന്ധകം–ഒരുവക ഗന്ധകം.

പാല്ഗന്ധപ്പച്ച–വിഷചികിത്സക്കുള്ള ഒരു കല്ലു്.

പാല്ച്ചിറാക്കു്, പാച്ചിറാക്കു് – ഒരു മത്സ്യം.

പാല്ച്ചുണങ്ങു്, പാച്ചുണങ്ങു്–വെളുത്ത ചുണങ്ങു്.

പാല്ച്ചുയത്തി–ഒരു മരുന്നുചെടി.

പാല്ച്ചുണ്ട, പാച്ചുണ്ട – വെളുത്ത ചുണ്ട.

പാല്ച്ചുര, പാച്ചുര–ഒരുവക വള്ളി.

പിത്തകഫങ്ങളെ ശമിപ്പിക്കും. വാതത്തേയും ബലത്തേയും അധികമാക്കും. ധാതുപുഷ്ടിയെ ചെയ്യും. രുചികരമാണു്. മലത്തെ ഇളക്കും. ഇതിന്റെ കായ് പാലുപോലെ വെളുത്തിരിക്കുന്നതുകൊണ്ടു പാൽച്ചുര എന്നു പേരുണ്ടായി. സംസ്കൃതം–ക്ഷീരശുക്ലാ. ഇംഗ്ലീഷിൽ White gourd വൈറ്റ് ഗോർഡ്.

പാല്ച്ചോറു, പാച്ചോറു–പാൽ ചേർത്തുവച്ചുണ്ടാക്കിയ ഒരു ചോറു്.

പാല്‍ച്ചോറി, പാച്ചോറി - ഒരു വൃക്ഷം.

പാല്‍ത്തുമ്പ-ഒരുവക മത്സ്യം.

പാല്‍ത്തുള-പാല്‍ക്കുടം.

പാല്പശു-കറക്കുന്ന പശു.

പാല്പാട-പാലിന്റെ പാട.

വാതം പിത്തം രക്തദോഷം ഇവ കുറയ്ക്കുന്നു. ദേഹത്തെ തടിപ്പിക്കും. കഫത്തേയും ബലത്തേയും ധാതുക്കളേയും വര്‍ദ്ധിപ്പിക്കും. ഈവക ഗുണങ്ങളും അധികവും പശുവിന്‍പാലിന്റെ പാടക്കാണ്. സം-സന്താനികാ. ഇ-Cream, Skin of milk സ്ക്രീം, സ്കിന്‍ഓഫ് മില്‍ക്.

പാല്പായസം-പാലില്‍ അരിയിട്ടു വേവിച്ചുണ്ടാക്കിയ പായസം. പര്യായങ്ങളും-ക്ഷീരാന്നം, പരമാന്നം.

പാല്പുര-പാലു സൂക്ഷിക്കുന്ന മുറി.

പാല്പൊടി-പാലു കുറുക്കി പൊടിയാക്കിയത്.

പാല്‍മരം-പാലുള്ള മരം.

പാല്‍മുതക്ക്-വെണ്‍മുതക്ക എന്ന പച്ചമരുന്ന്. പര്യായങ്ങളും-ക്ഷീരവിദാരീ, മഹാശ്വേതാ, ഇക്ഷുഗന്ധിക.

വാതം പിത്തം രക്തദോഷം പ്രമേയം ഭ്രമം മുതലായവയ്ക്കു നന്ന്. മുതക്കും പാല്‍മുതക്കും പാലുള്ളവ തന്നെ. പക്ഷെ മുതക്കിനെ കുറച്ചു പാലേ കാണൂ താ-വെളുത്തയിരുളി.

പാല്‍വള്ളി-ഒരു പച്ചമരുന്ന്.

പാല്‍വെള്ളി-കുറയില്ലാത്ത വെള്ളി.

പാല്പ്പാ-പുള്ളിക്കുത്തുകളുംകൊണ്ടുള്ള ഒരു മാതിരി കല്ലി.

പാവ്-ഫ. ഒരുങ്ങാടിമരുന്ന്. ഉ. നേത്ത വസ്ത്രം. നു. നൂല്‍ ചുറ്റുന്ന വട്ട്. ഋ. അഗ്നിയെ ഇണങ്ങുന്ന ഒരുപായം, കാല്‍കൊണ്ടു അഗ്നിക്കുരനെ നല്‍കുന്ന ആജ്ഞ. ള. ശക്തര ഉരുക്കിയത്. ന. മാര്‍ (ഒരുമുവ് = രണ്ടുകൈയും നേരെ നീട്ടിയാലുള്ള നീളം).

പാവ-കല്ല് മരം ലോഹം മുതലായവകൊണ്ടുണ്ടാക്കിയ രൂപം.

വസ്ത്രം, അന്നക്കൊയ്ത് മുതലായതുകൊണ്ടുണ്ടാക്കിയ പാവയ്ക്ക 'പാഞ്ചാലികാ,' 'പുത്രികാ' എന്നു പറയപ്പെടുന്നു.

പാവക-വി. ശുദ്ധിവരുത്തുന്ന.

പാവക-പരിശുദ്ധം.

പാവകന്‍-ഫ. അഗ്നി. ശുദ്ധമാക്കുന്നവന്‍ എന്നര്‍ത്ഥം. ഉ. കൊട്ടുവേലി. നു. ചേരുവൃക്ഷം. ര. വിഴാല്‍വൃക്ഷം. ള. സന്ന്യാസി. ന. വരുണന്‍.

പാവകം-ഫ കുരങ്ങ്. ഉ. കയ്യോന്നി. നു. വിഴാല്‍. ര. ചേരുമരം. ള. മുഞ്ഞ. ന. കൊട്ടുവേലി. ഒ. മൂന്ന് എന്ന അക്കം.

പാവകളി - പാവയെക്കൊണ്ടു കളിപ്പിക്കുന്നു.

പാവകാത്മജന്‍-കാര്‍ത്തികേയന്‍.

പാവകി-ഫ. അഗ്നിയുടെ ഭാര്യ. ഉ. സരസ്വതി.

പാവട്ട-ഫ. ഒരു വൃക്ഷം. ഉ. ഒരു ചെടി.

പാവട്ടച്ചെടിയുടെ കായ് കൊണ്ടു കട്ടികം വെടിവെയ്ക്കുവാനുണ്ട്. അച്ചുകയും കഴലുമാണ് ഇതിനുപയോഗം.

പാവട്ടി - തഴകൊണ്ടു നെയ്തുണ്ടാക്കിയ പാത്രം.

പാവന-വി. ശുദ്ധമുള്ള.

പാവനധാനി-ശംഖ്.

പാവനന്‍-ഫ. പരിശുദ്ധന്‍. ഉ. വേദവ്യാസന്‍. നു. അഗ്നി. ര. വിഷ്ണു.

പാവനം-ഫ. ശുദ്ധീകരണം, പരിശുദ്ധം. ഉ. ജലം. നു. പ്രായശ്ചിത്തം. ര. ചാണകം. ള. തദാക്ഷം. ന. കൊട്ടം. ഒ.

കൊട്ടവേലി. വ്യ. മഞ്ഞക്കയ്യോന്നി. ൻ, അറബിക്കയ്യുതക്കം.

പാവനീ(നി)-ഫ. പഴു. ക. തുളസി. ന. ഗംഗാനദി. ര. കട്ടിക്ക.

പാവം-മൃദുസ്വഭാവമുള്ളവൻ(ൾ)

പാവലപ്പൂല-ഒരുവക മുള്ള്.

പാവൽ-ഫ. ഒരുവക കൈപ്പുള്ള കറിസാധനവള്ളി. പര്യായങ്ങൾ-കാരവേല്ലം, കറില്ലകം, സുഷ്കനി.

പാവൽ വലുത്-കഫം പിത്തം പ്രമേഹം പാണ്ഡു അരുചി രക്തദോഷം കൃമി ഇവകളെ നശിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലരോഗത്തെ ഇളക്കും. ത-കൊമ്പുപ്പാവൽ. ഇം-Hairy mordica. ഹേറിമോർഡിക. ചെറുപാവക്ക എന്നും പെരുമ്പാവക്ക എന്നും രണ്ടു തരമുണ്ട്. അതു ക്രമത്തെ കായ്ക്കുന്നതായ ഒരുവക പാവൽ ക്രമിയുണ്ടെന്നും കാണുന്നു.

പാവാട-ഫ പെൺകുട്ടികൾ അരമുതൽ കാൽവരെ ധരിക്കുന്ന ഉടുപ്പ്. ക. രാജാക്കന്മാരും മറ്റും വരുമ്പോൾ ബഹുമാനസൂചകമായി വഴിയിൽ വിരിക്കുന്ന വസ്ത്രം. ന. വിശറിക്ക ഉപയോഗിക്കുന്ന ഒരുവക തുണി.

പാവാണി-പട്ടികയാണി.

പാവാൻ-ആനക്കാരൻ.

പാവാറി-തുന്നിത്തുകർ പാവിടുന്ന നൂൽ നിരത്തുന്ന ഒരു വസ്തു, നിരപ്പൻ.

പാവാറുന്ന-തുന്നിത്തുകർ പാവിടുന്ന നൂൽ നിരത്തുന്നു.

പാവിടുന്ന-മുണ്ടു നെയ്യുവാൻ വഴിയായ കുംവണ്ണം നൂലിടുന്നു.

പാവിത-വി. ശുദ്ധമാക്കപ്പെട്ട.

'മാനസംതെളിഞ്ഞതി
പാവിതനായുള്ളവൻ'

(ഭാഗവതം)

പാവുപലക-നൂൽ നുല്ലുന്നവർ ഉപയോഗിക്കുന്ന ഒരു പലക.

പാവുമുണ്ട്-ഒരുമാതിരി നേർത്ത വസ്ത്രം.

പാവേട-ഒരു വൈദ്യനാമം.

പാവേടാവൈദ്യക്കാരൻ-നല്ല വൈദ്യൻ.

പാവോട്ടുന്ന-മുണ്ടു നെയ്യുന്നതിനു നൂൽ വണ്ണം നൂലിടുന്നു.

പാശ- അ. പദങ്ങളുടെ അവസാനത്തിൽ ചേരുമ്പോൾ മുൻ പദാർത്ഥത്തിന്റെ ഗുണത്തെ ഇല്ലാതാക്കുന്ന അർത്ഥം ഉണ്ടാക്കുന്നു. ഉ-ം ഭിക്ഷകപാശൻ = നടിച്ചു നടക്കുന്ന വൈദ്യൻ.

പാശകൻ-ചെറുക്കൻ.

പാശകം-പകിട, ചൂതിണി. ബന്ധിക്കുന്നതു എന്നർത്ഥം.

പാശധരൻ-വരുണൻ.

പാശനം-കുരുക്ക്.

പാശപാണി-വരുണൻ.

പാശബന്ധം-കയറുകൊണ്ടുള്ള കെട്ട്, ഉരാംചുളുക്ക്, കണി, വല മുതലായതു്.

പാശഭൃത്തു്-വരുണൻ.

പാശം-ഫ. കയറ്. ക. കണി, ന. ബന്ധം. ര. സമൂഹം. ഉ-ം കേശപാശം.

കേശാനാംസമൂഹഃ = കേശപാശഃ.

'കേശപാശധൃതപിഞ്ഛികാവിതതി
സഞ്ചലന്മകരകുണ്ഡലം'

(നാരായണീയം)

ഉ. അളവ്, സംഖ്യ

പാശഹസ്തൻ-വരുണൻ.

പാശായുധൻ-വരുണൻ.

പാശാൻ-പാശി, പായൽക്കൂട്ടം.

പാശി-ഫ. രണ്ടുപേരുടെ കഴുത്തിൽ കെട്ടുന്ന ഒരു മാതിരി പള്ളം. ക. പായൽ.

പാശികൻ-പക്ഷികളെ പിടിക്കുന്നവൻ

പാശിത-വി. കെട്ടപ്പെട്ട.

പാശീ-പ്ര. വരുണൻ, പാശം ആയുധമായുള്ളവൻ. ഉ. വേട്ടക്കാരൻ, പക്ഷി പിടിക്കുന്നവൻ. ന. യമൻ.

പാശുപതൻ-ശിവഭക്തൻ.

പാശുപതം-പ്ര. ശിവന്റെ ഒരസ്ത്രം. പശുപതി കൊടുത്ത അസ്ത്രമാകയാൽ ഈ പേർവന്നു. ഉ. വെള്ളെരിക്ക്. ന. താർത്താവൽ. ഭ. കൊക്കമന്താരം. പശുപതിക്ക ഇഷ്ടമായിട്ടുള്ളതു് എന്നർത്ഥം.

പാശുപതാസ്ത്രം-ശിവന്റെ ഒരായു്, ശിവൻ അർജ്ജുനനു കൊടുത്ത അസ്ത്രം.

പാശുപതി-പ്ര. ശിവന്റെ ഒരു ഭൃത്യൻ. ഉ. വെള്ളെരിക്ക്.

പാശുപാല്യം-പശുരക്ഷ.

പാശുബന്ധകം-ഒരു യാഗം.

പാശ്ചാത്യ-വി. പ്ര. പടിഞ്ഞാറുള്ള. ഉ. പിൻപുള്ള. ന. ഒടുക്കത്തെ ഭ. ഒടുവിലുള്ള. ഇ. ഒടുവിലുണ്ടായ.

പാശ്ചാത്യം എന്നതിനു 'പിന്നെ ഉണ്ടായതു്' എന്നു ശബ്ദാർത്ഥം.

പാശ്ചാത്യന്മാർ-പടിഞ്ഞാറെ ദിക്കിലുള്ളവർ, യൂറോപ്യന്മാർ.

പാശ്യ-കയർക്കൂട്ടം, പാശസമൂഹം.

പാഷണ്ഡകൻ, പാഷണ്ഡീ, പാഖണ്ഡികൻ-മതവിരോധി. (പാഷണ്ഡന്മാർ എന്നതു നോക്കുക).

പാഷണ്ഡന്മാർ-വൈദിക ധർമ്മത്തിനു വിരുദ്ധമായ ആചാരാദികളെ കൂട്ടുകൂടിയ ബൌദ്ധക്ഷപണകാദികൾ, പാപത്തെ ദാനം ചെയ്യുന്നവർ എന്നു ശബ്ദാർത്ഥം.

പാഷണ്ഡം-മതവിശ്വാസമില്ലാത്തമട്ട്, മതവിരുദ്ധമായ അഭിപ്രായഗതി.

പാഷണ്ഡി-പാഷണ്ഡ(ക)ൻ.

പാഷണ്ഡിമതം-ബ്രാഹ്മണരുടെ വേദത്തിനു വിപരീതമായ മതം.

പാഷാണകേതകീ-കറുവാഴ.

പാഷാണഭാരണം-കല്ലുമ്മി, മഴു, കല്ലു പൊളിക്കുന്ന പാര. കല്ലു പിളർക്കുന്നതു് എന്നർത്ഥം.

പാഷാണഭേദീ-ആവിലക്കല്ലൂർവ്വഞ്ചി.

പാഷാണഹൃദ്യ-വി. കല്ലിനു തുല്യമായ കഠിന ഹൃദയമുള്ള.

പാഷാണം-പ്ര. കല്ലു്, പാര. പൊടിക്കപ്പെടുന്നതു് എന്നർത്ഥം.

പാക്ഷം=അന്യനെ ഉപദ്രവിക്കുന്നതു്. അണം=ശബ്ദിക്കുന്നതു്. ഉപദ്രവിക്കുന്നതും ശബ്ദിക്കുന്നതും എന്നർത്ഥം. കവണയിൽ കല്ലിട്ടെറിയുന്നതു് ഈ അർത്ഥത്തെ ശരിപ്പെടുത്തും. മറ്റു വസ്തുക്കളെ പൊടിക്കുന്നതു എന്നുള്ള അർത്ഥത്തിനാണു് പ്രാധാന്യം

ഉ. ഒരുവക വിഷമുള്ള മരുന്നു്, ഏഴിലംപാഷാണം മുതലായതു്.

പാഷാണീ-പ്ര. തൂക്കുന്നതിനുപയോഗിക്കുന്ന കൽത്തുണ്ടു്. ഉ. കത്തി, വേൽ, ഉടക്കുമി.

പാള-കവുങ്ങിന്റെ പോള.

പാളത്താറു്-തറവട്ടപ്പു്, സോമൻകെട്ടു്.

പാളം-ഇരിമ്പുതല്ലിനീട്ടിയതു്.

പാളയക്കാർ-പട്ടാളക്കാരിപായിമാർ.

പാളയം-പ്ര. പട്ടാളക്കാരുടെ കൂട്ടം, സൈന്യം. ഉ. നഗരം. ന. കൂടാരം. ഭ. പടവീടു്. ഇ. പട്ടാളം കിടക്കുന്നസ്ഥലം.

പാളൽ-തെന്നൽ, തെറിപ്പു്.

പാളാൻ (പാളുങ്ങി)-ഒരു പക്ഷി. (പള്ളാൻപാളുങ്ങി).

പാളി-പ്ര. വസ്ത്രം മുതലായതിന്റെ ഒരു പങ്കു്. ഉ. കൂട്ടം. ന. വരി. ഭ. മൂപ്പു്. ഇ. മുന. വാളിന്റേയും മറ്റും മുന. ഉടമസ്ഥനെ പാലിക്കുന്നതു് എന്നർത്ഥം.

ആ. അതിര്. ഒ. അടയാളം. വ. പേൻ. ൻ. കോണ്. ഫാ. മീശയുള്ള സ്ത്രീ. ഫ്ര. മേൽക്കൂര. ഫ്ര. ചിറ.

പാളിക-കരകിന്റെ മടക്ക്.

പാളിന്ദി-നാല്ലപ്പെക്കുന്നു. രക്ഷിക്കുന്നത് എന്നർത്ഥം. (പാഠഭേദങ്ങൾ-പാളിസ്ഥീ, പാലിനീ.)

പാളിപ്പ്-തടുന്നിപ്പ്, തെറിപ്പ്, പ്രകാശം, ജ്വലനം.

പാളുന്നു-തടുക്കുന്നു, തെറിക്കുന്നു, പ്രകാശിക്കുന്നു, ജ്വലിക്കുന്നു. (സ. ക്രി. പാളിക്കുന്നു)

പാഴ്മ-പാഴായ്മ, കൃത്രിമ

'പാഴ്മയേവന്ന പൈതൽക്കെന്നാൽ'

(കൃഷ്ണഗാഥ)

പാഴ്-വി ഫ. വെറുതെ. ഒ. തിരിശയുള്ള. നു. ഉപകാരമില്ലാത്ത.

പാഴ്-പഴുത്, ഇട.

പാഴൻ-വി. പ്രയോജനമില്ലാത്ത. ഉ-ം, പാഴൻപറമ്പ്.

പാഴൻ-ഫ. ദുഷ്ടൻ, ദുർബുദ്ധി.

'പാഴനറിയാതെചെയ്തുപോയിട്ടത്'

(ഭാഗവതം)

പാരാതെപാഞ്ഞുതുടങ്ങിനാൻപിന്നാലെ
പാരമപ്പാഴനംപാരിലെങ്ങും'

(കൃഷ്ണഗാഥ)

ഒ. ഉപകാരമില്ലാത്തവൻ, വകതിരിവുകൊള്ളാത്തവൻ. (സ്ത്രീ-പാഴി.)

പാഴാക്കുന്നു-വെറുതെയാക്കുന്നു. (സ. ക്രി. പാഴാക്കുന്നു)

പാഴാപാട്ട് - കൊള്ളരുതാത്ത സ്ഥിതി. പ്രയോജനമില്ലാത്തമട്ട്.

പാഴാപാടിച്ചി-ദുഃഖത്തൽ പെട്ടവളും അനുരൂപം സഹായമില്ലാത്തവളുമായവൾ.

പാഴായ്മ-പാഴായുള്ള സ്ഥിതി.

'പാരിച്ചുനിന്നുള്ളുപാഴായ്മചെയ്തുയൽ
പാശത്തെക്കൊണ്ടുപിടിച്ചുകെട്ടി'

(കൃഷ്ണഗാഥ)

പാഴിയാരം-ഏരപ്പാളിയുടെ പാട്ട്.

പാഴി-വകതിരിവുകൊള്ളാത്തവൾ.

'ധൃഷ്ടയായ്നിന്നുള്ളുപാഴി'

(കൃഷ്ണഗാഥ)

പാഴിൽ-അ. വെറുതെ.

പാഴിടി-ഫ. ഒരു ദോഷവും വരുത്താത്ത ഉച്ചത്തിലുള്ള ഇടി.

'പാഴിടിപൂണുമക്കാർമുകിൽ'

(കൃഷ്ണഗാഥ)

ഒ. കായ്ഗ്രഹണം ഇല്ലാത്ത വെറുംശമ്പം.

പാഴെ-അ. വെറുതെ.

പാഴ്ച്ചെലവ്-വെറുതെയുള്ളചെലവ്

പാഴ്നിലം-കൃഷിചെയ്യപ്പെടാത്ത ഭൂമി, തരിശുനിലം.

പാഴ്പണി-വെറുതെയുള്ള വേല.

പാഴ്പനി-ചീത്തപ്പനി, വെറുംപനി.

പാഴ്പറമ്പ്-തണലുള്ള കുന്ന്.

'പാഴ്പറമ്പേറിനടക്കുംപോലെ'

(കൃഷ്ണഗാഥ)

പാഴ്പെടുക-വെറുതെയാവുക, കെടുക.

പാഴ്മ-കൃത്രിമ.

പാഴ്മരം-ഫ. കേടുപിടിച്ച വൃക്ഷം. ഒ. കാട്ടുമരം. വേങ്ങ, കമ്പകം മുതലായ ചില മരങ്ങൾക്കു പറയുന്ന പേർ.

പാഴ്മഴ-കഠിനമായ മഴ, വലിയ മഴ.

പാഴ്വാക്ക്-ഉപകാരമില്ലാത്തവാക്ക്.

പാഴ്വിചാരം-ഉപകാരമില്ലാത്ത വിചാരം.

പാഴ്വെടി-ഉണ്ടയിടാത്ത വെടി.

പാഴ്വേല-പ്രയോജനമില്ലാത്ത വേല.

പാറ്-ഫ. സമുദ്രത്തിലേ ഒരുമാതിരി തോണി, ചെറിയവള്ളം. ഒ. പാറ്റ്.

പാറ-പ്ര. മിനുപ്പുള്ള കല്ല്, വലിയകല്ല്. കഠിനശില. ഉ. വെള്ളാരൻകല്ല് ന. ചീകരുന്നിപ്പാറ. ഭ. മിനുപ്പ്.

പാറകം-തേരകം എന്ന വൃക്ഷം.

പാറക്കല്ല്-കട്ടപ്പുള്ള കല്ല്, പാറ.

പാറങ്കി-മൂത്ത്, വംസനടയുള്ള ഒരുപശു.

പാറനമ്പി-സാമൂതിരിയുടെ നമ്പൂരിക്കോയ്മസ്ഥാൻ, പരമ്പരമായുള്ള പള്ളിയറക്കാരൻ.

പാറപ്പുന്ന-പാറയിൽ ഉണ്ടാകുന്ന ഒരു തരം.

പാറയാ(ത്ത)ൻ-പ്ര. ചിറകില്ലാതെ പറക്കുന്നതുപോലെ ചാടുന്ന ഒരു ജന്തു. ഉ. നരിച്ചീറ്.

പാറൽ-പ്ര. പാറ്റ്. ഉ. പാറൽ, തുറൽ.

പാറൽ-പ്ര. പാറ്. ഉ. പാറുക, ന. ചാറൽമഴ.

പാറാക്കാരൻ-ഠാണാസ്ഥിപായി, കാവൽനില്ക്കുന്ന ശിപായി, കാവല്ക്കാരൻ.

പാറാടൻ-പ്ര. ചിറകില്ലാതെ പറക്കുന്നതുപോലെ ചാടുന്ന ഒരു ജന്തു. ഉ. നരിച്ചീറ്.

പാറാപ്പുര-കാരാഗൃഹം, ഠാണാവ്.

പാറാപ്പുള്ളി-തടവിൽ കിടക്കുന്നവൻ, പാറാവിൽ കിടക്കുന്നവൻ.

പാറാവളയം-അഭ്യാസികൾ ഒരു അകത്തുകൂടെ ചാടുന്നതിനു മുൻപ് കൊണ്ടു വട്ടത്തിൽ കെട്ടിയുണ്ടാക്കുന്ന ഒരു വളയം.

പാറു-പാവ്വുക.

പാറുന്ന-പ്ര. നീന്തുന്ന. ഉ. പറക്കുന്ന.

'പക്ഷികൾപാറുമ്പോൾ
മായപിടിപ്പാനായ്'
(കൃഷ്ണഗാഥ)

ന. മഴപോലെ ചാറുന്ന. ഭ. വിടിയുന്ന. ഇ. ചിതറുന്ന ഉം, തീപ്പൊരി പാറുന്ന.

പാറ്റ-പ്ര. പറക്കുന്ന ഒരുവക ചെറിയ പ്രാണി ഉ. ഈയൽ. പതംഗം, ശലഭം. ന. കൊന്നപ്പാറ്റ. ഭ. കൊന്നപ്പുന്ന ഇ. കൊന്നക്കമുക്.

പാറ്റൽ-പ്ര. മഴചാഴിക, പാറൽ. ഉ. പോറുക.

പാറ്റാട്ട്-പാറുടൻ.

പാറ്റുന്ന-പ്ര. അരിയും മറ്റും മുറത്തിലിട്ട കുടയുന്ന, പോറുന്ന. ഉ. മഴപൊഴിയുന്ന

'കാറുംകളിരുംപനിയുംകനമൊട്ടു
പാറുംമഴപുതുമാരികളല്ലയോ'
(പ്രാഞ്ചിമഹാത്മ്യം തുള്ളൽ)

പി

പിണ്ഡകബന്ധു-മാവ്.

പിടകം-കയിൽ എന്ന പക്ഷി. മറഞ്ഞിരുന്നു ശബ്ദിക്കുന്നത് എന്നർത്ഥം.

പിടകയുന്ന-വട്ടം തിരിയുന്ന.

പിടകരാഗം-മാവ്.

പിടകവല്ലഭം-മാവ്.

പിടകി-കയിൽപ്പേട.

പിംഗ-വി. ഗോരോചന നിറമുള്ള

പിംഗ-പ്ര. ഗോരോചന. ഉ. കായം ന. നാഡി. ഭ. മഞ്ഞൾ ഇ. ഉഗ്ര നു. ക്രൂവന്തു. ഒ. സോമനാഭികായം.

പിംഗകപിശാ-നരിച്ചീറ്.

പിംഗാക്ഷു-ഞണ്ട്.

പിംഗം-പ്ര. മഞ്ഞയും ചെമപ്പും കൂടിയ നിറം, മങ്ങിയ ചെമപ്പ്, ഗോരോചനത്തിന്റെ നിറത്തോടൊത്ത നിറം. നിറപ്പകർച്ചയുള്ളത് എന്നർത്ഥം. ഉ. ഇരുവേലി. ന. പോത്ത്. ഭ. എലി. ഇ. പൊന്നകായം. നു. അരിതാരം.

പിംഗല-വി. ഗോരോചന നിറമുള്ള.

പിംഗലൻ-പ്ര ആദിത്യൻ.

മരൻ, പിംഗലൻ, മണ്ഡൻ ഇവർ മൂന്നുപേരും എപ്പോഴും സൂര്യന്റെ പുറകെ നില്ക്കുന്നവരാണ്. 'മണ്ഡൻ' എന്നശബ്ദം നോക്കുക.

പ. ശിവൻ. ന. അഗ്നി. ഭ. കുരങ്ങ്. ഇ. ഒരു നഗരാധിപൻ. ണ. ചന്ദ്രസൂര്യന്മാർ.

പിംഗലാ-പ്ര ലോകത്തിൽ ഒരുക്കേടിക്കിന്റെ ആനയുടെ പിടി. പ. ഒരു നാഡി. (സുഷുമ്നയുടെ വലത്തുവശം പിംഗലാ, ഇടത്തുവശം ഇഡാ). ന. പൊൻനിറമുള്ളവൾ. ഭ. നല്ലപിച്ചള. ഇ. ചെമ്പരത്തി. ണ. ഗോരോചന. ഒ. മഞ്ഞൾ. വ. ഇന്ദ്രവൃക്ഷമരം.

പിംഗലം-പ്ര. വൈശ്രവണന്റെ നിധികളിൽ ഒന്ന്. പ. പിച്ചള. ന. നന്നുണ്ട്. ഭ. മനയോല. ഇ. ഇന്ദ്രവേലി. ണ. കുരങ്ങ്. ഒ. കീരി. വ. ചെറിയ മൂങ്ങ.

പിംഗലവർണ്ണം-പൊൻ നിറം.

പിംഗലികാ-കൊക്ക്.

പിംഗളം - ഗോരോചനത്തിന്റെ നിറത്തോടടുത്ത നിറം. നിറപ്പറയുള്ളത് എന്നർത്ഥം.

പിംഗാക്ഷി-വി. പിംഗനിറമായകണ്ണുള്ള

പിംഗാക്ഷൻ-പ്ര. ശനി. പ. ശിവൻ. ന. കുരങ്ങ്, ചെമന്ന മഞ്ഞയായ കണ്ണുള്ളവൻ. ഭ. പൂച്ച.

പിംഗാക്ഷീ-പൂച്ച.

പിംഗാശാ-സപ്തർണ്ണം.

പിംഗേശൻ-അഗ്നി.

പിംഗേക്ഷണൻ-ശിവൻ.

പിമണ്ഡം-പ്ര. വയറ്. അന്നത്തെ ഭക്ഷിക്കുന്നത് എന്നർത്ഥം, പ. പശുവിന്റെ അവയവം.

പിചണ്ഡില-വി. കടവയറുള്ള.

പിചണ്ഡിലാ-പെരുവയറ്.

പിചിണ്ഡം-വയറ്.

പിചിണ്ഡില-വി. കടവയറുള്ള.

പിചിണ്ഡിലം-പെരുവയറ്.

പിച്ച-പ്ര. പരുത്തി. മറ്റിക്കപ്പെട്ടുന്നത് എന്നർത്ഥം. പ. പഞ്ഞി. ന. തുണി. ഭ. മൂന്നു കഴഞ്ചുകൂടിയത്. ഇ. ഒരു കുഷ്ഠം. ണ. മഹാദേവന്റെ എട്ടു മുഖങ്ങളിൽ ഒരു മുഖത്തിന്റെ പേർ. ഒ. കരുപ്പരുത്തി.

പിച്ചുതുലം-പരുത്തി.

പിച്ചുമന്ദം-വേപ്പുവൃക്ഷം. പിച്ച എന്ന കുഷ്ഠരോഗത്തെ ഇല്ലാതാക്കുന്നത് എന്നർത്ഥം.

പിച്ചുമട്ടം-വേപ്പുവൃക്ഷം. (പിച്ചുമന്ദം എന്നതിന്റെ പാഠം).

പിച്ചുളം-പ്ര. കാഞ്ഞിമരം. (മയിലെള്ളിന്റെ വകഭേദം.) പ. പഞ്ഞി. ന. ഒരു വക കടൽക്കാക്ക, നീർകാക്ക. ഭ. നീർക്കടമ്പ്, കാഞ്ഞിമരം.

പിച്ചു്-പ്ര അല്പമായ ഒന്ന്. പ. നുള്ളൽ.

പിച്ച-പ്ര. കാലുറയ്ക്കുന്നതെ കുഞ്ഞുങ്ങളുടെ കാൽവെയ്പ്. പ. ഇരക്കുന്നവന്നു കൊടുക്കുന്ന വസ്തു. ന. ആശ്രയിപ്പ്.

പിച്ചകാ-പ്ര. സുഗന്ധപുഷ്പം ഉണ്ടാകുന്ന ഒരു വള്ളി, പിച്ചിച്ചെടി. പര്യായങ്ങൾ-സുമനസ്സ്, മാലതീ, ജാതി. പ. മരത്തിന്നു കൊള്ളിക്കുന്ന ഒരുമാതിരി പിച്ചകം.

പിച്ചകം-ത്രിദോഷം, ശിരോരോഗം, കുഷ്ഠം, കൃമി മുതലായവക്കു നന്ന്. ഇതിന്റെ ഇല കഫപിത്തങ്ങളെ ശമിപ്പിക്കും. ഇതു പുഷ്പവർഗ്ഗത്തിൽ ശ്രേഷ്ഠമാകുന്നു. തമിഴ്-പിച്ചി. ഇംഗ്ലീഷ്-Jas-

minum grandiflorum ജാസ്മിനം ഗ്രാൻഡിഫ്ലോറം.

എല്ലാപുഷ്പവും ധരിച്ചാൽ-
'പുഷ്പസ്യധാരണം കാന്തി
വർദ്ധനം കാമകാരകം
ഒന്നേതീവർഷകരെഞ്ചവ
പാപഗ്രഹവിനാശനം'

പിച്ചുക്കാരൻ-ഇരക്കുന്നവൻ.

പിച്ചുച്ചട്ടി-ഇരക്കുന്നവന്റെ പാത്രം.

പിച്ചുത്തിരട്ട-ഇരക്കുന്നവന്റെ ചിരട്ട.

പിച്ചുപ്പോവു് - ഇരന്നു വാങ്ങിക്കുന്ന ചോറു്.

പിച്ചുടം-ക. വെള്ളിയും. മറിപ്പാൻ എള്ളപ്പുള്ളേതു് എന്നർത്ഥം. ഉ. കാരീയം.

പിച്ചുൻ-ക്ഷാന്തൻ, തുമ്പില്ലാത്തവൻ.

പിച്ചുപ്പിഴപ്പു്-ഇരന്നു കാലംകഴിക്കുക.

പിച്ചുയാൽ-ആശ്ചര്യമായി. (പ-മ.)

പിച്ചുൽ-നല്ലുൽ.

പിച്ചുള-ചെമ്പും നാകവും കൂട്ടിയുണ്ടാക്കിയ ഒരുമാതിരി ലോഹം, പഞ്ചായങ്ങളിൽ ഒരു നിറം, ആരക്കുടം.

പിച്ചുള-കഫം, പിത്തം, രക്തദോഷം, പ്ലീഹ മുതലായവക്കു നന്നു്. അരപ്പുതേച്ചാൽ കണ്ണിനു തെളിവുണ്ടാകും. സം-പിത്തലം. ത-പിത്തരെള. ഇം-Brass ബ്രാസ്സ്.

പിച്ചുങ്കത്തി - ഒരുമാതിരി ചെറിയ കത്തി.

'മറ്റാരുപരിക്കകംപിച്ചുങ്കത്തിയു-
മരയിൽതിരുകി'
(ഉത്തരരാമായണം ചമ്പു)

പിച്ചു-പിച്ചകം.

പിച്ചുലി-ഒരു പക്ഷി.

പിച്ചുന്ന-നല്ലുന്ന.

പിച്ചു-ക ഇലയിൻപശ. വിരലിന്മേൽ കെട്ടുന്നതു് എന്നർത്ഥം. ഉ. പാമ്പിന്റെ വിഷജലം. ന. കഞ്ഞി. ര. വാഴപ്പഴം, വാഴ. ള. വരി. ഴ. ഇരുവുരംമരം (കറുത്തതു്) ഒ. കയിൽപ്പേടു.

പിച്ചും-ക. മയിൽപീലി, ഉ. വല്ലതിന്റേയും അറ്റം, പുല്ലും, മൂഡ.

പിച്ചുടം-ക. വെള്ളീയം. ഉ. കാരീയം.

പിച്ചുലിത-വി, ക. പശയുള്ള. ഉ. പശുലുള്ള.

പിച്ചുലിത-ക. ഇലവുവൃക്ഷം. പശയുള്ളതു് എന്നർത്ഥം. ഉ. ഒരരു്. ന. കറുത്ത ഇരുമ്പുള്ളമരം.

ഇലവു(വി)മരത്തിനു 'പൂള' എന്നും പേരുണ്ടു്.

ര. വയിൽച്ചുള്ളി. ള. അശോകം. ഴ. വലിയ വശളച്ചീര. ഒ. എരുമപ്പുല്ലു്.

പിച്ചുലാ-അയഞ്ഞചോറു് (കഞ്ഞി), കറി മുതലായതു്.

പിഞ്ഞു്-വി. മൂക്കാത്ത.

പിഞ്ഞു്-മൂക്കാത്ത ഫലം.

പിഞ്ഞ, പിഞ്ഞ-വി. ചീഞ്ഞ, ചീഞ്ഞയാള.

പിഞ്ഞുപോകുന്ന-കീറിപ്പോകുന്ന.

പിഞ്ഞരം-മയിൽപീലി. പ്രകാശിക്കുന്നതു് എന്നർത്ഥം. മറ്റൊരുപാഠം 'പിച്ചും'.

പിഞ്ഞരാ-മയിൽപീലി.

പിഞ്ഞരചൂഡൻ-കൃഷ്ണൻ.

പിഞ്ഞരികാ-പീലി. (പിഞ്ഞരികാസഞ്ചയം=പീലിക്കെട്ടു്).

'പാരംപിന്നിൽക്കനമിയലുമി-
പ്പിഞ്ഞരികാസഞ്ചയത്തിൻ'
(മയൂരസന്ദേശം)

പിഞ്ഞു-വി. മനോവ്യസനമുള്ള.

പിഞ്ഞു-ക. ഉപദ്രവം. ഉ. മഞ്ഞൾ. ന. പഞ്ഞി. ര. ചടി. ള. കോൽ.

പിഞ്ഞം-ഗ. കൊല. ഉ. ശക്തി. ന. കൂട്ടം. (പുഞ്ജം എന്നതിന്റെ പാഠം). ഘ. ഭീമസേനകപ്പൽ.

പിഞ്ജര-വി. തോരോചനനിറമുള്ള.

പിഞ്ജരം-ഗ. അരിതാരം. നിറപ്പറവള്ളു് എന്നർത്ഥം. ഉ. പൊന്ന്. ന. ഗോരോചനനിറം. ഘ. പക്ഷിക്കൂട്. ങ. നാകപ്പൂവ്. ന. സ്വർണ്ണം.

പിഞ്ജല-വി. ഭയപ്പെട്ട.

പിഞ്ജല-ഗ. ഭയപ്പെട്ട സേനാ. ഉ. കശ, ഒരുവക പുല്ല്.

പിഞ്ജലം-ഗ. അത്യന്തം ആകുലമായ ഒരുസൈന്യവിഭാഗം. ഉ. അരിതാരം.

പിഞ്ജാലം-സ്വർണ്ണം.

പിഞ്ജിക-നൂൽനൂല്പുന്നതിനു ഉണ്ടയായി വച്ചിരിക്കുന്ന പഞ്ഞി.

പിഞ്ജിഷാ-കണ്ണുമലം. (ചെവിക്കായം)-

പിഞ്ഞ, പിഞ്ഞ-വി. ചീഞ്ഞ, ചീഞ്ഞായ, കീറിയ.

പിഞ്ഞാണം(ണി) – മണ്ണുമുതലായതു കൊണ്ടുണ്ടാക്കിയ ഒരുമാതിരി പാത്രം, ഒരുതരം ചെറിയ കപ്പിപ്പാത്രം. (ഒപെഷ്യൽ ഭാഷ)

പിഞ്ഞുപോകുന്ന-കീറിപ്പോകുന്ന.

പിട-ഗ പക്ഷികളിൽ സ്ത്രീ. ഉ. മാനിന്റെ സ്ത്രീ. ന. കോൽകൊണ്ടുള്ള അടി.

പിടകം-ഗ. കൂരുവ്, ഉരുണ്ടുകൂടുന്നതു് എന്നർത്ഥം. (പിടകാ എന്നുമാകാം) മുഖക്കുരുവ്.

പിട(കു)ം-ഗ. മൂട, കൊട്ട. (കൂട്ട). ഉ. കൂട, വല്ലം. ന. പാത്രവു്, കൂരുവു്. (പിണ്ഡം എന്ന പാഠവുമുണ്ട്) പിടം എന്നതിനു ഒച്ചപ്പെടുത്തുന്നതു എന്ന ശബ്ദാർത്ഥം.

പിടച്ചൽ, പിടപ്പു -മരണവേദനകൊണ്ടുള്ള ഉരുൾച്ച.

പിടത്തൽ–വേരോടു് തള്ളി വീഴിക്ക.

പിടമാൻ–പെൺമാൻ, മാനിന്റെ സ്ത്രീ.

പിടയുന്ന – മരണവേദനകൊണ്ടു് ഉരുളുന്ന.

പിടയ്ക്കുന്ന–വേദനകൊണ്ടും മറ്റും ഉരുളുന്ന.

പിടരി–പിടലി.

പിടരുന്ന–വേരോടെ വീഴുന്ന. (സ. ക്രി. പിടയ്ക്കുന്ന.)

പിടർത്തുന്ന–ഗ. വേരോടെ പിടുങ്ങുന്ന. ഉ. പരുവു്, (കരു) പൊട്ടിക്കുന്ന.

പിടലി–കഴുത്തിന്റെ പിൻവശം പിടരി എന്നും കാണുന്നുണ്ടു്.

പിടലിഞരമ്പു്–കഴുത്തിന്റെ പിൻവശത്തിലെ ഞരമ്പു്.

പിടാക–ഗ. ഒരു ദേശത്തിലെ കര. ഉ. ഒരു ദേശം. ന. സ്നേഹം.

പിടാരൻ–ഗ. പായു പിടിക്കുന്നവൻ. ഉ. തോല്പെല്ലാവ്ലൻ. ന. ശാകേതയൻ.

പിടി–ഗ. മുഷ്ടി. ഉ. കൈയിലടങ്ങിയ വസ്തു. ന. ആയുധങ്ങളിൽ പിടിപ്പാനുള്ള സ്ഥലം. ഘ. പിടിത്തം. ങ. പെണ്ണാനെ. ന. ശാഠ്യം. ഛ. ഒരുകൈകൊണ്ടുള്ള പാടി.

പിടികാ-കരുവു്.

പിടിക്കിഴങ്ങു് ഒരുമാതിരി കിഴങ്ങു്.

പിടികൊടുന്ന–ഗ. കൈകൊണ്ടു ഗ്രഹിക്കുന്ന. ഉ. സ്വീകരിക്കുന്ന, കൈക്കലാക്കുന്ന. ന. പറയുന്ന. ഘ–ം തീപിടിക്കുന്ന. ങ, ഉണ്ടാകുന്ന. ഘ–ം ഭീനം പിടിക്കുന്ന. ഛ. ആകുന്ന. ഘ–ം കുട്ടപിടിക്കുന്ന. ന. കൊടുക്കാതെയിരിക്കുന്ന. ഘ–ം

ശബ്ദം പിടിക്കുന്നു. ഏ. തേയ്ക്കുന്നു. ഉ-ം ചായം പിടിക്കുന്നു. വു. കടിക്കുന്നു. ഉ-ം പൂച്ചുപിടിക്കുന്നു. ൻ. ഏല്ക്കുന്നു. ഉ-ം കണ്ണം പിടിക്കുന്നു, പ്രതിവചനം പിടിക്കുന്നു. ക്രാ. ഉറയ്ക്കുന്നു. ഉ-ം മലംപിടിക്കുന്നു. ക്രമ. ചെന്നു ചേരുന്നു. ഉ-ം കരപിടിക്കുന്നു. (കാ. ക്രി. പിടിപ്പിക്കുന്നു.

പിടിക്കോൽ(ം) - വെള്ളം കോരുന്ന ഒരു യന്ത്രം.

പിടിച്ചൂരാക്ക് - പിടിച്ചുരുവി.

പിടിത്തം - പിടിക്കുക.

പിടിത്താഠം - ഇരുമ്പണി പെറുക്കിയ കഠാര

പിടി(പാ)വാട്ട് - സക്കാരിൽ നിന്നും ഉദ്യോഗത്തിനു നിയമിക്കുമ്പോൾ കൊടുക്കുന്ന ഒരെഴുത്ത്,

പിടിപാട്ടനിന്നവൻ - സക്കാരിൽ നിന്നു ചോവന്മാക്ക കൊടുക്കുന്ന ഒരെഴുത്ത്

പിടിപെടുന്നു - പിടിത്തത്തിൽ അകപ്പെടുന്നു, പിടിക്കപ്പെടുന്നു.

പിടിപ്പ് - ക്രി. പ്രാപ്തി. ഉ. തികവ്. നു. സാമർത്ഥ്യം.

പിടിപ്പത് - അ. മതിയാകെ.

പിടിപ്പതാ - കൊയിത്തുകാക്ക കൊടുക്കുന്ന ഒരവകാശം.

പിടിപ്പന്നി - പെൺപന്നി.

പിടിപ്പിക്കുന്നു - ക്രി. പിടിക്കുമാറാക്കുന്നു ഉ. ചായം തേക്കുയും മറ്റും ചെയ്യുന്നു.

പിടിപ്പുകേട് - പോരായ്മ, ശേഷിക്കുറവ്, പ്രാപ്തികേട്, ദോഷാനുഭവം.

പിടിപ്പുള്ളവൻ - സമർത്ഥൻ.

പിടിമണ്ണ് - കൈക്കുകത്തു കൊള്ളുന്ന മണ്ണ്.

പിടിമാനം - ക്രി. അധികാരം, ശക്തി. ഉ. രക്ഷണം.

പിടിമുളം - കൈചുരുട്ടിപ്പിടിച്ചു അളക്കുന്ന ഒരളവ്.

പിടിമുറുക്കം - പിടിത്തത്തിന്റെ മുറുക്കം.

പിടിമൊന്ത - ഒരുമാതിരി മലപാത്രം.

പിടിയരി - പതിവു ചെലവിൽ നിന്നു കുറച്ചു കുറച്ചെടുത്തു ചിലർ സൂക്ഷിക്കുന്ന അരി.

പിടിയാതവൻ - കൊള്ളുകൊടുത്താത്തവൻ, ദോഷൻ.

പിടിയാന - പെണ്ണാന.

പിടിയാന - ഇതിന്റെ മാംസംഭുജിച്ചു കൊണ്ടു ആനമാംസത്തിനു തുല്യമാണ്. മഹാശരീരത്തിൽ ചേർന്ന അനുപമം സമാകുന്നു. സം-കരിണീ. ത-യാരെന്നപ്പുൺ. ഇം-Female Elephant ഫ്രെമെയിൽ ഏലിഫെൻറ്.

പിടിവള്ളി - പിടിച്ചുതൂങ്ങുന്നതിനു കെട്ടിയ വള്ളി.

പിടുങ്ങൽ - ക്രി. വലിച്ചു പറിക്കുക. ഉ. വേരോടെ പറിക്കുക, നു. ബലാൽ കൈക്കലാക്കുക.

പിടുങ്ങുന്നു - ക്രി. വലിച്ചു പറിക്കുന്നു. ഉ. വേരോടെ പറിക്കുന്നു. നു. ബലാൽ കൈക്കലാക്കുന്നു.

'വലരിപുസുതനോടെ വില്ലു പിടുങ്ങി'
(കിരാതം തുള്ളൽ)

പിടുപിടുക്കുന്നു - പിടുപിടെ ശബ്ദിക്കുന്നു. (സ ക്രി. പിടുപിടുപ്പിക്കുന്നു)

പിടുപിടെ - അ ക്രി. ഒരുമാതിരി ശബ്ദത്തോടുകൂടെ. ഉ. അധികം കൊഴുത്തു.

പിട്ട് - ക്രി. ഒരുവക പലഹാരം. ഉ. അരിമാവും മറ്റും കുഴച്ചുരുട്ടി. നു. കള്ളും പഞ്ചസാരയും ചേർത്തുണ്ടാക്കുകയും മറ്റും, ൻ. അഹംഭാവത്തോടുകൂടിയുള്ള സംസാരം.

പിട്ട - എലിക്കെണി.

പിട്ടൽ ,പുട്ടിൽ–ധാന്യങ്ങളുടെ പുറന്തൊട്ട്, ഉമി.

പിട്ടം–കറിയ ഉത്തരം, കാരക്കവയ്ക്കുന്ന ഉത്തരം.

പിട്ടില–ഒരുമാതിരി കറി.

പിഠം–വേഴൽ.

പിഠരം–പ്ര. കലം. മീതെ മറെറാരു പാത്രംകൊണ്ടു അടയ്ക്കുന്നതിനാൽ ഈ പേർ വന്നു. ഉ. മുഞ്ഞ, രോഗങ്ങളെ ഹിംസിക്കുന്നതു എന്നർത്ഥം.

പിഠരി–കലം.

പിണ–(ധാതു) ഇടകലരുക.

പിണ–പ്ര. നകത്തിൽ ചേർത്തു കെട്ടിയ കാള. ഉ. രണ്ടു വസ്തുക്കളെ ചേർത്തു വെയ്ക്കുന്നതു്. നു. തെറവ്. ര. കൃഷിക്കുള്ള കരുത്തരങ്ങും, ചേർത്തുവെക്കുക. ങ ചേർച്ച. ന. ഇണ്ടുഭേദം. ം. ജാമ്യം. വ. ഏല്പ്പാട്ട്. ൻ. കെട്ട്.

പിണക്കം–പ്ര. വിരോധം, കലഹം, ഇണക്കമില്ലായ്മ, യോജിപ്പില്ലായ്മ. ഉ. മത്സരം. നു. തക്കം ര. തെറവ്. ങ. എഴുത്തിലോ മറെറാ വരുന്ന പിഴ.

പിണയ്ക്കുന്നു–പഠിക്കുന്നു, അഭ്യസിക്കുന്നു

പിണങ്ങുന്നു–പ്ര. വിരോധമാകുന്നു, കലഹിക്കുന്നു, യോജിപ്പില്ലാതാകുന്നു. ഉ. മത്സരിക്കുന്നു. നു. തർക്കിക്കുന്നു. ര. തെറവുന്നു. ങ. എഴുത്തിലോ മറെറാ പിഴ വരുന്നു. (സ. ക്രി. പിണക്കുന്നു).

പിണച്ചൽ–പ്ര. നകത്തിൽ കാളയെ ചേർത്തു കെട്ടുക ഉ. ഇണ ചേരുക. നു. കരുക്ക്.

പിണം–ശവം.

പിണമ്പുളി–പിണർവൃക്ഷത്തിലുള്ള പുളി

പിണയുന്നു–പ്ര. ഇണചേരുന്നു. ഉ. കരുക്കിലാകുന്നു. നു. ഏല്പ്പെടുന്നു. ര. കൂടിച്ചേരുന്നു.

പിണയ്ക്കുന്നു–പ്ര ഇണചേർക്കുന്നു, ഉ. കരുക്കിലാക്കുന്നു.

പിണർ–പ്ര. മിന്നൽ, ഉ. കൂട്ടിക്കെട്ട്. നു. കട്ടയാക. ര. മുഴുപ്പ്. ങ. ഞാറു പിടി. നു. ഒരു വൃക്ഷം.

പിണരിടുന്നു–നകത്തിൽ ചേർത്തു കെട്ടുന്നു

പിണക്കുന്നു–കട്ടയാകുന്നു.

പിണർപ്പു–കൊഴുപ്പു്.

പിണർമ്പുളി, പിണമ്പുളി–ഒരുവക പുളി, കൊടമ്പുളി.

പിണാത്തി–ദാസി.

പിണാപ്പെൺ–ദാസി.

പിണാവു്–അടിമവേല.

പിണി–പ്ര. പിശാചു ബാധകൊണ്ടുണ്ടാകുന്ന ഒരു രീനം. ഉ. ഒരു പിശാചു്. നു. അപത്തു. ര. പീഡ.

പിണിയാഠം–പിശാചു ബാധിച്ചവനെ തുള്ളിക്കുന്നതിനും മറവും അവനു പകരമായി നില്ക്കുന്നവൻ, ആൾപ്പേർ.

പിണപിണക്കുന്നു–കൊഴുത്തു കട്ടയാകുന്നു.

പിണപിണെ–അ. കൊഴുത്തുകൊഴുത്തു.

പിണ്ടം–പ്ര. പിണ്ഡം, ഉരുള. ഉ. ദോഷം.

'കണ്ടതെയാണവൻ പിണ്ടത്തിനും'

(ചെറുശ്ശേരി)

പിണ്ടാട്ടി–പ്ര. ദാസി. ഉ. ഭാര്യ.

പിണ്ടാളൻചേമ്പു്–ശാകവർഗ്ഗത്തിലുള്ള ഒരു കന്ദശാകം.

മൂത്രകൃച്ഛ്രം, പ്രമേഹം, ചൂടുനീർ ഇവയ്ക്കു നന്നു. സം–പിണ്ഡാലു.

പിണ്ടി–പ്ര. വാഴയുടെ അകത്തെ തടി.

(രട). ഉ. ചാരൊട്ടത്ത വസ്തു. ന. അനയുടെ മലം,

പിണ്ടിക്കാ(യ്)–കാട്ട ജാതിക്ക.

പിണ്ഡകം–പ. കന്തുരുക്കം. കട്ടപിടിച്ചിരിക്കുന്നത എന്നർത്ഥം. ഉ. പിശാചു.

പിണ്ഡക്കാരൻ–തടിച്ചവൻ.

പിണ്ഡഗാസ–നവമ്പശ.

പിണ്ഡതഗരം–വലിയ തകരം.

ഗുണങ്ങൾ കൊണ്ട തകരത്തോട തുല്യമാകുന്ത. ഉത്തംസവർത്തിപ്പെട്ട വാതഷ്ണദ്രവ്യമാണ്. ത–കിരന്തിതകരം.

പിണ്ഡദാന–പിതൃക്രിയയിൽ ചെയ്യുന്ന ഒരു മാനം.

പിണ്ഡനം–ഗോളാകൃതിയാവുക.

പിണ്ഡപാദം–ആന.

പിണ്ഡപുഷ്പം–പ. ചെമ്പരത്തിപ്പൂവ്. ഉ. താമരപ്പൂവ്. ന. അശോകത്തിൻ പൂവ്. ര. അശോകം.

പിണ്ഡം–പ. പിതൃക്രിയയ്ക്ക ഉരുട്ടിവെയ്ക്കുന്ന ചോറ്. ഉ. ഉണ്ട. ന. ഉരുള. ര. ക്ലട്ടം, കട്ട. ങ. ആനത്തലയിലെ മുഴ. ഞ. ശരീരം. ഒ മാംസം. വ. ഭക്ഷണം ൻ. ഉപജീവനം. ഫ ശമ്പളം. ഫപ. ഇരിയ്ക്ക, കട്ടപിടിച്ചത എന്നർത്ഥം. ഫഉ. ഉരുക്ക്. ഫന. സാമ്പ്രാണി. ഫര. നവമ്പശ. ഫങ. രവണ്ണ. ഫന്ത. ശർപിണ്ഡം. ഫഒ. കന്തുരുക്കം, പിണ്ഡകം എന്നതിന്റെ പാഠം. ഫവ. മൂടക്കൊട്ട, വല്ലം മുതലായതിന്റെ പേർ. (പിടം എന്നതിന്റെ പാഠം). ഫൻ. മലങ്കാര, ഉ൦. എള്ളിൻപിണ്ണാക്ക്.

പിണ്ഡാ–കറിക്കായം.

പിണ്ഡാകാര–വി. ഉരുണ്ട.

പിണ്ഡികാ–പ. വണ്ടിയുടെ നടുചക്രക്കൂടം (ഇതു ചക്രത്തിന്റെ മദ്ധ്യത്തിൽ അല്ലികളെല്ലാം ചെന്നുചേരുന്നതായ ഉരുണ്ട ഒരു സാധനം.) ഉ. ഉള്ളംകാൽ. ന. മാംസ ഉണ്ട. ര. കാൽവെണ്ണ.

പിണ്ഡിത–വി. പ. കൂട്ടപ്പെട്ട. ഉ. ഉരുട്ടപ്പെട്ട. ന. കയറിമുഴക്കിക്കെട്ടിയിരിക്കുന്ന.

പിണ്ഡിലൻ–ജ്യോതിശ്ശാസ്ത്രക്കാരൻ.

പിണ്ഡീകൃത–വി. ഉണ്ടാക്കപ്പെട്ട.

പിണ്ഡീതകം–പ. മലങ്കാര. പിണ്ഡാകാരമായ ഫലമുള്ളത എന്നർത്ഥം. ഉ. കാട്ടുചീര. ന. കർപ്പൂരതുളസി.

പിണ്ഡീതരു–പ. ഒരു വന്യവൃക്ഷം.

ത്രിദോഷം ത്വക്ദോഷം വിശേഷാൽ രക്തദോഷം ഇവയ്ക്ക നന്ത്.

പിണ്ഡീരം–പ. താമിമാതളം. ഉ. കടൽനര.

പിണ്ണാക്ക്–എള്ള, തേങ്ങ മുതലായവ ചക്കിലിട്ടാട്ടി എണ്ണ എടുത്ത പിശിട്ട.

പിണ്യാകം–പ. പിണ്ണാക്ക്. ഉ. കയം. ന. കന്തുരുക്കം. ര. കുങ്കുമം. ങ. തിരുവട്ടപ്പശ. പിണ്ഡാകാരത്തായ പ്രാപിക്കുന്നത് എന്നർത്ഥം.

പിതറുക–പിടയുക, പൊട്ടുക.

പിതറുക–പിതുക്കുക.

പിതാക്കന്മാർ–അമ്മയും അച്ഛനും.

പിതാമഹൻ–പ. അച്ഛന്റെ അച്ഛൻ, ഇല്ലത്തെ മൂത്തച്ഛൻ. ഉ ബ്രഹ്മാവ്. ലോകജനകന്മാരായ മരീചി മുതലായ വരുടേയും അത്രിമഹി പിതൃക്കളുടേയും പിതാവ് എന്നർത്ഥം.

പിതാമഹി–അച്ഛന്റെ അമ്മ, മുത്തശ്ശി.

പിതാരിപ്പുള്ള–ഒരു പക്ഷി.

പിതാരിപ്പുള്ളിന്റെ മാംസം കഫം ഏറിയും വാതം കുറഞ്ഞും പിത്തം മധ്യമായുമിരിക്കുന്ന സന്നിപാതത്തിനും രക്തദോഷത്തിനും നന്ത്. ഇതു തിന്നി

രിയിൽ കരുന്ന മഞ്ഞനിറമുള്ളതന്തു അഗ്നിപ്രധാനം കാണുന്നു ഇതു ആവണക്കിൻ വിറകുകൊണ്ടു തീയെരിച്ചു വേവിച്ചോ ആവണക്കെണ്ണയിൽ വറുത്തോ ഭക്ഷിക്കുന്നതു്. സം-കപിഞ്ജലം.

പിതാവു്-അച്ഛൻ. രക്ഷിക്കുന്നവൻ എന്നർത്ഥം.

പിതിടു-ഗ പിശിട്. ക. പുഷ്ടം.

പിതിർ-ചാറൽ, ചാറുക.

പിതുങ്ങൽ-അമുങ്ങൽ, അമരുക, ഞെങ്ങൽ.

പിതുങ്ങുന്നു-അമുങ്ങുന്നു, അമരുന്നു, ഞെങ്ങുന്നു. (സ. ക്രി. പിതുക്കുന്നു).

പിതൃകർമ്മം-ഗ. പിതൃക്കളെ സംബന്ധിച്ചു ചെയ്യുന്ന കർമ്മം. ക. ചാത്തവും മറവും.

പിതൃകല്പ-മലയപർവ്വതത്തിൽ നിന്നു പുറപ്പെടുന്ന ഒരു നദി.

പിതൃക്കൾ-ഗ. മനുഷ്യരുടെ മരിച്ചുപോയ പൂർവികന്മാർ. ക. അഗ്നിഷ്വാത്തു മുതലായ പിതൃക്കൾ. ന. പ്രജാപതികൾ. ർ. ദേവന്മാരുടെ മക്കൾ.

പിതൃക്രിയ-ഗ. പിതൃക്കളെ സംബന്ധിച്ചു ചെയ്യുന്ന കർമ്മം. ചാത്തവും മറവും.

പിതൃഗണം-ദ്യു.

പിതൃതർപ്പണം-ഗ. ചാത്തം. ക. പിതൃക്കൾക്കായിട്ടു ജലംകൊണ്ടു ചെയ്യുന്ന ഒരു കർമ്മം. ന. എള്ളു്.

പിതൃതിഥി-കറുത്തവാവു്, പിതൃക്കൾക്കായിട്ടു കർമ്മം ചെയ്യേണ്ടുന്ന ദിവസം, അമാവാസ്യ.

പിതൃദാനം-പിതൃക്കൾക്കുവേണ്ടി ചെയ്യുന്ന കർമ്മം.

പിതൃകർമ്മങ്ങളെ ലോപിച്ചാൽ പ്രായേണ സന്തതിനാശമാണു ഫലം.

'പ്രായഃ പ്രേതൈതൃകകർമ്മലോപവശതഃ
സന്തത്യുപദ്രവോനൃണാം'

പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന ദാനം, സപിണ്ഡിക്കു ശേഷം പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യുന്ന ദാനം പ്രേതത്വത്തെ വിട്ടു പിതൃത്വത്തെ പ്രാപിച്ചിരിക്കുന്നവരെക്കുറിച്ചു ചെയ്യപ്പെടുന്ന മലാങ്കല്യാദിദാനം ഇങ്ങിനെ പലവിധം കാണുന്നു.

പിതൃധനം-അച്ഛന്റെ മുതൽ.

പിതൃധർമ്മചതുഷ്ടയം-ബ്രഹ്മചര്യം, അനഭിമാനം, യോഗൈശ്വര്യത്തൽപ്പരം; എല്ലായിടങ്ങളിലും ഇഷ്ടംപോലെ സഞ്ചരിക്കുക.

പിതൃപതി-യമൻ. ഹവ്യവാഹനാഗ്നി പിതൃക്കളുടെ നാഥൻ എന്നർത്ഥം.

പിതൃപിതാവു്-അച്ഛന്റെ അച്ഛൻ, ഇല്ലത്തു മുത്തച്ഛൻ. മറ്റവരുടെ പിതൃവ്യൻ-പിതാമഹൻ.

പിതൃപ്രസൂ-ഗ. അച്ഛന്റെ അമ്മ. ക. സന്ധ്യ. പിതൃക്കളെ പ്രസവിച്ചതു്, പിതൃക്കളെ സൃഷ്ടിക്കുന്നതു്, സന്ധ്യക്കു സൂക്ഷ്മശരീരത്വമുണ്ടാകയാലും, പിതൃക്കർമ്മങ്ങൾ അപ്പോൾ ഒരു പ്രത്യേക തേജോബലം സിദ്ധിക്കുന്നതുകൊണ്ടും ഈ പേർ സിദ്ധിച്ചു.

സൂര്യാസ്തമനത്തിനു പിമ്പു മുഹൂർത്തനാഴികയും സൂര്യോദയത്തിനു മുമ്പു അരുമുഹൂർത്തനാഴികയും ഉള്ള സമയത്തിനു 'സന്ധ്യ' എന്നു പറയപ്പെടുന്നു.

പിതൃപ്രിയം-ഗ. കയ്യോന്നി. ക. കരിവേപ്പു് ന. ഞകേത്തി.

പിതൃബന്ധുക്കൾ-പിതൃക്കളുടെ ബന്ധുക്കൾ.

'പിതുഃപിതുഃ സപത്നഃ പുത്രഃ
പിതുർമ്മാതുഃ സപത്നഃ സുതഃ

പിതൃർമാതുലപുത്രാശ്ച
വിജ്ഞേയാഃ പിതൃബന്ധവഃ'

പിതൃഭോജനം-ഉഴുന്ന്.

പിതൃഭ്രാതാവ്-അച്ഛന്റെ ജ്യേഷ്ഠനും അനുജനും.

പിതൃയജ്ഞം - പിതൃപൂജ, തർപ്പണം, ജ്യേഷ്ഠായനീയ സ്ഥാനം മുതലായതു്.

പിതൃരൂപൻ-ശിവൻ.

പിതൃവനം-ചുടലക്കാട്, ശവം ചുടുന്ന കാട്, പിതൃക്കളുടെ വനം എന്നർത്ഥം.

പിതൃവഴി-മക്കത്തായം.

പിതൃവ്യൻ-അച്ഛന്റെ അനുജൻ, അപ്പൻ, അച്ഛന്റെ ജ്യേഷ്ഠാനുജന്മാരുടെ അർത്ഥൻ വലിയച്ഛന്റേയും അച്ഛന്റേയും പേർ. പിതാവിന്റെ സഹജൻ എന്നർത്ഥം.

പിതൃശാപം-പ്ര. അച്ഛന്റേയും മറ്റും ശാപം. ഉ. പിതൃക്കളുടെ ശാപം.

പിതൃഷ്വസാവു്-അച്ഛന്റെ പെങ്ങൾ.

പിതൃസന്നിഭ-വി. അച്ഛനെപ്പോലെയുള്ള.

പിതൃഹത്യ - അച്ഛനെ കൊന്നാലുള്ള പാപം.

പിത്തകാമല-ഒരു രോഗം.

പിത്തകാസം- പിത്തംകൊണ്ടുണ്ടാകുന്ന ചുമ.

പിത്തകോപം-പിത്തവർദ്ധന.

പിത്തക്ഷോഭം-പിത്തത്തിന്റെ ഇളക്കം

പിത്തഗുല്മം-ഒരു രോഗം.

പിത്തഗ്രഹണി-ഒരു രോഗം.

പിത്തജ്വരം പിത്തംകൊണ്ടുണ്ടായ പനി

പിത്തനാഡി-പിത്തരോഗം.

പിത്തപാണ്ഡു-ഒരു രോഗം.

പിത്തപ്പുണ്ണ്-ഗ്രഹണിരോഗം.

പിത്തം-ത്രിദോഷങ്ങളിൽ ഒന്ന്. കോപിച്ചാൽ ശരീരത്തെ നശിപ്പിക്കുന്നതു എന്നർത്ഥം. മരാറാമരപ്പിത്തയം-മരുന്നു

പിത്തരക്തം-ഒരു രോഗം.

പിത്തരോഗം-പിത്തം കൊണ്ടുണ്ടാകുന്ന രോഗം.

പിത്തലാട്ടം-സന്ധ്യാദേയം, ഉരുട്ട്.

പിത്തലം-പിച്ചള.

പിത്തശോണിതം-പിത്തരക്തം.

പിത്തശോഫം-പിത്തനീര്.

പിത്തള-വി. പിത്തരോഗത്തെ വർദ്ധിപ്പിക്കുന്ന

പിത്തള-പിച്ചള.

പിത്തള-പിച്ചള.

പിത്താരി-പ്ര. പച്ചകർപ്പൂര്. ഉ. അരക്ക്. സ. വെൺചന്ദനം.

പിത്താസ്രം-പിത്തരക്തം.

പിത്രാർത്ഥം-പിതൃക്കൾക്കുവേണ്ടി.

പിത്ര്യം-വി. പ്ര. അച്ഛനെസംബന്ധിച്ച. ഉ. പിതൃക്കളെ സംബന്ധിച്ച.

പിത്ര്യം-പ്ര. ചെമ്പവിരലിന്റേയും ചൂണ്ടാണിവിരലിന്റേയും മദ്ധ്യമായ പിതൃതീർത്ഥത്തിന്റെ പേർ. പിതൃക്കളെ സംബന്ധിച്ചതു് എന്നർത്ഥം. പാഠങ്ങൾ-ചെപിത്ര്യം, ചെപിത്രം. ഉ. തേൻ. സ. ഉഴുന്ന്.

പിത്ര്യൻ-അച്ഛന്റെ ജ്യേഷ്ഠൻ.

പിന്നലം-വഴി, പന്ഥാവു്.

പിന്നസ്സു്-പക്ഷി. എപ്പോഴും പറക്കുവാനാഗ്രഹിച്ചു കൊണ്ടിരിക്കുന്നതു് എന്നർത്ഥം.

പിന്നാനം-പ്ര. മറ. മറയ്ക്കുക എന്ന ക്രിയയുടെ പേർ. ഉ. മൂടി. സ. മറ. ർ പുതപ്പു്.

പിനലി-വി. കവചമിട്ട

പിനലം-കെട്ടഴപ്പുള്ള ചട്ട കൂപ്പായം മുതലായതു്.

പിനയുന്ന-തമ്മിൽ ചുറ്റുന്ന, മുടയുന്ന, തിരുമറിച്ചി വെയ്ക്കുന്ന. ഉ-ം, രണ്ടു കയറുകൾ കയ്യുപിനയുന്നു. (കൂ. ക്രി. പിനയ്ക്കുന്ന. നാമം-പിനച്ചൽ.)

പിനാകം-പ്ര. ശിവന്റെ വില്ല്. രക്ഷാശീലം, ത്രിപുര ദഹന കാലത്തിൽ ശര സമൂഹങ്ങളെക്കൊണ്ടു ആകാശത്തെ മറച്ചതു്, ത്രിപുരദഹന സമയം ശരജാല മാമുഖകളെക്കൊണ്ടു സ്വർഗ്ഗം മറച്ചതു് ഇങ്ങിനെ ശബ്ദാർത്ഥം. മരാഠാക്കാരുടെ പദ്ധായം-'അജഗവം'. പ. ശൂലം. സ്തുതിക്കപ്പെട്ടതു് എന്നർത്ഥം. ന. സാധാരണവില്ല്. ഭ. വടി.

പിനാകപാണി-ശിവൻ. പിനാകം എന്ന പേരുള്ള വില്ല്. പാണിയിങ്കൽ (കൈയിൽ) ഉള്ളവൻ എന്നർത്ഥം.

പിനാകി-ശിവൻ. പിനാകം എന്ന വില്ലുള്ളവൻ എന്നർത്ഥം.

പിനാകിനി-(ഇപ്പോൾ) പെന്നാർ. തെക്കൻ ഇൻഡ്യയിലുള്ള ഒരു നദി.

പിനാറുന്ന-പിറുപിറുക്കുന്ന, കുശുകുശുക്കുന്ന. (വ-മ.)

പിൻ-അ. പുറക്, പിൻപു്.

പിങ്കാൽ-പ്ര. കാലിന്റെ പിൻഭാഗം, കണങ്കാൽ. പ. മൃഗങ്ങളുടെ പുറകിലെ കാൽ.

പിങ്കുടമ-പുറകിലെ കുടമ.

പിങ്കുഴി-കള്ളന്മാരുടെ ഗുഹ.

പിങ്കെട്ടു-പ്ര. പുറകിലേ കെട്ടു്. പ. കപ്പലിന്റെ പിമ്പു്.

പിൻഗാമി-പിന്നാലെ പോകുന്നവൻ, പിൻവാഴ്ചക്കാരൻ.

പിഞ്ചരട്ടു്-പുറകിൽ കെട്ടുന്ന ചരടു്.

പിഞ്ചാട്ടു്-വണ്ടിയുടെ പിൻഭാഗം.

പിഞ്ചെല്ലൽ-പുറകേ ചെല്ലുക, അനുയാത്ര.

പിന്തല-പ്ര. തലയുടെ പിൻഭാഗം. പ. കപ്പലിന്റെയും മറ്റും അമരം.

പിന്താങ്ങുന്ന-അഭിപ്രായത്തിൽ അംഗീകരിക്കുന്ന

പിന്താരം-പടം.

പിന്താരിക്കുന്ന-ചായമിടുന്ന.

പിന്തിരിച്ചൽ-പുറകോട്ടു തിരിക്കൽ, തിരിയപ്പോകൽ.

പിന്തിരിയുന്ന-പുറകോട്ടു തിരിയുന്ന, തിരിയെ പോകുന്ന. (സ. ക്രി. പിന്തിരിക്കുന്ന.)

പിന്തിരിവു്-പിന്തിരിച്ചിൽ.

പിന്തുട-തുടയുടെ പിൻഭാഗം.

പിന്തുടച്ചു-കൂടെ തുടങ്ങുക.

പിന്തുടരുന്ന-കൂടെ തുടങ്ങുന്ന.

പിന്തുണ-പിൻതാങ്ങൽ, സഹായം.

പിന്തുണയ്ക്കുന്ന-സഹായിക്കുന്ന.

പിന്തേരുന്ന-കൂടെ തുടങ്ങുന്ന.

പിന്തേച്ചു-കൂടെ തുടങ്ങുക.

പിന്നാണം-പിൻപട, പിന്നിലുള്ള രക്ഷ.

പിന്നു്-അ. പുറക്. പിന്നു് > മുന്നു്.

പിന്നടി-മുപ്പുറി.

പിന്നത്തേ-വി. ഇനിയുള്ളതു്, അതിന്റെ ശേഷമുണ്ടായതു്.

പിന്നത്തേതിൽ-അ. അതിന്റെ ശേഷം.

പിന്നൽ-മുടച്ചൽ.

പിന്നപ്പിന്നെ-അ. കുറെകഴിഞ്ഞിട്ടു്, ക്രമത്തിനു്.

പിന്നാക്കം-പിൻവശം, പുറക്.

പിന്നാലെ-അ. പുറകെ.

പിന്നിടുന്ന-പുറകിലാക്കുന്ന.

പിന്നാങ്കഴി-പ്ര. കിണറു്. പ. കിടങ്ങു്.

പിന്നിൽ-അ പുറകിൽ.

പിന്നീട് - അ. പിന്നെ, അതിന്റെ ശേഷം.

പിന്നുന്നു-ക്രി. മുടയുന്നു. ഉ. പിരിയുന്നു. സ. പിണയുന്നു. ൽ സംഗിക്കുന്നു.

പിന്നെ-അ. അതിന്റെ ശേഷം, ഇനി, തരമിച്ച്.

പിന്നെയും-അ. വീണ്ടും, പിന്നീടും.

പിന്നെയൊ-അ. ക്രി. എന്നിട്ടോ, അതിന്റെ ശേഷമോ. ഉ. ഉണ്ടെന്നും വേണമെന്നും മറവുള്ള വാക്കുകളെ സമർത്ഥിക്കുന്നതായ ഒരു വാക്ക്. സ. സംശയിച്ചു ചോദിക്കുന്ന കാര്യത്തെ നിശ്ചയമായിട്ട് അനുസരിക്ക.

പിന്നോറുതടി-യുദ്ധത്തിൽ സേനകൾ പുറകോട്ട പോകാതെയിരിപ്പാൻ പുറകിൽ വയ്ക്കുന്ന തടി.

പിന്നോക്കം-അ. ക്രി. പുറകോട്ട്. ഉ. പടിയായിട്ട്.

പിന്നോട്ട്-അ. പുറകോട്ട്.

പിൻപ്-അ. പുറക്.

പിൻപട-ഒരു സൈന്യത്തിന്റെ പിൻഭാഗം.

പിൻപണയം - വീണ്ടും പണയപ്പെട്ടത്തുക.

പിൻപണി-പിന്നെച്ചെയ്യുന്ന വേല.

പിൻപിൽ-അ. പുറകിൽ.

പിൻപുമറിയുന്നു-പുറകോട്ട മറിയുന്നു.

പിൻപുറം-പിൻഭാഗം.

പിൻപെ-അ. പുറകെ, പിന്നാലെ.

പിൻപെടുന്നു-ക്രി. പുറകിലാകുന്നു. ഉ. തരമിക്കുന്നു.

പിൻബുദ്ധി-പിന്നീടുള്ള ആലോചന.

പിൻഭാഗം-പിൻപുറം.

പിന്മാറുന്നു-ക്രി. പുറകോട്ട മാറുന്നു. ഉ. തിരിയെ പോകുന്നു. സ. മടങ്ങുന്നു.

പിന്മാറ്റം-ക്രി. പുറകോട്ട പോവുക. ഉ. തിരിയെ പോവുക. സ മടക്കം.

പിന്നുകം-കടച്ചിക്കൊല്ലന്റെ ഒരു ആയുധം.

പിൻവാങ്ങുന്നു-പിൻമാറുന്നു.

പിപഠിഷാ-പഠിക്കാനുള്ള ആഗ്രഹം.

പിപതിഷത്തു്-പക്ഷി.

പിപാ-ഒരുതരം അസ്ത്രം.

പിപാസാ-വെള്ളം കുടിപ്പാനുള്ള ആഗ്രഹം, മോഹം. പാനം ചെയ്യാനുള്ള ഇച്ഛാ എന്നർത്ഥം.

പിപാസിത-വി. വെള്ളം കുടിപ്പാനാഗ്രഹമുള്ള.

പിപാസു-വി. വെള്ളം കുടിപ്പാനാഗ്രഹമുള്ള.

പിപീലകം-ഒരുതരം വലിയ കറുത്ത ഉറുമ്പ്.

പിപീലിക-ഉറുമ്പ്.

പിപ്പരി-ഇത്തിയാല്.

പിപ്പലം-ക്രി. അരയാൽ എന്ന വൃക്ഷം. വെള്ളമുള്ളതു് എന്നർത്ഥം. മുരട്ടവെള്ളം നിറയുന്നതിനാൽ ഈ അർത്ഥം വന്നു. ഉ. ജലം. സ- ഇത്തിയാൽ.

പിപ്പലി-ഒരങ്ങാടിമരുന്ന്, തിപ്പലി, രക്ഷിക്കുന്നതു് എന്നർത്ഥം.

പിപ്പോലി എന്ന ശബ്ദവും കാണുന്നുണ്ട്.

പിപ്പലീമൂലം-തിപ്പലിവേർ.

പിയൂഷം-ക്രി. പ്രകാശം, കാന്തി. ഉ. ഔഷധം, ഭയത്തിനുള്ള ഔഷധം.

പിയർ-പേരു്.

പിയാല(ള)ം-മുരിങ്ങമരം.

പിരകുന്നു-ക്രി. കൂട്ടിച്ചേർക്കുന്നു. ഉ. തിരിക്കുന്നു. സ. ആനയെ വേലചെയ്യിക്കുന്നു.

പിരടി-പിടരി(ലി). പിരമ്പു്, പുരമ്പു്, പുരൽ.

പിരട്ട്-ക്ര ചതി. ഉ. കള്ളം. ന. ഉൽക്കടം.

പിരട്ടൻ-ക്ര. ചതിയൻ. ഉ. കള്ളൻ. ന. ഉൽക്കടമുള്ളവൻ.

പിരട്ടുന്നു-ക്ര. ചതിക്കുന്നു. ഉ. ഉരുട്ടുന്നു ന. എണ്ണയും മറ്റും തേയ്ക്കുന്നു. ര. മനം മറിയുന്നു.

പിരണ്ടി-ഒരു വള്ളി, ചങ്ങലംപിരണ്ട, നിലംപിരണ്ട.

പിരന്പ്-മുൾക്കമ്പടി.

പിരളിക്കീഴ്പ്പു.

പിരളുന്നു-ക്ര പറയുന്നു. ഉ. ഉരിയുന്നു.

പിരാഞ്ച-ക്ര. പറക, പറൽ. ഉ. ഉരുൾച്ച.

പിരാകുന്നു-ശപിക്കുന്നു, നശിച്ചു പോകാൻ ശകാരിക്കുന്നു. (പ-മ)

പിരാക്ക്-ശപഥം. നശിച്ചുപോകാനുള്ള ശകാരം.

പിരാൻ-ക്ര. അരചൻ. ഉ. പ്രഭു, പുരാൻ, പെരിയോൻ.

പിരി-(ധാതു). വേർപെടുക.

പിരി-കയ്യും മറ്റും പിരിക്കുക, ചുറ്റിച്ചു മുറുക്കം വരുത്തുക.

പിരിച്ചൽ-ക്ര. വേർതിരിവ്. ഉ. കയറുതലായതിന്റെ പിരിവ്. ന. പാൽക്കട്ടയും ജലവുമായി തീരുക.

പിരിപ്പ്-ക്ര. തിരി തുടങ്ങുക. ഉ. ശേഖരിപ്പ്.

പിരിപ്പിക്ക-ക്ര വേർപെടുത്തിക്കുക. ഉ. ശേഖരിപ്പിക്കുക.

പിരിക്കുന്നു-ക്ര. വേറാക്കുന്നു. ഉ. കയറും മറ്റും ഉണ്ടാക്കുന്നു. ന ഭോഗിക്കുന്നു. ര. തിരികെടുക്കുന്നു. ല. പറിക്കുന്നു. ന. ശേഖരിക്കുന്നു.

പിരിമുറുക്കുക-സംവിധാനത്തിൽ നടന്നവരുന്ന സംഗതി എളുപ്പത്തിൽ അതിക്രമിക്കുന്നതിനു പറയുന്ന പേർ.

പിരിയൻ-വി. ക്ര പിരിവുള്ള. ഉ. വിടമുള്ള.

പിരിയാണി-മുറുക്കാണി(സ്ക്രൂ ആണി)

പിരിയുന്നു-ക്ര. വേർപെടുന്നു. ഉ കൂടിപ്പിരിയുന്നു ന. പാൽക്കട്ടയും ജലവുമായിത്തീരുന്നു. ര. വിറവതീരുന്നു.

പിരിവ്-ക്ര. പിരിച്ചിൽ ഉ. വളവ്. ന. ശേഖരിപ്പ്. ര. വേർതിരിവ്.

പിരിവള-പിരിഞ്ഞവള.

പിരുപിരുക്കുന്നു - ക്രിമികളുപ്പോലെ അനങ്ങുന്നു, ഇളകുന്നു.

പിരുപിരുപ്പ്-ചെറിയ അനക്കം, ഇളക്കം.

പിരുപിരെ-അ ക്ര. പിശിട്ടം വെള്ളവുമായി ഉ. കൊച്ചുകൊച്ചായിട്ട വളരെ

പിലയൻ-ഒരു കാണക്കാരിക്കാരൻ.

പിലാച്ചാണം-ദുർഗ്ഗന്ധമുള്ള ഒരു വൃക്ഷം.

പിലാവ്-ചക്കയുണ്ടാകുന്ന വൃക്ഷം.

പിലാവില-ചിലാന്തിയുടെ ഇല.

പിലിവള്ളി - ബോംബായ്വള്ളി, ഒരുമാതിരി വലിയ വെള്ളത്തുള്ളി.

പിലാശ്-ഒരു വൃക്ഷം.

പിലു-ഉകാരം.

പിലുനീ-അപരാധം.

പില്ലുണ്ണിയം-വീണ്ടും പണയപ്പെടുത്തുക എന്നത്.

പില്ലാട്ട്-അ. പിന്നെ.

പിലെപ്പെടുന്നു-പിൻപെടുന്നു.

പില്ല്-മര(ക്), അടയാളം. കറുത്ത പുള്ളി, ശരീരത്തിന്മേലുള്ള കറുത്തമറു. വ്യാപിക്കുന്നതു എന്നർത്ഥം.

പില്ല-വി. ചീത്തക്കണ്ണുള്ള.

പില്ലകാ-പിടിയാന.

പില്ലൻ-ചങ്കണ്ണൻ. ചീത്തക്കണ്ണോടെ കൂടിയവൻ.

പില്ലം-ചീമ്പക്കണ്ണ്.

പിശകുന്നു-ക്രി. അധികം വേണമെന്നു നിർബ്ബന്ധിക്കുന്നു. പ. തെറ്റുന്നു. സ. പിണങ്ങുന്നു ര. തർക്കിക്കുന്നു.

പിശുക്ക്-ക്രി. തർക്കം, വഴക്ക്. പ. കുറച്ചുകൂടെ വേണമെന്നു നിർബ്ബന്ധിക്കുക. സ. പിണക്കം, ശണ്ഠ

പിശുക്കൻ-ക്രി. ലുബ്ധൻ. പ. വഴക്കാളി

പിശംഗ-വി. ഗോരോചനനിറമുള്ള.

'പിശംഗമെഴുഞ്ചീയുമുള്ളുനല്ലുവിം' (മംഗ്ലം)

പിശംഗകൻ-വിഷ്ണു.

പിശംഗം-ഗോരോചനിറം. ചിന്നിച്ചിതറുന്നതു എന്നർത്ഥം.

പിശംഗിലാ-നല്ല പിച്ചള.

പിശയുന്നു-തർക്കിക്കുന്നു.

പിശവ്യം-കുരുപ്പുണ്ടായി.

പിശാങ്കുത്തി-ഒരുതരം കത്തി.

'പിശങ്കുത്തി' എന്നാൽ പിടി ചാണ്ടുള്ള കത്തി എന്നർത്ഥം; അതായതു് 'ചാൺ പിടിയുള്ള കത്തി'

പിശാചു-ദുർദ്ദേവത.

പിശാചുക്കൾ രാക്ഷസരിലും അധമരായ ദുരാത്മാക്കളാണു്. പുരാണങ്ങൾ പ്രകാരം ക്രോധവശയിൽ കശ്യപൻ ഉണ്ടാക്കിയ മക്കൾ.

അവിവേകം, അജ്ഞാനം, അസത്യം, അശൗചം, മാംസപ്രിയം ഇവ അഞ്ചുതരം പിശാചധർമ്മപഞ്ചകം.)

പിശാചൻ - ദേവയോനികളിൽ ഒരു ജാതി

പിശാചന്മാർ-മാംസഭക്ഷകർ.

പിശാചി-പൂച്ച.

പിശാചി-ക്ര. പിശാചസ്ത്രീ. പ. നരമന്ത്രി.

പിശിട്-തോൽ, തോട്ട്, കൊണ്ണ്, പിഴിഞ്ഞതിന്റെ കൊണ്ണ്.

പിശിതം-ക്ര. മാംസം. ഭക്ഷണയോഗ്യം ഖണ്ഡം ഖണ്ഡമാക്കി നന്നാക്കപ്പെട്ടതു് എന്നർത്ഥം. പ. ചെറിയ കഷണം.

പിശിതാശന-വി. മാംസംതിന്നുന്ന.

പിശിതാശനൻ-മാംസം ഭക്ഷിക്കുന്നവൻ, രാക്ഷസൻ. (നികഷയുടെ മനുഷ്യമാംസഭോജികളായ മക്കളത്രേ പിശിതാശനർ.)

പിശിതാശിനി-മാംസം ഭക്ഷിക്കുന്നവൾ

പിശിതാശീ(ശി) - (നകാരാന്തം)- മാംസം ഭക്ഷിക്കുന്നവൻ.

പിശുക്ക്, പിശുക്കൻ-ലുബ്ധ്, ചെലവിടുന്നതിനുള്ള മടി.

പിശുക്കൻ-ലുബ്ധൻ. (പിശുക്കൻ എന്നും അപൂർവ്വം കാണുന്നുണ്ട്).

പിശുനൻ-വി. ക്ര. ക്രൂരതയുള്ള. പ. നിന്ദ്യമായ. സ. സൂചിപ്പിക്കുന്ന. ഉ-ം പിശുനശകുനം.

പിശുനത-ക്രൂരത.

പിശുനൻ-ക്ര. ഏഷണിക്കാരൻ. കാര്യങ്ങളെ തകരാറാക്കുന്നവൻ എന്നർത്ഥം. നണയൻ. പ. ഒറുക്കൻ. സ. ക്രൂരൻ, ദുഷ്ടൻ, ദുർജ്ജനം. ര. നാരദൻ. ഇ. കാക്ക. നു. പിശുക്കൻ.

പിശുനം-ക്ര. കുങ്കുമം. ചെങ്കക്ഷണങ്ങളായിട്ടുള്ളതു എന്നർത്ഥം. പ. പഞ്ഞി സ. തകരം. ര. കാക്ക.

പിശുനാ-ചോനകപ്പുല്ല്. പരിമളത്തെ അറിയിക്കുന്നതു് എന്നർത്ഥം.

പിഷ്ടാരകൻ-ഒരുമ്പലവാസി.

പിഷ്ടാരം-പിഷ്ടാരകന്റെ ഭാവം.

പിഷ്ടാരവടി, പിഷ്ടാരടി, പിഷ്ടാരോടി-പിഷ്ടാരകൻ, അമ്പലവാസികളിൽ ഒന്ന്. സ്ത്രീ-പിഷ്ടാരസ്യാർ.

''പിഷ്ടാരോടിമാരുടെ ഉത്ഭവത്തെക്കുറിച്ചു ശോവിഷ്ണൻ നമ്പ്യാരവർകൾ ഇപ്രകാരം എഴുതിയിരിക്കുന്നു. സന്ന്യാസത്തിനൊരുങ്ങി ക്ഷൌരം കഴിഞ്ഞു വെള്ളത്തിൽ മുങ്ങിപറിക്കേണ്ട രോമങ്ങൾ പിടിച്ചുമുങ്ങിയ ഒരു നമ്പൂതിരി ഐഹിക താൽപര്യം ഹേതുവായി ഉടൻ കയറിയിട്ടു അക്കരെ പോയി ഓടിക്കളഞ്ഞു. 'ക്ഷൌരം കഴിഞ്ഞാൽ സന്ന്യാസകൃത്യം കഴിയുന്നതുവരെ ഇവരെ പിഷ്ടാരകൾ എന്നു പറയുന്നു'. പിഷ്ടാരകൾ ഓടിയതുകൊണ്ടു പതിതപ്രാ വന്നു. 'പിഷ്ടാരോടി'മാരുടെ ഹേതുഭൂതനായിത്തീർന്നു". (വിദ്യാവിനോദിനി 1068 മിഥുനം)

പിഷ്ട-വി. പേഷണം ചെയ്യപ്പെട്ട, അരയ്ക്കപ്പെട്ട, പൊടിക്കപ്പെട്ട.

പിഷ്ടകം-പ്ര. അപ്പം. പിഷ്ടത്തിന്റെ (അരിമാവിന്റെ) വികാരം എന്നർത്ഥം. പ. എള്ളുണ്ട. നാ. ഒരുമാതിരി കണ്ണിളീനം, ഇളക്കം.

പിഷ്ടപചനം-അരിയും മറ്റും അരച്ചു അതുകൊണ്ടുള്ള പലഹാരം ഉണ്ടാക്കുന്ന പാത്രം. പിഷ്ടത്തെ പചിക്കുന്നതു എന്നർത്ഥം.

പിഷ്ടപം-ലോകം. (വിഷ്ടപം എന്നതിന്റെ പാഠം).

പിഷ്ടപേഷണം-പ്ര. പൊടിച്ചതിനെ വീണ്ടും പൊടിക്കുക, അരച്ചതിനെ വീണ്ടും അരയ്ക്കുക. പ. ഒരുവനെ പ്രവർത്തിക്കുക, ഉപയോഗമില്ലാതെ വല്ലതും ചെയ്യുക.

പിഷ്ടം-പ്ര. അരിമാവു. പ. അരച്ചുണ്ടാക്കിയ ഉഴുന്നുമുതലായതു. നാ. കാരിയും. ര. പുഷ്ടം.

പിഷ്ടാതം-വസ്ത്രത്തിൽ മണംപിടിപ്പിക്കുന്ന പൊടി. പുഷ്പസാരങ്ങളെ പ്രാപിച്ചുകൊണ്ടിരിക്കുന്നതു എന്നർത്ഥം.

പിഷ്ടാപം-സുഗന്ധപ്പൊടി.

പിഷ്ടികം-മരപ്പൊടി.

പിസ്സാരി-പീച്ചാങ്കഴൽ, വസ്തിക്കഴൽ.

പിഹിത-വി. മറയ്ക്കപ്പെട്ട.

പിളക്കുന്ന-കീറുന്ന, ചീയ്ക്കുന്ന, പൊട്ടുന്ന

പിളപ്പ്-കീറൽ, ചീയൽ, വള്ളൽ.

പിളർപ്പ്-പൊട്ടൽ, കീറൽ.

പിളരുന്ന-കീറുന്ന, തന്നേകീറുന്ന.

പിളർക്കുന്ന-പ്ര. മലർത്തുന്ന, പിളക്കുന്ന, തുറക്കുന്ന.

'കോമളച്ചുണ്ടു പിളർക്കി നിന്നീടുന്ന
രാമനരപ്പുതൽ...'

(കൃഷ്ണഗാഥ)

പ. പിതുക്കുന്ന.

പിളർത്തുന്ന-തുറക്കുന്ന, പിളക്കുന്ന, മലർത്തുന്ന.

'....രകാണ്ടൽവർണ്ണൻ നിജ കോമളച്ചുണ്ടുകളും പിളർത്തിക്കരഞ്ഞു....'

(ശ്രീകൃഷ്ണചരിതം)

പിള്ള-പ്ര. ചെറിയ രൂപതൽ. പ. കണക്കെഴുത്തുകാരൻ. നാ. ശൂദ്രരിൽ ചിലർക്കുള്ള സ്ഥാനപ്പേർ. ര. മൃഗങ്ങളുടേയും മറ്റും കുട്ടി. ഉ. അമ്മിക്കുട്ടി.

പിള്ളക്കട്ടിൽ-രൂപതങ്ങളെ കിടത്തുന്ന കട്ടിൽ, തൊട്ടി(ൽ)ക്കട്ടിൽ.

പിള്ളക്കര-വസ്ത്രത്തിന്റെ കൊച്ചുകര.

പിള്ളക്കാൽ-കളിയുടെ ചുവട്ടിൽ വെക്കുന്ന ഒരു മരയാണി.

പിള്ളക്കീണർ-കീണറിനകത്തുള്ള പാ ളക്കഴി.

പിള്ളക്കോൽ-മനയ്ത്തുകാരുടെ പാല ത്തിൽ നീരും തുണിക്കിടക്കുന്ന ചെറി യ കോലുകളം.

പിള്ളത്തുണി-പിള്ളമുണ്ട്.

പിള്ളത്തൊട്ടി-കൊച്ചുകുഞ്ഞുങ്ങളെ കിടത്തുന്ന കട്ടിൽ.

പിള്ളപ്പെട്ടി-പെട്ടിയുടെ അകത്തുള്ള കൊച്ചു മറി.

പിള്ളമുണ്ട്-കൊച്ചുകുഞ്ഞുങ്ങളുടെ മുണ്ട്.

പിള്ളമുറി-പിള്ളപ്പെട്ടി.

പിള്ളയരഞ്ഞാൺ-കൊച്ചുകുഞ്ഞുങ്ങളുടെ അരയിൽ കെട്ടുന്ന ആഭരണം.

പിള്ളയാൾ-ശണഭടൻ.

പിള്ളയുണ്ട്-കൊച്ചുകുഞ്ഞുങ്ങൾക്ക് ആഹ്യം ചോറുകൊടുക്കുക, ചോറൂണ്

പിള്ളവള-കൊച്ചുകുഞ്ഞുങ്ങളുടെ കൈയിൽ ഇടുന്ന വള.

പിള്ളവാതിൽ-കിളിവാതിൽ, ചില കതകിന്റെ അകത്തു ചേർത്തു പണിയുന്ന ഒരുമാതിരി കൊച്ചു കതക്.

പിഴ-(ധാതു) തെറ്റിപ്പോവുക.

പിഴ-പ്ര തെറ്റ് ര. കുറ്റം, അപരാധം. നാ. പ്രായശ്ചിത്തം. ഭ. വ്യഭിചാരം.

പിഴപ്പ്-നിത്യച്ചെലവു കഴിഞ്ഞതിനുള്ള വേലയും മറ്റും കഴിച്ചിൽ, ഉപജീവനം.

പിഴപ്പുകാരൻ-പ്ര. തെറ്റുകാരൻ, പിഴയുണ്ടാക്കിത്തീർക്കുന്നവൻ ര. കുറ്റക്കാരൻ നാ. പതിവ്രതയല്ലാത്ത സ്ത്രീയെ വരിക്കുന്നവൻ.

പിഴയ്ക്കുന്നു-പ്ര. തെറ്റിപ്പോകുന്നു, എഴുത്തിലും മറ്റും തെറ്റുന്നു. ര. ഉപജീവനം കഴിക്കുന്നു. നാ. കുറ്റക്കാരനാകുന്നു. ഭ. വ്യഭിചാരം ചെയ്തു ജാതിയിൽനിന്നു തള്ളപ്പെടുന്നു.

പിഴയാളി-കുറ്റക്കാരൻ.

പിഴവഴി-തെറ്റുവഴി.

പിഴി-(ധാതു.) ഞെക്കുക

പിഴിച്ചൽ-മുക്കിയ വസ്ത്രവും മരുന്നുകളും മറ്റും പിരിച്ചും ഞെക്കിയും ജലം പുറപ്പെടുവിക്കുക.

പിഴിയുന്നു-പ്ര. മുക്കിയ വസ്ത്രവും മറ്റും വല്ലവിധത്തിലും ഞെക്കി വെള്ളം വേർതിരിക്കുന്നു. ര. ഞെരുക്കുന്നു, ഞെക്കുന്നു. നാ. ചീറ്റുന്നു. ഉം, മൂക്കുചീറ്റുന്നു. ഭ. കഷ്ടപ്പെടുത്തുന്നു.

പിഴുകൽ-പ്ര. തെറ്റൽ. ര. മുടക്കം. നാ. മടക്കം.

പിഴുകുന്നു-കൈവിട്ടുപോകുന്നു.

പിഴുക്ക്-പ്ര. ഏലിക്കായ്ക്കും. ര. ഉടഞ്ഞീത്തി നാ. അഴുക്ക്.

പിഴുക്കു-നിസ്സാരമായതുവും

പിഴുക്കുതാളി.

പിഴുക്കൽ-പിഴുകിക്കുക

പിഴുപിഴാരം, പീഴ്ക്കാരം-അരിവേകുമ്പോഴുള്ള പൊങ്ങൽ

പിഴുങ്ങുന്നു പ്ര. സ്ഥാനത്തുനിന്നും തെറ്റുന്നു ര. മുടങ്ങുന്നു നാ. മടങ്ങുന്നു. ഭ. വഞ്ചിക്കുന്നു ഉ തുലയുന്നു. ങ്ങ. നിസ്സാരമാക്കുന്നു (സ.ക്രി പിഴുക്കുന്നു, പിഴുക്കുന്നു.)

പിഴുന്നു-വേരോടെ പറിക്കുന്നു.

പിറ-ബാലചന്ദ്രൻ.

പിറക്കുന്നു-ജനിക്കുന്നു, പുറപ്പെടുന്നു.

പിറക്കുന്നു-ഉണ്ടാകുന്നു.

പിറന്നതലാൾ-പിറയെ (ബാലചന്ദ്രനെ) പ്പോലെ (നന്നായി) നെറ്റിയോടുകൂടിയവൾ, സുന്ദരി.

പിറന്നാൾ-പിറന്നദിവസം.

പിറപ്പ്-ജനനം.

പിറവി-ജനനം, സംസാരം.

പിറുക്ക്-ക്രി. കൊയ്യുക. ഉ. തമിഴ്. നാ. കീഴ്ശ്വാസം ശബ്ദത്തോടേപുറപ്പെടുക

പിറുക്കൻ - പുരുഷൻ. (സ്ത്രീ) പിറുക്കാച്ചി.

പിറുപിറുക്കുന്നു-പതുക്കെ പറയുന്നു.

പിറുപിറുപ്പ്-പതുക്കെ പറക.

പിറ്റെ-അ. പിന്നത്തെ.

പിറ്റേന്നാൾ-പിന്നത്തെ ദിവസം.

പിറ്റേദിവസം-പിന്നത്തെ ദിവസം. അടുത്ത ദിവസം.

പീ

പീ-ക്രി. മലം. ഉ. ചാണകം.

പീച്ച-വി. ചെറിയ, കറിയ.

പീച്ചകം-പിച്ചിവള്ളി.

പീച്ചക്കാലി, പീച്ചുലി-ഒരുമാതിരി അരഞ്ഞാണം.

ഇതിന്റെ കായുകൾ ചെറുതായിരിക്കും.

പീച്ചൻ-വി. മൂക്കാത്ത, പിഞ്ച്.

പീച്ചങ്കൈ-ഇടത്തുകൈ.

പീച്ചൽ-പീച്ചുക, കഴലിൽ വെള്ളവും മറവും കോറി അച്ചുകൾക്കൊണ്ടു തൊക്കി പുറപ്പെടുവിക്കുക.

പീച്ചാങ്കത്തി-ചെറിയ കത്തി.

പീച്ചാങ്കുഴൽ-വസ്തിപിടിക്കുന്ന കുഴൽ, പീച്ചുന്നതിനുള്ള കുഴൽ.

പീച്ചി-പീച്ചിങ്ങാവള്ളി, ഒരു കറിസാധനവള്ളി.

പീച്ചിക്കാ-ക്ര. പീച്ചിവള്ളിയുടെ കായ, പീച്ചിങ്ങ. ഉ. മൂക്കാത്തകായ(യ്).

പീച്ചിൽ-പീര, പീച്ചിവള്ളി.

ഇതിന്റെ പൂവ് വെള്ളത്തിരിക്കും. മഞ്ഞപ്പൂവായിട്ടും ഒരുതരമുണ്ട്.

പീച്ചുന്നു - വസ്തിപിടിക്കുന്നു, കഴലിൽ വെള്ളവും മറവും കോറി അച്ചുകൾക്കൊണ്ടു തൊക്കിപ്പുറപ്പെടുവിക്കുന്നു.

പീഞ്ഞാണം, പീഞ്ഞാണി-പിഞ്ഞാണം, ഒരു പാത്രം, ഒരു കപ്പിപ്പാത്രം.

പീഞ്ഞാവള്ളി-ഒരുമാതിരി വള്ളി.

പീട്ട്-ക്ര. പിശിട്ട്. ഉ. പിണ്ണാക്ക്.

പീടിക-കച്ചവടപ്പുര.

പീടികച്ചരക്ക്-പീടികയിൽ കച്ചവടത്തിനുള്ള വസ്തുക്കൾ.

പീടികാവാണിയം-പീടികയിലെ കച്ചവടം.

പീടിക്കല്ല്-പീഠം.

പീഠഗ-വി. മുടന്തുള്ള.

പീഠചക്രം-വണ്ടി.

പീഠം-ഇരിപ്പാനുള്ള ഏതെങ്കിലും സാധനം, സിംഹാസനവും മറവും (ഇരിപ്പാനുള്ള കസാല, പായ്, തോൽ മുതലായവയുടെ പേർ) നാലുകാലുള്ള ഒരു ഇരിപ്പുസാധനം, ദേവന്മാരെ പ്രതിഷ്ഠിച്ച പീഠം. ഇതിൽ ഉറച്ചിരുന്നു അഭ്യുദയാദികൃശങ്ങളെ ചെയ്യുന്നതിനാൽ ഈ പേർ വന്നു. മറെറാരു പ്രയോഗം-ആസനം.

പീഠമട്ടൻ-പ്രാസംഗികേതിവൃത്തം ബ്രഹ്മരാക്ഷസവൃത്തിയാകുമ്പോൾ ഉണ്ടാകുന്ന ചതുരാകാരനായകൻ. കായ്വിശേഷത്തിൽ

അധികൃതനായിരിക്കുന്നതിനാൽ പീഠത്തെ മറിക്കുന്നവൻ പീഠമർദ്ദൻ എന്നിങ്ങിനെ അർത്ഥയോജന.

പീഠാഗ്രതഃ-അ. പീഠത്തിൽ നിന്നും.

പീഠിക-ഫ. കഥകളുടേയും മറ്റും ആദിയിൽ പഠഞ്ഞുതുടങ്ങുന്ന കാര്യം, മുഖവുര. ര. ഇരിപ്പിടം.

പീഡ-ഫ. ദുഃഖം. ഇന്ദ്രിയങ്ങളെ ദുഷ്ടങ്ങളാക്കിത്തീർക്കുന്നതു. ദുഃഖിപ്പിക്കുന്നതു എന്നർത്ഥം. ര. ഉപദ്രവം. ന. ചന്ദനം.

പീഡകൻ-ബുദ്ധിമുട്ടിക്കുന്നവൻ.

പീഡനം-ഫ. ഉപദ്രവം. ര. നൊമ്പരം, ന. നാശം. ര. ദേഹത്തിനുമാദികൾക്ക് ഉപദ്രവം ഏല്പിക്കുക. സ്വന്തമായുള്ള നിലയിൽ നിന്നു മുക്തിത്തീർക്കുക എന്നർത്ഥം. ഇ. ശിരോലങ്കാരം. ന ഗ്രഹണം ഒ. കൊട്ട, ക്കുട.

പീഡാകര-വി. ഉപദ്രവത്തെ ഉണ്ടാക്കുന്ന

പീഡിക്കുന്ന-ഫ. ദുഃഖിക്കുന്ന. (സ. ക്രി. പീഡിപ്പിക്കുന്ന). ര. ഉപദ്രവിക്കുന്ന.

പീഡിത-വി. ദുഃഖിക്കപ്പെട്ട, ദുഃഖിപ്പിക്കപ്പെട്ട.

പീഡ്യമാന-വി. ദുഃഖിപ്പിക്കപ്പെട്ട.

പീത-വി. ഫ. കഴിക്കപ്പെട്ട. ര. മഞ്ഞനിറമായ.

പീതകടള്ളി-സ്വർണ്ണവാഴ.

പീതകം-ഫ. അശോകവൃക്ഷം. ര. പിച്ചള. ന. തേൻ. ര. ചന്ദനം ഇ. മഞ്ഞമുള്ളങ്കി. ന. മാങ്കിരക്കല്ല. (പൊൻനിറമുള്ളതു.) ഒ. വേങ്ങ. വ. വലിയ പലകപ്പയ്യാനി. ൻ. മഞ്ഞക്കറുഞ്ഞി ഫ൦. പട്ടകരണ. ഫ.ര. മഞ്ഞക്കടംപു. ഫര. കാഞ്ഞാരഗത ഫന. സ്വർണ്ണം.

പീത(ക)ം-ഫ. അരിതാരം. ര. കുങ്കുമം. ന. പീതചന്ദനം. ര. പുത്തുകം.

പീതകാവേര-ഫ. കുങ്കുമം. ര. പിച്ചള.

പീതചന്ദനം-ഒരുതരം ചന്ദനം.

പീതചന്ദനം, കഫം, പിത്തം രക്തദോഷം, ചൊറി മുതലായവയ്ക്കു നന്നു. ഇതു 'രോഹിസവം' എന്ന ദേശത്തിൽ ഉണ്ടാകുന്ന കറുത്തചന്ദനമെന്നും ഉഷ്ണവേണമെന്നു ചിലരുടെ അഭിപ്രായം. ത-പരൈച്ചെനിറമുന ചന്ദനം, കരപ്പച്ചന്ദനം.

പീതതുണ്ഡം-കാരണ്ഡവം എന്ന പക്ഷി.

പീതദാരു-ഫ. തേവതാരം. ര. ചന്ദനം. ന. മരമഞ്ഞൾ, ര. മഞ്ഞക്കടംപു.

പീതദ്രു-ഫ. മരമഞ്ഞൾ ര. ചന്ദനം എന്നവൃക്ഷം.

പീതനം-ഫ. അമ്പഴം. സ്വരസംകൊണ്ടു വസ്ത്രം മുതലായവയെ മഞ്ഞനിറമാക്കിച്ചെയ്യുന്നതു് എന്നർത്ഥം. ര. കുങ്കുമം. പീതവർണ്ണത്തെ ചെയ്യുന്നതു എന്നർത്ഥം. ന. അരിതാരം. ര. മരമഞ്ഞൾ ഇ. കല്ലുപ്പു. ന ഇന്തുപ്പു.

പീതനി-മൂവില.

പീതപാടം-ടിട്ടിഭപ്പക്ഷി (കളക്കോഴി).

പീതപാഠാ ഒരെന എന്നപക്ഷി.

പീതബീജാ-ഉലുവം.

പീതം-ഫ മഞ്ഞനിറം. ര കുങ്കുമം. ന. പുഷ്പരാഗം ര. കടുക്കുക. ഇ. താമരയല്ലി. ന അഴിഞ്ഞിൽ.

പീതമണി-പുഷ്പരാഗം.

പീതർമണി-ഒരുങ്ങാടിമരത്തിന്റെ.

കീഴ്ങ്ങു കണ്ണിട്ടീനത്തിന നന്നു.

പീതരാഗം-ഫ. ചെമ്പുക്. ര. താമരയല്ലി.

പീതരോഹിണി-ഒരുങ്ങാടിമരത്തിന്റെ.

പീതവർണ്ണ-വി. മഞ്ഞനിറമുള്ള.

പീതവസ്ത്രം-ഏ. മഞ്ഞനിറം. ഉ. പീത ചന്ദനം. നു. മഞ്ഞക്കടംപു.

പീതവസ്ത്രം-മഞ്ഞനിറമായ വസ്ത്രം.

പീതവാസസ്സ്-കൃഷ്ണൻ.

പീതസാരം-ഏ. പുഷ്പരാഗം. ഉ. ഹരിചന്ദനം. നു. അഴിഞ്ഞിൽ. ൿ. ശോമേളകം.

പീതസാല(ര)കം-ഏ. വേങ്ങവൃക്ഷം. പീതവർണ്ണമായ സാരം (കാതൽ) ഉള്ളതു് എന്നർത്ഥം. ഉ. ഒരു രത്നം. നു. മഞ്ഞച്ചന്ദനം.

പീതസ്കന്ധം-പന്നി.

പീതസ്ഥാനങ്ങൾ-ശിവൻ സതിയുടെ ശരീരം കക്ഷണങ്ങളാക്കി അങ്ങുമിങ്ങും കൊണ്ടുനടന്നപ്പോൾ കക്ഷണങ്ങൾ വീണസ്ഥലങ്ങൾ. (അമ്പത്തൊന്നുണ്ടു്.)

പീതസ്തടികം-പുഷ്പരാഗം.

പീതാ-ഏ. മഞ്ഞനിറം. മനസ്സിനെ അല്ലെങ്കിൽ മറ്റു നിറങ്ങളെ പാനം ചെയ്യുന്നതു് എന്നർത്ഥം. മനോഹരമായുള്ളതു് എന്ന താൽപര്യം. ഉ. മഞ്ഞൾ. നു. വലിയ വാഴ്പഴം. ൿ. സപ്തപർണ്ണവാഴ. ങ. മഞ്ഞപ്പൂവുള്ള പിച്ചകം. ങു. മരമഞ്ഞൾ. ച. ഗോരോചന. വു. ചെങ്കരുമുഴി.

പീതാബ്ജി-അഗസ്ത്യൻ.

പീതാംബര-വി. മഞ്ഞവസ്ത്രം ധരിച്ച.

പീതാംബരൻ-ഏ. വിഷ്ണു. മഞ്ഞപ്പട്ടുടുത്തവൻ എന്നർത്ഥം. ഉ. കൃഷ്ണൻ.

പീതാംബരം-ഏ. മഞ്ഞപ്പട്ടു്. ഉ. സന്ധ്യനിമിത്തം പീതമായ ആകാശം.

പീതി-ഏ. കുടിര. പാനം ചെയ്യുന്നതു് എന്നർത്ഥം. (പീതി എന്ന പാഠവും കാണുന്നു.) ഉ. പാനം. നു. പാനസ്ഥലം. ൿ. ആനയുടെ തുമ്പിക്കൈ.

പീതിക-ഏ. മഞ്ഞൾ. ഉ. ചെങ്കരുമുഴി.

പീതിനി മൂവില.

പീതു-ഏ. സൂര്യൻ. ഉ. അഗ്നി. നു. കുട്ടത്തിലേ പ്രധാന ആന.

പീതത-വി. ഏ. പീത. ഉ. കീറിയ.

പീത്തു്-ആത്മപ്രശംസ, (പ-മ)

പീനസ്കന്ധം-പോത്തു്.

പീന-വി. തടിച്ച, മുഴുപ്പുള്ള.

പീനം-തടിച്ചതു. വലിച്ചതു് എന്നർത്ഥം.

പീനസം-മൂക്കുവാലുന്ന ഒരു ദീനം. തടിച്ചവനെ കൃശി കൊല്ലുന്നതു് എന്നർത്ഥം. മറ്റൊരു പര്യായം-പ്രതിശ്യായം.

പീനാഹ്വാ-കിണറിന്റെ വാല്ലുല്ലു്. (വീനാഹം എന്നതിന്റെ പാഠം).

പീനാറിമരം, പീനാറമരം-ഒരു വൃക്ഷം. പര്യായങ്ങൾ-അരിമേദം, വിഷഖദിരം.

പൂതിയുണക്കി, പൂതവൃക്ഷം, ചെറുകരിങ്ങാലി, പൂതിമണക്കി ഇവ പേരുകളുമുണ്ടു്. സുമേനസ്സും കരിങ്ങാലിക്കുള്ള ഗുണങ്ങൾ തന്നെ. മുള്ളുള്ള മരമാകുന്നു. ദുർഗ്ഗന്ധവുണ്ടു്. സം-വിഷഖദിരം. ത-വേലിവേലം ചെടി, പൂതരം.

പീനോന്നി-അകിട്ടുകനത്തവൾ. പീനമായ (തടിച്ച) ഉധസ്സോടു (അകിടോടു) കൂടിയവൾ എന്നർത്ഥം.

പീപി-ഊതുന്നതിനുള്ള ഒരു കുഴൽ. Whistle.

പീപ്പ, പീപ്പക്കാറി-മരംകൊണ്ടുണ്ടാക്കിയ ഒരു വലിയ പാത്രം.

പീപ്പരി-ഇത്തിയാൽ.

പീപ്പന്നി-നാട്ടുപന്നി.

പീയൂ-ഏ. കുക്ഷ. ഉ. ഉഭമൻ. നു. സമയം ൿ. സപ്തർണ്ണം. ങ. സൂര്യൻ. ച. അഗ്നി.

പീയൂഷം-പ. അമൃത്, അമൃതം. ദേവകളുടെ ഒരു ഭക്ഷണവസ്തു. പാനം ചെയ്യപ്പെട്ടത് എന്നർത്ഥം. ഉ. പുതിയ പാൽ, കറക്കാൻ തുടങ്ങിയതു മുതൽ ഏഴു ദിവസംവരെയുള്ള പാൽ. ന. പാൽ.

പീയൂഷമഹസ്സ്; പീയൂഷരുചി-പ. ചന്ദ്രൻ. ഉ. കർപ്പൂരം.

പീയൂഷവർഷം-പ. അമൃതം പൊഴിക്കുക. ഉ. ചന്ദ്രൻ. ന. കർപ്പൂരം.

പീര-പ. തേങ്ങ പിഴിഞ്ഞ പിശിട്ട്. ഉ. വല്ലതും പിഴിഞ്ഞെടുത്ത ചണ്ടി. ന. പീച്ചിൽ.

പീരകം-ഒരു വള്ളി.

പീരക്കാ-പീരകത്തിന്റെ കായ്.

പീരങ്കി-വലിയ തോക്ക്.

പീരപ്പെട്ടി-ഒരു വള്ളി.

പീരപ്പിണ്ണാക്ക്-തേങ്ങാപ്പിണ്ണാക്ക്.

പീലകം-വലിയ കവുത്ത ഉറുമ്പ്.

പീലി-പ. മയിൽ പീലി. ഉ. സ്ത്രീകൾ കാലിൽ ഇടുന്ന മോതിരം. ന. കണ്ണിന്റെ രോമം ർ. വസ്ത്രം.

പീലിക്കണ്ണ്-മയിൽ പീലിയുടെ കണ്ണ്. പക്ഷ്യേയങ്ങൾ-പിഞ്ഞരം (പിള്ളം), ബഹ്വം.

പീലിക്കൂട-മയിൽപീലികൊണ്ടുണ്ടാക്കിയ കട.

പീലിക്കുന്തം - ഒരുമാതിരി വലിയ ആയുധം.

പീലിക്കുന്നു-മയിൽപീലിയുടെ ചുവട്ട്.

പീലിയാൻ-മയിൽ.

പീലിവാഹ-ഒരു വൃക്ഷം. (ചാത്രത്തടിക്കുന്നത്).

പീലു-പ. ഉകവൃക്ഷം. പാനം ചെയ്യപ്പെട്ടന്നു് എന്നർത്ഥം. ഉ. അരി. ന. പൂവ്. ർ. അരി. ൽ. അണ്ണ. ന്യ. ഒരുവകകുമി.

പീലുകം-ഉറുമ്പ്.

പീലുജം-ഉകമരത്തിന്റെ കായ്.

പീലുനീ-ഒരുതരം തുമ്പ.

പീലുപർണ്ണി-പ പെരുങ്കുരുമ്പ. ഉ. കോവൽ.

പീലുമൂലാ-പ. ശതാവരി. ഉ. അമുക്കിരം. ന. മുയിൽ.

പീവട്ടി-ഒരുമാതിരി പൂവ്.

പീവര-വി. തടിച്ച.

പീവരം-പ. തടിച്ചതു. ഉ. വെങ്ങ. ന. ആമ.

പീവരസ്ഥനി-പ. തടിച്ച മുലകളുള്ളവൾ. ഉ. അകിട്ടുകനത്ത പശു.

പീവരാ-അമുക്കിരം.

പീവരി-പ. മുയിൽ. ഉ. ശതാവരി. ന. തടിച്ചതു.

പീവാ-പ. വെള്ളം. ഉ. തടിച്ചതു്.

പീള-കണ്ണിലെ മലം (സം-ക്ഷിക).

പീളക്കഴി-കൺകഴി.

പീറ-ചീത്ത.

പീറ-പിള്ളപ്പു്, കീറ്റതു (പ-മ)

പു

പുക-(ധാതു). ധൂമം പുറപ്പെടുന്നതാകുക.

പുക-ധൂമം, തീകത്തുന്നതിനു മുമ്പിൽ പുറപ്പെടുന്ന ആവി.

പുകക്കാട്ട്-കഠിനമായ പുക.

പുകക്കുട്ട് - പുകപോകുന്നതിനായിട്ടുണ്ടാക്കുന്ന വഴി.

പുകച്ചുപ്പു-പുകയില.

പുകച്ചിൽ-പ. പുകയുക, നീറൽ. ഉ തെളിവില്ലായ്ക. ന. നിറപ്പിഴ. ർ ആവി. ൽ ഉഷ്ണം.

പുകച്ചുറവ്-പുകയിൽ അകപ്പെട്ട ഭിക്ക റിയാതെ വീർപ്പുമുട്ടുകയും മറവും.

പുകനിറം-പുകയുടെ നിറം.

പുകയറ-ഇല്ലറക്കരി.

പുകയില-ലഹരിയുള്ള ഒരുവക ഇല.

പുകയില-കഫം, വാതം, ശ്വാസം, മന്തരോഗം, കൃമി, കാസം, നേത്രരോഗം, തേരം മുതലായവയുടെ വിഷം, മൂട്ട, പേൻ മുതലായവ കടിച്ചുണ്ടാകുന്ന രോഗം, വീക്കം, ശിരോരോഗം ഇവക്ക നന്ന്. രുചികരമാണ്. പിത്തത്തെ കോപിപ്പിക്കും. മലത്തെ ഇളക്കും ഛർദ്ദിയെയും തുമ്മലിനെയും ഉണ്ടാക്കും. ഇതിന്റെ പുക പല്ലിനറപ്പും വെടിപ്പും വരുത്തും. ഇതു സേവിച്ചുണ്ടാകുന്ന വികാരത്തിൽ അകത്തിയില നീർ, തേങ്ങാപ്പാൽ, കരിക്കിൻവെള്ളം ഇവ ഏതെങ്കിലും കുടിക്ക. സം-കലഞ്ഞം. ത-പുകയിലെ. ഇം Tobacco ടൊബാക്കോ.

പുകയിലയുടെ അമിതമായ ഉപയോഗം പലവിധത്തിൽ ആപൽക്കരമാണെങ്കിലും വിശൂചിക ബാധിക്കാതിരിക്കാൻ മാത്രം നല്ലതാണെന്ന പറയപ്പെടുന്നു.

പുകയിലക്കഴൽ-പുകയില സൂക്ഷിക്കുന്നതിനുള്ള കുഴൽ.

പുകയിലച്ചുരുൾ-പുകയില തെറുത്തത്.

പുകയിലപ്പൊടി-പുകയില ഉണക്കിപ്പൊടിച്ച പൊടി.

പുകയുന്ന-ക്രി. പുകയുണ്ടാകുന്ന, ഉ. നീറുന്ന, അധികമായി ഉഷ്ണിക്കുന്ന. (സ. ക്രി. പുകയ്ക്കുന്ന).

പുകർ-ആനയുടെ പരുകരി.

പുകല്ലുന്ന-സംസാരിക്കുന്ന.

'എന്തുഞാൻ നിന്നോടു പുകല്ലുന്നതു'

(രാമചരിതം)

പുകവണ്ടി-ആവിയുടെ ശക്തികൊണ്ട് ഓടുന്ന വണ്ടി.

പുകൾ, പുകഴ്-സ്തുതി, കീർത്തി.

പുകഴുന്ന-സ്തുതിക്കുന്ന.

പുകണ്ണുതുടങ്ങുന്ന-സ്തുതിച്ചുതുടങ്ങുന്ന.

'പുകണ്ണുതുടങ്ങിനാൻ'

(ഭാരതം)

പുകൾ + ന = പുകൺന (ലകാരം ക്ക അനന്തനാസികയോഗത്തിൽ അനന്തനാസികം) പുകൺ + ന = പുകണ്ണ. (തവഗ്ഗത്തിൽ ടവഗ്ഗയോഗത്തിൽ ടവഗ്ഗം)

പുകഴ്ച്ച-സ്തുതി.

പുകഴ്ത്തുന്ന-സ്തുതിക്കുന്ന.

പുകഴിൽ-പ്ര. ശ്ലോകം, ഉ. ആർപ്പ്. ന കലഹം.

പുകിൽ-ഒരു വൃക്ഷം.

പുക്ക-വി. പ്രവേശിച്ചു.

പുക്കഴി (സീ)-അമരി.

പുക്കുവാറ്, (മുറി)-രസീത്.

പുക്കസൻ-ചണ്ഡാലൻ. പുണ്യമില്ലാത്തവൻ എന്നർത്ഥം. (പാഠങ്ങളിൽ-പുക്കസൻ, പുല്ലൂസൻ)

പുക്കാര കോപം, (പ. മ).

പുക്കാറ്-ശണ്ഠ (പ മ).

പുക്കുചീട്ട്-കടം വീട്ടിയവൻ മറവനോടു എഴുതിവാങ്ങിക്കുന്ന ചീട്ട്.

പുക്കുപൊത്തിൽ-പ്ര. വ്യത്യാസം. ഉ. ഏറക്കുറച്ചിലുള്ള തുക. ന. ഇടപാട്.

പുക്കുമുറി-കടം വീട്ടിയവൻ മറവനോടു എഴുതിവാങ്ങിക്കുന്ന ചീട്ട്.

പുങ്കൻ-ഭോഷൻ.

പുംഖം-അമ്പിന്റെ കട, തുവൽ.

'ഇതികൃതവചനം സുവർണ്ണ-
പുംഖദൃതിഖചിതം'

(കിർമ്മീരവധം കഥകളി)

'സപ്തപുംഖങ്ങളും ചില ലക്ഷണങ്ങളും'
(സന്ദേശഗോപാലം പീഠിക)

പുംഗം-ക്ലീബം.

പുംഗവൻ-പ്രാ. ശ്രേഷ്ഠൻ. ഉ. കാള.

ഈ ശബ്ദം ഉത്തരപദത്തിൽ സ്ഥിതി ചെയ്യുമ്പോൾ ശ്രേഷ്ഠാർത്ഥം വരും. കുഞ്ജരൻ എന്ന പദം നോക്കുക.

പുംഗവം-പ്രാ. ഇടവകം. ഉ. കാള.

പുങ്കു-ഒരു വൃക്ഷം.

പുങ്കേതം-പുംസവനം.

പുച്ഛഭാഗം-വാൽഭാഗം.

പുച്ഛം-പ്രാ. നിന്ദ. ഉ. വാൽ. പ്രകൃഷ്ടേന ഗമിക്കുന്നതു എന്നർത്ഥം. മറവു പറ്റുന്നയിടം-ലൂമം, ലാംഗൂലം. സം. നിസ്സാരം. ര. വല്ലത്തിന്റെയും അഗ്രം. ഇ. മയിലിന്റെ വാല്.

പുച്ഛിക്കുന്നു-നിന്ദിക്കുന്നു.

പുച്ഛീ-പ്രാ. ഏരിക്ക്. ഉ. കോഴി.

പുഞ്ച-മേടമാസത്തിൽ ചെയ്യുന്ന നെല്ല്.
(പുൻ + ചെയ്ത് = ചെറിയ കൃഷി)

പുഞ്ചക്കൃഷി-മേടമാസത്തിലേ കൃഷി.

പുഞ്ചനിലം, പുഞ്ചപ്പാടം-പുഞ്ചനെല്ല് വിതയ്ക്കുന്ന നിലം. ജലം കെട്ടിനിൽക്കുന്ന നിലത്തിൽ ധാന്യം കൃഷി ചെയ്യുന്ന സ്ഥലം.

പുഞ്ചിയടക്ക-ആദ്യത്തെ അടക്ക.

പുഞ്ചിരി-ചെറുചിരി, മന്ദഹാസം, ഒച്ച കേൾക്കാത്ത നല്ല ചിരി (പുൻ + ചിരി = പുഞ്ചിരി. പുൻ = ചെറിയ, കുറഞ്ഞ). സം-സ്മിതം.

പുഞ്ജം-പ്രാ. കൂട്ടം. ഉ. ക്രമ്പാരം. സ. ധാന്യങ്കിസമൂഹത്തിന്റെ പേർ. (പിഞ്ജം എന്ന പാഠം കാണുന്നു).

പുഞ്ജീകരണം-ക്രമ്പാരം കൂട്ടുക.

പുഞ്ജീകരിക്കുന്നു-ക്രമ്പാരം കൂട്ടുന്നു.

പുഞ്ജീകൃത-വി. കൂട്ടപ്പെട്ട.

പുട-ദിക്ക്. ഉ-ം 'പുടപുഴങ്ങുമരു' (ദിക്കുകളും പ്രതിധ്വനിക്കുമാറ്).

പുടകന്ദം-വലിയ കാട്ടുള്ളിപോലെയുള്ള ഒരു തരം കന്ദം.

കൃമി, ഛർദ്ദി, വിഷം, ഉദാവർത്തം ഇവയ്ക്കു നന്ന.

പുട(ക)ം-ജാതിക്ക

പുടകം-പ്രാ. താമര. ഉ. കത്തില. ഇല കൊണ്ടുള്ള പാത്രം. സ. ജാതിക്ക.

പുടകിനീ-താമരപ്പൊയ്ക.

പുടപാകം-ലോഹാദികളെ പുടത്തിൽ വെച്ചു പാകംചെയ്യുക.

പുടപുഴക്കം-മറവിലി, പ്രതിധ്വനി.

പുടഭേദനം-പ്രാ. ഭേദനം. ഉ. നഗരം. സ. മൂലസ്ഥാനം, തലസ്ഥാനം. മനസമ്മർദ്ദം ഹേതുവായിട്ടു ഘടദീപത്രം ഉടഞ്ഞുപോകുന്നിടം എന്നർത്ഥം.

പുടഭേദം-ചക്രവാകാദേരണ ജലം കീഴ്പെട്ടു താണുപോവുക.

പുടമുറി-വിവാഹം, സംബന്ധം.

പുടാ-പ്രാ. ലോഹാദികളെ സ്നേഹകെന്നതിനും മറവുള്ള ഒരു പ്രവൃത്തി, കൂടുകൂടുവും മറവും. ഉ. മൂടി. ഉ-ം പക്ഷപുടം. സ. ഒരുമാതിരി മൂടി, കത്തില. ര. കിണ്ണം. ഉ-ം പുഷ്പപുടം. ഇ. കഴിമുത്തങ്ങ.

പുടവ-സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം.

പുടവക്കഞ്ഞി-വസ്ത്രം മുക്കിപ്പിഴിയുന്നതിനുള്ള കഞ്ഞി.

പുടാ-പേരേലം.

പുടിക-പ്രാ. ഏലത്തരി എന്ന അങ്ങാടി മരുന്ന്, പേരേലം. ഉ. കക്കോ.

പുടിത-വി. പ്രാ. പുടം ചെയ്യപ്പെട്ട. ഉ. കൂട്ടപ്പെട്ട. സ. ക്രമ്പിയ. ര. മൂടിയ. ഇ. അരക്കപ്പെട്ട.

പുടിതം-രണ്ടു കൈയും മലർത്തി കഴിച്ചു കൂട്ടുക.

പുടീ-പ്ര. ആസ്ഥാനം. ര. കടല. ന. രഹസ്യസ്ഥലം മറയ്ക്കുന്ന ചെറിയ തുണി കൊണ്ടുള്ള കർട്ടൻ.

പുടോടികം-തെങ്ങ്.

പുട്ട-കപികച്ചു.

പുട്ടൽപീരം-ഒരു വള്ളി.

പുട്ടിൽ-പ്ര ധാന്യങ്ങളുടെ പുറമേയുള്ള തൊലിയും തോടും. ര. മഴയത്തു പൂട്ടുന്നതിനു മുമ്പ് കൊണ്ടു നെയ്യുണക്കുന്ന ഒരു വസ്തു.

പുണരി-കടൽ.

പുണരുന്ന - കെട്ടിപ്പിടിക്കുന്ന, ആലിംഗനം ചെയ്യുന്ന.

പുണർ-പുണർതം, ഏഴാമത്തെ നക്ഷത്രം.

പുണരുക-ആലിംഗനം, കെട്ടിപ്പിടിക്കുക.

പുണർതം-ഏഴാമത്തെ നക്ഷത്രം.

പുണൽ-പ്ര. നദി. ര. ജലം.

'നൽപ്പുണൽക്കരതിട്ടമേൽ'

(കേരളവർമ്മ രാമായണം)

പുണ്ഡരീ-വീരപുണ്ഡരി, വരാംഗാമര.

പുണ്ഡരീകാ - പ്ര വെൺതാമരപ്പൂവ്. വെള്ളത്തെ അലംകരിക്കുന്നതു എന്നർത്ഥം. ര. അഗ്നികോണിലെ ആന. ന. ഒരുവക കുതിര.

പുണ്ഡരീകക്കുതിര് സാമാന്യം കരിമ്പിന്റെ ഗുണങ്ങളുള്ളതാണ്. കരിയുകളിൽവെച്ചു ശ്രേഷ്ഠമാകുന്നു. ഇതു് വെളുത്തും ചെമന്നും വരയുള്ള കുതിരവർഗ്ഗം. സം- പുണ്ഡ്രകം.

ര. താമര. ഭ, വെൺ കാറക്കുട. ന. പൂച്ചി. ംഗിയുള്ളതു എന്നർത്ഥം. ഭ. പട്ടുതൽപുഴു. വ. കഴുകൻ. ൻ, ഒരു പാമ്പു മുതലായ. ഫം. വണ്ടു. ഫഫ. സിംഹം. ഫഭ കടുവ. ഫന. മക്കിപ്പുവ്. ഫഴ. മാവു. ഫയ. വെള്ളം. ഫണ. വെളുത്ത നിറം. ഫഭ. ഒരുവക സസ്യം. ഫവ. ഒരുവക അരി. ഫൻ. ഒരുവക കുതിര. ര൦. ആനക്കുള്ള ഒരുമാതിരി പനി. ര൧. ഒരുവക മാവു വൃക്ഷം. ര൨. ജല പാത്രം. ര൩. അഗ്നി. ര൪. നെറ്റിയിലെ ഒരു അടയാളം.

പുണ്ഡരീകൻ-പ്ര. കിഴക്കേ ദിക്പാലകന്റെ ആന. വെൺതാമരയോടുത്ത കാന്തിയുള്ളതു എന്നർത്ഥം. ര. സിംഹം. ന. അഗ്നി.

പുണ്ഡരീകാക്ഷം-വീരപുണ്ഡരി, വരാംഗാമര.

പുണ്ഡരീകാക്ഷൻ-വിഷ്ണു. വെൺതാമരപോലെയുള്ള കണ്ണോടുകൂടിയവൻ, മാനസസരോമധ്യത്തെ വ്യാപിച്ചിരിക്കുന്നവൻ, ഹൃദയപുണ്ഡരീകത്തിൽ പ്രത്യക്ഷീഭവിക്കുന്നവൻ ഇങ്ങനെ ശബ്ദാർത്ഥങ്ങൾ.

പുണ്ഡരീകോത്ഭവൻ-ബ്രഹ്മാവു്.

പുണ്ഡരീയകം-വീരപുണ്ഡരി, വരാംഗാമര.

പുണ്ഡ്യം-വീരപുണ്ഡരി, വരാംഗാമര.

പുണ്ഡ്രകം-പ്ര. കുതിരയിനത്തിലുള്ള. ഖണ്ഡിക്കപ്പെട്ടതു എന്നർത്ഥം.

ഇതു കുതിരയിനത്തിലുള്ളതിന്റെ ജാതിയിൽ ചേർന്നതും കസ്തൂരിഗന്ധത്തിനു തുല്യമായ ഗന്ധമുള്ളതും ആണെന്നു മറ്റൊരഭിപ്രായവും കാണുന്നു.

ര. ഒരുവക കുതിര.

പുണ്ഡ്ര(ക)ം-മയിലെള്ള്.

പുണ്ഡ്രകേളി-ആന.

പുണ്ഡ്രം-പ്ര. കുറി. ര. വെൺതാമര. ന. നീലക്കുതിര്. ര. പുണ്ഡരീകക്കുതിര്. ഖണ്ഡിക്കപ്പെട്ടതു് എന്നർത്ഥം.

ഇ. ഇന്ത്യയിൽ. ഈ കൊടുവേലി ഒ. മാധവി.

പുണ്ണ്-വ്രണം.

പുണ്ണൻ-വ്രണമുള്ളവൻ.

പുണ്യകർമ്മം-വി. നല്ലകർമ്മമുള്ള, സല്കർമ്മമുള്ള.

പുണ്യകം-കൃഷ്ണചാന്ദ്രായണ പ്രജാപത്യ നക്തഭോജനാദിയായ വ്രതം.

ഇവകവ്രതങ്ങളിൽ ഉപവാസം പ്രധാനമാണ്.

പുണ്യകാലം-ശുഭമുള്ള സമയം, പുണ്യസമയം.

പുണ്യകൃത്ത്-സുകൃതം ചെയ്യുന്നവൻ.

പുണ്യക്ഷേത്രം-ഫ. അയ്യാവർത്തം. ഒ. ഗോകർണ്ണം മുതലായ ക്ഷേത്രങ്ങൾ.

പുണ്യഗന്ധം-ചമ്പകം.

പുണ്യജനം-ഫ. സുകൃതജനം, സുകൃതി. ഒ. രാക്ഷസൻ. ക്രമപ്രാപ്തമായ വിധത്തിൽ നിർഋതി വംശജന്മാരായ രാക്ഷസന്മാർ, വിപരീതലക്ഷണയാ ദുഷ്ടൻ എന്ന താൽപര്യം.

'പുണ്യജനാധിപതേകശലം പരി
പൂർണ്ണേന്ദുശ്രുതലധേനിയതം'.
(രാവണവിജയം കഥകളി)

(രണ്ടർത്ഥവും ഉണ്ട്)

ന. യക്ഷൻ.

പുണ്യജനേശ്വരൻ - വൈശ്രവണൻ. പുണ്യജനങ്ങളുടെ (രാക്ഷസന്മാരുടെ) നാഥൻ എന്നർത്ഥം.

ആദികാലത്തിൽ വൈശ്രവണൻ രാക്ഷസാധിപതിയായിട്ടു ലങ്കയിൽ അധിവസിച്ചിരുന്നു.

പുണ്യതീർത്ഥം-മോക്ഷയാത്രക്കുള്ള സ്ഥലം, കാശിയിലെ ഗംഗയും മറ്റും.

പുണ്യദർശനം-കാട്ടുകാക്ക.

പുണ്യദിനം-ശുഭദിവസം.

പുണ്യനഗരികാഠം- (ഏഴ്). അയോധ്യാ, മധുരാ, മായാ, കാശി, കാഞ്ചി, അവന്തി, ദ്വാരാവതി.

"അയോധ്യാ മധുരാമായാ
കാശീ കാഞ്ചിരവന്തികാ,
പുരീദ്വാരവതീ ചൈവ
സപ്തൈതാ മോക്ഷദായികാ"

പുണ്യനദികാഠം-ഗംഗ മുതലായ ആറുകൾ.

പുണ്യപുരുഷൻ-സുകൃതമുള്ള പുരുഷൻ.

പുണ്യഫലം-ഫ. സൽക്കർമ്മത്തിന്റെ ഫലം. ഒ. പുകഴ്വനാം.

പുണ്യഭൂ, പുണ്യഭൂമി-ഹിമവാന്റെയും വിന്ധ്യപർവ്വതത്തിന്റേയും നടുവിലുള്ള ഭൂമി, അയ്യാവർത്തം.

'അയ്യാവർത്തം പുണ്യഭൂമി' (അമരം)

പുണ്യം-ഫ. സുകൃതം. ഒ. ശുഭം, ശുഭത്തെ ചെയ്യുന്നതു എന്നർത്ഥം. നല്ല കർമ്മം എന്നുമാവാം. ന. മനോഹരമായ വസ്തു.

പുണ്യം > < പാപം.

പുണ്യമാസങ്ങൾ-മാഘമാസം, കാർത്തികമാസം, വൈശാഖമാസം; കാർത്തികമാസം ഇവ മൂന്നും.

പുണ്യലോകം-സ്വർഗ്ഗം.

പുണ്യവൽ-വി. സുകൃതമുള്ള, ഭാഗ്യമുള്ള.

പുണ്യവാ-മുനിവു, കോമവാ.

പുണ്യവാൻ-പുണ്യമുള്ളവൻ. (സ്ത്രീ-പുണ്യവതി).

പുണ്യശാലീ(ലി) - വി. സുകൃതമുള്ള. (നകാരാന്തം) സ്ത്രീ-പുണ്യശാലിനി.

പുണ്യശ്ലോകൻ-ഫ. സൽകീർത്തിയുള്ളവൻ. ഒ. കൃഷ്ണൻ. ന. യുധിഷ്ഠിരൻ. ര. നളൻ.

പുണ്യശ്ലോകാ-ഫ. സീത. ഒ. ദ്രൗപദി.

പുണ്യസ്ഥലം, പുണ്യസ്ഥാനം-പുണ്യക്ഷേത്രം.

പുണ്യാ-ക്ര. തുളസി. ക. പാല്വഴവം ന. തംശാനദി.

പുണ്യശ്രവണൻ-വിഷ്ണു.

പുണ്യാത്മാവു്-വി. ശുദ്ധാത്മാവുള്ള.

പുണ്യാഹം-ശുദ്ധമാക്കപ്പെട്ട വെള്ളം. (സം)ശുദ്ധദിവസം, പുണ്യദിവസം.

പുത്-പുത്രരില്ലാത്തവർ പോകുന്ന നരകം.

പുത്-അം. കത്സിതം.

പുത-ക്ര. വസ്ത്രംകൊണ്ടു ദേഹം മൂടുക. ക. തെങ്ങുകളുടെ മുകളിൽ ഇടുന്ന ചവറു്.

പുതപ്പു-പുതയ്ക്കുന്ന വസ്ത്രം. (സം-നീശരം)

പുതയൻ-ഈറന്നിലം.

പുതയുന്ന-പുതയ്ക്കപ്പെട്ടതായിരിക്കുന്ന.

പുതയ്ക്കുന്ന പുതപ്പുകൊണ്ടു ശരീരം മൂടുന്ന.

പുതിയ-വി. പുത്തനായ.

പുതിയപണം, പുതുപ്പണം ഒരുവക രൂപാൻ നാണയം.

പുതു-(ധാതു) മറയ്ക്കുക.

പുതു-വി. പുത്തനായുള്ള.

പുതുക്കം-വി. ക്ര. ആശ്ചര്യമായ. ക. പുതിയതായ.

പുതുക്കല-പുത്തൻ കലം.

പുതുകുടി-മുതൽക്കുടി.

പുതുക്കുന്നു-പുത്തനാക്കുന്നു.

പുതുത-വി. പുത്തനായുള്ള.

പുതുപ്പു-വിനയം, ഗർവ്വില്ലായ്മ. (പ മ)

പുതുമ-ക്ര. പുതുക്കം. ക കൊതുകലം. ന നേരംപോക്ക്.

പുതുമഴ-ആദ്യം പെയ്യുന്ന മഴ.

പുതുമാരി-പുതുമഴ.

പുതുവൽ-പുത്തനായിട്ടു കൃഷിചെയ്യുന്ന സ്ഥലം.

പുതുവാൻ-ഒരു ജാതിക്കാരൻ.

'പുതുവാളെന്നൊരു വിപ്രനുണ്ടു
പുതുതായുള്ള വിധങ്ങളെടുപ്പാൻ
പുതുവന്മാരുടെ ആശ്രയതിനാൽ
പുതുവാളെന്നൊരു പേരവനുമുവായ്'
(നളചരിതം തുള്ളൽ)

പുതുവയ്പ്പാട്ടം-പുതുവൽ നിലത്തിന്റെ കരം.

പുതുവെണ്ണ-പുത്തൻവെണ്ണ.

പുതുവെള്ളം — പുതുമഴപെയ്തുണ്ടാകുന്ന വെള്ളം.

പുത്തൻ-വി. പുതിയതായുള്ള.

പുത്തടി-കൊച്ചിയിൽ നടപ്പുള്ള ഒരു നാണയം.

പുത്തരി-ക്ര. പുന്നെല്ലിന്റെ അരി. ക. പുത്തരിയുണ്ണ്.

പുത്തരിച്ചുണ്ട-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-നിദിഗ്ധികം, സ്പൃക്കീ, വ്യംഭ്രീ, ബ്രഹതീ, കണ്ടകാരികാ, പ്രഘോഷണി, കലീ, ക്ഷുദ്രാ, ദുസ്പർശാ, രാഷ്ട്രികാ.

പുത്തരിയ്ക്കുന്ന—പുന്നെല്ലിന്റെ അരി വെച്ചുണ്ണുക.

പുത്തലി പുത്തലിക-ക്ര. വ്യുൽഗ്രഹം. ക. പാവ.

പുത്തിക-ക്ര. ഒരുമന്ത്രിരി തെനീച്ച. ക. ക. ചിറ്റീച്ച. കത്സിതമായ ശബ്ദത്തെ ചെയ്യുന്നതു എന്നർത്ഥം.

പുത്തിലഞ്ഞി-ഒരു വൃക്ഷം.

പുത്തിലഞ്ഞി-പിത്തം, മൂത്രനീരൽ, രക്തദോഷം, നേത്രരോഗം ഇവകളെ നശിപ്പിക്കുന്നു. ഈ വൃക്ഷം, ഇലകായ് മുതലായവ എല്ലാംകൊണ്ടും ഓരോമരത്തിനൊക്കും. ബീജം തുവരക്ഷംപോലെയിരിക്കും. ഔഷധമാകയാൽ ഗ്രന്ഥകർത്താക്കന്മാരെല്ലാം ഈ മരം ധരിക്കുന്നുണ്ടു്.

കോലാപുരത്തിൽ പ്രസിദ്ധം. ബീജത്തിനു 'കമൽ' എന്നു ചില ദേശക്കാർ പറയുന്നു. ഇതു ചെടിയായിട്ടും വള്ളിയായിട്ടും ഒരോരോതരം കാണുന്നു. സം-പുത്രജീവം.

പുത്തില്ലം-പുതുവീട്.

പുത്തോട്ട-പുതിയ ഓട്.

പുത്തോല-പുതിയ ഓല.

പുത്രകൻ-ചെറിയ പുത്രൻ.

പുത്രകം-ഏട്ടടിമാൻ.

പുത്രകാമേഷ്ടി - പുത്രനുണ്ടാകുന്നതിനു ചെയ്യുന്ന ഒരു യാഗം.

പുത്രകൃതകൻ-ദത്തുപുത്രൻ, വളർത്തു പുത്രൻ.

പുത്രജക്ഷി-മക്കളെ ഭക്ഷിക്കുന്ന അമ്മ.

പുത്രജീവം-പുത്തിലഞ്ഞിവൃക്ഷം.

പുത്രഞ്ജാരി-ഒരു മരുന്നുവള്ളി (പുത്രദാ)

പുത്രദാ-പ. പുത്രഞ്ജാരി, ഒരു മരുന്നുവള്ളി. പ. തിരുതാളി. സ. ഭൂമികദിരം

പുത്രദായി-ഒരു വൃക്ഷം.

പുത്രദായി വീരുപോലത്തിൽ പെട്ടതാണ്. വാതകഫങ്ങൾക്കു നന്ന്. മച്ചി എന്നുള്ള ദോഷത്തെ നീക്കും. ഇല വൃത്തമായിരിക്കും. പൂ വെളുത്തതാണ്. ഗന്ധം അധികം കാണും. സം-പുത്രദാത്രീ

പുത്രദ എന്നതാണു പുത്രഞ്ജാരി എന്നു കാണുന്നു. പുത്രഞ്ജാരി പിത്തം, പുണ്ണ്, നീർക്കൽ, ശ്രമം, ആർത്തവദോഷം ഇവയെ ശമിപ്പിക്കും. സേവിച്ചാൽ ഗർഭാശയദോഷം നീക്കി ഗർഭസന്ധാനത്തെ ചെയ്യും. ഓടമരത്തിന്റെ ലക്ഷണത്തോടു കൂടിയതാണ്. പുത്രദ എന്നതിന്റെ ഭാക്ഷയായിരിക്കണം പുത്രഞ്ജാരി.

പുത്രൻ-മകൻ. കുലത്തെ ശുദ്ധിചെയ്യുന്നവൻ എന്നർത്ഥം. മറ്റു പര്യായങ്ങൾ-ആത്മജൻ, തനയൻ, സൂനു, സുതൻ.

'പുന്നാമമാകംനരകത്തിൽനിന്നുടൻ
തന്നുടെതാതനേ ത്രാണനംചെയ്കയാൽ
പുത്രനെന്നുള്ള ശബ്ദം വിധിച്ചു ശതം
പുത്രസമുത്ഭവനെന്നുമറികനീ'

(രാമായണം)

ഗൌതമൻ ഏഴു വിധം പുത്രന്മാരെക്കുറിച്ചു പറയുന്നു.

ഔരസൻ-ഒരുവനു തന്റെ ധർമ്മപത്നിയിലുണ്ടായ പുത്രൻ.

പുത്രികാസുതൻ-സ്വസ്വഭർത്തൃസമ്മതത്തോടെ വിവാഹം കഴിച്ചു പുത്രിയുടെ മകൻ.

ക്ഷേത്രജൻ-രോഗത്താലോ മൃതിയാലോ പുത്രനെ ഉണ്ടാക്കുവാൻ നിവൃത്തിയില്ലാതെ വന്ന പുരുഷന്റെയോ തന്റെ സപിണ്ഡന്മാരുടെയോ നിയോഗപ്രകാരം തന്റെ ഭാര്യയിൽ ഒരു സഗോത്രനോ അന്യനോ പ്രാപിച്ചുണ്ടായ പുത്രൻ.

ക്ലിഷ്ടജൻ ഭർത്താവു ദൂരസ്ഥനോ മരിച്ചവനോ ആയിരിക്കുമ്പോൾ ഭാര്യ ജാരസംസർഗ്ഗത്താൽ സമ്പാദിച്ച പുത്രൻ.

കാനീനൻ-കന്യകയായ മകൾക്കു ജാരസംസർഗ്ഗത്താലുണ്ടായ പുത്രൻ.

പൌനർഭവൻ-വിവാഹം കഴിഞ്ഞു ഭർത്തൃഗൃഹം മുമ്പേയോ ഭർത്തൃവായത്തിൽ പിന്നെയോ പുനർവിവാഹം കഴിഞ്ഞ സ്ത്രീയിലുണ്ടായ പുത്രൻ.

ദത്തകൻ-മാതാവോ പിതാവോ ദാനം ചെയ്ത പുത്രൻ.

കൃതകൻ-മാതാപിതാക്കന്മാരുടെ അടുക്കൽ നിന്നു വിലയ്ക്കു വാങ്ങിയ കുട്ടി.

കൃത്രിമൻ-ഒരുവൻ മരിക്കാറാവുമ്പോൾ തന്റെ ശുക്ലാർത്തിയാകിയും ചെയ്യുവാൻവേണ്ടി തന്റെ സകല മുതലിന്നും അവകാശിയാക്കി സ്വീകരിക്കുന്ന പ്രായം തികഞ്ഞ ഒരു അന്യൻ.

സഹോദരൻ-തന്നെത്താൻ മരിച്ചാൽ തന്നെ വിവാഹം ചെയ്തവൻ.

സഹോദരജൻ-വിവാഹകാലത്തു തന്നെ സ്ത്രീയുടെ ഗർഭത്തിലുണ്ടായിരുന്ന പുത്രൻ.

അപവിദ്ധൻ - മാതാപിതാക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടതിനാൽ അന്യനെടുത്തു വളർത്തുകൂട്ടി.

(പ്രാചീനാഭ്യുദയം)

പുത്രഭാര്യ-മകന്റെ ഭാര്യ. പര്യായങ്ങൾ-സ്നുഷ, ജനീ, വധൂ.

പുത്രസന്തതി-സന്തതി.

പുത്രസ്വീകാരം-ഫ. പുത്രനെ എടുക്കൽ. ക. മരിച്ചാതവനെ പുത്രനായി എടുക്കൽ, ദത്തെടുക്കൽ.

പുത്രഹീന-വി. പുത്രനില്ലാത്ത.

പുത്രാദനി-ഫ. മക്കളെ തിന്നുന്ന മാതാവു്. ക. പെൺപുലി.

പുത്രാന്നാദൻ - പുത്രന്റെ ചെലവിന്മേൽ ജീവിക്കുന്നവൻ.

പുത്രാർത്ഥി-പുത്രൻ ഉണ്ടാകണമെന്നു് ആഗ്രഹിക്കുന്നവൻ.

പുത്രി-ഫ. മകൾ. മറ്റു പര്യായങ്ങൾ-സൂനു, സുതാ, ദുഹിതാ(വു്), ആത്മജാ, തനയാ. ക. ദ്രു. നാ. പുത്രനുള്ളവൻ.

പുത്രിക-ഫ. പാവ. യജ്ഞം അനുഷ്ഠാനമായു് മുതലായവകൊണ്ടുണ്ടാക്കിയ പാവ. പുത്രിയെപ്പോലെയുള്ളതു എന്നർത്ഥം. ക. മകൾ. നാ. ദ്രു.

പുത്രികാസുതൻ-പന്ത്രണ്ടുവിധം പുത്രന്മാരിൽ ഒന്നു്. (പുത്രൻ എന്നതു നോക്കുക).

പുത്രീയ, പുത്രീയ, പുത്ര്യ-വി. പുത്രനെ സംബന്ധിച്ച.

പുത്രീകരിക്കുന്നു-ദത്തെടുക്കുന്നു.

പുത്രീയാ-പുത്രനുണ്ടാകണമെന്നുള്ള ആഗ്രഹം.

പുത്രേഷ്ണ-പുത്രസ്നേഹം.

പുത്രോല്പത്തി, പുത്രോല്പാദനം-പുത്രജനനം.

പുദലം-അണ്ഡാകാരം ചേർന്നുള്ള പിണ്ഡം.

പുദ്ഗലാ-വി. മംഗിയുള്ള.

പുദ്ഗലൻ-ശിവൻ.

പുൻ-വി. ചെറിയ, കുറഞ്ഞ. (പുൻ+ചിരി=പുഞ്ചിരി).

പുൻഗളം-ഫ. ജൈനമതത്തിലാത്മാവിന്റെ കാരണമുള്ള ജീവാത്മാവു്. ക. ശരീരം. കർമ്മത്തിനായി നശിച്ചുപോകുന്നതു എന്നർത്ഥം.

പുനഞ്ഞ-അലങ്കരിച്ചു. (പ-മ).

പുനം-ഫ. പോതു. ക. വനം.

പുനയിക്കുക-ഫ. വലിപ്പിക്കുക. ക. അലങ്കരിക്കുക. (പ-മ)

പുനയുക-ഫ. അണിയുക. ക. വിജയം നേടുക (പ-മ).

പുനരു്-ഒരിക്കൽ വിധിക്കപ്പെട്ട ഒരു കേസിനെപ്പറ്റി വീണ്ടും വിചാരണചെയ്യണമെന്നു കാണിച്ചു കക്ഷികൾ കൊടുക്കുന്ന അപേക്ഷ, പുനർവിചാരണ.

പുനരപി-അ. വീണ്ടും. (പുനഃ+അപി)

പുനരാഗമനം-തിരിച്ചുവരവു്.

പുനരാവർത്തി-വി. ഫ. തിരിച്ചുവരുന്ന. ക. വീണ്ടും ജനിക്കുന്ന. (പു-പുനരാവർത്തി, സ്ത്രീ-പുനരാവർത്തിനി).

പുനരുക്ത-കാവ്യദോഷങ്ങളിൽ ഒന്നു്.

പുനരുക്തവദാഭാസം - ശബ്ദാലങ്കാരങ്ങളിൽ ഒന്നു്.

പുനരുക്തി-ചിന്നയും പാഠം.

പുനർഭൂ-പുനർവിവാഹം ചെയ്യപ്പെട്ട സ്ത്രീ.

പുനർ(ഴ്)-അ. ഫ. പിന്നെ ക. നിശ്ചയം. നാ. എന്നാൽ. ര. ഒരിക്കൽ പറഞ്ഞു രണ്ടാമതൊന്നു്. (അപ്രധാനം).

പുനർജന്മ-വി പിന്നെയും ജനിക്കുന്ന.

പുനർജന്മൻ-പിന്നത്തെ ജന്മം.

പുനർദ്ദർശനം–പിന്നീടു കാണുക.

ഇതു ബന്ധുക്കളും പിരിയുമ്പോൾ തങ്ങളിൽ പറയുന്ന ഉപചാരവാക്കാകുന്നു 'സത്യം മയാകഥിതം പോകനീയും എങ്കിൽ ഞാനുപുനർദ്ദർശനം തിപുകൾന'. (നളചരിതം കഥകളി)

പുനർന്നവ–തമിഴാമ എന്ന പച്ചമരുന്ന് വേനൽകാലങ്ങളിൽ ഉണങ്ങിപ്പോയാലും പിന്നെയും പൊടിച്ചുണ്ടാകുന്നതു എന്നത്ഥം.

പുനർന്നവം–നഖം.

പുനർഭവ–വി. വീണ്ടും ജനിക്കുന്ന.

പുനർഭവം–പ്ര. വീണ്ടുമുള്ള ജനനം. പ. നഖം. ന. ചെമന്ന തമിഴാമ.

പുനർഭൂ–വി. വീണ്ടും ജനിച്ച.

പുനർഭൂ(വൂ)–പ്ര. രണ്ടുപ്രാവശ്യം വേൾക്കപ്പെട്ടവൾ. പുനർവിവാഹം ചെയ്യപ്പെട്ടവൾ. പ. വെളുത്ത തമിഴാമ.

പുനർവ്വസു–പുണർതം നക്ഷത്രം.

പുനർവിചാരം–വീണ്ടും വിചാരം.

പുനസ്–പ്ര. നദി. പ. വെള്ളം. ന. ഇരവേലി.

പുനശ്ച–അ. വീണ്ടും. (പുനർ + ച)

പുനസ്സംസ്കാരം–ശവത്തിനുചെയ്തതായ ചിലാചാരങ്ങൾ കൊണ്ടു കെട്ടിയുണ്ടാക്കിച്ചുടുക.

പുനസ്സൃഷ്ടി–പ്ര. വീണ്ടും സൃഷ്ടിക്കുക പ. അസത്യം, കള്ളം.

പുനഃപുനഃ–അ. പിന്നെയുംപിന്നെയും.

പുനാ–മഹാരാഷ്ട്രദേശത്തുള്ള ഒരു നഗരം.

പുനിതം–ശുദ്ധി (പ്രാചീനമലയാളം).

പുനീർ – (കൃഷിശാസ്ത്രപ്രകാരം) ശുദ്ധിചെയ്ത മണ്ണ്.

പുനുവൽ–പ്ര. ശാസ്ത്രം. പ. വിദ്യ.

പുന്ന–ഒരു വൃക്ഷം.

പുന്ന–കഫം, പിത്തം, രക്തദോഷം, നേത്രരോഗം, ശിരോരോഗം, വിഷം, വ്രണം, അരോചകം, പകർച്ചതിസാര ഇവക്കു നന്ന്. ഇതു പ്രസിദ്ധമായ ഒരു പുന്നയാണ്. സം–പുന്നാഗം. ത–പുന്നെ.

പര്യായങ്ങൾ–പുരുഷം, തുംഗം, കേസരം, ദേവവല്ലഭം, പുന്നാഗം.

പുന്നകേതകം–കൈത

പുന്നപ്പാമരം–ഒരു തടി.

പുന്നരകം–പുത് എന്ന പേരായ നരകം, അതിലെ ദുഃഖങ്ങളെയും.

പുന്നാഗം–പ്ര, ഒരു വൃക്ഷം, പുന്നമരം. പുരുഷശ്രേഷ്ഠനെപ്പോലെ പൂജിക്കപ്പെട്ടതു എന്നത്ഥം. പ. ജാതിക്ക. ന. വെളുത്ത ആമ്പൽ.

പുന്നാഗവരാളി–ഒരു രാഗം.

പുന്നാമനരകം–പുത് എന്ന പേരായ നരകം.

പുന്നാരക്കാരൻ–സ്തുതിക്കുന്നവൻ.

പുന്നാരം–കൊഞ്ചൽ.

പുന്നാരിക്കുന്നു–കൊഞ്ചുന്നു, മോടനിടുന്നു

പുപ്പ്വസം–ശ്വസിക്കുന്ന വായു ശരീരത്തിനുള്ളിൽ ചെന്നു പറവന്ന കഴൽ.

പുമപത്യം–ആൺകുട്ടി.

പുമർത്ഥം–പുരുഷാർത്ഥം, മനുഷ്യന്റെ ജീവിതോദ്ദേശം.

പുമാൻ–പ്ര. പുരുഷൻ. ആണ്. പ. പുന്ന

പുംധ്വജം–ഏലി.

പുംഭാവം–ആണത്തം.

പുംശ്ചലി–വ്യഭിചാരിണി. ഇഷ്ടംപോലെ പുരുഷന്മാരെ അംഗീകരിക്കുന്നവൾ, സൈരിണി, ഭർത്താവിന്റെ സമീപത്തിൽനിന്നു അന്യപുരുഷന്റെ അടുക്കലേക്കു പോകുന്നവൾ എന്നത്ഥം.

പുംസവനം–പ്ര. ബ്രാഹ്മണസ്ത്രീക്കു ഗർഭമുണ്ടായാൽ ചെയ്യുന്ന ഒരു കർമ്മം, പുലികുടി.

ഗ്രഹസംസ്കാരങ്ങളിൽ ഇതു രണ്ടാം മത്തേതാണ്. പുത്രേഷ്ടിയാഗയെ ഉദ്ദേശിച്ചു ശർവ്വം ധരിച്ച് മൂന്നാമത്തെയോ നാലാമത്തെയോ മാസത്തിൽ ഈ സംസ്കാരം ചെയ്യപ്പെടുന്നു. ഒരു യവമന്നിയും രണ്ട് ഉഴുന്നും ഗർഭിണിയായ സ്ത്രീയുടെ വലതു കൈയിൽ വെയ്ക്കുന്നു. പിന്നീട് കരം തൈരും ചേർത്ത് അവർ അതിനെ ഭക്ഷിക്കുന്നു. അപ്പോൾ പരിഗ്രഹമന്ത്രങ്ങൾ ചൊല്ലുന്നു.

ഉ. പാർ.

പുംസ്ത്വം-പുരുഷഭാവം.

പുര-വീട്, കെട്ടിടം.

പുരക്കുട്ട്-ഒരു പുരവെയ്ക്കുവാൻ മരംകൊണ്ടുണ്ടാക്കിയ ഉത്തരം മുതലായവ.

പുരഗർഭം-മുലക്കണ്ണ്.

പുരജ്യോതിസ്സ്-അഗ്നി.

പുരഞ്ജനി-ബുദ്ധി, അറിവ്.

പുരഞ്ജയൻ-സൂര്യകുലത്തിലെ ഒരു രാജാവ്.

വികുക്ഷിയുടെ മകനാണ്. ത്രേതായുഗത്തിൽ അസുരന്മാർ തോല്പിക്കപ്പെട്ടതു നിമിത്തം ദേവന്മാർ വിഷ്ണുവിനെ അഭയം പ്രാപിച്ചു. വിഷ്ണു അവരെ പുരഞ്ജയന്റെ സഹായം ചോദിക്കുന്നതിനു പറഞ്ഞയച്ചു. ഇന്ദ്രൻ ഒരു കാളയുടെ രൂപത്തെ അവലംബിച്ചു തന്റെ അംസകൂടത്തിന്മേൽ തന്നെ കൊണ്ടുപോകയാണെന്നു വരുകിൽ സഹായത്തിനു ചെല്ലാമെന്നു പുരഞ്ജയനും സമ്മതിച്ചു. ഇന്ദ്രൻ തന്നെ സരണം പ്രവർത്തിച്ചു. പുരഞ്ജയൻ പുറത്തു കയറിയിരുന്നു-ദേവന്മാരുടെ ശത്രുക്കളെ ഒക്കെ പരാജിതരാക്കി. ഇതുകൊണ്ടാണ് പുരഞ്ജയനു ക്രകുത്സ്ഥൻ എന്ന പേരുണ്ടായത്.

പുരടം-സ്വർണ്ണം.

പുരണം-കടൽ.

പുരതഃ-അ. മുമ്പേ, മുമ്പിൽ.

പുരത്തറ-മേനം വെയ്ക്കുന്നതിനുണ്ടാക്കുന്ന തറ.

പുരത്രിതയം-മൂന്നു പുരങ്ങൾ.

പുരദ്വാരം-രാജധാനിയുടേയും മറ്റും ചുറ്റുമുള്ള മതിലകത്തേക്കു കടക്കുന്നതിനുള്ള വാതിൽ, ഗോപുരത്തിന്റെ (കോട്ടവാതലിന്റെ) പേർ.

പുരദാഹി-ശിവൻ.

പുരന്ദരൻ-പ്ര. ഇന്ദ്രൻ. ശത്രുക്കളുടെ പുരങ്ങളെ ഭേദിക്കുന്നവൻ എന്നർത്ഥം. ഉ. ശിവൻ. ന. അഗ്നി. ർ. വിഷ്ണു.

പുരന്ദരം-ചെവിയം.

പുരന്ദരസേനാപതി-സുബ്രഹ്മണ്യൻ.

പുരന്ദരാ-ശംഖുമണി.

പുരന്ധ്രീ(ന്ധ്രി)-പ്ര. പതിവ്രതയുള്ള സ്ത്രീ. ഉ. ഭർത്തൃപുത്രഭൃത്യാദികളോടുകൂടിയവളും അവരുടെ സംരക്ഷണത്തിൽ തന്നെ സദാ വ്യാപൃതയുമായ സ്ത്രീ. പുരത്തെ (ഗൃഹത്തെ) ധരിക്കുന്നവൾ എന്നർത്ഥം. തറവാടുകൊണ്ടു നടക്കുന്നവൾ എന്നു താൽപര്യം.

പുരപാലകൻ-ഭവനം രക്ഷിക്കുന്നതിനായിട്ടു യാമക്കാൽ കാത്തുനിൽക്കുന്നവൻ, ഗോപുരങ്കലെ കാവല്ലാരൻ.

പുരപ്പുറം-പുരമേച്ചിലിന്റെ പുറം, വീട്ടിന്റെ മുകളിലത്തെ വെളിവശം.

പുരപ്രീതി-ജനസാദ്ധീനം.

പുരഭിത്ത്-ശിവൻ.

പുരമഥനൻ-ശിവൻ.

പുരമുറി-അറ, ഭവനത്തിനകത്തുള്ള ഓരോ വിഭാഗങ്ങൾ, അകം.

പുരം-പ്ര. ഭവനം. ഉ. നഗരം. ന. ശരീരം. ര. ഇത്തുലുമരം. ധൂപദ്രവ്യത്തിയിൽ വച്ചു പുകയിട്ടു നിലനിന്നുന്ന എന്നർത്ഥം. ഇ കോട്ട. ണ. സ്ത്രീകളുടെ പുരമുടി. ഒ. പാടലിപുത്രം എന്ന പട്ടണം. വ തെലുങ്കു. ൻ. കലവറ. ഫാ. നാഗരമുസ്തം. പ്ര. എണ്ണ അകിൽ പ്ര. പൊതുമരങ്ങു.

'ഗൃഹേപതിഗൃഹേ ദേവേ
നഗരേചപുരം പുരീ'
(നാനാർത്ഥമാല)

പുരമ്പു്, പുനമ്പു്-പുരൽ, പുരൽവടി.

പുരംജനം-ആത്മാവു്.

പുരംജരം-കക്ഷം.

പുരമ്പൻ, പുനമ്പൻ-ചോവന്മാരുടെ പ്രധാനി.

പുരയിട-പ്ര. പറമ്പു്, തോട്ടം. ഉ. പുരവെക്കുന്നതിനായിട്ടു അതിര തിരിച്ചിട്ടുള്ള സ്ഥലം.

പുരരിപു-ശിവൻ.

പുരലാ-ഉത്തു.

പുരവാസി-വി. പുരത്തിൽ പാർക്കുന്ന, നഗരത്തിൽ പാർക്കുന്ന. (നകാരാന്തം. സ്ത്രീ-പുരവാസിനീ.

പുരജിത്തു്-ശിവൻ.

പുരശാസനൻ-ശിവൻ.

പുരസ്സു്-അ. പ്ര മുമ്പിൽ ഉ. കിഴക്കുവശമായിട്ടു്. ന. കിഴക്കുനിന്നു്.

പുരസ്കരിക്കുന്നു പ്ര. മുൻപിലാക്കിച്ചെയ്യുന്നു. ഉ. വന്ദിക്കുന്നു. ന. തുതിക്കുന്നു, അഭിഷേകം ചെയ്യുന്നു.

പുരസ്കാരം-പ്ര. മുമ്പിലാക്കിച്ചെയ്യൽ ഉ. വന്ദനം ന. അഭിഷേകം.

പുരസ്കൃത-വി. പ്ര. മുൻപിലാക്കപ്പെട്ട. ഉ. വന്ദിക്കപ്പെട്ട, പൂജിക്കപ്പെട്ട. ന. ശത്രുക്കളാൽ ആക്രമിക്കപ്പെട്ട.

പുരസ്ക്രിയ-പ്ര. ബഹുമാനം, ആദരവു്. ഉ. സല്ക്കാരത്തോടു കൈക്കൊൾകം.

പുരസ്താൽ-അ. പ്ര. ആദ്യംതന്നെ, മുമ്പു്, മുമ്പിൽ. ഉ. കിഴക്കു്. ന. പണ്ടു്.

പുരസ്ഥ, പുരസ്ഥിത-വി. പ്ര. മുമ്പിൽ നില്ക്കുന്ന. ഉ. ഭവനത്തിലിരിക്കുന്ന. ന. കിഴക്കുനില്ക്കുന്ന.

പുരസ്സര-വി. പ്ര. മുമ്പിൽ നടക്കുന്ന. ഉ. ശ്രേഷ്ഠതയുള്ള.

പുരസ്സരം-അ. ഒട്ടുക്കുടി.

പുരഹരൻ-ശിവൻ.

പുരളാ-ഉത്തു.

പുരളി-പ്ര. ഒരു കോട്ടയുടെ പേർ. ഉ. ഒരു കൊട്ടാരം. ന. ഒരു മല. (പുരളിമല). ര. കളരി.

'നടനമാടുന്ന പുരളിയിൽ നിന്നു
ഗമാഭ്യാസങ്ങൾ'
(വാത്മീകിരാമായണം)

'പുരളീജനപദപുരളീ ഭൂവികളി-
ച്ചരുളും ശിവൻ'
(വാത്മീകിരാമായണം)

പുരളീശൻ-പ്ര. ഒരു രാജാവു്. The Rajah of Kotayattu. ഉ. വഞ്ചിപ്രഭുവൻ.

പുരള്ളുക-പ്ര. പറവുക. ഉ. ഉരുളുക.

പുരള്ളുന്നു-പ്ര. പറവുന്നു. ഉ. ഉരുളുന്നു.

പുരാ-മുരാമാഞ്ചി.

പുരാ-അ. പ്ര. പണ്ടു, കഴിഞ്ഞകാലത്തിൽ

പുരാ എന്നതു ഒരു നിപാതമാണു്. ഈ നിപാതം 'സു' എന്നപോലെ വർത്തമാനത്തെ ഭൂതമാക്കുന്നതിനായി പ്രയോഗിക്കപ്പെടും.

'സപുരാന്തിനതേ വിചായ്തതപം'
(നളചരിതം കഥകളി)

2. പുരാണം.

പുരാജിരം-സഭ.

'സുരേശ്വരേണമാസുരേ.
പുരാജിരേ വിരേജിരേ'
(നളചരിതം കഥകളി)

പുരാണ-വി. പഴയ.

പുരാണകർത്താവ്-പുരാണമുണ്ടാക്കിയവൻ, വ്യാസൻ.

പുരാണകിട്ടാ-പഴയ ഇരിയുകീടം.

പുരാണ്ടാൻ-പണ്ടേയുള്ളവൻ, പുരോൻ.

പുരാണപുരുഷൻ-വിഷ്ണു,

പുരാണം-പുരാതന ചരിത്രം, പുരാവൃത്തം, സർഗ്ഗാദിപഞ്ചലക്ഷണങ്ങളുള്ള ഗ്രന്ഥം. (അഷ്ടാദശ പുരാണങ്ങൾ, അഷ്ടാദശോപപുരാണങ്ങൾ ഇവ നോക്കുക.)

ഇതിഹാസംപോലെ ഇതും പൂർവ്വന്മാരുടെ ചരിത്രം അടങ്ങിയതാണ് എന്നാൽ

'സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച
വംശോമന്വന്തരാണിച
വംശാനുചരിതം ചൈവ
പുരാണം പഞ്ചലക്ഷണം'

എന്നതനുസരിച്ചു സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരങ്ങൾ, വംശാനുചരിതം ഇങ്ങിനെ അഞ്ചു സംഗതികൾ കൂടി ഇതിഹാസത്തിൽ നിന്നും കൂടുതലായി പുരാണത്തിൽ അടങ്ങുന്നു. ഭാഗവതം പുരാണമാകുന്നു.

ക. സർഗ്ഗം-സാത്വികി, രാജസി, താമസി എന്ന മൂന്നു ശക്തികൾ, മഹാലക്ഷ്മി, മഹാസരസ്വതി, മഹാകാളി എന്ന മൂന്നു സ്ത്രീകളായി ഭവിച്ചു. ജഗത്സൃഷ്ട്യർത്ഥം മേല്പറയപ്പെട്ട മൂന്നു ശക്തികളുടെ മേഹധാരണാത്രുപമായ ലക്ഷണത്തെ പണ്ഡിതന്മാർ സർഗ്ഗം എന്നു പറയുന്നു.

ഖ. പ്രതിസർഗ്ഗം-പരിപാലനം, സൃഷ്ടി, സംഹാരം ഈ ക്രിയകൾക്കായിക്കൊണ്ടു വിഷ്ണുബ്രഹ്മരുദ്രന്മാരുടെ ഉല്പത്തി മഹിമകളെ പറയുന്നതാകുന്നു.

ഗ. വംശം-ദേവർഷികളുടെ വംശക്രമം.

ഘ. മന്വന്തരം-സ്വായംഭുവൻ തുടങ്ങിയുള്ള ഏഴ് മനുക്കളുടെ വർണ്ണനത്തിനും അവരുടെ കാല നിർണ്ണയത്തിനും ഉള്ള പേർ.

ങ. വംശാനുചരിതം-സ്വായംഭുവ മനുക്കളുടെ വംശപാരമ്പര്യത്തെ പറയുന്നത്.

പുരാണം ഏവ. അഷ്ടാദശപുരാണം എന്ന ശബ്ദം നോക്കുക. ഇതിഹാസവും പുരാണവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞിരിക്കേണ്ടതാകുന്നു. ഇതിഹാസം എന്ന ശബ്ദം നോക്കുക.

പുരാണങ്ങൾ = വേദവ്യാസകൃതികൾ 'അഷ്ടാദശപുരാണാനാം കർത്താ സത്യവതീസുതഃ'

സാത്വികപുരാണങ്ങൾ (സത്വഗുണം പ്രധാനമായിട്ടുള്ളവ) = വിഷ്ണുപരമീയ ഭാഗവതഗരുഡ പദ്മവാരാഹപുരാണങ്ങൾ. താമസപുരാണങ്ങൾ (തമോഗുണം പ്രധാനമായിട്ടുള്ളവ) = മത്സ്യകൂർമ്മലിംഗശിവസ്കന്ദഅഗ്നിപുരാണങ്ങൾ. രാജസപുരാണങ്ങൾ (രജോഗുണം പ്രധാനമായിട്ടുള്ളവ) = ബ്രഹ്മബ്രഹ്മാണ്ഡബ്രഹ്മവൈവർത്ത മാർക്കണ്ഡേയ ഭവിഷ്യവാമനപുരാണങ്ങൾ ഇങ്ങനെ മൂന്നുതരമാണ്. ഒന്നാമത്തേത് വിഷ്ണുവിനേയും രണ്ടാമത്തേത് ശിവനേയും മൂന്നാമത്തേത് ബ്രഹ്മാവിനേയും പുകഴ്ത്തുന്നു. ഈ പുരാണങ്ങൾക്ക് ഏവ ഉപ

പുരാണങ്ങളും ഉണ്ട്-പുരാണങ്ങൾ എന്നു വിളിക്കപ്പെട്ടവയിലും ചില നൂതനകൃതികളും കാണുന്നുണ്ട്. പഞ്ചലക്ഷണങ്ങൾ മുഴുവനും ഇല്ലാത്തവയും ഇല്ലെന്നില്ല

പുരാണാനുപ്രയോഗം — (വ്യാകരണത്തിൽ) ഖിലങ്ങളെ പൂരിപ്പിക്കുന്നത്.

പുരാതന-വി. പഴയ, പണ്ടുള്ള. (പുരാതനൻ. സ്ത്രീ-പുരാതനീ) പുരാതനം > < അധുനാതനം

പുരാൻ-വിള, സ്വാമി, നാഥൻ.

പുരാന്തകൻ-ശിവൻ.

പുരാരാതി-ശിവൻ.

പുരാരാത്രി-തലേന്നു രാത്രി.

പുരാരി-ശിവൻ.

പുരാവരം, പുരാപരം-പഴങ്കഥകൾ.

പുരാവൃത്തം-പണ്ടുകഴിഞ്ഞ കഥകളെ പ്രതിപാദിക്കുന്ന മഹാഭാരതാദിഗ്രന്ഥം, മുമ്പിൽ കഴിഞ്ഞ വൃത്തം, ഇതിഹാസം.

പുരി-പ്ര. രാജധാനി, ഭവനം ഉ. നഗരം, പട്ടണം, രാജധാനി. ന. ഒരു രാജാവ്. ഭ. രാജാവ്.

പുരികക്കൂട്ട്-മൂക്കിന്റെ മേലത്തെ ഭാഗം, പുരികം രണ്ടിന്റേയും മദ്ധ്യപ്രദേശം.

പുരികക്കൊടി-പുരികം.

പുരികം-കൺപോളകൾക്കു മുകളിൽ നെറ്റിയുടെ താഴെ പന്തിയായിട്ടു വളഞ്ഞു നിൽക്കുന്ന രോമക്കൂട്ടം.

പുരികുഴൽ-പ്ര. തലമുടി; ചുരുണ്ട തലമുടി. ഉ. സ്ത്രീയേലി.

പുരികുഴലാൾ-സുന്ദരി, ചുരുണ്ട തലമുടിയുള്ളവൾ.

പുരിക്രുന്തൽ-തലമുടി.

പുരിശംഖ്-ചെറിയ ഒരുമാതിരി ശംഖ്

പുരീ-പ്ര. തലസ്ഥാനം, നഗരം. ഉ. കോട്ട. ന. ശരീരം.

പുരീതൽ(ത്)-കടൽ മാലി. ശരീരത്തെ നിലനിറുത്തുന്നതു എന്നർത്ഥം.

പുരീമോഹം-ഉന്മത്തു്.

പുരീഷ്യണം — മലശോധനയുണ്ടാക്കുക, മലം കളയുക

പുരീഷം-പ്ര. വയറിൽനിന്നുണ്ടാകുന്ന മലം. ശരീരത്തെ രക്ഷിക്കുന്നതു എന്നർത്ഥം. ഉ. അഴുക്ക്.

പുരു-വി. പ്ര. വളരെയുള്ള. ഉ. പഴയ. ഉ-ം പുരുവൃത്തം.

പുരു-ബഹുലം, വളരെ എന്നർത്ഥമുള്ളതു്. പൂരിപ്പിക്കുന്നതു് എന്നർത്ഥം.

പുരു-പ്ര സോമവംശത്തിലെ ആറാമത്തെ രാജാവു്. ശർമ്മിഷ്ഠയ യയാതിയിലുണ്ടായ യവൻ.

ശർമ്മിഷ്ഠയിൽ യയാതിക്കു ജനിച്ച മഹാൻ. ഇദ്ദേഹം തന്റെ യൗവനത്തെ പിതാവിനു നൽകീട്ടു് അദ്ദേഹത്തിന്റെ വാർദ്ധക്യത്തെ സ്വീകരിച്ചു സഹസ്രവത്സരാനന്തരം യൗവനം തിരിച്ചു വാങ്ങി സിംഹാസനാരൂഢനായി. പാണ്ഡവരുടെയും നൂറുപേരുടേയും പൂർവികനാണ്.

ഉ. ഭൂമിയിൽ നിന്നു വേറെ ഒരു ലോകം. ന. ഒരാൾ. ഭ സപ്തർഷികൾ. ഇ ഇന്ദ്രൻ കൊന്ന രാക്ഷസൻ.

പുരുകുത്സൻ-സൂര്യവംശത്തിലുള്ള ഒരു രാജാവു്. മാന്ധാതാവിന്റെ പുത്രൻ, നർമ്മദയെ ഇല്ലാതാക്കി.

പുരുദം-സ്വർണ്ണം.

പുരുദാശകം-അരയന്നം.

പുരുദ്രുതി-അധികമായ രൂപശ്രേഷ്ഠം.

പുരുവം-പുരികം, (പുരികത്തിന്റെ പൂർവ്വരൂപം).

പുരുവൃത്തം-പഴയ ചരിത്രം

പുരുഷകുഞ്ജരൻ-ശ്രേഷ്ഠതയുള്ളവൻ.

പുരുഷകേസരി-പ. നരസിംഹാവതാരത്തിൽ വിഷ്ണു. ര. പുരുഷശ്രേഷ്ഠൻ.

പുരുഷത, പുരുഷത്വം-പുരുഷന്റെ അവസ്ഥ.

പുരുഷദ്വയസ്സ്-വി. ഒരാൾ പൊക്കമുള്ള. (അ) പുരുഷപ്രമാണം.

പുരുഷദ്വേഷം-പ്രത്യേക ആളിനോടുള്ള വൈരം.

പുരുഷൻ-പ. ആൺ. സകലപ്രാണികളിലും വച്ചു മൻപൻ എന്നർത്ഥം. ര. മനുഷ്യൻ. ന. വിഷ്ണു. ഴ. ബ്രഹ്മാവ്. ഇ ദൈവം. ന. പരമാത്മാവ്, ആത്മാവ്. ശരീരത്തിലിരിക്കുന്നതെന്നർത്ഥം ഒ. സ്നേഹിതൻ. വ. സാംഖ്യമതക്കാരൻ. ത്താവ്. ക്ര. മൂലപ്രകൃതികൊണ്ടു ജഗദ്വ്യാപാരം നടത്തിക്കുന്ന പുരുഷൻ. കക. ഒരു രാജാവ്.

പുരുഷൻ രണ്ടായിരം കൊല്ലത്തിനു മുമ്പു പാഞ്ചാലദേശത്തിലെ ഒരു ഭാഗം ഭരിച്ചിരുന്ന ഒരു രാജാവാണ്. അലക്സാണ്ടരോടു് ഏറ്റു തോറ്റപ്പോൾ ഇദ്ദേഹത്തിന്റെ ധീരതയെയും മറ്റും കണ്ടു സന്തോഷിച്ചു അലക്സാണ്ടർ പുരുഷന്റെ ദേശത്തെയും താൻ ജയിച്ച വേറെ ചില ദേശങ്ങളേയും പുരുഷനു കൊടുത്തു.

കര. മായാസംബന്ധത്താൽ പ്രവൃത്തനായവൻ.

പുരുഷപുംഗവൻ-ശ്രേഷ്ഠതയുള്ളവൻ.

പുരുഷപ്രമാണം-ഒരാൾ അളവു്.

പുരുഷം-പ. മേരുപർവ്വതം. ര. പുന്നാഗമരം. പുരുഷതുല്യം എന്നർത്ഥം. ന. പാൽകുരുമ്പ.

പുരുഷരത്നം-പുരുഷശ്രേഷ്ഠൻ.

പുരുഷർഷഭൻ-ശ്രേഷ്ഠതയുള്ളവൻ.

പുരുഷലക്ഷണം-പ. ആണിന്റെ അടയാളം. ര. മനുഷ്യന്റെ അടയാളം.

പുരുഷവാഹൻ-പ. ശങ്കരൻ. ര. കുബേരൻ.

പുരുഷവ്യാഘ്രൻ-പ. ശ്രേഷ്ഠതയുള്ളവൻ. ര. കഴുകൻ

പുരുഷശാർദ്ദൂലൻ-ശ്രേഷ്ഠതയുള്ളവൻ

പുരുഷസൂക്തം-ഋഗ്വേദത്തിൽ ലോകോല്പത്തിയെപ്പറ്റി വിവരിക്കുന്ന ഒരു ഭാഗം.

പുരുഷസൂക്തം-ഋഗ്വേദം പത്താംമണ്ഡലത്തിലുള്ളതും "സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷസ്സഹസ്രപാൽ" ഇങ്ങനെ തുടങ്ങുന്നതുമായ ഒരു മന്ത്രം പുരുഷസൂക്തത്തിലാണു നാലു ജാതികളുടെയും ഉത്പത്തി പറഞ്ഞിട്ടുള്ളതു്. ഈ മന്ത്രത്തിലെ മറ്റു ഗീതങ്ങളെക്കാൾ വളരെ പുരാതനമെന്നു അഭിപ്രായമുണ്ടു്

പുരുഷാകാരം-പ. ആൺരൂപം ര. മനുഷ്യരൂപം.

പുരുഷാകൃതി-പ. ആണിന്റെ ആകൃതി ര. മനുഷ്യന്റെ ആകൃതി

പുരുഷാഗ്രേസരൻ-പുരുഷശ്രേഷ്ഠൻ.

പുരുഷാദൻ-മനുഷ്യമാംസം ഭക്ഷിക്കുന്നവൻ.

പുരുഷാദ്ധ്യൻ-വിഷ്ണു.

പുരുഷാന്തരം-നൂറു വർഷകാലം, ഒരു മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലം.

പുരുഷായുസ്സു-ഒരു മനുഷ്യന്റെ ജീവിതകാലം, നൂറിരുപതു വയസ്സു്.

പുരുഷാരം-ജനക്കൂട്ടം.

"ഉറ്റിലെങ്ങും ചോരകിട്ടും
പുരുഷാരത്തിന്റെ മൂലം"

(പാഞ്ചാലീസ്വയംവ്യാനം തുള്ളൽ).

പുരുഷാർത്ഥം-ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവ നാലിനും കൂടെ പറയുന്ന പേർ (ചതുർവർഗ്ഗം).

'ധർമ്മവുമർത്ഥം കാമം
മോക്ഷമെന്നും നാലിതുചതുർവ്വർഗ്ഗം'

കാമം = ആഗ്രഹം. മോക്ഷം = സ്വർഗ്ഗം ധർമ്മം = സുകൃതം, അർത്ഥം = സമ്പത്ത്.

പുരുഷോത്തമൻ-വിഷ്ണു

പുരുഹ-വി. വളരെയുള്ള. പുരുക്കളെ (അനേകരെ) ഹനിക്കുന്നവൻ എന്നർത്ഥം.

പുരുഹൂതൻ-ഇന്ദ്രൻ. പുരു = ഏറ്റവും. ഹൂതൻ = വിളിക്കപ്പെടുന്നവൻ യാഗത്തിൽ ഏറ്റവും വിളിക്കപ്പെടുന്നവൻ എന്നർത്ഥം. പുരു എന്ന അസുരനെ കൊന്നവൻ എന്നുമാം. വളരെ നാമമുള്ളവൻ എന്നും കാണുന്നു.

പുരുഹൂതം-കടകപ്പാലരി.

പുരുരവസ്സ്-ചന്ദ്രവംശരാജാക്കന്മാരിൽ ഒന്നാമൻ ചന്ദ്രപുത്രനായ ബുധനു ഇളയിൽ ഉണ്ടായവൻ.

ഇദ്ദേഹം മഹാ സുന്ദരനും പരാക്രമിയും സത്യസന്ധനും ഭക്തനും ഉദാരശീലനുമായിരുന്നു. ഉർവ്വശിയിൽ ഇദ്ദേഹത്തിനു ആറു പുത്രന്മാരുണ്ടായി. അവരിൽ ജ്യേഷ്ഠൻ ആയുസ്സായിരുന്നു ആയു പുത്രനും പറയുന്നുണ്ട്.

പുരുരവാവു്-പുരുരവസ്സു് (സകാരാന്ത ശബ്ദങ്ങളെ ഇങ്ങിനെ അവാന്തങ്ങളാക്കാറുണ്ടു് ദുർവ്വാസാവു്, സുമാലിവു് ഇത്യാദി)

പുരോഗ-വി. മുൻപിൽ നടക്കുന്ന, ശ്രേഷ്ഠതയുള്ള, പ്രധാനമായ.

പുരോഗതി-വ്. മുമ്പു പോയ.

പുരോഗമി-വി. മുമ്പേ സഞ്ചരിക്കുന്ന, മുമ്പിൽ ശോഭിക്കുന്ന.

പുരോഗാമി-൧ മുമ്പേ സഞ്ചരിക്കുന്ന. (നകാരാന്തമാണ്. സ്ത്രീ-പുരോഗാമിനി).

പുരോഗാമീ-നാമ്പ്.

പുരോഡി-ക്ര. നരിയിലെ ഒച്ചക്ക്. ൨. ഇലകളുടെ കിരുകിര ശബ്ദം.

പുരോചനൻ-ദുര്യ്യോധനന്റെ ബുദ്ധിമുതൻ.

വാരണാവത നഗരത്തിൽ പാണ്ഡവരെ നശിപ്പിപ്പാനായിത്തീർത്തിരുന്ന കെട്ടിടത്തിനകത്തു ഈ പുരോചനനും, കിടന്നാറങ്ങി. ഇതു (അരക്കില്ലം) ഒരു അഗ്നേയ ഗൃഹമായിരുന്നു. ഇതിൽ തീ കൊളുത്തുന്നതിനായിട്ടാണ് ഇവൻ കിടന്നിരുന്നതു. വിവരം മനസ്സിലാക്കിയ ഭീമൻ ആദ്യം ഇവൻ കിടന്ന സ്ഥലത്തിനു തീകൊളുത്തി അവനെ ഭസ്മീപ്പിച്ചു പിന്നീടു തുരങ്കവഴി താനും സഹോദരന്മാരും മാതാവും രക്ഷയെ പ്രാപിച്ചു.

പുരോഡാശം-ക്ര ഹോമദ്രവ്യം, ഹവിർവ്വിശേഷം. അഗ്നിയിൽ ദാനം ചെയ്യപ്പെടുന്നതു് എന്നർത്ഥം.

'തിലതണ്ഡുലമാക്ഷിക
സിതാമധുസമന്വിതം
ഘൃതേനസംയുതേ
പുരോഡാശോഹവിർവ്വിധിഃ'

എള്ളു്, അരി, ഉഴുന്നു, പഞ്ചസാര, മധു ഇവയും നെയ്യും കൂടി കലർത്തിയതാണ് ഹവിസ്സ് അല്ലെങ്കിൽ പുരോഡാശം.

'പുരോഡാശോഹവിർഭേദേ
ചമസ്യാം പിഷ്ടകസ്യച,
രസേഃസാമലതായാംച
ഹുതശേഷേച കീർത്തിതഃ'

എന്നും കാണുന്നു.

൨. ഹോമദ്രവ്യം. ൩. ഇല്ലം

പുരോധസ്സ്-പുരോഹിതൻ, കർമ്മങ്ങളെ ചെയ്യിപ്പിക്കുന്ന ആചാര്യൻ. മുമ്പിൽ നടന്നു പ്രവർത്തിക്കുന്നവൻ എന്നർത്ഥം.

പുരോധാനം-ക്രി. മുമ്പിൽ വെക്കുക. ഉ. ആചാര്യനാൽ ശുശ്രൂഷിക്കപ്പെടുക.

പുരോഭാഗം-അ. മുമ്പിലേഭാഗം.

പുരോഭാഗി-വി. ഉമ്മനസ്സുള്ള, മോക്ഷത്തെ മാത്രം കാണുന്ന. ആചാര്യം സേവിക്കുന്നവൻ എന്നു ശബ്ദാർത്ഥം. (നകാരാന്തം-സ്ത്രീ-പുരോഭാഗിനി).

'ശോഷ്ടീസാ വിരളാനേയത്രാഘട്ടതേ
സത്തമപുരോഭാഗിനാം'
(മോക്ഷോപായത്രയ ഓട്ടൻതുള്ളൽ)

ഒരുവനുള്ള മോക്ഷഹേതുക്കളിൽ മോക്ഷത്തെ മാത്രം ഭാവിക്കുന്നവനത്രേ പുരോഭാഗി.

പുരോമാരുതൻ-കിഴക്കൻ കാറ്റ്.

പുരോഹിതൻ-യാഗാദി കർമ്മങ്ങളെ പറഞ്ഞു ചെയ്യിക്കുന്നവൻ, ധർമ്മകാര്യാധ്യക്ഷൻ. മുമ്പിൽ നടന്നു പ്രവർത്തിക്കുന്നവൻ എന്നർത്ഥം. മറെറാരു പര്യായം-പുരോധസ്സ്.

പുല-വി. വിസ്തൃതമുള്ള, പരന്ന, വലിയ.

പുല-ക്രി. സംബന്ധത്തിൽ ഒരുത്തൻ മരിച്ചാൽ കഴിച്ചു കിയസത്തോടുള്ള അയ്യായ്ക. ഉ. (സം). കുതിരയുടെ ഒരുമാതിരി നടപ്പ്.

പുലകം-ക്രി. കണ്ടം. ഉ. അരിതാരം. സ. ഇന്ദ്രനീലക്കല്ല്. ര. വൈരം.

പുലകാ-ഉടുമ്പ്.

പുലകി-വലിയ കടംപു്.

പുലകുളി-പുല കഴിഞ്ഞാലുള്ള കുളി.

പുലക്കള്ളി-പുലയസ്ത്രീ, ചണ്ഡാലി.

പുലക്കഴിയൻ-പുലക്കിടാത്തൻ.

പുലക്കൊട്ടിൽ-പുലമാടം, പുലയന്റെ പുര.

പുലച്ചണ്ഡാളൻ-പുലയന്റെ ദൈവം.

പുലച്ചാള-പുലമാടം, പുലക്കൊട്ടിൽ.

പുലച്ചി-പുലക്കള്ളി.

പുലൻ-ഇന്ദ്രിയം.

പുലച്ചുതി-പുലയന്റെ ശവം അടക്കുന്ന സ്ഥലം.

പുലപ്പു-കൃത്രിമമായി കാണുന്ന മീൻ.

പുലബന്ധം-മരിച്ചാൽ പുലകൊള്ളുന്നതിനുള്ള പരസ്പരസംബന്ധം

പുലം-ക്രി. ദേഹത്തിലേ രോമം വളരുക. ഉ. (മ). കന്നുകാലികളെ തീറ്റുന്ന സ്ഥലം. സ. ഇന്ദ്രിയം. ര. ഇന്ദ്രിയജ്ഞാനം, ഉണർവ്, ബുദ്ധിശക്തി

പുലമാടം-പുലയന്റെ പുര

പുലമാതണം-പുലയന്റെ പാവു്, പുലയനെ സേവിക്കുന്ന ഒരു ഉമ്മത്തി.

പുലമ്പൽ-ക്രി. പറഞ്ഞുകൊണ്ടു കരകയും മറവും ഉ. ഒപ്പാരം (ഒപ്പാരി).

പുലമ്പുന്നു-ക്രി. വിഷാദത്തോടെ കരകയും പറകയും ചെയ്യുന്നു, വിലപിക്കുന്നു. ഉ. ശബ്ദിക്കുന്നു. ഉ. വേഗത്തിൽ സംസാരിക്കുന്നു. ര. ഉണ്ടാവുന്നു. ൽ. പറയുന്നു. ൟ. വിളങ്ങുന്നു.

പുലയടിയാൻ-പുലയൻ.

പുലയർ-ഒരു താണ ജാതിക്കാർ, കേരളത്തിലേ തൊഴിമ നിവാസികളിൽ ഒരു വർഗ്ഗം.

ഇവ ജാതിക്കാക്ക പണ്ടു വളരെ തിണ്ടൽ ഉണ്ടായിരുന്നു.

പുലയാടി-വ്യഭിചാരം ചെയ്യുന്ന സ്ത്രീ, സ്ത്രീകളെ ശകാരിക്കുന്ന ഒരു വാക്ക്.

പുലയാടുന്നു-വ്യഭിചരിക്കുന്നു, (പുലയാടിക്ക-വ്യഭിചരിപ്പിക്ക).

'കൊല്ലുമതല്ലയാണ്ടിൽ പുലയാടിയ്ക്കു-
മില്ലാത നല്ലതൊരു ജാതിയും ഹരേ
(അഭ്യു-രാമ)

പുലയാടീട്ടന്നാക്കിരിയു പാവചമ
ച്ചുലയെച്ചൂത് പ്പഴപ്പിച്ചുതുഴുകിയ്ക്കും'
(ഭാഗവതം)

പുലയാട്ട്-വ്യഭിചാരം.

പുലയാഠം-പുലയൻ.

പുലയി-പുലക്കള്ളി, പുലയന്റെ സ്ത്രീ.

പുലരി-പ്രഭാതം

പുലരിവന്നിത പ്രഭാതദേവി.

പുലരുന്നു-ക്ര നേരംവെളുക്കുന്നു. ഉ. ഉപജീവിക്കുന്നു

പുലരേ-അ. കാലത്തേ, പകൽ തുടങ്ങിയ ഉടനെ.

പുലർ-ക്ര ഉഷസ്സ്, സൂര്യോദയസമയം. ഉ. ഉപജീവനം. ന. അഭിവൃദ്ധി.

പുലർകാലേ-അ. അധികം കാലത്തേ, അതിരാവിലെ ഉടനെ.

പുലർച്ച-ക്ര നേരംവെളുക്കൽ, പ്രഭാതം ഉ. ഉപജീവനം, നിത്യവൃത്തി കഴിക്കുക ന. അഭിവൃദ്ധി

'ശിഷ്യന്മാക്ക പുലർച്ചയില്ലാത്തതുകൊണ്ടും'
(കഥാചലവൃത്തം വഞ്ചിപ്പാട്ട്)

ര. രക്ഷ.

പുലർത്തുക-രക്ഷിപ്പാനും മറ്റും കൊടുത്തു രക്ഷിക്കുക.

പുലർത്തുന്നു-ക്ര. രക്ഷിക്കുന്നു, പോറ്റുന്നു.

പുലസ്ത്യൻ, പുലസ്ത്യൻ-ഒരു മഹർഷി, പ്രജാപതി, കുബേരന്റെയും രാവണന്റെയും പിതാവായ വിശ്രവസ്സിന്റെ അച്ഛൻ. രാക്ഷസരെല്ലാം ഇദ്ദേഹത്തിന്റെ സന്തതികളാണ്.

പുലഹൻ-ക്ര. ഒരു മഹർഷി, ഒരു പ്രജാപതി. ഉ. ഒരു ഗന്ധർവ്വൻ.

പുലാ-അണ്ണാക്ക്, ചെറുനാക്ക്.

പുലാകം-ക്ര. പതിർ. ഉ. കട്ടച്ചോര, ചോറിന്മണി, വാറ് ന. കഞ്ഞിത്തെ ളി. ര. ചുരക്കുക, ചുരക്കൽ, വിസ്താരമില്ലായ്മ.

പുലായിതം-കതിരച്ചുട്ടം.

പുലാലയൻ-കുബേരൻ.

പുലാവ്-ഒരു വൃക്ഷം. പര്യായങ്ങൾ-പനസം, കണ്ടകിഫലം.

പുലി-ഒരു കാട്ടുമൃഗം.

പുലിയുടെ മാംസം സിംഹമാംസത്തോട് തുല്യമാണ്. സം-ചിത്രവ്യാഘ്രം ഇം-Leopard.

പുലികം-പായ്.

പുലിച്ചുവടി-ഒരു പച്ചമരുന്ന്.

പുലിച്ചുവട് എന്നു ചിലർ പറയുന്നു. പുലിച്ചുവടിക്കു നാഗ്രഹണത്തിന്റെ ഗുണമുണ്ട്. വിശേഷാൽ ശസ്ത്രം കൂടാതെയോ നാഗ്രഹണം വരുത്തും പുലിച്ചുവടി ചേരുമാണ്. സം-നഖരീ, നഖീ. ത-പുലിയുകിർ. പര്യായങ്ങൾ-വ്യാഘ്രായുധം, വ്യാഘ്രനഖം, കരജം, ചക്രകരകം.

പുലിത്തോൽ-പുലിയുടെ തോൽ,

പുലിനഖം-പുലിയുടെ നഖം.

പുലിപ്പല്ല്-പുലിയുടെ പല്ല്.

പുലിമുഖം, പുലിമുട്ട്-ആറാവക്ക് ഇടിഞ്ഞുപോകാതിരിപ്പാൻ കെട്ടുന്ന മുട്ട്.

പുലിയുമുകിൽ-ഒരു നിലയുള്ള ഉറപ്പുള്ള മാളിക (പുലിമുഖമുകിൽ)

പുലിയങ്കം-വലിയ അലുമിനിയവും പുലിയുമായിട്ടു ചെയ്യുന്ന യുദ്ധം.

പുലിയുകിർ-പുലിച്ചുവടി.

പുലിരികം-സപ്പം.

പുലിവാൽ-പുലിയുടെ വാൽ.

പുലിവാൽപിടിക്കുന്നു തന്നത്താൻ അനർത്ഥത്തിൽ ചെന്നു ചാടുന്നു(ശൈലി)

പുലിവാർ-ഒരുമാതിരി വാദ്യം.

പുലോമ-ഒരു ദൈത്യസ്ത്രീ. (ഇവളിൽ നിന്നുണ്ടായവർ പൌലോമന്മാർ)

പുലോമജ-ഇന്ദ്രാണി, ഇന്ദ്രന്റെ ഭാര്യയായ ശചി, പുലോമമുനിയുടെ പുത്രി.

പുലോമൻ-ഒരു മുനി.

പുലോമാ-ഭൃഗുമുനിയുടെ ഭാര്യ, ച്യവനന്റെ അമ്മ.

പുലോമാവ്-ഒരു രാക്ഷസൻ ഇന്ദ്രന്റെ ഭാര്യയായ ശചിയുടെ പിതാവ്.

മകളെ അപഹരിച്ചു കൊണ്ടുപോകകൊണ്ടു ഇന്ദ്രനെ ശപിച്ചു ഇന്ദ്രൻ അവനെ വധിച്ചു.

പുൽ, പുല്ല്-പ്ര. ഭേ, കറുക മുതലായ ചില പച്ചകൾക്കു പറയുന്ന പേർ. ഉ. സാരമില്ലാത്തതു്. സ. കഴമ്പിന്റേയും മറ്റും ഉള്ളതിനു പുറത്തു കാണുന്ന ഒരു വസ്തു. ര. പഞ്ഞപ്പുല്ലു്.

പുൽകുന്നു-കെട്ടിപ്പിടിക്കുന്നു, ആലിംഗനം ചെയ്യുന്നു

പുല്ലുട്ടി-കട്ടയായിട്ടു വെട്ടിയെടുത്ത പുല്ലു്.

പുല്ലുസൻ-പറയൻ, ചണ്ഡാലൻ.

പുല്ലുങ്ങു Pc-ഒരു വൃക്ഷം.

പുൽക്കുങ്കുമം കഫം, വ്രണം, ചൊറി ചിരങ്ങു് മുതലായവയെ നശിപ്പിക്കുന്നു. കാശ്മീരദേശത്തിലുണ്ടാകുന്നു. സം-തുണകുങ്കുമം

പുൽക്കൂട്ടം-പുല്ലിന്റെ കൂട്ടം.

പുല്ലുകൊട്ട-കെട്ടിയ പുല്ലു്,

പുല്ലുകൂടി-പുല്ലു്.

പുല്ഗലം-പിണ്ഡം.

'മൃത്രമാംസാമേധ്യാന്ത്രപുല്ഗല പിണ്ഡമാകം'

(രാമായണം)

പുല്ലു്-ആറിലെ തുരുത്തു്, മണൽത്തിട്ട.

പുല്ലണ്ടം-പശുക്കളുടെ ആമാശയം.

പുല്ലാ, പുല്ലാപ(യ്)-ഒരു മാതിരി പുല്ലുകൊണ്ടു നെയ്തുണ്ടാക്കിയ പായു്.

പുൽപിഞ്ഞാ-കറുകയുടെ നാട്ടുകടത്തുന്ന സ്ഥലം.

പുല്ലുറ-പ്ര. പുൽത്തകിടി. ഉ. തെക്കിൽ സ്ഥലം.

പുല്ലോന്തു്—പ്ര. ഒരുവക പക്ഷി. ഫ. ചാടുന്ന ഒരു ചെറിയ പ്രാണി, വിട്ടിൽ.

പുൽവിഷം-തുലുപോലെയുള്ള ഒരുവക പുല്ലു്.

ഇതു കണ്ണുകാലിക്കും ആപൽകരമായതാണു്. തൊട്ടാൽ വ്രണം ഉണ്ടാകും.

പുല്ല-കണ്ണുകാലിക്കുള്ള ഒരുമാതിരി മഞ്ഞനിറം.

പുല്ലട-പഞ്ഞപ്പുല്ലുകൊണ്ടുണ്ടാക്കിയ ഒരു പലഹാരം.

പുല്ലട്ടം-മേല്പുരക്കു താഴെയുള്ള ഉണക്കപ്പുൽ ശേഖരിപ്പു സ്ഥലം.

പുല്ലൻ-പ്ര. കൊള്ളരുതാത്തവൻ. ഉ. ഒരു മത്സ്യം. സ. ഒരുമാതിരി പാമ്പു്. ര പുല്ലുകടി.

പുല്ലുകടി-ഒരുവക കണ്ണിഴീനം.

പുല്ലയരി, പുല്ലൈരി-വായ്പുൽ രോഗം.

പുല്ലരി-പ്ര. പഞ്ഞപ്പുല്ലിന്റെ അരി. ഉ. ചാമ.

പുല്ലാക്കു്-ഒരാഭരണം.

മൂക്കിൽ രണ്ടു ദ്വാരത്തിനും മദ്ധ്യേ ഇടുന്ന ഒരു ആഭരണം. സ്വർണ്ണത്തിൽ കല്ലുവെച്ചിരിക്കും.

പല്ലാങ്കുഴൽ – വേഴങ്കോലുകൊണ്ടുണ്ടാക്കുന്ന കുഴൽ.

പല്ലാഞ്ഞി – ഒരുവക വിക്കുമധികമുള്ള സസ്യം.

പല്ലായനിമുക്കൻ–ഒരു പാമ്പ്.

പല്ലായനി–ഒരു കാട്ടുചെടി.

പല്ലായിനി–പാവൽ.

പല്ലിംഗം–പ. പുരുഷന്റെ അടയാളം. ര. (വ്യാകരണപ്രകാരം) ലിംഗങ്ങളിൽ മൂന്നുള്ളതിൽ ഒന്ന്. വിശേഷ്യങ്ങളിലുള്ളവരിൽ പുരുഷജാതിയെ കുറിക്കുന്നത്

പ. പുല്ലിംഗം–പുരുഷനെ കുറിക്കുന്നത്. ഉ–ം (കള്ളൻ).

ര. സ്ത്രീലിംഗം–സ്ത്രീയെ കുറിക്കുന്നത്. ഉ–ം (കള്ളി)

ന. നപുംസകലിംഗം–ആണും പെണ്ണുമല്ലാത്തതിനെ കുറിക്കുന്നത്. (കള്ളം)

പല്ലുവട്ടി–പ. പല്ലുകൊണ്ടു നെയ്തുണ്ടാക്കിയ ഒരു പാത്രം. ര. പല്ലുവിനു തിന്മാൻ പുല്ലിട്ടുകൊടുക്കുന്ന ഒരു വട്ടി.

പല്ലുന്നി–പന്നിയുടെ മുതുകിലെ മുടി.

പല്ലൂരി–പ. കാലിന്റെ മുട്ടിനു താഴെ നീളത്തിലുള്ള മുൻഭാഗം. കണങ്കാൽ. ര. പല്ലൂരിപ്പുണ്ണ്.

പല്ലൂരിക്കുഴ–കഴുത്തിലെ ഒരാഭരണം.

പല്ലൂർവണ്ണൻ–പൂമിവണ്ണൻ.(A deity of Tiyars) തീയരുടെ ഒരു ദൈവം.

പല്ലൂറനകുട്ടൻ–നല്ലവണ്ണം തിന്നുമെലിച്ച കാള.

പുവന്നി–ഭൂമി. (പ–മ).

പുവ്വൽ–പിണ്ഡം.

പുവ്വത്ത്–ഒരുങ്ങാടിമരുന്നു.

പുവ്വത്തെണ്ണ–പൂവാകരയിൽ നിന്നെടുക്കുന്ന എണ്ണ.

പുവ്വം–ഒരു വൃക്ഷം.

പുവ്വത്തി–ഒരു മരം, ഇറഞ്ഞിമരം. പത്തുയങ്ങം അരിഷ്ടം, പേനിലം.

പുവ്വങ്കുറുന്തൽ–ഒരു പച്ചമരുന്ന്.

പുഷിത–വി. വളർക്കപ്പെട്ട. പുഷ്ടിയെ പ്രാപിപ്പിക്കപ്പെട്ട.

പുഷ്കരം–പോഷിപ്പിക്കുന്നത്.

പുഷ്കരകാന്തൻ–സൂര്യൻ.

പുഷ്കരകാന്തൻ അസ്തമിച്ചീടിനാൻ'
(കൃഷ്ണഗാഥ)

പുഷ്കരമൂഡൻ–ലോകാലോക പർവ്വതത്തിൽ നാലു ദിക്കിലുമുള്ള നാലു ദിഗ്ഗജങ്ങളിൽ ഒന്ന്.

പുഷ്കരൻ–പ. ഒരു രാജാവ് ര. വരുണന്റെ പുത്രൻ. ന. കൃഷ്ണൻ ർ. ശിവൻ. ൽ. ഭരതന്റെ പുത്രനായ ഗന്ധർവ്വരാജാവു ന്ന. നളന്റെ ഒരു സഹോദരൻ. ൻ. ഒരു ബ്രാഹ്മണൻ.

പുഷ്കരപുത്രി–ലക്ഷ്മീദേവി.

'പുഷ്കരപുത്രീരമണൻ പുരാതനൻ'
(രാമായണം)

പുഷ്കരം–പ. താമര. ര. വെള്ളം. പുഷ്ടിയെ ചെയ്യുന്നതു എന്നർത്ഥം. ന. ആകാശം. പുഷ്ടിയെ പ്രാപിക്കുന്നത്; ആകാശത്തെ പോഷിപ്പിക്കുന്നത്, വെള്ളത്തെ കൊടുക്കുന്നത് ഇങ്ങിനെ ശബ്ദാർത്ഥം. ർ. സപ്തദ്വീപുകളിൽ ഒന്ന്.

'സാമരം ചിഷ്കോഡശാക്ഷം വി
സ്താരത്തോടും നീളെയങ്ങതിൻപുറം പു
ഷ്കരദ്വീപമതു*കേളുപത്തുനാലുലക്ഷം
യോജനന്തന്നെ വിസ്താരമവിടെപ്പൊന്ന
യമായിരിപ്പൊന്നു*ചന്ദ്രനുണ്ടല്ലോ പതി
നായിരമിതമോടും ബ്രഹ്മാവിന്നിരിപ്പു
തിന്നടവിലാകുന്നിതു*തൻമൂലം പുഷ്കര
ദ്വീപെന്നു പേരുണ്ടായ്തന്നു'

ല. പുഷ്കരമൂലം എന്നമരുന്ന്. ന്യ ആനനുബ്ബിരക്കെയുടെ പൂവ്വം. ഒ ഒരു സ്ഥലത്തിന്റെ പേർ. വ്യ. വാദ്യത്തിൽ കൊട്ടുന്ന ഭാഗം. ൻ. വാളിന്റെ പരന്ന ഭാഗം. ഫാ. അമ്പ് ഫ്ര. ക്രട്ട്. ഫ്ര. പണ്ടേരികോഴി. ഫ്ന. ഒരു തീർത്ഥം. ഫ്ര. പൊയ്ക. ഫ്ര. കൊട്ടം. ഫ്ന പായ്.

പുഷ്കരമൂലം-ഒരു പച്ചമരുന്ന്.

പുഷ്കരമൂലം കൊട്ടത്തിൽ ഒരുവകയെന്ന അഭിപ്രായം കാണുന്നു. വാതം, കഫം, ജ്വരം, അരുചി, ഇക്കിൾ മുതലായവ നന്നു. ഇതു കിട്ടാതെ വന്നാൽ പകരം കൊട്ടം ചേർക്കാം, ര-മേട്ടത്താമരെക്കിഴങ്ങ്.

പുഷ്കരശായികാ-താമരക്കിളി.

പുഷ്കരാഖ്യ -പണ്ടരേക്കോഴി. താമരപ്പൂവിന്റെ പേരുള്ളതു എന്നർത്ഥം. (താമരപ്പൂവിന്റെ പര്യായങ്ങളെല്ലാം ഇതിന്റെയും പര്യായമാകുന്നു).

ഇതു ജലാശയാടു സംബന്ധമുള്ള ഒരു പക്ഷിയാണ്. 'നീർക്കാക്ക' എന്നു ചിലരുടെ പക്ഷം.

പുഷ്കരാക്ഷി-വി. താമരപ്പൂപോലെ കണ്ണുള്ള, സൌന്ദര്യമുള്ള.

പുഷ്കരാക്ഷൻ-വിഷ്ണു.

പുഷ്കരിണി-ഫ. ഒരുമാതിരി കുളം. പുഷ്കരം (ജലം) ഉള്ളതു എന്നർത്ഥം. കൊക്കരണി, താമരക്കുളം, താമരപ്പൊയ്ക, പൊയ്ക. ഫ. പിടിയാന. ന. കാരിലത്താമര.

പുഷ്കരീ-ആന.

പുഷ്കല-വി. ഫ. പ്രധാനമായ ഫ. വളരെയുള്ള. ന. പൂർണ്ണമായ. ര. അതിശയേന ശോഭായമാനമായിട്ടുള്ള. ഭ. സമീപമുള്ള. ന്യ ഐശ്വര്യമുള്ള. ം. പ്രതിധ്വനിപ്പിക്കുന്ന. വ. ഉത്തമമായ

'പുഷ്കലമരതകപുഷ്കരം'

(കൃഷ്ണഗാഥ)

ൻ. മനോഹരമായ. ഫാ. തടിച്ച.

പുഷ്കലകൻ-ബുദ്ധസന്ന്യാസി.

പുഷ്കലകം-ഫ. അമ്പ്. ഫ. തേൻ. ന. കസ്തൂരിമൃഗം.

പുഷ്കലൻ-ഫ. ശിവൻ. ഫ. മേഘപ്രവ്രം. ന. ഭരതന്റെ ഒരു പുത്രൻ.

പുഷ്കലം- ഫ. പ്രളയ കാലത്തിലെ മേഘങ്ങളിൽ ഒന്നു്.

പുഷ്കലം, ആവർത്തം മുതലായ മേഘം മൂടങ്ങിയും വർഷിച്ചുണ്ടാകുന്നതു പ്രളയ സമുദ്രമുണ്ടാകുന്നതു.

ഫ. ഒരു വാദ്യം. ന. മേഘപ്രവ്രം. ഭ. ഒരളവു് (നൂഴ കൈനിറയെ).

പുഷ്കലസൻ-ചണ്ഡാലൻ.

പുഷ്ട-വി. വളർക്കപ്പെട്ട.

പുഷ്ടം-പുഷ്ടിയെ പ്രാപിപ്പിക്കപ്പെട്ടതു്, പോഷിപ്പിക്കപ്പെട്ടതു എന്നർത്ഥം.

പുഷ്ടമോദം-അ. അധികം സന്തോഷത്തോടെ.

പുഷ്ടി-ഫ. കനത്തറം. ഫ. ശക്തി. ന. വണ്ണം. ര. സമ്പത്തു്. ഭ. അമുക്കിരം. ന്യ. പുഷ്ടി.

പുഷ്ടികാ-കക്കാ.

പുഷ്ടിവർദ്ധനം-കോഴി.

പുഷ്ടീകരിക്കുന്നു-പുഷ്ടിപ്പെടുത്തുന്നു, ബലപ്പെടുത്തുന്നു.

പുഷ്പകൻ-ഒരു അമ്പലവാസി.

ഇവർക്കു ക്ഷേത്രങ്ങളിൽ പൂവും മാലയും കൊണ്ടുവരുന്ന ജോലിയാണ്.

പുഷ്പകം-ഏ. വൈശ്രവണന്റെ വിമാനം

പുഷ്പകവിമാനം കുബേരനു ബ്രഹ്മാവു ദാനം ചെയ്തതാണ്. ഈ വിമാനത്തെ രാവണൻ അപഹരിച്ചു. രാവണവധം കഴിഞ്ഞശേഷം ശ്രീരാമനും സീതയും ലക്ഷ്മണനും മറ്റും ഇതിൽ കയറിയാണ് അയോധ്യക്കു പോയത്. വിമാനം തിരിയെ വൈശ്രവണനെത്തന്നെ ഏല്പിച്ചു.

പുഷ്പംപോലെ ഭംഗിയുള്ളതു എന്നർത്ഥം. ൨. രത്നവലയം. ൩. പിച്ചള, ക്ലാവ്. ൪. കണ്ണിലുണ്ടാകുന്ന ഒരു ഭീനം. ൫. കുസുമാഞ്ജനം. ൬. ഇരിയ്ക്. ൭. പുഷ്പകാസീസം. ൮ വെള്ളോട്ട്. ൯. രസാഞ്ജനം. ൧൦. കാരീയം.

പുഷ്പകാസീസം-രസായനമണ്ഡന വസ്തുത്തിൽ പെട്ട ഒരു ഉപരസദ്രവ്യം.

അരച്ചു തേച്ചാൽ തപ്രോക്തങ്ങളും നീങ്ങും. ഇം-Green or black sulphate of iron.

പുഷ്പകീടം-വണ്ട്.

പുഷ്പകേതു-ഏ. കാമദേവൻ. ൨. കുസുമാഞ്ജനം. പുഷ്പത്തെ നശിപ്പിക്കുന്നതു എന്നർത്ഥം.

പിച്ചള ഉലയിൽ വച്ചു് ഊതുമ്പോൾ അതിൽ നിന്നുണ്ടാകുന്ന കിട്ടുമണ 'പുഷ്പകേതു' എന്നു കാണുന്നു. പുഷ്പാഞ്ജനം എന്നും പറയും.

പുഷ്പഗന്ധം-പൂവിന്റെ മണം.

പുഷ്പഘാതകം-മുള.

പുഷ്പജം-പനിനീർ.

പുഷ്പമഞ്ജരികാ-നീലത്താമര. വിടിഞ്ഞ നില്ക്കുന്നതു എന്നർത്ഥം.

പുഷ്പതല്പം-പൂമെത്ത, പൂക്കൾകൊണ്ടുള്ള മെത്തപോലെ വിരിച്ചതു്.

പുഷ്പദന്തം-വാഴയുടെ കുമ്പിന്റെ മേൽഭാഗം (തടി). കാളാമുണ്ടം.

പുഷ്പദന്തൻ-ഏ. വായുകോണിലെ ആന, ഒരു ദിഗ്ഗജം. പുഷ്പംപോലെ ഭംഗിയുള്ള കൊമ്പുകളും ഉള്ളതു എന്നർത്ഥം. ൨. ശിവന്റെ ഒരു അനുചരൻ ൩. മഹിമസ്തോത്രം എന്ന പുസ്തകത്തിന്റെ ഗ്രന്ഥകർത്താവു്. ൪. ചന്ദനം സുഗന്ധം. ൫. ശിവന്റെ ഒരു മുഖ്യപരിചാരകൻ.

ശിവന്റെ ഈ പരിചാരകൻ ശിവൻ പാർവ്വതിയോടു സല്ലപിയ്ക്കുന്നതു പറഞ്ഞതു കളിച്ചുനിന്നു കേട്ടു് അതിനെ പ്രസിദ്ധമാക്കുകകൊണ്ടു ശപിക്കപ്പെടുകയും രൂപാന്തരണനായ കാന്യായനനായിജനിക്കയും ചെയ്തു.

പുഷ്പദ്രവം-പനിനീർ.

പുഷ്പധ്വജൻ-കാമദേവൻ.

പുഷ്പധനുസ്സ്-കാമദേവൻ.

പുഷ്പധനാവു്-കാമദേവൻ.

പുഷ്പധാരണൻ-വിഷ്ണു.

പുഷ്പനയം-തേനീച്ച.

പുഷ്പപത്നീ-കാമദേവൻ.

പുഷ്പപുരം-ഒരു രാജധാനി, പാടലിപുത്രം.

പുഷ്പഫലം-ഏ. പ്ലാവുവൃക്ഷം, ൨. വലിയ കമ്പളങ്ങ.

പുഷ്പബാണൻ-കാമദേവൻ.

പുഷ്പം-ഏ. പൂവു്. മറ്റു പര്യായങ്ങൾ-സുമനസ്സു്, പ്രസൂനം, കുസുമം, സുമം.

പുഷ്പസ്യാഭരണം കാന്തി
വർദ്ധനം കാമകാരകം
രാജശ്രീവർദ്ധകത്വാച്ച
പാപഗ്രഹവിനാശനം'

൨. സ്ത്രീകളുടെ ആർത്തവം, രജസ്സു്. ഗർഭാശയത്തെ വിടിത്തുന്നതെന്നർത്ഥം.

ന. വിടിച്ചു. ഴ. തുണിയാങ്കം. ഇ. കണ്ണിലുണ്ടാകുന്ന ഒരു ഭീനം. ന. ഒരു വലിയ സംഖ്യ (100,000 Millions).

പുഷ്പമകരാലയം-സമുദ്രം.

പുഷ്പമിത്രൻ-ഒരു സേനാധിപതി.

പുഷ്പമിത്രൻ പാടലിപുത്രം എന്ന പുരത്തിൽ വാണിരുന്ന മൌര്യവംശക്കാരായ രാജാക്കന്മാരിൽ പത്താമത്തെ രാജാവായിരുന്ന ബൃഹദ്രഥന്റെ സേനാപതിയായിരുന്നു. മൌര്യന്റെ ശേഷം വന്ന ശുംഗരാജാക്കന്മാരിൽ ഒന്നാമത്തെയവൻ. പാടലീപുത്രത്തിൽ വാണു. ഈ രാജാവിന്റെ കാലത്താണ് പതഞ്ജലി ജീവിച്ചിരുന്നതു്.

പുഷ്പരഥം-ഒരുമാതിരിതേര്, പുഷ്പകരഥം.

പുഷ്പരജസ്സു-കുങ്കുമം.

പുഷ്പരസം-പ. പൂന്തേൻ. ര. പനിനീർ.

പുഷ്പരാഗം-പുഷ്യരാഗം, ഒരുമഹാരത്നം.

വാതം, നേത്രരോഗം, വിഷം ഇവയെ ശമിപ്പിക്കും മഞ്ഞനിറം, കാന്തി, തൂക്കത്തിൽ കനവു്, മിനുപ്പു്, നിമ്നലത, വൃത്താകൃതി, ഒരുതാൽ തണുപ്പു്, സുരഗത ഇവ നല്ല പുഷ്പരാഗത്തിന്റെ ലക്ഷണമാകുന്നു. ത-പുട്പരാകം, ഇം-Topaz ടോപാസ്.

പുഷ്പരേണു-പൂമ്പൊടി.

പുഷ്പരോചനം-നാഗപ്പൂവു്.

പുഷ്പലാവൻ-പൂ പറിക്കുകയും മാല കെട്ടുകയും ചെയ്യുന്നവൻ.

പുഷ്പലിട്ടു്, പുഷ്പലിക്ഷാ-വണ്ടു്. പുഷ്പരസത്തെ ലേഹനംചെയ്യുന്നതെന്നർത്ഥം.

പുഷ്പവത്-വി. വിടിരുന്ന.

പുഷ്പവൽ-വി. പുഷ്പമുള്ള.

പുഷ്പവതീ(തി)-മീനുകയിരിക്കുന്നവൾ രജസ്സുള്ളവൾ എന്നർത്ഥം.

പുഷ്പവൃത്തുക്കഠം-അഗരുചന്ദനം ചന്ദനം ക്രമേ പറയുന്ന ഒരു പേർ.

പുഷ്പവനം-പൂങ്കാവു്.

പുഷ്പവാടി(കാ)-പ. പൂത്തറ. ര. പൂന്തോട്ടം.

പുഷ്പവാന്മാർ - അഗരുചന്ദനം ചന്ദനം. ശോഭയുള്ളവർ എന്നർത്ഥം.

ഈ ശബ്ദം ഏകവചനമായി പ്രയോഗിച്ചാൽ സൂര്യൻ എന്നോ ചന്ദ്രൻ എന്നോ അതിനു ചേർച്ച തക്കവണ്ണം അർത്ഥത്തെ കല്പിക്കാമെന്നു വിചാരിച്ചു പോകരുതു്.

പുഷ്പവൃഷ്ടി-പൂമഴ, പൂ കൊണ്ടു മഴപോലെ ചൊരിയുക.

പുഷ്പവേണി-പുഷ്പമാല.

പുഷ്പശയ്യ-പൂമെത്ത, പൂ കൊണ്ടു മെത്തപോലെയുണ്ടാക്കിയതു്.

പുഷ്പശരൻ-പൂവമ്പൻ, കാമദേവൻ.

പുഷ്പശരാസനൻ-കാമദേവൻ.

പുഷ്പശൂന്യം-അത്തിയാൽ.

പുഷ്പസമയം-വസന്തകാലം. വിശേഷപുഷ്പങ്ങൾ മുള്ള സമയം എന്നർത്ഥം.

പുഷ്പസായകൻ-കാമദേവൻ.

പുഷ്പസാരം-പ. പൂന്തേൻ. ര. പനിനീർ. ന തുളസി.

പുഷ്പസദ്മം-പനിനീർ.

പുഷ്പഹാസൻ-വിഷ്ണു.

പുഷ്പഹാസം-പൂക്കൾ വിടിരുക.

പുഷ്പഹാസാ - തീണ്ടാരിയായിരിക്കുന്ന സ്ത്രീ.

പുഷ്പഹീന-പേരൊഴിഞ്ഞവൾ.

പുഷ്പാപണം എന്ന പട്ടണം, ഇപ്പോഴത്തെ ബഗൽപൂർ.

പുഷ്പാഭരണൻ-മാലകെട്ടുന്നവൻ.

പുഷ്പാഞ്ജനം-കാഞ്ജനം പലവകയുള്ളതിൽ ഒന്നു്, കസൂരാഞ്ജനം, പിച്ചളയു

ണ്ടാക്കുന്നതിനായി ഉപയോഗിക്കുന്നു. ഇതിന് നാകവും ക്രൃമിയും നശി

കമുള്ള തയിർ കൊണ്ടുണ്ടാക്കുന്ന കറിക ളാണ നല്ലതെന്നു ഒരു പക്ഷമുണ്ട്. പുളി ച്ച തയിർ ഉപയോഗിക്കുന്നതു ദേഹ ത്തിന നന്നല്ല. തയിരിനു പുളി അധി കം ഉണ്ടാകണമെങ്കിൽ രണ്ടുമൂന്നു ദിവ സം അതിനെ പുഴക്കണം. ഇതിനിടയ്ക്കു തയിർ ഉറഞ്ഞുതുടങ്ങും. ജീരകം സംയോ ച്ചു പശുത്തൈര ഭുജിച്ചാൽ അതു ദേഹ നത്തെ ഇല്ലായ്മചെയ്യും. ഉ. വാമൻ പുളി. നാ. കടയുളിയും മറവം.

പുളികുടി-ക്രി. സ്ത്രീകൾക്കു ഗർഭമുണ്ടായാൽ ഒൻപതാംമാസത്തിൽ ചെയ്യുന്ന ഒരു കർമ്മം. ഉ. പുളികുടിക്കുക.

പുളിക്കുന്ന-പുളിരസമുണ്ടാകുന്ന. (സ. ക്രി. പുളിപ്പിക്കുന്ന).

പുളിങ്കറി-പുളി ക്കുട്ടിവെക്കുന്ന കറി.

പുളിങ്കുരു-പുളിയുടെ കുരു.

പുളിങ്ങ-ക്രി. അച്ചിങ്ങാപ്പുളി, പുളിയങ്ങ, പയ്യാമ്പുളി-തിന്തിഡീകം, ചുക്രം, വൃക്ഷാമ്ലം. ഉ. ഇടമുറുക്ക്. നാ. ശ്രുദ്രസ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

പുളിച്ചമാവു്-പുളിപ്പിച്ച അരിമാവു്.

പുളിച്ചുതികട്ടൽ - ദേഹനക്കേടുകൊണ്ടു വയറ്റിൽനിന്നു മേല്പോട്ടു പുളിരസത്തോ ടുകൂടെ വരുന്ന ഒരു ശ്വാസം.

പുളിച്ചുനാറുന്ന-പുളിച്ച ദുർഗ്ഗന്ധം ഉണ്ടാ കുന്ന.

പുളിഞരമ്പു്-പുളിയുടെ ഞരമ്പു്, വാ മൻ പുളിമരത്തിന്റെ ഇലയിലും കായി ലും ഉള്ള ഞരമ്പു്.

പുളിഞ്ഞാണ-പുളി കുരുകളഞ്ഞു ഇടി ച്ചു കുട്ടിയതു്.

പുളിഞ്ഞാറു്-പുളി കലക്കി ഉപ്പും മുള കും കായവും ചേർത്തു തിളപ്പിച്ചുണ്ടാക്കി യതു്.

പുളിഞ്ഞി-ഒരു വൃക്ഷം.

വാതം, കഫം, വീക്കം ഇവക്കു നന്നു്. മുള്ളുള്ളവള്ളിയാണു്: സം-ശ്രീവല്ലീ. പുളിഞ്ഞിയുടെ കായു് ഇലയെ ഉണ്ടാക്കും. അരച്ചുതേച്ചാൽ മെഴുക്കിനെ കളയും. ഇല ഇഞ്ചയെപ്പോലെ ഇരിക്കും.

പുളിഞ്ഞിക്ക — പുളിഞ്ഞി മരത്തിന്റെ കായു്.

പുളിനം-ക്ര. മണൽത്തിട്ട. വെള്ളം കയ റുമ്പോൾ ഇല്ലാതാകുന്നതും താഴുമ്പോൾ പ്രത്യക്ഷപ്പെടുന്നതും വിസ്താരമുള്ളതും എന്നർത്ഥം. ഉ. ആറു മുതലായതിൽ ജലത്തിൽ ചിലേടത്തു പൊങ്ങിക്കാണു ന്ന മണൽക്കൂട്ടം. നാ. നദിയുടെകര ക്ര. മണലുള്ള തീരപ്രദേശം.

പുളിനവതി-നദി.

പുളിന്ദൻ-കാട്ടാളൻ. ക്രൂരൻ ശരീര മുള്ളവൻ എന്നർത്ഥം.

പുളിന്ദ (ന്ദീ)-കാട്ടാളസ്ത്രീ.

പുളിപ്പു്-പുളിരസം.

പുളിപ്പൻകോരപ്പുല്ലു്-ഒരുവക പുല്ലു്. പശുക്കൾക്കു പാലിനെ കറയ്ക്കും, കർഷകർക്കു പുഷ്ടിയെ ചെയ്യും. സം-ഖവണത്തുണം.

പുളിമണ്ണം - പുളിച്ചാലുണ്ടാകുന്ന ഒരു മണം.

പുളിമാങ്ങ-പുളിയുള്ള മാങ്ങ.

പുളിമാവു്-പുളിയന്മാവു്.

പുളിമ്പശ - പുളികുരുവുകൊണ്ടുണ്ടാക്കിയ പശ.

പുളിയഞ്ചീര-പുളിപ്പുക്കീര.

വാതം, ശ്ലേഷ്മം, ശ്രമം, ക്ഷയി ഇവക്കു നന്നു്. ഇല വെളുത്തതും പുളിയുള്ളതു മാണു് സം-ചുക്രം. ത-പുളിപ്പുക്കീരെ.

ഇം-Bladdered Dock. ബ്ലഡർഡ് ഡാക്.

പുളിയൻ-വി. പുളിയുള്ള.

പുളിയൻ-പുലയൻ, പുല്ലൻ.

പുളിയാരൽ-ഒരു പച്ചമരുന്ന്. (തമിഴിൽ-ചടച്ചി), ദാഹമടക്കി. പര്യായങ്ങൾ-ചാംശേരി, ചുക്രികാ, ഒന്തശം, അംബഷ്ഠം, അമ്ലവേണികാ.

പുളിയാരൽ പുളിയിഞ്ചീരയിൽ ചെറിയ തരമാകയാൽ ചെറുതെന്നും വലുതെന്നുമല്ലാതെ ഭേദമില്ലെന്നു ചിലർ പറയുന്നു. കഫം, വാതം, ഗ്രഹണി, അർശ്ശസ്സ്, കൃമി ഇവകൾക്കു നന്ന്. രുചികരമാണ്. സം-ചാംശേരീ. ഇം-Wood Sorrel വുഡ്സോരൽ.

പുളിയാരലിൻകിഴങ്ങ്-ഒരു മരുന്ന്, പുളിയാരലിന്റെ കിഴങ്ങ്.

പുളിയിഞ്ചി-ഒരു കറി.

പുളിരസം-പുളിപ്പ്, പുളി.

പുളിരസം ഭക്ഷിച്ചുണ്ടാകുന്ന അമ്ലീർണ്ണത്തിങ്കൽ ഏലത്തരി, ചുക്ക് ഇവ കഷായംവെച്ച് പഞ്ചസാര ചേർത്തു സേവിക്കുക. സം-അമ്ലം. ത-പുളിപ്പ്. ഇം-Sourness സെഴവർനെസ്സ്.

പുളിവണ്ണൻ(കണ്ണൻ)-തീയരുടെ ഒരു ദൈവം.

പുളിശ്ശേരി-മോരു ചുട്ടിയുണ്ടാക്കുന്ന ഒരു കറി.

പുളിശ്ശേരിവെയ്ക്കുക-നശിപ്പിക്കുക, അനാവശ്യമായി ധാരാളം ചെലവഴിക്കുക. (ശൈലി).

പുറം-പ്ര. ഏതെങ്കിലും ചെറിയ പക്ഷി. വി. കണ്ണകാലിക്കുള്ള ഒരു ദീനം.

പുള്ള്-ഒരു പക്ഷി.

പുള്ളടി-പ്ര. ഒരു രോഗം, ചെറുപുള്ളടി. വി. വെള്ളിക്കോലിൽ അഞ്ചു് പത്തു് മുതലായ സംഖ്യകൾ അറിയുന്നതിനുണ്ടാക്കുന്ന ഒരടയാളം. ന. ഗ്രന്ഥങ്ങളിൽ ഇടുന്ന ഒരടയാളം.

പുള്ളൻ-കടൽമീൻ.

പുള്ളി-പ്ര. തടവുകാരൻ. വി, അടയാളം. ന. വസ്ത്രങ്ങളിൽ ഇടുന്ന നമ്പർ മ. കത്തു്. ഭ. വിലമതിപ്പു്. യു. കേമംവിപ്പെട്ടവൻ. ര. ആശം. വ സൈന്യങ്ങളുടെ ഒരു ക്രമം. ൻ. ദോഷം.

പുള്ളിക്കുന്ന-പുള്ളിയുണ്ടാക്കുന്നു, പുള്ളിപ്പുള്ളിയാക്കുന്നു.

പുള്ളിക്കേഴമാൻ-ഒരുവക മാൻ. (സംസ്കൃതം-രോഹിതം).

പുള്ളിത്താപ്പു്-വസ്ത്രത്തിന്റെ മുഡമായ വില.

പുള്ളിനം-പക്ഷിക്കൂട്ടം.

പുള്ളിപ്പുലി-പുള്ളിയുള്ള പുലി.

പുള്ളിമാൻ-ഒരുവക മൃഗം, പുള്ളിയുള്ള മാൻ. പര്യായം-പൃഷതം

ഇതിന്റെ മാംസം രോഗിക്കു് ഭക്ഷിക്കാവുന്നതു്. ത-കരിമാൻ. ഇം-Spotted Antelope സ്പോട്ടെഡ് ആന്റിലോപ്പ്.

പുള്ളിയാരൻ-മലയരുടെ ഒരു ദൈവം.

പുള്ളിവിളക്കം - കടിയനവന്മാരുടെ പറമ്പുചീട്ടും സങ്കീർണ്ണക കണക്കും കൂടെ ഒത്തുനോക്കുക. ക്രിയ-പുള്ളിവിളക്കുന്നു.

പുള്ളുബാധ-പുള്ളിൽനിന്നുണ്ടാകുന്ന ഉപദ്രവം, വളരെ ചെറിയ കുഞ്ഞുങ്ങൾക്കു വരുന്ന ഒരു ദീനം.

പുള്ളുവൻ - ഒരു താണജാതിക്കാരൻ. (സ്ത്രീ-പുള്ളുവത്തി.)

പുള്ളുവരാണ് കാവുകളിൽ പുള്ളുവപ്പാട്ടു പാടുന്നതു്.

പുള്ളോറു-പുള്ളുബാധ.

പുള്ളിറാമരം–ഒരു വൃക്ഷം.

ഇതിന്റെ കായ് കഞ്ഞുങ്ങളുടെ അരയിൽ കെട്ടിയിടുക പതിവാണ്

പുഴ–പ്ര. ആവ്. പയ്യോയങ്ങൾ–നദി, സരിത്ത്, രോധസ്വിനി, തടിനി, സ്രോതസ്വിനി, ധുനി, സ്രോതസ്വിനി, ദീപവതി, സ്രവന്തി, നിമ്നഗ, ആപഗം. ര. ഇടിഞ്ഞരകയാല. ന. പൊള്ളിഞ്ഞവേലി.

പുഴക്കടവ്–ആറ്റുകടവ്.

പുഴക്കരം–മുഴക്കം, മാറ്റൊലി.

പുഴക്കരുന്ന–ഓടാട്ട ഇളക്കുന്നു, അടി ഉരുന്നു വീഴിക്കുന്നു.

'തീരത്തിലെത്തതുപുഴക്കുവനെന്ന
പോലെ'
(മലയാളശാകുന്തളം)

പുഴക്കുലി–വള്ളക്കൂലി.

പുഴക്കൈയ്–നദിയുടെ ശാഖ, ഒരുകൈത്തോട്.

പുഴങ്ങുന്ന–പ്ര. മുഴങ്ങുന്നു.

'പുടപുഴങ്ങവേസഹസ്രനാമമായ്'
(ഭാരതം)

മാറ്റൊലിക്കൊള്ളുന്നു. ര. പൊരുളുന്നു.

പുഴമുഞ്ഞ പുഴുക്കുപവർഗ്ഗത്തിൽ ചേർന്ന കഷ്ണജീവി.

ഇതു മിക്കവാറും ജലത്തിനടുത്തുണ്ടാകുന്നു. ഇവകൾ ചെറുതായിരിക്കും. കറുപ്പ്, വിണ്ണം, വിശ്വം മുതലായവകളുണ്ട്. സംജ്ഞയന്തം. ത–തഴുതാമ ഴ.

പുഴുവായ്–നദിയുടെ മുഖം.

പുഴു–ക്രിമി. പയ്യോയങ്ങൾ–നീലംഗ്ല, കൃമി. കമ്പിപ്പുഴു, അരിപ്പുഴു, ഓലപ്പുഴു, കടപ്പുഴു, തേക്കൻപുഴു, തൊപ്പപ്പുഴു ഇങ്ങിനെ പലമാതിരിയുണ്ട്.

പുഴുക്–ഒരുതരം ഏന്ന മൃഗത്തിൽ നിന്നുണ്ടാകുന്ന ഒരു സുഗന്ധവസ്തു.

പുഴുകുക–മുഷിയുക.

പുഴുകുന്ന–മുഷിക്കുന്നു.

പുഴുക്ക–(ആട്ടിൻറെ) കാഷ്ഠം. (പ–ഭ.)

പുഴുക്കു–ഒരു കറി.

പുഴുക്കടി–ശരീരത്തിൽ തൊലിമേലുണ്ടാകുന്ന ഒരു രോഗം.

പുഴുക്കരുണ്ണിനെല്ല്–ഒരുവക നെല്ല്.

ഇതിനു മിക്കവാറും നവരയുടെ ഗുണമുണ്ട്. കുറഞ്ഞൊരു കഫോല്പാദകമാണ്. സം–രക്തമുഖം.

പുഴുക്കരുണം–ഒരുപക്ഷത്തിലുള്ള വിരുദ്ധ വിരോധമായ സമയം.

പുഴുക്കലരി–നെല്ല് പുഴുങ്ങി ഉണക്കി കുത്തിയെടുത്ത അരി.

പുഴുക്കൽ–പ്ര. പുഴുങ്ങിയ നെല്ല്. ര. പുഴുങ്ങിയ നെല്ലിന്റെ അരി.

പുഴുക്കുത്ത്–പുഴുതിന്നോ തുരുമ്പോ ഉണ്ടാക്കിയ കേട്, പുഴു തുരുമ്പു മുതലായ ദോഷം.

പുഴുക്കുന്ന–മാംസങ്ങളും മറ്റും പുഴുവോളം കൂടിയതായിതീരുന്നു, ക്രിമിക്കുന്നു.

പുഴുക്കൂട്–പുഴുവിന്റെ കൂട്.

പുഴുക്കേട്–പുഴുവരിക്കുന്നതിനു കേടുവന്നത്.

പുഴുക്കൊല്ലി–ഒരു മരുന്ന്, ആട്ടുതിന്നാപ്പാല.

പുഴുങ്ങലരി–പുഴുക്കലരി.

പുഴുങ്ങൽ–പ്ര. പുഴുങ്ങുക. ര. പുഴുക്കലരി.

പുഴുങ്ങുന്ന–വെള്ളവും മറ്റും കൂട്ടി വേവിക്കുന്നു.

പുഴുനൂൽ–ഒരുമാതിരി പുഴുവിൽനിന്നെടുക്കുന്ന നൂൽ, പട്ടുനൂൽ.

പുഴുപ്പല്ല്–പുഴുക്കേടുള്ള പല്ല്.

പുറക്–പിൻപു, പിൻപുറം, പിൻഭാഗം.

പുറകിൽ–ന. പിൻപിൽ, പിന്നിൽ.

പുറകിൽ കുഴിതോണ്ടുക–ചതിക്കുക. (ശൈലി)

പുറകെ–ന. പിൻപെ, പിന്നാലെ.

പുറകോട്ട്–ന. പിൻപോട്ട്, പുറകിലേക്കുതന്നെ.

പുറക്കടൽ-കരയിൽനിന്നു അധികം അകലെയുള്ള സമുദ്രം.

പുറക്കൽ-അ. പിൻപിൽ, പിന്നിൽ.

പുറക്കാട്ട്-ഒരു മിക്ക്.

പുറങ്കാൽ-കാലിന്റെ പുറം.

പുറച്ചിറ-തോട്ടിനോടടുത്തുള്ള കണ്ടത്തിന്റെ വലിയ വരമ്പ്.

പുറച്ചെലവു്- പുറമേയുള്ള ചെലവു്, വേലക്കാർക്കും മറ്റും കൊടുത്തു ചെലവായതു്.

പുറത്തു്-അ. ഫ. വെളിയിൽ. ഉ. ശരീരത്തിന്റെ പിൻഭാഗത്തിൽ.

പുറത്തലമണ്ണു്-ഒരുതരം മണ്ണു്.

കൃഷിശാസ്ത്രപ്രകാരം-ഇതു പാറകൾ പൊട്ടി ദൂരെ ചിതറിക്കിടക്കുന്ന മണ്ണുകളും കടപ്പുറമണൽ മുതൽ പുഴമ്പാളിയിലുള്ള ഫലവത്തായ വണ്ടൽമണ്ണുവരെ ഇതിലുംപെട്ടും ജലത്തിന്റെയും കാറ്റിന്റെയും ശക്തിയാണ് മണ്ണിനെ ഭൂരിഭാഗത്തിൽ കൊണ്ടുപോകുന്നതു്. വണ്ടൽ എന്നതു ജലം കൊണ്ടുവരുന്ന മണലുകളും. ഇതിൽ പാറമണ്ണു് ചേരുന്നതുകൊണ്ടു് ഈർപ്പവും ധാരാളം ഫലമുണ്ടാകുന്നു. വലിയ പുഴകളുടെ കരകളിൽ കാണുന്ന മണൽ കാറ്റടിച്ചു കൊണ്ടുവന്നതാകുന്നു. കാറ്റിനാൽ ഉണ്ടായ മണ്ണു് സാധാരണ മണലായിരിക്കും.

പുറത്താകുന്നു - ഫ. വേനത്തിന്റെയും മറ്റും വെളിയിലാകുന്നു. ഉ. സ്ത്രീകൾ തീണ്ടലായിരിക്കുന്നു.

പുറത്താക്കുന്നു-തള്ളിക്കളയുന്നു, വെളിയിലാക്കുന്നു.

പുറത്തുകാൽരാജാവു -പോർട്ടുഗീസ് രാജാവു്.

പുറത്തൂട്ട്-അ. പുറത്തു്.

പുറത്തോട്ട്-അ. പുറത്തേയ്ക്കു്.

പുറനീരു-ഒരു രോഗം.

പുറപ്പാടു്-പുറപ്പെടുക, യാത്രയും മറ്റും. ചടങ്ങുകൾ-യാത്ര. വ്യയം, അഭിനിവേശം, പ്രസ്ഥാനം, ഗമനം, ഗമം.

പുറപ്പെടുന്നു-ഫ. യാത്രയാകുന്നു ഉ. പുറത്താകുന്നു സ. ശ്രമിക്കുന്നു. ര. ഉണ്ടാകുന്നു. ള കിളിർക്കുന്നു

പുറമതിൽ-പുറമേയുള്ള മതിൽ

പുറമേ-അ. ഫ. പുറത്തുകൂടെ. ഉ. കൂട്ടത്തിലായിട്ടു്. സ. വേറെ. ര. വ്യാജമായിട്ടു്. ള പിന്നാലെ.

പുറമോടി-ഫ. പുറമേ കാണിക്കുന്ന അലങ്കാരവും മറ്റും. ഉ. ജനങ്ങളെ മോഹിപ്പിക്കുന്നതിനായി പുറമേ ഭാവിക്കുന്ന ലൗകികസൽക്കാരവും മറ്റും.

പുറമോടി-പുറമന.

പുറം-ഫ. ദേഹത്തിന്റെ പിൻഭാഗം, അകത്തിന്റെ മറുവശം. ഉ. മുൻവശത്തിന്റെ മറുവശം. സ. പൃഷ്ഠം

പുറം പൂച്ചു -ഫ പാത്രങ്ങളുടെയും മറ്റും പുറമേയുള്ള പൂച്ചൽ. ഉ. കപടനാട്യം. (ശൈലി).

പുറം പ്രാണൻ ആത്മമിത്രം.

പുറംതട-പുറച്ചിറ.

പുറന്തണ്ണ- ഇറയകം. പര്യായങ്ങൾ- അളിന്ദം, പ്രലോണം, പ്രഘണം.

പുറമ്പട-പുറമേ പിരട്ടുന്ന മരുന്നു്.

പുറമ്പാട്ടം-പണപ്പുഴിശയ്യ പകരമുള്ള പാട്ടം.

പുറമ്പൊളി-അടിച്ചിപ്പുര.

പുറമ്പോക്കു്-ഫ. വെളിയിൽ പോകുക, പുറപ്പെടുക. ഉ. സർക്കാർവകയായി പേരിൽ പതിയാതെ കിടപ്പുള്ള സ്ഥലം. സ. പ്രസിദ്ധമാക്കുക. ര. വിശേഷരുചിവു്.

പുറമ്പോള-പുറമേയുള്ള ചേല്ലു്.

പുറയില്ലി– മിഞ്ചിമ്പരം, മിഞ്ചിമ്പൂവം, കിളിവാതിൽ.

പുറലക്കാ–പുറമേയുള്ള ലക്കം.

പുറവക–ക. പുറച്ചുലവ്. ഉ. പുറമേ വന്ന ലാഭം.

പുറവട–വരവും ചെലവും വിവരമായിട്ടു എഴുതിയ കണക്ക്.

പുറവടി– കാലിന്റെ പുറം. പര്യായങ്ങൾ–പാദാഗ്രം, പ്രപദം.

പുറവട്ടം–പുറവെട്ട്.

പുറവരമ്പ് – കണ്ടത്തിനു പുറമേയുള്ള ചിറ.

പുറവരവ്–വിശേഷമല്ലാത്ത വരവ്.

പുറവള–കഞ്ഞുങ്ങളുടെ ഒരു വ്യാധി.

പുറവാതിൽ–പുറത്തെ വാതിൽ.

പുറവായ്പ–ആധാരത്തിൽ ഉൾപ്പെടാതെ വേറെ വാങ്ങിച്ച ദ്രവ്യം.

പുറവാര–അറ്റുപോയ പുറമുള്ള പുരമുറി.

പുറവാശി–വിശേഷമല്ലാത്ത ചേതമോ ലാഭമോ.

പുറവെട്ട്–ഉരുളുതടിയുടെ നാലുഭാഗവും അറുത്തെടുത്തതു്, തടിയുടെ പ്രയോജനമില്ലാത്ത (അറുത്തിട്ട) ഭാഗം.

പുറവേലി–ക. പുറംചിറ. ഉ. പുറമേ കെട്ടിയ വേലി.

പുറ്–ക. ഒരുമാതിരി ചിതൽമണ്ണ്. പര്യായങ്ങൾ–വാമലൂരം, നാകം, വന്മീകം. ഉ. ഉണങ്ങിയ ചാണകം.

പുറൻ–തടിയൻ

പുറ്റുമണ്ണ്–ചിതൽമണ്ണ്, പുറ്.

പൂ

പൂ, പൂവ്–ക. പുഷ്പം, പിച്ചി മുല്ല മുതലായവയിൽ സുഗന്ധത്തോടുകൂടിയുണ്ടാകുന്ന വസ്തു. ഉ. വിരിച്ചു. നാ. കണ്ണിലെ ഉണ്ടാകുന്ന ഒരു രോഗം. ര. ഒരു സംഖ്യയുടെ പേര്. 100,000 Millions.

പൂ–പദാരംഭത്തിൽ ചേർത്തു പ്രയോഗിക്കുമ്പോൾ 'നല്ല', എന്നർത്ഥവും സിദ്ധിക്കുന്നു. ഉ–ം, പൂനിലവ്=നല്ലനിലവ്. പൂങ്കഴലാർ=നല്ലതലമുടിയുള്ളവർ.

പൂകൽ–പോവുക, ചെല്ലുക.

പൂകുന്നു–പ്രവേശിക്കുന്നു, പ്രാപിക്കുന്നു.

പൂക്കണ്ണൻ–കണ്ണിൽ പൂവുള്ളവൻ.

പൂക്കണ്ണി–ക. കണ്ണിൽ പൂവുള്ളവർ. ഉ. പൂക്കുന്ന തണ്ട്.

പൂക്കണ്ടൻ–ഒരു രോഗം.

പൂക്കൽ–ക. പൂവുണ്ടാവുക. ഉ. പൂപ്പു ണ്ടാവുക.

പൂക്കുന്നു–ക. പൂവുണ്ടാകുന്നു. ഉ. സ്ത്രീകൾ തീണ്ടാരിയിരിക്കുന്നു, പെൺകുട്ടികൾ ഋതുവാകുന്നു. നാ. വിടിരുന്നു. ര. പൂപ്പു പിടിക്കുന്നു.

പൂക്കൊൽ–പൂക്കുന്ന തണ്ട്.

പൂക്കൊല–പൂവിന്റെ കുല. പര്യായങ്ങൾ–വല്ലരി, മഞ്ജരി.

പൂക്കാറി–ഒരുതരം കരിമരുന്നുപ്രയോഗം.

പൂങ്കൈതൽ–താഴ.

പൂങ്കൈതൽ–കഫം, വിഷം, സന്നിപാതം ഇവയെ കളയും. ഇതു പലതരമുണ്ട്. സം–കേതകീ. ത–താഴെ. ഇം–പയിൻആപ്പിൾപ്ലാൻറ് Pine-apple plant.

പൂഗപാത്രം–വെറ്റിലച്ചെല്ലം.

പൂഗപീഠം–കോളാമ്പി.

പൂഗം–ക. കമുകുമരം. ഉ. കാട്ടരയാൽ. നാ. അടയ്ക്ക. ശ്രുതിയെ ചെയ്യുന്നതു് ഒന്നാമത്തെ, ര. കൂട്ടം. ള. യോജിപ്പ്. ഴ. സ്വഭാവം, ഗുണം.

പൂഗവൈരം–അനേകം പേരോടുള്ള വിരോധം.

പൂഗിഫലം–അടയ്ക്ക.

പൂങ്കനി-വി. ഒരുമനയായ്ക. ഉ-ം, പൂങ്കനിപ്പെടുക.

പൂങ്കനിപ്പെടുത്തൽ-ചെറിയ കട്ടി.

പൂങ്കയിൽ-ഒരുവക വിശേഷമുള്ള ഇഴച്ച

പൂങ്കാവ്-പൂന്തോട്ടം.

പൂങ്കാവനം-പൂന്തോട്ടം.

പൂങ്കാവി-പൊൻകാവി, നല്ല കാവിമണ്ണ്.

പൂങ്കുരൽ-പ. പൂങ്കുല, ക. പൂക്കുന്നതണ്ട്.

പൂങ്കുല-പൂങ്കുല.

പൂങ്കുഴലാറ്റം-നല്ല തലമുടിയുള്ള സ്ത്രീ.

പൂങ്കുഴൽ-നല്ല തലമുടി.

പൂങ്കോഴി-പൂവൻകോഴി.

പൂചൽ-പ. തേപ്പ്. ക. കുങ്കുമം, ചന്ദനം മുതലായവ കൊണ്ടു മുഴുവനും തേയ്ക്കുക. ന. ചായമിടുക. ര. അഭിഷേകം ചെയ്യുക.

പൂചുന്നു-പ. തേയ്ക്കുന്നു, പൂശുന്നു. ക. കുങ്കുമമിടുന്നു. ന. അഭിഷേകം ചെയ്യുന്നു. ര. ചായമിടുന്നു, പൊന്നുകൊണ്ടും മറ്റും കനം കുറച്ചു പുറമെ തേച്ചു നിറം മാറ്റം വരുത്തുന്നു. ഇ. അണിയുന്നു.

പൂച്ച്-പ. തേപ്പ്. ക. പൊന്നും മറ്റും പൂചിയ വസ്തു. ന. ചായി.

പൂച്ചു തെളിയുക-സൂത്രത്തിൽ മറച്ചു വെച്ചുന്ന രോഷത്തെ വെളിപ്പെടുത്തുക.

പൂച്ച-ഒരു ജന്തു.

പൂച്ചയുടെ മാംസം വിശേഷാൽ കഫം, ചുമ, വായുമുട്ടൽ ഇവയ്ക്കു നന്ന്. അഗ്നിയെ വർദ്ധിപ്പിക്കും. ഈ ഗുണങ്ങളും അധികവും കാട്ടുപൂച്ചയ്ക്കുണ്ട്. സം-വിഡാലം. ത-പൂച്ചെ. ഇം-Cat കൃഷ്ണൻ.

പര്യായങ്ങൾ-ഖാതു, വിഡാലം, മാർജ്ജാരം, വൃഷദംശകം, ആഖുഭുക്ക്.

പൂച്ചയുടെ കുറഞ്ഞ ജീവിതകാലം വർഷം ൧-ാം. കൂടിയ ജീവിതകാലം വർഷം ൫.

പൂച്ചക്കരണം-കട്ടികളുടെ ഒരുമാതിരി മറിച്ചിൽ.

'പൂച്ചക്കരണം മറിഞ്ഞുകളിക്കയും' (കൃഷ്ണഗാഥ)

പൂച്ചക്കരു-ഒരു തെയുടെ കായ്.

പൂച്ചട്ടി-പൂത്തൈകളും മറ്റും നട്ടുണ്ടാക്കുന്ന ഒരു പാത്രം.

പൂച്ച പാൽകുടിക്കും വണ്ണം - ആരും അറിയുന്നില്ലെന്നുള്ള ഭാവത്തോടുകൂടി രഹസ്യമായി പ്രവർത്തിക്കുക, ആരും അറിഞ്ഞില്ലെന്നു നടിക്കുക. (ശൈലി).

പൂച്ചപ്പയർ-ഒരുമാതിരി പയർ.

പൂച്ചപ്പൽ(ല്ല്)- എൺപതു വയസ്സിനു മേൽ മുളയ്ക്കുന്ന പല്ല്.

പൂച്ചമയക്കി-ഒരു മരുന്ന്.

പൂച്ചി-തുലോം ചെറിയ ജീവി.

പൂച്ചി-പുഴ. (പ-മ.)

പൂച്ചിറാണ്ടം-പ. കോപം. ക. തട്ടിപ്പ്, സമ്പ്രദായം. ന. ഭയപ്പെടുത്തൽ. (പ-മ.)

പൂച്ചുട്ടി-ഒരുവക ചെറിയ മത്സ്യം.

പൂച്ചൊട്ടുക്ക-പറിച്ചൊട്ടുക്ക (പ-മ.)

പൂജ-പ. പൂക്കളും മുതലായവകൊണ്ടു ദേവന്മാരേയും മറ്റും ആരാധിക്കുക. ക. വന്ദിക്കുക, വന്ദനം. മറ്റു പര്യായങ്ങൾ-നമസ്യാ, അപചിതി, സപര്യാ, അർച്ച, അർഹണാ. ന. ബഹുമാനം. ര. (മ) അടിയ്ക്കുക, തല്ലുക.

പൂജ അഞ്ചു വിധമുണ്ട്-അഭിഗമനം (ക്ഷേത്രം അടിച്ചുവാരുക, നിർമ്മാല്യങ്ങൾ നീക്കുക, തളിക്കുക). ഉപാദാനം

(ശന്ധ്യാചൂഷ്യാഭികം ശേഖരിക്കുക). ഇജ്യാ (ഇഷ്ടദേവതയെ ശരിയായി പൂജിക്ക). സന്ധ്യോപാസനം (മന്ത്രത്തെ അർത്ഥം ഗ്രഹിച്ചു ജപിക്കയും സ്തോത്രം കീർത്തിക്കയും ചെയ്യുന്നത്). യോഗം (ദേവതാധ്യാനം).

സൂര്യൻ, അഗ്നി, വിഷ്ണു, ശിവൻ, ഗണപതി, ശിവപുത്രൻ, ആകാശം, വായു, ജലം, ഭൂമി, ആത്മാവ്, സർവ്വഭൂതങ്ങൾ ഇവയത്രേ പഞ്ച പൂജാസ്ഥാനങ്ങൾ.

പൂജക-വി. പൂജിക്കുന്ന.

പൂജകബഹുവചനം— (വ്യാകരണത്തിൽ) യഥാർത്ഥമായ് ബഹുത്വമില്ലാത്തേടത്തിലും ബഹുമാനത്തിനായ് ബഹുവചനം പ്രയോഗിക്കുന്നത്.

പൂജക്കാണിക്ക-തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന ഒരു നികുതി.

പൂജനം-പൂജ.

പൂജനീയ-വി. പൂജിക്കത്തക്ക.

പൂജയെടുപ്പ-ആശ്വയുജമാസത്തിൽ ശുക്ലപക്ഷത്തിൽ ദശമി ദിവസം ചെയ്യുന്ന കർമ്മം, പൂജിപ്പാനായിട്ടു വെച്ചിട്ടുള്ള പുസ്തകങ്ങളെ എടുക്കുക, നവരാത്രിയുടെ അവസാനകർമ്മം, വിജയദശമി.

പൂജവെപ്പ് - പൂജിപ്പാനായിട്ടു ഗ്രന്ഥങ്ങൾ വെയ്ക്കുക, നവരാത്രി ആരംഭദിവസം.

പൂജാകാരി താഴ്ന്ന ജാതിക്കാരുടെ ഇടയിലുള്ള പുരോഹിതൻ.

പൂജാപാത്രം-പൂജാദ്രവ്യമുള്ള പാത്രം.

പൂജാരി-പൂജാകാരി.

പൂജാവ്യ-വി. പൂജിക്കപ്പെടാൻതക്ക.

പൂജാസാധനം-പൂജക്കുള്ള വസ്തു.

പൂജിക്കുന്ന—ക്രി. ആരാധിക്കുന്ന. പ. ബഹുമാനിക്കുന്ന. സ. വന്ദിക്കുന്ന. ഭ. (മ) അടിക്കുന്ന.

പൂജിത-വി. പൂജിക്കപ്പെട്ട.

പൂജ്യ-വി. പൂജിക്കപ്പെടത്തക്ക.

പൂജ്യത-പൂജ്യന്റെ അവസ്ഥ.

പൂജ്യൻ- ക്രി. പൂജിക്കുന്നയോഗ്യൻ. പ. വൃദ്ധൻ.

പൂജ്യം-ക്രി. ഗണിക്കുമ്പോഴും മറ്റും സംഖ്യകൾ വരാത്ത സ്ഥാനത്തുള്ള ശൂന്യം എന്നു കാണിക്കുന്ന ഒരടയാളം. പ. ശൂന്യം. സ. കാര്യസാദ്ധ്യത്തിനായിട്ടും മറ്റും വൃഥാപറയുന്ന ബഹുമാനവാക്ക്.

പൂഞ്ചായൽ-നല്ല തലമുടി.

'പൂഞ്ചായലഴിഞ്ഞുപുനിരകം
ചോരച്ചോരെ'

(ഭാഗവതം)

പൂഞ്ചിറക്-ചെറിയ പക്ഷികളുടെ മാർദ്ദവമുള്ള ചിറക്.

പൂഞ്ചേല-നല്ല വസ്ത്രം.

പൂഞ്ചേൽ-ഉഞ്ഞാൽ.

പൂഞ്ചോല-പൂങ്കാവ്.

പൂഞ്ഞ്-ഉപ്പുചുമല്.

പൂഞ്ഞുകുറി-കാളയുടെ കഴുത്തിന്നടുത്തുള്ള മുഴ, ഉപ്പുചുമല്.

പൂഞ്ഞി-വയറിലുള്ള ഒരു സഞ്ചി.

പൂട-ക്രി പക്ഷികളുടെരോമം. പ. രോമം.

പൂട്ട്-ക്രി. താഴ്. പ. ഉഴവ്. സ പലഹാരം. ഭ. പൂട്ടുക. ഇ. അമ ന. ആലിംഗനം.

പൂട്ടുന്ന—ക്രി. താക്കോൽ ക്രിയയെ ഉറക്കുവാൻ പാടില്ലാത്ത വിധത്തിലാക്കുന്നു, താഴുകൊണ്ടു പൂട്ടുന്നു. പ. കാളയ്ക്ക് നുകംവെച്ചു നിലം ഉഴുന്നു. സ. ഉഴവുചെയ്യുന്നു. ഭ. ആലിംഗനംചെയ്യുന്നു.

പൂട്ടുന്നതിനു കൊള്ളാവുന്ന നാഴ

കം-രോഹിണി, പൂയം, അത്തം, പുണർതം, മൂലം, രേവതി, ഉത്രം, ഉത്രാടം, ഉത്തിട്ടാതി, കലപ്പുത്സവം വഞ്ജിക്കണം.

പൂണ-ഒരുവക പ്രാവ്. (പൊകിണ എന്നതു നോക്കുക).

പൂണ്-ഉലക്കയുടെ അറ്റത്തിടുന്ന ഇരുമ്പുറ.

പൂണാൻ-വഴക്കമില്ലാത്ത കാള.

പൂണാഞ്ചി-ഫ. ഏത്തപ്പിടുന്ന വസ്ത്രം ക. പൂണുന്തൽ.

പൂണാടൻ-ഒരുവക നെല്ല്.

പൂണാരം - (മുത്തു) മാല, ആഭരണം. (പൂൺ+ഹാരം). (പ-മ.)

പൂണാർ-ലഭിക്കാത്തവർ (പ-മ.)

പൂണി-ഫ. ഉഴവുക്കുലി. ക. അയ്യറ.

പൂണി എന്നതു ആവനാഴി എന്ന അർത്ഥത്തിൽ 'തൂണി' എന്നതിന്റെ തൽഭവമെന്നു ചിലർ.

പൂണൂനൂൽ, പൂണ്ണൂൽ - ബ്രാഹ്മണരും മറവും കഴുത്തിലിടുന്ന നൂൽ.

പൂണൂനൂൽകല്യാണം - പാണ്ടിബ്രാഹ്മണരുടെ ഉപനയനം.

പൂണൂനൂൽ പരിവ്-അ. പൂണൂനൂലിടുന്ന ഭാഷയിൽ.

പൂണ്മാ-ഫ. പൂൽകുന്നു, ആലിംഗനം ചെയ്യുന്നു. ക. (രത്നങ്ങളെ) ധരിക്കുന്നു. ഉ-ം,

'പൂണുന്നഹാരം' (ഉണ്ണുനീലിസന്ദേശം)

ന. ആഭരണമിടുന്നു. ര. അനുഭവിക്കുന്നു. ള. കൈക്കൊള്ളുന്നു. ന. നിനയ്ക്കുന്നു. ഒ. ധരിക്കുന്നു. വ പ്രാപിക്കുന്നു.

പൂണൊല്ല്-കഴുത്തിലെ എല്ല്.

പൂൺകോഴി-പൂവൻകോഴി.

പൂൺവ്-ഫ. മുറവ്, കെട്ട്. ക. ആഭരണം. ന. കാഞ്ചി. ര. നൂൽ.

'മെയ്യിൽ മാൺപുറപൂൺപുമുണ്ടേ'

'പാമുഴമ്മ പൂൺപായി ചേക്കുംതൻ മെയ്യിൽ'

(കൃഷ്ണഗാഥ)

പൂണ്ണ-പൂശുക (പൂശുക എന്നതിന്റെ നാമരൂപം).

പൂത-വി. ശുദ്ധമുള്ള, ശുദ്ധിയുള്ള.

പൂത-ഒരുമാതിരി ചെറിയ മത്സ്യം.

പൂത്കാരി-ഫ. സരസ്വതി. ക. നാഗങ്ങളുടെ പ്രധാനസ്ഥലം.

പൂതക്രതായി-ശചി, ഇന്ദ്രന്റെ ഭാര്യ.

പൂതാ-ഫ. വെളുത്ത മഷ്. ക വ്യഞ്ജനത്തിന്. ന, ശംഖ്. ര. സത്യം.

പൂതചൂടയൻ-ഒരു തെയ്യം.

ഇതിന്റെ നീര നസ്യം ചെയ്താൽ നേത്രരോഗം, ശിരോരോഗം, കണ്ണരോഗം ഇവയ്ക്ക നന്ന്. സം-ഭൈമീ.

പൂതണക്ക്, പൂതണക്കപ്പുല്ല്-ഫ. ഒരു പുല്ല്, പടപ്പുല്ല്: കറുക്കൻപുല്ല്, വാതം, കഫം, കുഴം മുതലായവയ്ക്ക നന്ന്. കറികളിൽ ചേർക്കാം. പരിമളമുള്ളതാണ്. ജംബുകപ്രിയമായതുകൊണ്ടാണ് കറുക്കൻപുല്ല് എന്ന ഇതിന് ഭാഷ വന്നതു. സം-ഭൃതൃണം. ത-പടപ്പുല്ല്. ഇം Andro pogancitratus ഏണ്ട്രോപോഗൺസൈട്രാടസ്. [ലാ റിൻഭാഷ]

ക ഒരു വൃക്ഷം.

പൂതരുണ-വെളുത്ത കശുമ്പുല്ല്.

പൂതൃ ഒരുവക മരം, പ്ലാശ്, പലാശം.

പൂതാമ്പു-വെള്ളം.

പൂതാമ്പൽ-പിലാവ്.

പൂതന-ഫ ഒരു പിശാചി.

ഈ രാക്ഷസി ബലിയുടെ പുത്രിയാണ്. കൃഷ്ണൻ ശിശുവായിരുന്നപ്പോൾ കംസന്റെ ആജ്ഞയനുസരിച്ചു മുല

യിൽ വിഷം തേച്ച് കൃഷ്ണനു പാലൂടകൊടുത്തു. കൃഷ്ണൻ പാലുകുടിച്ച് ഇവളെ വധിച്ചു.

'അംഭോജമൊട്ടിനേ ഞെട്ടിക്കുമിക്കുചകംഭംപെരുക്കുവേഡിംഭനേനൽകിനാംഅംഭോജലോചനനപ്പോളുവളടെഗാംഭീര്യമായുള്ളഭാവംകളഞ്ഞവൻഇംഭോരിമന്ദിരംതന്നിലുള്ളവായഭംഭോഗികളൊടുകൂടിച്ചമഞ്ഞുള്ളസംഭോഗമൊക്കെയനുഭവിക്കേണമെന്നസ്സോടിതൊക്കെമനസ്സിലുറപ്പിയാൽതൻപാലുമെല്ലക്കുടിച്ചുതുടങ്ങിനാൻതൻപ്രാണനേയും വലിച്ചുതുടങ്ങിനാൻഅയ്യോകുമാരകപൂതനാമോചിക്കഅയ്യോകുമാരക, പൂതനാമോചിക്കഭീതിയാലിത്തരംവാവിട്ടലറുന്നപൂതനതന്നുടെജീവിതമൊക്കെയുംഏതുംമടിക്കാതെതോപാലബാലകൻവീതശങ്കംകുടിച്ചീടിനാനാന്നേരം'

(ശ്രീകൃഷ്ണലീല തുള്ളൽ)

ഉ. ഒരു ഭീനം. നാ. കടുക്കാമരം. ര കടുക്ക. ശുദ്ധമാക്കിചെയ്യുന്നത് എന്നർത്ഥം. ഇ. നവമാങ്ങി. ന്യ. രാക്ഷസി.

പൂതനഹൻ-കൃഷ്ണൻ.

പൂതനം-ചുടലയിലേ ശവം.

പൂതനാചെകരി-കഞ്ഞിപ്പശയിട്ടുന്നതിനു മുമ്പ് തുണികൾക്കുള്ള ബ്ലൂശ. (ഒപാടി തുടപ്പാൻ രോമം പറിച്ചുണ്ടാക്കിയ സാധനം.)

പൂതനാരി-കൃഷ്ണൻ.

പൂതനാസൂനൻ-കൃഷ്ണൻ.

പൂതൽ-ചില വസ്തുക്കൾ ഇരുമ്പു പഴകിയാലുണ്ടാകുന്ന മണമോ, നിറഭേദമോ. (വി) അകംദ്രവിച്ച, ചൊത്തായ.

'പൂതലായ്പോയൊരുത്തരമുത്തരവപ്പോലെഞാൻ' (കൃഷ്ണഗാഥ)

പൂതലിക്കുന്നു-വിക്കുന്നു.

പൂതലിപ്പ്-ക്രി. വീക്കുക, വീപ്പ്. ഉ. ഗ്രഹണരോഗം.

പൂതവൃക്ഷം-പീനാറി.

പൂതാ-ദുർഗ്ഗ.

പൂതി-ക്രി ശുദ്ധി. ഉ. ദുർഗ്ഗന്ധം. നാ. നാറുകപ്പുല്ല്.

പൂതികച്ചാ-പച്ചപ്പുഴു.

പൂതികദംബ(ഞ്ഞ)ം-ആവിമരം. ഉങ്ങിൽ ഒരു അവാന്തരഭേദമെന്നും കാണുന്നു.

പൂതികാഷ്ഠം-ക്രി. ഒരുങ്ങുടിമരുന്ന്, ചന്ദനം. ഉ. തേവതാരം. ഉഗ്രഗന്ധമുള്ള മരം എന്നർത്ഥം. നാ. കാഷ്ഠദാരു.

പൂതികം-ക്രി. ആവിമരം, ഞെട്ടാവൽ (ആവൽ). ദുർഗ്ഗന്ധമുള്ളത് എന്നർത്ഥം. ഉ. വെരികം.

പൂതിഗന്ധ-വി. ദുർഗ്ഗന്ധമുള്ള.

പൂതിഗന്ധം-ക്രി. ദുർഗ്ഗന്ധം. ഉ. ഗന്ധകം. നാ. കറുത്ത കാട്ടുതുളസി.

പൂതിഗന്ധി-ദുർഗ്ഗന്ധമുള്ള വസ്തു.

പൂതിഗ്രാസ-വെരികം.

പൂതിദാരു-തേവതാരം.

പൂതിധാന്യം-എള്ള്.

പൂതിഫലി-കാർകോകിൽ വൃക്ഷം.

പൂതിമണത്തി-പീനാറി.

പൂതിമാരുത-കുവളം.

പൂതിയുണത്തി-പീനാറി.

പൂതിശാരിജാ-വെരികം.

പൂതീകം-ക്രി ഉങ്ങ്. ഉ. ആവിമരം

പൂത്തട്ടം-പൂ വെക്കുന്ന പാത്രം.

പൂത്തൽ-മണ്ണിൽ ഒളിക്കുക.

പൂത്താട-ക്രി. ഒരുവക ധാന്യം (മേടൽ). ഉ ഒരുവക മത്സ്യം.

പൂത്താടി-മലയരുടെ ഒരു ദൈവം.

പൂത്താനം-ലാളന. (വ-മ.)

പൂതാലി-ചില സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

പൂത്തുന്ന-മണ്ണിൽ മൂടിക്കുന്ന.

പൂത്തുമ്പ-ഒരു തരം.

പൂത്രഗന്ധം-കസ്തൂരിമൃഗം.

പൂന-വി. നശിപ്പിച്ച, നാശംവരുത്തിയ.

പൂനക്കാലി-പൂഴിച്ചുവടി.

പൂനമ്പി-പുഷ്പകൻ.

പൂനീർ-പനിനീർ.

പൂന്തൽ-മണ്ണുകൊണ്ടു മൂടുക.

പൂന്തുകിൽ-നല്ല വസ്ത്രം.

പൂന്തുന്ന-മണ്ണുകൊണ്ടു മൂടുന്ന.

പൂന്തെങ്ങാ-ആമ്പലിന്റെ കായ്.

പൂന്തേൻ-പൂക്കളുടെ തേൻ, ചെമ്പരത്തൻ, പഴുപ്പായങ്ങം-മകരന്ദം, പുഷ്പരസം.

പൂന്തോട്ടം-പൂങ്കാവു്.

പൂന്തൊഴുത്ത്-പൂക്കള.

പൂപം-അപ്പം. ശുക്രിയെ രക്ഷിക്കുന്നതു് എന്നർത്ഥം.

പൂപല-ഒരുവക മധുരമുള്ള അപ്പം.

പൂപ്പ്, പൂപ്പൽ, പൂതൽ-ചില വസ്തുക്കളും ഇലയും പഴകിയാലുണ്ടാകുന്ന മണമോ നിറഭേദമോ.

പൂപ്പട-പൂക്കളുകൊണ്ടുള്ള ക്രമപ്രകാരം.

'അഭിഷേകോത്സവമാലോക്യ ചുള്ള-
വയനിയെനീളെച്ചെന്നിയടിച്ചു
കിളിച്ചുനിറത്തൊടമെഴുകിപ്പൂപ്പടയിട്ട
പ്പട്ടയിതാനപ്പണിയുംതീർത്തു'

(ഉത്തരരാമായണം ചമ്പു)

പൂപ്പന്തൽ-പൂക്കളുകൊണ്ടു അലങ്കരിച്ച പന്തൽ.

പൂപ്പരുത്തി-ക. ചെമ്പരത്തി. ഉ. പൂവരശു.

പൂപ്പാതിരി-ഒരു വൃക്ഷം. പഴുപ്പായങ്ങം-പാടലം, പാടലി, അമോഘം, കുചസ്ഥാലീ, കണ്ഡേ, സ്ഥാലീ, ഫലേരുഹം.

പൂപ്പാലിക-പൂങ്കുട്ടം.

പൂപ്പാൻവള്ളി-ഒരു ലത.

പൂപ്പു്-കൊയ്യുന്ന സമയം.

പൂപ്പൊടി-പൂവിന്റെ പൊടി. പഴുപ്പായങ്ങം-പരാഗം, സുമനോരജസ്സു്.

പൂമകഠം-ലക്ഷ്മി.

പൂമഠം-പൂനമ്പിയുടെ മഠം.

പൂമണം-പൂക്കളുടെ സൌരഭ്യം.

പൂമരം-പൂവുണ്ടാകുന്ന വൃക്ഷം.

പൂമലർ-വിടിന്ന പൂ (വു്).

പൂമഴ-പൂകൊണ്ടു മഴപോലെ വർഷിക്കുക.

പൂമാതു്-ലക്ഷ്മി.

പൂമാരി-പൂമഴ.

പൂമാല-പൂക്കളും കൊണ്ടുള്ള മാല.

പൂമീൻ-ഒരു മത്സ്യം.

പൂമുഖം-വീട്ടിന്റെ മുന്നരങ്ങിൽ മംഗിക്കും സുഖവാസത്തിനുമായി കെട്ടിയുണ്ടാക്കീട്ടുള്ള ഭാഗം. (സം) നിസ്സരണം.

പൂമുണ്ടു്-ഒന്നാംതരം രാജയോഗ്യമായ വസ്ത്രം.

പൂമെയ്യു്, പൂമെ-നല്ല ദേഹം.

പൂമേനി-മാർദ്ദവമുള്ള ശരീരം.

പൂമൊട്ടു്-പൂവുണ്ടാകുന്നതിനുള്ള മൊട്ടു്.

പുതിയമൊട്ടു്-ക്ഷാരകം, ജാലകം.

വിരിയാറായമൊട്ടു്-കലികാ, കോരകം.

ഇവ നാലും മൊട്ടിന്റെ പേർതന്നെ എന്നും അഭിപ്രായം കാണുന്നു.

ഏതാനും വിടിന്നതും ഏതാനും വിടിരാത്തതുമായ പൂക്കള-ഗുച്ഛകം, സ്തബകം.

വിടിന്നതുടങ്ങിയ മൊട്ടു്-കശമ്പം, മുകുളം.

പൂമ്പരാഗം-പൂമ്പൊടി.

പൂമ്പൊടി-പൂവിൽ ഇരിക്കുന്ന പൊടി, (പൂപ്പൊടി എന്നതു നോക്കുക.)

പൂമ്പൊഴിൽ-പൂമ്പൊഴിൽ. (പൊഴിൽ എന്നതു നോക്കുക.)

പൂയനാശകം-വേപ്പ്.

പൂയം-എട്ടാംനക്ഷത്രം (സം) ചലം.

പൂയൽ-പ ശൂന്യം. ക. പൂജ (അടി).

പൂർ-പ. വനം. ക. നഗരം. ന. രാജ്യം.

പൂയാരി-വേപ്പ്.

പൂര-വേട്ടയിലേ ഒരുമൃഗം, കാട്ടുപോത്ത്.

പൂരക-വി. നിറയ്ക്കുന്ന.

പൂരകം-മുഴുവൻ പ്രാണായാമത്തേയും രണ്ടുഭാഗങ്ങളായി വിഭജിച്ചതിൽ ഒന്ന്. വലത്തെ മൂക്ക് അടച്ചുംകൊണ്ട് ഇടത്തെതിൽക്കൂടെ ശ്വാസം കരേറ്റുക, പ്രാണവായുവിനെ അപാനനിൽ ഹോമിക്കുക. ക. മറ്റുള്ളതാരകം.

പൂരണ-വി. നിറയ്ക്കുന്ന.

പൂരണം-പ. നിറയ്ക്കുക. ക. പാലം. ന. സമുദ്രം. ര. ഒരു സുഗന്ധതൈലം. ഇ. കഴിമുത്തങ്ങ. ന. ശാല്മലിവൃക്ഷം. ഒ. വിഷ്ണുതൈലം.

പൂരണി-പ. ഇലവ്. പഞ്ഞിമരംകൊണ്ടുകായ് നിറയുന്നത് എന്നർത്ഥം. ഇലവിമരം എന്നും പൂള എന്നും കൂടി പറയുന്നു. ക. ഉഴുതുമറിച്ചൽ. ന. ദുർഗ്ഗ.

പൂരം-പ. പതിനൊന്നാം നക്ഷത്രം. ക. ഒരുത്സവം. ന. കയം. ര. പുണ്ണിന്റെ ഉണക്കം. ഇ. ഒരു പലഹാരം. ന. ക്ലേശം. ഒ. ഒഴുക്ക്. ഉ-ം, രുധിരപൂരം.

പൂരാച്ചി-പൂരിപ്പിക്കുവാനുള്ള കുറവ് വാക്ക്, കഥയില്ലാത്ത പറച്ചൽ.

പൂരാടം-ഇരുപതാം നക്ഷത്രം.

പൂരാണി-ഊണികൊയ്യുന്നതിന് ഉപയോഗിക്കുന്ന അഴിപ്പലക

പൂരാല്പം-മരപ്പൂരി.

പൂരായം-താൽപര്യം, ശ്രേഷ്ഠത.

പൂരാവ്-അടങ്കൽ, മുഴുവനും. ഉ-ം, പൂരാവള്ളം.

പൂരാവള്ളം-മുഴുവനും, ഒന്നായി കൂലിക്കു പിടിച്ചിട്ടുള്ള വള്ളം.

പൂരിക-പ. ഒരു പലഹാരം. ക. ഒരു വക മുത്തുകൊമ്പ്.

പൂരിക്കുന്ന-പ. നിറയ്ക്കുന്ന, തികയുന്ന. (സ. ക്രി. പൂരിപ്പിക്കുന്ന.) ക. നിറയുന്ന.

പൂരിത-വി, നിറയ്ക്കപ്പെട്ട.

പൂരേണ-പൂമ്പൊടി.

പൂരു-ചന്ദ്രവംശരാജാവായ യയാതിയുടെ പുത്രൻ. അമ്മ ശർമ്മിഷ്ഠ.

പൂരുവിന്റെ മാതാവു ശർമ്മിഷ്ഠ. യയാതി ശുക്രശാപത്താൽ ജരാപീഡിതനായി എന്നാൽ പുത്രന്മാരിൽ വിനിമയം ചെയ്യാമെന്നുണ്ടായിരുന്നു. യദു, തുർവ്വസു, ദ്രുഹ്യു, അനുദ്രുഹ്യു മുതലായ പുത്രന്മാർ ജരാന്തരകൈക്കൊള്ളുവാൻ സമ്മതിച്ചില്ല. പൂരു എന്ന കനിഷ്ഠപുത്രൻ സമ്മതിച്ചു. ഒടുവിൽ പൂരുവിനെത്തന്നെ മഹാരാജാവായി യയാതി അഭിഷേകം ചെയ്യിച്ചു. ഈ രാജാവു മഹാ ശൂരനും വളരെ യാഗങ്ങളും ചെയ്തിട്ടുള്ളവനുമായിരുന്നു.

പൂരുരുട്ടാതി-ഇരുപത്തഞ്ചാം നക്ഷത്രം.

പൂരുവംശം-ചന്ദ്രവംശത്തിൽ യയാതിയുടെ പുത്രനായ പൂരുവിന്റെ വംശം.

പൂരുഷൻ-പ. ആൾ. ക. മനുഷ്യൻ. ന. ആത്മാവ്.

പൂർണ്ണ-വി. പ. നിറഞ്ഞ, നിറയ്ക്കപ്പെട്ട. കരട്ടാഴിയാത്ത. ക. മുഴുവനായ, ന. ബലമുള്ള.

പൂർണ്ണ-പ. പഞ്ചമി ദശമി വാവ് ഇവ മൂന്നും. ക. വെളുത്തവാവ്.

പൂർണ്ണകലശം-നിറകുടം.

പൂർണ്ണകുംഭം- നിറകുടം, രാജഭോഗാദികളിൽ മംഗളാർത്ഥകമായി വെക്കുന്ന പൂർണ്ണകലശം.

പൂർണ്ണകം-ഫ. കാട്ടുകാക്കി. ഉ. ഒരുവൃക്ഷം.

പൂർണ്ണഗർഭം-തികഞ്ഞഗർഭം.

പൂർണ്ണചന്ദ്രൻ-മുഴുച്ചന്ദ്രൻ.

പൂർണ്ണത-തികവ്.

പൂർണ്ണപാത്രം-നിറഞ്ഞപാത്രം.

പൂർണ്ണമാകുന്നു - നിറയുന്നു, തികയുന്നു. (സ. ക്രി. പൂർണ്ണമാക്കുന്നു.)

പൂർണ്ണമാസം-വെളുത്തവാവുതോറും കഴിക്കുന്ന ഒരു ബലി.

പൂർണ്ണമാസി-വെളുത്തവാവ്, പൂർണ്ണിമ.

പൂർണ്ണസന്തോഷം-അ. സന്തോഷത്തോടുകൂടെ.

പൂർണ്ണാനന്ദം-അ. സന്തോഷത്തോടുകൂടെ.

പൂർണ്ണായുസ്സ്-തികഞ്ഞ ആയുസ്സ്.

പൂർണ്ണിമ-വെളുത്തവാവ്. പൂർണ്ണനായ ചന്ദ്രനാൽ നിർവൃത്തം എന്നർത്ഥം. പൂർണ്ണചന്ദ്രൻ ഇതിങ്കലുള്ളതിനാൽ ഈ പേർ വന്നു എന്ന് താൽപര്യം.

പൂർത്ത-വി. ഫ. നിറയപ്പെട്ട. ഉ. മൂടപ്പെട്ട

പൂർത്താ-ഫ. കിണർ, കുളം, നടക്കാവ്, ദേവാലയം മുതലായവരെ ഉണ്ടാക്കുന്നതായ സൽക്കർമ്മം. പൂരിക്കുക, ന്യൂനമായിരുന്നതിനെ സമ്പൂർണ്ണമാക്കി ചെയ്യുക എന്നർത്ഥം.

'ക്രതുകർമ്മപൂർത്തേഷ്ട്യാദികം' (രാമായണം)

'പൂർത്തംത്രിഷുപൂരിതസ്യാൽ
ക്ലീബേഖാതാദികർമ്മണി' (മേദിനി)

(സ്മൃത്യന്തരത്തിലെ വിവരണം)

'പുഷ്കരിണ്യാദേർവാപീ
ദേവതായതനാനിച
ആരാമശ്ചവിശേഷേണ
പൂർത്തംകർമ്മവിനിർദ്ദിശേൽ'

(പാക്കനാർ പുർത്തത്തെക്കുറിച്ച് ഇങ്ങിനെ പറയുന്നു.)

'നാട്ടൽക്കുട്ടകുട്ടൽതൊണ്ടുതൊണ്ടുൽത്തുക്ക്' (പഴഞ്ചൊല്ല്)

പുതിയ ദേവാലയം ഉണ്ടാക്കുന്നതിനെക്കാൾ പഴയതിനെ നന്നാക്കുന്നതാണ് ശ്രേഷ്ഠം. പൂർത്തൻകുളം മുതലായതു കഴിപ്പിക്കുന്നതിനേക്കാൾ തുൻകിടക്കുന്നതിനെ തോണ്ടിക്കുന്നതു് ഉത്തമം, അതിലും മേലാകുന്നു അന്നദാനം-ഇതായിരിക്കണം ഈ പഴഞ്ചൊല്ലിന്റെ താൽപര്യം.

ഉ. പോറക.

പൂർത്തി-നിറവ്, തികവ്, പൂർണ്ണത.

പൂർവ്വ-വി. ഫ. ആദ്യമുള്ള. ഉ. പണ്ടുള്ള. ന. കിഴക്കുള്ള. ര. മുമ്പിലുള്ള.

പൂർവ്വം-ഫ. പണ്ടത്തെ പാരമ്പര്യം. (പദാന്തത്തിൽ ചേർവരുമ്പോൾ) മുൻ പദാർത്ഥത്തോടുകൂടിയതു് എന്നർത്ഥം വരുന്നു. ഉ ം, സ്നേഹപൂർവം (സ്നേഹത്തോടുകൂടി). ഉ. ഒട്ടാഴിയാത്തതു്, സത്യം. ന. ആദിയിൽ ഭവിച്ചതു്. പൂരിക്കുന്നതു് എന്നർത്ഥം. ര. കിഴക്കേദിക്കിൽ ഭവിച്ചതു്. ഇ. മുമ്പേഭവിച്ചതു്.

പൂർവ്വക-വി. മുമ്പുള്ള.

പൂർവ്വകർമ്മം-മുമ്പേചെയ്ത കർമ്മം.

പൂർവ്വകാലം-മുമ്പിലത്തെ കാലം.

പൂർവ്വഖണ്ഡം-മലബാറിന്റെ കിഴക്കേ മലമ്പ്രദേശം.

പൂർവ്വഗംഗാ-നർമ്മദാനദി.

പൂർവ്വജ-വി. മുമ്പിൽ ജനിച്ച.

പൂർവ്വജന്മസ്സ്-മുജ്ജന്മം.

പൂവ്വജൻ, പൂവ്വജന്മാവു്- ജ്യേഷ്ഠൻ, ജ്യേഷ്ഠഭ്രാതാവു്. മുൻകാലത്തു ജനിച്ചവൻ എന്നർത്ഥം.

പൂവ്വജന്മം-മുമ്പിലത്തെ ജന്മം.

പൂവ്വജ്ഞാനം-മുന്നറിവു്.

പൂവ്വതന-വി. മുമ്പുള്ള.

പൂവ്വദിക്കു്-കിഴക്കേദിക്കു്.

പൂവ്വദേവൻ-അസുരൻ. പ്രാണനെ യാഹിക്കുന്നവൻ; അമൃതം ഇല്ലാഞ്ഞവൻ, യാഗഭോഗത്തിങ്കൽനിന്നു തള്ളപ്പെട്ടവൻ, പൂവ്വംദേവപദത്തിൽ ഇരുന്നവൻ.

അസുരന്മാർ അന്യായകർമ്മങ്ങളും ചെയ്തു നിമിത്തം ദേവകളുടെ കൂട്ടത്തിൽനിന്നു തള്ളപ്പെട്ടുപോയി എന്നതു സുപ്രസിദ്ധമാണല്ലൊ.

പൂവ്വധനം-ക. മുമ്പിനാലെയുള്ള സ്വത്തു്. ഉ. മൂലധനം.

പൂവ്വനിയമം-പണ്ടത്തെ പതിവു്.

പൂവ്വന്മാർ-ക. പണ്ടുള്ളവർ. ഉ. കാരണവന്മാർ.

പൂവ്വപക്ഷം - വെളുത്തപക്ഷം, പൂവ്വപക്ഷം > < അപരപക്ഷം.

പൂവ്വപദം-ക. പണ്ടത്തെ സ്ഥലം. ഉ. പല സംസ്കൃതവചനങ്ങളും കൂട്ടിച്ചേർത്തുള്ളവാക്കുകളിൽ മുമ്പേ ഇരിക്കുന്ന പദം.

പൂവ്വപർവ്വതം-ഉദയപർവ്വതം, കിഴക്കുള്ള ഒരു പർവ്വതം.

പൂവ്വപുണ്യം-മുമ്പിൽ ചെയ്ത പുണ്യം.

പൂവ്വഭാഗം-മുൻഭാഗവും മറവും.

പൂവ്വമീമാംസ-(ജൈമിനിയുടെ) ദർശനങ്ങളിൽ ഒന്നു്.

ജൈമിനിയുടെ പൂവ്വമീമാംസയിൽ അഞ്ചുപന്ത്രണ്ടു അദ്ധ്യായങ്ങളും ഉണ്ടു്. ഇതുകൾ പന്ത്രണ്ടു പ്രസംഗങ്ങളായിട്ടു വിഭാഗിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ അഞ്ചു പ്രസംഗങ്ങളിൽ ധർമ്മത്തിന്റെ മഹാത്മ്യത്തെക്കുറിച്ചും മറവും പറയുന്നു. പിന്നെയുള്ള അദ്ധ്യായങ്ങളിൽ പലവിധവിഷയങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. ഇതുകൂടാതെ അനേകം വിശേഷസംഗതികളെപ്പറ്റിയും അവിടവിടയായിട്ടു പറഞ്ഞിട്ടുണ്ടു്. ആദ്യത്തെ പ്രസംഗത്തിൽ വേദങ്ങൾക്കു ആദ്യന്തമില്ലെന്നും അവ സ്വയംഭൂക്കളാണെന്നും കാണുന്നു. നിത്യവും ദിവ്യവുമായ ഈ കൃതി മന്ത്രമെന്നും ബ്രാഹ്മണമെന്നും രണ്ടായി തിരിച്ചിരിക്കുന്നു. മന്ത്രങ്ങളിൽ ഋക് യജുസ്സ് സാമം എന്ന മൂന്നുഭേദങ്ങളും ബ്രാഹ്മണങ്ങളിൽ ഉപനിഷത്തുകളും അടങ്ങിയിരിക്കുന്നു-പ്രാചീനാഭ്യുപഗമം.

പൂവ്വരംഗം-തോടയം, നാടകം, ആട്ടക്കഥയുടെ മറവുള്ള ആരംഭം.

നാടകത്തിൽ പൂവ്വരംഗം എന്നാൽ ഭൂതവും ഭാവിയുമായ കഥകളെ തമ്മിൽ യോജിപ്പിക്കാൻ അങ്കത്തിന്റെ ആരംഭത്തിൽ പ്രയോഗിക്കുന്ന ചുരുക്കത്തിലുള്ള രംഗമാകുന്നു.

പൂവ്വവൽ-അ. മുമ്പിലത്തെപ്പോലെ.

പൂവ്വവാസന-മുമ്പിലത്തെ വാസന.

പൂവ്വവൃത്താന്തം - പണ്ടുണ്ടായ വർത്തമാനം.

പൂവ്വവൈരം-പണ്ടേയുള്ള ശത്രുത.

പൂവ്വശിഖ-മുൻകുടിമ.

പൂവ്വസകുതം-തുടയുടെ മേൽഭാഗം.

പൂവ്വസന്ധ്യ-ആദിത്യനുദിക്കുന്നസമയം.

പൂവ്വസ്നേഹം-ക. പണ്ടേയുള്ള മമത. ഉ. പൂവ്വന്മാരോടുള്ള സ്നേഹം.

പൂവ്വസ്മരണ-കഴിഞ്ഞ കാര്യങ്ങളുടെയും മറവും ഓർമ്മ.

പൂവ്വാ-കിഴക്കു്.

പൂവ്വാഭാഗം-മുഖം, മുൻഭാഗം.

പൂവ്വാമാരം-പണ്ടുള്ള മര്യാദ.

പൂവ്വാചായ്ന്മാർ-പണ്ടുണ്ടായിരുന്ന ആചാര്യന്മാർ.

പൂവ്വാജ്ജിതം-പൂർവികന്മാരാൽ സമ്പാദിക്കപ്പെട്ടത്.

പൂവ്വാധികം-മുമ്പിലത്തേതിലും അധികം

പൂവ്വാപര-വി. മുമ്പും പിമ്പുമുള്ള, ആദിയിലും ഒടുക്കവുമുള്ള.

പൂവ്വാപരം-സാക്ഷിയും സാക്ഷിബോധ്യവുമുള്ളവനുള്ള കാര്യവും.

പൂവ്വാപരവിരോധം- മുമ്പിലത്തേതും പിന്നത്തേതും തമ്മിലുള്ള വിരോധം.

പൂവ്വാഹ്നം-പ. മുമ്പിലത്തെപാതി. ക. കിഴക്കേപ്പാതി, ന. ഒരു പകലത്തിന്റെ (ദ്യോകത്തിന്റെ) ആദ്യത്തെ രണ്ടു പാദവും ചേർന്നതു.

പൂവ്വാഷാഢം-പൂരാടം,

പൂവ്വാഹ്നം-പ. ഉദിച്ചു പത്തുനാഴിക പുലരുന്നതുവരെയുള്ള സമയം. ക. പകലിന്റെ മൂന്നിലൊരു ഭാഗം,

പൂവ്വികൻ - പണ്ടുള്ളവൻ. (പൂവ്വികൻ ⊳ ⊲ആധുനികൻ.)

പൂവ്വേദ്യു-അ. മുമ്പിലത്തെ ദിവസം, ഇന്നലെ. തലേദിവസത്തിൽ എന്നർത്ഥം.

പൂവ്വോത്തരം-പ. മുമ്പിലത്തേതും പിന്നത്തേതും. ക. കിഴക്കും പടിഞ്ഞാറും.

പൂലാൻ-കള്ളംപറയുന്നവൻ. (പ-മ.)

പൂലി- ഒരുവക നാണയം, പൂലിവരാഹൻ.

പൂലുവൻ-പ. പുള്ളുവൻ. ക. ഈഴവരെക്കാൾ താണതരത്തിലുള്ള ഒരു ജാതിക്കാരൻ.

പൂലുവപ്പാട്ടി-ഒരു ശൈവവാക്ക്.

പൂല്യം-പതിർ.

പൂവൺ-ഒരു വൃക്ഷം.

പൂവരശു-ഒരുഞാറ്റിമരത്തിന്.

പൂവരശൊണ്ണ-പൂവരശവിന്റെ എണ്ണ.

പൂവൻ-പ. പക്ഷികളിൽ ആൺ. ക. ഒരുമാതിരി വാഴ. ന. ഒരുവക കണ്ണാവു്. ര പൂവു്, പൂപ്പു്. ഇ. ധാന്യം, വിളവു്.

പൂവന്തി-പൂമ്പിഞ്ചി, പൂവിരിഞ്ഞി.

പൂവമ്പൻ-കാമദേവൻ. പൂക്കളുണ്ടാകുന്ന അമ്പുകളും (അസ്ത്രങ്ങളും) ഉള്ളവൻ എന്നർത്ഥം.

പൂവം-ഒരു വൃക്ഷം.

പൂവരശു-ഒരു വൃക്ഷം, പീലിവാക.

പൂവലംഗം-മാർവുമുള്ള ശരീരം (പൂവൽ + അംഗം).

പൂവൽ-വി. പ. മാർവുമുള്ള.

'ആരോമൽപൈതൽതൻപൂവൽമേനി'

(കൃഷ്ണഗാഥ)

ക. പൂവോടുകൂടിയിരിക്കുന്ന കായ്, പിഞ്ചു്. ന. ഈറം. ര. ചില ധാന്യങ്ങളുടെ പതിർ.

പൂവള്ളി-പൂവുള്ള വള്ളി.

പൂവാളെത്തി, പൂവാതെച്ചി-ഒരു പൂച്ചെടി.

പൂവാങ്കുറുന്തൽ, പൂവാൻകുരുന്തൽ-ഒരു പച്ചമരുന്നു്, തിരുതേവി, ശ്രീതേവി.

പൂവാഞ്ചൂട്ടു്-കാട്ടുതുമ്പ.

പൂവാട-പൂഞ്ചേല.

പൂവാൻ-പൂകവാൻ.

പൂവാർപൊഴിൽ-പുഷ്പോദ്യാനം.

പൂവാളി-പൂവമ്പൻ.

പൂവിരഞ്ഞി-ഇരഞ്ഞി, പൂവരശു.

പൂവില്ലവൻ-കാമൻ.

പൂവെണ്ണ-മണമുള്ള ഒരുമാതിരി എണ്ണ. (പൂ + എണ്ണ).

പൂവേണി-പ. നല്ലതലമുടി. ക. നല്ല തലമുടിയുള്ളവൾ.

പൂശകൻ–പൂച്ച.

'പൂശകനെക്കണ്ടെലികൾകണക്കെ'

(തക്മിണീസ്വയംവരം തുള്ളൽ)

പൂശാരി–പൂജാരി, താഴ്ന്നജാതിക്കാരുടെ ഇടയിലുള്ള പുരോഹിതൻ.

പൂഷാവ്–പ. ആദിത്യൻ. പോഷിപ്പിക്കുന്നവൻ എന്നർത്ഥം. ഉ. ഏരിക്ക്.

'പൂഷാവോടയകളിച്ചു'

(സ്യമന്തകപുരാണം)

പൂഷ(ക)ം–പൂഗം, കാട്ടരയാൽ.

പൂഷൻ–പ. നാല്പൂമികളുടെ ദേവൻ. ഉ. മന്വാദികളുടെ ദേവൻ. ന. ഇന്ദ്രന്റെ സഹോദരൻ. ഭ. ആദിത്യന്മാരിൽ ഒരുവൻ.

പൂഷനെപ്പറ്റി ഇപ്രകാരം പലവിധം അഭിപ്രായങ്ങൾ ഉണ്ട്. ഒരഭിപ്രായത്തിൽ തനിക്കുള്ള പല്ലുകൾ നശിപ്പാൻ ഇടയാകയാൽ ബലികൊടുക്കുന്നതു പൊടിച്ചു കഞ്ഞിപോലെ പാകം ചെയ്താണെന്നു കാണുന്നു. പൂഷന്റെ പല്ലുപോയതു യാഗത്തിനു ക്ഷണമില്ലാതിരുന്നതിനാൽ ശിവൻ ഹവിസ്സിനു നേരെ ഒരമ്പും തൊടുത്തു എന്നും അതിന്റെ ഒരംശം പൂഷൻ ഭക്ഷിച്ചപ്പോൾ പല്ലു പറിഞ്ഞുപോയി എന്നും തെത്തിരീയ സംഹിതയെഴുവാക്കുന്നു. വിവാഹകൃത്യത്തിൽ മണവാട്ടിയെ അനുഗ്രഹിക്കുന്നതിനായി പൂഷനോടു മറ്റു പ്രാർത്ഥനയുള്ളപ്രകാരം കാണുന്നു. ആഫ്രിണി, ഭസ്രൻ, ഭസ്വൻ, ഭസുവച്ചുസ്സ്, കപർദിനി എന്നു പേരുകളും ഉണ്ട്.

പൂളു്, പൂഠം–കക്ഷണം, തേങ്ങായോ മറ്റങ്ങായോ മറ്റോ പൂളിയതു്, മരത്തിന്റെ കക്ഷണവും മറ്റും, അപ്പു്.

പൂള–വി. പൂളിച്ചു.

പൂള–പ. ഇലവുവൃക്ഷം. ഉ. ഗൃഹപ്രദേശം

പൂളപ്പഞ്ഞി–ഇലവിൻപഞ്ഞി.

പൂളം–പൊളി, കമ്മവു്.

പൂളുന്നു–കക്ഷണമാക്കുന്നു, തേങ്ങയും മറ്റും നീളത്തിൽ കീറിയെടുക്കുന്നു, ചെത്തുന്നു.

'മുണ്ടോടുക്കുടവെമാമ്പഴംമേന്തിച്ചു
കൊണ്ടുവന്നൊക്കവേപൂളിച്ചീജിച്ചുടൻ'

(നൃഗമോക്ഷം തുള്ളൽ)

പൂഴാൻ–ഒരു മത്സ്യം.

പൂഴി–പ. മണ്ണു്.

'കണ്ണൻചിരട്ടയിൽപൂഴിനിറച്ചിട്ടു'

(കൃഷ്ണലീല തുള്ളൽ)

ഉ. തൂരുമു്. ന. പൂമ്പൊടി.

പൂഴിക്കടകാമറിക – ഒരുതിരംമറിഞ്ഞു എതിരാളിയുടെ കാലിൽ ചവട്ടുക.

പൂഴിക്കല്ലു്–ഉപ്പു്.

പൂഴിക്കല്ലരി–വസൂരി മുറ്റിയ പ. (ഇതു പ്രയത്നസാദ്ധ്യം. മുറ്റു കഴിഞ്ഞു കളിപ്പിക്കണം.)

പൂഴിക്കാപൂഞ്ഞു–കണ്ണിലുള്ള ഒരുമാതിരി പുഴുവു്.

പൂഴിക്കൊല്ലൻ–കല്ലുശാരി.

പൂഴിച്ചോറാടിക്കളിക്ക–നനഞ്ഞ മണ്ണിനോടു കളിക്ക.

പൂഴിച്ചോറു്–കുഞ്ഞുങ്ങൾ കളിക്കായി മണ്ണുകൊണ്ടുണ്ടാക്കുന്ന ചോറു്.

പൂഴിതിന്നാ–മൺതിന്നാ.

പൂഴിതിന്നുവൻ–പൂഴിയാശാരി, ഖനകൻ, പൊന്തേരി.

പൂഴിനാഗം–ഭുജംഗം, ഇര, നിലത്തിര.

പൂഴിനാടു്–കേരളം എന്നു പറഞ്ഞുവരുന്ന ചേരരാജ്യത്തിനു് ഉണ്ടായിരുന്ന ഏഴു വിഭാഗങ്ങളിൽ ഒന്നു്.

പൂഴിപരിതലത്തുറാവ് – വിശേഷമുള്ള ഒരുവക കടൽ മീൻ; കടൽക്കുരി.

പൂഴിപ്പടി-ആളുകളുടെ മുഖട്ടിലേ പടി, കട്ടിളയുടെ കീഴത്തെ കമ്പടി.

പൂഴിപ്പിടിയൻ-ഒരു മാതിരി വിഷമധികമുള്ള പാമ്പ്.

പൂഴിമാത്ത്-ദ്രൗപദി.

പൂഴിയാശാരി—കല്ലുശാരി, പൂഴിത്തച്ചൻ.

പൂഴുന്നു-അടിയിലാകുന്നു; മുഴുകുന്നു.

പൂറ്-പ്ര. പുഷ്പം, കണ്ണി. ഉ. കൃതി.

പൃ

പൃക്ക-ഒരു മരുന്ന്, ജോനകപ്പുല്ല്.

പൃക്ത-വി. പ്ര. തൊടപ്പെട്ട. ഉ. സംബന്ധിക്കപ്പെട്ട.

പൃക്തം-സമ്പത്ത്.

പൃക്തി-തൊടുക, സ്പർശനം.

പൃച്ഛ-ചോദ്യം.

'പൃച്ഛയെന്തുണ്ടെനിക്കിപ്പോൾ
വേതാളീ'

(ദുര്യോധനവധം കഥകളി)

പൃച്ഛകൻ-അന്വേഷണക്കാരൻ, വിചാരണക്കാരൻ.

പൃച്ഛിക്കുന്നു-ചോദിക്കുന്നു.

പൃതന-പ്ര. സേന. ഉ. സേനയിൽ ഒരു ഭാഗം. (അക്ഷൗഹിണി എന്നതു നോക്കുക)

ഒരു ആനകളും ഒരു രഥങ്ങളും മൂന്നു കുതിരകളും അഞ്ചു കാലാളുകളും കൂടിയ ഒരു സൈന്യം ഒരു പൃതന ആകുന്നു.

ന. യുദ്ധം.

പൃതന്യ-സേന.

പൃഥക്-അ. ഒഴികെ, വേറേവേറെ, കൂടാതെ.

ഇതു ഒരു ഭേദകാവ്യയമാണ്.

പൃഥക്പർണ്ണി-പ്ര. മൂവില. ഒന്നോടൊന്നു വേറിട്ടു നില്ക്കുന്ന ഇലകൾ ഉള്ളതു എന്നർത്ഥം. (ഒരില എന്നും അഭിപ്രായക്കാരുണ്ട്). ഉ. പെരുങ്കുമ്പ.

പൃഥഗാത്മ-വി. വെവ്വേറെ ആത്മാവുള്ള.

പൃഥഗാത്മത-പ്രത്യേകമുള്ള ആത്മാവിന്റെ അവസ്ഥ ഘടാദിവ്യക്തി, വേറിട്ടു വേറിട്ടു കാണപ്പെടുന്നതിന്റെ ഭാവം എന്നർത്ഥം. (ചിത്തും ജഡവും തിരിച്ചറിയുന്നതിന്റെ പേർ.)

പൃഥഗാത്മികാ-പ്രത്യേകമുള്ള അവസ്ഥ.

പൃഥഗ്ജനൻ-പ്ര. അധമൻ. ഉ. മൂഢൻ. ന. മൂഢൻ. ര. അജ്ഞാനി. ഭ. നീചൻ. സജ്ജനങ്ങളിൽ നിന്നു വേർതിരിഞ്ഞവൻ എന്നർത്ഥം.

പൃഥഗ്വിധ-വി. പല രൂപമുള്ള, പല പ്രകാരമുള്ള.

പൃഥാ-പാണ്ഡവന്മാരുടെ അമ്മ, കുന്തീദേവി.

ഈ പദത്തിൽ പൃതൻ എന്നർത്ഥം വരുന്ന പദ്ധ്യായങ്ങൾ ചേർത്താൽ പാണ്ഡവൻ എന്നർത്ഥംവരും.

പൃഥാജൻ-പാണ്ഡവൻ. (പ്രത്യേകം അർജ്ജുനൻ).

പൃഥിവീ, പൃഥ്വീ, പൃത്ഥ്വീ-ദ്രവ്യം. പൃഥുചക്രവർത്തിയാൽ സൽക്കരിക്കപ്പെട്ടതു എന്നർത്ഥം. ഭൂമിയിൽ നിന്നു ജീവൻ പ്രാപിച്ചതിനാൽ ഈ പേരുണ്ടായി എന്നുമാവാം. വിസ്താരമുള്ളതു് എന്നും അർത്ഥമുണ്ട്. പൃഥു ചക്രവർത്തിയുടെ പുത്രി എന്നും സീതാദേവിയെ കുറിക്കുന്നു.

പൃഥിവീധരം-പർവ്വതം.

പൃഥിവീപതി-പ. രാജാവ്. ഉ. യമൻ.
പൃഥിവീപാലൻ-രാജാവ്.
പൃഥിവീശൻ-രാജാവ്.
പൃഥു-വി. പ. വലിയ. ഉ. തടിച്ച. ന. മിടുക്കുള്ള.
പൃഥു-പ. പണ്ടുള്ള സൂര്യവംശത്തിലെ ഒരു രാജാവ്.

യാതൊരു രാജർഷിയെയാണോ രാജസൂയത്തിൽ സാമ്രാട്ടായി അഭിഷേകം ചെയ്യുവാൻ മഹർഷിമാർക്ക് മഹാ ഭാഗ്യം ലഭിച്ചതു അങ്ങേഹമത്രേ വേനന്റെ പുത്രനായ പൃഥുചക്രവർത്തി. ത്രേതായുഗത്തിൽ ജീവിച്ചിരുന്നു. നാട്ടുകാർ അങ്ങേഹത്തോടിണങ്ങുകനിമിത്തം പ്രജാരഞ്ജകനായി രാജ്യം ഭരിച്ചിരുന്നു. ഈരേഴു ബാധകലമായിരുന്ന വേനന്റെ രാജ്യം പൃഥു കിരീടധാരകാശിയായതോടുകൂടി സകല വിധേ സംപൂർണ്ണമായി പരിലസിച്ചു. ആബാലവൃദ്ധം ജനങ്ങൾ മഹാരാജാവിനെ കൊണ്ടാടി. ആ മഹാരഥന്റെ മൈത്രയാത്രയിൽ വാനവന്മാർ വാഴ്ത്തുകയും അനുഗ്രഹിക്കയും ചെയ്തു. ഒരിക്കൽ അങ്ങേഹം തന്റെ അനുഗവില്ലുകുലച്ചു ഭൂമിയോടു നാട്ടുകാർക്ക് എന്തൊക്കെ ആവശ്യമുണ്ടോ അതെല്ലാം കൊടുത്തുകൊൾവാൻ കല്പിച്ചു. അതനുസരിച്ചു ഭൂദേവി കറന്നുകൊടുപ്പാൻ പിതാവായ പൃഥുവിന്റെ സമ്മതം നൽകി. മരങ്ങൾ തുടങ്ങി മനുഷ്യർവരെയുള്ള സകല ചരാചരങ്ങളും പശുരൂപിണിയായ ഭൂമിയിൽ നിന്നും അതാതിനിഷ്ടമുള്ള ഓരോ പദാർത്ഥങ്ങളും കാമന്നടത്തുവാൻ തുടങ്ങി. വിശേഷിച്ചും സപ്തർഷികൾ അഗ്നിൽനിന്നു വേണ്ടുവോളം ഒരുക്കൂട്ടുവാൻ പ്രതാപവാനായ പൃഥുചക്രവർത്തി അനവധി അശ്വമേധയാഗങ്ങൾ നടത്തി. അനേകായിരം ബ്രാഹ്മണർക്ക് ദ്രവ്യദാനം ചെയ്തു ഒടുവിൽ സ്വർഗ്ഗം പ്രാപിച്ചു.

ഉ. കരട്ട്. ന. കരിഞ്ഞീരകം. ർ. പെരുങ്കായം, കരിക്കായം, പെരുങ്കായമർത്തിന്റെ ഇല. ൽ. അഗ്നി. ന്യ. വിഷ്ണു. ഒ. ആട്ട്.
പൃഥുകൻ-ശിശു വംശാഭിവൃദ്ധിയിൽ പ്രസിദ്ധപ്പെട്ടതു എന്നർത്ഥം.
പൃഥുകം-അവിൽ. പ്രസിദ്ധപ്പെട്ടതെന്നർത്ഥം.
പൃഥുരോമാവ്-മത്സ്യം.
പൃഥുരോമാശി-മീൻതിന്നി.
പൃഥുല-വി. തടിച്ച.

'ഉന്മീലൽപത്രവല്ലീം പൃഥുലകുചഭരേം'
(ഉത്തരാസ്വയംവരം കഥകളി)

പൃഥുല-പെരുങ്കായം, കരിക്കായം.
പൃഥുസ്കന്ധ:-പന്നി.
പൃഥുലാ-വിശാലം, വിസ്താരം.
പൃഥുശേഖരം-പർവ്വതം.
പൃഥ്വി-പ. ഭൂമി. വിസ്താരമുള്ളതു എന്നർത്ഥം. ഉ. കരിഞ്ഞീരകം പ്രസിദ്ധിയുള്ളതു എന്നർത്ഥം. ന. പെരുങ്കായം, കായം ഉണ്ടാകുന്ന മരം അല്ലെങ്കിൽ ആ മരത്തിന്റെ ഇല. ർ. പോരലം. ൽ. വെളുത്ത തഴുതാമ.
പൃഥ്വിക-പ. ഏലം. ഉ. ചിറ്റേലം. ന. കരിക്കായം. ർ. പെരുഞ്ജീരകം. ൽ. പോരലം.
പൃഥ്വിപതി-രാജാവ്.
പൃഥ്വിവലയം-ഭൂചക്രം.
പൃഥ്വീശൻ-രാജാവ്.
പൃദാകു-പ. പാമ്പ്. കത്തിതമായി ശബ്ദിക്കുന്നതു എന്നർത്ഥം. ഉ. തേരട്ട. ന. കടുവ. ർ. ചെറുപുലി. ൽ. ആന. ന്യ. ഒരു വൃക്ഷം.
പൃശ്നി-വി. ശരീരം ചെറുതായ.
പൃശ്നിപർണ്ണി-മൂവില. (ഓരില എന്നും കാണുന്നു).

പൃശ്നി-പ. രശ്മി. ഉ. മണ്ണൻ, അത്യല്പ ശരീരൻ. ന. ഒരുവക ഉഷ്കികം. ര. കടപ്പായത്. ത. ഓരില. ന്യ. ഭൂമി. ഫ. പത്നി. വ. ദേവകി.

പൃശ്നിഗർഭൻ-കൃഷ്ണൻ.

പൃശ്നിശൃംഗൻ-പ. കൃഷ്ണൻ. ഉ. ഗണപതി.

പൃഷതൻ-പ. ദ്രുപദന്റെ പിതാവ്. ഉ വായുവിന്റെ വാഹനമായ കൃഷ്ണമൃഗം.

പൃഷതം-പ. ഒരു തുള്ളി, വെള്ളത്തുള്ളി. ഉ. ഉഴമാൻ, കൃഷ്ണമൃഗം, പുള്ളിമാൻ. ന. മാൻ.

പൃഷൽ-വി. തളിക്കുന്ന.

പൃഷൽബലൻ-വായുവിന്റെ അംശം.

പൃഷ്ടല്യം-അമ്പ്, ശരം. ചോരപുരണ്ടു ഹിംസിക്കുന്നതു എന്നർത്ഥം.

പൃഷത്തു്-പ. ഒരു തുള്ളി. ഉ. പുള്ളി.

പൃഷന്തി-ഒരു തുള്ളി.

പൃഷദശ്വൻ-വായു. മൃഗം വാഹനമായിട്ടുള്ളവൻ, വെള്ളത്തുള്ളികളെ കൊണ്ടു വരുന്നവൻ ഇങ്ങനെ ശബ്ദാർത്ഥം.

പൃഷദംശകം-ഉടമ്പിൻകൂട്ടി. ഏലിയെ കടിക്കുന്നതു എന്നർത്ഥം.

പൃഷദാജ്യം-തൈരും നെയ്യും കൂട്ടിച്ചേർത്തതു്.

പൃഷധ്രൻ-വൈവസ്വതന്റെ പുത്രൻ. ഗുരുവിന്റെ പശുവിനെ കൊന്നതുകൊണ്ടു ശൂദ്രനായി ഭവിച്ചു.

പൃഷാതകം-തൈരും നെയ്യും കൂട്ടിച്ചേർത്തതു്.

പൃഷിതം-ഒരുതുള്ളി വെള്ളം.

പൃഷ്ട-വി. ചോദിക്കപ്പെട്ട.

പൃഷ്ടഷഡായനം-അയനം.

പൃഷ്ടി-ചോദ്യം.

പൃഷ്ഠഗ്രന്ഥി-വി. മുതുകത്തു കുനപ്പു.

പൃഷ്ഠചക്ഷുസ്സ്-കരടി.

പൃഷ്ഠതഃ-അ. പുറകെ.

പൃഷ്ഠദൃഷ്ടി-കരടി.

പൃഷ്ഠഭാഗം-പിൻഭാഗം.

പൃഷ്ഠം-പ. പുറം. ഉ. പിൻപു്, ശരീരത്തിന്റെ പിൻഭാഗം. തലമുടിയിൽ നിന്നൊലിക്കുന്ന ജലത്താൽ നനയ്ക്കപ്പെടുന്നതു് എന്നർത്ഥം. ന. മലമുകൾ.

പൃഷ്ഠവംശം-തണ്ടെല്ലു്.

പൃഷ്ഠവംശാധരം-തണ്ടെലുമ്പിന്റെ താഴെയും ആസനത്തിന്റെ മേലെയുമായി തുടയെല്ലുകളും തണ്ടെലുമ്പും കൂടിച്ചേരുന്ന സ്ഥലം.

പൃഷ്ഠവാഡ്, പൃഷ്ഠവാഹൻ-കുതിരക്കാരൻ.

പൃഷ്ഠശൃംഗി-ഭീമൻ.

പൃഷ്ഠശൃംഗി-പോത്തു്.

പൃഷ്ഠാസ്ഥ്നി(സ്ഥി)-തണ്ടെല്ലു്, തണ്ടെലുമ്പു്.

പൃഷ്ഠോദയരാശികം-ഇടവം, മേടം, ധനു, കർക്കടകം, മകരം ഇവ അഞ്ചും. (അസ്തമങ്ങളാണ്).

പൃഷ്ഠ്യൻ-ചുമട്ടുകുതിര.

പൃഷ്ഠ്യം-പ. പുണ്ണിന്മേൽക്കുട്ടം. ഉ. ചുമട്ടുകുതിര, ഭാരം വഹിപ്പാൻ ശക്തിയുള്ള കുതിര. ന. പൃഷ്ഠങ്ങളുടെ സമൂഹം.

പൃഷ്ണി-പ. കാലിന്റെ പുറവടി. ഉ. രശ്മി. ന. അത്യല്പശരീരൻ.

പെ

പെങ്ങൾ-ഉടപ്പിറന്നവൾ, സഹോദരി. പെങ്ങൾ > അങ്ങാൾ.

പെടുക്കുന്ന-പ. മൂത്രം വീഴ്ത്തുന്ന. ഉ. പ്രവേശിക്കുന്ന. ന. തോല്പിക്കുന്ന.

പെട്ടന്ന്-ക്ര ചേരുന്ന ക, ഉടൻപ്പെട്ടന്ന, ന. ചാകുന്ന. ര. കമ്മത്തിൽ ക്രിയകളാകുന്ന സംസ്കൃതപദങ്ങളെ മലയാളമാക്കി പറയുമ്പോൾ ചേർക്കുന്ന ഒരു വാക്ക്. ഉ. ചില വാക്കുകളോട് ചേർക്കുമ്പോൾ 'ആകുന്ന' 'ഉണ്ടാകുന്ന' എന്നർത്ഥം വരും.

പെട്ട-പിടി, പെടി.

പെട്ട-വി. രണ്ടുകൂടിയ, ഇരട്ട. ക, കഷ്ണിയംയ.

പെട്ട-ഇണ, ഇരട്ട.

പെട്ടകം-പെട്ടി, അടച്ചു പൂട്ടത്തക്കവണ്ണം മരം മുതലായതുകൊണ്ടുണ്ടാക്കുന്ന സാധനം, മുണ്ടുപെട്ടി ചൂരൽപ്പെട്ടി മുതലായവ.

പെട്ടക്കതിര-പെൺകതിര.

പെട്ടത്തലയൻ-കഷണ്ടിക്കാരൻ

പെട്ടി-ദ്രവ്യവും മറ്റും വെച്ചു പൂട്ടുന്ന പാത്രം. പര്യായങ്ങൾ-പിടകം, പേടകം, പേടം, മഞ്ജൂഷാ.

പെട്ടിക്കട്ട-പെയിലത്തുണങ്ങിയഇഷ്ടിക.

പെട്ടിപ്രമാണങ്ങൾ-നിലം പുരയിടങ്ങളെ സംബന്ധിച്ചെഴുതീട്ടുള്ള ആധാരം മുതലായ വസ്തുക്കൾ.

പെട്ടെന്ന്-അ. വേഗത്തിൽ, ഉടൻ.

പെണർവള്ളി-ഒരുമാതിരി വള്ളി.

പെൺ, പെണ്ണ്-ക്ര. സ്ത്രീ. ഉ. കന്യക. ന. ഭാര്യ.

പെൺകിടാവ്-കന്യക

പെൺകുഞ്ഞ്-പെൺപൈതൽ.

പെൺകുട്ടി-ചെറിയപെണ്ണ്.

പെൺകെട്ട്-ക്ര. വിവാഹം, കെട്ടുകല്യാണം. ഉ. ഒരുമാതിരി കെട്ട്.

പെൺകൊട-വിവാഹത്തിന പെണ്ണിനെ കൊടുക്കുക.

പെൺകൊടി-പ്രായപൂർത്തിയാകുന്നതുടങ്ങിയസ്ത്രീ

പെൺകൊല-സ്ത്രീഹത്യ, സ്ത്രീയെ കൊല്ലുക.

പെൺജാതി-ക്ര. സ്ത്രീ. ഉ. ഭാര്യ.

പെൺനാമം-നാളുകളിൽ ചിലതിന പറയുന്ന പേർ.

പെൺപട്ടി-പട്ടിയിൽ പെണ്ണ് (പട്ടിച്ചി).

പെൺപന-തെങ്ങുണ്ടാകുന്ന കരിമ്പന

പെൺപന്നി-പന്നിയിൽ പെണ്ണ്.

പെൺപിള്ള-ക്ര. പെൺപൈതൽ. ഉ. സ്ത്രീ.

പെൺപിറന്നവൾ-സ്ത്രീ.

പെൺപൂ-കായ്ക്കാത്തപൂ.

പെൺപെറുക്കി-ക്ര. കാമാതുരൻ. ഉ. വിടൻ.

പെൺപൈതൽ-പെൺകുഞ്ഞ്.

പെണ്മണി-സ്ത്രീരത്നം.

പെൺമുറി-തെങ്ങുമുടച്ചാൽ കണ്ണുള്ളമുറി.

പെൺമൂപ്പ്-ക്ര. രാജസ്ത്രീകളിൽ അധികം വയസ്സുള്ളവരുടെ അവസ്ഥ. ഉ. രാജാവില്ലെങ്കിൽ രാജസ്ത്രീ രാജ്യം ഭരിക്കും. ന. ഒരു ഗൃഹത്തിൽ ശേഷിയുള്ള കാരണവനും മറ്റു പുരുഷന്മാരും ഇരിക്കേ അവരെ ഗണിക്കാതെ സ്ത്രീകൾ അധികാരം ചെലുത്തുക.

പെൺമൂലം-ക്ര. വസ്തു സ്ത്രീകളുടെ പേർക്കാക്കുക. ഉ. സ്ത്രീകളുടെ പൊതുവായിട്ട്.

പെൺവഴി-സ്ത്രീകളിൽക്കൂടി മാത്രമുള്ള അവകാശക്രമം.

പെൺവാഴ്ച-സ്ത്രീകളുടെ ഭരണം.

പെൺവാട്ടി-ഭാര്യ.

പെൺവീട്ടി-സ്ത്രീ, പെൺകുട്ടി.

പെണ്ണൻ-പെൺശീലമുള്ളവൻ.

പെണ്ണപ്പൻ-അമ്മാവിന്റെ അച്ഛൻ.

പെണ്ണമ്മ-ഭാര്യയുടെ അമ്മ.

പെണ്ണാളി-സ്ത്രീസ്വഭാവമുള്ള പുരുഷൻ.

പെണ്ണാരം-ക. പുഴുക്കള്ളി. ഉ. വേല ക്കാരി.

പെണ്ണുമ്പിള്ള-ക സ്ത്രീ. ഉ. ഭാര്യ.

പെണ്ണൂന്നു-ക. പേണുന്നു, സൂക്ഷിക്കുന്നു, ഉ. ഉപയോഗിക്കുന്നു. ന. അനുഭവി ക്കുന്നു. ഭ. ചെയ്യുന്നു.

പെനഞ്ഞുന്നു-പനട്ടുന്നു, പിടക്കോഴി മു ട്ടയിട്ടുന്നതിനു മുമ്പു സമയം വരുമ്പോൾ ഒരു വിധമായിട്ട് ശബ്ദിക്കുന്നു.

പെയ്ത്തു്-മഴ, ആകാശത്തുനിന്നു വെള്ളം വീഴുക.

പെയ്യുന്നു-മേഘങ്ങളിൽ നിന്നു വെള്ളം വീഴുന്നു, വർഷിക്കുന്നു. (സ. ക്രി. പെ യ്യിക്കുന്നു.)

പെരുമ്പു്, പിരമ്പു്, പുരമ്പു്-ചെ റിയ വടി, മുരൽവടി.

പെരികെ-അ. വളരെ, ഏറവും.

പെരിപ്പു-ക. വലിപ്പം, വലിയ അവ സ്ഥ. ഉ. വലുപ്പം. ന. കനം. ഭ. ശ്രേ ഷ്ഠത.

പെരിമ-പെരിപ്പം.

പെരിയ-വി. വളരെ.

പെരു(ം)-വി. വലിയ.

പെരുക്കു് - ക. പെരുകലം. ഉ. ഒരു വേരൻ.

പെരുകുന്നു-വലിക്കുന്നു, വളപ്പെടുത്തുക കുന്നു, അധികമാകുന്നു, കൂടുന്നു. (സ. ക്രി. പെരുപ്പിക്കുന്നു.)

പെരുക്കം-വലുപ്പം.

പെരുക്കാൽ - പെരുങ്കാൽ, മണ്ണുകാൽ, കാലിൽ നീരുണ്ടാകുന്ന ഒരു രോഗം. പ യ്യിയെങ്ങാം-ശ്ലീപദം പാദവല്മീകം.

പെരുക്കുന്നു- ക. അധികമാകുന്നു. ഉ. മനസ്സും മനവും ഉറച്ചു കൂട്ടുകയാകുന്നു. ന. തണുപ്പുകൊണ്ടോ മരവിപ്പുരോഗം കൈ കാൽ എന്നിവ മരവിക്കുന്നു. ഭ. ഒരു സംഖ്യയെ മറെറാരു സംഖ്യകൊണ്ടു വ ലിപ്പിക്കുന്നു.

പെരുങ്കടൽ-വലിയ സമുദ്രം.

പെരുങ്കളിയാ-ഒരു ഭീനം.

പെരുങ്കാക്കരവള്ളി-ഒരുമാതിരി വലിയ വള്ളി.

പെരുങ്കാട്ട്-വലിയ കാട്ട്.

പെരുങ്കാണം-ഒരുമാതിരി പയറ്.

പെരുങ്കായം-ഒരുവക കായം. ഒരു അ ങ്ങാടിമരുന്ന്. പഞ്ചായങ്ങാം-സഫാസ്ര യേധി, ജയകം, ബാൽഹീകം, ഹിംഗു, രാമഠം.

പെരുങ്കായം-വാതം, കഫം, ശ്ലേഷ്മം, അർശ്ശസ്സ് മുതലായവയ്ക്കു നന്ന്. ആമ ത്തെ പചിപ്പിക്കും. മലമൂത്രങ്ങളുടെ ത ടവു തീർക്കും. കണ്ണിനു ഹിതം. രുചികര മാണ്. ഇതു ബക്കേസാൽ, പഞ്ചാബ് മുതലായ ദേശങ്ങളിലുണ്ടാകുന്ന ഒരുവക വൃക്ഷങ്ങളുടെ പശയാകുന്നു. ഇതിന്റെ ഇല ഒട്ടകദേശം കരിമൊച്ചിയുടേതുപോ ലെയിരിക്കും. സം-ഹിംഗു. ത-പെരു ങ്കായം.

പെരുങ്കായ്മരം - പെരുങ്കായമുണ്ടാകുന്ന വൃക്ഷം.

പെരുങ്കാര ഒരുമാതിരി മുള്ളുള്ള വൃക്ഷം.

പെരുങ്കാൽ-പെരുങ്കാൽ, ഒരു ഭീനം.

പെരുങ്കാറു്-വലിയ കാറു്, അധികം ശക്തിയുള്ള കാറു്.

പെരുങ്കിഴങ്ങു്- ക. വലിയ കിഴങ്ങു്. ഉ. ഈശ്വരമൂല.

പെരുങ്കുമിഴം-ഒരു വൃക്ഷം.

പെരുങ്കുരികിൽ-ക. ഒരുവക പരുന്തു്. ഉ. ഒരു കാട്ടുചെടി.

പെരുങ്കുരമ്പ-ഒരു മരുന്നുവള്ളി.

പെരുങ്കുരമ്പ-വാതം, കഫം, രക്ത ദോഷം മുതലായവയ്ക്കു നന്ന്. ബലവും

പുഷ്പിയും ഉണ്ടാക്കും. മലത്തിനു അയവു വരുത്തും. മിക്കവാറും വനങ്ങളിൽ ഉണ്ടാകുന്നു. വളരെ മധുരമുള്ള ഫലങ്ങൾ കായ്ക്കും. വള്ളി ഞാണിനു നന്നു. സം-മൂവ്വം. ത-പെരുങ്കരുമ്പ. ഇം-Sanseviera Roxburgiana സാൻസെവിയിരാ റോക്സ് ബർഗിയാനാ.

പര്യായങ്ങൾ-മൂവ്വം, ഭദ്രി, മധുരസാ, മേരുടം, രേജനീ, സ്രവാ, മധൂലികാ, മധുശ്രേണീ, ശോകഘ്നീ, പീലുപർണ്ണി.

പെരുങ്കുറാവിൽ-ഒരു വൃക്ഷം.

പെരുങ്കുറുക്കൻ-നരിവരട്ടി.

പെരുങ്കുറവൻ-വലിയ കാള.

പെരുങ്കൊല്ലൻ— കൊല്ലന്മാരിൽ പ്രമാണി.

പെരുങ്കോര-ഒരുമാതിരി പുല്ല്.

പെരുംക്കാവു് - ഒരു വൃക്ഷം. പര്യായങ്ങൾ-അവിഗന്ധം, സുഷവനം, കരഞ്ജകം, കൃഷ്ണഫലം.

ഒഞ്ഞാഞ്ഞാങ്ങ എന്നു ചിലർ പറയുന്നു. തമിഴിൽ-പെരുങ്കരുച്ചെടി. പഴുത്ത കായ് വിഷത്തിനു നന്നു.

പെരുച്ചാഴി—എലിയെക്കാളും വലുതായ ഒരു ജന്തു, പന്നിയെലി, ഇരപ്പൻ.

മാംസഭുജനം എലിയുടെതിനോടൊപ്പംതന്നെ. സം-മഹാമൂഷികൻ. ത-പെരുച്ചാളി.

പെരുച്ചാവിരിമാൻ-ഒരുവക മാൻ.

പെരുഞ്ചക്രം-വലിയ ചക്രം.

പെരുഞ്ചാണ്ടിപ്പുയറു് - ശംഖുവർഗ്ഗത്തിൽപെട്ട ഫലശാകം.

കഫപിത്തങ്ങളെ ശമിപ്പിക്കും. രുചി വരുത്തും. വ്രണത്തെ വരട്ടും. സം-ഖഡ്ഗശിംബി.

പെരുഞ്ചാരിമാൻ-വക്കുമാൻ.

ഇതിന്റെ മാംസം വാതപിത്തങ്ങൾക്കു നന്നു. മൂത്രത്തെ പെരുപ്പിക്കും. സം-സുമരം. ത-പെരിയചവരിമാൻ.

പെരുഞ്ചല്ലൂർ-ഒരു കഴകം.

കലിവർഷം ൫൫൦ നിപ്പുറം ആയ്ച്ച ബ്രാഹ്മണർ കേരളത്തെ കഴകങ്ങളായി വിഭാഗിച്ചതിൽ ഒന്നു് (കഴകം എന്നതു നോക്കുക.)

പെരുഞ്ചീനി-ഒരു വൃക്ഷം.

പെരുഞ്ചീര-ഒരുമാതിരി ചീര.

പെരുഞ്ചീരകം-ഒരങ്ങാടിമരുന്നു്.

വാതം, കഫം, ശൂലം, മൂത്രച്ചായവ്യം നന്നു. അഗ്നിയെ വർദ്ധിപ്പിക്കും. നിറം കറുപ്പാണു്. ഇതിനു പകരം ഇവിടെ പീതജീരകമാണു കിട്ടുന്നതു്. സുഷ്മ-സ്ഥൂലജീരകം. ത-പിള്ളപ്പച്ചീരകം, ചീമച്ചീരകം. ഇം-Sweet fennel സ്വീറ്റ് ഫെന്നൽ. ഇതിന്റെ എണ്ണയ്ക്കു സംസ്കൃതത്തിൽ വൃഷ്ടീകാതൈലം എന്നു പേർ. വാതം, കഫം, കൃമി, കുഷ്ഠം, പ്ലീഹമേഹം, ശിരോരോഗം ഇവയ്ക്കു നന്നു.

പെരുഞ്ചെന്നല്ല്-പെരുഞ്ചാലി.

ചെന്നല്ലിൽ കറുത്ത ധാന്യമാണു് ഇതിനുള്ളതു്. ബലത്തെ വർദ്ധിപ്പിക്കും. അഗ്നിയെ ദീപിപ്പിക്കും. രുചിയെ ഉണ്ടാക്കും. കുട്ടികൾക്കും യുവാക്കന്മാർക്കും വൃദ്ധന്മാർക്കും എല്ലാക്കാലത്തും ഒരുപോലെ പഥ്യമാണു്. സം-മഹാശാലി.

പെരുഞ്ചെവിമാൻ-ഒരുവക മാൻ.

ഇതിന്റെ ചെവി പശുവിന്റെ ചെവിപോലെയിരിക്കുന്നതിനാൽ ഈ പേരുണ്ടായി. സം-ശോകഘ്നം. ത-സുകുമാരമൃഗം.

പെരുഞ്ചേരുമയൻ-ഒരു ബ്രാഹ്മണപേർ.

"ഭാരതയുദ്ധം നടന്നതു ദ്വാപരയുഗത്തിന്റെ അവസാനത്തിലാണു് അന്നു

'ഉയൻ' (ഉദിയൻ) എന്ന രാജാവാണ് കേരളം രക്ഷിച്ചിരുന്നത്. ഈ ചേരരാജാവ് പാണ്ഡവപക്ഷക്കാരനായിരുന്നതിനാൽ അവരെ സഹായിപ്പാൻ കുരുക്ഷേത്രത്തിലേക്ക പോകയുണ്ടായി എന്നും അന്നദാനത്തിൽ മുമ്പു തന്നെ അതിപ്രസിദ്ധി നേടിയിരുന്ന ഇദ്ദേഹത്തെ ഇരുപക്ഷക്കാർക്കും ആഹാരം കൊടുക്കുന്നതിനു ധർമ്മപുത്രർ നിയോഗിച്ചു എന്നും അതിനെ അതിനുമുമ്പും അദ്ദേഹം അനുഷ്ഠിച്ചു എന്നും കാണുന്നുണ്ട്. ഈ ഐതിഹ്യത്തെ മുൻനിർത്തിയാർ മുടിനാഗരാജൻ എന്ന ദ്രാവിഡകവി 'പുറനാനൂറ്' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു"

പെരുഞ്ഞരമ്പ്-വലിയ ഞരമ്പ്. പര്യായങ്ങൾ-വസ്സസാ, സ്നായു.

പെരുഞാവൽ- ശ്രേഷ്ഠമായ ഒരുവക ഞാവൽ. സം-മഹാജംബു.

പെരുതളം-മയിൽ. ഉ-ം, അവമുഖപ്പെരുതളം.

പെരുത്ത്, പെരുത്തു-വി. വളരെ, വലിയ.

പെരുത്തലമീൻ-ഒരു മത്സ്യം. (സം-ശൃംഗി.)

പെരുന്തച്ചൻ— ആശാരികളിൽ പ്രമാണി.

പെരുന്തത്ത-ഒരുവക തത്ത.

പെരുന്തത്തയുടെ മാംസത്തിനു തത്തയുടെ മാംസഗുണം തന്നെയാണുള്ളത്. സം-രാജശുകം.

പെരുന്താളി-ഒരു വള്ളി.

പെരുന്തീ-വലിയ തീ.

പെരുന്തീൻ-വലിയ ക്ഷേത്രം.

പെരുന്തുടലി-ഒരുവക മുൾച്ചെടി.

പെരുന്തുത്തി-ഒരു തെറ.

പെരുന്തുളസി-ഒരുമാതിരി പൂച്ചെടി.

പെരുന്തുമ്പ-ഒരുവക തുമ്പ.

പെരുന്തുമ്പയുടെ ഗുണമുണ്ട്. വിശേഷാൽ കഫം, അഗ്നിമാന്ദ്യം മുതലായവക്ക നന്ന്. ബുദ്ധിയെ നന്നാക്കും. സം-മഹാദ്രോണം.

പെരുന്തേൻ-വൻതേൻ.

പെരുന്തേരകം-ഒരു വൃക്ഷം.

പെരുന്തേരട്ട-വളരെ കാലുള്ള ഒരുവക വലിയ അട്ട.

പെരുന്തൊലി-കുമ്പിൾവൃക്ഷം.

പെരുന്നാൾ- സൂര്യാനിക്കാർ മുതലായവരുടെ ഒരു വിശേഷ ദിവസത്തിനു പറയുന്ന പേർ.

പെരുനാഴി-ഫ. വലിയ നാഴി. ഉ. ഇടങ്ങഴി.

പെരുനീർ-മലം.

പെരുനെല്ല്-ഒരുവക നെല്ല്.

ഇതിനു നവരയിൽ കുറഞ്ഞ ഗുണമാണുള്ളത്. സം-മഹാവ്രീഹി.

പെരുന്നീരുരി-ഒരു പച്ചമരുന്ന്.

പെരുപ്പം-ഫ. വലുപ്പം. ഉ. കനം, ൩. ശ്രേഷ്ഠത. ര. മേന്മ.

പെരുംപാണൻ-ഒരു ചെടി.

പെരുമ്പട-ഫ. വലിയ യുദ്ധം, ഉ. വലിയ സൈന്യം.

പെരുമ്പടപ്പ്-കൊച്ചീരാജ്യം.

"ഒടുവിലത്തെ പെരുമാളുടെ മാസ്സൂരരവിവർമ്മൻ എന്ന ചേരമാൻ പെരുമാൾ തന്റെ കൊല്ലം രാജ്യം ഭരിച്ചുതിന്റെ ശേഷം കേരളരാജ്യം ഏഴു അംശങ്ങളാക്കി ഭാഗിച്ചു മരുമക്കൾക്കും മക്കൾക്കും മറ്റു വേണ്ടത്തക്ക ആളുകൾക്കുമായി കൊടുത്ത കൂട്ടത്തിൽ പ്രധാനപ്പെട്ടവയായിരുന്ന പെരുമ്പടപ്പ്, ഇപ്പോഴിയുള്ള, തെക്കുവിരുപ്പ് എന്നീ മൂന്നു സ്വരൂപങ്ങൾക്കു ചേർന്ന രാജ്യങ്ങൾ".

പെരുമ്പടപ്പുസ്വരൂപം-കൊച്ചീ സ്വരൂപം, പെരുമ്പടപ്പു രാജാക്കന്മാരുടെ വംശത്തെക്കുറിച്ചു പറയുന്ന ഒരു പേർ.

പെരുമ്പടി-പടപ്പുള്ള, കട്ടിയുള്ള.

പെരുമ്പനി-ഒരുവക വലിയ പനി.

പെരുമ്പയറ്-ഒരുവക വലിയ പയറ്.

പെരുമ്പയറു കഫപിത്തങ്ങളെ ശമിപ്പിക്കും. മുലപ്പാലിനെ വർദ്ധിപ്പിക്കും. ശ്രമത്തെ തീർക്കും. രുചിയെ ഉണ്ടാക്കും. വയറുടപ്പിനെ ചെയ്യും. മലത്തെ പിടിപ്പിക്കും. മൂത്രത്തെ കറക്കും. ചില ദിക്കിൽ 'പതിനെട്ടമണിയൻപയറ്' എന്നും പറയുന്നു. വർണ്ണംകൊണ്ടു പലതരമുണ്ട്. സം-ക്ഷവകം.

പെരുമ്പരുന്ത് (ന്തു)-ഒരുവക വലിയ പരുന്ത്.

പെരുമ്പറ-ഒരു വാദ്യം.

പെരുമ്പാ(യ്)-വലിയ പായ്.

പെരുമ്പാച്ചോറി-ഒരു വൃക്ഷം.

പെരുമ്പാട്ട്- ഫ. വലിയ പ്രയത്നം. ര. ക്രമത്തിലധികമായ രക്തച്ചൊരിച്ചൽ.

പെരുമ്പാമ്പ്-ഒരുവക വലിയ പാമ്പ്. പര്യായങ്ങൾ - അജഗരം, ശയു, വാഹസം.

പെരുമ്പാവൽ-പാണ്ടിപ്പാവൽ.

പെരുമ്പിടി-ഫ. പിടിച്ചുപറി. ര. കഠിനച്ചട്ടം.

പെരുമ്പുടവ-കട്ടിയുള്ളരുമാതിരിപുടവ

പെരുമ്പുള്ള്-ഒരു പക്ഷി.

പെരുമ്പൊടി-തരിയുള്ള പൊടി.

പെരുമ്പൊതി-വയറ്.

പെരും-വി. വലിയ.

പെരുമ-ഫ. ശ്രേഷ്ഠത. ര. ബാഹുല്യം. സ. വയ്യ്.

പെരുമൻ-വലിയ ആൾ.

പെരുമണ്ണാൻ-പരുവൻ.

പെരുമനം-നൂല് ഗ്രാമങ്ങളിൽ ഒന്ന്. (പുരുവനം എന്നതിന്റെ രൂപഭേദം).

പരശുരാമൻ കേരളത്തെ സൃഷ്ടിച്ചു നൂല് ഗ്രാമങ്ങളാക്കി കല്പിച്ചതിൽ മൂന്നു ഗ്രാമങ്ങൾ അതി പ്രസിദ്ധങ്ങളാണ്. അവയിൽ ഒന്ന്.

പെരുമന്താര-ഒരു വൃക്ഷം.

പെരുമരം-ഒരു വൃക്ഷം.

പെരുമരുത്, പെണ്മരുത്-ഒരുവൃക്ഷം

കഫം, പിത്തം, രക്തദോഷം മുതലായവയ്ക്കു നന്ന്. മുലപ്പാലിനെ പെരുപ്പിക്കും. ഇതിന്റെ നിര്യാസത്തെ ചെണ്ടുല്യമെന്നു പറയുന്നു. സം-അശ്വകർണ്ണം. ര-അർജ്ജുനമരുത്.

പെരുമരുന്ന്- ഫ. കടലിവേഗം ര. അണലിവേഗം.

പെരുമഴ-വലിയ മഴ. പര്യായങ്ങൾ-ധാരാസമ്പാതം, അസാരം.

പെരുമാൻ-ഫ. വലിയ മാൻ, കാറിനെ എതിർത്തു സഞ്ചരിക്കുന്നതും ശീഘ്രശക്തിയുള്ളതുമായ ഒരുവക മാൻ.

മാംസം വാതപിത്തങ്ങൾക്കു നന്ന്. സം-വാതരൂപീ. ഇം-A Swift Antelope എ സ്വിഫ്റ്റ് ആൻറിലോപ് ര. കൊല്ലൻ. സ. ദൈവം ഴ. അധികൃതൻ, നാഥൻ.

'തയുരാനനനിന്തിരുവടികല്പിച്ചാൽ
എൻപെരുമാനേയിക്കമിതെല്ലാന്നിനും'
(ഭാരതം)

പെരുമാറ്റം - പരിമാറ്റം, വസ്തുക്കൾ കൊണ്ടു കച്ചവടത്തിൽ കൊടുക്കൽവാങ്ങൽ ചെയ്യൽ പെരുമാറുക, പ്രയോഗം.

പെരുമാൾ-പ. തിരുവിതാംകൂർ രാജാക്കന്മാർക്കുള്ള ഒരു സ്ഥാനപ്പേർ. ഉ. വിഷ്ണു. ന. ഒരു പേർ. ര. പ്രധാനി, നാഥൻ, പ്രഭു. ഇ. അരചൻ. ന. ദൈവങ്ങളുടെ സ്ഥാനപ്പേർ. ഉ-ം, വീരഭദ്രപെരുമാൾ. (പെരുമാൾപ്പട്ടം എന്നതിനു ചക്രവർത്തിപ്പട്ടം എന്നും അർത്ഥമുണ്ട്.)

പെരുമീൻ-പ. രേവതിനക്ഷത്രം ഉദിക്കുന്ന ഒരു നക്ഷത്രം. ഉ. ഒരു മത്സ്യം.

പെരുമുഖം-ആനയുടെ നെറ്റി.

പെരുമുഞ്ഞ-ഒരു വൃക്ഷം.

പെരുമുട്ട-കാലിന്റെ മുട്ടിൽ ഉണ്ടാകുന്ന ഒരു രോഗം.

പെരുമുത്തങ്ങ-ഒരുവക മുത്തങ്ങ.

പെരുമുത്തങ്ങക്കു മുത്തങ്ങയുടെ ഗുണമാണുള്ളതു്. വിശേഷിച്ചു ശ്രമത്തെ കളയും. മുത്തങ്ങയെക്കാൾ വലുതായിരിക്കും. രസരഹിതം. കട്ടം. മുത്തങ്ങാ ഗുളിക ചെയ്യുപയോഗിക്കണമെന്നു അഭിപ്രായം കാണുന്നുണ്ടു്. സാ-നാഗരമുസ്തം. രാ-പെരുമുത്തക്കാ.

പെരുവയറു്-വലിയ വയറു്.

പെരുവയറൻ-പ. വലിയ വയറുള്ളവൻ. ഉ. വളരെ തിന്നുന്നവൻ എന്നർത്ഥം. പര്യായങ്ങൾ-തുന്ദിലൻ, തുന്ദിഭൻ, തുന്ദി, ബൃഹൽകുക്ഷീ, പിചണ്ഡിലൻ.

പെരുവള്ളികിഴങ്ങു്-ഒരുമാതിരി കിഴങ്ങു്.

പെരുവഴി-നാട്ടുവഴി, വലിയവഴി.

പെരുവഴിക്കാരൻ-വഴിപോക്കൻ.

പെരുവാലൻ-കീരി. (നായാട്ടുപേർ).

പെരുവാഴ-ഒരുമാതിരി നെല്ലു്.

പെരുവിരൽ-കൈയുടേയും കാലിന്റേയും വണ്ണമധികമുള്ള വിരൽ, തള്ളവിരൽ.

പെരുവിലയൻ-വി. അധികം വിലയുള്ള.

പെരുവെള്ളം-വെള്ളപ്പൊക്കം.

പെസഹ-പ. മിസ്രയിലുള്ള ആദ്യജാതന്മാരെ കൊന്നപ്പോൾ യിസ്രയേല്യർക്കു വിട്ടയക്കൽ കൊടുത്തതിന്റെ ഓർമ്മയായി യെഹൂദന്മാർ ആണ്ടുതോറും ആചരിക്കുന്ന പെരുനാൾ. ഉ. ക്രിസ്തുവിന്റെ മരണത്തിന്റെ തലേദിവസത്തിനു ചില ക്രിസ്ത്യാനികൾ കൊടുത്തിരിക്കുന്ന പേർ. ന. ക്രിസ്തുവിന്റെ പുനരുത്ഥാനദിവസം.

പെളിയുക-പൊളിയുക, അടരുക, പൊട്ടുക. (പ-മ)

പെറാ(രാ)ച്ചി-ഒരുവക ചെറിയ ആറ്റുമീൻ.

പെറുക്കുന്നു-ഓരോന്നായിട്ടു നുള്ളിയെടുക്കുന്നു.

'മുണ്ടിൽപെറുക്കി സ്വരൂപിച്ചു മാമ്പഴം'

(നൂതനമോക്ഷം തുള്ളൽ)

പെറുന്നു-പ. പ്രസവിക്കുന്നു. ഉ. ലഭിക്കുന്നു. ന. പ്രസിദ്ധമാകുന്നു.

പെറുവാഠം-ഒരു കണക്കിനു ചിലർ ഭിക്ഷകളിൽ പറയുന്ന ഒരു പേർ.

പെറ്റക്കുന്നു-കാട്ടുകുന്നു്.

പെറ്റൻ-വി. ശക്തിയുള്ള.

പെറ്റം-കാടു്.

പെറ്റവൾ-പ്രസവിച്ചവൾ.

പേ

പേ-വി. പ. ഭീതയായ. ഉ. ഭയങ്കരമായ. ന. വലുതായ.

പേ-ഫ. പിശാചു്. ക. ഭൂതു്. ന. ചീത്തത്തം.

പേക്കൻ-തവള. (ഭേകം എന്നതിന്റെ തത്ഭവം.)

പേക്കഞ്ഞൂണ്ണി-ഒരു മരുന്നു്.

പേക്കത്തവള-വലിയ തവള.

പേക്കരിമ്പു്-അംശപാടൽ, അമ. പഞ്ചേയങ്ങം-ഗ്രന്ഥം, തേജനകം, ശരം.

പേക്കാൽ-തട്ടുന്ന മുട്ട.

പേക്കാളം-ഒരുമാതിരി വലിയ ഉത്തുകഴൽ.

പേക്കാറു്-കിഴക്കൻകാറു്.

പേക്കുതിര-ചീത്തക്കുതിര.

പേക്കുമ്മട്ടി-ഒരുമാതിരി കുമ്മട്ടിവള്ളി.

പേക്കുല-തെങ്ങിന്റെയും മറ്റും കായ്ക്കുന്ന കുല.

പേക്കുറുക്കൻ-വിഷ്ണുരി.

പേക്രുണ്ൻ-ഒരുമാതിരി ക്രുണ്ൻ.

പേക്രുത്തു്-ഫ. ക്രമക്കേടു്. ക. നാനാവിധം. ന. ചീത്തക്കളി.

പേക്രാന്തൻ-ഭ്രാന്തൻ.

പേക്രാന്തം-ഫ. ഭ്രാന്തു. ക. ക്രമക്കേടു്. ന. ഭംഗിയില്ലായ്മ.

പേക്കോലം-ഫ. പിശാചിന്റെ വേഷം ക. ചീത്തക്കോലം. ന. മുറത്തിലും മറ്റും എഴുതിവെക്കുന്ന രൂപം.

പേക്കു്-അ വേണ്ടി, പകരം.

പേക്കുന്നു-പകർത്തുന്നു, മറ്റൊന്നിൽ നിന്നു നോക്കി എഴുതുന്നു. (കു-ക്രി-പേപ്പിക്കുന്നു.)

പേചകം-മൂങ്ങ പകൽ സമയം കാക്കകളിൽ നിന്നുള്ള ഭയം ഹേതുവായിട്ടു ദുഃഖിക്കുന്നവൻ എന്നർത്ഥം. രാത്രികാലത്തു കാക്കകളെ ദുഃഖിപ്പിക്കുന്നവൻ എന്നു മതവാദം. ക. ആനയുടെ വായിന്റെ ചുവട്ടു്. ന. ആനവായിന്റെ അറ്റം, ആനയുടെ വായ്ക്കുറിക്കൽ ഗ്രഹത്തെ മറയ്ക്കുന്ന ചർമ്മ വിശേഷം. ര. മേഘം. ള. ഇരിക്കുന്നടത്തിൽ Couch. ന്യ. പോൻ.

പേചകൻ-മൂങ്ങ, ഉഴമൻ.

പേചകാരൻ-വേട്ടുവളിയൻ.

പേചകി-ആന.

പേചിലാ-ആന.

പേച്ചു്-ഭാഷ, വാക്കു്, സംസാരം

പേച്ചുക്കാൽ, പേക്കാൽ - വളഞ്ഞ കാൽ.

പേച്ചി-ഫ. പിശാചി. ക. ബുദ്ധിയില്ലാത്ത സ്ത്രീ.

പേച്ചുര-കയ്പൻചുര.

പേച്ചുര കഫം, പിത്തം, ജ്വരം, ചുമ മുതലായവക്കു നന്നു്. മലത്തെ ഇളക്കും. ഛർദ്ദിയെ വരുത്തും. മിക്കവാറും കാട്ടിൽ ഉണ്ടാകുന്നു. കായ്ക്കു ചെറുതായിരിക്കും. വളരെ കയ്പുകാണും. സം-കടുതുംബീ. ത-പേയ്ച്ചുരെ. ഇം-Bottle-gourd,bittergourd ബാട്ടിൽഗോഡ്, ബിറ്റർ ഗോഡ്.

പര്യായങ്ങൾ-ഇക്ഷ്വാകു, കടുതുംബീ.

പേച്ചുറു്-കയ്പുകാലം, കഴപ്പു്.

പേച്ചൊട്ട - തെങ്ങിന്റെ കായ്ക്കുന്ന കുല.

പേടു്-വി. ചീത്തയായ, സാരമില്ലാത്ത.

പേടകം-ഫ. പെട്ടകം. ക. സമൂഹം.

പേടം-ഫ. കൊട്ട. ക. ഭണ്ഡാരം. ന. പെട്ടി. ര. കൂട്ടം.

പേടമാൻ-പെൺമാൻ, മാൻപേട.

പേടാ-ഫ. കൊട്ട. ക. പെട്ടകം. അനേക സാധനങ്ങൾ ഉരുട്ടിക്കൂട്ടി വയ്പാനുള്ളതു എന്നർത്ഥം. ന. മൃഗങ്ങളിൽ പെണ്ണു്, പിട.

പേടി-ഗ. ഭയം, രാജാവിനേയും മറവും കാണുമ്പോൾ കുറക്കാരന്റെ ഉള്ളിലുണ്ടാകുന്ന അവസ്ഥ, ദുഷ്കർമ്മങ്ങളേയും പിശാചുക്കളേയുംമറ്റും വിചാരിക്കുമ്പോൾ തോന്നുന്ന ഒരു വ്യസനം, വല്ലതും ചേതം വരുമെന്നും മറ്റുമുള്ള ശങ്ക. ഉ. പെട്ടി.

പേടിച്ചോടിയവൻ=കാന്ദിശീകൻ, ഭയദ്രുതൻ. പേടിയുള്ളവൻ=ഭയശീല.

പേടിക്കുന്നു-ഭയപ്പെടുന്നു (സ. ക്രി പേടിപ്പിക്കുന്നു.)

പേടിപ്പൊണ്ണൻ-വളരെ പേടിയുള്ളവൻ.

പേടീ-ഗ. കൊട്ട. ഉ. പെട്ടകം

പേട്ട-ചില അങ്ങാടിക്കു പറയുന്ന പേർ.

പേഡാ-വലിയ സഞ്ചി.

പേണു-അസ്സ്.

പേണം-സൂക്ഷ്മം, കരുതൽ.

പേണാഴി, പേണാത്തുള-തടിവലിപ്പാൻ കയറു കോർക്കുന്നതിനു തടിയിൽ ഉണ്ടാക്കുന്ന തുള, വള്ളിത്തുള.

പേന്നി-കുന്നുകാലികളുടെ കളമ്പിനു മേലെ ഒരു രോഗം.

പേണ്ണി-അ. ബലമായി.

പേണ്ണികുന്നു-വൃക്ഷത്തിൽ കൊതയുണ്ടാക്കുന്നു. (കയറുന്നതിന്)

പേണുന്നു-പോറുന്നു, സൂക്ഷിക്കുന്നു.

പേണുപടി, പേന്മിടി-രണ്ടു വിരൽ കൊണ്ടു പിടിക്കുന്നതുകൊണ്ടു.

പേത്തകാളി-ഒരു തരം.

പേത്തകൊട്ടി-ഒരു തരം.

പേത്തല-മത്ത കമ്പളം മുതലായ വള്ളികളുടെ മുണ്ടതല.

പേത്താൻ-ദ്രു. വീണ്ടും, ആവർത്തിച്ചു്.

പേത്തുണി-നിസ്സാരമായ തുണി, അഴുക്കു പിടിച്ചു കീറിയ തുണി, ചീന്തുതുണി.

'അവിൽ പേത്തുണി തന്നിൽചേർത്തു'
(കൃഷ്ണഗാഥ)

പേതപ്പു-ഗ. മനസ്സു്. ഉ. പീയൂഷം.

പേന-എഴുതുന്നതിനുള്ള തൂവൽ.

പെൻ Pen എന്ന ഇംഗ്ലീഷ് വാക്കാണു് പേന എന്നായതു എന്നു അഭിപ്രായം കാണുന്നു.

പേനരി-വിഷമുള്ള ഒരുമാതിരി കറുത്ത, ഭാരമുള്ള നരി.

പേനായ്-പേപ്പട്ടി, ഭ്രാന്തുപിടിച്ചപട്ടി.

പേൻ-മനുഷ്യരുടെ തലമുടിയിലും മറ്റും ഉണ്ടാകുന്ന ഒരുമാതിരി ചെറിയ ജന്തു.

പേപ്പടോലം-ഒരു വള്ളി.

പേപ്പട്ടി-പേനായ്, ഭ്രാന്തുപിടിച്ച പട്ടി. (സം. അമർഷം)

പേപ്പട്ടിയുടെ കടി ഏറ്റവനും കഴഞ്ചു് ഉമ്മത്തിൻ ഇലയും കഴഞ്ചു കുരുമുളകുംകൂട്ടി വെവ്വേറെ അരച്ചു് തുല്യവണ്ണം യോജിപ്പിച്ചു് ശൂലാഗ്രത്തിൽ കൊടുക്കണം. പച്ചവെള്ളത്തിലാണു് അരക്കേണ്ടതു്. മരുന്നു് കൊടുക്കുന്നതിനു തലേനാൾ അത്താഴപ്പട്ടിണി കിടക്കണം. രണ്ടുനാഴിക പുലർന്ന സമയത്താണു് മരുന്നു കൊടുക്കേണ്ടതു്. മരുന്നു കൊടുത്ത ഉടൻ നാഴിക കഴിഞ്ഞാൽ നല്ലവണ്ണം തണുക്കുന്നതുവരെ ജലധാര ചെയ്യണം. ജലധാരക്കു് ഉപയോഗിക്കുന്ന വെള്ളം കിണറിലേതായിരിക്കണം. പിന്നീടു നാലുദിവസത്തെ ക്ഷീണം പഥ്യത്തോടുകൂടിയുമായിരിക്കണം. ഭ്രാന്തു് ഇളകുന്നതായി കാണപ്പെട്ടാൽ അവിടെ ചികിത്സ ആവശ്യമില്ല. അസംഖ്യ

മാണെന്നു തീർച്ചപ്പെടുത്തണം. (കേരള സഞ്ചാരി ൯൫ കംഭം ക്രമ)

പേപ്പിടി-യേപ്പെടുത്തുവാനായി പറയുന്ന കള്ളവാക്ക്.

പേപ്പെടുന്നു-ഭയത്തിനെ പ്രാപിക്കുന്നു.

പേപ്പെടുത്തുന്നു-വശമാക്കുന്നു, യേപ്പെടുത്തുന്നു, ഭ്രാന്തുപിടിപ്പിക്കുന്നു.

പേപ്പെരുമാറ്റം-ഭയങ്കരനിരാശവു്.

പേമ്പിണി-വലിയ പീഡ.

പേമുഴ-വലിയ മുഴ.

പേമുല-വിക്കുംതേച്ച മുല.

പേമൊഴി-ക്ര. ശകാരം. ഉ. കാമഭ്രാന്തന്റെ വാക്ക്. ന. പേവാക്ക്. നിന്ദാവാക്ക്.

പേയ-കഞ്ഞി.

പേയ-വി. കടിപ്പാൻ തക്ക.

പേയത്തി-കാട്ടത്തി.

പേയം-ക്ര. വെള്ളം. ഉ. പാൽ. ന. കുടിക്കത്തക്കതു.

പേയമരി-ഒരുവക അമരി.

പേയമരി ചുമന്ന ചായത്തിനു കൊള്ളാം. വ്രണം വരട്ടും. മിക്കവാറും ആറിനരികെ ഉണ്ടാകുന്നു. സം-കനീലി.

പേയമുത്ത്-കാട്ടുമുത്ത്.

പേയാക്കുന്നു-ക്ര. വശമാക്കുന്നു. ഉ. നശിപ്പിക്കുന്നു. ന. സമ്മിശ്രമാക്കുന്നു.

പേയി-പിശാചു്.

പേയിഞ്ഞി-മേൽതേച്ചാൽ എണ്ണകളയുന്നതിനു കൊള്ളുന്നതായ ഇഞ്ച

പേയു-ക്ര. കടൽ. ഉ. അഗ്നി. ന സൂര്യൻ.

പേയുന്നു-ക്ര. വശമാക്കുന്നു. ഉ. അലട്ടുന്നു, തിണ്ടുണ്ടിക്കുന്നു

പേയുഷ്ണം-ക്ര. പീയൂക്ഷം, അമൃതം. ഉ.പുതുതായി പ്രസവിച്ച പാട്ടുവിന്റെ പാൽ ന. അപ്പോൾ കറന്ന പാൽ.

പേര, പേരകം-ഒരു വൃക്ഷം.

പേരക്കാ(യ്)-പേരവൃക്ഷത്തിന്റെ കായ്.

പേരക്കിടാവു്-മകന്റെ മകൻ.

പേരജം-പച്ചക്കല്ല്.

പേരൻ-പൊരുന്നൻ

പേരപ്പൻ-ക്ര. അച്ഛന്റെ ജ്യേഷ്ഠൻ. ഉ. അച്ഛനേരയും അമ്മയുടേയും അമ്മാൻ ന. അമ്മയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവു്.

പേരമുത്ത്-ഒരുവക അമുത്ത്.

പേരമുത്ത് മിക്കവാറും ചിറാമുതിന്റെ ഗുണത്തോടുകൂടിയതാണ്. വിശേഷാൽ സന്നിപാതം, വിഷം മുതലായവക്കു നന്ന്. സം-കന്ദഗ്രഹചി.

പേരമ്മ-ക്ര. അമ്മയുടെ ജ്യേഷ്ഠത്തി. ഉ. അമ്മയുടേയും അച്ഛന്റേയും അമ്മ. ന. അച്ഛന്റെ ജ്യേഷ്ഠന്റെ ഭാര്യ.

പേരരത്ത-ഒരുവക അരത്ത.

പേരരത്തക്ക ചിറ്റരത്തയുടെ ഗുണമാണുള്ളതു്. വിശേഷിച്ചു വിഷത്തിനു നന്ന്. സം-മന്ധനാകഫീ. ത-പേർ അരത്തൈത്ത.

പേരാ-ക്ര. ഒരുവക വാദ്യം. ഉ. ഒരു വൃക്ഷം.

പേരാക-അ. പേരിനു മാത്രം.

പേരാമ്പാറു്-ഒരു ദേവനു ആണ്ടുതോറും കഴിക്കുന്ന ഒരു ബലി.

പേരാൽ-ഒരു വൃക്ഷം, ആലുവൃക്ഷം. പര്യായങ്ങൾ-ന്യഗ്രോധം, ബഹുപാത്തു്, വടം. ഇതിന്റെ മുകളിലാണു യക്ഷശുശ്രൂഷി പിശാചുക്കൾ ഇരിക്കുന്നതു്. വേരുന്തതത്തോപദേശിയായ സംക്ഷാൽ

ക്ഷിണമൂർത്തി പേരാലിൻറെ മൂട്ടിലും ലോകനിയന്താവായ വിഷ്ണു അതിൻറെ ഇലയിലും ഇരിക്കുന്നു.

പേരാൽ കഫം, പിത്തം, ചൂടുനീർ, രക്തദോഷം എന്നിവയെ നശിപ്പിക്കുന്നു. ത-ആലമരം. ഇം-Banyan tree, Indian fig-tree ബാനിയൻ ടി, ഇൻഡ്യൻ ഫ്ിഗ്ടി.

പേരാറ്-പൊന്നാനി ആറ്. (സം-ഭൂഹന്നദി).

പേരി-രേരി. ഉ-ം പേരിച്ചൊല്ലാർ.

പേരി-ഇതു രേരിയുടെ വികാരം. ഉ-ം പേരികളമഴി-ദേശവഴക്കം.

പേരിച്ചൊല്ലാർ-മധുരമായി സംസാരിക്കുന്നവർ.

പേരിടി-തിരമാലയുടെയുപോലുള്ള വലിയ ശബ്ദം.

പേരിടീൽ-ഒരുപെയ്തിന്നു പേർ വിളിക്കുന്ന ഒരു കർമ്മം.

പേരിടുന്നു-ഒരുപെയ്തിനു ഒന്നാമതു ഒരു പേര് വിളിക്കുന്നു.

പേരില്ലാൻദൈവം-ഒരു പരദേവത-A Paradevata of Kusavas in Arickilattu (Kadatt).

പേരീത്ത, പേരീന്തൽ-ഒരു വൃക്ഷം.

പേരീത്ത അഗ്നിമന്ഥകത്തു ഉണ്ടാക്കും. വിഷഭേദത്തെ കളയും. സം-പിണ്ഡവൃക്ഷം. ത-പേരീച്ചൻ.

പേരു-ഗ. സൂര്യൻ. ഘ. അഗ്നി. ന. കടൽ. ഭ. മഹാമേരു

പേരുകെട്ടുന്നു-പേരുവിളിക്കുന്നു.

പേരുന്നു-ഗ. വേരോടെ പറിക്കുന്നു. ഘ. പിടിച്ചുപറിക്കുന്നു. ന. ഉഴുകുകളയെ തിരിക്കുന്നു. ഭ. പിരിക്കുന്നു, ഇടുക്കുന്നു.

പേരുമ്മത്തു്-ഉമ്മത്തിൽ ഒരിനം.

പേരുമാറാട്ടം-അറിഞ്ഞും അറിയാതേയും ഒരുത്തൻറെ പേരിനു പകരം മറെറാരുത്തൻറെ പേർവെച്ചു എഴുതുകയും മറവും.

പേരുവഴി, പേർവഴി-ഒരാളുടെ പേർ വച്ചു പ്രത്യേകമായി എഴുതിയ കണക്ക

പേരൂത്തല-നെടുമങ്ങാട്ട്. വേണാട്ടു പ്രദേശം പണ്ടു അഞ്ചു രാജ്യങ്ങളായി വിഭജിച്ചിരുന്നതിൽ ഒന്നു.

പേരൂർ-തൃശ്ശിവപേരൂർ. Trichoor. സ്ത്രീകൾക്കു കീർത്തിപ്പെട്ട സ്ഥലം എന്നർത്ഥം "പെൺചേരും പേരൂർ നഗരി"

പേരെച്ചം-(വ്യാകരണത്തിൽ) നാമാംശം. പിന്തുടരുന്ന നാമത്താൽ അർത്ഥം പൂർണ്ണമായി വരുന്ന അപൂർണ്ണക്രിയ.

പേരെച്ചം-പേരിൻറെ (നാമത്തിൻറെ) എച്ചം (അംശം).

ക്രിയാനാമത്തിൻറെ അംശമായതു-നാമാംശം.

പേരേലം-ഏലത്തരി രണ്ടുതരമുള്ളതിൽ വലിയതു. വലിയ ഏലം, കാട്ടേലം.

കഫം, പിത്തം, രക്തദോഷം ഇത്യാദികളെ നശിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിവർദ്ധനകരമാണ്. സം-സ്ഥൂലൈലം. ത-പെരിയ ഏലം.

പേരൊലി-വിളിക്കുന്ന ശബ്ദം.

പേർ, പേരു്-ഗ. നാമം. പര്യായങ്ങൾ-അഭിധാനം, ആഖ്യ, അഭിധാനം, നാമധേയം. ഘ. ആർ. ന. കീർത്തി.

പേറ്റു്-ഗ. ഒഴികഴിവു്. ഘ. പിരിവു, ഇടുക്കൽ.

പേറ്റ്, പേറ്റം-അ. പിന്നെയും, (പേറ്) വാങ്ങിപ്പോട്ടുകൂടി, അധികമായി.

പേപ്പ്-പകത്തി എഴുതി എടുത്ത എഴുത്ത്.

പേർമഴ-പേമഴ.

പേർവിളി-പേരിടുക.

പേലവ-വി. ക. മാർദ്ദവമുള്ള, നേർമയുള്ള. ര. മെലിഞ്ഞ ന. കോമളമായ.

പേലി-കത്തിര.

പേവഴി-ചീത്തവഴി.

'ഇവ്വിധം നിരൂപിച്ചുചെന്നിവൻ സഭയിങ്കൽ
പേവഴികാട്ടിവസിക്കുന്നതും യോഗ്യമെന്നോ'
(ഭക്ഷ്യയാഗം കിളിപ്പാട്ട്)

പേവാക്ക്-ചീത്തവാക്ക്.

പേശം-രൂപം.

പേശല-വി. ക മിടുക്കുള്ള. ര. മൃദുത്വമുള്ള. ന. മൃദുവായുള്ള.

പേശലൻ-ക. വിഷ്ണു. ര. മടികൂടാതെ കാര്യങ്ങളിൽ പ്രവർത്തിക്കുന്നവൻ. ആലോചനയുള്ളവൻ എന്നർത്ഥം.

പേശലാശി-സൌന്ദര്യമുള്ളവൾ.

പേശസ്സ്-ക. രൂപം ര. പൊന്ന് ന. പ്രകാശം. ഭ. ആഭരണം.

പേശി-ക. മെഴുക്. ഇതിവച്ചു അവയവവ്യക്തിയുണ്ടാകുന്നതിനാൽ ഈ പേർ വന്നു.

ര. മേഷ്മനാദം, ഇടി ന. മാംസഖണ്ഡം, ഉണ്ട (മാംസപേശി=മാംസഉണ്ട). ഭ. ഓടക്കുഴൽ. ഇ. മഞ്ചി. ന. ഇന്ദ്രന്റെ വജ്രായുധം. ഒ. ഒരുവകവാദ്യം. വ. ചെരിപ്പ് ൻ. ആയുധങ്ങളുടെ ഉറ.

പേശീകോശ(ഷ)ം-മെഴുക്ക് (മുട്ട).

പേശുന്നു-സംസാരിക്കുന്നു, പറയുന്നു.

'വല്ലാതിവീരനോടു സല്ലാപം പേശിക്കൊണ്ടു' (കിരാതം തുള്ളൽ)

പേഷക-വി. പൊടിക്കുന്ന, അരയ്ക്കുന്ന.

പേഷണം-ക. അരയ്ക്കുക. ര. അരയ്ക്കുന്ന കല്ല്, അമ്മിപ്പിള്ള.

പേഷണി-അരകല്ല്.

പേഷ്കാർ-ക റവന്യൂ കാര്യങ്ങളുടെ അദ്ധ്യക്ഷൻ. ര. ന്യായകൻ.

പേഷി-ക. ഭരവം. ര. ഇടിവാദം.

പേഷിക്കുന്നു-അരയ്ക്കുന്നു.

പേഴ-ഒരുമാതിരി കൈതച്ചെടി.

പേഴ്-ഒരു വൃക്ഷം.

പേറ്-ക. പ്രസവം. ര. ശ്രമം. ന. ഫലം. ഭ. ചുമട്. ഉ-ം പേറെടുക്കുന്ന എന്നതു്.

പേറുന്നു-എടുക്കുന്നു, ചുമക്കുന്നു.

പേറുമാട്ട്-ഒരുതിമാട്ട്.

പേറ്റി-വയറാട്ടി.

പേറുതിങ്കൾ-പെറുന്നമാസം.

പേറുനോവ്-പ്രസവവേദന.

പേറുപുര-ഈറ്റപ്പുര, പ്രസവിക്കുന്നതിനുള്ള പുര, ഈറ്റില്ലം.

പേറുമരുന്ന്-പ്രസവിച്ചാൽ പിന്നെ സേവിക്കുന്ന മരുന്ന.

പൈ

പൈ-വി. പച്ച.

പൈ-ക. വിശപ്പ്. ര. പച്ച. ന. സഞ്ചി. ഭ. ഒരു ബ്രിട്ടീഷ് നാണയം (രണ്ടേകാലണയ്ക്കാൾ കുറയും).

പൈക്കം-ക ക്ഷേമം, പഞ്ചം. ര. ഹീനത. ന. ധർമം.

പൈക്കിടാവ്-പശുക്കുട്ടി.

പൈക്കുന്നു-വിശക്കുന്നു.

പൈക്കുട്ട്-പശുക്കുട്ട്.

പൈക്കുറ-ഒരുമാതിരി സഞ്ചി.

പൈങ്കണ്ണി-ഒരു വൃക്ഷം.

പൈങ്കിളി-ഒരു പക്ഷി, തത്ത, പച്ചക്കിളി.

പൈങ്ങ, പയിങ്ങ-കുമ്പടയ്ങ്ങ.

പൈചാക-വി. കലത്തിൽ പാകംചെയ്യുന്ന

പൈചാരം-ചെമ്പു്, ഉരുളി (മുരളി), കൽച്ചട്ടി മുതലായതിൽ പാകംചെയ്ത അന്നം കറി മുതലായതിന്റെ പേർ. പിഠരത്തിൽ സംസ്കൃതം. പാത്രത്തിൽ വേവിച്ചതു് എന്നർത്ഥം.

പൈതൽ-കുഞ്ഞു്.

പൈതലാൻ-ആൺകുട്ടി.

പൈതലാൾ-പെൺകുട്ടി, കുഞ്ഞു്.

പൈതാമഹ-വി. മുത്തച്ഛനെ സംബന്ധിച്ചുള്ള.

പൈതാമഹന്മാർ-പൂർവികന്മാർ.

പൈതൃക-വി. അച്ഛനെ സംബന്ധിച്ചുള്ള.

പൈതൃഷ്വസാവു്-അച്ഛന്റെ പെങ്ങൾ.

പൈതൃഷ്വസേയൻ-അച്ഛന്റെ മരുമകൻ, അച്ഛന്റെ പെങ്ങളുടെ മകൻ.

പൈതൃഷ്വസേയി-അച്ഛന്റെ മരുമകൾ.

പൈതൃഷ്വസ്രീയൻ-അച്ഛന്റെ മരുമകൻ, അച്ഛന്റെ പെങ്ങളുടെ മകൻ

പൈതൃ-വി. പിതൃക്കൾ സംബന്ധിച്ചുള്ള.

പൈതൃ്യം-പിതാവിങ്കൽനിന്നു കിട്ടിയതു്.

'രാജ്യംതവപൈതൃ്യമിദമോചിതം'
(രാമായണം)

പൈത്ത-വി. പിത്തമുള്ള.

പൈത്തുമ്പൽ-വി. ഗോരോചന.

പൈത്തൊഴുത്തു്-പശുക്കൂട്ടു്.

പൈത്ര്യം-പ്ര. ഭംഗു്. ഉ. ഭോജ്യപദാ. നു. പിത്തം

പൈദ്രവം-കഞ്ഞി.

പൈദാഹം-വിശപ്പു് ദാഹവും.

പൈൻപൊൻ-നല്ല സ്വർണ്ണം.

പൈന്തന-സുന്ദരി.

പൈന്തർ-ഒരുമനയായവൻ, നല്ല മനുഷ്യൻ

പൈന്തേൻ-നല്ല തേൻ, പുതിയതേൻ.

പൈന്തോറൻ-പീയൂഷം, അമൃതം.

പൈപ്പരുവ-ഒരു വൃക്ഷം.

പൈപ്പുല്ലു്-ഒരുവക പുല്ലു്.

പൈമ്പാൽ-പ്ര. പുതിയ പാൽ. ഉ. പശുവിന്റെ പാൽ.

പൈമ്പുനൽ-ശുദ്ധജലം, പച്ചവെള്ളം.

പൈമ്പുല്ലു്-പച്ചപ്പുല്ലു്, ഇളംപുല്ലു്.

'ചേണാറപൈമ്പുല്ലുപറിച്ചു'
(കൃഷ്ണഗാഥ)

പൈമാശി(ഷി)-സർവ്വ അമാവു്.

പൈയാവിശാഖം-കേരളത്തിലെ ഒരു ശുദ്ധദിനം (രണ്ടു ദിവസം രേഖപ്പെടുത്തുന്നു).

പൈശാച-വി. പിശാചിനെ സംബന്ധിച്ച.

പൈരാവാഹം-ഒരുമാതിരി വിവാഹം. (അഷ്ടവിവാഹം എന്നതു നോക്കുക).

പൈശുന്യം, പൈശുന്യം-അസൂയ പറക

പൈഷ്ട-വി. പിഷ്ടത്തെ സംബന്ധിച്ചു, പലഹാരമാക്കിയ.

പൈഷ്ടി-ഒരു മദ്യം.

പൈഷ്ടികാ-കൂടി.

പൈസക്കാരൻ-ധനികൻ.

പൈസാ-കാശു്, പണം, ഒരു നാണയം (രണ്ടേകാലേ അണ്ണാൽ കാശു്).

പൊ

പൊകിട്ട്-പൊക്കിൾ.

പൊകിണ, പോകണ, പോണ, പൂണ-പച്ചനിറത്തിലുള്ള ഒരുവക ശ്രേയുമയ പൂവ്.

ഇതു് എപ്പോഴും വളരെ പൊക്കമുള്ള വൃക്ഷങ്ങളുടെ മുകളിൽ ഇരിക്കുന്നു.

പൊകുട-പൂട, രോമം.

പൊക്കട്ട-വി. ചീത്ത.

പൊക്കണം-ഭാണ്ഡം, സഞ്ചി.

പൊക്കണംതൂക്കി-ഭാണ്ഡക്കാരൻ.

പൊക്കപ്പല്ലു്-പൊങ്ങിയപല്ലു്.

പൊക്കപ്പല്ലൻ-പൊങ്ങിയപല്ലുള്ളവൻ

പൊക്കം-വി. പൊങ്ങിയ.

പൊക്കം-ഉയരം.

പൊക്കം-ന. ഇല്ല, നഷ്ടം, ചേതം.

പൊക്കർ-ഒരു താണജാതിക്കാർ.

പൊക്കാരം-പ. വലുപ്പം. ക. ഉയരം.

പൊക്കാളി-ഒരുവക നെല്ലു്.

പൊക്കിണൻ-തീയൻ.

പൊക്കിടം-നാളികേരമേൽ വയറത്തു വട്ടത്തിൽ ഉള്ള ഒരു അടയാളം.

പൊക്കിടംകൊടി-മാതുവള്ളി, മരപിള്ള.

പൊക്കുന്നു-പ. പൊങ്ങിക്കുന്നു, കിളുത്തുന്നു, ഉയരത്തിലാക്കുന്നു. ക. തള്ളിക്കയറുന്നു.

പൊക്കുളിക്കുന്നു-കൊപ്പുളിക്കുന്നു.

പൊങ്കാരം-പൊൻകാരം.

പൊങ്കാല-അരിവച്ചു ദൈവത്തെ പൂജിക്കുക. (പൊങ്ങൽ എന്നതു നോക്കുക.)

പൊങ്കാലം-ഒരു വൃക്ഷം.

പൊങ്ങു്-തേങ്ങായുടെ അകത്തുള്ള മൃദു ക. പൊങ്ങുതടി. ന. ഒരുമാതിരി പഞ്ഞിമരം. ര. ഒരുവക വൃക്ഷം.

പൊങ്ങ-അറേബ്യരികയുള്ള ഒരുമാതിരി വൃക്ഷം.

പൊങ്ങച്ചം-തന്നത്താൻ സ്തുതിക്കുക.

പൊങ്ങച്ചക്കാരൻ-തന്നത്താൻ പുകഴ്ത്തുന്നവൻ.

പൊങ്ങത്തു്-ഒരു വൃക്ഷം.

പൊങ്ങൻ-കരിമ്പിൻനീര കറക്കുമ്പോൾ തിളച്ചു പൊങ്ങുന്നതു്.

പൊങ്ങം-പുഞ്ച.

പൊങ്ങമ്പനി-അഞ്ചുമ്പനി.

പൊങ്ങൽ-പ. അരിയും കറിയും വെയ്ക്കൽ (തമിഴിൽ പൊങ്കൽ).

പൊങ്കലെ തമിഴിൽ പൊങ്കലും മലയാളത്തിൽ പൊങ്ങലും തന്നെ. പൊങ്കലെ വലിയ പിശകായ ഒരു പദമാകുന്നു. പൊങ്കലെ ഒരിക്കലിനെ ഓമ്മപ്പെടുത്തുന്നു.

ക. മുളയ്ക്കുക. ന. ജലത്തിൽ താഴംതെ കിടക്കുക, പൊങ്ങുക. ര. തിളയ്ക്കുക.

പൊങ്ങൽ-മഞ്ഞച്ചോറു്. (ഒരു പലഹാരം.)

പൊങ്ങൽപ്പുര-അടുക്കളപ്പുര.

പൊങ്ങല്യം-ഒരു വൃക്ഷം, പെരുമരം.

പൊങ്ങിച്ച-എടുത്തുചാടി.

പൊങ്ങുതടി-പ. സമുദ്രത്തിൽ സഞ്ചരിക്കുന്നതിനുള്ള തടി. പായ്മരങ്ങൾ-ഉഡുപം, പ്ലവം, കോലം. ക. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന തടി.

പൊങ്ങുന്നു-പ. ഉയരുന്നു ക. അഹങ്കരിക്കുന്നു. ന. സ്ഥാനത്തു നിന്നു നീങ്ങുന്നു. ര. പ്രസിദ്ധപ്പെടുന്നു. (സ. ക്രി. പൊങ്ങുന്നു.)

പൊങ്ങുവഴുങ്ങി-വിഡ്ഢി.

പൊച്ചം-ഒരുമാതിരി ചകരിക്കയർ.

പൊടന്ന-രണ്ടു കൈപ്പടവും കൂട്ടിയാൽ അകത്തുകൊള്ളുന്ന. ഉ-ം ഒരു പൊടന്ന അരി.

പൊടരിക്കുന്ന-ഉപദ്രവിക്കുന്ന.

പൊടവക്കിഴങ്ങ്-ഒരുമാതിരി കിഴങ്ങ്

പൊടി-(ധാതു), പൊടിയാവുക.

പൊടി-പ്ര. പൊടിയായ വസ്തു. പര്യാ യങ്ങൾ-രേണു, ധൂളി, പാംസു, രജസ്സ്. ഉ. പൊടിച്ച മരുന്ന്. സ. രത്നം. ര. മുക്കിലിടുന്ന പൊടി.

പൊടിയിട്ടു വിളക്കുക - (ശൈലി) യോജിപ്പിക്കുക.

പൊടിക്കടമ്പ്-ഒരുവക കടമ്പ്.

പൊടിക്കടമ്പ് ഗുണംകൊണ്ടു വലിയ കടമ്പിനു തുല്യമാണ്. വസന്തകാല ത്തിൽ പൂക്കുന്നു. പൂവിനു പൊൻ നിറ മാണുള്ളതു്. പൂവിനു പൊടി അധിക മുള്ളതുകൊണ്ടു പൊടിക്കടമ്പു എന്ന പേ രുണ്ടായി. സം-ധൂളീകദംബം.

പൊടിക്കണ്ണൻ-പൊട്ടക്കണ്ണൻ.

പൊടിക്കല്ല്-പൊടിഞ്ഞുകഴിഞ്ഞ കല്ല്.

പൊടിക്കിഴങ്ങ്-ചേനകിഴങ്ങ്, പിടി ക്കിഴങ്ങ്.

പൊടിക്കുന്ന-പ്ര. പൊടിയാക്കുന്ന. ഉ. തുമ്പില്ലാതെ കളയുന്ന. സ. മുക്കുന്ന. ര. വെള്ളം നനയ്ക്കുന്ന.

പൊടിക്കൈയ്-പ്ര. കൈശലം. ഉ. വിരൽകൊണ്ടു മുട്ടും കൊട്ടുക.

പൊടിച്ചൽ-പ്ര പൊടിയുക. ഉ പന ച്ചൂരിക സ. മുളയ്ക്കുക.

പൊടിച്ചെന്നല്ല്-ഒരുവക ചെന്നല്ല്

പൊടിച്ചെന്നല്ലിനു യവച്ചെന്ന ല്ലിനോടു ഗുണമാണുള്ളതു്. സം-പാം സുരാമീ.

പൊടിഞ്ഞു-സംഹരിച്ചു. (പ-മ.)

പൊടിത്തുവൽ-ഒരു കറി.

പൊടിത്തുവൽ-ഇതു ഒരുവിധം ഒരു ഴക്കു പിരട്ടിയാണ്. പ്രധാന കക്ഷണ ങ്ങൾ വാഴക്കാ, കത്തിരിക്കാ, ഉരുളക്കി ഴങ്ങ് മുതലായവയാകുന്നു. ചേമ്പുകളും കൊള്ളാം.

പൊടിപൂരം-വലിയ ആഘോഷം. (ഗ്രാമ്യ മാണ്) കോലാഹലം.

പൊടിപൊടുന്ന-പൊടിയുന്ന.

പൊടിപ്പ്-പ്ര. ആരേണത്തിന്റെ ചര ടിന്റെ അറ്റത്തും മറവും തുലുകെണ്ടു കെട്ടിയുണ്ടാക്കുന്ന സാധനം.

പൊടിപ്പും തൊങ്ങലും വെക്കുക-(ശൈലി) മിനുസപ്പെടുത്തുക, അഴക വരുത്തുക.

പൊടിമഴ-ചാറൽമഴ.

പൊടിമാനം-പ്ര. പൊടിക്കു. ഉ. ഉറ ച്ചുള്ള ശബ്ദം. സ. കളിക്കു.

പൊടിമുട്ടിപ്പോകുന്ന-ഉരക്കു അടിക്കു യോ ഇടിക്കയോ ചെയ്തുകൊണ്ടു പൊടി യാകുന്നു.

പൊടിയുന്ന - തകരുന്നു, നശിക്കുന്നു, പൊടിയാകുന്നു.

പൊടിയുപ്പ്-വയലുപ്പ്, പടന്നയുപ്പ്, അട്ടപ്പ്. പര്യായങ്ങൾ-രോമകം, വ സുകം.

വാതം, പ്ലീഹ, മൂത്രതടവ് ഇവക്കു നന്ന്. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. സം-ഔദ്ഭിദം. ത-ചവു ട്ടുപ്പ്.

പൊടിവിതെ-നിലം ഉഴുതു പൊടിയാക്കി യിതയ്ക്കുക.

പൊടിവെട്ടി-പൊൻപണിക്കാരുടെ ഒരുമാതിരി കത്രിക.

പൊട്ട-പൊട്ടുക. (പൊടി, പൊട്ട്-ധാതു)

പൊട്ടക്കനെ, പൊട്ടന്നനെ-പെട്ടെന്ന്, വേഗത്തിൽ.

പൊട്ടപൊടെ-അ. പൊട്ടിപ്പൊളി.

പൊട്ട-വി. വിരിഞ്ഞ. ഉ. പൊട്ടിയ. സ. ദോഷതപമുള്ള, സാരമില്ലാത്ത.

പൊട്ട-പൊട്ടിയ വസ്തു, ഒരു തരം.

പൊട്ട്-പ. നെറ്റിമേൽ തൊടുന്ന ഒരു കറി. ഉ. മുക്കാത്ത കായ്. സ. വിരിച്ചിൽ. ഴ. പുള്ളി, അടയാളം.

പൊട്ടക്കണ്ണ്, പൊടികണ്ണ്-പൊടിഞ്ഞ കണ്ണ്, രോഗം കൊണ്ടും മറവുകാഴ്ചയില്ലാതായ കണ്ണ്.

പൊട്ടക്കണ്ണൻ, പൊടികണ്ണൻ-പൊടിഞ്ഞ കണ്ണുള്ളവൻ.

പൊട്ടക്കണ്ണി, പൊടികണ്ണി-പൊടിഞ്ഞകണ്ണുള്ളവൾ.

പൊട്ടക്കലം-പൊടിഞ്ഞകലം.

പൊട്ടക്കള്ളി-ചീത്തക്കള്ളി.

പൊട്ടക്കാവളം-ഒരു വൃക്ഷം.

പൊട്ടക്കാളം-വിറകിനുള്ള ഒരു വൃക്ഷം.

പൊട്ടക്കിണറ്-വെള്ളമില്ലാത്ത കിണറ്, കല്ലിടിഞ്ഞു വീണു കുറെ പിടിച്ചും ജലം കോരാതെയും കിടക്കുന്ന കിണറ്

പൊട്ടക്കുളം-പ. വെള്ളമില്ലാത്ത കുളം. ഉ. ചീത്തവെള്ളമുള്ള കുളം.

പൊട്ടച്ചെവിയൻ-ചെവി കേൾക്കാത്തവൻ.

പൊട്ടത്തരം-ദോഷതപം, മൂഢതപം, വിഡ്ഢിത്തം.

പൊട്ടൻ-പ. ദോഷൻ. ഉ. ചെകിടൻ. സ. കുരങ്ങിൽ ഒരു വകഭേദം.

പൊട്ടപറയുന്നു - അസംബന്ധം പറയുന്നു.

പൊട്ടപ്പറമ്പ്-വെറുമ്പറമ്പ്.

പൊട്ടപ്പുല്ല്-ഒരുമാതിരി പുല്ല്.

പൊട്ടഭാഗ്യം - വിചാരിച്ചിരിക്കാതെ വന്നുകൂടിയ ചെറിയ ഭാഗ്യം.

പൊട്ടയിടുന്നു-അധരങ്ങൾകൊണ്ടു ഒരു മാതിരി ശബ്ദമുണ്ടാക്കുന്നു.

പൊട്ടൽ-പൊട്ടുക.

പൊട്ടംതട്ടിപ്പ്-കൺകെട്ടിക്കളി.

പൊട്ടി-പ. ചെവികേൾക്കാത്തവൾ. ഉ. ദോഷതപമുള്ളവൾ.

പൊട്ടിക്കാ-പീച്ചിങ്ങ.

പൊട്ടിക്കരയുന്നു-ഉറക്കെത്തന്നെ കരയുന്നു.

പൊട്ടിച്ചിരി-ഉറക്കെയുള്ള ചിരി സംഭ്രമം ഭ്രാന്തികം.

പൊട്ടിച്ചിരിക്കുന്നു-ഉറക്കെചിരിക്കുന്നു

പൊട്ടിത്തെറിച്ചവൻ-ദുർമ്മാർഗ്ഗക്കാരൻ.

പൊട്ടുകാ(യ്)-പിഞ്ചുകാ(യ്), മൂക്കാത്ത വാഴക്കായും മറവും.

പൊട്ടുകുല-പിഞ്ചുകുല, മൂക്കാത്ത വാഴക്കുലയും മറവും.

പൊട്ടുന്നു-പ. ഉടയുന്നു, പിളരുന്നു, തകരുന്നു. ഉ. മുളയ്ക്കുന്നു. സ. ചിനയ്ക്കുന്നു. (സ. ക്രി. പൊട്ടിക്കുന്നു.) നാമം = പൊട്ടൽ, പൊട്ട്.

പൊട്ടുബുദ്ധി-ദോഷത്തരം.

പൊട്ടുമുണ്ടി-ജലത്തിന്നടുക്കൽ സഞ്ചരിക്കുന്ന ഒരു പക്ഷി.

പൊട്ടുവിദ്യ-ദോഷവിദ്യ.

പൊട്ടോടുന്നു-വാടിപ്പോകുന്നു, പൊട്ടായിരിക്കുന്നു.

പൊണ്ണ-വി. വലിയ.

പൊണ്ണത്തം- പ. വലിപ്പം. ഉ. ദോഷതപം.

പൊണ്ണത്തരം-ദോഷന്റെ സ്വഭാവം.

പൊണ്ണൻ-ക്ര. വലിയവൻ. ഉ. മോക്ഷൻ. ന കടവയറൻ.

പൊണ്ണി-ക്ര. വലിയവൾ. ഉ. മോക്ഷി.

പൊൺചിലന്തി-വസൂരി മുതലായ ഒരു രോഗം. (പതിനാലിനോ പതിനെട്ടിനോ കൂട്ടിപ്പിക്കാം.)

പൊത്തു-(ധാതു) പൊടിയിൽ താഴുക.

പൊതി-ക്ര. പൊതിഞ്ഞുകെട്ടിയ വസ്തു. ഉ. കാളപ്പുറത്തു കേറിക്കൊണ്ടു പോകുന്ന ചുമട്ട്. ന. ചില വസ്തുക്കൾക്കു പറയുന്ന ഒരു കണക്ക്. ര. ഒരുമുറ് (ഉദാ ഇടങ്ങഴി).

പൊതിക്കാള-ചുമട്ടുകാള.

പൊതിക്കുന്ന-ക്ര. തേങ്ങയുടെ തോണ്ടു അടക്കുന്ന. ഉ. കൈപുരട്ടി കുത്തുന്ന.

പൊതിക്കെട്ട്-പൊതിഞ്ഞു കെട്ടപ്പെട്ടതു, പൊതി.

പൊതിച്ചുൽ-പൊതിയുക.

പൊതിച്ചോറ്-പൊതിഞ്ഞു കെട്ടിയ ചോറ്.

പൊതിനാ-ഒരു ചെടി.

കൊട്ടങ്ങലിന്റെ ഇലപോലെയിരിക്കും. ചമ്മന്തിയ്ക്കു നന്ന്. വിഷൂചിക, അതിസാരം, ഗ്രഹണി, അഗ്നിമാന്ദ്യം, ചൊറി ഇവയ്ക്കു ഹിതം. മലമൂത്രങ്ങളെ തടയും.

പൊതിപിടിക്കുന്ന-കാളപ്പുറത്തു ചുമടുകൊണ്ടുപോകുന്ന.

പൊതിപ്പാട്-നിലത്തിന്റെ ഒരു അളവ്.

പൊതിയമ്പഴം-അടി, തല്ല്. (പ-മ)

പൊതിയുന്ന-മൂടുന്ന.

പൊതിയോല-പാനിക്കൊട്ട, കള്ളുകുട്ടുക്കുന്ന വൃക്ഷങ്ങളിലെ കള്ളുചെട്ടി മൂടുന്നതിനുള്ളതു്.

പൊതിരു്-കേട്ട്, ചീച്ചൽ.

പൊതിരുന്ന-ക്ര. അധികമാകുന്ന. ഉ. മൂടുവാകുന്ന.

പൊതിരെ-അ. അധികമായി.

പൊതിർ-ചീച്ചൽ, നലച്ചൽ, അഴുകൽ.

പൊതിക്കുന്ന-നനക്കുന്ന, ഉറക്കിടുന്ന.

പൊതു-വി. പൊതുവിലുള്ള, സാമാന്യമായുള്ള.

പൊതുകുന്ന-ചിറയും മറവും കെട്ടിയുറപ്പിക്കുന്ന

പൊതുപൊതെ-അ. ഒരുമാതിരി ശബ്ദംകേൾക്കുമ്പോൾ പറയുന്ന വാക്ക്.

പൊതുവൻ-പുലയരെ ഭരിക്കുന്നവൻ.

പൊതുവാൻ-പരവന്മാരുടേയും കണക്കന്മാരുടേയും രക്ഷാകർത്താവു്. ഇവന്റെ മാപ്പു പൊതുവാടിച്ചി.

പൊതുവാഠം-ക്ര. മുഞ്ഞ്. ഉ. മരുതൻ. അമ്പലവാസികളിൽ ഒന്ന്.

ക്ര. അകപ്പൊതുവാഠം-ഇവർക്കു പൂണൂലുണ്ട്.

ഉ. പുറപ്പൊതുവാഠം-ഇവർക്കു പൂണൂലില്ല.

പൊതുവിൽ-അ. സാമാന്യമായി.

പൊതുവെ-അ. മുഴുവനെ.

പൊത്തു്-വി. ഒരു കൈയിൽകൊള്ളുന്ന.

ഇതു എണ്ണയും മറവുമാണ് അധികമായിച്ചേരുന്നതു്. ഉ-ം, ഒരു പൊത്തെണ്ണ.

പൊത്തു്-ക്ര. മരത്തിന്റെ ഭാരം. ഉ. നിലത്തു 28 ഭാരം. ന. തെങ്ങിൽ കള്ളുന്നവർ കയറാതെയിരിപ്പാനായി വെച്ചുകെട്ടുന്ന മുള്ളും മറവും. ര. നിലവാരക്കോൽ. ങ. കൈകൊണ്ടുള്ള നിന്ദാസൂചകം.

പൊത്തനെ-അ പൊതുപൊതെ.

പൊത്തിക്കെട്ടുന്ന-പൊത്തുകെട്ടുന്ന.

പൊത്തിപ്പിടിക്കുന്ന-ക്ര. കൈകൊണ്ടു അടച്ചു പിടിക്കുന്ന. ഉ. അമർത്തിപ്പിടിക്കുന്ന.

പൊത്തിപ്പിടിത്തം-ഫ. അമർത്തിപ്പിടിക്കൽ. ക. കൈകൊണ്ടു അടച്ചു പിടിയ്ക്കൽ.

പൊത്തുന്നു-ഫ കൈകൊണ്ടു അടയ്ക്കുന്നു, ക. കൈകൊണ്ടു ഒന്നു നിത്യ കാട്ടുന്നു.

പൊത്തുവരുത്തം-അ. നല്ലവണ്ണം മതിയാവോളം മാത്രമില്ലാതെ.

പൊത്തൊടിയമുള-കാറമുകൊണ്ടു ഒന്നു തിയുന്ന മുള, പൊള്ളമുള.

പൊൻ-വി. മഞ്ഞയുള്ള.

പൊൻ, പൊന്ന്-സ്വർണ്ണം.

പൊൻകട്ടി-സ്വർണ്ണക്കട്ട.

പൊൻകമ്പി-പൊന്നുകൊണ്ടുണ്ടാക്കിയ നൂൽ.

പൊൻകലം-പൊന്നുകൊണ്ടുള്ള കലം

പൊൻകലശം-പൊൻകുടം.

പൊൻകസവ്-പൊന്നുകൊണ്ടുള്ള കസവ്.

പൊൻകാരം-ഒരുങ്ങാടിമരുന്ന്, പൊൻകിക്കാരം.

പൊൻകാരം കഫം, വ്രണം, ചുമ മുതലായവയ്ക്കു നന്ന്. സ്വർണ്ണം മുതലായ ധാതുക്കളെ ലഘിപ്പിക്കും. മലത്തെ ഇളക്കും. തടഞ്ഞിരിക്കുന്ന ആർത്തവത്തെയും മൂഢഗർഭത്തെയും പുറത്തു കളയും. ജോനകനാരങ്ങാനീരിൽ സൈന്ധവയന്ത്രത്തിൽ പചിച്ചു ചൂട ജലത്തിൽ കഴുകിയാൽ ശുദ്ധിവരും. സം-ടംകണക്ഷാരം.

പൊൻകാവി-നല്ല കാവിമണ്ണ്. പൂങ്കാവി.

പൊൻകാവി വിശേഷിച്ചു ചർദ്ദിയെ ശമിപ്പിക്കും സം-സുവർണ്ണഗൈരികം. തമിഴ്-പൂങ്കാവീ. ഇം-Red lumber stone, A kind of red chalk.

പൊൻകിണ്ടി - പൊന്നുകൊണ്ടുള്ള കിണ്ടി.

പൊൻകുരണ്ടി-ഒരു പച്ചമരുന്ന്.

പൊൻകൈത-ഒരുതരം കൈത.

പൊൻകൈതക്കു പൂകൈതയുടെ ഗുണമുണ്ട്. കണ്ണിനു ഹിതം. പൂ ചൊരുതാണ്. വാസന കുറ്റം. പൊൻ നിറമാകുന്നു. സം-സുവർണ്ണകേതകീ.

പൊന്ത-പുല്ലുപിടിച്ചു സ്ഥലം.

പൊൻതകിട്-അടിച്ചു പരത്തിയ തകിട്.

പൊൻതാവടം-കഴുത്തിൽകെട്ടുന്ന ഒരാഭരണം.

പൊൻതുടർ-പൊന്നരഞ്ഞാണം.

പൊന്തൻ-ഫ. ഉപകാരമില്ലാത്ത ഒരുവക വാഴ. ക. പൊണ്ണത്തടിയനും മന്ദനും കൊള്ളരുതാത്തവനുമായവൻ.

പൊന്തം-വി. തടിച്ച, കനത്ത.

പൊന്തൽ-പൊങ്ങൽ.

പൊന്തി-കറവടി, ശമ.

പൊന്തിന-വി. പൊന്തിനിൽക്കുന്ന.

പൊന്തിപ്പുയറ്റ്-പൊന്തിയെഴുന്നുള്ള അഭ്യാസം.

പൊന്തിയടവു-പൊന്തിക്കാണുള്ള പ്രയോഗം.

പൊന്തിവാഠം-ഫ.. മരവാഠം. ക. ഒരുമന്ത്രി കന്നം.

പൊന്തുന്നു-പൊങ്ങുന്നു, ഉയരുന്നു. (സ. ക്രി. പൊന്തിക്കുന്നു.)

പൊന്നം-ഒരുതരം അരി.

പൊന്നമ്മ-ഫ ഒരു ചെല്ലപ്പേർ. ക. രാജാവിന്റെ പുത്രി.

പൊന്നരഞ്ഞാണം-പൊന്നുകൊണ്ടുള്ള അരഞ്ഞാണം.

പൊന്നരിതാരം-ഒരുങ്ങാടിമരുന്ന്.

പൊന്നരിപ്പ്-മണ്ണിൽനിന്നു പൊന്നെടുക്കുന്ന ഒരു വേല.

പൊന്നാങ്കാണി-ഒരു പച്ചമരുന്ന്, ഒരുവക കൊഴുപ്പ. (തമിഴിൽ കൊടുപ്പ).

പൊന്നാണിക്കൂട്ടം-പൊന്നു മാറ്റുരയ്ക്കുന്നതിനായിട്ടു പലതരത്തിൽ പൊന്നു കൊണ്ടുള്ള ആണിക്കൂട്ടം.

പൊന്നാണിഭം-പൊൻപണവും മറ്റും (പൊൻ + നാണിഭം)

പൊന്നാനി-പാട്ടുകാരിൽ പ്രധാനി.

പൊന്നാനിവാ-ഒരു മീൻ.

പൊന്നാന്തകര-ഒരു പച്ചമരുന്ന്, പൊന്നാവീരം.

പൊന്നാന്തുമ്പി-ഒരു പ്രാണി.

പൊന്നാഭരണം-പൊന്നുകൊണ്ടുള്ള ആഭരണം.

പൊന്നാമ്പു-ഒരു രത്നം.

പൊന്നാമര-ഒരു പച്ചമരുന്നു, പൊന്നാവീരം.

പൊന്നാരപ്പൈതൽ-രാമനക്കുട്ടി. വിലമതിക്കാൻ പാടില്ലാത്ത കന്നു. അസാധാരണക്കുഞ്ഞു്, അധികം സൌന്ദര്യമുള്ള കുട്ടി.

'പൊന്നാരപ്പൈതലെപ്പുണ്ടേനല്ലോ'
(കൃഷ്ണഗാഥ)

പൊന്നാരം-ക. മുഖസ്തുതി. പ. പൊന്നാല. സ. രസൌന്ദര്യം.

പൊന്നാരം-വി. രാമനയായ, രാമനിക്കത്തക്ക, അഴകുള്ള.

പൊന്നാരിയൻ-ഒരു നെല്ല്.

പൊന്നാരിവീരൻ - ഒരു പച്ചമരുന്ന്. പൊന്നാവീരം.

പൊന്നാവീരം-ഒരു പച്ചമരുന്ന്, രാജപൊന്നാവീരം.

പൊന്നാവീരം കഫം, വാതം, അജീർണ്ണം, ചുമ മുതലായവക്കു നന്ന് മലത്തെ പുറത്തു കളയും. രുചികരമാണ്. സം-കാസമർദ്ദം. ഇം-Roundpodded cassia രണ്ടു് പൊഡെഡ് കേശ്യാ.

പൊന്നാശ-ദ്രവ്യാഗ്രഹം.

പൊന്നിടാരൻ-പുലയന്മാർ തട്ടാന്മാരെ വിളിക്കുന്ന പേർ.

പൊന്നിട്ടുകാരായ്മ-കാരായ്മ, നേടിയ വസ്തു.

പൊന്നിറം-പൊന്നിന്റെ നിറം.

പൊന്നിറംകുറിഞ്ഞി-ഒരു പൂച്ചെടി.

പൊന്നീരാളം-പൊൻ കസവുകൊണ്ടുള്ള വസ്ത്രം.

പൊന്നുടമ-പൊമ്പണ്ടം.

പൊന്നുടുമ്പു്-ഒരു ജന്തു, ഒരുവക ഉടുമ്പു്

പൊന്നുമ്മത്തു്-പൊൻനിറമായി പൂവുണ്ടാകുന്ന ഉമ്മത്തു്.

പൊന്നുമ്പൂ-പൊന്നുകൊണ്ടുണ്ടാക്കിയ പൂ.

പൊന്നുരുപ്പിക-തങ്കരൂപം.

പൊന്നൂഷം-ഒരു രത്നം.

പൊന്നോല - സ്ത്രീകൾ കാതിലിടുന്ന ഒരാഭരണം.

പൊൻപണം-ഒരു പൊൻ നാണയം,

പൊൻപണി-പൊന്നുകൊണ്ടുള്ള വേല.

പൊൻപണിക്കാരൻ-തട്ടാൻ.

പൊൻപണ്ടം-പൊന്നുകൊണ്ടുണ്ടാക്കിയ വസ്തു, പൊന്നാഭരണം.

പൊൻപത്താക്കു്-ഒരുവക പൊൻ നാണയം.

പൊൻപാത്രം-പൊന്നുകൊണ്ടുള്ള പാത്രം.

പൊൻപൂച്ചു്-പൊന്നുപൂശുക.



പൊന്മ, പൊന്മാൻ-ഒരുപക്ഷി.

പൊന്മണി-പൊന്നുകൊണ്ടുള്ള മണി, (ആഭരണത്തിൽ ചേർക്കേണ്ടതു്).

പൊന്മല-മഹാമേരു പർവ്വതം.

പൊന്മീൻ-ഒരു മത്സ്യം.

പൊന്മുടി-പ. പൊന്നിൻകിരീടം. ക. തിരുവിതാംകൂറിൽ ഒരു മിക്കിന്റെ പേര്.

പൊന്മെഴുക്-മെഴുകിൽ ഒരുവക, പൊന്നരച്ചുതു ഒട്ടരച്ചുട്ടക്കുന്ന മെഴുക്.

പൊൻവണ്ട്-ഒരുമാതിരി വണ്ട്.

പൊൻവള-പൊന്നുകൊണ്ടുള്ള കൈവള

പൊൻവളയം-പ. പൊൻവള. ക. പൊന്നുകൊണ്ടുള്ള വളയം.

പൊൻവാണിഭക്കാരൻ-പൊന്നു കച്ചവടക്കാരൻ.

പൊൻവാണിഭം-പൊൻ കച്ചവടം.

പൊൻവാളം-അടിച്ചുനീട്ടിയ പൊന്നു്, പൊൻശലാക.

പൊൻശലാക-പൊൻകമ്പി.

പൊയി(യ്)-വ്യാജം, അസത്യം. പൊയ്>മെയ്.

പൊയ്കിൽ-താണഭൂമി.

പൊയ്യുക്കി-ചുണകെട്ടവൻ, വകയ്ക്കു കൊള്ളാത്തവൻ. (പ-മ.)

പൊയ്യുങ്ങി-സാരമില്ലാതെ പോയി (പ-മ)

പൊയ്യ-ഒരുമാതിരി വലിയ കൂട.

പൊയ്യാൽ-തെങ്ങിൽ കേറുവാനായിട്ടു കെട്ടുന്ന കൊത.

പൊയ്യാരൻ-കരകൗക്കാരൻ,

പൊയ്യാൽ-ചില മീൻപിടിക്കാർ മുളകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി കാൽ.

പൊയ്ത്ത-കൈവഴി.

പൊയ്ത്തല-പട്ടയുക്ഷത്തിന്റെ തല.

പൊയ്ത്തവഴി-കൈവഴി.

പൊയ്ത്തു്-വി. ചുരക്കുമുള്ള, കൈതയുടെ

പൊയ്ത്തു്-യുദ്ധം.

പൊയ്യ-പൂഴി.

പൊയ്യുക-പോരടുക, തട്ടുക, നേരിടുക, പൊരുതുക, യുദ്ധംചെയ്യുക.

'പൊയ്യുനിന്നീടുവാൻ പോകവേണം'

(കൃഷ്ണഗാഥ)

പൊരി-പ. തീപ്പൊരി. ക. നെല്ലുവറുത്തു പൊരിച്ചതു്, ഒരുമാതിരി അവിൽ. ന. വറ. ഭ. ശരീരത്തിലുണ്ടാകുന്ന മുറി.

പൊരികാരം-ഒരു അങ്ങാടിമരുന്നു്.

പൊരിക്കുന്ന-വറക്കുന്ന.

പൊരിച്ചൽ-പ. വറവു്. ക. അരയ്ക്കൽ. ന. ദ്വ്യാഹാരം. ഭ. ദാഹം.

പൊരിച്ചുണങ്ങു് - ഒരുമാതിരി ചുണങ്ങു്, മുറിച്ചുണങ്ങു്.

പൊരിപ്പു്-പൊരിക്കുക.

പൊരിപ്പൻ-വറകലം.

പൊരിയൻ-മുറിയുള്ളവൻ.

പൊരിയൽ-പൊരിപ്പു്.

പൊരിയവിൽ-ഒരുമാതിരി അവിൽ.

പൊരിയുന്ന-പ. വറളുന്ന, ക. ഉണങ്ങുന്ന. ന. പൊട്ടുന്ന. (സ. ക്രി. പൊരിക്കുന്ന.) നാമം-പൊരി, പൊരിപ്പു്, പൊരിയൽ.

പൊരുട്ടു്-പൊരുതം.

പൊരുതുന്ന, പൊയ്യുന്ന, പൊയ്ത്തുന്ന-പ. യുദ്ധം ചെയ്യുന്ന.

'പൊരുതുപാർത്ഥനേകൊലചെയ്തു'

(ഭാരതം)

'പൊരുതുവാൻ' എന്നതു 'പൊരുതു' എന്നുള്ള നവീന ധാതുവിന്റെ പിൻവിനയെച്ചം. 'മന്മഥൻ നിന്മേലും നമ്മെ പൊരുന്നതു്' എന്ന കൃഷ്ണഗാഥയിലും, 'ഒന്നു പൊരേണം നമുക്കിന്നു' എന്ന നളചരിതത്തിലും കാണുന്നതുപോലെ ധാതു 'പോര്' എന്നാണെങ്കിലും

നവീനന്മാർ 'പൊരുതുകയെ' ക്രിയാസ്വീകരിച്ചിട്ടുണ്ടു്. 'രാമനും രാവണനും പൊരുതുംവണ്ണം' എന്ന ഭാരതത്തിൽ എഴുത്തച്ഛൻ. 'പൊരുകവൻ' എന്നു തന്നെ വായിച്ചാലും വിരോധമില്ല.

ക. ചുമക്കുന്നു. (നാമം-പോത്, പോരീൽ, പൊയ്ത്തു). ന. മത്സരിക്കുന്നു, സ്പർദ്ധിക്കുന്നു.

പൊരുത്തു്-ക. കഴുത്തിന്റെ പിൻപുറം. ക. കൂട്ടിച്ചേർപ്പു്.

പൊരുത്തം-ചേർച്ച.

പൊരുത്തുകാരൻ-മദ്ധ്യസ്ഥൻ.

പൊരുത്തുന്നു-ക. മദ്ധ്യസ്ഥത പറഞ്ഞു നടത്തുന്നു. ക. യോഗം ചെയ്യുന്നു.

പൊരുത്തും-തുല്യമായ. (പ-മ.)

പൊരുന്നൽ-ക. പൊരുന്ന ഇരിപ്പു്. ക. സമ്മതം. ന. ചേർച്ച. ഘ. സന്തോഷം. ങ. രമിച്ചിരിപ്പു്.

പൊരുന്നവെക്കുന്നു-കൊത്തി യിരിക്കാനായിട്ടു കോഴിയെ പിടിച്ചു മൊട്ടമേൽ വെക്കുന്നു.

പൊരുന്നു-യോഗംചെയ്യുന്നു

പൊരുന്നുക-യോജിക്കുക, ചേരുക.

പൊരുന്നുന്നു-ക. മൊട്ടമേൽ ഇരുന്നു കൊത്തിയിരിക്കുന്നു, ക. ചേർക്കുന്നു.

പൊരുപൊരുക്കുന്നു - പൊരുപൊരെ പൊരിയുന്നു.

പൊരുപൊരെ-പൊരിയുന്ന ശബ്ദം.

പൊരുവിളങ്ങാ-ഒരു പലഹാരം.

ശർക്കര പാവുകാച്ചി വറുത്തമാവു ചേർത്തു് തേങ്ങ ചെറുതായി കീറിയിട്ടു ഉണ്ട പിടിച്ചതു്.

പൊരുൾ-ക. അർത്ഥം, ഭാവം. ക. സത്യം. ന. ധനം, ദ്രവ്യം. ഘ. കാര്യം. ങ. രഹസ്യം ന. സൂചനം ഛ. വസ്തു.

പൊരുൾകൊള്ളുന്നു-കാര്യമായി വിചാരിക്കുന്നു.

പൊരുൾച്ചെലവു്-ചെലവിട്ട ദ്രവ്യത്തിന്റെ വിവരം.

പൊരുൾതിരിപ്പു്-ഒരു ഭാഷയിലുള്ള വാചകങ്ങളും മറ്റും മറ്റൊരു ഭാഷയിലാക്കുക.

പൊരുളിക്കുന്നു - വിചാരിക്കുന്നു, കരുതുന്നു.

പൊർളാതിരി, പൊറളാതിരി, പൊർളൂരാ - കടത്തുവനാട്ടു രാജാവിന്റെ സ്ഥാനപ്പേർ.

പൊലി-(ധാ) ക. വളരുക. ക. മൂടുക ന. നശിക്കുക.

പൊലി-മെതിച്ചുകൂട്ടിയ നെല്ലു്.

പൊലികടം-ക. പലിശക്കിട്ടിരിക്കുന്ന മുതൽ. ക. കൊടുക്കൽവാങ്ങൽ.

പൊലിക്കറ-തിലമുടമസ്ഥനു ചെല്ലേണ്ട കൊഴുവൻറെ കറ.

പൊലിക്കാണം-സ്ത്രീധനം.

പൊലിക്കുന്നു-ക. ആട്ടം, കല്യാണം മുതലായവയിൽ പലതംക്രമേണ അവരവരുടെ മനസ്സുപോലെ പണവും മുണ്ടും മറ്റും സമ്മാനിക്കുന്നു. ക. തീരുകടക്കുന്നു, കെട്ടുറുപ്പുന്നു.

'തന്നകത്തുകൊള്ളത്തിരുവച്ച
വിളക്കുചെന്നുപൊലിക്കാവു'

(ഭാഗവതം ൮൪ വൃത്തം)

ന. വലിപ്പിക്കുന്നു. ഘ. പെരുകുന്നു. (കാ. ക്രി. പൊലിപ്പിക്കുന്നു)

പൊലിച്ചുൽ, പൊലിപ്പു്-ക. നാശം, പൊലിക്കുക. ക. വർദ്ധന.

പൊലിച്ചെലവു, പൊരുൾചെലവു്-ചെലവിട്ട ദ്രവ്യത്തിന്റെ വിവരം

പൊലിപ്പം–പൂർണ്ണത. (പ മ.)

പൊലിമ–ഫ. വർദ്ധന.

'ഉലകരേപൊഴിമവരത്തിരമിയ്യും'.

(തക്മിണീസ്വയംവരം തുള്ളൽ)

ഉ. മംഗി. ന. നാശം, ര. നേരമ്പോക്ക്.

പൊലിയാവിളക്ക് – വാടാവിളക്ക്, നിശ്ചയിച്ചിരിക്കുന്ന സമയംവരെ കെടാതെ കൊളുത്തിവെച്ചിരിക്കുന്ന വിളക്ക്.

പൊലിയുന്ന–ഫ. കെടുന്ന, നശിക്കുന്ന.

'തിറഞ്ഞഭീവവുംപൊലിഞ്ഞേറംമങ്ങി'

(ഭാരതം)

ഉ. വർദ്ധിക്കുന്ന, ക്രമ്പാരമായി കൂടുന്ന.

പൊലിവ്–ഫ. കെടൽ, നാശം. ഉ. ആട്ടത്തിനുംമറവും പൊലിക്ക. ന. വർദ്ധന. ര. ശ്രേഷ്ഠരിക്ക.

പൊലിശ – പലിശ, കടംകൊടുത്താൽ കൊടുത്ത മുതൽ കൂടാതെ അധികം കിട്ടുന്ന ദ്രവ്യം.

പൊൽ–പൊൻ.

പൊൽ–അ. ഇതു മറ്റു ചില മൊഴികളോടു ചേരുമ്പോൾ 'പൊന്നുകൊണ്ടുള്ള' എന്നർത്ഥം.

പൊൽത്താമര–പൊൻതാമര.

പൊൽത്താർ–പൊന്നുംപൂവ്, പൊൻതാമര.

പൊൽത്താർമാനിനി–ലക്ഷ്മി.

പൊൽപ്പൂമാനിനി–ലക്ഷ്മി.

പൊല്ലാ–വി. ചീത്തയായ, കൊള്ളരുതാത്ത.

പൊല്ലാപ്പ്, പൊല്ലാങ്ങ–ഫ. ദോഷം, കുറ്റം. ഉ. പരിഭവം, മില്ലറ വിരോധം, സാരമില്ലാത്ത പിണക്കം.

പൊല്ലുന്ന–കീറിയ പായുംമറവും നന്നാക്കുന്ന. (സ. ക്രി. പൊല്ലിക്കുന്ന.)

പൊവുത്തു, പൊത്തു–ഭാരമിട്ടു. (പ. മ).

പൊവുത്തു്, പൊത്തു്–ഭാരം (പ മ)

പൊള്ളവ–ഒരു വ്യാധി. അഷ്ടാംഗഹൃദയത്തിലെ 'പിടക' എന്ന പ്രമേഹക്കുരു.

പൊള്ളവൻ, പുള്ളവൻ–ഫ. വെള്ളത്തിലുള്ള ഒരുമാതിരി പായു്. ഉ. വലിയ നീർക്കോലി.

പൊള്ളി–(ധാതു), കെട്ടുവിടുക.

പൊള്ളി–ഫ. വ്യാജം, അസത്യവാക്ക്.

'കളിയിൽ പ്രാണരക്ഷയ്ക്കും
ശോഭ്രാഹരണഹിതത്തിനും
വേളിക്കും വൃത്തിരക്ഷക്കും
പൊള്ളി നിന്ദിതമല്ലതേ'

ഇങ്ങിനെ ഒരു പദ്യം കാണുന്നുണ്ടു്. ഞാൻ ഇതിൽ അനുകൂലിക്കുന്നില്ല. പൊള്ളി ഒരിക്കലും പാടില്ലെന്നാണു് എന്റെ അഭിപ്രായം.

ഉ. കീറു്, തുണ്ടു്.

പൊളിക്കുന്ന–ഫ. വീട്ടിന്റേയോ മറ്റോ മേൽ ഇളക്കുന്ന, കെട്ടിടത്തിലെ ഓല പിരിച്ചിറക്കുന്ന. ഉ. തോട്ടു് ഇളക്കുന്ന. ന. കീറുന്ന (കർ. ക്രി. പൊളിപ്പിക്കുന്ന).

പൊളിച്ചൽ–ഫ. പൊളിക്കുക. ഉ. കീറുക. ന. ഒരുമാതിരി വേദന

പൊളിച്ചെഴുത്തു – ജന്മികളുടെ വകവസ്തുക്കളുടെ അധാരം മാറി എഴുതുക

പൊളിപ്പു്–പിളപ്പു്, കീറു

പൊളിയാണ–കള്ളസ്സത്യം.

പൊളിയുന്ന–ഫ. പിളരുന്ന, പൊട്ടുന്ന ഉ. പൊട്ടി വേറാകുന്ന. ന. വേദനപ്പെടുന്ന. (സ. ക്രി–പൊളി...ന)

പൊള്ളകം-ഗ. തീപ്പൊള്ളൽ. ഘ. ഒരു മാതിരി ചെറിയ പരുവു.

പൊള്ളകുന്ന-ഗ. പൊള്ളുന്ന. ഘ. രണ്ടാം മുഴുന്ന.

പൊള്ളു-ഗ. വ്യാജവാക്ക്. ഘ. പ്രശംസ

'കള്ളുകുടിച്ചുമുടിക്കുന്നവനും
പൊള്ളുപറഞ്ഞു ഫലിപ്പിപ്പവനും'
'കള്ളുനടിച്ചു നടക്കുന്ന ചിലർ
പൊള്ളുപറഞ്ഞു ചിരിക്കുന്ന ചിലർ'
(സുമനസകം തുള്ളൽ)

പൊള്ള-വി. ഗ. കൂടുതയെ. അകത്തു ഭാരം അധികമുള്ള. ഘ. ഉണങ്ങിയ.

പൊള്ള-ഗ തൊണ്ട. ഘ. ഒരു വള്ളി. ന. ഭാരം.

പൊള്ളക്കരു, പൊള്ളക്കാ(യ്)-ഒരു മാതിരി വിക്കുള്ള കാ(യ്).

പൊള്ളച്ചീര-ഒരുമാതിരി ചീര.

പൊള്ളമുള-അകത്തു ഭാരം അധികമുള്ള മുള.

പൊള്ളം-ഗ പൊള്ളൽ. ഘ. നീർകുമിള.

പൊള്ളയ്ക്കുന്ന-ഗ. കുമിളയ്ക്കുന്ന. ഘ. വീക്കുന്ന.

പൊള്ളൽ-ഗ. പൊള്ളുക. ഘ. നീർകുമിള.

പൊള്ളുന്ന-ഗ. തീയുടേയും മരുന്നിന്റെയും സംബന്ധംകൊണ്ടു കുമിളപോലെ ഉണ്ടാകുന്ന. ഘ. കുമിളയ്ക്കുന്ന. (സ. ക്രി-പൊള്ളിക്കുന്ന).

പൊഴി-(ധാതു). തനിയെ വീഴുക.

പൊഴി-ഗ. സമുദ്രത്തിനും കായലിനും മദ്ധ്യേയുള്ള മണൽത്തിട്ട.

മിക്ക കായലുകളും സമുദ്രത്തോടു നേരിട്ടോ തോടു മുഖേനയോ സംബന്ധപ്പെട്ടിരിക്കും. ചില കായലുകൾ വൽക്കാലത്തു മാത്രമേ സമുദ്രത്തോടു സംബന്ധിക്കയുള്ളു. അല്ലാത്തപ്പോൾ ഇടയ്ക്കു മണൽത്തിട്ട കാണും. ഇതിന്റെ പേരത്രേ പൊഴി.

ഘ. വെട്ടുമടി. ന. ഭാരം. ങ. ചൊറിയ അനുഭവം. ച. ചൊരിച്ചിൽ, പൊഴിക്കുക.

പൊഴിക്കുന്ന-ഗ. വർഷിക്കുന്ന. ഘ. ചൊരിയുന്ന. ന. പൊഴിയിടുന്ന. ങ. ഭാരം ഉണ്ടാക്കുന്ന.

പൊഴിച്ചൽ-ഗ. വർഷിക്ക. ഘ. ചൊരിച്ചൽ. ന. കാലുക, വീഴുക. ങ. പൊഴിയിടുക.

പൊഴിപ്പു-ഗ. പൊഴിക്കുക. ഘ. പൊഴിയിടുക. ന. വെട്ടുമടി.

പൊഴിയുന്ന-ഗ. ചൊരിയുന്ന. ഘ. വീഴുന്ന. ന. പെയ്യുന്ന. ങ. കാലുന്ന. ച. ഒഴുകുന്ന.

പൊഴിൽ-പൊയ്ക ഉ-ം, താരാർ പൊഴിൽ.

പൊഴിവു-ഗ. വർഷിക്ക. ഘ. പൊഴിയിടുക. ന. മരങ്ങാ മുതലായവ മുകളിൽനിന്നു വളരെ വീഴുക. ങ. കാലുക.

പൊഴുതിൻ-സൂര്യന്റെ (പ-മ)

പൊഴുത്തു-ഗ. കാലം, സമയം. ഘ. ദിവസം. ന. നല്ലനേരം.

പൊഴുതുമുടി-പിറപ്പുമുടി.

പൊറ-മല.

പൊറാട്ടു-നേരംപോക്ക്, ഭോഷ്കുതിപ്പു, ഒരുമാതിരി കളി.

പൊറായ്മ-ഗ. സഹിക്കരുതായ്ക, സഹിച്ചുകൂടായ്മ. ഘ. അസൂയ. ന. ശീലത്തിന്റെ കുറ്റം.

പൊറി-ഗ. കുടുക്ക്, സൂത്രം' സമ്പ്രദായം

ക. അറിവു, ജ്ഞാനം ന. അടയാളം.

പൊറുക്കുന്നു-ക്രി. ശമിക്കുന്നു. ക. താമസിക്കുന്നു. ന. കടിയിരിക്കുന്നു. ര. ക്ഷമിക്കുന്നു, സഹിക്കുന്നു.

പൊറുതി-ക്രി. ക്ഷമ. ക. സഹനം, ന. പാപ്പു്. ര. ജീവനത്തിനുള്ള വഴി @. ദീനവും മറവും ശമിക്കുക. ന. ചെലവു്, നിത്യവൃത്തി.

പൊറുതികേടു്-ക്രി. കഷ്ടംബനാശം. ക. ജനങ്ങൾക്കു അധികാരികളാലുണ്ടാകുന്ന ഉപദ്രവം. ന. അസഹ്യം. ര. ഉപജീവന നാശം.

പൊറുതിമുട്ടു്-ക്രി. ഉപജീവനനാശം. ക. കടിയുപദ്രവം. ന. പാപ്പാൻ പ്രയാസപ്പെടുക.

പൊറുപ്പു്, പൊറുപ്പം-രോഗശമനം. ക. ക്ഷമ. ന. രക്ഷ ര. ആശ്വാസം.

പൊറുപ്പിക്കുന്നു-ക്രി. രോഗത്തിനു ശമനം വരുത്തുന്നു. ക. രക്ഷിക്കുന്നു ന. പാപ്പിക്കുന്നു.

പൊറുമ-ക്ഷമ.

പൊറോറ, പൊറോറൻ-ക്രി. പ്രാണങ്ങളിൽ ചലവും ചോരയും ഉണങ്ങിയുണ്ടാകുന്നതു്. ക. കരക്കണ്ടം ന. ജടവേർ.

പൊറോറ-വി. ക്രി. പ്രയോജനമില്ലാത്ത. ക. ആകാത്ത ന. കല്ലുകളുള്ള.

പൊറോറകൃഷ്ടി-കരകൃഷ്ടി.

പോ

പോകായ്മ-ക്രി. പോകാതിരിക്കുക. ക. വഹിയായ്ക.

പോകഞ്ചാൽ-ക്രി. ഒഴികഴിവു്. ക. വഴി

പോകുടി-വീടിനെ [ഉപേക്ഷിച്ചു പോയവർ.

പോകുന്നു-ക്രി. ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേയ്ക്കു ചലിക്കുന്നു. (അടിതോൽ എന്നതു നോക്കുക). ക. ഇല്ലാതാകുന്നു. ഇതു മറ്റു ചില വാക്കിനോടു ചേരുമ്പോൾ തുടങ്ങുന്നു, കഴിയുന്നു, തീരുന്നു, ആകുന്നു എന്നും മറ്റും അർത്ഥം വരും.

പോകെ-ഒഴികെ, കഴിച്ചു്, നീക്കി.

പോക്കു്-ക്രി. പോവുക, ഗതി. ക. നടപ്പു് ന. നിവാഹം, ഒഴികഴിവു്. ര. വിചാരം. @. ജീവനത്തിനുള്ള വഴി. ന. ദ്രവ്യം. ൻ. നാശം. വ. അതിസാരം. ൻ. അവസാനം. ക്ഷ. മരണം. ക്ഷ. വയറിളക്കം.

പോക്കണം-ക്രി. മാനം. ക. ലജ്ജ.

പോക്കണംകെട്ടവൻ-ക്രി. ഭോഷ്കൻ. ക. ലജ്ജയില്ലാത്തവൻ. ന. നിന്ദ്യൻ.

പോക്കണംകേടു്-ക്രി. ഭോഷത്വം. ക. അപമാനം. ന. നാണക്കേടു്.

പോക്കൻ-ചുറ്റിനടക്കുന്നവൻ, പോകുന്നവൻ, വഴിപോക്കൻ

പോക്കൽ-ക്രി. പോവുക, കളക, ഉപേക്ഷിക്ക ക. കാര്യം ന. നേരംപോക്കുക.

പോക്കൽനിന്നു്-അ. പക്കൽനിന്നു്. ഇതു സംസ്കൃതവാക്കിൽ പഞ്ചമിയുടെ അർത്ഥം മലയാളത്തിൽ പറയുമ്പോൾ ചേർക്കുന്ന ഒരു വാക്കു്.

പോക്കാച്ചിത്തവള-കട്ടഞ്ചിത്തവള, വിഷത്തവള.

പോക്കാത്താളി-പോക്കിരി.

പോക്കാൻ-കാട്ടുപൂച്ച.

പോക്കാളി-പോക്കൻ.

പോക്കിടം-പോകുവാനുള്ള മാർഗ്ഗം, ഗതി, നിവൃത്തി.

പോക്കിരി-ക്രി. തെമ്മാടി, സാരമില്ലാത്ത മുട്ടാളൻ. ക. കാലക്ഷേപത്തിനു ഒരു വഴിയുമില്ലാത്തവൻ.

പോക്കുകെട്ടവൻ-പോക്കില്ലാത്തവൻ, ഇരപ്പാളി.

പോക്കുന്നു-കളയുന്നു, ഇല്ലാതാക്കുന്നു, ഉപേക്ഷിക്കുന്നു.

ഇതു മറവുചിലതിനോടു ചേരുമ്പോൾ 'വീട്ടുന്നു' 'തീർക്കുന്നു' ഇങ്ങനെ ഓരോ അർത്ഥം വരും.

പോക്കുമുട്ടുന്നു-ക്രി. വഴിയടയുന്നു. ഉ. നീക്കുപോക്കില്ലാതാകുന്നു.

പോക്കുവരവു്-ക്രി. പോകയും വരികയും. ഉ. രേഖയും വരവും നു. ഒരു വസ്തുവിനെ സർക്കാരിൽനിന്നും മറെറാരു വന്റെ പേരിലാക്കുക, പേരിൽ പതിച്ചുകൊടുക്കുക.

പോക്കുവരുത്തു്-പോകയും വരികയും.

പോക്കുവാൻ-ധനവാൻ.

പോഗണ്ഡ-വി. അംഗഹീനതയുള്ള.

പോഗണ്ഡൻ-പ്ര. അഞ്ചുവയസ്സുമുതൽ പതിനഞ്ചുവയസ്സുവരെയുള്ള ബാലകൻ. ഉ. ജനനാൽത്തന്നെ അംഗങ്ങളുടെ കുറവുകളുള്ളവൻ.

പോങ്ങ-ഒരു കൈ നിറച്ചു്.

പോച്ചു-പ്ര. അർത്ഥമില്ലാത്ത വാക്കു്. ഉ. നേരംപോക്കിലുള്ള സംഭാഷണം.

പോഞ്ചി-പ്ര. ഒരുവക പാനകം. ഉ. പാൽ മുതൽപ്പായി.

പോട്ടു്-പ്ര. ഭാരം.

'പോടിൽ പാർത്ത ശുകം പൊഴിച്ചു'
(മലയാളശാകുന്തളം)

ഉ. അടി, തല്ലുക. നു. നിസ്സാരത.

പോട-പ്ര. സ്ത്രീയുടേയും പുരുഷന്റേയും ചിഹ്നങ്ങളോടു കൂടിയവർ (മുഖരോമം മീശപുരുഷചിഹ്നങ്ങളോടു കൂടിയ സ്ത്രീ).

സ്ത്രീയുടെ ചിഹ്നമായ സ്തനാദിയോടും പുരുഷചിഹ്നമായ മീശ മുതലായവയോടും കൂടിയ നപുംസകത്തിന്റെ പേരത്രേ 'പോട'. പുന്നപുംസകം എന്നും സ്ത്രീനപുംസകം എന്നും രണ്ടുവിധമുണ്ടു്. അതു പ്രധാനചിഹ്നത്തെ അടിസ്ഥാനമാക്കി ഗണിച്ചുകൊള്ളുണം.

ഉ. ഭാസി. (മ) നു കൊക്കു് എന്ന പക്ഷി.

പോടകൻ-ക്ഷുദ്രൻ.

പോടഗളം-ക്രി. വേഴൽപ്പുല്ലു്. കുടിച്ചേന്നിരിക്കുന്നതും വിട്ടുപിരിഞ്ഞു പോകുന്നതും എന്നർത്ഥം. ഉ. തായിങ്കണ, നു. ആറാമർഭ്, കരുവിക്കരയു്. ര. ഒരുവക മത്സ്യം.

പോടം-ക്രി. മേനത്തിന്റെ അടിസ്ഥാനവും മറവും. ഉ. കൂട്ടിയോജിപ്പിക്കുക, കലർത്തുക.

പോടാ-പോ എടാ.

പോടി-ഒരുമാതിരി വലിയ മുതല.

പോടികം-പത്തു.

പോടി-പോ എടി.

പോട്ടുന്നു-ക്രി. അടിക്കുന്നു, തല്ലുന്നു. ഉ. ഇടുന്നു.

'നിരുപമമായ രചനപ്പുകൾ പോട്ടുൽ'
(പ്രഭോന്മേഷമാഹാത്മ്യം തുള്ളൽ).

നു. കളയുന്നു.

പോട്ട-ഒരുമാതിരി പുല്ലു്.

പോട്ടരശു്-ചതുരംഗക്കളിയിലെ ഒരു പേർ.

ധർമ്മയുദ്ധമാകയാൽ ദേവകനെ വെട്ടാൻ മാവിക്കുന്നു എന്നുള്ള വിവരം ഈ കളിയിൽ വിളിച്ചുപറക പതിവുണ്ടു്. ഇതിനു് 'അരശുപറക' എന്നു പേർ. ഓരോ കരുചെയ്യുന്ന അരശിനും പ്രത്യേകിച്ചു പേരുണ്ടു്. തേരുകൊണ്ടുള്ളതു 'രഥച്ചുരശു്'. കതിരയെക്കൊണ്ടുള്ളതു 'ഇഷുരശു്' ആനയെക്കൊണ്ടുള്ളതു 'പോട്ടരശു്' ഇത്യാദി.

പോണ്ട-പച്ചനിറമുള്ള പ്രാവു്.

പോണി, പൂണി-വെള്ളമെടുത്തുകൊണ്ടുപോകുവാനുള്ള പാത്രം.

പോണ്ട-പോണ്ടി.

പോണ്ടൻ-ക്ര. പല്ലുകൊണ്ടു ചുമക്കുന്നവൻ, ഉ. ആനപ്പലക. ന. തീട്ടം.

പോണ്ടി-ക്ര. വാഴപ്പോള. ഉ. കഞ്ഞികുടിക്കുന്ന തുട. ന. ചക്കക്കുരുവിന്റെ പുറമേയുള്ള ഒരു തൊലി.

പോണ്ടിക്കനം - മലശോധനയുള്ള പോകുന്ന.

പോത്ത്-ക്ര. മണ്ണിലോ മരത്തിലോ എലിയോ മറ്റോ ഉണ്ടാക്കുന്ന തുള, പൊത്ത്. ഉ. പ്ലാന്തടിയിലും മറ്റും താനേയുണ്ടാകുന്ന ഒരു കേട്ട്.

പോത്ത്-അ. പൊഴുത്ത്, നേരം.

പോതന-വി. പരിശുദ്ധമായ.

പോതം-ക്ര. മുശക്കുട്ടി, കുട്ടി. കാലത്തെ ശുദ്ധമാക്കിച്ചെയ്യുന്നതെന്നർത്ഥം. ഉ. കപ്പൽ, മരക്കലം. കാലക്രമേണ നശിച്ചുപോകുന്നത് എന്നർത്ഥം. ന. തോണി. ശ. പത്തുവയസ്സു പ്രായമുള്ള ആന. ഋ. മുട്ടുപ്പ്, വസ്ത്രം.

പോതരവ്-പുണ്ണത, പൊലിപ്പം, തികവ്.

പോതവണിക്കൻ- കപ്പൽക്കച്ചവടക്കാരൻ. കാറ്റനിമിത്തം ശമിക്കുന്നതു പോതം (തോണി പത്തേമാരി മുതലായ ജലവാഹനങ്ങളും). പോതത്തോടു ഉപലക്ഷിതനായ കച്ചവടക്കാരൻ എന്നർത്ഥം.

തോണി, പത്തേമാരി മുതലായവയിൽ യാത്രചെയ്തു കച്ചവടം ചെയ്യുന്ന വക്കം പറയം.

പോതവാഹൻ- ക്ര. തോണിക്കാരൻ. ഉ. കപ്പൽക്കാരൻ, തുഴയുന്നവർ തണ്ടുവലിക്കുന്നവർ മുതലായി തോണിയും മറ്റും കൊണ്ടുനടക്കുന്നവരുടെ പേർ. ന. മലയാണ്മിന്റെ മദ്ധ്യത്തിലുള്ള പാമരത്തിന്മേലും മറ്റും കയറിയിരുന്ന് എതിരാളികളുടേയും ദുഷ്ടജന്തുക്കളുടേയും വരവിനെ നോക്കിക്കണ്ടറിയുന്നവൻ.

പോതാച്ചാടനം-ക്രൂരം.

പോതാധാനം-മത്സ്യക്കുട്ടികളുടെ കൂട്ടം, പോതങ്ങൾ (കുട്ടിമത്സ്യങ്ങൾ) ഇതിൽ ആധാനംചെയ്യപ്പെട്ടതു. തുഴകൊണ്ടു തുഴഞ്ഞു നീക്കപ്പെട്ടതു.

മുട്ടയിൽ നിന്നു വിരിഞ്ഞ ഉടനെ കുട്ടിമത്സ്യങ്ങൾ കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നതു സാധാരണമാണ്.

പോതാവ്-ക്ര. സ്തുതിക്കുകളിൽ ഒരുവൻ.

പോതിക-ക്ര. ഒരു ചീര. (മ) ഉ. ഇണിന്റെ മകളിൽ മരംകൊണ്ടു പണിതുവെയ്ക്കുന്ന ഒരു പണി.

പോത്തു്-ക്ര. ആൺകുരു. എരുമക്കിടാവു്. ഉ. ഒരു പക്ഷി, ചെമ്പോത്തു്, ഉപ്പൻ.

എരുമക്കിടാവിന്റെ മാംസം വാതത്തെ ശമിപ്പിക്കും. ഇതു ആവണക്കെണ്ണചേർത്തു പചിച്ചു ഭക്ഷിക്കരുതു്. വിക്ഷുബ്ധമാണു്. സം മഹിഷം. ത-പോത്തു, എരുമക്കുടാ. ഇം-Buffalo ബഫ്ഫലോ

പോതിൻകൊമ്പു്-കന്നിൻ കൊമ്പു്.

പോത്തുന്ന-ധരിക്കുന്ന.

പോത്രം-ക്ര. പന്നിയുടെ മേന്തൽ, തോറ. ഇതുകൊണ്ടു ശുദ്ധിവരുത്തുന്നതിനാൽ ഈ പേർ വന്നു. ഉ. കൊഴുമുന. (കരിയിന്മേൽ കൊഴു വയ്ക്കുന്നേടത്തിന്റെ അഗ്രഭാഗം). ന. തോണി.

പോത്രായുധം-പന്നി.

പോത്രി-പന്നി. (നകാരാന്തം). തോറകം ഉള്ളതു് എന്നർത്ഥം.

പോന്നവൻ–പ്. പ്രാപ്തിയുള്ളവൻ, മതിയായവൻ. ഉ. യോഗ്യൻ.

'തനിക്കതൻപോന്നവരൊന്നുചെയ്താൽ'
(ശ്രീകൃഷ്ണചരിതം)

പോന്നവരുക–വന്നുചേരുക.

'പോന്നവന്നൻ മുരരിപു
ശബ്ദാന്ധ്രുധനായ്'

പോന്ത–ഒരുമാതിരി വലിയ ഇരുച്ച.

പോം–അ. ഇതു മറ്റുചില വാക്കുകളോടുചേരുമ്പോൾ മതിയാകും, പ്രാപ്തിയാകും, അതിനും ഇങ്ങിനെ അർത്ഥങ്ങൾ വരും.

പോംവഴി–ഒഴികഴിവു, നിർവ്വാഹം.

പോര്, പോർ–പ്. യുദ്ധം, കലഹം. ഉ. ചതുരംഗങ്ങളിലെ സാമർത്ഥ്യം.

പോരാടുന്നു – യുദ്ധംചെയ്യുന്നു, ശണ്ഠയിടുന്നു.

പോരാട്ടം, പോരാടിപ്പ് – യുദ്ധം, ശണ്ഠ.

പോരാത്ത–പ്. തികയാത്ത, കുറവുള്ള. ഉ. അനുചിതമായുള്ള. നു. കൊള്ളരുതാത്ത.

പോരായ്മ, പോരായ്ക–പ്. തികയായ്മ. ഉ. പ്രാപ്തികേട്. നു. അപമാനം.

പോരാളി–യുദ്ധസാമർത്ഥ്യമുള്ളവൻ.

പോരിക–യോഗ്യത.

പോരിടുന്നു – യുദ്ധംചെയ്യുന്നു, കലഹിക്കുന്നു.

പോരിമ–ശക്തി, ബലം.

പോരുകാരൻ–പ്. യുദ്ധംചെയ്യുന്നവൻ. ഉ. മിടുക്കൻ. നു. സാമർത്ഥ്യമുള്ള ചൂതാളി.

പോരുന്നു–പ്. ക്രമേണവരുന്നു, വരുന്നു. ഉ. കഴിയുന്നു.

പോരും–വി. പോരുന്ന, മതിയാകുന്ന.

പോരും–അ. മതി.

പോർകുത്തുന്നു–കലഹിപ്പിക്കുന്നു.

പോക്ക്–വളയുന്ന പന്നി.

പോക്കത്തകര്–രണ്ടു പാളിയായുള്ള കതക്.

പോർക്കളം–പടനിലം, യുദ്ധഭൂമി.

പോക്കാൽ–മുട്ടു തുടങ്ങി നരിയാണിവരെയുള്ള കാൽ

പോക്കുന്നു–പൊതിയുന്നു.

പോക്കുവിളി–യുദ്ധത്തിനു വിളിക്കുക.

പോർമന്ത്–പടനിലം.

പോർമുല–യെഴുവനുമുള്ളവളുടെനല്ലമുല.

രണ്ടുമുലയും തമ്മിൽ 'ഞാൻവലുത് ഞാൻവലുത്' എന്നു മത്സരിച്ചു പോരുടുന്ന മുല. മാറിൽ തിങ്ങിനിറഞ്ഞു ശോഭിക്കുന്ന മുല എന്നു താൽപര്യം.

പോർവാതിൽ–പോർകതക്.

പോലിന്ദം–പാമരം.

പോല്യം–അ. പ്ര തന്നെയും. ഉ. വർത്തമാനം പറയുന്നവൻ എനിക്കു നല്ല നിശ്ചയം വന്നിട്ടില്ല എന്നു തോന്നിക്കുന്ന വാക്ക്.

പോലെ–അ. ഇതു മറ്റുചില വാക്കുകളോടു ചേരുമ്പോൾ പ്. തുല്യം, സമം. ഉ. പ്രകാരം, വണ്ണം ഇങ്ങിനെ അർത്ഥം.

ഇതു 'പോലുക' എന്നതിൽ നിന്നുണ്ടായതാണ്. പോലുക=ഒക്കുക, തുല്യമായിരിക്കുക. ഇതുപോലെ കൂടുക എന്നതിൽ നിന്നു കൂടെ, വളരുക–വളരെ, ഏറുക–ഏറെ, കുറയുക–കുറെ, താഴുക–താഴെ, ഒഴിയുക–ഒഴിയെ, തിരിയുക–തിരിയെ.

പോൽ–അ. പറഞ്ഞു കേട്ടിട്ടുള്ളതല്ലാതെ അക്കാര്യം എനിക്കു നിശ്ചയമില്ല എന്നു തോന്നിക്കുന്ന വാക്ക്. വി. പോലെ.

പോഷകം–പോഷിപ്പിക്കുന്നതു, പോഷണംചെയ്യുന്നതു, വർദ്ധിപ്പിക്കുന്നതു, എന്നിങ്ങനെ വരുത്തുന്ന മരുന്നും.

പോഷണം-പ. രക്ഷണം. ക. വർധന. ന. വളർത്തൽ.

പോഷയിതൃ-കയ്യൽ.

പോഷിക്കുന്നു-പ. രക്ഷിക്കുന്നു. ക. വളർത്തുന്നു. (ക. ക്രി. പോഷിപ്പിക്കുന്നു.) ന. വലിക്കുന്നു, പുഷ്ടിപ്പെടുത്തുന്നു.

പോഷിത-വി. വളർത്തപ്പെട്ട.

പോഷ്ട്ര-വി. രക്ഷിക്കുന്ന, വളർത്തുന്ന.

പോഷ്ടാവു്-രക്ഷിക്കുന്നവൻ.

പോഷ്ട്ര്യ-വി. പോഷിപ്പിക്കപ്പെടുവാൻതക്ക.

പോഷം, പൊഴുതു-ക്രിയാപദങ്ങളുടെ അന്ത്യത്തിൽ, ചേർന്നുവരുമ്പോൾ സമയത്തെക്കുറിക്കുന്നതു്. ഉ-ം, ചെയ്യുമ്പോൾ=ചെയ്യുംസമയത്തിൽ,-പൊഴുതു.

പോള-പ. കണ്ണിനെ മൂടുന്ന തൊലി ക. വാഴയുടെ തൊലി. ന. ഇരിയുകൊണ്ടും മറ്റും അടിച്ചുണ്ടാക്കിയ ഒരുമാതിരി തകിടു്. ഘ. ചില ചെറിയ തൈകൾ.

പോളത്താളി-ഒരുമാതിരി തൈ.

പോളം-പ. തീപ്പൊള്ളൽ. ക. ഒരുവക ചെറിയ പക്ഷി. ന. ഒരങ്ങാടിമരുന്നു്.

പോളി-പ. ഒരു പലഹാരം. 'പൊളി' എന്ന ശബ്ദത്തിനാണു് അധികം പ്രചാരം കാണുന്നതു്. ക. കൊക്കു് എന്ന പക്ഷി.

പോളിക്കുന്നു-എള്ളപ്പം വലിക്കുന്നു.

പോറ-പ. ഭോഷൻ. ക. അധികം ഭക്ഷിക്കുന്നവൻ, ഭോജനപ്രിയൻ

'ഏറുകൊട്ടപ്പൻതോന്നുമെന്നിക്ക-
പ്പോറകളുടെ ധിക്കാരംകണ്ടാൽ'
(ക്ഷോഭാശ്രു തുള്ളൽ)

പോറ-കൊതി.

പോറൽ-നഖം കത്തി മുതലായവ കൊണ്ടു് ശരീരത്തിലുംമറ്റുമുണ്ടാകുന്ന വര. (ക്രി. പോറുന്നു).

പോറൽ-വളർത്തൽ, രക്ഷണം.

പോറ്റി-പ. പോറ്റുന്നവൻ. ക. ബ്രാഹ്മണരിൽ ഒരു ജാതിക്കുരുൻ. ന. രക്ഷിതാവു്.

പോറുന്നു-വളർത്തുന്നു, രക്ഷിക്കുന്നു.

പൊ

പൊഗണ്ഡൻ-(പോഗണ്ഡൻ എന്നതു നോക്കുക).

പൊഗണ്ഡയ്യൻ-ഒരു വള്ളി, ഒരങ്ങാടിമരുന്നു്.

പൊഗണ്ഡരീകം-ഒരുമാതിരി കുഷ്ഠം.

പൊഗണ്ഡ്രം-പ. ഒരു രോഗം. ക. പുണ്ഡരീകക്കിരിയു്. ന. ഭീമന്റെ ശംഖം.

പൊഗണ്ഡ്രകൻ-ഒരു കാശിരാജാവു്. ഒരു വസുദേവന്റെ പുത്രനായ കൃഷ്ണന്റെ പേരും സ്ഥാനവും എടുത്തു കൃഷ്ണനാണെന്നു ഭാവിച്ചതുനിമിത്തം കൃഷ്ണനാൽ വധിക്കപ്പെട്ടു. ഇവനെ കാശിരാജാവു സഹായിക്കയാൽ കാശിയേയും ഒടുക്കിച്ചു.

പൊഗണ്ഡ്രകം-ഭീമന്റെ ശംഖു്.

പൊതവം-നാഴി ഇടങ്ങഴി മുതലായവ കൊണ്ടുള്ള അളവു്.

പൊതികം-തേൻ.

പൊത്രൻ-മകന്റെ മകൻ.

പൊത്രി-പ. മകന്റെ മകൾ. ക. മകളുടെ മകൾ മറ്റു പുത്രീസന്താനങ്ങൾ-നപ്ത്രീ, സുതാത്മജാ. ന. ഒഴു.

പൊനർഭവ-വി. പുനർഭവത്തെ സംബന്ധിച്ച, പിന്നെയും ചെയ്ത.

പൊനർഭവൻ - ദ്വിതീയതേജോവിനാൽ ഒരു സ്ത്രീയിൽ ജനിച്ച പുത്രൻ. പന്ത്രണ്ടുവിധം പുത്രന്മാരിൽ ഒന്നു്. (പുത്രൻ എന്നതു നോക്കുക).

പൌനരുക്ത്യം-പിന്നെയും പിന്നെയും പറക, ചർവിതചർവണംപോലെ പറഞ്ഞത്.

പൌര-വി. പുരത്തെസംബന്ധിച്ചുള്ള, പുരത്തിലുണ്ടായ, രാജധാനിയിലുള്ള.

പൌരൻ-പ്ര. പുരവാസി. ഉ. പട്ടണവാസി.

പൌരം-സുഗന്ധമുള്ള ഒരു പുല്ല്, ചുണ്ടപ്പുല്ല്, നാനുകപ്പുല്ല്, കാവട്ടപ്പുല്ല്. നാട്ടിലുണ്ടാകുന്നത് എന്നർത്ഥം.

പൌരവൻ-പുരുവിന്റെ വംശത്തിലുള്ളവൻ, പുരുവിന്റെ സന്തതി.

പൌരസ്ത്യ-വി. പ്ര. മുമ്പിലത്തെ, പൂർവം വേച്ചത്, ആദിയിൽ ഭവിച്ചത്. ഉ. കിഴക്കേദിക്കിലുണ്ടായ. പൌരസ്ത്യം ⊳ <പാശ്ചാത്യം.

പൌരാണിക-വി. പുരാണത്തോട് സംബന്ധിച്ച.

പൌരാണികകാലം-സ്വന്തം പ്ര-ർഉ൹ൻ ഇക്കാലത്തു വിക്രമാദിത്യ മഹാരാജാവു ഇൻഡ്യയെ അന്യരാജാക്കന്മാരുടെ പല ആക്രമണങ്ങളിൽനിന്നും രക്ഷിച്ചു. ഹിന്ദുമതത്തിന്റെയും സംസ്കൃതഭാഷയുടേയും നീതിയുടേയും അഭ്യുദയകാലം ഇതാണെന്നു ചിലർ പറയുന്നു.

പൌരാണികൻ-പ്ര. പുരാണത്തിൽ നല്ലവണ്ണം പഠിത്തമുള്ളവൻ. ഉ. പുരാണത്തെ വിശ്വസിക്കുന്നവൻ. ന. പണ്ടുള്ളവൻ.

പൌരാഷ്ടം-ഇപ്പോൾ കത്യവാർ (സൗരാഷ്ട്രം.)

പൌരുഷകേസരം-ആണല്ലി.

പൌരുഷം-പ്ര. പുരുഷന്റെ അവസ്ഥ. ഉ. പുരുഷധർമ്മം. ന. ആണത്തം. ർ. പുരുഷന്റെ പ്രവൃത്തി. ഇ. ഒരാളും മറ്റൊരുത്തനെപ്പോലെയുമുള്ള അളവ്. ന. ധീരത.

പൌരുഷി-സ്ത്രീ.

പൌരുഷേയ-വി. പുരുഷനിൽ നിന്നുണ്ടായ.

പൌരുഷേയം-ആത്മപ്രയത്നം.

പൌരോഗവൻ-അടുക്കളക്കാരിൽ പ്രധാനി. അടുക്കളയിലെ അധികാരി, വെപ്പിന്റെ മേൽവിചാരിപ്പുകാരൻ. പുരഃ പൂജിതം ഭവേഃ ഭൂമിഃ. പൂജിതയായ ഭൂമി=അടുക്കള.

പൌരോഭാഗ്യം-അസൂയ.

പൌരോഹിത്യം-പുരോഹിതന്റെ കർമ്മം.

പൌർണ്ണമാസം-വെളുത്തവാവുവന്നാൾ ചെയ്യുന്ന ഒരു കർമ്മം, വെളുത്തവാവിനു വിഹിതമായ ഇഷ്ടി.

പൌർണ്ണമാസി-വെളുത്തവാവു്. പൂർണ്ണമായ മാസത്തോട് കൂടിയത് എന്നർത്ഥം. ചന്ദ്രൻ പൂർണ്ണനായിരിക്കുന്ന മാസം എന്നുമാവാം.

പൌർണ്ണിമാവു്-വെളുത്തവാവുദിവസം.

പൌലസ്ത്യീ-ശൂർപ്പണഖ, രാവണന്റെ പെങ്ങൾ.

പൌലസ്ത്യൻ-പ്ര. കുബേരൻ. ഉ. രാവണൻ. ന. വിഭീഷണൻ. പുലസ്ത്യന്റെ വംശത്തിൽ പിറന്നവൻ എന്നർത്ഥം. ർ. ചന്ദ്രൻ.

പൌലി-അരിമാവു് ഗോതമ്പുമാവു് മുതലായതുകൊണ്ടുണ്ടാക്കുന്ന ഓട്ടട പോലെ മുതലായത്. പൊള്ളിയുണ്ടാകുന്നതെന്നർത്ഥം.

പൌലോമൻ-പ്ര. ഇന്ദ്രൻ. ഉ. പുലോമയിൽ കശ്യപന്റെ സന്തതിയായ ദാനവൻ. (അർജ്ജുനൻ വധിച്ചു).

പൌലോമം-മേരുത്തിലെ ഒരു പർവ്വം.

പൌലോമീ-ഇന്ദ്രാണി, ശചി.

പൌവ്വലം-ഒരു മരം, അതിമേക്കം.

പൌഷം-പുഷ്യമാസം.

പൊഷി- പുഷ്യമാസത്തിലേ വെളുത്ത വാവ്.

പൊഷ്കര-വി. പുഷ്കരത്തെ സംബന്ധിച്ച, വെള്ളത്തേയും താമരയേയും മറവും സംബന്ധിച്ച.

പൊഷ്കരം-പുഷ്കരമൂലം.

പൊഷ്കരിണി-കൊക്കരിണി.

പൊഷ്ടികം-വി. ക. പുഷ്ടിവരുത്തുന്ന. ഖ. ബലമുണ്ടാക്കുന്ന.

പൊഷ്ണ-രേവതിനക്ഷത്രം.

പൊഷ്പ-വി. പൂക്കളെ സംബന്ധിച്ച, പുഷ്പംകൊണ്ടുണ്ടാക്കിയ.

പൊഷ്പകം - കസുമാഞ്ജനം, പുഷ്പാഞ്ജനം.

പൊഷ്യൻ-ഒരു നൃപൻ.

ഉദങ്കൻ എന്ന മുനി തന്റെ ഗുരുവോട് പഠിച്ചുതീർന്നപ്പോൾ ദക്ഷിണ എന്താണ വേണ്ടതെന്ന് ചോദിച്ചു. ഉടൻ ഗുരുവായ വൈദൻ തന്റെ ഭാര്യയുടെ ഇഷ്ടംപോലെ ചെയ്ക എന്നു പറഞ്ഞു. അവർ ഈ പൊഷ്യനൃപന്റെ ഭാര്യ അണിയുന്ന കുണ്ഡലം ദക്ഷിണയായി കിട്ടണമെന്നു ചോദിച്ചു വാങ്ങി. ഉദങ്കൻ ഈ കുണ്ഡലത്തെ ഗുരുവിനു (വൈദനു) ദക്ഷിണയായി സമർപ്പിച്ചു.

പൊളി-പോളി.

പ്ലാ-ശിവന്റെ ജട, ജടം.

പ്ലായ്(ടീ)-അ. ഹേ, അല്ലയോ, സംബോധനാവാചകം.

പ്ര

പ്ര-ഋ. ഉപസർഗ്ഗം. ഇത് ഒരോ സംസ്കൃതവാക്കുകളുടെ ആദിയിൽ വരുമ്പോൾ ഏറ്റം, നല്ലവണ്ണം മുതലായ പല അർത്ഥങ്ങൾ വരും.

പ്രകട-വി. പ്രകാശിച്ച, വെളിപ്പെട്ട, സ്പഷ്ടമായ.

'സ്വാന്തേതിങ്ങും വികാരംപ്രകടമധി .'
(അമരുകശതകം)

പ്രകടത-പ്രകാശത്വം.

പ്രകടനം-പ്രകടിപ്പിക്കയെന്നുള്ളതു്.

പ്രകടിക്കുന്ന-പ്രസിദ്ധമാക്കുന്ന.

പ്രകടിത-വി. പ്രകാശിപ്പിക്കപ്പെട്ട, വിടിക്കപ്പെട്ട.

പ്രകടിപ്പിക്കുന്ന-പ്രകാശിപ്പിക്കുന്ന.

പ്രകടീകരിക്കുന്ന - സ്പഷ്ടമാക്കിച്ചെയ്യുന്ന.

പ്രകടോദിതം - സ്പഷ്ടമായി പറയുന്നതു്.

പ്രകമ്പ-വി. ഇളക്കുന്ന.

പ്രകമ്പനൻ-ക. വായു, കാറു്. ഖ. ഒരു നരകം.

പ്രകമ്പ ന)ം-ക. വലിയ ഇളക്കം. ഖ. കൊടുങ്കാറു്.

പ്രകര-വി. അധികം ചെയ്യുന്ന.

പ്രകരണം-ക. അദ്ധ്യായം. ഖ. ഒരോ സംഗതിയെക്കുറിച്ചു വർണ്ണിച്ചെഴുതുന്ന പുസ്തകം. ന. കവിതകെട്ടു. ഘ. പറയുന്നവന്റേയും കേൾക്കുന്നവന്റേയും ബുദ്ധിയോടുള്ള സംബന്ധം. ങ. പത്തു രൂപകങ്ങളിൽ ഒന്നു (ശൂദ്രക എന്നു നോക)

പ്രകാര-ക ക്രിയാ ഖ. സഹായ [illegible] അകിൽ

പ്രകാശ്യ-ക. ആധിക്യം. ഖ. ശ്രേഷ്ഠത

പ്രകല്പിത-വി ക മണ്ഡനംചെയ്യപ്പെട്ട ഖ. ചെയ്യപ്പെട്ട

പ്രകാണ്ഡ-ക വൃക്ഷത്തിന്റെ തടിയുടെ മുകളിൽ നിന്നു തു

യുള്ളതു്, തന്മരം പ്രകർഷേണ ഭേദിക്കപ്പെടുന്നതെന്നർത്ഥം. ഫലരക്ഷണാദി നിമിത്തം കാമിക്കപ്പെടുന്നതു് എന്നുമാവാം. ൨. പ്രശസ്തം. ൩. ഭൂജത്തിന്റെ മുകൾവശം.

പ്രശസ്തം എന്ന അർത്ഥം ഒരു ശബ്ദത്തോടു കൂട്ടിച്ചേർത്തു പ്രയോഗിച്ചല്ലാതെ വരികയില്ല. ഉ-ം, ശോഭാപ്രകാണ്ഡം=പ്രശസ്തശോഭ പോലെ.

പ്രകാണ്ഡരാ-വൃക്ഷം.

പ്രകാമതഃ-അ. സന്തോഷത്തോടെ.

പ്രകാമം-അ. ൧. മനസ്സോടെ, തൃപ്തിയോടെ. ൨. ഏറ്റവും. (യഥേഷ്ടം എന്ന അർത്ഥത്തിൽ ക്രിയാവിശേഷണമായിട്ടാണ് അധികവും പ്രയോഗിക്കപ്പെടുന്നതു്.)

പ്രകാരം-പ. വ്യത്യാസം. ൨. സാദൃശ്യം. ൩. വിശേഷം. ൪. (വ്യാകരണത്തിൽ) നിർദ്ദേശം വിധി മുതലായ അധികാർത്ഥത്തെ ആഖ്യാതത്തിൽ ചേർക്കുന്നതു്. ഇതു നാലുവിധം. ൫. അകിൽ.

പ്രകാരാ-അ. ശരിയായി, മുറ, ക്രമം.

പ്രകാരി(കാ)-കഥയെ വലുതാക്കുന്ന വർണ്ണന.

പ്രകാശ-വി. പ. തുല്യമായ. ൨. തെളിവുള്ള. ൩. കീർത്തിയുള്ള. ൪. പ്രസിദ്ധിയുള്ള.

പ്രകാശക-വി. പ്രകാശിപ്പിക്കുന്ന, ശോഭിപ്പിക്കുന്ന, തെളിയിക്കുന്ന.

പ്രകാശകജ്ഞാതാ-കോഴി.

പ്രകാശകൻ-തെളിച്ചു പറയുന്നവൻ, വിസ്തരിച്ചു പറയുന്നവൻ, പ്രസിദ്ധം ചെയ്യുന്നവൻ.

പ്രകാശ(കു)ം-വെള്ളോട്ടു്.

പ്രകാശകർ-വിഷ്ണുവിന്റെ ദൂതന്മാർ.

പ്രകാശത തെളിവു്.

പ്രകാശം-പ. വെയിൽ. ൨. തെളിവു, ശോഭ. ൩. ചിരിക്കുക. ൪. ഒരുമാതിരി ലോഹം ൫. അത്യന്തം പ്രസിദ്ധമായിട്ടുള്ളതു്. ൬. കീർത്തി. ൭. അഭ്യുദയം (പുസ്തകത്തിലെ). ൮ സപ്തർഷിക്കണ്ണാടി.

പ്രകാശം-അ. പരസ്യമായി.

പ്രകാശനം-പ്രകാശിപ്പിക്കുക.

പ്രകാശമാന-വി. പ്രകാശിച്ചുംകൊണ്ടിരിക്കുന്ന.

പ്രകാശസമയം-ആദിത്യൻ ഉദിക്കാറായ സമയം.

പ്രകാശിക്കുന്നു-ശോഭിക്കുന്നു, (സ-ക്രി പ്രകാശിപ്പിക്കുന്നു).

പ്രകാശിത-വി. ശോഭിപ്പിക്കപ്പെട്ട. ൨. പ്രസിദ്ധപ്പെടുത്തിയ.

പ്രകാശിതം-(കൃഷിശാസ്ത്രപ്രകാരം) നിറമില്ലാത്തതും രുചിയിൽ കലങ്ങാത്തതും തീകത്തുന്നതുമായ ഒരു വസ്തു.

ഇതു അസ്ഥിയുടെ ചാമ്പലിൽ നിന്നു എടുക്കുന്നു. പാറകളിലും മരച്ചുമ്പലുകളിലും ഉള്ളതുകൂടാതെ വൃക്ഷങ്ങളുടെ എല്ലാ ഭാഗങ്ങളിലും മുഖ്യമായിട്ടു വിത്തുകളിലും ഇരിക്കുന്നു. ഇതു ദഹനകരത്തോടു ചേർന്നാൽ അതിൽ നിന്നും പ്രകാശിതാമ്ലം ഉണ്ടാകുന്നു.

പ്രകീർണ്ണ-വി. പ. പരത്തപ്പെട്ട, ചിതറിയ. ൨. പ്രസിദ്ധമാക്കപ്പെട്ട. ൩. വിടർത്തപ്പെട്ട.

പ്രകീർണ്ണ(ക)ം-പ. കവടി. ൨. ചമരിമാൻ, വെൺചാമരം. രാജസമീപത്തിൽ വീശുന്നതു എന്നർത്ഥം. ൩. ഒരു പുസ്തകത്തിലെ വിഭാഗം.

പ്രകീർണ്ണക-പ. (വ്യാകരണത്തിൽ) തദ്ധിത പ്രത്യയങ്ങളുടെ പരിവുകളിൽ ഒന്നു് ൨ കതിമ.

പ്രകീർത്തി-യശസ്സ്, നല്ലകീർത്തി.

പ്രകീർത്തിത - വി. വിസ്തരിച്ചു പറയപ്പെട്ട.

'ശ്രീവാല്മീകിപ്രകീർത്തിതം'

(ശ്രീരാമോദന്തം)

പ്രകീർത്തി-വി. പ്രസിദ്ധമാക്കപ്പെട്ടവൻ തക്ക, പരത്തപ്പെട്ടവൻ തക്ക.

പ്രകീർത്തം-ഗ. ആവൽവൃക്ഷം, ഞെട്ടാവൽ (ഉങ്ങിൽ ഒരുവക ഭേദം). കലഹത്തെ പരത്തുന്നതു് എന്നർത്ഥം. ക. ഉറഞ്ഞി.

പ്രകുഞ്ചം-ഒരുപലം, ഒഴക്ക്, നാഴിയുടെ നാലിൽ ഒന്ന്.

പ്രകൃത-വി. ഗ. ഉണ്ടാക്കപ്പെട്ട, ചെയ്യപ്പെട്ട, നിവർത്തിക്കപ്പെട്ടം ക. ആരംഭിക്കപ്പെട്ട ന. ആഗ്രഹിക്കപ്പെട്ട. ര. സാരമായ.

പ്രകൃതി-ഗ. സ്വഭാവം. ക. മൈവശക്തി. ന. മായാമൂലപ്രകൃതി. (സത്വാദിഗുണങ്ങളുടെ സാമ്യാവസ്ഥ, പ്രകൃഷ്ടമായ (കൃതി) കാര്യത്തോടുകൂടിയതു്, പ്രകർഷേണ ചെയ്യുന്നതു എന്നർത്ഥം.

സാംഖ്യമതപ്രകാരം പ്രകൃതിയും പുരുഷനുമല്ലാതെ ലോകത്തിൽ വേറൊന്നുമില്ല

ര. (വ്യാകരണപക്ഷത്തിൽ) പ്രത്യയം വയ്ക്കുന്നതിനു മുമ്പിലുള്ള പ്രാതിപദിക ശബ്ദം ങ. കാരണം. ന. പദ്മവിഭേദം ച. രാജ്യാംഗങ്ങളിൽ ഏട്ടം. വ. സ്ത്രീപുരുഷന്മാരുടെ ഗുഹ്യസ്ഥലം, യോനി, ലിംഗം. ൻ. ഛന്ദസ്സുകളിൽ ഒന്ന്. ഫം. ആകൃതി. ഫഗ. പ്രകൃതികാരം. ഫഘ. ഉൽപത്തിസ്ഥാനം. ഫങ. പ്രപഞ്ചശക്തി

പ്രകൃതികാരം-പൂർവ്വാസിദ്ധനങ്ങളുടെ സമൂഹം.

പ്രകൃതിവിരുദ്ധം-സ്വാഭാവികമായതിനു വിരോധം.

പ്രകൃതിശാസ്ത്രം-പ്രകൃതിയുടെ തത്ത്വങ്ങളെ അതായതു രൂപമില്ലാത്തവയും ശബ്ദം മുതലായ പ്രകൃതിശക്തികളെ വിവരിക്കുന്ന ശാസ്ത്രം.

പ്രകൃത്യവസ്ഥാകരം-(എട്ടുവിധം) ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, അഹംകാരം.

"ഭൂമിരാപോനലോവായുഃ
ഖം മനോബുദ്ധി രേവച
അഹംകാര ഇതീയം മേ.
ഭിന്നാലം പ്രകൃതിരഷ്ടധാ".

പ്രകൃഷ്ട-വി. ഗ. പ്രധാനമായുള്ള ക. തുലോം ദൂരത്തുള്ള.

പ്രകൃഷ്ടത, പ്രകൃഷ്ടതാ-ശ്രേഷ്ഠത.

പ്രകോഷ്ഠം-ഗ. കൈത്തണ്ട്, കൈയുടെ പത്തിക്കുമേൽ മുട്ടിനു താഴെയുള്ള ഭാഗം, കൈമുട്ടിന്റെ താഴത്തെഭാഗം ക. കട്ടിയുടെ ഒരു ഭാഗം.

പ്രക്രമം-ഗ. ആരംഭം, പ്രഥമാരംഭം. പ്രക്രമിക്കുക എന്നർത്ഥം.

'പ്രക്രമത്തുലമത്താൻ'

(അമരുകശതകം)

ക. അവസരം. ന. സഞ്ചാരം.

പ്രക്രമിക്കുന്നു-ഗ. ആരംഭിക്കുന്നു. ക. പോകുന്നു.

പ്രക്രിയ-ഗ. രാജാവിൽ നിന്നുകിട്ടിയ മുദ്രധരിക്ക, അധികാരം. ക. വ്യാകരണത്തിൽ ഒരു ഭാഗം. ന. സ്വഭാവം, ക്രമം. ര. ഉന്നതി ങ. ആചാരം

പ്രക്രിയാസർവ്വസ്വം-ഒരു സംസ്കൃത വ്യാകരണഗ്രന്ഥം

(ഗ്രന്ഥകർത്താ-നമ്പൂർ നാരായണഭട്ടതിരി)

പ്രകാണം, പ്രകാണനം-വീണയുടെ ശബ്ദം.

പ്രക്ഷീരണം-ഉരുക, ഒഴുകുക.

പ്രക്ഷാ-ക്ര വെട്ടിക്കുതിര. ഉ. നായ്.

പ്രക്ഷാഗം-മെലിഞ്ഞതു്.

പ്രക്ഷാളനം-കഴുകൽ.

പ്രക്ഷാളിത-വി. കഴുകപ്പെട്ട.

പ്രക്ഷിപ്ത-വി. ക്ര. പ്രക്ഷേപണം ചെയ്യപ്പെട്ട എറിയപ്പെട്ട ഉ. ഏടുകളിൽ കൂട്ടിച്ചേർത്ത.

പ്രക്ഷീണിത വി. കടിച്ച, തലക്കു പിടിച്ച.

പ്രക്ഷുണ്ണ-വി. ഞെരുക്കിയ, തൈക്കിയ.

പ്രക്ഷേപണം-ഏറ ഉ നിശ്ചയം.

പ്രക്ഷേപിക്കുന്നു-ക്ര. എറിയുന്നു, ഉ. നിശ്ചയിക്കുന്നു.

പ്രക്ഷോഭം-ഇളക്കം.

പ്രക്ഷ്വേള(ഡ)നം-മുഴുവൻ ഇരിയുകൊണ്ടുണ്ടാക്കിയ ശരം. പ്രകഷ്ണ അവ്യക്തമായി ശബ്ദിക്കുന്നതു് എന്നർത്ഥം.

പ്രക(ഖ)രാ-ക്ര. വെട്ടിക്കുതിര. ഉ. നായ്.

പ്രഖ്യാത-വി. പ്രസിദ്ധപ്പെട്ട, കീർത്തിപ്പെട്ട.

പ്രഖ്യാതം-ക്ര. പ്രസിദ്ധപ്പെട്ടതു്. ഉ. ത്രിപകത്തിലെ വസ്തുവേ (കഥാശരീരത്തെ) മൂന്നായി ഭാഗിച്ചതിൽ ഒന്നു്. (ഇതിഹാസനിബന്ധനമായുള്ളതു പ്രഖ്യാതം.)

പ്രഖ്യാതി-ക്ര. കീർത്തി ഉ. സ്തുതി.

പ്രഖ്യാപനംചെയ്യുന്നു-പ്രസിദ്ധപ്പെടുത്തുന്നു.

പ്രഗണ്ഡ-മുഴക്കൈയ്യുടെ മേലേടം, കൈമുട്ടിന്റെ മേലേഭാഗം, കവിൾത്തടത്തോടടുത്തതു്.

പ്രഗണ്ഡി-കോട്ട മതിൽ.

പ്രഗത വ. വേർപിരിഞ്ഞ, പോയ

പ്രഗൃഹീതകം-വ. വാതരോഗം മൂത്ത ചലയുകൊണ്ടു മുട്ടിന്നുകൾക്കു പറ്റിയ.

പ്രഗൽഭ-വി. ബുദ്ധിക്കുറപ്പും തെളിവുമുള്ള, കാര്യോചിതമായ ബുദ്ധിയുള്ള.

പ്രഗൽഭത-മനസ്സിന്റെ ശക്തി. ഉ. ബുദ്ധിശക്തി. ന. സാമർത്ഥ്യം.

പ്രഗൽഭൻ-പ്രതിഭ എന്ന ബുദ്ധിവിശേഷത്തോടുകൂടിയവൻ.

പ്രഗൽഭം-ഒരു കൂട്ടി ഇനിക്കുമ്പോൾ കഴിക്കുന്ന ഹോമത്തിനുള്ള തീ.

പ്രഗാഢ-വി. ക്ര. പ്രയാസമുള്ള ഉ. വിക്ഷമമായുള്ള, കട്ടപ്പുമുള്ള. ന. അധികമുള്ള, പെരുകിയ

പ്രഗാഢം-അ. അധികമായി.

പ്രഗുണ-വി. ക്ര. നേരായുള്ള ഉ. ചരമാർത്ഥമുള്ള.

പ്രഗുണ്യ-വി. ക്ര. അധികമുള്ള. ഉ. വിശേഷമുള്ള.

പ്രഗ്രഹ്യം-ക്ര. സന്ധിപ്രമാണത്തെ അനുസരിക്കാതെ വേർവിട്ടു നിൽക്കുന്ന അച്ചു്. ഉ. രാമ.

പ്രഘോ-അ. പ്രത്യേകമായി.

പ്രഘോഷനം-രക്ഷ, സൂക്ഷിപ്പു്.

പ്രഗ്രഹൻ-ക്ര. വിഷ്ണു. ഉ. പ്രധാനി, നായകൻ. ന. തടവുകാരൻ.

പ്രഗ്രഹം-ക്ര. പിടിക്കുടുക. ഉ. പാറവിളിക്കുക. ന. തുലാസിന്റെ ചരടു്, തുലാസൂത്രം.

തുലാസൂത്രം എന്നതു കിണറ്റിൽനിന്നു വെള്ളംകോരുവാനുള്ള യന്ത്രമാകുന്നു

ശ. കനിവു് ഇ. രശ്മി ന. വാസ്തുഭേദം. ഒ. വന്ദിശാല വൃ. ചോരരെ കൈകളെ ആകർഷിക്കുക. ൻ. ഗ്രഹണരോഗം.

പ്രഗ്രാഹം-തുലാസിന്റെ ചരടു്, തുലാസൂത്രം.

പ്രഗ്രീവം-ക്ര. കീഴ്വാതിൽ. ഉ. ചോർക്ക. ന. കതകലയം. ശ. മരിച്ച ആന. ഇ. വൃക്ഷത്തിന്റെ അഗ്രം, വൃക്ഷത്തിന്റെ ശിഖരം. ന. പൂമുഖം.

പ്രക്ഷണം, പ്രക്ഷാണം-ക. പുറന്തിണ്ണ, മുമ്മറവാതിലിന്റെ അടുത്തുപുറത്തുള്ള പുറന്തിണ്ണ. ഹന്നിക്കപ്പെട്ടന്നതെന്നത്ഥം. (അകത്തേക്കു കടപ്പാൻ വരുന്ന ജനങ്ങൾ ഇവിടെ തിക്കിത്തിരക്കുന്നതിനാൽ ഈ പേർ വന്നു) ര. ഭക്ഷണപാത്രം.

പ്രക്ഷസ-വി. അധികം തിന്നുന്ന.

പ്രക്ഷസൻ-രാക്ഷസൻ.

പ്രക്ഷുണൻ-വിഭക്തനാകുന്നവൻ.

പ്രക്ഷുണ്ണ-വി. അലഞ്ഞുനടക്കുന്ന.

പ്രചക്രം-പുറപ്പെട്ട രണ്ടു സൈന്യം, രണ്ടു സൈന്യത്തിന്റെ ഇളക്കം.

പ്രചണ്ഡ-(വി) ക. കോപമുള്ള. ര. അതിശക്തിയുള്ള, ഏറ്റവും ബലമുള്ള ന. അധികം മൂർച്ചയുള്ള. ര. ക്ഷോഭിച്ചിരിക്കുന്ന.

പ്രചണ്ഡപാണ്ഡവം-ഒരു നാടകം. രാജശേഖരന്റെ കൃതിയാണ്. കൈരവർ പാഞ്ചാലിയോടു കാണിച്ച അവിവേകമത്രേ കഥാവിഷയം.

പ്രചണ്ഡം-ക. വെളുത്ത പൂവുള്ള ഒരു ചെടി. ര. കണവീരം.

പ്രചയം-ക്രമപരം, ക്രമം.

പ്രചരണം-ക നടക്കുക ര. ഒരുതരം പുല്ല്, ദുർമ്മന്ത്രവാദിപ്പുല്ല്.

പ്രചര-ക. വഴി, മാർഗ്ഗം, പന്ഥാവു്. ര. നടപ്പു്. പ്രയോജനം.

പ്രചലാകം-ക. ധനവിഭാഗം. ര. പായു്.

പ്രചലായിത-വി. ക. ഉയരുന്ന ര. ഉറക്കം തൂങ്ങുന്ന.

പ്രചലായിതൻ-ക. ഉറക്കം തൂങ്ങുന്നവൻ, പ്രചലായിത (തൂക്കം) ഉള്ളവൻ എന്നത്ഥം. ര. ഉണർച്ചയില്ലാത്തവൻ.

പ്രചാര-ക നടപ്പായുള്ളതു്. ര. സഞ്ചാരം.

പ്രചാരകൻ-പ്രചരിക്കുന്നവൻ, പരത്തുന്നവൻ.

പ്രചാരണം-ഹോമദ്രവ്യങ്ങളെടുക്കുമ്പോൾ ചെയ്യുന്ന ദാനം (പ്രവാരണം എന്നതിന്റെ പാഠം)

പ്രചുര-വി വളരെയുള്ള, ധാരാളമുള്ള.

പ്രചുരത, പ്രചുരതാ- ധാരാളമായുള്ള സ്ഥിതി.

പ്രചുരൻ-കള്ളൻ.

പ്രചുരിമ-ധാരാളത്വം, ആധിക്യം.

പ്രചുലാകി-മയിൽ.

പ്രചേതസ്സ്-ക. വരുണൻ. നല്ല മനസ്സായിട്ടുള്ളവൻ എന്നത്ഥം. ര. ഒരു പ്രജാപതി.

പ്രചേലകം-കതിര.

പ്രചേലം-പീതചന്ദനം.

പ്രചോദനം-ക. പ്രേരിപ്പിക്കൽ. ര. പറഞ്ഞയയ്ക്കുക.

പ്രചോദിതൻ- ഉത്സാഹിപ്പിക്കപ്പെട്ടവൻ.

പ്രചോദിനി-ഒരുമാതിരി ചുണ്ട, കണ്ടകാരി, പുത്തരിച്ചുണ്ട. മുള്ളുകളെ പ്രേരിപ്പിക്കുന്നതു് എന്നത്ഥം.

പ്രചോദിപ്പിക്ക-വി. ഉത്സാഹിപ്പിക്കുക.

പ്രച്ഛദം-പുതപ്പു്

പ്രച്ഛദപടം-ക മൂടുപടവു, മൂടുന്ന വസ്ത്രം എന്നത്ഥം. ര. മറയ്ക്കുന്നതിനുള്ള ഒരുമാതിരി വസ്ത്രം.

പ്രച്ഛനം, പ്രച്ഛനാ - ചോദ്യം, അന്വേഷണം.

പ്രച്ഛന്ന-വി. മറഞ്ഞ.

പ്രച്ഛന്നം-ക. രഹസ്യമായ വാതിൽ, ഒളിവാതിൽ. മറയ്ക്കപ്പെട്ടതു് എന്നത്ഥം. ര. കിളിവാതിൽ.

പ്രച്ഛർദ്ദിക-ഛർദ്ദി. അകത്തുള്ളതിനെ പുറത്താക്കുന്നത് എന്നർത്ഥം.

പ്രച്ഛാദനം-പ. മറവ്. ഉ. ഉത്തരീയം

പ്രച്ഛായം-നല്ല തണൽ.

പ്രച്ഛിന്ന-വി. ഉണങ്ങിയ, ജലമില്ലാത്ത.

പ്രജ-പ. സന്തതി. ഉ. ജനം.

പ്രജൻ-ജനിക്കുവ്.

പ്രജന-പ. ചന. ഉ. ജന്തുക്കളുടെ ഉല്പാദനകാലം ശർഭഗ്രഹണം

പ്രജനികാ-അമ്മ.

പ്രജവൻ-വേഗമുള്ളവൻ.

പ്രജവം-പ. അതിവേഗം ഉ. അതിവേഗത്തിൽ ഓടുന്ന കുതിര.

പ്രജവി-വി. അതിവേഗമുള്ള.

പ്രജവി-ഓട്ടക്കാരൻ, വേഗമുള്ളവൻ.

പ്രജാഗരൻ-പ. കൃഷ്ണൻ. ഉ. രക്ഷകർത്താവ്.

പ്രജാഗരം-ഉണർന്നിരിക്കുക.

പ്രജാതാ-അമ്മ, പ്രസവിച്ചവൾ, അപ്പോൾ പ്രസവിച്ചവൾ. (ഉപരിചരയെന്നേ വിവക്ഷിക്കാത്തവൾ).

പ്രജാന്തകൻ-യമൻ.

പ്രജാപതി-പ. ബ്രഹ്മാവ്. ഉ. വിഷ്ണു. ന. സ്വായംഭുവമനു. ര. ഇന്ദ്രൻ. ഭ. സൂര്യൻ. ന. സോമൻ. ൭ മരീചി മുതലായ ബ്രഹ്മാവിന്റെ പുത്രന്മാർ. വ. രാജാവ്. ൻ. വിശ്വകർമ്മാവു പ്രഥമകളുടെ ഭർത്താവു.

പ്രജാപതിമാർ സൃഷ്ടിവിഷയത്തിൽ ബ്രഹ്മാവിനെ സഹായിക്കുന്നവരാകുന്നു. ബ്രഹ്മാവിന്റെ പുത്രന്മാരാണ്.

മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ, പ്രചേതസ്സ് (ദക്ഷൻ), ഭൃഗു, നാരദൻ ഈ പത്തു മുഖ്യികളെയുമാണ് സാധാരണ പ്രജാപതികളെന്നു പറയാറുള്ളത്. മഹാഭാരതപ്രകാരം പ പ്രജാപതികളെ കാണുന്നു.

(ഭൃഗു, മരീചി, അത്രി, ദക്ഷൻ, കർദ്ദമൻ, പുലഹൻ, പുലസ്ത്യൻ, അംഗിരസ്സ്, ക്രതു-ഇവരെ നവപ്രജാപതികൾ എന്നു പറയുന്നു).

പ്രജാവതി-പ. ജ്യേഷ്ഠന്റെ അരുന്ധതിയിൽ അനന്തരന്റെ ഭാര്യ. കുട്ടിയുള്ളവൾ എന്നർത്ഥം (ഭ്രാതാക്കന്മാർക്കുണ്ടാകുന്ന പുത്രന്മാർ തമ്മിൽ പുത്രന്മാരേക്കാൾ തുല്യന്മാരാകയാൽ തന്റെ പുത്രനു തുല്യനായ പുത്രനുള്ളവൾ എന്നു വിവക്ഷിതാർത്ഥം.) ഉ. അമ്മ. ന. ജ്യേഷ്ഠന്റെ ഭാര്യ.

പ്രജിനം-കാറ്റ്.

പ്രജ്ഞ-വി. പ. ബുദ്ധിയുള്ള. ഉ. പഠിത്തമുള്ള. ന. കാലിന്റെ മുട്ടുകുത്തുള്ള.

പ്രജ്ഞൻ-വിദ്വാൻ

പ്രജ്ഞാ-പ. ബുദ്ധി. അറിവിന്റെ ശ്രേഷ്ഠമായ കരണം എന്നർത്ഥം. ഉ. ബുദ്ധിയുള്ള സ്ത്രീ, ലൌകിക വ്യവഹാരങ്ങളിൽ നല്ല അറിവുള്ളവൾ. ന. മുൻകാലത്തെ കാര്യവും അറിയുന്ന ബുദ്ധി. 'പ്രജ്ഞാതൈരുകാലികീമതാ.' വിശേഷബുദ്ധി.

പ്രജ്ഞാന-വി. പ. ബുദ്ധിയുള്ള ഉ. പഠിത്തമുള്ള.

പ്രജ്ഞാനാ-പ. അറിവ്, ബുദ്ധി. ഉ. അടയാളം: ന. ബ്രഹ്മം.

പ്രജ്ഞാനം = ബ്രഹ്മം. ഇതു വേദത്തിലുള്ള മഹാവാക്യത്തിലുണ്ട്. യാതൊന്നെ കൊണ്ടു കാണുകയും, കേൾക്കുകയും, ഗണിപ്പിക്കയും, തൊടുകയും, രസത്തെ അറിയുകയും ചെയ്യുന്നുവോ അതുതന്നെ പ്രജ്ഞാനം എന്നു പറയപ്പെടുന്നു. ബ്രഹ്മാവുമുതൽ കീടപര്യന്തമുള്ള പ്രാണി

കളിൽ യാതൊന്നു ചൈതന്യം കാണപ്പെടുന്നുവോ അതുതന്നെ ബ്രഹ്മം. ഇപ്രകാരമുള്ള പ്രജ്ഞാനംതന്നെ ബ്രഹ്മം എന്നർത്ഥം

'യേനേക്ഷതേ ശൃണോതീദം
ജിഘ്രതിവ്യാകരോതി ച
സ്വാദ്വസ്വാദുവിജാനാതി
തൽപ്രജ്ഞാനമുദീരിതം.
ചതുർമ്മുഖേന്ദ്രദേവേഷു
മനുഷ്യേഷ്വപശുഷ്വപി
ചൈതന്യമേകം ബ്രഹ്മാതഃ
പ്രജ്ഞാനം ബ്രഹ്മമയ്യപി'

പ്രജ്ഞാവാൻ-അറിവുള്ളവൻ, വിദ്വാൻ

പ്രജ്ഞു-വാതരോഗം മൂലമായുണ്ടാകുന്ന മുട്ടിന്നുകൽച്ച പറ്റിയവൻ

പ്രജ്വലിത-വി. ജ്വലിച്ച.

പ്രഡീനം-പറപ്പ്, പറക്കുക, പക്ഷികളുടെ സഞ്ചാരം. (ശരീരവ്യാപാരശേഷം) ഒന്നാമതായി പറയുക.

പ്രണ-വി. പഴയ.

പ്രണത-വി. പ്രാ. നമസ്കരിക്കപ്പെട്ട. ഉ. സാമർത്ഥ്യമുള്ള.

പ്രണതി-നമസ്കാരം, വന്ദനം.

പ്രണദനം-ശബ്ദം.

പ്രണഡി-ശുദ്ധസഞ്ചാരി.

പ്രണമിക്കുന്ന-നമസ്കരിക്കുന്ന, കുമ്പിടുന്ന.

പ്രണയകലഹം-സ്നേഹത്തോടുകൂടിയ ശണ്ഠ.

പ്രണയനം-സ്നേഹം.

പ്രണയം-പ്രാ. സ്നേഹം, വാത്സല്യം.

'അങ്കേചേർത്തിട്ടു പത്ന്യാം
പ്രണയപരവശൻ'

(രുക്മാംഗദചരിതകഥകളി)

ഉ. വിശ്വാസം. ന. പരിചയം. ഭ. യാചന. ങ. ഇഷ്ടം.

പ്രണയി-വി. പ്രണയമുള്ള.

പ്രണയി-ഭർത്താവ്.

പ്രണയിത-സ്നേഹം.

പ്രണയിനി-ഭാര്യ.

പ്രണവം-പ്രാ. ഓങ്കാരം, എല്ലാമന്ത്രങ്ങളുടെയും ആദിയിൽ ഉച്ചരിക്കുന്ന 'ഓം' എന്ന ശബ്ദം, സ്തുതിക്കപ്പെടുന്നത് എന്നർത്ഥം. ഉ. ഒരു വാദ്യം. ന. ബ്രഹ്മം.

[പ്രണവം=ഓങ്കാരം. ഈ ഓങ്കാരത്തെ വേദമന്ത്രങ്ങൾ ഉച്ചരിക്കുന്നതിനു മുമ്പായിട്ടു ഉച്ചരിക്കുന്നതുകൊണ്ടു പ്രണവം എന്നപേർ വന്നിട്ടുള്ളതാകുന്നു. പ്ര=മുമ്പ്. ന=ഉച്ചരിക്കുക, സ്തുതിക്കുക.]

പ്രണവാത്മകൻ-പ്രണവസ്വരൂപമായുള്ളവൻ.

പ്രണാദം-പ്രാ. ഉറച്ചശബ്ദം. ഉ. ചെവിയിലുണ്ടാകുന്ന ഒരു രോഗം, കർണ്ണനാദം. ന. സ്നേഹം അധികമാകയാൽ ഒരു സ്വരഭേദത്തോടെ തടഞ്ഞു സംവിധാനത്തിൽ പറയുന്ന വാക്ക്, അനുരാഗം കൊണ്ടുണ്ടായ മുഖകണ്ഠാദി സ്ഥിതമായ സീൽക്കാരാദിശബ്ദം. ഭ. സ്നേഹം ഭക്തി മുതലായ മറ്റു മനോവ്യാപാരങ്ങൾ കൊണ്ടുണ്ടാകുന്ന (പുരുഷാകണ്ഠാദികളിലുണ്ടാകുന്ന) ശബ്ദം.

പ്രണാമം-നമസ്കാരം. എട്ടുവിധം, ജാനുക്കൾ, പാണികൾ, പാണികം, ഉരസ്സ്, ബുദ്ധി, ശിരസ്സ്, വചസ്സ്, ദൃഷ്ടി ഈ അംഗങ്ങൾ കൊണ്ടു നമസ്കരിക്കൽ. അഷ്ടാംഗപ്രണാമം നോക്കുക.

പ്രണാളം, പ്രണാളി, പ്രണാളിക-പ്രാ. വെള്ളം ഒഴുകുന്നവഴി. ഓവ് കല്ല് മുതലായതുകൊണ്ടു കെട്ടപ്പെട്ടത് എന്നർത്ഥം. ഉ. കഴൽ. ഉദാ-, ജലപ്രണാളികം.

പ്രണിധാനം-പ്ര. അഭിപ്രായം. ഉ. പ്രവേശനം. ന. ശക്തിയേറ്റുകൂടിയ ധ്യാനം. ഭ. സമാധാനം. ഇ. സമർപ്പണം

പ്രണിധി-പ്ര. ഒറ്റുകാരൻ, ചാരൻ, ചാരപുരുഷൻ. അറിയപ്പെടേണ്ടതായ കാര്യം ഇവരെക്കൊണ്ട് പ്രകർഷേണനിധാനം ചെയ്യപ്പെടുന്നതിനാൽ ഈ പേരുണ്ടായി ഉ. പ്രതിജ്ഞ. ന. യാചന, പ്രാർത്ഥന,

പ്രണിപതിക്കുന്നു-നമസ്കരിക്കുന്നു.

പ്രണിപാതം-നമസ്കാരം.

പ്രണിവേശിക്കുന്നു-വിവാഹം കഴിക്കുന്നു.

'ഭൂമിപാലേന്ദ്ര! പ്രഥമം
യോൻ പ്രണിവേശ്യ'

(ഭാരതം)

പ്രണിഹിത-വി. പ്ര ഏല്പിക്കപ്പെട്ട. ഉ. വെക്കപ്പെട്ട ന. ചെയ്യപ്പെട്ട. ഭ. ലഭിക്കപ്പെട്ട.

പ്രണീത-വി. പ്ര. പ്രവേശിപ്പിക്കപ്പെട്ട. ഉ. പാകം ചെയ്യപ്പെട്ട. ന. ചെയ്യപ്പെട്ട. ഭ. എറിഞ്ഞുകളയപ്പെട്ട. ഇ. ഏഴുതിയുണ്ടാക്കപ്പെട്ട. (ഗ്രന്ഥം, പുസ്തകം). ന പഠിപ്പിക്കപ്പെട്ട. ഒ സന്തോഷിപ്പിക്കപ്പെട്ട.

പ്രണീത-ചെറിയ കഴിക്കിണ്ണം.

പ്രണീതൻ-ശുദ്ധിചെയ്യപ്പെട്ട അഗ്നി.

പ്രണീതം-പ്ര. മന്ത്രത്താൽ സംസ്കരിക്കപ്പെട്ട അഗ്നി. ഉ. പാകം ചെയ്ത നന്നാക്കിയ കറി മുതലായവ. ന. പാകം കൊണ്ടും രസം കൊണ്ടും സമഗ്രമായ ശാകാദി.

പ്രണുത-വി. സ്തുതിക്കപ്പെട്ട.

പ്രണോജനം-പ്ര. തുടക്കം, കഴുകുക, കഴുകാനുള്ള ജലം. ഉ. കളി.

പ്രണ്ണയ-വി കീഴ്വഴക്കമുള്ള.

പ്രണ്ണയൻ-സ്വാധീനനായിട്ടുള്ളവൻ, അധീനൻ.

പ്രണോളം-നടപ്പുകൂ, നടത്തൽ.

പ്രതതി-പ്ര. വള്ളി. വളരെ പരന്നു കിടക്കുന്നതു എന്നർത്ഥം. ഉ. പരപ്പ്.

പ്രതന-വി. പണ്ടുള്ള, പഴയ.

പ്രതന്ത-വി. പ്ര. വളരെ നേരിയ, മെലിഞ്ഞ, ഏറ്റവും ചെറിയ, ഉ. വണ്ണംകുറഞ്ഞ, ക്ഷീണിച്ച. ന. സാരമില്ലാത്ത.

പ്രതപ്ത-വി. പ്ര. ഏറ്റവും ചൂടുപിടിച്ച. ഉ. തീയിലിട്ടു പഴുപ്പിക്കപ്പെട്ട. ന. ദുഃഖിച്ച.

പ്രതമകൻ-കംസശ്വാസം.

തമകൻ എന്ന ശ്വാസത്തിനുള്ള ലക്ഷണങ്ങളും പനിയും മൂർച്ഛയും കൂടി ഉണ്ടാകുമ്പോൾ ഉള്ള പേർ.

പ്രതർക്കം-സംശയം.

പ്രതർക്കനം-പ്ര. തർക്കം, ഊഹം. ഉ. തർക്കശാസ്ത്രം.

പ്രതർക്കിത-വി. തർക്കിക്കപ്പെട്ട, സന്ദേഹിച്ച.

പ്രതർദ്ദനൻ-ഒരു കാശിരാജാവു്, കാശിരാജനായ ദിവോദാസന്റെ പുത്രൻ.

വീതഹവ്യൻ എന്ന രാജാവു ദിവോദാസന്റെ കുടുംബത്തെ ഉന്മൂലനാശം ചെയ്തു. പിന്നീടു ഭൃഗുവിനെക്കൊണ്ടു് ഒരു യാഗം നടത്തിച്ചു പ്രതർദ്ദനൻ എന്ന ഒരു പുത്രനെ സമ്പാദിച്ചു. ഇദ്ദേഹം ഒരു വലിയ യോദ്ധാവായിത്തീർന്നതിന്റെ ശേഷം വീതഹവ്യനോടു പകവീട്ടി. വീതഹവ്യൻ ഭൃഗുവിനെ ശരണംപ്രാപിച്ചു. ഭൃഗു അദ്ദേഹത്തെ ഒരു മഹർഷിയാക്കി.

പ്രതലം-പ്ര. പരത്തിപ്പിടിച്ച ഒരു കൈ.

ത്തിരുമലയ്ക്കും നിവർത്തി പരത്തിയ ഒരു കപ്പടം. വിസ്തൃതമായ പ്രദേശമുള്ളതെന്നർത്ഥം. ൨. ഇടത്തേക്കൈയും വലത്തേക്കൈയും കൂട്ടിച്ചേർത്തു പരത്തിപ്പിടിച്ചതു്. തമ്മിൽ കൂട്ടിച്ചേർത്ത കരതലം.

പ്രതാനം-ക്ര. ഇളയകയ്യ്. ൨. വള്ളി.

പ്രതാനി-പ്രതാനമുള്ള, പരപ്പുള്ള.

പ്രതാനിനി-ക്ര. വള്ളി. ൨. പരപ്പ്.

പ്രതാപം-ക്ര. സമ്പത്തുകൊണ്ടും ശക്തികൊണ്ടും മറവുമുള്ള ഒരു മഹത്വം. ൨. ചൂട്. ന. ഓജസ്സ്. ൪. പ്രഭുശക്തികൊണ്ടും മന്ത്രശക്തികൊണ്ടും ഉണ്ടാകുന്ന അധ്യക്ഷത. ശത്രുക്കളെ പ്രകാശേന തപിപ്പിക്കുന്നതെന്നർത്ഥം. ൫. എരിക്ക്.

പ്രതാപരുദ്രീയം-ഒരു സംസ്കൃത സാഹിത്യശാസ്ത്രഗ്രന്ഥം.
(വിദ്യാനാഥപാണ്ഡിതർ ഉണ്ടാക്കിയതു).

പ്രതാപരുദ്രവർഷം - മലയാളവർഷം

പ്രതാപവൽ-വി. പ്രതാപമുള്ള.

പ്രതാപസം-ഒരു പൂച്ചെടി, വെള്ളരിക്ക്. കണ്ണിനേറ്റ തേജസ്സിനെ കളയുന്നതെന്നർത്ഥം. താപസന്മാർക്കു പ്രകാശത്തെ കെടുക്കുന്നതെന്നുമാവാം.

പ്രതാപി-വി. പ്രതാപമുള്ള.

പ്രതാരണം-വഞ്ചന, ചതിവു്.

പ്രതാരിത-വി. വഞ്ചിക്കപ്പെട്ട.

പ്രതി-അ. ക്ര. പകരം ൨. മാറ്റം. ന. തോറും. ൪. പക്ഷ ൫. സാദൃശ്യം. ന. അല്പവൃത്തി. ൭ സംബന്ധം. ൟ. നിയമം. ൯. കുറിച്ചു്.

പ്രതി-ക്ര. പേപ്പു്, പാമ്പു്. ൨. ഒരുത്തൻ സങ്കടംവച്ചാൽ അതിനുത്തരം പറയേണ്ടുന്നവൻ, പ്രതിവാദി, പ്രതിക്കാരൻ. ന. ഒന്നിൽ നോക്കി പകർത്തിയെഴുത്തു്.

പ്രതികടം-ചോദ്യത്തിനു ശരിയല്ലാതെ തെറ്റായിട്ടു പറയുന്ന ഉത്തരം.

പ്രതികർമ്മം- ക്ര. വസ്ത്രമാല്യാദികളെക്കൊണ്ടുള്ള അലങ്കാരം. ൨. ആ അലങ്കാരംനിമിത്തമുണ്ടായ ശോഭ, ന. മാലിന്യത്തെ കളഞ്ഞു ശരീരം മെടിപ്പുവരുത്തുക.

പ്രതി(തീ)കാരം-ക്ര. പ്രതിക്രിയ. ൨. ഉപശാന്തി.

പ്രതികായം-ക്ര. പ്രതിബിംബം. ൨. ആകൃതി.

പ്രതിക്രുല-വി. വിരോധമുള്ള.

പ്രതിക്രുലം-വിപരീതം.

പ്രതിക്രുലത-വിരോധം.

പ്രതികൃതി-ക്ര. ഒന്നിനു പകരമായുണ്ടാക്കിയ ശരീരം, പ്രതിമ. ൨. പൂജാർത്ഥം ശിലാലോഹാദികളെക്കൊണ്ടുണ്ടാക്കുന്നതായ വിഷ്ണുശങ്കരാദിപ്രതിമ.

പ്രതികൃഷ്ടാ - മാത്രാവൃത്തഭേദങ്ങളിലൊന്നു നിർദ്ദിഷ്ടപ്പെട്ടതു്.

പ്രതിക്രമം-വി. ക്രമത്തിനു വിപരീതമായ.

പ്രതിക്രിയ-പ്രതിഫലം, പകരത്തിനു പകരം ചെയ്ക.

പ്രതിക്കാരൻ-പ്രതിവാദി, ശത്രു.

പ്രതിക്ഷണം-ക്ഷണംപ്രതി, ഉടനെ ഉടനെ.

പ്രതിക്ഷയൻ-കാവൽക്കാരൻ.

പ്രതിക്ഷിപ്ത-വി ക്ര പ്രതിക്ഷേപിക്കപ്പെട്ട, അയയ്ക്കപ്പെട്ട. ൨. കളയപ്പെട്ട. ന. വിരോധിക്കപ്പെട്ട. ൪. അപവദിക്കപ്പെട്ട, ആക്ഷേപിക്കപ്പെട്ട.

പ്രതിക്ഷേപ(ണ)ം-പ്ര. നിരസിക്ക, നിന്ദ. ഉ. ഉപദ്രവം.

പ്രതിക്ഷേപിക്കുന്നു-പ്ര. നിരസിക്കുന്നു, നിന്ദിക്കുന്നു. ഉ. ഉപദ്രവിക്കുന്നു.

പ്രതിഖ്യാതി-പ്രസിദ്ധി.

പ്രതിഗതം-പ്ര. മുമ്പോട്ടും പിന്നോട്ടും പോകാതെകൊണ്ടിരിക്കുന്ന. ഉ. ചുറ്റിസഞ്ചരിക്കുന്ന.

പ്രതിഗമനം-തിരിച്ചുവരുക, മടങ്ങിവരുക.

പ്രതിഗ്രഹം-പ്ര. സ്വീകാരം. ഉ. ദാനം വാങ്ങുക. ന. പിൻപട. ര. കോട്ടമ്പി. ള. രണസൈന്യത്തിന്റെ പിൻഭാഗം. പ്രതിഗ്രഹിക്കപ്പെടുന്നത് എന്നർത്ഥം.

പ്രതിഗ്രഹണം-കൈയ്യേൽക്കൽ.

പ്രതിഗ്രാഹം-പ്ര. കോട്ടമ്പി. ഭക്ഷിക്കപ്പെട്ട താംബൂലത്തെയും മറ്റും സ്വീകരിക്കുന്നത് എന്നർത്ഥം. ഉ. സമ്മാനം വാങ്ങിക്ക.

പ്രതിഗ്രാഹിക-(വ്യാകരണത്തിൽ) ദ്വിതീയവിഭക്തി.

പ്രതിഗ്രാഹ്യം-വി. പ്ര. സ്വീകരിക്കാൻ യോഗ്യമായ. ഉ. സമ്മതിക്കാകുന്ന.

പ്രതിഘ്ന-വി. വിപരീതമുള്ള.

പ്രതിഘ്നം-പ്ര. കോപം, ഔദാര്യശീലത്തെ കളയുന്നത് എന്നർത്ഥം. ഉ. മത്സരം. ന. തല്ല്. ര. ശത്രു.

പ്രതിഘ്നാത(ന)ം-പ്ര. വധം, തല്ലൽ. ഉ. തടവ്.

പ്രതിചിന്തനം-ധ്യാനം.

പ്രതിച്ഛദം-ചിത്രപടം.

പ്രതിച്ഛന്ദം-പ്രതിബിംബം.

പ്രതിച്ഛായ-പ്ര. പ്രതിരൂപം. ഉ. പൂജാർത്ഥം ശിഷ്ടോപചാരാദികളുടെ ഉദ്ദേശിക്കുന്നതായ വിഷ്ണുശേഷാദി പ്രതിമയുടെ പേർ. ഉ. നിഴൽ

പ്രതിച്ഛേദം-തടസ്സം.

പ്രതിജല്പം-മറുപടി, ഉത്തരം.

പ്രതിജവാബ്-മറുപടി.

പ്രതിജാഗരം-ഉഴിയുഴിഞ്ഞുകൊണ്ടുള്ള നോട്ടം, ഉണർന്നിരുന്ന (അമാന്തമില്ലാത്ത) നോട്ടം എന്നർത്ഥം.

പ്രതിജിഹ്വാ-അണ്ണാക്ക്.

പ്രതിജീവനം-രണ്ടാമതു ജീവിക്ക, മരിച്ചശേഷം ജീവിക്ക.

പ്രതിജ്ഞ-പ്ര. ശപഥം, ഞാൻ ഇന്നപ്രകാരം ചെയ്യുമെന്നു സത്യമായി പറക, തീർച്ചപ്പെടുത്തൽ. ഉ. ആജ്ഞ. ന. നിശ്ചയം.

പ്രതിജ്ഞാത-വി. പ്രതിജ്ഞചെയ്യപ്പെട്ട, അംഗീകരിക്കപ്പെട്ട.

പ്രതിജ്ഞാനം-വാശിത്തം, ഉടമ്പടി, ഇന്നപ്രകാരംചെയ്യുമെന്നു തീർച്ചപ്പെടുത്തൽ.

പ്രതിജ്ഞാപത്ര(ക)ം-ഉടമ്പടിച്ചീട്ട്.

പ്രതിജ്ഞേയ-വി. പ്രതിജ്ഞചെയ്യപ്പെടുവാനുള്ള.

പ്രതിജ്ഞേയൻ-മംഗലസ്തുതി പാടുന്നവൻ.

പ്രതിതരൻ-പ്ര. തണുവകിക്കുന്നവൻ. ഉ. കപ്പൽക്കാരൻ.

പ്രതിദത്തം-വി. തിരയെ കൊടുത്ത.

പ്രതിദാ-പ്ര. മറുവാങ്ങിക്ക. ഉ. തിരിയെ കൊടുക്കുക. ന. സമ്മാനമായി കൊടുക്ക.

പ്രതിദാനം-വാങ്ങിച്ചതിനെ തിരിച്ചു കൊടുക്ക.

പ്രതിദാരണം-യുദ്ധം.

പ്രതിദിനം-ദിവസംപ്രതി.

പ്രതിദേയ-വി. തിരിയെ കൊടുപ്പാൻ തക്ക.

പ്രതിദേയം-പണയം.

പ്രതിദ്രവ്യം-പകരം കിട്ടിയ മുതൽ.

പ്രതിദ്വന്ദി-പ്രതിയോഗി, ശത്രു.

പ്രതിധ്വനി-മാറ്റൊലി.

പ്രതിധ്വാനം-മാറ്റൊലി, പ്രതിധ്വനി

പ്രതിനന്ദിക്ക- ക്രി. നന്ദിപറക. ഉ. സ്വാഗതം പറക, മറ്റൊരുവന്റെ അഭിവൃദ്ധിയെക്കുറിച്ചു സന്തോഷം പറക. നാ. പിന്നെയും പിന്നെയും സന്തോഷിക്ക.

പ്രതിനവ-വി. പുതുതായ, പുത്തനായ.

പ്രതിനായകൻ-കാവ്യങ്ങളിൽ നായകന്റെ എതിരാളി.

രാമായണത്തിൽ-രാവണൻ.
മഹാഭാരതത്തിൽ-ശിശുപാലൻ.

പ്രതിനാഹം-കൊടി.

പ്രതിനിധി- ക്രി. പകരം നിൽക്കുന്നവൻ. ഉ. പ്രതിബിംബം. നാ. പണയം.

പ്രതിനിവർത്തിക്കുന്ന- തിരിച്ചുവരുന്ന, വീണ്ടും പ്രവർത്തിക്കുന്ന.

പ്രതിനിവൃത്തൻ-മടങ്ങിപ്പോന്നവൻ.

പ്രതിന്യാസം-പകരത്തിനു പകരം പരസ്പരം സൂക്ഷിച്ചുവെച്ചിട്ടുള്ള പണയം.

പ്രതിപക്ഷം-ശത്രുപക്ഷം.

പ്രതിപക്ഷി-ശത്രുവിന്റെ പക്ഷത്തിൽ നില്ക്കുന്നവൻ, ശത്രു.

പ്രതിപക്ഷി-ശത്രു. (പക്ഷം=ഭാഗം. പക്ഷി=പക്ഷം പിടിച്ചുവൻ).

പ്രതിപൽ-ക്രി. രണ്ടുപക്ഷത്തിലേയും പ്രതിപദം, മാസാരികം തുടങ്ങുന്ന മിവസമെന്നർത്ഥം. ഉ. ബുദ്ധി. (പരമർത്ഥങ്ങളുടെ തിരിച്ചറിവിനുള്ള കരണം).

പ്രതിപച്ചന്ദ്രൻ-കറുത്തവാവുകഴിഞ്ഞു അടുത്തരാത്രി ഉദിക്കുന്ന ചന്ദ്രൻ.

പ്രതിപത്തി - ക്രി. സ്നേഹബഹുമാനങ്ങൾ. ഉ. വിശ്വാസം. നാ. ശ്രദ്ധ, താൽപര്യം. ദ്ര. സമ്മതം. ഇ. കീർത്തി. ന. സമ്പാദ്യം. ഒ. ധീരത. വ. അറിവ്. ൻ. പ്രതികർമ്മം. ഹ്രീ. ഭയം.

പ്രതിപദം-ഒന്നാംതീയതി പക്ഷം. ക്രി. രണ്ടാംപ്രതിപദം. ഉ. കറുത്ത പ്രതിപദം.

പ്രതിപദം-അ. പദന്തോറും, ഓരോ അടിയായി,

'പ്രതിപദമപിതോന്നുമാറ്'

(നളചരിതം കഥകളി)

ഉ. ക്രമത്തോടെ.

പ്രതിപന്ന-വി. ക്രി. അറിയപ്പെട്ട. ഉ. പ്രതിജ്ഞചെയ്യപ്പെട്ട. നാ. ജയിക്കപ്പെട്ട

പ്രതിപാദകം-പ്രതിപാദിക്കുന്നത്, വിവരിക്കുന്നത്.

പ്രതിപാദനം-ക്രി. ദാനം, പുണ്യത്തെ സമ്പാദിക്കുന്നത് എന്നർത്ഥം. ഉ. അറിയിക്ക. നാ. പ്രവൃത്തി. ദ്ര. ഉപദേശം. ഇ. വിവരണം, വിവരിക്കുക.

പ്രതിപാദിക്കുന്ന-ക്രി. നിശ്ചയിക്കുന്ന. ഉ. കൈക്കൊള്ളുന്ന. നാ. വിവരിച്ചു പറയുന്ന. ദ്ര. പറയുന്ന.

പ്രതിപാദ്യ-വി. പ്രതിപാദിക്കത്തക്ക.

പ്രതിപാലനം-സൂക്ഷിപ്പ്.

പ്രതിപ്പെടുക-പ്രതിയാദാനംചെയ്യുക.

പ്രതിപ്രദാനംചെയ്യുന്ന-പകരം കൊടുക്കുന്ന.

പ്രതിപ്രസ്ഥാതാവ്- ക്രി. ഉത്പാദിക്കുകളിൽ ഒരാൾ.

പ്രതിപ്രസ്ഥാനം-മറുപക്ഷത്തുചേരുക, ശത്രുപക്ഷത്തുചേരുക.

പ്രതിപ്രാവൃതം–തിരിച്ചുകിട്ടാൻ ശക്യമായിട്ടുള്ളത്.

പ്രതിഫലം–ക. പകരമായ അനുഭവം. ഉ. പ്രതിബിംബം, ഛായ. നാ. മക്ഷിണ, ശമ്പളം, ക്രയി.

പ്രതിഫലിക്കുന്നു–പ്രതിബിംബിക്കുന്നു.

പ്രതിഫലിത–വി. പ്രതിബിംബിക്കപ്പെട്ട.

പ്രതിബദ്ധ–വി. ക. വിരോധിക്കപ്പെട്ട ഉ. തന്റെ അഭിലാഷത്തിന് അന്യകൽനിന്നു ഭംഗംപ്രാപിച്ച നാ. കെട്ടപ്പെട്ട. ര. സംബന്ധിക്കപ്പെട്ട.

പ്രതിബന്ധം–ക. തടസ്സം, തടവ്. ഉ. നിബ്ബന്ധം.

പ്രതിബന്ധക–വി. വിരോധിക്കുന്ന, തടുക്കുന്ന.

പ്രതിബന്ധകം–ക. തടവ്. ഉ. മരത്തിന്റെ രോഗം.

പ്രതിബല–വി. ക. തുല്യബലമുള്ള. ഉ. ശക്തിയുള്ള.

പ്രതിബിംബം–ക. ഛായ, നിഴൽ. ഉ. പ്രതിമ.

പ്രതിബിംബിക്കുന്നു–നിഴലിക്കുന്നു.

പ്രതിബിംബിത–വി. നിഴലിക്കപ്പെട്ട.

പ്രതിബോധം–ക. ഉണർച്ച. ഉ. തിരിച്ചറിവ്, അറിവ്. നാ. ബുദ്ധി. ര. ഒർമ്മ.

പ്രതിഭ–ക. ബുദ്ധി, പുത്തൻപുതുമനായി തോന്നിപ്പിക്കുന്ന ബുദ്ധിശക്തി. ഉ. ശോഭ. നാ. ധീരത. ര. പഞ്ചാരരാശി.

പ്രതിഭടൻ–ശത്രു.

പ്രതിഭയ–വി. ഭയത്തെ ഉണ്ടാക്കുന്ന.

പ്രതിഭയം–ഭയം, ഭയാനകരസം. വീണ്ടും വീണ്ടും ഭയത്തെ ഉണ്ടാക്കുന്നത് എന്നർത്ഥം.

പ്രതിഭാഗം–ക. പ്രതിയുടെ ഭാഗം. ഉ. വിഭാഗം, പകുത്തുകൊടുക്കൽ.

പ്രതിഭാനം–ക. തെളിച്ചം, പ്രകാശം. ഉ. ബുദ്ധിശക്തി. നാ. വിശ്വാസം.

പ്രതിഭാനംചെയ്ക–തോന്നുക.

പ്രതിഭാന്വിത–വി. പ്രതിഭയുള്ള. പ്രതിഭ എന്ന ബുദ്ധിവിശേഷത്തോടുകൂടിയ

പ്രതിഭാമുഖ–വി. ബുദ്ധിക്കു തെളിവുള്ള, ഉഷസ്സുള്ള.

പ്രതിഭാസം–ക. പെട്ടെന്നുള്ളിൽ തോന്നുന്നത്, തോന്നൽ. ഉ. ബാഹ്യാകൃതി. നാ. സംഭവം. ര. കാഴ്ച.

പ്രതിഭു–മദ്ധ്യസ്ഥൻ, സ്വാധീയി, ജാമ്യക്കാരൻ. പ്രതിനിധിയായി ഭവിക്കുന്നവൻ എന്നർത്ഥം.

പ്രതിഭോഗം–സുഖാനുഭവം.

പ്രതിമ–വി. തുല്യതയുള്ള.

പ്രതിമ–ക. പ്രതിശരീരം, പ്രതിബിംബം. ഇതുകൊണ്ടു പ്രതിമാനം കഴിയുന്നതിനാൽ ഈ പേർ വന്നു. ഉ. ഒരു അളവ്. നാ. ആനയുടെ തലയിൽ കൊമ്പുകളുടെ മദ്ധ്യേയുള്ള ഭാഗം.

പ്രതിമകൾ എട്ടുവിധം—ശിലാമയി, ധാതുമയി, ലോഹമയി, ലേപ്യമയി, ലേഖ്യമയി, ദാരുമയി, മണിമയി, മാനുഷമയി.

പ്രതിമത–തുലത.

പ്രതിമാനം–ക. പ്രതിമ, സാദൃശ്യം. ഉ. ആനയുടെ പൊതുവഴം, കൊമ്പുകളുടെ മദ്ധ്യപ്രദേശം. ഹിംസിക്കുന്നതും എന്നർത്ഥം. നാ. പകരമുണ്ടാക്കിയ സാധനം.

പ്രതിമുക്ത–വി. കയ്യൊഴിച്ച.

പ്രതിമുക്തം–കെട്ടഴിച്ചുകളഞ്ഞ പട്ടുകച്ചയുടെ തലയറ്റം.

പ്രതിമൂഷികാ-നരച്ചെലി.

പ്രതിയത്ന-വി. ചെറുത്തുള്ള, രൈയ്യുമുള്ള.

പ്രതിയത്നം-പ്ര. ആയുധം, അമിഷം. ര. അടിമപ്പെടുത്തുക. ന. അറിവ്. ഴ. പ്രതികാരം. ള. പൂത്തിയാക്കുക. ന. തമ്മിൽ കുട്ടിച്ചേർക്കുക (ആനകളുടെ ഉണ്ടാക്കുക). റ. ഗുണാധാനം.

പ്രതിയാതന-പ്രതിശരീരം, പ്രതിമ. ഇതുകൊണ്ടു പ്രതിയാനം ചെയ്യുന്നതിനാൽ ഇതേ പേർ വന്നു.

പ്രതിയാതനം-പകരം വീട്ടുക.

പ്രതിയാനം-മടക്കം, മടങ്ങിപ്പോക്ക്.

പ്രതിയോഗം-രൈവരം.

പ്രതിയോഗി-വി. വിരോധിക്കുന്ന, എതിർക്കുന്ന

പ്രതിയോഗി-വിരോധി, ശത്രു, എതിരാളി.

'മൽപ്രതിയോഗി ചമച്ചാഴിയിൽ
പുക്കൊളിച്ചുപ്പൊഴും'
(ഭാഗവതം)

പ്രതിയോഗി-പ്രതിവാദി.

പ്രതിയോഗിത-വിരോധം, ശത്രുത.

പ്രതിരഥൻ- എതിർത്തു യുദ്ധംചെയ്യാൻ വരുന്നവൻ.

പ്രതിരുദ്ധ-വി. വിരോധിക്കപ്പെട്ട, തടുക്കപ്പെട്ട.

പ്രതിരൂപം-പ്രതിബിംബം.

പ്രതിരോധം-തടവ്, വിരോധം.

പ്രതിരോധി-വി. പ്രതിരോധിക്കുന്ന, വിരോധിക്കുന്ന.

പ്രതിരോധി-കള്ളൻ. തടുപ്പൻ ശീലമുള്ളവൻ എന്നർത്ഥം.

പ്രതിരോധിക്കുന്ന-തടയുന്ന, എതിരായി തടുക്കുന്ന.

പ്രതിലോമ-വി. പ്ര. ഇടത്തോട്ട്. ര. വിപരീതമായ. ന. ഹീനമായ.

പ്രതിലോമ്യം-വിപരീതത്വം.

പ്രതിവചനം-ഉത്തരം.

പ്രതിവദിക്കുന്ന-ഉത്തരം പറയുന്ന.

പ്രതിവർത്തനം-തിരിച്ചിൽ, തിരിച്ചു വരവ്.

പ്രതിവസഥം-ഗ്രാമം, കര.

പ്രതിവസ്തൂപമ-ഒരു അലങ്കാരം.

'ഒരേ സാധാരണധർമ്മത്തെ വാചകപദം കൂടാതെ ഉപമേയവാക്യത്തിലും ഉപമാനവാക്യത്തിലും പറ്റിയപദങ്ങളെക്കൊണ്ടു നിർദ്ദേശിക്കുന്നതു'.

പ്രതിവാക്യ - വി. ഉത്തരം പറയേണ്ടുന്ന.

പ്രതിവാക്യം-ഉത്തരം. ചോദ്യത്തിനു പകരം പറയുന്നവാക്ക് എന്നർത്ഥം.

പ്രതിവാണി-ഉത്തരം.

പ്രതിവാദം-പ്ര. ഉത്തരംപറക. ര. വിവാദം. ന. എതിർവാദം.

പ്രതിവാദനം-ഉത്തരം പറക.

പ്രതിവാദി-ഉത്തരം പറയുന്നവൻ.

പ്രതിവാദിക്കുന്ന-പ്ര. ഉത്തരംപറയുന്ന. ര. തടുക്കുന്ന.

പ്രതിവാരം-അ. ആഴ്ചതോറും.

പ്രതിവാരണം-തടുക്കുക.

പ്രതിവാസരം- ദിവസന്തോറും.

പ്രതിവാസി-വി. അടുത്ത വേതനത്തിൽ പാർക്കുന്ന.

പ്രതിവിധാനം-പ്ര. വിരോധം. ര. പരിഹാരപ്രവൃത്തി.

പ്രതിവിധി-പ്രായശ്ചിത്തം, എന്തിനെങ്കിലും പകരമായി പിന്നീടു ചെയ്യുന്ന കർമ്മം.

പ്രതിവിന്ധ്യൻ-ധർമ്മപുത്രരുടെ മകൻ.

പ്രതിവിംബം-പ്രതിബിംബം.

പ്രതിവിഷ-ഒരുങ്ങാടി മരുന്ന്, അതിവിടയം, അരുതുല്യം എന്നർത്ഥം.

പ്രതിവേശം-അയൽപക്കം.

പ്രതിവേശി-വി. അയൽപക്കത്തുള്ള.

പ്രതിശബ്ദം-മാറ്റൊലി.

പ്രതിശാന്തി. പ്രശാന്തിയിലാക്കൽ. ൨. ഒഴികഴിവ്. ൩. ഉപശാന്തി.

പ്രതിശാസനം-നിയോഗം, ഭൃത്യാദികളെ വിളിച്ചു കാര്യമർത്ഥം പറഞ്ഞയയ്ക്കുക.

പ്രതിശിഷ്ട-വി. പ. കീർത്തിപ്പെട്ട. ൨. അയക്കപ്പെട്ട.

പ്രതിശ്രായം, പ്രതിശ്രയ-വി. മൂക്കടവിച്ചു, പീനസം. പ്രതിക്ഷണം വൃദ്ധിയെ പ്രാപിക്കുന്നത് എന്നർത്ഥം.

പ്രതിശ്രയം-പ. സഭ. ഇതിൽ ആശ്രയിക്കുന്നതിനാൽ ഈ പേർവന്നു. ൨. യാഗശാല. അതായതു തരക്കാക്ക് വേറെ വേറെ ഇരിപ്പാൻ ഇടങ്ങളും ഉള്ളതു എന്നർത്ഥം. ൩. ആശ്രയസ്ഥാനം. ൪. ഭവനം.

പ്രതിശ്രവം-പ്രതിജ്ഞ (ഏൽക്കുക), അംഗീകാരം

പ്രതിശ്രവിക്കുന്നു-പ. പ്രതിജ്ഞചെയ്യുന്നു. ൨. അനുവദിക്കുന്നു.

പ്രതിശ്രുത-വി. പ്രതിജ്ഞചെയ്യപ്പെട്ട.

പ്രതിശ്രുത്ത്-മാറ്റൊലി. പ്രഥമശബ്ദത്തെ ശ്രദ്ധിക്കുന്നതിൽ തിരിച്ചു കേൾക്കുന്നത് എന്നർത്ഥം.

പ്രതിഷിദ്ധ-വി. വിലക്കപ്പെട്ട, നിഷേധിക്കപ്പെട്ട.

പ്രതിഷേധം-പ. വിലക്ക്. ൨. വിരോധം.

പ്രതിഷ്കംഭം-പ. തടവ്. ൨. വിരോധം, പ്രതികൂലമായ തടസ്സം. ൩. മരവിപ്പ്. (പ്രതി + സ്തംഭം = പ്രതിഷ്കംഭം.)

പ്രതിഷ്ഠ-വി. കീർത്തിയുള്ള.

പ്രതിഷ്ഠ-പ. കീർത്തി. ൨. ബിംബവും മറവും ശുദ്ധിചെയ്തിരുത്തുക. ൩. ഇരിപ്പ്. ൪. തറമസിക്കുക. ൫. സ്ഥലം. ൬. ഭൂമി. ൭. നിവൃത്തി. ൮. ഛന്ദസ്സുകളിൽ ഒന്ന്. ൯. ഉറപ്പ്. ൧൦. ബഹുമാന്യസ്ഥാനം.

പ്രതിഷ്ഠാപകൻ-പ്രതിഷ്ഠിക്കുന്നവൻ.

പ്രതിഷ്ഠാപനം-ഉറപ്പിപ്പ്, ബിംബവും മറവും ശുദ്ധിചെയ്തിരുത്തുക. (പ്രതി + സ്ഥാപനം = പ്രതിഷ്ഠാപനം).

പ്രതിഷ്ഠാപിത-ഉറപ്പിക്കപ്പെട്ടത്.

പ്രതിഷ്ഠിക്കുന്നു-ബിംബവും മറവും ശുദ്ധിചെയ്തിരുത്തുന്നു.

പ്രതിഷ്ഠിത-വി. പ. പ്രതിഷ്ഠിക്കപ്പെട്ട. ൨. കീർത്തിക്കപ്പെട്ട.

പ്രതിസര-വി. ആശ്രയിച്ച.

പ്രതിസരം-പ. സൈന്യത്തിൽ ഒരു ഭാഗം, പിൻപട. ൨. കൈവള. ൩. കല്യാണത്തിനു മന്ത്രപൂരസ്സരമായി കൈയിൽകെട്ടുന്ന ഒരു ചരട് (രക്ഷാസൂത്രം).

'കാന്തോരകന്ദഖനനം രചയേതി നൂന-
മാമുക്തവാൻപ്രതിസരം ശിവനൻ
വസിഷ്ഠഃ' (ഭോജചമ്പു)

പ്രതിസരസൂത്രം-പ. വിവാഹത്തിനു കൈയിൽ കെട്ടുന്ന ചരട്, കാപ്പ്.

പ്രതിസർഗ്ഗം-പ. ലോകത്തിന്റെ സൃഷ്ടിനാശങ്ങളെക്കുറിച്ചു പറയുന്ന പുരാണത്തിന്റെ ഒരുഭാഗം. ൨. നാശം, മരണം

പ്രതിസവ്യ-വി. പ. ഇടത്തുള്ള. ൨. വിപരീതമായ.

പ്രതിസീര-പ്ര. തിരസ്കീല. ഉ. മറ. മറയ്ക്കുണ്ട മിക്കതോരും കെട്ടപ്പെട്ടന്നത് എന്നത്ഥം.

പ്രതിസൂയ്യകം-ഒരുതരി.

പ്രതിസ്പർദ്ധ-അസൂയ.

പ്രതിസ്വനം-പ്രതിധ്വനി.

പ്രതിഹത- വി. പ്രതിഹനിക്കപ്പെട്ട. പ്ര. കൊല്ലപ്പെട്ട. ഉ. തടവുവന്ന സ. കളയപ്പെട്ട. ഴ. തന്റെ അഭിലാഷത്തിന്ന അനുകൂലം നിന്ന ഭംഗംവന്ന. ങ. വീണുപോയ. ന. നേരിട്ട.

പ്രതിഹത്താവ്-പ്രണ്ട ഉത്പാദകങ്ങളിൽ ഒരാം.

പ്രതിഹാരകൻ-മന്ത്രവാദി.

പ്രതിഹാരികൻ - ഇന്ദ്രജാലക്കാരൻ. വ്യാജം പ്രയോജനമായിട്ടുള്ളവൻ എന്നത്ഥം.

പ്രതിഹാരം-വാതിൽ, ഭാരം, അകത്തേക്ക കടപ്പാനുള്ള വഴി.

പ്രതിഹാരി-കാവൽക്കാരൻ, ഭാരവാഹകൻ.

പ്രതിഹാസം-ഒരു മരുന്ന്. കണവീരം. അലരി എന്ന് തമിഴ് വ്യാഖ്യാനം. പൂവുകളം നിമിത്തം ചിരിക്കുന്നതുപോലെ നിൽക്കുന്നത് എന്നത്ഥം.

പ്രതീക-വി. പ്ര. വിരോധമായുള്ള ഉ. വേർതിരിയപ്പെട്ട.

പ്രതീകം-പ്ര ശരീരം, അവയവം. കരചരണാദ്യവയവങ്ങളുടെ പേർ തിരിച്ചറിയപ്പെടുന്നത് എന്നത്ഥം. ഉ. ഓഹരി, സ. പ്രതിരൂപം.

പ്രതീകാരം-പ്ര. പകവീട്ടുക, വൈരശുദ്ധി, പകരം ചെയ്യുക എന്നത്ഥം, ഉ. പ്രതിശാന്തി.

പ്രതീകാശ വി. തുല്യമായ

പ്രതീകാശം-സദൃശം.

പ്രതീകാശം എന്ന ശബ്ദം സമാസത്തിനുശേഷമേ പ്രയോഗിക്കപ്പെടുന്നുള്ളു — ഒറ്റയായിട്ട കേൾക്കയില്ല.

പ്രതീക്ഷ - കാത്തിരിക്കയെന്നുള്ളത്, സംഭവിക്കുന്നതിലുള്ള ആശ.

പ്രതീക്ഷിതം-വി. പ്ര. കാത്തിരുന്ന. ഉ. വിചാരിക്കപ്പെട്ട. സ. ബഹുമതിക്കപ്പെട്ട.

പ്രതീക്ഷിക്കുന്ന-കാത്തിരിക്കുന്ന.

പ്രതീക്ഷ്യ-വി. പൂജ്യനിലയിലുള്ള.

പ്രതീക്ഷ്യൻ-പൂജ്യൻ. സർവ്വരാലും പ്രതീക്ഷിക്കപ്പെടുന്നവൻ എന്നത്ഥം.

പ്രതീചി-പടിഞ്ഞാറ്. പകലിന്റെ അവസാനത്തിങ്കൽ സൂര്യനെ ഗമിക്കുന്നത് എന്നത്ഥം.

പ്രതീചീന-വി. പ്ര. പടിഞ്ഞാറുള്ള, ഉ. പുതിയ.

പ്രതീച്യ-വി. പടിഞ്ഞാറൻ.

പ്രതീച്ഛകൻ-ചതിയൻ.

പ്രതീത-വി. പ്ര. പ്രസിദ്ധമായ, പ്രസിദ്ധിയുള്ള. ഉ. അറിയപ്പെട്ട. സ. സന്തോഷിക്കപ്പെട്ട. ഴ. വണക്കമുള്ള. ങ. പോയ.

പ്രതീതൻ-പ്രസിദ്ധിയുള്ളവൻ. പ്രത്യേകം ഗമിക്കുന്നവൻ. ഓരോ കാര്യത്തിലും പ്രത്യേകം പ്രസിദ്ധപ്പെട്ടവൻ എന്നത്ഥം സന്തോഷമുള്ളവൻ.

പ്രതീതി-പ്ര. തോന്നൽ. ഉ. അറിവ്. സ. കീർത്തി. ഴ. സന്തോഷം. ങ. ബഹുമാനം.

പ്രതീന്ധകം-വിദേഹം എന്ന രാജ്യം.

പ്രതീനാഹം-മുകുടി.

പ്രതീപ-വി. പ്ര. പിൻതിരിഞ്ഞ. ഉ. പ്രതികൂലതയുള്ള.

പ്രതീപദർശിനീ-പ്ര. സ്ത്രീ. ചെരിഞ്ഞ നോട്ടമുള്ളവർ. കടക്കണ്ണുകൊണ്ടു നോക്കുന്ന പതിവുള്ളതിനാൽ ഈ അർത്ഥം ഉണ്ടായി. പ. സുന്ദരി.

പ്രതീപൻ-ഒരു രാജാവു്, ശന്തനുവിന്റെ അച്ഛൻ, ഭീഷ്മന്റെ പിതാമഹൻ.

പ്രതീപം-പ്ര. പ്രതീപം എന്ന അലങ്കാരം.

പ്രസിദ്ധമായ ഉപമാനത്തെ ഉപമേയമാക്കി ഉയർത്തിക്കാണുന്നതു്—പ്രതീപാലങ്കാരം.

പ. വിപരീതം.

പ്രതീരം-സമുദ്രത്തിന്റേയും മറ്റും കടപ്പുറം

തീരശബ്ദത്തോടു ഉപസർഗ്ഗം ചേർക്കുന്നപക്ഷം 'പ്ര' എന്നുമാത്രമേ ചേർക്കാവു.

പ്രതീവേശം-പ്ര. സമീപം. പ. അയൽപക്കം.

പ്രതീഹാരൻ-പ്രതിഹാരൻ

പ്രതീഹാരം-വാതിൽ, പ്രാകാരം, അകത്തേയ്ക്കു കടപ്പാനുള്ള വഴി.

പ്രതീഹാരീ-അകത്തു കാവൽക്കാരത്തി, അകത്തു കാവൽക്കാരൻ. വരുന്നവരെ എതിരേറ്റു രക്ഷിക്കേണ്ടുകയാൽ ഈ പേർ വന്നു.

സാധാരണ സ്ത്രീകളെയ്ക്കാൾ അകത്തു കാവൽ അതു ഒരു പക്ഷേ പുരുഷനായിരുന്നാലും ഈ ശബ്ദം സ്ത്രീലിംഗമായിത്തന്നെയിരിക്കും.

പ്രതോദം-തോട്ടിവടിക്കോൽ.

പ്രതോദിക്കുന്നു-രക്ഷിക്കുന്നു.

പ്രതോളി-തെരുവു്, പെരുവഴി, ഗ്രാമമദ്ധ്യത്തിലുള്ള പ്രധാനവീഥി ധനവാന്മാരുടെ ധനസമൂഹത്തെ കണക്കാക്കിയുണ്ടാകുന്നതു എന്നർത്ഥം.

ഉപഗ്രഹങ്ങളുടെ മദ്ധ്യത്തിലൂടെ വീതികുറഞ്ഞ വഴിയുണ്ടാകും വേണ്ടുവോളം വീതിയുണ്ടെങ്കിലും രണ്ടുവശവും അഗാധഗർത്തം ഇല്ലാത്ത മാർഗ്ഗത്തിനെയും പ്രതോളി എന്നു പറഞ്ഞുകൂടാ.

'കാളീഭഗവതിതൻകേളീഭവനത്തിൽപ്പ്രതോളീപ്രദേശത്തുപ്രവേശംതുടങ്ങിനമല്ലെ

(തുക്മിണീസ്വയംവരം തുള്ളൽ)

പ്രത്ന-വി. പണ്ടേയുള്ള, പഴമയായ, പഴയ.

പ്രത്യക്-അ. പ്ര. പിന്നത്തെ. പ. പടിഞ്ഞാറെ. സ. പടിഞ്ഞാറേക്കു. ര. പടിഞ്ഞാറുള്ള ദേശം. ഭ. പശ്ചിമകാലം.

പ്രത്യക്-വി. പ്ര. പിന്നാലെയുള്ള പ. പടിഞ്ഞാറുള്ള. സ. ക്രുദ്ധിക്കുന്നവൻ.

പ്രത്യക്പർണ്ണി-പ്ര. വലിയ കൂലുപുട്ടി, ചെറിയ കടലാടി. വിലങ്ങുത്തിലുള്ള ഇലകളോടു കൂടിയതു് എന്നർത്ഥം. പ. വലിയ മന്തി.

പ്രത്യക്ശ്രേണി-പ്ര. നാകമന്തി. ദം. എലിച്ചെവിയൻ. വിപരീതമായ പത്രസമൂഹമുള്ളതു് എന്നർത്ഥം.

പ്രത്യക്ഷ-വി. കാണാകുന്ന.

പ്രത്യക്ഷം-കാണായതു കേൾപ്പായതു മറ്റും കഴിയുന്നതു്. പക്ഷ്യം സമക്ഷം. ഇന്ദ്രിയത്തെ പ്രതിഗമിച്ചുള്ളതു് എന്നർത്ഥം പ്രത്യക്ഷം>< പരോക്ഷം.

പ്രത്യക്ഷത-കാഴ്ച.

പ്രത്യക്ഷകാലം-മുമ്പിൽ നിൽക്കുന്ന കാലം (വർത്തമാനകാലം).

പ്രത്യക്ഷീകരണം-വെളിപ്പെടുത്തൽ.

പ്രത്യക്ഷീകരിക്കുന്നു-വെളിപ്പെടുത്തുന്നു

പ്രത്യഗ്ര-വി. പുതിയ.

പ്രത്യഗ്രം-നൂതനം, പുതിയതു്. പുതിയ അഗ്രത്തോടുകൂടിയതു് എന്നർത്ഥം.

പ്രത്യംഗം- പ. ജ്ഞാനേന്ദ്രിയങ്ങളിൽ ഒന്ന്. ഉ. തൊടി, മൂക്ക്, രുചി മുതലായ ചെറിയ അംഗങ്ങൾക്ക് പറയുന്ന ഒരു പേർ.

പ്രത്യങ്മുഖ-വി. പിന്തിരിഞ്ഞ മുഖത്തോടുകൂടിയ.

പ്രത്യനീകം-ഒരലങ്കാരം.

പ്രത്യന്ത-വി. ഒതുങ്ങിയിരിക്കുന്ന.

പ്രത്യന്തം-മ്ലേച്ഛരാജ്യം.

പ്രത്യന്തപർവ്വതങ്ങൾ-വലിയ പർവ്വതങ്ങളുടെ പുറകം കാണപ്പെടുന്ന ചെറുതരം കുന്നുകൾ.

പ്രത്യപചാരം-തിരിയെ പോക, പിന്തിരിയുക.

പ്രത്യഭിജ്ഞാനം-തിരിച്ചറിവ്.

പ്രത്യഭിയോഗം-വാദിയുടെ പേരിൽ പ്രതിവാദി ബോധിപ്പിക്കുന്ന സങ്കടം.

പ്രത്യയം-പ. (വ്യാകരണത്തിൽ) അർത്ഥത്തിൽ അല്പമായിട്ട് വേറെവേറെ ഭേദങ്ങളെ വരുത്തിയതിനെ കാണിക്കുന്നതിനായിട്ട് ഒരു പദത്തിന്റെ അന്തത്തിൽ ചേർക്കുന്ന അക്ഷരങ്ങൾ. ഉ. അധീനം, സ്വാധീനമായിട്ടുള്ളത്. നു. ശ്രുതി. ർ. കാരണം. ഇ. ആചാരം. ന. വിശ്വാസം. ൈ. യന്ത്രം. വ. ജ്ഞാനം ൻ. ശപഥം, ഹ. നിശ്ചയം. ഹഹ. പഴുത്. ഹഉ. ശബ്ദവിശേഷം പ്രതിഗമിക്കുക എന്നർത്ഥം.

പ്രത്യയിത-വി. വിശ്വസിക്കപ്പെട്ട.

പ്രത്യയിതൻ-വിശ്വസ്തൻ. മരുന്നിന്റെ പര്യായം-'ആപ്തൻ'.

പ്രത്യയിപ്പിക്കുന്ന-തോന്നിക്കുന്ന, ഓർമ്മിപ്പിക്കുന്ന.

'സത്യംതാനേപ്രത്യയിപ്പിച്ചിടുന്നേ'
(അഭി ജ്ഞാനശാകുന്തളം)

പ്രത്യരം-ഒരുരോഗത്തൻ ജനിച്ച നാളിന്റെ അഞ്ചാമത്തെ നാൾ.

പ്രത്യർത്ഥം-പ്രത്യരം.

പ്രത്യർത്ഥി-വി. ശത്രുതയുള്ള. (സ്ത്രീലിംഗം-പ്രത്യർത്ഥിനീ).

പ്രത്യർത്ഥി-പ. ശത്രു.

'പാർത്ഥപ്രത്യർത്ഥിവർഗ്ഗപ്രശമനപടവോ-
ച്ചുച്ചരാഭ്യംസചക്രീയം'
(കിർമ്മീരവധം കഥകളി)

ഉ. പ്രതിവാദി. നു. എതിരാളി. (നകാരാന്തമാണ്).

പ്രത്യർപ്പണം-തിരിച്ചുകൊടുക്കൽ

പ്രത്യർപ്പിക്കുന്ന-തിരിച്ചു കൊടുക്കുന്ന

പ്രത്യർപ്പിത-വി. തിരിച്ചുകൊടുക്കപ്പെട്ട

പ്രത്യവസിത-വി ഭക്ഷിക്കപ്പെട്ട, തീർന്നതീർത്ത.

പ്രത്യവസിതം-ഭക്ഷിക്കപ്പെട്ട അന്നാദികൾ.

പ്രത്യവായം-പ. വേർപാട്. ഉ. കുറവ്, പാപം. നു. ഇല്ലാതാകുന്നത്.

പ്രത്യസ്തം-പകരം പ്രയോഗിക്കുന്ന അസ്ത്രം.

പ്രത്യഹം-അ. ദിവസന്തോറും.

പ്രത്യാഖ്യാത-വി പ. നിഷേധിക്കപ്പെട്ട, നിഷേധിക്കപ്പെട്ട. ഉ. അറിയിക്കപ്പെട്ട നു. ശ്രുതിപ്പെട്ട. ർ. വിരോധിക്കപ്പെട്ട.

പ്രത്യാഖ്യാനം-നിഷേധം, തള്ളുക, തള്ളൽ. മടക്കിപ്പറയുക എന്നർത്ഥം.

പ്രത്യാഖ്യാനിക്കുന്ന-നിഷേധിക്കുന്ന.

പ്രത്യാഗതൻ-തിരിച്ചുവന്നവൻ.

പ്രത്യാഗമം-തിരിച്ചുവരവ്.

പ്രത്യാദിഷ്ട-വി. പ്രത്യാദേശിക്കപ്പെട്ട, നിഷേധിക്കപ്പെട്ട.

'പ്രത്യാദിഷ്ടം കാമമക്ഷണപുത്രീം'
(അഭിജ്ഞാനശാകുന്തളം)

പ്രത്യാദേശം-പ്ര. നിഷേധം. ഉ. നിരാകരിക്കൽ. ന. കല്പന.

പ്രത്യാനയിക്കുന്ന-വീണ്ടും സ്വസ്ഥാനത്തെ പ്രാപിപ്പിക്കുന്ന. പിന്നെയും എടുത്തിടുന്ന.

പ്രത്യാലീഢ-വി. ഭക്ഷിക്കപ്പെട്ട.

പ്രത്യാലീഢം-ഏവുകാരന്റെ ഒരു നില. ഇടത്തെ മുഴങ്കാൽ നീട്ടി വലത്തെ മുഴങ്കാൽ കവക്കിയുള്ള നില്പ്.

(ഇതിന വിപരീതം-ആലീഢം).

പ്രത്യാശ-വിശ്വാസം.

പ്രത്യാസത്തി-സമീപം.

പ്രത്യാസന്ന-വി. സമീപമായുള്ള.

പ്രത്യാസാരം-പ്ര. പിൻപട. വ്യൂഹത്തിന്റെ പിൻഭാഗം. തേറവരെ (മുറിയേറവരെ) പിൻഭാഗത്തേക്ക് ആക്കുന്നത് എന്നത്ഥം. ഉ. അണിഭേദം.

പ്രത്യാഹതം-പിന്നോക്കം പോക.

പ്രത്യാഹരണം-വീഴ്ച.

പ്രത്യാഹാരം-പ്ര. ചുരുക്കുക. ഉ. സ്വസ്വവിഷയങ്ങളിൽ നിന്നും ഇന്ദ്രിയങ്ങളെ പിൻമടക്കുക.

പ്രത്യാഹാരം ബുദ്ധിപൂർവ്വകമായിരിക്കണം. ഒരു പദാർത്ഥത്തെ കാണേണ്ട എന്ന നാട്യത്തിൽ കണ്ണടച്ചിരുകയും മനസ്സിൽ ആ വസ്തുവെ തന്നെ വിചാരിക്കയും ചെയ്യുന്നത് പ്രത്യാഹാരമല്ല. കണ്ണുറന്നു മിഴിച്ചിരുന്നാലും ദൃശ്യമായ വിഷയത്തെ അതു ഗ്രഹിക്കാതെ ഇരിക്കുന്നതത്രേ ശരിയായ പ്രത്യാഹാരം. ന. വ്യാകരണത്തിൽ ചുരുക്കിപ്പറഞ്ഞതിനു ചില അക്ഷരങ്ങൾ കൂട്ടിത്തികയ്ക്കുക.

പ്രത്യുക്തി-ഉത്തരം, മറുപടി.

പ്രത്യുക്തികുശലൻ-മറുപടി പറയുന്നതിൽ സമർത്ഥൻ.

പ്രത്യുച്ചാര(ണ)ം-ആവർത്തിച്ചുചൊല്ലുക.

പ്രത്യുജ്ജീവനം-വീണ്ടും ജീവിക്ക.

പ്രത്യുത-അ. നേരെമറിച്ച്.

പ്രത്യുത്ഥാനം-ഒരാൾ വരുമ്പോൾ ബഹുമാനിച്ച് എഴുന്നേറ്റ് എതിരേൽക്കുക.

'പ്രത്യുത്ഥാനേവുമഭിവാദ്യവുമിതിക്കുട്ടേ'
(മഹാഭാരതം കിളിപ്പാട്ട്)

പ്രത്യുൽക്രമം-പ്ര. പ്രേരണം. ഉ. ഒരു കർമ്മം ആരംഭിക്കുമ്പോൾ ഉന്നമേതയി ചെയ്യുന്ന പ്രവൃത്തി. ന. യുദ്ധത്തിന്നായിരിക്കാനുള്ള അത്യുത്സാഹം.

പ്രത്യുൽക്രമിക്കുന്ന-തുടങ്ങുന്ന.

പ്രത്യുൽഗമനം-പ്ര. ഒരാൾ വരുമ്പോൾ ബഹുമാനിച്ചു ഇങ്ങോട്ടെഴുന്നേല്ക്കുന്നതിനു എഴുന്നേല്ക്കുക. ഉ. ബഹുമാനിച്ചു ചെന്നു എതിരേല്ക്കുക.

പ്രത്യുൽഗമനീയ-വി. എഴുന്നേറ്റു ബഹുമാനിക്കപ്പെടുവാൻതക്ക.

പ്രത്യുൽഗമനീയം-ഉത്തരീയം, രണ്ടാം വസ്ത്രം.

പ്രത്യുത്തരം-പ്രതിവാക്യം, ഉത്തരത്തിനുത്തരം.

പ്രത്യുൽപന്ന-വി. പ്ര. ഒരുങ്ങിയിരിക്കുന്ന. ഉ. മറുജന്മം ജനിച്ച

പ്രത്യുൽപന്നം-ഒരു തുകയെ മറ്റൊരു തുകകൊണ്ടു ഹരിക്കുക.

പ്രത്യുൽപന്നമതി-വി. പ്ര. ചെയ്യു

മുള്ള. ഉ. ബുദ്ധിശക്തിയുള്ള. ന. സമയോചിതബുദ്ധിയുള്ള.

പ്രത്യൽപന്നമതി – അവസരംപോലെ ഉടനടൻ ആലോചിച്ചു പ്രവർത്തിപ്പാനുള്ള ബുദ്ധി.

പ്രത്യുദാഹരണം–ഒരു ഉദാഹരണത്തിനു വിപരീതമായ ഉദാഹരണം.

പ്രത്യുപകാരം–പകരം ചെയ്യുന്ന ഉപകാരം.

'പ്രത്യുപകാരംമറക്കുന്നപുരുഷൻ
ചത്തതിനൊക്കുമേജീവിച്ചിരിക്കിലും'
(രാമായണം)

പ്രത്യുപകാരം > പ്രത്യുപകാരം.

പ്രത്യുപകാരി–വി. പകരം ഉപകാരം ചെയ്യുന്ന.

പ്രത്യുപാഖ്യാനം–ഫ. ഉപന്യാസം. ഉ. മറവടിയായി പറയുന്ന വാക്ക്.

പ്രത്യുപ്തം–വി. പതിക്കപ്പെട്ട.

പ്രത്യുലൂകം–കാക്ക.

പ്രത്യൂഷസ്സ്, പ്രത്യൂഷം – പ്രഭാതകാലം. ഇരുട്ടിനെ നിർമ്മൂലനം ചെയ്യുന്നത് എന്നർത്ഥം.

പ്രത്യൂഷം–പ്രഭാതം.

പ്രത്യൂഹം–തടവ്, വിഘ്നം. വിപരീതമായ ഊഹം; വിതർക്കം എന്നർത്ഥം.

പ്രത്യേകം–അ. വെവ്വേറെ.

പ്രത്യേകിച്ച്–വി. വിശേഷിച്ച്.

പ്രത്യൗഷധം – ദോഷംതീർക്കുന്ന മരുന്ന്.

പ്രഥ–കീർത്തി, പ്രസിദ്ധി

പ്രഥനം–യജ്ഞം.

പ്രഥമ–വി. ഫ. മുമ്പുള്ള ഉ. ആദ്യമുള്ള; ആദിയിൽ ഭവിച്ച.

പ്രഥമം–ഫ. ആദി. ഉ. പ്രധാനം.

പ്രഥമകല്പം–മുഖ്യവിധി. (ഇന്നപ്രകാരം ചെയ്യണമെന്നുള്ള ശാസ്ത്രോക്തവിധിയിൽ പെടുന്നത്).

പ്രഥമത–ആദ്യമായി.

പ്രഥമൻ–ഒരു മധുരക്കറി (അപ്രഥമൻ നോക്കുക).

'പ്രഥമന്നുമരിവടപ്രഥമൻപോൽ
പ്രഥമനിതെന്നാരുമുരിപറഞ്ഞു'
(സ്യമന്തകം ഉള്ളൂർ)

പ്രഥമപുരുഷൻ – (വ്യാകരണത്തിൽ) സംസാരിക്കുന്ന ആൾ ഉത്തമപുരുഷൻ, സംസാരത്തെ ബോധിക്കുന്നവൻ മധ്യമപുരുഷൻ, രണ്ടും കഴിഞ്ഞുള്ളവൻ പ്രഥമപുരുഷൻ.

പ്രഥമാന–വി. വലിയ.

പ്രഥിത–വി. ഫ. കീർത്തിയുള്ള. ഉ. അറിയപ്പെട്ട.

പ്രഥിതൻ–പ്രസിദ്ധൻ.

പ്രഥിമ–മഹത്വം.

പ്രഥിവി–ഭൂമി.

പ്രദ– പദാന്തത്തിൽ ചേർന്നുവരുമ്പോൾ 'കൊടുക്കുന്ന' എന്നർത്ഥം വരുത്തുന്ന ഒരു വിശേഷണം. ഉ–ം, ആനന്ദപ്രദം=ആനന്ദത്തെ കൊടുക്കുന്നത്.

പ്രദക്ഷിണ–വി. വലത്തുഭാഗമുള്ള.

പ്രദക്ഷിണം–വലത്തോട്ടു ചുറ്റി സഞ്ചരിക്കുക.

പ്രദത്ത–വി. കൊടുക്കപ്പെട്ട.

പ്രദരം–ഫ പിളർപ്പ്. ഉ. ഉടവ്. ന. സ്ത്രീകൾക്ക് ഉണ്ടാകുന്ന ഒരു രോഗം (അസൃശരം) ര. ശരം.

പ്രദർശനം–ഫ. കാട്ടൽ. ഉ. പഠിപ്പിക്കൽ, വ്യക്തമാക്കുക. ന. ഉദാഹരണം. ര. വിശിഷ്ട പദാർത്ഥങ്ങളെ ഒരു സ്ഥലത്തു ശേഖരിച്ചു ജനങ്ങളെ പ്രദർശിപ്പിക്കുന്ന കാഴ്ച.

പ്രദർശിക്കുന്നു - നല്ലവണ്ണം കാണുന്നു. (കാ. ക്രി പ്രദർശിപ്പിക്കുന്നു.)

പ്രദലം-അസ്ത്രം.

പ്രദവം-പ്രകാശം, കത്തിജ്വലിക്കുക

പ്രദാ-ദാനം.

പ്രദാകു-പാമ്പ്.

പ്രദാതൃ-വി. കൊടുക്കുന്ന.

പ്രദാനം-കൊടുക്കൽ.

പ്രദായി-കൊടുക്കുന്നവൻ. സാധാരണ പദത്തിൽ ചേർന്നുവരുന്ന വിശേഷണം.

പ്രദായിനീ-കൊടുക്കുന്നവൾ.

പ്രദീപം-പ്ര. വിളക്ക്. പ്രകാശിക്കുന്നത് എന്നർത്ഥം.

'പ്ര' എന്ന ഉപസർഗമേ ഇതിനോടു ചേർക്കുവു.

പ്ര. ഒരലങ്കാരം.

പ്രദീപന-വി. ജ്വലിപ്പിക്കുന്ന, ദഹിപ്പിക്കുന്ന.

പ്രദീപനം-പ്ര. ജ്വലിപ്പിപ്പു. പ്ര. ഒരു മരത്തിന്റെ ഉപവിഷം. ജാരത്തെ കത്തിക്കുന്നത് എന്നർത്ഥം.

ഇതു് അങ്കുനാചലത്തിൽ നിന്നുൽഭവിക്കുന്നതും ചെമപ്പുനിറമുള്ളതുമാണ്.

പ്രദീപിക-വി. തെളിച്ചുകാട്ടുന്ന.

പ്രദീപിക്കുന്നു-തെളിക്കുന്നു, ജ്വലിക്കുന്നു

പ്രദീപ്ത-വി. ശോഭിക്കപ്പെട്ട, ജ്വലിച്ച.

പ്രദേയം-ദാനം.

പ്രദേശം-പ്ര. ദിക്ക്. പ്ര. നടുവിരലും പെരുവിരലും കൂട്ടിയകലത്തിൽ ചാൺ. (പ്രാദേശം എന്നതിന്റെ പാഠം.)

പ്രദേശനാ-പ്ര. സമ്മാനം, കാഴ്ച. പ്ര. വഴിവാട്ട്. പ്രകൃഷ്ടേന കൊടുക്കപ്പെടുന്നത് എന്നർത്ഥം.

പ്രദേശിനി } പ്രദേശനി } പൂണ്ടാണിവിരൽ. പൂണ്ടു നുന്നത് എന്നർത്ഥം.

പ്രദോഷം-പ്ര അസ്തമനസന്ധ്യ പ്ര. ഒരു പുണ്യദിവസം രാത്രി(രാത്രി)യുടെ പ്രാരംഭകാലം എന്നർത്ഥം.

പ്രദോഷവ്രതദിവസം സൂര്യാസ്തമനത്തിൽ പൂർവം മൂന്നര നാഴികമുതൽക്കു തുടങ്ങി അസ്തമനാനന്തരം മൂന്നര നാഴിക വരെയുള്ള ഏഴര നാഴിക (ഒരു യാമം) കാലത്തിനു 'പ്രദോഷസന്ധ്യ' എന്നു പേർ.

പ്രദ്യുമ്നൻ-കാമദേവൻ, ശ്രീകൃഷ്ണന്റെ പുത്രൻ. (പ്ര=വിശേഷേണ, മ്നൻ=ശക്തിയുള്ളവൻ) = വിശേഷശക്തിയുള്ളവൻ, വളരെ ബലമുള്ളവൻ.

അമ്മ രതിമണി--പ്രദ്യുമ്നന് ആറു ദിവസം (വയസ്സ്) പ്രായമായപ്പോൾ ശംബരാസുരൻ മോഷ്ടിച്ചു കടലിൽ ഇടിഞ്ഞുകളഞ്ഞു. തന്നെ കൊലചെയ്യുമെന്നറികയാലാണ് ശംബരൻ ഇങ്ങിനെ ചെയ്തത്. കടലിലുള്ള ഒരു മത്സ്യം പ്രദ്യുമ്നനെ എടുത്തുവിഴുങ്ങി. ശംബരന്റെ ഭാര്യയും (മായാവതിക്കു) ആ മത്സ്യത്തെ കിട്ടുകയും അവർ അതിനെ കീറിയപ്പോൾ അതിസുന്ദരനായ ഈ കുഞ്ഞിനെ കാണുകയും ചെയ്തു. അവർ എടുത്തു വളർത്തി. പ്രായംതികഞ്ഞപ്പോൾ മായാവതിക്കു നിർന്നിമേഷം സംഗതികൾ മനസ്സിലാക്കി. തന്നെ മാറ്റിയാക്കിക്കൊള്ളണമെന്നു മായാവതി അപേക്ഷിച്ചു. പ്രദ്യുമ്നൻ യുദ്ധംചെയ്തു ശംബരനെ വധിച്ചിട്ടു മായാവതിയെയെടുത്തു ആകാശമാർഗ്ഗേണ പിതാവിന്റെ കൈത്താരത്തിൽ ചെന്നു. നാരദൻ മുഖാന്തരം ഇവരെ മനസ്സിലാക്കി രതിമണി സ്വീകരിച്ചു. പ്രദ്യുമ്നൻ ശിവന്റെ നേത്രാഗ്നിയിൽ ദഹിച്ചുപോയ കാമദേവന്റെ തന്നെ ജന്മമാണ്. മായാവതി രതിയാണെന്നും

പ്രദ്യുമ്നൻ 'പ്രദേവതി' എന്നൊരു മേയ്ക്കുടിയുണ്ടായിരുന്നു, അവർ വജ്രനാഭന്റെ പുത്രിയാണു്. അവർക്കു കൊണ്ടുപോയ ഒരു പുമാലയിൽ പ്രദ്യുമ്നൻ ഒരു തേനീച്ചയുടെ രൂപത്തെ അവലംബിച്ചു സ്ഥിതിചെയ്താണു് ആദ്യം അവളെ കാണാൻ പോയതു്.

ശ്രീകൃഷ്ണപുത്രനായി അവതരിച്ചപ്പോഴാണു് ഈ പേരിനു പ്രസിദ്ധിയുള്ളതു്. ഈ പ്രദ്യുമ്നനും ശത്രുവിന്റെ നേത്രവഹ്നിയിൽ ഭസ്മമായിത്തീർന്ന കാമദേവനും ഒന്നാണെന്നുള്ളതിനു് ഉദാഹരണം—

'യഥോഹ്യമാനഃ ഖലു രോഗരോഷിണാ
പ്രസഹ്യവൈരോചനിജസ്യ പട്ടണം
വിഭേജ്യയാമദനസ്തഥാമനോ-
നളാവതരലംവയസൈവവേശിതഃ'

പ്രദ്യുമ്നവിജയം—ഒരു നാടകം.

പ്രദ്യുമ്നൻ വജ്രനാഭനെ എന്ന ദൈത്യനെ ജയിച്ചതിനെക്കുറിച്ചുള്ളതാണു്. ഇതിന്റെ കർത്താവു ശങ്കരദീക്ഷിതരാകുന്നു. കവിതാഗുണം കുറയും.

പ്രദ്യോതനം—പ്രകാശിപ്പിക്കുക.

പ്രദ്യോതനൻ—അതിശയിച്ചു പ്രകാശിക്കുന്നവൻ എന്നർത്ഥം.

പ്രഭാവം—ഓട്ടം.

പ്രധനം—യുദ്ധം. മരിപ്പിക്കുന്നതു് എന്നർത്ഥം.

പ്രധാന—വി. പ്രധാനമായുള്ള, മുഖ്യതയുള്ള.

പ്രധാനം—ക്ര. ത്രേയും, പ്രകൃഷ്ടമായ ധരിക്കുന്നതു് എന്നർത്ഥം. ഉ. പ്രകൃതി. സത്വവും ഇതിനാൽ വ്യക്തമാക്കപ്പെടുന്നതുകൊണ്ടു് ഈ പേർ വന്നു. പ്രകൃഷ്ടമായി ചെയ്യുന്നതു്, എല്ലാറ്റിനേയും വ്യാപിക്കുന്നതു്, ജഗത്തിനേയുമാവാം. ന. പരമാത്മാവു്, ദൈവം. ര. ജ്ഞാനം, ബുദ്ധി. ഇം. നപുംസകൻ.

പ്രധാനത—പ്രാധാന്യം, മുഖ്യത.

പ്രധാനൻ, പ്രധാനി—ക്ര. മന്ത്രി. ഉ. നായകൻ, രാജസഹായജനങ്ങളിൽ പ്രാധാന്യമുള്ളവരുടെ പേർ.

പ്രധാരണം—ഫലപ്രാപ്തിയേടുക്കുടിച്ചെയ്യുന്ന ദാനം, തുലാപുരുഷാദിദാനം.

പ്രധി—തേർവണ്ടിയുടെ വിളയു്, ചക്രം ഉരുളുമ്പോൾ ഭൂമിയിൽ തട്ടുന്നതായ അതിന്റെ അവസാനഭാഗം. ഭൂമിയിൽ നിധാനം ചെയ്യപ്പെട്ടുന്നതു് എന്നർത്ഥം.

പ്രഭ്രംസം—നാശം, നഷ്ടം.

പ്രനാളം—ക്ര. തോടു്. ഉ. ചാലു്.

പ്രപ—തണ്ണീർപന്തൽ, പാനീയശാല. പ്രകർഷേണ ജലം പാനംചെയ്യുന്നുള്ള സ്ഥലം എന്നർത്ഥം.

പ്രപഞ്ചനിവൃത്തൻ പ്രപഞ്ചത്തിൽനിന്നു പിന്തിരിഞ്ഞവൻ.

പ്രപഞ്ചം—ക്ര. ലോകം.

ഇതു മുഴുവനും പരമാണുക്കളെക്കൊണ്ടും അവയിൽ അന്തർഭൂതമായിട്ടുള്ള ശക്തിയെക്കൊണ്ടും നിർമ്മിക്കപ്പെട്ടിരിക്കുന്നു. പരമാണുക്കൾക്കുമപ്പുറമുള്ള ശക്തിക്കും കേട്ട ഒരുകാലത്തും വർദ്ധനയും ലയവും ഇല്ല.

ഉ. പരപ്പു്, വിസ്താരം. ന. ഉപായം, വഞ്ചന. ര. ക്രമ്പാരം. ഇ. വിപരീതഭാവം. ന. സംസാരം.

പ്രപഞ്ചിക്കുന്നു—വിസ്തരിച്ചു പറയുന്നു. ഉ. പരത്തുന്നു.

പ്രപഞ്ചിത—വി. പ്രസിദ്ധമായ.

പ്രപദം—കാലിന്റെ അറ്റം, കാൽച്ചുവടിന്റെ പുറം, പുറവടി. പ്രകൃഷ്ടമായ പദം എന്നർത്ഥം. പദത്തിന്റെ പ്രാരംഭം എന്നുമാവാം.

പ്രപഞ്ചിക്കുന്നു-പ്രപഞ്ചിക്കുന്നു.
പ്രപന്ന-വി. പ്രാപിച്ച.
പ്രപന്നപാലൻ-കൃഷ്ണൻ.
പ്രപരുഷൻ-അതിനിഷ്ഠുരൻ.
പ്രപരുഷപൻ — പ്രപരുഷന്മാരുടെ (പൻ) അധിപൻ.
പ്രപാടനം-പിളർപ്പ്, കീറൽ.
പ്രപാതം-പ്ര. മലയുടെ ചരിവ്. വീഴുന്നേടം എന്നർത്ഥം.

ദേഹത്തെ ഉപേക്ഷിപ്പാനായി ചില തപസ്വികൾ പർവ്വതത്തിന്റെ തടത്തിൽ കയറി മനഃപൂർവ്വം താഴെ വീഴാറുണ്ട്. അതുകൊണ്ടോ, തന്നെ വീണുപോകാൻ എളുപ്പമുള്ള ഇടം എന്നുകൊണ്ടോ പ്രപാതം എന്ന പേർ വന്നിരിക്കണം.

ര. തീരം. ന. അരുവിയാവ്.
പ്രപാഠം-വഴി.
പ്രപാദികം-മയിൽ.
പ്രപിതാമഹൻ-പ്ര. മുത്തച്ഛന്റെ അച്ഛൻ. ഇല്ലത്തു മുതുമുത്തച്ഛൻ. ര. കൃഷ്ണൻ. ന ബ്രഹ്മാവ്. ഭ. പരമാത്മാവ്. ഇ. അപ്പച്ചന്റെ അച്ഛൻ. ന. അച്ഛന്റെ അപ്പച്ചൻ.
പ്രപിതാമഹി-മുത്തശ്ശിയുടെ അമ്മ.
പ്രപുന്നാടു-ഒരു തൈ, തകര. പുരുഷത്വത്തിനു ഭംഗം വരുത്തുന്നതു എന്നർത്ഥം. (പാഠങ്ങൾ-പ്രപുന്നാളം, പ്രപുനാളം, പ്രപുന്നാഡം, പ്രപുന്നഡം.)
പ്രപൌണ്ഡരീകം ഒരു പച്ചമരുന്ന്, പെരുമുണ്ടിരീകം, വീരപുണ്ഡരി. തമിഴിൽ-വാൾനെടുമാൽ.
പ്രപൌത്രൻ-പൌത്രന്റെ പുത്രൻ.
പ്രഫുല്ലം പ്ര. വിരിഞ്ഞതു. ര. വിടിൻപൂത്തുനിൽക്കുന്ന മരം.
പ്രഫുല്ല-വി. പ്ര. വികസിച്ച, വിടർന്ന. ര. രോഗിച്ച.
പ്രഫുല്ലത്തം - പ്രഫുല്ലം എന്നതിന്റെ പാഠം.
പ്രബന്ധ-വി. പ്ര. വഴിയാംവണ്ണം ബന്ധിക്കപ്പെട്ട. ര. നിറഞ്ഞിരിയ. ന. തുടർന്ന.
പ്രബന്ധം-ഉണ്ടാക്കപ്പെട്ട കഥ, രാഗങ്ങളും പദ്യങ്ങളും ഇടകലർന്നുണ്ടാക്കിയ കഥ.
പ്രബന്ധകല്പന-കവിതയായി ഉണ്ടാക്കുന്ന ഒരുമാതിരി കഥ, കുറെ സത്യമായും കുറെ ഭംഗിയായി കൂട്ടിച്ചേർത്തും ചെയ്യുന്ന വാക്യരചനാവിശേഷം. വാക്യവിസ്താരത്തിന്റെ രചന എന്നർത്ഥം. മറെറാരു പര്യായം-കഥ.

കാദംബരി, നാടകരൂപമായുണ്ടാക്കിയവ കഥയാകുന്നു. കഥ പലവിധമുണ്ട്.

ഉപരികഥ-പരസ്പരം ജയിപ്പാൻ ഇച്ഛയുള്ളവരും മത്സരികളുമായ പല നായകന്മാരെ വർണ്ണിക്കുന്നതു.

ഖണ്ഡകഥ-മറെറാരു വല്ല ഗ്രന്ഥങ്ങളിലും പ്രസിദ്ധമായ ഒരു ഇതിവൃത്തത്തെ യേറിട്ടെടുത്തു വർണ്ണിക്കുന്നതു.

ഉപകഥ-അതിപ്രസിദ്ധമായ കഥാന്തരത്തെ അവലംബിച്ചും മറെറാരു ചില പൊടിപ്പും തുണ്ടും ചേർത്തുണ്ടാക്കുന്നതു.

ബൃഹൽകഥ-വിഷയവിഭാഗം ചെയ്തു അനുഭൂതങ്ങളായ അനേകം അർത്ഥങ്ങളെ വിവരിക്കുന്നതും വലിയ വിസ്തരമുള്ളതുമായിട്ടുള്ളതു.

പ്രബർഹൻ-ഇന്ദ്രൻ.
പ്രബർഹ-വി. ശ്രേഷ്ഠതയുള്ള. പ്രബർഹം എന്നാൽ വലിയതു എന്നു ശബ്ദാർത്ഥം.
പ്രബല-വി. പ്ര. ശക്തിയുള്ള. ര. കീർത്തിയുള്ള.
പ്രബലം-കുന്നു, മല.

പ്രബലത-ഫ. ശക്തി, ബലം. ഉ. കീർത്തി.

പ്രബലപ്പെടുന്നു-ഫ. ശക്തിപ്പെടുന്നു. ഉ. കീർത്തിപ്പെടുന്നു. (സ. ക്രി. പ്രബലപ്പെടുത്തുന്നു.)

പ്രബലിക്കുന്നു-ഫ. ശക്തിപ്പെടുന്നു. ഉ. കീർത്തിയും മറ്റുമുള്ളതായിത്തീരുന്നു.

പ്രബാലം-പവിഴം.

പ്രബുദ്ധ-വി. ഉണർന്ന.

പ്രബോധം-ഫ. ഉണർത്തൽ. ഉ. ഉണർന്നിരിപ്പ്. ന. വാടകെടുക്ക, സുഗന്ധിപ്പിക്കുക.

പ്രബോധകൻ-പാട്ടുപാടി രാജാക്കന്മാരെ ഉണർത്തുന്നവൻ.

പ്രബോധചന്ദ്രോദയം-ഒരു നാടകം.

ചന്ദ്രനുദിക്കുന്നതിൽ ജീവിച്ചിരുന്നതായി വിചാരിക്കപ്പെട്ടിരിക്കുന്ന കൃഷ്ണമിശ്രൻ ഉണ്ടാക്കിയതാണ്. പ്രമേയം വേദാന്തസംബന്ധമാകുന്നു. വിശ്വാസം, സ്നേഹം, ധ്യാനം, സങ്കല്പം, ഭക്തി, കപടഭക്തി, അഹംകാരം, കാമം, ക്രോധം, മോഹം ഇത്യാദികളാണ് പാത്രങ്ങൾ.

പ്രബോധനം-ഫ. ഉണർച്ച. ഉ. അറിവ്. ന. ബുധി. ര. സ്വതേഗന്ധമുള്ളതായ കസ്തൂരി, കുങ്കുമം മുതലായ സുഗന്ധദ്രവ്യങ്ങളുടെ സുഗന്ധം മങ്ങിപ്പോയാൽ മദ്യം പനിനീര് ഇത്യാദി ദ്രവ്യങ്ങളെക്കൊണ്ട് ആ ഗന്ധത്തെ വീണ്ടും ഉണ്ടാക്കിത്തീർക്കുന്നത്.

പ്രബോധിനി-വിഷ്ണു തന്റെ നാലുമാസത്തെ ഉറക്കത്തിൽ നിന്നു ഉണരുന്ന ദിവസം (കാർത്തികമാസത്തിൽ).

പ്രഭ-ഫ. ശോഭ. ഉ. ഛായാദേവി. ന. ദുർഗ്ഗ. ര. കുബേരന്റെ നഗരം. ഭ. ഒരു അപ്സരസ്ത്രീ.

പ്രഭഞ്ജന-വി. ഒടിക്കുന്ന, നശിപ്പിക്കുന്ന.

പ്രഭഞ്ജനൻ-വായു. വൃക്ഷങ്ങളുടെ കൊമ്പുകളേയും മറ്റും ഒടിക്കുന്നവൻ എന്നർത്ഥം.

പ്രഭവ-വി. ഫ. ജനിച്ച. ഉ. മേലധികാരമുള്ള.

പ്രഭവ-അറുപതിൽ ഒന്നാമത്തെ വർഷം.

പ്രഭവം-ഫ. ഉത്ഭവം. ഉ. ജന്മകാരണം. ന. ശക്തി. ര. ജനനം. ഭ. ഉത്ഭവസ്ഥലം. ന. പ്രഥമജ്ഞാനത്തിന്നായിക്കൊണ്ടുള്ള സ്ഥാനം.

പ്രഭവൻ-വിഷ്ണു.

പ്രഭവിഷ്ണു-വി. ഫ. പ്രഭുവായി ഭവിക്കുന്ന. ഉ. ഉത്ഭവിക്കുന്ന.

പ്രഭാകരൻ-ഫ. ആദിത്യൻ. ഉ. അഗ്നി. ന. ചന്ദ്രൻ. ര. സമുദ്രം. ഭ. ശിവകർത്തനായ ഒരു മുനി

പ്രഭാകീടം-മിന്നാമിനുങ്ങ്.

പ്രഭാതകാലം-സൂര്യൻ ഉദിക്കാറായ സമയം.

പ്രഭാതം-പ്രഭാതകാലം, പ്രകാശിപ്പാൻ തുടങ്ങിയ സമയം.

പ്രഭാതജ്ഞം-കോഴി.

പ്രഭാമണ്ഡലം-ആദിത്യന്റെ ചുറ്റും വൃത്താകാരമായി കാണുന്നതു്. പരിവേഷം.

പ്രഭാവം-ഫ. സമ്പത്തിന്റെ ആധിക്യം കൊണ്ടും മറ്റും മഹാരാജാക്കന്മാർ മുതലായവർക്കുണ്ടാകുന്ന ഒരു മഹത്വം ഉ. മഹിമ. ന. ശോഭ. ഉം, 'മുത്തിൻപ്രഭാവം'. ര. ശക്തി.

പ്രഭാവതി-പ്രദ്യുമ്നന്റെ ഭാര്യ.

പ്രഭാസം-ഒരു പുണ്യതീർത്ഥം. (ദ്വാരകക്കു സമീപം).

പ്രഭിന്ന-വി. ഫ. നല്ലവണ്ണം മുറിക്കപ്പെട്ട. ഉ. ഭേദിതരിക്കപ്പെട്ട.

പ്രഭിന്നം-മദംപൊട്ടിയ ആന.

പ്രഭു-വി. മേലധികാരമുള്ള

പ്രഭ-രസം.

പ്രഭു-പ്ര. സർവ്വോൽകൃഷ്ടൻ, സർവ്വേശ്വരൻ, സമ്പൂർണ്ണൻ, അധിപൻ. പ്രഭവിക്കുന്നവൻ എന്നർത്ഥം. പ്രഭു > ക്ഷത്രിയൻ. പ. വിഷ്ണു. ന. ശിവൻ. ര. ബ്രഹ്മാവു്. ഇ. ഇന്ദ്രൻ. ന. രാജാവു്.

പ്രഭുത, പ്രഭുതാ-പ്ര. പ്രഭുവിന്റെ അവസ്ഥ, മേലധികാരം, ആധിപത്യം. പ. സാമർത്ഥ്യം.

പ്രഭുശക്തി-ശക്തി മൂന്നുള്ളതിൽ ഒന്നു്. (മറ്റവ-ഉത്സാഹശക്തി, മന്ത്രശക്തി)

കോശമണ്ഡാഗാരിപരിപുഷ്ടികൊണ്ടുണ്ടാകുന്നതത്രേ പ്രഭുശക്തി.

പ്രഭുത-വി. പ്ര. വളരെയുള്ള. പ. വലിച്ച. ന. ഉരുവിച്ച.

പ്രഭൂതം-ബാഹുല്യം, വളരെ, പെരുകിയതു.

പ്രഭൂതി-പ്ര. വിധം. പ. മുതലായ.

പ്രഭേദം-വിധം, വ്യത്യാസം.

പ്രഭ്രഷ്ട-വി. നശിച്ച, നിഷ്ഫലമായ.

പ്രഭ്രഷ്ടകം-കടുമയിൽ കെട്ടി പിന്നോക്കം മുക്കിയിട്ട മാംസം താഴെ വീഴുവാൻ തുടങ്ങുന്നതു് എന്നർത്ഥം.

പ്രഭ്രഷ്ടലക്ഷ്യം-വി. ലാക്കു തെറ്റിയ.

പ്രമതി-ച്യവനമുനിയുടെ മകൻ.

പ്രമത്ത-വി. മദിച്ച.

പ്രമഥ-പ്ര. ഒരു മരുന്നു്, കടുക്ക. പ. വ്യസനം.

പ്രമഥം-കതിര.

പ്രമഥൻ-പ്ര. ശിവന്റെ പാരിഷദൻ. പ. കതിര.

ശിവന്റെ പരിചാരകന്മാരായ ഒരു കൂട്ടം ഭൂതങ്ങളെ പ്രമഥർ എന്നു പറയുന്നു

പ്രമഥനം-വധം.

പ്രമഥന്മാർ-പ്ര. ചണ്ഡീശ്വരനന്ദിമഹാകാളഭൃംഗ്യാദികളായ ശിവാനുചരന്മാർ. പ. ശിവപാരിഷദന്മാർ. ദുഷ്ടന്മാരെ മഥനം ചെയ്യുന്നവരെന്നർത്ഥം.

പ്രമഥനാഥൻ-ശിവൻ.

പ്രമഥപതി-ശിവൻ.

പ്രമഥാധിപൻ-ശിവൻ.

പ്രമദ-വി. പ്ര. മദമുള്ള. പ. ഭ്രാന്തുള്ള.

പ്രമദം-സന്തോഷം (സുഖം). പ്രകൃഷ്ടമായ സന്തോഷം എന്ന ശബ്ദാർത്ഥം.

പ്രമദവനം-പുംനാവു്, സ്ത്രീകൾക്കു ചേർന്ന ഉദ്യാനം.

'ആവിഷ്ടാ പ്രമദവനന്തമക്ഷതശ്രീ'
(നളചരിതം കഥകളി)

പുരുഷന്മാരുടെ സഞ്ചാരംകൂടാതെ സ്ത്രീകൾ സ്വതന്ത്രമായി കളിച്ചുകൊണ്ടിരിക്കുന്ന വനം. പ്രമദാവനം എന്നുമാവാം.

'ചാരകമ്മണി നിഷ്ണാതാ
പ്രവിഷ്ടാ പ്രമദാ വനം'

പ്രമദാ-സ്ത്രീ. പ്രബലമായ കാമവേഗത്തോടു കൂടിയവൾ എന്നർത്ഥം.

പ്രമദ്വരാ-വിശ്വാവസുവിന്റെ ബീജം കൊണ്ടു മേനകയിലുണ്ടായവൾ.

മേനക കുട്ടിയെ ആശ്രമത്തിൽ തള്ളിയും വെച്ചു പോയി. മുനി വളർത്തി. ഇവളെ തന്നെ മുനിക്കു വിവാഹം ചെയ്തുകൊടുപ്പാൻ നിശ്ചയിച്ചു. മുഹൂർത്തദിവസം പാത്തുകിടന്നു മരിച്ചു രുരു എന്ന മുനിയാണു് ഇവളെ മോഹിച്ചു വേളിക്കു നിശ്ചയിച്ചിരുന്നതു്. അദ്ദേഹം വ്യസനിച്ചു കാട്ടിൽ പോയി. താൻചെയ്ത തപംകൊണ്ടു് ഇവൾ ജീവിക്കണമെന്നു പറഞ്ഞു. ദേവദൂതന്മാർ വന്നു് 'ഇവൾക്കു നിന്റെ പാതി ആയുസ്സു കൊടുക്കുമെങ്കിൽ ഇവൾ ജീവിക്കും' എന്നു് അരുളിച്ചെയ്തു. ഇതു് ധർമ്മരാജാവിന്റെ കല്പനപ്രകാരമായിരുന്നു. അതിന്മണ്ണം അവൾ ജീവിച്ചു. അവളെ കല്യാണം കഴിച്ചു സുഖമായിരുന്നു.

പ്രമനസ്സ്-വി. സന്തോഷമുള്ള.

പ്രമനസ്സ്-സന്തുഷ്ടചിത്തൻ.

പ്രമയം-വധം.

പ്രമർദ്ദനൻ-വിഷ്ണു.

പ്രമാ-പ്ര. പരമാർത്ഥജ്ഞാനം. യഥാർത്ഥമായി അളക്കുക, കൃത്യപ്പെടുത്തുക എന്നർത്ഥം. ഉ. നേരായുള്ള അറിവ്. പരമാർത്ഥമായിട്ടുള്ള അറിവ്.

'ഭ്രമംജഗത്തിലിത്തരംപ്രമാമറിച്ചുമാദൃശാ
(അദ്വിജ്ഞാനശാകുന്തളം)

പ്രമാണം-പ്ര. ആധാരം, കുറി മുതലായത്. ഉ. വിശ്വാസം. ന. വേദം. ര. ഹേതു. (അഗ്നി മുതലായതിന്റെ ജ്ഞാനത്തിനു ഹേതുഭൂതമായ ധൂമം മുതലായത്). ഇ. ദൃഷ്ടാന്തം. ണ. നിശ്ചയം. ഒ. സത്യം. വ. നിത്യം. ൻ സാക്ഷി. ഫാ. മര്യാദ (അതിർത്തി), ബഹുമാനം. ഫഫ. അളവ്. അളവു, തൂക്കം മുതലായതുകൊണ്ട് ഇന്നതു ഇത്ര എന്നു ക്രമപ്പെടുത്തുന്നതു്. ഫമ. അങ്ങിനെ കൃത്യപ്പെടുത്തുക എന്ന ക്രിയ ചെയ്യുന്നവൻ. ഫന. ആ മാനത്തെ അറിയുന്നവൻ. ഫര. ആചാരം. ഫള. ശാസ്ത്രം.

'ശ്രേഷ്ഠനാംനാചരിക്കുമ്പോൾ
ശിഷ്ടമുള്ളജനങ്ങളും
ശ്രേഷ്ഠമെന്നേത്രാചരിക്കും
പെട്ടന്നപ്പോൾപ്രമാണമാം'

പ്രമാണത്രയം-പ്രത്യക്ഷം, അനുമാനം, ആഗമം.

പ്രമാണചതുഷ്ടയം-പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം. (ന്യായശാസ്ത്രപ്രകാരം).

പ്രമാണി-പ്ര. തലവൻ, കാര്യസ്ഥൻ. ഉ. പ്രധാനി.

പ്രമാണികാ-ഒരു വൃത്തത്തിന്റെ പേർ

പ്രമാണിക്കുന്നു-പ്ര. വിചാരിക്കുന്നു. ഉ. വിചാരിക്കുന്നു, ന. അളവു കുറിക്കുന്നു. ര. മാനിക്കുന്നു. ള. വിശ്വസിക്കുന്നു.

പ്രമാണീകരിക്കുന്നു-പ്രമാണമാക്കിച്ചെയ്യുന്നു, പ്രധാനമാക്കുന്നു.

പ്രമാതാമഹൻ-അമ്മയുടെ മുത്തച്ഛൻ.

പ്രമാതാമഹി-അമ്മാത്തു മുത്തശ്ശിയുടെ അമ്മ, അമ്മയുടെ അമ്മയുടെ അമ്മ.

പ്രമാതാവു്-അറിയുന്നവൻ.

പ്രമാദം-പ്ര. ഓർമ്മകേട്, മനസ്സിരുത്തായ്ക. ഉ. മൂഢത. ന. തെറ്റായ അഭിപ്രായം. ര. ശ്രദ്ധയില്ലായ്മ. പ്രകൃഷ്ടമായ മദം എന്നർത്ഥം.

പ്രമാദി-വി. പ്രമാദമുള്ള.

പ്രമാദി-അറുപതിൽ പതിമൂന്നാമത്തെ വർഷം.

പ്രമാദീച-അറുപതിൽ നാല്പത്തേഴാമത്തെ വർഷം.

പ്രമാപണം-വധം.

പ്രമിതി-പ്ര. യഥാർത്ഥജ്ഞാനം. ഉ. പ്രമാണം കൊണ്ടുള്ള സത്യജ്ഞാനം. പ്രകൃഷ്ടമായ മിതി എന്നർത്ഥം.

പ്രമീഡ-വി. തടിച്ച, തിങ്ങിയ.

പ്രമീത-വി. പ്ര. മരിച്ച. ഉ ഹിംസിക്കപ്പെട്ട.

പ്രമീതാ-യാഗാർത്ഥം കൊല്ലപ്പെട്ട പശു.

പ്രമീള-പ്ര. മടി. ഇന്ദ്രിയങ്ങൾ ഒന്നും പ്രവർത്തിക്കാതിരിക്കുന്ന സമയം എന്നർത്ഥം.

'മുള്ളിൽശ്രദ്ധാരേമൊട്ടുകഴി-
ച്ചുറഞ്ഞുകൈയ്യാപ്രമീളം'
(മയൂരസന്ദേശം)

ഉ. ആലസ്യം. ന. സ്ത്രീകൾമാത്രമുള്ള ഒരു രാജ്യത്തിലെ രാജ്ഞി.

പാണ്ഡവരുടെ അശ്വമേധാശ്വത്തിനുള്ള കുതിര ഈ രാജ്യത്തിൽ ചെല്ലുകയാൽ യുദ്ധമുണ്ടായി അർജ്ജുനൻ അവളെ തോല്പിച്ചു രാജ്യംകൊണ്ടു.

പ്രമീളനം-മരണം.

പ്രമുഖ-വി. ഫ. പ്രധാനമായ ക. ഒന്നാം മതലായ.

പ്രമുഖൻ-ഫ. ശ്രേഷ്ഠതയുള്ളവൻ. ക. പ്രധാനൻ.

പ്രമുദിത-വി. സന്തോഷമുള്ള, പ്രമോദിച്ച.

പ്രമൃഗ്യ-വി. അന്വേഷിക്കത്തക്ക.

പ്രമൃത-വി. മരിയ്ക്കപ്പെട്ട.

പ്രമൃതം-കൃഷി.

പ്രമൃഷ്ടം-തുടയ്ക്കപ്പെട്ടത്.

'പത്തിക്കീറകവിരിത്തടത്തിലമരം
കൈയാൽ പ്രമൃഷ്ടം സുധാ'
(അമരുകശതകം)

പ്രമേയ-വി. ഫ. പ്രമാണിപ്പാൻ തക്ക. ക. അളക്കത്തക്ക, എണ്ണത്തക്ക.

പ്രമേയം-പ്രമാണിപ്പാനുള്ള കാര്യം, വിഷയം.

പ്രമേഹം-വളരെ മൂത്രം ഒഴിയുന്ന ഒരു വക ദീനം.

പ്രമോദം-സന്തോഷം, സുഖം.

പ്രമോദിക്കുന്നു-സന്തോഷിക്കുന്നു.

പ്രമോദിതൻ-ഫ കുബേരൻ. ക. സന്തുഷ്ടൻ.

പ്രമോദിനീ-ഫ വള്ളിമുല്ല. ക. കാരിലവ്.

പ്രംലോചാ, പ്രമ്ലോചാ- ഒരു അപ്സരസ്ത്രീ.

കണ്ഡുമഹർഷിയുടെ തപസ്സിനെ വിഘ്നം ചെയ്യാൻ ഇന്ദ്രൻ ഇവളെ അയച്ചത്. നൂറുവർഷം ഋഷി ഇവളോടുകൂടി രമിച്ചു. അനന്തരം താൻ അകപ്പെട്ട ആപത്തിനെ അറിഞ്ഞിട്ട് തന്റെ മുമ്പിൽ നിന്ന് അവളെ ഓടിച്ചുകളഞ്ഞു. ഓടുമ്പോൾ ഗർഭത്തിലുണ്ടായിരുന്ന ശിശു വിയർപ്പുതുള്ളികളായി വൃക്ഷങ്ങളുടെ ഇലകളിൽ പതിച്ചും അവ തിന്നു കുടിപ്പിച്ചുപോരുകയും സർവ്വാവയവസൌന്ദര്യവതിയായ 'മാരിക്ഷം' ആയിഭവിച്ചു

പ്രയത-വി. ഫ. ശ്രദ്ധിയുള്ള. ക. വിനയമുള്ള. ന. പ്രയത്നമുള്ള, പ്രയത്നിക്കുന്ന

പ്രയതൻ-ശ്രദ്ധിവന്നവൻ. ഇന്ദ്രിയങ്ങളിൽ നിന്ന് ഉപരമിക്കുന്നവൻ എന്നർത്ഥം.

പ്രയത്നം-ഫ. അദ്ധ്യവസായം, വേഷ. ക. പ്രവൃത്തി. ന. പ്രയാസം.

പ്രയസ്ത-വി. നല്ലവണ്ണം ചമക്കപ്പെട്ട.

പ്രയസ്തം-ഉപ്പു, മുളക മുതലായ ദ്രവ്യങ്ങളും ചേർത്തു പരിഷ്കരിക്കപ്പെട്ട കറി മുതലായത്. വളരെ പണിയെടുത്തത് എന്നർത്ഥം.

പ്രയാഗം-ഫ. ഗംഗയും യമുനയും ചേരുന്ന ഒരു പുണ്യസ്ഥലം, അലഹബാദ്. ക. കതിർ.

പ്രയാഗൻ-ഇന്ദ്രൻ.

പ്രയാഗഭയൻ-ഇന്ദ്രൻ.

പ്രയാണം-യാത്ര.

പ്രയാതം-ഒപായ്പോയത്.

പ്രയാമം-ഫ. ഭിക്ഷാം, പഞ്ഞം, ധനധാന്യാദികൾക്കു ക്ഷയം നേരിട്ടുമെന്നു കാണുമ്പോൾ അവയിൽ മനുഷ്യർക്കുള്ള ആദരാതിശയത്തിന്റെ — അവ വീണ്ടും വീണ്ടും സമ്പാദിച്ചു ശേഖരിപ്പാനുള്ള തരംവിശേഷത്തിന്റെ — പേർ. ക. കച്ചവടത്തിൽ ഏറാക്കുറച്ചിലില്ലാത്ത നിലയുടെ പേർ. വാക്കിനെ അടക്കുക. — തനിക്ക തനിക്ക മുമ്പേ മുമ്പേ കിട്ടണമെന്നുള്ള വിചാരത്താൽ താൻ സമ്പാദിക്കുന്നതുണ്ടെന്നു മറ്റുള്ളവരോടു പറയാതിരിക്കുക എന്നു ശബ്ദാർത്ഥം.

പ്രയാസം-ഫ. ഞെരുക്കം, അദ്ധ്വാനം. ക. തിടുക്കം. ന. കഴിയായ്ക.

പ്രയാസപ്പെടുന്ന-അദ്ധ്വാനം ചെയ്യുന്ന, കഷ്ടപ്പെടുന്ന.

പ്രയുക്ത-വി. പ്രയോഗിക്കപ്പെട്ട.

പ്രയുക്തി-പ്രയോഗം.

പ്രയുത-വി. ചേർന്ന, ഒന്നിച്ച.

പ്രയുതം-ചതുരലക്ഷം.

പ്രയുത്സു-ക്ര. യോദ്ധാവ്. ഉ. കാറ്റ്. ന. സന്ന്യാസി. ര. ഇന്ദ്രൻ.

പ്രയോക്തൃ-വി. കടംകൊടുക്കുന്ന, പ്രയോഗിക്കുന്ന.

പ്രയോഗം-ക്ര. പ്രയത്നം. ഉ. പ്രവൃത്തി. ന. ക്ഷുദ്രംചെയ്യൽ. ര. ഫലം. ങ. ദുഷ്ടംനോക്കൽ. ന. വചനപ്രമാണം. ഛ. ചികിത്സ. വ. അരങ്ങത്തുള്ള്. ൻ. കടംകൊടുക്കൽ. ക്രം. ഉപായം. ക്രക്ര. (വ്യാകരണത്തിൽ) ഒരു ധാതുവിനെ ഉപയോഗിക്കുമ്പോൾ ഏതു കാരകത്തിനു പ്രാധാന്യം വിവക്ഷിക്കുന്നുവോ ആ കാരകത്തിൽ ആ ധാതുവിനു പ്രയോഗം എന്നു പേർ. ക്രഉ. ഒരു കർമ്മം ആരംഭിക്കുമ്പോൾ ഒന്നാമതായി ചെയ്യുന്ന പ്രവൃത്തി. ക്രന. യുദ്ധത്തിനായിക്കൊണ്ടുള്ള അത്യുത്സാഹം. പ്രകൃഷ്ടമായി യോജിക്കുക എന്നർത്ഥം.

പ്രയോഗാർത്ഥം-സംഖ്യയെ സംബന്ധിച്ചുള്ള പ്രവൃത്തി.

പ്രയോഗിക്കുന്ന-ക്ര. ഉപകരിക്കുന്ന. ഉ. ചെയ്യുന്ന.

പ്രയോഗ്യം-കുതിര.

പ്രയോജക-വി. പ്രയോഗിക്കുന്ന.

പ്രയോജകൻ-ഏതുകർമ്മത്തിന്റെയും അനുകാരണൻ.

പ്രയോജകപ്രകൃതി — (വ്യാകരണത്തിൽ) കൃതികളെ പ്രകൃതിയെ പ്രമാണിച്ചു വിഭാഗിച്ചതിൽ ഒന്ന്

പ്രയോജനം-ക്ര. ഉപകാരം. ഉ. ഹേതു. ന. പ്രവൃത്തി. ര. കാരണം.

പ്രയോജിക-(വ്യാകരണത്തിൽ) ചുരുങ്ങിയിരിക്കുന്ന.

പ്രയോജ്യ-വി. പ്രയോഗിക്കപ്പെടത്തക്ക

പ്രയോജ്യം-മുതൽ, മൂലദ്രവ്യം.

പ്രയോജ്യൻ-വേലക്കാരൻ, ശിഷ്യൻ.

പ്രരോഹം-മുള, തളിർ.

പ്രരോഹിക്കുന്ന-മുളയ്ക്കുന്ന.

പ്രലപനം-അർത്ഥമില്ലാത്ത വാക്ക്.

പ്രലംബ-വി. ക്ര തൂങ്ങിക്കിടക്കുന്ന. ഉ. തൂങ്ങിയ.

പ്രലംബം-ക്ര. തൂങ്ങുക. ഉ. സ്ത്രീകളുടെ മുല ന. പൂമാല. ര. വെളുത്തിയം.

പ്രലംബൻ-ഒരസുരൻ.

ഈ അസുരൻ കംസന്റെ ആശ്രിതനാണ്. രാമകൃഷ്ണന്മാരെ കൊല്ലുന്നതിനായി അവരുടെ കളിയിൽ കൂടിച്ചേർന്നു. കളിയിൽ തോല്പിക്കുന്നവൻ ജയിച്ചവനെ തോളിൽ എടുത്തുകൊണ്ടുപോകണമെന്നാണ് ഒരു വ്യവസ്ഥയുണ്ടായിരുന്നത്. ബലരാമൻ പ്രലംബനെ തോല്പിച്ചു. ഉടൻ ബലരാമനെ പ്രലംബൻ തോളിൽ എടുത്തുകൊണ്ടുപോയി. വഴിക്കു അവൻ സ്വന്തരൂപം ധരിച്ചു. ബലരാമൻ അവന്റെ കഴുത്തിനു തൊഴിയും തലക്കിട്ടടിച്ചും കൊന്നു.

പ്രലംബഘ്നൻ-ബലഭദ്രൻ. പ്രലംബൻ എന്ന അസുരനെ കൊന്നവൻ എന്നർത്ഥം.

പ്രലാപം-ക്ര. നിരർത്ഥവാക്ക്. ഉ. ശൃംഗാരരസം സംബന്ധിച്ചു പൂർവ്വരാഗാവസ്ഥയിലുണ്ടാകുന്ന കാമവസ്ഥകളിൽ ഒന്ന്. (മനസ്സുകിടന്നു വട്ടംതിരിയുന്നതു നിമിത്തം ആരെക്കാണാതെ സംസാരിക്കുക).

പ്രലാപസന്നി-ഒരു ദീനം. സന്നിപാതജ്വരം പലവിധത്തിലുള്ളതിൽ ഒന്ന്.

പ്രലാപിക്കുന്ന-അർത്ഥമില്ലാത്ത വാക്കു പറയുന്ന.

പ്രലോഭ(ന)ം-പ. അത്യാഗ്രഹം. ക. വശീകരണം. ന. മുഴുമിപ്പിക്കൽ. ര. മോഹനം.

പ്രലോഭയിതാവു്-ഏറ്റവും ആഗ്രഹത്തെ ഉണ്ടാക്കുന്നവൻ.

പ്രലോഭ്യം-പ. ആഗ്രഹിക്കത്തക്ക ക. ആഗ്രഹം ജനിപ്പിക്കുന്ന.

പ്രവക്തൃത്വം-പ്രവചിക്കുന്ന ആൾ.

പ്രവചനം-പ. നല്ലവാക്ക്. ക. വേദം.

പ്രവചിക്കുന്ന-നല്ലവണ്ണം പറയുന്ന.

പ്രവണ-വി. പ. ചരിവുള്ള. ക. കനിഞ്ഞ. ന. വളഞ്ഞ. (പ്രവണത, പ്രവണ്യം).

പ്രവണം-പ. ക്രമേണ താഴ്ചയോടുകൂടിയ ഭൂമി. ക. നല്ലവല വഴി.

പ്രവണത-പ. ചരിവു്. ക. കനിവു്. ന. വളവു്. ര. മനസ്സിന്റെ ചായ്വു്.

പ്രവണൻ-വണക്കമുള്ളവൻ.

പ്രവയസ്സു്-വൃദ്ധൻ. പ്രഗത്ഭമായ വയസ്സോടുകൂടിയവൻ എന്നർത്ഥം. ഇവിടെ വയസ്സിനു 'തരുണവനം' എന്നർത്ഥം.

പ്രവര-വി. ശ്രേഷ്ഠതയുള്ള.

പ്രവരം-പ. സന്തതി. ക. വംശം. ന. കാരകിൽ, അകിൽ. ര. കറുത്ത ചെറുപയറു്.

പ്രവർഗ്ഗൻ-വിഷ്ണു.

പ്രവർത്തക-വി. പ്രവർത്തിക്കുന്ന.

പ്രവർത്തകം-നാട്യങ്ങളിൽ കഥയെ സംബന്ധിച്ചു വരുന്ന ഒന്നാമത്തെ വേഷം.

പ്രവർത്തകൻ-പ. പ്രവർത്തിക്കുന്നവൻ. ക. സ്ഥാപിക്കുന്നവൻ, കാരണഭൂതൻ.

പ്രവർത്തനം-കല്പന, അനുവാദം.

പ്രവർത്തനം-പ്രവർത്തിക്ക.

പ്രവർത്തന-വി. വർത്തിപ്പിക്കുന്ന.

പ്രവർത്തനം-വർത്തന.

പ്രവർത്തിത-വി. പ. വർത്തിപ്പിക്കപ്പെട്ട. ക. വളർത്തപ്പെട്ട.

പ്രവർഷ-വി. ശ്രേഷ്ഠമായ, പ്രധാനമായ.

പ്രവഹണം-പ. സ്വീകരിക്കുന്ന ഒരു തരം താന്ത്രിക ചടങ്ങ്. ക. മനുഷ്യരുടെ ചുമലുകൊണ്ടു വലിക്കുന്നതായ മഞ്ചൽ മുതലായ വാഹനങ്ങളുടെ പേർ. പ്രകർഷേണ വഹിക്കപ്പെടുന്നതു് എന്നർത്ഥം.

പ്രവഹൻ-ഗ്രഹനക്ഷത്രാദികളെ തിരിക്കുന്ന ഒരു കാറ്റു്.

പ്രവഹിക്കുന്ന-ഒഴുകുന്ന. (സ. ക്രി. പ്ര വഹിപ്പിക്കുന്ന.)

പ്രവൽഹിക-കളിയായിട്ടുണ്ടാക്കുന്ന ഒരു മനോരാജ്യകഥ, സചരുപാർത്ഥത്തെ മറച്ചുവച്ചു പറയുക, അർത്ഥം മനസ്സിലാക്കുവാൻ പ്രയാസമുള്ള ചോദ്യം. പ്രകർഷേണ മറയ്ക്കുന്നതു് എന്നർത്ഥം. (പാഠാന്തരം-പ്രബൽഹികം, പ്രബ(ല)ൽഹീ).

പ്രവാക്കു-വി. വാഗൈഭവമുള്ള.

പ്രവാകൻ-പരസ്യംചെയ്യുന്നവൻ.

പ്രവാചക-വി. പ. വിസ്തരിച്ചു പറയുന്ന. ക. വാചാലതയുള്ള.

പ്രവാചകം-ദിവ്യദൃഷ്ടിയിൽ കണ്ടു പറയുന്ന കാര്യം.

പ്രവാണി-നെയിത്തുകോൽ.

പ്രവാദം-നടപ്പായി പറയുന്ന വർത്തമാനം, കേട്ടുകേൾവി.

പ്രവാരം-മറ.

പ്രവാരണം-പ. ഇഷ്ടമുള്ള ദാനം, ഫലമുള്ളയോടുകൂടിച്ചെയ്യുന്ന ദാനം, ഉദ്ദാലുത്തുലാഭാരി ദാനം. പ്രകർഷേണ വരിക്കപ്പെട്ടതു് എന്നർത്ഥം. ക. വിരോധം.

പ്രവാസം-വീട്ടുവിട്ടുള്ള പാർപ്പ്, വീട്ടുവിട്ടുപോവുക, വിരഹം.

'പ്രവാസവ്യസനകഥയിരിക്കട്ടെ'

(അമരുകശതകം)

പ്രവാസനം-ക്ര വധം. ഉ. അന്യസ്ഥലത്തുള്ള പാർപ്പ്.

പ്രവാസി-വി. അന്യദിക്കിൽ ചെന്നു പാർക്കുന്ന.

പ്രവാഹം-ക്ര. വെള്ളം മുതലായതിന്റെ ഇടവിടാതെയുള്ള ഒഴുക്ക്, ജലാദികളുടെ നിരന്തരമായ ഗതി. ഉ. വ്യാപാരം. ന. വേഗമുള്ള കതിര.

പ്രവാഹക-വി. നല്ലവണ്ണം വഹിക്കുന്ന.

പ്രവാഹികൻ-രാക്ഷസൻ.

പ്രവാഹികാ- ക്ര. ഒരുമാതിരി വയറിൽമീനം, ഗ്രഹണി. ഉ. മുക്കൽ.

പ്രവാഹിക്കുന്നു-ഒഴുകുന്നു.

പ്രവാഹോത്ഥാ-മണൽ.

പ്രവാളം-ക്ര. പവിഴം. ലതാരൂപമാകയാൽ ഇളകുന്നത് എന്നർത്ഥം. മറ്റൊരു പര്യായം-വിദ്രുമം.

'പുരഃ പ്രവാളൈരിവപൂരിതാലയം'

(മാഘം)

ഉ. വീണയുടെ തണ്ട്, സ്വരങ്ങൾ ഇതിൽ കുടിയിരിക്കുന്നതിനാൽ ഈ പേർ വന്നു ന. തളിർ. ര. ഒരു മൃഗം.

പ്രവാളഫലം-രക്തചന്ദനം.

പ്രവിഖ്യാതി-കീർത്തി.

പ്രവിചലിതം-ഇളക്കപ്പെട്ടത്.

പ്രവിദാരണം-ക്ര. പിളർപ്പ്. ഉ. യുദ്ധം, കലഹം.

പ്രവിശ്ലേഷം-വേർപാട്, അത്യന്തമായ വിരഹം.

പ്രവിഷ്ട-വി. ക്ര. പ്രവേശിച്ച. ഉ. പ്രവേശിപ്പിക്കപ്പെട്ട.

പ്രവീണ-വി. സാമർത്ഥ്യമുള്ള.

പ്രവീണൻ-സമർത്ഥൻ. പ്രകൃഷ്ടയായ വീണയോടുകൂടിയവൻ. ഇവിടെ വീണ എന്നാൽ യശോഗാനം എന്നർത്ഥം. ഇയാളുടെ യശസ്സിനെ ജനങ്ങൾ ഗാനം ചെയ്യുന്നു എന്നു താൽപര്യം.

പ്രവീണത-സാമർത്ഥ്യം.

പ്രവീര-വി. വിശേഷമുള്ള, ശ്രേഷ്ഠതയുള്ള

പ്രവീരൻ-ശൂരൻ, പരാക്രമമുള്ളവൻ.

പ്രവൃത്ത-വി. ക്ര. പ്രവർത്തിച്ച. ഉ. തുടങ്ങിയ ന. സ്ഥാപിക്കപ്പെട്ട.

പ്രവൃത്തി-ക്ര. വേല. ഉ. വർത്തമാനം. വൃത്താന്തം. വ്യാപിക്കുന്നത് എന്നർത്ഥം. ന. (മ) ഒരു പാർത്ഥികന്റെ അധികാരത്തിൽ ഉൾപ്പെട്ട സ്ഥലം, പകുതി. ര. നടപ്പ്. ഇ. ക്ഷുദ്രപ്രയോഗം. ഞ. ജലം മുതലായതിന്റെ ഇടവിടാതെയുള്ള ഒഴുക്ക്. പ്രവൃത്തി > < നിവൃത്തി

പ്രവൃത്തികാരൻ- ഒരു സർക്കാരുദ്യോഗസ്ഥൻ, അധികാരി.

പ്രവൃത്തിപ്പിള്ള-പാർത്ഥികാരന്റെ ഗുമസ്തൻ.

പ്രവൃത്തിമാർഗ്ഗം- ഇഹലോകകാര്യങ്ങളെ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗം.

പ്രവൃത്തിവിജ്ഞാനം-വാസനയും, പരിചയവും, പാരമ്പര്യവും അനുസരിച്ചു പ്രവൃത്തികളെ വിധിക്കുക.

പ്രവൃദ്ധ-വി. ക്ര. ഏറ്റവും വർദ്ധിച്ച. ഉ. വളർന്ന. ന. മുതിർന്ന.

പ്രവേക-വി. പ്രധാനമായ, ശ്രേഷ്ഠമായ, ഉത്തമമായ.

പ്രവേകം-ശ്രേഷ്ഠം പ്രകൃഷ്ടണ തിരിച്ചറിയപ്പെടുന്നത് എന്നർത്ഥം.

പ്രവേണി- ക്ര. മടഞ്ഞുകെട്ടിയ തലമുടി, നന്നാക്കിപ്പിരിച്ച തലമുടി. ഉ.

അനപ്പുറത്തു വിരിക്കുന്ന വസ്ത്രം (കമ്പിളി). പ്രകൃഷ്ണ വിവരിക്കപ്പെടുന്നത് എന്നർത്ഥം.

പ്രവശാ-അകംപുക.

പ്രവശക-വി. പ്രവേശിപ്പിക്കുന്ന.

പ്രവശകാ-(ശ്രുചകത്തിൽ) ഒരുമാതിരി വിഷ്കംഭം.

ഇതിലേ പാത്രങ്ങളും എല്ലാം നീചങ്ങളാണ്. പ്രവേശകം രണ്ടു അങ്കങ്ങളുടെ മദ്ധ്യേ മാത്രമേ വരികയുള്ളൂ. പ്രഥമാങ്കത്തിൽ വരികയില്ല.

പ്രവേശകൻ-പ്രധാനവേഷം വരുന്നതിനു മുമ്പിൽ അതിനു കാരണമായിട്ടു വരുന്ന ചെറിയ വേഷം.

പ്രവേശനം- ക. അകത്തു പോവുക, ചെല്ലുക. ഉ. ഉമ്മരം.

പ്രവേശിക്കുന്നു-അകത്തുപോകുന്നു. (കാ. കി. പ്രവേശിപ്പിക്കുന്നു.)

പ്രവൃത്തം-കൈ. ഇതുകൊണ്ട് ആചിന്തനംചെയ്യുന്നതിനാൽ ഈ പേർ വന്നു.

പ്രവ്യക്ത-വി. സ്പഷ്ടമായുള്ള.

പ്രവ്രാജകൻ-സന്ന്യാസിയായ ഭിക്ഷുക്കാരൻ.

പ്രശംസ-സ്തുതി, പുകഴ്ച.

പ്രശംസനം-സ്തുതി, പുകഴ്ച.

പ്രശംസിക്കുന്നു-സ്തുതിക്കുന്നു, പുകഴ്ത്തുന്നു.

പ്രശമനം-ക. ശമിക്കുക. ഉ. വധം. ന. നാശം, നാശംവരുത്തുക. ര. അടക്കുക.

പ്രശമിത-വി. ക. ശമിപ്പിക്കപ്പെട്ട. ഉ. നശിപ്പിക്കപ്പെട്ട.

പ്രശരം-വലിയ അമ്പ്.

പ്രശസ്ത-വി. ക. ശ്രേഷ്ഠമായുള്ള. ഉ. നല്ല

പ്രശസ്തം-ക. ശ്രേഷ്ഠം. പ്രശസ്തം> <നിന്ദിതം. ഉ. ജീരകം മുതലായതു വറുത്തിട്ട കറി.

പ്രശസ്തി-ക. സ്തുതി. ഉ. ശ്രേഷ്ഠത.

പ്രശസ്യ-വി. സ്തുതിക്കത്തക്ക.

പ്രശാന്ത-വി. അടക്കമുള്ള, ശമിച്ച. പ്രശാന്തം> <പ്രക്ഷുബ്ധം.

പ്രശാസനം-രക്ഷണം.

പ്രശാസ്താവു്-ക്ഷു സ്തുതിക്കുകളിൽ ഒരാം.

പ്രശ്നം-ക. ചോദ്യം. അറിവില്ലാത്തവരെപ്പറ്റി ചോദിക്കുന്നത് എന്നർത്ഥം. ഉ. ശകുനം.

പ്രശ്നക്കാരൻ-പ്രശ്നം പറയുന്നവൻ.

പ്രശ്നോത്തരി-കടങ്കഥ

പ്രശ്രയം-വിനയം, നല്ലശീലം. ഉ. സ്നേഹം. ന. മര്യാദ, ഉപചാരം.

പ്രശ്രവണം-ക ഉറവു്. ഉ. ഒഴുക്കു്. ന. പടിഞ്ഞാറേ പർവ്വതനിരയിൽ ഒരു ഭാഗം.

പ്രശ്രിത-വി. അടക്കമുള്ള, വിനയമുള്ള.

പ്രശ്രിതൻ-വിനയം (താഴ്മ) ഉള്ളവൻ. ഗുണങ്ങളാൽ ആദ്യമേ സേവിക്കപ്പെട്ടവൻ.

പ്രസൃത, പ്രസൃത-വി. ഒഴുകിയ.

പ്രശ്ലേഷം-(വ്യാകരണത്തിൽ) ചിഹ്നങ്ങളിൽ ഒന്നു്.

ഇതു സംസ്കൃതത്തിലേ ചിഹ്നം. 'ഒ' 'ഒ' ഇത്യാദികളെ അധികം നീട്ടുന്നതിനെ കാണിക്കുന്നു — S ഉദാ-ം. രാമോ സ്തി — രാമോ അസ്തി.

പ്രഷ്ടാവു്-ചോദിക്കുന്ന ആൾ.

പ്രഷ്ഠൻ-ക മുമ്പനടക്കുന്നവൻ. പ്രസ്ഥാനം ചെയ്യുന്നവൻ എന്നർത്ഥം. ഉ. നായകൻ, ശ്രേഷ്ഠൻ.

പ്രഷ്ഠവാഹം-മുഴിനകംവച്ചു കാള, നകംവച്ചുകരികെട്ടിയ കാള. അഗ്രഗാമിയെ (മുമ്പാട്ടുനടക്കുന്ന കരിയെ) വഹിക്കുന്നവൻ എന്നർത്ഥം. (പാഠം=പഷ്ഠവാട്).

പ്രഷ്ഠൗഹി-കടിഞ്ഞൂൽ ചനയുള്ള പ ശു. പ്രഥമഗർഭത്തെ വഹിച്ചുവരം എ ന്നർത്ഥം.

പ്രസക്ത-വി. ഫ. അധികതാൽപര്യമു ള്ള. ര. ക്രൂടിച്ചേർന്ന. ന. നിത്യമായുള്ള ർ. വിടിൻന. ഇ. ലഭിച്ച.

പ്രസക്തി-ഫ. താൽപര്യം. ര. സ്നേഹം. ന. ചേർച്ച. ർ. സംബന്ധം. ഇ. കാര്യം.

പ്രസംഗം-ഒരു സംഗതിയെ കുറിച്ചു പറ യുമ്പോൾ അതിനെ സംബന്ധിച്ചു മറ്റു ചില കഥകളോ വർത്തമാനങ്ങളോ ഉണ്ടാ യിത്തീരുക, അതിനെപ്പറ്റി ചേർത്തുപ റയുന്ന വാക്കുകളും യുക്തികളും.

പ്രസംഗത്തിൽ-ഒരു കാര്യം പറയുന്നതിനി ടയ്ക്ക്.

പ്രസംഗവശാൽ-കാര്യവശാൽ, പറ ഞ്ഞുവന്നപ്പോൾ.

പ്രസംഗാന്തപ്രസംഗം-ഒരു പ്രസംഗ ത്തിനെ തുടർന്നുള്ള മറ്റൊരു പ്രസംഗം.

പ്രസംഗി-പ്രസംഗിക്കുന്നവൻ.

പ്രസംഗിക്കുന്നു-ഒരു പ്രധാനസംഗതി യെക്കുറിച്ചു മറ്റു പലേ കഥകളോ യു ക്തികളോ പറയുന്നു, വിസ്തരിച്ചു പറ യുന്നു.

പ്രസന്ന-വി. ഫ. പ്രസാദമുള്ള. ര. തെ ളിവുള്ള. ന. ഭയയുള്ള.

പ്രസന്ന-ഫ. ഒരുമാതിരി മദ്യം. ര. തെ ളിഞ്ഞ മദ്യം.

പ്രസന്നം-ഫ. തെളിവുള്ളതു്. പ്രകൃഷ്ടമാ കാവണ്ണം മനസ്സിനെ പ്രീതിക്കുന്നതു് എന്നർത്ഥം. ര. സാഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്നു്. ന. സന്തോഷം.

പ്രസന്നത-ഫ. പ്രസാദം. ര. തെളിവു്. ന. ഭയ.

പ്രസന്നരാഘവം- ജയദേവൻ ഉണ്ടാ ക്കിയ ഒരു നാടകം.

പ്രസഭം-ഫ. ബലാൽക്കാരം.

'പ്രസഭമിയന്നിഹകംസസംരംഭം'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

ര. അത്യർത്ഥം.

പ്രസര-വി. പ്രസരിക്കുന്ന, പോകുന്ന.

പ്രസരം-ഫ. പരക്കുക. ര. വേഗം, ദ്രുത ഗതി, ഒഴുക്കു്. ന. യുദ്ധം. ർ. ക്രൂട്ടം. ഇ. ഇരിമ്പുകൊണ്ടുള്ള അമ്പു്. ന്യ. സമ യം ൈ. സാമർത്ഥ്യം വ്യ. വരിനെല്ലു്. ൻ. പ്രീതിനിമിത്തം ഒന്നിനെക്കുറിച്ചു അപേക്ഷിക്കുക. ഫാ. പ്രേമം. ഫഫ. ഏ ലവാലുകം.

പ്രസരണം-ഫ ശത്രുവിനെ വളയുക. ര. പോകുക. ന. പരക്കുക, പരന്നുഗമിക്കു ക, വ്യാപിക്കുക ർ. എല്ലാടവും വ്യാ പിച്ചുകൊണ്ടുള്ള പട പുറപ്പാടു്.

പ്രസരണി-ശത്രുവിനെ വളയുക.

പ്രസരിക്കുന്നു-ഫ. പരക്കുന്നു. ര. ഉത്സാ ഹിക്കുന്നു. ന. പ്രവേശിക്കുന്നു.

പ്രസരിപ്പു്-ഫ. പരപ്പു്, പരക്കുക. ര. ഉത്സാഹം.

പ്രസർപ്പണം-ചുറ്റി സഞ്ചരിക്കുക.

പ്രസവം-ഫ. പേറു്. ര. പൂവു്. ന. ഫലം, കായു്. ർ. ഉൽപാദനം. ഇ. സന്തതി.

പ്രസവബന്ധനം-പൂവു്, കായു് മുത ലായതിന്റെ ഞെട്ടു് (ഞെട്ടി). പുഷ്പഫ ലാദിയെ ബന്ധിച്ചു നില്ക്കുന്നതു് എ ന്നർത്ഥം.

പ്രസവവേദന- പ്രസവസമയത്തുണ്ടാ കുന്ന നോവു്.

പ്രസവിക്കുന്നു-പെറുന്നു, ഉണ്ടാകുന്നു.

പ്രസവ്യ-വി. വിപരീതമായുള്ള, പ്രതി കൂലമായുള്ള. ഇടത്തുഭാഗത്തുനിന്നും വിട്ട എന്നർത്ഥം.

പ്രസഹിക്കുന്നു-ഫ. പ്രകർഷണ സഹി ക്കുന്നു. ര. അനുഭവിക്കുന്നു. ന. ക്ഷമി ക്കുന്നു. ർ. വഹിയ്ക്കുന്നു.

പ്രസഹ്യ-അ. ബലാൽകാരേണ, പ്രകഷേണ സഹിച്ചിട്ട് എന്നർത്ഥം.

പ്രസാദം-പ്ര. തെളിവ്. ഉ. സന്തോഷം. ന. ദേവേശ്വരിഷ്ടം. ര. മയ. ദ. കാവ്യഗുണങ്ങളിൽ ഒന്ന്. ന. അനുസരണം.

പ്രസാദനം-പ്ര. ചോറ്. ഉ. തെളിക്ക. ന. ദൃഷ്ടിക്ക തെളിവിനെ ഉണ്ടാക്കുന്നത്.

പ്രസാദിക്കുന്നു-പ്ര. സന്തോഷിക്കുന്നു. ഉ. തെളിയുന്നു. (സ. ക്രി. പ്രസാദിപ്പിക്കുന്നു.)

പ്രസാധക-വി. പ്ര. നിവർത്തിക്കുന്ന, സാധിക്കുന്ന. ഉ. വെടിപ്പാക്കുന്ന, ശോധന ചെയ്യുന്ന. ന. അലങ്കരിക്കുന്ന. ര. തികക്കുന്ന.

പ്രസാധനം-പ്ര. അലങ്കാരം, വസ്ത്രം മുതലായവകൊണ്ടുണ്ടാക്കുന്ന അലങ്കാരം; ഉ. ചീപ്പ്.

പ്രസാധനി-ചീപ്പ് (തലമുടി ചീന്തുന്ന സാധനം), കങ്കതികാ. സച്ഛൂതയെ സാധിപ്പിക്കുന്നത് എന്നർത്ഥം. (പാഠം-പ്രസാധനം).

പ്രസാധിക-പ്ര. പ്രസാധകസ്ഥാനം വഹിക്കുന്നവൻ. ഉ. വരിനെല്ല്.

പ്രസാധിത-വി. പ്ര. അലങ്കരിക്കപ്പെട്ട. ഉ. തികയ്ക്കപ്പെട്ട.

പ്രസാര(ണ)-പ്ര. സഞ്ചാരം. ഉ. വ്യാപനം.

പ്രസാരണി, പ്രസാരിണി-തലനീരി. വാതംനിമിത്തം കോച്ചിയിരിക്കുന്ന അംഗങ്ങൾ ഈ ഔഷധത്തിൽ നീട്ടുവാൻ കഴിയുന്നതിനാൽ ഈ പേർവന്നു.

പ്രസാരിണി (തലനീരി)—വാതം, കഫം, വീക്കം മുതലായവയ്ക്കു നന്ന്. സം—പ്രസാരണി. ത-മുതിയാകുന്തൽ.

പ്രസാരി-വി. പ്രസരിക്കുന്ന, നീളുന്ന, പരക്കുന്ന. (സ്ത്രീ-പ്രസാരിണി)

പ്രസാരിത-വി. പ്ര. നീട്ടപ്പെട്ട. ഉ. പരത്തപ്പെട്ട.

പ്രസാരീ-വ്യാപിക്ക ശീലമായിട്ടുള്ളവൻ. (പാഠം-വിസാരീ).

പ്രസിത-വി. പ്ര. താൽപര്യമുള്ള. ഉ. കെട്ടപ്പെട്ട.

പ്രസിതാ-ചലം, പൂയം.

പ്രസിതി-ബന്ധനം, കെട്ടുവാനുള്ള കയറു മുതലായത്.

പ്രസിദ്ധ-വി. പ്ര. കേൾവിപ്പെട്ട. ഉ. അലങ്കരിച്ച.

പ്രസിദ്ധപ്പെടുന്നു - കേൾവിപ്പെടുന്നു, (സ. ക്രി. പ്രസിദ്ധപ്പെടുത്തുന്നു.)

പ്രസിദ്ധി-കേൾവി.

പ്രസിദ്ധിഹതം - കാവ്യദോഷങ്ങളിൽ ഒന്ന്.

പ്രസുപ്ത-വി. ഉറങ്ങുന്ന.

പ്രസൂ-പ്ര. അമ്മ. പ്രസവിക്കുന്നവൾ എന്നർത്ഥം. ഉ. പെൺകുതിര. ന. വാഴ.

പ്രസൂകാ-പെൺകുതിര.

പ്രസൂജനയിതാക്കൾ - അച്ഛനേയും അമ്മയുടേയും ക്രമത്തിലുള്ള പേർ.

പ്രസൂത-വി. ജനിച്ച, പ്രസവിക്കപ്പെട്ട.

പ്രസൂതാ-പ്ര. പ്രസവിച്ചവൾ ഉ. അപ്പോൾ പ്രസവിച്ചവൾ (രണ്ടറ്റവുമെത്താത്തവൾ.)

പ്രസൂതം-പൂവ്.

പ്രസൂതി-പ്ര. പ്രസവം. ഉ. സന്തതി. ന. മനുവിന്റെ ഒരു പുത്രി, ദക്ഷന്റെ ഭാര്യ.

പ്രസൂതികാ-പ്രസവിച്ചവൾ. (പ്രസൂതാ എന്നതു നോക്കുക.)

പ്രസൂതിജം-അതിവേദന, ദുഃഖം. പ്രസൂതിയിലുണ്ടാകുന്നത് എന്നർത്ഥം.

പ്രസൂന-വി. ജനിച്ച.

പ്രസൂനം-ഗ. പുഷ്പം. ഉത്പാദിച്ചത് എന്നർത്ഥം. ഉ. കായ്.

പ്രസൃത-വി. മുഴകുക, കണങ്കാൽ. വളരുന്നത് എന്നർത്ഥം.

പ്രസൃതം-രണ്ടു പലം.

പ്രസൃതം, പ്രസൃതി-വെള്ളം കോരുന്നതിനുവേണ്ടി പിടിച്ച കൈ. കുറഞ്ഞാറു മടക്കിയ വിരലുകളോടുകൂടിയ ഒറ്റക്കൈപ്പടം, ഒരു പോങ്ങ.

പ്രസൃമരം-ഏറ്റവും.

പ്രസേനൻ-സത്രാജിത്തിന്റെ സഹോദരൻ, നിഷ്ണന്റെ പുത്രൻ.

സ്യമന്തകം മൂലം ഒരു സിംഹത്താൽ വധിക്കപ്പെട്ടു.

പ്രസേവം-ഗ. ചരക്ക്. ഉ. കൊട്ട, വട്ടി മുതലായത്. പ്രകർഷേണ സീവനം ചെയ്യപ്പെടുന്നത് (നെയ്യപ്പെടുന്നത്) എന്നർത്ഥം.

പ്രസേവകം - വീണയുടെ ചുര(ങ്ങ). സേവിക്കപ്പെടുന്നത് എന്നർത്ഥം.

വീണയുടെ ചുവട്ടിൽ ചേർത്തു ബന്ധിക്കപ്പെടുന്നതാണ്. ശബ്ദഗാംഭീര്യത്തിനാണത്രേ ഇതു ചേർക്കുന്നത്. ഇതു മരംകൊണ്ടുണ്ടാക്കി തോൽ പൊതിഞ്ഞിട്ടുമാവാം.

പ്രസ്തരം-ഗ കല്ല്, പാറ പ്രകർഷേണ മറയ്ക്കുന്നത് എന്നർത്ഥം ഉ. ഭൂതം. സ. പൂരിപ്പിത്തു.

പ്രസ്താരം-ഗ. ചവറ്, കാട്ട്. ഉ. പണ്ണൽ.

പ്രസ്താവം-പാഠപ്പിൽ.

പ്രസ്താവന-ഗ. ആരംഭം. ഉ. നാട്യധർമ്മം. സ. പാഠപ്പിൽ

പ്രസ്താവനയുടെ ലക്ഷണം.

'നടീവിദൂഷകോപായി
പാരിപാർശ്വികയേവവാ
സൂത്രധാരേണസഹിതാ
സല്പപോയത്രകവ്യതേ
ചിത്രൈരുദ്ഘാതകൈഃസേചകാദ്യൈരേതൈഃ
പ്രസ്തുതാക്ഷേപിഭിർമ്മിശ്രാ
ആമുഖംതന്നുവിജ്ഞേയം
നാമ്നാപ്രസ്താവനാ...'

(നാടകപ്രവേശിക)

സൂത്രധാരനൊന്നിച്ചു നടിയെയോ വിദൂഷകനെയോ പാരിപാർശ്വികനെയോ രംഗത്തിൽവെച്ചു ചിത്രം, സ്വന്തകാര്യം, പ്രകൃതവിഷയം എന്നിവയെക്കുറിച്ചു ചെയ്യുന്ന സംഭാഷണഭാഗമാണ്. പ്രസ്താവനയിൽ ആദ്യം സൂത്രധാരൻ സഭയെവന്ദിക്കണം. പിന്നീടു നാടകത്തിന്റെ പേർ അതുണ്ടാക്കിയ കവിയുടെ പേർ മുതലായതും പ്രസ്താവിക്കണം. ഏതെങ്കിലും ഒരു ഋതുവിനെ വർണ്ണിച്ചേ കഴിയൂ. ഇതാണു പ്രസ്താവന.

പ്രസ്താവിക്കുന്നു-പറയുന്നു.

പ്രസ്തുത-വി. ഗ. അറിയിക്കപ്പെട്ട. ഉ. സ്തുതിക്കപ്പെട്ട.

പ്രസ്തുതം-ഗ പ്രകൃതം. ഉ. ആലോചിക്കപ്പെടുന്ന കാര്യം. സ. പ്രസ്താവിക്കപ്പെട്ടത്.

പ്രസ്ഥ-വി. ഗ പരക്കുന്ന. ഉ. ഉറപ്പായിട്ടിരിക്കുന്ന.

പ്രസ്ഥം-ഗ. ഒരളവ്, ഇടങ്ങഴി. ഇതുകൊണ്ടു അളവു നടത്തുന്നതിനാൽ ഈ പേർ വന്നു. ഉ. മലയുടെ മദ്ധ്യത്തുള്ള ഒരു പരപ്പ്. സ. തടം, തടപ്രദേശം, മലച്ചെരിവ്. ര. പർവ്വതത്തിന്റെ താഴ്വര.

പ്രസ്ഥദേശം-തടം.

പ്രസ്ഥപുഷ്പം-ചെറുതുളസി, കർപ്പൂരത്തുളസി. മണിക്കുഞ്ഞകം, ചിലടങ്ങളിൽ സമുദ്രപ്പച്ച.

പ്രസ്ഥമാനം-നാഴി ഇടങ്ങഴി മുതലായതുകൊണ്ടു അളന്നു കൃത്യപ്പെടുത്തുന്നത്.

പ്രസ്ഥാനം-പ്ര യാത്ര, പുറപ്പാട്. ഉ. രീതി.

പ്രസ്ഥാനത്രയം - പ്രാ-ം ശതവർഷത്തിൽ ഉത്തരഇൻഡ്യയിൽ നടപ്പിലിരുന്ന ഒരുതരം തത്ത്വ ചർച്ച.

പ്രസ്ഥാനവിഘ്നം-യാത്രമുടങ്ങുക.

പ്രസ്ഥാപനം-പ്ര. അറിയിക്കുക. ഉ. സംഭാഷണം. സ. നീക്കൽ, മാറ്റുക. ര. തെളിയിക്കുക. ള. പ്രയോഗം. ന. വെയ്പ്.

പ്രസ്ഥാപിക്കുന്നു- പ്ര. അറിയിക്കുന്നു. ഉ. നല്ലപോലെ വെക്കുന്നു.

പ്രസ്ഥാപിത-വി. പ്ര. അറിയിക്കപ്പെട്ട ഉ. അയക്കപ്പെട്ട. സ. പ്രകാശിപ്പിക്കപ്പെട്ട.

പ്രസ്ഥിത-വി. പുറപ്പെട്ട.

പ്രസ്രവം-ചുരന്നപാൽ.

പ്രസ്രുട-വി. വിടിരപ്പെട്ട.

പ്രസ്രുരണം-വിറയൽ, വലുതാകുക.

പ്രസ്രുരമാണ-വി. വിറച്ചുംകൊണ്ടിരിക്കുന്ന, വലുതാകുന്ന.

പ്രസ്രുരിക്കുന്നു-വിറയ്ക്കുന്നു, വലുതാകുന്നു.

പ്രസ്രുരിത-വി. പ്ര. ഇളക്കപ്പെട്ട, ഉ. വിറയ്ക്കുന്ന.

പ്രസ്ഫോടനം-പ്ര. അരിപ്പകൊട്ട, മുറം. ഇതുകൊണ്ടു ധാന്യാദികളിലെ ഉമി മുതലായതു വേർപെടുത്തുന്നതിനാൽ ഈ പേർ വന്നു. ഉ. അടിക്കുക. സ. വിടിക്കുക.

പ്രസ്മൃതി-മറവി.

പ്രസ്രവം-പ്ര. ഒഴുക്ക്. ഉ. മൂത്രം. സ. തികന്നുതുകന്ന കഞ്ഞിപ്പുര.

പ്രസ്രവണം-പ്ര. മൂത്രമൊഴിക്കുക. ഉ. കാലുക. സ. മാല്യവാൻപർവ്വതം. ര. വെള്ളച്ചാട്ടം. ള. പാൽ. ന. ഉറവുകഴി. പർവ്വതത്തിൽ ജലം (ഉറവു) പുറപ്പെടുന്ന സ്ഥലം.

പ്രസ്രാവം-മൂത്രം. പ്രസ്രവിക്കുന്നതു എന്നർത്ഥം.

പ്രസാദം-പ്ര. ഉറക്കം. ഉ. സ്വച്ഛം.

പ്രഹത-വി. പ്ര. അടിക്കപ്പെട്ട. ഉ. കൊല്ലപ്പെട്ട സ. വിടിത്തപ്പെട്ട ര. കൊട്ടപ്പെട്ട.

പ്രഹരം-പ്ര. അടി. ഉ. യാമം (ഏഴര നാഴിക) ഡക്കാദി വാദ്യങ്ങളടിക്കപ്പെടുന്ന സമയം. സ. അസ്ത്രപ്രയോഗം.

പ്രഹരണം-പ്ര ആയുധം. ഉ. അടി, സ. യുദ്ധം.

പ്രഹരിക്കുന്നു-പ്ര. അടിക്കുന്നു, ഇടിക്കുന്നു. ഉ. ആയുധങ്ങൾ എടുത്തു മറ്റൊരുവന്റെ മേൽ പ്രയോഗിക്കുന്നു.

പ്രഹർഷം-പ്ര. സന്തോഷം. ഉ. രോമാഞ്ചം.

പ്രഹർഷണം-'സമാധി' എന്ന അലങ്കാരത്തിന്റെ വകഭേദം.

പ്രഹർഷിണീ-പ്ര. മഞ്ഞൾ. ഉ. നായിക്കൊരുണ. സ. ഒരു വൃത്തം.

പ്രഹസനം-പ്ര. ഉറക്കെയുള്ള ചിരി. ഉ. പരിഹാസം. സ. ഭാരതീയങ്ങളിൽ ഒന്ന്.

"ഭാണത്തിലെന്നപോലെ പ്രഹസനത്തിൽ മുഖനിർവ്വഹണസന്ധികളും ഭാരതീയാംശങ്ങളും ഒരുകൂവുമുണ്ടായിരിക്കണം. ഇതിവൃത്തം കല്പിതവും നിന്ദ്യാശ്രയവുമാകേണ്ടതാണ്. അതരടീക്തിയും വിഷ്കംഭപ്രവേശകങ്ങളും ഉണ്ടാകരുത്. അംഗിയായി ഹാസ്യരസത്തെ നിവേശിപ്പിക്കണം. താപസസന്ന്യാസിബ്രാഹ്മണാദികളിൽ ആരെങ്കിലുമാണ് നായകനായിരിക്കേണ്ടത്. നായകൻ ധൂർത്തനായിരുന്നാൽ ശുദ്ധപ്രഹസനമാകും. ശുദ്ധപ്രഹസനത്തിനു 'കന്ദർപ്പകേളി' എന്നതിനെ ഉദാഹരിക്കാം. നായകൻ ധൂർത്തനല്ലെങ്കിൽ സങ്കീർണ്ണപ്രഹസനമാകും.

ധൂർത്തചരിതം നോക്കുക. ധൂർത്തനായക നായരുടെ ചരിത്രത്തെ പ്രസ്താവിക്കുന്നതും രണ്ടങ്കങ്ങളുടങ്ങിയതും (അഥവാ ഒരങ്കം മുണ്ടായാലും മതി) ആയ പ്രഹസനത്തിനു സങ്കീർണ്ണപ്രഹസനം എന്നു പേർ പറയാമെന്നു ചിലർ അഭിപ്രായപ്പെട്ടുന്നുണ്ട്. അങ്ങിനെയാണെങ്കിൽ 'ലളകമേളക'ത്തെ സങ്കീർണ്ണപ്രഹസനമെന്നു പറയാവുന്നതാണു".''

പ്രഹസന്തി-പ്ര. കുമുഴി. പ. വെളുത്തവലിയ പിച്ചകം.

പ്രഹസിക്ക-പൊട്ടിച്ചിരിക്ക.

പ്രഹസ്തം-ഒരു കൈപരത്തുക, വിരലെല്ലാം നിവർത്തി പരത്തിയ കൈപ്പടം.

പ്രഹസ്തൻ-രാവണന്റെ ഒരു സേനാനായകൻ.

പ്രഹാണം-ത്യാഗം.

പ്രഹാരം-പ്ര. അടി. പ. വധം.

പ്രഹാരണം-ഫലോദ്ദേശേയാടുകൂടി ചെയ്യുന്ന ദാനം. (പ്രവാരം എന്നതിന്റെ ഒരു പാഠം.)

പ്രഹാസം-പ്ര. ഉറക്കെയുള്ള ചിരി. പ. ശോഷ്പി.

പ്രഹാസി-വി, ശോഷ്പികാട്ടുന്ന.

പ്രഹ്വി-കിണവ്. ഇതിൽനിന്നും മലം പ്രകൃഷ്ടമാകുംവണ്ണം ഹരിക്കപ്പെടുന്നതുകൊണ്ടു ഈ പേർ വന്നു.

പ്രഹിത-യി. പ്ര. ഹിതമായ. പ. നിശ്ചയിക്കപ്പെട്ട. ന. അയക്കപ്പെട്ട. ര. വെക്കപ്പെട്ട.

പ്രഹിതം-ചാവ്.

പ്രഹൃതൻ-പ്രഹരിക്കപ്പെട്ടവൻ, ഭണ്ഡനം ഏറവൻ.

പ്രഹൃഷ്ടം-വി. സന്തോഷിച്ച, അതിസന്തോഷമുള്ള.

പ്രഹ്ലാദകം-സത്യ.

പ്രഹ്ലാളിക-പ്ര. കടങ്കഥ, സ്വാരസ്യമായ്ത്തന്നെ മറച്ചുവച്ചു പറയുക. പ. അത്ഥം മനസ്സിലാകുവാൻ പ്രയാസമുള്ള ഘോഷ്യം. പ്രഹേളി എന്നുമാവാം.

പ്രഹൃഷ്ണ-വി. സന്തോഷമുള്ള, സന്തോഷിച്ച.

പ്രഹൃഷ്ണി-സന്തോഷം.

പ്രഹ്ലാദൻ-ഒരസുരൻ, ഹിരണ്യകശിപുവിന്റെ പുത്രൻ.

ഹിരണ്യകശിപു പരമദുഷ്ടനായിരുന്നു. അയാൾ ബ്രഹ്മാവിനെ ഉദ്ദേശിച്ചു തപസ്സുചെയ്തു വരംവാങ്ങി സംസുജനങ്ങളെ ദ്രോഹിപ്പാൻ തുടങ്ങി. താനൊഴിഞ്ഞു മറ്റൊരു നാഥൻ ഇല്ലെന്നു തീർച്ചയാക്കി നടവടികൾ ആരംഭിച്ചു തന്റെ നാമമേ ജപിക്കാവൂ എന്നു് എല്ലായിടങ്ങളിലും ഏർപ്പാടുചെയ്തു. മൂത്തമകൻ പ്രഹ്ലാദൻ ആയിരുന്നു. ഇദ്ദേഹം ദിവ്യനും വിഷ്ണുഭക്തനുമാകയാൽ പിതാവിന്റെ കല്പനയെ നിരസിച്ചു. പലപ്രകാരത്തിലും മകന്റെ മനസ്സിനെ വിഷ്ണുഭക്തിയിൽനിന്നും വേർപെടുത്താൻ ശ്രമിച്ചുതിൽ നടന്നില്ല. പിന്നീടു പുത്രനെ കൊന്നുകളവാൻ കല്പിച്ചു. പിന്നെ ബാലൻ പിതാവിനോടിങ്ങനെ ഉണർത്തിച്ചു.

'ഭാഗവത പ്രിയനായിരുന്നഹം ആത്മമക്ഷാതലാമാദിനാഥമ്പദം * ഭക്ത്യാ ഭജിപ്പതത്യുത്തമം' എന്നതൻ പുത്രൻപറഞ്ഞതുകേട്ടസുരേശ്വരൻ * പെട്ടെന്നു വാളുമെടുത്തഴനേറവലകൊട്ടൊഴിയാതെനിറഞ്ഞവൻതുണിതിൽ * നില്പുവൻവന്തരക്ഷിക്കണമിത്തരം ദുർഭാക്ഷണംചെയ്തനില്ലെന്നനിന്നെഞാൻ * വെട്ടിക്കളവെനന്നോടിയടുത്തു തൻ മുഷ്ടികൊണ്ടൊന്നുകുത്തിടിനാൻതുണിന്മേൽ'

ഉടൻ തൂണ പിളർന്ന നരസിംഹമൂർത്തി പുറപ്പെട്ട ഹിരണ്യകശിപുവിനെ വധിച്ചു. അനന്തരം ദൈത്യന്മാരുടെ ആയുധങ്ങൾക്കുകൊണ്ടു സപ്തങ്ങൾക്കുകൊണ്ടു സ്വാഭീയ ശരങ്ങൾക്കുകൊണ്ടു അഗ്നിക്കുകൊണ്ടു പ്രഹ്ലാദനെ വധിപ്പാൻ കഴിഞ്ഞില്ല. പ്രഹ്ലാദൻ ദൈത്യരാജാവായി. ഇദ്ദേഹം മരണാനന്തരം ഇന്ദ്രസ്ഥാനം വഹിച്ചിരുന്നപ്രകാരം പദ്മപുരാണത്തിൽ പറയുന്നു. മുജ്ജന്മത്തിൽ പ്രഹ്ലാദൻ സോമശർമ്മാവു് എന്ന ഒരു ബ്രാഹ്മണനായിരുന്നു എന്നും വിഷ്ണുവിനോടു ലയിപ്പാൻ തപസ്സനുഷ്ഠിച്ചു എന്നും തപസ്സു ചെയ്യുമ്പോൾ ദൈത്യന്മാരുടെ ഭയങ്കരനിഹേതുവായിട്ടു അതിനു തടസ്സമുണ്ടായി എന്നും അതുകൊണ്ടു ഒരു ദൈത്യനായി പിറന്നു എന്നും അന്നു ദേവകളുമായുള്ള യുദ്ധത്തിൽ ദൈത്യന്മാരുടെ വശത്തു ചേരുകയാൽ വിഷ്ണു ചക്രംകൊണ്ടു വധിച്ചു എന്നും അതിൽപിന്നീടാണ് ഹിരണ്യകശിപുവിന്റെ മകനായി ജനിച്ചതെന്നുംകൂടി ആ പുരാണത്തിൽനിന്നും മനസ്സിലാകുന്നു.

പ്രഹ്ലാദം- ക. സന്തോഷം. ഉ. അട്ടഹാസം.

പ്രഹ്വ-വി. ക. കുനിഞ്ഞ ഉ. താൽപര്യമുള്ള.

പ്രളയം-ക. മഹാപ്രളയം. ഓരോ കല്പാവസാനത്തിലുള്ള ലോകനാശം, ജഗത്തിന്റെ പ്രകൃഷ്ടമായ ലയകാലം. മറ്റു പ്രളയങ്ങൾ-സംവർത്തം, കല്പാ, ക്ഷയം, കല്പാന്തം.

ഈ ലോകത്തിൽ സർവ്വ ചരാചരങ്ങളും നശിച്ചു് തൈലോക്യമെല്ലാം മഹാവൃതമാകുമ്പോൾ ഭഗവാൻ മഹാവിഷ്ണു മാത്രം കൂത്തിന്റെ വേഷത്തിൽ ഒരു പേരാലിലയിൽ പ്രളയസമുദ്രത്തിൽ പൊങ്ങിക്കിടക്കും. ഇതത്രേ മഹാപ്രളയം.

ഉ. മഹാലസ്യം. ന. മരണം.

പ്രളയങ്ങൾ മൂന്നുവിധം-ബ്രഹ്മനിമിത്തികപ്രളയം (അഹോരാത്രാവൃഷ്ടിമൂലം ഉണ്ടാകുന്നു), പ്രാകൃതപ്രളയം (സംവർത്തകാഗ്നിമൂലം ഉണ്ടാകുന്നു), ആത്യന്തികപ്രളയം (അതിവൃഷ്ടിമൂലം ഉണ്ടാകുന്നു).

പ്രളയാന്തം - പ്രളയത്തിന്റെ അവസാനം.

പ്രാ

പ്രാക്ക്-ക. കിഴക്കേദിക്ക്. ഉ. കിഴക്കുള്ള ദേശം ന. കഴിഞ്ഞകാലം.

പ്രാക്ക്-വി. ക. കിഴക്കുള്ള. ഉ. മുമ്പേയുള്ള. ന. മുകളിലുള്ള.

പ്രാക്ക്-അ. ക. മുൻപു് ഉ. കിഴക്കു്. ന. കഴിഞ്ഞ.

പ്രാക്പ്രയോഗം - (വ്യാകരണത്തിൽ) ഏതു ധാതുവിനെ സഹായിപ്പാനായി അനുപ്രയോഗം ചെയ്യുന്നുവോ ആ ധാതു.

പ്രാക്ഫലം-പ്ലാവു്.

പ്രാകാമ്യം- ക. അഷ്ടൈശ്വര്യങ്ങളിൽ ഒന്നു്. ഉ. തന്റെ ഇഷ്ടംപോലെ പ്രവർത്തിക്കുന്ന അവസ്ഥ. ശിവന്റെ ഒരു സിദ്ധി.

പ്രാകാരം-മതിൽ. ഉറപ്പിൽ കെട്ടിയുണ്ടാക്കപ്പെട്ടതു് എന്നർത്ഥം.

പ്രാകാരഗൃഹം-കോട്ടയിലുള്ള വീടു്.

പ്രാകാശം-ക. ഒരുവക ആഭരണം. ഉ. ഒരുമാതിരി കണ്ണാടി.

പ്രാകാശ്യം- അരെഷ്ടശബ്ദങ്ങളിൽ ഒന്ന്. എപ്പോൾ എവിടെ പ്രകാശിക്കേണമെന്നു താൻ വിചാരിക്കുന്നുവോ അപ്പോൾ അവിടെ പ്രത്യക്ഷനാവുക എന്നതു്.

പ്രാകുന്ന-ശപിക്കുന്ന.

പ്രാകൃത-വി. പ. പ്രകൃതത്തെ സംബന്ധിച്ച, സ്വഭാവത്തെ സംബന്ധിച്ച. ഉ. നീചത്വമുള്ള. ന. പരിഷ്കാരമില്ലാത്ത.

പ്രാകൃതഭാഷ-പാലിഭാഷയാണ് പ്രാകൃതഭാഷകളായി പിരിഞ്ഞതു്. പ്രാകൃതഭാഷകളുടെ സ്വരൂപത്തിന്റെ ജ്ഞാനം കാളിദാസൻ തുടങ്ങിയുള്ള കവികളാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള നാടകങ്ങളിൽ നിന്നു നമുക്കു ലഭിക്കുന്നുണ്ടു്. ഒടുവിൽ ക്രിസ്താബ്ദം ൧൦-ാം ശതവർഷത്തിൽ പൂരതനങ്ങളായ രാജകുടുംബങ്ങളും ക്ഷയിച്ചു രാജപുത്രന്മാരെന്ന ജാതിക്കാർ എല്ലായിടത്തും പ്രബലന്മാരായി തീർന്നതിനോടുകൂടി പ്രാകൃതഭാഷകളും ഹിന്ദി മുതലായ ഭാഷകളായി പരിണമിച്ചു. ഉത്തരഹിന്ദുസ്ഥാനിൽ അഞ്ചു ഗൌഡഭാഷകളും ഉണ്ടെന്നു ചിലർ പറഞ്ഞിട്ടുണ്ടു്.

പ്രാകൃതം-പ. പ്രാകൃതശാസ്ത്രം. ഉ. പ്രാകൃതഭാഷ. ന. ക്ഷീണം.

സംസ്കൃതം ദുഷിച്ചുണ്ടായ ഒരു ഭാഷയാണ് പ്രാകൃതം. സംസ്കൃതനാടകങ്ങളിൽ സ്ത്രീകളും സാധാരണപാത്രങ്ങളും ഈ ഭാഷയാണു സംസാരിക്കുന്നതു്.

പ്രാകൃതൻ-നീചൻ (നിസ്സാരൻ, അപരിഷ്കൃതൻ). അകാര്യങ്ങളും അധികംചെയ്യുന്നവൻ എന്നർത്ഥം.

'പ്രാകൃതശ്ചാധമോ ജനഃ'

(അമരം)

പ്രാക്ക്, പ്രാക്കൽ, പിരാക്ക്-നീചമായ ശാപം.

പ്രാക്കുടി-പ്രജയിന്റെ കൂടി.

പ്രാക്തന-വി. ഏറ്റവും പണ്ടേയുള്ള, മുജ്ജന്മത്തിലുള്ള.

'പ്രാക്തനദേഹസ്ഥകർമ്മണാം'

(രാമായണം)

പ്രാഖ്യം-പ. ഏറിവു്. ഉ. മൂപ്പു്. ന. ഉഷ്ണത. ര. ഉത്സാഹം.

പ്രാഗത്ഭ്യം-പ. ധൈര്യം. ഉ. അഹമ്മതി.

പ്രാഗഭാവം-തർക്കശാസ്ത്രത്തിൽ പറയുന്ന ഒരു ലക്ഷണം.

പ്രാഗ്ജന്മം-പൂർവ്വജന്മം.

'പ്രാഗ്ജന്മപുണ്യക്ഷയലബ്ധയാകം'

പ്രാഗ്ജ്യോതിഷം-ഒരു രാജ്യം.

പണ്ടത്തെ 'കാമരൂപം' എന്ന രാജ്യത്തിന്റെ രാജധാനി. 'കാമരൂപ'ത്തെ ഇപ്പോൾ 'ആസാം' എന്നു പറഞ്ഞുവരുന്നു. ഭാരതയുദ്ധകാലത്തു ഇവിടത്തെ രാജാവു് ഭഗദത്തനായിരുന്നു.

പ്രാഗ്ദക്ഷിണം-തെക്കുകിഴക്കു്.

പ്രാഗ്ഫല്ഗുനി-പൂരം നക്ഷത്രം.

പ്രാഗ്ഭവ-പ. കിഴക്കുണ്ടായ. ഉ. മുമ്പിലുണ്ടായ.

പ്രാഗ്ഭാഗം-പ. മുൻപിലത്തെ ഭാഗം. ഉ. കിഴക്കേഭാഗം.

പ്രാഗാരം-ഭവനം.

പ്രാഗുദീചി-വടക്കുകിഴക്കു്.

പ്രാഗ്ര-വി. ശ്രേഷ്ഠമായ, പ്രധാനമായ.

പ്രാഗ്രഹർ-വി. പ്രധാനമായ

പ്രാഗ്ര്യ-വി. പ്രധാനമായ.

പ്രാഗ്വംശം-പ. യാഗശാലയിൽ ഹവിസ്സു ചാതിപ്പാനായി ഉണ്ടാക്കിയ സ്ഥലത്തിന്റെ കിഴക്കുഭാഗത്തായി യജമാനനും സഭസ്യന്മാക്കും ഇരിക്കേണ്ടതിനു

നിർമ്മിക്കപ്പെട്ട സ്ഥലം. പ്രകൃഷ്ടേന പൂജ്യമായ വംശാത്തൊട്ട (മുളയോട്ട) കൃടിയതു് എന്നർത്ഥം. ക. യാഗശാലയുടെ കിഴക്കും പടിഞ്ഞാറുമുള്ള സ്തംഭങ്ങളിൽ വയ്ക്കപ്പെട്ട നീണ്ട മരം.

പ്രാഗ്വാതം-യുക്തം.

പ്രാഗ്വാരം-നെയ്യു മുതലായ ദ്രവസാധനങ്ങൾ ഇറക്കിവീഴ്ക, ഉരുക, കാലുക.

പ്രാഗ്ലുണകൻ, പ്രാഗ്ലുണ്ണികൻ-അഭ്യാഗതൻ.

അതിഥിക്കു പറഞ്ഞ ലക്ഷണങ്ങളും ഇല്ലാത്തവരെല്ലാം അഭ്യാഗതന്മാരാണു്. ബന്ധുക്കളും, കാര്യോത്സുകയായി വരുന്നവർ, ഏകഗ്രാമീണന്മാർ മുതലായവർ ഈ ഇനത്തിൽ ഉൾപ്പെടുന്നു.

പ്രാഗം-പ്രണവം എന്ന വാക്യം.

പ്രാഗ്ഗണ(ന)ം-ക. ന്യായസ്ഥലം. ഉ. മിറ്റം, അങ്കണം. ന. ഒരുവക വാദ്യം.

പ്രാഗ്രികം-ക. ഒരുവക ഇരുമ്പു, കാട്ടീച്ച. ഉ. പെൺപന്നു്.

പ്രാചീ-കിഴക്കു്. പ്രഥമം സൂര്യനെ ഗമിക്കുന്നതു് എന്നർത്ഥം.

പ്രാചീന-വി. ക. കിഴക്കുള്ള. ഉ. പണ്ടുള്ള. പ്രാചീനം > < അർവാചീനം.

പ്രാചീന-ക. പാടവള്ളി. ഉ. വേലി.

പ്രാചീനം-വേലി, പുറമതിൽ.

പ്രാചീനപന്നസം. ക്രൗര്യം.

പ്രാചീനബർഹിസ്സു്-ദേവേന്ദ്രൻ.

പ്രാചീനാവീതം - ഇടത്തുതോളിട്ട പൂണൂൽ. പ്രദക്ഷിണമായി ഇട്ടതു് എന്നർത്ഥം.

പ്രാചിനവാൻ-മനുമേജയനു അനന്തരത്തിൽ ഉണ്ടായവൻ.

പ്രാചീരം-വേലി.

പ്രാചുര്യം-ക. സമൃദ്ധി. ഉ. ക്ഷേമം, സംതൃപ്തി.

പ്രാചേതസൻ-വാല്മീകിമഹർഷി, ആദികവി.

പ്രാചേതസ്സു്-ക. മനു. ഉ. ദക്ഷൻ. ന. വാല്മീകി.

പ്രാച്യ-വി. കിഴക്കുള്ള.

പ്രാച്യം-ശരാവതീനദിയുടെ തെക്കുകിഴക്കുള്ള ദേശം. പ്രാചിയിൽ ഭവിച്ചതു് എന്നർത്ഥം.

ശരാവത്യാഃ അവധേഃ പ്രാക്ഷിണഃ യഃ ദേശഃ സഃ പ്രാച്യഃ ഇത്യുച്യതേ = ശരാവതീനദിയാകുന്ന അവധിയുടെ കിഴക്കുതെക്കു യാതൊരു ദേശം അതു പ്രാച്യം എന്നു പറയപ്പെടുന്നു. ശരാവതി ഭാരതവർഷത്തിന്റെ കിഴക്കുവടക്കൽഭവിച്ചു തെക്കുപടിഞ്ഞാട്ടൊഴുകി സമുദ്രത്തിൽ ചേരുന്നു. അതിനെ ഒരവധിയാക്കി കല്പിച്ചു ഭാരതവർഷത്തെ രണ്ടായി തിരിക്കുന്നു.

പ്രാജകൻ-മേയിക്കുന്നവൻ, തെളിക്കുന്നവൻ.

പ്രാജനം-കന്നുകാലികളെ അടിക്കുന്ന ഒരു വടി, കാള മുതലായതിനെ തെളിക്കുന്ന മുടിക്കോൽ. ഇതുകൊണ്ടു തെളിക്കുന്നതിനാൽ ഈ പേർ വന്നു (പ്രാഗ്-പ്രാജനം).

പ്രാജാപത്യ-വി. പ്രജാപതിയെ സംബന്ധിച്ച.

പ്രാജാപത്യം-ക. വിവാഹം എട്ടുപ്രകാരമുള്ളതിൽ ഒന്നു്. (അഷ്ടവിവാഹങ്ങൾ നോക്കുക). ഉ. പാപനിവൃത്തിക്കുള്ള ഒരു വ്രതം. ന. ഒരുത്തിയെ ഒരുത്തനു കൊടുക്കുമ്പോൾ കഴിക്കുന്ന ഒരു കർമ്മം. ര. പിതൃലോകം. ങ. സന്യസിക്കുന്നതിനു മുമ്പിൽ തനിക്കുള്ളതൊക്കെയും ഉപേക്ഷിക്കുക.

പ്രാജാപത്യൻ-വിഷ്ണു.

പ്രാജിതം-പരന്തു്.

പ്രാജിതാവു്-തേർ തെളിക്കുന്ന സൂതൻ. ശമിപ്പിക്കുന്നവൻ എന്നർത്ഥം.

പ്രാജ്യ-വി. വളരെയുള്ള, പൊതുകിയ, വലിയ.

പ്രാജ്യം-അധികം.

പ്രാജ്ഞ-വി. പ്ര. ബുദ്ധിയുള്ള ഉ. വിദ്യയുള്ള, അടക്കമുള്ള.

പ്രാജ്ഞം-പൊതുന്തത.

പ്രാജ്ഞൻ-വിദ്വാൻ, ബുദ്ധിമാൻ. പ്രജ്ഞയുള്ളവൻ എന്നർത്ഥം.

പ്രാജ്ഞാ-ബുദ്ധിയുള്ളവം, അലൌകികങ്ങളായ വസ്തുക്കളിൽ കൂടി അറിവുള്ളവം. (പര്യം-പ്രാജ്ഞതി)

പ്രാഞ്ചുന്ന-ക്ഷീണംകൊണ്ടു തളർന്ന പതുക്കെ നടക്കുന്ന, പ്രാഞ്ചിനടക്കുന്ന.

പ്രാഞ്ജല-വി. കപടമില്ലാത്ത, നേരുമാർഗ്ഗമുള്ള.

പ്രാഞ്ജലി-കൂപ്പുകൈയ്, തൊഴുവാനായി കൈകൂട്ടി നമിച്ച കൂപ്പുക.

പ്രാഞ്ജലി-വി. കൈകൂപ്പിയ.

പ്രാഡ്വിവാകൻ-ജഡ്ജി, ന്യായാധിപതി. രണ്ടു കക്ഷികളുടേയും വാദം കേട്ട് അതിനെപ്പറ്റി സത്യാസത്യവിവേചനം ചെയ്യുന്നവൻ എന്നർത്ഥം. മറ്റൊരു പര്യായം-അക്ഷദർശകൻ.

'പ്രാഡ്വിവാകന്മാരെപ്പോലെ
നിന്നിതോരോപാട്ടിൽ'
(ഒരുരാവതപൂജ തുള്ളൽ)

പ്രാണ-നിറഞ്ഞ.

പ്രാണം-നവമ്പശ.

പ്രാണഗൃഹം-മൂക്ക്.

പ്രാണദ-വി. പ്രാണനെ ദാനംചെയ്യുന്ന.

പ്രാണദം-പ്ര. ജലം. ഉ. ചോര.

പ്രാണദൻ-പ്ര. വിഷ്ണു. ഉ. വായു.

പ്രാണധാരണം-ജീവരക്ഷണം.

പ്രാണൻ-പ്ര. ജീവൻ. ഉ. ശരീരവായുക്കളും അഞ്ചുള്ളതിൽ ഒന്ന്. ന. ശ്വാസം. ശ. ശക്തി. ഇ. വായു. ന. പരാക്രമം.

പ്രാണനം-പ്ര. ശ്വാസംവലിക്ക. ഉ. ജീവൻ. ന. തൊണ്ട. ശ. ജലം. ഇ. ശ്വാസംവിടുക.

പ്രാണനാഡി-ജീവവായു സഞ്ചരിക്കുന്ന ഞരമ്പു്.

പ്രാണനാഥ-ഭർത്താവു്.

പ്രാണനാഥൻ-ഭർത്താവു്.

പ്രാണനായകൻ-ഭർത്താവു്.

പ്രാണനായിക-ഭാര്യ.

പ്രാണനാശം-മരണം.

പ്രാണന്തൻ-വായു.

പ്രാണന്തീ-പ്ര. വിശപ്പു്. ഉ. ഇക്കിൾ, എക്കിട്ട.

പ്രാണപ്രതിഷ്ഠ-വിഗ്രഹങ്ങളിൽ ഈശ്വരചൈതന്യമുണ്ടാക്കുന്ന ഒരു കർമ്മം.

പ്രാണപ്രയാണം-ജീവാവസാനം, പ്രാണൻ പോകുക.

പ്രാണബന്ധു-പ്രാണനെപ്പോലെ സ്നേഹിക്കുന്ന മിത്രം.

പ്രാണഭയം-പ്രാണൻ പോയേക്കുമോ എന്നുള്ള പേടി.

പ്രാണമയ-വി. പ്രാണനെക്കൊണ്ടു വ്യാപിക്കപ്പെട്ട.

പ്രാണമയകോശം - രാജാക്കന്മാരുടെ കാര്യങ്ങളും ലിംഗശരീരത്തിൽ വർത്തിക്കുന്നവയും ഇരിക്കുന്ന പ്രാണൻ മുതലായ അഞ്ചു വായുക്കളും വാക്കു തുടങ്ങിയ അഞ്ചു കർമ്മേന്ദ്രിയങ്ങളും കൂടിയതു്.

പ്രാണത്യാഗം-ജീവനെ കളക, തന്നത്താൻ കൊല്ലുക.

പ്രാണയോനി-പ്ര. ബ്രഹ്മം. ഉ. വായു
പ്രാണരന്ധ്രം-പ്ര. വായ്. ഉ. മൂക്ക്.
പ്രാണവായു-ജീവവായു.
പ്രാണവേദന, പ്രാണസങ്കടം-മരണവേദന. പ്രാണനുണ്ടാകുന്ന സങ്കടം
പ്രാണസഞ്ചാരം-പ്രാണനുണ്ടാകുന്ന അതിവേദന.
പ്രാണസ്നേഹം- പ്രാണനെപ്പോലെയുള്ള സ്നേഹം, അധികസ്നേഹം.
പ്രാണസ്നേഹിതൻ-ഉറ്റ ചങ്ങാതി.
പ്രാണഹാനി-ജീവനാശം.
പ്രാണാധീശ്വരി-ഭാര്യ.
പ്രാണാന്തം-മരണം.
പ്രാണാന്തിക-വി. ജീവനെ നശിപ്പിക്കുന്ന.
പ്രാണായാമം-പ്രാണന്റെ നിയമനം, പ്രാണനെ അറികയും നിയമനം ചെയ്കയും ചെയ്തു, യോഗികൾ ധ്യാനത്തിനുമുമ്പ് ശ്വാസം അടക്കുകയും മൂക്കിൽക്കൂടെ കളകയും ചെയ്യുന്ന ഒരു മുറ, അഷ്ടാംഗയോഗങ്ങളിൽ ഒന്ന്. പ്രാണായാമം മൂന്നുവിധം, പ്ര. സാധാരണ, ഉ. മദ്ധ്യമം, ഋ. ഉത്തമം.
പ്രാണാവസാനം-ജീവനാശം.
പ്രാണി-വി. ജീവനുള്ളത്, ജീവി. (ണ്ഡി, ണിനീ, ണി).
പ്രാണി-ജന്തു, മനുഷ്യൻ മുതലായ പ്രാണികളുടെ പേർ.

പ്രാണികൾ അന്നരസത്തിൽ നിന്നും, അന്നം മഴയിൽ നിന്നും, മഴ ദേവപ്രീതിയിൽ നിന്നും, ദേവപ്രീതി ത്രികർമ്മത്തിൽ നിന്നും, ത്രികർമ്മം വേദത്തിൽ നിന്നും, വേദം ബ്രഹ്മത്തിൽ നിന്നും ഉണ്ടാകുന്നു.

പ്രാണിപ്രകൃതികൾ മൂന്നുവിധം-ദൈവി, ആസുരി, രാക്ഷസി. ആസുരിയും രാക്ഷസിയും പ്രാണികളെ സംസാരത്തിൽ ബന്ധിപ്പിക്കുന്നു.

പ്രാണിദ്രുതം-കോഴികളെക്കൊണ്ടും മറ്റും തമ്മിൽ വിദ്വേഷം പറഞ്ഞു പൊരുതിക്ക, വിളിച്ചുവരുത്തിക്കളിക്കുന്ന ചൂതുകളി, മേൽക്കൈക്കുവേണ്ടികളയുടെ യുദ്ധം.
പ്രാണിപ്രപഞ്ചം - ജീവജന്തുക്കളുടെ കൂട്ടം.
പ്രാണിഹിംസാ-ജീവികളെ കൊല്ലുകയോ പീഡിപ്പിക്കയോ ചെയ്യുന്നത്.
പ്രാണീത്യം-കടം.
പ്രാണേശ-ഭാര്യ.
പ്രാണേശൻ-ഭർത്താവ്.
പ്രാണേശ്വരി-പ്രാണനാഥ.

'പ്രാണേശ്വരി! പ്രണയമസ്മാനേ!'
(മയൂരസന്ദേശം)

പ്രാണോപകാരി-ക്ഷൌരകൻ.
പ്രാണോപഹാരം-ആഹാരം.
പ്രാതരാശം-പ്രാതൽ, പകലിൽ ഒന്നാം മതുള്ള ഭക്ഷണം.
പ്രാതർ-അ. പ്രഭാതകാലം.
പ്രാതൺണ്ടി-കോഴി.
പ്രാതർഭോക്തൃത്വം-കാക്ക.
പ്രാതർഭോജനം-പ്രാതൽ ഉണ്ണുക.
പ്രാതൽ-പകലിൽ ഒന്നാമതുള്ള ഭക്ഷണം
പ്രാതസ്ത്രീവത്സാ-ശംഖനാഭി.
പ്രാതസ്തരാം-അ. അതികാലത്തേ.
പ്രാതഃ(കാലം)-ആദിത്യൻ ഉദിക്കുന്ന സമയം (ഉഷസ്സിങ്കൽ).
പ്രാതികാ-ചെമ്പരത്തി.
പ്രാതിദൈവസിക-വി. ദിനവും സംഭവിക്കുന്ന.
പ്രാതിപദികം-നാമത്തിന്റെ പ്രകൃതി.
പ്രാതിഭാവ്യം-ജാമ്യം.

പ്രാതിലോമ്യം- വിപരീതം, പ്രതികൂലത.

പ്രാതിവേശിനി-അയൽവീട്ടുകാരി.

പ്രാതിശാഖ്യകർത്താവ്-വേദത്തിലെ ശ്ലോകങ്ങളുടെയും പദങ്ങളുടെയും ഉച്ചാരണത്തെപ്പറ്റിയുള്ള പുസ്തകങ്ങളുടെ.

ഋഗ്വേദത്തിനു ശൗനകൻ ഉണ്ടാക്കിയ ശാകലപ്രാതിശാഖ്യവും, യജുർവേദത്തിനു തൈത്തിരീയ പ്രാതിശാഖ്യവും, വാജസനേയിപ്രാതിശാഖ്യവും, അഥർവ്വവേദത്തിനു ശൗനകീയചതുരദ്ധ്യായികയും ഉണ്ട്. സാമവേദത്തിന് ഒരു പ്രാതിശാഖ്യമുള്ള പ്രകാരം വെളിവാകുന്നില്ല.

പ്രാതിഹാര(കൻ), പ്രാതിഹാരികൻ-ഇന്ദ്രജാലക്കാരൻ. പ്രതിഹാരം (വ്യാജം) പ്രയോജനമായിട്ടുള്ളവൻ എന്നർത്ഥം.

പ്രാതീതിക-വി. ഏതൊരുത്തനെ സംബന്ധിച്ച, അജ്ഞാനമുള്ള.

പ്രാതീപിക-വി. നേരെ മറിഞ്ഞുള്ള, വിപരീതമായ.

പ്രാത്യയിക-വി. പ. വിശ്വാസമുള്ള. ഉ. ജാമ്യം നിൽക്കുന്ന.

പ്രാഥമകല്പികൻ-അദ്ധ്യയനം തുടങ്ങിയ ശിഷ്യൻ.

പ്രാഥമിക-പ. ആദ്യമായ. ഉ. മുമ്പുള്ള. ന. ആദ്യമായി സംഭവിക്കുന്ന.

പ്രാഥമ്യം-ഒന്നാമത്തെതെന്നുള്ള നില, അഗ്രഗണ്യത.

പ്രാദക്ഷിണ്യം-പ്രദക്ഷിണം.

പ്രാദുർ,പ്രാദുസ്സ്-അ. പ. മുമ്പിൽ ഉ. പ്രകാശമാവം.

പ്രാദുർഭവിക്കുന്നു-പ്രത്യക്ഷമാകുന്നു.

'മേദിനിയിലിതുപോലെമേദുരഗുണം സ്ഥലം * പ്രാദുർഭവിച്ചിടാവാമതിനില്ലഹോ'

(ദുര്യോധനവധം കഥകളി)

പ്രാദുർഭാവം-പ്രത്യക്ഷത.

പ്രാദുർഭൂത-വി. പ്രത്യക്ഷമായി ഭവിച്ച.

പ്രാദുഷ്കരണം-പ്രത്യക്ഷമാക്കുക.

പ്രാദുഷ്യം-പ്രത്യക്ഷത.

പ്രാദേശം-പ. ചൊട്ടച്ചൂണ്ടൽ, ചൂണ്ടാണിവിരലും പെരുവിരലും കൂടി നിവർത്തിവച്ചാലുണ്ടാകുന്ന ചാൺ. കണക്കാക്കുന്നതു എന്നർത്ഥം. (പാഠം-പ്രദേശം). ഉ. സ്ഥലം.

പ്രാദേശനം-ദാനം. കൊടുക്കുക എന്നർത്ഥം.

പ്രാദേശിക-വി. സ്ഥലത്തുള്ള.

പ്രാദ്ധ്വ-വി. പ. ദൂരമുള്ള. ഉ. കനിഞ്ഞ. ന. കെട്ടഴപ്പുള്ള.

പ്രാദ്ധ്വ-അ. പ. അനുകൂലമായി, തുല്യമായി. ഉ. വളരെയായി.

പ്രാദ്ധ്വം-വണ്ടി.

പ്രാധനികം-പ. നാശകരമായ ഒരു ആയുധം. ഒരു യുദ്ധോപകരണം.

പ്രാധാനിക-വി. പ്രധാനമായ, മുഖ്യമായ.

പ്രാധാന്യം-ശ്രേഷ്ഠത.

പ്രാധാന്യത എന്നു ചിലർ പ്രയോഗിക്കാറുണ്ട്. ഇതു ഇരട്ടിപ്പാണ്. പ്രാധാന്യം എന്നു മതി. പ്രാധാന്യതയെ സ്ത്രീകരിക്കുന്ന പക്ഷം ആ കൂട്ടത്തിൽ ഗൗരവ്യത, വേഗത മുതലായ ഇരട്ടിപ്പുകളേയും സ്ത്രീകരിക്കേണ്ടിവരും. പ്രാധാന്യം, ഗൗരവ്യം, വേഗം ഇത്യാദി ശരിയായ രൂപങ്ങളെ സ്ത്രീകരിക്കയാണു വേണ്ടതു.

പ്രാന്തം-ഗ. വക്ക്, വിളുമ്പ്. ഘ. അറ്റം. ങ. സമീപം. ച. മുക്ക്, മൂല. ഛ. അതിര്ത്തി.

പ്രാന്തടയ്ക്കുക-അതിരിടുകയുള്ള കോട്ട. ഘ. ഉപയാമം, പേട്ട.

പ്രാന്തരം-ഗ. കടികളില്ലാതെ ദൂരമായുള്ള വഴി. ഘ. കാട്ടുപ്രദേശം. ങ. വൃക്ഷത്തിന്റെ പോത്ത്. ച. തണൽ ഇല്ലാത്ത റോട്ട്. ഛ. പിൻവശം.

പ്രാപകം-പ്രാപിപ്പിക്കുന്നത്, ലഭിക്കുവാനുള്ള വഴി.

പ്രാപണം-ഗ. ചെല്ലുക. ഘ. പ്രവേശിക്കുക. ങ. ലഭിക്കുക. ച. സമീപിക്കുക. ഛ. അന്വേഷിക്കുക.

പ്രാപഞ്ചികൻ-പ്രപഞ്ചവിഷയങ്ങളിൽ ബന്ധമുള്ളവൻ.

പ്രാപണികൻ-കച്ചവടക്കാരൻ.

പ്രാപിക്കുന്നു-ഗ. ചെല്ലുന്നു. ഘ. പ്രവേശിക്കുന്നു. ങ. ലഭിക്കുന്നു. ച. സമീപിക്കുന്നു. ഛ. അന്വേഷിക്കുന്നു. (കാ. ക്രി-പ്രാപിപ്പിക്കുന്നു) (നാമം-പ്രാപണം).

പ്രാപ്ത-വി. ഗ. പ്രാപിക്കപ്പെട്ട, പ്രാപിച്ച, ലഭിച്ച. ഘ. ചെന്ന. ങ. ലഭിക്കപ്പെട്ട.

പ്രാപ്തൻ-പ്രാപ്തിയുള്ളവൻ, സാമർത്ഥ്യമുള്ളവൻ.

പ്രാപ്തപഞ്ചത്വൻ-മരിച്ചവൻ.

പ്രാപ്തബ്രാഹ്മൻ-ഗ. വിദ്വാൻ. ഘ. സുന്ദരൻ. ങ. മോഹിപ്പിക്കുന്നവൻ.

പ്രാപ്തി-ഗ. സാമർത്ഥ്യം. ഘ. ലാഭം. ങ. പ്രവേശം. ച. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്, സാധാരണന്മാർക്ക് മനസ്സുകൊണ്ടു പോലും ഗ്രഹിക്കാവുന്നതല്ലാത്ത ചന്ദ്രമണ്ഡലത്തെ ഒരു പ്രയാസവും കൂടാതെ കൈകൊണ്ടു പിടിപ്പാൻ കഴിയുക. ഛ. ഉൽപത്തി. ജ. പങ്ക്. ഝ. ഭാഗ്യം. ഞ. ചേർച്ച.

പ്രാപ്പുറത്തിനെല്ല്-ഒരു തരം നെല്ല്. മിക്കവാറും നവരയുടെ ഗുണങ്ങളുണ്ട്. സം—പാരാവതകം.

പ്രാപ്യ-വി. ഗ. പ്രാപിക്കത്തക്ക. ഘ. ലഭിപ്പാൻതക്ക.

പ്രാബല്യം-പ്രബലന്റെ അവസ്ഥ, ശക്തിയും മറവും.

പ്രാബാ(വാ)ലികൻ-പവിഴവ്യാപാരി

പ്രാഭഞ്ജനി-ഗ. ഹനുമാൻ. ഘ. ഭീമൻ.

പ്രാഭവം-പ്രഭുവിന്റെ അവസ്ഥ., സമ്പത്തും ശക്തിയും മറവും, പ്രഭുത്വം, പ്രാബല്യം, ശ്രേഷ്ഠത.

പ്രാഭവത്യം-അധികാരം, ശക്തി.

പ്രാഭാതിക-വി. പ്രഭാതത്തെ സംബന്ധിച്ച.

പ്രാഭൃതം-ഗ. കാഴ്ചദ്രവ്യം, ബന്ധുക്കളും മുതലായവർക്ക് കൊടുക്കുന്ന സമ്മാനവും മറവും. ഘ. ദേവതാ ദർശനാർത്ഥം ചെല്ലുമ്പോൾ കൊണ്ടുചെല്ലുന്ന വഴിപാട്.

'പ്രാഭൃതമായിട്ടു വെച്ചുകൊടുക്കിലോൻ'
(കൃഷ്ണഗാഥ)

പ്രാമാണിക-വി. പ്രമാണത്തെ സംബന്ധിച്ച.

പ്രാമാണികൻ-ഗ. തലവൻ. ഘ. വിദ്വാൻ.

പ്രാമാണ്യം-പ്രമാണം.

പ്രാമാദ്യം-ഗ. തെറ്റ, തലക്കിറുക്ക്. ഘ. ആടമ്പോടകം.

പ്രാമീത്യം-ഗ. കടം. ഘ. മരണം.

പ്രാംണി, പ്രാമ്മണി-കേരളത്തിൽ നായർവർഗ്ഗക്കാരുടെ കല്യാണത്തിനും മറവും ഒരുതരം പാട്ടു പാടുന്ന പുഷ്കസ്ത്രീവർഗ്ഗം, ബ്രാഹ്മച്ചി, ബ്രാഹ്മണി.

പ്രാംശു-വി. ദീർഘമുള്ള, നെടിയ, ശ്രീണ,

'പ്രാംശുഫലേ ഫലേ ലോഭാത്'
(രഘുവംശം)

പ്രായ-വി. തുല്യമായ, അധികമുള്ള.

പ്രായചതുഷ്ടയം-ശൈശവം, കൈമാരം, യൌവ്വനം, വാർദ്ധക്യം ഇവ ർ-ം.

പ്രായഃ, പ്രായശഃ-അ. മിക്കവാറും, മിക്കതും, വളരെ, പ്രായേണ, മിക്കപ്പോഴും.

പ്രായണം-ഗ. പ്രവേശം, ആരംഭം. ഉ. തന്നന്തരമുള്ള മരണം.

പ്രായം-ഗ. വലിപ്പം. പ്രകർഷേണ ഗമിക്കുക എന്നർത്ഥം. ഉ. ജീവാവസ്ഥ. ന. മരണം ർ. വർദ്ധന. ങ. മരിപ്പാനായിട്ടുള്ള ഉപവാസം, എല്ലാം ഉപേക്ഷിച്ചു സന്യസിച്ചതിന്റെ ശേഷം ഇനി ജലപാനംപോലും ചെയ്യുകയില്ലെന്നുള്ള ദൃഢനിശ്ചയം—അനശനഭിക്ഷ.

പ്രായം-വി. തുല്യമായ.

പ്രായശ്ചിത്തം, പ്രായശ്ചിത്തി-തന്റെ പേരിലുള്ള കുറവോ പാപമോ തീരുന്നതിനായിട്ടു ചെയ്യുന്ന പ്രവൃത്തി, പ്രതിവിധി.

പ്രായത്യം-പരിശുദ്ധം.

പ്രായശഃ-(പ്രായഃ എന്നതു നോക്കുക)

പ്രായാധിക്യം-പ്രായത്തിന്റെ കൂടുതൽ, വാർദ്ധക്യം.

പ്രായിക-വി. സാധാരണമായി.

പ്രായേണ-അ. മിക്കവാറും.

പ്രായോപവേശ(ന)ം-ആഹാരം അപേക്ഷിച്ചു മരിപ്പാൻ തയാറായിരിക്കുക.

പ്രായോപവേശത്തിനു ശ്രീപരീക്ഷിത്തുമുതലായവരുടെകഥ ദൃഷ്ടാന്തമാകുന്നു.

പ്രാരബ്ധ-വി. പ്രാരംഭിക്കപ്പെട്ട, തുടങ്ങപ്പെട്ട

പ്രാരബ്ധകർമ്മം-തുടങ്ങപ്പെട്ട പ്രവൃത്തി.

പ്രാരംഭം—ആരംഭം, തുടസ്സം.

പ്രാരാഭിക്കുന്നു-തുടങ്ങുന്നു.

പ്രാരോഹം-മുള, കൂമ്പ്, കൊമ്പ്.

പ്രാർണ്ണം-പ്രധാന കടം.

പ്രാർത്ഥന(ർ)-ഗ. അപേക്ഷ. ഉ. യാചന. ന. വ്യവഹാരം ർ. ഹർജി.

പ്രാർത്ഥനീയം-ഗ. ദ്വാപരയുഗം. ഉ. പ്രാർത്ഥിക്കാൻതക്ക.

പ്രാർത്ഥിക്കുന്നു-ഗ. അപേക്ഷിക്കുന്നു, ആഗ്രഹിച്ചു ചോദിക്കുന്നു. ഉ. യാചിക്കുന്നു.

പ്രാർത്ഥിത-വി. ഗ. അപേക്ഷിക്കപ്പെട്ട. ഉ. യാചിക്കപ്പെട്ട.

പ്രാലംബം-കഴുത്തിൽതൂക്കുന്ന ഒരുമാതിരി മാല, കഴുത്തിൽനിന്നു നേരെ കീഴ്പോട്ടു തൂങ്ങിനില്ക്കുന്ന മാല. പ്രകർഷേണ തൂങ്ങിനില്ക്കുന്നതു് എന്നർത്ഥം.

പ്രാലംബിക-ഒരുമാതിരി സ്വർണ്ണമാല; സ്വർണ്ണംകൊണ്ടുണ്ടാക്കിയ ലലന്തിക; തൂങ്ങിനില്ക്കുന്നതു് എന്നർത്ഥം.

പ്രാലേയകരം-കർപ്പൂരം

പ്രാലേയം-മഞ്ഞു്. (പ്രലയം=അവസാനം). ശരൽക്കാലാവസാനത്തിൽ ഭവിച്ചതു്. പ്രലയത്തിൽ (ഹിമാദ്രിയിൽ) നിന്നുവന്നതു് എന്നുമാവാം.

പ്രാലേയരശ്മി-ഗ. ചന്ദ്രൻ. ഉ. കർപ്പൂരം.

പ്രാലേയശൈലം-ഹിമവാൻ പർവ്വതം.

പ്രാലേയാദ്രി-ഹിമവാൻ പർവ്വതം.

പ്രാലേയാംശു-കർപ്പൂരം.

പ്രാവണ്യം-പ്രവണത, മനസ്സിനുണ്ടാകുന്ന ചായ്വു്, ഭാവാനുബന്ധം, ചരിവു്.

പ്രാവു്-ഒരുമാതിരി പക്ഷി. (മാടപ്രാവു്, മൂളിപ്രാവു്).

പ്രാവിന്റെ മാംസം രക്തദോഷത്തെ തീർക്കും. മലത്തെ പിടിപ്പിക്കും. സാമാന്യമായി പ്രാവു് എന്നു പറയപ്പെടുന്നതു

കാട്ടിലും നാട്ടിലും ഒരേപോലെ സഞ്ചരിക്കുന്നതായിരിക്കണം. മാംസം കട്ട കെണ്ണയിൽ വറുത്തു തേനിനോടും പാലിനോടും ഭക്ഷിക്കുന്നു. സം-കപോതം. ത-പുറാവു്. ഇം.—Dove, Pigeon.

പ്രാവടം-യവം.

പ്രാവണം-കിളുത്തുമ്പു.

പ്രാവരം-വേലി.

പ്രാവരണം-പുതപ്പു്.

പ്രാവശ്യം-കവണ.

പ്രാവാരം-ഉത്തരീയവസ്ത്രം, രണ്ടാംമുണ്ടു് ഇവയുടെ പേർ. നല്ലവണ്ണം മറയ്ക്കുന്നു് എന്നർത്ഥം.

പ്രാവാരകീടം-ക്രൗഞ്ചൻ.

പ്രാവീണ്യം-ബുദ്ധിസാമർത്ഥ്യം.

പ്രാവൃട്ടു്-വർഷകാലം. (സപ്തമി-പ്രാവൃഷി). പ്രകൃഷ്ടയായ വൃട്ടോടുകൂടിയ കാലം. (വൃട് = വർഷണം)

പ്രാവൃത-വി. മൂടപ്പെട്ട, പുറപ്പെട്ട.

പ്രാവൃതം-ഉടുത്തവസ്ത്രം. മറയ്ക്കുന്നതു് എന്നർത്ഥം.

പ്രാവൃതി-പുറമുള്ള വേലി.

പ്രാവൃഷം, പ്രാവൃഷാ-വർഷർതു.

പ്രാവൃഷായണി-പ്ര. ഒരു പച്ചമരുന്നു്, നായിക്കൊരുണ. വർഷകാലത്തുണ്ടാകുന്നതു് എന്നർത്ഥം. ര. വെളുത്ത തഴുതാമ.

പ്രാവൃഷികം-മയിൽ.

പ്രാവൃഷിജ-വി. മഴക്കാലത്തുണ്ടായ.

പ്രാവൃഷിജം-കൊടുങ്കാറ്റു്.

പ്രാവൃഷേണ്യ-വി. വർഷകാലത്തുണ്ടായ

പ്രാവൃഷേണ്യം-പ്ര. കടമ്പു്. ര. കടകപ്പാല. സ. വലിയകടമ്പു്.

പ്രാവേശനം-പണിപ്പുര.

പ്രാശകൻ-തിന്നുന്നവൻ.

പ്രാശനം-ഭക്ഷണം.

പ്രാശനീയ-വി. ഭക്ഷിക്കത്തക്ക.

പ്രാശിത-വി. ഭക്ഷിക്കപ്പെട്ട.

പ്രാശിതം-ചോറു്.

പ്രാശ്നികൻ-ചോദിക്കുന്നവൻ, സമയികൽ സഹായിക്കുന്ന ഒരുവൻ, പ്രശ്നം പറയുന്നവൻ.

പ്രാസം-പ്ര. കവിതയുടെ ഒരുമാതിരി അക്ഷരച്ചേർച്ച. ര. കന്തം. പ്രകർഷേണ ക്ഷേപിക്കപ്പെടുന്നതു് എന്നർത്ഥം.

പ്രാസകം-പ്ര. കന്തം. ര. പകിട.

പ്രാസംഗം-നകം.

പ്രാസംഗിക-വി. ഇടയിൽ സംഭവിക്കുന്ന.

പ്രാസംഗികം-രൂപകത്തിലേ വസ്തു (കഥാശരീരം) രണ്ടായി വിഭജിച്ചതിൽ ഒന്നു്. മറ്റൊന്നു് 'ആധികാരികം'.

പ്രാസംഗ്യം-നകം ചുമക്കുന്ന കാള.

പ്രാസാദം-പ്ര. മാളിക. ര. ദേവാലയം, സ. രാജഗൃഹം. പ്രാസാദം = ഉന്നതഭവനം. എവിടെയിരുന്നു പ്രസാദിക്കുന്നുവോ അതിനു പ്രാസാദം എന്നു വ്യുൽപത്തി. (രാജാക്കന്മാരുടെ മാളികയ്ക്കു 'പ്രാസാദം' എന്നും, ധനികന്മാരുടെ മാളികയ്ക്കു 'ഹർമ്യം' എന്നും പറയുന്നു.)

പ്രാസാദകുക്കുടം-മാടപ്രാവു്.

പ്രാസികൻ-കന്തക്കാരൻ, പ്രാസം (കന്തം) ആയുധമായിട്ടുള്ളവൻ എന്നർത്ഥം. മറ്റൊരാൾ പയ്യായം-കൈന്തികൻ.

പ്രാസ്ഥ-വി. ഏറിത്തെ.

പ്രാസ്ഥിക-വി. പ്രസ്ഥാനത്തെ (ഇടങ്ങഴിയെ) സംബന്ധിച്ച.

പ്രാസ്ഥികം-ഇടങ്ങഴി വിത്തു വിതയ്ക്കുന്ന സ്ഥലം.

പ്രാഹ്ണകാലം, പ്രാഹ്ണം-പക ലിന്റെ ആദിയിലെ പത്തുനാഴിക. ആദ്യത്തെ അഹസ്സ് എന്നർത്ഥം.

പ്രാഹ്ണേതരാം-അതികാലത്തെ.

പ്രാളേയം-മഞ്ഞ്.

പ്രി

പ്രിയ-വി. ഇഷ്ടമുള്ള.

പ്രിയകം-പ്ര. ചെമപ്പും കറുപ്പും നിറമായ രോമത്തോടുകൂടിയ മാൻ. ഉ. തേനീച്ച. ന. വെങ്ങവൃക്ഷം. ര ഞാഴൽ. ള. നീർക്കടയ്. ഴ. കുങ്കുമം.

പ്രിയകൃത്ത്-വിഷ്ണു.

പ്രിയജാനി-ഭാര്യയെ ഹാർദ്ദമായി സ്നേഹിക്കുന്ന ഭർത്താവ്.

പ്രിയത-പ്ര. ആദരം.

'സല്ലോകക്കസ്സലിലമധികം
നല്ലതാണെന്നതോന്നീ-
ട്ടല്ലോപോരം പ്രിയതയതിലി
ന്നോക്കിലുണ്ടായിടുന്നു'

(മയൂരസന്ദേശം)

ഉ. സ്നേഹം.

പ്രിയതമ-വി. ഏറ്റവും ഇഷ്ടമുള്ള.

പ്രിയതമ-ഭാര്യ.

പ്രിയതമൻ-ഭർത്താവ്.

പ്രിയതമം-ഒരു വൃക്ഷം.

പ്രിയതരം-വി. ഏറ്റവും സ്നേഹമുള്ള.

പ്രിയദർശന-വി. കാഴ്ചക്ക് ഭംഗിയുള്ള.

പ്രിയദർശനം-പ്ര. തത്ത. ഉ. പഴമുൾപാല.

പ്രിയദർശനൻ-ഒരു ഗന്ധർവരാജാവ്.

പ്രിയധനൻ-ശിവൻ.

പ്രിയൻ-പ്ര. സന്തോഷിപ്പിക്കുന്നവൻ. ഉ ഭർത്താവ്.

പ്രിയപ്പെടുന്ന-ഇഷ്ടപ്പെടുന്ന, സ്നേഹിക്കുന്ന.

പ്രിയഭാഷണം-ഇഷ്ടവാക്ക്.

പ്രിയമധു-ബലരാമൻ.

പ്രിയം-പ്ര. ഇഷ്ടമായത്. തൃപ്തിയെചെയ്യുന്നത് എന്നർത്ഥം. ഉ. മുള്ളുചെമന്തി.

പ്രിയംകര-വി. ഇഷ്ടത്തെചെയ്യുന്ന.

പ്രിയംഗു-പ്ര. തിന. ഉ. ഞാഴൽ. ന. ചെങ്കടുക്. ര കുങ്കുമം. ള തിപ്പലി. ഴ. കടുരോഹിണി

പ്രിയംവദ-വി. നല്ലവാക്ക് പറയുന്ന പ്രിയത്തെ വദിക്കുന്ന, ഭംഗി പറയുന്ന,

പ്രിയംവദ-പ്ര. ശകുന്തളയുടെ ഒരു സഖി. ഉ. പിച്ചകം.

പ്രിയംവദൻ-പ്ര നല്ലവാക്ക് പറയുന്നവൻ. ഉ. ഗന്ധർവരാജാവിന്റെ പുത്രനായ ഒരു വിദ്യാധരൻ.

പ്രിയവാദി-വി. നല്ലവാക്കുപറയുന്ന.

പ്രിയവാദിനീ-പ്ര. പഞ്ചവല്ലിക്കിളി. ഉ. നല്ലവാക്ക് പറയുന്നവൻ.

പ്രിയവ്രതൻ-ബ്രഹ്മാവിന്റെ ഒരു പുത്രൻ.

സ്വായംഭുവ മനുവിന്റെ മകനെന്നും കുഞ്ഞെന്നുണ്ട്. ഭൂമിയുടെ ഒരു ഭാഗം മാത്രമേ ഒരു സമയം സൂര്യപ്രകാശംകൊണ്ടു പ്രകാശിക്കുന്നുള്ളു എന്നും അതുപോരാ എന്നും കരുതി പ്രിയവ്രതൻ സൂര്യനെ തുല്യവേഗമുള്ള തന്റെ അഗ്നിരഥത്തിൽ ആരോഹണംചെയ്ത് ഏഴുതവണ ബ്രഹ്മാവു തടസ്സംചെയ്യുവരെ ഭൂമിയ്ക്കു ചുറ്റും സൂര്യനെ അനുധാവനംചെയ്ത ഭൂമിയുടെ ചുറ്റുമുള്ള ഏഴു സപ്തദ്വീപുകളും

രഥത്തിന്റെ ചക്രംകൊണ്ടുണ്ടായ കഴി കളാകുന്നു.

പ്രിയശ്രവസ്സ്-കൃഷ്ണൻ.

പ്രിയാ-പ്ര. പ്രിയമുള്ളവൾ. ഉ. ഭാര്യ. സ്ത്രീ. ശ. ചിറ്റേലം. ള. വള്ളിമുല്ല. ന. ഞാഴൽ. റ. മല്ലം. വ. മഴമുല്ല.

പ്രിയാമ്പു-മഹുവൃക്ഷം.

പ്രിയാഷ്ഠൻ-വിഷ്ണു.

പ്രിയാളം-ഒരു വൃക്ഷം, മുരിക്ക്. സന്തോഷിപ്പിക്കുന്നത് എന്നർത്ഥം. ഇഷ്ടപ്പെടുന്നത് എന്നുമാവാം. (പാഠം-പിയാളം, പിയാളകം, പ്രിയാളകം).

—:ം:—

പ്രീ

പ്രീണ-വി. പ്ര. സന്തോഷമുള്ള. ഉ. മുള്ള.

പ്രീണനം-സന്തോഷം, തൃപ്തി. തൃപ്തിവരുത്തുക എന്ന ക്രിയ.

'പ്രാണികൾക്കു മനക്കാമ്പിൽ
പ്രീണനങ്ങൾവരുത്തുന്ന'
(ത്രിപുരദഹനം തുള്ളൽ)

പ്രീണസം-ചന്ദനമരം.

പ്രീണിക്കുന്നു-സന്തോഷിക്കുന്നു. (സ. ക്രി. പ്രീണിപ്പിക്കുന്നു.)

പ്രീത-വി. സന്തോഷമുള്ള.

പ്രീതൻ-സന്തോഷിച്ചവൻ. പ്രീണിച്ചവൻ എന്നർത്ഥം.

പ്രീതി-പ്ര. സന്തോഷം, സ്നേഹം. ഉ. കാമുകന്റെ ഭോഗത്തോടെ ഒരു മഹാ സന്തോഷത്തോടെ തിരുവായ്മൊഴി. ഈ ശ്ലോകം

പ്രീതികര-വി. സന്തോഷത്തെ ഉണ്ടാക്കുന്ന.

പ്രീതിഭുജാ-അന്നത്തിന്റെ ഭാഗം

പ്രീതിമത്(ത്)-വി. സന്തോഷമുള്ള. (മാൻ, മതി, മൽ).

പ്രീതിവർദ്ധനൻ-വിഷ്ണു.

പ്ലു

പ്ലുഷ്ടം-പ്ര. രണ്ടുമാസം കൂടിയ കാലം, ഋതു. ഉ. ആദിത്യൻ.

പ്ലുഷാ-നീർത്തുള്ളി.

പ്ലുഷ്ട-വി. ചുടപ്പെട്ട, ദഹിപ്പിക്കപ്പെട്ട.

പ്രേ

പ്രേക്ഷ-പ്ര. ബുദ്ധി. പ്രകൃഷ്ടമായ ഈക്ഷണത്തോടെ (ജ്ഞാനത്തോടെ) കൂടിയത് എന്നർത്ഥം. ഉ. ആട്ടം, കൂത്ത്. ന. കാഴ്ച. ശ. സ്തംഭംകൊണ്ടുള്ള. ള. വൃക്ഷത്തിന്റെ കൊമ്പ്.

പ്രേക്ഷകൻ-നോട്ടക്കാരൻ, ദീക്ഷിതൻ.

പ്രേക്ഷാവത്തുക്കൾ-ബുദ്ധിമാന്മാർ.

പ്രേക്ഷിതന്മാർ-കാഴ്ചക്കാർ.

പ്രേംഖണം-പ്ര. നായകനും സൂത്രധാരനും മറവില്ലാത്ത ഒരരങ്ങിലുള്ള ഒരു നാടകം. ഉ-ം, ബാലിവധം. ഉ. ഉഴിഞ്ഞാൽ. ന. ഉഴിഞ്ഞാൽ ആട്ടക.

പ്രേംഖാ-പ്ര. ഉഴിഞ്ഞാൽ. അങ്ങോട്ടും ഇങ്ങോട്ടും പോകുന്നത് എന്നർത്ഥം. മറെറാരു പര്യായം-ദോള. ഉ. സഞ്ചാരം. ന. നാട്യം. ശ. അലഞ്ഞുനടക്കുക. ള. ഒരുമാതിരി കെട്ടിടം ന കുതിരയുടെ ഒരുമാതിരി നട.

പ്രേംഖിത-വി. പ്ര. ഇളക്കപ്പെട്ട. ഉ. തൂക്കിക്കപ്പെട്ട.

പ്രേത-വി. മരിച്ച.

പ്രേതം-പ്ര. മരിച്ചവരുടെ ജീവൻ, ദേവത. റ. ജീവൻപോയ ദേഹം.

പ്രേതഗൃഹം-ചുടലക്കാട്ട്.

പ്രേതങ്ങടം-തപനാദി നരകങ്ങളിൽ കിടക്കുന്ന പ്രാണികടം. പ്രകഷ്ടേന നരകത്തെ പ്രാപിച്ചവർ എന്നർത്ഥം.

പ്രേതൻ-മരിച്ചവൻ. നല്ലവണ്ണം പോയവൻ എന്നർത്ഥം.

'പ്രേതരായംഖതിമൂഢരായുള്ളവർ'
(രാമായണം)

പ്രേതനാഥൻ(പതി)-അന്തകൻ.

പ്രേതപ്പെട്ടി-ശവം വെക്കുന്ന പെട്ടി.

പ്രേതബാധ-ദേവതാപീഡ.

പ്രേതമഞ്ചം-ശവക്കട്ടിൽ.

പ്രേതരാക്ഷസി-തുളസി.

പ്രേതരാജാവു്-അന്തകൻ.

പ്രേതവനം-ചുടലക്കാട്ട്.

പ്രേതസംസ്കാരം-ശവം ചുടുക.

പ്രേതാധിപൻ-അന്തകൻ.

പ്രേതാലങ്കാരം-ശവത്തെ അലങ്കരിക്കുക.

പ്രേതാലയം-പ്രേതങ്ങളെ മറയ്ക്കുന്ന സ്ഥലം.

പ്രേതശത്രുൻ-അന്തകൻ.

പ്രേത്യ-അ. ക്രി. ജന്മാന്തരത്തിങ്കൽ. ഉ. പരലോകത്തിൽ.

പ്രേമം-സ്നേഹം.

'പ്രേമത്തുലല്ലോനാശ
മെല്ലാക്കും വന്നുകൂടി'
(ഭാരതം)

പ്രേമകലഹം-സ്നേഹംകൊണ്ടുള്ളശണ.

പ്രേമാവു്-ക്രി. അനുരാഗം. ഉ. സ്നേഹം.

സ്ത്രീയ്ക്കു പുരുഷസംബന്ധമായും പുരുഷന്നു സ്ത്രീസംബന്ധമായും ഉണ്ടാകുന്ന അനുരാഗത്തെയാണ് സാധാരണ പ്രേമവു് എന്നു പറയാറുള്ളതു്.

പ്രേയസ്-വി. ഏറ്റവും പ്രിയമുള്ള.

പ്രേയസി-ഭാര്യ.

പ്രേയാൻ-ഏറ്റവും പ്രിയൻ.

'പ്രേയാനാമെൻചിരവിരഹമാം'
(മയൂരസന്ദേശം)

പ്രേരണ-ഉത്സാഹിപ്പിക്കൽ.

പ്രേരണം-ക്രി. പറഞ്ഞയക്കുക. ഉ. വിടുക. ന. ഇന്ദ്രിയങ്ങളുടെ ഒരു പ്രവൃത്തി.

പ്രേരിത-വി. അയക്കപ്പെട്ട.

പ്രേരിപ്പിക്കുന്ന-ഉത്സാഹിപ്പിക്കുന്ന, പ്രവർത്തിക്കുവാൻ പറഞ്ഞുവിടുന്ന, ഉദ്യോഗിപ്പിക്കുന്ന.

പ്രേഷം-ക്രി. പ്രേരിപ്പിക്കുക. ഉ. മടിക്കുക.

പ്രേഷകൻ-ദൂതൻ, പറഞ്ഞയച്ചവൻ.

'പ്രേഷകനായ്തുകമലജനോരവ'
(നളചരിതം കഥകളി)

പ്രേഷകപ്രേഷകൻ-ദൂതന്റെ ദൂതൻ.

പ്രേഷണം-പറഞ്ഞയക്കുക.

പ്രേഷിത-വി. അയക്കപ്പെട്ട.

പ്രേഷ്ഠ-വി. ഏറ്റവും പ്രിയമായ.

പ്രേഷ്യാ-ക്രി. ഭാര്യ. ഉ. കല്യ.

പ്രേഷ്യ-ഭാസി.

പ്രേഷ്യത്വം-ഭാസന്റെ സ്ഥിതി.

പ്രേഷ്യൻ-ഭാസൻ, ഭൃത്യൻ.

പ്രൈ

പ്രൈഷം-ക്രി. പ്രേരിപ്പിക്കുക. ഉ. മടിക്കുക.

പ്രൈഷ്യൻ-ഭാസൻ, ഭൃത്യൻ. പറഞ്ഞയക്കപ്പെട്ടവൻ എന്നർത്ഥം.

പ്രോ

പ്രോക്ത-വി. പറയപ്പെട്ട.

പ്രോക്ഷണം-ക്രി. യാഗത്തിന്നായിക്കൊണ്ടു ചെയ്യുന്ന പശുഹിംസ. പ്രകൃഷ്ടമായ

സേചനമാത്രാടുകൂടിയത് എന്നർത്ഥം. ഉ. തളിക്കുന്നു. ന. വധം.

പ്രോക്ഷിക്കുന്നു-നനയ്ക്കുന്നു, തളിക്കയും മറ്റും ചെയ്യുന്നു.

പ്രോക്ഷിത-വി. ഫ. പ്രോക്ഷിക്കപ്പെട്ട, തളിയ്ക്കപ്പെട്ട. ഉ. കൊല്ലപ്പെട്ട.

പ്രോക്ഷിതം-യാഗാർത്ഥം കൊല്ലപ്പെട്ട പശു.

പ്രോച്യമാനൻ-പറയപ്പെടുന്നവൻ.

പ്രോജ്ജ്വലൻ-വി. കത്തിക്കാളുന്ന.

പ്രോത്സാഹനം-ഒരു കാര്യത്തിലേക്ക് സഹായംചെയ്ത് ഉത്സാഹിപ്പിക്കുന്ന സ്ഥിതി.

പ്രോത-വി. ഉറപ്പിച്ച, കെട്ടിയ.

പ്രോഥ-വി. ഫ. കീഞ്ഞിപ്പെട്ട. ഉ. ഉറപ്പിച്ച.

പ്രോഥം-ഫ. കടിപ്രദേശം. ഉ. അശ്വമേധം (വട്ടംതിരിച്ചിൽ). ന. കതിരയുടെ മുഖം. ർ. ഭയം.

പ്രോഥീ-കതിര.

പ്രോദ്വാഹം-വിവാഹം.

പ്രോഷ്ഠം-ഫ. കരുമത്സ്യം. ഉ. മീൻ.

പ്രോഷ്ഠപദങ്ങൾ-പൂരുരുട്ടാതിയുടെയും ഉത്രട്ടാതിയുടെയും പേർ.

പ്രോഷ്ഠീ-ഫ. കരുമത്സ്യം. ഉ. പശു

പ്ലൗ

പ്ലൗഢ-വി. ഫ. വളർന്ന. ഉ. ധൈര്യമുള്ള, അഹമ്മതിയുള്ള. ന. വിവാഹം കഴിക്കപ്പെട്ട. ർ. കനത്ത. ൽ. കഠിനമായ ന. ശ്രേഷ്ഠമായ.

പ്ലൗഢ-മുപ്പതു വയസ്സിനുമേൽ അമ്പതു വയസ്സിനു താഴെയുള്ള സ്ത്രീ (ഏകദേശം രജിപ്രായം), മദ്ധ്യവയസ്സോടുകൂടിയവൾ

പ്ലൗഢത-ഫ. ധീരത, സാമർത്ഥ്യം. ഉ. അഹമ്മതി.

പ്ലൗഢവയസ്സ്-രജസ്രാവം നിന്നകാലം (ഉ-ന മേൽ ർ വരെയുള്ള വയസ്സ്).

പ്ലൗഢി-ഫ. മോടി. ഉ. ധീരത. ന. സാമർത്ഥ്യം. ർ. അഹമ്മതി. ൽ. തർക്കം. ന. ഗാംഭീര്യം. ഒ. ഉയർന്ന അവസ്ഥ. വ. തികവ്.

പ്ലൗണ-വി. ഫ. പഠിപ്പുള്ള. ഉ. ബുദ്ധിയുള്ള.

പ്ലൗഷ്ടം-ഫ. കരു. ഉ. കരുമത്സ്യം.

പ്ലൗഷ്ടി-ഫ. കരുമത്സ്യം. ഉ. പശു.

പ്ല

പ്ലക്ഷം-ഫ. ഇത്തിവൃക്ഷം. ഇലകിക്കെ ഒണ്ടിരിക്കുന്നത് എന്നർത്ഥം. ഉ. ഏഴു ദ്വീപുകളിൽ ഒന്ന്. ന. കല്ലാൽ. ർ. അരയാൽ. ൽ. പേരാൽ.

പ്ലക്ഷജാതാ-സരസ്വതീനദി.

പ്ലവ-വി. ചാടുന്ന.

പ്ലവ-അറുപതിൽ മുപ്പത്തഞ്ചാം വർഷം.

പ്ലവം-ഫ. ചാട്ടം. ഉ. ഇലക്കം. ന. കരങ്ങ്. ർ. പൊങ്ങുതടി. ശമനശീലം എന്നർത്ഥം. ൽ. തവള. ചാടിനടക്കുന്നത് എന്നർത്ഥം. ന. കാക്കപ്പനച്ചി. ഒ. കഴിമുത്തങ്ങ, പൊങ്ങിക്കിടക്കുന്നത് എന്നർത്ഥം. വ. ഒരു പുല്ല്. ൻ. ഇത്തിമരം. ഫം ശത്രു. ഫഫ. മരക്കലമാവ് എന്ന പക്ഷി. ശമിക്കുന്നത് എന്നർത്ഥം. ഫഉ. ഇത്തിയാൽ ഫന. കാരന്നം. ഫർ. കരങ്ങ്. ഫൽ കറിയാട്ട്, ആട്ട്. ഫന. മീൻ. ഫഒ. നീർക്കുക പ്ലവ രേകപ്പൻ പടവലം. ഫൻ. കരുക്കോഴി, നീർക്കോഴി.

പ്ലവാംഗ-അവയവത്തിൽ നല്ലതായ വർഷം.

പ്ലവംഗം-പ്ര. കുരങ്ങ്. ര. മാൻ. ന. കല്ലുൽ. ര. തവള.

പ്ലവംഗമം-പ്ര. കുരങ്ങ്. ര. തവള.

പ്ലവകൻ-പ്ര. ഞാണിന്മേൽ കളിക്കാരൻ. ര. ഭ്രഷ്ടൻ.

പ്ലവകം-പ്ര. തവള. ര. കുരങ്ങ്.

പ്ലവഗം-പ്ര. കുരങ്ങ്. ചാടിയോടുന്നത് എന്നർത്ഥം. ര. തവള. ന. സൂര്യന്റെ സാരഥി ര. ഒരു പക്ഷി, ഭ. നെന്മേനിവാകം

പ്ലവനം-പ്ര. ചാട്ടം. ര. ജലത്തിനു മീതേ നീന്തുക. ന. വെള്ളപ്പൊക്കം. ര. പറക്കുക. ഭ. കളിക്കുക. ന. കുതിരയുടെ ഒരുവക ഗമനം. ഭ. കഴിമുത്തങ്ങ.

പ്ലവനകരന്മാർ-ജലത്തിൽ മുക്കുന്നവർ, നനക്കുന്നവർ.

പ്ലവൻ-പ്ര. ചണ്ഡാലൻ. അങ്ങും ഇങ്ങും നടക്കുന്നവൻ എന്നർത്ഥം. ര. ചാടുന്നവൻ.

പ്ലവാക-തോണി, കപ്പാങ്ങുതടി.

പ്ലവിക്കുന്നു-പ്ര ചാടുന്നു. ര. നീന്തുന്നു. ന. ഇളകുന്നു.

പാ ാ
ല

പ്ലാക്കാ-ചക്ക.

പ്ലാക്ഷം-പ്ര. ഇത്തിമരം. ര. അത്തിക്കായ്.

പ്ലാഞ്ഞി-കാട്ടുചാമ്പ.

പ്ലാവനം-പ്ര. മജ്ജനം ര. പ്രവാഹം. ഉ-ം, അമൃതപ്ലാവനം.

'പവനനെഴുതിയിമ്മൂതപ്ലാവനം'
(ഭാരതം)

പ്ലാവ്-ചക്കയുണ്ടാകുന്ന മരം.

ഇതിന്റെ പച്ചക്കായ് വിഷ്ടംഭം, സന്താപം ഇവയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. പഴുത്തകായ് വാതം, പിത്തം, രക്തദോഷം, ക്ഷയം, ക്ഷീണം, ചുട്ടനീറൽ ഇവയ്ക്കു നന്ന്. ദേഹം തടിപ്പിക്കും കൃമിയെ അധികമാക്കും. കഫ മലത്തെ പിടിപ്പിക്കും. മൂത്രത്തെ വലിപ്പിക്കും. വരിക്ക, ക്ലേഴ ഇങ്ങനെ പലതരമുണ്ട്. അഗ്നിമാന്ദ്യം, ഗുല്മം, ശൂലം ഈ രോഗങ്ങളും ഉള്ളവർ ചക്കയെ വിശേഷിച്ചും വെടിയണം. പഴുത്ത ഇലയുടെ ഞെട്ടി ശ്വാസവികാരത്തിനുൽ വിശേഷം. പഴുത്ത ഇലയിട്ടു വെന്തവെള്ളം ശീലിക്കുന്നതു തപശോക്ഷത്തിനു നന്ന്. ഇതിന്റെ കായ് പാലിനോടൊന്നിച്ചു ഭക്ഷിക്കരുതു്. ചക്കപ്പഴം തിന്നുണ്ടാകുന്ന അജീർണ്ണത്തിനുൽ ചുക്കുവെള്ളം കുടിക്കുക. ചുക്കുവെള്ളത്തിൽ ഇന്തുപ്പോ ചവക്കാരമോ ചേർത്തു സേവിക്കുകയുമാം, സം-പനസം. ത-പിലാവു്. ഇം-Bread-fruit tree, Jack tree.

പ്ലാവുകരൻ-ജലത്തിൽ മുക്കുന്നവൻ, നനക്കുന്നവൻ.

പ്ലാശിൻഗണ്ഡു്-ചമതക്കോൽ.

പ്ലാശ്ശു്-ഒരുവക വൃക്ഷം, ചമത.

കഫം, വാതം, അർശ്സു്, കൃമി മുതലായവയ്ക്കു നന്ന്. മുറിവിനെ കുട്ടിപ്പിടിപ്പിക്കും. സം-പലാശം. ത-പലാശു മരം, പൂരച മരം. ഇം—Downy branch butea.

പ്ലീ
ഹ

പ്ലീഹ-പ്ര. വയറിന്നകത്തുള്ള ഒരു ഭാഗം ഉദരത്തിന്റെ അകത്തു് ഇടത്തു ഭാഗത്തിങ്കൽ ഇരിക്കുന്ന ഒരു മാംസപിണ്ഡം. ര. ആ ഭാഗത്തു നിന്നുണ്ടാകുന്ന ഒരു ദീനം.

പ്ലീഹശത്രു-രക്തമരം.
പ്ലീഹോദരം-ഒരു മീനം.

പ്ല

പ്ലക്ഷി-ക്രി. നീ. ഉ. ഗൃഹത്തിൽ തീപിടിക്കുക. നാ. എണ്ണ.
പ്ലുത-വി. ക്രി. ചാടിയ. ഉ. ഏറിയപ്പെട്ട.
പ്ലുതഗതി-ചാടിച്ചാടിയുള്ള (കതിരയുടെ) ഓട്ടം.
പ്ലുതം-ക്രി. കതിരയുടെ ഒരു ശതിഭേദം. ഉ. മൂന്നുമാത്ര, ഹ്രസ്വം മൂന്നുകൂടിയത്.
പ്ലുതി-ക്രി. ചാട്ടം. ഉ. ജലപ്രവാഹം.
പ്ലുഷ-ചുടുക, ദഹിപ്പിക്കുക.
പ്ലുഷ്ട-വി. ചുടപ്പെട്ട.

—:0:—

പ്ലൊ

പ്ലൊതം-നാട.
പ്ലൊഷം-ചുടുക, ദഹിപ്പിക്കുക, ഒപൊളുക.

പ
ഷ

പ്ഷാരം-ഒരമ്പലവാസിയുടെ വേനം
പ്ഷാരോടി-ഒരമ്പലവാസി.

—:0:—

പ
സ

സ്നാത-വി. ഭക്ഷിക്കപ്പെട്ട.
സ്നാതം-ഭക്ഷിക്കപ്പെട്ട അന്നാദികളുടെ പേർ.
സ്നാനം-ഭക്ഷണം.
സ്നിഹ-വി. ക്രി. ഭംഗിയുള്ള. ഉ. സ്നേഹമുള്ള.

—:0:—

ഫ

ഫ-ഹല്ലുകളിൽ മുപ്പത്തൂരണ്ടാം അക്ഷരം.
ഫക്കൻ-മുടന്തൻ, മുടവൻ
ഫക്കിക-ക്രി. കൈശലം. ഉ. വഞ്ചന.
ഫഞ്ജിക-ക്രി. ചെറുതേക്ക്. രോഗങ്ങളെ ഹനിക്കുന്നതു് എന്നർത്ഥം. ഉ. വലിയമന്തി. നാ. ദേവതാളി ൪. ചെങ്കോടിത്തുവ.
ഫടൻ-വഞ്ചകൻ, ശഠൻ.
ഫടാ, ഫടം-ഫണം, പടം, പത്തി. (സ്ഫടത്തുടെ പാഠം.)
ഫണ, ഫണം-പാമ്പിന്റെ പത്തി. ഇതിനെ വിടിത്തിക്കൊണ്ടാണു് സർപ്പം ഇഴഞ്ഞുപോകുന്നതു്; അതിനാൽ ഈ പേർ വന്നു.
ഫണക(ധ)രൻ-പാമ്പു്.
ഫണഭൃത്-ക്രി. പാമ്പു്. ഉ. ഒൻപതു് എന്ന സംഖ്യ.
ഫണവാൻ-ആദിശേഷൻ.

'അറിവാനും പറവാനും
ഫണവാനും കഴിവുണ്ടോ?'
(നളചരിതം കഥകളി)

ഫണാടോപം-വിടിത്തിയ പത്തി.
ഫണാഭരൻ-പാമ്പു്.
ഫണി-ക്രി. സർപ്പം, പാമ്പു്. ഉ. കർപ്പൂരത്തുളസി. നാ. നാഗതാളി. ൪. രാഹു. @ പതഞ്ജലി.
ഫണികേസരം-നാഗകേസരം.
ഫണിഖേലം-കാട്ടുപക്ഷി.
ഫണിതല്പഗൻ-വിഷ്ണു
ഫണിധരൻ-ശിവൻ.
ഫണിപതി-ക്രി. ശേഷൻ. ഉ. വാസുകി. നാ. പതഞ്ജലി.

ഫണിപ്രമാണി-അതിശേഷൻ.

ഫണിപ്രിയൻ-വായു.

ഫണിഫേനം-കടപ്പു്.

ഫണിഭൃക്ക്-മയിൽ

ഫണിമുഖം- തുരങ്കക്കാരൻ ഉപയോഗിക്കുന്ന ഒരായുധം.

ഫണിജ്ജകം-തുളസിതിരി തുളസി, മണികഞ്ജകം, കപ്പൂരതുളസി, സമുദ്രപ്പച്ച. പര്യായം-ഫണിജ്ജകം, ഫണിജ്ജകം.

ഫണിലതാ, ഫണിവല്ലി- വാൽമുളക്.

ഫണിസ്ഥ-വി. പത്തിയിൽ ഇരിക്കുന്ന.

ഫണീന്ദ്രൻ-പ. സർപ്പങ്ങളുടെ രാജാവു്, അനന്തൻ. ഉ. പതഞ്ജലി.

ഫണ്ടാ-വയറു്.

ഫയലാകുന്ന-നന്നുരുപതിയുന്ന. (ഫയലാക്കുന്ന-സ ക്രി. കോടതിയിൽ ഹാജരാക്കുന്ന.)

ഫയൽ-രജിസ്റ്റർ.

ഫരം-പരിച.

ഫരുബകം-വെറ്റിലപ്പെട്ടി.

ഫർഫരീകാ-ചെരിപ്പു്.

ഫലകണ്ടകം-പ്ലാവു്.

ഫലകപാണി-പരിചക്കാരൻ, വാളും പരിചയും ധരിച്ചവൻ. ശത്രുവിന്റെ ആയുധത്തെ തടുക്കുന്നതാകയാൽ ചിലപ്പോൾ അതുകൊണ്ടു പൊട്ടിച്ചിരിക്കുന്നതു് എന്നർത്ഥം.

ഫലകപ്പുര-തക്കോലപ്പുര.

ഫലകം-പ. പരിച. ഉ. എഴുതുന്ന ഒരു അല്പകിൽ കടലാസു്. ന. ഉള്ളം കൈയു്. ര. പലക. ഫലകത്തിന്റെ രൂപമായിരിക്കണം പലക. ഇ. നെറ്റിയുടെ അസ്ഥി. ന. അരയുടെ പിൻഭാഗം, ചന്തി. ഒ. നാകപ്പൂവു്.

ഫലകയന്ത്രം-മൈസൂരാപ്പൻ കണ്ടുപിടിച്ച ജ്യോതിശ്ശാസ്ത്രസംബന്ധമായ ഒരു യന്ത്രം.

ഫലകി-ചന്ദനമരം.

ഫലകിഫലം-നീർനെല്ലി.

ഫലകേസരം-നാളികേരവൃക്ഷം.

ഫലത്രയം, ഫലത്രികം-കടുക്ക, നെല്ലിക്ക, താന്നിക്ക ഇവ മൂന്നും (ത്രിഫല).

ഫലദം-വി. ഫലം നൽകുന്ന.

ഫലദം-വൃക്ഷം.

ഫലദ്രുമം-പ്ലാവു്.

ഫലപരിണതി, ഫലപാകം-പ. കായു് മുതലായതു പഴുക്കുക. ഉ. ഫലത്തിന്റെ പുത്തി.

ഫലപാകാന്തം-കാ മൂക്കുമ്പോൾ നശിക്കുന്നവ, നെല്ലു്, ചാമ മുതലായവ, ഓക്കുഡി.

ഫലപൂരം-വള്ളിനാരകം, മാതളനാരകം

ഫലപ്രദം-വി. ഫലം നൽകുന്ന.

ഫലപ്രാപ്തി-ഫലത്തിനെ ലഭിക്കുക, കായ്ഗ്രഹണം.

ഫലപ്രിയാ-തൊഴൽ.

ഫലഭോക്-ഫലത്തെ അനുഭവിക്കുന്നവൻ.

ഫലഭോഗം-ആദായത്തിലുള്ള ഓഹരി.

ഫലഭൂമി-താൻ ചെയ്ത കർമ്മങ്ങളുടെ ഫലം അനുഭവിപ്പാനുള്ള സ്ഥലം (സ്വർഗ്ഗം അല്പകിൽ നരകം).

ഫലഭോഗം-ഫലം അനുഭവിക്കൽ.

ഫലമൂലങ്ങൾ-കാകളും കിഴങ്ങുകളും.

ഫലമൂലാശി-വി. കാകളും കിഴങ്ങുകളും ഭക്ഷിക്കുന്ന.

ഫലം-പ. കായു്. ഉ. സംഖ്യ. ന. പുണ്യം. ര. ലാഭം ഫലിക്കുന്നതെന്നർത്ഥം. ഇ. പരിച. ശത്രുവിന്റെ ആയുധത്തെ

തട്ടുകുന്നതുകൊണ്ടു ചിലപ്പോൾ അതു കൊണ്ടു കൊട്ടിച്ചിരുന്നതിനാൽ ഈ പേർ വന്നു. ന. വാളിന്റെ മൂച്ച്. ൩ ഒരു മരമാണ്. വ്യ. ജ്യോതിക്കാരൻ ശ്രീഫ ല. ക്രി. കൊഴുവ്. ഉഴുതുന്നതു എന്നർത്ഥം. ക്രി. തക്കോലം. ക്രി. കടകപ്പാ ല. ക്രിവ. മലങ്കാര.

ഫലയോഗം-കാസ്യൂസിഡി.

ഫലവത്ത്; ഫലവൽ-വി. ഫലമുള്ള, കായുള്ള.

ഫലവാൻ-കായ്ക്കുനിൽക്കുന്ന മരം.

ഫലവിക്രയി-കായ്കൾ വില്ക്കുന്നവൻ.

ഫലശുദ്ധവാ-മാതളനാരകം.

ഫലശാലി-വി. കായുള്ള.

ഫലശൈശിരം-ഇലന്തമരം.

ഫലശ്രുതി-ഈശ്വരകഥകളുംമറ്റും പറഞ്ഞാൽ അതിന്റെ മഹത്വത്തെക്കുറിച്ചു പിന്നീടും പറയുന്ന ശ്ലോകം.

ഫലശ്രേഷ്ഠം-മാവ്.

ഫലസമ്പന്നൻ-ക്രി. ഫലങ്ങളുടെ ആധിക്യം. ൨. വിജയം.

ഫലസം(ശം)-പ്ലാവ്.

ഫലസിദ്ധി-ഫലപ്രാപ്തി.

ഫലഹാരം-പലഹാരം. (ഫലഹാരമാണ് പലഹാരമായതു്.)

ഫലഹാരി-കാളി, ദുർഗ്ഗാ.

ഫലഹി-പൂള, ഇലവം.

ഫലഹീന-വി. ഫലമില്ലാത്ത, നിഷ്ഫലമായ.

ഫലാഢ്യ-വി. ധാരാളം കായുള്ള.

ഫലാഢ്യാ-ഒരുതരം വാഴ.

ഫലാദനം-കിളി.

ഫലാദ്ധ്യക്ഷം-ഒരു വൃക്ഷം, പഴമുൺപാല.

ഫലാനുമേയ-വി. ഫലംകൊണ്ടു ഊഹിക്കപ്പെടുവാൻ തക്ക.

ഫലാന്തം-മുള, ഇല്ലി.

ഫലാപേക്ഷി-ഫലത്തെ കാത്തിരിക്കുക.

ഫലാപേത-വി. നിഷ്ഫലമായ.

ഫലാഫലം-ജയവും തോൽവിയും.

ഫലാമ്ലം-പുളിമരം.

ഫലാശനം-കിളി.

ഫലാശി-വി. ഫലമാത്രമാഹാരം ഭക്ഷിക്കുന്ന.

ഫല്ഗ്വാന്ഥി-തെങ്ങ്.

ഫലാഹാര-കാകനെ ഭക്ഷിക്കുക.

ഫലി-(നകാരാന്തം) വി. കായുള്ള.

ഫലി-ഒരുമാതിരി മത്സ്യം, പലകമീൻ. ൨. ഞാഴൽ, ന. കാച്ചുനിൽക്കുന്ന മരം.

ഫലിക്കുന്ന-ക്രി. കായ്ക്കുന്ന. ൨. കാര്യം സാധിക്കുന്ന. ന. സാദ്ധ്യമാകുന്ന.

ഫലിത-വി. ഫലമുള്ള, കായ്ച്ച.

ഫലിതക്കാരൻ-ചിരിക്കത്തക്ക വാക്കു പറയുന്നവൻ.

ഫലിതാ-തീണ്ടാൻ പാടില്ലാത്ത സ്ത്രീ.

ഫലിതാർത്ഥം-ഫലത്തോടു കൂടിയ അർത്ഥം.

ഫലിതം-ക്രി. കളിവാക്ക്, നേരമ്പോക്ക്. ൨. ഒരു വൃക്ഷം. ന. ഫലമുള്ളതു്.

ഫലിനം-ക്രി. പ്ലാവ്. ൨. കാച്ചുനിൽക്കുന്ന മരം. ന. ഫലമുള്ളവസ്തു.

ഫലിനീ-ക്രി. ഞാഴൽ. ൨. കപ്പമഞ്ഞൾ.

ഫലീകരണം-ചോറൽ, ഇറാൽ.

ഫലേഗ്രഹി-വി. കായ്ക്കുന്ന.

ഫലേഗ്രഹി-യഥാകാലം കായ്ക്കുന്ന വൃക്ഷലതാദികളുടെ പേർ.

ഫലേരുഹ-പൂപ്പാതിരിവൃക്ഷം. മുകളോടുകൂടിയ കായുള്ള എന്നർത്ഥം.

ഫലോദയം-ക്രി. ലാഭം. ൨. സ്വർഗ്ഗം. ന. ആനന്ദം.

ഫാലോൽപ്രേക്ഷാ- ഉൽപ്രേക്ഷാലങ്കാരത്തിന്റെ ഒരു ഇനം.

ഫാല്യം-പുഷ്പം.

ഫാല്ഗു-വി. പ്ര. നിസ്സാരമായുള്ള. ര. മനോഹരമായ.

ഫാല്ഗുന-പ്ര. കാട്ടത്തി. നിസ്സാരമായ ഫലമുള്ളതു് എന്നർത്ഥം. ര. പേയത്തി. ന. അസത്യവാക്ക്. ര. വസന്തം. ങ. ഗയയിലെ ഒരു നദിയുടെ പേർ.

ഫാല്ഗുന-വി. രചമന്ന, പാടലമായ.

ഫാല്ഗുനൻ-പ്ര. അർജ്ജുനൻ. ഫാല്ഗുന മാസത്തിൽ ഫാല്ഗുനി (ഉത്രം) നക്ഷത്രത്തിൽ ജനിച്ചവൻ എന്നർത്ഥം. ര. ഇന്ദ്രൻ.

ഫാല്ഗുനി-ഉത്രം നക്ഷത്രം.

ഫാല്ഗുനീഭവൻ - വ്യാഴം, ബൃഹസ്പതി.

ഫാല്ഗുമൂലം-ചുഴലിവേർ.

ഫാല്ഗുവാടികാ-കാടത്തി.

ഫാസലി-പ്ര. അറബിക വർഷം. ര. കൊയ്ത്തുസമയം.

ഫാ

ഫാട്-അ. സംബോധനാർത്ഥകം.

ഫാടകി-ചീനക്കാരം.

ഫാണി-ചക്കരപ്പാവു്, പാനി.

ഫാണിതം-മുറിയൻ ശർക്കര, നിർക്കണ്ടിശർക്കര. അയഞ്ഞതു് എന്നർത്ഥം. (കർക്കണ്ടം എന്നും പറയുന്നു).

ഫാണ്ട-വി. ഒരുങ്ങിയ.

ഫാണ്ടം-അന്നവെച്ചകഷായം. ഏഴേപ്പത്തിൽ ഉണ്ടാക്കപ്പെട്ട കഷായം. ദ്രവത്വപ്രമാകയാൽ ഒലിച്ചുപോകുന്നതു് എന്നർത്ഥം.

ഫാണ്ഡം-വയറ്.

ഫാല-വി. ഫലത്തിൽ നിന്നുണ്ടായ, പഞ്ഞികൊണ്ടുണ്ടാക്കിയ.

ഫാലകൃഷ്ട-വി. ഉഴുത, കിളച്ച.

ഫാലകൃഷ്ടം-ഉഴുതവയൽ.

ഫാലഖേലാ-കാടപ്പക്ഷി.

ഫാലൻ-പ്ര. ബലരാമൻ. ര. ശിവൻ.

ഫാലം-പ്ര. രനറി. ര. കൊഴുവ്. ന. ഉഴുതവയൽ. ര മാതളനാരകം.

ഫാലഭൃത്തൻ ബലരാമൻ.

ഫാലലോചനൻ-ശിവൻ.

ഫാലാഹത-വി. ഉഴുത, കിളച്ച.

ഫാല്ഗുനം, ഫാൽഗുനികം-മീനമാസം. സുഖത്തെ ചെയ്യുന്നതു് എന്നർത്ഥം.

ഫാല്ഗുനാനുജം-പ്ര. ചൈത്രമാസം. ര. വസന്തകാലം.

ഫാല്ഗുനാനുജൻ-പ്ര. നകുലൻ. ര. സഹദേവൻ.

ഫാല്ഗുനി-പ്ര. ഫാല്ഗുനിമാസത്തിൽ വെളുത്തവാവു്. ര. മീനമാസം.

ഫി

ഫിരംഗ-യൂറോപ്പ്.

ഫിരംഗി-യൂറോപ്യൻ.

ഫു

ഫു-അ. ഒരു ശകാരം, നിന്ദ്യവാക്ക്.

ഫുകം-പക്ഷി.

ഫുടം-പിരിഞ്ഞചത്തി.

ഫുഫ്ഫുസം-ശ്വാസകോശം. (വളരെ ചെറിയ അനേകം കോടി അറകളാൽകൊണ്ടു ഉണ്ടാക്കപ്പെട്ടതാണ്. മനുഷ്യരിലുള്ള

അസ്ഥിക്കുട്ടിനകത്തു രക്തശയത്തിന്റെ ഇടത്തും വലത്തും ഇരിക്കുന്ന രണ്ട് സഞ്ചികളാകുന്നു. ദുഷിച്ച രക്തം ശുദ്ധി ചെയ്യുന്നതു് ഇവിടെവച്ചാണു്.)

ഫുല്ല-വി. വികസിച്ച, വിടിന്ന.

ഫുല്ലനയനം-ഒരുതരം മാൻ.

ഫുല്ലാ-ഫ. വിടിന്ന പൂത്തുനിൽക്കുന്ന മരം. ഉ. വിരിഞ്ഞതു്. വിസ്താരത്തെ പ്രാപിച്ചതു് എന്നർത്ഥം.

ഫുല്ലരീകം-ഫ. സസ്പം. ഉ. പ്രദേശം.

ഫൃ

ഫൃൽകരം-അഗ്നി.

ഫൃൽകാരം-ഊത്തു്, ചീറൽ. ഫൃ എന്ന ശബ്ദം.

ഫേ

ഫേണാശനി-ഇന്ദ്രൻ.

ഫേനഗിരി-സിന്ധുനദിക്കടുത്തുള്ള ഒരു പർവ്വതം.

ഫേനം-നര, പത, കടൽനാക്ക്. വരിക്കുന്നതു് എന്നർത്ഥം.

ഫേനല-വി. നരയുള്ള.

ഫേനവാഹി-അരിക്കുവാനുള്ള വസ്ത്രം.

ഫേനാഗ്രം-നീർക്കമള.

ഫേനില-വി. പതയുള്ള.

ഫേനിലം-ഫ. പൂളിഞ്ഞി, ഉറഞ്ഞിമരം. നരയുള്ളതു്, അരച്ചാൽ പതയുന്നതു്. ഉ. ഇലന്തമരവു്. നരയുള്ളതു് എന്നർത്ഥം.

ഇതു 'ശീതഫേന'മെന്നു മലയാളികളും 'പൂവ്വത്തി' എന്നു തമിഴരും പറയപ്പെടുന്ന മരമാണു്.

ഫേരണ്ഡ-കറുക്കൻ.

ഫേരവ-വി. ഭയങ്കരമുള്ള.

ഫേരവം-ഫ. കറുക്കൻ.

'കീരവാണിഭൈരവാണി-സംരവ
ഫേരവാണിഘോരകാനനാനി'
(നളചരിതം കഥകളി)

ഉ. കള്ളൻ.

ഫേരു-കറുക്കൻ.

ഫേല, ഫേലി-ഉച്ഛിഷ്ടം, ഉണ്ടുശേഷിച്ചതു്. ഉപേക്ഷിക്കപ്പെട്ടതു് എന്നർത്ഥം.

മറവരുപയ്യുന്നയം-ഭൂകൈതസമുജ്ജിതം.

ഫേലകം-ഉച്ഛിഷ്ടം, എച്ചിൽ.

ഫൈ

ഫൈസ്സദാരി, ഫൈജദാരി-ഭൂമ്യാഗസ്ഥന്മാരുടെ കാര്യത്തെ സംബന്ധിച്ചു മേൽനോട്ടക്കാരൻ. (വി). കാര്യസംബന്ധമായുള്ള.

ബ

ബ-ഹല്ലുകളിൽ ഇരുപത്തുമൂന്നാം അക്ഷരം.

ബം-ഫ. കടൽ. ഉ. ജലം.

ബകൻ-ഫ. ഒരു രാക്ഷസൻ.

ഇവനെ ഏകചക്രയിൽ വച്ചു ഭീമൻ വധിച്ചു.

ഭടാവല്ലഭാരികളായി പാണ്ഡവർ ഏകചക്ര എന്ന പേരായ ഗ്രാമത്തിൽ ചെന്നു. പൃതുനം ഭാര്യയും പൃതുരേണ്വിയും കൂടി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ഒരു വിപ്രന്റെ ഗൃഹത്തെ കന്തി പ്രവേശിച്ചു് ദുഃഖകാരണം ചോദിച്ചു. ബകൻ എന്ന പ്രസിദ്ധനായ ഒരു രാക്ഷസൻ

ഉണ്ടെന്നും അവന് ആഹാരം കൊണ്ടു പോയി കൊടുപ്പാനുള്ളതു് ഇന്നു തന്റെ ഗൃഹത്തിലേ മുറയാണെന്നും താൻ പോയാലും പുത്രൻ പോയാലും വലുതായ സങ്കടത്തിന് ഇടയുണ്ടെന്നും എന്താണു വേണ്ടതെന്നു് വിചാരിച്ചു ഖേദിക്കയാണെന്നും ബ്രാഹ്മണൻ പറഞ്ഞു. ഇതു കേട്ടു് തനിക്കു് അഞ്ചു പുത്രന്മാരുള്ളവരിൽ ഒരാളെ അയച്ചുകൊള്ളാമെന്നു കരുതി സമ്മതിച്ചു് ഭീമനെ ക്രമപ്രകാരം അയച്ചു. ഭീമൻ ചെന്നു് ബകനെ നിഗ്രഹിച്ചു.—(ഭാരതം സംഭവപർവ്വം നോക്കുക).

൨. കൃഷ്ണൻ കൊന്ന ഒരസുരൻ. (ഭാഗവതം ദശമസ്കന്ധം നോക്കുക). ൩. കബോതൻ. ൪. കള്ളത്തരക്കാരൻ.

ബകനിഷൂദനൻ-൧. ഭീമൻ. ൨. കൃഷ്ണൻ.

ബകപഞ്ചകം- കാർത്തികമാസത്തിലേ ശുക്ലപക്ഷത്തിലേ ഒടുവിലത്തെ അഞ്ചു ദിവസം.

ബകം-൧. ഒരു പക്ഷി, കൊക്കു്. കള്ളത്തരക്കാരൻ എന്നർത്ഥം. മറ്റൊരു പര്യായം=കഹം. ൨. കൊക്കുമന്ദാരം

ബകരുകാ-൧. കൊക്കിരുകഞ്ഞു്. ൨. കാറ്റടിച്ചുകൊണ്ടു ചാഞ്ഞ മരക്കൊമ്പു്.

ബകവൈരി-൧. ഭീമൻ. ൨. കൃഷ്ണൻ.

ബകവ്രതം-കപടഭക്തി, കപടനാട്യം.

ബകവ്രതചരൻ-കപടനാട്യക്കാരൻ.

'അധോദൃഷ്ടിരനൈകൃതികഃ
സ്വാർത്ഥസാധനതൽപരഃ
ശഠോമിഥ്യാവിനീതശ്ച
ബകവ്രതചരോദ്വിജഃ'

(മനുസ്മൃതി)

ബകാരം-'ബ' എന്ന അക്ഷരം.

ബഗ്ഗയ(യി)ണി-വളരെ പൊറപ്പെടൽ

ബകുര-വി. ഭയങ്കരമായ.

ബകുരം-ഇടിവാൾ, മോഹമൂർച്ഛി.

ബകുളം, ബകുലം-ഇലഞ്ഞിവൃക്ഷം.

ബകുളാവലിക-മാളവികയുടെ സഖി.

ബക്കുളം=ഇലഞ്ഞിമരം.

ബകോടം-കൊക്കു്.

ബങ്കളാവു്-യൂറോപ്യൻ ഭവനം, യൂറോപ്യന്റെ ഭവനംപോലെയുള്ള ഭവനം. (Bangalow).

ബങ്കളൂർ, വെങ്കളൂർ - ഒരു ദേശം. (Bangalore).

ബജാർ-അങ്ങാടിത്തെരുവു്, വലിയ കച്ചവടസ്ഥലം. (പെർഷ്യൻഭാഷ). (ബസാരി, ബസാർ.)

ബട്ടുകരണം-ഉപനയനം, യജ്ഞോപവീതധാരണം.

ബടോദാ-ഒരു രാജ്യം (ബറോഡാ).

ബഡവ-൧. പെൺകുതിര. സാമർത്ഥ്യമുള്ളതു് എന്നർത്ഥം. ൨. അശ്വിനി. ൩. ബ്രാഹ്മണസ്ത്രീ.

ബഡവം-കുതിര.

ബഡവാഗ്നി, ബഡവാനലൻ-സമുദ്രാഗ്നി, ഭൂഗോളത്തിന്റെ തെക്കേ മദ്ധ്യയിൽ സമുദ്രത്തിൽ ചുറ്റിയിരിക്കുന്ന ഒരഗ്നി. ബഡവാഗ്നിയിങ്കലുള്ള അനലൻ (അഗ്നി) എന്നർത്ഥം. ബഡവാഗ്നി സമുദ്രത്തിലുള്ള ഒരു പെൺകുതിരയുടെ മുഖത്താകുന്നു സ്ഥിതിചെയ്യുന്നതു്.

ബഡവാഗ്നി എന്നു് ഒരഗ്നി സമുദ്രത്തിന്റെ അടിയിൽ ഉണ്ടെന്നും അതു വാരിച്ചുകളയുന്നതുകൊണ്ടാണു് നദികളും വഴിയായും മറ്റും വളരെ ജലം സമുദ്രത്തിൽ സദാ വീഴുന്നുണ്ടെങ്കിലും അതിനു ഏറ്റം വരാത്തതെന്നുമാണ് ഐതിഹ്യം.

ബഡവാമുഖാഗ്നി-സമുദ്രാഗ്നി.

ബഡായി-ആത്മപ്രശംസ, അതിശയോക്തി, ഇല്ലാത്ത കാര്യം കെട്ടിച്ചമച്ചു പറയുക.

ബഡിശം-ചൂണ്ടൽ. ബലികളെ (വലിയ മത്സ്യങ്ങളെ) പിടിക്കുന്നത് എന്നർത്ഥം. [പാഠങ്ങൾ — ബളിശം, ബഡിശം, ബഡിശി, ബളിശം, ബളിശി]

ബണിഗ്വഹം-ഒട്ടകം.

ബണ്ടർ-തുളുദേശത്തെ നായർ.

ബത-അ. ഇതിനെ ആമന്ത്രണത്തിലും, വേദത്തിലും, സന്തോഷത്തിലും, അനാക്രോശത്തിലും, വിസ്മയത്തിലും പ്രയോഗിക്കാം.

ബദരപാചനം-ഒരു പുണ്യതീർത്ഥിയുടെ പേർ.

ബദരം-ക്ര. ഇലന്ത. ഫ. ഇലന്തക്കുരു. ന. പഞ്ഞിക്കുരു.

ബദരാ-ക്ര. പരുത്തി. മുറപ്പുള്ളത് എന്നർത്ഥം. ഫ. നിലപ്പന, പന്നിക്കിഴങ്ങ്. ന. അരത്ത. ര. മുരിക്ക്. ഭ. വിഷ്ണുക്രാന്തി.

ബദരി-ക്ര. ഇലന്ത. മുറപ്പുള്ളത് എന്നർത്ഥം. ഫ. പഞ്ഞി. ന. ബ്രഹ്മി.

ബദരികാ-ഇലന്ത. ഫ. ഇലന്തക്കുരു.

ബദരികാശ്രമം-ഹിമാലയത്തിൽ ഗംഗയുടെ ഉത്ഭവത്തിനു സമീപമുള്ള ഒരു വിഷ്ണുക്ഷേത്രം. നരനാരായണന്മാരുടെ ആശ്രമം. (ബദരീനാഥം നോക്കുക.)

ബദരീനാഥം, ബദര്യാശ്രമം - ഒരു പുണ്യക്ഷേത്രം.

"ഈ ഹിമവാന്റെ ഒരു കൊടുമുടിയാണ്. 23210 അടി ഉയരമുണ്ട്. റെയിൽവഴി പോകുന്നതായാൽ ഉത്തരദേശികം ഹരിദ്വാരമാണ് അടുത്ത സ്റ്റേഷൻ. മോക്ഷന്യൂനന്മാർക്ക് 'കാത്തഗോഡ്' സ്റ്റേഷനാണ്. അവിടെനിന്നു മുകളിലേയ്ക്ക് ഒൻപതിലോ എട്ടുത്തുകൊണ്ടു പോകണം, അല്ലെങ്കിൽ നടന്നുപോകണം. ബദരീനാഥ ക്ഷേത്രത്തിൽ; വിഷ്ണുവാണ മൂർത്തി. ബിംബം നദിയുടെ അടിയിൽ നിന്നും എടുത്തുകൊണ്ടുവന്ന സാക്ഷാൽ പരമശിവൻ തന്നെ പ്രതിഷ്ഠിച്ചിട്ടുള്ളതാണ്. ക്ഷേത്രത്തിന്റെ അടുത്തു താഴത്തു ഒരു കുളമുണ്ട്. അതിലേയ്ക്കു എല്ലാ കാലത്തും ഒരു വ്യാളീമുഖത്തിൽനിന്നു ചൂടുവെള്ളം ഒഴിച്ചുകൊണ്ടിരിക്കും. ഇവിടത്തെ ശാന്തിക്കാരനെ 'റാവൽ' എന്നാണു പറയുക. ഇവിടെ സന്യാസികൾ അനേകമുണ്ട്. ശങ്കരാചാര്യർ ഇവിടെ ഇരുന്നതായി ഐതിഹ്യം കാണുന്നു."

ബദരീവാസാ-ഒട്ടകം.

ബദൽ-പകരംചെയ്യുന്നത്, മാറുപടി. (അറബിഭാഷ. ബദൽ എന്നുമുണ്ട്).

ബദാം-ഒരുവക വൃക്ഷം.

ബദ്ധ-വി. ക്ര. കെട്ടപ്പെട്ട. ഫ. അമർത്തപ്പെട്ട. ന. പദാരംഭത്തിൽ ചേർന്നു വരുമ്പോൾ "പിൻ പദാർത്ഥത്തോടു ക്രിയ" എന്നർത്ഥം വരുത്തുന്ന ഉ-ം. ബദ്ധകേരളകം (കേരളകത്തോടുക്രിയ).

ബദ്ധകക്ഷൻ - കച്ചകെട്ടിയവൻ, ഒരുങ്ങിയവൻ.

ബദ്ധജിഹ്വ-വി. മൌനം കൈക്കൊണ്ട

ബദ്ധദൃഷ്ടി-വി. ദൃഷ്ടിയുറപ്പിച്ച.

ബദ്ധപ്പാട്-വേഗം, ധൃതി, ജോലി, അടിയന്തരം.

ബദ്ധപ്പെടുന്ന - തിടുക്കപ്പെടുന്ന. (സ. ക്രി.—ബദ്ധപ്പെടുത്തുന്ന).

ബദ്ധപ്രതിജ്ഞൻ-പ്രതിജ്ഞചെയ്തവൻ

ബദ്ധഭാവൻ-മനസ്സു ചാഞ്ഞവൻ.

ബദ്ധമതി-തീച്ചപ്പെടുത്തിയവൻ.

ബദ്ധമുഷ്ടി-ക്ര. കൈചുരുട്ടിപ്പിടിച്ചവൻ. ഫ. പിശുക്കൻ.

ബദ്ധമൂല-വി. അടിയുറച്ച.

ബദ്ധരസാലം-തേൻമാവ്.

ബദ്ധരാഗ--വി. അനുരാഗമുള്ള.

ബദ്ധവൈരം-വലിയ നീരസം.

ബദ്ധശ്രദ്ധ-വി. ശ്രദ്ധയോടുകൂടിയ.

ബദ്ധസന്ദേഹം - സംശയത്തോടുകൂടിയ വണ്ണം.

ബദ്ധാഞ്ജലി-വി. കൈകൂപ്പിയ.

ബദ്ധാദരം-ആദരവോടുകൂടിയവണ്ണം.

ബദ്ധാമോദ - സന്തോഷത്തോടുകൂടിയ വണ്ണം.

ബദ്ധാവലേപ വി. അഹങ്കാരത്തോടുകൂടിയ.

ബദ്ധോദരം, ബദ്ധോദം-ഒരു മുരടരോഗം.

കല്പോ മറവും വയറിനകത്തു രചന്നാലുണ്ടാകും. മലം പണിപ്പെട്ടുപോകും.

ബദ്ധോദ്യമ - വി. ഉത്സാഹത്തോടുകൂടിയ.

ബധിര-വി. ചെവികേൾക്കാത്ത.

ബധിരം പൂതണക്കുപ്പുല്ല്.

ബധിരൻ-ചെവികേൾപ്പാൻ കഴിയാത്തവൻ; ചെകിടൻ. ശ്രവണശക്തി ബന്ധിച്ചവൻ എന്നർത്ഥം.

ബധിരിമാവു്-ബധിരന്റെ അവസ്ഥ; ചെവി കേൾക്കായ്ക.

ബൻ-വരുണൻ.

ബന്തർ-തുറമുഖം.

ബന്തോവസ്തു, ബന്തോവസ്ത്-സൂക്ഷിപ്പു്. (പെർഷ്യൻ രൂപം).

ബന്ദി-പ അടിമ. ഉ. തടവുപുള്ളി, തടവുകാരൻ.

ബന്ദീകരിക്ക-ബന്ധിക്ക.

ബന്ധം-പ. കെട്ടു്, കെട്ടുപാടു്, ചേർച്ച. ഉ. കാരണം. ന. വേനൽക്കാലത്തെ മേൽപുരയിൽ ഉള്ള ഒരു പണി. ർ. തടവു്. ൽ. ദേഹദേഹികളുടെ ചേർച്ച, സംസാരബന്ധം. ന്യ. ശരീരം.

ബന്ധകം-പ. കൈമറവു്. ഉ. കെട്ടു്. ന. തടവു്. ർ. ഏഷ്ടാട്ടു്. ൽ, അടിമ. ന്യ. പണയപ്പാട്ടു്. ൎ. കെട്ടുകെട്ടി. വ്യ. വ്യസനം.

ബന്ധകീ-പ. വേശ്യാസ്ത്രീ, അസതി, കുലട, വ്യഭിചാരിണി. മനസ്സിനെ അന്യനിൽ ചേർക്കുന്നവൾ എന്നർത്ഥം.

'ജല്പന്തി സാർദ്ധമന്യേന
പശ്യന്ത്യന്യം സ വിഭ്രമാഃ
ഏകയേ ചിന്തയന്ത്യന്യം
ന സ്ത്രീണാമേകതോ രതിഃ'

ഭാഷ—

'ഒരുത്തനോടായുരചെയ്തിട്ടും മറൊരുത്തനേ വിഭ്രമമൻപോടും
തരത്തിൽമറന്യനെയേത്തിട്ടുംസ്ത്രീ-
ജനത്തിനിഷ്ടൻപുനരേവനോർത്താൽ'.

ഉ. പിടിയാന.

ബന്ധതന്ത്രം-ചതുരംഗബലം.

ബന്ധത്രയം-യോഗികൾക്കു സിദ്ധാസനത്തിൽനിന്നവശ്യമാകുന്നതും ആക്കേണ്ടതുമായ മൂന്നു ബന്ധങ്ങൾ-ഉഡ്ഡ്യാനബന്ധം, ജാലന്ധരബന്ധം, മൂലബന്ധം.

ബന്ധനകുടീരം-കാരാഗൃഹം.

ബന്ധനഗൃഹം-ജയിൽ.

ബന്ധനം-പ. കെട്ടു്. ഉ. പാശുകയറു്. ന. വധം. ർ. കെട്ടുന്നതിനുള്ള വസ്തു, ചങ്ങലയും മറവും. ൽ. തടവിലിടുക.

ബന്ധനഗ്രന്ഥി-കന്നുകാലികളെ കെട്ടാനുള്ള കയറു്.

ബന്ധനപാലകൻ-ജയിൽ കാവൽക്കാരൻ.

ബന്ധനസ്ഥൻ - തടവുകാരൻ, ജയിൽപുള്ളി.

ബന്ധനസ്ഥാനം-തൊഴുത്തു്.

ബന്ധനാലയം-കാരാഗൃഹം.

ബന്ധപാരുഷ്യം – വാക്യരചനയിലെ കാഠിന്യം.

ബന്ധമോക്ഷങ്ങൾ – ബന്ധവും, മോക്ഷവും (സംസാരബന്ധവും അതിൽനിന്നുള്ള മോചനവും.)

ബന്ധമോചനം–കെട്ടിൽനിന്നു വിടുക, അഴിച്ചു വിടുക.

ബന്ധസ്ഥിതം–ആനയെ കെട്ടുന്ന കുറ്റി.

ബന്ധിക്കുന്നു–ക്രി. കെട്ടുന്നു. ഉ. തടവിലാക്കുന്നു. (ബന്ധിപ്പിക്കുന്നു—കാ. ക്രി.)

ബന്ധിത–വി. കെട്ടപ്പെട്ടത്.

ബന്ധിത്രൻ–കാമദേവൻ.

ബന്ധുത്രം–തോലുകൊണ്ടുള്ള വിശറി.

ബന്ധു–പ്ര. ചാർച്ചക്കാരൻ. ഉ. സ്നേഹിതൻ. ന. സജാതിക്കാരൻ. ദ. ചങ്ങാതിയുമാറാം. ഇ. ശത്രുരാജ്യത്തിനു അപ്പുറമുള്ള രാജാവ്.

ബന്ധുജനങ്ങൾ–സഗോത്രൻ, ബാന്ധവൻ, ജ്ഞാതി, സ്വജനം.

ബന്ധുകൃത്യം–സംബന്ധമുറ.

ബന്ധുക്കാരൻ–ചാർച്ചക്കാരൻ.

ബന്ധുകെട്ട് – ബന്ധുത്വം കൊണ്ടുള്ള ബന്ധം.

ബന്ധുചതുഷ്ടയം – സഞ്ചാരത്തിൽ വിദ്യ, ഗൃഹത്തിൽ ഭാര്യ, രോഗാവസ്ഥയിൽ ശുശ്രൂഷ, മരിച്ചവനു സുകൃതം ഇവ ദ–ം.

ബന്ധുജീവകം–ഉച്ചമലരി, ജലമാകുന്ന ബന്ധുവിനോടുകൂടിയതു് എന്നർത്ഥം.

ബന്ധുത, ബന്ധുത്വം–ബന്ധുവിന്റെ അവസ്ഥ.

ബന്ധുതാ–ബന്ധുക്കളുടെ കൂട്ടം.

ബന്ധുദത്ത–വി. ബന്ധുക്കളാൽ കൊടുക്കപ്പെട്ട.

ബന്ധുധനം–സ്ത്രീധനം.

ബന്ധുദാ–കൂടപ്പിറന്നവൾ സ്ത്രീ.

ബന്ധുഭാവം–ബന്ധുത്വം.

ബന്ധുമൽ–വി. ബന്ധുക്കളോടുകൂടിയിരിക്കുന്ന.

ബന്ധുര–വി. പ്ര. ചന്തമുള്ള, മനോഹരമായ. ഉ. താണും ഉയർന്നുമുള്ള. ന. വളഞ്ഞ, കനിഞ്ഞ, കുറഞ്ഞൊന്നു താണ. ദ. ചെവികേൾക്കാത്ത. ഇ. ഉപദ്രവമുള്ള. ന. ഉയർന്ന. (നാമം=ബന്ധുരത, ബന്ധുരത്വം).

ബന്ധുര എന്ന പദം ഇപ്പോഴത്തെ അർത്ഥത്തിൽ തന്നെ വേദത്തിലും പ്രയോഗിച്ചു കാണുന്നു എന്നും ബന്ധ+ഉരച്=ബന്ധുര. നന്നായി കെട്ടപ്പെട്ടതു് (പണിതിട്ടുള്ളതു്) എന്നും നന്നായി പണിതതു സുന്ദരമായിരിക്കുമെന്നും പറഞ്ഞു കാണുന്നു.

ബന്ധുരം–പ്ര. മനോഹരം. ഉ, ഒരു പൂവു്. ന. ഒരു കിരീടം. ദ. പാത്തു. ഇ. വളഞ്ഞതു്. ഉയർന്നു കുറഞ്ഞൊന്നു താണതു്, കിഴക്കുംതൂക്കിലുള്ളതു്.

ബന്ധുരാ–കൂലട.

ബന്ധുലൻ–വ്യഭിചാരിണിയുടെ പുത്രൻ. (ബന്ധുലൻ എന്നും കാണുന്നു). തന്നെ നിന്ദിക്കാതെയിരിപ്പാനായിട്ടു് എല്ലാവരേയും ബന്ധുക്കളാക്കി സ്വീകരിക്കുന്നവൻ എന്നർത്ഥം. ഉ. വിഴാൽ. ന. എള്ളിൻ പിണ്ണാക്കു്. ദ. അരയന്നം. ഇ. കൊക്കു്. ന ഇടവകം.

ബന്ധുലം–വി. പ്ര. വളഞ്ഞ. ഉ. മോഹനമായ.

ബന്ധുവത്സല–വി. ബന്ധുക്കളിൽ സ്നേഹമുള്ള.

ബന്ധുശത്രു –ബന്ധുവെന്നുള്ള നാട്യത്തിലിരുന്നുംകൊണ്ടു വിരോധം പ്രവർത്തിക്കുന്നവൻ. ബന്ധുശത്രുക്കൾ=ബന്ധുക്കളും ശത്രുക്കളും (എന്ന അർത്ഥവും വരും)

ബന്ധുകം-പ. ഉച്ചമലരിപ്പൂവ്. മനസ്സിനെ ബന്ധിക്കുന്നത് എന്നർത്ഥം. പര്യാ. വേങ്ങ.

ബന്ധുരം-വി. പ. സമമല്ലാത്ത. പര്യാ. വളഞ്ഞ. ന. ചന്തമുള്ള.

ബന്ധുരം-ഭാരം.

ബന്ധുലൻ-വ്യഭിചാരിണിയുടെ പുത്രൻ

ബന്ധുലി-ഉച്ചമലരി.

ബന്ധ്യ-വി. പ കായ്ക്കാത്ത. പര്യാ. തടുക്കപ്പെട്ട.

ബന്ധ്യ-പ. പ്രസവിക്കാത്തവൾ. പര്യാ. മച്ചിപ്പുള്ള. ന. കാട്ടുപാവൽ.

ബഭ്രവി-ഭൂമി.

ബഭ്രു-വി. പ. വലിയ. പര്യാ. കരൾ നിറമുള്ള.

ബഭ്രു-പ. വിഷ്ണു. പര്യാ. ശിവൻ. ന. ഒരു യാദവൻ. ര. അഗ്നി. ള. തടിച്ച കീരി. ന്യ. പിംഗലം. ഠ. നല്ല കുലത്തിൽ ജനിച്ചവൻ. വ്യ. കരൾ നിറം. ൻ. വേഴാമ്പൽ. ഫാ. ഒരു രാജ്യം.

ബഭ്രുവാഹനൻ-അർജ്ജുനപുത്രനായ പാണ്ഡുരാജാവ്.

ബഭ്രുവാഹനൻ ചിത്രാംഗദയിൽ അർജ്ജുനനു ജനിച്ചവനാണ്. മണിപുരത്തിൽ വാണു. മണിപുരം മാതാവിന്റെ ദേശമാണ്. ധർമ്മപുത്രർ അശ്വമേധത്തിനു നിശ്ചയിച്ചിരുന്ന കുതിര അവിടെ ചെന്നപ്പോൾ അവിടത്തെ ഉദ്യോഗസ്ഥന്മാർ അതിനെ പിടിച്ചു കെട്ടി ബഭ്രുവാഹനന്റെ അടുക്കൽ കൊണ്ടുചെന്നു. കുതിരയുടെ നെറ്റിമേലുണ്ടായിരുന്ന എഴുത്തു കണ്ടിട്ട് അതു പാണ്ഡവന്മാരുടെ വകയാണെന്നു ബഭ്രുവാഹനൻ മനസ്സിലാക്കി. ഉടനെതന്നെ അർജ്ജുനനെ കാണുകയുണ്ടായി. ബഭ്രുവാഹനൻ അർജ്ജുനനെ സമസ്തരിച്ചിട്ട് തന്റെ രാജ്യധാനി സർവ്വവും കുതിരയോടുകൂടി അച്ഛന് കാഴ്ചയ്ക്കു നൽകിയെങ്കിലും തന്നെ പാണ്ഡുതന്റെ പുത്രനാകുന്നു ഭീരുവായ ഇവൻ അനാഥനെന്നു പറഞ്ഞു ബഭ്രുവാഹനനെ ശകാരിക്കയും അടിക്കയും ചെയ്തു. അനന്തരം അന്യോന്യമുണ്ടായ യുദ്ധത്തിൽ അർജ്ജുനനെ ബഭ്രുവാഹനൻ വധിച്ചു. പിന്നീട് പശ്ചാത്തപിച്ച് ആത്മഹത്തിക്കായി ഒരുമ്പെട്ടപ്പോൾ ബഭ്രുവാഹനനെക്കണ്ടിട്ട് നാഗരാജകന്യയായ ഉലൂപി അദ്ദേഹത്തിനു ഒരു രത്നം ദാനം ചെയ്തു. ഇതുകൊണ്ടു അർജ്ജുനൻ വീണ്ടും ജീവനെ ധരിച്ചു.

ബംഗാളം-ഒരു രാജ്യം (ബംഗാൾ)

ബംഭരം-വണ്ട്. 'ബം' എന്ന ശബ്ദത്തെ ധരിക്കുന്നത് എന്നർത്ഥം.

'അംഭോജത്തിനകത്തടച്ച തടവിൽ
പാറ്റിച്ചിട്ടും ബംഭരേ'
(അഭിജ്ഞാനശാകുന്തളം)

ബംഹിഷ്ഠം-വി. വളരെയുള്ള.

ബദരം-പ. ഇത്തി. പര്യാ. കങ്കുമം. ന. ഇലവങ്ങം. ര. ഇരുവേലി.

ബദരടം-ഒരുവക ധാന്യം. (രാജനിഘണ്ടു).

ബദരലാ-അന്നപ്പെട.

ബദരാ-പ. ബ്രഹ്മി. പര്യാ. പാടം. ന. ചിറ്റാമൃത്. ര. മേഘം. ള. മഞ്ഞൾ. ന്യ. വിഴാൽ.

ബദരീവൃക്ഷം-കാട്ടുചെടി.

ബക്കരം-പ. നാല്ക്കാലികുഞ്ഞ്. പര്യാ. കുഞ്ഞാട്. ന. നേരംപോക്ക്.

ബക്കടം-വലിയ മുഴുന്ന്.

ബർബ്ബണാ-കറുത്ത ഈച്ച. (വർണ്ണം എന്നതിന്റെ പാഠം.)

ബർബ്ബരദേശം-ഒരു ദേശം.

ബർബ്ബരൻ-നീചൻ, ഭ്രഷ്ടൻ.

ബർബ്ബരം-പ. ചെറുതേക്ക്. പര്യാ. നായർവേപ്പ്. ന. ഒരുവക തുളസി. ര. പീതചന്ദനം. ള. ചായില്യം. ന്യ. നറുപ്രശം.

ബബ്ബുരാ–ആട്ടനാറിവേള, നായർവേള, നായർവെണ്ണ. (പാഠഭേദങ്ങൾ വവ്വരം, ബവ്വരം, വബ്ബുരം, ബബ്ബുരീ, വവ്വരീ, വബ്ബുരീ, ബവ്വരീ.)

ബവ്കം–കുചമുതൽക്ക്.

ബഹ്ണം–ഇല.

ബഹ്പുഷ്പം, ബഹ്പിപുഷ്പം–തുണിയരങ്കം.

ബഹ്ഹം–പ. മയിൽപ്പീലി. വളരുന്നത് എന്നർത്ഥം. ഉ. തുണിയരങ്കം. പ്രശസ്തമായ ഇലകൾ ഉള്ളത് എന്നർത്ഥം. ന. ഇല, ഇതൾ. ര. ചിറക്.

ബഹ്ഹി–പ. മയിൽ. ഉ. കുശ.

ബഹ്ഹിണം–പ. മയിൽ. പീലിയുള്ളത് എന്നർത്ഥം. ഉ. കോതമ്പ്.

ബഹ്ഹിമ്മുഖൻ–ദേവൻ. അഗ്നിയെന്ന മുഖത്തോടുകൂടിയവൻ. അഗ്നിയിൽ ഹോമിക്കപ്പെട്ട ഹവിസ്സ്, ആജ്യം മുതലായവയാൽ തൃപ്തിപ്പെട്ടവൻ എന്നർത്ഥം. ദേവന്മാർക്കായിരിക്കുന്നുള്ള ഹവിസ്സ് അഗ്നിയിൽ ഹോമിക്കപ്പെടുന്നതുകൊണ്ട് ദേവന്മാരെ അഗ്നിമുഖന്മാർ എന്നു പറയുന്നു. (ഇവിടെ ബഹ്നിശബ്ദം അഗ്നിവാചകമാണ്.)

ബഹ്ഹിശ്ശുശ്രൂഷുവ്–അഗ്നി. ഒപ്പപ്പുല്ല കൂശകുന്ന ബലത്തോടുകൂടിയവൻ എന്നർത്ഥം.

ബഹ്ഹിഷ്ഠം–ഇരുവേലി. കുശകാശാദികളുടെ കൂട്ടത്തിൽ നില്ക്കുന്നത് എന്നർത്ഥം.

ബഹ്ഹിഷ്മതി–വിശ്വകർമ്മാവിന്റെ മകനും, പ്രിയവ്രതൻ എന്ന രാജാവിന്റെ ഭാര്യ.

ബഹ്ഹിഷ്മാൻ–യാഗം ചെയ്യുന്നവൻ.

ബഹ്ഹിസ്സു–പ. അഗ്നി. വളർക്കുന്നവൻ, തന്നെയ്ക്ക് മുതലായ ഹോമദ്രവ്യങ്ങൾകൊണ്ടോ ഇന്ധനാദികളെക്കൊണ്ടോ ക്രമേണ വളർച്ചവളർച്ച വരുന്നവൻ. ഇങ്ങിനെ ശബ്ദാർത്ഥം. ഉ. ശോഭ.

ബഹാബർ, ബഹാവർ–ശരിക്കുള്ളത്, നല്ലസ്ഥിതി.

ബല–വി. ബലമുള്ള, ശക്തിയുള്ള.

ബലൻ–പ. ബലഭദ്രൻ. ഉ. കാള. ന. ഇന്ദ്രൻ വധിച്ച ഒരു രാക്ഷസൻ.

ബലകര–വി. ബലത്തെയുണ്ടാക്കുന്ന.

ബലക്കുറവ്–പ. ഉറപ്പില്ലായ്മ. ഉ. ശക്തിയില്ലായ്മ. ന. വണ്ണമില്ലായ്മ. ര. സാമർത്ഥ്യമില്ലായ്മ.

ബലക്കേട്–ബലക്കുറവ്.

ബലക്ഷയം–ശക്തിയുടെയും മാറാം കുറവ്.

ബലചതുഷ്ടയം–ഉമ്പലന്റെ രാജാവ്, കഞ്ഞുങ്ങൾക്കു കരച്ചൽ, മൂഢന്റെ മൗനഭാവം, മോഷ്ടാവിന്റെ അസത്യം.

പക്ഷികൾക്ക് ആകാശം, മത്സ്യത്തിന്റെ ജലം, ഉമ്പലന്റെ രാജാവ്, ബാലന്റെ കരച്ചൽ ഇവ ര–ങ്ങിനെയുമാവാം.

ബലജ–സുന്ദരി.

ബലജം–പ. നഗരവാതിൽ. ഉ. കൃഷിനീലം.

ബലഭദ്രൻ–ബലഭദ്രൻ. ബലംകൊണ്ടു ശോഭിക്കുന്നവൻ എന്നർത്ഥം.

ബലൻ–ഇന്ദ്രൻ കൊന്ന ഒരസുരൻ.

ബലന്ധര–കാശിരാജാവിന്റെ ഒരു പുത്രി. ഭീമന്റെ ഒരു ഭാര്യ. ഇവളുടെ മകൻ സർവ്വഗൻ.

ബലപതി–പ. സേനാനായകൻ. ഉ. ഇന്ദ്രൻ.

ബലപ്പെടുന്ന–പ. ശക്തിയുണ്ടാകുന്ന. ഉ. സ്ഥിരമാകുന്ന.

ബലബന്ധം–പ. ശക്തി, ഉ. നിബ്ബന്ധം.

ബലഭദ്രം–പ. പാത്രോറരി. ഉ. ആയുധമൻ.

ബലഭദ്രൻ–പ. ബലദേവൻ. ബലം കൊണ്ടു് ശ്രേഷ്ഠൻ എന്നർത്ഥം. (പര്യായങ്ങൾ–ബലഭദ്രൻ, പ്രലംബഘ്നൻ, ബലദേവൻ, അച്യുതാഗ്രജൻ, രേവതീരമണൻ, രാമൻ, കാമപാലൻ, ഹലായുധൻ, നീലാംബരൻ, ഭരദ്വഹിണേയൻ, താലാങ്കൻ, മുസലി, ഹലി, സങ്കർഷണൻ, സീരപാണി, കാളിന്ദീഭേദനൻ, ബലൻ). ഉ. അനന്തൻ.

ബലഭദ്രാ–കന്യകാ.

ബലഭദ്രിക, ബലഭദ്രാ–പ. ബ്രഹ്മി. ഉ. കറുവാഴ.

ബലം–പ. തടിപ്പ്, പുഷ്ടി. ഉ. ശക്തി, പരാക്രമം. ന. സൈന്യം. ര ത്രക്കം. ഇ. ശരീരം. ഗ. ഉറപ്പ്. ഒ. സാമർത്ഥ്യം. വ. കാക്ക. ൻ. രക്തം. ഹ്ര. മുള, തളിര്. ഹ്ര. നാരംപശ. ഹ്ര. നീർമാതളം. ഹ്ര. മേന്മാരം.

ബലരാമൻ–ബലഭദ്രൻ, കൃഷ്ണന്റെ ജ്യേഷ്ഠൻ.

ബലരാമൻ വിഷ്ണുവിന്റെ എട്ടാമത്തെ അവതാരമാണ്. ഇദ്ദേഹം ശേഷാംശജനാകുന്നു. ദേവകിക്ക് ഏഴാമത്തെ ഗർഭമുണ്ടായപ്പോൾ കൃഷ്ണന്റെ കല്പനപ്രകാരം മായ ഗർഭത്തെ ആകർഷിച്ച് വസുദേവരുടെ പത്നിയായ രോഹിണിയിൽ ആക്കി. ഇതുകൊണ്ട് രോഹിണിയുടെ പുത്രനാണ് ബലഭദ്രൻ എന്നു വെളിവാകുന്നു. കഴുതയുടെ രൂപം ധരിച്ചു തന്നെ വധിപ്പാൻ വന്ന ധേനുകാസുരനെ ഇദ്ദേഹം കൊന്നു. പിന്നീടു പ്രലംബൻ എന്ന അസുരനെ വധിച്ചു. ഒരിക്കൽ താൻ മദ്യപാനംചെയ്തിരിക്കേ കുളിപ്പാനായിട്ടു യമുനാനദിയെ സമീപസ്ഥയാവാൻ ആവശ്യപ്പെട്ടു. നിഷേധിക്കയാൽ ഹലായുധംകൊണ്ടു് മലത്തെ പിന്നാരെല അങ്ങുമിങ്ങും വലിച്ചുകൊണ്ടു നടന്നു. യമുനാ ഭയപ്പെട്ടു സ്ത്രീരൂപമായി വന്ന് മാപ്പുചോദിച്ചു. ഒരിക്കൽ ദുര്യോധനൻ സാംബനെ കടവുകാരനാക്കി ഹസ്തിനാപുരിയിൽ പാഴ്സ്ലിച്ചപ്പോൾ പിടിയപ്പാൻ ബലരാമൻ ആജ്ഞാപിച്ചു. കടവുകാർ അനുസരിച്ചില്ല. ഉടൻ അദ്ദേഹം കോപാന്ധനായി ആയുധംകൊണ്ടു് നഗരത്തെ ഒട്ടുക്കടി അവരെ തന്റെ സമീപത്തേക്കു വലിച്ചെടുത്തു. ഉടൻ അവർ പേടിച്ചു സാംബനെ വിട്ടയച്ചു. തന്റെ ആയുധം മോഷ്ടിച്ചു ദ്വിവിദൻ എന്ന വാനരനെ അദ്ദേഹം കൊന്നു. ദുര്യോധനനേയും ഭീമനേയും ഗദായുദ്ധം അഭ്യസിപ്പിച്ചു. ഭാരതയുദ്ധത്തിൽ ബലരാമൻ ഇരുകക്ഷികളേയും സഹായിച്ചില്ല. കാരണം ദുര്യോധനനിൽ അദ്ദേഹത്തിനുണ്ടായിരുന്ന വാത്സല്യമായിരുന്നു. ഭീമൻ ദുര്യോധനനെ അരയ്ക്കുതാഴെ അടിച്ചു ബലഹീനനാക്കിയപ്പോൾ അദ്ദേഹം ക്രമത്തിലധികം കോപിച്ചു. അന്നു കൃഷ്ണൻ സമാധാനപ്പെടുത്തിയിരുന്നില്ലെങ്കിൽ പാണ്ഡവരെ അദ്ദേഹം നശിപ്പിച്ചുകളയുമായിരുന്നു. കൃഷ്ണന്റെ അവസാനത്തിനു മുമ്പ് ബലരാമൻ ശരീരകൃത്യം പുറത്തു് ഒരാലിന്റെ ചുവട്ടിൽ വച്ചു പരേതനായി. അദ്ദേഹത്തിനു രേവതി എന്ന ഒരു ഭാര്യയേ ഉണ്ടായിരുന്നുള്ളൂ. ഈ മഹതി രൈവതരാജാവിന്റെ പുത്രിയാണത്രേ. ഈ സ്ത്രീയിലുണ്ടായ പുത്രന്മാരാണ് നിശഠനും ഉൽമുകനും. ബലരാമന്റെ ആയുധങ്ങളും ഖേടകം (സൌനന്ദം), ഹലം, മുസലം ഇവയാകുന്നു. ഇദ്ദേഹം മധുപ്രിയനും കോപശീ

ഭനുമംയിതനു. മറവു പേരുകൾ-യമുനാജിത്ത്, കാളിന്ദീകർഷണൻ, (കംരണം മേൽ വായിച്ചുനോക്കുക), രാമഭദ്രൻ, സംവർത്തകൻ, ഗ്രഹചരൻ, ലംഗലി, ഹലഭൃത്ത്, ഹാലൻ.

ബലഭദ്രൻ-ഇന്ദ്രൻ.

ബലവൽ-വി. ബലമുള്ള.

ബലവതീ-ചിറ്റേലം.

ബലവാൻ-പ നല്ല ബലമുള്ളവൻ. മറ്റുപര്യായങ്ങൾ- മാംസളൻ, അംസളൻ. ഉ. ചണം.

ബലവിരുദ്ധം-പ. ശക്തികേടുള്ള. ഉ. തടവുചെയ്യുന്ന

ബലവിന്യാസം- യുദ്ധശാസ്ത്രപ്രകാരം സൈന്യത്തെ വേണ്ടവിധം അതാതു നിശ്ചിതസ്ഥലങ്ങളിൽ നിറുത്തുക. സൈന്യത്തെ വേണ്ടുംവണ്ണം നിറുത്തുക എന്ന ശബ്ദാർത്ഥം. അണിനിരത്തുക എന്നു താൽപര്യം.

ബലവൃദ്ധി-ബലങ്ങളുടെ വർദ്ധനം.

ബലവ്യസനം-സൈന്യങ്ങളുടെ തോൽവി.

ബലശാലി - വി. ബലമുള്ള. (നകാരാന്തം).

ബലസ്ഥൻ-ഭടൻ.

ബലസ്ഥിതി-പാളയം, സേനാനിവേശസ്ഥലം.

ബലഹരി-ഒരു രാഗം.

ബലഹാ-(നകാരാന്തം). പ. ഇന്ദ്രൻ. ഉ. ബലദേവൻ. ന. കഫം.

ബലഹാനി-ശക്തിക്ഷയം.

ബലഹീന-വി. ശക്തിയില്ലാത്ത. ബലഹീനന്റെ പര്യായങ്ങൾ-അമാംസൻ, ഓജസ്വലൻ, ക്ഷത്രൻ.

ബലഹീനത-ബലക്കുറവ്.

ബലാ-പ. കുറുന്തോട്ടി. ശരീരരോഗത്തെ തടുക്കുന്നതു് എന്നർത്ഥം. ബലത്തെ ഉണ്ടാക്കുന്നതു് എന്നുമാവാം. മറ്റൊരു പര്യായം-വാട്യാലകം. ഉ. പുഴമുഞ്ഞ. ന. വിഴാലു്. ര. കരിംകുറിഞ്ഞി.

ബലാകാ-വെള്ളിപ്പക്ഷി. ബലംകൊണ്ടു മേഘസമൂഹത്തെ പ്രാപിക്കുന്നതു് എന്നർത്ഥം. (വലാകാ—എന്ന പാഠവുമുണ്ടു്.)

ബലാചതുഷ്ടയം-കുറുന്തോട്ടി, ചെറുകുറുന്തോട്ടി, ഉഴരകം, വലിയ ഉഴരകം ഇവ നാലും.

ബലാഢ്യൻ-പ. ഉഴുന്നു്. ഉ. ചെറുപയറു്

ബലാബലം-ശക്തിയും ശക്തികുറവും ഉ-ം, ബലാബലം പരീക്ഷിക്കുക.

ബലാൽ-അ. പ. ബലത്തോടെ, ശക്തിയോടെ. ഉ. പെട്ടെന്നു്. ന. ദൈവഗത്യാ.

ബലാൽക്കാരം-അടിക്കയും പിടിച്ചുപറിക്കയും മറ്റും, ശക്തിയുള്ളതിനാൽ ആരോടെങ്കിലും മുറകേടായി ചെയ്യുന്ന പ്രവൃത്തി. മറ്റു പര്യായങ്ങൾ-പ്രസഭം, ഹഠം.

ബലാൽസംഗം-പ. ബലാൽ ചെയ്യുന്ന സംഗം. ഉ. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുറ്റം. (ശി. നി. വകുപ്പു്-൩൭൬.)

ബലാസകം - രോഗംമൂലം കണ്ണിന്റെ വെള്ളയിൽ കാണപ്പെടുന്ന ഒരുതരം മഞ്ഞപ്പുള്ളി.

ബലാസി-ക്ഷയരോഗി.

ബലാഹകൻ - വിഷ്ണുവിന്റെ ഒരു കുതിര.

ബലാഹകം, വലാഹകം - പ. മേഘം. ഉ. മുത്തങ്ങ. ന. വിഷ്ണുവിന്റെ നാലു കുതിരകളിൽ ഒന്നു്. ര. കല്പാന്തമേഘങ്ങളിൽ ഒന്നു്. ൫ മല. ന. കൊമ്പു്.

ബലാഹം—൫ലം.

ബലി-പ്ര. മഹാബലി എന്ന അസുരരാജാവ്.

ദാനശീലനായ ബലിയുടെ കഥ വളരെ പ്രസിദ്ധം. വിഷ്ണു വാമനാവതാരം ചെയ്ത് അപേക്ഷിച്ചതുപോലെ മൂന്നടി ബലികൊടുത്ത കഥ അറിയാത്തവർ ചുരുക്കം. പ്രഹ്ലാദന്റെ പുത്രനായ വിരോചനന്റെ പുത്രനാണ ബലി. മാതൃയുടെ പേർ 'വിന്ധ്യാവലി'

2. കരം, കപ്പം. ദാനംചെയ്യപ്പെടുന്നത് എന്നർത്ഥം. 3. പഞ്ചമഹായജ്ഞങ്ങളിൽ ഒന്ന്, പക്ഷികൾക്ക പുല്ലുകൊടുക്കുക മുതലായത്, പൂജ. (പഞ്ചമഹായജ്ഞങ്ങൾ എന്ന ശബ്ദം നോക്കുക.) 4. ചാമരത്തിന്റെ പിടി. 5. അന്നദാനം, 6. ബലിക്കുള്ള ദ്രവ്യം. 7. ചാണകം. 8. ദ്രവ്യങ്ങളെക്കൊണ്ട് ഭദ്രകാളിക്കും മറ്റും കഴിക്കുന്ന ഒരു കർമ്മം. 9. ഒരു നൃപൻ (ഈ നൃപന്റെ പത്നിയുടെ പേർ സുദേഷ്ണ.) കാ. ശബ്ദകം.

ബലി-വി. ബലമുള്ള.

ബലികർമ്മം-ബലികഴിക്കുക.

ബലികുസുമം-ബലിയിടിയന്തിരത്തിനുവേണ്ട പുഷ്പം.

ബലിക്കല്ല്-ബലിതൂകുന്ന കല്ല്.

ബലിക്കളം-ബലികഴിക്കുന്ന സ്ഥലം.

ബലിക്കുറുക-ബലിക്കുള്ള കറുകപ്പുല്ല്.

ബലിക്കുറി-ബലിപൂജയ്ക്കായി സൂക്ഷ്മപ്പെടുത്തിയിട്ടുള്ള ഉയർന്ന തറ.

ബലികൊടു-ബലികൊടുക്കുക.

ബലിചന്ദനം-രക്തചന്ദനം.

ബലിദമൻ-വിഷ്ണു.

ബലിധ്വംസി-വിഷ്ണു. മഹാബലിയെ അമർച്ച വരുത്തിയവൻ, ബലികൊണ്ടു സന്തോഷിച്ച ദേവന്മാരുടെ അവിഭൂതിയെ നശിപ്പിക്കുന്നവൻ, ഇങ്ങിനെ ശബ്ദാർത്ഥം.

ബലിനൻ-വാങ്മനസ്കർമ്മങ്ങൾനിമിത്തവും മറ്റും ശരീരത്തിൽ ചുളിവുള്ളവൻ. (വലിനൻ)

ബലിപീഠം-ബലികഴിക്കുന്ന പീഠം.

ബലിപുഷ്ടം-പ്ര. കാക്ക, ശ്രാദ്ധത്തിൽ ബലിയിട്ട പിണ്ഡം മുതലായതു കൊണ്ടിന്നു ജീവിക്കുന്നത് എന്നർത്ഥം. 2. കാക്ക.

ബലിപ്രിയം-ലോധ്രവൃക്ഷം.

ബലിബന്ധനൻ-വിഷ്ണു.

ബലിഭൻ-വാങ്മനസ്കർമ്മങ്ങൾനിമിത്തവും മറ്റും ശരീരത്തിൽ ചുളിവുള്ളവൻ. (വലിഭൻ)

ബലിഭുക്ക്-കാക്ക.

ബലിഭുവ്-പ്ര. ബലവാന്മാരുടെ രാജ്യം. 2. മഹാബലിയുടെ രാജ്യം. 3. ബലിയുടെ പുത്രനായ ബാണൻ.

ബലിഭോക്തൃവ്-കാക്ക.

ബലിർദ്ദമൻ-വിഷ്ണു.

ബലിശില-ബലിക്കല്ല്, (ബലിതൂകുന്നതിനുള്ള കല്ല്.)

ബലിശിഷ്ടം-ബലികഴിഞ്ഞു ശേഷിച്ച ചോറും മറ്റും.

ബലിഷ്ഠ-വി. അതിശക്തിയുള്ള.

ബലിഷ്ഠം-ഒട്ടകം.

ബലിസദനം-പാതാളം. മഹാബലിയിരിക്കുന്ന സ്ഥലം.

വാമനമൂർത്തി അനുഗ്രഹിച്ചതുനിമിത്തം മഹാബലി ഇപ്പോഴും പാതാളത്തിൽ സ്ഥിതിചെയ്യുന്നു എന്നു പുരാണം.

ബലീ-പ്ര. പായ്. 2. കാള. 3. കറിയാട്ട്. 4. ഒട്ടകം. 5. പോത്ത്. 6.

പന്നി. ൨. സിംഹം. വൃ. മുഴുന്ത്. ൩. കന്തുതക്കോൽ.

ബലീനം-തേൻ.

ബലീമുഖം-കരങ്ങ്.

ബലീയസ്സ്-വി. അതിശക്തിയുള്ള.

ബലീവർദ്ദം-കാള. കണ്ണത്തിൽ വലികളുള്ളത് എന്നർത്ഥം. ബലം അധികമുള്ള വൻ ഉടയക്കാരന് ഐശ്വര്യത്തെയും പശുക്കൾക്ക് ഇഷ്ടത്തെയും ദാനംചെയ്യുന്നവൻ എന്നുമാവാം.

ബലൂല-വി. ബലമുള്ള.

ബല്ബജം, ബല്ബജാ, ബലബജം, ബലബജാ-മേഖലപ്പുല്ല്, ആറാടൽ.

ബല്യ-വി. ദേഹത്തിന് ബലമുണ്ടാക്കുന്ന.

ബല്യം-കോതമ്പ്.

ബല്ലവൻ (വല്ലവൻ)-പ്ര. അജ്ഞാതവാസത്തിൽ ഭീമന്റെ പേർ. ൨. ഇടയൻ.

ബഷ്കയ(യി)ണി - കടി വറാറായ പശു.

ബഷ്കയം-ഒരു വയസ്സായ പശുക്കുട്ടി.

ബസ്തം-പ്ര. വെള്ളാട്ട്.

'തൽ സ്മരണവും വരാ
ബസ്തശീഷോസ്മ ദ്ഗതം'
(ഭക്ഷയാശം കഥകളി)

കോലാട്ട്. കൃഷ്ണഭിയെ പീഡിപ്പിക്കുന്നതു് എന്നർത്ഥം. ൨. ആട്ട്. ൩. മേനം.

ബസ്തകം-പടന്നമുപ്പ്, പൊടിയുപ്പ്.

ബസ്സാട്ട, പസാട്ട - ഏഷണി, വെറും വാക്ക്.

ബഹുലം-ഒരുതരം കരിയും.

ബഹുഗന്ധം-ഒരുതരം ചന്ദനം.

ബഹുലതാവ-ചെവളത്ത പൂവുള്ള ലോധ്രവൃക്ഷം.

ബഹള-വി. പെരുകിയ.

ബഹളം-പ്ര ബഹതപം. ൨. അരിക്കാടി. ൩. മഹള, വലിയ ശബ്ദം.

ബഹാദർ, ബഹാദ്ദർ-നായകൻ, പ്രേ.

ബഹിഷ്ഠം-ഏറവും ബലമായിട്ടുള്ളതു്.

ബഹിർഗ്ഗമനം-പുറത്തുപോക, പുറപ്പാട്.

ബഹിർദ്വാരം-പുറത്തെ വാതൽ.

ബഹിഃപ്രാണൻ-ദേഹത്തിനു പുറമെയിൽ സഞ്ചരിക്കുന്നതായ പ്രാണനെയു, അത്രമാത്രം സ്നേഹമുള്ളവൻ എന്നു സാരം.

ബഹിർഭാഗം-പുറത്തുഭാഗം.

ബഹിശ്ചരം-ഞണ്ട്.

ബഹിഷ്കരണം-പുറത്താക്കുക.

ബഹിഷ്കരിക്കുന്ന-പുറത്താക്കുന്ന.

ബഹിഷ്കാരം-പുറത്താക്കൽ.

ബഹിഷ്കൃത-വി. പുറത്താക്കപ്പെട്ട.

ബഹിസ്സ്-അ. പുറത്തു്.

ബഹു-വി. പ്ര. വളരെ. ൨. വലിയ, പെരുകിയ.

ബഹുക-വി. വലിയ വിലയുള്ളവങ്ങിച്ച.

ബഹുകം-പ്ര. ഞണ്ട്. ൨. നീർക്കാക്ക. ൩. എരിക്ക്.

ബഹുകര-വി. പ്ര. അടിച്ചുവാരുന്ന. ൨. വളരെ പ്രവർത്തിക്കുന്ന.

ബഹുകരൻ-ഒട്ടകം.

ബഹുകരം-പ്ര. ചൂല്, തുറപ്പ. ൨. ഒട്ടകം.

ബഹുകരീ-ചൂല്.

ബഹുകാലം-വളരെക്കാലം.

ബഹുഗന്ധാ-പ്ര. കറുവ. ൨. കരിഞ്ചീരകം. ൩. ചമ്പകമരമാട്ട്. ൪. അമുക്കിരം.

ബഹുഗന്ധദാ-കസ്തൂരി.

ബഹുഗവ്യവാക്-അതിനിന്ദാവാക്ക്.

ബഹുഗവ്യവാക് - ബഹുനിന്ദ്യമായി വളരെ പറയുന്നവൻ.

ബഹുതമ-വി. ഏറ്റവും വളരെയുള്ള.

ബഹുതര-വി. ഏറ്റവും വളരെയുള്ള, പലമാതിരി.

ബഹുതിഥ-വി. വളരെയുള്ള, പെരുകിയ.

ബഹുത്വം-പെരുപ്പം.

ബഹുദുഃഖം-കോതയു

ബഹുധാ-അ. വളരെ പ്രകാരത്തിൽ.

ബഹുധാരം-വൈരം.

ബഹുനാദം-ശംഖം.

ബഹുനായക-വി, പല പ്രമാണികൾക്കുടി ഭരിക്കുന്ന.

ബഹുനായകത്വം-പല പ്രമാണികൾക്കുടെ നടത്തുന്ന അധികാരം.

ബഹുപത്ര-വി. വളരെ ഇലയുള്ള.

ബഹുപത്രാ-ക. വലിയ ശതാവരി. ഉ. രണ്ടുവിരലിക്കോവ. ന. തുളസി. ര. കരിങ്കുറ്റോഷം. ള. ചെറുവഴുതിന. ഴ കിഴങ്ങരനെല്ലി ൎ കിണികിണിപ്പാല. വ. കറുവഴ. ൻ. കറുഞ്ഞി.

ബഹുപത്രം-ക. ഉള്ളി. ഉ, അളകം. ന. ചേര മരം.

ബഹുപത്രി-ഒരുങ്ങാടി മരുന്ന്.

ബഹുപാദ്, ബഹുപാദം-പേരാൽ. വളരെ പാക്കുള്ളാം (വേടുകൾ) ഉള്ളത് എന്നർത്ഥം.

ബഹുപുത്ര-വി. വളരെ മക്കളുള്ള.

ബഹുപുത്രം-ഒരു വൃക്ഷം.

ബഹുപുത്രി-ശതാവരി.

ബഹുപുത്രിക-തണ്ണിമത്ത.

ബഹുപുത്രീ-ശതാവരി.

ബഹുപ്രജം-ക. പന്നി. ഉ. എലി.

ബഹുപ്രദ-വി. വളരെകൊടുക്കുന്ന, ദാനശീലമുള്ള.

ബഹുഫലം-കരംബവൃക്ഷം.

ബഹുബലവാൻ-സിംഹം.

ബഹുബലം-സിംഹം.

ബഹുഭക്ഷക-വി. വളരെ ഭക്ഷിക്കുന്ന.

ബഹുഭക്ഷണം-വളരെ ഭക്ഷിക്കൽ.

ബഹുമതി-ബഹുമാനം.

ബഹുമലം-ഇരുമ്പ്.

ബഹുമാനം-രാജാക്കന്മാർ വിദ്വാന്മാർ മുതലായവരെക്കണ്ടാൽ ചെയ്യുന്ന കാര്യം ആചാരങ്ങളും മറ്റും, മാനിക്കുക.

ബഹുമാനിക്കുന്നു-മഹത്വമോ സ്നേഹമോ ഉള്ളവരെക്കണ്ടാൽ ആദരവോടെ അവരെ സന്തോഷിപ്പിക്കുന്നു.

ബഹുമാന്യ, ബഹുമന്തവ്യ-വി. ബഹുമാനിക്കത്തക്ക, യോഗ്യമായ.

ബഹുമാർഗ്ഗാ-ഗംഗാനദി.

ബഹുമുഖ-വി. ധാരാളമായ, പെരുകിയ.

ബഹുമൂല്യ-വി. വിലയേറിയ.

ബഹുമൂല്യം-ക. വളരെ വിലപിടിച്ച വസ്തു. ഉ. വളരെ വിലപിടിച്ച ആഭരണം.

ബഹുരൂപ-വി. പലരൂപമുള്ള.

ബഹുരൂപൻ-ക. ബ്രഹ്മാവ്. ഉ. വിഷ്ണു. ന. ശിവൻ. ര. ജിനന്മാരിൽ ഒരുത്തൻ. ള. കാമൻ.

ബഹുരൂപം-ക. ചെമ്പല്യം. അനേകം രൂപമുള്ളത് എന്നർത്ഥം. (വസ്തുവാചിയായ ഈ ശബ്ദത്തിനാണ്. അതു രൂപത്തിൽ ആരോപിതമായി). ഉ. ഒന്ന്. ന. കയ്യാടി.

ബഹുരേഖ-ക. ചുരിപ്പ്. ഉ. മുഴവുചാൽ.

ബഹുരേതസ്സ്-ബ്രഹ്മാവ്.

ബഹുല-വി. ക. വളരെയുള്ള. ഉ. കറുത്ത.

ബഹുല-ക. കാർത്തികനക്ഷത്രം, കൃത്തിക. ഉ. ഏലം ന. പാൽ. ര. നിലം. ള. അമരി.

ബഹുലഗന്ധാ-ഏലം

ബഹുലഗ്രീവം-മയിൽ.

ബഹുലത്വം-പരിപൂർണ്ണത.

ബഹുലൻ-അഗ്നി.

ബഹുലം-ക്ര. കറുത്തപക്ഷം. ന. ആകാശം

ബഹുലാശ്വൻ-ഒരു രാജർഷി.

ബഹുലീകൃത-വി. പത്തിർ കളഞ്ഞ.

ബഹുലീകൃതം-ചേറിപതിരുപോക്കിയ ധാന്യം.

ബഹുവചനം-സംസ്കൃതവ്യാകരണത്തിൽ മൂന്നാമതുള്ള വചനം. (മലയാളത്തിൽ) ഒന്നിലധികത്തെ കുറിക്കുന്നത്.

ബഹുവാക്ക്-വളരെപ്പറക.

ബഹുവാരകം-നവരി. പല വ്യാധികളേയും തടുക്കുന്നത് എന്നർത്ഥം.

ബഹുവിധ-വി. പലവിധമായുള്ള.

ബഹുവിഷാണം-കടമാൻ.

ബഹുവേതസം-വഞ്ചിവൃക്ഷം വളരേയുള്ള സ്ഥലം.

ബഹുവ്യാപാരി-വളരെ വ്യാപാരമുള്ള.

ബഹുവ്രീഹി-സംസ്കൃതത്തിന്റെ സമാസങ്ങളിൽ ഒന്ന്. അതുള്ള (വൻ, വരം, തു) എന്ന അന്യപദാർത്ഥം പ്രധാനമായിട്ടു ള്ള വിശേഷണപദം വിശേഷ്യപദത്തോടു ചേർന്നുണ്ടാകുന്ന സമാസത്തിനു ബഹുവ്രീഹി എന്നു പേർ.

ഉദാ—നാന്മുഖൻ (നാലു മുഖമുള്ളവൻ).
മുക്കണ്ണൻ (മൂന്നു കണ്ണുള്ളവൻ).

ബഹുശത്രു-കുരികിൽ.

ബഹുശസ്സ്-അ. വളരെ.

ബഹുശ്രുതൻ-ക്ര. ധാരാളം പഠിച്ചുള്ളവൻ, വിദ്വാൻ. ന. വേദങ്ങളിൽ നല്ല അറിവുള്ളവൻ.

ബഹുശൃംഗൻ-വിഷ്ണു.

ബഹുസന്തതി-വി. വളരെ മക്കളുള്ള.

ബഹുസാക്ഷി-വി. വളരെ സാക്ഷിയുള്ള (നകാരാന്തം).

ബഹുസാരം-കരിങ്ങാലിമരം.

ബഹുസൂത-ശതാവരി. അനേകം ഭേദകം ഉള്ളതു് എന്നർത്ഥം.

ബഹുസ്സു-മഷൻപന്നി.

ബഹുസൂതി-വളരെ പ്രസവിച്ചു പശു. വളരെ പെറവരം എന്നർത്ഥം.

ബഹുസ്വനം-മുങ്ങ.

ബഹുളം-വി. കപടമുള്ള.

ബഹുളി-ക്ര. ഭാണ്ഡം. ന. സാഹസം. ന. തിട്ടക്കം.

ബഹുളകൻ-സന്യാസിയിൽ രണ്ടാംതരം, നടന്നെങ്കും ഉഴലുന്നവൻ.

ബഹ്വപത്യം-ക്ര. പന്നി. ന. ഏഷി.

ബഹ്വൃചന്മാർ-വളരെ ഋക്കുകളും പരിചയമുള്ളവർ.

'ഋക്പൂരബ്ധൂപഥാമാനക്ഷേ' ഇതു പാണിനിസൂത്രത്താൽ മേലെഴുതിയ രൂപം സിദ്ധം. ഋക്, പൂർ, അപ്, ധൂർ, പന്ഥാവ് ഈ ശബ്ദങ്ങൾക്കു സമാസാന്തത്തിൽ അക്ഷരമെഴുകേയുള്ള ശബ്ദങ്ങളോടു സമാസമുണ്ടാകുമ്പോൾ 'അ' എന്ന പ്രത്യയം കൂടി വേണ്ടതാകുന്നു എന്ന് താൽപര്യം.

ബഹ്വാശി-വി. അധികം ഭക്ഷിക്കുന്ന.

ബളിശം-ചൂണ്ടൽ. (പാഠങ്ങൾ-ബഡിശം, ബളിശം, ബളിശി.)

ബാ

ബാക-വി. ബകത്തെസ്സംബന്ധിച്ച, ബകാക്കിനെ സംബന്ധിച്ച.

ബാകം-ബകങ്ങളുടെ കൂട്ടം.

ബാകുല-ബകുലക്കായ്, ഇലഞ്ഞിക്കായ്.

ബാക്കി-ശേഷിച്ചുള്ളതു്. അറബിഭാഷ).

ബാങ്ക്-പണം കൊടുക്കൽവാങ്ങൽ ചെയ്യുന്ന സ്ഥലം.

ബാന്ധവൻ-പ. ബ്രാഹ്മണൻ. ബന്ധവംഗിപോലെ തപിപ്പിക്കത്തക്ക തപസ്സുകതിയുള്ളവൻ എന്നർത്ഥം. ബന്ധവയിൽ നിന്നുണ്ടായവൻ. (ബന്ധവശബ്ദം ബ്രാഹ്മണസ്ത്രീവിശേഷത്തെപറയുന്നതാണ്) ഉ. ബന്ധവംഗി.

ബന്ധവംഗി എന്നതു നോക്കുക. പെൺകതിരയുടെ മുഖത്തുനിന്നുണ്ടായിച്ചവൻ. (ബന്ധവയുടെ പുത്രൻ).

ബാന്ധവപോവകൻ-ബന്ധവംഗി.

ബാന്ധവാ-പ. സമുദ്രാംഗി. ഉ. ബന്ധവങ്ങളുടെ (കതിരകളുടെ) കൂട്ടം.

ബാന്ധവാംഗി-ബന്ധവംഗി.

ബാന്ധവേയൻ-കതിര.

ബാന്ധവ്യം-ബ്രാഹ്മണരുടെ കൂട്ടം.

ബാന്ധീരൻ-പ. ഭർത്താവ്. ഉ. കൂലിക്കാരൻ.

ബാന്ധ-വി. പ. അധികതയുള്ള, പൊതുകിയ. ഉ. കഠിനമായുള്ള.

ബാന്ധവം-വി. പൊരികെ, ഏറവും.

ബാന്ധവം-പ. പൊരികിയതു. ഉ. അംഗീകാരം വഹിക്കപ്പെട്ടതു എന്നർത്ഥം.

ബാണ-(ന) പ. നീലക്കുറിഞ്ഞി. ഉ. അസ്ത്രത്തിന്റെ മുഖട്ട്, പുംഖം.

ബാണക്രൂടം-ബാണം പ്രയോഗിച്ചു മേൽഭാഗത്തുകൂടി ആക്കം അകത്തു കടക്കാൻ പാടില്ലാത്ത വിധത്തിൽ ശരം കൊണ്ടുണ്ടാക്കിയ ക്രൂരം.

'കന്തീസുതൻചെന്നഥ ബാണക്രൂടം'
(ശ്രീകൃഷ്ണചരിതം)

ബാണഗംഗ-രാവണന്റെ അസ്ത്രംകൊണ്ടുണ്ടായ ഒരു നദി.

ബാണജിത്തു്-കൃഷ്ണൻ, വിഷ്ണു.

ബാണത്തുണ്ണി-അവനാഴി.

ബാണൻ-പ. ബലിപുത്രൻ.

ബാണാസുരനു 'ഉഷ' എന്നൊരു മകളും ഉണ്ടായിരുന്നു. അവൾ സ്വപ്നത്തിൽ അനിരുദ്ധനെക്കണ്ടു മദനമോഹിതയായി. ആളിനെ അറിഞ്ഞുകൂടാഞ്ഞ് അവൾ ഉണർന്നു കഴുങ്ങുമ്പോൾ അവളുടെ സഖിയായ ചിത്രലേഖ അനേകംപേരുടെ പടം എഴുതിക്കാണിച്ചു. അനിരുദ്ധന്റെ പടത്തെ അവൾ സമ്മതിച്ചു. ഉഷയുടെ മോഹത്തെ പൂരിപ്പിക്കുന്നതിനായി അനിരുദ്ധനെ നിദ്രയിൽ ചിത്രലേഖ എടുത്തു് ഉഷയുടെ സമീപത്താക്കി. വിവരം അറിഞ്ഞു് ബാണാസുരൻ അനിരുദ്ധനെ പിടിച്ചു തടവിലാക്കി. അനിരുദ്ധൻ കൃഷ്ണന്റെ പൌത്രനാണ്. അനിരുദ്ധൻ ബാണനാൽ ബദ്ധനായ വിവരം ശ്രീകൃഷ്ണൻ അറിഞ്ഞു് ഉടൻ പുറപ്പെട്ടുചെന്നു് ബാണന്റെ കൈകളും ഖണ്ഡിച്ചു് അവന്റെ മദം അടക്കി. ഈ അവസരത്തിൽ ബാണന്റെ വാതിൽ കാത്തുനിന്നതു് പരമേശ്വരനായിരുന്നു. കൃഷ്ണനും പരമേശ്വരനും തമ്മിൽ ഈ വാതിലിൽ വച്ചു വലിയ യുദ്ധം നടന്നിട്ടുണ്ടു്. ബാണാസുരൻ കൃഷ്ണനെ കീഴടങ്ങിയതിന്റെ ശേഷം മകളായ ഉഷയെ അനിരുദ്ധനായിക്കൊണ്ടു വിവാഹം ചെയ്യുകൊടുത്തു.—ഭാഗവതം ദശമസ്കന്ധം-ബാണയുദ്ധം-നോക്കുക.

ദിതി ഹിരണ്യകശിപുവിനെ പ്രസവിച്ചു. തൽപുത്രൻ പ്രഹ്ലാദൻ, തൽപുത്രൻ വിരോചനൻ, തൽപുത്രൻ മഹാബലി, തൽപുത്രൻ ബാണൻ.

ഉ. കാര്യത്തിന്റെ സാരമറിയാതെ ഒടുന്ന മൂർഖനെപ്പറയുന്ന ഒരു പരിഹാസപ്പേർ. ന. പ്രസിദ്ധനായ ഒരു ഗ്രന്ഥകർത്താവു്. (ബാണഭട്ടൻ എന്നതു നോക്കുക.)

ബാണധി-ആവനാഴി.

ബാണപുംഖം-അമ്പിന്റെ കട

ബാണപ്പുരമാഠം-പള്ളിബാണൻ, കേരളത്തിലുണ്ടായിരുന്ന ഒരു ഭരണകർത്താവ്.

ബാണഭട്ടൻ-ഒരു മഹാകവി.

ഇദ്ദേഹം ക്രി. പി. ഏഴാം ശതാബ്ദത്തിനും എട്ടാം ശതാബ്ദത്തിനും മദ്ധ്യത്തിൽ ജീവിച്ചിരുന്നിരിക്കണം. കന്യാകുബ്ജരാജാവിന്റെ വിഭവസമൃദ്ധിയെ അലങ്കരിച്ചും ആ രാജാവിനെ ആശ്രയിച്ചും ജീവിതം കഴിച്ചു. രത്നാവലിയുടെ കവിയായ ശിലാദിത്യന്റെ സേവകനാണ്. വാത്സ്യായനം എന്ന ഒരു മഹിമയേറിയ ബ്രാഹ്മണകുലത്തിലാണ് ജനനം. പിതാവു നിഖിലകലാവല്ലഭനായ ചിത്രഭാനുവും, അമ്മ രാജ്യദേവിയും ആകുന്നു. ഏഴ്-ാമത്തെ വയസ്സിൽ അമ്മ മരിച്ചു. ഭർനാരായണൻ, ഈശാനൻ, മയൂരൻ ഇവർ ബാണന്റെ സോദരന്മാരായിരുന്നു. ബാണഭട്ടന്റെ പ്രധാന കൃതികൾ—കാദംബരി, പാർവ്വതീപരിണയം, ഹർഷചരിതം. കാദംബരിയും ഹർഷചരിതവും രണ്ടു വ്യത്യസ്ത ശൈലി കാവ്യങ്ങളാകുന്നു.

ബാണം-ന. ക. അമ്പു, ശരം. ശബ്ദിക്കുന്നത് എന്നർത്ഥം. ഉ. നീലക്കരിഞ്ഞി, കരിംകറിഞ്ഞി. ന. കൊഴിഞ്ഞിൽ. ര. മുഞ്ഞപ്പുല്ല്. ള. അരമ്പാട്ടൽ. ന്യ. ശരം എയ്യുന്നതിനുള്ള കറിനോക്കൽ (ലാക്ക്), ൎ അഞ്ചു് എന്ന അക്കം. വ്യ. ശബ്ദം. ൻ. അഗ്നി. ഫാ. മിന്നൽ.

ബാണവാരം-ചട്ട.

ബാണവൃഷ്ടി-അമ്പുകൾ തുരുതുരെ എയ്യുക.

ബാണസന്ധാനം-അമ്പു തൊടുക്കുക.

ബാണസിദ്ധി-അരമ്പയ്യൽ ലക്ഷ്യത്തിൽ കൊള്ളിക്കൽ.

ബാണസൂത-ഉഷ.

ബാണഹന്താവു്-കൃഷ്ണൻ.

ബാണാശ്രയം-ആവനാഴി

ബാണാസനം-വില്ലു്.

ബാണം-ക. നീലക്കരിഞ്ഞി. ഉ. കരിങ്കറിഞ്ഞി.

ബാണി, വാണി-ക. വാക്ക്. ഉ. സരസ്വതി.

ബാണിജൻ-കച്ചവടക്കാരൻ.

ബാണിജ്യം-കച്ചവടം.

ബാണിനീ-ക. കളിക്കാരി. ഉ. ദൂതി, അവശ്യമായിശബ്ദിക്കുന്നവൾഎന്നർത്ഥം.

ബാത്തു്, പാത്ത-ഒരുതരം കോഴി.

ബാദര-വി. പഞ്ഞികൊണ്ടുണ്ടാക്കപ്പെട്ടതു്.

ബാദരം-ക. കരപ്പുരുത്തി. ഉ. പട്ടു്. ന. ജലം, ര. ഇടത്തുനിന്നു വലത്തോട്ടു പിരിയുള്ള ശംഖു്.

ബാദരായണൻ-വ്യാസൻ.

'ഏതാവദേശസ്തുനി
ന്നേതാവതനിമിതമായ്
ബാദരായണൻമുനി
ചമച്ചുശേഷവും'

ബാദരായണി-വ്യാസന്റെ പുത്രനായ ശുകൻ.

ബാദഷാ(ക്കൾ)-മഹമ്മദീയ ചക്രവർത്തി (കൾ).

ബാദാംകൊട്ട, ബദാം-വളരെ പോഷണഗുണമുള്ള ഒരു തരം കായു്.

ബാധ-ക. രോഗം, ദുഃഖം. കലക്കുന്നതു് എന്നർത്ഥം. ഉ. തടവു്, വിരോധം. ന. ഉപദ്രവം. ര. ചില ദുർദ്ദേവതകൾക്കു പറയുന്ന പേർ. ള. ആപത്തു്.

ബാധം-വിരോധിക്കുന്നതു്.

ബാധക-വി. ക. ബാധിക്കുന്ന ഉ. പീഡിപ്പിക്കുന്ന. ന. വിരോധിക്കുന്ന. ര. ഭയപ്പെടുത്തുന്ന.

ബാധകം-സ്ത്രീകർമ്മങ്ങളുള്ള ഒരു പ്രത്യേക രോഗം. ഋതുകാലത്തിൽ പ്രജോത്പാദനശക്തിയെ തടുക്കുന്നതു എന്നർത്ഥം.

ബാധകാധിപൻ, ബാധനാഥൻ, ബാധേശൻ -ഉപദ്രവ കാരണമായ പ്രധാന മൂർത്തി.

ബാധന-വി. ക. ബുദ്ധിമുട്ടിക്കുന്ന ഉ. പീഡിപ്പിക്കുന്ന.

ബാധപ്പിടിത്തം-ദേഹത്തകളെ മറവുക.

ബാധിക്കുന്നു-ക. ഉപദ്രവിക്കുന്നു. ഉ. വിരോധിക്കുന്നു.

ബാധിത-വി. ബാധിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട.

ബാധിയ്ക്കും - ബധിരത, ചെവികേൾക്കായ്ക.

വാതം തനിച്ചോ വാതവും കഫവും ചേർന്നോ ഏതു സന്ദർഭത്തിൽ ശബ്ദത്തെ വഹിക്കുന്ന സിരയെ തടഞ്ഞിട്ടു നില്ക്കുന്ന അപ്പോൾ ബാധിയ്ക്കും എന്ന കണ്ണരാഗം ഉൽഭവിക്കുന്നു.

ബാധ്യത-കടമ.

ബാധ്യസ്ഥത-ബാധ്യത.

ബാന്ധകിനേയൻ - അസന്തിപുത്രൻ, കൂലടാപുത്രൻ. ബന്ധകിയുടെ (കൂലടയുടെ) പുത്രൻ എന്നർത്ഥം.

ബാന്ധവൻ, ബാന്ധവക്കാരൻ-സംബന്ധക്കാരൻ, ബന്ധു, സ്നേഹിതൻ.

ബാന്ധവൻ എന്നാൽ ഗോത്രം ഒന്നായിട്ടുള്ളവൻ എന്നും ഗോത്രം ഒന്നായിട്ടുള്ളവരെല്ലാം പണ്ടു സപിണ്ഡന്മാരായിരിക്കണമെന്നും അനന്തരം പുലമുറിച്ചു വേറിട്ടതാണെന്നു ഊഹിക്കപ്പെട്ടുന്നു എന്നും കാണുന്നു.

ബാന്ധവം-വസ്തുതകൊണ്ടുള്ള ഐയ്യം ഒക്കുക, ബന്ധുത്വം.

ബാന്ധവിക്കുന്നു-ഐയ്യമാക്കുന്നു.

ബാന്ധവ്യം-ബന്ധുത്വം.

ബാപ്പ, വാപ്പ-അച്ഛൻ, പിതാവു്.

ബാഭ്രകി-വി. തവിട്ടുനിറമായുള്ള.

ബാഭ്രവീ-ദുർഗ്ഗ.

ബായി-ഉത്തമസ്ത്രീ.

ഇതു മഹാരാഷ്ട്രഭാഷയിലുള്ള പദമാണു്. 'ഉത്തമസ്ത്രീ' എന്ന അർത്ഥത്തിൽ ഒരു സ്ത്രീയുടെ പേരിന്റെ ഒടുവിൽ ചേർക്കപ്പെടുന്നു. 'ഭായി' എന്നതു തെറ്റാകുന്നു. ഭായി പുരുഷനെ കുറിക്കുന്നു.

ബാവ്ടീരൻ-കൂലടാപുത്രൻ.

ബാഹ്നം-ബ്രഹ്മണിയുടെ കായ്, ചുഴലി രോഗം.

ബാഹ്ലദ്രഥൻ(ഥി)-ജരാസന്ധരാജാവു്

ബാഹ്സ്പത്യവത്സരം - സംവത്സരങ്ങളിൽ ഒന്നു്.

വ്യാഴം ജ്യോതിശ്ചക്രത്തിൽ ഒരുവട്ടം സഞ്ചരിച്ചെത്തുവാൻ പന്ത്രണ്ടു ദിവസം വേണ്ടിവരും. ഇതിനു ബാഹ്സ്പത്യവത്സരം എന്നു പേർ.

ബാല-വി. ക. അറിവില്ലാത്ത. ഉ. ചെറുപ്പമായ.

ബാല-ക. ചിറ്റേലം. ഉ. സ്ത്രീ, പന്ത്രണ്ടു വയസ്സിനു താഴെ പ്രായമുള്ള പെൺകുട്ടി. ന. ചെന്നിനായകം. ര. ഒരുങ്ങു്. ള. മഞ്ഞൾ. ന്യ. ഒരു മുല്ല, കറുമുഴി. ഒ. ഒരു പൂവു്. വ. കറുവാഴ. ൻ. കുറിഞ്ഞി.

ബാല-ക. ഇരുവേലി. ഉ. തലമുടി, രോമം. ഉഴിക്കണ്ടാക്കുന്നതു് എന്നർത്ഥം ന. വാലു്, വാലിന്റെ അഗ്രത്തിലുള്ള രോമസമൂഹം. ര. ഒരു മത്സ്യം, വാള

മീൻ. ഇ. ആനവാൽ, കുതിരവാൽ മുതലായതു്. ന്നു തെങ്ങു്.

ബാല(ക)ം-ഇരുവേലി.

ബാലകം-പ. മേന്തിരം. ക. വള. ന. കുതിരയുടെ വാൽ. ര. ആനയുടെ വാൽ ഇ തലമുടി. ന്നു വെളുത്ത മുളക്.

ബാലകൻ-പ. ബാലൻ, ആൺപൈതൽ. ക. ഭോഷൻ. ന. വിഡ്ഡി.

ബാലകപ്രിയ-വാഴ.

ബാലകാണ്ഡം-രാമായണത്തിലെ ആദ്യഭാഗം.

ബാലകീയ-വി. കുഞ്ഞിനെ സംബന്ധിച്ച.

ബാലകുമി-പേൻ.

ബാലകൃഷ്ണൻ, ബാലഗോപാലൻ-കൃഷ്ണൻ.

ബാലകേതു-വാൽനക്ഷത്രങ്ങളിൽഒന്നു്.

ബാലക്രീഡ-പൈതങ്ങളുടെ കളി.

ബാലക്രീഡനകം-കുട്ടികളുടെ കളിസ്സാധനം (പാവയും മറവും).

ബാലഖില്യൻ-ഒരുമാതിരിയോഗിസംഘത്തിലുള്ളവൻ.

'യതീന്ദ്രരം ബാലഖില്യ-
രതിലുണ്ടു മുനീന്ദ്രരം'

(മഹാഭാരതം തർജ്ജമ)

ബാലഗർഭിണി-പ. കടിഞ്ഞൂൽ ഗർഭമുള്ള പുണ്ണു. ക ബാല്യത്തിങ്കൽ ചെനച്ച പുണ്ണു.

ബാലഗ്രഹാ-കുട്ടികളെ ഉപദ്രവിക്കുന്ന ദുർദ്ദേവത.

ബാലഘ്നം-കടപ്പുല്ലു്.

ബാലചന്ദ്രൻ-പ്രതിപദം മുതൽ പഞ്ചമിവരെ ഉദിക്കുന്ന ചന്ദ്രൻ.

ബാലചൂർണ്ണ-കാർത്തികേയൻ.

ബാലചാപല്യം-ഒരുപൈതലിന്റെ അസ്ഥിരത.

ബാലതനയം-കരിങ്ങാലി. നന്നേ ചെറിയ ഇലകളും മുള്ളും എന്നർത്ഥം.

ബാലതന്ത്രം-പ്രസവിക്കുന്ന സമയത്തു് ആ സ്ത്രീയെ ശുശ്രൂഷിക്ക.

ബാലതൃണം-ഇളയുല്ലു്.

ബാലധി-പ. വാലിന്റെ അഗ്രത്തിലുള്ള രോമസമൂഹം. ബാലങ്ങളും (രോമങ്ങളും) ഇതിൽ നിധാനം ചെയ്യപ്പെട്ടുന്നതിനാൽ ഈ പേർ വന്നു. (വാലധി എന്നുമുണ്ടു്)

'അനലമിഹ വസനമിതി നനല മി
നിവാലധിക്കാട്ടുകൊളുത്തുവിൻ ചൈവക
രതേതുമേ'

(രാമായണം)

ക. വളരെ രോമമുള്ളവൻ.

ബാലധിപ്രിയം-ചമരിമാൻ.

ബാലൻ-പ. ആൺപൈതൽ (ഏതു വയസ്സുവരെ). ഇളകുന്നവൻ എന്നർത്ഥം. മറെറാരു പര്യായം-മാണവകൻ. ക. അഞ്ചുവയസ്സുള്ള ആന. ന. മൂർഖൻ. ര. പതിനാറു വയസ്സിനു താഴെയുള്ളവൻ.

ബാലപത്രം-പ. കരിങ്ങാലി. ക. വെങ്കൊടിത്തുവ.

ബാലപാശം-കേശസമൂഹം.

ബാലപാശ്യ-മയിർപ്പട്ടം. കേശസമൂഹത്തിലേക്കു യോജിപ്പുള്ളതു് എന്നർത്ഥം. (ബാലപാശം = കേശസമൂഹം) മറെറാരു പര്യായം-പാരിതത്ഥ്യം.

മയിർപട്ടം എന്നതു സീമന്തരേഖയ്ൽ കൂടെ കെട്ടുന്ന സ്വർണ്ണപട്ടം ആകുന്നു.

ബാലപീഡ - ഒരുപൈതങ്ങൾക്കുണ്ടാകുന്ന പലവക ദീനം.

ബാലബുദ്ധി-അറിയായ്ക, ബാലന്മാരുടെ ബുദ്ധി.

ബാലഭാരതം-അമരചന്ദ്രകവിയുടെ ഒരു കൃതി.

ബാലഭാവം-ശിശുത്വം.

ബാലമക്ഷിക-ഈച്ചക്കുട്ടി.

ബാലമൂഷികാ-പ. ചുണ്ടെലി. ക. ചെറിയ എലി.

ബാലരാജം-ഒരുവെന്തുപ്പ്.

ബാലരാമായണം-രാജശേഖരന്റെ ഒരു നാടകം.

ബാലവത്സാ-പ്രാവ്.

ബാലവാതം-പ. ഇളങ്കാറ്റ്. ക. കുഞ്ഞുങ്ങൾക്കുണ്ടാകുന്ന പുന്നവാതരീനത്തിന്റെ വകഭേദം.

ബാലവിധവാ-ചെറുപ്പത്തിൽ ഭർത്താവു മരിച്ച സ്ത്രീ.

ബാലവ്യജനം - ചമരി മൃഗത്തിന്റെ വാൽ.

ബാലസാത്മ്യം-പാൽ.

ബാലസൂര്യ(കം)-ഒരുവെന്തുപ്പ്.

ബാലസ്വഭാവം-ശിശുത്വം.

ബാലഹത്യ - ഒരുപൈതലിനെ കൊന്ന പാപം.

ബാലഹസ്തം-പ. വാലിന്റെ അഗ്രത്തിലുള്ള രോമസമൂഹം, കൈപോലെയുള്ള വാൽ എന്നർത്ഥം. (കൈകൊണ്ടാണല്ലോ ഈച്ച മുതലായവയെ ആട്ടിക്കളയുക) ക. രോമമുള്ള വാൽ.

ബാലാചലം-ചെറുകുന്ന്.

ബാലാതപം-ഇളംവെയിൽ, ഉദിച്ചുയരുമ്പോഴുള്ള ചൂട്, കുറഞ്ഞ വെയിൽ.

ബാലാൻ, ബാലത്താൻ-കടലിലെ ഒരുവക മത്സ്യം.

ബാലാരിഷ്ടത - ബാലപീഡ, ചെറിയ പൈതങ്ങൾക്കുണ്ടാകുന്ന പലമാതിരി രോഗങ്ങൾ.

ബാലാർക്കൻ-ഉദിച്ച ഉടനെ കാണുന്ന ആദിത്യൻ.

ബാലാശനം-കുഞ്ഞുങ്ങളുടെ ചോറൂണ്.

ബാലി-പ. ഇന്ദ്രന്റെ പുത്രനായ ഒരു വാനരരാജാവ്. ക. നീണ്ട കരവഴി.

ബാലി വാനരരാജാവാണ്. അതുണൻ സപ്തലോകത്തു് ഇന്ദ്രന്റെ രാജധാനിയിൽ സ്ത്രീവേഷം ധരിച്ചു കൃത്തു കാണാൻ പോയ സമയം ഇന്ദ്രനുണ്ടായ വനാണത്രേ. അതുണൻ സൂര്യന്റെ സാരഥിയാകുന്നു. കൃത്തു കണ്ടു തിരിയെ വന്നപ്പോൾ അവിടെ ഉണ്ടായ സംഗതികൾ അറിഞ്ഞു് ആ സ്ത്രീവേഷം തനിക്കും കാണണമെന്നു സൂര്യൻ അതുണനോടു പറകയാൽ വീണ്ടും അതുണൻ സ്ത്രീവേഷം ചമയുകയും സൂര്യനു സുഗ്രീവൻ ഉണ്ടാകയും ചെയ്തു. ഈ ജ്യേഷ്ഠാനുജന്മാർ കൃത്തുമൂലം കിഷ്കിന്ധയിലെ രാജവംശത്തിൽ ചേർന്നു. ബാലിയെ ശ്രീരാമൻ വധിച്ചു രാജ്യാധിപത്യം സുഗ്രീവനായിക്കൊണ്ടു നൽകി. ബാലിയുടെ ഭാര്യയുടെ പേർ താര. ബാലിക്കു് അംഗദൻ, താരൻ എന്നു രണ്ടു പുത്രന്മാരും ഉണ്ടായിരുന്നു.

ബാലിക-പ. ചെറിയ പെണ്ണ്. ക. ചിറേലം. ന. മണൽ. ര. ഇലകളുടെ കിരുകിരുപ്പു ശബ്ദം.

ബാലിശ-വി. പ. ചെറുപ്പമായ. ക. അറിവില്ലാത്ത. ന. ശ്രദ്ധയില്ലാത്ത.

ബാലിശൻ-പ. കുട്ടി. നീതിക്കുനിരക്കുന്നവൻ എന്നർത്ഥം. ക. അറിവില്ലാത്തവൻ. ന. മൂർഖൻ. ബഡിശം (മത്സ്യവേധനം) പോലെ അപൂർണ്ണനും അസ്പൃശ്യനും എന്നു ശബ്ദാർത്ഥം.

ബാലിശം-തലയണ.

ബാലിഷ്ഠാവു്-ശ്രീരാമൻ.

ബാലീശ-മൂത്രത്തിന്റെ തടവു്.

ബാലുക-പ്ര. മണൽ, ര. ചരൽ, ന. വയൽവെള്ളരി. ര. കർപ്പൂരം.

ബാലുകം-പ്ര. നീർനെല്ലി. ര. ഏലാവാലുകം.

ബാലുകായന്ത്രം-ഔഷധങ്ങൾ പുടംവെക്കുന്ന ഒരു സമ്പ്രദായം.

ബാലേയ-വി. പ്ര. മാർദ്ദവമുള്ള. ര. മൃദുവായ. ന. പൈതലിന്റെ ചേതന.

ബാലേയൻ-ഒരു വൈദ്യൻ.

ബാലേയം-പ്ര. കഴുത. ര. ചെറുതേക്ക്. ന. വലിയ മുള്ളങ്കി.

ബാലേയശാകം-ചെറുതേക്ക്. കഴുതതിന്നുന്ന ഇലകളും മുള്ളുള്ളത് എന്നർത്ഥം.

ബാലേഷ്ടം-ചന്ദനമരം.

ബാല്യം-വയസ്സു കുറഞ്ഞിരിക്കുമ്പോഴത്തെ അവസ്ഥ, ശൈശവം, ബാലന്റെ ഭാവം.

ബാല്യകാലം-ചെറുപ്പകാലം.

ബാല്യക്കാരൻ, വാല്യക്കാരൻ-ചെറുപ്പക്കാരൻ. ര. ഭൃത്യൻ.

ബാല്യദുഃഖം-ചെറുപ്പകാലത്തുണ്ടായ ദുഃഖം.

ബാല്യാവസ്ഥ-ബാല്യമെന്നുള്ള അവസ്ഥ.

ബാല്ഹികം-കങ്കുമം.

ബാല്ഹികൻ-ശന്തനുവിന്റെ സഹോദരൻ, സോമദത്തന്റെ അച്ഛൻ.

ബാല്ഹികൻ, ബാല്ഹീകൻ-ഒരു ദേശമുള്ളവൻ.

ബാല്ഹികം, ബാല്ഹീകം-പ്ര. കുങ്കുമം. ര. കായം. ന. കാശ്മീര ദേശം. ര. അവിടത്തെ കുതിര.

ബാല്ഹിഷ്ഠത്-പ്രാചീന ബഹ്നിസ്സ്.

ബാഷ്പം-പ്ര. കണ്ണുനീർ. ശോകിപ്പിക്കുന്നതു എന്നർത്ഥം. ര. വെള്ളത്തിൽ കാണുന്ന പൂക, നീരാവി, ആവി. ന. ഇരിയ്ക്.

ബാഷ്പദ്രവ്യം-കാറുമുതലായവ.

ബാഷ്പികം-പ്ര. രോമകൂപമരം. ര. രോമകൂപമരത്തിന്റെ ഇല. ബാഷ്പത്തെ (കരയെ) മോചിക്കുന്നതു് എന്നർത്ഥം.

ബാഷ്പീകരണം-കണ്ണുനീർ വരുത്തുകയെന്നതു്, ആവിയാക്കുക.

ബാഷ്പോദകം, ബാഷ്പോദം-കണ്ണിലെ വെള്ളം, കണ്ണുനീർ, കണ്ണുനീർ.

ബാസ്പം-ഇരിയ്ക്.

ബാഹം-കൈയ്. (ബാഹുവിന്റെ പാഠം)

ബാഹാ-കൈയ്, ഭുജം.

ബാഹ്യ-വി. പുറത്തുള്ള.

ബാഹ്യൻ-പഞ്ചാബുകാരൻ, പഞ്ചാബി.

ബാഹ്യകം-കാള.

ബാഹ്വ-പ്ര. കൈ. ശത്രുക്കളോടു എതിർക്കുന്നതു് എന്നർത്ഥം. ര. ഭുജം. ന. മുൻകൈ. ര. കതകിന്റെ കട്ടിളക്കാൽ.

ബാഹുക-പ്ര. കൈകൾകൊണ്ടു വെള്ളത്തിൽ നീന്തുന്ന. ര. ആശ്രയിച്ചു; മറ്റുള്ളവരുടെ സ്വമായ.

ബാഹുകൻ-പ്ര. കുരങ്ങു്. ര. കാക്കോടകനാൽ വാമനരൂപനാക്കപ്പെട്ടപ്പോൾ നളൻ സ്വീകരിച്ചുപേർ. നളനു കാക്കോടകൻ നൽകിയ പേർ. ന. സൂര്യകുലത്തിലെ ഒരു രാജാവു്. (ഹൈഹയരാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട. ബാഹു എന്നും പറയും)

ബാഹുകം-കുരങ്ങു്.

ബാഹുകന്ധാ-പക്ഷികളുടെ ചിറക്.

ബാഹുജൻ-ക്ഷത്രിയൻ. വിരാടൻ പുരുക്ഷന്റെ കൈയിൽനിന്നുണ്ടായവൻ എന്നർത്ഥം.

ബാഹുജം-രക്തം.

ബാഹുജഭാവം-ക്ഷത്രിയത്വം.

ബാഹുത്രം, ബാഹുത്രാണം-ഭുജകവചം.

ബാഹുദണ്ഡം-വലിയ കൈ.

ബാഹുകൻ-കാർത്തവീര്യാർജ്ജുനൻ. മനശീലൻ എന്നർത്ഥം.

ബാഹുദാ-നർമ്മദാനദി.

ഇവിടെ കാശിരാജാവിന്റെ പുത്രികളിൽ ഒരുവളായ അംബ ദുഃഖിച്ചു. സുബ്രഹ്മണ്യൻ ഇവർക്കു ഒരു മാല കൊടുത്തു ഇതു മാല ഏതു ക്ഷത്രിയൻ ധരിക്കുന്നുവോ അയാൾ ഭീഷ്മരെ കൊല്ലും എന്നു പറഞ്ഞു് അദ്ദേഹം മറഞ്ഞു. ഭീഷ്മരെ യേപ്പേടിച്ചു് അപ്പോൾ ആ മാല ആരും വാങ്ങിച്ചില്ല.

ലിഖിത മഹർഷിയുടെ മുറിഞ്ഞുപോയ കൈയെ രണ്ടാമതുണ്ടാക്കിക്കൊടുത്തതു് എന്നർത്ഥം. ബാഹുകനെ (കാർത്തവീര്യാർജ്ജുനനെ)സംബന്ധിച്ചതു് എന്നുമാവാം.

ബാഹുപ്രഹരണം-ഗുസ്തി.

ബാഹുപ്രഹരണൻ-ഗുസ്തിക്കാരൻ.

ബാഹുബലം-കൈകളുടെ ശക്തി.

ബാഹുഭൂഷ-കൈവള.

ബാഹുഭേദി-വിഷ്ണു.

ബാഹുമൂലം-കക്ഷം.

ബാഹുയുദ്ധം-ആയുധം കൂടാതെ കൈകൊണ്ടുള്ള യുദ്ധം. മറ്റൊരുപേർപ്പായം-നിയുദ്ധം.

ബാഹുയോധൻ, ബാഹുയോധി-മൽപ്പിടിത്തക്കാരൻ; ഗുസ്തിക്കാരൻ.

ബാഹുലശ്രീവം-മയിൽ.

ബാഹുലം-പ കാർത്തികമാസം. ബഹുച (കൃത്തികാ) നക്ഷത്രപൌർണ്ണമിയുള്ളതു് എന്നർത്ഥം. പ. കരത്രാണം.

ബാഹുലീ-കാർത്തികമാസത്തിലെ വെളുത്ത വാവു്.

ബാഹുലേയൻ-പ. സുബ്രഹ്മണ്യൻ. ബഹുലകളാൽ (അനേകംപേരാൽ) പോറ്റപ്പെട്ടതുകൊണ്ടു് ഈ പേർ വന്നു. വളരെ പേരുള്ളവൻ എന്നുമാവാം. പ. കാള.

ബാഹുലേയം-കാള.

ബാഹുല്യം-സമൃദ്ധി, ബാഹുല്യം.

ബാഹുവിക്ഷേപം-നീന്തൽ.

ബാഹുവീര്യം, ബാഹുശക്തി-ബാഹുബലം.

ബാഹുശാലി-പ. ശിവൻ. പ. ജീരകം.

ബാഹുശിഖരം-തോൾ.

ബാഹുശ്രുത്യം-വിജ്ഞാനം, വലുതായ പഠിപ്പു്.

ബാഹുസംഭവൻ-ക്ഷത്രിയൻ.

ബാഹ്യ-വി. പ. വഹിക്കപ്പെട്ടവൻ തക്ക പ. പുറമേയുള്ള.

ബാഹ്യം-പ. ഒരുമാതിരി വാഹനം, വണ്ടി. പ. പുല്ലുകളുടെയും മറ്റും. ന. (വ്യാകരണത്തിൽ) ശബ്ദങ്ങളുടെ പിരിവു്.

ബാഹ്യാങ്കണം-പുറമുറ്റം.

ബാഹ്യാഘാതം-ഉള്ളിൽക്കേട്ട വസ്തുവിനെ പുറമേ മാത്രം ഉണ്ടായിട്ടുള്ള മുറിവു്.

ബാഹ്യേന്ദ്രിയം, ബഹിരിന്ദ്രിയം-പുറമേയുള്ള ഇന്ദ്രിയങ്ങൾ. പ. കർമ്മേന്ദ്രിയം. പ. ജ്ഞാനേന്ദ്രിയം.

ബാഹ്യേന്ദ്രിയനിരോധം-ബാഹ്യങ്ങളായിരിക്കുന്ന ഇന്ദ്രിയങ്ങളുടെ നിരോധം; കണ്ണു്, ചെവി മുതലായവയെ അനാവശ്യങ്ങളിൽ പ്രവർത്തിക്കാതെ തടുത്തുനിർത്തുക.

ബാറു്-കോടതിയിൽ വക്കീലന്മാരുടെ ഇരിപ്പു സ്ഥലം. (ബെഞ്ചു്.)

ബി

ബിടം-ആകാശം.

ബിഡ്ഡം-ഒരുവക മുട്ട്.

ബിഡ്ഡകം-പന്ത.

ബിഡ്ഡാലം-പ്ര. പൂച്ച. നിലവിളിക്കുന്നവൻ എന്നർത്ഥം. ഉ. കണ്ണിന്റെ കൃഷ്ണമണി.

ബിഡ്ഡാലി-പെൺപൂച്ച.

ബിഡൌജസ്സ്-ഇന്ദ്രൻ. ശത്രുക്കളെ ഭേദിയ്ക്കുന്ന ബലമുള്ളവൻ എന്നർത്ഥം.

വിഡൌജസ്സ് എന്ന പാഠവും കാണുന്നു. അതിനു 'തന്റെ ഓജസ്സിനെ മനക്കരുത്തിൽ കൂട്ടുന്നവൻ' എന്നർത്ഥം. വിഡൌജസ്സ്, ബിഡൌജസ്സ്. ഇങ്ങിനേയും പാഠങ്ങൾ കാണുന്നുണ്ട്.

ബിന്ദു-വി. അറിവുള്ള.

ബിന്ദു-പ്ര. നീർത്തുള്ളി.

പുണ്ടരീകി വിരലിന്റെ രണ്ടു സന്ധിവരെ വെള്ളത്തിൽ മുക്കിയെടുത്താൽ അതിൽ നിന്നു ആദ്യം ഇറ്റു വീഴുന്ന തുള്ളിയുടെ പേർ. (ഇംഗ്ലീഷിൽ 'മിനി' എന്നു പറയും).

വെള്ളത്തിന്റെ അവയവങ്ങളും എന്നർത്ഥം. മറ്റു പര്യായങ്ങൾ—പൃഷത്ത്, പൃഷതം, വിപ്രുഷ്. ഉ. എഴുത്തുകളിലിടുന്ന ഒരടയാളം,

(.) നിശ്ലേഷമായി നിറുത്തേണ്ടുന്ന ദിക്കിലാണ് ഇതുപയോഗിക്കേണ്ടതു്. എല്ലാ പ്രധാനവാക്യങ്ങളുടേയും അവസാനത്തിൽ ഈ അടയാളം ഇടണം'.

ന. ചല്ലുകൊണ്ടു പാട്ട്. ര. പുരികങ്ങൾ രണ്ടിന്റെയും നടുവിലുള്ള സ്ഥലം. ഭ. ആനയുടെ പടസേരി.

ബിന്ദുകം-ഒരുമരം.

ബിന്ദുചിത്രകം-പുള്ളിമാൻ.

ബിന്ദുജാലകം- ആനയുടെ മുഖത്തിൽ കാണുന്നപുള്ളിക്കുത്തു്.

ബിന്ദുതന്ത്രം-പകിട, ചൂതുകളി.

ബിന്ദുദേവൻ-ശിവൻ.

ബിന്ദുഫലം-മുത്തു്.

ബിന്ദുബിലവം - ജയദേവന്റെ കവിഗ്രാമം.

ബിന്ദുരേഖകം-പ്ര. അന്നസഞ്ചാരം. ഉ. ഒരുമാതിരി പക്ഷി.

ബിന്ദുവാസരം-ശുക്ലപക്ഷപ്രതിപദം.

ബിന്ദുസാരൻ-ചന്ദ്രഗുപ്തന്റെ പുത്രനും പിൻവാഴിയും. അശോകമഹാരാജാവിന്റെ അച്ഛൻ.

ബിബ്ബോകം, ബിവ്വോകം, വിവ്വോകം, ബിംബോകം- പ്രണയത്തെ ആസ്പദമാക്കിയ കലഹം മുതലായ ചേഷ്ടകൾക്കുള്ള പേർ; സ്ത്രീകളുടെ ശൃംഗാരചേഷ്ടാവിശേഷം (പുരികം ഇളക്കി പുഞ്ചിരിയിടുകയും മറ്റും).

ബിഭീഷണൻ-വിഭീഷണൻ.

ബിംബം-പ്ര. ചന്ദ്രാദിത്യന്മാരുടേയും മറ്റും മണ്ഡലം, പ്രകാശിക്കുന്നതു്, വിസ്താരത്തെ പ്രാപിക്കുന്നതു്. ഉ. പ്രതിശരീരച്ഛായ. ന. കോവൽപ്പഴം (തൊണ്ടിപ്പഴം).

ബിംബാ-കോവൽ.

ബിംബാധരം - തൊണ്ടിപ്പഴംപോലുള്ള ചുണ്ടു്.

ബിംബി-കോവൽ.

ബിംബിക-കോവൽവള്ളി. ഒരുപുത്തിന്റെ ആകൃതിയിലുള്ള ഫലങ്ങളും ഉള്ളതു് എന്നർത്ഥം.

ബിംബിക്കുന്നു – ഒന്നിന്റെ രൂപം മറെറന്നിൽ കാണാറാകുന്നു, നിഴലിക്കുന്നു, പ്രതിഫലിക്കുന്നു.

ബിംബിത–വി. നിഴലിക്കപ്പെട്ട, പ്രകാശിച്ച.

ബിംബിസാരൻ – ശിശുനാഗവംശീയനായ ഒരു രാജാവു്. ബി. സി. 530 മുതൽ 493 വരെ മഗധരാജ്യം ഭരിച്ചിരുന്നതായി പറയപ്പെടുന്നു.

ബിംബൊകം–(ബിമ്പ് ബോകം നോക്കുക). പ്രിയകീർത്തനത്തിൽ ആദരവില്ലായ്മ. (വിലാസങ്ങൾ നോക്കുക).

ബിരുദ്–വിരുതു്. പരസമ്മതം ലഭിച്ചിട്ടുള്ള സ്ഥാനം, ബഹുമതി.

ബിലകാരി–എലി.

ബിലം–പ്ര. പൊത്തു് (വിലം). ഉ. വഞ്ചി. നു. വിള്ളൽ, വിടവു്. ര പുറത്തേക്കുള്ള വഴി.

ബിലാഗമം–സർപ്പം.

ബിലിന്ദി–ഒരുവക വൃക്ഷം.

ബിലേശയം–പ്ര. പാമ്പു്. ഉ. തവള.

ബില്ലം–പ്ര കഴി. ഉ. ജലം നിറുത്തുന്നതിനു വൃക്ഷച്ചുവട്ടിലുള്ള തടം.

ബിലാപം–ക്രുദ്ധം. സേവകന്മാരുടെ പാപത്തെ നശിപ്പിക്കുന്നതു് എന്നർത്ഥം. (വിലപം).

ബിൽഹണൻ–ഒരു ഗ്രന്ഥകർത്താവു്.

പ്ര–ാം നൂറാണ്ടിന്റെ ഒടുവിൽ ജീവിച്ചിരുന്ന, പ്രധാനകൃതികൾ–മഹാകാവ്യവിക്രമാങ്കദേവചരിതം, ചൌരപഞ്ചാശിക.

ബിസം–താമരവളയം. ഭക്ഷണസമയത്തിൽ ഇതിനുള്ളിൽ നൂൽ എടുത്തു കളയപ്പെടുന്നതിനാൽ ഈ പേർ വന്നു. (പാഠങ്ങൾ–ബിശം, വിസം).

ഇതു ഭക്ഷണസാധനമായി ഉപയോഗിക്കാറുണ്ടു്.

'ബിസമൃദുവാമുടൽകൊണ്ടുകോമളാംഗി'

(കുമാരസംഭവം)

ബിസകണ്ഠികാ–വെള്ളിപ്പക്ഷി. താമരവളയംപോലെ നീണ്ട കഴുത്തുള്ളതു് എന്നർത്ഥം.

ബിസപ്രസൂനം–താമരപ്പൂവു്. താമരത്തണ്ടിന്മേലുള്ള പുഷ്പം എന്നർത്ഥം.

ബിസിനി–താമരപ്പൊയ്ക. താമരവളയങ്ങൾ ഉള്ളതു് എന്നർത്ഥം.

ബിസ്സം–ഒരു കഷ്ടം, മൂന്നു കഴഞ്ചു്, നൂറു പണത്തൂക്കം പൊന്നിന്റെ പേർ. ഉത്സൃജിക്കപ്പെടുന്നതു് എന്നർത്ഥം. (വിസ്സം–എന്നു പാഠം.)

ഇതിനു ഒരു പൊൻതൂക്കം എന്നു ഭാഷാകാരന്മാർ.

ബീ

ബീജം–പ്ര. കാരണം. മുളപ്പിക്കപ്പെടുന്നതു് എന്നർത്ഥം. കായ്ക്കുരുപവിശേഷേണ ജനിക്കുന്നതു്, കായ്ക്കുന്നതു് ഇങ്ങിനെയുമാവാം. (വീജം എന്ന പാഠവും ഉണ്ടു്. ബവങ്ങൾക്കു് അഭേദം കല്പിതമാണെല്ലോ). ഉ. വിത്തു്. നു. ശുക്ലം, സത്വരൂപേണ ഗർഭാശയത്തെ പ്രവേശിക്കുന്നതു് എന്നർത്ഥം. ര. സത്യം. ഋ. മന്ത്രത്തിൽ ചില പ്രധാന അക്ഷരങ്ങൾ. ന. കാരണം.

ബീജകം–വിത്തു്.

ബീജകോശ(ക്ഷ)ം–താമരപ്പൂവു മുതലായതിന്റെ അകത്തു വിത്തിനു് ആസ്പദമായ അവയവവിശേഷം(കായ്), കണ്ണികം. താമരപ്പൂവിന്നിരിപ്പിനുള്ള പാത്രമെന്നർത്ഥം.

ബീജഗണിതം-ഒരു വക കണക്ക ശാസ്ത്രം. (Algebra).

ബീജചതുഷ്ടയം- ഉ മുഖം, ആശാളി, പെരുഞ്ചീരകം, കറുശാണി ഇവ ർ-ം

ബീജപൂരം-വള്ളിനാരകം (മാതുള നാരകം), നിറച്ചു വിത്തുള്ള കായോടുകൂടിയതു് എന്നർത്ഥം.

ബീജവപനം-ക. വയൽ. ഉ. വിത.

ബീജവാപം-വിത, വിത്തു്.

ബീജവാഹനൻ-ശിവൻ.

ബീജസത്വം-ക. വലിപ്പിക്കുന്ന ജീവി. ഉ. വലുതാകുന്നു് ഹേതുവായ ജന്തു.

ബീജസ്തംഭം-പ്ലാവു്.

ബീജാകൃത-വി. വിതച്ചുടിച്ചു.

ബീജാകൃതം-വിത്തു വിതച്ചു വീണ്ടും മുളച്ച (വിത്തുമാറിയ) നിലം. വിത്തോടുകൂടെ മുളച്ചതു് എന്നർത്ഥം.

ബീജാക്ഷരം -മന്ത്രത്തിലെ ചില അക്ഷരം.

ബീജാങ്കുരന്യായം-ഒരു വക ന്യായം.

"അണ്ടിയോ മുത്തതു്? മരമോ മുത്തതു്? എന്നു തീർച്ചപ്പെടുത്തുവാൻ സാധിക്കാത്തതിനാൽ അതിനു പ്രവാഹരൂപമായി അനാദിത്വം കല്പിച്ചിരിക്കുന്നു. അപ്രകാരം പരസ്പരസാപേക്ഷങ്ങളിൽ ഈ ന്യായം പ്രവർത്തിക്കുന്നു."

ബീജാധികം-ഒട്ടകം

ബീജ്യ-വി. ക. ഏതെങ്കിലും ഒരു വംശത്തിൽ ജനിച്ച. ബീജത്തിൽ ഭവിച്ച എന്നർത്ഥം. ഉ. വിത്തിൽനിന്നു മുളച്ച.

ബീഭത്സ-വി ക. അറപ്പുള്ള. ഉ. ക്രൂരതയുള്ള. ന. വെറുപ്പുള്ള. ര. ഇഷ്ടയുള്ള. ങ. പാപമുള്ള. ന ദുഷ്ടതയുള്ള.

ബീഭത്സൻ-ക. ഹിംസാശീലൻ ഉ. പാർത്ഥൻ, അർജ്ജുനൻ.

ബീഭത്സം-ക. നവരസങ്ങളിൽ ഒന്നു. ഉ. അറപ്പു തോന്നുന്ന സ്ഥിതി.

ബീഭത്സിക്കുന്നു-അറയ്ക്കുന്നു.

ബീഭത്സു-വി. വെറുപ്പുണ്ടാക്കപ്പെട്ട.

ബീഭത്സു -പാണ്ഡവന്മാരിൽ അർജ്ജുനന്റെ പേർ.

ബീഭൽസി-വലിയ തോക്കു്.

ബീരിടം-(വേദത്തിൽ) ക. വായു. ഉ. കൂട്ടം.

ബു

ബുകം - കൊങ്ങമന്താരം, രക്തമന്താരം, ഭൂമിയെ മറയ്ക്കുന്നതു് എന്നർത്ഥം.

ബുക്കം-ക. അടു്. ഉ. ഹൃദയം. ന. നെഞ്ചു്.

ബുക്കാ, ബുക്കം-ഹൃദയാന്തർഗതമായ മാംസവിശേഷം, മുഖ്യമാംസം എന്നും കാണുന്നു. അധികം സ്വാദുള്ളതാണെന്നു പറയപ്പെട്ടതു് എന്നർത്ഥം.

ഇതു നെല്ലിക്കയോളം വലിപ്പമുള്ളതും കറുത്തു നീണ്ടതുമായ ഒരു മാംസമാണെന്നും, ശ്രുതാദികളിൽ വൃക്കം എന്നു പറയപ്പെട്ടതു ഒരു മാംസവിശേഷമാണെന്നും തമിഴ് വ്യുത്പത്തിയിൽ കാണുന്നു. വൃക്കാ എന്നതിനു പാഠാന്തരങ്ങൾ— വൃക്ക്യം, വൃക്കം, വൃക്ക്യം, ബുക്കം.

'അഗ്രമാംസേഭയോർവൃക്ക്യം'
(അമരശേഷം)

'ബൃക്കോ നരാഗ്രമാംസേ സ്യാൽ'
(ബോപാലിതൻ)

'ശോണിതാസ്രേസ്ത്രിയാം വൃക്കാവൃക്കേ'
(രഭസൻ)

ബുദ്ധ-വി. അറിയപ്പെട്ട.

ബുദ്ധഗയ-ഒരു തീർത്ഥസ്ഥലം.

ബുദ്ധമതകാലം-കലിവർഷം ഒരുവിൻ-നാന്നൂറു.

മൌര്യവംശജനായ അശോകമഹാരാജാവു ഇക്കാലത്തായിത്തന്നെ ഉത്തരേന്ത്യയിൽ ഏകച്ഛത്രാധിപതിയായി വാണിരുന്നതു്.

ബുദ്ധമതപ്രസ്ഥാനചതുഷ്ടയം – മാധ്യമിക, സൌത്രാന്തിക, യോഗാചാര, വൈഭാ(ഭാ)ഷിക, ഇവ ൪-ം.

ബുദ്ധൻ–പ. ബുദ്ധമതക്കാരുടെ ഒരു പ്രധാന ഗ്രന്ഥം. സർവ്വം ക്ഷണികമെന്നറിയുന്നവൻഎന്നർത്ഥം. പ്രശസ്തയായ ബുദ്ധിയുള്ളവൻ എന്നുമാവാം.

ബുദ്ധമഹർഷി മരിച്ചിട്ടു് ൧൦൦ വർഷം കഴിഞ്ഞ ഉടനെ പാടലിപുത്രത്തിലെ മഹാരാജാവു ബുദ്ധമതത്തെ ഇൻഡ്യയിലെ മതമായിട്ടു നിശ്ചയിച്ചു.

ബുദ്ധമുനിയുടെ അച്ഛൻ ശുദ്ധോദനനാകുന്നു. അമ്മ മായാദേവി. ജനനസ്ഥലം കപിലവസ്തു. കാശിക്കു ൧൫൦ നാഴിക വടക്കു്. ക്ഷത്രിയകുലത്തിൽ ജനിച്ചു ബുദ്ധമതം പ്രസംഗിച്ചു് എല്ലാവരേയും ധരിപ്പിച്ചു. ൭൯-ാംവയസ്സിൽ മരിച്ചു. ഇപ്പോൾ ഭൂമിയിലെ മൂന്നിലൊന്നു ഭാഗം പേർ ഈ മതം അനുസരിക്കുന്നു.

ബുദ്ധദേവന്റെ പര്യായങ്ങൾ ---സർവ്വജ്ഞൻ, സുഗതൻ, ബുദ്ധൻ, ധർമ്മരാജൻ, തഥാഗതൻ, സമന്തഭദ്രൻ, ഭഗവാൻ, മാരജിത്തു്, ലോകജിത്തു്, ജിനൻ, ക്ഷുദ്രജിജ്ഞൻ, ഭഗവചൻ, അദ്വയവാദി, വിനായകൻ, മുനീന്ദ്രൻ, ശ്രീഘനൻ, ശാസ്താവു്, മുനി.

'അർഹൻ ക്ഷപണോ നഗ്നഃ
ശ്രമണോ ജീവകോ മലീ'

എന്നുള്ള ശ്ലോകാർദ്ധം കൊണ്ടു് ഈ പേരുകളും പര്യായങ്ങളാണെന്നു് അഭിപ്രായം കാണുന്നു.

ബുദ്ധമതം–ബുദ്ധമുനിയുടെ മാർഗ്ഗം.

ബുദ്ധാവതാരം–(ഇതിന്റെ കാരണം–ഹിംസയെ നിരോധിച്ചു അഹിംസാതത്വസ്ഥാപനംചെയ്യുന്നതത്രേ)

ബുദ്ധി–അകത്തുള്ള ഇന്ദ്രിയങ്ങൾ നാലുള്ളതിൽ ഒന്നു്, തിരിച്ചറിയുന്നതിനുള്ളതു് എന്നർത്ഥം. മാറ പര്യായങ്ങൾ മനീഷാ, ധിക്ഷണാ, ധീ, പ്രജ്ഞാ, ശേമുഷീ, മതി, പ്രേക്ഷാ, ഉപലബ്ധി, ചിത്തു്, സംവിത്തു്, പ്രതിപത്തു്, ജ്ഞപ്തി, ചേതനാ.

ബുദ്ധി, സുഖം, ദുഃഖം, ഇച്ഛാദ്വേഷം, യത്നം ഇവ ആത്മമാത്ര "ബുദ്ധ്യാദിക്ഷാത്മകം."

ബുദ്ധിക്രമ്മത–ബുദ്ധിയുടെ ഒരുശക്തി, ബുദ്ധിയുടെ ക്രമപ്പു്.

ബുദ്ധിഗുണങ്ങൾ–ബുദ്ധിക്കുള്ള ഗുണങ്ങൾ.

'ശുശ്രൂഷാ ശ്രവണഞ്ചൈവ
ഗ്രഹണം ധാരണം തഥാ,
ഊഹാപോഹൌ ച വിജ്ഞാനം
തത്വജ്ഞാനഞ്ച ധീഗുണാഃ'

൧. ശുശ്രൂഷ ൨. ശ്രവണം, ൩. ഗ്രഹണം. ൪. ധാരണം. ൫ ഊഹാപോഹം. ൬. അർത്ഥവിജ്ഞാനം. ൭. തത്വവിജ്ഞാനം.

ബുദ്ധിഗുണാഷ്ടകം–(ബുദ്ധിഗുണങ്ങൾ നോക്കുക).

ബുദ്ധിദാ–വയമ്പു്

ബുദ്ധിപാകം–വിദ്യാഭ്യാസം നിമിത്തം ബുദ്ധിക്കുണ്ടാകാവുന്ന ഫലാവസ്ഥ.

പച്ചക്കായെക്കാൾ പഴുത്ത (പാകം വന്ന) കായ് അധികം ഉപയോഗം, എന്നതുപോലെ ബുദ്ധിക്കും പാകം വന്നാലത്രേ ഗുണമുള്ളൂ.

ബുദ്ധിപൂർവം-അ. ബുദ്ധിയോടുകൂടി, കരുതലോടുകൂടി.

ബുദ്ധിമൽ-വി. ബുദ്ധിയുള്ള.

ബുദ്ധിമഹത്വം-ബുദ്ധിയുടെ വലിപ്പം.

ബുദ്ധിമാന്ദ്യം-ബുദ്ധിയുടെ സംവധാനം. ഉ. ബുദ്ധിയുടെ അല്പത്വം.

ബുദ്ധിമുട്ട്-ക്രി. വിചാരിച്ചാൽ ഒരുപായം തോന്നായ്ക. ഉ. ദാരിദ്ര്യം, ഞെരുക്കം. ന. പ്രയാസം.

ബുദ്ധിമുട്ടുന്നു-ക്രി. ദാരിദ്ര്യം അനുഭവിക്കയും മറ്റും ചെയ്യുന്നു, പ്രയാസപ്പെടുന്നു. (സം. ക്രി.-ബുദ്ധിമുട്ടിക്കുന്നു).

ബുദ്ധിമോശം-മടത്തരം, ബുദ്ധിക്ഷയം

ബുദ്ധിശാലി-വി. ബുദ്ധിയുള്ള.

ബുദ്ധിശാലിനി-ബുദ്ധിയുള്ളവൾ.

ബുദ്ധിസചിവൻ, ബുദ്ധിസഹായൻ-ആലോചനയുള്ള മന്ത്രം.

ബുദ്ധിസംസ്കാരം-അറിവിനെ സംബന്ധിച്ച ബുദ്ധിയെ നല്ലനിലയിൽ കൊണ്ടുവരുക.

ബുദ്ധിഹീന-വി. ബുദ്ധിയില്ലാത്ത.

ബുദ്ധിഹീനത, ബുദ്ധിഹീനതാ-ബുദ്ധിയില്ലായ്ക.

ബുദ്ധ്നം-വൃക്ഷത്തിന്റെ ചുവടു്, മുരടു്. മേരുവിന്റെ പാർശ്വമെന്നും കാണുന്നുണ്ടു്. മരത്തിനു ഉറപ്പായി നില്ക്കുന്നതു് എന്നർത്ഥം.

ബുബ്ബുദം-നീർക്കുമിള, വെള്ളത്തിലുള്ള പൊള്ള (നര). ബുബ് എന്ന അവ്യക്തശബ്ദമുണ്ടാക്കുന്നതു് എന്നർത്ഥം.

ബുധൻ-ക്രി. അറിവുള്ളവൻ, വിദ്വാൻ ഉ. ഒരു ഗ്രഹം, ചന്ദ്രന്റെ മകൻ. ബൃഹസ്പതിയുടെ ഭാര്യയായ താരയിൽ ചന്ദ്രനുണ്ടായവൻ.

ചന്ദ്രൻ താരയെ വശീകരിച്ചുകൊണ്ടുപോയി. ഇതുനിമിത്തം ചന്ദ്രനും ബൃഹസ്പതിയും തമ്മിൽ യുദ്ധം (താരകാമയം എന്നു പേർ) ഉണ്ടായി. രണ്ടു കക്ഷികളുമായി പിരിഞ്ഞാണു യുദ്ധം ആരംഭിച്ചതു്. ഉശനസ്സു്, രുദ്രൻ, രുദ്രഭൃർ, മനുവർ ഇവർ ചന്ദ്രന്റെ ഭാഗം. ഇന്ദ്രനും ദേവകളും ബൃഹസ്പതിയുടെ ഭാഗം. ബ്രഹ്മാവിന്റെ നിർബന്ധംകൊണ്ടു താരയെ സോമൻ വിട്ടുകൊടുക്കേണ്ടിവന്നു. ഗർഭിണിയായി ഭർത്താവിനെ പിരിച്ച താര പ്രസവിച്ചപ്പോൾ ശിശു അതിസുന്ദരനും മഹായോഗ്യനുമായിരുന്ന പുത്രൻ താൻറെതാണു തൻറെതാണു എന്നു അനന്തരം സോമനും ബൃഹസ്പതിയും പരസ്പരം തർക്കംതുടങ്ങി. തർക്കം നിവൃത്തി വരുത്തേണ്ടതു താരയുടെ ചുമതലയാകയാൽ പുത്രൻ അമ്മയെ ശപിപ്പാൻ ആരംഭിച്ചു വാസ്തവം പറയണമെന്നു ബ്രഹ്മാവും അവളോടു നിർബ്ബന്ധിച്ചു. അനന്തരം സോമൻറെ പുത്രനാണെന്നു സമ്മതിച്ചു. ചന്ദ്രൻ മകനു "ബുധൻ" എന്നു നാമകരണം ചെയ്തു. ബുധനെ രുദ്രഹിണേയൻ എന്നും സൌമ്യൻ എന്നും വിളിക്കാറുണ്ടു്. ബുധന്റെ ഇളയിൽ ജനിച്ചവൻ "പുരൂരവസ്സു്".

ബുധനാഴ്ച-നാലാമത്തെ ആഴ്ച.

ബുധഭാരതി-ക്രി. വിദ്വാന്മാരുടെ വാക്കു്. ഉ. സംസ്കൃതഭാഷ.

ബുധാ-നായ്.

ബുധരത്നം-മരതകം

ബുധവാരം-ബുധനാഴ്ച.

ബുധാ-മഞ്ചി.

ബുധിത-വി. അറിയപ്പെട്ട.

ബുബ്ബുരം-ജലം.

ബുഭുക്ഷ-ക്രി. വിശപ്പു. ഭുജിപ്പാനുള്ള ഇച്ഛ എന്നർത്ഥം ഉ. ഏതെങ്കിലും അനുഭവിപ്പാനുള്ള ആഗ്രഹം.

ബൃഹക്ഷിത-വി. വിശപ്പുള്ള.

ബൃഹക്ഷു-വി. ഭക്ഷണാർത്ഥമുള്ള.

ബൃഹത്സാ-അറിവാനുള്ള ആഗ്രഹം.

ബുലി-ഭയം.

ബുൾകസൻ-പഠയൻ.

ബുസം-ക. പതിര്, ഉമി, ചണ്ട്. ഉപേക്ഷിക്കപ്പെടുന്നത് എന്നർത്ഥം. ഉ. തെർക്കുട്ട. നു. ധനം. ർ. ജലം. (വേദത്തിൽ പ്രയോഗം).

ബുസ്തം-ക വരത്ത മാംസഖണ്ഡം. ഉ. ചകിണി, ചക്കമുതലായ ഫലങ്ങളുടെ കത്തുള്ള, പനസാദിഫലത്തിന്റെ കത്ത ഒഴിച്ചു മറവുള്ളവ. (പാഠങ്ങൾ—പുസ്തം, പുസ്തകം.)

ബൂ

ബൂട്സ്-മൂടിച്ചെരുപ്പ് (ഇംഗ്ലീഷ് ഭാഷ) സംസ്കൃതത്തിൽ—അനുപാദീനാ.

ബൃ

ബൃത്താനിക ബ്രിട്ടൺ.

ബൃംഹണ-വി. തടിപ്പിക്കുന്ന.

ബൃംഹണം-പഞ്ചസാര, പാൽ മുതലായവ കൂട്ടി നെയ്യിൽ ഉണ്ടാക്കിയ ഒരു പലഹാരം.

ബൃംഹിത-വി. തടിപ്പിക്കപ്പെട്ട.

ബൃംഹിതം-ആന അലറുന്ന ശബ്ദം.

'ശബ്ദൽഗജനി വഹ
ബൃംഹിതമിവലഘിതം'
(അംബരീക്ഷചരിതം കഥകളി)

ബൃഹതാംപതി-ബൃഹസ്പതി.

ബൃഹതി-ക. ചെറുവഴിതിന. ഉ. കണ്ടകാരിച്ചുണ്ട, പുത്തരിച്ചുണ്ട. വലിയതു എന്നർത്ഥം.

ബൃഹതിക-ക. മേൽപ്പുടവ, ഉത്തരീയവസ്ത്രം. വസ്ത്രത്തിൽ ഒരുവക ഭേദം എന്നർത്ഥം. മറയ്ക്കുന്ന ഒരു വസ്ത്രവിശേഷം എന്നുമാവാം. ഉ. ചെറുവഴിതിന. നു. വലിയവീണ. ർ. ഛന്ദസ്സുകളിൽ ഒന്ന്.

ഓരോ പാദത്തിൽ ഒമ്പതു അക്ഷരം വീതം കാണും.

ഇ. മേൽപ്പുടവ നു. ചിറക്കുട. ഒ. തടിച്ചവൻ. വൃ. വിശ്വാവസുവിന്റെ വീണ. ൻ. നാരദന്റെ വീണ. ക്ഷ. മഹത്വമുള്ളവൻ. ക്ഷ. നൂറ എന്ന സംഖ്യ. ക്ഷ. പുറങ്കപ്പായം.

ബൃഹത്ത്-വിശാലം. വലിക്കുന്നതു എന്നർത്ഥം. വലുതു.

ബൃഹത്തു, ബൃഹൽ-വി. വലുതായ.

ബൃഹൽകഥ-ഏകദേശം ഭാരതത്തിനു തുല്യമാവാൻ തക്കവണ്ണം വിചാരിച്ചു ബാണകവിയാൽ ഉണ്ടാക്കപ്പെട്ടിരിക്കുന്ന ഒരു വലിയ നല്ല കഥ. ഗുണാഢ്യന്റെ ഒരു കഥാസംഗ്രഹം. കഥാസരിൽസാഗരത്തിന്റെ മൂലം.

ബൃഹൽകക്ഷി-വി. വലിയ വയറുള്ള, കടവയറുള്ള, പെരുവയറുള്ള.

ബൃഹദ്ബലൻ-ഒരു ഗാന്ധാരരാജപുത്രൻ.

ബൃഹൽഭട്ടാരിക-ദുർഗ്ഗ.

ബൃഹൽഭാനു-അഗ്നി. വലിയ (രശ്മി) പ്രഭയുള്ളവൻ എന്നർത്ഥം.

ബൃഹൽസംഹിക-ജ്യോതിശ്ശാസ്ത്രസംബന്ധമായി വരാഹമിഹിരന്റെ പ്രസിദ്ധപ്പെട്ട ഒരു പുസ്തകം. ക്രി-ാം ശതവർഷത്തിന്റെ മധ്യകാലത്തുണ്ടായി എന്നു ഊഹിക്കാം.

ബൃഹദ്ഗം-ആന.

ബൃഹദാരണ്യകം-ഒരു ഉപനിഷത്തു്.

ശതപഥബ്രാഹ്മണത്തിന്റെ ഒടുവിലത്തെ ഭാഗം.

ബൃഹദ്ദേവതാ-ഋഗ്വേദത്തിൽ പറഞ്ഞിട്ടുള്ള ദേവതകളേ കുറിച്ചു ശൗനകന്റെ ഒരു പുസ്തകം.

ബൃഹദ്രഥൻ-പ. ഇന്ദ്രൻ. ഉ. പാടലിപുത്രം എന്ന പുരത്തിൽ വാണിരുന്ന മൌര്യകുല രാജാക്കന്മാരിൽ പത്താമത്തെ രാജാവു്.

ബൃഹദ്രഥി-ഒരാൾ.

ബൃഹന്നള, ബൃഹന്നടൻ (നളൻ)-അജ്ഞാതവാസത്തിൽ അർജ്ജുനന്റെ പേർ.

ബൃഹന്തൻ-ഉലൂകാധിപതി.

ബൃഹസ്പതി-വ്യാഴം.

ദേവകളുടെ പുരോഹിതനാണ്. ബൃഹസ്പതിക്കു ഉടയ്യന്റെ ഭാര്യയായ മമതയിൽ ഭരദ്വാജൻ ഉണ്ടായിട്ടുണ്ട്. (ബുധൻ നോക്കുക). ദേവന്മാരുടെ ഗുരു അല്ലെങ്കിൽ വേദങ്ങളുടെ ഉപദേഷ്ടാവു് എന്നർത്ഥം.

ബൈ

ബൈജികം-മുരിങ്ങഎണ്ണ.

ബൈബിൾ-ക്രൂസ്ത്യാനികളുടെ വേദപുസ്തകം. (Bible).

ബൊ

ബൊട്ട്-വള്ളം. (ഇംഗ്ലീഷുഭാഷ).

'ബൊട്ടിൽകേറി ബ്രഹ്മസരസമായ്'

(മയൂരസന്ദേശം)

ബൊധകൻ-പ. ബോധിപ്പിക്കുന്നവൻ. ഉ. അദ്ധ്യാപിപ്പിക്കുന്നവൻ. ന. ശുദ്ധമായി ചെയ്യുന്ന വർത്തമാനം അറിയുന്നവൻ.

ബൊധകര-വി. പ. ബോധിപ്പിക്കുന്ന. ഉ. പഠിപ്പിക്കുന്ന. ന. ഉണർത്തുന്ന.

ബൊധകരൻ-പാടിയുണർത്തുന്നവൻ. രാജാക്കന്മാർ ഉണരുവാനായിക്കൊണ്ടു പുലർച്ചയ്ക്കു പാട്ടുപാടുന്നവൻ. ഉണർച്ചയെ ചെയ്യുന്നവൻ എന്നർത്ഥം.

ബൊധക്കേട്-പ. മോഹാലസ്യം. ഉ. അറിവില്ലായ്മ.

ബൊധനൻ-പ. ബുധൻ എന്ന ഗ്രഹം. ഉ. ബുദ്ധിമാൻ.

ബൊധനം-പ. അറിവു്. ഉ. പഠിപ്പിക്കുക. ന. ഉണർത്തുക.

ബൊധനി-തിപ്പലി.

ബൊധനീയ-വി. അറിയിക്കേണ്ടുന്ന.

ബൊധം-പ. ജ്ഞാനം, അറിവു്. ഉ. വിചാരം. ന. ഉണർച്ച.

ബൊധവാസരം-വിഷ്ണു കാലുമാസത്തെ ഉറക്കം കഴിഞ്ഞു് ഉണരുന്ന ദിവസം.

ബൊധസ്വരൂപി-വി. ബോധംതന്നെ സ്വരൂപമായിട്ടുള്ള.

ബൊധഹീന-വി. അറിവില്ലാത്ത.

ബൊധാത്മക-വി. ബോധമാകുന്ന ആത്മാവോടുകൂടിയ.

ബൊധായനൻ-ഒരു മഹർഷി.

ബൊധി-പ. അരയാൽ. ഉ. കോഴി.

ബൊധിക്കുന്ന-പ. അറിയുന്ന. ഉ. സമ്മതിക്കുന്ന. ന. ഉണരുന്ന. (സ. ക്രി. ബോധിപ്പിക്കുന്ന.)

ബൊധിത-വി. അറിയിച്ച.

ബൊധിദ്രുമം-അരയാൽ. അറിവുള്ള മരം എന്നർത്ഥം. ബോധിസത്വന്മാർ അരയാൽത്തറമേലിരുന്നു തപസ്സുചെയ്തു മറവുള്ളതിനാൽ ബോധികൾക്കാശ്രയമായ ദ്രുമം എന്നുമാവാം.

ഇതു വൃക്ഷജാതിയിൽ ബ്രാഹ്മണനാ രണനും ജ്ഞാനിയാരണനും പറയുന്നു. രമ്മനമതത്തിലുള്ള സന്ന്യാസികളെ 'ബോധിസത്വന്മാർ' എന്നു വിളിക്കുന്നു.

ബോധ്യ-വി. അറിയത്തക്ക.

ബോമ്മ - കോരയുടെറാട്ടി യുണ്ടാക്കുന്ന സ്ഥലം.

ബോലം-ഫ. നവമ്പർ. ഉ. തുലാമാസം. ന. തേൻ. ര. മനയ്ക്ക്.

ബോളം-നവമ്പർ.

ബോളി-ഒരു പലഹാരം.

ബോളി-വിധവ. (പോളി എന്നതാണ് പലഹാരം.)

ബോഠം-ഒരുമാതിരി അപ്പം.

ബ്യൊ

ബ്യൊദ്ധൻ-ബുദ്ധമതക്കാരൻ

ബ്ര

ബ്രഉ്നൻ-ഫ. ആദിത്യൻ. ഇരുട്ടിനെ തടുക്കുന്നവൻ എന്നർത്ഥം. ഉ. എരിക്ക്.

ബ്രഉ്നം-മുരട്ട്, വേര്. (ബുഉ്നം എന്നതിന്റെ പാഠം.) ഉ കത്തിര. ന. ദിവസം.

ബ്രഹ്മകല്പം-ബ്രഹ്മാവിന്റെ ഒരു രാപ്പകൽ.

ബ്രഹ്മകല്പിതം-ദൈവവിധി.

ബ്രഹ്മവൈവർത്തം- ഫവ പുരാണങ്ങളിൽ ഒന്ന്

ബ്രഹ്മഗുപ്തൻ ഒരു ജ്യോതിശ്ശാസ്ത്രി.

ബ്രഹ്മഗുപ്തസിദ്ധാന്തത്തിന്റെ കർത്താവ്. ക്രിസ്തുവർഷം 628-ൽ ജനനം.

ബ്രഹ്മഘ്നൻ-ബ്രാഹ്മണനെ കൊന്നവൻ.

ബ്രഹ്മചര്യം-ഫ വിവാഹംചെയ്യാത്ത അവസ്ഥ ബ്രഹ്മചാരിയുടെ അവസ്ഥ, ആശ്രമങ്ങളിൽ ഒന്ന്. ഉപനയനം (പൂണൂൽധാരണം) കഴിഞ്ഞു ഗാർഹസ്ഥ്യം സ്വീകരിക്കുന്നതുവരെ (വിവാഹം കഴിക്കുന്നതുവരെ) ഉള്ള കാലം.

വിദ്യാഭ്യാസം ബ്രഹ്മചര്യാശ്രമത്തിലാണ് നടത്തേണ്ടതു്.

ഉ. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും എല്ലായ്പോഴും ഏതവസ്ഥയിലുമുള്ള ചാരിത്ര്യശുദ്ധി; വിഷയാഭിലാഷങ്ങളിൽ മനസ്സുവെയ്ക്കാതെ ഈശ്വരനിൽ തന്നെ (പരബ്രഹ്മത്തിൽ തന്നെ) മനസ്സിനെ നിലനിർത്തുന്ന അവസ്ഥ.

ബ്രഹ്മചാരി-ഫ. പൂണൂൽ ഇട്ട വേദം അഭ്യസിക്കുന്ന ബ്രാഹ്മണകുമാരൻ. ബ്രഹ്മത്തെ (വേദത്തെ) ചരിക്കുന്നവൻ എന്നർത്ഥം. ബ്രഹ്മത്തെ (ജ്ഞാനത്തെ, തപസ്സിനെ) സമ്പാദിക്കുന്നവൻ എന്നുമാവാം.

ബ്രഹ്മചാരി നാലുതരം-ഗായത്രീബ്രഹ്മചാരി, പ്രാജാപത്യബ്രഹ്മചാരി, വൈഖാനികബ്രഹ്മചാരി, നൈഷ്ഠികബ്രഹ്മചാരി.

ബ്രഹ്മചാരിണി-ഫ. പാതിവ്രത്യമുള്ള ഒരു സ്ത്രീ. ഉ. ബ്രഹ്മി.

ബ്രഹ്മചിന്ത- ബ്രഹ്മാവിനേയും വേദത്തേയും മറ്റും വിചാരിക്കുക.

ബ്രഹ്മജ്ഞൻ - ബ്രഹ്മത്തെ അറിയുന്നവൻ, യോഗി.

ബ്രഹ്മജ്ഞാനം-ബ്രഹ്മത്തെപ്പറ്റിയ അറിവ്.

ബ്രഹ്മണ്യ-വി. ഫ ബ്രാഹ്മണനെ സംബന്ധിച്ച. ഉ. ബ്രഹ്മാവിനെ സംബന്ധിച്ച.

ബ്രഹ്മണ്യം-ഫ. കൂട്ടരയൽ. ദൈവികകർമ്മങ്ങളിൽ ആവശ്യപ്പെട്ടുന്നത് എന്നർത്ഥം. ഉ. മുഞ്ഞപ്പുല്ല്.

ചെറകവുങ്ങിന്റെ പേരെന്നും ചിലർ വ്യാഖ്യാനിച്ചു കാണുന്നുണ്ട്.

ബ്രഹ്മതത്വം-സായുജ്യാവസ്ഥ. ബ്രഹ്മഭാവം എന്നർത്ഥം.

മായാബദ്ധനായ ജീവാത്മാവു് ജ്ഞാനാഗ്നി നിമിത്തം അവിദ്യാനാശം സിദ്ധിക്കുന്ന സമയം ബ്രഹ്മത്തോടു ചേർന്നലയിക്കും. ഇതാത്രേ സായുജ്യമുക്തി.

ബ്രഹ്മദണ്ഡം-പ. ഒരുമാതിരി ദൈവ. ശാപം.

ബ്രഹ്മദത്ത-അയൽരാജാവു്. ബ്രഹ്മസംബന്ധിയായ ദത്തത്തോടു തുല്യം എന്നർത്ഥം. ബ്രഹ്മാവിനാൽ കൊടുക്കപ്പെട്ടതു് എന്നു മാത്രം.

ബ്രഹ്മദാരു-കാട്ടരയൽ. (ചെറകവുങ്ങു് എന്നും കാണുന്നു.)

ബ്രഹ്മദ്രുമം-പ്ലാശു്.

ബ്രഹ്മനാഡി-ദേഹത്തിലുള്ളതിൽ ഒരു പ്രധാന ഞരമ്പു്.

ബ്രഹ്മനാഭൻ-വിഷ്ണു.

ബ്രഹ്മപുത്ര-ഒരു നദി.

ബ്രഹ്മപുത്രന്മാർ-സനകൻ, സനന്ദൻ, സനാതനൻ, സനൽകുമാരൻ. (ബ്രഹ്മാവിന്റെ മാനസിക പുത്രന്മാരാണു്).

ബ്രഹ്മപുരം-ഉപദിക്കുകളിൽ ഒന്നു്, ബ്രഹ്മാവിങ്കൽനിന്നുണ്ടായതു് എന്നർത്ഥം.

ഇതു കപിലനിറമുള്ളതാണു്, മലയപ്പുലത്തിലുണ്ടാകുന്നു.

ബ്രഹ്മപുരി-പ. സരസ്വതീദേവി. ഉ. സരസ്വതി എന്ന അർത്ഥം. ന. പന്നിക്കിഴങ്ങു്. ര. ചെറകവുങ്ങു്.

ബ്രഹ്മപുരാണം-ഒന്നാമത്തെ പുരാണം.

ബ്രഹ്മാവു മരീചിക്കു് ഉപദേശിച്ചതു്. സൌരപുരാണം എന്നും പറയും. ഇതിനു കാരണം ഒരു ഭാഗം സൂര്യസ്തുതിയാകുന്നു.

ബ്രഹ്മപ്രളയം-ഒരു ബ്രഹ്മാവിന്റെ കാലം കഴിയുമ്പോളുണ്ടാകുന്ന പ്രളയം.

ബ്രഹ്മബന്ധു-പ. പേരിനുമാത്രം ബ്രാഹ്മണനായുള്ളവൻ, കലാചാരത്തിൽ നിഷ്ഠയില്ലാത്ത ബ്രാഹ്മണജാതിക്കാരൻ, കർമ്മഹീനനായ ബ്രാഹ്മണൻ. ഉ. ബ്രാഹ്മണനെക്കുറിച്ചു് അധിക്ഷേപമായി പറയുന്നവൻ. ബ്രാഹ്മണജാതി ബന്ധുവായിട്ടുള്ളവൻ എന്നർത്ഥം.

ബ്രഹ്മബിന്ദു-ഒരുത്തരചോല്ലുന്നസമയം യജ്ഞീയ വായിൽ നിന്നു പുറപ്പെട്ടുന്ന ഉമിനീർ തുള്ളി. വേദപാഠത്തിലുണ്ടാകുന്ന കവക്കുത്തുള്ളി എന്നർത്ഥം.

ബ്രഹ്മഭൂയം-സായുജ്യാവസ്ഥ. ബ്രഹ്മത്തിന്റെ അവസ്ഥ, ബ്രഹ്മതത്വം, ബ്രഹ്മഭാവം എന്നർത്ഥം.

ബ്രഹ്മം-പ. ബ്രഹ്മാവു്. ഉ. ബ്രാഹ്മണൻ. ന. സകലത്തിനും കാരണമായ വസ്തു. എങ്ങും നിറഞ്ഞു ചലനമോ വികാരമോ ഒന്നുമില്ലാത്ത ആനന്ദമയ വസ്തു, പരമാർത്ഥവസ്തു. (ചൈതന്യം) ര. തപസ്സു്. ഇ വേദം. ന. പരമാർത്ഥജ്ഞാനം. ഒ. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന ഒരു യോഗം.

ബ്രഹ്മമയ-വി. ബ്രഹ്മസദൃശമായ.

ബ്രഹ്മയജ്ഞം-പാഠം, ഹോമം, അതിഥിസല്ക്കാരം, തർപ്പണം, ബലി ഇവ ഇ-ം. (പഞ്ചമഹായജ്ഞങ്ങൾ എന്നതു നോക്കുക).

ബ്രഹ്മയുഗം-കൃതയുഗം.

ബ്രഹ്മരന്ധ്രം-മൂർദ്ധാവിനുള്ളിൽ ഒരു ഭാഗം.

ബ്രഹ്മലക്ഷണത്രയം-ശുദ്ധം, ശിവം, ശാന്തം ഇവ മൂന്നും.

ബ്രഹ്മവച്ചസം-വേദം പഠിച്ചു് അതിനെ പ്രമാണിക്കുന്നതിനാലുണ്ടാകുന്ന ശ്രുതത. അനുഷ്ഠാനംകൊണ്ടും വേദാഭ്യാസം

കൊണ്ടുമുള്ള തേജസ്സ്, സദാചാരവേദാധ്യയനങ്ങളുടെ പരിപൂർത്തി, വേദത്തിന്റെ അല്ലെങ്കിൽ തപസ്സിന്റെ വച്ച് സ്സ് (തേജസ്സ്) എന്നർത്ഥം. വേദാധ്യയനം ഹേതുവായിട്ടോ തപസ്സ് നിമിത്തമോ ഉള്ള തേജസ്സ് എന്നു താൽപര്യം.

ബ്രഹ്മവാദം-വേദം ചൊല്ലുകയും മറ്റും.

ബ്രഹ്മവാദി-പ. വേദാന്തി, വേദാന്തശാസ്ത്രത്തെ അറിയുന്നവൻ. പ. ബ്രഹ്മചാരി.

ബ്രഹ്മവിൽ, ബ്രഹ്മവിദ്വാൻ-ബ്രഹ്മത്തെ അറിഞ്ഞവൻ, ഒരു യോഗി.

ബ്രഹ്മവിത്തമൻ - അത്യന്തം ബ്രഹ്മജ്ഞാനി.

ബ്രഹ്മവിദ്യ-വേദം ചൊല്ലുമ്പോൾ തെറിക്കുന്ന ദ്രവ്യം.

ബ്രഹ്മവൃക്ഷം-പ്ലാശ്.

ബ്രഹ്മവേദി-വി. ബ്രഹ്മത്തെ അറിയുന്ന.

ബ്രഹ്മവേദം- പ. ബ്രഹ്മത്തെ അറിക. പ. വേദത്തെ അറിക. സം. അഥർവ്വണവേദം.

ബ്രഹ്മവൈവർത്തപുരാണം - അഷ്ടാദശ പുരാണങ്ങളിൽ ഒന്നാണ്. കൃഷ്ണന്റെ മഹിമയെക്കുറിച്ചു സാവർണ്ണി നാരദനുപദേശിച്ചതു്. ബ്രഹ്മാവിനെ വാഴ്ത്തുന്നു. അവയവം യിഷ്ണുവിന്റെ ഇടത്തെ തുട. രാജസഗുണപ്രധാനം. ഗ്രന്ഥം 18,000.

ബ്രഹ്മശാസനം - ബ്രാഹ്മണനുള്ള ഒരു കല്പന.

ബ്രഹ്മസായുജ്യം - ബ്രഹ്മതുല്യം, ബ്രഹ്മത്തോടുകൂടി ചേരുക.

ബ്രഹ്മസാവർണ്ണി-പത്താമത്തെ മനു.

ബ്രഹ്മസൂവു്)-കാരണദേവൻ. തപസ്സിനെ അല്ലെങ്കിൽ ബ്രഹ്മാവിനെ ഇളക്കിത്തീർക്കുന്നവൻ.

കാമൻ വിശ്വാമിത്രൻ മുതലായവരുടെ തപസ്സിളക്കിയ കഥ പുരാണപ്രസിദ്ധമാണല്ലോ. ബ്രഹ്മാവിന്റെ മനസ്സും ഇളക്കീട്ടുണ്ട്.

ബ്രഹ്മസൂത്രം-പ. വേദാന്തശാസ്ത്രത്തിൽ ഒരു പുസ്തകം, വേദാന്തത്തെക്കുറിച്ചു വ്യാസന്റെ പുസ്തകം. പ. പൂണൂൽ.

ബ്രഹ്മസ്വം-ബ്രാഹ്മണന്റെ മുതൽ.

'ബ്രഹ്മസ്വവുമമരസ്വവുംസ്വസ്വവും'
(ഭാഗവതം)

ബ്രഹ്മഹത്യ-ബ്രാഹ്മണനെ കൊല്ലുക.

ബ്രഹ്മഹാവു്, ബ്രഹ്മഹന്താവു്-ബ്രാഹ്മണനെ കൊന്നവൻ.

ബ്രഹ്മാ-പ. ത്രിമൂർത്തികളിൽ ഒന്നു്, ലോകങ്ങളെ സൃഷ്ടിക്കുന്നതിനായിട്ട് വിഷ്ണുവിങ്കൽനിന്നുണ്ടായ ദേവൻ, സ്രഷ്ടാവു്. വലുതിച്ചവൻ, വളരെ വലിയവൻ എന്നർത്ഥം. ആയുധം-വില്ലു്.

വിഷ്ണുവിന്റെ നാഭികമലത്തിൽനിന്നുണ്ടായി. സകല ലോകോൽകൃഷ്ടമായ സത്യലോകത്തിൽ സ്ഥിതിചെയ്യുന്നു. ലോകജനകന്മാരായ മരീച്യാദികളുടേയും അത്രിമാദി പിതൃക്കളുടേയും പിതാവാകുന്നു. ഇദ്ദേഹത്തിനു നാലുമുഖമുണ്ടു്. സൃഷ്ടിയാണു് ഇദ്ദേഹത്തിന്റെ പ്രവൃത്തി. ത്രിമൂർത്തികളിൽ ഒരുവനായ ഇദ്ദേഹം രജോഗുണമൂർത്തിയാണു്. ബ്രഹ്മാവു് ആദ്യം ജലത്തെ സൃഷ്ടിച്ചുതായും അതിൽ ഒരു ബീജം ഇട്ടു അതു ഒരു സ്വർണ്ണമുട്ടയായി തീർന്നതായും അതിൽനിന്നു ബ്രഹ്മാവു തന്നെ ജനിച്ചുതായും മുട്ടത്തോടിനെ രണ്ടാക്കി ആകാശവും ഭൂമിയും നിർമ്മിച്ചുതായും പിന്നീടു് പത്തു പ്രജാപ

തികളേ സൃഷ്ടിച്ചതായും ഒരു കഥയിൽ കാണുന്നു. ബ്രഹ്മാവു് മുട്ടയിൽ നിന്നും പിരിഞ്ഞതിന്റെ ശേഷം സ്വീപുത്രന്മാരായി വേർവിട്ടു് അവരിൽ നിന്നു വിരജനും അദ്ദേഹത്തിൽ നിന്നു മനുവും ജനിച്ചു, എന്നു വേറൊരുകഥ. ബ്രഹ്മാവു ആകാശത്തിൽ നിന്നു ജനിച്ചു എന്നും മരീചി ബ്രഹ്മാവിന്റെ പുത്രനും കശ്യപൻ മരീചിയുടെ പുത്രനും ആയിരുന്നു എന്നും രാമായണം വെളിവാക്കുന്നു. വിഷ്ണുവിന്റെ നാഭിയിൽ നിന്നു ജനിച്ചു തന്റെ പുത്രിയായ സരസ്വതിയോടു് ന്യായേതരമായ സംഗം ചെയ്തു സപ്തർഷികളേയും സൃഷ്ടിച്ചതായി ഭാരതത്തിൽ കാണുന്നു. ബ്രഹ്മാവിന്റെ ഒരു ദിവസം മനുഷ്യരുടെ ൪൩൨,൦൦൦,൦൦൦ വർഷങ്ങളാകുന്നു ഒരോ ദിവസത്തിന്റേയും അവസാനത്തിൽ ദേവകളും ഋഷികളും പഞ്ചഭൂതങ്ങളും ഒഴികെ മറ്റുള്ളവയെല്ലാം നശിച്ചുപോകുന്നു. ബ്രഹ്മാവിന്റെ ആയുഷ്കാലമായ ൧൦൦ വർഷങ്ങളുടെ ഒടുവിൽ സപ്തർഷികളും നശിച്ചു പിന്നീടും ബ്രഹ്മാവു പരബ്രഹ്മത്തിന്റെ അണ്ഡത്തിൽനിന്നുണ്ടായി പണ്ടത്തെപ്പോലെ എല്ലാം സൃഷ്ടിക്കുന്നു. ബ്രഹ്മാവു മനുഷ്യരുടെ പൂജ്യനു് അയോദ്ധ്യനായിത്തീർന്നതിനു കാരണം നാരദന്റേയും ഭൃഗുവിന്റേയും ശാപമാണു്. ബ്രഹ്മാവിനു അഞ്ചു തലയുണ്ടായിരുന്നു. അവയിൽ ഒന്നു് ശിവന്റെ തീക്കണ്ണിൽ ഭസ്മമായി. കാരണം ശിവനെ നിന്ദിച്ചതാണു്. വില്ലു്-പരിവീതം. വാഹനം-ഹംസം. വാസസ്ഥലം-ബ്രഹ്മപുരം.

ഹകാരത്തിനു പരങ്ങളായ അനുനാസികങ്ങളെ ഹകാരത്തിനു മുമ്പു് ഉച്ചരിക്കണം. ഉ-ം. വഹ്നി (വന്ഹി), ബ്രഹ്മാ (ബ്രമ്ഹാ).

പര്യായങ്ങൾ-ബ്രഹ്മാവു്, ആത്മഭൂവു്, സുരജ്യേഷ്ഠൻ, പരമേഷ്ഠി, പിതാമഹൻ, ഹിരണ്യഗർഭൻ, ലോകേശൻ, സ്വയംഭൂവു്, ചതുരാനനൻ, ധാതാവു്, അബ്ജയോനി, ദുഹിണൻ, വിരിഞ്ചൻ, കമലാസനൻ, സ്രഷ്ടാവു്, പ്രജാപതി, വേധാവു്, വിധാതാവു്, വിശ്വസൃട്ടു്, വിധി, നാഭിജന്മാവു്, അണ്ഡജൻ, പൂർവ്വൻ, നിധനൻ, കമണ്ഡലുവൻ, സനാതനൻ, രജോമൂർത്തി, സത്യകൻ, ഹംസവാഹനൻ. ൨. ബ്രാഹ്മണൻ.

ബ്രഹ്മാഞ്ജലി - അടുക്കം പിടിക്കുക, വേദത്തിന്നായിക്കൊണ്ടുള്ളകൂപ്പുകൈയ്.

ബ്രഹ്മാണി-൧. സരസ്വതി. ൨. അരണകം.

ബ്രഹ്മാണ്ഡകടാഹം - എല്ലാലോകങ്ങളും ക്രമേ ഒരു കടത്തിന്റെ ഭാഷയാക്കി കല്പിച്ചു പറയുന്ന ഒരു പേർ.

ബ്രഹ്മാണ്ഡകോശം-ലോകം മുഴുവനും ക്രമേ പറയുന്ന പേർ.

ബ്രഹ്മാണ്ഡം-വി. വളരെ വലുതായ.

ബ്രഹ്മാണ്ഡം-൧. ഒരു സൂര്യന്റെ വെളിച്ചത്തിൽ ഉൾപ്പെട്ടിരിക്കുന്ന ലോകങ്ങൾ എല്ലാംകൂടിയ ഒരു ഗോളം. ൨. ൧൮ പുരാണങ്ങളിൽ ഒന്നു്. ബ്രഹ്മാണ്ഡമാഹാത്മ്യവും ഭാവികല്പങ്ങളും ബ്രഹ്മാവിനാൽ വിവരിക്കപ്പെട്ടതു്. വിഷ്ണുവിന്റെ അവയവം അസ്ഥി. രാജസഗുണപ്രധാനം. ഗ്രന്ഥം 12,200. ൩. ഈശ്വരസൃഷ്ടങ്ങളായി ദൃശ്യാദൃശ്യങ്ങളായുള്ള സമസ്തപദാർത്ഥങ്ങളുടെയും സമൂഹം. ൪. ഏഴു ഋതുചക്രങ്ങളിൽ ഒരാറം.

ബ്രഹ്മാത്മകൻ-ബ്രഹ്മസ്വരൂപൻ.

സകല ദേവന്മാരും പ്രത്യേകമായി ഏകാന്ത ശക്തിയാൽ ബ്രഹ്മാകൃതികളാണെന്നു പറയാറുണ്ടു്.

ബ്രഹ്മാനന്ദം-പരബ്രഹ്മത്തെ ധ്യാനിച്ചുണ്ടാകുന്ന ഒരു വലുതായ ആനന്ദം.

ബ്രഹ്മാപുരം-മേരുപർവ്വതത്തിന്റെ മുകളിൽ ബ്രഹ്മാവിന്റെ സ്ഥലം. (ചുറ്റും ശംഖാനദി ഒഴുകുന്നു).

ബ്രഹ്മാലയം - ക. ബ്രഹ്മാവിരിക്കുന്ന ലോകം. ഉ. ബ്രാഹ്മണഭവനം.

ബ്രഹ്മാവർത്തം - ദിവ്യനദികളായ സരസ്വതിയുടെയും ദൃഷദ്വതിയുടെയും മദ്ധ്യേയുള്ള സ്ഥലം.

ബ്രഹ്മാസനം-സ്വസ്തികാസനം, പദ്മാസനം മുതലായ ആസനവിശേഷം. ധ്യാനയോഗങ്ങൾ സാധിപ്പാനുള്ള ഇരിപ്പ്.

ബ്രഹ്മാസ്ത്രം -ദിവ്യാസ്ത്രങ്ങളിൽ ഒന്ന്, ബ്രഹ്മാവിനെ ധ്യാനിച്ചുകൊണ്ട് പ്രയോഗിക്കപ്പെടുന്ന ഒരസ്ത്രം.

ബ്രഹ്മി-ഒരു പച്ച മരുന്ന്, മീനങ്ങാണി. (പൊന്നങ്ങാണി എന്നും കാണുന്നു.)

ബ്രഹ്മൈക്യം-മോക്ഷം.

ബ്രഹ്മോപദേശം -പരബ്രഹ്മത്തെപ്പറ്റിയുള്ള ഉപദേശം.

ബ്രാ

ബ്രാഹ്മകല്പം- ബ്രഹ്മാവിന്റെ ഒരു ദിവസം.

ബ്രാഹ്മച്ചി - പുഷ്പരാഗത്തിലുള്ള പ്രാമണിപ്പാട്ടുകാരുടെ സ്ത്രീയ്ക്ക്.

ബ്രാഹ്മണം-ക. ബ്രാഹ്മണരുടെ സംഘം. ഉ. വേദത്തിൽ യാഗാദികർമ്മങ്ങളെ സംബന്ധിച്ചുള്ള പ്രമാണങ്ങളെ പറയുന്ന ഭാഗം.

മഹാകാവ്യകാലത്തെ ഒരു സാഹിത്യരംഗം. കരുക്കരും, പാണ്ഡ്യാലന്മാർ, കോസലരാജ്യക്കാർ, വിദേഹന്മാരുടെ രാജ്യത്തിലുള്ളവർ ഗംഗാതടത്തിൽ താമസിച്ചിരുന്ന കാലത്തെക്കുറിച്ച് ഇതിൽ പറയുന്നു.

ബ്രാഹ്മണകർമ്മങ്ങൾ-അദ്ധ്യയനം, അദ്ധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം ഇങ്ങിനെ ആറ്.

ബ്രാഹ്മണാങ്ങം - വേദത്തിന്റെ ഒരു ഭാഗം.

ഇതിൽ മന്ത്രങ്ങളെ ഉപയോഗിക്കേണ്ടുന്ന ക്രമത്തെ വിവരിക്കുന്നു.

ബ്രാഹ്മണജീവികാ-ബ്രാഹ്മണർക്ക് ഉപജീവനത്തിനു ന്യായമായ തൊഴിലുകൾ.

'അദ്ധ്യാപനമദ്ധ്യയനം
യജനം യാജനം തഥാ.
ദാനം പ്രതിഗ്രഹശ്ചൈവ
ഷട് കർമ്മാണ്യഗ്രജന്മനഃ
ഷണ്ണാം തു കർമ്മണാമസ്യ
ത്രീണി കർമ്മാണി ജീവികാ
യാജനാദ്ധ്യാപനേ ചൈവ
വിശുദ്ധാച്ച പ്രതിഗ്രഹഃ'

ബ്രാഹ്മണൻ -ബ്രഹ്മാവിന്റെ സൃഷ്ടികളിൽ മനുഷ്യരെ നാലു ജാതികളായി സൃഷ്ടിച്ചതിൽ ഒന്നാമത്തെ ജാതിക്കാരൻ, ബ്രഹ്മത്തെ അറിയുന്നവൻ എന്നർത്ഥം.

ബ്രഹ്മാവിന്റെ മുഖത്തു നിന്നു ബ്രാഹ്മണൻ ജനിച്ചു എന്നു പുരാണത്തിൽ പറയുന്നതിന്റെ അർത്ഥം 'ജ്ഞാനം മുഖവിലത്തിൽ കൂടി പുറത്തു വിടുന്നവർ ബ്രാഹ്മണർ' എന്നാണു്.

'നിർമ്മമാ നിരഹങ്കാരാ
നിസ്സംഗോ നിഷ്പരിഗ്രഹഃ,
രാഗദ്വേഷക്ഷയനിർമ്മുക്തഃ
ബ്രാഹ്മണോ വേദസമ്മതഃ'

മറവപ്പുരയങ്ങം-ഭാജാതി, അഗ്രജന്മാവു്, ഭ്രൂദേവൻ, ബാന്ധവൻ, വിപ്രൻ.

ബ്രാഹ്മണബ്രുവൻ - പാപ്പാൻ, ബ്രാഹ്മണനായി ജനിച്ചിട്ടു ബ്രാഹ്മണകർമ്മം ചെയ്യാത്തവൻ, ബ്രാഹ്മണനു വേണ്ടുന്ന മുറകളൊന്നും അറിയാതെയും ചെയ്യാതെയും ബ്രാഹ്മണൻ എന്നു പേരു മാത്രം പറഞ്ഞു ഉപജീവനം കഴിച്ചുകൂട്ടുന്നവൻ.

ബ്രാഹ്മ-വി. ബ്രഹ്മാവിനേയും വേദത്തേയും ബ്രഹ്മത്തേയും സംബന്ധിച്ച.

ബ്രാഹ്മണ്യഷ്ടിക-ചെറുതേക്ക്. ബ്രാഹ്മണരുടെ വടിയ്ക്കു് ഉപയോഗിക്കത്തക്ക ചെറുകൊമ്പുകളും ഉള്ളതു് എന്നർത്ഥം

ബ്രാഹ്മണർ-ജാതികളിൽവെച്ചു് ഒന്നാമത്തേവർ. (മനുവിന്റെ നിയമപ്രകാരം ഒരു ബ്രാഹ്മണന്റെ ജീവിതകാലം നാലായി പകുത്തിരിക്കുന്നു. ആശ്രമം എന്നതു നോക്കുക).

ബ്രാഹ്മണാച്ഛംസി-ക്രതു ശ്രുതിക്കുകളിൽ ഒരാൾ.

ബ്രാഹ്മണി-ക. ബ്രാഹ്മണജാതി സ്ത്രീ. ക. വേട്ടാവെളിയൻ. ന. ഒരുമാതിരി ഉരയ്ക്കു്. ര. ചെറുതേക്ക്. (മ.) പ്രാഹ്മണി. ഇ. ചോനകപ്പുല്ലു്. ണ. നല്ല പിച്ചള. ൈ. ബ്രഹ്മി.

ബ്രാഹ്മണ്യം-ക. ബ്രാഹ്മണരുടെ കൂട്ടം, ബ്രാഹ്മണവർഗ്ഗം. ഖ. ബ്രാഹ്മണന്റെ അവസ്ഥ. ന. ശനി.

ബ്രാഹ്മണ്യദേവൻ-ബ്രാഹ്മണ്യത്തിനു നാഥനായുള്ളവൻ.

ബ്രാഹ്മതീർത്ഥം-പെരുവിരലിന്റെ മൂടു്.

ബ്രാഹ്മവിവാഹം-ബ്രാഹ്മവിവാഹപ്രകാരം വിവാഹം ചെയ്യപ്പെടേണ്ടവിധം.

ബ്രാഹ്മം-ക. ബ്രാഹ്മതീർത്ഥം. ഖ. രസം. ന. ഒരുമാതിരി വിവാഹം. (അഷ്ടവിവാഹങ്ങളും നോക്കുക). ര. അഷ്ടമഹാപുരാണങ്ങളിൽ ഒന്നു്.

ബ്രാഹ്മാവു് ഭരീചിക്കു പാരമ്പര്യമുണ്ടാകട്ടെയെന്നു്. ബ്രാഹ്മാവിനെ വരിച്ച ഋത്വിഗ്വിന്റെ അവയവം മുഴുവൻ. രണ്ടു സഹസ്രണപ്രധാനം. ശ്ലോകം 13,000.

ബ്രാഹ്മമുഹൂർത്തം-വെളുപ്പാൻകാലത്തുള്ള ഒരു ശുഭസമയം.

ബ്രാഹ്മിണിപ്പാട്ടു് - ഒരുവക പഴയ പാട്ടു്.

പരശുരാമൻ ഒരു ബ്രാഹ്മണസ്ത്രീയെ ജനസഭയായിരിക്കും സന്ദർഭത്തിൽ ഉണ്ടായ കുട്ടിയെ വേർപിരിച്ചു പാപ്പിച്ചു് അവക്കു് പുഷ്പവൃത്തി കല്പിച്ചു. അതിലുള്ള സ്ത്രീകളെ ബ്രാഹ്മിണി എന്നു വിളിച്ചുവന്നു. അവക്കു നായന്മാരുടെ കല്യാണങ്ങൾക്കു കുഞ്ഞലീല, ലക്ഷ്മീസ്വയംവരം മുതലായവ പാടുവാൻ വൃത്തി കല്പിച്ചു. ഇവരുടെ പാട്ടിനു ബ്രാഹ്മിണിപ്പാട്ടു് എന്നു പറയുന്നു. ആദ്യം പാടിത്തുടങ്ങിയതു തമിഴിലായിരുന്നു.

ബ്രാഹ്മി-ക വാക്കിന്റെ അധിഷ്ഠാനദേവതയായ സരസ്വതി. ബ്രഹ്മാവിനെ സംബന്ധിച്ചവൾ എന്നർത്ഥം. അക്ഷരാത്മകമായിട്ടു ബ്രഹ്മാവിൽനിന്നും ഉണ്ടായവൾ എന്നുമാവാം. വേദശ്രവണബ്രഹ്മാവിങ്കൽനിന്നുണ്ടാകകൊണ്ടും ഈ പേർ വന്നു. ഖ. ചെറുതേക്ക്. ന. നല്ല പിച്ചള. ര. പന്നിക്കിഴങ്ങ്. ഇ. മീനാങ്ങാണി (പൊന്നങ്ങാണി) ണ. വലിയ വാല്യുഴവം. ൈ. ആട്ടാനിവേ ള. വ. ബ്രഹ്മി. ൻ. സപ്തമാതൃക്കളിൽ ഒന്നു്. ക. ശക്തി. കക ബ്രാഹ്മണൻ ാ ഭാര്യ കഖ. ഭൂമി. കന. വാക്കു്. കര. ഒരുവക ചീര.

ബ്രഹ്മാവിന്റെ ജീവനിൽ നിന്നു സ്പർശങ്ങളും ശകാരം മുതൽ മകാരം വരെയുള്ള 25 അക്ഷരങ്ങളും, ദേവ

ത്തിൽ നിന്നു അകാരം മുതൽക്കുള്ള സ്വരാക്ഷരങ്ങളും, ഇന്ദ്രിയങ്ങളിൽ നിന്നു ശഷസഹങ്ങളും, ബ്രഹ്മത്തിൽ നിന്നു യരലവങ്ങളും ഉണ്ടായി.

ബ്രാഹ്മ്യ-ക. ബ്രഹ്മാവിനെ സംബന്ധിച്ച. ര. ബ്രഹ്മത്തെ സംബന്ധിച്ച. ന. ബ്രഹ്മണനെ സംബന്ധിച്ച.

ബ്രാഹ്മ്യം-ക. ആശ്ചര്യം. ര. ബ്രാഹ്മണ്യം.

ഭ

ഭ-ഹല്ലുകളിൽ ഇരുപത്തുനാലാം അക്ഷരം, ഒരു വ്യഞ്ജനാക്ഷരം.

ഭക്ത-വി. ക. ഭക്തിയുള്ള. ര. ഭംഗിക്കപ്പെട്ട.

ഭക്തചതുഷ്ടയം-ആർത്തൻ, ജിജ്ഞാസു, ആർത്ഥാർത്ഥി, ജ്ഞാനി-ഈ ൪-ം.

ഭക്തൻ-ഭജിക്കുന്നവൻ, സേവിക്കുന്നവൻ.

ഭക്തനിരോധം-ചോറുവേണ്ടായ്ക, ഒരു രോഗം.

ഭക്തപരായണ-വി. ഭക്തന്മാരിൽ താൽപര്യമുള്ള.

ഭക്തപ്രിയ-വി. ക. ഭക്തന്മാരെക്കുറിച്ചിഷ്ടമുള്ള. ര. ഭക്തത്തിൽ താൽപര്യമുള്ള.

ഭക്താ-ക. അന്നം, ചോറ്. അനുശ്രയിക്കപ്പെടുന്നത് എന്നർത്ഥം. ര. പങ്ക്.

ഭക്തരോധം ചോറുചെല്ലുന്നതിനു തടവുണ്ടാകുന്ന ഒരു രോഗം

ഭക്തവത്സല-വി. ഭക്തന്മാരിൽ വാത്സല്യമുള്ള.

ഭക്തവാത്സല്യം — ഭക്തന്മാരിലുള്ള സ്നേഹം.

ഭക്തി-ക. ദൈവം, ഗുരു, രാജാവ് ഇങ്ങനെയുള്ളവരിൽ ബഹുമാനത്തോടുകൂടെ തോന്നുന്ന സ്നേഹം, സ്നേഹത്തോടുകൂടിയ വണക്കം. ര. ഭജിക്കൽ, സേവിക്കൽ. ന. ഭാഗിക്കൽ, പങ്കിടൽ. ൪. ശ്രദ്ധ.

സ്വയമായി ഈശ്വരങ്കൽ ഉണ്ടാകുന്ന ഒരു അനുരാഗമാണ് ഭക്തി അനു=വഴിയെ, ഈശ്വരഗുണങ്ങളെ അറിഞ്ഞതിനുശേഷം. രാഗം=സ്നേഹം.

ഭക്തിചതുഷ്ടയം - താമസി, രാജസി, സാത്വികി, ഗുണാതീത-ഈ ൪-ം.

ഭക്തിത്രയം-സാത്വികം, രാജസം, താമസം. (ഒരോന്നും നോക്കുക).

ഭക്തി ഒമ്പതുവിധമെന്നു കാണുന്നു- "ശ്രവണം കീർത്തനം വിഷ്ണോഃ സേവനം സ്മരണം തഥാ, അർച്ചനം, വന്ദനം, ദാസ്യം സഖ്യ മാത്മനിവേദനം."

ഭക്തിമൽ-വി. ഭക്തിയുള്ള.

ഭക്തിയുക്ത-വി. ഭക്തിയോടുകൂടിയ.

ഭക്തിയോഗം- ഭക്തിവഴിയായി മോക്ഷം കിട്ടുവാനുള്ള മാർഗ്ഗത്തെ പ്രതിപാദിക്കുന്ന മതസിദ്ധാന്തം.

ഭക്തിവൈരാഗ്യം-ദൈവത്തോടുള്ള ഭക്തിനിമിത്തം ലോകകാര്യങ്ങളിൽനിന്നുമുള്ള സ്നേഹമില്ലായ്മ.

ഭക്തിശാലി-വി. ഭക്തിയുള്ള. (സ്ത്രീ-ഭക്തിശാലിനീ).

ഭക്തിസാധന-വി. ഭക്തിയെ സാധിപ്പിക്കുന്ന, ഭക്തിയെ ഉണ്ടാക്കുന്ന.

ഭക്തിസാധനങ്ങൾ-ഭക്തിക്കുള്ള സാധനങ്ങൾ (ഒമ്പതുവിധം).

'ഭക്തനെനന്നായ് പ്രകാശിക്കുമാത്മാവു നൂനം ഭക്തിക്കുകാരണമുണ്ടെന്തതു കേട്ടാലും നീ * മൽഭക്തന്മാരോടുള്ള നിത്യസംഗമമതും മൽഭക്തന്മാരെക്കണിയോടു സേവിക്കുന്നതും * ഏകാദശ്യാദിവ്രതാനുഷ്ഠാനങ്ങളും പുനരാകുലമെന്നിയെ സാധിച്ചുകൊൾകയുമഥ *

പൂജനം വന്ദനവും ദേവനംഭാസ്യം നല്ല ഭോജനമഗ്നിവിപ്രാണം കൊടുക്കയുമഥ * മൽക്കഥാപാംശുവണങ്ങൾചെയ്യുന്നും മുദാ മൽഗ്രഹണനാമങ്ങളെ കീർത്തിച്ചുകൊള്ളുകയും'

(അദ്ധ്യാത്മരാമായണം)

ഭക്ഷിക-വി. അധികം ഭക്ഷിക്കുന്ന.

ഭക്ഷികാരൻ-പ. പാചകൻ. ഉ. പലഹാരക്കച്ചവടക്കാരൻ.

ഭക്ഷിടകം-ചെറിയ ഞെരിഞ്ഞിൽ.

ഭക്ഷിണം-തീൻ, ഭക്ഷിക്കുക. പഞ്ചയങ്ങം-ജഗ്ഗി, ഭോജനം, ജേമനം, ലേഹം, ആഹാരം, നിഷ്പേഷം, ന്യാദം.

ഭക്ഷിണചതുഷ്ടയം-ഖാദ്യം, ചൂഷ്യം, ലേഹ്യം, പേയം ഇവ ർ-ം. ഭോജ്യം ഉരുപ്പെടുത്തി @ വിധമെന്നും കാണുന്നു. ഭക്ഷ്യം എന്നതുകൂടി ചേർത്തു ൟ വിധം എന്നുള്ള പ്രമാണവും ഇല്ലെന്നില്ല.

ഭക്ഷിണമുറി-പ. ഊട്ടുപുര. ഉ. ഭക്ഷണത്തിനുള്ള മുറി.

ഭക്ഷിണശാല-ഊട്ടുപുര.

ഭക്ഷിപാത്രം-വെറിലഭക്കോടി.

ഭക്ഷിം-പലഹാരം.

ഭക്ഷിക്കുന്നു-തിന്നുന്നു, ഉണ്ണുന്നു.

ഭക്ഷിത-വി. ഭക്ഷിക്കപ്പെട്ട.

ഭക്ഷിതം-ഭക്ഷിക്കപ്പെട്ട അന്നാദികളുടെ പേർ.

ഭക്ഷ്യ-വി. ഭക്ഷിപ്പാൻ തക്ക.

ഭക്ഷ്യകാരൻ-പാചകൻ.

ഭക്ഷ്യബീജം-മുരിങ്ങമരം.

ഭക്ഷ്യം-ഭക്ഷണവസ്തു, ഭക്ഷിക്കത്തക്കതു്.

ഭഗം-പ. സ്ത്രീയുടെ ഗുഹ്യം, യോനി. പുരുഷന്മാരാൽ ആശ്രയിക്കപ്പെടുന്നതു് എന്നർത്ഥം. ഉ. ഭാഗ്യം. ന. ശോഭ. ർ. കാമം. @. ശ്രേഷ്ഠത, ന. പ്രയത്നം. ൈ. ശക്തി. വ. കീർത്തി. ൻ. ജ്ഞാനം. ഹ. അടക്കം. ഹപ. സർവ്വശക്തി. ഹഉ. ഐശ്വര്യം, സമ്പത്തു്. ഹന. വീര്യം. ഹർ. ഇച്ഛ. ഹ@. മാഹാത്മ്യം. ഹണ. ശിവന്റെ സിദ്ധി.

സംപൂർണ്ണമായ മാഹാത്മ്യം, ധൈര്യം, കീർത്തി, സമ്പത്തു്, ജ്ഞാനം, വൈരാഗ്യം ഇവ ആറിനും ഭഗം എന്നു പേരുണ്ടു്.

ഭഗണം-നക്ഷത്രക്കൂട്ടം. (ഗണം എന്നതു നോക്കുക.)

ഭഗക്ഷ്ണൻ-നേത്രഘ്നൻ, ശിവൻ.

ദക്ഷയാഗത്തിൽ ഭഗന്റെ കണ്ണു ഇടിച്ചുതെറിപ്പിച്ചു കളഞ്ഞതിനാൽ ഈ പേരുണ്ടായി.

ഭഗദത്തൻ-നൂറുപേരുടെ ഒരു സ്നേഹിതൻ, നരകാസുരന്റെ പുത്രൻ, പ്രാഗ്ജ്യോതിക്ഷത്തിലെ രാജാവു്, പാണ്ഡവരുടെ പിതൃസഖാവു്. ജരാസന്ധന്റെ രക്ഷയിൽപ്പെട്ടവൻ. അശ്വമേധയാഗത്തിൽ അർജ്ജുനനു കീഴടങ്ങി. ധർമ്മപുത്രർക്കു കപ്പംകൊടുത്തു.

'കൊയ്തതന്മേൽവന്നുവീഴുവാനായിട്ടു കൊമ്പുമുയർത്തിനിന്നാനെതുകണ്ടിട്ടു * സംഭ്രമത്തോടേതു ബാണം പ്രയോഗിച്ചുനമ്പർകോൻ തന്നുടെ നന്ദനനർജ്ജുനൻ * വാരണവീരൻതലയറവില്ലറവീരൻ ഭഗദത്തൻ തന്റെശിരസ്സുറവു * നാലാമതാനതൻവാലുമരിഞ്ഞിട്ടു കോലാഹലത്തൊടു പോയിതുബാണവും'

(ഭാരതം-ദ്രോണം)

ഭഗദത്തനു നാലുകൊമ്പുള്ള ഒരു ആനയുണ്ടു്. ഇതിനു പതിനായിരം ആനയുടെ ബലമുള്ളപ്രകാരം അറിയുന്നു.

ഭഗണൻ-ജ്യോത്സ്യൻ.

ഭഗൻ-പ. ആദിത്യൻ. ഉ. ഉത്രം നക്ഷത്രം. ന. ഏരിക്കു്. ർ. വേദത്തിലെ ഒരു ദേവത. @. ചന്ദ്രൻ.

ഇരു വേഭത്തിലേ മേവത ധനം ഭനം ചെയ്യുന്നും വിവാഹങ്ങളെ ക്രമപ്പെട്ടുത്തുകയും ചെയ്യുന്നു.

ഭഗന്ദരം-ഒരു രോഗം. ഇവിടെ ഭഗം എന്നതിനു ലക്ഷണയാ ഗുഹ്യസമീപമെന്നർത്ഥം. അതിനെ പിളർക്കുന്നത് എന്നു ശബ്ദാർത്ഥം.

മലദ്വാരത്തിന്റെ രണ്ടംഗുലം മേൽ ഒരു കുരു വരും. വളരെ വേദന കാണും. അതു പൊട്ടുമ്പോൾ ഭഗന്ദരം എന്നു പറയുന്നു. പൊട്ടുന്നതിനു മുമ്പ് ഭഗന്ദരമെന്നു പറയാറില്ല. ഒരു കുരു എന്നേ പറയാറുള്ളൂ.

ഭഗനീയ-വി. ക. മനോഹരമായ. ഉ. ഭംഗ്യിയുള്ള. നാ. കീർത്തിക്കത്തക്ക.

ഭഗവൽ-വി. ഭഗമുള്ള. (പു-ഭഗവാൻ. സ്ത്രീ-ഭഗവതി).

ഭഗവൽഗീത-മഹാഭാരതത്തിന്റെ ഏറ്റവും പ്രസിദ്ധപ്പെട്ട ഭാഗം

ഭഗവാനും അർജ്ജുനനും തമ്മിൽ ആത്മികവിഷയങ്ങളെപ്പറ്റിയുണ്ടായ സംഭാഷണമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

ഭഗവതി-ക. ദേവി ഉ. ലക്ഷ്മി. നാ. ദുർഗ്ഗ.

ഭഗവാൻ-ക. വിഷ്ണു, ഷഡ്ഗുണങ്ങളോടു കൂടിയവൻ. (ഷഡ്ഗുണങ്ങൾ-ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, വൈരാഗ്യം, വിജ്ഞാനം).

'ഐശ്വര്യംശംകരാദീശ്വരവിനിയമനം
വിശ്വതേജോഹരാണാം
തേജസ്സംഹാരിവീര്യംവിമലമപിയശോ
നിസ്പൃഹൈശ്വോപഗീതം,
അംഗാസംഗാസദാശ്രീരഖിലവിദസിന
കാപിതേസംഗവാത്മാ
തദ്വാതാരാരവാസിൻമുരഹരഭഗവ-
ച്ഛബ്ദമുഖ്യംഹ്രയോസി'.

ഉ. ജിനമഹർഷിയുടെ ഒരു പേർ. നാ. ശിവൻ.

മഹർഷിമാരെ ഭഗവൻ എന്നു സംബോധന ചെയ്യേണ്ടതാണെന്നു രേതാമിക്കളുടെ മതം.

ഭഗാലം-തലയോട്ട്.

ഭഗിനി-ക. സഹോദരി കീർത്തിയുള്ളവൾ എന്നർത്ഥം. ഉ. സ്ത്രീ

ഭഗിനികാ-സഹോദരി.

ഭഗിനീപതി-ഉടപ്പിറന്നവളുടെ ഭർത്താവ്, അളിയൻ.

ഭഗീരഥപ്രയത്നം - അസംഭാവ്യപ്രയത്നം. (ഗംഗ, ജാഹ്നവി ഈ ശബ്ദങ്ങളും നോക്കുക).

ദിലീപൻ എന്ന രാജാവിന്റെ പുത്രനായി ഭഗീരഥൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിതൃക്കളും മുമ്പു കപിലമഹർഷിയുടെ ശാപംകൊണ്ടു ഭസ്മീഭൂതന്മാരായിരുന്നു. ആ പിതൃക്കളുടെ ഉദ്ധാരണത്തിനായി ഭഗീരഥൻ ആയിരം വർഷം കഠിനതപസ്സനുഷ്ഠിച്ച് ആകാശഗംഗയെ ഭൂമിയിൽ കൊണ്ടുവന്നു. അതുപോലെയുള്ള കഠിനപ്രയത്നം എന്നർത്ഥം.

ഭഗീരഥൻ-സൂര്യവംശത്തിലെ ഒരു രാജാവ്. (ഗംഗ, ജാഹ്നവി ഈ ശബ്ദങ്ങളും നോക്കുക.)

ഭഗീരഥൻ സൂര്യവംശരാജാവായ (സഗരന്റെ പൌത്രനായ) അംശുമാന്റെ പുത്രനായ ദിലീപന്റെ പുത്രൻ. ഇദ്ദേഹം തീവ്രതപസ്സുചെയ്തു ഗംഗയെ ആകാശത്തിൽനിന്നും ഭൂമിയിലേയ്ക്കും പാതാളത്തിലേയ്ക്കും അവതരിപ്പിച്ചും സഗരന്റെ പുത്രന്മാരായ അറുപതിനായിരം പേരും മുമ്പു കപിലമുനിശാപാൽ ദഹിച്ചുപോയി. അവരുടെ സൽഗതിക്കായി

ട്ടത്തേ സംഗയെ ഭഗീരഥൻ ഭൂലോകത്തിലേയ്ക്കു കൊണ്ടുവന്നതു്, കനകാരേണവിളങ്ങിനികളുടെയ ആയിരം കന്യകകളേയും മറ്റും അഭേഹം ബ്രഹ്മതേജസ്സിനാൽ ഭസ്മീകരിച്ചു. ദക്ഷിണഭാഗത്തു കൈകഴച്ചു ഭഗീരഥന്റെ മനോബലത്തിൽ ഉഴിഞ്ഞുഴുകുന്നതു കണ്ടു ഞെട്ടിയ ഗംഗാദേവി അഭേഹത്തെ അച്ഛനായി വരിച്ചു. ഇങ്ങനെ പൂർവ്വമായ ഈ സംഭവം കണ്ടു കൈയ്യുകീർത്തിയായ ഗന്ധർവ്വാംഗികളും, പിതൃദേവമനുഷ്യന്മാരും കേൾക്കത്തക്ക വിധത്തിൽ ''ഇക്ഷ്വാകുവംശജനായ വിനീതനായ ഭഗീരഥന്റെ മഖഫലംകൊണ്ടേ ഗംഗാദേവി പുത്രിയായിത്തീർന്നതുകൊണ്ടും ഇന്ദ്രാദിദേവന്മാർ പ്രത്യക്ഷരായി യജ്ഞാംശത്തെ സ്വീകരിക്കയും ചെയ്തിരിക്കയാൽ സർവ്വ ശ്രേയസ്സും ഈ ഭഗീരഥനു ലഭ്യമായിരിക്കുന്നു എന്നൊരു ഗാഥ ചൊല്ലി. ബ്രഹ്മനികാരുണ്യംകൊണ്ടു അഭേഹം ഒടുവിൽ ബ്രഹ്മസായൂജ്യപദവിയെ പ്രാപിച്ചു.

ഭഗോളം-നക്ഷത്രങ്ങളായിരിക്കുന്ന ഉരുള, നക്ഷത്രഗോളം.

ഭഗ്ന-വി. ക. ഒടിക്കപ്പെട്ട, മുറിക്കപ്പെട്ട. ഉ. തോറ്റ, മടങ്ങിയ.

ഭഗ്നം-ക. നഷ്ടം. ഉ. ഒരു രോഗം. (സുഖഭഗ്നമെന്നും അപ്രഭഗ്നമെന്നും രണ്ടു വിധമുണ്ടു്.)

ഭഗ്നപ്രക്രമം-കാവ്യദോഷങ്ങളിൽ ഒന്നു്.

ഭഗ്നോത്സാഹിനീ-നശിച്ച ഉത്സാഹത്തെ ഏറ്റെടുക്കുടിയവൾ.

ഭഗ്നാശൻ-ഇച്ഛാഭംഗമുള്ളവൻ.

ഭഗ്നാശയ-വി. നിരാശയുള്ള.

ഭഗ്നോത്സാഹൻ-ഉത്സാഹം നശിച്ചവൻ.

ഭഗ്നോത്സാഹി-നശിച്ച ഉത്സാഹത്തോടുകൂടിയവൻ.

ഭംഗ-ക. ചണം, ചണ. ആയിട്ടിക്കപ്പെട്ടതു് എന്നർത്ഥം. ഉ. കഞ്ചാവു്. ന. തൃക്കോല്പക്കൊന്ന.

ഭംഗം-ക. തിര. ചിന്നിച്ചിതറിപ്പോകുന്നതു് എന്നർത്ഥം.

'ഭംഗ്യാപാരാവാരഭംഗപരമ്പരയ്ക്കു'

(കുചേലവൃത്തം വഞ്ചിപ്പാട്ടു്.)

ഉ. വിള്ളൽ. ന. തടവു്. ഴ. മടക്കം, ഒടിവു്. ഇ. നാശം. ന. ഭയം. ഒ. ചതിവു്. വ കേടു്. ൻ. തോൽക്കുക. ക്ഷ. പെട്ടിക്കുക. ക്ഷ. വെള്ളത്തിരമാല. ക്ഷ. ഒരുമ. ക്ഷ. യുദ്ധത്തിൽ തോല്പിക്കുക. ക്ഷ. പരമ്പര. ക്ഷ. മുറിക്കൽ.

ഭംഗപ്പാടു്-ഉപദ്രവം.

ഭംഗവാസാ-മഞ്ഞൾ.

ഭംഗസാധ്യ-വി. കൈശലമുള്ള.

ഭംഗി-ക. അഴകു്. ഉ. ചേല്പു്, ക്രമം. ന. മുഖസ്തുതി. ഴ വിഭാഗം. ഇ. ചതി, വേഷമ്മാറ്റം. ന. കോവ്വാപാറക. ഒ. തിരമാല. വ. കൈശടിപ്പു് ൻ. പരമ്പര. ഉം; വാണിഭംഗി.

ഭംഗുര-വി. ക. നാശമുള്ള. ഉ. വളഞ്ഞ.

ഭംഗുര-ക. ആറിന്റെ തിരിവു്. ഉ. ചണവിത്തു്. ന. അതിവിടയം.

ഭംഗുരം-നാശം.

ഭചക്രം-രാശിചക്രം, സൂര്യചന്ദ്രാദികളായ ഗ്രഹങ്ങളും സഞ്ചരിക്കുന്ന ആകാശമാർഗ്ഗം.

ഭജനപുര-ക. തിരുവിതാംകൂർ ഇളയരാജാവിരിക്കുന്ന രാജധാനി, ക്ഷേത്രത്തിൽ പാർക്കുന്നതിനുള്ള ഒരു സ്ഥലം.

ഭജനം-സേവ

ഭജനീയ-വി. ഭജിക്കത്തക്ക, സേവിക്കത്തക്ക.

ഭജൻ-വി. ഭജിക്കുന്ന, സേവിക്കുന്ന.

ഭജമാന-വി. ക. സേവിക്കുന്ന. ഉ. വിഭാഗിക്കുന്ന.

ഭജമാന പ. ന്യായമായി കിട്ടുന്നതു്. ര. യുക്തം. ന. ന്യായത്തോടുകൂടിയതു്, ഫലത്തെകൂട്ടിച്ചേർക്കുന്നതു് എന്നർത്ഥം.

ഭജാർ-ബെജാർ, കട.

ഭജിക്കുന്ന-സേവിക്കുന്ന.

ഭഞ്ജൻ-വി. പ. ഭഞ്ജിക്കുന്ന, ഒടിച്ചുകളയുന്ന. ര. നശിപ്പിക്കുന്ന.

ഭഞ്ജനം-നാശം.

ഭഞ്ജിക-ചെറുതേക്ക്.

ഭഞ്ജിക്കുന്ന-പ. നശിപ്പിക്കുന്ന. ര. ഒടിക്കുന്ന. ന. മുറിക്കുന്ന.

ഭടജനം-ഭടന്മാരുടെ കൂട്ടം.

ഭടത്വം-പ. ഭടന്റെ അവസ്ഥ. ര. അക്ഷരജ്ഞാനമില്ലാത്തവന്റെ വാക്ക്.

ഭടൻ-പ. യുദ്ധംചെയ്യുന്നവൻ, യുദ്ധവീരൻ, ആവശ്യംകൂടാതെ സംസാരിക്കുന്നവൻ എന്നർത്ഥം. കാലാൾപടയിലുള്ളവൻ. ര. അക്ഷരവിദ്യ പഠിക്കാത്ത മനുഷ്യൻ.

ഭടോചാരാ-ഭടന്മാരുടെ മര്യാദ, ചീത്ത പ്രയോഗം.

ഭടിത്രം-ഇരിയുകേലിന്മേൽ കോഴ്ത്തു പുട്ട മാംസം. പുഷ്ടിയെ ചെയ്യുന്നതു എന്നർത്ഥം.

ഭട്ടതിരി-പ. മലയാളബ്രാഹ്മണരിൽ ചിലർക്കുള്ള ഒരു പേർ. ര. വിദ്യയുള്ള ബ്രാഹ്മണൻ.

ഭട്ടൻ-പ. ഭട്ടതിരി എന്നുള്ളതിനു പകരം ചില ദിക്കിൽ ബ്രാഹ്മണർക്കു പറയുന്ന ഒരു ബഹുമാനപ്പേർ. (തുളുവം-പട്ടർ) ര. ശത്രുക്കളെ നിന്ദാപൂർവ്വമായി ഉപാലംഭനംചെയ്യുന്നവൻ

ഭട്ടം-സ്വാമിത്വം.

ഭട്ടവൃത്തി-ഭട്ടതിരിയുടേയും ഭട്ടന്റേയും മുറ.

ഭട്ടസ്വാത്തൻ-ബ്രാഹ്മണരിലെ ഒരു ന്യായാധിപതി.

ഭട്ടാരക-വി. ബഹുമാനമുള്ള, ശ്രേഷ്ഠതയുള്ള.

ഭട്ടാരകൻ-പ. നാട്ടുത്തിൽരാജാവിന്റെ പേർ. ആധിപത്യത്തെ ഇച്ഛിക്കുന്നവൻ എന്നർത്ഥം. ര. മുനി. ന. ദേവൻ. ഭ. രാജാവു്.

ഭട്ടി-വിക്രമാദിത്യൻ എന്ന രാജാവിന്റെ സഹോദരനും മന്ത്രിയും.

ഭട്ടികാവ്യം-രാമചരിതം വിഷയമാക്കി ഭട്ടി കവിയുണ്ടാക്കിയ ഒരു കാവ്യം.

അലങ്കാരശാസ്ത്രവും വ്യാകരണസൂത്രങ്ങളും ഉദാഹരിക്കണമെന്നുള്ളതാണ് ഇതിന്റെ പ്രധാനോദ്ദേശ്യം. ഈ കാവ്യം ഭർത്തൃഹരി ഉണ്ടാക്കിയതാണെന്നും അഭിപ്രായം കാണുന്നു. ഭട്ടികവി ക്രിസ്താബ്ദം ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു.

ഭട്ടിനി-പ. രാജസ്ത്രീ, രാജ്ഞി.

പ്രധാന രാജമഹിഷിയെ 'ദേവി' എന്നും മറ്റുള്ള സ്ത്രീകളെ 'ഭട്ടിനി' എന്നും പറയും),

ര. ബ്രാഹ്മണസ്ത്രീ. ന. കുലപ്പാട്ടി. (ഭട്ടൻ=ഭോഗിപതി, രാജാവു്. രാജാവു ഭർത്താവായിട്ടുള്ളവൾ എന്നർത്ഥം).

ഭണിത-വി. പറയപ്പെട്ട.

ഭണിതം-പറയപ്പെട്ടതു്.

'ഗണിതക്കാരൻബ്രാഹ്മണനവനുടെ
ഭണിതംനലമൊട്ടഫലിതമിദാനീം
(പ്രഭോക്തമാഹാത്മ്യം തുള്ളൽ)

ഭണിതി-വാക്ക്.

ഭണ്ടാകി-ചെറുവഴുതിന. ഭേദിക്കുന്നതെന്നർത്ഥം.

ഭണ്ഡകം-വലുതാട്ടിപ്പക്ഷി.

ഭണ്ഡനം-പ. കവചം. ര. യുദ്ധം. ന. ദോഷം.

ഭണ്ഡൻ-പോരാട്ടുകാരൻ, ഛലികക്കാരൻ.

ഭണ്ഡഹാസിനി-വൃദ്ധിചാരിണി.

ഭണ്ഡാകി-ചെറുവഴുതിന.

ഭണ്ഡാരപ്പിള്ളർ-കൊച്ചീ മഹാരാജാവിന്റെ ഭണ്ഡാരം ഭരിയ്ക്കുന്നവർ.

ഭണ്ഡാരപ്പുര - രാജധാനിയിലും മറ്റും സ്വർണ്ണം, രത്നം മുതലായവ വച്ചുസൂക്ഷിക്കുന്നതിനുള്ള പുരമുറി.

ഭണ്ഡാരമഞ്ചി-പ. പണ്ടാരവക ഖജനാവ്. ക. ക്ഷേത്രംവക ഖജനാവ്.

ഭണ്ഡാരം-പ. രാജാക്കന്മാരുടേയൊക്ഷേത്രങ്ങളിലേയും സ്വർണ്ണാഭരണങ്ങളും മറ്റും. ക. ഭണ്ഡാരപ്പുര.

ഭണ്ഡാരി-പണ്ടാരി.

ഭണ്ഡി-പ. മഞ്ചട്ടി. നിറപ്പറവള്ളുവയിൽ പറയപ്പെട്ടുന്നതു് എന്നർത്ഥം. (പാഠങ്ങൾ-ഭണ്ഡീരീ, ഭണ്ഡീരിക) ക. മനസ്സിനിവാക.

ഭണ്ഡില-വി. പ. ഭൂതപറയുന്ന. ക. ഭംഗിയുള്ള.

ഭണ്ഡിലം-മനസ്സിനിവാക. മംഗളകരം എന്നർത്ഥം. ഭണ്ഡിരം എന്നുമാവാം.

ഭണ്ഡീരി-മഞ്ചട്ടി.

ഭത്തി-ശമ്പളത്തിനു പുറമേ കിട്ടുന്ന പടി മുതലായ വരുമാനം. Allowance.

ഭദ്ര-വി. പ. ഭംഗിയുള്ള ക. ശുഭമായ, നന്മയുള്ള. ന. ശുദ്ധമുള്ള.

ഭദ്ര-പ. ദ്വിതീയ, സപ്തമി, ദശമി ഈ മൂന്നു തിഥികൾക്കും ക്രമേടെയുള്ള പേർ. ക. ഭദ്രകാളി. ന, കീരിക്കിഴങ്ങു്, ര. അമരി. ള. മംഗളസ്വരൂപിണി, കല്യാണവതി. ഴ. നവനീതം, ല. വന്നി. വ. ചെറിയ ദന്തി ൻ. അടവതിയൻ റ. ഗംഗാനദി. റപ. ഉലുവ. റക. കാട്ടുപയർ. റന. അരത്ത. റർ. റർ. തിപ്പലി. റള. പത്തു. റന്ത. മലയമുക്കി. റഴ. ചെറുവന്നി. റവ. വെങ്കുറുക. റൻ. മഞ്ഞൾ.

ഭദ്രക-വി. രസഭേദമുള്ള.

ഭദ്ര(ക)ം-പ ദേവതാരം.

ഭദ്രകം-പ. പെരുമുത്തങ്ങ. ക. ദേവതാരം ന. ഒരു വൃത്തത്തിന്റെ പേർ, പാദത്തിൽ ക ക അക്ഷരംവീതം കാണും.

'ഒന്നൊടുനാലതുമേഭമക്ഷരം
സുതനു! പത്തിനപ്പുറമതാ-
കുന്നുമൊരണ്ടുമാറുമിവയുംഗ്രഹക്രമം
പുനരെട്ടുമന്തിമമതും
ഇന്ദിരതോറിടംവരതനോ! ധരിച്ചിടുകപത്തിലുയതിശ്രുതേ!
സുന്ദരിപന്തിരണ്ടതിലുമം സുദ്രോതരം
ശാന്തി! 'ഭദ്രക'മതിൽ'.
(കാന്തവൃത്തം)

ഭദ്രകമ്മം-നല്ലകൃത്യം, സൽകർമ്മം.

ഭദ്രചതുഷ്ടയം-പുരുഷാർത്ഥചതുഷ്ടയം.

ഭദ്രൻ-പ. ശിവൻ. ക. കാള. ന. മംഗലൻ. ര. കാമശാസ്ത്രപ്രകാരം ചിത്രിണീവല്ലഭൻ.

ഭദ്രം-പ. സുഖം. കല്യാണസന്തുഷ്ടം എന്നർത്ഥം. ക. മംഗല്യം. ന. ഒരു സുഗന്ധപ്പുല്ലു്. ര. പൊൻ. ള. ഇരിമ്പു്, ഉരുക്കു്. ഴ. സമുദ്രത്തിലെ ഒരു ചെറിയ കര. ല. കരുതൽ. വ. നല്ലതു്. ൻ. വിസ്താരം. റാ. മറപ്പു്. റപ. മംഗലം. റഴ. മേരുപർവ്വതം. റന. സൂക്ഷ്മമായതു്. തടുക്കപ്പെട്ടുന്നതു് എന്നർത്ഥം. റള. മുത്തങ്ങ. റള. കരുത്ത ആമ്പൽ. റന്ത. കാള. റഴ. തുന. റവ. കടമ്പു. റൻ. കരിങ്കുരിങ്ങിൽ. ഠറ. ചതുരക്കള്ളി.

ഭദ്രകാളി-കാളി, ദുർഗ്ഗ.

ഭദ്രകുംഭം-ശുദ്ധമുള്ള വെള്ളംകൊണ്ടു നിറച്ച കുടം രാജോപചാരങ്ങളിൽ മംഗളാർത്ഥമായി വെക്കുന്ന പൂർണ്ണകലശം.

ഭദ്രചാരു-കൃഷ്ണന്റേയും രുക്മിണിയുടേയും പുത്രൻ.

ഭദ്രോത്ത-പ്ര. ദേവതാരം. ഉ. കാഷ്ഠദാരു.

ഭദ്രദീപപ്രതിഷ്ഠ-ഒരു മഹാവ്രതം.

ഭദ്രദീപം-മകരമാസം ഒന്നാംതീയതിയിലും കർക്കടകമാസം ഒന്നാംതീയതിയിലും തിരുവനന്തപുരത്തു പദ്മനാഭസ്വാമി ക്ഷേത്രത്തിൽ കഴിക്കുന്ന ഒരു പ്രധാനപ്പെട്ട മംഗളകർമ്മം.

ഭദ്രദീപപ്രതിഷ്ഠ ചെയ്തിട്ടുള്ളതു ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിനു തെക്കുമാറുള്ള ക്ഷേത്രത്തിലാകുന്നു. നിത്യപൂജാദികളായതു് ഇവിടെ നടന്നുവരുന്നുണ്ടു്. ശ്രീ വീരമാർത്താണ്ഡവർമ്മ മഹാരാജാവു രാജ്യം പിടിച്ചടക്കിയതുനിമിത്തമുണ്ടായ പാപശാന്തിക്കായിട്ടാണു ഈ കർമ്മം ആരംഭിച്ചതു്. ആണ്ടിൽ രണ്ടു തവണ നടത്തുന്നുണ്ടു്. ധനു, മിഥുനം ഈ മാസങ്ങളിലാണു്. ആറു വത്സരത്തിലൊരിക്കൽ-പ്ര. ഭദ്രദീപാനന്തരം-മുഖപവും ലക്ഷദീപവും കഴിക്കുന്നു. ഭദ്രദീപംതുടങ്ങിയതു ൻ൨൫൫മാണ്ടാണു്. വടക്കേ നടയിലത്രേ ശ്രീരാമസ്വാമി ക്ഷേത്രം.

ഭദ്രനാമ-മരംകൊത്തിപ്പക്ഷി.

ഭദ്രൻ-കാള.

'തദ്രനക്കാണായിഭദ്രനക്കാണായി'

(കൃഷ്ണഗാഥ)

ഭദ്രപദങ്ങൾ-പൂരുരുട്ടാതി, ഉത്രട്ടാതി ഈ രണ്ടിന്റെയും പേർ. മംഗളമായ സ്ഥിതിയോടുകൂടിയവ എന്നർത്ഥം.

ഭദ്രപർണ്ണി-പ്ര. കമിഴ്. ഉ. പ്രസാരണി.

ഭദ്രപീഠം-സിംഹാസനം.

ഭദ്രപുഷ്പം-ചെമ്പരത്തി.

ഭദ്രബല-പ്ര. പ്രസാരണി. ഉ. കുറന്തോട്ടി, ന. മാധവി.

ഭദ്രബലനൻ, ഭദ്രാംഗൻ-ബലരാമൻ.

ഭദ്രമുസ്തകം-പെരുങ്കോരപ്പുല്ല്, നാഗമുത്തങ്ങ.

ഭദ്രയവം-കടുകപ്പുല്ലയരി.

ഭദ്രരേണു-ഇന്ദ്രന്റെ ആന.

ഭദ്രവിരാൾ-ഒരു വൃത്തത്തിന്റെ പേർ. (അഷ്ടസമവൃത്തത്തിൽപെട്ടതാണ്).

ഭദ്രശാഖൻ-കാഞ്ഞിരം.

ഭദ്രശ്രവാവു്-ഒരു വിഷ്ണുഭക്തൻ.

'ഭദ്രാശ്വവർഷത്തിങ്കൽ
ധർമ്മദേവന്റെപുത്രൻ
നിത്യവുംഭദ്രശ്രവാവാകിയ
വിഷ്ണുഭക്തൻ'

(ഭാഗവതം)

ഭദ്രശ്രീ-ചന്ദനം.

ഭദ്രശ്രേണ്യൻ-ഒരു ഹൈഹയരാജാവു്.

ഹരിണികാരണം ഇദ്ദേഹവും കാശിരാജാവായ ദിവോദാസനും തമ്മിൽ യുദ്ധം ചെയ്തിട്ടുണ്ടു്. -ബ്രഹ്മാണ്ഡപുരാണം നോക്കുക.

ഭദ്രസോമാ-ഗംഗാ.

ഭദ്രാ-പ്ര. കൃഷ്ണന്റെ സഹോദരിയായ സുഭദ്രാ. ഉ. ഉടമ്പിന്റെ ഭേദം.

ഭദ്രാകരണം-ക്ഷേത്രം.

ഭദ്രാക്ഷം-രുദ്രാക്ഷത്തിന്റെ ആകൃതിയിലുള്ളതും അതിൽ ചെറിയ മുഴുപ്പോടുകൂടിയതും ആയ ഒരു തരം കായ്.

ഭദ്രാംഗൻ-ബലരാമൻ.

ഭദ്രാചലം-ഒരു പുണ്യക്ഷേത്രം.

ശ്രീരാമഭഗവാൻ ഗോദാവരി കടന്നതു് ഇവിടെയാണു്. മദിരാശി സംസ്ഥാനത്തു ഗോദാവരി ഡിസ്ട്രിക്ടിലാണു് ഇതു്. രാജമഹേന്ദ്രത്തു നിന്നു 104 മയിലുണ്ടു്. ഇവിടെ രാമചന്ദ്രക്ഷേത്രത്തിൽ ശ്രീരാമപ്രതിഷ്ഠയാണു്. ശ്രീരാമനവമിമഹോത്സവം കെങ്കേമവുമാകുന്നു.

ഭോജ്യം-ഭക്ഷണം.

ഭൗമൻ-പ. ഭൂമിയുടെ മകൻ. പന്ത്രണ്ടു രാശികളിൽ ഒന്നിന്റെ പേര് (രാശിചക്രം എന്നു നോക്കുക). ൨. ഒരു ജ്യോതിഷി. ൩. ഒരു ജ്യോതിഷ്കരിര, ഭൂമിപുത്രൻ വസ്സിന്റെ പുത്രൻ.

ഭൗമസിംഹാസനം-പ. സിംഹാസനം. രാജസിംഹാസനം. ൨. യോഗാസനത്തിൽ ഒന്ന്.

രത്നങ്ങൾ പതിച്ചു വിശേഷമായി പണി ചെയ്യപ്പെട്ടതായ രാജാവിരിക്കുന്നതുമായ സിംഹാസനമാണ് ഭൗമസിംഹാസനം. (ഭദ്രമായ സിംഹാസനം).

ഭൗമാഹൻ-വിഷ്ണു.

ഭൗമികാ-ഒരു വൃത്തത്തിന്റെ പേര്.

ഭൗൻ-ശുകൻ.

ഭൗവൻ-രാശ്യാധിപൻ.

ഭ്രം-പ ധാതു. ശോഭിക്കുന്നു എന്നർത്ഥം. ൨. തേനീച്ച. ൩. തിരവ്. ൪. ഇരുപത്തഴ് എന്ന സംഖ്യ.

ഭ്രംഭ-പ. പുക. ൨. ഇരുട്ട്.

ഭ്രംഭത്തു്-പ. വിഷ്ണു ൨. ഭയത്തെ ചെയ്യുന്നവൻ.

ഭ്രമം-വി. ഭയത്തെ ഉണ്ടാക്കുന്ന.

ഭ്രയിത-വി. പേടിച്ചോടിയ.

ഭ്രയാനനൻ-പ. വിഷ്ണു. ൨. ഭയത്തെ നശിപ്പിക്കുന്നവൻ.

ഭ്രയിപ്പു-പേടിക്കുക.

ഭ്രയിപ്പുന്നു-പേടിക്കുന്നു. (സ. ക്രി-ഭയപ്പെടുത്തുന്നു).

ഭ്രയം-പ. പേടി. ൨. അപായം. ൩. സുഖമില്ലായ്മ, ഭീതം

ഭ്രയാനകം-ഭയങ്കരം.

ഭ്രയാനകൻ-പ. രാഹു ൨. കടുവാ.

ഭ്രയാനകം-പ. ഭയം. ൨. ഭയപ്പെടുവാനുള്ള ഭാവം, പേടിക്കുക. ൩. നവരസങ്ങളിൽ ഒന്ന്. ഭയപ്പെടുത്തുന്നത് എന്നർത്ഥം.

ഇതിൽ ഭയം സ്ഥായിയായി നിൽക്കും. ഇതിന്റെ അധിദേവത കാലനാണ്. നിറം കറുപ്പ്. ഭയങ്കരങ്ങളായ ചേഷ്ടകളുണ്ട് ഇതിനെല്ലാം.

ർ. കടുവാ.

ഭയാവഹം-ഭയത്തെ ഇല്ലാതെയാക്കുന്നത്

ഭയാർത്ത-വി. ഭയംകൊണ്ടു സങ്കടപ്പെട്ട.

ഭയാവഹം-ഭയം ഉണ്ടാക്കുന്നത്.

ഭരടൻ-കശവൻ.

ഭരണം-പ. ഭരിക്കുക. ൨. ശമ്പളം, കൂലി. ൩. പുരക്കുക.

ഭരണി-പ. രണ്ടാമത്തെ നക്ഷത്രം ൨. (മ) കരിവക വലിയ ഉറപ്പുള്ള മൺപാത്രം. ൩. കാട്ടുപിച്ചിൽ.

ഭരണ്ഡൻ-പ. യമധർമനൻ, നാഥൻ. ൨. ഭരിക്കുന്നവൻ, രാജാവ്. ൩. കാള.

ഭരണ്യ-വി. ഭരിക്കപ്പെടുവാൻതക്ക.

ഭരണ്യഭൃൽ-കൂലിവേലക്കാരൻ, ശമ്പളം വാങ്ങി വേലചെയ്യുന്നവൻ. ഭരണ്യത്തെ (ശമ്പളത്തെ) ഭരിക്കുന്നവൻ എന്നർത്ഥം.

ഭരണ്യം-കൂലി, ശമ്പളം. ഭരണത്തിൽ സാധു എന്നർത്ഥം.

ഭരതൻ-പ. ശ്രീരാമന്റെ അനുജൻ. ൨. ദുഷ്മന്തന്റെ പുത്രൻ.

ചന്ദ്രവംശരാജകുലത്തിൽ തലമുറയനായ ദുഷ്മന്തമഹാരാജാവിനു ശകുന്തളയിൽ ജനിച്ച പുത്രൻ. ബാലനായിരുന്ന കാലത്തു സിംഹം, കടുവാ, പുലി മുതലായ ദുഷ്ടമൃഗങ്ങളെ കളിപ്പിച്ചുവെയക്കിയും ഹേമം മനുഷ്യരാൽ അസാദ്ധ്യങ്ങളായ പല കൃത്യങ്ങളും ചെയ്തിരുന്നു. അമനുഷ്യകൃത്യങ്ങളായ അദ്ദേഹത്തിന്റെ കൃത്യങ്ങളെക്കണ്ടു സർവ്വദമനൻ എന്നും അദ്ദേ

ഹത്തെ വിളിച്ചുവന്നു. അദ്ദേഹം ഇൻഡ്യാരാജ്യം മുഴുവനും ജയിച്ചടക്കി ഏകച്ഛത്രാധിപതിയായി രാജ്യം വാണു. അനേകം രാജസൂയയാഗങ്ങളും അശ്വമേധയാഗങ്ങളും നടത്തിച്ചു ബ്രാഹ്മണർക്കു ധാരാളം ദ്രവ്യം ദാനംചെയ്തു പ്രസിദ്ധനായ ഈ ചക്രവർത്തിയുടെ പേരിനെ ഇന്നും ജനങ്ങൾ കൊണ്ടാടുന്നു. ഇൻഡ്യാരാജ്യത്തെ ഇന്നും ഭാരതഖണ്ഡം എന്നു തന്നെയല്ലേ പറഞ്ഞുവരുന്നതു് അദ്ദേഹത്തിന്റെ വംശത്തിൽ ജനിച്ചവർ ഭരതന്മാർ. കൈകേയിയിൽ ദശരഥനു ജനിച്ച ഒരു ഭരതൻ ഉണ്ടായിരുന്നതുകൂടാതെ ദുഷ്ടന്റെ പുത്രനായി ഒരു ഭരതനും പണ്ടു ജീവിച്ചിരുന്നു. അദ്ദേഹവും ഒരു ദിവ്യനായിരുന്നു.

പ. നാട്യക്കാരൻ, നടൻ. ര. ഒരു തപസ്വി, ദുഷ്ടന്റെ പുത്രൻ.

ദുഷ്ടൻ മേരുദേവിയിൽ ജനിച്ച മഹാനാണു്. ദുഷ്ടൻ ശ്രീനാരായണാവതാരമാകുന്നു. (ഭാഗവതം പഞ്ചമസ്കന്ധം നോക്കുക)

ഭരതവാക്യം—എല്ലാ നാടകത്തിന്റേയും കടവിലത്തെ ആശീർവ്വാദവാക്കുകളായ ശ്ലോകം. നാടകത്തെ ആദ്യമായി കണ്ടുപിടിച്ച ഭരതന്റെ യശസ്സിനെ ഉദ്ദേശിച്ചു ബഹുമാനപൂർവ്വം ചെയ്യുന്നതാണതു്.

ഭരതശാസ്ത്രം—നാട്യശാസ്ത്രം.

ഭരദ്വാജൻ—പ. രാജാവു്. ര. അഗ്നി.

ഭരദ്വാജ(ക)ം — ഒരു പക്ഷി, ചെമ്പോത്തു്.

ഭരദ്വാജൻ—ഒരു മഹർഷി, ബൃഹസ്പതിയുടെ പുത്രൻ, പാണ്ഡവരുടെ ഗുരുവായ ദ്രോണരുടെ പിതാവു്.

ഉതഥ്യന്റെ പത്നി തന്റെ ഭർത്താവിനാലും ബൃഹസ്പതിയാലും ഗർഭിണിയായിരുന്നു. ഭർത്താവു് ഉല്പാദിപ്പിച്ച ദീർഘതമസ്സു് അവധി കൂടാതെ ബൃഹസ്പതിയുടെ മകനെ ചവുട്ടി ഗർഭപാത്രത്തിനു പുറത്താക്കി. അനന്തരം കുട്ടിയുടെ മാതാവോടു ബൃഹസ്പതി 'ഭരദ്വാജം' എന്നു പറഞ്ഞു. ഇതുകൊണ്ടാണു് ഭരദ്വാജൻ എന്ന പേരുണ്ടായതു്.

ഭരദ്വാജം—ചെമ്പോത്തു് എന്ന പക്ഷി. ഭരദ്വാജമുനിയാൽ സൃഷ്ടിക്കപ്പെട്ടതു് എന്നർത്ഥം.

ഭര—വി. ഭരിക്കുന്ന, രക്ഷിക്കുന്ന, താങ്ങുന്ന.

ഭരം—അ. വളരെ.

ഭരം—പ. ഏതുലോകം, ഒരു പാരം, രണ്ടായിരം പലംകൂടിയതു്, ഭാരം. ഒരു പുരുഷനാൽ ഭരിക്കുവാൻ (ചുമക്കുവാൻ) കഴിയുന്നതു് എന്നർത്ഥം. ര. ചുമതല. സ. അതിശയം.

ഭരിക്കുന്ന— പ. രക്ഷിക്കുന്ന. ര. ചുമക്കുന്ന.

ഭരിത—വി. പ. രക്ഷിക്കപ്പെട്ട. ര. നിറഞ്ഞ. സ. പച്ചനിറമായ.

ഭരിപ്പു്—പ. ഉഴുതുപൂരയിലേ അധികാരം. ര. ഭരിക്കുക.

ഭരിപ്പുകാരൻ—പരിപ്പുകാരൻ.

ഭരു—പ. ശിവൻ. ര. വിഷ്ണു. സ. സ്വർണ്ണം. ഭ. ഭർത്താവു്. ഇ. യജമാനൻ. ഞ. കടൽ.

ഭരുജൻ—കറുക്കൻ.

ഭർഗ്ഗം—പ. ഉപായം, വഞ്ചന. ര. (സം) ശോഭ. സ. വറക്കുക.

ഭർഗ്ഗിക്കുന്ന—വഞ്ചിക്കുന്ന.

ഭർഗ്ഗൻ—പ ശിവൻ, കാമൻ. കാലൻ മുതലായവരെ ഹിംസിച്ചവൻ എന്നർത്ഥം. ര. ബ്രഹ്മാവു്. സ. (മ) ഉപായി. ഭ. ശോഭയുള്ളവൻ.

ഭജ്ജനം-പ്ര. വറക്കുക. ക. വറക്കുന്ന (പൊരിക്കുന്ന) പാത്രം.

ഭത്തവ്യ-പ്ര. രക്ഷിക്കത്തക്ക. ക. വഹിക്കാവുന്ന, വഹിക്കേണ്ടുന്ന, ഭരിക്കപ്പെടത്തക്ക.

ഭത്തവ്യാ-ഭാര്യ.

ഭത്താവ്-പ്ര. സ്ത്രീയെ വിവാഹംചെയ്തവൻ. ഭരിക്കുന്നവൻ എന്നർത്ഥം. മറവപദ്ധ്യായങ്ങൾ-ധവൻ, പ്രിയൻ, പതി. ക. യജമാനൻ. ന. രക്ഷിക്കുന്നവൻ. ര. മരണകർത്താവ്.

ഭർത്തൃ-വി. ഭരിക്കുന്ന. പ്ര. രക്ഷിക്കുന്ന. ക. ചുമക്കുന്ന. (ഗ്ര. ൃ ന-ഭർത്തൃത, ഭർത്തൃത്വം).

ഭർത്തൃത്വം-ഭർത്താവ് (പതി) എന്ന അവസ്ഥ.

ഭർത്തൃദാരകൻ-നാടകത്തിലും മറ്റും രാജകുമാരനെ സംബോധനചെയ്യുന്നതിനു ഉപയോഗിക്കുന്ന വാക്ക്. രാജാവിന്റെ പുത്രൻ എന്നർത്ഥം. (മേൽപ്രകാരം രാജകുമാരിയുടെ വിഷയത്തിൽ ഉപയോഗിക്കുന്ന വാക്ക്—ഭർത്തൃദാരിക).

ഭർത്തൃദാരിക-രാജപുത്രി.

ഭർത്തൃദുഃഖം-ഭർത്താവു മരിച്ചിട്ടുള്ള ദുഃഖം.

ഭർത്തൃഹരി- വിക്രമാദിത്യരാജാവിന്റെ അനുജനും യോഗാഭ്യാസിയുമായിരുന്ന ഒരു കവി.

പ്രധാനകവിതകൾ- പ്ര. ഭർത്തൃഹരി (ശൃംഗാരശതകം, നീതിശതകം, വൈരാഗ്യശതകം ഈ മൂന്നും ക്കൂടിയതു്). ക. വാക്യപദീയം (വ്യാകരണം). ഭർത്തൃഹരി ക്രിസ്താബ്ദം ൭-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്നതായി ക്ഷേമേന്ദ്രൻ. ഭട്ടികാവ്യം ഇദ്ദേഹത്തിന്റെ കൃതിയാണെന്നു അഭിപ്രായക്കാരുണ്ട്.

ഭർത്തൃഹീന-ഭർത്താവില്ലാത്തവൾ.

ഭത്സനം-പ്ര. ശിക്ഷണിവാക്ക്. ക. നിന്ദാവാക്ക്, ശകാരം, അപകാരാർത്ഥകമായ വാക്ക്. ഉ-ം, 'നീ ചതിയനാണ്, നിന്നെ ഞാൻ വെളിയിലിറക്കും'.

ഭത്സിക്കുന്നു-പ്ര. നിന്ദിക്കുന്നു. ക. ശാസിക്കുന്നു. ന. ഭയപ്പെടുത്തുന്നു.

ഭത്സിത-വി. നിന്ദിക്കപ്പെട്ട.

ഭമ്മം-പ്ര. ശമ്പളം. ക. പൊൻ, ഭരിക്കുന്നതെന്നർത്ഥം. ന. പൊക്കിൾ. ര. ഒരു നാണയം.

ഭല്ലൻ-ശിവൻ.

ഭല്ലം-പ്ര. കരടി, കരടിക്കരങ്ങ്, ആമകരടി. ക. ഒരുമാതിരി അമ്പു്, മഴുവു്.

'ഭല്ലങ്ങംഷ്ഠഴംപ്രയോഗിച്ചു'

(വാത്മീകിരാമായണം)

ഭല്ലഹാ-നായ്.

ഭല്ലാതകം-പ്ര. ചേർമരവു്. ക. ചേർവൃക്ഷം.

ഭല്ലാതകി-ചേർമരം. അമ്പിനെപ്പോലെ ശീഘ്രകാരി എന്നർത്ഥം.

ഭല്ലുകം-പ്ര. കരടി, ക. പലകപ്പുണ്ണാക്കി.

ഭല്ലൂകം-പ്ര. കരടി. ഹിംസിക്കുന്നതു് എന്നർത്ഥം. ക. വലിയ പലകപ്പുണ്ണാക്കി. ന. നായ്.

ഭവതരണം-ഒരു വൃത്തത്തിന്റെ പേർ.

ഭവതി-സ്ത്രീകളെ നീയെന്നു പറയുന്നതിനു പകരം മാന്യിച്ചു പറയുന്ന ഒരു വാക്ക്. (ഭൂ=ഭവാൻ)

ഭവദീയ-വി. നിന്നെ സംബന്ധിച്ച.

ഭവനം-പ്ര. വീടു്. ജനിക്കുന്നിടം എന്നർത്ഥം. ക. പാർക്കുന്ന സ്ഥലം. ന. ജനനം. ര. കെട്ടിടം. ഭ. വയൽ. യ. സ്വഭാവം, പ്രകൃതി.

ഭവനീയം-വി. വരുവാനുള്ള.

ഭവൻ-ശിവൻ. സകലത്തിന്റേയും ഉത്ഭവസ്ഥാനമായവൻ എന്നർത്ഥം. എല്ലാം പ്രാപിക്കുന്നവൻ, ജീവാത്മസ്വരൂപേണ സംസാരത്തെ അനുഭവിക്കുന്നവൻ, മംഗളസ്വരൂപി ഇങ്ങിനെയുമർത്ഥം.

'ഭവഃക്ഷേമേശസംസാരേ
സത്തായാംപ്രാപ്തിജന്മനോഃ'
(മേദിനി)

ഭവൽ-വി. പദങ്ങളുടെ മുമ്പിൽ ചേരുമ്പോൾ 'അങ്ങ' സംബന്ധിച്ച' എന്നർത്ഥം വരുത്തുന്നു. ഉ-ം, ഭവച്ചനം = അങ്ങേ സംബന്ധിച്ച വാക്ക്.

ഭവൽ-വി. (വൻ, വന്തീ, വൽ). വി. ന.- ഉള്ള.

ഭവന്തി-വിക്ഷേപത്തെച്ച അവ്യ.

ഭവഭൂതി-ഒരു പ്രസിദ്ധനായ ഗ്രന്ഥകർത്താവ്.

ഏഴാം നൂറ്റാണ്ടിന്റെ ഒടുവിൽ കന്യാകുബ്ജരാജ്യം വാണിരുന്ന യശോവർമ്മരാജാവിന്റെ സമസ്യനായ ഭവഭൂതി. ഉത്തരരാമചരിതം, മാലതീമാധവം, മഹാവീരചരിതം ഈ മൂന്നു നാടകങ്ങളും ഇദ്ദേഹത്തിന്റെ കൃതികളാകുന്നു.

ഭവം-പ്ര. സംസാരം, ജനനവും മരണവും. ഫ. ഉൽപാദനം, ജനനം. ന. നോട്ടം. ഭ. ലോകം. ഇ ശ്രേഷ്ഠത. ന. ക്ഷേമം. ഒ. ഉല്പത്തികാരണം. വ്യ. അവസ്ഥ. ൻ. ഉള്ളത്. ഫാ. ഫലം. ഫാ, പതിനൊന്നാം രാശി. ഫാ. ത്രൈലോക്യം. ഫന. ഐശ്വര്യം. ഫർ. ദേവം.

ഭവസാരം-ഒരു പുരത്തിന്റെ പേർ.

ഭവാനി-പാർവ്വതി. ഭവന്റെ (ശിവന്റെ) പത്നി എന്നർത്ഥം.

ഭവാനീഗുരു-ഹിമാലയ പർവ്വതം.

ഭവാനീപതി-ശിവൻ.

ഭവാൻ-നീ എന്നതിനു പകരം ബഹുമാനപൂർവ്വം പറയുന്ന ഒരു വാക്ക്, അങ്ങ് എന്നർത്ഥം (സ്ത്രീ-ഭവതി)

ഭവാബ്ധി-സംസാരസമുദ്രം.

ഭവായനി, ഭവായൻ-ഗംഗാനദി.

ഭവിക-വി. ഭൂമിയുള്ള, ഭാഗ്യമുള്ള.

ഭവികം-നന്മ, ശ്രേയസ്സ്, മംഗളം, ക്ഷേമം, ഭദ്ര. പ്രാപ്തിയോടുകൂടിയത് എന്നർത്ഥം.

ഭവിക്കുന്നു-ഉണ്ടാകുന്നു.

ഭവിത-വി. ഉണ്ടായ.

ഭവിതവ്യ-വി. ഉണ്ടാകുവാനുള്ള.

ഭവിതവ്യത-ഉണ്ടാകുവാനുള്ളതിന്റെ അവസ്ഥ, ഭവിക്കേണ്ടത് എന്നുള്ള അവസ്ഥ, ദൈവശക്തി.

ഭവിതാവ്-ഭവിക്ക ശീലമായിട്ടുള്ളവൻ എന്നർത്ഥം.

ഭവിതൃ-വി. ഭവിക്കുന്ന.

ഭവിഷ്ണു-ഒരു പുരത്തിന്റെ പേർ.

ഭവിനൻ-കവി.

ഭവില-വി. ഉള്ള.

ഭവിഷ്ണൻ-പ്ര. ജനാർദ്ദനൻ. ഫ. വിഷ്ണുഭഗവാൻ.

ഭവിഷ്ണു-വി. ഭവിക്കുന്ന, ഉണ്ടാകുന്ന.

ഭവിഷ്ണു-ഭവിക്കുശീലമായിട്ടുള്ളവൻ.

ഭവിഷ്യ-വി. ഭവിപ്പാനിരിക്കുന്ന, മേൽക്കാലത്തിൽ ഉണ്ടാകുവാനുള്ള.

ഭവിഷ്യത്തു്-പ്ര പുരാണങ്ങളിൽ ഒന്ന്.

അഷ്ടാദശകല്പത്തിൽ ആദിത്യമാഹാത്മ്യമധികരിച്ചു ലോകസ്ഥിതിയും സൃഷ്ടിക്കപ്പെട്ട സ്വഭാവവും മനുവിനോടു പറഞ്ഞത്. ബ്രഹ്മാവിനെ പുരുഷനും. വിഷ്ണുവിന്റെ അവയവം വലതുമുട്ട്. രാജസപുരാണപ്രധാനം. ഗ്രന്ഥം 14,500.

ഭവിഷ്യൽ-വി. മേലാൽ ഭവിപ്പാനുള്ള.

ഭവിഷ്യപുരാണം-ഒരു ശൈവപുരാണം

ചില കർമ്മങ്ങളും ആചാരങ്ങളും മന്ത്രം വിവരിക്കുന്നുണ്ട്. പഞ്ചലക്ഷണങ്ങളും തികഞ്ഞിട്ടില്ല.

ഭവിഷ്യാവസ്ഥ–മേലാലുണ്ടാകുന്ന അവസ്ഥ.

ഭവ്യ–വി. ക. ഭാഗ്യമുള്ള, ശ്രേഷ്ഠമായ. ഉ. നല്ല, ശരിയായ. ന. സത്യമുള്ള. ര. ഭവിഷ്യൻ തക്ക. ഇ. പുണ്യതയുള്ള. ന. ശ്രേഷ്ഠമായ.

ഭവ്യ–ക. പാവ്വതി. ഉ. തിപ്പലി. ന. അഗശി.

ഭവ്യം–ക ഒരുതരം വലിയ വൃക്ഷം.

ഈ വൃക്ഷം കൽക്കത്താ, ജഗന്നാഥം മുതലായ ദേശങ്ങളിൽ വളരെ ഉണ്ടാകുന്നു. ഇതിന്റെ കായ് പാലിനോട് ചേർത്തു ഭക്ഷിക്കുന്നു.

ഉ. അസ്ഥി. ന. സാമ്യം, ഫലം. ര. ശുഭം ഉണ്ടാക്കുവാൻ യോഗ്യം എന്നർത്ഥം. ഇ. ഒരുവരപ്പുമി.

ഭവ്യരാശി–ഭാഗ്യരാശി.

ഭഷക(ൻ)–നായ്. കള്ളനാണെന്നു മറവ് വരുമ്പോൾ വീട്ടുകാരനെ മനസ്സിലാക്കികൊടുക്കുന്നവൻ എന്നർത്ഥം.

ഭഷണം–നായ്.

ഭഷം–നായ്.

ഭസത്(ദ്)–മാംസം. ഉ. കൂരക്കോഴി.

ഭസനം–തേനീച്ച.

ഭസിതം–ചാരം, ഭസ്മം.

ഭസ്ത്ര–ഉലയിൽ ഊതുന്നതിനുള്ള തുകൽ, ഉല. ഇതുകൊണ്ടു തീ കത്തിക്കുന്നതിനാൽ ഈ പേർ വന്നു. മറ്റൊരർത്ഥം പട്ടായം–ചാമ്പ്രസേവക.

ഭസ്ത്രികൻ–ഉലയിൽ തോൽകൊണ്ടു ഊതുന്നവൻ.

ഭസ്മകം–ക. സപ്തർണ്ണം. ഉ. വിഴാൽ. ന. വെള്ളി. ര. ഒരുമാതിരി കണ്ണിക്കീനം.

ഭസ്മകാരൻ–അലക്കുകാരൻ.

ഭസ്മഗന്ധിഞ്ഞി–ഭസ്മം കലക്കിത്തെളിച്ചെടുത്ത വെള്ളത്തിൽ അരിയിട്ടു വെന്ത കഞ്ഞി, ഒരു മരുന്നുകഞ്ഞി.

ഭസ്മക്കുറി–ഭസ്മംകൊണ്ടു നെറ്റിയിലും മറ്റും വരയ്ക്കുംപോലെ തേയ്ക്കുക.

ഭസ്മഗന്ധാ, ഭസ്മഗന്ധിക, ഭസ്മഗന്ധിനി–അരേണുകം. (തക്കോലം എന്നുള്ള അഭിപ്രായവുമുണ്ട്).

ഭസ്മഗർഭം–തൊട്ടാവാടി.

ഭസ്മഗർഭാ–ക. അല്പം മഞ്ഞനിറമുള്ള ഇരുവുമരം. ഉ. അരേണുകം.

ഭസ്മഗർഭം–ഉള്ളിൽ ഭസ്മനിറമുള്ളത്. കാതൽ വെളുത്തതായിരിക്കുമെന്നു താൽപര്യം. ഇരുമുള്ളുമരം തന്നെ കപിലനിറത്തിലുള്ള പുഷ്പത്തോടുകൂടിയതാണെങ്കിൽ അതും ഭസ്മഗർഭം.

ഭസ്മപ്രിയൻ–ശിവൻ.

ഭസ്മഭൂത–വി. മരിച്ച.

ഭസ്മം–ക. ചാണകംചുട്ട ചാരം. ഉ. വെന്ത ചാരമായത്, ചാരം, ന. പിശാചസംഭോഗപീഡാപരിഹാരത്തിനായി ജപിച്ചു കൊടുക്കുന്നത്. ര. നാശം.

ഭസ്മലേപനം–ഭസ്മം തേയ്ക്കൽ.

ഭസ്മശായി–ശിവൻ.

ഭസ്മീകരണം–ഭസ്മമാക്കൽ.

ഭസ്മീകരിക്കുന്ന–ഭസ്മമാക്കുന്ന, ചാമ്പലാക്കുന്ന.

ഭസ്മീകൃത–വി. ഭസ്മമാക്കപ്പെട്ട, നശിപ്പിക്കപ്പെട്ട.

ഭള ഭള–ക. ഒരുമാതിരി ശബ്ദം. ഉ. ശോഭ.

ഭള ഭളായമാന–വി. മിന്നലും ശോഭയും ഉള്ള.

ഭള്ള്-ഗ. അഹങ്കാരം. പള്ള, വഴ, പാഴ് അല്ലെങ്കിൽ വളരെ, വള്ള ഇവയിൽ നിന്നുണ്ടായി. ക. ദുഷ്പ്രാഭവം. ന. അതിസ്തുതി, കുട്ടിപ്പുറകെ.

ഭാ

ഭാ-ഗ. ശോഭ. ക. സൌന്ദര്യം. ന. ഛായ, നിഴൽ.

ഭാകൽ-വി. അനുഭവിക്കുന്ന, പങ്കുകൂടുന്ന.

ഭാക്തൻ-വി. ഗ. ചോറുവേലക്കാരൻ, പിന്നാലെ നടക്കുന്നവൻ, ആശ്രിതൻ.

ഭാക്തം-തീൻവസ്തു.

ഭാക്തിക-ക്ഷേത്രത്തിനായിട്ടു സേവിക്കുന്ന ഭൃത്യൻ, ആശ്രിതൻ, ഭാക്തൻ.

ഭാക്ഷി-വി. ഭോജനപ്രിയമുള്ള.

ഭാഗകൻ-പങ്കിടുന്നവൻ.

ഭാഗധേയൻ-അവകാശി.

ഭാഗധേയം-ഗ. ഭാഗ്യം. ക. കരം.

ഭാഗനം-കാലക്രമം.

ഭാഗഭാക്ക്-പങ്കുകൊള്ളുന്നവൻ.

ഭാഗം-ഗ. പങ്ക്, ഓഹരി. ഒന്നിനെ ആശ്രയിച്ചു നില്ക്കുന്നതു് എന്നർത്ഥം.

ഭാഗം എന്നാൽ ഒന്നിലധികമായി ഭാഗിച്ചതിൽ ഏതെങ്കിലും ഒരു ഭാഗത്തിന്റെ പേർ. ഈ ഭാഗങ്ങൾ സമഭാഗങ്ങളായിരിക്കണമെന്നില്ല.

ക. വശം, പുറം. ന. ഒരു കണക്ക്. ർ. സ്ഥലം. ൽ. ഒരളവ്. ന. ഭാഗ്യം.

ഭാഗവത-വി. ഗ. പരിശുദ്ധമായ. ക. വിഷ്ണുവിനെസംബന്ധിച്ച.

ഭാഗവതം-പുരാണങ്ങളും പതിനെട്ടുള്ളതിൽ ഒന്ന്.

പുരാണങ്ങളിൽ പ്രധാനമായുള്ളതാണ്. ഇതിലെ പത്താംസ്കന്ധത്തിലെ ഭാഗവതകഥ അതി മുഖ്യമായി കരുതിപ്പോരുന്നു. മേരുഗിരിരാജാവായ ഹേമാദ്രിയുടെ സഭയിലുണ്ടായിരുന്നവരെയാകെ രണനായ വേംപമേവന്റെ കൃതിയാണ്.

ഗായത്രി വിഷയകമായി ധർമ്മം പ്രതിപാദിക്കുന്നതും, പുത്രാസുരവധം അടങ്ങിയതും സാരസ്വത കല്പത്തിലെ രാജാക്കന്മാരുടെ ചരിത്രം ചേർന്നതുമാണ്.

വിഷ്ണുവിനെ പുകഴ്ത്തുന്നു. അവയവം വിഷ്ണുവിന്റെ തുട. സാത്വികപ്രധാനം. ഗ്രന്ഥം 18,000.

ഭാഗവതർ-ഗ. സംഗീതകലയിൽ സമർത്ഥൻ. ക. എല്ലാസ്സിലും ഈശ്വരഭജനം ചെയ്യുന്നവൻ.

ഭാഗവതി-ശിവൽ സംബന്ധിനി.

ഭാഗി-പങ്കുള്ളവൻ.

ഭാഗിക്കുന്നു-പങ്കിടുന്നു.

ഭാഗിനീ-പങ്കുള്ളവൾ.

ഭാഗിനേയൻ-പെങ്ങളുടെ മകൻ, മരുമകൻ.

ഭാഗീരഥി-ഗ. ഒരാൾ, ഗംഗാ. ഭഗീരഥമഹാരാജാവിനെ സംബന്ധിച്ചവും എന്നർത്ഥം. ഗംഗാ എന്ന ശബ്ദം നോക്കുക. ക. ഗംഗയുടെ ഒരു പിരിവു്.

ഭാഗീനം, ഭാഗ്യം-ചെറുകയു മനല്ലു് വിളയുവാൻ യോഗ്യമായ ക്ഷേത്രം. (ഭാഗം എന്നതിന്റെ ചുണ എന്നും അർത്ഥം കാണുന്നു).

ഭാഗ്യ-വി. ഗ. ഭാഗം ചെയ്യപ്പെടുവാനുള്ള. ക. നന്മയുള്ള.

ഭാഗ്യക്കുറി-ഭാഗ്യം പരീക്ഷിക്കുന്നതിനു് ചീട്ടു് ഇടുന്ന ക്രമം.

ഭാഗ്യപരീക്ഷ-ഭാഗ്യം ഉണ്ടോ ഇല്ലയോ എന്നു ശോധനചെയ്തു നോക്കുക.

ഭാഗ്യം–ദൈവത്തിങ്കൽനിന്നു ലഭിക്കുന്ന നന്മ, പൂർവ്വജന്മകൃതമായ പുണ്യം. സേവിക്കപ്പെട്ടുന്നത് എന്നർത്ഥം

ഇഹമായും അമുത്രമായുമുള്ള കർമ്മത്തിന്റെ (ജന്മാന്തരകൃതമായ പുണ്യപാപങ്ങളുടെ) പേർ എന്നും കാണുന്നുണ്ട്.

ഭാഗ്യവൽ–വി. ഭാഗ്യമുള്ള.

ഭാഗ്യവശാൽ–ഭാഗ്യംനിമിത്തം.

ഭാഗ്യവാൻ–ധന്യൻ.

ഭാഗ്യശാലി–വി. ഭാഗ്യമുള്ള. (സ്ത്രീ–ഭാഗ്യശാലിനീ).

ഭാഗ്യഹീന–വി. ഭാഗ്യമില്ലാത്ത.

ഭാഗ്യഹീനത–ഭാഗ്യമില്ലായ്ക.

ഭാഗ്യായത്തം–ഭാഗ്യംകൊണ്ടു സിദ്ധിച്ചുള്ളത്.

ഭാജകം–ഹാരകം.

ഭാജനം–പാത്രം. ആധേയവസ്തുവിനാൽ സേവിക്കപ്പെട്ടുന്നത് എന്നർത്ഥം.

ഭാജിത–വി. ഭാഗിക്കപ്പെട്ട, പങ്കിടപ്പെട്ട.

ഭാജ്യം–ഹരിക്കപ്പെടുന്ന തുക.

ഭാട(ക)ം–ക്ര. കൂലി. ഉ. വില. ന. വാടക.

ഭാടി–ക്ര. വാടക. ഉ. കൂലികൊടുത്ത സമ്പാദ്യം.

ഭാണം–വിടന്റെ ഒരു ദിവസത്തെ കഥ, ദശരൂപകങ്ങളിൽ ഒന്ന്. (ദശരൂപകം എന്ന ശബ്ദം നോക്കുക).

ഭാണകൻ–പരസ്പരം ചെയ്യുന്നവൻ.

ഭാണ്ഡക്കെട്ട്–മാറാപ്പ്.

ഭാണ്ഡപതി–കച്ചവടക്കാരൻ.

ഭാണ്ഡപൂടൻ–ക്ഷുരക്കാരൻ.

ഭാണ്ഡം–ക്ര. പാത്രം. സ്വത്തെന്നർത്ഥം. ഉ. മൂലധനം. ന. വാളും. ഭ. കുതിരക്കോപ്പ്. ങ. വൃക്ഷം. ന. (മ) മാറാപ്പ്. ഫ. കപ്പൽ. വ. വ്യാപാര സാമഗ്രികളും. ൻ. ആഭരണം.

ഭാണ്ഡാഗാരം–ഭാണ്ഡങ്ങളും സൂക്ഷിക്കുന്ന പുര.

ഭാണ്ഡാഗാരികൻ–ശ്രാപ്പ്, മുതൽപിടിക്കാരൻ.

ഭാണ്ഡിക(ലി)ൻ–ക്ഷുരക്കാരൻ.

ഭാണ്ഡികം–പണിക്കോപ്പ്.

ഭാണ്ഡീ, ഭാണ്ഡീരി–മഞ്ചട്ടി. തിരുപ്പറമ്പുവയിൽ പറയപ്പെട്ടുന്നത്. (പാഠങ്ങൾ–ഭണ്ഡീരി, ഭണ്ഡീരിക).

ഭാതൃ–ആദിത്യൻ.

ഭാത്രം, ഭാത്രപദം–പ്രേഷ്ഠപദ (കന്നി) മാസം.

ഭാത്രമാതുരൻ–പാതിവ്രത്യവും സുകൃതവുമുള്ള ഭർത്തൃയുടെ പുരുൻ.

ഭാദ്രമാസം–കന്നിയും തുലാവും.

ഭാനം – ക്ര. പ്രകാശം. ഉ. കീർത്തി (തേറ്റം).

ഭാനു–ക്ര. ആദിത്യൻ. ശോഭാധീശൻ എന്നർത്ഥം. (ഭാനു എന്നുമാവാം.) ഉ. പ്രകാശം. ന. രശ്മി. ശോഭിക്കുന്നത് എന്നർത്ഥം. ഭ. സൌന്ദര്യമുള്ള സ്ത്രീ. ങ. ദിവസം. ന. എരിക്ക്. ഫ. രണ്ടാവ്. വ. ശിവൻ.

ഭാനുജൻ–ക്ര. സുഗ്രീവൻ. ഉ. ശനി. ന. കാലൻ.

ഭാനുഫല–വാഴ.

ഭാനുമണ്ഡലം–ആദിത്യന്റെ മണ്ഡലം, ആദിത്യബിംബം.

ഭാനുമൽ–വി. ക്ര. പ്രകാശമുള്ള. ഉ. സൌന്ദര്യമുള്ള.

ഭാനുമതി–ക്ര. ദുര്യോധനന്റെ ഭാര്യ. ഉ. ഋഷഭപതിയുടെ ഭാര്യ.

ഭാനുമാൻ–ക്ര. ആദിത്യൻ. ഉ. എരിക്ക്.

ഭാനുവാരം–ഞായറാഴ്ച.

ഭാമതി-ബ്രഹ്മസൂത്രങ്ങൾക്ക് വാചസ്പതിമിശ്രന്റെ ഒരു വ്യാഖ്യാനം.

ഭാമൻ-പ്ര. ആദിത്യൻ. ഉ. സഹോദരിയുടെ ഭർത്താവ്.

ഭാമാ-പ്ര. കോപം. ക്രി. ശോഭ. നു. എരിക്ക്.

ഭാമാ-പ്ര. കൃഷ്ണന്റെ ഭാര്യമാരിൽ ഒരുത്തി; സത്യഭാമ. ഉ. കോപമുള്ളവൾ, ഭാമിനി.

ഭാമി-വി. ഭാമയുള്ള, കോപമുള്ള. (സ്ത്രീ-ഭാമിനി).

ഭാമിനി-സ്ത്രീവിശേഷം. സുന്ദരിയായ ഒരു യുവതി. തീവ്രയായും കോപിക്കുന്നവൾ എന്നർത്ഥം.

ഭാമിനീവിലാസം-ഒരു കാവ്യം. (ഗ്രന്ഥകർത്താവ്-ജഗന്നാഥപണ്ഡിതർ).

ഭായി-(ബായി എന്നതു നോക്കുക).

ഭാരക്കട്ടി-പ്ര. ഇരുപതു തുലാം തൂക്കുന്ന കട്ടി. ഉ. ഏറ്റവും കനം.

ഭാരക്കല്ല്-തുലായന്ത്രത്തിന്റെ പിഞ്ഞാണിക്കല്ല്.

ഭാരംഗീ-രക്ഷാകർത്രി.

ഭാരതക്രൂപം-ഒരു തീർത്ഥം. (ചിത്രകൂടത്തിലാണ്).

ഭാരതഖണ്ഡം-ഭൂമിയുടെ നവഖണ്ഡങ്ങളിൽ ഒന്ന്, ഹിമവാനു തെക്ക് സേതുവിനു വടക്കുള്ള ഭൂമി.

ഭാരതൻ-പ്ര. അട്ടക്കാരൻ. ഉ. ഭരതന്റെ സന്തതി. നു. അജ്ഞാനൻ. ശ. അഗ്നി. ങ. ഭാരതവർഷത്തിൽ പാർക്കുന്നവൻ.

ഭാരതം-പ്ര. ഇതിഹാസങ്ങളിൽ ഒന്ന്.

'ഭരതമഹീപതിതന്നുടെഗുണങ്ങളുൾ
പറഞ്ഞീടുന്നുലോകർഭാരതമെന്നുതന്നെ'

'ഭാരതഃ പഞ്ചമോ വേദഃ' എന്നതനുസരിച്ച് ഭാരതം അഞ്ചാമത്തെ വേദമാകുന്നു. ഭാരതം എന്ന പദം ഭ, ര, ത എന്ന മൂന്നു വർണ്ണങ്ങൾ ചേർന്നുണ്ടായിട്ടുള്ളതാണ്. ഓരോ വർണ്ണത്തിനും ഓരോ അർത്ഥമുണ്ട്. ഭ=എല്ലാ വേദങ്ങളിലും (ഭാതി) ശോഭിക്കുന്നത്. ര=എല്ലാ ജീവികളിലും (രതി) താൽപര്യം ഉള്ളത്. ത= എല്ലാ തീർത്ഥങ്ങളേയും തരിക്കുന്നത്.

'ഭാതിസർവ്വേഷു വേദേഷു
രതിസ്സർവ്വേഷു ജന്തുഷു
തരണം സർവ്വതീർത്ഥാനാം
തേന ഭാരതമുച്യതേ'

ഭാരതം വൈശമ്പായനൻ ജനമേജയനെ കേൾപ്പിച്ചതാണ്.

ഉ. നാടകശാസ്ത്രം.

ഭാരതവർഷം-ഭാരതഖണ്ഡം, ഇൻഡ്യാമഹാരാജ്യം.

പണ്ടു ഭരതൻ ഭരിച്ചതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

നാം അധിവസിച്ചുവരുന്ന രാജ്യം ഭാരതവർഷമാകുന്നു. ജംബൂദ്വീപത്തിന്റെ ഒമ്പതിൽ ഒരുഭാഗമാകുന്നു ഈ വർഷം. 'മഹർഷിവ്യാസരചിതേ ജംബൂദ്വീപേ ച ഭാരതം' എന്നു രഭസൻ.

സ്വായംഭുവമനുവിന്റെ പുത്രനായ പ്രിയവ്രതന്റെ പൌത്രൻ (ഋഷഭപുത്രൻ) ഭരതൻ ഭരിച്ചതുകൊണ്ടാണ് ഇൻഡ്യയ്ക്കു ഭാരതം എന്ന പേരുണ്ടായത്. ജംബൂദ്വീപത്തെ ഒമ്പതു വർഷ (രാജ്യ)ങ്ങളായി ഭാഗിച്ചിരിക്കുന്നു. (വർഷം എന്ന പദം നോക്കുക.)

ഭാരതി-പ്ര. വാക്ക്. ഉ. വാക്കിന്റെ അധിഷ്ഠാനദേവതയായ സരസ്വതി. നു. ഒരു വൃത്തം. 'ഭാരതിതൻഗ്രഹചേര

കിലാഷിയിൽ'. (പാദത്തിൽ മൂന്നക്ഷരം വീതം). ൪. ബ്രഹ്മീ. ൫. സരസ്വതീനദി.

ഭാരത്തുലാം-പുരയുടെ കട്ടിയുള്ള തുലാം.

ഭാരദ്വാജൻ-പ. ഭരദ്വാജന്റെ പുത്രൻ, ദ്രോണർ. ൨. അശ്വത്ഥാമൻ. ൩. ഒരു വൈയാകരണൻ.

ഭാരദ്വാജം-ചമ്പോത്ത്.

ഭാരദ്വാജി-പ. കാട്ടുപന്നിത്തി. ഇതിനെ സൃഷ്ടിച്ചതു ഭരദ്വാജമുനിയാകയാൽ ഈ പേർ വന്നു. ൨. ഉശനകം.

ഭാരം-പ. കനം. ൨. ചുമട്ട്. ൩. ഇരുപതു തുലാം-2000 പലം-ഒരു പാരം. ഒരു പുരുഷനാൽ ഒരിക്കുവാൻ കഴിയുന്നതു് എന്നർത്ഥം. (മ) പ. ഉള്ളിലുള്ള വ്യസനം. ൨. കായ്ത്തിന്റെ ചുമതല.

ഭാരയം-വാനമ്പാടിപ്പക്ഷി.

ഭാരയഷ്ടി-ചുമടെടുക്കുന്നതിനു തോളത്തു വയ്ക്കുന്നതിനുള്ള ഒരു വടി, കാവുതണ്ട്, രണ്ടുഭാഗത്തും മുറി തൂക്കുന്ന വടി, ഭാരം വഹിക്കുന്ന വടി എന്നർത്ഥം.

ഭാരവാഹൻ-ചുമട്ടുകാരൻ.

ഭാരവി-ഒരു സുപ്രസിദ്ധനായ കവി. കിരാതാർജ്ജുനീയത്തിന്റെ കർത്താവു്. കാളിദാസന്റെ കാലത്തു് ജീവിച്ചിരുന്നിരിക്കണം.

ഭാരശ്രാഗം-കടമാൻ.

ഭാരി-വി. പ. വലിയ, നീളമുള്ള. ൨. തടിച്ച. ൩. ഭാരമുള്ള.

ഭാരി-പ. സിംഹം. ൨. ചുമട്ടുകാരൻ.

ഭാരികൻ-ചുമട്ടുകാരൻ.

ഭാരുണ്ഡസാമം - സാമവേദത്തിന്റെ ഉപ്പിരിവു്.

ഭാർഗ്ഗവകം-വൈദ്യം.

ഭാർഗ്ഗവക്ഷേത്രം-കേരളം.

ദക്ഷിണഇൻഡ്യയുടെ പടിഞ്ഞാറേ അറ്റത്തു് തെക്കുവടക്കായി നീണ്ടുകിടക്കുന്ന പശ്ചിമപർവ്വതനിരകൾ എന്ന 'സഹ്യാദ്രി' 'മലയാദ്രി' ഇവയുടേയും പശ്ചിമസമുദ്രമാകുന്ന അറബിക്കടലിന്റേയും നടക്കായിട്ടു നീളംകുടിയും വീതികുറഞ്ഞും ഉള്ള ഒരു ഭൂമി കിടക്കുന്നുണ്ടു്. ആ ഭൂമിയുടെ തെക്കേകോടിയായ കന്യാകുമാരി മുതൽ വടക്കു ഗോകർണ്ണം വരെ 160 കാതം ഭൂമിക്കു് മലയാളം എന്നും ഭാർഗ്ഗവക്ഷേത്രം എന്നും കർമ്മഭൂമി എന്നും കേരളം എന്നും പേരുകൾ പറയപ്പെട്ടിരിക്കുന്നു.

ഭാർഗ്ഗവൻ-പ. (ഭൃഗുവിന്റെ സന്തതി) പരശുരാമൻ. ൨. ശുക്രൻ. ൩. വില്വം. ൪. ശിവൻ. ൫. മാർക്കണ്ഡേയൻ. ൬. ജമദഗ്നി. ൭. ആന.

ഭാർഗ്ഗവി-പ. ലക്ഷ്മി. തേജസ്വിനി എന്നർത്ഥം. ഭൃഗുവിന്റെ മകൾ. ൨. പാർവ്വതി. ൩. കറുക. ൪. വേശ്യാനി.

ഭാർഗ്ഗി-ചെറുതേക്ക്.

ഭാർങ്ഗി-ഒരു പച്ചമരുന്നു്, ചെറുതേക്ക്. കഫരോഗികളെ പാചിക്കുന്നതു് എന്നു ശബ്ദാർത്ഥം.

ഭാര്യ-തന്നാൽ വിവാഹംചെയ്യപ്പെട്ട സ്ത്രീ. ഭർത്താവിനാൽ ഭരിക്കപ്പെടുന്നവൾ എന്നർത്ഥം. (അടിതോൽ എന്നതു നോക്കുക).

ഭാര്യമാർ രണ്ടുവിധം-പ. ഏകഭാരിണി-തന്നെമാത്രം വിവാഹംകഴിച്ചു തന്നിൽതന്നെ രമിക്കുന്ന ഒരു പുരുഷന്റെ ഭാര്യ. ൨. സപത്നി-അനേകം സ്ത്രീകളെ വച്ചുകൊണ്ടിരിക്കുന്ന പുരുഷന്റെ ഭാര്യ.

ഭാര്യാഗൃഹം-ഭാര്യയുടെ വീടു്. (അടിതോൽ എന്നതു നോക്കുക.)

ഭാഷ്യാടികം-മാൻ.

ഭാഷ്യാപതികം-ഭാഷ്യവും തോവും.

ഭാഷ്യാൻ-മാൻ.

ഭാഷ്യാവ്-ഭാഷ്യ.

കണ്ണഴുപ്പണിക്കുതടകാലത്തെ ഒരു പ്രയോഗവിശേഷം. ഇതുപോലെ കന്യാവു എന്നും കാണുന്നുണ്ട്.

ഭാഷ്യാവാൻ-ഭാഷ്യയുള്ളവൻ.

ഭാലം-പ. നെറി.

'ഭാലനേത്രനുപദേശമായകൻ'

(അന്യാപദേശശതകം)

പ. ശോഭ.

ഭാലാങ്കം-പ. അമ. പ. ചെങ്കവരി മീൻ. ന. അറപ്പവാരം.

ഭാലാങ്കൻ-ശിവൻ.

ഭാലു-സൂര്യൻ.

ഭാല്ലുകം, ഭാല്ലൂകം-കരടി.

ഭാവ-അമ്പതു വർഷത്തിൽ എട്ടാമതുള്ള വർഷം.

ഭാവൽക്കം-ഭാവനെ (അങ്ങനെ) സംബന്ധിച്ച, അവിടുത്തെ.

ഭാവഗാംഭീര്യം - ഭാവത്തിന്റെ ഗംഭീര്യം.

ഭാവദർശി-വി. ഭാവത്തെ നോക്കുന്ന. (സ്ത്രീ-ഭാവദർശിനീ)

ഭാവന, ഭാവനം-പ. ഓർമ്മ. മുമ്പനുഭവിച്ചതിനെ മറക്കാതിരിക്കുന്നത്. പ. ധ്യാനം. ന. ബഹുമാനം, ഭാവിക്കൽ, സങ്കല്പം.

ഭാവനാത്രയം-അസംഭാവന, സംശയഭാവന, വിപരീതഭാവന.

ഭാവനാപുരുഷോത്തമം-ഒരു നാടകമാണ്. കർത്താവു 'ശ്രീനിവാസകവി' ധാനി.

ഭാവനാസാഹചര്യം-ഒന്നുതുടങ്ങി അതിനെ സംബന്ധിച്ചുവരുന്ന ഓരോ സംഗതികളും മനസ്സിൽ ഉദിക്കുന്നത്.

ഭാവൻ-പ. നാട്യത്തിൽ വിഭാവൻ എന്നതിനു പകരം പറയുന്ന ഒരു വാക്ക്. എല്ലാറ്റിനേയും അറിയുന്നവൻ എന്നർത്ഥം. പ. മന്ത്രവാൻ.

ഭാവബന്ധനം-പരസ്പരം സ്നേഹം ഉല്പാദിക്കുക എന്നത്.

ഭാവബോധകം-മനോഗതത്തെ അറിയിക്കുക, അനുഭവം.

ഭാവഭേദം-ഭാവത്തിന്റെ വ്യത്യാസം.

ഭാവം-പ. അവസ്ഥ പ. മനസ്സ്. അന്തർഗ്ഗതം, ആത്മാവ്. ന. താൽപര്യം. ഘ. സ്വഭാവം. ങ. നാട്യസംബന്ധമായുള്ള സ്ഥായീഭാവം എട്ടും, വ്യഭിചാരീഭാവം മുപ്പത്തിമൂന്നും. ഞ. നാട്യം. ഛ. ശരീരത്തിന്റെ പ്രവൃത്തികൊണ്ടറിയിക്കുക. വ. ഉദയംമുതൽ പന്ത്രണ്ടു രാശിക്കും പറയുന്ന ഒരു പേര്. ൻ. സാരം. ഫ. ഉത്ഭവം. ഫഫ. ഉണ്ടെന്നുള്ള അവസ്ഥ. ഫപ. രത്യാദിയായ മനോവികാരം. ര സങ്ങളേ ഭാവനം ചെയ്യുന്നത് എന്നർത്ഥം.

നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്നിന് ഭാവം എന്നു പറഞ്ഞുവരുന്നു. ജനിച്ചതു മുതൽ ഇതുവരെ യാതൊരു ഭാവഭേദങ്ങളും ഉണ്ടായിക്കണ്ടിട്ടില്ലാത്ത മനസ്സിൽ പ്രഥമമായി കാണുന്ന വികാരമത്രേ ഭാവം.

ഭാവവികാരം-ഭാവഭേദം.

ഭാവശുദ്ധി-സ്വഭാവമഹിമ.

ഭാവാനുകൂലം-അ. ഭാവത്തിനു സഹായമായിട്ട്.

ഭാവാനുബന്ധം-ഏതെങ്കിലും ഒന്നിനോടുള്ള പ്രതിപത്തി, പ്രാവണ്യം.

ഭാവാന്തരം-ഒന്നിൽ നിന്നും മറ്റൊന്നിലേയ്ക്കുള്ള മാറ്റം.

ഭാവാവസ്ഥ-ഉദയം, ശാന്തി, സന്ധി,

ശബ്ദരൂപം. (സാഹിത്യപ്രകാരമുള്ളവയാണ്.)

ഭാവി-വി. ഭവിപ്പാനുള്ള, വരാൻ പോകുന്ന.

ഭാവിക-വി. ക. വരുവാനുള്ള. ഖ. സ്വഭാവേനയുള്ള.

ഭാവികം-അലങ്കാരശാസ്ത്രത്തിലെ ഒരലങ്കാരം.

ഭൂതമായെ ഭാവിയായെ ഉള്ള സംഗതിയെ പ്രത്യക്ഷമായി മുന്നിൽ കാണിക്കുന്നത്.

ഭാവികാലം-(വ്യാകരണത്തിൽ) വരാനുള്ളതിനു ഭാവികാലം എന്നു പേർ.

ഭാവിക്കുന്നു-ക. നിശ്ചയിക്കുന്നു. ഖ. നിരൂപിക്കുന്നു. ന. തുടങ്ങുന്നു. ര. നടിക്കുന്നു. ങ. ധ്യാനിക്കുന്നു.

ഭാവിത-വി. ക. വിചാരിക്കപ്പെട്ട. ഖ. പ്രാപിക്കപ്പെട്ട. ന. നിശ്ചയിക്കപ്പെട്ട. ര. വീര്യഭേദം വരുത്തുവാനായിട്ട മരുന്നു വെള്ളത്തിലും മറ്റും ഇടപ്പെട്ട.

ഭാവിതം-ക. സുഗന്ധദ്രവ്യങ്ങളാൽ ഭാവനം ചെയ്യപ്പെട്ടത്, മുമ്പറഞ്ഞ മാതിരി സൌരഭ്യയുക്തമാക്കി ചെയ്യപ്പെട്ട വസ്തുവിന്റെ-വസ്തുക്കളുടെ പേർ. ഖ. കൊത്തമല്ലി, കായം മുതലായതുകൊണ്ടു സുഗന്ധമാക്കപ്പെട്ട രസവും മറ്റും. ന. മുല്ലപ്പൂ മുതലായതുകൊണ്ടു സുഗന്ധം വരുത്തിയ തൈലം മുതലായവ. ഭാവനം ചെയ്യപ്പെട്ടത് എന്നർത്ഥം. ര. പ്രാപിക്കപ്പെട്ടത്.

ഭാവിനി-ഉമ്മാക്കുമായി നടക്കുന്നവൾ, ഒരുമാതിരി വേശ്യ.

ഭാവുക-വി. ഭാഗ്യമുള്ള, സുഖമുള്ള. ഇതു ചില നാമത്തോടു ചേരുമ്പോൾ 'ആയിത്തീരുന്നു' എന്നർത്ഥം വരും.

ഭാവുകൻ-മച്ചുനൻ എന്ന അർത്ഥത്തിൽ നാടകങ്ങളിൽ സംഭാഷണം ഉപയോഗിച്ചുകാണുന്ന പദം.

ഭാവുകം-ക. സുഖം, മംഗളം. ഭാഗ്യവാന്മാരിൽ പ്രത്യക്ഷപ്പെടുന്നത് എന്നർത്ഥം. ഖ. ശ്രേയസ്സ്.

ഭാഷ-ക. വാക്ക്. ഖ. വാക്കിന്റെ അധിഷ്ഠാനദേവതയായ സരസ്വതിദേവി. വ്യക്തമായി വചിക്കുന്നവൾ എന്നർത്ഥം. (വീണാവാദനാഭികരങ്ങൾക്കൊണ്ടു സ്വരങ്ങളെ വ്യക്തമാക്കിച്ചെയ്യുന്നവൾ). വ്യക്തമായി ഉച്ചരിക്കപ്പെടുന്നത് എന്നർത്ഥം. ന. രൂപം. ര. മാതിരി, സ്വഭാവം. ങ. നിവൃത്തി. ഞ. സമ്പ്രദായം.

ഒരുവന്റെ മനസ്സിലുള്ള വിചാരത്തെ മറ്റൊരാളെ ധരിപ്പിക്കുന്നതിനുള്ള ഉത്തമമായ ഒരു മാർഗ്ഗമത്രേ ഭാഷ.

ഭാഷാന്തരത്തിൽ പ്രധാനമായി വേണ്ടത്—ക. ഭാവം തെറ്റാതെ അർത്ഥം കൊണ്ടുവരണം. ഖ. ഓരോ ഭിക്കിലും ചേർച്ചയുള്ള പദം ചേർക്കണം. ന. പാദപൂരണത്തിനോ പ്രാസത്തിനോ വേണ്ടി ഇടയ്ക്ക് അർത്ഥം എന്നപോലെ നിരർത്ഥപദങ്ങളെ കുത്തിച്ചെലുത്തരുത്.

ഭാഷാക്കാരൻ-ഒരു ഭാഷയിൽ പറയുന്ന വാക്കിനെ മറ്റൊരു ഭാഷയിൽ രൂപം തിരിച്ചു പറഞ്ഞു കേൾപ്പിക്കുന്നവൻ.

ഭാഷകേട്ട്-വിരൂപം, ചേർച്ചക്കേട്.

ഭാഷണം-വാക്ക്.

ഭാഷൻ-സൂര്യൻ.

ഭാഷപ്പെടുത്തുന്നു-സംസ്കൃതശ്ലോകങ്ങളും മറ്റും മലയാളഭാഷയിലോ മറ്റൊരു പൊതുഭാഷയിലോ തിരിച്ചെഴുതുന്നു.

ഭാഷാജനകൻ-ബ്രഹ്മാവ്.

ഭാഷാന്തരം-ഒരു ഭാഷയിൽ പറഞ്ഞിരിക്കുന്ന അഭിപ്രായത്തെ മറെറാരു ഭാഷയിൽ പറയുക, തർജ്ജിമ. (ഭാഷ എന്നതു നോക്കുക.)

ഭാഷാഭേദം-പ മനുഷ്യരിയുടെ ധ്വനി സം. ക. ഓരോ ജാതിക്കാരുടെ വാക്കുകൾക്കുള്ള ഭേദം.

ഭാഷാവ്യാഖ്യാനം-സംസ്കൃതഭാഷയിലുള്ള വ്യാഖ്യാനത്തിൽ നിന്നെടുത്തു മലയാള ഭാഷയിലെഴുതിയ വ്യാഖ്യാനം.

ഭാഷി (ഭാഷിണി)-(സംധാരണമായി പദാന്ത്യത്തിൽ ചേർന്നുവരുന്നതു). പറയുന്നവൻ (പറയുന്നവൾ).

ഭാഷിക്കുന്നു-പ പറയുന്നു. ക. പരിഹസിക്കുന്നു.

ഭാഷിത-വി. പറയപ്പെട്ട.

ഭാഷിതം-വാക്ക്.

ഭാഷ്യ-വി. ശിക്ഷിക്കപ്പെടുവാൻതക്ക, പറയേണ്ടുന്ന.

ഭാഷ്യം-പ. പാണിനീയസൂത്രത്തിൻറെയും മഹത്തായ വ്യാഖ്യാനം. സൂത്രാർത്ഥം ഇതിനാൽ വ്യക്തമായി പറയപ്പെട്ടുന്നു എന്നർത്ഥം. ക. ഖണ്ഡനവും മണ്ഡനവും ചേർത്തു സ്വാതന്ത്ര്യം പ്രകാശിപ്പിക്കുന്ന വ്യാഖ്യാനം. ന. ഒരുമാതിരി ചണ്ണി.

ഗ്രന്ഥത്തെ ആക്ഷേപിച്ചു പ്രതികൂലമായി ചെയ്യുന്നതു ഖണ്ഡനം. ഗ്രന്ഥകാരനെ പിൻതാങ്ങി അനുകൂലമായി ചെയ്യുന്ന വിമർശം മണ്ഡനം.

ഭാഷ്യകാരൻ-ഭാഷ്യം ഉണ്ടാക്കിയ ആൾ, പതഞ്ജലി.

ഭാസൻ-പ കഴുവൻ ക. നായ്. ന. കരടു.

ഭാസൻ-ഒരു സുപ്രസിദ്ധനായ കവി.

(ക്രിസ്താബ്ദം ഏഴാംനൂറ്റാണ്ടിനുമുമ്പു ജീവിച്ചിരുന്നു).

ഭാസം-പ. ശോഭ. ക. രശ്മി. ന. പൂവൻകോഴി. ഭ. കഴുത.

ഭാസമാന-വി. ശോഭിക്കുന്ന.

ഭാസ്വാ-ചന്ദ്രവംശത്തിലെ അയുതൻ എന്ന നൃപൻറെ ഭാര്യ.

ഭാസ്വര-വി. ശോഭയുള്ള.

ഭാസ്വരൻ-പരാക്രമമുള്ളവൻ.

ഭാസ്വരം-പ. സ്ഫടികം. ക. കൊട്ടാരം.

ഭാസ്വര-വി. ശോഭിക്കുന്ന.

ഭാസ്വരൻ-പ. ആദിത്യൻ. കാന്തിയെ ഉണ്ടാക്കുന്നവൻ എന്നർത്ഥം. ക. അഗ്നി. ന. ഭാസുരൻ. ഭ. ശിവൻ.

ഭാസ്വരപ്രിയം-പ. രക്തചന്ദനം. ക. മാണിക്യം.

ഭാസ്വരം-സ്വർണ്ണം.

ഭാസ്വരാചാര്യമിശ്രൻ-ഒരു ജ്യോതിശ്ശാസ്ത്രപാരംഗതൻ. 'സിദ്ധാന്തശിരോമണി' എന്ന ഗ്രന്ഥത്തിൻറെ കർത്താവു്.

ബീജഗണിതം, ലീലാവതി ഇവയും നിർമ്മിച്ചിട്ടുണ്ടു്. പതിനൊന്നാം നൂറാണ്ടോടടുത്തു സമീപിച്ചു ജീവിച്ചിരുന്നു.

ഭാസ്വരസം-ഫ്ലോസ്ഫാസ്.

ഭാസ്വര-വി. ശോഭിക്കുന്ന.

ഭാസ്വരൻ-പ. ആദിത്യൻ. ക. എരിക്ക്.

ഭാസ്വൽ-വി. ശോഭിക്കുന്ന.

ഭാസ്വതി-ശോഭിക്കുന്നവൾ.

ഭാസ്വാൻ-പ. ആദിത്യൻ. ക. ശോഭിക്കുന്നവൻ. ന. എരിക്ക്.

ഭാസ്സ്-പ. ശോഭ. ക. രശ്മി. ന. ദീപ്തി.

'ആരംഭമുത്സവവിധാനസമാപ്തിരേഷാ-
സ്സേതുർനൃണാമരിനിരാസനേ'
(ഉത്സവപ്രബന്ധം)

ഭി.

ഭിക്ഷ-പ. യാചന. ക. യാചിക്കുന്നവനു കൊടുക്കുന്നതു്, ഇരന്നിട്ടു കിട്ടിയ വസ്തു. ന. സന്ന്യാസിയുടെ ഭക്ഷണം.

ഭിക്ഷക്കാരൻ–യാചകൻ, പിച്ചക്കാരൻ.

ഭിക്ഷിക്കാരി–വി. ഇരക്കുന്നവൾ.

ഭിക്ഷാകദംബകം–ഭിക്ഷയെടുത്തു കിട്ടിയതു്. ഭിക്ഷാസമൂഹം എന്നർത്ഥം.

ഭിക്ഷാകൻ(കി)–പ. യാചിക്കുന്നവൻ. ഉ. സന്ന്യാസി.

ഭിക്ഷാടനം–ഇരപ്പാനുള്ള നടപ്പു്.

ഭിക്ഷാടനൻ–സന്ന്യാസി.

ഭിക്ഷാന്നം–ഇരന്നു വാങ്ങിച്ച ചോറു്.

ഭിക്ഷാർത്ഥി–വി. ഭിക്ഷ ചോദിക്കുന്ന.

ഭിക്ഷാശനം–ഭിക്ഷ വാങ്ങിച്ചിട്ടുള്ള ഭക്ഷണം.

ഭിക്ഷാശി–വി. ഇരന്നുണ്ണുന്ന.

ഭിക്ഷാശിത്വം–ഇരന്നുണ്ണൽ.

ഭിക്ഷിത–വി. യാചിക്കപ്പെട്ട.

ഭിക്ഷു–പ. സന്ന്യാസി, നാലാമത്തെ ആശ്രമത്തിൽ പ്രവേശിച്ച ഒരു ബ്രാഹ്മണൻ. (സ്ത്രീ–ഭിക്ഷുണി).

വയിന്നേരത്തേയ്ക്കും, നാളേയ്ക്കും ഉള്ള ക്ഷേണപദാർത്ഥത്തെ സമ്പാദിക്കരുതു്. അപ്പപ്പോൾ ക്ഷുന്നിവൃത്തിക്കായ് ഭിക്ഷയെടുത്തു ക്ഷേപിച്ചുകൊള്ളണമെന്നാണു വിധി.

സന്ന്യാസാശ്രമത്തിലിരിക്കുന്നവൻ, യാചിക്കു ശീലമായവൻ–സർവ്വപരിത്യാഗം ചെയ്തു ഭിക്ഷാന്നംകൊണ്ടുപജീവിക്കുന്നവൻ എന്നർത്ഥം. ഉ. ശ്രാവണി നാ. വയൽച്ചുള്ളി.

ഭിക്ഷുകൻ–ഭിക്ഷവാങ്ങിച്ചു ജീവിക്കുന്നവൻ, സന്ന്യാസി.

ഭിക്ഷുകീ – സന്ന്യാസവൃത്തിയിലിരിക്കുന്ന സ്ത്രീ.

ഭിണ്ഡ(കം), ഭിണ്ഡാ, ഭിണ്ഡീ, ഭിണ്ഡീതകാ–വെണ്ട.

ഭിണ്ഡാ–വെണ്ട.

ഭിണ്ഡിപാലം–ഒരുതരം അയ്യു്, ഒരു മാതിരി ഇഴുട്ടി.

ഭിണ്ണ–വി. തടിച്ച.

'അമ്പങ്ങളിണ്ണനം കൊണ്ടന്തകനേരം'
(രാമായണസങ്കീർത്തനം)

ഭിത്തം–അംശം, ശകലം. ഭേദിക്കപ്പെട്ടതു് എന്നർത്ഥം.

ഭിത്തി, ഭിത്തിക–ചുവരു്, ചുമർ. ചോരന്മാരാൽ ഭേദിക്കപ്പെടുന്നതു് എന്നർത്ഥം.

ഭിത്തിക–പ. ചിഹ്നങ്ങളിൽ ഒന്നു്.

[(:) ഇതു് ഒരു ഇടക്കു് ഭിത്തിപോലെ സമനിലയിലുള്ള രണ്ടു ഭാഗങ്ങളെ വേർപെടുത്തുന്നു].

ഉ. ശതാവരി.

ഭിത്തിപാതനം–പെരുച്ചുഴി.

ഭിദ–പിളർപ്പു്. ഭേദിക്കുന്നതു് എന്നർത്ഥം.

ഭിദകം–പ. ഇന്ദ്രന്റെ വജ്രായുധം. ഉ. ഒരു വൈരം.

ഭിദി–ഒരു വൈരം.

ഭിദുപ–പ. വജ്രായുധം. ഉ. ഒരു വൈരം.

ഭിദുര–വി. ഭേദിക്കുന്ന, പിളർക്കുന്ന.

ഭിദുരം–പ. വജ്രായുധം. പിളർക്കുന്നതു്, ഭേദിക്കു ശീലമുള്ളതു്. ശത്രുസൈന്യത്തെ പിളർക്കുന്നതു് എന്നർത്ഥം. ഉ. ഒരു വൈരം. നാ. ഇത്തിയാലു്.

ഭിന്ദിപാലം–കവണ. ഭിന്ദി എന്നാൽ പന്ത്രണ്ടു താളത്തിന്റെ കാലം, പന്ത്രണ്ടു താളകാലം കാക്കുന്നതു്–അത്ര വേഗത്തിൽ സ്വ പ്രവൃത്തിയെ ചെയ്യുന്നതു് എന്നർത്ഥം. ഉ. ചാണ്ടുന്നതിനുള്ള ഒരായുധം. നാ. ഒരു വടിയുണ്ട. ഭ. ഒരു മുഴം നീളമുള്ള തിരുകത്തടി.

ഭിന്ദി–പന്ത്രണ്ടു താളത്തിന്റെ കാലം.

ഭിന്നു–പ. തുള്ളി. ഉ. ചാപിള്ളയെ പ്രസവിക്കുന്ന സ്ത്രീ.

ഭിന്ന–വി. പ. വേർപെട്ട. ഉ. ഭേദിക്കപ്പെട്ട, പിളർക്കപ്പെട്ട. (ന— ഭിന്നത, ഭിന്നത്വം).

ഭിന്നഭിന്നങ്ങൾ-ഭേദിച്ചു ഭേദിച്ചിരിക്കുന്നവ.

ഭിന്നം-പു. രത്നങ്ങളിലോ മറ്റോ ഉള്ള കേട്. ഉ. ശകലം, ഭാഗം. നു. ഭേദിച്ചതു് (വ്യത്യാസപ്പെട്ടതു്). ര. സദ്യോ ഗ്രഹണനിമേനത്തിലപ്പെട്ട ഒരു രോഗം.

ഭിന്നമെന്ന രോഗം വേൽ, കന്തം മുതലായവയുടെ മുനകൾ ഏറിട്ടോ എല്ലു മറ്റോ ഏറിട്ടോ വസ്തി മുതലായവ മുറിഞ്ഞു് അല്പമായ രക്തം ഒഴിക്കുന്നതാണു്.

ഉ. പിളർപ്പെട്ടതു്,

ഭിന്നമതി-ഭിന്നാഭിപ്രായം ഉള്ള ആൾ.

ഭിന്നിയ്ക്കുന്നു-പ്ര. പിളരുന്നു ഉ. വേർപെടുന്നു. നു. പൊട്ടുന്നു. ര. ശകലമായിത്തീരുന്നു. (സ-ക്രി-ഭിന്നിപ്പിക്കുന്നു).

ഭിന്നിപ്പു്-പ്ര പിളപ്പു്, വേർപാടു്. രക്തിലുള്ള അകലിച്ച.

ഭിന്നോദരൻ-ചിറ്റമ്മയിലോ; പേരമ്മയിലോ ജനിച്ച ഭ്രാതാവു്.

ഭിയാ-ഭയം.

'ഭയേഭിയം' എന്ന ശബ്ദശ്ലേഷം.

ഭിഷ്-ഭൈഷജം.

ഭിഷക്-പ്ര. വൈദ്യൻ, രോഗങ്ങളെ ജയിക്കുന്നവൻ എന്നർത്ഥം. ഉ. വിഷ്ണു. നു. മന്ത്രൻ.

ഭിഷഗ്വരാ-കട്ടക്കു.

ഭിസ്സു-ചോറു്. ശോഭിക്കുന്നതു് എന്നർത്ഥം.

ഭിസ്സട-കരിഞ്ഞ ചോറു്. കസിതമായ സ്ഥലയെ ഗമിച്ച അന്നം എന്നർത്ഥം.

ഭീ

ഭീ-ഭയം.

ഭീകരം-വി. ഭയങ്കരം.

ഭീത-വി. ഭയപ്പെട്ട.

ഭീതി-ഭയം.

ഭീതിപ്പെടുന്നു-ഭയപ്പെടുന്നു.

ഭീമ-വി ഭയത്തെ തോന്നിക്കുന്ന, ഭയങ്കരം

ഭീമം-പ്ര ഭയം, ഭയാനകരസം. ഉ. ഞെരിഞ്ഞാംപുളി.

ഭീമൻ-പ്ര. ഭീമസേനൻ. ഉ. ശിവൻ. നു. ഭയങ്കരൻ. ര. പരമാത്മാവു്. ഈ. നളന്റെ ഭാര്യയായ ദമയന്തിയുടെ പിതാവു്.

ഭീമരം-യുദ്ധം.

ഭീമരഥി-പ്ര. ഒരുവന്റെ ഒരായുസ്സിൽ ഒരുമാസം ഒരു ദിവസം രാത്രി.

(ഒരു സമയം അയാൾക്കു് അത്യാപൽകരമാകുന്നു).

'സപ്തസപ്തതിമേ വർഷേ സപ്തമേ മാസി സപ്തമീ രാത്രിർഭീമരഥീനാമ നരാണാമതിദുസ്തരാ'

ഉ. ഭീമരഥീനദി (മലയപ്പുത്തിൽ നിന്നു പുറപ്പെടുന്നു),

ഭീമവിക്രാന്തൻ-സിംഹം.

ഭീമസേനൻ-പ്ര. പാണ്ഡവന്മാരിൽ രണ്ടാമൻ.

കുന്തിയിൽ വായുവിനുണ്ടായ ഭീമസേനൻ പാണ്ഡവരിൽ രണ്ടാമത്തവനാണു്. ഭീമന്റെ ആയുധം ഗദയാകുന്നു. ശക്തിയും ധൈര്യവും അസാധാരണമായിരുന്നു. ഭക്ഷണപ്രിയനാകയാൽ വൃകോദരൻ എന്നു വിളിക്കുന്നു. ആളും വലുപ്പംകൊണ്ടു സാമാന്യനല്ല. തന്റെ അമ്മയും സഹോദരന്മാരും കൂടി ഭക്ഷിക്കുന്നിടത്തോളമുള്ള ഭക്ഷണം ഭീമനു തന്നെ വേണ്ടിവന്നു. ശാസ്ത്രങ്ങൾ പഠിപ്പിച്ചതു് ദ്രോണനും ബലരാമനും കൂടിയായിരുന്നു. ഭീമന്റെ ശരീരപ്രയോഗ

രെവരേ ജയിക്കണ്ട് ദുര്യോധനന് മഹാ മഴയി അസൂയയെ ജനിപ്പിച്ചുതു്. ദുര്യോധനൻ ഭീമനു് ഒരിക്കൽ വിഷംകൊടുത്തു് മോഹത്തെ ശംശയിൽ എറിഞ്ഞു കളഞ്ഞു. അരക്കില്ലത്തിലാക്കി തീവയ്പിച്ചു. ഹിഡിംബൻ, ബകൻ, കിമ്മീരൻ, ജരാസന്ധൻ, ജീമൂതൻ, (ഒരു മല്ലൻ), കീചകൻ, ദുശ്ശാസനൻ, ദുര്യോധനൻ ഇവരെ ഭീമൻ വധിച്ചു. ഹിഡിംബൻ എന്ന നിശാചരനെ കൊന്നതിനൻറ ശേഷം അവനൻറ സോദരിയായ ഹിഡിംബിയെ ഭീമൻ തനൻറ പത്നിയാക്കി. ദ്രൌപതിയെ കട്ടുകൊണ്ടു പോകുന്നതിനു തുനിച്ച ജയദ്രഥനെ ഭീമൻ വലിച്ചിട്ടു ചവുട്ടി അവമാനിച്ചയച്ചു. ശ്രീശത്ത രാജാവായ സുശർമ്മാവിനെ തോല്പിച്ചു ദുര്യോധനനമായുള്ള യുദ്ധത്തിൽ ഭീമൻ ക്രമക്കേടു കാണിക്കയാൽ ബലരാമൻ ഭീമനു ജിഹ്മയോധി എന്ന പേർ കൊടുത്തു. യുദ്ധാനന്തരം ധൃതരാഷ്ട്രക്ക ഭീമനെ കാണണമെന്നു പറഞ്ഞു. കൃഷ്ണനു കാരണം മനസ്സിലായതുകൊണ്ടു് ഒരു ഇരിമ്പുബിംബം ഹാജരാക്കി. ധൃതരാഷ്ട്രർ അതിനെ പിടിച്ചു ഞെക്കിപ്പൊടിച്ചുകളഞ്ഞു. ഭീമനു ദ്രൌപദിയിൽ ശ്രുതസേനനും, ഹിഡിംബിയിൽ ഘടോൽകചനും, കാശിരാജാവിൻറെ പുത്രിയായ ബലന്ധരയിൽ സർവഗനും ജനിച്ചിട്ടുണ്ടു്. ബാഹ്ലശാലി, ജരാസന്ധജിത്തു് ഇവയും ഭീമൻറെ പേരുകളാണു്.

[അജ്ഞാതവാസത്തിൽ ഭീമൻറെ ഒരു പേർ 'ജയന്തൻ' എന്നു കാണുന്നു. 'വലലൻ' എന്നതു പ്രസിദ്ധം.]

൨. ജനമേജയന്റുപൻറെ ഒരു സോദരൻ.

ഭീമസേനം-ഭീമസേനകർപ്പൂരം.

കർപ്പൂരവൃക്ഷം ചൈന, ജപ്പാൻ മുതലായ ദേശങ്ങളിലുണ്ടാകുന്നു. ആകൃതി കറുവാപ്പോലെ ഇരിക്കും. ഇതിൻറെ തൊലി മുറിച്ചാൽ പുറപ്പെടുന്ന പശ മണങ്ങുമ്പോൾ അതുതന്നെ കർപ്പൂരം.

ഭീമാ-൧. ദുർഗ്ഗയുടെ ഒരു പേർ. ൨. ശോഭനാഭിധാനനദി, ഒരു നദി.

ഭീമാക്ഷൻ-ഒരു രാക്ഷസാധിപതി.

ഇവനെ കോസലാധിപനായ വസുമനസ്സു കൊന്നു, ഭീമാക്ഷൻറെ പിതാവു ക്ഷേമകൻ. ഇവനെ ദിവോദാസൻ വധിച്ചു.

ഭീരങ്കി-വലിയതോക്ക്. (പീരങ്കി, ബീരങ്കി ഇങ്ങിനെയും കാണുന്നുണ്ടു്).

ഭീരു-വി. ഭയമുള്ള, പേടിച്ച.

ഭീരു-൧. പേടി സ്വഭാവമുള്ള സ്ത്രീ, ഭയത്തിനുള്ള ഹേതുക്കളും പുരുഷങ്ങളുണ്ടാകുമ്പോഴും ഭയപ്പെടുന്നവൾ. ൨. വെള്ളി. ന. ആട്ടിൻപെട. ൪. ശതാവരി. ൫. കണ്ടകാരിച്ചുണ്ട. ൬. കറുക്കൻ. ൭. കടുവാ.

ഭീരുക-വി. ഭയമുള്ള.

ഭീരു(ക)ം-൧. കടുവാ. ൨. നീലക്കുരിയു്.

ഭീരുകം-൧. മരപ്പൊട്ടം, കാട്ടു്. ൨. മുങ്ങ. ന. കരടി.

ഭീരു(കൻ)-കറുക്കൻ.

ഭീരുകൻ-പേടിയുള്ളവൻ.

ഭീരുത, ഭീരുത്വം-ഭയം.

ഭീരുഹൃദയം-മാൻ.

ഭീലുക-വി. പേടിയുള്ള.

ഭീലു(ലൂ)കം-കരടി.

ഭീഷണ-വി. ഭയങ്കരത്വമുള്ള.

ഭീഷണം-൧. ഭയം. ൨. ഇന്ദ്രപ്പന. ന. കണ്ണുരുണ്ടുക. ൪. ഇന്തിൽ. ൫. പ്രാവു്.

ഭീഷണൻ-൧. ഭയങ്കരൻ. ൨. ശിവൻ.

ഭീഷണി-വ്യാജം പറഞ്ഞും മറ്റും ഭയപ്പെടുത്തുക.

ഭീഷണിക്കാരൻ-ശക്തിയില്ലാതെ വ്യാജംകൊണ്ടും മറവും ഭയപ്പെടുത്തുന്നവൻ.

ഭീഷിത-വി. പേടിപ്പിക്കപ്പെട്ട.

ഭീഷ്മ-വി ഭയത്തെ ഉണ്ടാക്കുന്ന, ഭയങ്കര.

ഭീഷ്മജനനി-ഗംഗാനദി.

ഭീഷ്മം-ക്ര. ഭയം. ക. ഭാരതത്തിലെ ഒരു പർവ്വം.

ഭീഷ്മൻ-ക്ര. ശിവൻ. ക. ശന്തനു എന്ന രാജാവിനു ഗംഗയിൽ ജനിച്ച പുത്രൻ. ഭയങ്കരൻ എന്നർത്ഥം.

ഭീഷ്മൻ — മഹാഭിഷക് എന്ന സൂര്യവംശരാജാവു ബ്രഹ്മസഭയിൽ വെച്ചു ഗംഗാദേവിയെ പ്രേമത്തോടെ നോക്കിയതിനാൽ ബ്രഹ്മാവു ശപിച്ചു. അതു നിമിത്തം ഗംഗയും, ഇതിനടുത്ത കാലത്തു വസിഷ്ഠന്റെ ശാപം ഹേതുവായിട്ടു അഷ്ടവസുക്കളും ഭൂമിയിൽ ജനിക്കേണ്ടതായി വന്നു. ഈ രണ്ടു കൂട്ടങ്ങളും ഒന്നിച്ചു നിറവേറുന്നതിന് അഷ്ടവസുക്കളുടെ അപേക്ഷപ്രകാരം ഗംഗാദേവി ശന്തനുവിന്റെ ഭാര്യയായി ഭവിച്ചു അനന്തരം അഷ്ടവസുക്കളുടെ അംശങ്ങൾ ഒന്നായി വഹിച്ചുള്ള ഭീഷ്മർ എന്ന മകനെ ഗംഗ പ്രസവിച്ചു. തന്റേയും പുത്രന്റേയും വാസ്തവങ്ങളെല്ലാം രാജാവിനെ ധരിപ്പിച്ചു മറഞ്ഞ ദേവിയുടെ വാക്കനുസരിച്ചു് ഭീഷ്മരുടെ വിദ്യാഭ്യാസം പൂർത്തിയാക്കിയതിൽപിന്നീടു് ഭീഷ്മരെ ദേവിതന്നെ രാജസന്നിധിയിലാക്കി പിന്നീടു മൂന്നരാജാക്കന്മാരുടെ കാലത്തോളം കാലം നിത്യബ്രഹ്മചാരിയായ ഭീഷ്മർ കുരുവംശരാജാക്കന്മാരുടെ ഒരു രക്ഷകന്റെ സ്ഥാനത്തിൽ വണ്ണം അംബ, അംബിക, അംബാലിക ഈ മൂന്നു പേരും കാശിരാജാവിന്റെ പുത്രികളാണ്. അംബികയും അംബാലികയും വിചിത്രവീര്യന്റെ ഭാര്യമാരാകുന്നു. ഇവരുടെ ജ്യേഷ്ഠസഹോദരിയായ അംബ സാലവനെ ഭർത്താവായി കിട്ടാത്ത ഇച്ഛാഭംഗം നിമിത്തം ഭീഷ്മരോടു് ഭർത്താവാകണമെന്നു പ്രാർത്ഥിച്ചു. അദ്ദേഹം അതിനെ സ്വീകരിച്ചില്ല. അതുകൊണ്ടുള്ള വിരോധം നിമിത്തം അംബ സുബ്രഹ്മണ്യനെ തപസ്സുചെയ്തു് ഭീഷ്മരെ കൊല്ലുന്നതിനു് ഒരു മാല വാങ്ങി. ഇതിനെ അവൾ പാഞ്ചാലരാജ്യത്തിൽ കൊണ്ടിട്ടു. അതു് യജ്ഞസേനി എന്ന രാജപുത്രിക്കു കിട്ടി. ഭീഷ്മരെ ജയപ്പെട്ടു് അവൾ പുറത്താക്കപ്പെട്ടു. അവൾ ശപഥബന്ധം കൊണ്ടു് ശിഖണ്ഡി എന്ന സ്ത്രീപുരുഷരൂപത്തെ അംഗീകരിച്ചു. ഭീഷ്മർക്കു തപ്പുണ്ണേഷ്ടൻ, താലകേതു, ശന്തനവൻ, ഗാംഗേയൻ, നദജൻ എന്ന നാമധേയങ്ങളുമുണ്ടു്. യുദ്ധത്തിൽ ഭീഷ്മർ കൌരവരുടെ ഭാഗം നിന്നു. ദുര്യോധനന്റെ ഉത്സാഹവും പരിഹാസവും നിമിത്തം ഇദ്ദേഹത്തിനു് അജ്ഞാനത്തോടു എതിർക്കേണ്ടിവന്നു ഭീഷ്മർ നീതിമാനും സുകൃതിയും ഭക്തനും വിശ്വസ്തനുമായിരുന്നു.

ഭീഷ്മകൻ-ക്ര. ശിവൻ. ക. ഗംഗയിൽ ശന്തനുരാജാവിന്റെ ഒരു പുത്രൻ. ന. രുക്മിണിയുടെ പിതാവായ വിദർഭരാജാവു്.

ഭീഷ്മപഞ്ചകം ഒരു മഹാവ്രതം വസുദേവൻ ധർമ്മപുത്രർക്കു ഭീഷ്മർക്കു ഉപദേശിച്ചിരുന്നു്. കാർത്തികമാസത്തിലെ ശുക്ലൈകാദശി തുടങ്ങി അഞ്ചു ദിവസംകൊണ്ടു അവസാനിക്കും. ഇതിനെ വിഷ്ണുപഞ്ചകം എന്നും പറയും

ഭീഷ്മസൂ-ഗംഗ. ഭീഷ്മരെ പ്രസവിച്ചവൾ എന്നർത്ഥം.

ഭ

ഭക്ത-വി. ക. ഭക്ഷിക്കപ്പെട്ട. ഉ. അനുഭവിക്കപ്പെട്ട.

ഭക്തം-ചോറ്, ഭുജിക്കപ്പെടുന്നത്.

ഭക്തശേഷം-ഉച്ഛിഷ്ടം.

ഭക്തസമുജ്ഝിതം-ഭക്ഷിച്ചു ശേഷിച്ചുള്ളത്, എച്ചിൽ. ആദ്യം ഉണ്ണുന്നതും വിരുന്നു ഉപക്ഷിച്ചുതും എന്നർത്ഥം.

ഭക്തി-ക. ഭക്ഷിക്കുക. ഉ. അനുഭവം.

ഭക്തിപ്രിയൻ-ഭഗവാൻ.

ഭഗ്ന-വി. ക്രമമുള്ള, വളഞ്ഞ, കുനിഞ്ഞ.

ഭുജഗഭക്ഷി-ക. മയിൽ. ഉ. ഗരുഡൻ.

ഭുജഗഭോജി-മയിൽ.

ഭുജഗം-പാമ്പ്. വളഞ്ഞ ഗമനമുള്ളവൻ, ഉപായത്തിൽ സഞ്ചരിക്കുന്നവൻ ഇങ്ങിനെ അർത്ഥം.

ഭുജംഗത-വേശ്യാത്തൊഴിൽ.

ഭുജംഗൻ-വിടവൃത്തിയോടുകൂടിയവൻ.

ഭുജംഗപ്രയാതം-ഒരു വൃത്തത്തിന്റെ പേർ.

പാദത്തിൽ ക ഉ അക്ഷരം വീതം കാണും.

'ക്രമാലൊന്നുനാലേഴുപത്തെന്നിവറ്റിൽ
പ്രമോദപ്രദേ! ലാഘവംവന്നുവെന്നാൽ,
പ്രമാണജ്ഞരെല്ലാം ഭുജംഗപ്രയാത-
ഖ്യമാം വൃത്തമാണായതന്നോതിടുന്നു'

(കാന്തവൃത്തം)

ഭുജംഗമാ-ക. പാമ്പ്. ഉ. കാരിയം.

ഭുജംഗം-ക. പാമ്പ്. സപ്തപദ്മായങ്ങളെല്ലാം ആയില്യം നക്ഷത്രത്തിന്റെ പദ്മായങ്ങളാകുന്നു. ഉ. ആയില്യം നക്ഷത്രം. നാ. എട്ട് എന്ന അക്കം.

ഭുജംഗവിജൃംഭിതം-ഒരു വൃത്തത്തിന്റെ പേർ.

ഭുജംഗാക്ഷി-ഒരു പച്ചമരുന്ന്, ചിറ്റരത്ത. സർപ്പത്തിന്റെ കണ്ണുപോലെയുള്ള പൂവുള്ളത് എന്നർത്ഥം.

ഭുജഗാന്തകൻ-കഴുകൻ.

ഭുജംഗേശൻ-ക. വാസുകി. ഉ. പതഞ്ജലി. നാ. ശേഷൻ. ര. പിംഗലമഹർഷി.

ഭുജപത്രം-കടലാസുപോലെ തൊലിയുള്ള ഒരു വൃക്ഷം, പൂതണക്കുവൃക്ഷം.

ഭുജബലം-കൈയ്യുക്ക്.

ഭുജഭവൻ-ക്ഷത്രിയൻ.

ഭുജം-ക. കൈയ്. പാലിക്കുന്നത്, രക്ഷിക്കുന്നത് ഇങ്ങിനെ അർത്ഥം. ഉ. ഭൂർജ്ജമരം.

ഭുജവീര്യം-കൈയുടെ ശക്തി.

ഭുജശിരസ്സ്-തോൾ, തുമ്പ്.

ഭുജാ-ക ഭുജം. ഉ. കൈ.

ഭുജാടോപം-കൈക്കരുത്ത്.

ഭുജാന്തരം-മാറിടം.

ഭുജാന്തരാളം-മാറിടം.

ഭുജി-അണ്ണി.

ഭുജിക്കുന്നു-ക. ഭക്ഷിക്കുന്നു. ഉ. അനുഭവിക്കുന്നു. (കാ. ക്രി. ഭുജിപ്പിക്കുന്നു.)

ഭുജിഷ്യ-ദാസി.

ഭുജിഷ്യൻ-ദാസൻ. സ്വാമിയുടെ ഉച്ഛിഷ്ടത്തെ ഭുജിക്കുന്നവൻ എന്നർത്ഥം.

ഭുഞ്ജാന-വി. ക. ഭക്ഷിക്കുന്ന. ഉ. അനുഭവിക്കുന്ന.

ഭുവനത-രാജ്യം.

ഭുവനപതി-ലോകത്തിന്റെ നാഥൻ.

ഭുവനം-ക. ലോകം. എല്ലാം ഇതിൽ ഉണ്ടാകുന്നതിനാൽ ഈ പേർ വന്നു. ഉ. വെള്ളം. പ്രാപിക്കപ്പെടേണ്ടത് എന്നർത്ഥം. നാ. കൊട്ടാരവീടു. ര. സ്വർഗ്ഗം, ൪ പതിനാലു് എന്ന അക്കം. ൟ വാസസ്ഥാനം.

ഭുവനേശ്വരൻ-ലോകങ്ങളുടെ നാഥൻ.

ഭുവനേശ്വരം-നശിച്ചു കിടക്കുന്ന അനേകം ശിവക്ഷേത്രങ്ങളുള്ള ഒറിസയിലെ ഒരു നഗരം.

'ഏകാമ്രകാനനം' എന്ന പേരുണ്ടായിരുന്നു.

ഭൂവല്ലോകം-ഭൂമിയ്ക്കുമീതെയുള്ള ഒരു ലോകം, ഭൂമിക്കും സൂര്യനും മദ്ധ്യേയുള്ള സ്ഥലം.

ഭൂവിസ്സ്-സമുദ്രം.

ഭൂശുണ്ഡി-ഒരായുധം, ചാണ്ടുന്ന ഒരായുധം.

ഭ്ര

ഭ്ര-ഭൂമി, സ്ഥലം. ഭേദിക്കുന്നത് എന്നർത്ഥം.

ഭ്രകം-പ്ര. ഗ്രഹം. ഉ. ചോരം. ന. ഇരുട്ട്.

ഭ്രകണ്ണം-ഭൂമിയുടെ നടുവര.

ഭ്രകമ്പം-ഭൂമികലുക്കം.

"ഭൂമിയുടെ ഉൾഭാഗത്തു നിന്ന് എല്ലായ്പ്പോഴും ഉഷ്ണം പോയിക്കൊണ്ടിരിക്കുമ്പോൾ ചില ഭാഗങ്ങൾ ക്രമേണ തണുത്തുവരികയും അങ്ങിനെ തണുക്കുമ്പോൾ ഒരു ദിവസം ആ ഭാഗങ്ങളിൽ പെട്ടെന്നു സങ്കോചം ഉണ്ടാവുകയും ചെയ്യുന്നതാണ്. ഉൾഭാഗത്തിൽ ഒരിടത്തിൽ സങ്കോചമുണ്ടാകുമ്പോൾ അതിനു നേരെ മേലേയുള്ള ഭാഗങ്ങൾക്കു ഒരു ചലനം ഉണ്ടാകുന്നതാണല്ലൊ. ആ ചലനം ആകുന്നു ഭ്രകമ്പം." സങ്കോചത്തിന്റെ അവസ്ഥാഭേദമനുസരിച്ചിരിക്കും ഭ്രകമ്പത്തിന്റെ ഗൗരവം.

ഭ്രകശ്യപൻ-വസുദേവർ.

ഭ്രകാകം-പ്ര. പെരിയ കാക്ക. ഉ. കരിഞാറൽപക്ഷി.

ഭ്രക്ഷിത്തു്-രാജാവു്.

ഭ്രഖണ്ഡം-ഭൂഭാഗം (ഏഷ്യാ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ഓക്ഷ്യാനിയ ഇങ്ങിനെ 6).

ഭ്രഗർഭൻ-പ്ര. വിഷ്ണു. ഉ. വേളരി.

ഭ്രഗർഭം-ഭൂമിയുടെ ഉൾഭാഗം. (ഭ്രഗർഭം ഇന്നും അത്യുഷ്ണമായിരിക്കുന്നു. ഭൂമി കഴിച്ചു കീഴ്പോട്ടു പോകുമ്പോൾ ചൂടു കൂടിവരുന്നു. തണുപ്പു ഭ്രഗർഭത്തിൽ ചെല്ലുന്നില്ല. ഭ്രഗർഭം ഘനരൂപത്തിൽ ഇരിക്കാത്തതിന്റെ കാരണം അതാണ്. ഉപരിതലത്തു മാത്രമെ തണുപ്പു സ്പർശിക്കുന്നുള്ളൂ.)

ഭ്രഗർഭശാസ്ത്രം- ഭൂമിക്കുള്ളിലുള്ളവയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം, ഭൂമിയുടെ ഉള്ളിലുള്ള പലതരം വസ്തുക്കളും കണ്ടുപിടിക്കാനുള്ള ശാസ്ത്രം.

ഭ്രഗോളം-ഭൂമി എന്നുള്ള ഉരുണ്ട വസ്തു.

ഭ്രഗോളശാസ്ത്രം- ഭൂഗോളത്തിനെക്കുറിച്ചു പറയുന്ന പുസ്തകം.

ഭ്രചക്രം-ഭൂഗോളം.

ഭ്രചര-വി. ഭൂമിയിൽ സഞ്ചരിക്കുന്ന.

ഭ്രച്ഛത്രം-ക്ഷൗൻ.

ഭ്രച്ഛായ- പ്ര. ഭൂമിയുടെ നിഴൽ. ഉ. രാഹു.

ഭ്രജ-വി. ഭൂമിയിൽ നിന്നു ജനിച്ച.

ഭ്രജം-വൃക്ഷം.

ഭ്രജമ്പൂ-നിലഞാവിൽ.

ഭ്രജാത-വി. ഭൂമിയിൽ ജനിച്ച.

ഭ്രജാനീശ്വരൻ-പ്ര. ഭൂമിയാകുന്ന മെയ്യ്ക്കു നാഥനായുള്ളവൻ, രാജാവു്. ഉ. രാജരാജന്മാരിൽവച്ചു ശ്രേഷ്ഠൻ, രാജാധിരാജൻ.

ഭ്രത-വി. പ്ര. ഉണ്ടായ. ഉ. കഴിഞ്ഞ. ന. ലഭിച്ച. ര. സത്യമായ.

ഭ്രതകാലം-പ്ര. കഴിഞ്ഞ സമയം. ഉ. (വ്യാകരണത്തിൽ) കഴിഞ്ഞതിനെ ഭൂതകാലം എന്നു പേർ.

ഭ്രതകേശം-പ്ര. വയമ്പു്. ഉ. ജടാമഞ്ജി. ഭൂതങ്ങളുടെ കേശത്തോടു തുല്യമായതു് എന്നർത്ഥം.

ഭൂതക്കണ്ണാടി-എത്രയും ചെറിയ ലോക സാധനങ്ങളെപ്പോലും വലിയ ആകൃതിയിൽ കാണിക്കുന്ന ഒരുതരം കണ്ണാടി. (Mycroscope).

ഭൂതക്കാൽ-വീങ്ങിയ കാൽ.

ഭൂതപ്പാലം-പ. ഒട്ടകം. ക. ഇഞ്ചിമരം. ന. വെള്ളക്കുമ്പിൾ.

ഭൂതഗണം-ദേവയോനികളിൽ ഒരു കൂട്ടർ, ബാലഗ്രഹാദികളും എന്നർത്ഥം. പിശാചുക്കളും, ശാസ്താവിന്റെ ഭൃത്യവർഗ്ഗങ്ങളും

ഭൂതചാരി-ശിവൻ.

ഭൂതത്താൻ-ഒരുമാതിരി പിശാച്.

ഭൂതദയ-എല്ലാ ജീവികളോടും തോന്നുന്ന അനുകമ്പ, എല്ലാറ്റിനോടുമുള്ള സ്നേഹം.

ഭൂതധാത്രി-ഭൂമി.

ഭൂതനാഥൻ-പ. ശിവൻ. ക. ശാസ്താവ്

ഭൂതനാശനം-പ. രുദ്രാക്ഷം. ക. പെരുങ്കായം. ന. ചേരുമരം. ര. കടുക്.

ഭൂതപിണ്ഡം- പഞ്ചഭൂതങ്ങളെക്കൊണ്ടുണ്ടാക്കീട്ടുള്ള ശരീരം.

ഭൂതപൂർവ്വം-മുൻപിനാലെ.

ഭൂതപ്രയോഗം-മന്ത്രവാദം, അഭിചാരം

ഭൂതബാധ -ഭൂതത്തിനെകൊണ്ടുള്ള ഉപദ്രവം.

ഭൂതം-പ. പിശാച്. ക. ദേവത. ന. ബുധ. ര. ജനം. ങ. ജന്തു. ന. ഭവിച്ചത്, കഴിഞ്ഞത്. ഛ. വ്യാകരണപ്രകാരം കാലങ്ങളിൽ ഒന്ന്. (കഴിഞ്ഞകാലം). വ. യുക്തമായിട്ടുള്ളത്. ൻ പൃഥിവ്യാദി പഞ്ചഭൂതങ്ങളും. ഠ സത്യം. ഠഠ. പ്രാണിമാത്രം.

ഭൂതയജ്ഞം-ചില ഭൂതങ്ങൾക്കായിട്ട് കഴിക്കുന്ന ഒരു ബലി.

പശുക്കൾക്ക പുല്ലുകൊടുക്കുക മുതലായത്. തത്തക്ക പാൽ കൊടുക്കുക, പ്രാവിന്നരികൊടുക്കുക, പൂച്ചക്ക ചോറു കൊടുക്കുക മുതലായതും ഇതിൽ ഉൾപ്പെട്ടതാം.

ഭൂതലവേതാളക-ഒരുവക മന്ത്രം.

ഭൂതലം-ഭൂമി.

ഭൂതവാക്ക് — ഭൂതങ്ങളിൽ നിന്നുണ്ടായ ശബ്ദം.

ഭൂതവാസം-താന്നിവൃക്ഷം.

ഭൂതവിദ്യ- പിശാചുക്കളെ പറഞ്ഞയക്കുന്ന ശാസ്ത്രം.

ഭൂതവേശി-പ വെളുത്ത നൊച്ചി, ഭൂതങ്ങൾ പ്രവേശിക്കുന്നതെന്നർത്ഥം, ക വെള്ളച്ചെമന്തി.

ഭൂതസഞ്ചാരം-ഭൂതം ബാധിക്കുക.

ഭൂതസ്ഥാനം-കാവ്.

ഭൂതാങ്കുശം-തുമ്മി, ചെരുപ്പടി. പത്രശാകങ്ങളിൽ ഒന്ന്.

ഇതിന്റെ ഇല തിരുമ്പി മണപ്പിച്ചാൽ തുമ്മും. അതിനാൽ തുമ്മി എന്നു പറയുന്നു. നിലത്തു ചേർന്നു പടരുന്നതിനാൽ ചെരുപ്പടി എന്നു വിളിക്കുന്നു. ഇതു വൃക്ഷമായിട്ടും ലതയായിട്ടും രണ്ടുതരമുണ്ട്.

ഭൂതാത്മാവ്-പ. ബ്രഹ്മാവ്. ക. ശരീരം, ഭൂതങ്ങളുടെ ആത്മാവ്, ഭൂതങ്ങൾ (പൃഥിവ്യാദികളും) ആത്മാവായിട്ടുള്ളതു എന്നർത്ഥം.

ഭൂതാദേവശം-ഭൂതസഞ്ചാരം.

ഭൂതാവാസം-താന്നി. ഭൂതങ്ങളുടെ വാസസ്ഥാനം എന്നർത്ഥം.

ഭൂതി-പ. ഐശ്വര്യം. വിശേഷേണ ഉണ്ടാകുന്നതു എന്നർത്ഥം. ക. ഭസ്മം. ന. സൌഭാഗ്യം. ര. സമ്പത്ത്. ങ. നാനൂകല്പുല്ല്. ന. വൃദ്ധി. ഛ. പുരാണക്കല്പുല്ല്. വ. പിച്ചകം.

ഭൂതികം-ഫ. നിലവേപ്പ്. ര. കവടപ്പുല്ല്. ന. പൂതണക്കപ്പുല്ല്. ഭ. കിരിയാത്ത ഇ ചെറുകമിഴ്. തന്നത്താൻ ഉളച്ചുണ്ടാകുന്നതു് എന്നർത്ഥം. ന്യ. കപ്പൂരം.

ഭൂതി(തീ)കം-ഫ നാനുകപ്പുല്ല്. ര. പൂതണക്കപ്പുല്ല്. ന. നിലവേപ്പ്. ഭ. ചന്ദനം. ഇ കറാശാണി.

ഭൂതേശൻ, ഭൂതേശ്വരൻ-ഫ ശിവൻ ഭൂതങ്ങളുടെ ഈശ്വരൻ എന്നർത്ഥം. ര. വിഷ്ണു. ന. ബ്രഹ്മാവു്. സർവ്വ സൃഷ്ടികളുടേയും ഈശ്വരൻ എന്നർത്ഥം.

ഭൂതോദ്യാ-കാരണംകൂടാതെ ഉണ്ടാകുന്ന ഒരു നിശ്ചയം.

ഭൂതമം-സർഷ്ടം.

ഭൂദാനം-ഫ സന്ന്യാസിയുടെ ശവം കഴിച്ചിടുന്നതിനു പറയുന്ന പേർ. ര. ഭൂമിദാനം.

ഭൂദാരം-പന്നി. ഭൂമിയെ പിളർക്കുന്നതു, വിഷ്ണു വരാഹരൂപേണ അവതരിച്ചപ്പോൾ ഭൂമി ഭേദിയ്ക്കയായിട്ടുള്ളതു് ഇങ്ങിനെ ശബ്ദാർത്ഥം.

ഭൂദേവൻ-ബ്രാഹ്മണൻ. ഭൂമിയിലെ ദേവൻ എന്നർത്ഥം.

'ഭൂപയ്യായങ്ങളോടു ദേവപയ്യായങ്ങളും ചേർത്താൽ ബ്രാഹ്മണപയ്യായമാകും

ഭൂധരം-പർവ്വതം.

ഭൂധരൻ-ഫ. രാജാവു്. ര. ശിവൻ. ന. കൃഷ്ണൻ.

ഭൂധ്രം-പർവ്വതം

ഭൂനാഗം-ഞാഞ്ഞൂൽ.

ഭൂനിംബം-കിരിയാത്തു. നിലത്തുള്ള വേപ്പു=കൈപ്പുരസംകൊണ്ടു വേപ്പിനോടു തുല്യമായതു ഇങ്ങിനെ ശബ്ദാർത്ഥം. നിംബം എന്നതു പുത്തരിച്ചുണ്ടയാണെന്നു് നമ്പിപ്രയോഗമുണ്ടു്. എങ്കിലും ആ നേപഥ്യണത്തിൽ ഞാൻ അമ്പിപ്രയോഗത്തോടു യോജിക്കുന്നില്ല.

ഭൂപടം-ഭൂമിയുടേയും, ഒരു ദേശത്തിന്റേയും, പല ദേശങ്ങളുടേയും സ്വരൂപം കാണിക്കേണ്ടതിനു എഴുതുന്ന ചിത്രം.

ഭൂപതി-ഫ. രാജാവു്. ര. ശിവൻ. ന. ഇന്ദ്രൻ.

ഭൂപദി-ഫ. വള്ളിമുല്ല. കമ്പിൽ വേരുണ്ടാകുന്നതു് എന്നർത്ഥം. ര. മല്ലിക.

ഭൂപൻ, ഭൂഭിപൻ-രാജാവു്. ഭൂമിയെ പാലിക്കുന്നവൻ എന്നർത്ഥം.

ഭൂപാലൻ-രാജാവു്.

ഭൂപാളം-ഒരു രാഗം.

ഭൂപുത്രൻ, ഭൂസുതൻ-ഫ. ചൊവ്വാ എന്ന ഗ്രഹം. ര. നരകാസുരൻ.

ഭൂപുത്രി-സീത.

ഭൂപൃഷ്ഠം-തലം, ഭൂമിയുടെ ഉപരിതലം.

ഭൂപ്രദിക്ഷണം-ഭൂമിയുടെ ഞധികപ്രദേശം തന്റെ വലത്തുഭാഗത്തായിട്ടിരിപ്പാൻ തക്കവണ്ണം ഭൂമിയെ ചുറ്റിനടക്കുക.

ഭൂഭർത്താവു്-ഫ രാജാവു്. ര. ശിവൻ.

ഭൂഭാരം-ഭൂമിയുടെ കനം, ദുഷ്ടന്മാർ വർദ്ധിച്ചാൽ ഭൂമിക്കുണ്ടാകുന്ന കനം.

ഭൂഭുക്-രാജാവു്.

ഭൂഭൃത്തു്-ഫ രാജാവു്. ര. പർവ്വതം. ഭൂമിയെ ഭരിക്കുകകൊണ്ടു ഈ പേർ വന്നു.

ഭൂഭൃന്നിലം-പർവ്വതപ്രദേശം.

ഭൂമണ്ഡലം ഭൂമിക്കു മുഴുവനും ക്രമേ പറയുന്ന ഒരു പേർ, ഭൂഗോളം.

ഭൂമാവു്-ഫ. ബാഹുല്യം. ര. നേരത്തോക്കു് ന. പ്രാഭവം, വലിപ്പം, മഹിമ, ഭ. ശക്തി.

ഭൂമ-വി. വളരെയുള്ള, വലിച്ച.

ഭൂമന്യു-ശകുന്തളയുടെ പുത്രനായ ഭരതന്റെ സുനന്ദയിൽ ഉണ്ടായവൻ.

ഭൂമൻ-ലോകനായകൻ, ശ്രേഷ്ഠൻ

ഭൂമഹേശ്വരൻ-ശിവൻ.

ഭൂമി-പഞ്ചഭൂതങ്ങളിൽ ഒന്ന്, മനുഷ്യർക്ക് പ്രത്യേകമായുള്ള ഈ ലോകസ്ഥലം.

ഭൂഗോളത്തിന്റെ മുക്കാൽ ഭാഗവും മൂടിക്കിടക്കുന്ന ജലാശയങ്ങളും നീക്കി അഞ്ചുകോടി ഇരുപതുലക്ഷം ചതുരശ്ര നാഴിക ഭൂമിയുണ്ട്.

പു. ധ്രുവന്റെ ഒരു ഭാര്യയുടെ പേർ.

ഭൂമിക-നാട്യാലങ്കാരം, വേഷം, ആകൃതി, ആടിക്കഴിഞ്ഞവൻതന്നെ രണ്ടാമതും ധരിക്കുന്ന വേഷം.

ഭൂമികുക്കി-പ. ഒരുതരം വലിയ തേക്ക്, പീരങ്കി. പു. ഒരു പക്ഷി.

ഭൂമിജ-വി. ഭൂമിയിൽ നിന്നുണ്ടായ.

ഭൂമിജൻ-ചൊവ്വാ എന്ന ഗ്രഹം.

ഭൂമിജംബുക-നിലഞാവൽ വൃക്ഷം,

ഭൂമിതാലം-ഒരു മരുന്ന്, നിലപ്പന.

ഭൂമിതൈലം-മൺതൈലം

ഭൂമിദേവൻ-ബ്രാഹ്മണൻ.

ഭൂമിദേവി-ഭൂമി, ഭൂമിയുടെ ദേവി.

ഭൂമിനാഥകവി-ഒരു സംസ്കൃതകവിയാണ്. രാമഭദ്രദീക്ഷിതരുടെ ശിഷ്യനും വംശക്കാരനുമാണ്. ശഹജിരാജാവിനെക്കുറിച്ചു 'ധർമ്മവിജയം' എന്നൊരു ചമ്പൂകാവ്യമുണ്ടാക്കീട്ടുണ്ട്.

ഭൂമിപടം-ഭൂപടം.

ഭൂമിപാലകൻ-രാജാവ്.

ഭൂമിപാലനം-ഭൂമിയെ രക്ഷിക്കുക.

ഭൂമിഭർത്താവ്-രാജാവ്.

ഭൂമിലേപനം-ചാണകം.

ഭൂമിസ്പൃക്-പ. വൈശ്യൻ. പു. മനുഷ്യൻ.

ഭൂമുഖം-ഭൂമിയുടെ ബഹിർഭാഗം. (ഭൂപൃഷ്ഠം); ഭൂമിയുടെ മുകൾഭാഗം.

ഭൂമീന്ദ്രൻ-രാജാവ്.

ഭൂയസ്സു-വി. വളരെയുള്ള, അപരിമിതമായ

ഭൂയസ്സ്-അ. ക്രമേണ, പിന്നെയും പിന്നെയും.

ഭൂയാന്മാർ-ബഹുതരന്മാർ (ഏറ്റവും ബഹുക്കാരം).

ഭൂയിഷ്ഠ-വി. വളരെയുള്ള, അത്യധികമായ, ഏറ്റവും ബഹുവായിരിക്കുന്ന.

ഭൂയോദർശനം-വീണ്ടുമുള്ള കാഴ്ച.

ഭൂരഥൻ-പരമേശ്വരൻ.

'രത്നസാനു വിശിഖാസനൻ ഭൂരഥൻ' (ഭാരവ്യകം)

ഭൂരി-വി. വളരെയുള്ള, പരമായ.

ഭൂരി-പ. ബ്രഹ്മാവ്. പു. വിഷ്ണു. നു. ശിവൻ. ഭ. രുപാൻ. ഭ. സോമദത്തരാജാവിന്റെ പുത്രൻ. നു. ഇന്ദ്രൻ. ഭ. ബ്രാഹ്മണൻ.

ഭൂരി-അ. അധികമായി.

ഭൂരിഗാ-കഴുത.

ഭൂരിഗമാ-കഴുത.

ഭൂരിതരാ-വളരെ അധികമായുള്ള.

ഭൂരിതമാ-വളരെവളരെ അധികമായുള്ള.

ഭൂരിപക്ഷം—അധികമാളുകളുടെ അഭിപ്രായം.

ഭൂരിഫേന-ഒരു തരം, ചങ്ങലന്ത. വളരെ നുരയുള്ളത് എന്നർത്ഥം.

ഭൂരിരസാ-കരിമ്പ്.

ഭൂരിപ്രയോഗ-സാധാരണയായ പ്രയോഗം.

ഭൂരിപ്രേമാ-ചക്രവാകപ്പക്ഷി.

ഭൂരിമായ യ്-കറുക്കൻ. വികൃതമായ ശബ്ദത്തെ പുറപ്പെടുവിക്കുന്നത് എന്നർത്ഥം.

ഭൂരിശ്രവസ്സ്-സോമദത്തന്റെ ഒരു പുത്രൻ. കൗരവന്മാരുടെ സ്നേഹിതൻ. (സാത്യകി വധിച്ചു)

സോമദത്തന്റെ അച്ഛൻ ബൽഹി (ഹീ)ക രാജ്യത്തെ രാജാവും ശന്തനുവിന്റെ സഹോദരനുമായ ബൽഹി (ഹീ)കൻ ആണ കാണുക.

ഭൂരുണ്ഡി-ഒരു പച്ചമരുന്ന്, വേനപ്പച്ച, വേലിപ്പരുത്തി, നിലത്തു പടർന്നു കിടക്കുന്നത് എന്നർത്ഥം.

ഭൂരുഹം-വൃക്ഷം.

ഭൂരേണു-പൂഴി, ഭൂമിയിലെ പൊടി.

ഭൂർജ്ജം-പൂതണക്ക വൃക്ഷം. ഭൂമിയാകുന്ന ബലമുള്ളത്, ഭൂമിയിൽ ജനിച്ചത് എന്നർത്ഥം.

ഭൂർജ്ജവൃക്ഷത്തിന്റെ തൊലിയെ സച്ഛ്രീകരിച്ചു കാമലേഖനത്തിന്നായി ഉപയോഗിക്കുന്നു.

അധികമായും ഹിമാലയം മുതലായ പർവ്വതങ്ങളിൽ ഉണ്ടാകുന്നു. ഇതിന്റെ തൊലി ചുരുട്ടിയതികഠം വസ്ത്രമാക്കി ധരിക്കുന്നു.

ഭൂർജ്ജപത്രം-പൂതണക്കവൃക്ഷം.

ഭൂർണ്ണി-പ. ഭൂമി. ഉ. മണൽക്കാട്.

ഭൂലത-ഞാഞ്ഞൂൽ.

ഭൂലോകം-ഭൂമി.

ഭൂവലയം-ഭൂമിയുടെ ചുറ്റും.

ഭൂവാസികഠം-മനുഷ്യർ.

ഭൂവാഹനൻ-ശിവൻ.

ഭൂഷ, ഭൂഷണം-ആഭരണം, അലങ്കാരം, മോതിരവും മറ്റും. ക്ഷണം > < ഭൂഷണം.

ഭൂഷണമാത്സര്യം- അലങ്കാരമത്സര്യം തന്നെ.

ഭൂഷണത്രയം-ദാനം (കൈക്ക്), സത്യം (കണ്ണത്തിന്), ശാസ്ത്രം (കണ്ണത്തിന്).

ഭൂഷണൻ-വിഷ്ണു.

ഭൂഷിത-വി. അലങ്കരിയ്ക്കപ്പെട്ട.

ഭൂഷിതം-പ. അലങ്കരിക്കപ്പെട്ടത്. ഉ. ഉ. അഴിഞ്ഞിൽ.

ഭൃഷ്ണു-വി. ഭയിക്കുന്ന, ഉണ്ടാകുന്ന.

ഭൃഷ്യം-അലങ്കരിക്കപ്പെടേണ്ടത് (അലങ്കാര്യം)

ഭൃസുത-സീത.

ഭൃസുതൻ-പ. ചൊവ്വ, ഭൂമിയുടെ പുത്രൻ. ഉ. നരകാസുരൻ.

ഭൃസുരൻ-ബ്രാഹ്മണൻ.

ഭൃസ്തൃണം--പൂതണക്കപ്പുല്ല്.

ഭൃസച്ഛം-മഹാമേരു.

ഭ

ഭകുടി-കോപം അസൂയ മുതലായതു നിമിത്തം പുരികം വളയ്ക്കുക. (ഭ്രകുടി, ഭ്രൂകുടി.)

ഭകുംസൻ-സ്ത്രീവേഷം കെട്ടിയ ആട്ടക്കാരൻ.

സ്ത്രീവേഷം കെട്ടിയ സ്ത്രീക്ക് ഈ പദം യോജിക്കുന്നതല്ല.

(ഭ്രകുംസൻ, ഭ്രൂകുംസൻ.)

ഭഗു-പ. ഒരു മഹർഷി. വേധാവിന്റെ മകൻ. (ഭഗുവിന്റെ മകൻ ച്യവനൻ).

ഭഗു ബ്രഹ്മാവിന്റെ ഹൃദയത്തിൽ നിന്നാണ് ജനിച്ചത്.

ഭഗു ഒരു പ്രജാപതിയും മഹർഷിയുമാണ്. ദക്ഷയാഗത്തിൽ പുരോഹിതനായിരുന്നു. അന്നു വേണ്ടുവോളം കഷ്ടത അനുഭവിച്ചു. ഭഗു നക്ഷത്രമാകട്ടെ ശപിച്ചു സപ്തർഷിമാരിൽ

നല്ലാക്ഷൻ തന്റെ രഥം വഹിച്ചുകൊണ്ടുപോയ അത്രിസ്സൂര്യമഹർഷിയെ ചവുട്ടിയപ്പോൾ ആ മഹർഷിയുടെ ജടയിൽ ഒളിച്ചിരുന്നാണ് ഇങ്ങിനെ ചെയ്തതു്. പത്മപുരാണത്തിൽ താഴെ പറയുന്നപ്രകാരം കാണുന്നുണ്ടു്. ഒരു യാഗത്തിൽ കൂടിവന്നിരുന്ന ഋഷിമാർ ത്രിമൂർത്തികളിൽ ആരാണ് പൂജ്യയോഗ്യനെന്നു തമ്മിൽ വാദംതുടങ്ങി. ഇതിനെ പരീക്ഷിച്ചു തീർപ്പുകല്പിക്കുവാൻ ഭൃഗുവിനെ നിയമിച്ചു. ആദ്യം അദ്ദേഹം ശിവനെ പ്രാപിച്ചു. ശിവൻ പത്നീസമേതം ഇരിക്കുന്നതിനാൽ കാണാൻ തരംകൊടുത്തില്ല. അതിനാൽ ഭൃഗു ശിവനെ ലിംഗരൂപനാകട്ടെ എന്നും സജ്ജനങ്ങളാൽ നിന്ദിതനാകട്ടെ എന്നും ശപിച്ചു. പിന്നീടു ഭൃഗു ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു. അദ്ദേഹം അനേകം ഋഷികളുടെ മദ്ധ്യേ വലിയ പ്രതാപത്തോടു കൂടി തന്നെ ഗണിക്കാതെ ഇരിക്കുന്നതു കണ്ടിട്ടു ബ്രഹ്മനെയും പൂജിക്ക അനഹ്നെന്നു ശപിച്ചു. തദനന്തരം ഭൃഗു വിഷ്ണുവിന്റെ സന്നിധിയിൽ ചെന്നു. അപ്പോൾ അദ്ദേഹം പള്ളിനിദ്രയിലായിരുന്നു, മടിയനെന്നു കണ്ടു ഭൃഗു കോപിച്ചു ഇടത്തെ കാൽകൊണ്ടു വിഷ്ണുവിന്റെ നെഞ്ഞിൽ ചവുട്ടി. ഉടൻ വിഷ്ണു ഉണർന്നു സന്തോഷത്തോടെ ഭൃഗുവിന്റെ കാൽ തടവീട്ടു വേദനയുണ്ടായോ എന്നു ചോദിച്ചു. ഇതിൽ ഭൃഗു സന്തുഷ്ടചിത്തനായി സൽഗുണമൂർത്തിയായ വിഷ്ണുതന്നെ സാക്ഷാൽ ദൈവമെന്നും പൂജാർഹനെന്നും തീർച്ചപ്പെടുത്തി ഋഷികളെ ധരിപ്പിച്ചു. അവരും ഈ അഭിപ്രായത്തെ പൂർണ്ണമായി സമ്മതിച്ചു.

പ. ശിവൻ. ന. ശുക്രൻ. ര. പരശുരാമന്റെ അച്ഛൻ, ജമദഗ്നി. ഇ. മലയുടെ ചെരിവു്. സൂര്യകിരണം കാട്ടരിയ്ക്കു ഭൂമിയാൽ തടുപ്പിക്കപ്പെടുന്നതു് എന്നർത്ഥം. ന. മലമുകളിൽ ഒ കൃഷ്ണൻ. വ. വെള്ളിയാഴ്ച.

ഭൃഗുനന്ദനൻ-പരശുരാമൻ.

ഭൃഗുപതി-പരശുരാമൻ.

ഭൃഗുവാസരം-വെള്ളിയാഴ്ച.

ഭൃഗുശാർദ്ദൂലൻ-പരശുരാമൻ.

ഭൃഗുശ്രേഷ്ഠൻ-പരശുരാമൻ.

ഭൃഗുസത്തമൻ-പരശുരാമൻ.

ഭൃഗുസുതൻ-പരശുരാമൻ.

ഭൃംഗം-പ. വണ്ടു്. കറുപ്പുനിറത്തെ ഭരിക്കുന്നതു് എന്നർത്ഥം. പ. ഇലവങ്ങം, രോഗികളെ ഭരിക്കുന്നതു് എന്നർത്ഥം. ന. ഒരു പക്ഷി, ചെറുകരിങ്കിൽ. ര. കയ്യോന്നി. ഇ. വേട്ടുവെള്ളിയൻ. ന. പൊൻകിണ്ടി. ഒ. കട്ടമച്ചുത്തൻ. വ. ഞരിനെപ്പോലെ കറുത്തതു് എന്നർത്ഥം; കലത്തെ ഭരിക്കുന്നതു് എന്നുമാവാം. വ്യ. അഭ്രകം.

ഭൃംഗ(ക)ം-കട്ടമച്ചുത്തൻ.

ഭൃംഗരജസ്സ്-കയ്യോന്നി, കഞ്ഞുണ്ണി, കയ്യുണ്ണം.

ഭൃംഗരാജം-പ. കയ്യുന്യം, വണ്ടിനെപ്പോലെ ശോഭിക്കുന്നതു് എന്നർത്ഥം. പ. ഒരു പക്ഷി. ന. വണ്ടു്. ര. ഒരു പ്രധാന ബഫി.

ഭൃംഗാനന്ദാ-കറുമുഴി.

ഭൃംഗാര(ക)ം—പൊൻപിടിമരുന്നു, പൊൻകിണ്ടി, ക്രമു. ജലത്തെ ഭരിക്കുന്നതു് എന്നർത്ഥം. (പാഠം-ഭൃംഗാമ).

ഭൃംഗാരം-പ. സ്വർണ്ണം. പ. ഇലവങ്ങപ്പൂവു്. ന. കയ്യോന്നി.

ഭൃംഗാരാമം-വണ്ടുകൾക്കുള്ള പൂന്തോട്ടം.

ഭൃംഗാരി-ചീവീട്, ചിവിട്, ചിലവുട് എന്ന തമിഴ്. വണ്ടിന്റെ സദ്ദോശ്യത്തെ തമിക്കുന്നതു് എന്നർത്ഥം.

ഭൃംഗാവലി-വണ്ടിനം.

ഭൃംഗി-ഫ. പേരാല്. ഉ. അതിവിടയം.

ഭൃംഗി, ഭൃംഗിരിടി-ശിവപാരിഷദന്മാരിൽ ഒരുത്തൻ.

ഭൃഗുതുംഗം-ഒരു പുണ്യസ്ഥലം.

ഭൃത-വി. ഫ. കൂലിയ്ക്കു വാങ്ങിക്കപ്പെട്ട. ഉ. താങ്ങപ്പെട്ട. ന. നിറയ്ക്കപ്പെട്ട.

ഭൃതക-വി. കൂലിക്കുവാങ്ങിയ.

ഭൃത(ക)ൻ-ഫ. ഭൃത്യൻ. ഉ. കൂലിവേലക്കാരൻ.

ഭൃതകൻ-ശമ്പളംവാങ്ങി പണിയെടുത്തു് ഉപജീവിക്കുന്ന വേലക്കാരൻ. ഭരിക്കപ്പെടുന്നവൻ എന്നർത്ഥം.

ഭൃതി-ഫ. കൂലി, ശമ്പളം. ഉ. രക്ഷണം ന. മുതൽ, ദ്രവ്യം. ര. ആഹാരം. ങ. വാടക.

ഭൃതിഭുക്-വേലക്കാരൻ.

ഭൃത്യ-വി. ഭരിക്കപ്പെടുവാൻ തക്ക.

ഭൃത്യ-കൂലി, ശമ്പളം. വേലക്കാരന്മാർ ഇതുകൊണ്ടു ഭരിക്കപ്പെടുന്നതിനാൽ ഈ പേർ വന്നു.

ഭൃത്യത്വം, ഭൃത്യതാ-ദാസവേല.

ഭൃത്യൻ-അടിയാൻ, ദാസൻ. (ഭൃത്യത്വം, ഭൃത്യതാ-നാമം)- മറവ പര്യായങ്ങൾ-ദാസേയൻ, ദാസേരൻ, ദാസൻ, ഗോപ്യകൻ, ചേടകൻ, നിയോജ്യൻ, കിങ്കരൻ, പ്രൈഷ്യൻ, ഭുജിഷ്യൻ, പരിചാരകൻ.

ഭൃത്യഭർത്തു്-യജമാനൻ, ഗൃഹസ്ഥൻ.

ഭൃത്യവൃത്തി-ഭൃത്യന്റെ വേലയോ അവസ്ഥയോ.

ഭൃശ-വി. അധികമായ, ഏറിയ.

ഭൃശം-അ. ഏറവും.

'ഭൃശം ശതോസിനുനമംപദം'

(നളചരിതം കഥകളി)

ഭൃഷ്ട-വി. വറക്കപ്പെട്ട.

ഭൃഷ്ടയവം-ഫ. യവം വറുത്തുപൊടിച്ചതു്. ഉ. അരി മുതലായതു വറുത്തു പൊടിച്ചതു്.

ഭേ

ഭേകം-ഫ. തവള. ഭയപ്പെടുന്നതു്, ഭയപ്പെടുത്തുന്നതു് ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ ഉ. കുറിയാടു്. ന. മുത്തങ്ങ.

ഭേകഭക്ഷ്-പാമ്പു്.

ഭേകവർണ്ണി-കടങ്ങൽ.

ഭേകി-ഫ. പെൺ തവള. ഉ. തവളക്കുഞ്ഞു്. ന. ചെറിയ ബ്രഹ്മി.

ഭേഡാ-കുറിയാടു്.

ഭേത്താവു്-കലഹമുണ്ടാക്കുന്നവൻ, ഭേദിപ്പിക്കുന്നവൻ.

ഭേത്തൃ-വി. ഭേദിപ്പിക്കുന്ന, വിഭാഗിക്കുന്ന.

ഭേദകം-(വ്യാകരണത്തിൽ) ഒരു ശബ്ദത്തിന്റെ അർത്ഥത്തെ ഭേദിപ്പിക്കുന്ന (വിശേഷിപ്പിക്കുന്ന) സംജ്ഞ. (ഭേദകം = വിശേഷണം).

ഭേദകാതിശയോക്തി-ഒരലങ്കാരം.

ഭേദകാന്വയപ്രയോഗം-(വ്യാകരണത്തിൽ) ധാതുവിന്റെ സ്വന്തമർത്ഥത്തിൽ ചില വിശേഷാംശങ്ങളെ ചേർക്കുന്നതു്.

ഭേദഗതി-തുല്യമല്ലാതെയുള്ള അവസ്ഥ, വ്യത്യാസം.

ഭേദത്രയം- സജാതീയം, വിജാതീയം, സ്വഗതം.

ഭേദനം-ക്രി. ഭേദിപ്പിക്കുക, കലഹമുണ്ടാക്കുക. വി. പൊളിക്കുകയാം. നാ. ഞെരിഞ്ഞാംപുളി. ര. പന്നി.

ഭേദം-ക്രി. വ്യത്യാസം. വി. ചീന്തൽ; പിളക്കുക. നാ. പങ്കുവെക്കുക. ര. ഭിന്നിപ്പ്. ത സ്ഥിതി. ന. നാലുപായങ്ങളിൽ ഒന്ന്.

പരസ്പരം സ്നേഹിച്ചു കൊണ്ടു തന്നെ ദ്രോഹിക്കുന്ന രണ്ടു ശത്രുക്കളെ തങ്ങളിൽ ഭിന്നിപ്പിക്കയും തരമുണ്ടെങ്കിൽ അവരിൽ ഒരുവനെ തനിക്കധീനനാക്കിത്തീർക്കയും ചെയ്യുന്നതു ഭേദോപായം. ഭേദോപായത്തിന്റെ മറ്റൊരു പ്രയോഗം-ഉപജാപം.

ഭേദാഭേദം-വ്യത്യാസവും വ്യത്യാസമില്ലായ്മയും, ഉള്ളിലുള്ള സംഗതികളെ തരംതിരിച്ചറിയിക്കുന്നതാകുന്ന സ്ഥിതി.

ഭേദി-ക്രി. ഇളക്കുന്നതു്, കലക്കുന്നതു്. വി. മലശോധന, നാ. ഞെരിഞ്ഞാംപുളി.

ഭേദിക്കുന്നു-ക്രി. വേർ പിരിയുന്നു. വി. പിളരുന്നു. നാ. വ്യത്യാസം വരുന്നു. ര അകലുന്നു.

ഭേദിത-വി. ഭേദിപ്പിക്കപ്പെട്ട, പിളക്കപ്പെട്ട.

ഭേദിനീ-കരിമ്പീരകം.

ഭേദ്യ-വി. ഭേദിപ്പിക്കപ്പെടുവാൻ തക്ക.

ഭേരി-ഒരു വലിയ വാദ്യം, പെരുമ്പറ. ശത്രുക്കാംക്ക് ഭയത്തെ കൊടുക്കുന്നതു് എന്നർത്ഥം.

ഭേരുണ്ഡ-വി. ഭയങ്കരതപമുള്ള.

ഭേരുണ്ഡൻ- ശിവന്റെ ആകൃതിഭേദം കൊണ്ടുണ്ടായ ഒരു പേർ.

ഭേരുണ്ഡം-ഉല്പാദനം.

ഭേരുണ്ഡാ-ദുർഗ്ഗയുടെ രാസികളിൽ ഒന്ന്.

ഭൈഷജപ്പെടുത്തുക-ഭയപ്പെടുത്തുക.

ഭൈഷജം-ഔഷധം, മരുന്ന്. ദോഷത്തെ (രോഗത്തെ) ജയിക്കുന്നതു് എന്നർത്ഥം.

ഭൈഷജാംഗം-മരുന്നു കലക്കി സേവിക്കുന്നതിനുള്ള തേൻ പാൽ മുതലായവ.

ഭൈഷം—ക്രി. ഭയപ്പെടുത്തുന്നതു്. വി. രോഗം.

ഭൈ

ഭൈക്ഷ്യ-ക്രി. ഭിക്ഷാവസ്തു, ഇരന്നു കിട്ടിയ സാധനം. വി. ഭിക്ഷയുടെ സമൂഹം.

ഭൈമസേനി(ന്യൻ)-ഭീമസേനന്റെ പുത്രൻ.

ഭൈമി- ദമയന്തി, ഭീമരാജാവിന്റെ മകൾ.

ഭൈരവ-വി. ഭയത്തെ ഉണ്ടാക്കുന്ന, ഭയങ്കര.

ഭൈരവാ-ഭയം. ഭീരുവിനെ ബാധിക്കുന്നതു് എന്നർത്ഥം.

ഭൈരവൻ-ക്രി. ശിവൻ. വി. ഭയങ്കരൻ, നാ. മുടലദേവതയായ ശൈവമൂർത്തി. (ഭൈരവദേവന്റെ ദൂതന്മാർ പട്ടികളാകുന്നു.)

ഭൈരവമാതൃക്കൾ-ശിവന്റെ രൂപാന്തരങ്ങളായ എട്ടു ഭൈരവന്മാരും എഴു ബ്രഹ്മാദി മാതൃക്കളും.

ഭൈരവി-ക്രി. കാളിയുടെ ഒരു പേർ. വി. ഒരു രാഗം. നാ. ഭയങ്കരി. ര. ചാമുണ്ഡദേവി.

ഭൈഷജം- ക്രി. ഔഷധം. വി. കാട്ടുപക്ഷി.

ഭൈഷജ്യം-ക്രി. ഔഷധം വി. ചികിത്സ.

ഭോ

ഭോ-അ. ഇതു, 'ഏടോ', 'ഹേ', അല്ലയോ എന്നുള്ളവയ്ക്കുപകരം ചേർക്കുന്നതു്.

ഭോക്തവ്യ-വി. ക. അനുഭവിപ്പാനുള്ള ഖ. ഭക്ഷിക്കപ്പെടുവാനുള്ള.

ഭോക്താവു്-ക. ഭുങ്ങാവു്. ഖ. രാജാവു്. ന. അനുഭവിക്കുന്നവൻ. ര. വിഷ്ണു.

ഭോക്തുകാമ-വി. ക. ഭക്ഷിപ്പാനാഗ്രഹമുള്ള ഖ. ഭുജിപ്പാനാഗ്രഹമുള്ള. ന. അനുഭവിപ്പാനാഗ്രഹമുള്ള.

ഭോക്തൃ-വി. ക. ഭക്ഷിക്കുന്ന. ഖ. അനുഭവിക്കുന്ന.

ഭോക്തൃത്വം-അനുഭവം.

ഭോക്ഷ്യം-ഭുജിക്കപ്പെടേണ്ടതു്.

ഭോഗം-ക. സന്തോഷം, സുഖാനുഭവം. ഖ. സമ്പത്തു്. ന. ക്രമി. ര. പാമ്പിന്റെ പത്തി. ങ. പാമ്പിന്റെ ഉടൽ. ന. അണിയായി നിൽക്കുന്ന സൈന്യം. ഛ. വേശ്യമാർ മുതലായവർക്കു കൊടുക്കുന്ന ധനം മുതലായവ. ഝ. സ്ത്രീകം ഹസ്ത്യശ്വാദികം ഇവരെ ഭരിക്കുന്നതു്. ഭുജിക്കപ്പെടുന്നതു്, ഭുജിക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥം.

ഭോഗധരം-സർപ്പം.

ഭോഗപതി-ഒരു ഡിസ്ട്രിക്ടിലെ ഭരണാധികാരി, ശവർണ്ണർ.

ഭോഗപാലൻ-ഭോഗമുള്ളവൻ, മണവാളൻ.

ഭോഗഭൂമി-സ്വർഗ്ഗം.

ഭോഗലാഭം-പലിശ.

ഭോഗലോല വി. ഭോഗത്തിങ്കൽ താല്പര്യമുള്ള.

ഭോഗലോലുപ-വി. സുഖത്തിങ്കൽ അത്യാഗ്രഹമുള്ള.

ഭോഗവതി-ക. നാഗങ്ങളുടെ നഗരം. നാഗലോകത്തിലെ പ്രധാന സ്ഥലം. (പുൽകരീ എന്നും പേരുണ്ടു്).

ഭോഗവതി എന്നതു പാതാളത്തിൽ സർപ്പങ്ങളുടെ നഗരമാണു്. ഇതിന്റെ മകളിലായിരുന്ന ഭാരകയുടെ സ്ഥിതി. ഖ. പാതാളനദി, പാതാളശംഖം. സുഖമുള്ളതു് എന്ന ശബ്ദാർത്ഥം. ന. പുഴ മുഞ്ഞ.

ഭോഗവ്യൂഹം-യുക്തിങ്കൽ വ്യൂഹത്തിന്റെ ഭണ്ഡാരികളായ ഭേദങ്ങളും ഉള്ളവയിൽ ഒന്നു്.

ഭോഗശീല-വി. ഭോഗത്തിങ്കൽ ശീലമുള്ള, സുഖത്തിങ്കൽ അത്യാഗ്രഹമുള്ള.

ഭോഗി-വി. ഭോഗമുള്ള, അനുഭവിക്കുന്ന.

ഭോഗി-ക. സർപ്പം. ഫണമുള്ളവൻ എന്നർത്ഥം. വളഞ്ഞു നടക്കുന്നവൻ എന്നുമാവാം. ഖ. രാജാവു്. ന. നാഗരാജാ. ര. ക്ഷേത്രരക്ഷകൻ. ങ. ഗ്രാമത്തിൽ പ്രധാനി. ന. (മ) പോണ്ടൻ.

ഭോഗികൻ-കതിരക്കാരൻ.

ഭോഗിക്കുന്നു-സുഖം അനുഭവിക്കുന്നു.

ഭോഗിനി-ക. രാജാവിന്റെ വെപ്പാട്ടി. ഖ. വെപ്പാട്ടി. മഹിഷിയെഴിച്ചു ബാക്കിയുള്ള രാജസ്ത്രീ. വളരെ സുഖാനുഭവം ഉള്ളവൾ എന്നർത്ഥം.

'വിഹായമഹിഷീമന്യ-
രാജായോക്തിതി ഭോഗിനി'

(മേദിനി)

ന. നാഗങ്ങളുടെ തലസ്ഥാനം.

ഭോഗിഭുക്കു്-മയിൽ.

ഭോഗീശൻ-സർപ്പരാജൻ, അനന്തൻ.

ഭോഗേച്ഛു-സുഖത്തൽപരത.

ഭോഗ്യ-വി. ഭോഗിപ്പാൻ തക്ക, അനുഭവിപ്പാൻ തക്ക.

ഭോഗ്യ-വ്യഭിചാരിണി.

ഭോഗ്യം-ഗ. സമ്പത്ത്. ഘ. ധാന്യം.

ഭോജകൻ-ഭുജിക്കുന്നവൻ.

ഭോജൻ-ഗ. മഹാവിദ്വാനായിട്ട് ഉജ്ജയിനിയിൽ പണ്ടുണ്ടായിരുന്ന ഒരു രാജാവ്, ഭോജരാജൻ.

ഇദ്ദേഹം വിദ്വൽക്കല്പവൃക്ഷമാണ്. പത്താം ശതാബ്ദത്തിന്റെ ഒട്ടുവിൽ ജീവിച്ചിരുന്നു. ഭോജപ്രബന്ധം നോക്കുക.

ഘ. വിദ്വദ്രാജാവ്.

ഭോജന്മാർ-ദ്രുഹ്യുവിന്റെ പരമ്പര.

ഭോജനൻ-ഗ. ശിവൻ. ഘ. വിഷ്ണു.

ഭോജപ്രബന്ധം - ഭോജരാജാവിന്റെ ചരിത്രം അടങ്ങിയ ഒരു ഗ്രന്ഥം. (കവി-ബല്ലാളൻ.)

ഭോജനപ്രിയ-വി. ഭക്ഷണത്തിൽ അധികം ഇഷ്ടമുള്ള.

ഭോജനം-ഗ. ഭക്ഷണം. ഘ. വസ്തു, ധനം. ങ. അനുഭവം.

ഭോജനത്തിന്റെ രുചി പ്രധാനമായി ആശ്രയിച്ചു നില്ക്കുന്നത് പദാർത്ഥങ്ങളെ അല്ല, പാകഭേദത്തെയാണ്.

ഭോജനസാധനം-ഭക്ഷണവസ്തു.

ഭോജം-ഭാരതഖണ്ഡത്തിൽ അൻപത്തൊമ്പതു മഹാരാജ്യങ്ങളും ഉള്ളതിൽ ഒന്ന്.

ഭോജവർഷം— ഫാൻർ-ക്ക ഫാർ-ഫാനും.

ഭോജാധിപൻ-ഗ. കംസൻ. ഘ. കർണ്ണൻ.

ഭോജി-വി. ഭുജിക്കുന്ന.

ഭോജിനി-ഭുജിക്കുന്നവൾ.

ഭോജ്യ-വി. ഭുജിക്കപ്പെടുവാൻ തക്ക.

ഭോജ്യം-ഭക്ഷിപ്പാനുള്ള സാധനം.

ഭോജ്യസംഭവം-ഭക്ഷിച്ച വസ്തുവിന്റെ സാരം.

ഭോഷി-ഒട്ടകം.

ഭോഷിത്തം-ഭോഷന്റെ സ്ഥിതി.

ഭോഷിത്തരം-ഭോഷന്റെ അവസ്ഥ, ഭോഷത്തം, ബുദ്ധിക്കുറവും മറവും.

ഭോഷിത്വം-ഭോഷന്റെ സ്വഭാവം.

ഭോഷൻ-ബുദ്ധിയില്ലാത്തവൻ. (ഇതാണ് പേഴൻ എന്നായത്).

ഭോഷ്ക്ക-അസത്യം, വ്യാജം, നുണ.

ഭോഷ്കാരം-കീർത്തിശബ്ദം.

ഭോസ്സ്-അ. സംസ്കൃതത്തിൽ 'അഹേ' 'ഏടോ' 'അല്ലയോ' എന്നും മറ്റും പറയേണ്ടുന്നതിനു പകരം കൂട്ടിപ്പറയുന്നു.

ഭൈ

ഭൈതിക-വി. ഭൂതസംബന്ധമുള്ള, പിശാചാദികളെ സംബന്ധിച്ചുണ്ടായ.

ഭൈതികൻ-ശിവൻ.

ഭൈതികപിണ്ഡം-പഞ്ചഭൂതനിർമ്മിതമായ ശരീരം.

ഭൈതികം-ചേതമരം.

ഭൈത്യൻ-പത്നാമാമത്തെ മനു.

ഭൈമ-വി. ഭൂമിയെ സംബന്ധിച്ച.

ഭൈമൻ-ഗ. ചൊവ്വാ, ഭൂമിയുടെ പുത്രൻ എന്നർത്ഥം. ഘ. നരകാസുരൻ. ങ. അത്രി.

ഭൈമരത്നം-പവിഴം.

ഭൈമാ-മൂവില.

ഭൈമം-ഉവരുപ്പ്.

ഭൈമി. സീത.

ഭൈമികം-ഭൂമിയെ സംബന്ധിച്ചത്.

ഭൈരികൻ-സപ്തഭേദാംരത്തിൽ അധികാരമുള്ളവൻ, മുതൽപിടിക്കാരൻ. വളരെ സപ്തത്തിൽ നിയോഗിക്കപ്പെട്ടവൻ എന്നർത്ഥം.

ഭ

ഭകുടി, ഭ്രകുടി, ഭ്രുകുടി–കോട്ടഞെരമ്പ്. കോപം അസൂയ മുതലായതു ഹേതുവായിട്ടു പുരികം വളയ്ക്കുക. ഭ്രുവിന്റെ (പിരികത്തിന്റെ) കുടി (വക്രതിലൃം) എന്നർത്ഥം.

ഭ്രകുടിവ്യുടന–പുരികം ചുളിക്കുക.

'ഉൾപ്പൂവിൽകോപമപ്പോൾ
ഭ്രകുടിവ്യുടനതാൻ'

(നളചരിതകഥകം)

ഭ്രകുസൻ–സ്ത്രീവേഷം കെട്ടിയ ആട്ടക്കാരൻ.

ഒരു സ്ത്രീ തന്നെ സ്ത്രീവേഷം ധരിച്ചാൽ അവിടെ ഈ അർത്ഥം വരികയില്ല.

ഭ്രജനം–വരപ്പ്, വരയ്ക്കുക.

ഭ്രമണം–പ ചുറ്റൽ, ചുഴൽച്ച. വട്ടത്തിൽ തിരിയുക ക അനക്കം ന ഒരുവക കളി.

ഭ്രമം–പ. ചുഴലിച്ച, തലതിരിച്ചൽ, ഒരു മിക്കിൽ സ്ഥിരമായിരിപ്പാൻ വയ്യായ്ക. ക. ഭ്രാന്തി, അറിവില്ലായ്കകൊണ്ടു തെറ്റായി വിചാരിയ്ക്ക, തെറ്റിദ്ധരിക്കൽ ന. നീച്ചുഴിവു, ഉറവു. ര. കശവന്റെ ചക്രവും മറവും.

ഭ്രമം എന്നതു ഭ്രാന്തി തന്നെ. ഭ്രാന്തി എന്നാൽ അതല്ലാത്തതിൽ അതാണെന്നുള്ള ജ്ഞാനമാകുന്നു.

ഭ്രമാ–വി ഭ്രമിക്കുന്ന, ചുറ്റുന്ന.

ഭ്രമരക–പ നെറ്റിക്കുറി, നെറ്റിയിന്മേൽ തൂങ്ങിക്കിടക്കുന്ന കുറി. ക. വണ്ട്. ന. പമ്പരം. ര. നീച്ചുഴിവ്. ങ. ജലം ന. കാവിമണ്ണ്.

ഭ്രമരകീടം–ഒരു ചെറിയ പറക്കുന്ന പ്രാണി, വേട്ടുവേളിയൻ.

ഭ്രമരച്ചല്ലി–ഒരു വൃക്ഷം.

ഇതു് വളരെ വലുതാണ്. അധികമായും മരുഭൂമിയിലുണ്ടാകുന്നു.

ഭ്രമരൻ–പ. സ്ത്രീലോലൻ. ക. യുവാവു്.

ഭ്രമരം–പ. വണ്ടു്. ഒരേടത്തും സ്ഥിരമായി നില്ക്കാത്തവൻ എന്നർത്ഥം. ക. ഒരു മീനം, തലതിരിച്ചൽ. ന. ഒരുവക തേൻ.

ഈ തേൻ വെള്ളത്തിരിക്കും.

ഭ്രമരമാരി–ഒരു വൃക്ഷം. ഇതിന്റെ പൂക്കളും വണ്ടുകൾക്കു വിശേഷമാണു്.

ഭ്രമരവിലസിതം–ഒരു വൃത്തത്തിന്റെ പേർ.

ഭ്രമരാവലി–ഒരു വൃത്തത്തിന്റെ പേർ.

ഭ്രമരാസക്തൻ–കടച്ചിലക്കാല്പൻ.

ഭ്രമി–വി. ഭ്രമമുള്ള, ചുറ്റിത്തിരിയുന്ന.

ഭ്രമി–പ. തലതിരിച്ചൽ, ചുഴൽച്ച, ചക്രം തിരിച്ചൽ. ക തെറവു്.

ഭ്രമിക്കുന്ന–പ. തെറ്റുന്ന, മനസ്സിളകുന്ന. ക. ഭ്രാന്തുപിടിക്കുന്ന. ന. വിസ്മയിക്കുന്ന ര. മോഹിക്കുന്ന. (സ ക്രി. ഭ്രമിപ്പിക്കുന്ന).

ഭ്രമിണീ–ഭ്രമമുള്ളവൾ, ചുറ്റിത്തിരിയുന്നവൾ.

ഭ്രംശഥ–ഒരു നരസംരോഗം.

തലയിൽ മുമ്പെ വലിച്ചിരിക്കുന്ന കഫം വെയിൽ കൊള്ളുമ്പോൾ ലവണരസത്തോടുകൂടിയതായി പാകപ്പെടുന്നതും കൊഴുത്തിട്ടു മൂക്കിൽക്കൂടിയൊഴുകും.

ഭ്രംശം–അതാതിന്റെ സ്ഥാനത്തുനിന്നു് വീഴുകയോ മാറുകയോ ചെയ്യൽ, വീഴ്ച.

ഭ്രംശിക്കുന്ന–തന്റെ സ്ഥാനത്തുനിന്നു മാറുന്നു, വീഴുന്നു.

ഭ്രഷ്ട–വി. ഭ്രംശിച്ച, വീണുപോയ, നശിച്ചുപോയ. (ന–ഭ്രഷ്ടത).

ഭാ

ഭാജിഷ്ണു-വി. ഭാജിക്കുന്ന, ശോഭിക്കുന്ന. അലംകാരമണികളുടെയൊക്കെ അതിശയേന ശോഭിക്കുന്ന ശീലമായിട്ടുള്ള.

ഭാജിഷ്ണു-പ്ര. ശിവൻ. പ. വിഷ്ണു.

ഭ്രാതാവു്-സഹോദരൻ, ജ്യേഷ്ഠൻ, അനുജൻ. ശോഭിക്കുന്നവൻ എന്നർത്ഥം.

ഭ്രാതൃക-വി സഹോദരസംബന്ധമുള്ള.

ഭ്രാതൃജൻ-സഹോദരപുത്രൻ. ജ്യേഷ്ഠഭ്രാതാവിന്റെയും കനിഷ്ഠഭ്രാതാവിന്റെയും പുത്രൻ. ഭ്രാതാവിങ്കൽനിന്നു ജനിച്ചവൻ എന്നർത്ഥം.

ഭ്രാതൃജായാ-സഹോദരന്റെ ഭാര്യ. ജ്യേഷ്ഠന്റെ അല്ലെങ്കിൽ അനുജന്റെ ഭാര്യ.

ഭ്രാതൃദ്വിതീയാ-ഒരു വിശേഷദിവസം

ദീപാവലിയുടെ പുണ്യയാത്രാസ്ഥലമാണു് ചിത്രകൂടം. വൈഷ്ണവന്മാർ കൂട്ടംകൂട്ടമായി അവിടേയ്ക്കു യാത്രപുറപ്പെടും. ശ്രീരാമനവമി, ഭ്രാതൃദ്വിതീയാ എന്നീ രണ്ടു ദിവസങ്ങളിൽ അസംഖ്യം യാത്രക്കാർ അവിടെ ചെന്നുകൂടുന്നു.

ഭ്രാതൃപത്നി-സഹോദരഭാര്യ.

ഭ്രാതൃഭഗിനികം-സഹോദരനും, സഹോദരിയും.

ഭ്രാതൃവ്യൻ-പ്ര. സഹോദരപുത്രൻ, കൂടെ പിറന്നവന്റെ പുത്രൻ. ജ്യേഷ്ഠഭ്രാതാവിന്റെയും കനിഷ്ഠഭ്രാതാവിന്റെയും പുത്രൻ. പ. ശത്രു.

ഭ്രാതൃസ്നേഹം—സഹോദരനോടുള്ള സ്നേഹം.

ഭ്രാതൃീയ-വി. സഹോദരനെ സംബന്ധിച്ച.

ഭ്രാതൃീയൻ-സഹോദരപുത്രൻ, ജ്യേഷ്ഠഭ്രാതാവിന്റെയും കനിഷ്ഠഭ്രാതാവിന്റെയും പുത്രൻ. (ഭ്രാതൃവ്യൻ എന്നുമാവാം).

ഭ്രാന്തു്-ബുദ്ധിഭ്രമം.

ഭ്രാന്ത-വി. ചുറ്റിത്തിരിഞ്ഞ, ഭ്രമിക്കുന്ന, ഭ്രമമുള്ള.

ഭ്രാന്തൻ-പ്ര. ബുദ്ധിഭ്രമമുള്ളവൻ പ. ഭോക്ഷൻ.

ഭ്രാന്താപഹ്നുതി-ഒരു അലങ്കാരം.

ഭ്രാന്തി-പ്ര. ഒന്നിനൊന്നായിട്ടുഭ്രമിക്കുക, തെറിഭ്രമണം. ബുദ്ധിയെ ഇളക്കിത്തീർക്കുന്നതു് എന്നർത്ഥം. പ. ബുദ്ധിഭ്രമം, ഭ്രാന്തു്. ന. ഭ്രമിക്കുക.

ഭ്രാന്തിമത്-വി. ഭ്രാന്തിയുള്ള.

ഭ്രാന്തിമാൻ-ഒരു അലങ്കാരം. (ഒന്നിനെ മറ്റൊന്നെന്നു ഭ്രമിക്കുന്നതു്).

ഭ്രാന്തിഹരൻ-ആലോചനക്കാരൻ.

ഭ്രാമകം-പ്ര കറുക്കൻ. പ. അയസ്സുംനാകം.

ഭ്രാമകം-ഭ്രമത്തെ ഉണ്ടാക്കുന്ന. പ. ചുറ്റിക്കുന്ന.

ഭ്രാമണം-ചുറ്റൽ.

ഭ്രാമരം-പ്ര. ഒരുമാതിരി തേൻ. പ. ഒരുമാതിരി കള്ളി. ന. അയസ്സുംനാകം. ഭ്രമണം. ചുറ്റൽ.

ഭ്രാമരി-വി. പ്ര. ഭ്രമിക്കുന്ന, ചുറ്റുന്ന. പ. ഭ്രമരത്തിൽ നിന്നുണ്ടായ.

ഭ്രാഷ്ട്ര-വി. കരണ്ടിയിൽ വരുത്ത

ഭ്രാഷ്ട്രം-വറുക്കുന്ന കരണ്ടിയും മറ്റും ഇതിൽ വറുക്കുന്നതിനാൽ ഈ പേർ വന്നു.

ഭ്രു

ഭ്രുകുടി-കോട്ടഞെരുപ്പു്, കോപം അസൂയ ഇവ വരുമ്പോൾ നെറ്റിമേലുണ്ടാകുന്ന കരടയാളം.

ഭ്രുകുംസൻ-സ്ത്രീയുടെ വേഷംധരിച്ചു നൃത്തംചെയ്യുന്നവൻ, പിരികരക്കോടികൊണ്ടു ഭാക്ഷണം ചെയ്യുന്നവൻ. ശോഭിക്കുന്നവൻ എന്നർത്ഥം.

ഭൃ

ഭൃം- പുരികം. ഇളകിക്കൊണ്ടിരിക്കുന്നത് എന്നർത്ഥം.

ഭൃകുടി-കോട്ടുന്നതും, ചുളുക്കിയ പുരികം (ഭ്രകുടി എന്നതു നോക്കുക)

ഭൃകുംസൻ-സ്ത്രീയുടെ വേഷം ധരിച്ച് നൃത്തംചെയ്യുന്നവൻ. (ഭ്രകുംസൻ എന്നതു നോക്കുക).

ഭൃചലനം-പുരികത്തിന്റെ ഇളക്കം.

ഭൃണം-ശിശു, ഗർഭം, കക്ഷിയിലിരിക്കുന്ന ഗർഭം. പുറത്തുകൊണ്ടുപോയാൽ കൊള്ളരുതെന്നാഗ്രഹിക്കുന്നത് എന്നർത്ഥം. ഭൂമിയിൽ ചെന്നാൽ ഇനിയും പാപകർമ്മങ്ങൾ ചെയ്യുമെന്നു ശങ്കിക്കുന്നത് എന്നുമാവാം.

ഭൃണഹത്യ-ഗർഭത്തിലിരിക്കുന്ന ശിശുവിന്റെ വധം.

ഭൃണഹാ-ഗർഭം അലസിപ്പിക്കുന്നവൻ.

ഭൃഭംഗം-പുരികത്തിന്റെ ഇളക്കം,

ഭൃഭേദം-പുരികം ചുളുക്കൽ.

ഭൃമദ്ധ്യം-പുരികത്തിന്റെ നടുവ്.

ഭൃലത-പുരികക്കൊടി.

ഭൃവല്ലി-പുരികക്കൊടി.

ഭൃവിക്ഷേപം-പുരികം ഇളക്കുക.

പുരികം ചുളുക്കൽ ഏഴുവിധമുണ്ട്.

'ഉൽക്ഷേപഃ പാതനശ്ചൈവ
ഭ്രകുടീചതുരംഭ്രുവൗ
കുഞ്ചിതംരോമിതംചൈവ
സഹജംഷഡ്വിധാസ്മൃതാ'

ഭൃവിഭംഗം-പുരികം ചുളുക്കുക.

ഭൃസംജ്ഞ-പുരികംകൊണ്ടറിയിക്കൽ.

ഭ്രേ

ഭ്രേഷം-ഗ. സ്വസ്ഥാനത്തു നിന്നു വീഴുക. ഇളകുക എന്നു ശബ്ദാർത്ഥം. ഉ. നടക്കൽ. ന. ക്ഷോഭം. ഭ. ഒരുമ എന്ന ഒരു കണക്ക്.

മ

മ-ഹല്ലുകളിൽ ഇരുപത്തഞ്ചാം അക്ഷരം.

മ-ഗ. ബ്രഹ്മാവ്. ഉ. ശിവൻ. ന. വിഷ്ണു. ഭ. യമൻ. ഇ. ചന്ദ്രൻ.

മകണി, മോണി-വാഴക്കുലയിൽ ഒട്ടുവിലത്തെ പടലയിലുള്ള മുണ്ടങ്കായ്. (തമിഴിൽ മോണം=പഴവറവൽ).

മകൻ- പുത്രൻ. (അടിതോൽ എന്നതു നോക്കുക).

രാജാക്കന്മാരോടും മറവും കിടത്തൽ എന്നു പറയണം.

മം-ഗ. സുഖം, സന്തോഷം. ഉ. ജലം.

മകം-ഗ. പത്താമത്തെ നക്ഷത്രം, ഇരുപത്തേഴു നാളും ഉള്ളതിൽ പത്താമത്തേതു്. (മഘം എന്നതാണ് മകമായതു്). ഉ. ഓണം കഴിഞ്ഞതിന്റെ ശേഷമുള്ള ഒരു വിശേഷനാൾ.

മകയിരം-അഞ്ചാമത്തെ നക്ഷത്രം, അഞ്ചാമത്തെ നാൾ (സം-മൃഗശീർഷം).

മകരകുണ്ഡലം-വിഷ്ണുവിന്റെ ഒരാഭരണം. (മകരാകൃതിയിലുള്ളതു്. കാതിലിടുന്നതാണ്).

'മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും'

(ഭാരതം)

മകരക്കിഴ്–ഒരുമാതിരി കണ്ണാഭരണം. മത്സ്യാകൃതിയിലുള്ളതാണ്.

മകരകേതനൻ–കാമദേവൻ. മകരമാകുന്ന കൊടിയടയാളമുള്ളവൻ എന്നർത്ഥം.

മകരകേതു–കാമദേവൻ.

മകരച്ചിറാക്ക് –– ഒരുമാതിരി ശ്രാവുമത്സ്യം.

മകരതോരണം–കോലിന്റെ അറ്റത്തു പൂവും മറ്റും കെട്ടിത്തൂക്കി അടയാളമായിട്ടു മുമ്പിൽ കൊണ്ടുനടക്കുക.

മകരത്തുറാവ്–കടലിലെ ഒരുവക മത്സ്യം, ചിറാക്.

മകരധ്വജൻ–കാമദേവൻ. മകരമത്സ്യമാകുന്ന കൊടിയടയാളമുള്ളവൻ എന്നർത്ഥം.

മകരന്ദം–പ്ര. പൂന്തേൻ. കാമദേവന്റെ വാഹനമായ മകരത്തെപ്പോലും കാമപരവശമാക്കിത്തീർത്തു വലയ്ക്കുന്നത് എന്നർത്ഥം. (മരന്ദം എന്നുമാവാം). ര. താമരയല്ലി. സ. കരുത്തിമുല്ല. ര. വിശേഷമായ ഒരുമാതിരി മാവ് (വൃക്ഷം). ള. തേനീച്ച. ന. കയിൽ.

മകരപ്പൂപ്പ്–മകരമാസത്തിൽ കൊയ്യുന്നതായ നെല്ലുകൃഷി.

മകരമത്സ്യ –മത്സ്യത്തിൽ ഒരു വലിയ ജാതി.

മകരം–പ്ര. ഒരുവക മത്സ്യം, മകരമത്സ്യം. മനുഷ്യരെ ഹിംസിക്കുന്നത്, ജലത്തെ അലങ്കരിക്കുന്നത്, രംഗിയുള്ളത്, പ്രാണികളെ തിന്നാൻ വേണ്ടി മുഖം പിടിച്ചുതുറക്കുന്നത്, ഒളിച്ചു കൊല്ലുന്നത് ഇങ്ങിനെ ശബ്ദാർത്ഥം. തമിഴിൽ–മുതലൈൻ. ര. മേടം മുതൽ പത്താംരാശി. സ. പത്താം മാസം. ഭ. വൈശ്രവണന്റെ നവനിധികളിൽ ഒന്ന്. മുതലയെപ്പോലെ പിടിപ്പാനശക്യമെന്നർത്ഥം. ള. വരുണന്റെ വാഹനം. ന. കാമദേവന്റെ ദ്വജം. മകരാകൃതിയിലുള്ള ഒരു സ്വർണ്ണാഭരണം.

മകരരാശി–പത്താംരാശി.

മകരമാനിനി–പ്ര. പെൺമകരമത്സ്യം ര. മത്സ്യവല്ലഭന്റെ അമ്മ.

മകരവ്യൂഹം–മകരമത്സ്യത്തിന്റെ ആകൃതിയിൽ സേനയെ നിറുത്തുക.

അശ്വത്തിങ്കൽ തേരുകളും അതുകളുടെ പിറകിൽ കരിരകളും അതുകളുടെ പിറകിൽ കാലാളുകളും ഇങ്ങനെയുള്ളിൽ ആനകളുമായി വരും വിധത്തിൽ സൈന്യങ്ങളെ നിറുത്തിയാൽ അതിനു വ്യൂഹമെന്നു പേർ. ഭാരതയുദ്ധത്തിൽ കൌരവന്മാർ സേനയെ നിറുത്തിയതു മകരവ്യൂഹത്തിലാണ്.

മത്സ്യത്തിന്റെ മുഖത്ത്–കണ്ണൻ.

,, കണ്ണുകളുടെ സ്ഥാനത്ത്–ശകുനി, ഉലൂകൻ.

,, ശിരസ്സിൽ–അശ്വത്ഥാമാവ്.

,, കഴുത്തിൽ– സഹോദരന്മാരെല്ലാം.

,, മദ്ധ്യപ്രദേശത്ത്– സൈന്യസമേതനായി ദുര്യോധനൻ.

,, ഇടത്തു പാർശ്വത്തിങ്കൽ–തെക്കരോയ ഭടന്മാരോടുകൂടി കൃതവർമ്മനും ത്രിഗർത്തനും.

[പാണ്ഡവന്മാർ സേനയെ നിറുത്തിയതു് അർദ്ധചന്ദ്രവ്യൂഹത്തിലായിരുന്നു.]

ഇടത്തു വശത്ത്–ഭീമൻ.

വലത്തുവശത്ത്–ധൃഷ്ടദ്യുമ്നൻ.

വ്യൂഹമദ്ധ്യം–ധർമ്മജനും അർജ്ജുനനും.

ധർമ്മപുത്രരുടെ പിറകിൽ–നകുലനും

സഹദേവനും,

മകരസ്സംക്രാന്തി-ധനുവിൽ നിന്നു സൂ
ര്യൻ മകരത്തിലേയ്ക്കു കടക്കുന്ന സമയ
മോ ദിവസമോ.

മകരാകരം-കടൽ.

മകരാക്ഷൻ-പ്ര. ഒരു രാക്ഷസൻ. ഉ.
കറുത്ത കണ്ണുള്ളവൻ. നാ. വലിയ കണ്ണു
ള്ളവൻ.

മകരാങ്കൻ-പ്രാ കാമദേവൻ. ഉ. സ
മുദ്രം.

മകരാലയം-പ്ര സമുദ്രം. ഉ. നാല് എ
ന്ന അക്ഷരം.

മകരാവാസം-സമുദ്രം.

മകരാശൻ-വരുണൻ.

മകരി-പ്ര. സമുദ്രം ഉ. ഒരു രാക്ഷസി.
ധന്യമാലി എന്ന അപ്സരസ്ത്രീ ദു
ർവ്വാസസ്സ് മഹർഷിയെ ഉപദ്രവിക്കയാൽ
ശാപം ഹേതുവായിട്ട് രാക്ഷസിയായി
ഭവിച്ചു. അവളത്രേ മകരി.

മകരീപത്രം-ലക്ഷ്മിയുടെ മുഖത്തുള്ള ഒര
ടയാളം. (മകരീലേഖാ എന്നുമുണ്ട്).

മകരേശ്വരൻ-വരുണൻ.

മകൾ-പുത്രി. (അടിത്തോൽ എന്നതു നോ
ക്കുക).

മകളർ-പുത്രിമാർ. (മകൾ എന്നതിന്റെ
ബഹുവചനം). [കം'

'മകളരിൽ മികവേറുംപക്ഷപാതാതിരേ
(ഭാഷാനൈഷധചംപൂ)

'അക്കാലമവൾപെറുമിട്ടൊൻപതു
മകളരും' (ഭാഗവതം)

മകാരപഞ്ചകം-തന്ത്രിയുടെ ശക്തിപൂജയ്ക്കു
ആവശ്യമുള്ള മദ്യം, മാംസം, മത്സ്യം,
മുദ്ര, മൈഥുനം.

മകിഴുക-സന്തോഷിക്കുക.

'കാമനസരണത്തിനിന്നുപുക്കാൾപു
മകിഴുമാറും'
(രാകേവല്യനവനീതം)

മകുടം-പ്ര. കിരീടം, ഇതുകൊണ്ട് ശിരസ്സു
അലങ്കരിക്കുന്നതിനാൽ ഈ പേർ വന്നു.
മകുടവും കിരീടവും പ്രായേണ ഒന്നുതന്നെ
യെങ്കിലും തമ്മിൽ അല്പം വ്യത്യാസമുണ്ട്,
ശിരസ്സിനെ അലങ്കരിക്കുന്നതു "മകുടം"
തന്നെ. അതിന്മേൽ വയ്ക്കപ്പെടുന്നതു "കി
രീടം". (മ) ഉ. തുണിനേരിയും മറവും
മുകളിലുള്ള ഒരു പണി, നാ. മുകൾപ്പ
രപ്പ്.

മകുടമണി-പ്ര. ശിരോലങ്കാരത്തിലെ ര
ത്നം, ഉ. ഏറ്റവും ശ്രേഷ്ഠമായുള്ളതു്.

മകുരം-പ്ര. മുഖക്കണ്ണാടി. (മകുരമെന്നും
പാഠമുണ്ടെന്നു കാണുന്നു). ഉ. വിടിരാ
ത്ത പുഷ്പം. നാ. കുശവന്റെ ചക്രത്തി
ന്റെ കോൽ ര. താന്നി ങ. ഇലഞ്ഞി.
ന്യ. ഒരുമാതിരി മുല്ല.

മകുര(ല)ം-ഇലഞ്ഞി.

മകുഷ്കം-കൊട്ടപ്പയറു്, മക്കൂട്ടപ്പയറു്. അ
ലങ്കരിച്ചുകൊണ്ടിരിക്കുന്നതു് എന്നർത്ഥം.
മകുഷ്ടം എന്നുമാവാം.

(മകുഷ്കം എന്നു 'ട'കാരമായും ആ
വാമെന്നു അഭിപ്രായം കാണുന്നു).

മക്രൂലകം-പ്ര. ചെറിയ നാഗവള്ളി. (വ
ജ്രവല്ലി എന്നും കാണുന്നു.) (ഭൂമിയെ അ
ലങ്കരിക്കുന്നതു് എന്നർത്ഥം. ഉ. മൊട്ടു്.

മക്കടം-പുരുഷവർഗ്ഗം.

മക്കട(ഠ)തായം-മക്കടംവഴി, മക്കടം
ക്കു മുതലവകാശമുള്ള ജാതിക്കാരുടെ മര
ുമക്കത്തായം (ഭേദം എന്നതിന്റെ തദ്ഭവം).

മക്കിപ്പു-ഒരു മരുന്നു്, മരുക്കൊഴുന്നു്.

വിക്കം, കഫം, വൃദ്ധി, ഗ്രഹണി,
ചൊറി മുതലായവയ്ക്കു നന്നു് ഇതു ചെ
റിയ ചെടിയാണു്. സം-ദ്രോണകം. ഇം-
Worm-wood വർംവുഡ്.

മക്കുണം, മകുണം-മൂട്ട.

മക്കോടൻ-ഒരു അളവ്.
=1 കുപ്പോടൻ അല്ലെങ്കിൽ ഒരു ഇടങ്ങഴി അല്ലെങ്കിൽ ഒന്നേകാൽ ഇടങ്ങഴിയോളം. (1 ഇടങ്ങഴി=2 പറ നെല്ലിന്റെ അളവ്)

മക്ഷം-പ. ക്ഷീണം. ക. ക്രോധം.

മക്ഷണം-വെണ്ണ.

മംക്ഷണം-കവിണയിൽകെട്ടുന്ന കവചം.

മക്ഷിക-ഈച്ച. ജനങ്ങൾ ഇതിനോടു കോപിക്കുന്നതിനാൽ ഈ പേരുണ്ടായി.

മക്ഷികാമലം-മെഴുക്.

മഖം-യാഗം. ദേവന്മാർ ഇതിലെക്കുമേ മിക്കുന്നതിനാൽ ഈ പേർ വന്നു.

മഖശാല-യാഗശാല.

മഗധൻ-പ. സ്തുതിപാടുന്ന കവിതക്കാരൻ, വംശപരമ്പരയെ പാടി സ്തുതിക്കുന്നവൻ. ക. മഗധദേശത്തുള്ളവൻ.

മഗധം-പുരാതനമായ ഒരു രാജ്യം (തെക്കൻ ബീഹാർ). ഗംഗാനദിയുടെ തെക്കുഭാഗത്തുണ്ടായിരുന്നു. ഗിരിവ്രജം, പാടലീപുത്രം (പാട്നാ), ഗയാ, ഉരുബിലം (ബുദ്ധഗയ) ഇവയത്രേ മഗധദേശത്തിലെ അക്കാലത്തെ പ്രധാന നഗരങ്ങൾ.

മഗധാ-തിപ്പലി.

മഗ്ന-വി. മുങ്ങിയ.

മഗ്നമാകുന്നു-മുങ്ങുന്നു, താഴുന്നു.

മഘ-പത്താമത്തെ നക്ഷത്രം, പത്താമത്തെ നാൾ.

മഘം-പ. ലോകത്തിന്റെ വിഭാഗങ്ങളിൽ ഒന്ന്, ഒരു ദ്വീപ്. ക. ഒരുങ്ങാടിമരുന്ന്, ന. ഭാഗ്യം, സുഖം, ര. ഒരു പുഷ്പം.

മഘവാ-ഉത്തമൻ.

മഘവാൻ - ഇന്ദ്രൻ. പൂജിക്കപ്പെടുന്നവൻ എന്നർത്ഥം.

മങ്ക-പ. സ്ത്രീ. ക. കണ്ണിക്കണ്ണി.

മങ്കു-പതിർ.

മങ്കലം, മൺകലം - മണ്ണുകൊണ്ടുള്ള കലം.

മങ്കമക്കാപ്പൻ-ഒരുവക നെല്ല്.

മങ്കിലം-കാട്ടുതീ.

മങ്കുടം, മൺകുടം-മണ്ണുകൊണ്ടുള്ള കുടം.

മങ്കുട്ടപ്പയറു്-കാട്ടുപയറു്.

മങ്കുഴിമാൻ-(നായാട്ടുപോർ) മുടയ്ക്. രക്തദോഷം, ചൊറി, ജ്വരം മുതലായവയ്ക്കു നന്നു. കൃമിപ്രകോപം. മലത്തെ പിടിപ്പിക്കും. ഇതു പാലിനോടുകൂടി ച്ചു ഭക്ഷിക്കരുതു്. സം-മകുഷ്ഠം. ത-കാട്ടുപ്പയറു്.

മംകുരം-കണ്ണാടി.

മംക്ഷു-അ. പ. വേഗം. ക. വളരെ. ന. സത്യമായിട്ടു്.

മംഗം-ബോട്ടിന്റെ തല.

മംഗല-വി. ശുഭമായ, നല്ല.

മംഗലക്കാർ-കല്യാണത്തിനു ക്ഷണിച്ചു വന്നവർ.

മംഗലത്രയം -വസ്തുനിർദ്ദേശരൂപം, നമസ്കാരരൂപം, ആശീർവ്വാദരൂപം ഇവ ന-ം.

മംഗലദേവത -ലക്ഷ്മീദേവി. ശുഭസ്വരൂപിണിയായ ദേവി എന്നർത്ഥം.

മംഗലൻ-ചൊവ്വാ.

മംഗലപാഠകൻ-സ്തുതിപാടുന്ന കവിതക്കാരൻ.

മംഗലപ്പായ്-പന്തിപ്പായ്.

മംഗലപ്പാല-ഏഴിലംപാല

മംഗലപ്രദം-ശംഖ്.

മംഗലം-പ. ഭാഗ്യം, ശുഭം. ഭാഗ്യവാനെ പ്രാപിക്കുന്നതു് എന്നർത്ഥം. ക. കാർത്തിക നക്ഷത്രം.

മംഗലവാദ്യം-നല്ലവാദ്യം, ചെറിയ ശബ്ദമുള്ള ചില വാദ്യം.

മംഗലസ്തുതി-നന്മയുള്ള സ്തോത്രം.

മംഗലസ്ത്രീ-വിവാഹംകഴിക്കപ്പെട്ടവൾ.

മംഗലഹേതു-മംഗല്യം.

മംഗല, മംഗല്യ-പാർവ്വതി ദ്രു.

മംഗലാംഗ-വി. നല്ല ശരീരമുള്ള, സൌന്ദര്യമുള്ള.

മംഗലാചരണം-കവിത ഉണ്ടാക്കുന്നതിനോ വേറെ വല്ല സൽക്കർമ്മങ്ങളും ചെയ്യുന്നതിനോ തുടങ്ങുമ്പോൾ ചെയ്യുന്ന സ്തുതി.

മംഗലി-പ്ര. വലിയ മൺകലം. ഉ. ഒരു വക വാദ്യം.

മംഗല്യ-വി. പ്ര. വിശേഷമുള്ള. ഉ. ഭംഗിയുള്ള. ന. സൌഭാഗ്യമുള്ള.

മംഗല്യകം-പ്ര. വെള്ളുത്തുവര, വെൺകടല, ഉ. കറുത്ത ചണംപയറ്.

മംഗല്യധാരണം-മംഗല്യത്തെ ധരിക്കുക, വിവാഹം.

മംഗല്യം-പ്ര. ചെറുപയറ്. ഉ. ഒരുമാതിരി അകിൽ. ന. വിവാഹത്തെ സൂചിപ്പിക്കുന്ന താലി. (മംഗല്യം ആഡംബരത്തിനുള്ളതല്ല. ക്രൂരയേ കഴിയൂ എന്നതിൽ ഒന്നാണ്.) ര. ചന്ദനം. ള. സിന്ദൂരം. ഴ. ഒരുതരം. ൦. തെങ്ങ്. ൧. ക്രമുകം. ൨. തെങ്ങ്. ൩. അരയാല്. ൪. വ്ളാർമരം. ൪൪. ഉറഞ്ഞി. ൪൩. നീരിരിപ്പ. ൪൫. ജീവകം. ൪൮. പൊന്ന്. ൪൯. വെള്ളുത്തുവര.

മംഗല്യവതി-ഭാഗ്യമുള്ളവൾ.

മംഗല്യവാൻ-ഭാഗ്യമുള്ളവൻ.

മംഗല്യസൂത്രം - വിവാഹ കർമ്മത്തിൽ സ്ത്രീകളുടെ കഴുത്തിൽ കെട്ടുന്ന ചരട്.

മംഗല്യസ്ത്രീ-മംഗല്യമുള്ള സ്ത്രീ.

മംഗല്യാ-പ്ര. ഞാഴൽ. ഉ. ഗോരോചനം. ന. വന്നി. ര. ഓരിലത്താമര. ള കൊഴുപ്പ. ൦ കരിങ്കുറുക. ൧. കറുത്ത ചണംപയറ്. ൨. മുല്ലപ്പൂനാറിഅകിൽ. മല്ലികാപുഷ്പത്തിന്റെ ഗന്ധത്തോട് തുല്യമായ ഗന്ധമുള്ള അകിൽ. ൪. പുലി. ൪൦. ഉലുവ ൪൪ ശംഖപുഷ്പി. ൪൩. ശതകുപ്പ. ൪൫. തുരയമരണ. ൪൮. വയംപു. ൪൯. മഞ്ഞൾ. ൫൦. കാട്ടഴുന്ന്. ൫൧. അടവതിയൻ.

മംഗളം-ക്ഷേമം. മറ്റു പര്യായങ്ങൾ-ശ്രേയസം, ശിവം, ഭദ്രം, കല്യാണം, മംഗലം, ശുഭം; ഭദ്രകം, ഭദ്രികം, ഭദ്ര്യം, കുശലം, ക്ഷേമം, ശസ്തം.

മംഗിലീ-പ്ര. ചെറ്റ്, ചെമ്പ്. ഉ. കപ്പൽ.

മങ്കു-ചോരകണ്ടത്തിൽ ഉണ്ടാകുന്ന കള.

മങ്കുലീ-ഒരു വലിയ മൺപാത്രം. (മംഗലി എന്നതു നോക്കുക).

മങ്ങൽ-പ്ര. ഇരുൾ. ഉ. വാട്ടൽ.

മങ്ങാതെ-തെളിവായി, കുറയാതെ.

മങ്ങിതം, മങ്കിതം-പ്ര. ചിഹ്നം. ഉ. മങ്ങൽ.

'മരിയാസ്സിൽ മങ്കിതവും
ചോരയും നീരും വരും'

(മക്കാണി)

മങ്ങുന്ന-പ്ര. ഇരുളുന്ന. ഉ. വാടുന്ന. ന. മയങ്ങുന്ന. ര. പ്രകാശം കുറയുന്ന.

തമിഴിലെയും മലയാളത്തിലെയും, മഴു, മഴ് എന്നതിൽ നിന്നുണ്ടായതു്.

മചകു്-പ്ര. പ്രകാശംകുറയുക. ഉ. വണ്ണി മങ്കി, കറുപ്പ്. ന. കറവു്.

മച്ചിക-ശ്രേഷ്ഠതയുള്ളതു എന്ന അർത്ഥം

വരത്തുവാനായി പരാന്ത്യത്തിൽ ചേർക്കുന്ന പദം. ഉ-ം. ശോമചച്ചിക = (നല്ല കാളയോ പശുവോ എന്നർത്ഥം). മംശിവനെ പൂജിക്കുന്നത് എന്നർത്ഥം.

മച്ചകം-തട്ടിട്ടമുറി, മേൽത്തട്ടുള്ള മുറി.

മച്ചം-പ്ര. മാതിരി, വിധം. ഉ. മാറെ നോക്കുന്നതിനുള്ള പൊന്ത്.

മച്ചമ്പി-അളിയൻ എന്നതിന് പകരം ചില ജാതിക്കാർ പറയുന്ന വാക്ക്. (മൈ+തമ്പി = മച്ചമ്പി എന്നായിരിക്കാം).

മച്ചി-പ്രസവിക്കാത്ത സ്ത്രീ

മച്ചിങ്ങാ-വാടിവീണ ഫലം.

മച്ചിനൻ, മച്ചുനൻ-പെങ്ങളെ കെട്ടിയവൻ, അളിയൻ.

മച്ച്-പ്ര. തട്ടുപലക. ഉ. അറ. സ. ഒരു മാതിരി വള്ളി.

മച്ചുപലക-പുരയ്ക്കകത്തു മുകളിലിടുന്ന പലക, തട്ടുപലക.

മച്ചുമ്പുറം-തട്ടുമ്പുറം.

മച്ചുനിച്ചി-പ്ര. അമ്മയുടെ സഹോദരന്റെ മകൾ. ഉ. അച്ഛന്റെ സഹോദരിയുടെ മകൾ.

മച്ഛം-മീൻ.

മഞ്ജനം-പ്ര. കളി. ഉ. മുങ്ങുക.

മഞ്ജനശാല-കുളിപ്പുര.

മഞ്ജാ-പ്ര. കാതൽ. പരിശുദ്ധമെന്ന ശബ്ദാർത്ഥം. ഉ. ആറാമത്തെ ധാതു.

മഞ്ജിക്കുന്നു-കുളിക്കുന്നു, മുങ്ങുന്നു.

മഞ്ഞ-പ്ര. വലിയ എണ്ണത്തൊട്ടി. ഉ. പഴകിയ വൃക്ഷങ്ങളിലുള്ള ഭാരം. സ. കടുക്ക്, കണി.

മഞ്ചകം-കട്ടിൽ.

മഞ്ചകാശ്രയം-ഒരു മാതിരി മൂട്ട.

മഞ്ചാട്ടി-ഒരു മരുന്ന്, പൂവത്തു്.

പര്യായങ്ങൾ-മഞ്ജിഷ്ഠം, വികസം, ജിംഗി, സമംഗ്, കാളമേഷികം, മണ്ഡൂകപർണ്ണി, ഭണ്ഡീരീ, ഭണ്ഡീ, യോജനവല്ലീ.

(ഫലം, കഷ്ടം, കണ്ണുരോഗം രക്തദോഷം മുതലായവയ്ക്ക് നന്ന്. ഇതു നാലു തരമുണ്ട്. ത-രചവുള്ളിക്കൊടി. ഇം-Indian madder ഇൻഡ്യൻ മേഡർ.

മഞ്ചം-പ്ര. കട്ടിൽ(ൽ). ഉ. മേട. സ. മാടം. ശ. തട്ട്. ഇതിനാൽ മനുഷ്യൻ ധരിക്കപ്പെട്ടമെന്നർത്ഥം.

മഞ്ചൽ, മഞ്ചലു്-ആളുകളെ വഹിച്ചു കൊണ്ടു പോവാനുള്ള ഒരുതരം സുഖവാഹനം.

മഞ്ചാടി-പ്ര. ഒരു വൃക്ഷം. ഉ. (അതിൻ) കുരു്.

മഞ്ചാടിയിട-ത്രാസിൽ തൂക്കിയാൽ ഒരു മഞ്ചാടിക്കുരുവോട്ട സമം കനമുള്ള

മഞ്ചിക-പ്ര. വലിയ കൊട്ട ഉ. കസേര. സ. മരത്തൊട്ടി.

മഞ്ജുന്നു-അതിപ്രകാശം നിമിത്തം കണ്ണു കൂസുന്നു.

മഞ്ജുരം-പ്ര. മുത്തു്. ഉ. മയിലെള്ള്.

മഞ്ജരി-പ്ര. പൂന്തൊത്തു്, പൂങ്കുല. തളിർക്കുല. ഭംഗിയുള്ളതു് എന്നർത്ഥം. ഉ. തളിർ. സ. രാമായണം 24 വൃത്തത്തിലേ 10-ം, 12-ം വൃത്തങ്ങൾ. ശ. മുത്തു്. ഇ. മയിലെള്ളു്. ന. തുളസി.

മഞ്ജാ-ആട്ടിൻകൂപട.

മഞ്ജിമം-പ്ര. ഭംഗി. ഉ. സ്നേഹം.

മഞ്ജിഷ്ഠ-ഒരങ്ങാടിമരുന്നു്. മഞ്ഞട്ടി. നിറപ്പറവള്ളിതു് എന്നർത്ഥം.

മഞ്ജീരം-കാൽച്ചിലമ്പു്. ശബ്ദിക്കുന്നതു് എന്നർത്ഥം.

'പുത്രൻ മഞ്ജീര നാദം കേവിയിലുതു'

(ഉത്തരരാമായണം ചമ്പു)

മഞ്ജീരിക - ഒരുമാതിരി തുളസിയരി.

മഞ്ജു-വി. ഭംഗിയുള്ള, നല്ല. മഞ്ജു = മനോഹരം ദൂരത്തിൽ വ്യാപിക്കുന്നത് എന്നർത്ഥം.

മഞ്ജുഗർത്തം നേപാളരാജ്യം. Nepal

മഞ്ജുഘോഷാ-മാടപ്രാവ്.

മഞ്ജുതാ-മനോഹരത്വം, ഭംഗി.

മഞ്ജുനാഥൻ-പ ഉശ്ശ വ. ശിവൻ.

മഞ്ജുപാഠകൻ-തത്ത.

മഞ്ജുപ്രാണൻ-ബ്രഹ്മാവു്.

മഞ്ജുഭാഷിണി-പ. മധുരമായി സംസാരിക്കുന്നവൾ വ. സമവൃത്തത്തിൽ ചേർന്ന ഒരു പ്രാസം അക്ഷരം 13 'സജസം കഴിഞ്ഞു ഗഗമഞ്ജുഭാഷിണീ'.

മഞ്ജുവാണി-വി. നല്ലവാക്കുള്ള.

മഞ്ജുള-വി. മനോഹരമായുള്ള, ഭംഗിയുള്ള.

മഞ്ജുള-പ കരിമ്പായേൽ. വ. നീർക്കാക്ക

മഞ്ജുളാംഗ-വി നല്ല ശരീരമുള്ള, സൌന്ദര്യമുള്ള.

മഞ്ജുളാംഗി-സുന്ദരി.

മഞ്ജൂഷ-പ. വലിയകൊട്ട. (കട്ട). വ. വസ്ത്രങ്ങളും ആഭരണങ്ങളും മുതലായവ വച്ചു സൂക്ഷിക്കുന്ന പെട്ടി. പെടിപ്പുള്ളത് എന്നർത്ഥം. ന. കല്ല്. ര. മഞ്ചട്ടി.

മഞ്ഞു്-പുകപോലെ കാണുന്നതായ ഒരുമാതിരി വെള്ളത്തുള്ളിക്കൂട്ടം, പനിവെള്ളം പര്യായങ്ങൾ-പ്രാലേയം, മിഹിക, അവശ്യായം, നീഹാരം, തുഷാരം, തുഹിനം, ഹിമം

[മഞ്ഞിൻകൂട്ടം = ഹിമാനീ, ഹിമസംഹതി]

മഞ്ഞ-പ. മഞ്ഞൾനിറം വ. മഞ്ഞൾ.

മഞ്ഞ-വി. മഞ്ഞളിന്റെ നിറമുള്ള.

മഞ്ഞക്കടമ്പു്-ഒരു വൃക്ഷം.

ഇതിക്കു മറവും നന്നു. ഇതു മിക്കവാറും മലകളിലുണ്ടാകുന്നു. സം-ഹാരിദ്രകം

മഞ്ഞക്കയ്യോന്നി-ആനക്കയ്യോന്നി.

ഗുണങ്ങൾകൊണ്ടു കയ്യോന്നിക്കു സമമാണ്. പൂമഞ്ഞനിറമാണ്. സം-സ്വർണ്ണക്ഷീരാ. ത-പൊന്നാരത്തലെ കയ്യുന്നകരെ.

മഞ്ഞക്കരു-മുട്ടയുടെ അകത്തു് മഞ്ഞനിറമുള്ള വസ്തു.

മഞ്ഞക്കാമില-ഒരുമാതിരി ഭീനം.

മഞ്ഞക്കുറിഞ്ഞി-ഒരുവക പച്ചമരുന്നു്. സം-ഹേമപുഷ്പികാ.

ഹേമപുഷ്പിക എന്നതു് മഞ്ഞക്കുറുമുഴി മുല്ലയാണെന്നും അഭിപ്രായം കാണുന്നു.

മഞ്ഞക്കുരി-ഒരുവക മത്സ്യം.

മഞ്ഞക്കുവ-മഞ്ഞനിറമുള്ള കുവ.

മഞ്ഞക്കുവ-ഒരു വൃക്ഷം, കസ്തൂരിമഞ്ഞൾ

മഞ്ഞക്കൊര-ഒരുമാതിരി പുല്ലു്.

മഞ്ഞച്ചുമന്തി-ഒരുമാതിരി പൂച്ചെടി.

മഞ്ഞച്ചേര-ഒരുമാതിരി വിഷമില്ലാത്ത പാമ്പു്.

മഞ്ഞനിറം-മഞ്ഞളിന്റെ നിറം.

മഞ്ഞപ്പിത്തം-കണ്ണുംമറവും മഞ്ഞളിക്കുന്ന ഒരുവക പിത്തരോഗം.

മഞ്ഞപ്പീരം-ഒരുമാതിരിവള്ളി. (മഹാജാലി)

(പീരയ്ക്കു പീച്ചിൽ എന്നു ഭാഷ കാണുന്നു.)

മഞ്ഞപ്പുള്ളുകിൽ-മഞ്ഞപ്പുവാട, മനോഹരമായ ഒരുതരം മഞ്ഞവസ്ത്രം.

മഞ്ഞപ്പുമരം-മഞ്ഞമന്ദാരവും മറവും.

മഞ്ഞയടയ്ക്കാമന്ത്രിയൻ-ഒരുമാതിരി ഭൂതം.

മഞ്ഞളിക്കുന്നു-മഞ്ഞനിറമാകുന്നു.

മഞ്ഞളിപ്പു-മഞ്ഞനിറമുള്ളതായി തീരുക

മഞ്ഞൾ-ഏകദേശം പൊന്നുപോലെ നിറമുള്ള ഒരുമാതിരി കിഴങ്ങു്, അതു കിഴങ്ങുണ്ടാകുന്ന ചെടി. പഞ്ചവർണ്ണം-നിശ, കാഞ്ചനി, പീതാ, ഹരിദ്രാ, വരവർണ്ണിനി. (രാത്രിയുടെ പഞ്ചവർണ്ണങ്ങളെല്ലാം മഞ്ഞളിന്റെ പേരാകുന്നു).

മഞ്ഞൾ കഫം, പിത്തം, അരുചി, പാണ്ഡു, കൊറി മുതലായവയ്ക്കു നന്നു്. മലയാള ഇളക്കം. ത-മഞ്ചാടി. ഇം-Turmeric ടർ മെറിക്ക്.

മട-പ്ര. ഓക്ക്. ഉ. ഒരുമാതിരി വെള്ളച്ചൂൽ. ന. ചിറമുറി. ര. ചോരം ഉ-ം, കൂലിമട. ഇ ഒരുവക അളവിന്റെ പേർ

മടക്കുട്ടുക-കൺകാലികളെ വയലിൽ കൊണ്ടുവരുക.

മടക്കു്-പ്ര. മടക്കുക. ഉ. മടക്കിയിട്ടുണ്ടാക്കിയ അടയാളം. ന. മടക്കി വെച്ചിരിക്കുന്നതിന്റെ ഓരോ ഭാഗം. ര. കൈയുടെയും മറവും മടക്കുന്നതിനുള്ള ഭാഗം.

മടക്കം-പ്ര മടങ്ങുക ഉ. തോലി, തിരിയെ പോരുക.

മടക്കുകത്തി-ഒരുമാതിരി പിച്ചാങ്കത്തി, മടക്കു പിച്ചാങ്കത്തി.

മടക്കുന്നു-പ്ര. വസ്ത്രം, കടലാസു മുതലായവയെ മുറിക്കാതെയും ചുരുട്ടാതെയും ഭംഗിയിൽ ചെറുതാക്കുന്നു. മടക്കുവത്തി വെക്കുന്നു. ഉ. നിവിന്നിരിക്കുന്ന കൈയുടെയും മറവും സന്ധിയിൽ വെച്ചു് ചുരുക്കുന്നു. ന. തോല്പിക്കുന്നു.

മടക്കുമണ്ണ-അരിമാവും ശർക്കരയുംകൊണ്ടുള്ള ഒരുവക പലഹാരം.

മടക്കുവാതിൽ-രണ്ടുപാളി കൂട്ടിച്ചേർത്ത ഒരുമാതിരി വാതിൽ

മടക്കോല-മൃതന്റെ പക്കൽ കൊടുത്തയക്കുന്നതിന്നായിട്ടു് എഴുതി മടക്കിക്കെട്ടിയ ഓലയും മറവും.

മടക്കോലക്കാരൻ-വർത്തമാനം അറിയിക്കുന്നതിനു് എഴുതിക്കൊടുത്തയക്കുന്ന എഴുത്തുകൊണ്ടു പോകുന്നവൻ, ദൂതൻ, ഭൃത്യൻ.

മടങ്ങു്-പ്ര. മടക്കു്. ഉ. സമയം. ന. ഉഴവു്.

മടങ്ങുന്നു-പ്ര. തോല്പുന്നു, തോറ്റു പിൻമാറുന്നു. ഉ. നിവിന്നിരിക്കുന്നു, കൈയും മറവും സന്ധിയിൽവച്ചു ഒരു വശത്തേക്കു വളയുന്നു. ന. വസ്ത്രവും മറവും മടക്കപ്പെട്ടതായി തീരുന്നു. ര. വാളിന്റെയും മറവും മൂർച്ചയുള്ള ഭാഗം അല്പം പരക്കുന്നു. ഇ. ഇരട്ടിയാകുന്നു, ന്യൂ. തിരിയെ വരുന്നു.

മടച്ചിൽ-പ്ര. മടയുക. ഉ. ഒരുമാതിരി നെയ്ത്തു്, പിന്നൽ.

മടന്ത-പ്ര. ഒരുവക കാട്ടുചേമ്പു്. ഉ. പത്തൊൻപതു വയസ്സായ യുവതി.

മടമ്പു-പ്ര. കതികാൽ.

'മടമ്പുന്നിപ്പണിപ്പെട്ട നടപ്പാണു്'
ഉ. മാട്ടു്.

'ഞാണില്ലാതൊരു വില്ലും
മടമ്പില്ലാതൊരയും'

(ഭാഗവതം)

മടപ്പള്ളി-രാജാക്കന്മാർക്കുവേണ്ടി ക്ഷേത്രം തയാറാക്കുന്ന സ്ഥലം.

മടപ്പള്ളിക്കാരൻ – അടുക്കളക്കാരൻ. രാജാക്കന്മാർക്കുവേണ്ടി ഭക്ഷണം തയ്യാറാക്കുന്നവൻ.

മടപ്പാട്ട്–രാജാവിന്റെ മനപ്പുര.

മടപ്പുര–ഒരുവക ക്ഷേത്രമുള്ള ഭവനം.

മടയൻ–ഭോക്ഷൻ,

മടയവർ–യുവതികൾ, സ്ത്രീകൾ.

മടയുന്നു–ഒരുതരം ഓല പുരകെട്ടുവാൻ തക്ക വണ്ണം പിണച്ചു ചേർക്കുന്നു, ഒരുമാതിരിയിൽ പിണച്ചു മെനയുന്നു.

മടൽ–പ. പനയുടേയും മറ്റും തണ്ട്. ഉ. തെങ്ങു പൊതിച്ചുംമുള്ള തോട്ട്, തൊണ്ട്, ചകതി, മടൽ.

മടൽത്തെങ്ങാ – മടലോടുകൂടിയുള്ള തെങ്ങ, പൊതിക്കാത്ത തെങ്ങ.

മടൽപ്രായം–വി. മടലിനോടു തുല്യമായ, ഉറപ്പില്ലാത്ത. സാരമില്ലാത്ത.

മടവ–പ. ഏ വയസ്സുള്ള സ്ത്രീ.

മടവാർ–സ്ത്രീകൾ, യുവതികൾ, മടയവർ

'മടിയരുടനേതന്നെ
മടവാർമുടിമഹിമകേ'

(പൂരപ്രബന്ധം)

മടവാൾ–മടൽകൊണ്ടു വാൾപോലെയുണ്ടാക്കിയതു്, ചെറുതായ മഴു.

മടവി–മാംസം.

മടി, മടിവു്–പ. വേലചെയ്യാൻ കഴികയില്ലെന്നുള്ള ഭാവം. ഉ. മനസ്സുകേടു്. പര്യായങ്ങൾ–തന്ദ്രീ, ശ്രമീളം. നു. ഉടരണ്ടിന്റേയും മുൻഭാഗം. ര. സംശയം. ള. ലജ്ജ. ന്യ. വസ്ത്രം മുട്ടത്താലുണ്ടാകുന്ന അഴക്. ഴ. മടങ്ങു്.

മടിക്കുത്തു്–സ്ത്രീകൾ വസ്ത്രമുടുക്കുമ്പോൾ മുൻവശത്തുറപ്പിച്ചിരിക്കുന്നതു്, കണക്കുത്തു്.

മടിക്കുന്നു–പ. സംശയിക്കുന്നു. ഉ. മനസ്സില്ലാതെയാകുന്നു. നു. ലജ്ജിക്കുന്നു. ര. ഭയപ്പെടുന്നു.

മടിച്ചുൽ–മടിയുക.

മടിത്തോക്കു്–കൈത്തോക്കു്, ഒരുമാതിരി ചെറിയതോക്കു്.

മടിപ്പു്–പ. പിന്നൽ, പിണച്ചുമെനയുക, പിണച്ചുകെട്ടുക. ഉ. മടക്കു്. നു. നീരസം.

മടിയൻ–മടിയുള്ളവൻ. പര്യായങ്ങൾ–മന്ദൻ, തുന്ദപരിമൃജൻ, ആലസ്യൻ, ശീതകൻ, അലസൻ, അനുദ്യമൻ.

മടിയില്ലാത്തവൻ = ദക്ഷൻ, ചതുരൻ, പേശലൻ, പടു, സൂത്രാനൻ, ഉദ്യുക്തൻ.

മടിയുന്നു–പ. ക്രമക്കേടായിട്ടു വളയുന്നു. ഉ. ചുളുങ്ങിച്ചുരിയുന്നു. നു. വെറുപ്പു കാണിക്കുന്നു, മടികാണിക്കുന്നു, മനസ്സുകേടു കാണിക്കുന്നു.

മടിവാതം – അന്ന്യായക്കാരി, സംകടക്കാരി.

മടിശ്ശീല–പ. ഒരുമാതിരി ചെറിയ സഞ്ചി. ഉ. മൂലദ്രവ്യം, ഇരിപ്പുദ്രവ്യം. ഉ–ം, മുടുകുമടിശ്ശീലസമ്പാദികാത്തുക്കാർ.

മടിശ്ശീലക്കാരൻ–പ. ഭണ്ഡാരവിചാരിപ്പുകാരൻ, സ്രാപ്പു്. ഉ. സമ്പന്നൻ.

മട്ടു, മട്ടുവു്–പ. തേൻ. ഉ. നീർമട. നു. ആഴമുള്ളസ്ഥലം.

മട്ടുക്ക–ഒരുമാതിരി മരം,

മട്ടുകുന്നു–തോല്പുന്നു. (മട്ടുപ്പിക്കുന്നു. കാ, ക്രി).

മട്ടുത്താർ–മട്ടോടുകൂടിയ (തേനോടുകൂടിയ–അതിനാൽ പുതിയ) തൂർ (പുഷ്പം).

മട്ടുത്തുകംമൊഴി – തേനെലിക്കുന്നതുപോലെ മധുരമുള്ള വാക്കു് (ഒരുവക കൂടിയവം).

മട്ടപ്പ്-ക്ര തേങ്ങ. ഉ വില കുറഞ്ഞ. ന. വെന്തപ്പ് ഭ. അരച്ചെടുത്തു.

മട്ടമലർ-തേനുള്ള പൂവ്.

മട്ടമൊഴി-തേനൊഴി, മനോഹരമായ സ്ത്രീ.

മടെക്കുന്ന-അലോചനപ്പെടുന്ന, അധികം വേലചെയ്യുന്ന.

മടെപ്പ്-മടയ്ക്കുക.

മട്ട്-ക്ര. ഉറവ്. ഉ. തേൻ. ന. പ്രകൃതി, നടപ്പ്. ഭ. അതിരു. ഇ. ക്രമം, രീതി. ന. അടിയിൽ ഉറഞ്ഞിരിക്കുന്നത്.

'കള്ളിന്റെമട്ടുംകമ്മിളിന്റെപിട്ടും'
(പഴമൊഴി)

മട്ട-വി. ക്ര. വളഞ്ഞ. ഉ. ചെവികേൾക്കാത്ത.

മട്ട-ക്ര. വളവില്ലാത്ത ശാഖ (വൃക്ഷത്തിന്റെ കൊമ്പ്). ഉ. ഒരുവക അളവ്, നീളം. ന. ബുദ്ധിയില്ലായ്മ.

മട്ടക്കണ്ണ-ഓലമടൽ മുകളറ്റത്തുള്ള വടി.

മട്ടക്കുതിര-നല്ല നടപ്പുള്ള ഒരുമാതിരി കൊച്ചു കുതിര.

മട്ടക്കൊമ്പ്-പശുവിന്റെയും മറ്റും വളഞ്ഞ കൊമ്പ്

മട്ടച്ചാരം-മുക്കവർ ഉപയോഗിച്ചുവരുന്ന ഒരുവക ചാരം.

മട്ടച്ചെകിടൻ-ഒട്ടും ചെവി കേൾക്കാത്തവൻ.

മട്ടച്ചേരുവ-മട്ടംചേർത്തുള്ള പൊന്ന്.

മട്ടത്തരം-ഉസ്സാമർത്ഥ്യം.

മട്ടപ്പണം-ചേരുവയുള്ള ഒരുവക നാണയം, പൊൻപണം.

മട്ടപ്പാവ്-കെട്ടിടത്തിന്റെ മുൻവശത്തു പണിഞ്ഞു ചേർത്തിട്ടുള്ള വിലാസസ്ഥലം.

മട്ടം-ക്ര. ആശാരിമാർ വച്ചു വരയ്ക്കുന്ന ഒരു പലക. ഉ. സ്വർണ്ണത്തിൽ ചേർക്കുന്ന ഒരു ചേരുവ. ന. മട്ടുകതിര.

മട്ടയ്ക്കുന്ന-ലജ്ജിക്കുന്ന.

മട്ടലർ-തേനുള്ള പുഷ്പം.

മട്ടലർബാണൻ-കാമദേവൻ.

മട്ടി-വി. ക്ര വശക്കേടായുള്ള. ഉ. കട്ടിയുള്ള.

മട്ടി-അടിയിൽ ഉറഞ്ഞതു്, കട്ടിയായതു്.

മട്ടിപ്പുകളയുക-വട്ടത്തിലാക്കുക, തക്കിടികാണിക്കുക, വഞ്ചിക്കുക.

മട്ടിപ്പ്-തട്ടിപ്പ്, ഇന്ദ്രജാലം.

മട്ടിപ്പണി-മുറട്ടുവേല.

മട്ടിപ്പാൽ-ഒരുമാതിരി സുഗന്ധവസ്തു, ഒരുവക സാമ്പ്രാണി, മരത്തിന്റെ കറ.

മട്ടിയം-മുഖസ്തുതി, പ്രശംസ, ഉരുട്ട്.

മട്ടിയക്കാരൻ-സ്തുതിക്കുന്നവൻ, തക്കിടിക്കാരൻ, ഉരുട്ടൻ.

മട്ടോൽമൊഴി, മട്ടോലുംമൊഴി, മട്ടേൽമൊഴി, മട്ടോലുംവാണി-സുന്ദരി, തേൻവാണി.

മഠപതി-മഠത്തിൽ പാർക്കുന്ന സന്ന്യാസി.

മഠപ്പാട്ട്-മഠം.

മഠപ്പുറം-മലയാളത്തിൽ സന്ന്യാസിമാരുടെ ഭവനത്തിനു പറയുന്ന ഒരു ബഹുമാനപ്പേർ.

മഠം-ക്ര. ബ്രാഹ്മണർ വേദംപഠിക്കുന്ന സ്ഥലം. ഉ. ശിഷ്യന്മാർക്കും ചില ബ്രാഹ്മണർക്കും മറ്റും പാർക്കുന്നതിനായിട്ടുള്ള ഭവനം. മറ്റൊരു പര്യായം-ഛാത്രാദിനിലയം. ന. ബ്രാഹ്മണരുടെ വാസസ്ഥലം. ഉല്ലാസമായി പാർക്കുന്നടം എന്നർത്ഥം. (മഠീ എന്നുമാവാം).

ഒരന്തർമഠത്തിന്റെ മഠം, സമാനമഠം, സ്വാമിയാരന്മാരുടെ മഠം, കന്യാസ്ത്രീമഠം മുതലായവ.

ഭ. ക്ഷേത്രം. ഇ. കാള വലിക്കുന്ന വണ്ടി. ന. അറ, മുറി.

മഠീ-അറ, മുറി.

മഡ്ഡു-ഒരുതുണ്ടുതുടി, ഒരു വാദ്യം. 'മഡ്' എന്ന ശബ്ദിക്കുന്നതു് എന്നർത്ഥം.

മണക്കളം–മഞ്ഞിളക്കും പെണ്ണിനും (കെട്ടിയവനും കെട്ടിയവൾക്കും) മുള്ള ഇരിപ്പിടം.

മണക്കാട്ടുണ്ടയ്ക്ക–പാങ്കിമാങ്ങപ്പുച്ച യണ്ടി.

മണക്കുന്ന–ക്രി. മണമുള്ള വസ്തുക്കളെ മൂക്കിനോടടുപ്പിക്കുന്നു, ഘ്രാണിക്കുന്നു. ഉ. മണം പുറപ്പെടുന്നു. (കാം ക്രി. മണപ്പിക്കുന്നു.) നു. ചുംബിക്കുന്നു.

മണക്കോലക്കട്ടിൽ–നായരുടെ മഞ്ചം. (ബഹുമാനസൂചകം).

മണങ്ങ്–ക്രി. ഒരുവക ചീത്ത മത്സ്യം. ഉ. മീൻചൂണ്ടയിൽ കൊരുത്ത ഇര.

മണത്തക്കാളി–ഒരുമാതിരി തെര.

മണത്തന്ന, മണത്തണ്ണ–ഒരു പ്രധാന ക്ഷേത്രം. (of Kotayam, sacred to കൊട്ടിയൂർ പെരുമാൾ whose feast lasts 22 days from ചോതി of മേടം till ഇടവച്ചോതി).

മണത്തരി–പൊടിമണൽ.

മണന്ത–ദ്രോക്ഷതരം.

മണപ്പുര–മണവാട്ടിക്കും മണവാളനുമുള്ള പുര.

മണം–പഞ്ചഭൂതങ്ങളിൽ ഭൂമിക്ക പ്രത്യേകമായുള്ള ഒരു ഗുണം, ഗന്ധം. ക്ര. സുഗന്ധം. ഉ. ദുർഗ്ഗന്ധം.

മണലടീൻ–കണവ്.

മണലാമ്പുൻ–ഒരുവക നെല്ല്.

മണലി–ക്ര. ഒരുവക ചീര. ഉ. മരുക്കാഴുത്ത്.

മണലൂർ, മണലൂരപുരി–പാണ്ടിയിലെ പഴയ പ്രധാന നഗരം.

മണൽ–ആറിലും കടപ്പുറത്തും മറ്റുമുള്ള ഒരുമാതിരി പൊടിമണ്ണ്.

മണലുള്ള ദേശം–മരുസകതം, സികതാവാൻ. മണൽ അധികമായ ദേശം–സികതം, സികതിലം.

മണൽക്കുമ്മായം–മണൽകൂട്ടിയ കുമ്മായം.

മണൽക്കുറു–വി. മണലുള്ള. (ഇതു ഭൂമിയോടു ചേരും).

മണ(ൽ)ത്തിട്ട–മണപ്പുറം, ആറിന്റെ നടുവിലും മറ്റും മണൽ കൂട്ടമായി പൊങ്ങിക്കാണുന്നതു്. പര്യായങ്ങൾ–പുളിനം, മരുസകതം.

മണ(ൽ)പ്പുടവ–മണപ്പുടവസ്ത്രം.

മണൽവാരി–അക്ഷ്യോപനി, പൊങ്ങൻപനി.

മണൽവീഥി–വി മണലുള്ള. (ഇതു ചില പ്രദേശത്തിനു ചേരും).

മണവറ–മണവാളപ്പുര.

മണവാട്ടി, മണാട്ടി–കല്യാണം കഴിക്കപ്പെട്ട പെണ്ണ്.

മണവാളൻ, മണാളൻ–ക്ര. ഭർത്താവു്.

'മധുരിപോ! മലർമകനുമണവാള'

(ഭാരതം)

ഉ. കല്യാണം കഴിച്ചാൽ ഒട്ടുള്ള ദിവസങ്ങളിൽ ആ ഭർത്താവിനെ പറയുന്ന ഒരു പേർ.

മണാട്ടി–മണവാട്ടി, ഒരുവക തവള.

മണി–ക്ര. രത്നം. ഉ. മുത്ത്. നു. കൈയുടെ കഴ. ര. ആട്ടിന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന വസ്തു. ഇ. കിലുക്കുന്ന മണി. ന്യ. വിത്ത്, കുരു. ഏ. കണ്ണിലെ മുന്നി. വ്യ. വലമണി. ൻ. വൃഷണം. ക്ര. അരമണി. ക്ര ക. കാൽത്തുമണി, സമയം അറിയിക്കുന്ന ശബ്ദം. ക്ര ഉ. നല്ലത്. ക്ര ന. ആരേണത്തിന്റെ സംജ്ഞയായ പേർ. ക്ര ര. അയസ്കാന്തം.

'മണി' എന്ന് ഇംഗ്ലീഷുമായിട്ടുള്ള വ്യവഹാരം. പ്രസിദ്ധപ്പെട്ടത് എന്ന അർത്ഥം. ശിലാജാതികളായ പത്മരാഗ-മരതക-സ്ഫടികാദികളുടേയും മുത്തു, മണി, പവിഴം മുതലായതിന്റേയും പേർ. രത്നങ്ങളും സ്ഥലരത്നങ്ങളും ജലരത്നങ്ങളും എന്ന രണ്ടുവകയുണ്ട്. രത്നം എന്നും മണി എന്നും പറയുന്നത് എല്ലാവിധം രത്നങ്ങളുടെയും സാമാന്യമായ പേരാകുന്നു.

മണികണ്ണം-ഒരുമാതിരി പക്ഷി.

മണികണ്ഠകം-കോഴി.

മണികം-കുടം, മങ്ങ(ക്ക)ലി, മിടാവു മുതലായ വലിയ പാത്രം. ഗംഭീരമായി ശബ്ദിക്കുന്നത് എന്നർത്ഥം. പു. രത്നം. ന. സ്ഫടികക്കൊട്ടാരം.

മണികർണ്ണിക-പു. കാശിയിലെ ഒരു പുണ്യമുള്ള കുളം. പു. രത്നമയമായ കമ്മൽഭരണം.

മണികലശം-പു. നല്ല കുടം. പു. രത്നപാത്രം.

മണികാഞ്ചി-ഒരു കിളിപ്പാട്ടുവൃത്തം.

മണികാരൻ-ഒരു റവന്യൂ ഉദ്യോഗസ്ഥൻ.

മണിക്കണ്ണകം-ഒരുമാതിരി ചെറിയ ഇലയുള്ള തുളസി. (സം-പ്രസ്ഥപുഷ്പം).

മണിക്കട്ടിൽ-പു. രത്നംവലചെയ്ത കട്ടിൽ. പു. രാജാവിന്റെ മഞ്ചം.

മണിക്ക(കി)ണ്ടനീച്ച-ഒരുമാതിരി വലിയ ഈച്ച.

മണിക്കണ്ടം-മണിക്കെട്ട്, കൈയുടെ കഴ.

മണിക്കരിങ്ങാലി-ഒരുമാതിരി മുള്ളുള്ള വെരു.

മണിക്കാതില-രത്നംപതിച്ച കാതില. (ഒരു കമ്മൽഭരണം).

മണിക്കാ(കാ)രൻ-പു. രത്നങ്ങളെ പണിയുന്നവൻ. പു. മണിയടിക്കുന്നവൻ. ന. ഒരു റവന്യൂഉദ്യോഗസ്ഥൻ; പാവ്യകാരനും മറ്റും.

മണിക്കാൽ-പു. കപ്പലിന്റേയും വള്ളത്തിന്റേയും മറ്റും അകത്തുള്ള ഒരുമാതിരി പണി, പു. വല താഴ്ത്തുന്നതിനു ഇരുമ്പുണ്ടകളും കെട്ടിയ കയറ്.

മണിക്കിണർ-നല്ല വെള്ളമുള്ള കിണർ, ആഴമുള്ള കിണർ.

മണിക്കിരീടം-രത്നങ്ങളെ പതിച്ച കിരീടം.

മണിക്കുന്ന-പു. താരാട്ടുന്ന. (ഉ-ം, കുഞ്ഞിനെ മണിച്ചൂറക്കി). പു. മണിയടിക്കുന്ന. ന. സന്തോഷിക്കുന്ന, സന്തോഷമുള്ള ശബ്ദമുണ്ടാക്കുന്ന. ര. ശബ്ദമുണ്ടാക്കി പരിശോധിക്കുന്ന. (ഉ-ം, രൂപിക മണിച്ചു നോക്കി).

മണിക്കുന്തുരുക്കം-ശുദ്ധിചെയ്ത കുന്തുരുക്കം. (കറുത്ത കുന്തുരുക്കമെന്നും പറയും)

മണിക്കുറു-രണ്ടരനാഴിക കൂടിയ സമയം.

മണിക്കുറവ്-മണിനാദം.

മണിക്കെട്ട്-കൈയുടെ കഴ.

മണിഗ്രീവം-കാട്ടുകാക്ക.

മണിഗ്രീവൻ-വൈശ്രവണന്റെ ഒരു പുത്രൻ.

വൈശ്രവണനു രണ്ടു പുത്രന്മാരുണ്ട്. പു. നളകൂബരൻ. പു. മണിഗ്രീവൻ.

'നളകൂബരമണിഗ്രീവാവിതിഖ്യാതൗ തനയൗ നിതരാം' — (ഭാഗവതം).

മണിഗന്ധകം-ശുദ്ധിചെയ്ത ഗന്ധകം.

മണിഘട്ടനം-മണിയടിക്കൽ.

മണിച്ചോറി-നല്ല വിശറി.

മണിതം-രതികാലത്തിലേ വാക്ക്, രതികാലത്തിൽ അന്തരാധിക്യം നിമിത്തം കണ്ഠത്തിൽ നിന്നു പുറപ്പെടുന്നതും കപോതകൂജിതസദൃശവുമായ ഒരു ശബ്ദവിശേഷം.

മണിത്തക്കാളി-മുളകുതക്കാളി, മണത്തക്കാളി.

അൾസ്സ്, വിഷം, കഫം, ജ്വരം മുതലായവക്ക് നന്ന്. മലത്തെ ഇളക്കും, രുചിയെ ഉണ്ടാക്കും. ഇതു തിപ്പലി, ശർക്കര, തേൻ, മുളക് ഇവ ഓരോന്നിനോടുമിച്ചു ഭക്ഷിക്കരുത്. മത്സ്യം വേവിച്ച പാത്രത്തിലോ ചുക്ക് വെന്തിട്ടുള്ള പാത്രത്തിലോ പാകംചെയ്തു ഭക്ഷിക്കുന്നതും വിരോധമാണ്. സം-കാകമാചി. ത-കറന്തക്കാളി. ഇം-Night-shade നൈറ് ഷേഡ്.

മണിത്തിരട്ട്-ചെറുതായിട്ടിരുട്ടുക.

മണിത്തിരട്ടുന്നു-മണിപ്പിടിക്കുന്നു.

മണിദ്വീപം-പ. അമൃതക്കടലിലെ ഒരു ദ്വീപം. ഉ. അനന്തന്റെ പത്നി.

മണിധനുസ്സ്-മേഘവില്ല്.

മണിനാക്ക്-മണിയടിക്കുന്നതിന് അതിന്റെ ഉള്ളിൽ തൂക്കുന്ന വസ്തു.

മണിനാഗം-ഒരുമാതിരി സർപ്പം.

മണിനാദം-മണിയുടെ ശബ്ദം.

മണിപുഷ്പകം-സഹദേവന്റെ ശംഖം

മണിപൂരകം-നാഭി, പൊക്കിൾ.

മണിപൂരം-പ. ബഭ്രുവാഹനന്റെ നഗരം. ഷഡാധാരങ്ങളിൽ ഒന്ന്. (സ്വാധിഷ്ഠാനത്തിനു മേൽ അര അംഗുലം മേൽ) (അതിനു മേൽ എട്ടംഗുലംമേൽ അനാഹതം)

മണിപ്പാറ-കരിങ്കല്ല്. ഒരുമാതിരി ഉരുണ്ട ചെറിയ കല്ല്.

മണിപ്പിടിത്തം-ചെറിയ ഉരുളയ്ക്കുക.

മണിപ്പുൺപ്-നടുക്കെട്ടു ഭേദം. ഉ-ം, "അക്കാനനത്തിൽ മണിപ്പുൺപു"(രാമായണസങ്കീർത്തനം).

മണിപ്പൊറ്റാച്ച-മേനിയുള്ള ഒരു തരം ചെറിയ കയർ.

മണിപ്രവാളം-പ. രത്നത്തോടു ചേർത്തുള്ള തളിര്. ഉ. മലയാളവും സംസ്കൃതവും കൂടിയുണ്ടാക്കിയ ഒരുമാതിരി കവിതയും മണിയാകുന്ന മലയാള പദങ്ങളും, പ്രവാളമാകുന്ന സംസ്കൃതപദങ്ങളും ചേർന്ന ഒരു വിശേഷ പ്രസ്ഥാനം.

ഇടയ്ക്കിടയ്ക്ക രത്നങ്ങളും കൂടി കലർത്തുണ്ടാക്കിയിട്ടുള്ള പവിഴമാലപോലെ സരസമായും സാലങ്കാരമായും സംസ്കൃതപദങ്ങളും കൂടി ചേർത്തുണ്ടാക്കിയിട്ടുള്ള മലയാളകാവ്യമത്രേ മണിപ്രവാളം. മണിപ്രവാളത്തിനു വളരെ ശുദ്ധിവരുത്തി ആഭ്യന്തരമായി ഭംഗിയിൽ പ്രയോഗിച്ചുകാണുന്നതു് എഴുത്തച്ഛന്റെ ഭാരതത്തിലുണ്ട്. കുഞ്ചൻനമ്പ്യാർ തുള്ളൽ ഉണ്ടാക്കിയിരിക്കുന്നതു് അതിനെ അനുസരിച്ചുകൊണ്ട.

മണിപ്രാവ്-ഒരു മാതിരി പ്രാവ്.

മണിഭിത്തി-ശ്രീകോവിലിന്റെ വാസസ്ഥലം. (മണിമണ്ഡപം എന്നും കാണുന്നു).

മണിബന്ധം-പ. മണിക്കെട്ട്. കൈയുടെ മണിക്കഴ. ഉ. ഇന്തുപ്പ്.

മണിമഞ്ചം-രത്നക്കട്ടിൽ.

മണിമല്ല്യം-ഒരു പുഷ്പത്തിന്റെ പേർ. 'കേരം മണിമല്ല്യം ഭം മസവും—അക്ഷരം 9.

മണിമന്ഥം-പ. ഒരു പർവ്വതം. (ഇതിൽ നിന്നെടുക്കുന്നതുകൊണ്ട് മണിമന്ഥം=ഇന്തുപ്പ്). ഉ. ഇന്തുപ്പ്.

മണിമയ-വി. രത്നംകൊണ്ടുള്ള.

മണിമരുത് ഒരു വൃക്ഷം.

മണിമാൻ-കുബേരന്റെ സഖാവായ ഒരു രാക്ഷസൻ.
(ഇവനെ ഭീമൻ വധിച്ചു.

മണിമാല, മണിമാലിക-രത്നമാല.

മണിമാല-സമവൃത്തത്തിൽപ്പെട്ട ഒരു വൃത്തം. അക്ഷരം 12. 'ആറാറിഹ തായം തായം മണിമാലം'.

മണിമാളിക-പ്ര. നാഴികമണിയും മറ്റും വയ്ക്കുന്നതിന് പൊക്കത്തിൽ പണിത ഒരു മാളിക. ഉ. രത്നങ്ങളെ കൊണ്ടുണ്ടാക്കിയ മാളിക.

മണിമുടി-രത്നം പതിച്ച കിരീടം, രത്നം കൊണ്ടുള്ള കിരീടം.

മണിമേട-രത്നങ്ങൾകൊണ്ടലങ്കരിച്ച മാളിക.

മണിമെയ്-നല്ല ശരീരം.

മണിയൻ-പ്ര. ഒരു വക വലിയ കവുത്ത ഇഴച്ചു. ഉ. ഒരു വക നെല്ല്. ന. ഒരു മന്ത്രി മന്ത്രി. ഭ. ഒരു വക ചെറിയ ഇഴച്ചു, മണിയീച്ച.

മണിയം-അധികാരം, പാവ്യകാരന്റെ അധികാരവും മറ്റും.

മണിയറ-അലങ്കരിച്ച മുറി.

മണിയാക്കുന്നു-മെതിക്കുന്നു.

മണിയാണി-പ്ര. നായരിൽ ഒരിനം, കോവിലിൽ പാൽകൊട്ടുക്കുന്ന ഒരു വക ക്കാർ. ഉ. ഉഴരാളി അല്ലെങ്കിൽ കോലയാൻ എന്നപോലെയുള്ള ഒരു ജാതിക്കാരൻ.

മണിയുക്കു-ശബ്ദമുണ്ടാക്കുക.

മണിവരം-വൈരം.

മണിവർണ്ണൻ-പ്ര. ഇന്ദ്രനീലക്കല്ലിന്റെ നിറത്തോട് കൂടിയവൻ. ഉ. കൃഷ്ണൻ.

മണിവല-എറിയുന്ന വല, ഇഴയത്തുണ്ടുകൾ കെട്ടിയിട്ടുള്ള വല.

മണിവാ-ചുണ്ട്.

മണിവിളക്ക്-ഒരു മന്ത്രി വിളക്ക്.

മണിവേധകസൂചി-രത്നങ്ങൾ തുളക്കുവാനുള്ള കതിർ.

മണിസരം-മാല, കണ്ഠാഭരണം.

മണീചകം-പ്ര. ചന്ദ്രകാന്തം. ഉ. നീർക്കുമിള. ന. പുഷ്പം.

മണീബന്ധനം-കൈയുടെ മണിക്കഴ.
'ഞാണടിക്കിണത്തുടെ
മണീബന്ധനങ്ങൾ'
(അഭിജ്ഞാനശാകുന്തളം)

മൺമണത്തവൻ-ഗർബുദ്ധി.

മൺമണപ്പ്-പുളിപ്പ്, ഉപ്പിപ്പ്, ഉവത്തുള്ളത്.

മൺമണപ്പൊട്ടൻ-ഗർബുദ്ധി.

മണേഗാരൻ-അധികാരി. (മണിയഗാരൻ, മണിയകാരൻ,)

മൺ, മണ്ണ്-പഞ്ചഭൂതങ്ങളിൽ ഒന്ന്, ഭൂമി.

മൺകുട്ട, മണ്ണാങ്കുട്ട-മണ്ണിൻകട്ട. പയ്യും യങ്ങും-ലോഷ്ടം, ലോഷ്ടവം.

മൺകുഴിയൻ-ഉടുമ്പിന്റെ(വേട്ടക്കുള്ള) പേർ.

മൺകുമ്മായം-കല്പൊടിയും മണലും കൂട്ടി കഴച്ച കുമ്മായം.

മൺക്കുറ്-കല്ലും മണലും ഇല്ലാത്ത മഷിയും മറ്റും.

മൺകൊട്ട-മണ്ണു ചുമക്കുന്നതിനുള്ള കൊട്ട, കയ്യാലക്കൊട്ട.

മൺചായില്യം-മൺകുമ്മായം.

മണ്ട-മുച്ചയില്ലാത്ത ഭാഗം.

മണ്ട-പ്ര. തലയോട്, തല. ഉ. മൺപാത്രം. ന. തെങ്ങ്, കവുങ്ങ് മുതലായ ചില വൃക്ഷത്തിന്റെ തലയ്ക്കു പായുന്ന പേർ. ഭ. ഉടച്ച ധാന്യം. ഇ. കഴച്ച മാവ്.

മണ്ടൻ-ബുദ്ധികുറഞ്ഞവൻ.

മണ്ടൽ-മണ്ടുക, ഓടുക, ഓട്ടം.

മണ്ടലം-മണ്ഡലം, ദിഗ്വലയം (മൺ + തലം).

മണ്ടവപ-മണ്ഡപം (ജനാശ്രയം)

മണ്ടവപ്പുറംവാതിൽ - മണ്ഡപത്തിൻ വാതിൽ.

മണ്ടിയിട്ടിരിക്ക - കുതികാൽ ഇരുത്തുക.

മണ്ടുന്ന-ഓടുന്ന. (സ. ക്രി) മണ്ഡിക്കുന്ന.

മണ്ഡന-വി. അലങ്കരിക്കുന്ന ശീലമുള്ള

മണ്ഡനം-പ. ആഭരണം, അലങ്കാരം ര. സാഹിത്യസാഹ്യപ്രകാരം വിമർശത്തിന്റെ ഉപപ്രിവുകളിൽ ഒന്ന്.

ഗ്രന്ഥകാരനെ പിൻതാങ്ങി അനുകൂലമായി ചെയ്യുന്ന വിമർശം.

മണ്ഡനൻ-അലങ്കരിക്കുന്ന ശീലമായിട്ടുള്ളവൻ.

മണ്ഡപത്തിൻവാതിൽ, മണ്ഡപത്തുംവാതുക്കൽ (വാതിൽ)-പ രിതവിതാംകൂർ രാജ്യത്തിന്റെ ഓരോ അംശങ്ങൾക്ക് പറഞ്ഞുവരുന്നതിൽ ഒരു പേർ. ര. അവിടത്തെ അധികാരികൾ ഇരിക്കുന്ന ഒരു കച്ചേരി, തഹശീൽദാരുടെ കച്ചേരിസ്ഥലം.

മണ്ഡപം-പ. ഇരിപ്പാനുള്ള സ്ഥലം. ര. ക്ഷേത്രത്തിൽ ഒരു സ്ഥലം. മറ്റൊരു പയ്യായം—ജനാശ്രയം.

ഭഗവൽജനത്തിനായിട്ട് ഭക്തന്മാരും, രാജ്യകാര്യാലോചനാർത്ഥം മന്ത്രിപ്രഭൃതികളും ഒന്നാചേർന്നിരിപ്പാനായിട്ട് അമ്പലങ്ങളിലും രാജധാനികളിലും പ്രത്യേകമായ പണിചെയ്തിട്ടുള്ളതത്രേ മണ്ഡപം.

മണ്ഡം-പ. എല്ലാവിധ രസങ്ങളുടേയും തരിയുടേയും പേർ ഭംഗിയുള്ളത് എന്നർത്ഥം. ര. അലങ്കരിക്കുന്നത്. മഡി എന്ന ധാതുവിങ്കൽ നിന്നു 'മണ്ഡ' എന്ന ശബ്ദമുണ്ടായി. സ. തെർവെള്ളം. ഭ. വെള്ളത്തുവണ്ണം. ങ. തവള.

മണ്ഡലകൻ-പട്ടി.

മണ്ഡലകം-പ, ഒരുമാതിരി കുഴുമ്പോഗം. വട്ടപ്പുണ്ണ്. മണ്ഡലാകാരമായിട്ടുള്ളതു് എന്നർത്ഥം ര. ഒരുമാതിരി മുഖക്കുണ്ണാടി. സ അണിഭേദം.

മണ്ഡലത്രയം-അഗ്നിമണ്ഡലം, സൂര്യമണ്ഡലം, ചന്ദ്രമണ്ഡലം ഇവ മൂന്നും.

മണ്ഡലം-പ. പരിവേഷം, സൂര്യാദികളുടെ ബിംബം. ര. ദിഗ്വലയം. ദിക്കുകളുടെ പയ്യന്തം അലങ്കരിക്കുന്നതു എന്നർത്ഥം സ. വണ്ടി. ഭ. നാല്പതുയോജനസമചതുരമുള്ള ദിക്ക്. ങ. ചക്രവർത്തിരാജാവിന്റെ രാജ്യം. ക്ടം. ഞ. പലഹാരം. ഛ. നാല്പതുദിവസം. ട്വ. വില്ലാളികളുടെ നിലഭേദം. ൻ. അണിഭേദം. ഫ. പുത്തം (ഉണ്ട). ഫ്ര. തവള. ഫ്ല. നായ്.

മണ്ഡലവ്യൂഹം-ഒരുതരം വ്യൂഹം.

വ്യൂഹം എന്നതു യുദ്ധോപായപ്രകാരം സൈന്യത്തെ അതാതു നിശ്ചിതസ്ഥലങ്ങളിൽ വേണ്ടുംവണ്ണം നിറുത്തുന്നതാകുന്നു.

മണ്ഡലാകാര-വി. മണ്ഡലത്തിന്റെ ആകൃതിയുള്ള, വട്ടത്തിലുള്ള.

മണ്ഡലാഗ്രം-വളവുള്ള ഒരുതരം വാൾ, വാൾ, മണ്ഡലാകാരമായ (വളഞ്ഞ) അഗ്രത്തോടു കൂടിയതു് എന്നർത്ഥം.

മണ്ഡലാധിപൻ-മഹാരാജാവു്.

മണ്ഡലായിത-. ഉരുണ്ട.

മണ്ഡലി-വി. മണ്ഡലമുള്ള. (സ്ത്രീ-മണ്ഡലിനീ).

മണ്ഡലി-പ ഒരുവക പാമ്പു്. ര. പൂച്ച. സ. കുട്ടം. ഭ. നായു്. ങ. ചിറ്റരത്തു്, ഞ. പേരാൽ.

മണ്ഡലേശ്വരൻ-മഹാരാജാവു്, ചക്രവത്തിയുടെ കീഴിൽ ഏതാനും രാജ്യത്തിനുമാത്രം അധിപനായുള്ളവൻ.

മണ്ഡാരാരകൻ-മദ്യം ചെത്തിയുണ്ടാക്കുകയും കാച്ചുകയും വില്ക്കുകയും ചെയ്യുന്നവൻ. മദ്യം വാറ്റിയെടുക്കുന്നവൻ എന്നു ശബ്ദാർത്ഥം. (ചോവൻ).

മണ്ഡാ-ഛ. നെല്ലി. ഉ. മദ്യം.

മണ്ഡിത-വി, അലങ്കരിക്കപ്പെട്ട.

മണ്ഡിതൻ-ഛ. ജീനന്മാരിൽ ഒരു പ്രധാനി. ഉ. അലങ്കരിക്കപ്പെട്ടവൻ.

മണ്ഡൂക-പെൺതവള.

മണ്ഡൂകപ്പാറ്റ-ഛ. മഞ്ചട്ടി. തവളയെപ്പോലെയുള്ള ഇലകളും ഉള്ളതു് എന്നർത്ഥം. ഉ. കടകൻ.

മണ്ഡൂകം-ഛ. തവള. ജലാശയത്തെ അലങ്കരിക്കുന്നതു്, ജലാശയങ്ങളിൽ പ്രവേശിക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥം. ഉ. പലകപ്പയ്യാനി.

മണ്ഡൂകി-ഛ പെൺതവള. ഉ. ബ്രഹ്മി. ന. മഞ്ചട്ടി. ര. തൊഴുകണ്ണി. ങ. മുന്തിരി.

മണ്ഡൂര-ഇരിമ്പിൻകിട്ടം (പഴകിയതു്). അലങ്കരിക്കുന്നതു് എന്നർത്ഥം.

മണ്ഡോദരി-രാവണന്റെ ഭാര്യ. (ഇന്ദ്രജിത്തിന്റെ അമ്മ).

മയന്റെ മകളാണു്. അഹല്യയെപ്പോലെ നല്ല പതിവ്രതയാകുന്നു. സീതയെ വിട്ടയപ്പാൻ ഇവൾ രാവണനോടു വളരെ ഗുണദോഷിച്ചു. ഫലിച്ചില്ല.

മണ്ണു്-ഛ. നിലം. ഉ. ചളി. ന. ധൂരയു്. ര. ചുവരു്. ങ കയ്യാല.

മണ്ണിന്റെ പര്യായങ്ങൾ-മൃത്തു്, മൃത്തിക.

മണ്ണട്ട-ഒരുമാതിരി പ്രാണി, പുഴു, ചെറുപുഴു. പര്യായങ്ങൾ-ഉന്നാഭം, ലീഢ്കോശിക.

അളിപ്രായഭേദം കാണുന്നുണ്ടു്.

മണ്ണണിപ്പാമ്പു— വാലിൽ മണ്ണുള്ള പാമ്പു്.

മണ്ണത്താൻ-ഒരു അലക്കുകാരൻ.

മണ്ണൻ-ഛ. തുമ്പുണ്ടി. ഉ. ചെറിയ മുതല. ന. ഒരുവക താണതരം വാഴ, പടവാഴ.

മണ്ണാച്ചൻ-വണ്ണാൻ.

മണ്ണാത്തി-ഛ. അലക്കുകാരന്റെ സ്ത്രീ. ഉ. മണ്ണാത്തിപ്പക്ഷി.

മണ്ണാത്തിപ്പുള്ള്-ഒരുവക പക്ഷി.

മണ്ണാൻ-ഛ. അലക്കുകാരിൽ ഒരു ജാതിക്കാരൻ. ഉ. ചിലന്തി, ഒരു ചെറിയ പ്രാണി.

മണ്ണാന്തറ-മണ്ണാൻ അലക്കുന്ന കടവു്.

മണ്ണാശ്ര-നിലത്തിലുള്ള (ഭൂമിയിലുള്ള) ഗൃഹം.

മണ്ണിൻകട്ട-ഛ. കട്ടമണ്ണു്. ഉ. ഉപകാരമില്ലാത്ത വസ്തു.

മണ്ണീരൽ-ശ്വാസനാണ്ഡി.

മണ്ണുടയോൻ-ജന്മി.

മണ്ണെണ്ണ-മൺതൈലം.

ഇതു് ഇപ്പോൾ വിളക്കുവയ്പിനായി ധാരാളം ഉപയോഗിച്ചുവരുന്നു.

മൺതാലം-മൺതളിക.

മൺതൈലം— മണ്ണിൽ നിന്നെടുക്കുന്ന എണ്ണ.

മൺപു-ഛ. മയങ്ങൽ. ഉ. സൌന്ദര്യം.

മൺപണി-മണ്ണുകൊണ്ടുള്ള വേല.

മൺപലക-കട്ടളയുടെ മേല്പടിക്കും ചുവരിനും മദ്ധ്യേ വെയ്ക്കുന്ന പലക.

മൺപവിഴം-ഒരുമാതിരി പളുങ്കു്.

മൺപാത്രം—മണ്ണുകൊണ്ടുണ്ടാക്കിയ പാത്രം.

മൺപുര-മണ്ണുകൊണ്ടുണ്ടാക്കിയ വീട്.

മൺമകൾ-സീത. (ഭൂപുത്രി).

മൺവാശി-മണ്ണിന്റെ നല്ലതോ ചീത്തയോ ആയ സ്ഥിതി.

മൺവെട്ടി-തൂമ്പ, കൃഷിക്കുപയോഗമുള്ള ഒരു പണിയായുധം.

മണ്ണറഞ്ഞവർ-മരിച്ചുപോയവർ.

മത-വി. പ. അറിയപ്പെട്ട. ഉ. സ്വീകരിക്കപ്പെട്ട. ന. ബഹുമാനിക്കപ്പെട്ട.

മതികരവേമ്പു-ഒരു വൃക്ഷം, ദേവതാരം.

മതക്കാരൻ—ഏതെങ്കിലും ഒരു മതത്തെ അനുസരിച്ചു നടക്കുന്നവൻ.

മതങ്കം-ആന.

'മദംകിളർ മതങ്കനടയാരം'

(രാമചരിതം)

മതംഗം-പ. ആന. ഉ. മേഘം.

മതംഗജം-ആന. മതംഗമഹർഷിയിൽ നിന്നുണ്ടായത് എന്നർത്ഥം.

മതംഗൻ-ഒരു മുനി.

മതംഗൻ ബ്രാഹ്മണനായി വളർത്തപ്പെട്ട ചണ്ഡാളനാണ്. ഒരിക്കൽ ഒരു കഴുതക്കുട്ടിയെ മതംഗൻ അതികഠിനമായി ഉപദ്രവിച്ചു അനന്തരം അതിന്റെ തള്ള മതംഗൻ ചണ്ഡാളനാകയാൽ അവന്റെ പ്രവൃത്തിയെക്കുറിച്ചു അത്ഭുതപ്പെടുവാനില്ലെന്നു പറഞ്ഞു. ഇതിന്റെ കാരണം ഗ്രഹിക്കണമെന്ന് മതംഗൻ ഉടൻ ആവശ്യപ്പെട്ടു. മതംഗന്റെ അമ്മ മദ്യപിച്ചിരിക്കവേ ഒരു ക്ഷുരകനുമായുണ്ടായ ചേർച്ചയിൽ ജനിച്ചവനാണ് മതംഗൻ എന്നു കഴുത പറഞ്ഞു ഉടനെതന്നെ മതംഗൻ ഒരു ബ്രാഹ്മണനാവാനായി കഠിനതപസ്സ് അനുഷ്ഠിച്ചു ദേവകൾക്കു ഭീതി പിടിച്ചു. എങ്കിലും അവനെ ഇന്ദ്രൻ ബ്രാഹ്മണനായി ഒരിക്കലും കണ്ടില്ല തദനന്തരം മതംഗൻ തള്ളവിരലിന്മേൽ മാത്രം നിന്നു 700 വർഷം തപസ്സുചെയ്തു. ക്ഷയിച്ചു വീഴാറായപ്പോൾ ഇന്ദ്രൻ ചെന്നു താങ്ങിക്കൊണ്ടു ബ്രാഹ്മണനാകുന്ന കാര്യം അസംബന്ധമാകയാൽ ആ അഭീഷ്ടത്തെ തള്ളിക്കളയുന്നതിന് ഉപദേശിക്കയും പക്ഷികളെപ്പോലെ യഥേഷ്ടം സഞ്ചരിക്കുന്നതിനും രൂപം മാറുന്നതിനുമുള്ള ശക്തി നൽകയും ചെയ്തു. മതംഗന്റെ ആത്മമനുഷ്യമുകപർവ്വതത്തിലാണ്. രാമനും സീതയും ഒരിക്കൽ ഇവിടെ ചെന്നിട്ടുണ്ട്.

മതത്യാഗം—താൻ മുൻപിനാലെ അനുസരിച്ചുവന്ന മതത്തെ ഉപേക്ഷിക്കുക.

മതത്യാഗി-തന്റെ മതത്തെ ഉപേക്ഷിച്ചവൻ.

മതൻ-മനനം ചെയ്യപ്പെട്ടവൻ. മനനം ചെയ്യുക=നിശ്ചയിക്കുക.

മതഭേദം—പ. മതത്തിന്റെ വ്യത്യാസം. ഉ. പക്ഷഭേദം.

മതം—പ. അഭിപ്രായം, അറിവ്. ഉ. ആഗ്രഹം.

മതയുദ്ധം—മതക്കാർ തമ്മിൽ മതസംബന്ധമായ കാര്യങ്ങളെക്കുറിച്ചു തർക്കിക്കയും പിണങ്ങുകയും ചെയ്യുന്നതു്.

മതല്ലിക-വി. (പദാന്ത്യത്തിൽ) ശ്രേഷ്ഠതയുള്ള.

മതല്ലിക-ശ്രേഷ്ഠത മറവുള്ളവരുടെ ബുദ്ധിയെ അലങ്കരിക്കുന്നതു് എന്നർത്ഥം.

മതവിപരീത-വി. മതത്തിനു വിരോധമുള്ള.

മതസ്ഥാപനം—മതത്തെ സ്ഥാപിക്കുക.

മതാചാരം—അതാതു മതക്കാരുടെ മര്യാദ.

മതി-പ. ബുദ്ധി. അറിയുന്നതു് എന്നർത്ഥം. ഉ. ഇച്ഛ. ന. ഭാവം. ര. മനസ്സ്, ഇ. വിലമതിപ്പു്.

മതി–അ. ക്രി. വേണ്ട. ഉ. തികഞ്ഞു്. നാ. ശക്തനായിത്തീരുക, സാധിക്കുക.

മതികല–ചന്ദ്രകല.

മതികെട്ടവൻ–ബുദ്ധിയില്ലാത്തവൻ.

മതികേടു്–ബുദ്ധിയുടെ കുറവു്.

മതിക്കിരിയ–അഹങ്കാരാധിക്യം, ബുദ്ധിഭ്രമം. (പ–മ.)

മതിക്കുന്നു–ക്രി. വില നിശ്ചയിക്കുന്നു. ഉ. വിചാരിക്കുന്നു. നാ. മാനിക്കുന്നു.

മതിഗുണം–ബുദ്ധിവൈഭവം.

മതിതെല്ലു്–ചന്ദ്രകല.

മതിനയനൻ–ബുദ്ധിയാകുന്ന കണ്ണുമാത്രമുള്ളവൻ.

'മതിനയനനായ്മരുവുംമന്നവ'
(കണ്ണപ്പ)

മതിനേർ–വി. ചന്ദ്രനെപ്പോലെയുള്ള.

മതിപോരാതെ–മതിയാകാതെ.

മതിപോരുക–തൃപ്തിയാവുക.

മതിപ്പു്–വില നിശ്ചയിപ്പു്, ഉദ്ദേശത്തിൽ തീരുമാനപ്പെടുത്തുക.

മതിഭ്രമം–ബുദ്ധിയുടെ ഭ്രമം, ഭ്രാന്തി, ഭ്രാന്തു്.

മതിഭ്രാന്തി–ബുദ്ധിഭ്രമം, ഭ്രാന്തു്.

മതിമൽ–വി. ബുദ്ധിയുള്ള.

മതിമറക്കുന്നു–തന്റെ നില അറിയാതെ ബുദ്ധിക്കു ഇളക്കം തട്ടുന്നു.

മതിമാൻ–ബുദ്ധിമാൻ.

മതിയം–ക്രി. നട്ടവു. ഉ. ചുഴിക്കുറി. നാ. കരുകിന്റെ കുട്ടമ്മ.

മതിയാകുന്നു–ക്രി. മതിവരുന്നു, തൃപ്തിയാകുന്നു. ഉ. തികയുന്നു (സം. ക്രി.–മതിയാക്കുന്നു).

മതിയായ്മ–പ്രാപ്തി, ശേഷി, ത്രാണി, തൃപ്തി.

മതിർക്ക–മധുരിക്ക.

മതിലകം–മതിലിന്നകത്തുള്ള പ്രദേശം.

മതിലടി–ക്രി. മതിലിന്റെ അടിസ്ഥാനം, ഉ. ഏതുകെട്ടിടത്തിന്റെയും അടിവശം.

മതിലടിയൂർചാത്തൻ–പന്ത്രണ്ടു തണ്ടാന്മാരിൽ ഒരുവൻ.

മതിൽ–ക്ഷേത്രത്തിന്റെയും മഠം മുതലായുള്ള കല്ലുകൊണ്ടുപണിയപ്പെട്ട ചുവർ. പര്യായങ്ങൾ— പ്രാകാരം, വരണം, സാലം.

മതിവരുക–മതിയാവുക, തൃപ്തിയാവുക.

മൽ–വി. (പദങ്ങളുടെ മുമ്പിൽ ചേർവരുമ്പോൾ) എന്റെ. ഉ–ം. മദ്വംശം–എന്റെ വംശം.

മത്കുണം–തെങ്ങു്.

മത്തുത്തു–ധരിച്ചു.

മത്തു്–കടകോൽ, കടകോലിന്റെ ചുവട്ടിലെ ഭാഗം. മത്തം എന്നതിന്റെ തദ്ഭവമാണു്. മഥി എന്നതിന്റെയും ഈ രൂപം കാണാം. ഉ. കലമായം ക്ഷുണ്ണനിന്നു് ഇളക്കുന്ന തടി. നാ. ആനയെ പിടിക്കുന്നതിനുള്ള ഒരു യന്ത്രം. ഭ. പിച്ചു്.

മത്ത–ക്രി. ഒരുമാതിരി കറിസ്സംഗ്രഹവള്ളി. ഉ. സമവൃത്തത്തിൽപ്പെട്ട ഒരു വൃത്തം. അക്ഷരം–ക്ര. 'മത്തമാവൃത്തം മഭസഗ ചേർന്നാൽ'. നാ. ലഹരിയുള്ള ഒരു വക മദ്യം.

മത്ത–വി. ക്ര. മദമുള്ള. ഉ. സന്തോഷമുള്ള.

മത്തകാശിനി–ഉത്തമസ്ത്രീ, ഭംഗിയും വശീകരണശക്തിയുമുള്ളവൾ. മൈഥുനം ചെയ്യാതെതന്നെ മത്തരായപ്പുരുഷരെ ശേഷിപ്പുന്നവൾ എന്നർത്ഥം.

'മത്തകാസിനി' എന്നുംകാണുന്നുണ്ട്. അതിനു മത്തയെപ്പോലെ ഗമിക്കുന്നവൾ എന്നു ശബ്ദാർത്ഥം).

മത്തകീശം–ആന.

മത്തഗജം–മദമുള്ള ആന.

മത്തഗാമിനി–ലക്ഷണമൊത്ത നടയോടുകൂടിയവൾ.

മത്തങ്ങാ – മത്തവള്ളിയിൽ ഉണ്ടാകുന്ന കായ്.

മത്തത–ക്ര. മദം. ഉ. സന്തോഷം. നു. മയക്കം, ലഹരി.

മത്തൻ–ക്ര. ഉന്മത്തൻ. ഉ. പോത്തു്. നു. കയിൽ.

മത്തമതി – മദിച്ച ബുദ്ധിയോടുകൂടിയവൻ.

മത്തൻ–ക്ര. മദിച്ച ആന, മദംപൊട്ടിയ ആന. ഉ. മദിച്ചവൻ. നു. മത്തങ്ങാ. ര. പോത്തു്.

മദ്യം മുതലായവ കൊണ്ടു മത്തനായിട്ടുള്ളവന്റെ പേർ–മത്തൻ, ശൗണ്ഡൻ, ഉൽകടൻ, ക്ഷീബൻ.

ഇ. ഭ്രാന്തൻ.

മത്തമയൂരം–സമവൃത്തങ്ങളിൽ ഒന്നു്, അക്ഷരം 13. 'നലോൽഹിന്നം മത്തസഗം മത്തമയൂരം'

മത്തവാരണം–ക്ര. മദയാന, ഉ. വരാന, തിണ്ണ. നു. വലിയകെട്ടിടത്തിന്റെ ചുറവുമുള്ള മതിൽ. ര. വലിയ കെട്ടിടത്തിന്റെ മുകളിലുള്ള ചെറിയ മുറി, മേൽമാളിക. ങ. ക്ഷുദ്രാരം, മന്ദിരം. ന പാക്കിന്റെ പൊടി.

മത്തവാരണം എന്നതു 'മെത്തവാണം' എന്ന സാധാരണ പറഞ്ഞുവരുന്നതാണെന്നു് അഭിപ്രായം കാണുന്നുണ്ടു്. മെത്തവാണം എന്നതു കിടക്കുന്നതിനും മറ്റും ഉയർത്തി തയ്യാറാക്കിയ സ്ഥലമാണു്. പണ്ടു–കസകര മുതലായവ പ്രചരിക്കുന്നതിനു് മുമ്പു്–എഴുത്തുപള്ളികളിൽ ആശാന്മാർക്കിരിപ്പാൻ തറയിൽ നിന്നും അല്പം ഉയർത്തി മണ്ണുകൊണ്ടു് ഒരാളിനു് ഇരിപ്പാനും കിടപ്പാനും തക്ക വിശാലമായ സ്ഥിതിയിൽ ഉണ്ടാക്കാറുണ്ടു്. അതു ഞാനും ധാരാളം കണ്ടിട്ടുണ്ടു്. അതിനു 'മെത്താണം' എന്നാണു പേർ. ഇതു ഇപ്പോഴും ഇല്ലെന്നില്ല.

മത്തവിലാസം–ഒരു കൃതി.

മത്താ–ക്ര. ഒരു മത്സ്യം. ഉ. കയിൽപേടു്.

മത്താപ്പു്–നിലംതിരി.

മത്താമ്പു്, മത്താമ്പുല്ലു്–ഒരു മംതിരിപുല്ലു്.

മത്താലാഭം–ഒരു തരം വേലിയോ, നടക്കാവോ.

മത്തി–ഒരു വക ചെറിയ മത്സ്യം.

മത്തിക്കുന്നു–ഇഷ്ടമാകുന്നു, മധുരിക്കുന്നു.

മത്തിപ്പു്–മധുരം.

മത്തുകള്ളു്–കുടിക്കുന്നവർക്കു് ഭ്രാന്തുപിടിക്കാൻ തക്കതായ ചില വസ്തുക്കളും കലക്കിയ കള്ളു്.

മത്തേഭം–മദിച്ചയാന, മത്തഗജം.

മത്സരക്കാരൻ–ക്ര. അസൂയയുള്ളവൻ. ഉ. അസൂയയുള്ളവൻ.

മത്സരം, മത്സരത–ക്ര. അസൂയയുള്ള ഇച്ഛ, ഉ. അസൂയ. നു. ദ്രോഹം. ര. സ്വാതന്ത്ര്യം. ങ. അന്യാഗ്രഹം. ന. സ്വാർത്ഥത ം. ദ്വേഷ്ട്യം. വ. കലഹം

മത്സരി – മത്സരമുള്ളവൻ. (സ്ത്രീ–മത്സരിണീ).

മത്സരിക്കുന്നു – തോല്പിക്കുന്നതിനായിട്ടു് വല്ലതും പ്രവർത്തിക്കുന്നു, അസൂയ വിചാരിക്കുന്നു, തർക്കിക്കുന്നു, എതിർക്കുന്നു.

മത്സ്യഗന്ധാ-പ. മത്സ്യത്തിന്റെ ഗന്ധം പോലെ ഗന്ധമുള്ള ഒരു സ്ത്രീ. ഉ. നീർത്തിപ്പലി. ന. മീനാങ്ങാണി. ര. ചെറിയ അളക്കാമണിയൻ. ള മീൻ കണ്ണിക്കറുക. ന. സത്യവതി.

മത്സ്യഗന്ധി-സത്യവതി.

മത്സ്യഘാതകൻ-മുക്കുവൻ.

മത്സ്യണ്ഡി-പ. മീൻകണ്ടിശ്ശർക്കര, നീർക്കണ്ടിശ്ശർക്കര. ഉ. ശുദ്ധിചെയ്യാത്ത ശർക്കര. ന. പഞ്ചസാര. ര കല്ക്കണ്ടം. സന്തോഷത്തെ ഉണ്ടാക്കുന്നത് എന്നർത്ഥം

മത്സ്യധാനി-പ. മീനിനെ പിടിക്കുന്ന കൊട്ട. ഉ. മീൻകൂട്ട്, ഒറാൽ, കരുത്തി ന. മത്സ്യത്തെ പിടിച്ചിടുന്ന പാത്രം. (മീൻകണ്ടി). മത്സ്യങ്ങളെ ഇതിൽ അധാനംചെയ്യപ്പെടുന്നതിനാൽ ഈ പേർ വന്നു.

മത്സ്യധ്വജൻ-കാമദേവൻ.

മത്സ്യനാരി-സത്യവതി.

ആകൃതി പകയി മത്സ്യത്തിന്റേയും പ്രകൃതി മനുഷ്യസ്ത്രീയുടേയുമാണ്.

മത്സ്യനാശകൻ, മത്സ്യനാശനൻ-ഒരു പക്ഷി.

മത്സ്യദ്വാദശി-മാഘ്ശീഷ്മമാസത്തിലെ പന്ത്രണ്ടാംദിവസം.

മത്സ്യപിത്ത-കടുകരോഹിണി.

മത്സ്യപുരാണം -18 പുരാണങ്ങളിൽ ഒന്ന്. (മത്സ്യാവതാരത്തെ വിഷ്ണു മനുവിനുപദേശിച്ചത്. പുരാണങ്ങളും, അഷ്ടാദശപുരാണങ്ങളും എന്നീ ശബ്ദങ്ങളും നോക്കുക).

മത്സ്യം-പ. മീൻ. മറ്റു പര്യായങ്ങൾ-ഝഷം, മീനം, വൈസാരിണം, അണ്ഡജം, വിസാരം, ശകലീ, പൃഥുരോമാ (വ്). മാംസക്ഷേണംകൊണ്ടു ഹർഷിക്കുന്നത്, പൂജ്യത്തിൽ തന്നെത്തന്നേറിയും ഒരേ മരിക്കുന്നത് ഇങ്ങിനെ ശബ്ദാർത്ഥം. ഉ. വിഷ്ണുവിന്റെ ഒന്നാമത്തെ അവതാരം. ന. ഒരു രാജ്യത്തിന്റെ പേര്. ര. മീനം രാശിയും മീനമാസവും. ള ഒരു പുരാണം.

മത്സ്യം വളരുന്നതിനു കൊള്ളാം, മലയാളത്തിലും വേറെ കടൽതീരപ്രദേശങ്ങളിലും ഇതു വളരുമെന്നു ഉപയോഗിച്ചുവരുന്നു, ഇതിൽ നിന്നും പ്രകാശിതവും മറവും കിട്ടും.

മത്സ്യരംഗ(ക)ം-നീർകാക്ക.

മത്സ്യരാജൻ-ചെങ്കവരി മീൻ.

മത്സ്യരേഖ-മത്സ്യത്തിന്റെ രൂപത്തിൽ രോമമുള്ളവരുടെ കൈയിലോ കാലിലോ ഉണ്ടാകുന്ന ഒരടയാളം.

മത്സ്യവേധനം, മത്സ്യവേധിനീ-പ. ചൂണ്ടൽ, മത്സ്യങ്ങളെ വേധിക്കുന്നത് എന്നർത്ഥം. ഉ. നീർകാക്ക.

മത്സ്യസംഘാതം-പാപ്പുമത്സ്യം. മത്സ്യക്കൂട്ടം.

മത്സ്യാശനം-നീർകാക്ക.

മത്സ്യാക്ഷി-പ. മീനാങ്ങാണി. മത്സ്യത്തിന്റെ കണ്ണുപോലെയുള്ള പൂവോടുകൂടിയത് എന്നർത്ഥം. ഉ. ബ്രഹ്മി ന. മണിത്തക്കാളി. ര. മീൻകണ്ണി ള. നീർത്തിപ്പലി. ന. സോമവള്ളി.

മത്സ്യാവതാരം-വിഷ്ണുവിന്റെ മീനായുള്ള അവതരണം, (അവതാരം എന്നതു നോക്കുക)

മത്സ്യോദരീ-സത്യവതി.

മഥനം-പ കലക്കുക. ഉ. കൊല്ലുക. ന. അരയ്ക്കുക ര. പഞ്ഞി ള. മുഞ്ഞ

മഥനാചലം, മഥനപർവ്വതം-സമുദ്രമഥനത്തിന് ഉപയോഗിച്ച 'മന്ദരം' എന്ന പർവ്വതം.

മഥിത-വി. പ. കലക്കപ്പെട്ട. ഉ. മഥിക്കപ്പെട്ട. ന. ഉപദ്രവിക്കപ്പെട്ട. ര. കൊല്ല

പ്പെട്ടം. @ പൊടിക്കപ്പെട്ട, അരയ്ക്കപ്പെട്ട.

മഥിതം-നീർക്കടയെ കലക്കിയ മോര്, ഒട്ടും വെള്ളംചേർക്കാത്ത മോര്. മഥനം ചെയ്യപ്പെട്ടത് എന്നർത്ഥം.

മഥുര-അഞ്ചായിൽ കൃഷ്ണൻ മുമ്പിച്ചുതായ നഗരം.

മഥുര യമുനാനദിയുടെ വലത്തെ തീരത്തിലുണ്ടായിരുന്ന ഒരു നഗരമാണ്. പുണ്യസ്ഥലങ്ങളായ സപ്ത നഗരങ്ങളിൽ ഒന്നാകുന്നു. ശത്രുഘ്നൻ സ്ഥാപിച്ചതാണ്

മഥുരേശൻ-കൃഷ്ണൻ.

മഥ്യമാന-വി. ക. കലക്കപ്പെടുന്നു. ഉ. മർദ്ദിക്കപ്പെടുന്നു.

മദകടൻ-നപുംസകൻ, ക്ഷണം ഉടച്ചവൻ.

മദകര-വി. മദത്തെയുണ്ടാക്കുന്ന.

മദകരി-മദയാന.

മദകരിവേമ്പ്-ഒരു വൃക്ഷം, ദേവതാരം.

മദകള-വി. മദമുള്ള

മദകളം-മദയാന. മദം ഹേതുവായിട്ട് ശബ്ദിക്കുന്നവൻ എന്നർത്ഥം.

മദഗജം-മദിച്ച ആന.

മദഗന്ധാ-ക. മദ്യം. ഉ. അഗശി.

മദജലം-ആനയുടെ കവിൾ പൊട്ടി ഒഴുകുന്ന വെള്ളം. പര്യായങ്ങൾ- മദം, ദാനം.

മദന(കം)-മെഴുക്.

മദനകാകരവം-മാടപ്രാവ്.

മദനഗോപാലൻ-കൃഷ്ണൻ.

മദനദഹനൻ-ശിവൻ.

മദനദഹനൻ-ശിവൻ.

മദനൻ-കാമദേവൻ. മദിപ്പിക്കുന്നവൻ എന്നർത്ഥം.

മദനനാശനൻ-ശിവൻ.

മദനപക്ഷി-കരിംകരിങ്കിൽ.

മദനപാഠകം-കയ്യൽ.

മദനപുഷ്പം-ഒരു പൂ, ഒരുങ്ങാടിമരുന്ന്.

മദനം-ക. ഉന്മത്തം, ഉന്മത്തൂര്. മദത്തെ ഉണ്ടാക്കുന്നത് എന്നർത്ഥം. ഉ. തേനീച്ച. ന. ഇലഞ്ഞിവൃക്ഷം. ര. ഒഴുക്ക്. ങ. മലങ്കാര. ന. ചരളം. ഒ. അഴിഞ്ഞിൽ, വ. ഉഴുന്ന്. ൻ. മക്കിപ്പൂവ്. ക്ര. കരിങ്ങാലി. ക്ഷ. കരുട്ടുമാവ്. ഹ. കാക്ക.

മദനമണ്ഡലി-ഒരുമാതിരി സർപ്പം.

മദനമോഹനൻ-കൃഷ്ണൻ.

മദനമോഹനവാഗ്വിലാസീ— മാടപ്രാവ്.

മദനരിപു-ശിവൻ. മദനന്റെ (കാമന്റെ) രിപു (ശത്രു) എന്നർത്ഥം.

മദനശലാകാ-പഞ്ചവർണ്ണക്കിളി.

മദനസാരികാ-പഞ്ചവർണ്ണക്കിളി.

മദനാ-മദ്യം.

മദനാത്താ- ക. കാമത്തിയെടുക്കുടിയവം. ഉ. രാമായണം ര വൃത്തത്തിലേ ഒന്നാം പുസ്തകം.

മദനാഗ്രകം-വരക്.

മദനാന്തകൻ-ശിവൻ.

മദനാരി-ശിവൻ. കാമന്റെ ശത്രു എന്നർത്ഥം.

മദനാലയം-തെരപ്പൂവ്.

മദനി-ക. മദ്യം. ഉ. കസ്തൂരി. ന. അതിമുക്തം. ര. തെതിരി. ങ. അരേണുകം.

മദനോത്സവഫലം-തേന്മാവ്.

മദം-ക. സന്തോഷം ഉ. മദജലം ന. ലഹരിയുള്ള മദ്യം. ര. മത്തത. ങ. ഡംഭം. പര്യായങ്ങൾ- ദർപ്പം, അവലേപം, അവഷ്ടംഭം, ചിത്തോദ്രേകം, സ്മയം, മദം. ന. ലഹരി. ഒ. ഗ്രന്ഥം.

വു. കോപം. ൻ. കസ്തൂരി. ഫ. നായികാശ്രിതങ്ങളായ പത്തു അലങ്കാരങ്ങളിൽ ഒന്ന്. ഫഫ. എനിക്ക സന്ധത്തുണ്ട്; ഞാൻ വിചാരിച്ചാൽ എന്തും സാധിക്കും എന്നുള്ള ബുദ്ധി.

യൌവനം, പ്രിയന്റെ അനുരാഗം മുതലായതു കൊണ്ടുള്ള ശ്വം ഹേതുവായിട്ടുണ്ടായ വികാരമത്രേ മദം.

മദംപാട്ട്, മദപ്പാട്ട്-മദംപിടിച്ച ആനയുടെ അവസ്ഥ.

മദംപെടുന്ന-മദമുണ്ടാകുന്ന.

മദംപൊട്ടുന്ന-ആനയുടെ ചെന്നിയിൽ നീരുവന്നു പൊട്ടുന്ന.

മദമത്തൻ-മദം (അഹങ്കാരം) കൊണ്ടു മദിച്ചവൻ.

മദമത്സരം-ഫ. മദംകൊണ്ടുള്ള മത്സരം. ഉ. കോപം. ന. ഡംഭം.

മദയന്തി-ഫ. കന്മാക്ഷപാദരാജാവിന്റെ പത്നി.

ഭർത്താവിന്റെ സമ്മതപ്രകാരം വസിഷ്ഠനോടു സംസർഗ്ഗം ചെയ്തു ഒരു പുത്രനെ സമ്പാദിച്ചു.

ഉ. വള്ളിമുല്ല.

മദയാന-മദമുള്ളയാന, മദിച്ചയാന.

മദലേഖാ-ഒരു വൃത്തത്തിന്റെ പേർ. (സമവൃത്തത്തിൽ പെട്ടതു). അക്ഷരം ഒ. 'മംസംഗംമദലേഖാ'.

മദവാരണം-മദയാന.

മദശ്രുതണ്ഡകം-ജാതിക്ക.

മദസ്ഥലം, മദസ്ഥാനം-മദ്യം വില്ക്കുന്ന സ്ഥലം, കള്ളുഷാപ്പ്.

മദാന്ധ്യം-ഫ. കരിമ്പന. ഉ. കടമ്പ്. ന. മാവ്.

മദാത്യയം-ഒരു രോഗം.

മദാധികം-വി. അധികം മദമുള്ള.

മദാംബു-മദജലം.

മദായന്തി-വള്ളിമുല്ല.

മദാരം-ഫ. പന്നി. ഉ. ആന, മദയാന.

മദാലാപി-കയിൽ.

മദാഢ്യം-കസ്തൂരി.

മദിക്കുന്ന-ഫ. അഹങ്കരിക്കുന്ന. ഉ. മദമുണ്ടാകുന്ന. ന. ലഹരിപിടിക്കുന്ന. ഭ. ഡംഭം ഉണ്ടാകുന്ന. ഇ. സന്തോഷിക്കുന്ന.

മദിപ്പിക്ക-ഏറ്റവും ആനന്ദിപ്പിക്ക.

മദിര-ഫ. മദ്യം. ഇതുകൊണ്ടു മദിക്കുന്നതിനാൽ ഈ പേർ വന്നു. ഉ. ലഹരിയുള്ള മദ്യം. ന. ദ്രാ.

മദിരാക്ഷി-മനോഹരമായ കണ്ണുള്ളവൾ, മദിര (മദ്യം) പോലെ മയക്കുന്നതായ കണ്ണുള്ളവൾ, സുന്ദരി.

'തൊണ്ടിപ്പഴത്തിനെതിരാം
മദിരാക്ഷിതന്റെ
ചുണ്ടിൽപ്പുരക്കുമമൃത
പുഞ്ചിരിയോടതിക്കും'
(കുമാരസംഭവം)

മദിരാഗൃഹം-മദ്യംവില്ക്കുന്ന വീട്, കള്ളുഷാപ്പ്.

മദിരാപാനം-മദ്യപാനം.

മദിരാസഖൻ-മാവ്.

മദിരേക്ഷണ-മനോഹരങ്ങളായ കണ്ണുള്ളവൾ, സുന്ദരി.

മദിഷ്ണു-മദ്യം.

മദീയം-വി. എന്റെ, എനിക്കുള്ള.

മദോൽക്കട-വി. മദം വർദ്ധിച്ച.

മദോൽക്കടം-ഫ. മദയാന. ഉ. മാടപ്രാവ്.

മദോല്ലാടാ-മദ്യം.

മദോദ്ധത-വി. മദം വർദ്ധിച്ച.

മദോല്ലാപീ-കയിൽ.

മഠ്ഠു-പ. തീർക്കാക്ക. ക. പെരുങ്കയൽ മീൻ, പെരുത്തലമീൻ. ജലത്തിൽ മുങ്ങിക്കിടക്കുന്നതു് എന്നർത്ഥം. ന. ഒരു വക സസ്യം. ര. ഒരുവക കാട്ടുമുള്ള

മഠ്ഠുരം-പെരുത്തലമീൻ, പെരുങ്കയൽ മീൻ. ജലത്തിൽ മുങ്ങിക്കിടക്കുന്നതു് എന്നർത്ഥം.

മഠ്ഠുരീ-പെരുങ്കയൽ മീനിന്റെ സ്ത്രീ.

മഡ്ഡളം-ഒരുവക വാദ്യം.

മഡ്ഡുകം എന്ന പദാന്തരശിക പുസ്തകത്തിൽ പാഠം കാണുന്നു. മഡ്ഡ(ന)ത്തെ സമീകരിക്കുന്നതു് എന്നർത്ഥം.

മദ്യകാര(ക)ൻ-മദ്യം വാറ്റി എടുക്കുന്നവൻ, കള്ളുവില്പനക്കാരൻ.

മദ്യം ചെത്തിയുണ്ടാക്കുകയും കച്ചവടം ചെയ്യുകയും ചെയ്യുന്നവന്റെ പേരാണത്രേ ഇതു്.

മദ്യകുംഭം-പ ചാരായക്കുടം. ക. സദാ മദ്യം സേവിക്കുന്നവനെപ്പറയുന്ന പരിഹാസവാക്കു്.

മദ്യപ-വി. മദ്യത്തെ കുടിക്കുന്ന.

മദ്യപങ്കം-പല വസ്തുക്കളുടെ കലർപ്പു്.

മദ്യപാത്രം—മദ്യം കുടിക്കുന്നതിനുള്ള പാത്രം.

മദ്യപാനം-കള്ളുകുടി

മദ്യപാനി, മദ്യപായി-കള്ളുകുടിക്കുന്നവൻ.

മദ്യപിക്കുന്നു-കള്ളുകുടിക്കുന്നു.

മദ്യപുഷ്പാ-താതിരി.

മദ്യപുഷ്പി-ഒരു ചെടി, മദ്യവാസിനി.

മദ്യഭാജനം-ചാരായപ്പാത്രം.

മദ്യഭാണ്ഡം-ചാരായപ്പാത്രം.

മദ്യം-പ. തെങ്ങു്, കരിമ്പന, പൂണ്ടപ്പന ഇവയുടെ കലയിൽനിന്നു് എടുക്കുന്ന ഒരു വെള്ളം. ക. മുന്തിരിങ്ങ മുതലായ വസ്തുക്കളിൽനിന്നു് വാറ്റി എടുക്കുന്ന വെള്ളം, ചാരായം. മദിര. മദിപ്പിക്കുന്നതു് എന്നർത്ഥം. (മദ്യസാരം Alcohol)

മദ്യബീജം-പുത്തപ്പുളി.

മദ്യമണ്ഡം-മദ്യത്തിന്റെ നര.

മദ്യവാസിനി-ഒരുമാതിരി ചെടി, താതിരി.

മദ്യസന്ധാനം-ചാരായം വാറ്റുക.

മദ്യഹാരകൻ-ചാരായം വാറ്റുന്നവൻ.

മദ്യാമോദം-ഇലഞ്ഞി.

മദ്രകാര—വി. സന്തോഷത്തെക്കൊടുക്കുന്ന.

മദ്രഭത്താവു്-മദ്രംസു ശവർണൻ.

മദ്രം-പ. സന്തോഷം. ക. ഒരു രാജ്യം.

മദ്രസുതാ-മാദ്രി.

മദ്രാശി-മദ്രാസു്. Madras എന്ന സംസ്ഥാനം.

മദ്രേശൻ-മദ്രരാജ്യത്തെ രാജാവു്.

മധ്യ-വി. ഇടത്തരമായ, നടുവിലുള്ള.

മധ്യകക്ഷ്യം—നടുവിലേ കക്ഷ്യം, ഇടക്കെട്ടു്. [ണം'

'മധ്യകക്ഷ്യപതിനാലുപേർനിൽക്ക
(രാമായണം)

മധ്യകാലം-നടുവിലത്തെ കാലം.

മധ്യക്ഷരമാ- സമവൃത്തങ്ങളിൽ ഒന്നു്. അക്ഷരം ഏഴു്.

മധ്യഗ-വി. നടുവിലുള്ള

മധ്യദേശം-പ. നടുപ്രദേശം. ക. ഇൻഡ്യയിലെ ഒരു ഭാഗം, ആര്യാവർത്തം. ഹിമവാന്റെയും വിന്ധ്യപർവ്വതത്തിന്റെയും മദ്ധ്യയുള്ള സ്ഥലം.

മധ്യദേശം-ഹിമവാങ്കൽനിന്നു തെക്കോട്ടു വിന്ധ്യപർവ്വതംവരയ്ക്കും കുരുക്ഷേത്രത്തിങ്കൽനിന്നു കിഴക്കോട്ടു പ്രയാഗ

വരയ്ക്കുമുള്ള പ്രദേശത്തെ മദ്ധ്യദേശം എന്നു പറയുന്നു.

'ഹിമവദ്വിന്ധ്യയോർമ്മധ്യം
യൽ പ്രാഗ്വിനശനാദപി
പ്രത്യഗേവ പ്രയാഗാച്ച
മധ്യദേശഃ പ്രകീർത്തിതഃ'

എന്നുള്ള വചനം മേൽപറഞ്ഞതിന്റെ മൂലമാകുന്നു. മേൽപറഞ്ഞവചനത്തിൽ വിനശനശബ്ദത്തിനു കുരുക്ഷേത്രം എന്നർത്ഥം.

മദ്ധ്യപഞ്ചമൂലം-കുമ്പളംതൊട്ടിവേർ, തഴുതാമവേർ, ആവണക്കിൻവേർ, കാട്ടുഴുന്നിൻവേർ, കാട്ടുചെറുവഴിൻവേർ ഇവ അഞ്ചും.

മദ്ധ്യപ്രദേശം-നടുവ്.

മദ്ധ്യം-ഫ. നടുവ്. ഉ. അര, ശരീരമദ്ധ്യപ്രദേശം, അരക്കെട്ട്. ശോഭയെ ധരിക്കുന്നതു് എന്നർത്ഥം. ന. ഇടത്തരം. ഭ. താളത്തിന്റെ മാത്രാനിയമങ്ങളിൽ ഒന്ന്. ഇ. ഒരു വലിയ തുക. ങ. കതിരയുടെ പാർശ്വഭാഗം.

മദ്ധ്യമ-വി. ഫ. നടുവിലുള്ള. ഉ. ഇടത്തരമായ.

മദ്ധ്യമപുരുഷൻ - (വ്യാകരണത്തിൽ. സംസാരത്തെ ബോധിക്കുന്നവൻ) ഉ-ം. നീ.

മദ്ധ്യമൻ-സാമാന്യമനുഷ്യൻ, നടുവിലുള്ളവൻ, ഉദാസീനൻ.

മദ്ധ്യമങ്ങൾ-(വ്യാകരണത്തിൽ)യരലവ ഇവ നാലും.

മദ്ധ്യമം-ഫ. സപ്തസ്വരങ്ങളിൽ ഒന്ന്. ഉ. ഇൻഡ്യയിലെ പ്രധാന ഭാഗം, പുണ്യഭൂമി, മദ്ധ്യദേശം. ന. നടുവിലെ (മദ്ധ്യത്തെ)സ്ഥിതി. (ഉത്തമം, മദ്ധ്യമം, അധമം ഇങ്ങിനെ മൂന്നുവിധം). ഭ. ശരീരമദ്ധ്യപ്രദേശം.

വായു നാഭിയിൽനിന്നു പുറപ്പെട്ട് ഉരഃകണ്ഠങ്ങളിൽ തട്ടിമുട്ടി മഹാനാദമായിട്ടു മദ്ധ്യമസ്വരത്തെ ഉണ്ടാക്കുന്നു.

മദ്ധ്യമലോകം-ഭൂമി.

മദ്ധ്യമാ-തിരണ്ടവയസ്സ്. ബാല്യയൗവനാവസ്ഥകളുടെ മദ്ധ്യത്തിലിരിക്കുന്നവൾ; അരക്കെട്ടുള്ളവൾ, ഇങ്ങിനെ ശബ്ദാർത്ഥം. ഉ. നടുവിരൽ. മദ്ധ്യത്തിൽ ഭവിച്ചതു് എന്നർത്ഥം.

മദ്ധ്യമാവതി, മദ്ധ്യമാടി, മധ്യമാ-ഒരു രാഗം.

മദ്ധ്യരാത്രം-അർദ്ധരാത്രി.

മദ്ധ്യരാത്രി-അർദ്ധരാത്രി, പാതിരാത്രിയായ സമയം.

മദ്ധ്യവയസ്കൻ- മദ്ധ്യവയസ്സു പ്രായമുള്ളവൻ.

മദ്ധ്യവൃത്തം-ഭൂമധ്യരേഖ.

മദ്ധ്യസ്ഥ-വി. ഫ. നടുവിലിരിക്കുന്ന. ഉ. ബന്ധുവും ശത്രുവുമല്ലാത്ത.

മദ്ധ്യസ്ഥത-മദ്ധ്യസ്ഥന്റെ ഭാവം.

മദ്ധ്യസ്ഥൻ-മൂന്നാമൻ.

മദ്ധ്യാഹ്നം-ഉച്ച, പകലുനാഴിക പുലർന്ന സമയംമുതൽ പകലുനാഴിക പകലുള്ള സമയംവരെയുള്ള പകലുനാഴികയുടെ പേർ. പകലിന്റെ മദ്ധ്യഭാഗം എന്നർത്ഥം.

ദിനരാത്രി പ്രമാണത്തിന്റെ ഏറക്കുറവിനെ അനുസരിച്ചു മേൽപറഞ്ഞ ഫ-എന്നുള്ള സംഖ്യയ്ക്കും ഏറക്കുറവു വരും.

മദ്ധ്യാഹ്നസ്ഥാനം-ഉച്ചയുടെ ഒരു സ്ഥലം.

മദ്ധ്യേ-അ. നടുവെ.

മദ്ധ്യേമാർഗ്ഗം-അ. വഴിയുടെ നടുവിൽ.

മദ്ധ്യേസമുദ്രം-അ. സമുദ്രത്തിന്റെ നടുവിൽ.

മധു-വി. മധുരമുള്ള.

മധു-പ്ര. മദ്യം. ഉ. തേൻ നു. പൂന്തേൻ. ര. വെള്ളം. ഇ. പാൽ ന്യ ശർക്കര. ഒ രുചൈത്രമാസം. അറിയപ്പെട്ടന്നത് എന്നർത്ഥം. വ വസന്തം എന്ന ഋതു. ൻ. ഒരസുരൻ.

മധു എന്ന അസുരനെ വിഷ്ണുവാണ് വധിച്ചത്. അതിനാൽ മധുസൂദനൻ, മധുമഥനൻ എന്നുംമറും പേരുണ്ടായി. ഈ അസുരനെയോ ഈ പേരുള്ള വേറെ ഒരു അസുരനെയോ ശത്രുഘ്നനും വധിച്ചിട്ടുണ്ട്.

മധുക-വി. മധുരമുള്ള.

മധു(ധൂ)കം-ഏരട്ടിമധുരം.

മധുകൻ - മുൻപിൽ നടന്നു വാഴ്ത്തുന്നവൻ.

മധുകം-പ്ര. ഇരട്ടിമധുരം. ഉ. ഒരു പക്ഷി. നു. തകരം. ര. വെള്ളത്തീയം.

മധുകണ്ഡം-കയിൽ.

മധുകരപ്രിയം-മാവ്.

മധുകരം-പ്ര. തേനീച്ച. ഉ. വണ്ട്. നു. കയ്യോന്നി. ര. തിരുനാമപ്പാലം. ഇ. ജീവകം.

മധുകരിക-ചെറുവണ്ട്.

മധുകശാ-ആദിത്യരുടെ അമ്മ. വസുക്കളുടെ പുത്രി. സുമന്തുക്കളുടെയും ജീവൻ

മധുകാ-ചിറ്റമൃത്.

മധുകാനനം(വനം)-മധുവിന്റെ വാസസ്ഥലം.

മധുവിനെ കൊന്നശേഷം ശത്രുഘ്നൻ അവിടെ മഥുരാപുരി സ്ഥാപിച്ചു.

മധുകോഷം-തേൻകൂട്.

മധുക്രമം-പ്ര. മദ്യപാനം. ഉ. തേൻകൂട്. നു. മദ്യപാനം ചെയ്യേണ്ട അവസരം, മദ്യപാനക്രമം.

മധുഗായനം-കയിൽ.

മധുഘോഷം-കയിൽ.

മധുജം-ഒരുതരം.

മധുജംഭം-മധുര നാരകം.

മധുജിത്ത്-വിഷ്ണു. ('മധു' നോക്കുക).

മധുതൃണം-കരിമ്പ്.

മധുത്രയം-നെയ്യ്, പഞ്ചസാര, തേൻ ഇവ നു-ം.

മധുദ്ധതകം-കയിൽ.

മധുദ്രുമം-ഇരിപ്പവൃക്ഷം. ('മധു' വൃക്ഷം).

മധുദ്വിട്ട്-വിഷ്ണു. ('മധു' നോക്കുക).

മധുദ്വേഷി-വിഷ്ണു.

മധുധൂളി-കൽക്കണ്ടം.

മധുനാശനൻ-വിഷ്ണു.

മധുനിഷൂദനൻ-വിഷ്ണു. ('മധു' നോക്കുക)

മധുപൻ-പ്ര. തേനീച്ച. ഉ. വണ്ട്.

മധുപക്കം-അതിഥികളെ സൽക്കരിയ്ക്കുവാൻ ഉപയോഗിക്കുന്ന ഒരു മധുര പദാർത്ഥം.

"തൈരും നെയ്യും സഖിലവും ക്ഷീരവും പഞ്ചസാരയും ചേർത്തുണ്ടാക്കുന്ന പാനീയം ധരിക്ക മധുപക്കമാം".

മധുപണ്ണി-പ്ര. ചിറ്റമൃത്. ഉ. മധുര മാതളനാരകം. നു. കമിഴ്. ര. അമരി. ഇ. പന്നിക്കിഴങ്ങ്. ന്യ കിണികിണിപ്പാവ. ഒ. വള്ളി ഏരട്ടിമധുരം.

മധുപണ്ണിക-പ്ര. അമരി. ഉ. ചിറ്റമൃത്. നു. കമിഴ്.

മധുപം-വണ്ട്. തേനീച്ച പാനം ചെയ്യുന്നത് എന്നർത്ഥം.

മധുപാനം-പ്ര. തേൻകുടിയ്ക്കൽ. ഉ. മദ്യപാനം.

മധുപാളി-പ്ര. തേനീച്ചക്കൂട്ടം. ഉ. വണ്ടിൻകൂട്ടം.

മധുഫലം-മാവ്.

മധുമക്ഷിക-ഈതനീച്ച. തേനുണ്ടാക്കുന്ന ഈച്ച.

മധുമതി-ഒരു വൃത്തത്തിന്റെ പേർ. സമവൃത്തത്തിൽ പെട്ടതു്. 'മധുമതീ, നഭഗം' അക്ഷരം ൭.

മധുമതീനദി കാശ്മീരദേശത്തിലുള്ള ഒരു നദി.

മധുമഥനൻ-വിഷ്ണു.

മധുമല്ലി-പിച്ചകം.

മധുമാളരി-ഒരു തൈ.

മധുമംസം-വസന്തം.

മധുമൂലം-പ. ഇരട്ടിമധുരം. ഉ. ഒരുമാതിരി കിഴങ്ങു്, വാകച്ചേയു്.

മധുമേഹം-ഒരു രോഗം.

മധുമേഹത്തിങ്കൽ മൂത്രം തേൻപോലെ ഇരിക്കും. ചികിത്സിക്കാതെയിരുന്നാൽ എല്ലാം പ്രമേഹവും കാലക്രമേണ മധുമേഹമായിത്തീരും.

മധുമൊഴി, മധുരമൊഴി-നല്ലവാക്കോടുകൂടിയവൾ, മനോഹരയായ സ്ത്രീ.

മധുയഷ്ടി-പ. കരിയു്. ഉ. ഇരട്ടിമധുരം.

മധുയഷ്ടിക-ഇരട്ടിമധുരം. മധുവിനോടു തുല്യമധുരമായ കോൽ എന്നർത്ഥം.

മധുര-വി. പ. സ്വാദുള്ള, മധുരമുള്ള. ഉ. മനോഹരമായ.

മധുര-പ. ഒരുമാതിരി ചേരുകപ്പ. ഉ. ഒരു ദേശം. ന. കണ്ടിവെണ്ണ. ർ. തേങ്കരം.

മധുരകം-തിരുനാമപ്പാല.

മധുരക്കള്ളു-അക്കാനി.

മധുരക്കറി-ശർക്കരയും തേങ്ങാപ്പാലും ചേർത്തുണ്ടാക്കുന്ന ചില ഭക്ഷണസാധനം, പ്രഥമൻ, പായസം.

മധുരക്കിഴങ്ങ്-മധുരമുള്ള ഒരുമാതിരി കിഴങ്ങു്.

മധുരത-ഇനിപ്പു്.

മധുരമാതുളനാരകം-ഗണപതിനാരകം പഴുത്ത കായ് രക്തദോഷം, ചുമ, ക്ഷയം മുതലായവയ്ക്കു നന്നു്. ഇതിന്റെ കായ് മാതുളനാരങ്ങയേക്കാൾ വലുതാണു്. മധുരം ക്ലേദം. സം-മധുരബീജപൂരം. ഇം-A Kind of citron.

മധുരനാരകം-ഒരുമാതിരി നാരകം. പഴുത്ത കായ് തണ്ണീർദാഹം, അരുചി, ക്ലേദവിഷം മുതലായവയ്ക്കു നന്നു്. മലത്തെ പിടിപ്പിക്കും. സം-മധുരാംബീരം. ഇം-Sweet lime tree സ്വീറ്റ് ലൈം ട്രീ.

മധുരനാരങ്ങാ-മധുരമുള്ള നാരങ്ങാ.

മധുരം-പ. ഇനിപ്പു്. ഉ. സാഹിത്യസംഹ്ലാദകാരം രീതികളിൽ ഒന്നു്, ന. മനോഹരം. ർ. രുചിയുള്ളതു്. ള. കാരീയം. ന. നീരിറിപ്പു. ൦. തണ്ടൻചീര. വ. മധുരനാരകം. ൻ. തുടരി. പാ. ശർക്കര. പഠ. കരിയു് (രുചിമന്നതു്). പഠ. വലിയ ലന്ത. പന. ചെറിയ അമര. പർ. രുചിപയർ. പള. പിലാവു്. പന്ത. ജീവകം. പ൦. രുചിമുരിങ്ങ. പവ. ഞെട്ടികഴിയൻ മാവു്.

മധുരസ-പ. മുന്തിരിങ്ങാപ്പഴം. ഉ. കമിഴു്. ന. കിണികിണിപ്പാല. ർ. രുചിക്കുമ്പ.

മധുരസം-പ. കരിംപന. ഉ. ഇരിപ്പു. ന. കരിയു്.

മധുരാനിരുദ്ധം-ഒരു നാടകം. ഗന്ധകത്താവു് ശയനി ചന്ദ്രശേഖരനാണു്. ഉഷയുടെയും അനിരുദ്ധന്റെയും അനുരാഗമത്രേ വിഷയം.

മധുരാമ്ലകം-പ. അമ്പഴം. ഉ. നാരകം.

മധുരാലാവാ-പ. കയിൽപ്പേടി. ഉ. പഞ്ചവർണ്ണക്കിളി.

മധുരിക-കാട്ടുചേരകപ്പു.

മധുരിക്കുന്നു- മധുരമുണ്ടാകുന്നു, ഇഷ്ടമാകുന്നു.

മധുരിപു-വിഷ്ണു. മധു എന്നു പേരായ അസുരനെ നിഗ്രഹിച്ചവൻ എന്നർത്ഥം.

മധുരിമ-മധുരരസം, മധുരിക്കുക.

മധുലിഹ്(ട്ട്)-പു. തേനീച്ച. ഉ. വണ്ടു്. തേനിനെ ആസ്വദിക്കുന്നതു് എന്നർത്ഥം.

മധുവനം-പു. ഒരു വിജനപ്രദേശത്തിന്റെ പേർ. ഉ. സുഗ്രീവപാലിതമായ ഒരു വനം. (രാമായണം സുന്ദരകാണ്ഡം നോക്കുക). ന. ധ്രുവൻ തപസ്സു ചെയ്യാൻപോയ വനം.

മധുവാണി-തേനൊഴി.

മധുവാരം-ക്രമത്തിൽ മദ്യപാനം ചെയ്യൽ, മദ്യപാനം ചെയ്യാനുള്ള അവസരം, മദ്യപാനക്രമം. മധുവിന്റെ വാരം (സമയം) എന്നർത്ഥം.

മധുവ്രതം-പു. തേനീച്ച. ഉ. വണ്ടു്. മുട്ടാതെ തേനുണ്ണുന്നതു് എന്നർത്ഥം.

മധുശിഗ്രു-ചെമ്മുരിങ്ങ, പുനർമ്മുരിങ്ങ.

മധുശ്രേണി(ണീ)-പെരുംകുരുമ്പ.

മധുഷ്ഠീലം-ഇരിപ്പവൃക്ഷം. മധുവിനെ വമിക്കുന്നതു് എന്നർത്ഥം.

മധുസൂദനൻ-വിഷ്ണു.

മധുസൂദനകവി-ഒരു സംസ്കൃതകവിയാണു്. മിഥിലാ രാജ്യക്കാരൻ. അച്ഛൻ പത്മനാഭൻ. അമ്മയുടെ പേർ ഭദ്രേ എന്നു പേർ. ദ്വൈതി (ഉപാധി) എന്ന വംശനാമം. അന്യപ്രദേശത്തുകാരുടെ കർത്താവു്.

മധുസ്രവ-ഒരു പച്ചമരുന്നു്, അടകൊതിയൻ, അടപതിയൻ. തേൻപോലെ മധുരമായ രസത്തെ സ്രവിക്കുന്നതു് എന്നർത്ഥം.

മധുസാരം-കയിൽ.

മധൂകം-പു. ഇരിപ്പവൃക്ഷം. തേൻ ഇരിക്കുന്നേടം എന്നർത്ഥം. മധുകം എന്നുമാവാം. ഉ. ഇരട്ടിമധുരം.

മധൂച്ഛിഷ്ടം-മെഴുക്.

മധൂലക-വി. മധുരമുള്ള.

മധൂലകം-മലയിരിപ്പ. തേൻ ഒഴിച്ചുകൊണ്ടിരിക്കുന്നതു് എന്നർത്ഥം.

മധൂലിക—പെരുംകുരുമ്പ. തേനുള്ളതെന്നർത്ഥം.

മധൂളി-തേൻ.

മധ്യാ- പുത്തശാസ്ത്രപ്രകാരം ഛന്ദസ്സുകളിൽ ഒന്നു്.

മധ്വാൻ-ഒരു പ്രസിദ്ധനായ ആചാര്യൻ. വൈഷ്ണവമതം കണ്ടുപിടിച്ച മഹാൻ. വേദാന്ത ശാസ്ത്രത്തിലേ മദ്ധ്യകർത്താവു്.

മധ്വാസവം-ഇരിപ്പപ്പൂകൊണ്ടുണ്ടാക്കിയ മദ്യം, തേൻ ചേർത്തുണ്ടാക്കിയ മദ്യം.

മന-ചില ബ്രാഹ്മണവംശത്തിന്റെ ഒരു പേർ.

മനക്കരുത്തു്-ഒരുറപ്പു്, ഉള്ളുറപ്പു്.

മനക്കൽ-പു. മാം. ഉ. വലിയ വീടു്.

മനക്കലക്കം-മനസ്സിന്റെ ഇളക്കം.

മനക്കാമ്പു്-മനസ്സു്.

മനക്കൊട-ബ്രാഹ്മണസ്ത്രീയുടെ കുട.

മനക്കുരുന്നു്-(അകക്കുരുന്നു് എന്നതുനോക്കുക).

മനക്കേടു്-മനസ്സുകേടു്, വെറുപ്പു്.

മനക്കോപം-വല്ലായ്മയായ മനസ്സിളക്കം.

മനച്ചുൾ-ചില മൺപാത്രം ഉണ്ടാക്കുന്നതിനു പറയുന്ന പേർ.

മനഞ്ഞിൽ-ഒരുവക മത്സ്യം.

മനനം-വിചാരം, ധ്യാനം.

മനനം എന്നതു സൂക്തിയെപ്പറ്റിയുള്ള പദാർത്ഥചിന്തനമാകുന്നു. ഭഗവൽ

കാരണത്തേപ്പറ്റി ശ്രുതിയിൽ ശ്രുതമായി നിൽക്കുന്ന അപ്രത്യക്ഷമായ വസ്തു ഉണ്ടോ ഇല്ലയോ എന്ന് ഒരു ശങ്ക വരുമ്പോൾ ഉടൻ മിഷ്ടാന്നം സകർത്തുകമായി കാണുന്നതിനാൽ കായ്ഭൂതമായ ജഗത്തിനു കർത്താവായി ഒരുത്തൻ സംഭവിക്കണം എന്നുള്ള ഊഹം (മനനം) കൊണ്ടു ആ സംഭവശങ്ക നിവർത്തിക്കുന്നു. ഇതിനായിട്ടാണ് മനനം.

മനനാട്ട്-കേരളം.

മനപ്പകപ്പ്-മനസ്സിന്റെ ഭാവാഭേദം.

മനപ്പൊരുത്തം-മനസ്സിന്റെ ചേർച്ച.

മനം-പ്ര. മനസ്സ്. ഉ. ഹിതം, അഭിപ്രായം. നാ. അഭിപ്രായം.

മനംപൊല്ല്-ഊഹം.

മനംപിരട്ടൽ-ഛർദ്ദിലക്ഷണം.

ക്ലാവുപിടിച്ച സാധനം (തെരേമേൽതുരുമ്പുതലായതോ) ഭക്ഷിച്ചുണ്ടാകുന്ന മനംപിരട്ടലിൽ സഹിക്കാവുന്ന ചൂടോടുകൂടി ചുക്കുവെള്ളമോ കാഞ്ഞിരവെള്ളമോ കുടിച്ചാൽ ഉടൻ ശമിക്കും.

മനംമടിച്ചൽ-മടിതോന്നുക.

മനംമറിച്ചൽ-ഓക്കാനം, ഛർദ്ദിക്കുന്നതിനുള്ള ഭാവം.

മനമാടുക-ഭയപ്പെടുക.

മനയൻ-കുശവൻ, ഒരുജാതി കൈതൊഴിലുകാരൻ.

മനയമ്മ-മൂസ്സതിന്റെ സ്ത്രീ (ഭാര്യ).

മനയാട്ടി, മനയാർ-മനയവഴ്ത്തിൽപ്പെട്ട സ്ത്രീ, മനയിലുള്ള ഭാര്യ, ഗൃഹനായിക.

മനയാളി-പ്ര. ഒരു ജാതിക്കാരൻ, ഊരാളി. ഉ. മലയാളി.

മനയുന്നവൻ-കുശവൻ.

മനയുന്നു-നിർമ്മിക്കുന്നു, കലവും മറ്റും ഉണ്ടാക്കുന്നു. (ക്രി. മനയിക്കുന്നു.)

മനശ്ശിലയാല-മഞ്ഞനിറമായ ഒരു ധാതു, മനശ്ശില. പര്യായങ്ങൾ-മനശ്ശിലാ, മനോഗുപ്താ, മനോഹ്വാ, നാഗജിഹ്വികാ, മനൈപാളി, കുനടി, ശോണം.

രക്തശോഷം, വിഷം, ചൂട, ചൊറി മുതലായവയ്ക്കു നന്ന്. ഇതു അരിതാരത്തിന്റെ ഭേദമാണ്. ഇതു ശുദ്ധിചെയ്തതെ ഉപയോഗിക്കരുതു്. ത-മനോഹ്വിലൈ. ഇം-Bisulphite of arsenic, Red arsenic.

മനശ്ചലനം-മനസ്സിന്റെ ഇളക്കം.

മനശ്ശില-മനയോല, മനോല. മനശ്ശിലയും കൊണ്ടു പറയപ്പെടുന്ന ശില എന്നർത്ഥം.

മനശ്ശുദ്ധി-മനസ്സിന്റെ ശുദ്ധി.

മനസാ, മനസാദേവി-ശേഷസർപ്പത്തിന്റെ സഹോദരി. ജരൽകാരുവിന്റെ ഭാര്യ. കശ്യപന്റെ പുത്രി. ജഗൽഗൌരി, നിത്യാ, പദ്മാവതി, വിഷഹരാ എന്നും പേരുകളുണ്ട്.

വിഷം ഇറക്കുന്നതിനുള്ള ശക്തിയിരിക്കകൊണ്ടാണ് 'വിഷഹരാ' എന്ന പേർ സിദ്ധിച്ചതു്.

മനസിജ-വി. മനസ്സിൽ ഉണ്ടാകുന്ന.

മനസിജൻ-കാമദേവൻ (ശൃംഗാരരൂപേണ) മനസ്സിൽ ജനിക്കുന്നവൻ എന്നർത്ഥം. (മനസിശയൻ എന്നുമുണ്ട്.)

മനസ്സൻ-മനസ്സോടുകൂടിയവൻ. (സധോരണമായി പദാന്തത്തിൽ ചേർത്തുവരുന്നു. ഉ-ം, ശുദ്ധമനസ്സൻ=ശുദ്ധമനസ്സോടുകൂടിയവൻ.)

മനസ്സറിക്കുന്നു-അറിഞ്ഞതിനെ മനസ്സിൽ ഉറപ്പിക്കുന്നു.

മനസ്സാരാ-പ്ര. അറിഞ്ഞതിനെ മനസ്സിൽ ഉറപ്പിക്കാ. ഉ. മനസ്സിനു സുഖമികളിലുള്ള താൽപര്യം. മനസ്സിന്റെ

കാരം—വ്യാപാരവിശേഷം; വരാൻ പോകുന്ന ചിന്തയെപ്പറ്റിയുള്ള നിശ്ചയം. ഇങ്ങിനെ ശബ്ദാർത്ഥം.

മനസ്താപം-മനസ്സിന്റെ ചൂട്, ദുഃഖം.

മനസ്താലൻ-ദേവിയുടെ വാഹനമായ സിംഹം.

മനസ്വീ-വി. പ്രാ. ബുദ്ധിമാൻ. പു. എട്ടടിമാൻ.

മനസ്വിനി-പ്രാ. മനസ്സുറപ്പുള്ള. പു. ബുദ്ധിശക്തിയുള്ള.

മനസ്വിനീ-പ്രാ. കായ്യസാധ്യങ്ങൾക്കായിക്കൊണ്ടു കൈശലം മുതലായവയെ ചീത്തയായവിധം ചെയ്യാതെയിരിക്കുന്ന അവസ്ഥയോടുകൂടിയവൾ. (പു-മനസ്വീ). പു. ദുർഗ്ഗാ. നാ. ചന്ദ്രന്റെ അമ്മ. ര്. കരടുപാവൽ.

മനസ്സ്-പ്രാ. അകത്തുള്ള ഇന്ദ്രിയങ്ങളിൽ ഒന്ന്, ഏറ്റവും വേഗമുള്ള ഇന്ദ്രിയം, മാനസം. മനനം ചെയ്യപ്പെടുന്നത് എന്നർത്ഥം. പു. ആഗ്രഹം. നാ. അറിവ്. ര്. ഇഷ്ടം. ള. അഭിപ്രായം.

മനസ്സന്നിധാനം—ആപത്തിലും ആലോചിച്ചു പ്രവർത്തിപ്പാനുള്ള മനസ്സുറപ്പ്.

മനസ്സമുത്ഥൻ-മനസ്സിൽനിന്നും ഉണ്ടായവൻ. (വിചാരമാത്രത്താൽ മനസ്സുകൊണ്ടു ബ്രഹ്മാവു സൃഷ്ടിച്ചവൻ എന്നർത്ഥം).

മനസ്സുകേട്-ഇഷ്ടക്കേട്.

മനസ്സുതിരിവ്-അറിവ്, മനസ്സിന്റെ മാറ്റം.

മനസ്സലിയുന്ന-ദയയുണ്ടാകുന്ന.

മനസ്സലിവ്-മനസ്സിന്റെ കട്ടപ്പമില്ലായ്മ, ദയ, ആർദ്രത.

മനസ്സാക്ഷി-മനസ്സുമാത്രം സാക്ഷിയായിരിയ്ക്കുക.

"'മനോസാക്ഷി' 'മനോസുഖം' എന്നിവയെ സമ്മതിക്കാൻ മനസ്സാക്ഷി സമ്മതിക്കുന്നില്ല. മനസ്സുഖവും കാണും. സംസ്കൃതപ്രകാരം 'അസാക്ഷി' എന്നും 'അസുഖം' എന്നും അർത്ഥം വിപരീതമായി വരുന്നതിനാൽ ഇതു രണ്ടും ഗ്രാഹ്യങ്ങളല്ല". (മനഃസാക്ഷി=മനസ്സാക്ഷി. മനഃസുഖം=മനസ്സുഖം.)

മനസ്സുമുട്ട്-ഒന്നുകൊണ്ടും, ഇല്ലായ്മകൊണ്ടും മറ്റുമുള്ള ദുഃഖം.

മനസ്സുമുട്ടുന്ന-ചെലവിനില്ലായ്മകൊണ്ടും മറ്റും വിഷാദിക്കുന്ന, കഞ്ഞികുടുന്ന.

മനസ്സുരുക്കം-പ്രാ. ദുഃഖത്താലുണ്ടാകുന്ന ചൂടുകൊണ്ടു മനസ്സുരുകുക. പു. മനസ്സലിവ്.

മനാകാ-പിടിയാന.

മനാക്-അ. അല്പം, കുറഞ്ഞൊന്ന്.

'മനാഗനന്തരാസനനായ ദേവൻ'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

മനിഞ്ഞിൽ-ഒരുവക മത്സ്യം.

മനിച്ചം-വേലക്കാരൻ, അടിമക്കാരൻ.

മനിതം-വി. അറിയപ്പെട്ട.

മനിയുക-മനയുക.

മനിഷ്ഠം, മനുഷ്യം-ഒരു വേലക്കാരൻ, ഒരുത്തനു പകരമായുള്ള മറ്റൊരുത്തൻ.

മനീഷ-ബുദ്ധി. അറിയുന്നത്. മനസ്സിനെ ഇഷ്ട (ചാരംഗലദാന്ധം-ഉഴുന്ന കരിയുടെ കോൽ)പോലെ സംബന്ധിച്ചിരിക്കുന്നതു എന്നർത്ഥം.

മനീഷി-വി. ബുദ്ധിയുള്ള.

മനീഷീ-വിദ്വാൻ. ബുദ്ധിയുള്ളവൻ എന്നർത്ഥം. (നകാരാന്തമാണ്.)

മനു-പ്രാ. സ്വായംഭുവൻ മനു തുടങ്ങിയുള്ള മനുക്കളിൽ പതിന്നാലുപേർക്കും ക്രമേണ പ്രത്യേകം പറയുന്ന ഒരു പേർ. (ചതുർദ്ദശ

മനുക്കളും നോക്കുക. ബ്രഹ്മാ, ധർമ്മൻ' തുടങ്ങിയ എന്നവയ്ക്കു പകരം മേതസാ വസ്സ്തി, ഉക്ഷ, വിഷ്വക്സേനൻ ഇങ്ങിനെയും കാണുന്നു).

കേവലം മാനവന്മാരിൽ മുമ്പുള്ളവനാവിർഭവിച്ചുൻ മനുപ്രവരോത്തമൻ, (ഭാഗവതം)

മന്വന്തരങ്ങളും ഭാഗവതം അഷ്ടമസ്കന്ധത്തിൽ വിവരിക്കുന്നുണ്ട്. ഇപ്പോഴത്തെ മനു സൂര്യന്റെ പുത്രനും സൂര്യകുലസ്ഥാപകനുമായ ശ്രാദ്ധദേവൻ (സത്യവ്രതൻ) ആകുന്നു. ജലപ്രളയവും മത്സ്യാവതാരവും ഈ മനുവിന്റെ കാലത്തു ഭവിച്ചു—മന്വന്തരങ്ങളും എന്ന പദം കൂടി നോക്കുക.

പ. മനുപത്നി. സ. മന്ത്രം.

മനുക്ക-തട്ടുക, തലോടുക, താലോലിക്കുക.

മനുജൻ-മനുഷ്യൻ. മനുവിങ്കൽനിന്നു ജനിച്ചവൻ എന്നർത്ഥം.

മനുജാധിപൻ-രാജാവു്.

മനുജേശ്വരൻ-രാജാവു്.

മനുജേന്ദ്രൻ-രാജാവു്.

മനുനീതി-മനുവിനാൽ നിശ്ചയിക്കപ്പെട്ട നീതിശാസ്ത്രം.

മനുപ്രളയം-മനുവിന്റെ ജീവനകാലം.

മനുഷ്യകസംഖ്യ-പു. (ജ്യോതിഷം).

മനുഷ്യധർമ്മാവു്-ശ്രീവൈശ്രവണൻ, മനുഷ്യരുടെ ധർമ്മം (ആചാരം)പോലെയുള്ള ധർമ്മത്തോടുകൂടിയവൻ എന്നർത്ഥം.

മനുഷ്യൻ-മാനുഷൻ, പുരുഷൻ, മറ്റു പര്യായങ്ങളും—മാനുഷൻ, മർത്ത്യൻ, മനുജൻ, മാനവൻ, നരൻ. (മനു = അറിയുക, അറിവുള്ളവൻ എന്നർത്ഥം.

മാനുഷ്യശബ്ദത്തിനു സ്ത്രീത്വം വിവക്ഷിക്കുമ്പോൾ 'മനുഷ്കീ' എന്നു രൂപം. 'മാനുഷ്കീ' എന്നതു മാനുഷശബ്ദത്തിൽനിന്നു സ്ത്രീപ്രത്യയം ചെയ്തുണ്ടായതാണു.

മനുഷ്യന്റെ കടുക്കെങ്ങും - മരണം, കടുവിലത്തെ വിധി, നരകം, ആകാശമോക്ഷം. ക്രി-മതപ്രകാരം.

മനുഷ്യപ്പറ്റ്-ജനരഞ്ജന, മാനുഷഭാവം.

മനുഷ്യയജ്ഞം-വഴിപോക്കരെ സൽക്കരിയ്ക്കൽ.

(പഞ്ചമഹായജ്ഞങ്ങളും നോക്കുക')

മനുഷ്യാകൃതി-മനുഷ്യന്റെ ആകൃതി.

മനുഷ്യാവതാരം-മനുഷ്യനായിത്തീരുക.

മനുഷ്യാശ്വരൻ-രാജാവു്.

മനുസംഹിതാ-മനുസ്മൃതി.

മനുസ്മൃതി-സ്മൃതി.

ഇതു മനു എന്ന മഹാരാജാവുണ്ടാക്കിയ ഒരു പുസ്തകമാണു്. ഇതിൽ രാജാവും പ്രജകളും അന്യോന്യം ചെയ്യേണ്ട ധർമ്മങ്ങളും, രാജ്യഭരണവും, വ്യവഹാരന്യായങ്ങളും നടത്തൽ, പ്രജകൾക്കു് ആചാരങ്ങളും ഇവയെ വിവരിക്കുന്നു, സ്മൃതികളിൽ വെച്ചു് ഇതു ഒന്നാമത്തേതാണു്. സ്വായംഭുവമനു ഉണ്ടാക്കിയതെന്നു വിചാരിച്ചുവരുന്നുണ്ടു്. ഹിന്ദുന്യായശാസ്ത്രങ്ങളുടെ മൂലഗ്രന്ഥം ഇതാണെത്രേ.

മനോഗുണം-മനസ്സിന്റെ ധർമ്മ (മനോഗുണങ്ങൾ എട്ടുവിധം-പരത്വം, അപരത്വം, സംഖ്യ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, വേഗം).

മനോഗുഹ്യ-വി. രഹസ്യമായി വിചാരിയ്ക്കപ്പെട്ട.

മനോഗുപ്ത-മനയോല, മനോല. മനസ്സുകൊണ്ടു രക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

മനോജ-വി. മനസ്സിൽനിന്നുണ്ടായ.

മനോജൻ-കാമദേവൻ. (മനസിജൻ എന്നതു നോക്കുക).

മനോജവ-വി. പിതൃസംബന്ധമായുള്ള ൨. മനോവേഗമുള്ള.

മനോജവം-മനോവേഗം.

മനോജവസ-വി പിതൃസംബന്ധമായുള്ള, പിതാവിനോട് തുല്യനായ.

മനോജവസൻ, മനോജവസ്സ്-അച്ഛനോട് തുല്യനായിട്ടുള്ളവൻ.

മനോജവാ-ഒരു ഒറ്റ, അഗ്നിജിഹ്വ.

മനോജ്ഞ-വി ൧. സൌന്ദര്യമുള്ള. ൨. മനസ്സിൽ എപ്പോഴും ഓർക്കുവാൻ തോന്നുന്നതായുള്ള

മനോജ്ഞ-൧ മനയോല ൨. രാജപുത്രി. ൩. സുന്ദരി ൪. വെള്ളത്തിന്റെ ജീരകം ൫. മദ്യം. ൬ പിച്ചകം.

മനോജ്ഞകം-അഴക്.

മനോജ്ഞം-൧. കരുക്കത്തിമുല്ല ൨. മനോഹരം. മനസ്സുകൊണ്ടു അറിയപ്പെടുന്നത് എന്നർത്ഥം.

മനോദുഃഖം-മനസ്സിലെ ദുഃഖം.

മനോധർമ്മം-ആലോചനാശക്തി, കാര്യങ്ങളുടെ കിടപ്പ് കണ്ടുപിടിക്കാനുള്ള വിശേഷശക്തി.

മനോധൈര്യം-മനസ്സുറപ്പ്.

മനോനിരോധം-മനസ്സിനെ തടുക്കുക.

മനോബലം-മനസ്സിന്റെ ബലം ധൈര്യം.

മനോഭയം-മനസ്സിലെ ഭയം.

മനോഭവൻ-കാമദേവൻ.

മനോഭാവ-മനസ്സിന്റെ ഭാവം.

മനോമയകോശം-പ്രത്യേകം പഞ്ചഭൂതങ്ങളുടെ സത്വഗുണംകൊണ്ടുണ്ടായിട്ടുള്ള ശ്രോത്രാദി ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയതും പഞ്ചഭൂതങ്ങളുടെ സത്വഗുണംകൊണ്ടുണ്ടായതും സന്ദേഹാത്മകവുമായ മനസ്സ്.

മനോമയ-പഞ്ചകോശങ്ങളിൽ ഒന്ന്.

മനോരഞ്ജന-മനസ്സു തമ്മിലുള്ള ചേർച്ച.

മനോരഥൻ-ചിക്കുമരിതൃസമസ്സിൽ ഇരുക്കുമാറുള്ള വാഹനത്തിൽ തേരറ ഒരുവൻ.

മനോരഥ-ഇച്ഛ. മനസ്സുകൊണ്ട രഥത്തോട് ചേർന്നത്, മനസ്സിനു രഥംപോലെയുള്ളത്. ഇങ്ങിനെ ശബ്ദാർത്ഥം.

മനോരമ-വി. ഭംഗിയുള്ള.

മനോരമം-മനോഹരം. മനസ്സിനെ രമിപ്പിക്കുന്നത് എന്നർത്ഥം.

മനോരമാ-ഒരു ദേവി. ൨. ഒരു വ്യാകരണഗ്രന്ഥം ൩. ഒരു പുഷ്പം. ൪. ശോഭാഞ്ജനം

മനോരാജ്യം-൧. വിചാരം. ൨. ഇച്ഛ.

മനോല മനയോല.

മനോവഞ്ചന-മനസ്സിലുള്ള ചതിവ്.

മനോവൃത്തി-മനസ്സിന്റെ അവസ്ഥ.

മനോവേഗ-വി. ഏറ്റവും വേഗമുള്ള.

മനോവേഗ-മനസ്സിന്റെ വേഗം.

മനോവ്യാപാരം-മനസ്സിന്റെ പ്രവൃത്തി

മനോഹത-വി ഇച്ഛാഭംഗമുള്ള, അഭിലാഷത്തിനു അന്യർകൾ നിന്നും ഭംഗം പ്രാപിച്ച

മനോഹര-വി. ൧ സൌന്ദര്യമുള്ള. ൨. ഇഷ്ടമുള്ള, മനസ്സിനെ ഹരിക്കുന്ന, ഇച്ഛ തോന്നിക്കുന്ന.

മനോഹരം-൧. സ്വർണ്ണം. ൨. കരുക്കത്തിമുല്ല. ൩. സൌന്ദര്യം.

മനോഹരൻ-സുന്ദരൻ.

ഇതിന്റെ സ്ത്രീലിംഗം 'മനോഹരി' എന്നാണ്. മനോഹരി എന്നു വരുന്നതല്ല.

മനോഹരാ-പിച്ചകം.

മനോഹാരി-സ്പഷ്ടമായി പാടുന്നതിന്റെ പേർ.

മനോഹാ-മനയോല, മനശ്ശിലയും കൊണ്ടു ഛായനം ചെയ്യപ്പെടുന്നത്-പായപ്പെടുന്നത് എന്നർത്ഥം.

മനഃകലക്കം-മനസ്സിന്റെ ഇളക്കം.

മനഃകല്പിത-വി. മനസ്സുകൊണ്ടുണ്ടാക്കപ്പെട്ട, നിശ്ചയിക്കപ്പെട്ട

മനഃകാഠിന്യം-മനസ്സിന്റെ ഉറപ്പ്.

മനഃപാഠം-ഗ്രഹിസ്ഥമാക്കിപ്പഠിക്കയെന്നുള്ളത്, കാണാതെ ചൊല്ലത്തക്കവണ്ണം പഠിച്ച ഭാഗം.

മനഃപിരിച്ചൽ-ചില ബ്രാഹ്മണരുടെ വിവാഹത്തിന് ചിലർ പറയുന്ന ഒരു പേർ.

മനഃപീഡ-മനസ്സിലുണ്ടാകുന്ന ദുഃഖം.

മനഃപൂണ്ണം, മനഃപൂവ്വം-അ. മനസ്സിൽ വിചാരിച്ചുകൊണ്ട്.

മന്ത്-ഗ പൊതുക്കൽ. ഉ. തൊഴുകലക്കുന്ന മത്ത്. ന. ഇട്ടുതടി.

മന്തൻ-വി. ഗ. പൊതുക്കാലൻ. ഉ. മടിയൻ.

മന്താ-ഗ. മന്ദം. ഉ. ഒമ്മക്കേട്.

മന്താരിച്ചൽ-മറവി.

മന്തൽമീൻ-ഒരുവക മത്സ്യം.

മന്താരം-ഗ. ചെമന്നപൂവുള്ള വലിയ എരിക്ക്.

ചൊറി, കുഷ്ഠം മുതലായവയ്ക്കു നന്ന്. സം-രാജാർക്കം.

ഉ. മന്ദാരം. ന മറെറാരു പുഷ്പം.

മന്തി-കരിങ്കുരങ്ങ്.

മന്തിരം-കുതിരക്കൂട്ടം.

മന്തിരി, മന്തിരിയ-പല്ലായ്.

മന്ത്, മന്ത്-കടകോൽ.

മന്ത്-കുറ്റം, അപരാധം. കഷ്ടമെന്നു വിചാരിക്കപ്പെടുന്നത് എന്നർത്ഥം.

മന്തുകാൽ-ഒരുമാതിരി നീരുള്ള കാൽ, പൊതുക്കാൽ

മന്ത്രകാരൻ-ഗ. ആലോചനക്കാരൻ. ഉ. മന്ത്രവാദി.

മന്ത്രകുൽ(ത്)-മന്ത്രി.

മന്ത്രകോടി-കെട്ടുകല്യാണത്തിന് ഉപയോഗിക്കുന്ന മഞ്ഞമുണ്ട്.

മന്ത്രജ-വി. മന്ത്രത്തിൽ നിന്നു ജനിച്ച.

മന്ത്രജപം-മന്ത്രം ചൊല്ലുക.

മന്ത്രജ്ഞൻ-ഗ. ബുദ്ധപുരുഷൻ ഉ. മന്ത്രി. ന. പുരോഹിതൻ.

മന്ത്രതന്ത്രങ്ങൾ-മന്ത്രവും തന്ത്രവും

മന്ത്രം-ഗ. വേദങ്ങളിലുള്ള ഒരു ഭാഗം, മന്ത്ര ബ്രാഹ്മണാദി വേദവിശേഷം. ഉ. സ്വകാര്യം, കാര്യാലോചന. ആരും കേൾക്കാതെ പറയുന്നത് എന്നർത്ഥം. ന. വശീകരണം.

മന്ത്രമൂർത്തി-ശിവൻ.

മന്ത്രവാദം-മന്ത്രംകൊണ്ട് പിശാചിനേയും മറവും മാറിക്കുകയുന്ന ഒരു കർമ്മം.

മന്ത്രവാദം മുതലായ അഭിചാരങ്ങൾ അഥർവ്വണ വേദത്തിന്റെ ഉപവേദങ്ങളാണ്.

കേരളബ്രാഹ്മണരിൽ ഗവ ഇല്ലക്കാർക്ക് പരശുരാമൻ ആദ്യമേതന്നെ കേരളീയരുടെ രക്ഷക്കായി മന്ത്രം ഉപദേശിച്ചിരുന്നു. ആ പേർക്ക് ദുർമ്മന്ത്രവും, ആ പേർക്ക് സന്മന്ത്രവുമാണ് കൊടുത്തത്.

പുരാതന മന്ത്രവാദ ഗ്രന്ഥങ്ങൾ

മന്ത്രസമുച്ചയം, തന്ത്രസമുച്ചയം, യന്ത്രചൂഡാമണി, പ്രയോഗസാരം, മന്ത്രസാരം, പ്രപഞ്ചസാരം, മന്ത്രകല്പസമുച്ചയം, മന്ത്രകല്പചിന്താമണി, യന്ത്രചിന്താമണി മുതലായവ.

മന്ത്രവാദി-മന്ത്രവാദം ചെയ്യുന്നവൻ.

മന്ത്രവ്യാഖ്യാകൃത്ത് - വേദാർത്ഥത്തെ ഗ്രഹിപ്പിക്കുന്നവൻ, വേദാർത്ഥബോധകങ്ങളായ കല്പസൂത്രങ്ങൾ പ്രാതിശാഖ്യം മുതലായതോടുകൂടെ വേദത്തെ അദ്ധ്യയനംചെയ്യുന്നവൻ.

മന്ത്രശക്തി-ഫ. മന്ത്രങ്ങളുടെ ശക്തി. ഉ. ആലോചന, ശക്തിത്രയങ്ങളിൽ ഒന്ന്.

സന്ധിവിഗ്രഹാദികളായ ഗുണങ്ങളേയും സാമാദ്യുപായങ്ങളേയും അതാതവസരങ്ങളിൽ വേണ്ടവിധം ആലോചിച്ചു പ്രവർത്തിക്കുന്നതത്രേ മന്ത്രശക്തി.

മന്ത്രശാസ്ത്രം-മന്ത്രങ്ങളെ അറിയുന്നതിനുള്ള ശാസ്ത്രം.

മന്ത്രസേവ-ജപയജ്ഞം, മന്ത്രയജ്ഞം.

മന്ത്രാംഗപഞ്ചകം-മന്ത്രത്തിനുള്ള അഞ്ചംശങ്ങൾ.

'സാമാന്യം മന്ത്രത്തിനുമംശങ്ങളഞ്ചാകുന്നു കാര്യമാരംഭിപ്പാനുള്ളുപായംപ്രഥമാംശം * വിത്തവുംപുരുഷാംകാരങ്ങളും സമ്പാദിപ്പാൻ ഉത്തമംവിചാരമെന്നുള്ളതുരണ്ടാമംശം * ദേശകാലങ്ങൾവിചാരിപ്പതുമൂന്നാമംശം നാശത്തിൽപ്രതിക്രിയാചിന്തനംനാലാമംശം * കാര്യസാധ്യത്തെക്കുറിച്ചുദ്യോഗമഞ്ചാമംശം'

മന്ത്രാലോചന-രഹസ്യക്കൂട്ടുകെട്ട്.

മന്ത്രി-ഫ. ആലോചനക്കാരൻ. ഉ. രാജ്യകാര്യസംബന്ധമായി രാജാവിനു ഗുണദോഷം കൊടുക്കുന്ന ആൾ, ദിവാൻ, പ്രധാനമന്ത്രി. സ്വകാര്യം പറയുന്നവൻ എന്നർത്ഥം. നാ. പെരുമകൊണ്ട ഒരു ചൂതിന്റെ പേർ.

മന്ത്രിമാർ എട്ടുവിധം-ജയന്തൻ, സൃഷ്ടി, വിജയൻ, സിദ്ധാർത്ഥൻ, അർത്ഥസാധകൻ, അശോകൻ, മന്ത്രപാലൻ, സുമന്ത്രൻ.

മന്ത്രിക്കുന്നു-ഫ. മന്ത്രം ചൊല്ലുന്നു. ഉ. ആലോചനചെയ്യുന്നു, പതുക്കെ പറയുന്നു, മന്ത്രണം.

മന്ത്രിഗുണചതുഷ്ടയം-രാജാവിനോടു നിഷ്കളങ്കമായ സ്നേഹം, രാജാവിനു തുല്യമായ ജ്ഞാനം, മനോനിശ്ചയം, ധനാശയില്ലായ്മ ഇവ നാലും.

മന്ത്രീന്ദ്രൻ-പ്രധാനമന്ത്രി.

മന്ഥദണ്ഡകം-കടകോൽ. മഥനം ചെയ്യുവാനുള്ള ദണ്ഡം എന്നർത്ഥം.

മന്ഥൻ-ആമിത്യൻ.

മന്ഥനം-ഫ. കലക്കുക, ഉ. കടകോൽ.

മന്ഥനി-തൈക്കോൽ.

മന്ഥം-ഫ. കടകോൽ. മഥനം ചെയ്യുന്നതു് എന്നർത്ഥം. ഉ. കൊല, നാശം. നാ. സൂര്യരശ്മി. ര. ഒരുവക മാൻ.

മന്ഥര-വി. ഫ. മന്ദയായ, മന്ദമായി ചലിക്കുന്ന. ഉ-ം, മന്ഥരവിലോചനാ. ഉ. തടിച്ച. നാ. വളഞ്ഞ. ര. മൂഢതയുള്ള. ങ. പതുക്കെ നടക്കുന്ന. ന. അല്പമായുള്ള.

മന്ഥരൻ-ഫ. പതിഞ്ഞു (പതുക്കെ) നടക്കുന്നവൻ. കാലെടുത്തു വെക്കുന്നതു് ഒരു ക്ലേശമായി വിചാരിക്കുന്നവൻ എന്നർത്ഥം. ഉ. ഒറ്റകാരൻ.

മന്ഥരാ-ഒരു വിരൂപയായ സ്ത്രീ.

ശ്രീരാമകയായ ഇവളാണ് ശ്രീരാമനെ വനത്തിൽ അയച്ചിട്ട് ഭരതനെ അഭിഷേകംചെയ്യിപ്പാൻ കൈകേയിയെ പ്രോത്സാഹിപ്പിച്ചതു്—അല്പാത്മരാമായണം നോക്കുക.

മന്ഥരം-ഫ. മന്ദരപർവ്വതം. ഉ. ശേഖരിപ്പുസ്ഥലം. നാ. തലമുടി. ര. കോപം. ങ. പൂതുവെണ്ണ. ന. കടകോൽ. ഒ. വൈശാഖമാസം. വ. കോട്ട. ൻ. തടവ്, വിഘ്നം.

മന്ഥാനം-കടകോൽ. മഥനംചെയ്യുന്നതിനു ശീലമായിട്ടുള്ളതു് എന്നർത്ഥം.

മന്ദ-വി. ഫ സാവധാനമുള്ള. ഉ. മന്ദിച്ച. നാ. ശോഷതപമുള്ള. ര. കൊഴുത്ത,

ഇ. ഹീനമായ. ന ഭാഗ്യമില്ലാത്ത ൈ മീനമുള്ള. വ മടിയുള്ള. ൻ. മദ്യപാനം ചെയ്യ. ഫം ക്ഷീണിച്ച. ഫ. കൃത്യ മുള്ള. ഫവ. മറവിയുള്ള.

മന്ദകണ്ണി-ദണ്ഡകവനത്തിൽ വസിച്ച ഒരു മുനി.

ആയിരംവർഷം നിരാഹാരനായി ജ ലത്തിൽനിന്നു തപസ്സാരംഭിച്ചു. അന ന്തരം ഭയപ്പെട്ട മേനകയെ വശീകരണാ ർത്ഥം അഞ്ചു അപ്സരസ്ത്രീകളെ നി യോഗിച്ചു. കുറെക്കാലം ഇവർ അയാ ളുടെ പത്നിമാരായി ഒരു തടാകത്തിൽ ഒരു ഗൃഹത്തിൽ നിവസിച്ചു. ആ തടാ കത്തിനെ ഇന്നും 'പഞ്ചാപ്സരസ്സ്' എന്നു വിളിച്ചുവരുന്നു.

മന്ദഗതി-വി. പതുക്കെ നടക്കുന്ന.

മന്ദഗതി-ഫ. പതിഞ്ഞനടപ്പ്. ഉ. മന്ദ ബുദ്ധി.

മന്ദഗമന-വി. സാവധാനത്തിൽ പോ കുന്ന.

മന്ദഗമനം-പതിഞ്ഞ നടപ്പ്.

മന്ദഗമനാ-ഫ. അന്നപ്പേട ഉ. സുന്ദരി.

മന്ദഗാമി-വി. പതുക്കെ നടക്കുന്ന. (പു ല്ലിംഗം-മന്ദഗാമീ. സ്ത്രീ-മന്ദഗാമിനീ).

മന്ദഗാമി-പതുക്കെ നടക്കുന്ന ആൾ.

മന്ദഗാമിനീ-സുന്ദരി. പതുക്കെ നടക്കു ന്നവൾ എന്നർത്ഥം.

മന്ദത-ഫ. സാവധാനത. ഉ. മൂഢത. ന. അജ്ഞാനം.

മന്ദൻ-ഫ. മടിയൻ. ഉറങ്ങുന്നവൻ എ ന്നർത്ഥം. ഉ. മൂഢൻ. ന. അല്പബുദ്ധി. ഭ. ശനി. ഇ. സാമർത്ഥ്യമില്ലാത്തവൻ. ന. ഭാഗ്യമില്ലാത്തവൻ. ഒ. യമൻ. വ. ഒരുവക ആന.

മന്ദനം-സ്തുതി.

മന്ദപാലൻ—പുത്രനില്ലാത്ത ഒരു സ ന്യാസി.

വളരെക്കാലം തപസ്സനുഷ്ഠിച്ചതിൽ പിന്നീട് യമലോകത്തെ പ്രാപിച്ചു. ന രകത്തിൽ നിന്നു തന്നെ രക്ഷിക്കുന്നതി ന് പുത്രനില്ലായ്കയാൽ 'ശങ്ഖികാ' എന്ന പക്ഷിയുടെ രൂപത്തെ അവലം ബിച്ച് അതിന്റെ സ്ത്രീയായ ഖരിത യിൽ ര് സുതന്മാരുടെ ജനകനായി. (ഖരിത എന്ന പദം നോക്കുക).

മന്ദഭാഗ്യ-വി. ഭാഗ്യം കുറഞ്ഞ.

മന്ദം-അ. പതുക്കെ, സാവധാനത്തിൽ.

മന്ദം-ഫ. പാത്രം. ഉ. ലോകനാശം. ന. ഒരുതരം ആനം

മന്ദമന്ദം-അ. വളരെ സാവധാനത്തിൽ

മന്ദമാരുതൻ-ചെറിയ കാറ്റ്.

മന്ദയന്തീ-ദുർഗ്ഗ.

മന്ദര-വി. ഫ. വലിപ്പമുള്ള. ഉ, സാവ ധാനമുള്ള.

മന്ദരം-ഫ. മന്ദരപർവ്വതം.

പാലാഴിമഥനത്തിൽ ഇരുപത്തിനാ ലാമത്തു്.

ഉ. സപ്തർഷി. ന. മന്ദാരവൃക്ഷം. ർ. മ ത്തുമദ്ധ. ഇ. കണ്ണാടി.

മന്ദരാഗം- മന്ദമായ (കുറഞ്ഞ) രാഗം (പ്രതിപത്തി), താൽപര്യക്കുറവ്.

മന്ദരമായ അഗം എന്നും അർത്ഥമാ ക്കാം. മന്ദരം = മന്ദരം. അഗം = പ ർവ്വതം.

മന്ദവാരം-ശനിയാഴ്ച.

മന്ദസഞ്ചാരം-പതിഞ്ഞ നടപ്പ്.

മന്ദസാനൻ-അഗ്നി.

മന്ദസാനു-ഫ. ജീവൻ. ഉ. ഉറക്കം. ന. അഗ്നി.

മന്ദസ്മിതം-പല്ലുകാട്ടാതെയുള്ള ചിരി, പുഞ്ചിരി.

മന്ദഹാസം, മന്ദഹാസ്യം-പുഞ്ചിരി.

മന്ദാകം-ഫ് ഒഴുക്ക്. ഉ. സ്തുതി.

മന്ദാകിനി-ആകാശഗംഗ. മന്ദമായി അകിക്കുന്ന (ശമിക്കുന്ന) വഴം എന്ന വ്യുൽപത്തി. മന്ദം വളരെത്തൊഴിക്കുന്നത് എന്നുമാവാം.

മന്ദാക്രാന്താ - സമവൃത്തങ്ങളിൽ ഒന്ന്. അക്ഷരം ഏഴ്. 'മന്ദാക്രാന്താം മഭനതതഗൈർനാലുമാറേഴുമായ്ഗം'.

മന്ദാക്ഷം-ലജ്ജ. മന്ദങ്ങളായ വാഗാദീന്ദ്രിയ വ്യാപാരങ്ങളോടുകൂടിയത് എന്നർത്ഥം.

മന്ദാഗ്നി-അല്പമായുള്ള അഗ്നി, ചൂട് കുറഞ്ഞ തീ.

മന്ദാരക്കാട്ട്-ഇരുട്ട് അടഞ്ഞ കാട്ട്. മന്ദാരക്കാട്ട് > <പടൽക്കാട്ട്.

മന്ദാരദാരു-മന്ദാരവൃക്ഷത്തിന്റെ തടി.

മന്ദാരം. (സ്വർഗ്ഗത്തിലെ) കല്പവൃക്ഷങ്ങളിൽ ഒന്ന്. സന്തോഷിപ്പിക്കുന്നത് എന്ന ശബ്ദാർത്ഥം. കോമളമാകയാൽ മുറ്റിയുള്ള മുള്ളുകളില്ലാഞ്ഞത് എന്നുമാവാം. ക. മരിക്ക്. സൂക്ഷ്മങ്ങളായ മുള്ളുകളും ഉള്ളിതു എന്നർത്ഥം. ന. എരിക്ക്. മന്ദാഗ്നികളെ ഔഷധാദികളെ പ്രാപിക്കുന്നത് എന്നർത്ഥം. ര. സ്വർഗ്ഗം. ഇ. അനു.

മന്ദിക്കുന്നു-ക്രി. അമന്തിക്കുന്നു, ബുദ്ധിമാന്ദ്യം വരുന്നു. ക. സംവേധാനമാകുന്നു. ന. ഭോഷനാകുന്നു ര. മടിക്കുന്നു. ഇ. കൂടിരുന്നു. ണ. മങ്ങിക്കത്തുന്നു. ഒ. ദഹനാക്കേടുവരുന്നു വ. ക്ഷീണിക്കുന്നു.

മന്ദിരപാത്ര-പൂച്ച.

മന്ദിരമണി-ശിവൻ.

മന്ദിരം-പ. ഭവനം. ക. നഗരം. ന. ദേവാലയം. മരിക്കുന്നേടം, സ്തുതിക്കുന്നേടം, മേടിക്കുന്നേടം, ശമിക്കുന്നേടം, ശോഭിക്കുന്നേടം, ഉറങ്ങുന്നേടം ഇങ്ങിനെ ശബ്ദാർത്ഥം. ര. കടൽ.

മന്ദിരാ-കതിരഴയം.

മന്ദിലി-തലപ്പാവ്. (അറബിഭാഷ).

മന്ദുര-കതിരപ്പുര, കതിരപ്പന്തി. സന്തോഷിക്കുന്നേടം എന്നർത്ഥം.

മന്ദേതരം-അ. വേഗത്തിൽ.

മന്ദേഹാസന്മാർ-ഒരുക്കട്ടം ഭയങ്കരരം രാക്ഷസന്മാർ.

ഇവർ സൂര്യനെ വിഴുങ്ങിക്കളയുന്നതിന് യത്നിച്ചവരാണ്.

മന്ദോദരി-(മണ്ഡോദരി എന്നതു നോക്കുക).

മന്ദോദ്യമ-വി. ഉത്സാഹക്കുറവുള്ള.

മന്ദോഷ്ണ-വി. കുറഞ്ഞ ചൂടുള്ള.

മന്ദോഷ്ണം-വി. കുറഞ്ഞ ചൂട്.

മന്ദ്രം-മേഘപടഹാദിഗംഭീര (മുഴക്കമുള്ള) ശബ്ദം. ഇതുകൊണ്ട് കാലാദികൾ അറിയപ്പെടുന്നു. സന്തോഷത്തെ ചെയ്യുന്നതെന്നുമാവാം.

മന്ഥരം-വി. കൊഴുത്ത.

മന്ന്-പ. ഭൂമി. ക, മുപ്പുരാന്തലുള്ള തൂക്കം. ന. വിധി പ്രസ്താവിക്കുന്ന സ്ഥലം, സംഘം.

മന്നത്വം-പ. വഞ്ചന. ക. ഉപായം, ന പരിഹാരം. ര. ദുസ്തിലം. ഇ. മോഷണം.

മന്നൻ-പ. രാജാവ്. ക. പരിഹാസക്കാരൻ. ന. സമർത്ഥൻ. ര. ചതിയൻ. ഇ. മടയൻ (മന്ദൻ).

മന്നാ-പ. ചാരായക്കട. ക. വിധി പ്രസ്താവിക്കുന്നതിനോ വിസ്തരിക്കുന്നതിനോ ഉള്ള സ്ഥലം.

മന്നാവൻ-രാജാവ്.

മന്നാടി, മന്നാടിയാർ-നായർ വർഗ്ഗത്തിൽ ഉൾപ്പെട്ട ഒരു ജാതിപ്പേര്.

മന്നാട്ടുക - അപേക്ഷിക്കുക, സങ്കടം ബോധിപ്പിക്കുക,

മന്നാട്ടപ്പൻ-മൂത്താൻ എന്നു പറയുന്ന ഒരുവകക്കാക്ക് അവരിൽ താഴ്ന്നവർ കൊടുത്തിട്ടുള്ള ബഹുമാനപ്പേർ. (സ്ത്രീ-മന്നാട്ടമ്മ).

മന്നിടദേവൻ-ബ്രാഹ്മണൻ.

മന്നിടം-ഭൂമി.

മന്നിരവ്-അരേണങ്ങളും വായിപ്പയും കൊടുക്കുക.

മന്നില-കൊള്ളുരുതെന്നു തള്ളിയ ഒരു വക ധാന്യം.

മന്നുക-ഉറച്ചുനില്ക്കുക, നിലനില്ക്കുക.

മന്മഥൻ-കാമദേവൻ. മനസ്സിനെ ഇളക്കുന്നവൻ എന്നർത്ഥം. (കാമശാസ്ത്രപ്രകാരം മന്മഥാവസ്ഥ 12 വിധം).

മന്മഥം-പ്ര. വിളമ്പ്, വ്യാമരം. ഭംഗിയുള്ള ഫലങ്ങളെ കാണുന്നവരുടെ മനസ്സിനെ മഥനം ചെയ്യുന്നതു എന്നർത്ഥം. പ. കാമം, ആഗ്രഹം.

മന്മഥവർഷം-അമരപതിയിൽ ഇരുപത്തൊൻപതാംവർഷം.

മന്മഥാക്ഷായണി.

മന്മഥാനന്ദം-ഒരുവക മാവൃക്ഷം.

മന്യ-പിങ്കഴുത്തിലേ ഞരമ്പ്. പുറകേ നോക്കിക്കണ്ടറിയാവുന്നതു എന്നർത്ഥം.

ഇതു ഇടത്തും വലത്തും ഓരോന്നുണ്ട്. മരണകാലത്തിൽ ശ്വാസം വലിച്ചു കിടക്കുമ്പോൾ ഇതു സ്പഷ്ടമായി കാണാറുണ്ട്. പിൻ കഴുത്തിൽ എന്നാൽ കഴുത്തിന്റെ പാർശ്വങ്ങളിൽ എന്നറിഞ്ഞുകൊള്ളണം.

ന്യാസ്തംഭം-ഒരു വാതവ്യാധി.

പകലുറക്കം, അസമസ്ഥലത്തെ ശയനം, കണ്ണുതുറന്നു മേല്പോട്ടുള്ള നോട്ടം ഇവ ഏതെങ്കിലും ഹേതുവായിട്ടു വായു കോപിച്ചു കഫത്തോടുകൂടി ഈ രോഗം ഉണ്ടാകുന്നു.

മന്യു-പ്ര. ദുഃഖം. അറിവില്ലാത്തതാക്കിത്തീർക്കുന്നതു് എന്നർത്ഥം. പ. അനർത്ഥം. സ. ദീനസ്വഭാവം. ര. യാഗം. ഭ. കോപം. അറിയപ്പെടുന്നതു് എന്നർത്ഥം. ഗു. അഹങ്കാരം. ഒ. ശിവൻ. വ്യ. അഗ്നി.

മനുപന്തരം-ഒരു മനുവിന്റെ കാലം, നമ്മുടെ ഏഴാമത്തെ ചതുർയുഗം ഒരു മനുവിന്റെ വാഴ്ചകാലം.

ഒരു മനുവിന്റെ ജീവകാലം ർ,നഢ,ം൦൦ വർഷം. ഓരോ മനുവിനും ഇരുപത്തൊന്നു കാലം അധികാരമുണ്ട്. ഇപ്രകാരം ബ്രഹ്മാവിന്റെ ഒരു ദിവസത്തിൽ ഏഴ് മനുപന്തരങ്ങളുണ്ട്. ആദ്യത്തെ മനു സ്വയംഭുവിൽ നിന്നു തന്റെ മകളായ ശതരൂപയിൽ ജനിച്ച സ്വായംഭുവനാണ്. ഈ മഹാൻ പത്തു പ്രജാപതികളുടെ പിതാവാകുന്നു. ബ്രഹ്മാവു് സ്ത്രീപുരുഷന്മാരായി തന്നെത്തന്നെ ഭാഗം ചെയ്തു എന്നും അവരിൽ നിന്നും സ്വായംഭുവനെ ജനിച്ചു എന്നുമാണ കഥ. ഒരു മനുവിന്റെ വാഴ്ചകാലം കഴിഞ്ഞാൽ അതു സ്ഥാനത്തു വേറെ മനു നിയമിക്കപ്പെടും. ഇതു പുരാണപ്രസിദ്ധം.

ഇപ്പോഴത്തേതു വൈവസ്വത മനുപന്തരമാകുന്നു. അത്രി, വസിഷ്ഠൻ, കശ്യപൻ, ഗൗതമൻ ഭരദ്വാജൻ, വിശ്വാമിത്രൻ, ജമദഗ്നി, ഇവരാകുന്നു സപ്തർഷികൾ. 14 മനുക്കളുടെ കാലം കഴിയുമ്പോൾ ബ്രഹ്മാവിനു ഒരു പകൽ കഴിയും. അടുത്തുണ്ടാവാനിരിക്കുന്നതു സൂര്യസാവർണ്ണി മനുപന്തരമാണു്.

മനപ്പം-പതിനാലുവഷ്ം.

'മനപ്പുപൂർണ്ണ പ്രഥമദിനേ വേൾ'
(രാമായണം)

മമത-ഉതത്ഥ്യൻ എന്ന മഹർഷിയുടെ ഭാര്യ (ഉതത്ഥ്യന്റെ സഹോദരൻ ബൃഹസ്പതി). ബൃഹസ്പതി ഒരിക്കൽ ജ്യേഷ്ഠപത്നിയും ഗർഭിണിയുമായ മമതയെ കാംക്ഷിച്ചു.

മമതാ, മമതാപം-പ്ര. സ്നേഹം, വ. ഡാംഭം (എന്റേതു് എന്നുള്ള വിചാരത്തിനു മമതാപം എന്നു പ്രസിദ്ധം).

മമ്മാന്തിരം-കോലാഹലം, അന്ധാളിപ്പു. (പ-മ).

മയക്കു്-പ്ര. സംശയം, നിശ്ചയമില്ലായ്മ. വ. വ്യത്യാസം, മാറ്റം. നാ. മൂടൽ.

മയക്കം-പ്ര. വഞ്ചന, ബുദ്ധിഭ്രമം. വ. ഉറക്കം. നാ. തളർച്ച. ര. ലഹരി പിടിത്തം. ഇ. വശീകരണം. ന. സന്ധ്യാസമയം.

മയക്കുന്നു-പ്ര. പഴക്കുന്നു. വ. മോഹിപ്പിക്കുന്നു. നാ. ഉടയ്ക്കുന്നു. ര. മൃദുതപ്പം വരുത്തുന്നു.

മയങ്ങൽ-പ്ര. ബുദ്ധിഭ്രമം. വ. ഉറക്കം.

മയങ്ങുന്നു-പ്ര. ബുദ്ധിഭ്രമമുണ്ടാകുന്നു. വ. തളരുന്നു. നാ. ഉറങ്ങുന്നു. ര. സന്ധ്യയാകുന്നു. ഇ. വശീകരണത്തിൽ അകപ്പെടുന്നു. ന. പഴകുന്നു. (സ. ക്രി-മയക്കുന്നു)

മയക്കൻ-നിസ്സാരൻ, മോശക്കാരൻ. (പ-മ)

മയൻ-അസുരന്മാരുടെ ആശാരി.

മയൻ മണ്ഡോദരിയുടെയും വജ്രകാമുടേയും പിതാവാണ്. അസുരശില്പിയാകുന്നു. പാണ്ഡവർക്ക ഇന്ദ്രപ്രസ്ഥവും ത്രിപുരന്മാർക്ക് ത്രിപുരവും പണി ചെയ്തതു മയനാണ്.

നമുചിയുടെ സഹോദരനാണ്. ഖാണ്ഡവം ദഹിക്കുമ്പോൾ തക്ഷകാലയത്തിൽ താമസിച്ചിരുന്ന മയൻ ഓടിപ്പോകാൻ നോക്കി. പർത്ഥൻ അദ്ദേഹത്തെ നശിപ്പിച്ചു.

മയം-യി. മാർദ്ദവമുള്ള.

മയം-പ്ര. മാർദ്ദവം. വ. സൗമ്യി. (സം.) ക്ര. ഒട്ടകം. ഹിംസിക്കുന്നതു എന്നർത്ഥം. വ. കോവർകഴുത. നാ. കതിര. ര. തിരണ്ടത്തു്.

മയൽ-മയക്കം.

'മയലോടുസംശയമെയ്തുവതല്ലൽ'
(ഗീത-മാധവപ്പണിക്കർ)

മയറു്-വശീകരണം, മോഹിപ്പിക്കൽ.

'പുഞ്ചിരിക്കൊഞ്ചലും കണ്മയററുകളും'
(ശിവപുരാണം).

മയറുന്നു-വശീകരിക്കുന്നു.

മയി-എരുമൽ (സംസ്കൃതം).

മയി-ഒപണ്കുതിര.

മയിടൻ-മഹിഷൻ, മഹിഷാസുരൻ (പഴയ മലയാളം).

മയിനാ-ഒരുവക പക്ഷി.

(ഇതു പഞ്ചവർണ്ണക്കിളിയിൽ ഒരു തരമാണ്. സം-മൈന).

മയിപ്പൽ-ഭയം, പ്രഭേദം.

മയിമ്പു-പ്ര. മയങ്ങുന്നതിനേരം, ഇരുൾ മയക്കം. വ. തുഴ, പങ്കായം.

മയിർ-രോമം.

മയിർപ്പടം-രോമംകൊണ്ടുണ്ടാക്കിയ വസ്ത്രം.

മയിപ്പുടി-ഒരു മരുന്നു്.

മയിപ്പുട്ടു-ഒരോറിപ്പുട്ടം.

മയിർവാൾ-കത്തി.

'നിശിതമായൊരുമയിർവാളുമ്പെട-
ത്തുചിതമെന്നു കാണ്മവക്ഷ തോന്നുമോർ'
(ഭാരതം)

മയില-ഫ. ഒരുവക വൃക്ഷം. ക. വെള്ള പ്പും കറുപ്പും കൂടിയ നിറം.

മയിലാഞ്ചി-ഒരു വൃക്ഷം, മരുതോന്നി.

'മയിലാഞ്ചി പൂത്തില്ല കൈരണ്ടും ചോന്നില്ല'
(ഒരു പഴയ പാട്ട്)

മയിലാടൻ മഞ്ഞൾ - ഒരുതരം മഞ്ഞൾ.

മയിലാടി-ഒരു ദേശം. (In Travancore),

മയിലാപ്പൂർ-ഒരു ദിക്കിന്റെ പേർ.

മയിലാരം-ഒരുതരം ചെറിയ ആഭരണം.

മയിലെള്ള്-ഒരുവക വൃക്ഷം.

മയിലോന്നി-ഒരുവക കാട്ടുചെടി.

മയിൽ-ഒരുവക പക്ഷി, ഒരുവക കോഴി.

പക്ഷിയെങ്കിൽ—മയൂരം, ബർഹിണം, ബർഹി, നീലകണ്ഠം, ഭുജംഗഭുക്ക്, ശിഖാവലം, ശിഖീ, കേകീ, മേഘനാദാനന്ദം, ഛാസീ.

[പീലിക്കണ്ണ് = ചന്ദ്രകം, മേചക. മയിലിന്റെ ശബ്ദം = കേകം. മയിൽ കുടുമ = ശിഖ, ചൂഡ, ശിഖണ്ഡം. മയിൽപീലി = പിഞ്ഛം (പിച്ഛം), ബർഹം]

ഇതിന്റെ മാംസം കണ്ണ്രോഗം, ശിരോരോഗം മുതലായവയ്ക്കു നന്ന്. ബുദ്ധിയെ നന്നാക്കും. ത-മയിൽ. ഇം-Peacock പീക്കോക്ക്.

മയിൽതുത്തം-തൂരിശ്ശ്.

മയിൽപ്പണം-ഒരുവക നാണയം.

മയിൽപ്പീലി-മയിലിന്റെ വാൽ, മയിലിന്റെ വലിയ പൂട.

മയിൽപ്പേട-മയിലിന്റെ സ്ത്രീ.

മയിർവാളുമ്പ്-മയിർവാളം (കത്തി) പോലുള്ള അമ്പ്.

മയിലെണ്ണ-മയിലിന്റെ ഉള്ളിൽ നിന്നും എടുക്കുന്ന കൊഴുപ്പുകൊണ്ടുള്ള നെയ്യ്.

മയിലെള്ള്-ഒരു വൃക്ഷം.

പൂവ് എള്ളിൻ പൂപോലെയിരിക്കും. ഇതിന്റെ തൊലി പല്ലിലുള്ള എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. സം-തിലകം. ത-മഞ്ചാഞ്ചെടി.

മയിലോശിക-ഒരു ചെടി. പര്യായങ്ങൾ-ഖരാശ്വം, കാരവി, ഭീഷ്മം, മയൂരം, ലോചമസ്തകം.

അതിസാരം കൃമി മുതലായവയ്ക്കു നന്ന്. വശീകരണത്തിനു നല്ലതാണ്. ഇതു മുറിച്ചു കാണൽ ക്രമിയിലുണ്ടാകുന്ന നന്നാരുചിറിയ ക്ഷുപമാകുന്നു. പൂ മയൂരശിഖാകാരമായിരിക്കും. സം - മയൂരശിഖം.

മയിസ്സൂർ-ഒരു രാജ്യം. (മഹിഷാസുരം).

മയു-ഫ. ഉപദേവന്മാരിൽ ഒരുവക, കിന്നരൻ. രൂപത്തെ മറയ്ക്കുന്നവൻ എന്നർത്ഥം. ക. ഒരുവക മാൻ.

മയൂരാജൻ- കുബേരൻ.

മയൂഷ്(ഷ്ട)കം-കാട്ടുപന്നി. അലങ്കരിച്ചുകൊണ്ടിരിക്കുന്നത് എന്നർത്ഥം.

മയൂകം-മയിൽ.

മയൂഖം-ഫ. സൂര്യരശ്മി, ഇരുട്ടിനെ കളയുന്നത് എന്നർത്ഥം. പരിമാണത്തെ ചെയ്യുന്നത് എന്നുമാവാം. ക. പ്രകാശം. ന. അഗ്നിജ്വാല. ഭ. ഭംഗി.

മയൂരകം-ഫ. വലിയ കടലാടി. ക. തൂരിശ്ശ്. ന. മയിൽ. ഭ. തൃത്താഞ്ജനം. മയൂരതുല്യവർണ്ണം എന്നർത്ഥം.

മയൂരകേതു-കാർത്തികേയൻ.

മയൂരശ്രീവാഞ്ജനം—ഒരുവക അഞ്ജനം, തൂരിശ്ശ്.

മയൂരചടകം-കോഴി.

മയൂരചൂഡ-മയിലിന്റെ തലയിലെ പൂവ്.

മയൂരൻ-ഒരു പ്രസിദ്ധ കവി.

ബാണഭട്ടൻ എന്ന മഹാകവിയുടെ സ്നേഹിതനും ശത്രുവുമായിരുന്ന മയൂരശതകത്തിന്റെ കർത്താവുമാകുന്നു തന്റെ കുഷ്ഠരോഗ ശമനത്തിനായി 'സൂര്യശതകം' ഉണ്ടാക്കിയെന്നും പറയുന്നു.

മയൂരം-പ. മയിൽ. ഭൂമിയിൽ ശബ്ദിക്കുന്നത് എന്നർത്ഥം. ഉ. മയിലോശിക. രോഗങ്ങളെ നശിപ്പിക്കുന്നത് എന്നർത്ഥം. ന. സമയം അളക്കുന്ന ഒരു യന്ത്രം. ര. ഒരുവക പുഷ്പം.

മയൂരരഥൻ-കാർത്തികേയൻ.

മയൂരവർമ്മരാജാവ്-കദംബരാജ വംശത്തിന്റെ പ്രവർത്തകൻ.

മയൂരശിഖ-പ. ഒരുവക പുല്ല്. ഉ. മയിലിന്റെ തലയിൽ നിൽക്കുന്ന പൂടി.

മയൂരസാരണി-ഒരു വൃത്തം.

മയൂരി-പ. മയിൽപ്പേട. ഉ. ചെറുചീര.

മയ്ത്തൊണ്ടി-മക്കി (അഞ്ജനം) എഴുതുന്നതിനുള്ള ലേഖനി (കമ്പി).

മയ്യ്-മഷി.

മയ്യം, മൈയം-മതിയം, മദ്ധ്യം, ഒത്ത നടുവ്.

മയ്യുത്തു-മൃതശരീരം (അറബിഭാഷ).

മയ്യലി, മയ്യരം-ആശാരിമാരുടെ ഒരു പണിയായുധം. A bamboo-compasses of carpenters

മയ്യൽ-പ. ദുഃഖം. ഉ. കറുത്ത നിറം. ന. മഷി. ര. സന്ധ്യാസമയം. ഋ. ഇരുട്ട്. ന. മയക്കം. ഒ. ക്ഷീണം. വ. മോഹം. ൻ. വശീകരണം.

മരകതം-മരതകം.

മരക്കയിൽ-മരത്തവി.

മരക്കലുപ്പ്-തോണി ഉപ്പ്.

കുരു, ശൂലം മുതലായവക്ക് നന്ന്. മലകത്തെ ഇളക്കും. ഇത് ഉപ്പുവെള്ളത്തിൽ സഞ്ചരിക്കുന്ന തോണി മുതലായതുകളിൽ ഉണ്ടാകുന്നു. സം-ദ്രോണി ലവണം.

മരക്കലമാവാ-ഒരുമാതിരി പക്ഷി. (സംസ്കൃതത്തിൽ പ്ലവം).

മരക്കലം-പ, കപ്പൽ, ഉത്ത. പയ്യെങ്ങരം—യാനപാത്രം, പോതം.

'അണ്ണാവമാശുകടപ്പാൻ നല്ലൊരു
കപ്പൽ മരക്കലമെന്നോടെ ചൊണം'
(കിരാതം തുള്ളൽ)

ഉ. തെരർ കലക്കുന്ന മരപ്പാത്രം.

മരക്കരം-മരംകൊണ്ടുള്ള കൈ.

മരക്കറി-പ. സസ്യാഭികം കൊണ്ടുണ്ടാക്കുന്ന കറി. ഉ. സസ്യാഭികം.

മരക്കാതൽ—മരത്തിന്റെ അകത്തെ സാരം

മരക്കാനൽ-വൃക്ഷത്തിന്റെ തണൽ.

മരക്കാൻ, മരക്കയാൻ-ഒരു തരം ജാതിക്കാരൻ. ഉ. വൃക്ഷം പിടിക്കുന്നവൻ.

മരക്കാൽ-പ. വൃക്ഷം. ഉ. മുടന്തന്റെ വടി. ന. മരത്തുണ്ട്. ര. ഒരളവ് (തെക്കൻ ദിക്കിൽ പത്തു നാഴി കൂടിയത്).

മരക്കാടു-കാട്.

മരക്കിഴങ്ങ്-ഒരുമാതിരി കിഴങ്ങ്, മരച്ചീനി, ഏഴിലക്കിഴങ്ങ്.

മരക്കുരുമതി-തടിക്കുത്തക.

മരക്കുട്ട്-മരംകൊണ്ടു തീർത്ത കുട്ട്.

മരക്കുട്ട്-പുരയുടെ ഉത്തരം, കഴുക്കോൽ, മുതലായവ.

മരക്കൂട്ടം-വൃക്ഷങ്ങളുടെ കൂട്ടം, നടക്കാവ്

മരക്കുന്ന്-മരത്തിൽ ഉണ്ടാക്കുന്ന ക്ഷൗര.

മരക്കൊട്ട-ഒരുമാതിരി മരവി

മരക്കൊത്തൻ-മരംകൊത്തി.

മരക്കൊത്തി-മരംകൊത്തി.

മരക്കൊമ്പ്-വൃക്ഷത്തിന്റെ കൊമ്പ്.

മരംകൊത്തി-ഒരു പക്ഷി, മരംകൊത്തി പര്യായങ്ങൾ-ശതപത്രകം, ദാർവ്വാഘാതം. ത-മരംകൊത്തി. ഇം-woodpecker വുഡ്പെക്കർ. ഇതിനാമാ, രത്നനിധി, കാഞ്ചനകുട്ടൻ, ശതപുഷ്പം ഇവയും പര്യായങ്ങളാണ്.

മരച്ചെമ്പ്-ഒരുമാതിരി ഒരിനം

മരഞ്ഞാടി-കുരങ്ങ്.

മരണഭീതി-മരിക്കാറാകുമ്പോൾ കാണിക്കുന്ന ചില മിത്തഭാവങ്ങളും മറ്റും.

മരണപത്രിക-മരിച്ചതിനെ കുറിച്ച് എഴുതുന്ന എഴുത്ത്.

മരണം-ക്ര. ജീവനാശം, ചാകുക. പ്രാണനെ ഉപേക്ഷിക്കുന്നത് എന്നർത്ഥം. മറ്റു പര്യായങ്ങൾ-പഞ്ചത്വം, കാലധർമ്മം, നിഷ്ഠാന്തം, പ്രളയം, അന്ത്യയം, അന്തം, നാശം, മൃത്യു, നിധനം. (അടി ഞ്ഞാൽ എന്നതു നോക്കുക). വ. ഒരുവക വിക്കം.

മരണവായു — മരിപ്പാറാകുമ്പോഴത്തെ ശ്വാസം

മരണാന്തം-അ. മരണംവരെയും.

മരതം-മരണം.

മരതകം, മരതകപ്പച്ച-വിചയേറിയ ഒരുമാതിരി പച്ചക്കല്ല്. മരണത്തെ നിവർത്തിപ്പിക്കുന്നത് എന്നു ശബ്ദാർത്ഥം. ('മരകതം' എന്നാണ് ഔത്തരാഹപാഠം). പര്യായങ്ങൾ—ഗാരുത്മതം, മർക്കതം, അശ്മഗർഭം, ഹരിന്മണി.

മരത്തച്ചൻ-ആശാരിപ്പണിക്കൻ.

മരത്തവള-മരത്തിലേ ഒരുമാതിരി തവള.

മരന്ദം-പുഷ്പങ്ങളിൽ നിന്നും ശേഖരിക്കുന്ന നീര്, പൂന്തേൻ.

മരനാ(യ്)-ഒരു ജന്തു, മരത്തിൽ കേറുന്ന ഒരുമാതിരി പട്ടി.

മരനീര്-മദ്യം.

'വഞ്ചിക്കേണം വളരെ മരനീർ-
തള്ളിലുണ്ടാകുമുഡുപം,
(മയൂരസന്ദേശം).

ഇതു നീചന്മാരുടെ ഭക്ഷണയോഗ്യമാകുന്നു.

മരപ്പട്ടി-മരക്കുരങ്ങ്, മരനാ(യ്). സം-വൃക്ഷശായികാ. ത-മരനായ്. ഇം-Polecat പോൾക്കാറ്റ്.

മരപ്പണി-മരംകൊണ്ടുള്ള വേല.

മരപ്പാച്ചി, മരപ്പാവ-മരംകൊണ്ടുള്ള രൂപം.

മരപ്പാത്തി-വെള്ളം ഒഴുകുന്നതിനു മരം കൊണ്ടുണ്ടാക്കുന്ന ഒരു വസ്തു.

മരപ്പാത്രം-മരംകൊണ്ടുള്ള പാത്രം, മർവിയും മറവും.

മരപ്പുളി-ഒരു വൃക്ഷം.

ഈ വൃക്ഷം ശൈവ മുതലായ ദേശങ്ങളിൽ ഏറെയുണ്ടാകുന്നു. സം-വൃക്ഷാമ്ലം. ഇം-Kokum Butter tree കോകം ബട്ടർട്രി.

മരപ്പെട്ടി-മരംകൊണ്ടുള്ള പെട്ടി.

മരപ്പൊത്ത്-മരത്തിന്റെ പോര.

മരഫലം-വൃക്ഷിന്റെ കായ്.

മരം-ക്ര. തടി, വൃക്ഷം. വ. ഒരുവകവാദ്യം.

മരംകൊത്തി, മരക്കൊത്തൻ-ഒരുമാതിരി പക്ഷി.

മരമഞ്ഞാം-ഒരുവക മരുന്ന്.

പ്രമേഹം, വ്രണം, ചൊറി, വിക്ഷം, വീക്കം മുതലായവയ്ക്കു നന്ന്. സം-മാംസീ. ത-മരമഞ്ഞൾ.

മരമാൻ-ഒരുതരം മാൻ.

ഇതിന്റെ ശരീരം ചെമ്പുനിറവും പുഷ്ടിയും മാത്രം കറുപ്പും ആകുന്നു. സം-പൃഷ്ടം.

മരമുറി-മരംകൊണ്ടു പണിത പുരമുറി, ഭിത്തിക്കു പകരം മരപ്പലകകൊണ്ടു പണിതുള്ള പുരമുറി, നെല്പുര, ധാന്യപ്പുര.

മരവട്ട-ഒരുവക ചെറിയ പുഴു.

മരവാഴ-ഒരുമാതിരി ഒരു.

ഇതിനു സാമാന്യം വാഴയുടെ ഗുണങ്ങൾ കാണും. സം-കാണ്ഡകദളി. ഇം-Wild plantain.

മരവി-മരംകൊണ്ടുള്ള ചില പാത്രം. (മണ്ണുകൊണ്ടുള്ളതുമുണ്ട്).

മരവിക്കുന്നു-ശരീരം മരംപോലെയാകുന്നു.

മരവുരി-മരത്തിന്റെ ഉരി (തോല്). വൃക്ഷത്തിന്റെ തൊലികൊണ്ടുണ്ടാക്കിയ ഒരുമാതിരി വസ്ത്രം. മരവിരി എന്നും പ്രയോഗവും കാണുന്നു.

മരവെട്ടി-ഒരുവക വൃക്ഷം.

മരാമത്ത്-പണിവേലകളും, കെട്ടിടങ്ങളും പണിയുക, അതിനു വേണ്ടസ്ഥലങ്ങളും തോണ്ടിശ്ശരിപ്പെടുത്തുക മുതലായ വേലകളും ഒപ്പുതീർക്കുള്ള പേര്.

മരാമരം-ഒരുവക മലയ വൃക്ഷം.

മരാരാ-പഞ്ചായപ്പുര.

മരാള-പി. മാർദ്ദവമുള്ള.

മരാളൻ-കള്ളൻ.

മരാളം-പ്ര. അരയന്നം. പ. വിളക്കുമരം. ന. കതിര. ർ. മേഘം. ഇ കളക്കോഴി.

മരാളി-അന്നപ്പേട.

മരിക-മരവി.

മരിക്കൊ, മരുക്കൊ-ഇണക്കം.

'പേടിയില്ലിതിനേതുമൊരുത്തരുമിട്ടുവ-
ന്നീടുന്നമരുക്കുമുണ്ടെന്നുമെന്നതാണം'

(അല്യുത്തരാഭിനയം)

മരിക്കുന്നു-ചാകുന്നു.

രാജാക്കന്മാരൊട്ട 'കാട്ടമറയുന്നു' എന്നാണ് പറയേണ്ടതു്.

മരിച്ചാ, മരീചം-മുളക്. നാവിനെ ഒണ്ടപ്പെടുത്തുന്നതു് എന്നർത്ഥം.

മുളക് എന്നതു കരുമുളകാണ്. കപ്പൽമുളക് പിന്നീടു പറങ്കികൾ കപ്പൽമാർഗ്ഗം കൊണ്ടുവരികയാണു ചെയ്തതു്. അമരകോശവ്യാഖ്യാനങ്ങളിൽ ഇങ്ങിനെയാണു കാണുന്നതു്.

മരിഞ്ഞാലായിരിക്ക-പ്ര. നെടുവീർപ്പിടുക. പ. ചഞ്ചലപ്പെടുക, ആടൽപെടുക.

മരിളുക-ഭയപ്പെടുക. ('മരുളുന്നു' നോക്കുക)

മരീചി-പ്ര. ഒരു മഹർഷി, കശ്യപന്റെ പിതാവായ ഒരു പ്രജാപതി, ബ്രഹ്മാവിന്റെ പത്തു മാനസിക പുത്രന്മാരിൽ ഒരാൾ, സപ്തർഷികളിൽ ഒന്ന്. പ. ഒരു ന്യായകാരൻ. ന. കൃഷ്ണൻ. ർ. രശ്മി. ഇരുട്ടിനെ നശിപ്പിക്കുന്നതു് എന്നർത്ഥം.

മരീചിക-മൃഗതൃഷ്ണ, കാനൽജലം. രശ്മി പോലെയുള്ളതു് എന്നർത്ഥം.

മരീചിമാലീ-സൂര്യൻ.

മരു-പ്ര. ശൂന്യസ്ഥലം, വിതച്ചാൽ വിളയാത്ത ഭൂമി. പ. പർവ്വതം. ന. നിർജ്ജലമായ പ്രദേശം. പ്രാണികൾ വിപരീതനിമിത്തം മരിച്ചുപോകുന്ന സ്ഥലം എന്നർത്ഥം. ർ. കർപ്പൂരതുളസി.

മരുകം-പ്ര മയിൽ. പ. മാൻ.

മരുക്കുന്നു-ഇണക്കുന്നു.

മരുക്കൊഴുന്ന്-സുഗന്ധമുള്ള ഒരു ഒറ.

മരുങ്ങു്-ക്രി. ഇണക്കു, സ്നേഹം ചെ. ഒരു വശം. നാ. പുരുഷരുടെ സ്ത്രീ

മരുങ്ങുന്നു-ഇണങ്ങുന്നു. (സ കി. മരുക്കുന്നു).

മരുതു്-ഒരുവക വൃക്ഷം, പൂമരുതു്, കരിമരുതു്.

ഇതു് അതിസാരം, കഫം, പ്രമേഹം, വിഷം മുതലായവയ്ക്കു് നന്നു്. മരുതു് വളരെ വലിയ വൃക്ഷമാണു്. ഇതിന്റെ നിര്യാസമത്രേ രക്തബോളം. സം-സാലം. ത-അർജ്ജുനമരുതു്. മരുമരം. ഇം-Sal tree സാൽ ട്രീ. (രണ്ടുമരുതു് എന്നും ഒന്നു കാണുന്നു).

മരുതം-ക്രി. ഒരു വൃക്ഷം. ചെ. പാടവും പാടത്തിനടുത്തുള്ള നിലവും.

മരുതൻ-ക്രി. വായു. ചെ. ദേവൻ.

മരുതനിലക്കാരൻ-മല്ലൻ (വല്ലൻ, ഊഴമൻ).

മരുത്തു്-ക്രി. വായു. മരിക്കുന്നവൻ എന്നർത്ഥം ചെ. ദേവൻ. നാ. ചോനകപ്പുല്ലു്.

മരുത്തനയൻ-ക്രി. ഹനുമാൻ. ചെ. ഭീമൻ.

മരുത്തൻ - സൂര്യവംശത്തിലെ ഒരു രാജാവു്.

രാവണൻ മരുത്തനോടു് യുദ്ധത്തിനു ചെന്നതു് മരുത്തൻ തപോനിഷ്ഠയിലിരിക്കുമ്പോഴാണു്. തപോമാഹാത്മ്യത്തിൽ ആയുധം തൊടുക്ക അയുക്തമാകയാൽ രാവണനെ മരുത്തൻ വധിച്ചില്ല. ജയിച്ചു എന്നുള്ള ഭാവത്തിൽ രാവണൻ തിരിച്ചുപോന്നു. ലോകത്തിൽ ആരും കഴിച്ചിട്ടില്ലാത്ത ഒരു വിശിഷ്ടമായ യാഗം ഇദ്ദേഹം നടത്തി. ഇതിലെ പരിചാരകന്മാർ ദേവന്മാരായിരുന്നു. യാഗത്തിന്റെ ഒടുവിൽ മരുത്തനെയും ബന്ധുക്കളേയും പുരോഹിതനായ സംവർത്തൻ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി.

മരുത്തുമരം-മയിലാഞ്ചി, ഒരു വൃക്ഷം.

മരുത്തുകാരം-ഇന്ദ്രന്റെ ഇഷ്ടന്മാർ.

മിന്നലും ഇടിയും ഇവരുടെ ആയുധങ്ങളാണു്. ഇവരുടെ ലോകമായ മരുത്തും വൈശ്യരുടെ സ്വർഗ്ഗമാകുന്നു. വാസ്തവത്തിൽ മരുത്തുകരം അസുരമാതാവായ ദിതിയുടെ പുത്രന്മാരാണു്. എങ്കിലും ഗർഭക്ലേശനാപരാധനം നിമിത്തം പേടിച്ചു ഇന്ദ്രൻ ദിതിയെ സമാധാനിപ്പിക്കുവാൻവേണ്ടി മരുത്തുക്കളെ ദേവപക്ഷത്തിലേക്കു ചേർത്തു എന്നു് പുരാണം.

മരുത്തുവച്ചി-വയറാടി.

മരുൽപതി, മരുൽപാലൻ-ഇന്ദ്രൻ.

മരുൽപഥം-ആകാശം.

മരുൽപുത്രൻ—ക്രി. ഹനുമാൻ. ചെ. ഭീമൻ.

മരുൽപ്രസരം-കാറാടി.

മരുപ്രിയം-ഒട്ടകം.

മരുഭൂമം-കുതിര.

മരുമാൻ-ക്രി. ഇന്ദ്രൻ. മരുത്തുക്കൾക്കും ഉള്ളവൻ എന്നർത്ഥം. മരുത്തുക്കൾക്കും ഇന്ദ്രന്റെ സ്വാധീനത്തിലുണ്ടെന്നു തോൽപ്പു്. (മരുത്തുകരം എന്നതു നോക്കുക). ചെ. ഹനുമാൻ. നാ. മേഘം.

മരുദാഹാൻ-ക്രി. അഗ്നി. ചെ. ഇന്ദ്രൻ.

മരുൽപുരം-സ്വർഗ്ഗം.

മരുൽസുതൻ-ക്രി. ഹനുമാൻ. ചെ. ഭീമൻ.

മരുൽസൂനു-ക്രി. ഹനുമാൻ. ചെ. ഭീമൻ.

മരുന്നു്-ക്രി. ഔഷധം. ചെ. വെടിമരുന്നു്. നാ. ചാരായം.

മരുന്നറ-മരുന്നുവയ്ക്കുന്ന ശാല.

മരുന്നാല-ചോനകപ്പുല്ലു്. വായുവിനാൽ ഇളക്കപ്പെടുന്നതു് എന്നർത്ഥം.

മരുഭൂമി-നിർജ്ജലഭൂമി, ശൂന്യസ്ഥലം, ഒന്നും വിളയാത്ത സ്ഥലം, മണൽക്കാടു്.

മരുമായങ്ങൾ-മരുധന്വാ.

മരുളവ്-മണൽക്കാട്.

മരുമകൻ-പ. സഹോദരിയുടെ പുത്രൻ. ഉ. ചില ജാതിക്കാർക്ക് മകളെ കെട്ടിയവൻ.

മരുമകൾ-പ. സഹോദരിയുടെ പുത്രി. ഉ. മകൻ കെട്ടിയ സ്ത്രീ.

മരുമക്കത്തായം-പെൺവഴി.

മരുലം-കണ്ണുകോഴി.

മരുവകം-പ. മലങ്കാര, വായുവിനെ വമിക്കുന്നത് എന്നർത്ഥം. ഇതിന്റെ പൂവ് ഉപയിക്കുന്നതിൽ പെട്ടതായതുകൊണ്ട് മരിപ്പിക്കുന്നത് എന്നും അർത്ഥമുണ്ട്. ഉ. മണിക്കുന്നകം, കർപ്പൂരതുളസി, സമുദ്രപ്പച്ച. മലമില്ലാത്തേടത്തും വർത്തിക്കുന്നത് എന്നർത്ഥം. ര. കടുവാ.

മരുവലർ-ശത്രുക്കൾ.

മരുവുന്നു-പാർക്കുന്നു, ഇരിക്കുന്നു, വസിക്കുന്നു.

ഈ ശബ്ദത്തിനു കല്യാണം കഴിക്കുന്നു, അടുക്കുന്നു എന്നായിരുന്നു ആദ്യത്തെ അർത്ഥം. ആ അർത്ഥം ഇന്നും മരുമകനിൽ കാണുന്നുണ്ട്. ഇപ്പോൾ വന്നുകൂടിയിരിക്കുന്ന അർത്ഥം 'വസിക്കുന്നു' എന്നാണെന്നു തോന്നുന്നു.

മരുവം-പ. മയക്കം ഉ. ബുദ്ധിഭ്രമം, ഭ്രാന്തു് (മരിവം, ഉമരിവം ഇങ്ങിനെയും കാണുന്നു).

മരുളുന്നു-മറിയുന്നു, മയപ്പെടുന്നു, പരിഭ്രമിക്കുന്നു, മയങ്ങുന്നു.

'മരുളാതെയിതുചെയ്യിൽ'

(മാധവപ്പണിക്കർ-ഗീത)

മരുകം-പ. മയിൽ. ഉ. മാൻ. ന. തവള.

മരുവാക-വി. ഭയങ്കരമായ.

മരുവകൻ-പ. രാക്ഷസൻ. ഉ. കടുവാ.

മരുവൻ-രാക്ഷസൻ.

മരോട്ടി, മരവട്ടി, മരവെട്ടി-ഒരുവക വൃക്ഷം.

മരോളി(ക)-മകരമത്സ്യം.

മൽകം-ചിലന്തി.

മൽകടകം-പ. കുരങ്ങ്. ഉ. ചിലന്തി. ന. ഒരുമാതിരി കായ്. ര. ഒരുവക മത്സ്യം. ഭ. ഒരുവക ധാന്യം.

മൽകടം-പ കുരങ്ങ്, കടന്നു പിടിക്കുന്നതു് എന്നർത്ഥം. ഉ. ചിലന്തി. ന. ഒരു വലിയ പക്ഷി, കൊക്ക്. ര. ഒരു വിഷം.

മൽകടമുഷ്ടിപിടിക്കുക — ശാഠ്യംപിടിക്കുക. (ശൈലി).

മൽകടമുഷ്ടി എന്നതു് 'ഞാൻ പിടിച്ച മുയലിനു് കൊമ്പു രണ്ട്' എന്നിങ്ങനെ മേലും കീഴും നോക്കാതെ വാശിപിടിക്കുന്നവർക്കുള്ള പ്രകൃതിയാകുന്നു — മൽകടങ്ങൾ സഞ്ചരിക്കുമ്പോൾ അവയുടെ രോമത്തിൽ കടന്നു പിടിക്കുന്നു. പിടിച്ചു കഴിഞ്ഞാൽ പിന്നെ അങ്ങോട്ടു തിരിഞ്ഞുനോക്കുകപോലും ചെയ്യുകയില്ല. പിടിച്ച പാമ്പിനെ അവ വിടുകയുമില്ല. ചിലപ്പോൾ നാലും അഞ്ചും ദിവസങ്ങൾ ഒരേ നിലയിൽ ഇരിക്കുമത്രേ. ഈ പിടി വിടണമെങ്കിൽ ആ പാമ്പു് ചത്തു ചീഞ്ഞു് തന്നെതാൻ ഉരിഞ്ഞുപോകണം. ഈ സ്വഭാവത്തിൽ നിന്നാണ് 'മൽകടമുഷ്ടി' എന്ന ന്യായം ഉണ്ടായതു്.

മൽകടി-പ. നായ്ക്കുരണ. മൽകടരോമത്തുല്യങ്ങളായ രോമങ്ങൾ ഉള്ളതു് എന്നർത്ഥം. ഉ. കഴഞ്ചി. ന. ഉങ്ങിന്റെ വകഭേദം. മൽകടനിറമുള്ളതു് എന്നർത്ഥം. ര. പെൺകുരങ്ങു്.

മക്കരാ–ഫ. പാത്രം. ഉ. ഗ്രഹ, പൊള്ളം. നു. മച്ചി.

മത്തൻ–മനുഷ്യൻ.

മത്താ–ഭൂമി.

മന്ത്യൻ–മനുഷ്യൻ. മരിക്കുന്നവൻ എന്നർത്ഥം.

മത്ത്യം–ശരീരം.

മത്ത്യഭോജി–വി. മനുഷ്യനെ ഭക്ഷിക്കുന്ന.

മത്ത്യമുഖൻ–മനുഷ്യന്റെ മുഖവും മൃഗത്തിന്റെ ശരീരവും ഉള്ള കുബേരന്റെ ദാസനായ ഒരു കിന്നരൻ.

മത്ത്യാ–സ്ത്രീ, മനുഷ്യസ്ത്രീ.

മദ്ദനം–ഫ. തിരുമ്മുക. കാൽ കൈ മുതലായ അംഗങ്ങളെ തലോടുക. ഉ. ഞെരടുക, അരയ്ക്കൽ, ഇടിക്ക. നു. ഇടിക്കുക. ദ. കലക്കുക. ഇ. ചതയ്ക്കുക.

മദ്ദം–ഫ. കഠിനമായ അടി. ഉ. ഞെരുക്കൽ. നു. പൊളിക്കുക. ദ. അരക്കുക ഇ. ഇടിക്കുക. ന്യ. കലക്കുക. ഏ. തിരുമ്മുക. വ്യ. ചതയ്ക്കുക.

മദ്ദളം–ഒരുവക വാദ്യം. (മദ്ദളം നോക്കുക)

മർദ്ദിക്കുന്നു–ഫ. തിരുമ്മുന്നു. ഉ. ഇടിക്കുന്നു. നു. കലക്കുന്നു.

മർദ്ദിത–വി. മർദ്ദിക്കപ്പെട്ട.

മമ്മഠൻ–കാവ്യപ്രകാശം എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

മമ്മഭേദി–വി. മർമ്മത്തെ മുറിക്കുന്ന, അത്യന്തം വേദനിപ്പിക്കുന്ന.

മമ്മം–ഫ. എല്ല്, ശരീരത്തിൽ ആപത്കരമായ ചില ഭാഗം.

ശരീരത്തിന്റെ പാതി മർമ്മമുണ്ട്. കൈ രണ്ടിലും ഉ × ഫ, കാൽ രണ്ടിലും ഉ × ഫ, വയറിന്മേൽ നു, മാർവ്വൻ, പിൻപുറത്തു ഫ, പൂണൂല്, കഴുത്ത്, തല നു.

ഒരു ശരീരത്തിൽ നിന്നു മർമ്മങ്ങൾ ഉണ്ട്. ഏതാനും താഴെ പറയുന്നു.

1. നക്ഷത്രംനോക്കി–തൊണ്ണൂഴൽ മുഴയ്ക്കുമീതെ.
2. നാക്കടിപ്പൻ–നക്ഷത്രംനോക്കിയുടെ ചൊവ്വിൽ അല്പംപുറം പിൻകഴൽക്കു നടുവെ.
3. ഒട്ടവലി–മുക്കുറ്റിന്നു താഴെ തടയ്ക്കുകുടെ രണ്ടു കക്ഷത്തിന്നകത്തു കാലിളക്കിന്നരികെ.
4. ഒന്തന്ന–തോളുരത്തിന്നു താഴെ.
5. ഇരിപ്പൻ–കാലിളക്കിന്നു താഴെ കാലുമുട്ടിന്നു മീതെ തുടക്കു നടുവേ
6. ഉരുമണി–ജലപണ്ടം എന്നും മലപണ്ടം എന്നും പേരുള്ള ഒരു മർമ്മത്തിന്നു താഴെ വരിക്കകത്തു്.
7. ഒട്ടങ്കരയ്യു–കൈയിളക്കത്തിന്നകത്തു്.
8. കഴുത്തുകോച്ചി.
9. കണ്ണുന്നി–മുകടപ്പൻ മർമ്മത്തിന്നകത്തു കൺപുരികത്തിന്നു താഴെ മൂക്കിന്നു നേരെ.
10. കയ്യുതടുപ്പൻ–കൈമുട്ടിന്നു മീതെ കക്ഷക്കുഴിക്കു താഴെ.
11. കക്ഷത്തിപ്പക്കരി–തലുവലിപ്പന്നകത്തു്.
12. കൈതടുപ്പൻ – കൈമുട്ടിന്നകത്തു കണ്ണുകുച്ചിന്നു താഴെ.
13. കശേരുകപുഷ്പം–മുലരണ്ടിന്നും നടുവെ.
14. കിറികോട്ടൻ–ചെവിക്കു നാൽവിരൽ താഴെ.
15. കീരിത്തുമ–ചെവിക്കു ഇരുവിരൽ മുന്നിൽ, കണ്ണിന്നിരുവിരൽ പുറകെ.

16. ഗുദ-ഒരാണ്ണക്ക താഴെ കഴിനടുവെ.
17. തള്ളുക്കഴി-വരവയറിനു നടുവെ.
18. ജലമർമ്മം—പൊക്കിളിനു നാലു വിരൽ മീതെ, തള്ളുക്കഴിക്ക ആറുവിരൽ താഴെ.
19. മലമർമ്മം-പൊക്കിളിനു മുന്നു വിരൽ താഴെ.
20. രക്തതുംബി-മൂലക്ക മൂവിരൽ മീതെയും മൂവിരൽ താഴെയും.
21. രോഹിത-പൂണെല്ലിനു ഇരുവിരൽ താഴെ.
22. മരുട്ടനാക്കി-ചെവിക്ക ഒരു വിരൽ താഴെ, താടിക്കരികെ.
23. നാക്കുതിരിപ്പൻ-താടെ രണ്ടിനും നടുവെ.
24. ഫണ-കക്ഷാക്കഴിക്ക നടുവെ.
25. ശ്വാസം അടപ്പൻ-കക്ഷാക്കഴിക്ക താഴെ, മുലക്ക ചൊവ്വിൽ.
26. തരിപ്പൻ-മുലയ്ക്ക ആറു വിരൽ താഴെ, വാരിവയററിന്നരികെ.
27. തലഎത്തു്-കണ്ണിന്റെ പുരികം രണ്ടിനും നടുവെ.
28. കൊണ്ടുകൊല്ലി-കക്ഷാക്കഴിക്ക താഴെ തുണിക്കത്തിനു പരിവാരിവളവിന്നകത്തു്.
29. നടതിരിപ്പൻ-മുട്ടിനു മീതെ, കാലിളുക്കിനു താഴെ.
30. മുക്കടപ്പൻ-കൺപുരികം രണ്ടിനും താഴെ, മൂക്കരികെ.
31. വാതൂറപ്പൻ-കവിൾക്കത്തിനു നടുവെ.
32. തുലുവലിപ്പൻ-തൊപ്പം രണ്ടിനും താഴെ, മലയ്ക്കുമീതെ.
33. നാഭിപത്തി-മണിക്കെട്ടിനു മീതെ, കൈമുട്ടിനു താഴെ.
34. വിരലൂന്നി-കൈപത്തിക്കുറിനു പുറത്തു്, ചൂണ്ടാണിയോടടുത്തു് (അതു രണ്ടു മർമ്മങ്ങളുംകൂടി).
35. വായുച്ചിന്നി-തലകുറ്റത്തിനു നടുവെ.

ക. സംരമായ കാര്യം. ന. രഹസ്യം.

മർമ്മയില്ലക്കം-മർമ്മത്തിൽ മുറിഞ്ഞിട്ടും മറവുമുള്ള ഒരു വേദന.

മർമ്മരം-ക്രി. വസ്ത്രങ്ങളുടേയും ഉണങ്ങിയ ഇലകളുടേയും ശബ്ദം. മർ മർ എന്ന അനുകരണശബ്ദം, ചേതനയില്ലാത്ത വസ്തുവിന്റെ ശബ്ദം എന്നർത്ഥം. ഉ. പിരുപിരുപ്പു, മുരുമുരുപ്പു്.

മർമ്മരീ-മഞ്ഞൾ.

മർമ്മരീകൻ-ക്രി. ഇരുപ്പുളി. ഉ. ദുഷ്ടൻ.

മർമ്മലക്ഷണം-മർമ്മങ്ങളെ അറിവാനുള്ള ശാസ്ത്രം.

മർമ്മവികാരം-മർമ്മത്തിൽ ഉണ്ടാകുന്ന വേദന.

മർമ്മവേധം-മർമ്മത്തിന്റെ മുറിവു്.

മർമ്മസ്പൃക്-വി. ദുഃഖിപ്പിക്കുന്നതായുള്ള, അത്യുപദ്രവകരമായുള്ള.

മർമ്മക്ഷോഭം-മർമ്മത്തിന്റെ ഇളക്കം.

മർമ്മാണി-മർമ്മലക്ഷണം പറയുന്ന ഒരു ഗ്രന്ഥം.

മർമ്മാവിത്തു്-മർമ്മങ്ങളെ മുറിക്കുന്നതു്, അതിദുസ്സഹം.

മർമ്മി-വി. മർമ്മമുള്ള, രഹസ്യത്തെ മറയ്ക്കുന്ന.

മർമ്മിക്കുന്നു-ഭേദിക്കുന്നു, ഉപദ്രവിക്കുന്നു.

മർമ്മോപഘാതനം-മർമ്മഭേദനം.

മയ്യൻ-ക്രി. മനുഷ്യൻ. ഉ. ചെറപ്പക്കാരൻ. ന. മോഹിപ്പിക്കുന്നവൻ.

മയ്യം-ക്രി. മുടയ്ക്കാത്ത അൺകുതിര. ഉ. ഒട്ടകം.

മയ്യശം-പ. ഗുണദോഷം. ഉ. നിരൂപണം.

മയ്യാ-അ. സീമാർത്ഥകമായ ഒരു അവ്യയം.

മയ്യാ-അതിൽ, അതിന്.

മയ്യാദ-പ. നേരുള്ള നടപ്പ്. ഉ. ന്യായമായ മാർഗ്ഗത്തിൽ നിന്നും തെറ്റാതിരിക്കുക. പര്യായങ്ങൾ-സംസ്ഥാ, മര്യാദ, ധാരണ, സ്ഥിതി. സ. അതിര്. ര. തീരം. ള. മാനം. ന. ചട്ടം. ഴ. വഴി. വ. ചന്ദ്രവംശത്തിൽ അരചീനനുപന്റെ മോൻ. ൻ. ചന്ദ്രവംശത്തിൽ മേയാതിഥിനുപന്റെ മോൻ.

മയ്യാദാപവ്രതം-അഷ്ടാചലം.

മയ്യാദി-അയൽപക്കക്കാരൻ. (നകാരാന്തം).

മശ്നം-പ. സ്പർശനം. ഉ. പ്രതിപാദനം.

മഷ്(ണ)ം-ക്ഷമ.

മഷ്കിക്കുന്നു-ക്ഷമിക്കുന്നു.

മഷ്ടിത-വി. ക്ഷമിച്ച.

മല-പർവ്വതം, കുന്ന്.

മലഏരു 2-ഏതുമക്കള്ളി. പര്യായങ്ങൾ-പടപർണ്ണി, ഹൈമവതി, സപർണ്ണക്ഷീരി, ഹിമാവതി. (മലഏതുമരയെ ഏതുമത്തരാളിയെന്ന ചിലേടങ്ങളിൽ പറയുന്നു). കങ്കുട്ടം എന്നും ഉണ്ട്.

കഷ്ടം, വിഷം, ജ്വരം, വീക്കം മുതലായവക്ക നന്ന്. മിക്കവാറും ഹിമവൽപ്രസ്ഥത്തിങ്കലുണ്ടാകുന്നു. ത-കകനിത്. ഇം-Gamboge Thistle ശേംബോജ് തിസിൽ.

മലക്കം-മലച്ച്.

മലക്കറി-സസ്യാദികം.

മലക്കു-പ. ഒരു രാജാവ്. ഉ. ദേവരാജൻ.

മലങ്കടല-മോജ്യവർഗ്ഗത്തിലെ ശിഗ്രുധാന്യം.

സം-കളായം. ഇം-Field-pea ഫീൽഡ് പി.

മലങ്കര-മലയാളം.

മലങ്കരു-ചെറുപുഴ, തോട്.

മലങ്കറി-മരക്കറി, സസ്യാദികം.

മലങ്കാക്ക-ഒരുമാതിരി കാക്ക, കാട്ടുകാക്ക.

മലങ്കാര-ഒരുവക മുള്ളുള്ള ചെടി. പര്യായങ്ങൾ-പിണ്ഡീതകം, മരുവകം, ശ്വസനം, കരഹാടകം, ശല്യം, മദനം.

പീനസം, ചുമ, ജ്വരം മുതലായവക്ക നന്ന്. ത മുരുക്കാരെര. ഇം-Bushy gardenia ബുഷിഗാർഡിനിയ.

മലങ്കുരികിൽ-ഒരുവക പക്ഷി.

മലംകുഷി - കരക്കുക്കി, മലകളിലെ കുക്കി.

മലങ്കൊളുമ്പ്-കുഷിചെയ്യുന്ന താഴ്വര.

മലച്ചെരിവ്-മലയുടെ ചരിവുള്ള വശം. പര്യായങ്ങൾ-പ്രപാതം, അന്തടം, ഭ്രേ.

മലജ-വി. മലത്തിൽ ജനിച്ച.

മലജം-ചലം.

മല ഞരുക്ക്-മലയിലുണ്ടാകുന്ന ചില കച്ചവടവസ്തുക്കൾ.

മലഞ്ചുഴി - മലപ്രദേശങ്ങളിലുള്ള നീർച്ചുഴി.

മലഞ്ചുള്ളി-ഒരു ചെടി.

മലഞ്ചെമ്പു-ഒരുമാതിരി കിഴങ്ങ്.

മലഞ്ചെരിയ്ക്കൽ-കുഷിചെയ്യുന്ന മല.

മലഞ്ചൊല-മലയിൽ ധാരാളമുള്ള ഒരു മാതിരി തടികം.

മലതാങ്ങി-ഒരു പച്ചമരുന്ന്, കന്നുകുക്കി.

മലത്താമര-ഒരുമാതിരി താമര, കൽത്താമര.

മലട്ടം-ഗംഗാനദിയുടെ ദക്ഷിണതീരത്തിൽ ഉണ്ടായിരുന്ന രണ്ടു പട്ടണങ്ങളിൽ ഒന്ന്. മറെറാന്ന 'കരൂഷം'. ഈ പട്ടണങ്ങളും ഉണ്ടാകുവാൻ പൌരാണികന്മാർ പറയുന്ന കാരണം—"ഒരിക്കൽ ദേവേന്ദ്രൻ ബ്രഹ്മഹത്യാ പാതകപീഡിതനായിത്തീർന്നു എന്നും, കാലാന്തരത്തിൽ അദ്ദേഹം ദേവഗുരുക്കന്മാർ ചെയ്യപ്പെട്ട മന്ത്രാഭിഷേകം ഹേതുവാൽ പാതകനിർമ്മുക്തനായിത്തീർന്നു എന്നും ഈ അഭിഷേകം നടന്നസ്ഥലത്തു സന്തുഷ്ടനായ ദേവേന്ദ്രൻ രണ്ടു പട്ടണങ്ങളും നിർമ്മിച്ചു" എന്നുമാണ്. പിന്നീട് അഭിഷേകമേറപ്പോൾ ദേവേന്ദ്രന്റെ ദേഹത്തിൽ നിന്നു പിരിഞ്ഞുവീണ ബ്രഹ്മഹത്യാപാതകം കാലക്രമേണ താടക എന്ന രാക്ഷസിയായിത്തീർന്നു. താടകയുടെ പുത്രൻ ആണ് 'മാരീചൻ'. ഇവർ രാക്ഷസരായതിനു കാരണം അഗസ്ത്യന്റെ ശാപമാണ്.

മലത്തൃഷിത-വി. മുക്കിഞ്ഞ, ചെളി പറിയ.

മലദൈവം-മലകളിലുള്ള ചില ദേവത

മലദ്വാരം-മലം ഒഴിയുന്ന ദ്വാരം. പര്യായങ്ങൾ — ഗുദം, അപാനം, പായു.

മലനാ ചെയ്യുക-കെടുക

മലനാട്ട-മലംപ്രദേശം

നാട്ടുകാരായ തമിഴർ പാണ്ടിക്കും മധുരയ്ക്കും പടിഞ്ഞാറു കിടക്കുന്ന മലംപ്രദേശത്തിനു പറഞ്ഞുവരുന്ന പേർ.

മലനായർ-മലവേലൻ.

മലന്തകര-പ. ഒരുവക വൃക്ഷം. ക. ഒരു ചെടി.

മലന്തുടലി-മുള്ളുള്ള ഒരുവക കാട്ട്.

മലന്തുമ്പ-ഒരുവക തുമ്പ.

മലപൂ-കാട്ടത്തിമരം, പേയത്തി. പാലത്തിൽ നിന്നു ഗുജിവരുന്നതു എന്നു ശബ്ദാർത്ഥം.

മലപ്പുറം-മലയുടെ മുകൾഭാഗം.

മലബന്ധം-മലത്തിന്റെ തടവ്.

മലബാധ-മലശോധന.

മലം-പ. കണ്ണിൽ പീള, ചെവിപ്പീള, മൂക്കിള, മൂത്രം, മലം മുതലായവ. ക. പാപം. ന. അഴുക്ക്. ര. മട്ട്. ഇ. തുരുമ്പ്. ധരിക്കപ്പെട്ടതു എന്നു ശബ്ദാർത്ഥം. മറെറാരു പര്യായം-കിട്ടം.

ശരീരസംബന്ധമായ മലങ്ങൾ പ മേദസ്സ്, ശുക്ലം, രക്തം, മജ്ജ, മൂത്രം, മലം, ചെവിക്കായം, നഖം, കഫം, കണ്ണുനീർ, കണ്ണിലെ പീള, വിയർപ്പ്.

മലമകഠം-പാർവ്വതി.

മലമങ്ക-പാർവ്വതി.

മലമഞ്ഞൾ-മലയിലുണ്ടാകുന്നമഞ്ഞൾ.

മലമന്താരം-മലയിലുണ്ടാകുന്ന മന്താരം.

മലമാത്തു-വി. കറുപ്പുള്ള, മനക്കേടുള്ള (അറബിഭാഷ).

മലമുരിങ്ങ-ഒരുവക വൃക്ഷം.

മലമുഴ-പർവ്വതഗുഹ.

മലമുഴക്കി-ഒരു വലിയ പക്ഷി.

മലമ്പണി-മലയിലെ വേല.

മലമ്പടി അവകാശം-മലവാരം.

മലമ്പതി--മലയിൽ പാർക്കുന്നതിനുള്ള ചില സ്ഥലം.

മലമ്പനി-മലയിലെ താമസത്താൽ ഉണ്ടാകുന്ന ഒരുതരം പനി.

മലമ്പള്ളം-പ. മലയുടെ അടിവാരത്തിനടുത്ത സ്ഥലം. ക. മലയുടെ പാർശ്വം.

മലമ്പാമ്പ്-മലയിലുള്ള ഒരുവക പാമ്പ്.

പര്യായങ്ങൾ-ശ്രോണസം, തിലിത്സം.

മലമ്പുന്ന-ഒരുവക വൃക്ഷം.

മലമ്പുള്ള്-ഒരു പക്ഷി. (സം-വല്ലീ).

മലയകത്തി-കൊങ്ങുമന്താരം, മന്താരം, കൊങ്ങ്, കരിമന്താരം. പര്യായങ്ങൾ-കോവിദാരം, ചമരികം, കളോലം, യുഗപത്രകം.

(തമിഴിൽ-മരുഡെയകത്തി).

മലയജം-ചന്ദനമരം. മലയപർവ്വതത്തിലുണ്ടാകുന്നതു് എന്നർത്ഥം.

മലയടി, മലയടിവാരം-മലയുടെ ചുവടു്.

മലയണ്ണാൻ-ഒരുമാതിരി വലിയ അണ്ണാൻ.

മലയത്തി-ഒരുമാതിരി വൃക്ഷം, കാട്ടത്തി.

മലയൻ-പ്ര. കടുവാ. പ്ര. മലയിൽ പാർക്കുന്നവൻ.

മലയം-പ്ര. മലയപർവ്വതം. പ്ര. ചന്ദനവൃക്ഷം അധികമുള്ള ഒരു പർവ്വതം. മറെറാരു പര്യായം—ചന്ദനാലയം. പ്ര. മലയപർവ്വതത്തിൽ വിഷം ലയിച്ചിരിക്കുന്നതുകൊണ്ടു് ഈ പേരുണ്ടായി. (ഈ പർവ്വതത്തിൽ സർപ്പങ്ങൾ വളരെയുണ്ടെന്നു വർണ്ണിച്ചുകാണുന്നു).

മലയമനാടു്-കേരളം എന്നു പറഞ്ഞുവരുന്ന ചേരരാജ്യത്തിനുണ്ടായിരുന്ന ഏഴു വിഭാഗങ്ങളിൽ ഒന്നു്.

മലയമാരുതൻ-മലയപർവ്വതത്തിൽ നിന്നു വരുന്ന കാറ്റു്.

മലയമുക്കി-ഒരുവക ചെറുപുഷ്പം.

കറുത്ത മലയമുക്കിയുടെ പൂവിന്റെ സ്വരസംവിശേഷത്താൽ എഴുതുന്നതിനുള്ള മഷിക്കു് ഉപയോഗപ്പെടുത്തുന്നു. സം-അപരാജിതാ ത്വചൈലുക്കാക്ഷീ.

മലയരയൻ-മലയിലെ ഒരു ജാതിക്കാരൻ.

മലയർ-കേരളത്തിലെ ആദിമനിവാസികളിൽ ഒരു വർഗ്ഗം.

മലയവതി-ജീമൂതവാഹനന്റെ ഭാര്യ.

(നല്ല പാട്ടുകാരിയായിരുന്നു).

മലയവാസിനീ-ദുർഗ്ഗ.

മലയാടു്-ചമരയാടു്.

മലയാത്തി-ഒരുവക വൃക്ഷം.

മലയായ്മ, മലയാഴ്മ-മലയാളത്തിലേ ഭാഷ, വാക്കു്, പഴയ മലയാള അക്ഷരം, മലയാളം.

മലയാവണക്കു്-ഒരുമാതിരി വൃക്ഷം.

മലയാളക്കറികൾ-എരിശ്ശേരി (എരിച്ചകറി), പുളിശ്ശേരി (പുളിച്ചകറി), ഉപ്പേരി (ഉപ്പുകറി, ഒലൻ, ഉപ്പിലിട്ടതു്, ഇനിച്ചകറി (പ്രഥമൻ മുതലായവ). പുളിശ്ശേരിയുടെ സ്ഥാനത്തു കാളൻ ചേർക്കാം

മലയാളം-പ്ര. കന്യാകുമാരിക്കും ശ്രീകണ്ഠത്തിനും അകത്തുള്ള ഭൂമി പ്ര. ദ്രാവിഡഭാഷകളിൽ ഒന്നു്.

ഭാഷാഗ്രന്ഥചരിത്രം മൂന്നു പ്രത്യേക കാലങ്ങളായി പിരിച്ചിരിക്കുന്നു. പഴയ മലയാളകാലം—ഏകദേശം കലിവർഷം 2500-മുതൽ കൊല്ലവർഷാരംഭംവരെ. 2 മദ്ധ്യമലയാളകാലം—കൊല്ലവർഷാരംഭം മുതൽ കൊല്ലം 600 വരെ, 3, നവീന മലയാളകാലം—കൊല്ലവർഷം 600 മുതൽ ആരംഭിക്കുന്നു

മലയാളദേശം—തിരുവിതാംകൂർ, കൊച്ചി, മലബാർ ജില്ല ഇതുകൾ ചേർന്ന ഭൂഖണ്ഡം—മലയാളം, ത-മരുഡെനാടു്.

മലയാളി-പ്ര. മലയാളദേശക്കാരൻ. പ്ര. മലയിൽ പാർക്കുന്നവൻ.

മലയിഞ്ചി-ഒരുവക വലിയ ഇഞ്ചി, കാട്ടിഞ്ചി.

മലയിടുക്കു്-രണ്ടു മലയുടെ ഇട.

മലയിരിപ്പു-ഒരുവക വൃക്ഷം (മധൂലകം)

മലയിലഞ്ഞി-ഒരുവക വൃക്ഷം

മലയീന്ത-ഒരുമാതിരി ഈന്ത.

മലയുക-ഒരുമാതിരി വൃക്ഷത്തിന്റെ എണ്ണയുള്ള കുരു, എണ്ണയുള്ള കുരുവുണ്ടാകുന്ന ഒരുമാതിരി വൃക്ഷം എന്നും കാണുന്നു. കാപ്പി എന്ന മറെറാരു പക്ഷം. പയ്യും യങ്ങും-അക്ഷോഡം, കന്ദരാളം.

ഈ വൃക്ഷം കാണുന്നു, പശ്ചിമ മുതലായ ദേശങ്ങളിൽ വളരെയുണ്ടാകുന്നു. അധികവും മലകളിൽ ഉണ്ടാകുന്നതിനാൽ 'മലയുക' എന്നു പറയുന്നു; ഇതിന്റെ പഴുത്ത കായ് പാലിനോടൊരുമിച്ചു ഭക്ഷിക്കരുതു്. ത-അക്കരോട്ടം. ഇം- Walnut-വാൽ നട്ട്.

മലയുടമ്പൻ-ഒരുവക ധാന്യം.

മലയുടൻ - മലയിലുള്ളവരുടെ പരദേവത.

മലയു-ഒരുമാതിരി അത്തിമരം, കാട്ടത്തി.

മലയെരുമ-ഒരു മരുന്നു്. (മല എരുമ നോക്കുക).

മലയ്ക്കുന്നു-പ്രയാസമെന്നു കരുതുന്നു, വിക്രമിക്കുന്നു.

'മലയ്ക്കുണ്ടു ചോന്നതിലൊന്നുണ്ടോ
ക്കിയാലും'

(കുചേലവൃത്തം വഞ്ചിപ്പാട്ടു്)

മലരു്-പ. നെല്ലുപൊരിച്ചുണ്ടാക്കിയ ഭക്ഷണസാധനം.

തണ്ണീർദാഹം, ഛർദ്ദി, അതിസാരം, കഫം, പ്രമേഹം മുതലായവയ്ക്കു നന്നു. ബലം വരുത്തും. മലമൂത്രങ്ങളെ കറയ്ക്കും. സം-ലാജാ. ഇം-Fried grain ഫ്രൈഡ് ഗ്രെൻ.

പ. ആണി തറക്കുന്നതിനു ഇരിമ്പുകൊണ്ടും മറും ഉണ്ടാക്കുന്ന വസ്തു. നാ. പുഷ്പം. മലരുന്ന (വികസിക്കുന്ന) ശീലമുള്ളതുകൊണ്ടു് ഈ പേർവന്നു.

മലരമ്പൻ-കാമദേവൻ.

മലരയൻ-മലരികൾ (താമരപ്പൂവികൾ) നിന്നു ജനിച്ച അജൻ (ബ്രഹ്മാവു്). ('മലരജൻ' എന്നതാണു ശരിയായ രൂപം). മലരവൻ എന്നുമുണ്ടു്. (പഴയ മലയാളം).

മലരവൻ-ബ്രഹ്മാവു്.

മലരഹിത-വി. പ. പാപമില്ലാത്ത. പ. ചെളിയില്ലാത്ത, ശുദ്ധമുള്ള, കറമില്ലാത്ത.

മലരി-ഉറവുവെള്ളം.

'വിരാജ്യുത്തമിം നിമ്നമേ-
ന്നഹത്യാധാരയാസ്രുവേൽ
തത്തോയേ രമേദ്ഭിന്നാം മ
വന്തീതിമഹർഷയഃ'

(ഭാഷാപ്രകാശം)

സം-ഒരുദ്ഭിസജലം. ഇം-Spring water.

മലരുന്നു-പ. മലർന്നുകിടക്കുന്നു. പ. വിടിരുന്നു. നാ. പൊരിയുന്നു.

മലർ-വി. പ. വിരിഞ്ഞ. പ. വലുതായ.

മലർ-പുഷ്പം (മലർന്നതുമലർ).

മലക്കാവു്-പൂങ്കാവു്.

മലക്കുന്നു, മലത്തുന്നു-പ. മലത്തിവെയ്ക്കുന്നു, മലത്തിക്കിടത്തുന്നു പ. വിടിത്തുന്നു. നാ പൊരിക്കുന്നു.

മലർക്കുറ-പൂവാട.

മലച്ചു, മലപ്പു-പ പൊരിച്ചിൽ. പ. മലരുക, വിടിച്ചു. നാ. മലർന്നുകിടക്കുക.

മലർതയ്യൽ-ലക്ഷ്മീദേവി, പൂമങ്ക.

മലർപ്പുവിത്തു്-പൊരിച്ചു മലരുണ്ടാക്കുന്നതിനുള്ള നെല്ലു്.

മലർപ്പൊടി-മലരു പൊടിച്ചു പൊടി.

മലർമകൾ-ലക്ഷ്മീദേവി.

മലർമങ്ക-ലക്ഷ്മീദേവി.

മലർമാതു്-ലക്ഷ്മി.

മലർമാനിനി-ലക്ഷ്മി.

മലർവില്ലി-മന്മഥൻ.

മലവരവു-മലയിൽ നിന്നുള്ള വരവു്.

മലവാരം-മലവിഭാഗത്തിന്റെ കരം, മല വരവു്, മലയനുഭവം.

മലവാഴ-ഒരുമാതിരി വലിയ വാഴ.

മലവാഴി-മലയിലെ ദേവത.

മലവിചാരം-മലയിലുള്ള അധികാരം.

മലവിരിപ്പു്-മലയിൽ ചെയ്യുന്ന നെൽ കൃഷി.

മലർവില്ലി-മന്മഥൻ.

മലവേപ്പു്-ഒരുമാതിരി വേപ്പുവൃക്ഷം.

മലവേലൻ-മലയിലെ ഒരു ജാതിക്കാരൻ.

മലശ്രുതി-വയറിളക്കുക.

മലശോധന-പ. വയറ്റിൽനിന്നു മല ത്തെക്കളയുക. ഉ. മലയിലെ വസ്തുക്കളും ശോധന ചെയ്യുക.

മലഹരി-ഒരു രാഗം.

മലാകാ-പ. പിടിയാന. ഉ. ദ്യുതി.

മലാക്ക-ഒരു ജില്ലിന്റെ പേർ.

മലാക്കച്ചൂമ്പ-ഒരുവക വൃക്ഷം.

മലാക്കപ്പേര-ഒരുമാതിരി വൃക്ഷം.

മലാക്കസാമ്പ്രാണി-ഒരുമാതിരി സുഗന്ധവസ്തു.

മലാമത്തു്-വി. കറവുള്ള, മാനക്കേടുള്ള (അറബി ഭാഷ).

മലായി-മലാക്ക എന്ന ദേശത്തു പാർക്കുന്നവൻ.

മലി-അനുഭവം.

മലി-ബുദ്ധൻ, ആർഹതൻ.

മലിക-ധാരാളമാവുക.

മലികൻ-രാജാവു്.

മലിന-വി. പ. മുഷിഞ്ഞ. ഉ. കറുത്ത. ന. ഹീനമായ. ര. അഴുക്കുള്ള. ഇ. പാപമുള്ള.

മലിനകാന്തി-വി. തെളിവില്ലാത്ത.

മലിനത-പ. അഴുക്കു്. ഉ. കറുപ്പു്. ന. ഹീനത. ര. പാപം.

മലിനപ്പെടുന്ന-അശുദ്ധിയാകുന്ന.

മലിനം-പ. കറ. ഉ. മോതു്. ന. ചോൻകരം. ര. കറുപ്പു്. ഇ. പാതകം. ഴ. മുളക്. ഒ. താമര. വ. അഴുക്കു്.

മലിനമുഖ-വി. ക്രൂരതയുള്ള. ഉ. ചീത്തയായ.

മലിനമുഖൻ-പ. കരിമന്തി. ഉ. അസി. ന. ദുഷ്ടൻ. ര. ക്രൂരൻ. ഇ. പിശാചു്.

മലിനാംബര-വി. മലിനമായ അംബരത്തോടുകൂടിയ.

മലിനാംബരം-പ മുഷിഞ്ഞ വസ്ത്രം. ഉ. തെളിവില്ലാത്ത ആകാശം.

മലിനാംബു-മഷി.

മലിനീ-തീണ്ടായിരുന്നവൾ, മലമുള്ളവൾ എന്നർത്ഥം.

(ഇവിടെ മലത്തിനു് ആർത്തവം എന്നോ ചളി എന്നോ അർത്ഥമാക്കാം).

'ഉജാലകാരേരഹിതാ' എന്ന വിധിയനുസരിച്ചു രജസ്വലയായിരിക്കുന്നവൾ മേൽത്തോടുകൂടി വർജ്ജിക്കണം. ഇതു നോക്കുമ്പോൾ ചളിപിരണ്ടവൾ എന്ന അർത്ഥം യോജിക്കുന്നു.

മലിമ്ലുചൻ-പ. കള്ളൻ. ഉ. കാറു്.

മലിമ്ലുചൻ-പ. കള്ളൻ. ഉ. കൊട്ടവേലി. സമ്പാദിച്ചു സൂക്ഷിച്ചുവെച്ചതിനെ കട്ടുകൊണ്ടുപോകുന്നവൻ എന്നർത്ഥം. ന. രാക്ഷസൻ. ര. വായു. ഇ. അഗ്നി. ഴ. പഞ്ചയജ്ഞങ്ങളും ഉപേക്ഷിച്ച ബ്രാഹ്മണൻ.

മലിമ്ലുചം-മഞ്ഞൾ. പ. രകാതുക്.
മലിയുന്ന-വലിക്കുന്ന.
മലിവ്-ദയ.
മലീമസ-വി. ക. മലിനമായുള്ള. പ. ഇരുണ്ട.
മലീമസം-ക. ഇരിമ്പ്. പ. പുഷ്പകാസീസം. ന. മലിനമായിട്ടുള്ളത്.
മലെക്കുന്ന-ക. വ്യാകുലപ്പെടുന്ന. പ. അതിശയിക്കുന്ന. ന. മലർന്നുകിടക്കുന്ന.
മലെപ്പു-ക. കലക്കം. പ. ആശ്ചര്യം. ന. മലർന്നുകിടക്കുക. ര. സംഭ്രമം.
മല്ലാൻ-മതസംബന്ധമായ ഒരു ക്രിസ്തിയ സ്ഥാനപ്പേര്.
മല്ലിടി-ക. പോരാട്ടം. പ. ബലം പരീക്ഷിക്കുക.
മല്ലിടിക്കുന്ന-ക. മുഷ്ടിയുദ്ധംചെയ്യുന്ന, തമ്മിൽ പിടിച്ചു യുദ്ധംചെയ്യുന്ന.
'ബാലിയ്യുമല്ലിടിച്ചീടുവാനായുള്ള സാലങ്ങൾ
(അധ്യാത്മരാമായണം)
മല്ലിടിത്താ-തമ്മിൽ പിടിച്ചും അടിച്ചും യുദ്ധം ചെയ്ക.
മല്ല്മൽ-നല്ല വെണ്മയും മിനുസവും ഉള്ള ഒരുതരം തുണി.
മല്ല്-ക പോരാട്ടം. പ. ബലം, ശക്തി. ന. മോന്തായം പിടിക്കുന്ന തടി. ര. മല്ലിക.
മല്ല വി. ക. ഒരുതരത്തിലുമിയ പ. ബലമുള്ള.
മല്ല-മണ്ണുകൊണ്ടുള്ള കുഴികിണ്ണം.
മല്ലക-ക. എണ്ണതേക്കുക. പ. ഇടിഞ്ഞതിൽ വിളഞ്ഞ്. ന ഒരു പൂച്ചെടി. ര. വിളക്കിന്റെ കാൽ. ഭ. വിളഞ്ഞ്. ന. ചിരട്ടകൊണ്ടുള്ള പാത്രം. ം. പല്ല്. വ. ഒരുവക മുല്ല
മല്ലജ-മുളക്.
മല്ലത്തുമ്പ-മല്ലന്മാരുടെ ഒരുവക വാദ്യം, പെരുമ്പറ.
മല്ലൻ-പ. ബാഹ്യയുദ്ധത്തിൽ സാമർത്ഥ്യമുള്ളവൻ. പ. തടിച്ചു ബലമുള്ളവൻ.
മല്ലഭൂ(വു)-മുഷ്ടിയുദ്ധംചെയ്യുന്ന സ്ഥലം.
മല്ലം-ക. മഞ്ഞി. പ. അഞ്ജനം. ന. മനോഹരം. ര. ബലമുള്ളത്. ഭ. ചിരട്ടകൊണ്ടുള്ള പാത്രം, കപ്പ്. ന. കവിടിത്തടം.
മല്ലയാത്ര-മുഷ്ടിയുദ്ധത്തിനുള്ള പുറപ്പാട്.
മല്ലയുദ്ധ-മല്ലന്മാരുടെ യുദ്ധം.
മല്ലരംഗ-മല്ലന്മാരുടെ യുദ്ധക്കളം. പണ്ടു രാജസ്ഥാനങ്ങളിലും മറവും ഉയരവും മുറ, വടിവീശുക, വെട്ടും തടയും മുതലായ അഭ്യാസങ്ങളും നടത്തിവന്നിരുന്നു. ജയിക്കുന്നവർക്ക് സമ്മാനബഹുമാനവും പതിവായിരുന്നതത്രെ.
മല്ലലോചന-വി. കറുത്ത കണ്ണോടുകൂടിയ, സൌന്ദര്യമുള്ള.
മല്ലഴി-വേലക്കാർക്ക് കേറിനിന്നു വേലചെയ്യാൻ വെച്ചു കെട്ടിയ ചട്ടം മുതലായതു.
മല്ലാ-ക. സ്ത്രീ. പ. ഭരണഭിമുല്ല.
മല്ലാക്ഷി-സുന്ദരി.
മല്ലാർ-ക. നല്ല. പ. യുദ്ധക്ഷമമായ.
മല്ലാരി-ക കൃഷ്ണൻ, വിഷ്ണു. പ. ശിവൻ.
മല്ലി-ക. പഞ്ഞിയുടെ പശ. പ. മുല്ല. ന. കൊത്തമല്ലി.
മല്ലികര-ക. ഒരുമാതിരി അരയന്നം. പ. മാഘമാസം.
മല്ലികാ-ക. മുല്ല, വള്ളിമുല്ല. ശിരസ്സിൽ ധരിക്കപ്പെടുന്നതു എന്നു ശബ്ദാർത്ഥം. നല്ല ഗന്ധത്തെ ധരിക്കുന്നതു എന്നുമാവാം. പ. രാമായണം ഒര് പൂത്തത്തിലേ ന്നം പൂത്തം.
മല്ലികാകക്ഷാ, മല്ലികാഖ്യ-ക. ഒരു മാതിരി അരയന്നം. ശരീരം വെളുത്തും

കൊക്കും കാലും മഞ്ഞനിറവും ഇരിക്കുന്ന ഹംസം. പ. കണ്ണിനു ചുറ്റും വെളുപ്പുള്ള കുതിര.

മല്ലികാർജ്ജുനൻ-ശിവൻ.

മല്ലിഗന്ധി-മല്ലികാപുഷ്പത്തിന്റെ ഗന്ധത്തോടു സദൃശമായ ഗന്ധമുള്ള അകിൽ.

മല്ലിട-തുനട്ടവു്.

മല്ലിടുന്നു-യുദ്ധംചെയ്യുന്നു, കലഹിക്കുന്നു.

മല്ലിപത്രം-ക്രൗൺ.

മല്ലീകരൻ-കള്ളൻ.

മല്ലിനാഥൻ-പ്രസിദ്ധനായ ഒരു വ്യാഖ്യാതാവും കവിയും.

(രഘുവംശം മുതലായി പലതിനും വ്യാഖ്യാനം ഉണ്ടാക്കീട്ടുണ്ടു്.

മല്ലീവല്ലി-മുല്ലവള്ളി.

മല്ലു-കരടി.

മല്ലുളി-ഒരു പണിയായുധം. (ചിറവളിയിൽ അല്പം വലുതു്).

മല്ലൂരം-ഇരിമ്പിൻ തുരുമ്പു്, ഇരിമ്പിന്റെ കറ.

മവക്കാലു-രോമം. (പ-മ).

മവിപുലാ-ഒരു വൃത്തത്തിന്റെ പേർ.

മശകം-കൊതുക്.

'വല്ലാതെ കുശമശകാദികളുതുകണ്ടു'
(ഭാഗവതം)

മശകി-പ. കൊതുക്. പ. ഒരുവക വൃക്ഷം.

മശിർ-മയിർ.

മശീഥാ-ക്രിസ്തുവിന്റെ ഒരു പേർ.

മശ്രുചി-വസൂരി.

മശ്രുചിക-വസൂരി.

മഷി-പ. ഭിത്തിയിൽനിന്നുണ്ടാകുന്ന കറുത്ത പൊടി. പ. എഴുതുന്ന മഷി. സ-ഞ്ജനം. ര. ഇല്ലുറക്കരി, പുകയറ.

മഷിക്കാരൻ-പ. മഷിയുണ്ടാക്കുന്നവൻ. പ. മറഞ്ഞിരിക്കുന്ന വസ്തുക്കളെ കാണിക്കുന്ന ഒരു വിദ്യക്കാരൻ.

മഷിക്കുപ്പി-മഷിവെക്കുന്ന പാത്രം.

മഷിക്കോൽ-പ. എഴുതുന്ന തൂവൽ. പ. ചായമിടുന്നതിനുള്ള ഒരു വസ്തു.

മഷിതുത്ഥം-മയിൽത്തുത്ഥം.

മഷിനോട്ടക്കാരൻ-അപ്രത്യക്ഷ വസ്തുക്കളെ മഷിനോക്കിപ്പറയുന്നവൻ.

മഷിനോട്ടം-മഷിനോക്കിപ്പറയുന്ന ഒരു വിശേഷവിദ്യ.

മഷിയിടുന്നു-മഷിതേക്കുന്നു.

മഷ്ട-മട്ടു്, കിട്ടം, ഉറൽ.

മസാരം-മരതകം, ഇന്ദ്രനീലക്കല്ലു്.

മസാല, മസ്സാല-പലവ്യഞ്ജനം, അരച്ചുചേർത്ത കറിക്കൂട്ടു്. (അറബിഭാഷ).

മസാല-കൊല്ലമുളക് (മുളകുവറുത്തു്), നല്ലമുളക്, കൊത്തമ്പാലയരി, കർവാപ്പട്ട, ചുവന്നുള്ളി, തക്കോലപ്പട്ടൽ, പെരുഞ്ജീരകം, കശകശ. ഈ എട്ടും ചേർന്നതു്. മസാല മാംസപാകത്തിനാണു് അധികം നന്നു്.

മസി-പ. മഷി. പ. കണ്ണിലെഴുതുന്ന മഷി. ഭീപകിട്ടം.

മസികം-പാമ്പിന്റെ പൊത്തു്.

മസിക്കുപി-മഷിക്കുപ്പി.

മസിധാനം-മഷിക്കുപ്പി.

മസിധാനി-മഷിപ്പാത്രം.

മസിധാരം-മഷിക്കുപ്പി.

മസിന-വി പൊടിച്ചു, അരച്ചു.

മസിപത്രൻ-പേന.

മസിപ്രസു-പ പേന. പ. മഷിക്കുപ്പി.

മസിമഞ്ചി-മഷിക്കുപ്പി.

മസൂനം-പോത്തു്.

മസൂരം-പ. കറുത്ത ചണംപയറു്. പ. വെൺകടല. സ. വെളുത്ത അമര. അന്യഥാ പരിണമിക്കുന്നതു എന്നർത്ഥം. (മസൂര, മസുര-ഇവ പാഠങ്ങളും)

മസൂരവിദള-നാൽക്കാപ്പക്കൊന്ന. കറു

ത്ത ചണംപയറിന്റെ ഇലയോട് തുല്യമായ ഇലയുള്ളത് എന്നർത്ഥം.

മസൂരാ-വ്യഭിചാരിണി.

മസൂരി-വസൂരി. പ. നാല്പുംപ്പക്കൊന്ന.

മസൂരിക-വസൂരീ.

മസൃണ-വി. മൃദുത്വമുള്ള.

മസൃണം-ക്ര. മൃദുത്വമുള്ളത്, മിനുസമുള്ളത്. പ. സംഗീതശാസ്ത്രപ്രകാരം ശ്രുതികളിൽ ഒന്ന്. ന. നെയ്യ് മുതലായതു ചേർത്ത് സ്നിഗ്ധത്വത്തോടുകൂടിയ അന്നം മുതലായത്.

മസൃണം-ക്ര. മൃദു. പ. നെല്ലിമുള്ള്. ആട്ടുന്നത് എന്നർത്ഥം.

മസൃണ-ക്ര. സന്യാസി. മൃദുത്വമുള്ളവൻ എന്നർത്ഥം. പ. ചന്ദ്രൻ.

മസൃണീൻ-വി. പാവടപ്പെട്ട, താഴ്മയുള്ള.

മസ്തകം-തലമണ്ട. വിശേഷണത്തിൽ വേഷം മാറുന്നത് എന്നർത്ഥം.

മസ്തകഭാഗം-മനുഷ്യന്റേയും മറ്റും മൂർദ്ധാവ്.

മസ്തകമൂലകം-കഴുത്ത്.

മസ്തം-തല.

മസ്തസ്നേഹം-തലയിലുള്ള എണ്ണ, തലയോടുള്ള സ്നേഹം.

മസ്തി-അണ്ഡവും, തുക്കം.

മസ്തിഷ്കം-തലച്ചോറ്. ജ്ഞാനാത്മനാ പരിണമിക്കുന്നത് എന്നർത്ഥം ശിരോദേശത്തെ ശമിച്ചത് എന്നുമാവാം. (ശിരസ്സിലിരിക്കുന്ന ഘൃതാകാരമായ സ്നേഹവിശേഷം).

മസ്തുരൻ-വെള്ളം, മോര്. പുളിപ്പുള്ളതായി പരിണമിക്കുന്നത് എന്നർത്ഥം.

മസ്തുലുംഗം-തലച്ചോറ്.

മഹകൻ-ക്ര. ശ്രേഷ്ഠ. പ. വിഷ്ണു.

മഹകം-അതിമ.

മഹച്ഛ്മശ്രുകം-മുഖക്ഷൗരം.

മഹൽ-വി. ക്ര. വലിയ. പ. ഏറ്റവും നല്ല.

മഹൽപഞ്ചമൂലം-ക്രുവളം, കുമ്പിൾ, പാതിരി, വയ്യാഴാന്ത, മുഞ്ഞ ഇവ അഞ്ചും.

മഹതീ-ക്ര. നാരദന്റെ വീണ. പൂജിക്കപ്പെടുന്നത് എന്നർത്ഥം. പ. ഒരു തെറ്റ, ചൊറവഴുതിന. ന. ഒരു രോഗം. ('ഇക്കിൾ' നോക്കുക).

ഈ രോഗം ഹിക്കാനിഭാനത്തിൽ പെടുത്താണ്. ദേഹം പുളയുക, കണ്ണു മേപ്പോട്ടു പോവുക, ക്ഷീണം, അനാഹാരഭോക്ഷം, തുമ്മൽ ഇവ അധികമായുണ്ടാകും ഈ ലക്ഷണമുള്ള ഗംഭീരയേയും മഹതിയേയും വർജ്ജിക്കണം.

മഹത്തു്-ക്ര. രാജ്യം പ. തത്വങ്ങളിൽ ഒന്ന്. ന. വിശാലം, വിസ്താരമുള്ളത്. പൂജിക്കപ്പെടുന്നത് എന്നർത്ഥം.

മഹത്വക്കേട്-വലിപ്പക്കുറവ്, അപമാനം, ഇളപ്പം.

മഹത്വപ്പെടുന്ന-വലിപ്പമുണ്ടാകുന്ന.

മഹത്വം-ക്ര. വലിപ്പം. പ. ഉൽക്കർഷം.

മഹനീയ-വി. വന്ദിക്കപ്പെടുവാൻ തക്ക.

മഹം-ക്ര. ഉത്സവം. പ. പോത്ത്. ന. കാന്തി, ശോഭ.

മഹമ്മദീയ-വി. മഹമ്മദ് എന്ന ആൾ സ്ഥാപിച്ച മതം അനുസരിക്കുന്ന, മഹമ്മദിനെ സംബന്ധിച്ച.

മഹർല്ലോകം-മേല്പോട്ടുള്ള ലോകങ്ങളിൽ ഏഴിൽ ഒന്ന്, ഭൂമിയിൽ നിന്നു മേല്പോട്ടു നാലാമത്തെ ലോകം.

മഹർഷി-വളരെ തപസ്സു ചെയ്തവൻ, വസിഷ്ഠൻ മുതൽ പേർ.

മഹസ്സ്-ക്ര. തേജസ്സ്, ശോഭ. പ. ഉത്സവം. പൂജിക്കുന്നത്-തൃപ്തിയെ ചെയ്യുന്നത് എന്നർത്ഥം. ന. യാഗം. ര. വ

ലിപ്പം. ഇ. സന്തോഷം. ന. ശക്തി, ഒ. ജലം.

മഹസ്സർ-യാമസ്സ.

മഹള-സ്ത്രീ. (മഹിള എന്നതിന്റെ പാഠം).

മഹാ-വി. വലിയ, വലുതായ.

മഹാകച്ഛം-കടൽ.

മഹാകന്ദം-പ. വെള്ളുള്ളി. ക. ഒരു മന്തിരി കിഴങ്ങ്, വെട്ടുചേമ്പ്. ന. വലിയ മുള്ളങ്കി.

മഹാകം ബു-ശിവൻ.

മഹാകല്പം-ബ്രഹ്മപ്രളയം.

മഹാകവി-വലിയ വിദ്വാൻ.

മഹാകവികളം-കാളിദാസൻ, ഭവഭൂതി, ഭാരവി, ബാണൻ, ദണ്ഡി, സുബന്ധു, ഭർത്തൃഹരി മുതലായവർ.

മഹാകവിചതുഷ്ടയം - കാളിദാസൻ, ഭവഭൂതി, ബാണൻ, ഭാരവി ഇവർ നാലുപേരും.

മഹാകാന്തൻ-ശിവൻ.

മഹാകായൻ-പ. ശിവഭക്തനായ ഒരു മുനി. ക. ശിവൻ. ന. ആന.

മഹാകാലൻ-പ. സംഹാരരുദ്രൻ. ക. ശിവന്റെ വായിൽ കാവൽക്കാരൻ.

മഹാകാവ്യകാലം — കലി 1701-2101.

മഹാകാവ്യലക്ഷണം-മഹാകാവ്യത്തിനു വേണ്ടതായ ലക്ഷണം.

'സർഗബന്ധോമഹാകാവ്യമുച്യതേതസ്യലക്ഷണം * ആശീർനമസ്ക്രിയാവസ്തുനിർദ്ദേശോ വാപിതൻമുഖം * ഇതിഹാസകഥോദ്ഭൂതമിതരദ്വാസദാശ്രയം ചതുർവർഗഫലായത്തം ചതുരോദാത്തനായകം * നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയവർണ്ണനൈഃ * ഉദ്യാനസലിലക്രീഡാമധുപാനരതോത്സവൈഃ * വിപ്രലംഭൈർവിവാഹൈശ്ച കുമാരോദയവർണ്ണനൈഃ * മന്ത്രദൂതപ്രയാണാജിനായകാഭ്യുദയൈരപി * അലംകൃതമസംക്ഷിപ്തം രസഭാവനിരന്തരം * സർഗൈരനതിവിസ്തീർണ്ണൈഃ ശ്രാവ്യവൃത്തൈസ്സുസന്ധിഭിഃ * സവ്വത്രഭിന്നവൃത്താന്തൈരന്ത്യേതിപതം ലോകരഞ്ജനം * കാവ്യം കല്പാന്തരസ്ഥായി ജായതേ സമലംകൃതി * ന്യൂനമപ്യൃതുരേകേണ കൈശ്ചിദംഗൈഃകാവ്യം ന ദുഷ്യതി *

''പുങ്കാവംഗിവിവാഹമന്ത്രിനഗരം
ഭൈരവ്യം കുമാരോദയം
ശൃംഗാരം മൃഗയാവിനോദമതുലം
ദ്യൂതം ജലക്രീഡനം,
ബന്ദ്യാർക്കോദയമാഹവം നിശയുക്ത-
സ്സംമന്ത്രണം നായകോ-
ല്കൃഷ്ടം തത്പടമന്യഭാവസുനിവഹം
വർണ്ണിക്കിൽ വൻ കാവ്യമാം'

മഹാകാവ്യങ്ങൾ — രഘുവംശം, കുമാരസംഭവം, കിരാതാർജ്ജുനീയം, മാഘം, നൈഷധം. ഇവയോട് ചിലർ മേഘദൂതം കൂട്ടാറുണ്ട്. ഭട്ടികാവ്യം, വിക്രമാങ്കദേവചരിതം, ഹരവിജയം മുതലായവയും മഹാകാവ്യയോഗ്യതയുണ്ടെന്നും അപൂർവ്വം അഭിപ്രായം കാണുന്നു.

തമിഴിലെ അഞ്ചു മഹാകാവ്യങ്ങൾ പ. ചിലപ്പതികാരം. ക. മണിമേഖല. ന. ചിന്താമണി. ഭ. കുണ്ഡലകേശി. ഇ. വളയാപതി.

മഹാകാളൻ-ശിവൻ.

മഹാകാളി-ഭദ്രകാളി, ദേവി, ദുർഗ്ഗ.

മഹാകുല-വി. ശ്രേഷ്ഠവംശത്തിലുള്ള നല്ല വംശത്തിൽ ജനിച്ച.

മഹാകുലീന, മഹാകുല-വി. ഉത്തമകുലത്തിൽ ജനിച്ച.

മഹാകേതു-ശിവൻ.

മഹാകൗശൻ-ശിവൻ.

മഹാകോടി-ഒരു വലിയ തുക.

മഹാക്രോധൻ-ശിവൻ
മഹാക്ഷൻ-ശിവൻ.
മഹാഖർവം-ഒരു വലിയ തുക. Ten billions).
മഹാഗണത്തൻ-ശിവൻ
മഹാഗർത്തൻ-ശിവൻ.
മഹാഗളം-ഒട്ടകം.
മഹാഗീതൻ-ശിവൻ,
മഹാഗുരുക്കൾ-അച്ഛൻ, അമ്മ, ആചാര്യൻ ഇവർ മൂവരും.
മഹാഗ്രഹൻ-രാഹു.
മഹാഗ്രീവം, മഹാഗ്രീവി-ഒട്ടകം.
മഹാഗ്രീവൻ-ശിവൻ,
മഹാംഗ-വി. വലിയ ശരീരമുള്ള.
മഹാംഗം-ക. ഒട്ടകം. ഉ. പെരുച്ചാഴി.
മഹാംഗൻ-ശിവൻ.
മഹാചണ്ഡാ-ദേവി.
മഹാചായ്വൻ-ശിവൻ.
മഹാജംഘം-ഒട്ടകം.
മഹാജടം-ശിവന്റെ ജടം.
മഹാജടൻ-ശിവൻ.
മഹാജഠൻ-ശിവൻ.
മഹാജനം-ക. സജ്ജനം. ഉ. വലിയ കച്ചവടക്കാരൻ.
മഹാജാലി-വരിപ്പീച്ചിൽ. ഉ. ചട്ടച്ചി.
മഹാജിഹ്വൻ-ശിവൻ.
മഹാജ്വാലൻ-ശിവൻ.
മഹാടവി-വലിയ കാട്ടം.
മഹാതിക്ത-വി. ഏറ്റവും കയ്പുള്ള.
മഹാതിക്തകം-ഒരു ഔഷധയോഗം.
മഹാതിക്തം-വേപ്പുവൃക്ഷം.
മഹാതീക്ഷ്ണ-വി. ക. കഠിനമായ, ഉ. ക്രൂരം
മഹാതീക്ഷ്ണം-ചേക്കുരു.
മഹാത്മാവു്-വി. ക. ഏറ്റവും ബുദ്ധിയുള്ള. ഉ. വലിയ ശരീരമുള്ള, ഒരെയ്യുമുള്ള.

മഹാത്മാം ശബ്ദം സംസ്കൃതത്തിൽ നകാരാന്തമാണു്. മലയാളത്തിൽ 'മഹാത്മാ' എന്ന ശബ്ദരൂപം മൂന്നു ലിംഗങ്ങളിലും ഉപയോഗിക്കാം.

മഹാത്യാഗൻ-ശിവൻ.
മഹാദന്തൻ-ശിവൻ.
മഹാദംഷ്ട്രൻ-ശിവൻ.
മഹാദേവൻ-ശിവൻ. സർവ്വോൽകൃഷ്ടനായ ദേവൻ എന്നർത്ഥം. സൃഷ്ടാദിരൂപമായിരിക്കുന്ന വലിയ ക്രീഡയുള്ളവൻ എന്നുമാവാം.
മഹാദേവി-പാർവ്വതി.
മഹാദൈവം-വലിയ ദൈവം.
മഹാദ്രവ്യം-ഒട്ടകം.
മഹാധന-വി. ക. അധിക സമ്പത്തുള്ള ഉ. വിലയേറിയ.
മഹാധനം-ക. അധികം വിലയുള്ള വസ്തു. ഉ. വളരെ വിലപിടിച്ച വസ്തും. നു. പൊൻ. ർ. കൃഷി.
മഹാധാതു-ശിവൻ.
മഹാനടൻ-ശിവൻ.
മഹാനന്ദാ-മദ്യം.
മഹാനന്ദം-ക. പരമാനന്ദം, മോക്ഷം. ഉ. ഏറ്റവും സന്തോഷം.
മഹാനവമി-കന്നിമാസത്തിൽ സരസ്വതിയെ സേവിക്കുന്ന ഒരു ദിവസം.
മഹാനസം-ക. അടുക്കള, മടപ്പുരി, അരി, കറി സാമഗ്രികളും ഉള്ളതു് എന്നർത്ഥം.

'അനുകമ്പയേതിരുവുമാനസേ-എനി
ക്കനുമതിതരുകമഹാനസേ'
(നളചരിതം കഥകളി)

ഉ. വലുതായ വണ്ടി.
മഹാനാടകം-ഹനുമന്നാടകം.
മഹാനാദൻ-ശിവൻ.
മഹാനാദം-ക. ഒട്ടകം ഉ. ആന നു. സിംഹം.

മഹാനാസൻ-ശിവൻ.

മഹാനിംബം-മലവേപ്പ്.

മഹാനിശ-പ. അർദ്ധരാത്രി. ര. രേവി.

മഹാനീലം-ഒരു രത്നം. ഇന്ദ്രനീലക്കല്ല്. നീലക്കയ്യോന്നി.

മഹാനുഭാവ-വി. ശക്തിയും സമ്പത്തും ഔദാര്യവുമേറും ഉള്ള.

മഹാനുഭാവൻ-പ. മഹാത്മാവ്. ര. ശ്രേഷ്ഠൻ.

മഹാനേതൃൻ-ശിവൻ,

മഹാന്തകൻ-ശിവൻ.

മഹാൻ-പ. വലിയവൻ, പൂജ്യൻ, ശ്രേഷ്ഠൻ. ര. ഒട്ടകത്തെ അഞ്ചു വായുക്കളിൽ ഒന്ന്. ന. പെരുഞ്ചെരന്നല്ല്.

മഹാപഞ്ചവിഷം-അഞ്ചു വലിയ വിഷയങ്ങൾ.

'ശ്രോത്രം ഗീതകാമുകുടശ്ച
മുസ്തകോവത്സനാഭകഃ
ശംഖകർണ്ണീതിയോഗോയം
മഹാപഞ്ചവിഷാഭിധഃ'

മഹാപഥൻ-ശിവൻ

മഹാപദ്മം-പ നവനിധികളിൽ ഒന്ന്. മഹത്വമുള്ളതാകയാൽ അത്ഥംത്ഥിക ളാൽ സേവിക്കപ്പെടുന്നത് എന്നർത്ഥം. ര. ഒരു വലിയതുക.

മഹാപദ്മൻ-പ. നാരദൻ. ര. ഒരു ദിഗ്ഗജം. ന. നന്ദൻ. ത കുബേരന്റെ ആശ്രിതനായ ഒരു കിന്നരൻ. ഇ അഷ്ടനാഗങ്ങളിൽ ഒന്ന്.

മഹാപാതകം-വലിയ പാപം, ബ്രഹ്മഹത്യ മുതലായ മഹാപാപങ്ങളും അത്തിനും ക്രൂരതയുള്ള പേർ.

മഹാപാതകി-മഹാപാതകമുള്ളവൻ.

മഹാപാശുപതൻ-ശിവൻ.

മഹാപുരാണങ്ങൾ-വിഷ്ണുപുരാണവും ഭാഗവതപുരാണവും.

മഹാപ്രസ്ഥം-ഒട്ടകം.

മഹാപ്രഭു-പ. ഒരു ദേവകേതൻ. ര. രാജാവ്. ന. ഇന്ദ്രൻ. ത ശിവൻ. ഇ വലിയ പ്രഭു.

മഹാപ്രസ്ഥാനം-പ. വലുതായ യാത്ര. ര. ഭാരതത്തിലെ ഒരുപർവ്വം.

മഹാപ്രളയം-ബ്രഹ്മാവിന്റെ അവസാനത്തിനുശേഷം പ്രളയം.

ഒരു കല്പാവസാനത്തിൽ ലോകങ്ങളും മനുഷ്യർ, ദേവകൾ, ബ്രഹ്മാവ് എന്നിവർ നശിച്ചു പോകുന്ന കാലം. ജഹാനക, ക്ഷിതി, സംഹാരം എന്നപേരുകളും ഉണ്ട്.

മഹാപ്രാണം-(മണിപ്രവാളപ്രകാരം) ഉറപ്പിച്ച് ഉച്ചരിയ്ക്കുന്ന വർണ്ണം.

മഹാഫലാ-വാഴ.

മഹാബലൻ-പ. കാരവ്, ര. ബുദ്ധമഹർഷി.

മഹാബലം-ഇരുമ്പ്.

മഹാബലാ-ഒരുമാതിരി കുറുന്തോട്ടി.

മഹാബലി - ഒരസുരരാജാവ്, ചക്രവർത്തി.

പ്രഹ്ലാദപുത്രനായ വിരോചനന്റെ പുത്രനായി ജനിച്ചു ഒരു ദൈത്യരാജാവായിരുന്ന മഹാബലി. ഇദ്ദേഹം തപസ്സുചെയ്ത് ഇന്ദ്രനെ തോല്പിച്ച് മൂന്നു ലോകത്തിനും രാജാവായി. ദേവകളുടെ സങ്കടം നിമിത്തം വിഷ്ണു ഒരു വാമനൻ (കുട്ടി) ആയി വന്നു മൂന്നടിസ്ഥലം തരിക്ക തരണമെന്നു വഞ്ചനയായി അപേക്ഷിച്ചു. ബലി സമ്മതിച്ചു. അപ്പോൾ വാമനൻ തന്റെ ശരീരം വലുതാക്കി ഒരടി ഭൂമിയിലും, ഒരടി സ്വർഗ്ഗത്തിലും, മൂന്നാമത്തെ അടി ബലിയുടെ തലമേലും വച്ചു ബലിയേയും കുടുംബത്തിനേയും പാതാളത്തിലേക്കു താഴ്ത്തിക്കളഞ്ഞു. മഹാബലി മഹാദേവനും ധർമ്മിഷ്ഠനുമായിരുന്നു.

മഹാബാഹു- വി. നീണ്ടകൈകളുള്ള.

മഹാബിലം-ആകാശം

മഹാംബുകൻ-ശിവൻ.

മഹാഭാഗ-വി. ഭംഗിയും മഹത്വവും മറ്റുമുള്ള.

മഹാഭാഗത-മഹത്വം.

മഹാഭാഗവതം-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

മഹാഭാഗ്യ-വി. വളരെ ഭംഗിയുള്ള.

മഹാഭാരതം-ലോകത്തിലേ തുലോം വലിയകാവ്യം.

മഹാഭാരതത്തിലേ മുഖ്യവിഷയം പാണ്ഡവരും കൌരവരും തമ്മിലുണ്ടായ മഹായുദ്ധമാകുന്നു. മഹാഭാരതത്തിന്റെ കർത്താവ് കൃഷ്ണദ്വൈപായനൻ (വ്യാസൻ) ആണെന്നു പറയുന്നു. അദ്ദേഹം മുമ്പുണ്ടായിരുന്ന കഥകളെ കൂട്ടിച്ചേർക്കുക മാത്രമേ ചെയ്തിട്ടുള്ളൂ എന്നു വിചാരിപ്പാൻ കാരണങ്ങളും കാണുന്നുണ്ട്. നളചരിതം, രാമചരിതം മുതലായ പല കഥകളും ഭഗവൽഗീത, ഹരിവംശം മുതൽ കാവ്യങ്ങളും മഹാഭാരതത്തിൽ അടങ്ങുന്നുണ്ട്. മഹാഭാരതത്തെ വ്യാസൻ സ്വശിഷ്യനായ വൈശമ്പായനനെ പഠിപ്പിക്കയും അദ്ദേഹം ഒരു ദിവസം ജനമേജയരാജാവിന്റെ മുമ്പാകെ പാരയുകയും ചെയ്തു.

ഭാരതത്തിൽ (വ്യാഴത്തുള്ളന്റെ തർജ്ജമയിൽ) അടങ്ങിയിരിക്കുന്ന പർവ്വങ്ങളുടേയും മറ്റും വിവരം.

1. പൌരാണികം — സംഗ്രഹവിവരണം, ഉദങ്കോപാഖ്യാനം, ഭൃഗുകുലവിസ്താരം, ച്യവനോൽഭവം, പരീക്ഷിത്തിന്റെ നിശാപവും, രുരുമുനിയുടെ അല്പായുർദ്ദാനവും വിവാഹവും, സഹസ്രപാദന്റെ ശാപമോചനം

2. ആസ്തികം — അസ്തികോത്ഭവം കഥാസംക്ഷേപം, നാഗശത്രുഭൂതനോല്പത്തി, പാണ്ഡവാദിമഥനകഥാസംക്ഷേപം, അമൃതത്തിന്നായിട്ടു ഗരുഡന്റെ യാത്ര, ഗരുഡനെ തടുക്കേണ്ടതിനായി ദേവകളുടെ സന്നാഹം, ഇന്ദ്രപരാധം, ഗരുഡന്റെ ദേവലോകപ്രാപ്തിയും, സുധാഗ്രഹണവും, സർപ്പങ്ങളുടെ പേരും പ്രകൃതവും മറ്റും, അനന്തന്റെ തപസ്സ്, ശാപഭയം ഒഴിപ്പാൻ ദേഹികളുടെ അഭിപ്രായഭേദം, ശ്രീപരീക്ഷിത്തിനുണ്ടായ ശാപവൃത്താന്തം മുതലായതു്, അസ്തികോത്ഭവവും ജരൽക്കാരുവിന്റെ ഗൃഹസ്ഥാശ്രമനിവൃത്തിയും, സർപ്പസത്രം.

(പൌരാണികവും ആസ്തികവും പരിഭാഷാശ്രുപങ്ങളാക്കിയതു മാത്രമാണ്, മൂലത്തിൽ ഇല്ല.)

3. സംഭവം - സോമവംശരാജോല്പത്തി, വേദവ്യാസോല്പത്തി, പരശുരാമൻ ഒടുക്കിക്കളഞ്ഞ ശേഷം ക്ഷത്രിയ രാജാക്കന്മാർ വീണ്ടും വർദ്ധിച്ചതു്, ദേവാദികളുടെ ഉത്ഭവം, അംശാവതരണം, പൂരുവംശോല്പത്തി, പൂർവ്വരാജോല്പത്തി, ദേവയാനീചരിതം-കചന്റെ മൃതസഞ്ജീവനി വിദ്യാഭ്യാസം, ശർമ്മിഷ്ഠയുടെ ദാസ്യം, ദേവയാനീ പരിണയം, യയാതിയുടെ ശർമ്മിഷ്ഠാപ്രാപ്തി, ജരാനരവിനിമയം, ശാകുന്തളം, ഭരതോല്പത്തി, ശകുന്തളോല്പത്തി, ശകുന്തളാദുഷ്യന്തവിവാഹം-ഗാന്ധർവ്വവിവാഹം, ശകുന്തളയുടെ ഭർത്തൃസമീപത്തിലേക്കുള്ള യാത്ര, ശകുന്തളയുടെ രാജസന്നിധപ്രാപ്തി, ഭരതന്റെ രാജ്യഭരണം,

ശന്തനുവിന്റെ ഉത്ഭവചരിത്രം, ഗംഗാദേവി മനുഷ്യസ്ത്രീയാകേണമെന്നു വസുക്കളുടെ അപേക്ഷ, വസുക്കളുടെ ശാപകാരണവൃത്താന്തം, സത്യവതീപരിണയം, അംബോപാഖ്യാനം, അനുപയന്താശം കണ്ടു സത്യവതിയുടെ ദുഃഖവും ആലോചനയും; ഭീഷ്മപ്രതിജ്ഞ, ധൃതരാഷ്ട്രന്റെ മുതലായവരുടെ ഉല്പത്തി, മാണ്ഡവ്യശാപവും വിദുരോല്പത്തിയും, ധാന്തരാഷ്ട്രോല്പത്തി, പാണ്ഡുപുത്രോല്പത്തി, പാതിവ്രത്യനിഷ്ഠാസ്ഥാപനം, പാണ്ഡുവിന്റെ ചരമഗതി, കൌരവന്മാർക്ക് പാണ്ഡവന്മാരോടുള്ള സ്പർദ്ധാരംഭം, വിദ്യാഭ്യാസവും ശാരദ്വതോല്പത്തിയും, മാരപ്രാജോല്പത്തി, അസ്ത്രാഭ്യാസപരീക്ഷ, ദ്രുപദാക്രമണ, ദ്രൗപദ്യുല്പത്തി, ജതുഗേഹനിർമ്മാണം, കാനനപ്രവേശം, ഹിഡിംബവധവും ഹിഡിംബിസംയോഗവും, ഏകചക്രാവാസവും ബകനിഗ്രഹവും, പാഞ്ചാലീസ്വയംവരാഗമനം, പഞ്ചാലീസ്വയംവരയാത്ര, അംഗാരപർണ്ണോപാഖ്യാനം, സംവരണോദന്തം, വാസിഷ്ഠോപാഖ്യാനം, കല്മാഷപാദചരിതം, ദ്രൗപദീവിവാഹവും ശാന്തിമഹത്വവും, പാഞ്ചാലീസ്വയംവരം, രാജസമുദ്രയവിജയം, കുന്തീവാക്യം, പാഞ്ചാലിയുടെ പൂർവ്വജന്മവൃത്താന്തം, പാഞ്ചാന്ദ്രോപാഖ്യാനം, പഞ്ചേന്ദ്രസമാഗമവിചാരം, ധാർത്തരാഷ്ട്രന്മാരുടെ കുന്നിതം, കൌരവപാണ്ഡവഭേദവും, അർദ്ധരാജ്യാഭിഷേകം, സുന്ദോപസുന്ദോപാഖ്യാനം, അർജ്ജുനന്റെ തീർത്ഥയാത്ര, സുഭദ്രാഹരണം, സുഭദ്രയുടെ സ്ത്രീധനം കൊടുപ്പാൻ രാമകൃഷ്ണാദികളുടെ ആഗമനം, ഖാണ്ഡവദാഹം, മന്ദപാലോപാഖ്യാനം, ശാർങ്ഗകപക്ഷികളുടെ ജാതവേദസ്തുതി, ദേവേന്ദ്രന്റെ ശേഖരസ്തുതി.

(സംഭവപർവ്വത്തിന്റെ മൂലത്തിൽ ആദിപർവ്വം എന്നുപേർ).

4. സഭ — രാജസൂയം, ജരാസന്ധവധം, ദിഗ്വിജയം, വിശ്വരൂപപ്രദർശനം, ശിശുപാലവധം, ദ്യൂതക്രീഡ, ദ്രൗപദീവസ്ത്രാക്ഷേപം, (ഹസ്തിനപുരത്തിലെ രാജസഭയിങ്കൽ വഞ്ചനകൊണ്ടു ദുര്യ്യോധനൻ മുതലായവർ രാജ്യം കൈക്കലാക്കി പാണ്ഡവന്മാരേയും പാഞ്ചാലിയേയും വനത്തിൽ അയക്കുക.)

5. ആരണ്യം — പാണ്ഡവന്മാരുടെ കാനനവാസം, നരോപാഖ്യാനം, കല്യാണകസൗഗന്ധികം; നഹുഷന്റെ ശാപമോക്ഷം, നാഗരാജന്റെ പ്രോക്ഷയാത്ര, രാമായണകഥാനിവേദനം, ഭീമാദികളുടെ മരണവും പുനർജ്ജനനവും (പാണ്ഡവരുടെ വനവാസവും മഹർഷിമാത്രമായുള്ള സന്ദർശനവും — 12 വർഷം).

(ആരണ്യപർവ്വത്തിന്റെ മൂലത്തിൽ വനപർവ്വം എന്നുപേർ).

6. വിരാടം — പാണ്ഡവന്മാരുടെ അജ്ഞാതവാസം, കീചകവധം — (ഒരുവർഷം).

7. ഉദ്യോഗം — (മഹാഭാരതയുദ്ധത്തിനുള്ള ഒരുക്കം) കൌരവപാർത്ഥ

ന്മാരുടെ ശൈവചരണം, യുദ്ധോദ്യമനിരൂപണം, സഞ്ജയപ്രസ്ഥാനം, വിദുരവാക്യം, ശൈവദ്വൈധം, വിശ്വരൂപദർശനം, യുദ്ധോദ്യോഗം.

8. ഭീഷ്മം—ഭീഷ്മർ കൌരവരുടെ സേനാനായകനായിരുന്നു യുദ്ധം നടത്തിയ കഥ. ഇദ്ദേഹം പത്തു ദിവസം യുദ്ധം ചെയ്തു മടങ്ങി.

9. ദ്രോണം—അഭിമന്യുവിന്റെ യുദ്ധവും മരണവും, സൈന്ധവയുദ്ധവ്യാനം, പാഞ്ചാലപ്രതിജ്ഞയും അതുദ്ധേധവും, രാത്രിയുദ്ധവും ഘടോൽക്കച മരണവും, ഭീഷ്മക്ക് ശേഷം ദ്രോണരാണ് സേനാധിപത്യം ഏറ്റത്. രണ്ടുദിവസം കഴിഞ്ഞു മരണം.

10. കർണ്ണം—ത്രിപുരദഹനം - ധാതുസാരഥ്യം. കർണ്ണൻ സേനാപതിയായി മൂന്നു ദിവസം യുദ്ധം നടത്തി. (കർണ്ണന്റെ സേനാധിപത്യം)

11. ശല്യം—ശല്യന്റെ സേനാനായകത്വം, ദുര്യോധനന്റെ മുറിവേൽപ്പ്, യുദ്ധത്തിന് പ്രാപ്തരായി കൌരവരിൽ മൂന്നുപേർ ശേഷിക്കുന്നു.

12. സൌപ്തികം — കൃതപക്ഷത്തിൽ ശേഷിച്ച മൂന്നു നായകന്മാർ കൂടി രാത്രിയിൽ പാണ്ഡവവാസസ്ഥലങ്ങളെ ആക്രമിക്കുന്നു. അവരുടെ മരണത്തോടുകൂടി യുദ്ധം അവസാനിക്കുന്നു.

13. ഐഷീകം—ധൃഷ്ടദ്യുമ്നൻ, പാഞ്ചാലീപുത്രന്മാർ മുതലായവർ മരിച്ചുപോയി എന്ന വൃത്താന്തംകേട്ടു പാഞ്ചാലിയുടെ വിലാപവും മറ്റും.

മൂലത്തിലെ സൌപ്തികപർവ്വത്തെ സൌപ്തികമെന്നും ഐഷീകമെന്നും രണ്ടായി തിരിച്ചിരിക്കയാണ്.

14. സ്ത്രീ—ഗാന്ധാരിയും മറ്റു സ്ത്രീകളും യുദ്ധത്തിൽ വീണുപോയവർക്കുവേണ്ടി വിലപിക്കുന്നു.

15. ശാന്തി—യുധിഷ്ഠിരനെ ആശ്വസിപ്പിക്കുന്നതിനായി ഭീഷ്മർ രാജനീതിയെ കുറിച്ചും മറ്റും പ്രസംഗിക്കുന്നു.

16. ആനുശാസനികം — ഭീഷ്മന്റെ പ്രസംഗം തുടർച്ച, അദ്ദേഹത്തിന്റെ മരണം.


17. അശ്വമേധികം — യുധിഷ്ഠിരന്റെ അശ്വമേധയാഗം കഴിപ്പ്.

18. ആശ്രമവാസം — ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തി മുതലായവർ വനവാസം ചെയ്യുന്നതുള്ള യാത്ര, കാട്ടുതീയിൽപ്പെട്ട മരണം.

19. മൌസലം—എന്നാൽ മുസലത്തെ സംബന്ധിച്ചത് എന്നർത്ഥം. മുസലം=ഉലക്ക ഇരിമ്പുലക്കയുടെ ഉല്പത്തി, ആ ഉലക്ക ഏരകപ്പുല്ലുകളായത്, ആ ഏരകപ്പുല്ലുകൊണ്ടുണ്ടായ യുദ്ധം, ആ യുദ്ധത്തിൽ യാദവന്മാരിൽ അധികം പേരുടേയും നാശം, മുസലായുധനായ ബലരാമന്റേയും ഇരുമ്പുലക്കയിൽ ശേഷിച്ച കഷണംകൊണ്ടുണ്ടാക്കിയ അസ്ത്രംകൊണ്ടു ശ്രീകൃഷ്ണന്റേയും പരഗതി, ദ്വാരകസമുദ്രാക്രമണത്തിൽ നശിക്കുന്നത്.

20. പ്രസ്ഥാനം — യുധിഷ്ഠിര ചക്രവർത്തി സിംഹാസനത്യാഗം ചെയ്തിട്ട് ദ്രൌപതിയോടും സഹോദരന്മാരോടും കൂടെ ഇന്ദ്രസ്വർഗ്ഗത്തിലേക്കുള്ള യാത്ര.

21. സ്വർഗ്ഗാരോഹണം — യുധിഷ്ഠിരനും സഹോദരന്മാരും ദ്രൌപദിയും സ്വർഗ്ഗാരോഹണം ചെയ്യുക.



മഹാഭാരതംമൂലം.

നമ്പർ	പർവ്വത്തിന്റെ പേർ	അദ്ധ്യായങ്ങളുടെ എണ്ണം	ശ്ലോകത്തിന്റെ എണ്ണം
1	ആദിപർവം	228	8948
2	സഭാ	72	4511
3	വനപർവം	269	10664
4	വിരാടം	67	3500
5	ഉദ്യോഗം	126	6938
6	ഭീഷ്മം	118	7884
7	ദ്രോണം	174	10909
8	കർണ്ണം	69	4900
9	ശല്യം	59	3220
10	സൗപ്തികം	18	870
11	സ്ത്രീ	27	775
12	ശാന്തി	329	14525
13	ആനുശാസനികം	236	12000
14	ആശ്വമേധികം	132	4420
15	ആശ്രമവാസികം	40	1906
16	മൌസലം	8	200
17	മഹാപ്രസ്ഥാനം	2	32
18	സ്വർഗ്ഗാരോഹണം	5	200

ഇതിൽ ഒരു 'ഗ്രന്ഥം' എന്നതു് ഒരു അനുഷ്ടുപ് ശ്ലോകമാണു്. എഴുത്തച്ഛന്റെ ഭാരതത്തിൽ 22500 ശീലുകളും വരികളും മാത്രമേ ഉള്ളൂ ഇതു നോക്കുമ്പോൾ മൂലഗ്രന്ഥത്തിന്റെ ഒൻപതിലൊരംശമായുള്ള എഴുത്തച്ഛന്റെ കൃതി. ഭീഷ്മം, ദ്രോണം, കർണ്ണം, ശല്യം, സൗപ്തികം ഈ പർവങ്ങളിലായി മഹാഭാരതയുദ്ധം വർണ്ണിക്കപ്പെട്ടിരിക്കുന്നു. ലോകമഹാകാവ്യങ്ങളിൽ ഏറ്റവും വലുതാണു മഹാഭാരതംമൂലം. ഇതിൽ ലക്ഷത്തി ഇരുപതിനായിരം ശ്ലോകങ്ങളും അടങ്ങിയിട്ടുണ്ടു്.

'പർവ്വം മൂവാറതിൽ
ഗ്രന്ഥവും നൂറായിരം
ഭിവ്യവുമഷ്ടാംശവുമ
ണ്ടൊരുപതിനായിരം'

മഹാഭാഷ്യം-പതഞ്ജലിയുടെ പ്രധാന ഗ്രന്ഥം.

കാത്യായനൻ പാണിനിയുടെ വ്യാകരണത്തിൽ ചില സംശതികളേ ആക്ഷേപിച്ചതിന് ഒരു സമാധാനമായിട്ടാണ് പതഞ്ജലി ഭാഷ്യത്തെ എഴുതിയതു്.

മഹാഭിഷക്ക് – ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവു്.

ഈ രാജാവു് ശംഭയേ മോഹിക്കയാൽ മർത്ത്യനായി പിറക്കുക എന്നു ബ്രഹ്മാവു ശപിച്ചു. അതിനാൽ ഭൂമിയിൽ ജനിക്കയുണ്ടായി. ഇദ്ദേഹമത്രേ ശന്തനു.

മഹാഭുജ-വി. മഹാബാഹു.

മഹാഭോഗ-ദേവി.

മഹാമഖവേല-മാമാങ്കം.

എല്ലാ 12 വർഷങ്ങൾക്കും 28 ദിവസം കേരളത്തിൽ നടത്തുന്ന ഒരു വിശേഷം.

മഹാമണി-ശിവൻ.

മഹാമതി-വി. ബുദ്ധി അധികമുള്ള.

മഹാമനസ്കത(ത്വം) – ഉദാരബുദ്ധിയോടുകൂടിയ സ്ഥിതി, അല്പബുദ്ധിയില്ലായ്മ, അറിഞ്ഞതിനെ നല്ലവണ്ണം മനസ്സിൽ ഉറപ്പിക്കുന്ന ശീലം, വിശാല മനസ്ഥിതി; ക്ഷമയെക്കാൾ ഉൽകൃഷ്ടതരമായ ആത്മസംയമനസമ്പ്രദായം.

മഹാമനസ്കൻ– ഉദാരബുദ്ധിയോടുകൂടിയവൻ.

പഞ്ചായങ്ങൾ–മഹേശ്വരൻ, മഹാശയൻ മഹാഭിലാഷകന്റെ പേർ എന്നും പക്ഷമുണ്ട്.

മഹാമനസ്സ്–വി. മഹാമതി.

മഹാമാത്രൻ–പ്ര. പ്രധാനൻ. ഉ. ധനവാൻ. ന. രാജസഹായജനങ്ങളിൽ പ്രാധാന്യമുള്ളവൻ.

ഭൃത്യം മുതലായ ചില ഉദ്യോഗസ്ഥന്മാർക്ക് മഹാമാത്രന്മാർ എന്ന പേരുള്ള പ്രകാരം കാണുന്നു.

മഹാമായ–പ്ര. ദുർഗ്ഗാ, പാർവ്വതി, ഉ. ലക്ഷ്മി. ന. ലോകമായ.

മഹാമായൻ–ശിവൻ.

മഹാമാരി–പ്ര. ദുർഗ്ഗാ, ദേവി. ഉ. നീർക്കുമ്പു എന്ന മീനം. ന. പകരുന്ന വ്യാധി.

മഹാമാലൻ–ശിവൻ.

മഹാമാംസം–നരമാംസം.

മഹാമുനി–മഹർഷി. (പ്ര. വ്യാസൻ. ഉ. ബുദ്ധൻ. ന. അഗസ്ത്യൻ).

മഹാമൂല്യം–മാണിക്യം.

മഹാമൃഗം–ആന.

മഹാമൃത്യു–ശിവൻ.

മഹാമേദാ–ഒരുവക കിഴങ്ങ്.

മഹാമേധൻ–ശിവൻ.

മഹാമേധാ–ദേവി.

മഹാമേരു–ഒരു വലിയ പർവ്വതം.

'ഇതിന്റെ നടുവ് ലക്ഷംയോജനം മഹാമേരു* വതിന്റെറയുയരമോയോജന നൂറായിരം* മകളിൽ മുപ്പത്തീരായിരം യോജനവഴി* സുഖാസനമവൃത്തമായിരിപ്പോന്നതാനും* നീളത്തിൽ പതിനാറായിരംയോജനവഴി* മേളത്തിൽ കഴിനാട്ടണ്ടായിരം മറ്റതെല്ലാം*'

(ഭാഗവതം)

പഞ്ചയോജനം-മേരു, സുമേരു, ഹേമാദ്രി, രത്നസാനു, സുരാലയം, കർണ്ണികാചലം, അമരാദ്രി, ദേവപർവ്വതം, കനകാചലം.

ലോകത്തിന്റെ മദ്ധ്യത്തിലുള്ള പർവ്വതമാണ്. ഇന്ദ്രസഭയും ഇതിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

പൊന്നും രത്നങ്ങളും കൊണ്ടു നിർമ്മിക്കപ്പെട്ടതാകുന്നു.

മഹാമോഹാ-ദേവി.

മഹായജ്ഞം-വലിയ യാഗം. ഒരു ഗൃഹസ്ഥൻ ദിനംപ്രതി ചെയ്യേണ്ടുന്ന അഞ്ചു കർമ്മവിശേഷപ്രവൃത്തികളും (പഞ്ചമഹായജ്ഞം എന്നതു നോക്കുക.

'അദ്ധ്യാപനംബ്രഹ്മയജ്ഞഃ
പിതൃയജ്ഞസ്തർപ്പണം,
ഹോമോദൈവോബലിർഭൂതോ-
നൃ യജ്ഞോതിഥിപൂജനം'.

മഹായശസ്സ്-ജൈനന്മാരിൽ ഒരാളുടെ പ്രധാനി.

മഹായുഗം-കൃത, ത്രേത, ദ്വാപര, കലി ഈ നാലുയുഗവും ചേർന്നതു. (കല്പം എന്ന ശബ്ദം നോക്കുക).

മഹായുധൻ-ശിവൻ.

മഹായോഗി-പ. യോഗശാസ്ത്രം പഠിച്ചു ശീലിച്ചവൻ. ഉ. ശിവകേതനായ ഒരു മുനി. ന. ശിവൻ. ര. കോഴി.

മഹാരജതം-സ്വർണ്ണം.

മഹാരജനം-പ. ഒരു പുഷ്പം, കുസുമം, ചപ്പങ്ങം. വസ്ത്രത്തിൽ ചായം പിഴിയുന്നതിനാൽ ഈ പേർ വന്നു. ഉ. സ്വർണ്ണം. വെള്ളിയെക്കാളും ശ്രേഷ്ഠമായുള്ളതു എന്നർത്ഥം.

മഹാരണ്യം-കൊടുങ്കാട്ട്.

മഹാരഥം-വലിയ തേര്.

മഹാരഥൻ-മഹാരാജാക്കന്മാരുടെ ഇടയിൽ ഒരു വലിയ സ്ഥാനമാനം സിദ്ധിച്ച രാജാവു. പ. വലിയ യോദ്ധാവും അസ്ത്രശസ്ത്രപ്രവീണനായി പതിനായിരം വില്ലാളികളോടു തനിയെനായി എതിർത്തുനിന്നു കൊന്നവനും. തന്നേയും സാരഥിയേയും കുതിരകളേയും രക്ഷിച്ചുകൊണ്ടു യുദ്ധംചെയ്യുന്നവൻ 'മഹാരഥൻ' എന്നു പക്ഷാന്തരമുണ്ട്. മഹാരഥനേക്കാളും പത്തുമടങ്ങു ഗുണമുള്ളവൻ 'അതിരഥൻ'.

"ഏകോഽപി സഹസ്രാണി
യോധയേദ്യസ്തു ധന്വിനാം
ശസ്ത്രശാസ്ത്രപ്രവീണശ്ച
മഹാരഥ ഇതിസ്മൃതഃ"

'ആത്മാനംസാരഥിംചാശ്വാൻ,
രക്ഷൻ യുദ്ധ്യതയോ നരഃ
സമഹാരഥ സംജ്ഞസ്സ്യാ
ദിത്യാഹുന്നീതികോവിദാഃ'

മഹാരാജൻ-രാജരാജൻ.

മഹാരാജികന്മാർ- ഗണദേവതമാരിൽ ഒരുകൂട്ടം കന്നിച്ചു സഞ്ചരിക്കുന്ന ദേവന്മാർ എന്നർത്ഥം.

(മഹാരാജികന്മാർ-220).

മഹാരാജ്ഞി-ദേവി, രാണി.

മഹാരാഷ്ട്രം, മറാഷ്ടകം, മറാട്ടി-ഒരു രാജ്യം, ആ ദേശത്തെ ഭാഷ.

മഹാരുദ്രൻ-ശിവൻ.

മഹാരുദ്രൻ-ശിവൻ.

മഹാരോഗം-വാതരോഗം മുതലായവ(8)

'ഉന്മാദോരാജയക്ഷ്മാച
ശ്വാസശ്ചാശോഷ ഏവച
മധുമേഹശ്ചാശ്മരീ ച
തഥാരേമഗേന്ദരേ'

മഹാരൌദ്രി-ദേവി.

മഹാരൌരവം-ഒരു നരകം. രുരുവിന്റെ എന്നു ശബ്ദാർത്ഥം' രുരു പ്രാണിവിശേഷം.

ഈ നരകത്തിൽ വീഴുന്നവർ രുരുക്കൾ അല്ലെങ്കിൽ മഹാരുരുക്കൾ എന്ന പ്രാണികളാൽ കടിക്കപ്പെടുന്നു.

മഹാഘ്വം-ചീവൽപക്ഷി.

മഹാർണ്ണവൻ-ശിവൻ.

മഹാർണ്ണവം-വലിയ സമുദ്രം.

മഹാർഘ-വി. വളരെ വിലമതിക്കത്തക്ക.

മഹാലിംഗൻ-ശിവൻ.

മഹാലോകർ-മഹർജനങ്ങളും, മഹതപോലുള്ള ആളുകളും.

മഹാലോഹം-കാന്തക്കല്ല്.

മഹാവാക്യം-(വ്യാകരണപ്രകാരം) 'സമപ്രധാനങ്ങളായ വാക്യങ്ങളുടെ (ചൂണ്ടികകളുടേയോ സങ്കീർണ്ണകങ്ങളുടേയോ) യോഗംകൊണ്ടുണ്ടാകുന്നതു മഹാവാക്യം.

മഹാവാതം-കൊടുങ്കാറ്റ്.

മഹാവിഭൂതി-ശിവൻ.

മഹാവീരചരിതം-ഭവഭൂതിയുടെ ഒരു നാടകം (രാമായണം കഥ).

മഹാവീരൻ-പ. വിഷ്ണു, ര. ഗരുഡൻ, ന. ഹനുമാൻ, ഭ. ഇന്ദ്രന്റെ വജ്രായുധം, ങ. സിംഹം, ന. വൈരം. ഒ. മഹാവിക്രമൻ.

മഹാവീരം-പ. വൈരം. ര. കയിൽ.

മഹാവീര്യൻ-ശിവനെക്കുറിച്ചായ ഒരു മുനി.

മഹാവ്രതി-ശിവനെക്കുറിച്ചായ ഒരു മുനി.

മഹാശക്തി-ശിവൻ.

മഹാശംഖ്-കുബേരന്റെ നവനിധികളിൽ ഒന്ന്.

മഹാശംഖം-ഒരു വലിയ തുക. ('മഹാപദ്മം' എന്നതു നോക്കുക).

മഹാശയ-വി. വലിയ ആശയമുള്ള.

മഹാശയൻ-പ. അതിബുദ്ധിമാൻ, മഹാമനസ്കൻ, മഹത്തായ അഭിപ്രായത്തോടു കൂടിയവൻ എന്നർത്ഥം. മഹാവിഷ്ണു എന്ന അർത്ഥവും കാണുന്നു. മറെറാരു പര്യായം-മഹോദ്ധി. ര. കടൽ.

മഹാശയം-കടൽ.

മഹാശല്ലം-ചെമ്മീൻ.

മഹാശാഖി-വലിയവൃക്ഷം.

മഹാശുക്തി-മുത്തുച്ചിപ്പി.

മഹാശുഭ്രം-വെള്ളി.

മഹാശുദ്ധി-ഇടച്ചി, ഇടയത്തി.

ഇടയന്റെ ജാതിയിൽ ജനിച്ചുവളരുകയാലും ഇടയന്റെ തൊഴിയായാലും ഈ രൂപംതന്നെ.

മഹാശൃംഗം-കടമാൻ.

മഹാശ്വേത-പ. വെൺമുതക്ക്, പാൽമുതുക്ക്, ര. ദേവി.

മഹാശ്വാഹം-ഒരു വലിയ നീന്ത്.

മഹാശ്രാവണി-നിലത്തു പടരുന്ന ഒരു കഫല്ല ദ്രവ്യം.

മഹാശ്രോണാ-കടൽ.

മഹാശ്വാപദങ്ങൾ-ജന്തുക്കളെ ഭക്ഷിക്കുന്ന സിംഹാദി വലിയ മൃഗങ്ങൾ.

മഹാശ്വാസം-ഒരു രോഗം.

ഹിക്കും നിശ്വാസത്തിലുണ്ടാകുന്നു. മരിച്ചു കാലയേപ്പോലെ സദാ വലിയ ശബ്ദത്തോടു കൂടി ശ്വാസംവിടും. ജ്ഞാനം നശിക്കും. കണ്ണു ഭ്രമിക്കും. മലമൂത്രം.

തടയും. വാക്ക പുറപ്പെടുകയില്ല. ശത്രുസന്നിധാനത്തിൽ ശബ്ദം ദൂരത്ത കേൾക്കും. എടുപ്പും മരിക്കും.

മഹാസത്വൻ-യമൻ.

മഹാസനം - സിംഹാസനം, വലിയ ആസനം.

മഹാസഹ-പ. കാടുഴുന്ന. മഹാരോഗശക്തിയെക്കൂടി സഹിക്കുന്നത് എന്നർത്ഥം. ഉ. വൻകറുഞ്ഞി, വാടംകറുഞ്ഞി. ന. വാടംമല്ലിക. ഭ. പെരുങ്കാണം. (മഹാസഹ എന്നതു കുരുവക കുരുണ്ടകങ്ങളുടെ സാമാന്യമായ പേരെന്നും അഭിപ്രായം കാണുന്നു).

മഹാസാരഥി-അർജ്ജുനൻ.

മഹാസിംഹം-എട്ടടിമാൻ.

മഹാസുരി-ദേവി.

മഹാസേനൻ-പ. സുബ്രഹ്മണ്യൻ. ഉ. വലിയ ദേവസൈന്യത്തിന് നായകൻ.

മഹാസൌഷിരം-ഒരു രോഗം.

പല്ലുകൾ അവയുടെ സ്ഥാനങ്ങളിൽ നിന്നിളകും; അണ്ണാക്കും ഓഷ്ഠങ്ങളും നരങ്ങും. ഈ രോഗമുള്ളവൻ ഒരുരാത്രികൊണ്ടു മരിക്കുമെന്നു ഭോജൻ അഭിപ്രായപ്പെടുന്നു.

മഹാഹസ്തൻ-ശിവൻ.

മഹി-ഭൂമി, പൂജിക്കപ്പെടുന്നത് എന്നർത്ഥം. ഉ. വലിപ്പം. ന. ബുധൻ.

മഹികാ-മഞ്ഞ്. രാഗികളാൽ പൂജിക്കപ്പെടുന്നത് എന്നർത്ഥം. (മിഹികാ എന്നതിന്റെ പാഠമാണ്).

മഹിത-വി. പ. യോഗ്യതയുള്ള. ഉ. വന്ദിക്കപ്പെട്ട, പൂജിത.

മഹിതം-പ. ശിവന്റെ ശൂലം. ഉ. പൂജിക്കപ്പെട്ടത്.

മഹിന്ധകം-പ. എലി. ഉ. കീരി.

മഹിമ-മാഹാത്മ്യം, ശ്രേഷ്ഠത.

മഹിമാവ്-പ. വലിപ്പം, മഹത്വം. ഉ. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്. (ഏതുരൂപമാകിലും വലുതാകാൻ കഴിയുക).

മഹിരൻ-പ. സൂര്യൻ. ഉ. എരിക്ക്.

മഹിഷമർദ്ദിനി-ദുർഗ്ഗ.

മഹിഷരാജൻ-യമൻ.

മഹിഷൻ-ഒരസുരൻ.

മഹിഷാസുരനെ സുബ്രഹ്മണ്യൻ വധിച്ചു. ഈ പേരുള്ള മറ്റൊരസുരനെ ദുർഗ്ഗാദേവിയും കൊന്നിട്ടുണ്ട്.

മഹിഷം-പ. പോത്ത്. യമന്റെ വാഹനം. തടിക്കുന്നത് എന്നർത്ഥം. (കാട്ടുപോത്തിനേറെയും നാട്ടുപോത്തിനേറെയും പേരാണ്). സ്ത്രീ-മഹിഷി.

എരുമയുടെ പാൽ, തൈർ, വെണ്ണ, ചാണകം, മൂത്രം ഇവക്ക് 'മഹിഷപഞ്ചകം' എന്നുപറയുന്നു.

മഹിഷവാഹനൻ-യമൻ.

മഹിഷീ-പ. എരുമ. ഉ. പട്ടംകെട്ടിയ രാജ്ഞി, പട്ടമഹിഷി-പൂജിക്കപ്പെട്ടവൾ എന്നർത്ഥം.

പട്ടാഭിഷേകസമയത്തിങ്കൽ മന്ത്രിമാരോട് കൂടെ സിംഹാസനത്തിലിരുന്നു അഭിഷേകം ഏറ്റ സ്ത്രീക്ക് പട്ടമഹിഷി എന്നുപേർ.

മഹിളാ-പ. സ്ത്രീ. ആഭരിക്കപ്പെടുന്നവൾ എന്നർത്ഥം. ഉ. കാമുകി. ന. ഞാഴൽ.

മഹിളാഹ്വയ-ഞാഴൽ.

മഹീ-പ. ഭൂമി. ഉ. കാമ്പ് എന്നു ഉരുക്കടലിൽ വീഴുന്ന ഒരു നരി. ന. ഒരു രാജ്യം. ഭ. ഒരു വലിയ ദേവസൈന്യം. ര. നിലം, മണ്ണ്.

മഹീക്ഷിത്ത്-രാജാവ്. ഭൂമിയിൽ ഒരു ശയ്യയുള്ളവൻ എന്നർത്ഥം.

മഹീജൻ–പ. നരകാസുരൻ. പ. ചൊവ്വാ എന്ന ഗ്രഹം.

മഹീജം–പ. ഇഞ്ചി. പ. വൃക്ഷം.

മഹീജാ–സീത.

മഹീതലം–ഭൂമി.

മഹീദേവൻ–ബ്രാഹ്മണൻ.

മഹീധരൻ–വിഷ്ണു.

മഹീധരം–പർവ്വതം.

മഹീദ്ധ്രൻ–വിഷ്ണു.

മഹീദ്ധ്രം–പ. പർവ്വതം. ഭൂമിയെ ധരിക്കുന്നത് എന്നർത്ഥം. പ. ഏഴ് എന്ന അങ്കം.

മഹീപതി–രാജാവ്.

മഹീപൻ–രാജാവ്.

മഹീപാലൻ–രാജാവ്.

മഹീപുത്രൻ–പ. ചൊവ്വാ. പ. നരകാസുരൻ.

മഹീപുത്രീ–സീത.

മഹീപ്രാചീരം–കടൽ.

മഹീഭൃത്ത്–രാജാവ്.

മഹീമണ്ഡലം – മണ്ഡലാകാരമായുള്ള ഭൂമി, ഭൂഗോളം.

മഹീമയ–വി. മണ്ണുകൊണ്ടുള്ള.

മഹീയസ്സ്–വി. ഏറ്റവും മഹത്വമുള്ള, വലിപ്പമുള്ള. (പു–മഹീയാൻ, സ്ത്രീ–മഹീയസീ).

മഹീരുഹം–പ. വൃക്ഷം. പ. തേക്കുമരം. ന. മരപ്പൂമി. ഭൂമിയിൽ മുളച്ചുണ്ടാകുന്നത് എന്ന ശബ്ദാർത്ഥം.

മഹീലത–ഞൊഞ്ഞൽ. ഭൂമിയിൽ ഒരു വള്ളിപോലെ നീണ്ടുകിടക്കുന്നത് എന്നർത്ഥം.

മഹീശൻ–രാജാവ്.

മഹീസുതൻ–പ. ചൊവ്വാ. പ. നരകാസുരൻ.

മഹീസുതാ–സീത.

മഹീളാ–സ്ത്രീ.

മഹേഷ്വ–വി. മഹാത്മാവായ.

മഹേച്ഛൻ–മഹാമനസ്സൻ.

മഹേന്ദ്രകദളി–നേന്ത്രവാഴ.

മഹേന്ദ്രജാലം–ഒരു വലിയ വിദ്യ, ഒരു മന്ത്രിരി കൺകെട്ടുവിദ്യ.

മഹേന്ദ്രൻ–ഇന്ദ്രൻ.

മഹേന്ദ്രനഗരി–അമരാവതി.

മഹേന്ദ്രപർവ്വതം–സഹ്യപർവ്വതത്തിന്റെ തെക്കേതലയ്ക്കൽ തിരുവിതാംകൂർ രാജ്യത്തിന്റെ തെക്കേ അതിർക്കൽ ഉള്ള പർവ്വതം.

മഹേന്ദ്രമന്ത്രി–ബൃഹസ്പതി.

മഹേരണ്യാ, മഹേരുണ–മലയിനം, ഈന്ത്. ആനകൾക്ക് സന്തോഷത്തെ ഉണ്ടാക്കുന്നത് എന്നർത്ഥം.

മഹേശൻ–ശിവൻ.

മഹേശബന്ധു–കുവളം.

മഹേശാനി–ദേവി.

മഹേശ്വരൻ–ശിവൻ.

മഹേശ്വരീ–പ. പാർവ്വതി. പ. നല്ല പിച്ചള.

മഹേളാ –സ്ത്രീ. ഉത്സവത്തിന്നിരിപ്പിടം എന്നർത്ഥം. മഹിളാ എന്നതിന്റെ പാഠമാണ്.

'മഹിതതരമഹേളാമധുരിപോ'

(കൃഷ്ണാട്ടം)

മഹേളികാ–സ്ത്രീ.

മഹോക്ഷം–വലിയ കാള.

മഹോത്സവം–വലിയ ഉത്സവം.

മഹോത്സാഹ–വി. ഏറ്റവും ഉത്സാഹമുള്ള.

മഹോത്സാഹം–വലിയ ഉത്സാഹം.

മഹോദധി–കടൽ.

മഹോദയം–പ. ഒരു നഗരം. പ. ഉയർച്ച ന. മോക്ഷം.

മഹോദരൻ-ശിവഭക്തനായ ഒരു മുനി.
മഹോദരം-വയറുവീർക്കുന്ന ഒരുവകരോഗം
മഹോദ്യമ-വി. വലിയ ഉത്സാഹമുള്ള.
മഹോരസ്കൻ-ശിവൻ.
മഹോല്പലം-താമരപ്പൂ, താമര
മഹൌഷധം-പ. ചുക്കു്. ഉ. അതിവിടയം. സ. വെള്ളുള്ളി. ഴ. വത്സനാഭം. ഒ. ഇഞ്ചി. ണ. തിപ്പലി. ഠ. പന്നിക്കിഴങ്ങു്. വ. കടുകരോഹിണി.
മഹൌഷധി-പ. ചുക്കു്. ഉ. ഉള്ളി.
മഹോഷ്ണൻ-ശിവൻ.
മഴ-ആകാശത്തിൽനിന്നും തുള്ളി തുള്ളിയായി വീഴുന്ന വെള്ളം. പര്യായങ്ങൾ-വൃഷ്ടി, വർഷം.
മഴക്കൽ-പ. കഴുകുക. ഉ. വ്യർത്ഥവാക്കു പറഞ്ഞു താമസിപ്പിക്കുക.
മഴക്കാലു് - മഴവെള്ളം പോവാനുള്ള വഴി.
മഴക്കാലം-വർഷകാലം.
മഴക്കാറു്-മഴപെയ്യുന്നതിനുള്ള കറുത്ത മേഘം.
മഴകുന്നു-പ. കഴുകുന്നു. ഉ. വ്യർത്ഥവാക്കു പറഞ്ഞു താമസിപ്പിക്കുന്നു.
മഴക്കോഠം-മഴക്കാർ ഉണ്ടാകുക.
മഴങ്കുരു-ചെറുപുഴു, തേരട്ട. (മലങ്കുരു).
മഴത്താര-ഇടവിടാതെയുള്ള മഴ.
മഴനാഴി-മഴ അളക്കുന്ന ഒരുമാതിരി യന്ത്രം.
മഴമുല്ല-ഒരുവക മുല്ല.
(കണ്ണ്രോഗം, നേത്രരോഗം, വിഷം മുതലായവക്കു നന്നു്. നീണ്ടും ഇരുണ്ടും പൂവുള്ളതായി പല ഇനമുണ്ടു്. നല്ല ഗന്ധം കാണും. സം-വാർഷികി).
മഴൽ-മയൽ, മയങ്ങൽ.
മഴുപ്പു്-മഴക്കൽ.
മഴറുന്നു-പ. മയക്കുന്നു, മയറുന്നു. ഉ. ചുഴറുന്നു. സ. ഭ്രമിപ്പിക്കുന്നു.



മഴു-പ. ഒരുമാതിരി കോടാലി. പര്യായങ്ങൾ-വൃക്ഷഭേദനം, വൃക്ഷഭേദി. ഉ. കല്ലു വെട്ടുന്ന മഴു. സ. രണ്ടുമഴു.
മഴുക്കാർ-കല്ലുശോരിമാർ.
മഴുന്നനേ-മൂച്ചയില്ലാതാക്കുക.
മറ-പ. വേദം. ഉ. ശീലശീല മുതലായതു കൊണ്ടു മറച്ചതു, മറഞ്ഞിരിക്കുന്നതു്, തിര. സ. രഹസ്യം. ഭ. നിഴൽ.
[മറയെടുക്കുക = തുറന്ന സ്പഷ്ടമായി പ്രവർത്തിക്കുക—ശൈലി.]
മറക്കൽ-ഓർമ്മകേടു.
മറക്കലം-ബ്രാഹ്മണന്റെ കലം.
മറക്കാതൽ = പ. വേദാത്മസ്വരൂപി, ഈശ്വരൻ. ഉ. വേദസാരം.
മറക്കാർ-രാജാവിന്റെ ശരീരം കാക്കുന്നവർ.
മറക്കുട-ചില ബ്രാഹ്മണസ്ത്രീകളുടെ കുട.
മറക്കുന്നു-ഓർമ്മയില്ലാതാകുന്നു, ക്ഷമിക്കുന്നു, മനസ്സിൽനിന്നു വിട്ടുകളയുന്നു.
മറക്കുഴി - ചുറ്റും മറച്ചു കെട്ടിയീട്ടുള്ള കുഴി, മറപ്പുര, മലശോധനക്കുള്ള കുഴി.
മറതി-പ. മറവി, ഓർമ്മകേടു്. ഉ. രഹസ്യം.
മറപൊരുൾ-പ. രഹസ്യകാര്യം, തിരിച്ചറിവാൻ പ്രയാസമുള്ള കാര്യം. ഉ. വേദാർത്ഥം. സ. മറഞ്ഞുകിടക്കുന്ന സാരങ്ങൾ.
മറപ്പുര-മറക്കുഴി.
മറം-സമ്മതക്കേടു്.
മറയത്തു്-അ. കാണാത്ത സ്ഥലത്തു്.

മറയത്തോട്ടുന്നു-ആട്ടിക്കളയുന്നു.

മറയവർ; മറയോർ-ബ്രാഹ്മണർ.

മറയുന്നു-ഗ കാണാതെയാകുന്നു. ഉ. ചാകുന്നു. സ. ഒളിച്ചിരിക്കുന്നു. (സംക്രി.-മരയ്ക്കുന്നു.)

മറയ്ക്കുന്നു-ഗ. ഒളിക്കുന്നു, മൂടുന്നു. ഉ. ശവവും മറവും കഴിച്ചിടുന്നു.

മറലി-യമൻ.

മറൽ-ഗ. മറം, മറതി. ഉ. മരണം.

മറവ്-നിഴൽ, മറ, മറച്ചുചെയ്യൽ, ഒളിക്കൽ.

മറവൻ-ദക്ഷിണ ഇൻഡ്യയിലെ പൂവ് നിവാസികളായിരുന്ന ഒരു ജാതിക്കാരൻ.

മറവി-ഓർമ്മക്കേട്, മറതി, മറക്കൽ.

തെക്കൻദിക്കിൽ 'മറവി' എന്നും വടക്കൻദിക്കിൽ 'മറക്കൽ' എന്നും പറഞ്ഞുവരുന്നു.

മറി-ഗ. കൊച്ചുമാൻ. ഉ. കള്ള സ. വഞ്ചന, മറിവ്. ര. ചെറിയജന്തു.

മറികടക്കുന്നു – മീതെക്കൂടെ കയച്ചുകടക്കുന്നു.

മറികടൽ-തിരകൾ അലയ്ക്കുന്ന കടൽ.

മറികണ്ണ്- ചരിഞ്ഞുനോക്കുന്ന കണ്ണ്, കോങ്കണ്ണ്.

മറികണ്ണൻ-ഒരു വശത്തോട്ടു ചരിഞ്ഞു നോക്കുന്നവൻ, കോങ്കണ്ണൻ.

മറിക്കുന്നി-ഒരുമാതിരി ഔഷധം, പൊത്തിക്കീര. (പൊത്തിച്ചീര) പര്യായങ്ങൾ-ഭൃക്ഷശൗണ്ഡാ, ചമശലാന്ത്രീ, ആവേഗീ, വൃദ്ധോദാരകം, ജ്ഞാനം.

വാതം, പീക്കം, വായുമുട്ടൽ മുതലായതിനു നന്ന്. ത-പൊത്തിക്കീരെ.

മറിക്കുന്നു-ഗ. കീഴ്മേലാക്കുന്നു. ഉ. തിരിക്കുന്നു. സ. മാറ്റുന്നു. ര മറിപ്പിലാക്കുന്നു, തകർക്കുന്നു.

മറിച്ചൽ-ഗ. മാറ്റം. ഉ. രഹസ്യം. സ. കഴക്ക്. ര. വഞ്ചന. ങ. തെറ്റ്. ന. തിരിയുക. ഒ. കീഴ്മേലാക്കുക. വ. കരണം മറിക.

മറിച്ചുഴിവ്-ഗ. നീർച്ചുഴി. ഉ. തലമുടിയുടെ ചുഴി. സ. വട്ടം ചുറ്റൽ.

മറിതീർക്ക-ഒരു കെട്ടിടത്തിന്റെ അളവ്. (പരിമിതി) അടയാളപ്പെടുത്തുക.

മറിപ്പ്-ഗ. തടവ്. ഉ. പാടവ്, ഉപദ്രവം.

മറിപ്പൻ-പിടലിതുടൻ, ഒരു പക്ഷിനാമ മീനം. (വിഷൂചിക)

മറിപ്പിലാക്കുന്നു-പാടവിലാക്കുന്നു, തടവിലാക്കുന്നു.

മറിമാൻ-ഗ. കഴുത്തുമറിച്ചു പുറകോട്ടു നോക്കുന്ന മാൻ, തിരിഞ്ഞുനോക്കുന്ന മാൻ, കൃഷ്ണമാൻ. (സം-ശംബരം). ഉ. വേഗമുള്ള മാൻ.

മറിമായം-വ്യാജം, ചതിവ്.

മറിയൻ-വിശ്വാസംകെട്ടവൻ.

മറിയം-ക്രിസ്തുദേവന്റെ അമ്മ.

മറിയുന്നു-ഗ. ഉഴറുന്നു. ഉ. തിരിയുന്നു, മടങ്ങുന്നു. സ. വശംതിരിയുന്നു. ര. കരണംമറിയുന്നു. ങ. വീഴുന്നു. ന. മാറുന്നു. ഒ. വിപരീതമാകുന്നു. (മറിക്കുന്നു-സ. ക്രി.)

മറിവ്-ഗ. മറിച്ചൽ, തിരിച്ചൽ. ഉ. വ്യാജം, കപടം. സ. ക്ലേശം

മറിവാതിൽ – ഒരുമാതിരി [illegible] തിൽ, ഇട്ടുകഴിവാതിൽ.

മറു-വി. ഗ. മാറുക [illegible] ന്നതു.

മറു-അ. വീണ്ടും

മറു-പ്ര ശരീരത്തിലുണ്ടാകുന്ന ഒരുമാതിരി കറുത്ത അടയാളം. ഉ. കറ, കാറം. നു. വ്യാജം. ര. വഞ്ചന. ള. കറുപ്പു നിറം.

മറുക്-ശരീരത്തിലുണ്ടാകുന്ന ഒരുമാതിരി കറുത്തതോ ചെമന്നോ ഉള്ള അടയാളം.

മറുകടം-ഒരുത്തന്റെ കടം തീർപ്പാൻ മറ്റൊരുത്തനോടു വാങ്ങിക്കുന്ന കടം.

മറുകടിഞ്ഞൂൽ-രണ്ടാമത്തെ പ്രസവം

മറുകൽ-പരിഭ്രമം.

മറുകര-പ്ര. ആറിന്റേയും മറവും എതിർക്കര. ഉ. അടുത്തദേശം.

മറുകാൽ-പ്ര. മുഴന്. ഉ. കൈത്തോട്ട്.

മറുകുന്നു-പ്ര. പീഡയേൽക്കുന്നു, വേദനപ്പെടുന്നു, വ്യസനിക്കുന്നു.

'മറുകിത്തന്നകിടന്നീടുംനമ്മുടെ'
(രാമായണം ഉത്ത കാണ്ഡം)

ഉ. പരിഭ്രമിക്കുന്നു.

മറുകുടരി-മറുതുടരി, ഒരുതരം വേലിപ്പത്തി. (സം-ബസ്ത്രാന്ത്രി).

മറുകുരുവ്-വസൂരിവന്നു കുളിക്കാറാകുന്നതിനുമുമ്പിൽ കുളിച്ചാൽ പിന്നേയുണ്ടാകുന്ന കുരുവ്.

മറുക്കുട്ടം-മറ്റൊരുത്തക്കുട്ടം.

മറുക്കുട്ടക്കാരൻ-മറ്റൊരുത്തക്കുട്ടം ഏഴുന്ന എഴുത്തുകാരൻ.

മറുകൈ-പ്ര. പ്രതിക്രിയ, ഒന്നിനുപകരം ചെയ്യുന്ന പ്രവൃത്തി. ഉ. പ്രത്യുപകാരം.

മറുക്കാരക്കാ-ഒരുവക കായ്.

മറുക്കുന്നു-പ്ര. വിരോധിക്കുന്നു, തടയുന്നു. ഉ. വിരോധത്തെ അതിക്രമിച്ചു ചെയ്യുന്നു. നു. എതിർക്കുന്നു. ര. നിഷേധിക്കുന്നു. ള. വെറുക്കുന്നു.

മറുചട്ട-പ്ര. മറ്റൊരുചട്ടം. ഉ. മറ്റൊരു പ്രമേയം.

മറുചാല്-പ്ര. രണ്ടാമതു മുഴുക. ഉ. മറ്റൊരു തോട്ട്.

മറുചുവടി-മറ്റൊരുചുവടി, മറ്റൊരുത്തന്റെ ചുവടി.

മറുജന്മം-മറ്റൊരുത്ത ജനനം, പുനർജ്ജന്മം.

മറുജാതി-വേറെ ഒരു ജാതി.

മറുതല-എതിർവശം, ശത്രുപക്ഷം.

മറുതലർ-ശത്രുക്കൾ, മറുപക്ഷക്കാരൻ.

മറുതലിക്ക-എതിർക്ക.

മറുതാക്കോൽ-പ്ര. കള്ളുത്താക്കോൽ. ഉ. വേറെയുള്ള താക്കോൽ.

മറുതായി-ഘോരാകൃതിയിലുള്ള ഒരുതരം പിശാച്.

മറുതാശിങ്കി-ഒരു മരുന്ന്.

മറുതുടരി-മറുകടരി, ഒരുതരം വേലിപ്പത്തി. (സം-ബസ്ത്രാന്ത്രി).

മറുദേശം-അന്യദേശം, മറ്റൊരു ദിക്ക്.

മറുനായ്-പ്ര. ഒരുവക ചെറിയ മൃഗം. ഉ. ഒരുവക പിശാച്.

മറുനാൾ-അടുത്ത ദിവസം.

മറുപക്ഷം-പ്ര. മറ്റൊരു പക്ഷം. ഉ. ശത്രുപക്ഷം.

മറുപടി, മറുവടി-എഴുത്തിന്റെ ഉത്തരമായുള്ള എഴുത്ത്.

മറുപണയം-പണയം തന്നിരിക്കുന്ന വസ്തു പണയംവയ്ക്കുക.

മറുപരുഷം-ചില മരുന്നു സേവിച്ചാൽ അതിന്റെ ഫലം വരുന്നതിനു വേണ്ടി കുറെ ദിവസം കാറ്റും വെയിലും കൊള്ളാതെയും വിരോധപദാർത്ഥങ്ങൾ തൊടാതെയും സൂക്ഷിച്ചിരിക്കുക.

മറുപനി-വീണ്ടും വന്ന പനി.

മറുപലർ-ശത്രുക്കൾ.

മറുപാട്-മറുവശം, മറ്റൊരുപുറം.

മറുപാട്ടം-നിലം പുരയിടങ്ങൾ ഒരുത്തന് ഏഴുതിക്കൊടുത്തു അവൻ അതിനെ വിറ്റു വരുമ്പോൾ മറ്റൊരുത്തന്റെ എഴുതിക്കൊടുക്കുക.

മരുപിരി-ഒരുമാതിരി പിരിയാണി.

മരുപിള്ള-മരുകെട്ടി, പ്രസവിച്ച വീണ പൈതലിന്റെ പൊക്കിൾകൊടിയുടെ അറ്റത്തുള്ള ഒരു മാംസം, മറ്റു, നീളത്തിൽ ഗർഭാശയത്തിനുള്ളിൽ പറ്റിച്ചിട്ടുള്ള പൊങ്ങുപോലെയുള്ള ഒരു സാധനം.

മരുപിള്ള പിറക്കുന്നതു നോവിന്റെ മൂന്നാംസന്ധിയിലാകുന്നു ശിശു പിറന്നാൽ വേനെക്കുടാതെ അല്പം ഇളപ്പു സാധാരണയാണ്. തള്ളക്ക് അധിക സന്തോഷം ഉണ്ടെങ്കിലും തളർച്ച തോന്നുന്നു. അറിവില്ലാത്ത വയറാട്ടികൾ പ്രജ പിറന്നാലുടനെ ഒരുകെ അകത്തു കടത്തി മരുപിള്ളയെ വലിച്ചെടുക്കാറുണ്ട്. ഗർഭാശയത്തിൽ മരുപിള്ളക്കരികേ വലിയ രക്തസിരകൾ ഉണ്ട്. അതു വേഗത്തിൽ വലിച്ചു പാടിച്ചാൽ വൈഷമ്യമായ രക്തസ്രാവം മിക്കപ്പോഴും ഉണ്ടാകുന്നു. ചിലപ്പോൾ ഒട്ടും വെളിയിൽ കാണുന്നില്ല എങ്കിലും ഗർഭപാത്രം നിറഞ്ഞുകിടക്കുന്നു. ഗർഭപാത്രം അകം പുറമാവാനും ഇടയുണ്ട്. മരുപിള്ളയെ ഒരിക്കലും പൊക്കിൾകൊടിയാൽ പിടിച്ചു വലിക്കരുത്. വയറാട്ടി നോവു് ആരംഭിക്കുന്നതുവരെ കാൽ മണിക്കൂറോളം ക്ഷമയോടെ പാർത്തിരിക്കണം. ഗർഭപാത്രം ചുരുങ്ങിവരുമ്പോൾ അതു മരുപിള്ളയെ പാടിക്കുന്നു. ചിലപ്പോൾ അതു മുഴുവനും പുറത്തു പാടുന്നു. എന്നാൽ മിക്കപ്പോഴും ഇരിക്കുള്ള വഴിയുടെ മേൽഭാഗം വരെയുമേ വരികയുള്ളൂ; അന്നേരം മരുപിള്ളയെ കൈകൊണ്ടെടുക്കണം—ഗർഭം ഒരു ചർമ്മത്താൽ വേഷ്ടിതമായിട്ടാണ് കുക്ഷിയിൽ സ്ഥിതിചെയ്യുന്നതു്. അതിനെ മരുപിള്ള എന്നു പറയുന്നു. പിള്ള പുറത്തേക്കു വന്നാൽ ഉടൻ ഈ ചർമ്മകോശവും പുറത്തേക്കു പോരുക പതിവാണ്. അതിനാലത്രേ ഇതിന് 'മരുപിള്ള' അല്ലെങ്കിൽ 'മരുകെട്ടി' എന്നു പേരുണ്ടായതു്.

(പൊക്കിൾ കൊടി മരുപിള്ളയോടു കെട്ടിയെ സംയോജിക്കുന്നു).

മരുപുറം-മറ്റൊരുവശം.

മരുപേരെഴുത്തു-(വ്യാകരണത്തിൽ) നിഷേധ നാമാംശം. ഉ-ം, വരാത്ത, പോകാത്ത ഇത്യാദി.

മരുപൊരുൾ-മറ്റൊരർത്ഥം.

മരുപോരു്-ഒരുത്തന്റെ ബുദ്ധികൊണ്ടു കാണുന്നതിനെ അറിഞ്ഞു അതിന്റെ വികരമായിട്ടു കാണുന്ന ഉപായം.

മരുപ്പു്-ക്രി. വിരോധം, നേരിടുക അതിക്രമിച്ചുചെയ്ക. ഉ. നിഷേധം.

മരുഭാഗം-ക്രി മറുവശം. ഉ. ശത്രുപക്ഷം

മരുഭാഗി-ശത്രു, വിരോധി.

മരുഭാഷ-ക്രി. അന്യഭാഷ ഉ. മറ്റൊരു രൂപം.

മരുമരുന്നു-പ്രത്യൗഷധം, ഒരു മരുന്നു കൊണ്ടുണ്ടായ ദോഷം തീരുന്നതിനു പിന്നെ കൊടുക്കുന്ന മരുന്നു്.

മരുമാസം കഴിഞ്ഞതോ വരുവാനുള്ളതോ ആയ മാസം.

മരുമുടി-ചില സ്ത്രീകൾ തലമുടി പോരാഞ്ഞാൽ വച്ചുകെട്ടുന്ന ചമരി മൃഗത്തിന്റെ വാൽ. (തിരിപ്പൻ).

മരുമുലക്കാരൻ-ചില്ലറക്കച്ചവടക്കാരൻ. ഉ. മറ്റൊരുത്തന്റെ മൂലധനംകൊണ്ടു കച്ചവടം ചെയ്യുന്നവൻ.

മരുമൊഴി-ഉത്തരം.

മരുരാജ്യം-അന്യരാജ്യം.

മരുരൂപം-മറ്റൊരു രൂപം.

മരുവടി-മരുപടി.

മറു്-വി. വേറെ.

മറന്നാൾ-അ. നാളെ കഴിഞ്ഞുവരുന്ന ദിവസം.

മറ്റം-മേച്ചിൽസ്ഥലം, ആറാറരികെയുമ്മറമുള്ള ചില കണ്ടത്തിനു പറയുന്ന ഒരു പേർ.

മറവൻ-മറവ അവൻ. ഒരു കൂട്ടത്തിൻ പിൻപിൽ പറയപ്പെട്ടതല്ലാതെ പിന്നെയുള്ളവൻ.

മറവു-അ. വേറെയും.

മറെ-അ. വേറെയും.

മറ്റത്-അ. ഇതല്ലാഞ്ഞത്.

മറ്റൊരു-വി. വേറൊരു.

മാ.

മാ-പ്ര ലക്ഷ്മി. പ. സമ്പത്ത്.

മാ എന്ന പദത്തിന് ഒരു സ്വരമേയുള്ളൂ. അതിനാൽ ഹ്രസ്വം ഇല്ല. ശ്രീ, ഭൂ ഇത്യാദി കണക്കെ. അന്ത്യസ്വരത്തിന് ഹ്രസ്വം വരുന്നതു ഒന്നിലധികം സ്വരമുള്ള ശബ്ദങ്ങളിലാണ്. 'അനേകാക്ഷരങ്ങളിലന്ത്യം കറുകം.' (കെ. പാ. 355)

കേതന്മാരുടെ കേതിയെ കണക്കാക്കുന്നവൾ എന്നർത്ഥം.

മാ-വി. വലുതായ.

മാ-അ. അരുത്, വേണ്ട, അരുതു.

മാകന്ദം-തേന്മാവ്, മാവ്.

മാകന്ദി-ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകം.

വെള്ളത്തും കറുത്തും രണ്ടുതരമുണ്ട്. കാചിക്കൊടിക്കിഴങ്ങ് എന്നു പറയുന്നുണ്ട്.

മാകലി-ഇന്ദ്രസാരഥിയായ മാതലി.

മാക്കല്ല്-കല്പലക.

മാക്കാവ്-കാട്ടുപൂച്ച.

മാക്കിറി-ചാടുന്ന ഒരുമാതിരി ചെറിയ ജന്തു, തവള.

മാക്കീരക്കല്ല്-ഒരു ഔഷധം, ഒരുവക കല്ല്.

കഫം, അർശ്സ്, പ്ലീഹ, വ്രണം മുതലായവയ്ക്കു നന്ന്. ഇതു സപ്തധാതുക്കളിൻറെ ഉപധാതുവാണ്. ശുക്ലധിയും മരണവും ശരിയാകുംവരെ ഇരിക്കുന്ന മാക്കീരക്കല്ല് അറിയാതെ ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ മതിരക്ഷയം സേവിക്കുക.

മാക്ഷി(ക്ഷീ)കം-പ്ര. തേൻ.

[നിറം നല്ലെണ്ണയുടേതാണ്.]

മാക്ഷികം എന്നതിനു മക്ഷികകളാൽ കൃതം എന്നർത്ഥം. പ. മാക്കീരക്കല്ല്.

മാഗധ-വി. മഗധരാജ്യത്തെസംബന്ധിച്ച

മാഗധൻ-പ്ര. രാജാക്കന്മാരുടെ വംശപരമ്പരയെ പാടി സ്തുതിക്കുന്നവൻ. യാചിക്കുന്നവൻ എന്നർത്ഥം. പ. ക്ഷത്രിയജാതിസ്ത്രീയിൽ വൈശ്യനുണ്ടായ പുത്രൻ.

മാഗധി-പ്ര. കറുമുഴിമുല്ല. മഗധദേശത്തുണ്ടായതു എന്നർത്ഥം. പ. ഒരു ഭാഷ. ന. മഗധരാജാവിൻറെ പുത്രി. ര. മഗധദേശത്തെ രാജസ്ത്രീ. ഭ. തിപ്പലി. ഞ. പന്നിക്കിഴങ്ങ്. ട. പഞ്ചസാര. ഡ. ചിറ്റേലം. ൻ. ഒരു നദി.

മാംഗല്യ(ക)ം-ഒരുവക പയർ.

മാഘൻ-ഒരു പ്രസിദ്ധ കവി.

മാഘം (ശിശുപാലവധം) കാവ്യം ഈ മഹാത്മാവിൻറെ കൃതിയാണ്.

'ഉപമാ കാളിദാസസ്യ
ഭാരവേരർത്ഥഗൌരവം,
ദണ്ഡിനഃ പദലാലിത്യം
മാഘേ സന്തിത്രയോഗുണാഃ'

മാഘപുരാണം-ഒരു പുരാണഗ്രന്ഥം.

മാഘം-പ. മകരമാസത്തിനും കുംഭമാസത്തിനും ക്രുടി പറയുന്ന ഒരു പേർ. പാപം ഇല്ലാത്തതു് എന്നർത്ഥം. ഉ. ശിശുപാലവധം എന്ന കാവ്യം. (മാഘൻ എന്നതു നോക്കുക).

മാഘമാ-രുപൺ ഞണ്ടു്.

മാഘമാസം-മകരമാസം.

മാഘസ്നാനം-കുതുക്കത്തിനുള്ള മാഘമാസത്തിൽ കുളിക്കുന്നതു്.

മാങ്ങാ-മാവിന്റെ കായു്.

മാങ്ങയുടെ മജ്ജയിൽനിന്നെടുക്കുന്നതാണു് മാങ്ങ എണ്ണ.

മാങ്ങാനാറി-ഒരു പച്ചമരുന്നു്.

വാതം, വായുമുട്ടൽ മുതലായതിനു നന്നു്. കറികളിൽ ചേർത്താൽ വാസനയുണ്ടാകും. സം-നഭ്യാഹ്വം.

മാചലം-ചീങ്കണ്ണി, മുതല.

മാചലൻ-പ. വഴിയിൽ നിന്നു പിടിച്ചുപറിക്കുന്നവൻ, കൊള്ളക്കാരൻ, ഉ. കള്ളൻ.

മാചം-വഴി, റോട്ടു്.

മാചിക-മക്ഷിക.

മാചിക്ക-ഒരുങ്ങാടിമരുന്നു്, മായക്കാ.

മാച്ചു്-പ. അഴുക്കു്, ക്ലാവു്.

അപ്പോൾ പ്രസവിച്ച ചില കുഞ്ഞുങ്ങളുടെ ദേഹത്തിൽ പറ്റിയിരിക്കുന്ന സാധനത്തിനും മാച്ചു് എന്നു പറയാറുണ്ടു്. കഴുകിയാൽ പോകും.

ഉ. മറുപിള്ള. നു. പാപം. ർ. കറ. ൽ. വഞ്ചന.

മാച്ചുക-പ. മായുക, തുത്തുകളയുക. ഉ. മറഞ്ഞിരിപ്പു്. നു. മറവി.

മാച്ചാക്കുന്നു-അഴുക്കാക്കുന്നു.

മാച്ചാങ്കുളി-ഒരുമാതിരി കളി.

മാച്ചുവള്ളി-മറുപിള്ളയെ ഗർഭാശയവുമായി ബന്ധിക്കുന്ന ഞരമ്പുകെട്ടു്.

മാജലം-ഒരുവക പക്ഷി.

മാഞ്ചി-ഒരുങ്ങാടിമരുന്നു്, ചടാമാഞ്ചി.

ത്രിദോഷം, വിഷം, കഫം മുതലായവയ്ക്കു നന്നു്. സം-ജടാമാംസി. ര-ചടാമാഞ്ചിൽ.

മാഞ്ചുവി-എരിമക്കള്ളി, ഇലക്കള്ളി.

മാഞ്ഞാലം-കഴഞ്ഞാടിപ്പറയുന്നതു(പ-മ)

മാട്ടു്-പ. കാള, പശു മുതലായതു്. ഉ. പിച്ചുങ്കുത്തിയുടേയും മറവും മൂപ്പിയില്ലാത്ത വശം. നു. പൊങ്ങിയ സ്ഥലം, മല, കുന്നു്. ഉ-ം 'മാടോത്ത മലയാൾ' ർ. കൈയാല, ഇടുട്ടു്.

മാട-കൊമ്പു കീഴ്പ്പോട്ടുള്ള പശു.

മാടനമ്പി-മാടമ്പി.

മാടൻ-പ. മോക്ഷൻ, ഉ. ഒരു ദേവൻ.

മാടപ്രാവു്-ഒരുമാതിരി പ്രാവു്.

മാംസം ചുട്ടുനീറലിനും മറവും നന്നു്. മാടപ്രാവു് എന്നാൽ വീടുകളിൽ വളർത്തുന്നതുകൊണ്ടു. സം-പാരാവതം. ര-മാടപ്പിറാവു്. Domestic Pigeon.

മാടമ്പിത്തി-കൊച്ചീമഹാരാജാവു തിരുമനസ്സിലെ ഒരു പേർ.

മാടഭൂമി-കൊച്ചീരാജ്യം.

മാടം-പ. ചെറിയ വീടു്. ഉ. കാക്കുന്ന പുര. നു. പുലക്കുടി. ർ. മാളിക, തട്ടു്. ൽ. പിച്ചുങ്കത്തിയുടേയും മറവും മൂപ്പിയില്ലാത്ത വശം

മാടമ്പു്-പ. മാടമ്പിയുടെ അധികാരത്തിൽപെട്ട സ്ഥലം, ഉ. രാജ്യഭാഗം, നു. മേലധികാരം.

മാടമ്പി-ഇടപ്രഭു.

മാടമ്പി-ഈഴവരിൽ താണ ഒരു ജാതിക്കാർ.

മാടണി-വി, കണ്ണുപോലെ കട്ടിയും ഉയരവുമുള്ള.

മാട്ട്-മേട്ട്, ൨. കുന്ന്.

മാടിന-വി. പിൻവാങ്ങിയ.

മാടിവിടുക-ക്രി. അടിച്ചുകൂട്ടുക, അടിച്ചു നിത്തുക. ൨. കൈ കൊട്ടി വിളിക്കുക.

മാടുന്ന-ക്രി. കൈ കൊണ്ടു തള്ളുന്ന. ൨. കയ്യുംമെ കോരുന്ന. ൩. കൈകൊട്ടി വിളിക്കുന്ന.

'നരവീരനെമാടിവിളിച്ചും'
(കിരാതം തുള്ളൽ)

മാടോട്ട്-പുരമേയുന്നതിന് മണ്ണുകൊണ്ടുണ്ടാക്കിയ ഒരുമാതിരി സാധനം, ഓട്ട്.

മാട്ട്-ക്ഷുദ്രപ്രയോഗം.

മാട്ടം-ക്രി മൺകോട്ട ൨. മൺചിറ. ൩. കള്ളുകുടം. ൪. കൈകൊണ്ടടിക്കുക. ൫. ചിരയിടുകയും മറവും.

മാട്ടാൻ-കാളയെ തെളിക്കുന്നവൻ.

മാട്ടി-ഒരുതരണം.

കണ്ടലിൽ നിന്നും മുകളിൽ വാളിയിൽ കൊണ്ടു കെട്ടുന്നതാണ്.

മാട്ടുന്ന-ക്രി. ക്ഷുദ്രംചെയ്യുന്ന. ൨. ആമത്തിലിടുന്ന. ൩. കള്ളുകുടപ്പാൻ കുടം തുടങ്ങുന്ന

മാട്ടുബാധ-ക്ഷുദ്രബാധ

മാഠം-റോട്ട്, വഴി.

മാഠാൻ-ക്രി. സൂര്യന്റെ പാർശ്വവത്തികളിൽ ഒരുവൻ.

സൂര്യൻ വളരെ ഭയവുള്ളവനാകകൊണ്ടു രക്ഷസന്മാർക്ക വരം കൊടുത്തതുമേ എന്നു പേടിച്ചു, യമൻ, അഗ്നി, രുദ്രൻ ഇവർ മാഠരൻ, പിംഗളൻ, ദണ്ഡൻ എന്ന പേരുകളോട കൂടിയവരായി സൂര്യന്റെ സമീപത്തിൽ വസിക്കുന്നു.

൨. വൈശ്യൻ. ൩. ബ്രാഹ്മണൻ.

മാഠപത്ന്യം-മാഠപതിയുടെ അവസ്ഥ.

മാഡി-ഇരിയുചട്ട.

മാഡ്ഡി കൊട്ടാരം

മാഡ്ഡി-ക്ര. അങ്കുരം. ൨. തൈരുക്കം. ൩. ഇലമേലുള്ള തൈരു്. ൪. ദുഃഖം, ൫ ദാരിദ്ര്യം. ൬. കോപം. ൭. ഇർട്ടപ്പുല്ല്

മാണം-വാഴക്കിഴങ്ങ്.

മാണവകൻ-ക്ര. ബാലകൻ മന്ത്രവിധിയുടെ ഒരു ചടങ്ങിയ അപരപ്രയോഗം എന്നർത്ഥം. ൨. മൂഢൻ. ൩. വേദം പഠിക്കുന്നവൻ.

മാണവകം-ക്ര. ഇരുപതു മുഴുമുള്ള ഒരു മാല. ബാലനെപ്പോലെ കെഴുകുകളുള്ളതു എന്നർത്ഥം. ൨. ഒരു വൃത്തത്തിന്റെ പേർ.

മാണവൻ-ബാലകൻ, ബ്രഹ്മചാരി, വിദ്യാർത്ഥി.

മാണവം-പതിനാറുചരടുള്ള മാല.

മാണവവീണ—വി. മാണവനെസംബന്ധിച്ച.

മാണവ്യം-ക്ര. മാണവന്മാരുടെ സമൂഹം, ബ്രഹ്മചാരിക്കൂട്ടം. ൨. ബാലത്വം.

മാണാരി-ശൂദ്രരിൽ ഒരിനക്കാർ.

മാണി-ബ്രാഹ്മണബാലന്മാരിൽ ചിലർക്ക പറയുന്ന ഒരു പേർ, ബ്രാഹ്മണക്കുട്ടി.

ഇപ്പോൾ ചിലർ മറവു കുട്ടികളേയും വിളിച്ചുവരുന്നതായി കാണുന്നു.

മാണിക്യം-രത്നവിശേഷം. ജനങ്ങൾ ഇതിനെ 'മണി' എന്നു പറയുന്നതിനാൽ ഈ പേരുണ്ടായി. ചെമപ്പുരത്നം, മാണിക്യക്കല്ല്, മാണിക്യരത്നം.

വാതം, വ്രണം, ക്ഷയം മുതലായവയ്ക്കു നന്ന്. സം-പദ്മരാഗം. ത-കെയുകല്ല്, മാണിക്കം. ഇം-Ruby റൂബി

മാണിബന്ധം, മാണിമന്ഥം-ഇന്ദ്രപ്പു്. മണിമന്ഥപർവ്വതത്തിൽ നിന്നുണ്ടാകുന്നതിനാൽ ഈ പേരുണ്ടായി.

മാണിയൂർനമ്പിടി-600 നായന്മാരുള്ള ചെമ്പഴന്തിയിലെ ഒരു ഇല്ലപ്പേര.

മാണ്ടവൻ-മരിച്ചവൻ.

മാണ്ട-മരിച്ച. (പ-മ.)

മാണ്ഡലിക-വി. മണ്ഡലത്തെ സംബന്ധിച്ച.

മാണ്ഡലികൻ-ഒരു സ്ഥലത്തെ ഭരണാധികാരി.

മാണ്ഡവി-കശ്യപപ്രജാപതിയുടെ പുത്രി, ഭരതന്റെ ഭാര്യ.

മാണ്ഡവ്യൻ-ഒരു ഋഷി, വിഭ്രാന്തനായ ബ്രഹ്മണനായ്ക്കുഷ്ടൻ. (അണിമാണ്ഡവ്യൻ നോക്കുക).

മാൺപ്-ക്ര. മയങ്ങൽ. ക. ഭംഗി, ഒരുമ്പെടുന്നു. [ള്ള്]

'മാൺപാർന്നകാന്തിതൻ കാമ്പായിനിന്ന
(കൃഷ്ണഗാഥ)

ന. കീർത്തി.

മാതു്-ക്ര. പെൺ. ഉ-ം, അല്ലിത്താർമാതു്. ക. മാതവു്.

മാതംഗൻ-ക്ര. ചണ്ഡാലൻ, പറയൻ. മതംഗന്റെ അപത്യം എന്നർത്ഥം. ക. കാട്ടാളൻ, കിരാതൻ.

മാതംഗം-ആന. മതംഗ മഹർഷിയെ സംബന്ധിച്ചത് എന്നർത്ഥം.

മാതാഗദിവാകരൻ-സുപ്രസിദ്ധനായ ഒരു കവി.

മാതാഗലീല-ഒരു പുസ്തകം, ആനപ്പാവു് പഠിക്കുന്നതിനുള്ള ശാസ്ത്രം.

മാതംഗീ-ക്ര ഒരു ദേവി, പാർവതി. ക. പിടിയാന

മാതർവുരുഷൻ-ക്ര. ഭീരു. ക. അമ്മയുടെ അടുക്കൽമാത്രം പുരുഷന്റെ ഭാവം കാണിക്കുന്നവൻ.

മാതരിശ്വാവു്-വായു, കാറ്റ്. ആകാശത്തിൽ വലിക്കുന്നവൻ, അമ്മയുടെ ഗർഭത്തിങ്കൽ വലിക്കുന്നവൻ എന്നർത്ഥം. ഇങ്ങിനെ ശബ്ദാർത്ഥം.

മാതരീശ്വൻ— ഭൂലോകത്തിനുവേണ്ടി ആകാശത്തിൽനിന്നു അഗ്നിയെകൊണ്ടുവന്ന ഋഷി.

മാതർ-സ്ത്രീകളം.

മാതലി-ഇന്ദ്രന്റെ തേരാളി. സൂത കർമ്മങ്ങളിലുള്ള മതങ്ങളെ ഗ്രഹിച്ചുവരുന്നയ മതലൻ എന്നവന്റെ പുത്രൻ എന്നർത്ഥം. (മതങ്ങൾ=സൂതകർമ്മങ്ങൾ. ലാതി=അറിയുന്നവൻ).

മാതളനാരകം, മാതളം-ഒരുമാതിരി നാരകം.

ഇതിലെ കായ്-മാതളനാരങ്ങ-പഴത്തുവാതം, ചുമ, കഫം, വീക്കം, അജീർണ്ണം, അരുചി മുതലായവക്കു നന്ന്. സം-ബീജപൂരം. ത-കുമ്മട്ടിമാതളെ, തൂറിഞ്ഞി നാരത്തം. ഇം-Citron tree സൈട്രൺ ടി.

മാതളനാരങ്ങാ— മാതളനാരകത്തിലെ കായ്.

മാതാ-ക്ര. ഏലിച്ചെവി. ക. ചെറിയ കാട്ടുവെള്ളരി. ന. മാങ്ങി. ര, കറവ വാഴ.

മാതാപിതാക്കന്മാർ— അമ്മയ്ക്കും അച്ഛനും കൂടെയുള്ള പേർ.

മാതാമഹൻ-അമ്മയുടെ അച്ഛൻ, അമ്മയുടെ മുത്തച്ഛൻ.

മാതാമഹി-അമ്മയുടെ അമ്മ.

മാതാ(വു്)-ക്ര. അമ്മ. പൂജിക്കപ്പെട്ടവൾ എന്നർത്ഥം. ക. പാർവതി. ന. രേവതി. ര. ലക്ഷ്മി. ഇ. ഉർവ്വ. ന. ആകാശം. ഒ. പാട്ട. (പുല്ലിംഗം) മന്ത്രം ചെയ്യുന്നവൻ. താരതമ്യവിവേചനം ചെയ്യുന്നവൻ.

മാതിരി-വിധം, തരം, വക, മട്ടു.

മാതു വടക്കേമലയാളത്തിൽ ഇതു സ്ത്രീകൾക്കുള്ള പേരാണ്. അമ്മാളു, കു

ഞ്ഞിക്കുട്ടി; മാതൃ-എന്നീ മൂന്നു പേരുകളും ചില ദിക്കിൽ പുരുഷന്മാർക്കും മറ്റു ചില ദിക്കിൽ സ്ത്രീകൾക്കും ധാരാളം പ്രയോഗിച്ചുവരുന്നുണ്ട്.

മാതൃധാനൻ-ഒരുമാതിരി പാമ്പ്, മരണമണ്ഡലി. (മാതുധാനൻ എന്ന ശബ്ദമാണ് അധികം നടപ്പ്). ചിത്രസർപ്പം, പച്ചരിപ്പാമ്പ്, കൺകൊത്തിപ്പാമ്പ്.

മാതുലൻ-അമ്മാവൻ.

മാതുലപുത്രകം-ഉമ്മത്തിൻകായ്. അമ്മാവന്റെ പുത്രനെപ്പോലെയുള്ളത് എന്നർത്ഥം. പേപ്പട്ടി വിഷത്തെ ജഗത്തെയാകട്ടെ രക്ഷിക്കുന്നതിനാൽ ഈ അർത്ഥം സിദ്ധിച്ചു. മാതുലം എന്ന ചെടിയുടെ കായ് എന്നുമാവാം.

മാതുലം-പ. ഉമ്മത്തം. സാദൃശ്യമില്ലാത്തത് എന്നർത്ഥം. ലക്ഷ്മീദേവിയുടെ സഹോദരൻ എന്നുമാവാം. ഉ. ചെറുകയ്യുന്നെല്ല്. ന. മലംകാര.

മാതുലാനി-പ അമ്മാവന്റെ ഭാര്യ, മാതുലി (അമ്മായി). ഉ. ചെറുകയ്യുന്നെല്ല്. ന. കഞ്ഞാവ്.

മാതുലാഹി-മരണമണ്ഡലി.

മാതുലി-അമ്മാവന്റെ ഭാര്യ.

മാതൃഘ്നം(കം)-വണ്ണാത്തിക്കാക്ക, മാ(തൃ)തൃഘാതകം. ഹിംസിക്കപ്പെടുന്നതും ശോഭിക്കുന്നതും എന്നർത്ഥം. (മാതൃലിംഗം എന്നും ഉണ്ട്).

മാതൃക-വി. മാതാവിനെസംബന്ധിച്ച.

മാതൃക-പ. അമ്മ ഉ. വലുത്തമ്മ. ന. അകാരാദ്യക്ഷരങ്ങൾ. ര. ഒരു ദേവി.

മാതൃകൻ-അമ്മാമൻ.

മാതൃക്രമം-സ്മൃതികാരന്റെ ഏഴു വലുത്തമ്മമാർ

'ബ്രാഹ്മീമാഹേശ്വരീചൈവ
കൗമാരീവൈഷ്ണവീതഥാ,
മാഹേന്ദ്രീചൈവവാരാഹീ
ചാമുണ്ഡാസപ്തമാതരഃ'

എട്ടുപേരുണ്ടെന്ന് ചിലരും പതിനാറുപേരുണ്ടെന്ന് വേറെ ചിലരും അഭിപ്രായപ്പെട്ടുന്നു.

ഈ മാതൃക്കൾ-ഗൗരി, പദ്മാ, ശചി, മേധാ, സാവിത്രി, വിജയാ, ജയ, ദേവസേനാ, സ്വധാ, സ്വാഹാ, ശാന്തി, പുഷ്ടി, ധൃതി, തുഷ്ടി, കുലദേവത, ആത്മദേവതാ.

മാതൃഗുപ്തൻ-ഒരു പ്രസിദ്ധകവിയായ കാശ്മീരരാജാവ്.

കാശ്മീരരാജാവായിരുന്ന 'അപരമാണൻ' മരിച്ചപ്പോൾ വിക്രമാദിത്യൻ തന്റെ രാജധാനിയിലുണ്ടായിരുന്ന മാതൃഗുപ്തനെയാണ് അഭിഷേകം ചെയ്ത് കാശ്മീരത്തിലേക്കയച്ചത്. ഏതു രാജതരംഗിണിയിൽ കാണുന്നു. ഇദ്ദേഹം കാളിദാസൻ തന്നെയായിരിക്കണമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടുന്നു.

മാതൃഘ്നാതകൻ-പ. അമ്മയെ കൊന്നവൻ. ഉ. ഇന്ദ്രൻ.

മാതൃബന്ധുക്കൾ-മാതാവിനെ സംബന്ധിച്ച ബന്ധുക്കൾ.

'മാതുഃപിതുഃസ്വസുഃപുത്രാ
മാതുർമാതുഃസ്വസുഃസുതാഃ,
മാതുർമാതുലപുത്രാശ്ച
വിജ്ഞേയാമാതൃബന്ധവഃ'

മാതൃഷ്വസാവ്-ചിറ്റമ്മ, പേരമ്മ.

മാതൃഷ്വസേയൻ, മാതൃഷ്വസ്രീയൻ-അമ്മയുടെ സഹോദരിയായ ചിറ്റമ്മയുടേയോ പേരമ്മയുടേയോ മകൻ

മാതൃഹത്യ-അമ്മയെക്കൊന്ന പാപം.

മാതൃഹൻ-വി. അമ്മയെകൊന്ന.

മാതൃഹനനം-അമ്മയെ കൊല്ലുക.

മാത്ര-പ. നിമിഷം.

ഒരു ലഘ്വക്ഷരം ഉച്ചരിപ്പാൻ വേണ്ടി വരുന്ന സമയത്തിനു 'മാത്ര' എന്നു

പേർ. അ, ഇ, ഉ എന്നിങ്ങനെയുള്ള ഹ്രസ്വാക്ഷരങ്ങളും തന്നെ ലഘ്വക്ഷരങ്ങളും.

ഉ. അല്പം. ന. അളവ്. ര. കവിതാമാത്ര (ഒരു ലഘുവിനെ ഉച്ചരിപ്പാനുള്ള കാലം). ഋ. ഉപകരണം. ൠ. ക്രമം. ഌ. ഗുളിക. ൡ. സമ്പത്ത്. ൽ. അല്പം ച്ച്. ൾ. കണ്ഡലം. ൾൾ. സൂക്ഷ്മം.

മാത്രക്കോൽ-ഒരുമാതിരി കളിക്കാൻ കയറിയിരുന്നു കളിപ്പാനുള്ള ഒരു യന്ത്രം

മാത്രം-അ. ക്ര. തന്നെ. ഉ. തനിച്ച്. ന. മുഴുവൻ.

മാത്രാവൃത്തം-ഒരു പാദത്തിനു ഇത്രമാത്രയെന്നു നിയമമുള്ള വൃത്തം.

മാത്രാശനം-ഭക്ഷണവസ്തുവിന്റേയും സമയത്തിന്റേയും അവസ്ഥപോലെ ഭക്ഷിക്കുക.

മാത്രാസമകം—മാത്രാവൃത്തങ്ങളിൽ ഒന്ന്.

മാത്സര്യ-വി. മറ്റൊരുത്തന്റെ സൌഖ്യത്തെക്കുറിച്ചു അസൂയയുള്ള.

മാത്സര്യം - മറ്റൊരുത്തന്റെ സൌഖ്യത്തെക്കുറിച്ചുള്ള അസൂയ, വൈരം, മറ്റൊരുത്തൻ നന്നാകുന്നതു കണ്ടാൽ സ്വാമം സഹിച്ചുകൂടായ്ക.

മാത്സികൻ-മീൻ പിടിക്കുന്നവൻ.

മാത്സ്യം-പതിനാറു പുരാണങ്ങളിൽ ഒന്ന്. കല്പാരംഭത്തിൽ മത്സ്യരൂപിയായ മധുസൂദനൻ വേദങ്ങളും നടപ്പിലാക്കുവാൻ നരസിംഹചരിതത്തെ വിശദീകരിച്ചു ഏഴു കല്പങ്ങളിലേ അവസ്ഥ മനുവിനോടു അരുളിച്ചെയ്തതു. ശിവനെ വാഴ്ത്തുന്നു. വിഷ്ണുവിന്റെ അവയവം മേദസ്സ്. താമസപ്രധാനം. ഗ്രന്ഥം 14,000.

മാത്രം-ക്ര. കൊല. ഉ. വഴി, റോട്ട്. ന. കടയുക, കലക്കുക.

മാദന-വി. ക്ര. അഹങ്കാരമുള്ള. ഉ. ലഹരിയുള്ള.

മാദം, മാദനം, മദം-ക്ര. സന്തോഷിക്കുക. ഉ. അഹങ്കാരം. ന. ലഹരി (കിറുക്കം).

മാദകം-ക്ര. മദം ഉണ്ടാക്കുന്നതു, സന്തോഷിപ്പിക്കുന്നതു. ഉ. നത്തു.

മാദനൻ-കാമദേവൻ.

മാദിനി-കഞ്ഞാവു്.

മാദൃക്കുകാർ-എന്നെപ്പോലെയുള്ളവർ.

മാദൃശ-വി. എന്നെപ്പോലെയുള്ള.

മാദ്ര-ഒരു രാജ്യം (ഇപ്പോൾ പഞ്ചാബ്).

മാദ്രി-ക്ര. മദ്ര രാജാവിന്റെ പുത്രി, പാണ്ഡുവിന്റെ രണ്ടാമത്തെ ഭാര്യ, നകുലസഹദേവന്മാരുടെ അമ്മ. ഉ. അതിവിടയം.

മാദ്രേയൻ-മാദ്രിയുടെ പുത്രൻ. സഹദേവൻ അല്ലെങ്കിൽ നകുലൻ.

മാദ്രേശൻ- ശല്യർ, മദ്രരാജാവു് എന്നർത്ഥം.

മാധവ-വി. തേൻകൊണ്ടുണ്ടാക്കിയ.

മാധവകം - ഇരിപ്പവൃക്ഷത്തിന്റെ പൂവിൽനിന്നും ചമച്ച മദ്യം, മദ്യം. (മധുകം-ഇരിപ്പ).

മാധവാദ്രി-മാവു്.

മാധവനിദാനം-ഒരു വൈദ്യഗ്രന്ഥം.

ഇതു മാധവാചാര്യൻ എഴുതിയതാണ്. ഇദ്ദേഹം ക്രി. പി. നൂറാണ്ടിൽ ജീവിച്ചിരുന്നതായി പറയുന്നു. ഇദ്ദേഹത്തെ കുറിച്ചു വൈദ്യന്മാരുടെ ന്യായമാലാവിസ്താരത്തിൽ താഴെ പറയുംപ്രകാരം കാണുന്നു.

'ശ്രുതസമൃതസഭാചാര
പാത്ര കോമാധവോബുധഃ
സ്വാത്മാവ്യാഖ്യായസർവ്വാർത്ഥം
ഭചിജനാർത്ഥംശ്രുതമുദ്ധൃതം'

മാധവൻ-പ. വിഷ്ണു. മായുടെ (ലക്ഷ്മിയുടെ) ധവൻ (ഭർത്താവ്). ൨. കൃഷ്ണൻ. ൩. ഇന്ദ്രൻ. ൪. പരശുരാമൻ. ൫. വസന്തൻ, കാമദേവന്റെ ഇഷ്ടൻ. ൬. ഒരു സുപ്രസിദ്ധകവി.

മാധവം-പ. ഇടവമാസം, വൈശാഖമാസം. പുഷ്പരസമുള്ള കാലം എന്നർത്ഥം. ൨. ഒരു ഋതു, വസന്തകാലം. ൩. തേനിനു തുല്യമായ മധുരം. ൪. ഇരിപ്പ. ൫. കരിമ്പ ചെറുപയറ്.

മാധവാചാര്യൻ - ഒരു വൈഷ്ണവ പണ്ഡിതൻ.

മായനാചാര്യന്റെ പുത്രനും സായനാചാര്യന്റെ സഹോദരനുമാണ്. സർവ്വദർശനസംഗ്രഹം, സംക്ഷേപശങ്കരവിജയം മുതലായവ ഇദ്ദേഹത്തിന്റെ കൃതികളാകുന്നു. സായനാചാര്യനൊന്നിച്ചു ഋഗ്വേദ വ്യാഖ്യാനം നിർമ്മിച്ചു. പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു.

മാധവീ-പ. കരുക്കുത്തി മുല്ല. സമയത്തിൽ (വസന്തത്തിൽ) പൂക്കുന്നത് എന്നർത്ഥം. ൨. കൃഷ്ണന്റെ സോദരി. ൩. ഒരു മദ്യം. ൪. ഒരുമാതിരി ശർക്കര. ൫. ലക്ഷ്മി ൬. വെളുത്ത വഴിയ പിച്ചകം. ൭. ശതകുപ്പ. ൮. തേൻ കൊണ്ടുണ്ടാക്കുന്ന പഞ്ചസാര. ൯. മധുരനാരകം.

മാധവീലതാ-കരുക്കുത്തിമുല്ല.

മാധുകരി-ചില സന്ന്യാസികൾ അഞ്ചു സ്ഥലങ്ങളിൽനിന്നു വാങ്ങിക്കുന്ന ഭിക്ഷ.

മാധുരം-ഒരുമാതിരി മുല്ല.

മാധുര-പ. മദ്യം. ൨. മധുരത.

മാധുര്യം-പ. മധുരത, രുചിയുടേയും സ്വഭാവത്തിന്റേയും ഒരു വിശേഷം. ൨. ഏതവസ്ഥാവിശേഷങ്ങളിലും നിലനിൽക്കുന്നതായ രമണീയത്വം. ൩,

'എല്ലാബ്ജത്തിനരമൃതെയ്യുകറവോ
പായൽപതിഞ്ഞീടിലും
ചൊല്ലാന്നോരഴകല്ലയോപനിമതിൻ-
കങ്കംകറുത്തെങ്കിലും,
മല്ലാക്ഷീമണിയാർക്കുവല്ലുലമളും
ശ്രയിപ്പുശോഭാവഹം
നല്ലാകാരമതിന്നലംകരണമാ-
മെല്ലാപദാർത്ഥങ്ങളും'
(അഭിജ്ഞാനശാകുന്തളം)

൪. കാവ്യഗുണങ്ങളിൽ ഒന്ന്. ൫. നായകന്റെ സാത്വിക ഗുണങ്ങളിൽ ഒന്ന്; അലങ്കാരങ്ങളും ക്രിയാതെയുള്ള രമണീയത്വം. (വിലാസം നോക്കുക.)

മാധുകം-വി. മധുരമുള്ള, മധുരമായി സംസാരിക്കുന്ന. (കൻ, കീ, കം). (ഇതു വാക്കു നോക്കുമാത്രം ചേരും).

മാധുകരം-യാചിതധനം.

മാധ്യ-വി. മദ്യത്തെ സംബന്ധിച്ച.

മാധ്യന്ദിനഭോജനം-മുത്താഴം.

മാധ്യന്ദിനം-പ. ഉച്ചസമയം. ൨. ഉച്ചമലരി.

മാധ്യസ്ഥം-പ. പക്ഷഭേദമില്ലായ്മ. ൨. ഉദാസീനത. ൩. മദ്ധ്യസ്ഥത.

മാധ്യാഹ്നികം-വി. പ. മദ്ധ്യാഹ്നകാലത്തുള്ള. ൨. ഉച്ചയ്ക്കു വേണ്ടുന്ന.

മാധവൻ-വിഷ്ണുമതക്കാരിൽ പ്രധാനി.

മാധവം-വിഷ്ണുമതം.

മാധ്വി-പ. മദ്യം. (തേൻ കൊണ്ടുണ്ടാക്കുന്നത്) ൨. തേനീച്ച.

മാധ്വികൻ-തേൻ ശേഖരിക്കുന്നവൻ.

മാധ്വീകം-ഇരിപ്പപ്പൂവിൽ നിന്നു ചമച്ച മദ്യം.

മാധ്വീകഫലം-ഒരുവക തേങ്ങ.

മാനഗ്രന്ഥി-തെറ്റ.

മാനഭംഗം-അളവുകോൽ.

മാനധാനികാ-വെള്ളരിക്കായ്.

മാനന-മാനിക്കൽ.

മാനനം-ബഹുമാനിക്കയെന്നുള്ളതു്.

മാനനീയ-വി. മാനിക്കത്തക്ക.

മാനൻ-ആമാപ്പർ.

മാനഭംഗാ-മാനനാശം, അപമാനം.

മാനമദം-അഹങ്കാരം, ഡംഭം.

മാനം-ക്ര. കീർത്തി. ഉ. ബഹുമാനം, തന്നെത്താൻ പൂജിക്കുക. ന. ആകാശം. ർ. അളവു്.

സ്വർണ്ണം മുതലായവയെ തൂക്കുകയും, വസ്ത്രാദികളെ അളക്കുകയും (മുഴം വാര മുതലായതു കൊണ്ടുള്ള അളവാണു്) ധാന്യാദികളെ അളക്കുകയും (നാഴി മുതലായതു കൊണ്ടു) ചെയ്യുന്ന ത്രാസ് മുഴക്കോൽ പറ മുതലായതിനു പൊതുവിൽ പറയുന്ന പേരത്രേ 'മാനം'.

ഇ. അഹങ്കാരം. ന്യ. സ്ത്രീകളുടെ ഒരു മാതിരി കോപം.

ഭർത്താവു് അന്യസ്ത്രീയിങ്കൽ അനുരാഗമുള്ളവനായി കണ്ടാൽ അസൂയ നിമിത്തം സ്ത്രീകൾക്കുണ്ടാകുന്ന കോപമത്രേ 'മാനം'.

ഈർഷ്യാകോപം. ഒ. പത്താംരാശി.

മാനംചാടി-ഒരുവക മത്സ്യം.

മാനംപാടി-ഒരുവക പക്ഷി.

മാനവകല്പസൂത്രം- വൈദികാചാരങ്ങളെ സംബന്ധിച്ചുള്ള ഒരു പുസ്തകം. (മനുവിന്റെതാണു്.)

മാനവതീ-ഈർഷ്യാകോപമുള്ള സ്ത്രീ.

മാനവധർമ്മശാസ്ത്രം-മനു ഉണ്ടാക്കിയ ഒരു ധർമ്മശാസ്ത്രഗ്രന്ഥം.

മാനവൻ-മനുഷ്യൻ. മനുവിങ്കൽ നിന്നു ജനിച്ചുവൻ എന്നർത്ഥം.

മാനവർജ്ജിത-വി. മാനമില്ലാത്ത.

മാനവിക്രമൻ- കോഴിക്കോട്ടു രാജാവിന്റെ ഒരു സ്ഥാനപ്പേർ.

മാനവീ-ക്ര. സ്ത്രീ ഉ. മനുവിന്റെഭാര്യ.

മാനവേദൻ-കോഴിക്കോട്ടു ഇളയരാജാവിന്റെ സ്ഥാനപ്പേർ.

മാനശാലി-വി. മാനമുള്ള, ഗർവ്വുള്ള.

മാനസ-വി. മനസ്സിനെ സംബന്ധിച്ച.

മാനസൻ-ക്ര. പരമാത്മാവു്. ഉ. വിഷ്ണു

മാനസപുത്രർ-പ്രജാപതികൾ.

മാനസം-ക്ര. മനസ്സ്. മനനം ചെയ്യുന്നതു് (ആലോചിക്കുന്നതു്) എന്നർത്ഥം. ഉ. ദേവനദി. ന. വലിയ പന്തൽ. ർ. മാനസസരസ്സ്.

മാനസമന്ദിരം-അരയന്നം.

മാനസസരസ്സ്—ഹിമവാനിലുള്ള ഒരു തടാകം.

ആകാശത്തിൽ നിന്നു മഹാമേരുപർവ്വതത്തിന്മേൽ വീണ സമുദ്രം നാലുഭാഗങ്ങളായി ഒഴുകി അരുണോദം, സിതോദം, മഹാഭദ്രം, മാനസം എന്നു നാലു തടാകങ്ങളായി ഭവിച്ചു എന്നു വായുപുരാണം പറയുന്നു. പുരാണം അനുസരിച്ചു ശംശാനദിയുടെ ഉല്പത്തിസ്ഥാനം മാനസസരസ്സാണു്. യഥാർത്ഥത്തിൽ യാതൊരു നദിയും അതിൽ ഉത്ഭവിക്കുന്നില്ല. ഹംസങ്ങളുടെ ജന്മസ്ഥലം എന്നു കാണുന്നു.

മാനസസരോവരം-മാനസസരസ്സ്.

മാനസാന്തരം-ദൈവത്തോടു പശ്ചാത്തപിച്ചു ക്ഷമായാചനം ചെയ്യുന്ന മനഃസ്ഥിതി.

മാനസിക-വി. മനസ്സിനെ സംബന്ധിച്ചുള്ള.

മാനസീ-ക്ര ജിനന്മാരുടെ ഒരു പ്രധാനദേവി. ഉ. ഒന്നാമത്തെ മനുവിന്റെ പുത്രി.

മാനസീവ്യഥാ-മനഃപീഡ.

മാനസോത്തര-ഒരു പർവ്വതം.

ഇതു പുഷ്കരദ്വീപിന്റെ മദ്ധ്യ
യാണ്.

മാനസൌകസ്സ്-അരയന്നം. മാനസം
സരസ്സു ഗൃഹമായിട്ടുള്ളതു് എന്നർത്ഥം.

മാനാതി-പരദ്രോഹത്തുള്ള അലക്കുകാരി.
(സ്ത്രീ-മൈനാത്തി. പു-മൈനാത്തൻ).

മാനായി-മനവിന്റെ ഭാര്യ, മാനവി.

മാനാർത്ഥക-വി. മാനത്തിനു വേണ്ടുന്ന.

മാനി-വി മാനമുള്ള, ഗർവ്വും മറവുമുള്ള.

മാനി-സിംഹം.

മാനികാ-ഫ ഒരുവക അളവു്. ഫ ഒരു
വക ലഹരിയുള്ള മദ്യം.

മാനിക്കുന്നു-ഫ. ബഹുമാനിക്കുന്നു. ഫ.
അഹങ്കരിക്കുന്നു. സ. സ്തുതിക്കുന്നു. ര. അ
ളക്കുന്നു.

മാനിത-വി. ബഹുമാനിക്കപ്പെട്ട.

മാനിതവ്യ-വി. മാനിക്കുവാൻ യോഗ്യ
തയുള്ള.

മാനിനീ-ഫ. സ്ത്രീ. ഫ. പ്രണയകോപമു
ള്ളവളും മാനമുള്ള സ്ത്രീ, ഈർഷ്യയുണ്ടാ
കയാൽ ഭർത്താവിനോടു കോപിച്ചിരിക്കു
ന്ന സ്ത്രീ. (മാനം എന്ന പദത്തിന്റെ
നു-മത്തെ അർത്ഥത്തിന്റെ വിവരണം
നോക്കുക).

മാനുരിങ്ങു-ഒരു തടി വൃക്ഷം.

മാനുഷ-വി. മനുഷ്യനെ സംബന്ധിച്ച.

മാനുഷത്വം-ഫ. മനുഷ്യസ്വഭാവം. ഫ.
പുരുഷത്വം.

മാനുഷധർമ്മങ്ങൾ-(ഫ വിധം). സത്യ
ന്യായം, ബ്രഹ്മചര്യം, ദാനം, യജ്ഞം,
അന്യായവും പിശുക്കും ഇല്ലായ്മ, ദയ,
അഹിംസ, ക്ഷമ, ഇന്ദ്രിയത്വം,
ശൌചം, ദൈവഭക്തി.

മാനുഷൻ-മനുഷ്യൻ. മനുവിന്റെ അ
പത്യം എന്നർത്ഥം.

മാനുഷീ-സ്ത്രീ. മനുഷ്യജാതി സ്ത്രീ. മനു
ഷ്യ ഈ=മാനുഷീ.

മാനുഷീദധി-മുലപ്പാലിൽ നിന്നുണ്ടാക്കു
ന്ന തൈർ.

മാനുഷ്യകം-മനുഷ്യരുടെ കൂട്ടം.

മാനുഷ്യം-മനുഷ്യത്വം, മനുഷ്യനെ സം
ബന്ധിച്ചതു്.

മാനോജ്ഞകം-ഫ. ഭംഗി. ഫ. സ്നേ
ഹം, പ്രേമം.

മാൻ-ഫ. ഒരുമാതിരി മൃഗം.

ഇതിന്റെ നാനാട്ടപേർ—വല്ലപ്പോ
ത്തു്.

(മാൻ മുറുക്കമായിരുന്നാലും ഇരുന്നു
റടി അകലേ നില്ക്കുന്ന മനുഷ്യന്റെ മ
ണം പിടിക്കുന്നു—ശൊരള).

ഫ. അഞ്ചാമത്തെ നക്ഷത്രം. സ. മേനി.

മാന്തൽ-ഫ. നഖംകൊണ്ടു് അള്ളുക. ഫ.
ഒരുവക മീൻ.

മാന്തല-ഫ. മാനിന്റെ തല. ഫ. മക
യിരം.

മാന്തളിർപ്പച്ച-ഒരുമാതിരി പച്ചക്കല്ലു്.

മാന്താമാൻ-ഉചിതമായ ശരീരവും വലിയ
വയറുമുള്ളതും കൊമ്പില്ലാത്തതുമായ ഒ
രുവക മാൻ.

മാംസം—ചുമയ്ക്കും മറവും നന്നു്.
സം—മൃഗമാത്രകം, മുണ്ഡീ.

മാന്തുന്നു-ഫ. നഖംകൊണ്ടു് അള്ളുന്നു. ഫ.
കിളച്ചു തോണ്ടുന്നു.

മാന്ത്രികൻ-മന്ത്രവാദി.

മാന്ദാ-പൈതങ്ങൾക്കുണ്ടാകുന്ന ഒരുജീനം.

മാന്ദസന്നി-പൈതങ്ങൾക്കുണ്ടാകുന്ന ഒ
രുമാതിരി സന്നി.

മാന്ദി-ഗുളികൻ.

മാന്ദ്യം-ഫ. ഏറ്റവും സാവധാനശീലം, ജഡത്വം, ഉ. ഒരുമാതിരി മീനം.

മാന്ധാതാവ് - സൂര്യവംശരാജാവായ യുവനാശ്വന്റെ പുത്രൻ.

'യുവനാശ്വൻ പുത്രനില്ലാതെ വ്യസനിച്ചിരുന്നു. കൃപാലുക്കളായ ചില മുനിമാർ രാജാവിനു പുത്രനുണ്ടാവാനായി ഇഷ്ടി ഒന്നു തുടങ്ങി. അതു നടന്നുവരവേ ഒരു ദിവസം ഇഷ്ടിശാലയിൽവെച്ചു രാത്രിയിൽ രാജാവിനു സഹിക്കാൻ പാടില്ലാത്ത ദാഹമുണ്ടായി. വേദിമദ്ധ്യേ ഒരു കലശത്തിൽ ഇരുന്ന വെള്ളം രാജാവ് എടുത്തു കുടിച്ചു. അതു മന്ത്രപൂതമായ ജലമായിരുന്നു. ഉറങ്ങിക്കിടന്നിരുന്ന മുനിമാർ എണീറ്റു കലശം നോക്കിയപ്പോൾ അതിൽ വെള്ളം ഇല്ലെന്നു കണ്ടു. അന്വേഷിച്ചപ്പോൾ അതു രാജാവ് എടുത്തു കുടിച്ചു എന്ന് അവർ അറിഞ്ഞു. ആ ജലം യുവനാശ്വന്റെ പത്നി കുടിച്ചിരുന്നു എങ്കിൽ അവളിൽ മഹാരാജാവിനു അതിപരാക്രമിയായ പുത്രൻ ഉണ്ടാകുമായിരുന്നു എന്നു അവർ പറഞ്ഞു. യുവനാശ്വൻ ഗർഭം ധരിച്ചു. വഴിയെ അദ്ദേഹത്തിന്റെ വലത്തുവശം വയറു പിളർന്നു ഒരു ആൺകുട്ടി ജനിച്ചു. 'കുട്ടിക്കു ആർ പാലൂട്ടും' എന്നു സന്നിഹിതരായിരുന്ന മുനിമാർ ചോദിച്ചു. 'മാം അയം ധാസ്യതി' എന്നു ഇന്ദ്രൻ പറഞ്ഞു കുട്ടിയുടെ വായ്ക്കകത്തു പ്രദേശിനി (ചൂണ്ടാണി) വിരലിനെ വെച്ചു കൊടുത്തു. ആ വിരൽ കുടിച്ചു 12 ദിവസം കൊണ്ടു 12 വർഷത്തെ വളർച്ച കുട്ടിക്കുണ്ടായി. 'മാം ധാസ്യതി' എന്നു ഇന്ദ്രൻ പറഞ്ഞതിനാൽ കുട്ടിക്കു 'മാന്ധാതാ' എന്ന പേർ ലഭിച്ചു. ഇദ്ദേഹം വലിയ ചക്രവർത്തിയായി ഒരു ഒറ്റദിവസംകൊണ്ടു ലോകം മുഴുവനും ജയിച്ചു കീഴടക്കി. ഒരായിരം അശ്വമേധവും ഒരുനൂറു രാജസൂയവും അദ്ദേഹം കഴിച്ചു. വിപ്രരെ കനകാഭിഷേകത്തിൽ മുക്കി

മാന്ധാതാവിനു മൂന്നു പുത്രന്മാരും അമ്പതു പുത്രിമാരും ഉണ്ടായിരുന്നതായും ഒരിക്കൽ സൗഭരി എന്നു പേരായ ഒരു വൃദ്ധസന്ന്യാസി രാജാവിന്റെ പുത്രിയെ വിവാഹം കഴിക്കണമെന്നു പറഞ്ഞതിൽ മകൾക്കു മനസ്സുണ്ടെങ്കിൽ അതാകാമെന്നു രാജാവു് പറഞ്ഞതായും വൃദ്ധനെ സ്വീകരിക്കുന്നതിൽ സ്ത്രീ വിസമ്മതം കാണിച്ചതിനാൽ സന്ന്യാസി ഒരു നല്ല യുവാവിന്റെ രൂപം ധരിച്ചതായും പുത്രിമാർ എന്നെ എന്നെ എന്നു തർക്കം തുടങ്ങുകയാൽ അദ്ദേഹം എല്ലാവരേയും വേട്ടതായും ക്ലൃപ്തി കാണുന്നു.

മാന്നി-വാഴക്കുലയിൽ ഉണ്ടാകുന്ന അല്ലി.

മാന്നിക്കായ് - വാഴക്കുലയുടെ അറ്റത്തെ ചെറിയ കായ്.

മാന്യ-വി. മാനിക്കപ്പെടത്തക്ക.

മാന്യമാനിതപദം-മാനിക്കേണ്ടവരെ മാനിക്കുന്ന സ്വഭാവം.

മാപത്യൻ-കാമദേവൻ.

മാപനം-ഫ. അളവ്, ഉ. യൂക്ലിഡ്.

മാപൻ(ത്രി)-വിഷ്ണു.

മാപാപം-മഹാപാപം.

'മാപാപം പോക്കുന്നാനെന്നുകേപ്പു'
(കൃഷ്ണഗാഥ)

മാപ്പ്-ഫ ക്ഷമ. ഉ. ഒഴിവ്. ന. പിഴ പൊറുക്കുക. (അറബിഭാഷ).

മാന്മഥ-വി. മന്മഥനെ (കാമനെ) സംബന്ധിച്ച.

മാപ്പിള-ഫ മണവാളൻ. ഉ. അമ്മാവൻ. ന. മരുമകൻ. ര. സിറിയാനിക്കാർ ഒരുകാലത്തു ചില ജാതിക്കാർക്കു പറയുന്ന ഒരു പേർ.

മാ–എന്ന. (സം).

മാമ്പഴം–മാവിന്റെ പഴം, മങ്ങാപ്പഴം.

മാമക–വി. എനിക്കുള്ള.

മാമകൻ–പ. ലുബ്ധൻ. ഉ. അമ്മാവൻ.

മാമഡ്ഡം–കുംഭമാസത്തിൽ കവളത്തോവാവും വ്യാഴവും കൂടുന്ന ദിവസം.

മാമത്തുക്കഠം–ഏകദേശം ആനയുടെ ആകൃതിയുള്ളതും ആനയെക്കാളും വലുതുമായ ഒരുതരം ജന്തു. (ഇപ്പോൾ ഒരിടത്തും കാണുന്നില്ല).

മാമൻ, മാവൻ–അമ്മാവൻ.

മാമയൻ–മായാമയൻ.

മാമരം–പ. വലിയ മരം ഉ. പൂതവൃക്ഷം.

മാമല–വലിയ പർവ്വതം.

മാമറയോൻ – പ. ബ്രാഹ്മണൻ. ഉ. ചന്ദ്രൻ.

മാമാങ്കം–ഒരു മഹോത്സവം

"മലയാളത്തിൽ ടിപ്പുസുൽത്താന്റെ ആക്രമത്തിനു മുമ്പുവരെ തിരുനാവായിൽ പ്പുറത്തു വെച്ചു ചിങ്ങം വ്യാഴകാലങ്ങളിൽ ആഘോഷിച്ചു വന്നിരുന്ന ഒരു മഹോത്സവമാണ് 'മാമാങ്കം' അല്ലെങ്കിൽ 'മാമകം'. മാഘമാസത്തിലേ മകം നക്ഷത്രം ഇതിലെ പ്രധാന ദിവസമാകയാൽ 'മാകമകം' എന്നതു പുതുങ്ങി 'മാമാങ്കം' എന്നു പേർ സിദ്ധിച്ചു. മാഘമാസത്തിലേ മകം സാധാരണ കവളത്തോവു സംബന്ധിച്ചു മാത്രമേ വരികയുള്ളൂ".

'കണ്ടാൽവിധിയില്ലാത്തജനത്തിനു
മാമാങ്കത്തിനുപോയാലുംശരി'

(തുക്കിണീസ്വയംവരം തുള്ളൽ)

മാമുനി–മഹർഷി.

മാമൂൽ–അടിസ്ഥാനമായ ആചാരം (അറബിഭാഷ).

മാംസഗ്രന്ഥി–മാംസത്തിലുണ്ടാകുന്നമുഴ.

മാംസപിണ്ഡം–മാംസത്തിന്റെ ഉരള.

മാംസപുഷ്ടി–മാംസത്തിന്റെ വണ്ണം.

മാംസപേശി–മാംസ ഉണ്ട. Muscle.

മാംസഭോജി–വി. മാംസം ഭക്ഷിക്കുന്ന.

മാംസഭോജ്യകുന്തു്–പരന്തു്.

മാംസം–ഇറച്ചി. ബലകരം എന്നറിയപ്പെടുന്നത് എന്നർത്ഥം. മറ്റു പര്യായങ്ങൾ–പിശിതം, തരസം, പലലം, ക്രവ്യം, ആമിഷം.

മാംസരോഹിണി–ഒരു വൃക്ഷം.

ഇല കൊന്നയിലപോലെ ചെറുതായിരിക്കും.

മാംസള–വി. പ. നല്ല ബലമുള്ള. ഉ. വണ്ണമുള്ള, തടിച്ച, മാംസപുഷ്ടിയുള്ള.

മാംസാശനം–മാംസഭക്ഷണം.

മാംസാശി–വി. മാംസം ഭക്ഷിക്കുന്ന.

മാംസി–മാഞ്ചി. മാംസതുല്യമായ അവയവമുള്ളതു് എന്നർത്ഥം.

മാംസികൻ–പ. മാംസം വിറ്റുപജീവിക്കുന്നവൻ. ഉ. കണിവെച്ചു പക്ഷികളെ പിടിക്കുന്നവൻ. ന. ആട്ടുമാട്ടുകളെ അറക്കുന്നവൻ.

മാംസേക്ഷണകഠം– മാംസമയങ്ങളായി പുറമേ കാണുന്ന കണ്ണുകൾ.

മാംസോഷ്ണം–മലംപുളി.

മാംസോത്തര–വി. മാംസം അധികമായിട്ടുള്ള.

മായ–പ. ചതിവു. ഉ. ലക്ഷ്മി. ന. സൃഷ്ടിപ്പു്. ര. ഗയ എന്ന നഗരം. ള കൺമകട്ടുവിദ്യ. വിശ്വത്തെ അളക്കുന്നതിനാൽ ഈ പേർ വന്നു. ന. മനുഷ്യബുദ്ധി. ഴ. ദോഷം. വ. ക്ഷുദ്രക്കാരി. ൻ. ബുദ്ധന്റെ അമ്മ. മായാദേവി.

മായ—യം മാ സം=യാതൊന്നാ ഇല്ലാത്തതോ അതു 'മായ'.

മായയുടെ രണ്ടു ശക്തികൾ—അവരണം, വിക്ഷേപം.

മായഘോർ-വി. മായഘോരനായ, മായാവിയായ.

മായൻ-പ. ചെപ്പടിക്കാരൻ. ഉ. ഒരസുരൻ. സ. മായാവൻ, മായാമനുഷ്യൻ, ശ്രീനാരായണൻ.

മായം, മായത്തരം-പ. വഞ്ചന, ചതിവ്. ഉ. കൺകെട്ടുവിദ്യ.

മായാവൻ-ശ്രീനാരായണൻ, മായൻ.

മായാകാരൻ-പ. മായയെ പ്രവർത്തിപ്പിക്കുന്നവൻ, ഈശ്വരൻ. ഉ. മായക്കാരൻ, ഇന്ദ്രജാലക്കാരൻ.

മായാക്കു-ഒരങ്ങാടിമരുന്നു, മായക്കു.

അൾസ്സു, ജ്വരം, അതിസാരം മുതലായവയ്ക്കു നന്നു. സം—മായാഫലം. ത—മാമുക്കായു. ഇം-Gall-nut.

മായാതീത-വി. മായയെ കടന്നിട്ടുള്ള, ഈശ്വരതുല്യം ബലിച്ച.

മായാദേവി-ബുദ്ധന്റെ അമ്മ.

മായാദേവീസുതൻ-ബുദ്ധൻ.

മായാമയ-വി. മായാരൂപമുള്ള. (സ്ത്രീ-മായാമയി).

മായാമയൻ-പ. ഈശ്വരൻ. ഉ. മായയിൽ പ്രസിദ്ധനായ മയൻ എന്ന അസുരൻ.

'മയശംബര മാരീച വിഭ്രജ്ജിഹ്വേന്ദ്രജ്ഞുകം മായാവികം എന്ന പ്രസിദ്ധം'.

മായാമോഹം-ഒരുദേവത്തിന്റെ മായകരണത്താൽ ലോകത്തിലുണ്ടാകുന്ന മോഹങ്ങൾ.

മായാവതി, മായാദേവി-ശംബരാസുരന്റെ ഭാര്യ. (കൃഷ്ണപുത്രനായ പ്രദ്യുമ്നൻ കാമദേവന്റെ അവതാരമാണെന്നും മായാവതി രതിയാണെന്നും കഥയുണ്ട്).

മായാവി-പ. കൺകെട്ടുകാരൻ, മായയുള്ളവൻ. ഉ. പൂച്ച. സ. ഒരു അസുരൻ, ദുന്ദുഭിയുടെ ജ്യേഷ്ഠൻ, മയന്റെ പ്രഥമപുത്രൻ.

മായിക-വി. മായയുള്ള.

മായികൻ-പ. മായാവി, മായയേടുക്കുടിയവൻ, സൂത്രശാലി (വേഷം മറന്നതിനും മറവു അറിവുള്ളവൻ). ഉ. കള്ളൻ.

മായു-പ. പിത്തം. ദേഹത്തിന്റെ ഉഷ്ണം യിനെ പ്രക്ഷേപിക്കുന്നത് എന്നർത്ഥം. ഉ. സൂര്യൻ.

മായുന്ന-ഇല്ലാതാകുന്ന, മറയുന്ന, നശിക്കുന്ന. (സ. ക്രി. മായിക്കുന്ന).

മായൂരം-പ. മയിലിന്റെ കൂട്ടം. ഉ. വലിയ കടലാടി. സ. ഒരു നഗരം.

മായൂരകൻ-മയിലിനെ പിടിക്കുന്നവൻ.

മായൂരി-പ. വലിയ കടലാടി. ഉ. അയമോദകം.

മായോൻ-മായയേടുകുടിയവൻ, വിഷ്ണു.

'ചൂഴവേനിറഞ്ഞീടിന മായോനേ'

(സന്താനഗോപാലം[illegible]ന)

മായ്ക്കൽ-ഇല്ലാതാകുക, മറയ്ക്കൽ, നശിപ്പിക്കൽ.

മായ്ച്ചൽ-മായുക.

മാരകൻ-പ. കൊല്ലുന്നവൻ. ഉ. പുളി. സ. കാമൻ.

മാരകം-പ. പരുന്ത്. ഉ. ചായില്യം. സ. മരണം വരുത്തുന്നത്. ര. പകരുന്ന വ്യാധി.

മാരചതുഷ്ടയം-ബൌദ്ധശാസ്ത്രം അനുസരിച്ചുള്ള നാലുവിധം കാമവർഗ്ഗം-സ്കന്ധമാരൻ, ക്ലേശമാരൻ, മൃത്യുമാരൻ, ദേവപുത്രമാരൻ.

മാരജിത്തു്-പ. കാമദേവൻ കാമനെ (കാമക്രോധാദി മനോദോഷങ്ങളെ) ജയിച്ചവൻ എന്നർത്ഥം. ഉ. ബുദ്ധൻ.

മാരണക്രിയ-ആഭിചാരത്തിലുള്ള ഒരു കർമ്മം.

മാരണദേവത-ഒരു കടപ്പെട്ട പിശാചു്.

മാരണം-പ. കൊല്ലുക. ഉ. ഒരുവക യിക്ഷം. ന. ശത്രുവിനെ കൊല്ലുന്നതിനുള്ള ഒരു അഭിചാരക്രിയ. ര. നാശനം.

മാരധനാശ്രി-ഒരു രാഗം.

മാരൻ-കാമദേവൻ. വിരഹികളെ മരിപ്പിക്കുന്നവൻ എന്നർത്ഥം.

ഒരു ശാസ്ത്രപ്രകാരം മാരന്മാർ-ര. സ്കന്ദമാരൻ, ക്ഷേത്രമാരൻ, മൃത്യുമാരൻ, ദേവപുത്രമാരൻ.

മാരബാണം-കാമന്റെ അസ്ത്രം.

മാരം-പ. ഉമ്മത്തു്. ഉ. കാള. ന. കൊല. ര. രാഗം.

മാരമാൽ-കാമവികാരം.

മാരാത്തി-മാരാന്റെ സ്ത്രീ.

മാരാൻ-ക്ഷേത്രങ്ങളിൽ വാദ്യം കൊട്ടുകയും പാടുകയും ചെയ്യുന്ന ഒരു ജാതിക്കാരൻ.

മാരാക്കൻ-മാരാൻ.

മാരാരി-ശിവൻ. മാരന്റെ—കാമദേവന്റെ—ശത്രു എന്നർത്ഥം.

മാരാത്തി-കാമവികാരം.

മാരി-പ. മഴ. ഉ. പകരുന്ന വ്യാധി. ന. ഭൂമി. ര. ആപത്തു്, നാശം.

മാരികാ-പകരുന്ന വ്യാധി.

മാരിത-വി. കൊല്ലപ്പെട്ട.

മാരിഷൻ-പ. നാട്യത്തിൽ രണ്ടാമത്തെ പ്രധാന നടൻ. ഉ. ആര്യൻ, മാന്യൻ. (മരിഷൻ, മഷകൻ ഇങ്ങിനെയുമാവാം)

മാരിഷാ-പ്രംലോചാ എന്ന അപ്സരസ്ത്രീയിൽ കണ്ഡുമഹർഷിയുടെ പുത്രി, ദക്ഷന്റെ അമ്മ. (പ്രംലോചാ എന്നതു നോക്കുക).

മാരീചൻ-പ. ഒരു രാക്ഷസൻ.

രാവണന്റെ അമ്മാവൻ. സീതയെ ചതിപ്പാൻ രാവണൻ അയച്ചതനുസരിച്ചു പൊന്മാനായി പോയി രാമനാൽ ഹതനായി. താടകയിൽ സുന്ദോപസുന്ദന്മാരായ പുത്രന്മാർ.

(മലയം എന്ന ശബ്ദം നോക്കുക).

ഉ. കശ്യപപ്രജാപതി. ന. വലിയ ആന.

മാരീചി-ശാക്യമുനിയുടെ അമ്മ.

മാരുണ്ഡം-പ. സപ്തത്തിന്റെ മുട്ട. ഉ. ചാണകം. ന. വഴി, റോട്ടു്.

മാരുതൻ-വായു മരിപ്പിക്കുന്നവൻ എന്നർത്ഥം. വായു വലിച്ചാലും, ഇല്ലായ്മയാലും ജനങ്ങൾ മരിച്ചുപോകുന്നതിനാൽ ഈ പേർ ഉണ്ടായി.

മാരുതാശനം-പ. പാമ്പു്. ഉ. വായുഭക്ഷണം.

മാരുതം-തുമ്പിരക്കു.

മാരുതി-പ. ഹനുമാൻ. ഉ. ഭീമൻ.

മാർക്കണ്ഡൻ, മാർക്കണ്ഡേയൻ-ഒരു മഹർഷി, മൃകണ്ഡന്റെ പുത്രൻ. മാർക്കണ്ഡേയ പുരാണത്തിന്റെ കർത്താവു്. വളരെക്കാലം ജീവിച്ചിരുന്നതിനാൽ 'ദീർഘായുസ്സു്' എന്നും വിളിക്കുന്നു.

മാർക്കണ്ഡികാ-നിലത്തു പടരുന്ന ഒരു തരം വള്ളി.

മാർക്കണ്ഡേയം-പതിനെട്ടു പുരാണങ്ങളിൽ ഒന്നു്. പക്ഷികളെപ്പറ്റി ജൈമിനി ചോദിച്ചപ്പോൾ ധർമ്മചാരികളായ മുനിമാരാൽ പ്രതിപാദിക്കപ്പെട്ട ധർമ്മധർമ്മങ്ങളും മാർക്കണ്ഡേയൻ പറഞ്ഞതു്.

ബ്രഹ്മാവിനെ പുകഴ്ത്തുന്നു. വിഷ്ണുവിന്റെ അവയവം വലത്തുകാൽ. രാജസപുരാണപ്രധാനം. ഗ്രന്ഥം 9,000.

മാർദ്ദവം-കഠിനമില്ലായ്മ, കയ്യന്യം, കരുപ്പുണ്ടാക്കുന്നതിൽ (നര വരാതിരിക്കുന്നതിൽ) പ്രസിദ്ധമായിട്ടുള്ളതു് എന്നർത്ഥം

മാർഗ്ഗകല്പാനം-മഹമ്മദീയരുടെ ചേലാകർമ്മം എന്ന ക്ഷൗരകർമ്മം സംബന്ധിച്ച അടിയന്തരം.

മാർഗ്ഗക്കാരൻ-മാർഗ്ഗത്തിൽ അനുസരിച്ചു നടക്കുന്നവൻ.

മാർഗ്ഗണ-വി. ഭിക്ഷ യാചിക്കുന്ന. (സ്ത്രീ-മാർഗ്ഗണി).

മാർഗ്ഗണ(ക)ൻ-ഇരക്കുന്നവൻ.

മാർഗ്ഗണം-ഫ. അന്വേ. അന്വേഷിക്കുന്നതു് എന്നർത്ഥം. ര. അന്വേഷണം. ന. സ്നേഹം. ഭ. യാചന.

മാർഗ്ഗപ്പെടുത്തുന്നു-ചൊവ്വേ നടത്തുന്നു.

മാർഗ്ഗഭ്രംശം-മാർഗ്ഗംപോകുക, വഴിയിൽ വീഴുക.

മാർഗ്ഗം-ഫ. വഴി. ജനങ്ങളും പദാർത്ഥങ്ങളെ ഇതിൽ അന്വേഷിക്കുന്നതിനാൽ ഈ പേർ വന്നു. ര. അന്വേഷണം. ന. ധനുമാസം, മാർഗ്ഗശീർഷമാസം. ഭ. മഴുവു. ങ. മതം.

മാർഗ്ഗംകളി-സൂര്യനിക്കുരുടെ ഇടയിൽ കല്യാണത്തിനും മറ്റും കളിക്കുന്ന ഒരു മാതിരി കളി.

മാർഗ്ഗമാക്കുക-ക്രമപ്പെടുത്തുക.

മാർഗ്ഗവിരോധം-ഫ. മാർഗ്ഗത്തെ തടയുക, വഴിയടയ്ക്കുക. ര. മതവിരോധം.

മാർഗ്ഗശീർഷം-ഫ. ധനുമാസം, മാർഗ്ഗശീർഷമാസം, മാർഗ്ഗശീർഷം (മകയിരം) നക്ഷത്രത്തോടു കൂടിയ (പൂർണ്ണിമാ) വെളുത്തവാവുള്ള മാസം. ര. മകയിരം നക്ഷത്രം.

മാർജ്ജിത, മൃഗിത-വി. അന്വേഷിക്കപ്പെട്ട, തേടപ്പെട്ട.

മാർജ്ജനാ-ഫ. ചെണ്ടയുടെ ശബ്ദം. ര. ശുദ്ധിയാക്കൽ.

മാർജ്ജനാ, മൃജാ-മേൽ തോലും മറവും ശരീരം ശുദ്ധിവരുത്തുക.

മാർജ്ജനം-ഫ. ശുദ്ധിയാക്കുക, വെടിപ്പാക്കുക. ര. ഒരു പച്ചമരുന്നു്, ചെമന്ന പാച്ചോറി. ശുദ്ധിയെ ചെയ്യുന്നതു് എന്നർത്ഥം.

മാർജ്ജനി-ചൂൽ

മാർജ്ജാരകണ്ണം-മയിൽ

'രുദസതുണ്ഡീരമാർജ്ജാരകണ്ണ'

(മയൂരസന്ദേശം)

മാർജ്ജാര-ഫ. പൂച്ച. എലിയെ ഓടിച്ചു വനം ശുദ്ധിവരുത്തുന്നവൻ എന്നർത്ഥം. ര. ഒരുമരം. ന. മരപ്പട്ടി.

മാർജ്ജാരകം-മയിൽ.

മാർജ്ജാര(ല)-ഫ. പൂച്ച. ര. വെള്ള. ന. ചെമന്ന കൊടുവേലി.

മാർജ്ജാരീ-ഫ. കസ്തൂരി. ര. പച്ചപ്പുഴു.

മാർജ്ജാരീയ(ല)-പൂച്ച

മാർജ്ജാരീയം-ഹവിസ്സിന്റെ ഉച്ഛിഷ്ടം മുതലായതു നിക്ഷേപിക്കുന്ന സ്ഥലം.

മാർജ്ജിക്കുന്നു-ഫ. ദേഹത്തെയും മറവും വെടിപ്പാക്കുന്നു. ര. അടിച്ചുവാരുന്നു. ന. തുണ്ടുകളയുന്നു.

മാർജ്ജിത-വി. ഫ. വെടിപ്പാക്കപ്പെട്ട. ര. അടിച്ചുവാരപ്പെട്ട, നന്നാക്കപ്പെട്ട.

മാർജ്ജിത-തൈരും തേനും മറവും കൂട്ടിയ ഒരു കറി, രസാള.

മാർത്താണ്ഡ-ഹന്തി.

മാർത്താണ്ഡൻ-ഫ. ആദിത്യൻ. മാർത്താണ്ഡൻ = മൃതാണ്ഡന്റെ പുത്രൻ, മൃതമായ ബ്രഹ്മാണ്ഡത്തെ ജീവിപ്പിക്കുവൻ;

ഉത്തമയിരിക്കുന്ന അണ്ഡത്തിൽ നിന്നു ജനിച്ചവൻ ഇങ്ങിനെ ശബ്ദാർത്ഥം. മാത്താണ്ഡൻ എന്നുമാവാം.

'ഏഥമാത്താണ്ഡമന്തരാണ്ഡേ'
(നാമനിധാനം)

പു. എരിക്ക്.

മാത്താണ്ഡാത്മജാ-കാളിന്ദി.

മാത്താണ്ഡാത്മജൻ-പ്ര. സുഗ്രീവൻ. പു. കർണ്ണൻ. നാ. സുഗ്രീവൻ.

മാത്തിക-വി. മണ്ണുകൊണ്ടുള്ള, മണ്ണുസംബന്ധമായുള്ള. (മുത്തു് = മണ്ണു്.)

മാത്തിക-പ്ര. കലത്തിന്റെ ഒരുമാതിരി അടപ്പു്. പു. ഒരുമാതിരി കലം.

മാദ്ദംഗൻ-മൃദംഗക്കാരൻ.

മാദ്ദംഗം-ഒരു പട്ടണം, നഗരം.

മാദ്ദംഗികൻ-മദ്ദളക്കാരൻ, മൃദംഗക്കാരൻ, മിഴാവടിക്കുന്നവൻ. മൃദംഗം കൊട്ടുവാൻ ശീലമുള്ളവൻ എന്നു ശബ്ദാർത്ഥം.

മാദ്ദവം-പ്ര. മൃദുത്വം. പു. സാധുത്വം, സൗമ്യത്വം, ശാന്തത.

മാദ്ധ്വീകം-പ്ര. ഇരിപ്പപ്പൂവിൽ നിന്നുണ്ടാക്കിയ മദ്യം. പു. മുന്തിരിങ്ങാ മദ്യം.

മാപ്പാപ്പാ-റോമാ ക്രിസ്ത്യാനികളുടെ പ്രധാന മേലദ്ധ്യക്ഷൻ.

മാഷ്(കാ)ൻ-അദ്ധ്യാപകൻ (മാന്യൻ).

മാർജ്ജനി-പ്ര. മേൽ തേച്ചും മറ്റും ദോഷത്തെ വെടിപ്പാക്കുക. പു. തുടയ്ക്കുവസ്തു, നന്നാക്കുക.

മാവു്-മറിടം, മാറു്.

മാല-പ്ര. പുഷ്പങ്ങളും നാരിൽ കോർത്തുണ്ടാക്കിയതു്, നാരുകൊണ്ടു കെട്ടിയോ പിരിച്ചോ ഉണ്ടാക്കിയതു്. പു. രത്നങ്ങളും മറ്റും കോർത്തുണ്ടാക്കിയതു്. ധരിക്കപ്പെടുന്നതു് എന്നർത്ഥം.

പവൻമാല, ഏലിക്കിലുത്തുമ്മാല, പവിഴമാല, കടലയ്യൻമാല, ശരപ്പളിമാല, അവൽമാല, ഏക്സ്മാല, എസ് മാല ഇങ്ങിനെ പല വിധം മാലകളുണ്ടു്. അവൽമാല മുതൽ താഴെയുള്ളവ ഇടയിടയുണ്ടായ പുതിയ തരങ്ങളാകുന്നു.

നാ. പരസ്പരം സംബന്ധമുള്ള അംഗങ്ങളോടു കൂടിയ സമൂഹം. ഉ-ം, പുഷ്പമാല, കാവ്യമാല, ശബ്ദമാല ഇത്യാദി. ര. ഒരു വൃത്തത്തിന്റെ പേർ. ഇ. (മാൽ) ഇരുട്ടു്, രാത്രി.

മാലക-വി. മലയ പർവ്വതത്തിൽ നിന്നു വരുന്ന.

മാലക-മാല.

മാലകം-വേപ്പുവൃക്ഷം. കാൽമുട്ടിനെ ധരിക്കുന്നതു് എന്നർത്ഥം.

മാലകാ, മാലകം-പൂമാല.

മാലക്രുട-ഒരു രാജ്യം (ഇപ്പോൾ തിരുവിതാംകൂർ).

മാലക്കണ്ണു്-ഒരുമാതിരി കണ്ണിളീനം.

മാലക്കാറു്-കിഴക്കൻ കാറു്.

മാലക്കിഴങ്ങു്-ഒരുവക കിഴങ്ങു്.

വള്ളി അധികം പടരും. ഇലയ്ക്കു മൂന്നു ശാഖകളും ഉണ്ടു്.

മാലതി-പ്ര. പിച്ചകം. ശ്രീയെ ധരിച്ചതു്, സുഗന്ധത്തെ ധരിക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥങ്ങളും. ഇതുകൊണ്ടു് മാല കെട്ടുന്നതിനാലും ഈ അർത്ഥം വരാം. പു. ഒരു നദി. നാ. മണിത്തക്കാളി. ര. ഒപ്പൺകുട്ടി. ഇ. രാത്രി. ന ചന്ദ്രിക.

മാലതീമാധവം-മാലതിയുടെ ഒരു വിശേഷപ്പെട്ട നാടകം.

മാലൻ-പ്ര. മനുഷ്യൻ. പു. വിഷ്ണു. നാ. മലയിലുള്ള ഒരു ജാതിക്കാരൻ.

മാലം-പ്ര. വയൽ. പു. പർവ്വതം. നാ. ബംഗാളത്തിനു തെക്കുപടിഞ്ഞാറുള്ള ഒരു രാജ്യം. ര. ചതി. ഇ. മാല.

മാലയ-വി. മലയപർവ്വതത്തിൽ നിന്നുവരുന്ന.

മാലയം=ചന്ദനം.

മാലവാർകുഴൽ-മാല ചൂടുന്നതും മീൽവുമായ തലമുടി.

മാലവിളക്ക്-ഒരു തുടരിന്മേൽ മാല പോലെയുണ്ടാക്കിയ വിളക്ക്.

മാലാക-മാല.

മാലാകാരൻ-മാലകെട്ടുന്നവൻ, പുഷ്പകനം മറവം, മാലകെട്ടി വിറവപജീവിക്കുന്നവൻ. [പ്പോലെ'

'ആരുമത്തിങ്കൽ ചെന്ന മാലാകാരനെ (ഭാരതം)

മാലാതുണ(ക)ം-കണ്ടപ്പുല്ല്, പൂതണക്കപ്പുല്ല്. മാലാകാരന്മാരായ പുല്ലുകളോട്ടുകൂടിയതു് എന്നർത്ഥം.

മാലാൻ-മാലാമീൻ.

മാലാമതല്ലി-നല്ലമാല.

മാലാമയക്ക്-സന്ധ്യമയക്കം.

മാലാമല-പർവ്വതപങ്ക്തി.

മാലാമീൻ, മാലാവു്— ഒരുമാതിരി മത്സ്യം.

മാലി-പ്ര. മാലാകാരൻ. വ. ഒരു രാക്ഷസൻ. (രാക്ഷസേല്പത്തി നോക്കുക). സ. മാല ധരിക്കുന്നവൻ. ര. ആറിന്നടുത്ത ഭൂമി. ഇ. കയറവല.

മുരടൻ-ശാഠ്യക്കാരൻ.

മുരടിക്ക — മരവിക്ക. (മരംപോലെയാവുക).

മുരടിക്കുന്നു-കവകുന്നു, മരണപ്പോകുന്നു.

മുരടുന്നു-ചുരുങ്ങുന്നു.

മുരട്ടുതടി-മുഴയുള്ള ഒരുമാതിരി വടി.

മുരട്ടുശീലം-ശാഠ്യമുള്ള സ്വഭാവം.

മുരൾ-ശക്തി, ബലം.

മുരൾതടം-ശാഠ്യം.

മുരൻ, മുരു-ഒരു അസുരൻ.

ഇവനെ ശ്രീകൃഷ്ണൻ (വിഷ്ണു) കൊല്ലുകയാൽ മുരമഥനൻ, മുരാരി ഇങ്ങനെ പേരുണ്ടായി. മുരനു ഒരായിരം പുത്രന്മാരുണ്ടായിരുന്നു. പ്രാഗ്ജ്യോതിഷനഗരത്തിൽ വാണ നരകാസുരന്റെ സ്നേഹിതനാകുന്നു. കൃഷ്ണൻ ഈ നഗരത്തിൽ പ്രവേശിക്കാതിരിപ്പാൻ മുരൻ നഗരത്തിനു ചുറ്റും മൂപ്പുള്ള കണികയും വെച്ചു. കൃഷ്ണൻ ചക്രംകൊണ്ടു് അവയെ ഒരേക്ക മുറിച്ചിട്ടു നഗരത്തിൽ പ്രവേശിച്ചു് അവനെ വധിച്ചു. ഒരായിരം പുത്രന്മാരെയും ചക്രജ്വാലയിൽ ഭസ്മമാക്കി.

മുരമഥനൻ-വിഷ്ണു, കൃഷ്ണൻ.

മുരയുന്നു-ക്രി. ദുഃഖിക്കുന്നു. ഉ. ക്ഷീണിക്കുന്നു. (സ. ക്രി. മുരയിക്കുന്നു.)

മുരമർദ്ദനൻ-വിഷ്ണു. മുരാസുരനെ മർദ്ദിച്ചവൻ എന്നർത്ഥം.

മുരയൽ-ദുഃഖം.

മുരരിപു-വിഷ്ണു, കൃഷ്ണൻ.

മുരലാ-ഒരുവക മത്സ്യം. (ഇതു ശുദ്ധജലത്തിൽ ഉണ്ടാകുന്നതാണു്).

മുരൽ-ക്രി. ജലപ്രവാഹം. ഉ. ഒരുവകമത്സ്യം

മുരവു്-അതിരു്.

മുരവൈരി-വിഷ്ണു.

മുരശാസനൻ-വിഷ്ണു.

മുരശ്രു-ക്രി. ഒരുവക മത്സ്യം. ഉ. ഒരുവക വാദ്യം.

മുരളി-ഓടക്കുഴൽ.

മുരളിക്കാരൻ-മുരളി ഊതുന്നവൻ.

മുരളിയൂത്തു്-ഓടക്കുഴൽ വിളിക്കുക.

മുരളീധരൻ-കൃഷ്ണൻ.

മുരളുന്നു-ക്രി. മുഴങ്ങുന്നു. ഉ. ചുരുങ്ങുന്നു.

മുരാരം-ഒരുവക വൃക്ഷം. (ഇംഗ്ലീഷ് എന്നോരു വൃക്ഷം).

മുരാരംമരം-പഴുത്ത കായ് തണ്ണീർമോഹം, ജ്വരം മുതലായവക്കു നന്നു്. ഇതു

വൃക്ഷം കൊങ്കണം മുതലായ ദേശങ്ങളിൽ അധികമായുണ്ടാകുന്നു. സം–പ്രിയാലം. ത–മരമുരഞ്ചടി. ഇം–A tree called piyal.

മരംച്ച–പ. മുരിച്ച. ക. പുരുങ്ങൽ.

മരാ–മരംമാഞ്ചി. ചുറ്റിപ്പിണയുന്നത് എന്നർത്ഥം.

മരാന്തകൻ–വിഷ്ണു. മുരന്റെ കാലൻ എന്നർത്ഥം.

മരാമാഞ്ചി–ഒരു ശബ്ദദ്രവ്യം.

മുരാരി–പ. വിഷ്ണു, കൃഷ്ണൻ. ക. അനർഘരാഘവത്തിന്റെ കർത്താവു്.

ഈ ഗ്രന്ഥകർത്താവു് ൻ–ം ശതാബ്ദത്തിനു മുമ്പായി ജീവിച്ചിരുന്നു.

മുരിക്കു്–ഒരു വൃക്ഷം.

മുള്ളുള്ള മരമാണു്. ത–പവളമല്ലികൈ. സം–പാരിഭദ്രം. ഇം–Coral tree.

മുരിങ്ങു്–ഞമഞ്ഞി.

കൃമി, വിഷം മുതലായവക്കു നന്നു്. സം–ശിഗ്രു. ത–മുരുങ്കൈ. ഇം–Horse radish tree.

മുരിങ്ങ–പ. ഒരു വൃക്ഷം ക. ഞമഞ്ഞി.

മുരു–ഞമഞ്ഞി.

മുരുകൻ–സുബ്രഹ്മണ്യൻ.

മുരുത്തു്–പ. ചില മരങ്ങളുടെ പുറത്തെ തോലു്. ക. ചില വൃക്ഷങ്ങളുടെ തൊലി.

മുരുന്തോൻ–ഒരു വൃക്ഷം.

മുരുന്താ–കടൽനാരങ്ങ.

മുരുപ്പു്–തോലിന്റെ അല്ലെങ്കിൽ തൊലിയുടെ ഉപരിഭാഗം.

മുമ്മുരം–ഉമിത്തീയു്.

മുല–മാംസത്തുള്ള അവയവം.

മുലക്കച്ച–സ്ത്രീകൾ മുല മൂടുന്ന വസ്ത്രം.

'മയ്യൽക്കണ്ണീ! നിനക്കുമെന്മുലക്കച്ചകിടക്കുന്നതെന്നെ'

മുലക്കണ്ണു്–മുലയിൽ നിന്നും പാലു വരുന്ന ദ്വാരം.

മുലക്കാമ്പു്–മുലയുടെ ഞെട്ടു്.

മുലപ്പടം–മുലക്കച്ച.

മുലപ്പാൽ–മുലയിലുള്ള പാൽ.

ഒരുവൈകുന്നേരം പാൽക്കുട്ടി ഉറങ്ങുകയിച്ചാൽ സൂതികർമ്മം മുലയിൽ പാൽ വലിയുകയും.

മുല്ലാട്ടു്–വി. ആത്മഗതമായിത്തന്നെ, മൻകുറയായി, മുമ്പു്, മൻഭാഗത്തു്.

മുല്ലിട്ടു്–അ. മൻപിട്ടു്.

മുല്ല–ഒരുമാതിരി സുഗന്ധപുഷ്പമുണ്ടാകുന്ന വള്ളി.

മുല്ലപ്പൂനാറിയകിൽ–ഒരുമാതിരി അകിൽവൃക്ഷം.

മുല്ലബാണൻ–കാമദേവൻ.

മുല്ലബാണാരി–ശിവൻ.

മുല്ലൈ–കാടും കാട്ടിനകത്തുള്ള നിലവും.

മുല്ലൈനിലക്കാരൻ–ഇടയൻ.

മുശിട്ടു്, മുശിര–ദേഹത്തിലുള്ള ചീത്ത നാറ്റം.

മുശു–വലിയ കരിമീൻ.

മുശ്ശു–നാറ്റം.

മുശുമുശുക്കു്–ഒരുമാതിരി ഒതു.

മുഷകം–എലി.

മുഷലി–ബലരാമൻ. (മുസലി എന്നതിന്റെ പാഠം).

മുഷാ–മൂശ. (മൂഷ എന്നതിന്റെ പാഠം).

മുഷിക്കുന്നു–ചീത്തയാക്കുന്നു, അഴുക്കാക്കുന്നു.

മുഷിച്ചൽ–പ. നീരസം, ഇഷ്ടക്കേടു്. ക. അഴുക്കാക്കൽ.

മുഷിച്ചിലാക്കുന്നു–നീരസം വരുത്തുന്നു, ഉപദ്രവിക്കുന്നു.

മുഷിഞ്ഞ–വി. പ. ഇഷ്ടക്കേടായ, നീരസമായ. ക. അഴുക്കായ.

മുഷിത-വി. മേഷ്ടിക്കപ്പെട്ട.

മുഷിപ്പിക്കുന്ന-അസഹ്യപ്പെടുത്തുന്ന.

മുഷിയുന്ന-ക്രി. പിണങ്ങുന്ന, നീരസമാകുന്ന. ഉ. അഴുക്കാകുന്ന. സ. വലയുന്ന

മുഷ്ക്ക്-അതിക്രമം, ബലം,

മുഷ്കകം-ഒരു മരം, വെൺപാതിരി.

ഇല്ലം, പ്ലീഹോമരം, ചൊറി മുതലായവക്ക നന്ന്. ഇതു പ്ലാശുപോലെ മലയിലുണ്ടാകുന്ന ഒരുതരം ക്ഷാരവൃക്ഷമാണ്. ത-കാട്ടുപരുത്തിച്ചെടി, മുള്ളിയിലാവ്, മുഴമ്പിലാവ്, മുള്ളപ്പാവ്, മുള്ളപ്പാച്ചി എന്നു ദേശഭേദേന പറയുന്നതാണ് ഈ മരമെന്നു പഴയ ആളുകൾ പറയുന്നുണ്ട്.

മുഷ്കൻ-ക്രി. അതിക്രമക്കാരൻ, ബലമുള്ളവൻ, ഗർവ്വുള്ളവൻ. ഉ. കള്ളൻ.

മുഷ്കരം-ക്രി. വൃക്ഷണം. ഉ. വെൺപാതിരിവൃക്ഷം (മുഷ്കകം എന്നതു നോക്കുക). സ. ക്രൂരം, ക്രമ്പാരം.

മുഷ്കരതാപം-മുഷ്കരന്റെ ഭാവം.

മുഷ്കരൻ-ക്രി. മുഷ്കം വീർത്തവൻ. ഉ. (മ) വൻപൻ, ബലവാൻ, തന്റേടക്കാരൻ.

മുഷ്കരം-ബലം.

മുഷ്ടം-മേഷ്ടിക്കപ്പെട്ടത്.

'മുഷ്ടംധനമാമേഷകനെവിളിച്ചു'

(അഭിജ്ഞാനശാകുന്തളം)

മുഷ്ടി-ക്രി. ചുരുട്ടിപ്പിടിച്ച കൈ. ഉ. വാളിന്റേയും മറ്റും പിടി. സ. മുഴം. ര. പിടിനെല്ല്. ഭ. മുഷ്കകവൃക്ഷം. ന. ഒരളവ്.

മുഷ്ടി, മുഷ്ടിബന്ധം, മുഷ്ടിസംഗ്രഹം-കൈയിന്റെ വിരലുകളെ മടക്കി മുഷ്ടിപിടിക്കുക.

മുഷ്ടികാ-ചുരുട്ടിപ്പിടിച്ച കൈ.

മുഷ്ടികൻ-ഒരു മല്ലൻ.

കംസന്റെ ആശ്രിതനാണ്. ബലരാമൻ വധിച്ചു.

മുഷ്ടിബന്ധം-കൈചുരുട്ടുക.

മുഷ്ടിമുഷ്ടി-അ. കൈചുരുട്ടിച്ചുരുട്ടി മുഷ്ടിക്കുമുഷ്ടി.

മുഷ്ടിയുദ്ധം — തമ്മിൽ ചുരുട്ടിപ്പിടിച്ച കൈകൊണ്ടു മാത്രം നടത്തുന്ന യുദ്ധം.

മുഷ്ണൽ — വി. മേഷ്ടിക്കുന്ന. (ഷ്ണൻ, ഷ്ണന്തി, ഷ്ണൽ).

മുസലായുധൻ—ബലരാമൻ. മുസലം ആയുധമായുള്ളവൻ എന്നർത്ഥം.

മുസലം-ക്രി. ഇരുമ്പുലക്ക, ഉലക്ക. ഇതുകൊണ്ടു നെല്ലു കുത്തുന്നതിനാൽ ഈ പേർ വന്നു. ഉ. ബലരാമന്റെ ആയുധം.

ബലരാമന്റെ ആയുധമായ മുസലത്തിനു 'സൌനന്ദം' എന്നായിരുന്നു പേർ.

മുസലി-ക്രി. ബലരാമൻ. മുസലം ആയുധമായിട്ടുള്ളവൻ എന്നർത്ഥം. ഉ. ഉലക്കയെടുത്തവൻ. സ. പല്ലി, ശൌളി. സംശയത്തെ തീർക്കുന്നത് എന്നർത്ഥം.

ശൌളിശാസ്ത്രം അനുസരിച്ചു ശൌളിയുടെ ശബ്ദത്തെ മനസ്സിലാക്കി സംശയങ്ങളെ തീർക്കാമല്ലോ.

ര. നിലപ്പന. രോഗങ്ങളെ ഖണ്ഡിക്കുന്നത് എന്നർത്ഥം. ഭ. ഏലിച്ചെവി.

മുസല്യ-വി. ഉലക്ക കൊണ്ടടിച്ച് കൊല്ലത്തക്ക.

മുസൽമാൻ-ഇസ്ലാംമതക്കാരൻ, മഹമ്മദീയൻ.

മുസുണ്ടി-ഒരായുധം.

'കണ്ടിരവരമുസുണ്ടികൾകൊണ്ടേ'

(കിരാതം തുള്ളൽ)

മുസ്താ, മുസ്തകം-മുത്തങ്ങ. കെട്ടിപ്പിണഞ്ഞു കിടക്കുന്നത് എന്നർത്ഥം.

മുസ്താദം-പന്നി.

മുസ്‌ലിം-മുഹമ്മദീയമതം അല്ലെങ്കിൽ വഴ്ക്കം.

മുസ്സാവരി – വിദേശീയ യാത്രക്കാരുടെ താൽക്കാലികമായ താമസത്തിനു ഒരു കയ്യൂരപ്പെട്ടത്തി പ്രധാന പട്ടണങ്ങളിൽ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടം. (അറബിഭാഷാ).

മുഹറം–മഹമ്മദീയരുടെ ഒരു വിശേഷദിവസം.

മുഹിരത–ഭോഷത്തരം.

മുഹിരൻ–ഭോഷൻ.

മുഹിതം–കാമം, സ്നേഹം.

മുഹുർമുഹുർ–പറഞ്ഞതിനെത്തന്നെ വീണ്ടും വീണ്ടും പറയുക. മലയാളത്തിൽ പര്യായം–അനുലാപം.

മുഹൂ–അ. പിന്നെ, പിന്നെയും പിന്നെയും

മുഹൂർത്തകാലം–രണ്ടു നാഴിക കൂടിയ സമയം.

മുഹൂർത്തക്കാരൻ–ഗണിതശാസ്ത്രക്കാരൻ.

മുഹൂർത്തപദവി–ജ്യോതിശ്ശാസ്ത്രവകയിൽ ഒരു പുസ്തകം.

മുഹൂർത്തം–സം. മുഹൂർത്തകാലം. പ. നല്ല നേരം. ന. പതിനഞ്ചു ക്ഷണം കൂടിയതു്, രണ്ടു നാഴിക.

നാട്ടുസമ്പ്രദായത്തിൽ–നൂറു ഗുരുക്ഷരം കൂടിയതു ഒരു വിനാഴിക. നൂറു വിനാഴിക കൂടിയതു് ഒരു നാഴിക. പ ഒരു നിമേഷം (മാത്ര) അല്ലെങ്കിൽ ക്ഷൽ–കാഷ്ഠ = സം ഗുരുക്ഷരം. ൻറ–കാഷ്ഠ അല്ലെങ്കിൽ ന കല=ഒരു വിനാഴിക. ക്വാ കല അല്ലെങ്കിൽ ന ക്ഷണം=ഒരു നാഴിക (അര മുഹൂർത്തം) നൂറു സെക്കണ്ടു് = സം മിന്നിട്ടു്. നൂറു മിന്നിട്ടു് = സം മണിക്കൂർ (പ–ൽ–നാഴിക) ഇതനുസരിച്ചു പ–ൽ ഗുരുക്ഷരം അല്ലെങ്കിൽ മൂന്നേമുക്കാൽ കാഷ്ഠാ സം സെക്കണ്ടു്. പ–ൽ വിനാഴിക അല്ലെങ്കിൽ ൽ കല=സം മിന്നിട്ടു്. പ–ൽ നാഴിക അല്ലെങ്കിൽ ഒന്നേകാൽ മുഹൂർത്തം=സം മണിക്കൂർ.

മുള–സം. ഇല്ലി.

സം—വംശം. ത—മുങ്കിൽ. ഇം—Bamboo.

പ. ക്രുയ്, നാമു്. ന. കൈയിലും കാലിലും ഉണ്ടാകുന്ന ഒരുമാതിരി മീനം. ര. കീലം.

മുളക്–സം. നല്ലമുളക്, കരുമുളക്, കൊടിമുളക്.

ചുമ, വയറുമുട്ടൽ, അസ്ഥിസ്രുതി മുതലായ വക്കു നന്നു്.

പ. ചീനമുളക്. ന. കാന്താരിമുളക്. ര. വൻമുളക്. ള. കൊല്ലിമുളക്.

മുളകുകഷായം–ഒരുമാതിരി കറി.

മുളകുകൊടി – നല്ലമുളകുണ്ടാകുന്ന ഒരു വള്ളി.

മുളകുചമ്പാവു്–ഒരുവക നെല്ലു്.

മുളകുതുക്കു്–മുളകു് ത്രാസിലോ വെള്ളി കോലിന്റെ തട്ടിലോ ഇട്ടു തൂക്കുക.

മുളകുപോറി–കയിൽ.

മുളകുമടിശ്ശീല–തിരുവിതാംകൂർ സംസ്ഥാനത്തുണ്ടായിരുന്ന ഒരു കച്ചേരി.

മുളകുസ്ഥലം–മുമ്പിൽ സക്കാർവക നല്ല മുളകു ശേഖരിക്കുന്ന സ്ഥലം.

മുളകെട്ടുന്നു–മുളയ്ക്കുന്നതിനു ധാന്യങ്ങൾ നനച്ചു കെട്ടിവയ്ക്കുന്നു.

മുളഞ്ഞ–ചക്കയരക്കു്.

മുളനെല്ലു്–മുളയുടെ കായു്. (തമിഴിൽ–മുങ്കിലരിചി).

മുളപ്പൊടി–മുളച്ചുവിത്തു് വറുത്തുപൊടിച്ചതു്.

മുളം–കൈയുടെ മുട്ടും വിരലും കൂടി അളക്കുന്ന അളവു്.

മുളന്തൊലി – മുളപ്പിച്ച ധാന്യങ്ങളുടെ തൊലി.

മുളയൻ–പുലയൻ, പുലക്കുഞ്ഞു്.

മുളയലക്ക്-മുളവാരി.

മുളയാർ-മുളയലക്ക്.

മുളയിടുന്ന-ധാന്യങ്ങൾ കിളിർക്കുന്നതിനു നനച്ചുവെക്കുന്ന.

മുളയില-ഉണങ്ങിയ ഇല.

മുളയുന്ന-ക. ഇഴഞ്ഞുകേറുന്ന. ഉ. ഉഴവു നിലത്തുന്ന.

മുളയ്ക്കുന്ന-കിളിർക്കുന്ന. (സ. ക്രി. മുളപ്പിക്കുന്ന)

മുളയ്പ്പ്-കിളിപ്പ്.

മുളയ്പുമരുത്-ഒരു വൃക്ഷം.

മുളയ്പുവിത്ത്, മുളവിത്ത്-മുളവന്ന വിത്ത്.

മുളി-(വി) ക. കരിഞ്ഞതു്, വാടിയതു്. ഉ. പൊള്ളിയതു്.

മുളിയില-കരിയില.

മുളിയുക-ക. കീറുക, മാന്തുക. ഉ. മുടിയുക.

മുറം-ക. മുള്ള്. ഉ. കത്തുവാക്ക്. ന. സൂചി ര. മത്സ്യത്തിന്റെ അസ്ഥി, ഈരപ്പേനുകളുടേയും മറ്റും തൊണ്ടയിൽ വരുന്ന ഒരുവക ഭീനം. ന്യ. വസ്ത്രം അലക്കിയാൽ നന്നാക്കുന്ന ഒരുമാതിരി ചീപ്പ്.

മുറംകൊള്ളുത്ത്-ഇറച്ചി തൂക്കുന്ന കൊളുത്ത്.

മുറംതടി-ഒരായുധം.

മുറംപ്പടപ്പ്-മുള്ളും വള്ളിയും കുടിയ കാട്ട്.

മുറംപ്പടൽ-പടപ്പ്.

മുറംമുടി-തലയിൽ വയ്ക്കുന്നതിനായിട്ട് മുളകൊണ്ടു മുടിപോലെയുണ്ടാക്കിയതു്.

മുറംമുരിക്ക്-ഒരുമാതിരി മുള്ളുള്ള വൃക്ഷം.

മുള്ള്-ക. വൃക്ഷങ്ങളിലും മറ്റും മുനകൂർത്തുണ്ടാകുന്ന വസ്തു. ഉ. മുളകുപോലെ കൂർപ്പിച്ചുണ്ടാക്കുന്ന ചില വസ്തു. ന. മുൾ.

മുള്ളങ്കി-മൂലരി.

മുള്ളൻ, മുള്ളൻപന്നി-ഒരുവക കാട്ടുമൃഗം, എയ്യൻ.

(ഇതിന്റെ നായാട്ടുപേർ-കല്ലടക്കോരൻ).

മുള്ളൻകൊഴിഞ്ഞിൽ— മുള്ളൻകൊഴുവ.

മുള്ളൻചീര-ഒരുമാതിരി ചീര.

മുള്ളൻചേന-ഒരുമാതിരി കിഴങ്ങ്.

മുള്ളൻപായൽ-ജലത്തിലുള്ള ഒരുവക പായൽ.

മുള്ളൻമുല്ല്-മുള്ളുള്ള ഒരുവക പുല്ല്.

മുള്ളാണി-ഒരുമാതിരി ചെറിയ ആണി.

മുള്ളി-ക. ഒരുമാതിരി പുണ്ട. ഉ. ഒരുവക മത്സ്യം.

മുള്ളിക്കാ(യ്)-ഒരുമാതിരി പുണ്ടക്കാ.

മുള്ളിലവു്(വം)- ഒരുമാതിരി പഞ്ഞിമരം.

മുള്ളുകുത്തി-ക മുള്ളെടുക്കുന്ന സൂചി. ഉ. കള്ളുകുത്തു്. ന. ഒരുമാതിരി തൊക്കൽ.

മുള്ളുന്ന-മുള്ളിട്ടു കുത്തും വണ്ണം കുത്തുന്ന.

'തൊള്ളയിലുടനേ മുള്ളീടേണം'

(സ്യമന്തകം തുള്ളൽ)

മുള്ളുവട്ടിൽ-പടവു, മുളക്കയൽ

മുള്ളുവാക്ക്-ഇഷ്ടവാക്കു പറയുന്നപ്രകാരം മധുരത്തോടെ ശകാരിക്കുന്ന വാക്ക്. ഭംഗിയുള്ള നിന്ദാവാക്ക്.

'മുള്ളുപറഞ്ഞാലതുപൊഴുതോടേ'

(രാമാനുചരിതം തുള്ളൽ)

മുള്ളുവാള-ഒരുവക മത്സ്യം.

മുള്ളുവേങ്ങ ഒരു വൃക്ഷം.

മുള്ളുള്ളി-മുള്ളൻപന്നി.

മുള്ളുല്ല്-തണ്ടുല്ല്.

മുഴ-പ. ശരീരത്തിൽ വീർത്തുണ്ടു വേദന കൂടാതെ വരുന്ന ഭിന്നം. ഉ. വൃക്ഷത്തിന്നും മറ്റുമുള്ള നിരപ്പില്ലായ്മ.

മുഴക്കം-ശബ്ദം, പ്രതിശബ്ദം, ഇടിയുടെ ശബ്ദം.

മുഴക്കുക-പ. ശബ്ദമുണ്ടാക്കുക. ഉ. തേയ്ക്കുക. മുഴക്കം (ശബ്ദം) ഉണ്ടാകത്തക്കവണ്ണം തേയ്ക്കുക എന്നർത്ഥം. ഉ-ം, ചാത്രംമുഴക്കുക.

മുഴക്കോൽ-ഒരുമാതിരി അളവുകോൽ.

മുഴങ്കാൽ-മുട്ടിന്നു താഴെയുള്ള കാൽ.

മുഴങ്കൈയ്-കൈയുടെ മുട്ടിന്നു താഴെയുള്ള ഭാഗം. (മുഴങ്കൈ എന്നും കാണുന്നു)

മുഴങ്ങുന്നു-ശബ്ദിക്കുന്നു. (സ. ക്രി. മുഴക്കുന്നു. കർ. ക്രി. മുഴക്കിക്കുന്നു).

മുഴന്തു-വൃക്ഷത്തിന്റെ മുഴ.

മുഴം-മുട്ടും വിരലും ചേർത്തു അളക്കുന്ന അളവ്.

മുഴയൻ-മുഴയുള്ളവൻ.

മുഴലുക-മുരളുക ഉ-ം, 'വണ്ടുമുഴലുന്നു'.

മുഴുപ്പിക്കുന്നു-മുഴയുണ്ടാകുന്നു, നിഴലിപ്പിക്കുന്നു. (സ. ക്രി. മുഴപ്പിക്കുന്നു).

മുഴി-ഏപ്പ്, സന്ധിബന്ധം.

മുഴിപ്പു-പ. ദുഃഖം. ഉ. ക്ഷീണം. ന. കോപം.

മുഴു-വി. ഈ മറ്റു ചിലതിനോടു ചേർത്താൽ 'വലിയ' എന്നർത്ഥം.

മുഴുകൽ-പ. വെള്ളത്തിൽ താഴുക. ഉ. മുങ്ങിക്കുളിക്കുക.

മുഴുകുന്നു-പ. ജലത്തിൽ താഴുന്നു. ഉ. മുങ്ങിക്കുളിക്കുന്നു.

മുഴുകുന്നു-പ. മതിയാകുന്നു, തികയുന്നു. ഉ. വലുതാകുന്നു. ന. തീരുന്നു. ര. ശക്തിക്കുന്നു. (സ. ക്രി. മുഴുപ്പിക്കുന്നു).

മുഴുക്കുപ്പായം-നിലയങ്കി.

മുഴുക്കേ-അ. വളരെ, കനക്കേ.

മുഴുങ്ങു-നാറ്റം.

മുഴുത്ത-വി. പ തികഞ്ഞ. ഉ. മുഴുവനായ, തിന്ന ന. തടിച്ച, വലിയ.

മുഴുപ്പു-പ. വണ്ണം. ഉ. തീവ്രം.

മുഴുമതി-പൂർണ്ണചന്ദ്രൻ.

മുഴുവനും-അ. അശേഷം, എല്ലാം.

മുഴുവൻ-അ. അസകലം, ഒക്കയും.

മുഴുവർ-ഗുണം തികഞ്ഞവർ.

മുഴുവാരം-അ. ശരീരം മുഴുവനും.

മുറ-പ. ക്രമം. ഉ. ചട്ടം. ന. ആചാരം. ര. നടപ്പു. ഇ. പ്രമാണം. ഫ. മര്യാദ. ഒ. നിലവിളി.

മുറക്കാരൻ-പ. മുറയുള്ളവൻ. ഉ. തവണപ്രകാരം ചെയ്യേണ്ടുന്നവൻ. (സ്ത്രീ-മുറക്കാരി).

മുറച്ചെവിയൻ-അന. മുറംപോലെയുള്ള ചെവിയുള്ളതിനാൽ ഈ പേർവന്നു.

മുറജപം-രാജ്യത്തിന്റെ ഐശ്വര്യത്തിന്നായി രാജാക്കന്മാർ നടത്തുന്ന മാന്ത്രികമായ ഒരു വലിയ അടിയന്തിരം.

'മുറജപം' എന്നാൽ മുറയോടുള്ള ജപം എന്നാകുന്നു. ഒരു മുറ എന്നതു ഏട്ടു ദിവസമാണ്. ദിവസത്തോറും ഋഗ്വേദത്തിൽ ഓരോ അഷ്ടകം വീതം പഠനം ചെയ്യണമെന്നാണ് ഏർപ്പാട്. ഒരു മുറയ്ക്കുള്ള ഈ ദിവസംകൊണ്ട് ഋഗ്വേദം മുഴുവനും ഋഗ്വേദികരും പാരായണം ചെയ്യണം. അതനുസരിച്ചു ഋഗ്വേദവും സാമവേദവും അവരവർ ചൊല്ലേണ്ടതാണ്. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിന്റെ മുഖമണ്ഡപത്തിൽ ചേർന്നിരുന്നു ദിവസത്തോറും പ്രാതഃകാലത്തു പാരായണം ചെയ്യണമെന്നാണ് ഏർപ്പാട്. മുറജപത്തിന്റെമുഖ്യാംശം ഇതുതന്നെ. ഇതു ആര കൊല്ലങ്ങൾക്ക് ഒരിക്കൽ തിരുവനന്തപുരത്തു നടന്നുവരുന്നു. ഈ വലിയ സത്രം ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സു

കൊണ്ടാണ് ആദ്യമായി ഏർപ്പെടുത്തിയതു്. ഒരു അയനത്തിന്റെ അവസാനത്തിൽ ഭദ്രദീപം ജ്വലിക്കുന്നു. ഈ ഭദ്രദീപം കഴിയുമ്പോൾ ഒരു മുറജപം ഉണ്ടാകുന്നു. മുറജപത്തിന്റെ അവസാനത്തിലാണ് 'ലക്ഷദീപം' എന്ന മഹോത്സവം. ആദ്യത്തെ മുറജപം ൯൫-ാമാണ്ടു വൃശ്ചികമാസത്തിൽ തുടങ്ങിച്ചു.

മുറണ്ടു്-ശാഠ്യം, ഒരുമാതിരി ചീത്തസ്വഭാവം.

മുറണ്ടൻ-മുറണ്ടുള്ളവൻ.

മുറം-പ. നന്നല്ലു് അരി മുതലായവ പോറി കൊഴിക്കുന്നതിനുള്ള പാത്രം. ര. ഒരു തൂവു്.

മുറമ-കീഴ്നടപ്പു്.

മുറമുറണ-മുരടം (മുറടം)

മുറമുറയായി-അ. പ. ക്രമമായി. ര. വിലാപത്തോടെ.

മുറയിടുന്ന-പ. നിലവിളിക്കുന്ന. ര. ചട്ടം നിശ്ചയിക്കുന്ന.

മുറവിളി-നിലവിളി (ക്രി. മുറവിളിക്കുന്ന)

മുറടം-ഒരുമാതിരി സുഗന്ധവസ്തു.

മുറി-പ. കക്ഷണം, നറുക്കു്. ര. ചിലമിക്കിൽ സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം. ന. ചിട്ടി. ര. പുരമുറി. ഇ. ചീട്ടു്. ന. ദേശത്തിന്റെ ഒരു ഭാഗം ൩. മുറിവു്.

മുറിക്കുട്ടുന്ന-മുറിഞ്ഞു് അകത്തിരുന്നവയെ യഥാസ്ഥാനം ചേർത്തു യോജിപ്പിക്കുന്ന.

മുറിക്കുട്ടി-കറുത്ത ഇലയുള്ള ഒരുവക പച്ചമരുന്നു്.

മുറിക്കാരൻ-പ. കരക്കാരൻ, ദേശത്തുള്ളവൻ. ര. മുറിയുള്ളവൻ.

മുറിക്കൈത്താൽ-ഭണ്ഡാരക്ഷയ്ക്കുള്ള ഒരു ചട്ടം.

മുറിച്ചൽ-പ. മുറിക്കുക. ര. മുറിവു്.

മുറിച്ചുകുത്തു്-കുത്തിപ്പിരിക്കു, പിന്നൽ

മുറിത്തടി-മരക്കഷണം, മുട്ടം.

മുറിത്തോണി-വള്ളത്തിന്റെ പാതി.

മുറിപാടു്-പ. മുറിഞ്ഞതുകൊണ്ടുണ്ടായ അടയാളം, മുറിവു്. ര. മുറിവു പൊറുത്തിട്ടുള്ള തഴമ്പു്.

മുറിപ്പട്ടിണി-ഭക്ഷണത്തിനു തികയായ്ക കൊണ്ടു അല്പംഭക്ഷിച്ചു വിശന്നിരിക്കുക.

മുറിപ്പരിത്തി-ഒരുവക തൈ.

മുറിമൂക്കൻ-മൂക്കു മുറിഞ്ഞുള്ളവൻ.

മുറിമൊഞ്ചു്-ഫലമില്ലാത്ത കോപം.

മുറിമൊഞ്ചൻ-ഫലമില്ലാത്ത കോപമുള്ളവൻ.

മുറിയൻ-മുരടശീലമുള്ളവൻ, പിടിയാത്തവൻ.

മുറിയൻശക്കര-അലിഞ്ഞ ഒരുമാതിരി ശക്കര.

മുറിയുന്ന-പ. മുറിവുണ്ടാകുന്ന. ര. വേർപെടുന്ന. ന. ഒടിഞ്ഞു വേർപെടുന്ന. (സ-ക്രി-മുറിക്കുന്ന. കാ-ക്രി-മുറിപ്പിക്കുന്ന)

മുറിവു്-പ. വാൾ മുതലായ ആയുധങ്ങൾ കൊണ്ടു ശരീരത്തിലും മറ്റുമുണ്ടാകുന്ന അടയാളം. ര. മുറിയുക.

കളിയടയ്ക്കയും കടുക്കയുംകൂടി അരച്ചു വെച്ചു കെട്ടിയാൽ ഉടൻ പുറത്തെയ്ക്കു വ്യാപിച്ചു മുറിവിന്റെ ഉടൻ തുന്നി സുഖപ്പെടും.

മുറിവാ-മുറിഞ്ഞിരിക്കുന്നതു്, കോപിവാ.

മുറിവാക്കു്—പ. സാരമില്ലാത്തവാക്കു്. ര. തികയാത്തവാക്കു്.

മുറു-വി. മുടായ.

മുറുകൽ-പ. തിടുക്കം. ര. കെട്ടുംമറുമുറുകുക. ന. കട്ടയാകുക.

മുറുകുന്ന-പ. തിടുക്കമാകുന്ന. ര. കെട്ടും മറവും മുറുകുന്ന. ന. വെള്ളമായ വസ്തു കട്ടയാകുന്ന.

മുരുകെ–അ. ക്രി. മുഴക്കമായിട്ട്, മുരകെ. ഉ. വേഗത്തിൽ.

മുരുക്ക്–പ്ര. ഒരുവക പലഹാരം. ഉ. കെട്ട്. സ. വെറ്റിലതീറ്റി. ര. ബല പ്പെട്ടത്തൽ. ള. എണ്ണകാച്ചുക.

മുരുക്കം–കെട്ടിനും മറവുണ്ടാകുന്ന ഉറപ്പ്, അമത്തൽ.

മുരുക്കാണി–മുരുക്കുന്ന ആണി, വീണയു ടേയും മറവും കവി മുരുക്കുന്ന ആണി.

മുരുക്കുന്നു–പ്ര. വെറ്റില തിന്നുന്നു. ഉ. ഞെരുക്കിയുറപ്പിക്കുന്നു. സ. കെട്ടുമുറു ക്കുന്നു. ര. ഉറപ്പിക്കുന്നു. ള. ബലമായി പിടിക്കുന്നു. ന. എണ്ണകാച്ചുന്നു.

മുരുക്കുപെട്ടി–വെറ്റിലപ്പെട്ടി, മുരുക്കുന്ന തിനു വെറ്റില പാക്കു മുതലായവ വയ്ക്കു ന്നതിനുള്ള പെട്ടി.

മുരുക്കുസഞ്ചി–വെറ്റില തിന്നുന്നതിനു വെറ്റിലയും മറവും സൂക്ഷിക്കുന്നതി നുള്ള സഞ്ചി.

മുരുമുരുക്കുന്നു–മുരുമുറെ ശബ്ദിക്കുന്നു, പിറു പിറുക്കുന്നു.

മുരുമുരുപ്പ്–പിറുപിറുപ്പ്, ഒരുമാതിരി ശബ്ദം.

മുരുവൽ–പല്ല്. (മുരുവലാളി–പല്ലിന്റെ ശോഭ)

മുറുട്–വി. തിങ്ങിഞ.

മുറ്റം–ഭവനത്തിന്റെ അടുത്ത ചുറ്റുമുള്ള സ്ഥലം.

മുറ്റമുറെറ–അ. മുരുകുമുരുകെ.

മുറ്റാത്ത–വി. പ്ര. വലുതാകാത്ത. ഉ. തി കയാത്ത.

മുറി, മിറി–മൂത്തു. (പ–മ)

മുറിമുറം–ഒരുമാതിരി കൊച്ചുറുമ്പ്.

മുറിയ–വി. പരിപൂർണ്ണമായ.

മുറുന്നു–പ്ര. തികയുന്നു. ഉ. തീരുന്നു. സ. നല്ലപാകമാകുന്നു, മൂക്കുന്നു, വിളയുന്നു. (സ–ക്രി–മുറിക്കുന്നു.)

മുറും–അ. പ്ര. അശേഷം. ഉ. മാത്രം സ. വീണ്ടും.

മുറെറ–അ. മുഴുവനായി, മുരുകെ.

മൂ

മൂകം–വി. സംസാരിപ്പാൻ വയ്യാത്ത.

മൂകൻ–പ്ര. സംസാരിപ്പാൻ വയ്യാത്തവൻ, ഉപമ. 'മൂ' എന്നു ശബ്ദിക്കുന്നവൻ എന്നർത്ഥം. ഉ. ഒരു ദേവൻ. സ. ഒരു മത്സ്യം. ര. ഒരു അസുരൻ.

ഈ അസുരനാണ് അജ്ജുനന്റെ തപസ്സിനെ മുടക്കുന്നതിനു ഒരു കാട്ടുപ ന്നിയുടെ രൂപത്തിൽ ചെന്നതും വാതാ യത്തും. മൂകൻ ഉപസുന്ദന്റെ പുത്രനാണ്. കിരാതവേഷധാരിയായ ശിവനാകുന്ന മൂകസുരനെ കൊന്നതു്. (കിരാതം നോക്കുക.)

ള. ഒരു മഹാകവി.

മൂകമഹാകവിയുടെ ജന്മദേശം ദ്രവി ഡം എന്നാണ്ഹം. ജാതിയിൽ ബ്രാഹ്മ ണൻ ആയിരുന്നു എന്നാണ് ഐതിഹ്യം. കാഞ്ചീപുരത്തു കാമാക്ഷിയെ ഭജിച്ചു ഇദ്ദേഹം വരംവാങ്ങി. ദേവി മഹാക വിതപമാണ് ഇദ്ദേഹത്തിനനുഗ്രഹിയതു്. മൂകമഹാകവി ജീവിച്ചിരുന്നതു ക്രിസ്തു വിനു പിമ്പു് പതിനേഴാം ശതാബ്ദത്തി നു മുമ്പാണ്. ഇദ്ദേഹത്തിന്റെ കവി തയ്ക്കു നല്ല ചമൽക്കാരരസഭരമുണ്ട്. പ്രധാനകൃതി–'മൂകപഞ്ചശതി.

മൂകം–മീൻ.

മൂകാംബാ–ദുർഗ്ഗ.

മൂക്ക്–പ്ര. കണ്ണുകൾക്കു മേലെയ്യ കീഴ് പ്പോട്ടനീണ്ടുയർന്നിരിക്കുന്ന അവയവം. ഉ. ചുമടുപോരം.

മൂക്കടപ്പ്-അലർജിമൂലമോ മൂക്കിൽക്കൂടി ശ്വാസം പോകുന്നതിനുള്ള തടവ്.

മൂക്കണാങ്കയർ-കാളയുടെ മൂക്കു തുളച്ചു കോർക്കുന്ന കയർ.

മൂക്കൻ-പ്ര. നീണ്ട മൂക്കുള്ളവൻ. ഉ. ഒരു തരം പാമ്പ്.

മൂക്കറ-വി. മൂക്കു മുറിഞ്ഞുപോയ.

മൂക്കറയൻ-മൂക്കു മുറിഞ്ഞുപോയവൻ, മൂക്കില്ലാത്തവൻ.

മൂക്കറ്റം-അം. മൂക്കോളം

മൂക്കിട്ട-മൂക്കിള.

മൂക്കിള-മൂക്കിലെ മലം.

മൂക്കുകുത്തുന്നു-പ്ര. മൂക്കു തുളയ്ക്കുന്നു. ഉ. മുങ്ങാംകുഴിവീഴുന്നു.

മൂക്കുത്തി-സ്ത്രീകൾ മൂക്കിലിടുന്ന ഒരാഭരണം.

മൂക്കുനീര്-മൂക്കിലെവെള്ളം.

മൂക്കുന്നു-പ്ര. വിളയുന്നു. ഉ. വളരുന്നു. ന. മുഴുക്കുന്നു. ർ. പുളിച്ചുപൊങ്ങുന്നു. ള. അഹങ്കാരം നടിക്കുന്നു.

മൂക്കുപടിയൻ-പുത്തികെട്ട മൂക്കുള്ളവൻ.

മൂക്കുപാലം-മൂക്കിന്റെ ഭാരങ്ങളും രണ്ടിന്റേയും നടുവിലെ ഭാഗം.

മൂക്കുവാർച്ച-മൂക്കിൽക്കൂടെ വെള്ളം ഒഴുകുക.

മൂക്കുവിട്ട-മൂക്കിള.

മൂക്കൊഴുക്ക്-മൂക്കുവാർച്ച.

മൂങ്കിൽ-പ്ര ഒരുവക വാഴ. ഉ. മുള.

മൂങ്ങ-ഉരമെൻപക്ഷി.

മൂചേട്ട-മൂദേവി.

മൂച്ചി-പ്ര. വയസ്സുചെന്ന സ്ത്രീ, മുത്താച്ചി, മുത്തി. ഉ. പഴക്കംചെന്ന മരവ്വുക്ഷം. ന. മരവുവൃക്ഷം. ർ. ശ്വാസംപിടിപ്പ്.

മൂച്ച-മുച്ചി, മുഖം.

മൂഞ്ഞ-ഒരു ചെറിയതരം വൃക്ഷം.

മൂഞ്ഞുക-നകുക വലിച്ചുകുടിക്കുക, ഇരുത്തുക. (സഭ്യമല്ല).

മൂജ-കാലുറ.

മൂട്ട്-പ്ര. വൃക്ഷം മുതലായതിന്റെ ചുവട്ടം. ഉ. ചിലതിന്റെ വേർ.

മൂട-പ്ര. ധാന്യക്കൂമ്പാരം. ഉ. ചിപ്പം ന. മൂടകെഞ്ഞു.

മൂടകത്തി-അരിച്ചുംകൊണ്ടു തുളയ്ക്കുന്നതിനുള്ള ഇരുമ്പുസാധനം.

മൂടൽ-പ്ര. മഴക്കാറ്. ഉ. മങ്ങൽ. ന. മറവ്. ർ. മന്ദത. ള. വിഡ്ഢിത്തം.

മൂടൽമഞ്ഞ്-ഉറച്ചമഞ്ഞ്.

മൂടാപ്പ്-തിര, മറ.

മൂടി-പ്ര. പെട്ടകത്തിന്റേയും മറവും അടപ്പ്. ഉ. മൂടുന്നവസ്തു.

മൂടുന്നു-പ്ര. മറയ്ക്കുന്നു. ഉ. അടയ്ക്കുന്നു. ന. പുതയ്ക്കുന്നു. ർ. അടക്കുന്നു. (സ-ക്രി. മൂടിക്കുന്നു)

മൂടുപടം-മൂടുന്ന വസ്ത്രം, പുതപ്പ്.

മൂടുപടലം-കണ്ണിലുണ്ടാകുന്ന ഒരുമാതിരി ദീനം.

മൂടുപല്ലക്ക്-മൂടിയപല്ലക്ക്.

മൂടുപുടവ-മൂടുപടം, മൂടുന്നവസ്ത്രം.

മൂടുശീല-മൂടുന്നതിനുള്ള ശീല.

മൂട്ട്-തുന്നൽ.

മൂട്ട-പേനിനേക്കാൾ വലുതായ ഒരുവക ചെറിയജന്തു, മക്കണം.

(കസേരകളിലും മതിലുകളുടെ ഭാരങ്ങളിലും മറവും കയറിപ്പറ്റുന്ന മൂട്ട, രാത്രിയിൽ മുതലായ പ്രാണികളെ നശിപ്പിക്കാൻ മൂട്ടവെള്ളത്തിൽ പടിയക്കാരം കലക്കി ആ വെള്ളം ഒഴിച്ചു കഴുകുന്നതു വളരെ ഫലപ്രദമാകുമെന്നു കണ്ടിരിക്കുന്നു.)

മൂട്ടൽ-തുന്നൽ, കുട്ടിത്തയ്പ്പ്.

മൂട്ടുണി-തുന്നിയവസ്ത്രം.

മൂട്ടന്ന-ക്രി. തുന്നുന്നു, തയ്യുന്നു. ഉ. തീ വച്ചു തുടുന്നു.

മൂട്ടപാ-കൂട്ടിത്തയ്പാനുള്ള പാ.

മൂട്ടമുറി-വൃക്ഷത്തിന്റേയും മറവും ചുവട്ടു മുറി.

മൂട്ടശീല-കൂട്ടിത്തച്ച ശീല, വസ്ത്രം.

മൂട്ടെരിമ-ഒരേട്ടെരിമ.

മൂഢ-വി. അറിവില്ലാത്ത, മോക്ഷതപമുള്ള.

മൂഢത്വം, മൂഢത-അറിവില്ലായ്മ, മോക്ഷത്തം.

മൂഢൻ-ക്രി. മോഷ്ടാവ്. ഉ. മടിയൻ നു. മൂർഖൻ, മോഹിച്ചവൻ (തിരിച്ചറിവില്ലാത്തവൻ)എന്നർത്ഥം. മറവ പഴുയങ്ങം, അജ്ഞൻ, യഥാർത്ഥമാതൻ, മൂർഖൻ, അവൈദ്യൻ, ബാലിശൻ. മൂഢൻ > < വിദ്വാൻ.

മൂഢബുദ്ധി-മോക്ഷത്തരം.

മൂഢസൂത്രം-പുസ്തകങ്ങളിൽ വയ്യുന്ന ഒരു അടയാളം.

മൂഢാത്മാവു്-യഥാർത്ഥസ്ഥിതി അറിയാത്ത ആൾ, അജ്ഞാനി.

മൂണ, മോണ-പല്ലിന്റെ മാംസം.

മൂണ്ടാഴനി—മൂണ്ടാണി എന്ന കീഴ്ക്കണക്ക്.

മൂത-വി. കെട്ടപ്പെട്ട.

മൂത്ത— വി. ക്രി. വയസ്സേറിയ. ഉ. വിളഞ്ഞ.

മൂത്തതു്-അമ്പലവാസികളിൽ പൂണൂത്തലുള്ള ഒരു ജാതിക്കാരൻ.

മൂത്തമ്മ-ക്രി. പേരമ്മ. ഉ. വയസ്സായസ്ത്രീ.

മൂത്തവൻ-ക്രി. ജ്യേഷ്ഠൻ. ഉ. വയസ്സേറിയവൻ. (സ്ത്രീ-മൂത്തവം)

മൂത്തവേളി-മുമ്പേ ബ്രാഹ്മണൻ വിവാഹംചെയ്ത ഭാര്യ.

മൂത്താച്ചി-ക്രി. വയസ്സുചെന്നവം. ഉ. അമ്മാന്റെയും അമ്മയുടേയും അമ്മ.

മൂത്താൻ—ക്രി. വയസ്സുചെന്ന പുരുഷൻ, മൂത്തവൻ. ഉ. ഒരു ജാതിക്കാരൻ.

മൂത്താർ-മൂത്തനാത്.

മൂർക്കുക്ഷീറം—മൂർക്കം തങ്ങുന്നു തുള്ളി തുള്ളിയായി പോകുന്ന ഒരുമാതിരി രോഗം. മൂർക്കം വീഴുന്നതിൽ പ്രയാസത്തെ ചെയ്യുന്നതു എന്നു ശബ്ദാർത്ഥം.

മൂർക്കുക്ഷീറി-മൂർക്കുക്ഷീറമുള്ളവൻ.

മൂർക്കദോഷം-അസ്ഥിസ്രാവരോഗം.

മൂർക്കം—ശരീരത്തിൽ നിന്നും മൂർക്കദ്വാരത്തിൽക്കൂടെ ഒഴുകുന്നതെല്ലാം. ഒലിച്ചു പോകുന്നതു എന്നർത്ഥം.

മൂർക്കത്തെ തടുത്താൽ മേലെപ്പോകെ നീരുങ്ങി നോവുകയും അഴുകിയും, മൂർക്കശയത്തിങ്കലും മിംഗത്തിലും ഒടിയിലും വേരനയും പ്രായേണ മുൻ പറഞ്ഞ രോഗങ്ങളുമുണ്ടാകും.

മറവാത പഴുയം-പ്രസ്രാവം.

മൂർക്കമൊഴിവു്-മൂർക്കവാഴ്ച്ച, ഒരു രോഗം.

മൂർക്കവാഴ്ച്ച-മൂർക്കമൊഴിവു്.

മൂർക്കവിസർജ്ജനം-മൂർക്കം ഒഴിക്കുക (അടിത്തോൽ എന്നതു നോക്കുക).

മൂർക്കളം-വി. മൂർക്കത്തെ ഉണ്ടാക്കുന്ന.

മൂർക്കാവസ്ഥാതം-മൂർക്കമടയ്പ്പു്.

മൂർക്കാശയം — ശരീരത്തിന്നകത്തുള്ള ഒരു അവയവം.

മൂർക്കിതൻ-മൂർക്കം വീഴുന്നു.

മൂർക്കിത-വി. മൂർക്കമൊഴിക്കപ്പെട്ട.

മൂദേവി, മൂതേവി, മൂധേവി—മൂത്തദേവി, നാശത്തിന്റെ ഇരിപ്പിടമായ ദേവത, ജ്യേഷ്ഠാദേവി, ലക്ഷ്മിയുടെ ചേട്ടത്തി.

മൂന്നു്-വി. രണ്ടു ഒന്നും കൂടിയ തുക.

മൂന്നാൻ, മൂന്നാളൻ - മൂന്നാംസ്ഥാനക്കാരൻ.

മൂന്നാം-വി. മൂന്നാമത്തെ.

മൂന്നാമത്തു്-അ. മൂന്നാംപ്രാവശ്യം.

മൂന്നാമൻ-ഗ. മൂന്നാമത്തവൻ. ഉ. മദ്ധ്യസ്ഥൻ.

മൂന്നാമവൻ-മൂന്നാമത്തവൻ.

മൂന്നാമസ്ഥാനം-മദ്ധ്യസ്ഥന്റെസ്ഥാനം.

മൂന്നിലൊന്നു്-വി. മൂന്നിൽ ഒരു പങ്കു്.

മൂപ്പു്-ഗ. വയസ്സിന്റെ അധികത. ഉ. വിളച്ചൽ. ന. കാരണവസ്ഥാനം.

മൂപ്പത്തി-ഗ. വയസ്സുചെന്ന സ്ത്രീ. ഉ. കന്നാത്തി. ന. തട്ടാത്തി. ര. വാണിച്ചി.

മൂപ്പൻ-ഗ. വയസ്സുചെന്നവൻ. ഉ. കന്നാൻ. ന. തട്ടാൻ. ര. വാണിയൻ. ങ. തലവൻ. ഞ. മഹമ്മദുകാരിൽ ഒരു പ്രമാണി.

മൂപ്പർ-ഗ. ചിലയാളുകൾ കന്നാന്മാരേയും, തട്ടാന്മാരേയും, വാണിയന്മാരേയും പറയുന്ന ഒരു പേർ. ഉ. വലിയവൻ.

മൂപ്പിക്കുന്നു-ഗ. വളത്തുന്നു. ഉ. പഴക്കാറാക്കുന്നു, ന. നെയ്യും മറവും മുറുക്കുന്നു.

മൂപ്പിറക്കുന്നു-പാട്ടക്കാരൻ പുരയിടം ഒഴിയുമ്പോൾ തെങ്ങാ മുതലായ മൂത്ത ഫലങ്ങൾ മുട്ടിക്കുന്നു.

മൂപ്പിന്നു്-വയസ്സധികമുള്ളവരിൽ ചിലരെ പറയുന്ന ഒരു ബഹുമാനപ്പേർ.

മൂയെട്ട, മൂചെട്ട-മൂദേവി.

മുരൽ-മുറിക്കു, കൊയ്യുക, അറുക്കു.

മുരി-ഗ. കാളക്കുട്ടി. ഉ. വലിയ തിരമാല. ന. കൈയും കാലും നിവർത്തു ശ്വാസം കളക.

മുരിക്കുന്നു-ഗ. ചോറു ചീത്തയാകുന്നു. ഉ. വഴക്കമില്ലാതാകുന്നു.

മുരിനിവിർക്കുക-ചടവുതീർക്കുക.

മുരിപ്പു്-ഗ. ചോറധികം തണുത്തു ചീത്തയാക. ഉ. വഴക്കമില്ലായ്ക.

മുരുകുക-വിരിയുക, നീട്ടുക, വലിയുക, വിസ്തരിക്കുക.

മുരുന്ന-വി. പറന്ന, മൂച്ചുള്ള.

മുരുന്നവൻ-കൊയ്യുന്നവൻ, മുറിക്കുന്നവൻ.

മുരുന്നു-കൊയ്യുന്നു, അറുക്കുന്നു.

മുക്കു-മൂച്ചുകുട്ട.

മൂർഖ-വി. മൂഢതയുള്ള (നാമം-മൂർഖത)

മൂർഖൻ-ഗ. അറിവില്ലാത്തവൻ. ഉ. മുട്ടാളൻ. ന. ക്രൂരൻ, ദുഷ്ടൻ. മൂർഖൻ> < പണ്ഡിതൻ. ര. ഒരുവക പാമ്പു്.

മൂർഖൻപാമ്പു്-ഒരുമാതിരി വിഷമുള്ള പാമ്പു്.

മൂർഖത, മൂർഖത്വം-അറിവില്ലായ്മ, മുട്ടാളത്തം.

മൂർഖപുലം-പാമ്പിരിക്കുന്ന സ്ഥലം.

മൂർഖമതി-അറിവില്ലാത്തവൻ, ശഠൻ.

മൂച്ചു്-വായ്ത്തല.

മൂർച്ച-ബോധക്കേടു്, മോഹാലസ്യം. തന്റേടമില്ലാതാവുക എന്നർത്ഥം, മറവു പറ്റുന്നതിങ്കൽ-കശ്മലം, മോഹം.

മൂർച്ചനാ-ഗ. ബോധക്കേടു്. ഉ. സംഗീതത്തിലെ ഒരു സ്വരഭേദം.

മൂർച്ചാല-വി. ബോധംകെട്ട, മോഹാലസ്യപ്പെട്ട.

മൂർച്ചിക്കുന്നു-ഗ. ബോധം കെടുന്നു. ഉ. വലിക്കുന്നു.

മൂർച്ചിത-വി. ഗ. ബോധക്കേടുള്ള. ഉ. മൂഢതയുള്ള. മൂർച്ചിതന്റെ മറവു പറ്റുന്നതിങ്കൽ-മൂർച്ചുവൻ, മൂർത്തൻ. ന. ഉന്നതമായുള്ള, വലിച്ച.

മുണ്ണ-വി. ബന്ധിക്കപ്പെട്ട.

മൂർത്ത-വി. ബോധക്കേടുള്ള. ഉ. ആകൃതിയുള്ള. ന. കഠിനമായിട്ടുള്ള. ര. മണ്ടത്തരമുള്ള. ങ. മൂച്ചുള്ള. ഞ. ഉള്ളുന്ന. ഩ. കാണത്തക്ക. വ. പ്രശംസായോഗ്യമായ മൂർത്തിയോടുകൂടിയ.

മൂർത്തദ്രവ്യങ്ങൾ-കാണത്തക്ക ശരീരമുള്ള വസ്തുക്കൾ.

മൂത്താ–മൂത്തിമതി.
'മൂത്താപുണ്യാലികരപരിണതിഃ
(മയൂരസന്ദേശം)

മൂത്തി–പ്ര. ശരീരം. തന്റെ സ്ഥിതിമറന്നു പ്രവർത്തിക്കുന്നതു്, വളരുന്നതു് ഇങ്ങനെ ശബ്ദാർത്ഥങ്ങൾ. ര. രൂപം. ന. വസ്തു. ഭ. പിശാച്. ഇ. ക്രൂരത, കാഠിന്യം. മൂർത്തയെ പ്രാപിക്കുന്നതു് എന്നർത്ഥം.

മൂത്തിതുള്ളൽ–പിശാചുബാധിച്ചതുള്ളുക.

മൂത്തിത്രയം–ബ്രഹ്മാവു്, വിഷ്ണു, മഹേശ്വരൻ ഇവർ മൂവരും.

മൂത്തിത്വം–അവതാരം, ശരീരധാരണം, വസ്തുവായിരിക്കുക.

മൂത്തിമൽ–വി. പ്ര. ആകൃതിയുള്ള (മാൻ, മരം, മൽ) ര. കഠിനമായുള്ള.

മൂത്തിയാട്ടം–പിശാചുബാധിച്ചു തുള്ളുക.

മൂത്തീകരിക്കുന്നു–ആകൃതിപ്പെടുത്തുന്നു.

മൂത്തുള്ള–മൂപ്പുള്ള.

മൂർദ്ധപുഷ്പം–നെന്മേനിവാകു.

മൂർദ്ധജം–തലമുടി.

മൂർദ്ധനി, മൂർദ്ധ്നി–അ. തലയിൽ.

മൂർദ്ധന്യ, മൂർദ്ധനീയ—മൂർദ്ധാവിനെ സംബന്ധിച്ച. ര. മുഖ്യമായ. ന. ശ്രേഷ്ഠമായ.

മൂർദ്ധന്യാക്ഷരം–(വ്യാകരണത്തിൽ) ട, ഠ, ഡ, ഢ, ണ, ഋ, ൠ, ഴ, ള, ര, റ ഇവ പ്ര–ം, മൂർദ്ധാവിൽനിന്നു ജനിക്കയാൽ ഈ പേർ വന്നു.

മൂർദ്ധവേഷ്ടനം–തലപ്പാവു്.

മൂർദ്ധാഭിഷിക്തൻ–പ്ര. രാജാവു്. ര. ക്ഷത്രിയൻ. രാജ്യഭാരസമയത്തിൽ മൂർദ്ധാവിൽ അഭിഷേകം ചെയ്യപ്പെട്ടവൻ എന്നർത്ഥം. ന. മന്ത്രി.

മൂർദ്ധാവു്–പ്ര. തല. ഇതിന്മേൽ അടികൊണ്ടാൽ മോഹാലസ്യപ്പെടുന്നതുകൊണ്ടു് ഈ പേർവന്നു. ര. നെറ്റി ന. ഉച്ചം അഗ്രഭാഗം.

മൂർപ്പു്–മൂപ്പു.

മൂർപ്പിക്കുന്നു–മൂപ്പുകൂട്ടുന്നു.

മൂവ്–പെരുംകുമ്പ, രണ്ടുകൈവരം. പടം പിടിക്കുന്നതു് എന്നർത്ഥം.

മൂല–പ്ര. കോണു്. ര. മൂലസ്ഥലം.

മൂലകം–പ്ര. മുള്ളങ്കി, കാന്തകവാഴ. ഉറച്ചുനിൽക്കുന്നതു്, മുളച്ചുണ്ടാകുന്നതു് ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. ര. ഒരുമാതിരി വിഷം.

മൂലകർമ്മം–ഒരുവക മന്ത്രവാദപ്രവൃത്തി, ഔഷധികളുടെ മൂലം മുതലായതുകൊണ്ടു ചെയ്യപ്പെടുന്ന ഉച്ചാടനാഭിചാരകർമ്മം.

മൂലക്കല്ലു്–കോൺകല്ലു്.

മൂലക്കരുവു്–ഭാണ്ഡരക്കരുവു്.

മൂലഛേദനാതി – ആകപ്പാടെ നശിപ്പിക്കുന്നതു്.

മൂലച്ഛേദം–വേരോടുകൂടി നശിപ്പിക്കുന്നതു്.

മൂലത്താണ്ടു്–തറക്കല്ലു്.

മൂലദേവൻ–കംസൻ.

മൂലദ്രവ്യം–പൂർവ്വധനം.

മൂലധനം – പൂർവ്വധനം. മറ്റു പണ്ടായങ്ങൾ–നീവി, പരിപണം.

മൂലധാതു–ശുദ്ധലോഹം.

മൂലനഗരം–പ്രധാനപട്ടണം.

മൂലനാശം–പ്ര. കാരണത്തിനേയും മറ്റും നാശം. ര. വേരോടെ നശിപ്പിക്കുക.

മൂലപ്രകൃതി–ലോകസൃഷ്ടിക്കു് ആദ്യമുണ്ടായ ശക്തി.

മൂലഫലദം–പ്ലാവു്.

മൂലബലം–പ്രധാന സൈന്യം.

മൂലബിംബം–പ്രധാന ബിംബം.

മൂലഭാഷാ–പണ്ടേയുള്ള ഭാഷ.

മൂലമന്ത്രം-പ്രധാനമന്ത്രം.

മൂലം-ക. വേർ. (മൂരട്ട്). മുറിച്ചുനിൽക്കുന്നതു് എന്നർത്ഥം. ഖ. മുതൽദ്രവ്യം. ന. മൂലം എന്ന നക്ഷത്രം. ര. കിഴങ്ങ്. ങ. ആദ്യം, കാരണം, ബീജം. ന. അഗ്നിസാക്ഷി. ഩ. ഇന്ദ്രജാലം. വ സമീപത. ൻ. തിപ്പലിമൂലം. ഫം. പുഷ്കരമൂലം. ഫഫ. ചേന. ഫച. അടിവാരം, അടിസ്ഥാനം. ഫന. പ്രധാന നഗരം. ഫര. അടിസ്ഥാനഗ്രന്ഥം.

മൂലരോഗം-അൾസ്സ്.

മൂലരോഗി-അൾസ്സുള്ളവൻ.

മൂലവസ്തു-ഒരു വസ്തുവിന്റെ ആദ്യത്തെ ഉടമസ്ഥാനം.

മൂലസ്ഥാനം-ക. പ്രത്യേകമുള്ള സ്ഥലം, ഖ. രാജധാനി. ന. ശ്രീകോവിൽ, (സം) ര. ദൈവം ങ. ആകാശം.

മൂലാക്ഷരം-(വ്യാകരണത്തിൽ) അ. ഇ. ഉ.

മൂലാഗ്നി-വയറിലുള്ള തീ.

മൂലാതണ്ട്-പുറത്തെ എല്ല്.

മൂലാധാരം-ആറ് ആധാരങ്ങളിൽ ഒന്ന്, ശരീരത്തിനുള്ളിൽ പ്രധാനമായ ഒരു സ്ഥാനം.

മൂലാരുള്ള്-പെരുമരത്തോൽ.

മൂലാശനം-മൂലഭക്ഷണം.

മൂലാടം-മുള്ളങ്കിക്കിഴങ്ങ്.

മൂലാശി-വി. മൂലം ഭക്ഷിക്കുന്ന.

മൂലിക-വേർ.

മൂലിക-വി. മൂലത്തെ സംബന്ധിച്ച.

മൂലികർ-മൂലത്തെ ഭക്ഷിക്കുന്ന സന്ന്യാസി.

മൂലിക്കുന്ന-പങ്കിടുന്ന.

മൂലി-വൃക്ഷം (നകാരാന്തം)

മൂലോകം-മൂന്നുലോകം.

മൂലോപദംശം—മൂലങ്ങളെക്കൊണ്ടുള്ള കറി.

മൂലോപദേശം—ആദിയിലുള്ള ഉപദേശം, പ്രത്യേകമായ ഉപദേശം.

മൂല്യ-വി. മൂലിക്കേണ്ടുന്ന, വേരോടെ പറിക്കേണ്ടുന്ന.

മൂല്യം-ക. വില. അസ്സൽ വിലയിൽ കുറയാത്തതു് എന്നർത്ഥം. ഖ. ശബ്ദം ന. വിലകൊടുത്തു വാങ്ങിച്ച വസ്തു.

മൂവഞ്ച്-വി. പതിനഞ്ചു് (ന × ങ = ഫങ).

മൂവന്തി-പ്രഭാതകാലം, ഉച്ച, അസ്തമനസമയം ഇവ മൂന്നിനും ക്രമേടെയുള്ള ഒരു പേർ.

മൂവർ-മൂന്നുപേർ.

മൂവാറ്-വി. പതിനെട്ട് (ന × ന = ഫവ)

മൂവില-ഒരു പച്ചമരുന്ന്.

ചുട്ടനീറൽ, പ്ലീഹ, വാതം, വിഷമജ്വരം, ഇക്കിൾ, പ്രമേഹം, ജ്വരം, അർശ്ശസ്സു, ശോഫം, അതിസാരം, ക്ഷയം, ഗുല്മം, ഇവയ്ക്കുനന്ന്. ധാതുപുഷ്ടികരമാണ്. ഭേദകം തടിപ്പിക്കും, രസായനഗുണമുണ്ട്. മൂർച്ഛവീർപ്പുമാണ്. ഗുരുവാകുന്നു. സം-സാലപർണ്ണി. ത-മേർമല്ലി.

മൂവെട്ട്-വി. ഇരുപത്തുനാലു് (ന × വ = ഫര)

മൂവേണി-ഗംഗാനദി.

പാതാളം, ഭൂതലം, ആകാശം ഈ മൂന്നു ലോകങ്ങളിൽ കൂടി പ്രവഹിക്കുന്നതിനാൽ ഈ പേരുണ്ടായി. മൂവേണി = മൂന്നു കൈവഴിയുള്ളതു്. വേണിക്കു 'കെട്ടിയ തലമുടി' എന്നും അർത്ഥമുണ്ട്.

മൂവേഴ്-വി. ഇരുപത്തിയെഴു് (ന × ഒ = ഫഉ.)

മൂവൊൻപതു്— വി. ഇരുപത്തെഴു് (൯ × ൯ = ൮൧)

മൂവൊന്നു്-വി. മൂന്നു് (൩ × ൧ = ൩.)

മൂശ-ലോഹങ്ങളും മുത്തുകളും ഉരുക്കുന്നതിനുള്ള ഒരു പാത്രം.

മൂശാരി, മൂശകാരി-ഓട്ടുരുക്കി പാത്രമുണ്ടാക്കുന്നവൻ. (മൂശാലി, മുയ്യാലി എന്നും മുണ്ടു്.)

മൂശാവലാ— ഉപദ്രവം. ഉപദ്രവഹേതു. (പ. മ.)

മൂശൊട്ട-വൃത്തികേടു്.

മൂഷ്(കം)-എലി.

മൂഷ്-ക്രി. മൂശ. ഉ. എലി. നു. ഒരുപുല്ലു്.

മൂഷി-ക്രി. എലി. ഉ. പെരുച്ചാഴി.

മൂഷികക്ഷത്രിയർ-പരശുരാമനെ എതിർത്തു കീഴടങ്ങിയ ക്ഷത്രിയർ.

മൂഷികൻ-ക്രി. എലി. അന്നം മുതലായതിനെ കക്കുന്നവൻ എന്നർത്ഥം. ഉ. കള്ളൻ.

മൂഷികപ(ക)ണ്ണി-ഒരു പച്ചമരുന്നു്, എലിച്ചെവിയൻ.

മൂഷികം-ക്രി. എലി ഉ. ശിരീഷകുസുമം.

മൂഷികം, മൂഷീകരം-ക്രി. ഒരു വൃക്ഷം. ഉ. മൂഷികരാജ്യം.

മൂഷികപാഷാണം-എലിപ്പാഷാണം.

മൂഷികരഥൻ-ഗണേശൻ.

മൂഷികരാജ്യം-കൊല്ലത്തിനും കന്യാകുമാരിക്കും മദ്ധ്യേയുള്ള രാജ്യം.

ഈ കേരളത്തിന്റെ ഒരു ഭാഗമെന്നും കണ്ണൂരിമുതൽ കുമരിവരെയുള്ള സ്ഥലമെന്നും കാണുന്നുണ്ടു്.

മൂഷികവാഹനൻ-ഗണപതി.

മൂഷികാ, മൂഷാ-പെരുച്ചാഴി, എലി.

മൂഷികാങ്കൻ-ഗണേശൻ.

മൂഷികാഞ്ജനൻ-ഗണേശൻ.

മൂഷിത-വി. മോഷ്ടിക്കപ്പെട്ട.

മൂസ്സതു്-ക്രി. ബ്രാഹ്മണരിൽ ചിലർ വയസ്സുമുപ്പുള്ളവരെ മാനിച്ചു പറയുന്ന ഒരു പേർ. ഉ. ഒരു ജാതിക്കാരൻ A lower division of Brahmans=മൂഴിയെ പരിക്ഷ 151 who have left the കർമ്മങ്ങൾക്കധികൃം to others and with Parasu Rama's sins have taken on themselves the secular power ഭരിക്കാധികൃം-Brahmans who practise surgery are ranking with them.—(Gundert.)

മൂള-തലച്ചോറു്.

മൂളക്കം-ക്രി. മൂളിച്ച. ഉ. തോക്കിൽനിന്നും പുറപ്പെട്ടുന്ന ഉണ്ടയുടേയും മറ്റും ശബ്ദം.

മൂളൽ-ക്രി. മൂളുക, ഞരക്കം. ഉ. അന്നസരണത്തിൽ പുറപ്പെട്ടവിക്കുന്ന ഒരു ശബ്ദം നു. പല്ലുകടിയുടെ ശബ്ദം. ൩. ആലാപം.

മൂളി-ക്രി. ഒരു ചെവിയില്ലാത്തവൻ (വടം) (മൂളിക്കാരൻ—മൂളിക്കാതി) ഉ. കഴുത്തു പോയ കപ്പിയും മറ്റും.

മൂളിച്ച-മൂളൽ.

മൂളിയൻ-അണ്ടർകുരങ്ങു്.

മൂളുന്നു-ക്രി. ഞരങ്ങുന്നു. ഉ. പല്ലുകടിക്കുന്നു. നു. അന്നവരിക്കുന്നു. ൩. വിളിക്കുന്നു. ഉം. ചേലം മൂളുന്നു. ൫. ആലാപിക്കുന്നു. (സ. ക്രി. മൂളിക്കുന്നു. കാ. ക്രി. മൂളിപ്പിക്കുന്നു.)

മൂഴക്കു്-മൂന്നു് ഉഴക്കു കൂടിയതു്, ഒരു നാഴിയിൽ നാലു പങ്കിൽ മൂന്നു പങ്കു കൂടിയതു്.

മൂഴി-വയലിലെ വെള്ളപ്പൊത്തി.

മ

മൃഗകാനനം–മാൻ മുതലായ മൃഗങ്ങളെ വളർത്തുന്നതിനു വച്ചുകെട്ടിയ സ്ഥലം.

മൃഗചർമ്മം–പ്ര. മാൻതോൽ. ഉ. മൃഗങ്ങളുടെ തോൽ.

മൃഗചർമ്മജം–പച്ചപ്പുഴവ്.

മൃഗണാ–അന്വേഷണം.

മൃഗതൃഷ–മൃഗതൃഷ്ണ.

മൃഗതൃഷ്ണ–മണൽ പ്രദേശങ്ങളിൽ വ്യാപിച്ച സൂര്യകിരണങ്ങളിൽ ഉച്ചനേരത്തു ചിലർക്കുണ്ടാകുന്ന ജലഭ്രമം. (തിളതിളക്കം) (കാനൽ). മൃഗങ്ങൾക്ക് ഇതിൽ അത്യാഗ്രഹമുള്ളതിനാൽ ഈ പേരുണ്ടായി.

മൃഗതൃഷ്ണിക–മൃഗതൃഷ്ണ.

മൃഗദംശ(ക)ൻ–നായ്. മൃഗങ്ങളെ കടിക്കുന്നവൻ എന്നർത്ഥം.

മൃഗദൃഷ്ടി–സിംഹം.

മൃഗദ്വിട്ട്–സിംഹം.

മൃഗധൂർത്ത(ക)ൻ–കുറുക്കൻ.

മൃഗനാഭി–കസ്തൂരി. മൃഗത്തിന്റെ നാഭിയിൽ നിന്നുണ്ടായതു് എന്നർത്ഥം.

മൃഗനാഭിജാ–കസ്തൂരി.

മൃഗപതി–സിംഹം.

മൃഗപാളിക–കസ്തൂരിമാൻ.

മൃഗപൃകാ–മൃഗക്കുട്ടം.

മൃഗപ്രായ–വി. മൃഗത്തോടു തുല്യതയുള്ള, മൃഗസ്വഭാവമുള്ള.

മൃഗബന്ധിനി–നായാട്ടുവല, മൃഗപക്ഷികളെ പിടിക്കുവാനുള്ള വല.

മൃഗമദം–കസ്തൂരി.

മൃഗമദവാസാ–കസ്തൂരിമുല്ല.

മൃഗം–പ്ര. മാൻ. നായാട്ടുകാരാൽ അന്വേഷിക്കപ്പെടുന്നതു് എന്നർത്ഥം. ഉ. കാട്ടുമൃഗം. നു. പശുക്കളും മറ്റും. ര. അന്വേഷണം. ള. മകയിരം. ഴ. മകരം. ൊ. കസ്തൂരി. വ. വേട്ട. ൻ. ഒരുവക അന. ക്ഷ. മാർഗ്ഗശീർഷമാസം.

മൃഗമാംസഭക്ഷ്–കടുവാ.

മൃഗയാ–പ്ര. നായാട്ട്. ഉ. അന്വേഷണം.

മൃഗയാകുശല–വി. നായാട്ടിനു സാമർത്ഥ്യമുള്ള.

മൃഗയു–പ്ര. നായാടി, വ്യാധൻ. മൃഗവധത്തിനായി അവയെ പിൻതുടരുന്നവൻ എന്നർത്ഥം. ഉ. കുറുക്കൻ. നു. ബ്രാഹ്മണൻ. ര. കടുവാ.

മൃഗരാജൻ–സിംഹം.

മൃഗരിപു–സിംഹം.

മൃഗരോമജ–വി. മൃഗരോമം കൊണ്ടുണ്ടാക്കിയ.

മൃഗലക്ഷ്മാവ്–ചന്ദ്രൻ.

മൃഗലാഞ്ഛനൻ–ചന്ദ്രൻ.

മൃഗവധം–മൃഗത്തെ കൊല്ലുക.

മൃഗവധാജീവ–വി. മൃഗത്തിനെ കൊന്നു ഉപജീവനം കഴിക്കുന്ന. (മൃഗവധാജീവൻ = വ്യാധൻ).

മൃഗവാഹനൻ–വായു.

മൃഗവ്യം–പ്ര. നായാട്ട്. ഇതിൽ മൃഗങ്ങൾ നശിക്കുന്നതിനാൽ ഈ പേർ വന്നു. ഉ. ലക്ഷ്യം.

മൃഗശാബം–പ്ര. മാൻകുട്ടി. ഉ. മൃഗത്തിന്റെ കുട്ടി.

മൃഗശിരസ്സ്, മൃഗശീർഷം–മകീരം നക്ഷത്രം. മൃഗത്തിന്റെ തലപോലെയുള്ളതു് എന്നർത്ഥം.

മൃഗശീല–വി. മൃഗസ്വഭാവമുള്ള.

മൃഗശീലം–മൃഗസ്വഭാവം.

മൃഗഷാ–കടുവാ.

മൃഗാക്ഷീ–മാൻകണ്ണി, സുന്ദരി.

മൃഗാങ്കൻ–ചന്ദ്രൻ. മൃഗം അടയാളമായുള്ളവൻ.

ചന്ദ്രമണ്ഡല മദ്ധ്യത്തിലുള്ള കറുപ്പി നെ ചിലർ മൃഗം എന്നും മറ്റു ചിലർ ശശം എന്നും പറയുന്നു.

മൃഗാങ്കാ–കർപ്പൂരം.

മൃഗാങ്കലേഖാ–വിശ്വനാഥൻ ഉണ്ടാക്കിയ ഒരു നാടകം.

മൃഗാംഗനാ–മാൻപേട.

മൃഗാജീവൻ–പ. നായാട്ടുകാരൻ. ഉ. ചെന്നായ്.

മൃഗാജീവം–ചെന്നായ്.

മൃഗാണ്ഡജാ–കസ്തൂരി.

മൃഗാദനം(ൻ)–പ. ചെന്നായ്. ഉ. പുലി. മൃഗങ്ങളെ ഭക്ഷിക്കുന്നത് എന്നർത്ഥം.

മൃഗാദനം എന്നതു കറുത്തവരിയിലുള്ളതും പട്ടിയുടെ ആകൃതിയോടു കൂടിയതുമായ ഒരു മൃഗവിശേഷമെന്നു അഭിപ്രായം കാണുന്നു.

ന. സിംഹം.

മൃഗാദനി–പ. ചെന്നായിൽപെണ്ണ്. ഉ. കാട്ടുവെള്ളരി. ന. മഞ്ഞക്കുറുന്തോട്ടി.

മൃഗാദ്യ–ചെറുപുലി.

മൃഗാധിപൻ–സിംഹം.

മൃഗാന്തകൻ–പുലി.

മൃഗാരാതി–പ. നായ്. ഉ. സിംഹം.

മൃഗാരി–പ. പട്ടി. ഉ. കടുവാ. ന. സിംഹം.

മൃഗാശനൻ–സിംഹം.

മൃഗാസനം–സിംഹാസനം.

മൃഗാസ്യൻ–ശിവൻ.

മൃഗിത–വി. അന്വേഷിക്കപ്പെട്ട.

മൃഗീ–പ പേടമാൻ. ഉ. ഒരു വൃത്തത്തിന്റെ പേർ. ന. മൃഗജാതിസ്ത്രീ. മൃഗ + ഈ = മൃഗീ.

മൃഗേന്ദ്രൻ–സിംഹം.

മൃഗ്യ–വി. അന്വേഷിക്കപ്പെടേണ്ടുന്ന.

മൃജ–പ. മേൽ തേച്ചും മറ്റും ശരീരം ശുദ്ധിവരുത്തുക. ഉ. വെടിപ്പാക്കുക.

മൃഡൻ – ശിവൻ. സുഖത്തെ ചെയ്യുന്നവൻ എന്നർത്ഥം.

മൃഡാനി –പാർവ്വതി. മൃഡന്റെ (ശിവന്റെ) പത്നി എന്നർത്ഥം. (പാർവ്വതിയും മൃഡാ, മൃഡീ).

മൃണാളം–പ. താമരവളയം. ഭക്ഷിക്കപ്പെടുന്നത് എന്നർത്ഥം. (ഇതു ഭക്ഷണസാധനമായി ഉപയോഗിക്കാറുണ്ട്), ഉ. രാമച്ചം.

മൃണാളതന്തു–താമരയുടെ നൂൽ.

മൃണാളശാകം–ഒരു രോഗം.

മൃണാളസൂത്രം–താമരനൂൽ.

മൃണാളി–പ. താമര. ഉ. താമരവളയം.

മൃണാളികാ–താമരവളയം.

'മൃദുമൃണാളികാകലിതകങ്കണം'

(അഭിജ്ഞാനശാകുന്തളം)

മൃച്ഛകടീ–ഒരു നാടകം.

ശൂദ്രകരാജാവുണ്ടാക്കിയതാണ്. സംസ്കൃത നാടകങ്ങളിൽ വെച്ചു വളരെ പുരാതനമാകുന്നു. ഇതുണ്ടാക്കിയതു മുതൽ ശതാബ്ദത്തിലെന്നു ചിലർ അഭിപ്രായപ്പെടുന്നു.

മൃത–വി. പ. മരിച്ച. ഉ. ലോഹങ്ങൾ ഔഷധങ്ങൾകൊണ്ടു ശക്തികുറയ്ക്കപ്പെട്ട.

മൃതകം–പ. മരണം. ഉ. ശവം.

മൃതകാന്തകൻ–കറുക്കൻ.

മൃതം–ഇരന്നുവാങ്ങി ഉപജീവിക്കുക. മരിക്കുന്നതിനോടു തുല്യം എന്നർത്ഥം.

മൃതപത്രിക–മരണശാസനം Will.

മൃതപ്രായം–വി. മരിച്ചുവണ്ണമുള്ള ഭാവത്തിൽ, ജീവനില്ലാത്ത മട്ടിൽ.

മൃതസഞ്ജീവനി–മരിച്ചുവരെ ജീവിപ്പിക്കുന്ന ഒരു മന്ത്രവും ഒരു മരുന്നും.

മൃതസ്നാത–വി. മരിച്ചതിന്റെ ശേഷം കുളിച്ച, പുലകുളിച്ച.

മൃതാംഗം–പ്രേതം, ശവം.
മൃതാലകം–സുഗന്ധമണ്ണ്.
മൃതാളകം–തുവര, മണ്ണിനെ അലങ്കരിക്കുന്നത് എന്നർത്ഥം. (പാഠം–മൃത്താളകം).
മൃതി–മരണം.
മൃത്തു്–പ്ര. മണ്ണ്. കുശവന്മാരാൽ കഴയ്ക്കപ്പെട്ടന്നത്, മർദ്ദനം ചെയ്യപ്പെട്ടന്നത് എന്നർത്ഥം. പ. തുവര.
മൃത്തിക–പ്ര. മണ്ണ്. കുശവന്മാരാൽ കഴയ്ക്കപ്പെട്ടന്നത് എന്നർത്ഥം. പ. സുഗന്ധമണ്ണ്.
'മൃത്തികകൊണ്ടൊരുശിവലിംഗത്തെ'
(കിരാതം തുള്ളൽ)
മൃൽപിണ്ഡം–മണ്ണുരുള.
മൃത്യു–പ്ര. മരണം, പ്രാണനെ അപേക്ഷിക്കുക എന്നർത്ഥം. പ. കാലൻ. ന. ബ്രഹ്മാവ്. ര. വിഷ്ണു. ഇ. മായ. ന. കാളി. ഒ. കാമദേവൻ.
മൃത്യുകരചതുഷ്ടയം– ശരനായ ബന്ധു, കഠിനയായ ഭാര്യ, എതിർത്തുപറയുന്ന ഭൃത്യൻ, സപ്തസങ്കടങ്ങളുള്ള ഭവനം ഇവ നാലും.
മൃത്യുഞ്ജയൻ–ശിവൻ. മൃത്യുവിനെ (അന്തകനെ) ജയിച്ചവൻ എന്നർത്ഥം.
മൃത്യുഞ്ജയം–ഒരുതരമതിരി ഹോമകർമ്മം.
മൃത്യുപുഷ്പം–കരിയ്യ്.
മൃത്യുഫല–വാഴ.
മൃത്യുലോകം–ഭൂതക്കേടിക്കു്.
മൃത്യുശാസനൻ–ശിവൻ.
മൃത്യുസൂതി–ഞണ്ടു്.
മൃത്സാ, മൃത്സ്നാ–നല്ല വിശേഷപ്പെട്ട മണ്ണ്. പ്രശംസാർത്ഥത്തിൽ 'സ' 'സ്ന' എന്ന പ്രത്യയങ്ങളും ചെച്ചാണ് രൂപസിദ്ധി. (പ്രശസ്താമൃത്തികാ).
മൃത്സ്നാ–പ്ര. നല്ല മണ്ണ്. വിശേഷപ്പെട്ടമണ്ണ്, സുഗന്ധമുള്ള ഒരുവക മണ്ണ്, കഴയ്ക്കപ്പെട്ടന്നത് എന്നർത്ഥം. പ. തുവര, നല്ല മണ്ണിലുണ്ടാകുന്നതിനാൽ ഈ പേർ വന്നു.
മൃത്സ്നം–പൊടി.
മൃദംഗം–പ്ര. മിഴാവ്. പ. ഒരുവക മണ്ണു്. മർദ്ദനം ചെയ്യപ്പെട്ടന്നത് എന്നർത്ഥം. ന. ശബ്ദം.
മൃദിതം–പ്ര. ഞെക്കിയ. പ. ഛേദിച്ച. ന. കൊല്ലപ്പെട്ട. ര. തുണ്ടുകളായപ്പെട്ട.
മൃദു–വി. പ്ര. മാർദ്ദവമുള്ള, കോമളമായുള്ള. പ. സാവധാനമുള്ള. ന. മൂർച്ചയില്ലാത്ത, തീക്ഷ്ണമല്ലാത്ത. മർദ്ദിക്കപ്പെട്ടന്നത് എന്നർത്ഥം. (നാമം–മൃദുത, മൃദുത്വം).
മൃദു > < കഠിനം.
മൃദുക്കരം–(വ്യാകരണത്തിൽ) ഗ, ജ, ഡ, ദ, ബ ഇവ ൫–ം.
മൃദുതമം–വി. അത്യധികം മൃദുവായുള്ള.
മൃദുതര–വി. അധികം മൃദുവായുള്ള.
മൃദുത്വക്–ഒരു വൃക്ഷം, പുതണക്കു്.
മൃദുഭാഷണം–മൃദുവായ വാക്കു്.
മൃദുല–വി. മൃദുവായുള്ള. (നാമം–മൃദുലത).
മൃദുലം–പ്ര. വെള്ളം. പ. കരയുന്ന ചണം പോലെ. ന. കോമളം, മാർദ്ദവമായുള്ളതു്.
മൃദുലോമകം–മുയൽ.
മൃദുഹാസം–പുഞ്ചിരി.
മൃദ്വി–വി. മൃദുവായുള്ള.
മൃദ്വീക–മുന്തിരി. മർദ്ദനം ചെയ്യപ്പെട്ടന്നതു് എന്നർത്ഥം.
ഇതിന്റെ ഫലമായ മുന്തിരിങ്ങയെ മദ്യമുണ്ടാക്കുന്നതിനായി മർദ്ദിക്കുക സാധാരണമാണല്ലോ.
മൃധം–പ്ര. യുദ്ധം. ഹിംസിക്കുക എന്നർത്ഥം. പ. അലക്ഷ്യം, അപഹാസം.
മൃന്മയ–വി. മണ്ണുകൊണ്ടുള്ള.
മൃഷാ–അം. പ്ര. അസത്യമായി. പ. വെറുതെ.

മൃഷാധ്യായി-കൊക്ക്.

മൃഷാത്മകം-ഒട്ടും ചേർച്ചയില്ലാത്ത അ ർത്ഥത്തോടുകൂടിയ വാക്ക്.

മൃഷാലകം-മാവുവൃക്ഷം.

മൃഷാവാദം-പ. നിന്ദാസ്തുതി. ഉ. അസ ത്യവാക്ക്.

മൃഷാവാദി-വി. അസത്യം പറയുന്ന.

മൃഷാവാദി-അസത്യം പറയുന്നവൻ.

മൃഷ്ട-വി. പ. ശുദ്ധിയാക്കപ്പെട്ട. ഉ. രു ചിപ്പിയ. സ. തൊടപ്പെട്ടം

മൃഷ്ടഭോജനം, മൃഷ്ടാന്നം, മൃഷ്ടാശ നം, മൃഷ്ടി-രുചിപ്പിയ ഭക്ഷണം.

മൃഷ്ടം-മുളക്.

മൃഷ്ടി-പ. രുചിപ്പിക്കുക. ഉ. തൊടുക. സ. ഭക്ഷണത്തിന്നാസ്വദിക്കുക.

മെ

മെകളി-ബഹളം.

മെക്കരിക്ക-ചർദ്ദിക്ക.

മെച്ചം-പ. മേന്മ. ഉ. അത്ഭുതം.

മെച്ചമേ-നന്നായി.

'അച്ഛനെത്തന്നെയുംമെച്ചമേനോക്കി'
(കൃഷ്ണഗാഥ)

മെതി-പ. ധാന്യങ്ങളും ചവുട്ടിഉതിർക്ക. ഉ. ചവുട്ടുക. സ. മനയിലുള്ളകാരന്റെ ചവുട്ടടി. ര. കിണറിന്റെ അരി കിൽ ഇടുന്ന പലക.

മെതിക-അരയുക.

മെതിക്കല്ല്-ചവുട്ടിക്കയറുവാനുള്ളകല്ല്

മെതിക്കുന്ന-പ. ചവുട്ടുന്ന. ഉ. ധാന്യ ങ്ങളും ചവുട്ടി ഉതിർക്കുന്ന.

മെതിപാവൽ—ഒരുമാതിരി പാവൽ വള്ളി.

മെതിമരം-കിണറിനുള്ള പടിപ്പലക.

മെതിയടി-പാദകേരട്ട്, കാലിലിട്ടുംകൊ ണ്ടു നടക്കുന്നതിനുള്ള ഒരു വസ്തു. രൂപ തിപ്പ്.

'എന്നുടെമെതിയടിരണ്ടുണ്ടായതി
ലൊന്നുതനിയ്ക്കുംമറ്റതെനിയ്ക്കും'
(പ്രദോക്ഷമാഹാത്മ്യം ഉള്ളൂർ)

മെതിയം-മതിയം.

മെതിയാല-ഉരൽ.

മെതിയുന്ന-മൃദുവാകുന്ന.

'പാതിമെതിഞ്ഞൊന്നതുംബൂലം'
(കൃഷ്ണഗാഥ)

മെതുക്കുന്ന-മൃദുവാക്കുന്ന.

മെത്ത-പ. കിടക്കുന്നതിനു തുണികൊണ്ടു തച്ചു് അകത്തു പഞ്ഞി അടച്ചുതു്. ഉ. വെണ്മാടം. സ. കയറുപാർ, ചന്ന.

മെത്തപ്പായ്-രണ്ടു പായ് കൂടി തച്ചു ണ്ടാക്കിയ ഒരുമാതിരി നല്ല പായ്.

മെത്തശ്ശീല-മെത്തയുണ്ടാക്കുന്ന ഒരുമാ തിരി തുണി.

മെത്താരണ-കട്ടിലിന്റെ കാക്കലും തല യ്ക്കലുമുള്ള ക്രൂതി.

മെത്തുന്ന-പ. വലിക്കുന്ന. ഉ. ഉയരുന്ന. സ. ചാടുന്ന. ര. ചേരുന്ന.

മെത്രാൻ-സുറിയാനിക്രിസ്ത്യാനികളും അ വരുടെ സഭാമേലദ്ധ്യക്ഷനെ വിളിക്കു ന്ന പേർ.

മെത്രാപ്പോലീത്താ-ഒരു സംസ്ഥാനത്തു ള്ള ക്രിസ്തീയ സഭാ മേലദ്ധ്യക്ഷന്മാരിൽ പ്രധാനി.

മെയ്യ്-പ. ശരീരം. ഉ. സത്യം.

മെയ്ക്കടം-പണയത്തിന്മേലോ ഇടിന്മേ ലോ അല്ലാതെ പണം കടം വാങ്ങിക്കു എന്നതു്.

മെയ്ക്കാവൽ-ശരീരത്തെ കാത്തു സൂക്ഷി ക്കുക.

മെയ്ത്തല-അ. മീതെ, മേൽ, ശരീരത്തിന്മേൽ.

മെയ്ത്തൊഴിൽ-ശരീരവ്യായാമം.

മെയ്ത്തോക്കു്-രചിയ തോക്കു്.

മെയ്യിടിത്തം-ശരീരത്തിൽ എണ്ണതേച്ചു തിരുമ്മുക.

മെയ്യുറക്കുന്ന-ഗ. ശരീരം സൂക്ഷിക്കാതെയിരിക്കുന്ന. ക. സത്യം മറക്കുന്ന.

മെയ്യുരുതി-മരണം.

മെയ്യുാക്കം-ദേഹബലം.

മെയ്യിടുക-വസ്തു മറെറാരാളിനു മാറി കൊടുക്കുക.

മെയ്യുര-സത്യം, ആണ.

മെയ്യുറുക-അടികലശൽ കൂട്ടുക.

മെയ്യുാളക്കം-ദേഹബലം, മെയ്യുക്കം.

മെയ്യുഴി-വാസ്തവമായ മതം.

മെയ്ശങ്ക-ഗ. അടക്കം, ഒതുക്കം. ക. മര്യാദ.

മെരുക്കു്, വെരു-ഒരുമാതിരി കസ്തൂരിമൃഗം.

വെരു, വെരുക് ഇങ്ങിനെ പറയുന്നതു് തെക്കൻദിക്കുകളിലാണു്. ഇതിന്റെ നായാട്ടുപേർ മാമനക്കൊടിയൻ.

മെരുകിൻചട്ടം—മെരുകിന്റെ പുഴവുണ്ടാകുന്ന സ്ഥലം.

മെരു(രി)ങ്ങുക-ആശ്ലേഷിക്കുക, ആശ്വസിപ്പിക്കുക, പരിചയിക്കുക.

'കല്പകപ്പൂമലർനണ്ണിനവ്വണ്ടുകാൻ
മറെറാരുപൂവിൽമെരുങ്ങുമോതാൻ'

(കൃഷ്ണഗാഥ)

മെലിച്ചൽ, മെലിവു്— ശരീരത്തിന്റെ വണ്ണം കുറക.

മെലിയുന്ന-ചടയുന്ന, വണ്ണംകുറയുന്ന.

മെല്ലവെ-അ. പതുക്കെ.

മെല്ലിക്കുന്ന-മെലിയുന്ന.

മെല്ലിടയാൾ-കൃശമദ്ധ്യ, സുന്ദരി.

മെല്ലുള്ളി-ചിറവള്ളിയിൽ അല്പം വലുതു്.

മെല്ലെ-അ. പതുക്കെ.

മെൽ-വി. മൃദുവായ.

മെഴു, മെഴുകു്-തേനിന്റെ കീടൻ, അരക്കു്.

കുഴും, വ്രണം മുതലായവക്കു നന്നു്. ഇതു തേൻ ക്രൂടാണു്. സം-മധൂച്ഛിഷ്ടം.

മെഴുകുതിരി-ഗ മെഴുകുകൊണ്ടുണ്ടാക്കുന്ന തിരി. ക. വിളക്കുവെക്കുന്നതിനു വെള്ളിച്ചെണ്ണകൊണ്ടുണ്ടാക്കുന്ന തിരി.

മെഴുകുന്ന-ചാണകം മുതലായതിൽ കലക്കി നിലത്തു തേയ്ക്കുന്നു.

മെഴുകുശീല-മെഴുകു പൂശിയ തുണി, (വസ്ത്രം).

മെഴുക്കു്-ഗ. എണ്ണമയം. ക. എണ്ണ. ന. മെഴുകുക.

മെഴുക്കൽ-ഗ. ചാണകം വെള്ളത്തിൽ കലക്കി നിലത്തു തേയ്ക്കുക. ക. മെഴുകിയിട്ടിരിക്കുന്ന സ്ഥലം.

മെഴുക്കനെ-അ. മിനുക്കെ.

മെഴുക്കുന്ന-ഗ. തടിക്കുന്ന. ക. മിനുക്കുന്ന.

മെഴുക്കെ-അ. കനക്കെ.

മെഴുത്ത-വി. തടിച്ച.

മെഴുനിലം-മെഴുക്കുൽ, സ്ഥണ്ഡിലം.

മെഴുപ്പു്-ഗ. തടിപ്പു്. ക. മൃദുത്വം.

മെഴുമീൻ-പാരെഞ്ഞുന്നു മീൻ.

മെഴുമെഴെ-അ. തെറിതെറി.

മേ

മേകലം-ആട്ടു്.

മേക്കലം-മീതെവയ്ക്കുന്ന കലം.

മേക്കാതു്-കുതിരയുടെ മുകൾ.

മേക്കാമോതിരം-മേക്കാതിലിടുന്ന ആഭരണം, കുണുക്കു്.

മേക്കാരൻ-ഇടയൻ.

മേക്കു്-പടിഞ്ഞാറു്.

മേക്കുണക്കു് - മേക്കാതിലിടുന്ന കരാഭരണം.

മേ(ൽ)ക്കെട്ടി-കിടക്കുന്നതിനു മേൽഭാഗത്തും മറ്റും ശീലകൊണ്ടുണ്ടാക്കുന്ന സാധനം.

മേഖല-പ്ര. സ്ത്രീകളുടെ അരഞ്ഞാണം. ഉ. വാൽക്കച്ച. ന. ബ്രാഹ്മണരും മറ്റും അരയിൽ കെട്ടുന്ന പുല്ലു്. ര. പർവ്വതത്തിന്റെ ചുറ്റുമുള്ള ഭൂമി. ഋ. നമ്മടനാഴി. ന. ഒരിലപ്പാത്രം. ഠ. പൂണൂൽ. വ. വാൾപ്പട്ട.

മേഖലകന്യ(ക)-നമ്മടനാഴി.

മേഖലപുല്ലു്-മേഖല പിരിക്കുന്നതിനുള്ള പുല്ലു്.

മേഘകഫം-ആലിപ്പഴം.

മേഘച്ഛന്ന-വി. മേഘത്താൽ മറയ്ക്കപ്പെട്ട.

മേഘച്ഛായ്ത്തു്-മേഘച്ഛേദം.

മേഘജീവനം-വേഴാമ്പൽ പക്ഷി.

മേഘജ്യോതിസ്സു്-മിന്നൽ, ഇടിത്തീയു്. പരസ്പരസംഘട്ടനം ഹേതുവായിട്ടു് മേഘങ്ങളുടെ ഇടയിൽ നിന്നു കീഴോട്ടു പതിച്ചു വൃക്ഷം മുതലായവയിൽ പിടിപെടുന്ന തേജസ്സു് എന്നർത്ഥം. മറാഠരുടെ പദ്ധ്യായം-ഇരമ്മദം.

മേഘതിമിരം-മഴക്കാറു്.

മേഘത്തൂണു്-തൂണുപോലെ നിൽക്കുന്ന മേഘം.

മേഘദ്വീപം-മിന്നൽ.

മേഘദൂതു്-പ്രസിദ്ധിയുള്ള ഒരു കാവ്യം.

കാളിദാസൻ ഉണ്ടാക്കിയതാണു്. മേഘസന്ദേശത്തിൽ കവി കാവ്യവിഷയമാക്കീട്ടുള്ളതു് ഒരു യക്ഷൻ അളകാപുരത്തിൽ നിന്നും ബഹിഷ്കൃതനായി രാമഗിരിയിൽ താമസിക്കുമ്പോൾ തന്റെ ഓമ്മക്കു് കൃതയച്ചുതിനേയാണു്.

മേഘപദാരം-ആകാശം.

മേഘനാദൻ-പ്ര. ഇന്ദ്രജിത്തു്, രാവണന്റെ മൂത്ത മകൻ. പ. വരുണൻ.

മേഘനാദം-പ്ര. ചെറുചീര. പ. ഇടിമുഴക്കം. ന. പ്ലാശുവൃക്ഷം.

മേഘനാദാന്തലാസി-മയിൽ. മേഘനാദത്തിനു ചേർന്നു നൃത്തംചെയ്യുന്നവൻ എന്നർത്ഥം.

മേഘനാമാവു്—മുത്തങ്ങ. മേഘത്തിന്റെ പേരുള്ളതു് എന്നർത്ഥം.

മേഘനിർഘ്ലാഷം-ഇടിശബ്ദം, മേഘം

മേഘപുഷ്പം-പ്ര. വെള്ളം. മേഘത്തിന്റെ പുഷ്പംപോലെയുള്ളതു് എന്നർത്ഥം. മേഘങ്ങളുടെ ഇടയിൽ നിന്നു പുഷ്പംപോലെ ഉതിർന്നു വീഴുന്നതു് എന്നുമാവാം. പ. ശ്രീകൃഷ്ണന്റെ(വിഷ്ണുവിന്റെ) തേർകുതിര.

'മേഘപുഷ്പവലാഹകന്മാരെക്കൊ-
ണ്ടിണചേർത്തുവിലാസമെഴുന്നൊരു'

(സന്താനഗോപാലം പാന)

ന. ആറുവഞ്ചി. ര. ആലിപ്പഴം.

മേഘപ്രസവം-ജലം.

മേഘഭവ-വി. മേഘത്തിൽ നിന്നുണ്ടാകുന്ന.

മേഘമാ-പ്ര. ജലധരം, കാറു്. ജലംകൊണ്ടു നനയ്ക്കുന്നതു് എന്നർത്ഥം. മറാഠപദ്ധ്യായങ്ങൾ-അഭ്രം, വാരിവാഹം, സ്തനയിത്നു, വലാഹകം, ധാരാധരം, ജലധരം, തഡിച്ചാൻ, വാരിദം, അംബുദം, ഘനം, ജീമൂതം, മുദിരം, ജലമുക്, ധൂമയോനി. പ. മുത്തങ്ങ.

മേഘമണ്ഡല-മേഘങ്ങൾ സഞ്ചരിക്കുന്ന പ്രദേശം.

മേഘമാല-മേഘക്കൂട്ടം. മറാഠപദ്ധ്യായം-കാദംബിനി.

മേഘരാഗം–സംഗീതത്തിൽ ഒന്ന്.

മേഘരാവീ–മയിൽ.

മേഘവർണ്ണാ–പ. അമേരി. ഉ. ആറ്റുതുമ്പ.

മേഘവാഹനൻ–പ. ഇന്ദ്രൻ. വർഷത്തിനു മേഘങ്ങളെ പ്രേരിപ്പിക്കുന്നവൻ എന്നർത്ഥം. ശംഖുചക്രധാരികളായ രണ്ടു വനിതകളും വാഹനമായിട്ടുള്ളവൻ എന്നുമാവാം. ഉ. ശിവൻ.

മേഘസാരം–ചീനക്കർപ്പൂരം.

മേഘസുഹൃത്തു്–മയിൽ.

മേഘസ്പന്ദം–എട്ടടിമാൻ.

മേഘാലയാവു്–ആകാശം.

മേഘാനന്ദം(ന്ദി)–മയിൽ.

മേഘാനന്ദാ–വെള്ളിപ്പക്കി.

മേഘാന്തം–ശരൽക്കാലം.

മേഘാരി–കാറു്.

മേഘാസ്ഥി–ആലിപ്പഴം.

മേങ്ങുക–മേടിക്കുക.

മേങ്കൈ–അധികാരം.

മേങ്കൊങ്ക–നല്ല മുല.

മേങ്കോയിമ്മ–മേലധികാരം.

മേചക–വി. കറുത്ത.

മേചകം–പ. കറുത്ത നിറം. മറ്റു നിറങ്ങളോടു ചേരുന്നതു് എന്നർത്ഥം.

മേചകനിറം കറുപ്പും നീലനിറവും കൂടി ചേർന്നതും കായാമ്പൂനിറത്തിനു തുല്യവുമാകുന്നു. 'മേചകഃ കൃഷ്ണനീലഃ സ്യാദതസീപുഷ്പസന്നിഭഃ' എന്നു ശബ്ദാർത്ഥവും.

ഉ. പീലിക്കണ്ണു്. മേചകനിറമുള്ളതു് എന്നർത്ഥം. ന. കാടുപ്പു്. ർ. സൈവീരാഞ്ജനം. ള. സ്രോതാഞ്ജനം. നു. കരിമുരിങ്ങ. ൎ. കസ്തൂരിക്കറ. വു. മേഘം. ൻ. പുക.

മേചകാപഗാ–യമുന.

മേച്ചൽ–പ. പുരോഗമനം. ഉ. മുൻപോട്ടു നീങ്ങുക. ന. തീൻ തേടി നടക്കുക.

മേട്ടു്–പ. മലമുകളിൽ. ഉ. ഉയർന്നസ്ഥലം. ന. ഉപദ്രവം.

മേട–ഒരുമാതിരി മാളിക.

'മേടോഹർമ്മ്യാമലികാ'

(ഭാഷാമഞ്ജരി)

മേടം–പ. മാസങ്ങളിൽ പന്ത്രണ്ടുള്ളതിൽ ഒന്നാമത്തെ മാസം. (മേഷം എന്നതാണു് മേടം ആയതു്).

മേടവിഷു–ആണ്ടു പിറക്കുന്ന ദിവസം, മേടമാസം ഒന്നാംതിയതി.

മേടിക്കുന്നു–പ. വാങ്ങിക്കുന്നു. ഉ. കൊള്ളുന്നു.

മേടുക–കിഴുക്കുക, വിരൽകൊണ്ടു തട്ടുക.

മേട്ടി–ഭക്ഷണവസ്തു പാകംചെയ്തശേഷം എടുത്തുകൊടുക്കുന്ന ഒരു വേലക്കാരൻ.

മേട്ടുവഴി–മലയിൽകൂടിയുള്ള വഴി.

മേഠൻ–ആനക്കാരൻ.

മേഡകം–കറിയാട്ടു്.

മേഢ്രം–പ. പുരുഷന്റെ ലിംഗം. സ്തൂലംകൊണ്ടു യോനിയെ നനയ്ക്കുന്നതു് എന്നർത്ഥം. ഉ. മുട്ടാടു്, കറിയാടു്.

മേത്തു്–മേദിനി, ഭൂമി. (പഴയ മലയാളം, മേദിനിയുടെ തത്ഭവം).

'ഉടലൊട്ടിയിരുവരായി
രുമ്മേതിൽ വീഴ്ന്നാർ'

(രാമചരിതം)

'മേതിൽനിറഞ്ഞുള്ളിലുമവഴിഞ്ഞൊരു
ശീതംപൊരുക്കരുതെന്തു'

(കൃഷ്ണഗാഥ)

മേത്തൻ–ബുദ്ധി. (പ. മ.)

മേത്തു്–അ. മേലെ.

മേത്തൻ-തുലുക്കന്മാരിൽ ചിലർക്ക് പറയുന്ന ഒരു പേർ.

മേത്തരം-വി. വിശേഷമായുള്ള.

മേത്തോന്നി, മേന്തോന്നി-ഒരു പച്ചമരുന്ന്. കലപ്പക്കിഴങ്ങ് എന്നു ചിലർ.

വീക്കം, അൾസ്സ് മുതലായവക്കു നന്ന്. സം-കലികാരി. ഇം-Wolfs' bane.

മേഥി-(മേധി എന്നതിന്റെ പാഠം).

മേദകം-പ്ര. മദ്യത്തിന്റെ അടിയിൽ ഉറഞ്ഞിടക്കുന്ന കല്ലും. ര. കൊഴുത്ത മദ്യം. സ്നിഗ്ധതയെ ഉണ്ടാക്കുന്നത് എന്നർത്ഥം.

മേദസ്സുള്ളത്-മാംസം.

മേദസ്സ്-മാംസത്തിന്റെ അകത്തിരിക്കുന്ന നെയ്യ്, കൊഴുപ്പ്, സപ്തധാതുക്കളിൽ ഒന്ന്, സ്നിഗ്ധതയെ ഉണ്ടാക്കുന്നത് എന്നു ശബ്ദാർത്ഥം.

മേദാ-ഒരു മരുന്ന്.

ക്ഷയത്തിനും മറ്റും നന്ന്. ഇം-A root resembling ginger.

മേദിനി-പ്ര. ഭൂമി. മേദസ്സിനെ സംബന്ധിച്ചത് എന്നർത്ഥം.

മധു എന്നും കൈടഭൻ എന്നും രണ്ടു അസുരന്മാരുടെ മേദസ്സിനാൽ നനയ്ക്കപ്പെട്ടതുകൊണ്ട് ഈ പേർ വന്നു.

'മധുകൈടഭയോസ്സ്രാവം
യന്മേദസാസംപരിപ്ലുതാ
മേദിനീതിതതോദേവി
പ്രോച്യുസേബ്രഹ്മവാദിഭിഃ'

എന്ന പ്രമാണം.

ര. അമരകോശം പോലെയുള്ള ഒരു നിഘണ്ടു. സ. മേദ

മേദിനീപതി-രാജാവ്.

മേദുരം-വി. പ്ര. വലിയ. ര. തടിച്ച. സ. മഴിച്ച. ദ. വണ്ണിച്ച. ഭ. കനത്തും മിനുത്തും ഇരിക്കുന്ന.

മേധാ-യാഗം.

മേധ-ധാരണയുള്ള ബുദ്ധി (ശരിച്ചുരിനെ മറക്കാത്ത ബുദ്ധി), ഒന്നിനേയും മറന്നു കളയാത്തത് എന്നു സാരം. മെല്ലാം ഇതിൽ വന്നുചേരുന്നു എന്നു ശബ്ദാർത്ഥം.

മേധാതിഥി-പ്ര. ഒരു ഋഷി.

തപസ്സ് ഹേതുവായിട്ടു സന്തുഷ്ടനായ ഇന്ദ്രൻ ഈ ഋഷിയെ ഒരാടിന്റെ അകൃതിയിൽ സപ്തർഷിമണ്ഡലത്തിലേക്കു കൊണ്ടുപോയി.

ര. തത്ത.

മേധാവി-പ്ര. ധാരണബുദ്ധിയുള്ളവൻ. ര. നായകൻ. സ. സമർത്ഥൻ.

മേധാവിനീ-പഞ്ചവർണ്ണക്കിളി.

മേധാവീ-പ്ര. തത്ത. ര. മദ്യം.

മേധി-കാള, പശു മുതലായതിനെ കെട്ടുന്ന കെട്ടുകയർ. പശുക്കളെ ഇതോടു ചേർക്കുന്നതിനാൽ ഈ പേർ വന്നു. പാഠം-മേഥി.

മേധ്യ-വി. പ്ര. ശുദ്ധിയുള്ള. ക്രിയാശ്രേയസ്സിനു യോഗ്യമുള്ള എന്നർത്ഥം. ര. യാഗത്തിനു കൊള്ളാവുന്ന.

'മേധ്യമായിരിക്കുന്നധർമ്മവുമതിങ്കൽ'
(ഭാഗവതം)

മേധ്യാ-പ്ര. യയ്യ്. ര. വലിയ വാഴ. സ. വന്നി. ദ. ശോരോചന. ഭ. പൂക്കൈത. ന. ബ്രഹ്മി. ഫ. ശംഖപുഷ്പി. വ. വിഷ്ണുക്രാന്തി. ൻ. കച്ചപ്പുന്ന. ഫാ. ആട്ടിൻപൊടി. ഫ്ര. വെൺയയ്യ്.

മേധ്യാജിനം-യാഗത്തിനു വേണ്ട മാൻതോല്.

മേധ്യം-പ. യവം. ഉ. ആട്ട്.

മേനക-പ. വിശ്വാമിത്രന്റെ തപോവിഘ്നം വരുത്തുന്നതിനായ് അയക്കപ്പെട്ട ഒരപ്സരസ്ത്രീ, ശകുന്തളയുടെ മാതാവ്. ഉ. ഹിമവാന്റെ ഭാര്യ, പാർവ്വതിയുടെ അമ്മ.

മേനകാത്മജാ-പാർവ്വതി.

മേനവൻ-പ. ചില രാജാക്കന്മാർ നായന്മാർക്ക് കൊടുക്കുന്ന ഒരു സ്ഥാനപ്പേർ. ഉ. കണക്കെഴുത്തുകാരനു ചില ഭിക്കിൽ പറയുന്ന പേർ.

മേനാ-പ. ഹിമവാന്റെ ഭാര്യ, ഉ. ഒരു നദി.

മേനാടം-പ. ആട്ട്. ഉ. പൂച്ച. ന. മഴിൽ.

മേനാവ്-ഒരുമാതിരി വാഹനം.

മേനാഹം-മേൽനാഹം.

മേനി-പ. ദേഹം. ഉ. ഭംഗി, ന. മാർദ്ദവം. ഭ. തൊഴുത്ത്. ള. നിറം. ന. ശ്രേഷ്ഠത്വം. ഒ. നന്മ. വ. മാതിരി. ൻ. മുഖസ്തുതി. ഫാ. വൻപുപറക. ഫപ. വിതയ്ക്കുന്ന വിത്തിനു കൂടുതൽ കിട്ടുന്ന സംഖ്യ.

മേനിക്കാരൻ-പ. മേനിയുള്ളവൻ. ഉ. അഹംഭാവമുള്ളവൻ.

മേനിപ്പാട്ടം-പ. വസ്തുക്കളിൽ നിന്നും പല പൂവുകളിലായി ലഭിക്കുന്ന ആദായങ്ങളെ കണക്കാക്കി ഒരാണ്ടത്തേക്കു കിഴിപ്പെടുത്തീട്ടുള്ള ശരാശരിപ്പാട്ടം.

മേനിപ്പൊറുതി-സുഖമായിട്ടുള്ളപാടു്.

മേനിവിളച്ചൽ-ഒന്നാംതരം വിളവ്.

മേനോക്കി-നായന്മാരുടെ ഒരു സ്ഥാനപ്പേർ.

മേന്തടി-മീതെയുള്ള തടി.

മേന്തോന്നി-ഒരു പച്ചമരുന്ന്, മേത്തോന്നി.

മേമ്പൊടി, മേമ്പടി-പ. കഷായങ്ങൾക്കു മുകളിൽ ചിതറവാനുള്ള ഉപാടി. ഉ. അല്പമായി ചേർക്കുന്ന നല്ല സാധനം.

മേമ്പൊടി എന്നതിനെ മേല്പൊടി എന്നും പറയുന്നുണ്ട്. (കഷായത്തിനു മേല്പൊടി എന്നു പറയുന്നതു ഇതാണ്.) ഇതു കഷായത്തിനു വീഴ്ത്തും കൂട്ടുന്നതാകുന്നു.

മേന്മ-ഉൽക്കർഷം, വലുപ്പം.

മേന്മീശ-മൂക്കിനു താഴെ ചുണ്ടിനു നില്ക്കുന്ന മീശ.

മേന്മേൽ-മേല്ക്കുമേൽ, മേൽക്കുമേൽ.

മേപ്പടവു്-ഉയർന്നതട്ടു്.

മേപ്പടി-മേൽപറഞ്ഞവിധം.

മേപ്പാവു്-വലുതായ കെട്ടിടം.

മേപ്പുലം-മേച്ചിൽസ്ഥലം.

മേയ-വി. അടുക്കത്തക്ക.

മേയനാമം-(വ്യാകരണത്തിൽ) ഒരു ജാതിവ്യക്തി വിവേകം ഇല്ലാത്ത വസ്തുവിനെ കുറിക്കുന്ന പദം. ഉ-ം, തുണി, മഴ ഇത്യാദി.

മേയാപ്പുര-തല്ലുലോത്തേക്കുള്ള പുര.

മേയിക്കൽ-കന്നുകാലിയെ തീറ്റുക.

മേയുന്ന-പ. കന്നുകാലികൾ നടന്നു തിന്നുന്ന. ഉ. പുര കെട്ടുന്ന, ഓലകെട്ടുന്ന.

മേയ്ക്കുന്ന, മേയിക്കുന്ന—കന്നുകാലിയെ തീറ്റുന്ന. (സം. ക്രി.—മേയ്പിക്കുന്ന)

മേയ്ക്കൂലി-പ. ഇടയന്റെ കൂലി, എരുത്തുന്യം. ഉ. പുരകെട്ടുകാരന്റെ കൂലി,

മേയ്പ്പുകാരൻ-കന്നുകാലിത്തീറ്റുകാരൻ.

മേര-മേനി.

മേരു-ഒരു പർവ്വതം. (മഹാമേരു എന്നതു

നോക്കുക.) തന്റെ കൊട്ടമുടികളെക്കൊണ്ടു ജ്യോതിസ്സുകളിൽ ചെന്നു മുട്ടുന്നതു് എന്നത്രേ. അസുരന്മാരെ ഹിംസിക്കുന്നതു് എന്നുമത്രേ.

മേരുധനുശ്ശാവു്-ശിവൻ.

മേരുപൃഷ്ഠം-പ. സ്വർഗ്ഗം. ഉ. ആകാശം.

മേരുപ്പു്-ഒരു ലവണദ്രവ്യം.

അൽസ്സിനും മറ്റും നന്നു്, നിറം വെളുപ്പാണു്.

മേരുസഖൻ-ഹിമവാൻ. മഹാമേരുവിന്റെ ഇഷ്ടൻ എന്നത്രേ.

മേരുസാവർണ്ണി-മേരുവിനോടൊപ്പം നിറമുള്ള.

മേരുസാവർണ്ണി-ഒരു മഹർഷി.

മേലടി-പ. കടിയാൻ മുതലാളിയ്ക്കു സൽക്കാരമായി കൊടുക്കുന്ന വസ്തുക്കൾ. ഉ. കുന്തകാലികളെ സൃഷ്ടിക്കുന്നതിനു ചെല്ലിക്കുക.

മേലധികാരം-മേൽവിചാരം.

മേലധികാരി-മേൽവിചാരിപ്പുകാരൻ.

മേലവൻ, മേലാൻ-മേലാൾ.

മേലാ-അ. വഹിയാ, വയ്യാ.

മേലാക്കം-കരേറ്റം.

മേലാച്ചി-വേലക്കാരി.

മേലാട-മേൽമുണ്ടു്.

മേലാറ്റു്-മേൽക്കെട്ടി.

മേലായ്ക-പ. വഹിയായ്ക, ഉ. ക്ഷീണത.

മേലായ്ക്കുറു-ജന്മിയുടെ അവകാശം.

മേലാരു്-ഉയർന്ന ജാതിക്കാരെ ചില തീണ്ടലുള്ള ജാതിക്കാർ പറയുന്ന ഒരു പേർ.

മേലാൽ-അ. വരുംകാലം, ഇനി.

മേലാൾ, മേലാവു്-പ. മേലധികാരി. ഉ. പ്രമാണി.

മേലികാ-വായൽ.

മേലിൽ-അ. വരുംകാലത്തിൽ.

മേലും-അ. പ. വിശേഷിച്ചും, ക്രമേണയും. ഉ. വരുംകാലത്തും.

മേലുര-ഉരകല്ലിൽ രൂപാന്തരപ്പെട്ട മേലത്തെ പാട്ടു്.

മേലെരി-ഹോമത്തിനുള്ള വിറക്, ചിലവിന്റെ വിറക്.

'നാലു ഭാഗങ്ങളിൽ നല്ല
മേലെരിയുമെരിയിച്ചു'

(ത്രിപുരദഹനം തുള്ളൽ)

മേലെഴുത്തു്—മേലെഴുത്തുകാരന്റെ ഉദ്യോഗം.

മേലെഴുത്തുകച്ചേരി-തിരുവിതാംകൂർ രാജ്യത്തെ ഒരു (മേൽ കണക്കെഴുത്തു) കച്ചേരി.

മേലെഴുത്തുപിള്ള-മേലെഴുത്തുകച്ചേരിയിൽ പ്രധാനിയായ ഒരു ഉദ്യോഗസ്ഥൻ.

മേലേ-അ. മീതെ.

മേലേക്കുമ്പടി-കട്ടിലയുടെ മേല്പട്ടി.

മേലേടം-ഭാവികാലം.

മേലേതു്-മീതെയുള്ളതു്.

മേലോട്ടു്-അ. മുകളിലോട്ടു്.

മേൽ-അ. മീതെ.

മേൽകാച്ചിൽ-ശരീരത്തിലേ ചൂടു്.

മേൽകീഴ്-തലകീഴായി.

മേൽക്കച്ച-ഉടുപ്പിനുമീതെ അരയിൽ കെട്ടുന്ന ഒരു കച്ച.

മേൽക്കച്ചവടം-വലിയ കച്ചവടം.

മേൽക്കണക്കു്-പ്രധാനമായ കണക്കു്.

മേൽക്കരം-മേലാലുള്ള പാട്ടം.

മേൽക്കാച്ചിൽ-കാച്ചിലിന്റെ വള്ളിയിൽ ഉണ്ടാകുന്ന ചെറിയ കാച്ചിൽ.

മേൽക്കാണം-പണയം എഴുതിയ വസ്തുവിന്മേൽ പിന്നെയും വാങ്ങിക്കുന്ന ദ്രവ്യം, പുറമായ്പ്പു.

മേൽക്കാതു്-കാതിന്റെ മുകൾഭാഗം.

മേൽക്കാറു്-പടിഞ്ഞാറൻ കാറു്.

മേൽക്കുമേൽ-അ. മീതെ മീതെ.

മേൽക്കൂട്ടു്-പുരയുടെ മിഞ്ഞിക്കുമീതെ പണിയുന്ന ഉത്തരവും മറ്റും.

മേൽക്കെട്ടി-കപ്പോടിയും മറവും വീഴാതെ തിരിപ്പിനായിട്ട മുറിയിൽ മച്ചിനു താഴെ കെട്ടുന്ന വസ്ത്രം.

മേൽക്കോയ്മ-മേലധികാരം.

മേൽച്ചീട്ട്-മേൽവിലാസം.

മേൽച്ചുങ്കം-പ്രധാനമായ ചുങ്കസ്ഥലം.

മേൽത്തട്ട്-ഗ. പുരമുറിക്കകത്തു മുകളിൽ തുലാത്തിന്മേൽ ഇടുന്ന പലക, മച്ച്. ഉ. കപ്പലിന്റെ മേൽഭാഗം. ന. മാളിക. ഭ. തേരിന്റെയും മറവും മേൽഭാഗം.

മേൽത്താഴ്-പുട്ടിയതിനു മീതെ ഇട്ടു പുട്ടിയ താഴ്, മേൽപ്പൂട്ട്.

മേല്പഞ്ചായം-കാഴ്ചങ്ങൾ കേട്ടു തീർപ്പു വരുത്തുന്ന ഒരാലോചനക്കാരുടെ കൂട്ടം.

മേല്പട-വലുപ്പമുള്ള സൈന്യം.

മേല്പടി-വി. മുൻപറഞ്ഞ.

മേല്പടി-അ. മുൻപറഞ്ഞവിധം, മേപ്പടി.

മേല്പട്ടക്കാരൻ-വലിയ പട്ടക്കാരൻ, ബിഷപ്പ്, മെത്രാനും മറവും.

മേല്പട്ടം-വലിയ പട്ടക്കാരന്റെ സ്ഥാനം.

മേല്പാട്ട്-മുകൾപ്രദേശം.

മേല്പാടം-ഗ. പുരാതനമായ എഴുത്ത്. ഉ. ഉയർച്ചയുള്ള കണ്ടം.

മേല്പുടവ-ഉത്തരീയം.

മേൽപ്പുര-പുരയുടെ മുകളിൽ മേഞ്ഞിരിക്കുന്ന ഓലയും മറവും.

മേല്പൂട്ട്-പുറംപൂട്ട്, മേൽത്താഴ്.

മേല്പെട്ട്, മേല്പെട്ട-അ മുകളിലോട്ട്.

മേല്പൊടി-കഷായത്തിൽ ഇടുന്ന പൊടി. മേമ്പൊടി.

മേൽഫലം-ഗ. മുകളിലുള്ള തേങ്ങയും മറവും. ഉ. മേലിൽ വരുന്ന ഫലം.

മേൽബലം-ഗ. മുൻപട. ഉ. സഹായിക്കുന്ന സൈന്യം.

മേൽഭാഗം-മുകൾപ്രദേശം, ആകാശം.

മേൽഭാരം-മുകളിൽ കയറ്റപ്പെട്ട ഭാരം.

മേൽമണിയം-മേലധികാരം.

മേൽമണ്ഡലം-ആകാശത്തുള്ള ചന്ദ്രമണ്ഡലവും മറവും.

മേൽലാഭം-അധികമായുണ്ടാകുന്ന ലാഭം.

മേൽവയ്പ്-കപ്പക്കിഴങ്ങിന്റെ മീതെയുള്ള വയ്പ്.

മേൽവരവ്-ഗ. ക്രമപ്രകാരമുള്ളതു കൂടാതെ അധികമായുണ്ടാകുന്ന ദ്രവ്യലാഭം. ഉ. വരുമാനം.

മേൽവാചകം-ഗ. തലവാചകം. ഉ. മേൽവിലാസം.

മേൽവായ്-അണ്ണാക്ക്.

മേൽവായ്പ്പ(യ്പ്പ)-പുറവായ്പ്പ.

മേൽവാരം-മലംകുഴിക്കും മറവും കൊടുക്കുന്ന കരം.

മേൽവാഴി-മേൽക്കോയ്മ നടിക്കുന്നവൻ.

മേൽവിചാരം-മേൽനോട്ടം.

മേൽവിത്ത്-ഒരുത്തൻ വിതച്ച നിലത്തിൽ പിണങ്ങി മറ്റൊരുത്തൻ പിന്നേയും വിതയ്ക്കുന്ന വിത്ത്.

മേൽവിരിപ്പ്-മേൽക്കെട്ടി.

മേൽവിലാസം-കൊടുത്തയയ്ക്കുന്ന എഴുത്തു മുതലായ സ്ഥലത്തേക്കെന്നും ഇന്നാൾക്കെന്നും മറവും പുറത്തെഴുതുന്ന വാചകം.

മേൽവെള്ളം-പുതുവെള്ളം.

മേൽശാന്തി-ഗ. ക്ഷേത്രത്തിലെ പ്രധാന ശാന്തിക്കാരൻ. ഉ. പ്രവൃത്തി, ദേവനെ പൂജിക്കുകയും മറവും.

മേവലർ-ശത്രുക്കൾ.

മേവൽ-ഗ. യോജിപ്പ്. ഉ. സ്നേഹം. ന. പാർക്കുക. ഭ. ആഗ്രഹം. ങ. ഭരിക്കുക. ഞ. സ്ഥിരപ്പെട്ടുനില്ക്കുക.

മേവിക്കൊടുക്കുന്ന-യോജിക്കുന്ന.

മേവിടുന്ന–പാർക്കുന്ന.

മേവുന്ന–ക്രി. പാർക്കുന്ന. ഉ. യോജിക്കുന്ന. സ. ആഗ്രഹിക്കുന്ന. ശ. സ്ഥിരപ്പെടുത്തുന്ന. ഇ. ഭരിക്കുന്ന. ങ്ങ. സ്നേഹിക്കുന്ന. ഒ. ഉണ്ടാകുന്ന. വ. ചെയ്യുന്ന.

മേവുക എന്നതിന്റെ അർത്ഥം ആദ്യം 'സ്നേഹിക്ക', 'പരിചയിക്ക' എന്നായിരുന്നു. ഇപ്പോഴത്തെ അർത്ഥം 'വസിക്കുക' എന്നായിത്തീർന്നു.

മേശ–ഒരു വലിയ നാൽക്കാലിപ്പലക.

മേഷ–ക്രി. തടവ്. ഉ. പ്രയാസം. സ. കുറവ്. ശ. മരങ്ങളിലുണ്ടാകുന്ന ഒരുമാതിരി വിരിച്ചിൽ.

മേഷകംബളം—കംബളം (കമ്പിളി), ആട്ടിൻരോമംകൊണ്ടു മനുഷ്യരുണ്ടാക്കിയ കരിമ്പടം മുതലായതു്. (കംബളം = ശീതാർത്തന്മാരാൽ കാമിക്കപ്പെടുന്നതു്).

മേഷം–ക്രി. മുട്ടാടു്; കുറിയാടു്. സ്പഷ്ടിക്കുന്നതു് എന്നർത്ഥം. ഉ. മേടം. സ. രാശി.

മേഷാ–പിറോമം.

മേഷാണ്ഡൻ–ഇന്ദ്രൻ

മേഷി–ക്രി. പെണ്ണാടു്. ഉ. മാംസി. സ. കൊട്ടുകാരി.

മേഷിക–പെണ്ണാടു്.

മേസ്തിരി–പണി നടത്തുവാൻ ഏറിരിക്കുന്ന ആൾ, പ്രധാനിയായ പണിക്കാരൻ.

മേഹധ്വാതിനി–മഞ്ഞൾ.

മേഹനം–ക്രി. മൂത്രപ്രചാരം. ഉ. മൂത്രം. സ. മൂത്രമൊഴിവു്. ശ. പുരുഷന്റെ ലിംഗം. സ്ത്രീകൾ കൊണ്ടു യോനിയെ സ്നേഹിക്കുന്നതു് എന്നർത്ഥം.

മേഹം–ക്രി. മൂത്രമൊഴിവു്, പ്രമേഹം. എപ്പോഴും മൂത്രമൊഴിക്കുന്നതു് എന്നർത്ഥം. ഉ. മൂത്രം. സ. ആട്ടു്.

മേള–ക്രി. മങ്കി. ഉ. അമര.

മേളക്കാരൻ–വാദ്യക്കാരൻ.

മേളക്കൊഴുപ്പു്–കൊയ്ത്തു്, കഴൽ, വാദ്യം മുതലായതിന്റെ ശബ്ദംകൊണ്ടുള്ള യോജിപ്പു്.

മേളതാളം–മേളക്കാരുടെ താളം.

മേളനം–കൂട്ടം, ഒരുമിപ്പു്.

മേളപ്പണം – വാദ്യക്കാർക്കു കൊടുക്കുന്ന കൂലി.

മേളം–ക്രി. വാദ്യക്കാരുടെ കൂട്ടം. ഉ. ആട്ടക്കൊട്ടു്. സ. സന്തോഷം, സല്ലാപം. ശ. കൂട്ടുക. ങ്ങ. ചേരുക.

മേളത്തിൽ–നല്ലവണ്ണം.

മേളി(ക്കു)–തമ്മിൽ കൂടിച്ചേരുക.

മേളാ–ക്രി. അമരി. ഉ. ഒരുമിപ്പു്, സ. കൂട്ടം. ശ. മങ്കി.

മേളാങ്കം–ഉല്ലാസം, സന്തോഷം.

മേളിക്കുന്ന–ക്രി. യോജിക്കുന്ന. ഉ. സന്തോഷിക്കുന്ന.

മേളിത–വി. യോജിപ്പിക്കപ്പെട്ട.

മേളിപ്പു്–ക്രി. യോജിപ്പു്. ഉ. സന്തോഷം.

മേഴി–കഴപ്പയുടെ പുഷ്പം.

മൈ

മൈ–ക്രി. മങ്കി. ഉ. കറുത്ത നിറം.

മൈക്കണ്ണി–സ്ത്രീ, സുന്ദരി.

മൈക്കൊലവാർകുഴലാൾ—ഇരുണ്ട തലമുടിയുള്ളവൾ, സുന്ദരി.

മൈതാനനിലം–ഒപ്പനിരപ്പുള്ള നിലം.

മൈത്തുക–ലഭിക്കുക.

മൈത്തൽ–അഭ്യർത്ഥന, മിടുക്കു്, ഭംഗി, വേല.

മൈത്രുന്ന–അഭ്യർത്ഥനപ്പെടുന്ന.

മൈത്രു–വി. മിത്രത്തെ സംബന്ധിച്ച.

മൈത്രൻ-പ്ര. മുഖേ (പരമാത്മാ) ജ്ഞാനൻ. ഉ. സ്നേഹിതൻ.

മൈത്രകം-സ്നേഹം.

മൈത്രം-പ്ര. അന്നിഴം. ഉ: ബന്ധുതുല്യം.

മൈത്രാവരുണൻ-പ്ര. അഗസ്ത്യൻ. 'വാരുണി' എന്ന മാതൃമയെങ്കിലും പുത്രനായ തന്നെ.

മിത്രാവരുണന്മാരുടെ രേതസ്സിനെ ഉർവ്വശി കലശത്തിൽ മുമ്പായി വെച്ചു എന്നും തദനന്തരം ആ കലശത്തിൽ നിന്നും അഗസ്ത്യൻ ജനിച്ചു എന്നും പുരാണപ്രസിദ്ധം. 'മിത്രാവരുണയോഃ സൂനരേവ്വശേയശ്ചവാരുണിഃ'

ഉ. വാല്മീകി. ന. വസിഷ്ഠൻ.

മൈത്രാവരുണി-പ്ര. വാല്മീകി.

പ്രാചേതസശ്ചാഭികവിഃ
സ്യാദനന്തരമൈത്രാവരുണിശ്ചസഃ'

എന്ന പ്രമാണം.

ഉ, അഗസ്ത്യൻ. ന. വസിഷ്ഠൻ.

മൈത്രീ, മൈത്ര്യം-മിത്രത്തിന്റെ ഭാവം (കർമ്മം), സ്നേഹം.

മൈത്രേയൻ-കൃഷ്ണദ്വൈപായനന്റെ മകനും പരാശരന്റെ ശിഷ്യനുമായ ഒരു ഋഷി.

ഓരോ മന്വന്തരത്തിൽ ഓരോ മഹർഷി വ്യാസപദവിയെ കൈകൊള്ളുന്നു. ഹിന്ദുമതം സ്ഥാപിച്ച വ്യാസൻ കൃഷ്ണദ്വൈപായനൻ എന്ന മഹർഷിയായിരുന്ന കൃഷ്ണദ്വൈപായനന്റെ ശേഷം വ്യാസപദത്തെ സ്വീകരിച്ചതു മൈത്രേയ മഹർഷിയാണു്. വ്യാസപദം വഹിക്കുന്ന മഹർഷിമാർ വിഷ്ണുവിന്റെ അംശമാകുന്നു. പാണ്ഡവരോടു കലഹിക്കരുതെന്നു ധൃതരാഷ്ട്രരെ ഉപദേശിച്ചുവരിൽ മൈത്രേയമഹർഷിയുമുണ്ടു്. ഇദ്ദേഹം ഇപ്പോൾ ബദരികാശ്രമത്തിനു സമീപം സ്വന്ത ആശ്രമത്തിൽ വസിക്കുന്നു. ഇപ്പോഴും വ്യാസപൌർണ്ണമി ദിവസം 'ശംഭു'വനത്തിൽ വച്ചു ഒരുപന്യാസം ഈ ധീമാൻ ചെയ്യാറുണ്ടുപോലും.

(മൈത്രേയി എന്നതു നോക്കുക)

മൈത്രേയീ-യാജ്ഞവല്ക്യന്റെ ഭാര്യ.

മൈഥില-വി. മിഥിലയെ സംബന്ധിച്ച

മൈഥിലി-സീത.

മൈഥുന-വി. പ്ര. ഇരട്ടയായ. ഉ. വിവാഹംകൊണ്ടു യോജിച്ച.

മൈഥുനം-പ്ര. സ്ത്രീയും പുരുഷനും കൂടിയുള്ള ചേർച്ച, സ്ത്രീസംഗം. സ്ത്രീപുരുഷന്മാരുടെ പ്രവൃത്തി എന്നർത്ഥം. മറ്റു പര്യായങ്ങൾ- വ്യവായം, ധർമ്മ്യധർമ്മം, നിധുവനം, രതം. ഉ. മാർഗ്ഗശിസംബന്ധം. മിഥുനത്തിന്റെ (സ്ത്രീപുരുഷന്മാരുടെ) തു് എന്നർത്ഥം. ഇവരുടെ കർമ്മം എന്നുമാവാം.

മൈഥുനി-വണ്ടാരക്കോഴി.

മൈധാവകം-ബുദ്ധി.

മൈനാകം-പ്ര. ഒരു പർവ്വതം.

ഒരുകാലത്തിനു വടക്കു സ്ഥിതി ചെയ്യുന്നു. ഇന്ദ്രൻ പർവ്വതങ്ങളുടെ ചിറകു മുറിച്ചപ്പോൾ മൈനാകം മാത്രം രക്ഷയെ പ്രാപിച്ചു. മൈനാകം എന്ന പർവ്വതം സദാ സമുദ്രമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്നു. ഇപ്പോൾ 'ശിവാലിക്' എന്നു പറയുന്നതു് ഇതാണെന്നു ചിലരുടെ മതം. മൈനാകം ഹിമവാന്റെ പുത്രനും പാർവ്വതിയുടെ സഹോദരനുമാണത്രേ.

ഉ. ഒരുതരം പക്ഷി.

മൈനാമ്പു്-അലക്കുകാരന്റെ ചില തിക്കിൽ പറയുന്ന ഒരു പേർ.

മൈനാലൻ-മുക്കുവൻ.

മൈന്തൻ-പ്ര. മകൻ. ഉ. ബാലൻ.

മൈന്ദൻ-ഒരസുരൻ.

കൃഷ്ണനാൽ വധിക്കപ്പെട്ട.

മൈമ്പു്-ഇതുപോലെയുക്കം.

മൈയൽ-മയക്കം, മോഹം.

മൈയ്യൻ-വലിയ കള്ളൻ.

മൈരേയം-ഒരുവക മദ്യം, ശർക്കര കൂട്ടി ചുമല്ല മദ്യം. കരിമ്പിൻനീർ മുതലായതു കൊണ്ടുണ്ടാക്കിയ മദ്യം എന്നും കാണുന്നു. മിരയിൽ ഉണ്ടായതു എന്നർത്ഥം. മിര എന്നതിനു ദേശവിശേഷമെന്നും ദേശധവിശേഷമെന്നും അർത്ഥം കാണുന്നു.

കുമി, ചുല്ലം മുതലായവയുടെ നീരു്. മൈരേയം എന്നതു താതിരിപ്പൂവു്, ശർക്കര, വരകയവം, ജലം ഇവകൊണ്ടുണ്ടാക്കിയ മദ്യമാണെന്നാണു് മാധവാചാര്യരുടെ അഭിപ്രായം.

മൈല-പ. ഒരുവക വൃക്ഷം. ക. വെളുപ്പും കറുപ്പും കൂടിയ നിറം.

മൈലാടുമ്പഞ്ഞിം-ഒരുമാതിരി നല്ല മഞ്ഞിം.

മൈലെള്ളു്-ഒരുവക വൃക്ഷം.

മൈലൊന്പി-ഒരുവക ചെടി.

മൈസൂർ-ഒരു രാജ്യം. Mysore.

മൈളിന്ദം-വണ്ടു്.

മൊ

മൊക്കണ്ണി, മുകക്കണ്ണി-കതിരുകൾ തീറ്റിയിട്ടു കൊടുപ്പാനുള്ള ചാക്കുസഞ്ചി

മൊങ്കാൻ-വലിയ കെട്ടുവടി.

മൊങ്ങ-കുരങ്ങു്.

മൊച്ച-പ. കരിങ്കുരങ്ങു്. ക. ഒരുമാതിരി തെങ്ങു്.

മൊച്ചക്കൊട്ട-മൊച്ചയുടെ കായു്.

മൊഞ്ചു്-പ. കോപം. ക. അഴകു്.

മൊഞ്ചൻ-പ. വേഗത്തിൽ കോപിക്കുന്നവൻ. ക. നല്ല ബലമുള്ളവൻ, മിടുക്കൻ.

മൊട്ടു്-വിടിരാത്ത പൂവു്.

മൊട്ട, മുട്ട-പ. പക്ഷികളും മറ്റും പ്രസവിച്ചു സാധനം. ക. ചിരട്ട തല. ന. കുടുമ്പിത്തല.

മൊട്ടമ്പു് - മുറ്റുയിലുണ്ടാത്ത ഒരുമാതിരി അമ്പു്.

മൊട്ടയിടുന്നു-പ. ചിരകുന്നു. ക. പക്ഷി പാമ്പു മുതലായ ചില ജന്തുക്കൾ പ്രസവിക്കുന്നു.

മൊട്ടവാഴ-വാഴയുടെ കുലിക്കുള്ള വാഴ. (നീണ്ടിരിക്കും, പിച്ചളപ്പിടി കാണും)

മൊട്ടസൂചി-കുഴയില്ലാത്ത ഒരുമാതിരി സൂചി.

മൊത്താ-മുഴുവൻ.

മൊത്തി-മുഖം, മുഞ്ഞി.

'പാണ്ഡവവൃഷ്ണികളെന്നായപ്പോൾ
കണ്ണാടികളുടെ മൊത്തികരുത്തു"

(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അധികം പുസ്തകങ്ങളിലും ഞാൻ കണ്ടിട്ടുള്ളതു 'മുഞ്ഞി' എന്നാണു്, മൊത്തി എന്നല്ല.

മൊത്തുന്നു-പ. പാത്രം ചൊടിയിൽവെച്ചു വലിച്ചു കുടിക്കുന്നു. ക. ചുംബിക്കുന്നു.

മൊന്നാക്കർ-പുരോഹിതന്മാർ.

മൊന്ത-പ. പിച്ചളയും മറ്റും കൊണ്ടുണ്ടാക്കിയ ഒരുമാതിരി ചെറിയ കുടം. ക. കുട്ടപ്പന്നി കിടക്കുന്ന സ്ഥലം.

മൊന്തൻപഴം-പ. കായ്ക്കുന്നതിനു കുരുള്ളാത്ത ആരം. ക. ഒരുവക പഴം.

മൊരന്പുക-മുരളുക.

മൊരശ്ശു, മുരശ്ശു-മുരശു്, ഒരു വാദ്യം.

മൊരി-പ. വൃക്ഷത്തിന്റെ മുണങ്ങിയ തൊലി. ക. ദേഹത്തിലുണ്ടാകുന്ന ഒരു ഉണക്കു.

മൊരിച്ചുൽ-ഗ. വൃക്ഷത്തിന്റെയും മറ്റും തൊലിയുടെ ഉണക്ക്. ഉ. ഉണങ്ങിയ തൊലി.

മൊരിച്ചുണങ്ങു് - മേഹത്തിലുണ്ടാകുന്ന ഒരുമാതിരി ചുണങ്ങു്.

മൊരിയൻ-ശരീരത്തിൽ മൊരിയുള്ളവൻ.

മൊരിയുന്ന-ഗ. തൊലിയിൽ ഉണക്കുണ്ടാകുന്ന. ഉ. നല്ലവണ്ണം വറക്കുന്ന (പൊരിയുന്ന).

മൊഹറം-ഒരു നോമ്പു്.

മൊഹറം നോമ്പു്—മഹമ്മദു നബിയുടെ മകളായ ഫാത്തിമയെ (പാത്തുമ്മായെ) അലി (അലിയാമരക്കാർ) വിവാഹം കഴിച്ചു. അലിക്കു ഹസയിൻ, ഹുസയിൻ ഇങ്ങനെ രണ്ടു മക്കൾ ഉണ്ടായി. ഒരു കാരണത്തിനു മുമ്പുള്ള കലഹത്തിൽ അന്നത്തെ ഒരു യഹൂദരാജാവായ യസീദ് ഹസയിനെ ചതിയെക്കൊണ്ടു കൊല്ലുകയും, ഹുസയിനെ കെർബലാ എന്ന സ്ഥലത്തുവെച്ചു ന്യൂം അക്ടോബർ 10-ാംതീയതി വെട്ടിക്കൊല്ലുകയും ചെയ്തു. ഹുസയിനുടെ മരണദിവസമാണ് മൊഹറം.

മൊളി-ഗ. വൃക്ഷത്തിന്റെ കരിന്തൊലി. ഉ. തൊലികളിലും മറ്റുമുണ്ടാകുന്ന ഉണക്ക്, മൊരി.

മൊളിച്ചുൽ-മൊരിച്ചുൽ.

മൊളിയില-കരിയില

മൊള്ള്-മൂത്രം.

മൊള്ളുന്ന-മൂത്രം വീഴ്ത്തുന്ന.

മൊഴി-വാക്ക്.

മൊഴിമാത്ത്-സരസ്വതി.

മൊഴിമാറു-ഒരുകൊച്ചീട്ട്.

മൊഴിമാറ്റം-വാക്കുവ്യത്യാസം.

മൊഴിയുന്ന-പറയുന്ന.

മൊഴിവഴി-അനുസരണം.

മോ

മോകുക-കുടിക്കുക, മോന്തുക.

മോക്ഷിക്ക-വി. ഗ. മോചിക്കുന്ന, ഉപേക്ഷിക്കുന്ന. ഉ. അയക്കുന്ന. ന. അഴിച്ചുവിടുന്ന.

മോക്ഷിക-വി. വിടുവിക്കുന്ന.

മോക്ഷപുരി-കാഞ്ചിപട്ടണം.

മോക്ഷം-ഗ. ജ്ഞാനംകൊണ്ടു ആത്മാവിനു കിട്ടുന്ന സ്വാതന്ത്ര്യം, പ്രവൃത്തികൊണ്ടു മോക്ഷം കിട്ടുന്നതല്ല.

ജീവതത്തിന്റെ ശുഭമായ പരിണാമത്തെ 'മോക്ഷം' എന്നു തത്വജ്ഞാനികൾ വ്യവഹരിക്കുന്നു. ദുഃഖനിവൃത്തിക്കും അതിന്റെ ഫലമായ പരമാനന്ദപ്രാപ്തിക്കും മോക്ഷം എന്നു അവർ പേർ പറയുന്നു.

ബ്രഹ്മാനന്ദം. ഉ. മരണം. ന. പാടലി വൃക്ഷം. (മോക്ഷം എന്നതിനു സംസാരദുഃഖത്തിന്റെ അവസാനം എന്നർത്ഥം. അവിദ്യാപാശത്തിൽ നിന്നു ആത്മാവിനെ മോചിപ്പിക്കുന്നതു എന്നു മാത്രം.

മോക്ഷചതുഷ്ടയം-സാലോക്യം, സാമീപ്യം, സാരൂപ്യം, സായുജ്യം ഇവ നാലും. കാരോന്നും നോക്കുക.

മോക്ഷദാനം-വിടുതൽ.

മോക്ഷദ്വാരപാലചതുഷ്ടയം-ശമം, സന്തോഷം, സാധുസംഗമം, വിചാരണ ഇവ നാലും.

മോക്ഷവിശേഷം-മറ്റു മൂന്നാംനാളത്തെ വിശേഷം.

മോഘ-വി. വ്യർത്ഥമായ. ഉ. വിടുപ്പുട്ട.

മോഷം–നിഷ്ഫലമായിട്ടുള്ളത്. ഇതിൽ ബുദ്ധി ക്ഷയിക്കുന്നതുകൊണ്ടു ഇപ്പേരുണ്ടായി. മറ്റൊരു പര്യായം–നിരർത്ഥകം.

മോഷ്ടാ–ഫ. പൂച്ചാതിരി. പ. വിഴാൽ, ഇലവു്.

മോഷ്ടാലി–വേലി.

മോങ്ങൽ, മോങ്ങ–കരു. (പട്ടിയുടെ ശബ്ദം).

മോചം–ഫ. വാഴ. പട്ടകളെ മോചിക്കുന്നതു് എന്നർത്ഥം.

'ആരുരുഹം സഹിരുപവനം
തന്നിൽ മോചാകമംബം'

(മയൂരസന്ദേശം)

പ. ഇലവു് (വി). മരം. പശ പുറപ്പെടുവിക്കുന്നതു് എന്നർത്ഥം. നാ. അമരി. ര. ഇലന്തിൽ.

മോചക–വാഴ.

മോചകൻ–ഒരു സന്യാസി.

മോചകം–ഫ. മുരിങ്ങ. പ. വാഴ. നാ. ഇലവിൻപശ. ര. മുഷ്കകവൃക്ഷം.

മോചനം–വിടുക.

മോചം–ഫ. വാഴപ്പഴം. പ. കരിമുരിങ്ങ. നാ. പ്ലാവു്.

മോചിക്കുന്നു–വിടുന്നു, ഉപേക്ഷിക്കുന്നു.

മോഞ്ഞ–ഫ. മോണ. പ. മോണയിലെ ഒരു രോഗം.

മോട്ട്–മുകളിലെ ഭാഗം.

മോടകം–ഒരുമാതിരി വള്ളി.

മോടൻ–ഒരുവക നെല്ലു്.

മോടി–ഫ. വെടിപ്പു്. പ. ഭംഗി. നാ. കൺകെട്ടുവിദ്യ. ര. ഉല്ലാസം.

മോടിക്കാരൻ–ഫ. ഭംഗിക്കാരൻ. പ. ഉല്ലാസക്കാരൻ. നാ. മോടിവിദ്യക്കാരൻ.

മോടിവിദ്യ–കൺകെട്ടുവിദ്യ, ചെപ്പടിവിദ്യ.

മോട്ടം–അഹങ്കാരം.

മോട്ടായിതം–നായികമാക്കു മെയ്യവനവസ്ഥയിൽ സന്തോഷദ്യോതകം കൊണ്ടുണ്ടാകുന്നതായ പ്രേമ അലങ്കാരങ്ങളിൽ ഒന്നു്.

മനസ്സിൽ പ്രിയതമന്റെ രൂപം, ശീലം മുതലായവയെത്തന്നെ വിചാരിച്ചു കൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കഥതന്നെ കേൾപ്പാനിടയായി. അനന്തരം ചെയ്യുന്ന കണ്ണുകണ്ടുയനം, വിരൽപൊട്ടിക്കുക, കോട്ടുവായിടുക മുതലായ ചേഷ്ടാവിശേഷങ്ങൾക്കു മോട്ടായിതം എന്നു പേർ.

'തത്തുല്യഭാവിതേ ചിത്തേ
വല്ലഭസ്യ കഥാദിഷു
മെട്ടായിതമിതി പ്രാഹുഃ
കണ്ണുകണ്ടുയനാദിതം'

(ഏന്ന പ്രമാണം)

(വിഭ്രമസഞ്ചാരം എന്നതു നോക്കുക)

മോണ–പല്ലിന്റെ ചുവട്ടിലെ മാംസം.

ഏലത്തിത്തൊലി ചുട്ട കരിയും ഉമിക്കരിയും സമംചീതം എടുത്തു മാതിക്കപ്പൊടിയും കാത്തും കരുമുളകുപൊടിയും കുറേശ്ശേ ചേർത്തു പല്ലുതേച്ചാൽ മോണപഴുപ്പു്, പല്ലിനിടയിൽ രക്തംവരുക ഇവ ശമിപ്പിക്കും.

മോണം–ഫ. ചീങ്കണ്ണി. പ. പശുക്കളെ വയ്യുന്ന കൊട്ട (കൂട്ട)

മോണയൻ–ഒരു ശൂദ്രവാക്കു്. (സ്ത്രീ.–മോണച്ചി).

മോരണാലി–ഒരുവക നെല്ലു്.

മോണ്ടം–മുഖമണ്ഡപം.

മോത–ഫ. തിരപൊങ്ങുക. പ. ഒരുവക മീൻ.

മോതിരക്കണ്ണി–ഫ. ഒരുമാതിരി ഒരു. പ. ഇരുമ്പുകൊണ്ടും മറ്റുമുള്ള ചെറിയ വളയം. നാ. കാൽവിരലിന്റെ മുട്ടു്. ര. ചെറിയ ഉരുണ്ടുമുട്ടു്.

മോതിരം-വിരലിൽ ഇടുന്ന ഒരാഭരണം.

മോതിരവള്ളി-ഒരുമാതിരി വള്ളി.

മോതിരവിരൽ-അണിവിരൽ.

മോത്തുക-മുട്ടുക, തട്ടുക.

മോദകം-പ്ര. അപ്പം. (പലഹാരവിശേഷം). മോദിപ്പിക്കുന്നത് എന്നർത്ഥം. കൊഴക്കട്ടയുടെ ആകൃതിയിലുള്ള ഒരുവക പലഹാരം. അട എന്നു ചിലർ. ഉ. അംപഴം.

മോദം-പ്ര. സന്തോഷം, (സുഖം) ഉ. അമ്പഴം. ന. പരിമളം, സുഗന്ധം.

മോദയന്തി(കി)-കാട്ടുമുല്ല.

മോദിക്കുന്നു—സന്തോഷിക്കുന്നു. (സ. ക്രി. മോദിപ്പിക്കുന്നു.

മോദിത-വി. സന്തോഷിപ്പിക്കപ്പെട്ട.

മോന-ഒരു പദത്തിന്റെ പ്രഥമഖണ്ഡത്തിലേ ആദ്യക്ഷരത്തോട് അതിലെ രണ്ടാംഖണ്ഡത്തിലെ ആദ്യക്ഷരത്തിനു വരുന്ന സാമ്യം. 'എതുക' എന്നതു നോക്കുക.

മോനയുടെ പ്രാബല്യം എഴുത്തച്ഛന്റെ കാലത്തോടുകൂടി ക്ഷയിച്ചു. എതുകയ്ക്കും മോനയ്ക്കും അക്ഷരസാമ്യം മാത്രമല്ലാതെ അക്ഷരൈകരൂപ്യം ആവശ്യമുള്ളതല്ല.

മോൻ-മകൻ.

മോന്ത-മുഖം.

മോന്തൽ-പാത്രം മുഖത്തു ചേർത്ത് വലിച്ചുകുടിക്കൽ.

മോന്തായം-പുരയുടെ കഴുക്കോൽ പിടിപ്പിക്കുന്ന ഒരു നീളമുള്ള തടി.

മോന്തുന്നു-പാത്രം എടുത്തു വായിൽ തൊടുവിച്ചു വലിച്ചുകുടിക്കുന്നു.

മോരു്-പ്ര. വെണ്ണ എടുത്ത തൈര്. ഉ. തൈരിൽ വെള്ളം ചേർത്തതു്.

വിക്കം, വീക്കം, മഹോദരം, അൾസ്സ്, ഗ്രഹണി മുതലായവക്കു നന്നു. ഇതു പാൽപ്പായസത്തിന്റെ പിന്നാലെ കുടിച്ചാൽ വിരോധം. മോരു സേവിച്ചുണ്ടാകുന്ന അജീർണ്ണത്തിൽ ചുക്കുവെള്ളം സേവിക്കുക. സം-തക്രം, ത-മോരു. ഇം-Butter-milk.

മോരടം-പ്ര. കരിമ്പിൻവേർ. ചുരുട്ടിപ്പിണഞ്ഞിരിക്കുന്നതു് എന്നർത്ഥം. ഉ. പെരുംകുരുമ്പ.

മോരടാ—പെരുംകുരുമ്പ, ചുരുട്ടിപ്പിണയുന്നതു് എന്നർത്ഥം.

മോർചിലന്തി-വസൂരി പതിനെട്ടിൽ ഒന്നു്. ഫലം-രണ്ടിവസം കളിപ്പിക്കും.

മോർവഴന-ഒരുമാതിരി വഴനവൃക്ഷം.

മോശക്കാരൻ-പ്ര. മോഷ്ടാവു്. ഉ. ഹീനൻ. ന. ദരിദ്രൻ.

മോശം-പ്ര. കേടു്. ഉ. ചേതം. ന. ദാരിദ്ര്യം. ദ. അപകടം. ഇ. മൂഢത്വം. ഫ. കേടു്.

മോഷ്ടാവു്-കള്ളൻ. കക്കുന്നവൻ എന്നർത്ഥം. മോഷ്ടിച്ചവൻ.

'മുഷ്ടാംഗുലീയധനം മോഷ്ടാവിനേവിളിച്ചു'
(അഭിജ്ഞാനശാകുന്തളം)

മോഷണം-കളവു്.

മോഷണിക്കുക-മോഷ്ടിക്കുക.

മോഷ്ടാവു്-കള്ളൻ.

മോഷ്ടിക്കുന്നു-മോഷണം ചെയ്യുന്നു.

മോഹന-ഒരുമാതിരി മുല്ല.

മോഹന-വി മോഹിപ്പിക്കുന്ന, വശീകരിക്കുന്ന.

മോഹനകം-ഒരുചെറുമാസം.

മോഹനൻ-പ്ര. മോഹിപ്പിക്കുന്നവൻ. ഉ. ശിവൻ.

മോഹനം-പ്ര. വശീകരണം. ഉ. സംയോഗം. ന. കാമദേവന്റെ ഒരസ്ത്രം. ദ. മുത്തു്.

മോഹനമാല-പൊന്മാല.

മോഹനീയ-വി. മോഹിപ്പിക്കത്തക്ക.

മോഹം-ഗ. വലിയ ആഗ്രഹം. ഉ. മോഹാലസ്യം. വിചിത്രത (ചിത്രനാശം) എന്നർത്ഥം. ന. അറിവില്ലായ്മ, ദ്വേഷ്യഭാവം. ര. വ്യാകുലത. ള. നൊമ്പരം, ദുഃഖം. ന. തെറ്റ്, പിഴ. ഒ. ഐശ്വര്യതിമിരത്താൽ കൃത്യാകൃത്യങ്ങളെ അറിയാതിരിക്ക.

മോഹമുദ്ഗരം-വേദാന്തം വ്യാഖ്യാനിക്കുന്ന ഒരു കാവ്യം.

മോഹർ, മോഹറാവു്-ഒരു സ്വർണ്ണനാണയം. (വില രൂപാ ഗ൹).

മോഹാലസ്യം-ബോധക്കേട്. പര്യായങ്ങൾ-മൂർച്ഛ, കശ്മലം, മോഹം.

മോഹി-വിടൻ, അത്യാഗ്രഹക്കാരൻ.

മോഹിക്കുന്ന-ഗ. ആഗ്രഹിക്കുന്ന. ഉ. ബോധംകെടുന്ന, മനസ്സിനു് അന്ധത വരുന്ന. (കാ. ക്രി. മോഹിപ്പിക്കുന്ന).

മോഹിത-വി. ഗ. മോഹിപ്പിക്കപ്പെട്ട. ഉ. ബോധംകെട്ട.

മോഹിനി-ഗ. ദേവിടിശ്ശി. ഉ. സുന്ദരി. ന. ഒരപ്സരസ്ത്രീ. ര. പാലാഴിമഥനത്തിൽ അസുരന്മാരെ മയിപ്പാൻ വിഷ്ണു എടുത്ത ഒരു വേഷം.

'ദൈത്യരേമോഹിപ്പിച്ചു
പീയൂഷംവീണ്ടീടുവാൻ
ഉദൈത്യാരിപുനരൊരു
മോഹിനീവേഷംപൂണ്ടാൻ'
(ഭാഗവതം)

പാലാഴിമഥനത്തിൽ വിഷ്ണു മോഹിനിവേഷത്തെ അവലംബിച്ചതു അസുരത്തെ അസുരർ കൈവശപ്പെടുത്താതിരിക്കുന്നതിനായിട്ടാണു്.

ള. വശീകരിക്കുന്നവൾ, മോഹിപ്പിക്കുന്നവൾ. ന. കണ്ണാവു്.

മോഹിനിയാട്ടം-ദേവിടിശ്ശിയാട്ടംപോലെ കളിക്കുന്ന ഒരു കളി.

മോഴ-ഗ. ദോഷദൃഷ്ടം. ഉ. കൊമ്പില്ലാത്ത കാളയോ പശുവോ.

മോഴചിരട്ടുന്ന-വഞ്ചിക്കുന്ന.

മോഴവള-സ്വർണ്ണവള.

മോവു്-മുഖം.

മോറൽ-കഴുകുക.

മോറാഴി(യി)-കത്തിയുടേയോ വടിയുടേയോ പിടി.

മോറുന്ന-വെടിപ്പാക്കുന്ന, കഴുകുന്ന.

മൈ

മൈനകലി(ളി)-കാക്ക.

മൈനകുലി(ളി)-കാക്ക. 'മൂകലഃ ശ്ലേത്തത്താസ്യാന്മൂകലഃ കാനനേചരഃ' എന്ന യമപദ്യാംശം (ശബ്ദാർത്ഥവം). യമനോടു സംബന്ധപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

മൈനകുതികദാമ-ഒരു വൃത്തം.

മൈനകുതികപങ്ക്തി-ഒരു വൃത്തം.

മൈനകുതികപ്രസവ-മുത്തുച്ചിപ്പി.

മൈനകുതികം-മുത്തുമണി. ശുക്തിസംപുടത്തിൽനിന്നു മോചിക്കുന്നതു് എന്നർത്ഥം.

മൈനകുതികമാല-ഒരു വൃത്തം. (ഇതിനു 'ശ്രീ' എന്നും പേരുണ്ടു്).

മൈനകുതികശുക്തി-മുത്തുച്ചിപ്പി.

മൈനഖ്യം-നിന്ദ.

മൈനഞ്ജി-ബ്രഹ്മചാരിയുടെ അരയിൽ കെട്ടുന്ന ഒരു ചരടു്, മരുമക്കത്തായികളെക്കൊണ്ടു പിരിച്ചുണ്ടാക്കുന്ന അരഞാൺ.

മൈനഢ്യം-മൂഢത, അറിവില്ലായ്മ.

മൈനണ്ഡ്യം-മുണ്ഡിതത്വം.

മൈനദ്ഗീനം-ചൊറപയറു വിളയുന്ന സ്ഥലം.

മൈനാകൻ-മുനി.

മൈനാ-ക്രി. മിണ്ടാതെയിരിക്ക. ഉ. വ്രതങ്ങളും നിമിത്തമായി മിണ്ടാതിരിക്കുക. മുനിയുടെ ഭാവം (കർമ്മം) എന്നർത്ഥം.

മൈനവ്രതം-മിണ്ടാതെയിരുന്നു അനുഷ്ഠിക്കുന്ന വ്രതം.

മൈനാനുവാദം-മനസ്സില്ലാത്ത അനുവാദം, അനുവാദത്തിനു പകരം മിണ്ടാതിരിക്കുക.

മൈനി-വി. മിണ്ടാതെയിരിക്കുന്ന.

മൈനി-സന്ന്യാസി, മഹർഷി.

മൈനേയർ-കശ്യപന്റെ മക്കളായ ഒരു കൂട്ടം ഗന്ധർവ്വർ.

ഇവർ നാഗങ്ങളെ തോല്പിച്ചു അവരുടെ ലോകം പിടിച്ചടക്കി. ഈ സന്ദർഭത്തിൽ നാഗങ്ങൾ വിഷ്ണുവിനോടു സഹായിക്കണമെന്നു പ്രാർത്ഥിച്ചു. വിഷ്ണു പുരുകുത്സനെ അയച്ചു അവരെ നശിപ്പിച്ചു.

മൈരജികൻ-മുടിഗോപുരക്കാരൻ. മുടിയും ശില്പമായിട്ടുള്ളവൻ. മിഴാവടിക്കുന്നവൻ എന്നും പക്ഷമുണ്ട്.

മൈർഖ്യം, മൈഷ്ക്യം-മൂർഖത, മൂഢത്വം.

മൈത്ര്-പാടലീപുത്രത്തിൽ ചന്ദ്രഗുപ്തൻ സ്ഥാപിച്ച രാജവംശം.

ഈ വംശത്തിൽ ചന്ദ്രഗുപ്തൻ, ബിന്ദുസാരൻ, അശോകവർദ്ധനൻ, സുയശസ്സൻ, ദശരഥൻ, സംഗതൻ, ശാലിശൂകൻ, സോമശർമ്മാവ്, ശതധർമ്മാവ്, ബൃഹദ്രഥൻ ഇപ്രകാരം പത്തു രാജാക്കന്മാരുണ്ടായിരുന്നു. ചില പുസ്തകങ്ങളിൽ ഈ പേരുകളും മാറിയും കാണുന്നുണ്ട്.

മൈവ്വി-പില്ലിന്റെ ഞാൺ. മുഖ്യയുടെ (പെരുംകുതിരയുടെ) വികാരം എന്നർത്ഥം

മൈഥല-വി. മുഖത്തിൽ നിന്നുണ്ടായ, വേരിൽ നിന്നുണ്ടായ.

മൈഥലി-ക്രി. കിരീടം. ഉ. ശിരസ്സ്. നു. കെട്ടിയ തലമുടി. ശ. കുടുമ. മുഖത്തിന്റെ അടുത്തിൽ ഇരിപ്പുള്ള എന്നർത്ഥം. ഇ. ഭൂമി. നു. അശോകം.

മൈഥലിമാല-മൈഥിലിയിൽ അലങ്കരിക്കുന്ന മാല.

'മാനിനിമാർ മൈഥിലിമാലേ'

മൈമൽഗല്യൻ-ഒരു മുനി (നാളായണീചരിതം തുള്ളൽ നോക്കുക).

മൈമൽഗീനം-ഉഴുന്നു വിളയുവാൻ യോഗ്യമായ കണ്ടം.

മൈഷ്ണ്യം-മുഷ്കരത.

മൈഷ്കുലി-കാവതിക്കാരൻ.

മൈഷ്ടി-മുഷ്ടിയുദ്ധം.

മൈഹൃത്തൻ-ജ്യോതിഷക്കാരൻ. മുഹൂർത്തത്തെ അറിയുന്നവൻ എന്നർത്ഥം. മുഹൂർത്തഗ്രന്ഥത്തെ പഠിച്ചവൻ എന്നുമർത്ഥം.

മ്യ

മ്യാൽ-ക്രി. പാകുന്ന സ്ഥലം. ഉ. മഴകൊണ്ടു നനയുന്ന സ്ഥലം.

മ്ര

മ്രക്ഷൽ-ഒരുമാതിരി പേരാൽ വൃക്ഷം.

മ്രീശ-നേരംപോക്ക്.

മ്ല

മ്ലാന-വി. ക്ര. വാടിയ. ഉ. മലിനമായ.

മ്ലാനി-ക്ര. ക്ഷീണം. ഉ. മലിനത. നു. വാട്ടം, ഉണക്കം.

മ്ലാവ്-ഒരുവക കാട്ടുമൃഗം.

(സം-ശ്രീകാരി. ഇ-Elk എൽക്ക്)

മ്ലിഷ്ട-വി. ഫ. വ്യക്തമില്ലാത്ത, ഉ. അസ്പഷ്ടമുള്ള.

മ്ലിഷ്ടം-വ്യക്തമില്ലാത്ത വാക്ക്, കൊഞ്ഞിക്കൊണ്ടു പറയുക. വ്യക്തമായി കേൾക്കപ്പെടാത്തത് എന്നർത്ഥം.

മ്ലേച്ഛകന്ദം-വെള്ളുള്ളി.

മ്ലേച്ഛജാതി-മ്ലേച്ഛദേശത്തു പാർക്കുന്ന പല ജാതിക്കാർ.

മ്ലേച്ഛത-ഹീനത, വെറുപ്പ്.

മ്ലേച്ഛദേശം-ഇൻഡ്യക്കു തെക്കും വടക്കുമുള്ള ദേശം. മറ്റൊരു പര്യായം-പ്രത്യന്തം.

കാമന്ദകീയകാരികയും മ്ലേച്ഛദേശങ്ങളെ കാണുന്നു. മ്ലേച്ഛദേശലക്ഷണം—

'ചാതുർവർണ്യവ്യവസ്ഥാനം
യസ്മിന്നദേശേന വിദ്യതേ
തംമ്ലേച്ഛവിഷയംപ്രാഹു-
രാര്യാവർത്തമതഃപരം'

എന്നതുകൊണ്ടു അറിയേണ്ടതാകുന്നു. ഇതിന്റെ അർത്ഥം ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഇങ്ങനെയുള്ള ജാതിനിയമത്തോടു കൂടാത്തതുകളായ ദേശങ്ങളെ 'മ്ലേച്ഛദേശ'ങ്ങൾ എന്നു പറയുന്നു. മ്ലേച്ഛദേശങ്ങളിൽ ചേരാത്തതായ ദേശത്തെ 'ആര്യാവർത്തം' എന്നു പറയുന്നു.

മ്ലേച്ഛലക്ഷണം.

'ഗോമാംസഭക്ഷകോയസ്തു
ലോകബാഹ്യശ്ചഭാഷതേ,
സർവ്വാചാരവിഹീനോഽസൗ
മ്ലേച്ഛ ഇത്യഭിധീയതേ.'

(സൂതസംഹിത)

മ്ലേച്ഛൻ-ഫ. സംസ്കൃതം ഒഴികെ മറ്റു ഭാഷപറയുന്ന ചില ജാതിക്കാർക്കു പറയുന്ന പേർ. ഉ. പാപി. ന. കുറുക്കൻ. (മ്ലേച്ഛന്മാർ എന്നതിനു അവ്യക്തമായി പറയുന്നവർ എന്നർത്ഥം).

മ്ലേച്ഛന്മാർ-അനുദ്ഗ്രഹ്യവിഭാഗക്കാരുടെ പരമ്പര.

'അനുദ്ഗ്രഹ്യവിഭക്തരല്ലാം
മ്ലേച്ഛജാതികളല്ലോ' (ഭാരതം)

മ്ലേച്ഛഭോജനം-കോതമ്പ്.

മ്ലേച്ഛം-ചായില്യം

മ്ലേച്ഛമുഖം-ചെമ്പ്. മ്ലേച്ഛദേശത്തിലുണ്ടായതു് എന്നർത്ഥം. മ്ലേച്ഛന്മാരുടെ മുഖംപോലെയുള്ളതു് എന്നുമാവാം.

മ്ലേച്ഛസ്ഥലം-ചീത്തസ്ഥലം.

യ

യ—ഒരു വ്യഞ്ജനാക്ഷരം, വല്ലകളിൽ ഒന്ന്.

യകൃത്തു-കരൾ, ഉദരത്തിന്റെ അകത്തു വലത്തുഭാഗത്തിരിക്കുന്ന കറുത്ത ഒരു മാംസപിണ്ഡം. ഒതുങ്ങിയിരിക്കുന്നതു എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-കാളഖണ്ഡം.

യക്ഷകർദ്ദമം-കുറിക്കൂട്ടു്. യക്ഷപ്രിയമായ കുറിക്കൂട്ടു്.

(കർപ്പൂരം, അകിൽ, കസ്തൂരി, തക്കോലപ്പൂട്ടിൽ ഇവയെല്ലാം കൂട്ടിച്ചേർത്തുണ്ടാക്കിയതാണു്. തക്കോലപ്പൂട്ടിലിന്റെ സ്ഥാനത്തു ചന്ദനം ചേർക്കുന്നതുമുണ്ടു്. ചിലർ കുങ്കുമത്തെ ചേർക്കുന്നതായും കാണുന്നു.

'കർപ്പൂരാഗരുകസ്തൂരി,
കക്കോലൈർയ്യക്ഷകർദ്ദമഃ'

(അമരകോശം)

'കർപ്പൂരാഗരുകസ്തൂരി
കക്കോലാഖ്യസുഗന്ധിച
ഏകീകൃതമിദംസർവ്വം
യക്ഷകർദ്ദമഇഷ്യതേ'.

(ഏകാക്ഷരി.)

'കുങ്കുമാഗരുകസ്തൂരി
കർപ്പൂരം ചന്ദനംതഥാ
മഹാസുഗന്ധമിത്യുക്തം
നാമതോയക്ഷകർദ്ദമഃ'
(ധനഹന്തരി)

യക്ഷതരു-പേരാൽ.

യക്ഷധൂപം-ഫ. ചെഞ്ചല്യം. യക്ഷന്മാരെ ദുഃഖിപ്പിക്കുന്നത് എന്നർത്ഥം. (യക്ഷന്മാരുടെ ഉപദ്രവം ഇതുകൊണ്ടുള്ള ധൂപമാണല്ലോ തീർക്കുന്നത്.) യക്ഷപ്രിയമായ ധൂപദ്രവ്യം എന്നുമാവാം.

യക്ഷൻ-ഉപദേവകളിൽ ഒരു ജാതിക്കാരൻ. യക്ഷജാതിയിലുള്ളവൻ. പൂജിക്കപ്പെടുന്നവൻ, ശിവനെ പൂജിക്കുന്നവൻ, ഇ = ലക്ഷ്മി (സമ്പത്ത്), ഇതിനെ വ്യാപിക്കുന്നവൻ. ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ.

യക്ഷന്മാർ-കുബേരാദികൾ.

യക്ഷം-ഫ. ഇന്ദ്രന്റെ ഒരു കൊട്ടാരം. ക. പൂജ. ന. യാഗം.

യക്ഷരാജൻ, യക്ഷരാഠം(ട്ട്)-കുബേരൻ. യക്ഷന്മാരുടെ കൂട്ടത്തിൽ ശോഭിക്കുന്നവൻ എന്നർത്ഥം.

യക്ഷരാത്രി-ദീപാളി.

യക്ഷർ-കുബേരന്റെ പരിചാരകന്മാരും നിധികളും സൂക്ഷിക്കുന്നവരും ആയ ഒരു കൂട്ടം ആത്മാക്കൾ. ആരേയും ഉപദ്രവിക്കാത്തതുകൊണ്ട് 'പുണ്യജനങ്ങൾ' എന്നും പേരുണ്ട്.

യക്ഷി, യക്ഷിണി-ഫ. യക്ഷന്റെ സ്ത്രീ, കുബേരന്റെ ഭാര്യ ക. ദേവിയുടെ ഒരു ദാസി.

യക്ഷികഥ-കേൾക്കുമ്പോൾ അവസ്ഥയിൽ കൂട്ടികൾക്ക് വായിച്ചു രസിക്കേണ്ടുന്ന കഥ.

യക്ഷിപീഡ-യക്ഷിയുടെ ഉപദ്രവം.

യക്ഷ്മാവ്-ക്ഷയരോഗം, രാജയക്ഷ്മാവ്. രോഗങ്ങളിൽവച്ചു രാജാവാകയാൽ പൂജിക്കപ്പെടുന്നതു് എന്നർത്ഥം.

യജ്ഞത്തുക്കൾ-യജിച്ചിയങ്ങുന്നവർ. യജിക്ക = യാഗംചെയ്യുക. (കർമ്മനിഷ്ഠന്മാർ എന്നു സാരം)

യജനം-ഫ. യാഗം. ക. പൂജ.

യജമാന-വി. ഫ. യാഗംചെയ്യുന്ന, ക. പൂജിക്കുന്ന.

യജമാനൻ-ഫ. യാഗം ചെയ്യുന്നവൻ. (മ) ക. നാഥൻ. ന. ഭർത്താവു്. ര. ഭവനത്തിന്റെ ഉടയക്കാരൻ, കുടുംബഭരണകർത്താവു്.

യജിക്കുന്ന-യാഗംചെയ്യുന്ന, പൂജിക്കുന്ന.

യജുർവ്വേദം-നാലു വേദങ്ങളിൽ ഒന്നു്.

(വേദങ്ങളിൽവച്ചു രണ്ടാമത്തേതു്. പ്രത്യേകം യാഗങ്ങളെ സംബന്ധിച്ചതു്, തൈത്തിരീയം അല്ലെങ്കിൽ കൃഷ്ണയജുർവേദം, വാജസനേയി അല്ലെങ്കിൽ ശുക്ലയജുർവേദം ഇങ്ങിനെ രണ്ടുവിധം).

യജുർവേദവിത്തു്—യജുർവേദം പഠിച്ചവൻ.

യജുസ്സു്-ഫ. യജുർവേദം. ക. യാഗത്തെ സംബന്ധിച്ച പ്രാർത്ഥന. ന. യാഗസന്ദർഭത്തിൽ ഉച്ചരിക്കുന്ന ശബ്ദമന്ത്രങ്ങൾ. ദേവന്മാർ ഇതുകൊണ്ടു യജിക്കുന്നതിനാൽ 'യജുസ്സു്' എന്ന പേർവന്നു.

യജ്ഞകൃത്തു്-യാഗംചെയ്യുന്നവൻ.

യജ്ഞനിഷ്ണൻ - ശിവഭക്തനായ ഒരു മുനി.

യജ്ഞൻ-ഫ. രുചിയുടെ പുത്രൻ, ദക്ഷിണയുടെ ഭർത്താവു്.

(ഒരു മുനിന്റെ തലയുണ്ടായിരുന്നു. ദക്ഷയാഗത്തിൽവച്ചു വീരഭദ്രൻ വധിച്ചു.)

ക. അഗ്നി. ന. വിഷ്ണു.

യജ്ഞപുരുഷൻ-വിഷ്ണു.

യജ്ഞം-ഫ. യാഗം. (പഞ്ചയജ്ഞം നോക്കുക).

യജ് (പൂജ) എന്നതിൽ നിന്നുണ്ടായി, യജ്ഞം എന്നതിനു 'ബലികഴിക്കൽ' എന്നർത്ഥമില്ല.

ഉ. അഗ്നി.

യജ്ഞവല്ലി-സോമരയന്ന ചെടി.

യജ്ഞവാടം-യജ്ഞസ്ഥലം.

യജ്ഞവാഹനൻ-വിഷ്ണു.

യജ്ഞസാരം-അത്തിയാൽ.

യജ്ഞസൂത്രം-പൂണൂനൂൽ, വലത്തിട്ടക (വലത്തേതോളിനെ പൊങ്ങിച്ചു ഇടത്തേ മുമലിൽ തട്ടിച്ചിടുന്ന പൂണൂനൂൽ).

യജ്ഞസേനൻ — പാഞ്ചാലരാജാവു്, ദ്രുപദൻ. വിരാടരാജ്യത്തിലേ രാജാവു്.

യജ്ഞസ്തംഭം-യാഗശാലയിൽ നാട്ടുന്നതുണ്ടു്.

യജ്ഞാംഗം-ഫ. യാഗത്തിനു് അവശ്യം ഉണ്ടായിരിക്കേണ്ടതു, യാഗത്തിന്റെ ഒരു ഭാഗം. ഉ. അത്തിവൃക്ഷം, ചമതസ്രുക്കു്, സ്രുവം, പാത്രം മുതലായ രൂപത്തോടുകൂടി യാഗത്തിൽ പ്രവേശിക്കുന്നതു് എന്നർത്ഥം. നു. കരിങ്ങാലി. ര. വെള്ളത്തരഭേദം.

യജ്ഞിയ- വി. യാഗത്തിനു കൊള്ളാവുന്ന.

യജ്ഞിയം-ഫ. മൂന്നാമത്തെയുഗം, ദ്വാപരയുഗം. ഉ. കരിങ്ങാലി.

യജ്ഞിയശാല-യാഗശാല.

യജ്വാവു്-വിധിക്രമത്തിലെയ്ക്കുന്നം യാഗം ചെയ്യുവൻ.

യത-വി. അടക്കപ്പെട്ട.

യതനം-പ്രയത്നം, ഉത്സാഹം.

യതസ്സു്-അ. യാതൊന്നു ഹേതുവായിട്ടു്.

യതാത്മാവു്—നിയന്ത്രണശക്തിയുള്ളവൻ.

യതി-ഫ. സന്ന്യാസി. ഉ. ജിതേന്ദ്രിയൻ. (പുത്തശാസ്ത്രത്തിൽ) കൈകാലുകൾക്കു മുട്ടുകളിൽ കടിവുള്ളതുപോലെ പാദത്തിനു ചിലേടത്തുള്ള കടിവു്.

'പാദത്തിൽമുറിയുന്നേടം
യതിമുട്ടുകളെന്നുപോൽ'
(പുത്തമഞ്ജരി)

യതിത-വി. പ്രയത്നിച്ച.

യതിനി-വിധവാ.

യൽ-അ. യാതൊന്നു ഹേതുവായിട്ടു്.

യത്നം-പ്രയത്നം, അദ്ധ്വാനം, ഉത്സാഹം

യത്നവൽ-വി. ഉത്സാഹമുള്ള.

യത്ര-അ. യാതൊരിടത്തു്.

യഥാ-അ. യാതൊരുപ്രകാരം, പോലെ, പദാരംഭത്തിൽ ചേർന്നവരുമ്പോൾ പിൻ പദാർത്ഥംപോലെ എന്നുള്ള അർത്ഥം വരുത്തുന്നു. ഉ-ം, യഥാക്രമം = ഇഷ്ടത്തിനു തക്കവണ്ണം. യഥാഗുണം=ഗുണംപോലെ. യഥാക്രമം = ക്രമംപോലെ.

യഥാജാത-വി. ഭോഷത്വമുള്ള.

യഥാജാതൻ-മൂർഖൻ. ജനിച്ചപ്പോൾ മുള്ളതിൽ അധികമായ അറിവു ഭവിക്കാതെ ആ നിലയിൽ തന്നെ ഇരിക്കുന്നവൻ എന്നർത്ഥം.

യഥാതത്ഥ്യം-അ. സത്യമാകുംവണ്ണം.

യഥാതഥ-വി നേരുള്ള.

യഥാതഥം-ചരിത്രം.

യഥാതഥം-അ. ഉചിതമായി, സത്യം എന്ന അർത്ഥത്തിലുമാവാം.

യഥാമുഖീന-വി. തുല്യമായ,

യഥായഥം-അ. പോലെ, യഥായോഗ്യം, മറെറാരു പദ്ധ്യായം-യഥാസ്വം.

യഥാർത്ഥ-വി. സത്യമുള്ള, സംഭവിച്ച.

യഥാർത്ഥത-ഫ. സത്യസ്ഥിതി. ഉ. യോഗ്യത.

യഥാർത്ഥം-അ. സത്യമായിട്ടു്.

യഥാർത്ഥവും പരമാർത്ഥവും തമ്മിലുള്ള വ്യത്യാസം.

യഥാർത്ഥം—കാര്യത്തിന്റെ സൂക്ഷ്മസ്ഥിതി അറിയാതെ താൻ അറിഞ്ഞതു നേരെന്നു വിശ്വസിച്ചു പറയുന്നതു്.

പരമാർത്ഥം—കാര്യത്തിന്റെ സത്യസ്ഥിതി അറിഞ്ഞു് അതിനെ പ്രസ്താവിക്കുന്നതു്.

യഥാവ്ത്-വി. യോഗ്യതയ്ക്കു തക്കവണ്ണമുള്ള.

യഥാവ്ത്ം- അ. യോഗ്യതപോലെ, യുക്തംപോലെ.

യഥാവ്ത്വർണ്ണൻ-ഒറുകാരൻ, ചാരപുരുഷൻ. അതാതു സമയത്തെ തരംപോലെ രൂപം മാറുന്നവൻ എന്നർത്ഥം.

യഥാവൽ-അ. ക. സത്യമായിട്ടു്. ഖ. യോഗ്യമായിട്ടു്, ന്യായമായിട്ടു്. ന. തക്കവണ്ണം. ര. മുമ്പിലത്തെപ്പോലെ.

യഥാസ്ഥിത-വി. നേരുള്ള.

യഥാസ്ഥിതം— അ. അതിരുന്നതുപോലെ.

യഥാസ്വം-അ. ക. യഥായോഗ്യം, പോലെ, അവനവനു തക്കവണ്ണം. ഖ. പ്രത്യേകം പ്രത്യേകമായി.

യഥേഷ്ടിത-വി. ഇഷ്ടിക്കപ്പെട്ട ആഗ്രഹിക്കപ്പെട്ട.

യഥേഷ്ടിതം-ഇഷ്ടംപോലെ, യഥേഷ്ടം (ക്രിയാവിശേഷണമായി പ്രയോഗിക്കുന്നു) പ്രവർത്തിപ്പാൻ ഇഷ്ടിക്കപ്പെട്ടതു് എന്നർത്ഥം.

യഥേഷ്ടം-അ. ഇഷ്ടംപോലെ.

യഥോചിത-വി. ഉചിതത്തിനു തക്കവണ്ണമുള്ള.

യദാ-അ. യാതൊരിക്കൽ.

യദി-അ. എങ്കിൽ, പക്ഷാന്തരം. ഉ-ം, അസ്തിയദി = ഭവിക്കുന്നു എങ്കിൽ.

യദു-യയാതിക്കു ദേവയാനിയിൽ ഉണ്ടായ മൂത്തപുത്രൻ.

തന്റെ യൌവനം കൊടുത്തു പിതാവിന്റെ വാർദ്ധക്യം ഏറ്റുകൊള്ളാത്തതു കൊണ്ടു ശപിക്കപ്പെട്ടു.

യദുകുലാന്തകൻ-കൃഷ്ണൻ.

യദുപതി-കൃഷ്ണൻ.

യദുശ്രേഷ്ഠൻ-കൃഷ്ണൻ.

യദൃച്ഛ-അ. വിചാരിക്കാതെ.

യദൃച്ഛ—സ്വാതന്ത്ര്യം (സ്വേച്ഛാചാരിത്വം). യാതൊരു ഇച്ഛ എന്നർത്ഥം.

യദൃച്ഛാശബ്ദം സ്വേച്ഛാശബ്ദാർത്ഥമാണെന്നു അഭിപ്രായം കാണുന്നു. ഈ ശബ്ദം (ശദൃച്ഛ) നിത്യസ്ത്രീലിംഗമാണെന്നു മറ്റൊരഭിപ്രായം.

മറ്റൊരു പര്യായം-സ്വൈരിതാ.

യദൃച്ഛയാ-അ. വിചാരിച്ചിരിക്കാതെ, യദൃച്ഛയായിട്ടു്.

യദ്വാ-അ. യാതൊരുപ്രകാരമോ.

യൻ-യമൻ.

യന്തൃ-വി. വിരോധിക്കുന്ന, അടക്കുന്ന.

യന്താവു്-ക. തേർനടത്തുന്നവൻ. ഖ. ആനക്കാരൻ. ന. നടത്തിപ്പുകാരൻ നിയമിക്കുന്നവൻ—പിടിച്ചു നിറുത്തുന്നവൻ—എന്നർത്ഥം.

യന്ത്രകാ-ക. തിരികല്ലു്. ഖ. കുരുവന്റെ ചക്രം. ന. ചാട്ടു്.

യന്ത്രകല്ലു്-തിരികല്ലു്.

യന്ത്രകാ-ഓമ്മുടെ അനുജത്തി.

യന്ത്രണം, യന്ത്രണ-തടുക്കുക, അടക്കുക നിറുത്തുക.

യന്ത്രണി, യന്ത്രിണി-ഓമ്മുടെ അനുജത്തി

യന്ത്രപുത്രകം, യന്ത്രപുത്രികാ-പ്രതിരൂപം.

യന്ത്രപ്പണി-ക്രി. സൂത്രപ്പണി. ഉ. കൈശലപ്പണി.

യന്ത്രപ്പുഷ്പിണി-തിരികല്ല്.

യന്ത്രപ്രയോഗം-ക്രി. സൂത്രപ്പണിചെയ്ക. ഉ. മന്ത്രവാദികൾ എഴുതിയ ചില തകിട്ടുകൊണ്ടുള്ള പ്രയോഗം.

യന്ത്രം-ക്രി. സൂത്രപ്പണി. ഉ. മന്ത്രവും മറവും എഴുതിയ ചില തകിട്ട്. ന. (മ) ചില സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം. ര. ഉപായം, കൈശലം.

യന്ത്രാലയം-അച്ചുകൂടം.

യന്ത്രി-ക്രി. ഉപായമുള്ളവൻ.

'യന്ത്രികളുകിനകണ്ണൻശകുനി'
(കിരാതം ഗദ്യം).

ഉ. യന്ത്രമുള്ളവൻ, സൂത്രപ്പണിയുള്ളവൻ. ന. ഉപദ്രവം ചെയ്യുന്നവൻ. (സ്ത്രീ-യന്ത്രിണി).

യന്ത്രിക്കുന്നു-ക്രി. സൂത്രങ്ങൾ ഉണ്ടാക്കുന്നു. ഉ. ഉപായം വിചാരിക്കുന്നു.

യന്ത്രിത-വി. ക്രി. കെട്ടപ്പെട്ട. ഉ. അടക്കപ്പെട്ട ന. അസപത്നതയുള്ള.

യന്ത്രോപലം-തിരവക്കല്ല്.

യമിക്കുക-പായുക.

യമ-വി. ഇരട്ടയായ.

യമക-വി. ഇരട്ടയായ, ഇരട്ടപിറന്ന.

യമകം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്. അർത്ഥഭേദത്തോടുകൂടി അക്ഷരക്കൂട്ടത്തിന്റെ ആവൃത്തി.

യമധർമ്മം-എല്ലാവരും ആചരിക്കേണ്ടുന്ന കർമ്മധർമ്മങ്ങൾ. അവ ഏതെല്ലാമെന്നും ഏതുപോലെന്നും അഭിപ്രായവ്യത്യാസം കാണുന്നു.

ക്രി. 'ബ്രഹ്മചര്യംദയാക്ഷാന്തിർ
ദാനം സത്യമകൽകതാ,
അഹിംസാസ്തേയമാധുര്യേ-
ത്യമുശന്തിയമാഃസ്മൃതാഃ,

ഉ. ആനൃശംസ്യംദയാസത്യ-
മഹിംസാക്ഷാന്തിരാർജ്ജവം,
പ്രീതിപ്രസാദോമാധുര്യം
മാർദ്ദവംച യമാദശ.

ന. അഹിംസാസത്യവചനം
ബ്രഹ്മചര്യമകൽകതാ,
അസ്തേയമിതിപഞ്ചൈതേ
യമാഖ്യാനിവ്രതാനിച'

യമതാട-ഒരായുധം, കട്ടാരം(രി).

യമദണ്ഡം-ക്രി. അന്തകന്റെ ആയുധം. ഉ. (മലയാളത്തിൽ) അതിവേഗം.

യമടിക്കുക-തെക്കേടിക്കുക.

യമഭഗിനി-കാക്ക.

യമഭഗിനീ-അന്തകന്റെ ഭഗിനി.

യമഭഗിനി-പാമ്പിന്റെ വിഷപ്പല്ലുകളിൽ ഒന്ന്.

യമഭഗിമം-ഇലവ്.

യമനം-ക്രി. ബന്ധിക്കുക. ഉ. അടക്കുക.

യമനികാ-തിരശ്ശീല. (ജവനികയുടെ പാഠാന്തരം).

യമൻ-കാലൻ, അന്തകൻ. യമുനയോടൊരുമിച്ചു ഇരട്ടയായി പിറന്നവൻ എന്നർത്ഥം. ശിക്ഷിപ്പിക്കുന്നവൻ എന്നുമാവാം.

യമൻ സൂര്യന്റെ പുത്രനാണ്. കൊട്ടാരത്തിന്റെ പേർ 'കാളീചി'. സിംഹാസനത്തിന്റെ പേർ 'വിചാരഭൂ'. മനുഷ്യരുടെ പ്രവൃത്തികളെ എഴുതിവെച്ചിട്ടുള്ള പുസ്തകത്തിന്റെ പേർ 'അഗ്രസന്ധാനി'. ലേഖകന്റെ പേർ 'ചിത്രഗുപ്തൻ'. വാതിൽ കാവൽക്കാരന്റെ പേർ 'ഔദുംബരൻ'. ഹേമംബ, സുശീല, വിജയ ഇവർ മൂവരുമത്രേ ഭാര്യമാർ. നക്ഷത്രക്കാർ 'മഹാചന്ദൻ' 'കാലപുരുഷൻ'. യമൻ യമപുരിയിൽ മുൻപറഞ്ഞ കൊട്ടാരത്തിലുള്ള സിംഹാസനത്തിന്മേൽ ഇരുന്നുകൊണ്ടു പുസ്തകപ്രകാരവും ചിത്രഗുപ്തന്റെ സഹായാനുസരണവും

ആത്മാക്കളെ നീതിയനുസരിച്ചു തീർപ്പുകല്പിക്കുന്നു. യമദൂതന്മാർ ആത്മാക്കളെ കൊണ്ടുവന്നാൽ കാവൽക്കാരന്റെ വരുതിയോടുകൂടിവേണം യമസന്നിധിയിൽ നിറുത്തുവാൻ. യമനു ദുഷ്ടന്മാരെ ശിക്ഷിക്കാൻ അധികാരമുണ്ടെന്നു ഭൂഗോളത്തിൽ പറഞ്ഞുകാണുന്നില്ല. യമനു സൂര്യൻ ഒരു പൂവൻകോഴിയെ കൊടുത്തിട്ടുണ്ട്. ഇങ്ങിനെ കൊടുപ്പാനുണ്ടായ കാര്യം താഴെ പറയുന്നു. ഒരിക്കൽ യമൻ അച്ഛന്റെ പത്നിയായ ഛായയെ ചവുട്ടുന്നതിനു കാലുയർത്തുകയാൽ ആ മഹതി അവനെ ശപിച്ചു. അതുകൊണ്ടു കാൽ വ്രണപ്പെട്ടു പുഴുക്കൾ നിടവുന്നു. വ്രണത്തിലുള്ള പുഴുക്കളെ കൊത്തിപ്പെറുക്കി വ്രണം ചൊറുപ്പിക്കുന്നതിനായിട്ടാണ് കോഴിയെ കൊടുത്തത്. യമനു നാലു കണ്ണുള്ള രണ്ടു നായ്ക്കൾ ഉണ്ട്. അവയ്ക്കു ഒരുനാളും തൃപ്തിവരുന്നില്ലെന്നാണ് പ്രസിദ്ധം. യമന്റെ ശസ്ത്രം 'കാലദണ്ഡം'.

യമന്മാർ-ഇരട്ടപിറന്നവർ. (Twins).

യമഭഗിനി-യമുനാനദി.

യമം-കാക്ക.

യമം-പു. അടക്കുക, തിരിക്കുക. ക. രാജയോഗത്തിന്റെ ഒരംശം. (യമങ്ങൾ എന്നതു നോക്കുക). യോഗികളെ നിഷിദ്ധകർമ്മങ്ങളിൽ നിന്നു യമിക്കുന്നത്. വിരോധിക്കുന്നതിനു യമം എന്നു പറയുന്നു. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം ഇവയത്രേ യമപഞ്ചകം.

ശരീരമാത്രംകൊണ്ടു സാദ്ധ്യവും ജീവിതകാലംവരെ അവശ്യവുമായ കർമ്മമത്രേ യമം. യമങ്ങൾ-ഗുണങ്ങൾ പു. പ. ബ്രഹ്മചര്യം, ക. ദയ, ന. ക്ഷമ, ഭ. ദാനം, ഇ. സത്യം, ഞ നീതി, ഒ. അഹിംസ, വ. കളവുചെയ്യാതെയിരിക്കുക, ൻ. എല്ലാവർക്കും പ്രിയനായിരിക്കുക, പ്രാ. ഇന്ദ്രിയനിഗ്രഹംചെയ്ക. (യമങ്ങൾ എന്നതു നോക്കുക).

ന. ഉപരതി.

യമരാട്ട്-കാലൻ. കാലകിംകരന്മാരുടെ രാജാവു് എന്നർത്ഥം. സംയമംകൊണ്ടു ശോഭിക്കുന്നവൻ എന്നുമാവാം.

യമരാജൻ-കാലൻ.

യമവാഹനം-പോത്തു്.

യമശാലി-സന്ന്യാസി. അടക്കം നല്ലവണ്ണമുള്ളവൻ എന്നർത്ഥം.

യമസ്വസാ-യമുനാനദി.

യമള-ഒരു സുഗന്ധക്കിഴങ്ങു്, ഭീനം.

രണ്ടരെ നേരംകൊണ്ടു ഇരുണ്ടു കൂടിവരുന്ന ഇക്കിളിനു 'യമളം' എന്നു പേർ. ശിരസ്സിനും കഴുത്തിനും ഇളക്കവും ഉണ്ടാവും.

യമളം-ഇണ, ഇരട്ട.

യമാരി, യമരിപു, യമവല്ലൻ-വിഷ്ണു.

യമി-വി. അടക്കുന്ന.

യമി-പ. യമുനാനദി. ക. സന്ന്യാസി, മഹർഷി, യോഗി. ഇന്ദ്രിയവൃത്തിയെ നിയന്ത്രിച്ചവൻ എന്നർത്ഥം.

'യമിനാംപ്രവരഃ കദാപി'

(ഭക്ഷയാംശം കഥകളി)

യമിക്കുന്നു-നിരോധിക്കുന്നു.

യമിത-യി പ. അടക്കപ്പെട്ട. ക. ഇണചേർക്കപ്പെട്ട.

യമുനാ-കാളിന്ദി എന്ന നദി. ഉപരമശീലാ എന്നർത്ഥം. സംജ്ഞയിൽ സൂര്യന്റെ പുത്രി, യമന്റെ സഹോദരി, ത്രിയാമാ എന്നും മറ്റും വിളിക്കാറുണ്ട്. (കാളിന്ദി, ബലരാമൻ ഈ ശബ്ദങ്ങൾ നോക്കുക).

യമുനാഭ്രാതാവ്—അന്തകൻ. സൂര്യപുത്രനാകയാൽ യമുനാനദിയുടെ സോദരൻ എന്നർത്ഥം.

യമേശ്വരം—ഭരണിനക്ഷത്രം.

യയാതി—സോമവംശത്തിലുണ്ടായിരുന്ന ഒരു രാജാവ്, നഹുഷന്റെ പുത്രൻ. വിഷ്ണുപുരാണത്തിലെ കഥയിൽ 'ദേവയാനി' എന്ന ശബ്ദം നോക്കുക. മറ്റു കഥകളനുസരിച്ചുള്ളവ താഴെ ചേർക്കുന്നു.

യയാതിക്ക് 'ദേവയാനി' എന്നും 'ശർമ്മിഷ്ഠാ' എന്നും രണ്ടു ഭാര്യമാരുള്ളവരിൽ യദുകുലസ്ഥാപകനായ യദു ദേവയാനിയുടേയും പൊരവകുലസ്ഥാപകനായ പുരു ശർമ്മിഷ്ഠയുടേയും പുത്രരാണ്. യയാതിക്ക് ദ്രുഹ്യു, തുർവ്വസു, അണു എന്നു വേറെ മൂന്നു പുത്രന്മാരും ഉണ്ടായിരുന്നു. പദ്മപുരാണം—ഇന്ദ്രൻ മാതലിയെ അയച്ചു യയാതിയെ സ്വർഗ്ഗത്തിലേക്ക് ക്ഷണിച്ചുവരുത്തി. വഴിമദ്ധ്യേ യയാതിക്ക് മാതലി വളരെ സദുപദേശങ്ങളും നൽകി. യയാതി തിരിയെ വന്നു ഉപദേശങ്ങളനുസരിച്ചു രാജ്യഭാരം തുടങ്ങി. മനുഷ്യർക്ക് ദുർല്ലഭമായ നീണ്ടുകയാൽ മരണമില്ലെന്നായി. ഈ വിവരം യമൻ ഇന്ദ്രനെ ധരിപ്പിച്ചു. ഉടൻ യയാതിക്ക് സ്ത്രീവിഷയത്തിൽ അതൃപ്തി ജനിപ്പിക്കാനായി തന്റെ മകളായ അശ്രുവിന്ദുമതിയേയും, കാമദേവനേയും ഇന്ദ്രൻ അയച്ചു. അവളിൽ മോഹാന്ധനായിത്തീർന്ന യയാതി തന്റെ വാർദ്ധക്യം സ്വീകരിച്ചു യൌവനം നൽകണമെന്നു പുത്രന്മാരോടാവശ്യപ്പെട്ടു. ഇതിനെ സമ്മതിച്ചതു പുരു മാത്രമായിരുന്നു. കുറേ നാൾ കഴിഞ്ഞതിന്റെശേഷം യയാതി തന്റെ രാജ്യത്തോടുകൂടി യൌവനം പുരുവിനു തിരിയെ കൊടുത്തിട്ടു അശ്രുവിന്ദുമതിയോടുകൂടി സ്വർഗ്ഗത്തു പ്രാപിച്ചു. ഹരിവംശം—ഇന്ദ്രൻ യയാതിക്കു ഒരു രഥത്തെ നൽകി. ഇതിനെക്കൊണ്ടു യയാതി ലോകം മുഴുവൻ കീഴടക്കി. ഇതിനു ആറു രാത്രിയേ വേണ്ടിവന്നുള്ളൂ. രഥം ശാർങ്ഗന്റെ ശാപം ഹേതുവായിട്ടു ജനമേജയന്റെ പക്കൽ നിന്നു വേർവിട്ടതായി പറയുന്നു.

യയി—പ. യാഗത്തിനുള്ള കുതിര.

പ്രധാനമായി അശ്വമേധയാഗത്തിനുള്ളതാണ്.

പ. സാധാരണ കുതിര. ന. ശിവൻ. ര. വഴി. ള. മേഘം.

യയു—പ. കുതിര. പ. അശ്വമേധയാഗത്തിനായി നിശ്ചയിക്കപ്പെട്ട കുതിര. യാഗശാലയെ പ്രവേശിക്കപ്പെടുന്നതു് എന്നർത്ഥം.

യലിയാൻ—കടലാവണക്ക്.

യവകം—പ. ഒരു ധാന്യം. യവകച്ചെന്നല്ല്, യവം. പ. പാക്യജനകം. ന. പട്ടുതോർ.

യവക്യം—കോതയ്ക്ക് വിളയുന്നേടം, യവകച്ചെന്നല്ല വിളയുന്നേടം.

യവക്രീതൻ—ഭരദ്വാജന്റെ പുത്രൻ.

യവക്രീതൻ ഇന്ദ്രനെ തപസ്സുചെയ്തു അദ്ധ്യയനാക്രമത്തെ വേദജ്ഞാനം ഉണ്ടാവാൻ വരം വാങ്ങി. ഈ വരം ധനാഹാരങ്ങൾക്ക് ഇടയാക്കി. ഋഷിമാരെ അഗണ്യമായി കരുതുന്നതിനു തുടങ്ങി. എന്നാൽ യവക്രീതൻ ഒരു ഭയങ്കര രാക്ഷസനാൽ വധിക്കപ്പെട്ടു. രൈഭ്യന്റെ പുത്രനായ 'പരാവസു' എന്ന ഋഷി നടത്തിയ യാഗത്തിൽ നിന്നാണ് രാക്ഷസൻ ഉൽഭവിച്ചതു്. യാഗം നടത്തി ഋഷി ഇപ്രകാരം ചെയ്യിച്ചതിനു കാരണം അദ്ദേഹത്തിന്റെ ഭാര്യയെ യവക്രീതൻ വശീകരിപ്പാൻ ശ്രമിച്ചതായിരു

ന. പുത്രനോടുള്ള വാത്സല്യം ഹേതുവായി രേചോജൻ ചിതയിൽ കയറി തന്നത്താൻ മരിച്ചു. പരാവസു അയാളുടെ പിതാവിന്റെ ഘാതകനായി തീരുമെന്നു ശപിച്ചുംവച്ചാണു മരിച്ചത്. അതിന്റെ ശേഷം ഒരു മാനാണെന്നു ധരിപ്പിച്ചു ഒരേഭ്യനെ പരാവസു നിഗ്രഹിച്ചു. ഒരേഭ്യന്റെ മകനായ പുത്രനായ അവാവസുവിന്റെ ഭക്ത്യുദ്രേകം ഹേതുവായിട്ട ദേവകൻ അവരെ മൂന്നു പേരേയും ജീവിപ്പിച്ചു.

യവക്ഷാരം-ഒരു മരുന്ന്, ചവക്കാരം.

യവക്ഷോദ്യം-യവം പൊടിച്ചു കഴച്ചുമാവ്.

യവനൻ-(മുചുകുന്ദൻ നോക്കുക).

യവനൻ-പ. ഗ്രേക്കൻ, ഗ്രേക്കുജാതിക്കാരൻ. ഉ. മുഹമ്മദീയൻ.

പണ്ടു രാജാക്കന്മാരുടെ അന്നും വില്ലും സൂക്ഷിക്കുന്നതിനായി യവനയുവതികളെ (യവനിക) നിയമിക്കപ്പെട്ടവരുന്നു എന്നു നാടകങ്ങളിൽ പ്രത്യക്ഷപ്പെട്ടുന്നുണ്ട്.

യവനം-പ. ഒരു രാജ്യം, ഗ്രേക്ക്. ഉ കോതമ്പ്. ന. അറബിക്കുന്തുരുക്കം. ര വേഗമുള്ള കുതിര.

യവനാരി-കൃഷ്ണൻ.

യവനാക്ഷി-യവനസ്ത്രീയുടെ അക്ഷരങ്ങളെ.

യവനിക-പ. തിരശ്ശീല, മറ.

'മായായ യവനികാച്ഛന്നായ്മോവിനെ'
(ഭാഗവതം)

ഉ. യവനസ്ത്രീ, മഹമ്മദീയസ്ത്രീ. ന. കറുശാണി.

യവനേഷ്ടം-പ മുരുക്ക്. ഉ. കാരീയം. ന. ചണ്ണമുള്ളകി ര. വേപ്പ്. ഇ. ഒരു മുള്ളി. ഈ. വലിയ ചെമന്നുള്ളി.

യവഫലാ-പ. മുള. ഉ. ഞടാമാഞ്ചി. ന കടകപ്പാല. ര. കല്ലാൽ.

യവം-പ. ഒരു ധാന്യം, വാൽകോതമ്പ്. ക്ഷുദ്രിച്ചേക്കുന്നതു് എന്നർത്ഥം.

യവത്തിനു 'അക്ഷതധാന്യം' എന്നും പറയുന്നുണ്ടു്. ഇതു ദ്രോണ്യുവർഗത്തിൽ ചേർന്ന ക്ഷുദ്രധാന്യമാണു്. ഇതു മൂന്നുതരമുണ്ടു്. പ. വെളുത്തു് ഒറവുള്ളതു്—ഗുണാധിക്യമുള്ളതാണു്. ഉ. ഒറയില്ലാത്തതു്—ഗുണം കുറഞ്ഞതാകുന്നു. ന. പച്ചനിറമുള്ളതു്—ഹീനഗുണമുള്ളതാണു്. ഒറവുള്ളതുകൊണ്ടാണു ഇതിനെ വാൽകോതമ്പു് എന്നു വിളിക്കുന്നതു്. ത-യരവക്കോതമ്പെ, തോൽക്കോതമ്പെ എവ. ഇം-Barley ബാല്ലി.

തോമരപ്പയറു് (തോരൻപയറു്) എന്നും കാണുന്നു. ഉ. കടകപ്പാലയരി.

യവസം-ഒരപ്പുല്ലു്.

പാലുകൊടുക്കുന്നതിനുവേണ്ടി യോഗ്യമായ എല്ലാത്തരം പുല്ലിനും 'യവസം' എന്നു ചേർ.

യവസുരാ— യവത്തിൽ നിന്നെടുക്കുന്ന മദ്യം.

യവാഗൂ-കഞ്ഞി. വറവു വെള്ളവും കൂടിച്ചേർന്നതു് എന്നർത്ഥം.

'ഭക്തയവാഗൂപാനീയാദികളിൽ'
(ഭാഗവതം)

യവാഗ്രജം-പ യവത്തിന്റെ ഒക്കു ചുട്ടുണ്ടാക്കുന്ന ഒരപ്പു് ഉ. ചവക്കാരം. ന കറുശാണി.

യവാനകം-അയമോദകം.

യവാനകം, യവാനികാ, യവാനീ-അയമോദകം.

യവാനി-പ. മീരകം. ഉ. കറുശാണി.

യവാനിക-പ്ര. ജീരകം. ര. അയമോദകം. ദുഷ്ടമായ യവം എന്നർത്ഥം. ന. കറാശാണി.

യവാപത്യൻ-ചവക്കാരം.

യവാഷം, യവാസം-ഒരു പച്ചമരുന്ന്, കൊടിത്തൂവ. വ്യാപിക്കുന്നത് എന്നർത്ഥം

യവാസശർക്കര- കൊടിത്തൂവ കഷായത്തിൽ കരിമ്പിൻനീര് ചേർത്തു മുക്കിൻ വേര് കഞ്ഞിച്ചുണ്ണാകുന്ന പഞ്ചസാര.

യവിഷ്ഠ-വി. വളരെ ചെറിയ.

യവിഷ്ഠൻ-പ്ര. ഉള്ളതിൽ ചെറിയ അനുജൻ. ര. അഗ്നി.

യവീയസ്സ്-വി. എല്ലാവരിലും ഇളയ.

യവീയസ്സ്-അനുജൻ. ചെറിയ യുവാവ് എന്നർത്ഥം.

യവ്യൻ-യവം വിളയുന്നേടം.

യശഭം, ജശഭം-നാകം.

യശസ്കൻ-യശസ്സുള്ളവൻ.

യശസ്കരീ-അടവതിയൻ.

യശസ്വൽ-വി. കീർത്തിയുള്ള. (സ്വാൻ, സ്വതി, സ്വൽ).

യശസ്വി-വി. യശസ്സുള്ളവൻ (സ്വീ, സ്വനി, സ്വി).

യശസ്വിനി-പ്ര. യശസ്സുള്ളവൾ. ര. മറിക്കന്നി. ന. വലിയ വാലുഴവം. ര കീരിവള്ളി. ഭ ഭൂമി. ന. കാട്ടുപത്തി.

യശസ്സ്-കീർത്തി. മിക്കതിനേയും വ്യാപിക്കുന്നത് എന്നർത്ഥം. നാറ പര്യായങ്ങൾ-കീർത്തി, സമജ്ഞം.

യശോപടഹം-ഒരു വാദ്യം, മദ്ദളം. നിശ്ശാണ (നിസ്സാരണ) വാദ്യം.

വീരവംശത്തിന്റെ പേർ എന്നു ചിലർ.

യശോരാദ-നന്ദഗോപന്റെ പത്നി, കൃഷ്ണന്റെ വളർത്തമ്മ.

യശോദര-രസം.

യഷ്ടാവ്-യാഗംചെയ്യുന്നവൻ.

യഷ്ടി-ദേഹം.

'ഒട്ടുമകംപുറമില്ലാതുള്ളൊരു
യഷ്ടീ! നില്ലുനിനക്കെന്തറിയാം'
(ദ്വ്യക്ഷയാത്ര തുള്ളൽ)

യഷ്ടി-പ്ര. വടി, തടി. ര. ശരം. ന. മാല. ര മുത്തുമാല, മുത്തുമാലയുടെ ഇഴ. ഭ ഇരട്ടിമധുരം. ന. വടികൊണ്ടുള്ള അടി.

യഷ്ടികം-ഒരു പക്ഷി.

യഷ്ടിതാപം-വക്ഷസ്താപം.

യഷ്ടിമധു-ഒരങ്ങാടിമരുന്ന്, ഇരട്ടിമധുരം

യഷ്ടിസഹതികൻ-ഇഴട്ടിക്കാരൻ.

യഷ്ടീകം-ഇരട്ടിമധുരം.

യഷ്ടീമധുകം - ഇരട്ടിമധുരം. മധുവിനു സമം മധുരമുള്ള കോൽ എന്നർത്ഥം.

യാ

യാ-ലക്ഷ്മീ.

യാ പോവുക, അനങ്ങുക, നടക്കുക.

യാഗം-ദേവകൾ പ്രസാദിപ്പാനായിട്ടു ചെയ്യുന്ന ഒരു കർമ്മം. ഇതിൽ യജിക്കപ്പെടുന്നതിനാൽ—ദേവന്മാർ പൂജിക്കപ്പെടുന്നതിനാൽ—ഈ പേർ വന്നു. പര്യായങ്ങൾ യജ്ഞം, സവം, അദ്ധ്വരം, യാഗം, സപ്തതന്തു, മഖം, ക്രതു.

യാഗശാല-യാഗംചെയ്യുന്നതായിട്ടു കെട്ടിയുണ്ടാക്കുന്ന പുര.

യാഗസന്താനൻ-ജയന്തൻ.

യാചക-വി. ഇരക്കുന്ന, ചോദിക്കുന്ന.

യാചകൻ-പ. ഇരക്കുന്നവൻ. ക. സന്യാസി, ഭിക്ഷു.

യാചകം-യാചന, ഇരക്കുന്നതു്.

യാചന-ഇരക്കുക, ചോദിക്കുക. പര്യായങ്ങൾ-യാച്ഞ, അഭിശസ്തി, യാചനം, അർത്ഥനം.

യാചനകൻ-യാചിക്കുന്നവൻ.

യാചനക-വി. യാചിക്കുന്ന, ഇരക്കുന്ന, ചോദിക്കുന്ന.

യാചനം-അപേക്ഷ.

യാചിക്കുന്നു-ഇരക്കുന്നു, ചോദിക്കുന്നു.

യാചിത-വി. ഇരക്കപ്പെട്ട, ചോദിക്കപ്പെട്ട.

യാചിതകം — ഇരവൽ, യാചിച്ചുകിട്ടുന്നതു്.

യാചിഷ്ണു-യാചിക്കുശീലമുള്ളവൻ.

യാച്ഞാ-ഇരക്കുക.

യാജം-പ. ചോറു്. ക. ആഹാരം.

യാജകം-പ. മദംപൊട്ടിയ ആന. ക. രാജാവിന്റെ ആന.

യാജകൻ-യാഗം ചെയ്യുന്നവൻ, യജിക്കുന്നവൻ.

യാജൻ-പുണ്യവാനായ ഒരു ബ്രാഹ്മണൻ.

ഈ ബ്രാഹ്മണനെക്കൊണ്ടു ദ്രുപദരാജാവു ഒരു യാഗം കഴിപ്പിച്ചു. ഒരുകോടി പാലുകളാണ് ഇതിനു കൊടുത്തതു്. ദ്രൗപദിയും ബലിപീഠത്തിൽ നിന്നുണ്ടായവരാണ്.

യാജനം-യാഗംചെയ്യൽ.

യാജമാനം-യജമാനനാൽ ചെയ്യപ്പെടുന്ന ഒരു യാഗഭാഗം.

യാജി-പ. യാഗം കഴിക്കുന്ന ആൾ. ക. യാഗം.

യാജിനം-യാഗംചെയ്യൽ.

യാജ്ഞാ-തിരിപ്പുള്ള്.

യാജ്യ-വി. യാഗം ചെയ്യപ്പെടുവൻതക്ക, പൂജിപ്പാൻതക്ക.

യാജ്യൻ-പൂജയെ ഏല്പാൻ യോഗ്യൻ.

യാജ്യം-യാഗത്തിൽ കിട്ടുന്ന ദാനം.

യാജ്ഞവല്ക്യൻ-ഒരു പ്രസിദ്ധനായ മഹർഷി.

ശതപഥബ്രാഹ്മണം, യാജ്ഞവല്ക്യസ്മൃതി, ബൃഹദാരണ്യകം ഇവയുടെ കർത്താവു്. യോഗം സ്ഥാപിച്ചു.

യാജ്ഞസേനി-പാഞ്ചാലി. യജ്ഞസേനന്റെ മകൾ എന്നർത്ഥം.

യാജ്ഞികൻ-യാഗം ചെയ്യുന്നവൻ.

യാജ്ഞികം-പ. അരയാൽ. ക. ചെങ്ങരിങ്ങാലി. ന. പ്ലാശു. ർ. പച്ചനിറമുള്ള ഭർ.

യാത-വി. പ. പോയ. ക. ലഭിച്ച.

യാതനാ-പ. നരകവേദന, അധികമായ വേദന. നാശത്തെ പ്രാപിക്കുന്നതു് എന്നർത്ഥം ഉപദ്രവിക്കുന്നതു് എന്നുമാവാം. ക. നരകശിക്ഷ. മറ്റു പര്യായങ്ങൾ-കാരണാ, തീവ്രവേദന.

യാതനാം-പ്രതികാരംചെയ്യുക.

യാതാം—ആനയെ നടത്തിക്കുക.

യാതയാമ-വി. പ. പഴയ. ക. അനുഭവിക്കപ്പെട്ട. ഉപഭോഗകാലം, കഴിഞ്ഞുപോയതു് എന്നർത്ഥം. ന. രൂപമാറിയ. ർ. തള്ളപ്പെട്ട.

യാതാവു്-പ. ജ്യേഷ്ഠന്റെ ഭാര്യ അനുജന്റെ ഭാര്യയെ പറയുമ്പോഴും മറിച്ചു അനുജന്റെ ഭാര്യ ജ്യേഷ്ഠന്റെ ഭാര്യയെ പറയുമ്പോഴും ഉപയോഗിക്കുന്ന വാക്കു്. ക. ഭർത്താവിന്റെ സഹോദരന്റെ ഭാര്യ. ഗൃഹകർമ്മങ്ങളിൽ ഒരുമിച്ചു പ്രയത്നംചെയ്യുന്നവർ എന്നർത്ഥം.

'ഭ്രാതൃവർഗസ്യഭോഷ്ടൃത്വേ തു
പരസ്പരംയതേരഃ സ്ത്രീ'

ജ്യേഷ്ഠാനുജന്മാരുടെ ഭാര്യമാർ അന്യോന്യം യാതാക്കന്മാരാണ്.

ന. വണ്ടിയടിക്കുന്നവൻ. ര. വഴിയാത്രക്കാരൻ, നടക്കുന്നവൻ.

യാതീഫലം-ജാതിക്ക.

യാതു-വി. പോകുന്ന.

യാതു-പ. രാക്ഷസൻ. ഉ. പാമ്പാൻ ന. വായു. ര. സമയം. ഇ ഒരു ആയുധം.

യാതുഫല്ഗം-ഗ്രഗ്ഗ്രല്ല.

യാതുധാനൻ-പ. രാക്ഷസൻ. യാതു എന്ന പേരുധരിച്ചവൻ എന്നർത്ഥം. സ്വജാതിസ്നേഹം ഹേതുവായിട്ടു യാതുക്കളെ (രാക്ഷസന്മാരെ) പോഷിപ്പിക്കുന്നവൻ. (പാഠം-ജാതുധാനൻ). ഉ. സന്നിധാനമുള്ളവൻ (മായാവി).

യാതുധാനർ-നായ്, കഴുകൻ തുടങ്ങിയുള്ള ജന്തുക്കളുടെ ആകൃതിയിൽ ചരിക്കുന്ന ദുഷ്ടന്മാർ. വായുപുരാണം അനുസരിച്ചു സുരസയിൽ കാശ്യപന്റെ മക്കൾ.

യാതുകൻ-യാത്രക്കാരൻ.

യാതൊന്ന-അ. അതെന്തു പറയുന്ന വാക്കിനെ സംബന്ധിച്ചു വരുന്നതു്.

യാതൊരളവു്-അ. പ. യാതൊരു സമയം. ഉ. എത്രത്തോളം

യാതൊരിക്കൽ-അ. യാതൊരു സമയത്തിൽ.

യാതൊരുത്തൻ - മുമ്പിൽ പറയപ്പെട്ടവൻ.

യാതൊരുത്തി-മുമ്പിൽ പറയപ്പെട്ടവൾ

യാത്ര-പ. പുറപ്പാടു, സഞ്ചാരം, പോക.

(അടിതോൽ എന്നതു നോക്കുക).

മറ്റു പര്യായങ്ങൾ-പ്രയാണം, അഭിനിഷ്ക്രമണം, പ്രസ്ഥാനം, ഗമനം, ഗമം.

യാത്ര ചെയ്യുന്നതും കൊള്ളുന്നതുമായതു ദിവസങ്ങൾ.

അശ്വതി, രോഹിണി, മകയിരം, പുണർതം, പൂയം, ഉത്രം, അത്തം, ചോതി അനിഴം, മൂലം, ഉത്രാടം, തിരുവോണം, അവിട്ടം, ചതയം, ഉത്രട്ടാതി, രേവതി ഈ നാളുകൾ കൊള്ളാം.

ജന്മനക്ഷത്രങ്ങളും ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം, മിഥുനം ഈ രാശികളും പ്രതിപദം, ചതുർത്ഥി, ഷഷ്ഠി, നവമി, ചതുർദശി, വാവു ഈ പക്കങ്ങളും ഗുളികവ്യഷ്ടി ഗണ്ഡാന്തങ്ങളും യാത്രക്കു കൊള്ളുകയില്ല. നാമാമിടത്തു ചന്ദ്രനോടുകൂടിയ രാശിയും കൊള്ളുകയില്ല. ആറിലും പന്ത്രണ്ടിലും ചന്ദ്രനോടുകൂടിയ രാശിയും മധ്യമം. കിഴക്കോട്ടുള്ള യാത്രയാഴ്ചയും, അഗ്നിക്കോണിലേക്കു പോവാഴ്ചയും, തെക്കോട്ടുള്ള വ്യാഴാഴ്ചയും, നിർൃതിക്കോണിലേക്കു ബുധനാഴ്ചയും പടിഞ്ഞാറോട്ടുള്ള വെള്ളിയാഴ്ചയും, വായുക്കോണിലേക്കു ശനിയാഴ്ചയും, വടക്കോട്ടുള്ള തിങ്കളാഴ്ചയും യാത്രപോകാൻ കൊള്ളുകയില്ല. അതുപോലെ തന്നെ നാളുകളിൽ കിഴക്കോട്ടുള്ള ഉത്രാടവും, തിരുവോണവും, തെക്കോട്ടുള്ള ഉത്രട്ടാതിയും, അശ്വതിയും, വടക്കോട്ടുള്ള ഉത്രവും, അത്തവും നിഷിദ്ധമാകുന്നു. തുലാണിയിൽക്കൂടി പോകുന്നു എങ്കിൽ മകരം രാശികൊണ്ടു പുറപ്പെടണം. യാത്രപോയാൽ ൯ ദിവസത്തിലും ൯-ാം മാസത്തിലും ഭവനത്തിങ്കൽ മടങ്ങിച്ചെല്ലണം. ചെന്ന മൂന്നാംദിവസം മടങ്ങിക്കിലോമീറ്റർ പോകണം. യാത്ര പുറപ്പെട്ടുന്ന ദിക്കിലേക്കു നാലു വിൽപ്പാടെങ്കിലും ചെന്നു താമസിക്കരുതു. വഴിയിൽ അഞ്ചു ദിവസത്തിലധികം താമസിച്ചാൽ ദോഷം മുഹൂർത്തംകൊണ്ടു യാത്ര

പുറപ്പെടണം. കേരളീയർ യാത്രക്കു യോഗിനീപഞ്ചകം മുതലായതുകളെ അധികം നോക്കിവരുമാറില്ല. അടിയന്തരയാത്ര വേണ്ടിവന്നാൽ നക്ഷത്രാദികളെന്നും വിചാരിക്കാതെ പ്രഭാതത്തിൽ യാത്രപോകാം.

കിഴക്കോട്ട്– പൊവ്വാഴ്ച– ലാഭം.

തെക്കോട്ട്– തിങ്കൾ, ശനി } –ധനാഗമം.

പടിഞ്ഞാറോട്ട്–ബുധൻ, വ്യാഴം } –കാര്യസിദ്ധി

വടക്കോട്ട്– ഞായർ, വെള്ളി } –ധാന്യലാഭം.

ജന്മനക്ഷത്രം തുടങ്ങി യാത്രതിരിക്കുന്ന ദിവസത്തെ നക്ഷത്രം വരെ എണ്ണിയാൽ ൧, ൨, ൯, ൧൦, ൧൧, ൧൭, ൧൯, ൨൦, ൨൬ ഈ ഒൻപതിൽ ഏതെങ്കിലും ഒന്നു വന്നാൽ മരണഭയവും ൧൪, ൧൬, ൧൮, ൧൫, ൧൭, ൧൬ ഇവയിൽ ഏതെങ്കിലും ഒന്നു വന്നാൽ ദുഃഖവും ഫലം. മറ്റുള്ള സംഖ്യ വന്നാൽ യാത്രക്കു വിരോധമില്ല.

൨. വഴി (റോട്ട്). ൩. ഉപജീവനം.

യാത്രക്കളി–കേരളത്തിലെ ഒരു കളി.

ഇതു കേരളത്തിലുണ്ടായതു് കലിവർഷം നൂറാ–ന് ഇടക്കാണ്. ഇതിനെ 'ശാസ്ത്രക്കളി' എന്നും 'പാനക്കളി' എന്നും പറയുന്നുണ്ട്. കളിയുടെ പ്രധാനം ഗങ്ങൾ ഇപ്പോൾ നാലു പാദം, പാനം, ഞാംഗ്യങ്ങൾ, ഹാസ്യങ്ങൾ ഇവയാകുന്നു. ഈ കളി നംപൂതിരിക്കു വളരെ പ്രധാനമാണ്.

ഒരു ഗാനം താഴെ ചേർക്കുന്നു.

'മൂളകടിച്ചുള്ളം വലിയാന–
ത്തലവൻചത്തു
മൂട്ടിൽക്കടന്നാരുമുണ്ടുകയ്യൻ
പറന്നേപോയി.
കാട്ടിൽകിടന്നരണ്ടലികൂടി
കടലുഴുതു
കാലത്തുവിത്തുവിതച്ചുപ്പോ–
ഴടയ്ക്കാകാച്ചു'

യാത്രായോഗം–യാത്ര നോക്കേണ്ടതിനുള്ള നല്ല നേരം.

യാത്രാശൂലം– യാത്രയെ സംബന്ധിച്ചുള്ള ശൂലം.

യാഥാകഥ്യം–പരമാർത്ഥം, വാസ്തവം.

യാഥാർത്ഥ്യം–യഥാർത്ഥത, വാസ്തവം.

യാദവൻ–൧. കൃഷ്ണൻ. ൨. യദുകുലസന്തതി.

യാദവർ–യദുവിന്റെ സന്തതി. കൃഷ്ണന്റെ ജനനം ഈ കുലത്തിലാകുന്നു.

യാദവം–കന്നകോലിക്കൂട്ടം.

യാദവീ–ദുർഗ്ഗ.

യാദസാംപതി–വരുണൻ, സമുദ്രം.

യാദസ്പതി, യാദഃപതി–൧. സമുദ്രം. ൨. വരുണൻ. യാദസ്സുകളുടെ (ജലജന്തുക്കളുടെ) നാഥൻ എന്നർത്ഥം.

യാദസ്സ്–ജലജന്തു.

യാദാസ്യം–കാര്യവിവരം കുറിച്ചിട്ടുള്ള ഏഴുത്തു്.

യാദാസ്തിനെ ഇപ്പോൾ നടപ്പുള്ള പേർ 'മഹസർ' എന്നാകുന്നു.

യാദു–ജലം.

യാദൃച്ഛിക–വി. യദൃച്ഛയായുള്ള.

യാദൃശ–വി. യാതൊരുപ്രകാരമുള്ള (ശകു, ശീ, ശം).

യാദോനാഥൻ–കടൽ.

യാദോനിധി–സമുദ്രം.

യാദോനിവാസം–ജലം.

യാനകം–വാഹനം.

യാനപാത്രം-കപ്പൽ, സമുദ്രത്തിലെ വള്ളിവും മറ്റും, മരക്കലം. മറ്റൊരു പര്യായം-പോതം.

യാനം-പ. യാത്ര. പോവുക. ഉ. ഞാനതേർ മുതലായ വാഹനം. ന. സന്ധി മുതലായ ഷാ-ഗുണങ്ങളിൽ ഒന്ന്. ശമിക്കുന്ന ശത്രുവിന്റെ നേരെ യുദ്ധത്തിന്നായി കരുങ്ങിക്കൊണ്ടുള്ള പുറപ്പാട്. (ആറു നയങ്ങളിൽ ഒന്ന്).

യാനമുഖം-തേർ മുതലായ വാഹനങ്ങളുടെ മുൻഭാഗം. യാനത്തിന്റെ മുഖം എന്നർത്ഥം.

യാപക-വി. കൊടുക്കുന്ന.

യാപനം-പ. കാലംകഴിക്കൽ. ഉ. ഇരിപ്പ്. ന. അയച്ചുകളക.

യാപിക്കുന്നു-ഉപജീവനം കഴിക്കുന്നു.

യാപ്യൻ-അധമൻ.

യാപ്യ-വി. ഹീനമായ, നിന്ദ്യമായ, ധർമ്മാചാരകലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ട. ഉ. കാലം കഴിക്കപ്പെടുവാൻതക്ക. (യാപ്യം-ഒന്നുകൂടിയാൽ വിടാത്തത് എന്ന ശബ്ദാർത്ഥം).

യാപ്യയാനം-ഒരുമാതിരി പല്ലക്ക്, അന്തോളം. യാപ്യന്മാരാൽ (അധമന്മാരാൽ) വഹിക്കപ്പെടുന്നത് എന്നർത്ഥം.

യാഭം-സ്ത്രീയും പുരുഷനും തമ്മിലുള്ള ക്രീഡ.

യാമ-വി. യമനെ സംബന്ധിച്ച.

യാമം-പ. ഏഴരനാഴിക കൂടിയ സമയം. യാമം ചെയ്യുന്നത് എന്നർത്ഥം. മറ്റൊരു പര്യായം-പ്രഹരം. ഉ. അടക്കം, ക്ഷമ.

യാമക്കോഴി-ഏഴരനാഴികവെളുപ്പിനെ കണിശമായി കൂകുന്ന കോഴി.

യാമഗണ്ഡാന്തം-കോഴി.

യാമവതി-പ. മന്ത്രം. ഉ. രാത്രി.

യാമള(ല)ം-ഇരട്ട

യാമാർദ്ധം-യാമത്തിൽ പാതി, മൂന്നേമുക്കാൽ നാഴിക.

യാമി-പ. സഹോദരി. ഉ. കലസ്ത്രീ. സുഖം അനുഭവിക്കുന്നവൾ എന്നർത്ഥം. ന. രാത്രി. ര. മകന്റെ ഭാര്യ.

യാമികൻ-യാമത്തിന്റെ മുറ കാക്കുന്ന കാവൽക്കാരൻ.

യാമിനി-പ. രാത്രി. യാമങ്ങൾ ഉള്ളതു് എന്നർത്ഥം. ഉ. മഞ്ഞൾ.

യാമിനീചര-വി. രാത്രിയിൽ സഞ്ചരിക്കുന്ന.

യാമിനീചരൻ-രാക്ഷസനും മറ്റും.

യാമിനീചരം-ഗ്രഹ്ലു.

യാമിനീപതി-പ. കർപ്പൂരം ഉ. ചന്ദ്രൻ.

യാമിനീവിരഹം-ചക്രവാകപ്പക്ഷി.

യാമീ-പ. സഹോദരി. ഉ. സുകൃതമുള്ള സ്ത്രീ. ന. രാത്രി. ര. തെക്ക്. ങ. പുത്രി. ന. പുത്രന്റെ ഭാര്യ.

യാമീരം-പ. ചന്ദ്രൻ. ഉ. രാത്രി.

യാമുനം-പ. ഒരു ദേശം. ഉ. സ്രോതോജനനം, സൌവീരാഞ്ജനം. യമുനയിലുണ്ടായതു് എന്നർത്ഥം. 'സുമ്മ' എന്ന ഭാഷ കാണുന്നു.

യാമേയൻ-ഉടപ്പിറന്നവളുടെ പുത്രൻ.

യാമ്യ-വി. പ. തെക്കുള്ള. ഉ. യമനെ സംബന്ധിച്ച.

യാമ്യൻ-പ. അഗസ്ത്യൻ. ഉ. ശിവൻ. ന. വിഷ്ണു.

യാമ്യം-ചന്ദനം.

യാമ്യാ-പ. രാത്രി. ഉ. തെക്കുഭാഗം.

യായജൂകൻ-വീണ്ടുംവീണ്ടും യാഗം ചെയ്യുന്നവൻ

യായാവര-വി. തെണ്ടിനടക്കുന്ന, അലയുന്ന.

യായാവരൻ-യോഗി.

യായാവരം — അശ്വമേധത്തിനു തിരഞ്ഞെടുത്ത കുതിര.

യാവ-വി. യവത്തെ സംബന്ധിച്ച.

യാവകം-ക്ര. യവം. ഉ. മുതിര. ന. പടത്തോര. ക്രുടിച്ചേരുന്നത് എന്നർത്ഥം.

യാവ(ക)ം-അരക്ക്.

യാവജ്ജീവം-അ. ജീവപര്യന്തം.

യാവത്തുകം-സകലങ്ങളും.

യാവന-വി. യവനനെ സംബന്ധിച്ച.

യാവന-ദിവസവൃത്തികഴിച്ചൽ.

യാവനം-അറബിക്കുന്തുരുക്കം, കുന്തുരുക്കം. അന്യധൂപദ്രവ്യങ്ങളോടു ക്രുടിച്ചേരുന്നത് എന്നർത്ഥം. യവനദേശത്തിലുണ്ടായത് എന്നർത്ഥം.

യാവനാളം-ചോളം.

യാവം-അരക്ക്, കോലരക്ക്. വസ്തുക്കളിൽ ചായമായിട്ടും മറ്റും ക്രുടിച്ചേരുന്നത് എന്നർത്ഥം.

ചെമ്പഞ്ഞിച്ചായമിട്ടും മറ്റും ഉപയോഗിച്ചുവരുന്നു.

യാവൽ-വി. യവതൊരിടത്തോടുമുള്ള.

യാവൽ-അ. ക്ര. യവതൊരിക്കൽ. ഉ. ഏതു (യാവൽ = ഏതു. താവൽ = അതു) ന. ഏതുവരെ. ദ. എപ്പോൾ.

യാവശ്രുകം-ചവക്കാരം.

യാവസം - ഒരുമാതിരി പുല്ലിന്റെ ക്രുമ്പാരം.

യാഷ്ട(സ)ം-ഒമ്പൺകൊടിത്തുവ.

യാഷ്ടീകൻ-യഷ്ടിയുള്ള ഒരു യോദ്ധാവു്. യഷ്ടി (വടി) ആയുധമായിട്ടുള്ളവൻ. ഇരുട്ടിക്കാരൻ.

യാസം-ക്ര. കൊടുത്തുവ ഉ. പരിശ്രമം, പ്രയത്നം.

യാസ്കൻ-നിരുക്തത്തിന്റെ കർത്താവു്.

യി

യിയക്ഷമാണൻ-യാഗംചെയ്യുന്നതിനു ഗ്രഹമുള്ളവൻ.

യിയക്ഷു-വി. ചെയ്യുന്നുഗ്രഹമുള്ള.

യിയാനൻ-യാനംചെയ്യുവാൻ ഇച്ഛിക്കുന്നവൻ.

യിയാസു-പോവാനുള്ള ആഗ്രഹം.

യിയാസു-പോവാനാഗ്രഹമുള്ള ആൾ.

യിര(റ)ളി-മുതുക് (വിദേശീ).

യു

യുക്ത-വി. ക്ര. യോജിക്കപ്പെട്ട, ശരിയായ, തക്ക. ഉ. ചേർന്ന. ന. ഉറപ്പിച്ച.

യുക്തൻ-രാഗാദികളെ അടക്കിയിരിക്കുന്ന മഹർഷി.

യുക്തം-ക്ര. യോജിച്ചതു്, ചേർന്നതു്. ഉ. നാലു മുഴംക്രുടിയ ഒരളവു്. ന. ന്യായമായി കിട്ടുന്നതു്. ദ. ന്യായത്തോടു ക്രുടിയതു്.

യുക്തരസ-ചിറ്റരത്ത, അരത്ത. യുക്തമായ രസത്തോടുക്രുടിയതു് എന്നർത്ഥം.

യുക്താ-ഒരു പച്ചമരുന്നു്.

യുക്തി-ക്ര. യോജ്യത, യോജിപ്പിക്കൽ. ഉ. ചേർച്ച. ന. മര്യാദ. ദ. (മ) ഉത്തരമായി പറയുന്ന വാക്കു്.

യുക്തിഭേദം-ക്ര. യുക്തിയില്ലായ്മ. ഉ. ചേർച്ചകേടു്.

യുക്തിമൽ-വി. യുക്തിയുള്ള.

യുക്തിയുക്ത-വി. യുക്തിയോടുചേർന്ന.

യുക്ൽ-ഇരട്ട.

യുക്ൽ-അ. ചീത്തയായി.

യുഗകീലകം-നകക്കഴി, നകരക്കൈയ്. യുഗത്തിന്റെ (നകത്തിന്റെ) കീലകം (ആണി).

യുഗന്ധരം-പ. യുഗംകെട്ടുവാനുള്ള തണ്ട്. യുഗത്തെ (നകരത്തെ) ധരിക്കുന്നതു് എന്നർത്ഥം. ൨. രഥാവയവവിശേഷം. മറ്റൊരു പര്യായം-ക്ഷുരം. ൩. ഒരു പർവ്വതം.

യുഗധർമ്മചതുഷ്ടയം-കൃതത്തിൽ ധ്യാനം, ത്രേതയിൽ യജനം, ദ്വാപരത്തിൽ പൂജ, കലിയിൽ കീർത്തനം (പക്ഷാന്തരം-കൃതത്തിൽ തപസ്സ്, ത്രേതയിൽ ആത്മജ്ഞാനം, ദ്വാപരയിൽ യാഗം, കലിയിൽ ദാനം) ഇവ ർ-ം.

യുഗപത്രകം-ഒരു വൃക്ഷം, മലയകത്തി, കൊങ്ങ, ഇരട്ടയായ ഇലയുള്ളതു് എന്നർത്ഥം.

യുഗപത്രം-മുളപ്പാത്തു്.

യുഗപദ്-അ. ഒന്നായിട്ടു്, ഒരുകാലത്തു് (ഒരുനാമം)

യുഗപാർശ്വഗൻ-പൂട്ടിത്തെളിഞ്ഞ കാള, നകംവെച്ചു കരികെട്ടിയ കാള. യുഗത്തിന്റെ (നകത്തിന്റെ) പാർശ്വത്തെ ഗമിക്കുന്നവൻ എന്നർത്ഥം.

യുഗപ്രളയം-യുഗാവസാനത്തിലുള്ള രചിയ പ്രളയം.

യുഗം-പ. ഇരട്ട ൨. നകം. ൩. ശ്ലോ. ൪. പ്രായം. ൫. നാലുമുഴം. ൬. കാലം. യോജിപ്പിക്കപ്പെടുന്നതു് എന്നർത്ഥം. (കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം) (കല്പം, കാലപരിമാണം ജ്ഞാനം ഇവ നോക്കുക).

കലിയുഗം ആരംഭിച്ചതു് ക്രിസ്തുവിനു മുമ്പു് ൩൧൭൬ വർഷം ഫെബ്രുവരി മാസം പ൯-ംതീയതിയാണു് എന്നു കാണുന്നു. ഒരു മഹായുഗം അല്ലെങ്കിൽ മനുവന്തരത്തിനു നാലു യുഗങ്ങളും ഉണ്ടു്. അവയുടെ പേരും ദേവവർഷപ്രകാരം ഉള്ള ദൈർഘ്യവും ഓരോ യുഗത്തിന്റെയും മുമ്പും പിമ്പും ആ യുഗത്തിന്റെ പത്തിലൊരോഹരി കാലദൈർഘ്യമുള്ള സന്ധ്യയും സന്ധ്യാംശവും താഴെ ചേർക്കുന്നു.

പ കൃതയുഗം-ദേവവർഷപ്രകാരം ദൈർഘ്യം ൪൦൦൦. സന്ധ്യ-൪൦൦. സന്ധ്യാംശം ൪൦൦-൪൪൦൦. മഹാഭാരതത്തിൽ നാരദന്റെ വിവരണം അനുസരിച്ചു ഈ യുഗത്തിൽ നീതിയും ന്യായവും ശമിയാതെയായി നടന്നു. അസൂയ, പക, ദുഃഖം, വേദന, ഭയം, ക്രൂരത ഇവയൊന്നും ഇല്ലായിരുന്നു. വേദം ഒന്നു്, മനുഷ്യായുസ്സു് ൪൦൦൦-കൊല്ലം.

൨ ത്രേതായുഗം-വർഷം ൩൦൦൦. സന്ധ്യ ൩൦൦. സന്ധ്യാംശം-൩൦൦-൩൩൦൦. ഈ യുഗത്തിൽ നീതി ന്യായങ്ങൾ കാൽഭാഗം കുറഞ്ഞു. മനുഷ്യർക്കു് അന്തരത്തോടുകൂടിയ പ്രവൃത്തികളുണ്ടായിത്തുടങ്ങിയതു്. അവർ ബലികർമ്മങ്ങൾ വർദ്ധിപ്പിച്ചു. അവർക്കു് അക്കാലത്തു് ആയുസ്സു് ൩൦൦൦ വർഷം.

൩. ദ്വാപരയുഗം-വർഷം ൨൦൦൦. സന്ധ്യ ൨൦൦. സന്ധ്യാംശം ൨൦൦-൨൪൦൦. ഈ യുഗത്തിൽ നീതിന്യായങ്ങൾ പകുതിയോളം കുറഞ്ഞു. അൽപ്പവും ചിലരേ സത്യം ആചരിച്ചുള്ളൂ. അപ്പോൾ മോഹങ്ങൾ-൪. രോഗങ്ങൾ പിടിപെട്ട മനുഷ്യായുസ്സു് ൧൦൦൦-വർഷം മാത്രമായി.

൪. കലിയുഗം-വർഷം ൧൨൦൦. സന്ധ്യ-൧൨൦. സന്ധ്യാംശം ൧൨൦-൧൩൨൦. ഈ യുഗത്തിൽ നീതിന്യായങ്ങൾ കാലാംശം മാത്രം ശേഷിച്ചു ദുർവ്വിചാരം മതലായവ വർദ്ധിച്ചു മനുഷ്യായുസ്സു് ക്ഷയിച്ചു ക്ഷയിച്ചു ഒരു നിശ്ചയമില്ലാത്ത സ്ഥിതിയിലായി.

ഒരു ദേവവർഷം നൂറ്റാ മനുഷ്യവർഷം ആകുന്നു യുഗങ്ങളെ സംബന്ധിച്ചും അവയുടെ ദീർഘതയെപ്പറ്റിയും ഭൂഗോളത്തിൽ ഒന്നും കാണുന്നില്ല. കൃതയുഗത്തിൽ ബ്രാഹ്മണരല്ലാതെ മറ്റാരുമുണ്ടായിരുന്നില്ലെന്നും ക്ഷത്രിയർ ത്രേതായുഗത്തിലാണ് ഉണ്ടായതെന്നും കാണുന്നുണ്ട്.

യുഗ(ള)ം–ഇരട്ട, ജോടി.

യുഗാദിപണ്ടികം–പുതിയ ആണ്ടു തുടങ്ങുന്ന നാളിൽ കൊണ്ടാടുന്ന ഉത്സവം.

യുഗാധ്യക്ഷൻ–പ. ശിവൻ. പ. പ്രജാപതി.

യുഗ്മഫലാ–പ. വേലിപ്പരുത്തി. പ. തേക്കിട.

യുഗ്മം–പ. ഇരട്ട, ജോടി, യോജിക്കുന്നത് എന്നർത്ഥം. രണ്ട്. പ. പൂർവ്വശാസ്ത്രത്തിൽ പദ്യത്തിനു നാലു പാദങ്ങളും ഉള്ളതിൽ രണ്ടും നാലും പാദങ്ങളും.

യുഗ്മരാശി–ഇടവം, കർക്കടകം, കന്നി, വൃശ്ചികം, മകരം, മീനം ഇവ രണ്ടും (സൌമ്യങ്ങളാകുന്നു)

യുഗ്മവിപുലാ–ഒരു വൃത്തത്തിന്റെ പേർ.

യുഗ്യം–പ. തേരിൽ കെട്ടുന്ന കുതിര മുതലായവ. പ. വാഹനം. യോജിപ്പിക്കുന്നത് എന്നർത്ഥം. ന. നകുലനെ വഹിക്കുന്ന കുള.

യുഗ്യവാഹൻ–വണ്ടിക്കാരൻ.

യുഞ്ജാന–വി. യോജിക്കുന്ന.

യുഞ്ജാനൻ–പ. തേർ നടത്തുന്നവൻ. പ. യോഗാഭ്യാസമുള്ള ബ്രാഹ്മണർ.

യുത–വി. പ. കൂടിയ പ. ചേർന്നിരിക്കുന്ന.

യുതകം–പ. യോനിസംബന്ധം. പ. സ്ത്രീധനം.

യുതന്മാർ–വധുവരന്മാർ.

യുതം–പ. നാലു മുഴം കൂടിയ ഒരളവ്. പ. ചേർന്നിരിക്കുന്നത്.

യുത്തു(യുൽ)–യുദ്ധം.

യുദ്ധഭണ്ഡാരം – യുദ്ധസാമഗ്രികളും വയ്ക്കുന്ന സ്ഥലം.

യുദ്ധം–പട, കലഹം. സമ്മുഖീകരിച്ചുവണ്ണം പ്രഹരിക്കുക എന്നർത്ഥം. മറ്റു പര്യായങ്ങൾ–ആയോധനം, ജന്യം, പ്രധനം, പ്രവിദാരണം, മൃധം, അസ്സ്കന്ദനം, സംഖ്യം, സമീകം, സംപരായകം, സമരം, അനീകം, രണം, കലഹം, വിഗ്രഹം, സംപ്രഹാരം, അഭിസംപാതം, കലി, സംസ്ഫോടം, സംയുഗം, അഭ്യാമർദ്ദം, സമാഘാതം, സംഗ്രാമം, അഭ്യാഗമം, ആഹവം, സമുദായം, സംയത്തു്, സമിതി, ആജി, യുത്തു്.

യുദ്ധവൃദ്ധൻ–യുദ്ധംചെയ്തു നല്ല തഴക്കമുള്ളവൻ.

യുദ്ധസാരം–കുതിര.

യുധാജിത്തു്–കൈകേയിയുടെ സഹോദരൻ, ഒരു കേകയരാജാവു്, ഭരതന്റെ മാതുലൻ.

യുധിഷ്ഠിരൻ–ധർമ്മപുത്രർ. (കുന്തിയുടെ മൂത്ത പുത്രൻ). യുദ്ധത്തിൽ സ്ഥിരനായവൻ എന്നർത്ഥം.

പാണ്ഡവരുടേയും പാഞ്ചാലിയുടേയും ഇന്ദ്രസാർത്ഥിലേക്കുള്ള യാത്രാവിവരം മഹാഭാരതം (മഹാപ്രസ്ഥാനം) നോക്കുക. ധർമ്മപുത്രർക്കു പാഞ്ചാലിയിൽ പ്രതിവിന്ധ്യൻ എന്നും ഭദ്രവതിയിൽ യൌധേയൻ എന്നും രണ്ടു പുത്രന്മാരുണ്ടായിരുന്നു. ധർമ്മൻ, ധർമ്മരാജൻ, അജാതശത്രു എന്നിവയും അദ്ദേഹത്തിന്റെ പേരാണ്. ദ്രോണനെ അതിക്രമിച്ചുകൊല്ലുവാൻ വേണ്ടി അയാളുടെ പുത്രനായ അശ്വത്ഥാമാവു മരിച്ചുപോയി എന്നു കള്ളം പറയിച്ചിട്ടുണ്ട്. മുൻപറഞ്ഞ നാടകത്തിൽ ഒരാനയെ കൊന്നിട്ടാണ്

ഇല്ലകാരം പറയിച്ചുത്. അശ്വത്ഥാമാവു മരിച്ചുപോയി എന്നല്ലാതെ ദ്രോണപുത്രനായ അശ്വത്ഥാമാവു മരിച്ചുപോയി എന്നു ധർമ്മപുത്രർ പറഞ്ഞില്ല. ഈ ചതി അദ്ദേഹം ധരിച്ചിരുന്നുമില്ല.

(കുന്തി, പാണ്ഡവർ, ദ്രൌപദി എന്നിവ നോക്കുക).

യയു-കതിര.

യയുത്സാ-യുദ്ധത്തിനുള്ള ആഗ്രഹം.

യയുത്സു-വി. ചെയ്യുവാനാഗ്രഹമുള്ള.

യയുത്സു-പ്ര. പോരാളി. ഉ. ഒരു വൈശ്യസ്ത്രീയിൽ ധൃതരാഷ്ട്രർ ജനിച്ച പുത്രൻ.

'ധൃതരാഷ്ട്രനും പിന്നെ
വൈശ്യസ്ത്രീപെറ്റിട്ടൊരു
സുതനുണ്ടായ് വന്നു
യുയുത്സുവെന്നുപേരായ്'

(ഭാരതം)

ധർമ്മപുത്രർ യുയുത്സുവിനെ ഇന്ദ്രപ്രസ്ഥത്തിൽ രാജാവാക്കിയും വച്ചാണു രാജ്യം ത്യജിച്ചുപോയതു്.

യുയുത്സു കൌരവപക്ഷത്തിൽ നിന്നു പാണ്ഡവപക്ഷത്തിൽ ചേർന്നതുണ്ടു്. ന. ഗാന്ധാരിയിൽ ധൃതരാഷ്ട്രർ ജനിച്ച മറ്റൊരു പുത്രൻ.

യുയുധാനൻ-പ്ര. ഇന്ദ്രൻ. ഉ. സാത്യകി. ന. യോദ്ധാവു്.

യുവ-വി. പ്ര. യൌവനമുള്ള. ഉ. ശ്രേഷ്ഠതയുള്ള.

യുവ-അറുപതിൽ ഒൻപതാമത്തെ വർഷം.

യുവതി-പ്ര. യൌവനയുക്തയായ സ്ത്രീ. പുരുഷനോടുകൂടി ചേരുന്നവൾ എന്നർത്ഥം. ഉ. മഞ്ഞൾ.

യുവതി, യുനി—പതിനാറു വയസ്സിനു മേൽ നാല്പതു വയസ്സിനു താഴെയുള്ള സ്ത്രീ.

യുവനാശ്വൻ-ഒരു സൂര്യവംശരാജാവു്. ഗർഭം ധരിച്ച മാന്ധാതാവിനെ പ്രസവിച്ചു.

യുവരാജൻ-ഇളയരാജാവു്.

യുവാവു്-പതിനാറുവയസ്സു കഴിഞ്ഞവൻ, മുപ്പതാകാത്തവൻ, യൌവനയുക്തൻ. സ്ത്രീകളോടുകൂടി ചേരുന്നവൻ എന്നർത്ഥം.

പതിനാറു വയസ്സിനുമേൽ ഇരുപത്തഞ്ചു വയസ്സിനകം പ്രായമുള്ളവനാണു യുവാവു് എന്നു കാണുന്നു.

യുഷ്മൽ-'നിങ്ങളുടെ' എന്നുള്ള അർത്ഥത്തിൽ പദങ്ങളുടെ മുമ്പിൽ ചേർത്തു പ്രയോഗിക്കുന്നു. ഉ-ം, യുഷ്മദ്ദേശന്മാർ=നിങ്ങളെപ്പോലെയുള്ളവർ.

യൂ

യൂകം, യൂകാപേൻ.

യൂകാവാസം-ശംഖോടവൃക്ഷം.

യൂതി-ഏകീകരണം, യോജിപ്പു്.

യൂഥനാഥൻ-ആനത്തലവൻ. ആനക്കൂട്ടത്തിന്റെ നാഥൻ എന്നർത്ഥം.

യൂഥപൻ—ആനത്തലവൻ. ആനക്കൂട്ടത്തെ കാക്കുന്നവൻ എന്നർത്ഥം.

യൂഥം-മൃഗങ്ങളുടേയും പക്ഷികളുടേയും മറ്റും കൂട്ടം. സജാതീയങ്ങളായ തിര്യക്കുകളുടെ സമൂഹം. കൂട്ടിക്കലർന്നതു് എന്നർത്ഥം.

യൂഥിക-പ്ര. കറുകമുല്ല. കൂട്ടമുള്ളതു്, അനേകം വള്ളികൾ ഒന്നായി കൂടിപ്പിണഞ്ഞു കിടക്കുന്നതു് എന്നർത്ഥം. ഉ. വൻകറുകത്തി. ന. പാടം.

യൂഥിക -അംപഴം.

യൂദൻ-യൂതവംശത്തിലുള്ളവൻ.

യൂപകടകം-യജ്ഞസ്തംഭത്തിന്റെ മേലേ വളയം. (മുകളിൽ മരംകൊണ്ടു വളയമായി ഉണ്ടാക്കിവെയ്ക്കുന്ന ഒരു സാധനവിശേഷം).

യൂപകം–കാട്ടരയാലു്.

യൂപദ്രു–കരിങ്ങാലി.

യൂപം–പു. യജ്ഞത്തൂണ്ഡം. (യൂവം എന്നും പാഠം കാണുന്നു). ക. ഇത്തിയാലു്.

യൂപാഗ്രം–യജ്ഞത്തൂണ്ഡത്തിന്റെ മുകളം.

യൂഷം–പു. പരിപ്പു മുതലായതുവെച്ചു് ഊറിയ രസം. ക. ഒരു കറി, പരിപ്പു്. നു. ഒരു വൃക്ഷം, ഇൻഡ്യയിലുള്ള അമരത്തി എന്ന വൃക്ഷം. ര. ദേവം.

യേ

യേന–അ. എന്തുകൊണ്ടു്, എതിനാൽ, എങ്ങിനെ.

യേനകേനപ്രകാരേണ–അ. വല്ലവിധത്തിലും.

യേശു–ക്രിസ്തുവിന്റെ ഒരു പേർ.

യോ

യോക്ത്രം–നകക്കയറു്. ഇതുകൊണ്ടു യോജിപ്പിക്കുന്നതിനാൽ ഈ പേർ വന്നു. അമിക്കയർ.

യോഗകന്യാ–യശോദയുടെ ശിശു.

യശോദ പ്രസവിച്ചപ്പോൾ വസുദേവർ കൃഷ്ണനെ അവിടെ കിടത്തിയുംവെച്ചു ഈ കന്യകയെ എടുത്തു ദേവകിയുടെ അടുക്കൽ കിടത്തി. കംസൻ കൊല്ലുന്നതിനായി ശിശുവിനെ എടുത്തപ്പോൾ അതു മേലോട്ടു പൊങ്ങി മറഞ്ഞു. അപ്പോൾ ഈ ശിശു പറഞ്ഞതു മെഴുതാഴെ ചേർക്കുന്നു.

'അരേ! ദുരാചാരനൃശംസകംസ!
പരാക്രമം സ്ത്രീകളിലല്ലവേണ്ടു,
തവാന്തകൻ ഭൂമിതലേജനിച്ചു
ഭവേന സർവ്വത്രനിരഞ്ജനകാംക'

(ശ്രീകൃഷ്ണചരിതം)

യോഗക്ഷേമം–ശരീരസൗഖ്യം.

യോഗജ്ഞ–പു. യോഗത്തെ അറിഞ്ഞവൻ.

യോഗതാരക–ഒരു നക്ഷത്രത്തിലെ പ്രധാന താരക.

യോഗദ്രുമം–അകിൽ.

യോഗദണ്ഡു്–യോഗാഭ്യാസ പരിശീലനത്തിനു വേണ്ട വടി.

യോഗനിദ്ര–ഒരു യുഗാവസാനത്തിൽ വിഷ്ണുവിന്റെ ഉറക്കം. ആത്മധ്യാനത്തിൽ മുഴുകീട്ടു് പുറമേ നടക്കുന്ന സംഗതികളെ തീരെ അറിയാതെയിരിക്കുന്ന സ്ഥിതി. ധ്യാനത്തിൽ ലയിച്ചിട്ടുള്ള ഉറക്കം.

യോഗം–പു ഭാഗ്യം, യുക്തി. ക. സമ്പത്തു്. നു. കമ്മിൽ ചേർച്ച, യോജിക്കൽ, സംബന്ധം. ര. ബ്രഹ്മധ്യാനം, ആത്മവിചാരം. ങ. ക്ലേശം. ന ഒരുമ്പാടു്, യുദ്ധാദികൾക്കു തയ്യാറാകുക, കവചബന്ധനം. ത. നാലുപായങ്ങളിൽ ഒന്നു്, ഉപായം. വ. സന്നാഹം. ന. അവസാനം. ഫ. കായ്മ്പു. ഫ. ഔഷധം. ഫ. മന്ത്രവാദം. ഫ. യോഗ്യത. ബ. പക്ഷം, ഭ. ആയുധവർഗ്ഗം. മ. സംയോജനം. യ. ഇന്ദ്രിയങ്ങളെ അടക്കി ശരീരം ഇളകാതെയിരിക്കൽ, ചിത്തവൃത്തിനിരോധനം. ല. ധ്യാനം. വ. ഇരുപത്തേഴു നക്ഷത്രങ്ങൾക്കുകൂടെയുള്ള പേർ. ഷ. വർദ്ധനം. സ. പതഞ്ജലിയുടെ ദർശനങ്ങളിൽ ഒന്നു്. സാംഖ്യത്തിന്റെ ഒരു ഭാഗമായി എണ്ണുന്നു. ഇവ തമ്മിൽ വിശേഷഭേദമൊന്നുമില്ല. പരമാത്മാവിൽ ചെന്നു ലയിപ്പാനുള്ള വഴിയെ പഠിപ്പിക്കുന്നു. (യോഗം =യോജിപ്പിക്കുന്നതു്).

കർമ്മയോഗം, ജ്ഞാനയോഗം ഇവയ്ക്കു യോഗദ്വയം എന്നു പേർ.

ഫ ഫ–വിധം യോഗങ്ങളും—ജ്ഞാനയോഗം, ഹഠയോഗം, ലയയോഗം,

നാദയോഗം, ശിവയോഗം, ബ്രഹ്മയോഗം, ജ്ഞാനയോഗം, അതൈ്വതയോഗം, നിരാലംബയോഗം, നിരാഭാസയോഗം, അഷ്ടാംഗയോഗം, രാജയോഗം.

യോഗപട്ടം-യോഗാഭ്യാസത്തിനുൽ യോഗികൻ കെട്ടുന്ന ഒരു വസ്ത്രം.

യോഗപീഠം-യോഗികൻ ഇരിക്കുന്ന ആസനം.

യോഗബലം-ഫ. ക്ലേശങ്ങളെക്കൊണ്ടുള്ള ബലം. ഉ. സൌഭാഗ്യം.

യോഗരംഗം-നാരകം.

യോഗവാഹി-രസം.

യോഗവിഷം — വിഷസംബന്ധമായ വ്രണം.

യോഗശക്തി-ക്ലേശങ്ങളെ കളയുണ്ടുള്ള ബലം.

യോഗശാലി-വി. എല്ലാസുഖങ്ങളും അനുഭവിക്കുന്നതിനു ഭാഗ്യമുള്ള. (സ്ത്രീ-യോഗശാലിനി).

യോഗശാസ്ത്രം - യോഗാഭ്യാസത്തിന്റെ മുറകളും അടങ്ങിയിരിക്കുന്ന ഒരു ഗ്രന്ഥം.

യോഗസാര(കം)-നാരകം.

യോഗത്തിന്റെ ഉദ്ദേശം മനുഷ്യന്റെ ചിത്തവൃത്തികളെ നശിപ്പിച്ചു മനസ്സിനെ സ്വസ്ഥാനത്തിൽ നിറുത്തുകയാകുന്നു. ഇതിനു ഈശ്വരഭക്തി പ്രധാനം.

യോഗാഭ്യാസം — യോഗങ്ങളെ അഭ്യസിക്ക

യോഗാഭ്യാസത്തിന്റെ അംഗങ്ങൾ— യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി.

യോഗാഗ്നി-യോഗാഭ്യാസംകൊണ്ടു തന്നത്താനെ സൃഷ്ടിക്കുവുന്ന അഗ്നി.

യോഗാർത്ഥം—(വ്യാകരണത്തിൽ) ധാത്വർത്ഥം.

യോഗാഷ്ടാംഗങ്ങൾ-യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി. ഇവ വ്യ-ം.

യോഗാസനം-യോഗികൻ ഇരിക്കുന്ന ഇരിപ്പ്.

യോഗിയാർ, യോഗിയാതിരി-അവരോധിക്കപ്പെട്ട മലയാളബ്രാഹ്മണരുടെ പേർ.

തൃശ്ശിവപേരൂർ, ഇരിങ്ങാലക്കുട, പെരുമനം, തൃത്താല, തളിപ്പറമ്പു, മൂകപുരം എന്നിവ മലയാളത്തിൽ അവരോധമുള്ള ക്ഷേത്രങ്ങളാണ്. ഇരിങ്ങാലക്കുടയിലും തളിപ്പറമ്പിലും നായർവംശജൻ അവരോധിക്കപ്പെടുന്നു. അവരോധം കഴിഞ്ഞാൽ തച്ചുടയ കൈയ്യും എന്ന സ്ഥാനം ലഭിക്കും. മറ്റു ക്ഷേത്രങ്ങളിൽ മലയാളബ്രാഹ്മണരെയാണ് അവരോധിക്കുന്നതു്. അവക്കുള്ള പേരാണു യോഗിയാർ, യോഗിയാതിരി എന്നു് മുമ്പു പറയപ്പെട്ടതു്.

യോഗി-വി. യോഗമുള്ള.

യോഗി-ഫ. യമനിയമാദിയോഗങ്ങളോടുകൂടിയവൻ, യോഗാഭ്യാസമുള്ളവൻ. ഉ. സന്ന്യാസി. ന. ഇന്ദ്രജാലക്കാരൻ. ർ. ശിവൻ. @. വിഷ്ണു. ണ. അർജ്ജുനൻ. ൈ. യാജ്ഞവല്ക്യൻ. വ നാരകം.

യോഗിദണ്ഡ-ചൂരൽ.

യോഗിനികം-ദുർഗ്ഗയാൽ സൃഷ്ടിക്കപ്പെട്ട (ദേവിയുടെ പരിചാരികമാരായ) എട്ടു സ്ത്രീകൾ.

മഞ്ജുതി, കർപ്പൂരതിലകാ, മലയഗന്ധിനി, കൌമുദിക, ഭേരുണ്ഡാ, മാതാമഹീ, നായകീ, ജയ (ശ്രുഭാചാരാ) ഇവരെ ക്ലേശത്തെ സുലക്ഷണ, സുനന്ദ എന്നും രണ്ടു പേരുണ്ട്.

യോഗിനി.

ദിക്കുകൾ	കൃഷ്ണതിഥികൾ	യോഗിനി സ്ഥിതി	ശുക്ലതിഥികൾ	യോഗിനി സ്ഥിതി
പ. കൃഷ്ണപക്ഷം	ക്ഷയി	കിഴക്ക്	പ. ശുക്ലപക്ഷം	പടിഞ്ഞാറ്
പ. ചതുർദ്ദശി	സ്ഥിരാ	വടക്ക്	പ. ചതുർദ്ദശി	വടക്കുകിഴക്ക്
ത. തൃതീയപക്ഷം	അഷ്ടമി	അഗ്നി	ത. തൃതീയപക്ഷം	തെക്കുകിഴക്ക്
പ. പഞ്ചമി	നവമി	നിരൃതി	പ. പഞ്ചമി	തെക്ക്
പ. സപ്തമി	ദശമി	തെക്ക്	പ. സപ്തമി	തെക്കുപടിഞ്ഞാറ്

യോഗീശ്വരൻ-പ. യോഗികളിൽ പ്രധാനി. ഉ. ശിവൻ.

യോഗീശ്വരി-കാട്ടുപാവൽ.

യോഗേശൻ-പ. ശിവൻ. ഉ. യാജ്ഞവല്ക്യൻ. ന. യോഗികളിൽ പ്രധാനി, സാംഖ്യം തുടങ്ങിയുള്ള എല്ലാം യോഗത്തിനും നാഥനായുള്ളവൻ.

യോഗേശ-ബ്രഹ്മാവിന്റെ നഗരം.

യോഗേഷ്ടം-കാരീയം. ധാതുസംയോഗത്തിൽ-അവ കൂട്ടിവിളക്കുന്നതിൽ-ഇഷ്ടം എന്നത്ഥം.

യോഗ്യ-വി. പ. സാമർത്ഥ്യമുള്ള. ഉ. യോഗത്തിനു കൊള്ളാവുന്ന. ന. ശക്തിയുള്ള, ശക്തിയുള്ള. ര. ചേർച്ചയുള്ള.

യോഗ്യത-പ. സാമർത്ഥ്യം. ഉ. ചേർച്ച, യോജിപ്പ്.

യോഗ്യം-ഗുണി. യോഗത്തിൽ ഹിതം എന്നത്ഥം. ഉ. കാട്ടുമുതിര. ന. ഒരു പദാർത്ഥം ര. ഒരു വാഹനം ള. ചന്ദനം. ന്യ. പാൽ.

യോഗ്യഭോഗ്യം-യോഗ്യമായ ഭോഗ്യം.

യോജന, യോജനം-നാലു ക്രോശം കൂടിയ ദൂരം, പത്തു നാഴിക അകലം. ഉ. ചിത്തസംമഗ്നം. ന. യോജിപ്പ്, നകത്തിൽ പൂട്ടുക. ര. കൂട്ടിച്ചേർക്കൽ.

യോജനഗന്ധ-പ. കസ്തൂരി. ഉ. സീതാദേവി. ന. സത്യവതി.

യോജനപണ്ണി-മഞ്ചട്ടി.

യോജനവല്ലി-ഒരങ്ങാടിമരുന്ന്, മഞ്ചട്ടി വരെ നീളമുള്ള വള്ളിയുള്ളത് എന്നത്ഥം.

യോജനീയ-വി. ചേർക്കാവുന്ന.

യോജിക്കുന്ന-പ. ചേരുന്ന. (സ കി-യോജിപ്പിക്കുന്ന).

യോജിപ്പ്-പ. ചേർച്ച. ഉ. അന്യോന്യം, സ്നേഹം.

പുത്രനെ വിദ്യയിലും, കന്യകയെ നല്ല കുലത്തിലും, ബന്ധുവിനെ ധർമ്മത്തിലും, ശത്രുവിനെ ദുഃഖത്തിലും യോജിപ്പിക്കണം.

യോജ്യത-പ ചേർച്ച. ഉ. ഇണക്കം.

യോത്രം-അമ്മവ്.

യോത്രം-നകക്കയർ, അമിക്കയർ.

യോദ്ധാവ്, യോധൻ- യുദ്ധംചെയ്യുന്നവൻ, യുദ്ധവീരൻ.

യോദ്ധൃസന്ദ്രാവം-പോരിനു വിളി.

യോധസംരാവം-യോദ്ധാക്കന്മാർ പരസ്പരം സ്പർദ്ധയോടുകൂടി ചെയ്യുന്ന പോർക്കവിളി. യോധന്മാരുടെ ഒച്ച എന്നർത്ഥം.

യോഷിത്പ്രിയാ-മഞ്ഞൾ.

യോനി-പ. ഉല്പത്തിസ്ഥാനം. പുരുഷവിശേഷത്തോടുകൂടിച്ചേരുന്നത് എന്നർത്ഥം.

യോനിപ്പൊരുത്തം.

പുരുഷൻ പുരുഷയോനി നക്ഷത്രത്തിലും, സ്ത്രീ സ്ത്രീയോനി നക്ഷത്രത്തിലും ജനിച്ചാൽ യോനിപ്പൊരുത്തം ഉത്തമമായും, സ്ത്രീപുരുഷന്മാർ ഇരുവരും സ്ത്രീയോനിനക്ഷത്രങ്ങളിൽ ജനിച്ചാൽ മദ്ധ്യമമായും, സ്ത്രീപുരുഷന്മാർ പുരുഷയോനിനക്ഷത്രങ്ങളിൽ ജനിച്ചാൽ അധമമായും ഭവിക്കുന്നു. പുരുഷൻ സ്ത്രീയോനിനക്ഷത്രത്തിലും, സ്ത്രീ പുരുഷയോനിനക്ഷത്രത്തിലും ജനിച്ചാൽ അത്യന്തകഷ്ടവും ഫലമാകുന്നു. അശ്വതി, ഭരണി, പൂയം, ആയില്യം, മകം, ഉത്രം, ചോതി, വിശാഖം, തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, പൂരുരുട്ടാതി ഇവ പുരുഷയോനി നക്ഷത്രങ്ങളും ശേഷം സ്ത്രീയോനി നക്ഷത്രങ്ങളുമാകുന്നു.

പ. സ്ഥാനം, സ്ഥാനം. നു. ജലം.

യോനിരഞ്ജനം-ആത്മാവ്.

യോപനം-കഴപ്പം. പ. നശിപ്പിക്കൽ.

യോഷണാ-യുവതി.

യോഷാ-സ്ത്രീ.

യോഷിതാ-സ്ത്രീ.

യോഷിത്തു്-സ്ത്രീ. പുരുഷനെ അനുഭവിച്ചു നിൽക്കുന്നവൾ എന്നർത്ഥം.

യൌ

യൌതകം-സ്ത്രീധനം.

യൌതവം-മാനം (അമ്മവു മുതലായത്)

യൌവതം-യൌവനമുള്ള സ്ത്രീകളുടെ കൂട്ടം.

യൌവനകണ്ടകം-മുഖക്കുരു.

യൌവനം-ബാല്യം കഴിഞ്ഞു വാർദ്ധക്യത്തിനു മുമ്പുള്ള സമയം.

യൌവനാശ്വൻ-യുവനാശ്വന്റെ പുത്രനായ മാന്ധാതാവു്

യൌവരാജ്യം-യുവരാജാവിന്റെ സ്ഥാനം.

ര

ര—ഹല്ലുകളിൽ ഇരുപത്തഞ്ചാം അക്ഷരം.

രകം-സൂര്യകാന്തക്കല്ലു്.

രം-പ. തീയ്. പ. ചൂടു്. നു. സ്നേഹം. ര. കാന്തി.

രക്ത-വി. പ. രാഗമുള്ള, സ്നേഹമുള്ള. പ. ചെമപ്പുള്ള. നു ശ്രേഷ്ഠമുള്ള.

രക്തകന്ദം-പവിഴം.

രക്തകം-പ. ഉള്ളുമല്ലി, ചെമന്ന പൂവുള്ളതു് എന്നർത്ഥം. പ. ചെമന്ന വസ്ത്രം. നു. പത്രാങ്ഗം. ര. ചെംകരുന്തി. ങ. ചെമ്മുരിങ്ങ, പുനർമ്മുരിങ്ങ. ന. ചെമന്ന അരിവണക്കു്.

പൂവിന്റെ നിറം അനുസരിച്ചു മുരിങ്ങ പലതരത്തിലുണ്ടു്. എല്ലുത്തിനും ഗുണങ്ങളും വെവ്വേറെയുണ്ടു്.

രക്ത(ക)ം-പ. നീർനെല്ലി പ. ഉള്ളുമല്ലി.

രക്തചന്ദന-പ ചെമന്ന ചന്ദനം. പ. കുങ്കുമം നു. പത്രാംഗം (പതിമുകം.

രക്തമിശ്രം-സിംഹം.

രക്തമുണ്ഡം-തത്ത.

രക്തദന്തി, രക്തദന്തികാ-ദുർഗ്ഗ.

രക്തദ്രുമ-പ്ലാവ്.

രക്തധാതു-പ. കാവിമണ്ണ്. ഉ. ചെമ്പ്

രക്തപ-വി. രക്തത്തെ കുടിക്കുന്ന.

രക്തപക്ഷൻ-ശത്രുഡൻ.

രക്തപൻ-രാക്ഷസൻ.

രക്തപാ-പ. മലത്തിലെ അട്ട. രക്തത്തെ പാനംചെയ്യുന്നത് എന്നർത്ഥം. ഉ. രാക്ഷസി.

രക്തപാടാ-പ. തത്ത ഉ. ആന.

രക്തപാരടം-ചായില്യം.

രക്തപാഷാണം-കാവിമണ്ണ്.

രക്തപിത്താ-ഒരു മീനം.

രക്തപുഷ്പാ-പ. എരിക്ക്. ഉ. ചെമ്പരത്തി. ന. ഇച്ചമലരി. ർ. മുരിക്ക്. ള. അകത്തി ഴ പുന്ന. ഒ. തൂമ്പി മാതളം. വ കൊക്കമന്താരം.

രക്തപുഷ്പാ-പ. ഇലവ്. ഉ. ചെമ്പരത്തി.

രക്തപ്പക-ഒട്ടിയം കുത്തിയോ മുറിഞ്ഞതു നിമിത്തമുണ്ടായ ദോഷം.

രക്തപ്രസാദന-വി. രക്തത്തെ തെളിക്കുന്ന.

രക്തപ്രസാദം-രക്തത്തിന്റെ തെളിവ്

രക്തപ്രിയ-വി രക്തത്തിൽ അത്യാഗ്രഹമുള്ള

രക്തഫലം-പേരാൽ.

രക്തഫലാ-പ. നല്ലുകോവ (തമിഴിൽ-കോവൽവക്കി) ഉ. തക്കാരിവഴുതിന. ന. സ്വർണ്ണച്ചി

രക്തബീജൻ-ഒരസുരൻ.

ദേവിയുമായി യുദ്ധംചെയ്തു. തന്റെ ശരീരത്തിൽ വീണ ഓരോരോ രക്തത്തുള്ളിയും ഓരോ അസുരനായിത്തീർന്നു. ഇതിനാൽ ദേവി അയാളുടെ ചോര കുടിക്കയും മാംസം ഭക്ഷിക്കയും ചെയ്തു.

രക്തബീജം-പ. മാതളനാരങ്ങ. ഉ. ഇരുമ്പ്.

രക്തം-പ. ചോര. വസ്ത്രം മുതലായതിൽ പറ്റിയാൽ നിറപ്പകർച്ചയുണ്ടാകുന്നത് എന്നർത്ഥം. അരത്തം. ഉ. കുങ്കുമം. ന. സിന്ദൂരം. ർ. ചെമ്പ്. ള. ചായില്യം. ഴ. പതുമുകം. ഒ. കയ്യോന്നി. വ. നീർക്കടമ്പ്. ൻ. കട്ടച്ചെമപ്പ്. തുടുതുടുപ്പുള്ളത് എന്നർത്ഥം. രാഗത്തെ (നിറത്തെ) പ്രാപിക്കുന്നത് എന്നുമാവാം. പ. അമരി മുതലായതു കൊണ്ടുണ്ടാക്കിയ ചായം പിഴിഞ്ഞ വസ്ത്രങ്ങികം. പ പ. ചെമന്ന നിറമുള്ളവ.

രക്തമഞ്ജരം-നീർക്കടമ്പ്.

രക്തമണ്ഡലി-ഒരു പാമ്പ്.

രക്തമന്താരം-ചെമന്ന മന്താരം.

രക്തമാലം-പ. മുങ്ങ്. ഉ. ദ്വീപാന്തരത്തിലുള്ള ഇരുമ്പുപ്പഴം.

രക്തമാല്യം-ചെമന്ന പൂക്കളുകൊണ്ടുണ്ടാക്കെട്ടിയ മാല.

രക്തമുഖം-തത്ത.

രക്തമോക്ഷണം-ചോര കളക.

രക്തരോഹനം-പ. മാടപ്രാവ്. ഉ. ചകോരപ്പക്ഷി.

രക്തവക്ത്രചരണം-പുണ്ടും കാലും ചെമന്നിരിക്കുന്ന അന്നം.

രക്തവർണ്ണം-സ്വർണ്ണം.

രക്തവാർണ്ണകം-പവിഴം.

രക്തവിദ്രുമം-മാടപ്രാവ്.

രക്തവാച്ച്-ചോര പോക.

രക്തശീഷ്കം-വണ്ടാരംകോഴി.

രക്തസങ്കോചം-കുങ്കുമം.

രക്തസന്ധ്യകം-പ. ചെന്താമര ഉ. ചെങ്ങഴിനീർപ്പൂവ്, ചെമന്ന കൽഹാരം

രക്തസ ബന്ധം-ചോരച്ചാർച്ച, ഉടപ്പം.

രക്തസാക്ഷി-പ. കൊലപാതകസംബന്ധമായ സംക്ഷി. ഉ. സത്യത്തെ കരുതിച്ചു മരിക്കുന്നവൻ.

രക്തസ്രാവം-ഒരു ഭീനം.

രക്താ-പ ചെമന്ന കുന്നി. ഉ. അരക്ക്. ന. മഞ്ചട്ടി. ര. ഒട്ടകച്ചെടി.

രക്താകാരം-പവിഴം..

രക്താക്ഷം-പ. മാടപ്രാവ്. ഉ. ചകോരപ്പക്ഷി. ന. ചോളപ്പൂ.

രക്താഗൻ-ചൊവ്വ എന്ന ഗ്രഹം.

രക്താംഗം-പ. പവിഴം. ഉ. കമ്പിപ്പാല. ന. മൂട്ട. ര കുങ്കുമം. ങ. രക്തചന്ദനം.

രക്താംഗി-പ. കമ്പിപ്പാല. ഉ. അടവതിയൻ ചെറുള്. ന. മഞ്ചട്ടി.

രക്താപഥം-നരംപശ.

രക്താംബര-വി. ചെമന്ന വസ്ത്രംധരിച്ച.

രക്താംബരൻ-ചെമന്ന വസ്ത്രംധരിച്ചു ഭിക്ഷക്കു നടക്കുന്ന സന്ന്യാസി.

രക്തി-പ. സ്നേഹം. ഉ. ചോപ്പ്.

രക്തശരി-ഒരു ദേവത.

രക്തശാല്മലം-പ. ചെന്തൊമര. ഉ. കാവിമണ്ണ്. ന. ഇലവ്.

രക്ഷക-വി. രക്ഷിക്കുന്ന.

രക്ഷണൻ-പ. രക്ഷിതാവ്. ഉ. വിഷ്ണു.

രക്ഷണം-രക്ഷ.

രക്ഷണി-പ. ശ്രേയമാണാ. ഉ. കടിഞ്ഞാൺ

രക്ഷണീയ-വി. രക്ഷിക്കപ്പെടത്തക്ക.

രക്ഷസ്ത്വ-രാക്ഷസന്റെ പ്രവൃത്തി.

രക്ഷസ്സു-പ. രാക്ഷസൻ, (രക്ഷസ്സുകുലം-വിഭീഷണാദി രാക്ഷസർ) ഉ. നിർൃതിവംശജന്മാരായ രാക്ഷസന്മാർ മായകൊണ്ടു തന്നത്താൻ രക്ഷിക്കുന്നവൻ എന്നർത്ഥം.

രക്ഷസ്സുഭം-രാക്ഷസന്മാരുടെ സഭ, രാക്ഷസന്മാരുടെ ഗൃഹം. (സമൂഹം).

രക്ഷാ-പ രക്ഷിക്കുക. ഉ. പിശാചുക്കളുടെയും മറവും ഉപദ്രവം തട്ടാതെയിരിപ്പാൻ മന്ത്രൗഷധികളും എഴുതിയ ഒരുമാതിരി ചരടുകിട്ടും മറവും ന. അരക്ക്.

രക്ഷാകര-വി. രക്ഷിക്കുന്ന.

രക്ഷാകരണ്ഡം-രാജപുത്രന്മാർ ധരിക്കുന്ന ഒരു ആഭരണവിശേഷം.

രക്ഷാകർത്താവ്-രക്ഷിക്കുന്നവൻ.

പലരും രക്ഷകർത്താവു എന്നു എഴുതുകയും പറകയും ചെയ്യുന്നുണ്ടു. രക്ഷാകർത്താവു എന്നതിനാണു ശബ്ദാവലി.

രക്ഷാകർത്ര്യ-വി. രക്ഷചെയ്യുന്ന.

രക്ഷാപര-വി. രക്ഷിപ്പാൻ താൽപര്യമുള്ള.

രക്ഷാഭോഗം-രക്ഷിക്കുന്നവനു കൊടുക്കുന്ന ദ്രവ്യം, രാജഭോഗം.

രക്ഷാശിക്ഷാകർ-രക്ഷയും ശിക്ഷയും.

രക്ഷി-വി. രക്ഷിക്കുന്ന.

രക്ഷികാ-രക്ഷാകർത്രി.

രക്ഷിക്കുന്നു-കാത്തുസൂക്ഷിക്കുന്നു.

രക്ഷിത-വി. രക്ഷിക്കപ്പെട്ട.

രക്ഷിതാവു-രക്ഷിക്കുന്നവൻ.

രക്ഷിവർഗം-രാജധാനിയിലും മറവുള്ള കാവൽക്കാരൻ.

രക്ഷോഘ്ന-പ. ചെറുകായം. ഉ. കാടി. ന. ചേന്തമരം. ര. വെങ്കുടക്.

രക്ഷോഘ്നി-പ. വയമ്പു. ഉ. വെൺവയമ്പു.

രക്ഷോരശന-രക്ഷ നേടുന്നതിനുള്ള റബ്ബർ ബെൽട്ടു.

രക്ഷോവരൻ-രാക്ഷസന്മാരിൽ ശ്രേഷ്ഠൻ, രാവണനാം മറവൻ.

രക്ഷ്ണം-പാലനം.

രക്ഷ്യ-വി. രക്ഷയ്ക്കു യോഗ്യമായ.

രക്ഷ്യചതുഷ്ടയം-ക്ഷീണനായ ബന്ധു, ദരിദ്രനായിപ്പോയ കുലീനൻ, പുത്രനില്ലാത്ത സഹോദരി, നിരാശ്രയനായ സ്നേഹിതൻ. ഇവരെ കൂടെപ്പുലർത്തി രക്ഷിക്കണം.

രഘു-സൂര്യവംശത്തിലുള്ള ഒരു പ്രസിദ്ധപ്പെട്ട രാജാവ്.

ഇദ്ദേഹം ദിലീപന്റെ പുത്രനും അജന്റെ പിതാവുമാണ്. ശാസ്ത്രങ്ങളുടെ അന്തവും യുദ്ധത്തിൽ ശത്രുക്കളുടെ അന്തവും വരെ ചെയ്യാൻ സമർത്ഥനാകയാൽ കണ്ട ദിലീപൻ തന്റെ പുത്രനു രഘു എന്നു നാമകരണം ചെയ്തു എന്നു കാളിദാസൻ രഘുവംശം കാവ്യത്തിൽ പറഞ്ഞിരിക്കുന്നു. രഘ്ധാതുവിനു പോകുക എന്നാണെന്നു അർത്ഥം. ഇദ്ദേഹം ദിക്കുകളെല്ലാം കീഴടക്കിയതിൽ പിന്നെ വലുതായ വിശ്വജിൽയാഗം നടത്തി. അതിൽ സകല സമ്പത്തും ബ്രാഹ്മണർക്കായി രഘു ദാനം ചെയ്തു പണ്ഡിതനും പരാക്രമിയുമായിരുന്നു.

രഘുവംശം-പ്ര രഘുരാജാവിന്റെ കഥ, ര. ഒരു കാവ്യം.

ഈ പുസ്തകത്തിൽ ശ്രീരാമന്റെ വംശചരിത്രവും ചരിത്രവും അടങ്ങിയിരിക്കുന്ന കാളിദാസന്റെ പ്രസിദ്ധിയുള്ള ഒരു കാവ്യമാണ്.

രഘുവംശതിലകം-രാമചന്ദ്രൻ.

രങ്കു-വി. പ്ര. ദേഹമുള്ള. ര. മന്ദതയുള്ള. ന. യാചകനിലയിലുള്ള

രങ്കു- ചുവപ്പുള്ള രോമവും മുതുകിൽ ചാരനിറവുമുള്ള വലിയ മാൻ.

രങ്കിടുക-ചായമിടുക.

രംഗചരൻ-നടൻ.

രംഗവിദ-ആട്ടം.

രംഗം-പ്ര. നാടകശാല, അരങ്ങ്. ര. തട്ട്. ന. യുദ്ധഭൂമി. ഭ. തകരം. ങ. മേൽവേയം. നു. ചായം. ച. ചെമ്പുതീയം. വ പൊൻകാരം. ൻ. കാത്തു്. പ്ര. സംഘം, സഭ. പ്ര. രണാങ്കണം. പ്ര. നൃത്തം, അഭിനയം, വിനോദം, കളി.

രംഗജം-സിന്ദൂരം.

രംഗനാഥൻ-വിഷ്ണു

രംഗബീജം-ചെമ്പു.

രംഗമാതാ-അരങ്ങ്.

രംഗസദ്മം-നാകം.

രംഗാജീവൻ-പ്ര. ചിത്രമെഴുതുന്നവൻ. ര വേഷക്കാരൻ. രംഗംകൊണ്ടുജീവിക്കുന്നവൻ എന്നർത്ഥം.

രചകൻ-രചിതാവു്.

രചന-പ്ര ഉണ്ടാക്കുക. ര. എഴുതുക. ന. തലമുടി വിടിച്ചു കെട്ടി അലങ്കരിക്കുക. വസ്ത്രാഭരണാദികളെക്കൊണ്ടു ചമയുക. പിന്നെയും പിന്നെയും ഗുണത്തെ ചെയ്യുക എന്നർത്ഥം.

രചിക്കുന്നു-പ്ര. ഉണ്ടാക്കുന്നു. ര. എഴുതുന്നു.

രചിത-വി. ഉണ്ടാക്കപ്പെട്ട. ര. എഴുതപ്പെട്ട.

രജകൻ-അലക്കുന്നവൻ, വെളുത്തേടൻ. അഴുക്കുകളഞ്ഞു നന്നാക്കുന്നവൻ എന്നർത്ഥം.

രജകം-തകരം.

രജകി, രജകാ-വെളുത്തേടത്തി.

രജത-വി. പ്ര. വെളുത്ത. ര. വെള്ളികൊണ്ടുണ്ടാക്കിയ.

രജതം-പ്ര വെള്ളി. നിറംപ്പകുപ്പയെ ഉണ്ടാക്കുന്നതു് എന്നർത്ഥം. ര. വെളുപ്പു്. ന. ഒരു പർവ്വതം. ഭ. പൊന്നു്. ങ. രക്തം. നു. മനസ്സു, ആനക്കൊമ്പു്.

രജതാദ്രി(പ്രസ്ഥം)-കൈലാസം.

രജനം-ചായമിട്ടുക.

രജനീ-പ്ര. രാത്രി, രാഗികൾക്ക് അനുരാഗമുണ്ടാകുന്ന സമയം എന്നർത്ഥം. പു. മഞ്ഞൾ. ന. മരമഞ്ഞൾ. ര. കരിങ്ങച്ചിലം. ഇ. അമരി ആ. അരക്ക്. ഐ. ഉറുമ്പ്.

രജനീകരൻ-പ്ര. ചന്ദ്രൻ. രാത്രിയെ ചെയ്യുന്നവൻ എന്നർത്ഥം. പു. കർപ്പൂരം.

രജനീചരൻ-പ്ര. രാക്ഷസൻ. രാത്രിയിൽ സഞ്ചരിക്കുന്നവൻ എന്നർത്ഥം. പു. കള്ളൻ. ന. രാത്രിയിലെ കാവൽക്കാരൻ. ര. ചന്ദ്രൻ

രജനീചരം-കർപ്പൂരം.

രജനീചരി-രാക്ഷസി.

രജനീനാഥൻ-ചന്ദ്രൻ.

രജനീപുഷ്പം-ചിച്ചുകം.

രജനീമുഖം-സന്ധ്യാമുഖം, രാത്രിയുടെ ആരംഭകാലം.

രജം-രജോഗുണം. (രജസ്സ് എന്നതിന്റെ പാഠം).

രജസ്വല-വി. രജോടിയുള്ള.

രജസ്വലം-പോത്ത്.

രജസ്വലാ-പ്ര. തീണ്ടായിരുന്നവൾ, തീണ്ടായിരിക്കുന്നവൾ. രജസ്സുള്ളവൾ എന്നർത്ഥം.

'അഷ്ടവർഷാഭവേൽഗൗരീ
നവവർഷാചരോഹിണീ,
ദശമേകന്യകാപ്രോക്തം
അതഊർദ്ധ്വംരജസ്വലാ'

ഋതുവായി നാലു ദിവസം വരെ ഗമിക്കരുത്. മഹാപാപമുണ്ട്. ആദ്യത്തെ മൂന്നു ദിവസവും പ്രഥമം ദിവസവും വർജ്ജ്യമെന്നു യാഹടമതം.

പു. വിവാഹത്തിനു സമീപിച്ച പെൺകുട്ടി.

രജസ്സ്-പ്ര. രജോഗുണം. പ്രകൃതിയുടെ ഗുണം, രഞ്ജിപ്പിക്കുന്നത്, രാഗത്തെ ഉണ്ടാക്കുന്നത് എന്നർത്ഥം. പു. ആർത്തവം. സ്ത്രീകൾക്ക് ഋതുകാലത്തിൽ സ്രവിക്കുന്ന രക്തം, യോനിരക്തം. ന. പൊടി. നിറപ്പകപ്പിനെ ചെയ്യുന്നത് എന്നർത്ഥം. പൂമ്പൊടി ര. അപരാധം, ഇ. പാപം.

രജി-ആയുസ്സിന്റെ പുത്രി.

രജിക്ക് ധീരന്മാരായ 100 പുത്രന്മാരുണ്ടായിരുന്നു. ദേവാസുര യുദ്ധത്തിൽ രജി ഏതു ഭാഗം ചേരുമോ ആ ഭാഗത്തിനു ജയമുണ്ടാകുമെന്നു ബ്രഹ്മാവു പറഞ്ഞു. രജിയുടെ അടുക്കൽ ആദ്യം അസുരകൾ ചെന്നു സഹായം അപേക്ഷിച്ചു. ജയിക്കുന്ന പക്ഷം അവരുടെ രാജാവാക്കാമോ എന്നു രജി ചോദിച്ചു. ഇതിനെ വിസമ്മതിച്ച് അവർ മടങ്ങിപ്പോയി. പിന്നീടു ദേവകൾ ചെന്നു ജയിച്ചാൽ ഇന്ദ്രനാക്കിക്കൊള്ളാമെന്നു യുക്തിച്ചു തദനുസരണം രജി യുദ്ധംചെയ്ത് അസുരരെ തോല്പിച്ചു ദേവരാജാവായി. പിന്നീടു ഇന്ദ്രൻപോലും രജിയെ സേവിപ്പാൻ തുടങ്ങി. കുറച്ചു കഴിഞ്ഞു രജി ഇന്ദ്രനെ പ്രതിനിധിയാക്കീട്ടു സ്വന്ത രാജ്യത്തേക്കു മടങ്ങി. രജി മരിച്ചു. പിൻതുടർച്ചാവകാശത്തിനു പുത്രന്മാരെ ഇന്ദ്രൻ അനുവദിച്ചില്ല. ബൃഹസ്പതിയുടെ സഹായത്തോടുകൂടി ഇന്ദ്രൻ തന്റെ ആധിപത്യത്തെ തിരിയെ എടുത്തു.

രജീകരിക്കുന്നു-രജസ്സാക്കിച്ചെയ്യുന്നു.

രജോഗുണം-മൂന്നു ഗുണങ്ങളിൽ ഒന്ന്.

രജോമൂർത്തി-ബ്രഹ്മാവ്.

രഞ്ജു-പ്ര. കയർ. പു. വലമ്പിരട്ട്.

രഞ്ജക-വി. പ്ര. രഞ്ജിപ്പിക്കുന്ന, ചേർക്കുന്ന. പു. ചായമിടുന്ന.

രഞ്ജകൻ-ചായമിടുന്നവൻ.

രഞ്ജനം-പ. അന്യോന്യമുള്ള മനസ്സിന്റെ ചേർച്ച. ഉ. രക്തചന്ദനം. ന. ചായമിടുക.

രഞ്ജനി-പ. അമരി. രഞ്ജിപ്പിക്കുന്നത്-ചായമിടുന്നത്-എന്നർത്ഥം. നീലം. ഉ ഒരു പുഷ്പം. ന. മഞ്ഞൾ.

രഞ്ജിക്കുന്നു-ചേരുന്നു, (സ. ക്രി. രഞ്ജിപ്പിക്കുന്നു).

രഞ്ജിത-പ. ചേരപ്പെട്ട, ഉ. ചായമിടപ്പെട്ട.

രഞ്ജിപ്പ്-ചേർച്ച, ഐകമത്യം.

രടി(ക)ം ടിട്ടിഭപ്പക്ഷി.

രടനം-ശബ്ദം.

രടിത-വി. ശബ്ദിച്ച.

രടിതം-പ. ശബ്ദം. ഉ. ജാലകയുടെ ശബ്ദം.

രട്ട്-ഒരുമാതിരി കട്ടിയുള്ള ശീല.

രട്ട-വി. ഇരട്ട.

രണഗ്രീവപക്ഷി-കങ്കപക്ഷിയിൽ ഒരു തരം.

കറുത്ത നിറമുള്ളതും കാഴ്ചയ്ക്കു ഭയങ്കരമായിട്ടുള്ളതുമായ ഒരു വലിയ പക്ഷിയാണ്.

രണത്തു്-രണിച്ചിയങ്ങുന്നത്. രണിക്കുപുറപ്പെടുക.

രണനിപുണ-വി. യുദ്ധസംമർത്ഥമുള്ള.

രണം-പ. യുദ്ധം. ശബ്ദിക്കുന്നത് എന്നർത്ഥം ഉ. ശബ്ദം. ന. ശബ്ദമുണ്ടാക്കുക. ർ. അനക്കം, ഇളക്കം. ൻ. സന്തോഷം. ന യുദ്ധാങ്കണം.

രണരണ(ക)ം-പ അതികലഹം. ഉ. ഇച്ചൽ

രണരണികാ-ഉൽക്കണ്ഠ, രംഗാതിശയം.

രണസംകുല -ഇടകലർന്നയുദ്ധം, രണ്ടു സൈന്യങ്ങളും കൂടിച്ചേർന്ന സംകുലമായി ചെയ്യുന്ന യുദ്ധം.

രണാജിരം-യുദ്ധാങ്കണം.

രണാലംകരണം-കങ്കപക്ഷി.

രണിക്കുന്നു-പുറപ്പെടുന്നു

രണിത-വി ശബ്ദിച്ച

രണിതം-ശബ്ദം.

രണേഷ്ടു-കോഴി.

രണ്ടു്-വി. ഒന്നിരട്ടിച്ചുവരുന്ന സംഖ്യ.

രണ്ടാം-വി. രണ്ടാമത്തെ.

രണ്ടാംചോറു്-വിവാഹകാരിക.

രണ്ടാംമുഹൂർത്തം-വിവാഹം കഴിഞ്ഞാൽ അന്നാവു മാറ്റുയെ ആദ്യം പ്രവേശിക്കുന്നതിനുള്ള മുഹൂർത്തം.

രണ്ടാംവേളി-പ. രണ്ടാമതു ചെയ്യുന്ന വിവാഹം. ഉ. രണ്ടാമത്തെ ഭാര്യ.

രണ്ടിക്കുന്നു-രണ്ടായി തീരുന്നു, ഇരട്ടിക്കുന്നു. (സ. ക്രി. രണ്ടാക്കിത്തീർക്കുന്നു, രണ്ടാക്കുന്നു).

രണ്ടിലൊന്നു്-രണ്ടുള്ളതിൽ ഒന്നു്.

രണ്ടുനേരം-പ. രണ്ടു പ്രാവശ്യം. ഉ. കാലത്തും വൈകീട്ടും.

രണ്ടുപക്ഷം-പ. ശത്രുപക്ഷവും ബന്ധുപക്ഷവും. ഉ. ഒരേനിലയിൽ വിചാരിക്കേണ്ടവരായി രണ്ടുപേരുള്ളവരിൽ ഒരാളോടു അനുകൂലമായും മറ്റൊരാളോടു പ്രതികൂലമായും പ്രവർത്തിക്കുക. ന. രണ്ടഭോഗം, ഇടത്തും വലത്തും. ർ. കറുത്തപക്ഷവും വെളുത്തപക്ഷവും. ൻ. സംശയം.

രണ്ടുംകെട്ടനേരം-സന്ധ്യ, അസ്വസ്ഥമനസമയം.

രണ്ടുംകെട്ടവൻ-ആണും പെണ്ണും കെട്ടവൻ, ഭോഷൻ.

രണ്ടുടെ-അ. രണ്ടു പ്രാവശ്യം.

രണ്ഡൻ-പുത്രനുണ്ടാകാതെ മരിക്കുന്നവൻ

രണ്ഡാ-പ. വിധവ. ഉ. ഒരു പച്ചമരുന്നു്, എലിച്ചെവിയൻ. കളിക്കുന്നത് എന്നർത്ഥം.

രത=വി. ക. താൽപര്യമുള്ള ക. സന്തോഷിച്ച.

രതനാരീചാ-നായ്.

രതം-ക. സംയോഗം, ക്രീഡ, സ്ത്രീസംഗം രമിക്കുക എന്നർത്ഥം. ക. ഗാർഹ്യസ്ഥലങ്ങൾ.

രതി-ക. ക്രീഡ ക. ആഗ്രഹം, സന്തോഷം, തൃപ്തി. ന. കാമദേവന്റെ ഭാര്യ. ര. വിഷയസുഖം. @ സന്തോഷം.

രതിഗൃഹം—ശയനമുറിയിലുള്ള വീട്.

രതിപതി-കാമദേവൻ. രതിയുടെ ഭർത്താവു എന്നർത്ഥം.

രതോദ്വഹാ-കയിൽ

രതകന്ദലം-പവിഴം.

രതകരൻ(ഗർഭൻ)-കുബേരൻ.

രതക്കമ്പിളി-രത്നമാതിരി ഉചമന്ന കമ്പിളി.

രതക്കിരീടം-രത്നംപതിച്ച കിരീടം.

രതഗർഭ-ഭൂമി. രത്നങ്ങൾ അന്തർഭാഗത്തു വിളയുന്നതു് എന്നർത്ഥം.

രതഗർഭം-കടൽ.

രതനാഭൻ(വിധി)-വിഷ്ണു.

രതനായകം-മാണിക്യം.

രതനിധി-ക. സമുദ്രം. ക. വിഷ്ണു. ന. മേരു. ര. വാലാട്ടിപ്പക്ഷി.

രതവതി-ഭൂമി.

രതസാനു-മഹാമേരു പർവ്വതം രത്നമയങ്ങളായ താഴ്വരകളുള്ളതു് എന്നർത്ഥം.

രതസ്ഥ രതസ്ഥിതി-ഭൂമി.

രത്നം-ക. പത്മരാഗ-മരതക-സ്ഫടികാദികളുടേയും മുത്തു മണി പവിഴം മുതലായതിന്റേയും പേർ. ഇതിൽ ജന്തുക്കളും രമിക്കുന്നതിനാൽ ഈ പേർ വന്നു മറ്റൊരു പ്രയോഗം-മണി.

രത്നങ്ങൾ രണ്ടുതരമുണ്ടു്, അവ സ്ഥലജങ്ങളും മലജങ്ങളുമാകുന്നു. രത്നം, മണി എന്നവ രണ്ടും എല്ലാമാതിരി രത്നങ്ങളുടേയും സാമാന്യമായ പേരാകുന്നു.

ക. പദങ്ങളുടെ ഒടുവിൽ ചേർന്നു വരുമ്പോൾ മുൻ പദാർത്ഥമാതിയിൽ ശ്രേഷ്ഠതയുള്ളതു് എന്നർത്ഥം വരുത്തുന്നു. ഉ-ം, ഭൂപാലരത്നം = ഏറ്റവും നല്ല രാജാവു്. (പഞ്ചരത്നങ്ങൾ, നവരത്നങ്ങൾ, ചതുർദശരത്നങ്ങൾ ഇവ നോക്കുക).

എല്ലാത്തരം വസ്തുക്കളിലും ശ്രേഷ്ഠമായിട്ടുള്ളതു രത്നമാണു്. 'രത്നഹാരീതുപാർത്ഥിവഃ' എന്നുള്ള ന്യായപ്രകാരം ഭൂമിയിലുള്ള രത്നങ്ങൾക്കൊക്കെയും രാജാവിനാണു് അവകാശം. ഭൂമിയിലുള്ള പദാർത്ഥങ്ങളിൽ യഥേഷ്ടം ഹവിസ്സിനു മാത്രമേ ദേവന്മാർക്കവകാശമുള്ളൂ.

രത്നമുഖ്യം-വൈരം.

രത്നാകരൻ-ഒരു മഹാകവി.

'ഹരവിജയം' മഹാകാവ്യത്തിന്റെ കർത്താവു. ൻ-ം ശബ്ദത്തിൽ അവന്തിവർമ്മരാജാവിന്റെ ആശ്രയിച്ചുപാർത്തു.

രത്നാകരം-ക. സമുദ്രം. ക. രത്നങ്ങൾ വിളയുന്നിടം.

രത്നാങ്കം-വിഷ്ണുവിന്റെ രഥം.

രത്നാവലി-ക. മാല ക. ഒരു നാടകത്തിന്റെ പേർ.

ഈ നാടകം കാശ്മീര രാജാവായ ശ്രീഹർഷദേവൻ ഉണ്ടാക്കിയതാണ്. കഥ ഉദയനന്റേയും വാസവദത്തയുടേയും അനുരാഗം. സുസ്ഥസുവിന്റെ വാസവദത്തയും രത്നാവലിയിലേ നായികയും ഒന്നല്ല.

ന ഒരു വൃത്തത്തിന്റെ പേർ.

രത്നി-ക്ര. പിരിമുട്ടം. കച്ചവടക്കാർ ഇതു കൊണ്ടു രമിക്കുന്നതിനാൽ ഈ പേർ വന്നു. ഉ. മുട്ടം. സ. മുഷ്ടി. ര. കൈമുട്ട്.

എല്ലും വിരലുകളും നിറുത്തിപ്പിടിച്ച കൈപ്പടത്തോടുകൂടിയ കൈത്തണ്ടയുടെ—ഒരു മുഴുവൻ മുതൽ തിരുന്നേറ—അല്ലെങ്കിൽ ഉത്-അംഗുലം നീളമുള്ള ആശാരി മുഴക്കോലിന്റെ പേരാണ് ഹസ്തം. ഈ ഹസ്തം തന്നെ എല്ലും വിരലും മടക്കിപ്പിടിച്ച മുഷ്ടിയോടുകൂടിയ തായെങ്കിൽ അതിന്റെ—പിടിമുഴത്തിന്റെ—പേരത്രേ രത്നി.

'നട്ടവെപ്പിടിമുട്ടമാത്രം
ചതുരംവരുമാകുണുശകലേന'
(കേരളി)

രഥകട്യ-തേർക്കൂട്ടം.

രഥകാരൻ-ക്ര. തേരുണ്ടാക്കുന്നവൻ. ഉ. വൈശ്യനു ശൂദ്രസ്ത്രീയിലുണ്ടായ വൻ. സ. ആശാരി.

രഥകുടുംബി-തേർ നടത്തുന്നവൻ. തേരിനെക്കൊണ്ടു നടത്തുവാൻ ശീലമുള്ളവൻ എന്നർത്ഥം.

രഥഗുപ്തി-ശത്രുക്കൾ പ്രയോഗിക്കുന്ന ആയുധങ്ങൾ തേരാളിക്കു കൊള്ളാതിരിപ്പാനായി തേരിലുണ്ടാക്കുന്ന മറ.

രഥഘോഷം-രഥം പോകുമ്പോഴുള്ള ശബ്ദവും മുഴക്കവും.

രഥചരണം-ചക്രവാകപ്പക്ഷി.

രഥദ്രു-തൊടുകാര. രഥത്തിനുപയോഗിക്കുന്ന വൃക്ഷം എന്നർത്ഥം.

രഥൻ-വീരൻ, ശൂരൻ, വമ്പൻ.

രഥപാദം-ക്ര. തേരുരുൾ. ഉ. ചെമന്നവാഴ.

രഥപുംഗവൻ- കീർത്തിപ്പെട്ട യോദ്ധാവ്, മുഖ്യനായ യോദ്ധാവ്.

രഥബന്ധം - ചിത്രം എന്ന അലങ്കാരത്തിൽ പെട്ടത്.

രഥാ-ക്ര. തേർ

ചക്രങ്ങളോടുകൂടിയതും യുദ്ധത്തിനുപയോഗപ്പെടുന്നതുമായ വാഹനമത്രേ രഥം.

ഇതിലിരുന്നു സുഖിക്കുന്നതിനാൽ ഈ പേർ വന്നു. ഉ. വഞ്ചി. സ. തൊടുകാര. ര. അവയവം. ങ. ശരീരം.

രഥവീഥി-പ്രധാനവഴി.

രഥവ്രജം-രഥസമൂഹം.

രഥഹയം-തേക്കുതിര.

രഥാംഗ(ക)ം-ചക്രവാകപ്പക്ഷി.

രഥാംഗനാമാ-ചക്രവാകപ്പക്ഷി.

രഥാംഗാ-ക്ര. തേരുരുൾ, ചക്രം.

'രഥാംഗശംഖാബ്ജഗദാധരന്മാർ'
(ശ്രീകൃഷ്ണചരിതം)

ഉ. വിഷ്ണുവിന്റെ ചക്രം.

രഥാംഗാഹ്വയനാമകം-ചക്രവാകപ്പക്ഷി, ചക്രത്തിന്റെ ആഹ്വയം (പര്യായം) നാമമായിട്ടുള്ളതു് എന്നർത്ഥം.

രഥാശ്വം-വണ്ടിക്കു കെട്ടുന്ന കുതിര.

രഥികൻ-തേർക്കാരൻ, തേരിന്റെ ഉടമസ്ഥൻ.

രഥിനൻ-രഥമുള്ളവൻ. രഥത്തിന്റെ ഇനൻ (പ്രഭു) എന്നർത്ഥം.

രഥിര വി. തേരുള്ള, തേരിൽ കയറിപ്പോകുന്ന.

രഥീ-ക്ര. തേരാളി. ഉ. തേരിന്റെ ഉടമസ്ഥൻ.

രഥോത്സവം-തേരോട്ടം.

രഥോദ്ധതാ-ഒരു വൃത്തത്തിന്റെ പേർ. ലക്ഷണം— 'രംനരംലഗുരവും രഥോദ്ധതാ'.

രഥ്യ-ക്ര. തേർക്കൂട്ടം. ഉ. തേർവീഥി. സ. വഴി. ര. ഗ്രാമമദ്ധ്യത്തിലുള്ള പ്രധാന

വീഥി. രഥത്തിനെക്കൊണ്ടു നടക്കത്തക്കതു് എന്നർത്ഥം.

രഥ്യം-തേക്കു്. രഥത്തെ വഹിക്കുന്നതു് എന്നർത്ഥം.

രദനഛദം-ചുണ്ടു്, ചൊടി. പല്ലിനെ മറയ്ക്കുന്നതു് എന്നർത്ഥം.

രദ(ന)ം-പ. പല്ലു്. കടിപ്പാനുള്ള കരണം എന്നർത്ഥം. ഉ. തേറ.

രദം-പ. പല്ലു്. ഉ. കീറക.

രദാങ്കം-ദന്തക്ഷതം.

'നന്നായന്യാരദാങ്കംപ്രിയനടയ'
(അമരുകശതകം)

രദായുധം-പന്നി.

രന്തിദേവൻ-പ. ചന്ദ്രവംശത്തിലേ ഒരു രാജാവു്.

ഭരതനിൽ നിന്നു ന്യൂനമത്തേവൻ. ഇദ്ദേഹത്തിനു രണ്ടു ലക്ഷം പാചകന്മാരുണ്ടായിരുന്നു. ദിവസന്തോറും ൨,൦൦൦ കന്നുകാലികളേയും അരുയും മറ്റു മൃഗങ്ങളേയും കൊന്നു പചിച്ചു ആവശ്യമുള്ള ഇതര ഭക്ഷണസാധനങ്ങളോടുകൂടി പാവപ്പെട്ടവർക്കു കൊടുത്തുവന്നു. ഇപ്രകാരം വധിക്കപ്പെട്ട മൃഗങ്ങളുടെ ചോര ഒരു നദിയായി പ്രവഹിച്ചിരുന്നു. ആ നദിയുടെ പേർ 'ചർമ്മണ്വതി'.

ഉ. നായ്.

രന്തു-പ നദി. ഉ. വഴി.

രന്തുകാമ-വി ക്രീഡിപ്പാനാഗ്രഹമുള്ള.

രന്ധ്രപ്രതീക്ഷി-അവസരംനോക്കിയിരിക്കുന്നവൻ.

രന്ധ്രബഭ്രു-എലി.

രന്ധ്രം-പ. സുഷിരം, ചോരം. വായു നിമിത്തം ശബ്ദിക്കുന്നതു് എന്നർത്ഥം. ഉ. കുറവു്. നു. സമയം. ര. യോഗ്യതകേടു്.

രന്ധ്രാടത്തു്-ഗ്രഹിപ്പിക്കു, അറിയിക്കു. Report.

രഭസം-പ. വേഗം. (രഭസാൽ=വേഗത്തിൽ) ഉ. ആഗ്രഹം, ഹർഷം. നു. ഉന്മത്തത, കാഠിന്യം, ഉഗ്രത്വം.

രമകൻ-സ്നേഹിതൻ.

രമഠം-പെരുങ്കായം.

രമണൻ-പ. ഭർത്താവു്. ഉ. സ്നേഹിതൻ. നു. കാമദേവൻ. ര. കഴുത. ള. അരുണൻ.

രമണപ്പൂ-പൂമരം.

രമണം-പ. ക്രീഡ, കളി. ഉ. രമിക്കുക, സ്ത്രീയുമായുള്ള ക്രീഡ. നു. കരിവേപ്പു്. ര. കഴുത.

രമണാ-പ. ഭാര്യ. ഉ. സ്നേഹമുള്ളവൾ.

രമണി, രമണാ-പ. നല്ല സ്ത്രീ, ഭാര്യ. ഉ. ശ്ലോകത്തിന്റെ ഒരു വൃത്തഭേദം.

ആലിംഗനചുംബനാദികളെക്കൊണ്ടു പുരുഷനെ രമിപ്പിക്കുന്നവളത്രേ രമണി.

രമണീയ-വി. സൌന്ദര്യമുള്ള, മനസ്സിനെ വശീകരിക്കുന്ന. (നാമം-രാമണീയകം).

രമണീയത-മനോഹരത, ഭംഗി.

രമണീയം-പ. ഒരു വൃത്തത്തിന്റെ പേർ. ഉ. മനോഹരം.

രമണ്യം-ക്രീഡ, കളി.

രമതി-പ. കാമദേവൻ. ഉ. പ്രിയൻ. നു. സഭ്യം. ര. സമയം.

രമൻ-പ. പ്രിയൻ. ഉ. ഭർത്താവു്.

രമം-പ. സന്തോഷം. ഉ. അശോകവൃക്ഷം.

രമാ-പ. ലക്ഷ്മി. ഉ. ഭാര്യ. നു. ഭംഗ്യം, ഐശ്വര്യം.

രമാപതി-വിഷ്ണു.

രമാവരൻ-വിഷ്ണു.

രമാവല്ലഭൻ-വിഷ്ണു.

രമിക്കുന്നു-കളിക്കുന്നു, ക്രീഡിക്കുന്നു. (സ. ക്രി രമിപ്പിക്കുന്നു).

രമേശൻ-വിഷ്ണു.

രമ്യ-വി. ക. മനോഹരത്വമുള്ള. ഖ. സൌന്ദര്യമുള്ള.

രമ്യ-രാത്രി.

രമ്യകം-ഒരു വർഷം. (ജംബൂദ്വീപം നോക്കുക).

'പിന്നെരമ്യകത്തിൽതൊഴുവോ-
വസ്വതൻമനുവരൻ'
(ഭാഗവതം)

രമ്യത-മനോഹരത്വം.

രമ്യം - ക. ഒരു മന്ത്രിയുടെ പേർ. ഖ. ശുക്രം, രേതസ്സ്. ന. മനോഹരം. ഘ. ചമ്പകം. ങ. കൊക്കുമന്ദാരം.

രംഭ-ക. വാഴ. വേഗത്തിൽ വളരുന്നത് എന്നർത്ഥം.

'രംഭാരമ്യംതുടവടിവെഴും'
(ഉണ്ണുനീലിസന്ദേശം)

ഖ. നളകൂബരന്റെ ഭാര്യ, അപ്സരസ്സ്ത്രീകളിൽ ഒരുത്തി.

രംഭ എന്ന സ്ത്രീയുടെ ജനനം സമുദ്രമഥനത്തിൽ നിന്നാണ്. സൌന്ദര്യത്തിന്റെ മൂർത്തിയാകുന്നു. വിശ്വാമിത്രനെ വശീകരിപ്പാൻ ഒരിക്കൽ ഇന്ദ്രനാൽ നിയോഗിക്കപ്പെട്ടു. അഗ്നിഹോത്രത്തിന്റെ ശാപം നിമിത്തം ക,ഠഠഠ വർഷം കല്ലായിട്ടു കഴിച്ചു. രാവണൻ ഒരിക്കൽ ബലാൽ സംഗീകരിച്ചിട്ടുണ്ട്. (രാവണവിജയം നോക്കുക.)

ന. ഗൌരി. ഘ. വ്യഭിചാരിണി. ങ. ഒരു മന്ത്രിയുടെ അരി. ന്യ. അമ്പഴം.

രംഭൻ-രാമായണത്തിൽ പറയുന്ന ഒരു കരടു്.

രാഭം-ക. ശബ്ദം. ഖ. വടി. ന മുള. ഘ. പൊടി.

രംഹണം-വേഗത്തിലുള്ള ഗമനം.

രംഹസ്സ്-ക. വേഗം. വേഗത്തിലുള്ള ഗമനം. ഖ. അത്യാശ, ബാലൽക്കാരം. ന. ശിവൻ. ഘ. വിഷ്ണു.

രയം-ക. വേഗം. ഖ. ഒഴുക്ക്. ന. വേഗത്തിലുള്ള ഗമനം.

രയി-ധനം.

രല്ലകം-ക. കമ്പിളി, കരിമ്പടം, ക്രീഡാസുഖത്തെ അനുഭവിപ്പിക്കുന്നത് എന്നർത്ഥം. ഖ. ഒരുവക മാൻ. ന. ഇര.

രവണ-വി. ക. ശബ്ദിക്കുന്ന. ഖ. പൂട്ടുള്ള. ന. സ്ഥിരമില്ലാത്ത.

രവണൻ-ഒച്ചയുണ്ടാക്കുന്നവൻ. അക്ഷരവ്യക്തിക്കുടാതെ പുലമ്പിയിടുകയും മറ്റും ചെയ്യുന്നവൻ.

രവണം-ക. ഒട്ടകം. ഖ. കയിൽ. ന. ചെമ്പും ഈയവുംകൂട്ടിയതു, ഓട്ട്, രണ്ടുമാട്.

രവം-ക. ശബ്ദം. ഖ. ഇടി, ഇടിനാദം.

രവാ-ക. ചുങ്കസ്ഥലം. ഖ. രകതാരി.

രവാന-വഴച്ചീട്ട്.

രവി-ക. സൂര്യൻ. സ്തുതിക്കപ്പെടുന്നവൻ എന്നർത്ഥം. ഖ. എരിക്ക്. ന. പവ്വരം. ഘ. പന്ത്രണ്ടു എന്ന അക്കം.

രവികാന്തം-സൂര്യകാന്തക്കല്ല്.

രവിജൻ (സൂനു, പുത്രൻ, തനയൻ)-ക. കർണ്ണൻ. ഖ. ബാലി. ന. വൈവസ്വതമനു. ഘ. യമൻ. ങ. സുഗ്രീവൻ.

രവിനാഥം-ക. താമര. ഖ. മുച്ചുമലരി.

രവിനാമകം-ചെമ്പു്.

രവിപുലാ-ഒരു വൃത്തത്തിന്റെ പേർ.

രവിപ്രിയം-ക. ചെന്താമര. ഖ. ചെമന്ന അരളി.

രവിലോചനൻ-ക. വിഷ്ണു. ഖ. ശിവൻ

രവിലോഹം-ചെമ്പു്.

രവിവാസരം-ഞായറാഴ്ച.

രവീഷു-കാമദേവൻ.

രവീഷ്ടം-നാരകം.

രശന-പ്ര. അരഞ്ഞാൺ. ഉ. നാവ്.

രശീതി-രസീത്. (receipt) ശീട്ട്.

രശ്മി-പ്ര. ശോഭ. ഉ. കയർ. ന. കടിഞ്ഞാൺ, വ്യാപിക്കുന്നത് എന്നർത്ഥം. ര. ഇമ.

രസകർപ്പൂര-പൂടംവെച്ചുണ്ടാക്കുന്ന ഒരുമരുന്ന്. രസിന്ദൂര.

രസക്കേട്-പ്ര. ഇഷ്ടക്കേട്. ഉ. രുചിയില്ലായ്ക.

രസങ്ങൾ-(നവരസങ്ങൾ നോക്കുക)

രസഗന്ധം-നറുമ്പശ.

രസഗർഭം-പ്ര. ചായില്യം. ഉ. രസഞ്ജനം. ന. മാക്കീരക്കല്ല്.

രസച്ചരടുപൊട്ടിക്കുക-രസവത്തായ സംഗതിയിൽ ശ്രദ്ധയോടുകൂടിയിരിക്കുമ്പോൾ അതിനു വല്ലവിധവും വിഘ്നം വരുത്തുക.

രസജ-ശർക്കര.

രസജ്ഞ-വി. രസത്തെ അറിയുന്ന.

രസജ്ഞത-രസജ്ഞതത്വം.

രസജ്ഞൻ-പ്ര. ശൃംഗാരാദിരസങ്ങളേയും മറ്റും അറിഞ്ഞു പുസ്തകം എഴുതിയ ഒരു വിദ്വാൻ. ഉ. രസവാദി. ന. രസംകൊണ്ടു ചികിത്സിക്കുന്ന വൈദ്യൻ. ര. രസത്തെ അറിയുന്നവൻ.

രസജ്ഞാ-നാവ് (നാക്ക്). മധുരാദിരസങ്ങളെ അറിയുന്നത് എന്നർത്ഥം.

രസതന്ത്രം-(Chemistry) വസ്തുക്കളുടെ യോഗവിയോഗങ്ങളെപ്പറ്റി പഠിപ്പിക്കുന്ന ശാസ്ത്രം.

രസധാതു-ഏഴു ധാതുക്കളിൽ ഒന്നാമത്തെ ധാതു, ത്വക്ക്.

രസനം-പ്ര. സ്വർണ്ണം. ഉ. അരത്ത. ന. രാസ്നാദിപ്പൊടി.

രസനാ-പ്ര. നാവ്. ഉ. അരത്ത.

രസപാകജം-ശർക്കര.

രസഫലം-ഓറഞ്ച്.

രസഭംഗം-പ്ര. ഇഷ്ടക്കേട്. ഉ. രുചിയില്ലായ്ക. ന. നീരില്ലായ്ക.

രസഭസ്മം-രസം പുടംവെച്ചു ഭസ്മമാക്കിയത്.

രസമണി-രസം ഉരുക്കിയുണ്ടാക്കിയ മണി.

രസം-പ്ര. വിഷമുള്ള ഒരു മരുന്ന്. ഉ. ഇഷ്ടം, രുചി. ന. നീർ, ജലം. ര. സ്നേഹം. ള. ശൃംഗാരംമുതലായ രസങ്ങൾ ഒൻപതും. ന. ചവർപ്പുമുതലായ ആറിനേരേയും പേർ. ഒ. വിഷം. വ. നറുമ്പശ. ൻ. പഞ്ചഭൂതങ്ങളുടെ ഗുണം. ഫം. ചക്ഷുരാദീന്ദ്രിയങ്ങളുടെ വിഷയങ്ങളിൽ ഒന്ന്. ഫപ. മരുന്നുകളിൽ ഇരിക്കുന്ന വീര്യം. ഫഉ. കാവ്യത്തിനുള്ള ജീവൻ. ഫന. വെള്ളത്തിയം. ഫര. സപ്തധാതുക്കളിൽ ഒന്ന്. ആസ്വദിക്കപ്പെടുന്നത് എന്നർത്ഥം.

രസംകുന്നൻ-ഒരുവക വാഴ.

രസവതി-അടുക്കള. ആറ് രസങ്ങളുമടങ്ങിയ ഭക്ഷണപദാർത്ഥങ്ങളോടുകൂടിയത് എന്നർത്ഥം.

രസവൽ-വി. രസമുള്ള. (വാൻ, വതി, വൽ).

രസവാദം-രസം ഗന്ധകം മുതലായ വസ്തുക്കളും ചില ഔഷധങ്ങളും കൂട്ടി ലോഹങ്ങളുടെ ചേർച്ച ഒരുവിധം പൊന്നും വെള്ളിയും ഉണ്ടാക്കുന്നതിനും മറ്റുമുള്ള ഉപായങ്ങളെ വിവരിക്കുന്ന ശാസ്ത്രം.

രസവാദി-രസവാദം അറിഞ്ഞിരിക്കുന്നവൻ.

രസവിഭാവത്രയം-ആലംബനം, ഉദ്ദീപനം, അനുഭാവം.

രസസിദ്ധൻ–രസവാദി, രസസിദ്ധിയുള്ളവൻ.

രസസിദ്ധി–രസവാദശാസ്ത്രത്തിന്റെ അറിവ്.

രസസിന്ദൂരം–രസം പുടംവച്ചു എടുത്ത പൊടി

രസാ–പ്രാ. ഭൂമി പ. നാവ്. രസങ്ങളാൽ അനുഭവിക്കപ്പെട്ടത്, അവ രസങ്ങളും ഉള്ളത്. സം. ഇന്ദ്രമരം ര. പാടവള്ളി ആസ്വദിക്കപ്പെടുന്നത് എന്നർത്ഥം. ഇ. അരത്ത. ന. തിന.

രസാഞ്ജനം–കണ്ണിൽ തേയ്ക്കുന്ന ഒരു മരുന്ന്. കഷായരസത്തിൽ നിന്നുണ്ടായ അഞ്ജനം എന്നർത്ഥം.

രസാതലം–ഭൂമിക്കു കീഴുള്ള ലോകങ്ങളിൽ ഒന്ന്. ഭൂമിയുടെ അധോഭാഗം എന്നർത്ഥം. (തലം എന്നതിനു സ്വർഗ്ഗം എന്ന അർത്ഥവും ഉണ്ട്. ഉ–ം, മഹീതലം).

രസാദാനം–രസത്തെ വലിച്ചെടുക്കൽ, മുലകുടിക്കുയും മറ്റും.

രസാപായി–നാശി.

രസാഭാസം–മനസ്സിലുള്ള വിചാരത്തെ മറയ്ക്കൽ.

രസായനൻ–പ്രാ. ഗന്ധർവൻ. പ. രസവാദി.

രസായനപ്പാല–കടുക്ക.

രസായനം–പ്രാ. രോഗങ്ങളെ ശമിപ്പിച്ചു ആയുസ്സിനെ വർദ്ധിപ്പിക്കുന്ന ഒരുമാതിരി മരുന്ന്. പ. രസവാദശാസ്ത്രം. ന. രസവും ഔഷധവും ക്രിയയുള്ള പ്രയോഗം. ര. മോന്ത്. ഇ. വിഷം. ന. രസത്തിനുള്ള ഇരിപ്പിടം.

രസായിനി–ചെറുകടൽ.

രസാലം–പ്രാ. മാവുവൃക്ഷം, മാങ്കനിയ്ക്ക്, തേന്മാവ്. പ. പ്ലാവ്. ന. കരിയ്ക്. ര. കോതയ്ക്. ഇ അറബിക്കുന്തുരുക്കം. ന. മുത, നറംപശ. ഒ. ചാണപ്പുളി. വ. വിഴാൽ.

രസാലസ–ഞരമ്പ്.

രസാവഹ–വി. രസമുള്ള; രുചിപ്രദമായ

രസാഹ്വം–പയിനെണ്ണ.

രസാള–പ്രാ. രണ്ടരിൽ നല്ലമുളകും പഞ്ചസാരയും ചുക്കും ജീരകവും ചേർത്തുണ്ടാക്കുന്ന ഒരു കറി, രസങ്ങളെ ആരോഹണം ചെയ്യുന്നത് എന്നർത്ഥം.

പഞ്ചസാരയും മുളകുപൊടിയും ഇട്ട് വെള്ളം ക്രമേണ കൂടുതൽ കൂടാത്തവണ്ണം രണ്ടരിൽ ചുക്കും ജീരകവും പൊടിച്ചിട്ടാൽ അതിനു 'രസാള' എന്നു പേർ. "ശർക്കരാമരിചാക്രാന്തം നിരംബുമഥിതംദധി, ത്രുണ്ഡീജീരകസംയുക്തം രസാളേത്യഭിധീയതേ"

പ. മുന്തിരി.

രസാള–പ്രാ. മാവ്. രസത്തെ മധുരമാക്കുന്നത് എന്നർത്ഥം. പ. കരിമ്പ്. മധുരരസത്താൽ അലങ്കരിക്കപ്പെട്ടത് എന്നർത്ഥം. ന. പുണ്ഡരീകക്കുരുവ്.

രസിക–വി. രസിപ്പിക്കുന്ന, രസമുള്ള, രസത്തോടുകൂടിയ. പ. രുചിയുണ്ടാക്കുന്ന.

രസികൻ–പ്രാ. രസിപ്പിക്കുന്നവൻ. രസികൻ > <ശ്രുഷ്കൻ. പ. സുന്ദരൻ എന്ന് അഭിമാനിക്കുന്നവൻ. ന. താന്തോന്നി.

രസികം–പ്രാ. വണ്ടരങ്കോഴി. പ. കക്കിരി. ന. ആന.

രസികാ–പ്രാ. കരിമ്പിൻനീർ. പ. രസാളക്കറി. ന. സ്ത്രീയുടെ അരഞ്ഞാണം. ര. നാവ്. ഇ. പഞ്ചവർണ്ണക്കിളി. ന. സന്തോഷം വരത്തക്ക വാക്കുകളെ പറയുന്നവർ.

രസിക്കുന്ന–പ്രാ. ഇഷ്ടപ്പെടുന്ന, സന്തോഷമാകുന്ന, സന്തോഷിക്കുന്ന. പ. രുചിക്കുന്ന. ന. ശബ്ദിക്കുന്ന. (സം. ക്രി. രസിപ്പിക്കുന്ന).

രസിത–വി. പൊന്നും മറ്റും പൂശപ്പെട്ട.

രസിതം–പ്രാ. ശബ്ദം, പ. ഇടിമുഴക്കം.

രസീതി–ശീട്ട്, Receipt രസീത്.

രസുനം–വെളുത്തുള്ളി.

രസോത്തമം-പ. പാലു്. ഉ. രസം. ന. ചെമ്പരത്തി.

രസോന(ക)ം-വെള്ളുള്ളി. ഭക്ഷിക്കുന്ന കാര്യത്തിൽ ഉപേക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

രസ്ത-ധാന്യപ്പുര.

രഹണം-വേർപാടു്.

രഹദ്വാരി-കവർ സ്ഥലങ്ങളിൽ തടിയും മറ്റും തടയാതെയിരിക്കാൻ സർക്കാരിൽ നിന്നു കൊടുക്കുന്ന ഒരുഴുത്തു്.

രഹസ്സു്-വിജനപ്രദേശം.

രഹസ്സു്-അ. ഗൂഢമായി.

രഹസ്യ-വി. ഗൂഢമായുള്ള.

രഹസ്യം-പ. ഗൂഢകാര്യം. രഹസ്യം > <പരസ്യം.

രഹസ് എന്ന പദത്തോടു 'യൽ' പ്രത്യയം ചേർന്നുണ്ടായതത്രേ രഹസ്യം. ഈ പദത്തിന്റെ പ്രതിയോഗിയായി ഒരു പദം വേണ്ടതായി ദ്രാവിഡർ കണ്ടു 'പര' എന്ന ശബ്ദത്തെ തെറ്റെന്നായി പരസ്സാക്കി അതോടു 'യൽ' പ്രത്യയം കൂട്ടിച്ചേർത്തു് 'പരസ്യം' എന്നൊരു പദത്തെ അവർ സൃഷ്ടിച്ചു.

ഉ. വിജനപ്രദേശത്തുണ്ടായതു്.

രഹസ്യാ-ഒരാൾ.

രഹിത-വി. ഒഴിഞ്ഞ, ഉപേക്ഷിച്ച, വിട്ട.

രാ

രാ-ദാനംചെയ്ക, കൊടുക്ക.

രാ-പ. രാത്രി. ഉ. പൊന്നു്.

രാഃ-സപ്തം.

രാക-പ. പൂർണ്ണചന്ദ്രനുള്ള വെള്ളത്തവണ. സുഖത്തെദാനംചെയ്യുന്നതു് എന്നർത്ഥം. ഉ. തീണ്ടായിരുന്നവൾ. ന. ഒരു രാക്ഷസി, ഖരന്റേയും ശൂർപ്പണഖയുടേയും അമ്മ, വിശ്രവസ്സിന്റെ ഭാര്യ. ര. വെള്ളത്തവണിന്നാളിലെ ദേവി. ഇ. ചന്ദ്രി.

രാകാനിശാകരൻ-പൂർണ്ണചന്ദ്രൻ.

രാകാപതി-ചന്ദ്രൻ.

രാകുന്ന-അരംകൊണ്ടു് അരക്കുന്ന.

രാകേന്ദു-വെള്ളത്തവണാളും രാത്രിയിലുദിക്കുന്ന ചന്ദ്രൻ.

രാക്കു്-അരംകൊണ്ടു് അരക്കുക.

രാക്കണ്ണു്-ഇരട്ടു്.

രാക്കുറു്-രാത്രി.


രാക്ഷസ-വി. രാക്ഷസനെ സംബന്ധിച്ച

രാക്ഷസൻ-പ. മനുഷ്യരെ ഭക്ഷിക്കുന്ന ഒരു ജാതിക്കാരൻ. ഇവനിൽ നിന്നും ജനങ്ങളെ രക്ഷിക്കേണ്ടതായിരിക്കുന്നതിനാൽ ജനദ്രോഹി എന്നു ശബ്ദാർത്ഥം. മറ്റു പര്യായങ്ങൾ-കൈണപൻ, ക്രവ്യാത്തു്, ക്രവ്യാദൻ, അസൃക്പൻ, ആശരൻ, രാത്രിഞ്ചരൻ, രാത്രിചരൻ, കർബുരൻ, കീകസാത്മജൻ, യാതുധാനൻ, പുണ്യജനൻ, നൈർഋതൻ, യാതു, രക്ഷസ്സു്.

രാക്ഷസന്മാരുടെ ഉത്ഭവോത്പത്തിയെപ്പറ്റി പലേ അഭിപ്രായങ്ങളും കാണാം. രാവണനെപ്പോലെ പുലസ്ത്യ സന്തതിയെന്നു ചിലർ പറയുന്നു. ബ്രഹ്മാവിന്റെ പാദത്തിൽ നിന്നുത്ഭവിച്ചവരും വിഷ്ണുപുരാണപ്രകാരം ഭക്ഷന്റെ പുത്രിയായ ഖശയിൽ കശ്യപപ്രജാപതിയുടെ സന്തതിയും അത്രേ ഒരുവക ദുഷ്ടരെന്നു ചിലർ പറയുന്നു. ഇവർ പല തരക്കാരുണ്ടു്. ചിലർ ദേവന്മാരുടെ വിരോധികളുണ്ടു്. ചിലർ ആരേയും ഉപദ്രവിക്കാത്ത വരാകുന്നു ചിലർ രാവണാദികളുടെപ്പം മഹാ ദുഷ്ടന്മാരാണു്. ഹനുമാൻ പൂച്ചയുടെ ആകൃതിയിൽ ചെന്നതായും രാക്ഷസരെ സൃഗാലികളും, വിരൂപികളും, ഭീഷ്മകായന്മാർ, ഹ്രസ്വകായന്മാർ, സപ്തഭുജന്മാർ, അനന്തഭുജന്മാർ, കൃതിരഭുജന്മാർ, ഒറ്റക്കണ്ണന്മാർ, ഒറ്റച്ചെവിയന്മാർ, നീണ്ടചെവിയുള്ളവർ, വലിയ വയറുള്ളവർ, മൂന്നു കാലുള്ളവർ, നാലു കാലുള്ളവർ, കഴുതമുഖമുള്ളവർ മുതലായി പലതരത്തിൽ കണ്ടതായും പ്രസ്താവിച്ചുകാണുന്നു.

രാക്ഷസോൽപത്തി

ആദ്യം ബ്രഹ്മാവു ജലത്തെ സൃഷ്ടിച്ചു. പിന്നീട് അതിനെ രക്ഷിപ്പാൻ ജല ജന്തുക്കളെ നിർമ്മിച്ചു. അവർ 'ഞങ്ങൾക്കു വിശക്കുന്നു' എന്ന് ബ്രഹ്മാവിനോടു പറഞ്ഞു രക്ഷിക്കുവാൻ എന്നായിരുന്നു അർത്ഥം. രക്ഷാമ എന്നു ചിലരും യക്ഷാമ എന്നു മറ്റു ചിലരും പറകയുണ്ടായി. രക്ഷാമ എന്നു പറഞ്ഞവർ രാക്ഷസരായും, യക്ഷാമ എന്നു പറഞ്ഞവർ യക്ഷരായും തീർന്നു. രാക്ഷസരിൽ പ്രധാനികളായി സഹോദരന്മാരായിട്ട് ഹേതിയും പ്രഹേതിയും ഉണ്ടായി. പ്രഹേതി തപസ്സിനു പോയി. ഹേതി കാലന്റെ മകനിയെ വേട്ടു. അവരുടെ പുത്രൻ വിദ്യുൽകേശൻ. ഇയാൾ സന്ധ്യയുടെ പുത്രിയായ സാലകടങ്കടയെ വിവാഹം ചെയ്തു. തൽപുത്രനത്രേ സുകേശൻ.



| (രണ്ടുവര)—മകൾ (മകൻ) എന്നതിനെ സൂചിപ്പിക്കുന്നു. || (രണ്ടുവര)—വിവാഹത്തെ സൂചിപ്പിക്കുന്നു.

(1) വേദവതി—ഗ്രാമണി എന്ന ഗന്ധർവ്വന്റെ പുത്രി. (2) സുന്ദരി, കേതുമതി, വസുധ—ഈ മൂന്നുപേരും നമ്മെ എന്ന ഗന്ധർവ്വസ്ത്രീയുടെ പുത്രികൾ. (3) രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ—വിശ്രവസ്സിന്റെ പുത്രന്മാർ. അമ്മ—കൈകസി. (4) മണ്ഡോദരി—മയന്റെയും ഹേമ എന്ന അപ്സരസ്ത്രീയുടേയും മകൾ. (5) വജ്രജ്വാല—വൈരോചനാസുരന്റെ ഭാര്യ. (6) സരമ—ശൈലൂഷൻ എന്ന ഗന്ധർവ്വന്റെ മകൾ.

ഖരൻ—രാവണന്റെ പേരമ്മയായ കൈകയുടെ മകൻ. മകൻ—മകരാക്ഷൻ. കുംഭീനസി—പുഷ്പോൽകടയുടെ മകൾ. ഭർത്താവ്—മധു. ലവണാസുരൻ—പ്രഹ്ലാദന്റെ മകൻ. യജ്ഞോന്മത്തൻ, മത്തൻ—കുംഭീനസിയുടെ മക്കൾ. വിദ്യുജ്ജിഹ്വൻ—ശൂർപ്പണഖയുടെ ഭർത്താവ്. വിശ്രവസ്സിന്റെ ഇളയ്യിമ്മിയിൽ (ഭരദ്വാജ പുത്രിയിൽ) വൈശ്രവണനുണ്ടായി.

ഫ. മുദ്രാരാക്ഷസത്തിൽ നന്ദന്റെ മന്ത്രി.

രാക്ഷസധർമ്മചതുഷ്ടയം — പരനാരീസ്പർശനം, പരദ്രവ്യമോഹം, വേദത്യാഗം, ശിവഭക്തി.

രാക്ഷസി—പ്ര. രാക്ഷസസ്ത്രീ. ഫ. മനുഷ്യരിൽ വലിയ പല്ലും തേറയും മറവും. സ. ഒരു സുഗന്ധമുള്ള മരുന്ന്. ര. കാട്ടുകോലോലം, അടവിക്കോലോലം. രക്ഷസ്സിനെ സംബന്ധിച്ചത് എന്നർത്ഥം.

രാഗതാഖി—പവിഴം.

രാഗത്രയം—പുണ്ഡ്രം (ഒരു വിധം), ജന്യം (വളരെയുണ്ട്. ഈ രാഗമാത്രം നാം ഉപയോഗിക്കുന്നത്.)

രാഗദ്വിഷ്ടം—രാഗംകൊണ്ടുണ്ടായ ദ്വേഷം, വൈരം.

രാഗധ്രുക്—മാണിക്യം.

രാഗൻ—ഒരു രാജാവ്

രാഗം—പ്ര. ചെമപ്പ്. ഫ. നിറം. സ. സ്നേഹം. സുഖസാധനങ്ങളിൽ ഉണ്ടാകുന്ന ആഗ്രഹം, പ്രേമം, മൈഥുനേച്ഛ. ര. മനസ്സിലുണ്ടാകുന്ന ഒരു ഭാവഭേദം. ഇ. സംഗീതശാസ്ത്രപ്രകാരം എല്ലാ രാഗങ്ങൾക്കും കൂടെ പറയുന്ന പേർ, മട്ട്. (രസം, അസൂയ ഇവ നോക്കുക).

രാഗങ്ങൾ നൂ. ഓരോ രാഗത്തിനു ആറാറു രാഗിണികളുമുണ്ട്.

'ഭൈരവഃകൌശികശ്ചൈവ
ഹിന്ദോളോദീപകസ്തഥാ,
ശ്രീരാഗോമേഘരാഗശ്ച
രാഗാഃ ഷഡിതികീർത്തിതാഃ'

രാഗലതാ—രീതി.

രാഗവാൻ—സ്നേഹമുള്ളവൻ.

രാഗാംഗഷഡ്കം—(വരഗുണം) വിദ്യ, ശൂരത്വം, സൌന്ദര്യം, സൌശീല്യം, ആഭിജാത്യം, വിത്ത ഇവ നൂ-ം. (വധൂഗുണം) കാംക്ഷ, രൂപം, അനുരാഗം, സ്നേഹം, ബഹുമാനം, ലജ്ജ ഇവ നൂ-ം

'വിദ്യാദികളുമാറു
ഗുണം വരനു ചേരുകിൽ,
കാംക്ഷാമുഖ്യങ്ങളുമാറു
ഗുണം വധുവിനും വരം'

(സുഭാഷിതരത്നാകരം)

രാഗാദി—രാഗം, ദ്വേഷം, മദം, മാത്സര്യം, ലോഭം, മോഹം.

രാഗാദികൾ ഏഴു—രാഗം, ദ്വേഷം, കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഈർഷ്യ, അസൂയ, ഡംഭം, ദർപ്പം, അഹങ്കാരം, ഇച്ഛ, ഭക്തി, ശ്രദ്ധ.

രാഗി—വി. രാഗമുള്ള.

രാഗി-മഞ്ഞപ്പുല്ല്.

രാഗിണി-പ്ര. അനുരാഗമുള്ള സ്ത്രീ, രാഗമുള്ളവൾ. ഉ. പഞ്ഞിപ്പുല്ല്.

രാഘവൻ-ശ്രീരാമൻ, രഘുവിന്റെ സന്തതി.

(ശ്രീരാമകഥ എല്ലാവർക്കും അറിയാവുന്നതാണല്ലോ)

രാഘവപാണ്ഡവീയം-ഒരു കാവ്യം.

രാഘവപാണ്ഡവീയം-ഒരു ഉത്തമമായ കൃത്രിമ കാവ്യമാണ്. ഇതിൽ ഒരേ സന്ദർഭത്തിൽ രഘുവന്റെയും പാണ്ഡവന്മാരുടേയും കഥകൾ വിവരിക്കുന്നു. ഒരേസമയത്തു രാമനെയും ഭാരത കഥകൾ ഒന്നിച്ചു വർണ്ണിക്കുന്നതുകൊണ്ടു സംസ്കൃതഭാഷയിൽ കവികളുള്ള വാസനയും വക്രതയും പാണ്ഡിത്യവും വെളിവാകുന്നു. അധികവും ശ്ലേഷംകൊണ്ടുള്ള ചെപ്പടിവിദ്യയാണ്. ഇമ്മാതിരി ഗ്രന്ഥം സംസ്കൃതത്തിലേ നിർമ്മിക്കാൻ കഴിയൂ. ഗ്രന്ഥകർത്താവ് 'കവിരാജൻ' ആകുന്നു.

രാഘവം-പ്ര. കടൽ. ഉ. ഒരുവക വലിയ മത്സ്യം.

രാഘവവിലാസം-ഒരു കാവ്യം.

കർത്താവു സാഹിത്യപ്പണ്ഡിതന്റെ കർത്താവായ വിശ്വനാഥനാകുന്നു. പ്രമേയം രാമചരിതം.

രാങ്കലം-ഒരുവക മുള്ള്.

രാങ്കവം- വസ്ത്രങ്ങൾ വാല്മീകം, ഫാലം, കൗശേയം, രാങ്കവം ഇങ്ങിനെ നാലുതരം ഉള്ളതിൽ ഒന്ന്. മൃഗരോമംകൊണ്ടു നെയ്തത് 'രാങ്കവം'. മൃഗം=(പുള്ളി) മൃഗജാതി. (ഏതുതരം രോമംകൊണ്ടു നെയ്തതായാലും രാങ്കവം തന്നെ). മയിർപ്പുടവ, കമ്പിളി.

രാങ്കവം-വി. മാനിന്റെ രോമംകൊണ്ടുണ്ടാക്കിയ.

രാജക-വി. രാജാവുള്ള.

രാജകദംബ(ക)ം-ഒരുതരം കടമ്പ്.

രാജക-രാജാക്കന്മാരുടെ കൂട്ടം.

രാജകര-രാജാവിനു കൊടുക്കേണ്ടുന്ന കരം.

രാജകശിരു-കഴിമുതങ്ങ, പെരുമുതങ്ങ.

രാജകയിൽ-ഒരുവക കറുത്തപക്ഷി.

രാജക്കരു-പൂച്ച എന്ന പേരായ വലിയ പരുവ്.

രാജക്ഷോഭം-രാജകോപം.

രാജഗൃഹം-പ്ര. രാജഭവനം. ഉ. മഗധരാജ്യത്തിന്റെ തലസ്ഥാനം.

രാജതം-വി. വെള്ളികൊണ്ടുള്ള.

രാജതരംഗിണി- ഒരു കാശ്മീരരാജ്യചരിത്രം.

ശ്രുതിപ്പെട്ട ഈ ഗ്രന്ഥത്തിന്റെ കർത്താവ് കല്ഹണപണ്ഡിതനാണ്. ഇതുണ്ടായതു ഉദ്ദേശം ക്രി.വ. പന്ത്രണ്ടാം സംസ്കൃതത്തിൽ രാജ്യചരിത്രഗ്രന്ഥങ്ങൾ ഇതല്ലാതെയില്ലെന്നു കാണാം.

രാജത്വം-രാജാവിന്റെ അവസ്ഥ.

രാജദ്വാരം-രാജധാനിയുടെ പടിവാതിൽ.

രാജധാനി-രാജാവിന്റെ ഭവനം.

രാജധാന്യം-ചാമ.

രാജൻ-ഇതു മറ്റു ചില വാക്കുകളോടു ചേർക്കുമ്പോൾ രാജാവ്, മുഖ്യൻ, ശ്രേഷ്ഠൻ എന്നീ അർത്ഥങ്ങൾ വരും

രാജനയം-തന്ത്രജ്ഞന്മാർ കാട്ടിക്കൊടുത്തിട്ടുള്ള രാജ്യഭരണവഴി.

രാജനിമ്പുകം-മധുരനാരകം.

രാജനീതിപഞ്ചാംഗം-സഹായം, സാധനോപായം, ദേശകാലവിഭാഗം, ആപത്തിന്റെ പരിഹാരം, സിദ്ധി ഇവ ൫-ം.

രാജന്യകം–ക്ഷത്രിയസമൂഹം.

രാജന്യൻ–ക്ഷത്രിയൻ. ശോഭിക്കുന്നവൻ എന്നർത്ഥം.

'രാജന്യസ്ത്രീമണിയുടെ ഗുണദോ-
ഷങ്ങളന്യാദൃശങ്ങളാം'
(മയൂരസന്ദേശം)

രാജനപത്ത് – സകലഗുണസമ്പന്നനായ രാജാവിനാൽ രക്ഷിക്കപ്പെടുന്ന ദേശം. (നപാൻ, നപതീ, നപത്).

'രാജനപതീമഹരനേനളമിം'
(രഘു)

രാജനപൻ–വി. പ. രാജാവിനോടുകൂടിയ. ഉ. രാജാവുള്ള. (നപാൻ, നപതീ, നപൽ).

രാജപിണ്ഡം–രാജാവിൽ നിന്നും കിട്ടുന്ന ആഹാരം.

രാജപുത്രി–പ. രാജാവിന്റെ മകൾ. ഉ. നച്ചെലി. ന. പേച്ചുര. ർ. അരേണുകം. ൽ. പിച്ചകം.

രാജപുത്രികാ–പ. പിച്ചകം. ഉ. തഴവ്.

രാജപുരുഷന്മാർ–ഉദ്യോഗസ്ഥന്മാർ.

രാജബലാ–പ്രസാരണി, തലനീലി. ബലപ്രയോഗങ്ങളിൽവെച്ചു രാജാവു എന്നർത്ഥം.

പ്രസാരണിയും തലനീലിയും രണ്ടാണെന്നും പക്ഷമുണ്ട്.

രാജബ്രാഹ്മി–രാജവംശത്തിൽ പിറന്നവൻ. (നകാരാന്തം).

രാജബുദ്ധി–പ. രാജാവിന്റെ ബുദ്ധി. ഉ. വലിപ്പമുള്ള ബുദ്ധിയെ പറയുന്ന പേർ.

രാജഭണ്ഡാരം–രാജദ്രവ്യം.

രാജഭദ്രകം–മുരിക്ക്.

രാജഭാഗം–രാജാവിനുകൊടുക്കുന്നകരം.

രാജഭാഗ്യം–ജാതിക്ക.

രാജമല്ലികാ–ഒരു പൂമരം.

രാജമാന്യ–വി. രാജാവിനെപ്പോലെ മാനിക്കത്തക്ക, ബഹുമാനത്തെ സൂചിപ്പിക്കുന്നതിനായി ആളുകളുടെ പേരിനു മുമ്പിൽ ചേർത്തെഴുതുന്നതു്. ഉ–ം, രാജമാന്യരാജശ്രീ, പി. ദാമോദരൻ നായർ അവർകൾ. ഇതിനെ ചുരുക്കി രാ രാ, ശ്രീ എന്നാക്കിയിരിക്കുന്നു. ചിലപ്പോൾ 'മഹാരാജമാന്യരാജശ്രീ' എന്നും എഴുതാറുണ്ട്. ഇതിന്റെ ചുരുക്കമാണ് 'മ.രാ.രാ.'

ഇയ്യിടെ മുൻ പറഞ്ഞവയ്ക്കു പകരം 'ശ്രീമാൻ' എന്നുള്ള പ്രയോഗമാണ് അധികമായി കാണുന്നതു് = ശ്രീമാൻ, പി. ചന്ദ്രശേഖരൻ നായർ അവർകൾ, സ്ത്രീകൾക്കു ശ്രീമതി എന്നും എഴുതിവരുന്നു. ഉ–ം, ശ്രീമതി, എൽ. ഗൌരി അമ്മ അവർകൾ.

രാജമാർഗ്ഗം–രാജവഴി.

രാജമാഷം–പെരുമ്പയറു്.

രാജമുദ്ര–രാജചിഹ്നം.

രാജമൌലി–പ. രാജശ്രേഷ്ഠൻ. ഉ. ചന്ദ്രചൂഡനായ ശിവൻ.

രാജയക്ഷ്മാവു്–ഒരു ദീനം, ക്ഷയം.

രാജാവിനു് അതായതു ചന്ദ്രനു യാതൊന്നുകൊണ്ടു് രോഗമുണ്ടായോ അതുകൊണ്ടു് രാജയക്ഷ്മാവു എന്നു പറയപ്പെടുന്നു.

'രാജ്ഞശ്ചന്ദ്രമസോയസ്മാൽ
ആക്ഷ്ണോരക്ഷികിലാമയ!
തസ്മാത്തം രാജയക്ഷ്മേതി
കേചിദാഹുർമ്മനീഷിണഃ'
(സുശ്രുതം)

രാജയക്ഷ്മാവിന്റെ ലക്ഷണം–ചുമലുകളിലും രണ്ടു പാർശ്വങ്ങളിലും വേദനകാണും. കൈകാലുകൾ ചുട്ടും. സകലാവയവങ്ങളും വേദനയോടും ജ്വരത്തോടും കൂടിയിരിക്കും.

രാജയോഗം-പ. രാജാവാകുന്നതിനുള്ള യോഗം. ക. അഷ്ടാംഗസാധനത്താൽ മനസ്സിനെ ഒരു ശസ്ത്രപ്രത്തിലാക്കി അതിൽ മന്ത്രശക്തിവൈഭവത്താൽ വേണ്ടുവോളം ശക്തി നിറച്ചു ഉപയോഗശത്രുവിന്റെ നേരെ പ്രയോഗിക്കുക.

രാജയോഗ്യ-വി. രാജാവിനു കൊള്ളാം വണ്ണം.

രാജരംഗം-രംഗഭൂമി.

രാജരത്നം-രാജശ്രേഷ്ഠൻ.

രാജരാജൻ-പ. വൈശ്രവണൻ. യക്ഷന്മാരുടെ രാജാവ് എന്നർത്ഥം. ക. ചക്രവർത്തി.

രാജർഷഭൻ-രാജപുംഗവൻ.

രാജർഷി-പ. ദൃക്കിനും ഏഴുതരമുള്ളതിൽ ഒരുവക ദൃഷ്ടി. ക. ഭക്തിയും തപസ്സും കൊണ്ടു ദൃക്കിനു തുല്യനായ രാജാവ്, വിശ്വാമിത്രൻ, ജനകൻ, പുരൂരവസ്സ് മുതലായവരെപ്പോലെ തപസ്സുചെയ്തു ദൃക്കിയായ ക്ഷത്രിയൻ.

രാജവൽ-വി. രാജാവുള്ള.

രാജവാര്യ-വി. രാജവംശത്തിലുള്ള.

രാജവാര്യൻ-രാജവംശത്തിൽ പിറന്നവൻ.

രാജവിദ്യാചതുഷ്ടയം-അല്പപ്രജ്ഞൻ, ഭീഷ്മസൂത്രൻ, അലസൻ, ചാരണൻ ഇവർ.

രാജവല്ലഭം-പ. ഞെട്ടിക്കഴിയൻമാവ്. ക. പഴമുൾപാല. ന. വലിയ ചന്ത.

രാജവള്ളി-പ. ഒരുമാതിരി ചൂര. ക. പാവൽ.

രാജവഴി-പെരുവഴി.

രാജവി-ഒരു പക്ഷി.

രാജവിരൽ-നടുവിലത്തെ വിരൽ.

രാജവീഥി-രാജവഴി.

രാജവൃക്ഷം-പ. കൊന്നമരം. രോഗരോഗാദിയെ ഉൻമൂലനംചെയ്യുന്നതു്, വൃക്ഷങ്ങളുടെ രാജാവു് ഇങ്ങനെ ശബ്ദാർത്ഥങ്ങൾ. ക. ഇരുമ്പുപ്പന.

രാജവേശ്മം-രാജധാനി.

രാജശാസനം-രാജകല്പന.

രാജശേഖരൻ-ഒരു പ്രസിദ്ധകവി.

ഇദ്ദേഹം ഏഴും പത്തും ശതാബ്ദങ്ങൾക്കു മദ്ധ്യേ ജീവിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മറ്റു കൃതികളും കർപ്പൂരമഞ്ജരി, പ്രചണ്ഡപാണ്ഡവം, ബാലരാമായണം, ബാലഭാരതം, വിദ്ധശാലഭഞ്ജികം മുതലായ നാടകങ്ങളുണ്ട്.

രാജശ്രീ-പ. രാജാവിന്റെ ശോഭ. ക. രാജാവിന്റെ സമ്പത്തു്.

രാജസ-വി. രജോഗുണത്തെ സംബന്ധിച്ച

രാജസക്കാരൻ-രസികനെന്നു നടിച്ചു നടക്കുന്നവൻ.

രാജസദനം-അരമന.

രാജസഭക്തി-കീർത്തി, ഐശ്വര്യം എന്നിവയ്ക്കായി പ്രതിമ മുതലായവയിൽ അച്യുതനെ അർച്ചിക്കുന്നതു.

രാജസഭാ-രാജാവിന്റെ സഭ.

രാജസർപ്പം-സർപ്പങ്ങളിൽ പ്രധാനി.

രാജസലക്ഷണചതുഷ്ടയം-കാര്യമായി കർമ്മംചെയ്യൽ, നിസ്സാരത്തിലും ഭയംതോന്നുക, അസൽകാര്യോദ്യമം, വിഷയാസക്തി ഇവ നാലും.

രാജസാരസ-മയിൽ.

രാജസി-പ. ഒരു ദേവി. ക. കരിങ്കറുക.

രാജസിംഹം-രാജശ്രേഷ്ഠൻ, മഹാരാജാവു്.

രാജസിംഹാസനം-രാജാക്കന്മാർ ഇരിക്കുന്ന പീഠം.

രാജസൂയം-ഒരു വലിയ യാഗം. രാജാവിനാൽ നിഷ്പാദിയിതവ്യം. രാജാവു് = ചതുരാത്മകനായ സോമൻ—സോമലത.

ആയ് ഇതിൽ അഭിഷേചനംചെയ്യുന്നു. അതിനാൽ ഈ പേർ വന്നു. ഇതു പതിനേഴര മാസം കൊണ്ടു അവസാനിക്കണം.

ചക്രവർത്തികളുടെ പട്ടാഭിഷേകത്തിൽ ചെയ്യപ്പെടുന്നതാണ്.

രാജഹത്യ-രാജാവിനെ കൊല്ലുക

രാജഹംസം- അരയന്നപ്പക്ഷി, ചുണ്ടും കാലും ചുവന്നിരിക്കുന്ന അന്നം.

കൊക്കും കാലും ചെമന്നും ബാക്കി മുഴുവൻ വെളുത്തും ഉള്ള ഹംസങ്ങളേത്രേ രാജഹംസങ്ങൾ.

രാജാ-കർപ്പൂരം.

രാജാംഗദശകം—നാട്ട്, മല, നദി, ഊര്, കൊട്ടാരം, കതിര, ആന, മുരശ്ശ്, കൊടി, ചെങ്കോൽ. (ഭരതരാജാംഗം എന്നും പറയുന്നു).

രാജാഗ്നി-രാജകോപം.

രാജാ(വു)-ക. രാജ്യം രക്ഷിക്കുന്നവൻ. ഖ. ക്ഷത്രിയൻ. ന. ചന്ദ്രൻ. ശോഭിക്കുന്നവൻ എന്നർത്ഥം. ര. യുധിഷ്ഠിരൻ ങ. ഇന്ദ്രൻ. ന. യക്ഷൻ. ച. യമധർമ്മൻ. വ. വ്യാഘ്രം.

സഹായം, സാധനോപായം, ആപത്തിനു പരിഹാരം നേടുക, ദേശവിഭാഗം, കാലവിഭാഗം-ഇവയെ 'രാജനീതിപഞ്ചകം' എന്നു പറയുന്നു.

രാജാക്കന്മാർ നാലുവിധം.

ക. സാർവ്വഭൗമചക്രവർത്തി-അബ്ധിസമുദ്രക്ഷിതീശൻ.

ഖ. അധിരാജൻ- നീതിന്യായതല്പരത, ക്ഷമ, ഗുണം, ശക്തി ഇവയോടുകൂടിയിരിക്കണം. സൂര്യവംശത്തിലോ ചന്ദ്രവംശത്തിലോ ജനിച്ചിരിക്കണം. അവർ സംസ്ഥാനങ്ങളുടെ ഭരണം ഏറ്റിരിക്കണം.

ന. നരേന്ദ്രൻ- മൂന്നു അശക്തന്മാരായ രാജാക്കന്മാരെ തോല്പിക്കണം. രാജ്യം അടക്കി നീതിയോടും ക്ഷേമത്തോടും ഭരിക്കണം.

ഘ. പാർത്ഥിവൻ-ഈ ഭരണാധികാരി നരേന്ദ്രനു കീഴടങ്ങിയിരിക്കണം. പ്രാകാരം മുതലായവയാൽ പരിരക്ഷിതമായ സംസ്ഥാനത്തെ ഭരിക്കണം.

ങ. പട്ടധൃക്ക്-നരേന്ദ്രനു കീഴ്പെട്ടിരിക്കണം. ഒരു കോട്ട മാത്രമുള്ള രാജ്യം ഭരിക്കണം. നാലു ഗുണമുണ്ടായിരിക്കണം.

ന. മണ്ഡലേശ്വരൻ—ഒരു സംസ്ഥാനത്തിന്റെ ഒരു ഭാഗത്തിലേ ഭരണാധികാരി.

ച. ഭട്ടഭോക്ക്—മണ്ഡലേശ്വരനു കീഴ്പെട്ടിരിക്കണം. സാമന്തന്മാരുടെ ഏഷ്ടാടികളെ നടത്തണം. ധർമ്മാർത്ഥങ്ങളെ സംരക്ഷിക്കണം.

വ. പ്രഹാരകൻ-ചതുർവ്വർണ്ണത്തിലേതിലെങ്കിലും ജനിച്ചിരിക്കണം. സ്വന്തമായി ഒരു കോട്ട വേണം.

ൻ. ശ്രോത്രു (അസ്സു) ഗ്രാഹി - ഒരു കോട്ടയുടെ അധിപത്യം വേണം. ഒരു നഗരിയുടെ രക്ഷകർത്തൃത്വം ഉണ്ടായിരിക്കണം. ഏതാനും രാജ്യഭാഗങ്ങളിൽ മാത്രം അധികാരം സിദ്ധിച്ചിരിക്കണം.

(ഇങ്ങിനെ മനുസ്മൃതി)

ശുക്രനീതിപ്രകാരം ൻ- ഹീനസാമന്തൻ, സാമന്തൻ, മാണ്ഡലികൻ, രാജാവ്, മഹാരാജാവ്, സ്വരാട്ട്, സമ്രാട്ട്, വിരാട്ട്, സാർവ്വഭൗമൻ.

രാജാദ(ത)നം-മര(ര)ം മരം. രാജാക്കന്മാരാൽ ഭക്ഷിക്കപ്പെടുന്നത് എന്നർത്ഥം.

രാജാദനം-ക. മരംമരം. ഖ. പഴുത്ത പാല. ന. പ്ലാശ്ശ.

രാജാമണി–പഴമുൻപാല.

രാജാധിരാജൻ–മഹാരാജാവ്.

രാജാനകരത്നകണ്ഠൻ–ഒരു സംസ്കൃതകവി. മധ്യമവ്യായനവംശം. രാജാനകശംകരകണ്ഠന്റെ പുത്രൻ. ക്രൈവ്യ വിക്രമാങ്കത്തിൽ സ്തുതികുസുമാഞ്ജലി ക ഛ ഛുവഞ്ചിക എന്നാദ്യ വ്യാഖ്യാനവും രത്നശതക (സൂക്തസ്തവ) വും ഉണ്ടാക്കി.

രാജാന്നം–രാജാവിന്റെ കല്പനപ്രകാരം കിട്ടുന്ന ശമ്പളം.

രാജാഭിഷേകം–രാജാവിനെ അഭിഷേകംചെയ്ക.

രാജാർഹ–വി. രാജാവിന്നു യോഗ്യമായുള്ള

രാജാർഹം–അകിൽ. രാജാക്കന്മാർക്കു യോഗ്യം എന്നർത്ഥം. (ചെന്നിനായകമരം എന്നും കാണുന്നു).

രാജാവാ–അരവൽ.

രാജാവർത്തം–ഒരു രത്നം.

രാജാസനം–സിംഹാസനം.

രാജി–ക്ര. പങ്ക്തി, മുറിയായുള്ള വര, വരി. ക. ഇടതൂർന്നുള്ള വൃക്ഷസമൂഹം. ശോഭിക്കുന്നതു് എന്നർത്ഥം. ന. കൂട്ടം. ഴ. ശരീരത്തിന്നകത്തുള്ള ഒരു ചെറിയ പാത്രം. ള. ഉടമ്പടിയോല. ന്ം പരസ്പരസമ്മതം.

രാജിക–ക്ര. കറുത്ത കടുക്. ശോഭയുള്ളതു് എന്നർത്ഥം. ക. ഒരു ധാന്യം. ന. ചെങ്കടുക്. ഴ. വരി, പങ്ക്തി ള. വയൽ.

രാജിക്കുന്നു–ശോഭിക്കുന്നു.

രാജിത–വി. ശോഭിക്കപ്പെട്ട.

രാജിമാൻ–ഒരുകപ്പൽ പടവലം.

രാജിലം–ക്ര. ചേര. ഇഴഞ്ഞു നടക്കുന്ന ഭൂമിയെ അടയാളപ്പെടുത്തുന്നവൻ എന്നർത്ഥം. പുള്ളികളുള്ളവൻ എന്നുമാവാം. ക. വിഷമില്ലാത്തതും ഉപദ്രവം ചെയ്യാത്തതുമായ ഒരുവക സർപ്പം.

രാജീവം–ക്ര. താമര. അല്ലികളുള്ളതാകുന്ന രേണുകം (വരകും) ഉള്ളതു് എന്നർത്ഥം. നീലത്താമര. ക. ആന. ന. വണ്ടാരം കോഴി ഴ. വരിമീൻ വരകുള്ളതു് എന്നർത്ഥം. ള. ഒരുവക മാൻ.

രാജേന്ദ്രൻ–രാജശ്രേഷ്ഠൻ.

രാജേഷ്ടി–വാഴ.

രാജഞ്ഞി–ക്ര. രാജശ്രീ, രാജഭാര്യ. ക. വെള്ളാട്ട്, പിച്ചള. ന. അമരി. ഴ. പിച്ചകം. ള. കരിങ്കുട്ക്. ന്ം. സൂക്തങ്ങളുടെ മാല.

രാജ്യക്കാർ–രാജ്യത്തിൽ പാർക്കുന്നവർ.

രാജ്യതന്ത്രം–രാജ്യഭരണോപായം, രാജ്യഭരണസിദ്ധാന്തം.

രാജ്യപരിവർത്തനം — അനുയുക്തിമുഖമോ ക്ഷോഭമോ ഹേതുവായിട്ടു ഒരു രാജ്യത്തിലുണ്ടാകുന്ന മാറ്റം.

രാജ്യഭാരം–രാജ്യത്തെ രക്ഷിക്കുക.

രാജ്യം–നാടു്, ഒരു രാജാവിന്റെ അധികാരത്തിലുള്ള ഭൂമി.

ഐശ്വര്യം, ആരോഗ്യത, സുഖം, കാവൽ (രക്ഷ), കൃഷിബാഹുല്യത ഇവയുള്ള രാജ്യത്തിനു 'രാജ്യക്ഷേമണപഞ്ചകം' എന്നു പേർ.

രാജ്യാംഗം–രാജാവു്, മന്ത്രി, ബന്ധു, ഭണ്ഡാരം, രാജ്യം, കോട്ട, രസൈന്യം ഇവ ഒ–ം (പൂർവ്വാസികളും, ഗ്രന്ഥഇങ്ങിനെ രണ്ടുകൂട്ടിയുണ്ടെന്നു കാണുന്നു).

സ്വാമി മുതൽ ഒ–ം, കൂടിയതു രാജ്യാംഗങ്ങളാകുന്നു. 'സ്വാമ്യമാത്യശ്ച രാഷ്ട്രഞ്ച ദുർഗ്ഗം കോശോബലം സുഹൃൽ, പരസ്പരോപകാരീദം സപ്താംഗം രാജ്യമുച്യതേ'. സ്വാമി മുതൽക്കുള്ള ഏഴു അംഗങ്ങളും തികച്ചുണ്ടെങ്കിലേ രാജ്യമാകയുള്ളു.

രാടി-പ. പക്ഷി. ഉ. യുദ്ധം.

രാഠം, രാട്ട്-രജോവ്. ശോഭിക്കുന്നവൻ എന്നർത്ഥം.

രാഡം-അലങ്കാരം.

രാണം-പ. ഇല. ഉ. കയിലിന്റെ വാൽ.

രാണികാ-കളിഞ്ഞാൽ.

രാണ്ഡവം-രൈസന്യം.

രാതി-പ. ദാസ്യം. ഉ. സമ്മാനം.

രാത്രികൻ-ഒരു വർഷം വേശ്യാഗൃഹത്തിൽ പാർക്കുന്നവൻ.

രാത്രികരം-അന്നു രാത്രിക്കുടിയതു്.

രാത്രി-പ. ആദിത്യൻ അസ്തമിച്ചാൽ ഉദിക്കുന്നതുവരെയുള്ള സമയം. സുഖത്തെ കൊടുക്കുന്നതു് എന്നർത്ഥം. ഉ. മഞ്ഞൾ. ന. മരമഞ്ഞൾ.

രാത്രികരം-കർപ്പൂരം.

രാത്രികാ-രാത്രി.

രാത്രികാശികാ-താമരപ്പൂവു്.

രാത്രിജ-വി രാത്രിയിലുണ്ടായ.

രാത്രിജം-നക്ഷത്രം.

രാത്രിജാഗരം-വി രാത്രിയിൽ കാര്യം സൂക്ഷിക്കുന്ന.

രാത്രിജാഗരം-പട്ടി

രാത്രിഞ്ചരൻ, രാത്രിചരൻ-പ. രാക്ഷസൻ. ഉ. കള്ളൻ.

രാത്രിന്ദിവം-അ. രാത്രിയും പകലും ഇടവിടാതെ.

രാത്രിപുഷ്പം-ആമ്പൽ

രാത്രിമണി-കർപ്പൂരം.

രാത്രിവികാശകൈ-കറുത്ത ആമ്പൽ

രാത്രിവിശ്ലേഷഗാമി-ചക്രവാകപ്പക്ഷി

രാത്രിവേദം-കോഴി.

രാഥാദേവി-ദ്രൗപദിയുടെ അമ്മ.

രാദ്ധ-വി. സങ്കോചിപ്പിക്കപ്പെട്ട, തുച്ഛിച്ച തുടങ്ങിയ.

രാദ്ധാന്തം-നിശ്ചയം, നിർണ്ണയം, ആലോചനയുടെ മുകളിൽ കണ്ടതു് എന്നർത്ഥം

രാധം-പ. ഇടവമാസം, വിശാഖമാസം. ഉ. ഭയം, സ്നേഹം. ന. ദേശപ്പുല്ലു.

രാധാ-പ. വിശാഖനക്ഷത്രം. കാര്യങ്ങളെ സാധിപ്പിക്കുന്നതിനു കാരണഭൂതം എന്നർത്ഥം. ഉ. ഒരു വൈശാഖമാസം, വിശാഖനക്ഷത്രയുക്തമായ പൂർണ്ണിമയോടുകൂടിയതു് എന്നർത്ഥം. ന. ശ്രീകൃഷ്ണന്റെ പ്രിയയായ ഒരു ഗോപസ്ത്രീ.

ഗീതഗോവിന്ദത്തിന്റെ നായികയും കന്ദ. ഗോപാലനായ അയനഘോഷന്റെ ഭാര്യയായിരുന്നു. ലക്ഷ്മിയുടെ അവതാരമാണെന്നു വിശ്വസിച്ചു ചിലർ സേവിച്ചുവരുന്നു. രാധയെ രാധിക എന്നും പറയും.

ര. മിന്നൽ. ഇ. കണ്ണന്റെ വല്ലഭ, അത്രഥന്റെ ഭാര്യ. ന. നെല്ലി. ഒ. വിഷ്ണുക്രാന്തി. വൃ. വിജയം.

രാധാപതി (രമണൻ)-കൃഷ്ണൻ.

രാധേയൻ-രാധാസുതൻ, കർണ്ണൻ.

രാപ്പകൽ-അ. രാവും പകലും.

രാപ്പട്ട്-കറുത്തപട്ട്.

രാപ്പനി - രാത്രിമാത്രം പനിയുണ്ടായിരിക്കുക.

രാപ്പുരുമാറാം-രാത്തങ്ങൽ.

രാഭോജനം-രാത്രിഭക്ഷണം, അത്താഴം.

രാമ-വി. പ. ഭംഗിയുള്ള. ഉ. കറുത്ത. ന. വെളുത്ത.

രാമഘട്ടം-മന്ദാകിനീനദിയുടെ ഒരു കടവു്.

രാമചന്ദ്രൻ-ശ്രീരാമൻ.

രാമചന്ദ്രകവി - ഒരു സംസ്കൃതകവിയാണു്. ഹേമചന്ദ്രാചാര്യന്റെ ശിഷ്യൻ

സിദ്ധഹേമം എന്ന ശബ്ദാനുശാസനം, സത്യഹരിശ്ചന്ദ്രനാടകം ഇവയുണ്ടാക്കി പ്പബന്ധശതകകർത്താവെന്ന പ്രസിദ്ധി യുണ്ട്.

രാമചരിതം- മല്ല്യമലയാളകാലത്തുണ്ടാ യിട്ടുള്ള ഒരു പുസ്തകം.

രാമച്ചം-ഒരുങ്ങടിമരുന്ന്.

രാമടം- പെരുംകായം. രാമഠദേശത്തിലു ണ്ടായതു് എന്നർത്ഥം.

രാമഠി-കറിക്കായം.

രാമണീയക-വി. മനോഹരമായ, സ ന്തോഷിപ്പിക്കത്തക്ക. (നാമം-രാമണീയ കത, രാമണീയത്വം).

രാമണീയകം-മനോഹാരിത്വം.

രാമദൂതൻ-ഹനുമാൻ

രാമദേവവർഷം- ക്രാൻർ-ക്ക് നൂറ്റാ ണ്ട്.

രാമൻ-പ. ശ്രീരാമൻ. പ. പരശുരാമൻ. ന. ബലരാമൻ സൌന്ദര്യത്താൽ എ ല്ലാവർക്കും സന്തോഷം വരുത്തുന്നവൻ എന്നർത്ഥം. യോഗികൾക്ക ആനന്ദം വ രുത്തുന്നവൻ എന്നുമാവാം. ഇങ്ങനെ രാ മന്മാർ ന.

മൂന്നു രാമന്മാരുടേയും വിവരത്തിനു 'അവതാരം' എന്ന ശബ്ദം നോക്കുക.

ദശരഥപുത്രനായ ശ്രീരാമന്റെ കഥ മഹാഭാരതത്തിൽ വനപർവ്വത്തിൽ സം ഗ്രഹിച്ചിട്ടുണ്ട്. രാമായണം കൊണ്ട് സ വിസ്തരം അറിയാമല്ലോ.

സൂര്യവംശത്തിൽ പ്രസിദ്ധനായി ദ ശരഥൻ എന്നൊരു രാജർഷി ഉണ്ടായിരു ന്നു. അദ്ദേഹം മൂന്നു ഭാര്യമാരെ സ്വീകരിച്ചു അയോദ്ധ്യയിൽ സുഖമായി പാർത്തുവ ന്നു. പുത്രസന്താനം ഇല്ലായ്കയാൽ പുത്ര കാമേഷ്ടി ആരംഭിച്ചു. യാഗത്തിൽ നി ന്നു ലഭിച്ച പായസം ഹേതുവായിട്ടു മൂ ന്നു ഭാര്യമാർക്കും ഗർഭങ്ങളായി പ്രസവിച്ചു. മൂത്തവൻ രാമനും അതിനിളയവൻ ഭര തനും പിന്നത്തെവർ ലക്ഷ്മണശത്രുഘ്നന്മാരുമായിരുന്നു. ഒരിക്കൽ വിശ്വാമി ത്ര മഹർഷി വന്നു യാഗരക്ഷക്കായി ശ്രീ രാമനെ അയക്കണമെന്നു ദശരഥനോടു പറഞ്ഞു. വ്യസനമുണ്ടായിരുന്നെങ്കിലും രാമലക്ഷ്മണന്മാരെ മുനിയോടയച്ചു. അവർ പുറപ്പെട്ടു. മഹാവും വിശ പ്പും ഉണ്ടാകാതെയിരിപ്പാൻ മുനി അവ ക്ക 'ബല' 'അതിബല' എന്ന രണ്ടു മ ന്ത്രങ്ങളെ കൊടുത്തു. ദുഷ്ടയായ താടക യെ രാമൻ വധിച്ചു. പലേ രാക്ഷസ രേയും രാമൻ ഒടുക്കി. മിഥിലയെ പ്രാ പിച്ചു രാമൻ ശിവന്റെ വില്ലു ഖണ്ഡി ച്ചു് ജനകപുത്രിയായ സീതയെ വിവാ ഹം കഴിച്ചു് അയോദ്ധ്യയിലേക്കു മട ങ്ങി. വഴിമദ്ധ്യേ രാമചന്ദ്രൻ ഭാർഗ്ഗവരാ മനെ ജയിച്ചു. രാമചന്ദ്രനെ യുവരാജാ വായി അഭിഷേകം കഴിപ്പാൻ ദശരഥൻ നിശ്ചയിച്ചു. കൈകേയി തടഞ്ഞു. കൈ കേയി ഹേതുവായിട്ടു രാമലക്ഷ്മണന്മാർ സീതയോടുകൂടി വനത്തിൽ പോയി. പുത്രദുഃഖം ഹേതുവായിട്ടു ദശരഥൻ മരി ച്ചു. ഭരതൻ ചിത്രകൂടത്തിൽ വസിക്കുന്ന ശ്രീരാമനെക്കണ്ടു രാമനിയോടി വാങ്ങി മ ടങ്ങി. രാമാജ്ഞകൊണ്ടു അത്രിയുടെ ആശ്രമ ത്തിൽ ഒരു രാത്രി കഴിച്ചു. പിന്നീടു ദ ണ്ഡകവനത്തെ പ്രാപിച്ചു് പലേ മഹ ർഷിമാരുടേയും ആശ്രമങ്ങളെ സന്ദർശിച്ചു. പിന്നെ ഗോദാവരീതീരത്തിൽ പഞ്ചവ ടിയിൽ എത്തി. ശൂർപ്പണഖയുടെ നാ സാകർണ്ണങ്ങളെ ലക്ഷ്മണൻ ഛേദിച്ചു. ഖ രദൂഷണാദികളെ രാമൻ വധിച്ചു. മാരീ ചൻ പൊന്മാനായി രാവണാജ്ഞയാ വരികയും രാമനാൽ ഹതനാകയും ചെ യ്തു. സീതയെ രാവണൻ മായാമഹർഷി യായിട്ടു മോഷ്ടിച്ചുകൊണ്ടുപോയി. ശ്രീ

രാമരാജികരം ഹനുമാന്റെ പ്രേരണയോടുകൂടി സുഗ്രീവനുമായി സഖ്യംചെയ്തു. ബാലിയെ കൊന്നു ഹനുമാൻ ലങ്കയിലെത്തി സീതാദേവിയെ കണ്ടു. ലങ്കയെ ഭസ്മമാക്കി. തിരിയെ വന്ന് സ്വാമിയെ വിവരം അറിയിച്ചു. എല്ലാവരും ഒന്നിച്ചുചെന്നു രാവണരാക്ഷസരെ വധിച്ച് സീതയെ വീണ്ടെടുത്തു. ശ്രീരാമപുത്രന്മാർ–കുശൻ, ലവൻ.

ര. വരുണൻ. ഇ. ഒരു പേർ നു. മനോഹരൻ. ഒ. യോഗിക്കു രമിക്കുന്നതിനുള്ള വാസസ്ഥാനം.

ശ്രീരാമന്റെ ജനനം.

മിസ്റ്റർ വാൾട്ടർ ആർ. ഓർമ്മിഡ് എന്ന ശാസ്ത്രജ്ഞൻ കണക്കാക്കിയത്.

ക്രിസ്തു ജനിക്കുന്നതിനു മുമ്പ് ഫെബ്രുവരി ഫാ–മനു–യാണെന്നു കണ്ടിരിക്കുന്നതായി 'നാളുസ്' എന്ന പാശ്ചാത്യഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതു കഴിഞ്ഞിട്ട് ഇതുവരെ നമ്മുവും സംവത്സരവും ആറു മാസവും കഴിഞ്ഞിരിക്കുന്നു. (കൈരളി ഫാൻ@ചിങ്ങം).

രാമം–ക്ര. പച്ചില. ഉ. ചീര. നു. കൊട്ടം. ര. കുതിര. ള പെരിയകലമാൻ, പെരുംചമരിമാൻ ക്രീഡാശീലമുള്ളത് എന്നർത്ഥം. നു. ഇരട്ടി. ഒ. കയ്പ്.

രാമസഖി–സുഗ്രീവൻ.

രാമസേതു–ശ്രീരാമൻ കെട്ടിച്ച അണ.

സമുദ്രതീരത്തിൽ നിന്നും ഉള്ളിലോട്ടു രണ്ടു ഫർലാംഗ് വീതിയിൽ കെട്ടപ്പെട്ടിട്ടുള്ളതും കന്യാകുമാരി കോടി മുതൽ കോവളം വരെ മൂന്നു മൈൽ നീളമുള്ളതുമാണ്. ഇതു സീതാന്വേഷണാർത്ഥം ശ്രീരാമൻ നിർമ്മിച്ചതാകുന്നു. വിശ്വകർമ്മാവിന്റെ പുത്രനായ നളന്റെ പണിയാണ്".

രാമാ–ക്ര. സുന്ദരി. ഉ. സ്ത്രീ, രമിക്കുന്നവൾ. നു. നമി. ര. കാവിമണ്ണ്. ള. പെരുങ്കായം നു. വെളുത്ത കണ്ടകാരിച്ചുണ്ട. ഒ. കറുവാഴ. വു. തോരോചനം. ൻ. അശോകം. ക്ര. പുത്രക്ഷോപഭോഗം കൊണ്ടു സുഖിക്കുന്നവൾ.

രാമാനം–രാത്രി.

രാമാനുജൻ–ക്ര. ഒരു വൈഷ്ണവ നവീകരണക്കാരൻ.

വളരെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ഉ. എഴുത്തച്ഛൻ.

രാമായണം–രാമന്റെ കഥ.

അദ്ധ്യാത്മരാമായണം കിളിപ്പാട്ടു സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണത്തിന്റെ നേർ തർജ്ജിമയാകുന്നു. ഈ കിളിപ്പാട്ടു എഴുത്തച്ഛന്റെ മധ്യവയസ്സിലെ കൃതിയായിരിക്കാം. ഇതിന്റെ മൂലഗ്രന്ഥം ബ്രഹ്മാണ്ഡപുരാണത്തിന്റെ ഒരംശമാകുന്നു. മൂലഗ്രന്ഥത്തെ ഒരു വൈരാഗി ബ്രാഹ്മണൻ ചെമ്പകശ്ശേരി രാജാവിന്റെ രാജധാനിയായ അമ്പലപ്പുഴ കൊണ്ടുചെന്നു. അതു വൃശ്ചികമാസത്തിലായിരുന്നു. അപ്പോൾ അമ്പലപ്പുഴ രാജാവിന്റെ ക്ഷേത്രമന്ദിരത്തിൽ പ്രസിദ്ധനായ മേൽപ്പത്തൂർ നാരായണഭട്ടതിരിപ്പാടും എഴുത്തച്ഛനും ഉണ്ടായിരുന്നു. മൂലഗ്രന്ഥം തെലുങ്കു ലിപിയിലായിരുന്നതിനാൽ രാജാവു് അതിനെ മലയാള അക്ഷരത്തിൽ പകർത്തുന്നതിനായി ഭട്ടതിരിപ്പാട്ടു മുഖാന്തരം തെലുങ്കക്ഷരം അറിയാമായിരുന്ന എഴുത്തച്ഛനെ ഏല്പിച്ചു. എഴുത്തച്ഛനാകട്ടെ മൂലഗ്രന്ഥത്തെ പകർത്തിയതോടുകൂടെ ഭാഷയിൽ തർജ്ജിമചെയ്യുകയും ചെയ്തു.

ഇപ്പകാരമാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഉണ്ടാകാൻ ഇടയായതെന്നു തോന്നുന്നു.— അദ്ധ്യാത്മരാമായണത്തിന്റെ സംഗ്രഹം അറിയണമെന്നുണ്ടെങ്കിൽ കല്യാണസൗഗന്ധികം തുള്ളൽകഥ നോക്കുക. 'മാത്താണ്ഡവംശേ ദശരഥൻതന്നുടെ' ഇത്യാദി കാണാം.

(വാത്മീകിരാമായണം, അദ്ധ്യാത്മരാമായണം, ബാലരാമായണം, ഗായത്രീരാമായണം, അദ്ഭുതരാമായണം— ഇവയ്ക്കു 'രാമായണപഞ്ചകം' എന്നു പേർ).

രാമിലൻ—പ്ര. തോവ്. ഉ. പ്രിയൻ. നാ. കാമദേവൻ. ര. ഒരു കവി.

രാമേശ്വരം—ഒരു പുണ്യക്ഷേത്രം.

ഇൻഡ്യയുടെ തെക്കേ അതിർത്തിയിലുള്ള ഒരു പുണ്യസ്ഥലം. സീതയെ അന്വേഷിപ്പാനായി ശ്രീരാമൻ വാനരസൈന്യത്തോടുകൂടി ഇവിടെ ഒരു അണകെട്ടിച്ചിട്ടുണ്ട്.

രാമോപാഖ്യാനം—മഹാഭാരതത്തിന്റെ വനപർവ്വത്തിൽ അടങ്ങീട്ടുള്ള രാമചരിതം.

രാഹിത്യം—സന്ന്യാസിമാരുടെ മുഖംമൂടി. രംഭിക്കുന്നതിന്റെ (മുഖത്തിന്റെ) വികാരം എന്നർത്ഥം.

രായൻ—രാജാവ്.

രായപ്പുണ്ണം—രാശി.

രായം—പ്ര. പൊൻ. ഉ. ധനം.

രായർ, റാവു്—ഒരുജാതി ബ്രാഹ്മണരുടെ ജാതിപ്പേർ.

രായസക്കാരൻ—ചില കച്ചേരികളിലേ എഴുത്തുകാരനു പറയുന്ന ഒരു പേർ.

രായസം—കച്ചേരിയിലേ എഴുത്തുവേല.

രാരാജിക്കുന്നു—അധികമായി ശോഭിക്കുന്നു

രാവു്—രാത്രി.

രാവണൻ—ഒരു രാക്ഷസരാജാവു്

ബ്രഹ്മാവിന്റെ പുത്രനായ പുലസ്ത്യൻ മഹർഷി മഹാമേരു പർവ്വതപാർശ്വത്തിൽ തൃണബിന്ദുവിന്റെ ആശ്രമത്തിൽ തപോനിഷ്ഠനായി വാണു. അക്കാലത്തു കന്യകകളും പലരും അവിടെ കളിപ്പാനായി വരുന്നതു തനിക്കു ഉപദ്രവമായി തോന്നുകയാൽ ഇനി കന്യകാജനം ഇവിടെ വന്നാൽ അന്ധതയെന്ന ശാപമുണ്ടാകട്ടെ എന്നു മുനി ശപിച്ചു. പിറേറദ്ദിവസം ഈ പരമാർത്ഥം അറികയാൽ ആരും അവിടെ കളിപ്പാൻ ചെന്നില്ല അങ്ങിനെയിരിക്കേ തൃണബിന്ദു എന്ന രാജാവിന്റെ മകളും ഈ കഥ അറിയാതെ അവിടെ ചെല്ലുകയും ഗർഭം ധരിക്കയും ചെയ്തു അനന്തരം വിവരം ഗ്രഹിച്ചു മകളെയും കൂട്ടിക്കൊണ്ടു മുനിയുടെ അടുക്കൽ ചെന്നു രാജാവു സങ്കടം ഉണർത്തുകയും മകളെ ഭാര്യയായി സ്വീകരിച്ചുകൊള്ളണമെന്നു അപേക്ഷിക്കയും ചെയ്തു. അതനുസരിച്ചു മുനി അവളെ സ്വീകരിച്ചു 'വേദവിസ്രവണേന ഗർഭമുണ്ടായ മൂലം' പിറന്ന കുഞ്ഞിനു 'വിശ്രവസ്സ്' എന്നു പേരുണ്ടായി. വിശ്രവസ്സ് ഭരദ്വാജ മഹർഷിയുടെ മകളെ വേട്ടു. അവർക്കു പെറവ് വൈശ്രവണൻ ജനിച്ചു ഇദ്ദേഹം യക്ഷരുടെ രാജാവായി. പിതാവിന്റെ കല്പനപ്രകാരം ഇദ്ദേഹം ലങ്കയിൽ സുഖമായി താമസിച്ചു. വിശ്രവസ്സ് ഒരിക്കൽ അസ്തമയ സമയത്തിങ്കൽ സന്ധ്യാവന്ദനം ചെയ്യുമ്പോൾ സുമാലിയുടെ പുത്രിയായ കൈകസി ചെന്നു 'സന്താനമാശു ദേഹീതി ദേഹീതി' എന്നു പറഞ്ഞു അപ്പോൾ ഗർഭമുണ്ടായി. കൈകസിയുടെ ഈ മൂന്നു പുത്രന്മാരിൽ മഹാവീരപരാക്രമശാലിയായ രാവണൻ.

പത്തു തലയുമിരുപതുകൈകളുമെത്രയും
ഭീഷണനായ് പിറന്നാനവൻ* കൊണ്ടൽ
നിറംപൂണ്ടനീലശൈലംപോലെ രണ്ടാ
മതുമുടനുണ്ടായിതന്യനം* മൂന്നാമതുണ്ടാ
യതുമൊരു രാക്ഷസി ചാന്തുചേർന്നുള്ളവ
ണ്ണം തെളിഞ്ഞീടിനാർ* പിന്നെനാലാമതു
ണ്ണായനൊരുപുമാൻ ധന്യനായ് ഭാഗവ
തോത്തമനായെടോ* നാമം മഹാമുഖനാം
കുംഭകർണ്ണനാം ശ്രീമാൻ വിഭീഷണനെ
ന്നാംവിളിച്ചിതു* താതനാംശ്രവസ്സിനെതി
രഗ്നിക്ക പ്രീതിപൂണ്ടീടിനാർ രൈകക
സിയും തഥാ*

ഈ മക്കളോടുകൂടി കൈകസി കാട്ടിൽ
സുഖമായി പാർക്കുമ്പോൾ പിതാവിനെ
വന്ദിപ്പാനായി വൈശ്രവണൻ പുഷ്പക
വിമാനത്തിൽ കയറിപ്പോകുന്നതു കണ്ടി
ട്ടു രാവണനോടു കൈകസി അങ്ങോട്ടു
നോക്കൂ, ആ വിമാനത്തിൽ കേറി പോ
കുന്നവനേറയും നിനേറയും അച്ഛൻ
തന്നായിരുന്നിട്ടെന്തുഫലം? എന്നു പറ
ഞ്ഞു. ഇതു കേട്ടിട്ട് അമ്മേ ക്ഷമിക്ക
ണം ഇതിലും ഉന്നതസ്ഥിതിയെയാണ്
ഞാൻ പ്രാപിപ്പാൻ പോകുന്നതു എന്നു
പറഞ്ഞിട്ടു രാവണൻ അനുജന്മാരുമായി
തപസ്സിനു പുറപ്പെട്ടു. ശോകേന്ദ്രം പ്രവേ
ശിച്ചു മുഖം ബ്രഹ്മാവിൽ ചിത്തമുറപ്പി
ച്ചു കഠിനമായ തപസ്സുതുടങ്ങി. പതിനാ
യിരമാണ്ടു കഴിഞ്ഞിട്ടും ബ്രഹ്മാവിനെ
കാണായ്കയാൽ ദശാനനൻ ഒരു തലയെ
ടുത്തു അഗ്നിയിലിട്ടു. അയിരമാണ്ടു
കഴിഞ്ഞിട്ടും കാണായ്കയാൽ വീണ്ടും ഒരു
തല ഹോമിച്ചു, പത്തൊമ്പതിനായിര
മാണ്ടു തികഞ്ഞപ്പോൾ ഒരു തല ശേഷി
ച്ചതുംകൂടി അറുപ്പാൻ ഒരുങ്ങിയ അവ
സരത്തിൽ ബ്രഹ്മാവു സംഭ്രമത്തോടു പ്ര
ത്യക്ഷനായി എന്തു വരമാണു വേണ്ട
തു് എന്നു ചോദിച്ചു.

'ദേവഗന്ധർവ്വസുരാരഗാദ്യന്മാരി
ലേവരാലുംഞാനവധ്യനായീടണം
എന്നുവേണ്ടാനരന്മാരാലെഴിഞ്ഞിനി
ക്കന്യരാൽ മൃത്യുവരാതെയിരിക്കണം'.

അനന്തരം അപേക്ഷപ്രകാരം ഭവി
ക്കട്ടെ എന്നു പറഞ്ഞിട്ടു ബ്രഹ്മാവു കും
കർണ്ണനെ പ്രാപിച്ചു് നിദ്രയേയും വി
ഭീഷണനു വിഷ്ണുഭക്തിയേയും കല്പവൃ
ക്ഷനകാലത്തോളം ജീവിതത്തേയും പ്ര
ദാനംചെയ്തു. പിന്നീടു രാവണൻ ലങ്കയെ
ഒഴിപ്പിച്ചുവാങ്ങി മഹാദേവിയുടെ നഗരി
ലോകോപദ്രവത്തിനു വട്ടംകൂട്ടി ലങ്കേ
ശനായ രാവണനെ രാക്ഷസരാജാവാ
യി അഭിഷേകം ചെയ്തു ത്രൈലോക്യ
ത്തെ പീഡിപ്പിച്ചുംകൊണ്ടു രാവണൻ
ലങ്കയിൽ താമസിക്കവെ ഒരിക്കൽ
വേട്ടക്കുപോയ അവസരത്തിൽ പുത്രി
യോടുകൂടി സഞ്ചരിക്കുന്ന മയനെ കാ
ണുകയുണ്ടായി മയസുതയായ മന്ദോ
ദരിയെ രാവണൻ മയനോടു അന്നവാഭ
പ്രകാരം സ്വീകരിച്ചു ലോകോപദ്രവ
കാരിയെന്നു ലോകർ പറയുന്നതു കേട്ടിട്ടു
ഗുണദോഷിപ്പാനായി ഒരിക്കൽ വൈ
ശ്രവണൻ രാവണന്റെ സന്നിധിയി
ലേക്കു ഒരു ദൂതനെ അയച്ചു. അവനെ
രാവണൻ വെട്ടിനുറുക്കിക്കളഞ്ഞു. പി
ന്നീടു വൈശ്രവണനോടു ചെന്നു യുദ്ധം
ചെയ്തു് വിമാനത്തെ പിടിച്ചുപറിച്ചു,
അനന്തരം കൈലാസപർവ്വതം എടുത്തു
അമ്മാനയാടി പരമേശ്വരനോടു ചന്ദ്ര
ഹാസം എന്ന വാൾ വാങ്ങി. പിന്നീടു
വേദവതിയുടെ ശാപം ഏല്പാനിടയായി.
സീതയായി അവതരിച്ചതു ഈ വേദ
വതിയാണത്രേ. അതിന്റെ ശേഷം മരു
ത്തൻ എന്ന ഭൂപതിയുമായി പിണങ്ങി.
ഗുരുപദേശം ഹേതുവായിട്ടു മരുത്തൻ
ക്ഷമിച്ചു. ജയിച്ചുദേവന്മാരോടു രാവ

ണൻ തടന്നു പിന്നെ രാവണൻ അനാരണ്യമഹിപനെ വധിച്ചു. കുറച്ചുകഴിഞ്ഞു് രാവണൻ കാഞ്ചവീയ്യാർജ്ജുനന്റെ കാരാഗൃഹത്തിലെപ്പെട്ടുകിടന്നു. പുലസ്ത്യമുനി രാവണനെ മോചിപ്പിച്ചു. ബാലിയുടെ വാലിൽ രാവണൻ കെട്ടുകൊല്ലം കിടന്നു. പിന്നീടു കൈലാസമെടുത്തു അനേക പതിവ്രതമാരെ ഉപദ്രവിച്ചു പിടിച്ചുടക്കി. പിന്നെ മാർഗ്ഗമദ്ധ്യേ രംഭയെ ബലാൽ സ്വീകരിച്ചു. ദേവേന്ദ്രനോടു രാവണൻ യുദ്ധത്തിനു ചെന്നപ്പോൾ രാവണന്റെ മകൻ മേഘനാദൻ ഇന്ദ്രനെ പിടിച്ചുകെട്ടി കൊടുവിൽ തൈലോക്യം മുടിക്കുന്നതായി അറിയുകയാൽ വിഷ്ണു രാമനായി അവതരിക്കയും രാവണനെ വധിക്കയും ചെയ്തു. (ഈ മാർഗം രാമായണംകൊണ്ടു വ്യക്തമാകുമല്ലോ).

രാവണി - രാവണന്റെ മകൻ, ഇന്ദ്രജിത്തു്.

രാവൃ-ഒരുവക മല്ലു.

രാവം-ശബ്ദം.

രാവിലേ-അം. സൂര്യൻ ഉദിച്ചു ഉടനെ, നേരത്തേ.

രാവുറക്കം-രാത്രിയിൽ പതിവിൻപ്രകാരമുള്ള ഉറക്കം.

രാശി-പു. കൂട്ടം, ക്രമ്പാരം. 2. മേടം തുടങ്ങിയ പന്ത്രണ്ടും. 3. പരശുരാമൻ അടിപ്പിച്ച ഒരു സപ്തന്നാണയം. വ്യ ചക്രം പു.

രാശിക്രമകം 12.

നമ്പർ	രാശികൾ	ക്രൂ	ക്ഷേത്രം
1	അശ്വതി ഭരണി, കാർത്തിക കാൽ	മേടം	കുജൻ
2	കാർത്തിക മുക്കാൽ, രോഹിണി, മകീരം അര	ഇടവം	ശുക്രൻ
3	മകീരം അര, തിരുവാതിര, പുണർതം മുക്കാൽ	മിഥുനം	ബുധൻ
4	പുണർതം കാൽ, പൂയം, ആയില്യം	കർക്കടകം	ചന്ദ്രൻ
5	മകയിരം, പൂരം, ഉത്രം കാൽ	ചിങ്ങം	ആദിത്യൻ
6	ഉത്രം മുക്കാൽ, അത്തം, ചിത്തിര അര	കന്നി	ബുധൻ
7	ചിത്തിര അര ചോതി, വിശാഖം മുക്കാൽ	തുലാം	ശുക്രൻ
8	വിശാഖം കാൽ, അനിഴം, കേട്ട	വൃശ്ചികം	കുജൻ
9	മൂലം, പൂരാടം, ഉത്രാടം കാൽ	ധനു	വ്യാഴൻ
10	ഉത്രാടം മുക്കാൽ, തിരുവോണം, അവിട്ടം അര	മകരം	ശനി
11	അവിട്ടം അര ചതയം, പൂരുരുട്ടാതി മുക്കാൽ	കുംഭം	ശനി
12	പൂരുരുട്ടാതി കാൽ, ഉത്രട്ടാതി, രേവതി	മീനം	വ്യാഴൻ

രാശിപ്പൊരുത്തം.

കന്യക ജനിച്ച ക്രൂവിൽ നിന്നു 2, 5, 7, 8, 9 ഈ ക്രൂകളിൽ ജനിച്ച പുരുഷനെ വർജിക്കണം. 1-മുതൽ 12-വരെ ക്രൂകളിൽ ജനിച്ച പുരുഷനെ ഭർത്താവായി സ്വീകരിക്കാം. കന്യകയുടെ ക്രൂവിൽ തന്നെ ഭിന്നനക്ഷത്രത്തിൽ ജനിച്ച പുരുഷനേയും സ്വീകരിക്കാം.

രാശ്യധിപപ്പൊരുത്തം.

ഒരു ഗൃഹംതന്നെ സ്ത്രീപുരുഷന്മാർ ജനിച്ച ക്രൂകളുടെ നാഥനായിട്ടു വന്നാലും

സ്ത്രീപുരുഷന്മാർ ജനിച്ച ക്രമകളുടെ അധിപന്മാർ അന്യോന്യം ബന്ധുക്കളായിട്ടുവന്നാലും രാശ്യധിപപ്പൊരുത്തം ഭവിക്കുന്നു വിപരീതമായാൽ മേൽപറഞ്ഞ പൊരുത്തം ഭവിക്കുന്നതല്ല.

രാശിപ്രമാണം.

'മേഷോവൃഷാഥമിഥുനം
കർക്കടകസ്സിംഹകന്യകേ
തുലാചവൃശ്ചിദ്ധനുഷീ
മകരകുംഭമീനരാശയഃ'

നാ	വി	രാശി
4	36	മേടം
5	9	ഇടവം
5	29	മിഥുനം
5	19	കർക്കടകം
4	59	ചിങ്ങം
4	53	കന്നി
5	7	തുലാം
5	26	വൃശ്ചികം
5	24	ധനു
4	54	മകരം
4	26	കുംഭം
4	18	മീനം

'നാലേകാലുമീരനൗ
ഘടവൃഷഭേപാദഹീനമഞ്ചുല്യം,
അഞ്ചരപാപകുളീരേ
കന്നിതുലാമഞ്ചുമിച്ചമരേന്ദ്രകാൽ'

(ഇങ്ങനെയും കാണുന്നുണ്ട്)

രാശിചക്രം = മേടം മുതലായ പന്ത്രണ്ടു രാശികളും ഇരിക്കുന്ന ചക്രം, സൂര്യചന്ദ്രന്മാരേയും ഗ്രഹങ്ങളും സഞ്ചരിക്കുന്ന ആകാശമാർഗ്ഗം. (വൃത്താകൃതിയാണ്).

രാശിസ്ഥാനം—രാശികളും ഇരിക്കുന്ന സ്ഥലം.

രാശീകരിക്കുന്നു-കൂട്ടമാക്കിച്ചെയ്യുന്നു.

രാശീശ്വരൻ-അതതു രാശികൾക്കു പ്രത്യേകമുള്ള നാഥൻ.

രാഷ്ട്രം-പ. സ്വരാജ്യം, (രാജ്യം). ശോഭിക്കുന്നത് എന്നർത്ഥം. ഉ. ഉപദ്രവം.

രാഷ്ട്രിക-വി. രാജ്യത്തെ സംബന്ധിച്ച.

രാഷ്ട്രിക-പ. പുത്തരിച്ചുണ്ട. നാട്ടുംപുറത്തുണ്ടാകുന്നത് എന്നർത്ഥം. ഉപദ്രവിക്കുന്നത് എന്നുമാവാം. കണ്ടകാരിച്ചുണ്ട. ഉ. ചൊറവഴുതിന.

രാഷ്ട്രിയ-വി. രാജ്യത്തെ സംബന്ധിച്ച.

രാഷ്ട്രിയൻ – രാജാവിന്റെ മാതൃയുടെ സോദരനായ (അളിയൻ) നാട്യത്തിൽ പറയുന്ന ഒരു പേർ. രാഷ്ട്രത്തിൽ (രാജ്യത്തിൽ) ഏതാനും ചില അധികാരങ്ങൾ ഉള്ളവൻ എന്നർത്ഥം.

രാഷ്ട്രീ-രാജ്ഞി.

രാസകം-ഒരു ഉപകരണം.

രാസക്രീഡ-ഗോപിമാരുടെ കളി.

രാസഭം-കഴുത. ശബ്ദിക്കുന്നത് എന്നർത്ഥം

രാസം. രാസക്രീഡ, രാസമണ്ഡല -കൃഷ്ണനും വൃന്ദാവനത്തിലെ ഗോപികളുമായുള്ള ഒരു നൃത്തനം.

രാസേശ്വരി-രാധ.

രാസ്ന-പ. അരത്ത, ചിറ്റരത്ത. ഉ. ഒനാച്ചി. ആസ്വദിപ്പിക്കപ്പെടുന്നത് എന്നർത്ഥം.

രാഹിത്യം-വേർതിരിച്ചൽ.

രാഹു-നവഗ്രഹങ്ങളിൽ ഒന്ന്, ഒരു രാശിഗ്രഹം. അതിസൂക്ഷ്മരൂപത്തിൽ ആഭ്യം പിടിച്ച് പിന്നീടു വിടുന്നവൻ എന്നർത്ഥം. മറ്റു പേരുകൾ-തമസ്സ്, സ്വർഭാനു, സൈംഹികേയൻ, വിധുന്തുദൻ. (ഗ്രഹണം എന്ന ശബ്ദവും നോക്കുക).

പുരാണപ്രകാരം— രാഹു വിപ്രചിത്തിയുടേയും സിംഹികയുടേയും പുത്രനായ ഒരസുരനാകുന്നു. രാഹുവിനു നാലു കൈയും വാലും ഉണ്ടുപോലും. പണ്ടു സമുദ്രമഥനത്തിൽ കിട്ടിയ അമൃതത്തെ ദേവകൾക്കു വിളമ്പുമ്പോൾ രാഹുവും ദേവകളുടെ വേഷം എടുത്തുചെന്നു പന്തിയിലിരുന്നു ഭക്ഷിപ്പാൻ തുടങ്ങി. കള്ളനെ കണ്ടുനിന്ന സൂര്യചന്ദ്രന്മാർ ഉടനെ ചെന്നു വിഷ്ണുവിനോടു വിവരം ഉണർത്തിച്ചു. ഉടനെ വിഷ്ണു അവന്റെ ശിരസ്സിനെയും രണ്ടു കൈയെയും ശരീരത്തിൽനിന്നു ഛേദിച്ചു വേർപെടുത്തിക്കളഞ്ഞു. എങ്കിലും അവൻ അപ്പോൾ അമൃതത്തെ ഭക്ഷിച്ചുപോയതു നിമിത്തം അമർത്യതയെ പ്രാപിച്ചു. അമൃതം കുടിച്ചു് അമർത്യത സമ്പാദിച്ചുപോയതു നിമിത്തം നക്ഷത്രമണ്ഡലത്തിൽ ഒരു സ്ഥാനം കിട്ടി. ശിരസ്സു് രാഹുവും ശരീരം കേതുവുമായിത്തീർന്നു. സൂര്യചന്ദ്രന്മാർ പരസ്പരം ഏതിരായി നിൽക്കുന്ന പൌർണ്ണമാസി ദിവസങ്ങളിൽ ഉണ്ടാകുന്ന ചന്ദ്രഗ്രഹണങ്ങളും അവർ യോഗത്തിൽ നിൽക്കുന്ന അമാവാസി ദിവസങ്ങളിൽ ഉണ്ടാകുന്ന സൂര്യഗ്രഹണങ്ങളും രാഹു അവരുടെ മേൽ തന്റെ പകവീട്ടുന്നതാണത്രേ. രാഹുവിന്റെ മറ്റു പേരുകൾ-കബന്ധൻ, ഗ്രഹൻ, ഭരണീഭൂ, അഷ്ടപിശാചു്.

രാഹുവും കേതുവും തമോഗ്രഹങ്ങളാണു്. സൂര്യാദികളായ ഗ്രഹങ്ങൾക്കുള്ളപോലെ ഇവർക്കു വാസ്തവമായ ഒരു ബിംബം ഇല്ല. സൂര്യചന്ദ്രന്മാർ സഞ്ചരിക്കുന്ന വൃത്തങ്ങൾ തങ്ങളിൽ യോജിക്കുന്ന സമ്പാതസ്ഥലങ്ങൾക്കാണു് ഈ പേർ.

രാഹുകാലം.

ഞായറാഴ്ച	൭൩	നാഴികയ്ക്കുമേൽ
തിങ്കളാഴ്ച	൩	,,
ചൊവ്വാഴ്ച	൬൨	,,
ബുധൻ	൪൭	,,
വ്യാഴാഴ്ച	൪൨	,,
വെള്ളി	൫൬	,,
ശനി	൭	,,

ഈ ആഴ്ചകളിൽ കാണിച്ച നാഴികയ്ക്കുമേൽ മൂന്നരമുക്കാൽ നാഴിക രാഹുകാലം. രാത്രിയിലും മേൽപ്രകാരം തന്നെ. രാഹുകാലം സകല ശുഭകർമ്മങ്ങൾക്കും വർജ്ജ്യം.

രാഹുഗ്രസനം, -ഗ്രാസം, -ദർശനം, -പീഡാ, -സംസ്പർശനം— ഗ്രഹണം.

രാഹുഗ്രസ്തൻ-രാഹുവിനാൽ ഗ്രസിക്കപ്പെട്ട ചന്ദ്രൻ അല്ലെങ്കിൽ സൂര്യൻ.

രാഹുഗ്രാഹം-ഗ്രഹണം.

രാഹുഹരൻ-ഇന്ദ്രൻ.

രാഹുഹരിഷ്ടം-വെള്ളുള്ളി.

രാഹുഭേദി-വിഷ്ണു.

രാഹുരത്നം-ഗോമേദകം.

രാഹുവേള-ഗ്രഹണം.

രാഹുസൂതകം-ഗ്രഹണം.

രാളം-കുചഞ്ചല്യം എന്ന അങ്ങാടിമരുന്നു്. സുഖത്തെ ഭംഗംചെയ്യുന്നതു് എന്നർത്ഥം.

രി

രിക്ത-ചതുർത്ഥി, നവമി, ചതുർദ്ദശി ഇവ മൂന്നിനും കൂടെയുള്ള പേർ.

രിക്ത-വി. ക. ഒന്നുമില്ലാത്ത, ഒഴിഞ്ഞ. ഉ. പ്രയോജനമില്ലാത്ത.

രിക്തക-വി. ക. ഒന്നുമില്ലാത്ത, ഒഴിഞ്ഞ. ശൂന്യതയുള്ള. ഉ. പാഴായപ്പെട്ട. ന. ഭംഗമില്ലാത്ത. ര. വയറിളക്കപ്പെട്ട.

രിക്തകം- ഇല്ലം, ഒന്നുമില്ലാത്തത്, ശൂന്യം.

രിക്തതം-ഒന്നുമില്ലാഞ്ഞു.

രിക്തപാത്രം-ഒഴിഞ്ഞ പാത്രം.

രിക്തം-പ. നടക്കാവു്. ഉ. ഒഴിവു്, ഒന്നുമില്ലാത്തതു്.

രിക്തഹസ്ത - വി. കൈയിൽ ഒന്നുമില്ലാത്ത.

രിക്ഥം-പ. സമ്പത്തു്. ധനം കറഞ്ഞു പോകുന്നതു് എന്നർത്ഥം. ഉ. സമ്പൂർണ്ണം. ന. പിൻതുടച്ചുവകാശം.

രിക്ഥഹാരി-വി. സമ്പത്തിനെ അനുഭവിക്കുന്ന (നകാരാന്തം).

രിക്ഷാഹാരി-മരിച്ചവന്റെ സമ്പത്തിന്നവകാശമുള്ളവൻ.

രിക്ഷാ-ഈതു്, പേൻമുട്ട.

രിംഖാ-പ. ചതിവു്. ഉ. ഇച്ഛാഭംഗം ന. ഇഴച്ചൽ. ഭ. ആട്ടം. ഇ. കതിരക്കൂമ്പു്.

രിംഗണം, രിംഖണം—നിലത്തെറിഞ്ഞു (വഴുക്കി-കുട്ടികളും മറ്റും) വീഴുന്നതു്, ഇടച്ചു, തെറ്റി വീഴുകയും മറ്റും

'വിഹിതരിംഖണം രഹിതസങ്കടം'

(ഭാഗവതം ൨൪-പുത്തൻ)

രിംഗിണി-കാട്ടുപയർ.

രിടി-പ. ഇടിയുടെ ശബ്ദം. ഉ. കാതടപ്പു്. ന. ഒരു വാദ്യം. ഭ. ഉ(ശ)ശേരിടി. (ശിവനെച്ചരൻ).

രിണ്ഡം-ഒരുതിച്ചു വയ്ക്കുംൽ നീക്കി ചോറു വാൻ ഒരുക്കിവെച്ച മനല്ലു്. (ഉണ്ഡം എന്നതിന്റെ പാഠം).

രിപു-പ. ശത്രു. മോക്ഷങ്ങളെ വെളിപ്പെടുത്തുന്നവൻ എന്നർത്ഥം. ഉ. അടവിക്കുരോധം.

രിപുകർശനൻ- ശത്രുക്കളെ ഉണ്ടാക്കപ്പെടുത്തുന്നവൻ.

'അസ്മൽപുനർഭർത്തം രിപുകർശനൻ'

(നളചരിതം കഥകളി)

രിപുത്വം-ശത്രുത.

രിപ്രം-പ. പാപം. ഉ. അഴുക്കു്.

രിരീ-പിച്ചള.

രിഷ്ടി(കം)-ചെമ്മരിങ്ങ.

രിഷ്ഫം-പന്ത്രണ്ടാമത്തെ രാശി, മീനം രാശി.

രിശ്യ(ഷ്യ)ം-ഒരുവക മാൻ.

രിഷാ-വി. പ ഉപദ്രവിക്കുന്ന. ഉ. നശിപ്പിക്കുന്ന.

രിഷി-മഹർഷി.

രിഷ്ട-വി. പ ഉപദ്രവിക്കപ്പെട്ട ഉ. ഭാഗ്യമുള്ള. ന. നിർഭാഗ്യമുള്ള.

രിഷ്ടാ-പ ശുഭം ഉ ഭാഗ്യം. ന. നിർഭാഗ്യം. ഭ. നാശം. ഇ. പൂളിഞ്ഞി ഉമ്പിമരം. (പൂവത്തി എന്നു തമിഴർ ശീതാഹനം എന്നു മലയാളികൾ). ന. ഐശ്വര്യം. ഒ. ചെമ്മരിങ്ങ.

രിഷ്ടി-പ. വധം. ഹിംസിക്കുന്നതു് എന്നർത്ഥം ഉ. ഭാഗ്യം.

രിഷ്യ-മൃഗഭേദം (ശ്യത്തിന്റെ പാഠം)

രിഹ-ഉപദ്രവിക്ക, കൊല്ലുക.

രീ

രീഠാ-ഉറഞ്ഞി.

രീഡ-നിന്ദ. കൊല്ലുന്നതിനൊട്ടു തുല്യം എന്നർത്ഥം.

രീഡകം-തരണ്ടെല്ലു്.

രീണ-വി. പ. ഒഴുകിയ. ഉ. ക്ഷീണിച്ച.

രീതി-പ പ്രകാരം, വിധം. ഉ. രുചി, ആകൃതി. ന നാട്ടുനടപ്പു്. ഭ. സ്വഭാവലക്ഷണം. ഇ. ഒഴുക്കു് (കലിവു്). ന. പിച്ചു്. ഒ. പുഴ.

'നഗരീനിസദപരിവേഷ്ടാ'
(കിമ്മീരവധം കഥകളി)
വ. പിത്തൃ. ൻ ഇരിമ്പിൻകിട്ടം.

രീതിത്രയം- രൌഢീ, ഗൌഡി, പാഞ്ചാലി ഇവ സ. ര.

'ബന്ധപാരുഷ്യമില്ലാതെ
ശബ്ദകാഠിന്യമെന്നിയെ
സമാസദീർഘകമയും
രൌഢീരീതിയിങ്ങനെ'
'ഓജസ്സംകൊണ്ടു യുംചേർന്നാൽ
ഗൌഡീരീതിയായ്സ്യാദും
പാഞ്ചാലീരീതി രൌഢീ
ഗൌഡീരീതികളുംചേർന്നതാം'

രീതിപുഷ്പ -പിച്ചകപ്പൂവ്, പിച്ചകയിൽ രവച്ചുതിയാൽ അതൽനിന്നുണ്ടാകുന്ന കിട്ടം, കസുമരഞ്ജനം, പുഷ്പരഞ്ജനം. പിച്ചകയിൽ നിന്നു പൂവിനു തുല്യമായുണ്ടാകുന്നതു് എന്നർത്ഥം.

രീതിപ്പെടുത്തുന്നു-ക്രമപ്പെടുത്തുന്നു.

രു

രു-പ്ര. ശബ്ദം. ഉ. ഭയം. ന. യുദ്ധം. ര. പങ്കടുക.

രുക്ക്-പ്ര. വേദന. ഉ. രോഗം. ന. ശോഭ, പ്രഭ. ര. കൊട്ടം.

രുക്പ്രതിക്രിയ- ചികിത്സ വ്യാധിക്കു പകരം ചെയ്ക എന്നർത്ഥം.

രുക്കാരകൻ - രോഗണ്ടാക്കുന്നവൻ, തട്ടാൻ.

രുക്മം-പ്ര. പൊൻ. ഉ. ഇരുമ്പ്. ന. ഉമ്മത്തു്. ര നാകപ്പൂവ്.

രുക്മി-ഭീഷ്മകരാജാവിന്റെ പുത്രനായ വിദർഭരാജാവു്.

ഇയാൾ വയ്യു പറയുന്നവനാണ്. തന്നിമിത്തം രുക്മരഥനും പാണ്ഡവരും ഇയാളുടെ സഹായത്തെ ഉപേക്ഷിച്ചു. സഹോദരിയായ രുക്മിണിയെ കൃഷ്ണൻ ബുദ്ധിമായി മോഷ്ടിക്കുന്നതിൽ രസിക്കാഞ്ഞതിനാൽ യുദ്ധം ചെയ്തു. കൃഷ്ണനോടു തോറ്റു. ഇയാളെ ബലരാമൻ വധിച്ചു.

രുക്മിണി-പ്ര. ശ്രീകൃഷ്ണന്റെ ഭാര്യ, ഭീഷ്മകന്റെ പുത്രി, രുക്മിയുടെ സഹോദരി.

രുക്മിണി കൃഷ്ണന്റെ പ്രധാന ഭാര്യയാണു്. രുക്മിണിയെ കൃഷ്ണൻ വിവാഹംകഴിക്കുന്നതിൽ രുക്മിണിയുടെ മാതാപിതാക്കന്മാർക്കും സഹോദരനും സമ്മതമില്ലായിരുന്നു. അവർ ഈ കന്യകയെ ചേദിരാജാവായ ശിശുപാലനു കൊടുപ്പാനാണു് തീർച്ചയാക്കിയിരുന്നതു്. താൻ കൃഷ്ണനെ അല്ലാതെ മറ്റാരേയും വരിക്കുന്നതിനു തയാറില്ലെന്നും മറ്റുമുള്ള വിവരങ്ങൾ ഒരു ബ്രാഹ്മണൻ മുഖേന രുക്മിണി മുൻകൂട്ടി കൃഷ്ണനെ അറിയിക്കയാൽ മുഹൂർത്തസമയം അടുത്തപ്പോൾ വന്നു ബലാൽ രുക്മിണിയെ തേരിൽ കയറ്റി കൊണ്ടുപോയി. രുക്മി കോപിച്ചുവന്നു. അയാളുടെ തോടി മീശകളും ഭഗവാൻ ഛേദിച്ചു. രുക്മിണിയുടെ ദീനപ്രലാപം ഹേതുവായിട്ടു രുക്മിയെ കൃഷ്ണൻ വധിച്ചില്ല. ശിശുപാലാദികളും കൃഷ്ണനെ എതിർത്തു. എല്ലാവരേയും യുദ്ധത്തിൽ ജയിച്ചു് രുക്മിണിയെ ഭഗവാൻ ദ്വാരകയ്ക്കു കൊണ്ടുപോയി സുഖമായി പാർത്തു. ശ്രീകൃഷ്ണനു രുക്മിണിയിൽ ഉണ്ടായ പുത്രനത്രേ പ്രദ്യുമ്നൻ. ക്രമത്തെ ചാരു, സുചാരു, ചാരുദേഷ്ണൻ, സുദേഷ്ണൻ, ചാരുദേഹൻ, സുഷേണൻ, ചാരുഗുപ്തൻ, ഭദ്രചാരു, ചാരുവിന്ദൻ ഇവരും കൃഷ്ണന്റെ പുത്രന്മാരാകുന്നു. ഒരു പുത്രിയും ഉണ്ടായിട്ടുണ്ടു്. പേർ 'ചാരുമതി'. കൃഷ്ണൻ ഉത്തരായ

ണം പ്രാപിച്ചതിന്റെ ശേഷം തക്മിണിയും മറ്റുള്ള ഏഴു ഭാര്യമാരും ചിതയിൽ കൂടി മഹാപ്രസ്ഥാനം ചെയ്തു.

ഉ. മഞ്ഞപ്പാലുള്ള മല എരുമ.

രഗ്ണ–വി. വളഞ്ഞ, വളച്ച, ഒടിച്ച, ഭഗ്നമായ.

രഥരഥൻ (–വാഹനൻ)–ദ്രോണൻ.

രഥകതം–പാകൃതനകം. Nitrogen.

രഥകം–പ്ര. മാതൃനാരകം. രഥിയെ ഉണ്ടാക്കുന്നത് എന്നർത്ഥം. ഉ. തുവര്പ്പില ഉപ്പ്. ശോഭിക്കുന്നത് എന്നർത്ഥം. ന വയസ്. ർ. ഒരാരേണം. ള. വിഴാൽ. ഴ. പ്രാവ്. ഠ. വെളുത്ത ആവണക്ക്. ഭംഗിയുള്ളത് എന്നർത്ഥം. വ വേങ്ങ ചുട്ട വെണ്ണീർകൊണ്ടുണ്ടാക്കുന്ന ക്ഷാരം. ൻ. പല്ല്. ൧൦. കഴുത്തിലേക്കുള്ള ഒരു പൊന്നാഭരണം.

രഥകാ–ശോഭരോചന.

രഥി–പ്ര. സ്വാദ്. ഉ. ആഗ്രഹം, ഇഷ്ടം. ന. താൽപര്യം. ർ. ശോഭ. ള രശ്മി. ഴ. ഭംഗി. ഠ. ശോഭരോചന. വ അഭ്യാസകർമ്മി.

രഥികര–വി. രഥിയെ ഉണ്ടാക്കുന്ന.

രഥിക്കുന്നു–പ്ര. സ്വാദു തോന്നുന്നു. ഉ. ആഗ്രഹിക്കുന്നു.

രഥിത–വി. പ്ര. മധുരമുള്ള. ഉ. ആഗ്രഹമുള്ള.

രഥിര–വി. പ്ര. സ്വാദു ഭംഗിയുള്ള. ഉ. മധുരമുള്ള. ന. മഹനത്തിനു കൊള്ളാവുന്ന.

രഥിര –പ്ര. ഭംഗിയുള്ളത്. ഉ. വെള്ളി ന. മുള്ളങ്കി. ർ. കുങ്കുമം. ള. ഇലവങ്ങപ്പൂവ്. ഴ മനോഹരം.

രഥ്യ–വി. പ്ര. ഭംഗിയുള്ള, മനോഹരമായ. ഉ. രഥിയുണ്ടാക്കുന്ന.

രഥ്യാകന്ദം–ചേന.

രജ–പ്ര. രോഗം. ഉ. നാശം. ന. ദുഃഖം. ർ കൊട്ടം.

രട്ട്–കോപം.

രണസ്സുരാ – എള്ളപ്പത്തിൽ കരുക്കുവെന്ന പഥ്യം.

രണ്ധം–തലയില്ലാത്ത മേഘം.

രണ്ധികാ–രണാങ്കണം.

രതം–പക്ഷികളുടെ ശബ്ദം.

രഥൻ–കട്ടി.

രഥം–പ്ര. നായ്. ഉ. കോഴി.

രദനം–കരച്ചൽ.

രദിത–വി. കരയിപ്പിക്കപ്പെട്ട.

രദിതം–കരച്ചൽ.

രദ്ധ–വി. പ്ര വിളയപ്പെട്ട ഉ. ഉറപ്പാക്കപ്പെട്ട. ന. അടയ്ക്കപ്പെട്ട ർ. തടുക്കപ്പെട്ട.

രദ്ധം–പ്ര. തടുക്കപ്പെട്ടത്. ഉ. നദി മുതലായതിനാൽ ചുറകപ്പെട്ട ചീവു മുതലായത്.

രദ്ധാ–രസൈന്യം വന്നു ചുറകുക.

രദ്ര–തിരുവാതിര നക്ഷത്രം.

രദ്രഗീതം–ഒരു മന്ത്രം.

പ്രചേതാക്കൾക്കു ശിവൻ കൊടുത്ത താകുന്നു.

രദ്രൻ, രുദ്രർ–ശിവൻ. ദുഷ്ടന്മാരെ രോദിപ്പിക്കുന്നവൻ, ജനനീകാലത്ത് കൽ തന്നതാൻ രോദിച്ചതുകൊണ്ട് രുദ്രൻ എന്ന പേരുണ്ടായി.

രുദ്രോത്ഭവം അനേക പ്രകാരത്തിൽ കാണുന്നു. വിഷ്ണുപുരാണത്തിൽ രുദ്രൻ ബ്രഹ്മാവിന്റെ ഹൃദസ്ഥലിയിൽ നിന്നുണ്ടായതായും അനന്തരം ബ്രഹ്മാവിന്റെ കല്പന ഹേതുവായിട്ട് സ്ത്രീപുരുഷന്മാരായി വിഭാഗിച്ചതായും അവർണ്ണം പതിനൊന്നുപേരായി പെരുകിയതായും

കനേന്നു. ശിവനും രുദ്രനും തന്നേതന്നെ ന്നും ശിവൻ രുദ്രരിൽ മുഖ്യനാണെന്നും വേറെയരിപ്രായവും ഉണ്ട്. രുദ്രർ കശ്യപൻറേയും സുരഭിയുടേയും പതിനൊന്നു പുത്രരാകുന്നു എന്നു മറ്റൊരിടത്തു കാണുന്നു. ബ്രഹ്മാവിനെ ഒരു പുത്രനെ സൃഷ്ടിപ്പാൻ തുടങ്ങിയപ്പോൾ ഒരു കുട്ടിയുണ്ടായതായും ആ കുട്ടി രോദനം ചെയ്തുകൊണ്ടു ഒരു പേർ ചോദിച്ചതായും അനന്തരം ബ്രഹ്മാവു് അവനെ 'രുദ്രൻ' എന്നു വിളിച്ചതായും വീണ്ടും കുട്ടി ഏഴു തവണ കരയുകയാൽ ഓരോ പ്രാവശ്യവും അതിനെ ഭവൻ, ശർവ്വൻ, ഈശാനൻ, പശുപതി, ഭീമൻ, ഉഗ്രൻ, മഹാദേവൻ ഇങ്ങനെ പേരുകളുണ്ടായതായും വിഷ്ണുപുരാണത്തിൽ തന്നെ മറ്റൊരു ഭാഗത്തു വിവരിക്കുന്നു.

രുദ്രന്മാർ—ഏഴു. അജൻ, ഏകപാദൻ, അഹിർബുധ്ന്യൻ, ത്വഷ്ടാവു്, രുദ്രൻ, ഹരൻ, ശംഭു, ത്ര്യംബകൻ, അപരാജിതൻ, ഈശാനൻ, ത്രിഭുവനൻ

രുദ്രപുഷ്പം-ചെമ്പരത്തിപ്പൂ.

രുദ്രപൂജ-ശിവപൂജ.

രുദ്രപ്രിയ-കടുക്ക.

രുദ്രഭദ്ര-ചുടലക്കളം.

രുദ്രരോദനം-സപ്തസ്വരം.

രുദ്രസാവർണ്ണൻ-പതിനൊന്നാമത്തെ മനു.

രുദ്രസ്തു-പതിനൊന്നു കുട്ടികളെ പ്രസവിച്ച സ്ത്രീ.

രുദ്രാക്ഷം-രുദ്രാക്ഷമരം, രുദ്രാക്ഷമരത്തിൻറെ കായ്. (കരവ്).

ഒരു മുഖം ഉള്ളതു-മഹിതം. രണ്ടു മുഖമുള്ളതു്—വരദർശനം. നാലുമുഖമുള്ളതു്—ബ്രഹ്മാവു. അഞ്ചു മുഖമുള്ളതു്—ഹരൻ. അറുമുഖമുള്ളതു—ഗുഹൻ.)

രുദ്രാക്ഷാവലി ധാരണമെന്നതു
ശ്രുതിസ്മൃതികൾക്കു ദൂഷണമല്ലതു
രുദ്രപ്രീതിയവക്കുവിപ്പാൻ
രുദ്രനിതെന്നു മഹാജനപക്ഷം.

(പ്രദോഷമാഹാത്മ്യം തുള്ളൽ)

രുദ്രാണി-ഏ. പാർവ്വതി. (രുദ്രസ്യ സ്ത്രീ=രുദ്രാനീ=രുദ്രാണീ). ൨. ഏഴു വയസ്സുള്ള പ്രായമുള്ള സ്ത്രീ

രുദ്രാവാസം-ഏ ശൈലഭവനം. ൨. കാശി. ൩ ചുടലക്കളം.

രുധിരൻ-ചൊവ്വ എന്ന ഗ്രഹം.

രുധിരം-ഏ. ചോര ചമ്മന്തിയരച്ചു വെച്ചിട്ടുള്ളതു് എന്നർത്ഥം. ൨. കുങ്കുമം.

രുചിഗു-കോഴി.

രുമ-ഏ. ഉപ്പുപടന. ൨. വാനരരാജാവായ സുഗ്രീവൻറെ ഭാര്യ.

രുമണ്വാൻ-രേണുകയുടെ ഒരു പുത്രൻ.

രുരു-ഏ. കറുപ്പും ചാരനിറവും കലർന്ന മാൻ, വൻ കരിമാൻ, കറുപ്പു ചാരലുള്ള കലമാൻ. നാലവിളിക്കുന്നതു് എന്നർത്ഥം. ൨. ഒരു മുനി. (പ്രമതി എന്ന മുനിക്കു ഘൃതാചിയിലുണ്ടായവൻ) ൩. നായ്.

രുവുകം-ആവണക്കു്.

രുശതി-ചീത്തവാക്കു്, അമംഗലവചനം. അന്യനെ കെട്ടുന്നതു് എന്നർത്ഥം.

രുഷ-കോപം. ('ക്രോധോ മന്യു: ക്രുധാ രുഷാ' എന്ന ശബ്ദാർണ്ണവം).

രുഷം-മീൻ.

രുഷിത-വി. കോപിച്ച.

രുഷ്ട-വി കോപിച്ച.

രുഷ്ടി-ആവണക്കു്.

രുഹ-ഒരു പുല്ലു്, കറുക. മുറിച്ചാലും കൊടിച്ചുണ്ടാവുന്നതു് എന്നർത്ഥം.

രഹസ്യം. ക. മുടിയ്ക്കുന്ന. ഉ. കരേമന്ന.

രഹസ്യകം-ക. ഭോരം. ഉ. ഗൃഹ.

ശ്ര

ശ്രക്ഷ-വി. കട്ടപ്പുമുള്ള. ഉ. പരുക്ഷമായ; ന. ചവപ്പുള്ള.

ശ്രക്ഷത-ക. കട്ടപ്പം. ഉ. പരുക്കം. ന. ചവപ്പ്.

ശ്രക്ഷ്ണൻ-ക. കട്ടപ്പുമുള്ളവൻ. ഉ. പ്രേമമില്ലാത്തവൻ.

ശ്രക്ഷ്ണം-ക. പുക്ഷം. ഉ. തീക്ഷ്ണം. ന. ചവപ്പുള്ളത്. ര. കട്ടപ്പുമുള്ളത്. ഇ. മൂർക്ക്. ണ. ചേരുമരം. ഒ. സ്നിഗ്ധം (മെഴുകുമയം) ഇല്ലായ്മ, സ്നിഗ്ധതയില്ലാത്തത്.

ശ്രുഡ-വി. ക. നിശ്ചയമുള്ള. ഉ. പ്രസിദ്ധമായ. ന. മൂടിയ്ക്കപ്പെട്ട. ര. ജനിച്ച. ഇ. പാരമ്പര്യ ന്യായമുള്ള.

ശ്രുഡകം-തിപ്പലിമൂലം.

ശ്രുഡശബ്ദങ്ങൾ-മറെറാന്നിന്റെ അപേക്ഷ കൂടാതേയും കാരണത്തെ ആശ്രയിക്കാതേയും സംസാരിക്കുന്നതിനു വേണ്ടി നിശ്ചയിച്ചിട്ടുള്ള പദങ്ങൾ.

ശ്രുഡി-ക. പ്രസിദ്ധം. ഉ. പരിചയം. ന. പാട്ടുകൾക്ക പതിവായി പറഞ്ഞു വരുന്ന അർത്ഥം. ര. വഴിപാട. ഇ. വഴക്ക്. ഇ. ജനനം. ണ കീർത്തി. ഒ. കീഴ്നടപ്പ്.

ശ്രുപകത്രയം-നാട്യം, നൃത്യം, നൃത്തം.

ശ്രുപകാവയവം-വസ്തു, നായകൻ, രസം.

ശ്രുപകാതിശയോക്തി-ഒരലംകാരം.

ശ്രുപകം-ക. നാട്യശാസ്ത്രത്തിയിൽപെട്ട ഒരുതരം കൃതികളുടേ പേർ. അഭിനയം കൊണ്ട് ഒരു കഥയെ ശ്രുപപ്പെടുത്തുന്നത്. (ദശശ്രുപകം എന്നതു നോക്കുക).

സംഗീതത്തോടുകൂടി അഭിനയിച്ച് അളുകളെ രസിപ്പിക്കുന്നതിനുള്ള സംഹിത്യകൃതികളും പ്രാചീനഭാരതകവികളും മൊത്തത്തിൽ കൊടുത്തിരിക്കുന്ന പേർ.

ശ്രുപകം-ക൧ വിധം. ഉപശ്രുപകം-ക൨൪ വിധം. ശ്രുപകത്തിന്റെ പ്രധാനംശം. ക വസ്തു (കഥാശരീരം). ഇതു രണ്ടുവിധം-ആധികാരികം, പ്രാസംഗികം. ഉ. നേതാവ് (നായകൻ). ന. രസം.

ശ്രുപകങ്ങളുടെ അവാന്തരവിഭേദങ്ങൾ:—

ക. രസംസംവ്പ്രധാനവും അതാതു ഭാവരസത്തിനു അനുസരണങ്ങളായ അഭിനയം ഇടക്കിടക്കായും ഉള്ള നാടകം മുതലായ 'നാട്യകൃതികൾ'.

ഉ. ഭാവപോഷകവും സംവ്പ്രധാനവും നടൻ ഉച്ചരിക്കുന്ന ഓരോ വാക്കിനനുസരണമായുള്ള അഭിനയം അത്യാവശ്യവുമായ ഭാണം മുതലായ 'നൃത്യകൃതികൾ'.

ന. താളലയം സംവ്പ്രധാനമായും ഇതിനനുസരണമായ ഗാനനൃത്തനാഭിനയങ്ങളിൽ പ്രയോഗചാതുര്യം വേണ്ടതായും ഇരിക്കുന്ന 'നൃത്തകൃതികൾ.'

ഉപശ്രുപകങ്ങൾ ക൨൪.

പേർ ഉദാഹരണം.

1. നാടിക—രത്നാവലി.
2. ത്രോടകം—വിക്രമോർവ്വശീയം.
3. ഗോഷ്ഠീ—രൈവതകാനേകം.
4. സട്ടകം—കർപ്പൂരമഞ്ജരി.

5. നാട്യരാസകം—നൽകാവതി.
6. പ്രസ്ഥാനം—ശൃംഗാരതിലകം.
7. മല്ലരൂപ്യം—ദേവീമഹാദേവം.
8. കാവ്യം—യാദവോദയം.
9. പ്രേഖണം-ബലിവധം.
10. രാസകം—മേനകാഹിതം.
11. സംലാപകം—മയകപാലികം.
12. ശ്രീഗദിതം—സുഭദ്രാഹരണം.
13. ഭില്ലകം—കനകവതീമാധവം.
14. വിലാസികം—കൃതകയവധം.
15. ഉമ്മല്ലികം—ഇന്ദുമതി.
16. പ്രകരണി—ദുഷ്ടബന്ധം.
17. ഹല്ലീശം—കേളീരൈവതകം.
18. ഭാണികം—കാമദത്തം.

ഉ. ഒരലങ്കാരം.

ഉപമാനവും ഉപമേയവും രണ്ടു വസ്തുക്കളല്ല, ഒന്നുതന്നെ എന്നു അഭേദം കല്പിച്ചു ഉപമാനധർമ്മത്തെ എടുത്തു ഉപമാനധർമ്മത്തെ എടുത്തു ഉപമേയത്തിൽ ചെയ്കുന്നതു് രൂപകാലങ്കാരം.

ന. സ്വരൂപം. ര. രൂപം (നാണയം).

രൂപക്കേട്ട്-ക്ര. വിരൂപം. ഉ. അറിവില്ലായ്മ. ന. ക്രമക്കേട്.

രൂപണം-ക്ര. അന്വേഷണം, പരിശോധന, പരീക്ഷ.

രൂപഹണം-സൌന്ദര്യം.

രൂപ-വി. തുല്യതയുള്ള.

രൂപകസമാസം-(വ്യാകരണത്തിൽ) ഒന്നു മറ്റൊന്നുതന്നെ എന്നു വ്യത്യാസമില്ലാത്ത അർത്ഥത്തിൽ രണ്ടു വിശേഷ പദങ്ങളും തമ്മിൽ സമസിക്കുന്നതു്. ഉ-ം മനക്കരുത്തു് = മനസ്സുകൊണ്ട കരുത്തു്.

രൂപം-ക്ര. ആകൃതി, രൂക്ഷ. ഉ. വിഗ്രഹം. ന. മംഗി. ര. പ്രത്യക്ഷത. ള. അറിവു്. ഴ. കള്ളി. ഒ. സൌന്ദര്യം.

യാതൊന്നിനെക്കണ്ടാൽ പ്രാണികളുടെ നേത്രേന്ദ്രിയം വിശേഷേണ മോഹിച്ചു് തന്മുഖമായിത്തീരുന്നുവോ അതു രൂപം.

രൂപംകെട്ടവൻ-ക്ര. മോഷ്ടാവു്, അറിവില്ലാത്തവൻ. ഉ. മംഗിയില്ലാത്തവൻ.

രൂപലാവണ്യം-സൌന്ദര്യം.

രൂപവൽ-വി. രൂപമുള്ള, സൌന്ദര്യവും മറ്റുമുള്ള. (വാൻ, വതി, വൽ)

രൂപസാരം-സൌന്ദര്യസാരം.

രൂപാ-ഒരു നാണയം. (ക്ര. വെള്ളിരൂപാ. ഉ. പൊന്നുരൂപിക)

ഒരു വെള്ളിബ്രിട്ടീഷ് രൂപക്കു ചക്രം ഇരുപത്തിയെട്ടര. ഒരു തിരുവിതാംകൂർ രൂപക്കു ചക്രം ഇരുപത്തിയെട്ടു്. ഒരു രൂപാത്തുക്കം എന്നതു ന. ഗ-പ്രമിതം (രത്നാവലി) ആകുന്നു.

രൂപാജീവാ-വൈശ്യസ്ത്രീ. സൌന്ദര്യം ഉപജീവനമായിട്ടുള്ളവൾ എന്നർത്ഥം.

രൂപാന്തരപ്പെടുന്നു-രൂപം മറുന്നു.

രൂപാന്തരം-വേറൊരു രൂപം, ആകൃതിഭേദം.

രൂപി-വി. സൌന്ദര്യമുള്ള.

രൂപിക-ക്ര. രൂപ. ഉ. വെള്ളിരൂപിക്കു്.

രൂപിക്കുന്നു-ക്ര. രൂപമാക്കുന്നു. ഉ. കണ്ടറിയുന്നു.

രൂപിണി-രൂപവതി.

രൂപീകരിക്കുന്നു-നല്ല ആകൃതി വരുത്തുന്നു.

രൂപ്യ-വി. ക്ര. വെള്ളികൊണ്ടുള്ള. ഉ. മംഗിയുള്ള.

രൂപ്യം-ക്ര. വെള്ളി. രൂപകൃയയെ ചെയ്യുന്നതു എന്നർത്ഥം. ഉ. പണിചെയ്ത വെള്ളി. ന. പണിത പൊന്നു്, ര.

ഉരുക്കി രൂപാകൃതിയായി അടിച്ചുണ്ടാക്കിയ സാധനം അല്ലെങ്കിൽ വെള്ളി. അതു വുണ്ടാക്കിയ പാത്തേരുകൂടിയതു എന്നർത്ഥം. ഉ. നല്ല രൂപത്തേരുകൂടിയതു

രൂപ്യാചലം-കൈലാസം, വെള്ളിമലമല.

രൂപ്യാധ്യക്ഷൻ-വെള്ളിവകകളുടെ വിചാരിപ്പുകാരൻ വെള്ളി മുതലായതിരിക്കുന്ന ഭണ്ഡാരത്തിലെ അധികൃതൻ.

രൂഷികം-ആടലോടകം.

രൂഷിത-വി. പൊടിക്കപ്പെട്ട. ഉ. മൂടപ്പെട്ട ന. അലങ്കരിക്കപ്പെട്ടം. ര. വ്യാപിക്കപ്പെട്ട. ഉ. പൂശപ്പെട്ട.

രൂഷിതം-പൊടി മുതലായതു പിരണ്ടു സ്വസ്വഭാവം മാറുന്നതു കിടക്കുന്നതു്.

ര

രെന്തിടുന്നു-കുമ്മായം പൂശുന്നു.

—:o:—

രേ

രേ-പ്ര. സമന്മാരെ വിളിക്കുന്നതിനുപയോഗിക്കുന്ന ഒരു വ്യാക്ഷേപക പദം. ഉ. ഹേടാ!

രേകം-പ്ര. തവള. ഉ. സംശയം. ന. സാധനം.

രേകൻ-ഹീനൻ, നീചൻ.

രേകണം-സാധനം.

രേഖ-പ്ര. വരി, വര. ഉ. ചതിവു്. ന. പരിപൂർണ്ണത. ര. ചിഹ്നങ്ങളിൽ ഒന്നു്.

ചിഹ്നം രേഖ'—'പുതുക്കിപ്പറഞ്ഞതിനെ വിവർക്കുന്നു എന്നും മറ്റും ഇതു കുറിക്കുന്നു.

രേഖക-വി. വയറിളക്കുന്നതിനുള്ള.

രേഖകം-പ്ര. ഒരുവക മുപ്പു്. ഉ. മയിലെള്ളു്. ന. വയറിളക്കുക. ര. മുഴുവൻ പ്രാണനായുമത്തെയും രണ്ടു മാർഗങ്ങളായി വിഭജിച്ചതിൽ ഒന്നു്. (മറ്റേതു പൂരകം). പ്രാണവായുവിൽ അപാനനെ ഹോമിക്കുക. ഉ. ചവക്കാരം. ന. അഴിഞ്ഞിൽ. ഒ. നേർവാളം. വ. കമ്പിപ്പാലു.

രേഖകി-കട്ടക്കു.

രേഖന-ഒരു മരുന്നു്.

രേഖനം-പ്ര. വയറിളക്കം. ഉ. കംകെട്ടം. ന. ശർക്കര.

രേഖനി-പ്ര. തൃകോല്പക്കോന്ന. വിരേചിപ്പിക്കുന്നതു് എന്നർത്ഥം. ഉ. കമ്പിപ്പാലു. ന. ശോരോചന.

രേഖിത-വി. ലുധിയാക്കപ്പെട്ട, വിരേചനം വരുത്തപ്പെട്ട.

രേഖിതം-ഇളമട്ടിലുള്ള അംശുശമനം.

രേണു-പ്ര. പൊടി. പറക്കുന്നതും ക്രുടിച്ചേരുന്നതും എന്നർത്ഥം. ഉ. ഒരു മരുന്നു്. ന. സൂര്യവംശത്തിലെ ഒരു രാജാവു്.

രേണുക-പ്ര. പരശുരാമന്റെ അമ്മ, സൂര്യവംശത്തിലെ പ്രസേനജിത്തിന്റെ പുത്രി, ജമദഗ്നിയുടെ പത്നി,

അഞ്ചു പുത്രന്മാരൊന്നിച്ചു ജമദഗ്നിമുനി തന്റെ പത്നിയായ രേണുകയുമായി നമ്മുടെ നദിയുടെ തീരത്തിൽ പാർത്തിരുന്നു. രേണുക ഒരു നല്ല പതിവ്രതയായിരുന്നു. നദിയിൽ ചെന്നു രേണുക മണ്ണെടുത്തുരുട്ടുമ്പോൾ പാതിവ്രത്യശക്തികൊണ്ടു് അതതു കടമായിത്തീരും. ഇങ്ങിനെ കടമുണ്ടാക്കിയാണു് പതിവായി ജലം കൊണ്ടുവരിക. ഒരിക്കൽ ചിത്രരഥൻ എന്ന ഗന്ധർവ്വൻ നിഴൽ

നദിയിൽ കാണുകയാൽ പാതിവ്രത്യത്തിനു ഭംഗം വന്നു. മണ്ണുകൊട്ടിയതു കൊടുമാകുഞ്ഞു് വിഷമിച്ചു വസതിയിൽ വന്നു വിവരം മുനി അറിഞ്ഞ ഉടൻ രേണുകയെ വധിപ്പാൻ അഞ്ചു പുത്രരോടും ആജ്ഞാപിച്ചു. പരശുരാമൻ മാത്രം അനുസരിച്ചു് മാതാവിന്റെ കഴുത്തു വെട്ടി. സന്തുഷ്ടനായി എന്തു വേണമെന്നു മകനോടു ചോദിച്ചു. അമ്മയെ ജീവിപ്പിക്കണമെന്നു പറഞ്ഞു. അതിനു മുമ്പു് ജീവിപ്പിച്ചു രേണുകയുടെ അഞ്ചു പുത്രന്മാർ-രുമണ്വാൻ, സുഷേണൻ, വസു, വിശ്വാവസു, പരശുരാമൻ.

പ. അരേണുകം

രേണുരുക്മിതം-കഴുത.

രേണുസാര കം-കർപ്പൂരം

രേതം-പ. രസം. പ. ജലം. നു. നെയ്യു്.

രേതസ്സു്-ബീജം, ശുക്ലം. സ്ത്രീസന്നികർഷത്തിൽ സ്രവിക്കുന്നതു് എന്നർത്ഥം.

രേഫ-വി. പ. നിന്ദ്യതയുള്ള. പ. അരവശ്രുതിയുള്ള.

രേഫം-പ. 'ര' എന്ന അക്ഷരം. പ. രാഗം, അഗ്രഹം, നു. ജാത്യാചാരകുലാദികളെ രക്ഷിക്കുവാൻ നിന്ദിക്കപ്പെട്ടതു്.

രേഫാന്തം-തേർന്റെ മുമ്പുറം.

രേരിഹാണൻ-പ. ശിവൻ. പ. രാക്ഷസൻ. നു. കള്ളൻ

രേരേ-എടാ എന്ന ഹീന സംബോധനം.

രേവ-പ. നർമ്മദാനദി. കത്തിയൊഴിച്ചു പോകുന്നതു് എന്നർത്ഥം. പ. രതി നു. അമരി.

രേവതി-പ ഇരുപത്തേഴാമത്തെ നക്ഷത്രം പ. ബലരാമന്റെ ഭാര്യ, രൈവതനുപരന്റെ മകളും.

രേവതി അതി സുന്ദരിയായിരുന്നു രേവതിക്കു അനുരൂപനായ ഒരുവനെ കിട്ടാഞ്ഞു് അക്കാര്യത്തെക്കുറിച്ചു ആലോചിപ്പാനായി പിതാവു് ബ്രഹ്മാവിനെ പ്രാപിച്ചു. അദ്ദേഹം വിഷ്ണുവിനെ വർണ്ണിച്ചിട്ടു് അദ്ദേഹത്തിന്റെ ഒരംശം ബലരാമനായി അവതരിച്ചിട്ടുണ്ടെന്നു പറഞ്ഞു. താനറിയാതെ രൈവതൻ ബ്രഹ്മലോകത്തു വളരെക്കാലം പാർത്തു് തിരിയെ ഭൂമിയിലേക്കു വന്നപ്പോൾ മനുഷ്യരെ മറിയ നിലയിൽ കാണുകയുണ്ടായി. അവർ വലിപ്പം കുറഞ്ഞും ശക്തി ക്ഷയിച്ചും ബുദ്ധി മന്ദിച്ചും കാണപ്പെട്ടു. രൈവതൻ മകളെ ബലരാമനു നൽകി. രേവതിക്കു നീളം കൂടിപ്പോയതുനിമിത്തം ബലരാമൻ ഹലായുധംകൊണ്ടു നീളം കുറച്ചിട്ടു് ഭാര്യയായി അംഗീകരിച്ചു.

രേവതീരമണൻ-ബലഭദ്രൻ.

രോഹന്തൻ-സൂര്യന്റേയും സംജ്ഞയുടേയും പുത്രൻ. ഗ്രഹകന്മാരുടെ പ്രധാനി. ഹയവാഹനൻ എന്നും വിളിക്കുമുണ്ടു്.

രോഷണം-അലച്ചു്, ശബ്ദം.

—:o:—

രൈ

രൈഭ്യൻ-ഒരു മുനി.

രൈരൈയൻ രൈവതരാജന്റെ സ്നേഹിതനാണു്. അർവ്വസു, പരാവസു എന്ന രണ്ടു പേരും രൈഭ്യന്റെ പുത്രന്മാരാണു്. ഒരു മാനാണെന്നു തെറ്റിദ്ധരിച്ചു തന്റെ പിതാവിനെ പരാവസു വധിച്ചു. ഇതിനു കാരണം രൈവതരാജന്റെ ശാപമാകുന്നു. അനന്തരം അർവ്വസു വനത്തിൽ ചെന്നു തപസ്സു തുടങ്ങി. ഇതു സഹോദരന്റെ പാപമോചനത്തിന്നായിട്ടായിരുന്നു. തിരിച്ചു വന്നപ്പോൾ അനുജനെ കൊന്നതു അർവ്വസു വാണെന്നു് പരാവസു പറഞ്ഞു. തന്നിമിത്തം

അവ്രവസു വീണ്ടും വനത്തിൽ ചെന്നു തപസ്സ് ആരംഭിച്ചു. ഇതിൽ ദേവന്മാർ സന്തുഷ്ടരായിട്ട് പരാവസുവിനെ രാജ്യഭ്രഷ്ടനാക്കി രൈഭ്യനെ പിന്നെയും ജീവിപ്പിച്ചു. ('യവക്രീതൻ' എന്നതു നോക്കുക).

രൈവതം-പ്ര. ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം. ഉ. വൻകൊന്ന.

രൈവതകം-പ്ര. ഒരു പർവ്വതം.

ഈ പർവ്വതം ദ്വാരകാരാജധാനിയുടെ അടുക്കലാണ്. ഇവിടെ സൈവരസഞ്ചാരത്തിന്നായി ചില വേനങ്ങളും ഉദ്യാനങ്ങളും മുതലായവയും ഉണ്ടാക്കി അവയെ സൂക്ഷിക്കുന്നതിനായി ചില കാവൽക്കാരേയും ശ്രീകൃഷ്ണാജ്ഞകൊണ്ട് നിയമിച്ചിട്ടുണ്ടായിരുന്നു.

ഉ. ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം.

രൈവതൻ-പ്ര. ശിവൻ. ഉ. ഒരസുരൻ.

സുന്ദരിയായ രേവതിയുടെ അച്ഛനായ രൈവതൻ ബ്രഹ്മാവിന്റെ ഉപദേശാനുസരണം രേവതിയെ ബലഭദ്രനായിക്കൊണ്ടു കൊടുത്തു. രേവതന്റെ പുത്രൻ = രൈവതൻ.

നാ. അഞ്ചാമത്തെ മനു.

—:o:—

രൊ

രൊക്കം-വി. ഉടൻ തന്നെ കൊടുക്കുന്ന

രൊക്കവില-ഉടൻ തന്നെ കൊടുക്കുന്ന വില.

രോ

രോകം-പ്ര. ദ്വാരം. രന്ധ്രം (ഓട്ട). പ്രകാശിക്കുന്നത് എന്നു ശബ്ദാർത്ഥം. പ്രകാശിപ്പിക്കുന്നത് എന്നുമാവാം. ഉ. വള്ളം. നാ. രോകം. മാറാം.

രോക്ക-മിനുസം വരുത്തുന്ന ഒരുമാതിരി ഉളി.

രോഗം-വ്യാധി, ദീനം. ദേഹത്തെ ചീത്തയാക്കിത്തീർക്കുന്നത് എന്നർത്ഥം.

ഭരണി, കാർത്തിക, തിരുവാതിര, ആയില്യം, മൂലം, ചോതി, കേട്ട, അവിട്ടം, ചതയം ഈ നാളുകളും ചതുർത്ഥി, ഷഷ്ഠി, നവമി, ദ്വാദശി ഈ പക്ഷങ്ങളും ഞായർ, ചൊവ്വാ, ശനി ഈ ആഴ്ചകളും ക്രൂരിയ ദിവസങ്ങളിൽ രോഗം തുടങ്ങിയാൽ ശമിക്കുകയില്ല. രോഗങ്ങൾ പാപഫലവും ചികിത്സ അതിനുള്ള പ്രായശ്ചിത്തവുമാണെന്നു കാണുന്നു. 'ചികിത്സിതം ഹിതം പത്ഥ്യം പ്രായശ്ചിത്തം ഭിഷഗ്ജിതം' എന്നുണ്ട്. അതുകൊണ്ട് അസാദ്ധ്യമാണെന്നു തീർച്ചപ്പെട്ട രോഗങ്ങളിൽ പോലും ചികിത്സ അത്യാവശ്യമാണെന്നും അവഗണിച്ചു ചികിത്സ ചെയ്യാതെ ഉപേക്ഷിക്കുന്ന പക്ഷം ആ രോഗത്തിനു കാരണമായ പാപം തീരാതെ അനുഭവിച്ചു നിൽക്കുമെന്നും പിന്നത്തെ ജന്മത്തിൽ ആ രോഗംതന്നെ വീണ്ടും അനുഭവിക്കേണ്ടി വരുമെന്നും ശാസ്ത്രാന്തരങ്ങൾകൊണ്ടു വെളിവാകുന്നു.

രാത്രി തൈർ കൂട്ടുക, പുരുഷസ്ത്രീശയനം, കാലത്തേ വെയിൽ കൊള്ളുക, ടൂക്കിച്ചു ജലം ഉപയോഗിക്കുക, പ്രേതധൂമം ഏല്ക്കുക-ഇവയത്രേ "രോഗവർദ്ധനകാരണപഞ്ചകം"

രോഗദ്വയം-പ്ര. കായികം, മാനസികം. ഉ. നിജം, ആഗന്തുകം.

രോഗഹാരി-വൈദ്യൻ. രോഗത്തെ ഹരിക്കുന്നവൻ (കളയുന്നവൻ) എന്നർത്ഥം. രോഗം മാറുവാൻ ശീലമുള്ളവൻ എന്നുമാവാം.

രോഗാധിഷ്ഠാനഭയം-കായം, മനസ്സ്.

രോഗി-വി. രോഗമുള്ള. (ന) രോഗമുള്ളവൻ.

രോഗി കിടക്കുന്ന മുറിയിൽ ധാരാളം സ്ഥലവായു ഉണ്ടായിരിക്കണം. കിടക്കയുത്തിയായി സൂക്ഷിക്കണം. നാറിയതും മുഷിഞ്ഞതുമായ വസ്ത്രങ്ങൾ രോഗിയെ ധരിപ്പിക്കരുതു്. പനിയുണ്ടായാൽ ഉപവസിക്കുന്നതു് നല്ലതാണ്. വിശപ്പു തോന്നിയാൽ പൊടിയരിക്കഞ്ഞി കുടിക്കാം. മരുന്നു കുറഞ്ഞ ഉപയോഗിക്കരുതു്.

രോഗിശുശ്രൂഷാചതുഷ്ടയം-ധനം, വൈദ്യവീധിയെ അനുസരിക്കുക, രോഗസ്ഥിതിയെ ധരിപ്പിക്കാനുള്ള സാമർത്ഥ്യം, മനോബലം ഇവ ൪-ം.

രോഗേതര-വി. രോഗമില്ലാത്ത, സുഖമായ.

രോചക-വി. രുചിയുണ്ടാക്കുന്ന, ഇഷ്ടമുണ്ടാക്കുന്ന.

രോചക-വാഴ.

രോചകം-ക്ര. വിശപ്പ്, രുചി. ഉ. വാഴപ്പഴം. നു. ഒരുമാതിരി ഉള്ളി.

രോചന-വി. ക്ര. വിശേഷമുള്ള. ഉ. ഭംഗിയുള്ള. നു. രുചിയുണ്ടാക്കുന്ന.

രോചന-ക്ര. ചെങ്ങഴിനീർ. ഉ. ഗോരോചന.

രോചനം-ക്ര. പഞ്ഞിമരം; ഉ. വൻകുന്നി. നു. കുരങ്ങ്. ൪. ജോനകനാരകം. ങ. കട്ടകപ്പൂമിനാരകം. ന. രുചി. ഒ. ഉണ്ട്. വു. അഴിഞ്ഞിൽ൯ തായ്മരം.

രോചനം എന്നതിനു കണ്ണിലവു്, മുള്ളിലവു്, (ചിറ്റിലവു്) മലയിലവു്, കാട്ടുപൂമ ഇങ്ങനെ പല പേരുകളും കാണുന്നു.)

രോചനീ-ക്ര. ഗോരോചന. ഉ. മൂലയുടെ അരി. നു. ശ്രേഷ്ഠതയുള്ള സ്ത്രീ. ൪. രോചനാമരം. ങ. നെല്ലി. ന. മനയോല. ഒ. കമ്പിപ്പാല. വു. രോചകമുല്ല്. ശോഭിക്കുന്നതു് എന്നർത്ഥം. ൯. ത്രികോല്പക്കുന്ന. വിരേചിപ്പിക്കുന്നതു് എന്നർത്ഥം.

രോചമാന-വി. ക്ര. ഭംഗിയുള്ള, ശോഭയുള്ള. ഉ. രുചിയുണ്ടാക്കുന്ന.

രോചമാനം-കതിരയുടെ കഞ്ഞിരോമം.

രോചി-ചീര.

രോചിത-വി. രുചിയുണ്ടാക്കപ്പെട്ട.

രോചിഷ്ണു-വി. ക്ര. അലങ്കരിക്കപ്പെട്ട. ഉ. ശോഭയുള്ള. (ത്രിഷു).

രോചിഷ്ണു-അലങ്കാരാദികളെക്കുറിച്ചു അതിശയേന ശോഭിക്കുശീലമായിട്ടുള്ളവൻ. മറ്റൊരു പര്യായം-ദ്രോചിഷ്ണു.

രോചിസ്സ്-ശോഭ, പ്രഭ. സ്ഥലമാക്കുന്നതു എന്നർത്ഥം.

രോദനം-ക്ര. കരച്ചൽ, നിലവിളി. ഉ. കണ്ണുനീർ.

രോദനി-കരയിക്കുന്നതു എന്നർത്ഥം.

രോദസ്സ്, രോദസി-ആകാശവും ഭൂമിയും.

രോദിക്കുന്ന-കരയുന്ന.

രോദിത-വി. കരഞ്ഞ.

രോധന-വി. രോധിക്കുന്ന, തടവുണ്ടാക്കുന്ന (നൻ, നീ, നം).

രോധനൻ-ബുധൻ എന്ന ഗ്രഹം.

രോധനം-തടവു്, വിരോധം.

രോധം-തീരപ്രദേശം.

രോധവൃക്ഷം-നീർമാതളം.

രോധസ്സ്-തീരം. തടുക്കുന്നതു് എന്നർത്ഥം.

രോധി-തടുക്കുന്നവൻ.

രോധിക്കുന്നു–തടയുന്നു.

രോഹിണി–പ. തടുക്കുന്നവൾ. ഉ. ചിഹ്നങ്ങളിൽ ഒന്ന്.

ചിഹ്നം ; —മഹാവാക്യങ്ങളിലുള്ള ഉപവാക്യങ്ങളെ വേർതിരിക്കുന്നും മറ്റുമാണ് ഖണ്ഡിന്റെ കൃത്യം. ഇതിനെ അർത്ഥവിരാമങ്ങളിൽ ഉപയോഗിക്കണം.)

രോധോവക്ത്രാ–നദി.

രോമ്പം–പാമ്പിൻപാറി.

രോപണം–പ. കന്നിൽ വെക്കുക. ഉ. നടുക. ന. ഉയർത്തുക. ർ. ബുദ്ധിയുടെ ഒരു ഭേദം.

ഇ. വ്രണത്തെ ഉണക്കുന്നത്.

രോപം–പ. അമ്പ്. മോഹിപ്പിക്കുന്നത് എന്നർത്ഥം. ഉ. ബുദ്ധിയുടെ ഒരു കല്പന. ന. ഭാരം.

രോമകം–ഒപ്പോടിയുപ്പ്.

രോമകണ്ണകം–മുയൽ.

രോമക്രൂപം–രോമത്തിന്റെ ചുവട്ടിലുള്ള കഴി.

രോമക്കാൽ–രോമഭാരം,

രോമക്കുത്ത്–രോമത്തിന്റെ ചുവട്ടിലെ കഴി.

രോമക്കുറ്റ്–തലയിലെ രോമം.

രോമന്ഥം–അയവിറക്കുക, അയവുക, ചവിത ചവ്വണം, പശുക്കളും മറ്റും ഭക്ഷിച്ചു പുല്ലുമുതലായവയെ പിന്നീടും വായിലേക്ക് വരുത്തി രണ്ടാമതും കൂടിച്ചു ചവച്ചിറക്കുക.

രോമപാദൻ –രോമയണപ്രസിദ്ധനായ രോമപാദൻ അംഗാധിപതിയാണ്.

രോമം–പ. മയിർ, മുടി. മുളയ്ക്കുന്നത് എന്നർത്ഥം. ഉ. ജലം. ന. ഭാരം.

രോമവികാരം–രോമാഞ്ചം.

രോമശ–(വി) ധാരാളം രോമമുള്ള.

രോമശം–പ. പന്നി. ഉ. പച്ചില. ന. കറിയാട്ട്. ർ. പപ്പടവൃക്ഷം.

രോമഹർഷണം–പ. രോമാഞ്ചം. ഉ, അന്ന്.

രോമഹർഷണൻ–ഒരു ശൂദ്രൻ.

(വേദവ്യാസൻ എഴുതിയ 'പുരാണസംഹിത' എന്ന ഗ്രന്ഥത്തെ ഈ രോമഹർഷണനെ പഠിപ്പിയ്ക്കയുണ്ടായി.

രോമാഞ്ചം–കോൾമയിർ, രോമം എഴുന്നു നിൽക്കുക, കൂർമയിർകൊള്ളുക.

രോമാഞ്ചിത–വി. രോമാഞ്ചമുള്ള.

രോമാലു–നായിക്കൊരുതണ.

രോമാവലി–രോമക്കൂട്ടം.

രോമാളി–രോമക്കൂട്ടം.

രോമോദ്ഗമം–രോമാഞ്ചം.

രോലം–നീർനെല്ലി.

രോലംബം–വണ്ട്. ശബ്ദിക്കുന്നത് എന്നർത്ഥം. (ലോലംബം എന്നുമാവാം.)

രോഷം–കോപം. ഹിംസിക്കുന്നത് എന്നർത്ഥം.

രോഷണം–രസം.

രോഷിക്കുന്നു–കോപിക്കുന്നു.

രോഷിത–വി. കോപിപ്പിക്കപ്പെട്ട.

രോഹക–വി. രോഹിക്കുന്ന, രോഹിച്ച, കരേറിയ.

രോഹകൻ–പിശാച്.

രോഹകം–കരേറുക.

രോഹണം–പ. ബീജം, ശുക്ലം. ഉ. കരേറ്റം. ന. വളർച്ച. ർ. ഒരു പാഠം.

രോഹം–പ. മെട്ട്, തമ്പിർ. ഉ. കരേറ്റം.

രോഹി–പ. പേരാൽ. ഉ. ചെമ്മരം. വെട്ടിയാൽ തിരിച്ചുയരും പിന്നീടും പൊടിക്കുന്നത് എന്നർത്ഥം. ന. അരയാൽ.

രോഹിണി–പ. നാലാമത്തെ നക്ഷത്രം. ഉ. ചെമന്ന നിറത്തോടുകൂടിയവൾ, ന. ബലഭദ്രന്റെ അമ്മ, വസുദേവന്റെ ഒരു ഭാര്യ. ർ. ഒമ്പതുവയസ്സായ പെണ്ണ്. ഇ. കടുകരോഹിണി. ന. നല്ല പശു.

൭. കട്ടക്കരു. വ്യ. കമിഴ്. ൻ. മഞ്ചട്ടി. ക്ഷ. ദ്വിതീയമാംസരോഹിണി. ക്ഷ. പശു. ക്ഷ. പ്രസാരണി. ക്ഷ. പേച്ചുര. ക്ഷ. ചെറുകമിഴ്. ക്ഷ. മരമഞ്ഞാടി. ക്ഷ. കശ്യപന്റെയും സുരഭിയുടേയും പുത്രി, കാമധേനു തുടങ്ങി എല്ലാ കന്നുകളുടേയും മാതാവ്. ക്ഷ. ദക്ഷന്റെ പുത്രി, ചന്ദ്രന്റെ ഇഷ്ടഭാര്യ. ക്ഷ. കൃഷ്ണന്റെ ഒരു ഭാര്യ.

രോഹിണീരമണൻ-ക്ഷ. വസുദേവൻ ൨. കാള.

രോഹിക്ക-മുഖ്യം.

രോഹിത-വി. ചെമപ്പുനിറമുള്ള, ചെമന്ന.

രോഹിത(ക)ം-ചെമ്മരം.

രോഹിതൻ, രോഹിതാശ്വൻ- ഹരിശ്ചന്ദ്രരാജാവിന്റെ പുത്രൻ.

രോഹിതം-ക്ഷ. കുങ്കുമം. ൨. ചെങ്കവരി മീൻ. ന. ചെങ്കവരിമാൻ. ര. മീൻ. ഭ. കട്ടംചെമപ്പ്. ന. ഇന്ദ്രന്റെ വില്ല്

ഇന്ദ്രധനസ്സുതന്നെ ചില സമയം വ്യോമത്തെ നെടുനീളത്തിൽ കാണും. അതിന്റെ പേരത്രേ രോഹിതം. ഇത് ഉൽപാതസൂചകമാണ്.

'രോഹിതം കുങ്കുമേ രക്തേ
ഗുഞ്ജാശക്രശരാസനേ
പുംസിസ്യാന്മീനമൃഗയോ
ർഭേദരോഹിതകദ്രുമേ'

(മേദിനി)

൭. രക്തം. വ്യ. ചെമ്മരം. ൻ. കനകരി.

രോഹിതാശ്വൻ-ക്ഷ. അഗ്നി. മുരുക്കിൻ പൂവിന്റെ നിറത്തിലുള്ള (ചെമന്ന) കുതിരകളെ ഉള്ളവൻ എന്നർത്ഥം. ൨. ഒരു ദേവേഷി.

രോഹിഷം-ക്ഷ. ഒരുവക മീൻ. ൨. ഒരുവക മാൻ.

രൌ

രൌക്മ-വി. സ്വർണ്ണംകൊണ്ടുള്ള.

രൌക്മിണേയൻ-പ്രദ്യുമ്നൻ.

രൌക്ഷ്യം-രൂക്ഷത.

രൌചനിക-വി. മഞ്ഞനിറമായ.

രൌദ്ര-വി. ക്ഷ. രുദ്രനെ സംബന്ധിച്ച. ൨. ഭയങ്കരമായുള്ള. ന. ക്രൂരതയുള്ള. ര. തീക്ഷ്ണതയുള്ള

രൌദ്രത-ക്ഷ കോപം. ൨ ഉഷ്ണം. ന. ക്രൂരത.

രൌദ്രൻ-ക്ഷ. യമൻ. ൨. കാർത്തികേയൻ.

രൌദ്രം-ക്ഷ. എട്ടു രസങ്ങളിലൊന്ന്, ഉഗ്രം. ഭയത്തെ കൂട്ടിച്ചേർക്കുന്നത് എന്നർത്ഥം.

യുദ്ധവീരന് ഉത്സാഹവും രൌദ്രരസത്തിന് ക്രോധവുമാണ് മുൻകടന്നു നിൽക്കുന്നത്. അതത്രേ അവയ്ക്കുള്ള ഭേദം.

൨. സൂര്യന്റെ പൂട്ട്.

രൌദ്രി-പാർവതി.

രൌപ്യം-വെള്ളി.

രൌമ(ക)ം-ക്ഷ. ഉപരുപ്പ്, പടന്ന ഉപ്പ്. രുമയിൽ (ഒപ്പുപടന്നയിൽ) ഉണ്ടാകുന്നത് എന്നർത്ഥം. ൨. പൊടിയുപ്പ്.

രൌരവ-വി. ഭയങ്കരമായുള്ള. ൨. ക്രൂരമായുള്ള. ന. വഴുതലുള്ള.

രൌരവൻ-മൂർഖൻ, ക്രൂരൻ.

രൌരവം-ഒരു നരകം. രുരുവിന്റേത് എന്ന ശബ്ദാർത്ഥം. ഈ നരകത്തിൽ പതിക്കുന്നവർ രുരുക്കൾ (മഹാരുരുക്കൾ) എന്ന പ്രാണികളാൽ ദംശിക്കപ്പെടുന്നതുകൊണ്ട് ഈ പേർ വന്നു.

രൌഷ്ട്യം-കോപം.

രൌഹിണേയൻ-പ. ബലരാമൻ. രോഹിണിയുടെ പുത്രൻ എന്നർത്ഥം. ഉ. ബുധൻ.

ചന്ദ്രന്റെ ഭാര്യയായ രോഹിണി ബുധനെ ലാളിച്ചു വളർത്തിയതുകൊണ്ടു് ഈ പേർ വന്നു. പരമാർത്ഥം നോക്കുമ്പോൾ ബുധൻ രോഹിണിയുടെ പുത്രനല്ല. വ്യാഴത്തിന്റെ പത്നിയായ താരാദേവിയിൽ ചന്ദ്രന് ജനിച്ച ബുധപുത്രനാകുന്നു. തന്റെ ഭർത്താവിന്റെ പുത്രനാണെന്നുള്ള വാത്സല്യം ഒന്നു തന്നെയാണ് രോഹിണി ബുധനെ ലാളിച്ചു വളർത്തുവാൻ കാരണം.

രൌഹിണേയം-മരതകം.

രൌഹിത്യം-കടൽ.

രൌഹിഷം-പ. ചെങ്കുരിമാൻ, മലമാൻ. നാനുകപ്പുല്ലു തിന്നുന്നതു് എന്നർത്ഥം. ഉ. നാനുകപ്പുല്ലു്, കാവട്ടപ്പുല്ലു്. മുച്ചുണ്ടാകുന്നതു് എന്നർത്ഥം.

ല

ല-ഹല്ലുകളിൽ ഇരുപത്തെട്ടാം അക്ഷരം. ഒരു വ്യഞ്ജനാക്ഷരം.

ലൻ-ഇന്ദ്രൻ.

ലകാരം-പ. 'ല' എന്നക്ഷരം. ഉ. അനുകൂല, കുശല, വിമല, സുശീല, സുകുല ഇങ്ങിനെ ഭാര്യമാർ ൪ വിധം.

ഇതിനു 'ലകാരപഞ്ചകം' എന്നു പേർ. ഇങ്ങിനെയുള്ള ഭാര്യയുള്ളവനെത്രെ ഭാഗ്യവാൻ.

ലകുചം-അയിനിപ്പുലാവു്, അയണിമരം. ആസ്പദിക്കപ്പെട്ടതു് എന്നർത്ഥം. (ലകുചം, ലികുചം ഇങ്ങിനെയും കാണുന്നു)

ലക്കു്-പ. തക്കതായ സമയം. ഉ. ലാക്കു്. നു. ബോധം.

ലക്കം-അക്കം.

ലക്കോട്ടു്-മടക്കിയ എഴുത്തു്, എഴുത്തു് അടക്കം ചെയ്യുവാനുള്ള കൂടു്.

ലകുതകം-പ. കീറവേഷി. ഉ. കറുത്ത അരക്കു്.

ലക്ഷകം-സാഹിത്യശാസ്ത്രപുസ്തകം ശബ്ദത്തിന്റെ ഒരു വിഭേദം.

ലക്ഷണം-പ. അടയാളം. പദാർത്ഥത്തെ കാണിച്ചുതരുന്നതു് എന്നർത്ഥം. ഉ. രൂപം. നു. പ്രമാണം. ർ. ഗുണം. ൩ മര്യാദ. ന്യ. ലാക്കു്.

ലക്ഷണൻ-പ. ഒരു പേർ. ഉ. ലക്ഷ്മണൻ.

ലക്ഷണാ-ഒരുമാതിരി പക്ഷിയിൽ പിടി.

ലക്ഷദീപം-തിരുവനന്തപുരത്തു മദ്ധ്യകം ക്ഷേത്രത്തിലെ ഒരു വലിയ വിശേഷ ദീപോത്സവം. (മുറജപം എന്നതു നോക്കുക).

ലക്ഷം, ലക്ഷ-പ. നൂറായിരം. ഉ. ചതവു്. നു. അടയാളം. ർ. ലാക്കു്. ആലോചിക്കപ്പെടുന്നതു് എന്നർത്ഥം. ശരവും മറവും പ്രയോഗിച്ചാൽ കൊള്ളേണ്ടുന്ന സ്ഥലം.

ലക്ഷിക്കുന്നു-നോക്കുന്നു.

ലക്ഷിതം-വി. പ. കണ്ടെപ്പെട്ട. ഉ. അടയാളമിടപ്പെട്ട. നു. ലാക്കുനോക്കപ്പെട്ട. ർ. ശോധനചെയ്യപ്പെട്ട.

ലക്ഷീകരിക്കുന്നു-ലക്ഷ്യമാക്കിത്തീർക്കുന്നു, ഉന്നുന്നു.

ലക്ഷീഭവിക്കുന്നു-ലക്ഷ്യമായി ഭവിക്കുന്നു, ലാക്കു (ഉന്നം) ആയിത്തീരുന്നു.

ലക്ഷ്മോപിലക്ഷ്മം-വി വളരെ അധികം അനവധി.

ലക്ഷ്മണ-വി. പ. ലക്ഷണമുള്ള. ര. ശ്രീയുള്ള. ന. സ്ത്രീയുള്ള.

ലക്ഷ്മണൻ-പ. ശ്രീരാമന്റെ അനുജൻ സുമിത്രയിൽ ദശരഥന്റെ പുത്രനാണ്. ശേഷസർപ്പത്തിന്റെ ഒരവതാരമെന്ന് അധ്യാത്മരാമായണം കൊണ്ട് വെളിവാകുന്നു. സീതയുടെ സഹോദരിയായ ഊർമ്മിളയെ വേട്ടു. രാമചന്ദ്രനോടുകൂടി ലക്ഷ്മണനും വനത്തിൽ പോവുകയുണ്ടായി. പഞ്ചവടിയിൽ വച്ചു ശൂർപ്പണഖയുടെ നാസാകുചങ്ങളെ ഖണ്ഡിച്ചും രാമരാവണയുദ്ധത്തിൽ വളരെ പരാക്രമം കാണിച്ചും. രാവണന്റെ മകനായ മേഘനാദനെ വധിച്ചു. ഒരിക്കൽ യമൻ മുനിവേഷം ധരിച്ച് രാമചന്ദ്രനെ കാണെന്നതിനായി ചെന്നു. വിവരം അറിയിക്കണമെന്നു പറകയാൽ ലക്ഷ്മണൻ പോയി അറിയിച്ചു. മുനിയെ രാമചന്ദ്രൻ വണങ്ങി അഭിമതം ചോദിച്ചു. സംസാരമെല്ലാം ആരെങ്കിലും വന്നു കേറിയാൽ അവനെ വധിക്കാമെന്നു സത്യംചെയ്യുന്നപക്ഷം വന്നകാര്യം പറയാമെന്നു മുനി പറഞ്ഞു. അതു സമ്മതിച്ച് ലക്ഷ്മണനെ സ്വാമിശൈപുരദ്വാരത്തിൽ സൂക്ഷിപ്പാനായി നിയമിച്ചു. ഉടൻ ഭഗവാനെ കാണ്മാൻ ദുർവ്വാസസ്സ് മഹർഷി വന്നുചേർന്നു. മുനിയുടെ മുട്ടുക്കുകൊണ്ടും കലഹശബ്ദത്തെ ഭയപ്പെട്ടും ലക്ഷ്മണൻ സംസാരമെല്ലാം ചെന്നുകേറി മുനി വന്നുനില്ക്കുന്ന വിവരം അറിയിച്ചു. അവർ തമ്മിൽ കണ്ടു പിരിഞ്ഞശേഷം ശ്രീരാമൻ സത്യപരിപാലനാർത്ഥം ചിന്ത തുടങ്ങി. വധവും ത്യാഗവും സമമെന്നു തീർച്ചയാക്കി അനുജനെ ഉപേക്ഷിച്ചു. ലക്ഷ്മണൻ സരയൂനദീതീരത്തിൽ ചെന്ന് ബ്രഹ്മധ്യാനതൽപരനായി യോഗാഭ്യാസത്തോടെ സ്ഥിതി ചെയ്തു. ഉടൻ ഇന്ദ്രൻ വിമാനവുമായിവന്ന് ലക്ഷ്മണനെ അതിൽ കയറ്റി സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി സുഖമായി പാർപ്പിച്ചു. പുത്രന്മാർ-അംഗദൻ, ചന്ദ്രകേതു.

ര. വണ്ടാരംകോഴി. ന. ദുര്യ്യോധനന്റെ പുത്രൻ. (അഭിമന്യു കൊന്നു). ർ. ശ്രീയുള്ളവൻ.

ലക്ഷ്മണം-അടയാളം.

ലക്ഷ്മണാ-പ. വണ്ടാരംകോഴിപ്പിടി. ശ്രീയുള്ളത് എന്നർത്ഥം. ര. തരുതാളി. ന. വെള്ളത്തു കണ്ടകാരിച്ചുണ്ട. ർ. കാട്ടുപാവൽ. ൽ. ഇരട്ടിമധുരം. ന്യ വാച്യാർത്ഥത്തിനു അനന്വയം വരായ്കകൊണ്ടു അതിനെ ത്യജിച്ചു തത്സംബന്ധമായിനാം കല്പിക്കുന്ന മറ്റവ പ്രവൃത്തി.

ലക്ഷ്മണാചാര്യൻ-ഒരു സംസ്കൃത കവി. മഹാരാഷ്ട്രരാജ്യം. വേണിഭാധരന്റെ പുത്രൻ. രാധ എന്ന അമ്മയുടെ നാമം. ഋത്വിഗോത്രം. വാണി എന്ന ഭവനപ്പേർ. രഘുനാഥൻ ഗുരുനാഥൻ. വളരെ പ്രാചീനനല്ല. ചാന്ദ്രീകുചപഞ്ചാശികാ നിർമ്മിച്ചു.

ലക്ഷ്മാവ്-പ. അടയാളം. പരമാർത്ഥത്തെ കാണിച്ചുതരുന്നത് എന്നർത്ഥം. ര. പ്രധാനം.

ലക്ഷ്മീ-പ. വിഷ്ണുവിന്റെ ഭാര്യ, കാമന്റെ അമ്മ. പാൽക്കടലിന്റെ പുത്രിയാണെന്നു. ശ്രീ. മറ്റുള്ളവരെ അറിഞ്ഞുകാണുന്നവൾ എന്നർത്ഥം. (അനീതിയായി നടക്കുന്നവരിൽ ശ്രീ സ്ഥിരയല്ലല്ലോ). പര്യായങ്ങൾ-ലക്ഷ്മി, പദ്മാലയാ, പദ്മാ, കമലാ, ശ്രീ, ഹരിപ്രിയാ, ഇന്ദിരാ, ലോകമാതാവ്, മാ,

രമാ, മംഗലാദേവതാ, ഭാർഗ്ഗവി, ലോകമാതാവ്, ക്ഷീരസാഗരകന്യകാ. പ. സമ്പത്ത്, ധനാദിസമൃദ്ധി. ന. ശോഭ. ര. തിരുതാളി. ള. മഞ്ഞൾ. ഴ. ഉലുവ എന്ന ഔഷധം. ഒ. പുലി. വ. ഞാഴൽ. ൻ. കാട്ടുതുളസി. ക്ക. മുത്ത്. ക്ക. ഓരിലത്താമര. ക്ഷ. ഭംഗി, അഴക്.

തെന്നിന്ത്യരീയ സംഹിതപ്രകാരം ലക്ഷ്മിയും ശ്രീയും ആദിനാരായണന്റെ ഭാര്യമാരെന്നു കാണുന്നു.

ലക്ഷ്മീകാന്തൻ–വിഷ്ണു.

ലക്ഷ്മീഗൃഹം–രക്തചന്ദനമരപ്പൂവ്.

ലക്ഷ്മീനാഥൻ–വിഷ്ണു.

ലക്ഷ്മീപതി–ക. വിഷ്ണു. പ. കവുങ്ങ്. ന. ഇലവംഗപ്പൂവ്. ര. രാജാവ്.

ലക്ഷ്മീപുത്രൻ–ക. കതിര. പ. കശൻ. ന. ലവൻ. ര. കാമദേവൻ.

ലക്ഷ്മീപുഷ്പം–മാണിക്യം.

ലക്ഷ്മീഫലം–കുവളം.

ലക്ഷ്മീരമണൻ–വിഷ്ണു.

ലക്ഷ്മീവൽ–വി. ലക്ഷ്മിയുള്ള, ശ്രീയുള്ള. (വാൻ, വതീ, വൽ).

ലക്ഷ്മീവാരം–വ്യാഴാഴ്ച.

ലക്ഷ്മീവേഷ്ടം — പയിനെണ്ണ, കർപ്പൂരതൈലം. (Turpentine).

ലക്ഷ്മീശൻ–വിഷ്ണു.

ലക്ഷ്മീസഹോദരൻ–ക. ഇന്ദ്രന്റെ കതിര. പ. ചന്ദ്രൻ.

ലക്ഷ്യ–വി. ക. കാണപ്പെടുവാൻ തക്ക. പ. അറിയപ്പെടുവാൻ തക്ക.

ലക്ഷ്യഭേദം–ലാക്കുമുറിക്കൽ.

ലക്ഷ്യം–ക. അടയാളം. പ. ലാക്ക്. ന. ആയിരം. ര. വഞ്ചന. ള. തെളിവ്.

ലക്ഷ്യജ്ഞ–വി. ലക്ഷ്യത്തെപ്പറ്റി എല്ലാം അറിയാവുന്ന, അസ്ത്രപ്രയോഗത്തിൽ സാമർത്ഥ്യമുള്ള. (നാമം–ലക്ഷ്യജ്ഞതാ).

ലഗദ്ധ–വി. അഴകുള്ള. പ. പ്രിയമുള്ള.

ലഗാൻ–കടിഞ്ഞാൺ.

ലഗായിക്ക–മേളം കൂട്ടുക, തകർക്കുക.

ലഗിത–ലഭിച്ച, കിട്ടിയ.

ലഗുഡം–ക. വടി, (ലഗുരം, ലഗുഡം ഇങ്ങനെയുമാവാം), കൊവടി. പ. ചെമന്ന അത്തി.

ലഗ്ന–വി. ചേർന്നിരിക്കുന്ന.

ലഗ്നകൻ– ജാമ്യക്കാരൻ, മദ്ധ്യസ്ഥൻ. ലഗ്നിക്കുന്നവൻ എന്നർത്ഥം. മറ്റൊരു പര്യായം — പ്രതിഭൂവൻ.

ലഗ്നർ–മദ്ധ്യസ്ഥന.

ലഗ്നം–ഉദയരാശി, രാശികളുടെ ഉദയത്തിന്റെ പേർ. ഫലത്തോടു യോജിച്ചു നില്ക്കുന്നത് എന്നർത്ഥം.

ജ്യോതിശ്ചക്രം പന്ത്രണ്ടു ഖണ്ഡമാണ്. കാരണം രാശിക്ക് 'രാശി' എന്നു പറയപ്പെടുന്നു. അതിൽ കിഴക്കുവശത്തു് ഏതുസമയം ഏതുരാശി ഉദിക്കുന്നു അതിന്റെ പേരത്രേ ലഗ്നം. ജ്യോതിശ്ചക്രം സദാ പ്രദിക്ഷിണമായി പുറത്തിരിയുന്നു. അതിനാലുള്ള സൂര്യാദി ഗ്രഹങ്ങളും വിപരീതമായി സഞ്ചരിക്കുന്നു. ജ്യോതിർഗ്ഗോസ്സിദ്ധാന്തം ഇപ്രകാരമാണല്ലോ.

ലഗ്നാധിപൻ–ഉദയരാശിയുടെ നാഥൻ.

ലഗ്നിക–പത്തുവയസ്സു ചെന്ന കന്യക.

ലഘിമാവ്–ക. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്. പ. ഏറ്റവും ലഘുത്വം, കനം കുറയുക എന്നർത്ഥം.

ലഘിഷ്ഠ–വി. ഏറ്റവും ലഘുവായ.

ലഘു–വി. ക. ഭാരമില്ലാത്ത. പ. സാരമില്ലാത്ത. ന. ചെറിയ. ര. നിസ്സാ

ഭാരമുള്ള. ⑤ രസഗന്ധമുള്ള. ന. ഹീനമായ ⑥ വെടിപ്പുള്ള. വ. ക്ഷീണമുള്ളവൻ. ഹ്രസ്വമായ (നാമം ലഘുതരം = ഭാരമില്ലായ്മ). (ഛ ഛാ, ഛു).

ലഘു-കാലതാമസം കൂടാതെ.

ലഘു-ഫ. രാമച്ചം. ക. ലംഘനം. ന. കാരകിൽ ഭ. ഇഷ്ടമായിട്ടുള്ളത്. അല്പമായിട്ടുള്ളത്. ലംഘിക്കപ്പെടുന്നത് എന്നർത്ഥം. ര. ചെറുപയർ. ⑤ ചൊനകപ്പുല്ല്. ന തകരം

ലഘുകായം-ആട്.

ലഘുകൌമുദി-പാണിനീയത്തെ വ്യാകരണം. (വരരുചിരാജൻ സംഗ്രഹിച്ചത്).

ലഘുതരം-കനക്കുറവ്. ലഘുതരം > < ഗുരുതരം

ലഘുനാമം-അകിൽ.

ലഘുപക്ഷിണം - ചെറിയ തോതിലുള്ള ഭക്ഷണം, എളുപ്പത്തിൽ ദഹിക്കുന്ന ഭക്ഷണം (കഞ്ഞി, കുപ്പി, മുതലായവ)

ലഘുശംഖം-ഞവണ്ണി.

ലഘുശയം-രാമച്ചം. രോഗങ്ങളെ ലംഘിക്കുന്നതും ഭൂമിയിൽ ചേർന്നു കിടക്കുന്നതും എന്നർത്ഥം.

ലഘുശ്രീ-ഫ. സാരമില്ലാത്ത സ്ത്രീ. ക. കനമില്ലാത്ത ഒരു വാഹനം, ഒരുമാതിരി വണ്ടി ന. ചൊനകപ്പുല്ല്.

ലങ്ക-ഫ. രാവണൻ പാർത്തിരുന്ന സ്ഥലം.

ലങ്കാദ്വീപ് സിംഹളം അല്ലെങ്കിൽ സിലോൺ ആകുന്നു ഇതു യോജനയുണ്ട്. ഇലങ്കേ എന്നതിനു പ്രകാശിക്കുക എന്നർത്ഥം. ലങ്ക വിശ്വകർമ്മാവു സ്വർണ്ണംകൊണ്ടുണ്ടാക്കിയ ഒരു നഗരമാണു. ഭാഗവതപുരാണപ്രകാരം ലങ്കാനഗരം മേരുപർവ്വതത്തിന്റെ ഒരു ശിഖരമാകുന്നു. ആ ശിഖരംപൊട്ടിച്ചു സമുദ്രത്തിലേക്കെറിഞ്ഞതു ലങ്കാനഗരമായിത്തീർന്നു.

'വിശ്വകർമ്മാവു നിർമ്മിച്ചീടിനാനല്ലോ പുരവിശ്വവിസ്മയകരമാകിയ ലങ്കാപുരം രക്ഷിണാബ്ധിയിൽ ത്രികൂടാചലോപരി തത്ര രക്ഷോവീരന്മാർക്ക് വാണീടുവാൻ വിചിത്രമായ്'.

(അദ്ധ്യാത്മരാമായണം)

ക. പാതിവ്രത്യമില്ലാത്ത സ്ത്രീ. ന. മൂന്നു ഭാഗമുള്ള കടൽ ര. വെളുത്ത നവനീതം.

ലങ്കട-മുടന്ത്.

ലങ്കർ-നാംകുരം.

ലങ്കാരി-ശ്രീരാമൻ.

ലങ്കാദ്വാഹി-ഹനുമാൻ.

ലങ്കോപികാ-ചൊനകപ്പുല്ല്. ലങ്കയിൽ കൃഷിചെയ്യുന്നുകൊണ്ടു എന്നർത്ഥം. (പാഠാന്തരം ലങ്കോയിക, ലങ്കാസിക).

ലഗ(ക)ൻ-പ്രിയൻ

ലംഘനം-ഫ. അപ്പുറത്തേയ്ക്കു കടക്കുക. ക. ഉപവാസം ന. അതിക്രമം. ര. കുതിരയുടെ ഒരുമാതിരി നടപ്പ്. ⑤. വിരോധമായ പ്രവൃത്തി.

ലംഘിക്കുന്നു-ഫ. അതിക്രമിക്കുന്നു. ക. നിഷേധിക്കുന്നു.

ലാംഘിത-വി. ലംഘിക്കപ്പെട്ട.

ലംഘ്യ, ലംഘനീയ-വി. ലംഘിക്കത്തക്ക

ലാഘവ-ഫ. സമ്മാനം. ക. കൈക്കുറവു.

ലാജ-ഫ. അടിവശം. ക. വാൽ.

ലാജിത-തോല്പിച്ചു.

ലജ്ജ-ഫ. നാണം. മറ്റു പര്യായങ്ങൾ-മന്ദാക്ഷം, ഹ്രീ, ത്രപ, വ്രീഡ. ക. മുക്കുറ്റി.

ലജ്ജാകര-വി. ലജ്ജയെ ജനിപ്പിക്കത്തക്ക

ലജ്ജിക്കുന്നു-നാണിക്കുന്നു. (സ. ക്രി. ലജ്ജിപ്പിക്കുന്നു).

ലഞ്ജിത-വി. നാണിച്ച, ലജ്ജിച്ച.

ലഞ്ജികാ-വൃശ്ചികാരിണി.

ലടൻ-ദർബുരി. ൨ കവച്ചുകാരൻ.

ലടഭ-വി സൌന്ദര്യമുള്ള, ഭംഗിയുള്ള.

ലടഭാ-സുന്ദരിയായ യുവതി.

ലടഭം-കതിര.

ലട്ട്-പമ്പരം, കുട്ടികൾ കളിക്കുന്ന ഒരു സാധനം.

ലട്വാ-പ. ഉൎക്കരികിൽപക്ഷി, ചീവൽ പക്ഷി. ൨ പാതിവ്രത്യമില്ലാത്ത സ്ത്രീ. ൩. കഴഞ്ചി. ൪. കയ്യുമരം. ൫. കതിര. ൬. ഒരു രാഗം, ൭. നെറ്റിയിലെ ഒരു ചുഴി.

ലഡഹ-വി. ഭംഗിയുള്ള

ലഡായി-ശണ .

ലഡ്ഡു, ലഡ്ഡുകം- ഒരു പലഹാരം.

നെയ്യപ്പത്തിനെ ഈ പേരുണ്ടെന്നു കാണുന്നുണ്ട്. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ലഡ്ഡുവും നെയ്യപ്പവുമായി ഒരു യോജിപ്പും കാണുന്നതില്ല

ലണ്ഡനപുര-ലണ്ഡൻ നഗരം.

ലത-പ. വള്ളി. ചുറ്റുന്നതു് എന്നൎത്ഥം. ൨. വെളുത്ത നറുനീണ്ടി. ൩. ലതാകസ്തൂരികാ. ൪ വെളുത്ത വലിയ പിച്ചകം. ൫. ചെറുപ്പുന്ന ൬ വെങ്കറുക. ൭. തഴച്ചൽ പടൎന്നുകൊണ്ടിരിക്കുന്നതു് എന്നൎത്ഥം. ൮ മാധവി. ൯. കൈവത്തികാ വള്ളി. ൧൦ ചോനകപ്പുല്ല്. ൧൧. മരങ്ങളുടെ കൊമ്പു്. ൧൨. കരുക്കത്തിമുല്ല. പരിമളമുള്ളതുകൊണ്ടു ജനങ്ങളുടെ മനസ്സുകളെ ആദാനം ചെയ്യുന്നതു് എന്നൎത്ഥം. ൧൩. സ്ത്രീ.

ലതാഗൃഹ-വള്ളിക്കുടിൽ, വള്ളിപ്പടപ്പു്

ലതാംഗി-സുന്ദരി. ൨. കക്കടകശൃംഗി.

ലതാജിഹ്വം-പാമ്പു്.

ലതാതരു-പ. തെങ്ങു്. ൨ കരിമ്പന.

ലതാന്തം-പുഷ്പം.

ലതാമൃഗം-കുരങ്ങു്.

ലതായാവകം-പവിഴം.

ലതാരസനം-സപ്പം.

ലതാക്ഷ-വി. പച്ചനിറമുള്ള.

ലതാക്ഷം-പച്ചനിറമുള്ള ഉള്ളി.

ലതാലകൻ-ആന.

ലതാവൃക്ഷം-പ. തെങ്ങു്. ൨. മരുതു്.

ലതാവ്രതാനിനീ-വള്ളിപ്പടപ്പു്.

ലതികാ-വള്ളി.

ലത്തികാ-ഒരുവക ഗൊള്ളി.

ലന്ത-ഒരുവൃക്ഷം. പൎയ്യായങ്ങൾ-കക്കസ്സു, ബഹ്വീ, കോലി. (ലന്തക്കാർ=യൂറോപ്പിലുള്ള ഒരു ജാതിക്കാൎക്കു പറയപ്പെട്ട ഒരു പേർ. ലന്ത, ഒലന്ത=ഹൊളൻഡ്. (Holland).

ലന്തക്കാർ-ഡച്ചുകാർ.

ലപനം-പ. മുഖം, മുഖവിലം, വായ്. ൨. വാക്കു്, വൎത്തമാനം, സംസാരം.

ലപിത-വി. പറയപ്പെട്ട.

ലപിതം-വാക്കു്, പറയപ്പെട്ടതു്.

ലബ്ധ-വി. ലഭിക്കപ്പെട്ട, ലഭിച്ച.

ലഭിക്കപ്പെട്ടതിനു പൎയ്യായങ്ങൾ-(പ്രാപ്തം, പ്രണിഹിതം).

ലബ്ധവൎണ്ണ-വി. പ. വിദ്യയുള്ള. ൨. എല്ലാവരാലും സ്തുതിക്കപ്പെടുന്ന.

ലബ്ധവൎണ്ണൻ-വിദ്വാൻ.

ലബ്ധാ-വിശ്വസിപ്പാൻ വയ്യാത്ത മാതിരി വള്ളുവർ

ലബ്ധി-ലാഭം.

ലഭസ-പ. ധനം ൨ കതിരയെ കെട്ടുന്ന കയറു്

ലഭിക്കുന്ന-കിട്ടുന്ന

ലഭ്യ-വി. ലഭിക്കപ്പെടുവാൻ തക്ക.

ലംപടൻ-സ്ത്രീകളിൽ അധികം ആഗ്രഹമുള്ളവൻ, സമർത്ഥൻ, കൊതിയുള്ളവൻ, തന്തോന്നി.

ലംപടം-സമർത്ഥം.

ലംപഠം-ചാട്ടം.

ലംബ-വി. പ. നീളമുള്ള, വിസ്താരമുള്ള. ഉ. തൂങ്ങിയ. (ലംബരേഖ Perpendicular).

ലംബകണ്ണം-പ. രണഗീതപ്പക്ഷി. ഉ. കഴുത. സ. ആട്ട്. ര. ആന. ഇ. അഴിഞ്ഞിൽ. ന. പന്നു്.

ലംബകം-പ. ചുവരുകെട്ടുന്നതിനു മുകളിൽ അന്മാർ ഉപയോഗിക്കുന്ന കണ്ടും നൂലും. ഉ. (ക്ഷേത്രവ്യവഹാരത്തിൽ) നെടുങ്കനെയുള്ള രേഖ; ലംബരേഖ.

ലംബഗ്രീവം-കുട്ടകം.

ലംബനം-പ. തൂങ്ങുക. ഞാന്നുകിടക്കുക. ഉ. കഴുത്തിലിടുന്ന മുത്തുമാതിരി മാല, അയവായി കെട്ടുന്ന കണ്ണാരേണം. തൂങ്ങിനില്ക്കുന്നതു് എന്നർത്ഥം.

ലംബം-പ. കൈക്കുലി. ഉ. തൂക്കം, ഞാലുക. സ. വണ്ടാരക്കോഴി.

ലംബമാന-വി. തൂങ്ങിക്കിടക്കുന്ന, ആശ്രയിക്കുന്ന.

ലംബാ-പ. ലക്ഷ്മി. ഉ. ദുർഗ്ഗ. സ. പേച്ചുര.

ലംബിക-അണ്ണാക്ക്.

ലംബിക്കുന്നു-ഞാന്നുകിടക്കുന്നു.

ലംബിത-വി. പ. ലംബിക്കപ്പെട്ട, ആശ്രയിക്കപ്പെട്ട. ഉ. തൂങ്ങിയ.

ലാംബോദരൻ-പ. ഗണപതി. തൂങ്ങിയ വയറുള്ളവൻ എന്നർത്ഥം. ഉ. കുടവയറുള്ളവൻ.

ലംബൊഷ്ഠം-കുട്ടകം.

ലംബൊഷ്ഠം-കുട്ടകം

ലംഭനം-പ. നശിക്കുന്നു. ഉ. നിന്ദ. സ. ലാഭം.

ലംഭിത-വി. ലഭിക്കപ്പെട്ട, കൊടുക്കപ്പെട്ട.

ലമകൻ-പ്രിയൻ.

ലമ്മാണികാരം-അലഞ്ഞുനടക്കുന്ന ധാന്യവ്യാപാരികളിൽ ഒരു വകക്കാർ.

ലമ്മി-വി. അഴിമതിയുള്ള.

ലയപൂരി-നൃത്തംചെയ്യുന്നവർ.

ലയം-പ. നാശം.

ലയത്തിന്റെ നാനാർത്ഥങ്ങൾ-'നാശേ സംശ്ലേഷണേ തന്ത്രീകരേ ച വേല്ലയഃ'

ഉ. നൃത്തഗീതാദികൾ മനസ്സിച്ചു് ഉപയോഗിക്കുക.

ലയം എന്നതു ഗീതവാദ്യങ്ങളുടേയും പാദങ്ങളിവിന്യാസങ്ങളുടേയും ക്രിയാകലാപങ്ങളുടെ സാമ്യവൈഷമ്യങ്ങളുടെ പേരാകുന്നു

സ. ശ്രവണം. ര. മുറുകെ പിടിക്കുക. ഇ. ഉല്ലാസം. ന. വേനം, സുഖസ്ഥാനം, ഒ. രാമച്ചം. വ. ലാമജ്ജകം. (മഞ്ഞനിറമുള്ള രാമച്ചം).

ലയാലംബൻ-നൃത്തംചെയ്യുന്നവൻ.

ലയിക്കുന്നു-പ. നശിക്കുന്നു. ഉ. ശ്രവിക്കുന്നു. സ. ഉല്ലസിക്കുന്നു. (സ. ക്രി. ലയിപ്പിക്കുന്നു).

ലലജ്ജിഹ്വം-പ കുട്ടകം. ഉ. നായ്.

ലലന-പ സ്ത്രീ. ഉ. കാമമുള്ള സ്ത്രീ, പതിയിലും ആഗ്രഹമുള്ളവൾ, വിലാസശീല. സ. ലാളിക്കപ്പെട്ടവൾ. (ധാത്വർത്ഥപ്രകാരം ഇങ്ങിനെ അർത്ഥം എങ്ങിനെയുണ്ടാകും?) ര. നാവു്.

ലലനം-പ. ഉല്ലാസം. ഉ. നാവുനീട്ടുക. സ. ചാഞ്ചല്യം. ര. പയിൻ. ഇ. മുരൾ മരം.

ലലനാപ്രിയം-കടമുമരം

ലലനികാ-ചെറിയ പെൺകുട്ടി.

ലലന്തിക, ലലന്തി-പ. അന്യവയി കെട്ടുന്ന കണ്ണാടിരേണം, മുഴുത്തിൽ നീണ്ടു കിടക്കുന്ന മാല. ക. ശൈവളി, പല്ലി.

ലലാടം-നെറ്റി. ആഗ്രഹിക്കപ്പെടുന്നതു്, മംഗിയുള്ളതു്, വിലാസത്തെ പ്രാപിക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ.

ലലാടിക-പ. നെറ്റിയിലേ ആഭരണം, നെറ്റിപ്പട്ടം, ക. തൊട്ടുകുറി.

ലലാമ-വി. മംഗിയുള്ള, കൌതുകം തോന്നിപ്പിക്കുന്ന.

ലലാമകം-പൂമാല, കടമ്മയിൽ കെട്ടി മുന്നോക്കമിട്ടതും നെറ്റിമേൽ തൂങ്ങിനില്ക്കുന്നതുമായ മാല. ലലാടത്തിൽ തൂങ്ങിനില്ക്കുന്നതു് എന്നർത്ഥം.

ലലാമം-പ. തൊട്ടുകുറി. ക. അടയാളം. ന. കൊടിമരം. ർ. വാക്കു്. ഭ. പ്രമാണം, ന. പ്രധാനത. ൈ. ആഭരണം. വ. കതിരയുടെ ആഭരണം. അശ്വാദികളുടെ നെറ്റിത്തടത്തിലുള്ള ചിത്രം (പൂട്ടു്). ലലാമം എന്നാൽ കൌതുകമായി ശോഭിക്കുന്നതു് എന്നർത്ഥം. ൻ. കതിര. ഫാ. വാൽ. ഫപ. പ്രാധാന്യം (പ്രധാനം).

ലലിത-വി. പ. ആഗ്രഹിക്കപ്പെട്ട. ക. സൌന്ദര്യമുള്ള.

ലലിതം-സുന്ദരിമാരുടേ ചില ശൃംഗാരഭാവം.

ലലിതാ-കസ്തൂരി.

ലലിതാപഞ്ചമി-അശ്വിനി മാസത്തിലേ വെളുത്ത പഞ്ചമി.

ലലിതാസപ്തമി-ഭാദ്രപദമാസത്തിലേ ശുക്ലസപ്തമി.

ലവങ്കം-ദേവകുസുമം എന്ന വൃക്ഷം.

ലവങ്കിതം-ഇലവങ്ങം.

ലവണ-വി. പ. ഉപ്പുരസമുള്ള. ക. രസരഹിതമുള്ള. (ലവണധാതു-Sodium).

ലവണത-പ. അഴക്. ക. ഉപ്പുരസം.

ലവണൻ-ഒരു രാക്ഷസൻ.

രാവണന്റെ സഹോദരിയും വിശ്രവസ്സിന്റെ മകളുമായ കുംഭീനസിയിൽ മധുവിനുണ്ടായവൻ, മധുരന്യൂപൻ. ശിവൻ മധുവിനു കൊടുത്ത ശൂലം ലവണന്റെ പക്കൽ ഇല്ലാത്ത അവസരം നോക്കി ശത്രുഘ്നൻ വധിച്ചു.

ലവണം-പ. ഉപ്പുരസം. ഭാഗ്യത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം. ക. ഉപ്പു്. ന. കടൽ. ർ. ഇന്തുപ്പു്. ഭ. ഉപ്പുകാരം.

ഇന്തുപ്പു്, വിളയുപ്പു്, മലയുപ്പു്, കടലുപ്പു്, തുവ്വിലയുപ്പു്, കാരുപ്പു്-ഇവയ്ക്കു 'ലവണഷഡംശം' എന്ന പേർ.

ലവണസമുദ്രം-ഉപ്പുകടൽ.

ലവണാ-പ. ശോഭ. ക. ഒരാൾ. ന. വലിയ വാല്യക്കാരൻ. ർ. ചെമ്പരുന്തു്.

ലവണാകരം-ഉപ്പുവിളയുന്ന സ്ഥലം, ഉപ്പുപാടം.

ലവണോദം-പ. ഉപ്പുവെള്ളം. ക. ലവണസമുദ്രം.

ക്ഷീരോദം, ലവണോദം, ഇക്ഷുദം, സുരോദം, ഘൃതോദം, ദധ്യുദം, ജലോദം ഇങ്ങിനെ ൈ.

ലവനം-പ. കൊയിത്തു്. ക. കണ്ടിക്കുക.

ലവൻ-രാമചന്ദ്രന്റെ ഒരു പുത്രൻ.

കുശനോടുകൂടി വാല്മീകി വളർത്തി, ശ്രാവസ്തിയിൽ വസിച്ചു.

ലവം-പ സൂക്ഷ്മമായതു്. ക. അല്പം, അല്പമായ ഒരു സംശയം. ന. നിമിഷം. ർ. അറുക്കുക, മുറിക്കുക, നെല്ലു മുതലായതു് കൊയ്യുക. ഭ. കൊല്ലുക. ന. നാശം. ൈ. കരയാമ്പൂവു്. വ. ചീവൽപക്ഷി. ൻ. ലാമഞ്ജകം. ഫാ. ഇലവങ്ങപ്പൂവു്. ഫപ. ജാതിക്ക,

ലവംഗ -പ. ഏലവങ്ങം, ഏലവങ്ങപ്പൂവ്. ഉ. കരയാമ്പൂ വൃക്ഷം.

ലവലി-ഒരു വൃക്ഷം.

അത്തിയുടെ എന്ന പോലെ തടിയിൽ കായുണ്ടാകുന്ന ഒരുതരം നെല്ലിയാണ്.

ലവലേശം-അം വളരെ കുറച്ചുപോലും

ലവാകം-അരിവാൾ

ലവാണകം-അരിവാൾ.

ലവിത്രം-അരിവാൾ. ഇതുകൊണ്ടു ഛേദിക്കുന്നതിനാൽ ഈ പേർ വന്നു

ലശുനം-വെള്ളുള്ളി. ഭക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

ലഷിത-വി. ആഗ്രഹിക്കപ്പെട്ട, കൊതിച്ച.

ലസൽ-വി. പ. ഉല്ലസിക്കുന്ന. ഉ. ശോഭിക്കുന്ന. (സൽ, സന്തീ, സൽ)

ലസനം-ശോഭ.

ലസാ-മഞ്ഞൾ.

ലസിക-വായിലെ നീർ.

ലസിക്കുന്നു-ശോഭിക്കുന്നു. (സ. ക്രി. ലസിപ്പിക്കുന്നു).

ലസുനം-വെള്ളുള്ളി.

ലസ്ത-വി. പ. പിടിക്കപ്പെട്ട. ഉ. സാമർത്ഥ്യമുള്ള.

ലസ്തകം-വില്ലിന്റെ നടുവു്. കൈയിൽ അടങ്ങിയിരിക്കുന്നതു് എന്നർത്ഥം.

ലസ്തകീ-വില്ലു്.

ലഹരിദ്രവ്യം-മദമുള്ള വസ്തു

ലഹരി-പ. ഒരുമാതിരി വലിയ തിരമാല. ഉ. (മ) മദംപിടിക്കൽ നു ഒഴുക്കു്.

ലഹള-ക്ലേശംകൂടിയുള്ള കലഹം.

ലളിത-വി. പ സൌന്ദര്യമുള്ള ഉ. ആഗ്രഹിക്കപ്പെട്ട.

ലളിതപദം-ഒരു വൃത്തം (ജഗതിഛന്ദസ്സിൽ ഉപയോഗമുണ്ടു്).

ലളിതം-പ. സുന്ദരിമാരുടെ ചില സ്ത്രീശരീരഭാവം. വിലാസവിശേഷം. സുകുമാരമായ അംഗവിന്യാസം. (വിലാസങ്ങൾ നോക്കുക). ഉ. സാഹിത്യശാസ്ത്രപ്രകാരം രീതികളിൽ ഒന്നു്. നു മനോഹരം, സുന്ദരം.

ലളിതവിസ്താര-ഒരു കാവ്യം.

ഇതിൽ ബുദ്ധന്റെ ചരിത്രവും ഉപദേശങ്ങളും അടങ്ങിയിരിക്കുന്നു.

ലളിതാ-പ. സൌന്ദര്യമുള്ളവൾ, ഉ. വേശ്യ.

ലാ

ലാകുകം-ലാത്തുക.

ലാക്കു്-പ. അടയാളം. ഉ. ലക്ഷ്യം, ഉന്നം.

ലാക്കടി-ഒരാഭരണം.

തിരുക്കുപ്പായിന്റെ മാതിരിയിൽ വലുതായിരിക്കുന്നതും തലയിൽ ചേർത്തു വച്ചു പിന്നുന്നതുമാണു്. തലയിൽ മുള്ളിൽ മുകളിൽ വെക്കും.

ലാക്ഷ-അരക്കു്, കോലരക്കു്. അടയാളപ്പെടുത്തുന്നതു് എന്നർത്ഥം. (ലാക്ഷാ എന്നതിനു ചെമ്പഞ്ഞിച്ചുവു് എന്നും പക്ഷമുണ്ടു്).

'ലാക്ഷാരേവനംതന്നിലിരിക്കും
സാക്ഷാൽ പരാമർശ്വരനൊട്ടുമല്ലൻ'

(ഹിഡിംബവധം തുള്ളൽ)

ലാക്ഷകീ-സീത.

ലാക്ഷാങ്കം-ചെമ്പഞ്ഞിച്ചുവിന്റെ പാടു്.

'ആലാക്ഷാങ്കംലലാടംസ്ഥലമതു പുഴലെ'

(അമരകോശതികം)

ലാക്ഷാതരു-പ്ലാശ്.

ലാക്ഷാപ്രസാദനം - ക. മലങ്കമുക്. ഉ. ചെമന്ന പാച്ചോറി. അരക്കിന്റെ നിറത്തെ കൊടുക്കുന്നത് എന്നർത്ഥം.

ലാക്ഷാരസം-കോലരക്കിൽ നിന്നെടുക്കുന്ന ചെമന്ന ചായം, ചെമ്പഞ്ഞിച്ചായം (കോലരക്കിൻചായം').

ഇതു ചെമന്നിരിക്കും. മംഗല്യാർത്ഥമായി സ്ത്രീകളുടെ കാലടികളിൽ തേയ്ക്കുന്നുണ്ട്.

ലാംഗലദന്ധം-കലപ്പയുടെ പിടി, കരിക്കോൽ.

ലാംഗലപദ്ധതി - ഉഴപ്പൊളി, ഉഴവുചാൽ. കരിപോയ വഴി എന്നർത്ഥം.

ലാംഗലം-ക. കലപ്പ; കരി. ശമിക്കുന്നത് എന്നർത്ഥം. ഉ. ഒരുമാതിരി വനവൃക്ഷം.

ലാംഗലി-ക. നീർത്തിപ്പലി. ഉ. തെങ്ങ്. അടിക്കൊണ്ടു നില്ക്കുന്നത് എന്നർത്ഥം. ന. മേത്തൊന്നി. ര. നായിക്കൊരണ. ഉ. മറിക്കുന്നി. ന: ബലഭദ്രൻ.

ലാംഗലികീ- ക. കറുംകാട്ട്. ഉ. മേത്തൊന്നി.

ലാംഗ്രലം-ക. വാൽ. ഉ. നെല്ലൂരം.

ലാംഗ്രലി-ക. കരങ്ങ്. ഉ. ഇടവകം. ന. ഓരില. ര. നായിക്കൊരണ.

ലാഘവം-ക. ലഘുത്വം, കനമില്ലായ്ക, സാരമില്ലായ്ക. ഉ. ശരീരസൌഖ്യം.

ലാജം-ക. മലർ. വറക്കപ്പെടുന്നത് എന്നർത്ഥം. ഉ. നനച്ച ധാന്യം. ന. രാമച്ചം.

ലാഞ്ഛനം-വെള്ളത്തിലിട്ടു ഉലച്ചു കഴുകുക.

ലാഞ്ഛനം- അടയാളം. പദാർത്ഥങ്ങളെ കാണിച്ചുതരുന്നത് എന്നർത്ഥം.

ലാഞ്ഛിത-വി. അടയാളപ്പെട്ട.

ലാട-വി. ക. പഴുതായ, ഉ. ശിഥിലമുള്ള.

ലാട-ഒരു രാജ്യം. (ഇപ്പോഴത്തെ ബറോഡ, അഹമ്മദാബാദ് ഈ സ്ഥലങ്ങളിലായിരുന്ന ലാടരാജ്യം).

ലാടൻ-ക. ഒരു ജാതി. ഉ. അവിടെയുള്ള മനുഷ്യൻ.

ലാടം-ക. കുതിരയുടെ കാലിൽ വച്ചു തയ്യുന്ന ഇരിമ്പുപോളം. (സം.) ഉ. വസ്ത്രം. ന. കുറവം.

ലാടാനുപ്രാസം - ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

ലാണ്ടനീ-കലാട

ലാത്ത്-ചാട്ടം.

ലാത-വി. എടുക്കപ്പെട്ട, സ്വീകരിക്കപ്പെട.

ലാത്തുക-ചാട്ടുക.

ലാത്തുന്നു-സംവിധാനത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. (നാമം-ലാത്തൽ, ലാത്ത്).

ലാന്തർ-റാന്തൽ.

ലാപം-സംസാരം.

ലാഭം-ക. വരവ്, നേട്ടം. ലഭിക്കപ്പെട്ടത്. മറവ പര്യായങ്ങൾ-അധികം, ഫലം. (ഒരു സംഖ്യയിട്ടു കച്ചവടം ചെയ്താൽ അധികം കിട്ടുന്നത് ലാഭം). ഉ. ക്ര-രാശി.

ലാമജ്ജകം-(മഞ്ഞനിറമുള്ള) രാമച്ചം.

ലായം-കുതിരപ്പന്തി.

ലാല-വായിലെ വെള്ളം. ആഗ്രഹിക്കുന്നത് എന്നർത്ഥം. (ഒരു പദാർത്ഥത്തിൽ ആഗ്രഹമുണ്ടാകുമ്പോളാണല്ലൊ ഇതു സ്രവിക്കുന്നത്).

ലാലസം-വ്യാപൃതമായിട്ടുള്ളത്, സന്തോഷിക്കുന്നത്.

ലാലസാ-ക. അധികമായ ആഗ്രഹം. ഉ. യാചനം, അപേക്ഷ, പ്രാർത്ഥന. ന. ഉല്ലാസം. ര. വ്യാക്കുണ്ട്. ങ ദുഃഖം. ന: ഇഷ്ടാർത്ഥത്തെ കുറിച്ചുള്ള താൽ

പയ്യുന്നതിശയം. പ്രകാശിക്കുന്നത് എന്നർത്ഥം.

ലാലസിക്കുന്നു – അധികമായി ശോഭിക്കുന്നു.

ലാലസീക–ചന്ദ്രൻ.

ലാലാടിക–വി. ഫ. ലലാടത്തെ സംബന്ധിച്ച, നെറ്റിയോട് ചേർന്ന. ഉ. പീനമായ. സ. രത്നവകല്പിതത്തെ സംബന്ധിച്ച. (കൻ, കീ, കം).

ലാലാടികൻ–ഫ. എമ്മമനെന്റെ ഭാവം നോക്കി നില്ക്കുന്നവൻ, യമമനെന്റെ മനസ്സിലുള്ളതിനെ മുഖഭാവം നോക്കി അറിയുന്ന ഭൃത്യൻ. ഉ. ഒന്നിനും കൊള്ളരുതാത്തവൻ, മടിയൻ, കായ്ങ്ങൾക്ക പ്രാപ്തിയില്ലാത്തവൻ.

ലാലാലിക–പോത്തു്.

ലാലിക–പോത്തു്.

ലാലിക്കുന്നു–ലാളിക്കുന്നു.

ലാലസിപ്പു–അധികമായി ശോഭിക്കുന്നു.

ഈ പദം സംസ്കൃതത്തിലേ യങ്ങ്ലുഗന്തത്തെ ഭാഷയിൽ പകർത്തുമ്പോൾ വന്നതാണ്. ഇതു സംസ്കൃതത്തിൽ തന്നെ വൈദികമാണെന്നു സിദ്ധാന്തിക്കുന്ന പണ്ഡിതന്മാരുണ്ട്.

ലാലിനീ–വേശ്യാ.

ലാവ–കാടപ്പക്ഷിപ്പിടി.

ലാവകൻ–കൊയ്യുന്നവൻ.

ലാവ(ക)ം—ചീവൽപ്പക്ഷി (മീവൽപക്ഷി).

ലാവണ–വി. ഉപ്പുരസമുള്ള.

ലാവണം—സ്ഥിരമായുള്ള പണി (ഉദ്യോഗം).

ലാവണ്യം–ഫ. സൌന്ദര്യം. [ജ്ഞാൻ'

'അംശലാവണ്യംകൊണ്ടംഗനമാക്ക
(വാതിൽതിറപ്പാട്ട്)

ഉ. ഉപ്പുരസം.

ലാവണ്യാജ്ജിതം–സ്ത്രീധനമായി കൊടുക്കപ്പെട്ട മുതൽ.

ലാവം–ഫ. കാടപ്പക്ഷി, മീവൽപക്ഷി. കൊത്തിയറക്കുന്നതു് എന്നർത്ഥം. ഉ. വെട്ടിയിടുക, മുറിയ്ക്കൽ.

ലാവികം–പോത്തു്.

ലാവുന്നു, ലാകുന്നു–ലഭിക്കുന്നു, ഉലാത്തുന്നു, നടക്കുന്നു.

ലാസകൻ–ഫ. ആട്ടക്കാരൻ. ഉ. ശിവൻ

ലാസകം–മയിൽ.

ലാസം–ആട്ടം.

ലാസികാ, ലാസികി–ആടുന്നവൾ, നർത്തകി. കളിക്കുന്നവൾ എന്നർത്ഥം.

ലാസ്യം–ഫ. ആട്ടം, നൃത്തം. കളിക്കുക എന്നർത്ഥം. ഉ. കൊട്ടും പാട്ടും നൃത്തവും കൂടിയതു്. സ. ശൈരീനൃത്തം. (ശിവനൃത്തത്തിനു താണ്ഡവം എന്നു പേർ).

ലാളനം–ലാളിക്കുക, വാത്സല്യത്തോടെ രക്ഷിക്കുക.

ലാളിക്കുന്നു–വാത്സല്യത്തോടെ രക്ഷിക്കുന്നു, ഓമനിക്കുന്നു.

ലാളിത–വി. ലാളിക്കപ്പെട്ട.

ലാളിത്യം–ഏവരുടേയും വാത്സല്യത്തിനു പാത്രീഭവിക്കത്തക്ക ഗുണം, മനോഹരപ്രകൃതി, മനോഹരത.

ലി

ലികുചം–ഫ. ഒരു വൃക്ഷം, അയിനി (ലകുചം എന്നതു നോക്കുക). ഉ. പുളിയഞ്ചീര.

ലിക്ഷാ–ഈരു്; പേനിന്റെ മുട്ട. "ലിക്ഷാഅലോചനേ".

ലിഖിത–വി. ഫ. എഴുതപ്പെട്ട. ഉ. വരയ്ക്കപ്പെട്ട. സ. വർണ്ണിക്കപ്പെട്ട.

ലിഖിതം–എഴുത്തു്.

ലിഖ്യ-ക്രിയപ്പെൻ.

ലിഖ്യപ്രകരണം-എഴുത്തുകുത്തുകളെയ്യേണ്ട നിയമങ്ങൾ അടങ്ങിട്ടുള്ള ഗ്രന്ഥം.

ലിംഗകം-വ്യ്ക്തർമരം.

ലിംഗധാരി-ക. ശിവഭക്തന്മാരുടെ ഇടയിലുള്ള ഒരു വസ്ത്രത്തിന്റെ പേർ. ഉ. പ്രത്യേക മുദ്രയെ ധരിച്ചിട്ടുള്ളവൻ. ന. ലിംഗം ധരിച്ചവൻ.

ലിംഗനം-ആശ്ലേഷം, കെട്ടിപ്പിടിക്കുക.

ലിംഗപുരാണം-പതിനെട്ട് പുരാണങ്ങളിൽ ഒന്ന്.

ലിംഗം-ക. അടയാളം. ഉ. ശിവലിംഗം. ന. പുരുഷന്റെ അടയാളം, മേഢ്രം. ര. പ്രകൃതി. ങ. (വ്യാകരണത്തിൽ) ശബ്ദത്തിന്റെ പുല്ലിംഗവും മറ്റും. ന്യ രൂപം. ച. രോഗലക്ഷണം. വ. മനസ്സ് തീരുമാനിക്കുന്നതിനായിട്ട് സന്ന്യാസികളുടെയും മറ്റും വേഷംകെട്ടി നടക്കുന്നവൻ, കാഷായവസ്ത്രം, ഭസ്മം തുടങ്ങിയ ആശ്രമചിഹ്നങ്ങളെക്കൊണ്ട് കാലംകഴിക്കുന്നവൻ എന്നർത്ഥം.

ലിപി-ക. അക്ഷരം, എഴുത്ത്. പറയുന്നത്. (എഴുതുമ്പോൾ അതു കടലാസിലും മറ്റും പറ്റി രേഖയുടെ ആകൃതിയിൽ കാണുന്നതിനാൽ ഈ പേർ സിദ്ധിച്ചു 'ലിബി' എന്നും കാണുന്നു.

ലിപി എന്നാൽ വർണ്ണങ്ങളെക്കുറിക്കുന്ന 'അ', 'ആ' മുതലായ ചിഹ്നങ്ങൾ ഉൾകൊള്ളുന്നു.

ഉ. ചിത്രമെഴുത്ത്.

ലിപികാരൻ-എഴുത്തുകാരൻ.

ലിപ്ത-വി. ക. പൂശപ്പെട്ട, ലേപനം ചെയ്യപ്പെട്ട. ഉ. തിന്ന. ന. ആലിംഗനം ചെയ്യപ്പെട്ട. ര. വിഷത്തിൽ തേയ്ക്കപ്പെട്ട. ങ. അഭ്യസിയ്ക്കപ്പെട്ട.

ലിപ്തകം-വിഷം പുരട്ടിയ അമ്പ്.

ലിപ്തം-ഭക്ഷിക്കപ്പെട്ട അന്നം മുതലായത്. വായിൽ തേച്ചത് എന്നർത്ഥം.

ലിപ്തവർണ്ണപദം-രോഗംമുതലായതുകൊണ്ടുള്ള ശക്തിയില്ലായ്മ ഹേതുവായിട്ടോ, ജഡത്വം, ബാല്യത്വം ഇത്യാദി നിമിത്തമോ അക്ഷരങ്ങളോ പദങ്ങളോ ലോപിച്ചുകൊണ്ട് പറയുന്ന വാക്ക്.

ലിപ്സാ--ലഭിപ്പാനുള്ള ആഗ്രഹം, ഇച്ഛ.

ലീ

ലീഢ-വി. ക. നക്കപ്പെട്ട. ഉ. ഭക്ഷിക്കപ്പെട്ട.

ലീന-വി. ലയിച്ച, ചേർന്ന.

ലീല-ക. ക്രീഡ. ഉ. കളി. ന. വേഷം. ര. ഉല്ലാസം. ങ. ഹാവവിശേഷം. വാക്കിലും നടത്തയിലും പ്രവൃത്തിയിലും പ്രിയന്റെ അനുസരണമായിരിക്കുക. (വിലാസം നോക്കുക). ന്യ വിലാസം. ശോഭിക്കുന്നത് എന്നർത്ഥം.

സൃഷ്ടിസ്ഥിതി സംഹാരാദികളും നടത്തുന്നതിനാൽ ഭഗവാനെന്നുദ്ദേശവും നിർവ്വഹിപ്പാനില്ലാതിരിക്കുന്നതുകൊണ്ട് ആ വക പ്രവൃത്തികൾക്കും ലീലകൾ എന്നു പറയപ്പെടുന്നു.

ലീലാശബ്ദവും ക്രീഡാശബ്ദവും പലപ്പോഴും മന്മഥവിനോദങ്ങളെ കുറിയ്ക്കും.

ലീലൻ- ക കളിച്ചവൻ. ഉ. ലയിച്ചവൻ.

ലീലാകഞ്ജം - ലീലക്കായിട്ടുള്ള കഞ്ജം (താമരപ്പൂവ്).

ലീലാഗാരം-ലീലാഗൃഹം.

ലീലാതിലകം-കേരളഭാഷാശാസ്ത്രവിഷയമായി സംസ്കൃതത്തിൽ ചമച്ചിട്ടുള്ള ഒരു പ്രാചീന ഗ്രന്ഥം.

പല ശില്പങ്ങളായി രംഗീകരിച്ചിരിക്കുന്നു. ക. മണിപ്രവാള ലക്ഷണം, മണിപ്രവാള വിഭാഗങ്ങൾ മുതലായവ. ഖ & ങ. വ്യാകരണ നിയമങ്ങൾ. ഗ. കാവ്യദോഷങ്ങൾ. ഘ. കാവ്യഗുണങ്ങൾ. ങ. ശബ്ദാലങ്കാരം. ച. അർത്ഥാലങ്കാരം. ഛ. രസങ്ങൾ.

ലീലായമാന-വി. കളിയാടുകയിരുന്ന.

ലീലാവതി-പ്ര. ലീലയുള്ള സ്ത്രീ ഖ. ഒരു കണക്കുപുസ്തകം. ന. ഒരു സ്ത്രീയുടെ പേർ, ഭാസ്കരാചാര്യമിശ്രന്റെ മകൾ.

ജ്യോതിശ്ശാസ്ത്രപാരംഗതനായ ഭാസ്കരാചാര്യമിശ്രൻ വളരെ വിദുഷിയായി ലീലാവതി എന്നൊരു പുത്രിയുണ്ടായിരുന്നു. ഭാസ്കരാചാര്യമിശ്രൻ സിദ്ധാന്തശിരോമണി എന്നൊരു ഗ്രന്ഥം നിർമ്മിച്ചതിന്റെ പ്രഥമഭാഗത്തിനു 'ലീലാവതി' എന്നു പറയുന്നു. ഇതു മിശ്രന്റെ പുത്രിയുടെ സ്മാരകമായി നിർമ്മിച്ചതാണ്.

ര. ദുർഗ്ഗ ങ. മയാസുരന്റെ പത്നി

ലീലാവിലാസം-ഉല്ലാസം

ലു

ലുങ്കി-മൊസൽമാൻ സ്ത്രീകളുടെ പലനിറമുള്ള ഒരുവക വസ്ത്രം.

ലുംഗം-മാതളനാരകം.

ലുഞ്ചിത-വി. ചിരയ്ക്കപ്പെട്ട.

ലുഞ്ചിതകേശൻ-രള ചിരച്ചവൻ.

ലുഠനം-പ്ര. പിരളുക ഖ. ഉരുളുക.

ലുഠിത-വി. പ്ര. പിരളുന്ന. ഖ. ഉരുളുന്ന

ലുഠിതൻ-ക്ഷീണം കളയുന്നതിനു പിന്നെയും പിന്നെയും നിലത്തുകിടന്നുരുളുന്ന കതിര്. ലോഠനം ചെയ്യുന്നവൻ എന്നർത്ഥം.

ലുണ്ടകൻ-കള്ളൻ

ലുണ്ടനം-കൊള്ളയിടുക.

ലുപ്ത-വി. പ്ര. നശിപ്പിക്കപ്പെട്ട, നശിച്ച. ഖ. തള്ളപ്പെട്ട.

ലുപ്തത-നാശം.

ലുപ്തം-കൊള്ള, കവർച്ച

ലുപ്തവർണ്ണപദം-രോഗം മുതലായതുകൊണ്ടുള്ള ശക്തിയില്ലായ്മ ഹേതുവായിട്ടോ മദ്ധ്യത്വം, ബാഹ്യത്വം ഇത്യാദി നിമിത്തമോ അക്ഷരങ്ങളുടെ പദങ്ങളുടെ ലോപിച്ചുകൊണ്ടു പറയുന്ന വാക്ക്.

ലുബ്ധ്-പിശുക്ക്.

ലുബ്ധ വി. ലോഭമുള്ള, പിശുക്കുള്ള, കൊതിയുള്ള, പണക്കൊതിയുള്ള.

ലുബ്ധത-പിശുക്ക്.

ലുബ്ധ(ക)ൻ-പ്ര. പിശുക്കൻ. ഖ. അകാരണം ക്ഷയമുള്ളവൻ, അതിലാഭമുള്ളവൻ. ന. നായാടി, വേടൻ, മോഹിപ്പിക്കുന്നവൻ എന്നർത്ഥം

'ലുബ്ധനായ പടുശരത്താൽ'

ലുബ്ധൻ=വേടക്കുട്ടൻ

ലുലാപ(യ)നം-കൂട്ടുപോത്തു്.

ലുളിത-വി ഇളക്കപ്പെട്ട.

ലൂ

ലൂട്ട്-കവർച്ച.

ലൂത-പ്ര. ചിലന്തി(ന്നി). ഛേദിക്കുന്നതു് എന്നർത്ഥം. ഛേദിക്കപ്പെടുന്നതു് എന്നുമാവാം. ഖ. ഉറയ്.

ലൂതാമർക്കടകം-കരണ്ടു്.

ലൂന-വി. മുറിയ്ക്കപ്പെട്ട.

ലൂനി-കൊയ്ത്ത്.

ലൂമം-വാൽ. ഛേദിക്കപ്പെട്ടുന്നത് എന്നർത്ഥം.

ലൂലകം-തവള.

ലൂലം-വെളുത്ത ചേന.

ലേ

ലേഖ-രേഖ.

ലേഖം-എഴുത്ത്.

ലേഖകചതുഷ്ടയം-സുശീലൻ, കോമളാംശൻ, സുകേശൻ, സത്യവാഗി ഇവർ ൪-൦.

ലേഖകൻ - എഴുത്തുകാരൻ, എഴുതുന്നവൻ. മറ്റു പര്യായങ്ങൾ-ലിപികാരൻ, അക്ഷരചണൻ, അക്ഷരചുഞ്ചു.

ലേഖനതൂലിക-എഴുതുന്നതൂലവും മറ്റും.

ലേഖനം-പ. എഴുത്ത്. ൨. ഇഞ്ചമരം: ൩. കുത്തവിക്കരിയ്ക്.

ലേഖന്മാർ-ദേവന്മാർ - പ്രാണികളുടെ ശരീരത്തിലെഴുത്തുകളെ എഴുതുന്നവർ. (ലേഖിക്ക = എഴുതുക. കഴുത്ത്, പാദം, കൈ ഇവയിൽ നല്ല രേഖയോടുകൂടിയവർ; ചിത്രപടാദികളിൽ ധ്യാനാർത്ഥം ഭക്തന്മാരാൽ എഴുതപ്പെട്ടുന്നവർ.

ലേഖനാഥൻ-ദേവേന്ദ്രൻ.

ലേഖനി-എഴുത്തുകോൽ, എഴുത്തുകല്ല്.

ലേഖനികൻ-അഞ്ചൽക്കാരൻ.

ലേഖൻ-ദേവൻ.

ലേഖഷ്ടഭൻ-ഇന്ദ്രൻ ദേവശ്രേഷ്ഠൻ എന്നർത്ഥം.

ലേഖാ-ഇടതൂർന്നുള്ള വൃക്ഷസമൂഹം. അക്ഷരസമൂഹം പോലെ വരിവരിയായിട്ടുള്ളത് എന്നർത്ഥം.

ലേഖ്യ-വി. എഴുതപ്പെട്ടുവാൻതക്ക.

ലേഖ്യമുണ്ണിക-എഴുതുന്ന തൂവൽ

ലേഖ്യപത്രം-കരിമ്പന.

ലേഖ്യം-പ. എഴുതിയ കടലാസും മറ്റും. ൨. എഴുത്ത്.

ലേഖ്യസ്ഥാനം-എഴുതുന്നതിനുള്ള സ്ഥാനം.

ലേഞ്ചി-തലയിൽ കെട്ടുന്ന ചില ചെറിയ വസ്ത്രങ്ങൾക്കു പറയുന്ന ഒരു പേർ. മുഖം തുടയ്ക്കുന്നതിനും മറ്റും കപ്പായക്കീശ മുതലായതിൽ തയ്യാറാക്കി വെച്ചു കൊള്ളുന്ന ചെറിയ തുണി, ലേസ്.

ലേപകൻ-പൂശുന്നവൻ. നിലം ചുമർ മുതലായതു ചെത്തിത്തേയ്ക്കുന്നവൻ, കമ്മായപ്പണിക്കാരൻ. ലേപനം ചെയ്യുന്നവൻ എന്നർത്ഥം.

ലേപനം-പ. പൂശൽ, തേയ്ക്കുക. ൨. അറബിക്കുന്തുരുക്കം.

ലേപം-പ. ചുണ്ണാമ്പ്. ൨. കുമ്മായം തേയ്ക്കുക. ൩. ഭക്ഷിക്കുക.

ലേപ്യ-വി. തേയ്ക്കപ്പെട്ടുവാൻ തക്ക.

ലേപ്യം-ലേപനം, പൂശുക, തേയ്ക്കുക.

ലേയം-സിംഹരാശി.

ലേലം-പരസ്യമായി കൂടുതൽ വിലയ്ക്കു കൊടുക്കുന്ന എപ്പാട്. (പോർട്ടുഗീസ് ഭാഷ).

ലേലിഹാനം-പാമ്പ്.

ലേശം-അല്പം.

ലേഷ്ടി-മൺകട്ട.

ലേസ്-ലേഞ്ചി.

ലോടികൻ-അനപ്പുറത്തു കയറി ഓടിക്കുന്നവൻ.

ലോഠനം-നക്കുക.

ലോഢം-പ. ഉണ്ട്, ഭക്ഷണം. ആസ്വദിക്കുക എന്നർത്ഥം. ൨. നക്കുക. ൩. (മ) നക്കുവാൻ തക്ക ഒരു മരുന്ന്.

ലോഢ്യ-വി. നക്കപ്പെട്ടുവാൻതക്ക.

ലേഹ്യം-ദേവന്മാരുടെ ഒരു ഭക്ഷണം, അമൃത്. നക്കിത്തിന്നാൻതക്ക ഒരുമാതിരി മരുന്ന്, ലേഹം.

—:o:—

ലൈ

ലൈംഗം—അഷ്ടദേശപുരാണങ്ങളിൽ ഒന്ന്.

ആഗ്നേയകല്പത്തിൽ അഗ്നിലിംഗമദ്ധ്യസ്ഥിതനായ ശിവൻ ധർമ്മാർത്ഥകാമമോക്ഷങ്ങൾ അരുളിച്ചെയ്തത്. ശിവനെ വാഴ്ത്തുന്നു. അവയവം വിഷ്ണുവിന്റെ വലതുകരിയാണി. താമസപ്രധാനം. ശ്ലോകം ൬൬,൦൦൦.

ലൈംഗികം—(വ്യാകരണത്തിൽ) 'അൻ', 'അം' മുതലായ ലിംഗപ്രത്യയങ്ങൾക്കുള്ള പേർ.

ലൈംഗീ-കഴുവിരലിക്കോവ.

—:o:—

ലൊ

ലൊട്ട-വി. ഹീനമായ.

ലോ

ലോകജനനി-പ. ലക്ഷ്മി. ഉ. പാർവ്വതി.

ലോകജിത്ത്-ബുദ്ധമുനി. തപസ്സുകൊണ്ട് ലോകങ്ങളെ ജയിച്ചവൻ എന്നർത്ഥം.

ലോകത-ലോകമദ്ധ്യം.

'ഗണിതഗ്രന്ഥമൈദ്യവുരണ്ടതി
ഗുണവാനെന്നുപ്രസിദ്ധംതാനും
ലോകതയെന്നതുകണികാണ്മാനി-
ല്ലേകനഭോക്ഷമതേകമസംഖ്യം'
(തക്കിണീസചയംവരം തുള്ളൽ)

ലോകതത്വം—ഈ ലോകത്തിൽ യഥാർത്ഥമായി കാണുന്ന പ്രമാണം, ലോകപ്രകൃതി.

ലോകനാഥൻ, ലോകനായകൻ-പ. ലോകത്തെ രക്ഷിക്കുന്നവൻ, രാജാവ്. ഉ. ഒരു ബുദ്ധമുനി.

ലോകപാലൻ-ലോകത്തെ രക്ഷിക്കുന്നവൻ, രാജാവ്. ഇത് ഇന്ദ്രൻ, അഗ്നി മുതലായ ചില ദേവന്മാർക്കും പറയും.

('അഷ്ടദിക്പാലകർ' എന്നതു നോക്കുക. ഇവർ എട്ടുദിക്കുകളെ പാലിക്കുന്നവരാണ്. 1. കിഴക്ക്—ഇന്ദ്രൻ. 2. തെക്കു കിഴക്ക്—അഗ്നി. 3. തെക്ക്—യമൻ. 4. തെക്കുപടിഞ്ഞാറ്—നിർൃതി. 5. പടിഞ്ഞാറ്—വരുണൻ. 6. വടക്കുപടിഞ്ഞാറ്—വായു. 7. വടക്ക്—കുബേരൻ. 8. വടക്കുകിഴക്ക്—ശിവൻ. ('ദിക്കധിനികൾ' എന്ന ശബ്ദം നോക്കുക).

ലോകപീഡ - ലോകങ്ങളെ ഉപദ്രവിക്കുക.

ലോകപ്രശ്നകർത്താവ് - മനഃശ്ശാസ്ത്രകാരൻ.

ലോകപ്രകൃതി-പ. ഈ ലോകത്തിൽ കാണുന്ന എല്ലാറ്റിന്റേയും സ്ഥിതി. ഉ. സാധാരണമായുള്ള മനുഷ്യസ്വഭാവം.

ലോകബാന്ധവൻ-ആദിത്യൻ.

ലോകം-പ. ഭവനം, എല്ലാം ഇതിൽ കാണപ്പെടുന്നതിനാൽ ഈ പേർ വന്നു. മറ്റു പര്യായങ്ങൾ—ജഗതി, വിഷ്ടപം, ഭുവനം, ജഗത്ത്. ഉ. ജനം. ൩. ജനക്കൂട്ടം. ൪. സപ്തർഷിലോകം. കാണപ്പെടുന്നത് എന്നർത്ഥം. ഭൂമി, പാതാളം, സ്വർഗ്ഗം (പതിന്നാലു ലോകങ്ങൾ എന്നതു നോക്കുക). ൫. കാഴ്ച.

(വേദാന്തികൾ 8 ലോകങ്ങൾ എന്നു പറയുന്നു—ബ്രഹ്മലോകം, പിതൃലോകം,

സോമലോകം, ഇന്ദ്രലോകം, ഗന്ധർവ്വലോകം, രാക്ഷസലോകം, യക്ഷലോകം, പിശാചലോകം).

(സത്യലോകത്തിൽ എത്തിയാൽ പിന്നെ പുനർ ജന്മമില്ല).

ലോകമാതാവ്-പ. ലക്ഷ്മി. ര. പാർവ്വതി.

ലോകയാത്ര-ലോകജീവിതം.

ലോകർ-ജനങ്ങൾ.

ലോകവൃദ്ധി-ലോകപ്രസിദ്ധം.

ലോകവാദം-ജനവാദം.

ലോകവാർത്ത-ലോകത്തിലെവർത്തമാനം.

ലോകവാസം-ലോകത്തിലേ ഇരിപ്പ്.

ലോകസക്തി-വിഷയസുഖത്തിലുള്ള താല്പര്യം.

ലോകാചാരം-ലോകമര്യാദ.

ലോകാന്തം-ലോകാവസാനം.

ലോകാന്തരം-വേറൊരുലോകം, വരുവാനുള്ള ലോകം, വരുവാനുള്ള ജീവിതം.

ലോകാപവാദം-ദുഷ്കീർത്തി.

ലോകായതം-ചാർവ്വാകനാൽ പഠിപ്പിക്കപ്പെട്ട ഒരു മതം, ചാർവ്വാകശാസ്ത്രം. ലോകത്തിൽ പ്രയത്നം ചെയ്യുന്നവർ ലോകായതന്മാർ = ചാർവ്വാകന്മാർ. അവരുടെ ശാസ്ത്രമെന്നർത്ഥം. ഈശ്വരൻ ഇല്ലെന്നുള്ള ഒരു പ്രമാണം.

ലോകായതികൻ, ലൌകായതികൻ-ചാർവ്വാക മതത്തെ അനുസരിക്കുന്നവൻ, നാസ്തികൻ, ഈ പ്രത്യക്ഷലോകമേ ഉള്ളൂ എന്നു വാദിക്കുന്നവൻ, മഹാത്മവാദിയായ ബുദ്ധമതക്കാരൻ.

ലോകാലോകം - ഏഴു സമുദ്രങ്ങളേയും ചുറ്റിയുള്ള ഒരു പർവ്വതം. ഈ ലോകത്തെ ചുറ്റി നില്ക്കുന്ന ഒരു പർവ്വതം, ലോകാലോകപർവ്വതം. മറ്റൊരു പർവ്വതം—ചക്രവാളം.

'ഇക്ഷ്വാണിമണ്ഡലത്തിൽ
നാരൊന്നുണ്ടറിഞ്ഞാലും
ശിക്ഷയും ലോകാലോക-
ത്തിന്നകമെന്നതുനൂനം'
(ഭാഗവതം)

'ലോകംപാതിയലോകവുമാകയാൽ
ലോകാലോകമിതെന്നു പറയുന്നു'
(സന്താനഗോപാലം പാന)

നിർമ്മലജലസമുദ്രത്തിനു പുറമെ ഭൂമിയെ ചുറ്റിയിരിക്കുന്ന ഒരു പർവ്വതമാണു ലോകാലോകം. അതിനപ്പുറം മുഴുവനും ഇരുട്ടാകുന്നു. ഈ പർവ്വതം സപ്തദ്വീപസപ്തസമുദ്രരൂപമായ ഭൂമിയുടെ പുറമെ ഒരു ചക്രാകാരേണ ചുറ്റിക്കൊണ്ടിരിക്കുന്നു).

ലോകിക്കുന്നു-അടുകൽ കാണുന്നു.

ലോകേശൻ-ബ്രഹ്മാവ്.

ലോകൈകനാഥൻ-ലോകങ്ങൾക്കു ഏകനാഥൻ, പതിനാലു ലോകങ്ങൾക്കും താൻതന്നെ നാഥനായുള്ള എന്നുള്ളവൻ.

ലോകോക്തി-പ. ലോകത്തവർത്തമാനയും ലോകപ്രകൃതിയേയും വിവരിക്കുന്ന വാക്ക്. ര. ആളുകളുടെ സാധാരണമായുള്ള പറച്ചൽ, പഴഞ്ചൊല്ല്.

ലോകോത്തര-വി. ലോകത്തിൽ ശ്രേഷ്ഠതയുള്ള.

ലോചക-വാഴ.

ലോചകൻ-ദുർബുദ്ധി.

ലോചകം-പ. മാംസഖണ്ഡം. ര. കണ്ണിലെ മണ്ണി. ന. വിളക്കുപേക്ഷി. ർ. നെറ്റിപ്പട്ടം. ൽ. കണ്മിഴി. ന്യ. നീലവസ്ത്രം. ൾ, കുണ്ഡലം. വ്യ. വാഴ. ൻ. വില്ലിന്റെ ഞാൺ ൾര പൂരികം. ൾര സ്ത്രീകൾ നെറ്റിമേൽ ധരിക്കുന്ന ഒരു വിശിഷ്ട ആഭരണം.

ലോചന-യാദവന്മാരുടെ ദേവി.

ലോചനം-കണ്ണ. കാണ്മാനുള്ളതു എന്നർത്ഥം.

ലോചനാമയം-കണ്ണിൽഭീനം.

ലോചമൽക്കടം-കരിങ്കിരീകം. (ലോച മസ്തകം എന്നതു നോക്കുക).

ലോചമസ്തകം-പ്ര. മയിലോംശിക. ഭംഗിയുള്ള മസ്തകത്തോടുകൂടിയതു് എന്നർത്ഥം. (പാഠം—ലോചമൽക്കടം) ഉ. കരിങ്കിരീകം. ന. ഒരു പുഷ്പം.

ലോടനം-ഉരുളുക.

ലോട്ട്-പ്ര. ഉപദവം. ഉ. കളി.

ലോഠം-ഉരുളുക.

ലോതം-പ്ര. കവച്ചു. ഉ. കണ്ണുനീർ. ന. അടയാളം. ര. ഉപ്പു്.

ലോത്രം -കത്തികൊണ്ടറക്കുന്നതു്. (ലോപ്ത്രം എന്നതിന്റെ പാഠം).

ലോദ്ധ്രം - പാറ്റച്ചോറി. രോഗങ്ങളെ തടുക്കുന്നതു് എന്നർത്ഥം.

ലോപം-പ്ര. കുറവു്. ഉ. നാശം. ന. ഛേദനം. ര. സന്ധികളിൽ ഒന്നു; (വ്യാകരണത്തിൽ) പദങ്ങളും ഒന്നിച്ചു ചേരുമ്പോൾ വർണ്ണങ്ങളും നശിക്കുന്നതിനു് ലോപം എന്നു പേർ. ഉ-ം, കണ്ടു + ഇല്ല = കണ്ടില്ല.

ലോപാമുദ്ര-അഗസ്ത്യ മഹർഷിയുടെ സഹധർമ്മചാരിണിയായ പത്നി. സ്ത്രീകളുടെ രൂപാഭിമാനത്തെ മുതലാക്കുകയും ബ്രഹ്മസൃഷ്ടിയെ മുടിക്കുകയും ചെയ്യുന്നവർ എന്നർത്ഥം. മത്സ്യത്തുല്യം ചെയ്യാതെ ഇരിക്കാൻ സന്തോഷമില്ലാത്തവർ എന്നുമാവാം — ഒരിക്കലും ധർമ്മത്തിനു ലോപം വരുത്താത്തവർ ഇങ്ങനെ ശബ്ദാർത്ഥങ്ങൾ. (അഗസ്ത്യൻ എന്നതു നോക്കുക).

അനസൂയ (അത്രിമുനിയുടെ പത്നി), ലോപാമുദ്ര (അഗസ്ത്യമുനിയുടെ പത്നി), അരുന്ധതി (വസിഷ്ഠന്റെ പത്നി). ഈ മൂന്നു മഹർഷിപത്നിമാരും പാതിവ്രത്യനിഷ്ഠയിൽ അതി പ്രസിദ്ധകളാണു്.

സപത്നിയായ കുന്തിനിമേൽ അഗസ്ത്യൻ അനേകം മൃഗങ്ങളുടെ അഴകുള്ള അംശങ്ങൾ എടുത്തു ലോപാമുദ്രയെ സൃഷ്ടിച്ചു ഈ സ്ത്രീയെ സന്തുഷ്ടയാക്കുന്നതിനായിട്ടു് അഗസ്ത്യൻ ഇധ്മവാഹൻ എന്ന രാക്ഷസവീരനെ വധിച്ചു. അവന്റെ സമ്പത്തുക്കളും കൊടുത്തു. ലോപാമുദ്രയ്ക്കു കൌശീതകി, വരപ്രദൻ, ലോപ ഇങ്ങിനേയും പേരുകൾ ഉള്ളതായി കാണുന്നു).

ലോപിക്കുന്നു-പ്ര. കുറയുന്നു. ഉ. നശിപ്പിക്കുന്നു. ന. ഛേദിക്കുന്നു.

ലോപ്ത്രം, ലോത്രം -കൊള്ളയിട്ടെടുത്ത വസ്തു.

ലോഭം-പ്ര. അത്യാഗ്രഹം, ധനാഗ്രഹം. ഉ. പിശുക്കു്. (അത്രം ഒന്നും കൊടുക്കരുതെന്നുള്ള വിചാരമത്രെ ലോഭം).

ലോഭവാൻ-ലുബ്ധൻ, അത്യാഗ്രഹി.

ലോഭി-വി. ലോഭമുള്ള (ഭീ, ഭിനീ, ഭി).

ലോഭിക്കുന്നു -ലോഭത്തെ കാണിക്കുന്നു, ദ്രവ്യം ചെലവിടാതേയും മറവു സൂക്ഷിക്കുന്നു.

ലോമപാദൻ - ഒരു അംഗരാജാവു്. (ഋഷ്യശൃംഗൻ എന്നതു നോക്കുക)

ലോമം-പ്ര. രോമം. മൂടുന്നതു് എന്നർത്ഥം. ഉ. വാൽ.

ലോമശ-വി. രോമംകൊണ്ടു മൂടിയിരിക്കുന്ന.

ലോമശ-പ്ര. മാഞ്ചി. (രോമശ പുനരാവൃത്തം). രോമതുല്യമായ ഒരുതരമുള്ളതു് എന്നർത്ഥം. ഉ. കിളുകിളുപ്പു്. ന. വയസ്സു്. ര. ഉരുകം. ള. ധാതുകാവീസം. ഴ. വെൺവയസ്സു്. റ. നവമഞ്ചി വ്യ. മഹാരാജ. ൻ. നായിക്കാരുണ്ണ ക്ഷ. കാക്കോളി.

ലോമശൻ-പ. ഒരു മഹർഷി. ര. ര. മുട്ടാട്ട്.

ലോമഹർഷണം-രോമാഞ്ചം, (രോമഹർഷണം).

ലോല-പ. നാക്ക്. ര. ലക്ഷ്മിദേവി. ന. സുന്ദരി.

ലോല-വി. പ. ആഗ്രഹമുള്ള. ര. ഇളക്കമുള്ള, ഇളകുന്ന, വിറയ്ക്കുന്ന.

ലോലത-പ. ആഗ്രഹം. ര. ഇളക്കം. വിറയൽ.

ലോലൻ-സ്ഥിരതയില്ലാത്തവൻ.

ലോലം-ചഞ്ചലമായിട്ടുള്ളത്.

ലോലംബം-വണ്ട്.

'കരതലേലോലംബമാലാകുലംമലം'

ലോലിത-വി. ഇളക്കപ്പെട്ട, മറന്ന.

ലോലുപ-വി. അത്യാഗ്രഹമുള്ള.

(ഗർഹിതമാകെവണ്ണം മുഴിഞ്ഞാഗ്രഹിക്കുന്നവൻ-ലോഭലുപൻ).

ലോലുഭ-വി. അത്യാഗ്രഹമുള്ള.

ഏറവും ലോഭിക്കുന്നവൻ—ലോലുഭൻ).

ലോഷ്ടഭേദനം-കട്ടയുടക്കുന്നതിനുള്ള തടി, പല്ലിത്തടി.

ലോഷ്ടം- പ. മൺകട്ട. കട്ടപ്പിടിച്ചത് എന്നർത്ഥം. ര. ഇരിമ്പുകിട്ടം. ന. ഓട്ട്.

ലോഷ്ട = മൺകട്ട.

ലോഹ-വി. പ. ചെമപ്പുനിറമുള്ള. ര. ലോഹംകൊണ്ടുണ്ടാക്കിയിട്ടുള്ള.

ലോഹകാന്തം —കസ്തക്കല്ല്, അയസ്കാന്തം.

ലോഹകാരകൻ - കൊല്ലൻ. ഇരുമ്പുപണിചെയ്യുന്നവൻ എന്നർത്ഥം. (കരുവൻ).

ലോഹകിട്ടം-ഇരിമ്പുകിട്ടം.

ലോഹചുംബകന്യായം-ഇരിമ്പും കാന്തവും തമ്മിലുള്ളതുപോലെയുള്ള പരസ്പരാകർഷണം.

ലോഹജിത്തു്-വജ്രം.

ലോഹദ്രാവി-പൊൻകാരം.

ലോഹനാഡി-രക്തഞരമ്പ്.

ലോഹപക്ഷം-കങ്കപ്പക്ഷി. ഇരിമ്പുപോലെ ഉറപ്പുള്ള പുഷ്ടത്തോടുകൂടിയതു് എന്നർത്ഥം. (ഞാറപ്പക്ഷിഎന്നുംകേൾക്കുന്നു).

ലോഹപ്രതിമ - ലോഹംകൊണ്ടുള്ള രൂപം, അടകല്ല്.

ലോഹം-പ. ഇരിമ്പ്. ചേരിക്കുന്നതു് എന്നർത്ഥം. ര. ഉരുക്ക്. ന. ഇരിമ്പ്, രേയ്യ് മുതലായവ. ഘ. വെള്ളോട്ട്. ങ. ശസ്ത്രം. ഞ. രക്തം. ച. അകിൽ. ഇരുമ്പിനെപ്പോലെ ഉറപ്പുള്ള കാതലുള്ളതു് എന്നർത്ഥം. ശബ്ദത്തിന്റെ പര്യായമായ ഹരണം എന്നും ശബ്ദാർത്ഥം.

(ലോഹങ്ങളെല്ലാം അഗ്നേയങ്ങളാകുന്നു).

ലോഹമയ-വി. ലോഹംകൊണ്ടുള്ള.

ലോഹല-വി. അസ്പഷ്ടമായി പറയുന്ന, കൊഞ്ഞപറയുന്ന.

ലോഹലം-ഇരിമ്പുചങ്ങലയുടെ വലിയ വളയം.

ലോഹാഭിസാരം-ശാസ്ത്രത്തോടുകൂടെയുള്ള യാത്ര. (ലോകാഭിഹാരം നോക്കുക).

ലോഹാഭിഹാര, ലോഹാഭിസാരം-അസ്ത്രവിദ്യകളായ രാജാക്കന്മാരുടെ നീരാജനവിധിയുടെ(തീർപ്പുച്ചിഹ്നത്തിന്റെ)

(ബ്രാഹ്മണരായി അല്ലെങ്കിൽ ബ്രാഹ്മണർ ഇരുദിവസം ആയുധപൂജ ചെയ്തു യുദ്ധത്തിനായി പുറപ്പെട്ടാലും രണ്ടു നീരാജനാവധി ചെയ്യുക പതിവുണ്ട്. ലോഹാഭിഹാരം എന്നതു നീരാജനത്തിനുശേഷം ചെയ്യുന്ന 'ആയുധം എടുക്കുക' എന്ന പ്രധാനകർമ്മത്തിന്റെ പേരാണെന്നും അഭിപ്രായം കാണുന്നു).

ലോഹിത-വി. ചെമന്ന.

ലോഹിതൻ-ചൊവ്വാഴ്ച എന്ന ഗ്രഹം.

ലോഹിതം-പ. ചോര. ശരീരത്തിൽനിന്ന പുറപ്പെട്ടുന്നതെന്നർത്ഥം. ര. കട്ടം ചെമപ്പ്. ന. ചെമന്ന അകിൽ. ര. യുദ്ധം. ങ. കുങ്കുമം, പുൽ കുങ്കുമം. ഞ ഒരു മത്സ്യം. ഠ. രക്തചന്ദനം. വ. ചെന്നെല്ല്. ൻ. പത്തരങ്ങം. ഫ. ഹരിചന്ദനം. ഭ. കരിത്ത ചണംപയറ്. മ. വാകച്ചേയ്. യ. ചെമന്ന കരിയ്. ര. കമ്പിപ്പുല. ഷ. ചെങ്കവരിമീൻ. സ. പാമ്പ്. ഹ. ബ്രഹ്മപുത്രാനദി.

ലോഹിതക-വി. ചെമന്ന.

ലോഹിതകം-പത്മരാഗമണി. ലോഹിത വർണ്ണമായിട്ടുള്ളതു എന്നർത്ഥം. ചെമപ്പുകല്ല്, മാണിക്യം. പ. പിച്ചള. ന. ചൊവ്വാഴ്ച.

ലോഹിതചന്ദനം-രക്തചന്ദനം.

ലോഹിതാ-പ. കോപം കൊണ്ടോ സ്നേഹംകൊണ്ടോ ചെമന്നവർണം. പ. ഒരു വള്ളി. ന. അഗ്നിയുടെ ഒരു ജിഹ്വാ. സസ്യാദികളിൽ പ്രത്യക്ഷമാകുന്നതു എന്നർത്ഥം. ര. ചെമന്ന തഴുതാമ. ങ. പന്നിക്കിഴങ്ങ്.

ലോഹിതാംഗൻ-ചൊവ്വാഴ്ച. ചെമപ്പുനിറമായ അംഗങ്ങൾ ഉള്ളവൻ എന്നർത്ഥം

ലോഹിതാശ്വൻ-അഗ്നി.

ലോഹിതികാ - അനുരാഗംകൊണ്ടോ കോപം മുതലായതുകൊണ്ടോ ചെമന്നവർണം. (ഇവർണം സ്വതേ ചെമന്നവർണം അല്ല). ലോഹിനികാ എന്നുമുണ്ട്.

ലോഹിനി-ചെമന്നവർണം.

ലോഹിനികാ — അനുരാഗംകൊണ്ടോ കോപം മുതലായതുകൊണ്ടോ ചെമന്നവർണം. (ഇവർണം സ്വതേ ചെമന്നവർണം അല്ല).

ലോളിതാ-ചഞ്ചലാ.

ലൌ

ലൌകായതികൻ-ബൃഹസ്പതിമുനി ചാർവ്വാകമതക്കാരൻ. (ലോകായതികൻ എന്നതു നോക്കുക).

ലൌകിക-വി. ലോകത്തെ സംബന്ധിച്ച (കൻ, കീ, കം).

ലൌകികം-പ. സാഹിത്യസംഹ്യപ്രകാരമുള്ള വർണ്ണനത്തിന്റെ രണ്ടുവിധങ്ങളിൽ ഒന്ന്. ഇതു വിനോദത്തിനുവേണ്ടി ചെയ്യുന്നതാണ്, ലോകമര്യാദ (ലോഹ്യം എന്നും പറയാറുണ്ട്).

"(ലൌകീകം എന്നു ചിലർ എഴുതാറുണ്ട്. ദീർഘം ആവശ്യമില്ല. ലൌകികം എന്നു മതി. സംസ്കൃതത്തിലെ ദീർഘങ്ങളെ കുറയ്ക്കുകയാണു മലയാളത്തിൽ നടപ്പ്. തത്ഭവപ്രകൃതിയിലെ വ്യാകരണം നോക്കുക. മൂന്നക്ഷരമുള്ള ഒരു പദം മുഴുവൻ ദീർഘമായിരുന്നാൽ ഉള്ളതു ലഘികം ഉച്ചാരണസൌകര്യവും മധ്യസ്വരം ഹ്രസ്വമായിരുന്നാലാകയാൽ ദീർഘം ചെയ്യുന്നതിനു ഒരു ന്യായവും കാണുന്നില്ല).

(സാഹിത്യസംഹ്യം)

ലൌഹം-ഇരിമ്പ്. (ലോഹം എന്നതിന്റെ പാഠം)

ലൌഹിതിക-വി. ചെമപ്പുനിറമുള്ള.

ലൌഹിത്യം-ചെമപ്പ്.

വ

വ—ഹല്ലുകളിൽ ഇരുപത്തൊമ്പതാം അക്ഷരം.

('വ') എന്ന വർണ്ണം ചില മലയാള പദങ്ങളിൽ 'ക' എന്ന മഹാപ്രാണന്റെ ഉ-ം. പോവുന്നു = പോകുന്നു. രാവുന്നു = രാകുന്നു. സംസ്കൃതത്തിൽ 'വബയോരന്തഃ ഭേദം' എന്നതനുസരിച്ച് വ, ബ ഇവയ്ക്കു ഭേദം ഇല്ല. ഉ-ം സചയം വരം = സചയംബരം. വിന്ദു = ബിന്ദു).

വ-വി. ശക്തിയുള്ള.

വ-അ. പോലെ.

വ-പ്ര. കട്ടവാ. ഉ. കടൽ. ന. താമരക്കിഴങ്ങ്. ര. വരുണൻ. ള. വരുണന്റെ വാസസ്ഥലം. ന്യ. രാഹു. ഴ കാറ്റ്. വ്യ. ഭൂമി. ൻ. ഭവനം.

വക-പ്ര. ധനത്ത്. ഉ. സമ്പത്ത്. ന മാതിരി. ര. ജാതി. ള. വീതം. ന്യ. കാരണം. ഴ. സംബന്ധം.

വകക്കാരൻ-പ്ര. സമ്പത്തുള്ളവൻ. ഉ. ശേഷക്കാരൻ.

വകക്കാരി-ശേഷക്കാരി.

വകച്ചൽ-പ്ര. മണ്ണിളക്കിത്തടമാക്കുക. ഉ. ചില കവിതകൾ എഴുതിയുണ്ടാക്കുക.

വകതിരിക്കുന്നു-കൂടിക്കലർന്ന വസ്തുക്കളെ വേർതിരിക്കുന്നു.

വകതിരിവ്-കാലദേശാവസ്ഥകളേയും യോഗ്യായോഗ്യങ്ങളേയും തിരിച്ചറിയുന്ന ബുദ്ധി.

വകത്തല-ആദായം.

വകയുപ്പം-തിരുവട്ടപ്പശ.

വകവുപ്പൂവ്-പ്ര. കൊങ്കമന്താരം ഉ. വകവൃക്ഷത്തിന്റെ പൂവ്.

വകഭേദം-പ്ര. ഒരു ജാതിയിൽതന്നെയുള്ള പല വസ്തുക്കളും തമ്മിലുള്ള വ്യത്യാസം. ഉ. വേരാംതരത്തിലുള്ള അവാന്തരഭേദം.

വകം-പ്ര. ഒരു പക്ഷി, കൊക്ക്. ഉ. ഒരു വൃക്ഷം, കൊങ്കമന്താരം.

വകമാറ്റം-ഒന്നിനൊന്നുമാറുക.

വകയാകുന്നു-ഒരുവന്റെ സ്വന്തമാകുന്നു

വകയാക്കുന്നു-പ്ര. ചെലവിന്നായിട്ടു സമ്പാദിക്കുന്നു. ഉ. ചെലവിടുന്നു.

വകയിടുന്നു-പ്ര. പലിശകൊണ്ടു ചെലവുകഴിയാൻ തക്കപോലെ നിലം പുരയിടങ്ങൾ പണയമായിട്ടു ഏഴുതിവാങ്ങിയും കൊണ്ടു പണം കൊടുക്കുന്നു. ഉ. വിഭാഗിക്കുന്നു.

വകയുന്നു-പ്ര. കവിതയുണ്ടാക്കുന്നു. ഉ. വൃക്ഷങ്ങൾക്കു തടമുണ്ടാക്കുന്നു.

വകയോല—ക്ഷേത്രസംബന്ധമായ ഭൂസ്വത്തു കൈവശക്കാർക്കു കൊടുക്കുന്ന ഒരു പ്രമാണം.

വകവാട്ട്-പങ്ക്.

വകവെയ്ക്കുന്നു-ആദരിക്കുന്നു, ഗൗനിക്കുന്നു.

വകുക്കുന്നു-പ്ര. പകുക്കുന്നു, പങ്കിടുന്നു. ഉ. തരംതിരിക്കുന്നു.

വകുപ്പ്-പ്ര. പകുപ്പ്, പങ്ക്. ഉ. ഖണ്ഡിക.

വകു(ക്കു)ള-ഒരു വൃക്ഷം, ഇലഞ്ഞി.

വകുളാ-കടുരോഹിണി.

വകുൾകാ-വെള്ളിപ്പക്ഷി.

വക്കു-പ്ര. വിളുമ്പ്. ഉ. ഒരു തരം, ക്ഷണം. ന. പന്നികളുടെ കടുംകേപം.

വക്കം—ആനയെക്കൊണ്ടു തടി പിടിപ്പിക്കുന്നതിനുള്ള കയറോ വള്ളിയോ.

വക്കകെട്ടുക-പൂതുകളിയിലും മറ്റും ഇതരാംശക്കാരും മുൻകൂറായി മല്ലുസ്ഥനു പണം ഏല്പിക്കുക.

വക്കത്തഴമ്പ്-വക്ക് പിടിച്ചാൽ ആനയുടെ തുമ്പിക്കൈയിലും മറവും ഉണ്ടാകുന്ന തഴമ്പ്.

വക്കനാശ്-ചണനാശ്.

വക്കയിടുന്ന-വക്ക കോത്തുകെട്ടുന്ന.

വക്കൽ-തീയുടെ ജ്വാലകൊണ്ടുണ്ടാകുന്ന കരിവ്.

വക്കാണം-പ. യുദ്ധം. ഉ. വഴക്ക്, വ്യവഹാരം.

'വക്കാണത്തിന വട്ടംകൂട്ടി'

(ശീലവതി കൂട്ടൻതുള്ളൽ)

വ്യുത്പത്തി എന്നതാണ് 'വക്കാണം' ആയത്.

വക്കാണിക്കുന്ന- പ. യുദ്ധംചെയ്യുന്ന. ഉ. വ്യവഹരിക്കുന്ന.

വക്കാർ-പണ്ടകശാല, ചരക്കുകളെ വയ്ക്കുന്ന പുര.

വക്കാലത്ത്-അധികാരപത്രം, പ്രതിനിധിയായി വ്യവഹാരം നടത്തുവാനുള്ള അധികാരം. (അറബി മൊക്ക).

വക്കീൽ-അന്യപ്പേരായിട്ട വ്യവഹാരം പറയുന്നവൻ. (അറബിമൊക്ക).

വക്കീൽമുറ്റാദ-വക്കീലിനു കൊടുക്കുന്ന ശമ്പളം.

വക്കുന്ന-തീയുടെ ജ്വാലകൊണ്ടു കരിയുന്ന.

വക്കുവ്യ-വി. പ. പറയപ്പെട്ടവൻ യോഗ്യമായുള്ള. ഉ. നിന്ദിക്കത്തക്ക. നു. അധീനമായുള്ള

വക്കുവ്യ-പ. ചട്ടം, പ്രമാണം. ഉ. വാക്ക്.

വക്കുവാവ്-പ. പറയുന്നവൻ. ഉ. വാക്സാമർത്ഥ്യമുള്ളവൻ.

വക്ത്രു-വി പ. പറയുന്ന, ഉ വാക്സാമർത്ഥ്യമുള്ള, ബുദ്ധിയുള്ള. (കത്താ, ക്തുമി, ക്തു).

വക്ത്രു വക്ഷു-തത്ത.

വക്ത്രുദൃഷ്ടാന്തം-വലിയ രാമച്ചുള്ളി.

വക്ത്രുത്തം-പ. മുഖം. ഉ. ഒരു വൃത്തത്തിന്റെ പേർ.

വക്ത്രുവാസം-നാരകം.

വക്ര-വി. പ. വളഞ്ഞ. ഉ. ക്രൂരതയുള്ള. നു. ചതിവുള്ള.

വക്രഗതി-പ. വളഞ്ഞുനടപ്പ്. ഉ. ഗ്രഹങ്ങൾക്ക ചില സമയത്തുണ്ടാകുന്ന വിപരീതഗമനം.

വക്രഗാ-പുഴ.

വക്രഗാമിനി-നദി.

വക്രഗ്രീവം-ഒട്ടകം.

വക്രത-പ. വളവ്. ഉ. വളഞ്ഞമനം. നു. നേരില്ലായ്മ. വക്രത> <ഋജുത.

വക്രത്തുണ്ഡം-കഴുവൻ.

വക്രദംഷ്ട്രം-പന്നി.

വക്രദൃഷ്ടി-വി. പ. കോങ്കണ്ണുള്ള. ഉ. അസൂയയുള്ള.

വക്രൻ-പ. ചൊവ്വാ. ഉ. ഒരസുരൻ. നു. ശനി. ൽ. ശിവൻ.

വക്രനക്രാ-തത്ത.

വക്രനാസികാ-മൂങ്ങ.

വക്രപുച്ഛം, വക്രപുച്ഛിക-പട്ടി, നായ്.

വക്രഭാവം-വഞ്ചന.

വക്രം-പ. അമറിന്റേയും മറവും വളവ്. ഉ. തകരം. നു. വളഞ്ഞത്. (വക്രം> <ഋജു).

വക്രമം-തിരിഞ്ഞുപോക.

വക്രവാംഗുലം-നായ്.

വക്രവാലധി-നായ്.

വക്രാംഗം-ഒരുവക അരയന്നം.

വക്രി-വി. പ. വ്യാജം പറയുന്ന, വ്യാജമുള്ള. ഉ. ചതിവുള്ള. നു. വളവുള്ള. (ക്രീ, ക്രിണീ, ക്രി).

വക്രീകരണം-ക്രി. വളയുന്നു. ഉ. തിരിച്ചുപോകുന്നു.

വക്രോക്തി-ഒരലങ്കാരം. ശ്ലേഷം, കാകു മുതലായവയെക്കൊണ്ടു വേറെ അർത്ഥത്തെ കല്പിക്കുന്നതു്. കവിതകളിലും മറ്റും ഒരു വാക്കിനു മറ്റൊരർത്ഥം ക്രൂടെ വിചാരിച്ചുകൊണ്ടു പറയുന്ന ഒരു പ്രയോഗം.

'കേകികേകാരവംകർണനന്ദയിൽപക്ഷം പീലിയാൽഫലമെന്തുമേ'

വക്ഷണം-കുടി. കൂടിച്ചേർന്നിരിക്കുന്ന ഭാഗമെന്നർത്ഥം (കഴലപ്പുടം എന്നും പറയുന്നുണ്ടു്).

വക്ഷണം-ക്രി. മറയിടം. ഉ. അഗ്നി.

വക്ഷസ്സു്-മാറിടം, മാറിടം. കൂട്ടിപ്പിടിത്തമുള്ളതു് എന്നർത്ഥം.

വക്ഷസ്ഥലം-മാറിടം.

വക്ഷിക്ക-കുട്ടക. 'വക്ഷരോക്ഷേ സംഘാതയിത്യേകേ' എന്ന സിദ്ധാന്തകൌമുദി.

വക്ഷോജം-മുല.

വക്ഷോരുഹം-മുല.

വക്ഷ്യമാണ-വി. പറയപ്പെടുവാനിരിക്കുന്ന.

വങ്കു്-ക്രി. എലിയുടെ മാളം മുതലായതു്. എലി, പാമ്പു് മുതലായവ ഇരിക്കുന്ന ഭാഗം. ഉ. വിളയു്. സ. ഇരിക്കുന്നതിനായിട്ടു് മരംകൊണ്ടുണ്ടാക്കിയ ഒരു സാധനം.

വങ്കട-ഒരുവക മത്സ്യം.

വങ്കണ, വങ്കണി-ക്രി. കാടു്. ഉ. വൃക്ഷം. സ. അന്ധകാരം.

വങ്കത്തരം-വങ്കന്റെ സ്വഭാവം അല്ലെങ്കിൽ പ്രവൃത്തി.

വങ്കൻ-ക്രി. മൂഢൻ ഉ. ഏഭ്യൻ. സ. തടിയൻ.

വങ്കം-ക്രി. വളവു്. ഉ. ആറിന്റെ വളവു്. സ. (മ) ഇടയം. ര. ബങ്കാളരാജ്യം. വംശം എന്നതിന്റെ തത്ഭവം.

വങ്കർ-ബങ്കാളികൾ.

വങ്കസിന്ദൂരം-ഇടയം പൂടം വെച്ചുണ്ടാക്കുന്ന ഭസ്മം.

വങ്കാള-വി. ക്ര. ബംഗാൾ രാജ്യസംബന്ധമായ. ഉ. വലിയ.

വങ്കി-കട്ടാരി (കട്ടാരം) എന്ന ആയുധം.

വഗാഹം-മുങ്ങൽ. (അവഗാഹം എന്ന തിലെ അകാരം ലോപിച്ചുണ്ടായതു്).

വംഗജം-സിന്ദൂരം.

വംഗജീവനം-വെള്ളി.

വംഗം-ക്രി. വെളുത്തീയം. ഉ. കറുത്തീയം. സ. ഒരു ദേശം. (ബങ്കാളത്താണു്). ര. പഞ്ഞി. ള. കക്കാരിവഴുതിനം. ഴ. കരുപ്പുതൈത്തി. ഠ. കയിൽ. (വംഗം = ബംഗാളം).

വങ്ങൽ-ക്രി. തീയുടെ ജ്വാലകൊണ്ടു കരിയുക. ഉ. ചെറിയ കാടുകളും മറ്റും വെട്ടുക.

വങ്ങുന്നു-ക്രി. ചെറിയ കാടുകളും മറ്റും വെട്ടുന്നു. ഉ. തീയുടെ ജ്വാലകൊണ്ടു കരിയുന്നു.

വച-ക്രി. ഒരങ്ങാടിമരുന്നു്, വയമ്പു്. ഉ. പഞ്ചവല്ക്കങ്ങളിൽ.

വചനം-ക്രി. വാക്കു്. ഉ. ചൊൽ. സ. (വ്യാകരണത്തിൽ) നാം എന്തെങ്കിലും ഒരു വസ്തുവിനെക്കുറിച്ചു സംസാരിക്കുമ്പോൾ ആ വസ്തു ഒന്നോ അതിലധികമോ എന്നു കാണിപ്പാൻ അതിനെ പറയുന്ന ശബ്ദത്തിനു ചെയ്യുന്ന രൂപഭേദം. (വചനം ഉ. ഏകവചനം. ബഹുവചനം.) ര. ഗുണഭേദം.

വചനിക്കുന്നു-സംസാരിക്കുന്നു.

വചനീയ-വി. ക്ര. പറയപ്പെടേണ്ടുന്ന. ഉ. കുറ്റപ്പെടുത്തേണ്ടുന്ന.

വചനേസ്ഥിത-വി. പറഞ്ഞതു കേട്ടു നടക്കുന്ന.

വചം-രത്നം.

വചൻ-സൂത്രൻ.

വചരം-കോഴി.

വചസാംപതി-ബൃഹസ്പതി.

വചസ്സ്-വാക്ക്. (വാക്ക് എന്നതു നോക്കുക).

വചിക്കുന്നു-പറയുന്നു.

വചോഗുണഷഡ്കം-മധുരം, അക്ഷരവ്യക്തി, പദസ്ഫുടത, സുസ്വരം, ദൈന്യം, ലഘുത.

ഇവ ഗുണം.

വചോഗുപ്തി-വാക്കുകളെ മറയ്ക്കുക.

വച്ചിതാവു-വച്ചാൽ കൊള്ളാമെന്നു ബലമായി (ഞാൻ) ആഗ്രഹിക്കുന്നു.

വച്ചിരവൈകിറൻ-രാവണൻ.

വജ്ര-വി. കട്ടപ്പുള്ള, മറപ്പുള്ള.

വജ്രകണ്ടകം-പ. ചതുരക്കള്ളി ഉ. വയൽച്ചുള്ളി.

വജ്രകന്ദം-വലിയ ചേന.

വജ്രകാലികാ-ശാക്യമുനിയുടെമാതാവു.

വജ്രകീലം-ഇടിവാരം.

വജ്രക്രുട-വജ്രപർവ്വതം.

വജ്രകേതു-നരകാസുരൻ.

വജ്രക്ഷാരം-ഒരു മരുന്നിൽ കാരം, നവസാരം.

ചുമ, ജ്വരം, ഗുല്മം, മഹോദരം മുതലായവയ്ക്കു നന്ന്. മലത്തെ ഇളക്കുന്നു-നവചാരം. സം.-നരസാരം. ഇം-Ammonium chloridum, Chloride of Ammonium.

വജ്രചർമ്മാ-വജ്രംമാൻ.

വജ്രജിത്ത്-ശതദ്രുൻ.

വജ്രതുണ്ഡം-പ) കഴുവൻ. ഉ. ചതുരക്കള്ളി.

വജ്രദന്തം-പ. പന്നി. ഉ. എലി.

വജ്രദംഷ്ട്രം-പ. പന്നി. ഉ. എലി.

വജ്രദ്രു-ചതുരക്കള്ളി.

വജ്രനിഷ്പേഷം-ഇടിവെട്ടുക, വജ്രസംഘട്ടനശബ്ദം.

വജ്രൻ-ശ്രീകൃഷ്ണന്റെ പൗത്രനായ അനിരുദ്ധന്റെ പുത്രൻ.

കൃഷ്ണൻ തന്റെ മരണത്തിനു കുറച്ചു മുമ്പു വജ്രനെ യദുക്കളുടെ രാജാവാക്കി. സുഭദ്രയുടെ പുത്രനെന്നും ഉഷയുടെ പുത്രനെന്നും അഭിപ്രായങ്ങൾ കാണുന്നു.

വജ്രനാഭം-കൃഷ്ണന്റെ പ്രസിദ്ധ ചക്രം.

ഖാണ്ഡവദാഹംചെയ്തപ്പോൾ ഇന്ദ്രനെ തോല്പിപ്പാൻ സഹായിക്കയാൽ അഗ്നി കൊടുത്തതാണ്.

വജ്രനിർഘോഷം— വജ്രസംഘട്ടനശബ്ദം, അശനിയുടെ ശബ്ദം. (വജ്രനിഷ്പേഷം, വജ്രനിഷ്പാതം). (ഇടി എന്ന ശബ്ദം നോക്കുക).

വജ്രപാണി-ദേവേന്ദ്രൻ.

വജ്രപുഷ്പം-എള്ളിൻപൂവ്.

വജ്രപുഷ്പ-ശതകുപ്പ.

വജ്രപ്രാശ-പുസ്തകം ബയിൻഡു ചെയ്യുന്നതിനും മറ്റും ഉപയോഗിക്കാവുള്ള ഒരുതരം പശ.

വജ്രബാഹു-ശംഖാസുരന്റെ അധിപതി. (പതി-സ്വാമി).

വജ്രം-പ. വൈരക്കല്ല്.

വൈരക്കല്ല് നല്ലവണ്ണം ശോധന ചെയ്തുണ്ടാക്കണം. നാലുജാതിയുണ്ട്. പ. വെള്ളത്തത്-ബ്രാഹ്മണജാതി. ഉ. ചെമന്നത്-ക്ഷത്രിയജാതി. ന. മഞ്ഞ-വൈശ്യജാതി. ഭ. കറുത്തത്-ശൂദ്രജാതി. വൃത്താകാരമായും അതിതേജസ്സുള്ള

രേയും ഒരു രേഖയും വിന്ദുവും ക്രമത്തിലുള്ള വജ്രം ഉത്തമമാണ്. ഇതു പുരുഷജാതിയാകുന്നു. സ്ത്രീജാതിയിൽ രണ്ടുപൊട്ടതിനു രേഖയും വിന്ദുവും കൂടണം. ആറോ മൂന്നോ കോണുകളും ഉണ്ടായിരിക്കും. ത്രികോണമായിട്ടു മഞ്ഞനിറത്തിൽ നീണ്ടുള്ളതു നപുംസകജാതി. അതുലോമമായ വജ്രം ക്ഷിക്കരുതു്. ക്ഷിച്ചാൽ കുഷ്ഠം, പാർശ്വങ്ങളിൽ വേദന, പാണ്ഡു, പാദവികലത ഇവയുണ്ടാകും. (രത്നം എന്ന പദം കൂടി നോക്കുക).

൨. ഇന്ദ്രന്റെ ഒരായുധം. ഒരിക്കലും മടങ്ങാത്ത ശത്രുക്കളുടെ നേരേ ചെല്ലുന്നതു് എന്നർത്ഥം.

'നിത്യം തപസ്സുചെയ്തീടും ദധീചിയെ പ്രാർത്ഥിച്ചുവാങ്ങിനോരസ്ഥികം കൊണ്ടു ടൻ * ചേർത്തു ചമച്ചൊട്ടത്തോരു വജ്രത്തെയും'

(ഭാഗവതം)

വജ്രായുധം ദധീചിമുനിയുടെ അസ്ഥികൊണ്ടുണ്ടാക്കപ്പെട്ടതാണ്. വൃത്രാസുരനെ കൊല്ലുന്നതിനായി ദേവകാര്യത്തിനു ദധീചിമഹർഷി തന്റെ അസ്ഥിയെ കൊടുത്തു.

പോരകം—

'ഹ്രാദിനീവജ്രമസ്ത്രീസ്യാൽ
കുലിശംബിദുരംപവിഃ
ശതകോടിഃസ്പർശശേഷോ
ഭംഭോളിരശനിർദ്വയോഃ'

അമോഘാസ്ത്രം, ബഹുഭാരം, ഭിദിരം, ഛിദകം, ജസുനി, ഹേനവാഹി, കൂടകോണം,

൩. എള്ളിൻപൂവ്. ൪. ജ്യോതിഷ്ടോമസ്തുത്തിൽ പറയുന്ന യാഗങ്ങളിൽ ഒന്ന്. ൫. നെല്ലിക്ക. ൬. ഇരുവേലി. ൭. കാടി. ൮. വയൽച്ചുള്ളി. ൯. വെളുത്ത ഭദ്രം. ൧൦. ചതുരക്കള്ളി.

വജ്രകലാഹകം=കാന്തം.

വജ്രവല്ലി-ഒരു വള്ളി, ചങ്ങലംപരണ്ട.

വജ്രവൃക്ഷം-ചതുരക്കള്ളി.

വജ്രസാരം-വി. വജ്രത്തെപ്പോലെ കട്ടപ്പുമുള്ള, ഇടിവാൾ പോലെ ശക്തിയുള്ള.

വജ്രസൂചി-- വജ്രംകൊണ്ടുണ്ടാക്കപ്പെട്ട സൂചി.

വജ്രഹാരം-രത്നമാലയിൽ പതിച്ച രത്നമാല.

വജ്രഹൃദയം-കഠിനഹൃദയം.

വജ്രാ-പ്ര. ചിറ്റമൃത്. ൨. ചതുരക്കള്ളി.

വജ്രാകാരം - രത്നമാലയിലുണ്ടാക്കപ്പെടുന്ന കഴി.

വജ്രാംഗം-ഒരു പാമ്പ്.

വജ്രി-പ്ര. ദേവേന്ദ്രൻ. വജ്രായുധം ധരിക്കയാൽ ഈ പേർ വന്നു. ൨. ഉത്തമൻ.

വഞ്ച(ഞ്ചു)കൻ-പ്ര. കപടക്കാരൻ. ൨. ചതിയൻ (മറ്റൊരു പദ്യാംശം-ധൂർത്തൻ).

വഞ്ചകൻ-പ്ര. വളർത്തുന്ന കീരി. ൨. കപടക്കാരൻ. ന. ചതിയൻ.

വഞ്ചന-ചതിവു്.

വഞ്ചനം-ചതിവു്.

വഞ്ചി-പ്ര. വള്ളം. ൨. ഒരു വന്യവൃക്ഷം. അൾസ്സ്, കുഷ്ഠം, വ്രണം മുതലായവയ്ക്കു നന്നു്. സം-വേതസം. ത-വഞ്ചി.

ന. തിരുവിതാംകൂർ രാജ്യം.

വഞ്ചി എന്നതു തിരുവിതാംകൂറിനു പണ്ടേയുള്ള ഒരു പേരാണു്. വഞ്ചി ചേരരാജാക്കന്മാരുടെ പഴയ രാജധാനിയായിരുന്നു. ഇതിനെയാണു് തിരുവഞ്ചിക്കളം (തിരു അനന്തശയനക്കളം) എന്നു പറയുന്നതു്. ഇതു കൊടുങ്ങല്ലൂരിനു സമീപമാണു്.

വഞ്ചിക-ദ്രവ്യം ശേഖരിച്ചുവയ്ക്കുന്നതിനുള്ള വലുതായ ഒരു പാത്രം (പെട്ടി),

വഞ്ചിക്ഷ്മാ-തിരുവിതാംകൂർ രാജ്യം.

വഞ്ചിത-വി. ചതിക്കപ്പെട്ടം

വഞ്ചിനാഗം-ഒരുമാതിരി പച്ചപ്പാമ്പ്.

വഞ്ചിപ്പാട്ട്-വള്ളപ്പാട്ട്.

വഞ്ചിപ്പുര-വള്ളപ്പുര.

വഞ്ചിഭൂ(മി)-പ. തിരുവിതാംകൂർ. ക. കേരളം.

വഞ്ചിഭൂപതി-തിരുവിതാംകൂർ മഹാരാജാവ്.

വഞ്ചിവണ്ടി-ഉരുളുകയും ചവുട്ടുകയും ഇല്ലാതെയും മുള്ള വണ്ടി.

വഞ്ചിവിരുത്തി-വള്ളം കടത്തുന്ന വകയ്ക്കു സർക്കാരിൽ നിന്നും കരം ഒഴിഞ്ഞു കൊടുത്ത നിലം.

വഞ്ചീശൻ - തിരുവിതാംകൂർ മഹാരാജാവ്.

വഞ്ചുളഭാദശി - ബുധനാഴ്ചയും തിരുവോണവും ദ്വാദശിയും കൂടിവരുന്ന ദിവസം.

വഞ്ചുളം-പ. തൊട്ടാവാടി. (വഞ്ചുളം എന്നുമാവാം). ക. വഞ്ചിവൃക്ഷം. ന. അശോകവൃക്ഷം.

വഞ്ജുല-വി. വളഞ്ഞത.

വഞ്ജുളം-പ. അശോകമരം. യാചിക്കപ്പെടുന്നത് എന്നർത്ഥം. ക. വഞ്ചി, വഞ്ഞി. ഇളകിക്കൊണ്ടിരിക്കുന്നത് എന്നർത്ഥം. ന. തൊട്ടാവാടി. ര. കാരിലത്താമര.

വഞ്ഞി-നാഴ്യുലപ്പുല്ല്.

വട-ഒരു പലഹാരം.

വട-വി. വടക്ക്.

വടകം-പ. ഒരു പലഹാരം, വട. ഉഴുന്നു മാക്ഷം കൂടിയ തുക്കം. ക. ആറവരപ്പേരൽ.

വടകിഴക്ക്-വടക്കും കിഴക്കുമായ ദിശാഭാഗം.

വടക്ക്-വടക്കേ ദിക്ക്.

വടക്കണ്ണായ-വടക്കുവശം

വടക്കൻ-പ. വടക്കേ ദിക്കിലുണ്ടായവൻ. ക. വടക്കുനിന്നു വരുന്നവൻ.

വടക്കിനി-നാലുകെട്ടുള്ള പുരയുടെ വടക്കേക്കെട്ട്.

വടക്കിനേല്പ്-വടക്കിനി.

വടക്കുനോക്കി-എപ്പോഴും വടക്കോട്ടു തന്നെ മുന തിരിഞ്ഞുനില്ക്കുന്ന ഒരു യന്ത്രം.

വടക്കുംക്കൂർ-തിരുവിതാംകൂറിൽ ഏറ്റുമാനൂർ, വൈക്കം മുതലായ പ്രദേശങ്ങൾ.

വടക്കേ-വി. വടക്കുവശത്തുള്ള.

വടക്കോട്ട്-വടക്കേ ദിക്കിലോട്ട്.

വടഗിരി-മേരു.

വടതി-വി. വടക്കുനിന്നു വരുന്ന. (ഇരുകാറിനോടു മാത്രം ചേരും)

വടതുംഗം-പേരൽ മരം.

വടപത്രാ-കടമുല്ല.

വടം-പ. കയറ്. ക. പേരൽ വൃക്ഷം. തന്റെ സ്ഥാനത്തെ വേട്ടകളെക്കൊണ്ടു ചുറിപ്പിടിക്കുന്നത് എന്നർത്ഥം. ന. ഉരുണ്ട സാധനം, ഉരുള. ര. വട എന്ന പലഹാരം. ധാതുവർത്ഥം അനുസരിച്ചു മൂടുക് എന്ന പലഹാരം എന്നുമാവാം. ങ. കവടി. ന. ഗന്ധകം.

വടമകം-പാവ്വൽ.

വടമർ-ഒരു ജാതിക്കാർ.

വടമല - പർവ്വതപംക്തി. North of Palghat).

വടമലനായർ-ഒരുവക താണതരം ജാതി മുനി.

വടമുലം-പേരൽ വൃക്ഷത്തിന്റെ ചുവട്ട്

വടർ-വി. ദുർബുദ്ധിയുള്ള.

രൻ-കള്ളൻ.

വടരം-പ. കോഴി. ഉ. പാമ്പ്. ന. തല പ്പാവ്. ര. വാസനയുള്ള ഒരുവക പുല്ല്.

വടലി-ചീത്ത വെറ്റില.

വടവാസികം യക്ഷികം.

വടവൃക്ഷം-പേരാൽമരം.

വടാകരം-പ. കയറ്, ചരട്. ഉ. വല ച്ചുരട്ട് (വടം=വേഷ്ടനം). വരാടകം എന്നതിന്റെ പാഠം.

വടഗ്രാംഗം-പേരാൽമൊട്ട്.

വടായി-വലിപ്പം, തന്നത്താൻ സ്തുതിക്കു.

വടി-പ. അടിപ്പാനും കുത്തിനടപ്പാനും ഉപകരിക്കുന്ന സാധനം. ഉ. ആറ്റു പേരാൽ. ന. ഇത്തിയാൽ. ര. കയറ്. @. വലച്ചുരട്ട്.

വടിക-പ. ഗുളിക. ഉ. ഒരുവക പല ഹാരം.

വടിക്കാരൻ-വടിയുള്ളവൻ.

വടിക്കുന്നു-ഇടങ്ങഴിയിൽ നെല്ല് (അരി യൊ മറ്റൊ) ഇട്ടു ഇടങ്ങഴിക്കോൽകൊ ണ്ടു നിരത്തുന്നു.

വടിപ്പു്-വടിക്കുക.

വടിപ്പൻ-പ. വടിവറ. ഉ. വടിക്കുന്ന കോൽ. (പത്തിടങ്ങഴി അളവ്).

വടിപ്പുയറ്-വടികൊണ്ടുള്ള അഭ്യാസം.

വടിയുന്നു-പ. നിറഞ്ഞു വക്കിനു സമ മാകുന്നു ഉ. കവിഞ്ഞൊഴുകുന്നു.

വടിവ്-പ മംഗി, അഴക്. ഉ. കൈയ ക്ഷരത്തിന്റെ തരാതരം ന. ആകൃതി ര. ഉടൽ.

വടിവൊട്ട്, വടിവിനൊട്ട്-വഴി പോലെ, മംഗിയായി.

വട്ട-പ. അടികൊണ്ടോ വ്രണംകൊണ്ടോ ശരീരത്തിലുണ്ടാകുന്ന പാട്ട്, തഴമ്പ്. 'പാരിച്ചുമന്ദഗിരിതന്നുടെ പാറകണ്ടു കീറിച്ചുമഞ്ഞവടുകാണ്മതുവെണ്മതക്ക്' (രാമോല്പത്തി)

ഉ. ബ്രഹ്മചാരി. ന. ബ്രഹ്മചര്യനാമധേയൻ.

വട്ടകത്തി-വട്ടകന്റെ സ്ത്രീ.

വട്ടകൻ-മാർഗ്ഗത്തിൽ കൂട്ടുന്നവരിൽ ചി ലക്കു പറയുന്ന ഒരു പേർ. ഉ. ജ്യോന കൻ. ന. തെലുങ്കൻ. ര. അടിമ, ദാ സൻ. @. ഭോക്ഷൻ. ന. ചെറുക്കൻ, പയ്യൻ.

വട്ടകപ്പുളിനാരകം-കട്ടകപ്പുളിനാരകം

കൃമി, ഛർദ്ദി, വിഷൂചിക, ചുമ മുത ലായവയ്ക്കു നന്ന്. സം-നിംബൂകം. ഇം-Lemons ലെമൻസ്.

വട്ടപ്പം-രണ്ടു തേങ്ങ ഒന്നായി ക്കൂട്ടിക്കെ ട്ടുക.

വട്ടവൻ-വട്ടകൻ.

വട്ട്-പ. വണ്ടിയുടെ ചുറ്റ്. ഉ. തെറ്റാ മിയുടെ ഞാണ വലിച്ചുവക്കുന്ന സ്ഥ ലം. ന. ഒരുമാതിരി വലിയ പന്ത്.

വട്ട-പ. ഒരു വൃക്ഷം. ഉ. കിണ്ണം, പാ ത്രം. ന. വഴി.

വട്ടക-വട്ടത്തിലുള്ള ഒരുമാതിരി പാത്രം.

'കൊട്ടുന്നുകരങ്ങളിൽവട്ടകകള മേരേ(ന്ത്)'

(ഭാഗവതം)

വട്ടക്കണ്ണി-പ. വളയം. ഉ. ഒരുവക മത്സ്യം ന. ഒരു വൃക്ഷം. ര. കണ്ണടച്ചു ള്ള ഒരുവക ചുറ്റിത്തിരിയുന്ന കളി.

വട്ടക്കയറ്-വലിക്കുന്നതിനുള്ള കയറ്, വടക്കയറ്.

വട്ടക്കറ-വട്ടവൃക്ഷത്തിന്റെ കറ.

വട്ടക്കാളി-സ്ത്രീകൾ വിളക്കിനു ചുറ്റും നിന്നു കളിക്കുന്ന ഒരുമാതിരി കളി.

വട്ടക്കാക്കക്കൊടി ഒരു ദൈവം

വട്ടക്കാടൻ, വട്ടക്കാട്ടവൻ, വട്ട ക്കാട്ടനായർ, വട്ടക്കാട്ടനായർ-An oilmaker (=കാച്ചിനായർ). (ഗുണ്ടർട്ട്).

വട്ടക്കാരൻ-A Shroff. ഷ്രോഫ്.

വട്ടക്കുറ-തഡിരമണ്ഡലി, പ യ്യം ന മ ണ്ഡലി.

വട്ടച്ചാണായി-ഒരുമാതിരി പയർ.

വട്ടച്ചാവൽ-ഒരു പക്ഷി.

ഒരിനംവട്ടച്ചാവൽ എന്നും മാക്കാകാണു ന്നു. മയിലിന്റെ ചിറകുപോലെയിരി ക്കുന്ന ചിറകോടും ചിത്രവർണ്ണമായ ശ രീരത്തോടും കൂടിയതാണ്. സം-ജീവം ജീവകം.

വട്ടച്ചുര-കടച്ചുര

പാൽച്ചുരയുടെ ഭേദമാണ്. ശാകവ ർഗ്ഗത്തിൽപ്പെട്ട ഫലശാകമാകുന്നു. സം-കംബുതുണ്ഡി.

വട്ടച്ചൊറിയണം-തൊട്ടാൽ ചൊറിയു ന്ന ഒരു വള്ളി.

വട്ടണിക്കുന്നു— ചുറ്റിപ്പോകുന്നു, വട്ട ത്തിൽ പോകുന്നു.

വട്ടത്തിലാവുക-കഴപ്പുത്തിലകപ്പെടുക.

വട്ടൻ- ക. പശുവിന്റേയും മറ്റും മേൽ ഇരിക്കുന്ന ഒരു പ്രാണി. ക. ഒരുവക നെല്ല്.

വട്ടൻകൊത്തി-വട്ടനെ കൊത്തിത്തി ന്നുന്ന ഒരു പക്ഷി.

വട്ടപ്പണം-കച്ചവടക്കാർ തമ്മിൽ ലാഭം വഖിപ്പിക്കുവാനായി ചുമത്തുന്ന ഒരുതു കം പ്രായശ്ചിത്തത്തുക.

വട്ടപ്പരമ്പു്-നെല്ലിടുന്ന പരമ്പു്.

വട്ടപ്പാലം-പൊതുങ്ങിയ വട്ടത്തിൽ ചു റ്റിക്കെട്ടിക്കുന്ന ഒരു കളി, കണ്ണംപൊട്ടിച്ചം

വട്ടപ്പുണ്ണു്-വട്ടത്തിലുള്ള വ്രണം, ഒരുവ ക കുഷ്ഠം.

വട്ടപ്പുല്ലു്-ഒരുവക പുല്ലു്.

മുരപ്പൻ പുല്ലിന്റെ ഗുണമുണ്ട്. നീ ണ്ടതിനു ഗുണം കുറ്റം. സം-പൃത്ത ഗുണ്ഡം.

വട്ടപ്പൂന്താളി-ഒരു പച്ചമരുന്നു്, അമരി, നീല.

വട്ടപ്പൊർമുല- വട്ടത്തിൽ തമ്മിൽ ത മ്മിൽ എതിർക്കത്തക്കവണ്ണം മനഞ്ഞു നി റഞ്ഞു തിങ്ങി നില്ക്കുന്ന മുല.

വട്ടം-ക. വൃത്തം. ക. ഭാവം. ന. ആരം ഭം. ഴ. പണം പലിശയ്ക്കു കൊടുക്ക മ്പോഴും മറ്റും ഒരു ക്ണപ്പുകടലാ ലേയ്ക്കു മുൻകൂട്ടി ഒടുക്കുന്ന പലിശ. ഇ. കോപ്പുകൾ. തു. ഉപകരണം. ഒ. കശ വന്റെ ഒരുപകരണം. വ, വാദ്യങ്ങളു ടെ തോൽ പറിക്കുന്ന വട്ടയം. ൻ. ഒരു താളത്തിന്റെ സമയം. ഫ. രൂപാൻവിലയ്ക്കു പറയുന്ന ഒരു പേർ. കക. മല്ലാലംയി എടുക്കുന്ന തുക. കഖ. കളിക്കാനായി വട്ടത്തിൽ ഉണ്ടാക്കുന്ന ഒരു ട്ട്.

വട്ടം കറക്കുക-ബുദ്ധിമുട്ടിക്കുക, കഷ്ടപ്പെ ടുത്തുക.

വട്ടംകൂട്ടുക-ഒരുങ്ങുക, ഒരുക്കുക, തയ്യാ റാക്കുക.

വട്ടംതിരിച്ചിൽ-വട്ടം ചുറ്റുക.

വട്ടംതിരിയുന്നു-വട്ടത്തിൽ ചുറ്റുന്നു.

വട്ടം വഴക്കുക-സങ്കടപ്പെടുത്തുക.

വട്ടം വഴക്കൊല്ലാ-സങ്കടപ്പെടുത്തരുതേ.

'എന്നേക്കുമെൻശംഖം വെച്ചു
വട്ടംവഴക്കൊല്ലാകൃഷ്ണ!'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

വട്ടം വിഴുങ്ങുക-മുഴുവനും ഒന്നാകെ കര സ്ഥമാക്കുക, വഞ്ചിച്ചെടുക്കുക.

വട്ടമുള്ളങ്കി-ശാകവർഗ്ഗത്തിൽ ചേർന്ന മൂല ശാകം.

(ഇതിന്റെ കിഴങ്ങു ചേനപോലെ യിരിക്കും. സം-പിണ്ഡമൂലം).

വട്ടമോതിരം - ക. മുദ്രമോതിരം. ക. ഇരിമ്പുവളയം.

വട്ടലോഹകം-പഞ്ചലോഹം.

വട്ടവര-വട്ടത്തിലുള്ള വര.

വട്ടവാരി-നാണയങ്ങളുടെ പരിവായുള്ള വിലയിൽ ഏറക്കുറവ്.

വട്ടളം-അരിവെപ്പിനുള്ള ഒരു വലിയ പാത്രം.

വട്ടി-പ്ര. തഴ കൊണ്ടോ പുല്ല് കൊണ്ടോ പനയോല കൊണ്ടോ വേ കൊണ്ടോ മറ്റും നെയ്തുണ്ടാക്കുന്ന ഒരു പാത്രം. പ. പലിശ.

വട്ടിക്കാർ-കൊച്ചിയിലെ ഒരു താണ തരം നായന്മാർ.

വട്ടിപ്പണം-പലിശക്കിട്ടിരിക്കുന്നപണം.

വട്ടിപ്പുല്ല്-വട്ടി നെയ്യുന്നതിനുള്ള പുല്ല്.

വട്ടിവയറ്-വലിയ വയറ്. (പു—വട്ടിയൻ. സ്ത്രീ—വട്ടിച്ചി).

വട്ടിവയറൻ-കൂടവയറൻ.

വട്ടിളി-ഒരു മാതിരി വലിയ ഓട്ടുപാത്രം. വാർപ്പ്.

'ചട്ടമിതൊന്നു പകർന്നു കണ്ടവർ
വട്ടിളിമാത്രം ചെരിച്ചുവിടുമ്പി'

(രാമചരിതപൂരണ ഓട്ടൻതുള്ളൽ)

വട്ടുകളി-പ്ര. വട്ട് (വട്ടത്തിലുള്ള ഓട്ട്) കൊണ്ടുള്ള ഒരു മാതിരി കളി. പ. പന്തുകളി.

വട്ടുവം-ഒരുവിലസ്സഞ്ചി (രൂപട്ടി).

വട്ടുരം-അനന്തിപ്പിഴിച്ചിലിനുള്ള ഒരു മാതിരി തുല

വട്ടെഴുത്ത്-പഴയ കാലങ്ങളിൽ തമിഴും മലയാളവും എഴുതിവന്ന സമ്പ്രദായത്തിനുള്ള പേർ. (ഇതു മാറിയാണു കോലെഴുത്തായതു്. 'കോലെഴുത്തു്' എന്ന ശബ്ദം നോക്കുക).

പരശുരാമന്റെ കാലത്തു മലയാള ഭാഷ ആര്യം എഴുതിവന്നതു് ഇതിലായിരുന്നു. ഈ എഴുത്തു മിക്ക ക്ഷേത്രത്തിലും ഇന്നും കാണാം. തെക്കേ മലയാളം തിരുവിതാംകൂർ ഈ രാജ്യങ്ങളിലും തഞ്ചാവൂരിനു തെക്കുള്ള പ്രദേശങ്ങളിലും ആര്യം ഉപയോഗിച്ചിരുന്ന തമിഴക്ഷരങ്ങളും വട്ടെഴുത്തുകളായിരുന്നു. ഏകദേശം ക്രി-ം നൂറാണ്ടോടുകൂടി വട്ടെഴുത്തിനെ തീരെ വേണ്ടെന്നു വച്ചു എന്നു പറയാം. എന്നാൽ മലയാളരാജ്യത്തു ക്രി-ം നൂറാണ്ടിന്റെ ഒടുവുവരെ അതിനെ തന്നെ ഉപയോഗിച്ചുപോന്നു.

വട്ടോളി— പുഴയി ദേശത്തിലെ ഒരു ക്ഷേത്രം.

വഠര-വി. ദുർബുദ്ധിയുള്ള.

വഠരൻ-പ്ര. ദുർബുദ്ധി. പ. കിരാതൻ. സ. കള്ളൻ.

വഠരം ജലപാത്രം.

വഡഭി-മുഖപ്പലക. (വളഭി എന്നതു നോക്കുക).

വഡവാ-പ്ര. പെൺകുതിര. സാമർത്ഥ്യമുള്ളതു് എന്നർത്ഥം. പ. വ്യഭിചാരിണി. സ. ദാസി.

വഡാ-ഒരുവക പലഹാരം.

വഡിശി-ചുണ്ടൻ.

വഡ്ഢ-വി. വലിയ.

വഡ്ഢം-വിശാലം, വിസ്താരമുള്ളതു്. മറയ്ക്കുന്നതു് എന്നർത്ഥം.

വഡ്ഢക-ഒരു മരുന്നു്, വലിയ ഏലത്തരി.

വഡ്ഢൈലാ-പേരേലം.

വണക്കം-പ്ര. വന്ദനം. പ. വിനയം, അടക്കം, താഴ്മ.

'വണങ്ങുന്ന ജനങ്ങളിൽ
ഇണങ്ങും ദേവതമാരും',
മണമുള്ളമലർതന്നി-
ലണയും വണ്ടുകൾപോലെ,

വണങ്ങുന്ന-വന്ദിക്കുന്ന.

വണിക്ക്-പ. കച്ചവടക്കാരൻ, ചെട്ടി. ഷ. തുലാം രാശി.

വണിക്പഥം-കച്ചവടത്തെരുവ്.

വണിജകൻ-കച്ചവടത്തെരുവ്.

വണിജകൻ-കച്ചവടക്കാരൻ.

വണിജം-കച്ചവടം.

വണിജ്യം, വണിജ്യ-കച്ചവടം.

വണ്ട്-പ പൂക്കളുടെ തേൻ കുടിച്ചുകൊണ്ടു പാടുന്ന ഒരു വക കറുത്ത മണ്ണു. ഉ. വടിക്കെട്ടുക.

(ഇഡ്ഡലിപ്പാത്രമില്ലാത്തവരും വണ്ടുകെട്ടുക പതിവുണ്ട്. ഉഴുന്നുലി എന്ന പലഹാരത്തിനും വണ്ടുകെട്ടുന്നതു പതിവുണ്ട്. ഒരു പാത്രത്തിൽ മലം നിറച്ചിട്ടു തുണികൊണ്ടു വായ്മൂടി അതിൽ അരിമാവും മറ്റും ഇട്ടു ആവിയിൽ വേവിച്ചുണ്ടാക്കുന്നുണ്ട്. ഇങ്ങിനെ തുണികൊണ്ടു വായ്മൂടുന്നതിനു സാധാരണ വണ്ടുകെട്ടുക എന്നു പറഞ്ഞുവരുന്നു).

വണ്ട(ക)ം-അംശം, പങ്ക്, മന്നിനെ മന്നിലധികമായി ഭാഗിച്ചതിൽ ഏതെങ്കിലും ഒരു ഭാഗത്തിന്റെ പേർ. (ഈ ഭാഗങ്ങളും തുല്യാംശകങ്ങളായിരിക്കണമെന്നില്ല. അവ്വണ്ണം ആകരുതെന്നുമില്ല.

വണ്ടത്താൻ-വണ്ട്.

വണ്ടൻ-വിവാഹം കഴിക്കാത്തവൻ.

വണ്ടൽ-അഴുക്ക്, മലത്തിനുണ്ടാകുന്ന ചീത്തത്തം.

വണ്ടവാഴി-ഒരുങ്ങാടിമരത്തു, ഒരുമാതിരി അരത്ത.

വണ്ടാരംകോഴി-ഒരു പക്ഷി, താമരക്കോഴി.

(മാസം അർശസ്സു, ഗ്രഹണി ഇത്യാദിക്കു നന്നു. താമരയുടെ പേരെല്ലാം ഇതിനു പേരായിവരും. സം-സാരസം, തു-വണ്ടാഴ്വാൻ).

വണ്ടാർ-വി. വണ്ടിനെപ്പോലെ കറുത്ത, വണ്ടോടുപോലെയുള്ള. ഉ-ം, വണ്ടാർപൂങ്കുഴലാൾ.

വണ്ടാർകുഴൽ-വണ്ടിനെപ്പോലെ കറുത്ത തലമുടി.

വണ്ടാർകുഴലി-വണ്ടിനെപ്പോലെ കറുത്ത തലമുടിയുള്ളവൾ, സുന്ദരി.

വണ്ടി-പ. കാളയേയും കഴുതയേയും കുതിരയേയും കെട്ടി കയറിപ്പോകുന്ന ഒരു വസ്തു. ഉ. ചാട്ട്. സ. ചക്രം, ഉരുൾ, വട്ടം.

വണ്ടിക്കടുക്കൻ-പുരുഷന്മാർ കാതിലിടുന്ന ഒരാഭരണം.

വണ്ടിക്കാരൻ-പ. വണ്ടിയടിക്കുന്നവൻ, വണ്ടി നടത്തുന്നവൻ. ഉ. ഉഴുപുരകളിലും മറ്റും വിറക കീറുകയും ചാരുങ്ങളും തേയ്ക്കുകയും ചെയ്യുന്ന ഒരു വേലക്കാരൻ.

വണ്ടിക്കോൽ-ഒരു വക അളവുകോൽ.

വണ്ടിഞ്ഞ-വണ്ടിനം, വണ്ടിൻകൂട്ടം.

വണ്ടിനം-വണ്ടിൻകൂട്ടം.

വണ്ടിത്താര, വണ്ടിച്ചാല്-വണ്ടിച്ചക്രത്തിന്റെ പാട്.

വണ്ടിപ്പേട്ട-വണ്ടികൾ വാടകയ്ക്കും മറ്റും കൊടുക്കുന്ന സ്ഥലം.

വണ്ടിപ്രവൃത്തി-വണ്ടിക്കാരന്റെ വേല

വണ്ടുകെട്ടുന്ന-പാത്രങ്ങളുടെ വായ്തുകാരമായ വക്കിൽ തുണികെട്ടുന്ന.

വണ്ടോട്ട്-വണ്ടിന്റെ പുറത്തെ ഒട്ട്.

വണ്ണ-പ. മുഴക്കോലിന്റെ പിൻഭാഗം. ഉ. പുതുതായി പ്രസവിച്ച സ്ത്രീ.

വണ്ണക്കാരൻ-വണ്ണമുള്ളവൻ, തടിയൻ.

വണ്ണത്താൻ-വെളുത്തേടൻ, അലക്കുകാരൻ.

വണ്ണൻ-ഒരു മംഗിരി വംശം.

വണ്ണം-അ. പ്രകാരം. (ചില വാക്കുകളുടെ കൂടെയിൽ യഥാസ്ഥാനത്ത് ഈ അർത്ഥം സിദ്ധിക്കുന്നത്. ഉ-ം, പറഞ്ഞവണ്ണം, പറഞ്ഞതിൻവണ്ണം).

വണ്ണം-തടിപ്പ്, പുഷ്ടി.

വണ്ണാച്ചൻ-ചെറിയ ചിലന്തി.

വണ്ണാത്തി-ഒരു പക്ഷി.

വണ്ണാൻ-പ. തുണിനെയ്തിക്കൊടുത്തശേഷം മുണ്ടലക്കുന്ന ഒരു ജാതിക്കാരൻ. (സ്ത്രീ.-വണ്ണാത്തി) ഉ. ചെറിയ ചിലന്തി.

വണ്ണിക്കുന്നു-തടിക്കുന്നു.

വതങ്ങുന്നു-വാടുന്നു

വതണ്ഡാ-പഞ്ചവർണ്ണക്കിളി.

വതംസം-പ. തലയിലേ ഒരാഭരണം ഉ. ചെവിയിലേ ഒരാഭരണം, കുണ്ഡലം.

(മാന്ത്രിയുടെ അല്പോപം വ്യത്യാസത്തിൽ ഉണ്ടായതാണ് ഈ ശബ്ദം. അവതംസം എന്നതു പ്രധാനം).

വൽ-അ. ചില വാക്കുകളുടെ ഒടുക്കം വരുമ്പോൾ 'പോലെ' എന്നുള്ള അർത്ഥം വരും.

വത്ത-ബത്ത, പലിവ്, ഇളവ്, ബാറ.

വത്സകം-പ. പശുക്കിടാവ്. ഉ. ഐരാണി. ന. കടകപ്പാല. ര. കാട്ടു.

വത്സതരം-മുലകുടിമാറിയ പശുക്കിടാവ്, കുടിവാറിയ കാളക്കുട്ടി.

വത്സതരീ-പശുക്കിടാവ്.

വത്സൻ-പ. കഞ്ഞു, ആൺപൈതൽ, ഒരു വയസ്സു ചെന്നവൻ, ബാലൻ. ഉ. പശുക്കിടാവ്.

വത്സനാഭം, വത്സനാഭി-വിഷമുള്ള ഒരു മരുന്ന്.

(കഫം, വാതം, കണ്ഠരോഗം ഇവയ്ക്കു നന്ന്. ഇതു ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ മുളകുവെള്ളം കുടിയ്ക്കുക. ത്രിഫലക്ഷായവും നന്നു തന്നെ. Aconite എകൊനൈറ്റ്).

വത്സപാലൻ-പ. കൃഷ്ണൻ, ഉ. ബലരാമൻ.

വത്സം-പ. നെഞ്ചു, മാറിടം. ഉരസ്സുള്ളതു് എന്നർത്ഥം. ഉ. സംവത്സരം. ന. കിടാവു്, കന്നുകാലിയുടെ കുട്ടി, മുല കുടിക്കുന്ന കാളക്കുട്ടി.

വത്സരൻ-പ. വിഷ്ണു. ഉ. ധ്രുവന്റെ ഭ്രമി എന്ന ഭാര്യയിൽ ജനിച്ചവൻ.

വത്സരം-മുന്നൂററുപത്തഞ്ചു ദിവസം കൂടിയതു്, സംവത്സരം. നിമേഷാദി കാലങ്ങൾക്കു ഇരിപ്പിടം എന്നർത്ഥം.

വത്സരാജാവു്-ഉദയനൻ.

വത്സല-വി. സ്നേഹമുള്ള.

വത്സലത-വാത്സല്യം.

വത്സലത്വം-പ്രിയത്വം (ആദരവു).

വത്സലൻ-വത്സ+ല. വത്സ=കുട്ടി. ല' എന്നതു് 'അതുള്ളതു്' എന്ന അർത്ഥത്തിൽ വരുന്ന ഒരു തദ്ധിതപ്രത്യയം. ഉ. സ്നേഹമുള്ളവൻ.

വത്സല്യം-വാത്സല്യരസം.

വത്സാദനം-ചെന്നാ(യ്).

വത്സാദനി-പ. ചിറ്റരത്തു്. കുട്ടികൾ ഒക്ഷധത്തെന്നു ഭക്ഷിക്കുന്നതു് എന്നർത്ഥം ഉ. പാതാളഗരുഡക്കൊടി. ന. അത്തിത്തിപ്പലി.

വദ-വി. പറയുന്ന.

വദൽ-വി. പറയുന്ന. (ദൻ, ന്തി, ദൽ).

വദനം-പ മുഖം, വായ്, ഉ. മുക്കോണിന്റെ മുകളിലെ മൂല.

വദന്യ, വദാന്യ-വി. പ. വാക്കിനു സാമർത്ഥ്യമുള്ള. ഉ. കൊടുക്കുന്ന

വദാന്യൻ-പ. നല്ല അറിയായ്മ സംസാരിക്കുന്നവൻ. ഉ. ദാനശീലൻ.

വദാമ-ഒരുവക വൃക്ഷം.

ഇതു് അധികമായും കാണുന്നതു് മുതലായ ദേശങ്ങളിൽ ഉണ്ടാകുന്നു. സം-വാ

താം. ത-വാതുരമെ ഇം-Sweet almond, Bitter almond.

വദോലം-ചുഴി.

വദാവദ-വി. നല്ലവണ്ണം പറയുന്ന.

വദിക്കുന്നു-ക്രി പറയുന്നു. ഉ വായിക്കുന്നു. (കാ. ക്രി.—വദിപ്പിക്കുന്നു).

വദ്ധ്യം-വെളുത്തീയം

വധം-കൊല്ലുക, കൊല.

വധകൻ-കൊലചെയ്യുന്നവൻ.

വധസ്ഥലി-കൊല്ലുന്നതിനുള്ള സ്ഥലം, കൊലനിലം.

വധാർഹ-വി. കൊല്ലുണ്ടുന്ന.

വധിക്കുന്നു-കൊല്ലുന്നു. (കാ. ക്രി. വധിപ്പിക്കുന്നു).

വധു-ക്രി. ഭാര്യ. ഉ. പുത്രന്റെ ഭാര്യ. കൊണ്ടുവരപ്പെടുന്നവൾ എന്നർത്ഥം. ന. സ്ത്രീ. ഭർത്താവിനാൽ വഹിക്കപ്പെടുന്നവൾ എന്നർത്ഥം. ർ. ജോനകപ്പുല്ല്. പരിമളത്തെ വഹിക്കുന്നത് എന്നർത്ഥം. ൽ. രോഗകാരിയായ ദോഷം. ന്യ. നവനീതം (വെണ്ണ). ൎ. വിവാഹംചെയ്യുന്ന കന്യക.

(വധുവിൽ ന്യ ഗുണം ഉണ്ടായിരിക്കണം—കാംക്ഷ, രൂപം, അനുരാഗം, ബഹുമാനം, സ്നേഹം, ലജ്ജ ഇവയാകുന്നു).

വധൂജനം-സ്ത്രീ, സ്ത്രീജനം.

വധൂടി-ക്രി. സ്ത്രീ. ഉ. യുവതി. ന. പുത്രന്റെ ഭാര്യ.

വധൂവരന്മാർ-ഭാര്യയും ഭർത്താവും, ദമ്പതിമാർ.

വധൂസര-ഒരു നദി (തീർത്ഥം).

ഋഷ്യശൃംഗനിയുടെ പത്നിയായ പുലോമയെ പുലോമൻ എന്ന ഒരു രാക്ഷസൻ സൂകരവേഷം ധരിച്ച് എടുത്തുകൊണ്ടുപോയപ്പോൾ ഗർഭിണിയായ അവളുടെ പിറന്ന പുത്രൻ ആ രാക്ഷസനെ നേരിട്ടു കൊന്നു. പുലോമ കരഞ്ഞുകൊണ്ടു ആശ്രമത്തിൽ വന്നു. അവളുടെ കണ്ണീർ വീണുണ്ടായതാണ് ഈ തീർത്ഥം.

'അശ്രുക്ഷയംവീണവധൂസരയെന്നു തന്നദി വിശ്രുതമായതീർത്ഥമുണ്ടായിതു കാലം'

(ഭാരതം-പൌലോമം)

വധ്യോത്തമം-കൊല്ലുവാനുള്ള ഉത്തമൻ.

വധ്യ-വി. കൊല്ലേണ്ടുന്ന, വധിക്കത്തക്ക.

വനകരി-കാട്ടാന.

വനകദളി-മരവാഴ.

വനചന്ദനം-ക്രി. അകിൽ. ഉ. ദേവതാരം.

വനചന്ദ്രികാ-വള്ളിമുല്ല.

വനചരൻ-കാട്ടാളൻ.

വനചാരം-ക്രി. കാട്ടാന. ഉ. കരടി.

വനചാരി-വി. കാട്ടിൽ കിടക്കുന്ന, കാട്ടിൽ പാർക്കുന്ന (രീ, രിണി, രി).

വനച്ഛാഗം-ചന്നി.

വനജ-വി. ക്രി. കാട്ടിലുണ്ടായ. ഉ. ജലത്തിലുണ്ടായ.

വനജം-ക്രി. താമര. ഉ. മുത്തങ്ങ. ന. ആന. ർ. കാട്ടുമരുതുമാരകം. ൽ. വെളുത്ത ചേന. ന്യ. തുമ്പുണി.

വനജ്യോത്സ്നി-ക്രി. കാട്ടിലേ നിലാവുള്ള രാത്രി. ഉ. നവമാലിക.

വനത-വനതം.

വനതിക്തിക, വനതിക്താ-പാടം.

വനദീപം-ഒരു പൂവ്, രാജചമ്പകം.

വനദേവത-കാട്ടിലേ ദേവത.

വനദ്വിപം-കാട്ടാന.

വനന്തപാ-നായ്.

വനപല്ലവം-മുരിങ്ങ.

വനപ്രമാണം, വനപ്രായം, വനവൽ-അ. വനംപോലെ.

വനപ്രിയം-പ. കയിൽ. ഉ. തെന്നി. ന. ഏലവങ്ങം. ഭ. കടമാൻ.

വനപ്രിയാ-കയിൽപ്പേടം.

വനഭൂകൽ-പ. കാള. ഉ. ഇടവകം.

വനം-പ. കാട്ട്. ജനങ്ങളാൽ ആശ്രയിക്കപ്പെട്ടന്നത് എന്നർത്ഥം.

(കാമ്യവനം, അരിതിവനം, വ്യാസവനം, ഫലകീവനം, സുഭ്രവനം, മധുവനം, ശീതവനം ഇങ്ങിനെ വനങ്ങൾ ഏഴ്.)

കൃഷ്ണനു പ്രിയമുള്ള 12 വനങ്ങൾ—ഭദ്രവനം, ശ്രീവനം, ലോഹവനം, ഭാണ്ഡീരവനം, മഹാവനം, താലവനം, ഖദിരവനം, ബകുളവനം, കുമുദവനം, കാമ്യവനം, മധുവനം, പുണ്ഡരവനം. ഉ. വെള്ളം. യാചിക്കപ്പെട്ടന്നത് എന്നർത്ഥം. ന. ക്രൂരം ഭ. വാസസ്ഥലം. ങ. ഉറവ്, അരുവി ഞ. തടി, വിറക്. ട. മരപ്പാത്രം.

വനമക്ഷിക-കാട്ടീച്ച.

വനമല്ലിക-പ. ഒരു വള്ളി, കാട്ടുമുല്ല. ഉ. തുളസിമുല്ല.

വനമാല, വന്യമാല-വിഷ്ണുവിന്റെ ഒരു മാല.

എല്ലാ ഋതുക്കളിലുമുള്ള പൂക്കളുകൊണ്ടു കോർത്തതും, നടുവിൽ വലിയ കടമ്പുമരത്തിന്റെ പൂവുകോർത്തതും, കാലുകളുടെ മുട്ടുകൾവരെ നീണ്ടുകിടക്കുന്നതുമായ മാലയാണ് വനമാല എന്നു പറയപ്പെട്ടന്നത്.

'ആജാനലംബിനീമാല
സർവ്വർത്തുകുസുമോജ്ജ്വലാം
മദ്ധ്യസ്ഥകദംബാഢ്യാ
വനമാലേതികീർത്തിതാ'

(ഭാഗവതം)

'കിരീടഹാരാംഗദവേണുമാലം'

(ശ്രീകൃഷ്ണചരിതം)

'തുളസീകേസരാനന്ദാ
പാരിജാതസരോജിനീ
ഏതദ്വിരചിതാമാലാ
വനമാലാഹ്യുദീര്യതേ'

വനമാലി-പ. വിഷ്ണു. കാട്ടുപൂക്കളെ മാലയാക്കി ധരിച്ചവൻ എന്നർത്ഥം. പദ്മപത്മത്തിലോളം നീണ്ടുകിടക്കുന്ന വനമാലയെ ധരിച്ചവൻ എന്നുമുണ്ട്. 'ആപാദപത്മം യാ മാലാ വനമാലേതി സാ സ്മൃതാ' എന്നു കലിംഗൻ. ഉ. പന്നിക്കിഴങ്ങ്.

വനമാലിക-പന്നിക്കിഴങ്ങ്.

വനമാലിനീ-ഭാരത.

വനമുദ്ഗം-കാട്ടുപയർ, മങ്കുട്ടപ്പയറ്, അല്പം വെളുത്ത ചെറുപയറ്.

വനമൂതം-മേഘം.

വനമോചാ-മലവാഴ.

വനരാജൻ-സിംഹം.

വനരുഹം-താമര.

വനലക്ഷ്മീ-വാഴ.

വനവാസം-കാട്ടിലേ പാർപ്പ്.

വനവാസി- വി. കാട്ടിൽ പാർക്കുന്ന. (സ്ത്രീ, സ്ത്രീനീ, സ്ത്രീ).

വനവാസി-പ. മഹർഷി. ഉ. കാട്ടാളൻ. ന. കാവതിക്കോര. ഭ. മുഞ്ഞകവൃക്ഷം. ങ. പന്നിക്കിഴങ്ങ് ഞ. ശതാവരികന്ദം. ട. ഇടവകം വ. ഏലത്തിരിക്കിഴങ്ങ്.

വനശൃംഗാടം - ഒന്തരിഞ്ഞിൽ. വനത്തിൽ ശൃംഗംപോലെ സഞ്ചരിക്കുന്നത് എന്നർത്ഥം.

വനശ്രാവ്-പ. വെരിക്. ഉ. കരണ്ടൻ ന. കട്ടുവാ.

വനസഖൻ-കയിൽ.

വനസമൂഹം-കാട്ടുകളുടെ കൂട്ടം.

വനസ്ഥ-വി. കാട്ടിൽ പാർക്കുന്ന.

വനസ്ഥൻ-കാട്ടിൽ പാർക്കുന്നവൻ, വാനപ്രസ്ഥൻ.

വനസ്ഥലീ-കാട്ടുപ്രദേശം.

വനസ്പതി-പ്ര പൂക്കാതെ കായ്ക്കുന്ന മരം. കാട്ടിലെ പ്രധാനി എന്നു ശബ്ദാർത്ഥം. (ഇതു വൃക്ഷസാമാന്യപ്രയോഗവുമാകുന്നു). ഉ. പേരാൽ. ന. ചിറാൽ.

വനഹ്രതാശനൻ-കാട്ടുതീ.

വനഹ്രദിനീ-കാട്ടാറ്. (ഇതു് അല്പജലമുള്ളതായിരിക്കും).

വനാഖു-മുയൽ.

വനാന്ത-പ്ര. വനത്തിന്റെ അതിര്. ഉ. വനപ്രദേശം.

വനാന്തര-വനത്തിന്റെ അന്തരം, മറ്റൊരുവനം.

വനായു-പ്ര. ഒരു ദേശം. (കുതിരയ്ക്കു പ്രസിദ്ധിയുള്ളതാണ്). ഉ. മാൻ. (വാരായു എന്നതിന്റെ പാഠം. 'വനായു' എന്നുമുണ്ട്).

വനായുജം- വനായുദേശത്തിൽ ഭവിച്ചുകുതിര.

വനി-വി. വനത്തിൽ അധിവസിക്കുന്ന.

വനി-പ്ര. വൃക്ഷം. ഉ. കൊടുവേലി. ന. അഗ്നി. ര. വാനപ്രസ്ഥനായ ബ്രാഹ്മണൻ. ള. യാചനം. ന. ആഗ്രഹം.

വനിക-പ്ര. വന. ഉ. മുഖവനം. ന. തോപ്പ്.

വനിത-വി. പ്ര. ഭോഗിക്കപ്പെട്ട ഉ. യാചിക്കപ്പെട്ട.

വനിതാ-പ്ര. സ്ത്രീ. പുരുഷനെ വഴിയാകെവണ്ണം ആശ്രയിച്ചു നില്ക്കുന്നവൾ എന്നർത്ഥം. ഉ. അധികം ജനനേന്ദ്രിയങ്ങളോടുകൂടിയ സ്ത്രീ.

വനീ-പ്ര. കാട്ട്. ഉ. വൃക്ഷക്കൂട്ടം.

വനീകൻ-യാചകൻ.

വനീപകൻ, വനീയകൻ- ഇരക്കുന്നവൻ, യാചകൻ. വനിയെ പാലിക്കുന്നവൻ — കാട്ടിൽ തേൻ നടക്കുന്നവൻ എന്നർത്ഥം.

വനേചര-വി. കാട്ടിൽ സഞ്ചരിക്കുന്ന.

വനേചരൻ-കാട്ടാളൻ, വേടൻ.

വനോത്ഭവ-വി. കാട്ടിലുണ്ടായ.

വനോത്ഭവ-പ്ര. കാട്ടുപഞ്ഞി, കാട്ടുപരുത്തി. ഉ. കാരവല്ലി. ന. കാട്ടുമരുതുനാരകം. ര. കാട്ടുപയറ്.

വനൌകസ്സ്-പ്ര. കുരങ്ങ്; വാനരൻ. വനം ഗൃഹമായിട്ടുള്ളവൻ എന്നർത്ഥം. ഉ. വനത്തിൽ താമസക്കാരൻ.

വന്തി-കൊടുത്ത മുതൽ കിട്ടാഞ്ഞാൽ അതിനു പകരം മറ്റൊന്നു കൈക്കലാക്കുക.

വന്ദ-ഒരുപ് സരസ്സ്രീ.

സംഭവപർവ്വം സുദ്രൌഹരണത്തിൽ ഈ പേർ കാണാം. മൂലത്തിൽ 'വഗ്ഗു' എന്നാണ കാണുന്നതു്. ഇവർ നക്രമായതു ഒരു ബ്രാഹ്മണശാപംകൊണ്ടാണ്.

വന്ദക-ചാവുതേക്ക്. വൈദ്യന്മാരാൽ വന്ദിക്കപ്പെടുന്നതു് എന്നർത്ഥം.

വന്ദന-നമസ്കാരം, നമസ്കരിക്ക, തൊഴുക.

വന്ദനം-നമസ്കാരം, വണക്കം.

വന്ദനമാല - അലങ്കരിച്ചിട്ടുള്ള വാഴച്ചുവാതിൽ.

വന്ദനീയ-വി. വന്ദിക്കപ്പെടേണ്ടുന്ന.

വന്ദനീയം-മഞ്ഞക്കടുക്കു്.

വന്ദനീയാ-ശാരോചനം.

വന്ദാ, വന്ദാക-ഇത്തിക്കണ്ണി.

വന്ദാരു-പ്ര. ആശ്രയിക്കുന്നവൻ, വന്ദനശീലൻ. ഉ. വന്ദി, സ്തുതിപാടുന്ന ഒരു ജാതിക്കാരൻ.

വന്ദി-പ്ര. രാജാക്കന്മാരുടെ സ്തുതികളെ പാടുന്നവൻ. ഉ. സ്തുതിക്കുന്നവൻ. ന. അടിമയാക്കപ്പെട്ട ആളും മൃഗമോ.

വന്ദി-പ്ര. വന്ദിശബ്ദം ഉ. ചോരാദികളെ ആകർഷിക്കുക. ന. ബന്ധനം. ഭ. പിടിച്ചുകെട്ടിക്കൊണ്ടു വന്നിടുക.

വന്ദിക്കുന്ന-പ്ര. നമസ്കരിക്കുന്ന, തൊഴുന്ന. ഉ. പൂജിക്കുന്ന.

വന്ദിത-വി. വന്ദിക്കപ്പെട്ട.

വന്ദ്യ-വി. വന്ദിക്കപ്പെടേണ്ടുന്ന.

വന്ദ്യാ-പ്ര. ഇത്തി(ം)ക്കണ്ണി. ഉ. ശോരോചന.

വന്ധകീ-വേശ്യാസ്ത്രീ.

വന്ധ്യ-വി. പ്ര. കായ്ക്കാത്ത. ഉ. ഫലമില്ലാത്ത, സാധ്യമില്ലാത്ത.

വന്ധ്യം-ഒരിക്കലും കായ്ക്കാത്ത മരം. (ബന്ധ്യം എന്നുമാവാം). ഫലത്തെ പുറത്തുവിടാതെ ബന്ധിച്ചുനിറുത്തുന്നത് എന്നർത്ഥം.

വന്ധ്യാ-പ്ര. മച്ചി, പ്രസവിക്കാത്ത സ്ത്രീ, മലടി.

മലടി മൂന്നുവിധം-പ്ര. കാകവന്ധ്യ=ഒന്നു പ്രസവിച്ചു പിന്നീടു പ്രസവിക്കാതിരിക്ക. ഉ. മൃതവന്ധ്യ=ജനിക്കുന്ന കുട്ടികളെല്ലാം മരിച്ചുപോവുക. ന. ജന്മവന്ധ്യ=ജനനം മുതൽ മലടിയായിരിക്ക.

ഉ. കാട്ടുപാവൽ.

വൻപു-പ്രതാപം.

വന്യ-വി. കാട്ടിലുണ്ടാകുന്ന.

വന്യഭോജനം-കാകറികം കൊണ്ടുള്ള ഭോജനം (ഭക്ഷണം).

വന്യഭോജ്യം-കായ്കനി.

വന്യം-പ്ര. ഏലവങ്ങം. ഉ. വലിയ വേഴൽ. ന. കിരാതചന്ദനം. ഭ. ഒരു ഔഷധ ചേന. ങ. കഴിമുത്തങ്ങ. ന. പന്നിക്കിഴങ്ങ്.

വന്യാ-പ്ര. മുത്തങ്ങ. ഉ. ചെമന്ന കന്നി. ന. നറുമഞ്ഞൾ. ഭ. കാട്ടുകൂട്ടം. ങ. ജനക്കൂട്ടം.

വന്യാശന-വി. കായ്കനികളെ ഭക്ഷിക്കുന്ന.

വൻ-വി. ചില രൂപങ്ങളുടെ അന്ത്യത്തിൽ ചേരുമ്പോൾ 'വലിയ' എന്നർത്ഥം ഉണ്ടാകും. 'ബലമുള്ള' എന്നർത്ഥവും ചിലപ്പോൾ സിദ്ധിക്കും. (ഉ-ം വൻകള്ളൻ).

വൻകറുഞ്ഞി-വാടാമല്ലി.

മുള്ളുള്ള വലിയ കാട്ടുചെമന്തി എന്നും അഭിപ്രായം കാണുന്നു. സം-രാജതരണീ. ത-വാടാങ്കറുഞ്ഞി. പൂ മഞ്ഞനിറമാണ്.

വൻകൊന്ന-ഒരു വൃക്ഷം.

ചെറി, കയ്പും, ശ്ലേഷ്മം മുതലായവയ്ക്കു നന്ന്. സം-ആരഗ്വധം. ത-കൊൻറ. ഇം- Pudding pipe tree, Purging cassia, Cassia pulp.

വൻകൊട്ട-വൻചട്ട, വൻവട്ട, ചിരവപ്പല്ല്.

വീക്കം, ചുട്ടനീറൽ മുതലായവയ്ക്കു നന്ന്. മുലപ്പാലിനെ വർദ്ധിപ്പിക്കും. ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാണ്. ഇതു ജലത്തിനുമീതെ പായൽപോലെ പടർന്നുണ്ടാകുന്ന ഒരു സാധനത്തിന്റെ പിഴങ്ങാകുന്നു. സം-സ്ഥാരാടകം. ഇം- Water caltrop വാട്ടർ കാൽട്രാപ്.

വൻതല-പ്ര. വലിയതല. ഉ. ചുണ്ടുവിൻതല.

വൻതിരിച്ചൽ-കുഞ്ഞുങ്ങളുടെ ഒരുവക കളി.

വൻതീ, വന്തി പ്ര. വലിയ തീ. ഉ. കാട്ടുതീ.

വന്തി-തടവ്. Imprisonment.

വന്തുക്ക്-തീപ്പെട്ടി, ചക്കുമുക്കിത്തോക്ക്. A firelock.

വന്തേൻ-കാട്ടുതേൻ.

വന്നല-ചുറ്റിക്കളഞ്ഞ ധാന്യം.

വന്നി-ഒരു വൃക്ഷം. ഇതു മുള്ളുമരമാണ്.

ഇല ചെമ്പരത്തിയിലിക്കും. കായ് നീണ്ടതായിരിക്കും. സം-ശമി. ഇം— Spung tree സ്പംഗ് ട്രി. ഔഷധസാരം, ചുമ, കഫം, അർശ്ശസ് മുതലായവയ്ക്കു നന്ന്.

വന്നിയർ - ഒരു ജാതിക്കാർ. (തമിഴരാണ്).

വൻപ്-വലിപ്പം, ഉദരം, പ്രയാസം.

വൻപത്തം-വലിപ്പം.

വൻപൻ-പ്ര. വലിയവൻ. ഉ. ബലമുള്ളവൻ. ന. ധനവാൻ. ര. ബുദ്ധിയും വിദ്യയുമുള്ളവൻ.

വൻപിക്കുന്ന-വൻപനാകുന്ന.

വൻപുറ-വലിപ്പമുള്ള, പ്രയാസമുള്ള.

വൻപൂപ്പ്-വേട്ടയിൽ കിട്ടിയ പ്രധാനഭാഗം. ഉ-ം, വൻപൂപ്പിന്നു കത്തിവച്ചു.

വമ്പേ-അ. ആശ്ചര്യമോ അസൂയയോ തോന്നുമ്പോൾ പറയുന്ന ഒരു ശബ്ദം.

വമ്മിരിയം-പുള്ളിപ്പുലിയൻ (നായാട്ടുപേർ).

വമ്മീകം-ചിതൽപ്പുറ്റ്.

വമ്മീകം എന്ന ക്ഷുദ്രോരഗം കഴുത്തിന്റെ പുറത്തോ മറ്റോ പുറമ്പോക്കോ മുഴയുണ്ടാകുന്നതാകുന്നു. ഇതു് അനേകം മുഖത്തോടും വേരനായോടും മറ്റും ഈ ഗ്രം ഉടൻ വ്യാപിക്കും. ദിവസം അധികം കഴിഞ്ഞാൽ ഇതിനു ചികിത്സയില്ല.

വമ-പ്ര. മാംസത്തിന്നകത്തുള്ള ഒരിനം, ശുദ്ധമായ മാംസസ്നേഹം (ഒനയ്).

ശരീരത്തിനുള്ളിൽ കപാലത്തിന്റെ സമീപത്തു കീഴായി ഉദ്ദേശം ഒരു മുഴം നീളത്തിൽ കോണകത്തോളം വീതിയിൽ ഉള്ള ഒരിനമാംസമാണ് 'വപ'. എല്ലാ ജന്തുക്കളുടെയും ഹൃദയത്തിലും അസ്ഥികളുടെ പുറമേയുമിരിക്കുന്ന ഒരു സ്നേഹവിശേഷമാണ് 'മേദസ്സ്'. ശുദ്ധമാംസം രക്തച്ചുറ്റിയെടുക്കുന്ന സ്നേഹമാകുന്നു 'വസ'.

ഉ. പോത്ത്, പൊത്ത്, രന്ധ്രം (ഓട്ട). പുല്ലു മുതലായതു മുളയ്ക്കുന്ന സ്ഥലം എന്നർത്ഥം.

വപനം-പ്ര. വിത. ഉ. ക്ഷൗരം. ന. ശുക്ലം, രേതസ്സ്.

വപവൻ-പ്ര. ചിരയ്ക്കുന്നവൻ. ഉ. വിതയ്ക്കുന്നവൻ. ന. നെയ്യുന്നവൻ.

വപുനം-ദൈവം.

വപുഷ്ടാ-അടക്കമവണിയൻ.

വപുഷ്ടാൻ-ഒരു വിശ്വദേവൻ.

സൂര്യവംശരാജാവായ മനുത്തമനെ വധിക്കയാൽ മനുത്തന്റെ മകനായ ഭമൻ വപുഷ്ടാനെ നിഗ്രഹിച്ചു് അവന്റെ രക്തം കൊണ്ടു് ബലികഴിക്കയും മാംസം രാക്ഷസസന്തതികൾക്കായ ചില ബ്രാഹ്മണർക്കു ഭക്ഷിപ്പിക്കയും ചെയ്തു.

വപുസ്സ്-ശരീരം. പൂർവ്വപുണ്യത്താൽ കൃത്രിമചെയ്യപ്പെട്ടതു് എന്നർത്ഥം.

വപുസ്സ്-വി. രംഗിയുള്ള.

വപ്പാവു്-വിതയ്ക്കുന്ന ആൾ, കർഷകൻ.

വപ്പി-പല്ലില്ലാത്തവൻ, പല്ലുപോയവൻ.

വപ്പു-പ്ര. താഴത്തെ ചൊടി. ഉ. മുലക്കണ്ണിന്റെ ഇരിമ്പുപൂണ്ട്, ന. ഇറച്ചി കത്തിയെടുക്കുന്ന മുള്ള്.

വപ്പുകടി-മുകളിലത്തെ പല്ലുകൊണ്ടു താഴത്തെ ചൊടിയിൽ കടിയ്ക്കൽ.

വപ്പുരവർ-ഒരുതരം കപ്പമോടുക്കാർ.

വപ്രകം-ചക്രത്തിന്റെ പുറമ്പുവ്.

വപ്രക്രീഡ-മൃഗങ്ങൾ തമ്മിൽ ഇടിക്കയും മറവും.

വപ്രൻ-പ്ര. അച്ഛൻ. പ. പ്രജാപതി.

വപ്ര-പ്ര. കൃഷിസ്ഥലം. ഇവിടെ വിത്തു വിതയ്ക്കുന്നതിനാൽ ഈ പേർ വന്നവയൽ. പ. മൺകൂന. സ. മതിലിന്റെ അടിയിൽ ഉറപ്പിനായി കെട്ടിയുണ്ടാക്കുന്ന ചതുരത്തിൽ. ര കോട്ടയുടെ പുറത്തു കിടങ്ങു കീറുന്ന സമയം അതു കല്ലും മണ്ണും കൂട്ടി കൂട്ടി ഉയർത്തിയുണ്ടാക്കുന്ന മൺതിണ്ണ. ഇ. തീരം, ആറിന്റെ തീരം. ണ ഗോപുരവാതിൽ. ഒ മൺകുന്ന്. വ അടിസ്ഥാനം. ൻ. കാരീയം. രസവാദപ്രകാരം സച്ചണ്ണമായിത്തീരുന്നതു് എന്നർത്ഥം.

വപ്രി-പ്ര. കടൽ. പ. വയൽ. സ. ഭൂമി.

വമഥു-പ്ര. ഛർദ്ദി. പ. ആനത്തുമ്പിക്കൈയിൽ നിന്നു വരുന്ന വെള്ളത്തുള്ളി.

വമ(ന)ം-ഛർദ്ദി.

വമനം-പ്ര. ഛർദ്ദി, പ. ചണ.

വമി-ഛർദ്ദി.

വമിക്കുന്നു-പ്ര. ഛർദ്ദിക്കുന്നു. പ. വഷിക്കുന്നു.

വമിതം-വി. ഛർദ്ദിച്ചു.

വംശകം, വംശികം-അകിൽ. മുളപോലെയുള്ളതു് എന്നർത്ഥം.

വംശകാരൻ—വംശത്തിലുള്ളവൻ. (സ്ത്രീ-വംശക്കാരി, വംശക്കാരത്തി).

വംശക്രമം-കുടുംബവഴി.

വംശപത്രി(ത്രീ)ണം-ഒരുവകപ്പുല്ല്.

പശുക്കൾക്കു പാലിനെ പെരുപ്പിക്കും. സം-വംശപത്രീ.

വംശപരമ്പര-വംശത്തിനുള്ള തലമുറ.

വംശപാരമ്പര്യം-ക്രമേണയുള്ള കുലസംബന്ധവഴി.

വംശം-പ്ര. കുലം. മറവ പര്യായങ്ങൾ-സന്തതി, ഗോത്രം, ജനനം, കുലം, അഭിജനം, അന്വയം, അനുവായം, സന്താനം. പ. കൂട്ടം. സ. ഓടക്കുഴൽ (പഞ്ചാംഗുലം). ര. മുള. ശബ്ദിക്കുന്നതു് എന്നർത്ഥം. ഇല്ലിം. ഇ. കരിയ്. ണ. മരുതു്. ഒ. താണ്ഡവികമം. വ. ജാതി.

വംശവാദ്യം ദുർഗ്ഗാക്ഷേത്രത്തിൽ കുഴൽ വാദനം ചെയ്യുന്നതെന്നു യോഗിനീതന്ത്രത്തിൽ വിധിച്ചിട്ടുണ്ട്.

വംശരോചന-പ്ര. മുളയുടെ അകത്തുണ്ടാകുന്നതും ഗോരോചനക്കു തുല്യവുമായ ഒരൌഷധവിശേഷം.

ഇതു കുഷ്ഠപ്പാടിയാകുമെന്നു അഭിപ്രായംകാണുന്നു.

വംശവാൻ-വംശമുള്ളവൻ. (സ്ത്രീ-വംശവതി).

വംശശലാകാ-രാമച്ചം.

വംശസ്ഥിതി-വംശത്തെ നിലനിറുത്തുക

വംശാങ്കുരം-ഇല്ലിക്കുരു, മുളംകുരു.

വംശാനുക്രമം-വംശപാരമ്പര്യം.

വംശാവലി-ഒരു വംശത്തിലേ ആളുകളുടെ കുലസംബന്ധവഴി.

വംശി-ഓടക്കുഴൽ, കുഴൽ. പ. തേരു്.

വംശിക-വി. വംശത്തെ സംബന്ധിച്ച. (കൻ, കീ, കം).

വംശികൻ-കുഴലൂത്തുകാരൻ.

വംശികം-അകിൽ.

വംശോദ്ഭവ-വി. വംശത്തിലുണ്ടായ.

വംശ്യ-വി. വംശത്തിലുണ്ടായ, കുലത്തിൽ ജനിച്ച.

വാശ്യാ-ചണ്ടിപ്പയറു്.

വയക്കുന്നു-ക്രി. ഉചിതമാക്കുന്നു. ഉ-ം വെട്ടി നിരത്തി സമമാക്കുന്നു.

വയന-ഒരുവക മരം.

വയനം-ക്രി. ബുധി. ഉ. ക്ഷേത്രം. ന. സ്തുതി.

വയനാട്ട്-ഒരു ദേശം.

വയമ്പു്-ക്രി. ഒരങ്ങാടിമരുന്നു്.

അതിസാരം, കഫം, തണ്ണീർദാഹം മുതലായവയ്ക്കു നന്നു്. ഒരുമരുന്നു വിതത്തും, വാക്കിന്റെ തടവിനെ തീക്കും. കണ്ണുരുഡിയെ ഉചയ്ക്കും. സം-വചാ. ത-വചയു്. ഇം-Sweet Flag-root, Orris root.

ഉ. ഒരു മത്സ്യം.

വയൽ-കണ്ടം.

വയൽച്ചുള്ളി-ഒരു പച്ചുമരുന്നു്.

അതിസാരം, അരുചി, വീക്കം മുതലായവയ്ക്കു നന്നു്. ഇതു കണ്ടുങ്ങളിൽ മുള്ളുള്ള ഉചിടിയാണു്. സം-കേകിലക്ഷം. ത-നീർമുള്ളി. ഇം-Long leaved Barleria ലാങ്ങ് ലീവ്ഡ് ബാർലേരിയാ.

വയൽവെള്ളരി-ഉചറിയ ഒരുവെള്ളരി.

ഇതു ഒരുവെള്ളരിയിൽതന്നെ പഴുക്കുമ്പോൾ വിണ്ടുപിളർക്കുന്ന ജാതിയായിരിക്കണം. സം-വാലുകീ.

വയസ്കൻ-(പദാന്ത്യത്തിൽ) വയസ്സുള്ളവൻ. ഉ-ം, മദ്ധ്യവയസ്കൻ.

വയസ്ഥ-വി. ഭയങ്കരനുള്ള.

വയസ്ഥ-ക്രി. ചിറമുതു്. ഉ. കടുക്ക. ന. നെല്ലി. ഭ. മീനങ്ങാണി. ഇ. ലന്ത മരം. ണ. ബ്രഹ്മി. ഒ ഇലവു്. വ. ക്ഷീരകാകോളി. ൻ. കാകോളി. ക്രാ. രസാമവള്ളി. ക്രാ. ചിറ്റേലം.

വയസ്ഥൻ-ക്രി. സ്നേഹമുള്ള ചങ്ങാതി. ഉ. ഭയങ്കരനാവസ്ഥയിലിരിക്കുന്നവൻ.

വയസ്യ-വി. വയസ്സിനെ സംബന്ധിച്ച, വയസ്സധികമുള്ള.

വയസ്യൻ-വയസ്ഥൻ, സമവയസ്സുള്ളവൻ, സ്നേഹിതൻ, ചങ്ങാതി, മറ്റു പ്രായങ്ങളും-സ്നിഗ്ദ്ധൻ; സവയസ്സൻ.

വയസ്യാ-സ്ത്രീയുടെ സഖിയായ സ്ത്രീ.

ഒപ്പം കളിച്ചു വളരുന്നവളെത്രേ സഖി. അനസൂയ, പ്രിയംവദ ഇവർ ശകുന്തളയുടെ സഖികളാണെത്രേ.

വയസുചി-വൃദ്ധൻ.

വയസ്സു്-ക്രി. ജീവിച്ചിരിക്കുന്ന കാലം ബാല്യം, യൗവനം, വാർദ്ധക്യം മുതലായതു്. ഉ. പക്ഷി. ന. കാക്ക.

വയറു്-നാഭിക്കുമേൽ നെഞ്ചിനു കീഴുള്ള സ്ഥലം.

വയറ-ഒരുമാതിരി വള്ളി.

വയറൻ-ക്രി. വലിയ വയറുള്ളവൻ. ഉ. വളരെ ഭക്ഷിക്കുന്നവൻ.

വയറരി-മണ്ണൻ എന്ന ഭണ്ഡം.

വയറി-ക്രി. വയറു വലിയവൾ. ഉ. വളരെ ഭക്ഷിക്കുന്നവൾ.

വയറിളക്കം-വയറിൽ നിന്നും മലം ഇളകി ഒഴിഞ്ഞുപോകുക.

വയററത്തടിക്ക, വയററുത്തിടിക്ക-ഉപജീവനമാർഗ്ഗം മുട്ടിക്ക.

വയററാട്ടി - പ്രസവിക്കുന്ന സമയത്തു് അടുക്കൽ ഇരുന്നു് ശുശ്രൂഷിക്കുന്നവൾ. A Mid-wife=വേറാ.

വയറുനോവു്-വയറിൽ വേദനയുണ്ടാക്കുന്ന ഒരു ഭീനം.

വയറുപാടു്-ക്രി. കാലക്ഷേപം, ഉപജീവനം. ഉ. ഭീനം.

വയറുപിഴപ്പു്-ഉപജീവനം.

വയോധിക - വി. അധികം വയസ്സു ചെന്ന.

വയോബലം-വയസ്സുകൊണ്ടുള്ള ബലം.

വയോവൃദ്ധ-വി. വയസ്സുചെന്നവൾ.

വയ്ക്കുന്നു-ക്രി. ഇടുന്നു. പ. സ്ഥാപിക്കുന്നു. നു. വിചാരിച്ചുകൊള്ളുന്നു.

വയ്ക്കോൽ-നെല്ലിന്റെയും മറ്റും പീലി.

വയ്ക്കോൽത്തുറു്-വൃക്ഷത്തിലും മറ്റും ക്രമത്തിലധികമായിച്ചുറ്റിയ പീലി.

വയ്ക്കോൽപിരി-വയ്ക്കോൽ കൂട്ടിപ്പിരിച്ചത്.

വയ്ക്കോൽപുര-പീലികൊണ്ടു മേഞ്ഞ പുര.

വയ്ക്കോൽപുറ-വയ്ക്കോൽ ക്രമപ്രകാരം.

വയ്യങ്കതകു്-മുള്ളുള്ള ഒരുവക വൃക്ഷം.

ഇതിന്റെ വേരു്, തൊലി മുതലായവ ഔഷധങ്ങൾക്കും മറ്റും നന്നാണു്. വന്യവൃക്ഷത്തിൽ പെട്ടതാകുന്നു. മുള്ളുള്ള മരമാണു്. സം-വികങ്കതം. ത-നത മുള്ളങ്കെ.

വയ്യാവേലി-വെറുതെയുള്ള ദുർവ്യാപാരം, കണ്ടാമണ്ടി.

വയ്യാ-(ഒരു വ്യാക്ഷേപകം) കഴികയില്ല.

വയ്യെ-വഴിയെ.

വര-വി. ശ്രേഷ്ഠതയുള്ള, വലുതായുള്ള.

വര-ത്രിഫല. ക്ര. രേഖ. പ. കൈകളിലേയും മറ്റും അകത്തുള്ള രേഖ. നു. ചതുരംഗഖണ്ഡവും മറ്റും. ര. കൈയക്ഷരം നന്നാക്കുന്നതിനു എഴുതുന്ന എഴുത്തു്. ള. മുഴപ്പുള്ളി.

വരകു്-ഒരുവക ധാന്യം.

കഫം, പിത്തം, വിഷം ഇവയ്ക്കു നന്നു്. മലത്തെ വളരെ പിടിക്കും. ഇതു പാലു നോടൊരുമിച്ചു ഭക്ഷിക്കരുതു്. ഇതു് അധികമായി ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ കാച്ചിത്തണുത്ത പാലു്, പഞ്ചസാര ചേർത്തു് കുടിക്കുക, അല്ലെങ്കിൽ കമ്പളങ്ങ വറ്റിപ്പിഴിഞ്ഞ നീരു് ശർക്കരചേർത്തു കുടിയ്ക്കുക. സം-കോദ്രവം. ത-വരകു്. ഇം-Punctured paspalam പംക്ചേഡ് പാസ്പേലം.

വരകരി-വരകിന്റെ അരി.

വരകാൽ-വരയ്ക്കുമ്പോൾ വെക്കുന്ന കോൽ.

വരക്കൽ-ഒരു ക്ഷേത്രം. (കോഴിക്കോട്ടിനടുത്തു്).

വരച്ചൽ-ക്രി. വരയ്ക്കുക. പ. വിളുക്കുക.

വരട്ടു്-ക്രി. കരിഞ്ഞ പുല്ലു്. പ. ഉണക്കത്തടി.

വരട-ക്രി. അരയന്നപ്പിടയുടെ ശ്രേഷ്ഠമായ നടത്തമുള്ളതു് എന്നർത്ഥം. സംസ്കൃതത്തെ ആശ്രയിക്കുന്നതു് എന്നുമാവാം.

'മരാളകൃത്രിമ ജനനീ ഭരാതുരം
നവപ്രസൂതിവ്രടം തപസ്വിനീ'
(നൈഷധം)

പ. കട്ടന്നിൽ. അടുത്തു ചെല്ലുന്നവരെ പുറകിപ്പിടിക്കുന്നതു് എന്നർത്ഥം. (വരടി എന്നുമാവാം).

വരട-പരിത്തവും മറ്റും ഇല്ലാത്ത ഒരുവക മൂഢാരാതിക്കാർ.

വരടം-ക്രി. ഒരുമാതിരി അരയന്നത്തിൽ അധികം. പ. ഒരുമാതിരി കട്ടന്നൽ. ന. വളരെ പൂവുണ്ടാകുന്ന ഒരുമാതിരി മുല്ല.

വരടി-ക്രി. അരയന്നപ്പിട. പ. കട്ടന്നൽ.

വരട്ടു-വി. ഉണങ്ങിയ.

വരട്ടുകാ-ഉണങ്ങിയ കായ്.

വരട്ടുന്നു-ഉണക്കുന്നു, പാകത്തിൽ വറുത്തെടുക്കുന്നു.

വരട്ടുപിത്തം-ഒരു രീതം.

വരട്ടുമഞ്ഞൾ — പുഴുങ്ങിയുണക്കിയ മഞ്ഞൾ.

വരട്ടെ-(വ്യാകരണപ്രകാരം) ഒരു വ്യാക്ഷേപകം

വരണ-ഒരു വൃക്ഷം, നീർമരുതും.

വരണം-പ. നീർമരുതും. രോഗികളാൽ വരിക്കപ്പെട്ടുന്നതു് എന്നർത്ഥം. ഉ. മതിൽ. രാജധാനിയെ ചുറ്റിനില്ക്കുന്നതു് എന്നർത്ഥം. ന. വരിക്കുക

വരണാസി-കാശി. (വാരാണസി).

വരണ്ട-ഇരണ്ട, ഒരു പക്ഷി.

അനുസൂചകമായ പക്ഷിവിശേഷമെന്നു കാണുന്നു. പക്ഷേ പ്രസഹപക്ഷിയായിരിക്കാം. സം-കർക്കരട്ട. തരാജാളി. ഇം-Teal, Numidian crane ടീൽ, നമീഡിയൻ ക്രേൻ.

വരണ്ടുന്ന-പുല്ലു്, കരടു്, കരിയില മുതലായവയെ കൈകൊണ്ടു തട്ടിത്തൂകുട്ടുന്ന.

വരന്തി-പുല്ലും മറ്റും വരണ്ടിക്കുവാനുള്ള ആയുധം.

വരണ്ഡം-പ. മുഖരോഗവു്, മുഖരോഗം. ഉ. വയ്യോൽ തുമ്പു്.

വരണ്ഡാ-പ. വിളക്കിലേ തിരി. ഉ. കത്തി.

വരതനു-സൌന്ദര്യമുള്ള സ്ത്രീ, സുന്ദരി.

വരത്തു്-വരവു്.

വരത്തൻ-പ. തെണ്ടി. ഉ. അന്യൻ. ന. ക്ഷണിക്കാതെ വന്ന യിരുന്നുകാരൻ.

വരത്തടിപ്പുലക-ചതുരംഗപ്പുലക.

വരത്രു-പ. അനുജന്റെ കച്ചക്കയറു്, അനുപ്പുറത്തു കയറുന്നവനെ രക്ഷിക്കുന്നതു് എന്നർത്ഥം. ഉ. ഒരുമാതിരി കയറു്, പോൽവാറു്. ഇതുകൊണ്ടു ചുറ്റിക്കെട്ടുന്നതിനാൽ ഈ പേർ വന്നു.

വരദ-വി. വരത്തെ കൊടുക്കുന്ന.

വരദ-പ. കന്യക. ഉ. വരത്തെ ദാനം ചെയ്യുന്നവൾ. ന. ഒരു നദി.

വിദർഭരാജ്യത്തിനു സമീപം. ഇപ്പോഴത്തെ പേർ 'വാർഡ' Warda.
ഈ സരസ്വതി.

വരദൻ-പ. വരത്തെ ദാനംചെയ്യുന്നവൻ. ഉ. ഉപകാരം ചെയ്യുന്നവൻ. ന. ഹോമത്തിനുള്ള തീയ്യു പരയുന്ന ഒരു പേർ

വരദാനം-വരത്തെ കൊടുക്കുക.

വരൻ-പ. ഭർത്താവു്. ഉ. ശിവൻ, ന. വിവാഹപുരുഷൻ.

വരമ്പു്-മാരേ കണ്ടങ്ങൾക്കു വെവ്വേറെയുള്ള അതിരു്.

വരം-പ. പ്രസന്നനായ ദേവതകളിൽ നിന്നു സിദ്ധിക്കുന്ന അഭീഷ്ടം, ഒരുവനിൽ നിന്നും മറ്റും ലഭിക്കുന്ന അനുഗ്രഹം. ഉ. തിരഞ്ഞെടുപ്പു്. ന. സമ്മാനം. ഭ. അനുഗ്രഹം. ങ. ധർമ്മം. ന. ചുറുക. ഒ. കൂടുതൽ പ്രിയമായിട്ടുള്ളതു്.

വരമഴിയാൾ-സുന്ദരി, നീണ്ട കണ്ണോടുകൂടിയവൾ.

വരമൊഴി - ഏഴുതുവാനുപയോഗിക്കുന്ന ഭാഷ.

വരയൻ-മലയാട്ടു്.

വരയാട്ടു്-ഒരുമാതിരി ആടു്.

വരയുന്ന - ഏതിനുമേലെങ്കിലും പോരലുകയും വരുത്തുന്ന വരകളുടെ ആകൃതിയിൽ പോവുന്ന. (സ. ക്രി. വരയിക്കുന്നു).

വരയ്ക്കു്-അ വരെ, ഓളം. (വരെ എന്നതു നോക്കുക).

വരയ്ക്കുന്ന-പ. വരയുന്നതാക്കുന്ന. ഉ. രൂപമുണ്ടാക്കുന്ന. ന. അക്ഷരം വരയ്ക്കുന്ന.

വരരുചി-പ. വിക്രമാദിത്യസഭയിലെ നവരത്നങ്ങളിൽ ഒന്നു്.

കലിവർഷം 2500-നു ഇപ്പുറം ശേഷിണ്ടസ്വാമി എന്നൊരു മഹായിഭ്രാന്തായ ബ്രാഹ്മണൻ നാലുവർണ്ണങ്ങളിലായിട്ടു നാലു വിവാഹം കഴിച്ചു. ബ്രാഹ്മണസ്ത്രീ

യിലുണ്ടായ മഹാനാണ് വരരുചി. ജന നസ്ഥലം ഗോകർണ്ണം. ഇദ്ദേഹം ജ്യോതിഷ്ടോമത്തിലേ വാക്യപരമ്പരകളുടെ കർത്താവാകുന്നു. പ്രാകൃതവ്യാകരണം എഴുതിയതു ഇദ്ദേഹമാണത്രേ.

൨. ഒരു വൈയാകരണൻ, കാത്യായനൻ.

വരവ്-ക്രി. വരുക. ൨. ലാഭം.

വരവണ്ണിനി-ക്ര. ഉത്തമസ്ത്രീ.

'ശീതേസുഖോഷ്ണസമ്മതി
ഗ്രീഷ്മേ യാ സുഖശീതളാ,
തസ്യുകേതാ ച യാ നാരീ
സാ ഭവേദ്വരവണ്ണിനീ'

(ഏകനാഥൻ)

൨. ദേവി. ൩. ലക്ഷ്മി. ൪. സരസ്വതി. ൫. മഞ്ഞൾ. ൬. ഗോരോചന. ശ്രേഷ്ഠമായ നിറത്തോടുകൂടിയതു് എന്നർത്ഥം.

വരവുചെലവ്-കിട്ടുകയും ചെലവാകുകയും, ലാഭവും ചേതവും.

വരളി-പരത്തിയുണക്കിയ ചാണകം.

വരളുന്നു-ക്രി. ഉണങ്ങുന്നു. ൨. ഉലരുന്നു. ൩. ഉണങ്ങി വെള്ളംവലിയുന്നു. വറളുന്നു എന്നുമുണ്ടു്. (സ. ക്രി. വര(ഠ)ട്ടുന്നു).

വരാക-വി. ക്ര. പാവപ്പെട്ട, അസഹ്യമായ, ഭയങ്കരമായ, ഒന്നിനും കൊള്ളാത്ത. ൨. ശ്രേഷ്ഠിയില്ലാത്ത.

വരാകൻ-ശിവൻ.

വരാകം-യുദ്ധം.

വരാംഗകം-ഇലവങ്ങവൃക്ഷം.

വരാംഗന-ഉത്തമസ്ത്രീ.

വരാംഗം-ക്ര. തല. ൨. ഗുഹ്യപ്രദേശം.

വരാംഗരുഷോവേത-വി. അസഹ്യമുള്ള.

വരാംഗി-ക്ര. സുന്ദരി. ൨. ശ്യാമതിയുടെ മറ്റു്.

വരാട(ക)ം-കവടി, താമരക്കിഴങ്ങു്.

വരാടകം-ക്ര. താമരപ്പൂവിന്റെ ഉള്ളിലുള്ളതും താമരക്കിഴങ്ങിൽ നിറയപ്പെട്ടതുമായ കണ്ണിക. താമരക്കിഴങ്ങിനെ മറയ്ക്കുക എന്നതിനെ പ്രാപിക്കുന്നതു് എന്നർത്ഥം. ൨. കയറു്, വലച്ചരടു്. (വടകരം എന്നുമാവാം). വടം=വേഷ്ടനം (കെട്ടുക). ൩. കവടി.

വരാടി (ക)-കവടി.

വരാണൻ-ഇന്ദ്രൻ.

വരാണസി-വാരാണസി.

വരാരകം-വജ്രം.

വരാരോഹരൻ-ആനക്കാരൻ.

വരാരോഹ-ഉത്തമസ്ത്രീ. ശ്രേഷ്ഠമായ കടിപ്രദേശത്തോടുകൂടിയവൾ എന്നർത്ഥം. സുന്ദരി.

വരാന്ത-വീട്ടിന്റെ പുറം വിലാസമായുള്ള തിണ്ണ.

വരാൾ-ഒരു മത്സ്യം.

വരാസനം-ശ്രേഷ്ഠമായ ഇരിപ്പിടം.

വരാസി-കനം (കട്ടി) ഉള്ള വസ്ത്രം.

വരാഹകല്പം - ഇപ്പോഴത്തെ കല്പവർഷത്തിന്റെ പേർ.

വരാഹതരു-ഒരു തെങ്ങു്.

വരാഹൻ-ക്ര. ഒരു ഒപാൻനാമണയം, ൨. വിഷ്ണു. ൩. വരാഹമിഹിരൻ,

വരാഹപുരാണം-ഒരു പുരാണം.

വരാഹാവതാരത്തിൽ വിഷ്ണു ഭൂമിദേവിക്കുപദേശിച്ചതാണു്.

വരാഹം-ക്ര. പന്നി. താന്നേക്കാൾ വലിയ ജന്തുവിനെക്കൂടി ഹിംസിക്കുന്നതു് എന്നർത്ഥം. ൨. വിഷ്ണുവിന്റെ മൂന്നാമത്തെ അവതാരം. ൩. പാവ്വം. ൪. പന്നിക്കിഴങ്ങു്. ൫. ചീങ്കണ്ണി. ൬. കാട്ടുപോത്തു്. ൭. ഒരുമാതിരി അളവു്. ൮. പതിനെട്ടു ചെറിയ ദ്വീപുകൾ ഉള്ളതിൽ ഒന്നു്. ൯. മേഘം. ൧൦. മുട്ടാട്,

വരാഹമിഹിരൻ — ഒരു ചോയ്ത്ഭ്യാഹ്മണൻ, ഒരു ജ്യോതിശ്ശാസ്ത്രി.

വിക്രമാദിത്യ സഭയിലെ നവരത്നങ്ങളിൽ ഒന്നാണ്. ബൃഹൽസംഹിതയുടേയും ബൃഹൽജാതകത്തിന്റേയും കർത്താവാകുന്നു. കലിവർഷം 3606-ൽ ജനിച്ചു. 3688-ൽ മരിച്ചു. അവന്തിദേശീയനും ആദിത്യദാസന്റെ പിൻതുടച്ചക്കാരനുമാണ്. പിതാവ് ആദിത്യദാസൻ എന്ന ജ്യോതിശ്ശാസ്ത്രിയാകുന്നു

വരാഹമൂർത്തി–വിഷ്ണുവിന്റെ ഒരവതാരം

വരാഹാവതാരം–വിഷ്ണുവിന്റെ ഒരവതാരം.

അവതാരം എന്ന പദം നോക്കുക. സവിസ്തരം അറിയണമെങ്കിൽ ഭാഗവതം തൃതീയസ്കന്ധംകൂടി നോക്കുക.

വരാളി–ഒരു രാഗം.

വരി–പ്ര. പുസ്തകം മുതലായതിലെ അക്ഷരങ്ങളുടെ പന്തി. ഉ. നിര, ക്രമം, പന്തി. ന. ഒരാവശ്യത്തിനു പലരും ക്രമേ മുതലെടുക്കുന്നതിന്റെ ഒരു മുറ. ര. വരിനെല്ല്. ഇ. കാളയുടെ പൃഷ്ഠണം.

വരിക്ക–വി. നല്ല ഫലമുണ്ടാകുന്ന. (ഇതു മാവു, പ്ലാവു മുതലായ ചില വൃക്ഷങ്ങളോട് മാത്രം ചേരും).

വരിക്കണ്ണി–ഒരുമാതിരി മുള്ളുള്ള വള്ളി.

വരിക്കമൊങ്ങാ– വരിക്കമാവിനെപ്പോലുണ്ടാകുന്ന മാങ്ങ.

വരിക്കുന്നു–പ്ര. അപേക്ഷിക്കുന്നു. ഉ. ഭർത്താവാക്കി സ്വീകരിക്കുന്നു.

വരിച്ചിൽ–പ്ര. പുരയുടെ പുറത്തും മറവും വാരിവെച്ചു കയറുകൊണ്ടു കെട്ടുക. ഉ. ചുറ്റിക്കെട്ടുക. ന. വരിയാനുള്ള വാരിയോ, കോലോ.

വരിച്ചാഞ്ഞ്–എണ്ണം കുണ്ടെഴുന്ന കറിപ്പു്.

വരിനീണ്ട–നീണ്ട ഇമകളോടുകൂടിയ.

'വരിനീണ്ടവിലോചനഭംഗിയും'

(കുമാരാഹരണം പാന)

വരിനെല്ല്–വിതയ്ക്കാതെ താനെ കിളുത്തുണ്ടാകുന്ന ഒരുവക ധാന്യം.

ഇതു മലയിൽ പിടിയ്ക്കും. വലുപ്പം ചെറുതും രണ്ടുതരമുണ്ട്. മലയിലാണ വലുതിന്റെ ഉത്ഭവം. സം–നീവാരം. ഇം–Wild rice. വൈൽഡ് റൈസ്.

വരിപ്പു്–ചില വസ്തുക്കളുടെ ഒരുമാതിരി വക്ക്.

വരിപ്പുട–കോണി, കോണിക്കെട്ടു്.

വരിപ്പണം–നിശ്ചയിച്ചിരിക്കുന്ന പ്രകാരം വീതംവെച്ചു് എടുക്കുന്ന പണം.

വരിപ്പീച്ചിൽ–വൈരപ്പീച്ചിൽ, പീരം. ഒരു ഫലശാകം.

കായ് വരിപ്പുള്ളതും പൂ മഞ്ഞനിറവുമാണ്. സം–കോശാതകി. ത–തുമ്മട്ടി. ഇം–Acutangled cucumber അക്യൂട്ടാംഗിൾഡ് കക്കംബർ.

വരിപ്പുലി, വരിയൻപുലി–വരിയുള്ള പുലി.

വരിമാൻ–ഒരുമാതിരി മാൻ.

(സം–രോഹിഷം. ത–മരയ മാൻ).

വരിമിഴി–നീണ്ട കണ്ണ്. (വരിമിഴിയാൾ=സുന്ദരി).

വരിമീൻ–ഒരുവക മത്സ്യം.

(സാമാന്യം മത്സ്യത്തിന്റെ ഗുണമൊക്കെയുള്ളതു്. സം–രാജീവം).

വരിയൻ–വരിയുള്ള.

വരിയൻ കക്കരി–മത്ത.

സം–ഭശാംഗുലം. ത–ഇനിപ്പുപ്പുച്ചനിക്കായ്, പാറക്കായ്. ഇം–Melon മെലൻ.

വരിയാത്തകിഴങ്ങ്-ഒരുമാതിരി കാട്ടു കിഴങ്ങ്.

വരിയുന്നു-വരിഞ്ഞുകെട്ടുന്നു, മുറുകിക്കെട്ടുന്നു.

വരിയോല-വിലവിവരപ്പട്ടിക, പലക്കം കൊടുക്കേണ്ട കടിപ്പുടികളിൽ ഒന്ന്.

വരിവസി(സി്യ)ത-ഖ്യം ഭ. ആദരിക്കപ്പെട്ട. ഉ. വന്ദിക്കപ്പെട്ട. നാ. സേവിക്കപ്പെട്ട.

വരിവസ്യ-ഭ. ആദരം. ഉ. പൂജാപരിചരണം, വന്ദനം, സേവ. നാ. ബഹുമാനം.

വരിവെള്ളം-മഴപെയ്തൊഴുകുന്ന വെള്ളം

വരിഷകാലം-മഴക്കാലം.

വരിഷം-ഭ. മഴ. ഉ. സംവത്സരം. നാ. ഭൂമിയുടെ ഓരോ ഖണ്ഡം (വർഷം).

വരിഷിക്കുന്നു-ഭ. മഴപെയ്യുന്നു. ഉ. മഴപോലെ പൊഴിക്കുന്നു

വരിഷ്ഠ-വി. ഏറ്റവും ശ്രേഷ്ഠതയുള്ള, മഹത്വമുള്ള.

വരിഷ്ഠം-ഭ. ചെമ്പ്. ഉ. നല്ലമുളക്.

വരീ-ഭ. ശതാവരി. ഉ. ഭാര്യ. (സൂര്യന്റെ പത്നി).

വരീയസ്സ്-വി. ഏറ്റവും വലിയ.

വരീയാൻ-ജ്യോതിശ്ശാസ്ത്രത്തിനു പറയുന്ന യോഗങ്ങളിൽ പതിനെട്ടാമത്തേത്.

വരീവർത്തം-കാള, മൂരി.

വരീഷു-കാമദേവൻ.

വരുണൻ-ഭ. സമുദ്രത്തിന്റെ ദൈവം. ആയുസ്സിന്നായിക്കൊണ്ടു ജനങ്ങളാൽ പ്രാർത്ഥിക്കപ്പെടുന്നവൻ എന്നർത്ഥം. (വരണൻ എന്നുമുണ്ട്). അദിതിപുത്രൻ, ജലേശ്വരൻ.

വരുണൻ അഷ്ടദിക്പാലന്മാരിൽ ഒരുവനാകുന്നു. ജലങ്ങളുടെ ദേവനാണത്രേ. പുഷ്കരന്റെ പിതാവ്. അപ്പുണ്ണന്റെ പേർ കമണ്ടൻ. ഉത്ഥ്യന്റെ പത്നിയായ ഭദ്രയെ മോക്ഷണംചെയ്തു. വരുണന്റെ വാഹനം മകരവും പാശം ആയുധവുമാകുന്നു.

ഉ. മഹർഷി.

വരുണപത്നി-ജ്യേഷ്ഠ

വരുണാത്മജാ-മദ്യം.

മദ്യം അമൃതമഥനത്തിൽ സമുദ്രത്തിൽ നിന്ന് ഉണ്ടായതാണല്ലോ.

വരുണാനി, വരുണീ - വരുണന്റെ ഭാര്യ, മദ്യത്തിന്റെ ദേവി.

മദ എന്നും സുര എന്നും പേരുകളും ഉണ്ട്.

വരുണാലയം-സമുദ്രം.

വരുണാവി-രാത്രി.

വരുതി-കല്പന.

വരുത്തം-ഭ. വരിപ്പ്. ഉ. പ്രയാസം. നാ. ഉപദ്രവം. ഭ. സുഖമില്ലായ്മ.

വരുന്തി-വ്യസനിച്ചു. (പ. മ)

വരുന്നു-ഭ. സമീപത്താകുന്നു. ഉ. ഉണ്ടാകുന്നു. നാ. മുളയ്ക്കുന്നു. (സ. ക്രി-വരുത്തുന്നു. കാ. ക്രി. വരുത്തിക്കുന്നു).

വരുമാനം-ആദായം, വരവ്.

വരൂഥം-ഭ. ശത്രുക്കൾ പ്രയോഗിക്കുന്ന ആയുധങ്ങൾ തേരാളിയെ കൊല്ലുന്നതിരിപ്പുനായിട്ടു തേരിനെ മൂടുന്ന (മറവ്) ശീല. ഉ. ചട്ട.

'അസ്ത്രങ്ങൾ വരൂഥങ്ങളീക്കൊടി
യുഗങ്ങളും'

(ഭാരതം സംഭവം)

നാ. ഭവനം. ര. കുടുംബം, ര. രക്ഷ. ന. ക്ഷേത്രം.

വരൂഥിനി—സൈന്യം. രഥഘോഷികൾ ഉള്ളത് എന്നർത്ഥം. (വരൂഥംകൊണ്ടു വ്യാകൃതം).

വരെ-അ. ഇതു ചില വാക്കുകളുടെ ഒടുക്കം വരുമ്പോൾ "മാത്രം" എന്നുള്ള അർത്ഥം വരും. ഉ-ം കണ്ടുവരെ-കണ്ടതേയുള്ളൂ.

വരെയും-അ. വരെ, മാത്രം.

വരേണ്യ-വി. അധികം ശ്രേഷ്ഠതയുള്ള.

വരേണ്യം-ഗു. ശ്രേഷ്ഠം. ഉ. കങ്കുമം.

വർണ്ണത്തു്-ഗുണം, നന്മ, വെടിപ്പു്, ലക്ഷണം. (അറബി ഭാഷ).

"തർക്കം പലതുംകണ്ടവനൊരുവനു വർണ്ണത്തില്ല ശരീരം കണ്ടാൽ"

(തർക്കമിണീസഭയംവരം തുള്ളൽ)

വർത്തരം-ഗു. യെരുവനമുള്ള മൃഗം. ചെറുപ്പമായ നാല്ക്കാലി. ഉ. ആടു്. സ. കറിയാടു് ര. ആട്ടിൻകുട്ടി.

വർത്തലാഭാവി-ഒന്നുമില്ലാത്ത സ്ഥിതി, ഒന്നും കിട്ടാത്ത സ്ഥിതി. ഉ-ം, അവിടെ ചെന്നാൽ വർത്തലാഭാവി=ഒന്നും കിട്ടുകില്ല എന്നു സാരം.

വർത്തോപുലോഞ്ചി-ഉഴിഞ്ഞ.

വർഗ്ഗചതുഷ്ടയം-പുരുഷാർത്ഥചതുഷ്ടയം.

വർണ്ണ-സംഖ്യകളിൽ തമ്മിൽ പെരുക്കുക.

വർഗ്ഗം-ഗു. കൂട്ടം, സമസ്തവസ്തുക്കളുടെ സമൂഹം. ഉ. അദ്ധ്യായം. സ. തുല്യവസ്തുക്കളുടെ കൂട്ടം. ര. വ്യാകരണത്തിൽ) ക-മുതൽ മ-വരെ ഉള്ള വർണ്ണത്തിൽ അയ്യഞ്ചു വീതമുള്ള അഞ്ചു പേർ. (ഗു. ഖരം. ഉ. അതിഖരം. സ. മൃദു. ര. ഘോഷം. ങ. അനുനാസികം). ങ. (ജ്യോതിഷത്തിൽ) ദ്രേക്കാണം, ഹോരാ, നവാംശകം, ത്രിംശാംശകം, ദ്വാദശാംശകം, ക്ഷേത്രം ഇവ നു-ം.

വർഗ്ഗശഃ=കൂട്ടംകൂട്ടമായി.

വർഗ്ഗാ-ഒരു ഭദ്രതീർത്ഥത്തിൽ മുതലയായി കിടന്നിരുന്ന ഒരു അപ്സരസ്ത്രീ, കുബേരന്റെ ഒരു പ്രിയ കാമിനി. സത്യലോകത്തിലെ ഒരു തീക്ഷ്ണവ്രതനായ ബ്രാഹ്മണന്റെ തപോവിഘ്നത്തിനു ശ്രമിച്ചതിൽ ശാപം ഏറ്റു മുതലയായി. തീർത്ഥയാത്രയിൽ അജ്ജുനൻ ഈ മുതലയെ കരയിൽ വലിച്ചിട്ടപ്പോൾ പഴയ രൂപം വന്നു.

വർഗ്ഗിക്കുന്നു-കണക്കിൽ പെരുക്കുന്നു.

വർഗ്ഗിൻ-ഒരുമിച്ചു പഠിച്ചവൻ.

വർഗ്ഗീയ-വി. ഒരേ വർഗ്ഗത്തിലുള്ള.

വർച്ചീഭവിക്കയിൽ.

വർച്ചസ്സു്-ഗു. ആകൃതി. ഉ. തേജസ്സു്. സ. മലം. ശോഭിക്കുന്നതു് എന്നർത്ഥം.

വർജ്ജനം-ഗു. ഉപേക്ഷിക്കൽ. ഉ. കൊല്ലുക. സ. ഉപദ്രവിക്കൽ.

വർജ്ജനി-മരമഞ്ഞൾ.

വർജ്ജനീയ-വി. ഉപേക്ഷിക്കപ്പെടുവാൻ യോഗ്യമായ.

വർജ്ജിക്കുന്നു-ഉപേക്ഷിക്കുന്നു, കളയുന്നു.

വർജ്ജിത-വി. ഉപേക്ഷിക്കപ്പെട്ട.

വർജ്ജ്യ-വി. ഉപേക്ഷിക്കത്തക്ക.

വർജ്ജ്യചതുഷ്ടയം-പരധനം, പരസ്ത്രീ, പരരക്ഷണം, ദ്രുതനിന്ദ ഇവ നാലും.

വർണ്ണക-വി. സ്തുതിക്കുന്ന.

വർണ്ണക-ഗു. ചായം. ഉ. മറവു്, നിറം.

വർണ്ണകം-ഗു, ചന്ദനം, കറിക്കൂട്ടു്. ഉ. അരിതാരം. സ. നീലി മുതലായ ചായദ്രവ്യം. ര. നല്ല സ്വർണ്ണം.

വർണ്ണകൃത്രിമം-പീതചന്ദനം.

വർണ്ണഗാത്രി-സരസ്വതി.

വർണ്ണചതുഷ്ടയം-ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ-ഇവ നാലും.

വർണ്ണതുലിക — ചായമിടുന്ന തൂവൽ (പൂല്ലു്).

വർണ്ണദം-പീതചന്ദനം.

വർണ്ണനം-പാഠക, വിസ്തരിച്ചു പാഠക, സ്തുതിക്ക.

വണ്ണനീയ-വി. വണ്ണിക്കപ്പെടുവാൻതക്ക

വണ്ണപത്രം-വണ്ണമുള്ള കിടക്ക, മെത്ത.

വണ്ണം-പ. നിറം. ഉ. ജാതി.

ജാതി-ഴ. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ. ഇവരിൽ ആദ്യത്തെ ജാതികാർ മൂന്നും ദ്വിജന്മാരാകുന്നു. ബ്രാഹ്മണരുടെ പേരുകളോട് ശർമ്മാ, ദേവൻ എന്നും, ക്ഷത്രിയരുടെ പേരുകളോട് വർമ്മാ, ത്രാതാ എന്നും, വൈശ്യരുടെ പേരുകളോട് ഗുപ്തൻ, ഭൂതി, ദത്തൻ എന്നും ശൂദ്രരുടെ പേരുകളോട് ദാസൻ എന്നും ചേർത്തുവരുന്ന പതിവുണ്ട്).

'ശർമ്മാ ദേവശ്ച വിപ്രസ്യ
വർമ്മാ ത്രാതാ ച ഭൂഭുജഃ
ഭൂതിർദത്തശ്ച വൈശ്യസ്യ
ദാസഃ ശൂദ്രസ്യ കാരയേൽ'

ന. അക്ഷരം. സ്വരങ്ങൾക്കും ന൦ വ്യഞ്ജനങ്ങൾക്കും കൂടിയുള്ള ഇന്ന ഉച്ചാരണങ്ങളിൽ കാരോന്നിനുമുള്ള പേർ.

('വേദത്തിൽ 'വർണ്ണം' എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ആര്യന്മാരേയും അനാര്യന്മാരേയും വേർതിരിക്കുന്നതിനാകുന്നു.

ഴ. സ്തുതി. ഇ. ആകൃതി. ന ഗുണം. ഒ. ശ്രുതി വ. ചെമ്പരിപ്പടം. ൻ. കുങ്കുമം. ഫാ. പൊന്ന്.

വണ്ണമാതൃകാ-സരസ്വതീ.

വണ്ണവതീ-മഞ്ഞൾ.

വണ്ണവിഗ്രഹാ-സരസ്വതി. വർണ്ണ (അക്ഷര)മയമായ വിഗ്രഹ(ശരീര)ത്തോട് കൂടിയവൾ എന്നർത്ഥം.

വണ്ണവൃത്തം-ഒരു പാദത്തിന്റെ ഇത്ര വർണ്ണം (അക്ഷരം) എന്ന നിയമമുള്ള വൃത്തം.

വണ്ണസങ്കരം-പല വർണ്ണമോ പല ജാതിയോ കൂടിക്കലർന്നത്.

വണ്ണസങ്കോചം-(വ്യാകരണത്തിൽ) സംസാരിക്കുമ്പോഴും എഴുതുമ്പോഴും വർണ്ണങ്ങളെ യഥേഷ്ടം ലോപിപ്പിക്കുക. ഉ-ം, അവിടെ നിന്ന് = അവിട്ടന്ന്.

വണ്ണഹീനൻ-ജാതിഭ്രഷ്ടൻ.

വണ്ണാചാരം-ജാത്യാചാരം.

വണ്ണാശ്രമം- ബ്രഹ്മക്ഷത്രിയരുടെ നാലു ജാതികളും, ബ്രഹ്മചര്യം മുതലായ നാലു സ്ഥിതികളും.

വണ്ണി-ബ്രഹ്മചാരി.

വണ്ണികൻ-എഴുത്തുകാരൻ.

വണ്ണികാ-പ. ചായം. ഉ. മഷി.

വണ്ണിക്കുന്നു-പ. വിസ്തരിച്ചു പറയുന്നു, പറയുന്നു. ഉ. സ്തുതിക്കുന്നു.

വണ്ണിത-വി. പ. വർണ്ണിക്കപ്പെട്ട. ഉ. ചായമിടപ്പെട്ട.

വണ്ണിനീ-പ. ചതുർവർണ്ണങ്ങളിലൊന്നിലുള്ള ഒരു സ്ത്രീ. ഉ. സ്ത്രീ. ന. മഞ്ഞൾ.

വണ്ണു-സൂര്യൻ.

വണ്ണ്യ-വി. വർണ്ണിപ്പാനുള്ള.

വണ്ണ്യം-പ. വർണ്ണിക്കത്തക്കത്. ഉ. കുങ്കുമം.

വത്തക-വർത്തിക്കുന്ന, ജീവിക്കുന്ന, പറക്കുന്ന.

വത്തകൻ-പ ദ്രവ്യമുള്ളവൻ. ഉ. വലിയ കച്ചവടക്കാരൻ.

വത്തകാ-പ. കാടപ്പക്ഷി. ഒളിച്ചിരിക്കുന്നത് എന്നർത്ഥം. ഉ. കുതിരക്കുളമ്പ്. ന. വെള്ളാട്ട്. ഴ. (മ) കച്ചവടം. ഇ പഞ്ചലോഹം.

വത്തന-വി. വർത്തിക്കുന്ന, സ്ഥിരതയോടിരിക്കുന്ന.

വത്തനൻ-വത്തിക്ക ശീലമായിട്ടുള്ളവൻ

വത്തനം-ക്ര. ജീവനോപായം, ജീവനം. ഉ. പ്രവൃത്തി. ന. ഇരിപ്പു. ര. വഴി. ഇ. തുപ്പുന്നതുള്ള പഞ്ഞി.

വത്തനി-വഴി. വത്തിക്കുന്നത്-വഴിപോക്കർക്കാശ്രയമായിരിക്കുന്നത് എന്നർത്ഥം (പാഠം-വർത്മനി).

വത്തമാന-വി. ക്ര. വർത്തിക്കുന്ന. ഉ. ഇപ്പോഴുള്ള. (നാമം-വർത്തമാനത).

വത്തമാനം-ക്ര അന്നാണെന്നുകേൾക്കുന്ന വിശേഷം. ഉ. (വ്യാകരണപ്രകാരം) നടക്കുന്നതിനു വർത്തമാനകാലമെന്നു പേർ. ന. സംസാരിക്കുക, സംസാരം,

വത്തി-വി. ഇരിക്കുന്ന, പാർക്കുന്ന. (ത്തീ, ത്തിനീ, ത്തി).

വത്തി-ക്ര. തിരി, വിളക്കിലെ തിരി. ഉ. ഒരുവക അഞ്ജനം. ന. വരി. ര. ചന്ദനക്കുട്ട്. മേൽപൂശുന്നതിനു അരച്ചു ചേർത്തുണ്ടാക്കുന്ന സുഗന്ധദ്രവ്യം.

വത്തികാ-ക്ര. ഒരു പക്ഷി, കാടയടിയാൻ, കാട. ഉ. ചായമിടുന്നതിനുള്ള കോൽ. ന വിളക്കിന്റെ തിരി, തിരി.

വത്തിക്കുന്ന-പാർക്കുന്ന, ഇരിക്കുന്ന

വത്തിശ്ശീ-വി. വത്തിക്ക ശീലമായ

വത്തുള-വി. വട്ടത്തിലുള്ള.

വത്തുള-തുലുതുലുന്നതിനും മറവും വട്ടത്തിൽ തിരിയുന്നതിനുവേണ്ടി വയ്ക്കുന്ന മണ്ണുണ്ട.

വത്തുളം-പണ്ടമുള്ളങ്കി. ഉ. ഒരുമാതിരി ഉരുള. ന. പൊൻകാരം. ര. പന്തു്.

വത്തുളാകാരം-കട്ടവ.

വർത്മകുട്ടിമം-ഒരു രോഗം.

പോളയ്ക്കു പഴുപ്പിനേയും പൂടിനേയും ഉണ്ടാക്കും. അതുനിമിത്തം പോള കറുത്തു ചെമ്പിപോലെയിരിക്കും.

വർത്മനി-വഴി.

വർത്മബന്ധം-ഒരു രോഗം.

സന്നിപാതം നിമിത്തം ഉച്ചിച്ചുലോട്ടം അല്പമായ കത്തിനോടുകൂടിയ പോളമേൽ നീരുണ്ടായതു അതിനു കണ്ണുസുഖമായി അടപ്പാൻ കഴിയാതെയാവും.

വർത്മശർക്കര-ഒരു രോഗം.

പോളമേൽ പരുപരുത്തിട്ടും തടിച്ചിട്ടും ചെറിയ കരുക്കളാൽ പുറമെപ്പൊട്ടിട്ടും ഉണ്ടാകുന്ന പിടക.

വർത്മാ(വ്)-ക്ര. വഴി. ഉ. കൺപോള. ന. ക്ഷത്രിയന്റെ പേരിന്റെ അവസാനത്തിൽ ചേർക്കാറുള്ള ഒരു പദം.

വർദ്ധക-വി. വളർച്ചുവരുന്ന, വർദ്ധിപ്പിക്കുന്ന.

വർദ്ധകം-ചെമ്പരത്തി.

വർദ്ധകി-ആശാരി, തച്ചൻ. മരം മുറിക്കുന്നവൻ എന്നർത്ഥം.

വർദ്ധന-വി വർദ്ധിപ്പിക്കുന്ന.

വർദ്ധനം-ക്ര. വളർച്ച. ഉ. ഛേദനം, മുറിക്ക. ന. വിഭംഗിക്ക. ര. (മ) ദ്രവ്യപുഷ്ടി.

വർദ്ധനി-ക്ര. പ്രേതമഞ്ചം. ഉ. ചൂൽ.

വർദ്ധനികാ-സ്ഥലജലം നിറയ്ക്കുന്ന ഒരു മാതിരി ചെറിയ പാത്രം.

വർദ്ധമാന-വി. വർദ്ധിക്കുന്ന, വളരുന്ന.

വർദ്ധമാനൻ-ക്ര. വിഷ്ണു. ഉ. ജിനന്മാരിൽ ഒരു പ്രധാനി.

വർദ്ധമാനം-ക്ര. ആവണക്കു്. ഏവിടെ എങ്കിലും മുളച്ചുവരുന്നതു് എന്നർത്ഥം. ഔഷധാർത്ഥം ഛേദിക്കപ്പെടുന്നതു് എന്നുമാവാം. ഉ. ചില ജലപാത്രത്തിന്റെ മൂടി.

വർദ്ധമാനകം-ഒരുമാതിരി ചെറിയ പാത്രം, ചരുതു്. ഉടയുന്നതു് എന്നർത്ഥം. (മറ്റൊരു പര്യായം-ശരാവം).

വല്ലി-(പദാന്ത്യത്തിൽ ചേർത്തു സംധാരണമായി പ്രയോഗിക്കപ്പെടുന്നു). വല്ലിപ്പിക്കുന്നവൻ. (സ്ത്രീ-വല്ലിനി).

വല്ലിക്കുന്നു-ക്രി. വളയുന്നു. ഉ. പൊരുകുന്നു. സ. മുറിക്കുന്നു. (സ. ക്രി. വല്ലിപ്പിക്കുന്നു).

വല്ലിത-വി. ക്രി. വല്ലിക്കപ്പെട്ട, വളഞ്ഞ. ഉ. മുറിക്കപ്പെട്ട. സ. നിറഞ്ഞ.

വല്ലിച്ചു-വി. വല്ലിക്കുന്ന.

വല്ലിറം-കാരീയം.

വല്ലിവീ-തോൽവാദ്. വലിക്കുമ്പോൾ നീളുന്നതു് എന്നർത്ഥം.

വല്ലുമോട-ഒരുമിച്ചു്.

വല്ലരി-അടുപ്പംകിടവേര.

വല്ലം(ൻ)-ചില ക്ഷത്രിയന്മാരുടെ പേരിന്റെ ഒടുക്കം ചേർത്തു പറയുന്ന ഒരു വാക്കു്.

വല്ലം-ക്രി. ഒരുമാതിരി ചട്ട, പള്ളച്ചട്ട. ഉ. മല്ലം.

വല്ലി-ആരൽമീൻ.

വല്ലിത-വി. ചട്ടയിട്ട.

വല്ലു-വി. ശ്രേഷ്ഠതയുള്ള.

വല്ലു-ക്രി. സ്വേച്ഛയാ ഒരു ഭർത്താവിനെ വരിപ്പാൻ തുടങ്ങുന്നവർ. (പൂർവ്വകാലങ്ങളിൽ നടപ്പുണ്ടായിരുന്ന സ്വയംവരത്തെ ഓർമ്മിക്കുക). ഉ ശ്രേഷ്ഠ. സ, ഭാവരപ്പയർ. ർ. സ്ത്രീ.

വല്ലുൻ-ക്രി. കാമദേവൻ. ഉ. ശ്രേഷ്ഠൻ

വല്ലും-ക്രി. ശ്രേഷ്ഠം. ഉ. കവടി.

വല്ലാ-ക്രി. ഈച്ച ഉ. ചെറുതേനീച്ച

വല്ലവൻ-ക്രി. ഒരു ഹീനജാതിക്കാരൻ. ഉ. ദുർബുദ്ധി.

വല്ലരം-ക്രി. കറുത്ത ചെറുതുളസി. ഉ. നാരുപോശ. സ. ഒരു രാജ്യം, വല്ലവൻ പാർക്കുന്ന ഭിക്ഷ്. ർ. ചായില്യം. ങ. പീതചന്ദനം. ന. ചെറുതേക്ക്.

വല്ലരാ-ചെറുതുളസി.

വല്ലരീ-ക്രി. ഒരുമാതിരി ചിര. ഉ. തേനീച്ച. സ. ചെറുതുളസി.

വഷ്-ക്രി. വർഷകാലം, മഴക്കാലം, ഉ. കരിഞ്ചീരകം

വഷ്കരി-ഒരുവക കൊച്ചുപ്രാണി.

വഷ്ഗിരി-ലോകത്തിന്റെ വർഷങ്ങളെ പരസ്പരം വേർതിരിക്കുന്ന പർവ്വതം.

ഇവ-7. ഹിമവാൻ, ഹേമകൂടം, നിഷധം, മേരു, നൈചരം, കർണ്ണീ, ശൃംഗീ.

'ഹിമവാൻ ഹേമകൂടശ്ച
നിഷധോ മേരുരേവച
നൈചരഃ കർണ്ണീച ശൃംഗീച
സരപ്പൈതേ വർഷപർവ്വതാഃ'

വഷ്ണം-മഴ.

വഷ്തം-മഴ.

വഷ്ന്തോരും-അ. ആണ്ടുതോറും.

വഷ്പാകി-അമ്പഴം.

വഷ്പ്രതിബന്ധം-മഴയുടെ തടവ്, മഴയില്ലായ്മ.

വഷ്പ്രിയ-വേഴാമ്പൽ പക്ഷി.

വർഷം-ക്രി. വർഷകാലം. ഉ. രാജ്യം. സ. മഴ. ജലംകൊണ്ടു നനയ്ക്കുന്നതു് എന്നർത്ഥം. ർ. സംവത്സരം. ങ, ഭൂമിയുടെ ഒൻപതു ഖണ്ഡങ്ങളിലൊന്നു പറയുന്ന ഒരു പേരു്.

ഒമ്പതു വർഷങ്ങളായി ലോകം വിഭാഗിക്കപ്പെട്ടിരിക്കുന്നു. അതായതു കുരു, ഹിരണ്മയം, രമ്യകം, ഇളാവൃതം, ഹരി, കേതുമാലം, ഭദ്രാശ്വം, കിന്നരം, ഭാരതം ഇവയാകുന്നു ലോകത്തിന്റെ ഒരു വിഭാഗത്തിനു് വർഷം എന്നു പറയപ്പെടുന്നു.

ന. കരിഞ്ചീരകം. ൈ മഴക്കാലം. വ്യ. മഴപോലെ ചൊരിയുന്നതു്. ൻ. അധിക്യം. ഉ-ം, സെന്റെടു്വ വർഷം.

വഷ്ടുത്തു-ചിങ്ങവും കന്നിയും രണ്ടുമാസം

വഷ്ടുവരൻ-അന്തഃപുരത്തിൽ സ്ത്രീകളുടെ വളരെ അടുത്തു പരിചയി(രി)ക്കുന്ന നപുംസകൻ. രേതഃപോതരെത്ത മറയ്ക്കുന്നവൻ, ആണംപെണ്ണുമല്ലാത്തവൻ.

വഷ്ടാകരം-മേഘം.

വഷ്ടാഗമം-മഴയുടെ വരവു്.

വഷ്ടാപ്യോഷം-മഞ്ഞനിറമുള്ള ചെമന്ന തവള, തവള.

വഷ്ടാഭ്ര-പ്ര. തവള. വഷ്കാലങ്ങളിലുണ്ടാകുന്നതു് എന്നർത്ഥം. ഉ. ഒരു പച്ചമരുന്നു്, (ചവളത്ത) തമിഴാമ.

വഷ്ടാഭ്രി-പ്ര. പെൺ തവള. ഉ. തവളുക്കഞ്ഞു്. സ. തമിഴാമ.

വഷ്ടാമദം-മയിൽ.

വഷ്ടാംബു-മഴവെള്ളം.

വഷ്ടാശനം-അട്ടത്തുണ്ണി.

വഷ്ടിക്കുന്നു-ചൊരിയുന്നു. (കാ. ക്രി. വഷ്ടിപ്പിക്കുന്നു).

വഷ്ടിഷ്ടു-വി. അധികം വയസ്സുചെന്ന.

വഷ്ടീയസ്സു് - വി. അധികം വയസ്സു ചെന്ന.

വർഷുക-വി. വഷിക്കുന്ന.

വർഷുകാഭ്രം-മഴപെയ്യിക്കുന്ന മേഘം.

വർഷോപലം-ആലിപ്പഴം. Hail. വെള്ളം കല്ലുപോലെ ഉറച്ചു കട്ടിയായതു്.

വർഷ്മാവു്-പ്ര. ശരീരം. ഉ. ഒരുമുവു്. സ. ഉയരം. ശ. മേനി.

വൽഹം-പച്ചില.

വൽഹിണം-മയിൽ.

വൽഹീ-മയിൽ.

വല-പ്ര. പക്ഷി, മൃഗം, മീൻ മുതലായവയെ പിടിക്കുന്നതിനു നൂൽച്ചരടുകൊണ്ടും മറ്റും കെട്ടിയുണ്ടാക്കുന്ന ഒരു കെണിപ്പണി. ഉ. ചൂണ്ടിലിവല.

വലകെട്ടു്-പ്ര. വലയുണ്ടാക്കുക. ഉ. മൃഗങ്ങളേയും മറ്റും പിടിക്കുന്നതിനു വല വെച്ചുറപ്പിക്കുക. സ. ചൂണ്ടിലിവലയുക്കുക.

വലകെട്ടിപ്പാച്ചൽ-ഒരു കളി.

വലക്കണ്ണു്-വലയുടെ ചതുരം.

വലക്കാരൻ—വലവീശുന്നവൻ, മുക്കുവൻ.

വലക്ഷം-വെളുപ്പു്.

വലച്ചൽ-പ്ര. ആലസ്യം, ക്ഷീണം. ഉ. ബുദ്ധിമുട്ടു്, ദാരിദ്ര്യം. സ. വസ്ത്രങ്ങളുടെ നൂൽ അങ്ങുമിങ്ങും നീങ്ങുക.

വലഗ്നാ— ശരീരമദ്ധ്യം. (അവലഗ്നത്തിന്റെ പദം.)

വലങ്കൈ-വലത്തു കൈ.

വലജ-വി. ബലമുള്ള.

വലജ-സുന്ദരി. സൌന്ദര്യാതിശയം ഹേതുവായിട്ടു ഇളകിക്കൊണ്ടിരിക്കുന്നവൾ എന്നർത്ഥം.

വലഭം-പ്ര. സസ്യങ്ങൾ ഉള്ള കണ്ടം. ഉ. ക്ഷേത്രം. സ. ഭവനവാതിൽ, ഗോപുരദ്വാരം. ശ. രാജധാനി. ബലത്തിലുണ്ടായതു് എന്നർത്ഥം.

വലത്തു്-അ. കിഴക്കോട്ടു നോക്കിയിരിക്കുമ്പോൾ തെക്കുവശം.

വഷ്ടാബ്ദം

കൊല്ലവർഷം — 1094-ക്കു

കലിവർഷം	....	5020—5021
പാണ്ഡവവർഷം	....	5020—5021
വിക്രമവർഷം	....	1160—1161
ഭോജവർഷം	....	1159—1160
ശകവർഷം	....	1841—1842
രാമദേവവർഷം	....	646— 647
പ്രതാപരുദ്രവർഷം	...	641— 642
കൃഷ്ണരായവർഷം	....	390 — 391
ക്രിസ്തുവർഷം	....	1918—1919

വലത്തുട്ട്-അ. വലത്തുവശത്തുകൂടെ

വലത്തേ-അ. വലത്തുവശത്തെ.

വലനെല്ല്-ഒരുവക നെല്ല്.

നവരയോട് ഏകദേശമുള്ള ഗുണമുണ്ട്. സം-ഉദ്ദാലം).

വലൻ-ഒരസുരൻ.

(ഇന്ദ്രൻ വധിച്ചു.)

വലപ്പാട്ട്-പ്ര. ഒരു വല നിവിർത്താലുള്ള സ്ഥലം. ഉ. മുക്കോക്കടി. സ. വലത്തുപാട്ട്.

വലഭാഗം-വലത്തുവശം.

വലം-പ്ര. പ്രദിക്ഷണം, വലത്തുഭാഗം. ഉ. ബലം (ഒരു സൈന്യം).

വലമണി-വലയിൽ കെട്ടുന്ന ഈയക്കട്ടി.

വലമഥനൻ-ദേവേന്ദ്രൻ. വലൻ എന്ന അസുരനെ കൊന്നവൻ എന്നർത്ഥം.

വലമാഥി-ഇന്ദ്രൻ.

വലമ്പിരി-വലത്തോട്ടു പിരിയുള്ളത്.

വലമ്പോരുക-നാട്ടു വലംവെക്കുക.

വലയഗ്രഹണം-ഒരു ഗ്രഹണം.

വലയപുരിശിവാ-ഉത്തരകന്നട ദേവതി.

വലയം-പ്ര കൈവള. ഉ. (വ്യാകരണത്തിൽ) ഒരു ചിഹ്നം. (ചിഹ്നം എന്നതു നോക്കുക).

ഇതരമായ വാക്യത്തേയോ വാചകത്തേയോ പദത്തേയോ മറ്റൊന്നിന്റെ മദ്ധ്യേ അതിനോടു വ്യാകരണസമ്മതമായ സംബന്ധം കൂടാതെ ചേർക്കുന്നു ഇതിനകത്തു വരുന്ന ഭാഗത്തിനു 'ഗർഭവാക്യം' എന്നു പേർ. വലയത്തിന്റെ ലക്ഷണം— ( )

സ. ഒരു രോഗം.

(തൊണ്ടയിൽ നീണ്ടിട്ടും ഉയർന്നിട്ടും നീരുണ്ടാകും. അതു് ആഹാരത്തിന്റെ ഗതിയെ തടുക്കും).

ഴ. വേലി. ങ. വൃത്തം.

വലയിത-വി. ചുറ്റപ്പെട്ട.

വലയിതം-പ്ര. ചുറ്റപ്പെട്ടതു്. ഉ. നടുമുഖമായതിനാൽ ചുറ്റപ്പെട്ട ചീപ്പു മുതലായതിന്റെ പേർ.

വലയിതകപ്പെട്ടുക-ആപത്തിൽ കുടുങ്ങുക.

വലയുന്നു-പ്ര. ദുഃഖിക്കുന്നു. ഉ. ക്ഷീണിക്കുന്നു. (സ. ക്രി—വലയ്ക്കുന്നു)

വലയ്ക്കുന്നു-ഉപദ്രവിക്കുന്നു, തടുക്കുന്നു. ഉ. അലക്കുകാർ വസ്ത്രം വലയ്പോലെ ആക്കുന്നു.

വലരിപു-ദേവേന്ദ്രൻ. വലാസുരന്റെ ശത്രു എന്നർത്ഥം.

വലലാ-ചന്ദ്രവംശത്തിലെ ഭക്ഷൻ എന്ന രാജാവിന്റെ ഭാര്യ.

വലവരി-മുക്കോന്മാർ കൊടുക്കുന്ന കരം.

വലവീശുക-സ്വാധീനപ്പെടുത്തുവാനുള്ള തന്ത്രങ്ങൾ പ്രയോഗിക്കുക.

വലവെ(കെ)ട്ടിക്കളി-കട്ടികളുടെ ഇടയിലുള്ള ഒരുതരം കളി.

വലശാസനൻ, വലശാസൻ-ദേവേന്ദ്രൻ.

വലാകം-വെള്ളിപ്പക്ഷി.

വലാടം-ചെറുപയറ്.

വലാരാതി-ദേവേന്ദ്രൻ. വലാസുരന്റെ (അരാതി) ശത്രു എന്നർത്ഥം.

വലാരി-ഇന്ദ്രൻ വലാസുരന്റെ ശത്രു എന്നർത്ഥം.

വലാസം-ഒരു രോഗം.

കണ്ണുതിൽ നീരുണ്ടാകും ശ്വാസവും വേദനയും കാണും.

വലാസകം-തവള.

വലാഹകം-പ്ര. മേഘം. വലാകകൾ എന്ന പക്ഷികളാൽ നേരിട്ടു ഗമിക്കപ്പെടുന്നതു് എന്നർത്ഥം. (ബലാഹകം എന്നു പാഠവും കാണുന്നു. അതിനു ബലത്തെ

തൃതിക്കാത്തത് എന്ന ശബ്ദാർത്ഥം). ഉ. പർവ്വതം. ന. മുത്തങ്ങ. ര. ശ്രീകൃഷ്ണന്റെ (വിഷ്ണുവിന്റെ) തേർകൂത്തര.

'മേഘപുഷ്പവലാഹകന്മാരെക്കാം-
ണ്ടിണചേത്തുവിലാസമെഴുന്നൊരു'

(കുമാരാഹരണം പാന)

വലി–പ. ശരീരത്തിൽ ഉണ്ടാകുന്ന ചുളിവ്. ഉ. വയററിന്റെ മടക്ക്. ന. ബലി. ര. വലിക്കുക. ള. കരം. ഴ. ബലക്കുറവ്.

വലികം–ഇരയ്ക്ക്.

വലിക്കുന്നു–പ. തടിയും മറവും വക്കയിട്ടു പിടിച്ചുകൊണ്ടു പോകുന്നു. ഉ. പൊന്നു മുതലായ ചില ലോഹങ്ങളും യന്ത്രത്തിലിട്ടു പിടിച്ചു കമ്പിയാക്കുന്നു. ന. ശ്വാസംവലിയ്ക്കുന്നു. ര. പുകവലിക്കുന്നു. (കാ. ക്രി. വലിപ്പിക്കുക).

വലിച്ചൽ–അയവില്ലായ്മ, പിടിത്തം, മുറുക്കം, ചുളിവ്.

വലിത–വി. പ. ശരീരത്തിലേ തൊലി ഞൊറിഞ്ഞ. ഉ. ചുററപ്പെട്ട.

വലിതം–പ. മുറുക്ക്. ഉ. ചുററപ്പെട്ടത്.

വലിത്രയം–മുഖത്തും കഴുത്തിലുള്ള മൂന്നുവരകൾ.

വലിനൻ– വാർദ്ധക്യംകൊണ്ടോ മറെറാ ശരീരത്തിന്മേൽ ചുളിവുള്ളവൻ. (വലീ-ചുളിവ്).

വലിപ്പം–പ പുഷ്ടി, വണ്ണം. ഉ. ഒരുക്കം, നീളം. ന. പ്രാഭവം, മഹത്വം. ര. ഡംഭം.

വലിഭ–വി. ശരീരത്തിലേ തൊലി ഞൊറിഞ്ഞ.

വലിമ–പ. മഹത്വം. ഉ. വലിപ്പം. ന. ശക്തി.

വലി(ലീ)മുഖൻ–കുരങ്ങ്. മുഖത്തു ചുളിവുള്ളവൻ എന്നർത്ഥം.

വലിമ്പു–ഉറപ്പു, ചാക്ക്, സഞ്ചി.

വലിയ–വി. പ. ചെറതല്ലാത്ത. ഉ. ശക്തിയുള്ള. ന. സമ്പത്തും കീർത്തിയുമുള്ള.

വലിയ ഉങ്ങ്–മരോട്ടി, മരവെട്ടി.

സം–മഹാകരഞ്ജം. ത–നീരോട്ടി.

വലിയ ഉഴുകം–ആനത്തുത്തി, വലിയതുത്തി, നരിമത്തട്ടി.

ഇതിന്റെ കുരുന്തോട്ടിയുടെ ഗുണമുണ്ട്. ചൊറിക്കും മറവും നന്ന്. സം നാഗബലം.

വലിയ കടമ്പു–മഴക്കടമ്പ്.

ഇതിന്റെ കടമ്പിന്റെ ഗുണമാണുള്ളത്. സം–ധാരാകദംബം.

വലിയ കടലാടി–വെളുത്ത കടലാടി.

വലിയതു–പ. ചെറതല്ലാത്തത്. ഉ. വലിപ്പമുള്ളത്. ന. മഹത്വമുള്ളത്.

വലിയതാക്കു–പീരങ്കി.

വലിയപ്പൻ–അപ്പന്റെ ജ്യേഷ്ഠൻ.

വലിയമ്മ–പ. അമ്മയുടെ ജ്യേഷ്ഠത്തി. ഉ. വയസ്സധികമുള്ള സ്ത്രീ.

വലിയമ്മാവൻ—അമ്മയുടെ മൂത്തസഹോദരൻ, അമ്മാവന്മാരിൽ വയസ്സധികമുള്ള ആൾ.

വലിയവൻ–ബുദ്ധിയും ബലവും സമ്പത്തു കീർത്തിയും അധികമുള്ളവൻ.

വലിയവെടി–വലിയതോക്കിലെ വെടി

വലിയവെടിപ്പുള്ളി– വലിയ തോക്കുകൊണ്ടു വെടിവെയ്ക്കുന്ന പട്ടാളക്കാർ.

വലിയുന്ന–പ. നീളുന്ന. ഉ. ഇഴയുന്ന. ന. അയവില്ലാതാകുന്ന.

വലിയെ-അ. ഞെരുങ്ങി, നിർബന്ധത്തോടെ.

വലിര-വി. കോങ്കണ്ണുള്ള. (വിഷയഗ്രഹണാർത്ഥം കടക്കൺ പ്രദേശത്തേക്ക വരുന്നതു-വലി (നേത്രഗോളം). അതുള്ളതു വലിരം = നേത്രം. ആ നേത്രമുള്ളവൻ വലിരൻ).

വലിവു്-പ. വലിച്ചൽ. ക. വലിയുക. ന. ശ്വാസംമുട്ടൽ.

വലീ-ചുളിവു്.

വലീകം-വാരടയുടെ താഴെ തറയ്ക്കുന്ന തുവ്വൽപലക.

വലീമുഖം-കരണ്ടു്.

വലീവട്ടം-കാള.

വലുതു്-വി. ചെറുതല്ലാത്ത, വലിപ്പമുള്ള.

വല്കം-ഒരു പക്ഷി.

വലെക്കുന്നു-(വലയ്ക്കുന്ന എന്നതു നോക്കുക).

വല്ക്കതരു-കവുങ്ങു്.

വല്ക്കഫലാ-താളിമരം.

വല്ക്കം-പ. മരത്തിന്റെ തൊലി, മരപ്പിരി. ക. മത്സ്യത്തിന്റെ ചെതുമ്പൽ. ന. ചെമന്ന പാമ്പിനേറ്റി.

അത്തി, ഇത്തി, കല്യാൽ, പേരാൽ, അരയാൽ ഇവയ്ക്ക 'വല്ക്ക(ല)പഞ്ചകം' എന്നു പേർ.

വല്ക്കലം-പ. മരത്തിന്റെ തൊലി, മരപ്പിരി. ക. മരത്തൊലികൊണ്ടുണ്ടാക്കിയ വസ്ത്രം. (മരവുരി).

'മല്ലാക്ഷീമണിയാൾക്കു വല്ക്കലമതും'
(അഭിജ്ഞാനശാകുന്തളം)

ന. ഏലവങ്ങം.

വല്ഗ-കടിഞാൺ.

വല്ഗൽ-വി. പതിഞ്ഞുനടക്കുന്ന.

വല്ഗന-ചലനം.

'ലീലാവല്ഗനയാകപോലഫലകം'
(അഭിജ്ഞാനശാകുന്തളം)

വല്ഗനം-കുതിരയെ ചാടിക്കുകയെന്നുള്ളതു്, ചാട്ടം.

വല്ഗിത-വി. ചാടിയ.

വല്ഗിതം-പ. ഓട്ടം, ചാട്ടം. ക. കുതിരയുടെ ഒരുമാതിരി ഓട്ടം.

ശരീരത്തിന്റെ അഗ്രഭാഗത്തെ സമുല്ലസിപ്പിച്ചുകൊണ്ടും മുഖത്തെ ചുരുക്കിനട്ട താഴ്ത്തിക്കൊണ്ടുമുള്ള അശ്വഗമനമത്രേ വല്ഗിതം.

വല്ഗു-വി. ഭംഗിയുള്ള, മനോഹരമായ.

'ഫല്ഗുനന്റെ പരിഭ്രമംകണ്ടിട്ടു
വല്ഗുവാംവണ്ണമേവമരുൾചെയ്തു'
(കുമാരഹരണം പാന)

വല്ഗു-മുട്ടാട്ടു്, ആട്ടു്.

വല്ഗുക-വി. ഭംഗിയുള്ള.

വല്ഗുകം-പ. ചന്ദനം. ക. വിഷ.

വല്ഗുദൃശ-വി. മോഹിയിൽ നോട്ടമുള്ള.

വല്ഗുലാ-പ. മലംപുള്ളു്. ക, കാർകോകിൽ.

വല്ഗുലി-മലംപുള്ളു്.

വല്ഗുഹാസം-ഭംഗിയുള്ള ചിരി.

വല്മികൻ-വാല്മീകിമഹർഷി.

വല്മികഭ്രവു്-വാല്മീകിമഹർഷി. വല്മീകത്തിൽ (പുറ്റിൽ) നിന്നു ജനിച്ചവൻ എന്നർത്ഥം.

വല്മികി-വാല്മീകിമഹർഷി.

വല്മീകം-ചിതൽപുറ്റു്, പുറ്റു്.

ചിതൽ, ഉറുമ്പു മുതലായ ക്ഷുദ്രപ്രാണികൾ ഭൂമി തുരുച്ചു മണ്ണുകയറിയുണ്ടാക്കുന്നതത്രേ പുറ്റു്. അനന്തരം ഇതു പാമ്പുകളുടെ ഇരിപ്പിടമായും തീരാറുണ്ടു്.

വല്ല്യ-വി. വലിയ, പ്രധാന്യമുള്ള
'അതുവഴിവരുംവല്ല്യസായിപ്പനിന്നെ'
(മയൂരസന്ദേശം)

വല്ല്യാ-തെല്ലി.

വല്ല-വി. ഏതെങ്കിലും.

വല്ല്-ശരിയായത്. വല്ല് > <വല്ലായ്മ.

വല്ല്-ശക്തിയുള്ള.

വല്ലകി-പ. വീണ. ധ്വനിവിശേഷത്തെ ധരിക്കുന്നത് എന്നർത്ഥം. ഉ. ഇഴന്തിൽ.

വല്ലച്ചാതിയും-വല്ല ജാതിയും.

വല്ലജാതിയും-അ. ഏതുപ്രകാരമെങ്കിലും

വല്ലതും-അ. ഏതെങ്കിലും, എന്തെങ്കിലും.

വല്ലന്തി-അപത്ത്, ദോഷം.
'നല്ലന്തിനേരമൊന്നു
വല്ലന്തിയുണ്ടാക്കാതെ'
(രാമാനുചരിതം ഒട്ടൻതുള്ളൽ)

വല്ലപ്പാട്ട്- കണ്ടത്തിൽ വെള്ളംകേറി വിടുന്ന ഒരു വഴി.

വല്ലപ്പോത്തു്(ത്തൻ)-മാൻ. (നായാട്ടു പേർ).

വല്ലപ്പോഴും-അ. എപ്പോഴെങ്കിലും.

വല്ലഭ-വി. പ. ഇഷ്ടമുള്ള. ഉ. അധികാരമുള്ള.

വല്ലഭ-പ. മരുത്ത്. ഉ. ഞാഴൽ.

വല്ലഭൻ-പ. തേരാവു്. ഉ. അധ്യക്ഷൻ, നായകൻ. സഞ്ചരിക്കുന്നവൻ എന്നർത്ഥം.

വല്ലഭം-പ. സാമർത്ഥ്യം. ഉ. ഒരു വൃക്ഷം.

വല്ലഭാചാര്യൻ-വൈഷ്ണവമതത്തിന്റെ സ്ഥാപിച്ചട്ട സ്ഥാപകൻ.

വല്ലം-പ. ഒരുമാതിരി വലിയ കൊട്ട. ഉ. ചെറിയ അമര.

വല്ലയം-ഭാരം, തുരങ്കം.

വല്ലരി(രീ)-പ. വള്ളി. ഉ. തളിർക്കല. ന. പൂക്കല. ർ. മുല്ലവാ. മറയ്ക്കുന്നത് എന്നർത്ഥം.

വല്ലവട്ടി-ക്ഷണവസ്തുക്കളും സൂക്ഷിക്കുന്ന ഒരുമാതിരി പുല്ലുവട്ടി.

വല്ലവനും-ആരെങ്കിലും.

വല്ലവൻ-പ. ഇടയൻ. പശുക്കളെ മേയ്ക്കുന്നവൻ എന്നർത്ഥം. ഉ. വെടിപ്പുകാരൻ, ക്ഷണവസ്തുക്കളെ പാകംചെയ്യുന്നവൻ. ന. ഭീമസേനന്റെ ഒരു പേർ.

വല്ലവി-ഇടച്ചി.

വല്ലവിധത്തിലും-അ. ഏതുപ്രകാരവും.

വല്ലാ-കഴിയാതെ.

വല്ലാതെ-അ. പ. ക്രമക്കേടായി, ചീത്തയായിട്ട്. ഉ. കഴിയാതെ.

വല്ലാത്ത-വി. പ. ചീത്തസ്ഥിതിയുള്ള. ഉ. ദോഷമുള്ള.

വല്ലാനപ്പോത്തു് - കരടി. (നായാട്ടുപേർ. കടമാന്റെ നായാട്ടുപേർ എന്നുമുണ്ട്).

വല്ലായ്മ-പ. ക്രമക്കേട്. ഉ. ദോഷം. ന. ദുഷ്ടത. ർ. അഭംഗി. ഇ. കറച്ചൽ.

വല്ലി-പ. വള്ളി, മറയ്ക്കുന്നത്, ചുറ്റിപ്പിണഞ്ഞത് എന്നർത്ഥം. (വെല്ലി എന്ന പാഠവും കാണുന്നു). ഉ. (മ) പുലയ്ക്കും മറവും കൊടുക്കുന്ന ക്രുഷി. ന. അയമോദകം. ർ. ഒരു ദേവി, സുബ്രഹ്മണ്യന്റെ പത്നി.

വല്ലി, വല്ലികാ-വള്ളി.

വല്ലിച്ചു-വല്ലു. any.

വല്ലി(ല്ലീ)ജം-കൊടിമുളക്, മുളക്.
വല്ലി, വൽ എന്ന ധാതുവിന്റെ ഭൂതകാലരൂപം. ഇപ്പോൾ പ്രയോഗമില്ല. വല്ലാത്ത എന്ന പേരെച്ച രൂപമേ ഇപ്പോൾ നടപ്പുള്ളൂ. അതുകൊണ്ടു ഖിലധാതു വല്ലായ്മ, വല്ലായ്ക, വല്ലവരും ഇവ വൽധാതുവിന്റെ രൂപങ്ങളാകുന്നു.

വല്ലിയാഠം-പുലയൻ.

വല്ലീല-(വല്ലി + ഇല)-കഴിഞ്ഞില്ല.

വല്ലീവൃക്ഷം-മരുതു്.

വല്ലീശൻ-സുബ്രഹ്മണ്യൻ.

വല്ലുക-കഴിയുക. (പ-മ).

വല്ലുരം-വള്ളിക്കുടിൽ.

വല്ലുവോൻ, വല്ലോൻ-ആരാനും.

വല്ല-കഴികയുള്ള. (പ-മ).

വല്ലൂരം-പ. ഉണക്കമാംസം. (വല്ലുരം എന്നുമാവാം). ക. പന്നിയുടെ മാംസം. ന. തരിശ്രുനിലം. ര. പടപ്പുകാടു്.

വല്ലേടത്തും-അ, എങ്ങാനും, എവിടെയെങ്കിലും.

വല്ലോൻ-(എനിക്കു) കഴികയില്ല. (പ-മ).

വല്ലോനും-അ. ഏവനെങ്കിലും, ആരാനും.

വല്ലോർ-ജ്ഞാനമുള്ളവർ. (പ-മ).

വവം-ചെണ്ടക്കോൽ.

വവ്വായി, വവ്വാലി-നരി. (വവ്വുക = പിടിച്ചുപറിക്കുക).

വവ്വുന്നു-പിടിച്ചുപറിക്കുന്നു.

വശ-വി. പ. സ്വാധീനത്തിലുള്ള. ക. കീഴടങ്ങിയ. ന. ക്ഷുദ്രപ്രയോഗംകൊണ്ടു വശീകരിച്ച.

വശ-പ. ഭർത്തൃസഹോദരി. ക. മാംസ്യ. ന. പിടിയാന. ര. മച്ചിപ്പശു, പശു. ഇ. സ്ത്രീ.

വശകാ-അനുസരണമുള്ള മാംസ്യ.

വശക്കേടു്-പ. ക്ഷീണം. ക. അസ്വാധീനം. ന. പാടുമാറ്റം.

വശക്രിയ— വശ്യപ്രയോഗം, മണിമന്ത്രൗഷധാദികളെക്കൊണ്ടു ചെയ്യപ്പെടുന്ന വശീകരണം, മന്ത്രം മന്ത്രവും കൊണ്ടുള്ള വശീകരണം, സ്വാധീനമാക്കുക.

വശഗ-വി. വശം പ്രാപിച്ച, അനുസരണമുള്ള.

വശത-പ. സ്വാധീനത. ക. ക്ലേശം, വശൻ-അധീനൻ.

വശം-പ. ഇഷ്ടം, അനുഗ്രഹം. ക. തണ്ടോടം. ന. അധികാരം. ര. കീഴടക്കം. ഇ. ജനനം. ന്യ വേശ്യാഭോഗം. ഏ. ശീലം, പരിചയം, പഠിപ്പു്. വ. സ്വാധീനം. ൻ. പുറം, ഭാഗം.

വശംകെടുന്നു-ക്ഷീണിക്കുന്നു, നിവൃത്തിയില്ലാത്ത പതനത്തിലാകുന്നു.

വശംവദ-വി. അനുസരണമുള്ള.

വശവത്തി—വി. ഇഷ്ടമനുസരിച്ചു നില്ക്കുന്ന.

വശള-വശളച്ചീര, ഒരുതരം ചിരവള്ളി.

വശാ-പ. ഇഷ്ടിക്കപ്പെട്ടുന്നവൾ. ക. പിടിയാന. ന. മച്ചിയായ പശു. ര. സ്ത്രീ. മൽഭാവിനെ ഇഷ്ടിക്കുന്നവൾ എന്നർത്ഥം. ഇ. വന്ധ്യ. ന്യ. ഭാര്യ. ഏ. പുത്രി.

വശാൽ-അ. പ. കാരണത്താൽ. ക. പെട്ടെന്നു്.

വശി-വി. കീഴടക്കുന്ന, ഇന്ദ്രിയജയമുള്ള. (ശീ, ശിനീ, ശി).

വശി-ഇന്ദ്രിയങ്ങളെ കീഴടക്കിയിരിക്കുന്ന മഹർഷിയും മറവും.

വശിക-വി. അകലത്തൊന്നുമില്ലാതിരിക്ക.

വശിക-ഒരു മരം, ചെന്നിനായകം.

വശിത്വം, വശിത-വശിയുടെ അവസ്ഥ.

വശിത്വം - അഷ്ടൈശ്വര്യങ്ങളിൽ ഒന്നു്. എല്ലാവരേയും തനിക്കു അധീനന്മാരാക്കുക, ഇന്ദ്രിയങ്ങളെ സ്വാധീനത്തിൽ ഇരുത്തുന്നതു്, ആരെയും തന്നിഷ്ടംപോലെ സ്വാധീനപ്പെടുത്തുവാനുള്ള ശക്തി.

'വശിത്വമുൾക്കൊണ്ടു മഹാദരിദ്രൻ'

(ശ്രീകൃഷ്ണചരിതം)

വശിനീ-ഫ. ഒരു വൃക്ഷം, ശമി. ര. ഇത്തിക്കണ്ണി.

വശിരം-ഫ. കടലുപ്പ്. വസിരം എന്നതിന്റെ പാഠം) ര. അത്തിത്തിപ്പലി. ന. കാട്ടുതിപ്പലിയുടെ കായ്.

വശീകരണം-സ്വാധീനമാക്കുക.

വശീകരം-സ്വാധീനമാക്കുവാനുള്ള പ്രവൃത്തി.

വശീകരിക്കുന്ന-സ്വാധീനമാക്കുന്ന.

വശീകൃത-വി. സ്വാധീനമാക്കപ്പെട്ട.

വശ്യ-വി. ഫ. അനുസരണമുള്ള. ര. ഇണക്കമുള്ള.

വശ്യൻ-സ്വാധീനമായിട്ടുള്ളവൻ, അനുജ്ഞതൻ, അടിമക്കാരൻ.

വശ്യപ്രയോഗം - വശീകരിക്കുന്നതിനുള്ള ചില പ്രയോഗം.

വശ്യം-കരയാംപൂവ്.

വശ്യമുഖീ-ദേവിയുടെ ധ്യാനം.

ധ്യാനം.

'സന്ധ്യായ സുമനോ ഖാണൻ
കവന്തീരേമക്ഷവം ധനുഃ
ജഗജ്ജൈത്രീം ജപാരക്തം.
ദേവീം വശ്യമുഖീം ഭജേ'

വശ്യാ-അനുസരണമുള്ള സ്ത്രീ.

വഷളത്വം-ചീത്തത്തം.

വഷളൻ-കൊള്ളരുതാത്തവൻ.

വഷളം-വി. ചീത്ത.

വഷൾ-അ. ദേവാദികൾക്കു ഹവിരാദികളെ കൊടുക്കുമ്പോൾ പ്രയോഗിക്കപ്പെടുന്നത്, ഹോമമന്ത്രം കഴിക്കുമ്പോൾ ചൊല്ലുന്ന ഒരു ശബ്ദം.

വഷൾക്കാരം-ഹോമം.

വഷൾകൃത-വി. ഹോമിക്കപ്പെട്ട, അഗ്നിയിൽ പ്രക്ഷേപിക്കപ്പെട്ട.

വഷൾ എന്നതോടു ചേർന്ന മന്ത്രം കൊണ്ടു അഗ്നിയിൽ ഹോമിക്കപ്പെട്ടതിനു 'വഷൾകൃതം' എന്നു പേർ.)

വസ-മേടസ്സ്.

വസതി-ഫ. നിവാസസ്ഥാനം, ഭവനം. ര. ഇരിപ്പ്. ന. രാത്രി. ഇതിൽ വസിക്കുന്നതിനാൽ ഈ പേർ വന്നു. ഭ. മഞ്ഞൾ.

വസഥം-ഫ. വാസസ്ഥാനം. ര. കൂട്ട്, പക്ഷിക്കൂട്ട്.

വസനം-ഫ. വസ്ത്രം. ഇതുകൊണ്ടു മറയ്ക്കുന്നതിനാൽ ഈ പേർ വന്നു. ര. മറയ്ക്കുന്നതുള്ള സാധനം. ന. പച്ചില. ഭ. വാസസ്ഥാനം.

വസന്ത-പകരുന്ന വ്യാധി.

വസന്തകം-പലകപ്പയ്യാനി.

വസന്തകാലം-ഋതുക്കളിൽ ആണ്ടുള്ളതിൽ ഒന്നാമത്തേതു, പൂക്കളുണ്ടാകുന്ന സമയം, മേടമാസവും ഇടവമാസവും കൂടിയ സമയം. (മാസം എന്നതു നോക്കുക).

(വസന്ത ഋതു അതായതു കുംഭം, മീനം രണ്ടുമാസം. ഒരു ഭിവസത്തേക്കു വിചാരിക്കുന്നപക്ഷം സൂര്യോദയം മുതൽ പത്തുനാഴിക പുലർച്ചവരെ. വസന്ത ഋതു കുംഭം, മീനം രണ്ടു മാസമാണെന്നു വൈദ്യഗ്രന്ഥമതം).

വസന്തകസുമം-നറുവരി.

വസന്തവല്ലാക്കി-കയിൽ.

വസന്തജാ-വെളുത്ത വലിയ പിച്ചകം.

വസന്തജ്വരം-ഫ. പകരുന്ന പനി. ര. വസന്തകാലത്തുണ്ടാകുന്ന ഒരു പനി.

വസന്തദൂതി-കയിൽപ്പേട.

വസന്തദ്രുതൻ-ഫ. കയിൽ. ര. മാവ്.

വസന്തദ്രുമം-മാവ്.

വസന്തൻ-വിഷ്ണുകൻ.

വസന്തഭൈരവി-ഒരു രാഗം.

വസന്തം- ഫ. മദനോത്സവാധിക്യമുള്ള കാലം, വസന്തകാലം. (വസന്തകാലം

എന്നതു നോക്കുക). ഉ. മസൂരി. ന. വയറിളക്കം, അതിസാരം.

വസം-താർത്തവൽ.

വസന്തമണ്ഡനം-സിന്ദൂരം.

വസന്തബന്ധു (സഖൻ)-കാമൻ.

വസന്തർത്തു-വസന്തകാലം.

വസന്തവൃക്ഷം-മാവു്.

വസന്തസേനാ- മൃച്ഛകടികാനാടകത്തി ലെ നായിക.

വസാ-ക. മാംസരോഹിണി. ഉ. മജ്ജ. ന. മുരാമജ്ജ. ര. ശുദ്ധമായ മാംസസ്നേഹത്തിന്റെ (നെയ്യിന്റെ) പേർ. (വപാ എന്നതു നോക്കുക).

വസാധ്യം-ചീങ്കണ്ണി.

വസിക്കുന്നു-പാർക്കുന്നു, ഇരിയ്ക്കുന്നു. (സ. ക്രി. വസിപ്പിക്കുന്നു).

വസിത-വി. ക. പാർക്കുന്ന. ഉ. ധരിക്കപ്പെട്ട. ന. ശേഖരിക്കപ്പെട്ട.

വസിതം-പാർക്കുന്ന സ്ഥലം.

വസിരം-ക. കടലുപ്പു്. ഉ. അത്തിത്തിപ്പലി. (പാഠം-വശിരം).

വസിഷ്ഠൻ- സപ്തർഷിമാരിൽ ഒരുവൻ (ബ്രഹ്മാവിന്റെ പുത്രൻ ആകുന്നു). രൈവിക ഋഷിയാണ്.

(ഒറവര | മകൻ എന്നതിനെ സൂചിപ്പിക്കുന്നു)

ബ്രഹ്മാവു്
|
വസിഷ്ഠൻ
|
ശക്തി
|
പരാശരൻ
|
വ്യാസൻ
|
ശുകൻ

'സർവ്വജ്ഞന്മുരം മിത്രവരുണന്മകം-
തർശിയെ പരിഗ്രഹിച്ചീലയോ'
(ശീലവതി)

വസിഷ്ഠൻ ഒരു പ്രജാപതിയാകുന്നു. വേദസംബന്ധമായ പല മന്ത്രഗ്രന്ഥങ്ങളുടെ കർത്താവാണ്. ഋഗ്വേദത്തിന്റെ 7-ാംമണ്ഡലം ഇദ്ദേഹത്തിന്റേതാകുന്നു. ഒരിക്കൽ ഉർവ്വശിയെക്കണ്ട മിത്രനും വരുണനും മനം മോഹാന്ധന്മാരായി. അനന്തരം നിലത്തിൽ വീണ അവരുടെ ബീജത്തിൽനിന്നു വസിഷ്ഠനും ഭരണിയിൽ വീണതിൽ നിന്നു അഗസ്ത്യനും ഉത്ഭവിച്ചു വസിഷ്ഠൻ സൂര്യവംശത്തിലേ ഒന്നാമത്തെ രാജാവായ ഇക്ഷ്വാകു മുതൽ അനുപത്തൊന്നു തലമുറയോളം സൂര്യവംശരാജാക്കന്മാരുടെ പുരോഹിതസ്ഥാനം വഹിച്ചു വസിഷ്ഠനും വിശ്വാമിത്രനും പരസ്പരം ശത്രുക്കളായിരുന്നു. ഒരു ഭാഗം ഹരിശ്ചന്ദ്രചരിതംകൊണ്ടു വെളിവാകും. മറ്റേതു താഴെ കാണിക്കുന്നു. വിശ്വാമിത്രൻ വളരെക്കാലം അതായതു അനേകായിരം സംവത്സരം ഭൂമിയിൽ രാജാവായിരുന്നു. ഒരിക്കൽ വസിഷ്ഠന്റെ ആശ്രമത്തിൽ കണ്ട കാമധേനുവിനെ മോഹിച്ചുതന്നെ സ്വീകരിച്ചു് വസിഷ്ഠൻ കൊടുക്കാതിരുന്നതുകൊണ്ടു വിശ്വാമിത്രൻ ബലാൽ കൊണ്ടുപോകാൻ ശ്രമിച്ചു. ഉടൻ ഘോരയുദ്ധം ഉണ്ടായി. ഒരുഭാഗത്തു വിശ്വാമിത്രന്റെ സേനകളും മറുഭാഗത്തു കാമധേനുവിൽ നിന്നുണ്ടായ സേനകളും ഉണ്ടായിരുന്നു. വിശ്വാമിത്രൻ പരാജിതനായി എന്നതിനെന്നുമല്ല വസിഷ്ഠന്റെ ശ്വാസം ഹേതുവായിട്ടു് അദ്ദേഹത്തിന്റെ നൂറു പുത്രന്മാരും നശിപ്പാനിടയായി. വിശ്വാമിത്രൻ പിന്നീടു രാജ്യത്തെ ത്യജിച്ചിട്ടു് തപോനക്ഷ്ത്രത്തിന്നായി ഹിമാലയത്തെ പ്രാപിച്ചു. കുറച്ചുകാലം കഴിഞ്ഞു

അവർ വീണ്ടും തമ്മിൽ എതിർത്തു ചണ്ഡപ്രയത്നം തുടങ്ങി. അതിൽ ബ്രഹ്മണനായ വസിഷ്ഠൻ വിജയിയായി. തന്നിമിത്തം ബ്രഹ്മണനാവാനായിട്ട വിശ്വാമിത്രൻ പോയി തപസ്സുകൊണ്ട ബ്രഹ്മണനായി. ഒരവസരത്തിൽ 700 പ്രാവശ്യം ഹീനജാതികളായി ജനിക്കട്ടെ എന്നു വിശ്വാമിത്രൻ വസിഷ്ഠന്റെ മക്കളെ ശപിച്ചു. ഇതിന കാരണം വിശ്വാമിത്രൻ ക്ഷത്രിയനാകയാൽ ബ്രഹ്മണത്വം ഇല്ലെന്നു വസിഷ്ഠന്റെ പുത്രന്മാർ നിന്ദിച്ചതാണ്. ഒരിക്കൽ വസിഷ്ഠൻ വിശ്വാമിത്രനെ ശപിച്ച് ഒരു പക്ഷിയാക്കി. ഇതിന കാരണം വിശ്വാമിത്രൻ ഹരിശ്ചന്ദ്രനോട കാണിച്ച ക്രൂരത്വമായിരുന്നു. ഉടൻ വിശ്വാമിത്രൻ വസിഷ്ഠനെയും ശപിച്ച പക്ഷിയാക്കി. പക്ഷികൾ പരസ്പരം യുദ്ധം ഉണ്ടായി. ലോകം മിക്കവാറും നശിച്ചു. അതിനാൽ ബ്രഹ്മാവ് അവരെ ശാപത്തിൽ നിന്നു നിവർത്തിപ്പിച്ച പൂർവ്വപ്രകൃതി നൽകി രഞ്ജിപ്പിച്ചയച്ചു.

മറെറാരു കഥ-കല്മാഷപാദൻ എന്ന രാജാവ് വസിഷ്ഠപുത്രനായ ശക്തിയുടെ ശാപംനിമിത്തം രാക്ഷസനായിഭവിച്ചു. വിശ്വാമിത്രന്റെ ഉപായം കൊണ്ട നരമാംസഭോജിയായ രാക്ഷസനായിത്തീർന്ന അയാൾ ശക്തി ഉൾപ്പടെ വസിഷ്ഠന്റെ എല്ലാ പുത്രരേയും ഭക്ഷിക്കയുണ്ടായി. വ്യസനാക്രാന്തനായ വസിഷ്ഠൻ ആത്മഹത്യക്ക ഒരുമ്പെട്ട മഹാമേരുപർവ്വതത്തിൽ നിന്നു കീഴ്പോട്ട ചാടി. ഏറ്റവും പാറയിൽ വീണാൽ അതു അദ്ദേഹത്തിന പഞ്ഞിപോലെ തോന്നി. കഴുത്തിൽ കല്ലുകെട്ടി കടലിൽ ചാടിനോക്കി. ഉടൻ അദ്ദേഹത്തിനെ തിരകൾ കരയ്ക്കാക്കി. എരിയുന്ന വൻകാട്ടിൽ സഞ്ചരിച്ചു. എന്നിട്ട അഗ്നിക്ക തീരെ ചൂടില്ലെന്നു തോന്നി. കൈയും കാലും കെട്ടിക്കൊണ്ടു ഒരു നദിയിൽ ചാടി; എന്നിട്ട കെട്ടുകൾ തനിയെ അഴിഞ്ഞു കരയ്ക്കു വന്നുചേർന്നു. ഇതിനാൽ ആ നദിക്ക 'പിപാശ' എന്നു പേരുണ്ടായി. മൂന്നു ധാരകളുള്ള ഒരു നദിയിൽ ചാടി. എന്നിട്ടും ആ നദി രണ്ടു വഴിയായി ഒടിക്കളഞ്ഞു. ഇതാണ് ഇതിന 'ശതദ്രു' എന്നു പേരുണ്ടാവാൻ കാരണം. ഇവ്വിധമെല്ലാം പ്രയത്നിച്ചിട്ടും മരിക്കാഞ്ഞു ആശ്രമത്തിലേക്ക മടങ്ങുന്ന അവസരത്തിൽ മാർഗ്ഗമദ്ധ്യേ കല്മാഷപാദനെകൊണ്ട ശാപത്തിൽനിന്നു നിവർത്തിപ്പിച്ചയച്ചു. ഒടുവിൽ ദേവകളുടെ ഉത്സാഹം നിമിത്തം വസിഷ്ഠനും വിശ്വാമിത്രനും പരസ്പരം മൈത്രിയാക്കുകയും വസിഷ്ഠൻ വിശ്വാമിത്രനെ ഒരു ബ്രഹ്മർഷിയായി സ്വീകരിക്കയും ചെയ്തു.

വസു-വി. മധുരമുള്ള. പു. ഉണങ്ങിയ.

വസു-പ. ദ്രവ്യം, ധനം. ഭൂമണ്ഡലത്തിൽ വസിക്കുന്നതിനാൽ ഈ പേർ വന്നു. പു. ഗണദേവന്മാരിൽ വസുക്കൾ എട്ടുപേർക്കും കൂടെ പറയുന്ന ഒരു പേർ. ന. രശ്മി. എല്ലാടവും വസിക്കുന്നത് എന്നർത്ഥം. ര. അഗ്നി. ഇ. രത്നം. ന. പൊന്ന്. ൎ. രാജാവ്. വൃ. വൃദ്ധി. ൻ. പൊടിയുപ്പ്. ൧. താർത്താവൽ. ൧൧. ചീര. ൧൨. കൊടുവേലി. ൧൩. മഹാമേരു. ൧൪. പാച്ചിലമരം. ൧൫. ഉപരിചരൻ. ൧൬. കൊക്കുമന്താരം. ൧൭. രേണുകയുടെ ഒരു പുത്രൻ. ൧൮. ഒരുശ്വത്ഥം.

(വസുക്കൾ പു. ആപൻ, ധ്രുവൻ, സോമൻ, ധരൻ, അനിലൻ, പ്രത്യൂഷൻ, അനലൻ, പ്രഭാസൻ).

വസുകം-പ. പടന്ന മുപ്പ്. ക. ഏരിക്ക്. തേജസ്സിന്റെ ഇരിപ്പിടം എന്നർത്ഥം. ന. കാർകിൽ. ര. മന്ദാരം.

വസുകീടൻ-ഇരക്കുന്നവൻ.

വസുക്കരം-ഇന്ദ്രന്റെ പരിചാരകരായ എട്ട് ദേവകരം.

'ധരോധ്രുവശ്ച സോമശ്ച
അഹശ്ചൈവാനിലോനലഃ
പ്രത്യൂഷശ്ച പ്രഭാസശ്ച
വസവോഷ്ടാവിതിസ്മൃതഃ'

രാമായണപ്രകാരം വസുക്കരം അദിതിയുടെ മക്കളാണ്. ചിലപ്പോൾ അഹനപകരം ആപനെ ഉൾപ്പെട്ടതാണുമുണ്ട്.

വസുക്ഷേണൻ-കണ്ണൻ.

വസുദേവൻ - ശ്രീകൃഷ്ണന്റെ അച്ഛൻ. ധനങ്ങളെ രക്ഷിക്കുന്നു ശോഭിച്ചവൻ, രാജാക്കന്മാരിൽ വെച്ച്-ധനവാന്മാരിൽ വെച്ച്-പ്രത്യേകം ശോഭയുള്ളവൻ. ഇങ്ങിനെ ശബ്ദാർത്ഥം.

യദുവംശജനായ ശൂരന്റെ പുത്രനാകുന്നു. കുന്തിയുടെ സഹോദരൻ. ആഹുകന്റെ ൭-പുത്രിമാരെ വേട്ടു. ദേവകി (കൃഷ്ണന്റെ അമ്മ) ഏഴാമത്തെ മഹതിയാണ്. വസുദേവന് ആനകദുന്ദുഭി, ദുന്ദു, ഭ്രകശ്യപൻ ഈ നാമധേയങ്ങളും ഉള്ളതായിക്കാണുന്നു. വസുദേവനും ദേവകിയും രോഹിണിയും ഭാരകയിൽ വെച്ച് അഗ്നിപ്രവേശം ചെയ്തതായി വെളിവാകുന്നു.

വസുദേവരുടെ ഏഴു പത്നിമാർ— ദേവകി, ശ്രുതദേവാ, യശോദാ, ശ്രുതിശ്രുവാ, ശ്രീദേവാ, ഉപദേവാ, സുരൂപാ.

വസുധ-ഭൂമി. വസു (ദ്രവ്യം) ഉള്ളത്, ധനത്തെ ധരിക്കുന്നത് എന്നർത്ഥം.

വസുധാരാ-(ഭാരതം, സ്ഥലീ, രാമകഥാരം) കുബേരന്റെ നഗരം.

വസുന്ധര-പ. ഭൂമി. വസു (ദ്രവ്യം) ഉള്ളത് എന്നർത്ഥം. ധനത്തെ ധരിക്കുന്നത് എന്നുമാവാം. ക. സാവ്വഭൗമന്റെ ഭാര്യ.

വസുബന്ധു-ഭിങ്നാഗൻ എന്ന കവിയുടെ ആചാര്യനായ അസംഗന്റെ സഹോദരൻ.

വിക്രമസഭയിൽ ഹിന്ദുക്കളോട് വാദത്തിൽ തോറ്റ മനോരഥന്റെ ശിഷ്യൻ. ബ്രാഹ്മണപുത്രൻ കാശ്മീരത്തായി പഠിച്ചത്. മനപാഠമെഴുതിവെച്ചു മരിച്ചു. വിക്രമാദിത്യനെ പിൻതുടർന്ന ശിലാദിത്യന്റെ രാജധാനിയിലെ ഒരു പ്രധാനിയാകുന്നു.

വസുമതി-പ. ഭൂമി. വസു (ദ്രവ്യം) ഉള്ളത് എന്നർത്ഥം. ക. ഒരു പുരാണത്തിന്റെ പേർ.

വസുമാൻ — രൈവതസപ്തമനുവിന്റെ പുത്രൻ.

വസുരത്നം-മാണിക്യം.

വസുവൃക്ഷം-ഇത്തിയാലു്.

വസുശ്രേഷ്ഠം-വെള്ളി.

വസുത്തമം-വെള്ളി.

വസുരാ-കലട.

വസൂരി, വസൂരിക, വസൂരി-ഒരു പകരുന്ന ഭീനം.

വസൂരിക്കല-വസൂരി വന്ന പൊന്തുന്ന വട്ടക്ക്.

വസൂലാകുന്നു, വസൂവലാകുന്നു-കൈവശം വന്നുചേരുന്നു, ഈടാകുന്നു. [വസൂൽ(വസൂവൽ) ആകുന്നു. സ. ക്രി.] (വസൂൽ-അറബിഭാഷ)

വസ്തം-പ. വെള്ളാട്ട്. ക. ഭവനം. ന. ആട്ട്. ര. വക്ക്.

'വസ്തസ്യ വസ്തയേഃ ഭശം സ്യഃ'= വസ്തുത്തിന്റെ രണ്ടു വസ്തങ്ങളിൽ (വൃക്കകളിൽ) ഭശകം എന്ന പേർ ഭവിക്കുന്നു.

വസ്തവ്യ-വി. വസിക്കുവാൻ യോഗ്യമായ

വസ്തി-പ്ര. പൊക്കിളിങ്കൽ നിന്നു താഴെയുള്ള ഭാഗം, നാഭിക്കു താഴെ മൂത്രമിരിയ്ക്കുന്ന ഒരു സ്ഥലം, മൂത്രാശയം. മൂത്രം ഇവിടെ സ്ഥിതിചെയ്യുന്നതിനാൽ ഈ പേർ വന്നു. ന. വസ്തിചെയ്യുന്ന ഒരു കഴൽ, വസ്തിയന്ത്രം. ര. വസ്തുത്തിന്റെ രണ്ടു തലയ്ക്കലും നട്ടുവിലും വക്കത്തും ഉള്ള കര, പൂടവക്കര.

വസ്തു-പ്ര. എന്തെങ്കിലും ഒരു സാധനം. ഉ. കഥാശരീരം. ന. പ്രകൃതിയാലുള്ള ശീലം. ര. കായു, കാതൽ.

വസ്തുഗന്ധാ-ആട്ടനാറിവേള.

വസ്തുത-പരമാർത്ഥം.

വസ്തുവക-പൊന്നു്, വെള്ളി, വെങ്കലപാത്രം, നിലം, പുരയിടം മുതലായവ.

വസ്തുവൃത്തം-വർത്തമാനം, കാര്യം.

വസ്ത്യം-ഭവനം.

വസ്ത്രകുട്ടിമം-കട.

വസ്ത്രദാരനം-എഴി.

വസ്ത്രനിർണ്ണേജകൻ-അലക്കുകാരൻ.

വസ്ത്രപരിധാനം-വസ്ത്രധാരണം.

വസ്ത്രപുത്രിക-പാവ.

വസ്ത്രപുഷ്പി-വസ്ത്രത്തിന്റെ വല്ലിപ്പം.

വസ്ത്രഭേദകൻ, വസ്ത്രഭേദി-തയ്യൽക്കാരൻ.

വസ്ത്രം-പ്ര. മുണ്ടു്, നൂൽകൊണ്ടു നെയ്തുണ്ടാക്കിയ വസ്തു, തുണി. ഗുഹ്യപ്രദേശത്തെ മറയ്ക്കുന്നതു് എന്നർത്ഥം. ഉ. പച്ചില.

വസ്ത്രയോനി-പ്ര. വസ്ത്രമുണ്ടാക്കുന്ന പദാർത്ഥം. ഉ. ചില മരത്തിന്റെ തൊലി. ന. ഒരുമാതിരി പുഴു. ര. പഞ്ഞിയുണ്ടാകുന്ന ഒരുമാതിരി കായ്. പരുത്തിക്കായ്. ങ. ചില മൃഗങ്ങളുടെ രോമം.

വസ്ത്രവേശ്മം - വസ്ത്രംകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി ഭവനം.

വസ്ത്രഹീന-വി. വസ്ത്രമില്ലാത്ത.

വസ്ത്രകം-ഒരുമാതിരി ഉപ്പു്.

വസ്ത്രം-പ്ര. വില. കച്ചവടസാധനം ഇതു കൊണ്ടു നിലനില്പുള്ളതിനാൽ ഈ പേർ വന്നു. ഉ. ക്രയി, ശമ്പളം. ന. വസ്ത്രം ര. സമ്പത്തു്. ങ. മരണം.

വസ്ത്രസഞ്ജീവവായു സഞ്ചരിക്കുന്ന വലിയ ഞരമ്പു്. അംഗപ്രത്യംഗങ്ങളുടെ സന്ധിബന്ധനത്തെ ചെയ്യുന്നതായ ഞരമ്പു്, പെരുഞരമ്പു്, സന്ധിബന്ധങ്ങളെ മറയ്ക്കുന്നതു് എന്നർത്ഥം.

വസ്വൗകസാര-പ്ര. ഇന്ദ്രന്റെ നഗരം, അമരാവതി. ഉ. അമരാവതിയിലുള്ള ഒരു തടാകം. ന. അളകാപുരി. ര. അളകാപുരിയിലെ തടാകം.

മേല്പറഞ്ഞ നദി അമരാവതിയിലും അളകാപുരിയിലും ക്രട്യാണ ഒഴുകുന്നതു്.

വഹതൻ-പാന്ഥൻ.

വഹത-കാള.

വഹതി-പ്ര. ചക്രം. ഉ. കാള. ന. കാറ്റ്. ര. സ്നേഹിതൻ. ങ. ഗുണദോഷക്കാരൻ. ന. നദി.

വഹത്തു-കാള.

വഹൽ-വി. ചുമക്കുന്ന.

വഹനം-പ്ര. ചുമക്കുക. ഉ. ഒഴുകുക. ന. വാഹനങ്ങളിൽ ഏതെങ്കിലും.

വഹനീയ-ചു. വഹിക്കത്തക്ക, കൊണ്ടു പോകാൻ സൌകര്യമുള്ള.

വഹന്ത -കാറ്റ്.

വഹം-ഗ. ചുമക്കുക. ഉ. വാഹനം. ന. കാളയുടെ മുപ്പുമൽ നകരംവസ്സുന്ന സ്ഥാനം. നകത്തെ വഹിക്കുന്നത് എന്നർത്ഥം. ര. കാറ്റ്. ഇ. പെരുവഴി. ന. ആണാട്ട്. ഒ. അറുപത്തുനാല് ഇടങ്ങഴിത്തൂക്കുള്ള, നാലു ദ്രോണം.

വഹലഗന്ധം-കിരാതചന്ദനം.

വഹലം-ബോട്ട്, വള്ളം.

വഹ്വാ-ആറ്, നദി.

വഹിക്കുന്ന-ഗ. ഭരിക്കുന്ന. ഉ. ചുമക്കുന്ന.

വഹിത്രം-തോണി, ചങ്ങാടം, പൊങ്ങുതടി.

വഹിയാ-അ. മേലാ, ചെയ്യാൻ കഴികയില്ല.

വഹിയാസ്യ-മേലായ്ക, അനുതാപ്യ.

വഹിസ്സ്-അ. പുറത്തു, വെളിയിൽ.

വഹ്നി-ഗ. അഗ്നി, തീ. ഹവ്യത്തെ വഹിക്കുന്നവൻ എന്നർത്ഥം. ദേവകൾക്കു ഹവ്യത്തെ എത്തിച്ചുകൊടുക്കുന്നവൻ എന്നുമാവാം. അഷ്ടമികൾപോലെന്മാരിൽ ഒരാൾ. ഉ. കൊടുവേലി. ന. വയറ്റിലെ അഗ്നി. ര. വടകപ്പുമിനാരകം. ഇ. ആചാര്യൻ. ന. ദൈവം. ഒ. കുതിര. ഴ. സോമൻ. ൻ. ചേരുമരം.

വഹ്നിക്കൊണ -കിഴക്കുതെക്കേ മൂല.

വഹ്നിഗർഭം-ഗ. മൂ. ഉ അരണിവൃക്ഷം.

വഹ്നിധൂമന്യായം-ഒരിക്കലും വിട്ടുപിരിയാതെയുള്ള ലക്ഷണസാന്നിദ്ധ്യം.

വഹ്നിപ്രമഥ-വഹ്നിമരത്തിന്റെ ചെറ്റ കൊണ്ടുരിച്ചുതീ.

വഹ്നിജ്വാല-ഗ. അഗ്നിയുജ്വാല. ഉ. തീതിരി. ന. മേത്തോന്നി.

വഹ്നിബീജം-സ്വർണ്ണം.

വഹ്നിഭാഗ്യ-തെയ്യ്.

വഹ്നിമണ്ഡലം-തീകൊണ്ടുള്ള ഒരു വലയം.

വഹ്നിരേതസ്സ്-സ്വർണ്ണം.

വഹ്നിവല്ലഭകം-വെള്ളിലോട്ട്.

വഹ്നിവർണ്ണം-ചെമന്ന ആമ്പൽ.

വഹ്നിശിഖം-ഗ. കയ്യമ്പപ്പൂ. ഉ. കുങ്കുമം

വഹ്നിശിഖാ-ഗ. അഞ്ഞിത്തിപ്പഴി. ഉ. ഞാഴൽ. ന. മേത്തോന്നി. ര. തീതിരി.

വഹ്നിസംജ്ഞകം-കൊടുവേലി. വഹ്നി എന്ന പേരുള്ളതു് എന്നർത്ഥം.

വഹ്യം-ഗ വാഹനം. ഉ വണ്ടി, ചാട്ട് മുതലായ വാഹനം.

വാ-ഗ. കൈയിലിടുന്ന ആഭരണം, തുകം മറവു. ഉ. പുരയുടെ കഴുക്കോൽ തുളച്ചു ചെലുത്തുന്നതിനു ചതുരമായിട്ടു തീക്കുന്ന മരം. ന. പാമ്പിന്റെ തൊലി (ചട്ട).

വളകഴിപ്പൻ-ഒരുമാതിരിപ്പുഴു.

വളക്കത്തി-കട്ടാരം, വളഞ്ഞ വാൾ.

വളക്ഷം-വെളുപ്പുനിറം, വിശേഷമായി കാണപ്പെടുന്നതു് എന്നർത്ഥം.

വളങ്കടി-ഈർപ്പമുള്ള മണ്ണിലും മറവു ചെയ്തിടത്തിൽ കാലിന്റെ വിരലിന്നിടയിൽ ചൊറിഞ്ഞുണ്ടാകുന്ന ഒരു ഭീനം, ഇരകടി.

വളച്ചൽ-ഗ. വളവു്. ഉ. ചുറ്റൽ.

വളച്ചുകെട്ടിപ്പറയുക-കാര്യം വെളിപ്പെടുത്തിപ്പറയാതെ ഉപായത്തിൽ ഗ്രഹിപ്പിക്കുക, അർത്ഥം എളുപ്പത്തിൽ മറ്റൊരാൾ അറിഞ്ഞുപോകാതെയെന്നു വിചാരിച്ചു ചുറ്റിക്കെട്ടിപ്പറയുക. കല്യം

ണസെഴുത്തധികം തുള്ളുക്കഥയിലെ 'തം മരാസംക്ഷണൻറെമത്തേടതാഴത്തു' എന്നുംമറ്റുമുള്ള ഭാഗം ഇതിന്റെ ദൃഷ്ടാന്തമാകുന്നു. (ഹനുമാൻ എന്ന പദം നോക്കുക).

വളച്ചുവിടുക-പ്രേരിപ്പിക്കുക

വളച്ചേറുമൻ-പുലയൻ.

വളഞ്ഞിയൻ-ഒരുവക ക്ഷുദ്രകൻ.

വളഞ്ഞ-വി. വളവുള്ള.

വളത്തടി-ഒരായുധം.

വളപ്പു്-ഗ. വളവു്. ഉ. പറമ്പു്.

വളപ്പുര-വള്ളത്തിൽ വെയ്ക്കുന്നതിനു കെട്ടിയുണ്ടാക്കുന്ന പുര.

വളപ്പുഴുവു്-ഒരുവക ചെറിയ പുഴുവു്.

വളഭി-മട്ടപ്പാവു്, മുഖപ്പലക, മുവരിൽ പുലിമുഖവും മറവും വെയ്ക്കുന്നതിനുള്ള വളമരം.

'വളഭികയുംമുകളേറിയിരുന്നിടുന്നു'
(സ്യമന്തകം തുള്ളൽ)

വളം-ഗ. സസ്യാദികളും തഴച്ചുവരുന്നതിനു് അവയുടെ മുവട്ടിൽ വെയ്ക്കുന്ന ചവറുംമറ്റും. ഉ. ഒരുമാതിരി ചെറിയ പുഴുവു്.

വളംവെച്ചുകൊടുക്കുക = പ്രോത്സാഹിപ്പിക്കുക.

വളയക്കാം-തേങ്ങാക്കുഴമ്പു്. ഉരുണ്ടതാണു് (പുത്തൻകാരമായതാണു്).

വളയപ്പുൻ-വളകഴിപ്പുൻ.

വളയം-ഇരിമ്പു്, ഓടു മുതലായ ലോഹങ്ങൾകൊണ്ടു വട്ടത്തിൽ പണിതതോ വാർത്തോ ഉണ്ടാക്കിയ വസ്തു.

വളയർവട്ടക-ഒരുമാതിരി പാത്രം.

വളയുപ്പു്-ഒരുമാതിരി ഉപ്പു്.

വളയുന്നു-കനിയുന്നു, ക്രുനയുന്നു. (വളയ്ക്കുന്നു-സ. ക്രി.)

വളയ്ക്കുന്നു-ഗ. മുറുവെല്ലാതെയാക്കുന്നു, കനിയ്ക്കുന്നു. ഉ. നേർവഴി വിട്ടു പുറനടക്കുന്നു.

വളരു്-ഗ. ആനവണക്കി. ഉ. കല്ലുകൊണ്ടു പുറത്തറയിൽ പണിയുന്നതിൽ ഒന്നിന്റെ പേർ. ന. മരംകൊണ്ടു മേൽപുരയിൽ പണിയുന്നതിൽ, ഒന്നിന്റെ പേർ.

വളരുന്നു-വലിക്കുന്നു, വലിയതാകുന്നു. (വളക്കുന്നു, വളത്തുന്നു-സ. ക്രി.)

വളരെ-അ. അനവധി, പെരുത്തു്.

വളർ-ആനവണങ്ങി, വളവ്ടി.

വളർ-വി. ഗ. വലിയ. ഉ. വളഞ്ഞ. ന. വെളുത്ത (പ-മ.)

'വാരിയെടുത്തു വളർ കുടർമുലകളും'
(ഭാഗവതം)

വളക്കുന്നു, വളത്തുന്നു-രക്ഷിക്കുന്നു.

വളർക്ഷ-വി. വെളുപ്പുനിറമുള്ള.

വളർക്ഷ-ഗ. മുത്തു്. ഉ. വെളുപ്പുനിറം.

വളച്ചു്-വളരുക.

വളത്തൽ-വളത്തുക.

വളമ്മ-വളച്ചു്.

വളർവട്ടക-കോളാമ്പി.

വളവു്-ചൊവ്വില്ലായ്മ, ക്രുനു്.

വളവളാ-ചെറിയ വൈതൽ പറയുന്ന ശബ്ദം.

വളി-അധോവായു, കീഴ്ശ്വാസം.

വളിക്കുന്നു-ചോറു്, കറി മുതലായവ ആറിത്തണുത്താൽ ദുർഗന്ധവും ദുസ്സ്വാദും ഉണ്ടാകുന്നു.

വളിച്ചി-സ്ത്രീകളുപ്പറയുന്ന ഒരു ശകാരവാക്കു്.

വളിപ്പു-വളിച്ചാലുള്ള അവസ്ഥ.

വളിതം-കളിയായി പറയുന്നതു്, കള്ളം, കളവു്.

വളിതക്കാരൻ-ചതിയൻ

വളസം, വളതം ഇഷ്ടത്തിന്നായിട്ട പറയുന്ന നാണയം. ക്ക്.

'വളസംപറകെകന്നളിയവനോടും
നന്നല്ലംക്കം'
(ഉത്തരരാമായണം ചംപു)

വള്ളക്കാരൻ-തോണി ഉടമസ്ഥനായവൻ.

വള്ളത്തടി-വള്ളത്തിനുള്ള തടി

വള്ളത്തുടൽ-വള്ളം പൂട്ടുന്ന ചങ്ങല.

വള്ളപ്പുടി-വള്ളത്തിനകത്തിരുന്ന തുഴയുന്നതിനും മറ്റും ഉള്ള പലി.

വള്ളപ്പുലക-വള്ളത്തിനകത്തു് ഇട്ടിരിക്കുന്ന പലക.

വള്ളപ്പാട്ടു്- വള്ളംകളിക്കുമ്പോൾ പാടുന്ന ഒരുമാതിരി പാട്ടു്, വഞ്ചിപ്പാട്ടു്.

വള്ളം-ഗ. വെള്ളത്തിന്റെ മീതെ സഞ്ചരിക്കുന്നതിനായിട്ട മരംവെട്ടിക്കഴിച്ചുണ്ടാക്കിയ ഒരു സാധനം, തോണി, വഞ്ചി. ഘ. വല്യം (ഏ00 മുതൽ ൽ00 വരെ അരി കൊള്ളുന്ന മുളക്കുട്ട).

വള്ളൽ-ഗ. ഒപ്പമില്ലായ്മ. ഘ. വള്ളി.

വള്ളവൻ- പുലയക്കു കൊടുക്കുന്ന ഒരു സ്ഥാനപ്പേർ.

വള്ളി-ഗ. മുച്ചു പടരുന്ന വസ്തു. ഘ. ി (ഇ) എന്ന അടയാളം. ങ. നാര് (കെട്ടുന്നതിനുള്ളതു്). ച. കാതിന്റെ വള്ളി (വക്ക്). ഛ. വല്ലി. സുബ്രഹ്മണ്യന്റെ പത്നി.

വള്ളിക്കൊഞ്ഞിര-ചെ ക കഞ്ഞിര വൃക്ഷം.

വള്ളിക്കാണം- കന്നുകാലികളെ വിലയ്ക്കു വാങ്ങിക്കുമ്പോൾ ഉടമസ്ഥർ അവയുടെ കഴുത്തിൽ കയറിട്ടു തരുന്നതിനായിട്ടു വിലയിൽ ക്രടാതെ കൊടുക്കുന്ന അല്പം ദ്രവ്യം.

വള്ളിക്കാൽ-ചെവിയുടെ അടിവശം.

വള്ളിക്കിഴങ്ങു്-ഒരുമാതിരി കിഴങ്ങു്.

വള്ളിക്കൂടിൽ-വള്ളിക്കെട്ടു്.

വള്ളിക്കെട്ടു്-വള്ളി മുറിച്ചിട്ടതിന്റെ പുറപോലെ ആയതു്, വള്ളിക്കൂടിൽ.

വള്ളിക്കൊട്ട — വള്ളികൊണ്ടുണ്ടാക്കിയ കൊട്ട, കയ്യാലക്കെട്ട.

വള്ളിത്തുള- വക്ക കോർത്തുകെട്ടുന്നതിനു തടിമേൽ തുരച്ച ദ്വാരം.

വള്ളിത്തേരകം-ഒരു വൃക്ഷം.

വള്ളിനാരകം-ഒരുവക നാരകം.

വള്ളിനാരങ്ങ — വള്ളിനാരകത്തിന്റെ ഫലം.

വള്ളിപ്പുലി-ഒരുമാതിരി ചെറിയ പുലി.

വള്ളിമുല്ല-ഒരു ചെടി.

വിക്കം, വ്രണം, അരുചി മുതലായ വക്ക നന്ന്. സം-മല്ലികാ. ക-മല്ലെകെ. ഇം-Arabian Jasmine അറേബ്യൻ ജാസ്മിൻ.

വള്ളിമോടകം-ഒരു വള്ളി.

വള്ളിവക്കോനാതിരി- വെള്ളാട്ടുകരെ രാജാവു്.

വള്ളിവനാടു്-വെള്ളാട്ടുകര രാജ്യം.

വള്ളിവഴുതിന-ഒരുവക കറിസ്സാധന വള്ളി.

വള്ളുവൻ-പുലയക്കു കൊടുക്കുന്ന ഒരു സ്ഥാനപ്പേർ.

വള്ളൂരം-ഉണങ്ങിയ മീൻ അല്ലെങ്കിൽ ഇറച്ചി, ഉപ്പുമീൻ, ഉപ്പിട്ട മീൻ.

വാളോടി - സംമന്ത്രക്കു് വെള്ളാട്ടുകരെ പറയുന്ന ഒരു പേർ.

വഴക്കു്-വ്യവഹാരം.

'എന്നുടെ ക്രൂര പകൻ കളഞ്ഞതെയെന്നൊന്നാട്ടുകൂട വഴക്കാരുകൊല്ല'
(കൃഷ്ണശാഠ)

വഴക്കം-ഗ. വണക്കം. ഘ. വിനയം. ങ. കീഴടക്കം. ച. ഒതുക്കം. ഛ. ശക്തി. ജ. വളയത്തക്കവണ്ണമുള്ള മൃദുത്വം.

വഴക്കാളി-വഴക്ക കൂട്ടാൻ താല്പര്യമുള്ള ആൾ.

വഴക്കുകാരൻ-വഴക്ക പറയുന്നതിലും കലഹിക്കുന്നതിലും സന്തോഷമുള്ളവൻ. (സ്ത്രീ — വഴക്കുകാരി).

വഴക്കുന്ന-ക്രി. വളയ്ക്കുന്ന. ഉ. തഴമ കാണിക്കുന്ന.

വഴക്കോഴി-ഒരു പക്ഷി.

വഴങ്ങൽ-വഴക്കം.

വഴങ്ങില-വാടിയ ഇല. ഉണങ്ങിയ ഇല.

വഴങ്ങുന്ന-ക്രി. വളയുന്ന. ഉ. കനിയുന്ന. ന. കീഴിലടങ്ങുന്ന. കീഴ്പ്പെടുന്ന. ഴ. വണങ്ങുന്ന. ഇ. അഴയുന്ന. (പ. മ.) (സ. ക്രി.-വഴക്കുന്ന). ന. യന്ത്രചോദിക്കുന്ന.

വഴന-ഒരു വൃക്ഷം.
കാട്ടുവഴന = കരിവേലപ്പട്ട.

വഴല-ഒരുതരം പാമ്പ്.

വഴലൻ-ദുർബുദ്ധി.
ഇതു വഷളൻ എന്നതു ദുഷിച്ചതാണ്. പ്രയോഗിക്കാതെയിരിക്കുക നന്ന്.

വഴി-ക്രി. എല്ലാവർക്കും നടക്കുന്നതിന്നായിട്ടുള്ള സ്ഥലം, പോകയും വരികയും ചെയ്യുന്ന സ്ഥലം ഉ. നിവ്വാഹം. ന. ഉപായം. ഴ. മുറ, ക്രമം. ഇ. കാരണം. ന. വംശപാരമ്പര്യം.

വഴികാട്ടി-വഴികാണിക്കുന്നവൻ.

വഴികെട്ടിക്കളയുന്ന-ഒരുവന്റെ ഉപജീവനത്തെ ഇല്ലാതാക്കുന്ന.

വഴികേട്-മുറകേട്.

വഴിക്കരി-വഴിച്ചെലവിനുള്ള അരി.

വഴിക്കാരൻ-വഴിപോക്കൻ.

വഴിച്ചൽ-പാത്രങ്ങളിലും മറ്റും നിറഞ്ഞു കവിയുക.

വഴിച്ചെലവ്-ഒരു ദിക്കിൽനിന്നു പുറപ്പെട്ടാൽ മറ്റൊരു ദിക്കിൽ എത്തുന്നതു വരയ്ക്കുമുള്ള ചെലവു്.

വഴിച്ചേരി-ക്ര. തിരുവിതാംകൂർ രാജ്യത്തിൽ മുൻപുണ്ടായിരുന്ന തീരവസ്ഥലങ്ങളിൽ ഉയർപ്പെട്ടിരുന്ന ചെറിയ അധികാരങ്ങൾ. ഉ. വ്യാജച്ചേരുക കൊണ്ടു പോകുന്നവരുടെ പ്രത്യേക വഴി.

വഴിച്ചോറ്-ദൂരദിക്കിലേക്കു പോകുന്നവർ വഴിയിൽ ക്ഷീണിക്കുന്നതിന് ഉപതികെട്ടി കൊണ്ടുപോകുന്ന ചോറ്.

വഴിത്തടവ്-വഴിമുട്ട്.

വഴിത്തല-പല വഴികളും കൂടുന്നതിനടുത്ത സ്ഥലം.

വഴിത്താരു-ജനങ്ങളും നടന്നു വഴിയുണ്ടായ അടയാളം.

വഴിത്തിരി-കമ്പവടിയ്ക്കും മറ്റും പടക്കങ്ങളിൽ തീ ചെല്ലുന്നതിനുള്ള വടി മരുന്നുതിരി.

വഴിത്തിരിച്ചൽ-ക്ര. വഴിമാറ്റം. ഉ. തിരിച്ചറിവ്.

വഴിത്തുണ-വഴിയ്ക്കുള്ള സഹായം.

വഴിതെറ്റു-വഴി പിഴയ്ക്കൽ.

വഴിനട(പ്പു)-വഴിയിൽ നടക്കുക.

വഴിപാടു-നേർച്ച, ക്ഷേത്രങ്ങളിൽ കൊടുക്കുന്നതു്.

വഴിപാടുകാരൻ-നേർച്ച കഴിക്കുന്നവൻ

വഴിപിണക്കം-വഴിതെറ്റുക.

വഴിപോക്കൻ-ഒരു ദിക്കിൽ നിന്നും മറ്റൊരു ദിക്കിൽ പോകുന്നവൻ, വഴിക്കാരൻ.

വഴിപോരുവെണ്ണം — കഴിയുന്നിടത്തോളം.

വഴിപോലെ-നല്ലവണ്ണം, ഭംഗിയായി.

വഴിപ്പണി-റോട്ടുവേല.

വഴിപ്പെടുന്ന-കീഴടങ്ങുന്ന.

വഴിമരുന്നു-കതിനാപ്പൂം മറ്റും തിരിടിക്കുന്നതിനു പുറമേയിടുന്ന വെടിമരുന്നു്.

വഴിമാറ്റം-ക്രി. വഴിയിൽ നിന്നും മാറുക. ഉ, വഴി പിഴയ്ക്കുക. നാ. ക്രമത്തെറ്റ്.

വഴിയമ്പലം-വഴിക്കാർക്ക് വെള്ളവും കൊടുക്കുന്ന സ്ഥലം, തണ്ണീർപ്പന്തൽ, വഴിപോക്കർക്ക് കയറിയിരുന്നു തളർച്ച തീർക്കുവാനുള്ള മണ്ഡപം.

വഴിയാകുന്നു-നിർവ്വാഹമുണ്ടാകുന്നു. (സം. ക്രി. വഴിയാക്കുന്നു)

വഴിയാക്കുന്നു-കാര്യം സാധിക്കുന്നു.

വഴിയുന്നു- നിറഞ്ഞു കവിയുന്നു. (കാ. ക്രി. വഴിക്കുന്നു). (പ-മ)

'തോക്കുംനിറഞ്ഞുവഴിഞ്ഞുസുരേന്ദ്രനും'
(ബാല്യോത്സവം തുള്ളൽ)

വഴിയും മൊഴിയും തിരിക്കുന്നു-കാര്യങ്ങളും തീർച്ചയാക്കുന്നു.

വഴിയൊട്ട്- വഴിക്കാർക്ക് കൊടുക്കുന്ന ഭക്ഷണം.

വഴിയേ-അ. ക്രി. വഴിയിൽ കൂടെ. ഉ. മുറയ്ക്ക്. നാ. മര്യാദപ്രകാരം. ശ്ര. പിന്നാലെ.

വഴിയോട്ട്-അ. പുറകോട്ട്.

വഴിവരം-മാർഗ്ഗമാകുന്നവരം. (പ-മ.)

വഴിവരുന്നു-നേരേവരുന്നു.

ഉ-ം, ശിക്ഷയാൽ അവൻ വഴിവരാറുണ്ട്.

വഴിവാടെത്തിക്കുക- അശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യുക.

വഴുക-തടങ്ങിൻ മടലിന്റെ അകത്തുനിന്നു കീറിയെടുക്കുന്ന നാര്.

വഴുകുന്നു-ക്രി. ചവക്കുന്നു, തെറ്റുന്നു. ഉ. ഒലയ്കുന്നു.

വഴുക്ക-ഇളനീരിന്റെ അകത്തുള്ള വസ്തു, വഴുമ്പൽ.

വഴുക്കൽ-ക്രി. തെറ്റൽ. ഉ. ചില മത്സ്യത്തിന്റെ മേത്തോൽ മറവുള്ള അവസ്ഥ

വഴുക്കുന്നു-തെറ്റുന്നു. കാലുതെറ്റി വീഴുവാൻ തുടങ്ങുന്നു, ചവുക്കുന്നു.

വഴുക്കുക എന്നതു 'വഴുതുക' എന്നതിന്റെ പ്രയോഗകപ്രകൃതിയാണ്.

വഴുതൽ-ക്രി. ക്ഷമ. ഉ. ഉപേക്ഷ. നാ. തെറ്റ്, ചവുക്കൽ.

വഴുതിന-ഒരുവക കറിസ്സാധനമുണ്ടാകുന്ന ചെടി.

വഴുതിനങ്ങ-വഴുതിനയുടെ കായ്.

വഴുതുന്നു-ക്രി. ക്ഷമിക്കുന്നു. ഉ. ഇണങ്ങുകുന്നു.

'വിരിഞ്ഞനവനൊരുകരുണവഴുതണം'
(ത്രിപുരദഹനം തുള്ളൽ)

നാ. തെറ്റുന്നു, ചവുക്കുന്നു.

വഴുത്തി-ഒരു ചെടി, ചെറുവഴുതിന, കുറുത്തചുണ്ട, പുണ്യാഹച്ചുണ്ട.

വഴുപ്പ്-ചില പശയോ ചെളിയോ കൊണ്ടുണ്ടാകുന്ന ഒരു തെറ്റൽ.

വഴുവഴുപ്പ്-അധികമായുള്ള തെറ്റൽ.

വഴുവഴെ-അ. തെറ്റിത്തെറ്റി.

വറ-ക്രി. പശയിടുക, പശയിട്ടുപറ്റിക്കുക. ഉ. വരുപ്പ്, വറുക്കുക.

വറ-വറുത്തുപൊടിച്ച വസ്തു.

വറകലം-വറുക്കുന്ന പാത്രം.

വറക്കുന്നു-പൊരിക്കുന്നു. ക്ര. ധാന്യാദികം കലത്തിലും മറ്റും ഇട്ടു വെള്ളമില്ലാതെ വേവിക്കുന്നു. ഉ. ഉപ്പേരിക്കുള്ള വും മറ്റും വെളിച്ചെണ്ണയിലോ നെയ്യിലോ ഇട്ടു വേവിക്കുന്നു

വറം-ചുമക്കൽ, അപൂർവ്വസ്ഥിതി, ക്ഷാമം.

വറട്ട്-വരട്ട്, ഉണങ്ങിയ.

വറടി-മച്ചി, മലടി.

വറട്ടുന്നു-ഉണക്കുന്നു, നല്ലവണ്ണം പൊരിക്കുന്നു, വറുക്കുന്നു.

വറൽ-പൊരിച്ചു കറി.

വാറ്റു് ക്രി. വറക്കുക ചെ. പഞ്ചം, ക്ഷാരം. നാ. ഉണക്കുകാലം, അധികം വെയിലുള്ള സമയം

വാറ്റി-പരത്തി ഉണക്കിയ ചാണകം.

വാറ്റുന്നു-ഉണങ്ങുന്നു, വെള്ളം വറയുന്നു. നല്ലവാക്കു പെരിയുന്നു. (ഇപ്പോൾ വരളുന്നു എന്നായിരിക്കുന്നു). (സം-ക്രി. വരട്ടുന്നു).

വാറ്റുചാ-വരണ്ടതിന്റെ അവസ്ഥ.

വാറുതി, വാറുമ-ക്ര. ക്ഷാമം, ദാരിദ്ര്യം. ക. ചൂട്.

വാറുത്തൽ-വറവു്.

വാറുത്തുപ്പേരി-ചേന, വാഴയ്ക്ക മുതലായവ നുറുക്കി ഉപ്പുപുരട്ടി വെളിച്ചെണ്ണയിലോ നെയ്യിലോ വറുത്തതു്.

വാറുത്തരിശ്ശേരി-ഒരു കറി.

വാറുമ, വാറുതി-ക്ര. ക്ഷാമം, ദാരിദ്ര്യം. ക. ചൂട്.

വാറോൻ-പാവപ്പെട്ടവൻ.

വാറ്റു്-ക്ര. ചോറ്റ്. ക. ചോറിനുള്ള അരിയുലി.

വാറൽ-ക്ര. ഉണക്കുകൊണ്ടു് വെള്ളം വലിയുക. ക. തേക്കുന്നതിനുവേണ്ടുംകുന്ന കവള്ളിക്കുറവു്.

വാറൽച്ചുണ്ട-പുത്തരിച്ചുണ്ട.

വാറൽമുളക്-ഉണങ്ങിയ മുളക്.

വാറാത-വാറാത്ത, നശിക്കാത്ത.

വാറുന്നു-ക്ര. വെയിൽകൊണ്ടോ തീ കൊണ്ടോ തേക്കുകൊണ്ടോ വെള്ളം കറയുന്നു. ക. വെയിൽകൊണ്ടും മറ്റും ജലം തീരെയില്ലാതാകുന്നു. നാ. നീരുപൊറക്കുന്നു. (സം. ക്രി. വാറിക്കുന്നു).

വാ

വാ-അ എന്നപോലെ, സംശയം, മാത്രം. ഇപ്രകാരമുള്ള അർത്ഥങ്ങളും വരും ഉ-ം, അല്ലയോ ശ്രോ വാ = ഇന്നാ നാളയോ.

വാ-വരുക എന്ന ഒരു ധാതുപ്രകൃതി.

വാഃ-ജലം.

വാ(യ്)-ക്ര. മുഖത്തുള്ളതിൽ ഭക്ഷിക്കുന്ന ദ്വാരം. ക. സന്ധി, കടം മുതലായവ സ്വീകരിക്കുന്നതിനുള്ള വഴി, ചില ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം.

വാക-ക്ര. ഒരു വൃക്ഷം. ക. ആ അല്പം.

വാകച്ചുമ്പു്-ഒരു കടലാടകം.

സംഭാരകത്താലു. ഇതിനു മറ്റുചേമ്പിന്റെ ഗുണമാണുള്ളതു്. ചൂടുനീരിനും മറ്റും നന്നു്.

വാകചി - ഒരുങ്ങാടിമരുന്നു്, കർക്കോകിൽ. വാതത്തെ ശമിപ്പിക്കുന്നതു് എന്നർത്ഥം.

വാക്കു്-ക്ര. വചനം. ക. മംഗി. (പ-മ), മാധുര്യം, അക്ഷരവ്യക്തി, സുസ്വരം, പദസ്ഫുടത, ലാഘവത, ഒജസ്സുള്ളവയും ഇവയുള്ള 'വചോഗുണങ്ങൾ' എന്നു പേർ.

വാക്കത്തി-ഒരുമാതിരി വെട്ടുകത്തി.

വാക്കൻ-നടൻ.

വാക്കിലോറം- മുറുകെടുത്തി പറക, ശകാരം.

വാക്കെട്ടു-വായടച്ചുകെട്ടുക.

വാക്കോറം-വാക്കിലോറം, ശകാരം.

വാൿ-സരസ്വതി. സ്തുതിക്കപ്പെടുന്നവൾ എന്നർത്ഥം.

വാൿകരണം-വാക്കിന്റെ വ്യാകരണം.

വാൿതർക്കം-വഴക്കുപറയുക.

വാൿദേവതാ-സരസ്വതി.

വാൿദേവി-സരസ്വതി.

വാൿപതി-വി. വാഗ്ദേവതയുള്ള.

വാൿപതി-ക്ര. വ്യാഴൻ. ക. സ്വാധീനവാക്കായിട്ടുള്ളവൻ.

വാൿപാരുഷ്യം-വാക്കിന്റെ കടുപ്പം.

വാൿപ്രദാ-സരസ്വതീനാമി.

വാക്യത്രയം-ചൂണ്ടിക, സങ്കീർണ്ണകം, മഹാവാക്യം ഇങ്ങനെ മൂ വിധം. (ഓരോന്നും പ്രത്യേകം പ്രത്യേകം നോക്കുക).

വാക്യപദീയം-ഭർത്തൃഹരിയുടെ പുസ്തകം

വാക്യം-പ്ര. വാക്ക്. ഉ. വാചകം. മൂ. ഒരു ജ്യോതിർഗ്ഗംസ്രുയുന്ഥം. ഭ. (വ്യാകരണത്തിൽ) ഒരു സംഗതിയെ പൂർണ്ണമായി വിവരിക്കുന്ന പദങ്ങളുടെ കൂട്ടം, തിങ്ങന്തസമൂഹത്തിനും സുബന്തസമൂഹത്തിനും വാക്യം എന്നു പേർ.

വാക്യാർത്ഥം-വാക്യങ്ങളുടെ പൊരുൾ.

വാഗരൻ-പ്ര. സന്ന്യാസി. ഉ. പരിവ്രാജകൻ. മൂ. പണ്ഡിതൻ. ഭ. ധീരൻ.

വാഗരം-ചന്ദനം(ത്ത്).

വാഗാ-കടിഞ്ഞാൺ.

വാഗാരു-വി. നന്ദികെട്ട, വാശ്രയത്തെ ഇല്ലാതാക്കുന്ന.

വാഗീശ-വി. വാഗ്ദേവതയുള്ള.

വാഗീശൻ-പ്ര. ബൃഹസ്പതി. ഉ. പറവാൻ സാമർത്ഥ്യമുള്ളവൻ, വിദ്വാൻ. മൂ. ബ്രഹ്മാവ്, ബ്രഹ്മം.

വാഗീശാ-സരസ്വതി.

വാഗീശ്വരൻ-പ്ര. വാഗ്ദേവതയുള്ളവൻ, വിദ്വാൻ. ഉ. ബൌദ്ധന്മാരുടെ ഒരു ദേവൻ. മൂ. ബ്രഹ്മാവ്.

വാഗീശ്വരി-സരസ്വതി.

വാഗ്ഗുജി-കാർകോകിൽ.

വാഗ്ഗുര-നായാട്ടുവല ഹിംസിക്കുന്നത് എന്നർത്ഥം

വാഗ്ഗുരി-ഒരു ഗ്രന്ഥകാരൻ.

വാഗ്ഗുരികൻ-വലവെച്ചു മൃഗങ്ങളെ പിടിക്കുന്നവൻ. വാഗ്ഗുരകൊണ്ടു ചരിക്കുന്നവൻ എന്നർത്ഥം.

വാഗ്ഗുരം-വാവൽ.

വാഗ്ദത്ത-വി. വാക്കുകൊടുക്കപ്പെട്ട.

വാഗ്ദത്തം-പ്രതിജ്ഞ. വാക്കുകൊടുക്കുക.

വാഗ്ദത്താ-കൊടുക്കാമെന്നു പറയപ്പെട്ട കന്യക.

വാഗ്ദലം-ചുണ്ട്.

വാഗ്ദാനം-പ്രതിജ്ഞ, വാക്കുകൊടുക്കുക.

വാഗ്ദുഷ്ട-വി. വാക്കുകൊണ്ടു ചീത്തയാക്കപ്പെട്ട.

വാഗ്ദുഷ്ടൻ-ചൊല്ലുണ്ണുന്ന പ്രായം കഴിഞ്ഞിട്ടും ഉപനയനവും മറ്റും കഴിക്കപ്പെടാത്ത ബ്രാഹ്മണൻ.

വാഗ്ദേവി-സരസ്വതി.

വാഗ്ദോഷം-പ്ര. ചീത്തവാക്ക്, ശകാരം. ഉ, അപശബ്ദം.

വാഗ്ധോരണി-വാക്കുകളുടെ ധാരാളിത്തം, വളരെ വാക്കുകളുടെ പ്രയോഗം.

വാഗ്ഭടൻ-അഷ്ടാംഗഹൃദയ കർത്താവായ ഒരു ആചാര്യൻ.

"ഇദ്ദേഹം ബുദ്ധമതക്കാരനാണെന്നു ചിലപ്രകാരമേ ജനങ്ങളുടെ ഇടയിൽ ഒരു അഭിപ്രായം വ്യാപിച്ചിട്ടുണ്ട്. ഈ അഭിപ്രായം യുക്തിയുക്തമല്ല. ബുദ്ധമതത്തിലേയും ഹിന്ദുമതത്തിലേയും തത്വങ്ങൾക്കു തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. പല ഭാഗങ്ങളും വിരുദ്ധമായിരിക്കുന്നു. ബുദ്ധമതക്കാർ ഹൈന്ദവവേദത്തെ അംഗീകരിക്കാത്തവരാണ്. ഹിന്ദുമതം, പുരാണം, വേദം, മന്ത്രം, വിശ്വാസം മുതലായവയോടു വാഗ്ഭടാചാര്യൻ പൂർണ്ണമായ അനുഭവമുണ്ടെന്നു അഷ്ടാംഗഹൃദയത്തിന്റെ പല ഭാഗങ്ങളും വ്യക്തമാക്കുന്നുണ്ട്. അഷ്ടാംഗഹൃദയത്തിന്റെ കർത്താവ് ഒരിക്കലും ബുദ്ധമതക്കാരനായിരുന്നില്ലെന്നു തെളിയുന്നു".

വാഗ്മി-വി. വാക്സാമർത്ഥ്യമുള്ള, നല്ല യുക്തികളോടു കൂടി പറയുന്ന. (നകാരാന്തം). (ശ്രീ, ശ്രിനീ, ശ്രി).

വാഗ്മി-പ്ര. വാക്കിനു സാമർത്ഥ്യമുള്ളവൻ ര. വ്യാഴം. ന. വിഷ്ണു. ഭ. തത്ത.

വാഗ്യ-വി. സത്യമായി സംസാരിക്കുന്ന, കരുതി വർത്തമാനം പറയുന്ന, സൂക്ഷിച്ചു സംസാരിക്കുന്ന.

വാഗ്യമം-വിനയം, മര്യാദ, അടക്കം.

വാഗ്യമം-നീരസംകൊണ്ടോ മറ്റോ മിണ്ടാതെയിരിക്കുക.

വാഗാടാ-വാക്കുതർക്കം.

വാഗതിഭവം-വാക്കുസാമർത്ഥ്യം.

വാഗതിശേഷം-വാക്കിന്റെ ഒരു തരഭേദം.

വാഗൈഭവം-വാക്കുസാമർത്ഥ്യം.

വാംകം-സമുദ്രം.

വാങ്ങ്-കട്ടരം, ചൊട്ട.

വാങ്ങൽ-പ്ര. മേടിക്കൽ. ര. പുറകോട്ടു മാറൽ. ന. നീങ്ങുക. അടുപ്പത്തുനിന്നു നീക്കുക.

വാങ്ങിക്കുന്നു-മേടിക്കുന്നു. (ക. ക്രി.-വാങ്ങിപ്പിക്കുന്നു.)

വാങ്ങിയം, വാങ്ങ്യം-പുരക്കു വിസ്താരം കൂട്ടുന്നതിനു വയ്ക്കുന്ന വാരയുത്തരം.

വാങ്ങുന്നു-പ്ര. വിലകൊടുത്തുമേടിക്കുന്നു. ര. പുറകോട്ടു മാറുന്നു. ന. അടുപ്പത്തുനിന്നു നീക്കുന്നു. ഭ. പൂവും മറ്റും എടുത്തുഴിഞ്ഞു ചിലർ ദേവതയെ മാറിക്കളയുന്നു

വാങ്മനകായകർമ്മങ്ങൾ — വാക്കുകൊണ്ടും മനസ്സുകൊണ്ടും ദേഹംകൊണ്ടുമുള്ള പ്രവൃത്തികൾ.

വാങ്മയ-വി. വാക്കുകൊണ്ടുള്ള.

വാങ്മയം-വാക്കിന്റെ സ്വരൂപം.

വാങ്മാധുര്യം-വാക്കിന്റെ ഭംഗി.

വാങ്മുഖം - വാക്കിന്റെ ഭംഗിയായ ആരംഭം, വചനാരംഭം.

വാങ്മൂലം-പ്ര. വാക്കിന്റെ കാരണം. ര. വാക്കുനിമിത്തം.

വാചം-ഒരുവക മീൻ.

വാചകൻ-നല്ല വാഗ്മി.

വാചകം-പ്ര. ശാസ്ത്രത്തിലെ ശബ്ദം. ര. സാഹിത്യശാസ്ത്രപ്രകാരം ശബ്ദത്തിന്റെ ഒരു വിഭാഗം. ന. അർത്ഥബോധത്തിനു വേണ്ടി പറയുന്ന വാക്കുകളുടെ കൂട്ടം. ഭ. (വ്യാകരണത്തിൽ) ഒരു കാരകക്രിയ കൂടാതെ അന്യോന്യം ചേർന്നിരിയ്ക്കുന്ന പദങ്ങളുടെ കൂട്ടം.

വാചനം-വായന.

വാചനകം-കടങ്കഥ.

വാചായമൻ-മൌനവ്രതമുള്ള തപസ്വി. വാക്കിനെ അടക്കുന്നവൻ എന്നർത്ഥം.

വാചസ്പതി-വ്യാഴം വാക്കുകളുടെ നാഥൻ എന്നർത്ഥം.

വാചസ്പത്യം—ഒരു വിശിഷ്ട സംസ്കൃതനിഘണ്ടു.

(താരാനാഥതർക്കവാചസ്പതി പണ്ഡിതന്റെ കൃതിയാണ്)

വാചാ-വാക്ക്, സംസാരം.

വാചാടൻ-വി. നിന്ദ്യമായി വളരെ പറയുന്ന.

വാചാലൻ-വി. പ്ര. ഏറ്റവും സംസാരിക്കുശീലമുള്ള. ര. നിന്ദ്യമായി വളരെ പറയുന്ന. വാചാലൻ എന്ന പദത്തിനു വളരെ പറയുന്ന, വാചാലൻ എന്ന പദത്തിനു വളരെ പറയുന്നവൻ എന്നു ശബ്ദാർത്ഥം).

വാചി-വി പറയുന്ന. (പദാന്ത്യത്തിൽ ചേരുന്നു. ഉ-ം, കുശലവാചി = കുശലം പറയുന്ന.

വാചിക-വാക്കുകൊണ്ടുള്ള, വാക്കുമൂലമായുള്ള.

വാചികപത്രം-ദൂതന്മാരുടെ പക്കൽ കൊടുത്തയയ്ക്കുന്ന എഴുത്ത്.

വാചികം-പ്ര വാക്യം. ഉ. സന്ദേശം, പറഞ്ഞയക്കപ്പെട്ട വർത്തമാനം.

തവവാചികം അഴൽമേചകം'
(നളചരിതം കഥകളി)

വാചികഹാരകൻ-ദൂതൻ.

വാചോയുക്തി-വി. വാക്കിന്റെ യുക്തി, നല്ലവണ്ണം സംസാരിക്കുക.

വാചോയുക്തിപടു-വി. വാഗ്മിത്വമുള്ള.

വാചോയുക്തിപടു-വാഗ്മി. വാചോയുക്തിയിങ്കൽ പടു (സമർത്ഥൻ).

വാച്ചി-പ്ര വള്ളിയും മറ്റും ചെയ്യുന്ന ഒരുതരം കുട്ടി, വളഞ്ഞ കുട്ടി. ഉ. മുത്തം, ചുംബനം.

വാച്ചിപ്പുറം, വാച്ചിൽ-മിറ്റത്തിനു ചുറ്റുമുള്ള സ്ഥലം, പരിയമുറം.

വാച്ചുക-വെട്ടുക.

വാച്ചൊൽ-രണ്ടുപേരുകൂടി ഒരു കാര്യത്തെക്കുറിച്ചു സംസാരിക്കുമ്പോൾ വിചാരിച്ചിരിക്കാതെ മറ്റൊരുത്തൻ അതിനു ചേരുന്നതായ വാക്കുപറക.

വാച്യ-വി. പ്ര. വചിക്കപ്പെടത്തക്ക, പറയപ്പെടുവാൻതക്ക. ഉ. കുറ്റം പറയപ്പെടത്തക്ക

വാച്യലിംഗം-മൂന്നു ലിംഗത്തിലും പറയപ്പെടാകുന്ന പദം.

വാച്യാർത്ഥം-സ്പഷ്ടമായി പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം.

വാജപേയം-ഒരു യാഗം, യജ്ഞവിശേഷം.

വാജം-പ്ര. അമ്പിനു വേഗമുണ്ടാവാനായി ഞരമ്പിന്റെ കടയ്ക്കൽ ചേർത്തുകെട്ടുന്ന തൂവൽ. ഉ. വേഗം. ന. ശബ്ദം. ര. ഒന. ള. ജലം നു. ചിറക്. ഒ. അന്നം. യു. യാഗം. ൻ. ബലം. പ്ര. ധനം.

വാജസനൻ-പ്ര വിഷ്ണു. ഉ. ശിവൻ.

വാജസനേയൻ-ശുക്ലയജുർവേദത്തിന്റെ കർത്താവോ സ്ഥാപകനോ ആയ യാജ്ഞവല്ക്യൻ.

വാജി-പ്ര. കുതിര. വാജികം (ചിറകം എന്നർത്ഥം വേഗമുള്ളത് എന്നുമാവാം.

കുതിരകൾക്കു പൂർവ്വകാലത്തു ചിറകുണ്ടായിരുന്നല്ലൊ.

ഉ. പക്ഷി. ചിറകുള്ളത് എന്നർത്ഥം. ന. അമ്പ്. ര. ആടലോടകം.

വാജി-വി. പ്ര. വേഗമുള്ള. ഉ. ബലമുള്ള.

വാജി-ഇന്ദ്രൻ, ബൃഹസ്പതി മുതലായവർ.

വാജിഭന്തകം-ആടലോടകം. കുതിരപ്പല്ലിനു സദൃശമായ കേസരങ്ങൾ ഉള്ളത് എന്നർത്ഥം.

വാജിനം-ബലം.

വാജിനി-പെൺകുതിര.

വാജിമേധം ഒരു യാഗം, അശ്വമേധം.

വാജിശാല-കുതിരപ്പുര.

വാജീകരണം-ഔഷധങ്ങളുകൊണ്ടു രേതസ്സിനെ വർദ്ധിപ്പിക്കുക.

വാജീകരാ-കലശലായ കാമവികാരം.

വാഞ്ഛാരം, വാഞ്ഛനം-ആഗ്രഹം.

വാഞ്ഛരികുന്നു-ആഗ്രഹിക്കുന്നു.

വാഞ്ഛരിത-വി. ആഗ്രഹിക്കപ്പെട്ട.

വാട-വി. പ്ര. വടവൃക്ഷംകൊണ്ടുണ്ടാക്കിയ, വടത്തെസംബന്ധിച്ച. ഉ. വാടിയ.

വാട-പ്ര. മൺകോട്ട. ഉ മണം. ന. കിടങ്ങ്. ഉദ്ഗന്ധം.

വാടക-ഒരു ക്രയവസ്തുസമയത്തേക്കു വല്ലതും അനുഭവത്തിനു കൊടുത്തുപറയുന്ന പ്രതി

ഫലം, കാളക്കുളി ക്രുഷി (ഭോടകം എന്നതാണ് വാടക എന്നായത്തു്).

വാടക്കിടങ്ങ്, വാടക്കുഴി-മൺകോട്ടയുടെ പുറമുള്ള കഴി.

വാടക്കുഴി-കിടങ്ങ്.

വാടതിരുവി-യില്ലസ്സ്.

വാടൽ-പ. വാട്ടം. ഉ. മുക്കാതെ പഴുത്ത ഫലം.

വാടാ-പ. ഉദ്യാനം. ഉ. വേലി, വേലിക്കകം. ന. വഴി. ര. മൺകോട്ട. ങ. ഒരു ധാന്യം.

വാടാമല്ലിക-ഒരു പൂച്ചെടി.

വാടാവിളക്ക്-രാവും പകലും ഇടവിടാതെ നിന്നെരിയുന്ന വിളക്ക്.

വാടി-പ. വേലിക്കകമായുള്ള സ്ഥലം, വളപ്പിനകം, ഉ. ഭവനം. ന. ഒരു ധാന്യം. ര. ആവരണമുള്ള സ്ഥലവിശേഷം. ങ. വഴി.

വാടിക-പ. തോട്ടം, പൂങ്കാവനം. ഉ. വീടിരിക്കുന്ന സ്ഥലം. ന. കൂവന്തോട്ടി. ര. കറിക്കായം

വാടുന്നു-പ. തീയോ വെയിലോ കൊണ്ടു വാടിയതായി തീരുന്നു, വഴങ്ങുന്നു. ഉ. തളരുന്നു. ന. ശോഭ കുറയുന്നു. ര. ദുഃഖിക്കുന്നു. (സ. ക്രി. വാട്ടുന്നു, വാടിക്കുന്നു).

വാട്ട-പ. തൂക്കു (വാട്ടംപൊരുന്ന = തൂക്കു അധികമായിത്തീന്നു) ഉ. ക്ഷീണം. ന വഴക്കം. ര ശങ്ക. ങ. ബാക്കി, Balance.

വാട്ടാലകം- ഒരു പച്ചമരുന്നു്, കറന്തോട്ടി. വാടിയെ (തോട്ടത്തെ) അലങ്കരിക്കുന്നതെന്നത്ഥം.

വാഡവാനലൻ-സമുദ്രത്തിലെ തീ, ബഡവാഗ്നി.

വാഡവേയം-കാള.

വാഡ്ഥ-വി. പ. അധികമായ. ഉ. ഉറപ്പുള്ള.

വാഡ്ഥ-വളരെ, അധികം, നന്നായി, നല്ലവണ്ണം.

വാണക്കററി-വാണം ഏരിച്ചു വിടുന്നതിനു് ചെടിമരുന്നിട്ടിരിക്കുന്ന മുളംകററി.

വാണക്കോൽ-വാണക്കററിമേൽ ചെച്ചു മുറുക്കുന്ന അലകുവടി.

വാണൻ-പ ബ്രഹ്മാവിന്റെ മകനായ ഭൃഗുവിന്റെ പുത്രൻ ഉ. ഒരു വലിയ വിദ്വാൻ, കവി.

വാണം-പ. അമ്പു്. ഉ. അഗ്നിയുടെ ഒരു പേർ. ചെടിമരുന്നുകൊണ്ടുള്ള പ്രയോഗം. ന. അമ്പൊട്ടൽ.

വാണി-വി. ബാണമുള്ള, അമ്പുള്ള.

വാണി-പ. സരസ്വതി. നദീരൂപേണ പ്രവഹിക്കുന്നവരം എന്നത്ഥം. ബ്രഹ്മലോകത്തിലുള്ള മാനസസരസ്സിൽ ക്രീഡിക്കുന്നവരം എന്നുമാവാം ഉ. വാക്കു്. ന. നെയ്ത്തു്. ര. സരസ്വതീനദി.

വാണിജൻ-ചെട്ടി, കച്ചവടക്കാരൻ.

വാണിജം, വാണിജ്യം-കച്ചവടം. വണിക്കിന്റെ കമ്മം എന്നത്ഥം.

വാണിജികൻ-പ. കച്ചവടക്കാരൻ. ഉ. കള്ളൻ, ചതിയൻ.

വാണിജ്യം-കച്ചവടം.

വാണിനി-പ. തുള്ളുന്നവൾ, നർത്തകി. ഉ. മദിച്ചവൾ. ന ദൃതി അവശ്യമായി സംസാരിക്കുന്നവൾ എന്നത്ഥം.

വാണിഭക്കാരൻ-കച്ചവടക്കാരൻ.

വാണിഭം-കച്ചവടം.

വാണിയൻ-എണ്ണയുള്ള വസ്തുക്കളെ ആട്ടുന്ന ഒരു ജാതിക്കാരൻ.

വാണിയം-കച്ചവടം.

വാണീജാനി-ബ്രഹ്മാവ്. വാണി (സരസ്വതി) യെകന്ന ജായയെയുടെ ക്കടിയവൻ എന്നർത്ഥം.

വാണീഭഗവതി, വാണിമാതു്-സരസ്വതി.

വാണീവിലാസം-പ. വാക്കിന്റെ ശോഭ. ഉ. വാക്കുസാമർത്ഥ്യം. ന. സരസ്വതീവിലാസം.

വാണ്ണീടും-(വാണീടും എന്നതിന്റെ പൂർവ്വരൂപം).

വാതു്-പന്തയം, പന്തായം, ചൂതുപൊരുതുമ്പോഴും മറ്റും ജയിക്കുന്നവന്നു മടങ്ങുന്നവൻ കൊടുക്കാമെന്നു പറയുന്ന വസ്തു.

വാതകം-പ. തുവരപ്പയറു്. ഉ. വായുപോലെയുള്ളതു്, വായുരൂപമായതു്, അരൂപി. ന. ചെമ്പു്. ര. നീരാരൽ.

വാതകി-വി. വാതരോഗമുള്ള.

വാതകീ-തുവരപ്പയറു്.

വാതകേതു-പൊടി.

വാതക്രുദ്ധം-വാതദീനത്തിന്റെ ബീജം കലന്നിട്ടുള്ള ദേഹപ്രകൃതി.

വാതക്കൊടി-ഒരു പച്ചമരുന്നു്.

വാതഗുല്മം-പ. കൊടുംകാറ്റു്. ഉ. ഒരു രോഗം.

വാതഛത്രാജം-മേഘം.

വാതൻ-വായു, കാറ്റു്, വീയു(ശ്വ)ന്നവൻ എന്നർത്ഥം.

വാതനാഡി-വാതം സഞ്ചരിക്കുന്ന ഞരമ്പു്.

വാതപര്യ്യായം-ഒരു രോഗം.

പുരികങ്ങളിലും കണ്ണുകളിലും വാതം ക്രമേണ ചിലപ്പോൾ വന്നിട്ടു പലപ്രകാരത്തിൽ വലിയ വേദനയുണ്ടാക്കും.

വാതപുത്രൻ-പ. ഭീമൻ. ഉ. ഹനുമാൻ.

വാതപ്പാഥ(ക)ം-പ്ലാശുവൃക്ഷം. വാതരോഗത്തെ കളയുന്നതു് എന്നർത്ഥം.

വാതപ്പനി-വാതംകൊണ്ടുണ്ടാകുന്നപനി.

വാതപ്പുല്ലാന്തം-ഒരു വാതരോഗം.

വാതപ്രമി-പെരുമൻ, കാറിന്റെ നേരെ പാഞ്ഞുചെല്ലുന്നതു് എന്നർത്ഥം.

വാതമണ്ഡലി-ചുഴലിക്കാറ്റു്.

വാതമുഖപാകം-ഒരു രോഗം.

വാതം വായിൽ മുഴുവൻ സഞ്ചരിച്ചിട്ടു കത്തിനോവോടുകൂടിയ പൊള്ളലുകളെ ഉണ്ടാക്കും.

വാതമൃഗം-പെരുമൻ.

വാതം-പ. കാറ്റു്. ഉ. ത്രിദോഷങ്ങളിൽ ഒന്നു്. ന. വാതരോഗം.

വാതംകൊല്ലി-ഒരു പച്ചമരുന്നു്.

വാതരുക്തം-ഒരു ദീനം.

വാതരാഗം-അരയാലു്.

വാതരായണൻ-ലഹരി പിടിച്ചവൻ. ഭ്രാന്തൻ.

വാതരായണം-പ. ശരം ഉ. കൊടുമുടി.

വാതരൂപം-മഴവില്ലു്.

വാതരോഗം — വാതംകൊണ്ടുണ്ടാകുന്ന ദീനം.

വാതരോഗി-വി. വാതരോഗമുള്ള.

വാതരോഹിണി-ഒരു രോഗം.

നാക്കിൽ എല്ലാടവും വളരെ വേദനയോടുകൂടി കണ്ണഭാരം അടയുമാറു മാംസാങ്കുരങ്ങളുണ്ടാകും.

വാതവൽ-വി. പ. കാറുള്ള. ഉ. വാതരോഗമുള്ള

വാതവൈരി-ആവണക്കു്.

വാതശോണിതം-ഒരു ദീനം, വാതരക്തം.

വാതസാരഥി-അഗ്നി.

വാതസ്കന്ധം–ആകാശത്തിന്റെ വായു സഞ്ചാരത്തിനു പ്രധാനമായ ഭാഗം, വായുമണ്ഡലം.

വാതളം–കടല.

വാതാടം–ഒരു പെരുമരം.

വാതാപി – ബന്ധകാരണ്യത്തിലെ ഒരു രാക്ഷസൻ. (ഇല്വലൻ എന്ന ശബ്ദം നോക്കുക).

വാതാമയം– വായുകോപത്താലുള്ള സുഖക്കേട്, കാറ്റടിയേറ്റിട്ടുള്ള പീഡ.

വാതാരിമാടാ–കസ്തൂരി.

വാതായനം – കിളിവാതിൽ. കാറ്റിനു അകത്തുകടപ്പാനുള്ള മാർഗ്ഗം എന്നർത്ഥം.

'പ്രാസാദം തന്നിലേ വാതായനങ്ങളും'

(കൃഷ്ണഗാഥ)

പ. കാറ്റുകൊള്ളുന്നതിന്നിരിക്കുന്ന മണ്ഡപമോ ക്രൂടാരമോ. ന. കതിർ.

വാതായു–മാൻ. വായുവിനെ തേടിനടക്കുന്നതു് എന്നർത്ഥം.

വാതാരി–പ. ചേന. പ. നെച്ചി. ന. കരിങ്കച്ചോലം. ര. വിഴാൽ. ള. ശതാവരി. ന, വെളുത്ത ആവണക്ക്. ഴ ചേരുമരം. വ. ചതുരക്കള്ളി. ൻ. പുത്രമായി. ഫ. കരിമരം. ഫപ. ചെറുതേക്ക്. ഫവ. കറുശാണി. മ. ബസാർ. bazar.

വാതാശനൻ–സർപ്പം.

വാതാളി–ചുഴലിക്കാറ്റ്.

വാതി–പ. സൂര്യൻ. പ. കാറ്റ്. ന. ചന്ദ്രൻ.

വാതികയോനികന്ദം–ഒരു രോഗം. (യോനിവ്യാപന്നിഭേദത്തിൽപ്പെട്ടതാണ്)

വാതംകൊണ്ടുണ്ടാകുന്ന യോനികന്ദം രൂക്ഷമായിട്ടും വല്ലാതേതോട്ടും പൊട്ടലോടുകൂടിയുമിരിക്കും.

വാതിൽ–പ. ഭവനം മുതലായതിൽ കേറുവാനും മറ്റുമുള്ള വഴി. പ. കതക്. (വാ + ഇൽ = വാതിൽ = ഗൃഹം. ഗൃഹത്തിന്റെ വായ്).

വാതിൽമാടം–ക്ഷേത്രത്തിനകത്തുള്ള ഒരു സ്ഥലം.

വാതീയ–വി. കാറുള്ള.

വാതീയം–കാട്ടി.

വാതൂറുക–സംസാരിക്കുക.

വാതുല–വി. പ. വാതരോഗമുള്ളും പ. ഭ്രാന്തുള്ള.

വാതുലം– കൊടുംകാറ്റ്. വാതങ്ങളുടെ സമൂഹം എന്നർത്ഥം. (വാതുലം എന്നും മുണ്ട്. ചുഴലിക്കാറ്റ് എന്ന അർത്ഥവും കാണുന്നു).

വാതോമ്മി–ഒരു വൃത്തത്തിന്റെ പേർ.

വാത്തി–പ. ഒരു ജാതിക്കാർ. പ. ഇഴവരുടെ ഒരക്ഷരക്കാർ.

വാത്യ–ചുഴലിക്കാറ്റ്.

വാത്യാജാലം–കൊടുങ്കാറ്റ്.

വാത്സകം–പ. പശുക്കിടാങ്ങളുടെ സമൂഹം. പ. ഒരു പെരുങ്ങളുടെ കൂട്ടം.

വാത്സല്യം–പുത്രന്മാരെയും മറ്റും കരിച്ചുള്ള സ്നേഹം.

വാത്സല്ലിക്കുന്ന–സ്നേഹിക്കുന്ന.

വാത്സ്യായനൻ–ഒരു മഹർഷി.

(കാമസൂത്രങ്ങൾ എന്ന പുസ്തകത്തിന്റെ കർത്താവാണ്.)

വാത്സ്യായനം – വാത്സ്യായന മഹർഷി ഉണ്ടാക്കിയ ഒരു ഗ്രന്ഥം.

വാദകൻ–പ. വാദ്യക്കാരൻ. പ. സംസാരിക്കുന്നവൻ.

വാദചതുരൻ–സംഭാഷണത്തിൽ സമർത്ഥൻ.

വാദനം–പ. ശബ്ദിപ്പിക്കുക. പ. വാദ്യം സേവിക്കുക.

വാദപ്രതിവാദം–വാക്കേറ്റം.

വാദം – പ. പഠനം. പ. വ്യവഹാരം, തർക്കം.

വാടര-വി. പഞ്ഞികൊണ്ടുണ്ടാക്കപ്പെട്ട.

വാടലം-ഒരുങ്ങാടിമരുന്ന, ഏരട്ടിമധുരം.

വാടസൌഹിത്യം-തക്കിച്ചു തുപ്തിവന്ന സ്ഥിതി, തക്കിക്കുന്നതിലുള്ള പ്രതിപത്തി.

വാടാലം-ഒരു മത്സ്യം.

ഈ മത്സ്യത്തിനു ആയിരം പല്ലുണ്ടെന്നു അഭിപ്രായം കാണുന്നു.

വാടി-വി. പറയുന്ന. (ടീ, ടിനീ, ടി).

വാടി-പ. വാടിക്കുന്നവൻ, വിദ്വാൻ ര. ആയുധധാരിക്കാരൻ.

വാടികൻ-ആഢ്യൻ.

വാടിക്കുന്നു-പ: പറയുന്നു. ര. വ്യവഹരിക്കുന്നു.

വാദിത്രം - വീണ മുതലായ തന്ത്രിവാദ്യത്തിനേറയും, മുരജം മുതലായ ആനദ്ധവാദ്യത്തിനേറയും, വംശം തുടങ്ങിയ സുഷിരവാദ്യത്തിനേറയും, കാംസതാളം മിയായ ഘനവാദ്യത്തിനേറയും സാമാന്യമായ പേർ. കൊട്ടപ്പെടുന്നത് എന്നു ശബ്ദാർത്ഥം. (വാദ്യം എന്ന പദം നോക്കുക).

'വാദിത്രാണാന്നിനാദേങ്ങളുമിളകുമൊരോ'
(ഉത്തരരാമചരിതം ചംപു)

വാദിശൻ—വിദ്വാൻ, പണ്ഡിതൻ, ജ്ഞാനി.

വാദിപ്രതി(വാദി)കഠം- ആയുധധാരിക്കാരനും അതിനുത്തരം പറയുന്നവനും.

വാദ്യക്കാരൻ-വാദ്യം കൊട്ടുന്നവൻ.

വാദ്യഘോഷം, വാദ്യധ്വനി-പല വാദ്യങ്ങളുടെ ശബ്ദം.

വാദ്യചതുഷ്ടയം-ഘനം, തന്ത്രം, സുഷിരം, വിതതം (വാദ്യം എന്നതു നോക്കുക)

വാദ്യഭാണ്ഡം-വാദ്യങ്ങളുടെ കൂട്ടം.

വാദ്യം-വീണ, മിഴാവു്, കുഴൽ, തകിമണി മുതലായവ. ര. വാദ്യശബ്ദം.

ശ്രോത്രേന്ദ്രിയത്തിനു ആഹ്ലാദകരമായ ഒരുവിധം ക്രിയയാകുന്ന വാദ്യം. ഭരതശാസ്ത്രത്തിൽ നിന്നാണുത്ഭവം. പ്രത്യേകശാസ്ത്രങ്ങൾ വിവരിക്കപ്പെട്ടിട്ടുള്ളതാകുന്നു. വാദ്യം നാലുവിധമുണ്ട്. ഘനം, തന്ത്രം, സുഷിരം, വിതതം ഇവയാകുന്നു. ഘനവാദ്യം ഒരുകൊണ്ടുണ്ടാക്കപ്പെട്ട ഒരു ലോഹമാകും, ചേങ്ങല മുതലായവയാകുന്നു. വിരിഞ്ചിക്ഷേത്രത്തിൽനിന്നുവെച്ചു ഡക്കാവാദ്യത്തെയും, ശിവക്ഷേത്രത്തിൽനിന്നുവെച്ചു കരതാളത്തെയും, സൂര്യക്ഷേത്രത്തിൽനിന്നുവെച്ചു ശംഖും, ദുർഗ്ഗാക്ഷേത്രത്തിൽനിന്നുവെച്ചു മാധുരി (ഒരുവക കുഴൽവാദ്യം), ഒരുകുഴൽ ഇവയും പ്രയോഗിക്കുന്നു.

1. ഘനവാദ്യം 12-വിധം.-കരതാളം, കാംസ്യതാളം, ജയഘണ്ട, ശുക്തിക, കിങ്കിണി, പടവാദ്യം, വട്ടത്തോയം, ഘണ്ടാരം, ഝംഝാതാളം, മഞ്ജീരം, കത്തരി, ഉങ്കാരം. (ഘനവാദ്യം കിന്നരന്മാർക്കുള്ളതാകുന്നു).

2. തന്ത്രം-തന്ത്രമെന്ന വാദ്യം തംബുരു, വീണ, ഫിഡിൽ മുതലായവയാകുന്നു തന്ത്രവാദ്യത്തിൽ അലാവനി, ബ്രഹ്മവീണ, കിന്നരി, ലഘുകിന്നരി, വിപഞ്ചി, വല്ലകി, ത്രൈക്ഷ്യചിത്രം, ഛസ്തിക, കുബ്ജിക, ക്രമ്മി, ശാരങ്ഗി, പരിവാദിനി, വാരണഹസ്തം, തളം, കപിലാസി മുതലായി പലവിധഭേദങ്ങളുണ്ട്. (തന്ത്രവാദ്യം ദേവന്മാർക്കുള്ളതാണ്).

3. സുഷിരം-ഇതു ഒരുകുഴൽ, നാഗസ്വരം, ശംഖു, കൊമ്പു മുതലായ വാദ്യമാകുന്നു. സുഷിര വാദ്യഭേദം-വംശം, വാരി, മധുരി, തുമ്പരി, ശംഖം, കാഹളം, തോഡഹി, മുരളി, മുരു, ശൃംഗിക, ശൃംഗം, കാപാലികവംശം, ചർമ്മവംശം. (സുഷിരവാദ്യം ശൈവന്മാർക്കുള്ളതാണ്).

4 വിതതം (ആനദ്ധം)-ഇതു വാദ്യ
ത്തിന്റെ മുഖത്തു ചർമ്മം ബന്ധി
ച്ചു അതിന്മേലടിച്ചു മുഴക്കമുണ്ടാക്കുന്ന
ചെണ്ട, മദ്ദളം, മൃദംഗം മുതലായവയും
കൂടി. ഇതു 3 വിധം-അങ്കൃം (മടി
യിൽവെച്ചു വാദനം ചെയ്യുന്നതു). ആ
ലിംഗ്യം (ശരീരപൃഷ്ഠാകൃതിയിലിരിക്കു
ന്നതും തൊഴികൊണ്ടടിക്കുന്നതും). ഉരഃകം (ഉയ
രത്തുവെച്ചു താളം പിടിക്കുന്നതു). ഇവ
യിൽ തുടി, കടുത്തുടി, പറ, പെരുംപറ,
മിഴാവു് മുതലായവ ഉൾപ്പെട്ടതു. വിതതം
(ആനദ്ധം) എന്ന വാദ്യം രാക്ഷസന്മാ
ർക്കുള്ളതാകുന്നു).

വാധ്യ(ധ്യ)ക്യം-വിവാഹം.

വാധ്ര്യശ്വായൻ-ഋഷി. വേദം പഠിപ്പിക്കുന്ന
ഋഷി.

വാധ്ര്യശ്വപ്രവൃത്തി-ഋഷിയുടെ മുറ.

വാധ്ര്യശ്വയനി-വാധ്ര്യശ്വനോടെ പ്രവൃത്തി
ചെയ്യുന്നവൾ. (ഉപാധ്ര്യശ്വായിനി എന്ന
പദം നോക്കുക).

വാന-വി. ക, ഉണങ്ങിയ. ഖ. ജീവി
ക്കുന്ന. ഗ പോകുന്ന. ഘ. കാടിനെ
സംബന്ധിച്ച.

വാനം-ക. കെട്ടിടം മുതലായതിന്റെ അടി
യിൽ ചെയ്യുന്ന കല്പണി. അസ്ഥിവാരം.
ഖ. ഉണങ്ങിയ കായ്. ഗ. ഉണങ്ങിയ
പൂവ്. ഉണങ്ങിയതു് എന്നർത്ഥം. ഘ.
ആകാശം ങ വെള്ളത്തിന്റെ ഇരമ്പു്.

വാൻ-ക ഉണങ്ങിയ മരം. ഖ. ഉണങ്ങി
യ കായ്. ഗ ആകാശം.

വാനഞ്ചടി-ഒരു മീൻ

വാനപ്രസ്ഥൻ-കാട്ടിൽചെന്നു തപസ്സു
ചെയ്യുന്നവൻ, മൂന്നാം ആശ്രമി. പ്ര
സ്ഥം = കണക്കാക്കപ്പെട്ട വസ്തു. വനം
തന്നെ പ്രസ്ഥമായതു വനപ്രസ്ഥം. അ
തിൽ ജീവിച്ചവൻ-വാനപ്രസ്ഥൻ.

വാനപ്രസ്ഥം-ക. മൂന്നാംആശ്രമം. (കാ
ട്ടിൽചെന്നു തപസ്സുചെയ്യുക). പ്രസ്ഥം=
കണക്കാക്കപ്പെട്ട വസ്തു. ഖ. പ്ലാശുവൃ
ക്ഷം. ഗ. ഇരിപ്പുവൃക്ഷം.

വാനമല്ലിക-ഒരുമാതിരി മുല്ല.

വാനമീൻ-നക്ഷത്രം.

വാനമ്പാടി-ഒരു പക്ഷി.

വാനരൻ-കുരങ്ങു്. 'വാ നരേ'-മനുഷ്യ
നോ എന്നു ശങ്കിക്കപ്പെടുന്നതു് എ
ന്നർത്ഥം.

വാനരം-ക. കുരങ്ങു്. ഖ. കല്ലുമ്മക്കായ്.

വാനരേന്ദ്രൻ-ക. സുഗ്രീവൻ. ഖ. ഹ
നുമാൻ.

വാനവർ, വാനോർ-ദേവകൾ.

വാനവർകോൻ-ദേവേന്ദ്രൻ.

വാനവില്ലു്-മഴവില്ലു്.

വാനസ്പത്യം-പൂവിൽ നിന്നു കായുണ്ടാ
കുന്ന വൃക്ഷം, അദൃശ്യം പൂവുണ്ടായി പി
ന്നീടു് അതിൽനിന്നു കായുണ്ടാകുന്ന മാ
വു തുടങ്ങിയ വൃക്ഷം. വൃക്ഷജാതിയിൽ
പെട്ടതു് എന്നർത്ഥം.

വാനാ-കാട്ടയടിയാൻ.

വാനായു-മാൻ.

വാനിടം, വാനലകം-സ്വർഗ്ഗലോകം.

വാനീരം-ക. ആറുവഞ്ചിമരം, ചൂരൽ.
വം = ശുഷ്കം—ശുഷ്കമായ ജലത്തോടുകൂ
ടിയതു് എന്നർത്ഥം, ഖ. കൊട്ടം.

വാൻപർ-ഉപ്പൻ.

വാനേയം-കഴിമുത്തങ്ങ. വനത്തിൽ (ജ
ലത്തിൽ) ജനിച്ചതു് എന്നർത്ഥം.

വാനോർ, വാനവർ-ദേവകൾ.

വാൻ-ക ശോഭ്യം അർത്ഥമായ വാക്യാ
ലങ്കാരം.

'പൊയ്യായിട്ടോവരുന്നവനീശ്വര'
(സന്താനഗോപാലം പാന)

ഖ. ആകാശം.

വാന്ത-വി. പ. ഛർദ്ദിക്കപ്പെട്ട. ക. പുറത്തുതള്ളിയ.

വാന്താദം-പട്ടി.

വാന്താന്നം-ഛർദ്ദിക്കപ്പെട്ട അന്നം.

വാന്തി-ഛർദ്ദി.

വാപഗന്ധം-നെയ്ത്തുകാരന്റെ ഒരു തടി, നെയ്ത്തുകോൽ.

വാപഗ്ലകൻ-വിട്ടവായൻ.

വാപം-പ. വിത. ക. ക്ഷൗരം. ന. നെയ്ത്തു്.

വാപനം-ക്ഷൗരംചെയ്യുക.

വാപി-വലിയ കളം, നെടുങ്കോണി, പൊയ്ക. താമര, ആമ്പൽ മുതലായവ ഉള്ളതെന്ന സ്ഥലം എന്നർത്ഥം.

ഇകാരാന്തമായും ഈകാരാന്തമായും ആകാം.

വാപികാ-കളം.

വാപിത-വി. പ. വിതക്കപ്പെട്ട. ക. ക്ഷൗരംചെയ്യപ്പെട്ട.

വാപീതടം-പൊയ്കയുടെ തീരം, കളവക്ക്.

വാപീഹം-വേഴാമ്പൽപക്ഷി.

വാപൊളിക്കുക-മരിക്കുക.

വാപ്പ-അച്ഛൻ, തകപ്പൻ.

വാപ്പിരട്ടി-നിന്ദാവാക്ക്, ശകാരം.

വാപ്യ-വി. വിതക്കപ്പെടുവാൻ തക്ക, വിതയ്ക്കേണ്ടുന്ന.

വാപ്യം-ഒരങ്ങാടിമരുന്ന്, കൊട്ടം. വാപിയിൽ ഇടുന്നതു് എന്നർത്ഥം

വാമ-വി. പ. ഭംഗിയുള്ള, രസാവഹമുള്ള. ക. ഇടത്തെ. (വാമം > ദക്ഷിണം). ന. വിപരീതത്വമുള്ള. ര. മനോഹരമായ. ള. ദുഷ്ടതയുള്ള. ഴ. ദുഷ്ടന്മാരുടെ മട്ടത്തെ കളയുന്ന. റ. നീളംകുറഞ്ഞ. വ. വളഞ്ഞ. (നാമം-വാമത).

വാമക-വി. പ. ഇടത്തെ. ക. വിപരീതമായ.

വാമദേവൻ-പ. ശിവൻ. വക്രത്വമുള്ളവൻ, ശ്രേഷ്ഠനായ ദേവൻ, ഇടതുവശത്തു ധരിക്കപ്പെട്ട ദേവിയോടുകൂടിയവൻ, ദുഷ്ടന്മാരുടെ മട്ടത്തെ കളയുന്നവൻ, സുന്ദരൻ ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. ക. ഒരു മഹർഷി.

ഇദ്ദേഹം വേദത്തിലെ പല ഗീതങ്ങളുടെ കർത്താവാണ്. ശരീരപ്രമാണസമയംതന്നെ അസാധാരണവിധത്തിൽ മാതാവിന്റെ ഒരു ഭാഗത്തുകൂടി ജനിപ്പാൻ ആലോചിച്ചു.

ന. വിസ്മയകരവേഗതയുള്ള രണ്ടു വാജ്യശ്വങ്ങളുടെ ഉടമസ്ഥൻ.

വാമന-വി. പ. നീളംകുറഞ്ഞ. ക. നീചത്വമുള്ള.

വാമനൻ-പ. ഹ്രസ്വശരീരൻ, മുണ്ടൻ. ക. വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരം. ന. ലോകത്തിന്റെ തെക്കേക്കോണിലെ ആന. ര. പാണിനിസൂത്രങ്ങളുടെ വ്യാഖ്യാനമായ കശികാവൃത്തിയുടെ കർത്താവു്. ള. വിഡ്ഢിത്തം പറയുന്നവൻ. ഴ. കള്ളൻ.

വാമനപുരാണം-വാമനാവതാര കഥ അടങ്ങിയ ഒരു പുരാണം. പ്രധാന പുരാണങ്ങളിൽ ഒന്നു്.

കൽപകല്പത്തിൽ ത്രിവിക്രമന്റെ മഹത്ത്വത്തെ വിശേഷീകരിച്ചു നാനുഖനാൽ ത്രിവർഗ്ഗമതങ്ങളിലെഴുതപ്പെട്ടതു്. ഇതിൽ ശിവന്റെ പുകഴ്ത്തുന്നു. വിഷ്ണുവിന്റെ അവയവം തൊക്കു്. രാജസഗുണപ്രധാനം. ഗ്രന്ഥം ൧൦,൦൦൦.

ഇതിൽ ശിവനേയും വിഷ്ണുവിനേയും ഒന്നുപോലെ സ്തുതിക്കുന്നുണ്ടു്. പുരാണത്തിലെ ലക്ഷണങ്ങളും മുഴുവനും ഇല്ല. വാമനാവതാരം ത്രേതായുഗത്തിലാണു്.

വാമനം-ക്ര അഷ്ടാദശപുരാണങ്ങളിൽ ഒന്ന്. ഉ. അഴിഞ്ഞിൽ.

വാമനമൂർത്തി-വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരം.

വാമനി-ക്ര. മുണ്ടി. ഉ. പെൺകുതിര. സ. ഒരു മീനം.

വാമനിക-മുണ്ടി, കുറിയവർ.

വാമൻ-ക്ര. ശിവൻ. ഉ. കാമദേവൻ.

വാമഭാഗം-ഇടത്തുഭാഗം.

വാമം-ക്ര. മുലയുടെ സ്ഥാനം, അകിട്. ഉ. പ്രതികൂലം. സ. മനോഹരം. ര. ഇഷ്ടത. ഇ. കാമം. ന. പാമ്പ്. ഒ. ധനം. വ. ഇടത്തുഭാഗം. ൻ. ചീര.

വാമലൂരം-പുറവ്. ക്ഷുദ്രജന്തുക്കളാൽ ഛേദിക്കപ്പെട്ടുന്നത് എന്നർത്ഥം.

വാമലോചന-വി. നല്ല കണ്ണോടുകൂടിയ

വാമലോചന-സുന്ദരി.

വാമാ-ക്ര. സുന്ദരി, സ്ത്രീ. സ്നേഹിക്കുന്നവർ എന്നർത്ഥം. ഉ. ശൈരി. സ. ലക്ഷ്മി. ര. സരസ്വതി. ഇ. സാധാരണഗതിക്കനുസരിക്കാത്തവർ, വിപരീതശീല. ''കാമസ്യ വാമാഗതി'' എന്ന ശിക്ഷാശ്ലോകം.

വാമാക്ഷി-സുലോചനാ, സുന്ദരി.

വാമാത്മാവ്-പ്രതികൂലൻ.

വാമാദേവി-ചന്ദ്രവംശത്തിലെ നൃപൻ എന്ന രാജാവിന്റെ ഭാര്യ.

വാമി-ക്ര. പെൺകുതിര. വശ്യനെ ഗമിക്കുന്നവർ എന്നർത്ഥം. ഉ. പെൺകഴുത. സ. ചിടിയാനക്കുട്ടി. ര. പെൺനരി.

വാമികാ-ഉറുമ്പ്.

വാമില-വി. ക്ര. സൌന്ദര്യമുള്ള. ഉ. ശുഭശകുനമുള്ള. സ. ചതിവുള്ള.

വാമുള്ള-പെരുങ്ങളുടെ വായിൽ ഉണ്ടാകുന്ന ഒരു മീനം.

വാമൊഴി-സഹോദര്യേതരസ്ഥന്മാർ ചോദിക്കുന്നതിനു വാദിപ്രതികൾ എഴുതി ഒപ്പുവയ്ക്കുന്ന ഉത്തരം, സംഭാഷണം ചെയ്യുന്നതിനു ഉപയോഗിച്ചുവരുന്ന ഭാഷ.

വാമോതിരം-ചില ആഭരണങ്ങളുടെ കഴയിൽ ഒപ്പിച്ചു വിളങ്ങുന്ന സപ്തലോഹങ്ങളിലൊന്നു കൊണ്ടുള്ള മോതിരം.

വാമോത്സംഗം-ഇടത്തുഭാഗം, ഇടത്തുമടി.

വാംശി-മുളന്തവി, മുളകൊണ്ടു.

വാംശികൻ-ഓടക്കുഴൽ വിളിയ്ക്കുന്നവൻ.

വായകൻ-നെയിത്തുകാരൻ.

'മെത്തകംതിരകളംകത്തിടുന്ന
വായകൻ'
(ഭാഗവതം)

വായകം-ക്രട്ടം.

വായങ്കാ-വാക്കലഹം, തർക്കം, ശണ്ഠ.

വായടക്കുന്നു-വാക്കുമുട്ടിക്കുന്നു.

വായദ്ധണ്ഡാ-നെയിത്തുകോൽ. (പാഠം-വ്യാപദണ്ഡം).

വായന-ക്ര. എഴുത്തുകൾ നോക്കി ക്രമത്തിനു ചൊല്ലുക. ഉ. വീണ മുതലായ ചില വാദ്യങ്ങൾ ശബ്ദിപ്പിക്കുക.

വായനക്കോൽ-വീണവായിക്കുന്ന വില്ല്, മീട്ടുകോൽ.

വായനൻ-വായാടി, വായാളൻ.

വായനം-ക്ര. പലഹാരം ഉ. വായിക്കുക.

വായം-ക്ര. ഞാണ്. ഉ. നെയ്ത്ത്.

വായവ-വി. വായുവിനെ സംബന്ധിച്ച.

വായവീയ, വായവ്യ-വി. വായുവിനെ സംബന്ധിച്ച.

വായവ്യം — അഷ്ടാദശപുരാണങ്ങളിൽ ഒന്ന്.

ഇശ്വരകല്പത്തിൽ വായുവിനാൽ ധർമ്മം പറയപ്പെട്ടതു്. (ശിവമാഹാത്മ്യം ഉമ്പ്പടെ) ശിവനെ വാഴ്ത്തുന്നു. വിഷ്ണുവിന്റെ അവയവം ഇടത്തുകൈയ്. താമസപ്രധാനം. ഗ്രന്ഥം ൨൪,൦൦൦.

വായസം-പ്ര. കാക്ക. വയസ്സുകളുടെ (പക്ഷികളുടെ) കൂട്ടത്തിൽ ചേർന്നതു് എന്നർത്ഥം. ൨. തിരുവട്ടപ്പശ. സം. കാരകിൽ.

വായസാന്തകൻ-ഉഴമൻ.

വായസാരാതി-മൂങ്ങ, ഉഴമൻ. കാക്കയുടെ ശത്രുവെന്നർത്ഥം.

വായസാരി-ഗ്രാമ്പൂ.

വായസി-പ്ര. കാക്കപ്പെൺ. ൨. കരിന്തകാളി. സം. മണിത്തക്കാളി. ൪. വലിയ വഴുതന. ൫. കാട്ടത്തി.

വായസോളി-ഒരു മരുന്നു്, കാകോളി. കാക്കയെപ്പോലെ ചലിച്ചുകൊണ്ടിരിക്കുന്നതു് എന്നർത്ഥം.

വായാടി, വായാളി-വളരെ സംസാരിക്കുന്നവൻ.

വായിക്കുന്നു-പ്ര. എഴുത്തുകൾ നോക്കി കാര്യത്തിനു ചൊല്ലുന്നു. ൨. വീണ മുതലായ ചില വാദ്യങ്ങളെ ശബ്ദിപ്പിക്കുന്നു. (കാ. ക്രി. വായിപ്പിക്കുന്നു).

വായില്ലാക്കുന്നിലപ്പൻ-പ്ര. ഒരു ദേവൻ. ൨. ഒരു മുനി. A (dumb) low-caste sage. (Gundert).

വായു-പ്ര. കാറ്റു്. വീശുന്നവൻ എന്നർത്ഥം. ൨. ശരീരത്തിലുള്ള പ്രാണൻ മുതലായവ അഞ്ചും. (പഞ്ചവായുക്കൾ എന്നതു നോക്കുക). സം. ഒരു ദേവൻ. വായുവിന്റെ പര്യായങ്ങൾ-ശ്വസനൻ, സ്പർശനൻ, വായു, മാതരിശ്വാ, സദാഗതി, പുരുഹൂതശ്വൻ, ഗന്ധവഹൻ, ഗന്ധവാഹൻ, അനിലൻ, അഗ്നിഗൻ, സമീരൻ, മാരുതൻ, മരുത്തു്, ജഗൽപ്രാണൻ, സമീരനൻ, നഭസ്വാൻ, വാതൻ, പവനൻ, പവമാനൻ, പ്രഞ്ജനൻ.

വായു ഹനുമാന്റേയും ഭീമന്റേയും അച്ഛനാണ്. മേരുപർവ്വതത്തിന്റെ ശിഖരം ഒടിച്ചുകളയുന്നതിനു് ഒരിക്കൽ നാരദൻ ഉത്സാഹിപ്പിച്ചു. അനന്തരം ചിറകുകൾകൊണ്ടു് മറച്ചു ശത്രുഡൻ രക്ഷിച്ചു. പിന്നീടു ശത്രുഡൻ ഇല്ലാത്ത തരം നോക്കി വായു ശിഖരം പൊട്ടിച്ചു സമുദ്രത്തിൽ എറിഞ്ഞു. ലങ്കാദ്വീപമെത്തിത്തീർന്നതു് ഈ ശിഖരമാണെത്രേ. വായു വിഷ്ണുപുരാണപ്രകാരം ഗന്ധവ്വരാജാവെന്നും കാണുന്നുണ്ടു്. വായുക്കൾ ഒന്നിനു മേൽ ഒന്നായി ഏഴുവിധമുണ്ടു്. (സപ്തമരുത്തുകൾ നോക്കുക)

'ആവഹഃപ്രവഹശ്ചൈവ
സംവഹശ്ചോദ്വഹസ്തഥാ
വിവഹഃക്ഷ്യുപരിവഹഃ
പരാവഹ ഇതിക്രമാൽ'

വായുകോണം-പടിഞ്ഞാറു വടക്കുമൂല

വായുക്ഷോഭം-പ്ര. ഒരു ദീനം. ൨. കാറിന്റെ ഇളക്കം.

വായുഗന്ധം-ദഹനക്കേടു്, അജീർണ്ണത.

വായുഗുല്മം-പ്ര. ഒരുമാതിരി കാറ്റു്, ചുഴലിക്കാറ്റു്. ൨. ഒരു വയറുനോവു്.

വായുഗുളിക-കസ്തൂരി മുതലായ ചില മരുന്നുകളും ഒക്കെക്കൂടെ അരച്ചുകുട്ടിയുണക്കിയതു്.

വായുപുത്രൻ-പ്ര. ഹനുമാൻ. ൨. ഭീമസേനൻ.

വായുപുരാണം— പതിനെട്ടുപുരാണങ്ങളിൽ ഒന്നു്.

ശിവസ്തുതി അടങ്ങുന്നു.

വായുപ്പിഴ-ഉളുക്കു്.

വായുഫലം-ആലിപ്പഴം.

വായുഭക്ഷ(ക്ഷ്യ)ം-പാമ്പ്.

വായുഭുക്ക്-പാമ്പ്.

വായുമണ്ഡലം, വായുമാർഗ്ഗം-ആകാശത്തിൽ കാറിന്റെ സഞ്ചാരമുള്ള സ്ഥലം, ആകാശം.

വായുമണ്ഡലത്തിലുണ്ടാവുന്ന വിവിധവിശേഷങ്ങൾ ന. വിധം. ക. കാറ്റ്, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ് മുതലായി രവും വായുസംബന്ധികളും. ക. മഞ്ഞിൻകട്ട, മഞ്ഞുരുവള്ളം, മഞ്ഞ്, മഴ, ആലിപ്പഴം (വർഷോപലം) മുതലായ ജലമയങ്ങളും. ന. ഇടി, മിന്നൽ, ആകാശവില്ല്, ധ്രുവദീപ്തി തുടങ്ങിയുള്ള തേജോമയങ്ങളും. വായുമണ്ഡലം=വായു നിറഞ്ഞ സ്ഥലം.

വായുമുട്ടൽ-ശ്വാസത്തിന്റെ തടവുകൊണ്ടുണ്ടാകുന്ന ഒരു ഭീനം, കര.

വായുവാഹം-പൂക.

വായുസഖൻ, വായുസഖി-അഗ്നി.

വായുസ്തംഭനം-കാറിന്റെ ഇളക്കമില്ലായ്മ.

വായോല-നിലമോ പറമ്പോ ഒഴിഞ്ഞപ്രകാരം എഴുതിക്കൊടുക്കുന്ന ഏഴുത്ത്.

വായ്ക്കത്തി-ഒരുവിധം വലിയ കത്തി.

വായ്ക്കയറ്-കടിഞ്ഞാൺ.

വായ്ക്കര-സമുദ്രം, നദി മുതലായവയുടെ തീരപ്രദേശം.

വായ്ക്കരി-മരിച്ചുവരെ അടക്കുമ്പോൾ ശവത്തിന്റെ വായിലിടുന്ന അരി.

വായ്ക്കല്ല്-കിണറിൻവക്കിൽ പണിയുന്ന കല്ല്.

വായ്ക്കാൽ-ഇടുങ്ങിയ ചെറിയ തോട്.

വായ്ക്കുന്ന-വലിക്കുന്ന, വളരുന്ന.

വായ്ക്കുരൽ-ഉയരുന്ന കഴൽ, മുരളി.

വായ്ക്കുരളായി ചൊല്ലുന്ന-കണക്കണി ക്കുന്ന.

വായ്ക്കൂട്ട്-ശകാരം.

വായ്ക്കോഠിക-വായിലാക്കുക.

'വായക്കോണ്ടപുരല്ലെല്ലാംപാതിചവച്ചു' (കൃഷ്ണഗാഥ)

വായ്ചൊല്ല്-അടുത്തു കേവിടെ നിന്നെങ്കിലും പെട്ടെന്നു കേൾക്കുവാനിടയാകുന്ന വാക്ക്, പകരവാക്ക്.

വായ്തല-ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം.

വായ്താരി-അപ്പ്.

വായ്ത്താളം-ക. വായകൊണ്ടു ചൊല്ലുന്ന താളം. മ. വെറുതെ പറയുന്ന വാക്ക്.

വായ്നീര്-തുപ്പൽ.

വായ്പു-വളർച്ച, ധാന്യങ്ങളുടേയും മറ്റും വളർച്ച, വർദ്ധന. (പ-മ).

'വയ്പോൻനിന്നുള്ളകാപ്പുസംകൊണ്ടുള്ള' (കൃഷ്ണഗാഥ)

വായ്പ-കടം.

വായ്പാട-ഉറവവാക്ക്.

വായ്പുണ്ണ്-വായ്ക്കുള്ളിലുണ്ടാകുന്ന വ്രണം.

വായ്പുടവ്-വായ്ക്കല്ല്.

വായ്പുറകെ-ശകാരിക്കുക.

വായ്പാടം-പുസ്തകം നോക്കാതെ ചൊല്ലുക.

വായ്പാട്ടുക-തുറന്നുപറയുക. (പ-മ).

'വാത്തകളോരോന്നേവായ്പാടി' (കൃഷ്ണഗാഥ)

വായ്പിടിയൻ-കാട്ടുപന്നി. (നായാട്ടുകാർ).

വായ്പിരട്ട്-ശകാരം.

വായ്പൊതി-വായ്മൂടൽ.

വായ്മ-ഒരുമഴി. (പ-മ).

വായ്മലർ-ചുണ്ട്.

'ചെമ്പനാണ്ടിവായ്മലരും....' (അദ്ധ്യാത്മരാമായണം)

വായ്മിഷ്ടം-മധുരവാക്ക്. (പ-മ).

'വായ്മിഷ്ടംകൊണ്ടെങ്ങൾസങ്കടം
പോയ്ക്കൂടേ'

(കൃഷ്ണഗാഥ)

വായ്മീൻ-ഒരുവക നല്ല കടൽമീൻ.

വായ്മൊഴി-വാമൊഴി, മൊഴി.

വായ്വിഷ്ണാണം-ശകാരം.

വായ്വിളക്കം, വാളിയക്കം-വിഴാലരി.

വാർ-പ. വെള്ളം. (മ). ക. വാരുന്നേടത്തിട്ടുള്ള തോലും മറവും. ന. നന്മ. ർ. ഭംഗി. ഇ. ശക്തി. ണ. ജലം. ി കീഴ്. വ കഷ്ടണം. ൻ സൂക്ഷ്മം. ഫ. ദൈർഘ്യം. ഫ. മേൽവാ.

വാർ-വി. പ പദങ്ങളുടെ മുമ്പിൽ ചേർന്നു വരുമ്പോൾ 'നല്ല' എന്നർത്ഥമുള്ള വിശേഷണം. (ഉ-ം, വാർകഴൽ). ക. മിന്മിനുപ്പുള്ള. ന. സ്ഥൂലമായ. ർ. സൂക്ഷ്മമായ. (പ-മ).

വാർത്താർ-രാമരം. (പ. മ.)

വാർമൊഴി-പ. നിശ്ചയമില്ലാത്ത വാക്ക്. ക. ഉത്തരവസ്ഥാനം. (പ. മ.)

വാര-ഗജം. (പോർട്ടുഗീസുശബ്ദം.)

വാരംകം-പക്ഷി.

വാരംഗം-വാളിന്റെ പിടി.

വാരടം-വയൽ.

വാരണതുണ്ഡൻ-ഗണപതി.

വാരണബുസാ-വാഴ. ആനയാൽ ഉൽസൃഷ്ടിക്കപ്പെടുന്നതു എന്നർത്ഥം. "വാരണബുക്ഷം" എന്നും കാണുന്നു.

വാരണം-പ. തടസ്സം. ക. ആന. ശത്രുബലത്തെ തടുക്കുന്നവൻ എന്നർത്ഥം. ന. പടച്ചട്ട.

വാരണംചെയ്ക-തടുക്കുക.

വാരണമുഖൻ-ഗണപതി.

വാരണവദനൻ-ഗണപതി.

വാരണവല്ലഭാ-വാഴ.

വാരണസി-വാരാണസി.

വാരണാവതം-ഒരു നഗരം, ഇന്ദ്രപ്രസ്ഥം.

ഇതിലാണു പാണ്ഡവന്മാർ രാജ്യഭ്രഷ്ടരായശേഷം പാർത്തതു. ഇവിടെയായിരുന്നു അരക്കില്ലം.

വാരണിക്കൊങ്കം-ഒരുതരം നിറഞ്ഞ മുല.

വാരണേന്ദ്രം-ഇങ്കംകുളത്തുള്ള ഒരു ദേശം.

വാരനാരി-വേശ്യ.

വാരൻ-ശിവൻ.

വാരം-പ. ആഴ്ച. ക. ക്രമം. മറയ്ക്കുന്നതു എന്നർത്ഥം. ന. അവസരം, സമയം. ർ. പടിവാതിൽ. ി. മണ്ണുവെയ്ക്കുന്ന ഒരു പാത്രം (മ) ണ. ക്ഷേത്രങ്ങളിൽ വെച്ചു കഴിക്കുന്ന ഒരടിയന്തിരം. ി. ഒരു ബ്രാഹ്മണഭോജനം. വ. ചേമ്പു മറവും നടുന്നതിനു കിളച്ചുണ്ടാക്കുന്ന സ്ഥലം. ൻ. വേനങ്ങളിൽ ചേറ്റു ചായിച്ചു പണിയുന്ന ഒരു മുറി. ഫ. കടിയന്മാർ മുതലാളിമാക്കുംമറവും വിളയിൽനിന്നും കൊടുക്കുന്ന ഒരു ഭാഗം.

വാരം-അ. കൂട്ടുകൂടൽ.

വാരമുഖ്യ- എട്ടുവിധം നായികമാരുള്ളതിൽ ഒന്നു, വേശ്യാസമൂഹത്തിൽ വെച്ചു ശ്രേഷ്ഠ, ഗുണാധിക്യംകൊണ്ടു ജനങ്ങളാൽ സ്തുതിക്കപ്പെട്ട വേശ്യ.

വാരംവാരം-അ. പിന്നെയും പിന്നെയും, പലപ്പോഴും.

'നാരായണബാഹുലീലകളെ
വാരംവാരം നിനയനമേ നീ'

(ഭാഗവതം)

വാരലാ-അന്നപ്പെട.

വാരൽ-ധാന്യങ്ങളും മറവും രണ്ടു കൈയും കൂട്ടി എടുക്കുക, വാരുക.

വാരവധു-വേശ്യ.

വാരവാണം-ചട്ട. ബാണത്തെ തടുക്കുന്നത് എന്നർത്ഥം. (വാരബാണം, ബാണവാരം എന്നുമാവാം).

ചട്ട എന്നാൽ ശത്രുക്കളുടെ ശരവും മറവും ശരീരത്തിൽ കൊള്ളാതിരിപ്പാൻ വേണ്ടി യോദ്ധാക്കൾ ഇരിമ്പു മുതലായവ കൊണ്ടുണ്ടാക്കി ദേഹത്തിൽ വെച്ചു കെട്ടുന്നതാകുന്നു.

വാരവിലാസി-വ്യഭിചാരിണീ.

വാരവൃഷ്ടാ-വാഴ.

വാരശൂലം-യാത്രപുറപ്പെടാൻ കൊള്ളാത്ത താത്ത ആഴ്ചകൾ.

ഞായറും വെള്ളിയും 12 നാഴിക വരെ പടിഞ്ഞാറു ശൂലം.

തിങ്കളും ശനിയും 8 നാഴികവരെ കിഴക്കു ശൂലം.

ചൊവ്വായും ബുധനും 12-ാം, 16-ാം വീതം നാഴികവരെ വടക്കു ശൂലം.

വ്യാഴം 20 നാഴികവരെ തെക്കു ശൂലം.

ഈ ആഴ്ചകളിൽ അതാതു ദിക്കുകളിലേയ്ക്കു ആദ്യം യാത്ര പുറപ്പെടരുത്.

വാരസ്ത്രീ-വേശ്യാ, തേവിടിശ്ശി. സഖ്യമനങ്ങളും കൂടെ ഒന്നുപോലെ സ്വാധീനമാകയാൽ ഈ പേരുണ്ടായി.

വാരാ-വരികയില്ല. (പ. മ.)

വാരാ-വരാ (വരികയില്ല.

വാരാകരം-സമുദ്രം.

വാരാണസി-കാശിയിലെ ക്ഷേത്രവും നഗരവും

വാരാന്തെ-വരാതെ. (പ. മ.)

'തചിമനസിവാരാഞ്ഞു'

(മഹാഭാരതം)

വാരാന്നിധി-സമുദ്രം.

വാരായുന്നു-എന്നതു വാരായുന്നു = എടുക്കുന്നു കൊണ്ടു വരുന്നില്ല.

വാരായുന്നു, കൂടായുന്നു:—വാരുക, വാരം; കൂടുക, കൂടായ്മ. ഇതിൽ വാരം, കൂടായ്മ എന്നതു നിഷേധാർത്ഥമാണു്. ഇവയോടു വർത്തമാനപ്രത്യയമായ 'ഉന്നു' ചേർത്തു 'വാരായുന്നു' 'കൂടായുന്നു' എന്നാക്കി. ഈ പ്രയോഗം ഇപ്പോൾ നടപ്പില്ല ഇപ്പോഴത്തെ രൂപം വരുന്നു, കൂടായ്തു എന്നാകുന്നു.

വാരാൻ, വാരാളൻ-വി. ശക്തിയുള്ള.

വാരാഹി-വി. പന്നിയെ സംബന്ധിച്ച.

വാരാഹം-പ്ര. അഷ്ടാദശപുരാണങ്ങളിൽ ഒന്നു്. മുനീന്ദ്രന്മാരെ മാനവകല്പത്തിൽ വരാഹത്തിന്റെ മാഹാത്മ്യം, വിഷ്ണുഭൂമിയോടു പറഞ്ഞതു്, വിഷ്ണുവിനെ പുകഴ്ത്തുന്നു, വിഷ്ണുവിന്റെ അവയവം-ഇടത്തെ നരിയാണി, സൗരചികപ്രധാനം. ഗ്രന്ഥം 24,000. പ. പന്നി.

വാരാഹി-പ്ര. ഏഴു മാതൃക്കളിൽ ഒന്നു്. പ. പന്നിക്കിഴങ്ങു്. വരാഹങ്ങൾക്കിഷ്ടമുള്ളതു് എന്നർത്ഥം. സ. നിലപ്പനം. ശ. ഒരുവു്. ഭ. ഭൂമി. ന. പെൺപന്നി.

വാരി-പ്ര. വെള്ളം. പ. ഇരുവേലി. സ. ആനയെ കെട്ടുന്ന സ്ഥലം. ര. ആനയെ പിടിക്കുന്ന കഴി. ഇ. ആനയെ കെട്ടുന്ന കയറു്. ന. സരസ്വതി. ഒ. അടിമ. വ. വെള്ളംകോരുന്ന കുടം. (മ) പ്ര. കവുങ്ങു, പന മുതലായവ കീറിയതു്. പ. ആറാംവാരി. സ. ഇറമ്പു്.

വാരികണം-വെള്ളത്തുള്ളി.

വാരികർപ്പൂരം-വാള എന്ന മീൻ.

വാരിക്കുന്നു-എടുപ്പിക്കുന്നു.

വാരിക്കുഴി-ആനയെ പിടിപ്പാൻ കഴിച്ചു മേൽ പുറം മൂടിയ കഴി.

വാരിചരം-വി. വെള്ളത്തിൽ സഞ്ചരിക്കുന്ന.

വാരിചരം-മത്സ്യം.

വാരിചാമരം-കരിമ്പനയിൽ.

വാരിജ-വി. വെള്ളത്തിൽ നിന്നുണ്ടായത്.

വാരിജം-പ. താമര. ഉ. ഒരുമാതിരി ശംഖ്. ന. മരക്കല ഉപ്പ്. ദ. രാഗരസ സുവർണ്ണം. (ശാകഭേദം). ഇ. കക്കാ. ഞ. ഇലവംഗപ്പൂവ്.

വാരിജമകഠം-ലക്ഷ്മി.

വാരിജലോചനൻ — താമരക്കണ്ണൻ, കൃഷ്ണൻ.

വാരിജസംഭവൻ-ബ്രഹ്മാവ്. താമരയിൽ നിന്നുണ്ടായവൻ എന്നത്ഥം.

വാരിജാതി-വാരിയൻ.

വാരിത-തടുക്കപ്പെട്ടത്.

വാരിതസ്സൂരദ്-മുത്തങ്ങാ.

വാരിദ-വി. വെള്ളത്തെക്കൊടുക്കുന്ന.

വാരിദം-പ. മേഘം. ഉ. മുത്തങ്ങാ.

വാരിധാര-പ് മുത്തങ്ങാ. ഉ. വാരികൊണ്ടുള്ള ധാര, മുഖധാര.

വാരിധി, വാരിനിധി-സമുദ്രം.

വാരിധിമേഖല-ഭൂമി. സമുദ്രം അരഞാണായിട്ടുള്ളതു് എന്നത്ഥം.

വാരിപണ്ണി-പ. നീർച്ചീര. ഉ. കടപ്പായൽ.

വാരിപൂരം-പ്രളയം.

വാരിപ്പുറം-പ. പള്ളിപ്പുറം. ഉ. പുരയിൽ വാരിവെച്ചു കെട്ടിയതിന്റെ പുറം.

വാരിപ്രവാഹം-വെള്ളത്തിന്റെ ഒഴുക്ക്

വാരിപ്രസാളനം-തേറാംപരൽ.

വാരിയൻ—അമ്പലവാസികളിൽ ഒരു ജാതിക്കാരൻ. (സ്ത്രീ-വാരിയ്യർ, വാരിയശ്ശ്യാർ).

വാരിയം-വാരിയന്റെ വീട്ട്.

വാരിയസ്ത്രീ-വാരിയരുടെ സ്ത്രീ.

വാരിയെല്ല്-ശരീരത്തിൽ ഇടത്തുംഭാഗത്തും വലത്തുഭാഗത്തും ഉള്ള ആറാറെല്ലുകളും.

വാരിരാശി-സമുദ്രം.

വാരിരുഹം-താമര.

വാരിവാലകം-തവള.

വാരിവാഹം-പ. മേഘം. ഉ. മുത്തങ്ങ

വാരിശർക്കര-അലിപ്പഴം.

വാരിസംഭവം-പ. താമരപ്പൂ. ഉ. കടലുപ്പ്. ന. ഇലവംഗപ്പൂവ്. ദ. രാസവീരാഞ്ജനം.

വാരിളഞ്ചിങ്ങം - ഒരുതരത്തിലുള്ള സിംഹക്കുട്ടി.

വാരീടൻ-ആന.

വാരീശൻ-കടൽ, സമുദ്രം.

വാരുണം-പ. ഒരു പുരാണം. ഉ. ജലം.

വാരുണി-പ. വാരുണിമദ്യം. ഉ. മദ്യം. ന. വരുണന്റെ ഭാര്യ. ദ. അശ്വസ്ഥാൻ. ഇ. പടിഞ്ഞാറെ ദിക്ക്. ഞ. ചതയം നക്ഷത്രം. ഒ. ഒരുതരം പുല്ല്. വ. ചെറിയ കാട്ടുവെള്ളരി. ൻ. കരിങ്കറുക. ഫാ. മീൻകണ്ണിക്കറുക.

(വാരുണീമദ്യം വാറ്റുമുട്ടൽ, പീനസം, അരുചി മുതലായവയ്ക്കു നന്നു. ഇം-Palm-wine).

വാരുണീസേവ-പ. മദ്യപാനം. ഉ. പടിഞ്ഞാറെ ദിക്കിൽ ചെല്ലുക.

വാരുന്നു-പ. ധാന്യങ്ങളും മറ്റും രണ്ടു കൈയും കൂട്ടിയെടുക്കുന്നു, ധാന്യങ്ങളും മറ്റും പാത്രങ്ങളിലാക്കുന്നു. ഉ. പിച്ചും കത്തികൊണ്ടു് നേരേ കീറുന്നു. (വാരിക്കുന്നു-സ. ക്രി).

വാരുറ-വി. പ. ഉറപ്പുള്ള ഉ. ഭംഗിയുള്ള. ന. മനോജ്ഞമുള്ള. (പ. മ)

'വാരുറ കാന്തി കലർന്നുള്ള വാരിജം'

(കൃഷ്ണഗാഥ)

വാക്കളമാൻ-ഒരുമാതിരി ചെറിയ മാൻ

വാക്കാരൻ-വാഗ്മിയുള്ളവൻ, പട്ടാമ്പത്തിൽ ശിപായിയും മറ്റും.

വാക്കാർ-കതിരപ്പട്ടാമം.

വാക്കുന്നു-ക്രി. രപോഴിക്കുന്നു, തുകുന്നു ഉ-ം, കണ്ണുനീർ വാക്കുന്നു. ഉ. ചോറിൽ നിന്ന് കഞ്ഞി ഊറുന്നു. സ. ചില രോട്ടുപാത്രങ്ങളും മറ്റും തീക്കുന്നതിന് രോട്ട മുതലായവ ഉരുക്കി ഒഴിക്കുന്നു. (വാപ്പിക്കുന്നു-സം. ക്രി.)

വാർക്ഷി-വി. വൃക്ഷത്തെ സംബന്ധിച്ച, വൃക്ഷംകൊണ്ടുണ്ടാക്കിയ.

വാർക്ഷി-പത്തു രത്നംകുന്തങ്ങളുണ്ടായിരുന്ന സുകൃതമുള്ള രരു സ്ത്രീ, രരു മുനിപുത്രി, രരേ പേരോടുകൂടിയ സഹോദരന്മാരും രപോനിധികളുമായ പ്രചേതസ്സുകളെ പ്രാപിച്ചു.

വാച്ച്-ക്രി. രഴുക്ക്. ഉ. ചോപ്പ്.

വാർജ്ജം-താമര.

വാർണ്ണികൻ-രഴുത്തുകാരൻ.

വാത്ത-വി. ക്രി. രോഗം മാറി സുഖപ്പെട്ട. ഉ. വേലകളും ചെയ്തുകൊണ്ടിരിക്കുന്ന.

വാത്ത-ക്രി. വർത്തമാനം. ലോകസ്ഥിതിയെ അറിയിക്കുന്നത് എന്നർത്ഥം. ഉ. വിശേഷവർത്തമാനം, കേൾവി. സ. ജീവസമൃദ്ധി, ജീവനോപായം. ഭ. കൃഷിവട്ടം, കൃഷി മുതലായ രതാഴിലുകൾ. ങ. തക്കാരിവഴുതിന. ന. കേട്ടുകേൾവി.

വാത്തകഞ്ഞി-ചോറിൽനിന്ന് ഊറിയ കഞ്ഞിവെള്ളം.

വാത്തൻ-രോഗം മാറി സുഖപ്പെട്ടവൻ. രണ്ടാമതു ജീവിച്ചവൻ എന്നർത്ഥം.

വാത്തപ്പാട്ട്-വാശകം.

വാത്തം-ക്രി രസൗഖ്യം, രോഗമില്ലാത്തത്. ഉ. പതിത്, നിസ്സാരമായിട്ടുള്ളത്.

വാത്താകം-തക്കാരി വഴുതിന, രചാവ വഴുതിന.

വാത്താകി-ക്രി. തക്കാരി വഴുതിന, ഉ. രചാവവഴുതിന. ആരോഗ്യത്തെ ചെയ്യുന്നത് എന്നർത്ഥം. സ. കണ്ടകാരിച്ചുണ്ട.

വാത്താകം-രചാവവഴുതിന.

വാത്തായനൻ-ഒരുകാരൻ, ചാരൻ. ഉ. സ്ഥാനാപതി.

വാത്താവഹൻ-ക്രി. ദൂതൻ. ഉ. മെഴുകുതിരിയുണ്ടാക്കുകയും മറ്റും ചെയ്യുന്നവൻ.

വാത്തിക-വി. ക്രി. വാർത്തയെ സംബന്ധിച്ച. ഉ. യുക്തിയെ സംബന്ധിച്ച, അർത്ഥത്തെ തെളിയിക്കുന്ന.

വാത്തിക-ക്രി. വ്യാകരണത്തോടുകൂടിയ രരു വ്യാഖ്യാനം. ഉ. കാടപ്പക്ഷി.

വാത്തികൻ-ക്രി. വർത്തമാനത്തെ അറിയിക്കുന്നവൻ. ഉ. രവശ്യൻ.

വാർത്തുഷ്ണൻ-അജ്ഞാനൻ.

വാട്ടരം-ക്രി. ജലം. ഉ. അകിൽ.

വാദ്കം-ക്രി. പുരോഗമനം അവസ്ഥ, വാദ്ധ്യം, പുരോത, പുരോഭവം. ഉ. പുരോഗമനത്തോടുകൂടിയത്.

വാദ്കൃത്യം-പുരോത.

വാദ്ധി-കടൽ.

'ഏറിയരകതിയംവാദ്ധിയിൽവീണു'
(ഭാഗവതം)

വാദ്ധികഫം-കടൽനുര.

വാദ്ധിഫേനം-കടൽനുര.

വാർദ്ധുഷി, വാർദ്ധുഷികൻ- കടം കൊടുത്തു അതിൻറെ പലിശ വാങ്ങി അതുകൊണ്ടു നിത്യവൃത്തി കഴിക്കുന്നവൻ

വാർദ്ധുഷ്യം-പലിശ.

വാദ്ധ്രീണ(ന)സം-വാർദ്ധുഷൻ.

വാപ്പട്ടാളം-വാരുള്ള ശിപായിമാർ അയിരംകൂടിയ രരു കൂട്ടം.

വാപ്പ്-കാരുള്ള രരുമാതിരി രോട്ടുപാത്രം.

വാപ്പുപണി-മൂശാരിയുടെ വേല, ഓട്ടം മറവും ഉരക്കി പാത്രങ്ങളും വാർക്കുക.

വാർത്തം-മുതല.

വാമ്മണം-പടക്കപ്പായമിട്ടവരുടെ കൂട്ടം.

വാർമുകിൽ-മുത്തങ്ങ.

വായ്വൻ-ഒരു ജാതിക്കാരൻ. (സ്ത്രീ-വായ്വസ്യാത്).

വായ്വം-പ. വായിയം, വായ്വരുടെ ഗൃഹം. ഉ. വരം.

വാവ്ടീരം-ഒരുതീയം.

വാശിലാ-അമ്മിപ്പുഴം.

വാഷ്ടിക-വി. പ. അണ്ടരോഗമുള്ള. ഉ. വർഷകാലത്തിൽ വളരുകയും മുളയ്ക്കുകയും ചെയ്യുന്ന. (കൻ, കീ, കം).

വാഷ്ടികം-ഒരു പച്ചമരുന്ന്, ബ്രഹ്മി. വർഷകാലത്തിൽ മുളച്ചുണ്ടാകുന്നത് എന്നർത്ഥം.

വാഷ്ടികി-മഴമുല്ല.

വാർഷ്ണേയൻ-പ. നളന്റെ സാരഥി. ഉ. കൃഷ്ണൻ.

വാഷ്ഠതം-ഒരുമാതിരി വഴുതിനങ്ങ.

വാല-വി. ബാല, ചെറിയ.

വാലുകം-ഇരുവേലി.

വാലഖില്യർ-ഒരുവക ഋഷികൾ.

ഇവർ 60,000 പേരുണ്ട്. വിരലോളമേ വലിപ്പമുള്ളു കൃതുവിൽ സമ്മതിയുടെ പുത്രരാകുന്നു. സൂര്യരശ്മിക്കു തുല്യമായ ശോഭ, സുകൃതം, ശക്തി, അതിവേഗത ഇവയുള്ളവരാണ്, ഇവർ സൂര്യന്റെ രഥത്തെ കൊണ്ടുവരുന്നു.

വാലധി, ബാലധി-വാലിന്റെ അഗ്രത്തിലുള്ള രോമസമൂഹം. ബാലങ്ങൾ (രോമങ്ങൾ) ഇതിൽ നിദാനം ചെയ്യപ്പെട്ടതുകൊണ്ട് ഈ പേരുണ്ടായി.

വാലപാശം, ബാലപാശം- കേശസമൂഹം.

വാലപാശുപാ, പാലവാശ്യ- സീമന്തരേഖയിൽ കെട്ടുന്ന സ്വർണ്ണപട്ടം. കേശസമൂഹത്തിലേക്ക് യോജിപ്പുള്ളത് എന്നർത്ഥം.

വാലം-രോമമുടി. ഉരുക്കുണ്ടാക്കുന്നത് എന്നർത്ഥം. (ബാലം എന്നതിന്റെ പാഠം).

വാലാക്കഴ-രാജാക്കന്മാർക്ക് അകമ്പടിയായിട്ട് അലങ്കരിച്ചുകൊണ്ടു നടക്കുന്ന ഒരുമാതിരി മരക്കുന്തം.

വാലാട്ടിപ്പക്ഷി-ഒരുമാതിരി പക്ഷി.

വാലാൻ, ബാലാൻ-ഒരു മത്സ്യം.

വാലായ്മ-വാൽ (ശൂലം) ഇല്ലായ്മ, മരണം സംഭവിച്ചുണ്ടാകുന്നതിനേക്കാൾ കുറഞ്ഞ അശുദ്ധി, പ്രസവം ഹേതുവായിട്ടുണ്ടാകുന്ന അശുദ്ധി.

വാലവായജം-ഒരുവെഡ്ഡുവ്വം.

വാലി-ബാലി.

വാലിക-കുതിരിലിടുന്ന ഒരാഭരണം.

വാലിൽതുങ്ങുക-പ. അശ്രയിക്കുക. ഉ, നീചമായി സേവിക്കുക. ന, ഒരുവനെ തുങ്ങിക്കൊണ്ടു പുറകെനടക്കുക.

വാലുകാ-പ. മണൽ, ചരൽ. ഉ, വയൽതിട്ട. ന. കർപ്പൂരം.

വാലുകം-പ. ഏലാവാലുകം. (ഒരങ്ങാടിമരുന്ന്). ഇളകുന്നത് എന്നർത്ഥം. ഉ. മണൽ

വാലുന്ന-പ. അല്പമായിട്ടൊലിക്കുന്ന. ഉ. കിഴങ്ങും മറവും വളരുന്ന.

വാൽ-പ. നാല്ക്കാലികളുടേയും മറവും പുറകിൽ നീണ്ടുകിടക്കുന്നത്. ഉ, അട്ടക്കാരുടെ ഒരുമാതിരിഉടുപ്പ്.

വാല്ല—വി. മരത്തൊലി കൊണ്ടുള്ള. (ല്ലൻ, ല്ലീ, ല്ലം).

വാല്മണ്ണ്-അപാംഗം, കടുക്കണ്ണ്.

വാല്ലാ-ചണ മുതലായവയുടെ തൊലി യ ൽ നിന്നെടുക്കുന്ന നൂൽകൊണ്ടു നെ യ്യുന്നു. വല്ലൂത്താരൻറ വികാരം എ ന്നർത്ഥം.

വാല്ലാങ്ങം-മുശങ്കരിക്കുള്ള കരം.

വാല്ലാടം-വാലിൻറെ അറ്റത്തുള്ള തൊ ങ്ങൽ.

വാല്ലാഞ്ഞു് — കതിരയുടെയും മറ്റും രോമം അധികമുള്ള വാൽ.

വാൽക്കോതമ്പു്- ഒരുമാതിരി യവം. (ബാർലി).

കോതമ്പിനെക്കാൾ മുഴുപ്പു കറഞ്ഞ തും നീളമുള്ളതും ഒരുവിധത്തുമാണു്. ചെറിയ കോതമ്പിൻറെ ഗുണമുണ്ടു്.

വാൽത്താര-വാലിൻറെ മുടി ക്കു ടാ ത്ത കീഴ്ഭാഗം.

വാൽനക്ഷത്രം-ധൂമകേതു. Comet. (ധൂമകേതു പദം നോക്കുക).

വാല്മീകി, വാല്മീകൻ-ഒരു മഹർഷി. വല്മീകൽ ഭവോ വാത്മീകിഃ പുറ്റിൽ നിന്നുണ്ടായവൻ എന്നർത്ഥം.

ഇദ്ദേഹം രാമായണം സംസ്കൃതഭാഷ യിൽ 24,000 ശ്ലോകമായിട്ടു നിർമ്മിച്ചു.

'പ്രാചേതസശ്ചാഭികവിഃ
നൃശംസന്യത്രവതണിശ്ചസഃ
വാത്മീകിശ്ചമഹർഷയേ
വിശ്വാമിത്രശ്ചകൌശികഃ
വ്യാസോദൈപായനഃ പാരാ-
ശര്യഃ സത്യവതിസുതഃ'

പ്രാചേതസൻ, ആദികവി, നൈശ്ചര വതണി, വാത്മീകി — ർ-ം, വാത്മീകി മഹർഷിയുടെ പേർ.

ഗാധേയൻ, വിശ്വാമിത്രൻ, കൌ ശികൻ — ന-ം, വിശ്വാമിത്രമഹർഷിയു ടെ പേർ.

വ്യാസൻ, ദൈപായനൻ, പാരാ ശര്യൻ, സത്യവതിസുതൻ — ർ-ം, വേദ വ്യാസമഹർഷിയുടെ പേർ.

വാല്മീകി ജനനാൽ ബ്രാഹ്മണനായി രുന്നു. ശൈശവത്തിൽ തന്നെ മാതാപി താക്കന്മാർ ഉപേക്ഷിച്ചു. കള്ളന്മാർ എടുത്തുവളർത്തി. തന്നിമിത്തം ഒരു വ ലിയ കള്ളനായി ഭവിച്ചു. വഴിയാത്ര ക്കാരെ കവർച്ചചെയ്തും അവരെ കൊ ന്നും ഉപജീവിച്ചു. വളരെക്കാലം ഇ ങ്ങിനെ കഴിഞ്ഞു ഒരിക്കൽ നാരദമഹ ർഷിയെക്കണ്ടു കൈക്കൽ ഉള്ളതെല്ലാം വയ്പാൻ പറഞ്ഞു തൻറെ പാതകങ്ങ ളുടെ ഒരു പങ്കു ഭാര്യയും പുത്രന്മാരും സ്വീകരിച്ചുകൊള്ളുമോ എന്നു് അവ രോടു ചോദിപ്പാനായി ആ ഋഷി വാ ല്മീകിയെ പറഞ്ഞയച്ചു. അദ്ദേഹം ചെ ന്നു ചോദിച്ചതിൽ അവർക്കു് അതിനു മ നസ്സില്ലെന്നു പറകയാൽ അത്ഭുതപരവ ശനായി മടങ്ങിവന്നു. അപ്പോൾ ഋഷി വാല്മീകിയോടു 'മരാ മരാ' (മറിച്ചുൽ രാമ രാമ) എന്നു ജപിപ്പാൻ പറഞ്ഞിട്ടു പോയി. സ്വപാതകങ്ങളുടെ സ്ഥിതി മനസ്സിലാക്കി വാല്മീകി വളരെക്കാലം അവിടെയിരുന്നു 'മരാ മരാ' എന്നു ജ പിച്ചു. ഒടുവിൽ തൻറെ ദേഹം ചിതൽ പ്പുറ്റുകൊണ്ടു മൂടി. പിന്നീടു നാരദ മഹർഷി വന്നു ചിതൽപ്പുറ്റിൽ നിന്നു വാല്മീകിയെ വലിച്ചെടുത്തു. വത്മീക ത്തിൽ (പുറ്റിൽ) നിന്നെടുത്തതിനാൽ വാല്മീകിയായി. ഒരിക്കൽ രണ്ടു ക്രൌ ഞ്ചപക്ഷികളിൽ ഒന്നിനെ ഒരു വേടൻ കൊന്നതു കണ്ടു വാത്മീകി അവനെ ശപിച്ചു. ശാപം യദൃച്ഛയാ

'മാ നിഷാദപ്രതിഷ്ഠാംത്വ
മഗമഃശാശ്വതീഃ സമാഃ'

യൽ ക്രൌഞ്ചമിഥുനാദേക
മവധീഃ കാമമോഹിതം' ॥

അർത്ഥം.

വ്യാധപക്ഷം— എടാ അലക്ഷ്മീക നായുള്ള വേടാ! നീ അകാര്യ മാണെന്നു കാരണത്താൽ കളുക്കോഴിയിണയിൽ നിന്നു കാമത്താൽ മോഹിപ്പിക്കപ്പെട്ടിരുന്ന ഒന്നിനെ കൊന്നുവൊ അതുകൊണ്ടു അധികം കാലം ജീവിതത്തെ പ്രാപിക്കയില്ല.

രാമപക്ഷം—അല്ലയോ ലക്ഷ്മിക്കു ആശ്രയമായുള്ളോനെ! നീ യാതൊരു കാരണത്താൽ രാക്ഷസ മിഥുനത്തിൽ നിന്നു കാമത്താൽ മോഹിപ്പിക്കപ്പെട്ട ഒരുത്തനെ (രാവണനെ) കൊന്നുവൊ അതുകൊണ്ടു വളരെക്കാലത്തേയ്ക്കു ഖ്യാതിയെ നീ പ്രാപിച്ചു.

ഇപ്രകാരം ശ്ലോകരൂപമായിരുന്നു. ഈ പുതിയ രൂപത്തിൽ ആദ്യകാവ്യമായ രാമായണം ചമയ്പാൻ ബ്രഹ്മാവു അദ്ദേഹത്തോടു പറഞ്ഞു. ശ്രീരാമൻ സീതയെ ഉപേക്ഷിച്ചപ്പോൾ ഇദ്ദേഹത്തിന്റെ ആശ്രമത്തിലാണു സ്ഥിതിചെയ്തതു്. ഇദ്ദേഹം കുശലവന്മാരുടെ ഗുരുവാകുന്നു.

വാല്മീകൻ-വാല്മീകിമഹർഷി.

വാല്മീകിരാമായണം- വാല്മീകിയുണ്ടാക്കിയ രാമായണം. (24,000 ശ്ലോകം ഉണ്ടു്.)

ചരിത്രകാരന്മാർ വാല്മീകിരാമായണത്തിനു മൂവായിരം കൊല്ലത്തോളം പഴക്കം നിശ്ചയപ്പെടുത്തിട്ടുണ്ടു്.

വാൽമീൻ-വാൽ നക്ഷത്രം.

വാൽമുളക്—ഒരിനം ചെടിയുടെ

വാല്യം-പ. ബാല്യം. ക. വാലിയത്തുണ്ടു്. ന. ഗ്രന്ഥത്തിന്റെ ഭാഗം. (Volume).

വാല്ഹീകം-കുംകുമം.

വാവു് - പതിനഞ്ചാമത്തെ പക്ഷം. പ. രവളുത്തവാവു്. ക. കറുത്തവാവു്.

വാവട-പ പുരയുടെ കഴുക്കോലുകളുടെ താഴത്തെ അറ്റത്തും മേലെ വശത്തും വച്ചു തറയ്ക്കുന്ന മരം. ക. വാവുന്നാൾ ഭക്ഷിക്കുന്നതിന്നായിട്ടുണ്ടാക്കുന്ന ഒരു പലഹാരം. (വാവു+അട).

വാവടയോടു്-വാവടയുടെ പുറത്തു മേയുന്നതിനുള്ള ഒരുമാതിരി മടയോടു്.

വാവട്ടിക-വി. പ. അധികം സംസാരിക്കുന്ന. ക. വായ്ക്കുചാതുര്യമുള്ള.

വാവയം-കുചേലതുളസി.

വാവൽ, അവൽ-തലകീഴ്പോട്ടായിട്ടു മരത്തിൽ തൂങ്ങുന്ന ഒരുമാതിരി പക്ഷി മാംസം മലത്തെ കറയ്ക്കും. വാതത്തെ വർദ്ധിപ്പിക്കും. സം-ചർമ്മകീ, തവാവല്ല. ഇം-Flying fox.

വാവള്ളയം-വായ്മോതിരം.

വാവിടാജന്തു-മിണ്ടാപ്രാണി.

വാവിഷ്ണാണം—ശകാരം.

വാവുടം-വള്ളം, ചങ്ങാടം.

വാവൃത്തൻ-സ്വയംവരാദികളിൽ കന്യാദികളാൽ വരിക്കപ്പെട്ട വരൻ.

വാവൃത്തം-വി. വരിക്കപ്പെട്ട.

വാശ(ക)-വി. ശബ്ദിക്കുന്ന, അലറുന്ന.

വാശ, വാശകം-ഒരു പച്ചമരുന്നു്, ആടലോടകം.

വാശനം-പ. ശബ്ദം. ക. അലച്ചു്.

വാശ(സ)ാ-ആടലോടകം.

വാശി-അഗ്നി. (മ). പ. ശാഠ്യം. ക. മറിച്ചുകൊണ്ടാൽ ഉണ്ടാകുന്ന കൂട്ടരോ കറയോ ര. മീനത്തിന്റെ അടക്കം ഇ. പന്തയം.

വാശി(സി)കാ-ആടലോടകം. ശമ്പിക്കുന്നത് എന്നർത്ഥം.

വാശിക്കാരൻ-ശാഠ്യക്കാരൻ.

വാശിപിടിക്ക-ശാഠ്യംപിടിക്ക, മത്സരിക്ക.

വാശിത-വി. സുഗന്ധിപ്പിക്കപ്പെട്ട.

വാശിതം—പക്ഷിമൃഗാദികളുടെ ശബ്ദം.

വാശിതാ-ക്ര. സ്ത്രീ. ക. പിടിയാന. (വാസിതാ എന്നതിന്റെ പാഠമാണ്).

വാശിയാകുന്ന-ഭേദമാകുന്ന. ഉ-ം ഭീനം വാശിയാകുന്ന.

വാശ്ശരാ-രാത്രി.

വാശ്ശരും-വല്ലതും.

'വാശ്ശരുതന്നാകിലുംവേണ്ടതില്ലിരുങ്ങടോ'
(ബാല്യത്വം തുള്ളൽ)

'ഒരുണ്ടക്കാരൻ ചെല്ലുന്നേര
ത്തുണ്ടോം വാശ്ശരുമൊന്നുവൈക്കുമ്പോ'
(രുക്മിണീസ്വയംവരം ഓട്ടൻതുള്ളൽ)

വാഷ്കല-വി. വലുതായ.

വാഷ്കലൻ-യോദ്ധാവ്.

വാഷ്പം-ക്ര. ഭയങ്കരത്തെ ആവി, ഒരു വി. ക. കണ്ണുനീര്. ന. ഇരിമ്പ്.

വാഷ്പ(സ്പ)ം-ഇരിമ്പ്.

വാസഗേടി-വസ്ത്രംകൊണ്ടുള്ള ഭവനം, കൂടാരം.

വാസക-വി. ക്ര. വാസനയുണ്ടാക്കുന്ന. ക. വസിക്കുമാറാക്കുന്ന, കുടിയേറ്റുന്ന.

വാസകം-ക്ര. വസ്ത്രം. ക. ആടലോടകം.

വാസകസജ്ജാ, വാസകസജ്ജികാ-ക്ര. സ്വാഭരണങ്ങളും അണിഞ്ഞും കൊണ്ടു പ്രിയന്റെ വരവിനെ കാത്തു നില്ക്കുന്നവൾ. ക. സ്ത്രീപുരുഷന്മാരുടെ ലക്ഷണമറിവാനുള്ള ശാസ്ത്രത്തിൽ പറയുന്ന നായികമാരിൽ ഒരുത്തി.

വാസഗൃഹം-ക്ര. ഭവനത്തിനകത്തെ മുറി, ഉള്ളറ, വിജനവാസത്തിനുള്ള സ്ഥലം. ക. അമ്പലങ്ങളിൽ വിഗ്രഹപ്രതിഷ്ഠ ചെയ്തിട്ടുള്ള ശ്രീഗൃഹം.

വാസതേയി-ക്ര. ഭവനം. ക. മഞ്ഞൾ.

വാസന-വി. ക്ര. വസ്ത്രത്തിനു കൊള്ളാം വണ്ണം, വസിപ്പിക്കുന്ന.

വാസന-ക്ര. മുമ്പ് അനുഭവിച്ചതിനെ മറക്കാതെയിരിക്കുന്നതു, മുൻപിലത്തെ പരിചയംകൊണ്ടുണ്ടാകുന്ന അറിവും സ്വഭാവവും. അഭ്യാസംകൂടാതെ ജന്മം കൊണ്ടുതന്നെ നമുക്കു സിദ്ധിച്ചിരിക്കുന്ന ശക്തികളെ വാസനകൾ എന്നു അറിയണം. വാസനകൾ സർവ്വജീവജന്തുക്കൾക്കും ഉണ്ട്. അവയെ വിനിയോഗിച്ചു മനുഷ്യർ തങ്ങളുടെ ജീവിതാവശ്യങ്ങളെ നിർവ്വഹിക്കുന്നു. ക. നല്ല മണം. ന. വിചാരം. ര. തന്നിഷ്ടമായ അഭിപ്രായം. ങ. അഗ്രഹം. ന. ഭംഗിയുള്ള മനസ്സ്.

വാസനക്കാരൻ-പ്രവൃത്തികൾ ഭംഗിയിൽ ചെയ്യുന്നവൻ.

വാസനപ്പൊടി-സൗരഭ്യം വരുത്തുന്നതിനായിട്ടു പൊടിച്ചു വിൽക്കുന്ന സുഗന്ധദ്രവ്യപ്പൊടി.

വാസനം-ക്ര. സുഗന്ധിപ്പിക്കുക. ക. വസ്ത്രം. ന. പാർക്കുക. ര. അറിവ്.

വാസനി-പാത്രാദിഗതമായ ചെറിയ കുടി.

വാസനീയകം-കുങ്കുമം.

വാസന്ത-വി. വസന്തകാലത്തെ സംബന്ധിച്ച.

വാസന്ത-ക്ര. ഒട്ടകം. ക. മയിൽ ന. മുരിങ്ങമരം. ര. തെക്കൻ കാറ്റ്.

വാസന്താ-ക്ര. കറുത്ത ചെറുപയർ. ക. ചെറുപയർ. ന. കയിൽ. ര. ഒട്ടകം.

ള. മലങ്കാര നു. ഗയിലെല്ലു്, ചെറിയ ആന. ൈ മെയപവ്രത്തിലെ കാറവ്.

വാസന്ത(ക)ാ-രാന്നി.

വാസന്തി-ഫ. കരക്കത്തിമല്ല. വസന്തകാലത്തിൽ പൂക്കുന്നതു് എന്നർത്ഥം. ക. തിപ്പലി. ന. ചിത്രമാസത്തിൽ കാമദേവന്റെ പേക്ക കഴിക്കുന്ന ഉത്സവം. ള. മാധവി. ള. വെളുത്ത വലിയ പിച്ചകം. നു. പാതിരി. ൈ. കറുമുഴി വൃ. തുശിമുല്ല. ൻ. കയിൽപൊട.

വാസന്തിക-വി. വസന്തകാലത്തുണ്ടാകുന്ന.

വാസം-ഫ. താമസം ക. ഭവനം, പാപ്പിടം. ന. ഇരിപ്പു്, പാപ്പു, സ്ഥിതി. ള. വസ്ത്രം. ള. നല്ല മണം. നു. കഴുത.

വാസയോഗം-സുഗന്ധദ്രവ്യം, വസ്ത്രം മുതലായവയ്ക്കു സൌരഭ്യമുണ്ടാക്കുന്നതിനു ഉപയോഗിക്കുന്ന പൊടി, പുക, തൈലം മുതലായതു്.

വാസയോഗ്യ-വി. പാർക്കുവാൻ തക്കതുകുകുന്ന.

വാസരാ-ഫ. ദിവസം. ക. പകൽ. ലോകത്തെ നിലനിർത്തുന്നതു് എന്നർത്ഥം. ന. കരു നാഗം.

മുഴുവൻ ദിവസത്തിന്റെ വാചകമായിട്ടും ധാരാളം പ്രയോഗങ്ങൾ കാണുന്നുണ്ടു്.

വാസരാധീശൻ-സൂര്യൻ.

വാസവദത്താ-ഫ. ഉജ്ജയനീരാജാവിന്റെ മകൾ. (ഉദയനൻ എന്ന ശബ്ദം നോക്കുക.) ക. സുബന്ധുവിന്റെ 'വാസവദത്ത' എന്ന പുസ്തകത്തിന്റെ നായിക

വാസവൻ-ദേവേന്ദ്രൻ രത്നങ്ങളെ കൂടിയവൻ, അഷ്ടവസുക്കളാൽ സേവിക്കപ്പെട്ടവൻ രയാത്മൻ, തൈത്യവാസസ്ഥലങ്ങളെ ഉപദ്രവിച്ചവൻ ഇങ്ങനെ ശബ്ദാർത്ഥങ്ങൾ.

വാസവം-ഗുഗ്ഗുലു.

വാസവി-ഫ. വാസവന്റെ പുത്രൻ. ക. ജയന്തൻ. ന. ബാലി, ള. അർജ്ജുനൻ. ള. വ്യാസന്റെ അമ്മ.

'അത ഇത്' എന്ന സൂത്രപ്രകാരം വാസവശബ്ദത്തിൽ 'ഇത്' പ്രത്യയം ചെയ്തതു്.

ക. വസുവിന്റെ പുത്രി (സത്യവതി).

വസു എന്നുള്ള ശബ്ദത്തിൽ നിന്നും അപത്യാർത്ഥമായ അൺപ്രത്യയം പ്രയോഗിച്ചിട്ടാണെന്നു ഇത്യാദി സൂത്രപ്രകാരം സ്ത്രീലിംഗത്തിനു അൺന്റെ ഉപരി ങീപ് പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

വാസസ്സു്-വസ്ത്രം.

വാസി-ഉളി, ചീവുളി.

വാസി, വാസിനി— (പദാന്ത്യത്തിൽ ചേർന്നുവരുന്നതു്) അധിവസിക്കുന്നവൻ (വതി).

വാസികാ-ആടലോടകം.

വാസിത-വി. ഫ. സുഗന്ധിപ്പിക്കപ്പെട്ട. ക. ഉടുപ്പിക്കപ്പെട്ട. ന. പാപ്പിക്കപ്പെട്ട.

വാസിതം-ഫ. പക്ഷിയുടെ ശബ്ദം. ക. ശബ്ദം. ന. അറിവു്.

വാസിതാ-ഫ. സ്ത്രീ. ക. പിടിയാന. ഉപാസവിക്കപ്പെട്ടതു് എന്നർത്ഥം.

വാസിതി-പിടിയാന.

വാസിഷ്ഠ-വി. വസിഷ്ഠനാലുണ്ടാക്കപ്പെട്ട, വസിഷ്ഠനെ സംബന്ധിച്ച.

വാസു-ഫ. വിഷ്ണു ക. ലോകങ്ങളുടെ [illegible]ാവു്. ന. ആത്മാവു്.

വാസുകി-കശ്യപന്റെ പുത്രനായ ഒരു സർപ്പരാജാവു്, സർപ്പശ്രേഷ്ഠൻ.

വാസുദേവൻ–പ. വസുദേവന്റെ പുത്രൻ, ശ്രീകൃഷ്ണൻ, വിഷ്ണു. യാവനാന്തരത്തിൽ സകലഭൂതങ്ങളും വസിക്കുന്നവോ അവൻ വാസുദേവൻ. വസുദേവന്റെ പുത്രൻ എന്നുമാവാം. ഉ. ഭരതസന്തേശകാവ്യത്തിന്റെ കർത്താവായ ഒരു കേരളബ്രാഹ്മണൻ, വാസുട്ടേതിരിയുടെ സഹജീവി.

വാസുദേവാ–കതിര.

വാസുരാ–പ ഭൂമി. ഉ. രാത്രി. ന. സ്ത്രീ. ര. പെണ്ണാന.

വാസൂ–നാട്ടുഭാഷയിൽ ബാലസ്ത്രീക്കു പറയുന്ന ഒരു പേർ. രാജാവിന്റെ പെൺകിടാവു്. അമ്മയുടെ അടുക്കലിരിക്കുന്നവൾ എന്നർത്ഥം. വളരെ ചെറിയ രാജപുത്രി.

വാസോചിത–വി. പാർക്കുന്നതിനു കൊള്ളാകുന്ന.

വാസോട്ടുത്തു്–കടിപ്രദേശം (അര).

'കരഭോരുനി വരാംഗമനനമുരോ
ഹൃൽക്രോഡവാസോ ഭുരോ'
(ഹോര)

വാസ്ത(സ്ത)കം–ചീര.

വാസ്തവ–വി. പ. നിശ്ചയിച്ച. ഉ. സ്ഥാപിച്ച. ന. യഥാർത്ഥമായുള്ള, വസ്തുതയായ.

വാസ്തവം–പ. നിശ്ചയം. ഉ. പരമാർത്ഥം. ന. അലങ്കാരത്തിന്റെ ബീജം. ര. (മ) വർത്തമാനം.

വാസ്തവോക്തി–ഒരലങ്കാരം

വാസ്തവ്യ–വി. പാർക്കുന്നതിനു തക്ക. ഉ. സൂക്ഷിപ്പാൻ തക്ക. ന. രക്ഷിപ്പാൻ തക്ക

വാസ്തവ്യൻ–ചാപ്പുക്കാരൻ.

വാസ്തു–പ. ഭവനത്തിന്റെ ഇരിപ്പു്. ഗൃഹം നില്ക്കുന്ന സ്ഥലം. വാസ്തുദേവതയുടെ വാസസ്ഥാനം എന്നർത്ഥം.

ഒരു ഗൃഹം പണിയിക്കുന്നതിനു കിഴക്കുപടിഞ്ഞാറും തെക്കുവടക്കും അതാതിന്നാവശ്യമുള്ളതുപോലെ അളന്നു കൃത്യപ്പെടുത്തി തിരിച്ചിടുന്ന സ്ഥലത്തിനു വാസ്തു എന്നു പേർ.

ഉ. ഭവനം. വസിപ്പാനുള്ളതു് എന്നർത്ഥം. ന. ചീര.

വാസ്തു(സ്തു)കം, വാസ്തുച്ചീര–ഒരു മാതിരി ഇലക്കറിസ്സാധനം, ചീര. ഗൃഹത്തിന്നരികെ നില്ക്കുന്നതു് എന്നർത്ഥം.

വാസ്തുദേവത–ഭവനത്തിന്റെ ദേവത.

വാസ്തുനിവേശനം– വാസ്തുദേവതയുടെ ഇരിപ്പിടം

വാസ്തുബലി–ഭവനദേവതയ്ക്കായിട്ടു ചെയ്യുന്ന ഒരു കർമ്മം.

വാസ്തോഷ്പതി–പ. ദേവേന്ദ്രൻ. ഗൃഹക്ഷേത്രാദികളുടെ അധിദേവത എന്നർത്ഥം. ഉ. ബ്രഹ്മാവിന്റെ തലയിൽ പുത്രിയിലുണ്ടായ ഒരു പുത്രൻ.

വാസ്തു–വി. വസ്ത്രംകൊണ്ടുള്ള.

വാസ്ത്രം–വസ്ത്രംകൊണ്ടു മറച്ച രഥം.

വാസ്പയം–നാക്കപ്പുവ്.

വാഹകൻ–പ. കതിരക്കാരനായ മഠം. ഉ. ചുമക്കുന്നവൻ.

വാഹടൻ, വാഹടാചാര്യൻ–അഷ്ടാംഗഹൃദയം ദേവഭാഷയിലുണ്ടാക്കിയ ആചാര്യൻ.

വാഗ്ഭടാചാര്യൻ എന്നും പറയും. ബ്രാഹ്മണനാണ്. സിന്ധുദേശത്തിലെ ത്രേ ജനിച്ചതു്. പിതാവു സംഘഗ്രഹാചാര്യനാകുന്നു. ഈ കുടുംബക്കാർ പരമ്പരയായി വൈദ്യന്മാരാണ്. വാഹടാചാര്യൻ ക്രിസ്തുവർഷം ൯-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നിരിക്കണം. ഇദ്ദേ ബുദ്ധാചാര്യനാകുന്നു.

വാഹദീക്ഷിതൻ്–കുട്ടപ്പോത്തു്. കതിരകളെ രക്ഷിക്കുന്നതു് എന്നർത്ഥം.

വാഹനം–പ്ര. കേറി നടപ്പാനുള്ളതു്, ആന, കുതിര മുതലായവയും; പല്ലക്കു്, മേനാവു് മുതലായവയും; തേർ, കപ്പൽ മുതലായവയും. ര. സിംഹം തുടങ്ങിയുള്ള ചില മൃഗങ്ങളുടെയും മയിൽ മുതലായ ചില പക്ഷികളുടെയും രൂപത്തെ ഒട്ടകൊണ്ടോ മരംകൊണ്ടോ ഉണ്ടാക്കി കൊടിമരത്തിന്റെ മുകളിൽ വെയ്ക്കുന്നതു്. സ. ആന.

ലക്ഷ്മിയുടെ	വാഹനം	സിംഹം
ബ്രഹ്മാവിന്റെ	,,	ഹംസം
വിഷ്ണുവിന്റെ	,,	ഗരുഡൻ
ശിവന്റെ	,,	കാള (നന്ദി)
ഗണേശന്റെ	,,	എലി
ഇന്ദ്രന്റെ	,,	ആന (ഐരാവതം)
യമന്റെ	,,	പോത്തു്
സുബ്രഹ്മണ്യന്റെ	,,	മയിൽ
കാമദേവന്റെ	,,	മകരം
വരുണന്റെ	,,	മത്സ്യം
വായുവിന്റെ	,,	മാൻ
ദുർഗ്ഗയുടെ	,,	കടുവാ (നരി)
ശനിയുടെ	,,	പരുന്തു്
അഗ്നിയുടെ	,,	ആടു്
ജ്യേഷ്ഠയുടെ	,,	നായ്.

വാഹം–പ്ര കുതിര, ഒരു ഭിക്ഷയിൽനിന്നു മറെറാരു ഭിക്ഷയിലേയ്ക്കു കൊണ്ടുപോകുന്നതു് എന്നർത്ഥം. ര. കാള. സ വായു. ശ. സേന. ഇ. പോത്തു്. ണ വാഹനം. ഒ. നൂറു ഇടങ്ങഴിത്തൂക്കു്.

256 ഇടങ്ങഴിത്തൂക്കപ്പെന്നും കാണുന്നു.

വാഹശ്രേഷ്ഠം–കുതിര.

വാഹവൈരി–പോത്തു്.

വാഹസ്സു്–പ്ര. അഗ്നി. ര. മന്ത്രം.

വാഹസം–പ്ര. പെരുമ്പാമ്പു്. മറെറാരു മൃഗങ്ങളുടെ ശരീരത്തെ തടസ്സപ്പെടുത്തുന്നവൻ എന്നർത്ഥം. ര. നീരാളൻ.

വാഹി–വി. വഹിക്കുന്ന.

വാഹികം–പ്ര. കാള വലിക്കുന്ന വണ്ടി. ര. ഒരു വലിയ വാദ്യം.

വാഹിതം–വഹിയ്ക്കപ്പെട്ടതു്.

വാഹിതടം–ആനയുടെ മസ്തകത്തിനു താഴെയുള്ള പ്രദേശം.

വാഹിനീ–പ്ര. നദി ര. സൈന്യം. വാഹനങ്ങൾ ഉള്ളതു് എന്നർത്ഥം. (അക്ഷൗഹിണീ എന്നതു നോക്കുക),

81 ആനകളും, 81 രഥങ്ങളും, 243 കുതിരകളും, 405 കാലാളുകളും ഇതുകൂടിയ സൈന്യം—ഒരു വാഹിനീ.

വാഹിനീപതി–പ്ര സേനാപതി, സർവ്വസൈന്യാധിപൻ. ര. കടൽ.

വാഹുകൻ, ബാഹുകൻ–നളൻ. (ബാഹുകൻ എന്നതു നോക്കുക.)

വാഹുവാരം–നവരി.

വാഴ്ചി(ഴ്ടി)കം–പ്ര. കുങ്കുമം. ര. ചെങ്കായം.

വാള–ഒരു മത്സ്യം.

ഇതു ബലത്തെ വർദ്ധിപ്പിക്കും. സംബാധം. ത–വാടെട

വാളകം–പ്ര കൈവള. ര കൈമോതിരം. സ ഇരുവേലി.

വാളൻ–മരം ചെത്തുന്ന ഒരു ജാതിക്കാരൻ.

വാളൻ–ഒരുവു്.

വാളൻ–വി. വാളുപോലെയുള്ള.

വാളൻപുളി–ഒരുമാതിരി പുളി, മരം.

വാളർ–ഒരുമാതിരി അമര.

വാളം–പ്ര ഇരിയു് അടിച്ചു നീട്ടിയതു് (പാളം) ര. ഇരുവേലി.

വാളലക്ക്-വാളിന്റെ അലക്ക്. വാളുപയിട്ട രീതിയിൽ ഇരിമ്പ്.

വാളി-രണ്ടുകാതിൽ ചില ജാതിസ്ത്രീകളും ഇടുന്ന ഒരാഭരണം.

ചുരുളും തിരുകുമാണ്. പച്ചക്കല്ല കെട്ടി തൂക്കിയിരിക്കും.

വാളി, വാളിക - സൂര്യാംശുസ്ത്രീകളും കാതിലിടുന്ന ആഭരണം.

വാളിയങ്കാ-വിഴാലരി.

വാളുന്നു-വിതയ്ക്കുന്നു.

വാളെടുക്കുക-ദേഷ്യപ്പെടുക.

വാളേറ്-വാളുകൊണ്ടുള്ള ഒരു കളി.

വാൾ-ഹ. യുദ്ധത്തിലും മറ്റും ഒരുവക്കുള്ള ഒരായുധം. ഉ. മരം അറുക്കുന്നതിനുള്ള സാധനം, അരപ്പുവാൾ.

വാൾക്കാരൻ-വാളുള്ളവൻ.

വാൾകുന്തി-സുബ്രഹ്മണ്യന്റെ മുഖ്യാകൾ വാളോ കുലിക്കുന്ന ഒരു ജാതിക്കാർ.

വാൾപ്പാട്ട് - വാളുകൊണ്ടു വെട്ടിയാൽ എത്തുവാൻതക്ക അകലം.

വാൾപ്പിടി-വാളിന്റെ പിടി.

വാൾപ്പുലി-കാട്ടുമൃഗം.

വാൾമീൻ-ഒരു മത്സ്യം.

വാഴ-ഒരുവക ചെടി ഹ. കളളി. ഉ. കരിങ്കളളി ന. രക്തകളളി. ര. ഏത്തൻ (നേന്ത്രൻ). ങ. കണ്ണൻ. ന കാളി. ണ പൂവൻ വ. ചിങ്ങൻ (പടറി). ൻ ഞാലിപ്പൂവൻ, പൂവൻ. ഹ പാളയംകോടൻ കണ്ണൻ. (ഇനിയും അല്പാല്പം ഭേദമായിട്ട പലമാതിരിയുണ്ട്).

വാഴയുടെ പര്യായങ്ങൾ-കദളീ, സുഫലാ, രംഭാ, മോചാ, വാരണവല്ലഭാ, സുകാണ്ഡാ, ചമ്പകനാമതീ, തൽപുത്രീ, നാഗരരുക്ഷധീ, കാശ്മീരാ, കളഭ, വാരവൃക്ഷാ, വാരണബൃക്ഷാ, സകൃൽഫലാ, ഗുച്ഛഫലാ, ഹസ്തിവിഷാണി, ഗുച്ഛഫലന്തികാ, നിസോരാ, രംഭശ്രേഷ്ഠാ, ബഹുകപ്രിയാ, ഉരുസ്തംഭാ, മോഘഫലാ, വാനലക്ഷ്മീ, കദലകാ, മോചകാ, രോചകാ, ലോചകാ, വാരവൃക്ഷാ, ആയതസ്കന്ധാ, തനുവിഗ്രഹാ, അംബുസാരാ ഇത്യാദി.

പ്രധാന വാഴകൾ-ഏത്തൻ (നേന്ത്രൻ), കളളി, പൂവൻ, കണ്ണൻ, ചിങ്ങൻ, മൊന്തൻ, പേയൻ, പടറി ഇവയത്രെ. വാഴയുടെ സംസ്കാരണമായി പത്തുപന്ത്രണ്ടടി പൊക്കം കാണും. ഒരു കൊല്ലംകൊണ്ടു കായ്ക്കുന്നു. ചില ഇനം വാഴയുടെ കുലയിൽ ഇരുനൂറിലധികം കായ് കാണും.

ഇല ശൂലത്തിന് നന്ന്.

പൂവ്-സ്നിഗ്ധമാണ് മലത്തെ പിടിക്കും. കച്ചുലവത്തു മധുരിച്ചിരിക്കും. ഗുരുവാണ്. ക്ഷയത്തിനും മറ്റും നന്ന്.

പഴുത്ത കായ്—തണ്ണീർദാഹം, നേത്രരോഗം, വിശപ്പ്, ക്ഷയം, വാതം, പീനസം മുതലായവയ്ക്കു നന്ന്. ദേഹത്തെ തടിപ്പിക്കും. അഗ്നിബലമുള്ളവർക്കു സുഖകരമാണ്. മാംസം, ബലം, കാന്തി ഇവയെ വർദ്ധിപ്പിക്കും. കഫത്തെ ഉണ്ടാക്കും. ശുക്ലവർദ്ധികരമാണ്. പ്രായേണ ലവണത്തു മധുരിച്ചിരിക്കും; ഗുരു.

തൊലി-പ്രായേണ കരച്ചിരിച്ചിരിക്കും. ലഘുവാണ്.

പച്ചക്കായ്—വിഷ്ടംഭത്തെ വരുത്തും. പഴുത്തതിനെക്കാളും ഗുണം കുറവാണ്. രൂക്ഷമാണ്. കച്ചുലവത്തിരിക്കും. രക്തപിത്തം, രക്തദോഷം ഇവയെ കളയും.

പിണ്ടി (വാഴത്തട)- രക്തദോഷം, പിത്തം, അസൃശ്ശരം, യോനിദോഷം ഇവയ്ക്കു നന്ന്.

ഇളയകായ്-ജ്വരത്തിനും പിത്തത്തിനും നന്ന്.

കായ്-പാൽ, മോര്, രത്തെത്, കരിമ്പനക്കായ് ഇവ ഒരോന്നിനോടും ചേർത്തു കഴിക്കുന്നതു്. പഴപ്പഴം സേവിച്ചുണ്ടാകുന്ന അജീർണ്ണത്തിൽ ഉപ്പു സേവിക്കുക. സം-കദളി. ത-വാഴൈ. ഇം-Plantain പ്ലാൻറൻ.

വാഴക്കണ്ണൻ-ഒരുമാതിരി നെല്ലു്.

വാഴക്കാച്ചിൽ-വാഴത്തോപ്പുകളിൽ നടുന്ന ഒരുമാതിരി കിഴങ്ങു്.

വാഴക്കാലാ-വാഴവെച്ചു കലവെട്ടിക്കഴിഞ്ഞ സ്ഥലം.

വാഴക്കിഴങ്ങു്-വാഴമാണം.

വാഴച്ചീപ്പു്-വാഴക്കുലയിലുള്ള പടല.

വാഴത്തുടുപ്പു്-വാഴയിലയുടെ തണ്ടു്.

വാഴനാര്-വാഴപ്പോളയിലെ നാര്.

വാഴപ്പിണ്ടി-പ്ര. വാഴത്തട, കലച്ചു വാഴയുടെ അകത്തുള്ളതു്. പ. വാഴത്തടി. സം-കദളീദണ്ഡം. ഇം-Pith of the Plantain.

വാഴപ്പോള-വാഴയുടെ പോള.

വാഴമാണം-വാഴയുടെ കിഴങ്ങു്.

വാഴയ്ക്കാ-വാഴയുടെ കായ്.

വാഴാനിലം-കൃഷിചെയ്യാത്ത ഭൂമി.

വാഴി-വാഴുന്നവൻ, ഭരിക്കുന്നവൻ.

വാഴുന്നു-ക്രി. പാർക്കുന്നു. പ. ഭരിക്കുന്നു, നു. നിലത്തിൽ കൃഷിചെയ്യുന്നു. (വാഴിക്കുന്നു-കാ. ക്രി.)

വാഴ്ക-ജയിക്കട്ടെ.

വാഴ്ച്ച-ക്രി. പാട്ടു്. പ. ഭരണം. നു. നിലത്തിൽ കൃഷിചെയ്യൽ. (പ-മ.)

വാഴ്ത്തൽ-സ്തുതിച്ചുപറക.

വാഴ്ത്തി-സ്തുതിപാഠകൻ. (പ-മ.)

വാഴ്ത്തുന്നു-ക്രി. സ്തുതിക്കുന്നു. പ. വലിപ്പിക്കുന്നു. നു. അനുഗ്രഹിക്കുന്നു.

വാഴ്വു-ക്രി. വലനം പ. ശരീരസുഖം. നു. ആശീർവ്വാദം.

വാർമാവിൻകായ്-ഒരു വൃക്ഷം.

മാവിൻറെ ജാതിയിൽ ചേരുന്നതല്ല. ഫലവർഗ്ഗത്തിൽ ചേർന്നതത്രെ. വദാമിനക്കാരും രചനതാണ്.

വാറണ്ടു്-പിടിച്ചു പിടിയാലേ കോടതിയിൽ ഹാജരാക്കേണ്ടതിനുള്ള അധികാരപത്രം.

വാറിട-കരിമ്പനയോല വാരെന്നടത്തുതു്.

വാറു, വാറേ-പദാന്ത്യത്തിൽ ചേർവതുന്നതു്, അപ്പോൾ, ആ മട്ടിൽ. ഉ-ം, ചെയ്തവർ (ചെയ്തപ്പോൾ).

വാറു്-ക്രി. തോൽവാറു്. പ. ശിപായിമാരുടെ കഴുത്തിലിടുന്ന തോൽവാറു്. നു. ഒരുവക മത്സ്യം. ഭ. കരിമ്പനയോല വാരെന്നടത്തുതു്. ഇ. വാരെന്നടത്ത മാംസം.

വാറുക-വാരുക.

വാറുമീൻ-ഒരു മത്സ്യം.

വാറോല-അന്യൻ ചെയ്തതെങ്കിലും ചെയ്യാത്തതെങ്കിലുമായ ദോഷത്തെ താൻ മറ്റാരോടും പറയാതെ പരസ്യമാക്കുന്നതിലേക്കു ആരും അറിയാതെ എഴുതി സഭാസ്ഥലങ്ങൾക്കു മുൻപാകെ തുക്കുന്ന ഓലയും മറ്റും.

വാറ്റു-അരിച്ചും ഊറിയും എടുക്ക.

വാറ്റൽ-അരിച്ചെടുക്ക, ഊറുക.

വാറ്റുന്നു-അരിക്കുന്നു, ഊറുന്നു.

വി

വി–ഉപസർഗ്ഗം. (ഇതു ക്രിയാപദങ്ങൾക്കും മറ്റും മുൻപെ ചെർക്കുമ്പോൾ 'വിശേഷമെന്നും, ഇല്ലയെന്നും, നിശ്ചയമെന്നും' അർത്ഥങ്ങൾ വരും).

'വി' എന്നതിനു 18 അർത്ഥമുണ്ട്.

നാനാർത്ഥവിയോഗാതിശയയേദൃരർത്ഥാഭാവാർത്ഥകലഹശ ഗ്വ് മോ ഹ ന ഭപൊസ്ത്വന്യോൽകർഷകൃത്സനേക്ഷദർത്ഥാനാമഭിമുഖ്യനേവസ്ഥാനാം പ്രാധാന്യദർശനശേഷയ്ഷു.

വി–പ. പക്ഷി. ഗമിക്കുന്നതു് എന്നർത്ഥം. ഉ. കതിര. ന. സോമൻ. ര. ഗമിക്കുന്നവൻ. ള. കട്ടവാളുവാൻ.

വിംശതി–ഇരുപതു്.

വികംകടം–വലിയ ഞെരിഞ്ഞിൽ.

വികങ്കത(ട)ം— വയ്യങ്കതക് വൃക്ഷം. (വെകങ്കതം എന്ന പാഠവും കാണുന്നു)

വികച–വി. പ. വിടിൻ. ഉ. തലമുടി ഇല്ലാത്ത.

വികചൻ–പ. ബുദ്ധമതത്തിൽ സന്യാസി. ഉ. കേതു എന്ന ഗ്രഹം. ന. രക്കോടി.

വികചം–പ. വിടിൻ പൂത്തുനില്ക്കുന്ന മരം. ഉ. വിരിഞ്ഞതു്.

വികട–വി. പ. വലുതായുള്ള. ഉ. ഭയങ്കരമായുള്ള. ന. ഡംഭമുള്ള. ര. വിസ്തീർണ്ണമുള്ള. ള. നീണ്ട പല്ലുള്ള. ന. സൌന്ദര്യമുള്ള. ം. വേഷമാറ്റമുള്ള. യ. തെളിവില്ലാത്ത.

വികടൻ–പ. വിപരീതമായി പറകയോ പ്രവർത്തിക്കയോ ചെയ്യുന്നവൻ. ഉ. ഭയങ്കരൻ.

വികടം–പ. വിരോധം. ഉ. ക്രൂരം. ന. അപകടം, ദുർഘടം.

വികടസരസ്വതി–പ. വികടവാക്ക്. ഉ. വികടം പറയുന്നവൻ.

വികടാ–ബുദ്ധമതക്കാരുടെ ഒരു ദേവി.

വികടിക്കുന്നു– ഇടയുന്നു, പിണങ്ങുന്നു, വല്ലാതെയാകുന്നു.

വികടിപ്പു്–വിരോധം, ഇടച്ചൽ.

വികണ്ടകം– പ. ഫലവർഗ്ഗത്തിൽ ഒന്നു്.

ഇതു് തുണിയിൽ പ്രായം ഇട്ടുന്നതിനു് ഉപയോഗപ്പെടുന്നു.

ഉ. വെങ്കുറിഞ്ഞി.

വികത്ഥനം–പ വെറുതെ പറക, തന്നത്താൻ സ്തുതിക്കുക, നിന്ദാസ്തുതി. ഉ. സ്തുതി.

വികത്ഥാ–പ. തന്നത്താൻ സ്തുതിക്കുക. ഉ. നിന്ദാസ്തുതി.

വികന്വിത–വി. നല്ലവണ്ണം ഇളകുന്ന.

വികരം–ഭീനം, വ്യാധി.

വികരാളം–ഭയങ്കരം.

വികർണ്ണൻ–ധൃതരാഷ്ട്രരുടെ ഒരു പുത്രൻ.

വികർത്തനൻ–പ. ആദിത്യൻ. വിശേഷണകർത്തനം (ഛേദനം) ഉള്ളവൻ എന്നർത്ഥം. ഇരുട്ടിനെ കളയുന്നവൻ എന്നുമർത്ഥം. വിശ്വകർമ്മാവിനാൽ മുറുക്കപ്പെട്ട കാന്തിയോടുകൂടിയവൻ എന്നുമുണ്ട്. ഉ. പിതാവിന്റെ രാജ്യത്തെ അപഹരിക്കുന്നവൻ.

വികർണ്ണാരം–ഏരിടു്. (ചെമ്പന്ന പൂവുള്ളതു്).

വികർമ്മം–വിരോധപ്രവൃത്തി.

'കർമ്മാകർമ്മവികർമ്മപരായണൻ'

(സന്താനഗോപാലം പാന)

വികർഷം–ശരം.

വികർഷണം–പ. വലിക്കുക ഉ. കാമന്റെ ശരങ്ങളിൽ ഒന്നു്.

വികല-വിനാഴിക.

വികല-വി. ഊനമുള്ള, ഇളക്കമുള്ള, ഇളകിയ.

വികലം-ഒരു കലയിൽ അറുപതിൽ ഒരു പങ്ക്.

വികലാ-ഋതുകാലം കഴിഞ്ഞ സ്ത്രീ, വൃദ്ധസ്ത്രീ.

വികലാംഗ-വി. അംഗഹീനതയുള്ള.

വികലാംഗൻ-ജനനാൽത്തന്നെ അംഗവൈകല്യമുള്ളവൻ.

വികല്പം-പ്ര. തൊഴ്. ദ്വി. മാറാം. തൃ. സംശയം. ര. ഒരലങ്കാരം. സമബലങ്ങളും പരസ്പരവിരോധത്താൽ തുന്നിച്ചുവരാൻ പാടില്ലാത്തതുമായ രണ്ടണ്ണങ്ങളിൽ വെച്ച് ഒന്നുവരുന്നത്.

വികല്പിത-വി. സംശയിക്കപ്പെട്ട, മറ്റൊരുപ്രകാരത്തിൽ കൂടെ നിശ്ചയിക്കപ്പെട്ട.

വികഷ(സ)ാ-പ്ര. മത്സ്യട്ടി ദ്വി. മംസരോഹിണി. വികസിക്കുന്നതു് എന്നർത്ഥം.

വികസൻ-ചന്ദ്രൻ.

വികസിക്കുന്നു-പ്ര. വിടിയുന്നു. ദ്വി. വലുതാകുന്നു. (വികസിപ്പിക്കുന്നു-സ. ക്രി.)

വികസിത-വി. വിടിഞ്ഞ.

വികസ്വര-വി. വിടിയുന്ന, വിടിൽ കൊണ്ടിരിക്കുന്ന.

വികസ്വരം-വികസിച്ചിരിക്കുന്നതു്, വികസിച്ചുകൊണ്ടിരിക്കുന്നതു്.

വികാരം-പ്ര ഒരു സ്വഭാവമുള്ളതു് മറ്റൊന്നായിത്തീരുന്നതു്, മനസ്സിനുണ്ടാകുന്ന ഒരു ഭാവഭേദം. ദ്വി. രൂപംമാറ്റം, വികൃതി. തൃ. രോഗം.

വികാരം 6 വിധം—ജനിക്കുക, ഇരിക്കുക, മറ്റൊന്നായി മാറുക, വളരുക, കുറയുക, നശിക്കുക. (ഇവയ്ക്ക് ഷഡ്വികാരം എന്ന പേർ).

മനുഷ്യനെ സംബന്ധിച്ചുള്ള 16 വികാരങ്ങൾ— ഭൂമി, ജലം, അഗ്നി, വായു, ആകാശം, കണ്ണ്, മൂക്ക്, രുചി, നാവ്, തൊലി, വാക്ക്, കാല്, കൈയ്, മലദ്വാരം, മൂത്രദ്വാരം, മനസ്സ്.

വികാരി-വി. വികാരമുള്ള. (രീ, രിണി, രി).

വികാരി-പ്ര. അറുപതിൽ മുപ്പത്തിമൂന്നാംവർഷം. ദ്വി. (വ്യാകരണത്തിൽ) ഇ, ഉ, ഋ, ഌ എന്ന നാലും, അവയുടെ ദീർഘങ്ങളും.

വികാശനം-പ്ര. വിടിച്ചു. ദ്വി. പ്രത്യക്ഷത.

വികാശം-പ്ര. താൻതന്നെ ഒരു സ്ഥലത്തിരിക്കുക. ദ്വി. വിടിച്ചു. തൃ. സുഖാനുഭവം. ര. ആകാശം. ഇ. പ്രകാശം, പ്രത്യക്ഷത. ഈ സൗന്ദര്യം. ഉ. സ്പഷ്ടം. ഊ. അത്യാശ.

വികാസം-വിടിച്ചു.

വികാസി-വി. വിടിയുന്ന.

വികിരം-പ്ര. പക്ഷി. കൊത്തിച്ചിനക്കുന്നതു് എന്നർത്ഥം. ദ്വി. മണൽ.

വികിരണം-പ്ര. ചിതറൽ. ദ്വി. കൊല്ലുക. തൃ. കീറുക. ര. എരിക്ക്.

വികീരണം-ഒരു പൂച്ചെടി, എരിക്ക്. നിറച്ചു പൂവുള്ളതു് എന്നർത്ഥം. വികിരണം എന്നുമാവും.

വികീർണ്ണം-വി. പ്ര. ചിതറിക്കപ്പെട്ട, കളത്തിയ.

വികീർണ്ണം-കരിഞ്ചണ്ണ.

വികൃക്ഷി-ഒരു സൂര്യവംശരാജാവു്.

ബലിയ്ക്കു വേട്ടയാടി മാംസം കൊണ്ടുവരുന്നതിനായച്ചതിന്റെശേഷം വിശപ്പു ഹേതുവായിട്ടു് ഒരു മുയലിനെ

ക്ഷിക്കയാൽ 'ശശാദൻ' എന്നു പേരു ണ്ടായി. ആ മാംസം ഭക്ഷിക്കുപയുക്ത മല്ലെന്നാണ് വസിഷ്ഠൻ പറഞ്ഞത്.

വികണ്ണം-വിഷ്ണുസഹസ്രം.

വികണ്ണാ-വിഷ്ണുവിന്റെ അമ്മ.

വികണ്ഠിത-വി. തടഞ്ഞ.

വികത്ഥന—വി. സ്തോഷ്ടുമുള്ള. (ണൻ, ണാ, ണം).

വികസ്വൻ-ചന്ദ്രൻ.

വികസ്വം-കർപ്പൂരം.

വിക്രണികാ-മൂക്ക്.

വികൃത-വി. രോഗമുള്ള. പ. വികാരമുള്ള.

വികൃതം-ബീഭത്സം. മനസ്സിനെ വികാരപ്പെടുത്തുന്നത് എന്നർത്ഥം.

വികൃതം-വിരൂപം, വികാരം (മാറ്റം) ഉണ്ടാക്കപ്പെട്ടത്.

വികൃതി-പ്ര. ഛന്ദസ്സുകളിൽ ഒന്ന്. പ. ഒരു സ്വഭാവമുള്ളത് മറ്റൊന്നായിത്തീരുന്നത്, സ്വഭാവത്തിന്റെയും മാറ്റം മാറ്റം. ന. ശോഷി. ര. പേടി. ള. രോഗം. ന ദുർബുദ്ധി. ം. ദുർബുദ്ധിയുള്ളവൻ. വ. മരണലക്ഷണം. ൻ. അറുപതിൽ ഇരുപത്തുനാലാംവർഷം.

വികൃതിത്വം-വക്രഗതത്വം.

വികൃഷ്ട-വി. പ്ര. വലിച്ചെടുക്കപ്പെട്ട. പ. അങ്ങോട്ടുമിങ്ങോട്ടും വലിക്കപ്പെട്ട. ന. നീട്ടപ്പെട്ട. ര. ശബ്ദമുണ്ടാക്കുന്ന.

വികേശ-വി. മുടിയില്ലാത്ത, കഷണ്ടിയായ.

വികോഷ-വി. മൂടപ്പെടാത്ത, ഉരിയ.

വിക്കം-വിക്ക്, വിക്കൽ.

വിക്കൻ-വിക്കുള്ളവൻ, കൊഞ്ഞൻ.

വിക്കൽ-വിക്ക്.

വിക്കു്-വാക്കിനുണ്ടാകുന്ന ഒരു തടവ്.

"കക കക കംസൻ കികികികി കൃഷ്ണൻ
പുപു പുപു പൂതന....."

(തക്മിണീസ്വയംവരം തുള്ളൽ)

ഒരുകഴഞ്ചു് ഇന്തുപ്പു കലക്കിയ ഒരു തുടം വെള്ളത്തിൽ ഒരു കഴഞ്ചു രവണ്ണയിട്ടു് ഉര മണിക്കൂറു കഴിഞ്ഞു് കുടുത്തു ഭക്ഷിക്കുക. അങ്ങിനെ ൻറു നേരം സേവിച്ചാൽ ഏതു കഠിനമായ വിക്കുതന്നെ ആയിരുന്നാലും തീരെ മാറി നല്ലപോലെ പറയാറാവുന്നതാണ്.

വിക്കുന്ന-ക്രി. വിക്കിപ്പറയുന്ന. പ. വെള്ളവും മറവും കൂടിക്കുമ്പോൾ ചില സമയത്തു് തൊണ്ടതിങ്ങി മേല്പോട്ടു് തെറിക്കുന്ന.

വിക്രമ-അറുപതിൽ പതിനാലാംവർഷം.

വിക്രമണം-നീട്ടിവെച്ചുള്ള നടപ്പു്, കവയ്പു്, കവച്ചുനടക്കുക.

വിക്രമൻ-പ്ര. വിക്രമമുള്ളവൻ. പ. വിക്രമാദിത്യനെന്ന രാജാവു്.

വിക്രമം-പ്ര. അതിപരാക്രമം, അതിബലമുള്ളവന്റെ ഭാവം. പ. തൃതീയരാശി. ന. യുദ്ധസാമർത്ഥ്യം. ര. കൂടുതൽ. ള. നടക്കുക. ന. ആക്രമിക്കുക.

വിക്രമവാൻ-വിക്രമമുള്ളവൻ. (സ്ത്രീ.-വിക്രമവതി).

വിക്രമശാലി-വി. വിക്രമമുള്ള. (ലീ, ലിനീ, ലി).

വിക്രമാദിത്യൻ-സുപ്രസിദ്ധനായ ഒരു രാജാവു്.

ഉജ്ജയിനീപട്ടണത്തിൽ വാണിരുന്ന, കാളിദാസൻ മുതലായ നവരത്നങ്ങളും ഇദ്ദേഹത്തിന്റെ കാലത്താണുണ്ടായിരുന്നതു്. സംവൽ വർഷത്തിന്റെ സ്ഥാപകനാകുന്നു.

വിക്രമാബ്ദം-വിക്രമാദിത്യന്റെ കാലം മുതൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സംവത്സരം.

വിക്രമാക്കൻ-വിക്രമാദിത്യൻ.

വിക്രമി-പ്ര. വിക്രമമുള്ളവൻ, ശക്തൻ. ഉ. സിംഹം. ന. വിഷ്ണുവിന്റെ ഒരംശം.

വിക്രമിക്കുന്നു-ആക്രമിക്കുന്നു.

വിക്രമോർവ്വശീയം-കാളിദാസന്റെ ഒരു നാടകം.

വിക്രയം-വിൽക്കുക, കച്ചവടം.

വിക്രയി, വിക്രയികൻ-വില്ക്കുന്നവൻ.

വിക്രാന്ത-വി. പ്ര. വിക്രമമുള്ള, ശക്തിയുള്ള. ഉ. ജയിച്ച. ന. വിജയമുള്ള.

വിക്രാന്തൻ-ശൂരപുരുഷൻ, വീരൻ, ശക്തിയുള്ള യോദ്ധാവ്. ശത്രുശിരസ്സിൽ ചവുട്ടുന്നവൻ എന്നർത്ഥം. ഉ. സിംഹം.

വിക്രാന്തം-പ്ര. പരാക്രമം. ഉ. സിംഹം.

വിക്രാന്താ-പ്ര. തൊഴുകണ്ണി. ഉ. വിഷ്ണുക്രാന്തി. ന. ചെറുപ്പുള്ളടി. ര. പുഴമുഞ്ഞ. ള. പാതാളഗരുഡക്കൊടി.

വിക്രാന്തി-പ്ര. കരിരയുടെ കരിപ്പ്. ഉ. ശക്തി, മഹാബലം, വിക്രമം.

വിക്രായകൻ-വില്ക്കുന്നവൻ, കച്ചവടക്കാരൻ.

വിക്രിയ-പ്ര. ഒരു സ്വഭാവമുള്ളതു് മറ്റൊന്നായിത്തീരുന്നതു്, മനസ്സിന്റെയും ശരീരത്തിന്റെയും മാറ്റം, വികാരം, വികൃതി, മാറ്റം. ഉ. കോപം. ന. ദോഷം. ര. ഭീനം.

വിക്രീ-വില്ക്കുക.

വിക്രീത-വി. വില്ക്കപ്പെട്ട.

വിക്രുഷ്ട-വി. പ്ര. വിളിച്ചു പറയപ്പെട്ട. ഉ. കഠിനമായ.

വിക്രുഷ്ടം-പ്ര. സഹായത്തിനായിട്ടുള്ള കരച്ചൽ. ഉ. ശകാരം.

വിക്രേതാവു്-വില്ക്കുന്നവൻ.

വിക്രേയ-വി. വില്ക്കേണ്ടുന്ന.

വിക്രേയം-വില്ക്കേണ്ടതായ സാധനം, വില്ക്കപ്പെടുന്നതു് എന്നർത്ഥം.

വിക്ലവ-വി. പ്ര. പാരവശ്യമുള്ള. ഉ. ഭയപ്പെട്ട. ന. കഴപ്പത്തിലായ. ര. ദുഃഖിച്ച.

വിക്ലിന്നം-വി. പ്ര. വളരെ നനഞ്ഞ, അശേഷം നനഞ്ഞ. ഉ. അലിഞ്ഞിച്ച, ഉണങ്ങിയ. ന. വാങ്മയമായ.

വിക്ലിഷ്ടം-ഉച്ചാരണത്തിനുള്ള പിശക്.

വിക്ലിഷ്ടം-വി. പ്ര. വളരെ ഭയപ്പെട്ട. ഉ. കേട്ട വന്നിയ, നശിപ്പിക്കപ്പെട്ട.

വിക്ലേദം-മുഴുവൻ നനയുക.

വിക്ഷത-വി. മുറിക്കപ്പെട്ട.

വിക്ഷപിതം-വ്യത്യാസപ്പെട്ടതു്.

'മഹിതകടാക്ഷവിക്ഷപിതാമരസ്തുചം'

(അദ്ധ്യാത്മരാമായണം)

വിക്ഷവം-ചുമ. (ഒരു രോഗം).

വിക്ഷാവം-തുമ്മൽ, തുമ്പൽ, കരം ശബ്ദമുണ്ടാക്കുന്നതു് എന്നർത്ഥം.

വിക്ഷിപ്ത-പ്ര. എറിയപ്പെട്ട. ഉ. ചിതറപ്പെട്ട.

വിക്ഷീരം-എരിക്കു്.

വിക്ഷേപണം-ഏറു്.

വിക്ഷേപണി-(വ്യാകരണത്തിൽ) ചിഹ്നനങ്ങളിൽ ഒന്നു്. ഇതു് വിസ്മയം മുതലായവയെ സൂചിപ്പിക്കുന്നു-!

വിക്ഷേപം- പ്ര. മായയ്ക്കുള്ള ശക്തികളിൽ ഒന്നു്.

മറ്റൊന്നു് 'ആവരണം' എന്ന ശക്തിയാണു്. ഇതുകൊണ്ടു് ആ പരമാത്മാവു് മറയ്ക്കപ്പെട്ടു് അജ്ഞാനസംഭവം ഉണ്ടാകുന്നു. ബ്രഹ്മത്തെ അറിയാൻ വയ്യാതാക്കുന്നതും അല്പം വെളിച്ചം കെടുത്തു് അന്ധകാരത്തിൽ ആക്കിത്തീർക്കുന്നതുമായ ശക്തി. സ്ഥൂലമായ ബ്ര

രഹസ്യത്തെ അറിയാതെ മറയ്ക്കുന്ന ശക്തിയത്രേ ആവരണശക്തി. വിക്ഷേപത്തിൽ നിന്നു പഞ്ചപ്രകാരങ്ങളും ഉണ്ടായി. ക. നായകാശ്രിതരങ്ങളായ വ്യ അലംകാരങ്ങളിൽ ഒന്ന്.

'ക്ഷോണമലംകരചനം
മിഥ്യാവിക്ഷപ്തഗവേക്ഷണം
രഹസ്യാഖ്യാനമീക്ഷച്ച
വിക്ഷേപോ ഭയിതാന്തികേ'

=നായകനെന്നറിച്ചിരിക്കുമ്പോൾ അലംകാരങ്ങളെ തികയാക്കാതിരിക്കുക, അനാവശ്യമായും ചെറിച്ചും മറിച്ചുമുള്ള നോട്ടം, രഹസ്യങ്ങളും പറയുമ്പോൾ അതിനെ അക്ഷരപദങ്ങളെക്കൊണ്ടു പൂർത്തിക്കുക, ഇവയത്രേ വിക്ഷേപം.

പ. കഴപ്പം. ര. ഭയം ഭ. മുന്നോട്ടും പിന്നോട്ടുമുള്ള അനക്കം.

വിക്ഷേപിക്കുന്നു-എറിയുന്നു.

വിക്ഷോഭം-ഇളക്കം, മനക്കലക്കം.

വിഖാസാ-നാശം.

വിഖുരൻ-കള്ളൻ.

വിഖ്യാത-വി. പ്രസിദ്ധമുള്ള.

വിഖ്യാതി-കീർത്തി.

വിഖ്യാപനം-പരസ്യം, വിജ്ഞാപനം

വിഗണനം-ക. കണക്കുകൂട്ടുക. ഖ. വിചാരിക്കുക, ആലോചിക്കുക. പ. കടം വീട്ടുക.

വിഗത-വി. ക. പോയ. ഖ. വേർപെട്ട. പ. ഒഴിവായ. ര. ഇല്ലാത്ത ഭ. ചത്ത.

വിഗതനാസിക-വി. മൂക്കുപോയ.

വിഗതം-ക. പൊയ്പോയതു്, വേർവിട്ടതു്. ഖ. പ്രയോജനമില്ലാതായതു്, പ്രയോജനമില്ലാത്തതു്.

വിഗതാർത്തവാ-തീണ്ടാറായിരിക്കുന്നവൾ. ആർത്തവമില്ലാതായവൾ എന്നർത്ഥം.

വിഗതി-പിന്നോക്കം പോക.

വിഗന്ധകം-ഒരുതരം മരം.

വിഗമം-ക. വേർപാടു്. ഖ. മരണം. പ. യാത്ര. ര. നഷ്ടം, ഭ. നാശം.

വിഗരം-പർവ്വതം.

വിഗർഹണം-നിന്ദ.

വിഗർഹിത-വി. നിന്ദിക്കപ്പെട്ട.

വിഗളത്-വി. ക. തുള്ളിത്തുള്ളിയായ്സ്രവിക്കുന്ന, ഒഴുകുന്ന. ഖ. ഉരുകുന്ന.

വിഗളിതം-വി. ക. വീണുപോയ. ഖ. വാർന്നുപോയ, ഒഴുകിയ. പ. അഴിഞ്ഞ. ര. ഉരുകിയ.

വിഗാനം-നിന്ദ

വിഗാഹം-കളി, മുങ്ങൽ.

വിഗീതി-ശകാരം, നിന്ദിക്കുക.

വിഗുണം-വി. ഗുണമില്ലാത്ത.

വിഗ്ന-വി. ഇളകിയ, അനങ്ങിയ, ഉദ്യോഗിപ്പിച്ച

വിഗ്ര-വി. മൂക്കില്ലാത്ത.

വിഗ്രഹം-ക. ശരീരം. വിവിധങ്ങളായ സുഖദുഃഖാദികളെ ഗ്രഹിക്കുന്നതു് എന്നർത്ഥം. ഖ. യുദ്ധം. വിശേഷേണ ഗ്രഹിക്കുക, തമ്മിൽ പിടിക്കുട്ടുക എന്നർത്ഥം. പ. വ്യാകരണപ്രകാരം സമാസപദത്തെ വേർതിരിക്കുക. ര. ആകൃതി. ഭ. ഒരു ഭാഗം. ന. വിസ്താരം. വിശേഷേണ ഗ്രഹിക്കുക എന്നർത്ഥം. ഫ. എതിർപ്പു്. ബ. വിരോധിക്കുക. ന. ശത്രുരാജ്യത്തെ ചുട്ടുപൊടിക്കുക, കത്തിക്കുവാനുള്ള മുതലായ ഉപദ്രവപ്രവൃത്തി. ഗ. ക്രൂഡ്ഗുണങ്ങളിൽ ഒന്ന്. വേണ്ടിവന്നാൽ മാത്രം യുദ്ധം ചെയ്യുന്നതു് വിഗ്രഹം.

വിഗ്രഹാരാധന-ബിംബത്തെ പൂജിക്കുക.

വിഗ്രീവ-വി. തലവെട്ടിക്കളഞ്ഞ.

വിഘടനം-നാശം.

വിഘടിത-വി. പങ്കിട്ട.

വിഘടിപ്പിക്കുന്ന-വേറതിരിക്കുന്ന.

വിഘട്ടനം(നാ)- ക. ഉരച്ചൽ. ഖ. വേർതിരിക്കൽ, അഴിക്കൽ.

വിഘടനൻ-നശിപ്പിക്കുന്നവൻ.

വിഘടനം-ചുറ്റിക.

വിഘസം-ക. ഭക്ഷണത്തിന്റെ ശേഷം. ഖ. അതിഥികൾക്ക് കൊടുക്കുന്നതിന്റെ ശിഷ്ടമായ അന്നം. ന. മുഴുക്ക്. ഘ. ഭക്ഷണം. ങ. വിഘ്നം.

വിഘസം എന്നതു ദേവന്മാർ, പിതൃക്കൾ, അതിഥികൾ, ഭൂതക്കുന്മാർ ഇവർ ഭക്ഷിച്ചതിന്റെ അവശിഷ്ടമായ അന്നം ഭിക്ഷുടെ പേർ എന്നു കാണുന്നു.

വിഘാതം-ക. തടവ്. ഖ. നാശം.

വിഘ്നനായകൻ-ഗണപതി.

വിഘ്നനാശകൻ-ഗണപതി.

വിഘ്നനാശനൻ-ഗണപതി.

വിഘ്നം-ക. മുടക്കം, തടവ്. വിഹനിക്കുക, തടസ്സപ്പെടുത്തുക എന്നർത്ഥം. ഖ. പെരുംക്കുറവ്.

വിഘ്നരാജൻ-ഗണപതി. വിഘ്നങ്ങളുടെ രാജാവ്. വിഘ്നങ്ങളെ ഇല്ലാതാക്കുന്നതിനു ശക്തിയുള്ളവൻ ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ

നിർവിഘ്നപരിസമാപ്തിക്കായ്ക്കൊണ്ടു ഏതുപ്രാരംഭങ്ങളിലും വിഘ്നേശ്വരനെ പൂജിക്കുക എന്നതു സാധാരണയാകുന്നു

വിഘ്നിതാ വിഘ്നം ഉണ്ടായതു്.

വിഘ്നേശൻ-ഗണപതി.

വിഘ്നേശവാഹനൻ-ക. എലി. ഖ. പെരുച്ചാഴി.

വിങ്ങൽ- ഒരുമാതിരി വേദന, ചുളുചുളുപ്പ്.

വിങ്ങാടം-തറിമരത്തിൽ ഒരു ഭാഗം.

വിങ്ങുന്ന-ചുളുചുളുക്കുന്ന, വിമ്മുന്ന.

വിചകിലം-ക. വള്ളിരുല്ല. ഖ. മക്കിപ്പൂവ്.

വിചക്ഷണ-വി. ക. അറിവുള്ള. ഖ. സാമർത്ഥ്യമുള്ള.

വിചക്ഷണൻ - സമർത്ഥൻ, വിദ്വാൻ. വിശേഷേണ വ്യക്തമായി സംസാരിക്കുന്നവൻ എന്നർത്ഥം.

വിചണ്ഡാ-ക. പഞ്ചവല്ലിക്കിളി. ഖ. പാത്തു.

വിചയം, വിചയനം-അന്വേഷണം.

വിചർച്ചിക-ഒരുമാതിരിപ്പെരുവി, ചിരങ്ങ്. പിന്നെയും പിന്നെയും വരുന്നതു് എന്നർത്ഥം.

വിചല-വി. ഇളക്കമുള്ള.

വിചാരകൻ-ക. ന്യായാധിപതി. ഖ. പരിശോധകൻ.

വിചാരണ-പ്രമാണങ്ങളെക്കൊണ്ടു് അർത്ഥനിർണ്ണയം ചെയ്യുന്നതു്, അർത്ഥപരീക്ഷ, കാര്യാകാര്യങ്ങളെ തിരക്കി അറിയുക, ആലോചന, നിരൂപണം തീരെ സന്ദേഹമില്ലാത്തതു് എന്നർത്ഥം.

വിചാരഭൂ-യമന്റെ സിംഹാസനം.

വിചാരം-ക. ഭാരം. ഖ. രാജ്യഭാരം. ന. ഒരു ഉദ്യോഗം. ഘ വിഷാദം. ങ. ആലോചന.

വിചാരിക്കുന്ന-ക. ഭരിക്കുന്ന. ഖ. രാജ്യഭരിക്കുന്ന. ന. വിഷാദിക്കുന്ന. (വിചാരിപ്പിക്കുന്ന-കാ. ക്രി). ഘ. ചോദിക്കുന്ന. ങ. ഉത്സാഹിക്കുന്ന.

വിചാരിത-വി. വിചാരിക്കപ്പെട്ട.

വിചാരിപ്പു-മേലധികാരം.

വിചായ്യ—വി. വിചാരിക്കപ്പെടുവാൻ തക്ക.

വിച്ച-തിര.

വിചികിത്സ- ക. സംശയം. ഉ. തെറ്റ്.

വിചികിത്സിതം-സംശയിക്കപ്പെട്ടകാര്യം.

വിചികീർഷ-ചെയ്യുന്നതിള്ള ആഗ്രഹം.

വിചിത-വി. അന്വേഷിക്കപ്പെട്ട.

വിചിതി-അന്വേഷണം.

വിചിത്ര-വി. ക. അധികം ഭംഗിയുള്ള. ഉ. പലനിറമുള്ള. ന. അത്ഭുതകരമായ.

വിചിത്രഭാഷ്യം-സരസവാഗ്മിതം.

വിചിത്രം-ക നാനാവിധം. ഉ. മനോഹരം. ന. അത്യാശ്ചര്യം. ഴ. വെള്ളരി. (വെള്ളത്ത ചെറിയതരമാണ്). ങ മയിലെള്ള്. ന. അശോകം. ച. ഒരലങ്കാരം.

വിചിത്രവീര്യൻ - ശന്തനുരാജാവിനു സത്യവതിയിലുണ്ടായവൻ.

അംബികയുടെയും അംബാലികയുടെയും ഭർത്താവ്. ഭീഷ്മരുടെ അർദ്ധസോദരൻ. മക്കളില്ലാതെ മരിച്ചു. സത്യവതിയുടെ അഭിപ്രായപ്രകാരം വ്യാസൻ വിചിത്രവീര്യനുവേണ്ടി അംബികയിലും അംബാലികയിലും പുത്രരെ ജനിപ്പിച്ചു. ഇവരാണ് ധൃതരാഷ്ട്രനും പാണ്ഡുവും.

വിചിത്രാംഗൻ-ക. പുലി. ഉ. മയിൽ

വിചിന്വാനൻ-അന്വേഷിക്കുന്നവൻ.

വിചേതന-വി. ക. ബോധമില്ലാത്ത ഉ. മരിച്ച.

വിചേഷ്ടിതം-പ്രവൃത്തി, പരിശ്രമം.

വിച്ച, പിച്ച- ക. ആശ്ചര്യം. ഉ. കൊച്ചുരൂപങ്ങളുടെ ഒരു കളി.

വിച്ച-ക. മിടുക്ക്. ഉ. ആശ്ചര്യം. (വിദ്യയുടെ തദ്ഭവം). (പ=മ)

വിച്ച=വിസ്മയം. വിച്ച എന്നതു അത്ഭുതവാചിയായ ഒരു പ്രാചീനശബ്ദമാണ്. [ത്തോൽ'

'വിച്ചയല്ലയോദേവീനൽച്ചരിതങ്ങളേ (ശിരിജകേല്യുണോം)

വിച്ചക്കളി, പിച്ചക്കളി-കൊച്ചുരൂപങ്ങളുടെ ഒരു കളി.

വിച്യുത-വി. താഴെ വീണ.

വിച്യുതി-വീഴ്ച, നാശം.

വിച്ഛന്ദകം - ഒരുതരം തിരി രാജഭവനം, ദേവാലയ വകഭേദങ്ങളുടെ പ്രത്യേകം പേർ. അഭിലാഷത്തെ സാധിപ്പിക്കുന്നത് എന്നർത്ഥം. വിച്ഛർദ്ദകം എന്നുമുണ്ട്.

വിച്ഛായ-വി. ക. കാഴ്ചക്കുറവുള്ള. ഉ. വിളർച്ചയുള്ള.

വിച്ഛായം-ക. പക്ഷികളുടെ നിഴൽ. ഉ. ഭൂതം.

വിച്ഛിത്തി-ക. മുറിക്കുക. ഉ. വേർതിരിക്കുക. ന. നാശം. ഴ. ഭവനത്തിന്റെ അതിര്. ങ. (നിറത്തിന്നായി) ഭേദത്തിൽ പൂശപ്പെട്ടുന്ന കറിള്ളുട്ട്. ന. നായികാശ്രീതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്ന്.

'സ്നോകാർപ്യകല്പരചനാ
വിച്ഛിത്തിഃ കാന്തിപോഷകൃൽ'

ആഭരണാദ്യലങ്കാരങ്ങൾ വളരെ ചുരുക്കമാണെങ്കിലും അത്യധികം ശോഭിക്കുന്നെങ്കിൽ അതു വിച്ഛിത്തി. (വിലാസങ്ങം എന്ന പദം നോക്കുക).

വിച്ഛിന്ന-വി. ക. മുറിക്കപ്പെട്ട. ഉ. ഇടവിടപ്പെട്ട. ന. പിരിഞ്ഞുപോയ.

വിച്ഛുരിതം-വി. ക. മൂടപ്പെട്ട. ഉ. പതിക്കപ്പെട്ട. ന. പൂശപ്പെട്ട.

വിച്ഛേദം-ക. മുറിവ്. ഉ. തടസ്സം. ന. മുറിഞ്ഞ ശകലം. ഴ. നാശം. ങ. കണ്ഡം.

വിജനം-വി. ജനമില്ലാത്ത.

വിജനനം-ജനനം.

വിജയം-പ്ര. കട്ടക്ക. ദ്വ. കണ്ണാവ്. ന. രണ്ടാംവയസ്സ്. ര. ചെറുമുഞ്ഞ. ള. അറുപതിൽ ഇരുപത്തേഴാം വർഷം. ഴ. തൃതീയ, അഷ്ടമി, ത്രയോദശി ഈ മൂന്നു പക്ഷങ്ങളിലും ക്രമേണ പറയുന്ന ഒരു പേർ. റ. തുലാമാസത്തിൽ വെളുത്ത വാവ്. വ. ശ്രീപാർവ്വതിയുടെ ശ്രുശ്രൂക്ഷക്കാരത്തി, ഒരു സഖി. ൻ. വെളുത്ത നെല്ലി. ഫാ. ചെറുവന്നി. ഫഫ. കരിങ്കുരുക. ഫമ. വയസ്സ്. ഫന. മുഞ്ഞ. ഫര. വിശ്വാമിത്രൻ ശ്രീരാമനു കൊടുത്ത ഒരുപദേശം. ഫള. ഉഴുന്ന്.

വിജയകുഞ്ജരം-യുദ്ധത്തിലുള്ള ആന.

വിജയച്ഛന്ദം- അഞ്ഞൂററിനാലു ചുറവുള്ള ഒരു മുത്തുമാല.

വിജയദശമി-കന്നിമാസത്തിൽ കറുത്ത വാവുകഴിഞ്ഞു വരുന്ന വെളുത്ത ദശമി

സേനകളുടേയും വൻകന്മാരുടേയും വിജയത്തോടുകൂടിയുള്ള പ്രത്യാഗമനത്തെക്കുറിക്കുന്ന ഒരു ഉത്സവദിവസം. ശ്രീരാമൻ അയോദ്ധ്യയിൽ തിരിച്ചെത്തിയതും പാണ്ഡവന്മാർ രാജ്യം ജയിച്ചതും ഈ സമയത്താണ്. 'വിജയദശമി' എന്നും 'ദസ്സ്റാ' എന്നും ഇതിനു പേരുകളും ഉണ്ട്.

വിജയനഗരം- വിശാഖപട്ടണത്തിലുള്ള ഒരു നഗരം, തുംഗഭദ്രാനദിതീരത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന ഒരു ഹിന്ദുരാജ്യം. (എ. ഡി. 1444-1650).

വിജയൻ-പ്ര. അർജ്ജുനൻ. ദ്വ. വിഷ്ണുവിന്റെ ഗോപുരപാലകന്മാരിൽ ഒരുത്തൻ. ന. വിഷ്ണു. ര. യമൻ.

വിജയന്തൻ-ഇന്ദ്രൻ.

വിജയാ-പ്ര. ജയിക്കുക, ഉൽക്കർഷസിദ്ധി. ദ്വ. ദേവേന്ദ്രന്റെ രഥം.

വിജയി-വി. ജയിക്കുന്ന.

വിജയിക്കുന്ന-വിശേഷേണ സർവ്വോൽക്കർഷത്തോടെ വർത്തിക്കുന്ന.

വിജരം-വി. പ്ര. പഴയ. ദ്വ. പുതിയ.

വിജലാ-നീർച്ചീര.

വിജാതാ-മരുതുവ്.

വിജാതീയ-വി. പ്ര. വേറെ വിധത്തിലോ ജാതിയിലോ ഉള്ള, വ്യത്യാസപ്പെട്ട. ദ്വ. അന്യ ജാതിയിലോ വർഗ്ഗത്തിലോ ഉള്ള. ന. കൂട്ടുകൂടിയ (ജാതി).

വിജാനൻ-വി. അറിഞ്ഞ.

വിജിഗീഷ-ജയിപ്പാനുള്ള ആഗ്രഹം.

വിജിഗീഷു - പ്ര. ജയിപ്പാനാഗ്രഹമുള്ളയാൾ. ദ്വ യോദ്ധാവ്.

വിജിത-വി. ജയിക്കപ്പെട്ട.

വിജിതി-ജയം.

വിജില-വി. കഞ്ഞിയോടുകൂടെ ചേർക്കപ്പെട്ട.

വിജിലം-അയഞ്ഞ ചോറ് (കഞ്ഞി), കറി മുതലായതു്. ഇളകുന്നതു് എന്നർത്ഥം.

വിജൃംഭണം-പ്ര. വർദ്ധന. ദ്വ. കോട്ടുവാ. ന. മൂർദ്ധനിവിന്യാസം. ര. സ്ത്രീകളുടെയുള്ള ചില നേരമ്പോക്ക്.

വിജൃംഭിക്കുന്ന-പ്ര. വർദ്ധിക്കുന്ന. ദ്വ. വിടർത്തുന്ന.

വിജൃംഭിത-വി. പ്ര. പൂത്ത, വിടിർന്ന. ദ്വ. കോട്ടുവായിട്ട. ന. സ്ത്രീകളുടെയുള്ള സന്തോഷിച്ച.

വിജൃംഭിതം-പ്ര. ആഗ്രഹം. ദ്വ. നേരമ്പോക്ക്. ന. അധികൃതം.

വിജേതാവ്-ജയിച്ചവൻ.

വിജ്ഞാലം-ഏലവങ്ങം.

വിജ്ഞ-വി. വിശേഷേണ അറിയുന്ന. (നാമം-വിജ്ഞത, വിജ്ഞതാപം).

വിജ്ഞാപ്ത-വി. വിജ്ഞാപനം ചെയ്യപ്പെട്ട, അറിയപ്പെടുത്തിയ, അപേക്ഷിച്ച.

വിജ്ഞാപ്തി-അറിയിപ്പിക്കൽ. പ. യാചന.

വിജ്ഞാത-വി. അറിയപ്പെട്ട.

വിജ്ഞാതൻ-പ്രസിദ്ധിയുള്ളവൻ. വിശേഷേണ അറിയപ്പെട്ടവൻ എന്നർത്ഥം.

വിജ്ഞാനതൈലഗർഭം-അഴിഞ്ഞിൽ.

വിജ്ഞാനം— ശില്പശാസ്ത്രാദികളിലുള്ള അറിവ്, തികഞ്ഞ അറിവ്.

വിജ്ഞാനം=വിപരീതമായ അറിവ്. 'അന്യത്ര ശില്പശാസ്ത്രായഃ ധീഃ വിജ്ഞാനം = മോക്ഷേതരങ്ങളായ-ഏവം രൂപികങ്ങളായ ചിത്രലേഖനാദി ശില്പത്തിലും മീമാംസാദിശാസ്ത്രത്തിലും പ്രവേശിച്ചിരിക്കുന്ന ബുദ്ധിക്ക-ഇവരണ്ടിലുമുള്ള അറിവിനു 'വിജ്ഞാനം' എന്നു പേർ.

വിജ്ഞാനഭാഷൻ-വ്യാസൻ.

വിജ്ഞാനമയകോശം - ജ്ഞാനേന്ദ്രിയങ്ങളോടു ക്രിയയും നിശ്ചയസ്വരൂപിണിയുമായ ബുദ്ധി.

വിജ്ഞാനിക-വി. മിടുക്കുള്ള.

വിജ്ഞാപകൻ-അദ്ധ്യാപകൻ.

വിജ്ഞാപനം, വിജ്ഞാപനാ-പ. അറിയിപ്പ്. പ. യാചന. ന അറിവ്.

വിജ്ഞാപിക്കുന്ന-അറിയിക്കുന്ന.

വിജ്ഞാപിത-വി. അറിയിക്കപ്പെട്ട, ബോധിക്കപ്പെട്ട.

വിജ്ഞാശ്വര-കണ്ണിലെ വെളുപ്പ്

വിജ്ഞേയ-വി. അറിയപ്പെടേണ്ടുന്ന.

വിട-പോകുന്നതിന്നായിട്ടു വലിയവരോടു വാങ്ങിക്കുന്ന അനുവാദം.

വിടകൊള്ളുന്ന-വി. പോകുന്നു എന്നു പറയുന്നതിനു പകരം താണജാതികൾ വലിയവരോടു പറയുന്ന ഒരുച്ചാരവാക്ക്. (അടിതൊൽ എന്ന പദം നോക്കുക).

വിടകം, വിടി(ടി)കാ-കത.

വിടക്ക്-പ. മൃഗങ്ങളുടെ ശവം, ചത്തു. പ. അളിഞ്ഞ വസ്തു.

'കടക്കുമോ നീ ഞാൻ പറയാതെ
വിടക്കുമോ ചഞ്ചലമുലോ'
(ലങ്കാമർദ്ദനം ഓട്ടൻതുള്ളൽ)

വിടങ്കം-പ. പ്ലാക്കുട്ട്, പ്ലാപ്പലക, പക്ഷിക്കൂട്ട്. പ. വളരെകപോതം.

വിടങ്കിത-വി. അടയാളപ്പെടുത്തപ്പെട്ട.

വിടതൊഴുക-പോകാൻ അനുവാദം വാങ്ങിക്കുക.

വിടത്തൽ-കത വൃക്ഷം.

പിച്ചകപ്പൂവിന്റെ ആകൃതിയിൽ വെളുത്തും കറുത്തും ചെമന്നും മഞ്ഞളിച്ചുമുള്ള പൂവുണ്ട്. മുള്ളു കാണും. സം-വെല്ലന്തരം. ത-വിടത്തലെ).

വിടൻ-പ. വേശ്യാസ്ത്രീകളെ അഗ്രഹിച്ചു അന്വേഷിച്ചു നടക്കുന്നവൻ, ധൂർത്തൻ. പ. കള്ളൻ. ന. ചതിയൻ, രാജാവിന്റെയും പ്രഭുവിന്റെയും മറ്റേതെങ്കിലും യുവപുരുഷന്റെയും സഖാവും, സംഗീതസാഹിത്യാദികളിൽ വിദഗ്ധനുമായ ഒരുവൻ, വിടൻ വിദൂഷകന്റെ സ്ഥാനവും ചിലപ്പോൾ വഹിക്കും. സ്ത്രീലിംഗനായ ഒരുവനും വിടൻ എന്നു പറയും.

വിടവ്-പ. മരത്തിന്റെ തൊലിയും പ. വൃക്ഷങ്ങളുടെ പട്ടയും [illegible]

കവയ്യുവൽ. ഭ മരക്കുട്ടം. വിടന്മാരെ രക്ഷിക്കുന്നത് എന്നർത്ഥം. ഇ. ചെറിയ തൊഴുകണ്ണി. ന പരപ്പ്. ഒ. പുല്ലുകൊണ്ട് ചുരപ്പെടുന്നത് എന്നർത്ഥം.

വിടപി-ഫ. വൃക്ഷം. ഉ. പേരാൽവൃക്ഷം. കൊമ്പുകൾ ഉള്ളത് എന്നർത്ഥം. വിസ്താരമുള്ളത് എന്നുമാവാം.

വിടപ്രിയാ-മഞ്ഞൾ.

വിടം-ഫ. വിളയുപ്പ്. ഉ. കരിങ്ങാലി. ന. നാരകം. ർ. ഏലം. ഇ. തമിഴ്. ന. ക്രൂരൻ. ഒ. വിസ്താരം.

വിടർ-കീറൽ, പൊളി, വിടവ്.

വിടല, വെടല-മുക്കാത്ത തേങ്ങ, മത്തങ്ങ.

വിടവ്-പൊട്ടിയുണ്ടാകുന്ന അകലിച്ച.

വിടവല്ലഭാ-പാതിരി.

വിടവഴക്കം-ഉത്പന്നമാകാതെ മറവു ചെയ്യുന്നുള്ളൂമെന്നനുസരിക്കൽ.

വിടവഴങ്ങുന്നു-(വിട) പോകുന്നതിന്നനുവാദം വാങ്ങിക്കുന്നു.

വിടവിക്കുന്നു = പൊട്ടിയകലുന്നു, വിളയുന്നു.

വിടാതെ-അ. ഇടമുറിയാതെ, മുറകെ.

വിടാമ്പു-പാമ്പു്. (വിടം = വിഷം).

വിടി-പീതചന്ദനം.

വിടിയുന്നു—മലരുന്നു, വികസിക്കുന്നു. (സ. ക്രി-വിടിക്കുന്നു, വിടിയ്ക്കുന്നു).

വിടിക്കുന്നു-ഫ. വികസിപ്പിക്കുന്നു. ഉ. നിവിക്കുന്നു.

വിടിച്ചു, വിടിപ്പു-വിരിവു്, മലച്ചു.

വിടിപ്പു-വിടിച്ചു.

വിടിർവു-വിരിവു്, മലച്ചു.

വിടു-ചീത്തയായ, അങ്ങേ അറ്റമായ എന്നീ അർത്ഥം വരത്തക്കവണ്ണം പല മുൻ ചേർത്തു പ്രയോഗിക്കുന്നു.

വിടുകയ്യൻ-ഫ ധൂർത്തൻ. ഉ. സൂക്ഷ്മമില്ലാതെ മുതൽ ചെലവു ചെയ്യുന്നവൻ.

വിടുക്കാൽ - പയറുപോലെയുള്ള ഒരു നടുതല.

വിടുതല-വിടുതൽ.

വിടുതലപെറുക്കുന്നു—കാലം പോക്കുന്നു.

വിടുതൽ-ഫ. അയപ്പു്. ഉ. സ്വാതന്ത്ര്യമാക്കുക.

വിടുതി-ഫ. അന്യാധികാരത്തിൽ ചെന്നു പാർത്തു പതിവായിട്ടു ഭക്ഷിക്കുന്നതിന്നു പണം കൊടുത്തു ചട്ടംകെട്ടുക, കരിടത്തു തക്കാലത്തേക്കു ഉഴുതുകഴിച്ചു താമസിക്ക. ഉ. ഇളവു്, മാപ്പു്.

വിടുതി-അ. അകലെ, ഇടയിട്ടു്.

'തേർ പിൻതിരിച്ചു വിടുതിനിന്നീടുക'

(ഭാരതം-ഭീഷ്മം)

വിടുത്തുന്നു-വിടുക്കുന്നു.

വിടുധൂർത്തൻ-ഏറ്റവും ചതിയൻ.

വിടുനീർ-വിഷജലം.

വിടുന്നു-ഫ. വേർപെടുന്നു. ഉ. ഉപേക്ഷിക്കുന്നു. ന. മറക്കുന്നു. ർ. അയക്കുന്നു. ഇ. പറിയുന്നു. ന. പൊട്ടുന്നു. ഒ. തുളയുന്നു.

വിടുപണി-ഹീനമായ ജോലി.

വിടുപൂ-പൂക്കുന്നു, പുഷ്പക്കുട്ടം.

വിടുഭോഷൻ-വലിയ വിഡ്ഢി.

വിടുവാക്കു്-സാരമില്ലാത്ത വാക്കു്.

വിടുവായൻ-സാരമില്ലാത്ത വാക്കു പറയുന്നവൻ.

വിടുവിടൻ-മഹാവിടൻ.

വിടുവിഡ്ഢി-ഒട്ടും അറിവില്ലാത്തവൻ.

വിടുവൃത്തി-ഉത്പ്രൂത്തി.

'വിടുപൂത്തി നന്നിവരനന്തരം'

(കുചേലഹരണം പാന)

വിട്ടവേർ-പേരാലിന്റെയും മറ്റും കീഴ് പോട്ടു തുങ്ങുന്ന വേർ.

വിട്ടം-പ്ര. വളഞ്ഞസ്ഥം. ഉ. കറുകക്കയുള്ള ഉത്തരം. (വിഷ്ടം എന്നതിന്റെ തത്ഭവം).

വിട്ടലൻ—കൃഷ്ണന്റെ (വിഷ്ണുവിന്റെ) ഒരു രൂപം.

വിട്ടലം-വിഷ്ണു.

വിട്ടിൽ-ഒരു ചെറിയ പറവകു, വെട്ടക്കിളി.

വിട്ടവിടുന്ന-തപ്പിപ്പിഴയ്ക്കുന്ന.

വിട്ടുവ്-ഒരുവകു വേൽ. (പ-മ).

വിഠംഖദിരം-പ്ര. പീനഖദിരം. ഉ. കരിവേലം.

വിഠംചരാ, വിടംചരാ-പോക്ക്, നാട്ടപന്നി, പീപ്പന്നി. മലം തിന്നുന്നത് എന്നത്ഥം.

'പല്വണച്ചുചെവിടംചരങ്ങൾ'
(അന്യാപദേശശതകം)

വിഠംക-വി. ഭീത.

വിഠരൻ-ബൃഹസ്പതി.

വിഡ്ഡം-വിട്ടയപ്പു. ഇന്നതിനെ ഭേദിക്കുന്നതു എന്നത്ഥം.

വിഡ്ഡംഗ-വി. സാമർത്ഥ്യമുള്ള.

വിഡ്ഡംഗം-പ്ര. വിഴാൽവൃക്ഷം. കൃമിക്കുട്ടത്തെ പിളർക്കുന്നതു എന്നത്ഥം. ഉ. വിഴാലരി.

വിഡ്ഡംബനം-പ്ര. വൈഭവത്തോടുകൂടിയ കളി.

'രത്നമയവിഡംബനരചിതം'
(അദ്ധ്യാത്മരാമായണം)

ഉ. അനുകരണം. സ. പരിഹാസം.

വിഡ്ഢരകാ-പൂച്ച.

വിഡ്ഢാല(ക)ം-പൂച്ച. നിലവിളിക്കുന്നവൻ എന്നത്ഥം.

വിഡ്ഢരഭ്രമി-വജ്രം വിളയുന്നതായ ഒരു പർവ്വതം.

ഇടിമുഴക്കമുണ്ടാകുമ്പോഴാണ് വജ്രം മുളയ്ക്കുന്നതെന്നു ഒരു വിശ്വാസമുണ്ട്.

വിഡൊജസ്സ്-ദേവേന്ദ്രൻ. ശത്രുക്കളെ ഭേദിക്കുന്ന ബലമുള്ളവൻ എന്നത്ഥം. മനുഷ്യരിൽ ഓജസ്സുള്ളവൻ. വിഡ്ഡോജസ്സ് എന്നും കാണുന്നു. (പാഠങ്ങൾ-ബിഡൊജസ്സ്, വിഡൊജസ്സ്, ബിഡ്ഡോജസ്സ്, വിഡ്ഡോജസ്സ്).

വിഡ്ഡരാഷ്ടം-നാട്ടപന്നി.

വിഡ്ഡി-പ്ര. ഭോക്താവ്, അറിവില്ലാത്തവൻ. ഉ. ശാസ്ത്രങ്ങളിലും അതിന്റെ രൂപാന്തരമായ ഏഴാമത്തെ കളിയിലും ബീജസരസസംപുഷ്ടമായി പുറപ്പെടുന്ന വേഷം. (വിദൂഷകൻ എന്നതു നോക്കുക).

വിഡ്ഡിതം-ഭോഷത്തം.

വിണ്ണ്-പ്ര. സ്വർഗ്ഗം. ഉ. ആകാശം.

വിണ്ണ-വലിയ കൊതി.

വിണ്ണപ്പം-വിജ്ഞാപനം.

വിണ്ണർ-ദേവകൾ.

വിണ്ണർകോൻ-ദേവേന്ദ്രൻ.

വിണ്ണവർ, വിണ്ടലർ-ദേവകൾ.

വിണ്ണോർ-ദേവകൾ.

വിണ്ടണിക്കോട്ട-പറവൂർ.

'യമ്പെഴുംനെടുംതളിവാഴും
വിണ്ടണിക്കോട'

വിണ്ടലം- സ്വർഗ്ഗം. (വിൺ+തലം = വിണ്ടലം).

വിണ്മങ്ക-ദേവസ്ത്രീ.

വിണ്മയം-മലമുള്ളത്ത്.

വിത- കൃഷിക്കായിട്ടു വിത്തുകൾ വാരി നിലത്തിൽ വിതറുക.

വിതച്ചുടി-വിതച്ചിട്ട കിളയ്ക്കൽ.

വിതണ്ഡ-ഫ. സ്വപക്ഷത്തെ സ്ഥാപിക്കാതെ പരപക്ഷത്തെ ഖണ്ഡിക്കുന്നതു്. ഉ. മനയോല. സ. സാമ്പ്രാണി. ര. അരക്കു. ഇ. ഒരുമാതിരി കിഴങ്ങു്.

വിതണ്ഡം-ഫ. മൂന്നു പൂട്ടുള്ള താഴു്. ഉ. അനന.

വിതത-വി. പരത്തപ്പെട്ട, പരന്ന, അധികമായ.

വിതതി-ഫ. ക്രട്ടം. ഉ. പരപ്പു്.

വിതംസം-ഫ. പക്ഷിക്കൂടു്. ഉ. കയർ, ചങ്ങല.

വിതഥ-വി. വ്യാജമുള്ള. (ഇതു വാക്കിനോടുമാത്രം ചേരും).

വിതഥൻ-ഭ്രമന്യുവിന്റെ പുത്രൻ.

വിതഥം- അസത്യഭാഷണം. (തഥാ = സത്യം).

വിതനു-വി. അഴകുള്ള.

വിതന്തു-ഫ. നല്ല കതിർ. ഉ. വിധവ.

വിതയ്ക്കുന്നു- കൃഷിക്കായിട്ടു വിത്തുകൾ വാരി നിലത്തു വിതറുന്നു. (കാ. ക്രി. വിതപ്പിക്കുന്നു).

വിതരണം-ഫ. ദാനം, കൊടുക്കൽ. ഇതു നരകത്തെ കടക്കുന്നതിനാൽ ഈ പേരുണ്ടായി. ഉ. മട്ടക്കുക. സ. വിട്ടൊഴിക.

വിതർ-വിത്തു്.

വിതർക്കണം-സംശയം.

വിതർക്കം-ഊഹം, സംശയവിചാരം.

വിതർദ്ദി-തിണ്ണ, തറ. രാജധാനിയിലും മറ്റും ഇരിപ്പാനായിട്ടു ചതുരത്തിലുണ്ടാക്കുന്ന തറ. വിശേഷേണ തളർച്ചയെ കളയുന്നതെന്നർത്ഥം.

മിറ്റത്തും മറ്റും സുഖമെടുക്കുന്നതിനും മംഗല്യാർത്ഥമായ തിറകൂടം മുതലായതു വയ്പാനുമായി പരിശുദ്ധരീതിയിൽ കെട്ടിയുണ്ടാക്കുന്ന തറ എന്നും കാണുന്നു.

വിതലം-ഫ൪ ലോകങ്ങളിൽ മൂന്നു്.

വിതസ്താനദി-പഞ്ചാബിലെ ഒരു നദി. ഹിമവാങ്കൽ നിന്നു പുറപ്പെടുന്നു. The Jhelum (ഝലം).

വിതസ്തി-പന്ത്രണ്ടുവിരൽ നീളം ചാണു വിരലും പെരുവിരലും കൂടിയ ചാണ്, തികഞ്ഞ ചാൺ. മുഴത്തിനെ അപേക്ഷിച്ചു ചെറിയതു് എന്നർത്ഥം.

വിതറൽ-ഫ. തൂകുക. ഉ. വിതയ്ക്കുക.

വിതറുന്നു-ഫ. തൂകുന്നു. ഉ. വിതയ്ക്കുന്നു

വിതാന-വി. ഫ. സ്വരമില്ലാത്ത ഉ ഉ ന്നമില്ലാത്ത. സ. മീശയില്ലാത്ത.

വിതാനകം-ഫ. ചൂണ്ടപ്പന. ഉ. ക്രട്ടം

വിതാനകമൂലകം-രാമച്ചം.

വിതാനം-ഫ. മേലല്ലൂട്ടി, മേലല്ലൂട്ടി മുതലായ അലങ്കാരം. പരത്തിക്കെട്ടിയുണ്ടാക്കുന്നതു എന്നർത്ഥം. ഉ. മേൽത്തട്ടു്. സ. വിസ്താരം. ര. യാഗം. ഇ. ഒരു പുത്രന്റെ പേർ.

വിതാനിക്കുന്നു - മേലല്ലൂട്ടിയും മറ്റും കൊണ്ടലങ്കരിക്കുന്നു.

വിതിക്കുക-പിടിക്കുക.

വിതീർണ്ണം-ദാനംചെയ്യപ്പെടതു്.

വിതുക്കുന്നു-വിതുമ്പുന്നു.

വിതുന്നം-ഫ. നീരാരൽ. വിശേഷേണ ഛേദിക്കപ്പെട്ടുന്നതു് എന്നർത്ഥം. ഉ. താതിരി. സ കരിംപായൽ. ര. കഴിമുത്തങ്ങ

വിതുന്നകം-ഫ. താമീസപത്രം. ഉ. കൊത്തമ്പാലയരി. ദുഃഖത്തെ കളയുന്നതു് എന്നർത്ഥം. സ. തുരിത്തു്. ര. തുമ്പാഞ്ജനം. ഇ. കിഴുകാനെല്ലി.

വിതുന്നാ-കിഴുകാനെല്ലി.

വിതുമ്പൽ-ഫ. തിങ്ങു, തികട്ടുക. ഉ. കരച്ചലിന്റെ ആരംഭത്തിൽ ചൊടിക്കുണ്ടാകുന്ന ഒരു ഭാവഭേദം.

വിതുമ്പുന്നു-ക്രി. തീയിൽവെച്ചു തികയ്ക്കുന്നു. ഉ. കരയാൻ തുടങ്ങുന്നു, കരയുന്നു. (പ. മ)

വിത്ത്-ബീജം. ക്രി. വിതയ്പാനുള്ള ധാന്യം. ഉ. മുളപ്പിക്കുന്നതിനുള്ള കരുവ്. നു. ചീരയുടേയും മറ്റും അരി. ശ. വാഴക്കന്ന്. ഇ ചേമ്പിന്റെ തടമേൽ പൊട്ടിയുണ്ടാകുന്ന ചെറിയ കിഴങ്ങ്.

വിത്ത്-പരാന്നഭുക്കിൽ ചേർന്നവസാനിക്കുന്നു 'അറിയുന്നവൻ' എന്നർത്ഥം വരുന്നു. ഉ-ം, വേദവിൽ.

വിത്ത-വി. ക്രി. ശോധനകഴിക്കപ്പെട്ട. ഉ. അറിയപ്പെട്ട. നു. കീർത്തിയുള്ള. ശ. സമ്പാദിക്കപ്പെട്ട.

വിത്തനാഥൻ-വൈശ്രവണൻ.

വിത്തൻ-പ്രസിദ്ധൻ.

വിത്തം-ക്രി. സമ്പത്ത്, ധനം. ലഭിക്കപ്പെടുന്നത് എന്നർത്ഥം. ഉ. വിചാരിക്കപ്പെട്ടത്.

വിത്തര-ഒരുവക പാട്ടം, കരം. (വിത്തുകാൽ എന്നതു നോക്കുക).

വിത്തി-ക്രി. വിവേകം. ഉ. അറിവ്. നു. സമ്പാദ്യം, ലാഭം. ശ. സങ്കല്പിച്ചിരിക്കുന്ന ഒരേർമ്മ

വിത്തുകാൽ-വിതച്ച വിത്തിൽ നാലിലൊരു പങ്കുകൊടുക്കുന്ന കരം.

വിത്തുകെട്ടൽ-വിത്തു മുളപ്പിക്കുന്നതിനായിട്ടു കെട്ടിയിലിട്ടു കുതിർത്തിൽമുക്കിവെയ്ക്കുക.

വിത്തുകൊട്ട-വിത്തുകെട്ടുന്നതിനുള്ള കൊട്ട.

വിത്തുപാട്ട്-വിതയ്ക്കുന്ന നിലത്തിന്റെ വലിപ്പം.

വിത്തുപാട്ടം-വിത്തോടുമുള്ള കരം.

വിത്തുപാതി-വിത്തുകൊടുത്തു പകുതിയിട്ടു കൃഷിചെയ്യുന്നതിനു പറയുന്ന പേർ.

വിത്തുമാറാം-പല്ലികെട്ടി അടിക്കുക.

വിത്തുവല്ലി-കൃഷിചെയ്യുവാൻ.

വിത്തേറാറി-മരംകൊണ്ടുള്ള ഒരു വസ്തു.

വിത്തേശത-കുബേരന്റെ സ്ഥിതി, സമ്പൽസ്ഥിതി.

വിത്തേശൻ-വൈശ്രവണൻ.

വിത്രസ്ത-വി. ഭയപ്പെട്ട.

'വിത്രസ്തഹൃദയനായ് പക്ഷിരാജനും ചൊന്നാൻ'

(അത്ഭുതോത്തരരാമായണം)

വിത്രാസം-പേടി.

വിത്സനം-കൊല.

വിഥ്ര്യാ-കൊഴുപ്പ.

വിദഗ്ദ്ധ-യി സാമർത്ഥ്യമുള്ള.

വിദഗ്ദ്ധത-സാമർത്ഥ്യം.

വിദഗ്ദ്ധമാധവം-ഒരു നാടകം.

രൂപൻ എന്ന കവി രചിച്ചതാണ്. പ്രമേയം കൃഷ്ണനേറയും രാധയുടേയും സ്നേഹമാകുന്നു. വൈശിഷ്ട്യമൊന്നും കാണുന്നില്ല.

വിദഗ്ദ്ധൻ-ക്രി. സ്വാതന്ത്ര്യശീലമുള്ളവൻ. ഉ. സമർത്ഥൻ, വിചക്ഷണൻ.

വിദഗ്ദ്ധാ-ബുദ്ധിശക്തിയുള്ള സ്ത്രീ.

വിദരം-ക്രി. പിളർക്കുക. ഉ. ഇലക്കള്ളി, ചതുരക്കള്ളി.

വിദർഭജാ-ദമയന്തി.

വിദർഭം-ക്രി. ഒരു രാജ്യം. (ഇപ്പോൾ-ബിറാർ).

വിദർഭരാജ്യം നമ്മുടെനാടിയുടെ തെക്കു വശമാണ്. ഇതിലേ രാജധാനി-കുണ്ഡിനം.

ഉ. മരപ്പലക.

വിദർഭനയാ, വിദർഭസുതാ — ദമയന്തി.

വിടല-വി. ക. വിടിൻ. ഉ. കീറിയ.

വിടലം-ക. മുളകൊണ്ടുണ്ടാക്കിയ കൊട്ട, ധാന്യപാത്രം. ഉ. കീറ്റ്. ന. മാതള നാരകത്തിൻ തൊലി. ഴ. മുളകൊട്ടിയ പയറ്.

വിടലാ-സ്ത്രീകോല്പക്കേന്ന.

വിടാരകൻ-വിടരുത്തിക്കുന്നവൻ, കീറുന്നവൻ.

വിടാരകം-ക. വാറിക്കിടക്കുന്ന പുഴയിൽ കഴിച്ചുണ്ടാക്കുന്ന കഴി. ഉ. ഒഴുക്കിൻറെ മദ്ധ്യത്തുള്ള കല്ലും മരവും. ന. മണലിൽ കഴിച്ച കഴി, ഴ. വൃക്ഷക്ഷാരം.

വിടാരണം-ക. പിളർക്കുക, ചീന്തുക. ഉ. വേദനപ്പെടുത്തുക. ന. വധം, ഴ. രചകകൊന്ന.

വിടാരീ-ക. വെൺമുതക്ക്. ഉ മൂവില. ന. ഒരു രോഗം.

കഴുത്തിൻറെ ഉള്ളിലോ വായിലോ ചുടോടും കത്തിനോവോടും ചുവപ്പോടും ഉഗ്രസ്രാത്തോടും കൂടിയതായ നീരുണ്ടാകും. ഇതിന്റെ വിടാരീ. ആ നീര ഏതു വശത്തുണ്ടാകുന്നുവോ ആ വശം കൊണ്ടു വിശേഷിച്ചും ആ രോഗി കിടക്കും.

വിടാരി(ലി)ക-ക. മുതക്ക്. ഉ. ഒരു ക്ഷുദ്രരോഗം.

മുതക്കിൻകിഴങ്ങുപോലെ പൃത്താകാരമായി കക്ഷത്തിലോ ഒടിയിലോ സവ്വലക്ഷണങ്ങളോടുകൂടിയുണ്ടാകുന്ന കുരുവാണ് വിടാരിക.

വിടാരി(രീ)ഗന്ധ-മൂവില

വിടാരിണീ-കമിഴ്.

വിടാഹം-ക. കത്തൽ. ഉ വലിയ ഉണ്ണും, നീർക്കെട്ടൽ. ന. എരിവ്, മൂപ്പ്

വിടാഹി-വി. ഉണ്ണുത്തയുണ്ടാക്കുന്ന.

വിടിക്-പ്രധാനദിക്കുകളിലെ കോണിലെ ദിക്ക്.

വിദിക് എന്നാൽ രണ്ടു ദിക്കുകളിൽ നിന്നും കൂടിയുണ്ടായത് എന്നർത്ഥം. 'പ്രദിക്' എന്നുമാവും. രണ്ടു ദിക്കിൻറെ നടു എന്നാൽ കിഴക്കുതെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറുവടക്ക്, വടക്കുകിഴക്ക് ഇവയിൽ ഒന്ന്.

വിദിത-വി. ക. അറിയപ്പെട്ട. ഉ. പ്രതിജ്ഞചെയ്യപ്പെട്ട.

വിദിശ-ഒരു നഗരം. ഇപ്പോഴത്തെ പേർ ബീസം. ദശാർണ്ണ ദേശത്തിൻറെ രാജധാനി. (അവന്തി ദേശത്തിനു കിഴക്കു വശമാണ് ദശാർണ്ണദേശം).

അഗ്നിമിത്രൻ ഇവിടെ ഇതന്നെ രാജ്യഭരണം ചെയ്തു. ഈ നഗരത്തിൻറെ തെക്കേ അതിരിൽ നർമ്മദാ നദി.

വിദു-ആനയുടെ മസ്തകത്തിൻറെ മദ്ധ്യം. ഇവിടെ വേദനയുണ്ടാകുമ്പോൾ ആനക്കാരൻറെ ആജ്ഞയെ അറിയുന്നതുകൊണ്ട് ഈ പേരുണ്ടായി.

വിദുര-വി. അറിവുള്ള.

വിദുരൻ-വേദവ്യാസപുത്രനായ ഒരു ശൂദ്രൻ.

അംബിക എന്ന കാശിരാജപുത്രി കണ്ണടച്ചുംകൊണ്ടാണ് വേദവ്യാസനെ ആദ്യം പ്രാപിച്ചത്. അപ്പോഴാണ് ധൃതരാഷ്ട്രർ ഉണ്ടായത്. അദ്ദേഹത്തിനു കണ്ണില്ലാതായതിൻറെ കാരണവും അതുതന്നെ. ഇതിൽ അംബികയ്ക്കു വളരെ വ്യസനം തോന്നി തൻറെ ശൂദ്രദാസിയെ തനിക്കുപകരം മുനിയോട് ചേരുവാൻ ആജ്ഞാപിച്ചു. ഈ ദാസി (വൃക്ക ഉസ്രീ) ഗർഭം ധരിച്ചു പ്രസവിച്ചതത്രേ വിദുരൻ. മാണ്ഡവ്യൻ എന്ന മുനിയുടെ ശാപത്താൽ ധർമ്മരാജാവ് വിദുരനായി ജനിച്ചതാണ്. (അണിമാണ്ഡവ്യൻ എന്ന പദം നല്ലവണ്ണം വായിക്കുക). വിദുരർ യുദ്ധത്തിൽ പാണ്ഡവർക്ക് സഹാ

യിച്ചു. മഹാ പണ്ഡിതനാണ്. വിദ്വേ വാക്യം സുപ്രസിദ്ധമാകുന്നു. കൈരവ പാണ്ഡവന്മാർക്ക് വേണ്ടുവോളം സദുപ ദേശങ്ങൾ നൽകി.

വിദുല(ള)ം-ആറുവഞ്ഞിവൃക്ഷം, വഞ്ഞി.

വിദുലം-നാമ്പശു.

വിദുഷി-അറിവുള്ളവൾ. (വിദ്വാൻ എ ന്ന പദത്തിന്റെ സ്ത്രീലിംഗരൂപം).

വിദൂര-വി. ഏറ്റവും ദൂരെയുള്ള.

വിദൂരജം-രൈവർണ്ണ്യം.

വിദൂരെ-ഏറ്റവും ദൂരത്തിങ്കൽ.

വിദൂഷക-വി. പ്ര. സാമർത്ഥ്യമുള്ള. ദു. കുറഞ്ഞപ്പെട്ടുത്തുക ശീലമുള്ള.

വിദൂഷകൻ-സംസ്കൃതനാടക ങ്ങ ളി ലും അവയെ അനുസരിച്ചുള്ള മലയാളനാടക ങ്ങളിലും ഹാസ്യരസത്തെ പ്രകടിപ്പിക്ക ന്ന ഒരു പാത്രം.

കഥകളിയിൽ ഈ പാത്രത്തിന് 'ചീര' എന്ന പേർ. രംഗസാമഗ്രികളും ഒന്നും കൂടാതെ നേരംപോക്ക് കളിക്കുന്ന തമിഴ് നാടകങ്ങളിൽ 'കട്ടിയക്കാരൻ' എന്ന പേർ. ശാസ്ത്രക്കളിയിലും അതി ന്റെ രൂപാന്തരമായ ഏഴാമത്തെ കളി യിലും വിഡ്ഢി എന്ന പേർ. ഫലിത മയങ്ങളും അവസരോചിതങ്ങളുമായ സരസവചനങ്ങളൊക്കൊണ്ടു സഭ്യരെ രസിപ്പിക്കയാകുന്നു ഇവരുടെ പണി.

വിദൂഷകന്റെ ലക്ഷണം.

'പ്രഥിതോ വേഷനാമ്നാ യഃ പ്രായേണ പരുഷാക്ഷരഃ
ഭോജനാത്യർത്ഥിയത്യന്ധ-
മിത്രം രൈവർണ്ണ്യമുള്ളാകൃതിഃ ഖലു സരസ
പ്രായവിശേഷശിക്ഷിതവചഃ
ചിത്രൈസ്സൽപക്ഷപാതം പലതരമുദരം
ഭേമനി നിർല്ലജ്ജതാ വാ
നിത്യം വിഡ്ഢിത്തമാർന്നന്തരവുമറികയി
ല്ലുള്ളു ചിത്രസ്വഭാവം'.

'നന്മട്ടുചേരുന്ന വിദൂഷകൻത-
ന്നിമ്മട്ടിലാകുന്നഗുണങ്ങളെന്നിൽ
ചെന്മേമഹീനായകസേവനത്തും
നന്മത്തിൽ വന്മാണ്ഡികപ്രധാനം'

ഈ ഹാസ്യരസപ്രധാനനായ കലഹപ്രി യനും സചകനുമല്പരതയും കൂടിയതാ ണ്.

വിദൂഷണൻ-നിഘ.

വിദേശം-അന്യദേശം. വിദേശം ⟷ സ്വദേശം.

വിദേഹ-വി. ദേഹമില്ലാത്ത.

വിദേഹൻ-മിഥിലയിലുണ്ടായിരുന്ന ഒ രു രാജാവ്.

വിദേഹം-മിഥിലാ.

ജനകന്റെ രാജ്യം, മിഥിലാ കല സ്ഥാനം. ഗംഗയുടെ പോഷകനദിയായ ഗണ്ഡകിനദി നീപാളിനും മലയ്ക്കുമുള്ള സ്ഥലം. (ദർഭംഗ എന്നും പൂർണ്ണിയാ എന്നുമുള്ള സ്ഥലങ്ങളും പണ്ടത്തെ മിഥി ലയാകുന്നു).

വിദ്ധ-വി. പ്ര. തുളയ്ക്കപ്പെട്ട. ദു. അയ യ്ക്കപ്പെട്ട. ന. വിരോധിക്കപ്പെട്ട. ഭ. അടിക്കപ്പെട്ട. ഭി. സമമായുള്ള.

വിദ്ധകർണ്ണ-വി. ചെവിതുളച്ച, ചെവി തുളഞ്ഞ.

വിദ്ധകർണ്ണം, വിദ്ധകർണ്ണീ, വിദ്ധ കർണ്ണിക-പാടവള്ളി.

വിദ്ധം-ഒരു രോഗം.

ആമാശയം മുതലായവയെ ഒഴിച്ചു യാതൊരവയവം സൂക്ഷ്മമായിരിക്കുന്ന മുഖ ത്തോടുകൂടിയ ശസ്ത്രംകൊണ്ടു മുറിക്കയും അതു ശസ്ത്രത്തോടുകൂടിയോ കൂടാതെയോ ഇരിക്കയും ചെയ്താൽ അതിനു 'വിദ്ധം' എന്നു പേർ.

വിദ്ധശാലഭഞ്ജികാ-ഒരു നാടകം.

രാജശേഖരൻ ഉണ്ടാക്കിയതാണ്.

വിദ്യ-പ. അറിവ്. ഉ, പഠിത്തം.

അംഗങ്ങളോടും ഉപാംഗങ്ങളോടും കൂടിയുള്ള വേദം മുതലായ വിദ്യകളും. വിദ്യകളും ചിലതരം പക്ഷത്തിൽ നാലെണ്ണവും ചിലതരം പക്ഷത്തിൽ പതിനാലെണ്ണവും കാണുന്നു.

'അന്വീക്ഷകീത്രയീവാർത്താ
ദണ്ഡനീതിശ്ച ശാശ്വതീ'
(എന്ന നാല്).

'ഷഡംഗമിശ്രിതാ വേദാ
ധർമ്മശാസ്ത്രം പുരാണകം
മീമാംസാ തർക്കമപി ച
ഏതാ വിദ്യാ ചതുർദശ'
(എന്ന പതിനാലു്).

ന. മായ.

വിദ്യമാന-ഉള്ള, ഇരിക്കുന്ന.

വിദ്യാഗ്രഹണചതുഷ്ടയം-ഗുരുവേന കാൽശോം, സബുദ്ധിഹേതുവായിട്ട കാൽശോം, സംസർഗ്ഗംകൊണ്ടു കാൽശോം, കാലപ്പഴക്കത്താൽ കാൽശോം ഇങ്ങനെ അഭ്യസിക്കുക.

'ആചാര്യാൽപാദമാദത്തേ
പാദംശിഷ്യസ്വമേധയാ
പാദംസബ്രഹ്മചാരിഭ്യഃ
പാദംകാലക്രമേണതു'

വിദ്യാതലം-ഉത്തമരം.

വിദ്യാധനം-വിദ്യകൊണ്ടുണ്ടാകുന്ന ധനം.

വിദ്യാധരധർമ്മചതുഷ്ടയം-(വിദ്യാധരന്മാരെ സംബന്ധിച്ചുള്ള) വിദ്യാഭ്യാസം, വിജ്ഞാനം, ഔദാര്യശ്രദ്ധ, സ്ത്രീപാവതീകരണം.

വിദ്യകൾ 14—ഋക്ക്, യജുസ്സ്, സാമം, അഥർവം, മീമാംസ, ന്യായശാസ്ത്രം, പുരാണം, ധർമ്മശാസ്ത്രം, ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ്.

വിദ്യാധരൻ-പ. ഉപദേവന്മാരിൽ ഒരു വർഗ്ഗക്കാരൻ.

ഇന്ദ്രന്റെ പരിചാരകരാണ്. ഇവരിലും രാജാക്കന്മാരുണ്ട്. ഇവർക്ക് കാമരൂപികൾ, ഖേചരർ, പ്രിയംവദർ, നഭശ്ചരർ ഇങ്ങിനെയും പേരുകൾ പറയുന്നു. മനുഷ്യരോടു വളരെ അടുപ്പമുണ്ട്.

ഉ, വിദ്വാൻ.

വിദ്യാഭ്യാസം-വിദ്യ പഠിക്കുക.

വിദ്യാരണ്യൻ-മാധവാചാര്യൻ.

വിദ്യാരംഭം-വിദ്യ പഠിക്കുന്നതിനു തുടങ്ങുക.

വിദ്യാരംഭത്തിനു ഉത്തമനാളുകൾ 16-ം, തിരുവാതിരയും കേട്ടയും. അന്നുദയത്തിനു മിഥുനം സ്ഥിരരാശികളും ഉഭയരാശികളിൽ മീനവും ബുധനുമുദിച്ചുവരുന്നതും വർജ്ജിക്കണം.

വിദ്യാർത്ഥി-ശിഷ്യൻ. (ർത്ഥീ, ർത്ഥിനീ, ർത്ഥി).

വിദ്യാർത്ഥികൾക്കു നേരിട്ടുന്ന വിഘ്നങ്ങൾ 6 വിധം.—

'ദുരാലസ്യം, ദുരഭിമാനം, മുറക്കം, മേറ്റം
നാരീലയം, മടി, മനസ്സലതീവചിന്ത'

വിദ്യാർത്ഥിയുടെ ലക്ഷണം.

'കാകദൃഷ്ടി, ബകധ്യാനം,
ശ്വാനനിദ്രാ, തഥൈവച
അല്പാഹാരം, ഗൃഹത്യാഗീ
വിദ്യാർത്ഥി ലക്ഷണം'

വിദ്യാലയം-പള്ളിക്കൂടം.

വിദ്യാവസ്ഥാചതുഷ്ടയം-പഠിക്കുക, പഠിപ്പിക്കുക, ആചരിക്കുക, ആചരിപ്പിക്കുക ഇവ ർ-ം.

വിദ്യാവാഗീശൻ-ഒരു സംസ്കൃതകവി. വംഗദേശക്കാരനാണെന്നു സംശയം.

മന്തംപിതാക്കന്മാർ രമാമാധവന്മാരാണ്. 'കൊന്തയെയുത്തം' എന്ന കാവ്യത്തിന്റെ കർത്താവ്.

വിദ്യുജ്ജിഹ്വൻ-വളരെ വിദ്യയുള്ളവൻ.

വിദ്യുച്ഛക്തി-മിന്നലിന്നും ഇടിക്കും കാരണമായ ശക്തി.

വിദ്യുജ്ജിഹ്വൻ-രാവണന്റെ സഹോദരിയുടെ ഭർത്താവായ ഒരു രാക്ഷസൻ.

വിദ്യുജ്ജ്വാലാ-മേത്തെന്നി.

വിദ്യുത്ത്-മിന്നൽപിണർ, ഇടിവാൾ. വിശേഷേണ ശോഭിക്കുന്നത് എന്നർത്ഥം.

വിദ്യുൽപ്രിയം-വെള്ളോട്ട്.

വിദ്യുദ്ദീപം- വിദ്യുച്ഛക്തി (മിന്നൽ) കൊണ്ടുള്ള വിളക്ക്.

വിദ്യുന്മാല-ഫ. മിന്നൽ പിണരിന്റെ കൂട്ടം. ഉ. ഒരു വൃത്തത്തിന്റെ പേർ.

വിദ്യുന്മാലി-ത്രിപുരന്മാരിൽ ഒരുവൻ.

വിദ്യോതമാന-വി. ശോഭിച്ചുകിയങ്ങുന്ന

വിദ്യോതിത-വി. പ്രകാശിക്കപ്പെട്ട.

വിദ്രധി-ഒരു ഭീനം, ഒരുമാതിരി പരുവ്. കലശലായ വേദനയുള്ളത് എന്നർത്ഥം.

വിദ്രധിനാശനം-കരിമുരിങ്ങ.

വിദ്രം-വേദന.

വിദ്രവം-ഫ. ഓടിപ്പോക്ക്. ഉ. ഭയം. സ. അലിച്ചൽ. ഭ. നിന്ദ. ഇ. ബുദ്ധി.

വിദ്രാവണം-ഫ. ഓടിക്കൽ. ഉ. ഒഴിപ്പിക്കൽ.

വിദ്രാവിത-വി. ഫ. ഓടിക്കപ്പെട്ട. ഉ. ചിതറിയ. സ. ഉരുകിയ.

വിദ്രുത-വി. ഫ. ഉരുകിയ, ഉ. ഓടിയ.

വിദ്രുമം-ഫ. പവിഴം. വിശിഷ്ടമായ ദ്രവികൾ വേർപ്പെടുത്തുന്നത് എന്നർത്ഥം. ഉ. വിലയേറിയ രത്നങ്ങൾ കായ്ക്കുന്ന വൃക്ഷം. സ. മുള, ക്രമു.

വിദ്രുമലത, വിദ്രുമലതികാ, വിദ്രുമവല്ലി-പവിഴക്കൊടി.

വിദ്വൽ, വിദ്വസ്-വി. വിദ്യയുള്ള. (ദ്വാൻ, ദുഷി, ദ്വൽ).

വിദ്വന്മോദതരംഗിണി-ഒരു പുസ്തകം. ഇതു തത്ത്വസംബന്ധമാണ്. കവി-രാമദേവൻ.

വിദ്വാൻ-ഫ. അറിവുള്ളവൻ, പണ്ഡിതൻ. ഉ. ഒരു മഹർഷി. സ. ദൈവത്തിന്റെയും ആത്മാവിന്റെയും സാക്ഷാൽ ലക്ഷണത്തെ അറിയുന്നവൻ.

'വിദ്വാനാത്മവിദിപ്രോക്ത
പണ്ഡിതശ്ചാഭിധേയവൽ'

(വിശ്വം)

വിദ്വാന്റെ ലക്ഷണം-ജനരഞ്ജന, ഗംഭീരാശയത്വം, സദ്വാക്യഗ്രഹണം, ഊഹാപോഹശക്തി, നയം, ജ്ഞാനം, ഔചിത്യം, പറയുന്നതുപോലെ പ്രവർത്തിക്കുന്ന ശീലം, വിനയം, നിശ്ചയബുദ്ധി. (വിദ്വാൻ> <വിദുഷി).

വിദ്വിഷത്ത്-ശത്രു.

വിദ്വേഷം-വൈരം. വിശേഷേണയുള്ള അപ്രീതി എന്നർത്ഥം.

വിദ്വേഷണം-ദ്വേഷിക്കൽ, നിന്ദിക്കൽ.

വിദ്വേഷി-വി. വൈരമുള്ള. (ക്ഷീ, ക്ഷിണീ, ക്ഷി).

വിദ്വേഷി-ശത്രു.

വിധനുഷ്കൻ-വില്ലുപയോഗിയാത്തവൻ.

വിധം, വിധാ-ഫ. പ്രകാരം. ഉ. മാതിരി.

വിധമ്മം- ന്യായക്കേട്, മതവിരുദ്ധത, വിരുദ്ധധർമ്മം.

വിധവാ-ഭർത്താവ് മരിച്ചുപോയവൾ, വിഗത നായ ധവനോടുകൂടിയവൾ എന്നർത്ഥം. മറ്റൊരർത്ഥം പറയുന്നു-വിശ്വസ്ഥൻ.

വിധാ-പ്ര. വേതനം (ശമ്പളം). വിധിക്കപ്പെട്ടതെന്നർത്ഥം. പു. ധനാദിസമൃദ്ധി, വേണ്ടപ്രകാരമുള്ള സ്ഥിതി എന്നർത്ഥം. സ. വിധി. ര. പ്രകാരം.

വിധാതാ-മദ്ധ്യം.

വിധാതാവ്-ബ്രഹ്മാവ്. എല്ലാം ചെയ്യുന്നവൻ എന്നർത്ഥം.

വിധാത്രീ-തിപ്പലി.

വിധാനം-പ്ര. പ്രവൃത്തി. പു. ചട്ടം. സ. ലഹരിയുണ്ടാകുവാനായി ആനയ്ക്കു കൊടുക്കപ്പെടുന്ന ഭക്ഷണം. ര. മാതിരി ഇ. പറഞ്ഞയയ്ക്കൽ. ന. സമ്പത്ത്. ൈ വന്ദിക്കൽ.

വിധായക- വി. പ്ര. ക്രമപ്പെടുത്തുന്ന. പു. ഉണ്ടാക്കുന്ന.

വിധായകം-(വ്യാകരണത്തിൽ) 'പ്രകാരം' എന്നതിൽ ഒരുവിധം. ഇതിനെ കുറിക്കുന്ന പ്രത്യയം.

വിധി-പ്ര. വേദവിധി. പു. ചട്ടം. സ. ദൈവകല്പിതം. ര. ഒരുക്കം, സൌകര്യം.

'വിൺമങ്കമാർക്കുമിവേഷവിധിക്ക'

(കുമാരസംഭവം ഭാഷ)

ഇ. ബ്രഹ്മാവ്. ന. സമയം. ൈ. വിഷ്ണു. വ്യ. (വ്യാകരണത്തിൽ) വാക്യങ്ങൾ രണ്ടുള്ളതിൽ ഒന്ന്. (മറ്റൊന്നു നിഷേധം). ഒരു ഉണ്ടായിരിക്കലിനെ പറയുന്ന വാക്യമേതു വിധി. ൻ. പൂർവ്വജന്മങ്ങളിൽ ചെയ്ത ശുഭാശുഭകർമ്മങ്ങൾ.

വിധികർത്താവ്-വിധിക്കുന്നവൻ.

വിധിക്കുന്നു—മേലാൽ നടക്കേണ്ടുന്നതിനെ മുൻകൂട്ടി നിശ്ചയിക്കുന്നു, ഇന്നപ്രകാരം ന്യായമെന്നു നിശ്ചയിച്ചു തീരുമാനിച്ചുകയും മറ്റും ചെയ്യുന്നു.

വിധിയന്ത്രത്തിരിപ്പ്-യന്ത്രംപോലെ തിരിഞ്ഞുവരുന്നതായ വിധിയുടെ വിലാസം. (മനുഷ്യർക്ക് സമ്പത്തും ആപത്തും മാറി മാറി വരുന്നത് കാലചക്രം ചുറ്റുന്നതിനാലാണെന്നു പ്രസിദ്ധി), ചക്രച്ചുറ്റ്.

'തരുണിയെ വിട്ടു കാട്ടിലിരിപ്പുമുന്നീ—അപരി ഹരണീയവിധിയന്ത്രത്തിരിപ്പുമുന്നീ'

(നളചരിതം കഥകളി)

വിധിദർശി-വിധികളെ കണ്ടറിയുന്നവൻ, സഭയിൽ പ്രധാനി.

വിധിലിഖിതം-ബ്രഹ്മകല്പിതം.

വിധിവൽ-അ. വിധിപ്രകാരം, വഴിയാംവണ്ണം

വിധിവശ-വി. ദൈവത്തിന്റെ അധീനത്തിലുള്ള. ദൈവത്തിനു കീഴടങ്ങിയ.

വിധിവിഹിത- വി. ബ്രഹ്മാവിനാൽ വിധിക്കപ്പെട്ട.

വിധു-പ്ര. ചന്ദ്രൻ. പു. വിഷ്ണു. എല്ലാം ചെയ്യുന്നതിനു സമർത്ഥൻ എന്നർത്ഥം. സ. ശിവൻ. ര. ബ്രഹ്മാവ്. ഇ. രാക്ഷസൻ. ന. പാപഹരമായ ഒരു കർമ്മം. ൈ. കർപ്പൂരം.

വിധുത-വി. പ്ര. ഉപേക്ഷിക്കപ്പെട്ട, വിടപ്പെട്ട. പു. ഇളകപ്പെട്ട.

വിധുന്തുദൻ-രാഹു. ചന്ദ്രനെ ദുഃഖിപ്പിക്കുന്നവൻ എന്നർത്ഥം.

വിധുര-വി. പരിഭ്രമിച്ച.

വിധുര-ഒരു കറി, രസാള.

വിധുരൻ-പ്ര. പരവശൻ, ദുഃഖിതൻ. പു. ഉപേക്ഷിക്കപ്പെട്ടവൻ.

വിധുരം, വിധുരത-പ്ര. വേർപാട്. പു. പരിഭ്രമം.

വിധുരീഭാവം-ദുഃഖിച്ചു.

വിധുവനം-വിറയൽ, ഇളക്കം.

വിധൂത-വി. ക. ഇളക്കപ്പെട്ട. ഉ. ഉപേക്ഷിക്കപ്പെട്ട, കൈവിടപ്പെട്ട.

വിധൂനനം-വിറയൽ, ഇളക്കുക എന്ന ക്രിയ.

വിധൃത-വി. ക. ധരിക്കപ്പെട്ട. ഉ. പിടിക്കപ്പെട്ട.

വിധൃതം-തുപ്പിക്കേട്ട്.

വിധേയ-വി. ക. ഭരിക്കപ്പെട്ടവൻ തക്ക. ഉ. ചെയ്യപ്പെട്ടവൻ തക്ക.

വിധേയം-അധീനം.

വിധേയൻ-അധീനൻ, കീഴ്പ്പെട്ടവൻ, പറഞ്ഞതു കേട്ടുനടക്കുന്നവൻ, വണങ്ങിയവൻ. കൊണ്ടു നടപ്പാൻ കഴിയുന്നവൻ എന്നർത്ഥം.

വിധൌ-അ. പക്ഷം; സമയത്തിൽ.

വിധ്വംസം-ക. നാശം. ഉ. വിരോധം.

വിധ്വസ്തം-വി. ക. നശിപ്പിക്കപ്പെട്ട, ചിതറിക്കപ്പെട്ട. ഉ. മങ്ങിയ, ഇരുണ്ട.

വിന-ക. പാപം. ഉ. ദുഃഖം. ന. കഷ്ടപ്പാട്ട്. ഭ. വിപത്ത്. ങ. കർമ്മം.

വിനത-വി. ക. നമിച്ച, താണ, കുനിഞ്ഞ, വളഞ്ഞ. ഉ. അടക്കമുള്ള.

വിനതാ-ശത്രുഡന്റെയും അരുണന്റെയും അമ്മ, കശ്യപപ്രജാപതിയുടെ ഒരു ഭാര്യ, ദക്ഷന്റെ പുത്രി.

വിനമ്ര(കം)-താകരം. (ഒരങ്ങാടിമരുന്ന്)

വിനയഗ്രാഹി-വി. വണക്കമുള്ള, പഠഞ്ഞതു കേട്ടു നടക്കുന്ന.

വിനയം-ക. അടക്കം. ഉ. ആചാരം. ന. വിനീതി. ഭ. അഭ്യാസം.

വിനയാ-കുരന്തോട്ടി.

വിനയാനതൻ-വിനയംകൊണ്ടു താണ ശരീരത്തോടുകൂടിയവൻ.

വിനായി-വി. വിനയമുള്ള.

വിനയെച്ചം-(വ്യാകരണത്തിൽ) പിൻ വരുന്ന ക്രിയയാൽ അർത്ഥം പൂർണ്ണമായി വരുന്ന അപൂർണ്ണക്രിയയുടെ പേർ. ഇതിന 'ക്രിയാംശം' എന്നും പേരുണ്ട്. (ഒരു ക്രിയയിൽ അനുവയിക്കുന്ന ക്രിയയുടെ വിനയെച്ചം).

വിനവിൻ-പറഞ്ഞ. (പ-മ.)

വിനവിൻ്റ—ചെന്ന നോക്കിക്കുന്ന (പ-മ.)

വിനവുന്നു-ചോദിക്കുന്നു.

'തന്നോട് വിനവുന്നതുവിൻ'

വിനശനം-ക. നശിപ്പിക്കുക, നാശം. ഉ. കുരുക്ഷേത്രമെന്ന ദേശം.

വിനാ-അ. കൂടാതെ, ഒഴിച്ച്.

വിനാഡി, വിനാഡിക-വിനാഴിക.

A measure of time equal to one-sixtieth part of a Ghatika or equal to 24 second എന്നു ആപ്തേ.

വിനായകൻ-ക. ഗണപതി. ഉപ്പന്നം ഒരു ശിക്ഷിക്കുന്നവൻ, നായകനില്ലാത്തവൻ (സ്വതന്ത്രൻ), ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. ഉ. ബുദ്ധമുനി. വിനയിക്കുന്നവൻ (ശിക്ഷിക്കുന്നവൻ), സപ്രയോജനികർക്കും ഹിതത്തെ അനുശാസിക്കുന്നവൻ എന്നർത്ഥം. ന. ശത്രുഡൻ.

വിനായികാ-ശത്രുഡന്റെ ഭാര്യ.

വിനാരുഢാ-നാൻകിഴങ്ങ്.

വിനാശക-വി. നശിപ്പിക്കുന്ന.

വിനാശം-കാണാതാവുക, നശിക്കുക.

വിനാശനം-നശിപ്പിക്ക.

വിനാശീ-വി. നാശകരമായ, നശിപ്പിക്കപ്പെട്ട.

വിനാശോന്മുഖ-വി. ക. പുഴുത്ത, പാകംവന്ന. ഉ. നശിപ്പാൻ തുടങ്ങിയ.

വിനാശോന്മുഖം-നശിപ്പാൻ തുടങ്ങിയത്. വിനാശത്തിന്നൊരുങ്ങിയത് എന്നർത്ഥം.

വിനാഹം-കിണറിന്റെ മുഖബന്ധനം.

വിനാഴിക-ഒരു നാഴികയുടെ അറുപതിലൊരു പങ്ക്.

വിനിക്ഷേപിക്കുന്നു-ചെയ്യുന്നു.

വിനിദ്ര-വി. ക. ഉറക്കമില്ലായ്ക. ഉ. വിടിന്ന.

വിനിദ്രത(തൃം)-ഉറക്കമില്ലായ്ക.

വിനിപാതം-ക. വീഴ്ച. ഉ. നഷ്ടം, നാശം, ആപത്ത്. ന. ജീർണ്ണം, മരണം. ർ. നരകം. ള. അപമാനം. ഴ. ഭേദന, ബുദ്ധിമുട്ട്. റ. സംഭവം.

വിനിമയം-ക. തമ്മിൽ മാറുക. ഉ. പണയം.

വിനിയോഗം-ക. ഒരു സങ്കല്പം. ഉ. ഉപേക്ഷിക്ക, വിടുക. ന. വേർപാട്. ർ. ഉദ്യോഗത്തിന്നും മറ്റും നിയമിക്ക. ള. പെരുമാറ്റം, ഉപയോഗം.

വിനിർഗ്ഗമിക്കുന്നു-വെളിയിലേയ്ക്കു പുറപ്പെടുന്നു.

വിനിവർത്തിക്കുന്നു-മാറിപ്പോകുന്നു.

വിനിയോഗിക്കുന്നു — പെരുമാറുന്നു, ഉപയോഗിക്കുന്നു.

വിനിവൃത്ത-വി. നിവർത്തിച്ച, അവസാനിപ്പിച്ച.

വിനിവൃത്തി-നിവൃത്തി, അവസാനം.

വിനിവേശ്യം - സ്ഥാപിക്കപ്പെടുവാൻ യോഗ്യം.

വിനിഷ്പേഷം-അരയ്ക്ക, പൊടിക്കുക, ഞെക്കുക.

വിനിഹത-വി. ക. ഹനിക്കപ്പെട്ട, അടിക്കപ്പെട്ട. ഉ. കൊല്ലപ്പെട്ട.

വിനിഹതം-ക. ദുർല്ലക്ഷണം. ഉ. ആപൽസൂചകമായ ലക്ഷണം.

വിനിഹതി-പ്രഹരം.

വിനീത-വി. ക. വിനയമുള്ള, അടക്കമുള്ള, താണമയുള്ള. ഉ. ഇണങ്ങിയ.

വിനീതൻ-ക. വിനയമുള്ളവൻ. ഉ. തകരംറൊന്നും ക്രോടാരത നല്ലവണ്ണം നടപ്പാൻ ശീലിച്ച കതിര. ന. കച്ചവടക്കാരൻ.

വിനീതം-ക. ഇണങ്ങിയ മൃഗം, കതിരയും മറവും. ഉ. മക്കിപ്പൂവ്.

വിനീതി-വിനയം.

വിനുത-വി. സ്തുതിക്കപ്പെട്ട.

വിനേതാവു് — വിനയിപ്പിക്കുന്നവൻ, വേണ്ടുംപ്രകാരം ശാസിക്കയും രക്ഷിക്കയും ചെയ്യുന്നവൻ.

വിനോദം-ക. കളി. ഉ. ഉപേക്ഷിക്ക.

വിനോദി-കളിക്കാരൻ.

വിനോദിക്കുന്നു-കളിക്കുന്നു. (വിനോദിപ്പിക്കുന്നു-സ. ക്രി.)

വിന്ധ്യ-ഒരു മാതിരി തെറുക്ക്.

വിന്ധു-വി. അറിവുള്ള.

വിന്ധ്യ-ക. ഉള്ളി. ഉ. പുള്ളി. ന. പാണ്ഡു. ർ. ജ്ഞാനശീലൻ.

വിന്ധ്യത-ജ്ഞാതൃത്വം.

'വിന്ധ്യതയതിതരകവിഞ്ഞാൽ'
(ക്ഷണിപൂത്തിക്ഷയി)

വിന്ധ്യജാലം-ആനയുടെ പടസരി.

വിന്ധ്യപുഷ്പകം-ഉച്ചമലരി.

വിന്ധ്യഫലം-മുത്തു്.

വിന്ധ്യസരസ്സു്-ഒരു തടാകം.

വിന്ധ്യൻ-ഒരു പർവ്വതം. വിന്ധ്യമായി ധ്യാനിക്കുന്നതു്-സൂര്യചന്ദ്രന്മാരെ ഗ

തിയെ മുടക്കണമെന്നു കരുതിയതെന്നു വിശ്വാധ്യനം.

ഇതു കേട്ടപ്പോൾ അഗസ്ത്യൻ. ഈ പർവ്വതം അഹംകാരംകൊണ്ടു സൂര്യനമസ്കാരിച്ചു. ഹിമാലയത്തോടു വളരെ അസൂയയുണ്ടു. മേരുപർവ്വതത്തെ ചുറ്റി സഞ്ചരിക്കുന്നതുപോലെ തന്നെയും ചുറ്റി സഞ്ചരിക്കണമെന്നു പറഞ്ഞതിൽ സൂര്യൻ അനുസരിക്കാത്തതിനാൽ സൂര്യന്റെ ഗതിയെ തടുപ്പാനായ് വിന്ധ്യൻ ഉയരുന്നതിനാരംഭിച്ചു. ദേവകൾ ഭയപ്പെട്ടു അഗസ്ത്യമഹർഷിയോടു സഹായത്തിനു അഭ്യർത്ഥിച്ചു. അഗസ്ത്യൻ വിന്ധ്യന്റെ ഗുരുവായിരുന്നു. തനിക്കു നിഷ്പ്രയാസം തെക്കോട്ടും അവിടെനിന്നു തിരിച്ചു വടക്കോട്ടും കടന്നുപോകത്തക്കവണ്ണം കുനിയണമെന്നു അഗസ്ത്യൻ വിന്ധ്യനോടു ആവശ്യപ്പെട്ടു. അതിനപ്രകാരം വിന്ധ്യൻ കുനിഞ്ഞു. അഗസ്ത്യൻ തെക്കോട്ടു കടന്നുപോയി. അഗസ്ത്യൻ വടക്കോട്ടു തിരിച്ചു ചെല്ലാത്തതു നിമിത്തം വിന്ധ്യൻ കുനിഞ്ഞ രീതിയിൽ ഹിമവാനെക്കാൾ വളരെ പൊക്കം കുറഞ്ഞതായി ഇപ്പോഴും സ്ഥിതിചെയ്യുന്നു വിന്ധ്യൻ മദ്ധ്യദേശത്തിന്റെ തെക്കെ അതിരാണു.

വിന്ധ്യാ-പ്ര. ചിറ്റേഴം ര. ലവലി എന്ന വൃക്ഷം.

വിന്ധ്യവാസിനി-പ്ര. ദുർഗ്ഗാ.

വിന്ധ്യാവലീ-ബലിയുടെ ഭാര്യ.

വിന്ന-വി. പ്ര. വിചാരിക്കപ്പെട്ട. ര. നിശ്ചയിക്കപ്പെട്ട. ന. സ്ഥാപിക്കപ്പെട്ട. ദ. അറിയപ്പെട്ട. ഇ. വിവിധം കഴക്കപ്പെട്ട. ണ. ലഭിച്ച, പ്രാപിക്കപ്പെട്ട.

വിന്നകൻ-അഗസ്ത്യൻ.

വിന്നം-വി. സമ്പാദിച്ച.

വിന്യാസം-പ്ര. വെക്കുക, വേണ്ടുംപ്രകാരമുള്ള നിവർത്തൽ. ഉ-ം, ബലവിന്യാസം (രണസന്നദ്ധരാക്കുക എന്നുംപ്രകാരം നിവർത്തുക). ര. പണയംവെയ്പ്.

വിപക്ഷത, വിപക്ഷതാ-ശത്രുത, വിരോധം.

വിപക്ഷൻ-ശത്രു.

വിപഞ്ചി, വിപഞ്ചിക-വീണ. ശബ്ദത്തെ വിസ്തരിപ്പിക്കുന്നതു് എന്നർത്ഥം. (വിപഞ്ചീകേളി വീണയോടു' എന്നു കോശാന്തരം).

വിപണം-വിലുകൊടുക്കുക.

വിപണനം-കച്ചവടം ചെയ്യുക.

വിപണി-പ്ര. പീടിക. ര. ചന്തസ്ഥലം. ന. തെരുവീഥി, പീടികത്തെരുവു്. ദ. കച്ചവടത്തിനുള്ള വസ്തു.

വിപത്തു്-ആപത്തു്.

വിപത്തി-പ്ര. ആപത്തു്. ര. വേദന. ന. മരണം.

വിപഥം-ചീത്തവഴി.

വിപദ്വിളൂരൻ-(വിപത് + വിളൂരൻ) വിപത്തിൽനിന്നു അകന്നിരിക്കുന്നവൻ, ആപത്തിൽ അകപ്പെടാതിരിക്കുന്നവൻ

വിപന്ന-വി. പ്ര. ദൈവമൃത്യുതോടുകൂടിയ, ആപത്തിലകപ്പെട്ട. ര. നശിക്കപ്പെട്ട.

വിപന്നം-പായു്.

വിപരീത-വി. വിരോധമുള്ള.

വിപരീതപഥ്യാവക്ത്രം-ഒരു വൃത്തത്തിന്റെ പേർ.

വിപരീതം-വിരോധം.

വിപര്യയം-വിപരീതം, വ്യത്യാസം, മാറ്റം.

വിപര്യാസം-വിപരീതം, വ്യത്യാസം, മാറ്റം.

വിപശ്ചിത്ത്-വിദ്വാൻ, അപ്രത്യക്ഷ

മറ്റു വസ്തുക്കളെക്കൂടി അറിയുന്നവൻ എന്നർത്ഥം.

വിപാകം-പ. ഫലം,

'പഞ്ചാശദ്ധിപസകൃതവിപാകേ'

(കിമ്മീരവധം കഥകളി)

പാകം. ഉ. പഴുപ്പ്. ഉ-, 'വിപാക പിംഗാസ്യസഹിനസ്ഥലീതഹോ'.

(മാഘം).

വിപാടനം ചെയ്ക-കീറുക.

വിപാഠിക-പ. കാൽവിള്ളൽ. നടപ്പാൻ വയ്യാതാക്കിത്തീർക്കുന്നത് എന്നർത്ഥം.

വിപാശ-ഒരു നദി.

(പഞ്ചാബിലുള്ള അഞ്ചു നദികളിൽ ഒന്നാകുന്നു. ഇം-The Beas. (ദി ഫിയാസ്). ഒരിക്കൽ വസിഷ്ഠൻ ഇതിൽ ചാടി ആത്മഹത്യയ്ക്കു ശ്രമിച്ചു.

വിപിനചര-വി. വനത്തിൽ സഞ്ചരിക്കുന്ന.

വിപിനതലം-വനം.

വിപിനം-വനം. ഭയപ്പെടുത്തുന്നതു എന്നർത്ഥം.

വിപുല-വി. പ. വലിയ. ഉ. തടിച്ച. ന. വിസ്താരമുള്ള. ഭ. ആഴമുള്ള.

വിപുലത-പ. വലിപ്പം. ഉ. ആഴം.

വിപുഷ്ടമ-കാശീശരന്റെ പുത്രി, ജനമേജയന്റെ ഭാര്യ.

വിപുലാ-ഭൂമി. വിസ്താരമുള്ളതു എന്നർത്ഥം. (വിപുലം=വിസ്താരം).

വിപുലാസ്രവാ-കറവയാഴ.

വിപൃഥുശ്രവസ്സ്-ഒരു യാദവവീരൻ, സുദ്യോഹരണത്തിൽ അല്ലനനോടു എതിർത്തു.

വിപ്രകാര-പ. നിന്ദ. ഉ. ദുഷ്ടത.

വിപ്രകീർണ്ണം-വി. പ. വിടിത്തരപ്പെട്ട, മിതറിക്കപ്പെട്ട. ഉ. അഴിഞ്ഞ (തല മുടി). ന. വീതിയുള്ള.

വിപ്രകൃത-വി. പ. നിന്ദിക്കപ്പെട്ട. ഉ. ഉപദ്രവിപ്പിക്കപ്പെട്ട.

വിപ്രകൃഷ്ട-വി. ദൂരമുള്ള, അകലമുള്ള.

വിപ്രകൃഷ്ട(ക)ം-പ ദൂരത്തുള്ളതു. ഉ. ദൂരം.

വിപ്രചിത്തി-ദാനവരുടെ പ്രധാനി, കശ്യപന്റെ പുത്രൻ.

വിപ്രത, വിപ്രത്വം-ബ്രാഹ്മണത്വം.

വിപ്രതിപത്തി-പ. പരസ്പരവിരുദ്ധം, വിരോധം. ഉ. സമ്മതമില്ലായ്മ. ന. അന്യോന്യ സംബന്ധം. ഭ. തർക്കം.

വിപ്രതിഷേധം-തുല്യബലവിരോധം.

വിപ്ര(തി)തീസാര-അനുതാപം, കഴിഞ്ഞതു വിചാരിച്ചുള്ള ദുഃഖം.

വിപ്രൻ-ബ്രാഹ്മണൻ.

വേദത്തിൽ 'വിപ്രൻ' എന്ന പദം ബുദ്ധിമാൻ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളതു.

വിശേഷേണ തപഃപൂർത്തിയെ ചെയ്യുന്നവൻ എന്നർത്ഥം.

വിപ്രം-പ. അരയാൽ. ഉ. നെന്മേനിവാക.

വിപ്രമാഥം-ഉപദ്രവം.

വിപ്രയുക്തം-വി. വേർപെട്ട.

വിപ്രയോഗം-പ. രാശികളായിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ പരസ്പരമുള്ള വേർപാട്.

'വിപ്രയോഗകൃതമാം
മാലേയമാലേപചിയം'

(അഭിജ്ഞാനശാകുന്തളം)

ഉ. ബ്രാഹ്മണരുടെ കൂട്ടം.

വിപ്രലബ്ധ-വി. വഞ്ചിക്കപ്പെട്ട.

വിപ്രലംഭം-പ്ര. വേർപാട്. ര. വഞ്ചന. സ. രമിക്കുന്നതിനായിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ വേർപാട്. ഭ. വഴക്ക്.

വിപ്രലാപം-പ്ര. കരച്ചിൽ. ര. വൃഥാകരച്ചിൽ. സ. വ്യർത്ഥമായ സംസാരം.

വിപ്രലോഭി-പ്ര. മഞ്ഞക്കറിഞ്ഞീ. ര. അരേകം.

വിപ്രശ്നികം-പ്രശ്നം പറയുന്നവൻ.

വിപ്രിയ-വി. അനിഷ്ടമായുള്ള.

വിപ്രുഡ്(ട്ട്)-പ്ര. നീർത്തുള്ളി. ര. അടയാളം.

വിപ്ലവം-പ്ര. ഉപദ്രവം. ര. കലഹം. സ. പാപം. ഭ. അപചയം്. ഇ. ക്രമമില്ലാത്തതായുള്ളതു്. ണ. നാശം.

വിപ്ലുത-വി. പ്ര. ദൃഷ്ടമായുള്ള. ര. വിരോധമുള്ള. സ. മുക്കിയ.

വിഫല-വി. പ്ര. ഫലമില്ലാത്ത. ര. കായ്ക്കാത്ത. വിഫലം > <സഫലം.

വിഫലചാതുര്യം— അഗ്രണത്തിന്റെ സൌന്ദര്യം, അസിലോമന്റെ വില്ല, ഉശ്ശീലന്റെ വംശം, അനഭവിക്കാത്തവന്റെ ധനം, ഇവ ര-ം.

വിഫലാ-പൂക്കൈത.

വിബന്ധം-തടവു്.

വിബുധനദി-ദേവലോകത്തെ ആറു്, ഗംഗാനദി.

വിബുധൻ-പ്ര. ദേവൻ. ര. വിദ്വാൻ.

വിബുധം-കർപ്പൂരം.

വിബുധേന്ദ്രൻ-ദേവേന്ദ്രൻ.

വിബോധം-പ്ര. ഉണർവ്വു്. ര. ബുദ്ധി.

വിഭക്ത-വി. പ്ര. വിഭജിക്കപ്പെട്ട, പകുക്കപ്പെട്ട. ര. വേർപെടുത്തപ്പെട്ട.

വിഭക്തി-പ്ര. പകുതി. ര. (വ്യാകരണത്തിൽ) പദങ്ങളുമായുള്ള സംബന്ധത്തെ കുറിക്കുന്നതിനുവേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കു 'വിഭക്തി' എന്നു പേർ.

(സംസ്കൃതത്തിൽ വിഭക്തികൾ—7)

1. പ്രഥമ (നിർദ്ദേശിക).
2. ദ്വിതീയ (പ്രതിഗ്രാഹിക).
3. തൃതീയ (സംയോജിക).
4. ചതുർത്ഥി (ഉദ്ദേശിക).
5. പഞ്ചമി (പ്രയോജിക).
6. ഷഷ്ഠി (സംബന്ധിക).
7. സപ്തമി (അധികരണിക).

വിഭക്ത്യാഭാസങ്ങൾ-എല്ലാ നാമങ്ങളിലും ചേരാത്തതും അർത്ഥത്തിൽ വിഭക്തിക്കു തുല്യങ്ങളായും ചില പ്രത്യയങ്ങൾ ഉണ്ടു്. അവയ്ക്കു വിഭക്ത്യാഭാസങ്ങൾ എന്നു പേർ.

വിഭജിക്കുന്നു-പങ്കുവെയ്ക്കുന്നു.

വിഭണ്ഡകൻ-ഒരു മുനി, കശ്യപന്റെ പുത്രൻ, ഋശ്യശൃംഗന്റെ പിതാവു്.

വിഭവം- പ്ര. സാമർത്ഥ്യങ്ങൾ, സാധനസാമഗ്രികൾ. ര. സമ്പത്തു്, ധനം മുതലായതു്. സ. മഹാമോഹം, അത്യുത്സാഹം. ഭ. അലങ്കാരം. ഇ. പുരുഷശക്തി.

വിഭവസാമഗ്രികൾ-സാധനസമ്പത്തുകൾ.

വിഭാ-പ്ര. ശോഭ. ര. രശ്മി.

വിഭാകരൻ-പ്ര. ആദിത്യൻ. വിശേഷേണ ശോഭയെ ചെയ്യുന്നവൻ എന്നർത്ഥം. ര. അഗ്നി. സ. കൊടുവേലി.

വിഭാകരം-കൊടുവേലി, എരിക്കു്.

വിഭാഗശഃ-പങ്കുപങ്കായിട്ടു്.

വിഭാഗം-പ്ര. പങ്കു്. ര. പ്രദേശം.

വിഭാഗിക്കുന്നു-പകുക്കുന്നു.

വിഭാതം-പ്രഭാതം.

വിഭാനം ചെയ്യുക-ശോഭിക്കുക.

വിഭാജ്യ-വി. പകുക്കപ്പെടുവൻ തക്ക.

വിഭാണ്ഡി-ചടച്ചി.

വിഭാവം-(അലങ്കാരശാസ്ത്രത്തിൽ) ശരീരത്തിന്നോ മനസ്സിന്നോ പ്രത്യേക വികാരം വരുത്തുകയോ വർദ്ധിപ്പിക്കുയോ ചെയ്യുന്ന സ്ഥിതി.

വിഭാവകം-വി. ഫ. തെളിവായിക്കാണിക്കുന്ന. ഉ. വ്യവഹരിക്കുന്ന.

വിഭാവന-ഫ. ശോധനചെയ്തു നിശ്ചയിക്ക. ഉ. തിരിച്ചറിവ്. ന. ഒരലങ്കാരം. പ്രസിദ്ധകാരണം കൂടാതെ തന്നെ കാര്യമുണ്ടാക്കുന്നതു്.

വിഭാവനം, വിഭാവനാ-ഫ. തിരിച്ചറിവ്. ഉ. വ്യവഹാരം, ശോധന. ന. സങ്കല്പം.

വിഭാവനംചെയ്യുക-അറിയുക.

വിഭാവൻ-സ്നേഹിതൻ.

വിഭാവരീ-ഫ. രാത്രി. നക്ഷത്രാദികളെക്കൊണ്ടു ശോഭിക്കുന്നതു് എന്നർത്ഥം. ഉ. മഞ്ഞൾ. ന. മേഘം. ർ. സോമന്റെ രാജധാനി.

വിഭാവസു-ഫ. ആദിത്യൻ. പ്രയോജനമുള്ള ധനമുള്ളവൻ എന്നർത്ഥം. ഉ. അഗ്നി. ന. എരിക്ക്. ർ. കൊട്ടവേലി. ൽ. ചന്ദ്രൻ. ൻ. കഴുത്തിലേ ഒരാഭരണം, ഹാരം.

വിഭാവിത-വി. ഗ്രഹിക്കപ്പെട്ട. ഉ. നിശ്ചയിക്കപ്പെട്ട.

വിഭാവിതം-വിഭാവനം ചെയ്യപ്പെട്ടതു്, അറിയപ്പെട്ടതു്.

വിഭാഷണം-ഭുജിക്കുന്നതു്.

'ബഹുവിധവിഭാഷണം പിന്നെയും ചെയ്തുതും'

(ഭാഗവതം 24 വൃത്തം)

വിഭാഷിതം-വികല്പം.

വിഭിന്ന-വി. ഫ. ചിതറപ്പെട്ട. ഉ. കലർത്തപ്പെട്ട. ന. ഭേദിയ്ക്കപ്പെട്ട. ർ. ഉടയ്ക്കപ്പെട്ട. ൽ. വ്യവസ്ഥിതമായ.

വിഭിന്നത-ഭേദപ്പാടു്.

വിഭീത(ക)ം-താന്നിവൃക്ഷം.

വിഭീതകീ-താന്നി.

വിഭീഷണ-വി. ഭയങ്കരമായ.

വിഭീഷണൻ-ഫ. രാവണന്റെ അനുജൻ. ('രാക്ഷസോല്പത്തി' നോക്കുക) ഉ. ശത്രുക്കൾക്കു ഭയങ്കരനായുള്ളവൻ.

വിഭീഷണാത്മാ(വു്)-ഫ. കേടുതീരുടെ ഭയത്തെ ഇല്ലാതാക്കുന്നവൻ. ഉ. പാപികൾക്കു വിശേഷാൽ ഭയങ്കരനായുള്ളവൻ. ന. വിഭീഷണന്റെ ആത്മാവായിട്ടുള്ളവൻ.

വിഭീഷണൻ വലിയ വിഷ്ണുഭക്തനായിരുന്നു. ഇദ്ദേഹം തപസ്സുചെയ്തു ബ്രഹ്മാവിനോടു വിഷ്ണുഭക്തിയെ വരിച്ചതു്. ദുഷ്ടനായ രാവണനു വിഭീഷണന്റെ സന്മാർഗ്ഗനിഷ്ഠ രസിക്കാത്തതിനാൽ അടിച്ചു പുറത്താക്കി. വിഭീഷണൻ കൈലാസത്തിൽ ചെന്നു അഭയം പ്രാപിച്ചു. പിന്നീടു ശ്രീരാമന്റെ സഖ്യതയെ നേടി. രാവണനെ വധിച്ചതിന്റെ ശേഷം ശ്രീരാമൻ വിഭീഷണനെയാണു ലങ്കാധിപതിയാക്കിയതു്.

ഉ. സൌമ്യൻ.

വിഭീഷണം-വേഴൽ.

വിഭു-വി. സർവ്വവ്യാപിയായുള്ള. ഉ. ഉറപ്പുള്ള. ന. നിത്യമായുള്ള.

വിഭു-ഫ. സർവ്വശക്തൻ, തത്ത്വാവധാരണസമർത്ഥൻ (ഇന്ന പ്രകാരമെന്നു നിശ്ചയിപ്പാൻ സാമർത്ഥ്യമുള്ളവൻ), എല്ലാം അറിയുന്നവൻ, പ്രഭു, നാഥൻ. ഉ. ശിവൻ. ന. വിഷ്ണു. ർ. ബ്രഹ്മാവു്.

ഇ. ഭൂമി. ന. ശിക്ഷ. ഒ. കാലം. വ. ആത്മാവ്. ൻ. ആകാശം.

വിഭൂത(തപം)-വിഭൂവിന്റെ അവസ്ഥ.

വിഭൂതം-വി. ക. ഉണ്ടായ. ഖ. കാണപ്പെട്ട.

വിഭൂതി-ക. ഐശ്വര്യം. ഖ. ഭസ്മം. ന. വലിപ്പം, ശക്തി.

വിഭൂഷണം-ആഭരണം.

വിഭൂഷാ-ആഭരണം.

'തെവരം നിജവിഭൂക്ഷാമൂലമെല്ലാം-
മണിഞ്ഞാൾ'

(ഭാഷാനൈഷധചമ്പു)

വിഭൂഷിത-വി. അലങ്കരിക്കപ്പെട്ട.

വിഭൃത-വി ഭരിക്കപ്പെട്ട, രക്ഷിക്കപ്പെട്ട.

വിഭ്രമം-ക. സ്ത്രീകളുടെ ചില ശൃംഗാരചേഷ്ട, വിലാസം. ഖ. കള്ളി. ന. തെറ്റ്. ഘ. തിട്ടക്കം. ങ. സംശയം. ഗ സൈരസ്സ്യം. ഒ. ചുറ്റിത്തിരിക.

വിഭ്രമമദം-സൈരസ്സ്യമദം.

വിഭ്രമിക്കുന്ന-പരിഭ്രമിക്കുന്ന.

വിഭ്രംശം-ക. വീഴ്ച, പതനം. ഖ. അധോഗതി, നാശം.

വിഭ്രംശിത-വി. നശിച്ച.

വിഭ്രാമം-വി. ശോഭയുള്ള.

വിഭ്രാണ-നി. ക. ധരിച്ച.

'വെള്ളം ജടാന്തേ വിഭ്രാണം'

(ബാലപ്രബോധനം)

ഖ. അനുഭവിക്കുന്ന.

വിഭ്രാന്ത-വി. പരിഭ്രമിച്ച.

വിഭ്രാന്തി-ക. പരിഭ്രമം, കഴപ്പം. ഖ. ചുറ്റിത്തിരിയുക.

വിമത-വി. അനിഷ്ടമായ

വിമതൻ-ശത്രു.

വിമതസ്ഥൻ-ഭിന്നമതവിശ്വാസി.

വിമതേന്ദ്രിയൻ-ക്ഷയിച്ച ഇന്ദ്രിയശക്തിയോടു കൂടിയവൻ.

വിമഥൻ-നശിപ്പിക്കുന്നവൻ.

വിമഥം-പൂർണ്ണനാശം.

വിമനസ്സ്, വിമനസ്ക-വി. മനോദുഃഖമുള്ള, അന്ധാളിപ്പിലായ.

വിമനായിതൻ-ദുഃഖത്തോടുകൂടിയവൻ.

വിമന്യു-വി. ക. കോപമില്ലാത്ത. ഖ. ദുഃഖമില്ലാത്ത.

വിമർദ്ദനം-ക. മർദ്ദിക്ക. ഖ. നശിപ്പിക്ക.

വിമർശനം-ക. ചിന്ത, വിചാരണ. ഖ. ആലോചിക്ക (വി-മർശ്) മർശ് എന്നതു മൃശ് ധാതുവിൽ നിന്നുണ്ടായതാണ്. ആ ധാതുവിനു സ്പർശനം, പ്രണിധാനം എന്നു രണ്ടർത്ഥം പറഞ്ഞിരിക്കുന്നു. പ്രണിധാനം = ചിന്തനം ചെയ്യുന്നതു്. അതുകൊണ്ടു വിമർശനം, വിശേഷമായ ചിന്തനം. (ഇതുപോലെ 'പരം' എന്ന ഉപസർഗ്ഗം ചേർന്ന് പരാമർശിക്ക എന്ന പദമുണ്ടായി. പരം = പിറകേ.)

വിമർശ-വിചാരം.

വിമല-വി. ക. വെടിപ്പുള്ള, മലമില്ലാത്ത. ഖ. വെളുത്ത

വിമലാ-ക. നിമ്മലം ഖ. വെളുത്തുള്ളി

വിമലത-മലമില്ലായ്മ, വെടിപ്പു.

വിമലൻ-ക. ജിനമഹർഷി. ഖ. നിർമ്മലൻ.

വിമലൻ-കന്നഡ സംസ്കൃതകവി. തൈമനാണ്. പ്രാർത്ഥനാത്തരരത്നമാല നിർമ്മിച്ചു

വിമലാ-ക. ചന്ദ്രൻ ഖ കണ്ണാടി നത്തിനുള്ള ഒരു ഗ്ലാസ്സുകം

വിമലാത്മകം-സ്വഭാവേന നിർമ്മലമായുള്ളതു്.

വിമർഷ്-ക്ര. വിചാരം, ആലോചന. ഉ. തുപ്പിക്കേട്. ന. ക്ഷമയില്ലായ്മ.

വിമളം-മംക്കിരക്കല്ല്.

വിമാതാവു്-ഇളയമ്മ, വിമാതൃയായ മാതാ.

വിമാതൃജൻ-അച്ഛൻ വേറെ വേളിക ഴിച്ചു വലിയമ്മ, ചെറിയമ്മ ഇവരുടെ മകൻ. വിമാതാ=വിമാതൃയായ മാതാ. അമ്മയുടെ സപത്നിമാർ അമ്മയ്ക്കു വിമാതൃകളായിരിക്കുന്നതുപോലെ മക്കൾക്കും വിമാതൃയായിരിക്കുമെന്നുള്ളതു കൊണ്ടു് ഈ അർത്ഥം ഉണ്ടായി.

വിമാനം-ക്ര. ദേവരഥം. ദേവന്മാർക്കു വിശേഷമായി സ്ഥിതിചെയ്യുന്നതിനുള്ളതു് എന്നർത്ഥം.

മാനം=ഉപമ. വിമാനം=സാദൃശ്യമില്ലാത്തതു്. പക്ഷിക്കു സദൃശമായി ആകാശത്തിൽ സഞ്ചരിക്കുന്നതു് എന്നർത്ഥം.

ഉ. അളവു്. ന. അപമാനം. ർ. രാജധാനി. ള. കുതിര. ന്യ. രഥം. ം. ഏഴു നില മാളിക.

വിമാംസം-അസ്ഥിയില്ലാത്ത മാംസം. (പട്ടിയുടേതുപോലെ).

വിമാർഗ്ഗണം-അന്വേഷണം.

വിമാർഗ്ഗം-ക്ര. ചൂൽ. ഉ. ചീത്തവഴി. ന. തെറ്റായുള്ള വഴി.

വിമിശ്ര, വിമിശ്രിത-വി. കലർത്തിയ

വിമുക്ത-വി. ക്ര. മോചിക്കപ്പെട്ട, ഉപേക്ഷിക്കപ്പെട്ട. ഉ. ഏറിയപ്പെട്ട.

വിമുക്തി-ക്ര. മോചനം, മോക്ഷം. ഉ. വേർപാടു്.

വിമുഖ-വി. ക്ര. മുഖംതിരിച്ച. ഉ. വിരോധമുള്ള, മനസ്സില്ലാത്ത, വൈരസ്യമുള്ള, വിലക്ഷണമുഖമുള്ള.

വിമുഖത-വിരോധം, ഇഷ്ടക്കേടു്, അഭിമുഖമില്ലായ്മ.

വിമുഖൻ-(സാധാരണ അർത്ഥം) വൈരസ്യമുള്ളവൻ. (ശരിയായ അർത്ഥം) വിലക്ഷണമുള്ളവൻ.

വിമുഗ്ദ്ധ-വി. മനം കലങ്ങിയ.

വിമുഗ്ദ്ധൻ-മൂഢൻ, തത്വമറിയാത്തവൻ

വിമൂഢ-വി. ക്ര. അറിവില്ലാത്ത. ഉ. അറിവുള്ള.

വിമോക്ഷണം(ണാ)-വിടുക, സ്വാതന്ത്ര്യമായി വിട്ടയയ്ക്കുക.

വിമോക്ഷം-സ്വാതന്ത്ര്യപ്പെടുത്തുക.

വിമോചനം-ഉപേക്ഷിക്കൽ, വിടുതൽ.

വിമോചിക്കുന്ന-വിടുന്ന, ഉപേക്ഷിക്കുന്ന.

വിമോഹന-വി. മനസ്സിനെ ഇളക്കുന്ന, മോഹിപ്പിക്കുന്ന.

വിമോഹനം-ക്ര. മനസ്സിന്റെ ഇളക്കം. ഉ. ഒരു നരകം.

വിമോഹം-ക്ര. മോഹാലസ്യം, ഒരു ക്കേടും മറവും. ഉ. അഗ്രഹം.

വിംബല, വിമ്മല്യനാട്ടു്-തെക്കുംകൂറു്.

വിംബല്യാധീശൻ-തെക്കുംകൂർ രാജാവു്.

വിംബം-ക്ര. ചന്ദ്രാദിത്യന്മാരുടെ രൂപം. ഉ. പ്രതിശരീരം. ന. കല്ലു്, മരം മുതലായവ കൊണ്ടുണ്ടാക്കിയ രൂപം. ർ. കോവൽപ്പഴം (കായു്).

വിംബിക-കോവൽവള്ളി.

വിംബ്യ-അടക്കാമരം.

വിമ്മംകടിക്കുന്ന-വപ്പുകടിക്കുന്ന.

വിമ്മല്യനാട്ടു്-തെക്കുംകൂറാരാജ്യം.

വിമ്മല്യാധീശൻ-തെക്കുംകൂറാരാജാവു്.

വിമ്മാരം, മുന്നാരം, ഉമ്മാരാ-വായുടെ മുൻഭാഗം.

വിമ്മിട്ടം-ഞെരുക്കം, ശ്വാസോച്ഛ്വാസം ചെയ്യുന്നതിലുള്ള ഞെരുക്കം, ബുദ്ധിമുട്ട്, സങ്കടം. (ക്രിയ-വിമ്മുന്നു).

'വിമ്മിട്ടനാളങ്ങൾ കേട്ടുതുടങ്ങി
വിമ്മിട്ടമുണ്ടായി ബാലകർക്കപ്പോൾ'

(അജ്ഞാതനാടകാരംഭം)

വിമ്മുന്നു-ഏങ്ങുന്നു, വിമ്മിട്ടപ്പെടുന്നു. (നാമം-വിമ്മൽ).

വില്ലാപനം-പ്ര. പുത്തിയാക്കുക, ഉപചിയാക്കുക. ഉ. പൂട്ടുക്കുക.

വിശതി-ഇരുപത്.

വിയയ്ക്കുന്നു-പരിഭ്രമിക്കുന്നു. (വിയച്ചു = പരിഭ്രമിച്ചു).

വിയദ്ഗംഗാ—ഗംഗാനദി, ആകാശഗംഗ.

വിയദ്ഗാപഗാ-ഗംഗാനദി.

വിയന്മണി-സൂര്യൻ.

വിയന്മണ്ഡലം-ആകാശമണ്ഡലം.

വിയമം-പ്ര. പരപീഡാദിപാപങ്ങളൊന്നും ചെയ്യാതെ സ്വസ്ഥമായിരിക്കുക, അടങ്ങുക എന്നർത്ഥം. ഉ. തടവ്, നിൽക്കൽ. ന. സുഖക്കേട്, വേദന, ദുഃഖം.

വിയം-പ്ര. വിശാലത. ഉ. തന്നത്താൻ സ്തുതി.

വിയൽ, വിയത്ത്-ആകാശം. എല്ലാടവും വ്യാപിക്കുന്നത് എന്നർത്ഥം. അവസാനമില്ലാത്തത് എന്നുമാവാം.

വിയൽഭൂതി-ഇരട്ടി.

വിയക്കുന്നു-ഉഷ്ണംകൊണ്ട് ശരീരത്തിലുമ്മാറും നിന്ന് ഒരുമാതിരി വെള്ളം പുറപ്പെടുന്നു.

വിയാത-വി. പ്ര. ധൈര്യമുള്ള. ഉ. നാണമില്ലാത്ത. ന. ഹീനമായ, അധമമായ.

വിയാമം-പ്ര. പരപീഡാദി പാപകർമ്മങ്ങളൊന്നും ചെയ്യാതെ സ്വസ്ഥമായിരിക്കുക, അടങ്ങുക എന്നർത്ഥം. ഉ. തടവ്, നിൽക്കൽ. ന. സുഖക്കേട്, വേദന, ദുഃഖം.

വിയു-ഭീരുമൻ.

വിയുത-വി. ക്രൂരത്വം, വിട്ടുപോയ.

വിയുക്ത-വി. വേർപെട്ട.

വിയോഗം-പ്ര. വേർപാട്. ഉ. സ്നേഹമുള്ളവർ തമ്മിൽ കാണാതെ അകന്നിരിക്കുക, വിരഹം. വിയോഗം> <സംയോഗം.

വിയോഗി-വി. യോഗമുള്ള.

വിയോഗി-ചക്രവാകപ്പക്ഷി.

ഒരുമാതിരി അരയന്നം എന്നും കാണുന്നുണ്ട്.

വിയോഗിനി-വിരഹമുള്ളവൾ.

'കഷ്ടപ്പെട്ട വിയോഗിനീ കഥമപി'

(അമരുകശതകം)

വിയോജിക്കുന്നു-വേർപെടുത്തുന്നു.

വിയോനി—വിലക്ഷണമായ യോനി, രോഗാദി ദുഷിതമായ യോനി.

വിര-പ്ര. ഒരുമാതിരി പുഴു. ഉ. വിത്ത്.

വിരകൽ-കൂട്ടിപ്പിശകൽ.

വിരകുന്നു-കൂട്ടിപ്പിശകുന്നു, കഴയ്ക്കുന്നു.

'വിരകിവെച്ചൊരുചോറെടുത്തു'

(നാരായണീചരിതം തുള്ളൽ)

വിരക്കൽ-ഒരു മീനം. (നഖത്തിലുണ്ടാകുന്നത്).

വിരകുത-വി. ഒന്നിലെങ്കിലും ആഗ്രഹമില്ലാത്ത.

വിരകുതം-ഘനവാദ്യത്തിൽ ഒന്ന്.

ഇതു ശീതം കുടാതെ മറ്റുള്ള താളങ്ങളെ അനുസരിച്ചു വാദനം ചെയ്യുന്നതുകൊണ്ട്.

വിരക്തി-വൈരാഗ്യം, ഇഷ്ടമില്ലായ്മ.

വിരംഗം-കങ്കുഷ്ഠം.

വിരചിക്കുന്നു–സൃഷ്ടിക്കുന്നു, ഉണ്ടാക്കുന്നു.

വിരചിത–വി. ഉണ്ടാക്കപ്പെട്ട.

വിരജൻ–വിഷ്ണു.

വിരജസ്തമസ്സുകരം– രജോഗുണവും തമോഗുണവും നിശ്ശേഷം നിവർത്തിക്കയാൽ ശുദ്ധസത്വഗുണവാന്മാരായവർ.

വിരജാ–പ. നഹുഷന്റെ ഭാര്യ. ഉ. ദേവ.

വിരഞ്ചൻ, വിരിഞ്ചി–ബ്രഹ്മാവു്.

വിരഞ്ഞു്–വേഗം.

'മുരരിപുമതമറിഞ്ഞുമാമുനി
വരന്മാരുംവിരഞ്ഞെഴുനെള്ളീടിനാർ'
(ഭാരതം)

വിരട്ടുന്നു–പ. ഓടിക്കുന്നു. ഉ. ഭയപ്പെടുത്തുന്നു.

വിരണം–രോമച്ചം.

വിരത–വി. അവസാനിച്ച.

വിരതി–അവസാനം, നിറുത്തു്, ഇളവു്.

വിരുന്തു്–വേഗത്തിൽ. (പ. മ.)

വിരുപ്പാട്ടു്–വിത്തുപാട്ടു്.

വിരമം–അവസാനം.

വിരമിക്കുന്നു–പ. അടങ്ങുന്നു, നിറുത്തുന്നു, പിന്തിരിയുന്നു. ഉ. ഇളയ്ക്കുന്നു. ന. അവസാനിക്കുന്നു.

വിരയ–വളരെ വേഗത്തിൽ.

വിരയുന്നു– ആഗ്രഹിക്കുന്നു, ധൃതിവെയ്ക്കുന്നു.

വിരയെ–വി. വളരെ വേഗത്തിൽ.

വിരലായം–വിരലിന്റെ നീളം.

വിരല്യാഴി–മോതിരം.

'ഇടഞ്ഞിട്ടുന്ന കടകമൊട്ട മുട്ടക
വിരലാഴി'
(ഒരു പഴയ കൃതി)

വിരലിട–പ. വിരലുകളുടെ ഇടം. ഉ. ഒരു വിരൽവീതി.

വിരൽ–കൈകളുടേയും കാലുകളുടേയും അറ്റത്തെ അയ്യഞ്ചു ശാഖകൾ, അംഗുലി.

വിരൽകടിക്ക–പശ്ചാത്തപിക്ക.

വിരൽചുരുട്ടു്–വിരൽഞെരിക്കൽ.

വിരൽചുറു്–വിരലിൽ ഉണ്ടാകുന്ന ഒരു ഭീനം.

വിരൽപ്പാട്ടു്–ഒന്നര ഇഞ്ചു് (8 തുവര).

വിരവു്–അ. വേഗം.

വിരവിൽ–അ. വേഗത്തിൽ.

വിരവോടെ–അ. വേഗത്തോടെ.

വിരശി–ഒരു കണക്കു്.

വിരസ–വി. രസമില്ലാത്ത.

വിരസത–രസമില്ലായ്മ.

വിരസം–രസക്കേടു്. (വിരസം> <സരസം).

വിരഹം–വേർപാടു, ഭർത്താക്കന്മാർതമ്മിലുള്ള വേർപാടു്, വിയോഗം.

വിരഹി–വി. വിരഹമുള്ള, വേർപെട്ട.

വിരഹിണീ–പ. ഭർത്താവിൽ നിന്നു് പിരിഞ്ഞിരിക്കുന്ന സ്ത്രീ, വിരഹം അനുഭവിക്കുന്നവൾ. ഉ. ശബ്ദം, കുയിൽ.

വിരഹിത–വി. വേർപിരിഞ്ഞ.

വിരഹീ–ഭാര്യയോടു പിരിഞ്ഞ പുരുഷൻ.

'നിനവൊടു വിരഹീ
നേക്കിടുന്നാക്കമോടെ'
(അമരുകശതകം)

വിരഹോൽക്കണ്ഠിതാ–ഭർത്താവിനോടു വേർപെട്ടവൾ.

വിരള–വി. പ. ഇടവിട്ട. ഉ. ഏറെവും കൃശമായ, കറഞ്ഞ. ഉ. ദൂരത്തുള്ള.

വിരളം-വി. ക. ഇടകലർന്ന. ഉ. നേരിയ, ലേലെമായ ന. അയഞ്ഞ. ര. അപൂർവ്വമായ.

വിരളം-ക. ഇടയിട്ടത്. ഉ. തെത്.

വിരളി, വെരുളി-ഭയം. വി. വിരളുന്ന പ്രകൃതിയോടുകൂടിയ.

വിരളുന്നു, വെരുളുന്നു-ഭയപ്പെടുന്നു.

വിരൾച്ച-ഭയം.

വിരാഗം-ക. ഇഷ്ടക്കേട്. ഉ. നിറം മാറ്റം. ന. ലോകവ്യവഹാരത്തിൽ മനസ്സില്ലായ്മ.

വിരാഗി-വി. വിരക്തിയുള്ള.

വിരാജൻ-വി. ശോഭിക്കുന്ന.

വിരാജമാനൻ-ശോഭിക്കുന്നവൻ.

വിരാജിത-വി. ശോഭിക്കപ്പെട്ട.

വിരാടജം-രാജാവത്തമണി.

വിരാടം-ക. രാജപുരാണയ്ക്കു വടക്കുകിഴക്കുള്ള ദേശം.

വിരാടരാജാവിന്റെ ഈ രാജ്യത്താണു പാണ്ഡവർ ഒളിവുപരിഷയായിച്ച് അജ്ഞാതവാസം കഴിച്ചുകൂട്ടിയതു. വിരാടനെ ദ്രോണർ വധിച്ചു. വിരാടരാജാവിന്റെ പുത്രിയാണു ഉത്തര. ഉത്തര അഭിമന്യുവിന്റെ ഭാര്യയും പരീക്ഷിത്തിന്റെ അമ്മയുമാകുന്നു. വിരാടൻ ഭാരതയുദ്ധത്തിൽ പാണ്ഡവക്ഷ സഹായിച്ചു.

(മത്സ്യരാജ്യത്തിന്റെ വടക്കും, രാജപുരാണയുടെ കിഴക്കും, ഡൽഹിക്കു തെക്കും, കോസലത്തിന്റെ പടിഞ്ഞാറുമായി കിടക്കുന്ന രാജ്യം)

ഉ. മഹാഭാരതത്തിലെ ഒരു പർവ്വം.

വിരാട്ട്-ക. എങ്ങും നിറഞ്ഞു ഏകകാരണനായിക്കാണുന്ന ഈശ്വരൻ. (ഭാഗവതം ദ്വിതീയസ്കന്ധം നോക്കുക). ഉ. ക്ഷത്രിയൻ. ന. ശോഭ.

വിരാധൻ-ഒരു രാക്ഷസൻ.

ശതഹ്രദയിൽ കാലനെ തടഞ്ഞിച്ചവൻ. ഏറവും ക്രൂരനാണ്. ഭീഷ്മശരീരി എന്നു തന്നെയല്ല നരമാംസഭോജിയുമായിരുന്നു. തപസ്സു ഹേതുവായിട്ടു ബ്രഹ്മാവിൽനിന്നു വജ്രശരീരത്തെ പ്രാപിച്ചു. ദണ്ഡകാരണ്യത്തിൽവച്ചു ശ്രീരാമാദികളെ ആക്രമിച്ചു. സീതയെ അപഹരിപ്പാൻ ശ്രമിച്ചു. ശ്രീരാമന്റെ അസ്ത്രപ്രയോഗത്തെ കൂട്ടാക്കാതെ അവരെ തോളിലെടുത്തുകൊണ്ടു ഓടിക്കളഞ്ഞു. അവനെ കൊല്ലുന്നതിനു അവർ വളരെ പണിപ്പെട്ടു. ഒടുക്കം ജീവനോടെ അവനെ കഴിയിലിട്ടു മൂടി. അപ്പോൾ കഴിയിൽനിന്നു വളരെ സുന്ദരനായ ഒരു ഗന്ധർവ്വൻ എഴുനേറ്റു പ്രത്യക്ഷനായി. താൻ ഒരു ഗന്ധർവ്വനാണെന്നും കുബേരന്റെ ശാപം നിമിത്തം രാക്ഷസനായി എന്നും പറഞ്ഞു ശ്രീരാമന്റെ കൃപയാൽ വീണ്ടും. വിരാധനെ തുംബുരു എന്നും വിളിക്കും.

തോളിൽ എടുത്തുകൊണ്ടു പോയതും മറ്റും രാമായണത്തിൽ കാണുന്നില്ല. വിരാധൻ സീതയോടടുത്തപ്പോൾ കൈകളും കാലുകളും തലയും പറിച്ചു കളഞ്ഞുകൊണ്ടു ഖണ്ഡിച്ചു എന്നും മറ്റുമാണു അതിൽ കാണുന്നതു്. ഉഗ്രംസംവു ശപിച്ചു എന്നാണു ഇതിൽ പ്രസ്താവിക്കുന്നതു്.

വിരാണി-അന.

വിരാദ്ധ-വി. ക. ഉപദ്രവിക്കപ്പെട്ട. ഉ. നിന്ദിക്കപ്പെട്ട. ന. തടുക്കപ്പെട്ട, എതിർക്കപ്പെട്ട.

വിരാധം-ക. എതിർക്കുക, തടസ്സം. ഉ. അസഹ്യത, ഉപദ്രവം.

വിരാമം-ക. നിറുത്തു്. ഉ. അവസാനം. ന. സ്വസ്ഥത.

വിരാലം–പൂച്ച.

വിരാവം–ശബ്ദം.

വിരാഗംപുരുഷൻ–സത്യരഹിതൻ.

വിരി–ക്രി. ജീർണ്ണി. ഉ. മൂടി. നാ. മറ. ഭ. നശ്വരി.

വിരിക്കുന്നു–ക്രി. പരത്തുന്നു. ഉ. പക്ഷി കൾ തങ്ങളുടെ മുട്ടയിൽ നിന്നു കുഞ്ഞിനെ പുറത്തിവിരിക്കുന്നു.

വിരിച്ചുൽ–ക്രി. പരത്തൽ. ഉ. പക്ഷികളുടെയും മറ്റും മുട്ടയിൽനിന്നു കുഞ്ഞുവെർ തിരിക. നാ. പ്രകാശം. ഭ. വിള്ളൽ.

വിരിഞ്ചൻ–ക്രി. ബ്രഹ്മാവു്. അരയന്നങ്ങളാൽ വഹിക്കപ്പെടുന്നവൻ, ജീവജാലങ്ങളെ സൃഷ്ടിചെയ്യുന്നവൻ ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. (വിരിഞ്ചി എന്ന പാഠവും കാണുന്നു). ഉ. ശിവൻ. നാ. വിഷ്ണു.

'വിരിഞ്ചോ ദ്രുഹിണസ്രഷ്ടാ
വിരിഞ്ചിർദ്രുഹ്യതേനം മതഃ'

(ശബ്ദരത്നാവലി)

വിരിഞ്ചി–ക്രി. ബ്രഹ്മാവു്. ഉ. വിഷ്ണു. നാ. ശിവൻ.

വിരിണൻ–കൊതിയൻ.

'വിരിണനവനൊരു കരുണവഴുതണം'

(ത്രിപുരദഹനം തുള്ളൽ)

വിരിപന്തൽ–വെയിൽ കൊള്ളാതെ ഇരിപ്പാനായിട്ടുണ്ടാക്കുന്ന ഒരു പണി.

വിരിപ്പു്–ക്രി. പായുടേയും മറ്റും മീതെ മൂടിയിടുന്നതു്. ഉ. മെത്ത മുതലായതു്. നാ. കന്നിമാസത്തിൽ കൊയ്യുന്ന നെല്ലു്.

വിരിപ്പാവു്–ഒരുമാതിരി വിശേഷവസ്ത്രം

വിരിയം–ക്രി. ഒരു പക്ഷി. ഉ. പന്നി.

വിരിയമ്പാമ്പു് – ഒരുമാതിരി പാമ്പു്, അണലി.

വിരിയുന്നു–ക്രി. വിടിരുന്നു. ഉ. മൊട്ടയിൽനിന്നു കുഞ്ഞു പുറത്തുവരുന്നു. നാ. പ്രകാശിക്കുന്നു. ഭ. പിളരുന്നു.

വിരിയെ–വേഗത്തിൽ.

വിരിയോല – മഴനനയാതെയിരിപ്പാൻ ചിലർ തലയിൽ വെക്കുന്ന പനയോല.

വിരിവു്–ക്രി. വിടിച്ചു. ഉ. വിള്ളൽ.

വിരിശു്–ഒരു വൃക്ഷം.

വിരുകു–ചന്ദനം.

വിരുണ്ടൻ–കൊതിയൻ.

വിരുതൻ–വിരുതുള്ളവൻ, സമർത്ഥൻ.

വിരുതു്, ബിരുതു്–ക്രി. ബഹുമതി. ഉ. സമ്മാനം. നാ. ജയത്തിനുള്ള ഒരു അടയാളം. ഭ. തിരിച്ചറിവാനുള്ള ഒരു അടയാളം. ഇ. സാമർത്ഥ്യം. നു. സ്ഥാനമാനം, മേന്മ.

വിരുതം–ക്രി. കരയുക. ഉ. അലറുക. നാ. ശബ്ദം.

വിരുതുകൊടി — തിരിച്ചറിയിക്കുന്ന കൊടി.

വിരുത്തി–ക്രി. വേലപ്പടിക്കായി സൈന്യത്തിൽ നിന്നും കരമൊഴിവായിട്ടു് ചിലർ കുടിയാന്മാർക്കു കൊടുത്തിരിക്കുന്ന നിലമോ പുരയിടമോ. ഉ. പുഞ്ച.

വിരുത്തിക്കാരൻ–വിരുത്തിയുള്ളവൻ.

വിരുദ്ധം–വി. വിരോധിക്കപ്പെട്ട.

വിരുദ്ധബന്ധം — വാക്യദോഷത്തിൽ ഒന്നു്.

വിരുദ്ധബുദ്ധിപ്രദം–വാക്യദോഷത്തിൽ ഒന്നു്.

വിരുദ്ധം–വിരോധം, തടവു്.

വിരുന്നു്, വിരുന്നു്–മാനമുള്ളവരെ ക്ഷണിച്ചു വരുത്തി കൊടുക്കുന്ന ഭക്ഷണം, യദൃച്ഛയാ ഭവനത്തിൽ വരുന്നവർക്കു് ആദരവോടെ നൽകുന്ന ഭക്ഷണം.

വിരുന്നുകാരൻ, വിരുന്നൻ-ഭക്ഷണത്തിനായിട്ടു ക്ഷണിക്കുയാൽ വന്നവൻ, യദൃച്ഛയാ വേനത്തിൽ വന്നവൻ.

വിരുന്നുവാഴി-ഭരിപ്പുകാരൻ.

വിരുന്നൂട്ട്-വിരുന്നുകാക്ക് ഭക്ഷണംകൊടുക്കുക.

വിരുന്നൂണ്-വിരുന്നിനു വിളിക്കുന്നവരുടെ വേനത്തിൽ ചെന്നുള്ള ഭക്ഷണം.

വിരുന്നൂണി-വിരുന്നിനു നടക്കുന്നവൻ.

വിരുന്നുന്ന-ആഗ്രഹിക്കുന്ന.

വിരുക്ഷകൻ-കോപവാക്കുകളും പറയുന്നവൻ.

വിരുക്ഷണ-വി. രുക്ഷതയുള്ള.

വിരുക്ഷണം-ക്ര. നിന്ദ. ഉ. ആണ, സത്യം.

വിരുഢം-വി. ക്ര. മുളച്ചുണ്ടായ. ഉ. ജനിച്ച. ന. വളർന്ന. ഭ. കയറിയ. ഇ പൂവുണ്ടായ.

വിരൂപ-വി. ഭംഗിയില്ലാത്ത. (വൈരൂപ്യം=ഭംഗിയില്ലായ്മ).

വിരൂപം-ക്ര. അഭംഗി. ഉ. തിപ്പലിമൂലം.

വിരൂപാ-ക്ര. യമന്റെ ഭേര്യ. ഉ. രുദ്രങ്കൊടിത്തൂവ. ന. അതിവിടയം.

വിരൂപാക്ഷൻ-ക്ര. ശിവൻ. സൂര്യൻ, ചന്ദ്രൻ, അഗ്നി ഈ രൂപങ്ങളായ കണ്ണുകളോടു കൂടിയവൻ എന്നർത്ഥം. വിരൂപന്മാരിൽ പോലും കൃപാദൃഷ്ടിയുള്ളവൻ, അനേകപ്രകാരം ഇന്ദ്രിയവ്യാപാരശക്തിയുള്ളവൻ ഇങ്ങിനെയുമർത്ഥം. ഉ. രാവണന്റെ ഭൃത്യനായ ഒരു രാക്ഷസൻ.

വിരേചക(ന)ം-ഛർദ്ദനം.

വിരേചനം, വിരേകം-വയറിളക്കം.

വിരേചി-അഴിഞ്ഞിൽ.

വിരേചിക്കുന്ന-വയറിളകുന്ന. (വിരേചിപ്പിക്കുന്ന-സ. ക്രി.)

വിരോകം-ഭയം.

വിരോചനൻ-ക്ര. അഗ്നിതുല്യൻ. നല്ലതിനെല്ലാം പ്രകാശിക്കുന്നവൻ എന്നർത്ഥം, ശത്രുക്കളെ സന്തോഷിപ്പിക്കുന്നവൻ എന്നുമർത്ഥം. ഉ. ചന്ദ്രൻ. ന. അഗ്നി. ഭ. ദൈത്യരാജാവായ പ്രഹ്ലാദന്റെ പുത്രൻ.

വിരോചനന്റെ പുത്രനാണ മഹാബലി. ഭൂമിയെ അസുരർ കവർന്നപ്പോൾ വിരോചനനെയാണ് കിടാവായി ഉപയോഗിച്ചത്.

വിരോചനം-ക്ര. ചെമ്മരം. ഉ. ശുദ്ധകരഞ്ജം. ന. വലിയ പലകപ്പയ്യാനി. ഭ. എരിക്ക്.

വിരോധനം-വിരോധിക്ക. വിശേഷേണ തടുക്ക.

വിരോധം-ക്ര. ദ്വേഷം. ഉ. വിപത്തി. ന. തടവ്. ഭ. യുദ്ധം ഇ. ആപത്ത്.

വിരോധാഭാസം-ഒരലങ്കാരം. 'വാസ്തവത്തിൽ വിരോധമില്ലെങ്കിലും പ്രഥമശ്രവണത്തിൽ വിരോധം തോന്നുന്ന പ്രകാരം പറയുന്നത്'.

വിരോധി-വി. വിരോധമുള്ള.

വിരോധി-ക്ര. ശത്രു. ഉ. അറുപതിൽ ഇരുപത്തൊമ്പതാം സംവത്സരം.

വിരോധികൽ-അറുപതിൽ നാല്പത്തഞ്ചാം സംവത്സരം.

വിരോധിക്കുന്ന-തടുക്കുന്ന, മുടക്കുന്ന.

വിരോധോക്തി-ഒരിക്കൽ പറഞ്ഞതിനു വിരോധമായി പറയുക.

വിൽ-വില്ല്.

വില-വില്ക്കുന്ന വസ്തുക്കൾ വിറ്റാൽ അതിനു പകരം കിട്ടുന്ന ദ്രവ്യം.

വിലകാരീ-എലി.

വിലകെട്ടുന്നു-വില തീർച്ചയാക്കുന്നു.

വിലക്കു്-ക്രി. വിരോധം, തടവു്. ഉ. വിരോധിച്ചെഴുന്നു എഴുത്തു്.

വിലക്കം-ക്രി. ഒരു മീനം. ഉ. സ്ത്രീകളുടെ തീണ്ടാരി.

വിലക്കാണം-ഒരു രാജഭോഗം.

വിലക്കുകോരിക-രണ്ടാമതു വിളയുന്ന ചോറു്.

വിലക്കുന്നു-വിരോധിക്കുന്നു, തടുക്കുന്നു, തടയുന്നു. (പ. മ.) (കാ. ക്രി.—വിലക്കിക്കുന്നു).

'കന്യകാനഗമനത്തിനുദ്യമം
വന്നതാരു വിനയം വിലക്കുവാൻ'
(മലയാളശാകുന്തളം)

വിലക്ഷ-വി. ക്ര. അത്ഭുതമായ. ഉ. ലജ്ജിച്ച. നു. ലാക്കില്ലാത്ത.

വിലക്ഷണ-വി. ലക്ഷണമില്ലാത്ത.

വിലക്ഷണം - വികൃതി, വ്യത്യാസപ്പെട്ടതു്.

വിലങ്കൽ-മലകൊണ്ടും മറവുമുള്ള ഏറി. (പ. മ)

വിലങ്കുമാറു്-തെളിവായി.

വിലങ്ങു്-കുറുക്കന്മാരുടെ കാലും കയ്യും ഇരുമ്പുകൊണ്ടും മറവും ഉണ്ടാക്കുന്ന വസ്തു.

വിലങ്ങൻ, വിലങ്ങുകാരൻ - വിലങ്ങിൽ കിടക്കുന്നവൻ.

വിലങ്ങുന്നു-ക്രി. വിലങ്ങത്തിലാകുന്നു. ഉ. വിലങ്ങത്തിൽ പോകുന്നു നു. തോണിയിൽ കേറി മറുകരയിൽ ഇറങ്ങുന്നു.

വിലങ്ങിക്കുന്നു — തടഞ്ഞുപോകുന്നു. (പ. മ).

വിലങ്ങെ-അ. വിലങ്ങത്തിൽ.

വിലച്ചരക്കു്-വിലയ്ക്കു കൊടുപ്പാനുള്ള വസ്തു, വിലയേറിയ വസ്തു.

വിലജ്ജ-വി. ലജ്ജയില്ലാത്ത.

വിലജ്ജിത-വി. നാണിച്ച.

വിലതീർവു്-വില തീർന്നിരിക്കുന്ന പ്രകാരം എഴുതിക്കൊടുക്കുന്ന ഒലെ.

വിലത്തരം-നിശ്ചയിച്ച വില.

വിലദ്വാരം-ഗ്രഹത്തിന്റെ വാതിൽ.

വിലനയം-വിലയിലുണ്ടാകുന്ന ഗുണം.

വിലപനം, വിലപിതം-കരച്ചൽ.

വിലപിക്കുന്നു-കരയുന്നു. (നാമം-വിലപനം, വിലാപം, വിലപിതം).

വിലപെറുന്ന-വി. വിലയുള്ള.

വിലമകൾ-തേവിടിച്ചി.

വിലമതിക്കുന്നു-വില നിശ്ചയിക്കുന്നു.

വിലമതിപ്പു്-വില നിശ്ചയിക്കുക.

വിലമരുന്നു്-വിലയേറിയ മരുന്നു്.

വിലം-ക്ര. ഗൃഹം. ഉ. ഭാരം.

വിലംഭം-അതിഭാരം. വിശേഷേണ ലഭിക്കുക എന്നർത്ഥം.

വിലയം-നാശം, പ്രളയം.

വിലയനം-ക്ര. വെള്ളമാക്കുക, അലിക്കുക. ഉ. കേടുവരുത്തുക, നശിപ്പിക്കുക.

വിലയിടിയുന്നു—വില താഴുന്നു.

വില്യയോലക്കരം-വിലപ്രമാണം.

വിലവാശി-വിലയുടെ വ്യത്യാസം.

വിലസനം-പ്രകാശം.

വിലസൽ-വി. ശോഭിച്ച.

വിലസിത-വി. വിലാസമുള്ള, സന്തോഷവും കളിയുമുള്ള.

വിലസിതം-ക്ര നേരംപോക്കു്, കളി. ഉ. ഫലം.

വിലസുന്നു-ക്ര. ശോഭിക്കുന്നു. ഉ. മുല്ലാസമായി നടക്കുന്നു.

വിലാപം-കരച്ചൽ.

വിലാപിക്കുന്നു-കരയുന്നു.

വിലപിക്കണ്ട എന്ന വേണമെന്ന നിർബന്ധമില്ല. മഹാകവിപ്രയോഗം കൊണ്ടു ഇതുതന്നെ സാധുവാണ്.

'എന്നെല്ലാം വിലപിക്കുന്ന വിപ്രനോടേതുമെന്നതുകീഴം മുകിൽവർണ്ണൻ
(സന്താനഗോപാലം പാന)

വിലാപ്പുറം-ശരീരത്തിന്റെ ഇടത്തും വലത്തുമുള്ള ഭാഗം, പാർശ്വഭാഗം.

വിലാസകം-കയിൽ.

വിലാസം-പു. സ്ത്രീകളുടെ ചേഷ്ടാശീലവും മറ്റും. കാന്തനെക്കാണുമ്പോഴുള്ള ഭാവം. (താഴെ വിലാസങ്ങളും എന്നതു നോക്കുക). ക. നേരംപോക്ക്.

വിലാസങ്ങൾ-ശൃംഗാരചേഷ്ടകൾ.

1. ഭാവം
2. ഹാവം
3. ഹേല
4. മാധുര്യം
5. ധൈര്യം
6. ലീലം
7. വിലാസം
8. വിച്ഛിത്തി
9. വിഭ്രമം
10. കിലകിഞ്ചിതം
11. മോട്ടായിതം
12. കുട്ടമിതം.
13. ബിംബോകം
14. ലളിതം
15. കുതൂഹലം
16. ചകിതം
17. വിഹൃതം
18. ഹാസം

'ഭാവവുംഹാവവുംഹേലാ
മാധുര്യംധൈര്യവും തഥാ
ലീലാവിലാസംവിച്ഛിത്തി
വിഭ്രമംകിലകിഞ്ചിതം
മോട്ടായിതംകുട്ടമിതം
ബിംബോകംലളിതം തഥാ
കുതൂഹലഞ്ചചകിതം
വിഹൃതംഹാസമിങ്ങിനെ
ശൃംഗാരചേഷ്ടപതിനെ-
ട്ടുണ്ണുമായ് ക്കണ്ടുകൊള്ളുണം'

(ഭാരതം ശബ്ദത്തിന്റെയും അർത്ഥത്തിന്റെയും പദം (ഭാരതാന്തം) നോക്കുക.)

കുതൂഹലം = നല്ലവസ്തുക്കളും കണ്ടിട്ടുണ്ടാകുന്ന ചാപല്യം.

സാഹിത്യപ്പേരുകാരുടെ പക്ഷത്തിൽ ശൃംഗാരഭേദങ്ങളായ ചേഷ്ടാവിശേഷങ്ങളുടെ സാമാന്യമായ പേർ ഹാവമെന്നല്ല; അതു അലങ്കാരമെന്നാകുന്നു. മുൻ കാണിച്ച 18-നു പുറമേ 10 എണ്ണം കൂടിയുള്ളതു താഴെ ചേർക്കുന്നു.

19. ശോഭ—അംഗങ്ങൾക്കുള്ള കാന്തി, രൂപം, യൗവ്വനം, ലാളിത്യം, സ്ത്രീചന്ദനാദി മനിതസുഖാനുഭവംകൊണ്ടുണ്ടാകുന്നതാണ്.

20. കാന്തി—മേല്പറഞ്ഞ ശോഭതന്നെ കാമോന്മേഷം നിമിത്തം പുഷ്ടിപ്പെട്ടുവന്നാൽ അതു കാന്തി.

21. ദീപ്തി—മേല്പറഞ്ഞ കാന്തിതന്നെ അത്യന്തം പുഷ്ടിപ്പെട്ടാൽ അതു ദീപ്തി.

22. പ്രഗൽഭത—സമാശ്ലേഷവും ചുംബനമർശനാദികളിൽ യാതൊരു കൂസലും കൂടാതെ കൂട്ടുകാരെ മുമ്പിൽ മനോവിനോദത്തിനു മനസ്സനുസരിച്ചു ചെയ്യുന്നതു്.

23. ധൈര്യം—പരനായി കോപഭോഗലക്ഷണമായ അപരാധം വെളിപ്പെട്ട സമയത്തും പരീക്ഷാദീക്ഷണത്തിനും കൂടാതെയുള്ള സ്ഥിതത്വമെന്ന വിനയം. അതുതന്നെ ധൈര്യം.

24. മദം—യൗവ്വനം പ്രിയന്റെ അനുരാഗം മുതലായതു നിമിത്തമുള്ള ഗർവ്വുകൊണ്ടുണ്ടായ വികാരം.

25. തപനം—പ്രിയവിരഹവിവശയായ നായികയുടെ ചേഷ്ടാവിശേഷങ്ങൾ പറയപ്പെടുന്നതു്.

26. മൗഗ്ധ്യം—സാധാരണ പ്രസിദ്ധമായ ഒരു വസ്തുവിനെക്കുറിച്ചു തനിക്കു യാതൊരറിവും ഇല്ലെന്നുള്ള നിലയിൽ മനോവിനോദം ചേർന്നതു.

27. വിക്ഷേപം—നായകനോട്ട ക്രുദ്ധിയിരിക്കുമ്പോൾ, അലങ്കാരങ്ങളെ പൂത്തിയാക്കി തിരിക്കുക, ആവശ്യമില്ലാതതും ചെരിച്ചും മറിച്ചും നോക്കുക, രഹസ്യവചനങ്ങൾ പറയുമ്പോൾ അതിനെ അക്ഷരപദങ്ങളെക്കൊണ്ടു പൂരിക്കുക ഇവയത്രേ വിക്ഷേപം.

28. കേളി—കാന്തനോട്ടുകൂടെ കളിച്ചുകൊണ്ടിരിക്കുമ്പോൾ വിശേഷചമല്ക്കാരകാരിയായ നായികാക്രീഡിതം.

ഭാവം, ഹാവം, ഹേലം, ശോഭ, കാന്തി, ദീപ്തി, മാധുര്യം, പ്രഗല്ഭതാ, ഔദാര്യം, ധൈര്യം ഇങ്ങിനെ 10 അലങ്കാരങ്ങൾ പൂരിക്കുന്നവർക്കുണ്ടാകാം.

വിലാസി-വി. വിലാസമുള്ള, സന്തോഷവും കൗശലമുള്ള (സ്ത്രീ, സ്ത്രീനീ, സ്ത്രീ).

വിലാസി-പ്ര. വിഷ്ണു. ൨. ചന്ദ്രൻ. ൩. അഗ്നി. ൪. പാമ്പ്. ൫ ശിവൻ. ൬. കൃഷ്ണൻ. ൭. കാമദേവൻ.

വിലാസിക-ഒരു രൂപകം.

ശൃംഗാരരസപ്രധാനമാണ്. ഒരങ്കമേയുള്ളൂ.

വിലാസിനീ-പ്ര. സ്ത്രീ. ൨. വൃദ്ധിചാരിണീ.

വിലാളം-പ്ര. പൂച്ച. ൨. യന്ത്രം.

വിലിഖിത-വി. എഴുതപ്പെട്ട.

വിലീന-വി. പ്ര. ലയിച്ച, ചേർന്ന. ൨. മുങ്ങിയ.

വിലുണ്ഠനം-മോഷണം, കൊള്ള.

വിലുപകൻ-കള്ളൻ.

വിലുളിത-വി. പ്ര. ഇളക്കപ്പെട്ട. ൨. ചുളുക്കപ്പെട്ട.

വിലൂന-വി. ചേദിക്കപ്പെട്ട, നശിക്കിയ.

വിലേഖനം-പ്ര. രോമങ്ങൾ. ൨. കീറുക. ൩. വരയ്ക്കുക.

വിലേപനം-പ്ര. പൂശുക. ൨. കറിക്കൂട്ട്

വിലേപം-പ്ര. പരിമളം. ൨. കണ്ണെഴുതുപ്പൊടി. ൩. പൂശുക.

വിലേപി-കഞ്ഞി. പശയുള്ളതു് എന്നർത്ഥം.

വിലേപിനീ-പ്ര. സുഗന്ധംപൂശിയ സ്ത്രീ. ൨. കഞ്ഞി.

വിലേശയം-ഏലി, പായ്, മുള്ളൻപന്നി മുതലായ പൊത്തിലിരിക്കുന്ന ജന്തുക്കൾ.

വിലേശയാ-ഉടുമ്പ്.

വിലോകനം-കാഴ്ച.

വിലോകനംചെയ്യുന്നു-നോക്കുന്നു.

വിലോചനം-കണ്ണ്.

വിലോചനാംബു-കണ്ണുനീർ.

വിലോഡനം-ഇളക്കുക, കടകോൽകൊണ്ടു കടയുക.

വിലോഡിതം-പ്ര. ഇളക്കപ്പെട്ടതു്. ൨. മോരു്.

വിലോപം, വിലോപനം-പ്ര. സംഹാരം, നാശം. ൨. അപഹരണം. ൩. കവർച്ച.

വിലോഭനം-മോഹം, വശീകരണം.

വിലോമ-വി. മറുപാടുള്ള, ക്രമത്തിനു വിപരീതമായുള്ള.

വിലോമജിഹ്വാ-ആന.

വിലോമൻ-വരുണൻ.

വിലോമം-പ്ര. വിപരീതമായ വഴി. ൨. പാമ്പ്. ൩. പട്ടി. ൪. വെള്ളംകൊണ്ടുപോകുന്ന ഒരു സൂത്രം.

വിലോമീ-നെല്ലി.

വിലോല-വി. ഇളക്കമുള്ള.

വിലോളനം-ഇളക്കം.

വിലോളിത-വി. ഇളക്കപ്പെട്ട.

വിലോളിതം-പ്ര. ഇളക്കപ്പെട്ടതു്. ൨. മോരു്.

വില്ക്കുഴന്നു്-വില്ലിന്റെ അറ്റം.

വില്ക്കാത്തു്-ഒരുവക രൂപാൻ നാണയം. കണ്ണാരേണത്തിനു് ഉപയോഗിക്കാറുണ്ടു്.

വില്ക്കുന്നു-വില വാങ്ങിച്ചുംകൊണ്ടു കൊടുക്കുന്നു. (വില്പിക്കുന്നു-ക. ക്രി.)

വില്ക്കുറപ്പു്-വില്ലുണ്ടാക്കുന്ന ഒരു ജാതിക്കാരൻ.

വില്പന—വില്ക്കുകയെന്നതു്, ക്രയവിക്രയം.

വില്പാട്ടു്-ഒരു വില്ലിന്റെ അകലം.

വില്ലു്-പ. വളച്ചു രണ്ടറ്റത്തുംക്രമേ ഒരു ചരടുകൊണ്ടു കെട്ടിയിട്ടുള്ള ഒരായുധം. ര. ധനുരാസം. ന. ധനുരാശി.

വില്ല-ശിപായിമാർ അടയാളമായി ധരിക്കുന്ന ലോഹത്തകിടു്.

വില്ലങ്കക്കാരൻ-പ. പ്രയാസപ്പെടുന്നവൻ. ര. വില്ലുകൊണ്ടു യുദ്ധം ചെയ്യുന്നവൻ, ന. വഴക്കുപറയുന്നവൻ.

വില്ലങ്കം-പ. പ്രയാസം. ര. ഒരു വാദ്യം.

'വില്ലങ്കം കൊട്ടുവാൻ വില്ലങ്കംതരുന്ന നല്ല പെരുമ്പറ താക്കിത്തുടങ്ങി'

(അജ്ഞാതകാരകം)

ന. വില്ലുകൊണ്ടുള്ള യുദ്ധം ർ. വഴക്കു്.

വില്ലങ്കിക്കുന്നു-പ. പ്രയാസപ്പെടുന്നു. ര. വഴക്കു പറയുന്നു.

വില്ലൻ – വില്ലുകൊണ്ടു യുദ്ധംചെയ്യുന്നവൻ; വില്ലാളി.

'വില്ലന്മാരിൽ വിദ്വേഷൻ ഞാൻ തടവില്ലെങ്ങും തവ നാട്ടമുടിപ്പാൻ'

(പ്രദോഷമാഹാത്മ്യം തുള്ളൽ)

വില്ലരക്കർ-ബലവാന്മാരായ രാക്ഷസന്മാർ. (പ. മ.)

വില്ലവൻ-വില്ലാളി. (പ. മ.)

വില്ലാട്ടം-ചലനം.

വില്ലാളൻ, വില്ലാളി—വില്ലുകൊണ്ടു യുദ്ധം ചെയ്യാൻ സാമർത്ഥ്യമുള്ളവൻ. (ആലീഢം എന്ന പദം നോക്കുക).

വില്ലി-കാട്ടുദേവത.

ആയിരവില്ലി, കരുവില്ലി, പൂവില്ലി ഇത്യാദി.

വില്ലിക്കുന്നു-പ. ലഹരിപിടിക്കുന്നു. ര. വില്ലിനെപ്പോലെ വളയ്ക്കുന്നു.

വില്ലിട-വില്പാട്ടു്.

വില്ലുവല്ലോൻ-സാമർത്ഥ്യമുള്ള വില്ലാളി.

വില്ലുന്നി-ഒരുവക പാമ്പു്.

വില്ലുസു്-സൂത്രപടത്തുണി. (പോർട്ടുഗീസ് ഭാഷ).

വില്ലേവു്-വില്ലിൽ അമ്പുതൊടുത്തു തെറുക.

വില്ലെയ്ത്തു്-വില്ലുകൊണ്ടു എയ്കുക.

വില്ലൊലി-വില്ലിന്റെ ഞാണുവലിക്കുമ്പോഴുള്ള ശബ്ദം.

വില്ലൊടിക്കാരൻ-വില്ലാളി.

വിലപം-പ. ക്രൂരവൃക്ഷം. ര. ക്രൂരക്കായു്.

വിലപികാ, വിലപീ-കറിക്കായു.

വിവക്ഷ-പ. പറവാനുള്ള അഭിപ്രായം. ര. അഭിപ്രായം. ന. വിചാരം. ർ. അഭിപ്രായം.

വിവക്ഷിക്കുന്നു-അഭിപ്രായിക്കുന്നു.

വിവക്ഷിത-വി. പ. അഭിപ്രായിക്കപ്പെട്ട ര. ഭാവിക്കപ്പെട്ട.

വിവക്ഷിതാ-പറവാനുള്ള അഭിപ്രായം.

വിവക്ഷിതം-അഭിപ്രായിച്ച കാര്യം.

വിവക്ഷു-വി, പറവാനാഭിപ്രായമുള്ള.

വിവത്സ-വി. വത്സം (ശിശു) ഇല്ലാതെയുള്ള, സന്താനമുള്ള.

വിവധം-ക്ര. കാവ്. ഉ. വഴി, പെരുവഴി. സ. കാവടി. ര. മുമട്ട്.

വിവരണം-ക്ര. വിസ്തരിച്ചു പറക, വ്യാഖ്യാനഗ്രന്ഥകം. ഉ. പരിഭാഷ.

വിവരപ്പെടുത്തുന്നു-വിസ്തരിച്ചു പറയുന്നു, വ്യാഖ്യാനിക്കുന്നു.

വിവരം-ക്ര. വിസ്തരം. ഉ. പൊരുൾ, ചാരം, ഇട. സ. പൊരുൾതിരിപ്പ്. ര. കാര്യം. ള. കാരണം.

വിവരിക്കുന്നു-വിസ്തരിച്ചു പറയുന്നു.

വിവർജ്ജിതം-കഴിച്ചു വിടപ്പെട്ട.

വിവർണ്ണ-വി. ക്ര. ഹീനതയുള്ള. ഉ. നിറഭേദംവന്ന. സ. നിറംപോരാത്ത. ര. ചീത്തനിറമായ.

വിവർണ്ണൻ-ഹീനജാതിക്കാരൻ, നീചൻ

വിവർത്തം-പ്രദക്ഷിണം.

വിവർത്തം-തിരുപ്പ്.

വിവർത്തനം-തിരിക്കപ്പെട്ടത്.

'ആയാനംചെയ്തനേരം
വിവർത്തിതമിദംകിക്കിരവേ'

(അമരുകശതകം)

വിവശ-വി. ക്ര. പരവശതയുള്ള. ഉ. സുഖക്കേടുള്ള. സ. സ്വാധീനമില്ലാത്ത.

വിവശത-ക്ര. പരവശത. ഉ. സുഖക്കേട്. സ. അസ്വാധീനം.

വിവസന-വി. നഗ്നമായ.

വിവസ്വാൻ-ക്ര. ദേവൻ. ഉ. ആദിത്യൻ. വൈവസ്വതമനുവിന്റെ പുത്രൻ എന്നർത്ഥം. സ. അരുണൻ. ര. എരിക്ക്.

വിവാകൻ-ന്യായാധിപതി.

വിവാദം-തർക്കം വ്യവഹാരം.

"വിവാദേ സമനുപ കർത്തവ്യേ
കർത്തവ്യശ്ചൽ സമേനഹി,
അസമാനം വിവാദേന
ലാഘവതരമേവാപ ജായതേ."

സാരം—തർക്കിക്കുന്നതിനുമുമ്പേ ഒരുമ്പെടുകയാണെങ്കിൽ സമനായിരിക്കേണ്ടതാണ്. അസമനായിരിക്കുന്നുള്ള വിവാദം ലാഘവത്തെ (വിലക്കുറവിനെ) ഉണ്ടാക്കുന്നു.

"മാംസ്യേ സത്രേ നദീമദ്യേ
കേളീഷു ച പരാങ്കയേ,
പരാംഷ്യേ പരഗൃഹേ
വിവാദം നാ ചരേൽബുധഃ."

സാരം—ബുദ്ധിയുള്ളവർ മാംസം, സത്രം, നദീമദ്യം, കേളി, പരാങ്കയം, അന്യരാജ്യം, അന്യന്റെ ഗൃഹം ഈ സ്ഥലങ്ങളിൽ വാദത്തിനു പുറപ്പെടരുത്.

വിവാദി-തർക്കിക്കുന്ന ആൾ

വിവാദിക്കുന്നു-വ്യവഹരിക്കുന്നു.

വിവാരം-ക്ര. വിരിവ്. ഉ. തൊണ്ണൂറ്റഞ്ചക്ഷരങ്ങളെ ശ്ലോകിക്കുക.

വിവാസം, വിവാസനം-നാടുകടത്തുക.

വിവാഹചതുഷ്ടയം-കാലക്രീത, ക്രയക്രീത, പിതൃദത്ത, സ്വയംവൃത ഇവ നാലും.

വിവാഹം-പെൺകെട്ട്, വേളി, കല്യാണം, (അഷ്ടവിവാഹം നോക്കുക).

വിവാഹ്യൻ-ക്ര. മകളുടെ ഭർത്താവ്. ഉ. മണവാളൻ.

വിവിക്ത-വി. ക്ര. ജനമില്ലാത്ത. ഉ. ശുദ്ധമുള്ള.

വിവിക്തം-വിജനം.

വിവിദൻ-പണ്ഡിതൻ.

വിവിധ-വി. പലപ്രകാരമുള്ള. (താരം-വിധിതുല്യം).

വിവിന്ധ്യൻ-കൃഷ്ണന്റെ പുത്രനായ ചാരുദേഷ്ണൻ കൊന്ന ഒരു മനുഷ്യൻ.

വിവൃത-വി. ക. വിസ്താരമുള്ള. ഉ. പ്രകാശിക്കപ്പെട്ട. ന. പിളർക്കപ്പെട്ട.

വിവൃതം-ക. (വ്യാകരണത്തിൽ) 'ശ്ലു' 'തന' ഇത്യാദികളിലെപ്പോലെ സ്വരമായി തുറന്ന ഉച്ചരിക്കുന്നത്. ഈ പ്രകാരത്തിനു അടുത്തു പിന്നിൽ വ്യഞ്ജനം വന്നാൽ നിവൃത്തി വരുത്തിക്കേണ്ടതാണെന്നു കാണുന്നപക്ഷം സംവൃതം വേണം, ഉ-ം. 'ശരിയായി പഠിക്കുന്ന വിദ്യാർത്ഥിയ്ക്കു വിജയം തരുന്ന ബലിയ്ക്കും', ഉ. വിസ്താരമുള്ളതു്. ന. തുറന്നതു്. ര. പ്രകാശിക്കപ്പെട്ടതു്. ള. വിവരണം ചെയ്യപ്പെട്ടതു്, പിളർക്കപ്പെട്ടതു്.

വിവൃതാ-ഒരു ക്ഷുദ്രരോഗം.

പിത്തം ഹേതുവായിട്ടു വിടിന്നിരിക്കുന്ന മുഖത്തോടുകൂടി കഠിനമായ ചുട്ടനീറൽ പനി ഇവയെ ഉണ്ടാക്കുന്നതായി പഴുത്ത അത്തിക്കായുടെ ആകൃതി പോലെയിരിക്കുന്ന ആകൃതിയോടുകൂടി വൃത്താകാരമായി ഉണ്ടാകുന്ന കുരുവത്രേ വിവൃതാ.

വിവൃതാക്ഷം-കോഴി.

വിവേകം-തിരിച്ചറിവ്, വിചാരിച്ചറിയുന്ന സ്വഭാവം, സാവധാനതയുള്ള ബുദ്ധി.

വിവേകി-വി. വിവേകമുള്ള.

വിവേകി-നല്ല വിചാരവും ബുദ്ധിയും അറിവുമുള്ളവൻ.

വിവേചനം-തിരിച്ചറിവ്.

വിവേചിച്ചറിയുക-തിരിച്ചറിയുക.

വിവ്വോകം-ക. ശൃംഗാരാദിരസങ്ങളായ ചേഷ്ടാവിശേഷങ്ങളിൽ ഒന്ന്, ഗർവ്വാധിക്യം നിമിത്തം ഇഷ്ടമായ വസ്തുവിൽ കൂടിയുള്ള അനാദരം. ഉ. മദ.

വിശകണ്ഠാ-രോഗിപ്പക്ഷി.

വിശകലനം-ക. പ്രത്യേകം പ്രത്യേകം വേർ തിരിക്കുക. ഉ. നൂൽ, കീറ്, ഖണ്ഡം. ന. ചിതറൽ.

വിശകലിത-വി. ചോദനംചെയ്യപ്പെട്ട, വിഭജിക്കപ്പെട്ട.

വിശക്കുന്ന-വിശപ്പുണ്ടാകുന്ന.

വിശങ്ക-വി. ശങ്കയില്ലാത്ത.

വിശങ്ക-സംശയം.

വിശദ-വി. ക. വ്യക്തമായ, നിർമ്മലമായ. ഉ. വെളുത്ത.

വിശദം-ക. തെളിവ്. ഉ. വെളുപ്പുനിറം.

വിശപ്പ്-ക്ഷീച്ചതു മഹിക്കുമ്പോൾ വയറിലുണ്ടാകുന്ന ഒരു അവസ്ഥ, ക്ഷുത്തു്, ക്ഷീച്ചേകഴിയ എന്നു തോന്നുക.

വിശന്നവലയുന്ന ഒരുവനോടു വല്ലതും ഒരു ഉപകാരം ചെയ്യുതരണമെന്നു ആവശ്യപ്പെടുന്നതു യുക്തമല്ല. അയാൾ സുഖമായി ഉണ്ടുകഴിച്ചു തൃപ്തനായതിനു ശേഷമെങ്കിൽ അയാളോടു എന്തുകാര്യവും ആവശ്യപ്പെടുന്നതിൽ തരക്കേടില്ല. (Sarada 1908 Sept.)

വിശം-ക. താമരവളയം. ഉ. നിത്യരച്ചിലവു്.

വിശംകട-വി. ക. വലുതായ. ഉ. ശക്തിയുള്ള.

വിശയം-ക. സംശയം. ഉ. ശരണം.

വിശരം-കൊല, വധം.

വിശല്യ-വി. ക. മുള്ളില്ലാത്ത. ഉ. പ്രയാസമില്ലാത്ത.

വിശല്യ-ക. ചിറകുതു്. ഉ. ഒരുവക ചീര. ന. നാകദന്തി. ര. മേത്തോന്നി. ള. തിരുകോല്പച്ചെടി. ന്ന. ഞാഴൽ.

വിശല്യകരണി-മുറിവുകളിൽ നിന്നും അമ്പിൻമുനകളും വലിച്ചെടുക്കുന്നതിനുപകരിക്കുന്ന ഒരുപകരണി.

വിശസനം-കൊല, വധം.

വിശറി-വീശിക്കാറ്റവരുത്തുന്ന ഒരു സാധനം.

'വിരയവാടുധനപതിവിശറിയെടുത്തു'

(രാഘവപാണ്ഡവീയം കിടങ്ങിൽ)

വിശറികാലം പണ്ടേക്കാലം മുതല്ക്കേ ലോകത്തിൽ നടപ്പായിട്ടുണ്ട്. രാജാക്കന്മാരാണ് ആദ്യമായി വിശറി ഉണ്ടാക്കിയവർ എന്ന് ഒരു ഐതിഹ്യമുണ്ട്.

വിശാഖ-വി. കൊമ്പില്ലാത്ത. (ഇതു വൃക്ഷത്തോടു ചേരും).

വിശാഖദത്തൻ-മുദ്രാരാക്ഷസത്തിന്റെ കർത്താ,

ഏഴാം ശതാബ്ദത്തിൽ ജീവിച്ചിരുന്നു.

വിശാഖൻ-പ. സുബ്രഹ്മണ്യൻ. ഉ. യാചകൻ.

വിശാഖപട്ടണം-ഒരു നഗരം.

വിശാഖം-പ. പതിനാറാം നക്ഷത്രം. ഉ. റാട്ടുസൂചി. സ. എണ്ണുന്നവന്റെ ഒരു നില. ര. വെളുത്ത തഴുതാമ.

വിശാഖാ-പ. പതിനാറാം നക്ഷത്രം. ഉ. വെളുത്ത തഴുതാമ.

വിശാഗരി- ഇരിമുകൊണ്ടുള്ള ചേപ്പ്. (പോർട്ട്ശീസ് ഭാഷ).

വിശാമ്പതി-രാജാവ്.

വിശായം-ക്രമത്താലല്ല ഉറങ്ങുക, രവണവെച്ചുറങ്ങുക, മാറിമാറി ഉറങ്ങുക.

വിശാരദ-വി. പ. സാമർത്ഥ്യമുള്ള. ഉ. വിദ്യയുള്ള. സ. ധൈര്യമുള്ള. ര. കീർത്തിയുള്ള.

വിശാരദൻ-സമർത്ഥൻ.

വിശാരദം-ഇലഞ്ഞി.

വിശാല-വി. പ. വലിയ. ഉ. വിസ്താരമുള്ള.

വിശാല-പ. ഒരു നഗരം. ഉ. കുമ്മട്ടി. സ. ചെറിയ കാട്ടുവെള്ളരി, വലിയ കാട്ടുവെള്ളരി. ര. ആനപ്പീച്ചിൽ. ങ വലിയ വശമുച്ചീര. ന. സരസ്വതീനദി.

വിശാലത-പ. വലിപ്പം. ഉ. വിസ്താരം.

വിശാലതൈലഗർഭം-അഴിഞ്ഞിൽ.

വിശാലതാലം-ഏഴിലംപാലവൃക്ഷം.

വിശാലം-പ. ഒരുമാതിരി മാൻ. ഉ. ഒരു പക്ഷി.

വിശാലപത്രം-പ. കണ്ണൻചേമ്പ്. ഉ. കടപ്പന.

വിശാലാക്ഷി-നാഗദന്തി.

വിശാവരി-വിശാശരി.

വിശിഖം-പ. അമ്പ്. ഉ. ഇരിമ്പുപാര. സ. അമ്പോട്ടൽ.

വിശിഖാ-ഗ്രാമമദ്ധ്യത്തിലുള്ള പ്രധാനവീഥി.

വിശിഷ്ട-വി. വിശേഷമുള്ള.

വിശിഷ്ടത-നന്മ, വിശേഷം.

വിശിഷ്യ-അ. വിശേഷിച്ചും.

വിശീർണ്ണപർണ്ണം-വേപ്പ്.

വിശീർണ്ണം-വി. നശിച്ച

വിശ്രുത-വി. ശ്രുതിയുള്ള, വെടിപ്പുള്ള.

വിശ്രുതനഗരങ്ങൾ-ഏ,

'അയോധ്യാമഥുരാമായാ
കാശീകാഞ്ചിരവന്തികാ
പുരീദ്വാരവതീചൈവ
സപ്തൈതാമോക്ഷദായികാഃ'

വിശ്രുതി-പ. വിശേഷശ്രുതി. ഉ. ഷഡ്ധ്വാരങ്ങളിൽ ഒന്ന്. (അനാഹതത്തിൽ നിന്നു പത്തു വിരൽക്കിടെ മേൽ ഇരിക്കുന്നു. വിശ്രുതിയിൽ നിന്നു പന്ത്രണ്ടു വിരൽക്കിടെ മേൽ ആജ്ഞ),

വിശ്വംഖല-വി. തടവുകൂടാതെ.

വിശേഷകം-പ്ര. തിലകം, തൊട്ടുകുറി. ര. ലക്ഷണം. ന. മയിലെള്ള്.

വിശേഷജ്ഞ-വി. ഭേദങ്ങളെ അറിയുന്ന.

വിശേഷണ-വി. വിശേഷത്തെ അറിയിക്കുന്ന.

വിശേഷണം-വിശേഷത്തെ അറിയിക്കുന്ന പദം.

വിശേഷപരിവൃത്തം—ഒരു കാവ്യദോഷം.

വിശേഷം-വി. നല്ല.

വിശേഷം—പ്ര. കാര്യങ്ങൾക്കും വസ്തുക്കൾക്കും തമ്മിലുണ്ടാകുന്ന ഭേദം. ര. ഓരോന്നിനെ തിരിച്ചറിയുന്നതിനുള്ള അടയാളം.

വിശേഷാൽ-അ. വിശേഷിച്ച്.

വിശേഷിക്കുന്നു-നന്നായാകുന്നു.

വിശേഷിച്ചും-അ. പിന്നെയും, മുൻപിൽ പറഞ്ഞതു കൂടാതെയും.

വിശേഷോക്തി-കവിതകളിൽ പറയുന്ന അലങ്കാരങ്ങളിൽ ഒന്ന്.

വിശേഷ്യ-വി. വ്യത്യാസം കാണിപ്പാൻ തക്ക.

വിശേഷ്യം-പ്രധാനനാമം

വിശോകം-പ്ര. അശോകം. ര. കോഴി.

വിശോധ്യ-വി. ശോധനചെയ്യത്തക്ക.

വിശോധനം-ശോധനചെയ്ക.

വിശ്രം-മാംസം.

വിശ്രംഭം-പ്ര. വിശ്വാസം. ര. സ്നേഹം. ന. കുശലംചോദിക്ക. ഭ. ആശ്ലേഷം.

വിശ്രമം-ക്ഷീണംതീർക്ക, ആശ്വാസം.

വിശ്രമിക്കുന്നു-ആശ്വസിക്കുന്നു. (വിശ്രമിപ്പിക്കുന്നു-സ. ക്രി.)

വിശ്രവണം-കേൾവി.

വിശ്രവസ്സ്-രാവണന്റെ പിതാവ്, ഒരു മഹർഷി, പുലസ്ത്യന്റെ പുത്രൻ.

വിശ്രവസ്സിന്റെ പുത്രർ.

ഇളിബിളിയിൽ—രാവെശ്രവണൻ (കുബേരൻ).

നികഷ (രാക്ഷസി)യിൽ — രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ, ശൂർപ്പണഖ.

ഇളിബിളി ബ്രഹ്മിണിയും നികഷ രാക്ഷസിയും ആണ്. വിഷ്ണുപുരാണപ്രകാരം ഒരു മറ്റൊരുടെ പേർ 'കേശിനി' എന്നാകുന്നു. മേരുതന്ത്രമനുസരിച്ചു രാവണന്റെയും കുംഭകർണ്ണന്റെയും അമ്മ—പുഷ്പോൽകടയും. വിഭീഷണന്റെ അമ്മ—മാലിനീ. ഖരന്റെയും ശൂർപ്പണഖയുടെയും അമ്മ—രാകാ. (രാവണൻ എന്ന പദം നോക്കുക).

വിശ്രാ-അടക്കാവണിയൻ.

വിശ്രാണനം-ദാനം.

വിശ്രാണിക്കുന്നു-നൽകുന്നു.

'വിശ്രാണിക്കുംതവവിതതമാം
കൈയുകംകൊയുകൾക്ക'
(മയൂരസന്ദേശം)

വിശ്രാണിത-വി. കൊടുക്കപ്പെട്ട.

വിശ്രാന്ത-വി. വിശ്രമിച്ച, ആശ്വസിച്ച

വിശ്രാന്തി-വിശ്രമം, ആശ്വാസം.

വിശ്രാമം-വിശ്രമം.

വിശ്രാവം-പ്ര. കേൾവി, കീർത്തി. ര. ഒഴുക്ക്.

വിശ്രുത-വി. കേൾവിപ്പെട്ട.

വിശ്രുതി-കേൾവി, കീർത്തി.

വിശ്ലേഷം-പ്ര. വേർപാട്. ര. (വ്യാകരണത്തിൽ) ചിഹ്നനങ്ങളിൽ ഒന്ന്.

വിശ്ലേഷം നിഷ്പന്നതിനെൻറ മുമ്പും പിൻപും ചില അക്ഷരങ്ങൾ ലോപിച്ചു പോയിട്ടുണ്ട്. അതിനാൽ ഇവയ്ക്കു ചേരുവയില്ലെന്ന വേർപാടിനെ സൂചിപ്പിക്കുന്നു—കേട്ടോ'ളു = കേട്ടുകൊള്ളു.' ഇതാണ് അടയാളം.

വിശ്വ-വി. മുഴുവനായ.

വിശ്വൻ-ദേവകളിൽ ഒരുത്തനെൻറ പേർ.

വിശ്വം-പ്ര. ലോകം മുഴുവനും, പ്രപഞ്ചം. പ്രവേശിക്കുന്നത് എന്നർത്ഥം. ര. അശേഷം. ന. ചുക്ക്.

വിശ്വകടു-വി. ദുഷ്ടരായുള്ള.

വിശ്വകടു-പ്ര. നായാട്ടുപട്ടി. വിശ്വകരത്തെ (സകല ഗുണസമൂഹത്തെ) ഓടിക്കുന്നവൻ എന്നർത്ഥം. ര. പട്ടി.

വിശ്വകർത്താവ്-ബ്രഹ്മാവ്.

വിശ്വകർമ്മാവ്-പ്ര. ആദിത്യൻ. ര. ദേവകളുടെ ആശാരി.

ഈ ശില്പശാസ്ത്രി പ്രഭാസൻ എന്ന വസുവിൻെറ പുത്രനാണ്. രാമസേതു കെട്ടിയ നളൻെറ പിതാവുകൂടെ. രാക്ഷസർക്കുവേണ്ടി ലങ്കാപുരി പണിതു. വിശ്വകർമ്മാവ് തൻെറ പുത്രിയായ സംജ്ഞയെ സൂര്യനു കൊടുത്തു. സംജ്ഞയ്ക്കു സൂര്യൻെറ ശോഭ സഹിക്കായ്കനിമിത്തം വിശ്വകർമ്മാവു സൂര്യനെ കടഞ്ഞു ശോഭയുടെ അരയ്ക്കുപരിഭാഗം എട്ടുഭാഗങ്ങളഞ്ഞു ഈ എട്ടുഭാഗങ്ങളഞ്ഞ അംശംകൊണ്ടു തീർത്തതാണ് വിഷ്ണുവിൻെറ ചക്രവും, ശിവൻെറ ശൂലവും, കുബേരൻെറ ആയുധവും, കാർത്തികേയൻെറ കുന്തവും, മറ്റു ദേവകളുടെ പലവിധ ആയുധങ്ങളും, അഗ്നേയാസ്ത്രങ്ങളും. വിശ്വകർമ്മാവിനു തക്ഷകൻ, കാരു, ദേവവർദ്ധികൻ, സുധന്വാൻ ഈ പേരുകളുമുണ്ട്.

ഈ ദേവശില്പി രണ്ടു വില്ലുകൾ ഉണ്ടാക്കി വിഷ്ണുവിനും ശിവനുമായി കൊടുത്തുവെന്നും ശിവൻെറ വില്ല് ബലപരീക്ഷക്കായി വിഷ്ണു വാങ്ങി അതിനെ തകർത്തുവെന്നും പുരാണപ്രസിദ്ധം.

വിശ്വകൃത്-പ്ര. വിശ്വം മുഴുവനും സൃഷ്ടിച്ചവൻ. ര. വിശ്വകർമ്മാവ്.

വിശ്വകേതു-അനിരുദ്ധൻ. എല്ലാദേവും കൊടിക്കൂറയുള്ളവൻ എന്നർത്ഥം.

വിശ്വ(ഷ്വ)ക്സേനാ-ഞാഴൽ.

വിശ്വഗന്ധാ-ഭൂമി.

വിശ്വജാ-ആദിത്യൻെറ ഒരു ഭാര്യയുടെ സംജ്ഞ.

വിശ്വജിത്തു്-വി. വിശ്വത്തെ ജയിക്കുന്ന.

വിശ്വജിത്തു്-പ്ര. ഒരു യാഗം.

വിശ്വജിത്ത് എന്ന യാഗം വിഷുവിൻെറ ൪-മത്തെ ദിവസം നടത്തുന്നു.

ര. വരുണപാശം, വരുണൻെറ കണി. ന. വിഷ്ണു.

വിശ്വദേവകഠം—ദേവകളിൽ ഒരു ജാതി.

ഒരുകൂട്ടം ഗണദേവതകൾ-10.

'വസുഃ സത്യഃ ക്രതുർദക്ഷഃ
കാലഃ കാമോധൃതിഃ കുരുഃ
പുരൂരവാമാദ്രവാശ്ച
വിശ്വദേവാഃ പ്രകീർത്തിതാഃ'

വസു, സത്യൻ, ക്രതു, ദക്ഷൻ, കാലൻ, കാമൻ, ധൃതി, കുരു, പുരൂരവൻ, മാദ്രൻ (ജോടിയായി സഞ്ചരിക്കുന്നു).

വിശ്വദേവാ-പ്ര. വലിയ മുരടകം. ര. ചെമന്ന ആമ്പൽ.

വിശ്വനാഥൻ-ശിവൻ.

വിശ്വനായകൻ-പ്ര. ശിവൻ. ര. വിഷ്ണു. ന. ബ്രഹ്മാവ്.

വിശ്വപാലകൻ-പ്രപഞ്ചത്തെ രക്ഷിക്കുന്നവൻ, ദൈവം.

വിശ്വഭാവനൻ-വിഷ്ണു.

വിശ്വഭേഷജം-ചുക്ക്.

വിശ്വംഭര-വി. പ്രപഞ്ചത്തെ ഭരിക്കുന്ന.

വിശ്വംഭരൻ-പ. വിഷ്ണു. സകല ലോകങ്ങളെയും ഭരിക്കുന്നവൻ എന്നർത്ഥം. പ. ശിവൻ. സ. ഇന്ദ്രൻ.

വിശ്വംഭരാ-ഭൂമി. വിശ്വം (ജീവരാശികളെ) ഭരിക്കുന്നത് എന്നർത്ഥം.

വിശ്വയോനി-ബ്രഹ്മാവ്. പ. വിഷ്ണു.

വിശ്വരൂപ-വി. പ്രപഞ്ചസ്വരൂപമായ.

വിശ്വരൂപകം-കാരകിൽ.

വിശ്വരൂപൻ-പ. ശിവൻ. പ. വിഷ്ണു

വിശ്വരൂപം-വിശ്വം മുഴുവനും നിറഞ്ഞ രൂപം.

വിശ്വരേതസ്സ്-ബ്രഹ്മാവ്.

വിശ്വസഹാ-ഭൂമി.

വിശ്വസാക്ഷി-ദൈവം.

വിശ്വസാരകം-ഇലക്കള്ളി.

വിശ്വസിക്കുന്നു-വിചാരിച്ചുറപ്പിക്കുന്നു.

വിശ്വസിത-വി. വിശ്വസിക്കപ്പെട്ട

വിശ്വസ്രുട്ട്-ബ്രഹ്മാവ്.

വിശ്വസ്രുട് സാരഥി-പരമേശ്വരൻ.

വിശ്വസൃഷ്ടി-ലോകസൃഷ്ടി.

വിശ്വസ്ത-വി. വിശ്വാസമുള്ള, വിശ്വസിച്ച

വിശ്വസ്തത-വിശ്വാസം.

വിശ്വസ്തൻ-വിശ്വസിക്കപ്പെട്ടവൻ. വിശ്വസ് എന്ന ധാതുവിനോട് 'ത' പ്രത്യയം ചേർന്നുണ്ടായ രൂപം.

വിശ്വസ്താ-വിധവ.

വിശ്വസ്ഥാ-ശതാവരി.

വിശ്വാ-പ. ചുക്ക്. പ. തിപ്പലി. സ. അതിവിടയം. ര. ശതാവരി.

വിശ്വാത്മാവ്-വിശ്വമയ (സമസ്തമായ) ആത്മാവോടുകൂടിയവൻ, ബ്രഹ്മം, ദൈവം.

വിശ്വാതിശായി-എല്ലാറ്റിനേയും അതിശയിക്കുന്നത്.

വിശ്വാമിത്രൻ-ഒരു മഹർഷി.

'വിശ്വാമിത്രൻ വാസ്തവത്തിൽ ഒരു യോദ്ധാവും ഭ്രഷ്ടിയുമായിരുന്നു. അദ്ദേഹത്തെക്കുറിച്ചു കാണുന്ന ഒരുകൂട്ടകഥയിൽ അദ്ദേഹം ഒരു ക്ഷത്രിയനായിരുന്നു എന്നും പിന്നത്തേതിൽ ബ്രാഹ്മണനായി എന്നും മറ്റും പറഞ്ഞിട്ടുള്ളതു സത്യമല്ല വാസ്തവത്തിൽ അദ്ദേഹം ഒരു വൈദികനായ ഭ്രഷ്ടിയായിരുന്നു. അക്കാലത്തു ബ്രാഹ്മണൻ ക്ഷത്രിയർ എന്നുള്ള ഭേദങ്ങൾ തീരെയില്ലായ്തന്നെ'.

വിശ്വാമിത്രശ്ലോത്രക്കാരും വസിഷ്ഠശ്ലോത്രക്കാരും വൈദികഭ്രഷ്ടിശ്ലോത്രക്കാരിൽ പ്രധാനികളായിരുന്നു. അസൂയനിമിത്തം അവർ കലഹിച്ചും ശപിച്ചും കാലം കഴിച്ചുവന്നു (ഭ്രചീകൻ എന്ന പദം നോക്കുക).

വിശ്വാമിത്രന്റെ തപോവിഘ്നത്തിനായി ഒരിക്കൽ ഇന്ദ്രൻ മേനകയെ അയച്ചു. അവളുടെ മകളാണ് ശകുന്തള. ഒരിക്കൽ രാജാ വിശ്വാമിത്രന്റെ തപസ്സിനു വിഘ്നംവരുത്തി. വിശ്വാമിത്രൻ രാമചന്ദ്രനെയും ലക്ഷ്മണനെയും ശ്രീരഥനോടുപേക്ഷിച്ചു കാട്ടിൽ കൂട്ടിക്കൊണ്ടുപോയി പല ഗുണങ്ങളും അവരിൽ നിന്നു നേടി. ഹരിശ്ചന്ദ്രനെ അസത്യവാനാക്കാൻ ശ്രമിച്ചതിൽ വിശ്വാമിത്രൻ തന്റെ തപസ്സിന്റെ ഫലത്തിൽ

പകതിയു. വസിഷ്ഠനെ കൊട്ടക്കേണ്ടി വന്നു. ഒരിക്കൽ വിശ്വാമിത്രൻ വസിഷ്ഠനെ തന്റെ സമീപത്തുകൊണ്ടു ചെല്ലുന്നതിനു സരസ്വതീനദിയോടാജ്ഞാപിച്ചു. അതിനുണ്ണാം ചെയ്തപ്പോൾ വേറൊരുവഴി പൊയ്ക്കൂടുകയാൽ ശപിച്ചു അതിലെ ജലം രക്തമാക്കി. കല്മാഷപാദൻ ഒരു രാക്ഷസനായപ്പോൾ വിശ്വാമിത്രൻ തന്റെ ഉപായംകൊണ്ടു വസിഷ്ഠന്റെ പുത്രന്മാരെ ഭക്ഷിപ്പിച്ചുകളഞ്ഞു. വിശ്വാമിത്രൻ ഒരിക്കൽ ത്രിശംകുവിനെ ഉടലോടെ സ്വർഗ്ഗത്തിലേക്കയച്ചു. ഇതു സ്വർഗ്ഗത്തിൽ ശരീരത്തോടെ പ്രവേശം കിട്ടുന്നതിനു ഒരു യാഗമനുഷ്ഠിക്കണമെന്നു സത്യവ്രതൻ (ത്രിശംകു) വസിഷ്ഠനോടു അഭ്യർത്ഥിപ്പെട്ടപ്പോൾ കഴികയില്ലെന്നു പറഞ്ഞു മടക്കുകയും വസിഷ്ഠന്റെ പുത്രന്മാർ അദ്ദേഹത്തെ ശപിച്ചു ചണ്ഡാലനാക്കുകയും ചെയ്തതുടനെ വിശ്വാമിത്രൻ അദ്ദേഹത്തിന്റെ മേൽ കൃപതോന്നുകകൊണ്ടാണെന്നും ഒരിക്കൽ ക്ഷാമം പിടിപെട്ടപ്പോൾ വിശ്വാമിത്രന്റെ ഭാര്യയെയും മക്കളെയും രക്ഷിക്കുനിമിത്തമാണെന്നും സത്യവ്രതൻ വസിഷ്ഠന്റെ കാമധേനുവിനെ കൊന്നു തിന്നതുകൊണ്ടു സന്തോഷിച്ചിട്ടാണെന്നും മറ്റും പല കഥകളുമുണ്ട്. വിശ്വാമിത്രൻ ശുനശ്ശേഫനെ ബന്ധത്തപ്പോൾ അയാളുടെ പുത്രന്മാരിൽ 50 പേർ സമ്മതിക്കുനിമിത്തം അവരെ അനുഗ്രഹിച്ചു. സമ്മതിക്കാത്തവരെ ശപിച്ചു. കാമധേനുവിനെ സംബന്ധിച്ചുണ്ടായ യുദ്ധത്തിൽ വിശ്വാമിത്രന്റെ നൂറു പുത്രന്മാരെ വസിഷ്ഠൻ തന്റെ ശാപംകൊണ്ടു മോഹിപ്പിച്ചു. ആ യുദ്ധത്തിൽ വിശ്വാമിത്രൻ തോല്ക്കയാൽ ബ്രഹ്മണനാവാൻ പ്രയത്നിച്ചു. വിശ്വാമിത്രൻ ദ്രോപദീകാരം രാജാവായ കുശികന്റെ പുത്രനാണ്. ഗാധിജൻ, ശാധിനന്ദനൻ ഈ പേരുകളും വിശ്വാമിത്രനുള്ളവയാകുന്നു.

വിശ്വാമിത്രപ്രിയം—തെങ്ങ്.

വിശ്വാവസു—പു. ഇന്ദ്രസഭയിൽ ഗന്ധർവ്വരുടെ ഒരു പ്രധാനി. 2. അറുപതിൽ ഒരു വർഷം. 3. ഒരു മുനി. 4. രേണുകയുടെ ഒരു പുത്രൻ.

വിശ്വാസഘാതകൻ—വിശ്വസിച്ചവനെ ചതിക്കുന്നവൻ.

വിശ്വാസഘാതകത്വം—വിശ്വസിച്ചവനെ ചതിച്ചുള്ളുള്ള പാപം.

വിശ്വാസഘാതകി. വിശ്വാസഘാതകൻ—വിശ്വസിച്ചവനെ ചതിക്കയാൽ പാപമുള്ളവൻ.

വിശ്വാസഭീതി—വിശ്വാസംകൊണ്ടുള്ള ഭീതി.

വിശ്വാസഭംഗം—വിശ്വാസത്തെ ഇല്ലാതാക്കുക.

വിശ്വാസം—രക്ഷിക്കയും മറ്റും ചെയ്യുമെന്നുള്ള ഒരു മനോനിശ്ചയം.

വിശ്വാസവഞ്ചനം—വിശ്വസിച്ചിരിക്കുന്ന ആളിനെ വഞ്ചിക്കുക.

ഇതു് ഇൻഡ്യൻ പീനൽ കോഡ് ൪൦൬-ംവകുപ്പു (തി. ശി. നി. വകുപ്പു ൪൦൬) അനുസരിച്ചു ശിക്ഷിക്കത്തക്ക ഒരു കുറ്റമാണ്. വാറണ്ടുകൂടാതെ പിടിച്ചുകൂടാ. ആദ്യം വാറണ്ടുതന്നെ അയക്കണം. ജാമ്യം എടുത്തുകൂടാ. രാജിയാകാൻ പാടില്ല. മൂന്നുകൊല്ലത്തെ രണ്ടിലേതുവിധമെങ്കിലുമായ തടവോ പിഴയോ രണ്ടുംകൂടിയോ ഉള്ള ശിക്ഷ വിധിക്കാം. വിസ്താരം സെഷ്യൻകോടതിയിലോ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിനോ ആകാം.

വിശ്വാസി—വി. വിശ്വാസമുള്ള.

വിശ്വാസ്യ-വി. വിശ്വസിക്കപ്പെടുവാൻതക്ക.

വിശ്വേശ്വരൻ-ശിവൻ.

വിശ്വൈകനാഥൻ- വിശ്വേശ്വരൻ.

വിശ്വൗഷധകം-൫൯.

വിഷ-അതിവിടയം.

വിഷകണ്ണാ-വെള്ളിപ്പക്ഷി.

വിഷകൃമിന്യായം — സംസാരനിവൃത്തിക്ക് ബാധകമായിട്ടുള്ളതു്. അതിൽ പഴകീട്ടുള്ളവർക്ക് സുഖകരമായിരിക്കും.

വിഷക്കല്ല്-വിഷത്തെ പരീക്ഷിച്ചുറിയുന്നതിനുള്ള ഒരുമാതിരിക്കല്ല്.

വിഷക്കുത്തം-വി. അടുത്തിരിക്കുന്ന, ചേർന്നിരിക്കുന്ന, പറ്റിയിരിക്കുന്ന, പറ്റിയ.

വിഷഖണ്ഡചൂഡാമണി- വിഷമിറക്കുന്നതിനുള്ള ഒരു മരുന്ന്.

വിഷഗ്ലാ-ചിറ്റമൃതു്.

വിഷഘ്നം-വി. വിഷത്തെ ശമിപ്പിക്കുന്ന.

വിഷഘ്നം-പ. നിലക്കടയു്. ഉ. രവൻകൊടിത്തൂവ. ന. നെന്മേനിവാക. ഴ ചമ്പകം. ങ. താന്നി. ന. ചെറുചീര. ൦. കാട്ടുചെറുതുമ്പ. വ. വയ്യങ്കതകു്.

വിഷചതുഷ്ടയം മൂഢനായിരിയ്ക്കൽ, അജീർണ്ണത്തിൽ ഭക്ഷണം, ദരിദ്രനായിരിയ്ക്കൽ, ഖലനായിരിയ്ക്കൽ ഇവ ൪ം.

പക്ഷാന്തരം—രാത്രിസഞ്ചാരം, ലക്ഷ്യമറിയാത്ത രോഗം, പരാന്നകുക്ഷിയായ സ്ത്രീ, രാജാവിന്റെ സ്നേഹം. മറ്റൊന്ന്- മൂഢനായ അനുരാഗം, ദരിദ്രനായ സഖി, അജീർണ്ണത്തിൽ ഭക്ഷണം, ഉറവില്ലാത്ത വിദ്യ.

വിഷജ്വരം-പ. ഒരുവക പനി. ഉ. പോത്തു്.

വിഷജ്വാല-വിഷത്തിന്റെ ഉഷ്ണം.

വിഷണ്ഡം-കാമരവമയം.

വിഷണ്ണ-വി. വിഷാദമുള്ള, വ്യസനിച്ച.

വിഷണ്ണത-വിഷാദം.

വിഷണ്ണൻ—വിഷമിച്ചുവൻ, വിഷാദിച്ചുവൻ.

വിഷണ്ഡൻ എന്ന പദവും അച്ചടികളിലും കാണുന്നുണ്ടു്. വിഷണ്ണൻ എന്നാണ വേണ്ടതു്. 'സന്ന' ശബ്ദത്തിൽ 'വി' എന്ന ഉപസർഗ്ഗം ചേർന്നപ്പോൾ 'സ'കാരം 'ഷ'കാരമായും 'ഷ'കാരത്തിന്റെ പിന്നീടുള്ള 'ന'കാരം 'ണ്ണ'കാരവുമായി 'വിഷണ്ണൻ' എന്നുണ്ടായി.

വിഷദ-വി. പ. വിഷത്തെക്കൊടുക്കുന്ന. ഉ. വെള്ളത്തെക്കൊടുക്കുന്ന.

വിഷദന്തകം-പായു്.

വിഷദന്തം-വിഷപ്പല്ലു്.

വിഷദം-പ. മേഘം. ഉ. പച്ചത്തുരിശു്.

വിഷദ ഷ്ട-ഒരു പച്ചമരുന്നു്, നാഗദന്തി

വിഷദൃഷ്ടമൃത്യുകം-ചകോരപ്പക്ഷി.

വിഷദിഗ്ധബാണം-വിഷംതേച്ചിട്ടുള്ള അമ്പു്.

വിഷദ്രുമം-കാഞ്ഞിരം.

വിഷധര-വി. വിഷമുള്ള.

വിഷധരം-സർപ്പം

വിഷധമ്മി-ചെങ്കൊടിത്തൂവ.

വിഷധാരിസി-ഒരുതരമുന്തിരി.

വിഷനരി-പേനരി.

വിഷനാരി ആപൽകരയായ സ്ത്രീ.

വിഷപ്പുട്ടി-പേപ്പട്ടി.

വിഷപ്പല്ലു്-വിഷമുള്ള പല്ലു്.

വിഷഭയം-വിഷംകൊണ്ടുണ്ടാകുന്ന ഭയം.

വിഷഭീരുകം-ചകോരപ്പക്ഷി.

വിഷഭൂകതി-വിഷം ഭക്ഷിക്കൽ.

വിഷം-പ. പാമ്പിന്റേയും മറ്റും വായിലിരിക്കുന്ന തീഷ്ണതയുള്ള വസ്തു. ഉ. വത്സനാഭി മുതലായവ. ന. വെള്ളം. ഴ.

നഃപശ ഇ. തമരയല്ലി. ന. താമര വയ്യം.

വിഷംതീണ്ടൽ-പാമ്പു കടിക്കുക.

വിഷമ-വി. ഫ. സമമല്ലാത്ത. ര. പ്രയാസമുള്ള, ഗ്രഹിപ്പാൻ പ്രയാസമുള്ള ന. ഭയങ്കരമായ. ഭ. ദുഷ്ടതയുള്ള.

വിഷമഛദം-ഏഴിലമ്പാലവൃക്ഷം.

വിഷമന്ത്രക്കാരൻ-മന്ത്രംകൊണ്ടു പാമ്പിനെ പിടിക്കുകയും വിഷമിറക്കുകയും ചെയ്യുന്നവൻ, വിഷവൈദ്യൻ.

വിഷമന്ത്രം-വിഷമിറക്കുന്നതിനുള്ള മന്ത്രം.

വിഷമപാദങ്ങൾ- ഒരു പദ്യത്തിലെ ഫ-ം, ന-ം പാദങ്ങൾ.

വിഷമം-ഫ. സമമല്ലാത്ത. ര. പ്രയാസമുള്ള ന. ഒരലങ്കാരം.

വിഷമട്ടനി-പേരരത്ത.

വിഷമവൃത്തം-ഒരു പദ്യത്തിന്റെ നാലു പാദങ്ങൾക്കും ലക്ഷണം വെവ്വേറെ വരുന്നത്.

വിഷമിക്കുന്നു-പ്രയാസപ്പെടുന്നു.

വിഷമുഷ്ടി-ഒരു ഫലശാകം.

വെളുത്ത കാക്കക്കൊടി എന്നു നാട്ടുഭാഷ. ഒരു ഔഷധി.

വിഷമൃത്യു-ചകോരപ്പക്ഷി.

വിഷയൻ-ഭർത്താവു്.

വിഷയം-ഫ. ലോകവ്യാപാരം. ര. ഇന്ദ്രിയങ്ങളെക്കൊണ്ടു അറിയാവുന്നത്. ന. ശബ്ദം. ഭ. സ്പർശം. ഇ. രൂപം. ണ. രസം. ഒ. ഗന്ധം. വ. ശോകം. ൻ. ഭയം, സംഗീതം. ഫ൦. സങ്കേതം, നിത്യമായി സ്ഥിതിചെയ്യുന്ന സ്ഥാനം. വിശേഷണമുള്ള ബന്ധനം എന്നർത്ഥം. ഫഫ. യാവനൊരുത്തനെ യാതൊരുത്തനെ കൊന്നു് അറിയപ്പെട്ടതായിട്ടുണ്ടോ അതു്. ഫര. ദേശം, രാജ്യം. ഫന. (മ) സുഖം.

1. ആകാശഗുണമായ ശബ്ദം—ശ്രോത്രേന്ദ്രിയത്തിന്റെ വിഷയം.

2. വായുഗുണമായ സ്പർശം—ത്വഗിന്ദ്രിയത്തിന്റെ വിഷയം.

3. തേജസ്സിന്റെ ഗുണമായ രൂപം—നേത്രേന്ദ്രിയത്തിന്റെ വിഷയം.

4. അപ്പിന്റെ ഗുണമായ രസം—രസനേന്ദ്രിയത്തിന്റെ വിഷയം.

5. പൃഥ്വീഗുണമായ ഗന്ധം—ഘ്രാണേന്ദ്രിയത്തിന്റെ വിഷയം.

വിഷയി-വി. വിഷയമുള്ള, ലോകകാര്യത്തിൽ ശ്രദ്ധയുള്ള. വിഷയി> <മുമുക്ഷു.

വിഷയി-ഫ. ഇന്ദ്രിയം. ര. രാജാവു്. ന. കാമദേവൻ. ഭ. ഇന്ദ്രിയങ്ങളെക്കൊണ്ടറിഞ്ഞിട്ടില്ലാത്തതൊക്കെയും ഇല്ലാത്തതെന്നു വിശ്വസിക്കുന്നവൻ.

വിഷയീഭവിക്കുന്നു- വിഷയമായിത്തീരുന്നു.

വിഷരൂപാ-അതിവിടയം.

വിഷവൃക്ഷം-വിഷമുള്ള വൃക്ഷം.

വിഷവൃക്ഷന്യായം-താൻ നട്ടുവളർത്തിയ വൃക്ഷം മുറിപ്പാൻ താന്തങ്ങൾക്കു മനസ്സുകേടു തോന്നുക.

വിഷവൈദ്യൻ-വിഷം ഇറക്കുന്നവൻ.

വിഷവൈദ്യം, വിഷവിദ്യ-വിഷചികിത്സ.

വിഷശാല്മലി-തമരക്കിഴങ്ങു്.

വിഷസൂചകം-ചെമ്പോത്തു്, ചകോരപ്പക്ഷി.

വിഷസ്ഥാനചതുഷ്ടയം-തേളിനെ വായിൽ, ഇരുച്ചുക തലയിൽ, സപ്പ്തിനെ പല്ലിൽ, ദുഷ്ടനെ സർവ്വാംഗവും.

വിഷഹര-വി. വിഷത്തെക്കളയുന്ന.

വിഷഹരി-വാസുകിയുടെ സഹോദരി.

വിഷഹാ-പ. ശ്വേതാമ്പി. ഉ. നിർഗുണ്ടി.

വിഷഹാരി-വിഷവൈദ്യൻ.

വിഷാ-അതിവിടയം.

വിഷാകൃത-വി. വിഷംതീണ്ടിയ.

വിഷാണം-പ. പശു ആന മുതലായ നാല്കാലികളുടെ കൊമ്പ്. ഉ. കൊട്ടം.

വിഷാണഭൃത്-കാള.

വിഷാണി-പ. ആട്ടത്തൊടപ്പാല. ഉ. ഇടവകം. ന. പോത്തു്. ഘ. ആന; ങ. കാള.

വിഷാണിക-പ. ആട്ടത്തൊടപ്പാല. ഉ. തേക്കിട. ന. കക്കടത്തുംഗി. ഘ. ചമ്മലന്ത. ങ. ചടച്ചി.

വിഷാദം-ദുഃഖം.

വിഷാദി-വി. വിഷാദമുള്ള.

വിഷാദിക്കുന്നു-ദുഃഖിക്കുന്നു.

വിഷാരം-പാമ്പു്.

വിഷാസ്യം-പാമ്പു്.

വിഷു-പ. മേടമാസം ഒന്നാം തീയതി. ഉ. അവചരിൽ ചിത്തിനക്ഷത്രം വഷ്ടം.

വിഷുക്കണി-വിഷുനാളിൽ കാണ്മാൻ കാണുന്ന വസ്തു.

വിഷുക്കൈനീട്ടം-വിഷുദിവസം കാലത്തു വാങ്ങിക്കുന്ന സമ്മാനം.

വിഷുഫലം-വിഷുദിവസത്തെ ഗ്രഹസ്ഥിതികൊണ്ടും മറ്റും അറിവാനുള്ള ഫലം.

വിഷുവത്തു്, വിഷുവം-തുലാം ഒന്നാം തീയതി.

വിഷുസംക്രാന്തി-ആമിഥുനം മീനം രാശിയിൽ നിന്നു് മേടംരാശിയിലേക്കു കടക്കുന്ന ദിവസം.

വിഷൂചി, വിഷൂചിക-നടപ്പുദീനം, നീക്കൊയ്.

'സൂചീഭിരിവഗാത്രാണി
വിധ്യന്തീതിവിഷൂചികാ'
(അഷ്ടാംഗഹൃദയം)

വിഷൂചികക്കുണ്ടാകുന്ന ഒരു വലിയ ഉപദ്രവം 'മീൻപാച്ചൽ' (ഉരുണ്ടുകയറ്റം) ആകുന്നു. ഇതിനു വേരപ്പുണ്ണിയിൽ വെള്ളത്തുള്ളിയും കട്ടകം കൂടി അരച്ചു പുരട്ടിയാൽ ഉടനടി ആശ്വാസം കിട്ടുവാനിടയുണ്ടു്.

വിഷൂചികയുടെ ലക്ഷണം—ഇന്ദ്രിയസാദവും, അതിസാരവും, ഛർദ്ദിയും, തണ്ണീർദാഹവും, വയറുനോവും, തലതിരിച്ചലും, കാലിൽനിന്നുരുണ്ടുകയറ്റവും, കോട്ടുവായും, ദാഹവും, ശരീരത്തിന്റെ നിറത്തിനു മാറ്റവും, വിരയലും, മനഃക്ഷീണവേദനയും, തലവേദനയും ഉണ്ടാകും.

വിഷ്ണുഭം-പ. ഇരുപത്തേഴു യോഗങ്ങളിൽ ഒന്നാമത്തെ യോഗം. ഉ. തടവു്. ന. പരപ്പു്. ഘ യോഗികളുടെ ഒരു നില. ങ. നാടകത്തിലെ പൂർവ്വാംഗം, നടന്നതോ നടക്കാൻ പോകുന്നതോ ആയ കഥാംശങ്ങളെ പ്രദർശിപ്പിക്കുന്നതും ഒന്നോ അതിലധികമോ നീചമദ്ധ്യമപാത്രങ്ങളെക്കൊണ്ടു കഥാവസ്തുവിനെ വിസ്തരിക്കുന്നതുമാകുന്ന വിഷ്ണുഭ(ക)ം.

ഇതു് രണ്ടു വിധം—പ. അത്ഭുതം. ഉ. സങ്കീർണ്ണം.

വിഷ്ണുഭം നാടകത്തിൽ പ്രസ്താവനാനന്തരമോ അങ്കങ്ങളുടെ മദ്ധ്യത്തിലോ വരുന്നതാണു്. നീരസങ്ങളും അനുചിത

ങ്ങളുമായ കഥാംശങ്ങളെ രംഗത്തിൽ അഭിനയിക്കാൻ പാടില്ലാത്തതുകൊണ്ട് അവയെ സൂചിപ്പിക്കുന്നതു വിഷ്കംഭകം മുഖേന ആകുന്നു. വിഷ്കംഭകം എന്നാൽ തന്നിച്ചു ബന്ധിക്കുന്നതു് എന്നർത്ഥം.

വിഷ്ണുരം-പ. പക്ഷി. ഉ. കോഴി. സ. മയിൽ.

വിഷ്ണുലം-നാട്ടുപന്നി.

വിഷ്ട-വി. പ്രവേശിക്കപ്പെട്ട.

വിഷ്ടപം-ലോകം.

വിഷ്ടപേശൻ-രാജാവു്.

വിഷ്ടംഭം-തിരത്തൽ, തടസ്സം.

വിഷ്ടംഭി-നിറുത്തുന്നവൻ.

വിഷ്ടംഭിനി-നിറുത്തുന്നവൾ.

വിഷ്ടരം-പ. പീഠം.

'വിഷ്ടരാർത്ഥം നല്ലപല്ലവജാലങ്ങൾ'
(അദ്ധ്യാത്മരാമായണം)

ഉ. മരപ്പലകകൊണ്ടുണ്ടാക്കിയ പീഠം. സ. വൃക്ഷം. ര. അശ്വത്ഥം, ങ. വ്യാപനശീലം.

വിഷ്ടരശ്രവസ്സ്-വിഷ്ണു. വിഷ്ടരം=മരപ്പലകകൊണ്ടുണ്ടാക്കിയ പീഠം, വലിയ കീർത്തിയുള്ള (ശ്രവസ്സു) ചെവിയുള്ളവൻ എന്നർത്ഥം. കവിഷ്ടരം=വ്യാപനശീലം. ശ്രവസ്സ്=കീർത്തി, സർവ്വത്ര വ്യാപിക്കുന്ന കീർത്തിയുള്ളവൻ എന്നർത്ഥം.

വിഷ്ടരശ്രവാ-പൊൻതകര.

വിഷ്ടി-വി വേലചെയ്യുന്ന.

വിഷ്ടി-പ. നാടകത്തിലിടുക. ഉ. കൂലിയില്ലാത്ത വേല. സ പ്രവൃത്തി. ര. ശബ്ദം. ങ. ഏഴുത്തുകരണങ്ങളിൽ ഒന്നു്.

വിഷ്ണ-മലം. ഉരത്തിൽ വിശേഷേണ സ്ഥിതിചെയ്യുന്നതു് എന്നർത്ഥം.

വിഷ്ണി-മലം, ഭക്ഷിച്ച വസ്തു, ദഹിച്ചുണ്ടായ മലം.

വിഷ്ണിക്കുന്ന-മലമിടുന്ന.

വിഷ്ണു-പ. ത്രിമൂർത്തികളിൽ ഒന്നു്. എല്ലായിടവും നിറഞ്ഞവൻ എന്നർത്ഥം.

വിഷ്ണു ത്രിമൂർത്തികളിൽ ഒന്നാകുന്നു. സത്വഗുണപ്രധാനിയാണു്. പരമാത്മാവിന്റെ മൂന്നവസ്ഥകളും —

പ. ബ്രഹ്മാവു്—വിഷ്ണുവിന്റെ നാഭിയിലെ താമരയിൽ നിന്നുണ്ടായി. തൊഴിൽ-സൃഷ്ടി.

ഉ. വിഷ്ണു-ലോകരക്ഷാർത്ഥം പല പ്രാവശ്യം അവതരണംചെയ്തു. തൊഴിൽ-രക്ഷ.

സ. ശിവൻ (രുദ്രൻ)—വിഷ്ണുവിന്റെ നെറ്റിയിൽനിന്നു പുറപ്പെട്ട. സംഹാരമൂർത്തിയാണു്. തൊഴിൽ—സംഹാരം.

ചുരുക്കത്തിൽ ഇവർ മൂവരും സൃഷ്ടിസ്ഥിതിസംഹാരമൂർത്തികളാണു്.

വിഷ്ണുവിന്റെ

പത്നി	—ലക്ഷ്മി
ലോകം	—വൈകുണ്ഠം.
വാഹനം	—ഗരുഡൻ
സാരഥി	—ദാരുകൻ
മന്ത്രി	—ഉദ്ധവർ
അശ്വങ്ങൾ	ശൈബ്യൻ, സുഗ്രീവൻ, മേഘപുഷ്പകൻ, വലാഹകൻ
ശംഖം	—പാഞ്ചജന്യം
ചക്രം	—സുദർശനം (വജ്രനാഭം)
ഗദ	—കൌമോദകി
വില്ലു്	—ശാർങ്ഗം
വാൾ	—നാന്ദകം
മറുക് (നെഞ്ഞിൽ)	—ശ്രീവത്സം
രത്നം	—കൌസ്തുഭം

പര്യായങ്ങൾ-വിഷ്ണു, നാരായണൻ, കൃഷ്ണൻ, വൈകുണ്ഠൻ, വിഷ്ടരശ്രവസ്സു,

മാധവൻ, സചക്രൻ, ദൈത്യാരി, പുണ്ഡരീകാക്ഷൻ, ഗോവിന്ദൻ, ഗരുഡധ്വജൻ, പീതാംബരൻ, അച്യുതൻ, ശാർങ്ഗീ, വിഷ്വക്സേനൻ, ജനാർദ്ദനൻ, ഉപേന്ദ്രൻ, ഇന്ദ്രാവരജൻ, ചക്രപാണി, ചതുർഭുജൻ, പദ്മനാഭൻ, മധുരിപു, വാസുദേവൻ, ത്രിവിക്രമൻ, ദേവകീനന്ദനൻ, ശൌരി, ശ്രീപതി, പുരുഷോത്തമൻ, വനമാലീ, ബൃഹദ്ഭാസീ, കംസാരാതി, അധോക്ഷജൻ, വിശ്വംഭരൻ, കൈടഭജിത്ത്, വിധു, ശ്രീവത്സലാഞ്ഛനൻ, പുരാണപുരുഷൻ, യജ്ഞപുരുഷൻ, നരകാന്തകൻ, ജലശായീ, വിശ്വത്രുഷൻ, മുകുന്ദൻ, മുരമർദ്ദനൻ. ൨. അഷ്ടവസുക്കളിൽ ഒന്ന്. ൩. അഗ്നി. ൪. വേദവ്യാസൻ. ൫. ഒരു ധർമ്മശാസ്ത്രഗ്രന്ഥകർത്താവ്.

വിഷ്ണുകന്ദം—ശാകവർഗ്ഗത്തിലുള്ള ഒരു കന്ദം.

(കൊങ്കണദേശത്തിൽ പ്രസിദ്ധം).

വിഷ്ണുകല വിഷ്ണുവിന്റെ അംശം.

വിഷ്ണുക്രാന്ത, വിഷ്ണുക്രാന്തി-൧. ഒരു പച്ചമരുന്ന്. ൨. ഒരു പൂവ്.

(വിഷ്ണു, ഭൂമി മുതലായതിനു നന്ന്. നീലപ്പൂവുള്ളതും വെളുത്ത പൂവുള്ളതും ഇങ്ങിനെ രണ്ടുതരമുണ്ട്).

വിഷ്ണുഗുപ്തൻ-ചാണക്യൻ.

വിഷ്ണുജൻ-ബ്രഹ്മാവ്.

വിഷ്ണുദയിതാ-൧ ഉക്കി. ൨. വിഷ്ണുക്രാന്തി.

വിഷ്ണുപഞ്ചകം - (ഭീഷ്മപഞ്ചകം നോക്കുക).

വിഷ്ണുപദം-൧. ആകാശം. ൨. കടൽ.

വിഷ്ണുപദി-ഗംഗാനദി. വിഷ്ണുപദത്തിൽ നിന്നു ഉത്ഭവിച്ചതു് എന്നർത്ഥം.

വിഷ്ണുപുരാണം - പഞ്ചലക്ഷണങ്ങളും എല്ലാമുള്ള ഒരു പ്രധാനപുരാണം.

(പരാശരൻ ഉപദേശിച്ചതാണു).

വിഷ്ണുരാതൻ-പരീക്ഷിത്തു്. വിഷ്ണുവിനാൽ കൊടുക്കപ്പെട്ടവൻ എന്നർത്ഥം.

(പരീക്ഷിത്തു് എന്ന പദം നോക്കുക).

പരീക്ഷിത്തിനെ അശ്വത്ഥാമാവു ബ്രഹ്മാസ്ത്രംകൊണ്ടു കൊന്നു. ശ്രീകൃഷ്ണൻ ഉജ്ജീവിപ്പിച്ചു. അതിനാൽ വിഷ്ണുരാതൻ എന്ന പേരുണ്ടായി.

വിഷ്ണുരഥം-ഗരുഡൻ.

വിഷ്ണുവല്ലഭാ—൧. തുളസി. ൨. മരത്തോന്നി.

വിഷ്ഠാഹാരം-൧. ഞരണ്ടപ്പുഴു.

'തൃടനപട്ടതരസ്ഥാരവിഷ്ഠാഹാരനാമേ'

(ഉത്തരാസ്വയംവരം കഥകളി).

൨. ഇളക്കാ. ൩. കലുക്കാ. ൪. ചലനം.

വിഷ്യ-വി. വിഷം കൊടുത്തു കൊല്ലേണ്ടുന്ന.

വിഷ്വക്ക്-അ. എല്ലാടവും.

വിഷ്വക്സേന-ഞാഴൽവൃക്ഷം.

വിഷ്വക്സേനകാന്താ — പന്നിക്കിഴങ്ങ്.

വിഷ്വ(ശ്വ)ക്സേനൻ-വിഷ്ണു. എല്ലാടവും വ്യാപിച്ച സേനയോടു (അജ്ഞയോടു) കൂടിയവൻ എന്നർത്ഥം.

വിഷ്വദ്ഭൃക്-വി. എല്ലാടവും നടക്കുന്ന.

വിസകണ്ടാ, വിസകണ്ടി, വിസകണ്ടികാ-വെള്ളിപ്പക്കി.

വിസകുസുമം-താമര.

വിസനാഭി-താമരപ്പൂക്കൊട്ട.

വിസന്ധി-വാക്യഭേദങ്ങളിൽ ഒന്ന്.

വിസപ്രസൂനം-താമരപ്പൂവ്.

വിസം-താമരവളയം.

വിസംകടം-പ. സിംഹം. ഉ. ഓടമരം.

വിസമ്മതം-സമ്മതക്കേട്, ഇഷ്ടക്കേട്.

വിസംവാദം-പ. വിരോധിയ്ക്കൽ. ഉ. യോജിപ്പില്ലായ്മ.

വിസരണം-നിവിർത്തുക, വിരിക്കുക.

വിസരം-ക്രൂരം.

വിസരിക്ക-വ്യാപിക്ക.

വിസർഗ്ഗം-പ. വിടുക. ഉ. വയറിളക്കുക. ന. ചില സംസ്കൃതവാക്കുകളുടെ ഒടുക്കം വെയ്ക്കുന്ന ഒരടയാളം, സ്വരത്തിനു പിന്നാലെ 'അഃ' എന്നപോലെ വരുന്ന ഉച്ചാരണത്തിന്റെ പേർ. (വിസർഗ്ഗം സംസ്കൃതപദങ്ങളിലെ കാണൂ) വിസർഗ്ഗം പകരം ഹകാരത്തിന്റെ ഒച്ച പുറപ്പെടുവിക്കും. ഒരു അക്ഷരത്തിന്റെ ഉച്ചാരണത്തോടുകൂടി അതു ചേർത്തിരിക്കുന്ന വാക്കു ഉച്ചരിച്ചു തീർത്തു വിടർപ്പെടുന്നതു കൊണ്ടാണ് ഒരു പേർ വന്നതു്. ർ. ദക്ഷിണായനം.

വിസർജ്ജനം-പ. ഉപേക്ഷിക്കുക. ഉ. അയക്കുക. ന. ദാനം.

വിസർജ്ജനീയ-വി. ഉപേക്ഷിക്കപ്പെടത്തക്ക.

വിസർജ്ജിക്കുന്നു-ഉപേക്ഷിക്കുന്നു.

വിസർപ്പം-പ. പരക്കുക. ഉ. ഒരു രോഗം

വിസർപ്പണം-പ. പരത്തുക. ഉ. പതുക്കെ സഞ്ചരിക്കുക.

വിസർവർത്തമം-ഒരു രോഗം.

പോളയുടെ ബഹിർഭാഗത്തിങ്കൽ വീക്കത്തെയും അന്തർഭാഗത്തിങ്കൽ ചിദ്രങ്ങളുടെ ഉള്ളിൽ ജലമുണ്ടായിരിക്കലിനേയും ചെയ്യും, താമരവളയംപോലെയിരിക്കുന്നതിനാൽ ഈ പേർ വന്നു.

വിസാരം-പ. മത്സ്യം. ഉ. ഇഴഞ്ഞുനടക്കുക, ഒഴുകുക.

വിസാരി-വി. ഒഴുകുന്ന. ഉ. പരക്കുന്ന.

വിസാരി-മത്സ്യം.

വിസാരിണി-കാട്ടുഴുന്ന്.

വിസാരിത-വി. പ. പരത്തപ്പെട്ട. ഉ. സാധിച്ച.

വിസിനീ-പ. താമരപ്പായൽ. ഉ. താമരവളയം.

വിസ്തൃത-വി. പരത്തപ്പെട്ട.

വിസ്തൃതപര-വി. പ. സാവധാനത്തിൽ ഇഴഞ്ഞു പോകുന്ന. ഉ. പരക്കുന്ന. ന. ഒഴുകുന്ന.

വിസ്മരൻ-വി. പ. വിസരിക്കുന്ന (പരക്കുന്ന). ഉ. ഒഴുകുന്ന. ന. ഇഴയുന്ന.

വിസ്രഷ്ടൻ-വിടപ്പെട്ടവൻ.

'ഇതിസനുപതിനാഖശോവിസ്രഷ്ടോ'
(നളചരിതം കഥകളി)

വിസ്രഷ്ടാ-വി. പ. പുറപ്പെടുവിച്ച. ഉ. സൃഷ്ടിക്കപ്പെട്ട. ന. അയക്കപ്പെട്ട. ർ. കൊടുക്കപ്പെട്ട. ൽ. ഉപേക്ഷിക്കപ്പെട്ട.

വിസ്തം-പൊൻതുക്കം.

ഒരു കഷം, മൂന്നു കഴഞ്ച്. നാലു പണത്തൂക്കം പൊന്നിന്റെ പേർ.

വിസ്തരം-രുഞ്ചുത്തിന്റെ പരപ്പ്.

'വിസ്താരോവിഗ്രഹോവ്യാസഃ
സ ച ശബ്ദസ്യവിസ്തരഃ'
(അമരം)

വിസ്തരണം-പരത്തൽ.

വിസ്തരിക്കുന്നു-പരത്തുന്നു. (നാമം-വിസ്തരണം. വിസ്തരിപ്പിക്കുന്നു-കാ. ക്രി.)

വിസ്താരം-പ. പരപ്പ്. ഉ. അകലം. ന. രീതി. ർ. വിചാരണം.

വിസ്തീർണ്ണ-വി. വിസ്താരമുള്ള, പരപ്പുള്ള.

വിസ്തീർണ്ണത-വിസ്താരം, പരപ്പ്.

വിസ്തീർണ്ണപർണ്ണം-കപ്പച്ചേമ്പ്.

വിസ്തൃത-വി. പ. നിവിർത്തപ്പെട്ട. ഉ. പരന്ന.

വിസ്തൃതകരം-വിടിത്തുപിടിച്ച കൈ

വിസ്തൃതി-വീതി, വിശാലത.

വിസ്താരം-ഞാരണപ്പലി. (വിസ്താരം നോക്കുക).

വിസ്രോടം-പരുവ്, കരുവ്.

വിസ്രോടം എന്നതിന്റെ സ്വരൂപം—രക്തപിത്തം ഹേതുവായിട്ടു തീ കൊട്ടിയപോലെ ചെറുമുഴുകുകം ശരീരത്തിൽ ചിലേടത്തോ എല്ലുടവുമോ ചുവന്നോട്ടുകൂടിയുണ്ടാകും.

വിസ്മയനീയൻ-വിസ്മയം (അത്ഭുതം) ജനിപ്പിക്കുന്നവൻ.

വിസ്മയം-അത്ഭുതം.

വിസ്മയപ്പെടുന്നു-അത്ഭുതപ്പെടുന്നു.

വിസ്മയിക്കുന്നു-അത്ഭുതപ്പെടുന്നു.

വിസ്മരിക്കുന്നു-മറക്കുന്നു. (നാമം-വിസ്മരണം).

വിസ്മാപനം-പ. വഞ്ചന, ക. വശീകരമുള്ളതു മിക്ക്. ന. ഗന്ധവ്യനഗരം. ര. അത്ഭുതം തോന്നുന്നതു്.

വിസ്മിത-വി. വിസ്മയിച്ച.

വിസ്മൃത-വി. മറക്കപ്പെട്ട.

വിസ്മൃതി-മറവി.

വിസ്രം- പച്ചമാംസഗന്ധതുല്യമായ ഗന്ധത്തോടുകൂടിയ വസ്തു.

വിസ്രഗന്ധം-ദുർഗ്ഗന്ധം.

വിസ്രഗന്ധി-മനുഷ്യശവം.

വിസ്രബ്ധ-വി. പ. വിശ്വസിക്കപ്പെട്ട ക. സ്നേഹിക്കപ്പെട്ട ന. ഇഷ്ടമുള്ള. ര. ജാഗ്രതയുള്ള.

വിസ്രബ്ധത-വിശ്വാസം.

വിസ്രംഭം, വിശ്രംഭം-പ. വിശ്വാസം. ക. പ്രണയം.

വിസ്രംസനം-പ. വീഴ്ച, ക. ഒഴുക്ക്.

വിസ്രവണം-പ്രവാഹം.

വിസ്രസാ-വാൽക്യം.

വിസ്രാ-അടക്കാവണിയൻ,

വിസ്രാവം-ഒഴുകുക.

വിസ്സ്-പ. പക്ഷി. ക. കതിർ.

വിഹഗൻ-പ. ആദിത്യൻ. ക. ചന്ദ്രൻ.

വിഹഗം-പ. പക്ഷി. ക. അമ്പ്. ന. മേഘം.

വിഹംഗ-വി. വേഗത്തിൽ പറന്നുപോകുന്ന.

വിഹംഗം-പക്ഷി.

വിഹംഗമൻ-സൂര്യൻ.

വിഹംഗമം-പക്ഷി ആകാശത്തിൽക്കൂടി ഗമിക്കുന്നതു് എന്നത്ഥം

വിഹംഗരാജൻ-ഗരുഡൻ

വിഹംഗിക-കാവടി. തോളിൽവച്ചു ചുമക്കുന്നതിനുപകരിപ്പാൻ മരംകൊണ്ടു ചെയ്ത ഒരു വസ്തു.

വിഹത-വി പ. കൊല്ലപ്പെട്ട, ഹനിക്കപ്പെട്ട. ക. വിരോധിക്കപ്പെട്ട.

വിഹതി-താഡനം.

വിഹഗ-കറിയാട്ട്.

വിഹനനം—പ. കൊല്ലുക. ക. വിരോധം.

വിഹരണം-പ. കളി, ലീല. ക. ക്രീഡിയാക്കുക. ന. തരണ്ടൽ, മുഴക്കുച്ച.

വിഹരിക്കുന്നു-പ. കളിക്കുന്നു, ക്രീഡിക്കുന്നു ക. ക്രീഡിയാക്കുന്നു.

വിഹായസ്-വലിയ സംസ്കൃതം.

വിഹസനം-പുഞ്ചിരി.

വിഹസിതം-പുഞ്ചിരി.

വിഹസ്ത-വി. ഭ്രമിക്കപ്പെട്ട. (നാമം-വിഹസ്തത).

വിഹാപിത-വി. കൊട്ടുക്കപ്പെട്ട.

വിഹാപിതം-ഭവനം.

വിഹായസ്സ്-പ. ആകാശം. ഉ. പക്ഷി.

വിഹാരം-പ. കളി, ഉല്ലാസവനം മുതലായ ക്രീഡ, ക്രീഡ. ഉ. സഞ്ചാരം. ന. ജിനനുടെയോ ബുദ്ധമതക്കാരുടെയോ സന്ന്യാസിമഠം.

വിഹിത-വി. പ. ചെയ്യപ്പെട്ട.

'നിങ്കൽസ്നേഹമേ വിഹിതം'
(നളചരിതം കഥകളി)

ഉ യോഗ്യമായ. ന. ചെയ്യപ്പെടേണ്ട

വിഹിതകർമ്മചതുഷ്ടയം —നിത്യം, നൈമിത്തികം, കാമ്യം, പ്രായശ്ചിത്തം ഇവ ൪-ം.

വിഹീന-വി. പ. വേർപെട്ട. ഉ. ഉപേക്ഷിക്കപ്പെട്ട.

വിഹീരാ-കുമിഴ്.

വിവൃത-വി പ. വിവരിച്ച ഉ. പരത്തപ്പെട്ട.

വിവൃതം-സ്ത്രീകളുടെ ചില കളി, വിലാസം, വേണ്ടുംസമയത്തു ലജ്ജകൊണ്ടു പറയാതിരിക്കുക. (വിലാസങ്ങളിൽ നോക്കുക).

വിവൃതി-പ. വിടിച്ചു ഉ. വിഹരിക്കുക, കളി.

വിഹ്വല-വി. പരിഭ്രമിക്കപ്പെട്ട. (നാമം-വിഹ്വലത = പരിഭ്രമം)

വിള-പ. ധാന്യത്തിന്റെ വിളവു്. ഉ. ക്ഷീരത്തിന്റെ കായ്. ന. വിളഭൂമി.

വിളക്കത്തലയൻ(വ)ൻ, വിളക്കത്തച്ഛൻ, വിളക്കത്തറവൻ-ക്ഷൗരക്കാരൻ. (സ്ത്രീ-വിളക്കത്തച്ചി, വിളക്കത്തലച്ചി = നാപിയത്തി)

വിളക്കം-പ. ശോഭ. ഉ. മിന്നൽ. ന. വെടിപ്പു്. ൪. കടിയാനവന്മാരുടെ പദവിചിട്ടിയും സക്കാരിലെയും മറവും കണക്കും ക്രമേ ഒത്തുനോക്കിപ്പതിക്ക. ഇ. ലോഹങ്ങൾ ഉരുക്കിച്ചേർക്കുക.

വിളക്കു്-വെളിച്ചം കണ്ണെഴുതിയിട്ടു് എണ്ണയും തിരിയും ഇട്ടു് തീ കൊളുത്തുന്നതിനു ഓട്ടുകൊണ്ടും മറവും ഉണ്ടാക്കുന്ന വസ്തു.

കളിവിളക്കു്, കോലുവിളക്കു്, കമ്പവിളക്കു്, കവരവിളക്കു്, കൊടിവിളക്കു്, കൂപ്പിവിളക്കു്, കുത്തുവിളക്കു്, നിലവിളക്കു്, ആലുവിളക്കു്, തൂക്കുവിളക്കു്, തൂടലുവിളക്കു്, ചങ്ങലവിളക്കു്, മാടമ്പിവിളക്കു് മുതലായവ.

വിളക്കുക്കുട്ടു്-വിളക്കിന്റെ കുട്ടു്.

വിളക്കുന്നു-പ. ലോഹങ്ങൾ ഉരുക്കിച്ചേർത്തു് നന്നാക്കുന്നു ഉ. പ്രകാശിപ്പിക്കുന്നു. (പ-മ.)

വിളക്കുമാടം-ക്ഷേത്രത്തിനു പുറമേ ചുറവും വിളക്കുവെക്കുന്നതിനുള്ള പുര.

വിളക്കുമാനം-പ. ശോഭ. ഉ. വെടിപ്പു്.

വിളക്കുരം-ഒരു മഹാക്ഷേത്രം.

വിളക്കെണി-കേറിനിന്നു വിളക്കുകൊളുത്തുന്നതിനുള്ള കോവണി.

വിളക്കേറു്-വസൂരിവന്നു ചത്തവരെ അടക്കുമ്പോൾ കഴിക്കുന്ന ഒരു കർമ്മം.

വിളഗം-വിഴാൽവൃക്ഷം.

വിളഗംസാരം-വിഴാലരി.

വിളങ്ങൽ-പ്രകാശം.

വിളങ്ങിക്കുടുതൽ-കൂട്ടിവെച്ച കരം.

വിളങ്ങിപ്പോർ-പോരുവഴി എഴുതിയ കണക്കു്.

വിളങ്ങുന്നു-പ. പ്രകാശിക്കുന്നു, തെളിയുന്നു. ഉ. ലോഹങ്ങൾ തമ്മിൽ ഉരുകിച്ചേരുന്നു. ന. പോർവഴി കണക്കിൽ പതിക്കുന്നു.

വിളച്ചൽ-ഗ. ധാന്യങ്ങളും പഴുക്കാറാകുക. ഉ. ധാന്യങ്ങളുണ്ടാകുക. ന. മുപ്പുവിളയുക. ര. പൈതങ്ങളുടെ അഹങ്കാരം.

വിളച്ചൽകേട്ട്-ഗ. വിളഞ്ഞിട്ട കൊയ്യാൻ താമസിച്ചാൽ വരുന്ന ചേതം. ഉ. നല്ലവണ്ണം വിളയാറ്റുക.

വിളച്ചലെടുക്കുക-അനുചിതമായ അധികാരം നടിക്കുക, കയ്യേക്കുടാതെ കൂലിക്കായി ഉപദ്രവിക്കുക.

വിളനിലം, വിളഭൂമി-കൃഷിചെയ്യുന്ന സ്ഥലം, വയൽ.

വിളമ്പൻ- ഊട്ടുവിചാരക്കാരനു ചിലരിക്കിൽ പറയുന്ന പേർ.

വിളമ്പരം-പരസ്യം.

വിളമ്പൽ-ചോറ്, കറി മുതലായവയെ ഭക്ഷിപ്പാനിരിക്കുന്നവരുടെ മുൻപിൽ കൊണ്ടുചെന്നു കൊടുക്കൽ.

വിളമ്പുകാരൻ-വിളമ്പുന്നവൻ.

വിളമ്പുന്നു-ഭക്ഷിപ്പാനിരിക്കുന്ന വക്കു ചോറും കറിയും കൊടുക്കുന്നു. (കാ. ക്രി. വിളമ്പിക്കുന്നു).

വിളംബനം-താമസം.

വിളംബം-ഗ. താമസം. ഉ. തൂങ്ങൽ.

വിളംബി-അമാവാസിയിൽ നാലാം സംവത്സരം.

വിളംബി-വി. തൂങ്ങിയിരിക്കുന്ന.

വിളംബിത-വി. ഗ. താമസിച്ച. ഉ. തൂങ്ങിയ.

വിളയത്തേതം-വിളവുചേരുക.

വിളയാടുന്നു-കളിക്കുന്നു. (സം. ക്രി. വിളയാടിക്കുന്നു).

വിളയാട്ട്-കളി.

വിളയാട്ടം-കളി.

വിളയുന്നു-ഗ. മൂക്കുന്നു. ഉ. ഉണ്ടാകുന്നു. ന. പടനകളിൽ ഉപ്പുകുമ്പൽ കുമ്പലായിട്ടുണ്ടാകുന്നു (സ ക്രി. വിളയിക്കുന്നു).

വിളയുപ്പ്-ഒരുമാതിരി ഉപ്പ്.

വിളരക്ഷി-വിളവു സൂക്ഷിക്കുക.

വിളക്കുന്നു-വെളുത്ത നിറമാകുന്നു, വിളറുന്നു. (പ-മ)

വിളച്ച്-ശരീരത്തിൽ ഭീനംകൊണ്ടുണ്ടാകുന്ന ഒരു നിറഭേദം.

വിളറ്റ്-വിളച്ച്.

വിളവ്-ഗ. ധാന്യങ്ങളുടെയും മറ്റും മൂപ്പ്. ഉ. വിളഞ്ഞുനില്ക്കുന്ന ധാന്യം.

വിളവിടുന്നു- നിലത്തിൽ കൃഷിചെയ്യുന്നു, വിതയ്ക്കുന്നു, നടുന്നു.

വിളവുകല്ല്-താനേ വിളയുന്ന രത്നം.

വിളവെടുക്കുന്നു-കൊയ്യുന്നു, നട്ടതലയും മറ്റും പറിച്ചെടുക്കുന്നു.

വിളറുന്നു-വെളുത്ത നിറമാകുന്നു.

വിളാകം-ഗ. തോട്ടം. ഉ. രണാങ്കണം.

വിളാമ്പശ-ഒരങ്ങാടിമരുന്ന്, വിളാമരത്തിന്റെ കറ.

വിളാവ്-ഒരു വൃക്ഷം.

വിളി-ഗ. ആരോടെങ്കിലും പറയണമെന്നു വിചാരിച്ചാൽ അവന്റെ പേരിനെ അവൻ കേൾക്കത്തക്കവിധം ഉച്ചരിക്കുക. ഉ. നിലവിളി. ന. എന്റെ ഭവനത്തിൽ വരേണമെന്നു അവന്റെ വീട്ടിലൊ മറ്റൊ ചെന്നു പറക, ക്ഷണിക്കുക. ര. കൊയ്യു, കഴൽ മുതലായ വാദ്യങ്ങളിൽ ഊതി ശബ്ദിപ്പിക്കുക.

വിളികൊള്ളുന്നു-പ്രസിദ്ധമാകുന്നു, കീർത്തികേൾക്കുന്നു.

'വിരുതുള്ളവിജയനെന്നുള്ളൊരു
വിളികൊണ്ടുംകേട്ടീടുമേടവൻ'
(കുമാരാഹരണം)

വിളിക്കുന്നു-ക്രി. ഒരുത്തനെ നോക്കി അവന്റെ പേരു ചൊല്ലി വരാൻ പറയുന്നു. ഉ. ദൂരത്തും മറഞ്ഞും നില്ക്കുന്നവന്റെ പേരിനെ ഉച്ചത്തിൽ പറയുന്നു. നു. ക്ഷണിക്കുയും മറ്റും ചെയ്യുന്നു. (വിളിപ്പിക്കുന്നു-കാ. ക്രി.)

വിളിപ്പുണി-ഒരാഭരണം, മുഴിയം.

വിളിപ്പാടു്-വിളിച്ചാൽ കേൾക്കുന്ന അകലം, കാൽമണിക്കൂർ ദൂരം.

വിളമ്പു്-വിളയു്.

വിളമ്പു്-അരികു്, വക്കു്.

വിളരുന്നു-വിട്ടിരുന്നു.

വിഠം, വിട്ടു്-ക്ര. മനുഷ്യൻ. ഉ. രാജാവു്.

'വിപ്രക്ഷത്രിയവിഠംശൂദ്രം'

(അമരം)

നു. മലം. ഗൃഹത്തെ പ്രവേശിക്കുന്നതു് എന്നർത്ഥം. ശ. ഗൃഹം.

വിഠംഖദിരം-ചവർത്ത കരിങ്ങാലി.

വിഠംചരം-നാട്ടുപന്നി.

വിള്ളു്, വിള്ളൽ-പൊട്ടൽ, വിണ്ടിട്ടുള്ള അടയാളം.

വിള്ളിച്ചു-വിള്ളൽ.

വിള്ളുന്നു-ചില വസ്തുക്കൾക്കു് രണ്ടായിമുകളും മറ്റും അല്പമായിട്ടു് ഒരു രണ്ടുപൊട്ടലുണ്ടാകുന്നു, പൊട്ടുന്നു, ചീറ്റുന്നു, രണ്ടായിപ്പിരിയുന്നു.

വിഴാലരി-ഒരു അങ്ങാടിമരുന്നു്.

വിഴാൽ-ഒരു വൃക്ഷം.

വിഴി-(മിഴിയുടെ പൂർവ്വരൂപം).

വിഴുക്കുന്നു-അഴുക്കാക്കുന്നു.

വിഴുങ്ങൽ-വായിലിട്ടു കടിക്കാതെ ഇറക്കുക.

വിഴുങ്ങുന്നു (മിഴുങ്ങുന്നു) - വായിലിട്ടു കടിക്കാതെ ഇറക്കുന്നു.

വിഴുത്തിടുന്നു-വസ്ത്രം മാറുന്നു.

വിഴുപ്പു്-ഉടുത്തുമുഷിഞ്ഞ വസ്ത്രം, അഴുക്കുവസ്ത്രം.

വിറ-വിറയൽ, വിറയ്ക്കുക.

ഉ-ം, 'വിറകെടുപ്പാൻ വിറകെടുത്തു'

വിറകു്-തീകത്തിപ്പാൻ ചേരുമായിട്ടു കീറിയ മരം. പര്യായങ്ങൾ-ഇന്ധനം, ഏധസ്സു്, ഇദ്ധ്മം, ഏധം, സമിത്തു്.

വിറക്കം-മനസ്സുകേടു്, ചേർച്ചക്കേടു്.

വിറങ്ങലിക്കുന്നു-തണുത്തു മരവിക്കുന്നു.

വിറങ്ങലിപ്പു്-തണുത്തു മരവിക്കൽ.

വിറപ്പിക്കുന്നു-കലുക്കുന്നു.

വിറയൻ-ക്ര. ഭയമുള്ളവൻ. ഉ. വിറക്കുന്നവൻ.

വിറയൽ-കലുക്കം, ഇളക്കം, കിടുക്കം.

വിറയുന്നു-അത്യാഗ്രഹമുണ്ടാകുന്നു.

വിറയ്ക്കുന്നു-ക്ര. കളിയാക്കിക്കൊണ്ടും മറ്റും ശരീരം ഇളക്കുന്നു. ഉ. ഇളക്കുന്നു, കലുക്കുന്നു. (സ. ക്രി. വിറപ്പിക്കുന്നു).

വിറവാതം-ഒരു ഭീനം.

വിറുമ-മരം തുളയ്ക്കുന്ന ഉമി.

വിറുതീനി-തന്റെ പാത്രങ്ങളേയും മറ്റും വിറ നിത്യച്ചിലവു കഴിക്കുന്നവൻ.

വിറുമുതൽ-വിറ സമ്പാദിച്ച മുതൽ.

വീ

വീ-പക്ഷി.

വീകം-ക്ര. കാറു്. ഉ. പക്ഷി.

വീകാശം-ക്ര. വിജനപ്രദേശം, രഹസ്യസ്ഥലം. ഉ. പ്രകാശം, പ്രകാശിപ്പിക്കുക, വെളിപ്പെടുത്തുക.

വീകിക്കുക-മേന്മേലുണ്ടാവുക.

വീക്ക്-ക. കണ്ണ്, ഇടി, അടി. ഉ. ആണി. ന. ഒരു വല്യവാദ്യം.

വീക്കം-നീര്, ഒരുമാതിരി മീനം.

വീക്കാണി-ഒരുമാതിരി വലിയ ആണി.

വീക്കുന്നു-അടിക്കുന്നു, തല്ലുന്നു. (വീക്കിക്കുന്നു-കർ. ക്രി.)

വീക്ഷ-കാഴ്ച.

വീക്ഷണം-ക. കാഴ്ച, നോട്ടം. ഉ. കണ്ണ്.

വീക്ഷാം-ക. കാഴ്ച. ഉ. അത്ഭുതമായത്, അത്ഭുതം.

വീക്ഷിക്കുന്നു-കാണുന്നു, നോക്കുന്നു.

വീക്ഷിത-വി. വീക്ഷിക്കപ്പെട്ട, കാണപ്പെട്ട.

വീക്ഷ്യ-വി. കാണപ്പെടത്തക്ക.

വീക്ഷ്യൻ-നാട്ടുക്കാരൻ, നാടൻ.

വീക്ഷ്യം-ക. കതിര. ഉ. മയിൽ. ന. കാഴ്ച. ഭ. അത്ഭുതമായത്.

വീക്ഷ്യമാണ-വി. കാണുന്ന.

വീങ്കൻ-തടിയൻ.

വീംഖാ-നായിക്കൊതണ.

വീങ്ങൽ-വീക്കം.

വീങ്ങുന്നു-വീക്കുന്നു.

വീചി, വീചിക-ക. തിര. നെയ്യുന്നതുപോലെ ഉള്ളത് എന്നർത്ഥം. (തിര അങ്ങോട്ടും ഇങ്ങോട്ടും പോകുന്നതിനെ വസ്ത്രം നെയ്യുന്നതിനോടുപമിക്കുന്നു), തിരമാല. ഉ. മാർഗ്ഗം, ചെറിയ തിര ന. സന്ദേശം. ഭ. അവസരം. ഇ. രശ്മി.

വീചിമാലി-കടൽ.

വീഴുക-വീഴുക, വീയുക, വീഴ്ത്തുക.

വീഴുന്നു, വീഴ്ത്തുന്നു-ക, കാറ്റുവരുത്തുന്നതിനു വിശറികൊണ്ടും മാറും ആട്ടി സ്പർശിപ്പിക്കുന്നു. ഉ. വലയിടുന്നു.

വീഴ്-വലയിടുക.

വീഴ്ചൽക്കാരൻ-വലവീശി മീൻ പിടിക്കുന്നവൻ.

വീഴ്ചി-വിശറി (വീഴ്ചുപാള).

വീഴ്ചുപാള-പാളവിശറി.

വീഴ്ചുവല-മീൻപിടിക്കുന്ന വല.

വീജകം-ക. മാതളനാരകം. ഉ. വേങ്ങ.

വീജകോശം-തോടരക്കായ്.

വീജഗണിതം-മാസ്സുരാചാര്യൻ ഉണ്ടാക്കിയ സിദ്ധാന്തശിരോമണിയുടെ ഒരു ഭാഗം.

വീജഗ്രന്ഥി-ചെറുപയറു മുതലായവ.

വീജനം-ക. വിശറി. ഉ. ചക്രവാകപ്പക്ഷി. ന. വട്ടച്ചുഴൽ.

വീജനസാധനം-വിശറി.

വീജം-ക. കാരണം. ഉ. വിത്ത്. ന. ശുക്ലം. ഭ. തത്വം. ഇ. കലവറ.

വീജരത്നം-ഉഴുന്ന്.

വീജരേചനം-നേവാളം.

വീജാകൃത-വി. വിതച്ചുമൂടിക്കപ്പെട്ട. (ഇതു കൃഷിസ്ഥലത്തോടു ചേർന്നു).

വീജി-വി. ബീജമുള്ള, വിത്തുള്ള.

വീജോളകം-അലിപ്പഴം.

വീജ്യ-വി. കലത്തിൽ മനിച്ച.

വീഞ്ഞ്-മുന്തിരിങ്ങാച്ചാരായം.

വീട്-വേനം.

വീട-ക. ഏകദേശം ഒരുചാൺ നീളത്തിൽ ഉള്ള ഒരുമാതിരി തടിക്കഷണം.

ഇതിനെ ഒരു വടികൊണ്ടടിച്ചു ഒരുമാതിരി കളി കുട്ടികൾ കളിക്കാറുണ്ട്. തള്ളയും പിള്ളയും കളി എന്നും, കുട്ടിയും കോലും കളി എന്നും മലയാളത്തിൽ

പറയുന്ന കണ്ണിയ്ക്കു തുല്യമാണ് ഇതു്. വിടം, വിടയം എന്നീ പാഠങ്ങളും ഒത റാണു്. തള്ളും പിള്ളും കണ്ണിയെന്നു ഒതക്കൻ ഭിക്കിൽ പറഞ്ഞുവരുന്നു.

'വീടയുമതിനോടുകൂടവേ വീണാനേരം'

(ഭാരതം—സംഭവം)

ഉ. പന്തു്.

വീടൻ—പ. വീട്ടുള്ളവൻ. ഉ. പ്രധാനി, ഗൃഹനായകൻ. ന. തേങ്ങാവു്.

'വീടരെപ്പേടിച്ചുപോയുള്ള ഭാരന്മാർ'

(കൃഷ്ണഗാഥ)

വീടാരം—വീടു്.

വീട്ടതോറും—വീടായിട്ടു്.

വീടി, ബീഡി, പീടി—പുകവലിക്കാനുള്ള ഒരുതരം പുകയിലച്ചുരുൾ.

വീടി, വീടിക—വെറ്റിലച്ചുരുൾ.

'ഒരുപചാരശ്ലേഷായ വീടിപ്രണയനം'

(അമരുകശതകം)

'ആമോദിനീം വീടികാം
വകുത്രുണാപഹരൻ'

(കർണ്ണപഞ്ചകം)

വീടിക—പ. വെറ്റിലച്ചുരുൾ.

'വീടികയ്ക്കൊക്കുണ്ടു വീടനുഖം തന്നെ'

(കൃഷ്ണഗാഥ)

ഉ. വെറ്റിലയ്ക്കാടി.

വീട്ടുന്നു—പ. കടം തീരുന്നു. ഉ. പകരം തീരുന്നു. ന. നോൻപു വീട്ടുന്നു. (വീട്ടുന്നു—സ. ക്രി.)

വീട്ടി—ഒരു വൃക്ഷം.

വീട്ടിപ്പെണ്ണു് — വീട്ടുവേലക്കാരത്തി, ദാസി.

വീട്ടുകാരൻ—വീട്ടിന്റെ ഉടയവൻ. (സ്ത്രീ—വീട്ടുകാരി).

വീട്ടുകാർ, വീട്ടാർ—വീട്ടിലുള്ള സ്ത്രീകളും മറ്റും.

വീട്ടുപക്ഷി—അടുക്കളൂൻ (കരുവി).

വീട്ടുമിടുക്കു്—വീട്ടിലിരിക്കുമ്പോഴുള്ള സാമർത്ഥ്യം.

വീട്ടുമുറി—പ. ഭവനത്തിലെ മുറി. ഉ. കടം തീർത്തതിനുള്ള ഒരെഴുത്തു്.

വീൺ—വി. രുചിയുള്ള, പുഴയ, വ്യർത്ഥമായ, കേടുള്ളതായത്.

വീണ—വി. ശർക്കരയും മറ്റും ഉണ്ടാക്കുമ്പോൾ പാകംപിഴച്ചു.

വീണ—കമ്പിയുള്ള ഒരുവക വാദ്യം.

ശിവന്റെ	വീണ	അനാലംബി
സരസ്വതിയുടെ	,,	കച്ഛപി
നാരദന്റെ	,,	മഹതി
ഗണങ്ങളുടെ	,,	പ്രമോദിനി
വിശ്വാവസുവിന്റെ	,,	ബൃഹതി
തുംബുരുവിന്റെ	,,	കലാവതി

വീണകൾ മൂന്നുവിധം—തന്ത്രീവീണ, യന്ത്രവീണ, മന്ത്രവീണ. (വാദ്യം എന്ന ശബ്ദം നോക്കുക).

വ്യാപിക്കുന്നതു്, ശ്രോതൃഭാവം മനസ്സിനെ ശമിക്കുന്നതു് എന്നർത്ഥം. സ്വരത്തെ ജനിപ്പിക്കുന്നതു് എന്നുമർത്ഥം.

വീണത്തരം—വൃക്ഷഭേദം.

വീണൻ—വൃഷഭത്തമുള്ളവൻ.

വീണശ്ശർക്കര—കരിമ്പുനീർ കറക്കുമ്പോൾ പാകം പിഴയ്ക്കുന്നതാൽ ചീത്തയായ ഒരു മാതിരി ശർക്കര.

വീണാക്കുന്നു—വ്യർത്ഥമാക്കുന്നു.

'വീണാക്കീട്ടായതെല്ലാം
ശതമഖ്യനവൻ'

(അമരുകശതകം)

വീണാദണ്ഡം—വീണയുടെ തണ്ടു്.

വീണാധരൻ—നാരദമഹർഷി. വീണയെ ധരിച്ചുവൻ എന്നർത്ഥം.

വീണാവാദൻ—വീണവായിക്കുന്നവൻ.

വീണാസ്യൻ-നാരദൻ.

വീണ്ടു്-അ. അവത്തിച്ചു.

വീണ്ടുചവയ്ക്കുന്നു-അയവിറക്കുന്നു, പശുവും മറ്റും പുല്ലുതിന്നശേഷം അതിനെ പിന്നീടും ചവയ്ക്കുന്നു.

വീണ്ടും-അ. പിന്നെയും.

വീണ്ടുവരവു്-തിരിച്ചു വരവു്.

വീണ്ടുവിചാരം-പിന്നീടുള്ള വിചാരം.

വീണ്ടുവിചാരിക്കുന്നു-പിന്നെയും വിചാരിക്കുന്നു.

വീണ്ടുവിടുന്നു-രക്ഷിക്കുന്നു, ആപത്തിൽ നിന്നു രക്ഷിക്കുന്നു.

വീണ്ടെടുക്കുന്നു-പോയ വസ്തുവിനെയും മറ്റും പിന്നെയും വരുത്തുന്നു.

വീണ്ടെടുപ്പു്-പ. പോയതിനെ പിന്നീടും വരുത്തുക. ഉ. രക്ഷ.

വീണ്ണു്-വീണു്. (വീഴ്ന്നു എന്നതിന്റെ രൂപഭേദം. ഇതു പൂന്താനത്തിന്റെ കാലത്തു പോലും നടപ്പുണ്ടായിരുന്നു. പിന്നീടു 'വീണു' എന്നായി).

വീതു് - മെനയ്ത്തുകാരന്റെ അച്ചുരുട്ടു (പിരുവു്).

വീത-വി. പ. പോയ, ഇല്ലാത്ത. ഉ. ഒഴിയപ്പെട്ട.

വീതക്കാരൻ-പങ്കുകാരൻ.

വീതങ്ങറം-ഒഴിഞ്ഞവ, ഇല്ലാത്തവ.

വീതം-പ. യുദ്ധപരിചയമില്ലാത്ത കതിരയെങ്കിലും ആനയെയങ്കിലും. (മ) പ. പങ്കു്, ഉ. മാറു.

വീതംസം-മൃഗങ്ങളെയും പക്ഷികളെയും പിടിക്കുന്നതിനുള്ള സാധനം. ഭംഗിയായി മുണ്ടാക്കപ്പെട്ടതു് എന്നർത്ഥം.

വീതനുറ്റു-അടുപ്പിന്നിണ്ണ.

വീതശങ്ക-വി. ശങ്കയില്ലാത്ത, ഭയമില്ലാത്ത.

വീതസന്ദേഹം-അ. സംശയംകൂടാതെ.

വീതഹവ്യൻ-ഒരു ഹൈഹയ രാജാവു്.

കാശിരാജാവായ ദിവോദാസന്റെ പുത്രൻ പ്രതർദ്ദനൻ ഹൈഹയരെ ആക്രമിച്ചു. ഇതിനു കാരണം വീതഹവ്യന്റെ പുത്രന്മാർ ദിവോദാസന്റെ കുടുംബം മുഴുവൻ നശിപ്പിച്ചതായിരുന്നു. വീതഹവ്യൻ ഭൃഗുവിനെ അഭയം പ്രാപിച്ചു. പ്രതർദ്ദനൻ അനുഗമിച്ചു. തദനന്തരം ഭൃഗു ഒരു വാക്കുകൊണ്ടു വീതഹവ്യനെ ബ്രഹ്മർഷിയാക്കി.

വീതാമ്പ്രം-വി. പാപരഹിതമായ.

വീതി-മ. വിസ്താരം, പ. അകലം. (വീഥി) എന്നതാണു വീതിയായതു്. ന. ഇളക്കം, മാറ്റം. ര. തിരുക. ള. ഉണ്ടാക്കി ശുദ്ധിവരുത്തുക. ന്യ. പ്രകാശം, രശ്മി. ഴ. കതിർ. വ. പുരോഡാശം മുതലായ ഭക്ഷ്യസാധനം.

വീതിക്കുന്നു-പങ്കുവയ്ക്കുന്നു.

വീതിഹോത്രൻ-പ. അഗ്നി, പുരോഡാശം മുതലായ ഹോമസാധനം ഭക്ഷ്യമായിട്ടുള്ളവൻ എന്നർത്ഥം. വീത=ഭക്ഷണം, കതിർ, ഹോത്രം=ഹവിസ്സ്. ഹവിസ്സാകുന്ന ഹോമസാധനത്തെ കതിരയെപ്പോലെ വഹിച്ചുകൊണ്ടു പോകുന്നവൻ എന്നുമാവാം. ഉ. ആദിത്യൻ. ന. കൊട്ടുവേലി.

വീതുക-വീയുക.

വീതുളി-ആശാരിമാരുടെ വലിയ ഉളി (വീശുളി).

വീഥി-പ. വഴി. ഉ. തെരുവു്. ന. പന്തി. ര. രൂപകങ്ങളിൽ ഒന്നു്. (ശ്രുപകങ്ങൾ എന്ന പദം നോക്കുക).

വീര്യ-വി. ചെടിപ്പുള്ള, നിന്മലരായ.

വീനാഹം-കോട്ടത്തുള്ളം, കിണറിന്റെ മുഖബന്ധനം.

വീപ്പ, വാപ്പക്കോറി-ഒരുമാതിരി വലിയ മരപ്പാത്രം.

വീമ്പ്-നന്ദി.

വീയൽ-വീട്ടുകം.

വീയുന്ന-വീശുന്നം. (സം. ക്രി.=വീയിക്കുന്ന)

വീര-വി. പ. ശക്തിയുള്ള, ബലമുള്ള. ഉ. ശ്രേഷ്ഠതയുള്ള.

വീരകർമ്മചതുഷ്ടയം - മാനം, ധർമ്മം, ഭയ, യുദ്ധം ഇവ ൪-ം.

വീരചങ്ങല-രാജാക്കന്മാർ കല്പിച്ചു ബഹുമാനിച്ചു കൊടുക്കുന്ന (സ്വർണ്ണത്തുടലായിട്ടുള്ള) ഒരാഭരണം.

വീരചരിതം-ഒരു കഥാഗ്രന്ഥം.

ഇതിൽ വിക്രമാദിത്യന്റെയും ശാലിവാഹനന്റെയും സന്തതികളും പരസ്പരം ഉണ്ടായ പോർ വിസ്തരിക്കുന്നു. ഗ്രന്ഥകർത്താവ് —അനന്തൻ.

വീരടിയാർ-കള്ളന്മാരിൽ ഒരു പ്രധാനി

വീരണം-രാമച്ചം. തന്റെ എതിരാളിയോട് എതിർക്കുന്നത് എന്നർത്ഥം.

വീരതരം-പ. രാമച്ചം. ഉ. അമ്പോട്ടൽ.

വീരതരു-പ. നീർമരുത്. ഉ. വയച്ചുള്ളി. ന. ചേരുമരം. ൪. അമ്പോട്ടൽ

വീരത്വണം-രാമച്ചം.

വീരത്തണ്ട്-ഭുജത്തിൽ ധരിക്കുന്ന ഒരാഭരണം.

വീരത്വം-വീരന്റെ അവസ്ഥ, സ്ഥിരനിഷ്ഠ, മാർഷ്ട്യം.

വീരദ്രു-നീർമരുത്.

വീരൻ— പ. യോദ്ധാവ്. ഉ. നാട്ടുക്കാരൻ.

വീരനാദം-പടവിളി.

വീരപഞ്ചമി-വീരനായ പുത്രനുണ്ടാകണമെന്നു ഉദ്ദേശിച്ചു അനുഷ്ഠിക്കുന്ന ഒരു വ്രതം.

വീരപത്നി-വീരനായ പുരുഷന്റെ ഭാര്യ.

വീരപത്രാ-പ. ആറാത്തിരുവാതിര. ഉ. കഞ്ഞിവെയ്പ്.

വീരപാനം, വീരപാണം-യുദ്ധത്തിനു പോകുമ്പോഴോ പോയി വന്നതിന്റെ ശേഷമോ യോദ്ധാക്കൾ ചെയ്യുന്ന മദ്യപാനം.

വീരപുണ്ഡരീ-വരംതന്നാമരം.

ചൂടുനീർ, തണ്ണീർമാഹം, വ്രണം മുതലായവയ്ക്കു നന്ന്. സം-പ്രപൗണ്ഡരീകം. ത-വരംതന്നാമരം.

വീരപ്രസൂ-ക്ഷത്രിയനായ പുരുഷനെ പ്രസവിക്കുന്നവൾ.

വീരഭദ്രൻ-ഒരു ഭയങ്കരമൂർത്തി.

ഈ ദേഹം ശിവന്റെ നെറ്റിയിലെ കണ്ണിൽ ഉള്ള ജ്വാലയേറിയ അഗ്നിയിൽ നിന്നാണ് ജനിച്ചത്. ദക്ഷയാഗത്തിൽ ശിവനുണ്ടായ കോപമാണ് ഈ ദേഹത്തിന്റെ ഉത്ഭവത്തിനു കാരണം. ആയിരം തലയും ൨,൦൦൦ കൈയുമുണ്ട്. ശൂലം തുടങ്ങിയ ഉഗ്രമായ ആയുധങ്ങളും ഒരു കൈയും ഒഴിയാതെ ധരിച്ചിരുന്നു. നാദം കല്പാന്തമേഘത്തിനു തുല്യമായിരുന്നു. രൗദ്രസ്വരൂപനായ ഈ വീരഭദ്രർ ദക്ഷന്റെ തല വാൾകൊണ്ടറുത്തു് യാഗാഗ്നിയിൽ ഹോമിച്ചും (ദക്ഷയാഗം നോക്കുക).

വീരഭായ്-വീരനായ പുരുഷന്റെ ഭാര്യ.

വീരം-പ. നായുണ. ഉ. ഇരുമ്പി. ന. ഒരു മുക്ക്. ൪. രാമച്ചം. ൫. അരുകം.

ന. നീർമരുതു്. ഒ. തകരം. വൃ. പുഷ്കരമൂലം. ന. കാടി. ഫാ. കഴഞ്ചി. ഫ്ര. രോഹിണീ. ഫാ. ഇടവകം. ഫ്ര. പന്നിക്കിഴങ്ങു്.

വീരമല്ലം-പൌരുഷം.

വീരമാതാ(വു്)-വീരപുരുഷന്റെ അമ്മ

വീരമാനി- വീരനാണെന്നു തന്നത്താൻ നടിക്കുന്നവൻ.

വീരമാത്താണ്ഡൻ-പണ്ടുള്ള ഒരു രാജാവിന്റെ പേരു്.

വീരമുദ്രിക-കാലിന്റെ നടുവിലെ വിരലിലിടുന്ന ഒരു മോതിരം.

വീരയുദ്ധം-വീരന്മാർ തമ്മിലുള്ള യുദ്ധം.

വീരരസചതുഷ്ടയം-ജ്ഞാനം, ധർമ്മം, ദയ, യുദ്ധം ഇവ ർ-ം.

വീരരസം-നവരസങ്ങളിൽ ഒന്നു്.

വീരരായൻ-ഒരുമാതിരി പൊൻപണം.

വീരവാദം- വീരന്മാർ ധൈര്യത്തോടുകൂടെ പറയുന്ന ചില വാക്കു്.

വീരവാര്യം-പൌരുഷം.

വീരവാളിപ്പട്ടു്- ഒരുമാതിരി വിശേഷമായ പട്ടു്.

വീരവൃക്ഷം-ഫ. ചേരുമരം. ഉ. നീർമരുതു്. ന. വിടത്തൽ,

വീരശാകം-ചീര.

വീരശൃംഖല-വീരചങ്ങല.

വീരസൂ-വീരന്റെ അമ്മ.

വീരസേനജൻ-നിഷധരാജാവു്, നളൻ

വീരസേനൻ-ഫ. നളന്റെ അച്ഛൻ. ഉ. അഗ്നിമിത്രന്റെ മഹിഷിയായ ധാരിണിയുടെ (ജാതിയിൽ താഴ്ന്ന) ഒരു സോദരൻ, അഗ്നിമിത്രന്റെ ദ്ധ പാലൻ.

വീരഹത്യ-വീരനെ കൊല്ലുക.

വീരഹത്യാദോഷം-വീരന്മാരെ കൊന്ന ദോഷം.

വീരഹാ(വു്), വീരഹൻ-ഫ. വീരനെ കൊന്നവൻ. ഉ. ഏതൊരഗ്നിഹോത്രിയുടെ അഗ്നിയാണെ പ്രമാദത്താൽ നശിച്ചുപോയതു അയാളുടെ പേർ. ന. അഗ്നിത്യാഗം ചെയ്ത ബ്രാഹ്മണൻ.

വീരാഖ്യം-കഴഞ്ചി.

വീരാണി-ഫ. ഒരുമാതിരി സ്ക്രൂ ആണി. ഉ. തെക്കൻ തിരുവിതാംകൂറിൽ ഒരു സ്ഥലത്തിന്റെ പേർ.

വീരായിതസ്ത്രീ - വിപരീത രതത്തിൽ പ്രവേശിച്ചിരിക്കുന്ന സ്ത്രീ.

വീരാരാധനം-അതിഭയങ്കരമായ പോക്കു്.

വീരാസനം-ഫ. വീരന്മാരിരിക്കുന്ന ഒരു സിംഹാസനം. ഉ. യോഗികളുടെ ഒരു ഇരുപ്പു്. ന. യുദ്ധഭൂമി. ർ. മുട്ടുകുത്തിയിരിക്കുന്ന ഒരു ഇരുപ്പു്.

വീരാസനം എന്നതു ഇടത്തെ കാലിന്റെ മുട്ടിന്മേൽ വലത്തേക്കാൽ എടുത്തുവെച്ചു ഇടത്തേക്കൈയുടെ മുട്ടു്, ആ വലത്തേക്കാലിന്റെ പാദത്തിൽ തൂക്കിയിട്ടും വലത്തേകൈയിൽ ജ്ഞാനമുദ്രയെ ധരിച്ചും ഇരിക്കുന്നതാകുന്നു.

വീരാസനസ്ഥൻ - വീരാസനത്തിലിരിക്കുന്നവൻ.

വീരാളി-വി. പലനിറമുള്ള.

വീരാളിപ്പാ-പലനിറമുള്ള പായു്.

വീരിടുന്നു-വല്ലാതെ ശബ്ദിക്കുന്നു, നിലവിളിക്കുന്നു.

വീരൽ(ല്ലു്) - പടർന്നുപിടിച്ച വള്ളി, ഇലകളും ചുള്ളികളുമുള്ളതായ വള്ളി.

വീരധാ–ക്ര. പടരുന്ന വള്ളി. ഉ. ശംഖ, ഇളയകയ്യ.

വീരേശ്വരൻ–ക്ര. ഒരു പരാക്രമി. ഉ. വീരശ്രേഷ്ഠൻ.

വീർ–ക്ര. ആനയുടെ അലച്ച്. ഉ. പന്നി കരം തൊണ്ടയിൽ നിന്നു ഒരുമാതിരി ശബ്ദം പുറപ്പെടുവിക്ക.

വീക്കുന്നു–ക്ര. നെടുവീർപ്പുവിടുന്നു.

'നെടുതായിവീർത്തു ഞാനങ്ങയായേൻ'
(നളചരിതം കഥകളി)

ഉ. ശ്വാസംവിടുന്നു, ശ്വാസോച്ഛ്വാസം ചെയ്യുന്നു, ജീവിക്കുന്നു. ന. തുടിക്കുന്നു. ഭ. മണ്ണിക്കുന്നു. ഇ. തടിക്കുന്നു.

വീർപ്പ്–ക്ര. ശ്വാസംവിടുക.

'മുള്ളിൽ തിങ്ങിന വീർപ്പിനാൽ'
(മലയാളശാകുന്തളം)

ഉ. തടിക്ക. ന. മണ്ണം.

വീർപ്പിക്കുന്നു–തടിപ്പിക്കുന്നു.

വീർപ്പുമാത്രം–അ. ശ്വാസമാത്രം.

വീർപ്പുമുട്ട് (മുട്ടൽ)–ശ്വാസത്തിന്റെ തടവ്.

വീര്യപരാക്രമം–ശൂരത.

വീര്യപുരുഷൻ–വീര്യവാൻ.

വീര്യം–ക്ര. പ്രഭാവം. ഉ. തേജസ്സ്. ന. പരാക്രമം. ഭ. സാരം. ഇ. ബീജം. ണ. ശക്തി, ബലം.

വീര്യവൽ–വി. ക്ര. വീര്യമുള്ള ഉ. ശക്തിയുള്ള.

വീര്യശാലി–വി വീര്യമുള്ള, അതിശക്തിയുള്ള.

വീര്യസ്തംഭനം–ഇന്ദ്രിയസ്രാവത്തെ തടയുകയെന്നുള്ളതു്.

വീര്യസഫ്ഗം–ദൈവപ്രയുക്തിചെയ്യ (യജ്ഞംചെയ്യ) മരിക്കുന്നവക്കു കിട്ടുന്ന മോക്ഷം.

വീൽ–ബിൽ.

വീവധം–ക്ര. ചുമട്. ഉ. വഴി. ന. മൂടുക. ഭ. കാവടി.

വീശക്കണക്ക്–കീഴ്ക്കണക്ക്.

വീശത്തുക്കം–അല്പവണ്ണം വിളഞ്ഞു് ഉണങ്ങിയ അരിയ നെല്ലിന്റെ ഒരു മണിക്കു ശരിയായ തൂക്കം.

വീശം–അല്പം, ഒരു നെല്ലിട.

'ക്ലേശത്തിനുപുനരല്പനനോടൊരു
വീശത്തിനു ഞാൻ കനിയുകയില്ല'
(കിരാതം തുള്ളൽ)

വീശൽ–ക്ര. വിശറിയുമ്മറംകൊണ്ടു കാറ്റവരത്തക്കവണ്ണം ചെയ്യുക. ഉ. മീൻ പിടിപ്പാനും മറ്റും വലയിടുക. ന. കൈകാൽ മുതലായവ ആടിക്ക.

വീശുകോൽ—വില്ലടിച്ചുമ്പോട്ടിനു വില്ലിൽ അടിക്കുന്ന കോൽ.

ഇതു ഒരുച്ചാണിൽ അല്പം കൂടിയ നീളവും മൂന്നുവിരൽ വണ്ണവുമുള്ള കമ്പിൽ കിലുക്കവളയം ഇട്ടു ഉപയോഗിച്ചുവരുന്നു.

വീശുന്നു–വിശറിയും മറ്റുംകൊണ്ടു കാറ്റവരുവാന്തക്കവണ്ണം ചെയ്യുന്നു. (വീശിക്കുന്നു—കാ. ക്രി.)

വീഷാരം–സന്ന്യാസിമഠം.

വീളാപ്പോര്–പകരം വീട്ടാൻ സാധിക്കാത്ത യുദ്ധം.

വീളി–വക്ഷളൻ.

വീളിത്തം, വീളിത്തരം–വക്ഷളത്തരം.

വീളുന്നു, മീളുന്നു–ക്ര. കൈക്കൊള്ളുന്നു. ഉ. രക്ഷിക്കുന്നു. ന. മടക്കിയെടുക്കുന്നു. ഭ. പകരത്തിനു പകരം വീട്ടുന്നു.

വീഴക്ഷരക്കൂക്ഷി–വീഴക്ഷരം പ്രയോഗിക്കു പതിവുള്ള ആൾ.

വീഴക്ഷരം–തെറ്റായി വന്നുപോയ അക്ഷരം, അനക്ഷരം.

വീഴില്ലം–അധിക്ഷേപം, ദൂഷണം.

വീഴുന്ന–ക്രി. താഴെയാകുന്ന. ഉ. നശിക്കുന്ന. സ. മുടങ്ങുന്ന. (സ. ക്രി.–വീഴിക്കുന്ന.) (വിഴുന്ന എന്നുള്ള പ്രയോഗം നന്നല്ല)

വീഴ്കാട്ട്–നഷ്ടം, കേവു്.

വീഴ്ക്കുക–ക്രി. അഴിച്ചുകളയുക. ഉ. അഴക്ക മാറുക. (പ. മ.)

'പൊണ്ണങ്ങം വീഴ്ത്തുള്ള വീഴ്പുകൾ'
(കൃഷ്ണഗാഥ)

വീഴ്ച-ക്ര വീഴുക. ഉ. നാശം. സ. മുടക്കം.

വീഴ്ചവരുന്ന–മുടങ്ങുന്ന. (സ. ക്രി.–വീഴ്ചവരുത്തുന്ന.)

വീഴ്ത്തൽ–വീഴ്ത്തുക.

വീഴ്ത്തുന്ന–വീഴിക്കുന്ന.

വീഴ്പ്പു–വിഴപ്പു്. (പ. മ.) (വീഴ്ക്കുക എന്നതു നോക്കുക).

വീറു്–ക്ര. ചിൻമാറാത്ത ധൈര്യം. ഉ. ശക്തി. സ. വേഗം. ഭ. രൌദ്രം, കോപം. ങ. നിശ്ചയം. ന. വാശി. ഒ. വലിപ്പം, മേന്മ. വ. എരിവു്. ൻ. അരുചി.

വീറുന്ന–വീക്കുന്ന.

—:o:—

വൂ

വൂങ്ങു്–കൊക്കുമന്താരം.

(പൂങ്ങു് എന്നും കാണുന്നു).

—:o:—

വൃ

വൃകൻ–ക്ര. ഒരസുരൻ. ഉ. കവർച്ചക്കാരൻ.

വൃകധൂപം–കരങ്ങാടിമരുന്നു്, തിരുവട്ടപ്പശ.

വൃകധൂർത്തൻ–കവർക്കാരൻ.

വൃകം–ക്ര. രചനയെ്. ഉ. കരൾ. സ. കടുവാ. ഭ. കവർക്കാരൻ. ങ. എലി. ന. കൊക്കുമന്താരം. ഒ. തിരുവട്ടപ്പശ. വ. മൂങ്ങ.

വൃകോദരൻ–ക്ര. ഭീമൻ. ഉ. ബ്രഹ്മാവു്.

വൃക്ക–മൂത്രാശയം.

വൃക്കിണ–വി. മുറിക്കപ്പെട്ടതു്

വൃക്ഷകം–കടകപ്പാല.

വൃക്ഷചരം–കരങ്ങു്.

വൃക്ഷച്ഛായ(ം)–വൃക്ഷത്തിന്റെ നിഴൽ, തണൽ.

വൃക്ഷപർണ്ണി–മുതക്കു്.

വൃക്ഷഭേദി–ക്ര. മരപ്പി. ഉ. മഴു.

വൃക്ഷം–മരം. ഛേദിക്കപ്പെടുന്നതു് എന്നർത്ഥം.

വൃക്ഷവൃക്കടികാ–മരപ്പട്ടി.

വൃക്ഷമാർജ്ജാരം–കാവുപൂച്ച.

വൃക്ഷമൂലം–മരത്തിന്റെ ചുവടു്.

വൃക്ഷമൃഗം–കരങ്ങു്.

വൃക്ഷരുഹ–ഇത്തി(ം)ക്കണ്ണി. ഉ. കരിങ്കുഴോലം. സ. അമൃതവള്ളി. ഭ. മഹാമേദ.

വൃക്ഷവാടിക–മന്ത്രികളുടേയും രാജാക്കന്മാരുടേയും വേശ്യമാരുടേയും മറ്റുമുള്ള നടുത്തുള്ള പൂന്തോട്ടം.

വൃക്ഷശായികാ–മരപ്പട്ടി.

വൃക്ഷാ–മരം.

വൃക്ഷാദനം–ക്ര. ഉമി. ഉ. മഴു. സ. ചേരാൽ. ഭ. അരയാൽ. ങ. മരപ്പൊരു.

വൃക്ഷാദനി–ക്ര. ഇത്തി(ം)ക്കണ്ണി. ഉ. മുതക്കു്.

വൃക്ഷാമയാ–അരക്കു്.

വൃക്ഷാമ്ലം–ക്ര. അമ്പഴം. ഉ. മരപ്പുളി. സ. ചാണപ്പുളി.

വൃക്ഷാവലി–മരക്കൂട്ടം.

വൃക്ഷാത്രയി-ചെറിയ മൂങ്ങ.

വൃജിന-വി. ക. വളഞ്ഞ. ഖ. ദുഷ്ടതയുള്ള.

വൃജിനം-ക. ദോഷം. ഖ. ചെമന്നതോൽ. ന. ദുഃഖം. ര. തലമുടി.

വൃത-വി. ക. ചുറ്റപ്പെട്ട. ഖ. തിരഞ്ഞെടുക്കപ്പെട്ട. ന. സമ്മതിക്കപ്പെട്ട. ര. സേവിക്കപ്പെട്ട. ങ. മറയ്ക്കപ്പെട്ട.

വൃതി-ക. തിരഞ്ഞെടുപ്പ്, അന്വേഷണം. ഖ. മറവ്. ന. വേലി.

വൃത്ത വി. ക. ഉരുണ്ട, വട്ടത്തിലുള്ള. ഖ. നിവർത്തിച്ച ന. പോയ. ര. തിരഞ്ഞെടുക്കപ്പെട്ട. ങ. മരിച്ച. ന. വംശിച്ചുപഠിച്ച. ഠ. മറയ്ക്കപ്പെട്ട. വ. കീർത്തിയുള്ള. ൻ. തടയില്ലാത്ത. ക്ക. ഉറപ്പുള്ള, കട്ടിയുള്ള.

വൃത്തം-ക. ശ്ലോകക്രമം. വർണ്ണമാത്രകളുടെ വ്യവസ്ഥകളോടുകൂടിയ വാക്യത്തിന്റെ ബന്ധവിശേഷം, വരികളും ഓരോന്നിലും ഇത്ര ഇത്ര വർണ്ണങ്ങളോ മാത്രകളോ ഉണ്ടായിരിക്കണമെന്നുള്ള നിബ്ബന്ധത്തിനു കീഴടങ്ങുന്ന വാക്യബന്ധം. (വൃത്തമഞ്ജരി നോക്കുക.)

ഭാഷയിൽ ഉപയോഗിക്കാറുള്ള ഏതാനും

പ്രധാന വൃത്തങ്ങൾ.

(1) മാത്രാവൃത്തങ്ങൾ.

1. ആര്യ. 2. ഗീതി. 3. ഉപഗീതി.

(2) മറ്റു വൃത്തങ്ങൾ.

വൃത്തം.	അക്ഷരം.
1. ശ്രീ	1
2. സ്ത്രീ	2
3. ഭാരതി	3
4. സുഭ	4
5. അക്ഷരപങ്ക്തി	5
6. ശശിവദന	6
7. മദലേഖ	7
8. ശ്ലോകം	8
9. മാണവകക്രീഡ	8
10. പ്രമാണിക	8
11. വിദ്യുന്മാല	8
12. മണിബന്ധം	9
13. ചമ്പകമാല	10
14. ഹംസി	10
15. ചമ്പകമാലിക	10, 11
16. ശാലിനീ	11
17. മോദകം	11
18. ഇന്ദ്രവജ്ര	11
19. ഉപേന്ദ്രവജ്ര	11
20. ഉപജാതി	11
21. വിപരീതാഖ്യാനിക	11
22. രഥോദ്ധത	11
23. സ്വാഗത	11
24. വസന്തമാലിക	11, 12
25. ഭദ്രവിരാജവേഗി	12
26. തോടകം	12
27. പ്രമീതാക്ഷര	12
28. ഭുജംഗപ്രയാതം	12
29. ദ്രുതവിളംബിതം	12
30. ഹരിണീപ്ലുതം	11, 12
31. വംശസ്ഥം	12
32. ഇന്ദ്രവംശസ്ഥം	12
33. പുഷ്പിതാഗ്ര	12, 13
34. കുസുമവിചിത്ര	12
35. തോടക	13
36. മഞ്ജുഭാഷിണി	13
37. പ്രഭാവതി	13
38. പ്രഹർഷിണി	13
39. ഇന്ദുവദന	14
40. വസന്തതിലകം	14
41. മണിഗുണനികരം	15
42. മാലിനി	15
43. പഞ്ചചാമരം	16
44. മന്ദാക്രാന്ത	17
45. ഹരിണി	17

46. ശിഖരിണി 17
47. പൃഥ്വി 17
48. കുസുമിതലതാവല്ലിത 18
49. ശാർദ്ദൂലവിക്രീഡിതം 19
50. സുവദന 20
51. സ്രഗ്ധര 21
52. കുസുമമഞ്ജരി 21
53. മത്തേഭം 22
54. ഭദ്രകം 22
55. അശ്വലളിതം 23
56. തനുമി 24
57. ശശധരബിംബം 25
58. സുന്ദരനയനം 26

ഫ. വർത്തമാനം, ഉണ്ടായതു്. ന. ദിവസവൃത്തി ലഭിക്കുന്നതിനുള്ള വേല. ഭ. വട്ടം. ഇ. ആമ. ണ. (മ) പപ്പടം. ഒ. വട്ടപ്പുല്ലു്. വ. ദ്വാരം. ൻ. ചരിത്രം.

വൃത്തഫലം-ഫ. മുളക്. ഫ. താളിമരം. ഉ. ന. ചന്ദനമരം. ഭ. വ്ളാർമരം. ഇ. തണ്ണിമത്തൻ.

വൃത്തമല്ലിക-കടമുല്ല.

വൃത്തരത്നാകരം-ഒരു ഗ്രന്ഥം.

വൃത്തവൽ-വി. വൃത്തമുള്ള. ഫ. ജാതി മര്യാദപ്രകാരമുള്ള, നല്ലമുറകളെ ചെയ്യുന്ന.

വൃത്താകാര-വി. വട്ടത്തിലാകൃതിയുള്ള.

വൃത്താക്ഷീം-കോഴി.

വൃത്താന്തം-ഫ. വർത്തമാനം. ഫ. കഥ. ന. ഗുണം. ഭ. സമയം. ഇ. കാര്യം. ണ. വിധം, പ്രകാരം. ഒ. സംഗതി. വ. മുഴുവൻ, ആകെത്തുക. ൻ. സംഭവം. ഫറ. ബുദ്ധി. ഫഫ. കണക്ക്. ഫഫ. ചരിത്രം. ഫന. വിശ്രമം.

വൃത്താദ്ധ്യയനഭിക്ഷി - സമാചാരവേദാധ്യയനങ്ങളുടെ പരിപൂർത്തി, ആചാരം വേദാഭ്യാസം ഇവകൊണ്ടുള്ള തേജസ്സ്.

വൃത്തി- ഫ. ഉപജീവനം, നിത്യവൃത്തി, കാലക്ഷേപം.

'ഋതാമൃതാഭ്യാം ജീവേത
മൃതേനപ്രമൃതേന വാ,
സത്യാനൃതേന വാ ജീവേ-
ന്നശ്വവൃത്ത്യാ കഥഞ്ചന'

ഉഞ്ഛശീലം കൊണ്ടോ അയാചിതമായി ലഭിക്കുന്നതുകൊണ്ടോ ഉപജീവിക്കുന്നതാണ് ഉത്തമം. അതു സാധിക്കാത്തപക്ഷം യാചിച്ചു രക്ഷിക്കാം. അല്ലെങ്കിൽ കൃഷികൊണ്ടുപോലും ജീവിക്കാം. ഇതു മദ്ധ്യമപക്ഷം. ഇതൊന്നും സാധിക്കില്ലെങ്കിൽ കച്ചവടം ചെയ്തുപജീവിക്കുക. ഇതിൽ അസത്യം കൂടിച്ചേർന്നു കിടപ്പുള്ളതിനാൽ ഇതു അധമമാണ്. (നശ്വവൃത്ത്യാ കഥഞ്ചന) സേവാവൃത്തികൊണ്ടു ഒരിക്കലും ഉപജീവിക്കരുതു്. ഇതു നീചവൃത്തിയാകുന്നതാൽപ്പത്രം.

ഫ. ജീവിതം. ന. വെടിപ്പു്. ഭ. വ്യാപ്തി. ഇ. ഇരിപ്പു്. ണ. പിടിത്തം.

വൃത്തികെട്ടവൻ-വെടിപ്പില്ലാത്തവൻ.

വൃത്തികേടു്-വെടിപ്പില്ലായ്മ.

വൃത്തിചതുഷ്ടയം- നാലുവിധം വൃത്തികൾ.

1. കൈശികി— നല്ല നല്ല സന്ദർഭങ്ങളും ശൃംഗാരകരുണങ്ങളും വർണ്ണിക്കപ്പെടുന്നതു്.

2. ആരഭടി— രൗദ്രബീഭത്സങ്ങളും കൊണ്ടു അതിപ്രൗഢസന്ദർഭങ്ങളെ വർണ്ണിക്കുന്നതു്.

3. ഭാരതി— ഇഷ്ടാനുഷ്ഠാനസന്ദർഭങ്ങളെ വർണ്ണിക്കുന്നതു്.

4. സാത്വതീ— സുകുമാര സന്ദർഭങ്ങളെ ഹാസ്യശൃംഗാരാദ്ഭുതങ്ങളും കൊണ്ടു വർണ്ണിക്കുന്നതു്.

'കൈശിക്യാരഭടീ പിന്നെ
ഭാരതീ സാത്വതീ തഥാ'.

വൃത്തിത്രയം-അഭിധാ, ലക്ഷണാ, വ്യഞ്ജനാ ഇവ മൂന്നും. (ശബ്ദശക്തി നോക്കുക).

വൃത്തിദുഃഖം-നിത്യവൃത്തി കഴിക്കുന്നതിലുള്ള സങ്കടം.

വൃത്തിസാധനം – ഉപജീവനത്തിനുള്ള സമ്പത്ത്.

വൃത്തിഹീന-വി. വൃത്തിയില്ലാത്ത.

വൃത്ത്യനുപ്രാസം-അന്ത്യപ്രാസം എന്ന ശബ്ദാലങ്കാരത്തിന്റെ ഉപഭേദം.

വൃത്ത്യർത്ഥം-അ. വൃത്തിക്കായിട്ട്.

വൃത്രൻ-പ്ര. ഒരസുരൻ.

ഗ്രീഷ്മകാലത്തിൽ മഴ ഇപ്പോൾ പെയ്യും ഇപ്പോൾ പെയ്യും എന്നു മനുഷ്യന്നു അത്യാഗ്രഹത്തെ ജനിപ്പിക്കുന്നതും എന്നാൽ പലപ്പോഴും അത്യാടംബരത്തെ ഉണ്ടാക്കുന്നതും അതു കറുത്തിരുണ്ട കാർമേഘപടലത്തിനെ 'വൃത്രൻ' എന്നു വിളിച്ചുവന്നിരുന്നു. ഇതു ഒരു അസുരനെന്നും സങ്കല്പിച്ചുപോന്നു. ഇവൻ വേനൽകാലത്തു വെള്ളമെല്ലാം സ്വരൂപിച്ചു എങ്ങും വിട്ടയക്കാതെ തന്റെ അധീനത്തിൽ വെച്ചുകൊണ്ടിരിക്കും. ഇന്ദ്രൻ തന്റെ വജ്രം ഇളക്കി ഇവനെ പ്രഹരിക്കുമ്പോൾ വെള്ളമെല്ലാം വിട്ടയക്കുകയും അതു മഴയായി വീഴുകയും ചെയ്യും. ഇതിനാൽ ജലാശയങ്ങൾ നിറഞ്ഞു പ്രവാഹമുണ്ടാകയും ദേവന്മാരും മനുഷ്യരും സന്തോഷിക്കയും ചെയ്യും. ഇന്ദ്രനും ഈ അസുരനും തമ്മിലുള്ള യുദ്ധം ഭൂലോകത്തിൽ ഭയങ്കരസമരമായി വിസ്തരിച്ചിട്ടുണ്ട്. (പ്രാചീനാഖ്യാനം).

ചിത്രകേതു എന്ന വിദ്യാധരനെ പാർവ്വതി ശപിക്കയാൽ വൃത്രൻ എന്ന അസുരനായി.

ശാപകാരണം—

'അങ്ങരകൈലാസം ചലേന്ദ്രവരനുടെ
മീതെ ഗഗനമാർഗ്ഗേ നടക്കുന്നവൻ.
പൂതശരീരിതൻ ദേവിയെത്തന്നുടെ
തുണ്ടുടതന്മേലിരുത്തിയിരിക്കുന്ന
തത്വാരേണകണ്ടാശു ചൊല്ലീടിനാൻ
വിദ്യാധരികളെ കാണ്മിനിതുമഹാ
വിദ്യാർത്ഥിപരഗനായ മഹേശ്വരൻ
നിത്യം സുരമുനീന്ദ്രാദിസമക്ഷമാം
സത്സഭയിങ്കലചലജനകന്നെയും
ലജ്ജാക്രാന്തനെ മടിയിലെടുത്തുവെ
ച്ചിജ്ജനത്തെപ്രതിശങ്കയുമെന്നിയെ
വത്തിപ്പതത്യന്തകഷ്ടമത്രേ തുലോം'

ഇതാണു ദേവി ശപിപ്പാനുള്ള കാരണം.
(ഭാഗവതം)

പ്ര. ശത്രു. സ. ഇന്ദ്രൻ.

വൃത്രം-പ്ര. മേഘം. ദ്വി. ഇരുട്ട്. സ. ശബ്ദം. ഭ. ഒരു പാപം.

വൃത്രഹാവ്-ദേവേന്ദ്രൻ. വൃത്രാസുരനെ കൊന്നവൻ എന്നർത്ഥം.

വൃത്രാരി – ദേവേന്ദ്രൻ. വൃത്രാസുരന്റെ ശത്രു എന്നർത്ഥം.

വൃഥാ-അ. വെറുതെ.

വൃഥാടനം-ഉലാത്തൽ, ചുറ്റൽ.

വൃഥാടാ-അലഞ്ഞുതിരിഞ്ഞു നടക്കുക.

വൃഥാദാനം-വേണ്ടാത്ത കൊട, വെറുതെ കൊടുക്ക, വേശ്യാസംഭോഗം മറവു കൊടുക്ക.

വൃഥാമതി-ദുർബുദ്ധി.

വൃഥാലാപം-പാഴ് വാക്ക്.

വൃഥാവൽ-അ. വെറുതെ.

വൃഥാവാദം-പാഴ് വാദം.

വൃദ്ധ-വി. പ്ര. വലിച്ച, വളർന്ന. ദ്വി. പഴകിയ. സ. ബുദ്ധിയുള്ള. (നാമം-വൃദ്ധൻ).

വൃദ്ധകാകം-കാവതിക്കാക്ക.

വൃദ്ധചതുഷ്ടയം — വൈരംശ്യവൃദ്ധൻ, ജ്ഞാനവൃദ്ധൻ, ധർമ്മവൃദ്ധൻ, വയോവൃദ്ധൻ ഇവർ ൪-ം.

വൃദ്ധത-വൃദ്ധത്വം, വാർദ്ധക്യം.

വൃദ്ധദാരുകം, വൃദ്ധദാരു(ക)ം- മരിക്കുന്നി.

വൃദ്ധനാഭി- വി. കട്ടവയറുള്ള, പൊക്കിൾകുഴിയുള്ള

വൃദ്ധൻ-എഴുപതിനുമേൽ വയസ്സുചെന്നവൻ, മുതുക്കൻ. ൨. ഒരു മഹർഷി.

വൃദ്ധം-പ. സംസ്രോണി. ൨. ചോരയം. ന. മരിക്കുന്നി.

വൃദ്ധശ്രവസ്സ്-ദേവേന്ദ്രൻ. ബൃഹസ്പതി മുതലായ വൃദ്ധന്മാരിൽ നിന്നും ഹിതത്തെ ശ്രവിക്കുന്നവൻ എന്നർത്ഥം. വർദ്ധിക്കപ്പെട്ട കീർത്തിയുള്ളവൻ എന്നുമാവാം.

വൃദ്ധാ-വയസ്സുചെന്നവൾ, മുതുക്കി, പ്രസവംനിന്ന് നരച്ചവൾ.

വൃദ്ധി-പ. വർദ്ധന. ൨. സുഖം. ന. സമ്പത്ത്. ൪. പുഷ്യണം വീക്കുന്നതായ ഒരു ഭീനം. ൫. കാരേറാം. ന. ശുക്രം. ൭. ഒരു പച്ചമരുന്ന് (വിരുത്തി).

ഗുണം ഋദ്ധിക്ക സമമാണ്. രസം മധുരം, ചൂട മുതലായവയുള്ള നന്ന്. ഋദ്ധിയും വൃദ്ധിയും വെളുത്ത രോമമുള്ള കിഴങ്ങുകളാണ്. രണ്ടും ഉല്ലങ്ങളുകയാൽ രണ്ടിനേറാസ്ഥാനത്തും പന്നിക്കിഴങ്ങു ചേർക്കാം.

വൃ. വേലിയേറാം. ൻ. പലിശ. ക്രാ. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്ന്.

വൃദ്ധിജീവിക-പലിശകൊണ്ട് ഉപജീവിക്കുന്നവൻ.

വൃദ്ധിദം-ജീവകം.

വൃദ്ധിമൽ-വി. വർദ്ധനയുള്ള.

വൃദ്ധിമാൻ-ധനവാൻ.

വൃദ്ധിവീക്കം-പുഷ്യണം വീർക്കുക.

വൃദ്ധോക്ഷം-മുതുകാള.

വൃദ്ധ്യാജീവൻ- പലിശകൊണ്ടുപജീവിക്കുന്നവൻ.

വൃന്ദം-പ. മെതുപ്പ്, മെതി. ആവരണം ചെയ്യുന്നത് എന്നർത്ഥം. ൨. മുലക്കണ്ണ്. ന. തിരിക.

വൃന്താകി-പ. ചെറുവഴുതിന. ൨. തക്കാരിവഴുതിന.

വൃന്ദം-കൂട്ടം.

വൃന്ദാ-തുളസി.

വൃന്ദാര(ക)-വി. പ. സൌന്ദര്യമുള്ള. ൨. ശ്രേഷ്ഠമായുള്ള. ന. പ്രധാനമായുള്ള.

വൃന്ദാരകൻ- പ. ദേവൻ. യോഗ്യതയിലേറ്റവും കൂടിയവൻ എന്നർത്ഥം. ൨. തലവൻ.

വൃന്ദാരകാരാതി- അസുരൻ. വൃന്ദാരകന്മാരുടെ (ദേവന്മാരുടെ) അരാതി (ശത്രു) എന്നർത്ഥം.

വൃന്ദാവനം- കാളിന്ദീനദിയുടെ അടുക്കലുള്ള ഒരു വനം.

കൃഷ്ണമഥുരയിൽ നിന്നു അഞ്ചു ക്രോശം വടക്കാണ്. യമുനാതീരത്തുകാണുന്ന ഈ ചെറിയ വനം. അവിടെ അനേകം ക്ഷേത്രങ്ങളും ഉണ്ട്. ഇപ്പോഴും തീർത്ഥയാത്രക്കാർ ദർശിച്ചുവരുന്നു. ഇവിടെയാണ കൃഷ്ണൻ ഗോപന്മാരോന്നിച്ചു പശുക്കളെമേച്ചു കളിച്ചുനടന്നത്.

കൃഷ്ണൻ ഗോപാലനായി രമിച്ചവനം നയിച്ച സ്ഥലം.

വൃന്ദിഷ്ഠ-വി. പ. ഏറവും സൌന്ദര്യമുള്ള. ൨. പ്രധാനമായുള്ള.

വൃശ(ഷ)ം-പ. എരു. ൨. ആടലോടകം.

വൃശ്ചികം-പ. 8-ാമരത്ത മാസം. ര. തേളം. ന. 8-ാമരത്ത രാശി. ഭ. ഞെണ്ട്. ഇ. ചാണകത്തിലെ വണ്ട്. ന. ഒരു മുപ്പെട്ടി, മലങ്കാര.

വൃശ്ചികാ- ഒരു മരുന്ന്, കാഞ്ഞൊറി, (കാഞ്ഞൊരി എന്നതു തമിഴാണ്).

വൃശ്ചീരം-വെളുത്ത തഴുതാമ.

വൃശ്ചീവം-വെളുത്ത തഴുതാമ.

വൃഷകൻ-ഒരു ശാണ്ഡാരരാജപുത്രൻ.

വൃഷകേതു-പ. ശിവൻ. ര. പൂച്ച,

വൃഷഗിരി-തൃശ്ശിവപേരൂർ.

പരശുരാമൻ കേരളത്തെ നിർമ്മിച്ചു് പരദേശബ്രാഹ്മണർ മുതലായവരെ അവിടെ താമസിപ്പിച്ചതിൻറശേഷം രക്ഷാർത്ഥം ശ്രീപരമേശ്വരനെക്കൂടി കൈലാസത്തുചെന്നു് ക്ഷണിച്ചു. ശിക്ഷ്യവാത്സല്യം ഹേതുവായിട്ടു് അദ്ദേഹം പാർവ്വതീസമേതം വൃഷാരൂഢനായി തെക്കോട്ടേക്കു എഴുന്നെള്ളി. വഴിക്കു വാഹനമായ വൃഷം ഒരു പർവ്വതംകണ്ടു് ശിവാൻറ വാസത്തിനു സുഖസ്ഥാനമാണ് ഇതു എന്നു് മനസ്സിൽ വിചാരിച്ചു. പരമേശ്വരൻ ഇതറിഞ്ഞു ഉടൻ ഭൂമിയിലേക്കു അവതരിച്ചു് അവിടെ നിവാസം ഉറപ്പിച്ചു. വൃഷം കണ്ട പർവ്വതമാകയാൽ 'വൃഷഗിരി' എന്ന പേർ സിദ്ധിച്ചു. (നരസിംഹപുരാണം നോക്കുക)

വൃഷണം-അണ്ഡം. ശുക്ലത്തെ വർഷിക്കുന്നതു് എന്നർത്ഥം.

വൃഷണകർഷ്ണത-ഒരു ക്ഷുദ്രരോഗം. വൃഷണത്തിൽ അഴുക്കുനിമിത്തം ചൊറിച്ചിലുകൊണ്ടു പൊരുള്ളുണ്ടായി പൊട്ടിയൊലിക്കും.

വൃഷണപസു-ഇന്ദ്രൻറ ഭണ്ഡാരം.

വൃഷദംശകം-പൂച്ച.

വൃഷലധ്വജൻ-പ. ശിവൻ. വൃഷത്തെ ധ്വജത്തിലാക്കിയവൻ എന്നർത്ഥം. ര. ഗണപതി.

വൃഷസ്ഥകൻ-ദേവവസുപ്രഭാതമനുവിൻറെ ഒരു പുത്രൻ.

വൃഷൻ-പ. കൃഷ്ണൻ. ര. വിഷ്ണു. ന. ശത്രു. ഭ. കാമൻ. ഇ. ശകുനൻ. ന. ശ്രേഷ്ഠതയുള്ളവരിൽ ചേർക്കുന്ന ഒരു വാക്ക്. ഒ. നാല്പുപ്രകാരമുള്ള മനുഷ്യരിൽ രണ്ടാമത്തവൻ. വൃ. ദേവേന്ദ്രൻ.

വൃഷപർവ്വാവു-അസുരാധിപൻ.

വൃഷപർവ്വാശ്രമം-ഒരാശ്രമം. ശന്ധമാദനത്തിന്നരികെ, ഹിമവാൻറെ പുറത്തു നിർമ്മല ജലാശയങ്ങളോടും, പുഷ്പിതവൃക്ഷലതാദികളോടുംകൂടി സ്ഥിതിചെയ്യുന്നു.

വൃഷപാലകൻ-ധർമ്മരക്ഷകൻ.

വൃഷഭൻ-കാള.

വൃഷഭം-പ. കാള. ര. ഇടവകം, ഒരു മരുന്ന്. ന. ഇടവം രാശി. ഭ. ശ്രേഷ്ഠവാചകം.

(വൃഷഭൻ—ശ്രേഷ്ഠവാചകം ഉ-ം, മുനിവൃഷഭന്മാർ)

വൃഷം-പ. ധർമ്മം. ര. മയിൽപ്പീലി. ന. കാള. ഭ. രതിമഞ്ജരിപ്രകാരമുള്ള പുരുഷന്മാരിൽ ഒരുതരം. ഇ. രാശിചക്രത്തിൽ ഒരുഭാഗം. ന. എലി. ഒ. ശുക്രൻ. വൃ. കതിര. ൻ. ഇടവംരാശി, ഫ. ഇടവകം എന്ന ഒരു മരുന്ന്. ഫഫ. ബലം. ഫര. ശ്രേഷ്ഠം. ഫന. ആടലോടകം. ഫഭ. സുകൃതം. ഫമ. എലിച്ചുവിയൻ.

വൃഷലൻ-പ. ശൂദ്രൻ. ര. ചന്ദ്രഗുപ്തൻ. ന. പാപി, ദുഷ്ടൻ.

വൃഷലം-പ. കതിര. ര. ചെമന്ന ഉള്ളി.

വൃഷലി-പ. ശൂദ്രസ്ത്രീ. ര. വിവാഹത്തിന്നു പിതൃഗൃഹത്തിൽ പ്രായമായി അധിവസിക്കുന്ന യുവതി.

വൃഷലോചനം–എരുമ.

വൃഷവാഹനൻ–ശിവൻ. കാള വാഹനമായുള്ളവൻ എന്നർത്ഥം.

വൃഷസ്യന്തീ–ഒരുമാതിരി നേർത്ത പുല്ലുള്ളവർ.

വൃഷാവു–പ. ഇന്ദ്രൻ. ഉ. കണ്ണൻ. ന. ദുഃഖം. ര. കാള. ള. കതിര.

വൃഷാകപായീ–പ. ലക്ഷ്മി. ഉ. ഭഗവതി. ന. ശചി. ര. സ്വാഹ. ള. അട്ടപതിയൻ. ന. ശതാവരി. ഒ. സുബ്രഹ്മണ്യന്റെ ഉഷസ്സ്. വ. ഇന്ദ്രന്റെ അമ്മ.

വൃഷാകപി–പ. സൂര്യൻ. ഉ. വിഷ്ണു. ന. ശിവൻ ര. ഇന്ദ്രൻ. ള. അഗ്നി.

വൃഷാകരം–ഉഴുന്ന്.

വൃഷാങ്കൻ–ശിവൻ.

വൃഷാങ്കം–ചേരുമരം.

വൃഷാഹാരം–പൂച്ച.

വൃഷി–കാശകൊണ്ടുള്ള ആസനം.

വൃഷിഷ്ഠി–ചിറ്റരത്ത.

വൃഷ്ടി–മഴ.

വൃഷ്ടിജീവനം–വേഴാമ്പൽപക്ഷി.

വൃഷ്ണി–പ. കറിയാട്ട്. ഉ. മേഘം. ന. രശ്മി. ര. വൃഷ്ണിവംശം.

വൃഷ്ണി–പ. മധുവിന്റെ മകൻ. ശ്രീകൃഷ്ണന്റെ ഒരു പൂർവികൻ.

കൃഷ്ണൻ വൃഷ്ണിയുടെ സന്തതിയിൽ ജനിക്കയാൽ വാർഷ്ണേയൻ, വൃഷ്ണി ഈ പേരുകളും സിദ്ധിച്ചു. ഉ. ഇന്ദ്രൻ. ന. അഗ്നി ര. കൃഷ്ണൻ. ള. വായു.

വൃഷ്ണി–വി. കോപമുള്ള.

വൃഷ്ണിഗർഭൻ–കൃഷ്ണൻ.

വൃഷ്ണിവംശം–യദുവംശം.

യാദവന്മാരിൽ ഒമ്പതു വർഗ്ഗക്കാരുണ്ട്. അവർ ദശാർഹർ, വൃഷ്ണികൾ, അന്ധകർ, ഭോജർ, സാത്വതർ, മാധവർ, വിസഞ്ജർ, കുകുരർ, കന്തികർ ഇവരാകുന്നു.

വൃഷ്ണീശ്വരൻ–ശ്രീകൃഷ്ണൻ.

വൃഷ്യ–വി. ശുക്ലത്തെ വർദ്ധിപ്പിക്കുന്ന, ശരീരപുഷ്ടിയുണ്ടാക്കുന്ന.

വൃഷ്യം–പ. കരിയുപ്പ്. ഉ. ഉഴുന്ന്.

വൃസി – കശപ്പുല്ലുകൊണ്ട് ചമച്ച ആസനം.

വൃഹച്ഛല്ലി–ചിങ്കിടമത്സ്യം.

വൃഹൽ(ത്) –വി. വലിയ.

വൃഹൽകഥാ–പല കഥകളും അടങ്ങിയ ഒരു പുസ്തകം.

വൃഹൽസംഹിത–വരാഹമിഹിരന്റെ ജ്യോതിശ്ശാസ്ത്രപുസ്തകം.

വൃഹതി–പ കണ്ടകാരിച്ചുണ്ട. ഉ ചെറുവഴുതിന. ന. നാരദന്റെ വീണ ര. ശ്ലോകത്തിന്റെ ഒരു വൃത്തം. ള. ഒരു പുരപ്പ്.

വൃഹതിക–പ. ഉത്തരീയം. ഉ. ചെറുവഴുതിന.

വൃഹദംഗം–ആന.

വൃഹദ്ഭാവി–ചെറിയ മുങ്ങ.

—ാാാാം—

വെ

വെകിട–പൂട്ട്, വൈക്കം.

വെക്ക–പൂട്ട്, അസ്തമയം, തീയുടെ പൂട്ട്.

വെക്കച്ചാ–ഒരു മത്സ്യം. (കണങ്കാലിനു കീഴെ.)

വെക്കം–അ. വേഗം, നിമിഷം.

വെക്കൽ–പ. വൈകുക. ഉ. പൂട്ട്, അസ്തമയം.

വെക്കാലി–ഒരു വൃക്ഷം.

വെക്കുന്ന-ക്രി. വേവിക്കുന്ന, ചൂടുപിടിപ്പിക്കുന്ന. ഉ. ഏതെങ്കിലും വസ്തു എങ്കിലും ഒരു സ്ഥലത്തിൽ ചേർക്കുന്ന, സ്ഥാപിക്കുന്ന. നാ. നടുന്ന. (വെപ്പിക്കുന്ന—കാ. ക്രി.)

വെങ്ക, വെങ്കടം-തിരുപ്പതിയിലെ വിഷ്ണുക്ഷേത്രം (വെങ്കിടേശ്വരസ്വാമി).

വെങ്കടുക്ക്-ഒരു ശിംബിധാന്യം.

(കഷ്ടം, കൃമി, അർശ്ശസ്സ് മുതലായ വയ്യാ നന്ന്. സം-സിദ്ധാർത്ഥം, ത-വെള്ളക്കടുക്ക്).

വെങ്കടേശ്വരശാസ്ത്രി-ഒരു സംസ്കൃത കവി. രാമഭദ്രദീക്ഷിത ശിഷ്യൻ, ലക്ഷ്മിണാമൂർത്തി പുത്രൻ. കൌണ്ഡിന്യവംശം. ശാബ്ദികവിദ്വൽ കവിപ്രമോദം, പതഞ്ജലിചരിത വ്യാഖ്യാനം ഇവ നിർമ്മിച്ചു.

വെങ്കതലി-ഒരുമാതിരി തൈ.

വെങ്കലം-നാകവും ചെമ്പും ക്രുട്ടി ഉരുക്കിയത്.

വെങ്കളി-വെള്ളക്കമ്മായം.

വെങ്കായം-വെള്ളുള്ളി.

വെങ്കാരം-പൊൻകാരംതന്നെ വെളുത്തതരം.

(ചുമ, വിക്കം മുതലായവയ്ക്കു നന്ന്. സം-ശ്വേതടങ്കണം. ഇം- White Borax വൈറ്റ് ബോറാക്സ്)

വെങ്കാറ്-വെളുത്ത മേഘം.

വെങ്കൊടിത്തുവ-വലിയ കൊടിത്തുവ.

വെങ്കൊറാക്കട-രാജാക്കന്മാരുടെ ഒരുമാതിരി വെള്ളക്കട. (വെൺകൊറാക്കട എന്നതു നോക്കുക)

വെങ്ങൽ-ക്രി. പോക. ഉ. അടുക്കുക. നാ. മുൻപിൽ കാണുക.

വെങ്ങുന്ന-ക്രി. പോകുന്ന. ഉ. അടുക്കുന്ന. നാ. മുൻപിൽ കാണുന്ന.

വെച്ച്-അ. വിഭക്തികളിൽ ഷഷ്ഠിയിലും സപ്തമിയിലെ ചേർക്കുന്നത്.

വെച്ചമുക്ക്-വില്ല്.

വെച്ചടിക്ക-യാത്രയാവുക.

വെച്ചിങ്ങ-തെങ്ങിൻ പൂങ്കുലയിൽ ഉണ്ടാകുന്ന ചെറിയ കായ്, വെള്ളിക്കാ.

വെച്ചിട്ട് - തല്ക്കാലത്തേയ്ക്ക് ഒഴിച്ചു വെച്ചിട്ട്.

'കാര്യമെടുത്തുവിളിക്കണമെന്നാൽ
കേരളനെവെച്ചിട്ടൊരുവനുമില്ല'

(നളചരിതം തുള്ളൽ)

'സന്തോഷപ്പൊരുളുകൾവെച്ചിട്ട്'

(കല്യാണസൌഗന്ധികം തുള്ളൽ)

വെച്ചിരുത്തുന്ന-ആസനത്തെ കേവിലിലെ നടയ്ക്കു വയ്ക്കുന്ന. (നാമം-വെച്ചിരുത്തം).

വെച്ചുപറക-നിസ്സാരമായി സൂചിപ്പിക്കുക.

വെഞ്ചെത്തി-വെളുത്ത ചെത്തി.

വെടി-ക്രി. വെടിമരുന്നുകൊണ്ടുള്ള ഒരു പ്രയോഗം. ഉ. നേരമ്പോക്കു സംസാരം. നാ. കമ്പവെടി, കതിനാവെടി മുതലായവ.

വെടിക്കയറ്-വെടിത്തിരി, വഴിത്തിരി

വെടിക്കാരൻ-ക്രി. വെടിവെക്കുന്നവൻ, ഉ. നേരംപോക്കു പറയുന്നവൻ.

വെടിക്കുന്ന-വിളുന്ന, പൊട്ടുന്ന.

വെടിക്കഴ-ചെപ്പരുമം ചില കരുക്കളിട്ട് വെടിവെച്ചുകളിക്കുന്ന ഒരുമാതിരി ഒട്ടക്കഴൽ.

വെടിക്കഴൽ-ക്രി. തോക്കിന്റെ കന്നക്കഴൽ ഉ. വെടിക്കഴ.

വെടിക്കെട്ട-കരിമരുന്നുകൊണ്ടുള്ള പ്രയോഗം.

വെടിഗന്ധകം - വെടിമരുന്നുണ്ടാക്കുന്നതിനുള്ള ഒരുമാതിരി ഗന്ധകം.

വെടിച്ചൽ-ക്രി. വിള്ളുക, പൊട്ടുക. ഉ. ഉപേക്ഷിക്കുക.

വെടിത്തിരി-വഴിത്തിരി.

വെടിത്തുള-കറിഞ്ഞിത്തുള.

വെടിപറയുക-നേരമ്പോക്കു പറയുക.

വെടിപ്പ്-ക്രി. നന്മ. ഉ. കുറവില്ലായ്മ. ഡ. സച്ഛുത. ര. വിള്ളൽ, പൊട്ടൽ. ('സച്ഛുത' എന്ന അർത്ഥത്തിലാണെങ്കിൽ 'വെടുപ്പു' എന്നതു നന്ന്.)

വെടിപ്പുഴുത്ത്-ക്രി. വെടിവെപ്പുകൊയിട്ട കോട്ടയുടെ മുകളിൽ ഉണ്ടാക്കുന്ന ദ്വാരം. ഉ. വെടിമരുന്നുണ്ടായ ദ്വാരം.

വെടിപ്പാക്കുന്നു-ക്രി. പുത്തിയാക്കുന്നു, നന്നാക്കുന്നു. ഉ. മിനുസമാക്കുന്നു. (സ. ക്രി വെടിപ്പാക്കുന്നു.)

വെടിപ്പാട്ട്-ക്രി. വെടിവെച്ചാൽ ഉണ്ടാകുന്ന വീഴുന്ന അകലം. ഉണ്ടാകാണ്ടവട്ടം.

വെടിപ്പുര-വെടിമരുന്നുമുറവും സൂക്ഷിക്കുന്ന വേനം.

വെടിപ്പൊട്ടി-പൊങ്ങച്ചക്കാരൻ.

വെടിപ്പൊരുൾ-ശ്ലോകവിവരണം, തെളിവായി വിവരിക്കുക.

വെടിമരുന്ന്-വെടിയുപ്പും ഗന്ധകവും കരിയും കൂട്ടിയുണ്ടാക്കുന്ന വസ്തു. കരിമരുന്നു.

വെടിമ്പു, വെടിയൽ-ക്രി. വിള്ളുക, പൊട്ടുക. ഉ. ഉപേക്ഷിക്കുക.

വെടിയുണ്ട-വെടിവെക്കുന്നതിനു ഇരുമ്പുകൊണ്ടുമറവും വെടിമരുന്നുണ്ടാക്കുന്ന വസ്തു.

വെടിയുന്നു ക്രി. ഉപേക്ഷിക്കുന്നു. ഉ. വിള്ളുന്നു, പൊട്ടുന്നു.

വെടിയുപ്പ്-വെടിമരുന്നുണ്ടാക്കുന്നതിനുള്ള ഉപ്പ്.

വെടിയുപ്പ് എന്നതു ചാലുവും അഗ്നിദ്രാവകവും എന്ന രണ്ടു പോക്ഷണദ്രവ്യങ്ങളും അടങ്ങിയിരിക്കുന്ന ഒരു വസ്തു ആകുന്നു. ഇതു വളത്തിനു നന്നാണ്. ഇതിനു ശുദ്ധീകരിക്കാതെ വെടിയുപ്പു മതി. ധാന്യങ്ങളും പച്ചപിടിക്കാൻ വളരെ നന്ന്. ആകാശത്തിൽ നിന്നും വെള്ളം പിടിച്ചുവലിക്കുന്നതിനു ഇതിനു ശക്തിയുണ്ട്.

വെടുതലെ-കതിര്, (തെയ്ത്തുകാരുടെ) വെറുങ്കോല്.

വെടുപ്പ്-സച്ഛുത, നന്മ, കുറവില്ലായ്മ.

വെട്ട്-ക്രി. വാൾ, മഴു, കോടാലി മുതലായ ആയുധങ്ങളെക്കൊണ്ടുള്ള പ്രയോഗം. ഉ. വെട്ടുകൊണ്ടാലുണ്ടാകുന്ന മുറിവ്.

വെട്ടൻ-വെട്ടുന്ന പോത്തു്.

വെട്ടക്കരിയൻ-മലയരുടെ ഒരു ദേവത.

വെട്ടടക്ക-കളിയടക്ക. വെള്ളടക്ക> < വെട്ടടക്ക.

വെട്ടം-വെളിച്ചം.

വെട്ടൽ-ക്രി. വെട്ടുക. ഉ. ശരീരത്തിലുണ്ടാകുന്ന ഒരു വേദന, മിന്നൽ.

വെട്ടരിവാൾ-കൊടുമ്പാവും വെട്ടുന്നതിനുള്ള അരിവാൾ.

വെട്ടാവാളാൻ-വേട്ടാളൻ. A wasp.

വെട്ടാവെളിവ്(ച്ചം)-വലിയ സൂര്യപ്രകാശം,

വെട്ടി-വി. പ്രയോജനമില്ലാത്ത

വെട്ടി-ഒരു വൃക്ഷം.

വെട്ടിക്കതിര-കോവർകഴുത.

കതിരയിൽ കഴുതയാൽ ഉല്പാദിപ്പിക്കപ്പെടുന്ന ഒരു തരം കഴുത. സം- അശ്വതരം. ത- കോവർകഴുതെ.

വെട്ടിത്താളി-ക്രി. വെട്ടിവൃക്ഷത്തിൻറെ ഇല. ഉ. വെട്ടിയില ചതച്ചുപിഴിഞ്ഞ ചാർ.

വെട്ടിപ്പിടിക്ക-യുദ്ധംചെയ്തു ജയിക്ക.

വെട്ടിൽ-വെട്ടുക്കിളി.

വെട്ടിവാളാൻ-ഒരുമാതിരി കട്ടന്നൽ.

വെട്ടുകത്തി-ഒരായുധം, വെട്ടുന്നതിനുള്ള ഒരുമാതിരി വലിയ പിച്ചാങ്കത്തി.

വെട്ടുകല്ല്-മണ്ണിന്റെ അടിയിൽനിന്നും വെട്ടിയെടുക്കുന്ന ചെമന്ന കല്ല്.

വെട്ടുവേനു്-ഒരു കന്ദശാകം.

വെട്ടുന്നു-ക്രി. വാൾ, മഴു മുതലായ ആയുധങ്ങളെക്കൊണ്ടു പ്രയോഗിക്കുന്നു. ഉ. കിണർ, കുളം മുതലായവയെ കഴിക്കുന്നു. സ. പ്രകാശിക്കുന്നു.

വെട്ടുപന-കുടപ്പന.

വെട്ടുപാടു്-വെട്ടുകൊണ്ടുണ്ടായ മുറിവു്, മുഴയു്.

വെട്ടുവഴി-വീതിയുള്ള നല്ല നാട്ടുവഴി.

'വെട്ടുവഴികളടിച്ചുതളിച്ചതിൽ
പട്ടുകൾനീളെവിരിച്ചുകൊണ്ടീടണം'
(ഗണപതിപ്രാതൽ തുള്ളൽ)

വെട്ടേ-അ. വെളിച്ചത്തു്, പരസ്യമായിട്ടു്.

വെൺ-വി. ക്രി. വെളുത്ത. ഉ. പ്രകാശമുള്ള. സ. വലിയ. ദ്ര. ഭംഗിയുള്ള.

വെൺകുഞ്ചകം-വെളുത്ത തുളസി.

വെൺകുടമ്പു്-ഒരു മാതിരി കടയുമരം.

വെൺകുതലി, വെൺകുനലി-ഒരു വൃക്ഷം.

വെൺകുളാവു്-വെള്ളുക്കമ്മായം തേച്ചിട്ടുള്ള ഒരുമാതിരി വലിയഭവനം.

വെൺകുളി-വെള്ളുക്കമ്മായം.

വെൺകുളിമാടം = വെൺകുളിതേച്ച മാളിക.

വെൺകുറുക-ഒരുമാതിരി പുല്ലു്.

വെൺകുറുഞ്ചോട്ടി-കുറുഞ്ചോട്ടി മൂന്നുതരമുള്ളതിൽ വെളുത്തതു്.

വെൺകൊട്ട-ഒരു വൃക്ഷം.

വെൺകൊറ്റക്കുട-(വെൺ=വെളുത്ത കൊറ്റൻ=രാജാവു്). രാജചിഹ്നമായ വെള്ളക്കുട.

വെൺചമരി, വെൺചമരിമാൻ-ഒരുവകമാൻ.

വെൺചാണായി-വെളുത്ത അമര.

വെൺചാമരം-ക്രി. വെൺചമരിമാനിന്റെ വാലിലെ വെള്ളിയോ പൊന്നോ കൊണ്ടു പിടിയിട്ടു വീശുന്നതിനായിട്ടുണ്ടാക്കുന്ന സാധനം. ഉ. വെൺചമരിമാനിന്റെ വാൽ.

വെണ്ട-ക്രി. ഓടുകൊണ്ടു വാർത്തുണ്ടാക്കിയ ഒരുമാതിരി ചെറിയ മണി. ഉ. ഒരുവക ചീര. സ. വെണ്ടക്കാ ഉണ്ടാകുന്ന ഒരു ചെടി. ('ഭിണ്ഡം' എന്നതാണ് 'വെണ്ട' എന്നായതു്).

വെണ്ടകം-ഒരു വൃക്ഷം, നീർമരുതു്.

വെണ്ടക്കാ-വെണ്ടയുടെ കായു്.

വെണ്ടിങ്കഠം-വെൺതിങ്കൾ, വെളുത്ത ചന്ദ്രൻ, പൂർണ്ണചന്ദ്രൻ. (പ-മ.)

വെണ്ടെല്ലു്-പഴക്കംചെന്ന അസ്ഥിക്കു് ചില ദിക്കിൽ പറയുന്ന ഒരു പേർ.

വെണ്ണ-ഒരുതരം കലക്കിയെടുത്ത ഒരു നെയ്. രക്തദോഷം, പുണ്ണീർ, ക്ഷയം, അൾസ്സു്, വ്രണം മുതലായവയെ ശമി

പ്പിക്കുക. തടിയെ ഉണ്ടാക്കുക. മലത്തെ പിടിപ്പിക്കുക. നേത്രത്തിനു ഹിതം.

വെണ്ണക്കല്ല്-ഒരുമാതിരി ചുണ്ണാമ്പുകല്ല്.

വെണ്ണനെ-ഉരുക്കാത്ത വെണ.

വെണ്ണാരക്കൽ-വെളുത്ത പാറക്കല്ല്.

വെണ്ണിലം-മണൽപ്രദേശം.

വെണ്ണിലാവ്-വെളുത്ത നിലാവ്.

വെണ്ണീറ്-ചാരം, ഭസ്മം.

വെണ്ണീറൻകുന്നൻ-ഒരുവക താണ തരം വാഴ, ചാരക്കുന്നൻ.

വെണ്ണൊ-മൃഗങ്ങളുടെ വെടിക്കിനു ചിലരിക്കിൽ പറയുന്ന പേർ.

വെണ്ണൽ-പ്ര. വെണ്ടൽ. ഉ. ഒരുമാതിരി വെളുത്ത വെണ്ണൽ.

വെൺതകര-ഒരു ചെടി.

വെൺതഴുതലകൊട്ടി-ഒരു പച്ചമരുന്ന്

വെൺതഴ-വെളുത്ത ശീലകൊണ്ടു നിർമ്മിച്ച തഴ.

വെൺതിങ്കൾ-പൂർണ്ണചന്ദ്രൻ, വെളുത്ത ചന്ദ്രൻ.

വെൺതുലാഭാരം-തുലാത്തിലേ പോരായ്മ (കുറവ്).

വെൺനിലാവ്-പൂർണ്ണചന്ദ്രപ്രകാശം.

വെൺപടാവ്-തോൽകൊണ്ടുള്ള കുടം, തോല്പുടം.

വെൺപറമ്പ്-കൃഷിചെയ്യാതെ കിടക്കുന്ന പുരയിടം.

വെൺപാട്ടം-ദ്രവ്യം കൊടുക്കാതെ മുതലാളിയോടു നിലമോ പുരയിടമോ എഴുതി വാങ്ങിക്കുക, വെറുംപാട്ടം.

വെൺപാതിരി-ഒരുവൃക്ഷം.

വെണ്മ-പ്ര. വെളുപ്പ്. ഉ. ശോഭ. സ. മാർദ്ദവം. ര. വെടിപ്പ്. ല. ശുദ്ധത. (പ-മ). ഴ. കീർത്തി.

വെണ്മപ്പാറ-വെളുപ്പുനിറമുള്ള.

'ചുറിനകത്തും പുറത്തും
ബഹിശിലകളും വെണ്മ-
പ്പാറവേരികയും പൊന്നിൻ
കൊടിമരവും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

വെൺമട്ടം-ചിത്രമില്ലാതെയുള്ള മിനുസപ്പണി.

വെണ്മതി-ചന്ദ്രൻ.

വെണ്മല-വെള്ളിമല.

വെണ്മഴു-ഒരായുധം, പ്രകാശമുള്ള മഴു.

വെണ്മാടം-കല്ലുകൊണ്ടോ ഇഷ്ടികകൊണ്ടോ ഉണ്ടാക്കിയ വേനം.

വെണ്മീൻ-വെള്ളി, ഉദയനക്ഷത്രം.

വെൺമുരിക്ക്-ഒരു വൃക്ഷം.

വെതുപ്പ്-അനത്തുക, ചൂടുപിടിക്കുക.

വെതുപ്പുന്നു-അനത്തുന്നു, ചൂടുപിടിക്കുന്നു.
(വെതുപ്പിക്കുന്നു-സ. ക്രി.)

വെതുമ്പൽ-അനത്തുക, ചൂടുപിടിപ്പിക്കുക.

വെതുമ്പുന്നു-അനത്തുന്നു, ചൂടുപിടിക്കുന്നു.
(വെതുപ്പിക്കുന്നു-സ. ക്രി.)

വെതുവെത-ഇളംചൂടായിട്ട്.

വെന്തയം-ഉലുവം.

വെന്തല-തലമണ്ട, തലയോട്.

വെന്തിങ്കൾ-പൂർണ്ണചന്ദ്രൻ.

വെന്തിങ്ങ-രോമംകൊണ്ടു കഴുത്തിൽ ധരിക്കുന്ന സാധനം.

വെന്തിരുതാളി-ഒരുമാതിരി വള്ളി.

വെന്തുമ്പ-വെളുത്ത തുമ്പ.

വെന്തേക്ക്—ഒരു വൃക്ഷം. (വേവുള്ള എന്നും പറയും).

വെന്നി-പ്ര. കഞ്ഞിക്കു കുറുക്കുന്ന ഒരു കറി.

'കഞ്ഞിക്കൊരുത്തരുവെന്നിയുമസ്രുവും'
(സുദ്രോഹരണം ചമ്പു)

വെന്നിപ്പറ-പെരുമ്പറ.

വെന്നിമികം-വി. ജയമധികമുള്ള. 'നല്ല' എന്ന താൽപര്യം. ജയിക്കുന്നതായ എന്നും വരും. (പ-മ.)

വെന്നിലാവ്-ശോഭയുള്ള നിലാവ്.

വെന്നീർ-തെളിഞ്ഞ വെള്ളം.

വെന്നൊച്ചി-ഒരു പച്ചമരുന്ന്.

വെൻറമ-വെന്ന അവസ്ഥ. (പ-മ).

വെൻറി-ജയം.

വെൻറിക്കൊടി-ജയപതാക.

വെൻറിചേർ-ജയം ചേരുന്ന, വിശിഷ്ടമായ. (പ-മ.)

വെപ്പൻ-അരിയും മറ്റും പാകംചെയ്യുന്നവൻ, വെക്കുന്നവൻ.

വെപ്പ്-ക്രി. വെക്കുക. ഉ. നിക്ഷേപം. ന. നടുക. ര. അടുക്കളവേലചെയ്യൽ. ഇ. പുടത്തിൽവെച്ചു സിന്ദൂരമാക്കുക. (തമിഴിൽ-വെപ്പ് = മല).

വെപ്പാട്ടി-വിവാഹം ചെയ്യാതെ എടുത്തഭാര്യ.

വെപ്പുകാടി-ഒരുവക ഔഷധവെള്ളം. (കാടി എന്നതു നോക്കുക). പഞ്ചായങ്ങളും-ആരനാളകം, സൌവീരം, കല്യാക്ഷം, അരിഷ്ടം, അവന്തിസോമം, ധാന്യാമ്ലം, കാഞ്ജലം, കാഞ്ജികം.

വെപ്പുകാരൻ-വെക്കുന്നവൻ.

വെപ്പുപുര-അടുക്കളപ്പുര.

വെപ്പുപൊടി-ചില സിന്ദൂരപ്പൊടി.

വെപ്പുവള്ളം-ഒരുമാതിരി വലിയവള്ളം.

വെപ്പുവെള്ളം-ചില മരുന്നുകളും ഇട്ടു വെച്ചുണ്ടാക്കുന്ന വെള്ളം.

വെമ്പടാവ്-ശോഭയുള്ള നിലാവ്.

വെമ്പൽ-ക്രി. വ്യാകുലത. ഉ. തിടുക്കം. ന. ത്യാഗം.

വെമ്പറമ്പ്-കൂട്ടിച്ചേർത്തുള്ള പറമ്പ്.

വെമ്പാടം-വയൽ.

വെമ്പുന്ന-ക്രി. വ്യാകുലപ്പെടുന്ന. ഉ. ഭയപ്പെടുന്ന. ന. തിടുക്കപ്പെടുന്ന.

വെയിൽ-ആദിത്യരശ്മി.

പിത്തം, രക്തദോഷം, ചൂടുകുരു, രണ്ണീർദാഹം, തലച്ചുറ്റൽ, വിയർപ്പ് മുതലായതിനെ ഉണ്ടാക്കും. സം-ആതപം.

വെയിൽക്കേട്ട്-വെയിലുകൊണ്ടുണ്ടായ കേട്ട്.

വെരകൽ-അയവു വരുവാനായിട്ടു തൊലികൊണ്ടു മൂടിക്കുക.

വെരുക്-ഒരു ചെറിയ മൃഗം (അതിന്റെ ഗുഹ്യത്തിൽനിന്നു പച്ചപ്പുഴു എന്ന ഒരു സുഗന്ധവസ്തു ഉണ്ടാകും).

(മെരുക്, മെരു ഇങ്ങിനെയും പറയുന്നുണ്ട്.) ഇതിന്റെ മാംസം ഗുണംകൊണ്ടു പൂച്ചമാംസത്തിനു തുല്യമാണ്. സം-ഗന്ധമാർജ്ജാരം. ഇം- Civet cat സിവെറ്റ് ക്യാറ്റ്)

വെരുകടി-മുന്നു വിരൽകൊണ്ടു തൊട്ടുകൊണ്ടു വുന്നിടത്തോളമുള്ള അളവു്.

വെരുളുക-ഭയപ്പെടുക. (പ. മ.)

വെമ്മ-മരംതുരപ്പുന്ന ഒരുമാതിരി ഈച്ച.

വെലി-ശ്രാദ്ധത്തിനും മറ്റും പറയുന്ന ഒരു പേർ, ബലി

വെലിക്കൽ, വെലിക്കല്ല്-ക്ഷേത്രങ്ങളിൽ ബലി തൂകുന്നതിനുള്ള സ്ഥലത്തെ കല്ല്.

വെലിക്കൽപുര-ചില വെലിക്കല്ലു വെക്കുന്നതിനുള്ള പുര.

വെല്കൽ-വെല്ലുക, ജയിക്കുക.

വെല്ലം-ശർക്കര.

വെല്ലൽ-ജയിക്കുക.

വെല്ലുന്ന-ജയിക്കുന്ന.

വെല്ലുവിളി-പോക്കുവിളി.

വെല്ലൂത്തി-വില്ലുസ്സ് പട്ട്, സൂത്രപടം.

വെയ്യേറെ-അ. മാരോന്നോരോന്നായിട്ട, വേറെ വേറെ.

വെയ്യേറുവഴി-അ. മാരോന്നിനും പ്രത്യേക മായിട്ട.

വെളഞ്ഞീർ, വെളഞ്ഞിനീർ—മൂഞ്ഞിൽ viscous juice as of a jack-fruit.—(Gundert).

വെളി-ഗ. വെയർപ്പുമി. ഉ. ആകാശം. ന. വേനത്തിനുപുറം. ർ. പ്രത്യക്ഷം. ങ. വെളിപ്പെടുത്തുക.

വെളിച്ചത്താക്കുക-പരസ്യമാക്കുക.

വെളിച്ചപ്പാട്-ദൈവത്തിന്റെ അധിവാസംകൊണ്ടു തുള്ളി കല്പനയായി പറയുന്നവൻ.

വെളിച്ചപ്പെടുന്നു-ഗ. ദൈവത്തിന്റെ അധിവാസമുണ്ടായി തുള്ളുന്നു. ഉ. പ്രത്യക്ഷമാകുന്നു. ന. പ്രസിദ്ധമാകുന്നു. ർ. ദൃഷ്ടിഗോചരപ്പെടുന്നു.

വെളിച്ചം-ഗ. പ്രകാശം. ഉ. പ്രത്യക്ഷം.

വെളിച്ചമാകുന്നു-പ്രകാശമുണ്ടാകുന്നു.

വെളിച്ചിമരം-ഒരു വൃക്ഷം, ഏഴിലമരം.

വെളിച്ചിൽ(ച്ചിങ്ങ)-വെള്ളക്ക, കൊച്ചുങ്ങ, ഇളം കരിക്ക്, (രവച്ചിങ്ങ, രമച്ചിങ്ങ എന്നു മുണ്ട്).

വെളിച്ചെണ്ണ-തേങ്ങായിൽ നിന്നെടുക്കുന്ന എണ്ണ, തേങ്ങാരെണ.

വെളിന്താള്-വെളിച്ചേമ്പിന്റെ തണ്ടു.

വെളിപാട്-ഗ. വെളിപ്പെടുത്തുക. ഉ. പ്രത്യക്ഷത.

വെളിപ്പെടുന്നു-ഗ. പ്രത്യക്ഷമാകുന്നു. ഉ. പ്രസിദ്ധമാകുന്നു. (വെളിപ്പെടുത്തുന്നു. സ. ക്രി).

വെളിമ്പറമ്പ്-കൃഷിചെയ്യാതെ കിടക്കുന്ന പറമ്പ്.

വെളിയട-വെളിക്കുള്ള അടപ്പു അല്ലെങ്കിൽ വാതിൽ, തിരശ്ശീല.

വെളിയം-വെളിപ്രദേശം.

വെളിയാണിക്കരു - തുരക്കുന്നതിനുള്ള കരു.

വെളിർ-ഒരുമാതിരി വെളുത്ത പക്ഷി, കൊക്ക്.

വെളിവു-ഗ. പ്രകാശം. ഉ. സുബോധം.

വെളിവാതിൽ-ഗ. കിളിവാതിൽ. ഉ. വെളിയിലേക്കുള്ള വാതിൽ.

വെളിവുകെടുന്നു - ബോധം കെടുന്നു, മോഹാലസ്യമുണ്ടാകുന്നു.

വെളിവുകെട്ടവൻ - കള്ളുകുടിച്ചിട്ടും മറ്റും ബോധമില്ലാതായവൻ.

വെളിവുകേട് - ഗ. മോഹാലസ്യം, ബോധമില്ലായ്മ. ഉ. ബുദ്ധിഭ്രമം.

വെളുക്കുന്നു-ഗ. വെളുത്തനിറമാകുന്നു. ഉ. വെളിച്ചമാകുന്നു. ന. നശിക്കുന്നു. സ. ക്രി—വെളുപ്പിക്കുന്നു).

വെളുക്കെ-അ. വെളുക്കുമ്പോൾ.

വെളുത്തി-വിളിയ്ക്കുന്നു, വക്കുന്നു.

വെളുത്തമെലി-വസൂരി ഗുണ-ൽ ഒന്ന്. ഗുണ-ം ഒരിവസം കളിപ്പിക്കും.

വെളുത്തപക്ഷം-കറുത്തവാവുകഴിഞ്ഞാൽ വെളുത്തവാവുവരെയുള്ള ദിവസങ്ങൾ 15-ം.

വെളുത്തവാവു-പൂർണ്ണചന്ദ്രൻ ഉദിക്കുന്ന ദിവസം.

വെളുത്തവ്യാധി-കുഷ്ഠരോഗം.

വെളുത്തീയം-ഈയം തണ്ടുതരമുള്ളതിൽ ഒന്ന്. (വെളുത്തവങ്കം, രചന്ദ്രാക്കൽതാടി).

വെളുത്തേടൻ-അലക്കുകാരൻ.

വെളുത്തേടം-അലക്കുന്ന സ്ഥലം (കളം)

വെളുന്നനെ – വെളുപ്പായിട്ട്.

വെളുപ്പ് – ഗു. വെളുത്തനിറം. ഉ. ഒരുമാതിരി കഷ്ടരോഗം.

വെളുപ്പിക്കുന്നവൻ – ഗു അലക്കുകാരൻ. ഉ. രക്ഷരകൻ.

വെളുമ്പൻ – വെളുത്തവൻ.

വെളുമ്പി – വെളുത്തവൾ.

വെളുവെളെ – അ. അധികം വെളുത്തിരിയായി.

വെൾവയമ്പു് – ഒരങ്ങാടി മരുന്നു്.

(വയമ്പിന്റെ ഏറിയ ഗുണങ്ങളോടുകൂടിയതാണു്. വിശേഷാൽ കൃമി മുതലായതിനു നന്നു്. ഓർമ്മയെ ഉണ്ടാക്കും).

വെൾവേലം – തുളസിപോലെ ഇരട്ടമുള്ളുള്ള ഒരു മരം.

(കായ് പുളിഞ്ഞിക്കുമ്പോലെയിരിക്കും)

വെള്ള – വി. വെളുത്ത.

വെള്ള – ഗു. വെളുത്ത നിറം. ഉ. വെളുത്ത വസ്ത്രം. ന. കുമ്മായം ർ. വൃക്ഷങ്ങളുടെ തൊലിയ്ക്കകത്തു കാതലിന്റെ പുറമേയുള്ള ഭാഗം. ൽ. മീൻപിടിക്കുന്നുള്ള ഒരു സൂത്രം. ന്യ. വെളുത്ത കൊടിക്കൂറ. ഒ. സത്യം.

വെള്ളക്കരു – കോഴിമൊട്ടയുടേയുള്ളിലും അകത്തുള്ള ഒരു വസ്തു.

വെള്ളക്കള്ളൻ – മനുഷ്യരെ സമ്മതിപ്പിക്കുന്നതിനായിട്ടു നേരുകാരനെന്നു നടിക്കയും വ്യാജം പ്രവർത്തിക്കയും ചെയ്യുന്നവൻ.

വെള്ളക്കാച്ചിൽ – ഒരുമാതിരി കിഴങ്ങു്.

വെള്ളക്കാട്ടു് – വളരെ വെള്ളമുള്ള സ്ഥലത്തിനു ചിലർ പറയുന്ന പേർ

വെള്ളക്കാരൻ – ഗു. വെളുത്ത മനുഷ്യൻ, സായ്പു്. ഉ. വെള്ളം ചുമക്കുന്നവൻ.

വെള്ളക്കാർ – ഗു. വെളുത്തമേഘം. ഉ. സായ്പന്മാർ.

വെള്ളക്കാൽ – ഗു. അരുണോദയസമയം. ഉ. ഉറവക്കണ്ണു്.

വെള്ളക്കാൽവീശുക – അരുണോദയം ആരംഭിക്കുക.

വെള്ളക്കാറു് – മഴക്കാറു്.

വെള്ളക്കിണ്ടി – വെള്ളംകോരിക്കുന്നതിനു വാലുള്ളതായ ഒരു ജലപാത്രം.

വെള്ളക്കുവ – ഗു. വെളുത്തകുവ. ഉ. കുവന്തു്.

വെള്ളക്കേടു് – വെള്ളത്താൽ ഉണ്ടാകുന്ന നാശം.

വെള്ളക്കൊടി – ഗു. വെളുത്ത കൊടിക്കൂറ. ഉ. യുദ്ധക്കൊടി.

വെള്ളക്കൊപ്പര – നല്ല കൊപ്രാ.

വെള്ളച്ചായം – വെളുത്ത ചായം.

വെള്ളച്ചാഴി – ഒരുവക ചെറിയ കൃമി.

ഇതു നിലത്തിൽ നെല്ലുകിടക്കുമ്പോൾ അതിനു ദോഷംചെയ്യുന്ന ഒരുവക ജന്തുവാണു്.

വെള്ളച്ചോറു് – വെള്ളത്തിലിട്ടു് വെച്ചിരിക്കുന്ന ചോറു്, കാലത്തെ ക്ഷേണത്തിനുള്ള ചോറു്.

വെള്ളടക്ക – ഉണക്കപ്പാക്കു്, കൊട്ടടക്ക. വെള്ളടക്ക > < വെട്ടടക്ക. (വെട്ടടക്ക നോക്കുക).

വെള്ളടുമ്പു് – ഒരു മരുന്നുവള്ളി.

വെള്ളത്തുത്തു് – പാൽത്തുത്തു്.

വെള്ളൻ – നേരുള്ളവൻ.

വെള്ളപ്പാഷാണം – ഒരുവക പാഷാണം.

വെള്ളപ്പോള – ഗു. നീർക്കമ്മൽ. ഉ. ഒരു രത്നം.

വെള്ളം – ഗു. ജലം.

വെള്ളിത്തുള്ളി—പുഷ്പത്ത്, ബിന്ദു, പുഷ്പതം, വിപ്രുട്ട്.

ഉ. നീർ. നു. ഒരു വലിയ തുക, വെള്ളംപോട.

വെള്ളംപോട—ഈ പദം രാമായണത്തിലും ത്രിപുരദഹനം തുള്ളൽകഥയിലും മറവം കാണുന്നുണ്ട്.

നൂറായിരം-ഒരു കോടി.
നൂറായിരംകോടി-ഒരു മഹാകോടി
നൂറായിരം മഹാകോടി-ഒരു ശങ്ക്.
നൂറായിരം ശംകു-ഒരു മഹാശംക്.
നൂറായിരം മഹാശംക്-ഒരു വൃന്ദം.
നൂറായിരം വൃന്ദം-ഒരു മഹാവൃന്ദം.
നൂറായിരം മഹാവൃന്ദം-ഒരു പദ്മം
നൂറായിരം പദ്മം-ഒരു മഹാപദ്മം
നൂറായിരം മഹാപദ്മം-ഒരു ഖർവ്വം
നൂറായിരം ഖർവ്വം-ഒരു മഹാഖർവ്വം.
നൂറായിരം മഹാഖർവ്വം-ഒരു സമുദ്രം
നൂറായിരം സമുദ്രം-ഒരു ഓഘം.
നൂറായിരം ഓഘം-ഒരു മഹൌഘം
നൂറായിരം മഹൌഘം-ഒരു വെള്ളം

വെള്ളംകുടി-ക്രി. വെള്ളം കുടിക്ക. ഉ. ഒരു വിധത്തെ ശിക്ഷണം.

വെള്ളംകുടിക്കുന്നു-ക്രി. വെള്ളം വായിലൊഴിച്ചിറക്കുന്നു, ബുദ്ധിമുട്ടുന്നു (വെള്ളം കുടിപ്പിക്കുന്നു-സ. ക്രി).

വെള്ളാനം-വെള്ളക്കെ.

വെള്ളായടിക്ക ഉള്ളി ദോശത്തെ വെളിപ്പെടുത്താതെ ഇല്ലാത്ത ഗുണങ്ങളും ഉണ്ടാക്കിപ്പറയുക.

വെള്ളാർ-നേരുള്ളവർ, സത്യവാന്മാർ.

വെള്ളരി-ക്രി. ഒരു കറിസ്സാധനമുണ്ടാകുന്ന വള്ളി.

പര്യായങ്ങൾ—ഉർവ്വാരു, കർക്കടി.

ഇതു പിത്തഹരവും ശീതളവുമാണ്. മൂത്രരോഗം, അമ്ലരോഗം, മൂട്ടുനീറൽ, മോഹാലസ്യം ഇവയ്ക്കു നന്ന്. അധികം ഭക്ഷിക്കരുതു്. ഭക്ഷിച്ചാൽ വാതകോപനമാണ്. വെള്ളരിക്കാക്കരുട വസ്തിപ്രദേശത്തിട്ടാൽ മൂത്രകൃച്ഛ്രം ശമിക്കും.

ഉ. വെള്ളത്തണ്ണരി, ഉണക്കലരി. (പ. മ.)

വെള്ളവിരിക്കുന്നു-വെള്ളത്തവസ്ത്രം വിരിക്കുന്നു.

വെള്ളവീശുന്നു-ക്രി. സൂര്യരശ്മി പ്രകാശിച്ചു തുടങ്ങുന്നു. ഉ. യുദ്ധത്തിൽ സമാധാനത്തിന്നായിട്ടു വെള്ളത്തുണി കൊടുക്കുന്നു.

വെള്ളവെങ്കായം-വെളുത്ത ഉള്ളി.

വെള്ളാട്ട്-വസൂരിപ്രമാണിച്ചു കന്നിമാസത്തിൽ കൊടുങ്ങല്ലൂർ ഭഗവതിക്കു വഴിപാടു ചെയ്യുന്ന വിധിപൂർവ്വകമായ ഒരു കൃത്യം.

വെള്ളാട്ടി-ദാസി.

വെള്ളാന-ക്രി. ഇന്ദ്രന്റെ ഐരാവതം. ഉ. വെളുത്ത ആന.

വെള്ളായ്മ-കൃഷി.

വെള്ളായ്മക്കാർ-കൃഷിക്കാർ.

വെള്ളാരക്കല്ല്, വെള്ളാരമ്പാറ-വെളുത്ത പാറക്കല്ല്.

വെള്ളാവി-വസ്ത്രങ്ങൾ വെളുപ്പിക്കുന്നതിനുള്ള ആവി

വെള്ളാളർ-ചെട്ടികളിൽ ഒരു നമ്പ്യാതിക്കു കീഴ് ശൂദ്രർ.

വെള്ളി-ക്രി. ഒരു ലോഹം, പര്യായങ്ങൾ ദ്രുവ്വിണം, രജതം, രൂപ്യം, ഘർമ്മരം, ശ്വേതം.

പ്രമേഹം, ചുമ, ക്ഷയം മുതലായവയ്ക്കു നന്ന്. രുചികരമാണ്. ശുദ്ധിയും മാരണവും ശരിയാകാതെയിരിക്കുന്ന

വെള്ളി അറിയാതെ ഭക്ഷിച്ചുപോയുള്ള വികാരത്തിനു തേനും പഞ്ചസാരയും സമമായി എടുത്തു മൂന്നുദിവസം സേവിക്കുക. സം-രൂപ്യകം. ത-വെള്ളി. ഇം-Silver.

വെള്ളിയാഴ്ച. നാ. ശുക്രൻ. ര. കണ്ണിലുണ്ടാകുന്ന ഒരു ദീനം, ശുക്ലം. ള. ഒരു വെള്ളിനാണയം.

വെള്ളിക്കുപ്പുറം- വെള്ളികൊണ്ടുള്ള പടിയരഞ്ഞാഴം.

വെള്ളിക്കെട്ടൻ, വെള്ളിക്കണ്ടൻ- ഒരുവക പാമ്പ്.

വെള്ളിക്കമ്പി-വെള്ളിനൂൽ.

വെള്ളിക്കാരം-പൊൻകാരം.

വെള്ളിക്കാശ്-ഒരു നാണയം.

വെള്ളിക്കാറ-വെള്ളികൊണ്ടുള്ള ഒരു അളവു്.

വെള്ളിക്കോൽ - ഒരു തുലാംവരെയും തൂക്കുന്നതിനുള്ള കോൽ.

വെള്ളിത്തകിട്-വെള്ളി കനം കുറച്ചു അടിച്ചു പരത്തിയതു്.

വെള്ളിത്തടി - ക. വെള്ളിവടി. ഖ. വെള്ളിവടിയെടുത്തു സേവിക്കുന്ന ഒരു ഉദ്യോഗം.

വെള്ളിത്തടിക്കാരൻ-ക. കൈയിൽ ജോഡിയുടെ അടയാളമായ വെള്ളിവടിയോടുകൂടി പ്രഭുക്കന്മാർ മുതലായവരുടെ വശത്തിൽ കാത്തു നില്ക്കുന്നവൻ.

വെള്ളിനാണയം - വെള്ളികൊണ്ടുള്ള രൂപയും മറ്റും.

വെള്ളിനൂൽ-വെള്ളികൊണ്ടുള്ള നൂൽ.

വെള്ളിപ്പക്ഷി-ഒരുമാതിരി വെളുത്ത പക്ഷി, വെളിത്.

മാംസം കൊക്കിന്റെമാംസത്തിനു തുല്യമാണ്. തേനിഞ്ഞ മദ്യത്തോടും പുഴുങ്ങിയ ചെറുപയറു മുതലായവയോടും ഇതു ഭക്ഷിക്കരുതു്. ഒരിക്കലും പാന്നിനെയ്യിൽ വറുത്തു തിന്നരുതു. സം-വലാകാ.

വെള്ളിപ്പണം-വെള്ളികൊണ്ടുള്ള ഒരു ചെറിയ നാണയം.

വെള്ളിപ്പത്താക്ക്-ഒരുവക വലിയ വെള്ളിനാണയം.

വെള്ളിപ്പാത്രം-വെള്ളികൊണ്ടുള്ള പാത്രം.

വെള്ളിമാമല-ഹിമവാൻ പർവ്വതം.

വെള്ളിയാഴ്ച-ആറാമത്തെ ആഴ്ച.

വെള്ളിരൂപാ-ഒരു നാണയം, വെള്ളികൊണ്ടുള്ള രൂപ.

വെള്ളിലം-വെളുത്ത ഇലയുണ്ടാകുന്ന ഒരു തരം. ക. മുണങ്ങിയ ഇല.

'വെള്ളിലകണ്ണീർകണക്കുചൊരിയുന്നു'

(അഭിജ്ഞാനശാകുന്തളം)

വെള്ളിലാവ്-ഒരു വൃക്ഷം, ചുണ്ണാമ്പുവള്ളി.

വെള്ളീയം-വെളുത്തീയം.

വെള്ളുള്ളി-വെളുത്ത ഉള്ളി.

വെള്ളുരകം, വെള്ളുരൽ-വെള്ളപ്പു്, വെളുത്ത ഊപ്പു് (ഒരു തരം).

വെള്ളുരം-ഒരുവക മത്സ്യം.

വെള്ളുർപ്പാട്ട്-സു. ൦൦൦ നായന്മാരോടുകൂടിയ ഒരു പ്രഭു.

വെള്ളെരിക്കു-വെളുത്ത എരിക്കു്, ഒരു പൂച്ചെടി.

വെള്ളെഴുത്തു്-നാല്പതു വയസ്സുമുതൽ അൻപതുവയസ്സുവരെയും മനുഷ്യർക്കു കണ്ണിനുണ്ടാകുന്ന ഒരു കാഴ്ചക്കുറവു്.

വെള്ളെഴുത്തുകാൽ — ഉത്തരത്തിനുകളിൽ നിരത്തി നാട്ടിനിറുത്തുന്ന മരക്ഷണം.

വെള്ളോട്ട-ചെമ്പും വെള്ളത്തീയവും ക്ലൃപ്തി ഉരുക്കിയ ഒരു ലോഹം.

വെള്ളോവരം-പെരുങ്കുരുമ്പ. ('വെള്ളോവരം' എന്ന രൂപാന്തരം.)

വെഴ്, വെഠം-വെണ്മയുള്ള, മംഗിയുള്ള

വെഠംപ്പുളുക്കൻ-വസൂരി പതിനെട്ടിൽ ഒന്ന്.

പതിനെട്ടാം ദിവസം കുളിപ്പിക്കാം.

വെഠംചിലന്തി-വസൂരി ഏവ-ൽ ഒന്ന്.

ഇതിനെ കണ്ണിൽ പൂ പുറപ്പെട്ടാൽ, രക്തം പൊടിക്കും. പതിനൊന്നാമദിവസം നല്ലവണ്ണം രക്ഷിക്കണം. ഇതു അസാദ്ധ്യമെന്നു ശാസ്ത്രം.

വെറി-ഏ. കലഹം, കോപം, ഉ. മദ്യപാനം നിമിത്തമുള്ള തലക്കിറുക്കം. നാ. പഞ്ഞം. ഭ. ഇളക്കം.

'വെറിമൂക്കുമ്പോൾ തെറിമൂക്കും'.

(പഴഞ്ചൊല്ല്)

വെറിപ്പെടുന്നു-ഏ. കലഹിക്കുന്നു, കോപിക്കുന്നു. ഉ. കള്ളുകുടിച്ചു മദിക്കുന്നു.

വെറിയൻ-ഏ. കോപശീലൻ, പെട്ടെന്നു കോപമുണ്ടാകുന്നവൻ. ഉ. കള്ളുകുടിക്കുന്നവൻ. നാ. ദോഷൻ. ഭ. ഇരപ്പാളി.

വെറിയാകുന്നു-ഏ. വഷളാകുന്നു. ഉ. കള്ളുകുടിച്ചു മദമുണ്ടാകുന്നു. (വെറിയംക്കുന്നു-സ ക്രി.)

വെറു-വി. ഒഴിഞ്ഞ, ഒഴിഞ്ഞിരിക്കുന്ന.

വെറുക്കുന്നു-ഏ. അനിഷ്ടമുണ്ടാകുന്നു, വിരോധമാകുന്നു, കോപിക്കുന്നു. ഉ അറയ്ക്കുന്നു.

വെറുങ്കഥ കെട്ടുകഥ.

വെറുംകാൽ-പാദരക്ഷകളായി ഒന്നും ധരിച്ചിരിക്കാത്ത കാൽ.

വെറുതെ-അ. ഏ. ഉപകാരം കൂടാതെ. ഉ. അസൗജന്യമായി.

വെറുപ്പ്-ഏ. അനിഷ്ടം, കോപം, ഉ. അറയ്പ്.

വെറുപ്പാകുന്നു - ഏ. അനിഷ്ടപ്പെടുന്നു, അറയ്പു തോന്നുന്നു, (വെറുപ്പാക്കുന്നു-സ ക്രി).

വെറും-വി. ഒന്നുമില്ലാത്ത, ഒഴിഞ്ഞ.

വെറുമ-ഒന്നുമില്ലായ്ക, ഒഴിഞ്ഞിരിക്ക.

വെറുമത്തിടുന്നു - ചുവരു തുണ്ടുമ്പിട്ടതിൽ പിടിക്കുന്ന മിനുക്കുന്നു.

വെറുമുഖം-വെറുപ്പ്.

വെറുമ്പാട്ടച്ചീട്ടു— ദ്രവ്യംകൊടുക്കാതെ മരുമകളോടു നിത്യം പുരയിടങ്ങൾക്കു എഴുതിവാങ്ങിച്ച ഉടമ്പടി. (ഈ ഉടമ്പടിപ്രകാരമുള്ള വസ്തുക്കളുടെ കരത്തിനു 'വെറുംപാട്ടം' എന്നു പേർ)

വെറുംപോക്കിരി—ഇരപ്പാളി, യാചകൻ.

വെറുവെറെ-അ. ഒന്നിൽ ഒന്നു പറ്റാതെ.

വെറ്റൻ-ദരിദ്രൻ.

വെറ്റത്തരം-ദാരിദ്ര്യം, ദരിദ്രത.

വെറ്റി-ജയം, വെല്ലുക. (പ. മ.)

'നമ്മോട് ഒഴിവു തെനി-
മരറല്ലും വെറ്റി'

(രാമചരിതം)

വെറ്റില-പാക്കും ചുണ്ണാമ്പും ക്ലൃപ്തി തിന്നുന്ന ഒരുമാതിരി ഇല.

വെറ്റിലക്കൊടി-വെറ്റിലയുണ്ടാകുന്ന വള്ളി. പര്യായങ്ങൾ-താംബൂലവല്ലി, താംബൂലി, നാഗവല്ലി.

വെറ്റിലച്ചെറുക്കൻ-ഭൃത്യൻ.

വെറ്റിലപ്പാട്ടി-വെറ്റിലസഞ്ചി.

വേ

വേക-വേകക, വേവുക.

വേകട-ഒരു രാഗം.

വേകടൻ-പ. ഭയപ്പെടൽ. ക. ആട്ടക്കാരൻ. ന. ധനങ്ങൾ വിൽക്കുന്നവൻ.

വേകൽ-വേകക.

വേകന്നു-പ. തീകൊണ്ടു പാകംവരുന്നു. ക. ഉഷ്ണിക്കുന്നു.

വേകരാ, വേവുരം-കോപം, കലശലായ ഭാവഭേദം.

വേയ്ക്കുന്നു-ഇടുന്നു, ഒരു സാധനം ഒരിടത്തു സൂക്ഷിക്കുന്നു. ക. കാലിന്റെ ശക്തി ക്കുറവുകൊണ്ടു വിഴുവാൻ തുടങ്ങുന്നു.

വേഗം-പ. കാലത്തോടുസംക്രാന്തമായ പ്രയത്നം—ശീഘ്രം, ത്വരിതം, ലഘു, ക്ഷിപ്രം, അരം, ദ്രുതം, സത്വരം, ചപലം, തൂർണ്ണം, അവിളംബിതം, ആശു, ക. നിമിഷം. ന. മലമൂത്രാദി. ഭ. വെള്ളത്തിന്റെ ഒഴുക്ക്. ഇ. കാഞ്ഞിരം. ന. അവശ്യം. ഒ. മുട്ടൽ.

വേഗങ്ങൾ 14.

ഉദ്ഗാരം, അധോവായു, പുരീഷം, മൂത്രം, ക്ഷവം, തുമ്മൽ, ക്ഷുത്തു, നിദ്ര, കാസം, ശ്രമശ്വാസം, ജൃംഭ, അശ്രു, ഛർദ്ദി, രേതസ്സ് ഇവയെ തടയുകയും ബലാൽ വിസർജ്ജിക്കയും അരുത്.

"വേഗാന്നധാരയേച്ഛ്വാത
വിണ്മൂത്രക്ഷവതൃഡ്ക്ഷുധാം
നിദ്രാകാസശ്രമശ്വാസ
ജൃംഭാശ്രുച്ഛർദ്ദിരേതസാം.
(അഷ്ടാംഗഹൃദയം)

വേഗവൽ-വി. വേഗമുള്ള.

വേഗവാൻ-പ. പുലി. ക. കൃഷ്ണന്റെ ഒരു പുത്രൻ. ന. ശാലപ്രദേശത്തെ ഭരിച്ചിരുന്നു കൃഷ്ണനോടു യുദ്ധം ചെയ്ത ഒരസുരൻ (സാംബൻ വധിച്ചു).

വേഗസരം-കോവർകഴുത, വെട്ടിക്കുതിര്.

വേഗി-വി. വേഗമുള്ള.

വേഗി-പതഞ്ഞു്.

വേഗേന-അ. വേഗത്തിൽ, ചുറുക്കെ.

വേങ്ങ-ഒരു വൃക്ഷം.

വേങ്ങപ്പുലി-ഒരുമാതിരി വലിയ പുലി.

വേട്ടു്-പ. ചില വൃക്ഷത്തിന്റെ കോമ്പിൽ നിന്നു പുറപ്പെട്ട വേർ. ക. പാത്രങ്ങൾ മൂടുന്ന ശീല.

വേടത്തി-വേടന്റെ സ്ത്രീ.

വേടൻ-മൃഗങ്ങളെ കൊന്നുതിന്നുന്ന ഒരു ജാതിക്കാരൻ, കാട്ടാളൻ.

വേട്ടുന്നു-മുട്ടികൊണ്ടിടിക്കുന്നു, കിഴുക്കുന്നു.

വേട്ട-നായാട്ടു്.

വേട്ടകാട്ടുന്നു-നായാടിപ്പിടിച്ചു മൃഗത്തെ നഗരങ്ങളിൽ കൊണ്ടുചെന്നു ജനങ്ങളെ കാണിക്കുന്നു.

വേട്ടകോലുന്നു-നായാടുന്നു.

വേട്ടക്കരുമകൻ — വേട്ടക്കാരുമകൻ, ഒരു മൂത്തി.

വേട്ടക്കാരൻ-നായാട്ടുകാരൻ.

വേട്ടക്കൊരുമകൻ-ശിവന്റെ ഒരു പുത്രൻ.

വേട്ടവൻ-വിവാഹം ചെയ്തവൻ, ഭർത്താവു്.

വേട്ടവം-വിവാഹം ചെയ്തുപോട്ടവം, ഭോഗം.

വേട്ടവിളി-നായാട്ടുവിളി.

വേട്ടാവളയൻ, വേട്ടാളൻ-പറക്കുന്ന ഒരുവക ചെറിയ പുഴു.

വേട്ടി-വേഴ്ചി, സോമൻ.

വേട്ടുവൻ-കാട്ടുമനുഷ്യരിൽ ഒരു ജാതിക്കാരൻ, വേടൻ.

വേണൻ, വേനൻ-അംഗരാജാവിന്റെ പുത്രൻ.

വേണൻ രാജ്യവും തന്നെ ഉടനെ 'ആരും തനിക്കുമുമ്പേ ബലികർമം കഴിച്ചുകൂടാ' എന്ന ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി ജാതിവ്യത്യാസം ഇല്ലാതാക്കി. ഋഷികളെ വകവയ്ക്കായ്കയാൽ അവർ വേനനെ ഭർത്സിച്ചുകൊണ്ടു കൊന്നു. പുത്രനില്ലാതെയാണു പരലോകപ്രാപ്തനായതു് തന്നിമിത്തം രാജ്യം അനാഥമായി. പിന്നെ ആ നിവൃത്തിക്കു ഋഷികൾ വേണന്റെ തുടമർദ്ദിക്കയാൽ കരിമ്പോലെ കറുത്തു പരന്ന മുഖമുള്ള ഒരുവൻ പ്രത്യക്ഷനായി. നിഷീദ (ഇരിക്കു) എന്നു മുനികൾ അവനോടു് അരുളിച്ചെയ്തു അതുകൊണ്ടു അവൻ നിഷാദനായി. തദനന്തരം ഋഷികൾ വേണന്റെ വലതുകൈ മർദ്ദിച്ചു പൃഥുവിനെ പുറപ്പെടുവിച്ചു. ഇദ്ദേഹം അഗ്നിപ്രഭയോടുകൂടിയവനും, ഇദ്ദേഹത്തെ രാജാവാക്കി അഭിഷേകം കഴിച്ചു.

വേണം-അ. അവശ്യമുണ്ടു്.

വേണാടു, വേണാട്ടുകര-തിരുവിതാംകൂർ രാജ്യത്തിനു പണ്ടേയുള്ള ഒരു പേർ, വഞ്ചിനാടു്.

വേണാടുരാജാവു്-തിരുവിതാംകൂർ മഹാരാജാവു്.

വേണി(ണീ)-പ. തലമുടി, കെട്ടിയ തലമുടി. ചിന്താവിശേഷത്തെ സൂചിപ്പിക്കുന്നതു് എന്നർത്ഥം. ഉ. ഇന്ദ്രപ്പിരിയൻ മുടി ന. ദേവതാളി. ര. വെള്ളക്കൂട്ടം. ള. കഴുക. ന്യ കൃഷ്ണവേണി, കൃഷ്ണാന്തരി. ഒ. ഒരു വൃത്തത്തിന്റെ പേർ.

വേണീസംഹാരം-ഒരു നാടകം.

കവി ഭട്ടനാരായണൻ. ദുര്യോധനൻ പാഞ്ചാലിയുടെ വസ്ത്രാപഹരണംചെയ്തതിനെ കഥ. പാഞ്ചാലി ദുര്യോധനവധം കഴിഞ്ഞു തലമുടി കെട്ടുന്നതുവരെയുള്ള ഭാഗം ഇതിലുണ്ടു്.

വേണീസീമ്നി-തലമുടിയുടെ അറ്റം.

വേണു-പ. കാടക്കഴൽ. ഉ. മുള. ന. ഒരു രാജാവിന്റെ പേർ.

വേണുകം-ആനവയമ്പു്.

വേണുഗാനം-കാടക്കഴൽ ഊതുക.

വേണുധ്മൻ-പ. കാടക്കഴലൂതുന്നവൻ, വേണു വിളിക്കുന്നവൻ എന്നർത്ഥം. ഉ. തട്ടാൻ.

വേണുനം-മുളക്കു്.

വേണുന്ധമൻ-കാടക്കഴലൂതുന്നവൻ.

വേണുന്ന-അ. വേണുന്ന, ആവശ്യമുള്ള. (പ. മ).

വേൺ, വേഠം-പ. ആഗ്രഹം. ഉ. ആവശ്യം.

വേണ്ട-ആവശ്യമില്ല.

വേണ്ടി-വി, ആവശ്യമുള്ള.

വേണ്ടുന്നു-അ. വേണുന്ന, ആവശ്യമുള്ളതു്.

വേണ്ടതില്ല, വേണ്ടുവതില്ല, വേണ്ടില്ല-തരക്കേടില്ല.

വേണ്ടത്തക്കവൻ-കൊള്ളാവുന്നവൻ.

വേണ്ടാതനം, വേണ്ടാസനം-ഒരു ദോഷമായ പ്രവൃത്തി, കസ്മലി, വേണ്ടാത്തതു്.

വേണ്ടാത്ത-വി. ആവശ്യമില്ലാത്ത.

വേണ്ടാത്തരം-വഷളത്തം.

വേണ്ടായ്ക-അ. ആവശ്യമില്ലായ്ക.

വേണ്ടാസനക്കാരൻ-വഷളത്തമുള്ളവൻ.

വേണ്ടി-ആവശ്യമായിട്ടു്.

വേണ്ടിക-പ. ഉപകാരം. ഉ. ചോറ്റു.

വേണ്ടില്ല-തരക്കേടില്ല.

വേണ്ടു-വേണം. ഉ-ം, എന്തുവേണ്ടു.

വേണ്ടുക-ചോറ്റു. (പ മ.)

വേണ്ടുന്ന, വേണ്ടും-വി. ആവശ്യമുള്ള.

വേണ്ടുംപ്രകാരം, വേണ്ടുംവണ്ണം-അ. വേണ്ടതുപോലെ.

വേണ്ടുവതില്ല-തരക്കേടില്ലാ.

വേണ്ടുവോളം - ഞ. മതിയാകുന്നതുവരെയും.

വേത്ത്-പ്രസവിച്ച സ്ത്രീകളേയും, മീനുകളേയും കൂട്ടിപ്പിക്കുന്നതിനു വയ്ക്കുന്ന മുളത്തിലിടുന്ന ഇലകം.

വേതണ്ഡം-കുട്ടിയാന, ആനക്കുട്ടി.

'വേതണ്ഡവീരരിഹഗണ്ഡതടത്തരിപ്പ്'
(ഭാഷാകേരളസംഭവം)

വേതാനം-പ. ശബ്ദം. ഉ. ക്ലീ. സ. വെള്ളി. ഭ. പുത്തി.

വേതം-പൂരൽ.

വേതസം-ആറുമുഖിവൃക്ഷം.

വേതസ്വാൻ-വഞ്ചിവൃക്ഷം ധാരാളമുള്ള ഭൂമി.

വേതാട്ടം-വേതിനുള്ള ഇലകളിട്ടു തിളപ്പിച്ച ജലംകൊണ്ടു കുളിപ്പിക്കുക.

വേതാട്ടുകഴി-വേതാടി കുളിക്കുന്ന വെള്ളം കിടക്കുന്ന കഴി.

വേതാളപഞ്ചവിംശതി-ശംഭുഭട്ടൻ ഉണ്ടാക്കിയ ഇരുപത്തഞ്ചു കഥകളും.

വേതാളൻ-പ. ഒരു പിശാചു്. ഉ. വാതിൽ കാവല്ലാരൻ.

വേതാളം-പിശാചു്.

വേത്താ-പ. ഒരു സന്ന്യാസി. ഉ. മന്ത്രവാദി

വേത്തൃ-വി. അറിയുന്ന.

വേത്രധരൻ-പ കാവല്ലാരൻ. ഉ. വെള്ളിത്തടിക്കാരൻ.

വേത്രം-പ. പൂരൽ, പുരയ്ക്കു. ഉ. പഞ്ഞി

വേത്രയഷ്ടി-പൂരൽവടി.

വേത്രവതി-പ വാതിൽ കാവക്കാരത്തി ഉ. വടക്കു് അവന്തിദേശത്തിൽ (മാളവം Malva) ഉള്ള ഒരു നദി. ഇപ്പോഴത്തെ പേർ ബിത്വാ (Betwa River)

ഈ നദി വിന്ധ്യൻ പർവ്വതത്തിൽ നിന്നുത്ഭവിച്ചു യമുനാ നദിയിൽ ചെന്നു വീഴുന്നു.

വേത്രി-പ. കാവൽക്കാരൻ. ഉ. വെള്ളിത്തടിക്കാരൻ.

വേദക്കാരൻ-വേദം അനുസരിച്ചു നടക്കുന്നവൻ.

വേദചതുഷ്ടയം-ഋക്, യജുസ്സ്, സാമം, അഥർവ്വണം. ഇവ ഭ-ം.

വേദജപം-വേദം ചൊല്ലുക.

വേദജ്ഞൻ-വേദത്തെ അറിയുന്നവൻ.

വേദന-ഉപദ്രവം, നൊവു്, മനോവ്യഥ.

വേദനപ്പെടുന്നു-ഉപദ്രവപ്പെടുന്നു, മനോവ്യഥപ്പെടുന്നു. (സ. ക്രി.—വേദനപ്പെടുത്തുന്നു.)

വേദനം-പറച്ചൽ.

വേദനിന്ദകൻ-വേദത്തെ നിന്ദിക്കുന്നവൻ, മ്ലേച്ഛൻ.

വേദൻ-വിഷ്ണു.

വേദപാഠകൻ-പ. വേദത്തെ പഠിക്കുന്നവൻ. ഉ. വേദത്തെ ചൊല്ലുന്നവൻ.

വേദപാരഗൻ-വേദത്തെ മുഴുവനും പഠിച്ചവൻ.

വേദപാരായണം-വേദത്തെ പഠിക്കുക.

വേദപുസ്തകം-ചില മാർഗ്ഗക്കാരുടെ ഒരു മതഗ്രന്ഥം. ന്യായപ്രമാണവും മറ്റും.

വേദപ്രമാണ്യവാദം - (ക്രിസ്തുമതപുസ്തകം) എല്ലാത്തിനേയുംകാൾ ദൈവത്തെ സ്നേഹിക്കുക, തന്നെപ്പോലെ അന്യനെ സ്നേഹിക്കുക.

വേദം-പ. ദൈവവചനം. വേദങ്ങൾ-ഭ. ഋക്ക്, യജുസ്സ്, സാമം, അഥർവ്വണം.

പരബ്രഹ്മത്തിന്റെ ശ്വാസത്തിൽ നിന്നാണ് വേദങ്ങളുടെ ഉത്ഭവം. ഓരോ വേദവും മന്ത്രം, ബ്രാഹ്മണം ഇങ്ങിനെ രണ്ടായി പകുത്തിരിക്കുന്നു. (പദ്യം—സ്തുതികളും പ്രാർത്ഥനകളും അടങ്ങിയ മന്ത്രം. ഗദ്യം—ആചാരക്രമങ്ങളും വ്യാഖ്യാനങ്ങളും കഥകളുമായ ബ്രാഹ്മണം

രണ്ടും ശ്രുതികളായിത്തന്നെ കരുതി വരുന്നു. നാലു വേദങ്ങളിലും പ്രധാന്യമായതു ഋഗ്വേദമാണു്. അഥർവ്വവേദം പുരാതനമായതല്ല. അതുപോലെ മുന്നു വേദങ്ങൾഎന്നു മനു പറയാനുണ്ടായകാരണം.

ഇതിന്റെ ഉദ്ദേശം—വേദം കൃതകൃത്യങ്ങൾ ഇന്നതാണെന്നും അതുകളെ രക്ഷിച്ചാൽ ഇന്ന ഇന്ന ശിക്ഷകൾ അനുഭവിക്കേണ്ടിവരുമെന്നും രാജശാസനപോലെ കല്പിക്കയാണു ചെയ്യുന്നതു്.

വേദം—പലവിധമായ അറിവിനെ നൽകുന്നതും ഉച്ചാരണത്തിൽ പോലും മഹാമഹിമയറിയുന്നതും പരിശുദ്ധവുമായ ഹിന്ദുക്കളുടെ അമൂല്യമായ സാഹിത്യം.

1. ഋക്—ദേവതകളുടെ സ്തോത്രങ്ങളായ മന്ത്രങ്ങൾ അടങ്ങിയ ഭാഗം.
2. യജുസ്സ്—പല വിധങ്ങളായിരിക്കുന്ന വൈദിക കർമ്മങ്ങളുടെ ചടങ്ങു്, അതിനാവശ്യമുള്ള ദ്രവ്യങ്ങൾ, അതാതു കർമ്മങ്ങളിൽ ആരാധിക്കേണ്ട ദേവതകൾ, ആ കർമ്മങ്ങളുടെ ഫലങ്ങൾ ഇവയെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗം.
3. സാമം—യാഗങ്ങളിൽ ദേവതകളെ സ്തുതിച്ചു തൃപ്തിപ്പെടുത്തുന്നതിനായി ഋഗ്വേദത്തിലെ സ്തോത്രമന്ത്രങ്ങളെ ഇന്നതെന്ന ഗാനരീതിയിലാക്കി വെച്ചിട്ടുള്ള ഭാഗം.
4. അഥർവം—ശത്രുക്കളിൽ നിന്നു തങ്ങൾക്കു പരാജയം ഉണ്ടാകാതിരിക്കാനായി തങ്ങൾക്കു ബലത്തേയും എതിരാളിക്കു ബലക്കുറവിനേയും ഉണ്ടാക്കുന്നതിനായി വേണ്ട കർമ്മങ്ങളേയും ഉപായങ്ങളേയും പറഞ്ഞു പ്രതിപാദിക്കുന്ന ഭാഗം.

ആയുർവ്വേദം, ധനുർവ്വേദം, ഗാന്ധർവ്വവേദം എന്നിങ്ങനെയുള്ള ഉപവേദങ്ങളിൽ ആയുർവ്വേദവും ധനുർവ്വേദവും അഥർവ്വവേദത്തിന്റേയും, ഗാന്ധർവ്വവേദം സാമവേദത്തിന്റേയും ഉപവേദങ്ങളാകയാൽ അവയിൽത്തന്നെ അന്തർഭവിക്കുന്നു (അടങ്ങുന്നു).

സംസ്കൃതസാഹിത്യത്തിന്റേയും, ഹിന്ദുമതത്തിന്റേയും അടിസ്ഥാനം ഋഗ്വേദമാകുന്നു. വേദത്തിലെ മന്ത്രങ്ങളുടെ ഗൂഢാർത്ഥത്തെ കാണിക്കുന്ന വ്യാഖ്യാനങ്ങൾക്കു ഉപനിഷത്തു് എന്നു പേർ. (ഏതുനോക്കുക ശബ്ദം).

സാമവും യജുസ്സും ഋക്കിൽനിന്നുതന്നെ വിച്ഛേദിച്ചുണ്ടാക്കുന്നു. ചില ഭാഗങ്ങൾ ഋക്കിൽനിന്നെടുത്തിട്ടുമുണ്ടു്.

ഉ. അറിവു്. ന. വ്യാഖ്യാനം. ര. (മ) കൃസ്ത്യാനികൾക്കുമുടേയും മറ്റും ചില പുസ്തകം.

വേദമന്ത്രം-വേദത്തിലുള്ള മന്ത്രം.

വേദമാതാവു്-ഒരു മന്ത്രം, ഗായത്രി.

വേദവല്ലി-ഭക്ഷണത്തിന്റെ പേരു്.

'വേദശാസ്ത്രമിതികേവിദൻ
വേദവല്ലീമണി'

വേദവാക്കു്-വേദവാക്കു്.

വേദവിൽ, വേദവിത്തു്-വേദത്തെ അറിയുന്നവൻ.

വേദവതീ-കുശധ്വജന്റെ പുത്രി.

വേദവതി—ബൃഹസ്പതിയുടെ പുത്രൻ കുശധ്വജൻ എന്ന മഹർഷിയുടെ മുഖത്തിൽനിന്നു വേദാഭ്യാസം ചെയ്യുന്ന സമയത്തിൽ ശ്രീഭഗവതി 'വേദവതി' എന്ന പേരോടുകൂടി അവതരിച്ചു. ഈ സ്ത്രീരത്നത്തെ വിഷ്ണുവിനുമകൂടുപ്പാൻ അദ്ദേഹം തീർച്ചയാക്കി. അതി സുന്ദരിയാ

യിരുന്നു. രാവണൻ ഹിമാലയത്തിൽ ഒരു വനത്തിൽവച്ചു ഇവരെ കണ്ടുമുട്ടിച്ചതിൽ സംശയിച്ചില്ലാ. മൈരേയരാജാവായ രംഭയെ കരിക്കൽ ഈ സ്ത്രീയെ വശീകരിപ്പാൻ തക്കവണ്ണം, അപ്പോൾതന്നെ വിഷ്ണുവിനായിരിക്കേണ്ടുന്ന പിതാവു നിശ്ചയിച്ചിരിക്കുന്ന പ്രകാരം അവൾ പറഞ്ഞു. ഉടൻ കാശരാജാവിനെ ശപിച്ചു വധിച്ചു. അഗ്നിപ്രവേശത്തിനും വിഷ്ണുവിനെ തന്റെ ഭർത്താവായി ലഭിക്കുന്നതിനും വേദവതി ഭഗവല്പൂജ ചെയ്തു അപേക്ഷചെയ്തു. വീണ്ടും രാവണൻ ദിഗ്വിജയം കഴിച്ചുവരുന്നതുവരെ ഭൂമിയിൽ ജനിക്കുന്നതിനു അവൾ നിർബന്ധിച്ചു. വിഷ്ണുവിനെക്കാൾ യോഗ്യനായ തന്റെ വിരൽകൊണ്ടു അവളുടെ തലമുടി തൊട്ടുനോക്കി. ആ മുടിയെ ഉടൻ കോപിഷ്ഠയായ വേദവതി മുറിച്ചുകളഞ്ഞു 'നിന്റെ വധത്തിനു കാരണഭൂതയായി ഞാൻ ജനിക്കും' എന്നു ശപിച്ചിട്ടു രാവണന്റെ മുമ്പാകെ അവൾ അഗ്നിപ്രവേശം ചെയ്തു. സീതയായതു ഈ വേദവതിതന്നെ.

വേദവാക്യം-ഇനിയൊരാളും പറഞ്ഞറിയേണ്ടതായ ആവശ്യമില്ലെന്നും സ്ഥിരമായി വിശ്വസിപ്പാനുള്ളതു ഈ പറയുന്നതുതന്നെന്നും മറ്റാരാളെ ധരിപ്പിക്കുന്നായി ഒരാൾ പറയുന്ന വാക്ക്

വേദവിധി - വേദങ്ങളിലുള്ള ശാസനങ്ങൾ

വേദവിഹിത-വി വേദത്താൽ വിധിക്കപ്പെട്ട.

വേദവ്യാസശിഷ്യന്മാർ സമന്തു, ജൈമിനി, പൈലൻ, ശുകൻ. (ഇവർ നാലുപേരും പ്രധാനികൾ).

വേദശാഖാപ്രപഞ്ചയം-ഋക്കിനു ശാഖ 21, യജുസ്സിനു 150, സാമത്തിനു 1000, അഥർവ്വത്തിനു 50. (ഓരോ ശാഖയ്ക്കും ഓരോ ഉപനിഷത്തുമുണ്ട്).

വേദവ്യാസൻ -വേദത്തെ നാലാക്കിപ്പകുത്ത ഒരു മഹർഷി. വേങ്ങളെ വിഭജിച്ചതുകൊണ്ടു് ഈ പേർ വന്നു.

'ബ്രഹ്മദേഹിക്കുമായ ശുഭരൂപയാട്ടു
അവൻ നിമ്മലൻമാമഗ്നിനന്ദനനായ
ശേക്കം * ധർമ്മസ്ഥാപനകരൻ ചിന്ത
യൻ ഭഗവാനായ കൻമഷഹരൻ വേദ
വ്യാസനായതും നാഥൻ'

(ഭാരതം)

വേദസാരം, വേദസിദ്ധാന്തം-വേദാന്തം.

വേദാംഗശിക്ഷാക്രമം—ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കല്പം ഇവ നു-ം വേദാംഗങ്ങൾ= വേദത്തിനുള്ള അവയവങ്ങൾ ആകുന്നു. വേദാർത്ഥതത്പരം ഗ്രഹിച്ചു വേദോക്തമായ കർമ്മത്തെ വഴിപോലെ അനുഷ്ഠിച്ചു മേന്മയെ നേടുന്നതിനു നമ്മെ സഹായിക്കുന്ന മറ്റു ചില സാഹിത്യങ്ങളും ആകുന്നു വേദാംഗങ്ങൾ,- അവയിൽ

1. ശിക്ഷ—ഇതു വേദങ്ങളുടെ ശരിയായ ഉച്ചാരണക്രമത്തെ പ്രതിപാദിക്കുന്നു.

2. വ്യാകരണം—വേദവാക്യങ്ങളുടെ പ്രയോഗത്തെയും പദങ്ങൾക്കുള്ള അർത്ഥവിശേഷങ്ങളെയും വാക്കുകളുടെ സാധുത്വാസാധുത്വത്തെയും പറഞ്ഞു പ്രതിപാദിക്കുന്നു.

3. ഛന്ദസ്സ് — വേദസൂക്തങ്ങളുടെ ഉച്ചാരണത്തിലുള്ള വിശേഷപ്പെട്ട മട്ടുകളെപ്പറഞ്ഞു പ്രതിപാദിക്കുന്നു.

4. നിരുക്തം — വാക്യങ്ങളിൽ വേദാർത്ഥം ഗ്രഹിക്കാൻ പ്രയാസമായുള്ള പദങ്ങളുടെ അർത്ഥവിശേഷങ്ങളെ വിസ്താരമായി വ്യാഖ്യാനിക്കുന്നു.

5. ജ്യോതിഷം—വേദോക്തങ്ങളും യാഗകർമ്മങ്ങളും അനുഷ്ഠിക്കുന്നതിനു ശുഭാശുഭങ്ങളായ കാലവിശേഷങ്ങളെ ഗ്രഹിപ്പിക്കുന്നതിനായി ഗ്രഹനക്ഷത്രാദികളുടെ ഗതിവിശേഷത്തെയും തന്നിമിത്തം കണക്കാക്കപ്പെടുന്ന സമയക്കണക്കിനെയും പറഞ്ഞു പ്രതിപാദിക്കുന്നു.

6. കല്പം—ശ്രൌതിക കർമ്മാനുഷ്ഠാനത്തിൽ യജുർവേദത്തിൽ മുഴുക്കെപ്പറഞ്ഞിട്ടുള്ള കർമ്മച്ചടങ്ങുകളെ അതതു വിശേഷമായി പ്രതിപാദിക്കുന്നു. ഇവയ്ക്കു ശ്രൌതസൂത്രങ്ങൾ എന്നും പറയാറുണ്ട്.

വേദാഗ്രണീ(ണി)-സരസ്വതീനദി.

വേദാത്മക-വി. വേദം ആത്മാവായുള്ള

വേദാത്മിക-സരസ്വതി. വേദംതന്നെ ആത്മാവായുള്ളവൾ എന്നർത്ഥം. (അക്ഷരരൂപിണി എന്നു ഇതുകൊണ്ടു വ്യക്തം).

വേദാദിവർണ്ണൻ-പ്ര. വേദാന്തം പഠിച്ചവൻ. ഉ. ദൈവം.

വേദാന്തക്കാരൻ-വേദാന്തം പഠിച്ചവൻ

വേദാന്തം-ഒരു മതം, വേദസാരം, വേദത്തിന്റെ ഒരു ഭാഗം.

വേദാന്തം—വേദത്തിന്റെ അന്തം. (അവസാനഭാഗം). പ്രധാനമായ ആറു മതങ്ങളും വേദത്തിനുള്ളതിൽ ഒടുവിലത്തേതു്, ഒരു ഉപനിഷത്തു്. ഇങ്ങിനെ ഇതിനു പേർ പറയുന്നതു വേദസാരങ്ങളും മുഴുവനും ഇതിൽ അടങ്ങുന്നതുകൊണ്ടത്രെ. ജൈമിനി മഹർഷിയുടെ പൂർവ്വമീമാംസയുടെ ഉത്തരഭാഗമാണെന്നു ഭ്രമിച്ചു ചിലർ ഈ ഭാഗത്തെ ഉത്തരമീമാംസ എന്നു വ്യവഹരിക്കുന്നതു ശരിയല്ലാത്തതാകുന്നു. വേദാന്തമെന്നു ഈ ഭാഗത്തെ പ്രത്യേകം എടുത്തു പറയുന്നതു വേദാന്തങ്ങളുടെ അവസാനത്തിൽ ഉപനിഷത്തുകളും വ്യവച്ഛിന്നമായി സ്ഥാപിതമായ ഭാഗമായതുകൊണ്ടു.

വേദാന്തസംഗ്രഹം-ഒരു പുസ്തകം.

വേദാന്തി-വേദസാരത്തെ പഠിച്ചുവൻ.

വേദാഭ്യാസം-വേദത്തെ പഠിക്ക.

വേദി-പ്ര. ഹോമത്തിനായി കെട്ടിപ്പൊക്കീട്ടുള്ള സ്ഥലം, പരിഷ്കൃതഭൂമി. ഉ. രാജധാനിയുടെയും മറ്റും നടുമുറ്റത്തു സമചതുരമായുണ്ടാക്കി അലങ്കരിച്ചിട്ടുള്ള തറ. നു. ബലി കഴിക്കുന്നതിനുള്ള തറ. ർ. മുദ്രാമന്ത്രിരം. @ സരസ്വതി. ന്യു. പണ്ഡിതൻ.

വേദിക-പ്ര. ചതുരശ്രമായ മുറിയിലുള്ള തറ. ഉ. ക്ഷേത്രത്തിന്റെ മുറ്റം. ഭിത്തിയോടു ചേർത്തു വിളക്കു തറപ്പാൻ ഉണ്ടാക്കീട്ടുള്ള മരക്കുട്ടു്.

വേദിക്കുന്നു—അറിയുന്നു, വിചാരിക്കുന്നു.

വേദിയൻ-ബ്രാഹ്മണൻ.

വേദോക്ത-വി. വേദത്തിൽ പറഞ്ഞിരിക്കുന്ന.

വേദ്യ, വേദനീയ-വി. അറിയത്തക്ക, അറിയപ്പെടേണ്ടുന്ന.

വേധകൻ-തുളക്കുന്നവൻ.

വേധകം-പ്ര. കൊന്നമ്പാലരി (മുണങ്ങിയതു്). ഉ. കറ്റാലം, ഒന്തരിഞ്ഞാം പുളി.

വേധനം-തുളയ്ക്ക.

വേധനി, വേധനിക-രണ്ടും തുളയ്ക്കുന്ന സൂചി.

വേധനിക-പ്ര. കസ്തൂരി. ഉ. ഉലുവാ

വേധാ-തുളയ്ക്ക.

വേധമുഖ്യ(ക)ം — ചെറകച്ചോലം, കച്ചോലം.

വേധമുഖ്യാ-കസ്തൂരി.

വേധസ്സ്-പ്ര. ബ്രഹ്മാവ്. സൃഷ്ടിക്കുന്നവൻ എന്നർത്ഥം. പ്ര. വിഷ്ണു. വിധാനം ചെയ്യുന്നവൻ എന്നർത്ഥം.

'വേധാഃ പുംസി ഹൃഷീകേശേ
ബുധേ ച പരമേഷ്ഠിനി'
(മേദനി)

വേധാവ്-ബ്രഹ്മാവ്.

വേധി-വി. വേധിക്കുന്ന. (ധീ, ധിനി, ധി).

വേധിക്കുന്ന-തുളയ്ക്കുന്ന.

വേധിത-വി. തുളയ്ക്കപ്പെട്ട.

വേധിനി-പ്ര. അട്ട. പ്ര. മുലവം.

വേദ്യ-വി. തുളയ്ക്കത്തക്ക.

വേദ്യം-ലാക്ക്.

വേനൻ-അംഗൻ എന്ന നൃപനെ സുനീഥയിൽ ജനിച്ചവൻ. (വേണൻ എന്നതു നോക്കുക).

വേനപ്പച്ച-ഒരു പച്ചമരുന്ന്.

കഫപിത്തങ്ങളെ ശമിപ്പിക്കും. രുചികരമാണ്. സം-ഗ്രീഷ്മസുന്ദരകം.

വേനൽ-മഴ കുറയുന്ന കാലം. ഗ്രീഷ്മികം മുതൽ ആവണിമാസം.

വേനൽചേരി-ചെരിപ്പുന്തൽ.

വേൻ-ത്രംസ്സിനുണ്ടാകുന്ന ഒരു വ്യത്യാസം, കള്ളിത്രംസ്സിന്റെ അവസ്ഥ.

വേന്തൻ-പ്ര. രാജാവ്. ഉം, വേന്തർകോൻ (രാമചരിതം). പ്ര. വ്യാഴൻ.

വേന്തിരൻ, വേന്തു, വേന്തരൻ-ഒരുവക പായ്. (പായ് എന്ന ശബ്ദം നോക്കുക).

വേപഥു-വിറയൽ.

വേപനം-വിറയൽ.

വേപമാനൻ-വിറയലോടെ കൂടിയിരിക്കുന്നവൻ.

വേപിക്കുന്ന-വിറയ്ക്കുന്ന.

വേപിത-വി. വിറയ്ക്കുന്ന.

'അഭീപ്സുരുപരിതാപവേപിതാംഗീ'
(നളചരിതം കഥകളി)

വേപ്പ്-ഒരു വൃക്ഷം, ആര്യവേപ്പ്.

തണ്ണീർഭാഗം, ചൂട, ജ്വരം മുതലായവയ്ക്കു നന്ന്. ഇല-കണ്ണിനു നന്ന്, പഴുത്തയില-വ്രണത്തിനു അത്യുത്തമം. സം-നിംബം. ത-വേപ്പമരം. ഇം-Nimb-tree നിംബ് ട്രീ.

വേപ്പെണ്ണ-കഫം, വ്രണം, കുഷ്ഠം, ജ്വരം, പ്രമേഹം, അർശ്സ്, ശിരോരോഗം, വീക്കം, കൃമി ഇവയ്ക്കു നന്ന്.

വേപ്പൽ-വേക്കുക, ആടിനടക്കുക.

വേപ്പില-വേപ്പുവൃക്ഷത്തിന്റെ ഇല.

വേപ്പിലക്കട്ടി-നാരകത്തിലയും മുളകും ഉപ്പുംകൂടി ഉരലിലിട്ട് ഇടിച്ചുപൊടിച്ചു വെക്കുന്നതു്.

കയ്പവേപ്പിലയും മറവും കൂട്ടിയുണ്ടാക്കുന്ന ചമ്മന്തിക്കറിയെന്നും, ഉപ്പും വറൽമുളകും കൂട്ടി പൊടിച്ചുണ്ടാക്കിയ ചമ്മന്തിക്കറിയെന്നും ഞങ്ങൾപ്രയോഗം കാണുന്നുണ്ട്.

വേപ്പെണ്ണ-വേപ്പിൻ കുരുവിൽ നിന്നും എടുക്കുന്ന എണ്ണ.

വേമാവ്-മനയിത്തുകോൽ.

വേമ്പ്-ഒരങ്ങാടിമരുന്ന്, വേപ്പ്.

വേമ്പ്-ഒരു വൃക്ഷം.

വേമ്പാട-ഒരങ്ങാടിമരുന്ന്.

വേരു-ഒരു പക്ഷി.

വേരുണിമൂലം-രാമച്ചം.

വേരു-പ്ര. തക്കാരിവഴുതിന. പ്ര. കങ്കുമം.

വേരറ-സമൂഹം. (പ-മ)

വേരി-മധു, തേൻ.

വേരിച്ചൊല്ലാർ-തേൻമൊഴി, സുന്ദരി എന്നർത്ഥം.

'വേരിച്ചൊല്ലോർ മനസിജ
കയൽക്കണ്ണനെ'
(ഉണ്ണുനീലിസന്ദേശം)

വേരുന്നുക-അടിസ്ഥാനമിടുക.

വേർ(രു)-വൃക്ഷങ്ങളുടേയും മറ്റും മുഖട്ടിൽ മണ്ണിൽ താണിരിക്കുന്ന ഭാഗം. പര്യായങ്ങൾ-ശിഫാ, ജടം.

വേർ എന്നതു വൃക്ഷത്തിന്റെ മൂട്ടിൽ നിന്നും കീഴ്പ്പോട്ടു ഭൂമിയിലേക്കു പോകുന്ന ഭാഗമാകുന്നു. ഇതിൽനിന്നും ഉപവേരുകളും പുറപ്പെട്ടു പലവഴിയും പോകുന്നു. നേരേ കീഴ്പ്പോട്ടു പോകുന്നതിനെ നാരായവേരെന്നും തള്ളിവരുന്നതിനെ പറയുന്നു. വേരുകൊണ്ടുള്ള ഉപയോഗങ്ങളും വൃക്ഷങ്ങളെ ഭൂമിയിൽ സ്ഥിരമായി നിറുത്തുകയും മറ്റുമാകുന്നു.

ഉ. മൂലം. ന. മുവട്ട്. ഭ. കരണം.

വേർ, വിയർ-മധുരമുള്ള.

വേർതിരിയുന്നു- വേർപെടുന്നു. (സ. ക്രി. വേർതിരിക്കുന്നു).

വേർതിരിവ്-പ. വേർപാട്. ഉ. ഒന്നിച്ചിരിക്കുന്ന സാധനം പലതായിട്ടു തീരുക ന. അടുത്തിരിക്കുന്നവരിൽ ആരെങ്കിലും അകലേപോവുക.

വേർപാട്-വേറെ ആയിത്തീരുക.

വേർപിരിയുന്നു- വേർപെടുന്നു. (സ. ക്രി. വേർപിരിക്കുന്നു).

വേർപെടുന്നു, വേർവിടുന്നു-വേറെ ആകുന്നു. (സ. ക്രി. വേർപെടുക്കുന്നു, വേർപെടുത്തുന്നു). (വേർവിടുക്കുന്നു, വേർവിടുത്തുന്നു).

വേല-പ. രതിഴിൽ, ജോലി. ഉ. അദ്ധ്വാനം, പ്രയത്നം, പ്രയാസം. ന. തീരം. ഭ. വേള, സമയം. ള. സമുദ്രം. ന. ആറാമത്തെ. ഒ. അരിക്. വ. സമുദ്രതീരം. ൻ. രാജാജ്ഞനം. ക്രാ. അന്യായസമരണം.

വേലകം-വലിയ തടിയുള്ള ഒരുവക വൃക്ഷം.

വേലക്കാരൻ-ദാസൻ, വേല ചെയ്യുന്നവൻ. (സ്ത്രീ-വേലക്കാരി).

വേലതുള്ളൽ-വേലകളി, ഒരുവക കളി.

വേലത്തി-വേലന്റെ സ്ത്രീ.

വേലൻ-പ. പറയെടുപ്പി ഒരുന്നവൻ. ഉ. ചുണ്ണാമ്പുണ്ടാക്കുന്നവൻ.

വേലപ്പാട്-പ്രയത്നം.

വേലപ്പെടാതെ-പണിപ്പെടാതെ.

വേലപ്പെണ്ണ്-പ. മഹാലക്ഷ്മി, കടൽകന്യാ.

'വേലപ്പെൺ കന്തൻതന്നാണച്ചൊല്ലി'
(കൃഷ്ണഗാഥ)

ഉ. ദാസി. (പ-2.)

വേലയിറക്കം-പ. വേലതുള്ളൽ ആരംഭിക്കൽ. ഉ. വേലിയിറക്കം.

വേലയേറ്റം-പ. വേല തുള്ളിക്കേറുക. ഉ. വേലിയേറ്റം.

വേലായുധൻ-സുബ്രഹ്മണ്യൻ.

വേലാതടം-സമുദ്രതീരം.

വേലാവിലങ്ങ്ലി-സമുദ്രതീരത്തെ ലംഘിക്കുന്നതു്, ധാരാളമായുള്ളതു്.

വേലി-പറമ്പിലും മറ്റും കന്നുകാലികളും കടക്കാതിരിപ്പാൻ പത്തൽ, മുള, മുള്ള് മുതലായവകൊണ്ടു ചുറ്റും വളച്ചു കെട്ടുന്നതു്. പര്യായം-പ്രാചീനം.

വേലിക്കടമ്പ-വേലി കെട്ടുന്നതിനുള്ള ഒരു പണി.

വേലിക്കഴാ(യി)-പ. നീക്കുവാതൽ. ഉ. ഉഴാൽപടി.

വേലിക്കിഴങ്ങ്-ഒരു തരം.

വേലിത്തിത്ത-ഒരു പക്ഷി.

വേലിപ്പരുത്തി-ഒരു വള്ളി.

ചുമ, കഫം, ജ്വരം മുതലായവയ്ക്കു നന്ന്. സം-ഇന്ദീവരം. ത-ഉത്താമണി. ഇം-Asparagus Racemoses.

വേലിപ്പുഴ-വേലി പൊളിഞ്ഞ സ്ഥലം.

വേലിയിറക്കം - കടലിറക്കം, വലിച്ചിൽ.

വേലിയേറ്റം-സമുദ്രജലം പൊങ്ങുക, ചന്ദ്രോദയത്തിങ്കലുണ്ടാകുന്ന സമുദ്രജല വർദ്ധന.

നിലവും കിഴക്കോട്ടു തിരിയുന്ന ഭൂമിയെ ചുറ്റുന്നതിനായി പടിഞ്ഞാറായിട്ടു ഗമിക്കുന്ന ചന്ദ്രൻ ആ വഴിയായി ജലങ്ങളെ ആകർഷിക്കുന്നതുകൊണ്ടു വേലിയേറ്റവും ഇറക്കവുമുണ്ടാകുന്നു.

വേൽ-ഒരായുധം.

വേൽക്കാരൻ-വേലുള്ളവൻ.

വേല്ലജം-കൊടിമുരുക്ക്, മുരുക്ക്.

വേല്ലം-വിഴാൽവൃക്ഷം, വിഴാലരി.

വേല്ലിത-വി. ക. ചുറ്റപ്പെട്ട.

'വേല്ലിതദൃഷ്ടി വേശ്മവിജനം'

(അമരകോശതികം)

പ. ഇളക്കപ്പെട്ട. സം. ഇളക്കുന്ന. ര. വളഞ്ഞ.

വേവ്-ക. അഗ്നികൊണ്ടുണ്ടാകുന്ന പാകം. പ. ഉഷ്ണം, ചൂട്.

വേവലാതി(ധി)-ക. പരിഭ്രമം. പ. വ്യാകുലം, തിടുക്കം. സം. സംഭ്രമം, ശങ്ക.

വേവുന്നു-തീകൊണ്ടു പാകം വരുന്നു. (സ. ക്രി. വേവിക്കുന്നു).

വേവുവടി-ഉത്തരത്തിനു താഴെ പണിയായി വെക്കുന്ന ഒരു പലക.

വേവ്വാള-ഒരു വൃക്ഷം, വെന്തേക്ക്.

വേവുറവ്-ചൂടുണ്ടായിട്ട്. (പ-മ.)

വേവെടുക്കുന്നു-ഉഷ്ണിക്കുന്നു, ചൂടുന്നു.

വേശ-മറ.

വേശന്തം - അല്പസരസ്സ്, ചെറുകുളം, ചിറക്കഴി.

വേശം-ക. പ്രവേശനം. പ. വേശ്യാവേനം. സം. ഭവനം. ര. അലങ്കാരം.

വേശ(സ)രം-വെട്ടിക്കുതിര.

വേശാന്തം-ചിറക്കഴി.

വേശ്മദ്വാരം-പുരയുടെ മുറ്റം.

വേശ്മം-ഭവനം.

വേശ്യാ- ക. തേവിടിച്ചി. എല്ലാടവും ചെല്ലുന്നവൾ എന്നർത്ഥം. മറ്റു പത്തുമായ്ങ്ങൾ-വാരസ്ത്രീ, ഗണിക, രൂപാജീവ.

പണം ഒന്നിനേമാത്രം നോക്കി പുറത്തേക്കുമാത്രം അനുരാഗത്തെ കാണിക്കുന്നതാണ് വേശ്യയുടെ പ്രധാന ലക്ഷണം.

'ധീരം കലാ പ്രഗൽഭാസ്യാദ്വേശ്യാ സാമാന്യനായികാ നിർഗ്രണാന്വേഷി ന ദ്വേഷ്ടി ന രജ്യതി ഗ്രണിഷ്വപി * യിത്തമാത്രം സമാലോക്യ സാരാംശം മർത്യേൽ ബഹിഃ കാമമംഗീകൃതമപീപരി ക്ഷീണധനം നരം * മാത്രം നിഷ്കാസയേദ്വേഷ്ടാ പുനസ്സന്ധാനകാംക്ഷയാ തസ്കരഃ പാണ്ഡകഃ മൂഢഃ സുഖപ്രാപ്ത്യുപായനാസ്ഥാ * ചിംഗിനഃഷ്ടാ കാമാദ്യ ആസംഗം പ്രായേണ വല്ലഭഃ'

(സാഹിത്യദർപ്പണം)

പ. അതിവിടയം.

വേശ്യാജനസമാശ്രയം-തേവിടിശ്ശിത്തെരുവ്.

വേശ്യാപതി-വിടൻ.

വേശ്യാപ്രിയ-മഞ്ഞൾ.

വേശ്യാവൃത്തി-വേശ്യകളുടെ ആചാരം.

വേശ്യാസംഗം–വ്യഭിചാരം.

വേഷണം–പ്ര. പ്രവേശനം. ഉ. രൂപം നാംഭീരം.

വേഷണാ–രകാത്തമ്പുരേയരി (ഉണങ്ങരയ്യ്).

വേഷധാരി, വേഷധ്രുക്ക്–മറുവേഷം ചമഞ്ഞു നടക്കുന്നവൻ.

വേഷം–പ്ര. അലങ്കാരം. ഉ. ആഭരണം, സ. മറുവേഷം.

വേഷവാരം–കറികളെ പരിഷ്കരിക്കുന്നള്ള ഏതാനും സാധനങ്ങൾ. (വേസവാരം എന്നതു നോക്കുക).

വേഷ്ടി(ക)ം–തിരുവട്ടപ്പശ.

വേഷ്ടിക–വി. ചുറ്റുന്ന.

വേഷ്ടികം–പ്ര. തലപ്പാവ്. ഉ. വേലി. സ. ഇലയിൻപശ. ര. മുഞ്ഞ.

വേഷ്ടനം–പ്ര. ചുറ്റൽ. ഉ. വേലി. സ. തലപ്പാവ്. ര. ഗ്രന്ഥി. ഇ. അരഞ്ഞാണ്.

വേഷ്ടം–പ്ര. ചുറ്റൽ. ഉ. വേലി. സ. തലപ്പാവ്. ര. മരക്കറ, പശ. ഇ. പയിനെണ്ണ.

വേഷ്ടി–അംശവസ്ത്രം, ഉത്തരീയം.

വേഷ്ടിക്കുന്നു–ചുറ്റുന്നു.

വേഷ്ടിത–വി. ചുറ്റപ്പെട്ട.

വേഷ്ടിതം–ചുറ്റുക.

വേസവാരം–കറികളെ പരിഷ്കരിക്കുന്നതിനായി അവയിൽ ചേർത്തുവരുന്ന മുളകുപൊടി, മഞ്ഞപ്പൊടി, കായം, ജീരകം, കടുവറവു മുതലായതു്. വേശവാരം, വേക്കവാരം ഇവ പാഠങ്ങൾ.

വേഹൽ–ഇട്ടകിടാവിട്ട പശു (മച്ചിപ്പശു).

വേള–പ്ര. അവസരം. ഉ. ഒരു രുത.

വേളാൻ–കുശവൻ.

വേളി–പ്ര. വിവാഹം. ഉ. ചില ബ്രാഹ്മണർക്കു മാത്രം വിവാഹത്തിനു പറയുന്ന പേർ. സ. വിവാഹം ചെയ്യപ്പെട്ട സ്ത്രീ. ര. ഒരു കായലിന്റെ പേർ.

വേളിക്കുടുന്നു–ഭാര്യാഭർത്താക്കന്മാർ തമ്മിൽ ചേരുന്നു.

വേഴംകൂടുന്നു–പ്ര. കല്യാണം കഴിക്കുന്നു, സംബന്ധം ചെയ്യുന്നു. ഉ. ബ്രാഹ്മണൻ വിവാഹം ചെയ്യുന്നു. (കാ. ക്രി. വേഴം പ്പിക്കുന്നു).

വേഴച്ച–സംബന്ധം.

വേറാകുന്നു–വേർപെടുന്നു. (സ. ക്രി. വേറാക്കുന്നു).

വേറിടുന്നു–വേർപെടുന്നു. (സ. ക്രി. വേറിടുവിക്കുന്നു).

വേറിട്ടാകുന്നു–വേറെയാകുന്നു.

വേറു–വി, വേറേയുള്ള.

വേറുക്കുറു–പ്ര. മറ്റൊരു പങ്ക്. ഉ. മറുപക്ഷം.

വേറുക്കുറു–വേർതിരിയുക, പക്ഷഭേദം.

വേറെ–വി. മറ്റേ.

വേറെ–അ. വേറായി.

വേറൊരുത്തൻ–മറ്റൊരുത്തൻ. (സ്ത്രീ–മറ്റൊരുത്തി).

വേറുര–പ്ര. തവറപ്പോടുകുടിയ വടക്ക്. ഉ. വേലന്റെ ഒരുത്തു്.

വേഴച്ചെന്നെല്ല്–ഒരുവക നെല്ല് (ജ്യേഷ്ഠയുടെ ചേർന്ന ശാഖി).

വേഴംപുല്ല്, വേഴൽ–ഒരുമാതിരി വലിയ പുല്ല്.

രക്തമോക്ഷം, ചുട്ടുനീറൽ, തണ്ണീർദാഹം മുതലായവയ്ക്കു നന്ന്. സംനാമം. ത–രകാരുരെക്കു, തണ്ടരയുല്ല്. ഇം–Reed.

വേഴാമ്പൽ–ഒരു പക്ഷി.
സം–ചാതകം. ത–ചാതകപ്പുള്ള്.

വേഴ്ച–സ്നേഹം, ബന്ധുത.

വേഴ്വി, വേഴ്ചവി–യാഗം.
'കേഴചികമുനി കവേഴ്വികാത്തവളുന്ന'
(രാമചരിതം)

വൈ

വൈ–അ. പദപൂരണത്തിനും മറ്റും പ്രയോഗിക്കുന്നത്.

വൈകക്ഷികം, വൈകക്ഷ്യകം–മാറിടത്തിൽ വിലങ്ങത്തിലിട്ട മാല. വികക്ഷത്തിൽ (ഉരസ്സിൽ) ഭവിച്ചതു വൈകക്ഷകം. വൈകക്ഷികം, വൈകക്ഷ്യകം ഇവ പാഠങ്ങളും. പൂണൂലിന് മീതെ ഇടുന്ന മാല.

വൈകടികൻ–രത്നങ്ങളെ തേച്ചു നന്നാക്കുന്നവൻ.

വൈകത്തനാലയം–യമപുരി.

വൈകത്തനൻ–(സൂര്യന്റെ പുത്രൻ). പ. കർണ്ണൻ. ര. കാലൻ.

വൈകല്യം–പ. വികലത, കേടു്. ര. മുടന്തു്, അംഗഹീനത. ന. ശേഷിയില്ലായ്മ.

വൈകാകൈത–വയ്യാകൈത.

വൈകാതെ–അ. താമസിക്കാതെ, വേഗത്തിൽ.

വൈകായ്മം–മാറ്റം.
'കൈവൈകായ്മമെന്നിയേ ചെമ്മേമാകീടിനാൾ'
(ഭാഗവതം 24 പുത്തം)

വൈകാലം–വൈകുന്നേരം.

വൈകാശി–ഇടവമാസം, വൈശാഖമാസം.

വൈകീടാതെ–അ. വേഗത്തിൽ.

വൈകുക–താമസിക്കുക, നേരമാവുക.

വൈകുണ്ഠൻ–വിഷ്ണു. വികുണ്ഠയുടെ പുത്രൻ എന്നർത്ഥം. (വികുണ്ഠ, ഭൃഗുൻ എന്ന മഹർഷിയുടെ ഭാര്യയാണ്).

വൈകുണ്ഠം–പ. വിഷ്ണുലോകം, വിഷ്ണുസ്വർഗ്ഗം (വൈകുണ്ഠം). ര. (വെളുത്ത) ചെറുതുളസി.

വൈകുന്നു–പ. താമസിക്കുന്നു. ര. നേരമാകുന്നു. (സ. ക്രി. വൈകിക്കുന്നു).

വൈകുന്നേരം–അ. അസ്തമനസന്ധ്യാസമയം.

വൈകൃത–വി. മാറ്റപ്പെട്ട.

വൈകൃതം–പ. നീരസം. ര. വികാരം.

വൈകൃതിക–വി. പ. മാറിയ. ര. വികൃതിയെ സംബന്ധിച്ച.

വൈകൃത്യ–വി. ആകൃതികൊണ്ടോ മനസ്സുകൊണ്ടോ മാറ്റംവന്ന.

വൈകൃത്യം–പ. മാറ്റം. ര. നീരസം.

വൈക്കം–വൈകുക, താമസിക്കുക.

വൈക്രാന്തം–ഒരുവക രത്നം, പോടി വൈരം.
ക്ഷയം, കൃഷ്ണം, വിഷ്ണു, ശ്രീധരം മുതലായവയ്ക്കു നാമം.

വൈക്ലബ്യം–ചാഞ്ചല്യം, ദുഃഖം, മനസ്സുമടുപ്പു്. (വൈക്ലവ്യം എന്നുമാകാം).

വൈഖരി–വാക്കിന്റെ ഒരു പുറപ്പാട്, സാധാരണ സംസാരം.

വൈഖാനസൻ–വാനപ്രസ്ഥൻ.

വൈഖാനസം–മീൻ.

വൈഖാനസിക–ഗൃഹസ്ഥാശ്രമം കഴിഞ്ഞു വാനപ്രസ്ഥാശ്രമം സ്വീകരിച്ചു വനത്തിൽ വന്നു താമസിക്കുന്ന സ്ത്രീ.

വൈഗുണ്യം–പ. ഗുണമില്ലായ്മ. ര. താഴ്ന്ന നില.

വൈചിത്ര്യം–വ്യസനം, ദുഃഖം.

വൈചിത്ര്യം–പ. വിചിത്രത, കൂടിക്കലർച്ച നിമിത്തമുള്ള ഒരു മംഗി. ര. അദ്ഭുതം. ന. ദുഃഖം. ഭ. നിരാശ.

വൈജനനം–പ്രസവമാസം.

വൈജയന്തൻ–ഇന്ദ്രൻ.

വൈജയന്തം–പ. ഇന്ദ്രന്റെ കൊടി. ഉ. ഇന്ദ്രന്റെ മാളിക. ന. കൊടി. ഭ. ഗൃഹം.

വൈജയന്തി–പ. കൊടിക്കൂറ. ഉ. പൂഴമുഞ്ഞ. ന. ഒരു നീതിശാസ്ത്രപുസ്തകം, ഒരു ദിഗ്വാനഗ്രന്ഥം. ഭ. മുഞ്ഞ. ഇ. വിഷ്ണുവിന്റെ മാല.

വൈജയന്തി, വൈജയന്തികാ–പൂഴമുഞ്ഞ (തഴുതാവൽ).

വൈജയന്തികൻ–കൊടിക്കൂറക്കാരൻ.

വൈജയന്തികം–കൊടി.

വൈജാത്യം–പ. ജാതിവ്യത്യാസം, ഭിന്നജാതിത്വം. ഉ. സാധാരണയുള്ള സ്വഭാവത്തിൽ നിന്നുണ്ടാകുന്ന വ്യത്യാസം. ന. അഴിമതി. ഭ. ദുർന്നടപ്പ്.

വൈജ്ഞാനിക–വി. സാമർത്ഥ്യമുള്ള.

വൈഡാലപ്രതികൻ–കപടഭക്തിയുള്ളവൻ.

വൈഡൂര്യം–നവരത്നങ്ങളിൽ ഒന്ന്.

ശുഭം, നേത്രരോഗം, ഗുല്മം, വിഷം മുതലായവയ്ക്കു നന്ന്. ധരിച്ചാൽ പാപഹരമാണ്. സം–വൈദൂര്യം. തമൊട്ടരിയം. ഇം–Cat's eye.

വൈണവ–വി. വേണുവെ (മുളയെ) സംബന്ധിച്ച.

വൈണവം–മുളംകയ്, ഇല്ലിക്കയ്, മുളനെല്ല്.

വൈണവികൻ–കഴൽ വിളിക്കുന്നവൻ, വേണുവാദ്യക്കാരൻ.

വൈണികൻ–വീണവായിക്കുന്നവൻ.

വൈണികം–ആനത്തൊട്ടി.

വൈതഥ്യം–കള്ളം.

വൈതനികൻ–സേവിക്കുന്നവൻ, വേലക്കാരൻ.

വൈതംസികൻ–പ. കണിയിൽ പക്ഷിമൃഗങ്ങളെ പിടിക്കുന്നവൻ. ഉ. മാംസം തിന്നുന്നവൻ.

വൈതരണി–പ. യമലോകത്തിനു ചുറ്റുമുള്ള നദി, (നരകം), നരകത്തിലുള്ള ഒരു നദി. അക്കരകടക്കാൻ പ്രയാസമുള്ളത് എന്നർത്ഥം.

'വഴിമദ്ധ്യത്തിൽക്കുടിയെഴുകീടുന്നതായി ഭയമാംവൈതരണിപ്പുഴയുണ്ടവിടത്തിൽ * ഘോരമായതുകണ്ടാൽസന്തപമേകയുണ്ടാം പാരംപേടിയാമതിൻ വാർത്തകളോർത്തുകണ്ടാൽ * നൂറുയോജനയുണ്ടവിസ്താരമതിന്നതൊ ഘോരയുംചലമിവനിറഞ്ഞങ്ങൊഴുകുന്നു * അസ്ഥിതൻക്ലുപ്തമല്ലോതീരമായിടുന്നതു അത്യന്തം ദുർഗ്ഗമെയന്നറികവെനതേയ * കേപം ക്കടോചലിയതിൽരക്തമാം സങ്ങളല്ലും കാക്കിലോപാപികൾക്കു കടക്കാനേറാംപണി * ഘോഷ്ടുല്യകേശങ്ങളും ചണ്ടിപ്പായലുമുണ്ടങ്ങത്യുഗ്രാധയായേറാം ദുസ്തരയെന്നേവേണ്ടു * ഉഗ്രങ്ങളായിട്ടുന്ന നക്രങ്ങളം വളരെയുണ്ടത്രയുംഘോരമായപക്ഷിക്കൂട്ടവുമുണ്ട് * പൊയ്യല്ലുഖഗേശ്വര വന്നപാപിയെക്കണ്ടയ്യോ പാരമാവിപുണ്ടതുംപുകയുന്നു * തീയുകത്തീട്ടടുപ്പത്തിരിക്കുന്നപാത്രെ നെയ്യുപോലെയെന്നാധരിക്കുമനന്തരം * സൂചിപോലെയുള്ളമുഖങ്ങളോടുമതിഘോരങ്ങളായിട്ടുന്നപുഴുക്കളുമുണ്ട് * വലുതാംകീഴ്കൊടുംകാക്കകളിവകളും വളരെയുണ്ടവറിൻകൊക്കുകൊണ്ടുവിഭ്രാന്തപോലം * അട്ടകൾമത്സ്യങ്ങളുമാമകൾമകരങ്ങൾ ഒട്ടറെയുണ്ടിംഗുമാരങ്ങളുമങ്ങതി

ലുണ്ട് * കളിയല്ലേറെരംഭംസംപിളക്കുന്നവകളും അലഞ്ഞുക്കളെല്ലാമുണ്ടല്ലാ നടിയതിൽ' (ഇത്യാദി നോക്കുക.) (ശാന്തുഡപുരാണം ഭാഷ.)

പ. രാക്ഷസമന്ത്രിയുടെ അമ്മ. ന. (മ) ദ്വാദശസ്ഥാനം. ര. കലിംഗരാജ്യത്തെ ഒരു നദി.

വൈതാണ്ഡം-അനക്കുട്ടം.

വൈതാന-വി. യാഗസംബന്ധമുള്ള, ശ്രൗതമുള്ള.

വൈതാനം-പ. മേൽക്കെട്ടി. പ. യിസ്തരം. ന. വേലി.

വൈതാളികൻ- പ. രാജാക്കന്മാരെ പാടിയുണർത്തുന്നവൻ. പ. വേതാളത്തിന്റെ മാസൻ. ന. കുശുക്കാരൻ.

വൈതുവിളി-ശകാരം.

വൈത്യൻ-വേലൻ.

വൈദ-വി. വിദ്വാനെ സംബന്ധിച്ച. (സ്ത്രീ-വൈദി).

വൈദഗ്ദ്ധ്യം - പ. സാമർത്ഥ്യം. പ. ബുദ്ധി. ന. നിപുണത.

വൈദൻ-മധുമൈമഹർഷിയുടെ ഒരു ശിഷ്യൻ.

'ഇദ്ദേഹത്തിന്റെ ശിഷ്യൻ ഉദങ്കമഹർഷി'

വൈദർഭൻ-വിദർഭരാജാവ്.

വൈദർഭം-ഉപായവാദം.

വൈദർഭി-പ. വിദർഭന്റെ മകൾ, ദമയന്തി.

'വൈദർഭിസാവുന്നാൾനിഗിലയി
ലവനീപുത്രിപണ്ടെന്നപോലെ'

(ഭാഷാനൈഷധ ചമ്പു)

പ. തുളസി. ന. അഗസ്ത്യന്റെ ഭാര്യ. ര. വിദർഭരാജാവിന്റെ ഒരു പുരാണം.

വൈദലം-ഒരുവക അപ്പം.

വൈദികം-വി. വേദത്തെ സംബന്ധിച്ച.

വൈദികകാലം-1101—1701.

ഋത്വിക്കന്മാർ സിന്ധുനദീതീരത്തിൽ, അധിവസിച്ചു തുടങ്ങിയതും, ശ്രൗത സൂക്തങ്ങളെ രചിച്ചതും ഇക്കാലത്തത്രേ

വൈദികത്വം - വൈദികന്റെ അവസ്ഥ.

വൈദികൻ-പ. വേദം വേണ്ടുംവണ്ണം അഭ്യസിച്ചവൻ. പ. മലയാളബ്രാഹ്മണർക്ക് വിധിനിശ്ചയിക്കുന്ന ആറു ബ്രാഹ്മണർക്കും കൂടെയുള്ള പേർ.

വൈദിഷ്ടൻ-വൈവസ്വതമനുവിന്റെ ഒരു പുത്രൻ.

വൈദുഷ്യം-വിദുഷ്കത, വിദ്വത്ത്വം, അറിവ്, പാണ്ഡിത്യം.

വൈദൂര്യം-വൈഡൂര്യം.

വൈദേശികൻ-അന്യദേശക്കാരൻ.

വൈദേഹകൻ-പ. ചെട്ടി, കച്ചവടക്കാരൻ. പ. വൈശ്യൻ.

വൈദേഹൻ - വിദേഹരാജാവിന്റെ മകൻ.

വൈദേഹി-പ. സീത, ശ്രീരാമന്റെ ഭാര്യ. പ. വൈശ്യസ്ത്രീ. ന. തിപ്പലി. ര. ഗോരോചന. ങ. ആറന്മുളവൾ.

വൈദ്യ-വി. പ വേദസംബന്ധമായുള്ള. പ. വൈദ്യസംബന്ധമായുള്ള, ഔഷധത്തെ സംബന്ധിച്ച.

വൈദ്യകൻ-വൈദ്യൻ.

വൈദ്യകപദ്ധതി-തൊലി, ഇല, പൂവ്, കായ്, വേര് ഇവ ങ-ം.

വൈദ്യക്കാരൻ-ചികിത്സക്കാരൻ.

വൈദ്യഗ്രന്ഥം-അഷ്ടാംഗഹൃദയം, ചിന്താമണി മുതലായ വൈദ്യപുസ്തകങ്ങൾ.

വൈദ്യചിന്താമണി - ഒരു വൈദ്യഗ്രന്ഥം.

വൈദ്യനാഥൻ-പ. ദേവവൈദ്യനായ ധന്വന്തരി. ഉ. ശിവൻ. ന. ധന്വന്തരി.

ശൃംഗാരിക്കുന്നു-അലങ്കരിക്കുന്നു.

ശൃംഗി-വി. ശൃംഗമുള്ള.

ശൃംഗി-ശമീകൻ എന്ന മുനിയുടെ പുത്രൻ.

ശൃംഗി-ക്ര. ഒരുമരുന്നു, ഇടവകം. ഉ. ജീവകം. ന. പർവ്വതം. ഭ. കല്ലുമ്മൽ. ഇ അനു. നു. കൊമ്പുള്ള മൃഗം. ഒ. അതിവിടയം. വ. സപ്തർഷ്ണം. ൻ. ഒരുതരം മീൻ, കൊമ്പൻമീൻ. ഫാ. പോത്തു്. ഫാ. കുറിയാട്ട്.

ശൃംഗികനകം-അനേകണങ്ങൾകൊള്ള ഒരു പൊന്നു്.

ശൃംഗികാ-അതിവിടയം.

ശൃംഗിണാ-കുറിയാട്ട്.

ശൃംഗിണി-ക്ര. നല്ലവക പശു. ഉ. പശു. ന. അതിവിടയം.

ശൃംഗിവേരം-ക്ര. ഇഞ്ചി, ചുക്കു്. ഉ. ഒരു പുരം.

ശൃംഗിവേരപുരം ഗംഗാതീരത്തുള്ള ഗുഹന്റെ വാസസ്ഥലത്തിനടുത്തുകണ്ട. (രാമായണംകൊണ്ടു സ്പഷ്ടം).

ശൃംഗേരി, ശൃംഗഗിരി-ശങ്കരാചാര്യസ്വാമിയുടെ ജന്മഭൂമി.

ശൃംഗേരിമഠം - തുംഗഭദ്രാതീരത്തുണ്ടു്. ആദിശങ്കരാചാര്യർ ഇവിടെ ഒരു ശാരദാമഠം പണിയിച്ചു വേദാന്തസൂത്രം പഠിപ്പിച്ചുകൊണ്ടിരുന്നു.

ശൃണി - ആനത്തോട്ടി. (സൃണിയുടെ പാഠം).

ശൃത-വി. വെന്ത, കാച്ചിക്കുറുക്കപ്പെട്ട.

ശൃതജലം-വെന്തവെള്ളം.

ശൃതാംഭസ്സു-വെന്തവെള്ളം.

ശേ

ശേഖരകം-ശിരോലങ്കാരം, (തലയിലെ മുടി മൂടി തുങ്ങിക്കിടക്കുന്നതുപോലെ നിലയിൽ നാനാവർണ്ണങ്ങളായ പുഷ്പങ്ങളെക്കൊണ്ടു മാലകെട്ടിയോജിപ്പിക്കുക.)

ശേഖരം-ക്ര. ശിരോലങ്കാരം. ഉ. ഇലവങ്ങപ്പൂവു്.

ശേഖരി-ഇത്തിക്കണ്ണി.

ശേഖരിക്കുന്നു-കൂട്ടുന്നു, വട്ടംകൂട്ടുന്നു.

ശേഖരിതം-കൂടിയിരിക്കുന്നതു്.

ശേഖരിപ്പു്-ഒന്നിച്ചുകൂട്ടുക, ഒരുതരാന്ധാരം.

ശേഖരിപ്പുമുതൽപിടി-ഭണ്ഡാരം സൂക്ഷിക്കുന്നവൻ.

ശേണം-ഭൂമി.

ശേപാലാ-കരിംപായൽ.

ശേഫസ്സു്-പുരുഷന്റെ ലിംഗം. ശുക്ലം സ്രവിച്ചുതിന്റെ ശേഷം ശയിക്കുന്നതു എന്നർത്ഥം.

ശേഫാലിക-ക്ര. ചേമന്തി. വണ്ടുകൾ ഇതിൽ ശയിക്കുന്നതിനാൽ ഈ പേർ വന്നു. ഉ. വെളുത്തനൊച്ചി. ന. കരിനൊച്ചി. (പാഠങ്ങൾ-ശീഫാലികാ, ശേഫാലി).

ശേമുഷി-ബുദ്ധി. മോഹത്തെ കളയുന്നതു് എന്നർത്ഥം.

ശേമുഷീനികഷാ-ബുദ്ധിയുരയ്ക്കുന്ന മൂർച്ചകല്ലു് (ശാണ).

ശേർ-ഒട്ടുപലം കൂടിയ തൂക്കം.

ശേലു-ക്ര നറുവരി. ഉ. മുല്ലവാ.

ശേവം-മീൻ.

ശേവധി-ധനാധിപനായ കുബേരന്റെ നിധികളിൽ ഒന്നു്.

ശേവലം, ശേവാലം-കരിംപായൽ.

ശേവലിനി-നദി

ശേഷക്കാരൻ - തന്റെ അവകാശിയുള്ളവൻ, സംബന്ധക്കാരൻ, സഹോദരിയുടെ മകൻ.

ശേഷക്രിയ - ശവസംസ്കാരം മുതലായ കർമ്മം. Funeral rites.

ശേഷദശ-വാർദ്ധക്യം.

ശേഷൻ-അനന്തൻ.

ഈ നാഗരാജാവിന് 1000 തലയുണ്ട്. വിഷ്ണുവിന്റെ മെത്തയാണ്. ശേഷന്റെ കൊട്ടാരത്തിന് 'മണിഭിത്തി' എന്ന പേർ, 'മണിമണ്ഡലം' എന്നും പറയും. പത്നിയുടെ പേർ 'മണിമഞ്ചീപം'. ഭേദം 'അനന്തശീർഷം'.

ശേഷം-അ. ശിഷ്ടം, ശേഷിപ്പ്, ശേഷിച്ചത്.

ശേഷി-ക്രി. പ്രാപ്തി. ഉ. പ്രാപ്തിയുള്ളവൻ.

ശേഷിക്കുന്നു-ശിഷ്ടമുണ്ടാകുന്നു.

ശേഷിപ്പ്-ശിഷ്ടം.

ശേഷിയാകുന്നു-പ്രാപ്തിയാകുന്നു.

ശൈ

ശൈക്ഷൻ-ചെറിയ ബ്രാഹ്മണൻ.

ശൈഖരികം-വലിയ കടലാടി.

ശൈതാൻ-ഒരു പിശാച്.

ശൈത്യം-തണുപ്പ്.

ശൈഥില്യം-അയവ്, ക്ഷീണത.

ശൈബ്യാ-ക്ര. ഹരിശ്ചന്ദ്രന്റെ പത്നി. ഉ. ശതധന്വാവിന്റെ പത്നി. ന. ധൃതിമാന്റെ പത്നി.

ശൈരീയം-മുരിങ്ങി.

ശൈല-വി. ശിലയെ സംബന്ധിച്ച, പാറയെ സംബന്ധിച്ച.

ശൈലകന്യാ-പാർവ്വതി.

ശൈലകന്യാസങ്കരൻ-ശിവൻ, പാർവ്വതിയോട് ചേർന്നിരിക്കുന്നവൻ എന്നർത്ഥം.

ശൈലകം-ക്ര. മലയിരവേലി. ഉ. സുഗന്ധമുള്ള ഒരുവക പശ, സാമ്പ്രാണി.

ശൈലചതുഷ്ടയം-(ഒരുശ്ലോകം നോക്കുക)

ശൈലജാ-പാർവ്വതീ.

ശൈലതനയാ-പാർവ്വതി.

ശൈലനന്ദിനീ-പാർവ്വതി.

ശൈലപത്രാ-കുവളം.

ശൈലപുത്രി-പാർവ്വതി.

ശൈലപ്രസവം-ഉറവുകഴി.

ശൈല(കം)-ചേലേയം.

ശൈലം - ക്ര. പർവ്വതം. മഹാമേരുവിന്റെ ഉയർന്നകളായ നാല് പർവ്വതങ്ങൾ-മന്ദരം, മേരുമന്ദരം, സുപാർശ്വം, കുമുദം. ഉ. സാമ്പ്രാണി ന. വെള്ളമണ്ണ്. ർ. കന്മദം ം. മാക്കീരക്കല്ല്.

ശൈലശ്ബിരം-കടൽ.

ശൈലസുതാ-ക്ര. ഗംഗാനദി. ഉ. പാർവ്വതി. ന. വലിയ പാലൂഴവം.

ശൈലാടൻ-ക്ര സിംഹം. ഉ. കാട്ടാളൻ.

ശൈലാടം-സിംഹം.

ശൈലാദി-ശിലാദേവന്റെ പുത്രൻ, നന്ദി.

ശൈലാലി-ചാരുലത.

ശൈലി-ക്ര. വിലക്ഷണപ്രയോഗദേശി. എല്ലാ ഭാഷകളിലും വാച്യാർത്ഥമായ അക്ഷരാർത്ഥത്തിനു പുറമേ ലക്ഷ്യാർത്ഥവ്യംഗ്യാർത്ഥം ആയ അർത്ഥത്തെ കാണിക്കുന്ന ചില വാക്കുകൾ ഉണ്ട്. ഇവ വാച്യാർത്ഥത്തെ ഗണിക്കാതെയുപോലെ ചിലേടത്തു വ്യാകരണവിധികളെക്കൂടി ലംഘിക്കുന്നു. ഇപ്രകാരമുള്ള വാചകങ്ങളെ അതതു ഭാഷയുടെ 'ശൈലി' എന്നു പറയുന്നു. ഈക്കൂട്ടത്തിൽ മലയാളത്തിലും

ഏതാനും വിലക്ഷണപ്രയോഗഭംഗികളും (രൈശലികവും) കാണുന്നു. ഇവ സഭ്യേതരങ്ങളാകാതെ സൂക്ഷിക്കേണ്ടതാണ്. സഭ്യങ്ങളായവയ്ക്കു മാത്രമേ മേന്മ കൂട്ടുകയുള്ളൂ. വിദ്യാർത്ഥികളും ഇവയെയല്ലാതെ ഉപയോഗിക്കരുത്.

സഭ്യങ്ങളായ രൈശലികളുടെ ഉദാഹരണം.

ഉ. ചെണ്ടകൊട്ടിക്കുക-ചതിക്കുക.

ഉ. സഭയിൽ കട്ടുറുമ്പ്—ചില്ലറയുള്ള ദ്രോഹം ചെയ്യുന്നവൻ ഇത്യാദി.

സഭ്യേതരങ്ങളായ രൈശലികൾക്ക് ഉദാഹരണം.

ഉ. കമ്പിനീട്ടുക—വേഗത്തിൽ പുറപ്പെടുക.

ഉ. തട്ടിമൂളിക്കുക—തടസ്സമില്ലാതെ പ്രവർത്തിക്കുക. ഇത്യാദി.

രൈശലികം വ്യാകരണവിധിയെ ലംഘിക്കുന്നതിന് ഉദാഹരണം.

"കണ്ണനുണ്ണിക്കളികഴിഞ്ഞണ്ണനോടുംകൂടി"

പണ്ടു മഹാന്മാർ ചില അവസരങ്ങളിൽ സരസപ്രതീകടാക്ഷം ഹേതുവായിട്ടു അത്യുക്തമായി പ്രയോഗിച്ചിട്ടുള്ള മനോഹരങ്ങളായ ചൊല്ലുകളെ "പഴംചൊല്ലുകൾ" എന്നു പറയുന്നു. ഇവയ്ക്കു ഭാഷയിൽ മാന്യസ്ഥാനമുണ്ടുള്ളതു്. പഴഞ്ചൊല്ലിനു് ഉദാഹരണം "പലതുള്ളി പെരുവെള്ളം" മുതലായവ.

പ. നീതി, സമ്പ്രദായം, നടപ്പു്, ആചരണം, പരമാചാരം, നിഷ്ഠാനം, സ. പിച്ചള.

ശൈലീഭവിക്കുന്നു- കല്ലുപോലെയിരിക്കുന്നു, കട്ടപിടിക്കുന്നു.

ശൈലൂഷൻ-പ. നടൻ. ഉ. വഞ്ചകൻ. സ. താളംപിടിക്കുന്നവൻ.

ശൈലൂഷ്യം-പ. നാട്യം. ഉ. ക്രൂരത.

ശൈലേന്ദ്രജാ-ശംഭുപത്നി.

ശൈലേയ-വി. പർവ്വതത്തെസംബന്ധിച്ച.

ശൈലേയാ-പ. സമ്പ്രാണി. ഉ. മുരാമാംസി. സ. ഇന്ദ്രപുഷ്പി. ഭ. സിംഹം.

ശൈലേയി-പാർവ്വതി.

ശൈലേശ്വരൻ-ഹിമവാൻ. (പർവ്വതരാജാവു്).

ശൈലോദ-ഒരു നദി.

ശൈല്യം-കട്ടപ്പു.

ശൈവ-വി. ശിവനെ സംബന്ധിച്ച.

രൈവപദലക്ഷണം- രൈലപുത്രി, ശംഭു, ചന്ദ്രൻ, മൻകട്ടി, സർപ്പം, കോടീരം, ഭദ്രാക്ഷം, രുദ്രാക്ഷം, അംകുശം, പാശം, ശൂലം, കഠാരം, കപാലം, തുമ്പമാല, ചാമ്പൽ, പുലിത്തോൽ, ടങ്കം, ഡക്ക, കട്ടന്തുടി, എല്ല, വിലപമാല, ഗണനാഥൻ, ഷണ്മുഖൻ, നന്ദി, ഭൃംഗി, ഭൃംഗിരീടി, ലോകപാലന്മാർ, തക്ഷകൻ, വാസുകി, ഋഷഭൻ, വിലപപത്രം, തുളസി, ഉന്മത്തപ്പൂവ്, താമര, വെള്ളത്താമരസ്തുകം, വിരിഞ്ഞ കൊന്നപ്പൂവ്.

ശൈവക്കാരൻ-ശിവമതക്കാരൻ.

ശൈവൻ-ശിവമതക്കാരൻ.

ശൈവപത്രം-കുവളം.

ശൈവം-പ. പതിനെട്ടു പുരാണങ്ങളിൽ ഒന്നു്. ഉ. ശിവമതം. സ. കരിമ്പായസം. ഭ. കൊക്കുമന്താരം. ര. താർത്താവൽ. ന ഉമ്മത്തു്.

ശൈവലം-പ. കരിമ്പോയൽ. ഉ. പതുമുകം.

ശൈവലിനി-നദി.

ശൈവ്യൻ-പ. കൃഷ്ണന്റെ ഒരു കുതിര. ഉ. പാണ്ഡവസൈന്യത്തിലെ ഒരു യോദ്ധാവു്. ശൈവ്യം-കുതിര.

ശൈവാലം-കരിമ്പോയൽ.

ശൈശവം-ചെറുപ്പം.

ശൈശിരം-കാട്ടുകുരികിൽ.

ശൈഷ്യോപാദ്ധ്യായിക - അദ്ധ്യാപിക.

ശൗ

ശോകം-ദുഃഖം.

ശോകനാശനം-അശോകം.

ശോകസ്ഥാനം-ദുഃഖത്തിന്റെ കാരണം

ശോകിക്കുന്ന-ദുഃഖിക്കുന്ന.

ശോചന-വി. ദുഃഖമുള്ള.

ശോചനം-ദുഃഖം.

ശോചിഷ്കേശൻ-അഗ്നി. ജ്വാലകളാകുന്ന കേശങ്ങൾ ഉള്ളവൻ എന്നർത്ഥം. കേശങ്ങളെപ്പോലെയുള്ള ജ്വാലകൾ ഉള്ളവൻ എന്നുമാവാം.

ശോചിസ്സ്-ശോഭ, രശ്മി, ജ്വാല.

ശോച്യ-വി. പ. ശുദ്ധിയുള്ള. ക. കൃപചെയ്യപ്പെടേണ്ടുന്ന.

ശോഠൻ-പ. മൂഢൻ. ക. മടിയൻ. ന. വഞ്ചകൻ. ര. ദുഷ്ടൻ. ങ. ഹീനൻ.

ശോഠം-മടിപ്പുവ്.

ശോണ-വി. ചെമപ്പുനിറമുള്ള, കടുംചെമപ്പുള്ള.

ശോണകം-പലകപ്പയ്യാനി.

ശോണജം-തിപ്പലിമൂലം.

ശോണം-പ. കടുംചെമപ്പ്. ക. ഞണ്ണ്. ന. കുങ്കുമം, ഒരുമാതിരി പൂവ്. ര. ചെമന്നകരിമ്പ്. ങ. രക്തം. ന. സിന്ദൂരം. ഠ. കുങ്കുമം.

ശോണരത്നം-ചെമന്നരത്നം, മാണിക്യം

ശോണലലാമകം-മാണിക്യം.

ശോണവർണ്ണ-വി. ചെമന്നനിറമുള്ള.

ശോണാകം-ഒരു വൃക്ഷം.

ശോണിത-വി. ചെമപ്പുള്ള.

ശോണിതപുര-ബാണാസുരന്റെ നഗരം. (ഇപ്പോൾ ഷിലോങ്ങ്).

ശോണിതം-പ. രക്തം. ക. ചെമപ്പ്. ന. കുങ്കുമം. ര. പുൽകുങ്കുമം. ങ. രക്തചന്ദനം.

ശോണിമ-ചെമപ്പുനിറം.

ശോണോപലം-മാണിക്യം.

ശോഭ്ര(ഫ)ഞ്ജി-പ. വെളുത്ത തമിഴാമ. ക. മൂവില.

ശോഭ്രഞ്ജ-വി. ശോഭയെ (നീരിനെ) കളയുന്ന.

ശോഭ്രം-ഖീക്കം, ദേഹത്തിലുണ്ടാകുന്ന നീര്.

ശോധകൻ-ശുദ്ധിവരുത്തുന്നവൻ.

ശോധകം-ഒരുമാതിരിമണ്ണ്.

ശോധന-വി. ശുദ്ധിവരുത്തുന്ന.

ശോധന-പ. അന്വേഷണം. ക. ശുദ്ധി. ന. പരീക്ഷ. ര. നന്നാക്കുക. ങ. ധൂപം തെച്ചുകഴുകുക. ന. ലോഹാദികളെ ശുദ്ധിവരുത്തുക. ഠ. തെറ്റുകൾ തിരുത്തുക. വ. വയറൊഴിക്ക.

ശോധനകൻ-ക്രിമിനൽ കോടതിയിലെ ഒരു ഉദ്യോഗസ്ഥൻ.

ശോധനക്കാരൻ - ശോധനചെയ്യുന്നവൻ.

ശോധനക്കോൽ-മുറിവുകളിൽ കടത്തി ശോധനചെയ്യുന്ന കമ്പ്.

ശോധനി-പ. ചൂല്. ക. അമരി.

ശോധനീബീജം-നേർവാളം.

ശോധനീയ-വി. ശോധനചെയ്യപ്പെടേണ്ടുന്ന.

ശോധം-ശുദ്ധി.

ശോധിത-വി. പ. ശോധനചെയ്യപ്പെട്ട, ചളികളഞ്ഞുശുദ്ധിവരുത്തിയ. ക. പുത്തനാക്കിയ, നന്നാക്കിയ. ന. ശരിപ്പെടുത്തിയ.

ശോധ്യ-വി. ശോധനചെയ്യേണ്ടുന്നതു.

ശോധ്യം-രസമുള്ളി.

ശോഫഘ്ന വി. ശോഫരോഗത്തെ ശമിപ്പിയ്ക്കുന്ന, നീരിനെ ശമിപ്പിയ്ക്കുന്ന.

ശോഫഘ്നീ-തകിരുമ.

ശോഫം-വീക്കം, നീര്, ദേഹത്തിലുണ്ടാ യ നീര്. ക്ഷണത്തിൽ വ്യാപിയ്ക്കുന്ന തു് എന്നർത്ഥം.

ശോഭ-പ. പ്രകാശം. ഉ. രശ്മി. സ. ഭാഗ ര. ശ്ര മംഗി. ഇ. മഞ്ഞൾ. എ. ശോ രോചന. ഒ. ആരേണം.

ശോഭകുൽ-അമ്പതിൽ മുപ്പത്തഞ്ചാറാം വ ത്സരം.

ശോഭന-വി. ശോഭിച്ച.

ശോഭനൻ-പ. ശിവൻ. ഉ. സുന്ദരൻ.

ശോഭനം-പ. പ്രകാശം. ഉ. മംഗി. സ. നിത്യയോഗങ്ങളിൽ ഒന്നു്. ര. താമര. ഇ. വിശേഷം.

ശോഭനാ-പ. മഞ്ഞൾ ഉ. സുന്ദരി.

ശോഭാഞ്ജനം-മരിങ്ങവൃക്ഷം.

ശോഭായമാന-വി. ശോഭിച്ചുകൊണ്ടിരി ക്കുന്ന.

ശോഭിക്കുന്ന-പ്രകാശിക്കുന്ന.

ശോഭിത-വി. ശോഭിക്കപ്പെട്ട.

ശോമാരി-മടിയൻ.

ശോലിക-കാട്ടുമഞ്ഞൾ.

ശോഷണം-പ. മെലിച്ചിൽ. ഉ. ച പ്പൽ. സ. ചുരുക്കം. ര. പലകപ്പയ്യാനി. ഇ. കാമദേവന്റെ അസ്ത്രങ്ങളിൽ ഒന്നു്

ശോഷം-പ മെലിച്ചിൽ. ഉ. രാജയ ക്ഷ്മാവു്. സ ഉണക്കു്.

ശോഷിക്കുന്ന-പ. ഉണങ്ങുന്ന. ഉ. മെ ലിയുന്ന.

ശോഷിത-വി. ശോഷിപ്പിക്കപ്പെട്ട, ഉ ണക്കപ്പെട്ട.

ശോഷ്യ വി. ശോഷിപ്പിക്കേണ്ടുന്ന.

ശൌ

ശൌകം-കിളിക്കൂട്ടം.

ശൌക്തികം, ശൌക്തികേയം, ശൌക്തേയം-മുത്തു്.

ശൌക്ലികേയം-ഒരുവക വിഷം, വെ ള്ളപ്പാഷാണം. ശുക്ലിക (ശുക്ല) ദേശ ത്തിൽ ഉണ്ടായതു് എന്നർത്ഥം. (പാഠം ശൌല്ലികേയം).

ശൌക്ല്യം-വെളുപ്പു്.

ശൌചം-പ. ശുദ്ധിവരുത്തുക, ശുദ്ധി. ഉ. ബ്രഹ്മതി. സ. യോഗ്യത.

ശൌചിക്കുന്ന-ശുദ്ധിയാക്കുന്ന, വൃത്തി യാക്കുന്ന.

ശൌണ്ഡ-വി. ലഹരി പിടിച്ച.

ശൌണ്ഡം-പ. ജാതിക്ക. ഉ. കോഴി. സ. സാമർത്ഥ്യം.

ശൌണ്ഡി-ഇഴവൻ.

ശൌണ്ഡി- പ. തിപ്പലി. ഉ. ചെ വ്വിയം.

ശൌണ്ഡികൻ- ചാരായം വാറുന്ന വൻ. (സ്ത്രീ-ശൌണ്ഡിക).

ശൌണ്ഡികപ്രിയം-മാവു്.

ശൌണ്ഡീ-പ. അത്തിത്തിപ്പലി. ഉ. തിപ്പലി. സ. ചെവിയം.

ശൌദ്ധോദനി-ബുദ്ധൻ. ശുദ്ധോദ നന്റെ പുത്രൻ എന്നർത്ഥം. ശാക്യമുനി.

ശൌനകൻ-ഗൃത്സകന്റെ പുത്രനായ ഒരു ഋ ഷി. അശ്വലായനന്റെ ഗുരു.

ശൌനകാടികം- നൈമിശ വനത്തി ലുള്ള വിഷ്ണുക്ഷേത്രത്തിലെ മുനിശ്രേഷ്ഠ ന്മാർ.

ശൌനാസീരം—ഇന്ദ്രനെ സംബന്ധി ച്ചതു്.

ഋഗ്വേദപ്രാതിശാഖ്യം, ബൃഹദ്ദേവതാ മുതലായ പല വേദസംബന്ധമായ ഗ്രന്ഥ കങ്ങളും ഉണ്ടാക്കീട്ടുണ്ടു്.

ശൗനികൻ- പ. മൃഗങ്ങളെ കൊന്നു മാംസം വിൽക്കുന്നവൻ. ഉ. പക്ഷികളെ പിടിക്കുന്നവൻ, നായാട്ടുകാരൻ.

ശൗഭം-പ. കവുങ്ങ്. ഉ. ഹരിശ്ചന്ദ്രന്റെ നഗരം.

ശൗഭികൻ-ഇന്ദ്രജാലക്കാരൻ.

ശൗരസേനി-പ്രാകൃതഭേദം.

ശൗരി-പ. വിഷ്ണു (കൃഷ്ണൻ). ശൂരസേനന്റെ വംശത്തിൽ ജനിച്ചവൻ എന്നർത്ഥം. ഉ. ശനി, രസൗരി. ന. വേങ്ങ. ര. ബലരാമൻ.

ശൗര്യം-പരാക്രമം, ബലം.

ശൗര്യവൽ-വി. ശൗര്യമുള്ള. (വാൻ, വതി, വൽ).

ശൗല്കം-വി. ശുല്കത്തെ സംബന്ധിച്ച

ശൗല്കൻ-ചുങ്കംവിചാരിപ്പുകാരൻ.

ശൗല്കികൻ-ചെയ്യുപണിക്കാരൻ.

ശൗല്കികേയം-ഒരുവക വിഷം. ഒരു മത്സ്യം. (ശൗല്കികേയം എന്നതിന്റെ പാഠം).

ശൗല്ബികൻ-ചെയ്യുപണിക്കാരൻ.

ശൗവനദന്തം-കൃത്രിമദംഷ്ട്രപ്പല്ല്.

ശ്ച്യു

ശ്ച്യുതിത-വി. ഒഴുകിയ, ഇറ്റിറ്റു വീഴുന്ന.

ശ്ച്യോതനം-ഒലിക്കൽ.

ശ

ശം-മുഖം.

ശ്മശാനക്കുഴി-ചുടലക്കളത്തിലെ കുഴി.

ശ്മശാനഭൂമി-ശവമിടുന്ന സ്ഥലം.

ശ്മശാനം-ചുടലക്കാട്, ശവംദഹിപ്പിക്കുന്ന സ്ഥലം. ശവങ്ങളും ഇതിൽ ശയിക്കുന്നതിനാൽ ഈ പേരുണ്ടായി.

ശ്മശാനവാസി-ശിവൻ.

ശ്മശ്രു-പുരുഷന്മാരുടെ മുഖത്തുള്ള രോമം, മീശ. ശ്മം (മുഖം). മുഖത്തെ ആശ്രയിച്ചത് എന്നർത്ഥം.

ശ്മശ്രുനികൃന്തകൻ-ക്ഷുരകൻ.

'അശ്രുപൂർണ്ണേക്ഷണയേ ശത്രുഘ്നനന്തരം
ശ്മശ്രുനികൃന്തകനാക്കരവത്തിനാൻ'

(അദ്ധ്യാത്മരാമായണം)

ശ്യാ

ശ്യാമ-വി. കറുത്ത.

ശ്യാമാ-പ. ദേവി. ഉ. രതിയുവനസ്ത്രീ. ന. രാത്രി. ര. ചിറ്റരത്ത്. ള. അമരി. ഴ. ഇത്തിക്കണ്ണി. ഒ. കരിംകറുക. വ. നാലുപ്പെക്കൊന്ന. ൻ, ചാമ. പഠ. തിപ്പലി. പപ. ഗോരോചന. പഉ. കസ്തൂരി. പന. നറുനീണ്ടി. പര. മയിനാപ്പക്ഷി. പള. തുളസി. പഴ. ത്രികോല്പെക്കൊന്ന. പഒ. ഞാഴൽ. പവ. കയിൽപ്പോട. പൻ. യമുനാനദി. ഉഠ. മഞ്ഞൾ. ഉപ. സോമവള്ളി. ഉഉ. ഗുല്ലു. ഉന. കാർകോകിൽ.

ശ്യാമകണ്ഠം-മയിൽ.

ശ്യാമകം-പ. നാന്മുകപ്പുല്ല്. ഉ. ചാമ.

ശ്യാമകാകം-കാവതിക്കാക്ക.

ശ്യാമം-പ. കറുപ്പുനിറം. ഉ. പച്ചനിറം. ന. മുളക്. ര. ഇന്തുപ്പ്. ള. ചാമ. ഴ. മേഘം. ഒ. കയിൽ. വ. മക്കിപ്പൂവ്. ൻ. മരിക്കുന്നി. പഠ. ഉമ്മത്ത്. പപ. ഉകമരം.

ശ്യാമല-കസ്തൂരി.

ശ്യാമവർണ്ണ-വി. കറുത്ത.

ശ്യാമവസ്ത്രം-കറുത്ത നിറം.

ശ്യാമശബലന്മാർ-യമന്റെ നായ്ക്കൾ. (നന്നാലു കണ്ണുണ്ടു).

ശ്യാമള-വി. കറുത്ത.

ശ്യാമളത-കറുപ്പ്.

ശ്യാമളൻ-ഒരു യാദവരാജാവു്.

ഗർഗ്ഗമുനിയെ നിന്ദിക്കുകകൊണ്ടു യാദവരുടെ പരമശത്രുവായ കാലയവനന്റെ പിതാവായ്.

ശ്യാമളം-ക്ര. കറുപ്പുനിറം. ഉ. അരയാൽ. സ. നീലരക്കയ്യോന്നി.

ശ്യാമളാ-പാർവ്വതി.

ശ്യാമാകം-ചാമ.

ശ്യാമിക-കറുപ്പുനിറം, കറ, പാപം.

ശ്യാമിത-വി. കറുപ്പുനിറമാക്കപ്പെട്ട.

ശ്യാലകൻ-ക്ര. ഭാര്യയുടെ സഹോദരൻ, ഉ. നികൃഷ്ടനായ മച്ചിനൻ.

ശ്യാലൻ-അളിയൻ, ഭാര്യയുടെ സഹോദരൻ.

ശ്യാലി-ഭാര്യയുടെ സഹോദരി.

ശ്യാവ-വി. മന്ത്രളിർ പൂ നിറമുള്ള.

ശ്യാവനേത്രത-കരുവാളിപ്പു്.

ശ്യാവം-മന്ത്രളിർ പൂ നിറം.

കറുപ്പിനും നീലത്തിനും മഞ്ഞയുള്ള നിറം. ഇതാണ് വിഷ്ണുവിന്റെ വർണ്ണം.

ശ്വേ

ശ്വേത-വി. വെളുത്ത.

ശ്വേതം-വെള്ളനിറം.

ശ്വേതനം-ക്ര. പനന്തു്. ഉ. വെള്ളപ്പുനിറം.

ശ്വേതനാക്ഷിം-വണ്ടാരംകോഴി.

ശ്വേതനി-ക്ര. പെൺപനന്തു്. ഉ. വെളുത്ത സ്ത്രീ. സ. അരുണന്റെ ഭാര്യ.

—:o:—

ശ്വൈ

ശ്വൈനംപാതാ-നായാട്ടു്.

—:o:—

ശ്യാ

ശ്യാനാ(ണാ)കം-പലകപ്പയ്യാനി.

—:o:—

ശ്ര

ശ്രഥനം-ക്ര. കെട്ടഴിക്കുക. ഉ. ഉപേക്ഷിക്കുക, തകർക്കുക. സ. കെട്ടുക.

ശ്രദ്ധ-ക്ര. തൃപ്തി. ഉ. വിശ്വാസം. സ. ഇഷ്ട. ര. ദക്ഷപുത്രി, ധർമ്മന്റെ പത്നി, കാമന്റെ മാതാവു്. ഇ. ഗുരുമൊഴികളെയും ശാസ്ത്രങ്ങളെയും ഇരുശ്ചര വിചാരത്തോടെ ഗ്രഹിക്ക.

ശ്രദ്ധാനൻ-വിശ്വസിക്കുന്നവൻ.

ശ്രദ്ധായുക്ത, ശ്രദ്ധാലു-വി. ശ്രദ്ധയുള്ള.

ശ്രദ്ധാലു-വ്യാഴ്ചയുള്ളവരും, ശർക്കരനിമിത്തമായിട്ടു അതാതുവസ്തുക്കളിലുണ്ടാകുന്ന അഭിലാഷത്തോടുകൂടിയവരും.

ശ്രദ്ധാവൽ-വി. ക്ര. ശ്രദ്ധയുള്ള, തൃപ്തിയുള്ള. ഉ. വിശ്വാസമുള്ള.

ശ്രദ്ധിക്കുന്ന—ആഗ്രഹിക്കുന്ന, വിശ്വസിക്കുന്ന.

ശ്രപനം-ക്ര. പുകയ്ക്കുക ഉ. കെട്ടുക. സ. അഴിക്ക.

ശ്രപണം(ണാ)-വേവിക്കുക, പുഴുങ്ങുക.

ശ്രമക്കാരൻ-ക്ര. ശ്രമമുള്ളവൻ. ഉ. സ്വയം വിളയുന്നവൻ. സ. അദ്ധ്വാനക്കാരൻ.

ശ്രമവല്ലി-പാൽച്ചുര.

ശ്രമജലം-വിയർപ്പ്.

ശ്രമണ-വി. വേലചെയ്യുന്ന.

ശ്രമണൻ-പ. സന്ന്യാസി. ക. യാചകൻ.

ശ്രമണാ-മാഞ്ചി.

ശ്രമദക്ഷിണ-സദ്ധ്യക്ക വെക്കയും വിളമ്പുകയും ചെയ്യുന്നവക്ക് കൊടുക്കുന്ന ശമ്പളം.

ശ്രമഭീതി-വളരെ ശ്രമിക്കേണ്ടിയിരിക്കുന്ന എന്നുള്ള ഭയം.

ശ്രമം-പ. അഭ്യാസനം. ക. തളർച്ച, ക്ഷീണം. ന. പ്രയാസം. ര. ദുഃഖം. ള. വേദന. ഴ. ആയുധാഭ്യാസം. ഒ. കഠിനമായ പഠിത്തം. വൃ. ദേഹണ്ഡക്കാർക്ക് സഹായമായിട്ട് സദ്ധ്യക്ക വിളമ്പുകയും മറ്റും ചെയ്യുക.

ശ്രമസാദ്ധ്യ-വി. എളുപ്പത്തിൽ സാധിപ്പാനിടയില്ലാത്ത.

ശ്രമസിദ്ധം-വളരെ ശ്രമിച്ചിട്ട് ലഭിച്ചത്.

ശ്രമാംബു-വിയർപ്പ്.

ശ്രമി-വി. ശ്രമമുള്ള.

ശ്രമിക്കുന്ന-പ. ഉത്സാഹിക്കുന്ന, പ്രയത്നിക്കുന്ന, അഭ്യാസനപ്പെടുന്ന. ക. സദ്ധ്യക്ക ചോറുവിളമ്പുകയും മറ്റും ചെയ്യുന്ന. ന. ക്ഷീണിക്കുന്ന.

ശ്രയണം-ആശ്രയിക്കുക, സേവിക്കുക, അഭയസ്ഥാനം, രക്ഷ.

ശ്രവണദ്വാദശി-തിരുവോണവും ദ്വാദശിയുംകൂടിവരുന്ന ഒരു പുണ്യദിവസം.

ശ്രവണപാശം-ഞരമ്പുള്ള ചെവി.

ശ്രവണപുടം-ചെവിക്കുറ്റി.

ശ്രവണം-പ ചെവി. ക. കീർത്തി. ന. പഠിത്തം. ര. ധനം. ള. വേദം കുക. ഴ. ഒലിക്കുക. ഒ. ശ്രാണം, തിരുവോണം.

ശ്രവണാന്തരം-ചെവിക്ക വേദന ഉണ്ടാക്കുന്നത്.

ശ്രവണേന്ദ്രിയം-ചെവിയുടെ കേൾവിക്കുള്ള ശക്തി, ചെവി കേൾക്കുക എന്ന സ്ഥിതി.

ശ്രവം-പ. ചെവി. ക. ഒലിക്കുക.

ശ്രവസ്യം-കീർത്തി.

ശ്രവസ്സ്-പ. ചെവി. ക. ധനം. ന. യശസ്സ്. ര. മന്ത്രം.

ശ്രവിക്കുന്ന-കേൾക്കുന്ന. (കർ. ക്രി. ശ്രവിപ്പിക്കുന്ന).

ശ്രവിഷ്ഠ-അവിട്ടം നക്ഷത്രം. അതിശയേന ശ്രവിക്കപ്പെടുന്നത് എന്നർത്ഥം. പ്രസിദ്ധം എന്നു താല്പര്യം.

—:0:—

ശ്രാ

ശ്രാണ-വി. വേവിച്ച.

ശ്രാണ-അരിക്കഞ്ഞി.

ശ്രാദ്ധദേവൻ, ശ്രാദ്ധദേവത-അന്തകൻ, യമൻ, പിതൃകർമ്മദേവതാ.

ശ്രാദ്ധം-വി. താല്പര്യമുള്ള.

ശ്രാദ്ധം-ചാന്തം, ശ്രാദ്ധയോഗ്യകാലത്ത് ദാനംചെയ്യപ്പെടുന്നത് എന്നർത്ഥം. പിതൃകർമ്മം, മരിച്ചുവരെ (പിതൃക്കളെ) ഉദ്ദേശിച്ച് ചെയ്യുന്ന ഒരു ക്രിയ (ബലി, വെലി).

സംക്രാന്തി, അയനം, ഗ്രഹണം, വിഷു, ജന്മർക്ഷപീഡനം ഇവയത്രേ 'ശ്രാദ്ധകാലപഞ്ചകം'.

ശ്രാന്ത-വി. തളർന്ന, ക്ഷീണമുള്ള.

ശ്രാന്തതപം-ഉത്സാഹം.

'ശ്രാന്തതേവന വിനാ തിരിഞ്ഞു'
(അമരുകശതകം)

ശ്രാന്തസംവാഹനം - ക്ഷീണിച്ചവരെ ആശ്വസിപ്പിക്കുക.

ശ്രാന്തി-തളർച്ച, ക്ഷീണം, ശ്രമം.

ശ്രാമ്പി-ഒരുമന്ത്രിമാളികയുടെ പേര്.

'പുള്ളിമാന്മിഴിയാളും
പള്ളിശ്രാമ്പിമേലേറി'

(രുക്മിണീസ്വയംവരം തുള്ളൽ)

ശ്രാമ്പി, മാപ്പിളപ്പള്ളി.

ശ്രാമം-പ. സമയം. ഉ. മാസം. ന. തല്ലുകൊണ്ടവസ്ത്രത്തിനായുള്ള കടിപ്പ്.

ശ്രായം-ആശ്രയം.

ശ്രാവ്-ചിറാവ്, ഒരുവക മത്സ്യം.

ശ്രാവണം-ചിങ്ങമാസം. ശ്രവണ (തിരുവോണ) നക്ഷത്ര പൌർണ്ണമിയോട് കൂടിയത് എന്നർത്ഥം.

ശ്രാവണൻ-ഒരു വൈശ്യസന്ന്യാസി.

ദശരഥൻ അറിയാതെ എയ്തകാരണം. 'പുത്രദുഃഖം നിമിത്തം മരിക്കുക' എന്ന അയാളുടെ അച്ഛനമ്മമാർ ദശരഥനെ ശപിച്ചു.

ശ്രാവണി-പ. ചിങ്ങമാസത്തിലെ രേവതിനാൾ. ഉ. ആണ്ടുതോറും പൂണൂൽ പുതുക്കുമ്പോൾ ചെയ്യുന്ന ഒരു കർമ്മം. ന. നിലത്തു പടരുന്ന ഒരു കഫല്ലതാവ്യം.

ശ്രാവണി ചുമ, വായുമൂടൽ മുതലായവയ്ക്കു നന്ന്. ബുദ്ധിയെ നന്നാക്കും.

ശ്രാവണികം-ചിങ്ങമാസം.

ശ്രാവ്യ-വി. കേൾപ്പാൻതക്ക.

ശ്രാവ്യം-ശ്രവിപ്പാൻ (കേൾപ്പാൻ) യോഗ്യമായുള്ളത്.

ശ്രി

ശ്രിത-വി. പ. ആശ്രയിക്കപ്പെട്ട. ഉ. പ്രാപിക്കപ്പെട്ട.

ശ്രീ

ശ്രീ-പ. ലക്ഷ്മി. ഉ. ശ്രേയസ്സ്. ന. ഒരു വൃത്തം, പാദത്തിൽ ഒരക്ഷരം. ഉം-ശ്രീയിൽ ഭീഷ്മം. ര. ധനം. ഘ. ക്രുവം. ങ. താമര. ച. ശോഭ. വ. സംപത്ത്. ൻ. സരസ്വതി. ഫ. പാർവ്വതി. ഫഫ. കരയാംപൂ. ഫഫ. ശ്രുതി. ഫന. പ്രകാശം. ഫര. മോഹം. ഫഘ. പ്രഭവം. ഫങ്ക. ശക്തി. ഫച. സൂര്യൻ. ഫവ. പ്രയത്നം. ഫൻ. കീർത്തി. ഫഠ. അഭിവൃദ്ധി. ഫഫ. പരിഷ്കാരം. ഫഡ. ശുഭം. ഫന. വിജയം. ഫര. ദേവകൾ, രാജാക്കന്മാർ, കീർത്തിയുള്ളവർ മുതലായവരുടെ പേരുകളുടെ മുമ്പാകെ ബഹുമാനസൂചകമായി ചേർക്കുന്ന ഒരു പദം.

ശ്രീകണ്ഠൻ-പ. ശിവൻ. കണ്ഠത്തിൽ ശോഭയുള്ളവൻ എന്നർത്ഥം. ഉ. ഭേദി.

ശ്രീകണ്ഠം-ഒരു മിക്ക്.

ഈ ദേശം ഹസ്തിനാപുരത്തിന്റെ വടക്കു പടിഞ്ഞാറുള്ള 'കുരുജാംഗലം' എന്നു കാണുന്നു.

ശ്രീകണ്ഠി-ഒരു രാഗം.

ശ്രീകര വി ശ്രീയെയുണ്ടാക്കുന്ന.

ശ്രീകരണം-എഴുത്തുകോൽ, പേന.

ശ്രീകരൻ-വിഷ്ണു.

ശ്രീകരം-രക്തചന്ദനമരം.

ശ്രീകാന്തൻ-വിഷ്ണു.

ശ്രീകാരി-മഴവ്.

ശ്രീകാര്യക്കാരൻ-ചില ക്ഷേത്രത്തിലെ മേൽവിചാരത്തിന്നായിട്ട് രാജാവ് നിയമിച്ചിരിക്കുന്ന ഒരധികാരി.

ശ്രീകാര്യം — ക്ഷേത്രത്തിലെ മേലധികാരം.

ശ്രീകൃഷ്ണൻ-വിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഒന്ന്, കൃഷ്ണൻ.

ശ്രീകൃഷ്ണവിലാസം-ഒരു കാവ്യം.

ശ്രീകോവിൽ-ക്ഷേത്രത്തിന്നകത്തെ ഒരു സ്ഥലം.

ശ്രീഖണ്ഡം-ചന്ദനം.

ശ്രീഗദിത — ക്രി-ം ശതാബ്ദത്തിൽ ഉത്തര ഇൻഡ്യയിൽ നടപ്പിലിരുന്ന ഒരുതരം സ്മൃതി.

ശ്രീഗരൻ-വിഷ്ണു.

ശ്രീഗർഭൻ-വിഷ്ണു.

ശ്രീഗർഭം-വാരം.

ശ്രീഗന്ധം-ഒരു മരം.

ശ്രീഘനൻ-ബുധൻ. യോഗേശശബ്ദം പരിപൂർണ്ണൻ എന്നർത്ഥം.

ശ്രീഘനം-പുഷ്പിച്ച തയിർ, തൈർ.

ശ്രീചക്രം-ക്ര. ഇന്ദ്രന്റെ രഥച്ചക്രം. ഉ. തർക്കശാസ്ത്രത്തിൽ ഒരു ഭാഗം. ന. മന്ത്രവാദികളുടെ ഒരു യന്ത്രം. ര. ജ്യോതിഷത്തിന്റെ വട്ടം. ള. വിഷ്ണുവിന്റെ ചക്രം, സുദർശനം.

ശ്രീജൻ-കാമദേവൻ.

ശ്രീതരം-ക്ര. സമ്പത്ത്. ഉ. ശോഭ.

ശ്രീദ-വി. ശ്രീയെ കൊടുക്കുന്ന.

ശ്രീദൻ-കുബേരശ്രവണൻ.

ശ്രീദാമചരിതം-ഒരു നാടകം. കൃഷ്ണന്റെ സ്നേഹിതനായ ദാമന്റെ ഉന്നതിയെക്കുറിച്ചു സംസ്കൃതഭാഷയിൽ രചിച്ചിരിക്കുന്നതാണ്.

ശ്രീദേവി-ലക്ഷ്മി.

ശ്രീധരൻ-ക്ര. വിഷ്ണു. ഉ. ഭട്ടികാവ്യത്തിന്റെ വ്യാഖ്യാതാവ്.

ശ്രീധരസ്വാമി-ഭഗവൽഗീത, വിഷ്ണുപുരാണം മുതലായ പലേ പുസ്തകങ്ങളുടേയും വ്യാഖ്യാതാവ്.

ശ്രീനന്ദനൻ-കാമദേവൻ.

ശ്രീനാരായണൻ-വിഷ്ണു.

ശ്രീനാവാക്ഷേത്രം-തിരുനാവായി.

ശ്രീനികേതൻ-വിഷ്ണു.

ശ്രീനിവാസൻ-വിഷ്ണു.

ശ്രീനിവാസം-തിരുവട്ടപ്പശ.

ശ്രീപഞ്ചമി-മാഘമാസത്തിൽ വെളുത്തപക്ഷത്തിലെ അ-ംനു-യുള്ള ഒരു വിശേഷദിവസം.

ശ്രീപതി-ക്ര. വിഷ്ണു. ഉ. രാജാവ്.

ശ്രീപദ്മനാഭൻ-വിഷ്ണു.

ശ്രീപദ്മനാഭക്ഷേത്രം-തിരുവനന്തപുരത്തുള്ള ഒരു പ്രസിദ്ധ വിഷ്ണുക്ഷേത്രം (തിരുവമ്പാടി എന്നതു നോക്കുക).

ശ്രീപഥം-പെരുവഴി.

ശ്രീപടി-മഴമുല്ല.

ശ്രീപർണ്ണം-ക്ര. താമരപ്പൂ ഉ. മുള.

ശ്രീപർണ്ണി-ക്ര. പെരുംകുമിൾ. ഉ. ഇലവ്. ന. ഒരുവക ചെടി.

ശ്രീപർണ്ണിക-ക്ര. ഒരുവക പൂച്ചെടി. ഉ. കായാമ്പൂലു.

ശ്രീപാദം-കാൽ മുതൽ തുടങ്ങി ബഹുമാനിച്ചു പറയുന്ന വാക്ക്.

ശ്രീപീഠം-പീഠത്തിനു മാനിച്ചു പറയുന്ന വാക്ക്.

ശ്രീപുരൻ-ക്ര കാമദേവൻ. ഉ. കതിർ. ന. ഇന്ദ്രന്റെ കതിർ. ര. ചന്ദ്രൻ.

ശ്രീപൂരം-ശോഭാപുഞ്ജം.

ശ്രീഫലം-പ. ക്രുവകം. ഉ. നെല്ലിക്ക.

ശ്രീഫലീ-പ. അമരി. ഉ. നെല്ലി. ന. വലിയ വാലുഴവം.

ശ്രീഭഗവതി-ലക്ഷ്മി.

ശ്രീഭണ്ഡാരം-ക്ഷേത്രത്തിലെയും മറവം ഭണ്ഡാരം.

ശ്രീഭദ്രാ-പ. കപേതമുത്തങ്ങ. ഉ. കൊടുങ്ങല്ലൂർ ഭഗവതി.

ശ്രീഭൂതബലി-ക്ഷേത്രത്തിൽ ചെയ്യുന്ന ഒരു ബലികർമ്മം.

ശ്രീഭ്രാതാ-കതിര.

ശ്രീമതി-മഴമുല്ല.

ശ്രീമതീ-സമ്പത്തുള്ളവൾ, ശ്രീമാൻ എന്നതിന്റെ സ്ത്രീലിംഗരൂപം, ബഹുമതി കാണിക്കുവാനായി സ്ത്രീകളുടെ പേരിനു മുമ്പിലായിട്ടു ചേർക്കപ്പെടുന്നു.

ശ്രീമത്(ത്ത്)-സിന്ദൂരം.

ശ്രീമത്(ത്ത്)-വി. ശോഭയുള്ള, ശ്രീയുള്ള

ശ്രീമത്വം-പ. ഐശ്വര്യം. ഉ. വിക്ഷം.

ശ്രീമത്സ്യം-കൊമ്പൻശ്രാവു എന്ന മത്സ്യം.

ശ്രീമദം - ഐശ്വര്യംകൊണ്ടുള്ള അഹങ്കാരം.

ശ്രീമസ്തകം-വെള്ളുള്ളി.

ശ്രീമഹാദേവൻ-ശിവൻ.

ശ്രീമാൻ-പ. ഐശ്വര്യമുള്ളവൻ. ഉ. ഒരു വൃക്ഷം, മൈലെള്ള്. ഉ. അരയാൽ. ന. പുരുഷന്മാരുടെ പേരിനു മുമ്പേ ബഹുമാനസൂചകമായി ചേർക്കപ്പെടുന്നു. (സ്ത്രീ ശ്രീമതി). ഭ. ഇടവകം ൭ രാശി. ന. മഞ്ഞക്കടമ്പു. ഒ. വിഷ്ണു. വ. ശിവൻ. ൽ. കുബേരൻ.

ശ്രീമുഖം-പ. അരപതിൽ മുഴംസംവത്സരം. ഉ. സന്യാസിമാരുടേയും രാജാക്കന്മാരുടേയും മഹാത്മാക്കളുടേയും കത്തുകൾ.

ശ്രീമുടി-വൈഷ്ണവന്മാർക്കുള്ള നെറ്റിയിലെ അടയാളം.

ശ്രീമൂർത്തി-വിഷ്ണുവിന്റെയോ ലക്ഷ്മിയുടേയോ രൂപം.

ശ്രീയുക്ത-വി. പ. ശ്രീയുള്ള. ഉ. സമ്പത്തുള്ള.

ശ്രീരംഗപട്ടണം-ഒരു പട്ടണം.

ശ്രീരംഗൻ-വിഷ്ണു.

ശ്രീരംഗം-പ. ശ്രീരംഗപട്ടണം. ഉ. തിരുച്ചിറപ്പള്ളിക്കു സമീപമുള്ള ഒരു ക്ഷേത്രം.

ശ്രീരാഗം-ഒരു രാഗം.

ശ്രീരാമൻ-വിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഒന്നു, ദശരഥപുത്രൻ.

ശ്രിയഃ കമലവാസിന്യാഃ രമണാദ്രമേ ഇത്യസൌ=കമലവാസിനിയായിരിക്കുന്ന ശ്രീയുടെ രമണത്വം ഹേതുവായിട്ടു ശ്രീരാമൻ എന്നു പറയുന്നു.

ശ്രീരാമോദന്തം-ശ്രീരാമന്റെ കഥ.

ശ്രീല-വി. ശ്രീയുള്ള, സമ്പത്തുള്ള.

ശ്രീവത്സകി-നല്ല കതിര.

ശ്രീവത്സൻ-വിഷ്ണു.

ശ്രീവത്സം-വിഷ്ണുവിന്റെ ഒരു മറുക്. (മാറിലുള്ള രോമക്കുഴി.) ഉ. തുരങ്കം.

ശ്രീവത്സലാഞ്ഛനൻ-വിഷ്ണു. ശ്രീവത്സം എന്ന ലാഞ്ഛനം (അടയാളം) ഉള്ളവൻ.

ശ്രീവത്സാങ്കം-കാള.

ശ്രീവത്സാങ്കിതൻ- ശ്രീവത്സംകൊണ്ടു അടയാളപ്പെട്ടവൻ.

ശ്രീവല്ലഭൻ-വിഷ്ണു.

ശ്രീവല്ലീ-പ. മഴമുല്ല. ഉ. പുളിഞ്ചി.

ശ്രീവള്ളി, ശിറൊള്ളി-ഒരു ഗ്രാമക്കാരത്ത്.

ശ്രീവാസൻ-വിഷ്ണു.

ശ്രീവാസം-ഗ. തിരുവട്ടപ്പയൻ, ഉ. തമര, ന. കുവളം.

ശ്രീവാഴ്ത്തുവോൻ-തിരുവാഴിത്താൻ, സ്തുതിപാഠകൻ.

ശ്രീവൃക്ഷം-ഗ. അരയൽ. ഉ. കുവളം.

ശ്രീവത്സം-തിരുവട്ടപ്പയൻ.

ശ്രീശൻ വിഷ്ണു.

ശ്രീശുകൻ-വേദവ്യാസന്റെ പുത്രനായ ഒരു മഹർഷി.

ശ്രീശൈലം-ഒരു ക്ഷേത്രം.

ശ്രീസംജ്ഞം-ഇലവർങ്ങം.

ശ്രീസഖൻ-കുബേരൻ.

ശ്രീസഹോദരം-കർപ്പൂരം.

ശ്രീഹർഷദേവൻ-രത്നാവലീനാടകത്തിന്റെ കർത്താവു്.

ശ്രീഹർഷൻ — ഒന്നേക്ഷധത്തിന്റെ കർത്താവു്. ക്രിസ്തുവർഷം ഏഉ-ാംശതാബ്ദത്തിന്റെ ഒടുവിൽ ജീവിച്ചിരുന്നു. വേറെ പല ഗ്രന്ഥങ്ങളും ഉണ്ടാക്കീട്ടുണ്ടു്.

ശ്രീഹരി-വിഷ്ണു.

ശ്രീഹസ്തിനി-വേലിപ്പരുത്തി, (ആനച്ചെവിയൻ എന്നും കുണുന്നു.)

ശ്രീഹാനി-ശ്രീയുടെ നാശം.

ശ്രു

ശ്രുത-വി. ഗ. കേൾക്കപ്പെട്ട, അറിയപ്പെട്ട.

ശ്രുതകമ്മാവു്-സഹദേവന്റെ പുത്രൻ.

ശ്രുതകീർത്തി-ശത്രുഘ്നന്റെ ഭാര്യ, സീതയുടെ പിതൃവ്യപുത്രി.

ശ്രുതകീർത്തി-അർജ്ജുനന്റെ പുത്രൻ.

ശ്രുതബോധം-ഒരു പുസ്തകം

പുണ്ഡരീകത്തെക്കുറിച്ചുള്ളതാണ്. കാളിദാസന്റെ കൃതിയാണെന്നു ചിലരുടെ അഭിപ്രായം.

ശ്രുതം-ഗ. ശാസ്ത്രം. ഉ. പഠിത്തം.

ശ്രുതശ്രവസ്സ്-ഒരു മുനി. (ഇദ്ദേഹത്തിന്റെ മകൻ സോമശ്രവസ്സ്.)

ശ്രുതസേനൻ-ഗ. ജനമേജയനൃപന്റെ ഒരു സോദരൻ. ഉ. ശത്രുഘ്നന്റെ ഒരു പുത്രൻ. ന. സഹദേവന്റെ പുത്രൻ.

ശ്രുതി-ഗ. വേദം. ഉ. വേദത്തിൽ പ്രതിപാദിതങ്ങളായ യാഗാദികർമ്മം നടത്തേണ്ട കാലം വിധം മുതലായവയെക്കുറിച്ചു പറയുന്നതു്. ന. ചെവി. ഭ. കേൾക്കുക. ഇ. കീർത്തി. ഊ സ്വരോത്പത്തിക്കു ഹേതുവായ ശബ്ദം. ഒ. ഒരുമാതിരി കഴൽ. വൃ. മാനം.

ശ്രുതികടം-പായ്.

ശ്രുതികടു-ദുഷ്കീർത്തി.

ശ്രുതിക്കാരൻ-ശ്രുതി ഉരുത്തുന്നവൻ.

ശ്രുതിജീവികാ-ചട്ടപ്പുസ്തകം. (Law-book).

ശ്രുതിധര-വി. കേൾക്കുന്ന.

ശ്രുതിധർമ്മദ്വയം—(സംഗീതശാസ്ത്രപ്രകാരം). ഉച്ചം (ഉയർച്ച), നീചം (താഴ്ച)

ശ്രുതിപുടം-ചെവി.

ശ്രുതിപ്പെടുത്തുന്നു-പ്രസിദ്ധപ്പെടുത്തുന്നു

ശ്രുതിവാദം-കാതുതുളയ്ക്കൽ.

ശ്രുവം-ഗ. യാഗം. ഉ. ഒരു ചെറിയ യാഗപാത്രം. (തവി).

ശ്രേ

ശ്രേണി-ഗ. കൂട്ടം. ഉ. വരി. ന. ഒരുവു്. ഭ. പേരീത്തം. ഇ. ഒരുമിച്ചു പണിയുന്ന തച്ചൻ. ഊ. ഒരു സാധനംകൊണ്ടു

വിലുന്ന കച്ചവടക്കാരൻ. ൩. ഏത്ത കൊട്ട.

ശ്രേണിക-ക്രൂരം.

ശ്രേയസി--പ. അത്തിശ്ശിപ്പലി. ര. പാടവള്ളി. ന. കടുക്ക. ഭ. ഞാഴൻ. ഉം അരത്ത.

ശ്രേയസ്കര-വി. കീർത്തിയെയുണ്ടാക്കുന്ന.

ശ്രേയസ്സ്-പ. യശസ്സ്. ര. മോക്ഷം. ന. സുകൃതം. ഭ. ക്ഷേമം. ഉം നന്മ, മേന്മ.

ശ്രേയസ്സ്-വി. ശ്രേഷ്ഠതയുള്ള.

ശ്രേയിനം-മോക്ഷം.

ശ്രേഷ്ഠി-വി. പ്രാധാന്യമുള്ള.

ശ്രേഷ്ഠിത-മുഖ്യത

ശ്രേഷ്ഠൻ-പ. മുഖ്യൻ. ര. കമ്പോളൻ. ന. രാജാവ്. ഭ. ബ്രാഹ്മണൻ. ഉ. വിഷ്ണു.

ശ്രേഷ്ഠം-പ. പശുവിൻപാൽ. ര. ശ്രേഷ്ഠത.

ശ്രേഷ്ഠലവണം-ഇന്തുപ്പ്.

ശ്രേഷ്ഠാർത്ഥവാചകങ്ങൾ—വ്യാഘ്ര, പുംഭവ, കുഞ്ജര, സിംഹ, ശാർദ്ദൂല, നാഗ എന്നിവ.

'സ്യുരുത്തരപദേ വ്യാഘ്ര
പുംഭവർഷഭകുഞ്ജരാഃ
സിംഹശാർദ്ദൂലനാഗാദ്യാഃ
പുംസിശ്രേഷ്ഠാർത്ഥവാചകാഃ'

ശ്രേഷ്ഠാശ്രമം-ഗൃഹസ്ഥാശ്രമം.

ശ്രേഷ്ഠി-വി. ശ്രേഷ്ഠമായ

ശ്രേഷ്ഠി-കേമംവിപ്പെട്ട സൂത്രപ്പണിക്കാരൻ.

—:o:—

ശ്രൊ

ശ്രൊത്രിയം-ശ്രോത്രം.

ശ്രോ

ശ്രോണ-വി. പാകംചെയ്യപ്പെട്ട, പാകമായ.

ശ്രോണൻ-ഇരുകാൽ മുടവൻ.

ശ്രോണം-പ. ഒരു നദം. ര. ഒരു മീനം.

ശ്രോണാ-പ. തിരുവോണം നക്ഷത്രം. ര. കഞ്ഞി.

ശ്രോണി-പ. കറക്. ര. വഴി.

ശ്രോണീഫലകം-പ. കറക്. ര. ഈ രക്കുട്ടിലെ അസ്ഥി.

ശ്രോതവ്യ-വി. കേൾക്കുവാൻ യോഗ്യതയുള്ള.

ശ്രോതസ്സ്-പ. ചെവി. ര. ഇന്ദ്രിയം.

ശ്രോതൃ-വി. കേൾക്കുന്ന.

ശ്രോതൃപുടം-ചെവി.

ശ്രോതൃം-ചെവി.

ശ്രോതൃമലം-ചെവിപ്പീ.

ശ്രോതൃരോധം-ചെവിയടപ്പ്.

ശ്രോതൃാമൃതം-ചെവിക്ക് സന്തോഷം വരുത്തുന്നത്.

ശ്രോത്രിയ-വി. നല്ല ശീലമുള്ള.

ശ്രോത്രിയൻ-പ. വേദജ്ഞൻ. വേദജ്ഞനായ ബ്രാഹ്മണൻ, വേദധ്യായി. ര. സാധുശീലൻ.

ശ്രോത്രേന്ദ്രിയം-ചെവി എന്നുള്ള ഇന്ദ്രിയം, കേൾക്കുന്നതിനുള്ള ശക്തി.

ശ്രൌ

ശ്രൌത-വി. പ. ചെവിയെ സംബന്ധിച്ച. ര. വേദത്തെ സംബന്ധിച്ച.

ശ്രൌതം-കല്പങ്ങളും മൂന്നാംഭാഗം ഉള്ളതിൽ ഒന്ന്. മറ്റവ ഗൃഹ്യം; ധർമ്മം.

ശ്രൗതം— ക. വേദാദ്ധ്യയനം. ഉ. ചെവി.

ശ്രൗഷഡം-ന. ചിലർ ഹോമം കഴിക്കുമ്പോൾ ചൊല്ലുന്ന ഒരു മന്ത്രം.

ശ്ര്യാ

ശ്ര്യാഹ്വം-കുവളം.

—:o:—

ശ്ല

ശ്ലക്ഷ്ണ-വി. ക. നേർത്ത ഉ. മൃദുവായ ഋ. ന. ഭംഗിയായ. ഭ. യോഗ്യമായ. ഇ. പരമാർത്ഥമായുള്ള. ന. അല്പമായ.

ശ്ലക്ഷ്ണകം-അടക്കാ, പാക്ക്.

ശ്ലക്ഷ്ണശില-മിനുസക്കല്ല്. (Marble മർമ്മരം).

ശ്ലഥ-വി. അയഞ്ഞ, മുറുക്കമില്ലാത്ത.

ശ്ലഥനം-അയവുണ്ടാക്കൽ.

ശ്ലഥബന്ധം-അയഞ്ഞ കെട്ട്.

—:o:—

ശ്ലാ

ശ്ലാഘ്യ-ക. പ്രശംസ, സ്തുതി. ഉ. തന്നാൻ സ്തുതിക്ക ന. അഭിലാഷം.

ശ്ലാഘ്യനീയ-വി. സ്തുതിക്കത്തക്ക.

ശ്ലാഘാവാൻ— ശ്ലാഘ്യയുള്ള (കീർത്തിയുള്ള) പാത്രമായവൻ,

'ശ്ലാഘ്യാവാനാജ്ഞനൻഞാൻ—'
(നാരായണീയം ചയ്യു)

ശ്ലാഘിക്കുന്ന-വി. സ്തുതിക്കുന്ന, പ്രശംസിക്കുന്ന, വൻപുപറയുന്ന.

ശ്ലാഘിത-വി. സ്തുതിക്കപ്പെട്ട.

ശ്ലാഘ്യ-വി. സ്തുതിക്കത്തക്ക.

ശ്ലാഘ്യ-ക. മാനം, ഉ. പദവി.

—:o:—

ശ്ലി

ശ്ലിഷ-ആലിംഗനം

ശ്ലിഷ്ട-വി. ക. ചേർന്നിരിക്കുന്ന ഉ. ശ്ലേഷാർത്ഥമുള്ള.

—:o:—

ശ്ലീ

ശ്ലീഹാ- രോഗവിവരം പ്രചരിപ്പിക്കുന്നതിനു യേശുക്രിസ്തു അധികാരപ്പെടുത്തിട്ടുള്ള ശിഷ്യരിലോരോരുത്തരും.

ശ്ലീപദപ്രഭവം-മഹാവ്.

ശ്ലീപദം-മന്ത്രകാൽ.

ശ്ലീപദാപഹം-പുത്തിലഞ്ഞി.

ശ്ലീല-വി. ഔചിത്യമുള്ള.

—:o:—

ശ്ലേ

ശ്ലേഷ-ക. തമ്മിൽ കൂടിച്ചേരുക. ചേരുക എന്നർത്ഥം. ഉ. സഹവാസം. ന. ആലിംഗനം. ഭ. ഇരട്ടി അർത്ഥം തോന്നത്തക്കവണ്ണമുള്ള വാക്ക്, ഒരലങ്കാരം.

ശ്ലേഷോക്തി-ഒരലങ്കാരം.

ശ്ലേഷ്മ, ശ്ലേഷ്മം-കഫം.

ശ്ലേഷ്മഘ്നീ-ക. വള്ളിമുല്ല. ഉ. കമ്പിപ്പാ ല. ന. ചെറുപ്പുന്ന. ഭ. കർപ്പൂരതുളസി.

ശ്ലേഷ്മാന്തകാ-ക. വള്ളിമുല്ല. ഉ. പൂ ഒക്കെത.

ശ്ലേഷ്മണ-വി. കഫം അധികമുള്ള.

ശ്ലേഷ്മണാ-ഒരു ഔഷധം.

ശ്ലേഷ്മധാതു— ശ്ലേഷ്മമെന്നു പറയുന്ന ധാതു, കഫം.

ശ്ലേഷ്മനാഡി-കഫം സഞ്ചരിക്കുന്ന ഞരമ്പ്.

ശ്ലേഷ്മള-വി. കഫമുള്ളം

ശ്ലേഷ്മളം-നാമവരി.

ശ്ലേഷ്മാത(ക)ം-നാമവരി.

ശ്ലോ

ശ്ലോകത്തിൽകഴിക്ക—പുസ്തകത്തിൽ തീർക്ക.

ശ്ലോകം-പ്ര. പുത്രശോസ്ത്രത്തെ അനുസരിച്ച് ബന്ധിക്കപ്പെട്ട പദസമൂഹം (പദ്യം). ഉ. യശസ്സ്. അനേകം വസ്തുക്കളെ ഒന്നായിച്ചേർത്തുണ്ടായത് എന്നർത്ഥം.

ശ്വ

ശ്വഃ-നാളെ.

ശ്വഗണം-നായ്ക്കൂട്ടങ്ങളുടെ കൂട്ടം.

ശ്വഭംഷ്ടാ-ഞെരിഞ്ഞിൽ. നായ്ക്കൾപോലെ മുള്ളുള്ളതു് എന്നർത്ഥം.

ശ്വഗുത്തൻ-കവർച്ചക്കാരൻ.

ശ്വനിശം-നാം കരുതുന്ന രാത്രി.

ശ്വഃശ്രേയസം-മംഗളം. വരാൻപോകുന്ന ശ്രേയസ്സിനു് അധിഷ്ഠാനം എന്നർത്ഥം.

ശ്വപചൻ-പട്ടിയെ വേവിച്ചു തിന്നുന്ന ഒരു നീചജാതിക്കാരൻ, പറയൻ.

ശ്വപാകൻ-ശ്വപചൻ.

ശ്വഭീരു-കവർച്ചക്കാരൻ.

ശ്വഭ്രം-പ്ര. പോത്തു്, സൂകരം. ഉ. മണ്ണുള്ളി.

ശ്വമാംസം-പട്ടിയുടെ മാംസം.

ശ്വയഥു-വീക്കം, നീര്.

ശ്വവൃത്തി-ഉപജീവനാർത്ഥം അന്യനെ സേവിക്കുക.

ശ്വവ്യാഘ്രം-ചെമ്പുലി.

ശ്വശ്രൂരത-ഭാര്യയുടെ അച്ഛന്റെ നില.

ശ്വശ്രൂരൻ-പ്ര. ഭാര്യയുടെ പിതാവു്. ഉ. ഭർത്താവിന്റെ പിതാവു്. ന. മറ്റുള്ളവൻ.

ശ്വശ്രൂരാ-ബ്രഹ്മി.

ശ്വശ്രൂശ്വൻ- അളിയൻ, ഭർത്താവിന്റെ അനുജൻ, ഭാര്യയുടെ സോദരൻ.

ശ്വശ്രൂ-പ്ര. ഭർത്താവിന്റെ അമ്മ. ഉ. ഭാര്യയുടെ അമ്മ.

ശ്വശ്രൂശ്വശ്രൂരന്മാർ-സ്ത്രീക്കാണെങ്കിൽ ഭർത്താവിന്റെ, പുരുഷനാണെങ്കിൽ ഭാര്യയുടെ അച്ഛനമ്മമാരുടെ പേർ.

ശ്വസനൻ-പ്ര. വായു. ശ്വാസോച്ഛ്വാസങ്ങൾക്കു കാരണഭൂതൻ എന്നർത്ഥം. ഉ. മലങ്കാറ്റ്. ന. ഇന്ദ്രൻ.കൊന്ന ഒരു സുരൻ.

ശ്വസനം-പ്ര. ശ്വാസം. ഉ. ദീർഘശ്വാസം. ന. മലങ്കാറ്റ്.

ശ്വസനവാഹനം-മാൻ.

ശ്വസിക്കുന്നു-പ്ര. വായുവിനെ പുറത്തേയ്ക്കു വിടുന്നു. ഉ. ജീവിക്കുന്നു. ന. വീർക്കുന്നു.

ശ്വസിത-വി. ശ്വസിക്കപ്പെട്ട, ശ്വാസം വിടപ്പെട്ട.

ശ്വസിതം-നിശ്വാസം.

ശ്വസ്തനം-വി. നാളേയ്ക്കുള്ള.

ശ്വഹല്ലൻ- ശാന്തിനിയുടെ ഭർത്താവു്, അക്രൂരന്റെ പിതാവു്.

ഏറ്റവും കേന്ദ്രീയോടുകൂടിയ ഇളകൽ ഉള്ള സ്ഥലത്തു ക്ഷാമം, രോഗം, മരണം എന്നിവ കുഴിഞ്ഞിരുന്നു.

ശ്വാ

ശ്വാ-(നകാരാന്തം). പട്ടി. കാട്ടിനടക്കുന്നവൻ എന്നർത്ഥം.

ശ്വാനൻ, ശ്വാവ്-പട്ടി.

ശ്വാനി-പെൺപട്ടി.

ശ്വാപദം-പ. മൃഗൻപന്നി. ര. കടുവ. ന. പുലി. ഭ. പാമ്പ്. ഇ. ഹിംസ്രമൃഗം.

ശ്വാവിധം-മൃഗൻപന്നി.

ശ്വാവിൽ-മൃഗൻപന്നി.

ശ്വാസകോശങ്ങൾ-ശ്വാസസഞ്ചികൾ

ഇവ രണ്ടിലുള്ള അസ്ഥിക്കൂട്ടിനകത്തു രക്തശയത്തിന്റെ ഇടത്തും വലത്തും ഇരിക്കുന്ന രണ്ടു സഞ്ചികളാണ്. ശ്വാസകോശം വളരെ ചെറുതായ അനേകം കോശി അറകളാൽ നിർമ്മിതമാകുന്നു.

ശ്വാസം-പ. വീർപ്പ്, പ്രാണൻ. ര. വായു. പുറത്തേയ്ക്കു വിടുന്നതു് 'ശ്വാസം', അകത്തേയ്ക്കു വലിയ്ക്കുന്നതു് 'ഉച്ഛ്വാസം'. ശ്വാസം><ഉച്ഛ്വാസം.

ശ്വാസംമുട്ടിക്കുക-ബുദ്ധിമുട്ടിക്കുക.

ശ്വി

ശ്വിത്രം-പാണ്ടു.

ശ്വേ

ശ്വേത-വി. വെളുത്ത.

ശ്വേതകുഞ്ജരൻ-(ശത്രു, ഹയം)-ഐരാവതം.

ശ്വേതകേതു-മുനിയായ ഉദ്ദാലകന്റെ പുത്രൻ.

വേളികഴിച്ച സ്ത്രീകൾക്കു ബ്രാഹ്മണരോടും മറ്റു പുരുഷന്മാരോടും സംസർഗ്ഗം അന്യതന്നെ വിരോധിച്ച ഒരു മുനിയാണ്. ശ്വേതകേതുവിന്റെ മാതാവിനെ ഒരു ബ്രാഹ്മണൻ സംസർഗ്ഗത്തിനായി ക്ഷണിച്ചു. പുത്രൻ തടഞ്ഞു. കുറ്റമില്ലെന്നു പുത്രനോടു പിതാവു് ഉപദേശിച്ചു. അയാൾ സമ്മതിക്കാതെ നിയമം നടപ്പാക്കി.

ശ്വേതഗോകം-കുതിരമത്സ്യം.

ശ്വേതഗരുൽ-പ. വംശ. ര. അരയന്നം.

ശ്വേതധാരി-കടൽനര.

ശ്വേതപിംഗം-സിംഹം.

ശ്വേതപുഷ്പം-വെളുത്ത താമര.

ശ്വേതം-പ. വെളുപ്പ്. ര. വെള്ളി. ന. ശുക്രൻ. ഭ. കവടി. ഇ. വെള്ളരിക്ക്. ണ. ജീവകം. ത. വെൺചന്ദനം. വ. ശംഖ്.

ശ്വേതമരിചം-മുരിങ്ങക്കായുടെ ഉള്ളിലുള്ള കുരു.

ശ്വേതരക്തം-പാടലവർണ്ണം.

ശ്വേതരഞ്ജനം-കാരീയം.

ശ്വേതരുപ്യം-വെള്ളിയം.

ശ്വേതവാഹനൻ-അർജ്ജുനൻ.

ശ്വേതസുരസ-വെളുത്ത ചേമന്തി.

ശ്വേതസുരാ-വാതുണിമദ്യം.

ശ്വേതാ-പ. വെള്ളപ്പക്ഷി. ര. അമൃതി. ന. ക്രൗഞ്ചം. ഭ. പഞ്ചസാര.

ശ്വേതിമ-വെളുപ്പ്.

ഷ

ഷ-ഹല്ലുകളിൽ ന പ-മെന്ന അക്ഷരം.

ഷഷ്ഠം-അ. ആറാമത്തെ എണ്ണം.

ഷഷ്ഠംകോണം-വൈരം.

ഷഷ്ഠക്കം-വി. ആറ്, ആറിരട്ടി.

ഷഷ്ഠകർമ്മങ്ങൾ-ബ്രാഹ്മണർക്കുള്ള ആറു കർമ്മം.

'അദ്ധ്യാപനമധ്യയനം
യജനം യാജനം തഥാ
ദാനംപ്രതിഗ്രഹശ്ചൈവ
ഷട്കർമ്മാണ്യഗ്രജന്മനഃ'

പഠിപ്പിക്കുക, പഠിക്കുക, യജനം, യാജനം, ദാനം, പ്രതിഗ്രഹം ഇവ ന-ം.

ഷഡംക്കമ്മി-വി. ഷഡംക്കർമ്മമുള്ള.

ഷഡംഗൻ-മൂഢൻ.

ഷഡംഗുണങ്ങടം-ക. രഹസ്യം, വീര്യം, വൈരാഗ്യം, വിജ്ഞാനം, ശ്രീ, യശസ്സ് ഇവ ന-ം. ഉ. സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധം, ആശ്രയം. (നൃപന്മാർ അറിയേണ്ട ഗുണങ്ങളാണ്).

ഷഡംഗ്രന്ഥം-വയമ്പ്.

ഷഡംഗ്രന്ഥിക-ചെറുകച്ചോലം.

ഷഡംഗ്രന്ഥീ-വലിയ ഇഞ്ച്.

ഷഡ് ചരണം-തേനീച്ച.

ഷഡ്ജിത്ത്-വിഷ്ണു.

ഷഡംദർശനങ്ങടം-സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ, വേദാന്തം.

ഷഡംപദം-വണ്ട്.

ഷഡംപദാർത്ഥം-ദ്രവ്യം, ഗുണം, കർമ്മം, സാമാന്യം, വിശേഷം, സമവായം-6.

ഷഡംപലം- കാട്ടുതിപ്പലി, കാട്ടുമുളക്, കോട്ടവേലി, ചുക്ക്, തിപ്പലി, ഇരുപ്പ് ഇവ ആറും ചേർന്നത്.

ഷഡംബിന്ദു-വിഷ്ണു.

ഷഡംഭാഗം-ക. ആറിലൊന്ന് ഭാഗം. ഉ. ആറാമത്തെ ഭാഗം. ന. രാജഭോഗം, ഭൂമിക്കുള്ള കരം. (പഴയതാണ്).

ഷഡംഭാവം-ജനനം, ബാല്യം, കൌമാരം, യൌവനം, വാർദ്ധക്യം, മരണം ഇവ ന-ം.

ഷഡംഭുജാ-ദുർഗ്ഗ.

ഷഡക്ഷരമഹാമന്ത്രം-ശ്രീ,രാ,മാ,യ.ന,മഃ.

ഷഡംഗം-ക ശരീരത്തിന്റെ ആറ് അവയവങ്ങടം. ഉ. ഞെരിഞ്ഞിൽ. ന. വേദത്തിന്റെ ആറ് ഭാഗങ്ങടം. ര. പണിക്കുള്ള ഒരു കൃഷ്ണായയോഗം. ങ. ശിക്ഷാദിവേദാംഗങ്ങടംക്കുള്ള പേർ. വേദം അവയവങ്ങളുള്ള ദേഹരൂപമായ സങ്കല്പം വ്യാകരണം-മുഖം, ജ്യോതിഷം-നേത്രം, നിരുക്തം-ചെവി, ഛന്ദസ്സ്-പാദങ്ങടം, ശിക്ഷ-മൂക്ക്, കല്പം-കൈകടം.

(1) 'ഘനചന്ദനശുണ്ഠ്യംബു
പപ്പടോശീരസാധിതം'

ഘനം (മുത്തങ്ങ), ചന്ദനം, ശുണ്ഠി (ചുക്ക്), അംബു (ഇരുവേലി), പപ്പടപ്പുല്ല്; ഉശീരം (രാമച്ചം) ഇങ്ങിനെ ന.

(2) 'ശിക്ഷാകല്പോ വ്യാകരണം
നിരുക്തംഛന്ദസം ചിതിഃ,
ജ്യോതിഷാമയനം ചൈവ
ഷഡംഗോവേദഉച്യതേ'

(3) 'ഇംഗ്ലേബ്രഹ്മശിരോമധ്യം
ഷഡംഗമിദമുച്യതേ'

(4) 'ശോമൂത്രം ഗോമയം ക്ഷീരം
സപ്പിർമ്മധിച രോചനാ,
ഷഡംഗമേതന്മംഗല്യം
പഠിതം സർവ്വാ ശവാം'.

ഷഡംഗുലം-ആറുവിരൽ അളവ്.

ഷഡഭിജ്ഞൻ-ക. ബുദ്ധമുനി. ഉ. ദിവ്യദൃഷ്ടി, പൂർവ്വനിവാസാനുസ്മൃതി, പരചിത്തജ്ഞാനം, ആകാശഗമനം, കായവ്യൂഹം, ആത്മജ്ഞാനം ഇവ ന-ം അറിഞ്ഞവൻ.

ഷഡാതതായികം- ആതതായികം 6 വിധം. പുരയ്ക്കു തീ കൊളുത്തുന്നവൻ, വിഷം കലർത്തുന്നവൻ, ആയുധം

കൊണ്ടു കൊല്ലാൻ ഒരുമ്പെടുന്നവൻ, ധനം അപഹരിക്കുന്നവൻ, ക്ഷേത്രത്തെ (ഭൂമിയെ) അപഹരിച്ചുവൻ, ഭാര്യയെ അപഹരിച്ചുവൻ.

'അഗ്നിദോ ഗരദശ്ചൈവ
ധനസ്യാപഹരാസ്തഥാ
ക്ഷേത്രഭാര്യാപഹർത്താച
ഷഡേതേ ബ്രഹ്മഹന്തയിനഃ'

ഷഡാധാരങ്ങളം- മനുഷ്യശരീരത്തിലുള്ള ആറ ചക്രങ്ങളം. മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞ ഇവ നു-ം. (കാരണം പ്രത്യേകം നോക്കുക. സുഷുമ്നയുടെ അകത്തെ നു സ്ഥാനങ്ങളം).

ഇവ നാഡികളുടെ സംഘാതം (കൂട്ടം) ആണ്. ഈ ആറ ചക്രവും സ്ഥൂലശരീരത്തിലല്ല, സൂക്ഷ്മശരീരത്തിലാണെന്നും ഇവ പ്രാണനിലയങ്ങളാണെന്നും അഭിജ്ഞന്മാർ പായുന്നു.

ഷഡാനനൻ- സുബ്രഹ്മണ്യൻ. ഭിന്നമായ ദൃഷ്ടി, പൂർവ്വനിവാസാനുസന്ധി മുതി, പരമചിത്തജ്ഞാനം, അകാശഗമനം, കായവ്യൂഹം, ആത്മജ്ഞാനം ഇവ ആറിനേയും സംകല്പേന അറിഞ്ഞവൻ എന്നർത്ഥം.

ഷഡിന്ദ്രിയങ്ങളം-കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക്, മനസ്സ്.

ഷഡീതികളം- അതിവൃഷ്ടി, അനാവൃഷ്ടി, എലി, ശലഭം, കിളി, അന്യാസന്നുപന്മാർ ഈ നു-ം.

ഷഡൗഷധങ്ങളം- ആരോണം, കൊട, വെൺചാരമരം, ആലവട്ടം, പുണ്ണാക്ക്, മാസ്യം.

ഷഡൂർമ്മികളം, ഷഡ്വിധം, ഷഡാർഗ്ഗം-മനുഷ്യജീവിതത്തിൽ നാശം വരുത്തുന്ന നു കാര്യങ്ങളം-ഫ. കാമം. ക്രോധം. ന. ലോഭം. ഭ. മദം. ഇ. മോഹം. നു മത്സരം. ഇവ നു-ം. (വിശദ്ധ്, ഭയം, ദുഃഖം, മോഹം, ജര, മതി ഇവ നു-ം എന്നും കാണുക).

ഷഡുഷണ്ണം-പഞ്ചകോലവും മരിചവും.

'പഞ്ചകോലം സമരിചം
ഷഡുഷണമിതിസ്മൃതം'

ഷഡൃതുക്കളം-വസന്തം, ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം, ശിശിരം ഇവ നു-ം. (ഋതു, മാസം ഇവ നോക്കുക).

ഷഡ്ജം- സപ്തസ്വരങ്ങളിൽ ഒന്നാമത്തേത്. ആറ സ്ഥാനങ്ങളിൽനിന്നു പുറപ്പെടുന്നതു എന്നർത്ഥം. (നാസിക, കണ്ഠം, മാറിടം, താലുപ്രദേശം, നാവ്, പല്ല് ഇവയത്രേ നു സ്ഥാനങ്ങളം).

മയിൽ ഷഡ്ജസ്വരത്തിലാകുന്നു ശബ്ദിക്കുന്നതു.

ഷഡ്രഥന്മാർ-കൃപർ, ഭീഷ്മർ, ദ്രോണർ, കർണ്ണൻ, ശല്യൻ, അശ്വത്ഥാമാ.

ഷഡ്രസം-ആറ രസം. മധുരം (സ്വാദു), ലവണം (ഉപ്പു), കടു (എരിവു), തിക്തം (കയ്പു), അമ്ലം (പുളി), കഷായം (ചവർപ്പു).

ഷഡ്രസഭോജനം-ഫ. ആറ രസങ്ങളം ചേർന്ന ഭക്ഷണം. ക. നെയ്വിളക്കു, മാല, താംബൂലം, നൃത്തം, വാദ്യം, വീണാഗാനം ഇവകൊണ്ടു സന്തോഷിപ്പിക്കുക.

ഷഡാകൃതൻ-സുബ്രഹ്മണ്യൻ.

ഷഡാദനൻ-സുബ്രഹ്മണ്യൻ.

ഷഡാർഗ്ഗം, ഷഡ്വിധം-(ഷഡൂർമ്മികളം നോക്കുക).

ഷണ്ഡത-നപുംസകത്വം

ഷണ്ഡതായോഗ്യൻ– ഉടയ്ക്കേണ്ടപ്രായമായ കാളക്കുട്ടി.

ഷണ്ഡൻ–പ. നപുംസകൻ. തന്റെ അപഖ്യാതി മറ്റുള്ളവരിലേക്കു തിരിപ്പാൻ വേണ്ടി പണം കൊടുക്കുന്നവൻ എന്നർത്ഥം. (പാഠം–ക്ഷണ്ഡൻ). ക. വരി ഉടച്ച കാള, കാള.

ഷണ്ഡം–താമര മുതലായതിന്റെ കൂട്ടം, കൂട്ടം.

ഷണ്ഡാലീ–തടാകം.

ഷണ്ണയം–അറു നയം. സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം. (ഓരോന്നും പ്രത്യേകം നോക്കുക). ഷണ്ണയങ്ങളും രാജാക്കന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ടവയാണ്.

ഷണ്മുഖൻ–സുബ്രഹ്മണ്യൻ.

ഷഷ്ടി–അറുപതു്.

ഷഷ്ടികം–നവരനെല്ലു്.

ഷഷ്ടിക്യം–നവരനെല്ലു വിളയുന്ന കണ്ടം

ഷഷ്ടിതമം–അറുപതാമത്തെ.

ഷഷ്ടിപൂർത്തി–അറുപതാമത്തെ തികവിന്റെ അവസാനം.

ഷഷ്ടിഹായനം–പ. ആന. ക. നവരനെല്ലു്.

ഷഷ്ഠി–ആറാമത്തെ തിഥി.

ഷഷ്ഠസാദൻ–മത്തിൽ.

ഷാ

ഷാഡവം–പാനകവിശേഷം.

ഷാണ്മാതുരൻ– സുബ്രഹ്മണ്യൻ. ആറു മാതാക്കന്മാരുടെ പുത്രൻ എന്നർത്ഥം.

ഷി

ഷിഡ്ഗൻ–കാമുകൻ, വിടൻ.

ഷോ

ഷോഡശ–വി. പതിനാറാമത്തെ.

ഷോഡശപ്രാസം–ശബ്ദാലങ്കാരങ്ങളിൽ ഒന്നു്.

ഷോഡശമാതൃകാകർമ്മം – ഗ്രഹ മാതൃകാകർമ്മം.

മേധാ സാവിത്രീ വിജയാ ജയാ ദേവസേനാ സ്വധാ സ്വാഹാ മാതരോ ലോകമാതരഃ ശാന്തിഃ പുഷ്ടി ധൃതിസ്തുഷ്ടിഃ കുലദേവ്യഃ ക്ഷത്രദേവതാഃ

ഷോഡശസംസ്കാരങ്ങൾ–(ദ്വിജന്മാർ ആചരിക്കേണ്ടവ).

ഗർഭാധാനം പുംസവനം, സീമന്തോന്നയനം, ജാതകർമ്മം, നാമക്രിയ, നിഷ്ക്രമണം, അന്നപ്രാശനം, ചൂഡാകരണം, കർണ്ണവേധനം, ഉപനയനം, വേദാധ്യയനം, കേശാന്തം, സ്നാനം, വിവാഹം, വൈവാഹകാഗ്നിചയനം, ആനാഗ്നിചയനം—16.

ഷോഡശി–വി. പതിനാറ്.

ഷോഡശോപചാരങ്ങൾ– 16 ഉപചാരങ്ങൾ.

ആസനം, സ്വാഗതം, പാദ്യം, അർഘ്യം, ആചമനീയം, മധുപർക്കം, പുനരാചമനീയം, സ്നാനം, വസ്ത്രം, ആഭരണം, ഗന്ധം, പുഷ്പം, ധൂപം, ദീപം, നിവേദ്യം, നമസ്കാരം—16.

ഷ്ണീ

ഷ്ണീവനം—തുപ്പൽ.

ഷ്ലോ

ഷ്ലോമം—ജലം.

സ

സ-ഹല്ലുകളിൽ മുപ്പത്തൊന്നാമക്ഷരം, പല്ലാരംഭത്തിൽ ചേർന്നുവന്നാൽ പിൻ പല്ലാരംഭത്തോടുകൂടിയതെന്നു അർത്ഥം വരും. ഉ-ം, സഖേദം. (ഖേദത്തോടുകൂടി).

സ:-പ്र. അവൻ. ഉ. പായു്. ന. ശിവൻ. ഭ. വിഷ്ണു.

സകണ്ഠകം-കരിമ്പായൽ.

സകർമ്മകം-വി. (വ്യാകരണത്തിൽ) കർമ്മമുള്ള.

സകല-വി. മുഴുവനായ.

സകലപ്രിയം-കടല.

സകലം-ഒട്ടൊഴിയാതുള്ളത്, എല്ലാം. കല കളോടുകൂടിയത് എന്നർത്ഥം.

സകലമാനം-എല്ലാം.

സകലേശൻ-എല്ലാത്തിനും ഈശൻ.

സകാകോലാ-പ്र നരകങ്ങളിൽ ഒന്ന്.

സകാമം-പ്र. കാമത്തോടുകൂടെ. ഉ. അഗ്രഹത്തോടുകൂടെ.

സകാരം-സ എന്ന അക്ഷരം.

സകാശം-സമീപം, അടുക്കൽ.

'തവ്സകാശത്തിങ്കലാക്കി'

(അദ്ധ്യാത്മരാമായണം)

സകു-സകുആരി. Sago. (പോർട്ടുഗീസു ഭാഷ)

സകൃക്ഷി-വി. ഒരമ്മയിൽ നിന്നു ജനിച്ച.

സകൃന്മാരുതം-കാവ്യഗ്രന്ഥങ്ങളിൽ ഒന്ന്.

സകല-വി. കലത്തോടുകൂടിയ, ഒരു കൂട്ടം ബന്ധത്തിലുള്ള, ബഹുമാനകൂട്ടംബന്ധത്തിലുള്ള

സകലൻ-പ്र. ബന്ധു. ഉ. കലത്തിലുള്ളവൻ.

സകലം-പരൽ എന്ന മത്സ്യം.

സകല്യൻ-പ്र. ചാച്ചുക്കാരൻ. ഉ. സംബന്ധക്കാരൻ.

സകൽ-അ. പ്र. ഒരിക്കൽ, ഒന്ന്.

'രടസകൃദ്ധീരമംജ്ഞീരകണ്ഠി'.

(മയൂരസന്ദേശം)

ഉ. ഒരുമിച്ച്, ക്രമേ. ന. എല്ലായ്പ്പോഴും.

സകൽഗർഭം-ഒറ്റപ്രസവം.

സകൽപ്രജം-കാക്ക. ഒരിക്കൽ കുട്ടിയുണ്ടാകുന്നതെന്നർത്ഥം, ഒരുകൊല്ലത്തിലൊരിക്കൽ മുട്ടയിടുന്നതെന്നർത്ഥമായാൽ യോജിക്കും.

ഒരു കാക്ക ഒരിക്കലേ പ്രസവിക്കയുള്ളൂ എന്നു പറയപ്പെടുന്നു. ഇങ്ങിനെ അല്ലെന്നും അഭിപ്രായക്കാരുണ്ട്. അവർ ഇവിടെ കാണിച്ചിട്ടുള്ള ശബ്ദാർത്ഥത്തെന്നെ സ്വീകരിച്ചുകൊള്ളുന്നതെന്നുപേക്ഷ.

സകൽഫലാ-വാഴ.

സക്രമന്തു-സത്യകർമ്മം, കൃത്യമന്തു.

സക്ത-വി. പ്र. ചേർന്നിരിക്കുന്ന ഉ. താൽപ്പര്യമുള്ള.

സക്തി-പ്र. ചേർച്ച, യോഗം.

'സത്തമദേവനൊടു സക്തിയുണ്ടാകയാൽ'

(അംബരീഷചരിതം കഥകളി)

ഉ. സ്നേഹം.

സക്തുഫല, സക്തുഫലീ-വന്നി വൃക്ഷം. മലർപൊടിപോലെ സാരമുള്ള ഫലങ്ങളുള്ളതെന്നർത്ഥം.

സക്ഥി-പുറംതുട. കൂടിക്കൊണ്ടിരിക്കുന്നതെന്നർത്ഥം.

മുഴുവൻ കാലിന്റെ വാചകമായിട്ടും കാണുന്നുണ്ട്.

സക്ഷത-വി. മുറിവേറ്റ.

സഖാ-(ഇകാരാന്തം) 'സഖി' എന്നാണ പ്രകൃതി. പ്രതിഫലേച്ഛ കൂടാതെ സ്വാമിഭാവികമായി സ്നേഹിക്കുന്നവൻ. ജനങ്ങൾ ഇവർ രണ്ടാളും സമന്മാരെന്നു പറയുന്നതിനാൽ ഈ പേർ വന്നു. മറവപാട്ടായങ്ങൾ-മിത്രം, സുഹൃത്ത്.

സഖാവു്, സഖൻ-മിത്രം, ബന്ധു.

സഖി-ചങ്ങാതിയായ സ്ത്രീ, തോഴി. (ഇകാരാന്തം) തുല്യമായി പ്രസിദ്ധിയുള്ള വളെന്നർത്ഥം.

സഖാവു് എന്നതിനു പകരം മലയാളത്തിൽ ഒഴുക്കനായി ബന്ധു എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്നുമുണ്ടു്. ഒപ്പം കളിച്ചുവളർന്നവളത്രേ സഖി.

സഖി(സഖാ)-സ്നേഹിതൻ.

സഖിത്വം-ചങ്ങാതിത്വം.

സഖ്യത, സഖ്യം-പ. ചങ്ങാതിത്വം, കരാമത്രി, സ്നേഹഭാവം ൨. സന്ധി. ൩. കൂടിവരവു്, യോഗം,

സഗന്ധ-വി. മരുവിധത്തിലുള്ള, നന്നിൽ ബന്ധമുള്ള.

സഗരൻ-ഒരു രാജാവു്.

"ഭഗീരഥന്റെ പിതാമഹന്റെ പിതാമഹൻ. സൂര്യവംശരാജാവായ ബാഹുവിന്റെ പുത്രൻ. ഒരുഹൈഹയന്മാരും മറ്റും ബാഹുവിനെ യുദ്ധത്തിൽ തോല്പിച്ചു കാട്ടിലേയ്ക്കു ഓടിച്ചു. ബാഹു ഭാര്യമാരോടുകൂടി കാട്ടിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. മൂത്തഭാര്യ ഗർഭംധരിച്ചു മാതാവിനു ഏഴുവർഷം ഗർഭത്തിലിരുന്ന മറ്റൊരു രാജസ്ത്രീ ഒരുകുഴിക്കുകൊടുത്തു. ഔർവ്വമുനിയുടെ അനുഗ്രഹംകൊണ്ടു ഗർഭിണിക്കും ഗർഭത്തിലിരുന്ന കുട്ടിക്കും യാതൊരു തരക്കേടും പറ്റിയില്ല. ഗർഭിണി പ്രസവിച്ചു. പ്രസവിച്ച ആൺകുട്ടിക്കു 'സഗരൻ' എന്നു പേരുണ്ടായി. (സ=കൂടെ. ഗരം=വിഷം=വിഷത്തോടുകൂടിയതു്). അദ്ദേഹം ഒടുവിൽ ശത്രുക്കളെ ജയിച്ചും സഗരൻ നഷ്ടമായ രാജ്യത്തെ ഒരുകുശപ്പെട്ടത്തി പ്രതാപവാനായി നാടുവാണു. അദ്ദേഹത്തിനു കേശിനിഎന്ന ഭാര്യയിൽ അസമഞ്ജൻ എന്ന പുത്രനും സുമതി എന്ന ഭാര്യയിൽ അറുപതിനായിരം പുത്രന്മാരും ജനിച്ചുവന്നു. സുമതി പ്രസവിച്ചു ഒരു കുമ്പളങ്ങയിൽ 60,000 അരികും ഉണ്ടായിരുന്നു എന്നും അവരെയ പാല്പാത്രത്തിൽ വെച്ചപ്പോൾ അതുപോലെ കുഞ്ഞുങ്ങളായിത്തീർന്നു എന്നും കാണുന്നുണ്ടു്. അസമഞ്ജൻ ദുർവൃത്തനായി തീർന്നതുകൊണ്ടു അയാളെ സഗരൻ നാട്ടിൽനിന്നും നിഷ്കാസനംചെയ്തു. ഒരിക്കൽ സഗരൻ നൂറാമത്തെ അശ്വമേധയാഗത്തിനാരംഭിച്ചു. അശ്വത്തെ ഇന്ദ്രൻ കളവുചെയ്തു പാതാളലോകത്തു കൊണ്ടുപോയി ഒളിച്ചു. ആ അശ്വത്തെ കാണാതായപ്പോൾ സഗരൻ തന്റെ അറുപതിനായിരം പുത്രന്മാരേയും അയച്ചു തിരക്കിച്ചു. അവർ പാതാളലോകത്തു ചെന്നു. അവിടെ കപിലൻ എന്ന മുനി തപസ്സുചെയ്തുകൊണ്ടിരിക്കുന്നിടത്തു കുതിരനില്ക്കുന്നതു കണ്ടു മുനിതന്നെ കളവുചെയ്തിരിക്കുമെന്നു വിചാരിച്ചു അവർ മുനിയുടെ അടുക്കൽ ചെന്നു അയാളെ അടിച്ചുകൊല്ലാൻ ഭാവിച്ചു. അവർ അടുത്തപ്പോൾ കപിലമുനി കണ്ണുതുറന്നു കോപത്തോടുകൂടി നോക്കി അറുപതിനായിരം രാജകുമാരന്മാരും ഭസ്മമായിപ്പോയി. അയച്ച കുമാരന്മാരെ കാണായ്കയാൽ സഗരൻ അദ്ദേഹത്തിന്റെ പൌത്രനായ അംശുമാനെ അയച്ചു. അംശുമാൻ കപിലമുനിയുടെ അടുക്കലെത്തി കുതിരയെ തുവ

ത്രപുത്രൻ. കപിലൻ അംശുമാന്റെ അശ്വത്തിനെയും യുക്തിയും കണ്ടു സന്തോഷിച്ചു കുതിരയെ കൊടുത്തു. "നിന്റെ പൌത്രനു അശ്വമേധംകൊണ്ടു ഭൂമിയിൽ കൊണ്ടുവരാൻ സംഗതിയാകും" എന്നു മുനി പറകയും ചെയ്തു. സമുദ്രങ്ങൾ കുഴിച്ചുണ്ടാക്കിയതുകൊണ്ടു രാജകുമാരന്മാർ പാതാളത്തു പോയതു. അങ്ങിനെ ചെയ്തതിൽ സമുദ്രത്തിനു വിസ്താരംകൂടി. ക്രമേണ സമുദ്രത്തിനു അതിനാൽ 'സാഗരം' എന്ന പേർ വന്നു.

സഗർഭൻ-പ. ജ്യേഷ്ഠൻ ഉ. അനുജൻ, സഹജൻ. ഒരു ഗർഭപാത്രത്തിലുണ്ടായവൻ എന്നർത്ഥം. തുല്യമായ ഗർഭത്തിൽ വെച്ചവൻ എന്നുമാവാം. ജ്യേഷ്ഠാനുജന്മാരുടെ പേർ.

സഗോത്ര-വി. ഒരു വംശത്തിലുള്ള.

സഗോത്രൻ-വംശത്തിലുള്ളവൻ, സമാനമായ ഗോത്രത്തോടുകൂടിയവൻ.

സഗോത്രം-വംശം, സ്വജനം.

സഘടി-സഹഭക്ഷണം. കൂടിയിരുന്നുള്ള ഭോജനം.

(ഇതാണു സഭ്യ അയയ്ത്. സഭ്യ എന്ന ശബ്ദം നോക്കുക).

സങ്കട-വി. പ. ഇടുക്കമുള്ള. ഉ. കൂട്ടം കൂടിയ.

സങ്കടക്കാരൻ-ആവലാതിക്കാരൻ.

സങ്കടപ്പെടുന്നു-ദുഃഖിക്കുന്നു. (സങ്കടപ്പെടുത്തുന്നു.-സ. ക്രി.)

സങ്കടം-പ. ആവലാതി. ഉ. ദുഃഖം. സ. ആപത്തു് ശ. പ്രയാസം. ഇ. ഇടം കഠഞ്ഞെടം.

സങ്കടവർത്തമാല - ആവലാതി എഴുതി വയ്ക്കുന്ന മാല.

1. കരണൻ-ശൂദ്രജാതിയിൽ വൈശ്യനുണ്ടായ പുത്രൻ.

2. അംബഷ്ഠൻ-വൈശ്യജാതി യിൽ ബ്രാഹ്മണനുണ്ടായ പുത്രൻ. വൃത്തി-ചികിത്സ.

3. ഉഗ്രൻ-ശൂദ്രജാതിയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. വൃത്തി-ശസ്ത്രം.

4. മാഗധൻ-ക്ഷത്രിയജാതിസ്ത്രീയിൽ വൈശ്യനുണ്ടായ പുത്രൻ. രാജാക്കന്മാർ പ്രഭുക്കന്മാർ മുതലായവരുടെ അടുക്കൽ സ്തുതിപാഠം ചെയ്തു ജീവിക്കുന്നതു-വൃത്തി.

5. മാഹിഷ്യൻ-വൈശ്യജാതിസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. ജ്യോതിഷം, ശകുനശാസ്ത്രം, സ്വരശാസ്ത്രം-വൃത്തി.

6. ക്ഷത്താവു്-ക്ഷത്രിയജാതി സ്ത്രീയിൽ ശൂദ്രനുണ്ടായ പുത്രൻ. ഗോപുരംകാക്കുക-വൃത്തി.

7. സൂതൻ-ബ്രാഹ്മണജാതി സ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. ആനയെ തെളിയ്ക്കുക, തേർകൊണ്ടുനടത്തുക മുതലായവ-വൃത്തി.

8. വൈദേഹകൻ- ബ്രാഹ്മണ സ്ത്രീയിൽ വൈശ്യനുണ്ടായ പുത്രൻ. 64 കലാവിദ്യ-വൃത്തി.

9. രഥകാരൻ-കരണിയിൽ (ശൂദ്രജാതിസ്ത്രീയിൽ വൈശ്യനുണ്ടായ മകളിൽ) മാഹിഷ്യനിൽ നിന്നു (വൈശ്യജാതിസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രങ്കൽ നിന്നു) ജനിച്ച പുത്രൻ. തേർപണിയും വിറകുകച്ചവടവും-വൃത്തി.

10. പാരശവൻ- ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ ഉണ്ടായ പുത്രൻ.

11. ചണ്ഡാലൻ - ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനുണ്ടായവൻ. ശവത്തിനേൽ നിന്നൂട്ടുകുന്ന വസ്ത്രം ധരിക്കയും നിന്ദ്യമാംസങ്ങളെ ഭുജിക്കയും ശ്മശാനം കാക്കുകയും ചെയ്യുന്നതു് - പൂത്തി.

സങ്കരം-ക്ര. അടിച്ചുകൂട്ടപ്പെട്ടതു്, കലർപ്പു്. ഉ. ചവറു്. ന. കഴക്കൽ. ര. രണ്ടുകൂടിയതു്. ഇ. അലംകാരത്തിൽ ഒരു പിരിവു്.

സങ്കർഷ്ണൻ-ക്ര. ബലഭദ്രൻ. പ്രളയകാലത്തിൽ ലോകത്തെ സംഹരിക്കുന്നവൻ എന്നർത്ഥം. ഉ. അനന്തൻ.

സങ്കർഷ്ണം- ക്ര. ആകർഷണം. ഉ. ഉഴവു്.

സങ്കലനം-ക്ര. ചേർച്ച. ഉ. കൂട്ടിക്കലർച്ച.

സങ്കലിത-വി. ക്ര. ചേർന്ന. ഉ. ക്രമപ്രകാരം കൂട്ടിയ. ന. ഒന്നിച്ചുചേർത്ത. ര. മുറപ്പിൽ കെട്ടപ്പെട്ട

സങ്കലിതം-കണക്കുകൂട്ടുന്നതിന്റെ ഒരു വഴി, ഒരുതുകയോടു കൂട്ടിച്ചേർത്ത മറ്റൊരു തുക. കൂട്ടിച്ചേർത്തു കണക്കാക്കപ്പെട്ടതു് എന്നർത്ഥം.

സങ്കല്പജ-വി. സങ്കല്പത്തിങ്കൽനിന്നു ജനിച്ച.

സങ്കല്പജൻ-കാമദേവൻ.

സങ്കല്പം-ക്ര. മനസ്സുകൊണ്ടുള്ള കർമ്മം, മനോവ്യാപാരം, വിചാരം. സമ്യക്കായുള്ള സാമർത്ഥ്യം എന്നർത്ഥം. ഉ. ധ്യാനം. ന. വിചാരം. ര. നേർച്ച.

സങ്കല്പിക്കുന്നു-ക്ര. ധ്യാനിക്കുന്നു, വിചാരിക്കുന്നു. ഉ. പ്രതിജ്ഞിക്കുന്നു.

സങ്കസുക-വി. ഉറപ്പില്ലാത്ത, സ്ഥിരതയില്ലാത്ത, മാറ്റമുള്ള. ഉ. സംശയമുള്ള. ന. ക്ഷീണതയുള്ള.

സങ്കസുകൻ-അസ്ഥിരൻ.

സങ്കാൾ-വി. തുല്യമായ.

'തങ്കരേഖയപ്പുവിനു
സങ്കാശനിറംകലർന്നുനടുവിയ'
(രാസക്രീപരിണയം നാടകം)

സങ്കാശ-അ. സമീപം.

സങ്കീർണ്ണ-വി. ക്ര. മറ്റൊന്നിനോടുചേർന്ന. ഉ. കൂട്ടംകൂടിയ. ന. പലതരത്തിലുള്ള. ര. സ്ഥൂലമില്ലാത്ത. ഇ. കലർന്ന. ണ. ഇടുങ്ങിയ. ഒ. പരന്ന.

സങ്കീർണ്ണകം - വാക്യത്രയത്തിൽ ഒന്നു്, അംഗാംഗിവാക്യങ്ങളും ചേർന്നതു്.

സങ്കീർണ്ണം-ക്ര. കാവ്യദോഷങ്ങളിൽ ഒന്നു്, ഒരു വാക്യത്തിന്റെ ഉള്ളിൽ കിടക്കുന്ന പദം മറ്റൊരു വാക്യത്തിൽ അന്വയിക്കുന്നതിനാലുണ്ടാകുന്ന ദോഷം. ഉ. അനേകതരത്തിലുള്ളവ ഒന്നിച്ചുചേർന്നുള്ളതു്. ന. വ്യാപിച്ചതു്. ര. അസ്ഥൂലമായ വസ്തു.

സങ്കീർണ്ണന്മാർ- അംബഷ്ഠൻ, കരണൻ തുടങ്ങി ചണ്ഡാലപുത്രന്തരമുള്ളവരെല്ലാം.

സങ്കീർത്തനം-സ്തോത്രം, സ്തുതി.

സങ്കുചിത-വി. ക്ര. ക്രമമില്ലാത്ത. ഉ. വിടിയാത്ത. ന. മുതുകിയ ഉ-ം 'സങ്കുചിതാംശുമാലൻ'.

സങ്കുല-വി. മിശ്രമായ, തിങ്ങിയ.

സങ്കുലക്ലിഷ്ടം-വി. ക്ര. കലർന്ന. ഉ. യോജ്യതയില്ലാത്ത.

സങ്കുലം-ക്ര. പരസ്പരവിരുദ്ധാർത്ഥമായ വാക്ക്. ഉ. അനേകതരത്തിലുള്ളവ ഒന്നിച്ചുചേർന്നതിന്റെ പേർ ന. കൂട്ടം, പലതിലും വ്യാപിച്ചതു്.

സംകൃതി-ഛന്ദസ്സുകളിൽ ഒന്നു്.

സങ്കേതനം-സഞ്ജയനം.

സങ്കേതം-ക്ര. രക്ഷാസ്ഥലം, പ്രത്യേകമായി സങ്കല്പിക്കപ്പെട്ടതു്. ഉ. സ്വപ്നാദി

നമായി നിശ്ചയിക്കപ്പെട്ട സ്ഥലം, കാമുകനെ കണ്ടുമുട്ടുന്നതിലേക്കായി മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലം, കൂടിസ്ഥലം. ന, അടയാളം.

സങ്കേതസ്ഥാനം–രക്ഷാസ്ഥലം.

സങ്കേതിപ്പിക്ക– ശ്രദ്ധകേന്ദ്രീകരിക്കുമാറായി ക്ഷമി ഭംഗിക്ക.

സങ്കോചപരിഗ്രഹം–കരുതൽ.

സങ്കോചം–ക. ക്ഷമ്പൽ, മൂടൽ. ഉ. സംശയം. ന. ലജ്ജ. ര. കരുതൽ.

സങ്കോചിക്കുന്നു–ക. ക്ഷമുന്നു. ഉ. സംശയിക്കുന്നു.

സംക്രന്ദനൻ–ഇന്ദ്രൻ. ശത്രുക്കളെ കരയിപ്പിക്കുന്നവൻ എന്നർത്ഥം.

സംക്രമ(ണ)ം–കടക്കുക, കടന്നുകൂടുക.

സംക്രമം–ക. കോട്ട മുതലായ ദുർഗ്ഗങ്ങളിൽ പ്രവേശിക്കുക. ഉ. നടപ്പുൻ വയ്യാത്ത മാർഗ്ഗം. കടന്നുകൂടുക എന്നർത്ഥം.

സംക്രമിക്കുന്നു–ക. കടക്കുന്നു. ഉ. ഒന്നു ചേരുന്നു (കലരുന്നു).

സംക്രാന്ത–വി. കടക്കപ്പെട്ട.

സംക്രാന്തി–സൂര്യൻ ഒരു രാശിയിൽ നിന്ന് മറ്റൊരു രാശിയിലേക്കു കടക്കുന്ന സമയം.

സംക്രീഡ, സംക്രീഡനം–ഒന്നിച്ചുള്ള കളി.

സംക്ഷയം –ക. ലോകനാശം. ഉ. നാശം.

സംക്ഷാളനം–കഴുകൽ.

സംക്ഷിപ്ത–വി. ക. സംക്ഷേപിക്കപ്പെട്ടത്. ഉ. ചുരുക്കപ്പെട്ട, ന. അയയ്ക്കപ്പെട്ടത് ര. എറിയപ്പെട്ട.

സംക്ഷേപ(ണ)ം–ക. ചുരുക്കൽ, പറന്നുകിടക്കുന്ന ഏതെങ്കിലും വസ്തുവെ ചുരുക്കുക. ഉം, ഭാഗവതത്തിന്റെ സംക്ഷേപമാണ് 'നാരായണീയം' ഉ. അയയ്ക്കൽ. ന. എറിക.

സംക്ഷേപിക്കുന്നു—ചുരുക്കുന്നു. മറവു ചെയ്യുന്നു.

സംക്ഷോഭം–ക. അഹംഭാവം. ഉ. മറിച്ചിൽ. ന. ഇളക്കം, വിറയൽ.

സംഖ്യ–ക. എണ്ണം, കണക്ക്. ഉ. പ്രമാണങ്ങളെക്കൊണ്ടു അർത്ഥനിർണ്ണയം ചെയ്യുക. ന. അറിവ്.

സംഖ്യം–യുദ്ധം. നല്ല പ്രസിദ്ധിയുണ്ടാക്കുന്നത് എന്നർത്ഥം.

സംഖ്യയെഴുത്ത്—(സ്ഥാന സംജ്ഞാനോക്കുക).

സംഖ്യാത–വി. എണ്ണപ്പെട്ട, കണക്കാക്കപ്പെട്ട. (സംഖ്യാനം ചെയ്യപ്പെട്ടത്–സംഖ്യാതം).

സംഖ്യാദിപഞ്ചാംഗം—(തിഥി വാ പഞ്ചാംഗം നോക്കുക).

സംഖ്യാവൽ–വി. സംഖ്യയുള്ള.

സംഖ്യാവത്തുക്കൾ–വിദ്വാന്മാർ.

സംഖ്യാവാൻ–വിദ്വാൻ, പണ്ഡിതൻ. ആലോചനയുള്ളവൻ എന്നർത്ഥം.

സംഖ്യാസമാപനൻ–ശിവൻ.

സംഖ്യേയ–വി. എണ്ണപ്പെടത്തക്ക.

സംഗത–വി. സംഗമിച്ച, ചേർന്ന.

സംഗതജാനുക–വി. കോട്ടുകാലുള്ള.

സംഗതം–യുക്തിയുക്തമായ വാക്ക്. മനസ്സിനു ചേരുന്നത് എന്നർത്ഥം. മറ്റൊരു പര്യായം–ഹൃദയംഗമം.

സംഗതി–ക. കാര്യം. ഉ. ചേർച്ച, സംബന്ധം. ന. കാരണം. ര. യാദൃച്ഛികസംഭവം. ങ. സംഘം.

സംഗം–ക. ചേർച്ച, തമ്മിൽ കൂടിച്ചേരുക. ഉ. ആസക്തി.

സംഗമം–ക. ചേർച്ച, തമ്മിൽ കൂടിച്ചേരുക. ഉ. ആറിന്റെ ചേർച്ച.

സംഗമിക്കുന്നു–ചേരുന്നു.

സംഗമേശൻ—ഇരിങ്ങാലക്കുട ക്ഷേത്രം നിൽക്കുന്ന ദേവൻ.

സംഗരം–പ. യുദ്ധം. വളരെ ശബ്ദമുള്ളത് എന്നർത്ഥം. ഉ. പ്രതിജ്ഞ. നു. ഉടമ്പടി. ഭ. ആപത്ത്. ങ. വന്നിക്കായ്. ന. കർമ്മനിയമം.

സംഗി–ചേർന്നവൻ. (സ്ത്രീ–സംഗിനി).

സംഗീർണ്ണ– വി. പ്രതിജ്ഞചെയ്യപ്പെട്ട, അംഗീകരിക്കപ്പെട്ട.

സംഗീതക്കാരൻ–പാട്ടുകാരൻ.

സംഗീതക്കാരി–പാട്ടുകാരി.

സംഗീതം–പാട്ട്, സാമവേദത്തിന്റെ ഉപവേദം.

'സംഗീതമപിസാഹിത്യം
സരസപ്രത്യംസുനദ്വയം
ഏകമപ്യുപാദമധുര
മന്യരോചോനാമൃതം'

ഇതു ശ്രോത്രേന്ദ്രിയപ്രധാനമായ ഒരു കലയാണ്. ക്രമീകൃതമായ സ്വരഗ്രാമത്തിനു മനുഷ്യഹൃത്തിനെ സ്പർശിപ്പാൻ ഒരു പ്രത്യേകശക്തിയുണ്ട്. രാഗങ്ങളും ഉച്ചനീചങ്ങളായ സ്വരങ്ങളും മൂലമുണ്ടാകണം. താളങ്ങളും സ്വരങ്ങളെ ഒരു ഭിന്നതയേയും ഹ്രസ്വതയേയും ആശ്രയിച്ചിരിക്കണം. ഗായകൻ മനോഭാവങ്ങളെ ഉദ്ദീപിപ്പിക്കുന്നതിനു വളരെ സമർത്ഥനായിരിക്കണം.

സംഗീതശാസ്ത്രപ്രകാരം സ്വരവൃത്തികളും വിളംബം, പ്രവാഹം, കമ്പനം, ഭേദനം ഇങ്ങിനെ 4 വിധം.

സംഗീതരത്നാകരം–സംഗീതം, നൃത്തം മുതലായവയെപ്പറ്റിയുള്ള ഒരു കൃതി.

ഇതിന്റെ കർത്താവ് ശാർങ്ഗദേവനാകുന്നു.

സംഗ്രഥ–വി. പ. മറയ്ക്കപ്പെട്ട. ഉ. മൂടിക്കപ്പെട്ട. നു. കൂട്ടപ്പെട്ടം. ഭ. ചേർക്കപ്പെട്ട. ങ. ഉറപ്പിൽ കെട്ടപ്പെട്ട.

സംഗ്രഥം–ഒരു തുകയോട് കൂട്ടിച്ചേർത്ത മറെറാരു തുക.

സംഗൃഹീത–വി. പ. എടുക്കപ്പെട്ട. ഉ. സംക്ഷേപിക്കപ്പെട്ട. നു. കൂട്ടപ്പെട്ട.

സംഗ്രഹം–പ. സംക്ഷേപം, ചുരുക്കിപ്പറയുക. ഉ. കൂട്ടിച്ചേർപ്പ്. നു. പ്രതിജ്ഞ. ഭ. സ്വീകാരം.

'ഉണ്ടെങ്കിലും ശ്രുതികളുത്രസംഗ്രഹം'
(അഭിജ്ഞാനശാകുന്തളം)

ങ. മുഷ്ടി. ന. ഉയർച്ച. ഒ. പ്രയത്നം. വ. (സാഹിത്യസാഹ്യപ്രകാരം) വിസ്തൃതമായ അർത്ഥത്തെ ചുരുക്കുക.

സംഗൃഹിക്കുന്നു–പ. കൂട്ടിവയ്ക്കുന്നു. ഉ. എടുക്കുന്നു. നു. കരുതുന്നു ഭ. സംക്ഷേപിക്കുന്നു.

സംഗ്രാമപടഹം–യുദ്ധയാത്രയ്ക്കുള്ള വാദ്യഘോഷം.

സംഗ്രാമം–യുദ്ധം.

സംഗ്രാഹം–പ. മുഷ്ടിചുരുട്ടി (കയ്യിന്റെ വിരലുകൾ മടക്കി) പിടിക്കുക. ഉ. കൈനാട്ട. നു. കൈക്കലാക്കുക. വഴി പോലെ പിടിക്കപ്പെടുന്നത് എന്നർത്ഥം.

സംഘക്കളി–ശാസ്ത്രക്കളി.

സംഘക്കാർ–കൂട്ടക്കാർ, യോഗക്കാർ.

സംഘചാരി–മീൻ.

സംഘടനാ–ചേർച്ച.

സംഘടിക്കുന്നു– ചേരുന്നു, കൂട്ടിമുട്ടുന്നു. (സ. ക്രി. സംഘടിപ്പിക്കുന്നു).

സംഘടിത–വി. നല്ലവണ്ണം ചേർക്കപ്പെട്ട.

സംഘട്ടന(ം)–പ. ചേർച്ച, കൂട്ടിമുട്ടുക. ഉ. ആലിംഗനം.

സംഘം-സമൂഹം, ജന്തുക്കളുടെ കൂട്ടം, യോഗം. സംഹനിക്കപ്പെടുന്നത് എന്നർത്ഥം.

സംഘർഷം-പ്രാ. മത്സരം, സ്പർദ്ധം ക. അരയ്ക്കുക. ന. ഉരിക്കുക.

സംഘാടം-ചങ്ങാടം.

സംഘാടികാ-പ്രാ. ജോടി. ക. മണം.

സംഘാതം-പ്രാ. കൂട്ടം. ക. ഒരു നരകം. ന. കൊല.

സചനം-പ്രാ. സഹായം. ക. വന്ദനം, വണക്കം.

സചി-പ്രാ. സ്നേഹിതൻ. ക. ഇന്ദ്രന്റെ ഭാര്യ.

സചിത്രം-പ്രാ. ചായമിട്ട. ക. പലനിറമുള്ള.

സചിവൻ-പ്രാ. മന്ത്രി. ക. സഹായിക്കുന്നവൻ. ഒന്നിച്ചുനടക്കുന്നവൻ എന്നർത്ഥം.

സചേതന-വി. പ്രാ. ചേതസ്സുള്ള. ക. ബോധമുള്ള. ന. ജീവനുള്ള.

സചേതസ്സ്-വി. വിശേഷബുദ്ധിയുള്ള.

സചേല-വി. വസ്ത്രം ധരിച്ച.

സചേലസ്നാനം-വസ്ത്രംമുക്കിക്കുളിക്കൽ.

സചേഷ്ടം-മാവ്.

സച്ചാര-മഞ്ഞൾ.

സച്ചിദാനന്ദൻ-ഒരുദേവത്തിനുള്ള ഒരു പേർ, പരമാത്മാവ്, വിഷ്ണു. (സച്ചിന്മയൻ എന്നതു നോക്കുക).

സച്ചിദാനന്ദം-സത്തും ചിത്തും ആനന്ദവും.

സച്ചിത്സചൂരുവൻ-ഒരുദേവത്തിനെ സ്തുതിച്ചു പറയുന്ന ഒരു പേർ.

സച്ചിന്മയൻ—സച്ചിത്സചൂരുവൻ, സത്തും ചിത്തും കലർന്നവൻ. (സത്ത് = ഉണ്ടെന്നുള്ള അവസ്ഥ. ചിത്ത് = ജ്ഞാനം). ഒരുദേവം.

സജരുചി-സഹരോജനം.

സജനൻ-ഒരു കുടുംബത്തിലുള്ളവൻ, ചാർച്ചക്കാരൻ.

സജംഖാള-വി. ചേതംകെട്ടുകിടന്ന, ക്ഷീണമുള്ള.

സജംഖാളം-ചളിമയമായ പ്രദേശം.

സജാതം-വി. ഒരുമിച്ചു ജനിച്ച.

സജാതി-വി. ഒരു കുലത്തിൽ ജനിച്ച.

സജാതീയ-വി. ഒരു കുലത്തിൽ ജനിച്ച, ഒരേ ജാതിയിൽപെട്ട, ഒരേ വകയിലുള്ള.

സജ്ജ-പ്രാ. അലങ്കാരം. ക. കവചം.

സജ്ജ-വി. പ്രാ. കവചമിടപ്പെട്ട, കണ്ണാടിയും ചട്ടമുതലായവ ധരിച്ച ഗമനത്തിനൊരുങ്ങിയ എന്നർത്ഥം. ക. ഒരുക്കപ്പെട്ട. ന. മൂടപ്പെട്ട ർ. അലങ്കരിക്കപ്പെട്ട.

സജ്ജൻ-ഒരുങ്ങിയവൻ, ചട്ടയിട്ടവൻ, സന്നദ്ധൻ.

സജ്ജനം-പ്രാ. നല്ല ആൾ, നല്ല തറവാട്ടിൽ ജനിച്ചവൻ ക. ആനയുടെ അലങ്കാരം. ന. അലങ്കാരം. ർ. രാജസൈന്യരക്ഷണത്തിനായി നിർത്തിയ കാവൽ രാജസൈന്യം. ൽ. അണിനിരത്തൽ.

സജ്ജനസമ്പർക്കം-നല്ല ജനങ്ങളുമായുള്ള ചേർച്ച.

സജ്ജനാ-പ്രാ. തയ്യാറാവുക. ക. രാജാവിന്റെ കയറ്റത്തിനായി ആനയെ അമ്പാരികെട്ടി ചമയിക്കുക.

സജ്ജിത-വി. പ്രാ. ഒരുക്കപ്പെട്ട. ക. കവചമിടപ്പെട്ട. ന. അലങ്കരിക്കപ്പെട്ട.

സജ്ജീകരിക്കുന്നു-തയ്യാറാക്കുന്നു. (നാമം-സജ്ജീകരണം).

സജ്ജീകൃതം- സന്നദ്ധമാക്കിച്ചെയ്യപ്പെട്ടത്.

സജ്യ-വി. ഞാണുവലിച്ചുകെട്ടിയ.

സജ്യം-കലച്ച വില്ല്.

സജ്വരം-ക്ര. പൂട്ട്, മുണ്ണം. ഉ. എരിച്ചിൽ

സഞ്ചയനം-ക്ര. ഒരുമിച്ചുചേർക്ക. ഉ. ഒരാൾ മരിച്ചു ദഹിപ്പിച്ചതിന്റെ ശേഷം അസ്ഥി പെറുക്കി സ്ഥാപിക്കുന്ന ഒരു കർമ്മം.

സഞ്ചയം-ക്ര. ഒരുമിച്ചുകൂട്ടുക. ഉ. സമൂഹം, കൂട്ടം. വർദ്ധിക്കുന്നതു് എന്നർത്ഥം.

സഞ്ചയിക്ക-ഒരുമിച്ചുകൂട്ടുക.

സഞ്ചരണം-നടപ്പു്.

സഞ്ചരിക്കുന്ന-നടക്കുന്ന.

സഞ്ചല-വി. വിറയ്ക്കുന്ന.

സഞ്ചലനം-ഇളക്കം.

സഞ്ചായക്കാരൻ-വസൂഡിപ്പാട്ടുമെൻറിലെ ഉദ്യോഗസ്ഥൻ.

സഞ്ചായം-മരങ്ങളും, തടി ഇവ സംബന്ധിച്ചു ഡിപ്പാർട്ടുമെൻറ്, പുറവരവു്.

സഞ്ചായു-ഒരു വിശേഷ യോഗം.

സഞ്ചാരകൻ-ക്ര. വഴികാട്ടുന്നവൻ. ഉ. ഉത്സാഹിപ്പിക്കുന്നവൻ.

സഞ്ചാരജീവി-വി. സഹായമില്ലാതെ വലയുന്ന.

സഞ്ചാരം-ക്ര. നടപ്പു്. ഉ. പ്രയാസം. ന. പ്രയാസപ്പെട്ട വഴി. ർ. അസുഖം.

സഞ്ചാരി-വി. ക്ര. നടക്കുന്ന. ഉ. ഇടക്കുള്ള. ന. പ്രയാസമുള്ള.

സഞ്ചാരി-ക്ര. നടക്കുന്നവൻ. ഉ. വായു.

സഞ്ചാരികാ-ദൂതി. സന്ദേശത്തെ കൊണ്ടു നടത്തുന്നവൾ എന്നർത്ഥം.

സഞ്ചാരിണി-ക്ര. നടക്കുന്നവൾ. ഉ. ചെറുപ്പുള്ളി.

സഞ്ചി-മടിശ്ശീല, ഉറപ്പു.

സഞ്ചിത-ക്ര. വർദ്ധിച്ചു. ഉ. സമ്പാദിക്കപ്പെട്ട. ന. ഉണ്ടാക്കപ്പെട്ട. ർ. ചേർക്കപ്പെട്ട.

സഞ്ചിതി-കൂട്ടം.

സഞ്ചിന്തനം-ധ്യാനം, വിചാരം.

സഞ്ചുണ്ണം-ചൊറിക്കുക.

സഞ്ചോദനം-പറഞ്ഞയയ്ക്കൽ, നടത്തുക.

സഞ്ജയൻ-ധൃതരാഷ്ട്രരുടെ മന്ത്രിയും സാരഥിയും.

ഭാരതയുദ്ധം കണ്ണുതുറന്നപോലെ അന്ധനായ ധൃതരാഷ്ട്രരോടു പറഞ്ഞു കേൾപ്പിച്ചു. ഗവൽഗണന്റെ പുത്രനാകയാൽ ഗാവൽഗണി എന്നും പേരുണ്ടു. ഉ. വാസവദത്തയുടെ പിതാവായ ഉജ്ജയിനിയിലെ ഒരു രാജാവു്.

സഞ്ജവനം-ഒരക്കിനി മുതലായ നാലും കൂടി കൂടിയ നാലു പുര.

സഞ്ജാ-അടുപ്പിൻപെട.

സഞ്ജാത-വി. ജനിച്ച.

സഞ്ജീവനം-നാലുകെട്ടുംപുര.

സഞ്ജീവനം-ക്ര. ഒരുമിച്ചുള്ള പാർപ്പു്. ഉ. പുനർജീവിപ്പിക്കൽ. ന. നാലുകെട്ടുംപുര.

സഞ്ജീവിനി-ആഹാരം.

സഞ്ജ്വരം-അഗ്നിയുടെ പൂട്ട്.

സട-ക്ര. മുഴ, മുമ്പിലെ രോമക്കൂട്ടം. ഉ. കിരീടം. ന. നാട.

സടാകം-സിംഹം.

സടീ-ക്ര. സിംഹം. ഉ. അടവിക്കോഴി. ന. ചെറുകോഴിപ്പേടം.

സഠം-ദുർബുദ്ധിയായ.

സണ-ചണ.

സണസൂത്രം-മീൻകൂട്ട്.

സംഡീനം-പക്ഷിയുടെ ഗമനം, കൂട്ടം കൂട്ടമായി പറക്കുന്നതു്.

സതത-വി. നിത്യമായുള്ള.

സതതം-നിത്യവും, എല്ലാനാളും.

സതി-പ്ര. സമ്മാനം, ദാനം, ഇനാം ക. അവസാനം, നാശം. ന. ഉടന്തടി ചാടുക.

സതീ-പ്ര. പാതിവ്രത്യമുള്ള സ്ത്രീ. ഭർത്താവ് ഒരാളിൽതന്നെ സദാ അഭിനിവേശമുള്ളവൾ എന്നർത്ഥം. ക. ശിവന്റെ ഭാര്യ, ദക്ഷന്റെ പുത്രി.

ദക്ഷന്റെ കോപം ഹേതുവായിട്ടു ദേഹത്യാഗം ചെയ്തു. തദനന്തരം ഹിമവാന്റെയും മേനയുടേയും പുത്രിയായി ജനിച്ചു. ശിവൻ വേട്ട.

സതീനം-ഒരുവക പയറ്.

സതീർത്ഥ്യൻ-ഒരു ഗുരുവിങ്കൽനിന്നു പഠിച്ചവൻ.

'ചിൽക്കാതൽക്ക സതീർത്ഥ്യനായിരുന്ന വിപ്രൻ'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

സതീർത്ഥ്യം-തുല്യം.

സതീലകം-ഒരു പയറ്.

സൽ-വി. പ്ര. ശ്രേഷ്ഠതയുള്ള. ക. കൊള്ളാവുന്ന, നല്ല.

(മറ്റു പദങ്ങളുടെ മുൻപിൽ ചെർത്തു ഈ അർത്ഥത്തിൽ പ്രയോഗിക്കുന്നു).

ന. സത്യമുള്ള. ര. മാനമുള്ള. ള. സുകൃതമുള്ള. ന. ബുദ്ധിയുള്ള. ം. സ്ഥിരതയുള്ള.

സൽകഥ-നല്ലകഥ.

സൽകൃത-വി. പൂജിക്കപ്പെട്ട. ക. ബഹുമാനിക്കപ്പെട്ട.

സൽകൃതി-പ്ര. സുകൃതം. ക. നല്ല പ്രവൃത്തി.

സൽക്കരിക്കുന്നു-പ്ര. പൂജിക്കുന്നു. ക. മാനിക്കുന്നു.

സൽക്കാരം-ബഹുമാനം.

സൽക്രിയ-പ്ര. സൽക്കാരം. ക. നല്ല പ്രവൃത്തി.

സൽഗതി-പ്ര. നല്ലഗതി. ക. മോക്ഷം.

സൽഗുണരഹിത-വി. നന്മയില്ലാത്ത.

സർവ്വം-എല്ലാടത്തും എല്ലാപ്പോഴും വ്യാപിച്ചിരിക്കുന്ന വസ്തു, സത്യരൂപം. ക. ചാവ്. ന. സാരകാര്യം. ര. സജ്ജനം. ള. നല്ലത്. ന. പരമാത്മാവ്.

സത്ത-പ്ര. ഇരിക്കുക. ക. നന്മ. ന. ശ്രേഷ്ഠത.

സത്തമ-വി. സുകൃതമുള്ള. ക. ശ്രേഷ്ഠതയുള്ള.

സത്താമാത്രം-ഉണ്മമാത്രം അറിയേണ്ടത്.

സത്തിക-സ്ഥിരം.

സത്തുക്കൾ-നല്ല ജനങ്ങൾ.

സൽപാത്രം-പ്ര. നല്ലപാത്രം. ക. യോഗ്യൻ.

സൽപഥം-നല്ലവഴി.

സൽഫലം-പ്ര. നല്ല ഗുണം. ക. മംഗളകരങ്ങ.

സൽഭാവം-നല്ല ഭാവം. (മ). അഹംഭാവം, നിന്ദ.

സൽഭാവി-വി. സൽഭാവമുള്ള, അഹംഭാവമുള്ള.

സഭാവം-ഭവനം.

സത്യ-വി. പരമാത്മാവായുള്ള, നേരായുള്ള.

സത്യക-വി. സത്യമുള്ള, നേരുള്ള.

സത്യകൻ-പ്ര. സാത്യകിയുടെ അച്ഛൻ.

സത്യകൻയദുകുലോല്പന്നനായ ശിനിയുടെ പുത്രനാണ്.

ക. ബ്രഹ്മാവ്.

സത്യകം-അച്ചാരം, ഉടമ്പടി.

സത്യകർമ്മം-ക്ര. നേരുള്ള പ്രവൃത്തി. ഉ. കർമ്മനാ.

സത്യക്കുറി-ക്ര. ഉടമ്പടി. ഉ. സത്യം ചെയ്യുന്നതിനു തീരുമാനിച്ചു കോർട്ടിൽ നിന്നെഴുതുന്ന കരാറെഴുത്ത്.

സത്യംകാരം-ക്ര. 'ഞാൻ ഇതു വിലയ്ക്കു തരാം' അല്ലെങ്കിൽ 'ഞാൻ ഇതു വിലയ്ക്കു വാങ്ങിക്കാമെന്നു' എന്നു ഏറപറയുക. ഉ. അച്ചാരം.

സത്യജ്ഞ-വി. സത്യത്തെ അറിഞ്ഞ.

സത്യധൃതി-ശരദ്വാന്റെ പുത്രൻ, ഉവ്വശിയിൽ. കൃപന്റേയും കൃപിയുടേയും അച്ഛൻ.

സത്യൻ-ക്ര. ശ്രീരാമൻ. ഉ. വിഷ്ണു. സജ്ജനങ്ങളിൽ കണക്കായുള്ളവൻ എന്നർത്ഥം.

സത്യപട-പരിശുദ്ധമായ പേപ്പറുകൾ.

സത്യപാശ-ആണ, ശപഥം.

സത്യപുര-കരവകണ്ണം, വിഷ്ണുലോകം.

സത്യപ്രതിജ്ഞ. യാഗാനന്തരം സത്യമുള്ള.

സത്യപ്രമാണം-നേരായ പ്രമാണം.

സത്യപഥം-ക്രമം.

സത്യഭംഗം-നേരുകേട്.

സത്യഭാരതൻ-വ്യാസൻ.

സത്യഭാമാ-സത്രാജിത്തിന്റെ പുത്രി, കൃഷ്ണന്റെ അഷ്ടഭാര്യമാരിൽ മുന്നാമത്തെ.

കൃഷ്ണൻ സത്രാജിത്തിനെ സഭയിൽ നിന്നുകൊണ്ടുവന്ന മണിയുടെ ഗൃഹത്തിൽ നട്ടു. ഇതു നിമിത്തം ഇന്ദ്രനുമായി യുദ്ധമുണ്ടായി. സത്രാജിത്തിന്റെ പുത്രന്മാർ—10. ഭാനു, സുഭാനു, പ്രഭാനു, ഭാനുമാൻ, ചന്ദ്രഭാനു, ബൃഹദ്ഭാനു, അതിഭാനു, ശ്രീഭാനു, പ്രതിഭാനു, സുഭാനു.

സത്യം-ക്ര. പരമാർത്ഥം. ഉ. ആണ. സ. ബ്രഹ്മാവിന്റെ ലോകം. ഭ. കൃതയുഗം. ഇ. അരയാൽ. നാ. വികാരമില്ലാത്തത്.

സത്യയുഗം-കൃതയുഗം.

സത്യലോകം-ബ്രഹ്മാവിന്റെ ലോകം.

സത്യലോപം-സത്യഭംഗം.

സത്യവചസ്സ്-ക്ര. നേരുവാക്ക്. ഉ. ഋക്ഷി.

സത്യവൽ-വി. സത്യമുള്ള.

സത്യവതീ-ക്ര. ശന്തനുവിന്റെ ഭാര്യ, ചിത്രാംഗദന്റേയും വിചിത്രവീര്യന്റേയും അമ്മ. വ്യാസന്റെ അമ്മ, അപ്സരസ്ത്രീയായ അദ്രികയിൽ ചേദിരാജാവായ ഉപരിചരന്റെ പുത്രി (കാളി).

സത്യവതി കടിയായിരുന്നപ്പോൾ പരാശരനു യമുനയിൽവച്ചുണ്ടായവനത്രേ വേദവ്യാസൻ.

ഉ. നാരദന്റെ ഭാര്യ. സ. ഋചീകന്റെ ഭാര്യ, വിശ്വാമിത്രന്റെ സഹോദരി.

സത്യവതീസുതൻ-വ്യാസൻ.

സത്യവാക്ക്-ക്ര. നേരുവാക്ക്. ഉ. മഹർഷി. സ. കാക്ക.

സത്യവാചകം-നേരുവാക്ക്.

സത്യവാദി-വി. സത്യം പറയുന്ന.

സത്യവാൻ-ക്ര. നേരുള്ളവൻ. ഉ. കുരുരാജാവ്. സ. സാവിത്രിയുടെ ഭർത്താവ്.

സത്യവൃത്തു-വി. സത്യം പറയുന്ന.

സത്യവ്യാജം-സത്യത്തിനുവേണ്ടിയുള്ള വ്യാജം.

'അഗ്നിമണ്ഡലമവാഴുംസീതയെ
സത്യവ്യാജമാൽ'
(അദ്ധ്യാത്മരാമായണം)

സത്യവ്രത-വി. സത്യത്തെ പാലിക്കുന്ന.

സത്യവ്രതൻ-പ്ര. ഏഴാമത്തെ മനു. പ. സൂര്യവംശത്തിൽ പണ്ടുണ്ടായിരുന്ന ഒരു നൃപൻ, ത്രിശങ്കു, ഹരിശ്ചന്ദ്രൻറെ പിതാവ്. (ത്രിശങ്കു എന്ന പദം നോക്കുക).

സത്യശീല-വി. സത്യമുള്ള.

സത്യസങ്കല്പ-വി. സത്യമായി വിചാരിക്കുന്ന.

സത്യസങ്കാശ-വി. സത്യംപോലെയുള്ള

സത്യസന്ധ-വി. സത്യത്തെ പാലിക്കുന്ന.

സത്യസന്ധൻ-പ്ര. സത്യത്തെ പാലിക്കുന്നവൻ. പ. രാമൻ ന. രാമരുടെ അനുജനായ ഭരതൻ. ഭ. ജനമേജയൻ എന്ന രാജാവ്.

സത്യസന്ധാ-പാഞ്ചാലി.

സത്യസംഗരൻ-കുബേരൻ.

സത്യസത്രുപൻ-ദേവം, നിർവികാരമായ പരബ്രഹ്മം, സത്തുക്കളിൽ കരുണയുള്ള പല അവതാരരൂപങ്ങളും ഉള്ളവൻ.

സത്യഹീന-വി. നേരില്ലാത്ത.

സത്യാ-പ്ര. സീത. പ. വ്യാസരുടെ അമ്മ, സത്യവതി. ന. ദുർഗ്ഗ. ഭ. സത്യഭാമ. ര. വിഷ്ണുവിൻറെ അമ്മ.

സത്യാകൃതി-അച്ഛൻ.

സത്യാനുരക്ത-സത്യത്തോട് ഇണങ്ങിയിരുന്ന.

സത്യാനൃതം-കച്ചവടം.

സത്യാപനം-പ്ര. അച്ഛൻ. പ. സത്യം പറക.

സത്രുപ-വി. ചന്തമുള്ള.

സത്രുപ്പെടുന്ന-തിടുക്കപ്പെടുന്ന.

സത്രും-പ്ര. അംശം. പ. വഴിയമ്പലം. ന. മറവ്. ഭ. സഭ കൂടുന്നത്, ദാനം. ര. ചതിവ്. ന. കൊടുക്കൽ. ഠ. ഭവനം. വ. സമ്പത്ത്. ൻ. തിടുക്കം. പ്ര. വനം. പ്ര. ഡംഭം. പ്ര. ഉടുപുര.

സത്രുശാല-പ്ര. യാഗശാല. പ. ഉടുപുര.

സത്രാ-അ. ക്രമേ.

സത്രാജിത്ത്, സത്രാജിതൻ-ഒരു യാദവൻ, നിഷ്ണുവിൻറെ പുത്രൻ. സത്യഭാമയുടെ പിതാവ്.

സൂര്യനെ സേവിച്ചു സ്യമന്തകം എന്ന മണി വാങ്ങിച്ചു. (സ്യമന്തകകഥ സുപ്രസിദ്ധമാണ്. വായിക്കുക).

സത്രാശനൻ-ദേവൻ.

സത്രീ-പ്ര. യാഗംചെയ്യുവൻ, ധർമിഷ്ഠൻ, എപ്പോഴും അന്നദാനംതന്നെ ചെയ്തുകൊണ്ടിരിക്കുന്ന ഗൃഹസ്ഥൻ. സത്രമുള്ളവൻ എന്നർത്ഥം. സത്രം-അന്നദാനം. പ. സ്ഥാനപതി. ന. ഗൃഹസ്ഥൻ, ഭ. യാഗംകഴിക്കുന്ന അദ്ധ്വര്യു.

സത്ത്വഗുണം-മൂന്നുഗുണങ്ങളിൽ ഒന്നാമത്തേത്, നല്ല ഗുണം.

സത്ത്വം-പ്ര. മൂന്നു ഗുണങ്ങളിൽ ഒന്ന്. പ. വസ്തു. ന. ജീവൻ, ചൈതന്യം. ഭ. പ്രാണൻ. ര. ബലം. ന. ധൈര്യം. ഠ. സമ്പത്ത്. വ. സ്വഭാവം. ൻ. സാരാംശം. പ്ര. പ്രാണി. പ്ര. ബുദ്ധി. പ്ര. നാമപദം. പ്ര. നിശ്ചയം. പ്ര. സൌജന്യം. പ്ര. ധീരൻ.

സത്ത്വരം-അ. വേഗത്തിൽ.

സത്ത്വസമ്പത്ത്-സത്ത്വമെന്നുള്ള സമ്പത്ത്, ബലം, ധീരൻ.

സത്ത്വസമ്പന്ന-വി. അധികം സമ്പത്തുള്ള.

സത്പാപത്തി-മനസ്സിൽ സച്ചിദാനന്ദ വസ്തുവിന്റെ സ്ഫുരണം.

സത്പാഭിമാനം- ജീവിതത്തിലുള്ള അഭിമാനം.

സത്സംഗം-നല്ല മനുഷ്യരോടുള്ള ചേർച്ച.

സത്സേവിത-വി. സത്തുക്കളാൽ സേവിക്കപ്പെട്ട.

സദനം-പ. ഭവനം. ര. ജലം.

സദംശകം-തേങ്ങ്.

സദംശവദനം-കങ്കപക്ഷി.

സദയം-അ. ദയയോടെ.

സദർ-മുഖ്യമായ, ശ്രേഷ്ഠമായ. (അറബി ഭാഷ).

സദസ്സ്-സഭ,

സദസ്യൻ-യാഗശാലയിലുള്ള അനുഷ്ഠാനങ്ങളിൽ ഒരുത്തൻ, സഭ്യൻ.

സദാ-അ. എല്ലായ്പോഴും.

സദാകാലം-അ. എല്ലാസമയത്തും.

സദാഗതി-പ. വായു. ര. ബ്രഹ്മം. ന. സൂക്ഷ്മൻ.

സദാചാരം-നല്ല ആചാരം, മര്യാദ.

സദാതന-വി. നിത്യമായുള്ള.

സദാതനൻ-പ. നിത്യൻ. ര. വിഷ്ണു.

സദാത്മാവ്-എന്നും നിലനില്പുള്ള ആത്മാവ്.

സദാനന്ദൻ-ശൈവം, ബ്രഹ്മാവ്.

സദാനന്ദം-നിത്യാനന്ദം.

സദാനത്തം-വാലൻപാട്ടിപ്പക്ഷി.

സദാനീര, സദാതോയാ-കരതോയ എന്ന നദി.

പണ്ട് കർക്കടകമാസത്തിൽ ഗംഗാദേവി മൂന്നു ദിവസം രജസ്വലയായി വർത്തിച്ചുവന്നു. അന്നു എല്ലാ നദികളിലും ഭൂതരജസ്സു ഒഴുകിക്കൊണ്ടിരുന്നു. ഈ കരതോയാ (സദാനീരാ) നദിയിൽ അന്നും സ്ഥൂലജലം തന്നെ ഒഴുകിക്കൊണ്ടിരുന്നു. ഈ നദി സ്വതന്ത്രനദിയാണ്. മറെറാന്നിന്റെ സാന്നിദ്ധ്യം കൂടാതെ തന്നെ (തനിച്ചുതന്നെ) ഇതിനു പരിശുദ്ധതയുണ്ട്.

സദാപുഷ്പം-പ. തെങ്ങ്. ര. ചെമ്മരം. ന. കണിക്കൊന്ന. ഭ. എരിക്ക്. ഇ. മന്താരം.

സദാപ്രസൂനം-പ. കണിക്കൊന്ന. ര. എരിക്ക്. ന. ചെമ്മരം.

സദാഫലം-പ. അത്തിയാൽ. ര. ക്രുവ ഇം. ന. തെങ്ങ്. ഭ. കാട്ടത്തി.

സദായോഗി-കൃഷ്ണൻ.

സദാരൻ-ഭാര്യയോടു കൂടിയവൻ.

സദാശിവൻ-പരബ്രഹ്മം, ശിവൻ.

സദൃക്ഷ-വി. തുല്യമായുള്ള.

സദൃശ-വി. തുല്യമായ.

സദൃശത-തുല്യത.

സദൃശീകരിക്കുന്നു-തുല്യമാക്കുന്നു.

സദൃശീകരിക്കുന്നു-തുല്യമാക്കിച്ചെയ്യുന്നു

സദേശ-വി. അടുത്തുള്ള.

സദേശം-സമീപം.

സദ്മം-പ. ഭവനം. ര. ജലം.

സദ്യ-ഊണ്, സഹഭോജനം.

സംഘടിച്ചു എന്നതു ക്രമേണ സങ്ഘടിയായി പിന്നീടു സദ്യയായി. സംഘടി = സഹഭോജനം(കൂടിയിരുന്നുള്ള ഭക്ഷണം)

സദ്യസ്സ്-അ. പ. വേഗത്തിൽ, ഇപ്പോൾ, തൽക്ഷണത്തിങ്കൽ.

'സദ്യഃപോരിച്ചുമുറകെത്തഴകിനാൽ'

(ഭാഗവതം)

ര. ഇന്ന്. ന. കറച്ചുമുമ്പ്. ഭ. സമീപകാലത്തു.

സദ്യഃഫല-വി. വേഗത്തിൽ ഫലം വരുന്ന.

സത്യശ്രേഷ്ഠാ-നായികക്കേതണ.

സത്യോജാതൻ-ശിവൻ.

സത്യോത്ക്രമണം-ഒരു രോഗം.

പല മുനകളോടും മുഖങ്ങളോടും കൂടിയ ആയുധങ്ങളും ശരീരത്തിൽ കൊള്ളുമ്പോഴും പലവിധത്തിലുള്ള മുറിവുകളും ഉണ്ടാകുന്നു. മുറിയുക, പിളർന്നുപോകുക, തുളഞ്ഞുപോകുക, ക്ഷയിച്ചുപോകുക, തകർന്നിപ്പോകുക, അറുത്തുപോകുക ഇങ്ങിനെ അനവധിയും.

സദസത്-ഗ്രഹം.

സദാനിയോഗം-നല്ലകാര്യത്തിൽ ഏർപ്പെടുകയെന്നുള്ളതു്.

സദ്വൃത്ത-വി. നല്ല ശീലമുള്ള.

സദ്വൃത്തി-നല്ലതായ വൃത്തി.

സധർമ്മ-വി. തുല്യമായുള്ള.

സധർമ്മചാരിണി- വിവാഹംചെയ്ത ഭാര്യ, ധർമ്മപത്നി.

സധർമ്മി-വി. മറ്റെയ അനുസരിക്കുന്ന.

സധർമ്മിണി-വിവാഹംചെയ്ത സ്ത്രീ.

സയി-അഗ്നി.

സധിസ്സു -കാള.

സധ്രീചീക്-വി. കൂടെപ്പോകുന്ന, അനുഗമിക്കുന്ന.

സനകൻ-ഒരു മഹർഷി.

സനകൻ, സനന്ദൻ, സനാതനൻ, സനൽകുമാരൻ ഇവർ ബ്രഹ്മാവിന്റെ പുത്രന്മാരാണ്. ഇവരെ സനകാദികൾ എന്നു പറയുന്നു. ബ്രഹ്മാവിന്റെ മനസ്സിൽനിന്നും ജനിച്ചവരാണ്. ഇവർ എന്നും ബാലന്മാരാകുന്നു, വിവാഹം ചെയ്തിട്ടില്ല.

'നാലംശമായിട്ടതിൽമുമ്പിലെയവതാരം നാമുപേർസനകനുംസനന്ദൻസനാതനൻ * നാലാമൻസനൽകുമാരനവ്യയനും ക്രമത്താലെ നാലഞ്ചു വയസ്സുള്ള രൂപത്തങ്ങൾതമ്മെപ്പോലെ * നാമുവേദാന്തത്തെയുംശീലിച്ചുസമാകുലം നാലുംപിരിയാതെനടപ്പുപലകാലം'

(ഭാഗവതം)

സനൽ-വി. നിത്യമായ.

സനൽ-ബ്രഹ്മം.

സനൽകുമാരൻ, സനാൽകുമാരൻ-ഒരു മഹർഷി. നിത്യം കുമാരനെന്നർത്ഥം. സനൽ-ബ്രഹ്മം. ബ്രഹ്മപുത്രനെന്നുമുണ്ട്.

സന്നം-ക. ആനയുടെ ഭക്ഷിക്കുന്നുള്ള അടി. പ. ഒരു തരം. ന. ഒരു വൃക്ഷം.

സനാ-നിത്യം.

സനാതന-വി. ക. നിത്യമായുള്ള. പ. സ്ഥിരതയുള്ള.

സനാതനൻ-ക. ബ്രഹ്മാവ്. പ. വിഷ്ണു. ന. ശിവൻ.

സനാതനം-ശാശ്വതം.

സനാതനീ-ക. ലക്ഷ്മി. പ. പാർവ്വതി (ദുർഗ്ഗാ). ന. സരസ്വതി.

സനാത്രാ-തേങ്ങാവള്ളിവരിയ.

സനാഭയൻ - പുരുഷോത്തരത്തോളമുള്ള വൻ.

സനാഭി-വി. ക. സദൃശമായുള്ള. പ. പ്രിയമുള്ള.

സനാഭികം-മേലും കീഴും ഏഴുപുരുഷാന്തരത്തോളമുള്ളവരുടെ പേർ. മൂല പുരുഷനോടടുത്തിയവർ എന്നർത്ഥം, ബന്ധു.

സനാശി-ഒരു രാഗം.

സനി-ക. ഭക്തി മുതലായവരെ ആരാധിക്കുക, വന്ദനം. പ. അപേക്ഷ. ന. ഭിക്ഷ.

സനിയമപരിവൃത്തം-കാവ്യദോഷങ്ങളിൽ ഒന്നു്.

സനിഷ്ഠീവം, സനിഷ്ഠുവം-മൂക്കിനീർ (തുപ്പൽ), ഏമ്പരായ, കഫം ഇവ തെറിച്ചുകൊണ്ടു പറയുന്ന വാക്ക്.

സനീ-പ്ര. പാവ്തി. ഉ. പ്രകാശം.

സനീഡം-അ. സമീപം.

സന്തത-വി. എല്ലായ്പോഴുമുള്ള.

സന്തതജ്വരം-ഒരുവക ജ്വരം.
ഒരു പകലിന്റേയും രാത്രിയുടേയും ഇടയിൽ രണ്ടുതവണയുണ്ടാകും.

സന്തതം-എല്ലായ്പോഴും. സമൃക്കാകുംവണ്ണം തതം. തതം=വിസ്തൃതം. 'തനവിസ്താരേ കരണേ ച' എന്ന ധാതു.

സന്തതി-പ്ര. വംശം. ഉ. പുത്രനും പുത്രിയും. വിസ്തരിക്കുന്നത്, ജനസമുദായത്തെ പരത്തുന്നതെന്നർത്ഥം.

സന്തപ്ത-വി. പ്ര. ദുഃഖിച്ച. ഉ. ചൂടുപിഴത്ത.

സന്തമസം-ക്രൂരിതം.

സന്തരിക്കുന്നു-കടക്കുന്നു. (ക. ക്രി.-സന്തരിപ്പിക്കുന്നു. നാമം-സന്തരണം).

സന്തർജ്ജനം-മയപ്പെടുത്തൽ.

സന്തർജ്ജിത-വി. മയപ്പെടുത്തപ്പെട്ട.

സന്തർപ്പണം-പ്ര. തൃപ്തിയാക്കൽ, മതിയാക്കൽ. ഉ. ഉഴിഞ്ഞ്.

സന്താനം-പ്ര. വംശം. ഉ. സന്തതി, കഞ്ഞുങ്ങൾ. നാ. തുടച്ചുയായി വന്നുകൊണ്ടിരിക്കുന്നത്. ഉ-ം, 'സന്തോഷസന്താനം' ർ. കല്പകവൃക്ഷം. @ പരമ്പ്.

സന്താനവേദപ്പൊരുള്ളുപാഠം-സർവ്വജീവജന്തുക്കളുടെയും വേദവാക്യാർത്ഥങ്ങൾ

'സന്താനവേദപ്പൊരുളുകൾപൊരുൾ
താമരാസനക്ഷനൊരുമുഖമടയാഴ്ത്തു'
(കല്യാണസൗഗന്ധികം തുള്ളൽ)
(ഈ വരിച്ചുകെട്ടിയസ്തുതി ഹനുമാനെ സംബന്ധിച്ചതാണ്. ഹനുമാൻ എന്ന പദം നോക്കുക.)

സന്താനിക-പ്ര, പത, നര. ഉ. പാലിൻറെ പാട. നാ. ചിലന്തിവല. ര വായ്തല, മൂല @ കയ്യൻ കരിങ്ങാലി.

സന്താപനം-പ്ര. ചൂട്. ഉ. വേദന. നാ. ദുഃഖം. ര. കാമദേവന്റെ ഒരസ്ത്രം.

സന്താപം-പ്ര. ദുഃഖം. ഉ. ചൂട്. നാ. വേദന ര. പശ്ചാത്താപം @. കോപം.

സന്താപിക്കുന്നു-പ്ര. ദുഃഖിക്കുന്നു. ഉ. ഉണ്ണിക്കുന്നു.

സന്താപിത-വി. പ്ര. ദുഃഖിക്കപ്പെട്ടത് ഉ. ചൂടുപിടിക്കപ്പെട്ട.

സന്തി-പ്ര. അവസാനം. ഉ. മനം.

സന്തുഷ്ട-വി. സന്തോഷിച്ച.

സന്തുഷ്ടി-പ്ര. സന്തോഷം. ഉ. തൃപ്തി.

സന്തൃപ്തി-നല്ല തൃപ്തി.

സന്തോഷം-പ്രീതി, പ്രസാദം, തൃപ്തി.

സന്തോഷണം-പ്രീതി, പ്രസാദം, നന്ദി

സന്തോഷിക്കുന്നു-പ്രസാദിക്കുന്നു. (സ. ക്രി.-സന്തോഷിപ്പിക്കുന്നു).

സന്തോഷിത-വി. പ്രസാദിപ്പിക്കപ്പെട്ട.

സന്തൃക്ത-വി. പൂർണ്ണമായി ഉപേക്ഷിക്കപ്പെട്ട

സന്തൃജിക്കുന്നു-ഉപേക്ഷിക്കുന്നു. (ക. ക്രി.-സന്തൃജിപ്പിക്കുന്നു.)

സന്ദംശം-പ്ര. ചവണ. ഉ. ഒരു നരകം.

സന്ദംശികാ-ചവണ.

സന്ദഭ്-പ്ര. പൂമാലയും മറ്റും കോർക്കുക. ഉ. കോർക്കുക. നാ. കൂട്ടം. ര കച്ചവ്. @. ചേർപ്പ്, യോജിപ്പ്. ണ. ഗ്രാഥനം.

സന്ദർശനം-ക്ര. കാണുക, നോക്കുക.

സന്ദാനം-ക്ര. പാലുകയ്ക്ക്. ഉ. മസ്തകഭാഗം. ന. പങ്കിടുക.

സന്ദാനിത-വി. കെട്ടപ്പെട്ട.

സന്ദാനിതകം-മൂന്നു ശ്ലോകങ്ങളെ ഒന്നിച്ചു അന്വയിക്കേണ്ടിവരുമ്പോൾ പറയുന്ന പേർ.

സന്ദാനിനി-ശോഷം.

സന്ദാവം-പുറകോട്ടു തിരിച്ചോടുക.

സന്ദി-ചെറിയ കട്ടിൽ.

സന്ദിഗ്ദ്ധ-വി. ക്ര. സംശയിക്കപ്പെട്ട. ഉ. കഴപ്പുള്ളിച്ചായ. ന. രക്ഷയില്ലാത്ത.

സന്ദിഗ്ധം-ക്ര. സംശയിക്കപ്പെട്ടത്. ഉ. (കാവ്യത്തിൽ) പദദോഷങ്ങളിൽ ഒന്ന്.

സന്ദിഗ്ധമതി-താൻ ചെയ്യുന്ന കർമ്മങ്ങളെ കുറിച്ചു നല്ല വിശ്വാസമില്ലാത്തവൻ.

സന്ദിഗ്ധാർത്ഥം-ക്ര. തർക്കമുള്ള കടം. ഉ. സംശയമുള്ള പൊരുൾ.

സന്ദിത-വി. കെട്ടപ്പെട്ട, കോർക്കപ്പെട്ട.

സന്ദിഷ്ട-വി. ക്ര. വർത്തമാനം പറയപ്പെട്ട, അറിയിക്കപ്പെട്ട. ഉ. സമ്മതിക്കപ്പെട്ട. ന. വാഗ്ദത്തം ചെയ്യപ്പെട്ട.

സന്ദിഷ്ടം-വർത്തമാനം.

സന്ദിഷ്ടാർത്ഥൻ-വർത്തമാനം പറഞ്ഞയക്കപ്പെട്ട ദൂതൻ.

സന്ദീപനം-ക്ര. കത്തിക്കുക, പ്രകാശിപ്പിക്കുക. ഉ. കാമദേവന്റെ അമ്പുകളിൽ ഒന്ന്.

സന്ദേശഹരൻ-വർത്തമാനക്കാരി

സന്ദേശം-ക്ര. വർത്തമാനം. ഉ. ഒരുതരം കാവ്യം.

ഈ കാവ്യത്തിലേയ്ക്കു ആദ്യമായി തുണിട്ടതു കാളിദാസനാകുന്നു. ഇദ്ദേഹം 'മേഘസന്ദേശം' എന്ന ഒരു കാവ്യം ഉണ്ടാക്കുകയും അതിൽ മന്ദാക്രാന്തവൃത്തം പ്രയോഗിക്കുകയും ചെയ്തു. അതിനെ അനുകരിച്ചു പിൻഗാമികളായ ചില കവികളും ആ വൃത്തത്തിൽ തന്നെ സന്ദേശകാവ്യങ്ങളും രചിക്കയാൽ, 'സന്ദേശവൃത്തം' എന്നുള്ള പേർ സംവൃതികമായിത്തീർന്നു. വിരഹികളായ ദമ്പതിമാർ വിഷയമായിട്ടുള്ള ഈവക കാവ്യങ്ങളിൽ സ്ഥായിയായിക്കാണുന്ന രസം വിപ്രലംഭശൃംഗാരമാകുന്നു. സന്ദേശകാവ്യത്തിനു പൂർവ്വഭാഗം, ഉത്തരഭാഗം എന്നു രണ്ടു ഭാഗങ്ങളും ഉണ്ട്. അതിൽ ഒന്നാമതിൽ ദൂതിനുള്ള കാരണം, ദേശം, ദൂതസ്വീകരണം, ദൂതിന്റെ മാർഗ്ഗവർണ്ണനം ഇവയും രണ്ടാമത്തേതിൽ നായികാഗൃഹവർണ്ണനം, നായികാവർണ്ണനം, സന്ദേശം ഇവയും അടങ്ങിയിരിക്കും. ഈവക കാവ്യങ്ങളിൽ മുഖ്യഭാഗം, 'സന്ദേശം' അഥവാ ദൂതൻ കൂടെപ്പോകേണ്ട മാർഗ്ഗത്തിലുള്ള പർവ്വതങ്ങളും, നദികളും, വനങ്ങളും, നഗരങ്ങളും, ദേവാലയങ്ങളും മുതലായ മനോഹര വസ്തുക്കളെ സന്ദർഭോചിതമാംവിധം വർണ്ണിക്കുന്നതിലാണ് അവയുടെ അധികഭാഗത്തെയും ഉപയോഗിക്കുന്നതു. കവിയുടെ സാമർത്ഥ്യത്തെ പ്രകടിപ്പിക്കുന്നതു ഈ ഘട്ടമാണ്. മലയാളത്തിൽ സന്ദേശകാവ്യങ്ങളോടു അടുപ്പിച്ചുവരുന്ന ഹേതുക്കളായ വിശിഷ്ടകാവ്യമായ മയൂരസന്ദേശമത്രെ.

സന്ദേശവാക്ക്-വർത്തമാനത്തിനുള്ള ഏഴുത്തു, വാചകം.

സന്ദേശഹരൻ, സന്ദേശഹാരകൻ-ദൂതൻ, സന്ദേശംകൊണ്ടു പോകുന്നവൻ.

സന്ദേഹം-ക്ര. സംശയം. ഉ. ഒരലങ്കാരം.

സന്ദേഹിക്കുന്നു-സംശയിക്കുന്നു.

സന്ദോഹം-പ. കൂട്ടം. ഉ. പാൽകറപ്പ്.

സന്ദ്രാവം-കൂട്ടം.

സന്ധ-വി. കൂടിയ, ചേർന്ന.

സന്ധ-പ. പ്രതിജ്ഞ ഉ. അവസ്ഥം. ന. സ്ഥിരത. ർ ഉറപ്പ്. ള. സന്ധ്യ. ഴ. മദ്ധ്യാഹ്നം. (അതിൽത്തി).

സന്ധാനം-പ. മദ്യം വാറ്റുക. ഉ. ചേർക്ക. ന. കെട്ടുക. ർ. പൂരിച്ചുകഞ്ഞി. ള. കൂട്ടം. ഴ. താങ്ങുക. റ. ചാരായം. വ ചമ്മന്തിക്കറി. ൻ. (വ്യാകരണത്തിൽ) വാക്യങ്ങൾക്ക തമ്മിലുള്ള അന്വയാനുഭവന, ഖണ്ഡികകൾക്കുടെ പരസ്പര സംബന്ധം. പ്രാ. കൂടി.

സന്ധാനി-പ. മദ്യം മുതലായവ വാറ്റുന്ന സ്ഥലം. ഉ. ലോഹാദികളെ വാർക്കുന്ന സ്ഥലം. ന. വാറ്റുക.

സന്ധാനിത-വി. പ. കെട്ടപ്പെട്ട. ഉ. കോർക്കപ്പെട്ട.

സന്ധാനിനി-തൊഴുത്ത്.

സന്ധാരണം-പ. രക്ഷ. ഉ. ദുഃഖനാശം. ന. നിവൃത്തൽ.

സന്ധി-പ. ചേർപ്പ്. ഉ. സമാധാനം. ന. നിശ്ചയം. ർ. യുദ്ധം. ള. ഭാരം. ഴ. യുഗാവസാനം. റ. ഉടമ്പടി. വ ഐക്യം. ൻ. പങ്കിടൽ. പ്രാ. സമയം. പ്രപ. അനേകം നയങ്ങളിൽ ർ ബലവാന്മാരുമായി യോജിച്ചു കഴിച്ചുകൂട്ടുന്നത്.

സന്ധിപഞ്ചകം-(നാടകശാസ്ത്രം സംബന്ധിച്ചുവ) മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവഹണം ഇവ ള-ം).

സന്ധികം-ഒരു സന്നിപാതരോഗം.

പൂർവ്വരൂപമായി വേദനയുണ്ടായതിൽ പിന്നെ ശരീരം ചടയ്ക്കുകയും, വായു കോപകാരണം വേദനയും, കഫവർദ്ധനയും, ബലക്ഷയവും, നിദ്രാനാശവും ഉണ്ടാകയും ചെയ്യും.

സന്ധികാ-വാറാത്ത തൊഴിൽ.

സന്ധിക്കുന്നു-ചേരുന്നു. (ക്രി. സന്ധിപ്പിക്കുന്നു).

സന്ധിച്ചുകുട്ടുക-ഒരുവിധം കഴിച്ചുകൂട്ടുക.

സന്ധിത-വി. പ. ചേർക്കപ്പെട്ട. ഉ. കെട്ടപ്പെട്ട, കോർക്കപ്പെട്ട.

സന്ധിതന്ത്രം—മറ്റു രാജ്യങ്ങളുമായി സംബന്ധംപിടിപ്പാനുള്ള കൗശലം.

സന്ധിതം-ഉപ്പിലിട്ട ഫലം.

സന്ധിനി-ചന്നയേറ്റ പശു

സന്ധിപ്പു-ചേർപ്പ്, യോജിപ്പ്.

സന്ധിബന്ധനം-പ. കെട്ട്, കൂട്ടുപ്പ്, ചേർപ്പ്. ഉ. ഞെരുക്ക്.

സന്ധിബന്ധം-പ. ഒരു പുഷ്പം. ഉ. കൂട്ടുപ്പ്. ന. ഞെരുക്ക്.

സന്ധിലാ-പ. മദ്ധ്യം. ഉ. നടി. ന. ചുവരിലെ വിടവ്.

സന്ധിവേല-ദിവസം രാത്രി പക്കം മുതലായതിന്റെ തമ്മിൽ ചേരുന്ന സമയം.

സന്ധു-പ. സംശയം. ഉ. ചേർപ്പ്. ന. അവയവം. ർ. സന്ധി.

സന്ധുക്ഷണം-ഇളക്കിപ്പിക്കൽ.

സന്ധ്യ-പ. പ്രഭാതത്തിനും, മദ്ധ്യാഹ്നത്തിനും, സായാഹ്നത്തിനും സന്ധ്യയെന്നുപറയും. (പ്രഭാതം=ഉദിക്കുന്ന സമയം. മദ്ധ്യാഹ്നം=ഉച്ച. സായാഹ്നം=വൈകുന്നേരം). ഉ. അർദ്ധരാത്രി. ന. അതിര്. ർ. വൃശ്ചികം. ള. ഉടമ്പടി. ഴ ഒരുനദി. റ. ഒരു യുഗംകഴിഞ്ഞു മറ്റൊ

യുഗം തുടങ്ങുന്നതിനിടയിലുള്ള സമയം. വ്യ. സന്ധ്യാവന്ദനം. ൻ. ഒരു പുഷ്പം. ഫ. ബ്രഹ്മദേവിന്റെ മകൾ.

(ആർദ്ര എന്ന പദം നോക്കുക.)

അഹോരാത്രങ്ങളിൽ സന്ധിക്കപ്പെട്ടതു. സൂര്യാസ്തമനത്തിനു പിമ്പു മൂന്നുനാഴികയും, സൂര്യോദയത്തിനു മുമ്പു അഞ്ചുനാഴികയും ഉള്ള സമയത്തിനു 'സന്ധ്യ' എന്നു പേർ പ്രാഹ്നം—പ്രാതഃസന്ധ്യ അപരാഹ്നം—അസ്തമയസന്ധ്യ)

സന്ധ്യാകാലങ്ങളിൽ ഉപേക്ഷിക്കേണ്ടവ.

ആഹാരം, സ്ത്രീസേവ, നിദ്ര, പഠനം. ഫ. ശിവന്റെ ഭേദം.

സന്ധ്യക്ഷരങ്ങൾ—ഏ, ഒ, ഐ, ഔ ഇവ നാലും.

സന്ധ്യാഗമം—ഫ. അസ്തമനസമയം. വ. യുഗാവസാനം.

സന്ധ്യാപുഷ്പി—പിച്ചകം.

സന്ധ്യാഭ്രം—ഫ. സന്ധ്യക്കുള്ള മേഘം. വ. പൊൻകാവി.

സന്ധ്യാരാഗം—സിന്ദൂരം.

സന്ധ്യാവന്ദനം—സന്ധ്യകളിൽ ചെയ്യേണ്ടുന്ന കർമ്മം.

സന്ധ്യി—നിലനിറുത്തുന്നവൻ. (സ്ത്രീ സന്ധ്രിണി).

സന്ന—വി. ഫ. കനംകുറഞ്ഞ. വ. കളഞ്ഞുപോയ. ന. ആത്മാവില്ലാത്ത. ര. അനക്കമില്ലാത്ത. ള. ക്ഷീണിച്ച. ഴ. നശിച്ച. ഒ. സമീപമുള്ള വ്യ. പദത്തിന്റെ ആരംഭത്തിൽ വന്നാൽ പിൻപദാർത്ഥത്തിന്റെ അഭാവത്തെ കാണിക്കും ഉ-ം, സന്നഗാംഭീര്യം (ഗാംഭീര്യമില്ലാതെയായ)

സന്നകടു—മരപ്പൂവുക്ഷം.

സന്നത—വി. നമസ്കരിച്ച, വഴങ്ങിയ, താണ.

സന്നതം—ഫ. താണതു്. വ. തകരം.

സന്നതി—ഫ. വണക്കം, വന്ദനം. വ. ഒരുവക യാഗം. ന. ശബ്ദം

സന്നദ്ധ്, സന്നദ്ധ്—ഫ. സൽക്കാരിക്കുന്നിനും വില്ക്കുന്നവസ്തു വാങ്ങിക്കുന്ന ആളിനുകൊടുക്കുന്ന ഒരു എഴുത്തു്. വ. യുദ്ധക്കീലന്മാർക്കുള്ള ബിരുദപത്രം, അധികാരപത്രം.

സന്നദ്ധ—വി. ഫ. ആയുധം ധരിച്ച. വ. യുദ്ധത്തിനായിട്ടൊരുങ്ങിയ, പടച്ചട്ടധരിച്ച. ന. കൊല്ലുന്നതിനൊരുങ്ങിയ. ര. സമീപത്തുള്ള. ള. തയ്യാറായ. ഴ. കൂട്ടിക്കെട്ടിയ.

സന്നദ്ധം—ഖലേന ബന്ധിക്കപ്പെട്ടതു്, രൊക്കം തയ്യാറുള്ളതു്, കയർ.

സന്നം—ഫ. അല്പം, ചെറിയ അംശം വ. ക്ഷീണം. ന. മുരിങ്ങമരം.

സന്നമനം—വണക്കം, നമനം.

സന്നമിക്കുന്നു—ഫ. വണങ്ങുന്നു. നമസ്കരിക്കുന്നു. വ. കുനിയുന്നു.

സന്നയം—ഫ. സംഖ്യം. വ. പിൻപട. ന. തുക, സംഖ്യ.

സന്നഹനം—ഒരുമ്പാടു്.

സന്നാ—നദി.

സന്നാഹം—ഫ. ഒരുമ്പാടു്. വ. ജാഗ്രത. ന. യുദ്ധത്തിനുള്ള കവചവും ആയുധക്കോപ്പും. ര. പടച്ചട്ട.

സന്നി—ഒരു മീനം.

സന്നികർഷണം—ഫ. സമീപം, അടുപ്പം. വ. സമീപത്തുകൊണ്ടുവരുക. ന. ചേർച്ച, സംബന്ധം.

സന്നികൃഷ്ട—വി. അടുക്കലുള്ള, അണഞ്ഞ.

സന്നിചയം-ക്ലൃപ്തം.

സന്നിധാനം, സന്നിധി-സമീപം, സാമീപ്യം, അടുപ്പം, അണച്ചുവയ്ക്കൽ.

സന്നിപാതം-ഫ. വാതപിത്തശ്ലേഷ്മങ്ങൾ കൂടി ക്ഷയിക്കുകയോ വർദ്ധിക്കുകയോ ചെയ്യുമ്പോഴുള്ളപേർ, ഒരുരോഗം. (സന്നി).

സന്നിപാതരോഹിണി എന്നൊരു രോഗമുണ്ട്. സന്നിപാതം നിമിത്തമുണ്ടാകുന്ന നീര് അഗാധമായ പഴുപ്പോട് ചികിത്സകൊണ്ടു മാറ്റുവാൻ കഴിയാത്തതായ ബലത്തോടും വാതരോഹിണി മുതലായ മൂന്നു രോഹിണികളുടെ ലക്ഷണങ്ങളോടും കൂടിയിരിക്കും. ഈ രോഹിണി ഉടനെ മരിപ്പിക്കും.

ഫ. ക്ലൃപ്തം. ന. ചേർച്ചുകൂടുക. ർ. കൂടിക്കലർച്ച.

സന്നിബദ്ധ-വി. മുറുക്കെക്കെട്ടിയ.

സന്നിബന്ധനം-മുറുക്കെക്കെട്ടുക.

സന്നിഭ-വി. തുല്യമായ.

സന്നിവൃത്ത-വി. ഫ. പിൻവാങ്ങിയ. ഫ. നിവർത്തിയ.

സന്നിവേശം-ഫ വെടിപ്രദേശം ഫ. സമീപം ന. കൂട്ടം. ർ. ഏറ്റുപാട്. ങ. ചേർച്ച.

സന്നിഹിത-വി. ഫ. അടുത്ത. അണഞ്ഞ. ഫ. വെക്കപ്പെട്ട.

സന്നിഹിതം-സാമീപ്യം.

സന്മാർഗ്ഗം-ഫ. നല്ലവഴി, നല്ലനടപ്പ്. ഫ. മര്യാദയോടുപെരുമാറുക. ന. സത്യമതം.

സന്മാർഗ്ഗി-വി. നല്ലനടപ്പുകാരൻ, മര്യാദക്കാരൻ.

സന്ന്യസിക്കുന്നു – സന്ന്യാസിയായിത്തീരുന്നു.

സന്ന്യസ്ത-വി. ഉപേക്ഷിക്കപ്പെട്ട.

സന്ന്യാസം- ഫ. ലോകവ്യാപാരങ്ങളെ ഉപേക്ഷിക്കുക. ഫ. സകലവും സന്ന്യസിച്ചുള്ള ഇരിപ്പ്, ബ്രഹ്മധ്യാനം.

നിഷ്കാമകർമ്മംചെയ്തു സാധനചതുഷ്ടയസമ്പന്നന്മാർക്കുണ്ടാകുന്നതു; അല്ലാത്തവർക്കു അതു ദുഃഖഹേതുവായിരിക്കും.

ന. ഒരുവക മരുന്ന്. ർ. ഒരു മീനം.

സന്ന്യാസം എന്ന രോഗത്തിന്റെ ലക്ഷണം-ഇതു ചില കാരണങ്ങളാൽ ബലമില്ലാതായവർക്കുണ്ടാകുന്നു. ഈ രോഗത്താൽ പീഡിതനായവൻ തടിപോലെ കിടക്കും.

സന്ന്യാസി-സന്ന്യസിച്ചവൻ, നാലാമത്തെ ആശ്രമം ധരിച്ച ബ്രാഹ്മണൻ.

സപക്ഷ-വി. ഫ. ചിറകുള്ള. ഫ. ചെങ്ങാത്തമുള്ള.

സപക്ഷൻ-ചങ്ങാതി, പങ്കുകാരൻ, കൂട്ടുകാരൻ.

സപത്നൻ-ശത്രു. സപത്നിയെപ്പോലെ എപ്പോഴും സ്പർദ്ധിച്ചുകൊണ്ടിരിക്കുന്നവൻ എന്നർത്ഥം.

സപത്നി-തന്റെ ഭർത്താവിന്റെ അന്യഭാര്യ, കൂട്ടഭാര്യ.

സപത്നീകൻ-ഭാര്യയുള്ളവൻ.

സപദി-അ. ഉടനെ, തൽക്ഷണം, വേഗം.

സപര്യ-വന്ദനം, പൂജ.

സപിണ്ഡൻ-പിണ്ഡത്തിനധികാരമുള്ള ചാർച്ചക്കാരൻ, ശ്രേഷ്ഠക്രിയചെയ്യുവാൻ അർഹൻ.

സപിണ്ഡി മരിച്ചവർക്കുവേണ്ടി ചെയ്യുന്ന ഒരുകർമ്മം.

സപീതി - ക്ഷീരപാടിക്കുക. പീതി= പാനം. ഒരുമിച്ചുള്ള പാനം എന്നർത്ഥം.

സപ്ത-വി. ഏഴ്.

സപ്തക-വി. ഏ ഏഴംഖ്യയുള്ള. ഉ. ഏഴംഗങ്ങളുള്ള. ന. വേഷത്തിൽ ഒരു ഭാഗം.

സപ്തകർമ്മങ്ങൾ-ചരാക്രമം, പ്രാഗത്ഭ്യം, കേശാന്തം, ഒധൌർത്തം, ഉത്തരത, നിയമനശക്തി, യുദ്ധത്തിൽ പിന്മാറാതെയുള്ള നില.

സപ്തകീ-സ്ത്രീയുടെ അരയിലുള്ള ഒരാഭരണം. സ്ത്രീകൾ അരയിൽ ഉടുത്ത വസ്ത്രത്തിന്റെ മേലെകെട്ടുന്ന അരഞ്ഞാണ്. സപ്തസാരങ്ങളെപ്പോലെ അത്രയും വിശേഷമായി ശബ്ദിക്കുന്നത് എന്നർത്ഥം.

സപ്തകൊങ്കണങ്ങൾ-കിരാതം, വിരാടം, മഹാരാഷ്ട്രം, കൊങ്കണം, ഹൈയ്യം, തുളു, കേരളം ഈ ഏഴുരാജ്യങ്ങളും. (താഴെ പറയുന്നപ്രകാരവും കാണുന്നു)

കിരാടം, വിരാടം, മരാടം, കൊങ്കണം, ഹവ്യഗം, തൈവളം, കേരളം ഇവ ഏഴും.

'കിരാടഞ്ചവിരാടഞ്ച
മരാടംകൊങ്കണംതഥാ
ഹവ്യഗംതൈവളഞ്ചൈവ
കേരളഞ്ചേതിസപ്തകം'

സപ്തചിരഞ്ജീവികൾ- (ചിരഞ്ജീവികൾ എന്നതു നോക്കുക)

സപ്തച്ഛദം-ഏഴിലമ്പാല.

സപ്തജനാശ്രമം-സപ്തജനങ്ങൾ എന്ന ഏഴുമുനിമാർ തലകീഴായി വെള്ളത്തിൽ നിന്നു തപസ്സുചെയ്തു മോക്ഷംപ്രാപിച്ച ഒരു പുണ്യസ്ഥലം.

സപ്തതന്തു-യാഗം. ഏഴു ഹവിസ്സുകളാൽ വിസ്തരിക്കപ്പെട്ടത് എന്നർത്ഥം.

'സപ്തതന്തുവിധംതുടർന്നവനാരേരം'

(രഘുയാഗം കഥകളി)

സപ്തതന്ത്രി-വീണ.

സപ്തതലങ്ങൾ-കീഴ് ലോകങ്ങൾ.

സപ്തതി-വി. എഴുപത്.

സപ്തദശ-വി. പതിനേഴെന്നത്.

സപ്തദശം-വി. പതിനേഴ്.

സപ്തദീധിതി-അഗ്നി.

സപ്തദ്വീപങ്ങൾ-ഏഴു ദ്വീപുകൾ.

(1) ജംബുദ്വീപം-(ഏഷ്യാ).

(2) പ്ലക്ഷദ്വീപം- (തെക്കേ അമേരിക്കാ).

(3) പുഷ്കരദ്വീപം-(വടക്കേ അമേരിക്കാ).

(4) ക്രൌഞ്ചദ്വീപം-(ആഫ്രിക്കാ).

(5) ശകദ്വീപം. (യൂറോപ്പ്).

(6) ശാല്മലദ്വീപം-(അൻറാർക്ടാ, ആസ്ത്രേലിയാ).

(7) കുശദ്വീപം-(ഓക്കിയാനിയാ).

ഭൂമിയെ ഇങ്ങിനെ ഏഴു ദ്വീപുകളായി വിഭജിച്ചിട്ടുള്ളതു സ്വായംഭുവമനുവിന്റെ പുത്രനായ പ്രിയവ്രതൻ ആകുന്നു.

സപ്തദ്വീപാ-ഭൂമി.

സപ്തധാ-അ. ഏഴുപ്രകാരം.

സപ്തധാതുക്കൾ—ഏഴുധാതുക്കൾ, =രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം.

'രസംസൃങ്മാംസമേദോസ്ഥി
മജ്ജശുക്ലാനിധാതവഃ'

(അഷ്ടാംഗഹൃദയം)

ധാതുക്കൾ—ശ്രേഷ്ഠകർമ്മം.

(1) രസം-പ്രീതിയെ ഉണ്ടാക്കുക.

(2) രക്തം-ഓജസ്സിനെ ഉണ്ടാക്കുക.

(3) മാംസം-അസ്ഥികളുടെ ചുറ്റും പറ്റിനിന്നു രക്ഷിക്കുക.

(4) മേദസ്സ്-നേത്രാദികളിൽസ്നിഗ്ദ്ധതയെ ഉണ്ടാക്കുക.

(5) അസ്ഥി-ദേഹത്തെ മുഖ്യാശ്രയമാക്കി നിറുത്തുക

(6) മജ്ജ-അസ്ഥികളുടെ ഉള്ളിൽ നിറഞ്ഞുനിൽക്കുക.

(7) ശുക്ലം-ശുക്ലോല്പാദനം.

സപ്തനദികൾ-ഗംഗാ, യമുനാ, ഗോദാവരി, സരസ്വതി, നർമ്മദാ, സിന്ധു, കാവേരി ഇവ ഏഴും.

സപ്തനാഡികൾ-ഏഴു നാഡികൾ. (മൂലത്തിസ്ഥാനം മൂലാധാരം).

(1) ഇഡ-ഇടത്തുനാസിക.

(2) പിംഗള-വലത്തുനാസിക.

(3) സുഷുമ്ന-മൂലാധാരം മുതൽ കപാലപത്മം വരെ എത്തിയിരിക്കുന്നതു്.

(4) രക്ഷ-വലത്തുകണ്ണ്.

(5) അലംബുഷ-ഇടത്തുകണ്ണ്.

(6) അസ്ഥിജിഹ്വ-ഇടത്തുചെവി.

(7) ഗാന്ധാരി-വലത്തുചെവി.

(ചിന്താരത്നം)

സപ്തപദാർത്ഥങ്ങൾ- ദ്രവ്യം, ഗുണം, കർമ്മം, സാമാന്യം, വിശേഷം, സമവായം, അഭാവം ഇവ ഏഴും.

സപ്തപദി-ഒരടിയന്തരം.

വിവാഹസമയം മണവാട്ടിയും മണവാളനും കൂടി ഏഴടി നടക്കുക എന്നതു്.

സപ്തപർണ്ണം-ഏഴിലമ്പാല.

സപ്തപർവ്വതങ്ങൾ-1. മഹേന്ദ്രം, മലയം, സഹ്യൻ, ശുക്തിമാൻ, ഋക്ഷപർവ്വതം, വിന്ധ്യൻ, പാരിയാത്രം ഇവ ഏഴും. 2. കുലപർവ്വതങ്ങളും (അതു വാക്കു നോക്കുക).

സപ്തപാതാളം-ഏഴു കീഴ്ലോകങ്ങളും (ചതുർദ്ദശലോകങ്ങളും നോക്കുക).

സപ്തപുണ്യനഗരികൾ-(പുണ്യനഗരികൾ നോക്കുക).

സപ്തപ്രകൃതികൾ, സപ്തവർഗ്ഗം-രാജ്യഭരണത്തിനു് ആവശ്യമായുള്ള ഏഴു പ്രകരണങ്ങൾ

1. രാജാവു്. 2. മന്ത്രി. 3. സുഹൃദ്ബലം. 4. ഭണ്ഡാരം. 5. രാജ്യം. 6. കോട്ടകൾ. 7. ബലസൈന്യം.

സപ്തമ-വി. ഏഴാമത്തെ.

സപ്തമരുത്തുക്കൾ-(മകനമഹർഷിയുടെ ഏഴു പുത്രന്മാർ). വായുവേഗൻ, വായുബലൻ, വായുഹാവു്, വായുമണ്ഡലൻ, വായുകാലൻ, വായുരേതസ്സു്, വായുചക്രൻ.

സപ്തമാതൃക്കൾ- ബ്രാഹ്മി, മാഹേശ്വരി, കൌമാരി, വൈഷ്ണവി, വാരാഹി, ഇന്ദ്രാണി, ചാമുണ്ഡ ഇങ്ങിനെ ഏഴമ്മമാർ.

'ബ്രാഹ്മീമാഹേശ്വരീചൈവ
കൌമാരീവൈഷ്ണവീ തഥാ,
വാരാഹീ ച തഥേന്ദ്രാണീ
ചാമുണ്ഡാ സപ്തമാതരഃ' [വരം.

1. ബ്രാഹ്മി-ബ്രഹ്മാവിനെ സംബന്ധിച്ചു
2. മാഹേശ്വരി-മഹേശ്വരനെ ,,
3. കൌമാരി-കുമാരനെ ,,
4. വൈഷ്ണവി-വിഷ്ണുവിനെ ,,
5. വാരാഹി-വരാഹരൂപത്തെ ,,
6. ഇന്ദ്രാണി-ഇന്ദ്രനെ ,,
7. ചാമുണ്ഡ-ചാമുണ്ഡൻ എന്ന അസുരനെ കൊന്നവൾ.

സപ്തമാരുതന്മാർ, സപ്തമരുത്തുകൾ-ആവഹൻ, സംവഹൻ, പ്രവഹൻ, ഉദ്വഹൻ, വിവഹൻ, പരിവഹൻ, പരാവഹൻ ഇവർ ഏഴുപേരും. ആവഹൻ-മേഘത്തെ വലിപ്പിക്കുന്നു. സംവഹൻ-ശീതാംശുമണ്ഡലം പരിവായി നടത്തുന്നു.

പ്രവഹൻ-സൂര്യമണ്ഡലത്തിലെ പ്രവർത്തകനാണു്.

ഉദ്വഹൻ- നക്ഷത്രങ്ങളുടെ മണ്ഡലം നടത്തുന്നു.

വിവഹൻ-ഗ്രഹമണ്ഡലം നടത്തുന്നു.

പരിവഹൻ-സപ്തർഷിചക്രത്തെയും സപ്തർഷിയേയും (താരങ്ങളുടെ ചക്രം) നടത്തുന്നു.

പരാവഹൻ-ധ്രുവമണ്ഡലം നടത്തുന്നു.

സപ്തമരുത്തുക്കൾ-ശ്വസനൻ, സ്പർശനൻ, വായു, അനിലൻ, പ്രാണൻ, പ്രാണേശ്വരൻ, ജീവൻ-പക്ഷാന്തരമാണ് ആവഹൻ മുതലായവ.

സപ്തമി-ഏഴാമത്തെ തിഥി.

സപ്തരത്നങ്ങൾ-ബുദ്ധമുനി ശിഷ്യന്മാർക്കുകൊടുത്ത ഏഴുപദേശങ്ങൾ.

സപ്തർഷികൾ-ഏഴു മഹർഷിമാർ. (മരീചി, അത്രി, അംഗിരസ്സ്, പുലഹൻ, പുലസ്ത്യൻ, ക്രതു, വസിഷ്ഠൻ).

സൂര്യമണ്ഡലത്തിൽ നിന്നുയർന്നു ഉത്തരധ്രുവം സമീപിച്ചു നില്ക്കുന്ന ഏഴു നക്ഷത്രങ്ങളാണ് സപ്തർഷികൾ.

'മരീചിരംഗിരാഅത്രിഃ
പുലസ്ത്യഃ പുലഹഃ ക്രതുഃ।
വസിഷ്ഠശ്ചേതിസപ്തൈതേ
ജ്ഞേയാശ്ചിത്രശിഖണ്ഡിനഃ॥'

ഇവരുടെ ധർമ്മപത്നിമാർ.

'കലാശ്രദ്ധാനസൂയാച
ഹവിർഭൂശ്ചഗതിഃ ക്രിയാ।
അരുന്ധതീചക്രമശ
സ്സപ്തർഷീണാം പതിവ്രതാഃ॥'

മരീചി-കലാ.
അംഗിരസ്സ്-ശ്രദ്ധാ.
അത്രി-അനസൂയ.
പുലസ്ത്യൻ-ഹവിർഭൂ.
പുലഹൻ-ഗതി.
ക്രതു-ക്രിയ.
വസിഷ്ഠൻ- അരുന്ധതി.

ഈ പതിവ്രതകൾ ഏഴുപേരും കർദ്ദമപ്രജാപതിയിങ്കൽ നിന്നു ദേവഹൂതിയിൽ ജനിച്ചവരും കപിലവാസുദേവമൂർത്തിയുടെ സഹോദരിമാരുമാകുന്നു.

സപ്തല-പ. പിച്ചകം. ക. തുരിമല്ലി. ന. ചമ്മലന്ത. ഭ. ചെമന്ന കന്നി. ഇ. പാതിരി.

സപ്തവധ്രി-ഒരു ദുഷ്കി.

തന്റെ മോഷ്ടുമായി സംയോഗംചെയ്യാതിരിപ്പാനായി സപ്തവധ്രിയെ സഹോദരന്മാർ ഏഴുപേരും കൂടി പതിവായി രാത്രി ഒരു കോട്ടയിൽ അടച്ചു സൂക്ഷിച്ചു വെളുപ്പിനു മേച്ചിച്ചുവന്നു. എന്നാൽ അശ്വിനിദേവകളിൽ നിന്നും രാത്രി പുറത്തിറങ്ങുന്നതിനും ഉദയത്തിനു മുമ്പിൽ അതിൽ കടക്കുന്നതിനും സപ്തവധ്രി വരം വാങ്ങി.

സപ്തവർഗ്ഗം-സപ്താംശം.

സപ്തവർണ്ണം-പ. വെളുപ്പ്, കറുപ്പ്, ചെമപ്പ്, പച്ച, മഞ്ഞ, നീലം, ഉത. ക. ചെമപ്പ്, പച്ച, മഞ്ഞ, നീലം, ഉത; രക്തപീതം, ഇന്ദ്രനീലം.

സപ്തവ്യസനങ്ങൾ-നായാട്ട്, ചൂത്, സ്ത്രീസേവ, മദ്യപാനം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം (കഠിനശിക്ഷ), അർത്ഥദൂഷണം ഇവയേഴും.

'ആഖേടാക്ഷസ്ത്രീസേവാ
പാനരക്ഷോവാഗർത്ഥദൂഷണം
വാഗ്ദണ്ഡയോശ്ചപാരുഷ്യം
സപ്തൈതാന്യവ്യയാനിച'

സപ്തശതി-ദേവീമാഹാത്മ്യം കാവ്യം.

സപ്തശിഖാ-വെറിലക്കൊടി.

സപ്തസകാരങ്ങൾ-(ഗൃഹസ്ഥനാവശ്യമുള്ള ഉല്ക്കൃഷ്ടഗുണങ്ങൾ). സമ്പത്ത്, സരസ്വതി, സത്യം, സന്താനം, സൽഗുരുസ്നേഹം, സത്കീർത്തി, സുകൃതസംഭാരം.

സപ്തസപ്തി-സൂര്യൻ.

സൂര്യനെ സപ്തനാമാവായ ഒരു കുതിര യുണ്ട്. ഏഴുകുതിരകളിൽ കന്നാണ്. 'ഏകോഅശ്വോവഹതിസപ്തനാമകഃ'

സപ്തസമുദ്രങ്ങൾ-ഏഴു സമുദ്രങ്ങൾ. (സപ്തസാഗരം എന്നതു നോക്കുക).

സപ്തസാഗരം-സപ്തസമുദ്രം.

ലവണ (ഉപ്പു) സമുദ്രം, ഇക്ഷു (കരിമ്പിന്നീർ) സമുദ്രം, സുരാ (മദ്യ) സമുദ്രം, സർപ്പി (നെയ്) സമുദ്രം, ദധി (തൈര്) സമുദ്രം, ദുഗ്ധോദക (ദുഗ്ധമല) സമുദ്രം, ക്ഷീര (പാൽ) സമുദ്രം.

സപ്തസാരസ്വതതീർത്ഥം-(സാരസ്വതതീർത്ഥം നോക്കുക).

സപ്തസ്വാലങ്കാരം- അരയൽ, മാവ്, അകിൽ, ഇലഞ്ഞി, ചമത, കാഞ്ഞിരം, പുളി ഇവ ഏഴും.

7-ം, പയൻ വൃക്ഷങ്ങളെന്നും, വൃക്ഷങ്ങളെന്നും, പനകം എന്നും കാണുന്നുണ്ട്.

സപ്തസിന്ധുക്കൾ- (വേദത്തിൽ) ഗംഗ, യമുന, സരസ്വതി, തൃഷ്ടാമി, പരുഷ്ണി, മരുദ്വൃധാ, ആജികീയ ഇങ്ങിനെ ഏഴു നദികളും. (പക്ഷാന്തരവും പലവിധം കാണുന്നു).

പക്ഷാന്തരം— (രാമായണത്തിൽ) ഗംഗ ആകാശത്തിൽ നിന്നു വീണുണ്ടായ കൈവഴികളായ നളിനി, ഹ്ലാദിനി, പാവനി, ചക്ഷു, സീത, സിന്ധു, മംഗീരഥി. (മഹാഭാരതത്തിൽ) വസോചാക സുര, നളിനി, പാവനി, ഗംഗാ, സീത, സിന്ധു, ജംബുനദി. (മഹാഭാരതത്തിൽ) ഗംഗ, യമുന, പ്ലക്ഷജാ, രഥസ്ഥാ, സരയൂ, ഗോമതി, ഗണ്ഡകി.

സപ്തസ്വരം-സംഗീതശാസ്ത്രപ്രകാരമുള്ള ആദ്യത്തെ ഏഴ് സ്വരങ്ങളും. ഷഡ്ജം, ഋഷഭം, ഗാന്ധാരം, മധ്യമം, പഞ്ചമം, ധൈവതം, നിഷാദം ഇവ ഏഴും.

1. ഷഡ്ജം-നാസിക, കണ്ഠം, നെഞ്ച്, താലുപ്രദേശം, നാക്ക്, പല്ല് ഇവയെ സ്പർശിച്ചു ഈ ആറു സ്ഥലങ്ങളിൽ നിന്നുണ്ടാകുന്നതു്. ഷഡ്ജസ്വരത്തിലാണ് മയിൽ ശബ്ദിക്കുന്നതു്.
2. ഋഷഭം-മനസ്സിൽ പ്രവേശിക്കുന്നതു കാളയുടെ ശബ്ദം. കാളയുടെ ശബ്ദം ഈ സ്വരത്തിലാണ്.
3. ഗാന്ധാരം- ഗാന്ധാരദേശവാസികളാൽ ഗാനംചെയ്യപ്പെട്ടതുകൊണ്ട് ഈ പേരുള്ള സ്വരത്തിന്റെ ഗന്ധാരശബ്ദത്തെ അനുകരണം ചെയ്യുന്നതു് (വാക്കുകളെ ധരിക്കുന്നതു്). ആടും കരിയാടും ഈ സ്വരത്തിൽ ശബ്ദിക്കുന്നു.
4. മദ്ധ്യമം-നടുസ്ഥാനത്തു നില്ക്കുന്നതു്, നാഭിയാകുന്ന മധ്യപ്രദേശത്തു നിന്നു ജനിച്ചതു്. ചക്രവാകം ഈ സ്വരത്തിൽ കൂകുന്നു.
5. പഞ്ചമം-കയിലിനാൽ വിസ്തരിക്കപ്പെടുന്നതു്, വായു നാഭിയിൽനിന്നുയർന്നു വക്ഷസ്സ്, ഹൃദയം, കണ്ഠം, മൂർദ്ധാവു് ഈ സ്ഥാനങ്ങളിൽ സഞ്ചരിച്ചു അഞ്ചാമത്തെ സ്ഥാനമായ ശിരസ്സിനെ പ്രാപിക്കുക കാരണത്താൽ പഞ്ചമം എന്നു പറയപ്പെടുന്നു.
6. ധൈവതം-നാഭ്യാദി സ്ഥാനങ്ങളിൽ നില്ക്കുന്നതു്. കുതിര ഈ സ്വരത്തിൽ ശബ്ദിക്കുന്നു.
7. നിഷാദം-സ്വരങ്ങളെ അടക്കിയിരിക്കുന്നതു്. ആന ഈ സ്വരത്തിൽ ശബ്ദിക്കുന്നു.

സപ്താംഗങ്ങൾ–രാജാവ്, മന്ത്രി, നാട്, കോട്ട, ഭണ്ഡാരം, രാസൈന്യം, മിത്രം ഇവ ൭–ം.

'സ്വാമ്യമാത്യശ്ചരാഷ്ട്രഞ്ച
ദുർഗ്ഗംകോശോബലം സുഹൃൽ'

സപ്താചലങ്ങൾ– (കുലഗിരികൾ നോക്കുക).

സപ്താംഭോധി–ഏഴുകടൽ. (സപ്തസാഗരം എന്നതു നോക്കുക).

സപ്താർച്ചിസ്സ്–പ. അഗ്നി. ഏഴുവിധം ജ്വാലകൾ ഉള്ളതെന്നർത്ഥം. ൨. ശനി.

(ലവണം, ഇക്ഷു, മദ്യം, നെയ്, പാൽ, തൈര്, ജലം).

സപ്താശീതി–എൺപത്തേഴു.

സപ്താശ്വൻ–ആദിത്യൻ. ഏഴു കുതിരകൾ ഉള്ളവൻ എന്നർത്ഥം. 'സപ്തം' എന്ന പേരായ ഒരു കുതിരയുള്ളവൻ എന്നു മതം.

സപ്തസ്രോതസ്സുകൾ–(പ്രധാനങ്ങളായ ഏഴു സ്രോതസ്സുകൾ) ബ്രഹ്മാസ്ത്രം, ബ്രഹ്മദണ്ഡം, ബ്രഹ്മശിരസ്സ്, പാശുപതം, വായവ്യം, ആഗ്നേയം, നാരസിംഹം. (ഇവയുടെ ഭേദത്തിന്നവസാനമില്ല).

സപ്തി–കുതിര സേനയിൽക്കൂടി ചേരുന്നതു് എന്നർത്ഥം.

സപ്തോപധാതുക്കൾ– (ഉപധാതുക്കൾ നോക്കുക).

സപ്രത്യയം–വി. വിശ്വാസമുള്ള.

സപ്രസവം–വി. ഒരിടത്തുനിന്നു തവിച്ച

സഫരി(രീ)–ഒരുവക ചെറിയ മിനുങ്ങുന്ന മത്സ്യം, കുരുമത്സ്യം.

സഫല–വി. ഫലമുള്ള, കായ്ക്കുന്ന. സഫലം><വിഫലം.

സബർ ക്ഷമ. (അറബിഭാഷ).

സബ്രഹ്മചാരി–ഒരുമിച്ചു പഠിച്ചുവൻ. ഒരു വേദത്തെത്തന്നെ അദ്ധ്യയനം ചെയ്യുന്ന വ്രതത്തെ ആചരിക്കുന്നവരുടെ അന്യോന്യമുള്ള പേർ (ബ്രഹ്മം–വേദം).

സഭ–പ. സഭാസ്ഥലം. എല്ലുവേണ്ട മഴ നിലയിൽ ശോഭിക്കുന്ന സ്ഥലമെന്നർത്ഥം. ൨. സമൂഹം. ൩. ഭവനം. ൪. രംഗസ്ഥലം. ൫. പള്ളി (Church). ൬. കൂടിവിചാരിക്കുന്ന സ്ഥലം.

(സഭയുടെ പര്യായങ്ങൾ–സമജ്യ, പരിഷത്തു്, ഗോഷ്ഠീ, സഭ, സമിതീ, സംസത്തു്, ആസ്ഥാനി, ആസ്ഥാനം, സദസ്സു് (പള്ളി).

൭ ഒരു പർവ്വം.

സഭംഗം–ശ്ലേഷാലംകാരത്തിൽ ഒരു പിരിവ്.

സഭർത്തൃക–ഭർത്താവുള്ള സ്ത്രീ

സഭാകമ്പം – സഭയിൽ പറവാനുള്ള ഭയം

സഭാക്രമം–പള്ളി നിബന്ധനകൾ, സഭയുടെ ഏർപ്പാടുകൾ

സഭാജനം–പ. അഭിനന്ദനം, ബാന്ധവാദി ജനങ്ങളെ സ്വാഗതവചനവും മറ്റും കൊണ്ടു് ആനന്ദിപ്പിക്കുക, ആദരവു്, ബഹുമാനിക്കുക. (സഭാജ് എന്ന ധാതുവിൽ നിന്നുണ്ടായതു്). തനിക്കുള്ള പ്രീതിയെ കാണിക്കുന്നതു് എന്നു ശബ്ദാർത്ഥം. ൨. സഭയിലുള്ള ജനം.

'സഭാജനം നിങ്ങളിവന്റെ നേരെ
സഭാജനം ചെയ്തതൊന്നുകൊണ്ടും'

(ഈ നിഷ്കണ്ടകരാവണന്റെ പാണ്ഡവവിജയം നാടകം).

സഭാപതി–സഭയിൽ പ്രധാനി.

സഭാമുപ്പൻ–ശ്രീഷ്കാരൻ

സഭാവനൻ–ശിവൻ.

സഭാവാസി-വി. സഭയിൽ ഇരിക്കുന്ന

സഭാസത്തു്-സഭയിലെപോലെയുള്ള, സഭയിൽ വസിക്കുന്ന സാമാന്യജനം.

സഭാസ്വം-പള്ളിവക സ്വത്തുക്കൾ.

സഭാസ്ഥാരൻ-സഭയിൽ വസിക്കുന്ന സാമാന്യജനം.

സഭികൻ-പൂതുകളിപ്പിക്കുന്നവൻ, രണ്ടു കക്ഷികളേയും ഒന്നുപോലെ വിചാരിച്ചു പൂതു വച്ചുകൊടുത്തുംമേറവും കളി നടത്തുന്നവൻ എന്നുമുണ്ടു്.

സഭ്യ-വി. കൂട്ടത്തിലുള്ള.

സഭ്യൻ-പ. സഭയിലൊരാൾ, സഭയിൽ പ്രമാണി. ക. സഭായോഗ്യൻ. സഭ്യം > <ഗ്രാമ്യം.

സമ-വി. പ. തുല്യതയുള്ള. ക. അനുകൂലമായ. ന. നല്ലസമത (നാമം-സമത്വം).

സമകാലീന-വി. തുല്യകാലത്തുള്ള.

സമകാലം-പാഴ്വു്.

സമക്ഷം-കണ്ണിന്നുമുമ്പു്. മുമ്പിൽ, മുമ്പാകെ, പ്രത്യക്ഷമാകുംവണ്ണം.

സമഗന്ധി-രാമച്ചം.

സമഗ്ര-വി. പൂർണ്ണമായ, തികഞ്ഞ.

സമംഗ-പ. മഞ്ഞിട്ടി. ക. പടർച്ചുണ്ട. ന. മുക്കുറ്റി. ഭ. കരന്തോട്ടി.

സമചതുരം-നീളവും വീതിയുമൊന്നുപോലെയുള്ള ഒരു ചതുരശ്രം.

സമചിത്തൻ-സമഭാവനവന്ന മനസ്സംഗതിയുള്ളവൻ.

സമജം-പ. മൃഗക്കൂട്ടം. ക. മൂഢക്കൂട്ടം. ന. കൊട്ടങ്കാട്ടു്. ഭ. കാട്ടു്.

സമജം എന്നതു പക്ഷുക്കളുടെ സമൂഹത്തിന്റെ മാത്രം പേരാണു്. പക്ഷിവ്യതിരിക്തങ്ങളായ പ്രാണികളുടെ സമൂഹത്തിനു സമാജം എന്ന പേർ.

സമജ്ഞ-പ. കീർത്തി. എല്ലാവരാലും അറിയപ്പെടുന്നതു് എന്നർത്ഥം. ക. പേർ.

സമജ്യ-പ. സഭാ, ക. കൂട്ടം. ന. കീർത്തി.

സമഞ്ജസ-വി. പ. യോഗ്യമായ. ക. കുറവില്ലാത്ത. ന. സത്യമായ, സൂക്ഷ്മമായ.

സമഞ്ജസം-പ. ഉചിതത്തിൽനിന്നു തെറ്റായ്ക, യുക്തം, നീതിന്യായം. സമ്മതമായ തത്വത്തോടടുക്കുടിയതു് എന്നർത്ഥം. ക. യോഗ്യത.

സമത, സമതാ-പ. കാവ്യഗുണങ്ങളിൽ ഒന്നു്. ക. തുല്യത.

സമഗ്രൻ-സകല ജീവികളോടും ഒന്നുപോലെ ഔദാര്യമുള്ളവൻ.

സമധിക-വി. അത്യന്തം അധികമായിട്ടുള്ള, വലിച്ചു.

സമനില-ഒരുമ, ഒരുമിപ്പു്.

സമനിലം-നിരപ്പുള്ള നിലം.

സമന്തതഃ-അ. പ. ചുറവും, എല്ലാടവും. ക. അനുകലവും.

സമന്തടം-ചതുരക്കള്ളി.

സമന്തഭദ്രൻ-ബുദ്ധൻ. പരിപൂർണ്ണ മംഗളൻ എന്നർത്ഥം. പുണ്യജ്ഞാനങ്ങളെ സമ്പാദിച്ചവൻ എന്നുമാവാം.

സമന്താൽ, സമന്താൽ-അ. ചുറവും.

സമപാദം-ഏവുകാരന്റെ നില.

സമപ്രാധാന്യം-അലങ്കാരത്തിന്റെ ഒരു പിരിവു്.

സമബുദ്ധി-തുല്യമനസ്സു്, പക്ഷഭേദമില്ലായ്ക.

സമഭാവി-വി. ഒരുപോലെ ഭാവമുള്ള.

സമഭാവം-തുല്യഭാവം, തുല്യത, ശരി.

സമം-ഗ. തുല്യം. ഉ. അലങ്കാരശാസ്ത്രത്തിലൊരു അലങ്കാരം.

സമം-അ. ക്രമേ.

സമമാക്കുന്നു-അ. ഗ തുല്യമാക്കുന്നു. ഉ. നിരപ്പാക്കുന്നു. (സമമാക്കുന്നു. സ-ക്കി).

സമയം-ഗ. കാലം, വഴിപോലെ ശമിക്കുന്നതെന്നർത്ഥം. ഉ. ആണ, ശപഥം. ന. ആചാരം. ര. നേരം, ങ. ഉടമ്പടി. ന്യ. കല്പന, ഠ. സിദ്ധാന്തം. വ്യ. സമ്മതം. ൻ. സംരക്ഷണം.

സമയാ-അ. ഗ. അന്തികം. ഉ. മദ്ധ്യം.

സമരഭീരു-യുദ്ധത്തിൽ ഭയമുള്ളവൻ

സമരം-യുദ്ധം. വഴിപോലെയുള്ള ഗമനമെന്നർത്ഥം.

സമരാശികൾ-വൃഷഭം, കർക്കടകം, കന്യാ, വൃശ്ചികം, മകരം, മീനം ഇവ ആറും.

സമർത്ഥ-വി. ബലമുള്ള. ഉ. ബുദ്ധിയുള്ള. ന. സാമർത്ഥ്യമുള്ള. ര. യോഗ്യതയുള്ള

സമർത്ഥകം-അകിൽവൃക്ഷം.

സമർത്ഥത-സാമർത്ഥ്യം.

സമർത്ഥനം-ആലോചിച്ചു തീർച്ചചെയ്യുക. (യുക്തായുക്തങ്ങളെ പരീക്ഷിച്ചു യുക്തം ഇന്നതെന്നു തീർച്ചപ്പെടുത്തുന്നതത്രേ സമർത്ഥനം)

സമർത്ഥം-വാക്കുകളെ കൂട്ടിച്ചേർക്ക.

സമർത്ഥിക്കുന്നു-ആലോചിച്ചു തീർച്ചചെയ്യുന്നു; സാധിക്കുന്നു. (സമർത്ഥനം എന്നതു നോക്കുക).

സമർദ്ധക-വി. ധർമ്മംകൊടുക്കുന്ന, ഇഷ്ടദാനശീലമുള്ള.

സമർപ്പണം-തരുക, ദാനം, വിട്ടുകൊടുക്കുക, നല്ലവണ്ണം ഏൽപിക്കുക.

സമർപ്പിക്കുന്നു-ഗ. കൊടുക്കുന്നു. ഉ. ഒരു വസ്തുനിപ്പിക്കുന്നു.

സമർപ്പിത-വി. കൊടുക്കപ്പെട്ട.

സമീപാഗത-വി. ഗ. സമീപത്തുള്ള. ഉ. അതിർ തിരിച്ച.

സമവകാരം-ദശരൂപകങ്ങളിൽ ഒന്ന്. (ദശരൂപകം എന്നതു നോക്കുക).

സമവർത്തി-കാലൻ. തുല്യമായി വർത്തിക്കുന്നവൻ എന്നർത്ഥം.

സമവർത്തി-വി. തുല്യമായി വർത്തിക്കുന്ന

സമവായം-ഗ. കൂട്ടം, സമൂഹം. ഉ. കലർപ്പ്. ന. അടുപ്പം.

സമവായസംബന്ധം - കൂട്ടത്തോടുള്ള ചേർച്ച, വേർതിരിയാത്ത സംബന്ധം.

സമവായി-വി. ഉറ്റ അടുപ്പമുള്ള.

സമവേത-വി. കൂടിയ, ചേർന്ന.

സമഷ്ടി-സംക്ഷേപം.

സമഷ്ടി(ഷ്ഠീ)ല-ഗ. വ്യാഘ്രക്കൊടി. ഉ. ഒരുവക ചീര, ശാകഭേദം. ന. മാങ്ങാനാറി. ര. വലിയചേന.

സമസനം-ചുരുക്കം, സംക്ഷേപിക്കുക, പരന്നുകിടക്കുന്ന ഏതെങ്കിലും വസ്തുവിനെ ചുരുക്കുക, കൂട്ടിച്ചേർപ്പ്.

സമസൃഷ്ടി-കല്പാവസാനം, ലോകാവസാനം.

സമസ്യാക്ഷം-സഹജീവിവർഗ്ഗം.

സമസ്യഷ്ടി-ലോകത്തിലുള്ള പ്രാണിവർഗ്ഗവും സസ്യവർഗ്ഗവും.

സമസ്തം-മുഴുവനും.

സമസ്താധാര- വി. എല്ലാത്തിനുമാശ്രയമായ.

സമസ്ഥ-വി. സമമായുള്ള, ശരിയായ, നിരപ്പായുള്ള.

സമസ്ഥാനം-രാജ്യം.

സമസ്യ-വി. സമസിപ്പാൻതക്ക, പൂരി ക്കുവാൻതക്ക.

സമസ്യ-പൂരണയോഗ്യമായ വാക്യൈക്യ കദേശം, പൂരിപ്പിക്കുവാൻതക്ക കവിത.

സമസ്യ മൂന്നുവിധം- സമസമസ്യാ, വിക്ഷമസമസ്യാ, അപൂർണ്ണസമസ്യാ.

മൂന്നുപാദവും രചിക്കുന്നതിനു സംധി ക്കുമോ എന്നു കവിയുടെ ശക്തിയെ പ രീക്ഷിക്കുന്നതിനായിട്ടു ഉണ്ടാക്കുന്ന വാ ക്യൈകദേശമത്രേ സമസ്യാ.

സമസ്യാപൂർത്തി- ശ്ലോകത്തിൽ തികക്കേ ണ്ടുന്ന ഭാഗം.

സമാ— സംവത്സരം. വർഷം. മനങ്ങ ളെ വിഹ്വലപ്പെടുത്തുന്നതു് എന്നു ശ ബ്ദാർത്ഥം.

സമാകർഷി-വി. ദൂരവ്യാപിയായ, സുഗ ന്ധമുള്ള.

സമാഖ്യ-കീർത്തി.

സമാഗത-വി. പ. വന്ന. ഉ. അടുത്ത. ന. ചേർന്ന.

സമാഗതം-സമാഗമനം, വരവു്.

സമാഗതി-അടുക്കുക, ചേരുക, മറിക.

സമാഗമം-പ. ചേർച്ച, കൂടിക്കാഴ്ച, ഒ ത്തുമിപ്പു്, സന്ധിപ്പു്. ഉ. വരവു്. ന. പ്രാപ്തി.

സമാഗമിക്ക-വന്നുചേരുക.

സമാഘാതം-പ. യുദ്ധം. ഉ. അടിക്ക ക, തകർക്കുക.

സമാഘ്രാണം-മണക്ക.

സമാചമനംചെയ്ക-സമ്യക്കാകംവണ്ണം ആചമനംചെയ്ക. (ആചമനംചെയ്ക= ആത്മാവിനെ ശുദ്ധമാക്കുക).

സമാചാര-വി. നല്ലനടപ്പുള്ള, നല്ല മ ര്യാദയുള്ള.

സമാചാരം-പ. നല്ലനടപ്പു്. ഉ. വർത്ത മാനം.

സമാജം-പ. കൂട്ടം. ഉ. സംഘം. ന. ആന.

സമാദരം-അത്യാദരം.

സമാധാനം-പ. മനസ്സിന്റെ അടക്കം, ധ്യാനം. ഉ. അറിയിക്കുക, വർത്തമാനം ചൊല്ലുക.

ക്ഷമ, മനഃശീലം ഇവ രണ്ടും സമാ ധാനത്തിനു കാരണങ്ങളാകുന്നു.

സമാധി-പ. ഏകാഗ്രത, ഉറപ്പുള്ള ധ്യാ നം, തപസ്സു്. ഉ. അഷ്ടാംഗയോഗങ്ങ ളിൽ ഒന്നു്. ധ്യേയമായ വസ്തുവിൽ (ശ്രുത്യുക്തമായിൽ) ഏകാഗ്രമായി മന സ്സിനെ നിറുത്തുന്നതു്, മനസ്സിനെ ഇ ശ്വരനിൽ തന്നെ ലയിപ്പിച്ചു രവളി യിൽ നടക്കുന്ന യാതൊന്നും അറിയും തിരിക്കുന്ന അവസ്ഥ. ന. അടക്കം. ഭ. മരണം. ഇ. യോജിപ്പിക്ക. ന. പ്രതിജ്ഞ. ഒ. സമാധാനം. വ. കാവ്യ ഗുണങ്ങളിൽ ഒന്നു്. ൻ. യോഗാഭ്യാസം. ഫം. ദോഷപരിഹാരം. ഫഫ. മൃതി പരിപാകം.

സമാധിനിഷ്ഠൻ-മഹർഷി.

സമാന-വി. തുല്യമായ

സമാനകാലീന-വി. ഒരേകാലത്തു ജീ വിച്ചിരിക്കുന്ന അല്ലെങ്കിൽ ജീവിച്ചിരു ന്ന. ('സമാനകാലികൻ' എന്ന പദമ ണു ശരി. സമാനകാലീനൻ അല്ല.)

സമാനത-തുല്യത.

സമാനൻ-പ. തുല്യൻ. ഉ. അഞ്ചുവാ യുക്കളിൽ ഒന്നു്.

സമാനികാ-ഒരു വൃത്തത്തിന്റെ പേർ.

സമാനോദര്യൻ-സോദരൻ. ഒരേ വയ റ്റിൽ കിടന്നവനെന്നർത്ഥം.

സമാന്തരം-ഒരുപോലെയുള്ള അകൽച്ച.

സമാപക- വി. കഴിക്കുന്ന, മുഴുപ്പി ക്കുന്ന

സമാപത്തി-യഷ്ടിക്കം.

സമാപനം-പ്ര. അവസാനം. ക. വധം. ന. അദ്ധ്യയനം. ര. ലാഭം. ഇ. ധ്യാനം.

സമാപന്ന-വി. പ്ര. തീർച്ചയാക്കിയ. ക. ലഭിച്ച. ന. സംഭവിച്ച. ര. അവസാനിപ്പിച്ച. ഇ. കൈവരുത്തിയ

സമാപന്നം-അവസാനം, കുറതീർപ്പ്.

സമാപിക്കുന്ന-അവസാനിപ്പിക്കുന്ന.

സമാപ്ത-വി. അവസാനിപ്പിച്ച, കുറതീർത്ത.

സമാപ്തപുനരാത്താ - കാവ്യനാടകങ്ങളിൽ ഒന്ന്.

സമാപ്തി-വി. അവസാനിച്ച.

സമാപ്തി-അവസാനം.

സമാപ്തി-അവസാനം, കുറതീർപ്പ്.

സമാംശ-വി. ഒരുപോലെ പങ്കുള്ള.

സമാംശി-വി. ഒരുപോലെ പങ്കുള്ള, അവകാശമുള്ള.

സമാംസമീന-ആണ്ടുതോറും പ്രസവിക്കുന്ന പാത്തു.

സമായം-പ്ര. വരവ്, എത്തുക. ക. കൂടീ.

സമായുത-വി. പ്ര ചേർക്കപ്പെട്ട, ചേർന്ന. ക. അലങ്കരിക്കപ്പെട്ട.

സമായുക്ത-വി. പ്ര. യോജിപ്പിക്കപ്പെട്ട, ചേർക്കപ്പെട്ട ക. നിയമിക്കപ്പെട്ട.

സമായോഗം-പ്ര. ചേർച്ച. ക. കാരണം, അന്തരം. ന. കൂട്ടം, കൂമ്പാരം.

സമാരംഭം-തുടക്കം, തുടങ്ങുക.

സമാരംഭിക്കുന്ന-തുടങ്ങുന്ന.

സമാരാധനം-പൂജ.

സമാർത്ഥിക-വി. തുല്യാർത്ഥമുള്ള.

സമാലങ്കാരം-കരകൗശലം.

സമാലംഭ(ന)ം-കൂട്ടംതൊടുക, പൂചു ക. വഴിപോലെ അന്വേഷിക്കുക എന്നർത്ഥം.

സമാലോകം-നോട്ടം, കൂടീ.

സമാവർത്തനം-പ്ര. ബ്രഹ്മചര്യത്തോടെ ഒരു കർമ്മം. ക. പഠിത്തം കഴിഞ്ഞു ഗുരുകുലത്തിൽ നിന്നും പോരുക.

സമാവർത്താ-സമാവർത്തനം

സമാവൃത്തൻ - പഠിത്തം കഴിഞ്ഞു ഗുരുകുലത്തിൽനിന്നും പോന്നവൻ.

സമാശ്ലേഷം-പ്ര. കൂട്ടം കൂടൽ. ക. പിശാചു കൂട്ടുക.

സമാശ്രയം-പ്ര. ആശ്രയസ്ഥലം ക. ആറു നയങ്ങളിൽ ഒന്ന്. ബലിഷ്ഠശത്രു ആക്രമിക്കുമ്പോൾ അന്യ രാജാക്കന്മാരോട് സഹായം അപേക്ഷിക്കുന്നത്.

സമാശ്രിത-വി, ആശ്രയിക്കപ്പെട്ട.

സമാസ-പ്ര. കൂട്ടം. ക. സംക്ഷേപം. ന. ഒരുമിച്ചുള്ള ചേർപ്പ്.

സമാസദ-വി. പ്ര. അടുത്തുവരുന്ന. ക. സമ്പാദിക്കുന്ന.

സമാസനം-(ഏഴുവിധമുണ്ട്) കാളവണ്ടി കുതിരവണ്ടി, ഒട്ടകം, വള്ളം, പാദി, മാളിക, ശിലാതലം. (ഇവയിൽ ശിക്ഷ്യനെ ഗുരുവിനൊപ്പം ഇരിക്കാം)

സമാസമം-ഒരു വൃത്തം.

രംമംയണം 24 വൃത്തത്തിലെ 4-ാം വൃത്തം ഇതാകുന്നു.

സമാസാദിത-വി. പ്ര. പ്രാപിക്കപ്പെട്ട. ക. സമ്പാദിക്കപ്പെട്ട.

സമാസാദ്യ-വി. പ്ര. പ്രാപിക്കത്തക്ക. ക. സമ്പാദിക്കത്തക്ക.

സമാസാർത്ഥാ - ശ്ലോകത്തിൽ തികക്കേണ്ടുന്ന ഭാഗം.

സമാസിക്കുന്ന-പ്ര കൂട്ടിച്ചേർക്കുന്ന. ക. പല സംസ്കൃതവാക്കുകളെ വിഭക്തി

ലോപിച്ചു കൂട്ടിച്ചേർക്കുന്നു. ന. സംഗ്രഹിക്കുന്നു.

സമാസീന–വി. ഇരുന്ന.

സമാഹാകൃതി–മരപ്രകരം.

സമാഹത–വി. തകർക്കപ്പെട്ട.

സമാഹരണം–ഗ ചേർക്കുക, ഒന്നായിച്ചേർക്കുക. ഉ. പലതുള്ളികളെ കൂട്ടിച്ചേർക്കൽ

സമാഹരിക്കുന്നു–കൂട്ടിച്ചേർക്കുന്നു.

സമാഹാരം–ഗ. കൂട്ടിച്ചേർപ്പ്. ഉ. ചേരുന്ന പലതുള്ളികളുടെ കൂട്ടിച്ചേർപ്പ്. ന. സംഗ്രഹം, ചുരുക്കം.

സമാഹിത–വി. അംഗീകരിക്കപ്പെട്ട, മനസ്സിരുത്തിയ. ഉ. സമ്മതിച്ച. ന. സ്ഥാപിച്ച. ഘ. വാക്കേതം. ച. ചെയ്ത. ഛ. അടങ്ങിയ. ഝ. അവസാനിച്ച. ഞ സ്ഥാപിച്ച. ട. ശമിച്ച. ൻ. അവസാനിപ്പിച്ച. ഫ. സ്ഥിരമായ. ഫഫ ഒരുമിച്ചുകൂടിയ.

സമാഹിതൻ–പരിശുദ്ധൻ.

സമാഹൃത–വി ഗ. ഹരിക്കപ്പെട്ട, എടുക്കപ്പെട്ട. ഉ. കൂട്ടിച്ചേർക്കപ്പെട്ട. എടുക്കപ്പെട്ട. ഉ. കൂട്ടിച്ചേർക്കപ്പെട്ട.

സമാഹൃതി–സംഗ്രഹിക്കൽ, ശാസ്ത്രങ്ങളിടേയും മറവും സാരമെന്ന ചുരുക്കിയെടുക്കുക.

സമാഹ്വയം–ഗ വിളി. ഉ. യുദ്ധം ന. കോഴിപ്പോരു മുതലായതു്, വിളിച്ചുവരുത്തി കളിക്കുന്ന ചൂതു്.

സമിതി–ഗ. യുദ്ധം. ഉ. സമരപം. ന. സഭ. ഘ. സങ്കേടുക.

സമിത്തു്–ഗ ചമത. ഉ. വിറക്. ന. യുദ്ധം.

സമിദ്ധം–ഗ. ഭവണ്ണവും വണ്ണം ജ്വലിപ്പിക്കപ്പെട്ടിതു്. ഉ. വലിച്ചതു്.

സമീകം–ഗ. യുദ്ധം, ഉ. കന്നം.

സമീകരിക്കുന്നു— സമമാക്കിച്ചെയ്യുന്നു. (നാമം–സമീകരണം).

സമീകൃത–വി. ഗ. തുല്യമാക്കപ്പെട്ട. ഉ. തുലാസിൽ തൂക്കപ്പെട്ട.

സമീക്ഷ–ഗ. സംഖ്യത്തിൽ ഒരുദ്ദേശം. ഉ. നോട്ടം ന. തിരിച്ചറിവു്. ഘ. അന്വേഷണം. ങ. കർമ്മങ്ങളും കഴിക്കുന്നതിനെക്കുറിച്ചു വിവരിക്കുന്ന ഒരു പുസ്തകം.

സമീക്ഷണം–ഗ. നോട്ടം, പരീക്ഷ, ശോധന, അന്വേഷണം. ഉ. കാഴ്ച.

സമീക്ഷ– — വിജ്ഞാനശാസ്ത്രത്തിൻറെ ഒരു ഭാഗം, സാംഖ്യം.

സമീക്ഷകാരിത്വം–വസ്തു കാര്യം ആലോചിച്ചു പ്രവർത്തിക്കുന്ന സ്ഥിതി.

സമീചം–കടൽ.

സമീചിത–വി. നല്ല, യോഗ്യമായ.

സമീചീന–വഴിപോലെയുള്ള.

സമീചീനം–നന്നു, യോഗ്യത, സത്യം.

സമീപ–വി. അടുത്തുള്ള.

സമീപത–അടുപ്പം.

സമീപസ്ഥ–വി. സമീപത്തിരിക്കുന്ന.

സമീപിക്കുന്നു–അടുക്കുന്നു, അടുത്തുചെല്ലുന്നു.

സമീരഗ്രന്ഥി–വായുഗ്രന്ഥികരോഗകരംപറയുന്ന പേർ.

സമീരണൻ–ഗ. വായു. വഴിപോലെ പ്രേരിപ്പിക്കുന്നവൻ എന്നർത്ഥം. ഉ. വഴിപോക്കൻ.

സമീരണം–ഗ. കർപ്പൂരതുളസി, ഉ. ഏറിക.

സമീരൻ–വായു, കാറു്. വഴിപോലെ ഗമിക്കുന്നവനെന്നർത്ഥം.

സമീരസാരം–ക്രവളം.

സമീഹിത–വി ആഗ്രഹിക്കപ്പെട്ട.

സമുക്ഷണം–ചൊരിയുക, തൂകുക.

സമുഖ-വി. വാകിസംമത്ഥ്യമുള്ള.

സമുചിത-വി. യോഗ്യമായ, ചേച്ചയുള്ള. ഉയർന്ന.

സമുച്ചയം-പ. പലതുംകൂടി ഒരിടത്തു വെക്കുക, കൂട്ടുക. ഉ. വാക്കുകളേയും മറ്റും പലതിനെ അടുപ്പിച്ചു പറയുമ്പോൾ പറയുന്നതു്. നാ. ഒരലങ്കാരം.

സമുത്കർഷം-പ. ഉന്നതി, കൊക്കം. ഉ. വിരോധം, ശത്രുത.

സമുജ്ജിഹിത-വി. ഉപേക്ഷിക്കപ്പെട്ട.

സമുൽക്രമം-മേല്പോട്ടുപൊങ്ങുക.

സമുൽഗം-ചേപ്പു്.

സമുത്ഥ-വി. പ. ഉയർന്ന, ഉ. ഉത്ഭവിച്ച.

സമുത്ഥാനം-പ. എഴുന്നേൽപ്പു്. ഉ. വരവു്. നാ. പുറപ്പാടു്. ഭ. രോഗത്തിന്റെ പുറപ്പാടു്.

സമുല്പത്തി-പ. ജനനം. ഉ. സംഭവം.

സമുല്പന്ന-വി. ഉല്പാദിച്ച.

സമുല്പിഞ്ജ-വി, തീരെ നാനാവിധമായ, അത്യന്തം ആകുലമായ.

സമുല്പിഞ്ജം—അത്യന്തം ആകുലമായ ഒരുസൈന്യാംഗിയുടെ പേർ, നാനാവിധമായ സൈന്യം.

സമുൽസാദനം—വേരോടെ പിഴുതുകളകുക.

സമുൽസാരണം-പ. ഒടിച്ചുകളകുക. ഉ. പിൻതുടരുക.

സമൂസുക-വി. ആഗ്രഹത്തോടെ കൂടിയ. ഉ. മനസ്സിനു സുഖമില്ലാത്ത, ദുഃഖമുള്ള.

സമൂഹസാം-പ. പൊക്കം. ഉ. ക്ഷീണം.

സമൃദകൃത-വി. ഉയർത്തപ്പെട്ട, വിലക്കപ്പെട്ട.

സമൃദകൃതം-കിണറുമുതലായതിൽ നിന്നു തേവി എടുക്കപ്പെട്ട ജലം മുതലായതിന്റെ പേർ. മേല്പോട്ടു ശമിപ്പിക്കപ്പെട്ട തെന്നർത്ഥം.

സമുദയം-പ. കൂട്ടം. ഉ. യുക്തം. നാ. ഉയർച്ച. ഭ. ഉത്സാഹം.

സമുദാഗമം-പൂർണ്ണജ്ഞാനം.

സമുദായം-പ. കൂട്ടം. ഉ. യുക്തം.

സമുദിത-വി. നല്ലവണ്ണം ഉദിച്ച, കരേറിയ.

സമുദ്ഗകം, സമുൽഗകം-പ. ചേപ്പു്. ഉ. ഒരുമാതിരി യമകമായിട്ടുള്ള ശ്ലോകം.

സമുദ്ഗമം-പ. ഉയർച്ച. ഉ. ഉത്ഭവം.

സമുദ്ഗിരണം-പ. ഛർദ്ദിക്കുക. ഉ. കൊക്കുക.

സമുദ്ഗീർണ്ണ-വി. പ. ഛർദ്ദിക്കപ്പെട്ട. ഉ. ഉയർത്തപ്പെട്ട.

സമുദ്ഗ്രഥിത-വി. പ. ഇളക്കിപ്പറത്തപ്പെട്ട. ഉ. ഉന്നടപ്പുള്ള. നാ. ശവമുള്ള.

സമുദ്ധരണം-പ. ഛർദ്ദിച്ചുചോര മുതലായതു്. ഉ. വലിച്ചുകൊക്കുക, കൊക്കുക.

സമുദ്രകഫം-കടൽനാക്കു്.

സമുദ്രകാന്താ-പ. നദി. ഉ. ചോനകപ്പുല്ലു്.

സമുദ്രക്കര-സമുദ്രതീരം.

സമുദ്രക്കായ-ഒരുവക കായ്.

നീർക്കടമ്പിൻകായ് എന്നു തോന്നുന്നു. വെള്ളത്തിലരച്ചുകലക്കിക്കുടിച്ചാൽ കൃമിയെ നശിപ്പിക്കും.

സമുദ്രഗാ-നദി.

സമുദ്രഗുപ്തൻ-ഒരു കവി.

നാലാം ശതവർഷത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഗുപ്തവംശ്യനായ രണ്ടാമത്തെ മഹാൻ.

സമുദ്രജം-കടലുപ്പു്.

സമുദ്രതീരം-കടലരികിലുള്ള സ്ഥലം.

സമുദയിതാ-നദി.

സമുദ്രപ്പച്ച-ഒരരശക്ഷധം.
സമുദ്രഫലം-സമുദ്രക്കായ്.
സമുദ്രമഥനം-പാലാഴിമഥനം. (ചതുർദ്ദശരത്നങ്ങളും നോക്കുക).
സമുദ്രം-പ്ര. കടൽ. ഉ. ഒരു വലിയ തുക. (100,000 മഹാഖർവ്വം).
സമുദ്രലവണം-കടലുപ്പ്.
സമുദ്രസുഭഗാ-ശംശാനമരി.
സമുദ്രാന്ത-പ്ര. ചോനകപ്പുല്ല്. ഉ. കരപ്പുത്തരി. ന. രണ്ടുകൊടിത്തുവ. ര. ചെരങ്ങാടിത്തുവ.
സമുദ്രാന്തം-ജാതിക്ക.
സമുദ്രീയ-വി. സമുദ്രസംബന്ധമുള്ള.
സമുന്ദനം-നനവ്.
സമുന്ന-വി. നനഞ്ഞ.
സമുന്നത-വി. ഉയർന്ന, ഉയർത്തിയ.
സമുന്നതൻ-മഹാൻ.
സമുന്നതി-ഉയർച്ച, ഐശ്വര്യം.
സമുന്നദ്ധ-വി. പ്ര. ഡംഭുള്ള. ഉ. വിഭവൻ എന്ന ദേവനുള്ള. ന. ഉത്സവിച്ച. ര. കെട്ടഴിഞ്ഞ.
സമുന്നയം-പ്ര. ഉയർത്തുക. ഉ. ലഭിക്കുക. ന. സ്വംഭോഗം.
സമുപഗമം-അടുത്തുവരിക.
സമുപജോഷം—അ. പൂർണ്ണസന്തോഷത്തോടെ. (ഉപയോഷം എന്ന പാഠവും കാണുന്നു).
സമുപസ്ഥാ-അടുത്തുവരിക.
സമൂഢ-വി. പ്ര. ഒന്നിച്ചുകൂടിയ, കുമ്പാരമായി കൂട്ടിയ. ഉ. തെളിച്ചു. ന. വഞ്ചിച്ച. ര. സ്ത്രീയാക്കിയ. ള. വിവാഹം കഴിക്കപ്പെട്ട.
സമൂരു-ഒരുതരം നിറവും തടിച്ച കഴുത്തുമുള്ള മാൻ.
സമൂലം-വി. പ്ര. വേരോടുകൂടി. ഉ. മുഴുവനും.
സമൂഹക്കാർ-കൂട്ടക്കാർ, യോഗക്കാർ
സമൂഹഗന്ധം-പച്ചപ്പുഴുവ്.
സമൂഹനാ—പ്ര. കൂട്ടം. ഉ. ധാരാളമുള്ള സ്ഥിതി.
സമൂഹനി-ചൂൽ.
സമൂഹം-കൂട്ടം, യോഗം.
സമൂഹിക്കുന്ന-കൂട്ടുന്ന.
സമൂഹ്യ-വി. കൂട്ടപ്പെടുവാൻ തക്ക.
സമൂഹ്യം-യാഗത്തിനുള്ള അഗ്നി.
സമൃദ്ധ-വി. പ്ര. പുഷ്ടിയുള്ള. ഉ. വളർന്ന. ന. ഫലമുള്ള. ര. ധനമുള്ള.
സമൃദ്ധി-വർദ്ധന, ഉപജീവനത്തിനു ധാരാളം പാങ്ങുണ്ടായിരിക്കുന്ന സ്ഥിതി. സമൃദ്ധി><ദരിദ്രം.
സമൃദ്ധിയാകുന്ന-വർദ്ധിക്കുന്ന, വളരെയാകുന്ന. (സമൃദ്ധിയാക്കുന്ന-സ. ക്രി.)
സമേത-വി. അടുത്ത, കൂടിയ.
സമേ(ാ)ല്യകം-കായീയം.
സം-അ. പ്ര. ചേർച്ച. ഉ. നല്ലവണ്ണം. ന. കൂട്ടം. ര. ഒരു ഉപസർഗ്ഗം.

ഇതു ചില വാക്കുകളുടെ തുടക്കത്തിൽ ചേർക്കുമ്പോൾ അതിനു ചേർച്ച, നല്ലവണ്ണം മുതലായ അർത്ഥങ്ങൾ കൂടിവരും.

സംജ്ഞ-പ്ര. ഉണർച്ചയുള്ള ബുദ്ധി, ബോധം ഉ. അറിവ്. ന. ബുദ്ധി, മനസ്സ്. ര. പേർ. ള. കൈ കണ്ണ് മുതലായവകൊണ്ടുള്ള അർത്ഥസൂചന. ന്യ. വിശ്വകർമ്മാവിന്റെ പുത്രി, സൂര്യന്റെ ഭാര്യ.

സൂര്യന്റെ ശോഭ സഹിപ്പാൻ നിവൃത്തിയില്ലാഞ്ഞു ഒരിക്കൽ സംജ്ഞ ഛായയെ അദ്ദേഹത്തിന്റെ അടുക്കൽ പക

രം നിയമിച്ചുംവെച്ചു മതു രപേൻകതിര യുടെ രൂപത്തെ അവലംബിച്ചു കാട്ടിൽ ചെന്നു തപസ്സുതുടങ്ങി. ഉടൻ സൂര്യൻ ഈ വിവരം ഗ്രഹിച്ചു ഒരാൺകതിരയു ടെ രൂപത്തിൽ സംജ്ഞതന്നെ പ്രാപിച്ചു. രണ്ടശ്വിനികളും രേവന്തനും അപ്പോഴു ണ്ടായവരാണ്. തദനന്തരം സംജ്ഞ തന്നെ സൂര്യൻ തന്റെ വസതിക്കു കൂട്ടി ക്കൊണ്ടുപോയി. പിന്നെയും സൂര്യശോ ഭ സഹിക്കുവയ്യാതെ സംജ്ഞ സങ്കട പ്പെടുന്നതറിഞ്ഞു ആ ശോഭയിൽ അര യ്യാംശം വിശ്വകർമ്മാവു കുടഞ്ഞെടു ത്തു. ഭൂമയി, മഹാവീര്യ ഇങ്ങിനെയും സംജ്ഞതന്നെ വിളിക്കാറുണ്ട്. (ഛായ എന്ന പദംകൂടി നോക്കുക).

സംജ്ഞൻ-ശിവൻ.

സംജ്ഞാപനം-കൊല.

സംജ്ഞാപനം- ക്ര. പറഞ്ഞയക്കുക, നിയോഗിക്കുക, അറിവുകൊടുക്കുക എ ന്നതു്, പഠിപ്പിക്കുക. ഉ. വിളിക്കുക. ന. കൊല, വധം.

സംജ്ഞിത-വി. വിളിക്കപ്പെട്ട.

സംജ്ഞിതം-സംജ്ഞയോടു (പേരോടു) കൂടിയതു്.

സംജ്ഞൻ-തമ്മിൽ അത്യന്തമടുപ്പമുള്ള മുട്ട കളോടുകൂടിയവൻ.

സമ്പതനം, സമ്പാതം-ഒത്തുചേരൽ തുകയെന്നുള്ളതു്.

സമ്പൽ, സമ്പത്തു്-ക്ര. ശ്രേ. ഉ. ധൂളി. ന. സമ്പത്തു്. ര. ശ്രേഷ്ഠത. ങ. ധനം, ദ്രവ്യം. ന. വിജയം. ഒ. ഭോഗ്യം. വ. നിറവു്. ൻ. ലാഭം.

സമ്പൽക്കരി-ക്ര. ലക്ഷ്മി. ഉ. വൈശ്രവണന്റെ ഭാര്യ.

സമ്പൽദായം-ദൈവം, അസുരം

സമ്പത്തി-ക്ര. ശ്രേ. ഉ. ദ്രവ്യവർദ്ധനം, ഭാഗ്യം, ഐശ്വര്യം. ന. വിജയം. ര. നന്മ. ങ. ഭയങ്കരമായ സ്ഥിതി.

സമ്പദാകരം-സമ്പത്തു വർദ്ധിപ്പാനുള്ള മാർഗ്ഗം, മുതൽ വർദ്ധിക്കുന്നതു്.

സമ്പദ്വചനൻ-രാജാവു്.

സമ്പന്ന-വി. ക്ര. മികച്ച, പൂർണ്ണമായ. ഉ. ധനമുള്ള, ഐശ്വര്യമുള്ള. ന. മുഴു വനാക്കിയ. ര. തികവായി ചെയ്ത. ങ. ശരിയായ.

സമ്പന്നൻ-ക്ര. ധനവൻ. സമ്പന്നൻ > <ദരിദ്രൻ. ഉ. ശിവൻ.

സമ്പന്നാ-ധനമുള്ളവൾ.

സമ്പരായ(യി)കം-യുദ്ധം.

സമ്പരായം-ക്ര. യുദ്ധം. ഉ. ആപത്തു്. ന. ഭയസ്ഥിതി.

സമ്പർക്കം-ക്ര. സംസർഗ്ഗം, ചേർച്ച, സം ബന്ധം.

'സജ്ജനസമ്പർക്കവും പുണ്യതീർത്ഥങ്ങളും'
(ഭാഗവതം)

സ്പർശനം. ഉ. കൂട്ടു്. ന. സമൂഹം.

സമ്പാ-മിന്നൽ.

സമ്പാക-ക്ര. തർക്കശാസ്ത്രം പഠിച്ച. ഉ. ഹീനമായ. ന. ലജ്ജയില്ലാത്ത.

സമ്പാകം-ക്ര. വൻകൊന്നവൃക്ഷം. ഉ. മുത്തച്ഛൻ.

സമ്പാടം-തമ്മിൽ മുറിക്കുന്ന സ്ഥലം.

സമ്പാതം-ക്ര. പീഴ്ച. ഉ. കൂട്ടിമുട്ടൽ.

സമ്പാതി - ഒരുപക്ഷി, ശ്രീരാമന്റെ ഒരിഷ്ടൻ, ഗരുഡപുത്രൻ, ജടായുസ്സി ന്റെ സഹോദരൻ.

സമ്പാദനം-സമ്പാദിക്ക.

സമ്പാദിക്കുന്ന-നേടുന്ന, ദ്രവ്യം സൂക്ഷി ക്കുന്ന.

സമ്പാദിത-വി. സമ്പാദിക്കപ്പെട്ട.

സമ്പാദ്യ-വി. സമ്പാദിക്കത്തക്ക.

സമ്പുടകം-മൂടിയുള്ള ഒരുമാതിരി പെട്ടി.

സമ്പുടിതം-രാമായണം ഇരുപത്തിനാലു വൃത്തത്തിലെ വ്യ-ം, ഫ-ം. വൃത്തങ്ങളം.

സമ്പൂജനം-ബഹുമാനിപ്പ്.

സമ്പൂർണ്ണ-വി. തികഞ്ഞ, എല്ലാം, മുഴുവനായ.

സമ്പൃക്ത-വി. പ. കൂട്ടിച്ചേർക്കപ്പെട്ടം ഉ. നിത്യസംബന്ധമുള്ള.

സമ്പ്രക്ഷാളനം-പ. കഴുകൽ. ഉ. കളി.

സമ്പ്രണേതാവ്-പ. രേണകർത്താവ്. ഉ. ന്യായാധിപതി.

സമ്പ്രതി-അ. പ. അപ്പോൾ ഉ. ഇപ്പോൾ.

സമ്പ്രതി-പ. കണക്കെഴുത്തുകാരിൽ ഒരു പ്രമാണി. ഉ. ആ വേല.

സമ്പ്രതിക്കണക്ക്-സമ്പ്രതിപ്പിള്ളയുടെ വേല.

സമ്പ്രതിക്കാരൻ-സമ്പ്രതിപ്പിള്ള.

സമ്പ്രതിപത്തി-പ. ലാഭം, ലഭിക്കുക ഉ. ഉടമ്പടി. ന. ആക്രമം. ർ സംഭവം.

സമ്പ്രതിപ്പിള്ള-കണക്കെഴുത്തുകാരിൽ പ്രമാണി, സമ്പ്രതി.

സമ്പ്രതിരോധകം-പ. പൂണ്ണമായ തടവ്, തടസ്ഥം ഉ. തടവിൽ വെക്കുക. ന. പാറാവ്.

സമ്പ്രതീക്ഷ-ഊഹം.

സമ്പ്രതീതി-പ്രതി, കേൾവി.

സമ്പ്രത്യയം-പ. ബോധഹേതു. ഉ. ഉടമ്പടി.

സമ്പ്രദാനം-പ അശേഷമായി കൊടുക്കുക. ഉ. ദാനം. ന. ചതുർത്ഥിവിഭക്തിയുടെ പ്രയോഗം. ർ. വിവാഹമായി കൊടുക്കുക. ൽ. സമ്മാനം, ദാനം.

സമ്പ്രദാനീയം-സമ്മാനം, ദാനം.

സമ്പ്രദായക്കാരൻ-പ. സൂത്രക്കാരൻ, തട്ടിപ്പുകാരൻ, ഉ. പാരമ്പര്യമായിട്ട ചില വിദ്യയുള്ളവൻ. ന. സമർത്ഥൻ.

സമ്പ്രദായം-പ. സൂത്രം. ഉ. സാമർത്ഥ്യം. ന. പാരമ്പര്യന്യായം. ർ. തട്ടിപ്പ്. ൽ. മന്ത്രിരി.

സമ്പ്രദായി-വി. പ. സൂത്രക്കാരൻ, തട്ടിപ്പുകാരൻ. ഉ. പാരമ്പര്യക്കാരൻ. ന. സമർത്ഥൻ.

സമ്പ്രധാനം-പ. അറിവ്. ഉ. നിശ്ചയം

സമ്പ്രധാരണം-നിശ്ചയം.

സമ്പ്രപദം-ചുറ്റിത്തിരിയുക.

സമ്പ്രപന്ന-വി. വന്നിട്ടുള്ള, പ്രാപിച്ച.

സമ്പ്രഭിന്ന-വി. ചീന്തിയ, കീറിയ, പിളർന്ന.

സമ്പ്രയോഗം-പ. ചേർച്ച. ഉ. ചട്ടം. ന. സുരതം. ർ. കൺകെട്ടുവിദ്യ

സമ്പ്രവൃത്തോക്തി-പ്രവൃത്തിക്കു ശരിയായ വാക്ക.

സമ്പ്രസാരണം-വ്യാകരണത്തിൽ യ്, വ്, ർ, ൽ എന്നീ അക്ഷരങ്ങൾ ഇ, ഉ, ഋ, ഌ എന്നായിത്തീരുക.

സമ്പ്രഹാരം-പ. യുദ്ധം. വഴിപോലെ പ്രഹരിക്കുക എന്നർത്ഥം. ഉ. വധം. ന. അടി.

സമ്പ്രാപ്ത-വി. പ. ലഭിച്ച. ഉ. പ്രാപിച്ച.

സമ്പ്രാപ്തി-പ. ലാഭം. ഉ. പ്രാപിക്ക.

സമ്പ്രീതി-പ. സ്നേഹം. ഉ. സന്തോഷം.

സമ്പ്രോക്ഷണം-പുണ്യാഹം.

സംഫാലം-കറിയാട്ട്.

സംഫുല്ല-വി. വിടിർന്ന.

സംബന്ധ-വി. പ യോഗ്യതയുള്ള, പ്രാപ്തിയുള്ള, ശേഷിയുള്ള. ഉ. ചേർച്ചയുള്ള.

സംബന്ധകൻ-സ്നേഹിതൻ.

സംബന്ധം-പ. ചേർച്ച, ഉടപ്പാം, ഉ. ഭ ഭേദം.

സംബന്ധാതിശയോക്തി - ഒരലങ്കാരം.

സംബന്ധി-വി. പ. സംബന്ധമുള്ള. ഉ. സൽസ്വഭാവമുള്ള.

സംബന്ധിക്കുന്നു-ചേരുന്നു.

സംബന്ധിച്ചു-ങ്ങം കരിച്ചു്, പറഞ്ഞു.

സംബരം-ജലം.

സംബരൻ-ഒരസുരൻ, ('ശംബരൻ' നോക്കുക).

സംബരം-. വെള്ളം പ. ഉ. നീർമരുത്. ന. മറിമാൻ. ർ. ഒരു പർവ്വതം.

സംബർഹണം-പ. വളർച്ച. ഉ. ശക്തിജനനം

സംബലം-പ. വഴിച്ചെലവിനുള്ള സാധനം. ഉ. വെള്ളം.

സംബാകൃത-വി. ഇരുമ്പുലൂഷിത.

സംബാധം-ഇടുക്കമുള്ളതു്, ഇടകലർന്നതു്.

സംബാധനം-മുട്ടുക്കുക, തടയുക, തടുക്കുക.

സംബുദ്ധ-വി- നല്ലപോലെ ഗ്രഹിച്ച.

സംബുദ്ധി-പ. നല്ലബുദ്ധി. ഉ. പൂർണ്ണബോധം. ന. വിളി. ർ. (വ്യാകരണത്തിൽ) സംബോധനവിഭക്തി.

സംബോധനം-വിളി.

സംബോധം-പ. അറിവു്. ഉ. തെളിവു്.

സംഭക്തം-വി. പ. വിഭാഗിക്കപ്പെട്ട, പങ്കിട്ട, ഉ. വിശ്വസ്തതയുള്ള. ന. കൈവശമുള്ള.

സംഭക്തി-പ. വിഭാഗം. ഉ. ബഹുമാനം.

സംഭഗൻ-ശിവൻ.

സംഭഗ്നം-വി. പ. പൊളിഞ്ഞ, ഉടഞ്ഞ ഉ. ചിതറിക്കപ്പെട്ട.

സംഭരിക്കുന്നു-സമ്പാദിക്കുന്നു, നേടുന്നു.

സംഭവം-പ. ജനനം, ഉത്ഭവം. ഉ. കാരണം.

സംഭവിക്കുന്നു-ഉണ്ടാകുന്നു.

സംഭാരം-പ. ഒതുക്കം, വട്ടംകൂട്ടുക. ഉ. ക്രമ്പാരം, കൂട്ടം. ന. രക്ഷിക്കൽ. ർ. പൂർണ്ണത. ൽ. (മ) അധികം വെള്ളംകൂട്ടിയ മോര്.

സംഭാവന-പ. ബഹുമാനം, വന്ദനം. ഉ. ഒരലങ്കാരം.

സംഭാവനം, സംഭാവം-വന്ദിക്കൽ, ബഹുമാനിക്കൽ.

സംഭാവിക്ക-മാനിക്ക.

സംഭാവിത-വി. പ. വന്ദിക്കപ്പെട്ട, മാനിക്കപ്പെട്ട. ഉ. സംഭവിക്കാനുള്ള.

സംഭാവ്യത- സംഭവിക്കത്തക്കതെന്നുള്ള അവസ്ഥ.

സംഭാവ്യൻ-ബഹുമാനിക്കത്തക്കവൻ.

സംഭാഷ-പ. സംഭാഷണം. ഉ. പടവിളി.

സംഭാഷം-സംസാരം.

സംഭാഷണം, സംഭാഷാ-പ. സംസാരം, വർത്തമാനം പറക. ഉ. പടവിളി. ന. ഉടമ്പടി.

സംഭാഷമാണൻ-സംഭാഷണം ചെയ്യേണ്ടുന്നവൻ.

സംഭാഷിത-വി. വർത്തമാനം പറയപ്പെട്ട.

സംഭാഷിതം-സംസാരം, വർത്തമാനം.

സംഭിന്ന-വി. പ. വേർപെട്ട. ഉ. ഇളകപ്പെട്ട.

സംഭക്ത-വി. ഭജിക്കപ്പെട്ട, നല്ലവണ്ണം അനുഭവിച്ച.

സംഭൃത-വി. സംഭരിച്ച, ജനിച്ച.

സംഭൃതി-പ. ഉൽപത്തി, ജനനം. ഉ. ശക്തി. ന. യോഗൃത.

സംഭൃയസമുത്ഥാനം-പങ്കകച്ചവടം.

സംഭൃത-വി. പ. ശേഖരിക്കപ്പെട്ട. ഉ. ഒരുങ്ങിയ. ന. സമ്പാദിക്കപ്പെട്ട. ഭ. നിറഞ്ഞ. ങ. രക്ഷിക്കപ്പെട്ട. ഞ. തയ്യാറാക്കിയ. ട. ലഭിക്കപ്പെട്ട. വ. വളർത്തിയ, രക്ഷിച്ച.

സംഭൃതി-പ. പോഷണം ഉ. അധികരിക്കൽ. ന. ഒരുക്കൽ. ഭ. കൂട്ടം. ങ. രക്ഷ.

സംഭേദം-പ. പിളർപ്പ്. ഉ. രണ്ട് ആവുകൂടുന്ന സ്ഥലം. ന. അവയവം ഭ. ചേർച്ച.

സംഭോഗം-പ. സുഖാനുഭവം ഉ. സന്തോഷം. ന. കൂടിച്ചേരൽ. ഭ. പ്രയോഗം. ങ. ശൃംഗാരത്തിൽ ഒരിനം.

സംഭോഗി-വി സംഭോഗമുള്ള

സംഭ്രമം-പ. ഹർഷം മുതലായതു നിമിത്തം കർത്തവ്യകർമ്മങ്ങളിലുള്ള ത്വരാധിക്യം (പരിഭ്രമം). ഉ. ബഹുപ്പാട്. ന. ഭയം. ഭ. ചുറ്റിത്തിരിച്ചൽ. ങ. ബഹുമാനം, ഞ. വേഗം. ട. കഴപ്പം. വ. മൂഢത്വം. ൻ. ചൊടിപ്പ്.

സംഭ്രമിക്കുന്നു-പ. കഴങ്ങുന്നു. ഉ. ചുറ്റിത്തിരിയുന്നു.

സംഭ്രാന്തി-ഭ്രമം, ഇളക്കം.

സമ്മത-വി. പ. സ്നേഹിച്ച. ഉ. തുല്യതയുള്ള. ന. വിചാരിച്ച. ഭ. വഴിപോലെ ബഹുമാനിച്ച.

സമ്മതക്കച്ചീട്ട്-ഉടമ്പടിക്കച്ചീട്ട്.

സമ്മതക്കാരൻ-കൊള്ളാകുന്നവൻ, സമ്മതമുള്ളവൻ.

സമ്മതം, സമ്മതി-പ. ഇഷ്ടം, അഭിപ്രായം. ഉ. അനുസരണം. ന. ആഗ്രഹം. ഭ. കല്പന. ങ. അനുവാദം. ഞ. ബോധം. ട. വണക്കം.

സമ്മതിക്കുന്നു- അനുവദിക്കുന്നു, ബോധിക്കുന്നു.

സമ്മദ-വി. സന്തോഷമുള്ള.

സമ്മദം—സുഖം. നല്ല സന്തോഷമെന്നർത്ഥം.

സമ്മന്ത്രണം-ആലോചന.

സമ്മർദ്ദനം-തല്ലുവണ്ണം മർദ്ദിക്കൽ.

സമ്മർദ്ദം-തിക്കൽ. ഉ-ം, ജനസമ്മർദ്ദം.

സമ്മർദ്ദിക്കുന്നു-തിക്കുന്നു, കഴക്കുന്നു.

സമ്മർദ്ദിത-വി. വഴിപോലെ മർദ്ദിക്കപ്പെട്ട.

സമ്മാനം-പ. മാനം, ഇനാം. ഉ. ബഹുമാനം. സമ്മാനം><അവമാനം.

സമ്മാനവാക്ക്-സ്തുതി.

സമ്മാനിക്കുന്നു-പ. ബഹുമതിക്കുന്നു. ഉ. മാനംചെയ്യുന്നു.

സമ്മാനിത-സമ്മാനിക്കപ്പെട്ട.

സമ്മാർജ്ജനം-വെടിപ്പാക്കുക.

സമ്മാർജ്ജിനീ-ചൂൽ. വഴിപോലെ ശുദ്ധിവരുത്തുന്നതെന്നർത്ഥം.

സമ്മിത-വി. കൂടിയ.

സമ്മിതൻ-തുല്യൻ.

'ഭൂപതിഭൂതിവിഭൂഷണസമ്മിതൻ'
(അധ്യാത്മരാമായണം)

സമ്മിശ്ര—വി. ചേർക്കപ്പെട്ട, കൂട്ടിക്കലർന്ന.

സമ്മിള(ല)നം-പ. (കണ്ണ്) അടയ്ക്കൽ, (പുഷ്പം) അടയുക. ഉ. കൂട്ടുക.

സമ്മിളിത-വി. ചേർന്ന.

സമ്മുഖ-വി. എതിരിട്ട, നേരെ വന്ന.

സമ്മുഖം-അഭിമുഖം.

സമ്മുശ്ര-വി. പ. മെഴിയുള്ള. ഉ. മൂഢതയുള്ള.

സമ്മൂർഛനം-പ. മോഹാധിക്യം. ഉ.

ഉയർച്ച. ന. സർവ്വത്രവ്യാപ്തി, എല്ലാടവും മുള്ള വ്യാപനം.

സമ്മൂജ്ജനോദ്ഭവം-മീൻ.

സമ്മൃഷ്ടം-വി. പ. അരിക്കപ്പെട്ട. ഉ. ഉലയിയംക്കപ്പെട്ട.

സമ്മൃഷ്ടം-കല്ല്, മണ്ണ് മുതലായവ നീക്കി പരിശോധിച്ചുണക്കിയ അന്നാദി.

സമ്മേളനം-ചേർച്ച.

സമ്മോചനം-വിടുതൽ, അയക്കൽ.

സമ്മോദം-സന്തോഷം.

സമ്മോഹന-വി. മോഹിപ്പിക്കുന്ന.

സമ്മോഹനം-വശീകരണം.

സമ്മോഹനാസ്ത്രം-കാമദേവന്റെ ഒരു ശരം, മോഹിപ്പിക്കുന്ന അമ്പ്.

സമ്മോഹം-പ. ഇല്ലായ്മ. ഉ. കഴപ്പം. ന. മൈമരപ്പ്.

സമ്യക്ക്-പ. വഴിപോലെ. ഉ. ക്രമപ്പെടുത്തുന്ന. ന. സത്യം. ഭ. എല്ലാം.

സമ്യക്കാൽ-അ. പ. വഴിപോലെ. ഉ. അശേഷമായി, മുഴുവനും.

സംരാൾ(ട്ട്)-ചക്രവർത്തി, രാജസൂയം കഴിച്ച രാജാവ്, ചാമരേശരാജ മണ്ഡലാധിപതിയായ രാജാവ്, സർവ്വഭൌമൻ. വഴിപോലെ ശോഭിക്കുന്നവൻ എന്നർത്ഥം. (സംരാട്ട് > <സാമന്തൻ).

സംയൽ-യുദ്ധം. കഴിയുന്നപ്രകാരം യത്നിക്ക എന്നർത്ഥം.

സംയത-വി. കെട്ടപ്പെട്ട.

സംയതൻ-ബന്ധിക്കപ്പെട്ടവൻ, കയർ മുതലായതിനാൽ കെട്ടപ്പെട്ടവൻ.

സംയമനം-ബന്ധനം, അടക്കം.

സംയമനി-യമരാജന്റെ നഗരം.

സംയം-അസ്ഥിക്കൂട്.

സംയമം—സകലേന്ദ്രിയങ്ങളെയും അടക്കിച്ചെയ്യേണ്ടതായ യോഗാംഗം, അടക്കം, ഇന്ദ്രിയനിഗ്രഹം, അത്യുൽകൃഷ്ടമായ ഉപരതി.

സംയമനി-പ്രേതനാഥന്റെ രാജധാനി.

സംയമിക്കുന്ന-അടക്കുന്ന.

സംയാത്ര-കടൽസഞ്ചാരം.

സംയാനം-പ. കൂടെ പോവുക. ഉ. ഉത്തരീയം.

സംയാമം-അടക്കം, ഇന്ദ്രിയനിഗ്രഹം, അത്യുൽകൃഷ്ടമായ ഉപരതി.

സംയുക്-വി. നല്ല ലക്ഷണങ്ങളോടുകൂടിയ.

സംയുക്ത-വി. കൂടിയ.

സംയുഗം-യുദ്ധം. വഴിപോലെ കൂടിച്ചേരുക എന്നർത്ഥം.

സംയുത-വി. കൂടിയ, ചേർന്ന.

സംയോഗം-പ. ചേർച്ച. സംയോഗം > <വിയോഗം. ഉ. കാവ്യഗുണങ്ങളിൽ ഒന്ന്.

സംയോഗിക്കുന്ന-ചേരുന്ന.

സംയോജനം-ചേർച്ച.

സംയോജിക്കുന്ന-ചേരുന്ന. (സ ക്രി. സംയോജിപ്പിക്കുന്ന).

സംയോജിത-വി. ചേർക്കപ്പെട്ട, സംയോജിപ്പിക്കപ്പെട്ട, കൂട്ടപ്പെട്ട.

സംരക്ത-വി. പ മോഹമുള്ള. ഉ. അനുരാഗമുള്ള. ന. പലനിറമുള്ള. ഭ. ചുവന്ന. ങ. കോപിച്ച.

സംരക്ഷണ, സംരക്ഷണം-രക്ഷിക്കൽ.

സംരംഭം-പ. സ്വപക്ഷസ്ഥാപനവ്യസനംകൊണ്ടു മതിമറക്കുക. ഉ. കോപം. ന അഹംഭാവം. ഭ. അത്യുത്സാഹം. ങ. ഇളക്കം.

സംരാധനം-ഉറപ്പായ ധ്യാനം.

സംരാവം-ഒച്ച, ശബ്ദം.

സംശുദ്ധ-വി. ക. വിശ്വാസമുള്ള. ര. പുഷ്ടിച്ച, മുഴുത്ത.

സംരോധം-വിരോധം.

സംരോധിക്കുന്നു-വിരോധിക്കുന്നു.

സംലാപം— പരസ്പരസംഭാഷണം, സംബോധനപൂർവകമായിട്ടുള്ള ഭാഷണം. വ്യക്തമായി പറയുക എന്നർത്ഥം. (മലയാളത്തെ പര്യായം-ആഭാഷണം).

സംവൽ— വിക്രമാദിത്യന്റെ ആണ്ട്, സംവത്സരം.

സംവത്സരം-ആണ്ട്. ഋതുക്കളുടെ നല്ല വാസസ്ഥാനം എന്നർത്ഥം.

സംവനനം— മണിമന്ത്രൗഷധാദികളെക്കൊണ്ടു തടയപ്പെടുന്ന വശീകരണം. (പാഠങ്ങൾ-സംവപനം, സംവദനം).

സംവയനംചെയ്യുന്നു-മൂടുകുന്നു.

സംവരണൻ-ഒരു രാജാവ്.

ഭരതന്റെ പ്രപൌത്രനായ ഹസ്തിയുടെ പൌത്രൻ അജമീഢൻ. ഇദ്ദേഹത്തിനു നാലു പത്നികളിൽ ഏഴു മക്കളുണ്ടായി. അവരിൽ സംവരണൻ വംശധരൻ. സൂര്യപുത്രിയായ തപതിയെ വേട്ടു. ഇവരുടെ സന്താനമാണ് കുരു. സൂര്യവംശജനാണ്. ഹസ്തിനാപുരത്തിൽ നിന്നു ഇദ്ദേഹത്തെ പാഞ്ചാലർ ഓടിച്ചുകളഞ്ഞു. വസിഷ്ഠൻ പുരോഹിതനായ ശേഷം രാജ്യം തിരിയെ ലഭിച്ചു.

സംവരണം-പ, ഒരു നാടകം. ഉ. മൂടി, മറവ്.

സംവരം-പ. വെള്ളം. ഉ. മറിമാൻ. ന. മൂടി. ഭ. ചിറ, അണ.

സംവരൻ-ഒരു രാക്ഷസൻ.

സംവർഗ്ഗൻ-അഗ്നി.

സംവർത്തകൻ-ബലഭദ്രൻ.

സംവർത്തകി-ബലഭദ്രൻ.

സംവർത്തകം-ബലഭദ്രന്റെ ആയുധമായ കലപ്പ.

സംവർത്തൻ-ബൃഹസ്പതിയുടെ അനുജൻ, ഒരു ധർമ്മശാസ്ത്രകർത്താവ്.

സംവർത്തം-പ. പ്രളയം. ജഗത്തിന്റെ പ്രകൃതിമാറ്റം കാലം എന്നർത്ഥം. ഉ. മേഘം.

സംവർത്തി(ക)-താമരപ്പൂ മുതലായതിന്റെ അകത്തെ പുതിയ ഇതൾ. മലയാളത്തെ പര്യായം-നവദളം.

സംവർധ്യക-വി. വർദ്ധിപ്പിക്കുന്ന.

സംവലനം-ചേല്, കച്ച.

സംവസഥം-ഗ്രാമം. സുഖമായി പാർക്കുന്നേടമെന്നർത്ഥം.

സംവസിക്കുന്നു-പാർക്കുന്നു.

സംവഹൻ-ഏഴു വായുക്കളിൽ മൂന്നാമത്തേത്.

(സപ്തമാരുതന്മാർ എന്നതു നോക്കുക).

സംവഹനം-പ. ചുമക്കുക. ഉ. കൈകാൽ മുതലായ അംഗങ്ങളെ തലോടുക. (ശരിയായ പാഠം 'സംവാഹനം' എന്നാണ്).

സംവഹിക്കുന്നു-പ. ചുമക്കുന്നു. ഉ. തിരുമ്മുന്നു.

സംവാദം-സംഭാഷണം.

സംവാസം-വീട്, പാർക്കുന്ന സ്ഥലം.

സംവാസിത-വി. സുഗന്ധം വരുത്തിയ

സംവാഹകൻ-കാലു തിരുമ്മുന്നവൻ, പരിചാരകൻ.

സംവാഹനം-പ. കാലു തിരുമ്മുക. ഉ. ചുമക്കുക.

സംവിൽ-പ. ബുദ്ധി. സമ്യക്കായകൊണ്ണമുള്ള അറിവിനു കാരണം എന്നർത്ഥം. ഉ. ജ്ഞാനം. ന. സംഭാഷണം. ഭ. സമ്മതം. ങ. കൊടി, അടയാളം. ഞ. യുദ്ധം. ട. മുലമ്പാൽ. വ. അറിവ്

ൻ. പട്ടവിളി. ക്ര. പേർ. ക്രി. അടയാളം. ക്രി. ക്രിയാനാമം. ക്രി. സംകേതം.

സംവിദാ-ഉടയടി, എഴുപ്പുട്ട്, കരാർ.

സംവിദിത-വി. അറിയപ്പെട്ട.

സംവിദ്രൂപം-ബോധരൂപം.

സംവിധാനം-ചെയ്ക.

സംവിഭാഗം-പങ്കിടുക, പങ്ക്.

സംവിഷ്ട-വി. ക. കിടക്കുന്ന, ഉറങ്ങുന്ന. ഉ. ഒന്നിച്ചു പ്രവേശിച്ച. ന. വസ്ത്രം ധരിച്ച. ര. ഒന്നിച്ചിരുന്ന.

സംവീക്ഷണം-അന്വേക്ഷണം.

സംവീത-വി. ചുറ്റപ്പെട്ട.

സംവീതം-ക്ര. ചുറ്റപ്പെട്ടത്. ഉ. നദി മുതലായതിനാൽ ചുറ്റപ്പെട്ട ദ്വീപു മുതലായത്.

സംവൃത-വി. ചുറ്റപ്പെട്ട. ഉ. മറയ്ക്കപ്പെട്ട. ന. അടയ്ക്കപ്പെട്ട. ര. ചുരുക്കിയ. ഋ. മൂടപ്പെട്ട.

സംവൃതം-ക്ര. രഹസ്യസ്ഥലം, രഹസ്യം. ഉ. ഒരുമാതിരി ഉച്ചാരണം.

കൃഷ്ണൻ, പറഞ്ഞിട്ട് ഇത്യാദികളിലെപ്പോലെ അസ്പഷ്ടമായി ഒരു ഉകാരവുമായിട്ടോടുകൂടി ഉച്ചരിക്കുന്ന ഉകാരം. ഇത് ് ഈ വിധം (അർദ്ധചന്ദ്രം) അടയാളം ഇട്ടു എഴുതണം.

ഈ ഉകാരത്തിന് അടുത്തു പിമ്പിൽ സ്വരം ഇരുന്നാൽ മുൻ ഉകാരം സംവൃതമായിരിക്കണം. ഉ-ം "മധുവൻ് ഇപ്പോഴും നല്ല കാലമാണ്. അവൻ് എപ്പോഴും കച്ചവടത്തിൽ ലാഭം കിട്ടുന്നു"

സംവൃത്ത-വി. ക്ര. മറയ്ക്കപ്പെട്ട. ഉ. അടയ, തീർന്ന, കഴിഞ്ഞ. ന. നിവർത്തിക്കപ്പെട്ട, തീർക്കപ്പെട്ട,

സംവൃത്തൻ-വർത്തമാനൻ.

സംവൃത്തി-ക്ര. മറവ്. ഉ. മൂടി, അടപ്പ്. ന. രഹസ്യകായ്യം. ര. അനുഭവം.

സംവേഗം-പരിഭ്രമം, സംഭ്രമം, തിടുക്കം, യോഗികളുടെ ക്ഷോഭമുണ്ടാകുക.

സംവേദം-ക്ര. അറിവ്. ഉ. സുഖദുഃഖാദ്യനുഭവം. ന. വേദന.

സംവേശം-ക്ര. ഉറക്കം. ജീവാത്മാവ് സൂക്ഷ്മശരീരത്തെ സ്വപ്നാവസ്ഥയിൽ വഴിപോലെ പ്രവേശിക്കുന്നതിനാൽ ഈ അർത്ഥം വന്നു.

ഉ. സ്വപ്നം. ന. സ്ത്രീപുരുഷന്മാരുടെ തമ്മിലുള്ള ചേർച്ച. ര. ഇരിക്കുന്നതിനുള്ള സാധനം.

സംവേശനം-ഉറക്കം. (ഉത്ഥാപനം എഴുന്നേല്ക്കൽ).

സംവേശനോത്ഥാപനം = ഉറക്കവും എഴുന്നേല്ക്കലും.

സംവ്യാനം-ക്ര. ഉത്തരീയം, രണ്ടാംമുണ്ട്, മേൽപുടവ (ഇടത്തേത്തോളിൽ ധരിക്കുന്നവസ്ത്രം) ക്ര. വസ്ത്രം. ന. മൂടി.

സംശപ്തകൻ-യുദ്ധത്തിൽനിന്നു പിൻതിരിയുകയില്ലെന്നു സത്യം ചെയ്തിട്ടുള്ളവൻ.

('ഞങ്ങൾ ഒരിക്കലും മടങ്ങുകയില്ല' എന്നു ശപഥം ചെയ്തു പുറപ്പെട്ട് യുദ്ധത്തിൽനിന്നു പിൻതിരിയാതിരിക്കുന്നവരത്രേ സംശപ്തകന്മാർ).

സംശയം-സന്ദേഹം, നിശ്ചയമില്ലായ്മ. 'പരമാർത്ഥബോധംക്ലേശത്തെ ഉയർകോടിയിലുമിരിക്കുന്നതെന്നർത്ഥം. മറവു പറ്റുന്നതുമാം-വിചികിത്സ, സന്ദേഹം, ഭ്രമം.

സംശയാപന്നമാനസ— വി. മനസ്സിൽ സംശയമുള്ള.

സംശയാലു, സംശയിതാവ്- വി. സംശയമുള്ള.

സംശയിക്കുന്ന-സന്ദേഹിക്കുന്ന.

സംശയിത-വി. സംശയമുള്ള.

സംശരണം-യുദ്ധത്തിന്റെ ആരംഭം, ആക്രമണം.

സംശിത-വി. ക. നിശ്ചയമുള്ള. ഖ. സംധിച്ച, നിവർത്തിച്ച.

സംശിതി-സംശയം.

സംശുദ്ധി-ക. പരിശുദ്ധി. ഖ. സംശയനിവൃത്തി.

സംശോധനം-തെളിപ്പാക്കുക.

സംശ്യാന-വി. ചുരുക്കിയ, കനച്ച.

സംശ്രയം-ക. ആശ്രയം. ഖ. ആറു നയങ്ങളിൽ ഒന്ന്. സഹായം അപേക്ഷിക്കുന്നതത്രേ സംശ്രയം.

സംശ്രവണം-ക. കേൾക്കുക. ഖ. ചെവി.

സംശ്രവം-അംഗീകാരം, പ്രതിജ്ഞ (ഏല്പ്പുക), ഏണയിടുക.

സംശ്രിത-വി. ക. ആശ്രയിച്ച, അംഗീകരിക്കപ്പെട്ട. ഖ. ചേർന്ന. ന. രക്ഷിക്കപ്പെട്ട.

സംശ്രിതൻ-ആശ്രിതൻ, സേവകൻ.

സംശ്രുത-വി. അംഗീകരിക്കപ്പെട്ട, പ്രതിജ്ഞചെയ്യപ്പെട്ട.

സംശ്ലിഷ്ട-വി. ക. ആലിംഗനം ചെയ്യപ്പെട്ട. ഖ. കൂട്ടിച്ചേർത്ത.

സംശ്ലേഷം-തഴുകൽ, ആലിംഗനം.

സംശ്ലേഷണം(ണാ)-തെകട്ട്, ചേപ്പ്.

സംസക്ത-വി. ക. അടുത്ത. ഖ ഇടയിൽ മറ്റൊന്നില്ലാത്തവിധം തമ്മിൽ കൂടിച്ചേർന്ന, ചേർന്ന, പറ്റിയ. ന. തെകട്ടപ്പെട്ട.

സംസക്തി-ക. സമീപത, വലിയ അടുപ്പം ഖ. പരിചയം, സ്നേഹം. ന. ചേച്ച്, സംബന്ധം, സംഗം ര. കൂട്ട്. ഭ. കേൾവി.

സംസൽ(ത്ത്)-സഭ, കൂട്ടം, സമൂഹം. ഒന്നിച്ചിരിക്കുന്നേടമെന്നർത്ഥം.

'സംസത്തിങ്കലിട്ടിഴച്ച്'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

സംസരണം-ക. വിശാലമായ രാജവഴി. ജനങ്ങളും യോഗംചേർന്നു സഞ്ചരിക്കുന്നേടമെന്നർത്ഥം. ഖ. പടയുടെ നിർവ്വിഘ്നമായ ഗമനം. ന. ലോകം. ര. യുദ്ധത്തിന്റെ ആരംഭം. ഭ. പ്രാണികളുടെ ജനനമരണരൂപമായ സംസാരം. യ. ഗമനം. വഴിപോലെ ഗമിക്കുക എന്ന ശബ്ദാർത്ഥം. ഒ. സത്രം.

സംസർഗ്ഗം-ക. അന്യോന്യത. ഖ. സംബന്ധം.

സംസർജ്ജനം-വിട്ടയക്കൽ.

സംസർപ്പണം-ക. ഇഴഞ്ഞുനടക്ക. ഖ. നിനച്ചിരിയാത്തപ്പോൾ എതിർക്കുക.

സംസാരഹരൻ-കാമദേവൻ.

സംസാരം-ക. ജനനവും മരണവും, ലോകവിഷയം, അർത്ഥപുത്രകളത്രാദികളിൽ മമതയിട്ടു ജനനമരണങ്ങൾക്കു വശംവദനായി ഉഴലുന്ന അവസ്ഥ. ഖ. ലോകം. ന. (മ) സംഭാഷണം. ര. മാർഗ്ഗം, വഴി.

സംസാരി-വി. സംസാരമുള്ള, ലോകസംബന്ധമുള്ള.

സംസാരി-ക. ജീവനുള്ള ജന്തു ഖ (മ) വ്യവഹാരക്കാരൻ.

സംസാരിക്കുന്ന-സംഭാഷണംചെയ്യുന്ന.

സംസിക്ത-വി. തളിക്കപ്പെട്ട, നനച്ച.

സംസിദ്ധ-വി. സാധിച്ച, നിവർത്തിച്ച.

സംസിദ്ധി-ക. സഭാവം. ഖ. ശീലം.

ന. മുൻകോപമുള്ള സ്ത്രീ. ര. തീപ്പ്, നിപുത്തി.

സംസേവനം-അത്യന്തയിച്ചു നില്ക്കുക, പ്രതീക്ഷിക്കുക.

സംസ്രുതി-പ്ര. ലോകം. ഉ. ഒഴുക്ക്.

സംസ്രുഷ്ട-വി. പ്ര. ചേർക്കപ്പെട്ട, തിരിയെ കൂട്ടിച്ചേർക്കപ്പെട്ട. ഉ. വിശേഷവസ്തു ധരിക്കപ്പെട്ട.

സംസ്രുഷ്ടത്വം-ചേർപ്പ്.

സംസ്രുഷ്ടി-പ്ര. മുതലായവകൂടി. ഉ. അലങ്കാരത്തിൽ ഒരു പിരിവ്. ന. ചേർപ്പ്, സംബന്ധം, കൂട്ടായ്മ, സഹവാസം.

സംസ്കരിക്കുന്നു- പ്ര. ശുദ്ധീകരിക്കുന്നു. ഉ. പൂർണ്ണമാക്കുന്നു.

സംസ്കാരം-പ്ര. ശുദ്ധീകരണം, ശുദ്ധി. ഉ. തികക്കൽ. ന. പൂർണ്ണമാക്കൽ. ര. അലങ്കാരം. ങ. ഏതുവസ്തുവിൻറെയും കുറ തീർക്കുക. ന. ശവം അടക്കുക. ഒ. പൂശുവക്കുക. വ. ഗുണവിശേഷത്തെ പ്രാപിക്കുന്ന സ്ഥിതി. ൻ. തയാറാവുക. ൧൦. അഭിപ്രായം. ൧൧. പരിശുദ്ധമാക്കൽ.

അഞ്ചുവിധം സംസ്കാരങ്ങൾ,-അങ്കനം (ശംഖും ചക്രവും എഴുതുക), ഊർദ്ധ്വപുണ്ഡ്രകം, യാഗം, നാമധാരണം, മന്ത്രം, പണ്ഡിതന്മാർക്ക് കൃഷ്ണദാസ്യം ഒരുകവരണമെങ്കിൽ ഇതു സാധിക്കണം.

സംസ്കാരഹീനൻ — ഉപനയിക്കാത്ത ബ്രാഹ്മണൻ.

സംസ്കൃത-വി. പ്ര. സംസ്കരിക്കപ്പെട്ട, വേറെ പരിഷ്കരിക്കപ്പെട്ട. ഉ. അലങ്കരിക്കപ്പെട്ട. ന. നിവർത്തിക്കപ്പെട്ട. ര. ശുദ്ധീകരിക്കപ്പെട്ട. ങ. തയാറാക്കിയ. ന. ഉൽകൃഷ്ടമായ.

സംസ്കൃതൻ-മുമ്പേതന്നെ സരിച്ചു കർമ്മങ്ങളെല്ലാം ചെയ്യപ്പെട്ടവൻ. (ബ്രാഹ്മണൻ)

സംസ്കൃതം-സംസ്കൃതഭാഷ.

സംസ്കൃതി-പരിശുദ്ധി.

സംസ്ക്രിയ-പ്ര. ശവസംസ്കാരകർമ്മം. ഉ. സംസ്കാരം.

സംസ്കരം-പ്ര. കിടക്കാനുള്ള സാധനം, വിരിപ്പു മുതലായതു്, കട്ടിൽ, മെത്ത. ഉ. യാഗം.

സംസ്തവം-പ്ര. പരിചയം. ഉ. സ്തുതി. സമ്പർക്കമുണ്ടാകുംവണ്ണമുള്ള സ്തവനമെന്നർത്ഥം

സംസ്താവം-യാഗമണ്ഡപം. യാഗശാലയിൽ ഉൽഗാതാക്കൾക്കുവേണ്ടി ഉൽഗാനം ചെയ്യുന്നതിനായി ഉണ്ടാക്കിയ സ്ഥാനം. കൂടിച്ചേർന്നു സ്തുതിക്കുന്നേടമെന്നർത്ഥം.

സംസ്തൃ-പ്ര. സ്തുതിക്കുക. ഉ. അലങ്കരിക്കുക.

സംസ്ത്യായം-പ്ര. സമൂഹം, കൂട്ടം ഉ. മൈതാനം. വഴിപോലെ കൂടിച്ചേരുന്നതെന്നർത്ഥം. ന. സമീപം. ര. ഭവനം. ങ. പരപ്പ്.

സംസ്ഥ-വി. സ്ഥിതിചെയ്യുന്ന, നില്ക്കുന്ന, ഇരിക്കുന്ന.

സംസ്ഥ-പ്ര. മര്യാദ, ന്യായമായ മാർഗ്ഗത്തിൽനിന്നും തെറ്റാതെയിരിക്കുക, നല്ല നടപ്പ്. ഉ. നില്പ്. ന. ജീവാവസ്ഥ. ര. കൂട്ടം. ങ. രൂപം. ന. സഭാവം. ഒ. രാജചട്ടം. വ. മരണം, അവസാനം. ൻ. നാശം, ലോകനാശം. ൧൦. സാദൃശ്യം.

സംസ്ഥൻ-പ്ര. ഒറവുകാരൻ. ഉ. അയൽക്കാരൻ. ന. നിവാസി, രാജ്യവാസി.

സംസ്ഥാന-വി. പ്ര. ശരിയായ ഉ. തുല്യതയുള്ള.

സംസ്ഥാനം-പ്ര. വാസസ്ഥലം. (രാജ്യം). നാടു വഴിവന്നു കൂടുന്ന സ്ഥലം.

ന. സമീപം. ര. ആകൃതി, രൂപം. ഇ. മരണം.

സംസ്ഥാപനം–ക്രി. സ്ഥാപിക്കുക. ഉ. ഉറപ്പിക്കുക, നിവർത്തിക്കുക

സംസ്ഥാപിത–വി. സംസ്ഥാപനം ചെയ്യപ്പെട്ട.

സംസ്ഥിത–വി. ക്രി. മരിച്ചു. ഉ. അവസാനിപ്പിച്ചു. ന. നിൽക്കുന്ന. ര. കയക്കപ്പെട്ട. ഇ. കൂട്ടപ്പെട്ട. ഞ. ഉറപ്പിച്ചു.

സംസ്ഥിതി–ക്രി. മരണം. ഉ. വാസം. ന. ഇരിപ്പ്. ര. ലോകനാശം.

സംസ്പൃശ്–ക്രി ചേരുക. ഉ. വിചാരം. ന. കലർപ്പ്.

സംസ്പൃശ്–ക്രി: കരിങ്കച്ചോലം. ഉ. ചെങ്കൽകച്ചോലം. ന. കച്ചോലം. ര. ഇണ്ടപ്പോടി. (അരക്ക് ഈ മരത്തിന്റെ കറയാണുപോലും)

സംസ്പോടം – യുദ്ധം. (സംസ്ഫോടം എന്ന പാഠവും കാണുന്നു).

സംസ്ഫുലം–ക്രി. ക്ഷയം. ഉ. മുട്ടൽ.

സംസ്മരണം–ഓർക്കുക.

സംസ്മൃതി–ഓർമ്മ.

സംസ്രവം, സംസ്രാവം–ക്രി. ഒഴുക്ക്. ഉ. നദി. ന. ഒലിക്കുക. ര. തുള്ളികളായി വീഴുക.

സംഹത–വി. ക്രി. കൊല്ലപ്പെട്ട. ഉ. ഒന്നായി കൂടിച്ചേർന്നിരിക്കുന്ന. ന. ശക്തിയുള്ള. ര. അടയ്ക്കപ്പെട്ട. ഇ. കൂട്ടപ്പെട്ട.

സംഹതജാനുക–വി. തമ്മിൽ അടുപ്പമുള്ള മുട്കാലോടുകൂടിയ.

സംഹതജാനുകൻ–മുട്ടിക്കാവൻ.

സംഹതലം–രണ്ടു കൈയും ചേർത്തിപ്പിടിച്ചത്.

സംഹതി–ക്രി. സമൂഹം. കൂട്ടപ്പെട്ടതെന്നർത്ഥം. ഉ. കൂടിച്ചേരുക. ന. ചേർച്ച.

സംഹനനം–ക്രി ശരീരം, ദേഹം പഞ്ചഭൂതങ്ങളും ഇതിൽ ചേരുന്നതിനാൽ ഈ പേർവന്നു. ഉ ഉറപ്പ്. ന. ബലം, ര. കൊല.

സംഹനിക്കുന്നു–ക്രി. കൊല്ലുന്നു ഉ. തിന്നുന്നു.

സംഹരണം–ക്രി. നശിപ്പിക്കുക. ഉ. കൊല്ലുക. ന. തടങ്ങൽ ചെയ്യൽ. ര. ശേഖരിക്കുക. ഇ. പിൻവലിക്കുക.

സംഹരിക്കുന്നു–നശിപ്പിക്കുന്നു, കൊല്ലുന്നു.

സംഹാരം–ക്രി. നശിപ്പ്, ഉ. ലോകാവസാനം, (സംഹാരം><സൃഷ്ടി). ന. നരകഭേദം. പാപികളെ ഒന്നിച്ചു ചേർക്കുന്നത്. ഉപദ്രവിക്കുന്നത് എന്നു ശബ്ദാർത്ഥം. ര. ചുരുക്കുക. ഇ. കൂട്ടം. ഞ. മിട്ടക്ക്.

സംഹാരക–വി. നശിപ്പിക്കുന്ന, ഹാനി വരുത്തുന്ന.

സംഹാരരുദ്രൻ–ശിവന്റെ ഒരു പേർ.

സംഹാരി–വി. സംഹരിക്കുന്ന, നശിപ്പിക്കുന്ന.

സംഹിത–വി. ക്രി ചേർന്ന. ഉ. ഉറപ്പിക്കപ്പെട്ട. ന. കൂട്ടപ്പെട്ട

സംഹിത–ക്രി. ഋക്കുകളുടെ സമൂഹം, വേദങ്ങളിൽ നിന്നെടുത്തുണ്ടാക്കിയ ഒരു പുസ്തകം. ഉ. പദസന്ധി.

സംഹൃതി–പലർകൂടി വിളിക്കുക, ആള്.

സംവൃത–വി ക്രി: പിടിക്കപ്പെട്ട. ഉ. വിതറപ്പെട്ട. ന ചുരുക്കപ്പെട്ട, സംഹരിക്കപ്പെട്ട.

സര–വി. പോകുന്ന.

സരകം–ക്രി. മദ്യപാനം. ശമിപ്പിക്കുന്നത് എന്നർത്ഥം. ഉ. ചഹരിയുള്ള ഔഷധദ്രവ്യം, മദ്യം. ന. പാനപാത്രം. ര. ഗമനം. ഇ. കൂട്ടം, തടാകം, കായൽ. ഞ. സഭ.

സരഘ-തേനീച്ച.

സരംഗം-പ്ര. പക്ഷി. ര, ഒരു നാല്ക്കാലി.

സരജം-വെണ്ണ.

സരടം-പ്ര. ഒന്ത്. ഉ. ഉടയ്ക്. സ. കാറ്റ്.

സരണം-പ്ര. പോക്ക്, ഒഴിച്ചിൽ. ഉ. ഇരിമ്പിൻ തുരുമ്പ്.

സരണാ-പ്രസാരണി.

(പ്രസാരണി എന്നതു തലനീക്കിയും രണ്ടും മറവും കാണുന്നു).

സരണി-പ്ര. വഴി. ഉ. ചൊവ്വേയുള്ള വര സ. തൊണ്ടയിലുള്ള ഒരു ഭീനം. ര. പ്രസാരണി. @ പുഴമുഞ്ഞ. ന. ത്രി കൊല്പക്കാരന്ന.

സരണ്ഡം-പ്ര. പക്ഷി. ഉ. ഒരാഭരണം.

സരണ്യു-പ്ര. (സംജ്ഞ, തച്ഛ ഈ പദങ്ങൾ നോക്കുക). ഉ. കാറ്റ്. സ. മേഘം. ര അഗ്നി. @. യമൻ.

സരപ്പൊളി, സരപ്പളി-ഒരുതരം മാല.

സരഭസം-അ. വേഗത്തിൽ.

സരം-പ്ര. ചിറ. ഉ. പൊയ്ക. സ. വെള്ളം. ര. മാംസം @. പാല്. ന. തെരെ വെള്ളം. ൭. തെരെപ്പാടേ. വ. തടാകം. ൻ മുഴുന്ന്. ഫ. അമ്പോട്ടൽ.

സരമ-രപൺപട്ടി. പ്ര. വിഭീഷണന്റെ ഭാര്യ. (ലങ്കയിൽ സീതയുടെ കാവല്ക്കാരി) സ. ഇന്ദ്രന്റെ പട്ടി. (ഇതിന്റെ കുട്ടികളായ സാരമേയർ യമന്റെ വാതിൽ കാക്കുന്നു) ര. ദക്ഷന്റെ പുത്രി. (സകല കാട്ടുമൃഗങ്ങളുടേയും മാതാവ്).

സരയൂ പ്ര. ഒരു നദി.

ഇതു ഹിമവാനിൽനിന്നു പുറപ്പെട്ടു അയോദ്ധ്യയുടെ സമീപത്തിൽ കൂടി ഒഴുകുന്നു.

ഉ. പായു, കാറ്റ്.

സരസ-വി. പ്ര. രസമുള്ള, വെള്ളമുള്ള. ഉ. രുചിയുള്ള സ. വിയർപ്പുകൊണ്ടു നനഞ്ഞ. ര. മംഗിയുള്ള. ഇ. പുതിയ (സരസം> <വിരസം).

സരസ-ഒരു രുരു, സരള.

സരസം-പ്ര. പൊയ്ക. ഉ. തീതികളിൽ ഒന്ന്.

സരസി-ചിറ, പൊയ്ക.

സരസിക്കുന്ന-പ്ര. കൊഞ്ചുന്ന. ഉ. ക്രീഡിക്കുന്ന, ലീലാവിനോദംചെയ്യുന്ന.

സരസിജം-പ്ര. താമരപ്പൂ. ഉ. വണ്ടാരം കോഴി.

സരസീകം-വണ്ടാരംകോഴി.

സരസീരുഹം-പ്ര. താമരപ്പൂ. ഉ. വണ്ടാരംകോഴി.

സരസ്വൽ(ത്)-വി. നീരുള്ള, വെള്ളമുള്ള.

സരസ്വതി-പ്ര. ബ്രഹ്മാവിന്റെ ഭാര്യ, വിദ്യാ ദേവീ. വാക്കിന്റെ അധിഷ്ഠാനദേവത.

ബ്രഹ്മലോകത്തിലുള്ള മാനസസരസ്സിൽ ക്രീഡിക്കുന്നവൾ എന്നർത്ഥം. നദീരൂപേണ പ്രവഹിക്കുന്നവൾ, എല്ലാടവും വ്യാപിക്കുന്നത്.

സംസ്കൃതഭാഷയും ദേവനാഗരി അക്ഷരങ്ങളും സരസ്വതി നിർമ്മിച്ചതാകുന്നു. വൈഷ്ണവർ പറയുന്നതു-അതായതു അവതാരത്തിന്റെ ഇടയിലുള്ള ഒരു ചരിത്രം സരസ്വതിയും ലക്ഷ്മിയും ഗംഗയും വിഷ്ണുവിന്റെ ഭാര്യമാരായിരുന്നു എന്നും അവർ തങ്ങളിൽ വഴക്കുണ്ടാക്കയാൽ സരസ്വതിയെ ബ്രഹ്മാവിനും, ഗംഗയെ ശിവനും കൊടുത്തയച്ചു എന്നുമാണു. ഉ. വാക്ക്. സ. ഒരു നദി. സരസ്സുകളുള്ളത് എന്നർത്ഥം.

ഇതു മിക്കവാറിലും അന്തർവാഹിനിയാകുന്നു. ചില സ്ഥലങ്ങളിൽ ചില

സരസ്സുകളുടെയും മറ്റും കാണുന്നതു കൊണ്ട് ഈ പേരുണ്ടായി.

'കചചിൽ പ്രകാശം
കചചിദസ്ഫുടശ്ലേഷം
സരസ്വതീം ജനേ
മനഃസരസ്വതീം'
(രത്നക്ഷധം)

ഭ. ചന്ദ്രവംശത്തിലെ അന്തിനാരൻ എന്ന രാജാവിന്റെ ഭാര്യ. ഇ. നദി. സൂ. പുണ്യ.

സരസ്വതിക്കുകറിക്കുക- ആഭ്യമായി ആരംഭിക്കുക.

സരസ്വതീകണ്ഠാഭരണം-ഒരു കൃതി. (അലങ്കാരം).

കർത്താവു ഭോജരാജാവ്. കാവ്യരചനയേയും മറ്റും വിവരിക്കുന്നു.

സരസ്വതീകുണ്ഡം-ഒരു പുണ്യതീർത്ഥം

സരസ്വാൻ-പ. സമുദ്രം. ഉ. ഒരാൾ. സ. പോത്തു്.

സരസ്സ്-കൃത്രിമമായ പൊയ്ക. താമരയുള്ള തെന്നർത്ഥം.

താമരപ്പൂയ്ക്കുയുടെ സൗന്ദര്യമായ പേരെന്നും അർത്ഥമുണ്ടു കാണുന്നു

സരള-പ. തിങ്കേല്പരക്കുന്ന. ഉ. വെള്ള അരത്തൊച്ചി.

സരള-വി. പ. ബുദ്ധിമാനുള്ള. ഉ. ഭംഗിയുള്ള. സ. പ്രസിദ്ധപ്പെട്ട. ഭ. മനസ്സിനു കപടമില്ലാത്ത ഇ. ഇഷ്ടത്തെ അനുസരിക്കുന്ന

സരളത-ഋജുത്വം.

സരളം-പ. ഒരുമാതിരി പയിൻവൃക്ഷം, ചരളം. (ചളർ എന്നു ഭാഷ). വ്യത്യസ്തത പ്രയോഗിക്കുന്നതെന്നർത്ഥം. ഉ. സാഹിത്യസംഹൃദയപ്രകാരം രീതികളിൽ ഒന്നു്. സ. നാടുകപ്പുല്ലു്.

സരളദ്രവം-തിരുവല്ലപ്പയൻ, സരളവൃക്ഷത്തിന്റെ പശ.

സരളദ്രുമം-ചരളവൃക്ഷം.

സരാവം-പ. ഇടിഞ്ഞിൽ. ഉ. മൂടി, അടപ്പു്.

സരികാ-കറിക്കായം.

സരിതാന്നാഥൻ-കടൽ.

സരിതാംപതി-കടൽ.

സരിത്തു്-പ. പുഴ, നദി. ഉ. തുടർ, ചരടു്.

സരിൽപതി-സമുദ്രം.

സരിത്പാൻ-കടൽ.

സരിൽസുതൻ-ഭീഷ്മർ.

സരിദ്വര-ഗംഗാനദി.

സരിൽഭർത്താ-കടൽ.

സരിലം-ജലം.

സരിഷ്ടപം-കട്ടക്.

സരീസൃപം-പാമ്പു്. കടിലമായി ഇഴഞ്ഞു നടക്കുന്നതെന്നർത്ഥം.

സരു-വി. പ. തെളിഞ്ഞ. ഉ. ചെറിയ. സ. ഭംഗിയുള്ള. ഭ. വാഗ്മിപ്പിടി.

സരൂപത(ത്വം)-തുല്യത.

സരോജം-പ. താമര, താമരപ്പൂവു്. ഉ. വണ്ടാരംകോഴി.

സരോജാതാ- കൂവളത്തിലുണ്ടായതു്, താമര.

സരോജിനി-താമരപ്പൊയ്ക.

സരോത്ഭവം-വണ്ടാരംകോഴി.

സരോരുടു-താമര.

സരോരുഹാസനൻ-ബ്രഹ്മാവു്.

സരോരുഹം-പ. താമരപ്പൂവു്. ഉ. വണ്ടാരംകോഴി.

സരോവരം-പൊയ്ക, തടാകം.

സർ-ശിരസ്സു്.

സങ്കം–പ. കാറ്റ്. ഉ. പുരയം.

സക്കാരു്–പ. രാജസംബന്ധമായ എല്ലാത്തിനും കൂട്ടിച്ചേർത്തുപറയുന്ന വാക്ക്, പണ്ടത്തെവക കോയ്മ. ഉ. രാജാവു്. (പോർട്ടുഗീസുഭാഷ).

സക്കാരുവക–രാജാവിന്റെവക, രാജാവിനെ സംബന്ധിച്ചുള്ളതു്.

സത്തൻ–ശിവൻ.

സത്തബന്ധം–ഒരു കവിത.

സത്തം–പ. സത്യവും. ഉ. വിടുക. സ. നിശ്ചയം. ര. അത്യുത്തമം, കാണ്ഡം. ഇ. സൃഷ്ടി; പ്രപഞ്ചസൃഷ്ടി. ഋ. മലശോധന. ൠ. പ്രയത്നം. വൃ. സമ്മതം. ൻ. മുടമ്പടി. ഫാ. കുതിര. ഫ്ര. മോഹം.

സജ്ജകം–പ. വേങ്ങമരം (സജ്ജം എന്നുമാവാം). കറയൊലിക്കുന്നതെന്നർത്ഥം. ഉ. (മുലമ്പു) മരുതു്.

സജ്ജഗന്ധാ–അരത്ത.

സജ്ജനം–പ. വിടുക. ഉ. സൃഷ്ടിക്ക. സ. മലശോധന. ര. പുറകിലെ സൈന്യം.

സജ്ജം–പ. ചെമ്പുലവണം. ഉ. മരുതു്. സ. വേങ്ങമരം.

സജ്ജമണി–ചെമ്പുലവണം.

സജ്ജരസം–പ. ചെമ്പുലവണം, പയിനിരിന്റെ പശ. ഉ. മരുതു്.

സജ്ജിക, സജ്ജികാക്ഷാരം–ഒരുവക കാരം.

സജ്ജിക്കുന്നു–പ. വിടുന്നു. ഉ. മലമിടുന്നു. സ. സൃഷ്ടിക്കുന്നു.

സജ്ജു–പ. കച്ചവടക്കാരൻ. ഉ. മിന്നൽ. സ. പിൻതുടർച്ച.

സട്ടാർ–പ്രധാനിയുടെ സ്ഥാനപ്പേരു്.

സപ്പകഞ്ചുകം–പാമ്പിന്റെ പടം.

സപ്പക്കല്ലു്–പാമ്പിനെ പകരമുണ്ടാക്കിവെച്ച വിഗ്രഹം.

സപ്പക്കാവു്–സർപ്പങ്ങൾ ഇരിക്കുന്ന സ്ഥലത്തുള്ള മരക്കൂട്ടം.

സപ്പഗന്ധാ–ചിറ്റരത്ത.

സപ്പണം–ഇഴച്ചൽ.

സപ്പദംശം–പാമ്പിൻകടി.

സപ്പട്ടപ്പാട്ടു്–സർപ്പക്കാവുകളിൽ നടപ്പുള്ള പാട്ടു്.

വള്ളുവരാണു് ഇതു പാടുന്നതു്. ചിലരിക്കുകളിൽ കുറപ്പന്മാരും പാടും.

സപ്പഫണിജം–മാണിക്യക്കല്ലു്, സർപ്പത്തിന്റെ തലയിൽ നിന്നു കിട്ടുന്ന ഒരു രത്നം.

സപ്പബലി–സർപ്പത്തിനെ പൂജിക്കുന്ന ഒരു കർമ്മം.

സപ്പഭക്കു്–മയിൽ.

സപ്പഭൂഷണൻ–ശിവൻ. പാമ്പുകളെ അലങ്കാരമാക്കി ധരിച്ചിട്ടുള്ളതിനാൽ ഈ പേർ വന്നു.

സപ്പമണി–മാണിക്യക്കല്ലു്.

സപ്പം–പ. പാമ്പു്. ഇഴഞ്ഞുനടക്കുന്നതെന്നർത്ഥം. (സ്ത്രീ–സപ്പി).

(പാമ്പു് എന്ന പദം നോക്കുക).

ഉ. ഇഴയുക. സ. നാഗപ്പൂവു്, നാഗകേസരമെന്ന വൃക്ഷം.

സപ്പംതുള്ളൽ–പാമ്പിൻകാവിലുള്ള മരുകളി.

സപ്പരാജൻ, സപ്പരാജാവു്–വാസുകി.

സപ്പലതാ–ഒരാറിലക്കൊടി.

സപ്പവണ്ണി–മൂലക്കണ്ണു്.

സപ്പശാപം–സർപ്പത്തിനെ കൊന്നാലുണ്ടാകുന്ന പാപം.

സപ്പശായി–വിഷ്ണു

സപ്പസത്രം–തക്ഷകനെ അഥവാ നാഗങ്ങളെ കൊല്ലുന്നതിനു ജനമേജയൻ നടത്തിയ ഒരു യാഗം.

സപ്പസത്രീ–ജനമേജയൻ.

സപ്പാരാതി, സപ്പാരി–പ. ഗരുഡൻ. ര. മയിൽ.

സപ്പാവാസം–ചന്ദനം.

സപ്പാശനം–മയിൽ.

സപ്പാഹ്വം–കാരീയം.

സപ്പിണി–പ. ഒരു വൃത്തം. രാമായണം 24 വൃത്തത്തിലെ 2–ം, 9–ം, വൃത്തങ്ങളും ഈ വൃത്തമാകുന്നു. ര. സപ്പസ്ത്രീ.

സപ്പിഷ്ടം, സപ്പേഷ്ടം–ചന്ദനം.

സപ്പിസ്സ്–പ. നെയ്യ്. കലിക്കുന്നതെന്നർത്ഥം. ര. വെള്ളം.

സപ്പേന്ദ്രൻ–പ. അനന്തൻ. ര. വാസുകി.

സമ്മം–പ. ശമനം, അനക്കം. ര. ആകാശം. ന. സ്വർഗ്ഗം.

സവ്വ–വി. മുഴുവനായ, എല്ലാം.

സവ്വകരൻ–ശിവൻ.

സവ്വകലാശാല–ഉത്തമകലകളെ അഭ്യസിപ്പിക്കുന്ന സ്ഥാപനം.

സവ്വകാരണൻ–വി. എല്ലാറ്റിനും കാരണമായവൻ, ദൈവം.

സവ്വകെ–എല്ലായിടങ്ങളിലും.

സവ്വകേശി–നടൻ.

സവ്വകൃഷ്ട–വി. പ. ശമിപ്പിക്കുന്ന. ര. എല്ലാം നശിപ്പിക്കുന്ന, സവ്വശക്തിയുള്ള. ന. വഞ്ചകൻ, ദ്രോഹി.

സവ്വഗ–വി. എല്ലായിടത്തും വ്യാപിക്കുന്ന.

സവ്വഗൻ–പ. വിഷ്ണു. ര. ശിവൻ. ന. ആത്മാവു്. ഭ. എല്ലായിടത്തും പ്രാപിച്ചവൻ ഉ. ഭീമൻ ബലന്ധരയിൽ ജനിച്ചവൻ

സവ്വഗം–ജലം.

സവ്വഗാ–ഒരു ദേവത, പ്രിയംഗു.

സവ്വചാരി–ശിവൻ.

സവ്വജനീന–വി. കീർത്തിയേറിയ.

സവ്വജിത്തു്–പ. എല്ലാറ്റിനേയും ജയിക്കുന്നവൻ. ര. അശ്വതിയിൽ 21–ാം വർഷം.

സർവ്വജ്ഞ–വി. സർവ്വതേയും അറിയുന്ന.

സർവ്വജ്ഞൻ–പ. ദൈവം. ര. ശിവൻ. ന. സർവ്വതേയും അറിയുന്നവൻ. ഭ. ബുദ്ധമുനി.

സർവ്വജ്ഞപീഠം കയറുക — വലിയ വിദ്വാനാവുക, അനിഷേധ്യം പോലെ ഒരു പഠിപ്പുകാരൻ ഇല്ലെന്നുള്ള നിലയിൽ എത്തുക.

സർവ്വജ്ഞാ–ദുർഗ്ഗ.

സർവ്വതഃ–ചുറ്റും, മുഴുവനും.

സർവ്വതാപനൻ–കാമദേവൻ.

സർവ്വതോഭദ്ര–എല്ലാടവും മംഗളമുള്ള.

സർവ്വതോഭദ്രം–പ. ദേവാലയവകഭേദം, നാലുവശത്തും വാതിലുള്ള അമ്പലമോ രാജധാനിയോ.

1. സ്വസ്തികം–നാലുദിക്കിലേക്കും നടയുള്ളതു്.
2. സർവ്വതോഭദ്രം–മേലേമേലേ നിലകളുള്ളതു്.
3. നന്ദ്യാവൃത്തം–വട്ടത്തിലുള്ളതു്.
4. വിമാനകം (വിമാനാർദ്ധകം)–വളരെ വിസ്താരവും മംഗിയുമുള്ളതു്.

ര. വേപ്പുവൃക്ഷം. ന. വിഷ്ണുവിന്റെ രഥം. ഭ. അണിമാദേവം, ഒരുമാതിരി വ്യൂഹം. ഉ. ഗുഡൂച്യാവൃക്ഷം. ഫ. മുള, ഇല്ലി.

സർവ്വതോഭദ്രവ്യൂഹം-വ്യൂഹഭേദം.

സർവ്വതോഭദ്രം-ക. പെരുംകുമിഴ്. ഖ. അട്ടക്കോരത്തി. ന. ചിത്രം എന്ന അലങ്കാരത്തിൽപ്പെട്ടത്.

സർവ്വതോമുഖം-ക. എല്ലാവശത്തുംകൂടിയ. ഖ. എല്ലാമതിരിയിലുള്ള, പൂർണ്ണമായ.

സർവ്വതോമുഖൻ-ക. ശിവൻ. ഖ. ബ്രഹ്മാവ്. ന. ബ്രാഹ്മണൻ. ഭ. ആത്മാവ്.

സർവ്വതോമുഖം-ക. വെള്ളം. ഖ. ആകാശം. ന. ഇന്ദ്രസഭ്യൻ. ഭ. അഗ്നി.

സർവ്വത്ര-ക. എല്ലിടവും. ഖ. എല്ലാസ്ഥാനവും.

സർവ്വഥാ-അ. ക. എല്ലാപ്രകാരത്തിലും. ഖ. എല്ലാസ്ഥാനവും. ന. ഏറവും. ഭ. പൂർണ്ണമായിട്ട്.

സർവ്വദമ(ന)ൻ—ദക്ഷിണന്റെ പുത്രൻ, ഭദ്രൻ.

സർവ്വദർശനസംഗ്രഹം— ന്യായം, വൈശേഷികം മുതലായ ദർശനങ്ങളുടെ ഒരു സംഗ്രഹം.

കർത്താവ്-മാധവാചാര്യർ.

സർവ്വദർശി-ക. പരബ്രഹ്മം. ഖ. ബുദ്ധൻ.

സർവ്വദാ-അ. എല്ലാസ്ഥാനവും.

സർവ്വദൃക്ക്-വി. എല്ലാം കാണുന്ന.

സർവ്വധാരി-ക. അധിപതിയിൽ ഇരുപത്തിരണ്ടാം സംവത്സരം. ഖ. ശിവൻ.

സർവ്വധുരാവഹൻ, സർവ്വധുരീണൻ-എല്ലാ ഭാരത്തേയും വഹിക്കുന്നവൻ. ഉപചാരത്താൽ മറ്റു സർവ്വധുരാവഹന്മാർക്കും (സർവ്വധുരീണന്മാർക്കും) പറയാം.

സർവ്വൻ-ക. ശിവൻ. ഖ. വിഷ്ണു, എല്ലാം താൻതന്നെ ആയുള്ളവൻ.

സർവ്വഭക്ഷ-വി. എല്ലാറ്റിനേയും ഭക്ഷിക്കുന്ന.

സർവ്വഭക്ഷാ-പെണ്ണാട്.

സർവ്വഭാവകരൻ-ശിവൻ.

സർവ്വഭാവനൻ-ശിവൻ.

സർവ്വമംഗല(ള)ാ-പാർവ്വതി.

സർവ്വമയ-വി. എല്ലാടവും നിറഞ്ഞ.

സർവ്വമാന്യം-കരമെഴിവായ വസ്തു.

സർവ്വമൂഷകം-സമയം. എല്ലാത്തിനേയും മോഷ്ടിക്കുന്നതെന്നർത്ഥം.

സർവ്വംസഹാ-ഭൂമി. സകലവും സഹിക്കുന്നതെന്നർത്ഥം.

സർവ്വയോഗി-ശിവൻ.

സർവ്വരസൻ-സമർത്ഥൻ, വിദ്വാൻ.

സർവ്വരസം-ക. ഉപ്പ്. ഖ. ഉപ്പുരസം. ന. ചേഞ്ചല്യം. എല്ലാവരാലും ആസ്വദിക്കപ്പെടുന്നത് എന്നർത്ഥം.

സർവ്വലാ-ഇരിമ്പുപാര, തേന്മരം. (തമിഴിൽ) ചില്ലുക്കോൽ. എല്ലാവരേയും പിടിക്കുന്നത് എന്ന ശബ്ദാർത്ഥം.

കടോലിമൻറ ആകൃതിയിൽ ഇരിമ്പുകൊണ്ടുണ്ടാക്കിയ ഒരായുധവിശേഷമത്രെ തേന്മരം.

സർവ്വലാലസൻ-ശിവൻ.

സർവ്വലിംഗി-സത്യമതവിപരീതക്കാരൻ, പാഷണ്ഡൻ. ഒരു മതക്കാരുടേയും ചിഹ്നം പൂർണ്ണമായിട്ടില്ലാത്തതുകൊണ്ടു ഈ പേർ വന്നു.

വൈദികധർമ്മത്തിനു വിരോധമായ ആചാരങ്ങളോടുകൂടിയ ബൌദ്ധക്ഷപണകാദികളുടെ പേർ.

സർവ്വലോഹം-ഇരിമ്പുശരം.

സർവ്വവല്ലഭൻ-എല്ലാപ്രകാരത്തിലും സമർത്ഥനായുള്ള രക്ഷകൻ, ഈശ്വരൻ.

സർവ്വവല്ലഭാ-വേശ്യാസ്ത്രീ.

സർവ്വവേദൻ—നാലുവേദങ്ങളും പഠിച്ചവൻ.

സർവ്വവേദസ്സ്-സ്വന്തമതത്തെയല്ലാം കൊടുത്തു യാഗം നടത്തുന്നവൻ.

സർവ്വവ്യാപി—വി. എല്ലാടവും വ്യാപിച്ച.

സർവ്വശ—അ. എല്ലാവിധത്തിലും, പരമേ.

സർവ്വസന്നഹനം-ചതുരംഗസൈന്യമെല്ലാം ഒന്നിച്ചുചേർന്ന പടപുറപ്പെടുക.

സർവ്വസന്നാഹം-പൂർണ്ണസേനയെ കൂട്ടുക

സർവ്വസസ്യാഢ്യ-വി. എല്ലാ സസ്യങ്ങളുമുള്ള.

സർവ്വസാക്ഷി-വി. സകലസംഭവങ്ങളെയും സർവ്വസാക്ഷികൾ-14. ആദിത്യൻ, ചന്ദ്രൻ, വായു, അഗ്നി, ആകാശം, ഭൂമി, ജലം, ഹൃദയം, യമൻ, പകൽ, രാത്രി, സന്ധ്യ ഉം, ധർമ്മം.

സർവ്വസാധനൻ-ശിവൻ.

സർവ്വസിദ്ധി-വിലപം.

സർവ്വസ്വം-ന. ഒരാളിന്റെ വസ്തുവക മുഴുവനും, എതിന്റെ എങ്കിലും സാരം.

സർവ്വഹരം-മരണം.

സർവ്വാംഗൻ-ശിവൻ.

സർവ്വാംഗം-ന. ദേഹം മുഴുവനും. ഉ. എല്ലാ അംഗങ്ങളും.

സർവ്വാംഗസുന്ദര-വി. എല്ലാ അംഗങ്ങളിലും ഒരുപോലെ സൗന്ദര്യമുള്ള.

സർവ്വാണി-ന. രാജാക്കന്മാരുടെ തിരുനാൾപ്രമാണിച്ചും മറ്റും പണം കൊടുക്കുക. ഉ. പാർവ്വതി, ശർവ്വാണി. നാ. ഇരപ്പാളികൾക്കു കൊടുക്കുന്ന സദ്യ.

സർവ്വാത്മനാ-പൂർണ്ണമനസ്സോടെ.

സർവ്വാധികാരി-സകല അധികാരവുമുള്ളവൻ.

സർവ്വാധികാര്യക്കാർ-ഒരു മുഖ്യോദ്യോഗസ്ഥൻ.

സർവ്വാധികാര്യം—സർവ്വാധികാര്യക്കാരുടെ ഉദ്യോഗം.

സർവ്വാധിപത്യം - സകലത്തിന്റേയും അധിപതന്റെ അവസ്ഥ.

സർവ്വാധ്യക്ഷൻ -സർവ്വാധികാര്യക്കാർ.

സർവ്വാധ്യക്ഷം - സർവ്വാധികാര്യക്കാരുടെ അധികാരം.

സർവ്വാന്നത്രതി-ശ്രീകോവിലരക്കന്ന. മധുരം മുതലായ ആറുരസങ്ങളുടേയും അന്നമേവുള്ളതു് എന്നർത്ഥം. എല്ലാവരാലും അന്നമേവിക്കപ്പെടുന്നതു് എന്നുമാവാം.

സർവ്വാന്തര്യാമി-സർവ്വവ്യാപി.

സർവ്വാന്നഭക്ഷക, സർവ്വാന്നഭോജി, സർവ്വാന്നീനാ-വി. എല്ലാവരുടേയും (ജാതിമതഭേദം കൂടാതെ സകലരുടേയും) ചോറുണ്ണുന്ന.

സർവ്വാഭിസന്ധി-ദുഷ്ടനക്കാരൻ. ഉ. കള്ളസന്ന്യാസി.

സർവ്വാഭിസാരം-പൂർണ്ണസേനയെ കൂട്ടുക, ചതുരംഗസൈന്യമെല്ലാം ഒന്നിച്ചുചേർന്ന പടപുറപ്പെടുക.

സർവ്വാർത്ഥസാധികാ-ദുർഗ്ഗ.

സർവ്വാർത്ഥസിദ്ധൻ-ശാക്യമുനി. സകലകാര്യങ്ങളേയും സാധിച്ചവൻ എന്നർത്ഥം.

സർവ്വാർത്ഥസിദ്ധി-ഒരു രാജാവു് സകല കാര്യങ്ങളേയും സാധിച്ചവൻ എന്നർത്ഥം.

സർവ്വാവസരാ-അർദ്ധരാത്രി

സർവ്വേശ്വരൻ-ശിവൻ, ദൈവം.

സർവ്വേശ്വരി-പാർവതി.

സർവ്വാധ്വരൻ-പുണ്ഡ്രസേനരെയെക്കുട്ടുന്നവൻ.

സർവ്വാധ്വരം-പ. പുണ്ഡ്രസേനരെയെ കുട്ടുക. ഉ. അതിരാവശം.

സർവ്വോപരി-അ. എല്ലാത്തിനും മീതെ.

സർവ്വോപരിയായ്-എല്ലാറ്റിനുംമീതെ.

സർവ്വോപായി-പ. എല്ലാപ്രയത്നങ്ങളും ഉപയോഗിക്കുക. ഉ. ഭേദവം.

സർവ്വോൻമുഖ-വി. പല മുഖങ്ങളുമുള്ള.

സർഷപം-പ. കടുക്. ഇതിൽനിന്നും എണ്ണയുണ്ടാക്കുന്നതിനാൽ ഈ പേർവന്നു. (സരിക്ഷപം എന്നുമുണ്ട്). ഉ. ഒരുവക വിഷം.

സല-അകത്തുക.

സലക്ഷണ-വി. ലക്ഷണത്തോടുകൂടിയ.

സലവണം-വെള്ളത്തീയം.

സലാം-പ. വന്ദനം. ഉ. സമാധാനം. (അറബിഭാഷ)

സലിലകന്ദളം-കരിമ്പായൽ.

സലിലനിധി-സമുദ്രം.

സലിലപ്രിയം-പന്നി.

സലിലം-വെള്ളം. ഒഴിച്ചുകൊണ്ടിരിക്കുന്നത് എന്നർത്ഥം. (സരിലം, സലിരം, സരിരം ഇവ പാഠങ്ങൾ).

സലിലവാദ്യം-ഉദകവാദ്യം.

സലിലം = വെള്ളം. അതുകൊണ്ടുള്ള വാദ്യം ജലക്രീഡ ചെയ്യുമ്പോൾ ജലത്തിൽ കൈകൊണ്ടടിച്ചിട്ട് മുള്ളുത്തിന്റെ ഒച്ചപോലെ മുഴക്കമുണ്ടാക്കുന്ന ഒരുവിധം കൊട്ടാകുന്നു ഇതു്. തെക്കൻ മിക്കകളിലേ സ്ത്രീകൾ ഈ വിദ്യ സാധാരണമായറിയുന്നവരാണ്.

സലിലരാശി-കടൽ.

സലീലം-അ. കളിയായിട്ട്, പ്രയാസം കൂടാതെ.

സലോകതാ-സായുജ്യം.

സല്ലകി-ഇലഞ്ഞിവൃക്ഷം. വേരോട്ടമുള്ളതു് എന്നർത്ഥം. (സില്ലകി, ശല്ലകി ഇങ്ങനെയുമാവാം).

സല്ലാപം-സംഭാഷണം.

സല്ലാപിക്കുന്നു-നല്ല വർത്തമാനം പറയുന്നു.

സല്ലീന-വി. നല്ലതിൽ ചേർന്നിട്ടുള്ള. ഉ. നല്ലപോലെ ചേർന്ന.

സവൻ-പ. സൂര്യൻ. ഉ. ചന്ദ്രൻ.

സവനം-പ. കളി. ഉ. പൂജികൽ. ന. പ്രസവം. ഭ. യാഗം. ഇ. കർപ്പൂരം. ന. സോമവള്ളി ഇടിച്ചു പിഴിയുന്ന ക്രിയ. ഒ. യജ്ഞാന്തസ്നാനം.

സവാരം-പ. യാഗം. സോമലത ഇതിൽ സവനം ചെയ്യപ്പെടുന്നതിനാൽ ഈ പേർ വന്നു. ഉ. സന്തതി. ന. കവള്ളം. ഭ. പൂന്തേൻ.

സവയസ്സ്-വി. തുല്യ വയസ്സുള്ള.

സവയസ്സ് - ചെങ്ങാതി. സമാനമായ വയസ്സോടുകൂടിയവൻ എന്നർത്ഥം.

സവരൻ-ശിവൻ.

സവരം-ജലം.

സവർണ്ണ-(വിഷ്ണുപുരാണപ്രകാരം) സമുദ്രത്തിന്റെ പുത്രി, പ്രചേതസ്സുകളുടെ മാതാവു്.

സരണ്യു കാടിപ്പോയപ്പോൾ ഇവളെയാണ പകരം നിർമ്മിയതെന്നു കാണുന്നു.

സവർണ്ണ-വി. ഒരേ നിറത്തിലോ ജാതിയിലോ ഉള്ള.

സവർണ്ണനംചെയ്യുക — ഒപ്പമാക്കുക. അനുരൂപമാക്കുക. Assimilation.

സവാരി— സുഖത്തിനായിട്ടുള്ള ചെറിയ സഞ്ചാരം (നടപ്പ്). (ഉപഷ്ടൻരോക്ഷ).

സവിതാവ്-പ. ആദിത്യൻ, ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തുന്നവൻ എന്നർത്ഥം. ഉ. ശിവൻ. സ. ഇന്ദ്രൻ. ഭ. പ്രപഞ്ചസൃഷ്ടികർത്താവ്.

സവിത്രി-പ. അമ്മ. ഉ. പത്നി.

സവിധ-വി. പ. അടുത്തുള്ള. ഉ. തുല്യജാതിയായുള്ള.

സവിധം-സമീപം.

വിനയ-വി. മര്യാദയുള്ള, വണക്കമുള്ള.

സവിസ്തരം-അ. വിസ്തരിച്ച്.

സവിസ്മയ-വി. അത്ഭുതത്തോടുകൂടിയ.

സവേശ-വി. പ അടുത്തുള്ള. ഉ. അലങ്കരിച്ച.

സവേശം-സമീപം.

സവ്യ-വി. പ. ഇടത്തെ, ഇടത്തുള്ള. ഉ. തെക്കുള്ള. സ. വിപരീതമായുള്ള. ഭ. പിന്നാക്കമുള്ള.

സവ്യൻ-വിഷ്ണു.

സവ്യം-പ. ഇടത്തുഭാഗം, ഇടത്തേത്. ഉ. വലത്തേത്.

സവ്യസാചി-അർജ്ജുനൻ.

സവ്യാനം-ഉത്തരീയം.

സവ്യേഷ്ഠൻ, സവ്യേഷ്ഠാവ്-തേർ തെളിക്കുന്ന സൂതൻ. ഇടത്തുവശമിരിക്കുന്നവനെന്നർത്ഥം.

സശല്യം — സദ്യോവ്രണനിദാനത്തിൽപെട്ട ഒരു രോഗം.

കരുവാളിച്ചിട്ടും നീരോടും പിടികലർന്നോടും കൂടക്കൂടെ രക്തസ്രാവത്തോടും മൃദുവായി നീർക്കുമിളപോലെ പൊങ്ങി മാംസത്തോടുകൂടിയിരിക്കുന്ന വ്രണം ശല്യത്തോടുകൂടിയ വ്രണമാകുന്നു.

സശ്രദ്ധ-വി. ശ്രദ്ധയുള്ള.

സശ്രീക-വി. ഐശ്വര്യമുള്ള.

സസന്ദേഹം-ഒരലങ്കാരം.

സസ്യം—യാഗത്തിന്നായി ചെയ്യുന്ന പശുഹിംസ. (ശമനത്തിന്റെ പാഠം).

സസ്യകം-വാൾ, ആയുധം.

സസ്യമഞ്ജരി — നെല്ലിന്റെ കുല. നെൽക്കതിർ എന്നും കാണുന്നു.

സസ്യമാരി-പ. മഴ. ഉ. ധാന്യനാശം.

സസ്യം-പ. വൃക്ഷലതാദികളുടെ കായ്. വൃക്ഷാദികളെ ആശ്രയിക്കുന്നതെന്നർത്ഥം.

ചക്ക, മത്തൻ, പഴുക്ക മുതലായവ. ഉ. ധാന്യം. സ. ചെടികൾ.

സസ്യശുകം-നെല്ലിന്റെ കുല(വ്).

സസ്യസംഭരം-മരുതുവൃക്ഷം. സസ്യങ്ങളാൽ വരിക്കപ്പെടുന്നതെന്നർത്ഥം.

സഹ-വി. സഹിക്കുന്ന, ക്ഷമയുള്ള.

സഹ-അ. കൂടെ.

സഹം-പ. ഉപക്ഷേമാസം, ധനുമാസം. ഉ. ബലം.

സഹകാരം—തേന്മാവ്. സ്ത്രീപുരുഷന്മാരെ കൂട്ടിച്ചേർക്കുന്നതെന്നർത്ഥം.

സഹകാരി(രിണി)-ഒത്താശ ചെയ്യുന്നവൻ (വൾ), കൂട്ടുകാരൻ (രി).

സഹഗമനം-പ. കൂടെ പോക. ഉ. ഉടങ്ങുവ്.

സഹചാര-വി. കൂടെ സഞ്ചരിക്കുന്ന.

സഹചരൻ-കൂട്ടുകാരൻ.

സഹചരം-മഞ്ഞപ്പൂവുള്ള മുരിക്കുമരം.

സഹചരി-പ. മര്യ. ഉ. തോഴി. സ. ചെറുകുറിഞ്ഞി, മഞ്ഞപ്പൂവുള്ള മുരിക്കുമരം, വണ്ടുകൾ പെൺവണ്ടുകളെ

ന്നിച്ച് ഇതിൽ സഞ്ചരിക്കുന്നതിനാൽ ഈ പേരുണ്ടായി.

സഹചാരി-വി. കൂടെ നടക്കുന്ന.

സഹജ-വി. കൂടെ ജനിച്ച.

സഹജഗുണചതുഷ്ടയം — മാതൃത്വം, പ്രിയവക്തൃത്വം, ധീരത്വം, ഉചിതജ്ഞത.

സഹജൻ-അനുജൻ.

സഹജാ-അനുജത്തി.

സഹജാരി-സ്വഭാവേനയുള്ള ശത്രു.

സഹതാ(ത്വം)-ഒരുമിപ്പ്.

സഹദേവൻ-പ പാണ്ഡവന്മാരിൽ അഞ്ചാമൻ.

മാദ്രിയിലുണ്ടായ ഒരുത്തിസുന്ദരനാണ്. വിഷയം എന്നാതു മായ്ക്കുടിയുണ്ടായിരുന്നു. സുഹോത്രൻ അവളുടെ പുത്രനാണ്. സഹദേവനെ ജ്യോതിഷം വായിപ്പിച്ചതു ദ്രോണരാകുന്നു. അജ്ഞാതവാസത്തിൽ സഹദേവന്റെ പേർ-ജയദ്ബലൻ എന്നു കാണുന്നുണ്ട്. 'തന്തിപാലൻ' എന്ന പേരിനാണ് പ്രസിദ്ധി.

പ. ജരാസന്ധന്റെ പുത്രൻ.

സഹദേവി-ഒരു പച്ചമരുന്ന്, പൂവാംകുറുന്തൽ.

സഹധർമ്മം-വിവാഹം.

സഹധർമ്മിണി-ഭാര്യ. ഉഭകപൂർവ്വാനുമതൽ ഭർത്താവൊന്നിച്ചു സകല ധർമ്മങ്ങളേയും ചരിക്കുന്നവൾ എന്നർത്ഥം. (സധർമ്മിണി എന്നുമാവാം).

സഹന-വി. ക്ഷമയുള്ള.

സഹനത-ക്ഷമ.

സഹനം-ക്ഷമ.

സഹപാഠി-കൂടെ പഠിക്കുന്ന ആൾ.

സഹപാനം-കൂടെക്കുടിക്കുക.

സഹഭാവി-കൂട്ടുകാരൻ.

സഹഭോജനം-കൂടെ ഭക്ഷിക്കൽ, ഒരുമിച്ചുള്ള ഭക്ഷണം.

സഹയാനം-കൂടെ പോക.

സഹവാസം-പ കൂടെ പാർക്കൽ. പ. സംസർഗ്ഗം.

സഹസ്സ്-പ. ഐപക്ഷമാസം, ധനുമാസം. സഹിക്കുന്നതെന്നർത്ഥം. പ. ബലം, പരാക്രമം. ന. പ്രകാശം.

സഹസാ-അ. പ. പെട്ടന്ന്, വേഗം. പ. വിചാരിക്കപ്പെടാതെ. ന. ബലത്തോടെ. ര. പുഞ്ചിരിയോടുകൂടി.

സഹസ്രം-പ മയിൽ. പ. ഒരു യാഗം.

സഹസ്യം-ധനുമാസം, ഐപക്ഷമാസം.

സഹസ്രകവചൻ - കണ്ണനായുണ്ടായ ഒരസുരൻ.

സഹസ്രകിരണൻ-ആദിത്യൻ.

സഹസ്രദംഷ്ട്രം(ഷ്ട്രീ)- ആയിരം പല്ലുള്ള ഒരുവക മത്സ്യം. പുരാതനകാലത്തു് ആര്യന്മാർ ഹവ്യകവ്യങ്ങളിൽ ഇതിന്റെ മാംസം ഉപയോഗിച്ചിരുന്നു.

സഹസ്രധാരം-വിഷ്ണുവിന്റെ ചക്രം.

സഹസ്രനയനൻ-പ. ഇന്ദ്രൻ. പ. ഉശനസ്സ്.

സഹസ്രനാമം-വിഷ്ണുവിന്റെയോ ശിവന്റെയോ ആയിരം നാമം.

സഹസ്രനേത്രൻ-പ. ഇന്ദ്രൻ. പ. ഉശനസ്സ്. ന. വിഷ്ണു.

സഹസ്രപദൻ-ഒരു മുനി.

ഡുണ്ഡുഭവേഷധാരികളായി നടിച്ചു നടക്കുമ്പോൾ ഒരു മഹർഷി രാക്കാൽവാൻ തുടങ്ങി. ആ മഹർഷി ഭാര്യയാക്കാൻ നിശ്ചയിച്ചിരുന്ന പ്രമദ്വരയെ മുറ്റത്തുശിവസം ഒരു സർപ്പംകടിച്ചു കൊല്ലുകയും തന്റെ ആയുസ്സുകൊടുത്തു അവളെ ജീവിപ്പിക്കയും ചെയ്തതിന്റെശേഷം പ്രതിക്രിയക്കായി കണ്ഡുഖികളെ രാക്കാൽവാൻ തുടങ്ങി. ആ കൂട്ടത്തി

ലാണ സഹസ്രപത്രം കിട്ടിയത്. സഹസ്രപത്രൻ മുനിശാപം നിമിത്തം വേഷച്ഛന്നനായതെങ്ങനെയും നിരപരാധിയായതെങ്ങനെയും പറഞ്ഞു. സഹസ്രപത്രന്റെ സഖിയായ ഖഗമൻ എന്ന മുനി ഹോമംചെയ്തുകൊണ്ടിരിക്കുമ്പോൾ നേരംപോക്കിനായി സഹസ്രപത്രൻ തൃണംകൊണ്ടുണ്ടാക്കിയ സർപ്പത്തെ എടുത്തിട്ടു. ഖഗമൻ വാസ്തവമറിയാതെ ഭയപ്പെട്ടു മൂർച്ഛിതനായി വീണു. പിന്നീടു തെളിഞ്ഞ മൂഢനായ നീയും ഈ രൂപമായ് വരികെന്നു ശപിച്ചു. കളിയായതെന്നും ശാപമോക്ഷം വേണമെന്നും സഹസ്രപത്രൻ അപേക്ഷിച്ചു. തന്മുനി നിന്നെക്കണ്ടാൽ ശാപം തീരുമെന്നു ശാപമോക്ഷം നൽകി.

സഹസ്രപത്രം–ക. താമര. പ. വണ്ടാരംകോഴി.

സഹസ്രബാഹു– ക. കാർത്തവീര്യൻ. പ. ബാണാസുരൻ. സ. ശിവൻ. ഭ. വിഷ്ണു.

സഹസ്രഭിത്തു്–കസ്തൂരി.

സഹസ്രഭുജാ–ദുർഗ്ഗ.

സഹസ്രഭുജൻ–വിഷ്ണു.

സഹസ്രഭോജനം–ആയിരംപേർക്കുകൊടുക്കുന്ന ഭക്ഷണം.

സഹസ്രം–ക. ആയിരം. പ. ഒരു വലിയതുക.

സഹസ്രമെരുലി–വിഷ്ണു.

സഹസ്രരശ്മി–സൂര്യൻ.

സഹസ്രലോചനൻ–ഇന്ദ്രൻ.

സഹസ്രവദനൻ–വിഷ്ണു.

സഹസ്രവീര്യൻ–കാകം. വളരെ പ്രഭാവമുള്ളതു് എന്നർത്ഥം.

സഹസ്രവേധി–ക. സഹസ്രവേധിക്കുള്ള്. പ. ചെമ്പരുന്തു്. സ. പുരിയാരൽ. ഭ. കസ്തൂരി.

സഹസ്രശിഖരം–വിന്ധ്യൻപർവ്വതം.

സഹസ്രശ്രവണൻ–വിഷ്ണു.

സഹസ്രഹയശ്രേഷ്ഠം–ഇന്ദ്രന്റെ രഥം.

സഹസ്രാംശു–ആദിത്യൻ.

സഹസ്രാക്ഷൻ–ക. ഇന്ദ്രൻ.

(അഹല്യാഭർത്താവായ ഗൗതമമഹർഷിയുടെ കഥ സുപ്രസിദ്ധമാണല്ലോ).

പ. ഉഗ്രമൻ. സ. ശിവൻ. ഭ. വിഷ്ണു.

സഹസ്രാരം–ചക്രായുധം.

'സഹസ്രാരമതുകണ്ടുയേപ്പെട്ടു'

(സന്താനഗോപാലം പാന)

സഹസ്രാനനൻ–വിഷ്ണു.

സഹസ്രി–വി. ആയിരമുള്ള.

സഹസ്രി–ക. സേനയുടെ മുറകൾ നടത്തുന്ന ഒരു സൈന്യങ്ങളുടെ അറകൾതങ്ങളും നോക്കിക്കണ്ടറിയുന്നവൻ. പ. ആയിരം പേരുള്ള ഒരു പട്ടാളം. സ. ആയിരം പേർക്കു യജമാനൻ. ഭ. ആയിരം പല്ലുള്ള ഒരുവക മീൻ.

സഹസ്രേക്ഷണൻ–ക. ഇന്ദ്രൻ. പ. ഉഗ്രമൻ.

സഹസാത്തു്–വി. ബലമുള്ള.

സഹാ–ക. ഭൂമി. പ. മഞ്ഞക്കുറുഞ്ഞോട്ടി. സ. അരത്ത. ഭ. ചിറ്റരത്ത. ഇ. നാഗ്ഗുണം. ഗ. കറിഞ്ഞി. ഘ. മേഘനാമി. ങ. കാട്ടുപയറ്. ൻ. ഒരുവള്ളിപ്പൂവുള്ള കറിഞ്ഞി.

സഹായത(ത്വം)–ക. സഹായങ്ങളുടെ സമൂഹം, സഹായക്കാരുടെ കൂട്ടം. പ. സഹായമനസ്സു, ഒത്തുമിപ്പു്, സ്നേഹം, ഇഷ്ടം. സ. ഗുണം.

സഹായൻ–ക. കൂട്ടുകാരൻ, സഹായി. കൂടെ ശമിക്കുന്നവൻ എന്നർത്ഥം. മറ്റു പല്ലുയേങ്ങും– അനുപ്ലവൻ, അനുചരൻ, അഭിസരൻ, പ. ശിവൻ.

സഹായം–ക. ഗുണം. പ. ഉപകാരം. സ. ഭയം. ഭ. രക്ഷണം. ഇ. വിലക്കാവു്.

സഹായവൽ-വി. സഹായമുള്ള.

സഹായവാൻ-സഹായിക്കുന്നവൻ, ഇഷ്ടൻ.

സഹായി-കൂട്ടുകാരൻ, തുണക്കാരൻ.

സഹായിക്കുന്നു-തുണയ്ക്കുന്നു.

സഹാരം-പ്ര. മാവ്. ഉ. മാങ്ങ. ന. പ്രപഞ്ചനാശം.

സഹാരി-പ്ര. സൂര്യൻ. ഉ. ശ്രീ.

സഹിക്കുന്നു-പ്ര. ക്ഷമിക്കുന്നു. ഉ. അനുഭവിക്കുന്നു.

സഹിത-വി. കൂടിയ, കൂടെയുള്ള.

സഹിത്രം-ക്ഷമ.

സഹിയായ്ക-സഹിച്ചുകൂടായ്ക.

സഹിഷ്ണു-വി. ക്ഷമയുള്ള.

സഹിഷ്ണുത-ക്ഷമ.

സഹൃരി-പ്ര. ആദിത്യൻ. ഉ. കാള.

സഹൃദയ-വി. പ്ര. ദയയുള്ള. ഉ. വിദ്യയുള്ള.

സഹൃദയൻ-വിദ്വാൻ, അഭിപ്രായം അറിയുന്നവൻ.

സഹോക്തി-ഒരലങ്കാരം.

'ഇതരജ്ഞനമായുള്ള സഹജനുമുരയ്ക്കുകിൽ സഹോക്തിയാമലങ്കാരമാലങ്കാരികസമ്മതം'

എന്ന ലക്ഷണം. ഉ-ം,

'ചരമഗിരിശിരസിരവിയുംപ്രവേശിച്ചിതു് ചാരുലങ്കാപുരാഗ്രേകപിവീരനും'

സഹോഢജൻ-വിവാഹകാലത്തുതന്നെ സ്ത്രീയുടെ ഗർഭത്തിലുണ്ടായിരുന്ന പുത്രൻ.

(ഭാഗശപുത്രന്മാർ എന്നതു നോക്കുക).

സഹോഢൻ-ഒരാണ്ടിയോടുകൂടി പിടിക്കപ്പെട്ട കള്ളൻ.

സഹോദരൻ-പ്ര. ജ്യേഷ്ഠൻ. ഉ. അനുജൻ.

സഹോദരി-പ്ര. ജ്യേഷ്ഠത്തി. ഉ. അനുജത്തി.

സഹോര-വി. വിശിഷ്ടമായ, നല്ലതായ.

സഹോരൻ-പ്ര. സന്യാസി. ഉ. ഭക്തിയുള്ളവൻ, ശ്രേഷ്ഠൻ.

സഹ്യ, സഹനീയ-വി. പ്ര. സഹിക്കപ്പെട്ടവൻതക്ക. ഉ. സമമാക്കപ്പെട്ടവൻതക്ക. ന. ചേരുവാൻതക്ക. ഭ. കൂട്ടപ്പെട്ടവൻതക്ക. ഇ. ശക്തിയുള്ള.

സഹ്യം-പ്ര. ഒരു പർവ്വതം (സഹ്യപർവ്വതം). ഉ. സഹിപ്പാൻ തക്കതു്. ന. സുഖം. ഭ. സഹായം. ഇ. യോഗ്യത.

സഹ്യാത്മജാ-കാവേരി നദി.

സാ

സാ-പ്ര. അവധി. ഉ. ലക്ഷ്യം. ന. പാർവ്വതി.

സാകം-അ. കൂടെ.

സാകല്യം-പ്ര. മുഴുവൻ, സമ്പൂർണ്ണത. സകലമാവു എന്നുള്ളതു്. ഉ. അകത്തുകം, ഭാഗത്തം. ഉ-ം, ഉരുപ്പിക സാകല്യമായിട്ടു നൽകി.

സാകാംക്ഷം-കാവ്യദോഷങ്ങളിൽ ഒന്നു്.

സാകൂതം-അ. ആകുലഭാവത്തോടുകൂടി.

സാക്രുതം-അ. പ്ര. ഉദ്ദേശ്യത്തോടുകൂടി. ഉ. ശ്രദ്ധയോടുകൂടി. ന. വിലാസത്തോടുകൂടി.

സാകേതം-ഒരു രാജ്യം, അയോദ്ധ്യ.

സാക്ഷി-തെളിവു്.

താഴ്ക്കഴ എന്നതു ലോപിച്ചുണ്ടായ 'സാക്ഷ' ആയതു്.

സാക്ഷാൽ-എങ്ങും പ്രത്യക്ഷമായി കാണുന്നതു്. (ഇതു വേദത്തിലെ ഉപനിഷത്തിലാണു്).

സാക്ഷരന്മാർ–ക. വിദ്യാഭ്യാസം സിദ്ധിച്ചവർ. ഉ. അക്ഷരാഭ്യാസംമാത്രം ചെയ്തിട്ടുള്ളവർ.

'സാക്ഷരന്മാർമരിക്കുമ്പോൾ
രാക്ഷസന്മാരായിത്തീരും
പക്ഷപാതമതുപിന്നെ
അക്ഷരവിദ്യയിൽവേണം'

(ത്രിപുരദഹനം ഖ 32ൽ)

സാക്ഷാൽ–അ. ക. സത്യമായി. ഉ. തെളിവായി. ന. തുല്യമായി.

അക്ഷത്തോടുകൂടിയതു് സാക്ഷം. അതിനെ അതിക്രമിക്കുന്നതു എന്നർത്ഥം–പ്രത്യക്ഷത്തിൽ.

സാക്ഷാൽ–വി. ക. എങ്ങുംകാണാവുന്ന. ഉ. സുപ്രസിദ്ധമായ.

സാക്ഷാൽക്കരിക്കുന്നു— പ്രത്യക്ഷമാകുന്നു.

സാക്ഷാൽക്കാരം–പ്രത്യക്ഷമാകുക.

സാക്ഷി–വി. ക. കണ്ടോ കേട്ടോ അറിഞ്ഞിട്ടുള്ള, കൂടെയുണ്ടായിരുന്ന. ഉ. സമ്മതിച്ചു അവകാശി.

സാക്ഷി–തെളിവിനുള്ള പ്രമാണം.

സാക്ഷിക്കാണം–ചില ആധാരമെഴുതുമ്പോൾ സാക്ഷിക്കാരനു കൊടുക്കുന്ന ഒരവകാശം.

സാക്ഷിക്കാരൻ–കണ്ടുനില്ക്കുന്നവൻ.

സാക്ഷികൂന്നു–സാക്ഷിയാവുന്നു, തെളിവുകൊടുക്കുന്നു.

സാക്ഷിതപ–സാക്ഷിക്കാരന്റെസ്ഥിതി.

സാക്ഷിപ്പട്ടിക–സാക്ഷിക്കാരുടെ പേരു വിവരം.

സാക്ഷിപ്പെടുക–സാക്ഷിയാവുക, തെളിവായിരിക്കുക.

സാക്ഷിപ്രത്യയം–സാക്ഷിയുടെ തെളിവു കണിച്ചു കോർട്ടിൽ ബോധിപ്പിക്കുന്ന പട്ടിക (ഹർജി).

സാക്ഷിഭൂത—വി. സാക്ഷിയായി ഭവിച്ച.

സാക്ഷിഭോജനം–രാജാക്കന്മാർ അത്തേത്തു കഴിക്കുമ്പോൾ ചിലർക്ക് (ഒന്നാരണ്ടോ പേർക്ക്) കൂടെ കൊടുക്കുന്ന ഭക്ഷണം. (ഇവരുടെ ഇരിപ്പു കാച്ചു അകലെയായിരിക്കും).

സാക്ഷിമരണം–തെളിവെത്തെ സാക്ഷിപ്പെടുത്തിയുള്ള മരണം.

സാക്ഷിവിസ്താരം– കോടതികളിൽ വെച്ചു സാക്ഷികളുടെ തെളിവു (ചോദ്യോത്തരമായി) വാങ്ങിക്കുക.

സാക്ഷിസൂചി–സാക്ഷിക്കാണം.

സാക്ഷീഭവിക്ക—സാക്ഷിയായിത്തീരുക.

സാക്ഷ്യം–ക. സാക്ഷിസ്ഥാനം. ഉ. തെളിയിക്കുന്ന ലക്ഷ്യം, തെളിവ്.

സാങ്കേത്യം–സമ്മതം, കഴപ്പം.

സാങ്കേതിക–വി. ക. അടയാളത്തോടുകൂടിയ. ഉ. കൈപ്രത്യേകതയിൽ സംബന്ധിച്ച.

സാംക്രമിക–വി. പകരുന്ന.

സാംക്രമികജ്വരാഗം–പകരുന്നജ്വരം.

സാംഖ്യ–വി. എണ്ണപ്പെടുവാൻതക്ക.

സാംഖ്യതത്വം–ദേഹം, ദേഹി എന്നിതുകളുടെ സ്വഭാവങ്ങളെ വിഭാഗിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രം.

സാംഖ്യകാരിക–സാംഖ്യത്തെക്കുറിച്ചുള്ള ഈശ്വരകൃഷ്ണന്റെ ഒരു പുസ്തകം.

സാംഖ്യം–ഒരു ദർശനം, കപിലാചാര്യന്റെ ദർശനങ്ങളിൽ ഒന്ന്, ഒരു മതം, ഒരു യോഗശാസ്ത്രം.

ഇതിൻപ്രകാരം 'പ്രധാനൻ' എന്നും 'പുരുഷൻ' എന്നും രണ്ടു തത്വങ്ങളിലും പ്പെടാതെ ലോകത്തിൽ ഒന്നും ഇല്ലെന്നും അതിൽ പുരുഷനായ ഈശ്വരനു

സൃഷ്ടികർത്തൃകം ഇല്ലെന്നും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

'കപിലന്റെ സാംഖ്യമതത്തിന്റെ ഉദ്ദേശ്യം ദൈഹികവും മാനസികവും സഹജവും, ആഗന്തുകവും ദിവ്യവും അല്ലുങ്കിൽ അമാനുഷവും ആയ മൂന്നു വക ദോഷങ്ങളിൽ നിന്നു മനുഷ്യരെ രക്ഷിക്കുകയാകുന്നു. ജന്തുക്കളെ കൊല്ലേണ്ടതിനാലും മറ്റും നിമ്നമല്ലാത്തതായ വൈദികകർമ്മങ്ങളെക്കൊണ്ടു മോക്ഷം കിട്ടുകയില്ലെന്നും അതിനു ജ്ഞാനം ആവശ്യമാകണമെന്നും ആയിരുന്നു അദ്ദേഹത്തിന്റെ മതം'. ശ്ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള തത്വജ്ഞാനങ്ങളിൽ ഒന്നാമതായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതു് കപിലപ്രോക്തമായ സാംഖ്യദർശനമാകുന്നു.

സാംഗ-വി. അംഗത്തോടുകൂടിയ.

സാംഗത്യം-യോജിപ്പു്.

സാംഗോപാംഗ-വി. അംഗങ്ങളും ഉപാംഗങ്ങളുമുള്ള.

സാംഗോപാംഗൻ—വേദസ്വരൂപൻ, വിഷ്ണു.

സാംഗ്രാമിക-വി. യുദ്ധസാമർത്ഥ്യമുള്ള.

സാംഗ്രാമികൻ-സേനാപതി.

സാഗരഗാമിനി-പ. നദി. ഉ. ചിറ്റേലം

സാഗര-പ. സമുദ്രം. (സഗരൻ എന്നതു നോക്കുക). സഗരനെ സംബന്ധിച്ചതെന്നർത്ഥം.

'സഗരപുത്രപാലകന്മാർ വലുതാക്കിന തെന്നുമതിനാലെ സാഗരമെന്നുമുള്ള നാമധേയം'

(ഭക്തമാൽ)

ഉ. ഒരുവക മാൻ.

സാഗരാംബരാ-ഭൂമി.

സാച്ചി-അ. വളഞ്ഞു്. (വിലങ്ങനെ എന്നർത്ഥം). വിലങ്ങത്തിൽ.

സാച്ചിവ്യം-പ. സഖ്യം. ഉ. ഇണക്കം.

'സപദിരഹുപതിയെടുത്ത
ണമനസാച്ചിവ്യവും'

(അദ്ധ്യാത്മരാമായണം)

സാചീകൃത-വി. പ. വളച്ചുണ്ടാക്കപ്പെട്ട. ഉ. വളഞ്ഞിരിക്കുന്ന, വിലങ്ങനെ ഭവിച്ച, പിണഞ്ഞ.

സാചീകൃതം-മനസ്സിന്റെ വിപരീതത, പക്ഷഭേദം, തിരിക്കപ്പെട്ടതു്. ഉം, സാചീകൃതവദനം.

സാടോപം-അ. ഡംഭോടുകൂടി, ഗർവത്തിൽ.

സാട്ട-ഒരുമാത്രത്തിനു വിലയ്ക്കു വാങ്ങുക.

സാൺ-പിഞ്ഞാൺ.

സാൽ-പദാവസാനത്തിൽ ചേർക്കുന്ന ഒരു തദ്ധിതപ്രത്യയം. മുൻ പദാർത്ഥമായിത്തീർന്ന എന്നർത്ഥം ഉണ്ടാകുന്നു. (ഭസ്മസാൽകൃതം-ഭസ്മമാക്കിത്തീർത്തതു്).

സാത്കാരം-കാള.

സാത-വി. പ. കൊടുക്കപ്പെട്ട. ഉ. നശിക്കപ്പെട്ട.

സാതം-സന്തോഷം, സുഖം.

സാതത്യം-വി. മുടങ്ങാതെയുള്ള.

സാതല-ഒരു മരുന്നു്, ചന്ദനവർഗ്ഗം. സുഖത്തെ ദാനംചെയ്യുന്നതെന്നർത്ഥം. ശാതലാ എന്നുമാവാം.

സാതി-പ. അവസാനം. ഉ. ദാനം. ന. തീവ്രവേദന. ര. നാശം.

സാതിസാര-വി. അതിസാരരോഗമുള്ള.

സാത്യകി-സാത്യകന്റെ പുത്രൻ. യുയുധാനൻ എന്നാണു പേർ. കൃഷ്ണന്റെ സാരഥിയും ബന്ധുവും, പാണ്ഡവന്മാരുടെ സഹായിയും.

സാത്യകൻ യദുകുലോല്പന്നനായ ശിനിയുടെ പുത്രനാകുന്നു. ദ്വാരകയിൽ യാദവ കുലധർമ്മവിരോധം കൊണ്ടതുനിമിത്തം അയാളുടെ സ്നേഹിതന്മാർ വധിച്ചു. മറ്റുപേരുകൾ–ദാരുകൻ, യുയുധാനൻ, കൈനേയൻ.

സാത്വതൻ–പ. വിഷ്ണു. ര. ബലരാമൻ.

സാത്വതസംഘം– സാത്വതന്മാരുടെ (യാദവന്മാരുടെ) സംഘം. [കം'

'സാത്വതസംഘത്തിൻറെയുംകൂടികേടി
(കുചേലവൃത്തം വഞ്ചിപ്പാട്ട്')

സാത്വിക–വി. പ. താനെയുള്ള, നിശ്ചയമുള്ള, മനസ്സുകൊണ്ടു നിവൃത്തമായിരിക്കുന്ന. ര. സത്വഗുണത്തെ സംബന്ധിച്ച.

സാത്വികൻ–പ. ബ്രാഹ്മണൻ. ര. നാട്യത്തിൽ പറയുന്ന ഒരു ഭാവഭേദം.

സാത്വികം–മൂന്നു ഗുണങ്ങളിൽ ഒന്ന്, സത്ഫലസിദ്ധിക്കായിച്ചെയ്യുന്ന തപസ്സ്.

സാത്വികഭക്തി–ഫലാനിഷ്കാമ്യമായ ബ്രഹ്മണർ കർമ്മക്ഷയത്തിന്നായി വിഷ്ണുവിങ്കൽ ആത്മാർപ്പണം ചെയ്യുന്നത്.

സാദം–പ. തളർച്ച. ര. ഭൂമി. ന. ആലസ്യം, നാശം.

സാദരം–ആദരവോടുകൂടെ.

സാദസ്യം–സദസ്യന്മാരുടെ (വിധിനിരൂക്കുന്നവരുടെ) ഭാവം, സാമാന്യധർമ്മം.

സാദി–പ. കുതിരപ്പുറത്തു കേറിയവൻ, കുതിരക്കാരൻ. ര. തേരാളി. ന. ആനക്കാരൻ. ഭ. യുദ്ധശാലി.

സാദിസംഘം–തുറപ്പുകാർ.

സാദൃശി–സാമ്യം.

സാദൃശ്യ–വി. തുല്യമായ.

സാദൃശ്യം–തുല്യം.

സാധക–വി. സാധിക്കുന്ന, ലഭിക്കുന്ന, നിവർത്തിക്കുന്ന. (സാധകം >< ബാധകം).

സാധകബാധകങ്ങൾ–അനുകൂലപ്രതികൂലങ്ങൾ.

സാധകം–ശീലം.

സാധനചതുഷ്ടയം– നിത്യാനിത്യവസ്തുവിവേകം, ഇഹലോകപരലോകസുഖങ്ങളിൽ വൈരാഗ്യം, ശമാദി ആറും, മോക്ഷത്തിലാഗ്രഹം ഇവ നാലും.

സാധനദൂഷണം–വസ്തുക്കളുടെ കേടു.

സാധനം–പ. കാര്യനിവൃത്തി. ര. വസ്തു. ന. ലിംഗം. ഭ. സേന. ഇ. കാരണം. ന. ആയുധം. ഒ. അനുചരൻ. വ. വധം. ൻ. ശേഷക്രിയ. ഫ. ഒരു മരം. ഫപ. ദ്രവ്യം. ഫര. സ്നേഹം. ഫന. ചെറിയ ഉദ്യോഗസ്ഥന്മാർ വലിയ ഉദ്യോഗസ്ഥന്മാർക്ക് എഴുതുന്ന എഴുത്ത്. ഫഭ. മാരണം, മൃതസംസ്കാരം, ഗമനം, ധനം, അത്മോപനം, നിവർത്തനം, ഉപകരണം, അന്തർമനം ഇവ എട്ടും.

സാധാരണ–വി. സാമാന്യമായുള്ള.

സാധാരണ — അറുപതിൽ നാല്പത്തിനാലാം സംവത്സരം.

സാധാരണധർമ്മങ്ങൾ– സാമാന്യധർമ്മങ്ങൾ, നടപ്പുള്ള ആചാരങ്ങൾ.

'അഹിംസാസത്യമസ്തേയം
ശൗചമിന്ദ്രിയനിഗ്രഹഃ
ദാനം ക്ഷമാ ദമശ്ചേതി
ധർമ്മസാധാരണം വിദുഃ'

സാധാരണധനം--കൂട്ടുസ്വത്ത്.

സാധാരണ്യം-പ. നടപ്പുള്ള ചട്ടം. ഉ. സമം, സദൃശം. ന. അനേക വസ്തുക്കളോട് സംബന്ധമുള്ളത്. ആധാരണത്തോടു കൂടിയതെന്നർത്ഥം. (സാധാരണയായി എന്നത് നെക്കാരം 'സാധാരണമായി' എന്നതു നന്ന്. പതിവായി എന്നർത്ഥം).

സാധാരണസ്ത്രീ-വൃഭിചാരിണി.

സാധാരണി-താക്കോൽ, ഒരുമാതിരി ഒരു കമ്പൽ.

സാധാരണ്യം-പ. സാധാരണ സ്ഥിതി. ഉ. ഏവർക്കുമുള്ള അവകാശം. ന. ഭോഗയോഗ്യം.

സാധിക്കുന്ന-പ. നിവർത്തിക്കുന്ന, ലഭിക്കുന്ന. ഉ. തീരുന്ന.

സാധിത-വി. പ. സാധിക്കപ്പെട്ട, തൻ കീഴടക്കപ്പെട്ട. ഉ. നിവർത്തിക്കപ്പെട്ട. ന. കിട്ടിയ, ലഭിക്കപ്പെട്ട.

സാധിപ്പ്-നിവൃത്തി.

സാധിഷ്ഠ-വി. പ. ഏറ്റവും നല്ല, യോഗ്യമായുള്ള. ഉ. ഏറ്റവും കട്ടപ്പുള്ള, വളരെ ഉറപ്പുള്ള, ബലമുള്ള.

സാധീയസ്സ്, സാധീയാൻ- ഏറ്റവും നല്ലവൻ, അതിദൃഢവാൻ.

സാധു-പ. സജ്ജനം, നല്ല തറവാട്ടിൽ ജനിച്ചവൻ ധർമ്മത്തെ സാധിക്കുന്നവൻ എന്നർത്ഥം. ഉ. മുനി, സന്യാസി. ന. നല്ല വസ്തു, ഇണങ്ങിയത്. ര. മനോഹരം. ള. മധുരരസം.

സാധു-വി. പ. ബഹുമാനമുള്ള, ഉൽകൃഷ്ട വംശത്തിലുള്ള. ഉ. ഭംഗിയുള്ള. ന. നേരുള്ള. ര. യോഗ്യമായുള്ള. ള. ശ്രേഷ്ഠതയുള്ള. ഴ. സുകൃതമുള്ള. റ. നല്ല.

സാധു-അ. വേണ്ടുവോളം, 'സാധു' എന്ന ശബ്ദം മുമ്പു കഴിഞ്ഞ തത്വം, വിദ്വത്തത്വം, രസജ്ഞത്വം മുതലായ ഗുണങ്ങളോടുകൂടിയ ഒരു പുരുഷനെക്കുറിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഈ പ്പാമിയും പച്ചവെള്ളം ചവച്ചുകടിക്കുന്നവനുമായ വകയ്ക്കുകൊള്ളാത്തവൻ എന്നായി. സാധുവിന്റെ പഴയപദം ഇപ്പോൾ 'പാവം'.

സാധുത്വം-സാധുസ്വഭാവം.

സാധുപ്രകൃതി-ശാന്തശീലം.

സാധുബാധനം--സാധുക്കളെ ബാധിക്കുക.

സാധുവാഹി-ഇണങ്ങിയ കുതിര.

സാധുവൃക്ഷം-കടമ്പ്.

സാധുവൃത്തതാ-പ. സമാചാരം. ഉ. മനോഹരമായ വൃത്താകാരം.

സാധുവൃത്തി- ഭാരതഖണ്ഡത്തിലെ ആചാരം.

സാധുശീല-വി. നല്ല ശീലമുള്ള.

സാധുകരിക്കുന്ന-ശരിയാക്കുന്ന.

സാദ്ധ്യ-വി. പ. സാധിക്കപ്പെടേണ്ടുന്ന. ഉ. നിവർത്തിക്കത്തക്ക.

സാദ്ധ്യനാമം-സാദ്ധ്യന്റെ പേർ.

സാദ്ധ്യൻ-ഉപദേവന്മാരിൽ ഒരു ജാതി, ഗണദേവതകൾ.

സാദ്ധ്യന്മാർ 12. തുഷിതന്മാർ 11. ആദിത്യാദി ദ്വാദശവർഗ്ഗക്കാർ ഗണദേവതകളാകുന്നു. മന്നിച്ചു സഞ്ചരിക്കുന്ന ദേവന്മാർ എന്നർത്ഥം.

സാദ്ധ്യം-പ. സാധിക്കപ്പെടേണ്ടുന്നത്, കാര്യം. ഉ. നിവൃത്തി. ന. നിത്യയോഗങ്ങളിൽ ഒന്ന്. ര. വെള്ളി.

സാദ്ധ്യസിദ്ധി - നിവൃത്തി, അവിസംഭം.

സാദ്ധ്യസിദ്ധിപാദം - ആവശ്യമായ വിസ്തരിച്ചുണ്ടാക്കിയ വിധി.

സാഭോചസം-യേം. സാധുക്കൾക്ക് ഉപഭോഗത്തെ ചെയ്യുന്നതെന്നർത്ഥം.

സാഭോചീ-പ. പതിവ്രത. ഉ. സഭോഗശീല. ന. നന്ദിയുള്ളവൾ. ർ. മേഘ.

സാനന്ദ-വി. ആനന്ദമുള്ള.

സാനന്ദം-അ. ആനന്ദത്തോടെ.

സാനസി-ഒപാൻ.

സാനു—പ. താഴ്വര, തഴ്വാരം. സസ്യാദികളെ കൊടുക്കുന്നതെന്നർത്ഥം. ഉ. പർവ്വതശിഖരം. ന. പർവ്വതത്തിന്റെ മുകളിലെ പരന്ന പ്രദേശം. ർ. കൊടുങ്കാറ്റ്. ള. വിഭാഗൻ. ഞ. സൂര്യൻ. ം. മുള, പൊടിപ്പ്. വ. കാട്ട്. ൻ. റോഡ് (വഴി).

സാനുജ-വി. അനുജനോടോ അനുജത്തിയോടോ കൂടിയ.

സാനുമതി-ഒരപ്സരസ്ത്രീ.

സാനുമാൻ-പർവ്വതം.

സാന്തപനം-പാപം കളയുന്നതിനുള്ള ഒരു കൃച്ഛ്രവ്രതം. വളരെ പ്രയാസമുള്ളതെന്നർത്ഥം.

'ഗോമൂത്രം ഗോമയം ക്ഷീരം
ദധി സർപ്പിഃ കുശോദകം.
ഏകരാത്രോപവാസശ്ച
കൃച്ഛ്രം സാന്തപനം സ്മൃതം'

സാന്ത്വനം-സമാധാനം, നല്ല വാക്കുകൊണ്ടുള്ള യോജിപ്പ്, സാമം.

സാന്ത്വനസരണി—സമാധാനപ്പെടുത്തുന്ന സമ്പ്രദായം

സാന്ത്വം-പ. നല്ലവാക്ക്, സാമവാക്ക്. ഉ. തമ്മിൽ യോജിപ്പ്. ന. സാമർത്ഥ്യം.

സാന്ദീപനി-ഒരു മുനി.

ശ്രീകൃഷ്ണനേറയും ബലഭദ്രനേടത്തും കേചലനേറയും ഗുരു. സാന്ദീപനിയുടെ പുത്രനെ പഞ്ചജനൻ എന്ന അസുരൻ മോഷ്ടിച്ചുകൊണ്ടുപോയി. അതിനാൽ കൃഷ്ണൻ അയാളെ വധിച്ചു. പുത്രനെ സംരക്ഷിച്ചു ദക്ഷിണയായി മുനിക്കു നൽകി.

സാന്ദൃഷ്ടികം-തല്ക്ഷണത്തെ ഫലം.

സാന്ദ്ര-വി. പ. കട്ടിയുള്ള. ഉ. തിങ്ങിയ. ന. പരിപൂർണ്ണതയുള്ള. ർ. മൃദുത്വമുള്ള. ള. കൊഴുത്ത, തടിച്ച.

സാന്ദ്രം-അ. കൊഴുക്കെ, നിബിഡമായി, തിങ്ങിയതായി.

സാന്ദ്രം-ഇടതൂർന്നത്. ക്രമേ ബന്ധിക്കപ്പെടുന്നത് എന്നർത്ഥം.

സാന്ദ്രസ്നിഗ്ധ-കനത്തും മിനുത്തും ഇരിക്കുന്ന, ഇടതിങ്ങിമിനുങ്ങിയുള്ള, കൊഴുത്ത.

സാന്ധ്യം—സന്ധ്യാകർമ്മം, സന്ധ്യോചിത കർമ്മം.

സാന്നഹനിക - വി. പടവിളിക്കുന്ന, ആക്കുന്ന.

സാന്നഹനികൻ - ആയുധം ധരിച്ചു പുറപ്പെടുന്നവൻ.

സാന്നായ്യം—പാലും തൈരുമായിച്ചേർത്ത ഹവിസ്സ്. ഹോമത്തിന്നായിക്കൊണ്ട് അഗ്നിയിലേക്കു വഴിപോലെ നയിക്കപ്പെടുന്നതെന്നർത്ഥം. ഹവിസ്സിന്റെ പേർ എന്നു ചിലർ.

സാന്നിധ്യം—സാമീപ്യം (സമീപത), സന്നിധിയിൽ (മുമ്പിൽ) ഇരിക്കുന്ന അവസ്ഥ.

സാന്നിപാതിക-വി. പ. ത്രിദോഷങ്ങളും അതുപോലെ ത്വക്പ്രഭൃതികളായും ഒന്നിച്ചു കോപിക്കുന്നിമിത്തമുണ്ടായ. ഉ. പലതും ഒന്നിച്ചു കൂടിയുണ്ടായ.

സാപത്ന്യൻ-ശത്രു.

സാപത്ന്യം-തന്നെപ്പോലെ അനേകം ഭാര്യമാരുള്ള അവസ്ഥ, സപത്നിയുടെ

ദേവം. സപത്നി എന്നാൽ അനേകം ഭാര്യമാരിൽ ഒരുത്തി.

'സപത്നീഭവേദ്ദുഃഖ
മെത്രയും കഷ്ടം കഷ്ടം'
(അദ്ധ്യാത്മരാമായണം)

[സപത്നന്മാരുടെ (ശത്രുക്കളുടെ) ദേവം].

സാപ്തപദീനം-ചങ്ങാതിത്വം, സഖ്യം, സ്നേഹം. (വിവാഹക്രിയയിൽ വധൂവരന്മാർ ഒരുമിച്ചുകൊണ്ട് ഏഴടി നടക്കണമെന്ന വിധിയുണ്ട്. 'സപ്തപദി' എന്ന ഈ അനുഷ്ഠാനത്തിൽ നിന്നത്രേ ഈ ശബ്ദത്തിന്റെ ആഗമം)

സാപ്പാട്ട്, ശാപ്പാട്-ഭക്ഷണം.

സാഫല്യം-ഫലിക്കുക.

സാഫ്-പുത്തിയുള്ള, ശുചിയായ. (അറബിഭാഷ).

സാമഗ്രി-പ. സാമാനങ്ങളുടെ കൂട്ടം. ഉ. വസ്തുവകകൾ.

സാമഗ്ര്യം-പ. തികവ്, പൂർണ്ണമായത്. ഉ. പരിവാരം.

സാമജ — വി. സാമവേദത്തിൽനിന്നുജനിച്ച.

സാമജം-ആന.

സാമഞ്ജസ്യം-യുക്തിയുക്തത്വം.

സാമത്വം-ഒരു രോഗം.

ആമത്തോടുകൂടിയ കണ്ണുവല്ലായ്മയോടും ചെമപ്പോടും നീരോടും, കരുകരുപ്പോടും കുത്തിനോവോടും, ശൂലത്തോടും, കണ്ണുനീരോടും കൂടിയിരിക്കും.

സാമന്ത-വി. അതിരുള്ള.

സാമന്തൻ-പ. ഇടപ്രഭു. ഉ. അയൽക്കാരനായ രാജാവ്. ന. അയൽക്കാരൻ. (സാമന്തൻ><സഗോത്രൻ.)

സാമം-പ. മൂന്നാമത്തെ വേദം. ശത്രുവിനെ നശിപ്പിക്കുന്നതെന്നർത്ഥം. ഉ. ഒന്നാമത്തെ ഉപായം. ന. നല്ലവാക്കു പറയുക. ര. സംവിധാനം.

സാമയിക-വി. സമയത്തിനു ചേർന്ന.

സാമയോനി-പ. ആന. ഉ. ബ്രഹ്മാവ്.

സാമർത്ഥ്യം-പ. മിടുക്ക്. ഉ. കാവ്യഗുണങ്ങളിൽ ഒന്ന്.

സാമവായികൻ-ശ്രുതിസമ്മതി.

സാമവേദജ്ഞ-വി. സാമവേദം പഠിച്ച.

സാമവേദവിൽ(ത്)-വി. സാമവേദം പഠിച്ച.

സാമവേദി-വി. സാമവേദമുള്ള.

സാമശേഷം-സാമം കഴിച്ചുള്ള ഉപായങ്ങൾ.

സാമാജികൻ - സഭയിൽ വസിക്കുന്ന സഭാസ്യൻ. സമാജത്തിലേയ്ക്കു വേണ്ട വിധം വന്നു ചേരുന്നവൻ എന്നർത്ഥം. (യാഗശാലയിലെ വിധികർത്താക്കന്മാരായ സഭാസ്യർക്ക് സാമാജികന്മാർ എന്നു പറയുന്നു).

സാമാനം, സാമാൻ-വസ്തു.

സാമാന്യ-വി. സാധാരണമായുള്ള, നടപ്പായുള്ള.

സാമാന്യപരിവൃത്തം-കാവ്യദോഷങ്ങളിൽ ഒന്ന്.

സാമാന്യം-പ. ജാതി, ഘടകപദാർത്ഥങ്ങളുടെ പേർ. സമാനങ്ങളുടെ ഭാവം എന്നർത്ഥം. ഉ. മാതിരി, തരം. ന. നടപ്പായുള്ളത്, സാധാരണം. ര. ഒരു ലങ്കാരം. ള. അനേക വസ്തുക്കളോട് സംബന്ധമുള്ളതിന്റെ പേർ. സമാനത്തിന്റെ ഭാവം എന്നർത്ഥം.

സാമാന്യാശാസനം - പൊതുവിലുള്ള കല്പന.

സാമാന്യാ-വ്യഭിചാരിണി.

സാമാന്യന-അ ചൊല്ലുന്നു, നടപ്പുണ്ടു.

സാമി-അ. പതി എന്ന അർത്ഥത്തിലും നിന്ദയിലും വരും.

സാമിധേനി-ഇഷ്ടിയിൽ (യാഗാഗ്നിയിൽ) ചമതയിടുമ്പോൾ ചൊല്ലുന്ന (ഋക്) ഒരു മന്ത്രം. അഗ്നിയെ പ്രജ്വലിപ്പിപ്പാനുള്ള 'ഉൽബുധ്യസ്വാഗ്നേ' ഇത്യാദിയായ ഋക്കിന്റെ (മന്ത്രത്തിന്റെ) പേർ. ചമത ഹോമിപ്പാനുള്ളതു് എന്നർത്ഥം.

സാമീപ്യൻ-അയൽക്കാരൻ.

സാമീപ്യം-സമീപത.

സാമുഖ്യം-സന്നിധ്യം.

സാമുദ്ര-വി. സമുദ്രത്തിൽ നിന്നുണ്ടായ.

സാമുദ്രകം-കടലുപ്പു്.

സാമുദ്രൻ-കപ്പലോടി, കപ്പൽയാത്രക്കാരൻ.

സാമുദ്രം-പ. മരക്കു്. ഉ. കടൽ ഉപ്പു്. ന. കടൽനാക്കു്.

സാമുദ്രിക-വി. പ. മരംകൊണ്ടു സംബന്ധിച്ച. ഉ. കടലിനെ സംബന്ധിച്ച.

സാമുദ്രികൻ-ലക്ഷണം പറയുന്നവൻ.

സാമുദ്രികം-പ. ദേഹത്തിലുള്ള മറുക്, വര മുതലായവനോക്കി ലക്ഷണം പറയുക. ഉ. ഒരു ഗ്രന്ഥം.

സാമുദ്രികാ-കടൽത്തോണി.

സാമുദ്രികാലക്ഷണം— ഒരു ശാസ്ത്രഗ്രന്ഥം.

സായമാദ-വി. സന്ധ്യാകാലമുള്ള.

സായംഭോജം-അം സന്ധ്യാകാലത്തെ ഭക്ഷണം.

സായോപായം- നാലുപായങ്ങളിൽ ഒന്നു് (മന്ത്രംകൊണ്ടു ചെയ്യുന്ന ഉപായം).

സാംഗ്രഹിക-തൽക്കാലികമായ.

സാംഗ്രഹ്യ-വി. പ. യുദ്ധസംബന്ധമായ. ഉ. യുദ്ധത്തിനെ സംബന്ധിച്ചു.

സാംഗ്രാമായ-പ. അപത്തു്. ഉ. യുദ്ധം. ന. ഉത്തരകാലം, ഭവിഷ്യൽകാലം, 'സംവത്സരം' എന്നും കാണുന്നു. ഭ. നിശ്ചയമില്ലായ്മ.

സാമ്പരായിക-വി. പ. പരത്രികമായ ഉ. അപത്തായ ന. യുദ്ധസംബന്ധമായ.

സാമ്പരായികം-പ. യുദ്ധം, വഴിപോലെ പരാജയപ്പെട്ടു പുറപ്പെടുന്നതെന്നർത്ഥം ഉ. യുദ്ധരഥം.

സാമ്പ്രതം-അ. പ. ഉചിതം എന്ന അർത്ഥത്തിൽ പ്രയോഗം. ഉ. ഇപ്പോൾ, ഈ കാലത്തിൽ. (ദേശകാലവ്യത്യാസം).

സാമ്പ്രതിക-വി. പ. ഇപ്പോഴുള്ള ഉ. യോഗ്യമായ, ഉചിതമായ.

സാമ്പ്രദായിക-വി. പരമ്പരയായുള്ള സമ്പ്രദായമായ.

സാമ്പ്രാണി-സുഗന്ധമുള്ള ഒരു പശ

Benzoin, esp. മലാക്ക സാമ്പ്രാണി, പറങ്കിസാമ്പ്രാണി മുതലായതു്.

സാമ്പ്രാണിതൈലം—സാമ്പ്രാണിയിൽ നിന്നെടുക്കുന്ന എണ്ണ.

സാമ്പ്രാണിധൂപം-സാമ്പ്രാണിപുക.

സാംബൻ-ശിവൻ.

സാംബൻ-ശ്രീകൃഷ്ണനു ജാംബവതിയിലുണ്ടായ പുത്രൻ.

'ഇത്തരം ചൊന്നവനിഷ്ടകാര്യം
മുടിച്ചതാപസരെന്നതറിഞ്ഞുകൊ
ശാപമനേകമണ്ണമനേകനുള്ളതുണ്ടോ
ശാപങ്ങൾ പുരുഷൻപ്രഭവത്തെക്കാണിച്ചു
ഞാനിതുകൊണ്ടുമതമറിഞ്ഞിതുൾ
ഞാനിയിവരെന്നോടസൂയപ്പെടുമിപ്പോൾ

ത്ഥിതിസംബന്ധനചമയിച്ചീടിനാ-
തടമുംതർജ്ജിനിയുടെവേഷമാക്കി
മുനിവരന്മാർതൻതിരുമുമ്പിൽവെച്ചു
വിനയംപൂവിച്ചുരതാഴുതുചോദിച്ചുർ
'ഇവർപെറന്നതുപുത്രനോപെണ്ണോ
ദിവസമേതന്തമതുമറിച്ചെയ്യേണം'
അതുകേട്ടന്യോന്യമവരുംനോക്കിക്ക
ണ്ടതിനെന്തുത്തരമരുൾചെയ്തീടിനാർ.
'അടുത്തിരിക്കുന്നിതിവർക്കുപേറിപ്പോൾ
കടുപ്പമേറുന്നോരിതുമുലക്കയി-
ന്നതിനാലേകലംമുടിയുംനിങ്ങൾക്കെ-
ന്നതിനാകില്ലിതല്ല' ന്നതുമരുൾചെയ്തവർ
മുരരിപുമതമറിഞ്ഞുമാമുനി-
വരന്മാരുംപിരകത്തെഴുന്നള്ളീടിനാർ
സകലലോകനായകനായകനുംകണ്ടു
ശൈവൽക്കേതന്മാർമറഞ്ഞിതക്കാലം
ചിരിച്ചുമോഹിച്ചുനടന്നബാലന്മാർ
വിറച്ചുസംബന്ധംപ്രസവിച്ചീടിനാൻ'.

ഇരിമുലക്കകണ്ടു വളരെ പേടിച്ചു ബാലന്മാർ വിവരം ശൈവാനോടറിയിച്ചു. പിന്നീടു ഉഗ്രസേനന്റെ വന്ധതിപ്രകാരം ഇരിമുലക്കയെ അരംകൊണ്ടരികി കടലിൽ കലക്കി. അപ്പോൾ ഒരു കക്ഷണം ശേഷിച്ചു. അതിനെ സമുദ്രത്തിലെറിഞ്ഞു. അതൊരു മത്സ്യം എടുത്തു വിഴുങ്ങി. അതു ഒരു മുക്കുവന്റെ വലയിൽ കിട്ടി. ആ മുക്കുവൻ ഇരിമുഖണ്ഡം എടുത്തു ഒരു കാട്ടാളനു കൊടുത്തു. അയാൾ അതുകൊണ്ടു ഒരു ശരം തീർത്തു. ഇരിമുലക്കപ്പൊടി എല്ലാം ഏരകതൃണങ്ങളായി കരയിലുണ്ടായി. ജരാസൻ (കാട്ടാളൻ) കൃഷ്ണന്റെ പാദത്തിൽ ഈ ശരംകൊണ്ടതന്നെ എയ്കയാൽ അദ്ദേഹം ശ്വാസം വിട്ടു. ഏരകപ്പുല്ലുകൊണ്ടു യദുനാശവും വന്നു. സാംബൻ ലിംഗപുരാണപ്രകാരം രുക്മിണിയുടെ പുത്രനെന്നു കാണുന്നുണ്ടു്. പാഞ്ചാലീസ്വയംവരത്തിൽ തോറ്റപ്പോൾ സാംബനെ തടവിലാക്കി. ഇതിനുകാരണം അയാൾ ദുര്യോധനിയെ എടുത്തുകൊണ്ടുപോയ്കളഞ്ഞതാണു്. ബലരാമനാണു തടവിൽനിന്നും വിടുവിച്ചതു്. അനന്തരമാണു സാംബൻ ആദ്യോസനായതു്. ഇയാൾക്കു് നാരദന്റെ ശാപം നിമിത്തം കുഷ്ഠരോഗം പിടിപെട്ടു സൂര്യനെ തപസ്സുചെയ്തു സ്വാസ്ഥ്യത്തെ പ്രാപിച്ചു. സാംബൻ ശ്രീകൃഷ്ണന്റെ പതിനായിരത്തെട്ടു ഭാര്യമാരെയും കാമിച്ചതായിട്ടാണു ശാപഹേതു.

സാംബശിവൻ–അല്പനായീശ്വരൻ.

സാമ്യം–പ. തുല്യം, സമത്വം. ഉ. അലങ്കാരത്തിന്റെ ബീജം.

സാമ്യോക്തി–ഒരലങ്കാരം.

സാമ്രാജ്യം–പ. വലിയ രാജ്യാധികാരം, രാജ്യശക്തി. ഉ. ആധിപത്യം.

സായാത്രികൻ–കടൽ (കപ്പൽ) കച്ചവടക്കാരൻ. [അധികം പേർ ഒന്നുചേർന്നു യാത്രചെയ്യുക (ദീപാന്തരത്തിലേയ്ക്കു യാത്രചെയ്ക). ഇതാണു സംയാത്രു]. അതു പ്രയോജനമായിട്ടുള്ളവൻ സംയാത്രികൻ

സായുഗീനൻ–യുക്തകാരൻ. സംയുഗത്തിൽ സാധു എന്നർത്ഥം.

സാംവത്സരൻ–ജ്യോത്സ്യൻ. സംവത്സരത്തെ അറിയുന്നവൻ എന്നർത്ഥം.

സാംശയികൻ–സംശയിക്കുന്നവൻ.

സാംശയികം–സംശയത്തിനു വിഷയീഭൂതമായ പദാർത്ഥം.

സായകം–പ. അമ്പു്. ഉ. വാരം, ശത്രുക്കളുടെ അന്തരത്തെ ചെയ്യുന്നതെന്നർത്ഥം

സായങ്കാലം–അസ്തമനസന്ധ്യ.

സായണൻ - മഹാപണ്ഡിതനായ ഒരു ബ്രാഹ്മണൻ.

A. D. 1370-ൽ ജീവിച്ചിരുന്നു.

സായണം-മേനി.

സായനാചാര്യൻ - ശ്രീശൈലത്തിന്റെ സ്ഥിരപ്പെട്ട ഒരു വ്യാഖ്യാനകാരൻ.

14-ംനൂറാണ്ടിൽ വിജയനഗരത്തിൽ ജീവിച്ചിരുന്നു.

സായന്തന-വി. പൗസ്മനസന്ധ്യ, അസ്മനസന്ധ്യയെ സംബന്ധിച്ച.

സായദേവതാ-സരസ്വതി.

സായം-ക്ര. അസ്മന(സന്ധ്യ) കാലം.

'ഒരുസ്വരം വാണീടുകിലവിടെനീ
സായമുള്ളൂരിൽനിന്നെന്നാൽ'
(മയൂരസന്ദേശം)

ഉ. അവസാനം. ന. അയ്യ്.

സായാഹ്നം-ക്ര വേർപെടാത്ത ചേർച്ച. ഒരുദേവത്തോട്ട ചേർന്നിരുന്നാവുക. (നാല മുക്തികളിൽ ഒന്ന്). ഉ. തുല്യത. ന. സായങ്കാലം.

സായി-കുതിരക്കാരൻ.

സായിത്ത-സംക്ഷി (അറബിഭാഷ). ശഹീദ.

സായുജ്യം-ക്ര. സമത്വം. ഉ. മുക്തി.

സായുജ്യം - മായാബന്ധനായ ജീവാത്മാവ് ജഗന്നാഥനിൽകൊണ്ട് അവിച്ഛിന്നം സിദ്ധിക്കുമ്പോൾ ബ്രഹ്മത്തോട്ട ചേർന്ന ലയിക്കുന്നതുതന്നെ സായുജ്യമുക്തി.

സായ്പ്-ക്ര. ഇംഗ്ലണ്ടു മുതലായ ചില ദിക്കുകളിലെ മനുഷ്യർക്ക പറയുന്ന പേർ, ധാര. ഉ. പ്രഭു. (സായ്പന്മാർ എന്നും കാണുന്നു). ന. പട്ടാണികളുടെ ഒരു സ്ഥാനപ്പേർ. (അറബിഭാഷ)

സാര-വി. ശ്രേഷ്ഠതയുള്ള, വിശേഷമായ. (നാമം-സാരത).

സാരംഗ-വി. പലനിറമുള്ള.

സാരംഗം-ക്ര. മൻ. ഉ. പക്ഷി. ന. ആന. ഭ. ക്രവർണ്ണം. ഇ. പുള്ളിമാൻ. ആ കുതിര. ഒ. ശംഖ്. വ. സിംഹം. ൻ. കടൽ. ക്ര. പലനിറം, പലനിറമുള്ള വസ്തു. ക്രക്ര. വസ്ത്രം. ക്രഉ. മേഘം. ക്രന. മയിൽ. ക്രഭ. ചന്ദനം. ക്രമ. താമര. ക്രയ. ചുണ്ടും കാലും ചെമന്ന അന്നം. ക്രര. വേഴാമ്പൽ. ക്രവ. രത്നം. ക്രൻ. പൊന്ന്. ഉറ കർപ്പൂരം. ഉക്ര. ഒരുപൂവ്. ഉഉ. കയിൽ.

സാരഗന്ധം-ചന്ദനം.

സാരംഗാക്ഷി-മാൻകണ്ണി, സുന്ദരി.

സാരംഗി-ഒരുവക വീണ.

സാരഗ്രഹം-ചാണപ്പുരി.

സാരഗ്രീവൻ-ശിവൻ.

സാരഘാ-തേൻ.

സാരജ്ഞ-വി. സാരത്തെ അറിഞ്ഞ.

സാരജാ-ഒവണ്ണ.

സാരഥാൻ-ക്ര. രാവണന്റെ ഒരു ഭൃത്യൻ ഉ. ഒരു യാദവൻ, സൂര്യന്റെ കൂടെ പ്പിറന്നവൻ.

സാരണ-അതിസാരം എന്ന രോഗം.

സാരണി-ക്ര. ചെറിയ പുഴ, തോട്ട്. ഉ. ഒരു പച്ചമരുന്ന്.

സാരണ്ഡം-സപ്തർഷികളിൽ ഒരുവൻ.

സാരതരു-വാഴ.

സാരഥി-തേരാളി, തേർ നടത്തുന്നവൻ. അശ്വങ്ങളെ ശമിപ്പിക്കുന്നവൻ എന്നർത്ഥം.

സാരഥ്യം-തേർ തെളിപ്പ്.

സാരദാ-ക്ര. സരസ്വതി. ഉ. ദുർഗ്ഗ.

സാരദ്രുമം-ഖദിരവൃക്ഷം, കരിങ്ങാലി.

സാരഭാണ്ഡം-കച്ചവടസ്സാമഗ്രഹം.

സാരം-പ്ര. കാതൽ. ഉ. ശ്രേഷ്ഠം. ന. സത്യം. ഴ. ബലം. ഇ. കായ്സാരം, യുക്തം. ഗ. കൊഴുപ്പ്. ഒ. വിശേഷം. വ. ഉറപ്പ്. ൻ. തെങ്ങിന്റെ പൂട. പ്രാ. ശ്രേഷ്ഠം. പ്രാ. ഒരലങ്കാരം. പ്രാ. പവിത്രം. പ്രാ. സമ്പത്ത്. പ്രഭ. വെള്ളം. പ്രഭ. ജ്ഞേഷ്ഠം. പ്രാ. പഞ്ചാച്ചി. പ്രഭ. ചന്ദനം. പ്രവ. ഇരിമ്പ്. പ്രൻ. വെണ്ണ. ഉ.ഉ. കുങ്കുമം. ഉ.പ്ര. വജ്രക്ഷാരം.

സാരമേയൻ-സരമയുടെ മകൻ.

ജനമേജയനുപതി തന്റെ മുന്നാസേ
ഒരന്നാളമയി കുരുക്ഷേത്രത്തിൽചെന്ന
മുനിമാരെന്നിച്ചു ഒരു യാഗം തുടങ്ങി.
അപ്പോൾ സാരമേയൻ അവിടെച്ചെന്നു.
അവനെ അടിച്ചു. സരമ ജനമേജയ
നെ ശപിച്ചു. ശാപവചസ്സു 'ഏതുമേ
പിഴയാതെ ബാലനെ ഹനിക്കയാൽ
ഹേതുക്കടാതൊരാപത്തുണ്ടാകെ നിനയാ
ത'.

(സാരമേയർ സരമയുടെ പുത്രന്മാരായ
യമന്റെ നായ്ക്കളാകുന്നു).

സാരമേയം-പട്ടി. സരമയിൽനിന്നു ജനിച്ചതു്. (സരമ=പെൺപട്ടി).

സാരരഹിത-സാരമില്ലാത്ത.

സാരലാഹാ-ഉരുക്ക്.

സാരവ-വി സരയു (യു) നദിയിലുണ്ടായ.

സാരവതി-ഒരു പുഞ്ചത്തിന്റെ പേർ.

സാരവം-സരയുനദിയിൽ ജനിച്ചതു്.

സാരവാൻ-സമർത്ഥൻ.

സാരസം-പ്ര. താമരപ്പൂവു്. ഉ. ആമ്പൽ
ന. വണ്ടാരംകോഴി. ഴ. ഉടഞ്ഞാൺ.

സാരസനം-ഏഴഞ്ചോൺ, ഒരുച്ചട്ട, യുദ്ധസമയത്തിൽ കപ്പായത്തിന്റെ മീതെ കെട്ടുന്നതു്.

സാരസർവ്വസ്വം-സത്തിന്റെ മുഴുപ്പു്.

സാരസാധനൻ-ബ്രഹ്മാവു്.

സാരസി-പ്ര. ഒരുമാതിരി വസ്ത്രം. ഉ. സാരസ്യം.

സാരസ്മൃതി-നന്ദി.

സാരസ്യം-സരസന്റെ അവസ്ഥ.

സാരസ്വത-വി. പ്ര. സരസ്വതിയെ സംബന്ധിച്ച. ഉ. വാക്കിനാമത്തുള്ള. ന. സരസ്വതദേശത്തെ സംബന്ധിച്ച.

സാരസ്വതതീർത്ഥങ്ങൾ - (ഏഴുസരസ്വതികളും കൂടിച്ചേർന്നതു്) സുപ്രഭ, കാഞ്ചനാക്ഷി, വിശാല, മാനസഹ്രദം, സരസ്വതോദ്ഭവ, സുവർണ്ണം, വിമലോദകം.

സാരസ്വതൻ-സരസ്വതീനദിയുടെ പുത്രനായ ഒരു മുനി.

ഒരു ക്ഷാമകാലത്തു ഭക്ഷണം ലഭിക്കായ്കനിമിത്തം അന്തിനാലഞ്ചുനാടന്ന ബ്രാഹ്മണർ വേദമെല്ലാം മറന്നു. സാരസ്വതൻ മാത്രം വേദാദ്ധ്യയനം നടത്തി. അന്നു ഉപജീവനത്തിനു മത്സ്യം കൊണ്ടു കൊടുത്തു വന്നതുകൊണ്ടു ഇതു സാധിച്ചതാണു്. ക്ഷാമം കഴിഞ്ഞതിൽ പിന്നെ 600,000 ബ്രാഹ്മണരെ വേദം അഭ്യസിപ്പിച്ചു.

സാരസ്വതം-ഡെൽഹിയുടെ വടക്കുപടിഞ്ഞാറേ ദേശം.

സാരള്യം-(സരളത) പ്ര. ഇഷ്ടത്തെ അനുസരിച്ചിരിക്കുന്ന സ്ഥിതി. ഉ. യോഗ്യത. ന. ഋജുത്വം, ഴ. യഥാർത്ഥം, ഇ. ഭംഗി.

സാരാംശം-നല്ല ഭാഗം.

സാരി-ക്ര. ചതുരംശക്കളിയിലെ കാലാൾ ക. പഞ്ചവർണ്ണക്കിളി. ന. ഒരു രാഗം.

സാരിക—കിളി, ശാരിക, പഞ്ചവർണ്ണക്കിളി.

സാരിബ്ലാ(വാ)-നറുനീണ്ടി.

സാരൂപ്യം-ക്ര. സമാനരൂപത്തോടുകൂടിയ ഭാവം, ദൈവസദൃശരൂപത്തെ ലഭിക്കുക. ക. തുല്യത.

സാരോപദേശം-നല്ല ഉപദേശം, സാരമുള്ള ഉപദേശം.

സാർത്ഥ-വി. അർത്ഥത്തോടുകൂടിയ.

സാർത്ഥനാമം-അർത്ഥമുള്ള പേര്.

സാർത്ഥനാമാവ്-അർത്ഥമുള്ള പേരോടുകൂടിയവൻ.

സാർത്ഥം-ക്ര. ജന്തുക്കളുടെ കൂട്ടം. ക. കച്ചവടസംഘം.

സാർത്ഥവത്ത്-ക്ര. അർത്ഥമുള്ള. ക. വലിയ സംഘമുള്ള.

സാർത്ഥവാഹൻ - കച്ചവടക്കാരൻ, ചെട്ടി.

സാർത്ഥികൻ-കച്ചവടക്കാരൻ.

സാർദ്ര-വി. നനഞ്ഞ.

സാർദ്ധ-വി. അരയോടുകൂടിയ.

സാർദ്ധശ്രീവലയം-ശംഖ്.

സാർദ്ധം-അ. കൂടെ.

സാർപ്പിഷ്-നെയ്കൊണ്ടും നെയ്കൊണ്ടും പാകംചെയ്യപ്പെട്ട പദാർത്ഥം.

സാർവ്വകാലികം-വി. സർവ്വകാലവുമുള്ള, എല്ലായ്പോഴുമുള്ള.

സാർവ്വജാനിക-വി. പരസ്യമായ.

സാർവ്വത്രികം-വി. സാധാരണമായ, എല്ലാസന്ദർഭങ്ങൾക്കുമുതകിയ.

സാർവ്വൻ-ഒരു ബുദ്ധ(ജൈന) സന്ന്യാസി.

സാർവ്വഭൌതികൻ - വി. ക്ര. എല്ലാ ഭൂതങ്ങളേയും സംബന്ധിച്ച. ക. എല്ലാ ജീവജാലങ്ങളേയും സംബന്ധിച്ച.

സാർവ്വഭൌമ-വി. ഭൂലോകത്തെ സംബന്ധിച്ച.

സാർവ്വഭൌമപട്ടം-ചക്രവർത്തിസ്ഥാനം.

സാർവ്വഭൌമൻ - ക്ര. അസമുദ്രക്ഷിതീശ്വരനായ ചക്രവർത്തി, നാടെല്ലാം വാഴുന്ന രാജാവ്. സർവ്വഭൂമിയുടെ ഈശ്വരൻ എന്നർത്ഥം. ക. വൈശ്രവണന്റെ പേര്. ഭൂമിയിൽ സർവ്വത്ര അറിയപ്പെട്ടവൻ എന്നർത്ഥം. ന. ചന്ദ്രവംശത്തിൽ അഹംപാതിക്ക രാജാവിന്റെ പുത്രിയിൽ ജനിച്ച മഹാൻ. ശ. വലിപ്പമുള്ളവൻ.

സാർവ്വാവട്യൻ - വേദങ്ങളിൽ പാരംഗതൻ.

സാർവ്വലൌകിക-വി. എല്ലാ ജനങ്ങൾക്കും അറിവുള്ള.

സാലഗ്രാമം-ഗണ്ഡകനദിയിലുള്ള ഒരു വക കല്ല്.

സാലപർണ്ണി-ക്ര. വൃക്ഷവിശേഷം, ഒരു പുരച്ചെടി. ക. തൽപത്നി. ന. രാവൺ ചന്ദനം.

സാലഭഞ്ജിക-ക്ര. കൊത്തിയുണ്ടാക്കിയ രൂപം, പാവ.

'ശ്രീമയും പുണ്ഡരീകം
ദുഃഖവും മുഴക്കയാൽ
സാലഭഞ്ജികപോലെ
നിന്നിതു സപല്ന്യനേകം'

(ഭാരതം)

സാലം-കതിൽ, കോട്ട. ശത്രുവേഗത്തെ നശിപ്പിക്കുന്നതെന്നർത്ഥം (ഉ, കനക സാലശ്രീ). ക. ഉപ്പുമരുന്ന്. ഗോവ

ങ്ങളെ കളയുന്നതെന്നർത്ഥം ന. മരുത്ത്. ൪. വൃക്ഷം. കാറടിച്ചിളകിക്കൊണ്ടിരിക്കുന്നതെന്നർത്ഥം. ൫. പയിൻമരം. ൬ തെന്മാവ്, ൭. ഒരുവക മീൻ.

സാലാമിസ്രി-ഒരു മരുന്ന്. Salep of Misr or Egypt, orchis mascula. (Gund.)

സാലമൃഗം-മരപ്പട്ടി.

സാലവാഹനൻ - ശാലിവാഹന രാജാവ്.

സാലശൃംഗം-മതിലിന്റെ മുകൾഭാഗം.

സാലാവൃകം-പ. പട്ടി. ൨. ചെന്നായ്. ന. കരടി. ൪. മാൻ. ൫. പൂച്ച. ൬. കരടി. (ശാലാവൃകം എന്നും കാണുന്നു)

സാലാ-പ. മതിൽ. ൨. ഭവനം.

സാലാരം-താങ്ങുപലക, ചുവരിൽനിന്നു തള്ളി നിൽക്കുന്ന കഠിന.

സാലൂവ - രോമംകൊണ്ടുണ്ടാക്കുന്ന ഒരു തരം വിശേഷവസ്ത്രം.

സാലൂരം-തവള.

സാലോക്യം - ഒരുദേവതയിന്റെ ലോകത്തുകൂടെ പാർക്ക, സമാനമായുള്ള ലോകത്തോടുകൂടി യവനാവു എന്നുള്ള അവസ്ഥ.

സാല്വ-വി. സാല്വരാജ്യത്തുള്ള.

സാല്വൻ-വിഷ്ണു വധിച്ച ഒരു രാക്ഷസൻ.

സാല്വ-ഒരു രാജ്യം (അതിലെ ജനം).

സാല്വാധിപൻ-വിഷ്ണു.

സാല്വികം-സാരികപ്പക്ഷി.

സാവക-വി. പ. ജനിപ്പിക്കുന്ന, ഉളവാക്കുന്ന. ൨. പ്രസവവേദനയുള്ള.

സാവകാശം - അ. അവകാശത്തോടുകൂടെ, ഇടയുള്ളപ്പോലെ, സാവധാനമായി.

സാവജ്ഞം-അ. നിന്ദയോടുകൂടിയവണ്ണം.

സാവദ്യം- പ. ദോഷത്തോടുകൂടിയതു്. ൨. സന്ന്യാസിക്കുള്ള മൂന്നു ശക്തികളിൽ ഒന്നു്. (മറ്റവ നിരവദ്യ, മുക്ത്യ).

സാവധാന-വി. സാവധാനമുള്ള, തിടുക്കമില്ലാത്ത, ശ്രദ്ധയുള്ള.

സാവധാനം-പ. ശ്രദ്ധ. ൨. ശാന്തത. ന. താമസം.

('സാവധാനത്തിൽ' എന്നതിനേക്കാൾ 'സാവധാനമായി' എന്നതു നന്നു)

സാവധാനക്കാരൻ, സാവധായി-ഒന്നിൽ മനസ്സിരുത്തി ചുറുചുറുക്കുള്ള അവസ്ഥകളെ എല്ലാം നന്നായി നോക്കി അതിനെ പ്രവർത്തിക്കുന്നവൻ.

സാവധാനശീലൻ— തിടുക്കമില്ലാത്തവൻ, താമസിച്ചു പ്രവർത്തിക്കുന്നവൻ.

സാവധാരണം-അ. ശ്രദ്ധയോടുകൂടിയവണ്ണം.

സാവധി-അതിരുള്ള.

സാവന-വി. സുഷ്യോമയത്തെ സംബന്ധിച്ച.

സാവനൻ-വരുണൻ.

സാവന-പ. യാഗമാവസാനം. ൨. മുപ്പതുദിവസമുള്ള മാസം. ന. ഒരു പചകൽ മുഴുവൻ.

സാവയവം-രൂപകം എന്ന അലങ്കാരത്തിന്റെ ഒരു പിരിവു്.

സാവരണ-വി. മൂടപ്പെട്ട.

സാവരം-പ. കഠിനം. ൨. പാപം. ന. ലോധ്രവൃക്ഷം.

സാവർണ്ണൻ-എട്ടാമത്തെ മനു.

സാവർണ്ണി-എട്ടാമത്തെ മനുവിന്റെ അമ്മാവംശപ്പേർ.

സാവർണ്ണ്യം-സാദൃശ്യം.

സാവശേഷത-ശേഷിക്കുകയെന്നുള്ളതു്.

സാവിക-വയറാട്ടി.

സാവിത്രൻ-പ. ബ്രാഹ്മണൻ. ൨. വാസുദേവൻ. ന. ശിവൻ. ൪. സൂര്യൻ.

സാവിത്രം–പ. പുണ്ഡരീകൽ. ഉ. ശർക്കരപിണ്ഡം.

സാവിത്രി–പ. പാർവ്വതി. ഉ. വേളത്തിലെ ഒരു വൃക്ഷം. ന. ആദിത്യപുത്രി. ഴ. ബ്രഹ്മാവിന്റെ പുത്രിയും ഭാര്യയുമായ ശതരൂപ. ഇ. അശ്വപതിരാജാവിന്റെ പുത്രി.

സത്യവാനെ ഭർത്താവായി സ്വീകരിച്ചു. രാജ്യഭ്രഷ്ടനായ ഇയാൾ മാതാപിതാക്കന്മാരോടൊന്നിച്ചു വനത്തിൽ സന്യാസിയായി പാർക്കുമ്പോഴാണു ഇങ്ങനെ ചെയ്തതു്. സാവിത്രി സത്യവാനിൽ സ്ഥിരാനുരാഗവതിയായിരുന്നു. സത്യവാൻ ഒരു വർഷംകൂടി മാത്രമേ ജീവിച്ചിരിക്കയുള്ളു എന്നുള്ള ബോധം സാവിത്രിക്കു നാരദനിൽനിന്നും കിട്ടിയിരുന്നിട്ടും ആ സ്ത്രീരത്നം ഇക്കാര്യത്തിൽ ഒട്ടും കലുങ്ങിയില്ല. ആ ഒരു വർഷാവസാനത്തിൽ വിറകിനായി വനത്തിൽ ഗമിച്ച സത്യവാനെ സാവിത്രി അനുഗമിച്ചു. അവളുടെ മടിയിൽ കിടന്നു സത്യവാൻ മൃതനായി. യമൻ അയാളുടെ ആത്മാവിനെ കൊണ്ടുപോകുന്നായി വന്നപ്പോൾ അവളും കൂടി പിന്നാലെ ചെന്നു. ഇഷ്ടംപോലെയുള്ള വരങ്ങൾ അവർക്കു കൊടുത്തതിൽ സത്യവാന്റെ ജീവനും തിരിയെ കിട്ടി. രാജ്യവും തിരിയെ കിട്ടുകയുണ്ടായി. പാതിവ്രത്യം, സത്യം എന്നിവയിലുള്ള സാവിത്രി സുപ്രസിദ്ധയായ മാതൃകയായിരുന്നു. നൂതനമായി വേളികഴിക്കുന്ന യുവതികളെ 'ഉന്മസാവിത്രീഭവ' എന്നു മുനികളും അനുഗ്രഹിക്കുക സാധാരണമാണു്.

സാവേശം—അ. ആത്മീയതയോടു കൂടിയതു്.

സാശ്വാസം–അ. ആശ്വാസത്തോടു കൂടിയതു്.

സാഷ്ടാംഗനമസ്കാരം–ഉരസ്സു്, മനം, കണ്ണു്, ശിരസ്സു്, കാൽകരങ്ങൾ, വചസ്സു്, ചുമൽ ഈ എട്ടും ഉപയോഗിച്ചു ചെയ്യുന്ന നമസ്കാരം.

'ഉരസ്യം ച തഥാപാദ്യം
പാണ്യോരുരസാധിയാ,
ശിരസാവചസാദൃഷ്ട്യാ
പ്രണാമോഷ്ടാംഗഇഷ്യതേ'

(1) കാൽമുട്ടുകൾ. (2) പാദങ്ങൾ. (3) രണ്ടുകൈകൾ. (4) മാറിടം. (5) മുടി. (6) തല. (7) വാക്കു്. (8) കണ്ണു്.

സാഷ്ടാംഗം–അ. എട്ടു് അവയവങ്ങളോടുകൂടി.

തല, നെറ്റി, മൂക്കു്, മാറിടം, രണ്ടുകൈകൾ, രണ്ടുകാൽ ഇവയെന്ന എട്ടംഗങ്ങൾ.

സാസ്ഥ–കാളയുടെ തോടു, ശോകണ്ണത്തിൽ തൂങ്ങിക്കിടക്കുന്ന തൊലി.

സാഹചര്യം–പ. ഒത്തുചേർന്നുള്ള നടപ്പു്, ഒത്തുചേർന്നു സഞ്ചരിക്കുന്ന സ്ഥിതി. ഉ. സമീപമുള്ളതിന്റെ അവസ്ഥ. ന. ഒരു കാവ്യഗുണം.

സാഹജികം–വി. സഹജമായുള്ളതിനെ സംബന്ധിച്ചു.

സാഹത്തു്–പ. ബഹുമാനം, യോഗ്യത. ഉ. മണിക്കൂറു്.

സാഹസപ്പെട്ടകം–പ. ക്ഷമവിട്ടുള്ള പ്രവൃത്തിക്കു് ഒരുമ്പെട്ടകം. ഉ. അഭിമാനപ്പെട്ടകം.

സാഹസം–പ. ക്ഷമയില്ലായ്മ, ക്ഷമവിട്ടുള്ള പ്രവൃത്തി, മണ്ഡത്തം, അഹങ്കാരം. ഉ. വിചാരമില്ലായ്മ.

സാഹസം–തീരെവിട്ടുകൊള്ളുക്കാരിക്കു്.
സാഹസം–പിടിച്ചുപറിക്കാരിക്കു്.
സാഹസകർമ്മം–വഞ്ചകന്മാരിക്കു്.
കിട്ടിയതുകൊണ്ടും–ചില്ലറക്കള്ളന്മാരിക്കു്.

സാഹസി-വി. സാഹസമുള്ള, ക്ഷമയില്ലാത്ത, വിചാരമില്ലാത്ത.

സാഹസിക-വി. ക. വിചാരമില്ലാതെ എല്ലാം പ്രവർത്തിക്കുന്ന. ഉ. സാഹസത്തെ സംബന്ധിച്ച.

സാഹസിക്യം-സാഹസം.

സാഹസ്ര-വി. ക. ആയിരത്തോട് സംബന്ധിച്ച. ഉ. ആയിരംകൊടുത്തു വാങ്ങിച്ചുള്ള.

സാഹസ്രൻ-ആയിരം ആളുകളുടെ അധിപതിയായിരിക്കുന്നവൻ.

സാഹസ്രം—ക. ആയിരംപേരടങ്ങിയ സൈന്യം. ഖ. സഹസ്രകുട്ടം.

സാഹായ്യം-സഹായഭാവം.

'ജഗന്നിയന്താ മമ സാഹായ്യം'

(ശ്രീരാമോദന്തം)

സാഹ്യം, സാഹ്യം-സഹായപ്രവൃത്തി, സഹായം ചെയ്യുന്നത്.

സാഹിതി-സാഹിത്യം.

സാഹിത്യദർപ്പണം-കാവ്യാലങ്കാരങ്ങളെപ്പറ്റിയുള്ള ഒരു പ്രസിദ്ധഗ്രന്ഥം.

കവി-വിശ്വനാഥകവിരാജൻ.

സാഹിത്യം-ക. കലകളിൽ ഒന്നായ അക്ഷരവിദ്യ. ഉ. കൂട്ടം, സമൂഹം. ന. ഒരു സ്ഥാനം. ദ. ശ്ലോകങ്ങളുടെ കൂട്ടം. ഇ. കവിത.

സാഹിത്യവിദ്യ-മോക്ഷമാർഗ്ഗം ആശയങ്ങളെ വെളിവായി പ്രകാശിപ്പിക്കുന്ന കല.

സാഹ്യം-ക. സഹായം. ഉ. സംസർഗ്ഗം.

സാള-താളം. (ശബ്ദതാരാവലിയിലില്ല).

സാളഗ്രാമം-(സാലഗ്രാമം എന്നതു നോക്കുക).

സാറട്ട്-ഉറക്കത്തിലെന്നപോലെയുള്ള മയക്കത്തിൽ മൂടിയുള്ള ഒരുതരം കനത്തശബ്ദം.

സി

സിംഘാണം-ക. ഇരിമ്പിൻകിട്ടം. ഉ. നാസാമലം, മൂക്കള.

സിംഹകേതു-ഒരു രാജാവ്. (പാണ്ഡ്യരാജപുത്രനാണ്).

സിംഹകേസരം-ക. സിംഹത്തിന്റെ കഴുത്തിലെരോമം. ഉ. ഒരു ഔഷധം.

സിംഹതലം-ഇടത്തേകൈയ്യും വലത്തേകൈയും കൂട്ടിച്ചേർത്തുപരത്തിപ്പിടിച്ചുതിന്റെ പേർ (സംഹതലം എന്നും കാണുന്നു).

സിംഹതുണ്ഡം-ഒരുവക മത്സ്യം.

സിംഹദ്വാരം-കൊട്ടാരപ്രധാനവാതിൽ.

സിംഹനാദം-ക. സിംഹത്തിന്റെ അലർച്ച. ഉ. വീരന്മാരുടെ സിംഹനാദത്തിനു തുല്യമായ ശബ്ദം.

സിംഹപുച്ഛം-ഒരില.

സിംഹപുച്ഛി-മൂവില.

സിംഹപ്പല്ല്-ക. വലിയ പല്ല്, ദംഷ്ട്രം ഉ. ആനക്കൊമ്പ്.

സിംഹഭാഗം-വലിയഭാഗം.

സിംഹം-ക. മൃഗരാജാവ്. ആന മുതലായ മൃഗങ്ങളെയെല്ലാം ഹിംസിക്കുന്നതെന്നർത്ഥം. പര്യായങ്ങൾ-സിംഹം, മൃഗേന്ദ്രൻ, പഞ്ചാസ്യൻ, ഹര്യക്ഷൻ, കേസരീ, ഹരീ, കണ്ഠീരവൻ, മൃഗരിപു, മൃഗരാട്ടി, പുണ്ഡരീകൻ, പഞ്ചാനനൻ, ചിത്രകായൻ, മൃഗാശനൻ, മൃഗപിട്ട്. ഉ. ചിങ്ങമാസം. ന. ചിങ്ങംരാശി. ദ. ചെമ്മരിങ്ങ. ഇ. ഇലഞ്ഞി. ആ. ശ്രേഷ്ഠാർത്ഥവാചകം.

വ്യാഘ്രം, പുംഗവം, ഋക്ഷം, കുഞ്ജരം, സിംഹം, ശാർദ്ദൂലം, നാഗം എന്നീ ഏഴ് ശബ്ദങ്ങളും ഉത്തരപദത്തിൽ സ്ഥിതിചെയ്യുമ്പോൾ (അവസാനത്തിലായി

രിക്കണം) സ്ത്രീവാചകമാവും-പുരുഷവ്യാഘ്രം, നൃപപുംഗവൻ, രാജർഷഭൻ, പുരുഷകുഞ്ജരൻ, നൃസിംഹൻ, കവിശാർദ്ദൂലൻ, നരതുരഗൻ. സിംഹത്തിൻറെ കാലത്തെ ജീവിതകാലം വർഷം 20-30. ക്ലിയ ജീവിതകാലം വർഷം 60.

'സൂനുത്തരപദേവ്യാഘ്ര
പുംഗവർഷഭകുഞ്ജരാഃ
സിംഹശാർദ്ദൂലനാഗാശ്ച
പുംസി ശ്രേഷ്ഠാർത്ഥവാചകാഃ'

സിംഹമാസം-ചിങ്ങമാസം.

സിംഹമുഖം-കോലത്തിരിയുടെ കോട്ടപ്പടി. A കോട്ടപ്പടി of Kolatiri (Gund).

സിംഹയാത്രാ-പാർവ്വതി.

സിംഹരഥാ-പാർവ്വതി.

സിംഹലകം-പിച്ചള.

സിംഹവിക്രമൻ, സിംഹവിക്രാന്തൻ-കതിര.

സിംഹസംഹനന-വി. നല്ല ദേഹവും നിറവും മേലവുള്ള.

സിംഹള-സിലോൺദേശം.

സിംഹളം-പ. സിലോൺ പുന്ന രാജ്യം. ഉ. വെളുത്തീയം. ന. പിച്ചള. ഭ. ഒരു ലവണത്തെക്കുറിച്ചു. (സിംഹളർ=സിംഹളർ).

സിംഹാക്ഷം-ഇരിമ്പിൻകീടം. (സിംഹാണം, സിംഹ്രാണം, ശിംഘാണം).

സിംഹാവലോകനന്യായം-മുമ്പോട്ടും പിമ്പോട്ടുമുള്ള നോട്ടം, രണ്ടരവമായ കരുതൽ.

സിംഹാസനദ്വാത്രിംശത്ത്-വിക്രമാദിത്യൻറെ സിംഹാസനം വഹിച്ചിരുന്ന മുപ്പത്തുരു പാവകളും പറഞ്ഞ 32 കഥകളും.

സിംഹാസനം-സ്വർണ്ണനിർമ്മിതമായ സ്ഥാനം.

സിംഹാസ്യം-ആനക്കൊമ്പകം.

സിംഹി-പ. പെൺസിംഹം. ഉ. ചൊവ്വഴുതിന. ന. രണ്ടുവിരൽ അകലം. ഭ. ആടലോടകം.

സിംഹിക-വി. പ. സിംഹത്തെ സംബന്ധിച്ച. ഉ. രാഹുകീയമായ.

സിംഹിക-പ. ഹനുമാനെ വായിലാക്കിയ ഒരു രാക്ഷസി. (ഹനുമാൻ തിരിയെ ചൊവ്വയായി പുറപ്പെടുമ്പോൾ). ഉ. കശ്യപൻറെ പുത്രി, വിപ്രചിത്തിയുടെ മാതാവ്. ന. ക്രോധൻറെ പുത്രി, കശ്യപൻറെ ഭാര്യ. ഭ. രാഹുവിൻറെ അമ്മ.

സിംഹിനി-ഒരു.

സിംഹീഗണ്ഡം-ചതുരക്കള്ളി.

സികത-പ. മണൽ. ഉ. മണൽപ്രദേശം. ന. മുത്തുമണി.

സികതാമയ-വി. മണൽകൊണ്ടുള്ള.

സികതാമയം-മണൽത്തിട്ട.

സികതാവൽ-വി. മണലുള്ള.

സികതാവാൻ-മണൽപ്രദേശം.

സിക്ക-ഒരു നാണയം. (സിക്ക ഉറുപ്പിക=a current Rupee).

സിക്ത-വി. നനയ്ക്കപ്പെട്ട.

സിക്തിലം-മണൽപ്പുറം.

സിക്ഥം-പ. മെഴുക്. ഉ. വെണ്ണ ചോറ്. ന. ഉരുളച്ചോറ്.

സിക്ഥകം-മെഴുക്, മധുച്ചിത്തം.

സിചയം-വസ്ത്രം.

സിഞ്ചിതാ-തിപ്പലി.

സിഞ്ജിതം-ആഭരണങ്ങളുടെ കിലുക്കം, വസ്ത്രങ്ങളിൽനിന്നും ശ്രുതികളിൽ നിന്നും ഉണ്ടാകുന്ന രണ്ടും.

സിത-വി. ക. വെളുത്ത. ഉ. അവസാനിച്ച, നശിച്ച. ന. കെട്ടഴിപ്പെട്ട. ഴ. അരിയപ്പെട്ട. ഇ. തികവായ, മുഴുവനായ.

സിതകരം-കർപ്പൂരം.

സിതൻ-ശുക്രൻ.

സിതം-ക. വെള്ളനിറം. ഉ. അസ്രം, അമ്പ്. ന. വെള്ളി. ഴ. ചന്ദനം.

സിതഛത്രം-വെൺകൊറ്റക്കുട.

സിതഛത്രാ-ശതകുപ്പ.

സിതഛത്രി-ക. ശതകുപ്പ. ഉ. കുൺ.

സിതഛദം-അരയന്നം.

സിതപക്ഷം-ക. ശുക്ലപക്ഷം. ഉ. അരയന്നം.

സിതപുഷ്പാ-വള്ളിമുല്ല.

സിതപ്രഭം-വെള്ളി.

സിതശിവം-ക. കല്ലുപ്പ്. ഉ. ഇന്തുപ്പ്.

സിതശൂകം-യവം.

സിതസിവം-ഇന്തുപ്പ്.

സിതാ-ക പഞ്ചസാര. ഉ. വള്ളിമുല്ല. ന. മത്തമതിരി പുല്ല്. ഴ. നിലംവ്. ഇ. ചെറിയ അമര. ഞ കുവനുവ്. ഏ. സുന്ദരി. ഡ. ഒരുവക മദ്യം. ൻ മലയമുക്കി. കഠ. വെൺകുക. കക. വെള്ളി. കഢ. ചന്ദനം. കന. മുള്ളങ്കി. കഴ. വെളുത്ത കണ്ടകാരിച്ചുണ്ട. കഇ. കാർകോകിൽ. കഞ. മുതക്ക്.

സിതാഖണ്ഡം-കൽക്കണ്ടം.

സിതാത്രയം—ചുമന്ന പഞ്ചസാര, വെള്ളപ്പഞ്ചസാര, തരിപ്പഞ്ചസാര.

സിതാനനൻ-ശരഭൻ.

സിതാപാംഗം-മയിൽ.

സിതാഭം-കർപ്പൂരം.

സിതാഭ്രം-കർപ്പൂരം.

സിതാംഭോജം-വെളുത്ത താമര.

സിതാശ്വൻ-അർജ്ജുനൻ.

സിതാസിതൻ-ബലരാമൻ.

സിതാഹ്വയാ-പഞ്ചസാര.

സിതേതരം-മുകിൽ.

സിതോദരൻ-കുബേരൻ.

സിതോപല-പഞ്ചസാര.

സിതോപലം-സ്ഫടികം.

സിദ്ധ-വി. ക. സാധിച്ച, തീർന്ന. ഉ. നിവർത്തിക്കപ്പെട്ട. ന. പ്രസിദ്ധിയുള്ള. ഴ. നിശ്ചയമായുള്ള. ഇ. പാകംചെയ്യപ്പെട്ട. ഞ. ചമയ്ക്കപ്പെട്ട.

സിദ്ധദീപിക-വേദാന്തതത്ത്വങ്ങൾ അടങ്ങീട്ടുള്ള ഒരു കൃതി.

സിദ്ധദേവൻ-ശിവൻ.

സിദ്ധധർമ്മചതുഷ്ടയം- യോഗസിദ്ധി, സഖ്യജ്ഞാനം, ബ്രഹ്മജ്ഞാനം, വിഷ്ണുശിവഭക്തി. (സിദ്ധന്മാർക്കുള്ള ഴ ധർമ്മം)

സിദ്ധധാതു-രസം, പാരതം, പാരദം.

സിദ്ധൻ-ക. അണിമാദി അഷ്ടൈശ്വര്യസിദ്ധിയുള്ള വിശ്വാവസുപ്രമുഖന്മാരായ ദേവയോനികളിൽ പെട്ട വകുപ്പാരിൽ ഒരുവൻ. ഉ. സന്ന്യാസി, തപസ്വി. ന. മായവിദ്യക്കാരൻ. ഴ. ഒരു ഭിഷഗ്വര്യൻ. ഇ. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്ന്. ഞ. അസ്തമിക്കാതെ ചമിക്കുന്ന ഒരു ദിവ്യൻ. ഏ. ക്ഷുദ്രക്കാരൻ.

സിദ്ധനദി-ശംഖുനദി, ദേവശംഖ.

സിദ്ധർ-അണിമാദി അഷ്ടൈശ്വര്യങ്ങൾ സിദ്ധിയുള്ള വിശ്വാവസുപ്രഭൃതിയായ ദേവയോനികൾ.

ആകാശത്തിൽ ഭൂമിക്കും സൂര്യനും മദ്ധ്യേ നിവസിക്കുന്ന ഒരുകൂട്ടം അർദ്ധദേവകൾ (88,000 പേർ).

സിദ്ധരസ-വി. ലോഹത്തെ സംബന്ധിച്ചുള്ള.

സിദ്ധരസം-രസം, പാരദം.

സിദ്ധരൂപാ- സംസ്കൃതവ്യാകരണത്തിലുള്ള പദരൂപങ്ങളെ കാണിക്കുന്ന ഒരു വ്യാകരണ ഗ്രന്ഥം.

സിദ്ധസാധകൻ-ശിവൻ.

സിദ്ധസിന്ധു-ഗംഗാനദി, ദേവഗംഗ.

സിദ്ധസ്ഥാലി - ഋഷികളുടെ ഒരു പാത്രം.

ഉദരസ്ഥൻ ആഗ്രഹിക്കുന്ന ഭക്ഷണം അതു യഥേഷ്ടം ഉടൻ കൊടുക്കും.

സിദ്ധം-ക്ര. ഒരു മന്ത്രം, ഋഷി. ഉ. കടലുപ്പ്.

സിദ്ധാന്തകൌമുദി-ഒരു വ്യാകരണ ഗ്രന്ഥം.

ഭട്ടോജിദീക്ഷിതർ പാണിനിയുടെ വ്യാകരണം ലഘുവാക്കിയത്.

സിദ്ധാന്തം-ക്ര. നിശ്ചയം, ശാസ്ത്രം. ഉ. ആലോചനചെയ്ത് ഇതു ഇന്നപ്രകാരം എന്നു തീർച്ചപ്പെടുത്തുന്നത്. ആലോചനയുടെ മാതൃക കണ്ടതെന്നർത്ഥം. സൂക്ഷ്മമായ പ്രമാണം. ന. അഭിപ്രായം. ഭ. തൽപരൻ. ഇ. ഏതിനെന്നറയെങ്കിലും സംഭവമായി നേരായിട്ടുള്ളതെന്ന കാര്യം, സൂക്ഷ്മമായ പ്രമാണം. ന. ജ്യോതിശ്ശാസ്ത്രത്തെയും ഗണിതശാസ്ത്രത്തെയും കുറിച്ചുള്ള ഒരു പുസ്തകം.

പൂർവ്വപക്ഷാക്ഷേപം ചെയ്ത സ്ഥാപിതമായ അഭിപ്രായം 'സിദ്ധാന്തം' എന്നു താർക്കികമതം.

സിദ്ധാന്തശിരോമണി - ഭാസ്കരാചാര്യരുടെ ഒരു ജ്യോതിശ്ശാസ്ത്രഗ്രന്ഥം.

സിദ്ധാന്തി-ക്ര. മീമാംസാശാസ്ത്രത്തെ അനുസരിച്ചു നടക്കുന്നവൻ. ഉ. ശാഠ്യക്കാരൻ.

സിദ്ധാന്തിക്കുന്നു-ക്ര. ശാഠ്യംപിടിക്കുന്നു, നിർബ്ബന്ധിക്കുന്നു. ഉ. താൽപര്യപ്പെടുന്നു.

സിദ്ധാപഗാ-ഗംഗാനദി.

സിദ്ധാർത്ഥ-വി. കാര്യസാദ്ധ്യംവന്ന.

സിദ്ധാർത്ഥ(ക)ം-വെങ്കടുക്.

സിദ്ധാർത്ഥൻ-ഈ യുഗത്തിലുണ്ടായ ബുദ്ധമതസ്ഥാപകന്റെ അച്ഛൻ. ജനനം ക്രി. സി. 623-ൽ.

സിദ്ധാർത്ഥം-ക്ര. സിദ്ധമായ അന്നത്തോടുകൂടിയത്, കാര്യം നേടിയത്. ഉ. വെളുത്ത കടുക്. ന. ആറാമത്തെരാശി.

സിദ്ധാർത്ഥാ-നാലാംജിനന്റെ മാതാവ്.

സിദ്ധാർത്ഥി-അറുപതിൽ 53-ാം വർഷം.

സിദ്ധാശ്രമം-ഒരു പുണ്യസ്ഥലം.

പണ്ടു അദിതിയും കാശ്യപനും തപസ്സുചെയ്ത് വിഷ്ണുവിന്റെ പുത്രനായി വരിച്ചതിന്റെ ശേഷം അവർക്ക് പുത്രനായി വാമനനായും ഉപേന്ദ്രനായും അവതരിച്ചു. പിന്നീട് വാമനരൂപത്തോടുകൂടി ഈ സ്ഥലത്തു സിദ്ധിയെ പ്രാപിക്കയാൽ ഈ പേരുണ്ടായി.

സിദ്ധി-ക്ര. നിവൃത്തി, ലാഭം. ഉ. സാദ്ധ്യം. ന. ജയം. ഭ. ചില ദേവതകളുടെ, പ്രത്യേകം ശിവന്റെ എട്ട് അണിമാദിശക്തികൾ. (അഷ്ടൈശ്വര്യങ്ങൾ എന്നതു നോക്കുക). ഇ. നന്മ, ഗുണം. ന. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്ന്. ഒ. കാട്ടുഴിഞ്ഞ്.

സിദ്ധികരണ-സംഗതികരണ, ലഭികരണ ഉണ്ടാകുന്ന.

സിദ്ധിത്രയം-പ്ര. ഒരുപോലെപ്രയസിദ്ധി, ജ്ഞാനസിദ്ധി, ഒരുവരംപ്രയസിദ്ധി. ര. കർമ്മസിദ്ധി, യോഗസിദ്ധി, ജ്ഞാനസിദ്ധി. സ. മണി, മന്ത്രം, ഔഷധം. ഭ. ദ്രവ്യം, വിത്തം, ഭോഗ്യം. ഇ. സഹായത്തസിദ്ധി, സഹിവായത്തസിദ്ധി, ഉപായത്തസിദ്ധി.

സിദ്ധൌഷധം-സമ്മതിച്ച നല്ല മരുന്ന്

സിദ്ധ്വന്തി-സംഹൃഷ്ടോഷിക്ക നിയമിക്കപ്പെട്ടിട്ടുള്ളവൻ, സേവകൻ.

സിദ്ധ്മം-ചുണങ്ങ്, കുഷ്ഠം.

സിദ്ധ്മല-പ്ര. ഉണക്കമീൻ. ര. ചുണങ്ങ്. സ. ഒരുവക കുഷ്ഠം. ഭ. തേമൽ.

സിദ്ധ്മളു-വി. ചുണങ്ങുള്ള.

സിദ്ധ്മാ-ചുണങ്ങ്, കുഷ്ഠം

സിദ്ധ്രകാ-വൃക്ഷവിശേഷം, ക്രയമം.

സിദ്ധ്യം-പൂയം നക്ഷത്രം.

സിന-പ്ര. വെളുത്ത. ര. മറക്കുണ്ടുള്ള.

സിന -ഭേഷം.

സിനീവാ(ബാ)ലി-പ്ര. ഉദിച്ചുതിൽപിന്നെയുള്ള വാവ്. ര. പാവ്തി.

സിന്ധുകാ-(കരി)നൊച്ചി.

സിന്ധുവാരം-(കരി)നൊച്ചി.

സിന്ദൂരതിലകം-ആന.

സിന്ദൂരകാരണം-കാരീയം.

സിന്ദൂരം-ഒരു ചെമന്ന പൊടി, ചില ലോഹങ്ങളും പുടംവെച്ചുട്ടത്തു ചുവന്ന വസ്തു.

തമിഴിൽ ചെന്തൂരം. വ്രണത്തിനും മറവും നന്ന്. ഇം-Menium Read lead.

സിന്ദൂരി-പ്ര. ശോഭനചന. ര. താരി രി. സ. ചെത്തി, തെച്ചി.

സിന്ദൂരിക്ക (ചെത്തിക്ക) സം-സിന്ദൂരപുഷ്പം. ഇം-Orunte. ത്തർഗ്ഗിക്കും മറവും നന്ന്. ചണ്ഡികാപൂജയ്ക്കും നല്ലതാണ്.

സിന്ദൂരിക്കുന്നു—പുടത്തിൽ സിന്ദൂരമാക്കുന്നു.

സിന്ധു-വരുണൻ.

സിന്ധു-പ്ര. സമുദ്രം. ര. ഒരു ദേശം. സ. നദി (ഇൻഡസ്). ഭ. ഇന്തുപ്പു വിളയുന്ന ആറ്. ഇ. മാൾവയിലെ ഒരു നദി. ന. ആന. ഏ. ഒരു വലിയ നദി.

സിന്ധുകപഥം-കടൽവഴി.

സിന്ധുജ-വി. പ്ര. സമുദ്രത്തിൽ നിന്നുണ്ടായ. ര. സിന്ധുദേശത്തിൽ ജനിച്ച.

സിന്ധുജം-പ്ര. ഇന്തുപ്പ്. ര. കതിര. സ. കർപ്പൂരം.

സിന്ധുജൻ-ചന്ദ്രൻ.

സിന്ധുജാ-ലക്ഷ്മി.

സിന്ധുദേശം-ഒരു രാജ്യം.

സിന്ധുദ്വീപം-കടത്തുരുത്ത്. (ഏറാമം നൂർ നിന്നു വടക്കുമാറി).

സിന്ധുനന്ദനം-കർപ്പൂരം.

സിന്ധുപുഷ്പം-ശംഖ്.

സിന്ധുസമ്ഭവം-ഇന്തുപ്പ്.

സിന്ധുരം-ആന.

സിന്ധുരാജൻ(നാഥൻ)-ജയദ്രഥൻ.

സിന്ധുലതാഗ്രം-പവിഴം.

സിന്ധുവല്ലി-പവിഴം.

സിന്ധുവാരം-നല്ലജാതി കതിര.

സിന്ധുവാരി-പ്ര. സിന്ധുരാജ്യത്തുള്ള നല്ല കതിര ര. ഒരു വൃക്ഷം.

സിന്ധുസംഗമം-സമുദ്രവും നദിയും കൂടുന്നിടം.

സിന്ധുസുതം-കർപ്പൂരം.

സിന്ധൂത്ഥം-ഇന്തുപ്പ്.

സിപ്ര-പ്ര. ഉജ്ജയിനിക്കരികെയുള്ള ഒരു നദി. ഉ. സ്ത്രീകളുടെ അരഞ്ഞാണം. ന. ഏലം.

സിപ്രൻ-ചന്ദ്രൻ

സിപ്രം-വിയർപ്പ്.

സിമം-ആസകലം.

സിര-പ്ര. ഞരമ്പ്. ഉ. തേങ്ങാന്ന പാത്രം, കൊട്ടക്കോരിക.

സിരം-കൂട്ടിത്തിപ്പലിവേത്.

സിരാഗ്രഹം-ഒരു രോഗം.

സിരോഗ്രഹം എന്ന രോഗത്തിന്റെ ചികിത്സയിൽ ഉപേക്ഷ കാണിച്ചാൽ അതു സിരാഗ്രഹമായിത്തീരും. അതിന്റെ കണ്ണിൽക്കൂടി രക്തം അധികമൊലിക്കും. യാതൊന്നും നോക്കാൻ കഴിയാതെയാകും.

സിരോല്പാതം-ഒരു രോഗം.

അക്ഷിനിരകം വേരനയോടുകൂടെ തെരയോ വേരനയോടുകൂടിയോ രക്തം പിഴിഞ്ഞും പിഴിഞ്ഞും വികൃതവസ്തുക്കളായിട്ടോ ഇരിക്കും.

സിലം-കരിയിൽ നിന്ന് ഉതിരുന്ന ഒരു നനവ്.

'സമുദ്രാസംശിലാതലിനീരനനീ'
(നളചരിതം കഥകളി)

സിലീന്ധ്ര-കുമിഴ് (മ്).

സിലുവ-പരുവിച്ചിഹ്നം.

സിവരം-ആന.

സിസൃക്ഷു-സൃഷ്ടിക്കുവാനുള്ള ആഗ്രഹം.

സിഷ്ടു(കു)ം-കണ്ണുതുടയ്ക്കും.

സീ

സീതാ-പ്ര. ശ്രീരാമന്റെ ഭാര്യ. (രാമൻ എന്നതു നോക്കുക).

വിദേഹരാജാവായ ജനകന്റെ പുത്രിയാണ്. സാക്ഷാൽ ലക്ഷ്മിയുടെ അവതാരമാകുന്നു. വേദവതിയായി കൃതയുഗത്തിൽ ജനിച്ചു. പാതിവ്രത്യത്തിന്റെയും ഭർത്തൃസ്നേഹത്തിന്റെയും മൂർത്തിയാണ്. ഭൂമി ഉഴുമ്പോൾ ഉഴവുചാലിൽ നിന്നുണ്ടാകയാൽ സീത എന്നും ധരണിസുതാ, ഭൂമിജാ, അയോനിജാ, പാർത്ഥിവി മുതലായ നാമധേയങ്ങളും ഉണ്ടായി. ഈ പതിവ്രതാ രാവണവധാനന്തരം അഗ്നിപ്രവേശം ചെയ്ത് സ്വാതന്ത്ര്യം തെളിയിച്ചു. ഒടുവിൽ ലോകാപവാദം ഹേതുവായിട്ട് ശ്രീരാമൻ ഉപേക്ഷിക്കയും ഗർഭിണിയായ ഈ മഹതി വഴിമദ്ധ്യേ വാല്മീകിയുടെ ആശ്രമം പ്രാപിച്ചു കുശലവന്മാരെ പ്രസവിച്ചതിന്റെ ശേഷം ഭൂമി പിളർന്നകത്തും അമ്മയായ ഭൂമി ഈ മകളെ സ്വീകരിക്കയും ചെയ്തു.

ഉ. കയപ്പച്ചീര, ഉഴപ്പാളി. ന. മദ്യം. ഭ. ശംഖുടെ ഒരു രോഗവിശേഷം. ര. ഇന്ദ്രന്റെ ഭാര്യ. ല. ലക്ഷ്മി. വ. പാവൽവള്ളി.

(സീതയുടെ ചിത്രം എന്നതിനു കാണുക.)

സീതാചക്രം-ഈ ചക്രത്തിൽ കാണിച്ചിട്ടുള്ള ഫലം.

8	3	4
1	5	9
6	7	2

1. ധനലാഭം 2. നാശം. 3. സ്നേഹം 4. പീഡ. 5. ക്ഷേമം 6. കലഹം. 7. ധനനാശം. 8. മരണം 9. സന്തോഷം.

സീത്യ-വി. ഉഴപ്പെട്ട, കൃഷിക്കായിട്ട കിടക്ക.

സീത്യം-ധാന്യം, നെല്ലും മറ്റും മുളയ്ക്കുന്ന നിലം.

സീൽക്കാരം, സീൽകൃതി- അധികം കളിയ്ക്കുമ്പോഴും മറ്റും പുറപ്പെടുവിക്കുന്ന ഒരു ശബ്ദം.

സീധു- കരിമ്പിൻനീര കൊണ്ടുണ്ടാക്കുന്ന മദ്യം.

സീധുരസം-മദ്യം.

സീമ-പ്ര. (ഗ്രാമത്തിന്റെയും ദേശത്തിന്റെയും) അതിര്, എല്ലുക. ക. വയൽ, പാടം. ന. പിടലി. ഭ. വൃക്ഷണം. (മ) സീമ, ടീപ്പ്.

സീമച്ചുണ്ണാമ്പ്- ഒരുമാതിരി കൽച്ചുണ്ണാമ്പ്.

സീമന്തകം-സിന്ദൂരം.

സീമന്തം-പ്ര. തലയുടെ നടുവേ മുടി പകുത്തിടുമ്പോൾ ഉണ്ടാകുന്ന രേഖ. സീമാവിന്റെ അന്തം എന്നർത്ഥം. ക. ചില ജ്യോതിക്കാരുടെ സ്ത്രീകർമ്മ ശർമ്മണ്യേ 4, 5, 8 ഈ മാസങ്ങളിൽ കഴിക്കുന്ന ഒരു കർമ്മം. ന. അതിര്.

തലമുടി പകുത്തുവയ്ക്കുന്നതിന്റെ പേരന്തം, തലമുടി പകുത്തുവയ്ക്കുമ്പോൾ കാണാവുന്ന മദ്ധ്യരേഖയുടെ പേരന്തം കാണുന്നു.

സീമന്തിനി-സ്ത്രീ. സീമന്തം ഉള്ളവൾ എന്നർത്ഥം.

സീമന്തോന്നയനം-ഒരടിയന്തരം. (സീമന്തം എന്നതു നോക്കുക).

സീമാതീത-വി. അതിരുകടന്ന, അത്യധികമായ.

സീമാവ്-പ്ര. അതിര്, എല്ലുക. ക. പിടലി. ന. വൃക്ഷണം.

സീരകം-ചീരകണ്ണി.

സീരധ്വജൻ-ജനകൻ.

സീരപാണി, സീരഭൃത്തു്-ബലഭദ്രൻ.

സീരം-കലപ്പ.

സീരകൻ-സൂര്യൻ.

സീരി-ബലഭദ്രൻ.

സീവനം-തുന്നൽ, തുന്നൽ, കുട്ടിത്തുന്നുക, നൈത്തു്.

സീവനി-സൂചി.

സീസ(ക)ം-കാരീയം.

സീസജം-സിന്ദൂരം.

സീഹുണ്ഡം-ചതുരക്കള്ളി.

—:o:—

സു

സു-അ. ഒരുപസർഗ്ഗം. ഇതു ചില വാക്കുകളുടെ ആദിയിൽ ചേരുമ്പോൾ അതിന്നു 'നല്ല' മുതലായ അർത്ഥം വരും. (പൂജാർത്ഥത്തിലും 'ഏറ്റവും' എന്ന അർത്ഥത്തിലും കൂടി കാണുന്നുണ്ടു്)

സുകണ്ഡു-ചൊറി.

സുകന്ദ(ക)ം-വെള്ളുള്ളി. (ചെമന്നുള്ളി)

സുകന്ദി-ചേന.

സുകര-വി. എളുപ്പത്തിൽ ചെയ്യപ്പെടാവുന്ന സൈകര്യമുള്ള.

സുകര-ഇണങ്ങിയ പന്നി.

സുകരം-നന്മചെയ്ക, ഗുണംചെയ്ക, (സുകരം> <ദുഷ്കരം),

സുകർണ്ണികാ-ഏലിച്ചെവി.

സുകർമ്മ-വി. പ്ര. നല്ല പ്രവൃത്തിയുള്ള. ക. പ്രവൃത്തിയിൽ ശ്രദ്ധയുള്ള.

സുകർമ്മാവു്-പ്ര. വിശ്വകർമ്മാവു്. ക. സുകൃതമുള്ളവൻ. ന. സമർത്ഥൻ.

സുകല വി. തനിക്കുള്ള വിവേകത്തെ അന്യന്മാർക്കു കൊടുക്കയും താനനുഭവിക്കയും ചെയ്യുന്ന.

സുകാണ്ഡം-കരുവിക്കരിമ്പ്.

സുകാമുകം-ചക്രവാകപ്പക്ഷി.

സുകാസ്ഥം-ഖദിരം.

സുകുമാരം-വി. മൃദുത്വമുള്ള. ക. രമ്യമായ മുള്ള, മനോജ്ഞമുള്ള. ന. പകുമല്ലാത്ത. ഉ-ം, സുകുമാരബുദ്ധികൾ.

സുകുമാര-ക. പിച്ചകം. ക. തുശിമുല്ല ന. വാഴ. ഘ. കരാവ്. ങ. ചോനകപ്പുല്ല്.

സുകുമാരകം-കരിമ്പ്.

സുകുമാരകലകഠം-(മദ്ധ്യങ്ങളം) സംഗീതം, സാഹിത്യം, ചിത്രം, നാട്യം.

സുകുമാരി-നവമല്ലിക

സുകൃത-വി. ക. പുണ്യമുള്ള, പുണ്യം ചെയ്യുന്ന. ക. നന്നായിട്ട ചെയ്യുന്ന.

സുകൃതം-ക. പുണ്യം, ധർമ്മം, ഗുണം. ക. നന്നായിട്ട ചെയ്യുക ന. ഭയ.

സുകൃതി-വി. ക. പുണ്യമുള്ള. ക. ഭാഗ്യമുള്ള.

സുകൃതി-ക വിദ്വാൻ. ക. പുണ്യവാൻ. ന. ഭാഗ്യസമ്പന്നൻ.

സുകൃതിയുടെ ലക്ഷണം-ഒന്ന ഭാര്യ, മൂന്ന പുത്രന്മാർ, പത്ത പശു, രണ്ട ജോടിക്കണ്ട്, നാടിന്റെ മദ്ധ്യേ ഗൃഹം.

സുകൃതി-നല്ല പ്രവൃത്തി.

സുകൂൽ-വി. നന്നായിട്ട ചെയ്യുന്ന.

സുക്രതു-ക. ഇന്ദ്രൻ. ക. അഗ്നി. ന. സൂര്യൻ. ഘ. സോമൻ. ങ. ശിവൻ. ന. വരുണൻ.

സുഖകര വി. ക സുഖത്തെ ചെയ്യുന്ന. ക. വേഗത്തിൽ ചെയ്യുന്ന.

സുഖം-ക. മനസുഖം, ദുഃഖമില്ലായ്മ. ക. യുക്തി. ന. ഭുക്തി. ഘ. സ്വർഗ്ഗം. ങ. ജലം.

സുഖംഫുണ -ശിവന്റെ വടി.

പിടിക്കുന്നേടത്തു ഒരു തലയോട്ടു വെച്ചുറപ്പിച്ചിരിക്കും

സുഖട-വി. സുഖംതരുന്ന

സുഖവാച്ചകം, സുഖവച്ചസ്സ്, സുഖവച്ചലം-തുവച്ചിലക്കുരം. വേങ്ങ ചുട്ട വെണ്ണീറിൽ നിന്നും ഉണ്ടാക്കിയ ഉപ്പും.

സുഖവൃത്തി-മനസുഖമുള്ള കഴിച്ചിൽ.

സുഖസന്ധാര്യ-ഇണക്കമുള്ള പശു, കറപ്പാലുള്ള പശു.

സുഖസന്നി-ഒരുമാതിരി പനി.

സുഖസാല്യ-വി. എളുപ്പം സാധിക്കാവുന്നം.

സുഖാജ്ഞാതൻ-ശിവൻ.

സുഖാധാരം-സ്വർഗ്ഗം, ഇന്ദ്രലോകം.

സുഖാപഹ-വി. സുഖത്തെ ഇല്ലാതാക്കുന്ന.

സുഖാശനം-കരുട്ടവെള്ളരി

സുഖാശൻ-വരുണൻ.

സുഖാസക്തൻ-ശിവൻ.

സുഖി-സുഖമുള്ള.

സുഖിക്കുന്ന-സുഖം അനുഭവിക്കുന്ന.

സുഖിയൻ-ക. ഒരുമാതിരി പലഹാരം. ക. സുഖം അനുഭവിക്കുന്നവൻ.

സുഗതൻ-ബുദ്ധമുനി.

സുഗതവാക്യം-പഴമൊഴി, സാധാരണ വാക്ക്.

സുഗതി-സൽഗതി, മോക്ഷപ്രാപ്തി.

സുഗന്ധ-വി. നല്ല മണമുള്ള.

സുഗന്ധ-ക. മാധവി. ക. മഞ്ഞക്കുറുമുഴി. ന. നറുനീണ്ടി. ഘ. ഗംഗാപുത്രി. ങ. ചിറ്റരത്ത. ന. ഇന്തിൽ. ച. അരത്ത. ഛ. തുമ്പ. ജ. കാട്ടുമാതളനാരകം. ഝ. നറുമഞ്ഞൾ. ഞ.

തുളസി. ക്ഷ. തുരുമുല്ല ക്ഷ. പൊന്ന ക്ഷീരകം. ക്ഷ. കരിങ്ക്ഷീരകം. ക്ഷ. ചെറുകുമ്പിൾ. ക്ഷ. ചോനകപ്പുല്ല്. ക്ഷ കാട്ടുപാവൽ ക്ഷ. ശതകുപ്പ.

സുഗന്ധകം-ക്ഷ നാരകം. ര. ചെമന്ന തുളസി.

സുഗന്ധം-ക്ഷ നല്ല മണം. ര. ചന്ദനം. ന. കിരാതചന്ദനം. ര. ഗന്ധകം. ള. പുരണക്കപ്പുല്ല്. ന. കറുത്ത ആമ്പൽ. ഒ. കരിഞ്ഞണ്ണ വ. തുവച്ചില ഉപ്പ്. ൻ. ചെറുകടുക്. ക്ഷ. പച്ചപ്പുഴ ക്ഷ. പച്ചില. ക്ഷ. കരിങ്ക്ഷീരകം. ക്ഷ. കടല. ക്ഷ. തുമ്പുണി. ക്ഷ. ഗന്ധതൃണം. ക്ഷ. കസ്തൂരിക്കം. ക്ഷ ചെമ്മരിങ്ങ.

സുഗന്ധവർഗ്ഗം-നല്ല മണമുള്ള വസ്തുക്കളുടെ കൂട്ടം.

സുഗന്ധഷഡംഗം-ഇരട്ടിക്കാം, ഇലവങ്ങം, കർപ്പൂരം, തക്കോലം, ഇരുവേലി പാശുക് ഇവ ന-ം.

സുഗന്ധാഢ്യാ-കടമുല്ല.

സുഗന്ധി-വി. ക്ഷ. നല്ല മണമുള്ള. ര. സുകൃതമുള്ള.

സുഗന്ധി-ക്ഷ. നല്ല മണം. ര. സുഗന്ധമുള്ള ഒരുവക പുല്ല്. ന. ഏലാവാലുകം. ര. നറുപശ ള. വെങ്ങ. ന (നീർ) മുത്തങ്ങ. ഒ. മുത്തങ്ങ. വ. കൊരുത്തമ്പാലയരി. ൻ. കാട്ടുചെറുതുളസി ക്ഷ വെൺചന്ദനം. ക്ഷ. തിപ്പലിമൂലം.

സുഗന്ധികം-ക്ഷ. രാമച്ചം. ര സിംഹം ന. അറബിക്കുന്തുരുക്കം. ര. പുഷ്കരമൂലം. ള. കരിങ്ക്ഷീരകം. ന. ഏലാവാലുകം.

സുഗന്ധിമൂഷികാ-നരിച്ചുലി.

സുഗമ-വി. ക്ഷ. നല്ലവണ്ണം നടക്കാവുന്ന. ര. അടുത്തുചെല്ലാവുന്ന. ന. എളുപ്പമുള്ള. സുഗമം > <ദുർഗ്ഗമം.

സുഗഹന-വി. ക്ഷ. പ്രവേശിക്കപ്പെടുവാൻ വഹിയാത്ത. ര. ഏറ്റവും കട്ടിയുള്ള.

സുഗൃഹം-കളരിക്കോഴി.

സുഗ്രീവൻ-ക്ഷ. രാമായണത്തിൽ കാണുന്ന വാനരന്മാരുടെ രാജാവ്.

സൂര്യന്റെ പുത്രനാണ്. സുഗ്രീവന്റെ മറ്റുള്ള 'രുമ' എന്ന പേർ. ജ്യേഷ്ഠന്റെ പേർ ബാലി. തന്നെ സ്ഥാനഭ്രഷ്ടനാക്കിയ ജ്യേഷ്ഠനെ രാമചന്ദ്രനെക്കൊണ്ടു വധിപ്പിച്ചു താൻ കിഷ്കിന്ധയിൽ രാജാവായി. ഇയാൾക്കു ഇഷ്ടംപോലെ രൂപം മാറുന്നതിനുള്ള ശക്തിയുണ്ടായിരുന്നു.

ര. കൃഷ്ണന്റെ (വിഷ്ണുവിന്റെ) ഒരു കുതിര. ന. ഇന്ദ്രൻ. ള. ശിവൻ.

സുഗ്രീവാജ്ഞ-നിർദ്ദാക്ഷിണ്യമായ വരുതി.

സുഗ്രീവം-ക്ഷ. നല്ല കഴുത്ത്. ര. അരയന്നം. ന. ഒരുവക ആയുധം. ള. വിഷ്ണുവിന്റെ ഒരു കുതിര.

സുഘോഷം-നകുലന്റെ ശംഖം.

സുചരിത, സുചരിത്ര-പാതിവ്രത്യമുള്ള സ്ത്രീ.

സുചാരു കൃഷ്ണന്റെയും രുക്മിണിയുടെയും പുത്രൻ.

സുചിരം-അ. വളരെക്കാലം.

സുചിത്രകം-നീർക്കാക്ക.

സുചേലകം-നല്ല വസ്ത്രം, പട്ടുചേല.

സുജന-വി. ക്ഷ. പുണ്യമുള്ള, നന്മയുള്ള. ര. ദയയുള്ള.

സുജനതാ-ക്ഷ. നന്മ. ര. ദയ. ന. നല്ല ജനസമൂഹം.

സുജനത്വം-നന്മ.

സുജനൻ-ഇന്ദ്രന്റെ തേരാളി.

സുജാത-വി. ക നന്നായുണ്ടായ. ഉ. നല്ലവംശത്തിൽ ജനിച്ചു. ന. മേന്മയുള്ള

സുജാതി-വി. നല്ലജാതി.

സുത-ക. പുത്രി. ഉ. രാജപുത്രി.

സുതൻ-ക. പുത്രൻ. ഉ. രാജപുത്രൻ. ന. രാജാവു്.

സുതനു-സുന്ദരി.

സുതപസ്സു്-ക. നല്ല തപസ്സു്. ഉ. വലിയ ചൂടു്. ന. സൂര്യൻ.

സുതരാം-അ. ഏറവും, വിശേഷമായു്.

സുതട്ടനം-കയിൽ.

സുതലം-പാതാളലോകങ്ങളിൽ ഒന്നു്.

സുതവാൻ, (-വതി)-പുത്രനുള്ളവൻ (-വൾ).

സുതശ്രേണി-ഒരു മരുന്നു, എലിച്ചെവി. അനേകം രോഗകാരണം ഉള്ളതു് എന്നർത്ഥം.

സുതസോമൻ-ഭീമന്റെ പുത്രൻ.

സുതാത്മജൻ-പുത്രന്റെയും പുത്രിയുടേയും പുത്രൻ.

സുതാത്മജാ-പുത്രന്റെയും പുത്രിയുടേയും പുത്രി.

മകളുടെ മകളുമാത്രം പറയുന്നതു് -മുത്തഹിത്രീ).

സുതിനീ-അമ്മ.

സുതീക്ഷ്ണൻ-ദണ്ഡകവനത്തിൽ വസിച്ചിരുന്ന ഒരു സന്ന്യാസി. (രാമനും സീതയും ഒരിക്കൽ ഇദ്ദേഹത്തെ കണ്ടു).

സുതുംഗം-തെങ്ങു്.

സുത്യ-ക. കർമ്മാവസാനത്തിലുള്ള ഒരു കർമ്മി, യജ്ഞാന്തസ്നാനം. ഉ. സോമവള്ളി ഇടിച്ചു പിഴിയുന്ന ക്രിയ.

സുത്രാമാവു്-ക. ഇന്ദ്രൻ. ലോകങ്ങളെ സംരക്ഷിക്കുന്നവൻ എന്നർത്ഥം. ഉ. ഭൂമി.

സുത്വാ-യജ്ഞാവസാനത്തിൽ അവഭൃത സ്നാനംചെയ്ത യജമാനൻ. യാഗത്തിന്നായിട്ടു സോമവള്ളി പിഴിഞ്ഞവൻ എന്നർത്ഥം.

സുദതി-നല്ല പല്ലുള്ളവൾ, സുന്ദരി.

സുദന്തം-നല്ല പല്ലു്.

സുദന്തൻ-നടൻ, അഭിനയക്കാരൻ.

സുദന്തീ - ലോകത്തിന്റെ വരൾച്ച പരിഹരിക്കാനായി ഭഗീരഥൻ പിടിയാന.

സുദർശന-വി. മേന്മയുള്ള. കാണുന്നതിനു നന്നായുള്ള.

സുദർശനൻ-ക. ജിനന്മാരിൽ ഒരു പ്രധാനി ഉ. കീഴ്വൻ.

സുദർശനം-ക. വിഷ്ണുവിന്റെ ചക്രത്തിന്റെ പേർ. കേതന്മാർ സുഖത്തോടു കാണുന്നതെന്നർത്ഥം. (വജ്രനാമം എന്നതു നോക്കുക). ഉ. മേരുപർവ്വതം ന. കീഴ്വൻപക്ഷി.

സുദർശനാ-ക ഒരുങ്ങാടിമരുന്നു്. ഉ. കല്പന. ന. ഒരു ഔഷധം. ർ. സൌന്ദര്യമുള്ള സ്ത്രീ

സുദർശനാവള്ളി-ഒരുവക വള്ളി.

ഇതിന്റെ ഇല കരിമ്പിന്റെ പോലെ ചവർപ്പും നീളമുള്ളതുമാണു്. പൂ വെളുത്തിരിക്കും.

സുദർശനി-ഇന്ദ്രന്റെ പുരം.

സുദാമൻ-ഒരു മേഘം.

സുദാമാ-കടൽ.

സുദാമാവു്-ക. മേഘം. ഉ. പർവ്വതം. ന. ഇന്ദ്രലോകം. ർ. ഒരു ശ്രീകൃഷ്ണൻ.

സുദായം-സ്ത്രീധനം.

സുദാസൻ-ഒരു രാജാവ്.

യാഗങ്ങളും ചെയ്യുകനിമിത്തം പ്രസിദ്ധിനേടി. വിരോധികളുടെ വിശ്വാമിത്രനും വസിഷ്ഠനും ഈ രാജസഭയിൽ രാജനായിട്ടു ശോഭിച്ചു.

സുദിനം-നല്ല ദിവസം, തെളിഞ്ഞ ദിവസം, മഴക്കാറും മറവുമില്ലാത്ത ദിവസം.

സുദീർഘ-വി. ഏറ്റവും നീളമുള്ള.

സുദുർല്ലഭ-വി. ലഭിപ്പാൻ പ്രയാസമുള്ള.

സുദുശ്ചര-വി. പ്ര. ചെയ്വാൻ പ്രയാസമുള്ള. ഉ. പ്രയാസപ്പെട്ടു നടക്കുന്ന. നാ. പ്രയാസപ്പെട്ടു ഇളകുന്ന.

സുദുഷ്കര-വി. ഏറ്റവും പ്രയാസമേറിയ.

സുദൂര-വി. ഏറ്റവും ദൂരമുള്ള.

സുദൃക്-സുന്ദരി. നല്ല കണ്ണുള്ളവൾ എന്നർത്ഥം.

സുദൃഢ-വി. ഏറ്റവും കട്ടിപ്പുള്ള, ഉറപ്പുള്ള

സുദൃഢം-നല്ല ഉറപ്പ്.

സുദൃഷ്ടി-കഴുവൻ.

സുദേഷ്ണ-പ്ര. വിരാടരാജ്ഞി. ഉ. ബാഹിയുടെ ഭാര്യ.

സുദേഷ്ണൻ-കൃഷ്ണന്റെയും രുക്മിണിയുടേയും പുത്രൻ.

സുദ്യുമ്നൻ-ഇളൻ. (ഇഡ എന്നതു നോക്കുക).

സുധന്വാവ്-അംഗിരസ്സിന്റെ പുത്രൻ.

സുധർമ്മ-ദേവകളുടെ സഭ.

ഇന്ദ്രന്റെ കൊട്ടാരത്തിലെ ആലോചനമുറിയാണ്. യദുകുലത്തിലുള്ളവർക്കു കൂടുന്നതിനുവേണ്ടി കൃഷ്ണന്റെ ആജ്ഞാഹേതുവായിട്ടു ഇന്ദ്രൻ വിട്ടുകൊടുത്തു. കൃഷ്ണന്റെ അവസാനശേഷം തിരിയെ സ്വർഗ്ഗത്തിലേക്കുതന്നെ ശമിച്ചു.

സുധർമ്മാവ്-തന്റെ കുടുംബത്തെ നല്ല വണ്ണം രക്ഷിക്കുന്നവൻ.

സുധാ-പ്ര. അമൃത്. ഉ. ശംഖുനെടി. നാ. ഇലക്കള്ളി, ചതുരക്കള്ളി. ഭ. ചാവ്. ഇ. കവള. ന. മിന്നൽ ഒ പൊന്ന കുമ്പ വൃ മുയില. ൻ. വെങ്കള്ളി. ഫാ. മദ്യം. ഫ്ര. തെയ്യ്. ഫമ. വണ്ണാത്തിപ്പുള്ള്. ഫന. നെല്ലി.

സുധാകണ്ഡം-കയിൽ.

സുധാകരൻ-ചന്ദ്രൻ.

സുധാകരം-പ്ര. സമുദ്രം. ഉ. കർപ്പൂരം.

സുധാംഗം-കർപ്പൂരം.

സുധാജീവി-കല്പശാരി.

സുധാനിധി-കർപ്പൂരം.

സുധാപാണി-ധന്വന്തരിമൂർത്തി.

സുധാംശു-പ്ര ചന്ദ്രൻ. ഉ. കർപ്പൂരം.

സുധാംശുരത്നം-കർപ്പൂരം.

സുധാസിതം-വെള്ള.

സുധീ-പ്ര. പണ്ഡിതൻ, വിദ്വാൻ. ഉ. നല്ല ബുദ്ധിയുള്ളവൻ

സുനന്ദാ-പ്ര. ശാരദാചന, ഉ. ഒരു ചേദിരാജ്ഞി.

നളൻ ദമയന്തിയെ ഉപേക്ഷിച്ചുപോയതിന്റെ ശേഷം ഈ രാജ്ഞിയാണു സഹായിച്ചതു്.

സുനയനം-മാൻ.

സുനാളകം-ശംഖു്.

സുനാമൻ-ഉഗ്രസേനന്റെ പുത്രൻ, കംസന്റെ സഹോദരൻ.

കൃഷ്ണൻ കംസനെ ജയിച്ചപ്പോൾ ഇയാൾ സഹായാർത്ഥം അവിടെ ചെന്നു. ബലരാമൻ കൊന്നു

സുനാസീരൻ- ഇന്ദ്രൻ. സു=നല്ല + നാസീരം = സേനാമുഖം. ശോഭയുള്ള സേനാമുഖമുള്ളവൻ. ഗ്രന്ഥങ്ങം = ഗമിക്കുന്നവ. സീരം=കലപ്പ. ഭൂമിയിൽ മഴപെയ്യിച്ച് കലപ്പകൾകൊണ്ടുഴുന്നതിന് ഇടവരുത്തുന്നവൻ.

സുനിഷണ്ണ(ക)ം— നീരാരൽ. ഗ്രന്ഥങ്ങം ഇതിൽ മംഗിയായി ഒതുങ്ങിയിരിക്കുന്നു എന്നർത്ഥം.

സുനീതി-പ്ര. നല്ല നീതി, നല്ല നയം, മര്യാദ, ഉ. ധ്രുവന്റെ അമ്മ, ഉത്തമന്റെ പാരന്റെ പത്നി.

സുനീല(ക)ം-ഇന്ദ്രനീലക്കല്ല്.

സുന്ദൻ-ഒരസുരൻ.

നികുംഭന്റെ പുത്രന്മാരായി സുന്ദൻ എന്നും ഉപസുന്ദൻ എന്നും രണ്ട് അസുരന്മാരുണ്ടായി. ഇവർ ബ്രഹ്മാവിനെ തപസ്സുചെയ്ത് അന്യോന്യം ഒഴിഞ്ഞു ആരാലും തങ്ങൾക്ക് മരിയുണ്ടാകരുതെന്ന വരംവാങ്ങി അഹങ്കാരത്തിൽ മുഴുകി. ഇവരെ നിഗ്രഹിക്കുന്നതിനു ദേവകളുടെ പ്രാർത്ഥനയനുസരിച്ചു ബ്രഹ്മാവു തിലോത്തമയെ സൃഷ്ടിച്ചു. അവൾ ഹേതുവായിട്ട് അവർ കലഹിച്ചു തമ്മിൽ തല്ലി മരിച്ചു. ഈ കഥയെ ആസ്പദമാക്കി ഈ നിഘണ്ടുവിന്റെ കർത്താവ് വിദ്യാർത്ഥിയായിരിക്കുമ്പോൾ 'സുന്ദോപസുന്ദന്മാരും' എന്ന പേരോടുകൂടി ഒരു കഥകളി എഴുതി അച്ചടിപ്പിച്ചിട്ടുണ്ട്.

സുന്ദര—വി. മംഗിയുള്ള, സൌന്ദര്യമുള്ള.

സുന്ദരദർശനം-കണ്ണാടി.

സുന്ദരൻ-പ്ര. അഴകുള്ളവൻ. ഉ. കാമദേവൻ.

സുന്ദരവിഷ്ണു-അസ്ഥാനത്തിലും താൻ സുന്ദരൻ എന്നു നടിക്കുന്നവൻ.

സുന്ദരം-പ്ര. ശോഭാകരം. ഉ. മയിലെള്ള്. ന. മനോഹരം

സുന്ദരാചാര്യൻ—ഒരു സംസ്കൃതകവി. തിരുനൽവേലിക്കാരനാണ്. രാമകൃഷ്ണന്റെ പുത്രൻ. വളരെ പ്രാചീനനല്ല, ഗീതിശതകം നിർമ്മിച്ചു.

സുന്ദരി-പ്ര. സൌന്ദര്യമുള്ള സ്ത്രീ, ശരീരത്തിലുണ്ടായിരിക്കുന്ന അവയവങ്ങളുടെ ക്രമീയവും. ഉ. മഞ്ഞൾ. ന. മണിത്തക്കാളി.

സുന്നക്കണക്ക് — ഒരുവക കണക്ക്: (ശൂന്യമാണ സുന്നമായത്).

ദ്രാവിഡന്മാരുടെ ഇടയിൽ മുമ്പില്ലായിരുന്നു. ആര്യന്മാരുടെ പക്കൽ നിന്നാണ് അതിനെ അവർ ഗ്രഹിച്ചത്.

സുന്നത്ത്-പ്ര. ആചരണം, വഴക്കം. ഉ. പരിഛേദനം, ചേലാകർമ്മം. (അറബിഭാഷ).

സുന്നം, ശൂന്യ-പൂജ്യം, ശൂന്യതയെ കാണിക്കാൻ ഉപയോഗിക്കുന്ന വൃത്താകാരത്തിലുള്ള ചിഹ്നം.

സുന്നി-വി. ദൃഷ്ടിയില്ലാത്ത, കൃഷ്ണതയുള്ള.

സുപദവാദിനി-നല്ല വാക്കുസംസാരിക്കുന്നവരും, നല്ല അറിവുള്ളവരും.

സുപന്ഥാവ്-നല്ല വഴി.

സുപദ്മം-പ്ര. വെള്ളത്താമര, ഉ. താമരപ്പൊയ്ക.

സുപർണ്ണ-പ്ര. ഒരു വൃക്ഷം. ഉ. പൂവൻകോഴി. ന. താമരപ്പൊയ്ക.

സുപർണ്ണൻ-ഗരുഡൻ.

സുപർണ്ണാ-കോഴി.

സുപർണ്ണി-താമരപ്പൊയ്ക.

സുപവ്വാ-പ്ര. ഭൂമി. ഉ. ഭൂമിദേവി.

സുപർവ്വാവ്-പ. ദേവൻ. കാമങ്ങളെ നല്ലപോലെ പൂരിപ്പിക്കുന്നവൻ എന്നർത്ഥം. പൂവ്വചരിതം ശോഭനമായിട്ടുള്ളവൻ എന്നുമാത്രം. ഉ. കാമദേവാവ്.

സുപാത്രം-പ. നല്ല ഗുണവും പ്രാപ്തിയുമുള്ളവൻ. ഉ. നല്ല പാത്രം.

സുപാന-വി. നല്ലവണ്ണം കുടിക്കുന്ന.

സുപാർശ്വകം-ഒരു വൃക്ഷം, കല്ലാൽ.

സുപാർശ്വൻ-ഒരു പക്ഷി.

സമ്പാതിയുടെ പുത്രനും ജടായുസ്സിന്റെ മരുമകനുമാണ്.

സുപാവനി-പ. പാത്രം. ഉ. ഗംഗ. സ. ശുദ്ധമാക്കുന്നവർ

സുപീഡനം-കാലു തിരുമ്മുക.

സുപുഷ്പി-തുമ്പ.

സുപുഷ്പ്പി-പ. വാഴ. ഉ. തുമ്പ.

സുപ്ത-വി. പ ഉറങ്ങുന്ന. ഉ. ബുദ്ധിമാന്ദ്യമുള്ള.

സുപ്തജ്ഞാനം-സ്വപ്നം.

സുപ്തം-ഉറക്കം.

സുപ്തി-പ. ഉറക്കം. ഉ. മരവിപ്പ്. സ. വിശ്വാസം. ര. സ്വപ്നം. ങ. ബോധക്ഷയം.

സുപ്തകം-നാമങ്ങളുടെ വിഭക്തിപ്രത്യയങ്ങൾ.

സുപ്രജത- നല്ല സന്താനമുള്ളവനെന്ന അവസ്ഥ.

സുപ്രതിഭാ-മദ്യം.

സുപ്രഭാ-സരസ്വതീനദി.

സുഫലം-മാവ്.

സുഫലാ-വാഴ.

സുപ്രതിക-വി. നല്ല ശരീരമുള്ള.

സുപ്രതിഷ്ഠാ-ക്ഷേത്രസ്സുകളിൽ ഒന്ന്.

സുപ്രതീകൻ-പ. വടക്കുകിഴക്കേ ദിക്കിലെ ആന ഉ. കാമദേവൻ. സ. ശിവൻ.

സുപ്രഭാതാ-നല്ല ഉഷസ്സ്.

സുപ്രയുക്ത-വി. പ. ചേർന്ന. ഉ. അസ്ത്രം മുതലായവകൊണ്ടു പ്രയോഗിക്കപ്പെട്ട.

സുപ്രയോഗം-പ. നല്ല പ്രയോഗം, സാമർത്ഥ്യം. ഉ. ചാട്ട്.

സുപ്രയോഗവിശിഖൻ—ശരം പ്രയോഗിക്കുന്നതിൽ സമർത്ഥൻ.

സുപ്രലാപം-നല്ല വാക്ക്, നല്ലവണ്ണം പ്രകൃഷ്ടമായ വചനം.

സുപ്രസന്ന—വി. ഏറ്റവും സന്തോഷിച്ച.

സുപ്രിയൻ - ഗന്ധർവ്വരാജാവിന്റെ ഒരു പേർ.

സുബന്ധം - സംസ്കൃതശബ്ദങ്ങളിൽ അകാരാന്തമായ നാമപദം.

സുബന്ധു-ഒരു കവി.

കാളിദാസന്റെ അനന്തരഗാമികളിൽ ഒരാളാണ്. 7-ാംശതാബ്ദത്തിനു മുമ്പു ജീവിച്ചിരുന്നു. പ്രധാന കൃതി വാസവദത്ത.

സുബലാ-പ. ഗാന്ധാരിയുടെ പിതാവായ ഗാന്ധാരരാജാവ്. ഉ. ലങ്കയിലെ ഒരു പർവ്വതം.

ഹനുമാൻ ചാടിയതിൽ ഒരു ചെന്നിറങ്ങിയതു ഈ മലയിന്മേലാണ്.

സുബാഹു-പ. ഒരു രാക്ഷസൻ.

സിദ്ധാശ്രമത്തിൽ നടത്തിയയാഗം മുടക്കുകയാൽ ശ്രീരാമൻ വധിച്ചു.

ഉ. ധൃതരാഷ്ട്രന്റെ ഒരു പുത്രൻ, ചേദിരാജാവ്. സ. ശതാനീകപുത്രൻ, മഥുരരാജാവ്.

സുബുദ്ധി-വി. നല്ല ബുദ്ധിയുള്ള.

സുബേദാർ - പട്ടാളത്തിലെ ഒരുദ്യോഗസ്ഥൻ. (ഉപഷ്യൻദേശ).

സുഭഗ - പുലച്ചി, പ്രേതം). അറബി ദേശ).

സുബോധ-വി. പ. നല്ല ബുദ്ധിയുള്ള, വേണ്ടുംവണ്ണം പഠിച്ച. ഉ. ഉണർച്ചയുള്ള.

സുബോധം-പ. ഉണർച്ച. ഉ. അറിവ്.

സുബ്രഹ്മണ്യൻ-ശിവന്റെ പുത്രനായ ഒരു ദേവൻ, കാർത്തികേയൻ.

(ഈ പേർ ദക്ഷിണേന്ത്യയിൽ മാത്രം നടപ്പ്).

'ഇങ്ങിനെസ്തുതികേട്ടനേരത്തു പരമേശൻ തിങ്ങിനകൃപയോടുമാനനക്ഷാംക്ഷത്തോടും * മംഗലതരകരദ്വാദശഭുജത്തോടുംകൂടി ഭംഗപ്രകടരൂപത്തെയുള്ളോരക്ഷികപതിനെട്ടാൽ * അംഗനാരത്നമാകും പാർവ്വതീമുഖംനോക്കി മംഗലശീലന്മാർക്ക സങ്കടംകളവാനായി * അംഗജൻമഹിച്ചോതകണ്ഠകളിലുടയായി ഭംഗിയിൽ തേജസ്സോടുമഗ്നിതൻ പ്രഭയെക്കാൾ * പാരതിൽപതിച്ചിതങ്ങാറായി പ്രഭയോടെ നാരായണാദികളുംനടുങ്ങിവാങ്ങിനിന്ന * തരിൽമാതാവാംദേവിയോടിനാംമടിയിന്ന ചരണങ്ങളിൽചേർത്ത ചിലയുതമ്മിൽതട്ടി * പാരതെത്രിതന്നിൽച്ചിതറിതരിരത്നം നാരിയാംപാവ്തീടെയംഗത്തിൽ ഉടയതട്ടി * നാരിമാതടെരൂപംനവരത്നത്തിൽതോന്നി വരനാംശിവനപ്പോൾ ശക്തിയുമുണ്ടാസ്സന്ന * ധരിച്ചു ഗർഭവുംവാഴുന്നകാലത്തിങ്കൽ ഷഡാരവീരന്മാരായിജനിപ്പാൻ തുടങ്ങുമ്പോൾ * നാരിമാരംഗങ്ങളിൽ വിയത്തവിനുലക്ഷം വീരരാംനവവീരർപുറത്തുജനിച്ചുപ്പോൾ * വിണ്ടുക്കൾ മലംവീരന്മാരായിമേവിച്ചിതുവന്നിതുവിണ്ണുപ്രമുഖന്മാരാംസമൂഹവും * വന്ദിച്ചു പുരാരിയോടണത്തിച്ചിതു മന്ദമിന്ദുശേഖരവാനന്തരിച്ചയയ്ക്കുവേണം * ഇന്നാഹാരേതസ്സിനെയെടുനിനെവേണ്ടുവന്ന് നന്നായിയരുൾചെയ്തു ഭഗവൻകേട്ടപ്പിയ * അന്നേരമരുൾചെയ്തഅഗ്നിവായുക്കളോട ഒന്നിച്ചുകൂട്ടിക്കൊണ്ടുഗംഗാതൻതീരത്തിങ്കൽ * ശരമാംതൃണമതിലാക്കിപ്പോരികയെന്ന പരമേശ്വരൻതാനമരുളിച്ചെയ്തശേഷം * വിരവിൽശിവൻതന്നെവണങ്ങിയവർകളും പാരിന്നുഭീതിച്ചുലാളിച്ചുകൊണ്ടുപോയി * ആദരാൽഗംഗാതീരേശരാരണ്യത്തിൽവെച്ചു മോദേന പോന്നവന്നവരെനെ വണങ്ങിനാർ * സാദരംധാതാദികൾമോദമോടുംക്കൊണ്ടുവേഗാൽ വേദകൃത്തിപാദങ്ങൾപണിഞ്ഞഥ * ഇന്ദുശേഖരൻതന്റെസന്തുമാംജ്യോതിസ്സിനെ ചെന്താടൻസ്തനംനൽകിലാളിച്ചുപാലിപ്പാനായ് * ഇന്ദുവേഗിളിച്ചുടനൊന്നരുൾചെയ്തുവിണ്ണിന്ദ്രകാർത്തികതന്നെ കല്പിക്കവേണം നീയും * എന്നതുകേട്ടുചന്ദ്രൻമൗലിയോടുരചെയ്തു ഒന്നുനീചെയ്യുവേണം ലോകകാര്യാർത്ഥമായി * സന്നതിതാതേവഴിഹരന്റെരേതസ്സിനെ ചെന്നുനീസ്തനംനൽകിരക്ഷിയ്യസുഖത്തോടെ * എന്നതുകേട്ടുമോദാൽസപ്തർഷിപത്നിചെന്നു വിണ്ടുവേയെടുപ്പാനായ് ഭാവിച്ചു നേരത്തുകൽ * ആറായിച്ചമഞ്ഞതിനു ബാലന്മാർകണ്ടുഹവൽ ക്രോടെയെടുത്തവർമുലയും രകൊടുത്തു * നീറണിയുന്നപരൻപുത്രനെസുഖത്തോടെ യുർവ്വിയിൽവസിച്ചുഹോവളർക്കുംകാലത്തിങ്കൽ * സ്ത്രീരത്നദേവൻതാനും ദേവിയോടുമരുൾചെയ്തു കാമിനീവിനോദനപോകുന്നുംഗംഗാ

തടെ * നമ്മുടെസുതനാകുംബാലനെക്കാ
ണ്മാനായി നിന്മച്ചശീലേന്ദ്രാലേപകന്യ
വിലോചനേ * ഇങ്ങിനെപരശിരംശ്ര
വിച്ചുദേവിതാനം മംഗലസപത്രപിണി
യാചിച്ചുശമിപ്പാനായ് * തുംഗമാംജ
ടാധരൻനന്ദിയെടുത്തുചെയ്ത ഗംഗതൻ
തീരത്തെയ്തുശമിപ്പാനായിട്ടടൻ * ധ
ർമ്മത്രപനായീടുഷഭത്തിന്മേലേറി ന
ന്മൊഴി ദേവിതന്നെപ്പിന്നിലങ്ങിരുത്തീട്ട
*നിർമ്മലമൂർത്തിതാനംഘോഷിച്ചുനടകൊ
ണ്ടു അംബരചാരികളുംചെന്തിരുപുഷ്പവൃ
ഷ്ടി * ചെന്നടനിറങ്ങിനാൻഗംഗതൻ
തീരത്തിങ്കൽ വന്ദിച്ചുകാത്തികയുംപുത്ര
രെവെച്ചുവേഗാൽ * അന്നേരംബാല
നുംതരയെടുപ്പാൻദേവിതാനും മന്ദഹാ
സവുംചെയ്തുപാണികൾനീട്ടിടിനാൾ *
വന്നിതുബാലനുംമാതാപേർ സമീപത്തു
നന്നായിപ്പിടിച്ചുടുമടിയിൽവെച്ചുമോ
ർമ്മൽ * ഒന്നിച്ചിരുംഗങ്ങളുംമുഖങ്ങളു
റയ്വന്ന സുന്ദരഭാവങ്ങളുംപ്രദേശമാ
യിത്തീർന്നു * ഏങ്ങിനെപറയുന്നുമയ
ൻവെവേണ്ടും ഭംഗിയിൽസ്തനംനൽ
കിത്തുടുകീമോഹത്തോടെ * മംഗലത്ര
പിയുംകുംകുത്തിയേടത്തുംചെയ്ത അങ്ങു
നീഗമിക്കേണ്ടോരിത്തുഷ്ടിക്ഷയ്ക്കുയി *
ഇങ്ങിനെകേട്ടനേരം വണങ്ങിപ്പോയീയ
വർ മംഗലസപത്രപിയുംദേവിയുംബാ
ലനുമായ് * ഗംഗാവല്ലഭൻതൻറെയ
രികേനിന്നുചൊന്നാർമംഗലരിപോകാന്ത
പോകരയെന്നരുളിച്ചെയ്തു * സുന്ദരിഗൗരീ
താനുംസുന്ദരനുംശിവനുമായ് ചെന്നടയു
ക്ഷത്തിൻമുകളിൽകരയേറി * ഒന്നിച്ചു
ഗമിച്ചുടൻകൈലാസപരിചെന്നു ന
ന്നായിസുഖത്തോടുംവസിച്ചുരതനുപീഠേ.

(സുന്ദരപുരാണം)

സുഭഗ-വി. പ്രാ. സൌന്ദര്യമുള്ള. പു. ഭാ
ഗ്യമുള്ള, ന. പ്രിയമുള്ള.

സുഭഗത്വം-സൌന്ദര്യം.

സുഭഗൻ-പ്രാ. പൊൻകാരം. പു. അശോ
കം. ന. ചമ്പകം. ഭ. ചേലേയം. ഇ.
ചെംകരിഞ്ഞി.

സുഭഗാ-പ്രാ. ഭർത്താവിനു ഇഷ്ടമുള്ള സ്ത്രീ.
പു. ഒരു നല്ല അമ്മ. ന. മഴമുല്ല. ഭ.
മഞ്ഞൾ. ഇ. തുളസി. ങ. മുയിൽ. ഉ.
കരിങ്കുരുക. ഡ. കസ്തൂരി. ൻ. ഞാഴൽ.
പ്രാ. കാട്ടുമുല്ല. പ്രപ്രാ. സപ്തപർണ്ണവാഴ.
പ്രപു. സുന്ദരി. പ്രന. ദാക്ഷായണി.

സുഭഗാസുതൻ—സുഭഗയുടെ പുത്രൻ.
(സുഭഗ=ദാക്ഷായണി).

സുഭംഗം-തെങ്ങ്.

സുഭദ്ര-വി. നന്മയുള്ള, ശോഭയുള്ള.

സുഭദ്രകം-ക്രൌഞ്ചം.

സുഭദ്രൻ-കൃഷ്ണൻ.

സുഭദ്രാ-കൃഷ്ണന്റെ സോദരി, അർജ്ജുന
ഭാര്യ.

സുഭദ്രയെ ദുര്യ്യോധനനു കൊടുക്കണ
മെന്നു ബലഭദ്രർ വിചാരിച്ചിരുന്നു. കൃ
ഷ്ണന്റെ തന്ത്രംകൊണ്ടു അർജ്ജുനനാണു
ആ മഹതിയെ കിട്ടിയതു്. സുഭദ്രയുടെ
മകനാണു് അഭിമന്യു. സുഭദ്രാഹരണ
ത്തിൽ തന്റെ ഭർത്താവിനു രഥം തെളി
ച്ചതു ഈ മഹതിയത്രേ.

സുഭദ്രാംഗി—അശോകരാജാവിന്റെ
അമ്മ.

സുഭാനു-സത്യഭാമയുടെ ഒരു പുത്രൻ.

സുഭാഷിത-നല്ലവണ്ണം പറയപ്പെട്ട, വേ
ണ്ടുംവണ്ണം പറഞ്ഞ.

സുഭാഷിതം-നല്ല വാക്ക്.

സുഭിക്ഷം-ധാരാളമായുള്ള വസ്തു.

സുഭിക്ഷാ-താതിരി.

സുഭ്രമൻ-കാർത്തവീരൻ എന്ന രാജാവു്.

സുഭ—സ്ത്രീ. നല്ല പൂരികമുള്ളവൾ എന്നർത്ഥം.

സുമത—വി. സ്നേഹമുള്ള.

സുമതി-പ്ര. സൽബുദ്ധി. ഉ. സ്നേഹം. ന. പഞ്ചവർണ്ണക്കിളി. ര. സഗരരാജാവിന്റെ ഒരു ഭാര്യ. (ഈ ഭാര്യയ്ക്ക് 60,000 പുത്രന്മാരുണ്ടായിരുന്നു).

സുമന—വി. ഭംഗിയുള്ള.

സുമന-പ്ര. ചേമന്തി. ഉ. പിച്ചകം. ന. മുല്ല.

സുമനം-പ്ര. കോതയ്യ്. ഉ. ഉമ്മത്ത്. ന. മാവ്.

സുമനസ്സ്-പ്ര. ദേവൻ. ഉ. പുഷ്പം, പിച്ചി.

സുമനസ്സുപുഷ്പത്തെക്കുറിച്ചു പ്രയോഗിക്കുമ്പോൾ ബഹുവചനമായിട്ടല്ലാതെ പ്രയോഗിക്കരുത്.

ന. പണ്ഡിതൻ, സജ്ജനം. ര. തുഷ്ടൻ.

സുമനസൻ-ദേവൻ.

സുമനസം-പുഷ്പം.

സുമനോരജസ്സ്-പൂമ്പൊടി.

സുമന്ത്രൻ-ദശരഥന്റെ പ്രധാനമന്ത്രി.

സുമന്ത്രാ-ചന്ദ്രവംശത്തിൽ മഹാഭോമനൃപന്റെ ഭാര്യ.

സുമൻ-ചന്ദ്രൻ.

സുമം-പ്ര. പൂവ്. ഉ. കർപ്പൂരം. ന. ആകാശം.

സുമംഗല-വി. ശ്രേഷ്ഠമായ.

സുമംഗല-ഒരു രാഗം.

സുമംഗലി-ഭർത്താവുള്ളവൾ (സധവ).

സുമാറ്-അ. പ്ര. ഉദ്ദേശത്തിൽ, ഏകദേശം. ഉ. കണിശമായി, കണക്കറിഞ്ഞ്.

സുമാറ്-പ്ര. മതിപ്പ്. ഉ. തുമ്പർ.

സുമിത്രാ-ദശരഥന്റെ ഭാര്യമാരിൽ ഒരുത്തി, ലക്ഷ്മണശത്രുഘ്നന്മാരുടെ മാതാവ്.

സുമുഖ-വി. നല്ല മുഖമുള്ള, കാണാൻ ഭംഗിയുള്ള.

സുമുഖത-സന്തോഷഭാവം.

സുമുഖൻ-പ്ര. നല്ല മുഖമുള്ളവൻ, സുന്ദരൻ. ഉ. ഗരുഡന്റെ പുത്രൻ. ന. പാതാളത്തിലുള്ള സർപ്പങ്ങളിൽ ഒന്ന്. ര. ഒരു പണ്ഡിതൻ. ള. ഗണപതി. ഴ. ശരഭൻ.

സുമുഖം-പ്ര. നല്ല മുഖം. ഉ. ഒരുതരം തിരിചീര. ന. നഖംകൊണ്ടു മാന്തിയപാട്ട്.

സുമുഖി-പ്ര. നല്ല മുഖമുള്ളവൾ, സുന്ദരി. ഉ. ഒരു വൃത്തത്തിന്റെ പേർ. ന. ഒരു രാഗം. ര. മുഖക്കണ്ണാടി.

സുമേധസ്സ്-വി. ബുദ്ധിയുള്ള.

സുമേരു-വി. ശ്രേഷ്ഠമായുള്ള.

സുമേരു-പ്ര. മഹാമേരു പർവ്വതം. ഉ. ശിവൻ.

സുമ്നം-പ്ര. മന്ത്രം. ഉ. സന്തോഷം. ന. യാഗം. രക്ഷ.

സുയോധനൻ-ദുര്യോധനൻ. നല്ലവണ്ണം യുദ്ധംചെയ്യുന്നവൻ.

സുര-പ്ര. മദ്യം. ഉ. അരിപ്പൊടിയും മറ്റും കൊണ്ടുണ്ടാക്കിയ മദ്യം. ന. പാനപാത്രം. ര. സപ്പ്.

സുരകാരു-വിശ്വകർമ്മാവ്.

സുരകാർമ്മുകം-മഴവില്ല്.

സുരക്ത-വി. പ്ര. നല്ലപോലെ ചായമിടപ്പെട്ട. ഉ. നല്ലവണ്ണം ചേർന്ന. ന. കട്ടപിടിക്കപ്പെട്ട.

സുരക്ഷിതം-വി. സംരക്ഷിക്കപ്പെട്ട.

സുരഗണൻ-ശിവൻ.

സുരഗുരു-ബൃഹസ്പതി.

സുരഗ്രാമണി-ഇന്ദ്രൻ.

സുരംഗ-തുരങ്കം, ചുവരുതുരന്നുണ്ടാക്കിയ മോഷണം.

സുരംഗം-പ്ര. മാതളനാരങ്ങാ. ഉ. ചായില്യം. ന. രോമന്ന ചായം. ര. രോമരം

സുരരാജ്യഷ്ണൻ-ബ്രഹ്മാവ്.

സുരത-വി. മനസ്സലിവുള്ള.

സുരത-ദേവതാവൃക്ഷം.

സുരതം-ക്രീഡ.

സുരതരു-കല്പവൃക്ഷം.

സുരതാഷ്ടകം-കൈശ്യരേതനം.

സുരത്നകം-മാണിക്യം.

സുരദാരു-ദേവതാരുവൃക്ഷം.

സുരദീഘിക-ആകാശഗംഗ.

സുരദുന്ദുഭി-തുമ്പ.

സുരദ്രുമം-പ്ര. ദേവതാരം. ഉ. വലിയ വേഴൽ.

സുരദ്വിട്ട്-അസുരൻ.

സുരദ്വിപം-പ്ര. ദേവേന്ദ്രന്റെ ആന. ഉ. ഐരാവതം.

സുരധനുസ്സ്-മേഘവില്ല്.

സുരധൂപം-മരക്കറ, ദേവദാരുരസതൈലം.

സുരനദി-ആകാശഗംഗ.

സുരനിമ്നഗാ-ശംഗാനദി.

സുരൻ-പ്ര. ദേവൻ. ഉ. ആദിത്യൻ. ന. സന്യാസി. ര. വിദ്വാൻ. നല്ലവണ്ണം ശോഭിക്കുന്നവൻ എന്നർത്ഥം.

സുരപാനം-ഒരു പച്ചമരുന്നു, മക്കിപ്പൂവ്

സുരപതി-ഇന്ദ്രൻ.

സുരപഥം-ആകാശം.

സുരപമണി-ഇന്ദ്രനീലക്കല്ല്.

'സുരപമണിനിഭം
പ്രണതോസ്മ്യഹംരമം'

(രാമായണം)

സുരപർവ്വതം-മഹാമേരു.

സുരപുന്നാഗം-ദേവപുന്ന.

സുരപുരി-സ്വർഗ്ഗം.

സുരപ്രിയാ-പിച്ചകം.

സുരഭി-വി. പ്ര. നല്ല ഗന്ധമുള്ള. ഉ. ഇഷ്ടമുള്ള. ന. സ്നേഹമുള്ള. ര. രസം നല്കുന്നുള്ള. ള. വിശ്വത്തോടുള്ള, ബുദ്ധിയുള്ള. ഴ. കേടുംവിപ്പെട്ട. റ. നല്ല, സുകൃതമുള്ള. വ. വിശിഷ്ടമായ.

സുരഭി-പ്ര. സുഗന്ധം. ഉ. ചന്ദനം. ന. തുളസിമുല്ല. ര. വസന്തഋതു. വേഗത്തോടുകൂടെ നല്ലപോലെ ശമിക്കുന്ന സമയം എന്നർത്ഥം. ള. ഇലഞ്ഞി. ഴ. ചാമ്പയ്ക്കാ. റ. ജാതിക്ക. വ. മദ്യം. ൻ. ഭൂമി. പ്ര. എല്ലാത്തരം മുല്ലയും. പ്ര. തുളസി. പ്ര. പൊന്ന്. പ്ര. ഗന്ധകം. പ്ര. കണ്ണാന്തുമ്പ. പ്ര. വന്നി. പ്ര. രോഹിണ്യുടെ പശു. പ്ര. കാമധേനു. (ആഗ്രഹിച്ചതിനെ എല്ലാം നൽകുന്ന ഈ പശു വസിഷ്ഠന്റെ അധീനത്തിലാണ്. പുത്രിയുടെ പേർ 'നന്ദിനി.') പ്ര. ഗന്ധതൃണം. പ്ര. മുരങ്ങാമ്പി. പ്ര. തുമ്പ. പ്ര. ഇഴന്തിൽ. പ്ര. പച്ച. പ്ര. രോവൺ ചന്ദനം. പ്ര. സമുദ്രമഥനത്തിൽ കിട്ടിയ പശു. പ്ര. പശു പ്ര. കടയ്.

സുരഭിഗന്ധാ-പിച്ചകം.

സുരഭില-വി. സുരഭി.

സുരഭിലം-രസഗന്ധം.

സുരലാ ഗംഗാനദി.

സുരഷ്ട്രികർ-നാരദൻ മുതലായവർ.

സുരലോകം-പ്ര. സ്വർഗ്ഗം, ദേവസ്ത്രീ. ഉ. ഭൂമി.

സുരവരൻ-ഇന്ദ്രൻ.

സുരവർത്മാവു-ആകാശം, സ്വർഗ്ഗം.

സുരവല്ലഭ-ദേവകളുടെ ഉടയവൻ.

സുരവാഹിനീപതി—പ. പരമേശ്വരൻ. ശംഭോയുടെ തിരുമുടി എന്നർത്ഥം. ഉ. സുബ്രഹ്മണ്യൻ ദേവകൾക്കു സേനാധിപൻ എന്നർത്ഥം.

സുരവിലാസിനി-അപ്സരസ്ത്രീ.

സുരസ-വി. പ. രസമുള്ള, മധുരമുള്ള. ഉ. രുചിയുള്ള.

സുരസാ-പ. നാഗമാതാവു.

(അഭ്യുത്തരമരുമയേണം നോക്കുക)

അഖമഖമിതയമമഖനതുജയമാക്കമേ
അൻപതുയോജന വാ പീളന്നീടിനാനാം
അതുപൊഴുതുപവനസുതനതികൃശശരീര
നായ് അംഗ്രഷ്ടതുല്യനായുൾപ്പുക്കതുമി
നാൻ (ഇത്യാദി).

ഉ. തുമ്പവു്. നു. അരത്ത. ഭ. വലിയ ശതാവരി. ഇ. കരിനൊച്ചി. ന. ചിറ്റരത്ത. ഒ ബ്രഹ്മി. വ. കാട്ടുശതകുപ്പ. ൻ. നൊച്ചി.

സുരസം-പ. നല്ല രസം, മധുരം. ഉ. തുമ്പ, ചെറുതുമ്പ. നു. മുത്ത. ഭ. ഇലവങ്ങത്തൊലി, ഇലവിൻപശ. ഇ. നൊച്ചി. ന. കണഗ്രന്ഥിലു. ഒ. ശന്ധുണം. വ. ഏലവങ്ങം. ൻ. നറുംപശ.

സുരസംഘതീപതി-ഇന്ദ്രൻ.

സുരാചാര്യൻ-വ്യാഴം.

സുരായുക്ഷൻ-ശിവൻ.

സുരാപഗാ-ഗംഗ.

സുരാപാത്രം-മദ്യപാത്രം.

സുരാപാനം-മദ്യപാനം.

സുരാബീജം-ഏതു ദ്രവ്യംകൊണ്ടാണോ മദ്യം ഉണ്ടാക്കുന്ന അതു്.

സുരാമണ്ഡം - മദ്യത്തിൻമേ തെളി, തെളിമദ്യം.

സുരാരി-അസുരൻ.

സുരാർഘം—പ. ഹരിചന്ദനം. ഉ. കുപ്പാന്ത്.

സുരാലയം-പ.സ്വർഗ്ഗം. ഉ. ദേവപ്പുര.

സുരാസ്ഥിജം-പ. ദേവരെയുള്ള മണ്ണ്. ഉ. ഉവര, ദേവക പയർ.

സുരാഷ്ട്രം—ഇൻഡ്യയുടെ പടിഞ്ഞാറെവശത്തുള്ള ഒരു ദേശം.

സുരുംഗ—പ. തുരങ്കം. ഉ. മുരിങ്ങയുക്ഷം.

സുരുംഗാഹി - തുരങ്കമിട്ടു മോഷ്ടിക്കുന്നവൻ.

സുരുചി-ഉത്താനപാദന്റെ ഇളയ പത്നി.

സുരുചിര-വി. മംഗിയുള്ള, മനസ്സിന്നിണങ്ങിയ.

സുരുടി-ഒരു നദി.

സുരൂപ-വി. നല്ല രൂപമുള്ള, ദേഹത്തു മുള്ള. ഉ. വിരൂപയുള്ള.

സുരൂപാ-മഴമുല്ല.

സുരേജ്യാ-പ. തുളസി. ഉ. ബ്രഹ്മി.

സുരേജ്യൻ-യുഗസ്പതി.

സുരേന്ദ്രൻ-ദേവേന്ദ്രൻ.

സുരേന്ദ്രം-വലിയ ചേന.

സുരേഭം-ദേവകീയം.

സുരേശൻ-ഇന്ദ്രൻ.

സുരേശ്വരൻ-ശിവൻ.

സുരോത്തമൻ-പ. ഇന്ദ്രൻ. ഉ. സൂര്യൻ.

സുരോത്തരം-ചന്ദനം.

സുരോധം-മദ്യക്കടൽ.

സുർമ്മ-കണ്മഷി.

സുലഭ-വി. പ്രയാസംകൂടാതെ, വഴിപ്പോൻ, പ്രയാസമില്ലാതെ, സംഭവിക്കുവുന്ന. സുലഭം> <ഉള്ളതു.

സുഖലിത-വി. മത്സ്യസ്സിന്നിണങ്ങിയ, മംഗിയുള്ള.

സുലോചന-വി. നല്ല കണ്ണുള്ള.

സുലോചനൻ-സുന്ദരൻ, നല്ല കണ്ണുള്ളവൻ.

സുലോചനാ-പ മാൻ. ഉ. ചകോരപ്പക്ഷി.

സുലോചനാ-പ. രസന്ദര്യമുള്ള സ്ത്രീ. ഉ. ഇന്ദ്രജിത്തിന്റെ ഭാര്യ.

സുലോഹകം-പിച്ചള.

സുല്ത്താൻ - മഹമ്മദീയരാജാക്കന്മാരുടെ സ്ഥാനപ്പേര്. ഉ-ം, ടൈസൂരിലെ ടിപ്പുസുൽത്താൻ.

സുവചനം-നല്ല വാക്ക്.

സുവചസ്സ്-അധികമായും മംഗിയായും സംസാരിക്കുന്നം.

സുവംശം-വെള്ളക്കരിമ്പ്.

സുവർണ്ണ-വി. പ നല്ലനിറമുള്ള. ഉ. നല്ല ജാതിയിലുള്ള. ന. ശോഭയുള്ള.

സുവർണ്ണകം-കൊന്നവൃക്ഷം.

സുവർണ്ണം-പ. പൊന്ന്. ഉ. ഒരക്ഷത്തൂക്കമുള്ള പൊന്ന്, പൊന്നിന്റെ ഒരു തൂക്കം ന. ശൈശവ്യം, സമ്പത്ത്. ഭ. ഒരുമാതിരി ചുവന്ന കൽച്ചുണ്ണാമ്പ്. ഇ. ചന്ദനം, രക്തചന്ദനം. ന. കൊന്നവൃക്ഷം. ഒ. നീർമരുത്ത്. വ്യ. ഉമ്മത്ത്. ൻ. കണ്ണാന്തുമ്പ. ക്ഷ. കാരകിൽ. ഹ്മ. പൊൻകാവി. ക്ഷ. നാകപ്പൂവ്.

സുവല്ലി-കാർകോകിൽ.

സുവഷ്ടാ-മഴമുല്ല.

സുവഹ-വി. പ. നല്ലപോലെ ചുമക്കുന്ന. ഉ. ചുമക്കുന്നതിന പ്രയാസമില്ലാത്ത. ന. ക്ഷമയുള്ള.

സുവഹ-പ. തുച്ചട. ഉ. തിരുകൊപ്പുകൊണ്ടാന്ന. ന. നിലപ്പന. ഭ. അരത്ത. ഇ. ചെറുപ്പുള്ളടി. ന. കരിനൊച്ചി. ഒ. വെളുത്തരനൊച്ചി. വ്യ. ഇന്തിൽ. ൻ. ചിറ്റരത്ത. ക്ഷ. പേരരത്ത.

സുവാസം-പ. നല്ല ഇരിപ്പിടം. ഉ. നല്ല വാസന.

സുവാസി-വി. നല്ല വാസനയിൽ പാർക്കുന്ന.

സുവാസിനി-ഭർത്താവുണ്ടായിരിക്കുന്ന സ്ത്രീ.

സുവിനീത-വി. നല്ലപോലെ വളർത്തപ്പെട്ട, വേണ്ടപോലെ പഠിപ്പിക്കപ്പെട്ട.

സുവിനീത-ഇണക്കമുള്ള പശു.

സുവിശേഷം— നല്ലവാർത്ത, യേശുവിന്റെ ജീവചരിത്രവും പ്രസംഗങ്ങളും അടങ്ങിയ ഗ്രന്ഥം.

സുവിശേഷകചതുഷ്ടയം— (ക്രി-മ.) മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ.

സുവിശേഷകൻ—('ഏവൻഗേലിസ്റ്റ്' നോക്കുക).

സുവൃത്തവാൻ-നല്ല ചരിത്രത്തോടുകൂടിയവൻ.

സുവ്രത-വി. സുകൃതമുള്ള, കണിശമുള്ള.

സുവ്രതാ-ഇണക്കമുള്ള പശു.

സുശർമ്മാവു്-ത്രിഗർത്തരാജാവു്.

വിരാടരാജാവിനെ തോല്പിച്ചു തടവിലിട്ട. ആ നൃപനെ സഹായിച്ച സുശർമ്മാവിനെ ഭീമൻ തടവുകാരനാക്കി.

സുശാകം-ഇഞ്ചി.

സുശീതം-പീതചന്ദനം.

സുശീതല-വി. അധികം തണുപ്പുള്ള.

സുശീതലം-രസരത്നമുള്ള ഒരു പുല്ല്.

സുശീല-വി. നല്ല ശീലമുള്ള.

സുശീല-പ. യമന്റെ ഭാര്യ. ഉ. കൃഷ്ണന്റെ ഒരു പ്രധാനഭാര്യ.

സുശീലത-നല്ലശീലം.

സുശ്രുതൻ-വിശ്രുതനായ ഒരു ഗ്രന്ഥകർത്താവ്.

ജനനം നിശ്ചയമില്ല. 8-ാം ശതാബ്ദത്തിനു മുമ്പായി ഇദ്ദേഹത്തിന്റെ ഗ്രന്ഥം അറബിഭാഷയിൽ തർജ്ജമയുള്ളതായിക്കാണുന്നു.

സൂക്ഷ്മ-വി. ശോഭയുള്ള, മംഗിയുള്ള.

സൂക്ഷ്മാ-അതിശോഭ.

സൂക്ഷ്മവി-ക്ര. പുൽവള്ളി, പാവൽ. ര. കരിങ്ങീരകം. ന. ചെറുങ്ങീരകം. ഭ. ചീരകം.

സൂക്ഷി-ക്ര. പോത്ത്. ര. കഴൽ.

സൂക്ഷിര-വി. നിറച്ചു തുളകളുള്ള, പോര മുള്ള.

സൂക്ഷിരം-ക്ര. പോരം. ര. കഴൽ. ന. അഗ്നി. ഭ. മട.

സൂക്ഷിരാ-പവിഴക്കൊടി.

സൂക്ഷിമ-വി. അണുപ്പുള്ള.

സൂക്ഷീ(ഷി)മം-ക്ര. സപ്തസ്വരം. ര. പാമ്പ്. ന. ചന്ദ്രകാന്തക്കല്ല്. ഭ. അണുപ്പ്.

സൂക്ഷുപാ-ചന്ദ്രവംശത്തിൽ ജയസേനന്റെ പനേറ മോള്.

സൂക്ഷുപ്ത-വി. ഉറങ്ങുന്ന.

സൂക്ഷുപ്തി-നല്ല ഉറക്കം.

സൂക്ഷുമ്നം-സൂര്യന്റെ ഒരു രശ്മി.

സൂക്ഷുമ്നാ-ഒരു നാഡി.

ഇഡ, പിംഗല എന്ന നാഡികളുടെ മദ്ധ്യേയുള്ള നാഡിവിശേഷം. മൂലാധാരത്തിൽ നിന്നാരംഭിച്ചു ബ്രഹ്മരന്ധ്രം വരെ എത്തിയിരിക്കുന്നു.

സൂഷേണൻ-ക്ര. വിഷ്ണു. ര. രാമായണത്തിൽ പറയുന്ന ഒരു വാനരൻ, താരയുടെ അച്ഛൻ. ന. അകമ്പിണിയുടേയും കൃഷ്ണന്റേയും പുത്രൻ. ഭ. രാമന്റെ സേനയിലെ ഒരു രെവല്യൻ.

യുദ്ധത്തിൽ മരിച്ചുവരെ ജീവിപ്പിച്ച മൂലിക യെ അത്ഭുതപ്രവൃത്തികളും ഈ രെവല്യൻ ചെയ്തിട്ടുണ്ട്.

ഇ. രേണുകയുടെ ഒരു പുത്രൻ.

സൂഷ്ണം-ക്ര ചെമ്പരുത്തിമരം. ര. ചൂരൽ.

സൂഷ്ണിക-നാല്പാമ്പരക്കുന്ന.

സൂഷ്ത-അ. ക്ര. അധികം. ര. ഏറ്റവും നല്ല.

സൂസത്യാ-ജനകന്റെ മോള്.

സൂസംസ്കൃത-വി. ക. നല്ലവണ്ണം ഉണ്ടാക്കപ്പെട്ട. ര. വേണ്ടപോലെ പാകംചെയ്യപ്പെട്ട.

സൂസഹ-വി. പ്രയാസംകൂടാതെ വഹിച്ച, വേണ്ടതുപോലെ സഹിക്കാവുന്ന.

സൂസാധം-എളുപ്പത്തിൽ സംഭവിക്കുന്നതാകുന്നത്. (സൂസാധം><ദുസ്സാധം).

സൂസാരവത്തു്-സ്ഫടികം.

സൂസ്ഥ-വി. നല്ലവണ്ണം ഇരിക്കുന്ന, സുഖമുള്ള.

സൂസ്ഥത-സുഖം.

സൂസ്ഥിര-വി. വളരെ ഉറപ്പുള്ള, ഇളകാത്ത.

സൂസ്നാത-വി. നല്ലവണ്ണം കുളിച്ച.

സൂസ്നാതൻ-യാഗം കഴിച്ചവൻ.

സൂസ്നിഗ്ധ-വി. ഏറ്റവും സ്നേഹമുള്ള.

സൂഹിത-വി. ക. പൂർണ്ണമായ. ര. തരമായ. ന. ഭയമുള്ള.

സൂഹൃത്തു്-ക്ര. സ്നേഹിതൻ. ര. ബന്ധു. ന. രാജ്യാംശങ്ങളിൽ ഒന്നു്.

സൂഹൃത്തൻ-നല്ല ചരിത്രമുള്ളവൻ.

സൂഹൃദയ-വി. നല്ല ഹൃദയമുള്ള, ദയയുള്ള.

ലോകൈകവീരനായി ദേവേന്ദ്രനും യമനും അധ്യക്ഷനായി സുഹോത്രൻ എന്നൊരു രാജാവ് പണ്ടു നാടുവാണിരുന്നു. അദ്ദേഹം ധർമ്മംകൊണ്ടു ആത്മശ്രേയസ്സിനുതകുന്ന വരങ്ങളും മഹർഷികളിൽനിന്നു സമ്പാദിച്ചു. ദാനം, ധർമ്മം, ദേവാരാധന, യജ്ഞം മുതലായവയും ഈ പ്രജാരക്ഷണത്തിനു സുകരമായ മാർഗ്ഗം എന്നറിഞ്ഞു സുഹോത്രൻ ദാനധർമ്മാദികർമ്മംകൊണ്ടും ദേവാരാധനകൊണ്ടും അരിനിഗ്രഹംചെയ്തു സപത്നന്മാരുടെ ജീവനാശങ്ങളെ രക്ഷിച്ചു പാരടച്ചു രക്ഷിച്ചുവന്നു. അനേകായിരം അശ്വമേധവും അസംഖ്യം രാജസൂയവും മറ്റും ചെയ്ത അദ്ദേഹം സോമവംശരാജാവായ ഭൂമന്യുവിന്റെ പുത്രനും അജമീഢന്റെ പിതാവുമാണ്.

(കാവ്യദോഷപരിഹാരപ്രബന്ധിയായ സഹദേവൻ).

സുഹോത്രൻ-സഹദേവനെ വിജയയിൽ ഉണ്ടായവൻ.

സൂ

സൂകം-ആമ്പൽ.

സൂകരദംഷ്ട്രികം-ഒരു ക്ഷുദ്രരോഗം.

ദാഹത്തോടുകൂടിയും ചുറ്റും ചെമന്നും തൊലി പഴുത്തും ദുസ്സഹമായ വേദനയോടും ചെറിച്ചിലോടും ജ്വരത്തോടും കൂടിയുണ്ടാകും.

സൂകരം-പ. പന്നി. അനേകം കുട്ടികളെ പ്രസവിക്കുന്നതു് എന്നർത്ഥം. ഉ. പന്നിക്കുട്ടൻതന്നെയല്ലു്. ന. ഒരുവക മാൻ.

സൂകരി-നല്ല വാക്കു്.

സൂക്തം-വേദവാക്യം.

സൂക്ഷ്മം-പ. വിചാരം, നോട്ടം. ഉ. പ്പം. ന. പരമാർത്ഥം.

സൂക്ഷ്മിക്കുന്നു-പ. കാത്തുരക്ഷിക്കുന്നു ഉ. നോക്കുന്നു.

സൂക്ഷ്മൻ-ശിവൻ.

സൂക്ഷ്മ-വി. പ. ചെറുതായ. ഉ. തുലോം ചെറിയ തരിയായ. ന. ബുദ്ധിശക്തിയുള്ള. ഭ. നേരിയ. (നാമം-സൂക്ഷ്മത).

സൂക്ഷ്മം-പ. ലവം, ലേശം. സൂചിപ്പിക്കപ്പെട്ടതെന്നർത്ഥം. സൂക്ഷ്മസ്ഥൂലം. ഉ. നോട്ടം. ന. തരി. ഭ. തേറമരം. ഇ. താമരയല്ലി. ഞ. പരമാത്മാവു്. ഒ. ചതിവു്. വ. ബുദ്ധിശക്തി. ൻ. നേത്രനാലും മറവും.

സൂക്ഷ്മതണ്ഡുലം—അവിൽചെടി, കരപ്പു്.

സൂക്ഷ്മതണ്ഡുലാ-വലിയ കരയാമ്പൂക്ക്.

സൂക്ഷ്മദർശി, സൂക്ഷ്മദൃഷ്ടി-വി. ചെറിയ വസ്തുക്കളെ ക്ഷണത്തിൽ കാണുന്ന, ബുദ്ധികൂർപ്പുള്ള.

സൂക്ഷ്മദർശിതാ-കൂശാഗ്രബുദ്ധി.

സൂക്ഷ്മദേഹം-ജീവാത്മാവു്.

സൂക്ഷ്മശർക്കര-മണൽ.

സൂക്ഷ്മാ-പ. കറുകപ്പുല്ലു്. ഉ. ചിറ്റേലം. ന. മണൽ. ഭ. ഏലവാലുകം.

സൂക്ഷ്മാലങ്കാരം-അലങ്കാരങ്ങളിൽ ഒന്നു്.

സൂചകൻ-പ. ഏഷണിക്കാരൻ, ഒറ്റുകാരൻ. ഉ. ഗ്രഹം. ന. കഴുകു്. ഭ. ക്ലേശത്തിൽ പ്രമാണി. ഇ. കാക്ക. ഞ. പൂച്ച. ഒ. ദുഷ്ടൻ. വ. പട്ടി. ൻ. ആംഗ്യംകൊണ്ടറിയിക്കുന്നവൻ.

സൂചകം-പ. ആംഗ്യംകൊണ്ടറിയിക്കുക. ഉ. ഒറ്റു്, ഗൂഢമായി തിരക്കിയറിക. ന. ആരംഭം. ഭ. ചീരകത്തുമ്പാവു്. ഇ. നായു്. ഞ. പൂച്ച. ഒ. കാക്ക.

സൂചന-ക്രി. കത്തിച്ചുകയ്യ്ക്കുക. ഉ. കാട്ടുക. ന. ഉണ്ടാക്കുക. ഭ. ആംഗ്യംകൊണ്ടറിയിക്കുക.

സൂചനം-ക്രി. കാണിച്ചുകൊടുക്കുക. ഉ. പഠിപ്പിക്കുക. ന. അറിയിക്കുക.

സൂചി-ക്രി. തയ്യുന്നതിനു ഇരിയുമുതലായതുകൊണ്ടുണ്ടാക്കിയ ഒരുവക കൂർപ്പുസൂചി. ഉ. മെട്ടുസൂചി. ന. മത്സ്യത്തെ കോർക്കുന്ന സൂചി. ഭ. പനയോലയിൽ നാരുകോർക്കുന്നതിനു കത്തിച്ചുകയ്യ്ക്കുന്ന അലകുസൂചി. ങ. പുരയുടെ മുകൾ കത്തി മുകക്കുന്ന അലകുസൂചി. ഞ. ഒരു പുസ്തകത്തിലെ സംഗതിവിവരം. ഒ. കൊഴുവ അവകാശി.

സൂചിക-ക്രി. സൂചന. ഉ. ആരംഭം.

സൂചികാധരം-ആന.

സൂചികാമുഖം-ശംഖ്.

സൂചിക്കാണം-ചില ആധാരമെഴുതിക്കൊടുപ്പാനുള്ള ഒരു അവകാശം.

സൂചിക്കാന്തം-അയസ്കാന്തം.

സൂചിക്കുന്നു-ക്രി. മനംകൊണ്ടു വേറെ മന്നിക്കുന്നു ഉൗഹിപ്പാനുള്ള ലക്ഷണമുണ്ടാകുന്നു. ഉ. ആരംഭിക്കുന്നു. (സ. ക്രി.-സൂചിപ്പിക്കുന്നു).

സൂചിക്കുഴ-സൂചിയിൽ നൂലുകോർക്കുന്ന ദ്വാരം.

സൂചിത-വി. സൂചിപ്പിക്കപ്പെട്ട, അറിയിക്കപ്പെട്ടത്.

സൂചിനി-ക്രി. സൂചി. ഉ. രാത്രി.

സൂചിപ്പണി-തയ്യൽവേല.

സൂചിമല്ലികാ-തുളസിമുല്ല.

സൂചീകടാഹന്യായം-പ്രയാസംകൊണ്ടു പ്രവൃത്തി ആരംഭം ചെയ്യുകയെന്നതു്

"കറച്ചുമാത്രം പണിയുള്ള സൂചി ഉണ്ടാക്കിയതിനു ശേഷമാണ് അധികം പണിയുള്ള കടാഹം (കിടാരം) ഉണ്ടാക്കുവാൻ തുടങ്ങുന്നതു. അപ്രകാരം എളുപ്പമുള്ളതു മുമ്പിൽ ചെയ്യേണ്ട സംഗതിയിൽ ഈ ന്യായം പ്രവർത്തിക്കുന്നു".

സൂചീമുഖം-ക്രി. ശംഖ്. ഉ. കുശപ്പുല്ല്. ന. വജ്രം.

സൂചീരോമാ-പന്നി.

സൂചീവക്ത്രം-വൈരം.

സൂചീവ്യാപനകർമ്മം-സൂചികൊണ്ടുള്ള വസ്ത്രനിർമ്മാണം, സൂചികൊണ്ടു വസ്ത്രം മുതലായവ തുന്നുക എന്ന പ്രവൃത്തി. (പര്യായം-സൂചീവ്യാപകർമ്മം, സൂചീഘടനകർമ്മം, സൂചീസന്ധാനകർമ്മം)

ഈ കർമ്മം സീവനം എന്നും ഉശനം എന്നും വിരചനം എന്നും മൂന്നു പ്രകാരത്തിൽ ഉണ്ടു്. സീവനം-കൂപ്പായം മുതലായവ തുന്നിയുണ്ടാക്കുന്ന വിദ്യ. ഉശനം-കീറിയ വസ്ത്രത്തുണ്ടു ഇഴയൊപ്പിച്ചു തുന്നി കീറാത്ത വസ്ത്രംപോലെ ആക്കിത്തീർക്കുന്നതു്. വിരചനം-കിടക്ക വിരിപ്പു, അമ്മാരി, ജീൻ മുതലായതു തുന്നിയുണ്ടാക്കുക.

സൂച്യഗ്രം-സൂചിമുന.

സൂച്യാസ്യം-എലി.

സൂത-വി. ക്രി. ജനിച്ച. ഉ. അറിയിക്കപ്പെട്ട. ന. കടിക്കപ്പെട്ട.

സൂതകം-ജനനം. ഉ. പ്രസവിച്ചിട്ടുള്ള അശുദ്ധി, വാലായ്മ. ന. പാരമ്പര്യം.

സൂത(ക)ം-രസം.

സൂതൻ-ക്രി. തേരാളി. ഉ. ആശാരി. ന. ബ്രാഹ്മണസ്ത്രീയിൽ ക്ഷത്രിയനുണ്ടായവൻ. (സംകരജാതികളിൽ എന്നതു നോക്കുക).

സൂതൻ, സൂതതനയൻ–കർണ്ണൻ.

സൂതം–പ്ര. രസം, പാരതം. ഉ. ഏരിക്ക്.

സൂതരാട്–രസം.

സൂതാ–ഒപ്പറകിടക്കുന്നവൾ.

സൂതി–പ്ര. പ്രസവം. ഉ. സന്തതി. ന. തയ്യൽ.

സൂതികാ–പ്രസവിച്ചിട്ട ഏഴര നാൾ മെല്ലുള്ളവൾ.

സൂതികാഗൃഹം – ഈറ്റില്ലം, പേറ്റുപുര.

സൂതിമാസം–പ്രസവത്തിന്റെ മാസം, പത്താംമാസം, വൈജനനം. (ഗർഭവിമോചനം)

സൂത്രാന–വി. മിടുക്കുള്ള.

സൂത്ര്യ–കള്ളി, ക്ഷുദ്രജനം.

സൂത്രകണ്ണം–പ്ര പ്രാവ്. ഉ. കരിംകുരികിൽ.

സൂത്രക്കാരൻ–പ്ര. യന്ത്രപ്പണിക്കാരൻ. ഉ. ഉപായക്കാരൻ.

സൂത്രഗ്രാഹി—(സ്ഥപതി നോക്കുക)

സൂത്രണാ–നൂലുകോർക്കുക, ക്രമപ്പെടുത്തുക.

സൂത്രതന്ത്ര–നൂൽ.

സൂത്രധാരൻ–പ്ര. നാട്യത്തിൽ ഒന്നാമതായ വത്തുന്നവൻ. (സ്ഥാപന എന്നതു നോക്കുക).

സൂത്രധാരൻ–സൂത്രത്തെ (ചരടിനെ) ധരിക്കുന്നവൻ. പാവക്കൂത്തിൽ പാവകളെ വേണ്ടപോലെ ക്രമത്താടിക്കുന്നതു ചരട പിടിച്ചിരിക്കുന്നവനാണെല്ലൊ. അങ്ങിനെ ചരട പിടിച്ചിരിക്കുന്നവനെ സൂത്രധാരൻ എന്നു പറയും. നാടകത്തിന്റെ സകല ചുമതലയും വഹിക്കുന്നതു സൂത്രധാരനാകുന്നു.

സൂത്രധാരന്റെ ലക്ഷണം.

"ആസൂത്രയൻ ഗുണാന്നേതൃ
കവേരപിച വസ്തുനഃ
രംഗപ്രസാധനപ്രൗഢഃ"
സൂത്രധാര ഇഹോദിതഃ"

"സൂത്രധാരൻ കവിയുടെയും കഥയുടെയും ഗുണങ്ങളെ അല്പം സൂചിപ്പിക്കുന്നവനും രംഗത്തെ അലങ്കരിക്കുന്നവനും പ്രൗഢനുമായിരിക്കണം. സന്ദർഭത്തിനനുസരിച്ചു പാത്രങ്ങളെ പ്രവേശിപ്പിച്ചു വിഷ്കംഭകാദികളെ നാടകത്തെ നടത്തണം. നടന്മാരിൽ പ്രധാന്യം സൂത്രധാരനാണ്. നാന്ദിയുടെ അവസാനത്തിലാണു സൂത്രധാരൻ പ്രവേശിക്കേണ്ടതു".

ഉ. മരയാശാരി. ന. ഇന്ദ്രൻ.

സൂത്രപട്ടിക – പോക്കുതകിന്റെ നട്ടുവിൽ ചിത്രപ്പണിചെയ്തു തറയ്ക്കുന്ന ഒരു മരം. (ഗ്രാമ്യപദം–ചൂത്രാട്ടി).

സൂത്രപ്പണി—സുമുഖികളുടെ ചില കൈശലപ്പണി, യന്ത്രപ്പണി, നാഴികമണി വഞ്ചിമാനക്കമ്പി പൂകവണ്ടി എന്നിവയുടെ വേല. (സൂത്രപ്പണിക്കാരൻ = യന്ത്രപ്പണിചെയ്യുന്നവൻ.)

സൂത്രഭാഷ്യം – വ്യാകരണസൂത്രത്തിന്റെയും മറ്റും ആദ്യത്തെ വ്യാഖ്യാനം.

സൂത്രഭിന്നു–തയ്യൽക്കാരൻ.

സൂത്രം–പ്ര. ചരട്. ഉ. വ്യാകരണം മുതലായവയുടെ ചുരുക്കമായ ആദ്യപുസ്തകം. ന. പൂണുൽ. ശ. രഹസ്യം. ഇ. യന്ത്രപ്പണി. ന. ഉപായം. ഒ. കമ്പി.

സൂത്രവാക്യം — ചുരുക്കവാക്ക്, കാര്യം ഒതുക്കിപ്പിക്കുന്നതിനുള്ള വാചകങ്ങൾ.

സൂത്രവേഷ്ടനം–നെയ്യുമ്പോൾ നൂൽ ചുറ്റുന്ന സാധനം.

സൂത്രാമാവു്–ഇന്ദ്രൻ. (സൂത്രംമാവു് നോക്കുക).

സൂദന-വി. പ്ര. നാശത്തെ ചെയ്യുന്ന ഉ. പ്രിയമുള്ള.

സൂദനം-കൊല, വധിക്കൽ.

സൂദൻ-ഒച്ചപ്പുകാരൻ, അടുക്കളക്കാരൻ

സൂദം-പ്ര. പാചകാരി. ഉ. പരിപ്പുകറി മുതലായത്.

സൂദശാലാ-അടുക്കള.

സൂന-വി. പ്ര. വിടിൻ. ഉ. ഒഴിവുള്ള. ന. മനിച്ച.

സൂനം-പ്ര. പുഷ്പം. ഉ. പ്രസവം.

സൂനഹരോസ്-(ഗ്രീ) സഭാമണ്ഡപം പ്രധാനപ്പെട്ട കർത്തൃങ്ങളെ സമ്മതിക്കുന്നതിനായി ഒത്തുകൂടുന്ന സ്ഥലം

സൂനാ-പ്ര. കശാപ്പുകാരൻ. ഉ. വധസ്ഥാനം. ന. കൊല. ര. ഉപദ്രവം. ള. നദി ന. പുത്രി. ം ആനത്തുമ്പിക്കൈയ്. അരഞ്ഞാണം. കച്ച.

സൂനി-മൃഗങ്ങളെ കൊല്ലുന്നവൻ.

സൂനു-പ്ര. പുത്രൻ. ഉ. പുത്രി. ന. മകളുടെ മകൻ. ര. എരിക്ക്. ള. അനന്തരൻ. ന. സൂര്യൻ.

സൂനൃത-വി. പ്ര. സത്യമുള്ള. ഉ. മാധുര്യമുള്ള. ന. ഇഷ്ടമുള്ളത്

സൂനൃതം—പ്രിയമായും സത്യമായുമുള്ള വാക്ക്.

സൂപകാരൻ-ഒച്ചപ്പുകാരൻ, അടുക്കളക്കാരൻ.

സൂപധൂപനം-കായം എന്ന അങ്ങാടിമരുന്ന്.

സൂപം-പ്ര. പരിപ്പ്. ഉ. പാത്രം. ന. അമ്മ്.

സൂപ്യവണ്ണി, സൂപവണ്ണി — കാട്ടുപയർ.

സൂരണകന്ദം-ചേന.

സൂരണം-ചേന.

സൂരത-വി. പ്ര. ഭയമുള്ള. ഉ. ക്ഷമയുള്ള.

സൂരൻ-പ്ര. സൂര്യൻ. ഉ. വിദ്വാൻ. ന. യുദ്ധവീരൻ. ര. രാജാവ്.

സൂരസൂതൻ, സൂരാത്മജൻ - അനുജൻ. (സൂര്യൻനോക്കുക).

സൂരി-വി. ബുദ്ധിയുള്ള, വിദ്വത്തുള്ള.

സൂരി-പണ്ഡിതൻ, വിദ്വാൻ. ഉ. ആദിത്യൻ. ന. കൃഷ്ണൻ. ര. എരിക്ക്. ള. കരിങ്കടുക്.

സൂരിയൻ-സൂര്യൻ.

സൂരീ-പ്ര. സൂര്യന്റെ മറ്റേ. ഉ. കന്തി.

സൂക്ഷ്മം-ഉഴുന്ന്.

സൂത്തി-സുരാപ്പാൽ (സൂനത്തി).

സൂപ്പം-മഠം.

സൂമ്മി-വാതുണ്ടാക്കിയ ലോഹപ്രതിമ, ഇരിമ്പുകൊണ്ടുള്ള ബിംബം.

സൂര്യ-ആദിത്യന്റെ മറ്റേ.

സൂര്യകമല-സൂര്യകാന്തി പുഷ്പം.

സൂര്യകാന്തം-പ്ര. ഒരു രത്നം.

നിർമ്മലമായും മിനുത്തതായും ഒപൊട്ടില്ലാത്തതായും തുടയ്ക്കാതിരുന്നാലും ആകാശനിറമുള്ളതായും സൂര്യരശ്മി തട്ടിയാൽ തീ പുറപ്പെടുന്നതായുമിരിക്കുന്ന സൂര്യകാന്തം നന്ന. (Sunstone). സൂര്യരശ്മികൊണ്ടുണ്ടാക്കിയ കല്ലാണ്. ഒരാൾ തന്നെപ്പെങ്കിലും അധികം മുട്ടുള്ളതാണ്.

ഉ. ഒരു പൂവ്. ന. സ്ഫടികം.

സൂര്യകാന്തി-പ്ര. വെയിൽ. ഉ. എള്ളിൻ പൂവ്.

സൂര്യകാലം-പകൽ.

സൂര്യകിരണം-ആദിത്യരശ്മി, വെയിൽ.

സൂര്യകാന്തം-ഒരുമാതിരി തലവേദന, കൊറിഞ്ഞിൽ കണ്ണു്.

സൂര്യഗ്രഹണം-കേതു നിമിത്തം ആദിത്യനുണ്ടാകുന്ന മറവു്, വെയിലിലേനിഴൽ.

സൂര്യഗ്രഹണം - ചന്ദ്രച്ഛായനിമിത്തം സൂര്യബിംബത്തിനുണ്ടാകുന്ന മറവു്. (ഗ്രഹണം എന്ന പദം നോക്കുക).

സൂര്യജാ-യമുനാനദി.

സൂര്യതനയ-യമുനാനദി

സൂര്യൻ-പ. ആദിത്യൻ. പര്യായപദം—സൂരൻ, സൂര്യൻ, ആയ്മാവു്, ആദിത്യൻ, ഭാദശാത്മാവു്, ദിവാകരൻ, ഭാസ്കരൻ, അഹസ്കരൻ, ബ്രധ്നൻ, പ്രഭാകരൻ, വിഭാകരൻ, ഭാസപാൻ, വിവസപാൻ, സപ്താശ്വൻ, ഹരിദശ്വൻ, ഉഷ്ണരശ്മി, വികർത്തനൻ, അർക്കൻ, മാർത്താണ്ഡൻ, മിഹിരൻ, അരുണൻ, പൂഷാവു്, ദ്യുമണി, തരണി, മിത്രൻ, ചിത്രഭാനു, വിരോചനൻ, വിഭാവസു, ഗ്രഹപതി, തപിക്ഷാംപതി, അഹപ്പതി, ഭാനു, ഹംസൻ, സഹസ്രാംശു, സവിതാവു്, തപനൻ, രവി, പദ്മാക്ഷൻ, തേജസാംരാശി, ഛായാനാഥൻ, തമിസ്രഹൻ, കർമ്മസാക്ഷി, ജഗച്ചക്ഷു, അംശുമാലീ, ത്രയീതനു, പ്രദ്യോതനൻ, ദിനമണി, ഖാദ്യോതൻ, ലോകബാന്ധവൻ, ഇനൻ, ഭർഗ്ഗൻ, ധാമനിധി, ചണ്ഡാംശു, പത്മിനീപതി.

സൂര്യന്റെ അച്ഛൻ കശ്യപനാണു സൂര്യന്റെ പത്നി—ഛായ. സാരഥി—അരുണൻ, നഗരം—വിവസ്വതി. മക്കൾ—യമൻ, യമുനാ, അശ്വനീകുമാരന്മാർ, ശനി. സൂര്യന്റെ മറ്റു ഭാര്യമാർ—സംജ്ഞ, സപർണ്ണ, സ്വാതി, മഹാവീര്യ. രാമായണത്തിൽ സൂര്യൻ ബ്രഹ്മാവിന്റെ പുത്രൻ എന്നു കാണുന്നു. മന്ദേഹർ എന്ന രാക്ഷസസമൂഹം ഒരിക്കൽ സൂര്യനെ വിഴുങ്ങുന്നതിനു തുനിഞ്ഞപ്പോൾ അദ്ദേഹം തന്റെ ശോഭകൊണ്ടു വെല്ലുകയുണ്ടായി. പാത്രാഭാഗ്യം അക്ഷയപാത്രവും, സത്രാജിത്തിനു സ്യമന്തകം എന്ന മണിയും കൊടുത്തതു സൂര്യനാണു്. ഇദ്ദേഹത്തിന്റെ രഥത്തിനു ഏഴു കുതിരകളുണ്ടു്. ഏഴുതലയുള്ള ഒറ്റക്കുതിരയാണു രഥം വലിച്ചുകൊണ്ടുപോകുന്നതു എന്നും അഭിപ്രായം കാണുന്നു.

ബ്രഹ്മാവിന്റെ പുത്രനായ ദക്ഷനു 60 പുത്രികളുണ്ടായി. അവരിൽ അദിതിയിൽ നിന്നു സൂര്യൻ ഉത്ഭവിച്ചു.

സൂര്യനും ഭൂമിയും തമ്മിലുള്ള അകലം നാഴിക 926 ലക്ഷം. സൂര്യന്റെ വ്യാസം 852,000 മൈൽ. ഉ. എരിക്കു്.

സൂര്യപടം-ഒരുവക വിശേഷശീല, വില്ലസ്.

സൂര്യപര്യായനാമകം-ചെമ്പു്.

സൂര്യപുടം-ചില മരുന്നുകൾ നീറുന്നതിനു വെയിലിൽ വെയ്ക്കുക.

സൂര്യപുത്രി-പ. യമുനാനദി. ഉ. മിന്നൽ.

സൂര്യപുത്രൻ-പ. ശനി. ഉ. യമൻ. ന. സുഗ്രീവൻ. ദ. വൈവസ്വതമനു. ഇ. കർണ്ണൻ.

സൂര്യപ്രഭ-ആദിത്യന്റെ ശോഭ.

സൂര്യപ്രിയം-ചെമ്പു്.

സൂര്യഭക്തം-ഉച്ചമല്ലി.

സൂര്യമണി-സൂര്യകാന്തം.

സൂര്യവംശം-ആദിത്യന്റെ കുലം.

ഈ രാജകുലം ഇക്ഷ്വാകു സ്ഥാപിച്ചതാണു. ബ്രഹ്മാവിന്റെ മാനസപുത്രനായ മരീചിമഹർഷിയുടെ പുത്രൻ കശ്യപപ്രജാപതി, തത്പുത്രൻ സൂര്യൻ. തൽ

പുത്രൻ രൈവസ്വതമനു. തൽഭാര്യ ശ്രദ്ധാ. രൈവസ്വതമനുവിന്റെ പുത്രന്മാർ 10. ഇക്ഷ്വാകു, നൃഗൻ, ശര്യാതി, ദിഷ്ടൻ, ധൃഷ്ടൻ, കരൂശൻ, നരിഷ്യന്തൻ, പൃഷദ്ധ്രൻ, നഭഗൻ, കവി.

(സൂര്യവംശ രാജാക്കന്മാരുടെകാലം ത്രേതായുഗത്തിലാണ്. ശ്രീരാമാവതാരം ത്രേതായുഗത്തിലാണല്ലോ.)

സൂര്യവംശത്തിലെ ഒന്നാമത്തെ രാജാവ് ഇക്ഷ്വാകു ആകുന്നു. പുത്രക്രമം വ്യവഹാരം ചേർക്കുന്നു

ഇക്ഷ്വാകു, കുക്ഷി, വികുക്ഷി, കകുത്സ്ഥൻ, ബാണൻ, അനരണ്യൻ, ത്രിശങ്കു, ഹരിശ്ചന്ദ്രൻ, ധുന്ധുമാരൻ, യുവനാശ്വൻ, മാന്ധാതാവു, സുസന്ധി, ധ്രുവസന്ധി, ഭരതൻ, അസിതൻ, സഗരൻ, അസമഞ്ജൻ, അംശുമാൻ, ദിലീപൻ, രഘു, ഭഗീരഥൻ, പുരുഷാദകൻ, കല്മാഷപാദൻ, ശംഖണൻ, സുദർശനൻ, അഗ്നിവർണ്ണൻ, ശീഘ്രഗൻ, മരുത്തൻ, പ്രസുശ്രുകൻ, നഭഗൻ, അംബരീഷൻ, നഹുഷൻ, യയാതി, അജൻ, ദശരഥൻ, രാമൻ, കുശൻ, അതിഥി, നിഷധൻ, നളൻ, പുണ്ഡരീകൻ, ക്ഷേമധന്വാവു, ദേവനികൻ, അഹിനകൻ, പാരിയാത്രൻ, വജ്രനാഭൻ, ഖഗണൻ, വിക്രിതാശ്വൻ, ഹിരണ്യനാഭൻ, പുഷ്യൻ, ധ്രുവസന്ധി സുദർശനൻ, അഗ്നിവർണ്ണൻ ശീഘ്രൻ, പ്രസുശ്രുതൻ, സന്ധി, അമർഷണൻ, സഹസ്വാൻ, വിശ്വസഹൻ, ബൃഹദ്ബലൻ, ബൃഹദ്ധ്യണൻ, ഉരുക്ഷധൻ, വത്സവ്യൂഹൻ, പ്രതിവ്യൂഹൻ, ഭാനു, ദിവാകരൻ, സഹദേവൻ, ബൃഹദശ്വൻ, ഭാനുമാൻ, പ്രതികാശ്വൻ, സുപ്രതീകൻ, അന്തരിക്ഷൻ, സുപ്രസ്ഥൻ, അമിത്രജിത്ത്, ബൃഹദ്രാജൻ, ബർഹി, കൃതഞ്ജയൻ, രണഞ്ജയൻ, സഞ്ജയൻ, ശാക്യൻ, ശുദ്ധോദനൻ, ലാംഗലി, പ്രസേനജിത്ത്, ക്ഷുദ്രകൻ, കണകൻ, സുരഥൻ, സുമിത്രൻ.—ആകെ 90.

സൂര്യവല്ലഭാ—താമരപ്പെണ്ണു.

സൂര്യവാരം—ഞായറാഴ്ച.

സൂര്യവാസരം—ഞായറാഴ്ച.

സൂര്യവിലോകം—ഒരടിയന്തരം.

പ്രസവിച്ച് നാലുമാസംകഴിഞ്ഞാൽ ആദ്യമായി കുഞ്ഞിനെ വെളിയിൽ കൊണ്ടിറങ്ങുക.

സൂര്യശാഖ—വെയിൽ.

സൂര്യസാരഥി—അരുണൻ.

സൂര്യസിദ്ധാന്തം—ഒരു പുസ്തകം.

ഇതിന്റെ കർത്താവിനെ സൂര്യനിൽ നിന്നും കിട്ടിയതാണ്. ജ്യോതിശ്ശാസ്ത്രമാണ വിഷയം.

സൂര്യാവർത്തം—ഒരു ശിരോരോഗം.

ഈ സൂര്യോദയത്തിന്റെ ശേഷം കണ്ണിലും പുരികത്തിലും വേദനയോടുകൂടി കറുകറുപ്പായി മദ്ധ്യാഹ്നംവരെ വർദ്ധിച്ചുവരും. അതിൽപിന്നെ ശമിക്കും.

സൂര്യാശ്മാ—സൂര്യകാന്തം.

സൂര്യാസ്തമനം—സൂര്യൻ അസ്തമിക്കുക.

സൂര്യാഹ്വം—ചെമ്പു്.

സൂര്യേന്ദുസംഗമം—കറുത്തവാവു്.

സൂര്യോദയം—സൂര്യൻ ഉദിക്കുക.

സൂര്യോപരാഗം—സൂര്യഗ്രഹണം.

സൂ

സൂകൽ—സൃഷ്ടാവു്.

സൂകരം—പ. താരരം. ക. അയ്യു. തു. കാറവ്.

സുകണ്ഡു-ഒരു പുഴു.

സുകപം-കടവായ്.

സുകപിണി-കടവായ്.

സുഗാലൻ-പ. കറുകൻ. ചോരകുടിക്കുന്നവൻ എന്നർത്ഥം. (ശൃഗാലൻ എന്നതിന്റെ രൂപഭേദം). ഉ. അസുരൻ.

സുഗാ-ഒരുവിധം ചെറിയ അമ്പ്, കഴലിൽവച്ചോ കൈകൊണ്ടോ ഉപയോഗിക്കുന്ന ഒരു ആയുധം, പിന്നെറവുതടി.

സുഗം-കല്ലെറിയാനുള്ള സാധനം, കവിണ. മരുറാത്തുപയ്യുയം-ഭിന്ദിപാലം. (ഒരുമുഴം നീളമുള്ള തിരുകുത്തടി എന്നർത്ഥം കാണുന്നു).

സുഗാലം-കറുകൻ.

സുഞ്ഞി-പ. ആനത്തോട്ടി. ഉ. ശത്രു. ന. ചന്ദ്രൻ.

സുഞ്ഞി(ഞ്ഞീ)ക - വായിൽനിന്നൊലിക്കുന്ന ജലം, ഇരത്തം.

സുത-വി. പോയ.

സുതി-പ. വഴി. ഉ. പോക. ന. ഉപേക്ഷിക്ക.

സുദരം-പാമ്പ്.

സുദാകു - പ. വങ്കം. ഉ. നദി. ന. മാൻ.

സുപാടി - പ. ഒരുമൂവ്. ഉ. നദീവിശേഷം.

സുപാടം-ഒരുമൂവ്.

സുപാടിക-പക്ഷിയുടെ ചുണ്ട് കൊക്ക്.

സുപ്രൻ-ചന്ദ്രൻ.

സുപ്രം-കർപ്പൂരം.

സുമര-വി. നിമിഷം പോകുന്ന.

സുമരം-ദേവതാവൃക്ഷവിശേഷം.

സുഷ്ട-വി. പ സൃഷ്ടിക്കപ്പെട്ട, ഉണ്ടാക്കപ്പെട്ട. ഉ. വിടപ്പെട്ട. ന. അധികരിയുള്ള. ഭ. നിശ്ചയിക്കപ്പെട്ട. ഇ. യോജിപ്പിക്കപ്പെട്ട. ന അലങ്കരിക്കപ്പെട്ട. ം ബോധവായിട്ടുള്ള.

സൃഷ്ടി—പ. നിർമ്മിപ്പ്, ഉണ്ടാക്കൽ. സൃഷ്ടി > <സംഹാരം. ഉ. സദ്ഭാവം. ന. ലക്ഷണമുള്ളത് ഭ. ലക്ഷണമില്ലാത്തത്.

സൃഷ്ടികർത്താവ് - സൃഷ്ടിക്കുന്ന ആൾ, ബ്രഹ്മാവ്.

സൃഷ്ടിക്കുന്നു-നിർമ്മിക്കുന്നു, ഉണ്ടാക്കുന്നു.

സൃഷ്ടിപ്പ്-നിർമ്മിപ്പ്, ഉണ്ടാക്കൽ.

സെ

സെമിത്തേരി-(ല) ശ്മശാനസ്ഥലം.

സെമിനാരി-ദൈവശികവിദ്യാലയം.

സേ

സേകപാത്രം-പ. വെള്ളം മുക്കിക്കൂടുന്നതിനുള്ള പാത്രം (സേചനം). ഉ. തോണിയിൽ വന്നുചേർന്ന ജലം മുക്കിക്കളയാനുള്ള പാത്രം.

സേകം-തേകുക, കോരിയൊഴിക്കുക, ചൊരിച്ചൽ, തളിക്കുക, നനക്കുക.

സേചകം-മേഘം.

സേചനം-പ സേകപാത്രം ഉ. വൃക്ഷച്ചുവട്ടിലും മറ്റും നനയ്ക്കുക, തളിക്കുക.

സേതു-പ. അണ, ചിറ, ആറിലും മറ്റും മറുകരെ നടന്നു പോകാൻ മണ്ണ് കല്ല്, മുതലായവ കൊണ്ടുണ്ടാക്കുന്ന ചിറ, ഉ. പാലം. ന. നീർമതിലും. ഭ സീതാന്വേഷണത്തിനു ശ്രീരാമൻ വാനരന്മാരെക്കൊണ്ടു കെട്ടിച്ച പാലം (അണ). ഇൻഡ്യയുടെ തെക്കേ അതിർത്തി. (രാമേശ്വരം)

സേതുബന്ധം-പ. രാമേശ്വരത്തുനിന്നു ലങ്കയിലേക്കുള്ള ചിറ, ലങ്കയുടെ അധികാരത്തിനു വേണ്ടി നളൻ ചെയ്ത പാലം.

സേതുസ്നാനം-രാമേശ്വരത്തെ സേതുവിങ്കൽ കളിക്കുക.

സേന-പ്ര. രസൈന്യം, ശത്രുബലത്തെ ബന്ധിക്കുന്നത് എന്നർത്ഥം. പര്യായം. ധ്വജിനി, വാഹിനി, സേനാ, പൃതന, അനീകിനി, ചമൂ, വൃത്രഘ്നി, ബലം, രസൈന്യം, ചക്രം, അനീകം. ഉ. സുബ്രഹ്മണ്യന്റെ മറ്റു. നു. ഈ യുഗത്തിങ്കലെ മൂന്നാമത്തെ മനുഷ്യചക്രവർത്തിയുടെ മാതാവ്.

സേന-വി. യജമാനൻ ഉള്ള.

സേനാകല്പൻ-ശിവൻ.

സേനാഗൃഹം-പടവീട്.

സേനാംഗം-ആന, കുതിര, തേര, കാലാൾ.

സേനാധിപൻ-പട്ടാളത്തിൽ പ്രമാണി

സേനാനി-പ്ര. പടനായകൻ, പട്ടാളത്തിൽ പ്രധാനി, ഉ. കാർത്തികേയൻ.

സേനാപതി, സേനാനായകൻ-പ്ര. രസൈന്യനായകൻ. ഉ. ശിവൻ. നു. സുബ്രഹ്മണ്യൻ.

സേനാമുഖം-രസൈന്യത്തിന്റെ മുൻഭാഗം, സേനയുടെ ഉപക്രമം, മൂന്നു പത്തി ക്രുടിയത്. (അക്ഷൗഹിണി നോക്കുക).

സേമന്തി-ചേമന്തി.

സേരം-ഒരളവ്.

സേരാഫം-നല്ല വെള്ളക്കുതിര.

സേവ-പ്ര. ആശ്രയിച്ചു പാർക്കുക. ഉ. ഭജനം. നു. ഒരുവക പലഹാരം.

സേവക-വി. സേവിക്കുന്ന.

സേവ(ക)-ഒരുമാതിരി പലഹാരം.

സേവ(ക)നാഴി-സേവ(ക)യുണ്ടാക്കുന്നതിനു വളരെ ദ്വാരമുള്ള ഒരു പാത്രം.

സേവകൻ-പ്ര. ഭൃത്യൻ, ആശ്രിതൻ. ഉ. ഭജിക്കുന്നവൻ. നു. തയ്യൽക്കാരൻ.

സേവകം-ചാമ്പ്, സഞ്ചി.

സേവധി-നവനിധികളിൽ ഒന്ന്, ശേവധി.

സേവനം-പ്ര. ഭൃത്യൻ. ഉ. സേവിക്കുക. നു. ഉപയോഗിപ്പ്. ദ്വ. അനുഭവം. ത. പരിചയം.

സേവനി-സൂചി.

സേവാമൂർത്തി-സേവിച്ചുധീനമാക്കിയ ദേവത.

സേവാലം-കരിമ്പായൽ.

സേവാവൃത്തി-പ്ര. സേവിച്ചുപാർക്കുന്നവന്റെ തൊഴിൽ. ഉ. സേവകൊണ്ടുള്ള കഴിച്ചിൽ.

സേവി-വി. സേവിക്കുന്ന (സ്ത്രീ- സേവിനി.)

സേവിക്കുന്നു-പ്ര. ആശ്രയിച്ചു പാർക്കുന്നു. ഉ. ഭജിക്കുന്നു. നു. ചില മരുന്നുതിന്നുന്നു. ദ്വ. കഷായം മുതലായതു കുടിക്കുന്നു. ത. പിൻതുടരുന്നു, പരിചയപ്പെടുന്നു. നു. സൂക്ഷിക്കുന്നു.

സേവിത-വി. സേവിക്കപ്പെട്ട.

സേവ്യ-ഭൃത്യൻ.

സേവ്യ-വി. സേവിക്കപ്പെടാൻ യോഗ്യമായ.

സേവ്യം-പ്ര. രാമച്ചവേർ. ഉ. നീർക്കുടയ്. നു. നീർമരുത്. ദ്വ. അരയാൽ.

സേവ്യമാന-വി. സേവിക്കുന്ന.

സൈ

സൈകത-വി. മണൽകൊണ്ടുള്ള, മണലുള്ള.

സൈകതം-പ്ര. മണൽ തിട്ട. (വെള്ളം താഴ്ന്നാലും പ്രത്യക്ഷപ്പെടുന്നതു; എന്നാൽ മണൽ നിരപ്പായിരിക്കും). ഉ. ചായില്യം.

സൈകതേഷ്ടം-ഇഞ്ചി.

സൈക്ഷവം-എള്ളുണ്ട.

സൈതവാഹിനി- വിന്ധ്യനിൽനിന്നു പുറപ്പെടുന്ന ഒരു നദി, ബാഹുദാ. കാർത്തവീര്യാർജ്ജുനനാൽ കടയപ്പെട്ടതിൽ നിന്നുണ്ടായനദി.

സൈതവാഹനൻ=മെഴുക്കുതേരിലുള്ളവൻ- കാർത്തവീര്യാർജ്ജുനൻ. അദ്ദേഹത്തെ സംബന്ധിച്ചതു. കാർത്തവീര്യാർജ്ജുനനാണു ഈ ബാഹുദാനദിയെ ഭൂമിയിലേക്കു കൊണ്ടുവന്നതു.)

സൈതൽ-ജിതവൃക്ഷം.

സൈനാപത്യം-സേനാധിപത്യം.

സൈനിക-വി. സൈന്യത്തെ സംബന്ധിച്ച.

സൈനികൻ-സേനയിൽ ചേർന്നവൻ, പട രക്ഷിക്കുന്നവൻ, കാവൽക്കാരൻ, സേനയെ രക്ഷിക്കുന്നവൻ, സൈന്യാധിപൻ മുതലായവരുടെ പേർ.

സൈനികം-സൈന്യം.

സൈന്ധവ- വി. പ. സിന്ധുദേശത്തുണ്ടായ. ഉ. കടലിലുണ്ടായ. ന. നദിയിലുണ്ടായ.

സൈന്ധവൻ-ഒരു സന്ന്യാസി.

സൈന്ധവം-പ. ഇന്തുപ്പു. ഉ. കുതിര. ന. ഒരു ദേശം.

സൈന്യപ്രായം-സൈന്യത്തിന്റെ പിൻവശം.

സൈന്യവിന്യാസം-സേനയെ അണിനിരത്തുക.

സൈന്യം-സേന, പട്ടാളം.

സൈന്യാവാസം-പാളയം.

സൈരന്ധ്രി-പ. സ്വതന്ത്രമായി അന്യഗൃഹത്തിൽപാർത്തു കേശപ്രസാദനാദി അലങ്കാരത്തോടു കൂടിയിരിക്കുന്നവൾ. ഉ. വിരാടപുരിയിൽ പാഞ്ചാലിക്കുണ്ടായിരുന്ന പേർ. ന. അന്തഃപുരസ്ത്രീകളെ അലംകരിക്കുന്നതിനും മറ്റുമായി വസിക്കുന്ന സഖി.

സൈരിക-വി. കേശപ്രസാധനം സംബന്ധിച്ച. ഉ. ഉഴറപ്പുള്ളിയുള്ള.

സൈരികൻ-പ. ഉഴവുകാരൻ. ഉ. ഉഴവുകാള.

സൈരിഭം-പ. പോത്തു്. കുങ്കിക്കാൾക്ക് ആനയെപ്പോലെയുള്ളതു് എന്നർത്ഥം. ഉ. സപ്തം. ഇന്ദ്രസപ്തം.

സൈരിഭീ-എരുമ.

സൈരീയകം, സൈരേയകം-രണ്ടു പ. കറുഞ്ഞി, (മുറുക്കറുഞ്ഞി).

സൈവാല(ക)ം-കരിമ്പായൽ.

സൊ

സൊന്ന-ശൂന്യം, പൂജ്യം. Cypher.

സൊല്ല-തൊല്ല, ഉപദ്രവം, നാശം.

സൊല്ലാപ്പു-അലമ്പൽ

സൊള്ളാടിക്ക-വെടിപറയുക.

സൊള്ളുക-വെടിപറയുക.

സൊള്ളൽ-കൂടയുളി.

സോ

സോഢ-വി. പ. സഹിച്ച. ഉ. ക്ഷമയുള്ള്

സോൽപ്രാശ-വി. അധികമായ.

സോൽപ്രാസ(ശ)ം-പ. പരിഹാസവചനം, നിന്ദാസ്തുതി. ഉ. പൊള്ളിച്ചിരി.

സോദയം-വി. ഉദരത്തോടുകൂടിയ, ലാഭമുള്ള,

സോദരൻ- ഭ്രാതാവു്, സ്ത്രീ-സോദരി).

സോദർയ്യൻ-സഹോദരൻ, അനുജൻ,

സോനഹം-വെള്ളുള്ളി.

സോന്മാദ-വി. ഉന്മാദമുള്ള, ഭ്രാന്തുള്ള

സോപകാര-വി. ഉപകാരത്തോടുകൂടിയ.

സോപപ്ലവൻ-രാഹുവിനാൽ ഗ്രസിക്കപ്പെട്ട സൂര്യനോ ചന്ദ്രനോ ഉള്ളപോൽ.

സോപാനം-പ്ര. കല്പടി, ര. കോവണി, കോണിപ്പടി.

സ+ഉപാ=ഉപരി. +അനം=ഗമനം=മുകളിൽ പോകാനുള്ള വഴി.

സോമകൻ-പാഞ്ചാല രാജാവ്, ദ്രുപദരാജാവിന്റെ പിതാമഹൻ.

സോമഗർഭൻ-വിഷ്ണു.

സോമഗ്രഹണം-ചന്ദ്രഗ്രഹണം.

സോമചൂടൻ-ശിവൻ.

സോമജൻ-ചന്ദ്രന്റെ പുത്രൻ, ബുധൻ.

സോമജം-പാല്.

സോമദത്തൻ-സ്വാൽഹികന്റെപുത്രൻ.

സോമദേവഭട്ടൻ-കഥാസരിൽസാഗരകർത്താവ്.

സോമദൈവതം-ബുധൻ.

സോമനാഡികായം-ഒരുവക കായം. (ഹിംഗു).

സോമൻ-പ്ര. ചന്ദ്രൻ. ര. ദേവശ്രവണൻ. ന. സുഗ്രീവൻ. ഭ. വായു. ഇ. ശിവൻ. ന. യമൻ.

സോമൻ-വേഴ്ചി.

സോമപൻ-സോമയാഗം ചെയ്തവൻ, സോമപാനം ചെയ്തവൻ.

സോമപതി-ഇന്ദ്രൻ.

സോമപാനം-സോമം പിഴിഞ്ഞു ജലം കൂടിക്കുക.

സോമപീഥി-സോമപാനം ചെയ്തവൻ. (പാഠങ്ങൾ-സോമപീതീ, സോമപീവീ).

സോമപുത്രൻ(സുതൻ-ഭ്രുവ്)-പ്ര: ബുധൻ. ര. ശനി.

സോമബന്ധു-വെള്ളത്താമര.

സോമം-പ്ര. സോമവള്ളി. ര. കർപ്പൂരം. ന. അരുൺ. ഭ. കരിങ്ങ്. ഇ. വെള്ളം. ന. കഞ്ഞി. എ. ആകാശം. വ. കാർകോകിൽ.

സോമയാഗം, സോമയജ്ഞം—ഒരുയാഗം.

സോമയാജി-സോമയാഗം ചെയ്യുന്നവൻ.

സോമയോനി-ഒരുമരം തിരി മണമുള്ള മഞ്ഞച്ചന്ദനം.

സോമരാജി-ഒരുങ്ങാടി മരുന്നു, കാർകോകിലരി.

സോമരായം-പ്ര. ഒരു തരം. ര. കരുവേപ്പ്.

സോമലതാ, സോമവല്ലരി-പ്ര. സോമവള്ളി. ര. ശോമാവരി നരി

സോമവംശം-ചന്ദ്രവംശം.

സോമവല്കം-പ്ര. കരിങ്കാര വൃക്ഷം. ര. കായപ്പാല.

സോമവല്ലരി-മീനങ്ങാണി.

സോമവല്ലി-പ്ര. സോമവള്ളി. ര. ചിറ്റരുൺ. ന. കാർകോകിൽ. ഭ. മീനങ്ങാണി. ഇ ബ്രഹ്മി.

സോമവാരം-തിങ്കളാഴ്ച.

സോമശേഖരൻ-ശിവൻ.

സോമശ്രവസ്സ് — ശ്രുതശ്രവസ്സിന്റെ പുത്രൻ.

(ജനമേജയന്റെ പുരോഹിത്യം വഹിച്ചു).

സോമശ്രവായണം-ഒരു തീർത്ഥം.

പാണ്ഡവർ ഏകചക്രയിൽ നിന്ന് പാഞ്ചാലത്തേക്കു പോകുംവഴിക്കു ഈ

തീർത്ഥത്തിൽ കലർക്കുന്ന അംഗാരവല്ലി യെന്നുണ്ട്.

സോമസംഭൃത-നമ്പൂരിനമ്പി.

സോമസിദ്ധാന്തി-ശിവമതക്കാരൻ.

സോമസിദ്ധാന്തം-ശിവമതക്കാർ പ്രമാണിച്ചുവരുന്ന ഒരു ശാസ്ത്രം.

സോമസൂത്രാ-നമ്പൂരിനമ്പി.

സോമള-വി. മൃദുവായ, ശാന്തമായ

സോമോത്ഭവ-നമ്പൂരി എന്ന നദി.

സോമോപരാഗം-ചന്ദ്രഗ്രഹണം.

സോരസ്യാധം - അം. നെഞ്ചിലടിച്ചും കൊണ്ട്.

സോല്ലുണ്ഠനം-അകാരണമായി നിന്ദയോടുകൂടിയുള്ള സ്തുതിവാക്ക്.

സൗ

സൗകര്യം-ഗു. സുകരത, ചെയ്യാൻ ഉള്ള എളുപ്പം, ഉ. പന്നിയുടെ സ്വഭാവം.

സൗകുമാരകം-പിച്ചള.

സൗകുമാര്യം-ഗു. മൃദുത്വം. ഉ. സുകുമാരന്റെ സ്ഥിതി. ന. കോമളത്വം.

സൗക്ഷ്മ്യം-ഗു. സൂക്ഷ്മം. ഉ. രണ്ടഗ്ര്യം.

സൗഖ്യം-ഗു. സുഖം. ഉ. സന്തോഷം

സൗഗതൻ-ഗു. ബുദ്ധനെ നിന്ദിക്കുന്ന ജൈനിക്കാരൻ. ഉ. ബുദ്ധമതക്കാരൻ

സൗഗതികൻ-ഗു. ബുദ്ധമുനി. ഉ. അവിശ്വാസി. ന. ഇരന്നുതുടക്കുന്ന ബ്രാഹ്മണൻ.

സൗഗതികം-വിശ്വാസമില്ലായ്മ.

സൗഗന്ധികം-ഗു ചെറുത്തരം ചെങ്ങഴിനീല്പൂ.

ചെങ്ങഴിനീർപൂവിൽ ഒരുതരമാണ്. ഇതു ചെമപ്പും വെളുപ്പും കലർന്ന നിറമുള്ളതും സന്ധ്യാകാലത്തിൽ വികസിക്കുന്നതും വളരെ സുഗന്ധമുള്ളതുമാകുന്നു. ഉ. മണിക്യം. ന. കറുത്ത ആമ്പൽ. ര. ശുദ്ധകം. ള. ചുകപ്പുകല്ല്. ഴ. നന്നുകപ്പല്ല്, കാവട്ടപ്പല്ല്.

സൗഗന്ധ്യം-സുഗന്ധത, മണപ്പു.

സൗചി, സൗചികൻ-തയ്യൽക്കാരൻ.

സൗചിത്ര്യം-മനോഹരത.

സൗജന്യം-സുജനത്തിന്റെ സ്വഭാവം (മ) സമ്മാനം.

സൗതി-ഗു. കണ്ണൻ. ഉ. ഒരു ഋക്ഷി.

ഒരുനൈമിശാരണ്യത്തിൽവച്ച ഋക്ഷികൾ മുമ്പാകെ മഹാഭാരതം ആഖ്യാനം ചെയ്തതു ഈ ഋക്ഷിയാകുന്നു.

സൗദാമിനി-ഗു. മിന്നൽ പിണർ. ഉ. ഐരാവതത്തിന്റെ ഭാര്യ.

സൗദായിക-വി. സ്ത്രീധനമായി കൊടുക്കപ്പെട്ടുന്ന.

സൗദാസൻ - സുദാസന്റെ പുത്രൻ, കല്മാഷപാദൻ.

സൗധധ്വജം-ചുണ്ണാമ്പു്.

സൗധം-ഗു. രാജഗൃഹം, വെൺകളിമാടം. ഉ. വെള്ളി.

സൗധവാതായനം — മണിമാളികയുടെ ജന്നൽ.

സൗനന്ദം-ബലരാമന്റെ ശരു.

സൗനികൻ-കശാപ്പുകാരൻ.

സൗനന്ദ്യത്തിരിക്കു-പ്രണയകലഹം.

സൗനന്ദ്യപ്പിണക്കം- ശൗരവമില്ലാത്ത വഴക്കു.

സൗനന്ദ്യചതുഷ്ടയം-സ്ത്രീകൾക്കു പതിവ്രതാധർമ്മം, തപസ്വികൾക്കു ക്ഷമ, കയ്പില്ലാത്ത സ്വരം, ബ്രാഹ്മണർക്കു വിദ്യ.

സൗനന്ദ്യം-അഴകു, ശോഭ.

സൗപർണ്ണം–മരതകം.

സൗപ്തിക–വി. ഉറക്കംസംബന്ധിച്ച

സൗപ്തികം–ന. രാത്രിയിലെ അഞ്ചു മണം. ഉ. മന്ത്രത്തിലെ ഒരു പദം.

സൗബലൻ–ശകുനി.

സൗഭഗേത്വം–സൌന്ദര്യം.

സൗഭഗം–സൌഭാഗ്യം, സൽഭാഗ്യം.

സൗഭഗി–ന. ദ്രൗപദി. ഉ. സുഭഗൻ.

സൗഭഞ്ജനം–മുരിങ്ങമരം.

സൗഭദ്രൻ, സൗഭദ്രയൻ– അഭിമന്യു.

സൗഭം–ഹരിശ്ചന്ദ്രന്റെ വിമാനനഗരം. ഖപുരം, പ്രതിമാശ്മകം ഈ പേരുകളുമുണ്ട്.

സൗഭരി ഒരു സന്ന്യാസി. (മാന്ധാതാവു നോക്കുക).

സൗഭരി മാന്ധാതാവിന്റെ 50 പുത്രിമാരിൽ 150 പുത്രരെ ജനിപ്പിച്ചു ഭർത്തൃമാർക്ക വിശ്വകർമ്മാവിനെക്കൊണ്ടു ഓരോ കൊട്ടാരം പണിയിച്ചുകൊടുത്തു. ഒടുവിൽ വനത്തിൽ പോയി വിഷ്ണുസേവചെയ്തു.

സൗഭാഗിനേയൻ – സുഭഗാപുത്രൻ, സുന്ദരിയുടെ പുത്രൻ.

സൗഭാഗ്യ–ന. സുഭഗന്റെ അവസ്ഥ, സൌന്ദര്യം. ഉ. ചായില്യം. ന. ഔശധ്യം. ദ. സിന്ദൂരം. ഇ. നന്മ.

സൗഭികൻ–ചെപ്പടിവിദ്യക്കാരൻ

സൗഭ്രാത്രം–സഹോദരസ്നേഹം.

സൗമനസം–ന. ഉഭയപാർശ്വത്തിന്റെ കൊടുമുടി. ഉ. ജാതിക്കാ.

സൗമിത്രി–ലക്ഷ്മണൻ. സുമിത്രയുടെ പുത്രൻ എന്നർത്ഥം. (രാമന്റെ മകനെന്നു ചിലരുടെ അഭിപ്രായം).

സൗമില്ലൻ–ഒരു കവി.

ചില നാടകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കാളിദാസനു മുമ്പു ജീവിച്ചിരുന്നു.

സൗമുഖ്യ–സുമുഖത, സൌന്ദര്യം.

സൗമേധികൻ– വിശേഷജ്ഞാനമുള്ളവൻ

സൗമേരവം–സ്വർണ്ണം.

സൗമ്യകം–സ്വർണ്ണം.

സൗമ്യ–വി. ന. സോമനെ സംബന്ധിച്ച. ഉ. ശാന്തതയുള്ള. ന. മംഗിയുള്ള

സൗമ്യ—ന. അറപതിൽ നില്പുത്തി മൂന്നാംസംവത്സരം. ഉ. മുവില. ന. വള്ളി എരുട്ടിമധുരം. ദ. വലിയ കാട്ടുവെള്ളരി. ഇ ബ്രഹ്മി. ന. അടപതിയൻ. ഉ. വലിയ വാലുഴവം. വ. ഏത്തമയള്ളി. ൻ. ദർഭ

സൗമ്യത–ശാന്തത.

സൗമ്യൻ–ന. ബുധൻ. ഉ. സുമുഖൻ.

സൗമ്യം–ന. ശാന്തത. ഉ. മുത്തു്. ന. പാലു്. ദ. ർവള്ളി. ഇ. സൌഗന്ധികം. ന. അത്തിയാൽ. ഉ. സോമയാഗത്തിലേ ഹവിസ്സു്. വ. സുഖം. ൻ. സുന്ദരം.

സൗരഥ്രൻ–രയംഖാവു്.

സൗരൻ–ശനി.

സൗരനാഡി–ന. ദേഹത്തിലെ ഒരു തരം ഞരമ്പു്. ഉ. സൂര്യന്റെ കതിർ.

സൗരഭം–കുങ്കുമം.

സൗരഭി–ഒരു മുനി.

(ഈ മുനി ശതഹ്രദനെ ശപിച്ചിട്ടുണ്ടു്. കാരണം ഒരിക്കൽ ഇദ്ദേഹം കാളിന്ദിയിൽ കുളിക്കുമ്പോൾ ശതഹ്രദൻ കുറെ മീനിനെ കൊന്നുതിന്നുകയുണ്ടായി. അതു പിടിച്ചു മുനിയുടെ ശരീരത്തിൽ വീണതാണു).

സൗരഭേയ(ക)ം–കാട്ടു.

സൗരഭേയൻ–കാള. (സ്ത്രീ സൌരഭേയി).

സൌരഭ്യം–പ. സുഗന്ധം. ക. അഴക്. തേ. മേന്മ. ന. നല്ല സ്വഭാവം.

സൌരം–മൂപ്പത്തഞ്ചിവസമുള്ള ഒരു മാസം.

സൌരയൂഥം—സൂര്യനെ പ്രദക്ഷിണം വെയ്യുന്ന ഗ്രഹങ്ങളുടെ (ശോളങ്ങളുടെ) സമൂഹം, സൂര്യന്റെ, സൂര്യനെ ചുറ്റിവരുന്ന ശോളങ്ങൾക്കും ഒന്നിച്ചുള്ള പേരാണ് "സൌരയൂഥം"

സൌരസേയൻ· സുന്ദൻ.

സൌരാജ്യം–പ. നല്ല രാജ്യസ്ഥിതി. ക. നല്ല രാജ്യഭോഗം.

സൌരാഷ്ട്രം–പ. ഒരു രാജ്യം.

അമദ്ബാദ്, കെയറാ, ജ്യൂനാഗഢ്, സൂറത്ത്, കെയിത്തുവാർ, ബറോഡ മുതലപ്പെട്ട ദേശം. ഇപ്പോഴത്തെ ഗുജറാത്ത്. ക. ഒരു രാഗം. ന. വെള്ളോട്ട. ര. കന്തുക്കം.

സൌരാഷ്ട്രകം–പ. ഒരുവക വിഷം. ക. പഞ്ചലോഹം.

സൌരി–പ. ശനി, സൂര്യന്റെ പുത്രൻ എന്നർത്ഥം. ക. ഗംഗാനദി. ന. കണ്ണൻ. ര. സുഗ്രീവൻ. ഇ. യമൻ.

സൌരിരത്നം–ഇന്ദ്രനീലക്കല്ല്.

സൌവച്ചലം –ഉപ്പുവച്ചിലക്കാരം, മധുര ഉപ്പ്.

സൌവസ്ത്രം–സുഖത്തിലുള്ളത്.

സൌവർണ്ണ–വി. സുവർണ്ണംകൊണ്ടുള്ള.

സൌവർണ്ണി–സുവർണ്ണമയമായ.

സൌവാസ്ഥ്യ–വി. നല്ലസ്ഥലത്തിൽ പണിതുണ്ടാക്കിയ.

സൌവിദൻ, സൌവിദല്ലൻ–രാജഗൃഹത്തിൽ കാവൽ കാക്കുന്നവൻ, സ്ത്രീകളുടെ ഗൃഹംകാക്കുന്നവൻ.

സൌവീരം–ഒരുമാതിരി അഞ്ജനം.

സൌവീരകം–കോതമ്പ്.

സൌവീരാഞ്ജനം–ഒരുവക അഞ്ജനം. ഇക്കിരം, ചർമ്മി മുതലായവയുടെ നന്ത്. ശോധനം–ജ്യോനകനാരങ്ങാനീരിൽ സേചനയന്ത്രത്തിൽ പചിച്ചു മൂടവെള്ളത്തിൽ കഴുകി ഉണക്കിയാൽ ശുദ്ധമാകും. ഇം–White Antimony.

സൌശിഷ്ട്യം–നന്മ.

സൌശീല്യം–നല്ല ശീലം.

സൌഷിര്യം–ഒരു രോഗം.

കഫരക്തങ്ങളുടെ കോപംകൊണ്ടു ഉണ്ണാവീങ്ങി വേദനയോടുകൂടി വെള്ളം ഒലിച്ചുകൊണ്ടിരിക്കും.

സൌഷ്ടിക–ഒരു വിഷം.

സൌഷ്ഠവം–പ. സൌന്ദര്യം. ക. ശ്രേഷ്ഠത. ന. അധികം.

സൌസ്ഥാതികൻ– കൂടി ഇരുന്നുമായോ എന്നു യഥാവസരത്തിങ്കൽ ചോദിക്കുന്ന ആൾ.

സൌകുമാര്യം–സുകുമാരത.

സൌഹാർദ്ദം–സ്നേഹം.

സൌഹിത്യം–തൃപ്തി, പൂർത്തിയാക, തികവ്.

'മത്സുതരുടെസൌഹിത്യമതു സംപാദ്യ നിരവദ്യ !'

(കിർമ്മീരവധം കഥകളി)

സൌഹൃദയം–ബന്ധുത്വം, സ്നേഹം.

—:o:—

സ്ക

സ്കന്ദഗ്രഹം–ഒരു ബാലരോഗം.

കണ്ണിൽ നിന്നു വെള്ളം ഒലിക്കുക, ശരീരം വിയർക്കുക മുതലായവ ലക്ഷണങ്ങൾ.

സ്കന്ദം–രസം.

സ്കന്ദനം–പ. മലശോധന. ക. ഗമനം, മാറ്റം.

സ്കന്ദൻ-പ. സുബ്രഹ്മണ്യൻ. ശത്രുസൈന്യത്തോട്ട നേരിട്ട ചെല്ലുന്നവൻ എന്നർത്ഥം. ഉ. ഒരു മുനി.

(ജ്യോതിഷ പ്രവർത്തകനാണ്)

സ്കന്ദാംശകം-രസം.

സ്കന്ദിക്കുന്ന-സ്ഖലിക്കുന്ന.

സ്കന്ധജ-വി. തായ്ത്തടിയിൽ നിന്നും മുളച്ച.

സ്കന്ധതരു-തെങ്ങ്.

സ്കന്ധദേശം-പ. ആനക്കഴുത്തിൽ ഇരിക്കുന്ന സ്ഥലം. ഉ. മുമ്പല്, തോർത്തും.

സ്കന്ധഫലം-തെങ്ങ്.

സ്കന്ധ -പ. സമൂഹം, സംഘം. ഉ. കഴുത്ത്, മുമ്പൽ. ന. ശരീരം. ര പുക്ഷത്തിന്റെ കവരം ④ തണ്ട് (തടി). ന. യുദ്ധം ⑥ ചില പുസ്തകത്തിന്റെ ഭാഗം ⑦ പഞ്ചസ്കന്ധം (ഖൈരോശാസ്പോക്തമായുള്ള രൂപ- വേദനാ വിജ്ഞാന-സംജ്ഞാ-സംസ്കാരങ്ങളും ഇം).

സ്കന്ധദ്രാമം-കഴുത്തിലെ രോമം.

സ്കന്ധവാഹം-മുമ്പൽകാള.

സ്കന്ധശാഖ- പ്രധാനകൊമ്പ്, പുക്ഷത്തിന്റെ തായ്ക്കൊമ്പ്.

സ്കന്ധശൃംഗം-പോത്ത്.

സ്കന്ധസ്സ്-പ. മുമ്പൽ. ഉ. കുറിത്തടി, കവരം.

സ്കന്ധാ-കവരം, ചിരിവ്.

സ്കന്ധാഗ്നി-തടി കടഞ്ഞെടുക്കുന്ന തീ.

സ്കന്ധാവാര — പ. പാളയം. ഉ. രൈസന്യം.

സ്കന്ധി-പുക്ഷം.

സ്കന്ന-വി പതിക്കപ്പെട്ട, വീണ. സ്വസ്ഥാനത്തുനിന്നും വീണ, കാലുന്ന.

സ്കാന്ദ-പതിനെട്ട പുരാണങ്ങളിൽ ഒന്ന്. തല്പുരുഷ കല്പത്തിൽ സുബ്രഹ്മണ്യൻ ദൈവധർമ്മങ്ങളും കഥകളും പറയപ്പെട്ടത്. ശിവനെ വാഴ്ത്തുന്നു. അവയവം വിഷ്ണുവിന്റെ രോമങ്ങൾ. താമസപ്രധാനം. ശ്ലോകം 81,100.

സ്ഖ

സ്ഖലനം-പ. കട്ടികളും മറവും തിരുത്തരി (വഴുക്കി) വീഴുക, കട്ടികൾ മുട്ടുകുത്തി നടക്കുക, ഇടർച്ച. ഉ. തെറ്റുക. ന. സ്വധർമ്മത്തിന്റെ ചലനം, ധർമ്മത്തിൽ നിന്നു തെറ്റുക. ര. കുട്ടിമുട്ടുക.

സ്ഖലിക്കുന്ന-ഇടറുന്ന.

സ്ഖലിത-വി. പ. ഇടറപ്പെട്ട, ഇടറുന്ന. ഉ. വീണുപോയ, പോയ. ന. ഉറപ്പില്ലാത്ത. ര. തലകീഴുങ്ങിയ. ④. ഉപദ്രവം തട്ടിയ. ന. കഴപ്പത്തിലായ.

സ്ഖലിതം-പ. ഉപായം. ഉ. ഇടർച്ച, ഇടറിയത്. ന. ധർമ്മലംഘനം, യുദ്ധത്തിന്റെയും ലംഘനം. ര. ബീജമോക്ഷം.

സ്ത

സ്തനനം-പ. ശബ്ദം. ഉ. മുഴക്കം, ഇടിമുഴക്കം, ഘനരക്കം. ന. കഠിനമായി ശ്വസിക്കുക.

സ്തനന്ധയൻ, സ്തനന്ധയീ, സ്തനപായക, സ്തനപ, സ്തനപായീ- പ്രസവിച്ചു കിടക്കുന്ന കിടാവ്, മുലകുടിക്കുന്ന കുട്ടി.

സ്തനപ-വി. മുലകുടിക്കുന്ന.

സ്തനം-മുല.

സ്തനമുഖം-മുലക്കണ്ണ്.

സ്തനയിത്നു-പ. മേഘം. ഉ. രോമം. ന. ഇടിമുഴക്കം. ര. മരണം.

സ്തനാന്തരം-പ. മുലകളുടെ മദ്ധ്യഭാഗം, മാറ്. ഉ. ഹൃദയം. ന. വിശ്വ

യായിത്തീരുവാൻ മനഃപ്രയത്നമുള്ള ഒരു ചിഹ്നം.

സ്തനാംധയകം-മുലകുടിക്കുന്ന ശിശു.

സ്തനിതം-പ്ര. ഇടിമുഴക്കം. വ. മേഘം കൊണ്ടുണ്ടാകുന്ന ശബ്ദം.

സ്തന്യം-മുലപ്പാൽ

സ്തബകം-പൂങ്കുല.

സ്തബേരകം-പ്ര. വേഡി. വ. തുണ്ട്.

സ്തബ്ധ-വി. പ്ര. സ്തംഭിച്ച, അനക്കമില്ലാത്ത, ഇളക്കമില്ലാതായ, മൂഢതയുള്ള.

സ്തബ്ധരോമാവ്-പന്നി.

സ്തംഭം-അടുപ്പ്

സ്തംഭകരി-അരി, ധാന്യം. നെല്ല് അരി മുതലായവയുടെ സാമാന്യപ്പേർ. മുട്ടറുപ്പുള്ളതു് എന്നർത്ഥം.

സ്തംഭനം, സ്തംഭാവല്ലം-പ്ര. ചെറിയ തുമ്പം. വ. തണ്ടുവലം കത്തി. ന. അരിവാൾ. ശ. ഒരുമാതിരി കൊട്ട. (സ്തംഭഹനനം എന്നും കാണുന്നു).

സ്തംഭാവല്ല-വി. പുൽക്കെട്ടുപൊട്ടിക്കുന്നതിനുള്ള.

സ്തംബം-പ്ര. തണ്ടില്ലാതെയും ഇല വിസ്താരമായുമുള്ള വള്ളി. തൃണം മുതലായവയുടെ പൂങ്കുല വ. കറ. ന. പുല്ലുകെട്ട്. ശ. ആനയെ തളയ്ക്കുന്ന മരം ഷ. തുണ്ട്. സ. പർവ്വതം ഹ. ബുദ്ധിയില്ലായ്മ. യ. കൂട്ടം

സ്തംബാഹനം- അരിവാൾ, കൂപ്പാരി മുതലായവയുള്ള ഒരു ആയുധം.

സ്തംബേരമം-ആന.

സ്തംഭകി - തോൽപൊതിഞ്ഞ ഒരുവക വാദ്യം.

സ്തംഭന -പ്ര. സ്തംഭിക്കുക. വ. മന്ത്രവാദികളുടെ ഒരു കർമ്മം. ന. കാമദേവന്റെ അഞ്ചു ബാണങ്ങളിൽ ഒന്ന്.

സ്തംഭം-പ്ര. തൂൺ. വ. ദ്രുമാദിപർവ്വം. ന. വിരോധം. ശ. മരപ്പണി. ഗ. തൂണ്. (ശരസ്തംഭം).

സ്തംഭിക്കുന്ന - മരവിക്കുന്ന, ഇളകാതാകുന്ന.

സ്തംഭിത-വി. സ്തംഭിക്കപ്പെട്ട

സ്തംഭിനീ-ഭൂമി (പഞ്ചഭൂതങ്ങളിൽ ഒന്ന്).

സ്തര-വി. നിരന്നുകിടക്കുന്ന.

സ്തരം-പ്ര പാളി, നിരന്നു കിടക്കുന്നതു്. വ. മെത്ത ന. കട്ടിൽ.

സ്തരി-പ്ര. മെത്ത. വ. കട്ടിൽ.

സ്തരീ-പ്ര. പുക, ആവി. വ. ഉച്ചിക്കിയെ പാത്രം.

സ്തവകൻ-സ്തുതിപാഠകൻ.

സ്തവകം-പ്ര പൂങ്കുല. വ. സ്തുതി. ന. കൂട്ടം

സ്തവം-സ്തോത്രം.

സ്തി ഭി-കടൽ.

സ്തിമിത-വി. പ്ര. ഇളക്കമില്ലാത്ത വ. നനഞ്ഞ.

സ്തിമിതാ-രാമായണം 24 പുരാതിരിലെ 18-ം 24-ം പുരാണം.

സ്തീർണ്ണ-വി. നിരന്ന.

സ്തീവ്-പ്ര. ജലം. വ. പുല്ല് ന. അകാശം. ശ. ചോര. ഷ ഇന്ദ്രൻ.

സ്തുത-വി. സ്തുതിക്കപ്പെട്ട.

സ്തുതൻ-ശിവൻ.

സ്തുതം-സ്തോത്രം.

സ്തുതി-സ്തോത്രം. പയ്യുയെങ്ങും-സ്തവം, സ്തുതി സ്തോത്രം, നതി.

സ്തുതിക്കുന്ന-പുകഴ്ത്തുന്ന.

സ്തുതിപാഠകൻ-സ്തുതിക്കുന്നവൻ; രാജാക്കന്മാരുടെ സമീപത്തിലും മറ്റും സ്തുതിപാടുന്ന ഒരുകൂട്ടക്കാർ; (കിന്നരവാഴ്ത്തുകാൻ നോക്കുക).

സ്തുതിപ്പ-സ്തുതി.

സ്തുത്യ-വി. സ്തുതിക്കത്തക്ക.

സ്തുത്യാർഹ-സ്തുതിക്ക യോഗ്യതയുള്ള.

സ്തുത്യാ-ചവിഴക്കോടി.

സ്തൂനകം-അട്ട്.

സ്തൂഭൻ-അട്ടുകൊറോൻ.

സ്തൂഭം-അട്ട്.

സ്തൂപം-പ. താഴികക്കുടം. ഉ. കയ്യും ല., ന. ക്രമ്പാരം. ഭ. ശക്തി.

സ്തൂപിക- പ. രാമരയെ നിലനിറുത്താൻ പണിയിക്കുന്ന സ്മാരകം. ഉ. താഴികക്കുടം.

സ്തുത്യാനാ-സ്തുതിക്കപ്പെട്ട.

സ്തേനൻ-കള്ളൻ.

സ്തേനം-മോക്ഷണം.

സ്തേമം-നനവ്.

സ്തേയം-പ. കളവ്, മോക്ഷണം. ഉ. രഹസ്യമായുള്ളത്.

സ്തേയി-പ. കള്ളൻ. ഉ. തട്ടാൻ. ന. എഖി.

സ്തൈന്യൻ-കള്ളൻ.

സ്തൈന്യം-മോഷണം.

സ്തൈമിത്യം-പ. സ്തിമിതത, കട്ടപ്പം, കാഠിന്യം, മരപ്പ്. ഉ. മരവിപ്പ്, സ്തംഭനം.

സ്തോക-വി. അല്പമായ.

സ്തോകകം-പ. വേഴാമ്പൽ. ഉ. വത്സനാഭം.

സ്തോകം-പ. വേഴാമ്പൽ. ഉ ഒരുതുള്ളി ജലം.

സ്തോകനമ്ര-വി, കീഴോട്ട് അല്പം വളഞ്ഞ.

സ്തോതവ്യ-വി. സ്തുതിക്കത്തക്ക.

സ്തോതൃ-വി. സ്തുതിക്കുന്ന.

സ്തോത്രം-പ. സ്തുതി, സ്തുതിപ്പാനുള്ള പദ്യം. ഉ. സ്തുതിമന്ത്രം.

സ്തോത്രീയം(യാ)-ഒരുവക പദ്യം.

സ്തോഭം-പ. നിറുത്ത്. ഉ. സ്തോത്രം. ന. ഒരു ചേതനയുമില്ലാതെ പോക്ക്. ഭ. അനന്തരം. ഇ. ഒരു മന്ത്രം. ന. സാമവേദത്തിന്റെ ഒരു പിരിവ്.

സ്തോമം-പ. കൂട്ടം. സ്തുതിക്കപ്പെടുന്നത് എന്നർത്ഥം ഉ. സ്തുതി. ന. ധാന്യം. ഭ. ധനം. ഇ. യാഗം. ന. വലിയഭാഗം, വലിപ്പം, കട്ടി.

സ്ത്രീ

സ്ത്രസ്തൻ-ഭയമുള്ളവൻ.

സ്ത്രീ- പ. പെൺ. പര്യായങ്ങൾ-സ്ത്രീ, യോഷിത്ത്, അബലാ, യോഷാ, നാരീ, സീമന്തിനീ, വധൂ, പ്രതീപദർശിനീ, വാമ, വനിതാ, മഹിളാ.

സ്ത്രീകളുടെ ജാതി ലക്ഷണങ്ങൾ-

'പദ്മിനീ ചിത്രിണീ ചൈവ
ശംഖിനീ ഹസ്തിനീ തഥാ'

പദ്മിനി, ചിത്രിണി, ശംഖിനി, ഹസ്തിനി ഇങ്ങിനെ സ്ത്രീകൾ നാലുവിധം. ഹസ്തിനിയെ 'കരിണി' എന്നും പറയും.

ലക്ഷണങ്ങൾ.

'ഭവതികമലനേത്രാ നാസികാകക്ഷുരസ്ത്രാ അവിരളകചയുഗ്മാ ചാരുകേശീ കുശാംഗീ। മൃദുവലനസുശീലാംഗീതവാദ്യാനുരക്താ സകലഗുണസമേതാ 'പദ്മിനീ' പദ്മഗന്ധാ ॥ 1.

ഭവതിരതിരസജ്ഞാനാതിഖർവ്വാനദീഗ്രാ തിലകസുമസുനാസാസ്സിംഹാനീ ഭോല്പലാക്ഷീ। ഘനകഠിനകുചാഢ്യാ സുന്ദരീബഹുശീലാ സകലഗുണവിചിത്രാ 'ചിത്രിണീ' ചിത്രവക്ത്രാ ॥ 2.

ശീഘ്രാതിശീഘ്രനയനാ വരസുന്ദരീ
യാം കാമപേരോഗരസികാഗ്ര്യണശീഘ്ര
കത്താ। രേഖാത്രയേണചവിളുഷിതകണ്ഠ
ദേശാ സംഭോഗകേളിരസികാകില 'ശം
ഖിനീ'സാ॥ 3.

സ്ഥൂലാധരാസ്ഥൂലനിതംബബിംബാ
സ്ഥൂലാംഗുലിഃ സ്ഥൂലകചാ സുശീലാ।
കാമാൽസുകാ ഗാഢരതിപ്രിയാച നി
താന്തഭോക്ത്രീഖലു 'ഹസ്തിനീ' സ്യാൽ
(കരിണീമതാസാ)॥' 4.

സ്ത്രീകളുടെ പ്രായഭേദങ്ങൾ-ബാല, തരുണീ, പ്രൌഢ, വൃദ്ധ. 16 വയസ്സു വരെ ബാല. 16-ന മേൽ 30-നകം തരുണി. 30-ന മേൽ 50-നകം പ്രൌഢ. അതിനു മേൽ വൃദ്ധ.

ഋതുകാലം-12 വയസ്സിൽ തുടങ്ങും. 50-ൽ നില്ക്കും. പകൽ ഋതുവായാൽ രണ്ടാംരാത്രിയിൽ-ഭർത്താവിനെറ ക്ഷേമമാഭങ്ങളെ വർദ്ധിപ്പിച്ചു ഭർത്താവിനെ നല്ല അവസ്ഥയിൽ കൊണ്ടുവരും.

പ. മാസ്യ. ന. ഒരു പുരുഷന്റെറ പേർ. ഭ. ഭാരതത്തിലെ ഒരു പർവ്വം.

സ്ത്രീകുസുമം-തീണ്ടാരി.

സ്ത്രീക്ഷോഭം-പ്രാരോഹം.

സ്ത്രീചൌരൻ- സ്ത്രീയെ മോഷ്ടിക്കുന്നവൻ.

സ്ത്രീജനനി-പെൺകുട്ടികളെ മാത്രം പ്രസവിക്കുന്ന സ്ത്രീ.

സ്ത്രീജിതൻ— സ്ത്രീയുടെ വശത്തിലായവൻ.

സ്ത്രീണൻ-സ്ത്രീവിക്ഷയത്തിൽ അത്യാസക്തിയുള്ളവൻ.

സ്ത്രീത്വം-സ്ത്രീയുടെ ഭാവം (അവസ്ഥ).

സ്ത്രീധനം-വിവാഹത്തിൽ പെണ്ണിനെറ ശ്വശ്രൂക്കാരിൽ കിട്ടുന്ന ദ്രവ്യം, സ്ത്രീക്കു ബോധിച്ചതുപോലെ രണ്ടുകാര്യം ചെയ്യാൻ തക്ക വിധം സ്വാതന്ത്ര്യത്തിൽ കിട്ടുന്ന ദ്രവ്യം.

സ്ത്രീധർമ്മം-പ സ്ത്രീകൾക്കു മാസംതോറും പ്രവർത്തിക്കുന്ന രക്തം. ഉ. സ്ത്രീയുടെ ധർമ്മം (മൌലി, പ്രവൃത്തി). ന. സ്ത്രീകളെ സംബന്ധിച്ചുള്ള ഏർപ്പാടുകൾ.

സ്ത്രീധർമ്മിണി-തീണ്ടാരിയിരുന്നവൾ. സ്ത്രീധർമ്മമുള്ളവൾ എന്നർത്ഥം. (സ്ത്രീധർമ്മം-ആർത്തവം).

സ്ത്രീധവൻ-പുരുഷൻ.

സ്ത്രീനായകത്വം—സ്ത്രീയുടെ രേണം, സ്ത്രീയുടെ പ്രഭുത്വം, സ്ത്രീയുടെ ആധിപത്യം.

സ്ത്രീപരൻ-സ്ത്രീയെ താൽപര്യമുള്ളവൻ.

സ്ത്രീപ്രജ-പെൺകുട്ടി.

സ്ത്രീപ്രസു-പെൺകുട്ടികളെ മാത്രം പ്രസവിക്കുന്ന സ്ത്രീ.

സ്ത്രീപ്രിയം-മാവുവൃക്ഷം.

സ്ത്രീമുഖപം-അശോകവൃക്ഷം.

സ്ത്രീരഞ്ജനം-രോചനി.

സ്ത്രീലിംഗം-പ. വ്യാകരണത്തിലെ നപുംസകങ്ങളിൽ ഉത്തമത്തെയും. ഉ. സ്ത്രീക്കുള്ള അടയാളം.

സ്ത്രീവിധേയ-വി. ഭാര്യയാൽ ഭരിക്കപ്പെടുന്ന, ഭാര്യാവശനായ.

സ്ത്രീവ്യഞ്ജനം-സ്ത്രീയുടെ അടയാളം.

സ്ത്രീസംഗ്രഹണം— ന്യായവിരോധമായി സ്ത്രീയെ ആലിംഗനം ചെയ്യൽ.

സ്ത്രീസഭാവൻ-സ്ത്രീയുടെ സ്വഭാവമുള്ളവൻ.

സ്ത്രീഹത്യാ-സ്ത്രീയെ കൊലചെയ്ക.

സ്ത്രീഹാരീ-സ്ത്രീയെ വശീകരിച്ചു കൊണ്ടുപോകുന്നവൻ, ബലാൽകൊണ്ടുപോകുന്നവൻ.

സ്ത്ര്യ

സ്ത്ര്യദ്ധ്യക്ഷൻ- ശയനാധികാരി, പല്ലിയറ പ്രവൃത്തിക്കാരൻ.

സ്ത്ര്യഗാരം-അന്തഃപുരം, സ്ത്രീകൾ വസിക്കുന്ന വീട്ടിനകം.

സ്ത്രൈ

സ്ത്രൈണ-വി. പ. സ്ത്രീകൾക്കുചേർന്ന. ഉ. സ്ത്രീയെ സംബന്ധിച്ച. (നാമം-സ്ത്രൈണത(തം).

സ്ത്രൈണകേസരം- പെണ്ണല്ലി. സ്ത്രീയെ സംബന്ധിച്ച കേസരം എന്നർത്ഥം.

സ്ഥ

സ്ഥ-പരസ്മൈപദത്തിൽ ചേരുമ്പോൾ മൻ പരമായ്ത്തിൽ സ്ഥിതിചെയ്യുന്നത് എന്നു അർത്ഥം വരും. ഉ-ം, ഹൃദിസ്ഥം (ഹൃദയത്തിലുള്ളത്) 'ഉള്ള' എന്നും അർത്ഥം വരാറുണ്ട്. ഉ-ം, നേരസ്ഥൻ (നേരുള്ളവൻ).

സ്ഥകരം-പാക്ക്.

സ്ഥഗ-വി. പ. വഞ്ചനയുള്ള. ഉ. ലജ്ജയില്ലാത്ത. ന. മാനമില്ലാത്ത. ര നിന്ദയുള്ള.

സ്ഥഗനം-ഒളിപ്പ്, ഒളിച്ചുവെക്കുക.

സ്ഥഗൻ-പ. കള്ളൻ. ഉ. ചതിയൻ.

സ്ഥഗരം-പാക്ക്.

സ്ഥഗികാ-പ. ശണിക, വേശ്യ. ഉ. മുകുന്ദൻ കൊടുപ്പു ജ്യോതിയുള്ളവൾ.

സ്ഥഗിക്കുന്നു-മറയ്ക്കുന്നു.

സ്ഥഗിത-വി. മൂടപ്പെട്ട, ഒളിക്കപ്പെട്ട.

സ്ഥണ്ഡിലം-പ. (യാഗശാലയിലെ) ചതുരശ്രഭൂമി, അഗ്നിഹോത്രം വയ്ക്കുവാനായി സംസ്കരിച്ചുണ്ടാക്കിയ സ്ഥലം. ഇതിൽ അഗ്നികർമം സ്ഥിതിചെയ്യുന്നതിനാൽ ഈ പേരുണ്ടായി. മെഴുകി ശുദ്ധിവരുത്തിയ വെറുംസ്ഥലം. ഉ. തരിശുനിലം. ന. എല്ലുക.

സ്ഥണ്ഡിലശായി- മെഴുകി ശുദ്ധമാക്കിയുള്ള സ്ഥലത്തു കിടന്നു വ്രതം അനുഷ്ഠിക്കുന്നവൻ, ഒരുമാതിരി തപസ്വി.

സ്ഥപതി— പ. ബൃഹസ്പത്യയാഗം (ബൃഹസ്പതിസവം) ചെയ്തവൻ. ഉ. രാജാവ്. ന. സ്ത്രീകളുടെ മുറിയിൽ സൂക്ഷിക്കുന്നവൻ. ര. കാന്തകർമം എന്ന ആശാരിമാർ നാലുപ്രകാരം ഉള്ളവരിൽ ഒന്നാമൻ. ശേഷം 3-സൂത്രഗ്രാഹി, തക്ഷകൻ, വർദ്ധകി.

'കാന്തഗ്രഹേപ്രകീസ്ഥപതിശ്ച സൂത്രഗ്രഹീതതസ്തക്ഷകവർദ്ധകീച | ഗ്രഹ്യഃ ക്രമേകരണവ ചതുർവിധേഷു ശില്പപ്രവീണോഷ്യയഥോചിതാസ്തേ ॥'

കാന്തകർമ്മത്തിന്റെ ലക്ഷണത്തെ പറയുന്നു.

'സർവ്വംസ്നേനിപുണോജിതേന്ദ്രിയ
സ്സർവ്വാവ്യവഹിതോപ്രമാദവാൻ |
കർമ്മാരോഹ്യവികലോവിമത്സരോ
ധാർമ്മികഃ സ്ഥപതിരസ്തസത്യവാൻ' ॥

'മുനിയാൻ സ്ഥാപനാഹ്വഃസ്ഥപതിരിതിഹരണഃ പ്രായശസ്തേനതുല്യഃ സൂത്രഗ്രഹീസൂത്രവാംസ്ഥപതി മതിഗതിപ്രേക്ഷകസ്ത്വിഷ്ടകോവാ | സ്ഥലനാനന്തരക്ഷണത്തെക്ഷകഇതികഥിതസ്തന്തതം ഏഷ്ടചിത്ത സ്ത്വകേതായശ്ചോപരിഷ്ടാന്നുഹരപിവിധിവച്ചർദ്ധകിരുചലകീസ്യാൽ ॥'

(മനുഷ്യാലയചന്ദ്രിക)

ഇ. കുബേരൻ.

സ്ഥലപുരാണം–ഓരോ സ്ഥലത്തിന്റെ ചരിത്രം.

ഉത്തര കേരളത്തിൽ കോലത്തുനാ ടുതൽ തെക്ക് കന്യാകുമാരി വരെ ഓരോ മഹാക്ഷേത്രങ്ങളും ചുറ്റുമതിലാൽ ഏതാണ്ടുതരപ്പെട്ട സ്ഥലമാണല്ലോ. ഇങ്ങനെ (നംപൂരിമാർ സംസ്കൃതത്തിൽ എഴുതീ ട്ടുണ്ട്).

സ്ഥലം–ക. ഇരിക്കുന്ന ഭിക്ക്. ഉ. ഉറച്ച നിലം. ന. പ്രദേശസാമാന്യം. (കൃത്രിമമായും അകൃത്രിമമായുമുള്ള പ്രദേശം).

സ്ഥലാ–കൃത്രിമപ്രദേശം.

സ്ഥലി–നന്നാക്കാത്ത പ്രദേശം, ഉറച്ച പ്രദേശം. അകൃത്രിമമായുള്ള പ്രദേശം.

'സ്ഥലീത്വകൃത്രിമാപ്രോക്താ
കൃത്രിമാത്തു സ്ഥലാ മതാ,
അകൃത്രിമം കൃത്രിമം വാ
സ്ഥലമിത്യുച്യതേ ബുധൈഃ'

സ്ഥലം എന്നാൽ പ്രദേശമെന്നർത്ഥം. ഉ–ം, കളിസ്ഥലം, പാറസ്ഥലം ഇത്യാദി. സ്ഥലി എന്നാൽ പ്രവേശിച്ചു നന്നാക്കാൻ നിവൃത്തിയില്ലാത്തിടം. ഉ–ം, ഫാലസ്ഥലി. അകൃത്രിമം, കൃത്രിമം രണ്ടിനും സ്ഥലം എന്നു പറയാം.

ഉ. ഏലുക.

സ്ഥവി–ക. നെയ്യുന്നവൻ. ഉ. സ്വർഗ്ഗം.

സ്ഥവിര–വി. ക. വയസ്സുചെന്ന. ഉ. സ്ഥിരതയുള്ള ന. ഉറപ്പുള്ള. ര. പഴകിയ.

സ്ഥവിരൻ–ക. ബ്രഹ്മാവ്. ഉ. വൃദ്ധൻ. ന. യാചകൻ.

സ്ഥവിഷ്ഠ–വി. ക. ഏറ്റവും തടിച്ച. ഉ. വളരെ ശക്തിയുള്ള.

സ്ഥവീയസ്സ്–വി. വളരെ വലുതായ.

സ്ഥാ

സ്ഥാണു–വി. സ്ഥിരതയുള്ള, ഉറപ്പുള്ള.

സ്ഥാണു–ക. ശിവൻ. പ്രളയകാലത്തിൽ പോലും നാശമില്ലാതെ സ്ഥിതിചെയ്യുന്നവൻ എന്നർത്ഥം. ഉ. കൊയ്കുകളോടു കൂടാതെ നില്ക്കുന്ന മരം, കാരി. ന. കന്തം. ര. കൊയ്കുകളഞ്ഞു നിൽക്കുന്ന മരം. ങ. തെമ്മാടി. ചിതൽപുറ്റ്.

സ്ഥാണ്ഡിലൻ–സന്ന്യാസി, മെഴുകി ഉണങ്ങാതെയുള്ള സ്ഥലത്തുകിടന്നു വ്രതം അനുഷ്ഠിക്കുന്നവൻ.

സ്ഥാതവ്യ–വി. സ്ഥാപിക്കത്തക്ക, നിർണ്ണയം ചെയ്യത്തക്കുള്ള.

സ്ഥാനക്കൊള്ള–പുറങ്കിള. The outter mudwall of a native compound.

സ്ഥാനപഞ്ചകം–(അഞ്ചിടം എന്നതു നോക്കുക)

സ്ഥാനപാലകൻ–കാവൽക്കാരൻ.

സ്ഥാനഭ്രംശം, സ്ഥാനഭ്രഷ്ടു–ഇരിക്കുന്ന സ്ഥലത്തു നിന്നു താഴെവീഴുക.

സ്ഥാനഭ്രഷ്ട–വി. ഇരിക്കുന്ന സ്ഥലത്തു നിന്നു താഴെ പൊയ്പോയ.

സ്ഥാനമാനം–സ്ഥാനനിർണ്ണയം നിമിത്തമുള്ള മാനം.

സ്ഥാനം–ക. സ്ഥലം. ഉ. താമസം. ന. ഭവനം. ര. നഗരം. ങ. തുല്യത. ണ. ഉദ്യോഗം, പദവി. ത. അനുഭവം. വ. ഏറക്കുറച്ചൽ ഇല്ലാതിരിക്ക. ന. യുക്തം. ക്ഷ. അഞ്ചവസ്ഥകളും ക്ഷയിക്കാതെയും വർദ്ധിക്കാതെയും നിലയ്ക്കുനിൽക്കുന്നതു്, ഇതിനു സ്ഥിതി എന്നും പറയാറുണ്ടു്.

ക്ഷയസ്ഥാനവൃദ്ധികൾ മൂന്നും കൂടിയതാണു് 'തിയഗ്ഗം'. ഇതു നീതിശാസ്ത്ര

നമതരോ പക്ഷമാണ്. മറവുള്ളവരുടെ അഭിപ്രായം ധർമ്മാർത്ഥകാമങ്ങളെന്നാകുന്നു.

(1) ക്ഷയം– ശത്രുക്കളുടെ പ്രവൃത്തികൊണ്ടുണ്ടാകുന്ന ഉടച്ചിൽ.

(2) വൃദ്ധി–തന്റെ ഉൽക്കർഷം ഹേതുവായിട്ട് ശത്രുവിനെ ഉടച്ചുകൊണ്ടുണ്ടാകുന്ന ഒന്നേത്യം.

(3) സ്ഥാനം–മേല്പറയപ്പെട്ടവ രണ്ടുമില്ലാത്ത അവസ്ഥ.

ക്ര.പ്ര. ഇരിപ്പിടം. ക്ര. സംബന്ധം (പിതൃസ്ഥാനം). ക്ര. രാജ്യം. (മ) ക്ര. പദവി. വ. അവകാശം. ന. ഷഡ്സ്ഥാനങ്ങൾ. ക്ര. (വില്ലാളികളുടെ നിലകൾ). ഒറ്റക്കുത്ത്, സമപാദം, ഒറ്റശൂലം, മണ്ഡലം, പ്രത്യാലീഢം, ആലീഢം. വ. നാസിക, കണ്ണ്, മറിടം, താലു, നാക്ക്, പല്ല്.

സ്ഥാനസംജ്ഞ– പുരാതന പണ്ഡിതന്മാർ സംഖ്യകളെഴുത്തിനുള്ള സ്ഥാനങ്ങൾക്കു കല്പിച്ചുണ്ടാക്കിയ പേർ

'ഏക, ദശ, ശത, സഹസ്രം,
അയുത,ലക്ഷ,പ്രയുത,കോടയഃ, ക്രമശഃ
അർബ്ബുദ പുന്ന, ഖർവ്വനി
ഖർവ,മഹാപദ്മ,ശങ്ക,വസ്ത്രസ്ഥാൽ
ജലധി,ശ്രാന്ത്യം,മദ്ധ്യം,
പരാർദ്ധ,മിതിദശഗുണോത്തരംസംജ്ഞാഃ

സ്ഥാനാപതി–ഒരു രാജാവിന്റെയോ പ്രഭുവിന്റെയോ അധികപ്പെട്ടത്.

സ്ഥാനാപത്യം— സ്ഥാനാപതി യുടെ വേല.

സ്ഥായി–വി. സ്ഥാനമുള്ള, സ്ഥാനത്തിരിക്കുന്ന.

സ്ഥാനിക— വി. സ്ഥാനത്തെസ്സംബന്ധിച്ച

സ്ഥാനികൻ–പ്ര. അധിപൻ, നാഥൻ. വ. ഒരു സ്ഥലത്തെ ഗവർണർ. ന. ഒരു ഉദ്യോഗസ്ഥൻ.

സ്ഥാനികം–ക്ഷേത്രത്തിലെ അധികാരം, സമുദായസ്ഥാനം.

സ്ഥാനീയ–വി. സ്ഥാനത്തോടു സംബന്ധിച്ചും

സ്ഥാനീയം–നഗരം, മുഖ്യനഗരം, തല സ്ഥാനം. സ്വന്തത്തിനു 'ഹിതം' എന്നർത്ഥം.

സ്ഥാനൈ–അ. യുക്തം, ശരിയായി. വ. അത്യന്തമായി. ന. എന്നതുകൊണ്ട്. ഭ. സദൃശമായി.

സ്ഥാപക– വി. സ്ഥാപിക്കുന്ന, ഉറപ്പിക്കുന്ന.

സ്ഥാപകൻ–സൂത്രധാരൻ, രംഗസ്ഥലത്തിൽ ഒരു പ്രധാനി. (സ്ഥാപന നോക്കുക).

സ്ഥാപത്യൻ–രാജഗൃഹത്തിൽ (സ്ത്രീകളുടെ വാസസ്ഥലം) സൂക്ഷിക്കുന്നവൻ.

സ്ഥാപത്യവേദം–ശില്പിശാസ്ത്രം (ഒരു ഉപവേദം).

സ്ഥാപന–നാടകത്തിലെ വസ്തുവേ (കഥാശരീരത്തെ) സ്ഥാപിക്കുന്നത്.

ഇതിനെ പ്രസ്താവന എന്നാണ് ഇപ്പോൾ പറഞ്ഞുവരുന്നത്. കഥാശരീരം യാതൊന്നിനാൽ പ്രസ്താവിക്കപ്പെടുന്നോ അതു പ്രസ്താവനയാകുന്നു. പ്രസ്താവനയിൽ സാധാരണമായി സൂത്രധാരനും നടിയുമായുള്ള സംഭാഷണം അടങ്ങിയിരിക്കും. സൂത്രധാരനെ സ്ഥാപകൻ എന്നും പറയും.

സ്ഥാപനം–ക്ര. വെക്കുക. വ. നിധി വെക്കുക. ന. നട്ടുക.

സ്ഥാപനി–ഒരു തരം പാട.

സ്ഥാപിക്കുന്നു-ക്രി. വെക്കുന്നു. ഉ. നടുന്നു. സ. നിധിവെക്കുന്നു.

സ്ഥാപിത-വി. ക്രി. വെക്കപ്പെട്ട. ഉ. നടപ്പെട്ട. സ. തീർപ്പുചെയ്യപ്പെട്ട. ഴ. നിധിവെക്കപ്പെട്ട. ഇ. നിയമിക്കപ്പെട്ട.

സ്ഥാമ-ബലം, പരാക്രമം.

സ്ഥാമ്യം-ക്രി. സ്ഥാപിക്കപ്പെട്ടതു്. ഉ. പണയം.

സ്ഥായി-വി. ക്രി. സ്ഥിതിയുള്ള, ഇരിക്കുന്ന. ഉ. നിലനില്ക്കുന്ന. സ. ഉറപ്പുള്ള. ഴ. നിവസിക്കുന്ന.

സ്ഥായി-ക്രി. നാട്യത്തിലെ ഒരു രസഭേദം. ഉ. സ്ഥിരത. സ. സ്നേഹം, സ്ഥായീഭാവം.

സ്ഥായിയായി-ക്രി. സ്ഥിരമായി. ഉ. പ്രധാനമായി. സ. തുടർച്ചയായി.

സ്ഥായീഭവിക്കുന്നു- സ്ഥിരമായി ഭവിക്കുന്നു.

സ്ഥായീഭാവം— സ്ഥിരമായുള്ള ഭാവരസം.

സ്ഥായീരസം—സ്നേഹമുള്ളവണ്ണമുള്ള ഒരു ഭാവം.

സ്ഥായുക-സ്ഥിരമായി ഉറച്ചുനില്പാൻ ശീലമുള്ള.

സ്ഥായുകൻ-ഗ്രാമാധിപൻ, ഒരു ഊരിന്റെ രക്ഷിതാവു്, ഏകഗ്രാമാധികാരി.

സ്ഥാലം, സ്ഥാലീ-ക്രി. കലം, പാത്രം, ഓരോഭിപചനപാത്രം, മൺപാത്രം, കട്ടകം. ഉ. ഒരു പൂവു്, ഉമ്മത്തിന്റെ പൂവു്.

സ്ഥാലീപുലാകന്യായം-ഒരു സംഗതിയിൽ നിന്നും പല സംഗതികളും അനുമാനിക്കാവുന്ന സ്ഥിതി.

സ്ഥാവര-വി. സ്ഥിതിചെയ്യുന്ന, ഇളകാത്ത.

സ്ഥാവരം-ക്രി. സ്ഥിരമായി സ്ഥിതിചെയ്യുന്നതു്. ഉ. പർവ്വതം. സ. ഞാണു്. ഴ. വൃക്ഷം. സ്ഥാവരം ▷ ◁ജംഗമം.

സ്ഥാവിര-വാർദ്ധക്യം.

70 വയസ്സു കഴിഞ്ഞു് അനുഭവം.

സ്ഥാസകം-ക്രി. ചാരനകരുമാരികൊണ്ടു മേൽ പൂശുന്നതു്. ഉ. നീക്കമുള.

സ്ഥാസ്നു-വി. ക്രി. ഏറ്റവും ഉറച്ചു, അത്യന്തം സ്ഥിരമായിട്ടുള്ള. ഉ. നിലനില്ക്കുന്ന.

സ്ഥി

സ്ഥിത-വി. ഇരുന്ന, നിന്ന.

സ്ഥിതപ്രേമാവു്-മായമില്ലാത്ത സ്നേഹിതൻ.

സ്ഥിതി-ക്രി. ഇരിപ്പു്. ഉ. നിശ്ചയം. സ. നില്പു്. ഴ. ഒരു ഭിക്ഷിൽനിന്നു സ്ഥിരമായി ചെയ്യുന്ന ഇരിപ്പു്.

സ്ഥിര-വി. ഉറപ്പുള്ള, ഇളകാത്ത.

സ്ഥിര-ക്രി. ഭൂമി, എല്ലാപ്പൊഴും ഉള്ളതു് എന്നർത്ഥം. എല്ലാം ഇതിൽ സ്ഥിതിചെയ്യുന്നു എന്നുമാവാം. ഉറച്ചുനില്ക്കുന്നതു് എന്നും പറയാം. ഉ. മൂഢൻ.

സ്ഥിരഗന്ധം, സ്ഥിരപുഷ്പം— രചമ്പകം.

സ്ഥിരച്ഛദം-വൃക്ഷം.

സ്ഥിരജിഹ്വം-മീൻ.

സ്ഥിരത, സ്ഥിരതാ-ഉറപ്പു്, ദൃഢത്വം.

സ്ഥിരതര-വി. ഏറ്റവും ഉറപ്പുള്ള.

സ്ഥിരതരൻ-പരമ്പ്രഹ്മം.

സ്ഥിരതരം— അത്യന്തം സ്ഥിരമായിട്ടുള്ളതു്.

സ്ഥിരദംഷ്ട്രൻ-വരാഹമെന്നൊരുത്തി.

സ്ഥിരഭംഷ്ടം-പ. ൦൦൦

സ്ഥൂലാസ്യം-പാമ്പ്.

സ്ഥൂലി-കട്ടകം. (നകാരാന്തം)

സ്ഥൂലിക്കുന്ന-തടിക്കുന്ന.

സ്ഥൂലോച്ചയം-പ. മലയിൽ നിന്നും വീണ പാറ. ഉ. പരിപൂർണ്ണതയില്ലായ്മ. ന. ആനയുടെ നടപോലെയുള്ള നട. ഴ. മുഖക്കുരു.

സ്ഥൂലോപലം-വലിയ പാറ.

സ്ഥേ

സ്ഥേമാവ്-ബലം, സ്ഥിരം.

സ്ഥേയൻ-പ. മന്ത്രി, ന്യായംധിപതി. ഉ. വഴക്കു തീർക്കുന്ന മദ്ധ്യസ്ഥൻ.

സ്ഥേയസ്സ്-വി. പ. സ്ഥിരതയുള്ള. ഉ. നിശ്ചയമുള്ള.

സ്ഥേയ്യം-വി. വളരെ മറവുള്ള.

—:o:—

സ്ഥൈ

സ്ഥൈര്യം-ഉറപ്പ്.

സ്ഥൈര്യലോപനം — (മന്ത്രിലരുടെ ഒപ്പു്.ഗ്രഹ നാക്കുക).

സ്ഥൗ

സ്ഥൗണേയം — തുണിയാകം എന്ന മരമത്രേ.

സ്ഥൗരി-പ. അധികം ബലമുള്ള കതിർ. ഉ. ചുമട്ടുകതിർ.

സ്ഥൗല്യം-സ്ഥൂലത.

—:o:—

സ്ന

സ്നപിപ്പിക്കുന്ന — സ്നാനം ചെയ്യിപ്പിക്കുന്ന.

സ്നവം-കഴിപ്പു്, ഒഴകുന്നതു്.

സ്നവിത-വി. കഴിച്ചു, കഴിച്ചു.

സ്നസ-പ. എപ്പു്. ഉ. ചെത്തുതൊരമ്പു്, അംശപ്രത്യംശങ്ങളുടെ സന്ധിബന്ധനത്തെ ചെയ്യുന്ന തൊരമ്പു്. (ഇവ തൊരമ്പു എന്നും കാണുന്നു).

സ്നാ

സ്നാത-വി. കഴിച്ച, മുങ്ങിവന്നിയ.

സ്നാതകൻ- പ. വേദാധ്യയനത്തിനു വ്രതമനുഷ്ഠിക്കുന്നവൻ. ഉ. വേദം മുഴുവൻ അഭ്യസിച്ചു ഗുരുഗൃഹത്തിൽ പാർക്കുന്ന ബ്രാഹ്മണൻ, ഗൃഹസ്ഥൻ. ന. ഭിക്ഷുവായ ബ്രാഹ്മണൻ.

ബ്രഹ്മചര്യാശ്രമത്തിന്റെ സമാപ്തി കർമ്മമായ സമാവർത്തനം കഴിഞ്ഞു. ഗൃഹസ്ഥാശ്രമം സ്വീകരിച്ചിട്ടുമില്ല. ഇങ്ങിനെയുള്ള നിലയിലിരിക്കുന്നവരാണ സ്നാതകന്മാർ. ഇവർ ദണ്ഡം ജീനം മേഖല മുതലായ ബ്രഹ്മചാരിവ്രതത്തിലെ ചിഹ്നങ്ങളെ ഉപേക്ഷിച്ചു എങ്കിലും ബ്രഹ്മചര്യം മുതലായ വ്രതനിഷ്ഠകളെ ഉപേക്ഷിക്കുകയുമില്ല. ശംഖാദി പുണ്യതീർത്ഥങ്ങളിൽ സ്നാനം ചെയ്തു ശ്രോത്രിയനായിരിക്കും. ഈ നിലയിലുള്ള വരണം മലയാളബ്രാഹ്മണസമുദായത്തിലെ വേഠക്കാരായ അഛന്മാർ. ഇവിടെ ജ്യേഷ്ഠപുത്രൻ വിവാഹം ചെയ്യണമെന്നേ നിർബ്ബന്ധമുള്ളൂ. മറവുള്ളവർ സ്നാതകന്മാരായിരിക്കുക എന്നതു മേൽവാനശാസനം. (ചാ, ഭാ. വ്യാ. സ).

സ്നാനപഞ്ചാംഗം — സംകല്പം, സൂക്ത പഠനം, അഘമർഷണം, ദേവാഭിതർപ്പണം, മാർജ്ജനം ഇവ ൫-ം.

സ്നാനം-കുളി.

സ്നാനീയ-വി കുളിക്കുന്നതാകുന്ന, കുളിയോടു ചേർന്ന.

സ്നാനീയം-കുളിപ്പാനുള്ള വെള്ളം മുതലായതു.

സ്ഥാപനം-കൂലിപ്പിച്ച്, കൂലിപ്പിക്കേണ്ടതിനായ് കൊണ്ടുനില്ക്കുക.

സ്ഥാപകൻ-കൂലിപ്പിക്കയോ കൂലിപ്പൻ മുഖേകൊണ്ടു വരികയോ ചെയ്യുന്നവൻ.

സ്ഥായമ്മം-ഒരു രോഗം.

ശുക്ലമണ്ഡലത്തിൽ കഠിനമായിട്ടും മറവും മൂരര മാംസത്തോടുകൂടിയും വെളുത്തിട്ടുമുണ്ടാകുന്ന മാംസം.

സ്ഥായി-വി. കൂടിക്കുന്ന.

സ്ഥായു—രക്തം സഞ്ചരിക്കുന്നതിനുള്ള ചെറുതരമ്പ്.

സ്ഥി

സ്ഥിരം-വി. ക. ശുദ്ധീകരിക്കപ്പെട്ട, നെയ് ചേർത്ത, മിനസമുള്ള, എണ്ണമയമുള്ള. ഉ. ഇടതിങ്ങിയ. സ. സ്നേഹമുള്ള. ഭ. തണുപ്പുള്ള.

സ്ഥിരത-സ്നേഹം, പ്രീതി, തെഴുക്കുമയം

സ്ഥിരൻ-ഒരേ വയസ്സായ ഇഷ്ടൻ, മമതക്കാരൻ, സ്നേഹിതൻ, ഇഷ്ടൻ, ചങ്ങാതി.

സ്ഥിരു-മജ്ജ.

സ്ഥിരുതാം(ത)-സ്നേഹം, പ്രീതി.

സ്ഥിരുരം-ക. തെഴുക്. ഉ. പ്രകാശം സ. മുഴുത്ത്. ഭ. പച്ചപ്പുഴുവ്. ങ. ചരടം. ന. കട്ടി, കനം. ച. ചെമന്ന ആവണക്ക്. വ. അഴിഞ്ഞിൽ. ൻ. നെയ് മുതലായതു് ചേർത്തു് സ്നിഗ്ധത വരത്തിയ അന്നാദി.

സ്ന

സ്ന-മുകിൽപ്പര, താഴ്വര, പുഴുത്തിരൻറെ താഴ്വര. ശുദ്ധമായിട്ടുള്ളതു എന്നർത്ഥം.

സ്നക്, സ്നഹാ, സ്നഹി-ചതുരക്കള്ളി.

ക്ഷീരത്തെ ഉറ്റിരണം ചെയ്യുന്നതെന്നർത്ഥം.

സ്നത-വി. ക. മുഴുകിയ, (പുരണ്ടിയ).

'സ്നതകചരേമകേധാരയന്തീമവന്തം'

(നാരായണീയം)

ഉ. ചോന്ന.

സ്നുഷാ-പുത്രഭാര്യ. ഗൃഹവ്യാപാരത്തിനു മുഖം കേമത്തിനവൾ എന്നർത്ഥം. മറെറ പദ്ധ്യയത്തിലും-മരുമകൾ, വധു.

സ്നേ

സ്നേഹന-വി. ക. എണ്ണയിട്ടുന്ന. ഉ. നശിപ്പിക്കുന്ന.

സ്നേഹപാത്രം-ക. എണ്ണപ്പാത്രം. ഉ. സ്നേഹത്തിനുതകുന്നവൻ.

സ്നേഹപ്രിയം-വിളക്ക്.

സ്നേഹം-ക. മോഹം, മമത, പഥ്യമായതു-പ്രേമ, പ്രിയത, ഹാർദ്ദം, പ്രേമം, സ്നേഹം. ഉ. എണ്ണ, തൈലപ്പണ്ണ. സ. കത്തുന്നതു.

സ്നേഹരംഗം-എള്ളു്.

സ്നേഹവൽ-വി. സ്നേഹമുള്ള.

സ്നേഹി-വീ. സ്നേഹമുള്ള.

സ്നേഹി-എള്ളു്.

സ്നേഹി-(അകാരാന്തം) ക. സ്നേഹമുള്ളവൻ, (സ്ത്രീ-സ്നേഹിനീ). ഉ. ചായമിടുന്നവൻ.

സ്നേഹിക്കുന്ന-സ്നേഹത്തെ ചെയ്യുന്ന.

സ്നേഹിത-വി. ക. സ്നേഹിക്കപ്പെട്ട, സ്നേഹമുള്ള. ഉ. പിരട്ടിയ, തേച്ച, എണ്ണയിട്ട.

സ്നേഹിതൻ-ചങ്ങാതി.

സ്നേഹു-ക. ചന്ദ്രൻ. ഉ. ഒരു രോഗം.

സ്പ

സ്പൽ-ക്ര. മത്സരം. ക. അസൂയ.

സ്പൽന-അസൂയ.

സ്പൽവാലു-വി. ക്ര. മത്സരമുള്ള. ക. അസൂയയുള്ള.

സ്പൽവി, (സ്പൽവിനി)- അസൂയയുള്ളവൻ (വതം).

സ്പന്ദം-ക്ര. ഇളക്കം. ക. പിടയൽ. ന. തുടിപ്പ്. ഭ. ചാഞ്ചാട്ടം.

സ്പന്ദനം-ക്ര. ഇളക്കം, വിറയൽ, പിടയൽ, തെറിപ്പിക്കൽ. ക. പിള്ളയനക്കം (ഗർഭപാത്രത്തിൽ).

സ്പന്ദിക്കുന്ന-ഇളകുന്ന.

സ്പന്ദിത-വി. ഇളക്കപ്പെട്ട, അനക്കപ്പെട്ട.

സ്പശ്നൻ-വായു.

സ്പർശനം-ക്ര. തൊടുക. ക. മനം. രകൊടുക്കുന്ന വസ്തുവിനെ സ്പർശിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി.

സ്പർശപുരുഷൻ-ചാരൻ, വർത്തമാനം ഗ്രഹിച്ചു വരുന്നതിനു ശുദ്ധമായി അയക്കപ്പെടുന്നവൻ.

സ്പർശൻ-വേഷപ്രച്ഛന്നനായി നടന്നു രാജ്യവൃത്താന്തങ്ങളെ അറിയുന്നവൻ, ഗൂഢപുരുഷൻ.

സ്പർശം-ക്ര. തൊടുക, ത്വക്കിന്റെ വിഷയം, ക. യുദ്ധം. ന. രോഗം. ഭ. രീതികേട്. ഇ. സമ്മാനം, മാനം. ഞ. വായു. ഒ. ആകാശം. വ്യ സംയോഗം (സ്പർശങ്ങൾ=വർഗ്ഗങ്ങൾ. ഇവ വ്യഞ്ജനങ്ങളിൽ ക മുതൽ മ വരെയുള്ള 25 അക്ഷരങ്ങളാകുന്നു).

സ്പർശാ-വേശ്യ.

സ്പർശിക്കുന്ന-ക്ര. തൊടുന്ന. ക. രകൊടുക്കുന്ന.

സ്പഷ്ട-വി. തെളിവായുള്ള.

സ്പഷ്ടത-തെളിവ്.

സ്പ

സ്പക്ക്-തൊടുക.

സ്പക്ക, പ്പക്കാ-ഭോജനകപ്പല്ല്. ഗന്ധഗ്രഹണത്താൽ സ്പർശിക്കപ്പെടുന്നത് എന്നർത്ഥം.

സ്പശി-പുത്തരിച്ചുണ്ട, സമീപത്തുചെല്ലുന്നവരുടെ മേഹത്തിൽ പറ്റുന്നത് എന്നർത്ഥം. ('കണ്ണകാരിച്ചുണ്ട' എന്നും ബാലപ്രിയ).

സ്പഷ്ട-വി. തൊടുന്ന.

സ്പഷ്ടി-തൊടുക, സ്പർശനം.

'പാദസ്പഷ്ടികാണ്ഡോഹല്യയും'
(അഭിജ്ഞാനശാകുന്തളം)

സ്പഹ-ഇച്ഛ.

സ്പഹണം-ഇച്ഛിക്കുക.

സ്പഹണീയ-വി. ആഗ്രഹിക്കത്തക്ക.

സ്പഹയാലു-വി. ആഗ്രഹമുള്ള.

സ്പഹ്യ-വി ആഗ്രഹിക്കത്തക്ക.

സ്പ്ര

സ്പ്രഷ്ടാ-അധികമായ ചൂട്.

സ്ഫ

സ്ഫടം(ടാ)-പാഷാണത്തിന്റെ പത്തി. ചിലപ്പോൾ വിടിഞ്ഞുന്നത് എന്നർത്ഥം. (പാഠാന്തരം-സ്ഫോടം, ഫടം).

സ്ഫടികപാത്രം-സ്ഫടികം കൊണ്ടുള്ള പാത്രം.

സ്ഫടികമണി, സ്ഫടികാശ്മം, സ്ഫടികശിലാ-ഉരുണ്ട ചെറിയ സ്ഫടികം, ചില്ലുകല്ല്.

സ്ഫടികം-പ. പളുങ്ക്, മണൽ ഉരുക്കി ഉണ്ടാക്കുന്ന ഒരു തെളിഞ്ഞ വസ്തു, കണ്ണാടി. ഉ. സൂര്യകാന്തം.

Crystal. വിശുദ്ധിനാം ഒരുവിധിനും മറ്റും നന്ന്.

ന. കർപ്പൂരം.

സ്ഫടികാചലം, സ്ഫടികാദ്രി-മേരുപർവ്വതം.

സ്ഫടികാദ്രി-കൈലാസം.

സ്ഫടികാവദാത-വി. സ്ഫടികം പോലെ ശോഭിക്കുന്ന.

സ്ഫരണം-പ. വിങ്ങൽ. ഉ. ഇളക്കം. ന. വിറയൽ.

സ്ഫാ

സ്ഫാത-വി. വലിച്ച, വീർത്ത, വീങ്ങിയ.

സ്ഫാതി-പ. വലി. ഉ. വീക്കം.

സ്ഫായത്തു്-വി. വലിക്കുന്ന.

സ്ഫാര-വി. വലിയ, പ്രവൃദ്ധം.

സ്ഫാരണം-വിറയൽ.

സ്ഫാരം-പ. പൊന്തുകിയതു് (ബുദ്ബുദം), വിങ്ങൽ. ഉ. വിറയൽ. ന. കമ്പം.

സ്ഫാലം-പ. വിറയൽ. ഉ. അനക്കം, ഇളക്കം.

സ്ഫാലനം-പ. വിറയൽ. ഉ. തുഴകൽ.

സ്ഫി

സ്ഫിക്-ആസനം, തുടയുടെ മുകളിലെ പിൻഭാഗം, കടിയിൽ ഉന്നതമായ പ്രദേശം.

സ്ഫിക്തടം-ആസനം.

സ്ഫിരം-ബുദ്ബുദം, വട്ടരേഖ, പൊന്തുകിയതു്.

സ്ഫീ

സ്ഫീത-വി. പ. വലിച്ചിരിക്കുന്ന, വട്ടരേഖയുള്ള. ഉ. സ്ഥൂലമായ. ന. വീങ്ങിയ. ഘ. സന്തോഷമുള്ള.

സ്ഫീര-വി. വട്ടരേഖയുള്ള.

സ്ഫു

സ്ഫുട-വി. പ. വിടിന്ന. ഉ. തെളിവായ. ന. വലുതായ. ഘ. നിർമ്മലമായ. (നാമം-സ്ഫുടത).

സ്ഫുട-പാണിനീയ പത്തി.

സ്ഫുടം-പ. പൂത്തു വിരിഞ്ഞു നില്ക്കുന്നതു്, വിരിഞ്ഞതു്. ഉ. വിടർന്ന പൂത്തുനില്ക്കുന്ന മരം.

സ്ഫുടനം-പ. പിളർപ്പു്, വിടിപ്പു് ഉ. പൊട്ടൽ.

സ്ഫുടിക്കുന്നു— വിടിയുന്നു, തെളിയുന്നു. (സ. ക്രി. സ്ഫുടിപ്പിക്കുന്നു).

'പൂതുമലർപതുതെക്കെസ്ഫുടിപ്പിച്ചിട്ടമ്പോടും'

(മയൂരസന്ദേശം)

സ്ഫുടിത-വി. പ. പൊട്ടിയ. ഉ. വിടിന്ന. ന. പിളർന്ന.

സ്ഫുടീകരിക്ക-സ്പഷ്ടീകരിക്ക.

സ്ഫുരണം (ം)-പ. പ്രകാശനം, അല്പമായി പ്രകാശിക്കൽ, തിളങ്ങൽ. ഉ. സഞ്ചാരം. ന. വിങ്ങൽ. ഘ. വിറയൽ. (പര്യായം-സ്ഫുടനം, സ്ഫോരണം, സ്ഫാരണം, സ്ഫുരണം).

സ്ഫുരൽ-വി. പ. ശോഭിക്കുന്ന, പ്രകാശിക്കുന്ന. ഉ. വീങ്ങുന്ന, വിറയ്ക്കുന്ന. ന. വ്യാപിക്കുന്ന. ഘ. അനങ്ങുന്ന, ഇളകുന്ന.

സ്ഫുരിക്കുന്നു-ക്രി. പ്രകാശിക്കുന്നു. ഉ. വ്യാപിക്കുന്നു. ന. വീങ്ങുന്നു, വിറക്കുന്നു ഴ. അനുകരിക്കുന്നു, ഇളകുന്നു.

സ്ഫുലിംഗം-തീപ്പൊരി.

സ്ഫൂ

സ്ഫൂർജ്ജകം-പനിച്ചിവുക്ഷം.

സ്ഫൂർജ്ജഥു, സ്ഫൂർജ്ജഥു-ഇടിവെട്ട്. (ഇടി എന്ന ശബ്ദം നോക്കുക).

സ്ഫൂർജ്ജം-ഇന്ദ്രന്റെ ഇടിവാൾ, മിന്നൽപിണർ.

സ്ഫൂർത്തി-ഇളക്കം, ഹൃദയത്തിന്റെ ഇടിപ്പ്, ക്ഷോഭം.

സ്ഫേ

സ്ഫേയസ്-വി. ഏറ്റവും സ്ഥിരം (ബഹു) തുയ.

സ്ഫോ

സ്ഫോടകം-പരുവ്.

സ്ഫോടനം-പൊട്ടൽ, പോരൽ.

സ്ഫോടനീ-ശകുനം.

സ്ഫോടം-ക്ര. പരുവ്. ഉ. പൊട്ടുക.

സ്ഫോടാ-പാമ്പിന്റെ പത്തി.

സ്മ

സ്മ-അ. ശ്ലോകത്തിന്റെ പാദപൂരണത്തിനുള്ള ഒരു അവ്യയപദം. വിശേഷിച്ചു അർത്ഥമൊന്നും വേണമെന്നില്ല. വർത്തമാനക്രിയയോടു ചേരുമ്പോൾ അതിക്രിയാർത്ഥകമായ ആവും.

ഉ-ം, മന്ത്രയസ്മ. മന്ത്രയേ = കൊടുക്കുന്നു. മന്ത്രയസ്മ = കൊടുത്തു.

തോലകവിയുടെ അഭിപ്രായം കവിതയിൽ സാമർത്ഥ്യമില്ലാത്തവരാണ് ഈ മന്ത്രി അവ്യയങ്ങളെ പ്രയോഗിക്കുന്നത് എന്നാകുന്നു. ഉദാഹരണത്തിനായി തന്റെ ശ്ലോകങ്ങളിൽനിന്നു ഒരു പാദം മുഴുവനും മനഃപൂർവ്വം 'ചരവെ ഉ ഹി ചരവെ ഉ ഹി' എന്നാക്കിത്തീർത്തു തോലകം വ്യക്തമായി നിരർത്ഥകശബ്ദപ്രയോഗം ഇതെല്ലാത്തതുള്ളതു സുപ്രസിദ്ധമാണെല്ലോ.

സ്മയം-ക്ര. ഗർവ്വം. ഉ. അത്ഭുതം.

സ്മരക്രീഡകം (-ഗൃഹം, -മന്ദിരം)-യോനി.

സ്മരഗുരു-വിഷ്ണു.

സ്മരഛത്രം-ക്ര. കാമദേവന്റെ ഒരു കുട. ഉ. Clitoris.

സ്മരണ-ഓർമ്മ.

സ്മരധ്വജം-ക്ര. ലിംഗം. ഉ. മത്സ്യം ന. സംഗീതവാദ്യങ്ങളിൽ ഒന്ന്. ഴ. യോനി.

സ്മരപ്രജാ-പ്രകാശമാനമായ നിലാവുള്ള രാത്രി.

സ്മരൻ-കാമദേവൻ.

സ്മരാ-ക്ര. ഓർമ്മ. ഉ. സ്നേഹം.

സ്മരാലഖനി-പഞ്ചവർണ്ണക്കിളി.

സ്മരവീഥികാ-വ്യഭിചാരിണി.

സ്മരസഖൻ-ചന്ദ്രൻ.

സ്മരസ്ത്രീ-പുരുഷന്റെ ലിംഗം.

സ്മരസ്യൂതം-കഴുത.

സ്മരഹരൻ-ശിവൻ.

സ്മരിക്കുന്നു-ഓർക്കുന്നു, വിചാരിക്കുന്നു.

സ്മർത്തവ്യ-വി. സ്മരിക്കത്തക്ക, ഓർമ്മിക്കത്തക്ക, എപ്പോഴും ഓർത്തിരിക്കേണ്ടതായ.

സ്മാ

സ്മാര-വി. സ്മരനെ സംബന്ധിച്ച.

സ്മാരകം-ഒരാളിന്റേയോ ഒരു കാര്യത്തിന്റേയോ ഓർമ്മയെ നിലനിർത്തുവാൻ ചെയ്യപ്പെടുന്നത്, ഓർമ്മിപ്പിക്കുന്നത്.

സ്മാരികാ-പഞ്ചവർണ്ണക്കിളി.

സ്മാർത്ത-വി. ക. സ്മൃതിയെസ്സംബന്ധിച്ച. ഉ. പ്രമാണമായുള്ള. ന. ന്യായമായുള്ള. ര. ഓർമ്മയെസ്സംബന്ധിച്ചും

സ്മാർത്തൻ-പാരമ്പര്യ ന്യായശാസ്ത്രപ്രകാരം നടക്കുന്നവൻ, പാരമ്പര്യ ന്യായശാസ്ത്രംനല്ലവണ്ണം പഠിച്ച ബ്രാഹ്മണൻ, ബ്രാഹ്മണരിൽ ഒരു ന്യായാധിപതി.

സ്മി

സ്മിത-വി ക. ചിരിക്കുന്ന. ഉ. വിടിന്ന.

സ്മിതം-പുഞ്ചിരി.

സ്മിതി-പുഞ്ചിരി.

സ്മൃ

സ്മൃത-വി. വിചാരിക്കപ്പെട്ട, ഓർക്കപ്പെട്ട.

സ്മൃതി-ക. ഓർമ്മ ഉ. ന്യായശാസ്ത്രം. ന. ബുദ്ധി. ര ആഗ്രഹം. ങ മനസ്സിനെ മന്മഥകാര്യത്തിൽ മാത്രം ഏകാഗ്രമാക്കി ചിന്തായാടുകൂടി നെടുവീർപ്പിടുക. (ഇതു പൂർവരാഗാവസ്ഥയിൽ അഭിലാഷം സിദ്ധിച്ചിട്ടില്ലാത്ത നായികാനായകന്മാർക്കുണ്ടാകുന്നപത്തവസ്ഥകളിൽഒന്നാണ്)

(സ്മൃതി-വേദാംശങ്ങളും, സൂത്രങ്ങളും, രാമായണം, മഹാഭാരതം, പുരാണങ്ങളും, ധർമ്മശാസ്ത്രങ്ങളും മുതലായിട്ടുള്ള ഭർനങ്ങളല്ലാത്ത പുസ്തകങ്ങളും. ഭർനങ്ങളായ വേദങ്ങൾക്കു ശ്രുതി എന്നു പേർ. ശ്രുതി നോക്കുക).

സ്മൃതിവിഭാഗം-വേദാംഗങ്ങളും, ധർമ്മശാസ്ത്രങ്ങളും, ഇതിഹാസങ്ങളും പുരാണങ്ങളും, തന്ത്രങ്ങളും, കാവ്യങ്ങളും സ്തോത്രകങ്ങളും, ഗദ്യപുസ്തകങ്ങളും, നീതിശാസ്ത്രങ്ങളും.

സ്മൃതിചന്ദ്രികാ—ഒരു ന്യായശാസ്ത്ര പുസ്തകം.

കത്തവ്യ-ദ്രാവിഡക്കാരനായ മേപന്തട്ടൻ.

സ്മൃതിമൽ-വി. ക. ഓർമ്മയുള്ള. ഉ ന്യായശാസ്ത്രം പഠിച്ച.

സ്മൃതിമാൻ-ഒരലങ്കാരം.

സ്മൃതിവിഭ്രമം-ഓർമ്മക്കുഴപ്പം.

സ്മൃതിവിരുദ്ധ-വി. ന്യായശാസ്ത്രവിരുദ്ധമായ.

സ്മൃതിശാസ്ത്രം-ഒരു ന്യായശാസ്ത്രം.

സ്മേ

സ്മേര-വി. ക. വിടിന്ന. ഉ. ചിരിക്കുന്ന. ന. തെളിവുള്ള.

സ്മേരം-ക, പ്രകാശിപ്പ്. ഉ. വിടർച്ച

സ്മേരവിഷ്കിരം-മയിൽ.

സ്യ

സ്യദം-വേഗത്തിലുള്ള ഗമനം, വേഗം.

'ഉച്ചൈഃകൃത്യുരുസ്യദം'

(അഭിജ്ഞാനശാകുന്തളം)

സ്യന്ദ-വി. ഒഴുകുന്ന.

സ്യന്ദന-വി. വേഗമുള്ള, വേഗം ചെയ്യുന്ന.

സ്യന്ദന-ക. തേര്, ചക്രങ്ങളോടുകൂടിയതും യുദ്ധത്തിനുപയുക്തവുമായ വാഹനം (യാനം). ഇതു കുന്നത്തു എന്നർത്ഥം.

ക. ഒഴുകുക. ന. വേഗം പോകുക. ഭ. വെള്ളം. ള വായിലെ വെള്ളം. ന. തൊട്ടുകാര. തേർപ്പണിചെയ്യുന്നുപായോഗിക്കുന്നത് എന്നർത്ഥം.

സ്യന്ദനാരോഹൻ-തേരാളി. തേരിൽ കയറുന്നവൻ എന്നർത്ഥം.

സ്യന്ദം-രഥം.

സ്യന്ദി-വി. ക. സ്രവിക്കുന്ന, ഒഴുകുന്ന. ക. പോകുന്ന.

സ്യന്ദിനി-ക. വായിലെ വെള്ളം, വായ് നീര്, എത്തായ്. ഒലിക്കുന്നത് എന്നർത്ഥം. ക. ഇരട്ട പെറുന്ന പശു.

സ്യന്ദ്യതാ-പ്രവാഹം.

സ്യന്ന-വി. ഒഴുകിയ, ചുരന്നിയ.

സ്യമന്തകം-ഒരു ദിവ്യരത്നം. (കഥ സൂര്യസിദ്ധാന്തമാണ്).

ഇതു സൂര്യൻ സത്രാജിത്തിനു കൊടുത്തതാണ്. സത്രാജിത്തു തന്റെ അനുജനായ പ്രസേനനു അണിയുന്നതിനു കൊടുക്കയും നായാട്ടിനുപോയ അവസരത്തിൽ പ്രസേനനെ വധിച്ചു മണിയെ ഒരു സിംഹം കൊണ്ടുപോകയും സിംഹത്തെക്കൊന്നു അതിനെ ജാംബവാൻ കൈക്കലാക്കിയും ചെയ്തു. പിന്നീടു കൃഷ്ണൻ ജാംബവാനോടു യുദ്ധം ചെയ്തു യാൽ ജാംബവാൻ സന്തോഷിച്ചു ആ മണിയേയും തന്റെ മകളായ ജാംബവതിയേയും കൃഷ്ണനു കൊടുത്തു. മണിയെ കൃഷ്ണൻ സത്രാജിത്തിനു തിരിയെ നൽകി. സത്രാജിത്തിനെ വധിച്ചു ശതധന്വാൻ അതിനെ കൈക്കലാക്കി കടന്നു. കൃഷ്ണൻ ബലരാമനുമായി വരുന്നതറിഞ്ഞു ശതധന്വാൻ മണിയെ അക്രൂരനെ ഏല്പിച്ചുംകൊണ്ടു ഓടിപ്പോയി. കൃഷ്ണൻ പിടികൂടി വധിച്ചു. ബലഭദ്രൻ കൃഷ്ണനെ സംശയിച്ചിരിക്കവെ മണിയെ അക്രൂരൻ വാങ്ങിക്കൊണ്ടു. കൃഷ്ണനും ബലരാമനും സത്യഭാമയും മണിവേണമെന്നു വഴക്കു കൂട്ടുകകൊണ്ടു ഒടുക്കം അക്രൂരന്റെ പക്കൽതന്നെ ഇരിക്കട്ടെ എന്നു ബലഭദ്രൻ തീർച്ചയാക്കി. ഈ മണി ഇരിക്കുന്നേടത്തു ആധി, വ്യാധി മുതലായവ ഉണ്ടാകയില്ല ഇതു ദിനംപ്രതി എട്ടുഭാരം സ്വർണ്ണത്തെ നൽകുന്നതാണ്.

സ്യമന്തപഞ്ചകം-അഞ്ചു തടാകങ്ങൾ. പരശുരാമൻ ക്ഷ പ്രാവശ്യം ക്ഷത്രിയരാജാക്കന്മാരെ വധിച്ചു അവരുടെ രക്തംകൊണ്ടുണ്ടാക്കിയതാണ്.

സ്യാ

സ്യാനന്ദുരം-തിരുവനന്തപുരം.

സ്യാലൻ-അളിയൻ, ഭാര്യയുടെ താഴെയും മേലെയുമുള്ള ഉടപ്പിറന്നവൻ. വന്നു പോയ്ക്കൊണ്ടിരിക്കുന്നവൻ എന്നർത്ഥം.

സ്യൂ

സ്യൂത—വി. തുന്നപ്പെട്ട, ഉടുപ്പും പാവുമായി നെയ്യപ്പെട്ട.

സ്യൂതം-ക. മുകളും മറവും കൊണ്ടു മടഞ്ഞുണ്ടാക്കുന്ന കൊട്ട (കുട്ട) വട്ടിമുതലായതു്. നെയ്തുണ്ടാക്കുന്നത് എന്നർത്ഥം. കാലിച്ചുങ്കം, വലിയ സഞ്ചി. ക. ഉടുപ്പും പാവുമായി നെയ്യപ്പെട്ടതു്.

സ്യൂതി-തുന്നൽ, തുന്നുക. ക സന്തതി.

സ്യൂതൻ-ആദിത്യൻ.

സ്യൂമം-ക. ജലം. ക. സുഖം. ന. രശ്മി.

സ്യോ

സ്യോന-വി. മംഗളമുള്ള, സന്തോഷമുള്ള.

സ്യോനം-ക. ചാക്ക്. ക. രശ്മി.

സ്യോനൻ-സൂര്യൻ.

സ്യൈനാകം, ശോണകം, ശ്യൈനാകം-പലകപ്പയ്യാനി എന്ന വൃക്ഷം

സ്ര

സ്രക്-പ്ര. മാല. ഉ. ശിരോലംകാരം.

സ്രംസി-വി. താഴ്ന്ന, ഒപാഴിയുന്ന, വീഴുന്ന.

സ്രംസീ-ഉകമരം. മലശോധനയുണ്ടാക്കുന്നതു് എന്നർത്ഥം.

സ്രംസിക്കുന്ന-വീഴുന്ന.

സ്രജ്യാ-കയർ.

സ്രഗ്വിണി-രാമായണം ഛന്ദോവൃത്തത്തിലെ ഛന്ദഃപ്രവൃത്തം.

സ്രദ്ധാ-ദക്ഷന്റെ മകൾ, ധർമ്മന്റെ ഭാര്യ, കാമദേവന്റെ അമ്മ.

സ്രവണം-പ്ര. മൂത്രം. ഉ. യിയപ്പ്. ന. ഒഴുക്ക്.

സ്രവന്തി-പ്ര. നദി, ആറ്. ഉ. അഴകണ്ണി.

സ്രവൽഗർഭ-ഗർഭം അലസിയ പശു.

സ്രവത്ത്-ഒഴുകുന്ന, ഒലിക്കുന്ന.

സ്രവദ്ഗവം-ചന്ത.

സ്രവം-ഒഴുക്ക്, യാഗ്യ വ. ഉറവ്.

സ്രാ-ഒപരുകുരമ്പ.

സ്രാക്കുന്ന-പ്ര. ഒഴുകുന്ന, ഒലിക്കുന്ന. ഉ. വാലുന്ന.

സ്രഷ്ടാവ്-സൃഷ്ടിക്കുന്നവൻ, ഉണ്ടാക്കുന്നവൻ. ഉ. ഒരൊവം ന. ശിവൻ. ര. ബ്രഹ്മാവ്.

സ്രസ്സ്-വി. സ്ഥാനത്തു നിന്നു വീണു, വേർപെട്ട, ഉരിഞ്ഞുപോയ.

സ്രസ്സം സ്രസ്സമഹോ സുവർണ്ണവലയം' (അഭിജ്ഞാനശാകുന്തളം)

സ്രസ്സുരം-ചാരുകട്ടിൽ, കട്ടിൽ.

സ്രാ

സ്രാക്-അ. വേഗം.

സ്രാങ്ക്-ചുക്കാൻ പിടിക്കുന്ന ആൾ. (ഒപഷ്യൻ ഭാഷ).

സ്രാദ്ധദേവൻ-യമൻ.

സ്രാപ്പ്-സറാപ്പ്, A Shroff, ഉണ്ടയൽ വ്യാപാരി, പണത്തിന്റെ ചുമതലക്കാരൻ. (അറബിഭാഷ)

സ്രുമ്പി-ഒരുമാതിരി മാളിക.

സ്രാവം-ഒലിക്കുക, ഒലിപ്പ്.

സ്രാവക-വി. ഒഴുകുന്ന.

സ്രാവകം-മൂക്ക്.

സ്രു

സ്രുക്-ഹോമത്തിനുള്ള ഒരു പാത്രം.

സ്രുത-വി. ഒലിക്കപ്പെട്ട, ഒലിച്ച.

സ്രുതി-ഒലിപ്പ്.

സ്രുവ-പ്ര. ഒരുതരുമ്പ. ഉ. സ്രുവം,

സ്രുവം-ഹോമത്തിനുള്ള ഒരു പാത്രം.

ഹോമം കഴിക്കുമ്പോൾ ഒരു പാത്രത്തിൽ നിന്നെടുത്തു ഹോമിപ്പാനായി സ്വൽപ്പം, ചെമ്പു, ചമത ഇവയിൽ ഏതെങ്കിലും കൊണ്ടു ഒരു മുഴം നീളത്തിൽ അഗ്രം അല്പം കഴിഞ്ഞ സ്ഥിതിയിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

സ്രുവാഹസ്സൻ-ശിവൻ.

സ്രുവാവൃക്ഷം-വയ്യങ്കത. സ്രുവത്തിനുള്ള മരം എന്നർത്ഥം.

സ്രോ

സ്രോതസ്സ്-പ്ര. ഒഴുക്ക്. ഉ. അരുവി. ന. നദി. ര. ഉറവ്. ള. ജലം.

സ്രോതഃപതി-കടൽ.

സ്രോതസ്സ്വൻ-പ്ര. ശിവൻ. ഉ. കള്ളൻ.

സ്രോതസ്വതീ-നദി.

സ്രോതസ്വിനി-നദി.

സ്രോതോഞ്ജനം—കണ്ണിൽ തേക്കുന്ന ഒരു മരുന്ന്, നീലാഞ്ജനം.

ഇക്കിരം, ചർമ്മി മുതലായവയുടെ നന്ത്. ഇം-Sulphuret of antimony, Black antimony.

സ്വ

സ്വ-വി. സ്വന്തമായുള്ള. തന്റേതായ എന്ന അർത്ഥത്തിൽ സംധാരണ പരത്തിന്റെ ആരംഭത്തിൽ ചേരും. ഉ-ം, സ്വപിതാ = തന്റെ പിതാവ്.

സ്വ-വി. തന്നെസ്സംബന്ധിച്ച, തനിക്കുള്ള.

സ്വ പ്ര. വിഷ്ണു. ഉ. ആത്മാവ്.

സ്വക-വി. തന്റേതായുള്ള, തനിക്കുള്ള.

സ്വകന്മനൻ-വംശ

സ്വകർമ്മകൃത്ത്-തനതുവേലയെ ചെയ്യുന്നവൻ

സ്വകർമ്മം-തനതുവേല

സ്വകാര്യം തനതുകാര്യം.

സ്വകീയ-വി. തനിക്കുള്ള, തന്നെ സംബന്ധിച്ച, സ്വന്തമായുള്ള. (സ്വകീയം ▷ ◁പരകീയം).

സ്വകുലക്ഷയം-മീൻ

സ്വക്ഷി-വി. (സു+അക്ഷി) പ്ര. നല്ല കണ്ണുള്ള. ഉ. സൂക്ഷ്മബുദ്ധിയുള്ള.

സ്വഗത-വി. തന്റെ പാറിൽ ഉള്ള, തങ്കലിരിക്കുന്ന.

സ്വഗതം-നാടകമുറയിൽ 'ഒരാൾ വിചാരിക്കുന്ത് എന്ത് പറയുന്നതിനു പകരം പറഞ്ഞുവരുവാനുള്ള ഒരു വാക്ക്, മറ്റൊരാൾ കേൾക്കാതെ തനിച്ച പറക, വിചാരിക്ക ആത്മഗതം എന്നും പറയും.

സ്വച്ഛ-വി. പ്ര. സ്ഫടികമുള്ള, വെടിപ്പുള്ള. ഉ. വെളുത്ത. ന. തെളിഞ്ഞ. ഭ. സുഖമുള്ള.

സ്വച്ഛത-വെടിപ്പ്, സ്ഫുടം.

സ്വച്ഛന്ദ-വി. പ്ര തന്നിഷ്ടപ്രകാരമുള്ള. ഉ. തെളിഞ്ഞ.

സ്വച്ഛന്ദചാരി-വി. തന്നിഷ്ടംപോലെ നടക്കുന്ന.

സ്വച്ഛന്ദത-തന്നിഷ്ടം.

സ്വച്ഛന്ദൻ മറ്റാരാളിന്റെ വശത്തിക്ക കീഴടങ്ങാത്തവൻ, സ്വതന്ത്രൻ. സ്വയമായ അഭിപ്രായത്തോടു കൂടിയവനെന്നർത്ഥം.

സ്വച്ഛന്ദം തന്നിഷ്ടം.

സ്വച്ഛന്ദം—അ. ഇഷ്ടപ്രകാരം.

'സ്വച്ഛന്ദം കടഞ്ഞൊവിട്ടയുടനെ'
(അഭിജ്ഞാനശാകുന്തളം)

സ്വച്ഛം-പ്ര. സ്ഫുടം. ഉ. അഭ്രകം ന. സ്ഫടികം.

സ്വജ-വി. തനിക്കുണ്ടായ, തങ്കൽനിന്നുണ്ടായ.

സ്വജനനിഷ്ഠതൻ—സ്വജനത്തിനു വണങ്ങിയിരിക്കുന്നവൻ, സ്വജനവിശ്വാസി.

സ്വജനം—തന്റെ ജനം, തന്റെ ജാതിയിപ്പെട്ടവൻ, ബന്ധു.

സ്വജൻ-പുത്രൻ. (സ്ത്രീ-സ്വജാ).

സ്വജം-പ്ര. ചോര. ഉ. വിയർപ്പ്.

സ്വജാതി-പ്ര. തന്റെ ജാതിയിലുള്ളവൻ. ഉ. തരത്തിലുള്ള വസ്തു.

സ്വജാതിഭിട്ട്-നായ്.

സ്വതഃ-അ. അനേതരനെന്ന.

സ്വതന്ത്ര-വി. തന്നിഷ്ടം പ്രവർത്തിക്കുന്ന, മറ്റാരേയും കീഴടങ്ങാത്ത.

സ്വതസ്സിദ്ധ-വി. താനേതന്നെ കിട്ടിയ, സഹജമായ.

സ്വതെ-താനേതന്നെ.

സ്വത്തു്-തനതുവക.

സ്വതപ്പൂജി-മമതമുതലി.

സ്വതവം-പ. തനിക്ക താൻ മതിയെന്നുള്ള സ്ഥിതി. ഉ. മമത.

സ്വദിക്കുന്നു-രുചിനോക്കുന്നു, സ്വാദു ഗ്രഹിക്കുന്നു.

സ്വദേശജ-വി. തൻറെനിക്കിൽ ജനിച്ച.

സ്വദേശം-പ. തൻറെ ദിക്ക്. ഉ. തൻറെ സ്ഥലം.

സ്വദേശി-തൻറെ ദിക്കിലുള്ളവൻ.

സ്വധനം-തൻറെ മുതൽ.

സ്വധർമ്മം-അതാതു ജാതിക്കിട്ടുന്ന മുറ.

സ്വധാ-ലക്ഷ്മൻറെയും പ്രസൂതിയുടെയും പുത്രി.

സ്വധാ-അ. ദേവോദ്ദിശകർമ്മത്തിൽ ഹവിസ്സു മുതലായവയെ നൽകുമ്പോൾ പ്രയോഗിക്കപ്പെടുന്ന വാക്ക്. (വിവരണം ഏഴാമൃസൂത്രാർത്ഥകം നോക്കിയറിയുക).

സ്വധാ-പ. മായ. ഉ. ഒരാളുടെ ഇഷ്ടം. ൩. ഒരാളിൻറെ നിശ്ചയം. ൪. പിതൃക്കൾക്കു നൽകുന്ന ഭക്ഷണം. ൫. ഒരാളിൻറെ പങ്ക്. ൬. ഭക്ഷണം. ൭. ശ്രാദ്ധം.

സ്വധാപ്രിയൻ-പ. അഗ്നി. ഉ. ദേവത

സ്വധിതി-വെണ്മഴു. തൻറെ ഉടമസ്ഥനെ രക്ഷിക്കുന്നതു് എന്നർത്ഥം. (ശ്രുതിപ്രകാരം രക്ഷോരക്ഷത്തി എന്നു കാണുന്നു).

സ്വനഗ്രാഫി (ണി)— ഒരു യന്ത്രം. Gramaphone.

സ്വനം-ശബ്ദം, ഒച്ച.

സ്വനി-ശബ്ദം.

സ്വനിക-വി. ശബ്ദിക്കുന്ന.

സ്വനിത-വി. ശബ്ദിക്കപ്പെട്ട.

സ്വനിതം-പ. ഇടിമുഴക്കം. ഉ. ശബ്ദം.

സ്വനോത്സാഹം-കാണ്മാഗ്രഹം.

സ്വന്തം-തനിക്കുള്ള.

സ്വൻ-പ. ചാവ്വുക്കാരൻ, തോന്നം ചെന്നായിട്ടുള്ളവൻ, ജ്ഞാനി. ഉ. ആത്മാവു്.

സ്വപക്ഷ-വി. തൻറെ പക്ഷത്തുള്ള.

സ്വപക്ഷൻ-പ. സ്നേഹിതൻ. ഉ. തൻറെ പക്ഷത്തുള്ളവൻ.

സ്വപക്ഷപ്രഭവ-വി. തൻറെ മനസ്സിൽ നിന്നുണ്ടായ.

സ്വപനം-ഉറക്കം.

സ്വപരമകൃജ-വി. തന്നാലിലും മനസ്സാലിലും നിന്നുണ്ടായ.

സ്വപരമണ്ഡലം-തൻറെയും ശത്രുവിൻറെയും രാജ്യം.

സ്വപിക്കുന്നു-ഉറങ്ങുന്നു.

സ്വപ്നക്-വി. നിദ്രാശീലമുള്ള.

സ്വപ്നപ്രായ-വി. സ്വപ്നത്തിൽ കാണുന്നതുപോലെയുള്ള.

സ്വപ്നം-പ. ഉറക്കം. ഉ. ഉറക്കത്തിൽ തോന്നുന്ന അവസ്ഥകൾ.

പാതി ഉറക്കവും പാതി ഉണർവും കൂടിയ സ്ഥിതിയത്രെ സ്വപ്നം.

സ്വഭാവം- തൻറെ ശരിയായ ഭാവം, മാതിരി, പ്രകൃതി, ശീലം. മറ്റു പദ്ധതിയങ്ങൾ—സംസിദ്ധി, പ്രകൃതി, സ്വരൂപം, നിസർഗ്ഗം.

സ്വഭാവോക്തി-അലങ്കാരം.

സ്വഭ്രു-പ്ര. ബ്രഹ്മാവ്. സ്വയമേവ ഭവിക്കുന്നവൻ എന്നർത്ഥം. പു. വിഷ്ണു. നാ. മഹേശ്വരൻ.

സ്വഭ്രും-വെള്ളി.

സ്വമേകല-വത്സരം.

സ്വമേധ-തന്റെ ബുദ്ധി, തനിക്കുതോന്നുപോലെ.

സ്വം-പ്ര. തന്നെ സംബന്ധിച്ചത്. (ഈ അർത്ഥത്തിൽ ത്രിലിംഗം). പു. ദ്രവ്യം, ധനം, വസ്തുവകകൾ. നാ. പ്രത്യേകമുള്ള അവസ്ഥ. ഭ. പ്രസിദ്ധപ്പെട്ടത്.

സ്വം-മുതൽ, സമ്പത്ത്, ധനം.

സ്വംഗം-(സു+അംഗം) നല്ല അവയവം, അംഗലക്ഷണയുള്ളത്.

സ്വമ്മ്-രഹസ്യം, സ്വത്ത്.

സ്വയം—അ. തനിച്ച്, തന്നെസ്സംബന്ധിച്ച.

സ്വയരക്ഷ, സ്വയപരിശ്രമം എന്നൊക്കെ പറയുന്നത് അബദ്ധമാണ്. സ്വയം എന്ന ശബ്ദത്തിലേ അനന്യസാധാരണം ദ്യോതിക്കുന്നുള്ളൂ. സ്വയംരക്ഷ, സ്വയംപരിശ്രമം ഇത്യാദിയെന്ന വേണ്ടൂ. 'സ്വ' എന്നുമാത്രം ചേർക്കുകയാണെങ്കിൽ സ്വരക്ഷ, സ്വപരിശ്രമം എന്നിങ്ങിനെ ആവാം.

സ്വയ-കൃത-തന്നാൽ ഉണ്ടാക്കപ്പെട്ട.

സ്വയംകൃതാനർത്ഥപഞ്ചകം—തന്നത്താൻ വരുത്തിക്കൂട്ടുന്ന അനർത്ഥം. ഒരിടത്തു രണ്ടു മോഷ്ടിക്കുക, രണ്ടിടത്തിൽ കൃഷി (കൂട്ടുകൃഷി), പൊതുവഴിയിൽ വീടുവെയ്ക്കുക, സാക്ഷിനില്ക്കുക, മുമ്പേനടവഹിക്കുക ഇങ്ങിനെ ൫.

സ്വയഭർത്തൻ-തന്നത്താൻ മറ്റൊരുവനെ വിവാഹവൻ (ഭർത്തൃശബ്ദപുത്രൻ' നോക്കുക)

സ്വയംഭ്രു-പ്ര ബ്രഹ്മാവ്. തന്നത്താൻ പിറന്നവൻ, മറ്റൊരാളുടെ പുത്രനല്ലാത്തവൻ ഇങ്ങനെ ശബ്ദാർത്ഥം. പു. വിഷ്ണു. നാ. ശിവൻ. ഭ. സമയം. ൫. സ്നേഹം. ന. കാമൻ. ൬ പരമാത്മാവ്. വ്യ. സ്ത്രീകളുടെ തന്നെത്തന്നെ.

സ്വയംഭുവൻ - പ്ര. ഒന്നാമത്തെ മനു. പു. ബ്രഹ്മാവ്. നാ. ശിവൻ.

സ്വയംവ(ബ)രം- കന്യകയുടെ ഇഷ്ടംപോലെ ഭർത്താവിനെ സ്വീകരിക്കുന്ന ഒരുവിധം വിവാഹം.

സ്വയംവരാ - ഭർത്താവിനെ വരിക്കുന്നവൾ.

സ്വയംവരാ-ഭർത്താവിനെ തിരഞ്ഞെടുക്കുന്നവൾ.

സ്വരഭേദം-ഒരു രോഗം.

മൂർദ്ധാവുണ്ടാകും. കണ്ണുതുടിയടയ്ക്കും; ശ്വാസം ക്രുദ്ധരുടെ വിടും. രുചിയടയ്ക്കും തൊണ്ട വരളും. കഴുത്തു സ്വാധീനമല്ലാതെ വരും.

സ്വരത്രയം - പ്ര. ഹ്രസ്വം, ദീർഘം, പ്ലുതം 3-ം പു. (വേദോച്ചാരണത്തിൽ വേണ്ടതു) ഉദാത്തം, അനുദാത്തം, സ്വരിതം.

സ്വരവാദി-ഒരു വാദ്യം.

(സുഷിരം എന്ന ഗണത്തിപ്പെട്ടതാണ്).

സ്വരവർത്തനം-സാമവേദം.

സ്വരമണ്ഡലിക-ഒരു മാതിരി വീണ.

സ്വയംശ്രുഷ്ടൻ-ശിവൻ.

സ്വരം-പ്ര. ശബ്ദം. പു. രാഗം. നാ. വ്യാകരണത്തിൽ അ മുതൽ ഔ വരെയുള്ള 16 അക്ഷരങ്ങളും, അച്ചുകളും. ഭ. മൂക്കിൽക്കൂടി കടക്കുന്ന വായു. ൫. അനുസ്വരം ന. ഏഴ് എന്ന അക്കം.

സ്വരലാസിക-വേണം.

സ്വരവാസന – പാട്ടിലുള്ള വാസന, പാട്ടിന്റെ മാധുര്യം.

സ്വരസാദം-ഒരു മീനം, ഒച്ചയടപ്പ്.

സ്വരാംശം-സംഗീതസ്വരത്തിന്റെ ചില അംശത്തിനുള്ള പേർ.

സ്വരാ-ഒരു ബ്രാഹ്മണന്റെ പ്രധാന ഭാര്യ.

സ്വരാപഗാ-ശംഗംഗാനദി.

സ്വരാലു-വയമ്പ്.

സ്വരിത-വി. ഉച്ചരിക്കപ്പെട്ട.

സ്വരിതം-ഉദാത്തമെന്നും മൂന്നു സ്വരങ്ങളിൽ ഒന്ന്.

സ്വരു-പ്ര. വജ്രായുധം, ഇടിവാൾ. ശബ്ദിക്കുന്നതു എന്നർത്ഥം. ശത്രുക്കളെ ദുഃഖിപ്പിക്കുന്നതു എന്നുമാവാം. പ. യാഗം. ആയു. ര. യൂപത്തിന്റെ പൂള്, യജ്ഞസ്തംഭമുണ്ടാക്കുന്നതിനു മരം ചെത്തുമ്പോൾ ആദ്യമായി വീണ ശകലം.

സ്വരുചി-വി. അനിക്കിഷ്ടമുള്ള.

സ്വരുവം-നാഴാന്മാരിൽ ഒരു ജാതി.

സ്വരുസ്സ്-ഇടിവാൾ.

സ്വരൂപ-വി. പ്ര. ബുദ്ധിയുള്ള, വിദ്യയുള്ള, പ. തുല്യമായ. ന. ഇഷ്ടമുള്ള. ര. ഒരുപോലെ ശീലമുള്ള.

സ്വരൂപ -പ്ര. സ്വഭാവം, പ്രകൃതി. പ. മനസ്സിരി. ന. രാജ്യം.

സ്വരൂപക്കാർ ശൂദ്രരിൽ ഒരു കൂട്ടർ.

സ്വരൂപിക്കുന്ന – കൂട്ടുന്ന, സംഭരിക്കുന്ന.

സ്വർ-അ. സ്വർഗ്ഗം. പ. ആകാശം, ശോഭ. ന. ആകാശം. ര. ആദിത്യന്റെയും ധ്രുവന്റെയും മദ്ധ്യസ്ഥാനം. (സ്വർ ന മാവ്യയമാണ്).

സ്വർ-അ. മംഗളവാചകം.

സ്വർഗ്ഗം-ഇന്ദ്രന്റെ വാസസ്ഥലം, ദേവലോകം. (മേരുപർവ്വതത്തിന്മേലാണ്.) ദേവന്മാരുടെ അധിവാസസ്ഥാനം എന്നർത്ഥം.

'സ്വരവ്യയംസ്വർഗ്ഗയാകൃതിഭിവൃതിശാലയാഃ
സുരലോകോദ്യാനിരവരോ
സ്ത്രിയംക്ലിബേതൃവിഷ്ടപം'

സ്വർഗ്ഗഗിരി-മേരു പർവ്വതം.

സ്വർഗ്ഗത്തിലേകട്ടുനമ്പ് – യാതൊരുപകാരവും ചെയ്യാത്ത വലിയ പാപം.

സ്വർഗ്ഗത്തിൽകട്ടുനമ്പ്-(ദുശ്ശീ) ചില്ലറശല്യം ചെയ്യുന്നവൻ.

സ്വർഗ്ഗവധൂ-ദേവസ്ത്രീ.

സ്വർഗ്ഗസ്ഥ-വി. സ്വർഗ്ഗത്തിലിരിക്കുന്ന.

സ്വർഗ്ഗാനുഭവം, സ്വർഗ്ഗാനുഭൂതി-സ്വർഗ്ഗത്തിലുള്ള അനുഭവം.

സ്വർഗ്ഗാപഗാ-സ്വർഗ്ഗംഗ.

സ്വർഗ്ഗാരോപണം – കന്യകമറിയത്തിന്റെ സ്വർഗ്ഗപ്രവേശം

സ്വർഗ്ഗാരോഹണം-പ്ര. സ്വർഗ്ഗത്തിലേക്കു കരേറുക. പ. ക്രിസ്തു ഉത്ഥാനാനന്തരം സ്വശക്തിയാൽ 40-ാംദിവസം സ്വർഗ്ഗത്തിലേക്കുപോയ എഴുന്നള്ളത്തു്.

സ്വർഗ്ഗ്യ, സ്വർഗ്ഗീയ-വി. സ്വർഗ്ഗത്തു സംബന്ധിച്ച.

സ്വർജ്ജികാക്ഷാരം - തുവർച്ചിലക്കാരം, വേങ്ങച്ചുട്ട കവർണ്ണീർ കൊണ്ടുണ്ടാക്കുന്ന ക്ഷാരം എന്നും കാണുന്നു.

സ്വർണ്ണക-വി. പൊന്നുകൊണ്ടുള്ള.

സ്വർണ്ണകായൻ-ശതഡൻ.

സ്വർണ്ണകാരൻ-തട്ടാൻ.

സ്വർണ്ണകുത്ത്-തട്ടാൻ.

സ്വർണ്ണക്ഷീരി-മലഎരുമ. സ്വർണ്ണനിറമായ ക്ഷീരത്തോട് കൂടിയത് എന്നർത്ഥം. (എരുമത്തമ്പുരി എന്നു ചിലർ).

സ്വർണ്ണചൂഡം-കാട്ടുകോഴി.

സ്വർണ്ണജം-വെള്ളത്തീയം.

സ്വർണ്ണപക്ഷിൻ-ഗരുഡൻ.

സ്വർണ്ണപുഷ്പം-ചെമ്പകം എന്ന പൂമരം.

സ്വർണ്ണബിന്ദു-വിഷ്ണു.

സ്വർണ്ണഭസ്മം-പൊന്നു സിന്ദൂരിച്ചുതു്.

സ്വർണ്ണം-പൊന്നു്.

ജ്വരം, ചുമ, വിഷം, ക്ഷയം മുതലായതിനു നന്നു്. യൌവ്വനം, കാന്തി മുതലായവയെ വർദ്ധിപ്പിക്കും. ധരിച്ചാൽ പാപം നശിക്കും. നല്ല സ്വർണ്ണത്തിന്റെ ലക്ഷണം-ഉരയ്ക്കിയാൽ ചെമന്നിരിക്കും. മുറിച്ചാൽ വെളുത്തിരിക്കും ചാണയിൽ ഉരച്ചാൽ കങ്കുമത്തിന്റെ നിറം കാണും. തുലയിൽ കനം കുട്ടം സ്നിഗ്ധത കാണും. ചെമപ്പുനിറവും മഞ്ഞനിറവും കലർന്നിരിക്കും. നല്ലപോലെ ശുദ്ധിചെയ്യാതെയും നല്ലതിന്മണ്ണും നീരാതെയും ഇരിക്കുന്ന സ്വർണ്ണം ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ കടുക്ക പൊടിച്ചു പഞ്ചസാര ചേർത്തു മൂന്നാഴ്ച സേവിക്കുക. ത-പൊന്നു്. ഇം-Gold (ഗോൾഡ്).

സ്വർണ്ണമയ—വി. പൊന്നു കൊണ്ടുള്ള. (പു-സ്വർണ്ണമയൻ. സ്ത്രീ-സ്വർണ്ണമയീ).

സ്വർണ്ണമൂഷാ-പൊന്മാൻ.

സ്വർണ്ണയൂഥി(യൂഥിക)-മഞ്ഞനിറമുള്ള മുല്ല.

സ്വർണ്ണരേഖ-പൊന്നുകൊണ്ടുള്ള വര.

സ്വർണ്ണരേണു-പൊൻപൊടി.

സ്വർണ്ണവർണ്ണാ-മഞ്ഞൾ, മരമഞ്ഞൾ.

സ്വർണ്ണവാഴ-കദളിവാഴ.

സ്വർണ്ണഹരിതാരം-പൊന്നരിതാരം.

സ്വർണ്ണാലി-ഒരു ചെടി.

ചമ്മലന്തയിൽ ചെറിയ തരമാണ്. കറച്ചു പടർപ്പുണ്ടു്. തണ്ടിൽ മുള്ളുകാണും.

സ്വർദ്ധുനീ-ഗംഗാനദി.

സ്വർന്ദി-ആകാശഗംഗ.

സ്വർഭാനു-രാഹു, അമൃതപാനം ചെയ്യുന്നതെന്നുള്ള ദുർമ്മോഹം ഹേതുവായിട്ടു ദേവവേഷം ധരിച്ചു സ്വർഗ്ഗത്തിൽ ശോഭിച്ചവൻ.

സ്വർവ്വധൂ-അപ്സരസ്സ്ത്രീ.

സ്വർവ്വാഹി-ഗംഗാനദി.

സ്വർവ്വേശ്യാ-അപ്സരസ്ത്രീ.

സ്വർവ്വൈദ്യൻ – സ്വർഗ്ഗത്തിലെ രണ്ടു വൈദ്യൻ, അശ്വനീപുത്രൻ.

സ്വല്പ-വി. ഏറവും കുറഞ്ഞ, അല്പമായ.

സ്വല്പിഷ്ട-വി. വളരെ ചെറിയ.

സ്വവശ-വി. സ്വാതന്ത്ര്യമുള്ള.

സ്വവാസിനി-വിവാഹം കഴിഞ്ഞവളും പ്രാരബ്ധയൌവ്വനയുമായ സ്ത്രീ.

സ്വസാദികം—തങ്ങളെ നയിക്കുന്നവർ.

സ്വസാവു്-സഹോദരി.

സ്വസ്രീപുത്രൻ (-പുത്രി)-സോദരീപുത്രൻ (പുത്രി).

സ്വസ്തി-ആശീർവ്വാദം (ക്ഷേമം, പുണ്യം മുതലായവയിൽ വർത്തിക്കുന്നു).

സ്വസ്തികം-പ്ര. ധനികന്മാരുടെ ഗൃഹം

ക. മുൻവശത്തു മണ്ഡപമുള്ള ഒരു വിശിഷ്ട ക്ഷേത്രം, ദേവാലയ വകഭേദം. മംഗളത്തെച്ചൊല്ലുന്നതു എന്നർത്ഥം. സ്വസ്തിയോദ്ദേം എന്നതു നോക്കുക. ന. കോഴി. ഭ. തരത്തിനു വരുന്ന കായ്ക്കും. ഇ. നാല്ലുവലവഴി. നു. തെക്കും പടിഞ്ഞാറും വടക്കും മണ്ഡപവും കിഴക്കു വശത്തിലുമുള്ള ഒരു രംഗധാനി. ഒ. ഒരു മന്ത്രി പലഹാരം. വ. ഒരു ശ്രീധാന്യം മുള്ള അടയാളം.

സ്വസ്തികാസനം-ഇംഗ്ലയുടേയും തുടയുടേയും ഇടയിൽ രണ്ടു കാലടികളേയും വെച്ചു ശരീരം വളയാതെ നേരെയുള്ള ഇരിപ്പ്.

സ്വസ്തിമതി-ക്ഷേമവതി.

സ്വസ്തിമത്ത്-വി. സന്തോഷമുള്ള, സുഖമുള്ള.

സ്വസ്തിമാൻ-പുണ്യവാൻ, വിനാശരഹിതൻ.

സ്വസ്തിവാചകം-ബ്രാഹ്മണർ ചെയ്യുന്ന ഒരു കർമ്മം

സ്വസ്ഥ-വി. ക. തന്നിൽതന്നെയിരിക്കുന്ന. ഖ. തളർച്ചയോടുകൂടാത്ത, സുഖമുള്ള. ന. ഭ്രാന്തുള്ള. ഭ. വിശ്വാസമുള്ള. ഇ. യോഗ്യമായ് നില്ക്കുന്ന.

സ്വസ്ഥത-ക. സൗഖ്യം. ഖ. അവസ്ഥ.

സ്വസ്ഥനാഠം-വി. ക. ആശ്വസിച്ചിരിക്കുന്ന, സുഖമുള്ള, വേലയിൽ നിന്നൊഴിഞ്ഞിരിക്കുന്ന ഖ. ഭ്രാന്ത്.

സ്വസ്ഥൻ-തളർച്ചയോടു കൂടാത്തവൻ.

സ്വസ്ഥബുദ്ധി-യോഗ്യമായ് നിലനില്ക്കുന്ന ബുദ്ധി.

സ്വസ്ഥം-അ. സുഖമായി.

സ്വസ്ഥമാകുന്നു-ക. ആശ്വാസമാകുന്നു, അവസരമാകുന്നു. ഖ. സൗഖ്യമാകുന്നു.

സ്വസ്ഥവൃത്തി-ആശ്വാസം, സുഖം.

സ്വസ്രീയൻ-ഉടപ്പിറന്നവളുടെമകൻറെ പേർ. സ്വസാവിൻറെ അപത്യം എന്നർത്ഥം. (പാഠാന്തരം-സ്വാസ്രേയൻ).

സ്വസ്രീയാ, സ്വാസ്രേയാ-സഹോദരിയുടെ പുത്രി.

സ്വഹസ്തം-ക. തൻറെ കൈ. ഖ. സ്വന്ത കൈപ്പട.

സ്വഹസ്താക്ഷരം-സ്വന്ത കൈപ്പടയിലുള്ള എഴുത്ത്, കൈയ്യൊപ്പ്.

സ്വാ

സ്വാകാംക്ഷി-ക, (സു+ആകാംക്ഷ) സൽകാര്യത്തിലുള്ള ആഗ്രഹം. ഖ. (സ്വ+ആകാംക്ഷ) തൻകാര്യത്തിലുള്ള താൽപര്യം.

സ്വാകികൻ-ചെണ്ടക്കാരൻ, മദ്ദളക്കാരൻ.

സ്വാക്ഷരം-സ്വന്തകൈപ്പട.

സ്വാഗതം-ക. നിഷ്പ്രയാസം വന്നുചേരുക, സുഖമായി വന്നുചേരുക ഖ. അതിഥികളെ വന്നാൽ പറയപ്പെടുന്ന മംഗളവാക്ക്.

സ്വാഗതാ-ഒരു വൃത്തത്തിൻറെ പേർ

സ്വാച്ഛന്ദ്യം-സ്വച്ഛന്ദത, തന്നിഷ്ടപ്രകാരമുള്ള സ്ഥിതി (ഇരിപ്പ്), സ്വാതന്ത്ര്യം.

സ്വാതന്ത്ര്യം-സ്വതന്ത്രത, അന്യനു കീഴടങ്ങാതെ ഇരിക്കുന്നവരുടെ സ്ഥിതി.

സ്വാതി-ക. ചോതിനക്ഷത്രം. ഖ. [illegible]ൻറെ മറ്റു. ന. വാതം.

സ്വാതിവിന്ദുസമുദ്ഭവം-മുത്ത്.

സ്വാത്മവരപ്രദൻ-തൻറെ ആത്മാവിനെല്ലുടേയും വരമായി കൊടുക്കുന്നവൻ.

സ്വാത്മാവ്-പ. (സ്വ + ആത്മാവ്) തന്റെ ആത്മാവ്. ഉ. (സു + ആത്മാവ്) നല്ല ആത്മാവ്.

സ്വാദ്-പ. രുചി, മധുരം. ഉ. ജീവകം എന്ന മരുന്ന്. നു. ശർക്കര. ർ മുന്തിരിങ്ങ.

സ്വാദ്-വി. പ. മധുരമുള്ള. ഉ. സൌന്ദര്യമുള്ള. നു. ഇഷ്ടമുള്ള. ർ. രുചി തോന്നത്തക്ക.

സ്വാദം, സ്വാദനം-പ. രുചി. ഉ. രുചി നോക്കുക, കഴിക്കുക, തിന്നുക. നു. അനുഭവം.

സ്വാദിഷ്ഠ-വി. അത്യധികം സ്വാദുള്ള (മധുരമുള്ള).

സ്വാദീയസ്സ്-വളരെ സ്വാദുള്ള (മധുരമുള്ള).

സ്വാദുകണ്ടകം-പ. ഞെരിഞ്ഞിൽ. ഉ. വയ്യങ്കതകു്.

സ്വാദുകര-വി. രുചിയുള്ള.

സ്വാദുധനാവ്-കാമദേവൻ.

സ്വാദുപടോലി-ഒരുതരം പടോലം.

അരോചകം, അഗ്നിമാന്ദ്യം, ജ്വരം മുതലായവയെ ശമിപ്പിക്കും. പഥ്യവും പുഷ്ടികരവും ബലപ്രദവുമാണ്. കറിയ്ക്കു പായംശിക്കാവുള്ള പടോലം ഇതാകുന്നു.

സ്വാദുരസ-പ. കാക്കോളി. ഉ. മുന്തിരിങ്ങാപ്പഴം. നു. മദ്യം. ർ. ഇലഞ്ഞിപ്പഴം.

സ്വാദുഫലം-മാതളം.

സ്വാദുവീ-മുന്തിരി, മുന്തിരിങ്ങാപ്പഴം. ആസ്വദിക്കപ്പെടുന്നത് എന്നർത്ഥം.

സ്വാധിഷ്ഠാനം — ആറാധാരങ്ങളിൽ ഒന്ന്. (ക്ഷുദ്രാധാരങ്ങളും എന്നതു നോക്കുക). (മൂലാധാരത്തിൽ നിന്നു നാലംഗുലത്തിനു മേൽ സ്വാധിഷ്ഠാനം)

സ്വാധീന-വി. പ. തന്റെ ഇഷ്ടംപോലെ ഉപകരിക്കുന്ന. ഉ. തനിക്കു കൂടെ സഹായിക്കുന്ന, തന്റെ അധികാരത്തിലുള്ള.

സ്വാധീനം-പുരുഷൻ, ഏല്പാടം, തന്റെ അധീനം, തന്റെ ശക്തി.

സ്വാധീനപതികാ-തന്റെ അധീനവിനു കീഴടങ്ങിയവൾ.

സ്വാധീനപ്പെടുന്നു — കീഴടങ്ങുന്നു, തന്റെ വശത്താകുന്നു.

സ്വാധ്യായം-പ. വേദാദ്ധ്യയനം. മോക്ഷസാധനത്തെ ശീലിക്കുകയും കർമ്മത്തെ ജപിക്കുകയും ചെയ്യുക. ഉ. വേദം. നു. കുറെ വേദം പഠിക്കുക, ഉരുവിടുക.

സ്വാധ്യായവാൻ-വേദം അഭ്യസിക്കുന്നവൻ.

സ്വാധ്യാനുഭവം, സ്വാധ്യാനുഭൂതി-ആത്മബോധം.

സ്വാധ്യായീ-വേദാദ്ധ്യയനം ചെയ്യുന്ന ശിഷ്യൻ.

സ്വാനം-ശബ്ദം.

സ്വാന്ത-വി. ശബ്ദിക്കുന്ന.

സ്വാന്തം— പ. മനസ്സ്. ശബ്ദിക്കുന്നത് എന്നർത്ഥം. (മനസ്സംബന്ധം കൂടാതെ വാക്ക് പ്രവർത്തിക്കയില്ലല്ലോ). ഉ. ഗൃഹം.

സ്വാപതേയം-ദ്രവ്യം, വസ്തു.

സ്വാപം-പ. ഉറക്കം. ഉ. മടി, മടിക്കുക. നു. അറിവില്ലായ്മ. ർ. ഒരു ദിനം. ൽ. സ്വപ്നം. ഴ. പ്രജ്ഞതാകേട്.

സ്വാഭാവിക-വി സ്വഭാവത്തെസ്സംബന്ധിച്ചുള്ള.

സ്വാഭാവ്യം-പ്രകൃത്യാ ഉള്ളതു്, സഹജമായ ശീലം.

സ്വാമി-ഉടയക്കാരനായ, രക്ഷിക്കുന്ന, അധികാരമുള്ള.

സ്വാമി-പ. വിഷ്ണു. ഉ. ശിവൻ. ന. കാർത്തികേയൻ, ഴ. വസിഷ്ഠനെന്നമുനി, ള. ഗരുഡൻ. റ. യജമാനൻ, നാഥൻ, ഉടമസ്ഥൻ (സ്ത്രീ-സ്വാമിനി). ഒ. രാജാവ്. വ വിഭവൻ, വിഭവനായ ബ്രഹ്മണൻ. ൻ. ഗുരു പ്ര. ഭർത്താവ്. പ്രപ. രസം. പ്രഉ. രാജ്യം ശങ്കരം ഒ-ം ക്രിയയിൽ ഒന്ന്.

സ്വാമിതാ(ത്വം)-പ. ഉടമസ്ഥത. ഉ. യജമാനത്വം. ന. തീറവകാശം.

സ്വാമിദ്രോഹം-യജമാനനെ ദ്രോഹിക്കുക, വിരോധംചെയ്യുക.

സ്വാമിനീ-പ. യജമാനസ്ത്രീ. ഉ. രാജസ്ത്രീ. (വ-സ്വാമി). ന ഉടമസ്ഥാ.

സ്വാമിഭക്തി - പ. യജമാനനോടുള്ള ഭക്തി. ഉ. രാജഭക്തി.

സ്വാമിഭോഗം-അനുഭവിക്കുള്ള മാത്രം, ഉടമസ്ഥനേറ പങ്ക്.

സ്വാമ്യം-പ. യജമാനത്വം. ഉ. ഉടമസ്ഥത. ന. സ്വീധികാരം.

സ്വാംഗഹോമം - തന്റെ ശരീരത്തെ തന്നേ ഹോമിക്കയെന്നത്.

സ്വായത്ത-വി. പ. താനേറതായി കിട്ടിയ. ഉ. തന്റെ പ്രയത്നത്താൽ കിട്ടിയ.

സ്വായംഭുവൻ-പ-ാമത്തെ മനു.

സ്വാരസ്യം- പ. നല്ല രസമുള്ളതിന്റെ സ്ഥിതി, സ്വരസത ഉ. ഭംഗി.

സ്വാരാജ്യം-ഇന്ദ്രസ്ഥാനം.

സ്വാരാട്ട്-ഇന്ദ്രൻ. സ്വർഗ്ഗത്തിൽ ശോഭിക്കുന്നവൻ എന്നർത്ഥം.

സ്വാരോചിഷൻ-രണ്ടാമത്തെ മനു.

സ്വാർത്ഥ-വി. സ്വന്ത അർത്ഥമുള്ള.

സ്വാർത്ഥതൽപരത, സ്വാർത്ഥപരത-തങ്കാര്യത്തിലുള്ള താൽപര്യം.

സ്വാർത്ഥം-സ്വന്ത അർത്ഥം, സമ്പത്ത്.

സ്വാശ്രയം-പ. തന്നെത്താനേ ആശ്രയിക്കയെന്നുള്ളത്. ഉ. പടപ്പിടം.

സ്വാസ്ഥ്യം-സ്വസ്ഥത, സുഖം.

സ്വാഹാ-അഗ്നിയുടെ ഭാര്യ, ദക്ഷന്റെയും പ്രസൂതിയുടെയും പുത്രി. ദേവന്മാർ ഇതുകൊണ്ടു വഴിപോലെ വിളിക്കപ്പെട്ടതിനാൽ ഈ പേരുണ്ടായി. മന്ത്രപ്പൊരുളിങ്കൽ-അഗ്നായി, ഹുതഭുക്പ്രിയ.

സ്വാഹാ-അ. ദേവപ്രീത്യർത്ഥമായിൽ ഉപയോഗിക്കുന്ന വാക്ക്. ദേവോദ്ദേശകമായ ഹവിരാദികളെ നാം കൈവെടിയുമ്പോൾ പ്രയോഗിക്കുന്നത്. (വിവരണം ഗൃഹ്യസൂത്രാദികളിൽ കാണ്മാറാകുക).

സ്വാഹാപതി-അഗ്നി.

സ്വാഹാഭുക്ക്-ഒരു ദേവത.

സ-ി

സ്വിൽ-അ. ചോദ്യത്തിലും സംശയത്തിലും പ്രയോഗിക്കുന്ന ഒരു പദം.

സ്വിന്ന-വി. പ. തളർന്ന. ഉ. വിയർത്ത. ന. വേവിച്ച.

—:o:—

സ-ീ

സ്വീകരണം-പ രൈകരിക്കുള്ളുക. ഉ. വശത്തുംചെയ്യുക; സമ്മതിക്ക. ന. വിവാഹം.

സ്വീകാരം-പ. രൈകരിക്കുള്ൽ. ഉ. സമ്മതം. ന. വിവാഹം.

സ്വീകരിക്കുന്ന-പ. രൈകരിക്കുള്ളുന്ന. ഉ. സമ്മതിക്കുന്ന. ന. വിവാഹം ചെയ്യുന്ന.

സ്വീകാര്യ-വി. രൈകരിക്കുള്ളുന്നതായ.

സ്വീകൃത-വി. സ്വീകരിക്കപ്പെട്ട.

സ്വീകൃതവിക്രിയൻ-സ്വീകരിക്കപ്പെട്ടിരിക്കുന്ന വികാരത്തോടുകൂടിയവൻ, കർമ്മണീപിതൻ.

സ്വീകൃതി-പ. സ്വീകാരം. ഉ. വിവാഹം.

സ്വീയ-വി. തൻറേതായ, തന്ന സംബന്ധിച്ച.

സേച

സേചച്ഛാ-തന്നിഷ്ടം.

സേചച്ഛാവൃത്തി-തൻറ ഇഷ്ടംപോലെ ചെയ്ക.

സേചദ-വി. ചൂടുള്ള, വിയർപ്പുള്ള.

സേചദജ-വി. വിയർപ്പിൽ നിന്നുണ്ടായ.

സേചദജജന്തുക്കൾ-കൃമികൾ, കുട്ടിച്ചുകൾ, കൊതു, മൂട്ട മുതലായ ജീവികൾ.

സേചദനി-പ. ദോശച്ചട്ടി. ഉ. മദ്യം വാറുന്ന പാത്രം അഗ്നിയുടെ ചൂട കൊണ്ടു സാധിക്കുന്നത് എന്നർത്ഥം.

സേചദനികാ-അടുക്കള.

സേചദം-പ. വിയർപ്പ്. ഇതുകൊണ്ടു അംഗം നനയുന്നതിനാൽ ഈ പേർ വന്നു. വിയർപ്പിനു ഹേതുവായ അംഗതാപം. ഉ. ചൂട്. നു. അവി.

സേചദിക്കുന്നു-വിയർക്കുന്നു, ഉഷ്ണിക്കുന്നു.

സൈച

സൈചര-വി. പ. തന്നിഷ്ടമുള്ള, ബന്ധനമില്ലാത്ത. ഉ. സംബന്ധമുള്ള, മടിയുള്ള

സൈചരഗാമി (-മിനി)— സേചച്ഛപോലെ നടക്കുന്നവൻ (-വൾ).

സൈചരത, സൈചരത്വം—തന്നിഷ്ടം; ബന്ധനമില്ലായ്ക, സുഖം.

സൈചരൻ-പ. സ്വതന്ത്രമായി നടക്കുന്നവൻ ഉ. മന്ദൻ.

സൈചരം- സ്വന്തഇഷ്ടം സുഖം. (അ) ഇച്ഛപോലെ.

സൈചരാലാപ -രഹസ്യവർത്തമാനം.

സൈചരി-വി. തൻറ ഇഷ്ടംപോലെ നടക്കുന്ന.

സൈചരിണീ-പ. വ്യഭിചാരിണി, താന്തോന്നിവാസമായി നടക്കുന്നവൾ എന്നർത്ഥം. പാംസുള, വേശ്യ. ഉ. മലംപുള്ള്.

സൈചരിത-തന്നിഷ്ടം, സ്വാതന്ത്ര്യം, സ്വേച്ഛാചരിതം.

സോച

സോചാദരപൂരക-വി. തൻറ വയറ മാത്രം നിറയ്ക്കുന്ന (കക്ഷിംഭരി).

സോചാദരപൂരണം-അവനവൻറ വയറ നിറയ്ക്കൽ, സ്വന്തം ഉപജീവനം.

ഹ

ഹ—ഹല്ലുകളിൽ മുപ്പത്തുമൂന്നാം അക്ഷരം.

ഹം-അം. പാദപൂരണത്തിനുകൾ പറയും.

ഹര-പ. ശിവൻ. ഉ. വിഷ്ണു.

ഹകാരം-ഹ എന്ന അക്ഷരം.

ഹക്ക-ഉള്ളത്, വാസ്തവമായത്. (അറബിഭാഷ).

ഹക്കൽ-ബുദ്ധി. (അറബിഭാഷ).

ഹക്കിം-വൈദ്യൻ. (അറബിഭാഷ).

ഹജാം-ക്ഷുരകൻ.

ഹജ്ജിരു- മഹമ്മദീയരുടെ കാലഗണനവർഷം. From 16th July. A. D. 622.

ഹജൂർ-റവന്യൂസംബന്ധമായ പ്രധാനകച്ചേരി, ദിവാൻറെ കച്ചേരി, രാജധാനി. (അറബിഭാഷ).

ഹജ്ജ്-മക്കയിലേക്കുള്ള തീർത്ഥയാത്ര.

ഹഞ്ചി, ഹഞ്ചികാ-ചെറുതേൾ.

ഹഞ്ജ-അ. നാട്യത്തിൽ ചേടിയെ വിളിക്കുന്ന ഒരു വാക്ക്. (ഹള എന്നതു നോക്കുക).

ഹട്ടചൊരകൻ-ചന്തയിൽ മോഷ്ടിക്കുന്നവൻ.

ഹട്ടം-അങ്ങാടിത്തെരുവ്, ചന്തസ്ഥലം.

ഹട്ടവിലാസിനി-പ്ര. നാകണം. ഉ. പവിഴക്കൊടി. ന. വേശ്യ.

ഹട്ടി-ചന്ത.

ഹഠകാരം-ബലാല്ക്കാരം.

ഹഠം-പ്ര. ബലാല്ക്കാരം. ഉ. പായൽ. ന. കറുകപ്പുല്ല്.

ഹഠയോഗം- രാജയോഗത്തെക്കാൾ അധികം ശ്രമിച്ച് സാധിക്കേണ്ട ഒരു യോഗശാസ്ത്രസമ്പ്രദായം. ഇതാനുബലംകൊണ്ടു മനസ്സിനെ യഥാസ്ഥാനത്തിലേക്കു കഷ്ടിച്ചു കൊണ്ടുവരുവാൻ മിഥ്യാബോധത്തെ തടഞ്ഞുവരുന്നതു ഹഠയോഗം.

ഹഠാൽ-അ. ബലാല്ക്കാരമായി.

ഹഠാത്മക-ഹഠം എന്ന ശബ്ദത്തിൻറെ അർത്ഥത്തോടു കൂടിയ.

ഹഠണ്ഡ-നാട്യത്തിൽ നീചസ്ത്രീയെ വിളിക്കുന്ന ഒരു വാക്ക്. (ഹള എന്നതു നോക്കുക)

ഹത-വി. പ്ര. അടിക്കപ്പെട്ട, കൊല്ലപ്പെട്ട. ഉ. ആകപ്പാടെ നശിക്കപ്പെട്ട. ന. സ്ഥാനഭ്രഷ്ടമാക്കപ്പെട്ട. ഭ. പൊതുക്കപ്പെട്ട. ഇ. വിട്ടുപോയ. ണ. ഇല്ലാതാക്കപ്പെട്ട. ഒ. അവസാനിക്കപ്പെട്ട.

ഹതകൻ-പ്ര. ദുഷ്ടൻ. ഉ. പേടിയുള്ളവൻ.

ഹതദൈവ-വി. ഭാഗ്യമില്ലാത്ത.

ഹതബുദ്ധി-ബുദ്ധിയില്ലാത്ത.

ഹതബോധൻ-ബോധമില്ലാത്തവൻ.

ഹതം-പ്ര. പൊതുക്കൽ. ഉ. കൊലചെയ്ത, ഉപദ്രവിക്ക. ന. ഹനിക്കപ്പെട്ടതു്. ഭ. നഷ്ടം.

ഹതശേഷം- കൊല്ലപ്പെട്ടതിൻറെ ശേഷമുള്ളതു്.

ഹതാശ-വി. പ്ര. ആശയില്ലാത്ത. ഉ. ഇല്ലാതായ വന്ന. ന. അറ്റുപോയ. ഭ. ഹീനമായ.

ഹതാശ-മച്ചി.

ഹതി-പ്ര. കൊല. ഉ. ഉപദ്രവം. ന. അടി. ഭ. നഷ്ടം. ഇ. തോൽവി.

ഹത്സ-പ്ര. ഒരു ആയുധം. ഉ. ഒരു ഭീതം.

ഹത്യ-കൊല, വധം.

ഹൃദ്രൻ-മനസ്സിടിഞ്ഞവൻ.

ഹൃദ്രം-പ്ര. അടി, ഇടി. ഉ. കൊല. ന. മരണം.

ഹൻ-പ്ര. ശിവൻ. ഉ. വിഷ്ണു. ന. ചന്ദ്രൻ. ഭ. രുദ്രൻ. ഇ. പരബ്രഹ്മം.

ഹനനൻ-കൊല്ലുന്നവൻ.

ഹനനം-പ്ര. കൊല. ഉ. അടി. ന. ഉപദ്രവം.

ഹനം-കൊല.

ഹനാൻവെള്ളം-(സ) തീർത്ഥജലം, അനുഗ്രഹത്തിൻറെ വെള്ളം. (ക്രി-മ).

ഹനിക്കുന്ന-പ്ര. കൊല്ലുന്ന. ഉ. നശിപ്പിക്ക മുതലായതു ചെയ്യുന്ന. ന. തല്ലുന്ന.

ഹന്ത-പ്ര. താടിയെല്ല്. (ഹനു എന്നർത്ഥം). പുത്രാദികളാൽ സ്പർശിക്കപ്പെടുന്നതു് എന്നർത്ഥം. ഉ. ഒരായുധം. ന.

പവിഴക്കൊടി. ൪ മീനം ൫ മരണം ൬. മഞ്ഞൾ. ൭ വേശ്യ.

ഹനുമാൻ, ഹനുമാൻ–വായുപുത്രനായ ഒരു വാനരശ്രേഷ്ഠൻ. (ശ്രീരാമരാവണയുദ്ധത്തിൽ അങ്ങനെ എന്ന പദം നോക്കുക).

'കല്യാണസൗഗന്ധികം' തുള്ളലിൽ 'താമരസാക്ഷരൻറെ മെത്തേടെതാഴത്തു' ഇത്യാദി വളച്ചുകെട്ടിയ ഒരു സ്തുതി കാണാം. ഇതിനു പലതും പലവിധം അർത്ഥം പറയുന്നുണ്ട്.

ഒരഭിപ്രായം.

താമരസാക്ഷരൻറെ–വിഷ്ണുവിൻറെ.

മെത്തേടെ–അനന്തരൻറെ.

താഴത്തുതാങ്ങിക്കിടക്കുന്നവനെ–ആദിക്കുമ്മത്തെ

ചുമക്കുന്ന വമ്പരൻറെ കൊമ്പരൻറെ–ചുമക്കുന്ന വമ്പരായ കൊമ്പരൻറെ=ഗജശ്രേഷ്ഠരൻറെ=ഗണപതിയുടെ.

കൊമ്പോന്നൊടിച്ചോരൻറെ – സുബ്രഹ്മണ്യരൻറെ.

ജ്യേഷ്ഠനെ–ഗണപതിയെ.

പേടിച്ചു നാട്ടീന്നുപോയോരൻറെ– രൈവശ്രവണരൻറെ.

ചാട്ടിൻറെ–പുഷ്പകവിമാനത്തിൻറെ.

കൂട്ടിൻറെ കോട്ടംതിമിർപ്പവരൻറെ–രാവണരൻറെ.

മുണ്ണിയുടെ– (മകരൻറെ) അക്ഷകുമാരരൻറെ.

കഴുത്തറുത്തോരു പുരുഷൻ–ഹനുമാൻ

എന്നുള്ളതെല്ലാമിവോട്ട വന്നുചേർന്നുണ്ണുണം.

മറെറാരഭിപ്രായം.

താമരസാക്ഷരൻറെ–വിഷ്ണുവിൻറെ.

മെത്തേടെ–അനന്തരൻറെ.

താഴത്തുതാങ്ങിക്കിടക്കുന്നവനെ–ആദിക്കുമ്മത്തെ

ചുമക്കുന്ന വമ്പരൻറെ സമുദ്രത്തിൻറെ.

കൊമ്പരൻറെ–ഐരാവതത്തിൻറെ.

കൊമ്പോന്നൊടിച്ചോരൻറെ – കൂർമ്മത്തിൻറെ.

ചേട്ടനെ–രാവണനെ.

പേടിച്ചു നാട്ടീന്നുപോയോരൻറെ– രൈവശ്രവണരൻറെ.

ചാട്ടിൻറെ–പുഷ്പകവിമാനത്തിൻറെ.

കൂട്ടിൻറെ–(വാസസ്ഥലത്തിൻറെ) ഭൂമിയുടെ.

അല്ലെങ്കിൽ ചാട്ടിൻറെ കൂട്ടിൻറെ– കൂട്ട (ചങ്ങാതി)=പുരുഷരത്നം=ഭൂമി.

അതിൻറെ കോട്ടം–വിപരീതമായനില.

തിമിർപ്പവനുണ്ണി– ആദിവരാഹമൂർത്തിയുടെ മുണ്ണി=നരകാസുരൻ.

കഴുത്തറുത്തോരു പുരുഷൻ–ശ്രീകൃഷ്ണൻ.

കല്യാണസൗഗന്ധികത്തിൽ 'വാനോർനഗരിപുരെ വാണതുമീടുന്ന ദീനാനുകമ്പിയാം കൃഷ്ണൻതിരുവടി' എന്നിപ്രകാരം സ്തുതിച്ചിട്ടുള്ള സ്ഥിതിക്ക് ഇങ്ങനെയും ഒരു സ്തുതി വേണമെന്ന് ആ മഹാകവി വിചാരിക്കുമോ?

ഹനുമാൻധാര – പ്രസിദ്ധമായ ഒരു കിണർ.

(ഇതു ചിത്രകൂടത്തിലാണ്)

ഹനുഷ്ടൻ–ഒരു രാക്ഷസൻ.

ഹന്ത–കഷ്ടം, ആശ്ചര്യം.

ഹന്തവ്യ–വി. കൊല്ലപ്പെടേണ്ടുന്ന.

ഹന്താവു്–പ. കൊല്ലുന്നവൻ, കൊന്നവൻ. പ. ശത്രു.

ഹന്തു–പ. കാ. പ. കൊല, മരണം.

ഹന്തുകാമ–ചി. കൊല്ലുവാൻ ആഗ്രഹമുള്ള.

ഹന്തൃത്വം–ഭാ.

ഹന്ന-വി. ഒഴിഞ്ഞ, കടന്നുപോയ.

ഹം-അ. കേപത്തിലും മറ്റും പ്രയോഗിക്കുന്ന ഒരു പദം.

ഹം-പ. അരയന്നം. ൨. കതിർ. ൩. ജലം. ൪. ചോര. ൫. ആകാശം. ൬. പുണ്യം (൭). ൭. ധ്യാനം. ൮. മംഗലം. ൯. സ്വർഗ്ഗം. ൧൦. അറിവ്. ൧൧. യുദ്ധം. ൧൨. ഭയം. ൧൩. കാരണം. ൧൪. സന്തോഷം. ൧൫. ആയുധം.

ഹംസകം—പ. തള, കാൽച്ചിലമ്പ്, കാൽവള. ഹംസതുല്യം എന്നർത്ഥം. ൨. വാത്ത.

ഹംസക്കുടം-പ. കാളയുടെ മുപ്പുറമുള്ള്, പൂഞ്ഞ. ൨. ഹിമാലയശിഖരം.

ഹംസഗതി-അരയന്നത്തെപ്പോലെ നടക്കുന്ന നട.

ഹംസതൂലം-അരയന്നത്തിന്റെ തൂവൽ.

ഹംസധ്വനി-ഒരു രാഗം.

ഹംസനാദിനി-ഒരുവക പ്രധാന സ്ത്രീ.

ഹംസൻ-പ. ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ. ൪. സൂര്യൻ. ഇരട്ടിനന ഹനിക്കുന്നവൻ എന്നർത്ഥം. ൫. കാമൻ. ൬. സ്വാതന്ത്ര്യമുള്ള രാജാവ്. ൭. സന്യാസി. ൮. ജരാസന്ധന്റെ ഒരു കൂട്ടുകാരൻ.

ഹംസാ-പ. അരയന്നം, ഗമനശീലം കൊണ്ട് ഈ പേരുണ്ടായി. ൨. ഒരു മന്ത്രം. ൩. സ്ത്രോത്രം. ൪. കതിർ. ൫ അസൂയ. ൬. പ്രാണവായുക്കളിൽ ഒന്ന്. ൭. മുൻപിൽ. ൮. എരിക്ക്. ൯. പർവ്വതം. ൧൦. പോത്തു്.

ഹംസമാല-പ. ഒരു വൃത്തത്തിന്റെ പേർ. ൨. കാരണം.

ഹംസമുഖി-ഒരു വൃത്തത്തിന്റെ പേർ.

ഹംസരഥൻ-ബ്രഹ്മാവ്.

ഹംസലോഹകം-പിച്ചള.

ഹംസവാഹം-ചായില്യം.

ഹംസവാഹനൻ-ബ്രഹ്മാവ്. ഹംസം വാഹനമായുള്ളവൻ എന്നർത്ഥം.

ഹംസാഭിഖ്യം-രസവള്ളി.

ഹംസി-പെൺ അരയന്നം.

ഹം ഹോ-അ. വിളിയിക്കലും നിന്ദയിക്കലും പ്രയോഗിച്ചു വരുന്നു.

ഹയഗ്രീവ-ദുർഗ്ഗ.

ഹയഗ്രീവൻ-പ. ബ്രാഹ്മണരുടെ വേദം മോഷണംചെയ്ത ഒരസുരൻ. ൨. വിഷ്ണു.

ഹയനം-മൂടലുള്ള രഥം.

ഹയൻ-ഇന്ദ്രൻ.

ഹയവൃച്ഛി-പെരുങ്കുണം എന്ന മരുന്ന്.

ഹയപ്രിയം-യവം.

ഹയം-പ. കതിര. ൨. ഏഴ് എന്ന അക്കം. ൩. പുരുഷന്മാരിൽ ഒരു ജാതി.

ഹയമാരകം-കണവീരം എന്ന ഒരു.

ഹയകഷ്ടൻ-പ. മാരുതി. ൨. തേരാളി.

ഹയമേധാ-അശ്വമേധം (ഒരു യാഗം).

ഹയവാഹനൻ-പ. കുബേരൻ. ൨. സൂര്യൻ.

ഹയശാല-കതിരലായം.

ഹയാംഗാ-ധനുരാശി.

ഹയി-പെൺകതിര.

ഹയാത്ഥാ-കതിരനിമിത്തം ഉണ്ടായതു് (കിട്ടുന്നതു്).

ഹര-വി. പ. ഹരിക്കുന്ന, ബലാൽ എടുക്കുന്ന, പിടിച്ചുപറിക്കുന്ന. ൨. കളയുന്ന.

ഹരകൻ-പ. കള്ളൻ. ൨. ശിവൻ. ൩. ഹാരകം. ൪. പിടിച്ചുപറിക്കുന്നവൻ.

ഹരചൂഡാമണി–ചന്ദ്രൻ.

ഹരണം–ക. ബലാൽ എടുക്കുക. ഉ. മോക്ഷണം. ന. രൊക. ര സ്ത്രീധനം. ഇ. ബീജം ണ. കവർച്ച. ഒ പൊന്ത്. വ. ചൂടവെള്ളം. ൻ. കണക്കിൽ കിഴിക്കുക.

ഹരതേജസ്സ്–രസം.

ഹരനേത്രം–ക. ശിവന്റെ കണ്ണ്. ഉ. മൂന്ന് എന്ന അക്കം.

ഹരൻ–ക. ശിവൻ. ഉ. അഗ്നി. ന. കണക്കിൽ കിഴിപ്പുൻ. ര. കഴുത.

ഹരബീജം–ക. രുദ്രാക്ഷം. ഉ. രസം.

ഹരം–കഴുത.

ഹരവാഹനം–കാള.

ഹരശേഖരാ–ശംഗാനദി.

ഹരാക്ഷം–രുദ്രാക്ഷം.

ഹരി–വി. ക. പച്ചയായുള്ള. ഉ. പിംഗലമായുള്ള. ന. മഞ്ഞയായുള്ള.

ഹരി–ക. ഇന്ദ്രൻ. ഉ. സൂര്യൻ. ന. വിഷ്ണു (കൃഷ്ണൻ). ര. വായു. ഇ. സിംഹം. ണ. തവള. ഒ. കതിര. വ. കരടു്. ൻ. രശ്മി. കഠ. ഭീതി. കഢ. ചന്ദ്രൻ. കണ. യമൻ. കത. ശുക്രൻ. കദ. സപ്തം. കധ. സചണ്ഡവണ്ടം. കന. കിളി. കഩ. ശിവൻ. കപ. ഭൂമിയുടെ ഒൻപതു ഖണ്ഡങ്ങളിൽ ഒന്ന്, ഹരിവർഷം. കൻ. ബ്രഹ്മാവു്. പഠ. അഗ്നി. പക. കയിൽ. പഢ. അരയന്നം. പത. മയിൽ. പദ. പച്ചനിറം. പധ. പിംഗലനിറം. പന. താന്നി. പഩ. തേരിക്ക്. പപ. മനുഷ്യൻ. പൻ. ഇന്ദ്രൻ൦ കതിര. നഠ. ഭർത്തൃഹരി എന്ന കവി.

'ഹരിരിന്ദ്രോഹരിർബ്രഹ്മഹരിർവിഷ്ണുർഹരിർമ്മതഃ ഹരിസ്സിംഹോഹരിർദ്ധേകോ ഹരിർവ്വാജീഹരിർകപിഃ। ഹരിരംശുർഹരിർഭീതഹരിസ്സോമോ ഹരിർയ്യമഃ ഹരിശ്ചക്രം ഹരിസ്സപ്തസ്സചണ്ഡവണ്ടോഹരിസ്മൃതഃ॥'

ഹരിഃ=28, ശ്രീ=2, ഗ=3, ണ=5, പ=1, ത=6, ക്ഷയ=1, ന=0, മ=5.

ഹരിസ്തുതിഗണപദ്യമെയ നമഃ=51.

ഹരികൻ–ക. മഞ്ഞ നീല നിറങ്ങളുള്ള കതിര. ഉ. പുതുമുളി. ന. കള്ളൻ.

ഹരികേശൻ–ശിവൻ.

ഹരിക്കാരൻ, അരിക്കാരൻ–ക. രാജാവിങ്കൽ നിന്നു അധികാരം കിട്ടിയ അടയാളമുള്ള ശിപായി. ഉ. ദൂതൻ. (രപഷ്യൻമാരുടെ).

ഹരിക്കുന്നു–ക. എടുത്തുകൊണ്ടുപോകുന്നു, മാറുന്നു, കളയുന്നു, കണക്കിൽ കിഴിക്കുന്നു. ഉ. അപഹരിക്കുന്നു. ന. കൊല്ലുന്നു. ര. ധിക്കരിക്കുന്നു.

ഹരിഗന്ധം–ഒരുതരം ചന്ദനം.

ഹരിചന്ദനം–ക കല്പവൃക്ഷങ്ങളിൽ ഒന്ന്. ഉ. രക്തചന്ദനം. ന. കുങ്കുമം. ര. പീതചന്ദനം ഇ. നിലാവു്.

ഹരിചന്ദനം (ഒരുവക മഞ്ഞചന്ദനം). രമലിവിനും മാറും നന്നു്. ഇതു ദിവ്യവും ജനങ്ങൾക്കു ദുർല്ലഭവുമാണു്.

ഹരിണ–വി. വെളുത്ത, മഞ്ഞ കലർന്ന വെള്ള നിറമായ.

ഹരിണൻ–ക. സൂര്യൻ. ഉ. വിഷ്ണു. ന. ശിവൻ.

ഹരിണം–ക. മാൻ. ഉ. വെള്ളനിറം. ന. രചെയ്യു. ര. അരയന്നം.

ഹരിണാരി–സിംഹം.

ഹരിണാംകം–കർപ്പൂരം.

ഹരിണി-പ്ര. മാൻപേട. ഉ. പച്ചനിറം, സ. സ്വർണ്ണപ്രതിമ. ശ. മഞ്ഞൾ. ഇ. നാലുമണിക്കോഴിയുടെ ചിറ്റിണി. ഋ. മഞ്ഞമുല്ല. ൠ. ഒരു വൃത്തം. വൃ. കറുകമുടി. ൻ. മഞ്ചട്ടി. പ്രാ. വിഭേഹരാജാവായ വേശ്രവാന്റെ പുത്രി.

ഹരിത-വി. പച്ചനിറമുള്ള, ഇരുണ്ട് നീലനിറമുള്ള.

ഹരിത-പ്ര. കരിങ്കുരുക, ഉവ്വ് എന്ന പുല്ല്. ഉ. മഞ്ഞൾ. സ. വലിയ മുന്തിരി. ശ. പുഴമുഞ്ഞ. ഇ. പച്ച.

ഹരിതകം-പ്ര. ഒരുമാതിരി ചീര. ഉ. പച്ചപ്പുല്ല്.

ഹരിതച്ഛദ-പച്ചനിറത്തോടുകൂടിയ ഇലയുള്ള.

ഹരിതം-പ്ര. പച്ചിലനിറം. ഉ. സിംഹം.

ഹരിതമഞ്ജരി-കപ്പമേനി.

ഹരിതാലകം-പ്ര. ചൂളപ്പൂവ്. ഉ. അരിതാരം.

ഹരിതാല-അരിതാരം.

ഹരിതാശ്മം-പ്ര. പച്ചക്കല്ല്. ഉ. തൂത്ഥാഞ്ജനം.

ഹരിൽ-പ്ര. മിക്ക്. വിമാനാദികൾ ഒരുങ്ങ് നടക്കാനുള്ള ഇടം എന്നർത്ഥം. ഉ. പച്ചിലനിറം. സ. കുരങ്ങുവർഗ്ഗം. ശ. സിംഹം. ഇ. മഞ്ഞൾ.

ഹരിൽപ്രഭൃക്കൾ-മിക് പാലന്മാർ.

ഹരിദശ്വൻ-ആദിത്യൻ.

ഹരിദശ്മമഹാമണി—സൂര്യകാന്തക്കല്ല്.

ഹരിദ്ര-മഞ്ഞൾ.

ഹരിദ്രുവം-മരമഞ്ഞൾ, കാരേയകം.

ഹരിദ്രാഭ-വി. മഞ്ഞനിറമുള്ള.

ഹരിദ്രാഭം—പ്ര. മഞ്ഞനിറം. ഉ. കച്ചോലം.

ഹരിദ്രാരംഗ-വി. സ്ഥിരമില്ലാത്ത.

ഹരിദ്രു-പ്ര. മരമഞ്ഞൾ. ഉ. മഞ്ഞക്കടമ്പ്.

ഹരിദ്വാരം-ഒരു പുണ്യതീർത്ഥം.

(ഇതു ശംശയുടെ ഉത്ഭവസ്ഥാനത്തെക്കുറിക്കുന്നു.)

ഹരിനാമാ-ചെറുപയറ്.

ഹരിനേത്രം-പ്ര. വെളുത്ത താമര. ഉ. ഉഴമൻ.

ഹരിന്മണി-മരതകം.

ഹരിപ്രിയ-വി. വിഷ്ണുവിനും മറവും ഇഷ്ടമുള്ള.

ഹരിപ്രിയ-പ്ര. ലക്ഷ്മി. ഉ. തുളസി. സ. ലാജശി. ശ. ഭൂമി. ഇ ഇരട്ടി.

ഹരിപ്രിയൻ-പ്ര. ശിവൻ. ഉ. മോക്ഷൻ.

ഹരിപ്രിയം-പ്ര. കടമ്പുമരം. ഉ. രാമച്ചം. സ. പീതചന്ദനം. ശ. കണവീരം. ഇ. ഉച്ചമഞ്ചരി. ൠ. ശംഖ്. ൡ. മഞ്ഞക്കയ്യോന്നി.

ഹരിഭക്ഷ്-പാമ്പ്.

ഹരിമഞ്ജരി-ഒരു രാഗം.

ഹരിമന്ദിരം-ഭൂവൈകുണ്ഠം.

ഹരിമന്ഥ(ക)ം-കടമ്പ. (ഹരിമന്ഥമെന്ന പാഠവും കാണുന്നു).

ഹരിയം-മഞ്ഞനിറമുള്ള കുതിര.

ഹരിലോചനം-പ്ര. ഞണ്ട്. ഉ. ഉഴമൻ.

ഹരിവർഷം-ഒരു വർഷത്തിന്റെ പേർ, ഭൂമിയുടെ ഒൻപതു ഖണ്ഡങ്ങളിൽ ഒന്ന്. (ജംബുദ്വീപം നോക്കുക).

'പ്രഹ്ലാദനെ നരസിംഹമൂർത്തിയെ സ്തുവിക്കുന്നു മുദിതാത്മനാഹരിവിഷ്ണു മിതന്നല്ലോ'

(ഭാഗവതം)

ഹരിവല്ലഭാ-പ്ര. ചെമ്പരത്തി. ര. തുളസി.

ഹരിവാൻ-ഇന്ദ്രൻ.

ഹരിവാലുകം-ഒരു മരുന്ന്.

ഹരിവാസം-അരയാൽ.

ഹരിശ്ചന്ദ്രൻ - പണ്ടുണ്ടായിരുന്ന ഒരു സൂര്യവംശരാജാവ്, ത്രിശങ്കുവിന്റെ പുത്രൻ. (കഥ സുപ്രസിദ്ധം.)

പ്രസിദ്ധകവിയായ പേട്ടയിൽ ഈശ്വരൻപിള്ള ആശാൻ ഈ കഥയെ ആസ്പദമാക്കി ഹരിശ്ചന്ദ്രചരിതം എന്ന ഒരാട്ടക്കഥയും, ഈ നിഘണ്ടുകാരൻ ഒരു കിളിപ്പാട്ടും എഴുതീട്ടുണ്ട്.

ഹരിശ്ചന്ദ്രനാവുക- സത്യസന്ധനെന്നു ഭാവിക്ക.

ഹരിസേനൻ-ഒരു കവി.

നാലാം ശതവർഷത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നു. തന്റെ രക്ഷിതാവിനെക്കുറിച്ചുള്ള ഒരു അഷ്ടകവും ഒരു മുപ്പതുവരി ശ്ലോകവും, കാളിദാസന്റെയും ബണ്ഡിന്റെയും കവിതകളോട് സദൃശങ്ങളാക്കി നിർമ്മിച്ചിട്ടുണ്ട്. സംസ്കൃതകാവ്യലക്ഷണങ്ങളും അനുസരിച്ചു രചിച്ചിട്ടുള്ള ഹരിസേനന്റെ ശ്ലോകം ദീർഘദീർഘങ്ങളായ സമസ്തപദങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. അതുകളിൽ ഒന്നിനു നൂറിലധികം അക്ഷരങ്ങളിൽ കൂടുതലുണ്ട്. എന്നാൽ പദ്യകൃതിയിലാകട്ടെ അദ്ദേഹം ദീർഘപദങ്ങളെ ത്യജിച്ചു കാളിദാസാദികളെപ്പോലെ വൈദർഭീരീതിയെ ആശ്രയിച്ചിരിക്കുന്നു.

ഹരിഹയൻ-പ്ര. ഇന്ദ്രൻ. ര. അഗ്നി ത്രൻ. ന. സുബ്രഹ്മണ്യൻ. ഴ. ശണപതി.

ഹരിഹരചൊല്ലിക്ക-കഷ്ടപ്പെടുത്തുക.

ഹരിഹരതനയൻ-ശാസ്താവ്.

വിഷ്ണുവിന്റെയും ശിവന്റെയും പുത്രൻ. വിഷ്ണുമോഹിനിയായ കഥ പുരാണപ്രസിദ്ധം.

ഹരിഹരൻ-വിഷ്ണുവും ശിവനും ഒന്നെന്നു സങ്കല്പിച്ചിട്ടുള്ള മൂർത്തി.

ഹരീതകി-കടുക്ക.

ഹരേണു-പ്ര. അരേണുകം. ര. വട്ടപ്പുണ്ണായി. ന. ഉത്തമശ്രീ. ഴ. ലങ്ക.

ഹർജ്ജി, ഹരജി-നിയമപ്രകാരമുള്ള അപേക്ഷ. (അറബിഭാഷ)

ഹർത്താവ്—ഹരിക്കുന്നവൻ, ബലാൽ എടുക്കുന്നവൻ.

ഹർമ്മ്യം-പ്ര. ആമ. ര. എരിക്ക്. ന. സപ്തച്ഛദം.

ഹർമ്മ്യം-പ്ര. മാളിക, മേട, ധനികഗൃഹം. ര. കൊട്ടാരം. ന. മച്ചോന്ത്.

(പ്രാസാദം—ഉന്നതഭവനം)

(ധനികന്മാരുടെ മാളികയ്ക്കു 'ഹർമ്യം' എന്നും രാജാക്കന്മാരുടെ മാളികയ്ക്കു 'പ്രാസാദം' എന്നും പറയുന്നു.)

ഹർയ്യക്ഷൻ-വൈശ്രവണൻ.

ഹർയ്യക്ഷം-സിംഹം.

ഹർയ്യം-തൊന്നി.

ഹർയ്യശ്വന്മാർ - 10,000. ദക്ഷന്റെ അസിക്നിയിലുണ്ടായവരാകുന്നു. (സന്യാസിച്ചു).

ഹർഷക-വി. സന്തോഷമുള്ള.

ഹർഷചരിതം - ബാണകവിയുടെ ഒരു കാവ്യം.

ഹർഷണം–സന്തോഷിപ്പിക്കുക.

ഹർഷണാ(ണി) – ക്രി. സന്തോഷിപ്പിക്കൽ. പു. കാമദേവന്റെ അഞ്ചമ്പുകളിൽ ഒന്നിന്റെ പേർ.

ഹർഷിത–വി. സന്തോഷിപ്പിക്കുന്ന.

ഹർഷിതാണ–വി. സന്തോഷമുള്ള.

ഹർഷം–ക്രി. സന്തോഷം. പു. വികാരം. ന. മലങ്കാര.

ഹർഷയിതവ്യ–സ്വർണ്ണം.

ഹർഷവർദ്ധനൻ–ബാണകവിയുടെ ഒരു സമ്പന്നൻ.

ഹർഷാശ്രു–സന്തോഷാശ്രു.

ഹർഷിക്കുന്ന–സന്തോഷിക്കുന്ന.

ഹർഷിത–വി. സന്തോഷിക്കപ്പെട്ട, സന്തോഷിച്ച.

ഹലധര–വി. കലപ്പയെ ധരിച്ച.

ഹലധരൻ–ബലഭദ്രൻ.

ഹലഭൃതി, ഹലഭൃതി–കൃഷി.

ഹലഭൃത്ത്–ക്രി. ബലഭദ്രൻ. പു. ഉഴുന്നവൻ.

ഹലം–കലപ്പ. ഉഴുന്നതു എന്നർത്ഥം.

ഹലഹതി–കൃഷി.

ഹലാ–ക്രി. സഖി. പു. ഭൂമി. ന. ജലം. ഭ. മദ്യം ഇ. നാട്ടുഭാഷയിൽ സഖിയെ വിളിക്കുന്നതു്. (ഹള എന്ന ശബ്ദം നോക്കുക).

ഹലായുധൻ–ബലഭദ്രൻ.

ഹലാഹലം–ക്രി. വിഷം. അകത്തുചെന്നാൽ ഉദരത്തെയും പുറത്തിരിക്കുമ്പോൾ അടുത്തുള്ള വൃക്ഷങ്ങളും, മൃഗകീടം മുതലായവയെയും മഹിപ്പിക്കുന്നതിനാൽ ഈ പേർ വന്നു. (ഹാലാഹലം എന്നതു നോക്കുക). പു. ഒരുവക സസ്യം.

ഹലി–ക്രി. ബലഭദ്രൻ. പു. കൃഷിക്കാരൻ. ന. കൃഷി. ഭ. ഉഴവുചാൽ.

ഹലിനീ–കലപ്പപ്പെട്ടം.

ഹലിപ്രിയ–മദ്യം.

ഹലിപ്രിയം–കടമ്പുവൃക്ഷം.

ഹലീനം–തേക്കുവൃക്ഷം.

ഹലീഷാ–കലപ്പപ്പിടി.

ഹല്യ–വി. ക്രി. ഉഴുത. പു. കൃഷിക്കുതക്ക.

ഹല്യം–ഉഴുക.

ഹല്യാ–കലപ്പയുടെ കുട്ടം.

ഹല്ലകം–രക്തചന്ദനമരം.

ഹല്ലനം–ഉറക്കത്തിൽ ഉരുളുക.

ഹല്ലന്ത, ഹലന്ത–വി. ഹല്ല് അവസാനത്തിലുള്ള.

ഹല്ലീശ(ഷ)ം – വട്ടത്തിൽ കളിക്കുക, സ്ത്രീകളും മറവും പാടിക്കൊണ്ടു വട്ടത്തിൽ നടന്നു കളിക്കുന്ന ഒരു കളി. പു. ഉപരൂപകങ്ങളിൽ ഒന്നു്.

ഹല്ലെലൊ(ല്യ)യാ–ഹി. ഒരേവരത്തെ സ്തുതിപ്പിൻ. സ്തുതി, ആനന്ദസ്വരം,

ഹല്ല്–ക മുതലായ അക്ഷരങ്ങളും ഹല്ലും ചേർന്നും ക്രമേ പറയുന്ന പേർ.

ഹവം–ക്രി. യാഗം. പു. വിളി. ന. പോക്കവിളി. ഭ. പ്രാർത്ഥന. ഇ. കല്പന, ആജ്ഞ.

ഹവനം–ക്രി. ഹോമം. പു. യാഗം. ന. പോക്കവിളി. ഭ. വിളി. ഇ. പ്രാർത്ഥന.

ഹവനാശനൻ–അഗ്നി.

ഹവനീയ–വി. യാഗസംബന്ധമായ.

ഹവനീയം–നെയ്യ്.

ഹവാലത്തി–ജാമ്യം.

ഹവാൽദാർ–ഒരു പട്ടാള ഉദ്യോഗസ്ഥൻ.

ഹവിർഭാഗം – ഹോമിക്കപ്പെടുന്ന ദ്രവ്യാംശം.

ഹവിർഭുക്ക്–അഗ്നി.

ഹവിർഭുത്തു്-അഗ്നി. ഹവിസ്സിനെ വഹിക്കുന്നവൻ എന്നർത്ഥം.

ഹവിഷ്യം-ദേവൻ.

ഹവിസ്സു്-പ്ര. ഹോമിപ്പാനായിട്ടുള്ള ദ്രവ്യം. (പുരോഡാശം എന്നതു നോക്കുക). പു. ദേവൻ. ന. ശിവൻ. ര. ജലം. ള. യാഗം.

ഹവ്യ-വി. ഹോമിപ്പാൻതക്ക.

ഹവ്യപാകം-ദേവന്മാർക്കു നിവേദ്യത്തിനായിട്ടുണ്ടാക്കിയ വസ്തു.

ഹവ്യം-പ്ര. ഹോമം. പു. ദേവൻ. ന. ചെറുപയർ.

ഹവ്യവതി-ഹവ്യ (ദേവം).

ഹവ്യവാഹ(ന)ൻ-അഗ്നി.

ഹവ്യാശൻ-അഗ്നി.

ഹസനം-ചിരി.

ഹസനി-ദൈത്തപ്പോട്ടു്, തീച്ചുട്ടി.

ഹസനീമണി-അഗ്നി.

ഹസന്തി-പ്ര. നെത്തപ്പോട്ടു്. പു. വള്ളിമുല്ല.

ഹസന്തിക-നെത്തപ്പോട്ടു്.

ഹസം-ചിരി.

ഹസികാ-ചിരി.

ഹസിക്കുന്നു-ചിരിക്കുന്നു.

ഹസിത-വി. പ്ര. ചിരിക്കുന്നു. പു. വിടിൻ.

ഹസിതം-പ്ര. ചിരി. പു. കാമദേവന്റെ വില്ലു്.

ഹസ്തകടകം-കൈവള.

ഹസ്തകമലം - പ്ര. താമരപോലെയുള്ള ഹസ്തം. പു. കൈയിൽ കൊണ്ടുനടക്കുന്ന താമര.

ഹസ്തഗത-കൈയിൽ കിട്ടിയതു്.

ഹസ്തഗാമി-കൈയിൽ വന്നു ചേരുന്നു.

ഹസ്തജോഡി - ശകുനത്തിലെ ഒരു മഹാകന്ദം.

വശ്യത്തിനും ഇന്ദ്രജാലത്തിനും നന്നു.

ഹസ്തതലം-പ്ര. ഉള്ളങ്കൈ. പു. ആനയുടെ തുമ്പിക്കൈയുടെ അറ്റം.

ഹസ്തതാഡനം - കൈകൊണ്ടടിക്കുക.

ഹസ്തദാനം-കൈകൊടുപ്പു്.

ഹസ്തധാരണം - തടുക്കുക. (ഹസ്തവാരണം എന്നതു നോക്കുക).

ഹസ്തപ്രാപ്ത-വി. കൈത്തലത്തിലായ.

ഹസ്തമല്ലൻ- പ്ര. ഐരാവതം. പു. ഗണേശൻ.

ഹസ്ത-പ്ര. കൈ. പു. അത്തം നക്ഷത്രം. ന. തുമ്പിക്കൈ. ര. തുമ്പത്തി. ള. തലമുടിയുള്ള തല. ന്യ. ഒരു മുഴുവൻ മുഴത്തിന്റെ (24 അംഗുലം നീളമുള്ള ആശാരിമുഴക്കോലിന്റെ) പേർ. വ്യാപാരികളുടെ ശോഭിക്കുന്നതു എന്നർത്ഥം.

ഹസ്തവാരണം-കൊല്ലുന്നതിനും മറ്റും ഒരുമ്പെട്ടവരുന്നവനെ തടുക്കുക.

ഹസ്തസംജ്ഞ-കൈക്രിയ

ഹസ്തസൂത്രം-കൈവള.

ഹസ്തസ്ഥ-വി. കൈയിലായ.

ഹസ്താക്ഷരം - ഒരാളിന്റെ കൈപ്പട (ഒപ്പു്).

ഹസ്താന്തരം - വേറൊരാളിന്റെ കൈവശം.

ഹസ്താംഗുലി-കൈവിരൽ.

ഹസ്തി - പ്ര ആന. പു. അയമോദകം. ന. ഭരതന്റെ പ്രപൌത്രൻ. ഇദ്ദേഹം ഹസ്തിനപുരം നിർമ്മിച്ചു.

ഹസ്തിനഖം -ഗോപുരത്തിൽനിന്നും കീഴ്പ്പോട്ടു സുഖമായി ഇറങ്ങുകയും കയറുകയും ചെയ്യുന്നതിനു മണ്ണുകൊണ്ടോ ക

ല്ലുകൊണ്ടോ ക്രമത്തിൽ ചായ്പായി കെട്ടി ഉണ്ടാക്കുന്ന ആനക്കൂട്ടം, ശത്രുക്കൾക്കും ഏറ്റപ്പും കയറി ഉപദ്രവിക്കാതിരിക്കുന്നതിനു നഗരപ്രാന്തത്തിൽ പണിചെയ്തു വയ്ക്കുന്ന വലിയ മൺതറ.

ഹസ്തിനാപുരം-ഒരു രാജധാനി, ഹസ്തി എന്ന രാജാവു് ഗംഗാതീരത്തിൽ പണികഴിപ്പിച്ച മുഖ്യ രാജധാനി, ഡൽഹി, കൗരവനഗരം.

ഇപ്പോഴത്തെ ഡൽഹിക്ക് ഉദ്ദേശം 10 നാഴിക വടക്കു കിഴക്കാണെന്നു കാണുന്നു.

ഹസ്തിനി-പ്ര. പിടിയാന. ഉ. സൌന്ദര്യമുള്ള ഒരുങ്ങാടി മങ്ക. സ്ത്രീ. രതിമഞ്ജരി പ്രകാരമുള്ള നാലുജാതി സ്ത്രീകളിൽ ഒരുവർഗം. (സ്ത്രീ എന്നതു നോക്കുക).

ഹസ്തിപ(ക)ൻ-ആനക്കാരൻ.

ഹസ്തിമദം-പ്ര മദജലം ഉ. കണ്ടിരവെണ്ണ.

കണ്ടിരവെണ്ണ എന്നതു ആനയുടെ മദജലത്തിനൊപ്പം ഗന്ധമുള്ള ഒരു ഗന്ധദ്രവ്യമാകുന്നു.

ഹസ്തിവിഷാണി(ക)-വാഴ.

ഹസ്തിശാല-ആനക്കൂട്ടിൽ.

ഹസ്തികരഗ്രഹം-വിവാഹം

ഹസ്തി-വി. പ്ര കൈകൊണ്ടു കൊടുക്കപ്പെട്ട. ഉ. കൈകൊണ്ടു പ്രവർത്തിക്കത്തക്ക, കൈപ്പാടുള്ള, കൈസംബന്ധമായ.

ഹസ്തിരാഗരാഹൻ-ആനക്കാരൻ.

ഹസ്തഹലം — ആപൽകരമായ ഒരുവക വിഷം.

ഹസ്യ-വി. പ്ര. മൂഢതയുള്ള. ഉ. ചിരിക്കത്തക്ക, ചിരിയുണ്ടാകുന്ന.

ഹഹാ-ഒരു ഗന്ധർവ്വൻ. ('ഹാഹാ' നോക്കുക).

ഹാഹലം - ആപൽകരമായ ഒരുവക വിഷം.

ഹള-അ. നാട്ടുഭാഷയിൽ സഖിയെ വിളിക്കുന്നതു്.

ഹണ്ഡേ, ഹാഞ്ജേ, ഹളേ ഇവ സംബോധനാർത്ഥകമായ അവ്യയങ്ങളാണു്.

നീചസ്ത്രീയെക്കുറിച്ചുള്ള ആഹ്വാനത്തിൽ —ഹണ്ഡേ.

മാസിയെ ,, —ഹാഞ്ജേ.

സഖിയെ(തോഴിയെ) ,, —ഹളേ

ഹറാം-ന്യായവിരുദ്ധമായ.

ഹാ

ഹാ-അ. ക്ഷണം, നിന്ദ, ദുഃഖം, സന്തോഷം ഇവയിൽ പ്രയോഗിച്ചു വരുന്നതു്.

ഹാംഗരം-ഒരുവക വലിയ മത്സ്യം.

ഹാജർ-സാന്നിധ്യം. (അറബിഭാഷ).

ഹാടക-വി. സ്വർണ്ണംകൊണ്ടുണ്ടാക്കിയ.

ഹാടകം-പ്ര. പൊന്നു്. ശോഭിക്കുന്നതു എന്നർത്ഥം. ഉ. ഉമ്മം, ഉമ്മത്തം.

ഹാടകാ-ഒരു നദി.

വിതലത്തിങ്കൽപിറന്നശ്രീമഹാദേവൻനിത്യം അതുലാനന്ദത്തോടുംഹാടകേശ്വരനന്ന* തിരുനാമവുംപൂണ്ടുപാർവ്വതിയോടുംചേർന്നു സുരതിചെയ്യരമിച്ചിരിപ്പതവരുടെ* ഇന്ദ്രിയംവീണവീണനഭിയാമയൊഴുകുന്നി തന്നരിയുടെനാമംഹാടകയെന്നതന്നെ'

(ദേശവർണ്ണനം)

ഹാടകഗിരി-മേരുപർവ്വതം.

ഹാഡ്ഡികാ-കോട്ടവായിടുക.

ഹാനം-പ്ര വിട്ടുക. ഉ. ദേഷ്യം.

ഹാനി-പ്ര. നാശം. ഉ. ആപത്തു്, സ. വിട്ടുക, ഭ. കുറവു്.

ഹായനം-പ. സംവത്സരം. ഋതുക്കളെ ഉപേക്ഷിക്കുന്നതു എന്നർത്ഥം. ഉ. രശ്മി. ന. ധ്രീഹിഭേദം.

ഹാരകൻ-പ കള്ളൻ, ഉ. കൊള്ളയടിച്ചു നടക്കുന്നവൻ. ന. ചൂതുകളിക്കാരൻ.

ഹാരകം-ഹാരത്തിനെ ഏതു സംഖ്യകൊണ്ടു ഹരിക്കുന്നുവോ അതു്.

ഹാരം-പ. മുത്തുമാല. ഉ, യുദ്ധം.

ഹാരഫുല്ലം-മദ്യം.

ഹാരി-വി. പ. മോഷിയുള്ള. ഉ.എടുക്കുന്ന.

ഹാരി-ഹാരങ്ങളെ ഒടുക്കുകിയതു്.

ഹാരികണ്ഠം-കയിൽ.

ഹാരിണകൻ-വേടൻ.

ഹാരിദ്രം-പ. മഞ്ഞനിറം. ഉ. കടമുയൽ.

ഹാരീ-പ. തോഴി. ഉ. മുത്തു്. ന. കയിൽ.

ഹാരീത(ക)ം, ഹാരിലം, ഹാരിതം-ചുമപ്പുവു്.

ഹാരീതം-പ. ചുമപ്പുവു്. ഉ. വ്യാജം.

ഹാരീതൻ-ഒരു മഹർഷി.

ഹാർദ്ദം-പ. സ്നേഹം. ഉ. ഭയം. ന. വിചാരം. ഭ. അർത്ഥം

ഹാർയ്യം-വി. പിടിച്ചുപറിക്കത്തക്ക.

ഹാർയ്യം-പ. ഹരിക്കപ്പെടുന്ന തുക. ഉ. പായു്.

ഹാലൻ-പ. ബലഭദ്രൻ. ഉ. ശാലിവാഹനൻ.

ഹാലകൻ - മഞ്ഞനിറമുള്ള കരിര

ഹാലം-കലപ്പ.

ഹാലാ-മദ്യം.

ഹാലാസ്യം - പ്രധാനപ്പെട്ട ഒരു ശിവക്ഷേത്രം.

ഹാലാഹല-പ. വിഷം.

പാലാഴി കടഞ്ഞപ്പോൾ പുറത്തുവന്ന ദുഷ്ടാംശമാണത്രേ ഇതു്. അതിഭയങ്കരം, സൂംഗിവേരപുരം, കോങ്കണം, മലയം എന്നീ പ്രദേശങ്ങളിൽ കാണാറുണ്ടു്. പുഷ്പമാലി എന്ന അസുരന്റെ ചോരയിൽനിന്നുണ്ടായതാണെന്നും അഭിപ്രായം കാണുന്നു.

ഉ. ഒരുമാതിരി പുഴു.

ഹാലാഹലാ-ഒരുതരം പുഞ്ചപ്പുഴു.

ഹാലാഹലാശൻ-ശിവൻ.

ഹാലാഹലി-മദ്യം.

ഹാലിക-വി. കലപ്പയെ സംബന്ധിച്ചു.

ഹാലികൻ-പ. ഹലം (കരി)കൊണ്ടു പൂട്ടുന്നവൻ. ഉ. കരിയെ വഹിക്കുന്നവൻ. ന. കരിയെ സംബന്ധിച്ചവൻ.

ഹാലീ-മാന്യയുടെ അനന്തരത്തി.

ഹാല്യ-പല്ലു്.

ഹാവം-പ. സ്ത്രീകളുടെ വിലാസാദി ചേഷ്ടാവിശേഷം. രസം വ്യക്തമായി കാണുന്ന ഭാവം. (വിലാസം എന്നതു നോക്കുക) എടുക്കയും കൊടുക്കയും ചെയ്യുന്നതു എന്നർത്ഥം. ഉ. വിളി, വിളിക്കുക.

ഹാസകൻ-കളിയാക്കുന്നവൻ, ഭീരു, വിഡ്ഢകൻ.

ഹാസം-പ. ചിരി, അകസ്മികമായ ചിരി (വിലാസങ്ങളും നോക്കുക.) ഉ. കൂട്ടം.

ഹാസ്തികൻ-ആനക്കാരൻ.

ഹാസ്തികം-ആനക്കൂട്ടം.

ഹാസ്തിനം-ഹസ്തിനാപുരം.

ഹാസ്യ-വി. ചിരിക്കപ്പെടുവാൻതക്ക, പരിഹസിക്കപ്പെടുവാൻതക്ക.

പരുക്ഷവാക്ക്, ദുഷ്ടരോടു യാചിക്ക ഇവ ഉ-ം, ഹാസ്യഹേതുക്കളാകുന്നു.

ഹാസ്യം– ക. ചിരി, ഉ. നവരസങ്ങളിൽ ഒന്ന്.

ഹാസ്യാണ്ണവം– ജഗദീശപണ്ഡിതർ ഉണ്ടാക്കിയ ഒരു നാടകം.

ഹാഹാ–അ. സന്തോഷം, (ദുഃഖം മുതലായവയിൽ പ്രയോഗം).

ഹാഹാ–ഒരു ഗന്ധർവ്വൻ (ഹാഹാ ഹൂഹൂ തുടങ്ങിയുള്ള ഗന്ധർവ്വന്മാർ ദേവകളുടെ പാട്ടുകാരാകുന്നു).

ഹി

ഹി–അ. ദുഃഖഹേതു, വിക്ഷോഭം, വിസ്മയം എന്നീ അർത്ഥങ്ങളിൽ പ്രയോഗിച്ചുവരുന്നു, പാദപൂരണത്തിനും ചേർക്കും.

ഹിക്ക–ഒരു മീനം, ഏക്കിൾ.

ഹിജ്ജലം–തീർകടമ്പ്.

ഹിഡിംബി–ഒരു രാക്ഷസി.

ഹിഡിംബൻ–ഭയങ്കരനായ ഒരു രാക്ഷസൻ.

പാണ്ഡവരെ വശീകരിപ്പാൻ ചെന്ന സ്വസഹോദരിയായ ഹിഡിംബിയും മീനനും രഹസ്യാലോചന ചെയ്യുന്നതു അവിടെ ചെന്നപ്പോൾ, യുദ്ധത്തിൽ മീനനാൽ കൊല്ലപ്പെട്ട ഹിഡിംബിയെ ഭീമൻ വേട്ടു. ഘടോൽകചൻ ഉണ്ടായി.

ഹിഡിംബാ–ക. ഹിഡിംബന്റെ സഹോദരി, ഭീമന്റെ ഒരു ഭാര്യ ഉ. ഹനുമാന്റെ ഭാര്യ.

ഹിണ്ഡനം–ഗമനം.

'ശീതരശ്മേരുമേണ്ഡലോപരി
ഹിണ്ഡനംകഥയത്യയം'
(ശാകുന്തളം)

ഹിണ്ഡികൻ–ജ്യോതിഷക്കാരൻ.

ഹിണ്ഡി–ഉള്ളം.

ഹിണ്ഡി(ണ്ഡീ)രം–കടൽനുര, കടൽനാക്ക്.

ഹിത–ക. ഇഷ്ടംപോലെയുള്ള, രക്ഷിക്കുന്ന. ഉ. പേയ, പുറപ്പെട്ട. നു. മേലാൽ ഗുണമായിട്ടു വരുന്നതിനു കാരണമായ. ര. പിടിക്കപ്പെട്ട, രക്ഷപ്പെട്ട. ഇ. ഉപകാരമുള്ള. നാം സ്നേഹമുള്ള, ഭയവുള്ള.

ഹിതകം–കഞ്ഞു.

ഹിതകാരി (-രിണി)–ഹിതം ചെയ്യുന്നവൻ (–രി).

ഹിതം–ഗുണകരമായുള്ളതു്. ഈ പദത്തിനു 'ഇഷ്ടം' എന്നൊരർത്ഥം സംസ്കൃതഭാഷയിൽ ഇല്ല.

ഹിതൻ–ബന്ധു, ഇഷ്ടൻ.

ഹിതവാദി–വി. ഇഷ്ടമായതു പറയുന്ന, മേലാൽ ഗുണമായിട്ടു വരുവാനുള്ള സംഗതികളെ പറഞ്ഞുകൊടുക്കുന്ന.

ഹിതാ– നടന്നുപോകുന്നതിനുള്ള ചിറ, വഴി.

ഹിതാശംസ–ഇഷ്ടവാക്ക്.

ഹിതാഹിതം– വേണ്ടുന്നതും വേണ്ടാത്തതും.

ഹിതോക്തി–ഇഷ്ടവാക്ക്.

ഹിതോപദേശം–ക. ഇഷ്ടമായ ഉപദേശം. ഉ. ഒരു പുസ്തകം.

വിഷ്ണുശർമ്മാവുണ്ടാക്കിയതു്. നീതിമാർഗ്ഗം അടങ്ങിയിരിക്കുന്നു. മിക്കദോക്ഷകളിലും ഇതു തർജ്ജമയുണ്ടു്.

ഹിന്താലം–ഇന്തപ്പന.

ഹിന്തു–ക. ഭാരതഖണ്ഡത്തിന്റെ പേർ. ഉ. ഭാരതഖണ്ഡത്തിലുള്ള മനുഷ്യരുടെ പേർ. പ്രാചീനാര്യന്മാർ ആദ്യം സിന്ധുനദീതീരത്തിൽ താമസിച്ചിരുന്നതുകൊണ്ടു അന്യർ അക്കാലത്തു ആര്യന്മാരെ 'സിന്ധുക്കൾ' എന്നു വിളിച്ചുവന്നു. സ്സിന്ധു ശബ്ദം കാലക്രമേണ 'ഹിന്ദു' ശബ്ദമായി.

ഹിന്ദുകുഷ്-ഏഷ്യാഖണ്ഡത്തിന്റെ നടുവിലുള്ള ഒരു പർവ്വതം.

ഹിന്ദോളം-അന്തോളം.

ഹിബുകം-പത്തരമേടം.

ഹിമത്രയം—ചന്ദനം, രക്തചന്ദനം, പീതചന്ദനം.

ഹിമരേഖ- വേനൽക്കാലത്തും ഉരുകാതെ ഹിമം കിടക്കത്തക്ക പൊക്കം.

ഹിമരശ്മി-ചന്ദ്രൻ.

ഹിമം-പ. മഞ്ഞ്. ഉ. ചന്ദനം. ന. കർപ്പൂരം. ഭ. രൌപ്യതീയം. ര. മുത്ത്. ന. രക്തചന്ദനം. ഒ. ഹിമാലയ പർവ്വതം. വ. രാമരം. ൻ. രാത്രി.

ഹിമകരം-കർപ്പൂരം.

ഹിമണി-അരയിൽ കെട്ടുന്ന ഒരുമാതിരി സഞ്ചി. (മടിശ്ശീല).

ഹിമദ്യുതി-ചന്ദ്രൻ.

ഹിമദ്രുമം-നിംബവൃക്ഷം.

ഹിമൻ-ചന്ദ്രൻ.

ഹിമവാൻ-ഭാരതഖണ്ഡത്തിന്റെ വടക്കെ അറ്റമുള്ള ഒരു വലിയ പർവ്വതം, ഹിമാലയൻ.

ഹിമവാലുക-കർപ്പൂരം.

ഹിമാനി-മഞ്ഞിൻകട്ടി, വലിയമഞ്ഞ്.

ഹിമാരാതി-പ. അഗ്നി. ഉ. സൂര്യൻ.

ഹിമാംശു-പ. ചന്ദ്രൻ. ഉ. കർപ്പൂരം.

ഹിമാംശുത്വം-കടൽ.

ഹിമാലയൻ-ഹിമവാൻ പർവ്വതം.

ഹിമാവതി-മലയെരിമ (എരിമത്താമ്പൂ)

ഹിമിക-മഞ്ഞ്.

ഹിമ്മണി—അരയിൽ കെട്ടുന്ന ഒരു സഞ്ചി.

ഹിംകാരം-കടുവാ.

ഹിംഗു-പെരുങ്കായം. ശരീരത്തിൽ വ്യാപിക്കുന്നത് എന്നർത്ഥം.

ഹിംഗുനിര്യ്യാസം-വേപ്പുമരം.

ഹിംഗുല(ള)-ചായില്യം.

ഹിംഗുലി-ചെറുവഴുതിന.

ഹിംഗുലു-ചായില്യം.

ഹിംസ-പ. അടി. ഉ. വധം, കൊല.

ഹിംസകൻ-പ. ശത്രു. ഉ. അഥവ്വവേദം നല്ലവണ്ണം പഠിച്ച ബ്രാഹ്മണൻ.

ഹിംസാരു-കടുവാ.

ഹിംസാലു-നായ്.

ഹിംസാലു(ക)-വി. കൊല്ലുക ശീലമുള്ള, ഉപദ്രവിക്ക ശീലമുള്ള. ഹിംസാലുകൻ-കടിക്കുന്ന പട്ടി.

ഹിംസിക്കുന്ന-കൊല്ലുന്ന.

ഹിംസിത-വി. കൊല്ലപ്പെട്ട.

ഹിംസിതം-ഉപദ്രവം.

ഹിംസീരൻ-പ. കടുവാ. ഉ. ദുഷ്ടൻ.

ഹിംസീരം-കടുവാ.

ഹിംസ്യ-വി. ഹിംസിക്കത്തക്ക.

ഹിംസ്ര-വി. ക്രൂരസ്വഭാവമുള്ള. ഉ. കൊല്ലുന്ന. ന. ഉപദ്രവിക്കുന്ന.

ഹിംസ്രം-മഞ്ഞി.

ഹിംസ്രകം-ഇരതേടുന്ന കാട്ടുമൃഗം.

ഹിംസ്രൻ-പ. നശിപ്പിക്കുന്നവൻ. ഉ. ശിവൻ. ന. ഭീമൻ.

ഹിംസ്രം-ദുഷ്ടമൃഗം, കാട്ടുമൃഗം.

ഹിരഗ്രു-രാഹു.

ഹിരണം-സ്വർണ്ണം.

ഹിരണ്മയ-വി. പൊന്നുകൊണ്ടുണ്ടാക്കപ്പെട്ട.

ഹിരണ്മയൻ-ബ്രഹ്മാവ്.

ഹിരണ്മയം-പ. ഭൂമിയുടെ ൻ-ഖണ്ഡങ്ങളിൽ പ. (ജംബൂദ്വീപം നോക്കുക).

'ആയുമാവായപിതൃനായകൻഹിരണ്മയ വരിക്കത്തീങ്കൽക്കുമ്മൂത്തിയെയസേയിക്കുന്നു'.

ഉ. അറുപതിലൊന്നു വത്സരം.

ഹിരണ്യഗർഭൻ-ബ്രഹ്മാവ്.

ഹിരണ്യഗർഭം-ചില രാജാക്കന്മാർ കഴിക്കുന്ന ഒരു വലിയ കർമ്മം.

ഹിരണ്യം-പ. പൊന്ന്. ഉ. വെള്ളി. ന. സമ്പത്ത്. ര. വിലയേറിയ വസ്തു. ഇ. നശിച്ചുപോകാത്ത വസ്തു. ന. കവടി.

ഹിരണ്യതീർത്ഥം-സരസ്വതീതീർത്ഥം.

ഹിരണ്യനാഭം-ഒരുമനാകപർവ്വതം.

ഹിരണ്യരേതസ്സ്-പ. അഗ്നി. ഉ. സൂര്യൻ. ന. കൊടുവേലി.

ഹിരണ്യവാഹ-പ. ശോണനദം (ശോണനദി) ഇതിൽ നിന്നു സ്വർണ്ണം അരിച്ചെടുക്കുന്നതിനാൽ ഈ പേരുണ്ടായി. ഉ. ശിവൻ.

ഹിരണ്യവർണ്ണാ-നദി.

ഹിരുക്-അ. പ. ക്രിയാന്തരം (കഴിച്ച്). ഉ. ഇടയിൽ. ന. സമീപത്തിങ്കൽ.

ഹിലമോചി(കി)-പ. ചീര. (ശാകഭേദം). ഉ. കാനകവാഴ.

ഹില്ലം-താറാവ്.

ഹിസാബ്-കണക്ക്.

ഹിഹി-അ. സന്തോഷത്തിലും, അത്ഭുതത്തിലും പ്രയോഗം.

—:o:—

ഹീ

ഹീ-അ. അത്ഭുതം, ദുഃഖം, കാരണം, തുച്ഛം ഇവയിൽ പറഞ്ഞു വരുന്ന ഒരു വ്യയം.

ഹീന-വി. പ. കുറവുള്ള. ഉ. കുറമുള്ള, ചീത്തയായ. ന. കേടുവന്ന, രോഞ്ഞ, ചേതംവന്ന. ര. ഉപേക്ഷിച്ച. ഇ. താണ

ഹീനത-കുറവ്.

ഹീനം-കുറവ്. ഉ. കുറം. ന. നിന്ദ.

ഹീനാംഗ-വി. പ. മുടന്തുള്ള. ഉ. അംഗത്തിനു കുറവുള്ള.

ഹീനാംഗി-ചെറിയ മുറം.

ഹീരം-പ. ഒരുവക രത്നം ഉ. കങ്കുമം. ന. പാമ്പ്. ര. സിംഹം. ഇ ഇന്ദ്രന്റെ വജ്രായുധം.

ഹീരദേശം-യൂറോപ്പ്.

ഹീരൻ-പ. ശിവൻ. ഉ. ശ്രീഹർഷന്റെ പിതാവിന്റെ പേർ.

ഹീര(കം)-ഒരുവക രത്നം, വജ്രം.

ഹീരം-പ. ഒരുവക രത്നം. ഉ. പാമ്പ്. ന. സിംഹം. ര. ഇന്ദ്രന്റെ വജ്രായുധം.

ഹീരകം-വജ്രം.

ഹീരാ-പ. ലക്ഷ്മി. ഉ. ഏറയ്.

ഹീരാംഗം-വജ്രായുധം.

ഹീഹി-അ. അത്ഭുതത്തിങ്കൽ പ്രയോഗം.

—:o:—

ഹു

ഹുക്ക-കഞ്ചാവു വലിക്കുവാനുള്ള കഴൽ. (അറബിഭാഷ).

ഹുക്കും-കല്പന, ആജ്ഞ.

ഹുങ്ക്-പ. അഹംകാരം. ഉ. ശക്തി, ബലം.

ഹുങ്കാരം-അലർച്ച.

ഹുങ്കൃതി-അലർച്ച.

ഹുഡുക്കം-പ. ഒരു വാദ്യം (ആനലോവാദ്യഭേദം). ഉ. മുഞ്ഞ, നത്ത്.

ഹുണ്ടി, ഹുണ്ടിക, ഉണ്ടിയൽ-കച്ചവടക്കാരുടെ സൌകര്യത്തിനു വേണ്ടി വെച്ചുമാറുന്ന സമ്പ്രദായത്തിൽ പണം കൊടുക്കൽ വാങ്ങൽ ചെയ്യുന്ന ഏർപ്പാട്.

ഹുണ്ഡാ-പ കട്ടവം ഉ. നാട്ടപന്നി.

ഹുത-വി. പ. ഹോമിക്കപ്പെട്ട. ഉ. വിളിക്കപ്പെട്ട.

ഹുതഭുക്-പ. അഗ്നി ഉ. കൊടുവേലി.

ഹുതഭുക്പ്രിയ - അഗ്നിയുടെ ഭാര്യ, സ്വാഹാ.

ഹുതം-ഹോമം, ഹോമദ്രവ്യം, അഗ്നിയിൽ പ്രക്ഷേപിക്കപ്പെട്ടത്.

ഹുതാശനൻ, ഹുതാശൻ, ഹുതാ
മവഹൻ-അഗ്നി.

ഹൂം-അ. ഉൗഹിക്കുക, അനുസരണം,
ചോദ്യം മുതലായവയിൽ പ്രയോഗം.

ഹൂസ്വാഹാ! ഒരു വ്യാക്ഷേപകം.

ഹൃ

ഹൃ-അ. വിളി, ദുഃഖം, നിന്ദ മുതലായവ
യിൽ പ്രയോഗം.

ഹൃണൻ-ഫ. ധ്വര, സംഭ്രമം, ഉ. ചര
ദേശി. നാ. മ്ലേച്ഛൻ.

ഹൃതി-ഫ. വിളിക്കുക എന്നർത്ഥ
മുള്ള ആഹ്വാനം ഉ. പോർക്കവിളി. നാ. പേർ.

ഹൃദ്-അ. സന്ദേഹം, ചോദ്യം, രാമ മുത
ലായവയിൽ പ്രയോഗം.

ഹൃദയവൽ-കരുക്കൻ.

ഹൃഹൃ-ഒരു ഗന്ധർവ്വൻ.

'ഹൃഹൃ എന്നു പേരുകൊണ്ട ഗന്ധർവ്വാധീ
പൻ വീരൻ.

(ഗജേന്ദ്രമോക്ഷം തുള്ളൽ)

ഹൃ

ഹൃച്ഛയികാ-തുമ്പൽ.

ഹൃണീയ-നിന്ദ്യ. ഉ. ലജ്ജ, ജുഗുപ്സ.

ഹൃത്തു്-ഫ. മനസ്സ്. വിഷയങ്ങളാൽ
ഹരിക്കപ്പെടുന്നതു എന്നർത്ഥം. (വിചാ
രത്തിന്റെ ഇരിപ്പിടം). ഉ. കരളു,
നെഞ്ചു്. നാ. ഹൃദയത്തിന്റെ ഉള്ളിലി
രിക്കുന്ന പദ്മാകാരമായ മാംസവിശേ
ഷം.

ഹൃതശേഷം-ഫ. ഹരിച്ചതിൽ ബാക്കി
വന്ന തുക. ഉ. എടുത്തതിൽ പിന്നെ
യുള്ള ശിഷ്ടം.

ഹൃത-വി. ഹരിക്കപ്പെട്ട.

ഹൃതി-അപഹരണം.

ഹൃദന്തം-ഉള്ളം.

ഹൃദയകമലം-മനസ്സ്.

ഹൃദയഗ്രന്ഥി, ഹൃൽഗ്രന്ഥി-മനസ്സി
ന്നു നേരിട്ടിരിക്കുന്ന വിഷമത.

ഹൃദയം-ഫ. മനസ്സ്, ബുദ്ധിയുടെ ഇരി
പ്പിടം. ഉ. നെഞ്ചു്, കരളു.

ഹൃദയം എന്നതു രക്തസംഭരണമായ
ഒരു പൊള്ളയായ അവയവമാകുന്നു.
ഇതിന്റെ ആകൃതി മിക്കവാറും വാഴ
ക്കൂമ്പുപോലെയിരിക്കും. നാലറകളുണ്ടു്.

ഹൃദയഗമ-മനസ്സിനു ഇണങ്ങിയ, എളു
പ്പത്തിൽ മനസ്സിൽ ചേരുന്ന, യുക്തമാ
യുള്ള.

ഹൃദയംഗമം-യുക്തിയുക്തമായ വാക്കു്.
മറ്റൊരു പര്യായം 'സംഗതം'.

ഹൃദയസ്ഥാനം-നെഞ്ചു്.

ഹൃദയാലു, ഹൃദയവത്-വി. നിഷ്കള
ങ്കമായ മനസ്സോടുകൂടിയ.

ഹൃദയികൻ-നിഷ്കളങ്കമനസ്സോടു കൂടി
യവൻ.

ഹൃദിസ്പൃക്-ഹൃദയത്തെ സ്പർശിക്കു
ന്നതു്, ഇമ്പമുള്ളതു്, വികാരങ്ങളെ ഉ
ണ്ടാക്കുന്നതു്.

ഹൃദ്യ-വി. ഫ. മനസ്സിൽ സന്തോഷമു
ണ്ടാക്കുന്ന, പ്രിയമുള്ള. ഉ. നല്ല. നാ.
ഹൃദയത്തിനെ സംബന്ധിച്ച.

ഹൃദ്യഗന്ധ-പിച്ചകം.

ഹൃദ്യ-ഹൃദയത്തെ അടക്കിഭരിക്കുന്ന
തിനുള്ള ഒരു മന്ത്രം.

ഹൃദ്യാ-പൂതി എന്ന മരുന്നു്.

ഹൃദ്പിണ്ഡം-ഹൃദയം.

ഹൃദ്രോഗം-ഫ. നെഞ്ചിനകത്തുണ്ടാകുന്ന
ഒരു രോഗം. ഉ. ദുഃഖം. നാ. പ്രേമം.

ഹൃല്ലാസം-ഫ. നെഞ്ചുരിച്ചൽ എന്ന
സുഖക്കേടു്. ഉ. ദുഃഖം.

ഹൃഷ്ടാശയൻ-കാമദേവൻ.

ഹൃഷിത-വി. ഫ. സന്തോഷിച്ചു. ഉ.
അത്ഭുതപ്പെട്ട. നാ. ഇല്ലുമ്പിംഗം വന്ന.

ഹൃഷീകം-ഇന്ദ്രിയം.

ഹൃഷീകേശൻ-വിഷ്ണു ഇന്ദ്രിയങ്ങളുടെ നിയന്താവു്, സംരക്ഷകൻ, ഈശൻ. സൂര്യചന്ദ്രന്മാരുപനയിച്ചിരിക്കുന്ന യംരഥത്തിന്റെ കേശങ്ങളും (രശ്മികളും) ജഗത്തിനു ഹർഷത്തെ ചെയ്യുന്നതും അവൻ ഹൃഷീകേശൻ.

ഹൃഷ്ട-വി. സന്തോഷിച്ച, സന്തോഷമുള്ള.

ഹൃഷ്ടത-പ്രസന്നത.

ഹൃഷ്ടി-പ സന്തോഷം. ൨. സുഖം. ൩. അറിവു്

ഹേ

ഹേ-അ. സംബോധനവാചകം, അല്ലയോ, എടോ.

ഹേതി-പ. ആയുധം ൨. അഗ്നിജ്വാല, ൩. അഗ്നിജ്വാലയിലെ ശക്തി

ഹേതു-കാരണം.

ഹേതുക-വി. കാരണമായ.

ഹേതുകം-പ. കാരണം. ൨. ഒരായുധം.

ഹേതുത(ത്പ)-കാരണമായി വേണ്ടി എന്നർത്ഥം.

ഹേതുൽപ്രേക്ഷ-ഒരലങ്കാരം.

ഹേതുപ്രതിശയോക്തി-ഒരലങ്കാരം.

ഹേതുപ്രസ്താവന-അ. മറ്റൊരുത്തരകാരണത്താൽ.

ഹേതുപഹ്നുതി — അപഹ്നുതി എന്ന അലങ്കാരത്തിൽപ്പെട്ടതു്.

ഹേമകന്ദലം-പഴം.

ഹേമകരൻ, ഹേമകർത്താ-കട്ടാൻ

ഹേമക്രൂട-കിംപുരുഷവർഷത്തിലുള്ള ഒരു പർവ്വതം. (മേരുവിനും ഹിമവാനും മദ്ധ്യേ).

ഹേമകേശൻ-ശിവൻ.

ഹേമചന്ദ്രൻ-ഒരു സംസ്കൃത അകാരാദി യുടെ കർത്താവു്.

ഹേമചന്ദ്രാചാര്യൻ—ഒരു സംസ്കൃത കവി. ഒരു ജൈനനാണ്. മഹാവീരസ്വാമിസ്തോത്രം ഉണ്ടാക്കി.

ഹേമദുശ്ചർമ്മകം അഞ്ചിവൃക്ഷം.

ഹേമന്തം-ആറു ഋതുക്കളിൽ ഒന്നു്, ഇതു മാഗ്ഘമാസത്തിലേ തെളിഞ്ഞ പ്രതിപദം മുതൽ ധനുവിലെ കറുത്തവാവുവരെയുള്ള കാലം. ബലത്തെ വർദ്ധിപ്പിക്കുന്നതു് എന്നർത്ഥം.

ഹേമപുഷ്പ-പ. ചെമ്പകം. ൨. അശോകവൃക്ഷം, ൩. ചെമ്പരത്തി. ൪. നാഗപ്പൂവു്.

ഹേമപുഷ്പിക-പ ചെമ്പകം. ൨. മഞ്ഞക്കടമുരി.

ഹേമം-പ. പൊന്നു്. ൨. നിഷ്പന്ധം, ശക്തി. ൩. നാഗപ്പൂവു്. ൪. പൊന്നിനെ സംബന്ധിച്ച വിശേഷ അളവു്.

ഹേമമാല-യമന്റെ മറ്റു്.

ഹേമശംഖൻ-വിഷ്ണു.

ഹേമലൻ-കട്ടാൻ.

ഹേമ-ഒരു അപ്സരസ്ത്രീ. ൨. സുന്ദരി,

ഹേമാംഗം-പ. സിംഹം. ൨. ചമ്പകം. ൩. മേരുപർവ്വതം.

ഹേമാംഗൻ-പ ഗരുഡൻ. ൨. ബ്രഹ്മാവു്. ൩. വിഷ്ണു.

ഹേമാദ്രി-മഹാമേരുപർവ്വതം.

ഹേമാവു്-പ. പൊന്നു്. ൨. ബുധൻ.

ഹേമിക്കുന്നു-പ. ബലവിക്കുന്നു, ൨. നിഷ്പന്ധിക്കുന്നു.

ഹേയ-വി. ഉപേക്ഷിക്കത്തക്ക.

ഹേരംബം-പോത്തു്.

ഹേരംബൻ-പ. ഗണപതി. ശിവന്റെ അടുക്കൽ സ്ഥിതിചെയ്യുന്നവൻ എന്നർത്ഥം. ൨. അഹങ്കാരമുള്ള പടയാളി, ൩. പോത്തു്.

ഹേരാ-മഞ്ഞൾ.

ഹേല-പ. ഹാവഭാവവിശേഷം, സ്ത്രീശരീരത്തെ മോഹിപ്പിക്കേണ്ടതിനു വികാരസൂചകമായ (വിലാസം നോക്കുക). ൨. നിലവു്. ൩. നിന്ദ.

ഹേലനം-പ. നിന്ദ. ൨. സ്ത്രീശരീരത്തിലെ രസത്തിനു മോഹിപ്പിക്കേണ്ടതിനു വികാരസൂചകമായ (വിലാസം നോക്കുക). ൨. നിലവു്. ൩. നിന്ദ.

ഹേലി—പ. സൂര്യൻ. ര. ശൃംഗരവിലാസം.

ഹേഷം, ഹേഷാ, ഹേഷിതം-കനിഷ്ഠരക്കരച്ചൽ.

ഹേഷി-കനിഷ്ഠ.

ഹേഹേ-അ. (വിളിയിൽ പ്രയോഗം).

ഹൈ

ഹൈ-അ. (വിളിയിൽ പ്രയോഗം).

ഹൈതുക-കാരണമായ.

ഹൈമ-വി. പ. ഹേമത്തോട്ട (സ്വർണ്ണത്തോട്ട) ചേർന്ന, സ്വർണ്ണമായുള്ള. ര. ഹിമത്തോട്ട (മഞ്ഞോട്ട) ചേർന്ന.

ഹൈമന-വി. പ. തണുപ്പുള്ള. ര. മഞ്ഞുകാലത്തോട്ട ചേർന്ന. ന. മഞ്ഞുകാലത്തുണ്ടാകുന്ന.

ഹൈമനം-പ. മകരമാസം. ര. മഞ്ഞുകാലം.

ഹൈമൻ-ശിവൻ.

ഹൈമന്ത—പൊൻനിറമുള്ള ഒരുവക മുല്ല.

ഹൈമന്തിക-ഹേമന്തകാലത്തെ സംബന്ധിച്ച.

ഹൈമം-പ. ഉറച്ച മഞ്ഞ്. ര. മഞ്ഞുവെള്ളം. ന. നിലവേപ്പ്.

ഹൈമവതം-പ. ഭാരതഖണ്ഡം. ര. ഒരു വിഷം.

ഹൈമവതീ-പ. പാർവ്വതി, ഹിമവാനെ സംബന്ധിച്ച. ര. കറുത്ത വയമ്പ്, വയമ്പ്. ന. കടുക്ക ര. മലാശോധകമായ ഗംഗ ന. വലിയ ഏലത്തരം ഒ. അതേനകം.

ഹൈയംഗവീനം—ഇന്നലെ കറന്ന പാൽ കാച്ചി ഉറവീഴ്ത്തി ഇന്ന് അതു കടഞ്ഞുണ്ടാകുന്ന വെണ്ണ നെയ്യ്.

ഹൈരണ്യവാസസ്സ്-കരസ്സം.

ഹൈരാക്കി-ഗ്രീ. ഒരുവക ഭരണക്രമം. വിശ്വാസികളേയും പട്ടക്കാരേയും രാജാക്കന്മാരേയും ഒരു അതിരാജാവിന്റെ കീഴിൽ ഉൾപ്പെടുത്തുന്ന ഭരണരീതി.

ഹൈരികൻ-കള്ളൻ.

ഹൈഹയൻ- ഭൃഗുകുലത്തിൽ ജനിച്ച ശര്യാതിയുടെ പുത്രൻ.

വീതഹവ്യൻ എന്നും പേരുണ്ട്. ഇദ്ദേഹം തപസ്സുകൊണ്ടു ഒടുവിൽ ബ്രാഹ്മണ്യത്തെ പ്രാപിച്ചു. ബ്രാഹ്മണ്യം പ്രാപിച്ചതിൽ പിന്നെയും ഒരു പുത്രനുണ്ടായി. പേർ-ഗൃത്സമദൻ.

പ. യദുവിന്റെ പുത്രന്റെ പേരുകൂടി. ന. കാർത്തവീര്യാർജ്ജുനൻ.

—:o:—

ഹോ

ഹോ-അ. (ചോദ്യത്തിലും വിളിയിലും പ്രയോഗം).

ഹോഡം-ചങ്ങാടം.

ഹോഡാ-തൊണ്ടികാരം, മോഷ്ടിച്ച വസ്തുക്കൾ.

ഹോതാവ്-പ. ഹോമിക്കുന്ന ആൾ. ര. യാഗംചെയ്യുന്നവൻ. ന. അഗ്നി.

ഹോത്രം-പ ഹോമബലിക്കായി നിശ്ചയിച്ച വസ്തു, ഉരുക്കി അരിച്ചു തെളിയും മറവും. ര. ഹോമം.

ഹോത്രാ-പ യാഗം. ര. സ്തുതി.

ഹോത്രിയൻ-ഹോമിക്കുന്ന ആൾ.

ഹോത്രിയം-ഹോമിക്കുന്ന മുറി.

ഹോമധാന്യം-പ. എള്ള്. ര. യവം.

ഹോമധേനു- ഹോമത്തിനു വേണ്ടിയുള്ള പശു തനെയ്യ് മുതലായതു കൊടുക്കുന്ന പശു. (ഹോമത്തിനുവേണ്ടിയുള്ള പശു എന്നു വിഗ്രഹം).

ഹോമം-അഗ്നിയിൽചെയ്യുന്ന ഒരുകർമ്മം.

ഹോമി പ. തൈ. ര. വെള്ളം. ന. തീ.

ഹോമി-ഹോമിക്കുന്നവൻ.

ഹോമിക്കുന്ന - ഹോമത്തിന്റെ രീതി അനുസരിച്ചു തീയിലിട്ടു ജ്വലിപ്പിക്കുന്ന.

ഹോര-പ. ജ്യോതിശ്ശാസ്ത്രത്തിൽ വച്ചു മുഖ്യമായ ഭാഗം. ര. ലഗ്നം (രാശ്യുദയം)

ന. രാശിചക്രത്തിലെ ഒരടയാളത്തി ന്റെ ആരംഭം. ര. അഹോരാത്രം, ഒരു ദിവസത്തിന്റെ ൩൰-ൽ ഒരുപങ്ക്. ഇ. ഒരു രാശിയെ രണ്ടാക്കി മാറിച്ചും ലുണ്ടാകുന്നതു. ഈ. ഒരു വര.

ഹോരാഫലം-ജാതകഫലം.

ഹോശാന-ക്ര. രക്ഷയ്ക്കിനു സ്തുതി. ഉ. ക്രിസ്തു യെരുശലേമിലേക്കു എഴുന്നള്ളിയതിനെ കൊണ്ടാടുന്ന ദിവസം, പുനരുത്ഥാനത്തിന്റെ തലേ ഞായറാഴ്ച.

ഹോഹെയ-അ. (വിളിയിലും നന്ദിയിലും പ്രയോഗം).

ഹെയ

ഹെയ-അ. നിന്ദ, ചോദ്യം ഇവയിൽ പ്രയോഗം.

ഹെയ്നി-ഇംഗ്ലീഷ് മാക്ഷ.

ഹെയ്രികം — ദിവ്യോദ്യാനത്തിലുള്ള നിത്യയുവതികളായ കന്യകമാർ.

ഹ്യ

ഹ്യ-അ. ഇന്നലെ.

ഹ്യസ്തന-വി. ഇന്നലത്തെ നാം സംബന്ധിച്ചു.

ഹ

ഹ്രദം-ക്ര. ആറിൻചുഴി, കയം.

ഹൃത്തിനു പ്രസന്നതയോടുകൂടിയിരിക്കുന്ന ഒരവസ്ഥയുണ്ട്.

ഉ. രശ്മി.

ഹ്രദിനി-ക്ര. നദി. ഉ മിന്നൽ.

ഹ്രസിക്കുക-ചുരുങ്ങുക.

ഹ്രസിത-വി. ക്ര ശബ്ദിച്ചു. ഉ. ചുരുക്കിയ.

ഹ്രസിമാവു്-നീളക്കുറവു്.

ഹ്രസിഷ്ഠ-വി. നീളംകുറഞ്ഞ, വളരെ ചെറുതായ.

ഹ്രസ്വ-വി. നീളമില്ലാത്ത, രൂപക്കേടില്ലാത്ത. ഹ്രസ്വം > < ദീർഘം.

ഹ്രസ്വൻ-മുണ്ടൻ.

ഹ്രസ്വ-(വ്യാകരണത്തിൽ) സ്വരങ്ങളിൽ ഒന്നു്. (വൃത്തശാസ്ത്രത്തിൽ) ലഘു.

ഹ്രസ്വമൂലപഞ്ചകം-കാരിച, മുവിച, ചെറുവഴുതിന; ഞെരിഞ്ഞിൽ, വെള്ളരുണ്ട.

ഹ്രസ്വഗവേധു(ഥു)ക-ആനക്കുറന്തോടി.

ഹ്രസ്വശാഖാശിഫം-നന്നേ ചെറിയ കൊമ്പും മുരട്ടുമായുള്ള ചെടി.

ഹ്രസ്വാംഗം-ക്ര. ഒരു മത്സ്യം. ഉ. നീളംകുറഞ്ഞ അവയവം.

ഹ്രാദം-ശബ്ദം.

ഹ്രാദി-വി. ശബ്ദിക്കുന്ന.

ഹ്രാദിനി-ക്ര. മിന്നൽ. ഉ. വജ്രായുധം. ന. നദി. ര. ഇന്ത്രമരം.

ഹ്രാസം-ക്ര. ചുരുങ്ങൽ. ഉ. ചെറിയതുക. ന. ശബ്ദം.

ഹ്രീ-ലജ്ജ, നാണം.

ഹ്രീക-ലജ്ജ, അടക്കം. ഭയം, പേടി.

ഹ്രീക-ക്ര. അരക്കു്. ഉ. വെളുത്തീയം. ന. പൂച്ച. ര. ലജ്ജ. ഇ. ഭയം.

ഹ്രീണ-വി. ലജ്ജിച്ച.

ഹ്രീത-വി. ലജ്ജിച്ച.

ഹ്രീഭേ(വേ)ര(ല)ം-ഇരുവേരി.

ഹ്രീള-ലജ്ജ.

ഹ്രേഷ, ഹ്രേഷിത-കതിരക്കരച്ചൽ.

ഹ്ല

ഹ്ലാദം, ഹ്ലാദകം, ഹ്ലാദികാ-സന്തോഷം.

ഹ്ലാദനം-സന്തോഷം,

ഹ്ലാദി-വി. ഹ്ലാദമുള്ള, സന്തോഷമുള്ള

ഹ്ലാദിനീ-ഇന്ത്രവൃക്ഷം.

ഹ്വാനം-ക്ര. വിളി. ഉ. ശബ്ദം.

റ

('ര' കഴിഞ്ഞു 'റ' വരുക ക്രമം)

റ-ഹല്ലുകളിൽ ഒരക്ഷരം.

റക്കാബ്-അങ്കപ(വ)ടി. (അറബിഭാഷ)

റബ്ബി-യജമാനൻ, (അറബിഭാഷ).

റമ്പാൻ-സന്ന്യാസി.
റട്ടാക്കുന്നു-വേരങ്ങനെ വയ്ക്കുന്നു.
റവ-വളരെ ചെറിയ ഉരുണ്ട സാധനം
റവുക്ക-സ്ത്രീകൾ ധരിക്കുന്ന ഒരുതരം ചെറിയ ഉടുപ്പ്.
റാക്കു് - വെള്ളത്തിനടിയിലുള്ള മുക്കുന്ന ഒരു തരം.
റാഞ്ചൻ-ഒരു പക്ഷി.
റാഞ്ചുന്നു-പതുങ്ങി മുതലായ പക്ഷികൾ തക്കംനോക്കി പറന്നുവന്നു ചെറിയജന്തുക്കളെ കാൽ നഖത്തിൽ കോരിയെടുത്തുകൊണ്ടു പോകുന്നു.
റാജു-ക്ഷത്രിയന്മാരുടെ ഒരുസ്ഥാനപ്പേരു്.
റാട്ടു്-നൂലുചുറ്റുന്ന ഒരു യന്ത്രം.
റാണി - രാജ്യഭരണംചെയ്യുന്ന രാജസ്ത്രീ, രാജ്ഞി.
റാത്തൽ - ആറേകാൽ പലം. (അറബി ഭാഷ).
റാൻ, ഇറാൻ-കല്പനപോലെ, ഉത്തരവുപോലെ, ആജ്ഞയുള്ള സമ്മതത്തെ കാണിക്കുന്ന ഒരു വ്യാക്ഷേപകപദം.
റാവുത്തൻ-കുതിരക്കാരൻ, (രാകുത്തൻ)
റാവുത്താർ-മഹമ്മദീയരുടെ ഒരു സ്ഥാനപ്പേരു്.
റാസ-(സു) ആത്മോത്കർഷമായ സുഖാനുഭവം.
റാഹത്തു്-സമാധാനം, സുഖം. (അറബി ഭാഷ).
റിക്കാട്ടു്-രേഖാവിവരം.
റുമാൽ-ഉറുമാൽ, കൈലേസു്.
റൂ(ഉറു)ശമാ-(സു). ആശീർവ്വാദം.
റൂശ്യ വടക്കു് അറേത്തുള്ള ഒരു വലിയ രാജ്യം.
റൂഹാദ്ക്കുദ്(ദി)ശാ-(സു). ആത്മാവിന്റെ പ്രേരൻ, പരിശുദ്ധാത്മാവു്, ത്രിത്വത്തിലെ മൂന്നാമത്തെ ആൾ.

റെഗുലേഷൻ-അതാതവും പോലീസും സംബന്ധിച്ചു രാജ്യകാര്യങ്ങൾ നടത്തേണ്ടും നീതികളെക്കുറിച്ചു രാജാവു നിശ്ചയിച്ചെഴുതിയ കോർട്ടുകളിലും മറ്റും സ്ഥിരപ്പെടുത്തിയിരിക്കുന്ന ഒരു പുസ്തകം
റെഡി-ഒരുക്കം, തയാർ.
റെപ്പട്ടു്-ബോധിപ്പിക്കൽ. (Report).
റേന്ത-വസ്ത്രങ്ങളുടെ അറ്റത്തു തുന്നിപ്പിടിപ്പിക്കുന്ന ഒരുമാതിരി നേരിയതരം തുണിവേല.
റൊട്ടി-ഒരു പലഹാരം.
ഒരുട്ടി ഈ നാട്ടിൽ പോർത്തുഗീസുകാർ മുഖാന്തരം നടപ്പായ ഒരു അപ്പമാണു്.
റോട്ടു്-വഴി.
റോന്തു് - സക്രമത്തിനുദ്യോഗസ്ഥന്മാർ രാത്രി കാലങ്ങളിൽ കടികളുടെ രക്ഷക്കുവേണ്ടി ചുറ്റിനോക്കുക. (പോർത്തുഗീസു ഭാഷ).
റോപ്പ-ഒരുവലിയ ശുഖണ്ഡം, യൂറോപ്പു്.
റോമാ-പഴയ ക്രൂരകാരുടെ മുഖ്യസ്ഥലം.
ലിപിക്രമം—ര് & ം = ർ).

ള

ള—37 വ്യഞ്ജനങ്ങളിൽ ഒന്നു്, ഒരു ചില്ലു്.
ളരിപം-ദിവ്യരൂപം, മായാസംബന്ധം; ജ്യോതിസ്വരൂപം.
'ളരിപംകലന്നിളകുരത്തിനപ്പരിവു്'
(ഹരിനാമകീർത്തനം).

ഴ

(ക-യുടെ അവസാനത്തിൽ നോക്കുക).

ഴ-37 വ്യഞ്ജനങ്ങളിൽ ഒന്നു്, ഒരു ചില്ലു്
(ലിപിക്രമം—ള് & ഴ് = ം).

ശുഭം.

അ

അകളേബരൻ-കാമദേവൻ. കളേബരം (ശരീരം) ഇല്ലാത്തവൻ എന്നർത്ഥം. 'അകളേബരന്നമഴലകമേവമുക്മിതു' (രാമായണം ചംപു)

അംഗരക്ഷണി-ഉടുപ്പു്, ചട്ട.

അധികരിക്ക-(അധികപ്പെടുക എന്നതു നോക്കുക.)

അനാമത്തു്-പ്രത്യേകം ഇനത്തിൽപ്പെട്ടാത്തതു്.

അനുക്രമം-അനുക്രമം > <പ്രതിക്രമം. പുല്ലിംഗം 'അനുക്രമൻ'.

അന്തിക്രിസ്തു-(ഗ്രീ) ക്രിസ്തുവിന്റെ വിരോധി; ക്രിസ്തുവിന്റെ സഭയ്ക്കു വിരോധമായി ലോകാവസാനത്തിനു മുമ്പു വരുവാനിരിക്കുന്ന ഒരു ദുഷ്ടൻ.

അന്ത്യോപചാരം-ഒടുവിലത്തെ ഉപചാരം; മരണാപകടത്തിലിരിക്കുന്ന ഒരുവനെക്കുറിച്ചു ശരീരത്തിനു സൌഖ്യവും, പാപത്തിനു പൊറുതിയും, ആത്മാവിനു് അന്ത്യസമരത്തിൽ ശക്തിയും പ്രദാനം ചെയ്യുന്നതിനായി ചെയ്തുകൊണ്ടു പോരുന്ന ഒരു കർമ്മം.

അന്നേ-അന്നത്തെന്ന.

അപ്പസ്തോലൻ-(ഗ്രീ). പ്രേഷിതൻ; അയയ്ക്കപ്പെട്ടവൻ; ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ പന്ത്രണ്ടു്. ൧. പത്രോസ്. ൨. അന്ത്രയോസ്. ൩. യാക്കോബ്. ൪. യോഹന്നാൻ. ൫. പീലിപ്പോസ്. ൬. ബർത്തലോമ്മായി. ൭. തോമ്മ. ൮. മത്തായി. ൯. (ചെറിയ) യാക്കോബ്. ൧൦. തദേവൂസ്. ൧൧. ശിമയോൻ. ൧൨. യൂദാ.

അഭിഭാഷകൻ-വക്കീൽ.

അഭിഭാഷിക്ക-ന്യായവാദംചെയ്ക.

അമലോത്ഭവം-പാപംകൂടാതെയുള്ള ജനനം, കന്യകമറിയത്തിന്റെ ഉത്ഭവം ദോഷംകൂടാതെയുള്ള പിറവി.

അമ്മാവൻ-൧. അമ്മാവൻ, അമ്മയുടെ സഹോദരൻ. ൨. മൂപ്പീന്ന്, വയസ്സൻ.

അയിത്തം-അശുദ്ധി, തീണ്ടലും തൊടീലും. (ഇതു് അശുദ്ധി എന്നവാക്കു ദുഷിച്ചുണ്ടായതാണു്.)

അരങ്ങൊഴിയുക-ആരെയും മയക്കില്ലാതെ താന്തോന്നിത്തരമായി പ്രവർത്തിക്കുക.

അർദ്ധരാത്രികുടപിടിക്ക - (ശൈലി) അനാവശ്യമായി ആഡംബരം ഉപയോഗിക്ക.

അവാചീനം-ഇക്കാലത്തുള്ളതു്. അവാചീനം > <പ്രാചീനം.

അഹാഹാ - എന്തുവേണ്ടുഎന്നുള്ള വിചാരം. (ദേശ്യപദം).

അവസാനവിധി - ലോകാവസാനത്തിൽ ക്രിസ്തു സകലമനുഷ്യരുടേയും മേൽ അവരുടെ പുണ്യത്തിനും പാപത്തിനും അനുസരണമായി പ്രസ്താവിക്കുന്നവിധി.

അവിടത്തേ-ആ സ്ഥലത്തെ.

അവിടുത്തെ-അദ്ദേഹത്തിന്റെ.

അസ്തമനം-(അസ്തമയം എന്നുവേണം).

അള്ളലുള്ളം-സങ്കടം, വേദന.

"പിള്ളമയ്യിലപ്പെട്ടിമനിച്ചു
തല്ലിമയങ്ങിയള്ളലുള്ളമതീചല്ലീ"
(ഭാഗവതം)

അഹംഭാവം-(൦). ഖലിപീഡം.

അഠമായർ-(സു). ലെവ്യകിക്കർ.

അറു-വി. അവസാനിക്കുന്ന, അവസാനിക്കുന്ന.

അ

അഗമനകാലം-ക്രിസ്തുമസ്സിനു മുമ്പുള്ള നാലു് ആഴ്ചവട്ടം.

അഗ്രഹാരം-ഇതു (മലയാളം) ശ്രേഷ്ഠപദമാകുന്നു.

അഞ്ജനേയൻ-ഹനുമാൻ. (അഞ്ജനയിലുണ്ടായവൻ).

അടിമ-(ഹീ). മനുഷ്യൻ, ക്രൈസ്തവസിദ്ധാന്തകാരം ആദ്യമനുഷ്യന്റെ പേർ.

അടിമുറുവു്-(അടിമുറ എന്നു മതി).

അനുവിറുമതിയാമോ- (ശൈലി). വലിയവരെ ഏല്പിയവക്കു തൃപ്തിപ്പെടുത്താൻ കഴിയുന്നതാണോ?

അർകലി-സമുദ്രം.

'അർകലിയിൽ ചിറയിട്ടുകടന്നതും' (രാമശ്വരമേധം)

അലവിക്ക, അലാവിക്ക-ഫാഷാട്ടുക. ഉ. സംഭാഷണംചെയ്തു.

അശാരി- ശില്പികളിൽ ഒരു വകഭേദം. ശില്പി-വിശ്വകർമ്മജനം. (ചിലർ 'അചാരി' എന്നും എഴുതുന്നുണ്ടു്).

ഇ

ഇരുട്ടുകൊണ്ടു് ഓട്ട അടയ്ക്കുക-(ശൈലി). തല്ക്കാലത്തേയ്ക്കുള്ള പ്രതിവിധിചെയ്തു.

ഇലവുകാത്തശുകം-(ശൈലി). ആശിച്ചുകാലംകഴിയുന്നവൻ.

ഈശോ-(സു). രക്ഷകൻ, യേശു.

ഈശോമിശിഹാ-യേശുക്രിസ്തു.

ഉ

ഉണ്ടചോറിൽകല്ലിടുക-(ശൈലി). നന്ദിയില്ലായ്മ കാണിക്കുക.

ഉത്ഭവദോഷം-ആദത്തിന്റെ പാപം മൂലം മനുഷ്യവർഗ്ഗത്തിനു ജനനത്തിലേ ഉള്ള ആധ്യാത്മികമായ ഒരു രോഗാവസ്ഥ.

ഉന്മി-(കല്യാണസൌഗന്ധികം തുള്ളലിൽ 'ഉന്മി' എന്നു കാണുന്നതു് 'ഉന്മീലിതം' എന്നു വായിക്കണം).

ഉയിർപ്പുതിരുനാൾ-ഈസ്റ്റർ, യേശുക്രിസ്തു മരിച്ചു സംസ്കരിക്കപ്പെട്ടിട്ടു മൂന്നാംദിവസം സജീവനായി ഉത്ഥാനം ചെയ്തതിന്റെ സ്മരണാർഥിനം.

ഉല്ലുലു-കരവ. ഉ-ം, ഉല്ലുലുധ്വനി.

എ

എപ്പിഫനി-(ഗ്രീ). പരിശുദ്ധനാം തിരുനാൾ, പ്രകാശം, ഉദയം, ജ്യോതിസ്സു് സ്വജ്ഞന്മാരായ പൂർവ്വദേശരാജാക്കന്മാർ ഒരു അസാധാരണ നക്ഷത്രത്താൽ നിർണ്ണയിച്ചു ബേത്‌ലഹമിൽ ചെന്നു യേശുവിനെ ആരാധിച്ച ദിവസം.

എമ്മാനുവേൽ-(സു). ദൈവം നമ്മോടുകൂടെ; ഏശയ്യാപ്രവചനത്തിൽ യേശുവിനു നൽകിയ പേർ

എവൻഗേലിയോൻ-(ഗ്രീ). സുവിശേഷം.

എവൻഗേലിസ്റ്റ-(ഗ്രീ). സുവിശേഷകർത്താവു്. എവൻഗേലിസ്റ്റന്മാർ നാലു്. മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ.

എഴുകോഴകർമ്മം-സമ്മാനം കൈക്കലാക്കൽ മുതലായവ.

എറെപ്പോന്ന-ധാരാളമുള്ള.

ഐക്യത-(ഐക്യം മതിയാകും).

ഐരാവത —ഇന്ദ്രന്റെ ആനയായ ഐരാവതത്തിന്റെ കൊമ്പു് കണക്കെ ഒടിച്ചിട്ടുണ്ടു്. (വാല്മീകിരാമായണം മൂലകാണ്ഡം നോക്കുക).

ഒ

ഒടുവിലത്തെഅത്താഴം-യേശു സ്വശിഷ്യന്മാരോടു കൂടി പീഡാനുഭവത്തിനുമുമ്പു കഴിച്ച അന്ത്യഭക്ഷണം.

ഓതം-സമുദ്രം. (ഓതിന്മാതു=ലകപ്പി).

ഓർശ്ലം- (സു). സമധ്യാനത്തിന്റെ പുൽക്കൂട്ട്, പുണ്ണ്യപുര, ഈസയലെം പട്ടണം.

ഓശാന-(ഹീ). സന്തോഷത്തോടുകൂടിയുള്ള ആർപ്പുവിളി, യേശു പീഡാനുഭവത്തിന് ആറു ദിവസം മുമ്പ് ആഘോഷമായി ഓർശ്ലം പട്ടണത്തിൽ പ്രവേശിച്ചതിന്റെ സ്മരണ.

ക

കടമ-കർത്തവ്യം, നിശ്ചയമായി ചെയ്യേണ്ടത്, ചുമതല.

കണ്ടമാനം-തുമ്പില്ലാത്ത സ്ഥിതി, ഏതെങ്കിലും ബോധിച്ചതുപോലെ വിചാരശൂന്യമായി ചെയ്യുന്ന സ്ഥിതി.

കത്ത(ത്ത)നാർ-സുറിയാനി വൈദികനുള്ള സ്ഥാനപ്പേർ.

കത്തനാർഠാഠം-(ഗ്രീ). മെത്രാസനപ്പള്ളി.

കർദ്ദിനാൾ-(ല). പ്രധാനി, വൈദികപ്രഭു.

കവ്യാർ-(പൊ) ദൈവാലയം സൂക്ഷിക്കയും വൈദികകർമ്മങ്ങളിൽ പരിചരിക്കയും ചെയ്യുന്ന ആൾ.

കാനോന-(ഗ്രീ). നിയമം.

കാനോനനമസ്കാരം-വൈദികർ പ്രതിദിനം നിശ്ചിതസമയങ്ങളിൽ ഏത്തിക്കുന്ന ജപം.

കാനോൻനിയമം-കത്തോലിക്കസഭയുടെ നിയമസംഹിത.

കാപ്പ-വൈദികർ ചില മതകർമ്മങ്ങളിൽ ധരിക്കുന്ന പുറംകുപ്പായം.

കാർത്ത്യായനി-കാത്ത്യായനി

'കൃതപ്രപഞ്ചമിതൃക്തം
തത്ത്യം കാർത്ത്യമുച്യതെ।
യത്തത്രശോതസംധ്വീയം
തസ്മാൽ കാർത്ത്യായനീസ്മൃതാ ॥

കാശ-(സ്ഥപതി എന്നതു നോക്കുക).

കാസ-(സു). ക്രിസ്തീയവൈദികർ കുബ്ബാനയിൽ ഉപയോഗിക്കുന്ന ഒരു പാത്രം.

കാസോ(തോ)ലിക്ക-(ഗ്രീ). പൊതുവായത്, സമധ്യക്ഷൻ.

കുടുകുടെ-ധാരാളമായി.

കുമ്പസാരം-(പൊ). പാപസങ്കീർത്തനം, ഒരു ക്രമാശ.

കുമ്പിരിക്കുട്ടുക-ചവറിനു തീയിട്ടതിൽനല്ലി തിപ്പൊരി പറപ്പിച്ചു കളിക്കുക.

കുമീഞ്ഞുമെന്ത്-പൊ. ശവസംസ്കാരം.

കുംഭകർണ്ണൻ-(പൈരാവതം നോക്കുക)

കുരിശ്-(ക്രൂശ് എന്നതു നോക്കുക.)

കുർബ്ബാന-(സു). ബലി; പൂജ

കുർബ്ബാനവ്വന്നക്രമാശ- അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശം. യേശുവിന്റെ ശരീരവും രക്തവുമായി അത്ഭുതമായവണ്ണം വസ്തുതീരപ്പെടുന്ന ഒരു ക്രമാശ.

കുളത്തിലേവിളവ്-(പൈശാചി) പ്രസരിപ്പില്ലാത്തവൻ.

ക്രമാശ-(സു). യിസ്രായേൽ; മനുഷ്യരുടെ ആത്മാക്കളെ യിസ്രായേലപ്പെടുത്തുന്നതിന്നായി യേശു സ്ഥാപിച്ചതും ഇന്ദ്രിയാശ്ചരമായതും ദൈവപ്രസാദവരത്തെ ഉളവാക്കാൻ പര്യാപ്തമായതുമായ ഒരു ബാഹ്യചിഹ്നം. ക്രമാശകൾ ഏഴ്. മാമ്മോദീസ, മുമ്പിലത്തെ ഒപ്പുശുമ, കുർബ്ബാന, കുമ്പസാരം, ഒടുവിലത്തെ ഒപ്പുശുമ, പട്ടം, വിവാഹം.

ക്രുമ്മബുദ്ധി-(ബുദ്ധിയുടെ ക്രമ എന്നതു നന്ത്).

കൊന്ത-കത്തോലിക്കർ ഉപയോഗിക്കുന്ന ജപമാല, കന്യകമറിയത്തോടുള്ള ഭക്തിയെക്കുറിച്ചു കത്തോലിക്കർ നടത്തുന്ന ഒരുതരം ജപസംഹിത.

കൊവേന്ത-(ല). സന്ന്യാസാശ്രമം.

ക്രമീകരിക്ക-(ക്രമപ്പെടുത്തുക നോക്കുക)

ക്രിസ്ത്യ-(ഗ്രീ). അഭിഷിക്തൻ, പൂശപ്പെട്ടവൻ.

ക്രിസ്തുമസ്സ്-(ഇ). യേശുവിന്റെ ജനന ദിവസം.

ക്രിസ്ത്യാനി-(ഖ). യേശുവിന്റെ അനുയായി.

ക്രോധാലയം, കോപാലയം=കോപിക്കുമ്പോൾ ഇരിപ്പാനുള്ള അറ.

ച

ചെത്തമാക്കുന്നു-പരിഷ്കരിക്കപ്പെടുന്നു.

ചേക്ക-പട്ടട.

'ആവതില്ലാത്ത കൂട്ടർ ചേക്ക തൻ
കോണകളിൽ തീവെച്ചുർ'

ജാഗ്രത-(ജാഗരൂകത നന്ന്).

ത

തക്കു-(സു). ക്രമം, ക്രമപ്പെടുത്തുകം. സുറിയാനി വൈദികർ കുർബാനയിൽ ഉപയോഗിക്കുന്ന പുസ്തകം.

തക്ഷകൻ-(സ്ഥപതി എന്നതു നോക്കുക)

തത്വം-(തത്ത്വം എന്നതാണു ശരി. മഹത്വം മുതലായതും അല്പകാരം തന്നെ)

താറുന്നു-(പ. മ.) ശകാരിക്കുന്നു, അധിക്ഷേപിക്കുന്നു.

താമരസാക്ഷൻ - 'താമരസാക്ഷന്റെ രമാങ്കുടെതാഴത്തു' ഇത്യാദി കല്യാണസൌഗന്ധികം തുള്ളലിൽ കാണുന്ന വച്ചുകെട്ടിന്റെ അർത്ഥം അറിയുന്നതിനു 'ഹനുമാൻ' എന്ന പദം നോക്കുക.

തിരുശ്ശരീരം-യേശുക്രിസ്തുവിന്റെ ശരീരം വിശേഷവും മറവും.

തീയാറ-(ഖ). മരപ്പാപ്പയുടെ മകടം.

തുരുപ്പ്-പ. ഗതാഗതത്തിനുള്ള തുരങ്കം. (ഭാരം). ഉ. ഓവ്.

തുറവി-ജ്ഞാനി.

തുറവൽ-ത്യാഗികർമം.

തൃ(തിരു)പ്പാമേയം-മരണപ്പെകടത്തിലിരിക്കുന്ന കത്തോലിക്കനെ പരലോകത്തിലേക്കുള്ള യാത്രയിൽ ശക്തി ലഭിക്കുന്നതിനായി നൽകപ്പെടുന്ന യേശുക്രിസ്തുവിന്റെ കുർബാന.

തേജോവധം-അത്യുപദ്രവം.

തോമ്മാ-(ഹി). സഹദേൻ, മലങ്കരസഭാസ്ഥാപകൻ; യേശുവിന്റെ ശ്ലീഹന്മാരിൽ ഒരാളായ ഇദ്ദേഹം ഭാരതത്തിൽ കറാച്ചി, സിന്ധു, മുതലായ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചശേഷം എ. ഡി. 52-ൽ മലങ്കരെ എത്തി അനേകായിരംപേരെ ജ്ഞാനസ്നാനപ്പെടുത്തുകയും, ഏഴരപള്ളികൾ സ്ഥാപിക്കയും ചെയ്തശേഷം എ. ഡി. 72-ൽ മൈലാപ്പൂരിൽവച്ചു ചരമംപ്രാപിച്ചു. മലങ്കരെ ഇദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തിയവരുടെ സന്താനങ്ങളത്രേ സുറിയാനിക്കാർ.

ത്രിത്വം- ഏകദൈവത്തിൽ പിതാവു, പുത്രൻ, പരിശുദ്ധാത്മാവു എന്നിങ്ങനെ മൂന്നാളുകൾ ഉണ്ടെന്നുള്ള തത്വം.

ദ

ദണ്ഡവിമോചനം-പീഡകളുടെ മോചനം. പാപത്തിന്റെ കറ, മോചിക്കപ്പെട്ടതിനു ശേഷം അതിനുള്ള താല്ക്കാലിക ശിക്ഷയുടെ ഒഴിവ്.

ദണ്ഡുപാവാട്ട-ചാരിയിരിക്കുന്നതും മറവും വട്ടത്തിലുണ്ടാക്കീട്ടുള്ള തലയണ.

ദനഹ-(സു). ഉദയം. (എപ്പിഫനി നോക്കുക).

ദന്തളി-ഇടപ്പള്ളിനാടിന്റെ അപരനാമധേയം.

ദഹിക്ക-ഭസ്മമാകുക. (സകർമ്മകമായി പ്രയോഗിക്കാം).

ദിവ്യകാരുണ്യം-വി. കുർബാന. (കുർബാന എന്ന ക്രമശബ്ദം നോക്കുക.)

ദിവ്യബലി-കുർബാന.

ദുക്റാന-(സു). ഓർമ്മ, മാർതോമ്മാശ്ലീഹായുടെ മരണദിനത്തെ സ്മരിച്ചുകൊണ്ടു ഭാരതീയർ ജൂലൈ 3-ാംനു- കൊണ്ടാടുന്നതിനാൽ.

ദുഃഖവെള്ളിയാഴ്ച-യേശുവിന്റെ പീഡാനുഭവത്തിന്റേയും മരണത്തിന്റേയും സ്മരണാദിനം.

ന

നയിക്കുന്ന-പ്രേപിക്കുന്ന. (പ്രേപിപ്പിക്കുന്നുഎന്നുവേണ്ട).

നാഴ്കുട-കമിഴ്.

നിവൃ-(സ്). ഭീഷ്മർ.

നിശ്ചയമായും - (നിശ്ചയമായി എന്നു മതി).

നോമ്പ്, നൊയമ്പ്-ഉപവാസം, വ്രജനം.

പ

പകട-പൂതു(കളിക്കുക) 'പകിട' എന്ന ശബ്ദത്തിനാണ് അധികം പ്രചാരം.

പഞ്ചവടി -ഇതു ദണ്ഡകാരണ്യത്തിൽ ഗോദാവരീതീരത്തിൽ സ്ഥിതിചെയ്തിരുന്നു. ഇപ്പോൾ 'നാസിക' എന്നു പറയുന്നു. അഞ്ചു വടവൃക്ഷങ്ങൾ ഒന്നുചേർന്നു നില്ക്കുന്നതു് എന്നു ശബ്ദാർത്ഥം.

പട്ടക്കാരൻ-വൈദികൻ, പട്ടമുള്ളവൻ.

പട്ട -സ്ഥലിഅറ്റിക്കുന്നതിനും മറ്റു വൈദിക കർമ്മങ്ങൾ നടത്തുന്നതിനും മനുഷ്യന് അധികാരംകൊടുക്കുന്ന ഒരു ക്രമം.

പഠിതാവ്-(മലയാളത്തിൽ 'പഠിത്തം' എന്നു മതി).

പണ്ടാരം-കാൽശരായി കാലുറപ്പ്

പത്തീറ-(ഹി). പുതിയ അഥവാ പൂരിയില്ലാത്ത അപ്പം.

പന്ത്രണ്ടസ്താ-(ഗ്രീ). പരിശുദ്ധാത്മപ്രതിഷ്ഠാ ഹനുമാന്റെ മേൽ ആവസിച്ച ദിവസം

പവിഴി-ചുറ്റൽ

(പകിരി, പകരി ഇങ്ങനേയും കാണുന്നു).

പഴയനിയമം-വേദപുസ്തകത്തിലെ പൂർവ്വഭാഗം സൃഷ്ടിമുതൽ യേശുവിൻറെ ജനനംവരെ ലോകചരിത്രത്തെ വിശിഷ്യാ യഹൂദചരിത്രത്തെ വിവരിക്കുന്ന ഈ ഭാഗത്തിൽ നാലു ഗ്രന്ഥങ്ങളുണ്ട്.

പറുദീസാ പറുദൈസാ-(ഹി). തോട്ടം, ഏദേൻതോട്ടം. ദൈവത്തിന്റെ പ്രകാരം ആദ്യവും ഹവ്വയും ആദ്യം വസിച്ച സ്ഥലം.

പാകത-(പകുത കുറച്ചുകൂടി നന്ന്)

പാതിരാപ്പൂ - തിരുവാതിരക്കളിയിലുള്ള ഒരു ചുവടു്. ഈ കളിയിൽ അർദ്ധരാത്രിക്കാണ് ദുർഗ്ഗാദേവിയുടെ പുഷ്പാസനപ്രാപ്തി. അതു കഴിഞ്ഞു ദേവിയുടെ പ്രസാദമായ പൂവ് കന്യകമാരെ അണിയിക്കുന്ന ചുവടുത്രേ പാതിരാപ്പൂ.

പാത്രിയക്കീസ്-(ഗ്രീ) പല വൈദിക സംസ്ഥാനങ്ങളുടെ അധികാരിയായി മെത്രാന്മാർക്കു മേലുള്ള ഒരു വൈദികാധികാരി.

പാലിക-മേൽകുട്ടി.

പാലിയം-(ല)-മാപ്പാപ്പ, പാത്രിയക്കീസ്, മെത്രാപ്പോലീത്ത എന്നിവർ ധരിക്കുന്ന ഒരു സ്ഥാനവസ്ത്രം.

പിതൃപിണ്ഡം-ബലിയിടുമ്പോൾ പിതൃക്കൾക്കായി വെയ്ക്കുന്ന പിണ്ഡം.

പീലാസാ-(സ്). വൈദികർ കർബ്ബാനയിൽ ഉപയോഗിക്കുന്ന ഒരു ചെറിയ താലം.

പുതിയ നിയമം - വേദപുസ്തകത്തിലെ ഉത്തരഭാഗം. ഇതിൽ സുവിശേഷങ്ങൾ, അപ്പസ്തോലന്മാരുടെ പ്രവൃത്തികൾ, പൌലോസ്, പത്രോസ്, യാക്കോബ്, യോഹന്നാൻ, യൂദാ ഇവരുടെ ലേഖനങ്ങൾ, വെളിപാടു് എന്നിങ്ങനെ 27 ഗ്രന്ഥങ്ങൾ അടങ്ങിയിരിക്കുന്നു.

പുഷ്പകം–പുഷ്പകവിമാനത്തെ ബ്രഹ്മാവ് കുബേരനു കൊടുപ്പാൻ കാരണം തപസ്സുകൊണ്ടു സന്തോഷിച്ചതാണ്. ബ്രഹ്മകല്പനനിമിത്തം കുബേരനിന്റെ അനുജത്തിനായി പുഷ്പകം ഭൂമിയെ ഇരിപ്പിടമാക്കി.

പുറാട്ടകാരൻ–വിഭക്ഷകൻ.

പൂർവ്വപിതാക്കന്മാർ – കുബേരവിഷ്ണുരണ്ടെ പരിപാലിച്ചു പുരാതന പിതാക്കന്മാർ. അവർ:- ആദം, സേത്ത്, ഏനോസ്, കൈനാൻ, മഹലലീൽ, യാരെദ്, ഹെനോക്ക്, മത്തൂസലഹ. ലാമേക്ക്, നോഹ്, സേം അർഫക്സാദ്, കൈനാൻ, സാലഹെബർ, ഫാലെഗ്, രാവു, സാരൂഗ്, നാഹോർ, താർ, അബ്രാഹം, ഇസ്സഹാക്ക്, യാക്കോബ്.

പെസഹാ–(സു). സന്തോഷം, കടന്നുപോക്ക്; വിരുന്നു; യഹൂദരുടെ ഒരു തിരുനാൾ.

പെസഹാഭക്ഷണം – പെസഹാദിവസം യേശു സ്വശ്ലീഹന്മാരോടുകൂടി നടത്തിയ ഒടുവിലത്തെ ഭക്ഷണം.

പെസഹാവ്യാഴാഴ്ച – യേശുവിന്റെ പെസഹാഭക്ഷണത്തെ കൃസ്ത്യാനികൾ സ്മരിക്കുന്ന ദിനം.

പൊരുൾ–വു. ഇതൾ. ൻ. സാരം.

പോതു്–പൂവു്. (പോതിന്മാതു് = ലക്ഷ്മി.

പ്രഹരം–('അടി' എന്ന അർത്ഥത്തിൽ 'പ്രഹാരം' എന്നേ പ്രയോഗിക്കാവൂ)

പ്രാസംഗികൻ–(ഇതു ശരിയല്ല; പ്രസംഗകൻ്റാവു് എന്നു മതി).

പ്രൌഢ്യം–(പ്രൌഢത്വം എന്നു മതി).

ബ

ബിറേത്ത–(ഖ). കത്തോലിക്കരെ വേർതിരിക്കുന്ന തൊപ്പി.

ബൂഇ–(ഖ). മുസ്ലീപ്പ പ്രധാനകാര്യങ്ങളെ തീരുമാനിച്ചു ഔദ്യോഗികമായി അയയ്ക്കുന്ന കത്തു്.

ബേത്ലേം–(സു) അപ്പത്തിന്റെ വീടു്. യേശു ജനിച്ച സ്ഥലം.

ബ്രെവിയറി– (ല). ('കാനോനെ നമസ്കാരം' നോക്കുക).

മ

മഞ്ഞളംപറിക്ക – (ശൈലി). നാണം കെടുക.

മഞ്ഞുകൊള്ളുക–(ശൈലി) നിഷ്ഫലമായി പ്രവർത്തിക്കുക.

മണ്ടഗണേശൻ–വലിയ വിഡ്ഢി. (ചിലർ 'മണ്ടഗണേശൻ' എന്നും പറയുന്നുണ്ടു്).

മണ്ണുകപ്പുക–(ശൈലി). വശംകെടുക.

മണ്ണടിയുക–മരിക്കുക.

മത്സ്യവല്ലഭൻ–ഹനുമാന്റെ പുത്രൻ.

മത്സ്യാളീയൻ–വേദവ്യാസൻ.

മന്ന–(ഹി). 'ഇതെന്താകുന്നു' എന്നു വാച്യം. ഇസ്രായേൽ ജനത്തിനു മരുഭൂമിയിൽവച്ചു് ലഭിച്ച ഒരു ഭക്ഷണസാധനം.

മൽബഹാ–(സു). ബലി പീഠം സ്ഥിതചെയ്യുന്ന സ്ഥലം, പൂജാമണ്ഡപം.

മഹാജനം–(മഹാജനം എന്നു വേണം).

മറഞ്ഞുനികരുക–ലയിച്ചുചേരുക.

"പഞ്ചാക്ഷരത്തടിശാഖലതാപുഷ്പസഞ്ചയംതന്നിൽ മറഞ്ഞുനികന്നു"

(കല്യാണസൌഗന്ധികം തുള്ളൽ)

മറിയം–(സു). യേശുവിന്റെ മാതാവിന്റെ പേർ; "കർത്താവിന്റെ അമ്മ". എന്നുവാച്യം.

മാതുനന്ദനൻ–സുബ്രഹ്മണ്യൻ.

മാമ്മോദീസ–(സു. സ്നാനം; ജ്ഞാനസ്നാനം, ഒരുവനെ കൃസ്ത്യാനിയാക്കുന്ന ക്രമം.

മാർ, മാറാ–(സു). നാഥൻ; കർത്താവു്.

മാലാഖ–(ഹി). ദൂതൻ, ദേവദൂതൻ.

മാരാമ്പൽ–ചിലതിവല.

മിണുങ്ങുക–നാണിക്കുക.

മിശിഹാ, മ്ശിഹാ - അഭിഷിക്തൻ, ക്രിസ്തു.

മുകത്തരം - ശ്രേഷ്ഠമായ.

മുഖത്തുകരിതേയ്ക്കുക - അപമാനപ്പെടുത്തുക, പ്രത്യക്ഷമായി ആക്ഷേപിക്കുക.

മുഖിയാക്കുക - പുഞ്ചിയാക്കുക.

മുങ്ങാങ്കുളിയിടുക - വെള്ളത്തിനടിയിൽ കൂടി നീന്തിച്ചെല്ലുക.

മുടി - ('തല' എന്ന് ഇതിന് അർത്ഥമില്ല).

മുട്ടാപ്പോക്ക് - മുടന്തരം, വിചാരംകൂടാതെ തനിക്കാകാത്ത കാര്യം സാധിപ്പാൻ നോക്കുക.

മുണ്ടാഞ്ഞി - മൂന്നു മഹാണി കൂടിയത്. ഒന്നിന്റെ പതിനാറു ഭാഗങ്ങളിൽ മൂന്നു ഭാഗം കൂടിയത്.

മുനപ്പിക്കുക - കൂർപ്പിക്കുക, മുനയുണ്ടാക്കുക.

മുപ്പുരം - പൂരം, പൂരാടം, പൂരുരുട്ടാതി ഇവ മൂന്നും കൂടിയത്.

മുമ്പിലത്തെ പ്രാർത്ഥന - ഒരുകൂസ്സുവന്റെ വിശ്വാസത്തിൽ സ്ഥിരത നൽകുന്നതിനായി മെത്രാനുകൊണ്ടു പൂർത്തിയാക്കുന്ന ഒരു കൂദാശ.

മുളഞ്ഞിൽ - ചക്കയരക്ക്.

മുള്ളുക - മൂത്രം വീഴ്ത്തുക

മുള്ളുപറയുക - ചക്കര വാക്കു പറഞ്ഞു ശോധിക്കുക.

മുഴു - പൂർണ്ണമായ.

മുഴുവിക്ക - മുഴുവനാക്കുക, അവസാനിപ്പിക്കുക.

മുച്ച് - ശക്തി, ഗർവ്വം.

മുച്ചൊട്ടുക്കുക - ഗർവ്വംകാണിക്കുക.

മൂട്ടക്കാരൻ - ചുമട്ടുകാരൻ, ഭാണ്ഡംചുമക്കുന്നവൻ.

മെ(മി)ത്രാൻ - (സു) ശ്രുപതയുടെ ഭരണാധികാരി, ബിഷപ്പ്.

മൂത്തീകരിക്കുന്നു - (മൂത്തീവിക്കുന്നുഎന്നു വേണം).

മെ(മി)ത്രാപ്പോലീത്ത - അതിശ്രുപതയുടെ ഭരണാധികാരി, ആർച്ച്ബിഷപ്പ്.

മെന - വൃത്തി.

മെരിളുക - യോജിപ്പുണ്ടാക.

മെരുക്കുക - ഇണക്കുക.

യ

യമലോകംപിരട്ടി - വലിയ കള്ളൻ.

യേശു, ഈശോ - രക്ഷകൻ, യേശുക്രിസ്തു, ഈശോമിശിഹാ.

യൌസേപ്പ് - (സു). യേശുവിന്റെ വളർത്തുപിതാവിന്റെ പേർ.

ര

രക്ത(വേദ)സാക്ഷി - മതത്തിനുവേണ്ടിയോ, മതത്തിന്റെ ഏതെങ്കിലും തത്വത്തിനുവേണ്ടിയോ മരണകരമായ പീഡകൾ സഹിക്കയോ അഥവാ മരണം വരിക്കയോ ചെയ്യുന്നവൻ.

രത്നച്ചുരുക്കം - അടുക്കപ്പാടെയുള്ള സാരം.

ശ്രുപത - മെത്രാന്റെ ഭരണത്തിൻ കീഴുള്ള ദേശം.

ശ്രുപവൽക്കരിക്ക - ശ്രുപയപ്പെടുത്തുക.

ശ്രുപീകരിക്ക - (ശരിയല്ല. ശ്രുപവൽകരിക്ക എന്നുവേണം).

ല

ലക്ഷ്മണൻ - ഇക്ഷ്വാകുവംശത്തിന് ഉത്തരഭാഗത്തിൽ ഒരു പുരാൺ ഭരിച്ചിട്ടുണ്ട്. പേർ 'അംഗദൻ'

ലക്ഷാപിലക്ഷം - (ലക്ഷംപലക്ഷം എന്നതാണുശരി).

ലസീഞ്ഞു - (പോ) ചെറിയ സ്തുതിപ്പ്. കുർബ്ബാനക്കുമുമ്പുള്ള ഒരു മതകർമ്മം.

ലാകെ അലാഹാ - (സു) സൂര്യാസ്തമിക്കുമ്പോൾ സന്ധ്യാനമസ്കാരത്തോടുകൂടി സ്തുതിപ്പാ

കിപ്പിക്കുന്നതിനായി നടത്തുന്ന ഒരു സ്നേഹ ശുശ്രൂഷ.

വ

വഞ്ചകൻ–(സ്ത്രീലിംഗം 'വഞ്ചിക')

വല്ലനവ്–അരയും ഭയവും വകവരുത്തുന്നതിനായി നടപ്പിൽ വന്നുപോയിട്ടുള്ള അങ്ങനെയിരിക്കട്ടെ. വൽനവ് എന്നതിലെ 'വ' ഉപേക്ഷിച്ചേക്കുന്നു.

വത്തിക്കാൻ–മാർപ്പാപ്പായുടെ അരമന.

വത്തിക്കാൻപട്ടണം–വത്തിക്കാൻസംസ്ഥാനത്തിന്റെ തലസ്ഥാനം.

വത്തിക്കാൻസംസ്ഥാനം –മാർപ്പാപ്പയുടെ ലൌകികാധികാരത്തിൽപ്പെട്ടരാജ്യം.

വപിലൻ–പൂവികൻ, പിതാവ്.

വൽകി–('സ്ഥപതി' നോക്കുക.)

വികാരി–ഇടവക ഭരണാധികാരിയായ വൈദികൻ.

വികാരിജനറാൾ – വികാരിമാരിൽ പ്രധാനി. രൂപതാഭരണത്തിനുതന്നെ സഹായിക്കുവാൻ മെത്രാൻ നിയമിക്കുന്ന വൈദികശ്രേഷ്ഠൻ.

വിശുദ്ധവാരം –വലിയനോമ്പിലെ അവസാനത്തെ ആഴ്ച; യേശുവിന്റെ പീഡകളെ സ്മരിക്കുന്ന ആഴ്ച.

വിശുദ്ധഗ്രന്ഥം–വേദപുസ്തകം, ബൈബിൾ.

വിശ്വീണ്ണ–വി. ഫ. ചിതറിയ. ഫ. ചീഞ്ഞ.

വെന്തിങ്ങ–(പോ) ചെറിയ വസ്ത്രം, രോമംകൊണ്ടുള്ള രണ്ടുചതുരത്തുണികൾ നൂലുകൊണ്ടുബന്ധിച്ചു കത്തോലിക്കർ കഴുത്തിൽധരിക്കുന്ന ഒരു കേരവസ്തു.

വെസ്പര–(ല). സന്ധ്യാനമസ്കാരം ഒരുവിഭാഗം ഉച്ചയ്ക്കു ശേഷം നടത്തുന്ന ഒരു ജപം.

വേദപുസ്തകം–ബൈബിൾ, യഹൂദന്മാരുടേയും ക്രൈസ്തവന്മാരുടേയും മതഗ്രന്ഥസംഹിത. കത്തോലിക് വേദപുസ്തകത്തിൽ 73 ഗ്രന്ഥങ്ങളും ഉണ്ട്. അതിന്റെ പൂർവ്വഭാഗമായ പഴയ നിയമത്തിൽ 46–ും, ഉത്തരഭാഗമായ പുതിയ നിയമത്തിൽ 27–ും ഗ്രന്ഥങ്ങളും ഉണ്ട്.

വൈരസ്യ–സാമർത്ഥ്യം, കഴിവ്, മിടുക്ക്.

ശ

ശമ്മാശ്ശ–(സു). വൈദിക വിദ്യാർത്ഥി.

ശേഷ്ടി–സാമർത്ഥ്യം.

(ശേഷ്ടിഎന്നതു മലയാളം പദമാണ്. അതുകൊണ്ട് 'ശേഷ്ടിമാൻ' എന്നെഴുതുന്നതു നന്നല്ല).

ശൌര്യർ (ഫ്രാൻസീസ്)–ഭാരതത്തിന്റെ ദ്വിതീയ ശ്ലീഹാ; ഭാരതപ്രവേശം ചെയ്ത പ്രഥമ മിസീനറി പാദ്രിയായ ഇദ്ദേഹം ക്രി.പി. 52–ൽ മുസിരിസ്സും ക്രി.പി. 54–ൽ ഇൻഡ്യയിൽ വരികയും ചെയ്തു. മലങ്കരയെ മതപ്രസംഗംചെയ്ത് അനേകർക്ക് മാമ്മോദീസാ നൽകി മലങ്കര കത്തോലിക്കാസഭയെ പരിപുഷ്ടിപ്പെടുത്തിയ ഇദ്ദേഹം തൃത്തുക്കടി, ജപ്പാൻ മുതലായ സ്ഥലങ്ങളിൽ പ്രേഷിതവൃത്തി നടത്തിയതിനു ശേഷം ക്രി.പി. 72–ൽ ചീനത്തുവെച്ചു നര്യാതിനായി.

ശ്ലീഹാ–(സു). അയയ്ക്കപ്പെട്ടവൻ, ('അപ്പസ്തോലൻ' നോക്കുക).

സ

സങ്കീത്തി–(പോ). ചമയപ്പുര; വൈദികർ മതകർമ്മങ്ങൾക്കു വേണ്ട വസ്ത്രങ്ങൾ ധരിക്കുന്ന സ്ഥലം.